# translationWords

## ഭാഷം 8.2

[ml]

# പകർപ്പവകാശവും ലൈസൻസിംഗും

**translationWords**
**തീയതി:** 2019-01-16
**ഭാഷം:** 8.2
**പ്രസിദ്ധീകരിച്ചത്:** Door43

**Translation Academy**
**തീയതി:** 2021-07-27
**ഭാഷം:** 10.3
**പ്രസിദ്ധീകരിച്ചത്:** BCS

# License

## Creative Commons Attribution-ShareAlike 4.0 International (CC BY-SA 4.0)

This is a human-readable summary of (and not a substitute for) the license.

### You are free to:

- **Share** — copy and redistribute the material in any medium or format
- **Adapt** — remix, transform, and build upon the material

for any purpose, even commercially.

The licensor cannot revoke these freedoms as long as you follow the license terms.

### Under the following conditions:

- **Attribution** — You must attribute the work as follows: "Original work available at https://door43.org/." Attribution statements in derivative works should not in any way suggest that we endorse you or your use of this work.
- **ShareAlike** — If you remix, transform, or build upon the material, you must distribute your contributions under the same license as the original.

**No additional restrictions** — You may not apply legal terms or technological measures that legally restrict others from doing anything the license permits.

### Notices:

You do not have to comply with the license for elements of the material in the public domain or where your use is permitted by an applicable exception or limitation.

No warranties are given. The license may not give you all of the permissions necessary for your intended use. For example, other rights such as publicity, privacy, or moral rights may limit how you use the material.

# ഉള്ളടക്ക പട്ടിക

**translationWords** 24
Key Terms 24
അച്ചടക്കം, അച്ചടക്കം പാലിക്കുന്നു, അച്ചടക്കമുള്ള, സ്വയം അച്ചടക്കമുള്ള 25
അടയാളം, അടയാളങ്ങള്, തെളിവ്, ഓര്മ്മപ്പെടുത്തല് 26
അതിക്രമം, അതിക്രമങ്ങള് 27
അതിക്രമിക്കുക, അതിക്രമങ്ങള്, അതിക്രമം 28
അതിക്രമിച്ചു കടക്കുക, അതിക്രമിച്ചു കടക്കുന്നു, അതിക്രമിച്ചു കടന്നു 29
അത്ഭുതം, അത്ഭുതങ്ങള്, അതിശയം, അതിശയങ്ങള്, അടയാളം, അടയാളങ്ങള് 30
അത്യുന്നതന് 32
അധികാരം, അധികാരികള് 33
അനുകമ്പ, അനുകമ്പയുള്ള 34
അനുഗ്രഹിക്കുക, അനുഗ്രഹിക്കപ്പെട്ട, അനുഗ്രഹം 35
അന്ത്യ നാള്, അന്ത്യ നാളുകള്, അവസാന നാളുകള് 37
അപ്പോസ്തലന്, അപ്പോസ്തലന്മാര്, അപ്പോസ്തലത്വം 38
അഭിഷേകം ചെയ്യുക, അഭിഷേകം ചെയ്യപ്പെട്ട, അഭിഷേകം 39
അറപ്പ്, മ്ലേച്ചതകൾ, അറക്കത്തക്കവ 40
അവകാശമാക്കുക, അവകാശം, പൈതൃകം, അവകാശി 41
ആണ, ആണകള്, ആണയിട്ടു 43
ആത്മാവ്, ആത്മാക്കൾ, ആത്മീയമായ 44
ആധിപത്യം 46
ആനുകൂല്യം , അനുകൂലം ചെയ്യുന്നു,അനുകൂലമായ, പക്ഷഭേദം 47
ആമേന്, സത്യമായും 48
ആരാധന 49
ആശ്രയം, ആശ്രയിക്കുന്നു, ആശ്രയിച്ചു, വിശ്വാസ യോഗ്യന്, വിശ്വാസ യോഗ്യത 51
ഇടയന്, ഇടയന്മാര് 53
ഇസ്രയേല്, ഇസ്രയേല്യര് 54
ഉടമ്പടി വിശ്വസ്തത, ഉടമ്പടി വിധേയത്വം,സ്നേഹാര്ദ്രമായ ദയ, പരാജിതമാകാത്ത ... 56
ഉടമ്പടി, ഉടമ്പടികള്, പുതിയ ഉടമ്പടി 57
ഉടമ്പടിപ്പെട്ടകം, യഹോവയുടെ പെട്ടകം 59
ഉപമ, ഉപമകള് 60
ഉപേക്ഷിക്കുക, ഉപേക്ഷിക്കുന്നു, ഉപേക്ഷിക്കപ്പെട്ട, ഉപേക്ഷിച്ചു 61
എതിര്ക്രിസ്തു, എതിര്ക്രിസ്തുക്കള് 62
എഫോദ് 63
എബ്രായ ഭാഷ, എബ്രായര് 64
ഏറ്റുപറയുക, ഏറ്റുപറഞ്ഞു, ഏറ്റുപറയുന്നു, ഏറ്റുപറച്ചില് 65
കപടത ഉള്ളവന്, കപടത ഉള്ളവര്, കാപട്യം 66
കരുണ, കരുണ നിറഞ്ഞ 67
കര്ത്താവിന്റെ ദിവസം, യഹോവയുടെ ദിവസം 69
കർത്താവായ യഹോവ, യഹോവയായ ദൈവം 70
കർത്താവിന്റെ അത്താഴം 71
കല്പ്പിക്കുക, കല്പ്പിക്കുന്നു, കല്പ്പിച്ചു, കല്പ്പന, കല്പ്പനകള് 72
കല്ല്, കല്ലുകള്, കല്ലെറിയുക 73
കുഞ്ഞാട്, ദൈവത്തിന്റെ കുഞ്ഞാട് 74
കുറ്റം ചെയ്ത, കുറ്റാരോപിതന് 76
കുറ്റം വിധിക്കുക, കുറ്റം വിധിക്കുന്നു, കുറ്റം വിധിക്കപ്പെട്ട, ... 77
കൂട്ടായ്മ 78
കൃപ, കൃപയുള്ള 79
ക്രിസ്തു, മശീഹ 80
ക്രിസ്തുവില്, യേശുവില്, കര്ത്താവില്, അവനില് 82

ക്രിസ്ത്യാനി 83
ക്രൂശിക്കുക, ക്രൂഷികരിക്കപ്പെട്ടു 85
ക്രൂശ് 86
ക്ഷമിക്കുക, ക്ഷമിക്കുന്നു, ക്ഷമിക്കപ്പെട്ട, ക്ഷമ, ക്ഷമിക്കുക, ... 87
ജന്മാവകാശം 89
ജീവിതം, ജീവൻ ഉള്ള, ജീവിച്ചു, ജീവിക്കുന്നു, ജീവനോടെ ഉള്ള, ... 90
ജ്ഞാനി, ജ്ഞാനം 92
താഴ്ത്തുക, താഴ്ത്തുന്നു, താഴ്ത്തി, താഴ്മ 94
തിന്മ, ദുഷ്ടതയായ, ദുഷ്ടത 95
തിരഞ്ഞെടുക്കപ്പെട്ടവന്, തിരഞ്ഞെടുക്കപ്പെട്ടവര്, തിരഞ്ഞെടുക്കുക, ... 97
തീഷ്ണത, തീഷ്ണതയുള്ള 99
ദത്തെടുപ്പ്, ദത്തെടുക്കുക, ദത്തെടുത്തു 100
ദേവാലയം 101
ദൈവ പുത്രന്, പുത്രന് 103
ദൈവ പുത്രന്മാര് 105
ദൈവ രാജ്യം, സ്വർഗ്ഗ രാജ്യം: 106
ദൈവം 108
ദൈവം, അസത്യ ദൈവം, ദേവന്മാര്, ദേവി, വിഗ്രഹം, വിഗ്രഹാരാധകന്, ... 110
ദൈവത്തിന്റെ സ്വരൂപം, സ്വരൂപം 112
ദൈവത്തിന്റെ ഹിതം 113
ദൈവത്തിന്റെ ജനം, എന്റെ ജനം 114
ദൈവത്തിന്റെ ഭവനം 115
ദൈവദൂതന്, ദൈവദൂതന്മാര്, പ്രധാന ദൈവദൂതന് 116
ദൈവനിന്ദ, ദൈവത്തെ നിന്ദിക്കുക, ദൈവത്തെ നിന്ദിച്ചു, ദൈവനിന്ദപരമായ, ... 118
ദൈവവചനം, ദൈവവചനങ്ങള്, യഹോവയുടെ വചനം, കര്ത്താവിന്റെ വചനം, സത്യ വചനം, ... 119
ദൈവീകം 121
ദൈവീകമായ, ദൈവീകത്വം, ദൈവത്വം ഇല്ലാത്ത, ദൈവം ഇല്ലാത്ത, ദൈവീകത്വം ... 122
നരകം, അഗ്നിത്തടാകം 124
നരകം, പാതാളം 126
നല്ലത്, നന്മ 127
നശിക്കുക, നശിച്ച, നശിക്കുന്ന, നാശയോഗ്യമായ 129
നാസീര് വ്യതസ്തന്, നാസീര് വ്യതസ്ഥ, നാസീര് വ്യതം 130
നിത്യത, എന്നെന്നേക്കുമുള്ള, നിത്യമായ, എന്നെന്നേക്കും 131
നിയമിക്കുക, നിയമിക്കുന്നു, നിയമിച്ചു 133
നിരപ്പിക്കുക, നിരപ്പിക്കുന്നു, നിരപ്പിച്ചു, അനുരഞ്ജനം 134
നിര്വ്വചനം: 135
നിറവേറ്റുക, പൂര്ത്തീകരിച്ചു 136
നിഷ്കളങ്കത്വം 138
നിഷ്കളങ്കമായ 140
നീതിമാന്, നീതി, നീതികെട്ടവന്, അനീതി, സത്യനിഷ്ടയുള്ളവന്, സത്യനിഷ്ഠ 141
നീതിയായ, നീതി, അനീതി, അനീതിയായ, അനീതി, നീതിപൂർവ്വം ആയ, ... 143
ന്യായ പ്രമാണം, മോശെയുടെ ന്യായ പ്രമാണം, ദൈവത്തിന്റെ ന്യായ പ്രമാണം, ... 145
ന്യായം വിധിക്കുക, ന്യായം വിധിക്കുന്നു, ന്യായവിധി, ന്യായവിധികൾ 147
ന്യായവിധി ദിവസം 149
പകര്ത്തെഴുത്തുകാരന്, ശാസ്ത്രിമാര് 150
പന്ത്രണ്ടു പേര്, പതിനൊന്നു പേര് 151
പരിച്ഛേദന ചെയ്യുക, പരിച്ഛേദന ചെയ്തു, പരിച്ഛേദന, പരിച്ഛേദന ... 152
പരിശുദ്ധന് 154
പരിശുദ്ധാത്മാവിനാല്നിറയുക 155
പരിശുദ്ധാത്മാവ്, ദൈവത്തിന്റെ ആത്മാവ്, കര്ത്താവിന്റെ ആത്മാവ്, ആത്മാവ് 156
പരിശോധന, പരിശോധനകള്, പരിശോധിച്ചു 158
പരീക്ഷിക്കുക, പരീക്ഷ 160

പരീശൻ, പരീശന്മാർ 162
പാപം, പാപങ്ങള്, പാപം ചെയ്തു, പാപം നിറഞ്ഞ, പാപി, പാപം ചെയ്യുന്ന 163
പിതാവാം ദൈവം, സ്വര്ഗ്ഗീയ പിതാവ്, പിതാവ് 165
പുത്രന്, പുത്രന്മാര് 167
പുന:സ്ഥാപിക്കുക, പുന:സ്ഥാപിക്കുന്നു, പുന:സ്ഥാപിച്ചു, പുന:സ്ഥാപനം 169
പുനരുത്ഥാനം 170
പുരോഹിതൻ, പുരോഹിതന്മാർ, പൌരോഹിത്യം 171
പുറജാതി, പുറജാതികള് 173
പുളിപ്പില്ലാത്ത അപ്പം 174
പെട്ടകം 175
പെന്തക്കോസ്ത്, ആഴ്ചകളുടെ ഉത്സവം 176
പെസ്സഹ 177
പേര്, പേരുകള്, പേരിട്ട 179
പ്രത്യാശ, പ്രത്യാശിച്ചു, പ്രത്യാശിക്കുന്നു 180
പ്രബോധിപ്പിക്കുക, പ്രബോധനം 181
പ്രഭു, പ്രഭുക്കന്മാർ, കർത്താവ്, യജമാനൻ, യജമാനന്മാർ, ... 182
പ്രവര്ത്തികള്, കൃത്യങ്ങള്, പ്രവര്ത്തി, നടപടികള് 184
പ്രവാചകൻ, പ്രവാചകന്മാർ, പ്രവചനം, പ്രവചിക്കുക, ദർശകൻ, പ്രവാചകി 186
പ്രശംസിക്കുക, പ്രശംസനീയമായ, പ്രശംസിക്കുന്നു, പ്രശംസ 188
പ്രശംസിക്കുക,പ്രശംസിക്കുന്നു, പ്രശംസ നിറഞ്ഞ 189
പ്രാണന്, ആത്മാക്കള് 190
പ്രായശ്ചിത്ത ഉടമ്പടി പെട്ടക അടപ്പ് 191
പ്രായശ്ചിത്തം 192
പ്രായശ്ചിത്തം, പ്രായശ്ചിത്തം ചെയ്യുക, പ്രായശ്ചിത്തം ചെയ്യുന്നു, ... 193
പ്രാർഥിക്കുക, പ്രാർത്ഥന, പ്രാർഥിച്ചു 194
പ്രിയപ്പെട്ട 196
ബന്ധിക്കുക, ബന്ധനം, ബന്ധിപ്പിച്ചു 197
ബഹുമാനം, ബഹുമാനിക്കുന്നു 199
ഭയം, ഭയപ്പെടുന്നു, ഭയപ്പെട്ട 200
ഭരണാധികാരി 201
ഭൂത ബാധിതൻ 202
ഭൂതം, ദുരാത്മാവ്, അശുദ്ധാത്മാവ് 203
മക്കള്, കുഞ്ഞ് 204
മധ്യസ്ഥത ചെയ്യുക, മധ്യസ്ഥത ചെയ്യുന്നു, മധ്യസ്ഥത 206
മന:സാക്ഷി, മന:സാക്ഷികള് 207
മനുഷ്യ പുത്രന്, മനുഷ്യ പുത്രന് 208
മന്ദിരം 209
മന്ന 210
മഹത്വം, മഹത്വമുള്ള, മഹത്വീകരിക്കുക, മഹത്വീകരിക്കുന്നു 211
മഹാകോപം, ക്രോധം 213
മഹാപുരോഹിതന് 214
മാംസം 216
മാനസ്സാന്തരപ്പെടുക, മാനസ്സാന്തരപ്പെടുന്നു, മാനസ്സാന്തരപ്പെട്ട, ... 217
മുൻനിയമിക്കുക, മുൻനിയമിക്കപ്പെട്ട 219
മൂപ്പന്, മൂപ്പന്മാര് 220
മൂര് 221
മൂലക്കല്ല്, മൂലക്കല്ലുകള് 222
മോചന ദ്രവ്യം, മോചന ദ്രവ്യം ആവശ്യപ്പെടല് 223
യഹൂദ പള്ളി 224
യഹൂദന്, യഹൂദനെ സംബന്ധിച്ച, യഹൂദന്മാര് 225
യഹൂദന്മാരുടെ രാജാവ്, യഹൂദന്മാരുടെ രാജാവ് 226
യഹോവ 227

യാഗപീഠം, യാഗപീഠങ്ങൾ 229
യേശു, യേശുക്രിസ്തു, ക്രിസ്തു യേശു 230
യോഗ്യത ഉള്ള, മൂല്യം ഉള്ള, അയോഗ്യമായ, മൂല്യം ഇല്ലാത്ത 232
രക്തം 233
രക്ഷകന്, സംരക്ഷകന് 235
രക്ഷിക്കുക, രക്ഷിക്കുന്നു, രക്ഷിച്ചു, സുരക്ഷിതം, രക്ഷ 236
രാജകീയം 238
റബ്ബി 239
ലോകം, ലൌകികമായ 240
വലതുകരം 242
വാഗ്ദത്ത ദേശം 244
വാഗ്ദത്തം, വാഗ്ദത്തങ്ങൾ, വാഗ്ദത്തം ചെയ്യപ്പെട്ട 245
വിഡ്ഢി, വിഡ്ഢികള്, വിഡ്ഢിത്തം, ബുദ്ധിഹീനത 246
വിലപിക്കുക, വിലപിക്കുന്നു, വിലാപങ്ങള് 247
വിളിക്കുക, വിളിക്കുന്നു, വിളി, വിളിച്ചു 248
വിശുദ്ധ സ്ഥലം 250
വിശുദ്ധന്, വിശുദ്ധന്മാര് 251
വിശുദ്ധമായ, വിശുദ്ധി, അവിശുദ്ധമായ, പരിപാവനമായ 252
വിശുദ്ധീകരിക്കുക, വിശുദ്ധീകരിക്കുന്നു, വിശുദ്ധീകരണം 254
വിശ്വസിക്കുക, വിശ്വസിക്കുന്നു, വിശ്വസിച്ചു, വിശ്വാസി, വിശ്വാസം, ... 255
വിശ്വസ്തതയുള്ള, വിശ്വസ്തത, അവിശ്വസ്തതയുള്ള, അവിശ്വസ്തത 258
വിശ്വാസം 260
വിശ്വാസമില്ലാത്ത, വിശ്വാസമില്ലായ്മ 262
വീണ്ടും ജനനം, ദൈവത്താല്ജനിച്ചത്, പുതുജനനം 263
വീണ്ടെടുക്കുക, വീണ്ടെടുക്കുന്നു, വീണ്ടെടുപ്പ്, വീണ്ടെടുപ്പുകാരന് 264
വെളിപ്പെടുത്തുക, വെളിപ്പെടുത്തുന്നു, വെളിപ്പെടുത്തി, വെളിപ്പാട് 265
വേര്തിരിക്കുക 266
വ്യഭിചാരം, വ്യഭിചാരപരം, വ്യഭിചാരി, വ്യഭിചാരിണി, വ്യഭിചാരികൾ, ... 267
ശക്തി, ശക്തി ഉള്ളവർ 268
ശതാധിപന്, ശതാധിപന്മാര് 270
ശബ്ബത്ത് 271
ശരീരം, ശരീരങ്ങള് 273
ശാപം, ശപിക്കപ്പെട്ട, ശാപങ്ങള്, ശപിക്കുന്ന 274
ശിഷ്യന്, ശിഷ്യന്മാര് 276
ശുദ്ധമായ, ശുദ്ധമാക്കുന്നു, ശുദ്ധമാക്കി, ശുദ്ധീകരിക്കുക, ... 278
ശുദ്ധമായ, ശുദ്ധീകരിക്കുക, ശുദ്ധീകരണം 280
ശുശ്രൂഷിക്കുക, ശുശ്രൂഷ 281
ശേഷിപ്പ് 282
ഷണ്ഡന്, ഷണ്ഡന്മാര് 283
സങ്കീർത്തനം, സങ്കീർത്തനങ്ങൾ 284
സത്യമായ, സത്യം, സത്യങ്ങള് 285
സദൂക്യന്, സദൂക്യന്മാര് 287
സന്താപം 288
സഭ, സഭകള്, സഭ 289
സമാഗമനകുടാരം 291
സമ്മാനം, സമ്മാനങ്ങള് 292
സർവശക്തൻ 293
സഹോദരന്, സഹോദരന്മാര് 294
സാക്ഷ്യം, സാക്ഷീകരിക്കുക, സാക്ഷി, സാക്ഷ്യം നല്കുന്നു, ദൃക്സാക്ഷി, ... 295
സാത്താന്, പിശാച്, ദുഷ്ടന് ആയവന് 297
സീയോന് പുത്രി 299
സീയോന്, സീയോന് മല 300

സുവാര്ത്ത, സുവിശേഷം 301
സുവിശേഷകന്, സുവിശേഷകന്മാര് 303
സൈന്യങ്ങളുടെ യഹോവ, സൈന്യങ്ങളുടെ ദൈവം, സ്വര്ഗ്ഗീയ സൈന്യം, ... 304
സ്നാനപ്പെടുക, സ്നാനപ്പെടുക, ജ്ഞാനസ്നാനം 305
സ്നേഹം, സ്നേഹിക്കുന്നു, സ്നേഹിക്കുന്ന, സ്നേഹിച്ച 307
സ്വര്ഗ്ഗം, ആകാശം, ആകാശങ്ങള്, സ്വര്ഗ്ഗങ്ങള്, സ്വര്ഗ്ഗീയമായ 310
ഹൃദയം, ഹൃദയങ്ങള് 312
Names 314
അക്വില 315
അഥല്യ 316
അദോനിയാവ് 317
അന്ത്യോക്യ 318
അന്ത്രെയോസ് 319
അപ്പൊല്ലോസ് 320
അബിമെലെക് 321
അബിയാവ് 322
അബ്നേർ 323
അബ്യാഥാർ 324
അബ്രഹാം, അബ്രാം 325
അബ്ശാലോം 326
അമലേക്ക്, അമാലേക്യന്, അമാലേക്യര് 327
അമസ്യാവ് 328
അമോര്യന്, അമോര്യര് 329
അമ്നോന് 330
അമ്മോന്, അമ്മോന്യന്, അമ്മോന്യര് 331
അരരാത്ത് 332
അരാബ 333
അര്ത്ഥഹ്ശഷ്ടാവ് 334
അറേബ്യ, അറേബ്യന്, അറബികള് 335
അശേരാ. അശേരാ പ്രതിഷ്ഠ, അശേരാ പ്രതിഷ്ഠകള്, അസ്തോരെത്ത്, അസ്തോരെത്തുകള്. 336
അശ്ശൂര്, അശ്ശൂര്യന്, ആശ്ശൂര്യർ, അശ്ശൂര്സാമ്രാജ്യം 337
അഷ്കലോന് 338
അസര്യാവ് 339
അസ്തോദ്,അസ്തോദ്യര് 340
അഹരോൻ 341
അഹശ്വരോശ് 342
അഹസ്യാവ് 343
അഹിയാവ് 344
ആദാം 345
ആമോസ് 346
ആരാം, ആരാമ്യന്, ആരാമ്യര്, അരാമ്യ 347
ആശേര് 348
ആസാ 349
ആസാഫ് 350
ആസ്യ 351
ആഹാബ് 352
ആഹാസ് 353
ഇക്കോന്യ 354
ഇയ്യോബ് 355
ഇസബേല് 356
ഇസ്രയേല്, ഇസ്രയേല്യന്, ഇസ്രയേല്യര്, യാക്കോബ് 357
ഇസ്രയേൽ രാജ്യം 359

ഉപ്പു കടല്, ചാവു കടല് 360
ഉസ്സിയാവ്, അസര്യാവ് 361
ഊരിയാവ് 362
ഊര് 363
എക്രോന്, എക്രോന്യര് 364
എത്യോപ്യ, എത്യോപ്യന് 365
എദേന്, എദേന്തോട്ടം 366
എന്ഗേദി 367
എഫസോസ്, എഫസോസുകാരന്, എഫസോസുകാര് 368
എഫ്രയീം, എഫയീമ്യന്, എഫ്രയീമ്യര് 369
എഫ്രാത്ത്, എഫ്രാത്ത, എഫ്രാത്യന്, എഫ്രാത്യര് 370
എരിവുകാരന് ആയ ശിമോന് 371
എലിസബെത്ത് 372
എലീശ 373
എലെയാസര് 374
എല്യാക്കിം 375
എശാവ് 376
എസ്ഥേര് 377
എസ്രാ 378
ഏദോം, എദോമ്യന്, എദോമ്യര്, ഇദൂമ്യ 379
ഏലാം, ഏലാമ്യര് 380
ഏലിയാവ് 381
ഒബദ്യാവ് 382
ഒമ്രി 383
ഒലിവു മല 384
കടല്, വന്കടല്, പടിഞ്ഞാറന്കടല്, മെഡിറ്ററേനിയന്കടല് 385
കനാന്, കനാന്യന്, കനാന്യര് 386
കഫര്ന്നഹൂം 387
കയീന് 388
കയ്യഫാവ് 389
കര്മ്മേല്, കര്മ്മേല്പര്വതം 390
കല്ദയര്, കല്ദയ, കല്ദയര് 391
കാദേശ്, കാദേശ്-ബര്ന്നെയ, മേരീബ കാദേശ് 392
കാനാ 393
കാലേബ് 394
കിദ്രോൻ താഴ്വര 395
കിലിക്യ 396
കുപ്രോസ് 397
കുറേനെ 398
കൂശ് 399
കേദാർ 400
കേദേശ് 401
കൈസര് 402
കൈസര്യ, കൈസര്യ ഫിലിപ്പി 403
കൊരിന്ത്, കൊരിന്ത്യര് 404
കൊരേശ് 405
കൊര്ന്നെല്ല്യോസ് 406
കൊലോസ്സ്യ, കൊലോസ്സ്യര് 407
കോരഹ്, കൊരാഹ്യൻ, കൊരാഹ്യന്മാർ 408
ക്രെത്യര് 409
ക്രേത്ത, ക്രേത്തന്, ക്രേത്ത്യര് 410
ഗത്ത്, ഗിത്ത്യന്, ഗിത്ത്യര് 411

ഗബ്രിയേല് 412
ഗലാത്യ, ഗലാത്യര് 413
ഗലീല ക്കടല്,കിന്നരേത്ത് കടല്, ഗെന്നസേരെത്ത് തടാകം, തിബെര്യാസ് കടല് 414
ഗലീലി, ഗലീലിക്കാരന്, ഗലീലിക്കാര് 415
ഗസ്സ 416
ഗാദ് 417
ഗിദയോന് 418
ഗിബെയ 419
ഗിബെയോന്, ഗിബെയോന്യന്, ഗിബെയോന്യര് 420
ഗിര്ഗാസ്യര് 421
ഗിലയാദ്, ഗിലയാദ്യന്, ഗിലയാദ്യന്മാര് 422
ഗില്ഗാല് 423
ഗെത്സെമെനെ 424
ഗെരാര് 425
ഗെശൂര്,ഗെശൂര്യര് 426
ഗോമോറാ 427
ഗോലിയാത്ത് 428
ഗോല്ഗോത്ത 429
ഗോശെന് 430
ഗ്രീക്ക് ഭാഷ, ഗ്രീക്ക് ഭാഷ സംസാരിക്കുന്ന 431
ഗ്രീക്ക് രാജ്യം, ഗ്രീക്ക് രാജ്യം 432
ഞാങ്ങണയുടെ കടല്, ചെങ്കടല് 433
തര്ശീശ് 434
തര്സോസ് 435
താമാര് 436
തിമോത്തിയോസ് 437
തിര്സാ 438
തിഹിക്കൊസ് 439
തീത്തോസ് 440
തൂബാല് 441
തെസ്സലോനിക്യ, തെസ്സലോനിക്യന്, തെസ്സലോനിക്യര് 442
തേരഹ് 443
തോമസ് 444
ത്രോവാസ് 445
ദമസ്കോസ് 446
ദാനിയേല് 447
ദാന് 448
ദാര്യാവേശ് 449
ദാവീദിന്റെ നഗരം 450
ദാവീദിന്റെ ഭവനം 451
ദാവീദ് 452
ദെലീല 454
ദൈവ മനുഷ്യന് 455
നഫ്താലി 456
നയമാന് 457
നസറെത്ത്, നസറായന് 458
നഹൂം 459
നാഥാന് 460
നാഹോര് 461
നിനെവേ, നിനെവേക്കാരന് 462
നിര്മ്മിതാവ് 463
നെഗേവ് 464

നെബൂഖദ്നേസര് 465
നെഹെമ്യാവ് 466
നൈല്നദി, മിസ്രയീമിന്റെ നദി, നൈല് 467
നോഹ 468
പത്രോസ്, ശിമോൻപത്രോസ്, കേഫാ 469
പദ്ദന്അരാം 471
പാറാന് 472
പിലാത്തോസ് 473
പെയോർ, പെയോർമല, ബാൽപെയോർ 474
പെരിസ്സ്യർ 475
പേർഷ്യ, പേർഷ്യക്കാർ 476
പൊന്തൂസ് 477
പോത്തിഫർ 478
പൌലോസ്, ശൌല് 479
പ്രിസ്കില്ല 481
ഫറവോൻ, മിസ്രയീമിന്റെ രാജാവ് 482
ഫിനെഹാസ് 483
ഫിലിപ്പോസ്, അപ്പോസ്തലൻ 484
ഫിലിപ്പോസ്, സുവിശേഷകൻ 485
ഫിലിപ്പ്യ, ഫിലിപ്പിയർ 486
ഫെലിസ്ത്യ 487
ഫെലിസ്ത്യർ 488
ഫൊയ്നീഷ്യ 489
ബത്ത്ശേബ 490
ബഥേല് 491
ബയെശ 492
ബര്ത്തൊലോമായി 493
ബര്നബാസ് 494
ബറബ്ബാസ് 495
ബാബിലോണ്, ബാബിലോണിയ, ബാബിലോന്യന്, ബാബിലോന്യന്മാര് 496
ബാബേല് 498
ബാരുക് 499
ബാല് 500
ബാശാന് 501
ബിലെയാം 502
ബെതുവേല് 503
ബെത്ലെഹേം, എഫ്രാത്ത 504
ബെത്ശേമേഷ് 505
ബെഥാന്യ 506
ബെനായാവ് 507
ബെന്യാമിന്, ബെന്യാമീന്യന്, ബെന്യാമീന്യര് 508
ബെയെല്സബൂല് 509
ബെര്ശേബ 510
ബെറിയ 511
ബോവസ് 512
മക്കദോന്യ 513
മഗ്ദലന മറിയം 514
മത്തായി 515
മനശ്ശെ 516
മര്ക്കോസ് എന്ന യോഹന്നാന് 517
മറിയ, യേശുവിന്റെ മാതാവ് 518
മറിയം (മാര്ത്തയുടെ സഹോദരി) 520

മലാഖി 521
മഹാനായ ഹെരോദ് 522
മാഖാ 523
മാര്ത്ത 524
മിഖായേല് 525
മിദ്യാന്, മിദ്യാന്യന്, മിദ്യാന്യര് 526
മിര്യാം 527
മിശായേല് 528
മിസ്പ 529
മിസ്രയീം, മിസ്രയീമ്യന്, മിസ്രയീമ്യര് 530
മീഖ 531
മെംഫിസ് 532
മെസോപോട്ടാമ്യ, അരാം നഹരായിം 533
മേദ്യര്, മേദ്യ 534
മേല്ക്കിസെദേക് 535
മേശെക് 536
മോര്ദേഖായി 537
മോലേക്, മോലോക് 538
മോവാബ്, മോവാബ്യന്, മോവാബ്യ സ്ത്രീ 539
മോശെ 540
യഹൂദ. യഹൂദ രാജ്യം 541
യഹൂദ്യ 542
യാക്കോബിന്റെ മകനായ യൂദാസ് 543
യാക്കോബ് (അല്ഫയൂസിന്റെ മകന് 544
യാക്കോബ് (യേശുവിന്റെ സഹോദരന്) 545
യാക്കോബ് (സെബെദിയുടെ മകന്) 546
യാഫെത്ത് 547
യിത്രോ, രെഹുവേല് 548
യിപ്താഹ് 549
യിരെമ്യാവ് 550
യിശ്മയേല്, യിശ്മയേല്യന്, യിശ്മയേല്യര് 551
യിശ്ശായി 552
യിസഹാക്ക് 553
യിസ്സാഖാര് 555
യൂദ 556
യൂദാസ് ഇസ്കാരിയോത്ത് 557
യൂഫ്രട്ടീസ് നദി, നദി 558
യെബൂസ്, യെബൂസ്യന്, യെബൂസ്യര് 559
യെരിഹോ 560
യെരുശലേം 561
യെരോബെയാം 563
യെശ്ശയ്യാവ് 564
യെസ്രീല്, യെസ്രെയീല്യര് 565
യെഹസ്കേല് 566
യെഹോയാക്കിം 567
യെഹോയാഖീന് 568
യെഹോയാദ 569
യെഹോരാം, യോരാം 570
യെഹോശാഫാത്ത് 571
യേഹു 572
യോഥാം 573
യോനാ 574

യോനാഥാന് 575
യോപ്പ 576
യോരാം 577
യോര്ദ്ദാന്നദി, യോര്ദ്ദാന് 578
യോവാബ് 579
യോവാശ് 580
യോവേല് 581
യോശിയാവ് 582
യോശുവ 583
യോസേഫ് (പ.നി.) 585
യോസേഫ് (പു.നി.) 586
യോഹന്നാന് (അപ്പോസ്തലന്) 587
യോഹന്നാന് (സ്നാപകന്) 589
രബ്ബാ 590
രാമോത്ത് 591
രാഹാബ് 592
രിമ്മോന് 593
രൂത്ത് 594
രൂബേന് 595
രെഹൊബെയാം 596
റാമ 597
റാഹേല് 598
റിബേക്ക 599
റോം, റോമന് 600
ലാബാന് 601
ലാമെക് 602
ലാസര് 603
ലിവ്യാഥാൻ 604
ലുസ്ത്ര 605
ലൂക്കോസ് 606
ലെബനോന് 607
ലേയ 608
ലേവി, ലേവ്യൻ, ലേവ്യർ, ലേവ്യരെ സംബന്ധിച്ച 609
ലോത്ത് 610
വസ്ഥി 611
ശമര്യ, ശമര്യക്കാരന് 612
ശമുവേല് 613
ശലോമോന് 614
ശാരോന്, ശാരോന്താഴ്വര 615
ശിംശോന് 616
ശിനാര് 617
ശിമിയോന് 618
ശിമെയി 619
ശീലാസ്, സില്വാനസ് 620
ശീലോവ് 621
ശേം 622
ശേഖേം 623
ശേബ 624
ശൌല് (പ.നി.) 625
സക്കായി 626
സാദോക് 627
സാറാ, സാറായി 628

സിദെക്കിയാവ് 629
സിറിയ 630
സീദോന്, സീദോന്യര് 631
സീനായി, സീനായി മല 632
സുക്കോത്ത് 633
സെഖര്യാവ് (പ.നി.) 634
സെഖര്യാവ് (പു.നി.) 635
സെന്ഹെരീബ് 636
സെഫന്യാവ് 637
സെബുലൂൻ 638
സെബെദി 639
സെരുബ്ബാബേല് 640
സേത്ത് 641
സോദോം 642
സോര്, സോര്യര് 643
സോവാര് 644
സ്തേഫാനോസ് 645
ഹഗ്ഗായി 646
ഹനന്യാവ് 647
ഹന്ന 648
ഹന്നാവ് 649
ഹബക്കൂക്ക് 650
ഹമാത്ത്, ഹമാത്യർ, ലെബോ ഹമാത്ത് 651
ഹവ്വ 652
ഹാം 653
ഹാഗര് 654
ഹാനോക്ക് 655
ഹാബേൽ 656
ഹാമോര് 657
ഹായി 658
ഹാരാന് 659
ഹിത്യന്, ഹിത്യര് 660
ഹില്ക്കിയാവ് 661
ഹിവ്യന്, ഹിവ്യര് 662
ഹിസ്കീയാവ് 663
ഹെബ്രോന് 664
ഹെരോദ്, ഹെരോദ് അന്തിപ്പാസ് 665
ഹെര്മോന്മല 666
ഹേരോദ്യ 667
ഹോരെബ് 668
ഹോശിയാവ് 669
ഹോശേയ 670

Other 671
അംഗം, അംഗങ്ങള് 672
അംഗീകരിക്കുക, അംഗീകരിക്കുന്നു, അംഗീകരിച്ചു, സമ്മതിക്കുക, സമ്മതിച്ചു. 673
അഗ്നി, തീ കത്തിക്കുന്നു, തീക്കൊള്ളി, പരന്ന തീച്ചട്ടികള്, അഗ്നികുണ്ഡം, ... 674
അടക്കം ചെയ്യുക, അടക്കം ചെയ്യുന്നു, അടക്കം ചെയ്തു, അടക്കം ചെയ്യുന്നു, ... 675
അടിമയാക്കുക, അടിമയാക്കുന്നു, അടിമയാക്കപ്പെട്ട, സേവകന്, സേവകന്മാര്, ... 676
അടിവസ്ത്രം, അടിവസ്ത്രങ്ങള് 679
അത്തി, അത്തപ്പഴം 680
അദ്ധ്യാപകന്, അദ്ധ്യാപകര്, ഗുരു 681
അനാദരവ്, അനാദരണീയമായ 682

അനുകരിക്കുക, അനുകാരി, അനുകാരികള് 683
അനുസരിക്കാതിരിക്കുക, അനുസരിക്കാതിരിക്കുന്നു, അനുസരിക്കാതിരുന്നു, ... 684
അനുസരിക്കുക, അനുസരിക്കുന്നു, അനുസരിച്ചു, അനുസരിക്കുന്ന, അനുസരണം, ... 685
അന്ധകാരം 687
അന്യന്, അകറ്റുന്നു, അകറ്റപ്പെട്ട, വിദേശം, വിദേശി, വിദേശികള് 688
അന്വേഷിക്കുക, അന്വേഷിക്കുന്നു, അന്വേഷിച്ചു കൊണ്ടിരിക്കുന്ന, ... 689
അപകീര്ത്തി, അപമാനപ്പെടുത്തുക, അപമാനപ്പെടുത്തി, അപകീര്ത്തി കരമായ 690
അപമാനം, അപമാനപ്പെടുത്തുന്നു, അപമാനപ്പെടുത്തി, ,അപകീര്ത്തിപരമായ 691
അപമാനിക്കുക, അപമാനപ്പെടുത്തുക, അവഹേളനം 692
അപവാദം, അപവാദങ്ങള്, അപവാദം പറഞ്ഞു, അപവാദികള്, അപവാദം പറച്ചില്, ... 693
അപ്പം 694
അഭയം, അഭയാര്ഥി, അഭയാര്ത്ഥികള്, അഭയകേന്ദ്രം, അഭയ കേന്ദ്രങ്ങള്, അഭയം ... 695
അഭിമാനം, അഭിമാനത്തോടു കൂടെ, അഹങ്കാരം, അഹങ്കാരം നിറഞ്ഞ 696
അഭിവൃദ്ധിപ്പെടുക, അഭിവൃദ്ധിപ്പെട്ട, അഭിവൃദ്ധിപ്പെട്ടു ... 698
അഭിഷേകം ചെയ്യുക, അഭിഷേകം ചെയ്യപ്പെട്ട, സാധാരണമായ, അഭിഷേകം 699
അമ്പും വില്ലും 700
അയക്കുക, അയക്കുന്നു, അയച്ചു, അയക്കുന്ന, പറഞ്ഞയക്കുക, പറഞ്ഞയച്ചു, ... 701
അയല്വാസി, അയല്പക്കക്കാര്, അയല്പക്കം, സമീപ വാസിയായ 702
അരക്കെട്ട് 703
അറിയുക, അറിയുന്നു, അറിഞ്ഞു, അറിയുന്ന, അറിവ്, അറിയുന്ന, അറിയിക്കുക, ... 704
അഴിമതി, അഴിമതിയുള്ള 706
അഴിമതിയുള്ള സാക്ഷി, അസത്യ വിവരണം, കള്ളസാക്ഷ്യം, കള്ള സാക്ഷി, കള്ള ... 707
അവകാശി, അവകാശികള് 708
അവിശുദ്ധം ആക്കുക, അവിശുദ്ധമാക്കി, അവിശുദ്ധമാക്കുന്ന 709
അസൂയ, അതിമോഹം 710
അഹങ്കാരമുള്ള, അഹങ്കാരപൂര്വ്വം, അഹങ്കാരം 711
ആജ്ഞ, ആജ്ഞകള്, ആജ്ഞാപനം നല്കി 712
ആട്ടിന്കൂട്ടങ്ങള്, ആടിന്കൂട്ടം, ഒരു കൂട്ടമാക്കുക, നാല്ക്കാലി കൂട്ടം, ... 713
ആത്മ നിയന്ത്രണം, ആത്മ നിയന്ത്രണം ഉള്ള, നിന്ത്രിതമായ സ്വയം 714
ആദായം, ആദായം ഉണ്ടാക്കുന്നു, ആദായകരമായ, 715
ആദ്യ ജാതന് 717
ആദ്യ ഫലങ്ങള് 718
ആപൽസൂചകശബ്ദം, മുന്നറിയിപ്പുകൾ, ആശങ്കപ്പെടുക 719
ആയുധം, ആയുധപ്പുര 720
ആലിപ്പഴം, മംഗളം നേരുക, പൊഴിയുന്ന മഞ്ഞുകട്ട, ഹിമവർഷ കൊടുങ്കാറ്റ്. 721
ആഴ്ച, ആഴ്ചകള് 722
ആശ്വാസം, ആശ്വസിപ്പിക്കുന്നു, ആശ്വസിപ്പിക്കപ്പെട്ട, ആശ്വാസം നല്കുന്ന, ... 723
ഇടയന്, ഇടയന്മാര്, ഇടയവേല ചെയ്തു, ഇടയവേല ചെയ്യുന്ന 724
ഇടര്ച്ചക്കല്, ഇടര്ച്ചക്കല്ലുകള്, തടങ്കല്പ്പാറ 726
ഇടറി വീഴുക, ഇടറുന്നു, ഇടറി വീണു, ഇടറുന്ന 727
ഇത് എഴുതപ്പെട്ടിരിക്കുന്നു 728
ഇര, ഇരയാക്കുക 729
ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾ, ഇസ്രയേൽമക്കളുടെ പന്ത്രണ്ടു ... 730
ഉത്തരവ് 731
ഉത്സവം, ഉത്സവങ്ങള് 732
ഉപദേശം 733
ഉപദേശം, ഉപദേശിക്കുക, ഉപദേശിച്ചു, ഉപദേശകന്, ഉപദേശകന്മാര്, ഉപദേശം, ... 734
ഉപദ്രവം 735
ഉപവസിക്കുക, ഉപവസിക്കുന്നു, ഉപവസിച്ചു, ഉപവാസം, ഉപവാസങ്ങള് 736
ഉയരത്തില്, അത്യുന്നതത്തില് 737
ഉയര്ത്തപ്പെട്ടു, ഒപ്പമെത്തി, ഒപ്പമെത്തുക 738
ഉയര്ത്തുക, ഉയര്ത്തുന്നു, ഉയര്ത്തപ്പെട്ട, ഉയിര്ക്കുക, ... 739

ഉയര്ന്ന സ്ഥലം, ഉയര്ന്ന സ്ഥലങ്ങള് 741
ഉരുകുക, ഉരുകിയ, ഉരുകുന്ന, ഉരുകുന്നു, ഉരുക്കിയ 742
ഉറപ്പാക്കല്, ഉറപ്പിക്കുന്നു, ഉറപ്പിച്ചു, ഉറപ്പ് 743
ഉറവ, ഉറവകള്, നീരുറവ, നീരുറവകള്, നീരുറവ ഉണ്ടാകുന്നു 744
എണ്ണ 745
ഒട്ടകം, ഒട്ടകങ്ങള് 746
ഒറ്റുക്കൊടുക്കുക, ഒറ്റുക്കൊടുക്കുന്നു, ഒറ്റുക്കൊടുത്തു, ... 747
ഒലിവ് മരം, ഒലിവു ഫലങ്ങള് 749
ഓടുക, ഓടുന്നു, ഓടുന്നവന്, ഓടുന്നവര്, ഓടുന്ന 750
കടല്പശു 751
കട്ടിളക്കാല് 752
കഠിന പീഡനം, കഠിനമായി പീഡിപ്പിച്ചു, കഠിനമായി പീഡിപ്പിക്കുന്ന, കഠിനമായി ... 753
കഠിനമായ, കടുപ്പമേറിയ, ഏറ്റവും കഠിനമായ, കഠിനപ്പെട്ട, കഠിനപ്പെടുന്നു, ... 754
കഠിനാദ്ധ്വാനം, കഠിനാദ്ധ്വാനം ചെയ്യുന്നു, കഠിനാദ്ധ്വാനം ചെയ്യുന്നു, ... 756
കന്യക, കന്യകമാര്, കന്യാകത്വം 757
കരം, കരങ്ങള്, ഏല്പ്പിക്കുക,ഏല്പ്പിച്ചു, ഏല്പ്പിക്കല്, നേരിട്ട് ... 758
കരടി, കരടികള് 760
കരയുക, കരയുന്നു, കരഞ്ഞു, കരയുന്നു, ഉറക്കെ കരയുക, ഉറക്കെ കരയുന്നു, ... 761
കര്ത്താവ്, വിഷയങ്ങള്, കീഴ്പ്പെടുത്തപ്പെട്ട, കീഴ്പ്പെട്ട, ... 762
കലപ്പ, ഉഴുക, ഉഴവു ചെയ്തു, ഉഴുതുന്ന, കലപ്പകൾ, ഉഴവുകാരൻ, ഉഴവുകാർ, ... 763
കള്ള പ്രവാചകന്, കള്ള പ്രവാചകന്മാര് 764
കള്ളന്, കള്ളന്മാര്, കവര്ച്ച, കവര്ച്ച ചെയ്യുന്നു, കവര്ച്ച ചെയ്തു, ... 765
കഴുകന്, കഴുകന്മാര് 766
കഴുത, കോവര്കഴുത 767
കാനേഷുമാരി 768
കാമുകൻ, കമിതാക്കൾ 769
കാരാഗ്രഹം, തടവുകാരൻ, തടവു പുള്ളികൾ, തടവറകൾ, കാരാഗ്രഹത്തിൽ ... 770
കാര്യനിര്വാഹി, കാര്യനിര്വാഹകന്മാര്, കാര്യവിചാരകന്, കാര്യവിചാരകന്മാർ, ... 771
... 772
കാര്യാലോചനസമിതി, കാര്യാലോചനസമിതികള് 773
കാറ്റാടി മരം 774
കാലാ പെറുക്കുക, കാലാ പെറുക്കുന്നു, കാലാ പെറുക്കി, അല്പ്പാല്പ്പമായി ... 775
കാവല്, നിരീക്ഷിക്കുന്നു, ശ്രദ്ധിച്ചു നോക്കി, കാവല്കാക്കുക, ... 776
കാവല്ഗോപുരം, കാവല്ഗോപുരങ്ങള്, ഗോപുരം 777
കാഹളം, കാഹളങ്ങള്, കാഹളധ്വനിക്കാര് 778
കിണ്വം, പുളിപ്പിച്ച, പുളിപ്പിക്കുന്നു, പുളിപ്പിക്കപ്പെട്ട, ... 779
കിരീടം, കിരീടങ്ങള്, കിരീടം ധരിപ്പിച്ചു 780
കുടുംബം, കുടുംബങ്ങള് 781
കുട്ട, കുട്ടകള്, കുട്ടനിറയെ 782
കുതിര, കുതിരകള്, പോര്ക്കുതിര, പോര്ക്കുതിരകള്, കുതിരപ്പുറം 783
കുതിരക്കാരന് 784
കുത്തി തുളക്കുന്ന, കുത്തി തുളക്കുന്നു, കുത്തി തുളക്കപ്പെട്ട, കുത്തി ... 785
കുനിഞ്ഞു വണങ്ങുക, കുനിഞ്ഞു വണങ്ങി 786
കുനിയുക, കുനിയുന്നു, കുനിഞ്ഞു, വണക്കം, വണങ്ങുന്നു, താണുവണങ്ങി, ... 787
കുന്തം, കുത്തിത്തുളക്കുന്നു, കുന്തക്കാരന് 788
കുന്തുരക്കം 789
കുരുക്ക്, കുരുക്കുകള്, കുരുക്കിലാക്കുക, കുരുക്കിലാക്കുന്നു, ... 790
കുറ്റം, കുറ്റങ്ങള്, കുറ്റവാളി, കുറ്റവാളികള് 791
കുറ്റപ്പെടുത്തുക, കുറ്റപ്പെടുത്തുന്നു.പ്രതി,, കുറ്റപ്പെടുത്തുന്ന, ... 792
കുലീനമായ, ആഭിജാത്യം ഉള്ളവ, കുലീനന്, കുലീനന്മാര് 793
കുളമ്പ്, കുളമ്പുകള്, കുളമ്പുകള് 794
കുഴി, കുഴികൾ, കെണി 795

കുഷ്ടരോഗി, കുഷ്ഠരോഗി, കുഷ്ഠം, കുഷ്ഠം ഉള്ള: 796
കൂടാരം, കൂടാരങ്ങള്, കൂടാര നിര്മ്മിതാക്കള് 797
കൂടിക്കാഴ്ചയുടെ കൂടാരം 798
കെരൂബ്, കെരൂബിം, കെരൂബുകള് 799
കൈക്കൂലി, കൈക്കൂലി വാങ്ങുന്ന, കൈക്കൂലി നല്കുന്ന, കൈക്കൂലി സമ്പ്രദായം 800
കൈവശമാക്കുക, കൈവശമാക്കുന്നു, കൈവശമാക്കപ്പെട്ട, കൈവശം വെയ്ക്കുന്ന, ... 801
കൊട്ടാരം, കൊട്ടാരങ്ങള് 803
കൊമ്പ്, കൊമ്പുകള്, കൊമ്പുകോര്ക്കുക 804
കൊയ്ത്ത്, വിളവെടുപ്പുകൾ, കൊയ്തു, കൊയ്ത്തു നടത്തുക, കൊയ്ത്തുകാരൻ, ... 805
കൊയ്യുക, കൊയ്യുന്നു, കൊയ്തു, കൊയ്ത്തുകാരന്, കൊയ്ത്തുകാര്, കൊയ്ത്ത് 806
കോടാലി, കോടാലികള് 807
കോപം, കോപപ്പെട്ടു, കോപമുള്ള 808
കോലാട്, കോലാടുകള്, ആട്ടിന്തോല്, ബലിയാട്, കുഞ്ഞാടുകള് 809
കോല്, കോലുകള് 810
ക്ഷമയുള്ള, ക്ഷമാപൂര്വ്വം, ക്ഷമ, അക്ഷമ 811
ക്ഷാമം, ക്ഷാമങ്ങള് 812
ഖദിരമരം 813
ഗന്ധകം, ഗന്ധകമയമായ 814
ഗര്ഭം ധരിക്കുക, ഗര്ഭംധരിക്കുന്നു, ഗര്ഭം ധരിച്ചു, ഗര്ഭധാരണം 815
ഗര്ഭപാത്രം, ഗര്ഭാശയങ്ങള് 816
ഗോതമ്പ് 817
ഗോത്രം, ഗോത്രങ്ങള് 818
ഗോത്രം, ഗോത്രങ്ങള്, ഗോത്രവര്ഗ്ഗക്കാരന്, ഗോത്രവര്ഗ്ഗക്കാര് 819
ഗോത്രപിതാവ്, ഗോത്രപിതാക്കന്മാര് 820
ചവിട്ടി മെതിക്കുക, ചവിട്ടി മെതിക്കുന്നു, ചവിട്ടി ത്താഴ്ത്തി, ചവിട്ടി ... 821
ചാണകം, വളം 822
ചാരം, ചിതാഭസ്മം, ധൂളി 823
ചിതറിക്കുക, ചിതറപ്പെട്ടവര് 824
ചീട്ടുകൾ, നറുക്ക് ചീട്ടുകൾ 825
ചുംബനം, ചുംബനങ്ങൾ, ചുംബിച്ചു, ചുംബനം ചെയ്യൽ 826
ചുമതല ഏല്ക്കുക, ചുമതല എല്ക്കുന്നു, ഭരമേല്പ്പിക്കുന്ന, ചുമതല ... 827
ചുരുള്, ചുരുളുകള്: 828
ചുറ്റിക്കെട്ടുക, ചുറ്റിക്കെട്ടി 829
ചെങ്കോല്, ചെങ്കോലുകള് 830
ചെടി, ചെടികള്, ചെടി നട്ടു, ചെടി നടല്, ചെടി നട്ട, വീണ്ടും ചെടി നട്ട, ... 831
ചെന്നായ, ചെന്നായകള്, കാട്ടു പട്ടികള് 832
ചെരുപ്പ്, പാദരക്ഷകൾ 833
ചെറുത്തു നില്ക്കുന്നവന്, ചെറുത്തു നില്ക്കുന്നു, ചെറുത്തു നിന്ന, ... 834
ജനവിഭാഗം, ജനങ്ങള്, ജനം, ഒരു ജനം 836
ജലം, ജലാശയം, ജലസേചനം ചെയ്തു, ജലസേചനം ചെയ്യുക 838
ജലസംഭരണത്തൊട്ടി, ജലസംഭരണത്തൊട്ടികള്, കിണറ്, കിണറുകള് 840
ജീവപുസ്തകം 841
ജീവി, ജീവികള് 842
ഞരങ്ങുക, ഞരങ്ങുന്നു, നെടുവീര്പ്പിട്ടു, നെടുവീര്പ്പിടുന്നു, ഞരങ്ങല്. 843
ഞാങ്ങണ, ഞാങ്ങണകള് 844
തംബുരു, തംബുരുകള്, തംബുരു വായനക്കാരന്, തംബുരു വായന ക്കാര് 845
തടവുകാരന്, തടവുകാരന്മാര്, തടവുകാരനാക്കുക, തടവുകാരനാക്കപ്പെട്ട, തടവ് 846
തരം, തരങ്ങൾ, ദയ, ദയാപുരസ്സരം, ദയാപൂര്വ്വം ആയവകൾ 847
തലതിരിഞ്ഞ, വിവേക ശൂന്യമായ, വിവേക ശൂന്യം, വൈകൃതം, വൈകൃതങ്ങൾ, ... 848
തലമുറ 849
തലയോട്ടി 850
തള്ളിക്കളയുക, തള്ളിക്കളയുന്നു, നിഷേധിക്കുന്ന, പുറന്തള്ളല് 851

തള്ളുക, തള്ളി, തള്ളൽ 852
താക്കീത് നൽകുക 853
താഴേക്കു ഇറങ്ങുക, താഴേക്കു ഇറങ്ങുന്നു. താഴേക്കു ഇറങ്ങി, താഴേക്കു ... 854
താഴ്ചയുള്ള, ഏറ്റവും താഴ്ച ഭവിച്ച, താഴ്ച 855
തിരശ്ശീല, തിരശ്ശീലകള് 856
തിരിയുക, തിരിയുന്നു, മാറിപ്പോകുക, മാറിപ്പോകുന്നു, പിന്തിരിയുക, ... 857
തീച്ചൂള 859
തൂക്കുക, തൂങ്ങുന്നു, തൂങ്ങി, തൂക്കിക്കൊല്ലുക, തൂക്കിക്കൊല, ... 860
തൂൺ, തൂണുകൾ, സ്തംഭം, സ്തംഭങ്ങൾ 861
തൂത്തുവാരുക, തൂത്തു വാരുന്നു, തൂത്തു വാരി, തൂക്കുക 862
തൃപ്തിപ്പെടുക, തൃപ്തിയാകുന്നു, തൃപ്തിയായി, സംതൃപ്തം 863
തെറ്റ്, തെറ്റുകള്, തെറ്റ് സംഭവിച്ച, തെറ്റായ, തെറ്റുകള്ഉള്ള, തെറ്റ് ... 864
തേന്, തേന്കൂട് 865
ദര്ശനം, ദര്ശനങ്ങള്, ദര്ശനം പ്രാപിക്കുക 866
ദഹനയാഗം, ദഹനയാഗങ്ങള്, അഗ്നിയാല്ഉള്ള വഴിപാട് 867
ദഹിപ്പിക്കുക, ദഹിപ്പിക്കുന്നു, ദഹിപ്പിച്ചു, ദഹിപ്പിക്കുന്ന 868
ദാസ്യപ്പെടുത്തുക, ദാസ്യപ്പെടുത്തുന്നു, ദാസ്യപ്പെടുത്തപ്പെട്ട, ... 869
ദിനവൃത്താന്തങ്ങള് 870
ദിവസം, ദിവസങ്ങള്: 871
ദീര്ഘക്ഷമ കാണിക്കുക, ദീര്ഘക്ഷമ കാണിക്കുക 872
ദുരിതം അനുഭവിക്കുക, ദുരിതം അനുഭവിക്കുന്നു, ദുരിതം അനുഭവിച്ച, ദുരിതം, ... 873
ദുര്ഗ്ഗം, ദുര്ഗ്ഗങ്ങള്, കോട്ടകള്, സംരക്ഷിതമാക്കിയ, കോട്ട, കോട്ടകള് 875
ദുര്മന്ത്രവാദി, ദുര്മന്ത്രവാദികള്, ദുര്മന്ത്രവാദിനി, ദുര്മന്ത്രവാദം, ... 876
ദുര്വിധി 877
ദുർമ്മോഹം, ദുർമ്മോഹം ഉണ്ടാകുക, ദുർമോഹി ആകുക, ദുർമോഹം ഉള്ള 878
ദുഷ്ടന്, ദുഷ്ടന്മാര്, ദുഷ്പ്രവര്ത്തി 879
ദേവദാരു, ദേവദാരു വൃക്ഷങ്ങള് 880
ദേവദാരു, ദേവദാരുക്കള് 881
ദേവദാരു, ദേവദാരുക്കള്, ദേവദാരു മരം' 882
ദേശം, ദേശങ്ങള് 883
ധരിക്കുക, ധരിച്ചു, ധരിക്കുന്നു, ധരിക്കല്, ഉരിഞ്ഞുകളഞ്ഞു 885
ധാന്യ വഴിപാട്, ധാന്യ വഴിപാടുകള്, ഭോജന യാഗം 886
ധാന്യം, ധാന്യങ്ങള്, ധാന്യ വയല് 887
ധിക്കാരം നിറഞ്ഞ, ധിക്കാരം നിറയുന്നു 888
ധിക്കാരിയായ 889
ധൂപപീഠം 890
ധൂമ്ര വർണ്ണം 891
ധൈര്യം, ധൈര്യമുള്ള, ധീരത, തന്റേടമുള്ള 892
ധൈര്യം,ധീരതയുള്ള, ധൈര്യപ്പെടുത്തുക, പ്രോത്സാഹിപ്പിക്കുക, ... 893
ധ്യാനിക്കുക, ധ്യാനിക്കുന്നു, ധ്യാനം 895
നടക്കുക, നടക്കുന്നു, നടന്നു, നടക്കുന്നു 896
നശിപ്പിക്കുക, നശിപ്പിക്കുന്നു, നശിപ്പിക്കപ്പെട്ട 897
നശിപ്പിക്കുക, നശിപ്പിക്കുന്നു, നശിപ്പിച്ചു, നാശകന്, നാശകന്മാര്, ... 898
നാക്ക്, ഭാഷകള് 899
നികുതി, നികുതികള്, നികുതി ഇട്ടു, നികുതി കല്പ്പിക്കല്, നികുതി ദായകം, ... 900
നിദ്ര, അഗാധ നിദ്രയില്ആയി, അഗാധ നിദ്രയില്ആകുക, അഗാധ നിദ്രയില്ആയ, ... 902
നിയമം, നിയമങ്ങള്, നിയമ ദാതാവ്, നിയമ ലംഘകന്, നിയമ ലംഘകര്, നിയമ ... 903
നിയമാനുസൃതം, നിയമാനുസൃതമായ, നിയമാനുസൃതം അല്ലാത്ത, നിയമപരം അല്ലാത്ത, ... 904
നിരപരാധിയെന്ന് വിട്ടയക്കുക, നിരപരാധിയെന്ന് വിട്ടയക്കുന്നു, ... 906
നിരോധനം ഏര്പ്പെടുത്തുക, ഉപരോധം, ഉപരോധനം ഏര്പ്പെടുത്തി, ഉപരോധകര്, ... 907
നിര്ണ്ണയിക്കുക, നിര്ണ്ണയിച്ചു, ദൈവ കല്പ്പിതം, മുന്നിര്ണ്ണയം 908
നിര്ദേശിക്കുക, നിര്ദേശം നല്കുന്നു, നിര്ദേശം നല്കി, നിര്ദേശം നല്കുന്ന, ... 909

നിലനില്ക്കുക, നിലനില്ക്കുന്നു, നിലനിന്നു, നിലനില്ക്കുന്നതായ, ... 910
നിഴല്, നിഴല് അടിക്കുന്നു, നിഴല് അടിപ്പിക്കുക, നിഴല് അടിപ്പിച്ചു 911
നീക്കം ചെയ്യുക, നീക്കം ചെയ്യപ്പെടുന്നു, നീക്കം ചെയ്യപ്പെടല് 912
നീക്കം ചെയ്യുക, നീക്കം ചെയ്യുന്നു, നീക്കം ചെയ്തു, തുടച്ചു നീക്കുക, ... 913
നുകം 914
ന്യായാധിപന്, ന്യായാധിപന്മാര് 915
ന്യായാധിപൻ, ന്യായം വിധിക്കുന്നു 916
ന്യൂനത, കളങ്കപ്പെടുത്തുന്നു, കളങ്കമറ്റ 917
പകരം വീട്ടല്,പകരം വീട്ടുന്നു, പകരം വീട്ടിയ, പകരം വീട്ടുന്ന, പകരം ... 918
പങ്കാളി, പങ്കാളികള്, സഹപ്രവര്ത്തകന്, സഹപ്രവര്ത്തകര് 919
പടയാളി, പടയാളികള്, യോദ്ധാവ്, യോദ്ധാക്കള് 920
പടി വാതില്, പടി വാതിലുകള്, പടി വാതില് താഴുകള്, വാതില്കാവല്ക്കാരന്, ... 921
പഠിപ്പിക്കുക, പഠിപ്പിക്കുന്നു, പഠിപ്പിച്ചു, പഠിപ്പിക്കല്, ഉപദേശങ്ങള്, ... 922
പതിര് 923
പത്താമത്തെ, പത്താമത്തെയവകള്, ദശാംശം, ദശാംശങ്ങള് 924
പത്ത് കല്പ്പനകള് 925
പന, പനകള് 926
പന്നി, പന്നികൾ, പന്നി മാംസം, പന്നി വർഗ്ഗം 927
പരിച, പരിചകള്, മറച്ചു പിടിച്ചു 928
പരിപൂർണ്ണം, കുറ്റമറ്റതായ, ഉൽകൃഷ്ടൻ, പരിപൂർണ്ണത, പരിപൂർണ്ണമായ 929
പരിഹസിക്കുക, പരിഹസിക്കുന്നു, പരിഹസിച്ചു, പരിഹസിക്കുന്ന, പരിഹാസി, ... 930
പരീക്ഷണം, പരീക്ഷണങ്ങള് 931
പശു, പശുക്കള്, വിത്തുകാള, വിത്തുകാളകള്, പശുക്കിടാവ്, കന്നുകാലി, ... 932
പാതാളം, അഗാധഗർത്തം 933
പാദപീഠം 934
പാനപാത്രവാഹകന്, പാനപാത്രവാഹകന്മാര് 935
പാനീയ യാഗം 936
പാപ യാഗം, പാപ യാഗങ്ങള് 937
പാരമ്പര്യം, ആചാരങ്ങള് 938
പാറ്റുക, പാറ്റുന്നു, പാറ്റി, പാറ്റല്, അരിക്കുക, അരിച്ചുപെറുക്കുക 939
പാഴാക്കുക, പാഴാക്കി, പാഴാക്കുന്ന, പാഴാക്കല്, പാഴാക്കപ്പെട്ടവ 940
പാഴായ, പാഴാക്കുന്നു, പാഴായി, ക്ഷയിപ്പിക്കുന്ന, തരിശു ഭൂമി, ... 941
പിടിച്ചെടുക്കുക, പിടിച്ചെടുക്കുന്നു, പിടിച്ചെടുത്തു, കവര്ച്ച 942
പീഡിപ്പിക്കപ്പെട്ട, പീഡിപ്പിക്കുക, പീഡിപ്പിക്കപ്പെട്ടു, ... 943
പീഡിപ്പിക്കുക, പീഡിതരായ, പീഡിപ്പിക്കുന്ന, പീഡനം, പീഡനങ്ങൾ, പീഡകൻ, ... 944
പീഡിപ്പിക്കുക, പീഡിപ്പിക്കുന്നു, പീഡിപ്പിക്കപ്പെട്ടവന്, ... 946
പുതിയ ചന്ദ്രന്, പുതിയ ചന്ദ്രന്മാര് 947
പുറജാതി, പുറജാതികള് 948
പുറത്താക്കുക, പുറത്താക്കല്, ബഹിര്ഗമിപ്പിക്കുക, പുറന്തള്ളുക, ... 949
പുല്ലാങ്കുഴല്, പുല്ലാങ്കുഴലുകള്, കുഴല്. കുഴലുകള് 950
പുള്ളിപ്പുലി, പുള്ളിപ്പുലികള് 951
പൂര്ണവിശ്വാസം, പൂര്ണ്ണ വിശ്വാസമുള്ള, പൂര്ണവിശ്വാസത്തോടു കൂടിയ 952
പൂര്വികന്, പൂര്വികര്, പിതാവ്, പിതാക്കന്മാര്, പിതാവായി തീര്ന്നു, ... 953
പെണ്ചെമ്മരിയാട്, പെണ്ചെമ്മരിയാടുകള്, ആണ്ചെമ്മരിയാട്, ... 955
പോരാട്ടം 957
പോലെ, ഒരു പോലെ ചിന്താഗതി ഉള്ള, താരതമ്യം ചെയ്യുക, സാമ്യം, ... 958
പൌരന്, പൌരന്മാര്, പൌരത്വം 960
പ്രകാശം, പ്രകാശങ്ങൾ, പ്രകാശിപ്പിക്കൽ, ഇടിമിന്നൽ, പകൽവെളിച്ചം, ... 961
പ്രകോപിപ്പിക്കുക, പ്രകോപിപ്പിക്കുന്നു, പ്രകോപിക്കപ്പെട്ട, ... 963
പ്രഖ്യാപിക്കുക, പ്രഖ്യാപിക്കുന്നു, പ്രഖ്യാപിച്ചു, പ്രഖ്യാപിക്കുന്ന, ... 964
പ്രതിജ്ഞ, പണയപ്പെടുത്തി, പ്രതിജ്ഞ ചെയ്യുന്നു 965
പ്രതിഫലം, പ്രതിഫലങ്ങള്, പ്രതിഫലം നല്കപ്പെട്ട, പ്രതിഫലാര്ഹമായ, ... 966

പ്രതിയോഗി, പ്രതിയോഗികൾ, ശത്രു, ശത്രുക്കൾ ........ 967
പ്രധാനപുരോഹിതന്മാര് ........ 968
പ്രഭാവ പൂര്ണ്ണമായ ........ 969
പ്രമാണം, പ്രമാണങ്ങള് ........ 970
പ്രയോജനം ഇല്ലാത്ത, വിലയില്ലാത്ത ........ 971
പ്രവാസം, പ്രവാസത്തില്ആകുന്നു, പ്രവാസത്തിലാക്കപ്പെട്ട ........ 972
പ്രവിശ്യ, പ്രവിശ്യകൾ, പ്രവിശ്യ സംബന്ധിച്ച ........ 973
പ്രശ്നം, പ്രശ്നങ്ങള്, പ്രശ്നം ഉള്ളതായ, പ്രശ്നം ഉണ്ടാക്കുന്ന, പ്രശനം ... ........ 974
പ്രസംഗിക്കുക, പ്രസംഗിച്ചു, പ്രസംഗം, പ്രസംഗകൻ, പ്രഖ്യാപിക്കുക, ... ........ 975
പ്രസവം, പ്രസവ സംബന്ധമായ, പ്രസവ വേദനകള് ........ 977
പ്രസിദ്ധി, സുപ്രസിദ്ധമായ ........ 978
പ്രാപിക്കുക, പ്രാപിക്കുന്നു, പ്രാപിച്ചു, പ്രാപിക്കുന്ന, സ്വീകര്ത്താവ് ........ 979
പ്രായം, യുഗങ്ങൾ, പ്രായം ചെന്ന ........ 981
പ്രായോഗിക ബുദ്ധി, ബുദ്ധിശാലിയായ ........ 982
ഫലം, ഫലങ്ങള്, ഫലപ്രദമായ, ഫലപ്രദമല്ലാത്ത ........ 983
ബന്ധപ്പെടുക, സ്നേഹം പ്രകടിപ്പിക്കുക, കൂടെ ശയിക്കുക, കൂടെ ശയിക്കുന്നു, ... ........ 985
ബന്ധു, ബന്ധുജനം, ജന്മനാ ആളുകൾ തമ്മിലുള്ള ബന്ധം, ബന്ധു ജനങ്ങൾ, ... ........ 986
ബഹുമാന സൂചകമായി നല്കുന്ന ഉപഹാരം ........ 987
ബാധ, ബാധകൾ ........ 988
ഭക്ത്യാദരവ് കാണിക്കുക, ഭക്ത്യാദരവ് കാണിച്ചു, ഭക്ത്യാദരവ്, ... ........ 989
ഭയം, ഭക്ത്യാദരവ് ........ 990
ഭരിക്കുക, ഭരിക്കുന്നു, ഭരിച്ച, ഭരിക്കുന്നു ........ 991
ഭരിക്കുക, ഭരിക്കുന്നു, ഭരിച്ചു, ഭരണാധികാരി, ഭരണാധികാരികള്, ... ........ 992
ഭരിക്കുക, സര്ക്കാര്, സര്ക്കാരുകള്, ദേശാധിപതി, ദേശാധിപതികള്, പ്രാദേശിക ... ........ 993
ഭവനം, ഭവനങ്ങള്, മേല്ക്കൂര, മേല്ക്കൂരകള്, കലവറ, കലവറകള്, ഭവന ... ........ 994
ഭവനക്കാര്, വീട്ടുകാര് ........ 995
ഭാഗികമായ, പക്ഷഭേദം കാണിക്കുക, “പക്ഷഭേദം ........ 996
ഭാരം, ഭാരങ്ങള്, ഭാരപ്പെടുത്തപ്പെട്ട, ഭാരമുള്ള ........ 997
ഭിക്ഷ ........ 998
ഭീകരത, ഭയപ്പെടുത്തുന്നു, ഭയാനകമായ, ഭയങ്കരത്വം, ഭയചകിതനായ, , ... ........ 999
ഭീകരത, ഭീതിപ്പെടുത്തുക, ഭീതിപ്പെടുത്തി, ഭീതികള്, ഭീതിപ്പെടുത്തുക, ... ........ 1000
ഭൂമി, മണ്ണുകൊണ്ടുള്ള, ഭൌമികമായ ........ 1001
ഭോജന യാഗം, ഭോജന യാഗങ്ങള് ........ 1002
മടങ്ങി വരിക, മടങ്ങി വരുന്നു, മടങ്ങി വന്നു, മടങ്ങി വരുന്ന ........ 1003
മണവാളന്, വരന്മാര് ........ 1004
മണിക്കൂര്, മണിക്കൂറുകള് ........ 1005
മദ്ധ്യസ്ഥന് ........ 1006
മദ്യം, ലഹരി പാനീയങ്ങള് ........ 1007
മദ്യപിച്ച, മദ്യപാനി ........ 1008
മനസ്സിലാക്കുക, മനസ്സിലാക്കുന്നു, മനസ്സിലാക്കി, ഗ്രാഹ്യം ........ 1009
മനസ്സ്, മനസ്സുകള്, മനസ്സ് വെച്ചു, മനസ്സുള്ള, ഓര്മ്മിപ്പിക്കുക, ... ........ 1010
മരിക്കുക, മരിക്കുന്നു, മരിച്ചു, മരിച്ച, മരണകരമായ, മൃതാവസ്ഥ, മരണം, ... ........ 1011
മരുഭൂമി, മരുഭൂമികൾ, നിര്ജ്ജന പ്രദേശം, നിര്ജ്ജന പ്രദേശങ്ങൾ ........ 1013
മര്ക്കടമുഷ്ടിയായ, പിടിവാശിയുള്ള, പിടിവാശി ........ 1014
മര്മ്മം, മര്മ്മങ്ങള്, മറഞ്ഞിരിക്കുന്ന സത്യം, മറഞ്ഞിരിക്കുന്ന സത്യങ്ങള് ........ 1015
മറികടക്കുക, മറികടക്കുന്നു, മറികടന്ന, മറികടന്നു ........ 1016
മലിനമാകുക, മലിനമാകുന്നു, മലിനമാക്കപ്പെട്ടു, മലിനമാക്കുന്നു, ... ........ 1017
മലിനമാക്കുക, മലിനമാക്കപ്പെട്ട, ആശുധമാക്കുക ........ 1018
മല്ലന്, മല്ലന്മാര് ........ 1019
മഹാകോപം, കോപാക്രാന്തന് ആകുന്നു, തീവ്രമായ ക്ഷോഭം പൂണ്ട, കോപാകുലന് ആകുക ........ 1020
മാടപ്രാവ്, കാട്ടുപ്രാവ് ........ 1021
മാതളപ്പഴം, മാതളപ്പഴങ്ങൾ ........ 1022

മാന്, പെണ്മാന്, പെണ്മാനുകള്, മാന്കുഞ്ഞ്, ചെറുതരം കാട്ടുമാന്, ചെറുതരം ... 1023
മാന്ത്രിക വിദ്യ, മാന്ത്രിക വിദ്യ സംബന്ധിച്ച, മാന്ത്രികന്, ... 1024
മാര്ചട്ട, മാര്ച്ചട്ടകള്, മാര്പ്പതക്കം 1025
മാസം, മാസങ്ങള്, പ്രതിമാസം 1026
മുക്കുവന്, മുക്കുവന്മാര് 1027
മുഖം,മുഖങ്ങള്,അഭിമുഖീകരിക്കുന്ന,മുഖം സംബന്ധിച്ച, മുഖം കുനിഞ്ഞ 1028
മുഖ്യന്, പ്രധാനികള്: 1030
മുദ്ര, മുദ്രവെക്കുന്നു, മുദ്ര വെച്ച, മുദ്ര വെക്കല്, മുദ്ര വെക്കാത്ത 1031
മുന്തിരിങ്ങ, മുന്തിരിക്കുല, മുന്തിരി വീഞ്ഞ് 1032
മുന്തിരിച്ചക്ക് 1033
മുന്തിരിച്ചെടി, മുന്തിരിച്ചെടികള് 1034
മുന്തിരിത്തോപ്പ്, മുന്തിരിത്തോപ്പുകള് 1035
മുന്നറിഞ്ഞു, മുന്നറിവ് 1036
മുറ്റം, പ്രാകാരങ്ങള്, അങ്കണം, അങ്കണങ്ങള് 1037
മുള്ള്, മുള്മരം, മുള്പ്പടര്പ്പ്, മുള്ളുകള്, ചൊറിയണം, ... 1038
മൂടുപടം, മൂടുപടങ്ങള്, മൂടപടം ധരിച്ചു, മൂടുപടം നീക്കി 1039
മൂപ്പന്, മൂപ്പന്മാര് 1040
മൃഗം, മൃഗങ്ങള് 1041
മെതിക്കുക, മെതിക്കുന്നു, മേതിക്കപ്പെട്ട, മെതിക്കല് 1042
മേലങ്കി, മേലങ്കികള്, അങ്കി ധരിച്ച 1043
മേല്വിചാരണ നടത്തുക, മേല്വിചാരണ ചെയ്യുന്നു, മേല്വിചാരണ ചെയ്യപ്പെട്ട, ... 1044
യവം 1045
യഹൂദ അധികാരികള്, യഹൂദ നേതാവ് 1046
യഹൂദ സംസ്കാരം, യഹൂദ മതം 1048
യാഗം അര്പ്പിക്കുക, യാഗം അര്പ്പിക്കുന്നു, യാഗം അര്പ്പിച്ചു, യാഗം ... 1049
യാചിക്കുക, യാചിച്ചു, യാചിക്കല്, യാചകന് 1051
യാമം(ദൈവവചനപരമായ സമയം), യാമങ്ങള് 1052
യോഗ്യത നേടുക, യോഗ്യത നേടിയ, യോഗ്യന് ആക്കപ്പെട്ട 1053
രക്തച്ചൊരിച്ചിൽ 1054
രട്ടുവസ്ത്രം 1055
രഥം, രഥങ്ങള്, സാരഥികള് 1056
രാജകീയമായ, രാജ പ്രൌഢി 1057
രാജകുമാരൻ, രാജകുമാരന്മാർ, രാജകുമാരി, രാജകുമാരികൾ 1058
രാജാവ്, രാജാക്കന്മാർ, രാജ്യം., രാജത്വം, രാജകീയമായ 1059
രാജ്ഞി, രാജ്ഞികള് 1061
രാജ്യം,രാജ്യങ്ങൾ 1062
രോഗ വിമുക്തം ആകുക, രോഗവിമുക്തം ആയി, സൌഖ്യം ആകുക, സൌഖ്യം ആയി, ... 1064
ലക്ഷണ വിദ്യ, ലക്ഷണ വിദ്യക്കാരന്, ഭാവിഫലം പറച്ചില്, ഭാവിഫലം പറയുന്നവന് 1066
ലജ്ജ, ലജ്ജകള്, ലജ്ജിക്കപ്പെട്ട, ലജ്ജാപൂര്ണ്ണം, ലജ്ജാപൂര്ണ്ണം ആയ, ... 1067
ലേഖനം, കത്ത്, കത്തുകള് 1068
ലൈംഗിക അസാന്മാര്ഗ്ഗം, അസാന്മാര്ഗ്ഗം, അസാന്മാര്ഗ്ഗികമായ, അവിവാഹിത ... 1069
വഞ്ചിക്കുക, വഞ്ചിക്കുന്നു, വഞ്ചിതനായ, വഞ്ചിക്കുന്ന, ചതി, ചതിയന്, ... 1070
വടി, വടികള് 1071
വധം, വധിക്കുന്നു, വധിച്ചു, കശാപ്പു ചെയ്യല് 1072
വധിക്കുക, വധിക്കപ്പെട്ട 1073
വധു, വധുക്കള്, വധു സംബന്ധമായ 1074
വന്ധ്യം 1075
വര്ദ്ധിക്കുക, വര്ദ്ധിക്കുന്നു, വര്ദ്ധിച്ച, വര്ദ്ധിക്കുന്ന, വര്ദ്ധനവ് 1076
വര്ഷം, വര്ഷങ്ങള് 1077
വല്ലകി, തംബുരു,, തംബുരുകള് 1078
വളർത്തു മൃഗങ്ങൾ 1079
വഴിതെറ്റിയ, വഴിതെറ്റിപ്പോകുക, വഴിതെറ്റിപ്പോയി, വഴിതെറ്റിക്കപ്പെടുക, ... 1080

വഹിക്കുക, ഉല്പ്പാദിപ്പിക്കുന്നു, സഹിക്കുന്നു, വഹിക്കുന്നവന് 1081
വാക്ക്, വാക്കുകള് 1082
വാതില്പ്പടി, പ്രവേശന കവാടങ്ങള് 1083
വാരി വിഴുങ്ങുക, നശിപ്പിക്കുക, നശിപ്പിച്ചു, നശിപ്പിക്കുന്ന 1084
വാര്പ്പ്, രൂപപ്പെടുത്തുന്നു, രൂപപ്പെടുത്തിയ, അച്ച്, വാര്പ്പുകാരന്, ... 1085
വാള്, വാളുകള്, വാള്പ്പയറ്റുകാര് 1086
വിജയോല്സവം, വിജയാഹ്ലാദം നടത്തുക, ആഹ്ലാദകരമായ 1087
വിടുവാക്ക്, വിടുവാക്ക് പറയുന്നു, വിടുവായന്, വിഡ്ഢിത്തം പറയുക 1088
വിടുവിക്കുക, വിടുവിക്കുന്നു, വിടുവിച്ചു, വിടുവിക്കുന്നു, ... 1089
വിത്ത്, ബീജം 1091
വിരുന്നു സല്ക്കാരം 1092
വിറയ്ക്കുക, വിറയ്ക്കുന്നു, വിറച്ചു, വിറയല് 1093
വില പിടിപ്പുള്ള 1094
വിലപിക്കുക, വിലപിക്കുന്നു, വിലപിച്ചു, വിലാപം, വിലാപക്കാരന്, ... 1095
വില്ലാളി 1096
വിളക്ക് തണ്ട്, വിളക്ക് തണ്ടുകള് 1097
വിളക്ക്, വിളക്കുകള് 1098
വിവരണം, വിവരണങ്ങള്, വിവരണം നല്കി 1099
വിവാഹ മോചനം 1100
വിവേചന ബുദ്ധി, വിവേകം ഉള്ള, വിവേകപരമായ 1101
വിവേചിച്ചു അറിയുക, വിവേചിച്ചു അറിഞ്ഞു, വിവേചിക്കുക, വിവേചനം 1102
വിശുദ്ധ നഗരം, വിശുദ്ധ നഗരങ്ങള് 1103
വിശ്രമം, വിശ്രമിക്കുന്നു, വിശ്രമിച്ചു, വിശ്രമിക്കുന്ന, വിശ്രമ രഹിതം 1104
വിസ്മയിച്ചു, വിസ്മയം, അമ്പരപ്പിക്കുക, ആശ്ചര്യപ്പെടുക, ... 1105
വീഞ്ഞ്, വീഞ്ഞുകള്, തുരുത്തി, തുരുത്തികള്, പുതിയ തുരുത്തി 1106
വെങ്കലം 1107
വെട്ടുക്കിളി, വെട്ടുക്കിളികൾ 1108
വെപ്പാട്ടി, വെപ്പാട്ടികള് 1109
വെറുക്കുക, വെറുക്കപ്പെട്ട, വെറുക്കത്തക്ക 1110
വെള്ളപ്പൊക്കം, വെള്ളപ്പൊക്കം ഉണ്ടാകുന്നു, വെള്ളപ്പൊക്കം ഉണ്ടായി, ... 1111
വെള്ളി 1112
വ്യഥ 1113
വ്യഭിചാരി, വ്യഭിചാരം ചെയ്ത, വ്യഭിചാരികൾ, വേശ്യ, അവിഹിത ബന്ധം 1114
വ്യാഖ്യാനിക്കുക, വ്യാഖ്യാനിക്കുന്നു, വ്യാഖ്യാനിച്ചു, ... 1115
ശക്തം, ശക്തമായ, ശക്തിയേറിയ, ശക്തിമാനായ 1116
ശക്തമായ അഭ്യർത്ഥന, ശക്തമായി അഭ്യർത്ഥന ചെയ്യുന്നു, കേണപേക്ഷിക്കുക, ... 1117
ശക്തി, ശക്തീകരിച്ച, ശക്തീകരിക്കപ്പെട്ട, ശക്തീകരിക്കുന്നു. 1118
ശപഥം, ശപഥം ചെയ്യുന്നു, പ്രതിജ്ഞ ചെയ്യുക, പ്രതിജ്ഞ ചെയ്യുന്നു, ... 1120
ശബ്ദം, ശബ്ദങ്ങള് 1121
ശമിപ്പിക്കുക, ശമിപ്പിച്ചു, ശമിപ്പിക്കുവാന് അസാധ്യമായ 1122
ശവക്കുഴി, ശവക്കുഴി വെട്ടുകാര്, ശവക്കുഴികള്, ശവക്കല്ലറ, ശവക്കല്ലറകള്, ... 1123
ശാസന, ശാസിക്കുന്നു, ശാസിച്ചു, ശാസിക്കുന്ന, ശാസനാ പൂര്വ്വം 1124
ശാസിക്കുക, ശാസിക്കുന്നു, ശാസിച്ചു 1125
ശാസ്ത്രികള് 1126
ശാസ്ത്രിമാരായ ആളുകള്, ജ്യോതി ശാസ്ത്രജ്ഞന്മാര്. 1127
ശിക്ഷ, ശിക്ഷിക്കുന്നു, ശിക്ഷിച്ചു, ശിക്ഷിക്കുന്ന, ശിക്ഷ, ... 1128
ശിരസ്സ്,ശിരസ്സുകൾ, നെറ്റി, നെറ്റികൾ, കഷണ്ടി, തലമുതിർന്ന, ... 1130
ശൂന്യമാക്കുക, നശീകരണം, നശീകരണങ്ങള് 1131
ശ്വാസം, ശ്വസിക്കുക, ശ്വസിക്കുന്നു, ശ്വാസം നല്കല്, ശ്വസിക്കല് 1132
സംഭരണശാല, സംഭാരനശാലകള് 1134
സത്യസന്തത 1135
സദൃശവാക്യം, സദൃശവാക്യങ്ങൾ 1136

സദ്യ, സദ്യകള്, സദ്യ നല്കുക 1137
സന്തതി 1138
സന്തോഷം, സന്തോഷ പൂര്ണ്ണം, സന്തോഷ പൂര്വമായ, സന്തോഷ പൂര്ണ്ണത, ... 1139
സന്ദേശ വാഹകന്, സന്ദേശ വാഹകന്മാര് 1141
സഭ, സഭകള്, കൂടിവരിക, കൂടിവന്നു 1142
സമയം, സമയങ്ങള് 1143
സമയം, സമയോചിതമായ, സമയങ്ങള്, അസമയത്തുള്ള 1144
സമര്പ്പിക്കുക, സമര്പ്പിക്കുന്നു, സമര്പ്പിക്കപ്പെട്ട, സമര്പ്പണം 1145
സമര്പ്പിക്കുക, സമര്പ്പിക്കുന്നു, സമര്പ്പിച്ചു, സമര്പ്പിക്കുന്ന, ... 1146
സമാധാന യാഗം, സമാധാന യാഗങ്ങള് 1147
സമാധാനം, സമാധാന പൂര്ണം, സമാധാനം ഉള്ള, സമാധാനപരമായ, സമാധാന ... 1148
സര്പ്പം, സര്പ്പങ്ങള്, പാമ്പ്, പാമ്പുകള്, അണലി, അണലികള് 1150
സഹോദരി, സഹോദരിമാര് 1151
സിംഹങ്ങൾ, സിംഹം, സിംഹി, സിംഹികൾ 1152
സിംഹാസനം, സിംഹാസനാരൂഢന് ആയ 1153
സുഗന്ധ വര്ഗ്ഗം, സുഗന്ധ വര്ഗ്ഗങ്ങള് 1154
സൃഷ്ടിക്കുക, സൃഷ്ടിക്കുന്നു, സൃഷ്ടിക്കപ്പെട്ട, സൃഷ്ടി, സൃഷ്ടിതാവ് 1155
സേലാ 1156
സൈന്യാധിപന്, സൈന്യാധിപന്മാര് 1157
സൌമ്യന്, സൌമ്യത 1158
സ്തുതി, സ്തുതിക്കുന്നു, സ്തുതിക്കപ്പെട്ട, സ്തുതിക്കുന്ന, ... 1159
സ്ഥാനാപതി, സ്ഥാനാപതികള്, പ്രതിനിധി, പ്രതിനിധികള്, 1161
സ്ഥാപിക്കുക, അടിസ്ഥാനം ഇട്ടത്, സ്ഥാപകന്, അടിസ്ഥാനം, അടിസ്ഥാനങ്ങള് 1162
സ്മരണ, ജ്ഞാപക വഴിപാട് 1163
സ്വതന്ത്രമായ, സ്വതന്ത്രമാക്കുന്നു, സ്വതന്ത്രമാക്കപ്പെട്ട, ... 1164
സ്വപ്നം 1165
സ്വമേധാദാനം, സ്വമേധാ ദാനങ്ങള് 1166
സ്വരൂപം, സ്വരൂപങ്ങള്, കൊത്തുപണിയായ സ്വരൂപങ്ങള്, വാര്പ്പു ലോഹ ... 1167
സ്വര്ണ്ണം, സ്വര്ണ്ണ മയമായ 1168
ഹിമം, മഞ്ഞു വീണ, മഞ്ഞു വീഴ്ച 1169
ഹോമയാഗം, ഹോമയാഗങ്ങള് 1170
“അന്വേഷിക്കുക, അന്വേഷിക്കുന്നു, അന്വേഷിച്ചു, അന്വേഷണങ്ങള് 1171
“നിയോഗിക്കുക, ഏല്പ്പിച്ചു, നിയോഗിക്കുന്ന, സമര്പ്പണം, സമര്പ്പണങ്ങള്, ... 1172

**Translation Academy** **1173**
അതിശയോക്തിയും സാമാന്യവൽക്കരിക്കലും. 1174
അനുമാനവിജ്ഞാനവുംനിശ്ശങ്കമായവിവരവും 1178
അറിയാത്തവ തര്ജ്ജിമ ചെയ്യുക 1181
ഇരട്ട 1184
ഉപമ 1186
നാമമാത്രമായ നാമവിശേഷണങ്ങൾ 1189
പേരുകൾ എങ്ങിനെ തര്ജ്ജിമ ചെയ്യാം 1191
ഭാഷാശൈലി 1197
മെറ്റോണിമി 1199
യൂഫെമിസം 1201
രൂപകാലങ്കാരം 1203
സംഗ്രഹ നാമങ്ങൾ 1209
സമാന്തരത്വം 1211
സിനിക്കിടോക്കി 1214

**സംഭാവകർ** **1216**
translationWords സംഭാവകർ 1216
Translation Academy സംഭാവകർ 1216

# translationWords

## Key Terms

# അച്ചടക്കം, അച്ചടക്കം പാലിക്കുന്നു, അച്ചടക്കമുള്ള, സ്വയം അച്ചടക്കമുള്ള

## നിര്വചനം:

“അച്ചടക്കം” എന്ന പദം ഗുണപാഠ സ്വഭാവത്തിനുള്ള ഒരു കൂട്ടം മാര്ഗ്ഗനിര്ദേശങ്ങളെ അനുസരിക്കുവാനുള്ള പരിശീലനം ജനത്തിന് നല്കുന്നതിനെ സൂചിപ്പിക്കുന്നു.

- മാതാപിതാക്കന്മാര് അവരുടെ കുഞ്ഞുങ്ങള്ക്ക് ഗുണപാഠ നിര്ദേശ ങ്ങള് നല്കി വഴികാട്ടുകയും അനുസരിക്കുവാനായി പഠിപ്പിക്കുകയും ചെയ്യുന്നു.
- അതുപോലെ, ദൈവം തന്റെ മക്കളെ സന്തോഷം, സ്നേഹം, ദീര്ഘക്ഷമ പോലെയുള്ള ആരോഗ്യകരമായ ആത്മീയ ഫലങ്ങള് അവരുടെ ജീവിതത്തില് ഉളവാകുവാന് സഹായിക്കുന്നു.
- അച്ചടക്കത്തില് ദൈവത്തെ പ്രസാദിപ്പിക്കത്തക്ക വിധം ജീവിക്കേണ്ടത് എപ്രകാരം എന്നും, അതുപോലെ ദൈവഹിതത്തിനു എതിരായുള്ള സ്വഭാവത്തിനുള്ള ശിക്ഷ എന്തെന്നും ഉള്പ്പെടുന്നു.
- സ്വയ അച്ചടക്കം എന്നത് സദാചാരവും ആത്മീയവുമായ തത്വങ്ങള് ഒരുവന്റെ സ്വന്ത ജീവിതത്തില് പകര്ത്തുന്ന പ്രക്രിയയാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, “അച്ചടക്കം” എന്നത് “പരിശീലിപ്പിക്കുകയും നിര്ദേശിക്കുകയും ചെയ്യുക” അല്ലെങ്കില് ”സദാചാരപരമായി നയിക്കുക” അല്ലെങ്കില് “തെറ്റു ചെയ്യുന്നതിനു ശിക്ഷിക്കുക” എന്നു പരിഭാഷപ്പെടുത്താം.
- ”അച്ചടക്കം” എന്ന നാമപദം “സദാചാര പരിശീലനം” അല്ലെങ്കില് “ശിക്ഷ” അല്ലെങ്കില് “സദാചാര തിരുത്തല്” അല്ലെങ്കില് “ഗുണപാഠ വഴികാട്ടലും നിര്ദേശം നല്കലും” എന്നു പരിഭാഷപ്പെടുത്താം.

## ദൈവവചന സൂചികകള്:

- എഫെസ്യര്:4
- എബ്രായര്12:4-6
- സദൃശവാക്യങ്ങള്:17-18
- സദൃശവാക്യങ്ങള്:13-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4148, G1468

# അടയാളം, അടയാളങ്ങള്, തെളിവ്, ഓര്മ്മപ്പെടുത്തല്

## നിര്വചനം:

ഒരു പ്രത്യേക അര്ത്ഥം നല്കതത്തക്കവണ്ണം ഉള്ള ഒരു വസ്തു, സംഭവം, അല്ലെങ്കില് പ്രവര്ത്തിയാണ് അടയാളം.

- "ഓര്മ്മപ്പെടുത്തലുകള്" എന്നത് ജനത്തെ അവര് സാധാരണയായി വാഗ്ദത്തം ചെയ്തതിനെ ഓര്മ്മപ്പെടുത്തുവാന് ആവരെ സഹായിക്കുന്ന "ഓര്മ്മപ്പെടുത്തല്" ആകുന്നു.
- ആകാശത്തില് ദൈവം സൃഷ്ടിച്ചു വെച്ചിരിക്കുന്ന മഴവില്ല് ലോകം മുഴുവന് വ്യാപിക്കുന്ന ജലപ്രളയത്താല് മുഴുവന് ജീവനുകളെയും വീണ്ടും ഒരിക്കല്കൂടെ നശിപ്പിക്കുകയില്ല എന്ന് താന് വാഗ്ദത്തം ചെയ്തത് ജനത്തിനു അടയാളങ്ങളായി കാണപ്പെടുന്നു.
- ദൈവം ഇസ്രയേല് ജനത്തോടു അവരുടെ പുത്രന്മാരെ അവരോടുള്ള ഉടമ്പടിയുടെ അടയാളമായി പരിച്ഛേദന കഴിപ്പിക്കണം എന്ന് കല്പ്പിച്ചു.
- അടയാളങ്ങള് ചിലതിനെ വെളിപ്പെടുത്തുവാന്അല്ലെങ്കില് ചൂണ്ടിക്കാട്ടുവാന് ഉപകരിക്കുന്നു.
- ഒരു ദൂതന്ആട്ടിടയന്മാര്ക്ക് പുതിയതായി ജനിച്ച മശീഹയാകുന്ന ശിശുവിനെ തിരിച്ചറിയേണ്ടതിനു സഹായകരമായി ഒരു അടയാളം നല്കി.
- യേശുവിനെ ചുംബനം കൊണ്ട് അടയാളം നല്കി യൂദാസ് മത നേതാക്കന്മാര്ക്ക് കാണിച്ചു കൊടുത്തതു മൂലം അവനെ അവര് ബന്ധനസ്ഥന് ആക്കണമായിരുന്നു
- അടയാളങ്ങള് മൂലം ചിലവയെല്ലാം വാസ്തവം ആണെന്ന് തെളിയ്ക്കുവാന് കഴിയും.
- പ്രവാചകന്മാരാലും അപ്പോസ്തലന്മാരാലും നിവര്ത്തിക്കപ്പെട്ട അത്ഭുതങ്ങള് അവ ദൈവത്തിന്റെ സന്ദേശം സംസാരിക്കുന്നതാണെന്ന് തെളിയിക്കപ്പെട്ടുന്നു.
- യേശു നടത്തിയ അടയാളങ്ങള് യധാര്ത്ഥമായും താന്തന്നെയാണ് മശീഹ എന്ന് തെളിയിച്ചു.

## പരിഭാഷ നിര്ദേശങ്ങള്:

- ഇതിന്റെ സാഹചര്യത്തിനു അനുസരിച്ച്, "അടയാളം" എന്നത് "സൂചന" അല്ലെങ്കില് "ചിഹ്നം" അല്ലെങ്കില് "കുറി" അല്ലെങ്കില് "സാക്ഷ്യം" അല്ലെങ്കില്"തെളിവ്" അല്ലെങ്കില് "ആശയ പ്രകാശനം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "കൈകളാല് അടയാളം ഉണ്ടാക്കുക" എന്നത് "കൈകളാല്ചലനം സൃഷ്ടിക്കുക" അല്ലെങ്കില് "കൈകളാല് ആശയ പ്രകടനം നടത്തുക" അല്ലെങ്കില് "ആശയ പ്രകടനം നടത്തുക" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- ചില ഭാഷകളില്, തെളിയിക്കുന്നതു എന്നതിന് ഉള്ള "അടയാളം" എന്നതിനു ഒരു വാക്കും അത്ഭുതം എന്നതിനുള്ള "അടയാള" ത്തിന് വേറൊരു വാക്കും വ്യത്യസ്തമായി ഉപയോഗിക്കാറുണ്ട്.

(കാണുക: അത്ഭുതം, അപ്പോസ്തലന്, ക്രിസ്തു, ഉടമ്പടി, പരിച്ഛേദന ചെയ്യുക)

## ദൈവ വചന സൂചികകള്:

- അപ്പോ.02:18-19
- പുറപ്പാട് 04:8-9
- പുറപ്പാട് 31:12-15
- ഉല്പ്പത്തി 01:14-15
- ഉല്പ്പത്തി 09:11-13
- യോഹന്നാന്02:17-19
- ലൂക്കോസ് 02:10-12
- മര്ക്കോസ് 08:11-13
- സങ്കീര്ത്തനങ്ങള്089:5-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H226, H852, H2368, H2858, H4150, H4159, H4864, H5251, H5824, H6161, H6725, H6734, H7560, G364, G880, G1213, G1229, G1718, G1730, G1732, G1770, G3902, G4102, G4591, G4592, G4953, G4973, G5280

# അതിക്രമം, അതിക്രമങ്ങള്

## നിര്വചനം:

“അതിക്രമം” എന്ന പദം “പാപം” എന്ന പദത്തോട് വളരെ സാമ്യമായ അര്ത്ഥം നല്കുന്നതായി കാണപ്പെടുന്നു, എന്നാല്കൂടുതല്വ്യക്തമായി മനപ്പൂര്വമായ തെറ്റായ പ്രവര്ത്തികള്അല്ലെങ്കില്മഹാ ദുഷ്ടതകള്എന്ന് സൂചിപ്പിക്കുന്നു.

- ”അതിക്രമം” എന്ന പദം അക്ഷരീകമായി പ്രമാണത്തെ) വളച്ചൊടിക്കുന്ന അല്ലെങ്കില്ദുര്വ്യാഖ്യാനം ചെയ്യുന്ന എന്ന് സൂചിപ്പിക്കുന്നു. ഇത് ഭയങ്കരമായ അനീതിയെ സൂചിപ്പിക്കുന്നു.
- അതിക്രമം എന്നത് മറ്റുള്ള ജനങ്ങളോടുള്ള മനപ്പൂര്വമായ, ഉപദ്രവകരമായ നടപടികള്എന്ന് വിവരിക്കുന്നു.
- അതിക്രമത്തിന്റെ മറ്റുള്ള നിര്വചനങ്ങള്“തലതിരിഞ്ഞ” എന്നും “ജന്മസ്വഭാവ” പ്രകാരമുള്ളതുമായ ഘോരമായ പാപ നിലവാരത്തെ സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ”അതിക്രമം” എന്ന പദം “ദുഷ്ടത'' അല്ലെങ്കില്”തലതിരിഞ്ഞ നടപടികള്” അല്ലെങ്കില്“ഉപദ്രവകരമായ നടപടികള്” എന്ന് പരിഭാഷ ചെയ്യാം.
- സാധാരണയായി, “അതിക്രമം” എന്ന പദം “പാപം” എന്നും “നിയമലംഘനം” എന്നും ഉള്ള പദത്തിനു തുല്യമായി വരുന്നു, അതിനാല്വ്യത്യസ്ത രീതികളില്ഈ പദങ്ങള്പരിഭാഷ ചെയ്യുക എന്നത് പ്രാധാന്യം അര്ഹിക്കുന്നു.

(കാണുക: പാപം, ലംഘനം, അതിക്രമിച്ചു കടക്കുക)

## ദൈവ വചന സൂചികകള്:

- ദാനിയേല്09:12-14
- പുറപ്പാട് 34:5-7
- ഉല്പ്പത്തി 15:14-16
- ഉല്പ്പത്തി 44:16-17
- ഹബക്കൂക്ക് 02:12-14
- മത്തായി 13:40-43
- മത്തായി 23:27-28
- മീഖ 03:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H205, H1942, H5753, H5758, H5766, H5771, H5932, H5999, H7562, G92, G93, G458, G3892, G4189

# അതിക്രമിക്കുക, അതിക്രമങ്ങള്, അതിക്രമം

## നിര്വചനം:

“അതിക്രമം” എന്ന പദം ഒരു ആജ്ഞ, നിയമം, അല്ലെങ്കില്സദാചാര വിധി ആദിയായവയെ ലംഘിക്കുന്നതിനെ സൂചിപ്പിക്കുന്നു. “അതിക്രമിക്കുക” എന്നത് “അതിക്രമം” നടത്തുക എന്നുള്ളതാണ്.

- ഉപമാനമായി, “അതിക്രമിക്കുക” എന്നുള്ളത് “ഒരു രേഖ കടന്നു പോകുക” അതായത്, ഒരു വ്യക്തിക്കോ മറ്റുള്ളവര്ക്കോ നല്ലത് എന്ന് ചിട്ടപ്പെടുത്തിയിട്ടുള്ള പരിധിക്കു അല്ലെങ്കില്അതിരിന് അപ്പുറത്തേക്ക് കടന്നു പോകുക എന്നുള്ളതാണ്.
- “അതിക്രമം”, “പാപം”, “ദോഷം”, “ലംഘനം” ആദിയായവ എല്ലാം ദൈവത്തിന്റെ ഹിതത്തിനു എതിരേ ഉള്ള പ്രവര്ത്തിയേയും തന്റെ കല്പ്പനകളെ അനുസരിക്കാതെ ഇരിക്കുന്നതിനെയും അര്ത്ഥമാക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

“അതിക്രമിക്കുക” എന്നതു “പാപം ചെയ്യുക” അല്ലെങ്കില്“അനുസരണക്കേട്കാണിക്കുക” അല്ലെങ്കില്“മത്സരിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

- ഒരു വാക്യത്തിലോ ഗ്രന്ഥഭാഗത്തിലോ “പാപം” അല്ലെങ്കില്“ലംഘനം” അല്ലെങ്കില്“അതിക്രമം” എന്നിങ്ങനെയുള്ള അര്ത്ഥം നല്കുന്ന രണ്ടു പദങ്ങള്ഉപയോഗിച്ചിട്ടുണ്ട് എങ്കില്, ഇത് പ്രാധാന്യം ഉള്ളതാണ്, സാധ്യം എങ്കില്, ഈ പദങ്ങള്വ്യത്യസ്ത രീതികള് അവലംബിച്ച് പരിഭാഷ ചെയ്യേണ്ടതാണ്. ഒരേ സാഹചര്യത്തില്ഒരുപോലെയുള്ള അര്ത്ഥം നല്കുന്ന രണ്ടോ അതിലധികമോ ആയ പദങ്ങള്ദൈവവചനം ഉപയോഗിക്കുക ആണെങ്കില്, സാധാരണയായി ഇതിന്റെ ഉപയോഗം പ്രസ്താവിക്കുകയോ പ്രദര്ശിപ്പിക്കുകയോ ചെയ്യുന്ന വസ്തുതയുടെ പ്രാധാന്യത്തിനു ഊന്നല്നല്കുക എന്നുള്ളതാണ്.

(കാണുക: സമാന്തരത)

(കാണുക: പാപ, ലംഘിക്കുക, പാപം)

## ദൈവവചന സൂചികകള്:

- 1 തെസ്സലോനിക്യര് 04:3-6
- ദാനിയേല്09:24-25
- ഗലാത്യര്03:19-20
- ഗലാത്യര്06:1-2
- സംഖ്യാപുസ്തകം 14:17-19
- സങ്കീര്ത്തനങ്ങള്032:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H898, H4603, H4604, H6586, H6588, G458, G459, G3845, G3847, G3848, G3928

# അതിക്രമിച്ചു കടക്കുക, അതിക്രമിച്ചു കടക്കുന്നു, അതിക്രമിച്ചു കടന്നു

## നിര്വചനം:

'അതിക്രമിച്ചു കടക്കുക" എന്നതിന്റെ അര്ത്ഥം ഒരു നിയമം ലംഘിക്കുകയോ അല്ലെങ്കില് വേറെ ഒരു വ്യക്തിയുടെ അവകാശങ്ങള് അതിക്രമിക്കുകയോ ചെയ്യുക എന്നുള്ളതാണ്. ഒരു അതിക്രമണം" എന്നത് "അതിക്രമിച്ചു കടന്നു പോകുക" എന്ന പ്രവര്ത്തി ആകുന്നു.

- ഒരു അതിക്രമിച്ചു കടക്കല് എന്നത് ധാര്മ്മികമോ പൌര ധര്മ്മ നിയമങ്ങളോ ലംഘിക്കുന്നതോ വേറൊരു വ്യക്തിക്ക് എതിരായി പാപം ചെയ്യുന്നതോ ആകാം.
- ഈ പദം "പാപം" എന്നും "ലംഘനം" എന്നും ഉള്ള പദങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു, പ്രത്യേകാല്ഇത് ദൈവത്തെ അനുസരിക്കാതെ ഇരിക്കുന്നതുമായി ബന്ധപ്പെടുന്നു.
- എല്ലാ പാപങ്ങളും ദൈവത്തിനു എതിരായുള്ള അതിക്രമം തന്നെയാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, എതിരായി അതിക്രമം ചെയ്യുക" എന്നത് "എതിരായി പാപം ചെയ്യുക" അല്ലെങ്കില്"നിയമം ലംഘിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ചല ഭാഷകള്ക്ക് "അതിര്വരമ്പു മറികടക്കുക" എന്ന പദപ്രയോഗം "അതിക്രമിച്ചു കടക്കുക" എന്നത് പരിഭാഷ ചെയ്യുവാന്ഉപയോഗിക്കുന്നു.
- ഈ പദം എപ്രകാരം അനുബന്ധമായുള്ള ദൈവവചനവുമായി പൊരുത്തപ്പെട്ടു പോകുന്നു എന്നും ഇതിനെ ഇതുപോലെ സാമ്യം ഉള്ള പദങ്ങളുമായി, അതായത് "ലംഘനം"എന്നും "[പാപം" എന്നും പോലെയുള്ള സമാന അര്ത്ഥം ഉള്ളവയുമായി യോജ്യത ഉള്ളതായിരിക്കുന്നു എന്നും നോക്കുക.

(കാണുക: അനുസരിക്കാതിരിക്കുക, തിന്മ, പാപം, ലംഘനം)

## ദൈവ വചന സൂചികകള്:

- 1 ശമുവേല്25:27-28
- 2 ദിനവൃത്താന്തങ്ങള്26:16-18
- കൊലോസ്യര്02:13-15
- എഫെസ്യര്02:1-3
- യെഹസ്കേല്15:7-8
- റോമര്05:16-17
- റോമര്05:20-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H816, H817, H819, H2398, H4603, H4604, H6586, H6588, G264, G3900

# അത്ഭുതം, അത്ഭുതങ്ങള്, അതിശയം, അതിശയങ്ങള്, അടയാളം, അടയാളങ്ങള്

## നിര്വചനം:

ഒരു "അത്ഭുതം"എന്നത് ദൈവം സംഭവിക്കുവാന് ഇടയാക്കിയിട്ട് അല്ലാതെ സംഭവിക്കുവാന് സാധ്യത ഇല്ലാത്ത ആശ്ചര്യജനകമായ കാര്യം ആകുന്നു.

- യേശു ചെയ്തതായ അത്ഭുതങ്ങള്ക്ക് ഉദാഹരണമായി കൊടുങ്കാറ്റിനെ ശാന്തമാക്കിയതും അന്ധനെ സൌഖ്യം ആക്കിയതും ഉള്പ്പെടുന്നു.
- അത്ഭുതങ്ങളെ ചില സമയങ്ങളില്"അതിശയം" എന്നും വിളിക്കാറുണ്ട് എന്തുകൊണ്ടെന്നാല് അവ ജനങ്ങളെ ആശ്ച്ചര്യത്താലും വിസ്മയത്താലും നിറയ്ക്കാറുണ്ട്.
- "അതിശയം" എന്ന പദം കൂടുതല് സാധാരണയായി ദൈവത്തിന്റെ അധികാരം, താന് സ്വര്ഗ്ഗങ്ങളും ഭൂമിയും സൃഷ്ടിച്ചപ്പോള് എന്നതുപോലെ ഉള്ള ആശ്ചര്യകരമായ പ്രദര്ശനങ്ങള് എന്ന് സൂചിപ്പിക്കാം.
- അത്ഭുതങ്ങള് എന്നത് "അടയാളങ്ങള്" എന്നും വിളിക്കാം എന്തുകൊണ്ടെന്നാല് അവ ദൈവം ആണ് പ്രപഞ്ചത്തിന്മേല് സമ്പൂര്ണ്ണ അധികാരം ഉള്ള സര്വശക്തന് ആയവന് എന്ന് ഉള്ളതിന് സൂചികകളായി അല്ലെങ്കില് തെളിവായി ഉപയോഗിക്കപ്പെടുന്നത്.
- ചില അത്ഭുതങ്ങള്, എപ്രകാരമെന്നാല്ഇസ്രയേല്ജനത്തെ മിസ്രയീമിന്റെ അടിമത്തത്തില്നിന്ന് വീണ്ടെടുത്തതും ദാനിയേലിനെ സിംഹങ്ങള്ഉപദ്രവിക്കാത്ത വിധം സംരക്ഷിച്ചതും എല്ലാം ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ നടപടികള്ആയിരുന്നു.
- ചില അത്ഭുതങ്ങള്ദൈവത്തിന്റെ ന്യായവിധിയുടെ നടപടികള്ആയിരുന്നു, അതായത് താന്ലോക വ്യാപകമായ ജലപ്രളയം നോഹയുടെ കാലഘട്ടത്തില്അയച്ചപ്പോഴും, മോശെയുടെ കാലഘട്ടത്തില്മിസ്രയീം ദേശത്ത് ഘോരമായ ബാധകള്അയച്ചപ്പോഴും കാണുവാന്കഴിയുന്നു.
- ദൈവത്തിന്റെ പല അത്ഭുതങ്ങളും രോഗികള്ശാരീരിക സൌഖ്യം പ്രാപിക്കുന്നതും അല്ലെങ്കില്മരിച്ചു പോയവര്ജീവനിലേക്കു മടങ്ങി വരുന്നതും ആയിരുന്നു.
- ജനങ്ങളെ സൌഖ്യം ആക്കിയപ്പോഴും, കൊടുങ്കാറ്റിനെ ശാന്തം ആക്കിയപ്പോഴും, വെള്ളത്തിന്റെ മുകളില് നടന്നപ്പോഴും, മരിച്ചവരില്നിന്നും ആളുകളെ ഉയിര്പ്പിച്ചപ്പോഴും ദൈവം തന്റെ അധികാരം യേശുവില്ഉള്ളതിനെ പ്രദര്ശിപ്പിക്കുക ആയിരുന്നു. ഇവകള്എല്ലാം തന്നെ അത്ഭുതങ്ങള്ആയിരുന്നു.
- ദൈവത്തിന്റെ ശക്തിയാല്മാത്രം സാധ്യമാകുന്ന അത്ഭുത രോഗ സൌഖ്യങ്ങളും ഇതര അത്ഭുതങ്ങളും പ്രവാചകന്മാരാലും അപ്പോസ്തലന്മാരാലും നടക്കുവാന്ദൈവം ശക്തീകരിച്ചു.

## പരിഭാഷ നിര്ദേശങ്ങള്:

- "അത്ഭുതങ്ങള്" അല്ലെങ്കില്"അതിശയങ്ങള്" എന്നിവയുടെ സാധ്യതയുള്ള പരിഭാഷകളില്"ദൈവം ചെയ്യുന്ന അസാധ്യമായ കാര്യങ്ങള്" അല്ലെങ്കില്"ദൈവത്തിന്റെ ശക്തമായ പ്രവര്ത്തികള്" അല്ലെങ്കില്"വിസ്മയകരമായ ദൈവ പ്രവര്ത്തികള്" ആദിയായവ ഉള്പ്പെടുന്നു.
- " അടയാളങ്ങളും അത്ഭുതങ്ങളും" എന്നുള്ള തുടര്മാനമായ പദപ്രയോഗം "തെളിവുകളും അതിശയങ്ങളും" അല്ലെങ്കില്"ദൈവത്തിന്റെ ശക്തിയെ തെളിയിക്കുന്ന അത്ഭുതകരമായ പ്രവര്ത്തികള്" അല്ലെങ്കില്"ദൈവം എത്ര മഹാന്എന്ന് പ്രദര്ശിപ്പിക്കുന്ന വിസ്മയകരമായ അത്ഭുതങ്ങള്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- അത്ഭുതകരമായ അടയാളം എന്നതിന്റെ അര്ത്ഥം തെളിവ് നല്കുന്ന അല്ലെങ്കില്ആധാരം ആയിരിക്കുന്ന അടയാളം എന്നതില്നിന്നും വ്യത്യസ്തമാണ് എന്ന കാര്യം ശ്രദ്ധിക്കുക. ഇവ രണ്ടിനെയും ബന്ധപ്പെടുത്താവുന്നതാണ്.

(കാണുക: അധികാരം, പ്രവാചകന്, അപ്പോസ്തലന്, അടയാളം)

## ദൈവ വചന സൂചികകള്:

- 2 തെസ്സലോനിക്യര്02:8-10
- അപ്പോ.04:15-18
- അപ്പോ.04:21-22
- ദാനിയേല്04:1-3
- ആവര്ത്തനപുസ്തകം 13:1-3
- പുറപ്പാട് 03:19-22
- യോഹന്നാന്02:11
- മത്തായി 13:57-58

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **16:08** ഗിദയോന്ദൈവത്തോട് രണ്ടു **അടയാളങ്ങള്** ചോദിച്ചു, അതിനാല്തനിക്കു താന്ഇസ്രയേലിനെ രക്ഷിക്കുവാന്ദൈവം തന്നെ ഉപയോഗിക്കും എന്ന് ഉറപ്പാക്കുവാന്കഴിയും.
- **19:14** ദൈവം എലീശ മുഖാന്തിരം നിരവധി **അത്ഭുതങ്ങള്** പ്രവര്ത്തിച്ചു.
- **37:10** ഈ **അത്ഭുതം** നിമിത്തം നിരവധി യഹൂദന്മാര്യേശുവില്വിശ്വസിക്കുവാന്ഇടയായി.
- **43:06** "ഇസ്രയേല്പുരുഷന്മാരേ, ദൈവത്തിന്റെ ശക്തിയാല്നിരവധി ശക്തമായ **അടയാളങ്ങളും അതിശയങ്ങളും** ചെയ്ത മനുഷ്യനായ യേശു എന്ന മനുഷ്യന്, നിങ്ങള്കാണുകയും അറിയുകയും ചെയ്യുന്നവന്."
- **49:02** താന്ദൈവം തന്നെ എന്ന് തെളിയിക്കുന്ന നിരവധി **അത്ഭുതങ്ങള്** യേശു ചെയ്തു. താന്വെള്ളത്തിന്റെ മുകളില്നടന്നു, കൊടുങ്കാറ്റിനെ ശാന്തം ആക്കി, നിരവധി രോഗികളെ സൌഖ്യമാക്കി, ഭൂതങ്ങളെ പുറത്താക്കി, മരിച്ചവരെ ജീവനിലേക്കു ഉയിര്പ്പിച്ചു, അഞ്ചു അപ്പങ്ങളെയും രണ്ടു ചെറിയ മീനുകളെയും 5,000 ത്തിലും അധികം പേരെ പോഷിപ്പിക്കുവാന്തക്കവണ്ണം വര്ദ്ധിപ്പിച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H226, H852, H2368, H2858, H4150, H4159, H4864, H5251, H5824, H5953, H6381, H6382, H6383, H6395, H6725, H7560, H7583, H8047, H8074, H8539, H8540,, G880, G1213, G1229, G1411, G1569, G1718, G1770, G1839, G2285, G2296, G2297, G3167, G3902, G4591, G4592, G5059

# അത്യുന്നതന്

## വസ്തുതകള്:

“അതുന്നതന്” എന്നത് ദൈവത്തിനു ഉള്ളതായ ഒരു സ്ഥാനപ്പേര് ആകുന്നു. ഇത് തന്റെ മഹത്വത്തെയോ അധികാരത്തെയോ സൂചിപ്പിക്കുന്നു.

- ഈ പദത്തിന്റെ അര്ത്ഥം “സര്വ്വാധികാരി” അല്ലെങ്കില്“പരമോന്നതന്” എന്നതിന് സമാനം ആകുന്നു.
- “ഉയര്ന്ന” എന്ന വാക്കു ഈ സ്ഥാനപ്പേരില്ശാരീരിക വളര്ച്ചയെയോ ദൂരത്തെയോ കാണിക്കുന്നില്ല. ഇത് മഹത്വത്തെ സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം “അത്യുന്നതനായ ദൈവം” അല്ലെങ്കില്“മഹോന്നതന്ആയവന്” അല്ലെങ്കില്“ദൈവം അത്യുന്നതന്ആയവന്” അല്ലെങ്കില്ഏറ്റവും മഹത്വം ഏറിയവന്” അല്ലെങ്കില്“അത്യുന്നതന്” അല്ലെങ്കില്“ദൈവം, എല്ലാവരെക്കാളും മഹത്വം ഏറിയവന്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “ഉയര്ന്ന” എന്ന ഒരു പദം ഉപയോഗിക്കുകയാണ് എങ്കില്, അത് ശാരീരിക വളര്ച്ചയോ ഉയരമോ അല്ല എന്നുള്ളത് ഉറപ്പാക്കുക.

(കാണുക: ദൈവം)

## ദൈവ വചന സൂചികകള്:

- അപ്പോ.07:47-50
- അപ്പോ.16:16-18
- ദാനിയേല്04:17-18
- ആവര്ത്തന പുസ്തകം 32:7-8
- ഉല്പ്പത്തി 14:17-18
- എബ്രായര്07:1-3
- ഹോശേയ 07:16
- വിലാപങ്ങള്03:34-36
- ലൂക്കോസ് 01:30-33

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5945, G5310

# അധികാരം, അധികാരികള്

## നിര്വചനം

ഈ പദം സൂചിപ്പിക്കുന്നത് ഒരുവന് വേറൊരുവന്റെമേല്ഉള്ള സ്വാധീനത്തിന്റെ യും നിയന്ത്രണത്തിന്റെയും ശക്തിയെ ആണ്.

- രാജാക്കന്മാര്ക്കും മറ്റു ഭരണാധികാരികള്ക്കും അവര്ഭരിക്കുന്ന ജനത്തിന്റെ മേല്അധികാരമുണ്ട്.
- “അധികാരികള്” എന്ന പദം മറ്റുള്ളവരുടെ മേല്അധികാരമുള്ള ജനം, സര്ക്കാരുകള്, അല്ലെങ്കില്സംഘടനകള്എന്നു സൂചിപ്പിക്കാം.
- ”അധികാരികള്” എന്ന പദം ജനത്തിന്മേല്അധികാരമുള്ളതും തങ്ങളെ ദൈവ ത്തിന്റെ അധികാരത്തിനു കീഴ്പ്പെടുത്താത്തതുമായ ആത്മാക്കള്എന്നും സൂചിപ്പി ക്കാം.
- യജമാനന്മാര്ക്ക്അവരുടെ വേലക്കാരുടെമേല്അല്ലെങ്കില്അടിമകളുടെമേല്അധികാരമുണ്ട്. മാതാപിതാക്കന്മാര്ക്ക് അവരുടെ മക്കളുടെമേല്അധികാരമുണ്ട്.
- സര്ക്കാരുകള്ക്ക് അവര്ഭരിക്കുന്ന പ്രജകള്കളുടെമേല്അധികാരമോ നിയമ നിര്മ്മാണ അവകാശമോ ഉണ്ട്.

## പരിഭാഷ നിര്ദേശങ്ങള്

- ”അധികാരം” എന്ന “നിയന്ത്രണം” അല്ലെങ്കില്“അവകാശം” അല്ലെങ്കില്“യോഗ്യത കള്” എന്നിങ്ങനെയും പരിഭാഷപ്പെടുത്താം.
- ചില സന്ദര്ഭങ്ങളില് “അധികാരം” എന്ന പദം ”ശക്തി” എന്നു അര്ത്ഥമാക്കാം.
- “അധികാരികള്” എന്ന പദം ജനത്തെ ഭരിക്കുന്ന ആളുകളെയോ സംഘടനകളെ യൊ സൂചിപ്പിക്കുമ്പോള്, അത് “നേതാക്കന്മാര്” അല്ലെങ്കില്“ഭരണാധികാരികള്” അല്ലെങ്കില്അധികാരങ്ങള്” എന്നു സൂചിപ്പിക്കാം.
- ”തന്റെ സ്വന്ത അധികാരത്താല്” എന്ന പദം “നയിക്കുവാനുള്ള തന്റെ സ്വന്ത അവകാശത്താല്” അല്ലെങ്കില്“തന്റെ സ്വന്ത യോഗ്യതകളാല്” എന്നു പരിഭാഷപ്പെ ടുത്താവുന്നതാണ്.
- “അധികാരത്തിന്കീഴെ” എന്നത് “അനുസരിക്കുവാനുള്ള ഉത്തരവാദിത്വം” അല്ലെ ങ്കില്“മറ്റുള്ളവരുടെ കല്പ്പനകള്അനുസരിക്കുക” എന്നു പരിഭാഷപ്പെടുത്താം.

(കാണുക: പ്രജ, കല്പ്പന, അനുസരിക്കുക, ശക്തി, ഭരണാധികാരി)

## ദൈവവചന സൂചികകള്:

- കൊലോസ്സ്യര്02:10-12
- എസ്ഥേര്09-29
- ഉല്പ്പത്തി 41:35:36
- യോനാ 03:6-7
- ലൂക്കോസ് 12:4-5
- ലൂക്കോസ് 20:1-2
- മര്ക്കോസ് 01:21-22
- മത്തായി 08:8-10
- മത്തായി 28:18-19
- തീത്തോസ് 03:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8633, G831, G1413, G1849, G1850, G2003, G2715, G5247

# അനുകമ്പ, അനുകമ്പയുള്ള

## നിര്വചനം:

"അനുകമ്പ" എന്ന പദം ജനത്തെക്കുറിച്ചുള്ള ചിന്ത, പ്രത്യേകാല്ദുരിതമനുഭവി ക്കുന്നവര്ക്കായുള്ളത്. ഒരു "അനുകമ്പയുള്ള" വ്യക്തി മറ്റുള്ളവരെ ശ്രദ്ധിക്കുകയും അവരെ സഹായിക്കുകയും ചെയ്യും.

- "അനുകമ്പ" എന്ന പദം സാധാരണയായി ജനത്തെ ആവശ്യങ്ങളില് സഹായിക്കു ന്നതും, അവരെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാകുന്നു.
- ദൈവം അനുകമ്പയുള്ളവനാണെന്ന് ദൈവവചനം പറയുന്നു, താന്സ്നേഹവും കരുണയും നിറഞ്ഞവനാകുന്നു.
- കൊലോസ്സ്യര്ക്കുള്ള പൌലോസിന്റെ ലേഖനത്തില്, താന്അവരോടു "അനുകമ്പ ധരിച്ചു കൊള്വിന്" എന്നു പറയുന്നു. താന്അവരോട് ജനത്തെക്കുറിച്ച് കരുതല്ഉള്ളവരായിരിക്കണമെന്നും ആവശ്യത്തിലിരിക്കുന്നവര്ക്ക് ക്രിയാത്മകമായി സഹായം നല്കണമെന്നും നിര്ദേശം നല്കി.

## പരിഭാഷ നിര്ദേശങ്ങള്:

- "അനുകമ്പ" എന്ന വാക്കിന്റെ അക്ഷരീക അര്ത്ഥം "കരുണയുടെ ഇരിപ്പിടം" എന്നാണ്. ഇതു "കരുണ" അല്ലെങ്കില്"ആര്ദ്രത" എന്നര്ത്ഥം വരുന്ന പ്രയോഗം ആകുന്നു. ഈ അര്ത്ഥം വരുന്ന സ്വന്ത പ്രയോഗങ്ങള്മറ്റു ഭാഷകളില്അവയ്ക്കുണ്ടാകാം.
- "അനുകമ്പ" എന്നത് പരിഭാഷപ്പെടുത്തുന്നതിനു "ആഴമേറിയ കരുതല്" അല്ലെങ്കില്"സഹായകരമായ കരുണ" എന്നിവ ഉള്പ്പെടുത്താം.
- "അനുകമ്പയുള്ള" എന്ന പദം "കരുതലും സഹായകരവുമായ" അല്ലെങ്കില്"ആഴമേറിയ സ്നേഹമുള്ളതും കരുണനിറഞ്ഞതുമായ" എന്നും പരിഭാഷപ്പെടുത്താം.

## ദൈവവചന സൂചികകള്:

- ദാനിയേല്01:8-10
- ഹോശേയ 13:14
- യാക്കോബ് 05:9-11
- യോനാ 04:1-3
- മര്ക്കോസ് 01:40-42
- റോമര്09:14-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2550, H7349, H7355, H7356, G1653, G3356, G3627, G4697, G4834, G4835

# അനുഗ്രഹിക്കുക, അനുഗ്രഹിക്കപ്പെട്ട, അനുഗ്രഹം

## നിർവചനം:

ആരെയെങ്കിലുമോ എന്തിനെയെങ്കിലുമോ "അനുഗ്രഹിക്കുക" എന്നാൽആ അനുഗ്രഹിക്കപ്പെടുന്ന വ്യക്തിക്കോ വസ്തുവിനോ നല്ലത് ഭവിക്കുകയും പ്രയോജനമായത് നടക്കുകയും ചെയ്യട്ടെ എന്നു അർത്ഥം.

- ആരെയെങ്കിലും അനുഗ്രഹിക്കുക എന്നാൽആ വ്യക്തിക്ക് അനുകൂലമായതും ആടായകരായതും ഭവിക്കട്ടെ എന്ന ആഗ്രഹം പ്രകടിപ്പിക്കുക എന്നാണ് അർത്ഥ മാക്കുന്നത്.
- ദൈവവചന കാലഘട്ടത്തിൽ, ഒരു പിതാവ് തന്റെ മക്കളുടെമേൽആചാരപരമായി അനുഗ്രഹങ്ങൾപ്രസ്താവിക്കുമായിരുന്നു.
- ജനങ്ങൾദൈവത്തെ "വാഴ്ത്തുകയോ", ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ എന്നു ആഗ്രഹം പ്രകടിപ്പിക്കുകയോ ചെയ്യുന്നത് അവർദൈവത്തെ സ്തുതിക്കുന്നു എന്നാണ്.
- "അനുഗ്രഹിക്കുക" എന്ന പദം ചില സന്ദർഭങ്ങളിൽആഹാരം കഴിക്കുന്നതിനു മുൻപു ഭക്ഷണത്തെ അനുഗ്രഹിക്കുന്നതോ, അല്ലെങ്കിൽഭക്ഷണത്തിനായി ദൈവത്തിനു നന്ദിയർപ്പിക്കുകയും സ്തുതിക്കുകയും ചെയ്യുന്നതോ ആണ്.

## പരിഭാഷ നിർദേശങ്ങൾ:

- "അനുഗ്രഹിക്കുക" എന്ന പദം "ധാരാളമായി നൽകുക" അല്ലെങ്കിൽ"വളരെ ദയാ പൂർവവും അനുകമ്പാപൂർവവും ആയിരിക്കുക" എന്നും പരിഭാഷപ്പെടുത്താം.
- "ദൈവം വളരെ അനുഗ്രഹങ്ങൾനൽകി" എന്നത് "ദൈവം വളരെ നന്മയായവ നൽകി" അല്ലെങ്കിൽ"ദൈവം സമൃദ്ധിയായി നൽകി" അല്ലെങ്കിൽ"ദൈവം വളരെ നന്മയായവ സംഭവിപ്പിക്കുവാൻഇടയാക്കി" എന്നിങ്ങനെ [പരിഭാഷപ്പെടുത്താം.
- അവൻഅനുഗ്രഹിക്കപ്പെട്ടവൻ" എന്നത് "അവൻധാരാളമായി നന്മ പ്രാപിച്ചവൻ" അല്ലെങ്കിൽ"അവൻനന്മയായവ അനുഭവിക്കും" അല്ലെങ്കിൽ"ദൈവം അവനെ സമൃദ്ധിയുള്ളവനാക്കും" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- അനുഗ്രഹിക്കപ്പെട്ട വ്യക്തി" എന്നത് "ആ വ്യക്തിക്ക് എത്രമാത്രം നന്മയായി രിക്കുന്നു" എന്നു പരിഭാഷപ്പെടുത്താം.
- "കർത്താവ് വാഴ്ത്തപ്പെടുമാറാകട്ടെ" പോലുള്ള പ്രകടനങ്ങൾ"കർത്താവ്സ്തുതിക്കപ്പെടുമാറാകട്ടെ" അല്ലെങ്കിൽ"കർത്താവിനു സ്തോത്രം" അല്ലെങ്കിൽ"ഞാൻകർത്താവിനെ സ്തുതിക്കുന്നു" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- ആഹാരത്തെ അനുഗ്രഹിക്കുന്ന സാഹചര്യത്തിൽ, "ആഹാരത്തിനായി ദൈവത്തിനു നന്ദിയർപ്പിച്ചു" അല്ലെങ്കിൽ'അവർക്ക് ആഹാരം നൽകിയതിനു ദൈവത്തിനു നന്ടിയർപ്പിച്ചു" അല്ലെങ്കിൽദൈവത്തിനു നന്ദിയർപ്പിച്ചുകൊണ്ട്ആഹാരത്തെ ശുദ്ധീകരിച്ചു" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

(കാണുക: സ്തുതിക്കുക)

## ദൈവവചന സൂചികകൾ:

- 1 കൊരിന്ത്യർ10:14-17
- അപ്പോ.പ്രവർത്തികൾ:32-34
- എഫെസ്യർ:3-4
- ഉൽപ്പത്തി 14:19-20
- യെശ്ശയ്യാവ് 44:3-4
- യാക്കോബ് 01:22-25
- ലൂക്കോസ് 06:20-21
- മത്തായി 26:26
- നെഹെമ്യാവ് 09:5-6
- റോമർ:9-10

## ദൈവവചന കഥകളിൽനിന്നുള്ള ഉദാഹരണങ്ങൾ:

- **01:07** ദൈവം അത് നല്ലത് എന്നു കണ്ടു, അവയെ **അനുഗ്രഹിക്കുകയും** ചെയ്തു.
- **01:15** ദൈവം ആദാമിനേയും ഹവ്വയെയും തന്റെ സ്വന്തം സ്വരൂപത്തിൽസൃഷ്ടിച്ചു.

ദൈവം അവരെ **അനുഗ്രഹിച്ചു** പറഞ്ഞത്,"ധാരാളം മക്കളും പൌത്രന്മാരും ഉണ്ടായി ഭൂമിയെ നിറയ്ക്കുക."

- **01:16** താൻചെയ്യുന്ന എല്ലാ പ്രവർത്തികളിൽനിന്നും ദൈവം വിശ്രമിച്ചു. താൻഏഴാം ദിവസത്തെ **അനുഗ്രഹിക്കുകയും** അതിനെ വിശുധമാക്കുകയും ചെയ്തു, എന്തുകൊണ്ടെന്നാൽആ ദിവസം തന്നെ തന്റെ പ്രവർത്തികളിൽനിന്നെല്ലാം താൻവിശ്രമിച്ചു.
- **04:04** "ഞാൻനിന്റെ പേര് വലുതാക്കും. നിന്നെ **അനുഗ്രഹിക്കുന്നവനെ** ഞാന ്**അനുഗ്രഹിക്കുകയും** നിന്നെ ശപി ക്കുന്നവനെ ഞാൻശപിക്കുകയും ചെയ്യും. നിന്റെനിമിത്തം ഭൂമിയിലുള്ള സർവകുടുംബങ്ങളും **അനുഗ്രഹിക്കപ്പെട്ടിരിക്കും**.
- **04:07** മെല്ക്കിസെദേക്ക് അബ്രാമിനെ **അനുഗ്രഹിച്ചു** പറഞ്ഞത്, "സ്വർഗ്ഗ ത്തിനും ഭൂമിക്കും ഉടയവനായ അത്യുന്നതനായ ദൈവം അബ്രാമിനെ **അനുഗ്രഹിക്കുമാറാകട്ടെ**"
- **07:03** യിസഹാക്ക് തന്റെ **അനുഗ്രഹങ്ങൾ** എശാവിനു നൽകണമെന്ന് താത്പര്യപ്പെട്ടു.
- **08:05** കാരാഗ്രഹത്തിൽപ്പോലും, യോസേഫ് ദൈവത്തോട് വിശ്വസ്തനായി രുന്നു, ദൈവം അവനെ **അനുഗ്രഹിക്കുകയും** ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H833, H835, H1288, H1289, H1293, G1757, G2127, G2128, G2129, G3106, G3107, G3108, G6050

# അന്ത്യ നാള്, അന്ത്യ നാളുകള്, അവസാന നാളുകള്

## നിര്വചനം:

“അന്ത്യ നാളുകള്” എന്നും “അവസാന നാളുകള്” എന്നും പദസഞ്ചയങ്ങള്വര്ത്തമാന യുഗത്തിന്റെ അവസാന കാലത്തെയാണ് സാധാരണയായി സൂചിപ്പിക്കുന്നത്.

- ഈ കാല അളവിന് ഒരു അജ്ഞാതമായ കാലഘട്ടം ഉണ്ട്.
- ”അന്ത്യ നാളുകള്” എന്നത് ദൈവത്തിങ്കല്നിന്നും അകന്നു പോയവരെ ന്യായം വിധിക്കുന്ന ഒരു സമയം ആകുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ”അന്ത്യ നാളുകള്” എന്ന പദസഞ്ചയം “അവസാനത്തെ നാളുകള്” അല്ലെങ്കില്“അന്ത്യ കാലഘട്ടം” എന്ന് പരിഭാഷ ചെയ്യാം.
- ചില സാഹചര്യങ്ങളില്, ഇത് “ലോകത്തിന്റെ അവസാനം” അല്ലെങ്കില്“ഈ ലോകം അവസാനിക്കുമ്പോള്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: കര്ത്താവിന്റെ ദിവസം, ന്യായം വിധിക്കുക, തിരിയുക, ലോകം)

## ദൈവ വചന സൂചികകള്:

- 2 പത്രോസ് 03:3-4
- ദാനിയേല്:14-15
- എബ്രായര്:1-3
- യെശ്ശയ്യാവ് 02:1-2
- യാക്കോബ് 05:1-3
- യിരെമ്യാവ് 23:19-20
- യോഹന്നാന്:24-26
- മീഖ 04:1

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H319, H3117, G2078, G2250

# അപ്പോസ്തലന്, അപ്പോസ്തലന്മാര്, അപ്പോസ്തലത്വം

## നിര്വചനം

"അപ്പോസ്തലന്മാര്", ദൈവത്തെക്കുറിച്ചും തന്റെ രാജ്യത്തെക്കുറിച്ചും പ്രസംഗിക്കുവാന്യേശുവിനാല്അയക്കപ്പെട്ടവരാകുന്നു. "അപ്പോസ്തലത്വം" എന്ന [പദം അപ്പോസ്തലന്മാരാകുവാന്തിരഞ്ഞെടുക്കപ്പെട്ട വരും സ്ഥാനവും അധികാരവും ഉള്ളവര്എന്നു സൂചിപ്പിക്കുന്നു. "അപ്പോസ്തലന്" എന്ന പദത്തിന്റെ അര്ത്ഥം "പ്രത്യേക ദൌത്യത്തിനായി അയക്ക പ്പെട്ടവന്" എന്നാണ്. അപ്പോസ്തലന് തന്നെ അയച്ചവന്റെ അതേ അധികാരം തന്നെ ഉണ്ട്.

- യേശുവിന്റെ ഏറ്റവും അടുത്ത പന്ത്രണ്ടു ശിഷ്യന്മാര്ആദ്യത്തെ അപ്പോസ്തലന്മാര്ആയിത്തീര്ന്നു. മറ്റുള്ളവര്, പൌലോസ്, യാക്കോബ് പോലെയുള്ളവരും അപ്പോസ്തലന്മാരായി.
- ദൈവശക്തിയാല്, അപ്പോസ്തലന്മാര്ക്കുള്ളരെ ധൈര്യപൂര്വ്വം സുവിശേഷം പ്രസംഗിക്കുകയും ജനത്തെ സൌഖ്യമാക്കുകയും, ജനത്തില്നിന്നും ഭൂതങ്ങളെ ശക്തിയോടെ പുറത്താക്കുകയും ചെയ്യുവാന്അവര്ക്ക് കഴിഞ്ഞു.

## പരിഭാഷ നിര്ദേശങ്ങള്:

- "അപ്പോസ്തലന്" എന്ന പദം "പറഞ്ഞയക്കപ്പെട്ടവനായ ഒരുവന്"" അല്ലെങ്കില്"അയക്കപ്പെട്ടവന്" അല്ലെങ്കില്"പുറപ്പെട്ടുപോയി ദൈവത്തിന്റെ സന്ദേശം ജനത്തോടു പ്രസ്താവിക്കുവാന്വിളിക്കപ്പെട്ടവന്" എന്നീ പദങ്ങളാല്, അല്ലെങ്കില്ലടസഞ്ചയങ്ങളാല്പരിഭാഷപ്പെടുത്താം.
- "അപ്പോസ്തലന്" "ശിഷ്യന്" എന്നീ പദങ്ങള്വ്യത്യസ്ത രീതികളില്പരിഭാഷ പ്പെടുത്തുക എന്നത് പ്രാധാന്യമുള്ളതാണ്.
- പ്രാദേശിക അല്ലെങ്കില്ദേശീയ ഭാഷകളില്ഈ പദം എപ്രകാരം പരിഭാഷ ചെയ്തിരിക്കുന്നുവെന്ന് പരിഗണിക്കേണ്ടതാണ്.

(കാണുക: അജ്ഞാതമായാവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: അധികാരം. ശിഷ്യന്. യാക്കോബ്(സെബെദിയുടെ പുത്രന്), പൌലോസ്, പന്ത്രണ്ടു പേര്)

## ദൈവവചന സൂചികകള്:

- യൂദ 01: 17-19
- ലൂക്കോസ്09:12-14

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **26:10** അനന്തരം യേശു പന്ത്രണ്ട് പേരെ വിളിച്ചു **അപ്പോസ്തലന്മാരായി** തിരഞ്ഞെടുത്തു. **അപ്പോസ്തലന്മാര്** യേശുവിനോടുകൂടെ സഞ്ചരിക്കുകയും തന്നില്നിന്നു പഠിക്കുകയും ചെയ്തു.
- **30:01** യേശു തന്റെ **അപ്പോസ്തലന്മാരെ** പ്രസംഗിക്കുവാനും ജനത്തെ പഠിപ്പിക്കുവാനുമായി പല വ്യത്യസ്ത ഗ്രാമങ്ങളിലേക്ക് അയച്ചു.
- **38:02** യൂദാസ് യേശുവിന്റെ **അപ്പോസ്തലന്മാരില്** ഒരാളായിരുന്നു. അവന് **അപ്പൊസ്തലന്മാരുടെ** പണസഞ്ചിയുടെ ഉത്തരവാദിയായിരുന്നു,എന്നാല്താന്ദ്രവ്യാഗ്രഹി ആയതിനാല്അടിക്കടി സഞ്ചിയില്നിന്നും മോഷ്ടിച്ചിരുന്നു.
- **43:13** ശിഷ്യന്മാര് **അപ്പൊസ്തലന്മാരുടെ** ഉപദേശം, കൂട്ടായ്മ, ഒരുമിച്ചുള്ള ഭക്ഷണം ,പ്രാര്ത്ഥന ആതിയായവയില്അവരെതന്നെ സമര്പ്പിച്ചിരുന്നു.
- **46:08** അനന്തരം ബര്ണബാസ് എന്നു പേരുള്ള ഒരു വിശ്വാസി പൌലോസിനെ **അപ്പൊസ്തലന്മാരുടെ** അടുക്കല്കൊണ്ടുവരുകയും ശൌല്ധൈര്യപൂര്വ്വം ദമസ്കോസില്പ്രസംഗിച്ചത് എപ്രകാരം എന്നു അവരോടു പറയുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G651, G652, G2491, G5376, G5570

# അഭിഷേകം ചെയ്യുക, അഭിഷേകം ചെയ്യപ്പെട്ട, അഭിഷേകം

## നിര്വചനം

- അഭിഷേകം ചെയ്യൂക" എന്ന പദം ഒരു വ്യക്തിയുടെയോ വസ്തുവിന്റെയോ മുകളില്തൈലം പൂശുകയോ ഒഴിക്കുകയോ ചെയ്യുക എന്നു അര്ത്ഥമാക്കുന്നു. ചില സന്ദര്ഭങ്ങളില്ആ തൈലത്തില്സുഗന്ധവര്ഗ്ഗങ്ങള്ചേര്ത്ത് ആസ്വാദ്യകര മായ സുഗന്ധമുള്ളതാക്കുന്നു. ഈ പദം ഉപമാനമായി പരിശുദ്ധാത്മാവ് ഒരു വ്യക്തിയെ തിരഞ്ഞെടുക്കുകയും ശക്തീകരിക്കുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.
- പഴയനിയമത്തില്, രാജാക്കന്മാര്, പ്രവാചകന്മാര്ആദിയായവരെ തൈലത്താല്അഭിഷേകം ചെയ്യുകയും ദൈവത്തിനായി പ്രത്യേക സേവനത്തിനു വേണ്ടി വേര്തിരിക്കുകയും ചെയ്യുന്നു.
- യാഗപീഠം, അല്ലെങ്കില്സമാഗമാനകൂടാരം ആദിയായവയും തൈലത്താല്അഭിഷേകം ചെയ്തു ആരാധനയ്ക്കും ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുമായി വേര്തിരിക്കുന്നു എന്നു കാണിക്കുന്നു.
- പുതിയനിയമത്തില്, രോഗികളുടെ സൌഖ്യത്തിനായി എണ്ണയാല്അഭിഷേകം ചെയ്യാറുണ്ട്.
- പുതിയനിയമത്തില്, രണ്ടു സന്ദര്ഭങ്ങളില്ഒരു സ്ത്രീ സുഗന്ധതൈലത്താല്ആരാധനയുടെ അടയാളമായി യേശുവിനെ ലേപനം ചെയ്യുന്നത് രേഖപ്പെടുത്തി യിരിക്കുന്നു.
- ഒരിക്കല്ഇപ്രകാരം ഈ സ്ത്രീ ചെയ്യുന്നതിനെക്കുറിച്ച്, തന്റെ ഭാവി ശവസംസ്കാര ശുശ്രൂഷക്കായി അവള്കരുതിയിരിക്കുന്നു എന്നു പ്രസ്താവിച്ചു.
- യേശുവിന്റെ മരണാനന്തരം, തന്റെ സ്നേഹിതന്മാര്അവന്റെ ശരീരത്തെ എണ്ണയാലും സുഗന്ധവര്ഗ്ഗത്താലും ഒരുക്കി.
- "മശീഹ"(എബ്രായ ഭാഷ), "ക്രിസ്തു"(യവനഭാഷ) എന്നീ നാമകരണങ്ങള്"അഭിഷേകം ചെയ്യപ്പെട്ട(വന്)" എന്നു അര്ത്ഥമാക്കുന്നു.
- മശീഹയാകുന്ന യേശു എന്ന ഒരുവനാണ് പ്രവാചകന്, മഹാപുരോഹിതന്, രാജാവ് എന്നീ നിലകളില്തിരഞ്ഞെടുക്കപ്പെട്ടു അഭിഷേകം ചെയ്യപ്പെട്ടവന്.

## പരിഭാഷ നിര്ദേശങ്ങള്

- സാഹചര്യത്തിനനുസൃതമായി, "അഭിഷേകം ചെയ്യുക" എന്ന പദം "എണ്ണ വാര്ക്കുക" അല്ലെങ്കില്"തൈലം പൂശുക" അല്ലെങ്കില്"സുഗന്ധതൈലം വാര്ത്തു വേര്തിരിക്കുക" എന്നു പരിഭാഷപ്പെടുത്താവുന്നതാണ്. "അഭിഷേകം ചെയ്യപ്പെടുക" എന്ന പദം "എണ്ണപൂശി വേര്തിരിക്കുക" അല്ലെങ്കില്"നിയമിക്കുക" അല്ലെങ്കില്"വേര്തിരിക്കപ്പെടുക" എന്നു പരിഭാഷപ്പെടുത്താം.
- ചില സന്ദര്ഭങ്ങളില്"അഭിഷേകം ചെയ്യുക" എന്ന പദം "നിയമിക്കുക" എന്നു പരിഭാഷപ്പെടുത്താം. "അഭിഷിക്തനായ പുരോഹിതന്" പോലുള്ള പദസഞ്ചയങ്ങള്"തൈലത്താല്വേര്തിരിക്കപ്പെട്ട പുരോഹിതന്" ല്ലെങ്കില്"തൈലാഭിഷേകത്താല്വേര്തിരിക്കപ്പെട്ട പുരോഹിതന്" എന്നു പരിഭാഷപ്പെടുത്താം.

(കാണുക:ക്രിസ്തു, വേര്തിരിക്കുക, മഹാപുരോഹിതന്, യഹൂദന്മാരുടെ രാജാവ്]യഹൂദന്മാരുടെ രാജാവ്, യഹൂദന്മാരുടെ രാജാവ്, പുരോഹിതന്, പ്രവാചകന്)

## ദൈവവചന സൂചികകള്:

- 1 യോഹന്നാന്02:20-21
- 1 യോഹന്നാന്02:27-29
- 1 ശാമുവല്16:2-3
- അപ്പോ;പ്രവര്ത്തികള്04:27-28
- ആമോസ് 06:5-6
- പുറപ്പാട് 29:5-7
- യാക്കോബ് 05:13-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H47, H430, H1101, H1878, H3323, H4397, H4398, H4473, H4886, H4888, H4899, H5480, H8136, G32, G218, G743, G1472, G2025, G3462, G5545, G5548

# അറപ്പ്, മ്ലേച്ഛതകൾ, അറക്കത്തക്കവ

## നിർവചനം

"അറപ്പ്" എന്ന പദം അപമാനം വരുത്തുന്ന അല്ലെങ്കിൽ തികെച്ചും വെറുപ്പുളവാക്കുന്ന ഒന്നിനെ സൂചിപ്പിക്കുന്നു.

- മിസ്രയീമ്യർഎബ്രായരെ "അറക്കത്തക്ക" വരായി കരുതിയിരുന്നു. ഇതിന്റെ അർത്ഥം മിസ്രയീമ്യർഎബ്രായരെ ഇഷ്ടപ്പെടാതിരിക്കുന്നു എന്നും അവരോടു ബന്ധം പുലർത്തുവാനും അവർക്ക് സമീപമായിരിക്കുവാനും ആഗ്രഹിക്കുന്നില്ല എന്നാണ്.
- ദൈവവചനം ചിലതിനെ "യഹോവെക്കു അറപ്പുള്ളവ" എന്നു പറയുമ്പോൾഅവയിൽനുണപറച്ചിൽ, അഹങ്കാരം, നരബലി, വിഗ്രഹാരാധന, കൊലപാതകം, വ്യഭിചാരം, സ്വവർഗ്ഗരതി പോലുള്ളവ അടങ്ങിയിരിക്കുന്നു.
- അന്ത്യകാലത്തെക്കുറിച്ചു ശിഷ്യന്മാരെ പഠിപ്പിക്കുമ്പോൾ, യേശു ദാനിയേൽപ്രവാചകന്റെ പ്രവചനത്തിൽനിന്ന് സൂചിപ്പിച്ചുകൊണ്ട് "ശൂന്യമാക്കുന്ന മ്ലേച്ഛത" എന്നു തന്റെ ആരാധന സ്ഥലത്തെ അശുദ്ധമാക്കുന്നതു നിമിത്തം ദൈവത്തിനെതിരായുള്ള മത്സരത്തെ കാണുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- "അറപ്പ്" എന്ന പദം "ദൈവം വെറുക്കുന്ന കാര്യം" എന്നോ "അറപ്പുളവാക്കുന്ന എന്തെങ്കിലും" എന്നോ അറപ്പുളവാക്കുന്ന ശീലം '' എന്നോ ''വളരെ ദോഷമായ പ്രവർത്തി" എന്നോ പരിഭാഷപ്പെടുത്താം.
- സാഹചര്യത്തിനനുസരിച്ച്, "അറപ്പുളവാക്കുന്ന ഒന്നു" എന്നുള്ള പരിഭാഷ "വളരെ വെറുക്കത്തക്കതായ" അല്ലെങ്കിൽ"നിന്ദ്യമായ" അല്ലെങ്കിൽ"പൂർണ്ണമായും അസ്വീകാര്യമായ" അല്ലെങ്കിൽ"ആഴമായ വെറുപ്പ്ഉളവാക്കുന്നതായ" എന്നിങ്ങനെ ഉൾപ്പെടുത്താം.
- "ശൂന്യമാക്കുന്ന മ്ലേച്ഛത" എന്ന പദസഞ്ചയം "ജനത്തിനു വളരെയധികം ഉപദ്രവം നൽകുന്ന വഷളത്വമുള്ള സംഗതി" അല്ലെങ്കിൽ"വളരെ സങ്കടമുളവാക്കുന്ന അറക്കത്തക്ക കാര്യം" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

(കാണുക: വ്യഭിചാരം, അശുദ്ധമാക്കുക, അസത്യ ദൈവം, യാഗം)

## ദൈവവചന സൂചികകൾ:

- എസ്രാ 09:1-2
- ഉൽപ്പത്തി 46:33-34
- യെശ്ശയ്യാവ് 01:12-13
- മത്തായി 24:15-18
- സദൃശവാക്യങ്ങൾ:24-26

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H887, H6292, H8251, H8262, H8263, H8441, G946

# അവകാശമാക്കുക, അവകാശം, പൈതൃകം, അവകാശി

## നിര്വചനം:

"അവകാശമാക്കുക" എന്ന പദം സൂചിപ്പിക്കുന്നത് വിലപിടിപ്പുള്ള കാര്യങ്ങള് മാതാപിതാക്കളില് നിന്നോ മറ്റൊരു വ്യക്തിയില് നിന്നോ ആ വ്യക്തിയുമായി പ്രത്യേക ബന്ധം ഉള്ളതിനാല് ലഭ്യമാകുന്നതിനെ സൂചിപ്പിക്കുന്നു. ലഭ്യമാകുന്നത് എന്താണോ അതിനെ "അവകാശം" എന്ന് പറയുന്നു.

- ഭൌതിക അവകാശമായി ലഭിക്കുന്നത് പണമോ, നിലമോ, മറ്റുള്ള എന്തെങ്കിലും വസ്തുക്കളോ ആകാം.
- ഒരു ആത്മീയ അവകാശം എന്നത് യേശുവില് ആശ്രയിക്കുന്ന ജനത്തിനു ദൈവം നല്കുന്ന സകലവും, അതായത് വര്ത്തമാന കാലത്തില് ലഭിക്കുന്ന അനുഗ്രഹങ്ങള് ഉള്പ്പെടെ തന്നോടൊപ്പം ഉള്ള നിത്യജീവനും ആകുന്നു.
- ദൈവ വചനം ദൈവ ജനത്തെ തന്റെ അവകാശം എന്ന് പറയുന്നു, അതിന്റെ അര്ത്ഥം അവര് ദൈവത്തിനു ഉള്പ്പെട്ടവര്ആകുന്നു; അവര് തന്റെ വിലപിടിപ്പുള്ള മൂല്യ വസ്തു ആകുന്നു.
- ദൈവം അബ്രഹാമിനും അവന്റെ സന്തതികള്ക്കും അവര് കനാന് ദേശം അവകാശമാക്കും എന്നും, അത് എന്നെന്നേക്കും അവരുടേതു ആയിരിക്കുമെന്നും പറഞ്ഞു.
- ദൈവത്തിനു ഉള്പ്പെട്ട ജനം "ദേശത്തെ അവകാശമാക്കും" എന്ന് പറഞ്ഞപ്പോള് അതിനു ഒരു ഉപമാന രൂപേണയായി അല്ലെങ്കില് ആത്മീയമായി ഒരു ആശയം ഉണ്ട്.
- ഇതിന്റെ അര്ത്ഥം അവര് ദൈവത്താല് ഭൌതികമായും ആത്മീയമായും ഉള്ള മാര്ഗ്ഗങ്ങളില് സമൃദ്ധിയായി അനുഗ്രഹിക്കപ്പെട്ടും എന്നാണ്.
- പുതിയ നിയമത്തില്, യേശുവില് വിശ്വസിക്കുന്ന ഏവര്ക്കും "രക്ഷ അവകാശമാക്കുകയും" "നിത്യ ജീവന് അവകാശമാക്കുകയും" ചെയ്യാം എന്ന് ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു.
- "ദൈവരാജ്യം അവകാശമാക്കി കൊള്വിന്" എന്നും ആശയം പ്രദര്ശിപ്പിച്ചിരിക്കുന്നു.
- ഇത് എന്നെന്നേക്കും നിലനില്ക്കുന്ന ഒരു ആത്മീയ അവകാശം ആകുന്നു.
- ഈ പദങ്ങള്ക്കു വേറെയും ഉപമാന അര്ത്ഥങ്ങള് ഉണ്ട്.
- ദൈവവചനം പറയുന്നത് ജ്ഞാനികളായ ആളുകള് "മഹത്വം അവകാശമാക്കും" എന്നും നീതിമാന്മാരായ ജനം "നന്മയായ കാര്യങ്ങള് അവകാശമാക്കുകയും ചെയ്യും" എന്നാണ്.
- "വാഗ്ദത്തങ്ങള് അവകാശമാക്കുക" എന്നതിന്റെ അര്ത്ഥം ദൈവം തന്റെ ജനത്തിനു നല്കുമെന്നു വാഗ്ദത്തം ചെയ്ത നല്ല കാര്യങ്ങള് അവര് പ്രാപിക്കുമെന്ന് അര്ത്ഥമാക്കുന്നു.
- ഈ പദം നിഷേധാത്മക ആശയത്തിലും ഉപയോഗിച്ച് വിഡ്ഢികളോ അല്ലെങ്കില് അനുസരണം കെട്ട ജനങ്ങള് "കാറ്റിനെ അവകാശം ആക്കും" അല്ലെങ്കില് "വ്യാജത്തെ അവകാശം ആക്കും" എന്ന് സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു.
- ഇത് അര്ത്ഥം നല്കുന്നത് അവരുടെ പാപം നിറഞ്ഞ പ്രവര്ത്തികള്ക്ക്, ശിക്ഷയും തരം താണ ജീവിതവും ലഭിക്കും എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- ഇപ്പോഴും ഉള്ളതു പോലെ, ലക്ഷ്യമിട്ടുള്ള ഭാഷയില് അവകാശി അല്ലെങ്കില് ഒരു അവകാശം എന്ന ആശയത്തിന് വാക്കുകള് ഉണ്ടോ എന്നും ആ വാക്കുകള് ഉപയോഗിക്കുന്നുണ്ടോ എന്നും പരിഗണിക്കുക.
- സാഹചര്യം അനുസരിച്ച്, "അവകാശമാക്കുക" എന്ന പദം പരിഭാഷ ചെയ്യുന്നതിന് "പ്രാപിക്കുക" അല്ലെങ്കില് "കൈവശമാക്കുക" അല്ലെങ്കില് കൈവശം പ്രാപിക്കുക" എന്നിങ്ങനെ ഉള്പ്പെടുത്താം.
- "അവകാശം'എന്നത് പരിഭാഷ ചെയ്യുവാന് "വാഗ്ദത്തം ചെയ്യപ്പെട്ട ദാനം" അല്ലെങ്കില് "സംരക്ഷിത അവകാശം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ദൈവജനം ദൈവത്തിന്റെ അവകാശം ആണെന്ന് സൂചിപ്പിക്കുമ്പോള് ഇ\ത് ദൈവത്തിനു ഉള്പ്പെട്ട മൂല്യമുള്ള ആളുകള്" എന്ന് പരിഭാഷ ചെയ്യാം.
- "അവകാശി" എന്ന പദം "പിതാവിന്റെ സമ്പത്ത് പ്രാപിക്കുവാന് യോഗ്യനാക്കപ്പെട്ട പൈതല്" അല്ലെങ്കില് "(ദൈവത്തിന്റെ) ആത്മീയ സമ്പത്തുകള് അല്ലെങ്കില് അനുഗ്രഹങ്ങള് അവകാശം ആക്കുവാന് തിരഞ്ഞെടുക്കപ്പെട്ട വ്യക്തി" എന്ന് അര്ത്ഥം വരുന്ന വാക്കോ പദസഞ്ചയമോ കൊണ്ട് പരിഭാഷ ചെയ്യാം.
- "പൈതൃകം" എന്ന പദം "ദൈവത്തില് നിന്നുള്ള അനുഗ്രഹം" അല്ലെങ്കില് അവകാശമാക്കപ്പെട്ട അനുഗ്രഹങ്ങള്" എന്ന് പരിഭാഷ ചെയ്യാം.

(കാണുക: അവകാശി, കനാന്, വാഗ്ദത്ത ദേശം)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്:9-11

- 1 പത്രോസ് 01:3-5
- 2 ശമുവേല്:2-3
- അപ്പോ.07:4-5
- ആവര്ത്തന പുസ്തകം 20:16-18
- ഗലാത്യര്:19-21
- ഉല്പ്പത്തി 15:6-8
- എബ്രായര്:13-15
- യിരെമ്യാവ് 02:7-8
- ലൂക്കോസ് 15:11-12
- മത്തായി 19:29-30
- സങ്കീര്ത്തനം 079:1-3

## ദൈവവചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **04:06** അബ്രഹാം കനാനില് എത്തിച്ചേര്ന്നപ്പോള്, " നിനക്കു ചുറ്റും നോക്കുക, ഞാന് നിനക്കും നിന്റെ സന്തതിക്കും നിനക്ക് കാണുവാന് കഴിയുന്ന മുഴുവന് ദേശത്തെയും **അവകാശമായി** തരും."
- **27:01** ഒരു ദിവസം, യഹൂദ ന്യായപ്രമാണത്തില് ശാസ്ത്രിയായ ഒരുവന് യേശുവിന്റെ അടുക്കല് വന്നു അവനെ പരീക്ഷിക്കുവാനായി, ഗുരുവേ, നിത്യജീവന്**അവകാശമാക്കുവാന്** ഞാന് എന്ത് ചെയ്യണം എന്ന് ചോദിച്ചു.
- **35:03** അവിടെ രണ്ടു പുത്രന്മാരുള്ള ഒരു മനുഷ്യന് ഉണ്ടായിരുന്നു. ഇളയ പുത്രന് പിതാവിനോട് പറഞ്ഞത്, 'അപ്പാ, എനിക്ക് ഇപ്പോള്തന്നെ എന്റെ **അവകാശം** വേണം!' അതുകൊണ്ട് പിതാവ് തന്റെ സ്വത്ത് രണ്ടു പുത്രന്മാരുടെ ഇടയില് വിഭാഗിച്ചു കൊടുത്തു."

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2490, H2506, H3423, H3425, H4181, H5157, H5159, G2816, G2817, G2819, G2820

# ആണ, ആണകള്, ആണയിട്ടു

## നിര്വചനം:

ഒരു ആണ എന്നത് ഒരു വ്യക്തി ദൈവത്തോടു ചെയ്യുന്ന വാഗ്ദത്തം ആകുന്നു. ഒരു വ്യക്തി താന് ചെയ്യാമെന്ന് വാഗ്ദത്തം ചെയ്യുന്ന ഏതെങ്കിലും പ്രത്യേക വസ്തുത പ്രത്യേകാല് ദൈവത്തെ ബഹുമാനിക്കുവാന് അല്ലെങ്കില് ദൈവത്തോടുള്ള ഭക്തി വെളിപ്പെടുത്തുവാന് കാണിക്കുന്ന കാര്യം ആകുന്നു.

- ഒരു വ്യക്തി ഒരു ആണ ഇട്ടു കഴിയുമ്പോള്, താന് ആ ആണ നിറവേറ്റുവാന് ബാധ്യത ഉള്ളവന് ആയിരിക്കുന്നു.
- ദൈവവചനം പഠിപ്പിക്കുന്നത് ഒരുവന് തന്റെ ആണ നിവര്ത്തിക്കുന്നില്ല എങ്കില് ആ വ്യക്തി ദൈവത്താല് ന്യായം വിധിക്കപ്പെടുവാന് ഇടയാകും.
- ചില സമയങ്ങളില് ഒരു വ്യക്തി ദൈവത്തോട് തന്നെ സംരക്ഷിക്കണം എന്നോ ആണ ഇട്ടതിനു പകരമായി തനിക്കു നല്കണം എന്നോ അഭ്യര്ത്ഥന ചെയ്യാം.
- എന്നാല് ഒരു വ്യക്തി ചെയ്യുന്ന ആണ നിമിത്തം അപേക്ഷിക്കുന്ന കാര്യം ചെയ്യുവാന് ദൈവം ബാധ്യത ഉള്ളവന് ആയിരിക്കുന്നില്ല.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, “ആണ” എന്നുള്ളത് “പവിത്രമായ വാഗ്ദത്തം” അല്ലെങ്കില് “ദൈവത്തോട് ചെയ്ത വാഗ്ദത്തം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഒരു ആണ എന്നുള്ളത് ദൈവത്തോട് ചെയ്യുന്നതായ പ്രത്യേകമായ ഒരു ഒരു പ്രതിജ്ഞ ആകുന്നു.

(കാണുക: വാഗ്ദത്തം, പ്രതിജ്ഞ)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്:27-28
- അപ്പോ.21:22-24
- ഉല്പ്പത്തി 28:20-22
- ഉല്പ്പത്തി 31:12-13
- യോനാ 01:14-16
- യോനാ 02:9-10
- സദൃശവാക്യം 07:13-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5087, H5088, G2171

# ആത്മാവ്, ആത്മാക്കൾ, ആത്മീയമായ

## നിർവചനം:

“ആത്മാവ്” എന്ന പദം സൂചിപ്പിക്കുന്നത് ദൃശ്യം അല്ലാത്ത മനുഷ്യരുടെ ശരീര പ്രകാരം അല്ലാത്തതായ ഭാഗത്തെ സൂചിപ്പിക്കുന്നു. ഒരു വ്യക്തി മരിക്കുമ്പോൾ, തന്റെ ആത്മാവ് ശരീരത്തിൽ നിന്നും വിട്ടുപോകുന്നു. “ആത്മാവ്” എന്നത് ഒരു സ്വഭാവത്തെയോ വൈകാരിക നിലവാരത്തെയോ സൂചിക്കുന്നതും ആകാം.

- ”ആത്മാവ്” എന്ന പദം ജഡ ശരീരം ഇല്ലാത്ത ഒന്നിനെ സൂചിപ്പിക്കുന്നതായി, പ്രത്യേകാൽ ഒരു ദുരാത്മാവിനെ സൂചിപ്പിക്കുന്നതായി കാണപ്പെടുന്നു.
- ഒരു വ്യക്തിയുടെ ആത്മാവ് എന്നത് ആ വ്യക്തി ദൈവത്തെ അറിയുവാനും അവനിൽ വിശ്വസിക്കുവാനും ഉള്ള തന്റെ ഭാഗമായി കാണുന്നു.
- പൊതുവേ, “ആത്മീയമായ” എന്ന പദം അശ്ശരീരിക ലോകത്തിൽ ഉള്ള എന്തിനെയും സൂചിക്കുന്നത് ആകുന്നു.
- ദൈവ വചനത്തിൽ, ഇത് പ്രത്യേകമായി ദൈവവുമായി ബന്ധമുള്ള എന്തിനെയും, പ്രത്യേകാൽ പരിശുദ്ധാത്മാവിനെ സംബന്ധിച്ചു ഉള്ളതിനെ സൂചിപ്പിക്കുന്നു.
- ഉദാഹരണമായി, “ആത്മീയ ഭോജനം” എന്ന് ദൈവത്തിന്റെ ഉപദേശങ്ങളെ സൂചിപ്പിക്കുന്നു, അത് ഒരു മനുഷ്യന്റെ ആത്മാവിനു പരിപോഷണം നൽകുന്നു, കൂടാതെ “ആത്മീയ ജ്ഞാനം”എന്നത് പരിശുദ്ധാത്മ ശക്തിയാൽ ഉളവായി വരുന്ന ജ്ഞാനവും നീതിയുമായ സ്വഭാവത്തെ സൂചിപ്പിക്കുന്നു.
- ദൈവം ഒരു ആത്മാവ് ആകുന്നു അവിടുന്ന് മാനുഷ ശരീരങ്ങൾ ഇല്ലാത്ത മറ്റു ആത്മാക്കളെ സൃഷ്ടിച്ചും ഇരിക്കുന്നു.
- ദൈവത്തിനെതിരെ മത്സരിക്കുകയും അശുദ്ധാത്മാക്കൾ ആയിത്തീരുകയും ചെയ്തത് ഉൾപ്പെടെ ഉള്ള ദൈവദൂതന്മാർ എല്ലാം ആത്മ ജീവികൾ ആകുന്നു.
- “ആത്മാവ് ഉള്ളത്” എന്ന പദസഞ്ചയം “ഗുണ വിശേഷത ഉള്ളത്” എന്നും കൂടെ അർത്ഥം നൽകത്തക്ക വിധം “ജ്ഞാനത്തിന്റെ ആത്മാവ്” അല്ലെങ്കിൽ “എലിയാവിന്റെ ആത്മാവിൽ” എന്നിങ്ങനെ അർത്ഥം നൽകാവുന്നതാണ്.
- സ്വഭാവം അല്ലെങ്കിൽ വികാരം എന്നിവയിൽ “ആത്മാവ്” എന്നതിന്റെ ഉദാഹരണങ്ങളായി “ഭയത്തിന്റെ ആത്മാവ്” എന്നും “അസൂയയുടെ ആത്മാവ്” എന്നും ഉള്ളവ ഉൾപ്പെടുത്താം.

## പരിഭാഷ നിർദേശങ്ങൾ:

- സാഹചര്യം അനുസരിച്ചു, “ആത്മാവ്” എന്നുള്ളത് പരിഭാഷ ചെയ്യുന്നതിൽ “അശരീരമായവ” അല്ലെങ്കിൽ “ആന്തരികമായവ” എന്നിവ ഉൾപ്പെടുത്താം.
- ചില സാഹചര്യങ്ങളിൽ, “ആത്മാവ്” എന്ന പദം “ദുരാത്മാവ്” അല്ലെങ്കിൽ “അശുദ്ധാത്മ ജീവികൾ’ എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ചില സന്ദർഭങ്ങളിൽ“ആത്മാവ്” എന്ന പദം ഒരു വ്യക്തിയുടെ വികാരങ്ങളെ, “എന്റെ അന്തർഭാഗത്ത് എന്റെ ആത്മാവ് വളരെ ദു:ഖിച്ചു” എന്നുള്ളതു പോലെ ഉപയോഗിക്കാം. ഇത് “എന്റെ ആത്മാവിൽ ഞാൻവളരെ ദു::ഖിച്ചു” അല്ലെങ്കിൽ “ഞാൻ വളരെ ആഴമായി ദു:ഖിച്ചു” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- ”ആത്മാവ്” എന്ന പദം “സ്വഭാവം” അല്ലെങ്കിൽ “സ്വാധീനം” അല്ലെങ്കിൽ “മനോഭാവം” അല്ലെങ്കിൽ “(അതായത്) സ്വഭാവത്താൽ രൂപവൽക്കരിക്കപ്പെട്ട ചിന്ത” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- സാഹചര്യം അനുസരിച്ച്, “ആത്മീയമായ” എന്നത് “അശരീരികമായ” അല്ലെങ്കിൽ “പരിശുദ്ധാത്മാവിൽ നിന്ന്” അല്ലെങ്കിൽ “ദൈവത്തിന്റെ” അല്ലെങ്കിൽ ഭൌതികം അല്ലാത്ത ലോകത്തിന്റെ ഭാഗം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”ആത്മീയ ക്ഷീരം” എന്ന ഉപമാന പദപ്രയോഗം “ദൈവത്തിൽ നിന്നും ഉള്ള പ്രാഥമിക ഉപദേശങ്ങൾ” അല്ലെങ്കിൽ “ആത്മാവിനെ പരിപോഷിപ്പിക്കുന്ന ദൈവത്തിന്റെ ഉപദേശങ്ങൾ (ക്ഷീരം ചെയ്യുന്നത് പോലെ) എന്നും പരിഭാഷ ചെയ്യാം.
- ”ആത്മീയ പക്വത” എന്ന പദപ്രയോഗം “പരിശുദ്ധാത്മാവിനു അനുസരണം കാണിക്കുന്ന ദൈവീകമായ മനോഭാവം” എന്ന് പരിഭാഷ ചെയ്യാം.
- ”ആത്മീയ വരം” എന്ന പദം “പരിശുദ്ധാത്മാവ് നൽകുന്നതായ പ്രത്യേക കഴിവ്” എന്ന് പരിഭാഷ ചെയ്യാം.

(കാണുക: ദൈവദൂതൻ, പിശാച്, പരിശുദ്ധാത്മാവ്, പ്രാണൻ)

## ദൈവ വചന സൂചികകൾ:

- 1 കൊരിന്ത്യർ:3-5
- 1 യോഹന്നാൻ:1-3

- 1 തെസ്സലോനിക്യർ:23-24
- അപ്പോ.05:9-11
- കൊലൊസ്സ്യർ:9-10
- എഫെസ്യർ:23-24
- ഉൽപ്പത്തി 07:21-22
- യെശ്ശയ്യാവ് 04:3-4
- മർക്കോസ് 01:23-26
- മത്തായി 26:39-41
- ഫിലിപ്പിയർ:25-27

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **13:03** മൂന്നു ദിവസങ്ങൾ കഴിഞ്ഞ്, ജനം അവരെ തന്നെ **ആത്മീയമായി** ഒരുക്കിയതിനു ശേഷം, ദൈവം സീനായി മലയിൽ ഇടിമുഴക്കത്തോടും, മിന്നലിനോടും, പുകയോടും വൻകാഹള മുഴക്ക ശബ്ദത്തോടും കൂടെ ഇറങ്ങി വന്നു.
- **40:07** അനന്തരം യേശു ഉറക്കെ വിളിച്ചു പറഞ്ഞത്, "എല്ലാം നിവർത്തിയായി! പിതാവേ, ഞാൻഎന്റെ **ആത്മാവിനെ** അങ്ങയുടെ കൈകളിൽ തരുന്നു." അനന്തരം താൻ തന്റെ ശിരസ്സ് താഴ്ത്തുകയും തന്റെ **ആത്മാവിനെ** വിട്ടു കളയുകയും ചെയ്തു.
- **45:05** സ്തേഫാനോസ് മരിക്കുമ്പോൾ, "യേശുവേ, എന്റെ **ആത്മാവിനെ** സ്വീകരിക്കേണമേ" എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു.
- **48:07** സകല ജന വിഭാഗങ്ങളും അവനിൽ കൂടെ അനുഗ്രഹിക്കപ്പെടുവാൻ ഇടയായി തീർന്നു, എന്തുകൊണ്ടെന്നാൽ യേശുവിൽ വിശ്വസിക്കുന്ന ഏവരും പാപത്തിൽ നിന്ന് രക്ഷിക്കപ്പെടുകയും, അബ്രഹാമിന്റെ **ആത്മീയ** സന്തതിയായി തീരുകയും ചെയ്യുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H178, H1172, H5397, H7307, H7308, G4151, G4152, G4153, G5326, G5427

# ആധിപത്യം

## നിര്വചനം:

“ആധിപത്യം “എന്ന പദം ശക്തി, നിയന്ത്രണം, അല്ലെങ്കില് ജനത്തിന്മേല്, മൃഗങ്ങളുടെമേല്, അല്ലെങ്കില് നിലത്തിന്മേല് ഉള്ള അധികാരം എന്നു സൂചിപ്പിക്കുന്നു.

- യേശുക്രിസ്തുവിനു സര്വ്വ ഭൂമിയുടെമേല് ഒ\രു പ്രവാചകന്, പുരോഹിതന്, രാജാവ് എന്നീ നിലകളില് ആധിപത്യം ഉണ്ടെന്നു പറഞ്ഞിരിക്കുന്നു.
- സാത്താന്റെ ആധിപത്യത്തിന് യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണത്താല് പരാജയം സംഭവിച്ചു.
- സൃഷ്ടിയില്, ദൈവം പറഞ്ഞത് മനുഷ്യന് മത്സ്യം, പറവകള്, മറ്റും ഭൂമിയിന് മേലുള്ള സകല സൃഷ്ടികളുടെ മേലും ആധിപത്യം ഉണ്ടാകട്ടെ എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യത്തിനു അനുസരിച്ച്, ഈ പദം പരിഭാഷപ്പെടുത്തുന്നതിനു ഉള്ള ഇതര രീതികള്, “അധികാരം” അല്ലെങ്കില് “ശക്തി” അല്ലെങ്കില് “നിയന്ത്രണം” എന്നു പരിഭാഷപ്പെടുത്താം.
- “ആധിപത്യം ഉണ്ടാകട്ടെ” എന്ന പദസഞ്ചയം “ഭരിക്കുക” അല്ലെങ്കില് “കൈകാര്യം ചെയ്യുക” എന്നു പരിഭാഷപ്പെടുത്താം.

(കാണുക:അധികാരം, ശക്തി)

## ദൈവവചന സൂചികള്:

- 1 പത്രോസ് 05:10-11
- കൊലോസ്സ്യര്:13-14
- യൂദ 01:24-25

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1166, H4474, H4475, H4896, H4910, H4915, H7287, H7300, H7980, H7985, G2634, G2904, G2961, G2963

# ആനുകൂല്യം , അനുകൂലം ചെയ്യുന്നു,അനുകൂലമായ, പക്ഷഭേദം

## നിര്വചനം:

“അനുകൂലം നല്കുക” എന്നാല് മുന്ഗണന നല്കുക എന്നര്ത്ഥം. ഒരുവന്വേറൊരു വ്യക്തിക്ക് മുന്ഗണന നല്കുമ്പോള്, ആ വ്യക്തിക്ക് അനുകൂലമായി ആദരിക്കുകയും മറ്റുള്ളവര്ക്ക് പ്രയോജനം ഉണ്ടാകുന്ന തിനേക്കാള്അധികമായി ആ വ്യക്തിക്ക് പ്രയോജനം നല്കുകയും ചെയ്യുന്നു

- “പക്ഷഭേദം” എന്നതിന്റെ അര്ത്ഥം ചിലര്ക്ക് മാത്രം അനുകൂലം പ്രകടിപ്പിക്കുകയും മറ്റുള്ളവരെ നിരാകരിക്കുകയും ചെയ്യുന്ന മനോഭാവം എന്നാണ്. ഇതിന്റെ അര്ത്ഥം ഒരു വ്യക്തിയേക്കാള്മറ്റൊരാളെയോ ഒരു വസ്തു വിനെക്കാള്മറ്റൊന്നിനെയോ ഇഷ്ടം തോന്നി തിരഞ്ഞെടുക്കുവാനുള്ള മുന്ഗണന നല്കല്എന്നാണ്. പൊതുവെ, പക്ഷഭേദം അയോഗ്യമെന്നു പരിഗണിക്കുന്നു.
- യേശു ദൈവത്തിന്റെയും മനുഷ്യരുടെയും “അനുകമ്പയില്” വളര്ന്നു, ഇതു തന്റെ സ്വാഭാവത്തിന്റെയും സമീപനത്തിന്റെയും അംഗീകാരം എന്നു തെളിയിക്കുന്നു.
- ആരുടെയെങ്കിലും ”അനുകമ്പ” പിടിച്ചു പറ്റുക എന്നതിന്റെ അര്ത്ഥം ആ വ്യക്തിയാല്ഒരുവന്അംഗീകരിക്കപ്പെടുക എന്നു അര്ത്ഥം.
- ഒരു രാജാവ് ഒരു വ്യക്തിക്ക് അനുകമ്പ കാട്ടുന്നത്, സാധാരണയായി ആ വ്യക്തിയുടെ അപേക്ഷ താന്അംഗീകരിക്കുകയും അത് അനുവദിക്കുകയും ചെയ്യുന്നു എന്നതാണ്.
- ഒരു “ആനുകൂല്യം” എന്നത് അവരുടെ പ്രയോജനത്തിനായി അല്ലെങ്കില്വേറൊരു വ്യക്തിയുടെ പ്രയോജനത്തിനായി പ്രകടിപ്പിക്കുന്ന ഒരു ആശയപ്രകാശനം അല്ലെങ്കില്നടപടിയും ആകാം.

## പരിഭാഷ നിര്ദേശങ്ങള്:

- “ആനുകൂല്യം” എന്ന പദം പരിഭാഷപ്പെടുത്തുവാന്“അനുഗ്രഹം'' അല്ലെങ്കില്“പ്രയോജനം” എന്നിവയും ഉള്പ്പെടുത്താം. “യഹോവയുടെ അനുഗ്രഹ വര്ഷം” എന്നത് “യഹോവ വലിയ അനുഗ്രഹം നല്കുന്നതായ വര്ഷം (അല്ലെങ്കില്സമയം) എന്നു പരിഭാഷ ചെയ്യാം.
- ”പക്ഷഭേദം” എന്ന പദം ''പക്ഷപാതം” അല്ലെങ്കില്“മുന്വിധിയുള്ള” അല്ലെങ്കില്“അന്യായമായ സമീപനം പുലര്ത്തല്” എന്നു പരിഭാഷപ്പെ ടുത്താം. ഈ പദം “ഏറ്റവും നന്നായി സ്നേഹിക്കുവാന്മുന്ഗണന നല്കപ്പെട്ട വ്യക്തി” എന്നു അര്ത്ഥമുള്ള “വളരെ ഇഷ്ടമുള്ള” എന്ന വാക്കുമായി ബന്ധപ്പെട്ടു ഇരിക്കുന്നു.

## ദൈവ വചന സൂചികകള്:

- 1 ശമുവേല്02:25-26
- 2 ദിനവൃത്താന്തങ്ങള് 19:6-7
- 2 കൊരിന്ത്യര്01:11
- അപ്പോ.പ്രവര്ത്തികള്24:26-27
- ഉല്പ്പത്തി 41:14-16
- ഉല്പ്പത്തി 47:25-26
- ഉല്പ്പത്തി 50:4-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H995, H1156, H1293, H1779, H1921, H2580, H2603, H2896, H5278, H5375, H5414, H5922, H6213, H6437, H6440, H7521, H7522, H7965, G1184, G3685, G4380, G4382, G5485, G5486

# ആമേന്, സത്യമായും

## നിര്വചനം

“ആമേന്” എന്നത് ഒരു വ്യക്തി പ്രസ്താവിച്ച തിനു ഉറപ്പ് നല്കുന്നതിനോ ശ്രദ്ധ പതിപ്പിക്കുന്നതിനോ ഉപയോഗിക്കുന്ന പദം. ഇതു സാധാരണയായി പ്രാര്ഥനയുടെ അവസാനം ഉപയോഗിക്കുന്നു. ചില സന്ദര്ഭങ്ങളില് ഇതു “സത്യമായും” എന്നു പരിഭാഷപ്പെടുത്തുന്നു.

- പ്രാര്ഥനയുടെ അവസാനത്തില് ഉപയോഗിക്കുമ്പോള്, “ആമേന്” എന്നത് ആ പ്രാര്ത്ഥനയെ അംഗീകരിക്കുന്നു അല്ലെങ്കില് ആ പ്രാര്ത്ഥന സഫലമാകട്ടെ എന്നുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നു എന്നര്ത്ഥം.
- തന്റെ ഉപദേശത്തില് യേശു, “ആമേന്” എന്നു താന് പറഞ്ഞ സത്യത്തെ സ്ഥിരീകരിക്കുവാനായി പറഞ്ഞിട്ടുണ്ട്. താന്മുന്പേ പറഞ്ഞതിനോട് ബന്ധപ്പെടുത്തേണ്ടതിനു തുടര്ന്നു പറയുന്നതിനോട് “ഞാന്നിങ്ങളോട് പറയുന്നു” എന്നു സാധാരണയായി പറയാറുണ്ട്.
- ഈ രീതിയില് യേശു “ആമേന്” എന്നു ഉപയോഗിക്കുമ്പോള് ചില ഇംഗ്ലിഷ് ഭാഷാന്തരങ്ങളില്(ULB യിലും) “തീര്ച്ചയായും” അല്ലെങ്കില് “സത്യമായും” എന്നു പരിഭാഷപ്പെടുത്തിയിട്ടുണ്ട്.
- ”സത്യമായും” എന്നതിനുള്ള വേറൊരു അര്ത്ഥം ചില സന്ദര്ഭങ്ങളില് “തീര്ച്ച യായും” അല്ലെങ്കില് “കണിശമായും” എന്നു പ്രഭാഷകന് പറയുന്നതിനെ ഉറപ്പിക്കുവാനായി പരിഭാഷപ്പെടുത്തുന്നുണ്ട്.

## പരിഭാഷ നിര്ദേശങ്ങള്

- പ്രസ്താവിക്കപ്പെട്ടവയെ ഉറപ്പിക്കുന്നതായ ഏതെങ്കിലും പ്രത്യേക പദമോ പദസഞ്ചയമോ ലക്ഷ്യമിട്ടിരിക്കുന്ന ഭാഷയില് ഉണ്ടെങ്കില്അത് പരിഗണിക്കുക.
- ഒരു പ്രാര്ഥനയുടെ അവസാനമോ അല്ലെങ്കില് എന്തെങ്കിലും ഉറപ്പിക്കുവാനോ “ആമേന്” എന്നത് ഉപയോഗിക്കുമ്പോള് “അത് അപ്രകാരം ഭവിക്കട്ടെ” അല്ലെങ്കില് “അപ്രകാരം സംഭവിക്കട്ടെ” അല്ലെങ്കില് “അത് സത്യം തന്നെ” എന്നു പരിഭാഷപ്പെ ടുത്താവുന്നതാണ്.
- യേശു പ്രസ്താവിക്കുമ്പോള്, “സത്യമായും ഞാന്നിങ്ങളോട് പറയുന്നു” എന്നത് “അതെ, ഞാന്വാസ്തവമായി നിങ്ങളോട് പറയുന്നു” അല്ലെങ്കില്“ഞാന്നിങ്ങളോട് പറയുന്നത്, യഥാര്ത്ഥമാകുന്നു” എന്നും പരിഭാഷപ്പെടുത്താം.
- ”സത്യമായും,സത്യമായും ഞാന് നിങ്ങളോട് പറയുന്നു” എന്ന പദസഞ്ചയം “ഞാന്വളരെ താല്പ്പര്യത്തോടെ ഇതു നിങ്ങളോട് പറയുന്നു” അല്ലെങ്കില് “ഞാന്നിങ്ങളോട് പറയുന്നത് സത്യമാകുന്നു” എന്നു പരിഭാഷപ്പെടുത്താം.

(കാണുക: നിറവേറ്റുക. സത്യം)

## ദൈവവചന സൂചികകള്

- ആവര്ത്തന പുസ്തകം 27:15
- യോഹന്നാന്:19-20
- യൂദ 01:24-25
- മത്തായി 26:33-35
- ഫിലേമോന്:23-25
- വെളിപ്പാട് 22:20-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H543, G281

# ആരാധന

## നിര്വചനം:

“ആരാധിക്കുക” എന്നുള്ളതിന്റെ അര്ത്ഥം ബഹുമാനിക്കുക, സ്തുതിക്കുക, ആരെയെങ്കിലും, പ്രത്യേകാല് ദൈവത്തെ അനുസരിക്കുക എന്നു ആകുന്നു.

- ഈ പദം സാധാരണ അക്ഷരീകമായി അര്ത്ഥം നല്കുന്നത് “താഴേക്കു കുനിയുക” അല്ലെങ്കില്ആരെയെങ്കിലും ബഹുമാനിക്കേണ്ടതിനു “ഒരുവന് വണങ്ങി നില്ക്കുന്നതിനെ” ആകുന്നു.
- നാം ദൈവത്തെ സേവിക്കുകയും ബഹുമാനിക്കുകയും ചെയ്യുമ്പോള്തന്നെ സ്തുതിക്കുകയും അനുസരിക്കുകയും ചെയ്യുക വഴി അവനെ ആരാധിക്കുന്നു.
- ഇസ്രയേല്ജനം ദൈവത്തെ ആരാധിച്ചപ്പോള്, അതില്സാധാരണയായി യാഗപീഠത്തിന്മേല്ഒരു മൃഗം ഉണ്ടായിരുന്നു.
- ചില ആളുകള്അസത്യ ദൈവത്തെ ആരാധിച്ചു വന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ”ആരാധന” എന്ന പദം “കുനിഞ്ഞു വണങ്ങുക” അല്ലെങ്കില്ബഹുമാനികുകയും സേവിക്കുകയും ചെയ്യുക” അല്ലെങ്കില്“ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ചില സന്ദര്ഭങ്ങളില്, ഇത് “താഴ്മയോടെ സ്തുതിക്കുക” അല്ലെങ്കില്“ബഹുമാനവും സ്തുതിയും” നല്കുക” എന്നും കൂടെ പരിഭാഷ ചെയ്യാം.

(കാണുക: യാഗം, സ്തുതി, ബഹുമാനം)

## ദൈവവചന സൂചികകള്:

- കൊലൊസ്സ്യര്02:18-19
- ആവര്ത്തന പുസ്തകം 29:17-19
- പുറപ്പാട് 03:11-12
- ലൂക്കോസ് 04:5-7
- മത്തായി 02:1-3
- മത്തായി 02:7-8

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **13:04** അനന്തരം ദൈവം അവര്ക്ക് ഉടമ്പടി നല്കിയിട്ട് പറഞ്ഞത്, “ഞാന്യഹോവ ആകുന്നു, നിങ്ങളെ മിസ്രയീമിന്റെ അടിമത്തത്തില്നിന്നും രക്ഷിച്ച, ദൈവം തന്നെ” അന്യ ദൈവങ്ങളെ **ആരാധന** ചെയ്യരുത്.
- **14:02** കനാന്യര്ദൈവത്തെ **ആരാധിക്കുകയോ** അനുസരിക്കുകയോ ചെയ്തിരുന്നില്ല. അവര്അസത്യദൈവങ്ങളെ **ആരാധിക്കുകയും** നിരവധി ദോഷപ്രവര്ത്തികള്ചെയ്യുകയും ചെയ്തു.
- **17:06** സകല ഇസ്രയേല്ജനങ്ങള്ക്കും കടന്നു വന്നു ദൈവത്തിനു **ആരാധന** ചെയ്യുവാനും അവനു യാഗങ്ങള്അര്പ്പിക്കുവാനും തക്ക വിധം ഒരു ദേവാലയം നിര്മ്മിക്കണം എന്ന് ദാവീദ് ആഗ്രഹിച്ചു.
- 18:12__ സകല രാജാക്കന്മാരും ഇസ്രയേല്രാജ്യത്തിലെ ഭൂരിഭാഗം ജനങ്ങളും വിഗ്രഹങ്ങളെ **ആരാധിച്ചു**.
- 25:07__ യേശു മറുപടിയായി പറഞ്ഞത്, സാത്താനെ, എന്നെ വിട്ടു പോക!” എന്നാണ്. ദൈവത്തിന്റെ വചനത്തില്താന്തന്റെ ജനത്തോടു കല്പ്പിച്ചത്, നിന്റെ ദൈവമായ കര്ത്താവിനെ മാത്രം **ആരാധിക്കുകയും** അവനെ മാത്രം സേവിക്കുകയും ചെയ്യുക.”
- **26:02** ശബ്ബത്ത് ദിനത്തില്, അവന്(യേശു)**ആരാധന** സ്ഥലത്തേക്ക് പോയി.
- **47:01** അവിടെ അവര്ഒരു കച്ചവടക്കാരിയായ ലുദിയ എന്നു പേരുള്ള ഒരു സ്ത്രീയെ കണ്ടുമുട്ടുവാന്ഇടയായി. അവള്ദൈവത്തെ സ്നേഹ്ക്കുകയും **ആരാധിക്കുകയും** ചെയ്യുവാന്ഇടയായി.
- **49:18** ദൈവം നിങ്ങളോട് പറയുന്നത് പ്രാര്ഥിക്കുക, തന്റെ വചനം പഠിക്കുക, മറ്റുള്ള ക്രിസ്ത്യാനികളോട് ചേര്ന്ന് കൊണ്ട് അവനെ **ആരാധിക്കുക** മാത്രമല്ല താന്നിനക്കു വേണ്ടി എന്ത് ചെയ്തുവോ അത് മറ്റുള്ളവരോട് പറയുക എന്നാണ്.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5457, H5647, H6087, H7812, G1391, G1479, G2151, G2318, G2323, G2356, G3000, G3511, G4352, G4353, G4573, G4574, G4576

# ആശ്രയം, ആശ്രയിക്കുന്നു, ആശ്രയിച്ചു, വിശ്വാസ യോഗ്യന്, വിശ്വാസ യോഗ്യത

## നിർവചനം:

എന്തിനെയെങ്കിലും അല്ലെങ്കില് ആരെയെങ്കിലും "ആശ്രയിക്കുക" എന്നാല് ആ വസ്തുവിനെ അല്ലെങ്കില്വ്യക്തിയെ സത്യം അല്ലെങ്കില് ആശ്രയിക്കുവാന് കൊള്ളാവുന്നത് എന്ന് വിശ്വസിക്കുക എന്നുള്ളതാണ്. വിശ്വാസം എന്നതിനെ "ആശ്രയം" എന്നും വിളിക്കാവുന്നതാണ്. ഒരു "വിശ്വാസയോഗ്യനായ" വ്യക്തി എന്നത് ശരിയായതും സത്യമായതും ചെയ്യുവാനും പറയുവാനും ആയി നിങ്ങള്ക്ക് ആശ്രയിക്കാവുന്നതും, ആയതിനാല് ആ വ്യക്തി "വിശ്വാസയോഗ്യത" എന്ന ഗുണവിശേഷം ഉള്ളവനും ആകുന്നു.

- ആശ്രയം എന്നത് വിശ്വാസവുമായി അടുത്ത ബന്ധം പുലര്ത്തുന്നതാണ്. നാം ആരെയെങ്കിലും ആശ്രയിക്കുക ആണെങ്കില്, നമുക്ക് ആ വ്യക്തിയില് താന് ചെയ്യാമെന്ന് വാഗ്ദത്തം ചെയ്തത് ചെയ്യും എന്ന വിശ്വാസം ഉള്ളത് കൊണ്ടായിരിക്കും.
- ആരിലെങ്കിലും വിശ്വാസം ഉണ്ടായിരിക്കുക എന്നതിന്റെ അര്ത്ഥം ആ വ്യക്തിയില് ആശ്രയിക്കുന്നു എന്നുള്ളതാണ്.
- യേശുവില് "ആശ്രയിക്കുക" എന്നതിന്റെ അര്ത്ഥം താന് ദൈവം ആണെന്നു വിശ്വസിക്കുകയും, നമ്മുടെ പാപങ്ങള്ക്കുള്ള പിഴ താന്ക്രൂശില് മരിച്ചത് മൂലം നല്കി എന്ന് വിശ്വസിക്കുകയും, നമ്മെ രക്ഷിക്കുവാനായി അവനില് ആശ്രയിക്കുകയും ചെയ്യുക എന്നുള്ളതാണ്.
- ഒരു വിശ്വാസയോഗ്യമായ പ്രസ്താവന" എന്നത് സൂചിപ്പിക്കുന്നതു പറയപ്പെട്ടതായ വസ്തുത സത്യം ആണെന്ന് എണ്ണപ്പെടുവാന് മതിയായത് എന്ന് പറയുന്നതു ആകുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "ആശ്രയം" എന്നത് പരിഭാഷ ചെയ്യുവാന് ഉള്ള മാര്ഗ്ഗങ്ങളില് "വിശ്വസിക്കുക" അല്ലെങ്കില് "വിശ്വാസം ഉണ്ടായിരിക്കുക" അല്ലെങ്കില് "ഉറപ്പു ഉണ്ടായിരിക്കുക" അല്ലെങ്കില് "ആശ്രയം വെക്കുക" എന്നിവ ഉള്പ്പെടുത്താം.
- "നിങ്ങളുടെ ആശ്രയം വെക്കുക" എന്ന പദപ്രയോഗം "ആശ്രയം വെക്കുക" എന്നതിന്റെ അര്ത്ഥത്തോടു സാമ്യം ഉള്ളതായിരിക്കുന്നു.
- "വിശ്വാസ യോഗ്യമായ" എന്ന പദം "ആശ്രയ യോഗ്യം" അല്ലെങ്കില് "വിശ്വസനീയം" അല്ലെങ്കില് "എല്ലായ്പ്പോഴും ആശ്രയിക്കുവാന് കൊള്ളാവുന്നത്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: വിശ്വസിക്കുക, ഉറപ്പ്, വിശ്വാസം, വിശ്വസ്തതയുള്ള, സത്യം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്09:22-24
- 1 തിമോത്തിയോസ് 04:9-10
- ഹോശേയ 10:12-13
- യെശ്ശയ്യാവ് 31:1-2
- നെഹെമ്യാവ് 13:12-14
- സങ്കീര്ത്തനങ്ങള്:5-7
- തീത്തോസ് 03:8

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **12:12** മിസ്രയീമ്യര് മരിച്ചുപോയി എന്ന് ഇസ്രയേല്യര് കണ്ടപ്പോള്, അവര് ദൈവത്തില് **ആശ്രയിക്കുകയും** മോശെ ദൈവത്തിന്റെ പ്രവാചകന് ആണെന്ന് വിശ്വസിക്കുകയും ചെയ്തു.
- **14:15** യോശുവ ഒരു നല്ല നേതാവ് ആയിരുന്നു എന്തുകൊണ്ടെന്നാല് താന് ദൈവത്തെ **ആശ്രയിക്കുകയും** അനുസരിക്കുകയും ചെയ്തു.
- **17:02** ദൈവത്തില് **ആശ്രയിക്കുകയും** അനുസരിക്കുകയും ചെയ്ത ഒരു താഴ്മയും നീതിയും ഉള്ള മനുഷ്യന് ആയിരുന്നു ദാവീദ്.
- **34:06** അനന്തരം യേശു തങ്ങളുടെ സ്വന്തം സല്പ്രവര്ത്തികളില് **ആശ്രയിക്കുകയും** മറ്റുള്ളവരെ അവഗണിക്കുകയും ചെയ്യുന്ന ജനത്തെ കുറിച്ചുള്ള ഒരു കഥ പറയുവാന് ഇടയായി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H539, H982, H1556, H2620, H2622, H3176, H4009, H4268, H7365, G1679, G3872, G3982, G4006, G4100, G4276

# ഇടയന്, ഇടയന്മാര്

## നിര്വചനം:

"പാസ്റ്റര്" എന്ന പദത്തിന്റെ അക്ഷരീക അര്ത്ഥം "ഷെപ്പേര്ഡ്" എന്ന പദത്തിന്റെ അതേ അര്ത്ഥം തന്നെ ആകുന്നു. ഒരു സംഘം വിശ്വാസികളുടെ ആത്മീയ നേതൃത്വം വഹിക്കുന്ന വ്യക്തിക്ക് നല്കുന്ന സ്ഥാനപ്പേര് ആയിട്ട് ഈ പദം ഉപയോഗിക്കുന്നു.

- ആംഗലേയ ദൈവ വചനത്തില്"ഇടയന്" എന്ന പദം എഫെസ്യ ലേഖനത്തില്ഒരു പ്രാവശ്യം മാത്രം സൂചിപ്പിച്ചിരിക്കുന്നു. മറ്റുള്ള ഭാഗങ്ങളില്"ഇടയന്" എന്ന് പരിഭാഷ ചെയ്തിരിക്കുന്ന അതേ അര്ത്ഥം തന്നെയാണ് ഇവിടെയും ഉള്ളത്.
- ചില ഭാഷകളില്, "പാസ്റ്റര്" എന്ന പദത്തിനു ഉള്ള അതേ പദം തന്നെയാണ് "ഷെപ്പേര്ഡ്" എന്ന പദത്തിനും നല്കപ്പെട്ടിരിക്കുന്നത്.
- യേശുവിനെ "നല്ല ഇടയന്" എന്ന് സൂചിപ്പിക്കുവാനും ഇതേ പദം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്.

## പരിഭാഷ നിര്ദേശങ്ങള്:

നിര്ദിഷ്ട ഭാഷയില്"ഇടയന്" എന്ന പദം തന്നെ പരിഭാഷ ചെയ്യുവാനായി ഉപയോഗിക്കുന്നത് ഏറ്റവും ഉചിതം ആയിരിക്കും.

- ഈ പദം പരിഭാഷ ചെയ്യുവാന്"ആത്മീയ ഇടയന്" അല്ലെങ്കില്ഇടയത്വ ശുശ്രൂഷ ചെയ്യുന്ന ക്രിസ്തീയ നേതാവ്" ആദിയായവയും ഉള്പ്പെടുത്താവുന്ന രീതികള്ആകുന്നു.

(കാണുക: ഇടയന്, ചെമ്മരിയാട്)

## ദൈവ വചന സൂചികകള്:

- എഫേസ്യര്04:11-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7462, G4166

# ഇസ്രയേല്, ഇസ്രയേല്യര്

## വസ്തുതകള്:

"ഇസ്രയേല്" എന്ന പേര് ദൈവം യാക്കോബിന് നല്കിയിട്ടുള്ളതാണ്. അതിന്റെ അര്ത്ഥം "അവന് ദൈവത്തോട് മല്ലിടുന്നു" എന്നാണ്.

- യാക്കോബിന്റെ സന്തതികള്ആണ് "ഇസ്രയേല് ജനം" അല്ലെങ്കില് "ഇസ്രയേല്രാജ്യം" അല്ലെങ്കില് "ഇസ്രയേല്യര്" എന്ന് അറിയപ്പെടുവാന് ഇടയായത്.
- ദൈവം ഇസ്രയേല് മക്കളോട് കൂടെ തന്റെ ഉടമ്പടി സ്ഥാപിച്ചു. അവര് തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം ആകുന്നു.
- ഇസ്രയേല് ദേശം പന്ത്രണ്ടു ഗോത്രങ്ങളെയും ഉള്പ്പെടുത്തിയത് ആകുന്നു.
- ശലോമോന് രാജാവ് മരിച്ച ഉടനെ, ഇസ്രയേല് രണ്ടു രാജ്യങ്ങളായി വിഭാഗിക്കപ്പെട്ടു: "യഹൂദ" എന്ന് വിളിക്കപ്പെട്ട തെക്കന് രാജ്യവും, "ഇസ്രയേല്" എന്ന് വിളിക്കപ്പെട്ട വടക്കന് രാജ്യവും. "ഇസ്രയേല്" എന്ന പേര് "ഇസ്രയേല് ജനം" അല്ലെങ്കില് "ഇസ്രയേല് രാജ്യം" എന്നിങ്ങനെ സാഹചര്യം അനുസരിച്ച് പരിഭാഷ ചെയ്യാവുന്നതാണ്.

(കാണുക: യാക്കോബ്, ഇസ്രയേല്രാജ്യം, യഹൂദ, രാജ്യം, ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 10:1-3
- 1 രാജാക്കന്മാര് 08:1-2
- അപ്പോ.02:34-36
- അപ്പോ. 07:22-25
- അപ്പോ.13:23-25
- യോഹന്നാന്:49-51
- ലൂക്കോസ് 24:21
- മര്ക്കോസ് 12:28:31
- മത്തായി 02:4-6
- മത്തായി 27:9-10
- ഫിലിപ്പിയര്:4-5

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **08:15** പന്ത്രണ്ടു മക്കളുടെ സന്തതികള് **ഇസ്രയേലിന്റെ** പന്ത്രണ്ടു ഗോത്രങ്ങള്ആയിത്തീര്ന്നു.
- **09:03** മിസ്രയീമ്യര് **യിസ്രയേല്യരെ** നിരവധി കെട്ടിടങ്ങള്, മുഴുവന് പട്ടണത്തെപ്പോലും പണിയുവാന് നിര്ബന്ധിച്ചു.
- **09:05** ഒരു നിശ്ചിത **യിസ്രായേല്യ** സ്ത്രീ ഒരു ആണ്കുഞ്ഞിനു ജന്മം നല്കി.
- **10:01** അവര് പറഞ്ഞു, "**യിസ്രയേലിന്റെ** ദൈവം അരുളിച്ചെയ്യുന്നതു എന്തെന്നാല്, "എന്റെ ജനം പോകുവാനായി വിടുവിന്!"
- **14:12** എന്നാല്ഇവയൊക്കെ ആയിട്ടും, **ഇസ്രയേല്** ജനം ദൈവത്തിനും മോശെക്കും എതിരെ പരാതി പറയുകയും പിറുപിറുക്കുകയും ചെയ്തു.
- **15:09** ആ ദിവസം ദൈവം **യിസ്രയേലിനു** വേണ്ടി യുദ്ധം ചെയ്തു. ദൈവം അമോര്യരെ ആശയക്കുഴപ്പത്തില് ആക്കുകയും താന് വലിയ ആലിപ്പഴങ്ങളെ അയക്കുകയും അങ്ങനെ നിരവധി അമോര്യര് കൊല്ലപ്പെടുകയും ചെയ്തു.
- **15:12** ഈ യുദ്ധത്തിനു ശേഷം, ദൈവം **യിസ്രയേലിന്റെ** ഓരോ ഗോത്രത്തിനും അവരുടെതായ വാഗ്ദത്ത ഭൂമിയുടെ ഭാഗം നല്കി. അനന്തരം ദൈവം **ഇസ്രയേലിന്** അതിന്റെ എല്ലാ അതിരുകളിലും സമാധാനം നല്കി.
- **16:16** അതുകൊണ്ട് ദൈവം **ഇസ്രയേലിനെ** വീണ്ടു വിഗ്രഹാരാധന ചെയ്യുക നിമിത്തം ശിക്ഷിക്കുവാന് ഇടയായി.
- **43:06** "**ഇസ്രയേല്** പുരുഷന്മാരെ, നിങ്ങള് കാണുകയും അറിയുകയും ചെയ്തിട്ടുള്ള പ്രകാരം യേശു എന്ന മനുഷ്യന് ദൈവത്തിന്റെ ശക്തിയാല് നിരവധി ശക്തമായ അടയാളങ്ങളും അത്ഭുതങ്ങളും ചെയ്തിരിക്കുന്നു."

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3478, H3479, H3481, H3482, G935, G2474, G2475

# ഉടമ്പടി വിശ്വസ്തത, ഉടമ്പടി വിധേയത്വം,സ്നേഹാര്ദ്രമായ ദയ, പരാജിതമാകാത്ത സ്നേഹം

## നിര്വചനം

ഈ പദം ദൈവം തന്റെ ജനത്തോടു ചെയ്തതായ വാഗ്ദത്തങ്ങളെ നിറവേറ്റുവാന്ഉള്ളതായ ദൈവത്തിന്റെ സമര്പ്പണത്തെ സൂചിപ്പിക്കുന്നു.

- ദൈവം ഇസ്രയേല്ജനത്തോടു "ഉടമ്പടികള്" എന്നു വിളിക്കുന്ന ഔപചാരിക കരാറുകളോടുകൂടെ വാഗ്ദത്തങ്ങള്ചെയ്തു. യഹോവയുടെ "ഉടമ്പടി വിശ്വസ്തത" അല്ലെങ്കില്"ഉടമ്പടി വിധേയത്വം" എന്നതുദൈവം തന്റെ ജനത്തോടു ചെയ്ത വാഗ്ദത്തങ്ങളെ നിറവേറ്റുന്നു എന്നു സൂചിപ്പിക്കുന്നതാണ്.
- ദൈവം തന്റെ ഉടമ്പടി വാഗ്ദത്തങ്ങളെ പാലിക്കുവാന്വിശ്വസ്തനായിരിക്കുന്നു എന്നത് തന്റെ ജനത്തോടുള്ള തന്റെ കൃപയുടെ ഒരു പ്രകടനമാണ്.
- "വിധേയത്വം" എന്ന പദം സമര്പ്പിതവും ആശ്രയയോഗ്യവും ആണ് എന്നു സൂചിപ്പിക്കുന്നതിനുള്ള വേറൊരു വാക്കാണ്, വേറൊരാള്ക്ക് പ്രയോജനപ്പെടുന്ന വിധം ചെയ്യുകയും പ്രസ്താവിക്കുകയും വഴി ഇതു പ്രയോജനീഭവിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

ഈ പദം പരിഭാഷപ്പെടുത്തുന്ന വിധം "ഉടമ്പടി" "വിശ്വസ്തത" എന്നീ പദങ്ങള്പരിഭാഷപ്പെടുത്തുന്ന വിധത്തെ ആശ്രയിച്ചു കാണപ്പെടുന്നു. ഈ പദം പരിഭാഷപ്പെടുത്തുന്ന ഇതര മാര്ഗ്ഗങ്ങളില്, "വിശ്വസ്തതയുള്ള സ്നേഹം" അല്ലെങ്കില്"കൂറുള്ള, അര്പ്പണമുള്ള സ്നേഹം" അല്ലെങ്കില്"സ്നേഹ നിബിഡമായ ആശ്രയത്വം" എന്നിവയും ഉള്പ്പെടുത്താം.

(കാണുക: ഉടമ്പടി, വിശ്വസ്തത, കൃപ, ഇസ്രയേല്, ദൈവജനം, വാഗ്ദത്തം)

## ദൈവവചന സൂചികകള്:

- എസ്രാ 03:10-11
- സംഖ്യാപുസ്തകം 14:17-19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2617

# ഉടമ്പടി, ഉടമ്പടികള്, പുതിയ ഉടമ്പടി

## നിര്വചനം:

ഒരു ഉടമ്പടി എന്നത് ഉപചാരപൂര്വമായ, ഇരു കക്ഷികള്ക്കുമിടയില്ഒരാളോ അല്ലെങ്കില്രണ്ടുപേരോ നിറവേറ്റുവാന്ബാധ്യസ്തമായ സമ്മതം.

- ഈ ഉടമ്പടി രണ്ടു വ്യക്തികള്ക്കിടയിലോ, രണ്ടു ജനസംഘങ്ങള്ക്കിടയിലോ, ദൈവത്തിനും ജനങ്ങള്ക്കുമിടയിലോ നടപ്പിലാക്കാം.
- ആളുകള്തമ്മില്പരസ്പരം ഉടമ്പടി ഉണ്ടാക്കുമ്പോള്, അവര്ഒരു കാര്യം ചെയ്തുകൊള്ളാം എന്നു വാഗ്ദത്തം ചെയ്യുകയും അവര്അത് ചെയ്യുവാന്ബാധ്യസ്ഥരാകുകയും ചെയ്യുന്നു.
- മനുഷ്യരുടെ ഉടമ്പടികളില്വിവാഹ ഉടമ്പടി, വ്യാപാര ഉടമ്പടി, ഇരു രാജ്യങ്ങള്ക്കിടയിലുള്ള സഖ്യ ഉടമ്പടി ആദിയായവ ഉദാഹരണങ്ങള്ആണ്.
- ദൈവവചനത്തിലുടനീളം, ദൈവം തന്റെ ജനത്തോടു നിരവധി വ്യത്യസ്ത ഉടമ്പടികള്ചെയ്തിട്ടുണ്ട്.
- ചില ഉടമ്പടികളില്, ദൈവം യാതൊരു നിബന്ധനകളും കൂടാതെ തന്റെ വാഗ്ദത്തങ്ങള്നിറവേറ്റാമെന്നു വാഗ്ദത്തം ചെയ്തിട്ടുണ്ട്. ഉദാഹരണമായി, ലോകവ്യാപകമായി ഇനി ഒരു ജലപ്രളയത്താല്ഭൂമിയെ നശിപ്പിക്കയില്ല എന്നു ദൈവം മനുഷ്യനോടു വാഗ്ദത്തം ചെയ്തപ്പോള്, ഈ വാഗ്ദത്തത്തില്ജനം നിറവേറ്റെണ്ടതായ ഒരു നിബന്ധനയും ഉണ്ടായിരുന്നില്ല.
- മറ്റു ഉടമ്പടികളില്, ജനം തന്നെ അനുസരിക്കുകയും അവരുടെ ഭാഗത്തുള്ള ഉടമ്പടിയുടെ നിബന്ധന നിറവേറ്റുകയും ചെയ്താല്ദൈവം തന്റെ ഭാഗം പൂര്ത്തീകരിക്കാമെന്ന് വാഗ്ദത്തം ചെയ്തു. “പുതിയ ഉടമ്പടി” എന്ന പദം തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ യാഗം മൂലം ദൈവം തന്റെ ജനത്തോടു ചെയ്ത സമര്പ്പണം അല്ലെങ്കില്ഉടമ്പടി എന്നു സൂചിപ്പിക്കുന്നു.
- ദൈവത്തിന്റെ “പുതിയ ഉടമ്പടി” ദൈവവചനത്തില്“പുതിയനിയമം” എന്നു വിളിക്കുന്ന ഭാഗത്ത് വിശദീകരിച്ചിട്ടുണ്ട്. ഈ പുതിയ ഉടമ്പടി ദൈവം പഴയനിയമകാലത്ത് ഇസ്രയേല്ജനത്തോടു ചെയ്ത “പഴയ” അല്ലെങ്കില്“ആദ്യത്തെ” ഉടമ്പടിയുമായി വൈരുദ്ധ്യമുള്ളതാണ്.
- പുതിയ ഉടമ്പടി പഴയ ഉടമ്പടിയെക്കാള്മെച്ചമുള്ളതാണ് എന്തുകൊണ്ടെന്നാല്അത് എന്നെന്നേക്കുമായി മനുഷ്യരുടെ പാപത്തിനു പൂര്ണമായ പ്രായശ്ചിത്തം വരുത്തിയ യേശുവിന്റെ യാഗത്തില്അടിസ്ഥാനമിട്ടതാണ്. പഴയ ഉടമ്പടിയില്ചെയ്തുവന്ന യാഗങ്ങള്ഇപ്രകാരം ചെതിരുന്നില്ല.
- യേശുവില്വിശ്വാസികളായിത്തീര്ന്നവരുടെ ഹൃദയത്തില്ദൈവം പുതിയ ഉടമ്പടിയെ എഴുതിയിരിക്കുന്നു. ഇതു അവര്ദൈവത്തെ അനുസരിക്കുവാനും വിശുദ്ധ ജീവിതം ആരംഭിപ്പാനും അവരോടു ആവശ്യപ്പെടുന്നു.
- പുതിയ ഉടമ്പടിയുടെ സമ്പൂര്ണ്ണ പൂര്ത്തീകരണം ദൈവം തന്റെ രാജ്യം ഭൂമിയില്സ്ഥാപിക്കുന്നതോടെ അന്ത്യകാലത്ത്നിരവേറ്റപ്പെടും ദൈവം ഈ ഭൂമിയെ സൃഷ്ടിച്ചനാളില്ആയിരുന്നതുപോലെ, വീണ്ടും ഒരിക്കല്കൂടെ എല്ലാം നന്നായി തീരും.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യമനുസരിച്ച്, ഈ പദം പരിഭാഷപ്പെടുത്തുന്നതില്, “നിബന്ധനാപൂര്വ മായ ഉടമ്പടി” അല്ലെങ്കില്“ഔപചാരികമായ ഉടമ്പടി” അല്ലെങ്കില്“സത്യപ്രതിജ്ഞ” അല്ലെങ്കില്“കരാര്” എന്നിവ ഉള്പ്പെടുത്താം.
- ഒരു കക്ഷിയോ ഇരു കക്ഷികളോ തമ്മില്ഉണ്ടാക്കിയ വാഗ്ദത്തം അവര്സൂക്ഷിക്കേണ്ടതിനു അനുയോജ്യമായ ഉടമ്പടി വാക്കുകള്വ്യത്യസ്തമായി ചില ഭാഷകളില്കണ്ടേക്കാം. ഉടമ്പടി എകപക്ഷീയമാണെങ്കില്, ഇതു “വാഗ്ദത്തം” അല്ലെങ്കില്“പ്രതിജ്ഞ” എന്നു പരിഭാഷപ്പെടുത്താം.
- ഈ പദത്തിന്റെ പരിഭാഷ ജനം ഉടമ്പടിയെ മുന്പോട്ടു വെച്ചതായ ധ്വനി ഉണ്ടാകാതവണ്ണം കരുതിക്കൊള്ളുക. ദൈവത്തിനും ജനത്തിനുമിടയില്ഉള്ള എല്ലാ ഉടമ്പടികളിലും, ഉടമ്പടിക്കായി ദൈവമാണ് മുന്കൈ എടുത്തിട്ടുള്ളത്.
- “പുതിയ ഉടമ്പടി” എന്ന പദം “പുതിയ ഔപചാരിക ഉടമ്പടി” അല്ലെങ്കില്“പുതിയ ഉടമ്പടി” അല്ലെങ്കില്“പുതിയ കരാര്” എന്നു പരിഭാഷപ്പെടുത്താം. ഈ പ്രയോഗങ്ങളിലെല്ലാം കാണുന്ന “പുതിയ” എന്ന പദം “നൂതനമായ ഉടമ്പടി” അല്ലെങ്കില്“പുതിയ കരാര്” എന്നു പരിഭാഷപ്പെടുത്താം.

(കാണുക: ഉടമ്പടി, വാഗ്ദത്തം)

## ദൈവവചന സൂചികകള്:

- ഉല്പ്പത്തി 09:11-13
- ഉല്പ്പത്തി 17:7-8
- ഉല്പ്പത്തി 31:43-44

- പുറപ്പാട് 34:10-11
- യോശുവ 24:24-26
- 2 ശമുവേല്23:5
- 2 രാജാക്കന്മാര്:11-12
- മര്ക്കോസ് 14:22-25
- ലൂക്കോസ് 01:72-75
- ലൂക്കോസ് 22:19-20
- അപ്പോ.പ്രവര്ത്തികള്07:6-8
- 1 കൊരിന്ത്യര്:25-26
- 2 കൊരിന്ത്യര്:4-6
- ഗലാതൃര്:17-18
- എബ്രായര്:22-24

## ദൈവവചനകഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **04:09** അനന്തരം ദൈവം അബ്രഹാമിനോട് ഒരു **ഉടമ്പടി** ചെയ്തു. ഒരു **ഉടമ്പടി** എന്നത് രണ്ടു കക്ഷികള്ക്കിടയിലുള്ള ഒരു സമ്മതം ആണ്.
- **05:04** ഞാന്യിശ്മയേലിനെ ഒരു വലിയ ജാതിയാക്കും, എന്നാല്എന്റെ **ഉടമ്പടി** യിസഹാക്കി നോട് ആയിരിക്കും.
- **06:04** ദീര്ഘകാലത്തിനുശേഷം, അബ്രഹാം മരിക്കുകയും ദൈവം അവനോടു വാഗ്ദത്തം ചെയ്തതായ **ഉടമ്പടി** യിലുള്ള സകലവും യിസഹാക്കിനു നല്കുകയും ചെയ്തു.
- **07:10** ദൈവം അബ്രഹാമിനോട് ചെയ്തതായ **ഉടമ്പടി** വാഗ്ദത്തങ്ങളും അനന്തരം യിസഹാക്കിനു നല്കിയതുമായത് എല്ലാം ഇപ്പോള്യാക്കോബിന് നല്കി.
- **13:02** ദൈവം മോശെയോടും ഇസ്രയേല്ജനത്തോടും പറഞ്ഞത്, "നിങ്ങള്എന്റെ വാക്ക് അനുസരിക്കുകയും **ഉടമ്പടി** സൂക്ഷിക്കുകയും ചെയ്താല്, നിങ്ങള്എന്റെ സമുന്നത അവകാശവും, പുരോഹിത രാജ്യവും, വിശുദ്ധ ജാതിയും ആയിരിക്കും.
- **13:04** അനന്തരം ദൈവം അവര്ക്ക് **ഉടമ്പടി** നല്കി പറഞ്ഞത്, "ഞാന്യഹോവ ആകുന്നു, നിങ്ങളെ മിസ്രയീമിന്റെ അടിമത്വത്തില്നിന്നു രക്ഷിച്ച നിങ്ങളുടെ ദൈവം തന്നെ. വേറെ ദൈവങ്ങളെ ആരാധിക്കരുത്."
- **15:13** അനന്തരം യോശുവ ജനത്തെ ദൈവം ഇസ്രയേല്യരോട് സീനായില്വെച്ച് ദൈവം അവരോടു ചെയ്ത **ഉടമ്പടി** അനുസരിക്കുവാനുള്ള അവരുടെ കടപ്പാടിനെക്കുറിച്ചു ഓര്മ്മപ്പെടുത്തി.
- **21:05** യിരെമ്യാവ് പ്രവാചകനില്കൂടെ ദൈവം ഒരു **പുതിയ ഉടമ്പടി** ചെയ്യുമെന്ന് വാഗ്ദാനം ചെയ്തു, എന്നാല്അത് സീനായില്വെച്ച് ഇസ്രയേല്ജനത്തോട് ചെയ്തത് പോലെയുള്ളത് അല്ല. **പുതിയ ഉടമ്പടിയില്** ദൈവം തന്റെ നിയമം ജനത്തിന്റെ ഹൃദയങ്ങളില്എഴുതും, ജനം ദൈവത്തെ വ്യക്തിപരമായി അറിയും, അവര്അവന്റെ ജനമായിരിക്കും, ദൈവം അവരുടെ പാപങ്ങള്ക്ഷമിക്കുകയും ചെയ്യും. മശീഹ പുതിയ **ഉടമ്പടി** ആരംഭിക്കും.
- **21:14** മശീഹയുടെ മരണത്താലും ഉയിര്പ്പിനാലും, ദൈവം പാപികളെ രക്ഷിക്കുവാനുള്ള തന്റെ പദ്ധതി നിവര്ത്തിക്കുകയും **പുതിയ ഉടമ്പടി** ആരംഭിക്കുകയും ചെയ്യും.
- **38:05** അനന്തരം യേശു പാനപാത്രം എടുത്തു പറഞ്ഞത്, "പാനം ചെയ്യുവിന്, ഇതു എന്റെ പാപവിമോചനത്തിനായി ചൊരിയപ്പെടുന്ന എന്റെ **പുതിയ നിയമത്തിന്റെ** രക്തം ആകുന്നു. ഇതില്നിന്ന് പാനം ചെയ്യുമ്പോഴെല്ലാം എന്റെ ഓര്മ്മക്കായി ഇതു ചെയ്യുവിന്."
- **48:11** എന്നാല്ദൈവം ഇപ്പോള്എല്ലാവര്ക്കും പ്രാപ്യമായ **പുതിയ ഉടമ്പടി** ചെയ്തുവല്ലോ. ഈ **പുതിയ ഉടമ്പടിയാല്**, ഏതു ജനവിഭാഗത്തില്പ്പെട്ട ആര്ക്കും യേശുവില്വിശ്വസിക്കുന്നതുമൂലം ദൈവജനത്തിന്റെ ഭാഗമായി തീരുവാന്കഴിയും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1285, H2319, H3772, G802, G1242, G4934

# ഉടമ്പടിപ്പെട്ടകം, യഹോവയുടെ പെട്ടകം

## നിര്വചനം

ഈ പദങ്ങള് സൂചിപ്പിക്കുന്നത് പ്രത്യേകതയുള്ളതടിയാല്നിര്മ്മിക്കപ്പെട്ടതും, , പൊന്നു കൊണ്ടു പൊതിഞ്ഞതും പത്തുകല്പ്പനകള്എഴുതിയതായ കല്പ്പലകകള്അകത്ത് ഉള്ളതുമായ പെട്ടകം എന്നാണ്. അഹരോന്റെ തളിര്ത്ത വടിയും മന്ന നിറച്ചതായ ഒരു പാത്രവുമുണ്ട്. "പെട്ടകം" എന്ന പദം ഇവിടെ "പെട്ടി" അല്ലെങ്കില്, "ഉറപ്പുള്ള വലിയ പെട്ടകം" അല്ലെങ്കില്"സംഭരണി" എന്നു പരിഭാഷപ്പെടുത്താവുന്നതാണ്.

- ഈ പെട്ടകത്തിനകത്തുള്ള വസ്തുക്കള്ഇസ്രയേല്ജനതയോടുള്ള ദൈവത്തിന്റെ ഉടമ്പടിയെ ഓര്മ്മപ്പെടുത്തുന്നതായിരുന്നു.
- ഉടമ്പടിപ്പെട്ടകം "മഹാപരിശുദ്ധസ്ഥലത്ത്" ആണ് വെച്ചിരുന്നത്.
- ഇസ്രയേല്ജനങ്ങള്ക്കുവേണ്ടി മോശെയോടു സംസാരിക്കുവാന്, ദൈവസാന്നി ധ്യം സമാഗമനകൂടാരത്തിലെ മഹാപരിശുദ്ധസ്ഥലത്തുള്ള ഉടമ്പടിപ്പെട്ടകത്തിന്റെ മുകളില്പ്രത്യക്ഷമായി.
- ദേവാലയത്തിലെ മഹാപരിശുദ്ധ സ്ഥലത്ത് ഉടമ്പടിപ്പെട്ടകം ഉണ്ടായിരുന്ന സമയ ത്ത്, വര്ഷത്തില്ഒരിക്കല്മഹാപാപപരിഹാര ദിവസത്തില് മഹാപുരോഹി തന് മാത്രം ഉടമ്പടിപെട്ടകത്തോട് അടുത്തുവരുവാന്കഴിയുമായിരുന്നുള്ളൂ.
- നിരവധി ഇംഗ്ലിഷ് ഭാഷാന്തരങ്ങളില്"ഉടമ്പടി പ്രമാണങ്ങള്" എന്ന പദം അക്ഷരീകമായി "സാക്ഷ്യം" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നു.
- ഇതു സൂചിപ്പിക്കുന്ന യാഥാര്ത്ഥ്യം എന്തെന്നാല്പത്തുകല്പ്പനകള്എന്നത് തന്റെ ജനത്തോടുള്ള ദൈവത്തിന്റെ സാക്ഷ്യങ്ങള്അല്ലെങ്കില്സാക്ഷികള്ആകുന്നു എന്നാണ്. ഇതു "ഉടമ്പടി പ്രമാണം" എന്നും പരിഭാഷപ്പെടുത്താം.

(കാണുക:പെട്ടകം, ഉടമ്പടി, പ്രായശ്ചിത്തം, വിശുദ്ധ സ്ഥലം, സാക്ഷ്യം)

## ദൈവവചന സൂചികകള്:

- 1 ശാമുവല്06:14-15
- പുറപ്പാട് 25:10-11
- എബ്രായര്09:3-5
- ന്യായാധിപന്മാര് 20:27-28
- സംഖ്യാപുസ്തകം 07:89
- വെളിപ്പാട് 11:19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H727, H1285, H3068

# ഉപമ, ഉപമകള്

## നിര്വചനം:

“ഉപമ” എന്ന പദം സാധാരണയായി ഒരു ധാര്മിക സത്യം വിശദീകരിക്കേണ്ടതിനോ അല്ലെങ്കില്പഠിപ്പിക്കേണ്ടതിനു വേണ്ടിയോ പ്രസ്താവിക്കുന്ന ഒരു ചെറിയ കഥയോ അല്ലെങ്കില്ഒരു വസ്തുതാ പാഠമോ എന്ന് സാധാരണയായി സൂചിപ്പിക്കുന്നു.

- യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുവാന്വേണ്ടി ഉപമകള്ഉപയോഗിച്ചു. താന്ജന സമൂഹത്തോടു സംസാരിക്കുമ്പോള്ഉപമകള്പ്രസ്താവിച്ചിരുന്നു എങ്കിലും, എല്ലായ്പ്പോഴും ഉപമകളെ വിശദീകരിച്ചിരുന്നില്ല.
- ഒരു ഉപമ എന്നത് തന്റെ ശിഷ്യന്മാര്ക്ക് സത്യം വെളിപ്പെടുത്തുവാന്വേണ്ടി ഉപയോഗിക്കുമ്പോള്യേശുവില്വിശ്വസിക്കാത്ത പരീശന്മാരെ പോലെ ഉള്ള ജനത്തിനു ആ സത്യങ്ങളെ മറച്ചു വെച്ചിരുന്നു.
- ദാവീദു രാജാവിന് തന്റെ ഘോരമായ പാപത്തെ ഉണര്ത്തുവാന്നാഥാന്പ്രവാചകന്തന്നോട് ഒരു ഉപമ പറയുവാന്ഇടയായി.
- നല്ല ശമര്യക്കാരന്റെ കഥ ഒരു ഉപമയുടെ ഉദാഹരണമായ കഥയാണ്. പഴയതും പുതിയതുമായ തുരുത്തികളുടെ ഉദാഹരണമായ ഉപമ യേശുവിന്റെ ഉപദേശങ്ങള്ശിഷ്യന്മാര്ഗ്രഹിക്കേണ്ടതിനു സഹായകരമായ നിലയില്നല്കിയ വസ്തുത ആകുന്നു.

(കാണുക: ശമര്യ)

## ദൈവ വചന സൂചികകള്:

- ലൂക്കോസ് 05:36
- ലൂക്കോസ് 06:39-40
- ലൂക്കോസ് 08:4-6
- ലൂക്കോസ് 08:9-10
- മര്ക്കോസ് 04:1-2
- മത്തായി 13:3-6
- മത്തായി 13:10-12
- മത്തായി 13:13-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1819, H4912, G3850, G3942

# ഉപേക്ഷിക്കുക, ഉപേക്ഷിക്കുന്നു, ഉപേക്ഷിക്കപ്പെട്ട, ഉപേക്ഷിച്ചു

## നിര്വചനം:

"ഉപേക്ഷിക്കുക" എന്ന പദം ആരെയെങ്കിലും നിരോധിക്കുക അല്ലെങ്കില് എന്തിനെയെങ്കിലും ഉപേക്ഷിക്കുക എന്നു അര്ത്ഥം നല്കുന്നു. "ഉപേക്ഷിക്കപ്പെട്ട" ഒരുവന് എന്നാല് വേറൊരുവനാല് ഉപേക്ഷിക്ക പ്പെട്ടവന് അല്ലെങ്കില് നിരോധിക്കപ്പെട്ടവന് ആകുന്നു.

- ജനം ദൈവത്തെ "ഉപേക്ഷിക്കുമ്പോള്", അവര് അവനെ അനുസരി ക്കാത്തത് നിമിത്തം അവനോടു അവിശ്വസ്തത ഉള്ളവരായി തീരുന്നു.
- ദൈവം ജനത്തെ "കൈവെടിയുമ്പോള്" താന് അവരെ സഹായിക്കുന്നത് നിര്ത്തുകയും അവര് വീണ്ടും തന്റെ അടുക്കല് മടങ്ങി വരുവാന് കാരണം ആകേണ്ടതിനായി അവര് കഷ്ടത അനുഭവിക്കുവാന് അനുവദിക്കുകയും ചെയ്യുന്നു.
- ഈ പദം വസ്തുതക്കളെ ഉപേക്ഷിക്കുവാന്, ദൈവത്തിന്റെ ഉപദേശങ്ങളെ ഉപേക്ഷിച്ചു, അല്ലെങ്കില്അവയെ പിന്തുടരാതെ പോകുന്നതിനെയും അര്ത്ഥമാക്കുന്നു.
- "ഉപേക്ഷിക്കപ്പെട്ട" എന്ന പദം ഭൂതകാല ക്രിയയായി, "അവന്നിന്നെ ഉപേക്ഷിച്ചു" അല്ലെങ്കില്"ഉപേക്ഷിക്കപ്പെട്ടവന്" എന്ന് ആരെയെങ്കിലും സൂചിപ്പിക്കുന്നത് എന്നപോലെ ഉപയോഗിക്കാം.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം പരിഭാഷ ചെയ്യുവാനുള്ള ഇതര രീതികളില്"നിരോധിക്കുക" അല്ലെങ്കില്"നിരാകരിക്കുക" അല്ലെങ്കില്"ഉപേക്ഷിക്കുക" അല്ലെങ്കില്"കടന്നു പോകുക" അല്ലെങ്കില്പുറകിലേക്ക് തള്ളിക്കളയുക" എന്നിങ്ങനെ സാഹചര്യം അനുസരിച്ച് പരിഭാഷ ചെയ്യാം.
- ദൈവത്തിന്റെ പ്രമാണം "തള്ളിക്കളയുക" എന്നാല്"ദൈവത്തിന്റെ പ്രമാണം അനുസരിക്കാതെ ഇരിക്കുക" എന്നു പരിഭാഷ ചെയ്യാം. ഇത് അവന്റെ ഉപദേശങ്ങളെ അല്ലെങ്കില്അവന്റെ പ്രമാണങ്ങളെ "തള്ളിക്കളയുക" അല്ലെങ്കില്"ഉപേക്ഷിക്കുക" അല്ലെങ്കില്"അനുസരിക്കുന്നത് നിര്ത്തലാക്കുക" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "ഉപേക്ഷിക്കപ്പെട്ടവന്ആകുക" എന്ന പദസഞ്ചയം "തള്ളപ്പെട്ടവന്ആകുക" അല്ലെങ്കില്"നിരാകരിക്കപ്പെട്ടവന്ആകുക" എന്നും പരിഭാഷ ചെയ്യാം.
- ഒരു വസ്തുവിനെയാണോ ഒരു വ്യക്തിയെയാണോ പടം സൂചിപ്പിക്കുന്നത് എന്നതിന് അനുസരിച്ചു കൂടുതല്വ്യക്തത നല്കുന്ന വ്യത്യസ്ത പദങ്ങള്ഉപയോഗിച്ച് ഈ വാക്ക് പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്06:11-13
- ദാനിയേല്11:29-30
- ഉല്പ്പത്തി 24:26-27
- യോശുവ 24:16-18
- മത്തായി 27:45-47
- സദൃശവാക്യങ്ങള്27:9-10
- സങ്കീര്ത്തനങ്ങള്071:17-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H488, H2308, H5203, H5428, H5800, H5805, H7503, G646, G657, G863, G1459, G2641,

# എതിര്ക്രിസ്തു, എതിര്ക്രിസ്തുക്കള്

## നിര്വചനം:

"എതിര്ക്രിസ്തു" എന്ന പദം യേശുക്രിസ്തുവിനും തന്റെ പ്രവര്ത്തിക്കും എതിരാ യുള്ള വ്യക്തിയെ അല്ലെങ്കില്ഉപദേശത്തെ സൂചിപ്പിക്കുന്നു. ലോകത്തില്വളരെയധികം എതിര്ക്രിസ്തുക്കള്ഉണ്ട്.

- യേശു മശീഹയല്ലെന്നു പറഞ്ഞു ജനങ്ങളെ വഞ്ചിക്കുകയും യേശു ദൈവവും മനുഷ്യനും ആണെന്നത് നിഷേധിക്കുകയും ചെയ്യുന്ന വ്യക്തി എതിര്ക്രിസ്തു ആണെന്ന് അപ്പോസ്തലനായ യോഹന്നാന്എഴുതിയിരിക്കുന്നു.
- യേശുവിന്റെ പ്രവര്ത്തികളെ എതിര്ക്കുന്ന ഒരു പൊതുവായ എതിര്ക്രിസ്തു വിന്റെ ആത്മാവ് ലോകത്തില്ഉണ്ടെന്നു ദൈവവചനം പഠിപ്പിക്കുന്നു.
- പുതിയനിയമത്തിലെ വെളിപ്പാടുപുസ്തകം 'എതിര്ക്രിസ്തു" എന്നു വിളിക്ക പ്പെടുന്ന, അന്ത്യകാലത്തെ്വളിപ്പെടുന്ന ഒരു വ്യക്തി ഉണ്ടാകുമെന്ന് വിശദീക രിക്കുന്നു. ഈ വ്യക്തി ദൈവജനത്തെ നശിപ്പിക്കുവാന്ഒരുംപെടും, എന്നാല്അവന്യേശുവിനാല്പരാജിതനാകും.

## പരിഭാഷ നിര്ദേശങ്ങള്:

- വേറെ മാര്ഗ്ഗത്തില്ഈ പദം പരിഭാഷപ്പെടുത്തുമ്പോള്ഉള്പ്പെടുത്തുന്ന പദം അല്ലെങ്കില്പദസഞ്ചയം അര്ത്ഥമാക്കുന്നത് "ക്രിസ്തു-എതിരാളി", അല്ലെങ്കില്"ക്രിസ്തുവിന്റെ ശത്രു" അല്ലെങ്കില്"ക്രിസ്തുവിനു എതിരായുള്ള വ്യക്തി" എന്നാണ്.
- അന്തിക്രിസ്തുവിന്റെ ആത്മാവ്" എന്ന പദസഞ്ചയം "ക്രിസ്തുവിനു എതിരാ യുള്ള ആത്മാവ്" അല്ലെങ്കില്"(ആരെങ്കിലും)ക്രിസ്തുവിനെക്കുറിച്ച് അസത്യം പഠിപ്പിക്കുന്നത്" അല്ലെങ്കില്"ക്രിസ്തുവിനെക്കുറിച്ചുള്ള അസത്യങ്ങള്വിശ്വസി ക്കുന്ന സ്വഭാവം" അല്ലെങ്കില്"ക്രിസ്തുവിനെക്കുറിച്ച് അസത്യങ്ങള്പഠിപ്പിക്കുന്ന ആത്മാവ്" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- ഒരു ദേശീയ ഭാഷയില്അല്ലെങ്കില്പ്രാദേശിക ഭാഷയില്ഈ പദം എപ്രകാരം പരിഭാഷപ്പെടുത്തിയിരിക്കുന്നു എന്നതും പരിഗണിക്കുക.

(കാണുക:അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ക്രിസ്തു, വെളിപ്പെടുത്തുക, മഹോപദ്രവം)

## ദൈവവചന സൂചികകള്:

- 1യോഹന്നാന്02:18-19
- 1യോഹന്നാന്04:1-3
- 2യോഹന്നാന്01:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G500

# എഫോദ്

## നിര്വചനം:

ഇസ്രയേല്യ പുരോഹിതന്മാര് അണിഞ്ഞു വന്നിരുന്ന ഒരു മേലങ്കി പോലുള്ള വസ്ത്രം ആണിത്. മുന്വശവും പുറകുവശവുമായി ഇതിനു രണ്ടു ഭാഗങ്ങള്ഉണ്ടായിരുന്നു, അവ തോള് ഭാഗത്ത് ഒരുമിച്ചു യോജിപ്പിക്കുകയും അരയില് തുണി കൊണ്ടുള്ള വാറിനാല് കെട്ടുകയും ചെയ്തിരുന്നു.

- ശുദ്ധമായ പഞ്ഞികൊണ്ട് നിര്മ്മിച്ച ഒരുതരം എഫോദ് സാധാരണ പുരോഹിതന്മാര് ധരിച്ചിരുന്നു.
- മഹാപുരോഹിതന് അണിഞ്ഞിരുന്ന എഫോദ് സ്വര്ണ്ണം, നീല, ധൂമ്രം, ചുവപ്പ് എന്നീ നൂലുകളാല് ചിത്രത്തയ്യലായി പ്രത്യേകതയോടെ നിര്മ്മിച്ചു ധരിക്കുമായിരുന്നു.
- എഫോദിന്റെ മുന്വശത്ത് മാര്പ്പതക്കം പിടിപ്പിച്ചിരുന്നു. മാര്പ്പതക്കത്തിനു പുറകില് ചില പ്രത്യേക കാര്യങ്ങളില് ദൈവത്തിന്റെ ഹിതം എന്തെന്ന് ദൈവത്തോട് ചോദിക്കുവാനായി ഉപയോഗിച്ചിരുന്ന ഊറിമ്മും തുമ്മീമും വെച്ചിരുന്നു.
- ന്യാധാധിപനായിരുന്ന ഗിദെയോന് വിഡ്ഢിത്തമായി ഒരു എഫോദ് സ്വര്ണ്ണം കൊണ്ട് ഉണ്ടാക്കുകയും അത് ഇസ്രയേല്യര് ഒരു വിഗ്രഹമായി ആരാധിക്കുവാന് ഇടയായി തീരുകയും ചെയ്തു.

(കാണുക: പുരോഹിതന്)

## ദൈവവചന സൂചികകള്:

- 1 ശമുവേല്:18-19
- പുറപ്പാട് 28:4-5
- ഹോശേയ 03:4-5
- ന്യായാധിപന്മാര്:27-28
- ലെവ്യാപുസ്തകം 08:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H641, H642, H646

# എബ്രായ ഭാഷ, എബ്രായര്

## വസ്തുതകള്:

"എബ്രായര്" അബ്രഹാമില്നിന്നും യിസഹാക്കിന്റെയും യാക്കോബിന്റെയും വംശാവലിയില്കൂടെ ഉളവായ സന്തതികള്ആയിരുന്നു. അബ്രഹാമാണ് ആദ്യമായി ദൈവ വചനത്തില്"എബ്രായന്" എന്ന് വിളിക്കപ്പെട്ടിരിക്കുന്ന വ്യക്തി. "എബ്രായ" എന്നത് എബ്രായര്സംസാരിക്കുന്ന ഭാഷയെ സൂചിപ്പിക്കുന്നു. പഴയ നിയമത്തിലെ സിംഹഭാഗവും എബ്രായ ഭാഷയില്ആണ് രചിച്ചിട്ടുള്ളത്.

- ദൈവ വചനത്തിലെ വിവിധ ഭാഗങ്ങളില്, എബ്രായരെ "യഹൂദ ജനങ്ങള്" അല്ലെങ്കില്"യിസ്രായേല്യര്" എന്ന് വിളിച്ചിരിക്കുന്നു. ഈ മൂന്നു പദങ്ങളും പ്രത്യേകമായി ഉപയോഗത്തില്സൂക്ഷിക്കുന്നത് നല്ലതാണ്, ഈ പടങ്ങള്എല്ലാം തന്നെ ഒരേ ജനവിഭാഗത്തെ സൂചിപ്പിക്കുന്നു എന്നുള്ളത് വ്യക്തമാണ്.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ഇസ്രയേല്, യഹൂദന്, യഹൂദ നേതാക്കന്മാര്)

## ദൈവ വചന സൂചികകള്:

- അപ്പോ.26:12-14
- ഉല്പ്പത്തി 39:13-15
- ഉല്പ്പത്തി 40:14-15
- ഉല്പ്പത്തി 41:12-13
- യോഹന്നാന്05:1-4
- യോഹന്നാന്19:12-13
- യോനാ 01:8-10
- ഫിലിപ്പിയര്03:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5680, G1444, G1445, G1446, G1447

# ഏറ്റുപറയുക, ഏറ്റുപറഞ്ഞു, ഏറ്റുപറയുന്നു, ഏറ്റുപറച്ചില്

## നിര്വചനം:

ഏറ്റുപറച്ചില്എന്നാല്എന്തെങ്കിലും അംഗീകരിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്യുക എന്നാണര്ത്ഥം. പ്രസ്തുത കാര്യം സത്യമാണെന്നു അംഗീകരിക്കുകയോ പ്രസ്താവിക്കുകയോ ചെയ്യുന്നതാണ് "ഏറ്റുപറച്ചില്".

- "ഏറ്റുപറയുക" എന്ന പദം ദൈവത്തെക്കുറിച്ചുള്ള സത്യം ധൈര്യപൂര്വ്വം പ്രസ്താവിക്കുന്നതിനെ "ഏറ്റുപറച്ചില്" എന്ന പദം സൂചിപ്പിക്കുന്നു. നാം പാപം ചെയ്തു എന്നു സമ്മതിക്കുന്നതിനെയും ഇതു സൂചിപ്പിക്കുന്നു.
- ദൈവവചനം പറയുന്നത് ജനം അവരുടെ പാപങ്ങള്ദൈവത്തോട് ഏറ്റുപറയുമെങ്കില്, താന്അവരോടു ക്ഷമിക്കുമായിരുന്നു.
- വിശ്വാസികള്പരസ്പരം അവരുടെ പാപങ്ങള്ഏറ്റുപറയുമെങ്കില്, അത് ആത്മീയ സൌഖ്യം കൊണ്ടുവരുമെന്ന് അപ്പോസ്തലനായ യാക്കോബ് തന്റെ ലേഖനത്തില്എഴുതിയിരിക്കുന്നു.
- പൌലോസ് ഫിലിപ്പിയര്ക്കു ലേഖനമെഴുതിയപ്പോള്എല്ലാവരും ഒരു ദിവസം യേശുവാണ് കര്ത്താവ് എന്നു ഏറ്റുപറയുകയോ പ്രഖ്യാപിക്കുകയോ ചെയ്യുമെന്ന് എഴുതി.
- പൌലോസ് പറഞ്ഞത് ജനം യേശുവിനെ കര്ത്താവ്എന്നു ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരുടെ ഇടയില്നിന്നു ഉയിര്പ്പിച്ചു എന്നു വിശ്വസിക്കുകയും ചെയ്താല്, അവരക്ഷിക്കപ്പെടും എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യത്തിനനുസരിച്ച്, "ഏറ്റുപറയുക" എന്നത് "അംഗീകരിക്കുക", അല്ലെങ്കില്"സാക്ഷീകരിക്കുക" അല്ലെങ്കില്"പ്രഖ്യാപിക്കുക" അല്ലെങ്കില്"സമ്മതിക്കുക" അല്ലെങ്കില്"ഉറപ്പിക്കുക" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- "ഏറ്റുപറച്ചില്" എന്നത് വിവിധ നിലകളില്"പ്രഖ്യാപനം" അല്ലെങ്കില്"സാക്ഷ്യം" അല്ലെങ്കില്"നാം വിശ്വസിക്കുന്നത് ഇന്നതാകുന്നു എന്ന പ്രസ്താവന" അല്ലെങ്കില്"പാപങ്ങള്സമ്മതിക്കുക" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

(കാണുക: വിശ്വാസം, സാക്ഷ്യം)

## ദൈവവചന സൂചികകള്:

- 1 യോഹന്നാന്:8-10
- 2 യോഹന്നാന്:7-8
- യാക്കോബ് 05:16-18
- ലേവ്യപുസ്തകം 05:5-6
- മത്തായി 03:4-6
- നെഹെമ്യാവ് 01:6-7
- ഫിലിപ്പിയര്:9-11
- സങ്കീര്ത്തനങ്ങള്:17-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3034, H8426, G1843, G3670, G3671

# കപടത ഉള്ളവന്, കപടത ഉള്ളവര്, കാപട്യം

## നിര്വചനം:

“കപടത ഉള്ളവന്” എന്ന പദം സൂചിപ്പിക്കുന്നത് ഒരു വ്യക്തി തന്നെ നീതിമാന്എന്ന് പ്രകടിപ്പിക്കുന്നെങ്കിലും രഹസ്യത്തില്ദോഷകരമായ രീതിയില്പ്രവര്ത്തിക്കുനവന്ആണ്. “കാപട്യം”എന്ന പദം സൂചിപ്പിക്കുന്നത് ഒരുവനെ നീതിമാന്എന്ന് ജനം ധരിക്കത്തക്ക വിധം അവരെ വഞ്ചിക്കുന്ന സ്വഭാവം പുലര്ത്തുക എന്നാണ്.

- കപടത ഉള്ളവര്ജനം അവരെക്കുറിച്ച് നല്ല ആളുകള്എന്ന് ധാരണ പുലര്ത്ത തക്കവിധം നല്ല കാര്യങ്ങള്ചെയ്യുന്നവരെപ്പോലെ പ്രകടിപ്പിക്കും.
- സാധാരണയായി കപടത ഉള്ളവര്അവരെപ്പോലെ തന്നെ പാപ പ്രവര്ത്തികളെ ചെയ്യുന്നവരെ കുറിച്ച് വിമര്ശനം ചെയ്യും.
- യേശു പരീശന്മാരെ കപടഭക്തര്എന്ന് വിളിച്ചു എന്തുകൊണ്ടെന്നാല്അവര്പ്രത്യേക വസ്ത്രം ധരിച്ചും പ്രത്യേക ഭക്ഷണം കഴിച്ചും വളരെ മതഭക്തരെപ്പോലെ അഭിനയിച്ചു, എങ്കിലും ജനത്തോടു ദയയോടെയോ നല്ല രീതിയിലോ ഇടപെട്ടിരുന്നില്ല. കപടതയുള്ള ഒരുവന്തന്റെ കുറ്റങ്ങളെ സമ്മതിക്കയില്ല, മറിച്ച് മറ്റുള്ളവരുടെ പോരായ്മകളെ ചൂണ്ടിക്കാണിച്ചു കൊണ്ടിരിക്കും.

## പരിഭാഷ നിര്ദേശങ്ങള്:

ചില ഭാഷകളില്“ഇരട്ട-മുഖം ഉള്ളവന്” എന്നത് പോലെയുള്ള പദപ്രയോഗങ്ങള്ഒരു കപടതയുള്ള വ്യക്തിയെയോ അല്ലെങ്കില്കപടതയുള്ള ഒരു വ്യക്തിയുടെ പ്രവര്ത്തികളെയോ സൂചിപ്പിക്കുവാന്ഉണ്ട്.

- ”കപടതയുള്ള വ്യക്തി” എന്നതിനെ പരിഭാഷ ചെയ്യുന്നതിനുള്ള മറ്റു രീതികളില്“പറ്റിക്കുന്നവന്” അല്ലെങ്കില്“അഭിനയിക്കുന്നവന്” അല്ലെങ്കില്“അഹങ്കാരിയായ” അല്ലെങ്കില്“വഞ്ചിക്കുന്നവന്” എന്നിങ്ങനെ ഉള്പ്പെടുത്താം.
- ”കാപട്യം” എന്ന പദം “വഞ്ചന” അല്ലെങ്കില്“വ്യാജ പ്രവര്ത്തികള്” അല്ലെങ്കില്“അഭിനയം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്;

- ഗലാത്യര്02:13-14
- ലൂക്കോസ് 06:41-42
- ലൂക്കോസ് 12:54-56
- ലൂക്കോസ് 13:15-16
- മര്ക്കോസ് 07:6-7
- മത്തായി 06:1-2
- റോമര്12:9-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H120, H2611, H2612, G505, G5272, G5273

# കരുണ, കരുണ നിറഞ്ഞ

## നിര്വചനം:

“കരുണ” എന്നും “കരുണ നിറഞ്ഞ” എന്നും ഉള്ള പദങ്ങള്ആവശ്യത്തില്ഇരിക്കുന്ന ജനത്തിനു സഹായം നല്കുന്ന, പ്രത്യേകാല്അവര്താഴ്ച്ചയിലോ എളിമയിലോ ആയ സാഹചര്യത്തില്ആയിരിക്കുമ്പോള്സഹായിക്കുന്നതിനെ സൂചിപ്പിക്കുന്നു.

- “കരുണ” എന്ന പദം ജനം ചെയ്ത തെറ്റിന് അവരെ ശിക്ഷിക്കാതിരിക്കുന്നത് എന്നും കൂടെ അര്ത്ഥം ഉള്പ്പെടുന്നു.
- രാജാവ് പോലെ അധികാരം ഉള്ള ഒരു വ്യക്തി “കരുണ നിറഞ്ഞവന്” ആകുക എന്നാല്താന്ജനങ്ങളെ ഉപദ്രവിക്കുന്നതിനു പകരം ജനങ്ങളെ ദയാപുരസ്സരം നടത്തുക എന്നു വിശദമാക്കുന്നു.
- കരുണ നിറഞ്ഞ എന്ന പദം നമുക്ക് എതിരായി തെറ്റു ചെയ്യുന്ന വ്യക്തിയെ ക്ഷമിക്കുന്നതു എന്നും അര്ത്ഥം കൊള്ളുന്നു.
- വളരെ ആവശ്യത്തില്ഉള്ള ജനത്തെ നാം സഹായിക്കുന്നതും കരുണ കാണിക്കുന്നത് ആകുന്നു.
- ദൈവം നമ്മോടു കരുണ കാണിക്കുന്നു, നാമും മറ്റുള്ളവരോട് കരുണ നിറഞ്ഞവര്ആയിരിക്കണം എന്നും താന്ആവശ്യപ്പെടുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, “കരുണ” എന്നത് “ദയാപുരസ്സരം” അല്ലെങ്കില്“അനുകമ്പ ഉള്ള” അല്ലെങ്കില്“മനസ്സലിവു ഉള്ള” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “കരുണ നിറഞ്ഞ” എന്ന പദം “മനസ്സലിവു കാണിക്കുന്ന” അല്ലെങ്കില്“ദയാപൂര്വ്വം ആയിരിക്കുക” അല്ലെങ്കില്“ക്ഷമിക്കുന്ന” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “കരുണ കാണിക്കുക” അല്ലെങ്കില്“കരുണ ഉള്ളതാകുക” എന്നത് “ദയാപൂര്വ്വം കൈകാര്യം ചെയ്യുക” അല്ലെങ്കില്“നേര്ക്ക്അനുകമ്പ ഉള്ളവന്ആയിരിക്കുക” എന്ന് പരിഭാഷ ചെയ്യാം.

(കാണുക: അനുകമ്പ,, ക്ഷമിക്കുക)

## ദൈവ വചന സൂചിക:

- 1 പത്രോസ് 01:3-5
- 1 തിമോത്തിയോസ് 01:12-14
- ദാനിയേല്09:17-19
- പുറപ്പാട് 34:5-7
- ഉല്പ്പത്തി 19:16-17
- എബ്രായര്10:28-29
- യാക്കോബ് 02:12-13
- ലൂക്കോസ് 06:35-36
- മത്തായി 09:27-28
- ഫിലിപ്പിയര്02:25-27
- സങ്കീര്ത്തനങ്ങള് 041:4-6
- റോമര്12:1-2

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **19-16** അവര്(പ്രവാചകന്മാര്) എല്ലാവരും ജനത്തോടു വിഗ്രഹങ്ങളെ ആരാധിക്കുന്നത് നിര്ത്തുവാനും നീതിയും **കരുണയും** മറ്റുള്ളവരോട് കാണിക്കുന്നത് ആരംഭിക്കുവാനും പറഞ്ഞു.
- **19:17** അവന്(യിരെമ്യാവ്) കിണറിന്റെ അടിയില്ഉണ്ടായിരുന്ന ചേറ്റില്മുങ്ങിപ്പോയി, എന്നാല്രാജാവിന് അവന്റെ മേല്**കരുണ** തോന്നുകയും തന്റെ സേവകന്മാരോട് യിരെമ്യാവിനെ അവന്മരിക്കുന്നതിനു മുന്പ് ആ കിണറ്റില്നിന്ന് പുറത്ത് എടുക്കുവാനും കല്പ്പന നല്കി.
- **20:12** പേര്ഷ്യന്സാമ്രാജ്യം ശക്തി ഉള്ളതു ആയിരുന്നു, എന്നാല്ജയിച്ചടക്കിയ ജനങ്ങളോട് **കരുണ നിറഞ്ഞവര്** ആയിരുന്നു.

- **27:11** അനന്തരം യേശു ന്യായശാസ്ത്രിയോടു ചോദിച്ചത്, “നീ എന്ത് ചിന്തിക്കുന്നു? ഈ മൂന്നു പേരില്മോഷ്ടിക്കപ്പെട്ടതും അടിക്കപ്പെട്ടതും ആയ മനുഷ്യന് ആരായിരുന്നു നല്ല അയല്ക്കാരന്? അവന്മറുപടി പറഞ്ഞത്, “അവനോടു **കരുണ നിറഞ്ഞ** ഒരുവന്തന്നെ” എന്നാണ്.
- **32:11** എന്നാല്യേശു അവനോടു പറഞ്ഞത്, “അല്ല, നീ ഭവനത്തിലേക്ക്ചെന്ന് സ്നേഹിതരോടും കുടുംബക്കാരോടും ദൈവം നിനക്ക് വേണ്ടി ചെയ്ത സകലവും താന്നിന്നോട് എപ്രകാരം **കരുണ** കാണിച്ചു എന്നുള്ളതും പറയണം എന്ന് ഞാന്ആവശ്യപ്പെടുന്നു” എന്നാണ്.
- **34:09** “എന്നാല്ചുങ്കക്കാരന്മത അധികാരിയില്നിന്നും ദൂരെ മാറി നിന്ന്, സ്വര്ഗ്ഗത്തിലേക്ക് നോക്കുവാന്പോലും തുനിയാതെ, പകരമായി, തന്റെ മാറത്തു അടിച്ചു പ്രാര്ഥിച്ചു പറഞ്ഞത്, ദൈവമേ, ഞാന്ഒരു പാപി ആകയാല്എന്നോട് **കരുണ** ഉണ്ടാകണമേ” എന്നായിരുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2551, H2603, H2604, H2616, H2617, H2623, H3722, H3727, H4627, H4819, H5503, H5504, H5505, H5506, H6014, H7349, H7355, H7356, H7359, G1653, G1655, G1656, G2433, G2436, G3628, G3629, G3741, G4698

# കര്ത്താവിന്റെ ദിവസം, യഹോവയുടെ ദിവസം

## വിവരണം:

“യഹോവയുടെ ദിവസം” എന്ന പഴയനിയമ പദം ദൈവം തന്റെ ജനത്തെ പാപം നിമിത്തം ശിക്ഷിക്കുന്ന പ്രത്യേകകാലം (കാലങ്ങളെ ) സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു.

- പുതിയ നിയമ പദമായ “കര്ത്താവിന്റെ ദിവസം” എന്നത് സാധാരണ യായി അന്ത്യകാലത്ത് ജനത്തെ ന്യായം വിധിക്കുവാനായി യേശു മടങ്ങി വരുന്നതായ ദിവസത്തെയോ സമയത്തെയോ സൂചിപ്പിക്കുന്നു.
- ഈ അന്ത്യ, ഭാവികാല ന്യായവിധിയുടെയും ഉയിര്പ്പിന്റെയും സമയവും ചില സമയങ്ങളില് “അന്ത്യ കാലം” എന്നു സൂചിപ്പിക്കുന്നു. ഈ സമയം ആരംഭിക്കുന്നത് പാപികളെ ന്യായം വിധിക്കുവാനായി കര്ത്താവായ യേശു മടങ്ങിവരികയും എന്നെന്നേക്കുമായി തന്റെ ഭരണം സ്ഥാപിക്കുകയും ചെയ്യുമ്പോഴാണ്. “ദിവസം” എന്ന വാക്ക് ഈ പദങ്ങളില് ചിലപ്പോള് അക്ഷരീകമായ ഒരു ദിവസത്തെയോ അല്ലെങ്കില് ഒരു ദിവസത്തേക്കാള് ദീര്ഘമായ “സമയം” അല്ലെങ്കില് “സാഹചര്യ” ത്തെയോ സൂചിപ്പിക്കുന്നതായിരിക്കും.
- ചില സമയങ്ങളില് ശിക്ഷയെന്നു സൂചിപ്പിക്കുന്നത് വിശ്വസിക്കാ ത്തവരുടെ മേല് “ദൈവകോപം പകരപ്പെടുന്നത്” ആയിട്ടാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യത്തിനു അനുസരിച്ച്, “യഹോവയുടെ ദിവസം” എന്നത് പരിഭാഷപ്പെടുത്തുവാന് “യഹോവയുടെ സമയം” അല്ലെങ്കില് “യഹോവ തന്റെ ശത്രുക്കളെ ശിക്ഷിക്കുന്ന സമയം” അല്ലെങ്കില് “യഹോവയുടെ ക്രോധത്തിന്റെ സമയം” എന്നിവയും ഉള്പ്പെടുത്താം.
- ”കര്ത്താവിന്റെ ദിവസം” എന്നത് പരിഭാഷപ്പെടുത്തുവാന് “കര്ത്താവിന്റെ ന്യായവിധിയുടെ സമയം” അല്ലെങ്കില് “കര്ത്താവായ യേശു ജനത്തെ ന്യായം വിധിപ്പാന് മടങ്ങി വരുന്ന സമയം” എന്നിവയും ഉള്പ്പെടുത്താം.

(കാണുക:ദിവസം, ന്യായവിധി ദിവസം, കര്ത്താവ്, ഉയിര്ത്തെഴുന്നെല്പ്പ്, യഹോവ)

## ദൈവവചന സൂചികകള്:

- 1 കൊരിന്ത്യര്:3-5
- 1 തെസ്സലോനിക്യര്:1-3
- 2 പത്രോസ് 03:10
- 2 തെസ്സലോനിക്യര്:1-2
- അപ്പോ.പ്രവര്ത്തികള്02:20-21
- ഫിലിപ്പിയര്:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3068, H3117, G2250, G2962

# കർത്താവായ യഹോവ, യഹോവയായ ദൈവം

## വസ്തുതകൾ:

പഴയ നിയമത്തിൽ, “കർത്താവായ യഹോവ” എന്നത് തുടർമാനമായി ഏക സത്യ ദൈവത്തെ സൂചിപ്പിക്കുവാൻവേണ്ടി ഉപയോഗിക്കുന്നു.

- “കർത്താവ്” എന്ന പദം ഒരു ദൈവീക സ്ഥാനപ്പേരും “യഹോവ” എന്നത് ദൈവത്തിന്റെ വ്യക്തിപരമായ പേരും ആകുന്നു.
- “യഹോവ” എന്നതു സാധാരണയായി “ദൈവം” എന്ന പദവുമായി കൂടിച്ചേരുകയും “യഹോവയായ ദൈവം” എന്ന നാമം ഉണ്ടാകുകയും ചെയ്യുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- “യഹോവ” എന്നതിന്റെ ചില രൂപങ്ങൾദൈവത്തിന്റെ വ്യക്തിപരമായ പേരിന്റെ പരിഭാഷയ്ക്കായി ഉപയോഗിക്കാറുണ്ട്, “കർത്താവായ യഹോവ” എന്നും “യഹോവയായ ദൈവം” എന്ന് ഉള്ള പദങ്ങൾഅക്ഷരീകമായി തന്നെ പരിഭാഷ ചെയ്യാം. മറ്റുള്ള സാഹചര്യങ്ങളിൽദൈവത്തെ സൂചിപ്പിക്കുമ്പോൾ“കർത്താവ്” എന്ന പദം എപ്രകാരം പരിഭാഷ ചെയ്തിരിക്കുന്നു എന്നതും കൂടെ പരിഗണിക്കുക.
- ചില ഭാഷകളിൽസ്ഥാനപ്പേര് പേരിനു ശേഷം നല്കുകയും ആ വിധത്തിൽ “യഹോവയായ കർത്താവ്” എന്ന് ഈ വിധത്തിൽപരിഭാഷ ചെയ്യുകയും ചെയ്യാം. നിർദ്ധിഷ്ട ഭാഷയിൽപ്രകൃത്യാ ഉള്ളത് എന്താണ് എന്നുള്ളത് പരിഗണിക്കുക: “കർത്താവ്” എന്ന സ്ഥാനപ്പേര് “യഹോവ” എന്ന് ഉള്ളതിന്റെ മുൻപേ ആണോ കഴിഞ്ഞ ശേഷം ആണോ വരുന്നത്?”
- ”യഹോവയായ ദൈവം” എന്നത് “യഹോവ എന്ന് വിളിക്കുന്ന ദൈവം” അല്ലെങ്കിൽ“ജീവിക്കുന്നവൻആയ ദൈവം” അല്ലെങ്കിൽ“ദൈവം ആയിരിക്കുന്ന, ഞാൻആകുന്നവൻ” എന്നിങ്ങനെയും ഭാഷാന്തരം നൽകാവുന്നതാണ്.
- ഭാഷാന്തരം നൽകുന്ന പാരമ്പര്യത്തെ പരിഭാഷ പിന്തടരുകയാണെങ്കിൽ“യഹോവ” എന്നത് “കർത്താവ്” അല്ലെങ്കിൽ“കർത്താവ്”, അല്ലെങ്കിൽ “കർത്താവായ യഹോവ” എന്ന പദം “കർത്താവായ ദൈവം” അല്ലെങ്കിൽകർത്താവു ആയിരിക്കുന്ന ദൈവം” എന്ന് പരിഭാഷ ചെയ്യാം. സാധ്യതയുള്ള മറ്റു പരിഭാഷകൾ, “യജമാനനായ കർത്താവ്” അല്ലെങ്കിൽ“ദൈവമായ കർത്താവ്” ആദിയായവ ആയിരിക്കും.
- ”കർത്താവായ യഹോവ” എന്ന പദങ്ങൾ“കർത്താവായ കർത്താവ്” എന്ന ഭാഷാന്തരം നൽകരുത് എന്തുകൊണ്ടെന്നാൽവായനക്കാർഅക്ഷര വ്യത്യാസം കൊണ്ട് ഈ രണ്ടു പദങ്ങളെയും വേർതിരിച്ചു കാണിക്കുന്ന പാരമ്പര്യപരമായതിനെ ശ്രദ്ധിക്കുവാൻഇട ആയെന്നു വരികയില്ല തന്മൂലം അവ വളരെ വിചിത്രം ആയി തോന്നുവാൻഇടയാകും.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ദൈവം, പ്രഭു, കർത്താവ്, യഹോവ)

## ദൈവ വചന സൂചികകൾ:

- 1 കൊരിന്ത്യർ04:3-4
- 2 ശാമുവൽ07:21-23
- ആവർത്തന പുസ്തകം 03:23-25
- യെഹസ്കേൽ39:25-27
- യെഹസ്കേൽ45:18-20
- യിരെമ്യാവ് 44:26-28
- ന്യായാധിപന്മാർ 06:22-24
- മീഖ 01:2-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H136, H430, H3068, G2316, G2962

# കർത്താവിന്റെ അത്താഴം

## നിർവചനം:

“കർത്താവിന്റെ അത്താഴം” എന്ന പദം അപ്പോസ്തലനായ പൌലോസ് യഹൂദ നേതാക്കന്മാർ യെശുവിനെ ബന്ധനസ്ഥന് ആക്കിയ രാത്രിയിൽ യെശുവും ശിഷ്യന്മാരും ചേർന്ന് ഭക്ഷിച്ചതായ പെസഹ വിരുന്നിനെ പരാമർശിച്ചു കൊണ്ട് ഉപയോഗിച്ചതായ പദമാണ്.

- ഈ വിരുന്നിന്റെ സമയത്ത്, യേശു പെസഹ അപ്പം എടുത്തു കഷണങ്ങളായി നുറുക്കി അത് തന്റെ ശരീരം, വളരെ അടുത്ത സമയത്ത് തന്നെ തകർക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുവാൻ ഉള്ളത് ആകുന്നു എന്ന് വിളിച്ചു പറഞ്ഞു.
- പാനപാത്രത്തിലെ വീഞ്ഞിനെ തന്റെ രക്തം എന്ന് താൻ വിളിക്കുകയും, അത് വളരെ പെട്ടെന്നു തന്നെ പാപങ്ങളുടെ പരിഹാരത്തിനായി ചിന്തപ്പെട്ടു താൻ മരിക്കുവാൻ പോകുന്നു എന്ന് വിളിച്ചു പറയുകയും ചെയ്തു.
- തന്റെ അനുഗാമികളായവർതുടർമാനമായി കൂടി വരികയും ഭക്ഷണത്തിനായി ഒരുമിക്കുകയും ചെയ്യുമ്പോൾ ഒക്കെയും അവർ തന്റെ മരണത്തെയും ഉയിർത്തെഴുന്നേൽപ്പിനെയും സ്മരിക്കുകയും വേണമെന്ന് യേശു കൽപ്പിച്ചിരുന്നു.
- കൊരിന്ത്യർക്ക് താൻ എഴുതിയ ലേഖനത്തിൽ, അപ്പോസ്തലനായ പൌലോസ് തുടർന്ന് കർത്തൃ മേശ എന്നത് യേശുവിൽ ഉള്ള വിശ്വാസികൾ ഒരു ക്രമാനുഗതമായ പ്രവർത്തിയായി അനുഷ്ടിക്കണം എന്ന് സ്ഥിരീകരിച്ചു.
- സഭകൾവർത്തമാന കാലത്ത് കർത്തൃ മേശയെ സൂചിപ്പിക്കുവാൻ“തിരുവത്താഴം” എന്ന പദം സാധാരണായായി ഉപയോഗിച്ചു വരുന്നു. “അന്ത്യ അത്താഴം” എന്ന പദവും ചില സമയങ്ങളിൽഉപയോഗിക്കാറുണ്ട്.

## പരിഭാഷ നിർദേശങ്ങൾ:

- ഈ പദം “കർത്താവിന്റെ ഭോജനം” അല്ലെങ്കിൽ“നമ്മുടെ കർത്താവായ യേശുവിന്റെ ഭോജനം” അല്ലെങ്കിൽ“കർത്താവായ യേശുവിന്റെ ഓർമ്മയ്ക്കായുള്ള ഭോജനം” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക: പെസഹ)

## ദൈവ വചന സൂചികകൾ:

- 1 കൊരിന്ത്യർ11:20-22
- 1 കൊരിന്ത്യർ11:25-26

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G1173, G2960

# കല്പ്പിക്കുക, കല്പ്പിക്കുന്നു, കല്പ്പിച്ചു, കല്പ്പന, കല്പ്പനകള്

## നിര്വചനം:

“കല്പ്പിക്കുക” എന്ന പദത്തിന്റെ അര്ത്ഥം ആരോടെങ്കിലും എന്തെങ്കിലും ചെയ്യുവാന്ഉത്തരവ് നല്കുക എന്നതാണ്. ഒരു “കല്പ്പിക്കല്” അല്ലെങ്കില്“കല്പ്പന” എന്നാല്പ്രസ്തുത വ്യക്തി ചെയ്യുവാന്ഉത്തരവ് നല്കിയത് എന്നര്ത്ഥം.

- ഈ പദങ്ങള്ക്കെല്ലാം അടിസ്ഥാനപരമായി ഒരേ അര്ത്ഥമാണ് ഉള്ളതെങ്കിലും, “കല്പ്പന” എന്നത് സാധാരണയായി സാധാരണയായതും നിത്യവുമായ ദൈവത്തിന്റെ പ്രത്യേക കല്പ്പനകള്, “പത്തു കല്പ്പനകള്” പോലുള്ളവ എന്നാണ് സൂചിപ്പിക്കുന്നത്.
- ഒരു കല്പ്പന എന്നത് ക്രിയാത്മകമായതോ (“നിന്റെ മാതാപിതാക്കന്മാരെ ബഹുമാനിക്ക) അല്ലെങ്കില്നിഷേധാത്മകമോ (മോഷ്ടിക്കരുത്”) ആകാം.
- ”ആജ്ഞയേല്ക്കുക” എന്നാല്ഏതിന്റെയെങ്കിലും ആരുടെയെങ്കിലും “നിയന്ത്രണമേറ്റെടുക്കുക” അല്ലെങ്കില്“ഉത്തരവാദിത്വം ഏറ്റെടുക്കുക” എന്നാണര്ത്ഥം.

## പരിഭാഷ നിര്ദേശങ്ങള്:

- ഇതു “നിയമം” എന്ന പദത്തില്നിന്നും വ്യത്യസ്തമായി പരിഭാഷ ചെയ്യുന്നതാണ് ഉത്തമം, “പ്രമാണം”, നിയമം” എന്നിവയുടെ നിര്വചനങ്ങളുമായി താരതമ്യം ചെയ്യുക.
- ചില പരിഭാഷകര്“കല്പ്പിക്കുക”, “കല്പ്പന” എന്നിവയ്ക്ക് അവരുടെ ഭാഷയില്ഒരേ അര്ത്ഥം നല്കുന്നതിനു മുന്ഗണന നല്കുന്നു.
- മറ്റുള്ളവര്കല്പ്പന എന്നുള്ളതിന് എന്നേക്കും നിലനില്ക്കുന്ന, സാധാരണയാ യുള്ള ദൈവം അരുളിച്ചെയ്തതായ കല്പ്പനകള്എന്നു സൂചിപ്പിക്കുന്ന വാക്കുകള്ഉപയോഗിക്കുന്നു.

(കാണുക: പ്രമാണം, നിയമം, നിയമം, പത്തു കല്പ്പനകള്)

## ദൈവവചന സൂചികകള്:

- ലൂക്കോസ് 01:5-7
- മത്തായി 01:24-25
- മത്തായി 22:37-38
- മത്തായി 28:20
- സംഖ്യാപുസ്തകം 01:17-19
- റോമര്07:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H559, H560, H565, H1696, H1697, H1881, H2706, H2708, H2710, H2941, H2942, H2951, H3027, H3982, H3983, H4406, H4662, H4687, H4929, H4931, H4941, H5057, H5713, H5749, H6213, H6310, H6346, H6490, H6673, H6680, H7101, H7218, H7227, H7262, H7761, H7970, H8269, G1263, G1291, G1296, G1297, G1299, G1690, G1778, G1781, G1785, G2003, G2004, G2008, G2036, G2753, G3056, G3726, G3852, G3853, G4367, G4483, G4487, G5506

# കല്ല്, കല്ലുകള്, കല്ലെറിയുക

## നിര്വചനം:

കല്ല്എന്ന് പറയുന്നത് ഒരു ചെറിയ പാറക്കഷണം ആകുന്നു. ആരെയെങ്കിലും “കല്ലെറിയുക” എന്നാല്ഒരു വ്യക്തിയെ കൊല്ലുക എന്ന ലക്ഷ്യത്തോടെ ആ വ്യക്തിക്ക് നേരെ കല്ലുകളും വലിയ പാറകളും എറിയുന്നതിനെ കുറിക്കുന്നു. ഒരു വ്യക്തി കല്ലെറിയപ്പെടുന്ന സംഭവമാണ് “കല്ലേറ്” എന്നത്.

- പുരാതന കാലങ്ങളില്, മനുഷ്യര്ചെയ്യുന്ന കുറ്റങ്ങള്ക്ക് അവരെ ശിക്ഷിക്കുന്ന ഒരു സാധാരണ രീതി ആയിരുന്നു കല്ലെറിയുക എന്നുള്ളത്.
- വ്യഭിചാരം പോലെയുള്ള ചില പ്രത്യേക പാപങ്ങള്ക്ക്ജനത്തെ കല്ലെറിയണമെന്നു ഇസ്രയേല്നേതാക്കന്മാരോട് ദൈവം കല്പ്പിച്ചിരുന്നു.
- പുതിയ നിയമത്തില്, വ്യഭിചാരത്തില്പിടിക്കപ്പെട്ട ഒരു സ്ത്രീയെ യേശു ക്ഷമിക്കുകയും അവളെ ജനങ്ങള്കല്ലെറിയുന്നതില്നിന്നും തടുത്തു നിര്ത്തുകയും ചെയ്തു.
- സ്തേഫാനോസ്, യേശുവിനെ കുറിച്ച് ആദ്യമായി സാക്ഷ്യം പകര്ന്നു കൊല്ലപ്പെട്ടതായി ദൈവവചനത്തില്കാണപ്പെടുന്ന വ്യക്തി, കല്ലെറിഞ്ഞു കൊല്ലപ്പെടുകയായിരുന്നു.
- ലുസ്ത്ര എന്ന പട്ടണത്തില്, അപ്പോസ്തലനായ പൌലോസ് കല്ലെറിയപ്പെട്ടു, എന്നാല്തന്റെ മുറിവുകളാല്താന്മരിക്കുക ഉണ്ടായില്ല.

(കാണുക: വ്യഭിചാരം, നടത്തുക, കുറ്റം, മരണം, ലുസ്ത്ര, സാക്ഷ്യം)

## ദൈവ വചന സൂചികകള്:

- അപ്പോ.07:57-58
- അപ്പോ.07:59-60
- അപ്പോ.14:5-7
- അപ്പോ.14:19-20
- യോഹന്നാന്08:4-6
- ലൂക്കോസ് 13:34-35
- ലൂക്കോസ് 20:5-6
- മത്തായി 23:37-39

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H68, H69, H810, H1382, H1496, H1530, H2106, H2672, H2687, H2789, H4676, H4678, H5553, H5601, H5619, H6344, H6443, H6697, H6864, H6872, H7275, H7671, H8068, G2642, G2991, G3034, G3035, G3036, G3037, G4074, G4348, G5586

# കുഞ്ഞാട്, ദൈവത്തിന്റെ കുഞ്ഞാട്

## നിര്വചനം:

“കുഞ്ഞാട്” എന്ന പദം ഒരു ഇളം ചെമ്മരിയാടിനെ സൂചിപ്പിക്കുന്നു. ചെമ്മരിയാട് എന്നത് ഘനമുള്ള, കമ്പളി രോമം നിറഞ്ഞ, നാല്ക്കാലി മൃഗമാണ്, അവ ദൈവത്തിനു യാഗം അര്പ്പിക്കുവാന് ഉപയോഗിച്ചു വന്നിരുന്നു. യേശുവിനെ “ദൈവത്തിന്റെ കുഞ്ഞാട്” എന്ന് വിളിച്ചത് എന്ത് കൊണ്ടെന്നാല് താന് ജനത്തിന്റെ പാപങ്ങള്ക്ക് വേണ്ടി മറു വിലയായി യാഗമായി അര്പ്പിക്കപ്പെട്ടു.

- ഈ മൃഗങ്ങള് പെട്ടെന്ന് വഴി തെറ്റി പോകുന്നവ ആകയാല് അവയ്ക്ക് സംരക്ഷണം ആവശ്യമാണ്.

ദൈവം മനുഷ്യനെ ചെമ്മരിയാടുകളോട് ഉപമിക്കുന്നു.

- ദൈവം തന്റെ ജനത്തെ തനിക്കായി അര്പ്പിക്കുന്ന യാഗങ്ങള് ശാരീരികമായി യാതൊരു ഊനവും ഇല്ലാത്ത ചെമ്മരിയാടുകളും കോലാടുകളും ആയിരിക്കണം എന്ന് നിര്ദേശിച്ചു.
- മനുഷ്യരുടെ പാപത്തിന്റെ പരിഹാരത്തിന് വേണ്ടി യാഗമായി തീര്ന്നത് കൊണ്ട് യേശുവിനെ “ദൈവത്തിന്റെ കുഞ്ഞാട്” എന്ന് വിളിച്ചു. താന്പൂര്ണ്ണമായും യാതൊരു പാപവും ഇല്ലാത്തവന് ആയതിനാല് യാതൊരു ഊനവും ഇല്ലാത്ത ഉല്കൃഷ്ടമായ യാഗമായി കാണപ്പെടുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഭാഷാപരിധിയില് ചെമ്മരിയാടുകള് അറിയപ്പെടുന്നവ ആണെങ്കില്, അവയുടെ കുഞ്ഞുങ്ങള് “കുഞ്ഞാട്” എന്നും “ദൈവത്തിന്റെ കുഞ്ഞാട്” എന്നും പദങ്ങള് ഉപയോഗിച്ചു പരിഭാഷ ചെയ്യണം.
- ”ദൈവത്തിന്റെ കുഞ്ഞാട്” എന്നത് “ദൈവത്തിന്റെ (യാഗാര്പ്പണ) കുഞ്ഞാട്” അല്ലെങ്കില് “ദൈവത്തിനു യാഗമായി അര്പ്പിക്കപ്പെട്ട കുഞ്ഞാട്” അല്ലെങ്കില് “ദൈവത്തില്നിന്നുള്ള (യാഗാര്പ്പിത) കുഞ്ഞാട്” എന്ന് പരിഭാഷ ചെയ്യാം.
- ചെമ്മരിയാട് എന്നത് അജ്ഞാതം ആണെങ്കില്, ഈ പദം “ഒരു ചെറിയ ചെമ്മരിയാട്” എന്നു ചെമ്മരിയാട് എപ്രകാരം ആയിരിക്കുമെന്ന വിശദീകരണ അടിക്കുറിപ്പ് നല്കിക്കൊണ്ട് പരിഭാഷ ചെയ്യാം. ആ കുറിപ്പില്ല പ്രസ്തുത മേഖലയില് കൂട്ടത്തോടെ വളരുന്നതും, ഭയ ചകിതവും പ്രതിരോധ ശക്തി ഇല്ലാത്തതും മിക്കപ്പോഴും അലഞ്ഞു നഷ്ടപ്പെടുവാന് സാധ്യത ഉള്ളതുമായ മൃഗങ്ങളുമായി ചെമ്മരിയാടു കളെയും കുഞ്ഞാടുകളെയും താരതമ്യം ചെയ്യുകയും, വേണ്ടതാണ്.
- സമീപത്തുള്ള പ്രാദേശിക അല്ലെങ്കില് ദേശീയ ഭാഷയില് ഉള്ള ദൈവ വചന പരിഭാഷയില്ഈ പദം എപ്രകാരം പരിഭാഷ ചെയ്തിരിക്കുന്നു എന്ന് ഉള്ള കാര്യവും പരിഗണിക്കുക.

(കാണുക: അജ്ഞാതം ആയവ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ചെമ്മരിയാടുകള്, ആട്ടിടയന്)

## ദൈവ വചന സൂചികകള്:

- 2 ശാമുവേല്:1-3
- എസ്രാ 08:35-36
- യെശ്ശയ്യാവ് 66:3
- യിരെമ്യാവ് 11:18-20
- യോഹന്നാന്:29-31
- യോഹന്നാന്:35-36
- ലേവ്യപുസ്തകം 14:21-23
- ലേവ്യപുസ്തകം 17:1-4
- ലൂക്കോസ് 10:3=4
- വെളിപ്പാട് 15:3-4

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **05:07** യാഗം കഴിക്കുവാന് ഉള്ള സ്ഥലത്തേക്ക് അബ്രഹാമും യിസഹാക്കും നടന്നു പോകവേ, യിസഹാക്കു ചോദിച്ചു, "അപ്പാ, നമ്മുടെ പക്കല് യാഗത്തിനുള്ള വിറകു ഉണ്ട്, എന്നാല് യാഗാര്പ്പണത്തിനു ഉള്ള **കുഞ്ഞാട്** എവിടെ?
- **11:02** ദൈവം തന്നില് വിശ്വസിക്കുന്ന ഏതൊരു വ്യക്തിയുടെയും ആദ്യ ജാതനെ രക്ഷിക്കുവാന് വേണ്ടി ഒരു മാര്ഗ്ഗം ക്രമീകരിച്ചിട്ടുണ്ട്. ഓരോ കുടുംബവും ഊനമില്ലാത്തതായ ഒരു **ചെമ്മരിയാട്ടിന് കുഞ്ഞിനെയോ** ആടിനെയോ തിരഞ്ഞെടുത്ത് അതിനെ കൊല്ലണം ആയിരുന്നു,
- **24:06** അടുത്ത ദിവസം, യേശു യോഹന്നാനാല് സ്നാനപ്പെടുവാന് വേണ്ടി കടന്നു വന്നു. അവനെ യോഹന്നാന് കണ്ടപ്പോള്, അവന് പറഞ്ഞത്, "നോക്കൂ! ഇതാ ലോകത്തിന്റെ പാപം നീക്കി കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്."
- **45:08** അവന് വായിച്ചത്,"അവര് അവനെ അറുപ്പാന് ഉള്ള **കുഞ്ഞാടിനെ** പ്പോലെ കൊണ്ട് പോയി, മൌനമായി ഇരിക്കുന്ന **കുഞ്ഞാടിനെ** പോലെ നിശബ്ദന് ആയി, താന് ഒരു വാക്കു പോലും പറഞ്ഞിരുന്നില്ല.
- **48:08** ദൈവം അബ്രഹാമിനോട് തന്റെ മകന്, യാക്കോബിനെ, ഒരു യാഗമായി അര്പ്പിക്കുവാന് പറഞ്ഞപ്പോള്, തന്റെ മകന്, യിസഹാക്കിനു പകരം ഒരു **കുഞ്ഞാടിനെ** അവന്റെ മകന് പകരം യാഗം അര്പ്പിക്കുവാനായി ക്രമീകരിച്ചു. നാം എല്ലാവരും നമ്മുടെ പാപങ്ങള് നിമിത്തം മരണത്തിനു അര്ഹരാണ്! എന്നാല് ദൈവം യേശുവിനെ, ദൈവത്തിന്റെ **കുഞ്ഞാടിനെ** നമ്മുടെ സ്ഥാനത്ത് ഒരു യാഗമായി മരിക്കേണ്ടതിനു ഏല്പ്പിച്ചു കൊടുത്തു.
- **48:09** ദൈവം അവസാനത്തെ ബാധയെ മിസ്രയീമിലേക്കു അയച്ചപ്പോള്, ദൈവം ഓരോ ഇസ്രയേല്യ കുടുംബത്തോടും ഒരു ഊനവും ഇല്ലാത്ത **കുഞ്ഞാടിനെ** കൊല്ലുകയും അതിന്റെ രക്തം എടുത്തു കട്ടിളക്കാലിന്റെ മുകള്ഭാഗത്തും വശങ്ങളിലും പൂശണം എന്നും പറഞ്ഞു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7716, G721, G2316

# കുറ്റം ചെയ്ത, കുറ്റാരോപിതന്

## നിര്വചനം:

"കുറ്റം ചെയ്ത" എന്ന പദം സൂചിപ്പിക്കുന്നത് പാപം ചയ്ത അല്ലെങ്കില്ഒരു കുറ്റം ചെയ്ത വസ്തുതയെ സൂചിപ്പിക്കുന്നതാണ്.

- "കുറ്റാരോപിതന്" എന്നതിന്റെ അര്ത്ഥം ധാര്മ്മികമായി തെറ്റായ ഒരു കാര്യം ചെയ്ത, അതായത്, ദൈവത്തെ അനുസരിക്കാതെ പോയ എന്ന് അര്ത്ഥം നല്കുന്നു.
- "കുറ്റാരോപിതന്" എന്നതിന്റെ എതിര്പദം "നിഷ്കളങ്കന്" എന്നതാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- ചില ഭാഷകളില്"കുറ്റം" എന്ന പദം "പാപഭാരം" അല്ലെങ്കില്"പാപങ്ങളെ എണ്ണുക" എന്ന് പരിഭാഷ ചെയ്തിരിക്കാം. "കുറ്റാരോപിതന്" എന്ന പദം പരിഭാഷ ചെയ്യുന്ന രീതിയില്"തെറ്റ് ചെയ്തവന്" അല്ലെങ്കില്"ധാര്മ്മികമായി തെറ്റായ കാര്യം ചെയ്തവന്" അല്ലെങ്കില്"ഒരു പാപം ചെയ്തവന്" എന്നിങ്ങനെ അര്ത്ഥം നല്കുന്ന ഒരു പദം കൊണ്ടോ പദസഞ്ചയം കൊണ്ടോ ഉള്പ്പെടുത്താവുന്നതാണ്.

(കാണുക: നിഷ്കളങ്കന്, അകൃത്യം, ശിക്ഷിക്കുക, പാപം)

## ദൈവ വചന സൂചികകള്:

- പുറപ്പാട് 28:36-38
- യെശ്ശയ്യാവ് 06:6-7
- യാക്കോബ് 02:10-11
- യോഹന്നാന്19:4-6
- യോനാ 01:14-16

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **39:02** അവനെ (യേശുവിനെ) കുറിച്ച് നുണ പറയുന്ന പല സാക്ഷികളെ അവര്കൊണ്ടുവന്നു. എങ്കിലും, അവരുടെ പ്രസ്താവനകള്ഒന്നും പരസ്പരം യോജിക്കുന്നവ ആയിരുന്നില്ല, ആയതിനാല്യഹൂദ നേതാക്കന്മാര്ക്ക് തന്നെ യാതൊരു കാര്യത്തിലും ഒരു **കുറ്റാരോപിതന്** ആണെന്ന് തെളിയിക്കുവാന്സാധിച്ചില്ല.
- **39:11** യേശുവിനോട് സംസാരിച്ചതിന് ശേഷം, പൌലോസ് ജനക്കൂട്ടത്തിന്റെ അടുക്കല്ചെന്നു പറഞ്ഞത്, ഞാന്ഈ മനുഷ്യനില്യാതൊരു **കുറ്റവും** കാണുന്നില്ല" എന്നാണ്. എന്നാല്യഹൂദ നേതാക്കന്മാരും ജനക്കൂട്ടവും "അവനെ ക്രൂശിക്കുക" എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. പിലാത്തോസ് "അവന് **കുറ്റവാളി** അല്ല" എന്ന് മറുപടി പറഞ്ഞു. എന്നാല്അവര്ഏറ്റവും ശബ്ദം ഉയര്ത്തി ആര്ത്തു. അനന്തരം പിലാത്തോസ് മൂന്നാം പ്രാവശ്യവും പ്രാവശ്യം പറഞ്ഞത്, "അവന് **കുറ്റവാളി** അല്ല!" എന്നാണ്.
- **40:04** യേശു രണ്ടു കള്ളന്മാരുടെ നടുവില്ക്രൂശിതന്ആയി. അവരില്ഒരുവന്യേശുവിനെ പരിഹസിച്ചു, എന്നാല്മറ്റവന് പറഞ്ഞത് "നീ ദൈവത്തെ ഭയപ്പെടുന്നില്ലേ? നാം **കുറ്റാരോപിതര്** ആണ്, എന്നാല്ഈ മനുഷ്യനോ നിരപരാധി ആകുന്നു.
- **49:10** നിന്റെ പാപം നിമിത്തം, നീ **കുറ്റവാളി** ആയിരിക്ക യാല്മരണത്തിനു യോഗ്യന്ആയിരിക്കുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H816, H817, H818, H5352, H5355, G338, G1777, G3784, G5267

# കുറ്റം വിധിക്കുക, കുറ്റം വിധിക്കുന്നു, കുറ്റം വിധിക്കപ്പെട്ട, കുറ്റാരോപണം

## നിര്വചനം:

“കുറ്റം വിധിക്കുക”, “കുറ്റാരോപണം” എന്നീ പദങ്ങള്തെറ്റായ പ്രവര്ത്തി ചെയ്തവനെ ന്യായം വിധിക്കുന്നതിനെ സൂചിപ്പിക്കുന്നു.

- “കുറ്റം വിധിക്കുക’ എന്ന പദം സാധാരണയായി ഒരുവന്ചെയ്ത തെറ്റിന് ശിക്ഷ നല്കുന്നതുള്പ്പെടെയാണ്.
- ചില സന്ദര്ഭങ്ങളില്“കുറ്റം വിധിക്കുക” എന്നത് ഒരുവനെ അസത്യമായി കുറ്റാരോപണം നടത്തുകയും നിഷ്ഠൂരമായി ശിക്ഷിക്കുകയും ചെയ്യുക എന്നാണ്.
- “കുറ്റാരോപണം” എന്ന പദം ഒരുവന്റെ മേല് കുറ്റം ചുമത്തുകയോ പഴി ചുമത്തുകയോ ചെയ്യുക എന്നതാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യത്തിനനുസരിച്ചു, ഈ പദം “നിഷ്ഠൂരമായി ന്യായം വിധിക്കുക” അല്ലെങ്കില്“അസത്യമായി വിമര്ശിക്കുക” എന്നു പരിഭാഷപ്പെടുത്താം.
- “അവനെ കുറ്റം വിധിക്കുക” എന്നത് “അവന്കുറ്റവാളി എന്നു വിധിക്കുക” അല്ലെങ്കില്“അവന്തന്റെ പാപത്തിനു തക്കവിധം ശിക്ഷിക്കപ്പെടണം എന്നു സ്ഥാപിക്കുക” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- “കുറ്റാരോപണം” എന്ന പദം, “നിഷ്ടൂരമായ വിധി” അല്ലെങ്കില്കുറ്റവാളിയെന്നു പ്രഖ്യാപിക്കുക” അല്ലെങ്കില്“കുറ്റത്തിനുള്ള ശിക്ഷ” എന്നിങ്ങനെ പരിഭാഷപ്പെ ടുത്താം.

(കാണുക: ന്യായം വിധിക്കുക, ശിക്ഷിക്കുക)

## ദൈവവചന സൂചികകള്:

- 1 യോഹന്നാന്03:19-22
- ഇയ്യോബ് 09:27-29
- യോഹന്നാന്05:24
- ലൂക്കോസ് 06:37
- മത്തായി 12:7-8
- സദൃശവാക്യങ്ങള്17:15-16
- സങ്കീര്ത്തനങ്ങള്034:21-22
- റോമര്05:16-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6064, H7034, H7561, H8199, G176, G843, G2607, G2613, G2631, G2632, G2633, G2917, G2919, G2920, G5272, G6048

# കൂട്ടായ്മ

## നിര്വചനം:

പൊതുവായി, "കൂട്ടായ്മ" എന്ന പദം ഒരേ താല്പ്പര്യങ്ങളും അനുഭവങ്ങളും പങ്കു വെക്കുന്ന ഒരു സംഘത്തിലെ ആളുകളുടെ സ്നേഹപൂര്വമായ തമ്മിലിടപാടുകളെ സൂചിപ്പിക്കുന്നു.

- ദൈവ വചനത്തില്, "കൂട്ടായ്മ" എന്ന പദം സാധാരണയായി ക്രിസ്തുവിലുള്ള വിശ്വാസികളുടെ ഐക്യതയെ സൂചിപ്പിക്കുന്നു.
- ക്രിസ്തീയ കൂട്ടായ്മ എന്നത് ക്രിസ്തുവിലും പരിശുദ്ധാത്മാവിലും കൂടെ ഉള്ളതായ പങ്കു വെയ്ക്കലിന്റെ ബന്ധം മുഖാന്തിരം വിശ്വാസികള്ക്ക് അന്യോന്യം ഉള്ളതായ കൂട്ടായ്മയെ സൂചിപ്പിക്കുന്നു.
- ആദ്യകാല ക്രിസ്ത്യാനികള്ദൈവ വചന ഉപദേശങ്ങള്ശ്രവിക്കുന്നതിലും പ്രാര്ഥിക്കുന്നതിലും കൂടെയും, അവരുടെ വസ്തു വഹകള്പങ്കു വെയ്ക്കുന്നതില്കൂടെയും ഒരുമിച്ചു ഭക്ഷണം കഴിക്കുനത്തില്കൂടെയും തങ്ങളുടെ കൂട്ടായ്മ വെളിപ്പെടുത്തുകയും ചെയ്തു.
- ദൈവത്തിനും മനുഷ്യര്ക്കും ഇടയില്ഉണ്ടായിരുന്ന തടസ്സം നീക്കിയ, യേശുവിലും തന്റെ ക്രൂശിലെ യാഗ മരണത്തിലും ഉള്ള വിശ്വാസം മൂലം ക്രിസ്ത്യാനികള്ക്ക് ദൈവവുമായി കൂട്ടായ്മ ഉണ്ട്.

## പരിഭാഷ നിര്ദേശങ്ങള്:

- "കൂട്ടായ്മ" യെ പരിഭാഷ ചെയ്യുവാന്ഉള്ള മാര്ഗ്ഗങ്ങളില്"ഒരുമിച്ചു പങ്കുവെക്കല്" അല്ലെങ്കില്"ബന്ധം" അല്ലെങ്കില്"പങ്കാളിത്വം" അല്ലെങ്കില്"ക്രിസ്തീയ സമൂഹം" എന്നിവ ഉള്പ്പെടുത്താം.

## ദൈവവചന സൂചികകള്:

- 1 യോഹന്നാന്01:3-4
- അപ്പോ.പ്രവര്ത്തികള്02:40-42
- ഫിലിപ്പിയര്01:3-6
- ഫിലിപ്പിയര്02:1-2
- ഫിലിപ്പിയര്03:8-11
- സങ്കീര്ത്തനങ്ങള്055:12-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2266, H8667, G2842, G2844, G3352, G4790

# കൃപ, കൃപയുള്ള

## നിര്വചനം:

“കൃപ” എന്ന പദം ഒരു സഹായമോ അനുഗ്രഹമോ പ്രാപിക്കുവാന്യോഗ്യതയില്ലാത്ത ഒരു വ്യക്തിക്ക് അത് നല്കുന്നതിനെ സൂചിപ്പിക്കുന്നു. “കൃപയുള്ള” എന്ന പദം മറ്റുള്ളവര്ക്ക് കരുണ കാണിക്കുന്ന വ്യക്തിയെ സൂചിപ്പിക്കുന്നു.

- പാപ നിറഞ്ഞ മനുഷ്യര്ക്ക്നേരെ ദൈവം കാണിക്കുന്ന കൃപ സൌജന്യമായി നല്കപ്പെടുന്ന ഒരു ദാനമാകുന്നു.
- തെറ്റായ അല്ലെങ്കില്ഉപദ്രവകാരമായ ഒരു പ്രവര്ത്തി ചെയ്ത ഒരു വ്യക്തിയോട് ദയാപൂര്വമായും ക്ഷമിക്കുകയും ചെയ്യുന്നതിനെ കൃപയുള്ള എന്ന ആശയം സൂചിപ്പിക്കുന്നു.
- ”കൃപ കണ്ടെത്തുക” എന്ന പദ പ്രയോഗം ദൈവത്തില്നിന്നും സഹായവും കരുണയും പ്രാപിക്കുക എന്ന ആശയത്തെ അര്ത്ഥമാക്കുന്നു.

സാധാരണയായി ഇതിന്റെ അര്ത്ഥം ദൈവം ഒരുവനില്പ്രസാദിക്കുകയും അവനെ സഹായിക്കുകയും ചെയ്യുന്നു എന്നും ഉള്പ്പെടുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

“കൃപ” എന്ന പടം പരിഭാഷ ചെയ്യുവാന്ഉള്ള മറ്റുള്ള മാര്ഗ്ഗങ്ങളില്“ദൈവീകമായ ദയ” അല്ലെങ്കില്“ദൈവത്തിന്റെ ആനുകൂല്യം” അല്ലെങ്കില്“പാപികളോടുള്ള ദൈവത്തിന്റെ ദയയും പാപക്ഷമയും” അല്ലെങ്കില്“കരുണാര്ദ്രമായ ദയ” എന്നിങ്ങനെ പരിഭാഷ ചെയ്യാം. “കരുണയുള്ള” എന്ന പദം “കൃപാ പൂര്ണ്ണം” അല്ലെങ്കില്“ദയ” അല്ലെങ്കില്“കരുണ നിറഞ്ഞ” അല്ലെങ്കില്“കരുണാര്ദ്രമായ ദയ” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

- ”ദൈവത്തിന്റെ ദൃഷ്ടിയില്അവന്കൃപ കണ്ടെത്തി” എന്ന പദപ്രയോഗം “അവനു ദൈവത്തില്നിന്നും കരുണ ലഭിച്ചു” അല്ലെങ്കില്ദൈവം അവനെ കരുണാപൂര്വ്വം സഹായിച്ചു” അല്ലെങ്കില്“ദൈവം അവനോടു പ്രസാദിച്ചു” അല്ലെങ്കില്“ദൈവം അവനില്പ്രസാദിക്കുകയും അവനെ സഹായിക്കുകയും ചെയ്തു.”

## ദൈവ വചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്04:32-33
- അപ്പോ.പ്രവര്ത്തികള്06:8-9
- അപ്പോ.പ്രവര്ത്തികള്14:3-4
- കൊലൊസ്സ്യര്04:5-6
- കൊലൊസ്സ്യര്04:18
- ഉല്പ്പത്തി 43:28-29
- യാക്കോബ് 04:6-7
- യോഹന്നാന്01:16-18
- ഫിലിപ്പിയര്04:21-23
- വെളിപ്പാട് 22:20-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2580, H2587, H2589, H2603, H8467, G2143, G5485, G5543

# ക്രിസ്തു, മശീഹ

## വസ്തുതകള്:

“മശീഹ” എന്നതും “ക്രിസ്തു” എന്നതുമായ പദങ്ങള്“അഭിഷേകം ചെയ്യപ്പെട്ടവന്” എന്നു ദൈവത്തിന്റെ പുത്രനായ യേശുവിനെ സൂചിപ്പിക്കുന്നു. “മശീഹ” എന്നതും “ക്രിസ്തു” എന്നതും പുതിയനിയമത്തില്ദൈവപുത്രനെ സൂചിപ്പിക്കുവാന്ഉപയോഗിച്ചിരിക്കുന്നു, അവനെ പിതാവാം ദൈവം തന്റെ ജനത്തിന്മേല്രാജാവായി ഭരിക്കേണ്ടതിനും, അവരെ പാപത്തില്നിന്നും മരണത്തില്നിന്നും രക്ഷിക്കേണ്ടതിനുമായി നിയമിച്ചു.

- പഴയനിയമത്തില്, താന്ഭൂമിയിലേക്ക്വരുന്നതിനു നൂറുകണക്കിനു വര്ഷങ്ങള്ക്കുമുന്പ് മശീഹയെക്കുറിച്ചു പ്രവാചകന്മാര്പ്രവചനങ്ങള്എഴുതിയിരുന്നു.
- പഴയനിയമത്തില്“അഭിഷേകംചെയ്യപ്പെട്ട(വന്) എന്ന പദം വരുവാന്പോകുന്നവനായ മശീഹയെ സൂചിപ്പിക്കുവാന്സാധാരണയായി ഉപയോഗി ച്ചിരുന്നു.
- താനാണ് മശീഹ എന്നു തെളിയിക്കുന്ന അനേക അത്ഭുതപ്രവര്ത്തികള്ചെയ്തുകൊണ്ട് യേശു ഈ പ്രവചനങ്ങളെ നിവര്ത്തിച്ചു; ശേഷിച്ച ഇതര പ്രവചനങ്ങളെ താന്മടങ്ങി വരുമ്പോള്പൂര്ത്തീകരിക്കുകയും ചെയ്യും.
- “ക്രിസ്തു” എന്ന പദം സാധാരണയായി ഒരു സ്ഥാനപ്പേരായി, “ക്രിസ്തു” ‘’ക്രിസ്തു യേശു” എന്നിവയില്ഉള്ളതുപോലെ ഉപയോഗിച്ചിരുന്നു.
- “ക്രിസ്തു” എന്നത് തന്റെ പേരിന്റെ ഭാഗമായി “യേശു ക്രിസ്തു” എന്നിങ്ങനെ ഉപയോഗിച്ചു വന്നിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം ഇതിന്റെ അര്ത്ഥമുപയോഗിച്ച് “അഭിഷിക്തനായവന്” അല്ലെങ്കില്“ദൈവത്തിന്റെ അഭിഷിക്തനായ രക്ഷകന്” എന്നു പരിഭാഷപെടുത്താം.
- പല ഭാഷകളിലും “ക്രിസ്തു” എന്നോ “മശീഹ” എന്നോ ഉച്ചാരണം വരുന്നതുപോലെ കാഴ്ചയിലോ ശബ്ദത്തിലോ സാമ്യമുള്ള ലിപ്യന്തരണം ചെയ്ത വാക്ക് ഉപയോഗിക്കുന്നു.
- ലിപ്യന്തരണം ചെയ്ത വാക്ക് “ക്രിസ്തു, അഭിഷിക്തനായവന്” എന്ന പദത്തിലെപ്പോലെ നിര്വചനത്താല്അനുധാവനം ചെയ്യപ്പെടാം.
- ദൈവചനത്തിലുടനീളം ഒരേ പദം തന്നെ സൂചിപ്പിക്കുന്ന വിധം വ്യക്തമായ നിലയില്ഐക്യരൂപത്തില്പരിഭാഷപ്പെടുത്തിയിരിക്കുന്നുവെന്ന് ഉറപ്പാക്കുക.
- “മശീഹ”, “ക്രിസ്തു” എന്നീ പദങ്ങളുടെ പരിഭാഷകള്ഒരേ വാക്യത്തില്വരുമ്പോള്അവ രണ്ടും സാഹചര്യത്തിനനുസരിച്ചു യോജിക്കുന്നുവോ എന്നു ഉറപ്പ് വരുത്തുക. (യോഹന്നാന്:41 ല്ഉള്ളതുപോലെ)

(കാണുക: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ദൈവപുത്രന്, ദാവീദ്, യേശു, അഭിഷേകം ചെയ്യുക)

## ദൈവവചന സൂചികകള്:

- 1 യോഹന്നാന്:1-3
- അപ്പോ.പ്രവര്ത്തികള്02:34-36
- അപ്പോ.പ്രവര്ത്തികള്05:40-42
- യോഹന്നാന്:40-42
- യോഹന്നാന്:27-28
- യോഹന്നാന്:25-26
- ലൂക്കോസ് 02:10-12
- മത്തായി 01:15-17

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **17:07** **മശീഹ** ലോകത്തിലുള്ള ജനത്തിന്റെ പാപങ്ങളില്നിന്നു രക്ഷിക്കുവാന്ദൈവത്താല്തിരഞ്ഞെടുക്കപ്പെട്ടവന്.
- **17:08** സംഭവിച്ചതുപോലെ, ഇസ്രയേല്ജനം **മശീഹയുടെ** ആഗമനത്തിനു മുന്പു നീണ്ടകാലമായി ഏകദേശം 1,000 വര്ഷങ്ങള്കാത്തിരിക്കേണ്ടി വന്നു.
- **21:01** ആദിയില്തന്നെ, ദൈവം **മശീഹയെ** അയക്കുവാന്തീരുമാനിച്ചു.

- **21:04** ദൈവം ദാവീദ് രാജാവിനോട് **മശീഹ** ദാവീദിന്റെ സ്വന്തം സന്തതിയില്ഒരുവനായിരിക്കുമെന്നു വാഗ്ദാനം ചെയ്തിരുന്നു.
- **21:05** മശീഹ__ പുതിയ ഉടമ്പടിക്ക് പ്രാരംഭം കുറിക്കും.
- **21:06** ദൈവത്തിന്റെ പ്രവാചകന്മാരും **മശീഹ** ഒരു പ്രവാചകനും, പുരോഹിതനും, ഒരു രാജാവും ആയിരിക്കുമെന്നു പ്രസ്താവിച്ചിരുന്നു.
- **21:09** പ്രവാചകനായ യെശ്ശയ്യാവ് **മശീഹ** ഒരു കന്യകയില്നിന്നു ജനിക്കുമെന്ന് പ്രവചിച്ചിരുന്നു.
- **43:07** "നിന്റെ **പരിശുദ്ധനെ** കല്ലറയില്ദ്രവത്വം കാണുവാന്അനുവദിക്കുകയില്ല" എന്നുള്ള പ്രവചനം പൂര്ത്തീകരിക്കുവാനായി ദൈവം അവനെ വീണ്ടും ജീവനിലേക്കു ഉയര്ത്തി.
- **43:09** "എന്നാല്ദൈവം യേശുവിനെ കര്ത്താവും **മശീഹയും** ആക്കിവെച്ചു എന്നു തീര്ച്ചയായും അറിഞ്ഞിരിക്കട്ടെ!"
- **43:11** പത്രോസ് അവരോടു മറുപടി പറഞ്ഞത്, "ദൈവം നിങ്ങളുടെ പാപങ്ങള് ക്ഷമിക്കേണ്ടതിനു നിങ്ങള്ഓരോരുത്തരും മാനസ്സാന്തരപ്പെടുകയും യേശു **ക്രിസ്തു** വിന്റെ നാമത്തില്ജ്ഞാനസ്നാനം എടുക്കുകയും വേണം" എന്നാണ്.
- **46:06** ശൌല് യഹൂദന്മാരോട് സംവാദിക്കുകയും, യേശു തന്നെ **മശീഹ** എന്നു തെളിയിക്കുകയും ചെയ്തുവന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4899, G3323, G5547

# ക്രിസ്തുവില്, യേശുവില്, കര്ത്താവില്, അവനില്

## നിര്വചനം:

"ക്രിസ്തുവില്" എന്ന പദവും ബന്ധപ്പെട്ട പദങ്ങളും യേശുക്രിസ്തുവില് ഉള്ള വിശ്വാസം മൂലം അവനുമായി ബന്ധത്തില് ആകുന്ന സ്ഥിതി അല്ലെങ്കില് അവസ്ഥ എന്ന് സൂചിപ്പിക്കുന്നു.

- മറ്റു ബന്ധപ്പെട്ട പദങ്ങള് "ക്രിസ്തു യേശുവില്, യേശുക്രിസ്തുവില്, കര്ത്താവായ യേശുവില്, കര്ത്താവായ യേശുക്രിസ്തുവില്" ആദിയായവ ഉള്പ്പെടുന്നു. "ക്രിസ്തുവില്" എന്ന പദത്തിന്റെ സാധ്യതയുള്ള അര്ത്ഥങ്ങളില് "നിങ്ങള് ക്രിസ്തുവിനു ഉള്പ്പെട്ടവര് ആകയാല്" അല്ലെങ്കില് "ക്രിസ്തുവിനോട് നിങ്ങള്ക്കുള്ള ബന്ധത്തില് കൂടെ" അല്ലെങ്കില് "ക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസത്തെ അടിസ്ഥാനമാക്കി" ആദിയായവ ഉള്പ്പെടുത്താം.
- ഈ ബന്ധപ്പെട്ടിട്ടുള്ള പദങ്ങള് എല്ലാറ്റിനും യേശുവില് വിശ്വസിക്കുന്ന അവസ്ഥയും തന്റെ ശിഷ്യന് ആയിരിക്കുന്നതും എന്നുള്ള ഒരേ അര്ത്ഥം നല്കിയിരിക്കുന്നു.
- കുറിപ്പ്: ചില സന്ദര്ഭങ്ങളില് "ല്" എന്ന പദം ക്രിയയോടു കൂടെ ചേര്ന്നിരിക്കുന്നു. ഉദാഹരണമായി, "ക്രിസ്തുവില് പങ്കാളിത്വം" അര്ത്ഥം നല്കുന്നത് ക്രിസ്തുവിനെ അറിയുന്നത് നിമിത്തം ലഭ്യമാകുന്ന നന്മകളില് "പങ്കാളിത്വം" എന്നാണ്. ക്രിസ്തുവില് "മഹത്വത്തില്" എന്നത് അര്ത്ഥം നല്കുന്നത് ക്രിസ്തു ആരായിരിക്കുന്നു എന്നതിനാലും താന് എന്ത് ചെയ്തിരിക്കുന്നു എന്നതിനാലും സന്തോഷമായിരിക്കുന്നതും ദൈവത്തിനു സ്തുതി നല്കുന്നതും ആകുന്നു. ക്രിസ്തുവില് "വിശ്വസിക്കുക" എന്നാല് അര്ത്ഥം നല്കുന്നത് അവനെ രക്ഷകന് എന്ന് ആശ്രയിക്കുകയും അവനെ അറിയുകയും ചെയ്യുക എന്നതാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, "ക്രിസ്തുവില്" എന്നും "കര്ത്താവില്" എന്നും (ബന്ധമുള്ള പദസഞ്ചയങ്ങളും) ഉള്ളവ പരിഭാഷ ചെയ്യുന്ന വിവിധ രീതികളില് ഉള്പ്പെട്ടിരിക്കുന്നവ:
- "ക്രിസ്തുവിനു ഉള്പ്പെട്ടവര്"
- " നിങ്ങള് ക്രിസ്തുവില് വിശ്വസിക്കുന്നത് കൊണ്ട്"
- "ക്രിസ്തു നമ്മെ രക്ഷിച്ചത് കൊണ്ട്"
- "കര്ത്താവിന്റെ സേവയില്"
- "കര്ത്താവില് ആശ്രയിച്ചുകൊണ്ട് "
- "കര്ത്താവ് ചെയ്തിരിക്കുന്നവ നിമിത്തം." ക്രിസ്തുവില് "വിശ്വസിക്കുന്ന" ജനം അല്ലെങ്കില് ക്രിസ്തുവില് "വിശ്വാസമുള്ള"വര് യേശു ഉപദേശിച്ചവ വിശ്വസിക്കുകയും അവരെ രക്ഷിക്കേണ്ടതിനു അവനില് ആശ്രയിക്കുകയും ചെയ്യുന്നു എന്തുകൊണ്ടെന്നാല് ക്രൂശിലെ തന്റെ യാഗത്താല് അവരുടെ പാപങ്ങള്ക്കുള്ള പിഴ നല്കിയതിനാല് തന്നെ. ചില ഭാഷകളില് ക്രിയകളെ പരിഭാഷ ചെയ്യുവാന് ഒറ്റ വാക്കുകള് "വിശ്വസിക്കുക" അല്ലെങ്കില് "പങ്കു വെക്കുക" അല്ലെങ്കില് "ആശ്രയിക്കുക" എന്നിങ്ങനെ ഉണ്ടാകാം.

(കാണുക: ക്രിസ്തു, കര്ത്താവ്, യേശു, വിശ്വസിക്കുക, വിശ്വാസം)

## ദൈവ വചന സൂചികകള്:

- 1 യോഹന്നാന് 02:4-6
- 2 കൊരിന്ത്യര്:16-17
- 2 തിമോത്തിയോസ് 01:1-2
- ഗലാത്യര് 01:21-24
- ഗലാത്യര് 02:17-19
- ഫിലേമോന് 01-4-7
- വെളിപ്പാട് 01:9-11
- റോമര് 09:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G1519, G2962, G5547

# ക്രിസ്ത്യാനി

## നിര്വചനം:

യേശു സ്വര്ഗ്ഗത്തിലേക്ക് മടങ്ങിപ്പോയി അല്പ്പകാല ശേഷം, ജനം "യേശുവിന്റെ അനുഗാമി" എന്നര്ത്ഥം വരുന്ന "ക്രിസ്ത്യാനി" എന്ന പേര് ഉണ്ടാക്കി.

- അന്ത്യോക്യ പട്ടണത്തിലെവെച്ചാണ് യേശുവിന്റെ അനുഗാമികള്ക്ക് ആദ്യമായി "ക്രിസ്ത്യാനികള്" എന്ന പേര് വിളിക്കപ്പെട്ടത്.
- ഒരു ക്രിസ്ത്യാനി എന്നാല് യേശു ദൈവപുത്രന്എന്നു വിശ്വസിക്കുന്നവനും, തന്റെ പാപങ്ങളില്നിന്നും തന്നെ രക്ഷിക്കുവാനായി യേശുവിനെ വിശ്വസിക്കുന്നവനും ആകുന്നു.
- നമ്മുടെ ആധുനിക കാലത്തില്, "ക്രിസ്ത്യാനി" എന്ന പേര് സാധാരണ ക്രിസ്തീയ മതവുമായി തന്നെ അടയാളപ്പെടുത്തുന്നവന്, എന്നാല്യഥാര്ത്ഥമായി യേശുവിനെ പിന്ഗമിക്കാത്തവനുമായ വ്യക്തിയെയാണ്. ഇതു ദൈവവചനത്തില്അര്ത്ഥമാക്കുന്ന "ക്രിസ്ത്യാനി" അല്ല. എന്തുകൊണ്ടെന്നാല്ദൈവവചനത്തില്"ക്രിസ്ത്യാനി"എന്ന പദം എല്ലായ്പ്പോഴും യഥാര്ത്ഥമായും യേശുവില്വിശ്വസിക്കുന്ന ഒരുവനെ സൂചിപ്പിക്കുന്നു, ഒരു ക്രിസ്ത്യാനിയെ ''വിശ്വാസി" എന്നും വിളിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- എ പദം "ക്രിസ്തു-അനുഗാമി" അല്ലെങ്കില്ക്രിസ്തുവിനെ പിന്പറ്റുന്നവന്" അല്ലെങ്കില്അതുപോലെയുള്ള "ക്രിസ്തു-വ്യക്തി"എന്നതുപോലെ പരിഭാഷപ്പെടുത്താം.
- ശിഷ്യന്, അപ്പോസ്തലന്മുതലായ പദങ്ങള്ക്ക് ഉപയോഗിച്ചതില്നിന്നും വ്യത്യസ്തമായ പദമുപയോഗിച്ചു ഈ പദം പരിഭാഷപ്പെടുത്തിയിരിക്കുന്നു എന്നു ഉറപ്പ് വരുത്തുക.
- ചില പ്രത്യേക വിഭാഗങ്ങളെ മാത്രമല്ലാതെ, യേശുവില്വിശ്വസിക്കുന്ന എല്ലാവരെയും സൂചിപ്പിക്കത്തക്കവിധം പരിഭാഷ ചെയ്തുകൊണ്ട് ഈ പദം ഉപയോഗിക്കുന്നു എന്നു ഉറപ്പുവരുത്തുക.
- ഒരു പ്രാദേശിക അല്ലെങ്കില്ദേശീയ ഭാഷയില്ഉള്ള ദൈവവചനത്തില്ഈ പദം എപ്രകാരം പരിഭാഷപ്പെടുത്തിയിരിക്കുന്നു എന്നുള്ളതും കൂടി പരിഗണിക്കുക.

(കാണുക: അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:അന്ത്യോക്യ, ക്രിസ്തു, സഭ, ശിഷ്യന്, വിശ്വസിക്കുക, യേശു, ദൈവപുത്രന്)

## ദൈവവചന സൂചികകള്:

- 1 കൊരിന്ത്യര്06:7-8
- 1 പത്രോസ് 04:15-16
- അപ്പോ.പ്രവര്ത്തികള്11:25-26
- അപ്പോ.പ്രവര്ത്തികള്26:27-29

## ദൈവവചനകഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **46:9** അന്ത്യോക്യയില്വെച്ചാണ് യേശുവില്വിശ്വസിക്കുന്നവരെ ആദ്യമായി **"ക്രിസ്ത്യാനികള്"** എന്നു വിളിച്ചത്.
- **47:14** പൌലോസും ഇതര **ക്രിസ്തീയ** നേതാക്കന്മാരും നിരവധി പട്ടണങ്ങളിലേക്കു യാത്ര ചെയ്യുകയും, യേശുവിനെക്കുറിച്ചുള്ള സദ്വര്ത്തമാനം ജനാങ്ങളോട് പ്രസംഗിക്കുകയും ഉപദേശിക്കുകയും ചെയ്തു.
- **49:15** നിങ്ങള്യേശുവിലും താന്നിങ്ങള്ക്കായി ചെയ്തതിലും വിശ്വസിക്കു ന്നുവെങ്കില്, നിങ്ങള്ഒരു **ക്രിസ്ത്യാനി** ആണ്.
- **49:16** നിങ്ങള്ഒരു **ക്രിസ്ത്യാനി** ആകുന്നുവെങ്കില്, യേശു ചെയ്തത് നിമിത്തം ദൈവം നിങ്ങളുടെ പാപങ്ങള്ക്ഷമിക്കും.
- **49:17** നിങ്ങള്ഒരു **ക്രിസ്ത്യാനി** യാണെങ്കില്പ്പോലും നിങ്ങള്പാപം ചെയ്യുവാന്പരീക്ഷിക്കപ്പെടും.
- **50:03** താന്സ്വര്ഗ്ഗത്തിലേക്ക് മടങ്ങുന്നതിനു മുന്പു, **ക്രിസ്ത്യാനികളോട്** യേശു പറഞ്ഞത്, ഒരിക്കല്പ്പോലും കേട്ടിട്ടില്ലാത്ത ജനത്തോടു സുവിശേഷം പ്രസംഗിക്കുക എന്നാണ്.
- **50-51** യേശു മടങ്ങ വരുമ്പോള്, മരിച്ചവരായ എല്ലാ **ക്രിസ്ത്യാനികളും** മരിച്ചവരുടെയിടയില്നിന്നും ഉയിര്ക്കുകയും ആകാശത്തില്അവനെ എതിരേല്ക്കുകയും ചെയ്യും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G5546

# ക്രൂശിക്കുക, ക്രൂഷികരിക്കപ്പെട്ടു

## നിര്വചനം:

“ക്രൂശിക്കുക” എന്ന പദം അര്ത്ഥമാക്കുന്നത് ഒരാളെ ക്രൂശിനോട് ചേര്ത്ത് ബന്ധിക്കുകയും ദുരിതമനുഭവിച്ചു കടുത്ത യാതനയോടുകൂടെ മരിക്കുവാനായി ഉപേക്ഷിക്കുക എന്നാണ്.

- പീഡിപ്പിക്കപ്പെടുന്ന വ്യക്തിയെ കുരിശിനോട് ചേര്ത്ത് ബന്ധിക്കുകയോ കുരിശില്ആണി തറക്കുകയോ ചെയ്യും. ക്രൂശിതരാകുന്നവര്രക്തം വാര്ന്നോ ശ്വാസം മുട്ടിയോ മരിക്കാനിട യാകും
- പുരാതന റോമന്സാമ്രാജ്യം അടിക്കടി എ രീതിയിലുള്ള ശിക്ഷ നടപ്പിലാക്കി കൊടും കുറ്റവാളികളോ അവരുടെ സര്ക്കാരിനെതിരായി മത്സരിക്കുന്നവരോ ആയവരെ വധിക്കുമായിരുന്നു.
- യഹൂദ മതനേതാക്കന്മാര്റോമന്ദേശാധിപതിയോടു തന്റെ പടയാളികള്യേശുവിനെ ഇപ്രകാരം ക്രൂശിക്കണമെന്നു കല്പ്പിക്കുവാന്ആവശ്യപ്പെട്ടു. പടയാളികള്യേശുവിനെ കുരിശില്ആണിയടിച്ചു തറച്ചു. താന്ആറു മണിക്കൂര്യാതനയനുഭവിക്കുകയും, അനന്തരം മരണമടയുകയും ചെയ്തു.

## പരിഭാഷ നിര്ദേശങ്ങള്:

- “ക്രൂശിക്കുക” എന്ന പദം “ക്രൂശില്വധിക്കുക” അല്ലെങ്കില്ക്രൂശില്ആണികള്തറച്ചു വധിക്കുക” എന്നു പരിഭാഷപ്പെടുത്താം.

(കാണുക: കുരിശ്, റോം)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള് 02:22-24
- ഗലാത്യര്02:20-21
- ലൂക്കോസ് 23:20-22
- ലൂക്കോസ് 23:33-34
- മത്തായി 20:17-19
- മത്തായി 27:23-24

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **39:11** എന്നാല്യഹൂദ നേതാക്കന്മാരും ജനക്കൂട്ടവും “അവനെ(യേശുവിനെ)**ക്രൂശിക്ക** എന്നു ആര്ത്തുവിളിച്ചു.
- **39:12** ജനം വലിയ കലഹം ഉണ്ടാക്കുമെന്ന് പിലാത്തോസ് ഭയപ്പെട്ടു, അതിനാല്പടയാളികളോട് യേശുവിനെ **ക്രൂശിക്കുവാന്** കല്പ്പന നല്കുകയും, യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തില്ഒരു പ്രധാന പങ്കു വഹിക്കുകയും ചെയ്തു.
- **40:01** പടയാളികള്യേശുവിനെ ക്രൂശിച്ചനന്തരം, അവനെ **ക്രൂശിക്കുവാനായി** കൊണ്ടുപോയി. താന്മരിക്കേണ്ടതായ കുരിശിനെ താന്തന്നെ ചുമക്കുവാന്അവര്ഇടയാക്കി.
- **40:04** രണ്ടു കള്ളന്മാരുടെ ഇടയില്യേശു **ക്രൂശിക്കപ്പെട്ടു**.
- **43:06** ”ഇസ്രയേല്പുരുഷന്മാരെ, നിങ്ങള്കണ്ടതും അറിഞ്ഞി രിക്കുന്നതു പ്രകാരവും യേശു എന്ന മനുഷ്യന്ദൈവശക്തിയാല്നിരവധി ശക്തമായ അടയാളങ്ങളും അത്ഭുതങ്ങളും ചെയ്തവനാണ്. എന്നാല്നിങ്ങള്അവനെ **ക്രൂശിച്ചു**!”
- **43:09** ”ഈ മനുഷ്യനായ യേശുവിനെ നിങ്ങള് **ക്രൂശിച്ചു**.”
- **44:08** പത്രോസ് മറുപടി പറഞ്ഞത്, “നിങ്ങളുടെ മുന്പില്നില്ക്കുന്നതായ ഈ മനുഷ്യന്മശീഹയായ യേശുവിന്റെ ശക്തിയാല്സൌഖ്യമായി. നിങ്ങള്യേശുവിനെ **ക്രൂശിച്ചു**, എന്നാല്ദൈവം അവനെ വീണ്ടും ജീവനിലേക്കു ഉയിര്പ്പിച്ചു!”

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G388, G4362, G4717, G4957

# ക്രൂശ്

## നിര്വചനം:

ദൈവവചന കാലഘട്ടത്തില്, ഒരു കുരിശെന്നത് നെടുങ്കുത്തായി നിലത്തില്നിര്ത്തിയിട്ടുള്ള മരത്തൂണ്, കുറുകെ മുകള്ഭാഗത്തായി തിരശ്ചീനമായി മരത്തൂണ്ഘടിപ്പിച്ചിട്ടുള്ള ഒന്നാണ്. റോമന്സാമ്രാജ്യ കാലഘട്ടത്തില്, റോമന്സര്ക്കാര്കുറ്റവാളികള്ക്ക് ശിക്ഷ നടപ്പിലാക്കുവാനായി അവരെ ക്രൂശുമായി കെട്ടുകയോ ആണിയടിക്കുകയോ ചെയ്തിട്ട് അവിടെ മരിക്കുവാനായി വിട്ടുവിടുമായിരുന്നു.

- താന് ചെയ്തിട്ടില്ലാത്ത കുറ്റങ്ങളേശുവിന്റെ മേല്ആരോപിക്കുകയും റോമാക്കാര്അവനെ ഒരു കുരിശില്മരണത്തിനു ഏല്പ്പിക്കുകയും ചെയ്തു.
- ഈ പദം നദി, കുളം പോലുള്ള സ്ഥലങ്ങളെ മറുകര കടക്കേണ്ടതി നായി കുറുകെ കടന്നു പോകുന്ന “ക്രോസ്” എന്ന പദത്തില്നിന്നും തികെച്ചും വ്യത്യസ്തമായിട്ടുള്ളതാണ് എന്നുള്ളത് ശ്രദ്ധിക്കുക.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം ലക്ഷ്യ ഭാഷയില്കുരിശിന്റെ ആകൃതിയില്ഉള്ളതിനു സൂചിപ്പിക്കുന്നതായി ഉണ്ടെങ്കില്ആ പദമുപയോഗിച്ചു പരിഭാഷ പ്പെടുത്തുക.
- മനുഷ്യരെ കൊല്ലുവാനായി ഉപയോഗിച്ചയുടെ പേരുകളായ പടസഞ്ചയങ്ങള്“ശിക്ഷാ മരം, “മരണമരം” പോലുള്ളവ കുരിശിനെ വിവരിക്കു വാനായി പരിഗണിക്കുക.
- ഒരു പ്രാദേശിക ഭാഷയില്അല്ലെങ്കില്ദേശിയ ഭാഷയില്ദൈവവചന പരിഭാഷയില്എപ്രകാര ഈ പദം പരിഭാഷപ്പെടുത്തിയിരിക്കുന്നു എന്നത് പരിഗണിക്കുക.

(കാണുക: അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ക്രൂശിക്കുക, റോം)

## ദൈവവചന സൂചികകള്:

- 1 കൊരിന്ത്യര്01:17
- കൊലോസ്സ്യര്02:13-15
- ഗലാത്യര്06:11-13
- യോഹന്നാന്19:17-18
- ലൂക്കോസ് 09:23-25
- ലൂക്കോസ് 23:26
- മത്തായി 10:37-39
- ഫിലിപ്പിയര്02:5-8

## ദൈവവചണ കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **40:01** പടയാളികളേശുവിനെ പരിഹസിച്ചതിനു ശേഷം, അവര്തന്നെ ക്രൂശിക്കുവാനായി കൊണ്ടുപോയി. അവര്അവനെ താന്ക്രൂശിക്കപ്പെടുവാനുള്ള **കുരിശു** ചുമപ്പിച്ചു.
- **40:02** പടയാളികളേശുവിനെ “തലയോടിടം” എന്നു പേരുള്ള സ്ഥലത്ത് കൊണ്ടുവരികയും തന്റെ കൈകളെയും പാദങ്ങളെയും **കുരിശില്** ആണികൊണ്ട് തറയ്ക്കുകയും ചെയ്തു.
- **40:05** യഹൂദ നേതാക്കന്മാരും ജനക്കൂട്ടത്തില്ഉണ്ടായിരുന്ന മറ്റുള്ളവരും യേശുവിനെ പരിഹസിച്ചു. അവര്അവനോടു പറഞ്ഞത്, “നീ ദൈവപുത്രനെങ്കില്, **കുരിശില്** നിന്ന് ഇറങ്ങിവന്നു നിന്നെത്തന്നെ രക്ഷിക്കുക!” എന്നായിരുന്നു. അപ്പോള്ഞങ്ങള്നിന്നെ വിശ്വസിക്കാം.”
- **49:10** യേശു **കുരിശില്** മരിച്ചപ്പോള്, നിന്റെ ശിക്ഷയാണ് താന്സ്വീകരിച്ചത്.
- **49:12** നിനക്കു പകരമായി കുരിശില്മരിച്ച യേശു ദൈവപുത്രനെന്നും, ദൈവം തന്നെ വീണ്ടും ജീവിക്കേണ്ടതിനു ഉയിര്ത്തെഴുന്നേല്പ്പിച്ചുവെന്ന് നീ വിശ്വസിക്കുകയും വേണം.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G4716

# ക്ഷമിക്കുക, ക്ഷമിക്കുന്നു, ക്ഷമിക്കപ്പെട്ട, ക്ഷമ, ക്ഷമിക്കുക, ക്ഷമിച്ചു

## നിർവചനം:

ഒരാളെ ക്ഷമിക്കുക എന്നതിന്റെ അര്ത്ഥം ഒരു വ്യക്തി വളരെ ഉപദ്രവകരമായി പ്രവര്ത്തിച്ചു എങ്കിലും അതിനെതിരായി ആ വ്യക്തിക്ക് നേരെ അമര്ഷം കൊള്ളാതെ ഇരിക്കുക എന്നതാണ്. "ക്ഷമ" എന്നത് ഒരാളോടു ക്ഷമിക്കുന്ന പ്രവര്ത്തി ആകുന്നു.

- ഒരാളോട് ക്ഷമിക്കുക എന്നത് സാധാരണയായി അര്ത്ഥമാക്കുന്നത് ആ വ്യക്തി ചെയ്ത തെറ്റിന് ആ വ്യക്തിയെ ശിക്ഷിക്കാതിരിക്കുക എന്നാണ്.
- ഈ പദം ഉപമാനമായി ഒരു കടം ഇളച്ചു കൊടുക്കുക" എന്ന അര്ത്ഥത്തില് "റദ്ദാക്കുക" എന്നുള്ള പദപ്രയോഗം ഉപയോഗിക്കാം.
- ജനം അവരുടെ പാപങ്ങള് ഏറ്റു പറയുമ്പോള്, ദൈവം അവയെ ക്രൂശിലുള്ള യേശുവിന്റെ യാഗാര്പ്പിത മരണത്തിന്റെ അടിസ്ഥാനത്തില് ക്ഷമിക്കുന്നു.
- തന്റെ ശിഷ്യന്മാരോട് താന് അവരോടു ക്ഷമിച്ചതു പോലെ അവരും മറ്റുള്ളവരോട് ക്ഷമിക്കണം എന്നു യേശു അവരെ പഠിപ്പിച്ചു.
- "ക്ഷമിക്കുക" എന്ന പദം ഒരുവന്ചെയ്ത പാപത്തിനു അവനോട് ക്ഷമിക്കുകയും അവനെ ശിക്ഷിക്കാതിരിക്കുകയും ചെയ്യുക എന്നു അര്ത്ഥമാക്കുന്നു.
- "ഈ വാക്കിനു "ക്ഷമിക്കുക" എന്ന അതേ അര്ത്ഥം തന്നെയാണ് ഉള്ളതെങ്കിലും കുറ്റവാളിയായ ഒരുവന് ശിക്ഷ നല്കുന്നില്ല എന്ന ഔപചാരിക തീരുമാനം കൂടെ ഉള്പ്പെടുന്നതായി അര്ത്ഥം ഉണ്ട്.
- ഒരു കോടതി നിയമത്തില്, കുറ്റം ഉണ്ടെന്നു കണ്ടു പിടിക്കപ്പെട്ട വ്യക്തിയെ ക്ഷമിക്കുവാന്ഒരു ന്യായാധിപനു കഴിയും.
- നാം പാപത്തിന്റെ കുറ്റം ആരോപിക്കപ്പെട്ടവര്ആണെങ്കിലും, ക്രൂശിലെ തന്റെ യാഗ മരണത്തിന്റെ അടിസ്ഥാനത്തില്നമ്മെ നരകത്തിലേക്ക് തള്ളിക്കളയുന്നതില്നിന്നും യേശു നമ്മോട് ക്ഷമിച്ചു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യത്തിന് അനുസൃതമായി, "ക്ഷമിക്കുക" എന്ന പദം "ക്ഷമിക്കുക" അല്ലെങ്കില്"റദ്ദാക്കുക" അല്ലെങ്കില്"വിടുതല്നല്കുക" അല്ലെങ്കില്"എതിരായി ഒന്നും ചെയ്യാതിരിക്കുക"(ആരോടെങ്കിലും)
- "ക്ഷമാപണം" എന്ന പദം "നീരസം പ്രകടിപ്പിക്കാതെ ഇരിക്കുക" അല്ലെങ്കില്"(ഒരുവനെ) കുറ്റവാളി എന്നു പ്രഖ്യാപിക്കാതിരിക്കുക" അല്ലെങ്കില്"ക്ഷമിക്കുന്ന പ്രവര്ത്തി" എന്നു അര്ത്ഥം വരുന്ന വാക്ക് കൊണ്ടോ പദസഞ്ചയം കൊണ്ടോ പരിഭാഷ ചെയ്യാവുന്നതാണ്.
- നിര്ദിഷ്ട ഭാഷയില്ക്ഷമിക്കുന്നതിനുള്ള ഔപചാരിക തീരുമാനത്തിനു ഒരു പദം ഉണ്ടെങ്കില്ആ പദം "ക്ഷമിക്കുക" എന്ന വാക്കിനു പരിഭാഷക്കായി ഉപയോഗിക്കാം.

(കാണുക:അപരാധം)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 50:15-17
- സംഖ്യാപുസ്തകം 14:17:19
- ആവര്ത്തനപുസ്തകം 29:20-21
- യോശുവ 24:19-20
- 2 രാജാക്കന്മാര്05:17-19
- സങ്കീര്ത്തനങ്ങള് 025:1-11
- സങ്കീര്ത്തനങ്ങള് 025:17-19
- യെശ്ശയ്യാവ് 55:6-7
- യെശ്ശയ്യാവ് 40:1-2
- ലൂക്കോസ് 05:20-21
- അപ്പോ.പ്രവര്ത്തികള്08:20-23
- എഫെസ്യര്04:31-32
- കൊലോസ്യര്03:12-14
- 1 യോഹന്നാന്02:12-14

## ദൈവവചന കഥകളില്‍നിന്നുള്ള ഉദാഹരണങ്ങള്‍:

- **07:10** എന്നാല്‍ഏശാവ് യാക്കോബിനെ മുന്‍പേ തന്നെ **ക്ഷമിച്ചിരുന്നു**, അവര്‍പരസ്പരം വീണ്ടും കാണുന്നതിനായി സന്തോഷിച്ചിരുന്നു.
- **13-15** അനന്തരം മോശെ വീണ്ടും പര്വതത്തില്‍കയറുകയും ജനത്തോട് **ക്ഷമിക്കണമേ** എന്നു ദൈവത്തോട് പ്രാര്‍ഥിക്കുകയും ചെയ്തു. ദൈവം മോശെയെ കേള്‍ക്കുകയും അവരോടു **ക്ഷമിക്കുകയും** ചെയ്തു.
- **17:13** ദാവീദ് തന്റെ പാപത്തില്‍നിന്നും മാനസ്സാന്തരപ്പെടുകയും ദൈവം അവനോടു **ക്ഷമിക്കുകയും** ചെയ്തു.
- **21:05** പുതിയ ഉടമ്പടിയില്‍ദൈവം തന്റെ പ്രമാണം മനുഷ്യരുടെ ഹൃദയങ്ങളില്‍എഴുതുകയും, ജനം ദൈവത്തെ വ്യക്തിപരമായി അറിയുകയും, അവര്‍തന്റെ ജനമായിരിക്കുകയും, ദൈവം അവരുടെ പാപങ്ങള്‍ **ക്ഷമിക്കുകയും** ചെയ്യും.
- **29:01** ഒരു ദിവസം പത്രോസ് യേശുവിനോട്, “ഗുരോ, ഞാന്‍എത്ര പ്രാവശ്യം എന്റെ സഹോദരനോട് അവന്‍എനിക്കെതിരെ പാപം ചെയ്യുമ്പോള്‍ **ക്ഷമിക്കണം** ?” എന്നു ചോദിച്ചു..
- **29:08** നീ എന്നോട് യാചിച്ചതിനാല്‍ഞാന്നിന്റെ കടം **ക്ഷമിച്ചു**.
- **38:05** അനന്തരം യേശു ഒരു പാനപാത്രം എടുത്തിട്ടു പറഞ്ഞത്, “ഇതു പാനം ചെയ്യുക, ഇതു പാപങ്ങളുടെ **ക്ഷമയ്ക്കായി** നിങ്ങള്‍ക്കായി ചൊരിയപ്പെടുന്ന പുതിയ ഉടമ്പടിയുടെ എന്റെ രക്തം ആകുന്നു.”

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- H5546, H5547, H3722, H5375, H5545, H5547, H7521, G859, G863, G5483

# ജന്മാവകാശം

## നിര്വചനം

“ജന്മാവകാശം” എന്നപദം ദൈവവചനത്തില്ഒരു കുടുംബത്തിലെ ആദ്യജാതന് നല്കപ്പെടുന്ന ബഹുമാനം, കുടുംബപ്പേര്, സാധാരണയായി നല്കപ്പെടുന്ന ഭൌതിക സ്വത്ത് ആദിയായവയെ സൂചിപ്പിക്കുന്നു.

- ആദ്യജാതന് പിതാവിന്റെ സമ്പത്തില്നിന്ന് രണ്ടു മടങ്ങ്അവകാശവും ജന്മാവകാശമായി ഉള്പ്പെട്ടിരുന്നു.
- ഒരു രാജാവിന്റെ ആദ്യജാതന് സാധാരണയായി പിതാവിന്റെ മരണാന്തരം ജന്മാവകാശമായി ഭരണാധികാരം നല്കുമായിരുന്നു.
- എശാവ് തന്റെ ജന്മാവകാശത്തെ ഇളയ സഹോദരന്യാക്കോബിന് വിറ്റു. ഇതുനിമിത്തം, എശാവിനു പകരം യാക്കോബ് ആദ്യജാതന്റെ അനുഗ്രഹം അവ കാശമാക്കുവാന്ഇടയായി.
- ജന്മാവകാശമെന്നത് കുടുംബ സന്തതികളുടെ പരമ്പരയെ ആദ്യജാതന്മാരുടെ വംശാവലിയില്കൂടെയാണ് കണക്കാക്കപ്പെട്ടിരുന്നത്.

## പരിഭാഷ നിര്ദേശങ്ങള്:

- ”ജന്മാവകാശം” എന്ന പദം “ ആദ്യജാതന്റെ അവകാശവും സമ്പത്തും” അല്ലെങ്കില്“കുടുംബ ബഹുമാനം” അല്ലെങ്കില്“ആദ്യജാതനുള്ള വിശേഷാധികാരങ്ങളും അവകാശങ്ങളും” എന്നീ പരിഭാഷകള്ഉള്പ്പെടുത്താം.

(കാണുക: ആദ്യജാതന്, അവകാശമാക്കുക, സന്തതി)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:1-3
- ഉല്പ്പത്തി 25:31-34
- ഉല്പ്പത്തി 43:32-34
- എബ്രായര്:14-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1062, G4415

# ജീവിതം, ജീവൻ ഉള്ള, ജീവിച്ചു, ജീവിക്കുന്നു, ജീവനോടെ ഉള്ള, ജീവിക്കുന്നു

## നിർവചനം:

ഈ പദങ്ങൾ എല്ലാം മരിച്ചവരെ അല്ല, ശാരീരികമായി ജീവൻ ഉള്ളവരെ സൂചിപ്പിക്കുന്നു. ഇത് ആത്മീയമായി ജീവിക്കുന്നവരെ ഉപമാനമായി സൂചിപ്പിക്കുവാനും ഉപയോഗിക്കാറുണ്ട്. താഴെ നല്കിയിട്ടുള്ളവ "ശാരീരിക ജീവിതം" എന്നും "ആത്മീക ജീവിതം" എന്നും പറഞ്ഞാൽ എന്താണ് അർത്ഥം നല്കുന്നതെന്ന് ചർച്ച ചെയ്യുന്നു.

### 1. ശാരീരിക ജീവിതം:

ശാരീരിക ജീവിതം എന്നത് ശരീരത്തിൽ ആത്മാവിന്റെ സാന്നിധ്യം ഉള്ളതിനെ കുറിക്കുന്നു. ദൈവം ആദാമിന്റെ ശരീരത്തിലേക്ക് ജീവനെ നിശ്വസിച്ചു, താൻ ജീവനുള്ള ദേഹി ആയി തീർന്നു.

- "ജീവതം" എന്നത് ഒരു തനിപ്പെട്ട വ്യക്തി എന്ന് "ആ ജീവിതം രക്ഷിക്കപ്പെട്ടു" എന്ന് സൂചിപ്പിക്കുന്നതിനാൽ അർത്ഥം നൽകാം.
- ചല സന്ദർഭങ്ങളിൽ, "ജീവിതം" എന്ന പദം "തന്റെ ജീവിതം ആനന്ദകരമായത്" ആയിരുന്നു എന്നതിൽ ജീവിതത്തിന്റെ അനുഭവത്തെ സൂചിപ്പിക്കുന്നത് പോലെ ആയിരിക്കുന്നു.
- ഇത് ഒരു വ്യക്തിയുടെ ജിവിത കാലയളവ് എന്ന് "തന്റെ ജീവിതത്തിന്റെ അന്ത്യത്തിൽ" എന്ന പദപ്രയോഗത്തിൽ ഉള്ളതു പോലെ സൂചിപ്പിക്കാം.
- "ജീവൻ ഉള്ള" എന്ന പദം "എന്റെ മാതാവ് ഇപ്പോഴും ജീവിക്കുന്നു" എന്നതിൽ സൂചിപ്പിച്ചിരിക്കുന്നത് പോലെ ശാരീരികമായി ജീവിച്ചിരിക്കുന്നതിനെ സൂചിപ്പിക്കാം. ഇത് എവിടെ എങ്കിലും വസിക്കുന്നതിനെയും "അവർ പട്ടണത്തിൽ ജീവിക്കുക ആയിരുന്നു" എന്നതിൽ ഉള്ളതു പോലെ സൂചിപ്പിക്കുന്നു. ദൈവ വചനത്തിൽ, "ജീവിതം" എന്ന ആശയം സാധാരണയായി "മരണം" എന്ന ആശയവുമായി പൊരുത്തം ഇല്ലാതെ പോകുന്നു.

### 2. ആത്മീയ ജീവൻ

- ഒരു വ്യക്തി ദൈവത്തോടുകൂടെ യേശുവിൽവിശ്വസിക്കുമ്പോൾ ആത്മീയ ജീവൻ ഉണ്ടാകുന്നു. ദൈവം ആ വ്യക്തിക്ക് പരിശുദ്ധാത്മാവ് തന്നിൽ വസിക്കുന്നത് മൂലം ഒരു രൂപാന്തരം ഭവിച്ച ജീവിതം അവനിൽ ഉളവാക്കുന്നു.
- ഈ ജീവിതത്തെ "നിത്യ ജീവൻ" എന്നും വിളിക്കുന്നതു മൂലം അതിനു ഒരിക്കലും അവസാനം ഉണ്ടാകുന്നില്ല എന്ന് സൂചിപ്പിക്കുന്നു.
- ആത്മീയ ജീവൻ എന്നതിന്റെ എതിർ ആയിട്ടുള്ളത് ആത്മീയ മരണം ആകുന്നു, അതിന്റെ അർത്ഥം ദൈവത്തിൽ നിന്ന് വേർപെടുകയും നിത്യ ശിക്ഷാവിധി അനുഭവിക്കുകയും ചെയ്യുന്നു എന്നതാണ്.

## പരിഭാഷ നിർദേശങ്ങൾ:

- സാഹചര്യത്തിനു അനുസൃതമായി, "ജീവൻ" എന്നത് "ആസ്തിത്വം" അല്ലെങ്കിൽ "വ്യക്തി" അല്ലെങ്കിൽ "ആത്മാവ്" അല്ലെങ്കിൽ "അവസ്ഥ" അല്ലെങ്കിൽ "അനുഭവം" എന്ന് പരിഭാഷ ചെയ്യാം.
- "ജീവിക്കുക" എന്ന പദം "വസിക്കുക" അല്ലെങ്കിൽ "നില കൊള്ളുക" എന്ന് പരിഭാഷ ചെയ്യാം.
- "അവന്റെ ജീവിതത്തിന്റെ അന്ത്യം" എന്ന പദപ്രയോഗം "താൻ ജീവിക്കുന്നത് അവസാനിച്ചപ്പോൾ എന്ന് പരിഭാഷ ചെയ്യാം.
- "അവരുടെ ജീവനെ ശേഷിപ്പിച്ചു" എന്ന പദപ്രയോഗം "അവരെ ജീവിക്കുവാൻ അനുവദിച്ചു" അല്ലെങ്കിൽ "അവരെ വധിച്ചില്ല" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- അവർഅവരുടെ പ്രാണനെ പണയം വെച്ചു" എന്ന പദപ്രയോഗം "അവർഅവരെ അപകടത്തിൽആക്കി" അല്ലെങ്കിൽ"അവർഅവരെത്തന്നെ കൊന്നുകളയത്തക്ക വിധം അവർചിലത് ചെയ്തു."
- ആത്മീയമായി ജീവൻഉള്ളവരായിരിക്കുക എന്ന് ദൈവവചനം പ്രസ്താവിക്കുമ്പോൾ, "ജീവിതം" എന്നത് "ആത്മീയ ജീവിതം" അല്ലെങ്കിൽ"നിത്യ ജീവൻ" എന്നിങ്ങനെ സാഹചര്യം അനുസരിച്ച് പരിഭാഷ ചെയ്യാം.

- "ആത്മീയ ജീവിതം" എന്ന ആശയം "ദൈവം നമ്മെ നമ്മുടെ ആത്മാവിൽജീവിപ്പിക്കുന്നു" അല്ലെങ്കിൽ"ദൈവത്തിന്റെ ആത്മാവിനാൽഉള്ള നവ ജീവൻ" അല്ലെങ്കിൽ"നമ്മുടെ അന്തരംഗത്തിൽനമ്മെ ജീവൻഉള്ളവർആക്കിയതിനാൽ."
- സാഹചര്യത്തിന് അനുസൃതമായി, "ജീവൻനൽകുക" എന്ന പദപ്രയോഗം "ജീവൻഉണ്ടാകുവാൻഇടയാക്കുക" അല്ലെങ്കിൽ"നിത്യജീവൻനൽകുക" അല്ലെങ്കിൽ"നിത്യമായി ജീവിക്കുവാൻഇട വരുത്തുക" എന്നിങ്ങനെ പരിഭാഷ ചെയ്യുക.

(കാണുക: മരണം, എന്നെന്നേക്കും ഉള്ള)

## ദൈവ വചന സൂചിക:

- 2 പത്രോസ് 01:3-4
- അപ്പോ,10:42-43
- ഉൽപ്പത്തി 02:7-8
- ഉൽപ്പത്തി 07:21-22
- എബ്രായർ10:19-22
- യിരെമ്യാവ് 44:1-3
- യോഹന്നാൻ01:4-5
- ന്യായാധിപന്മാർ 02:18-19
- ലൂക്കോസ് 12:22-23
- മത്തായി 07:13-14](rc://ml/tn/help/mat/07/13)

## ദൈവ വചന കഥകളിൽനിന്നുള്ള ഉദാഹരണങ്ങൾ:

- **01:10** അതിനാൽദൈവം കുറച്ചു മണ്ണ്എടുത്തു. അതിനെ മനുഷ്യന്റെ രൂപത്തിൽആക്കി, അവനിലേക്ക് **ജീവൻ** നിശ്വസിച്ചു.
- **03:01** ദീർഘ കാലങ്ങൾക്ക് ശേഷം, നിരവധി ആളുകൾഭൂമിയിൽ**ജീവിക്കുവാൻ** ഇടയായി.
- **08:13** യോസേഫിന്റെ സഹോദരന്മാർഭവനത്തിലേക്ക് മടങ്ങി വന്നു അവരുടെ പിതാവ്, യാക്കോബിനോടു, യോസേഫ് ഇപ്പോഴും **ജീവിച്ചിരിക്കുന്നു**, എന്ന് പറയുകയും താൻവളരെ സന്തുഷ്ടൻആകുകയും ചെയ്തു.
- **17:09** എന്നിരുന്നാലും, തന്റെ (ദാവീദിന്റെ)**ജീവിതത്തിന്റെ** അന്ത്യകാലത്തിൽതാൻദൈവ മുൻപാകെ ഭയങ്കരമായ പാപം ചെയ്തു.
- **27:01** ഒരു ദിവസം, യഹൂദ ന്യായപ്രമാണത്തിൽപ്രവീണനായ ഒരുവൻയേശുവിന്റെ അടുക്കൽതന്നെ പരീക്ഷിക്കുവാനായി കടന്നു വന്നിട്ട്, "ഗുരോ, നിത്യ **ജീവൻ** അവകാശം ആക്കുവാൻഞാൻഎന്ത് ചെയ്യണം എന്ന് ചോദിച്ചു.
- **35:05** യേശു മറുപടി പറഞ്ഞത്, "ഞാൻതന്നെ ഉയിർത്തെഴുന്നേൽപ്പും **ജീവനും** ആകുന്നു എന്ന് മറുപടി പറഞ്ഞു.
- **44:05** "നിങ്ങളാണ് റോമൻദേശാധിപതിയോട് യേശുവിനെ കൊല്ലണം എന്ന് പറഞ്ഞവർ. നിങ്ങൾ**ജീവന്റെ** ആധാരം ആയവനെ കൊന്നുകളഞ്ഞു, എന്നാൽദൈവം അവനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിച്ചു."

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1934, H2416, H2417, H2421, H2425, H5315, G198, G222, G227, G806, G590

# ജ്ഞാനി, ജ്ഞാനം

## നിര്വചനം:

“ജ്ഞാനി” എന്ന പദം വിശദമാക്കുന്നത് ശരി ഏതെന്നും സദാചാര കാര്യങ്ങള് ചെയ്യേണ്ടവ ഏതെന്നും അതനുസരിച്ച് മനസ്സിലാക്കുകയും പ്രവര്ത്തിക്കുകയും ചെയ്യുന്ന വ്യക്തി എന്നാണ്. “ജ്ഞാനം” എന്നത് സത്യവും ധാര്മ്മികമായി ശരിയായിട്ടുള്ളതും എന്താണോ അത് ഗ്രഹിക്കുകയും നടപ്പില് വരുത്തുകയും ചെയ്യുക എന്നുള്ളതാണ്.

- ജ്ഞാനം ഉള്ളവനായിരിക്കുക എന്നതില് നല്ല തീരുമാനങ്ങള് എടുക്കുവാന്, പ്രത്യേകാല് ദൈവം പ്രസാദിക്കുന്ന തീരുമാനങ്ങള് തിരഞ്ഞെടുക്കുവാന് ഉള്ള കഴിവ് ഉണ്ടായിരിക്കുക എന്നിവ ഉള്പ്പെടുന്നു.
- ദൈവ വചനത്തില്, “ലൌകിക ജ്ഞാനം” എന്നുള്ളത് ഒരു ഉപമാന രീതിയായി ലോകത്തില് ഉള്ള ജനം ജ്ഞാനം എന്ന് കരുതുന്നവയെ, എന്നാല് യഥാര്ത്ഥത്തില് വിഡ്ഢിത്തം ആയവയെ സൂചിപ്പിക്കുന്നു.
- ദൈവത്തെ ശ്രദ്ധിക്കുന്നതിനാലും താഴ്മയോടെ തന്റെ ഹിതത്തെ അനുസരിക്കുകയും ചെയ്യുന്നത് മൂലം ജനങ്ങള് ജ്ഞാനം ഉള്ളവരായി മാറുന്നു.
- ഒരു ജ്ഞാനിയായ മനുഷ്യന് തന്റെ ജീവിതത്തില്, സന്തോഷം, ദയ, സ്നേഹം, ദീര്ഘക്ഷമ ആദിയായ പരിശുദ്ധാത്മാവിന്റെ ഫലങ്ങള് പ്രദര്ശിപ്പിക്കും.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, “ജ്ഞാനി” എന്ന പദം പരിഭാഷ ചെയ്യുന്നതില്“ദൈവത്തിനു അനുസരണം ഉള്ള” അല്ലെങ്കില്പ്രായോഗിക ബുദ്ധിയും അനുസരണവും ഉള്ള” അല്ലെങ്കില്“ദൈവ ഭയം ഉള്ള” എന്നിങ്ങനെ ഉള്പ്പെടുത്താം.
- ”ജ്ഞാനം” എന്നുള്ളത് “ജ്ഞാനമുള്ള ജീവിതം” അല്ലെങ്കില് “പ്രായോഗി “നല്ല വിവേചന ശക്തി” എന്നിങ്ങനെ ഉള്ള വാക്ക് അല്ലെങ്കില് പദസഞ്ചയം കൊണ്ട് പരിഭാഷ ചെയ്യാം.
- ”ജ്ഞാനി” എന്നും “ജ്ഞാനം” എന്നും ഉള്ളവയെ നീതിമാന് അല്ലെങ്കില് അനുസരണം ഉള്ളവന് എന്നത് പോലെയുള്ള പ്രധാന പദങ്ങളില് നിന്നും വ്യത്യസ്തത രീതിയില് പരിഭാഷ ചെയ്യുന്നത് ഉചിതം ആയിരിക്കും.

(കാണുക: അനുസരിക്കുക, ഫലം)

## ദൈവ വചന സൂചികകള്:

- അപ്പോ.06:2-4
- കൊലോസ്യര്:15-17
- പുറപ്പാട് 31:6-9
- ഉല്പ്പത്തി 03:4-6
- യെശ്ശയ്യാവ് 19:11-12
- യിരെമ്യാവ് 18:18-20
- മത്തായി 07:24-25

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **02:05** അവളും **ജ്ഞാനി** ആകണം എന്ന് ആഗ്രഹിച്ചു, അതിനാല് അവള് പഴങ്ങളില് ചിലത് പറിക്കുകയും ഭക്ഷിക്കുകയും ചെയ്തു.
- **18:01** ശലോമോന് **ജ്ഞാനത്തിനു** വേണ്ടി അപേക്ഷിക്കുകയും, ദൈവം അവനെ ലോകത്തില് ഏറ്റവും **ജ്ഞാനം നിറഞ്ഞ** മനുഷ്യനാക്കി തീര്ക്കുവാന് തക്കവണ്ണം പ്രസാദിക്കുകയും ചെയ്തു.
- **23:09** ചില കാലത്തിനു ശേഷം, വിദൂര കിഴക്കന് രാജ്യങ്ങളില് നിന്ന് **ജ്ഞാനികളായ** ആളുകള് അസാധാരണമായ നക്ഷത്രം ആകാശത്തില് കാണുവാന് ഇടയായി.
- **45:01** അവന് (സ്തേഫാനോസ്) നല്ല കീര്ത്തിയുള്ളവനും പരിശുദ്ധാത്മ നിറവും **ജ്ഞാനവും** ഉള്ളവന് ആയിരുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H998, H1350, H2445, H2449, H2450, H2451, H2452, H2454, H2942, H3820, H3823, H6195, H6493, H6912, H7535, H7919, H7922, H8454, G4678, G4679, G4680, G4920, G5428, G5429, G5430

# താഴ്ത്തുക, താഴ്ത്തുന്നു, താഴ്ത്തി, താഴ്മ

## നിര്വചനം:

"താഴ്ത്തുക" എന്ന പദം വിശദമാക്കുന്നത് ഒരു വ്യക്തി തന്നെക്കുറിച്ച് താന്മറ്റുള്ളവരേക്കാള്ഉയര്ന്നവന്ആണെന്ന് ചിന്തിക്കാതിരിക്കുന്നു എന്നാണ്. താന്അഹങ്കാരിയോ കടുംപിടിത്തക്കാരനോ ആയിരിക്കുന്നില്ല. താഴ്മ എന്നത് താഴ്ത്തുക എന്നതിന്റെ ഗുണവിശേഷം ആകുന്നു.

- ദൈവത്തിന്റെ മുന്പാകെ താഴുക എന്നതിന്റെ അര്ത്ഥം ഒരുവന്തന്റെ ബലഹീനതകളെയും അപൂര്ണ്ണതയും മഹിമ, ജ്ഞാനം, ഉല്കൃഷ്ടത ആദിയായവയുമായി താരതമ്യം ചെയ്തു മനസ്സിലാക്കുകയും ചെയ്യുക എന്നതാണ്.
- ഒരുവന്തന്നെ താഴ്ത്തുമ്പോള്, താന്തന്നെ അപ്രധാനമായ സ്ഥാനത്തേക്ക് നീക്കുന്നു.
- താഴ്മ എന്നത് തന്റെ സ്വന്ത ആവശ്യങ്ങളെക്കാള്, മറ്റുള്ളവരുടെ ആവശ്യങ്ങളെക്കുറിച്ച് ശ്രദ്ധാലു ആകുക എന്നതാണ്.
- താഴ്മ എന്നത് ഒരുവന്റെ ദാനങ്ങളും കഴിവുകളും ഉപയോഗിക്കു മ്പോള്ഒരു വിനീതമായ ഭാവത്തോടെ സേവനം ചെയ്യുക എന്ന് കൂടി ആണ്.
- "താഴ്മയോടെ ആയിരിക്കുക" എന്ന പദസഞ്ചയം "അഹങ്കാരിയാകാതെ ഇരിക്കുക" എന്ന് പരിഭാഷ ചെയ്യാം.
- നിങ്ങളെ ദൈവ സന്നിധിയില്താഴ്ത്തുക" എന്നത് "നിങ്ങളുടെ ഹിതത്തെ ദൈവത്തിന്റെ മഹത്വം മനസ്സിലാക്കി ദൈവത്തിനു സമര്പ്പിക്കുക."

(കാണുക: അഹങ്കാരം)

## ദൈവ വചന സൂചികകള്:

- യാക്കോബ് 01:19-21
- യാക്കോബ് 03:13-14
- യാക്കോബ് 04:8-10
- ലൂക്കോസ് 14:10-11
- ലൂക്കോസ്18:13-14
- മത്തായി 18:4-6
- മത്തായി 23:11-12

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **17:02** ദാവീദ് ഒരു **താഴ്മയും** നീതിയും ഉള്ളതും ദൈവത്തില്ആശ്രയിക്കുകയും അനുസരിക്കുകയും ചെയ്യുന്ന മനുഷ്യന്ആയിരുന്നു.
- **34:10** അഹങ്കാരികളായ ഓരോരുത്തരെയും ദൈവം **താഴ്ത്തി** ആരായാലും തന്നെതന്നെ **താഴ്ത്തുന്നവരെ** ഉയര്ത്തുകയും ചെയ്യുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1792, H3665, H6031, H6035, H6038, H6041, H6800, H6819, H7511, H7807, H7812, H8213, H8214, H8215, H8217, H8467, G858, G4236, G4239, G4240, G5011, G5012, G5013, G5391

# തിന്മ, ദുഷ്ടതയായ, ദുഷ്ടത

## നിര്വ്വചനം:

“തിന്മ” എന്നും “ദുഷ്ടത” എന്നുമുള്ള പദങ്ങള് ദൈവത്തിന്റെ വിശുദ്ധ സ്വഭാവത്തിനും ഹിതത്തിനും എതിരായുള്ള ഏതു കാര്യത്തെയും സൂചിപ്പിക്കുന്നു.

- “തിന്മ” എന്നത് ഒരു വ്യക്തിയുടെ സ്വഭാവത്തെ സൂചിപ്പിക്കുമ്പോള്, “ദുഷ്ടത” എന്നത് തന്റെ പ്രവര്ത്തിയെ സൂചിപ്പിക്കുന്നു. എങ്കിലും, രണ്ടു പദങ്ങളും അര്ത്ഥത്തില് സമാനത ഉള്ളതായിരി ക്കുന്നു.
- “ദുഷ്ടത” എന്ന പദം എന്നത് ജനം ദോഷകരമായ കാര്യങ്ങള് ചെയ്യുമ്പോള് നിലവിലുണ്ടാകുന്ന സ്ഥിതിയെ കാണിക്കുന്നു.
- തിന്മയുടെ അനന്തരഫലം ജനം മറ്റുള്ളവരോട് കുലപാതകം, മോഷണം, അപവാദം തുടങ്ങിയ ക്രൂരവും നിര്ദാക്ഷ്യണവുമായി ഇടപെടല് മൂലം പ്രകടമാക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യമനുസരിച്ച്, “തിന്മ”, “ദുഷ്ടത” എന്നീ പദങ്ങള് “ചീത്ത” അല്ലെങ്കില് പാ പമുള്ള, അല്ലെങ്കില് “അനാചാരമായ” എന്നു പരിഭാഷപ്പെടുത്താം.
- ഇവയെ പരിഭാഷപ്പെടുത്താവുന്നവയില് “നല്ലതല്ലാത്ത” അല്ലെങ്കില് “നീതിപൂര്വമല്ലാത്ത” അല്ലാത്ത ”സദാചാരപരമല്ലാത്ത” എന്നിവയും ഉപയോഗിക്കാവുന്നതാണ്.
- ലക്ഷ്യമിട്ടുള്ള ഭാഷയില് പ്രകൃത്യായുള്ള സാഹചര്യത്തിന് അനുയോജ്യമായ വാക്കുകള്അല്ലെങ്കില് പദസഞ്ചയങ്ങള് ഉപയോഗിച്ചിരിക്കുന്നു എന്നു ഉറപ്പുവരുത്തുക.

(കാണുക:അനുസരിക്കാതിരിക്കുക, പാപം, നല്ലത്, നീതിയുള്ള, ഭൂതം)

## ദൈവവചന സൂചികകള്:

- 1 ശമുവേല്:10-11
- 1 തിമോത്തിയോസ് 06:9-10
- 3 യോഹന്നാന്:9-10
- ഉല്പ്പത്തി 02:15-17
- ഉല്പ്പത്തി 06:5-6
- ഇയ്യോബ് 01:1-3
- ഇയ്യോബ് 08:19-20
- ന്യായാധിപന്മാര്:55-57
- ലൂക്കോസ് 06:22-23
- മത്തായി 07:11-12
- സദൃശവാക്യങ്ങള്:7-8
- സങ്കീര്ത്തനങ്ങള്:16-17

## ദൈവവചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **02:04**”നിങ്ങള് അത് ഭക്ഷിക്കുന്ന ഉടനെ നിങ്ങള് ദൈവത്തെപ്പോലെ ആകുകയും അവനെപ്പോലെ നന്മയും **തിന്മയും** അറിയുവാന് പ്രാപ്തരാകുകയും ചെയ്യുമെന്ന് ദൈവത്തിനു അറിയാം.”
- **03:01** ദീര്ഘകാലങ്ങള്ക്ക് ശേഷം, ലോകത്തില് ധാരാളം ആളുകള് ജീവിപ്പാന് ഇടയായി. അവര് വളരെ **ദുഷ്ടന്മാരും** അക്രമികളും ആയിത്തീര്ന്നു.
- **03:02** എന്നാല് നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. **ദുഷ്ടന്മാരായ** ജനങ്ങളുടെ ഇടയില് ജീവിക്കുന്ന ഒരു നീതിമാന്ആയിരുന്നു അദ്ദേഹം.
- **04:02** അവര് **തിന്മ** പ്രവര്ത്തിക്കുവാനായി ഒരുമിച്ചു കൂടിയാല് അവര്ക്ക് കൂടുതല് പാപകരമായ കാര്യങ്ങള് ചെയ്യുവാന് കഴിയുമെന്ന് ദൈവം കണ്ടു.
- **08:12** “നിങ്ങള് എന്നെ അടിമയായി വിറ്റപ്പോള് എനിക്ക് **ദോഷം** ചെയ്യുവാന് ശ്രമിച്ചു, എന്നാല് ദൈവം ആ **തിന്മയെ** നന്മക്കായി ഉപയോഗിച്ചു!”
- **14:02** അവര് (കനാന്യര്) അസത്യ ദൈവങ്ങളെ ആരാധിക്കുകയും നിരവധി **തിന്മയായ** കാര്യങ്ങളെ ചെയ്യുകയും ചെയ്തു.

- **17:01** എന്നാല് അവന് (ശൌല്)**ദുഷ്ടനായ** മനുഷ്യനായി ദൈവത്തെ അനുസരിക്കാത്തവന്ആയപ്പോള്, അവന്റെ സ്ഥാനത്തു ഒരു ദിവസം രാജാവാകുവാനായി ദൈവം വ്യത്യസ്തനായ വേറൊരുവനെ തിരഞ്ഞെടുത്തു.
- **18:11** ഇസ്രയേലിന്റെ പുതിയ രാജ്യത്തില് എല്ലാ രാജാക്കന്മാരും **ദുഷ്ടന്മാര്** ആയിരുന്നു.
- **29:08** രാജാവ് വളരെ കോപിഷ്ടനായി ആ **ദുഷ്ടനായ** ദാസനെ തന്റെ എല്ലാ കടങ്ങളും കൊടുത്തു തീര്ക്കുവോളം കാരാഗ്രഹത്തില് അടച്ചു.
- **45:02** അവര് പറഞ്ഞത്,"അവന് (സ്തേഫാനോസ്) മോശെക്കും ദൈവത്തിനും എതിരെ **തിന്മ** യായത് സംസാരിക്കുന്നത് ഞങ്ങള് കേട്ടു!" എന്നാണ്.
- **50:17** അവന് (യേശു) എല്ലാ കണ്ണുനീരുകളും തുടക്കുകയും, തുടര്ന്നു അവിടെ ദുരിതങ്ങള്, ദുഃഖം, കരച്ചില്, **തിന്മ**, വേദന, അല്ലെങ്കില് മരണം ഇനി ഉണ്ടാകുകയില്ല.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H205, H605, H1100, H1681, H1942, H2154, H2162, H2617, H3415, H4209, H4849, H5753, H5766, H5767, H5999, H6001, H6090, H7451, H7455, H7489, H7561, H7562, H7563, H7564, G92, G113, G459, G932, G987, G988, G1426, G2549, G2551, G2554, G2555, G2556, G2557, G2559, G2560, G2635, G2636, G4151, G4189, G4190, G4191, G5337

# തിരഞ്ഞെടുക്കപ്പെട്ടവന്, തിരഞ്ഞെടുക്കപ്പെട്ടവര്, തിരഞ്ഞെടുക്കുക, തിരഞ്ഞെടുക്കപ്പെട്ട ജനം, തിരഞ്ഞെടുക്കപ്പെട്ടവന്, തിരഞ്ഞെടുക്കുക

## നിര്വചനം:

“തിരഞ്ഞെടുക്കപ്പെട്ടവന്” എന്ന പദം അക്ഷരീകമായി അര്ത്ഥമാക്കുന്നത് “തിരഞ്ഞെടുക്കപ്പെട്ടവര്” അല്ലെങ്കില് “തിരഞ്ഞെടുക്കപ്പെട്ട ജനം” എന്നും അത് സൂചിപ്പിക്കുന്നത് തന്റെ ജനമായിരിപ്പാന് ദൈവം നിയമിച്ചതോ തിരഞ്ഞെടുത്തതോ ആയ ജനം എന്നുമാണ്. “തിരഞ്ഞെടുക്കപ്പെട്ടവന്” അല്ലെങ്കില് “ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെ ട്ടവന്” എന്ന പദം തിരഞ്ഞെടുക്കപ്പെട്ട മശീഹയായ യേശുവിനെ സൂചിപ്പിക്കുന്നു,

- “തിരഞ്ഞെടുക്കുക” എന്ന പദം അര്ത്ഥമാക്കുന്നത് എന്തിനെയെങ്കിലും അല്ലെങ്കില് ആരെയെങ്കിലും അല്ലെങ്കില് എന്തെങ്കിലും തീരുമാനിക്കുക എന്നാണ്. ഇതു സാധാരണയായി ഉപയോഗിക്കുന്നത് ദൈവം തനിക്കുള്പ്പെട്ട വരായും തന്നെ സെവിക്കുന്നവരായും ചിലരെ തിരഞ്ഞെടുത്തു നിയമിക്കുന്നു എന്നു സൂചിപ്പിക്കുന്നു.
- “തിരഞ്ഞെടുക്കപ്പെട്ട” എന്നത് അര്ത്ഥമാക്കുന്നത് ആയിരിക്കേണ്ടതിനോ ചെയ്യേണ്ടതിനോ വേണ്ടി “തിരഞ്ഞെടുക്കപ്പെട്ടത്” അല്ലെങ്കില് “നിയമിക്കപ്പെട്ടത്” എന്നു അര്ത്ഥമാക്കുന്നു.
- വിശുദ്ധര്ആയിരിക്കേണ്ടതിനും നല്ല ആത്മീയ ഫലങ്ങള് പുറപ്പെടുവിക്കേണ്ടതിനും അവനാല് വേര്തിരിക്കപ്പെട്ടവര്ആകേണ്ടതിനു ദൈവം ജനത്തെ തിരഞ്ഞെടുക്കുന്നു. ആയതിനാലാണ് അവരെ “തിരഞ്ഞെടുക്കപ്പെട്ടവര്” അല്ലെങ്കില് “തിരഞ്ഞെടുക്കപ്പെട്ടവര്” എന്നു വിളിക്കുന്നത്.
- “തിരഞ്ഞെടുക്കപ്പെട്ടവന്” എന്ന പദം ചിലപ്പോള് ദൈവവചനത്തില് ഉപയോഗിച്ചിരിക്കുന്നത് ചില പ്രത്യേക വ്യക്തികളായ മോശെ, ദാവീദ് പോലുള്ളവരെ ദൈവം തന്റെ ജനത്തിന്മേല് നേതാക്കന്മാരായി നിയമിച്ചതിനെ സൂചിപ്പിക്കുന്നു. ഇതു ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രയേല് ദേശത്തെ സൂചിപ്പിക്കുവാനുമായി ഉപയോഗിച്ചിട്ടുണ്ട്.
- “തിരഞ്ഞെടുക്കപ്പെട്ടവ” എന്നത് ഒരു പഴയ പദമായി “തിരഞ്ഞെടു ക്കപ്പെട്ടവര്” അല്ലെങ്കില് തിരഞ്ഞെടുക്കപ്പെട്ട ജനം” എന്നു അക്ഷരീക മായി അര്ത്ഥമാക്കുന്നു. ഈ പദം മൂല ഭാഷയില് ബഹുവചന രൂപത്തില് ക്രിസ്തുവിലുള്ള വിശ്വാസികളെ സൂചിപ്പിക്കുന്നു.
- പഴയ ആംഗലേയ ദൈവവചന ഭാഷാന്തരങ്ങളില്, “തിരഞ്ഞെടുക്കപ്പെട്ട” എന്ന പദം പഴയ, പുതിയ നിയമങ്ങള് രണ്ടിലും “തിരഞ്ഞെടുക്കപ്പെട്ട വന്(ര്)” എന്ന പദം പരിഭാഷപ്പെടുത്തുവാന് ഉപയോഗിച്ചിരിക്കുന്നു. അധികമായ നവീന ഭാഷാന്തരങ്ങളില് “തിരഞ്ഞെടുക്കപ്പെട്ട” എന്നത് പുതിയ നിയമത്തില് മാത്രം, യേശുവില് ഉള്ള വിശ്വാസം മൂലം ദൈവ ത്താല് രക്ഷിക്കപ്പെട്ട ജനത്തെ സൂചിപ്പിക്കുവാന് ഉപയോഗിച്ചി രിക്കുന്നു. മറ്റെല്ലാ ദൈവവചന ഭാഗങ്ങളിലും, അവര് ഈ വാക്ക് കൂടുതല് അക്ഷരീകമായി “തിരഞ്ഞെടുക്കപ്പെട്ടവര്” എന്നു പരിഭാഷപ്പെടുത്തിയി രിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ”തിരഞ്ഞെടുക്കപ്പെട്ടവന്” എന്നത് ഏറ്റവും നന്നായി പരിഭാഷ ചെയ്യുവാന് “തിരഞ്ഞെടുക്കപ്പെട്ടവര്” അല്ലെങ്കില് ”തിരഞ്ഞെടുക്കപ്പെട്ട ജനം” എന്നു അര്ത്ഥം നല്കുന്ന വാക്ക് അല്ലെങ്കില് പദസഞ്ചയം ഉപയോഗിക്കാം. “ദൈവം തിരഞ്ഞെടുത്ത ജനം” അല്ലെങ്കില് “തന്റെ ജനമായിരിക്കേ ണ്ടതിനു ദൈവം നിയമിച്ചവര്” എന്നും ഇതിനു പരിഭാഷപ്പെടുത്താം.
- “തിരഞ്ഞെടുക്കപ്പെട്ടവര്” എന്ന പദം “നിയമിക്കപ്പെട്ടവര്” അല്ലെങ്കില് “തിരഞ്ഞെടുക്കപ്പെട്ടവര്” അല്ലെങ്കില് “ദൈവം തിരഞ്ഞെടുത്തവര്” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- “ഞാന് നിന്നെ തിരഞ്ഞെടുത്തു” എന്നത് “ഞാന് നിന്നെ നിയമിച്ചു” അല്ലെങ്കില് “ഞാന് നിന്നെ തിരഞ്ഞെടുത്തു” എന്നു പരിഭാഷപ്പെടുത്താം.
- യേശുവിനോടുള്ള ബന്ധത്തില്, “തിരഞ്ഞെടുക്കപ്പെട്ടവന്” എന്നത് “ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവന്” അല്ലെങ്കില് “ദൈവത്താല് പ്രത്യേകമായി നിയമിക്കപ്പെട്ട മശീഹ” അല്ലെങ്കില് “(ജനത്തെ രക്ഷിക്കുവാനായി) ദൈവം നിയമിച്ചാക്കിയവന്” എന്നും പരിഭാഷപ്പെടുത്താം.

(കാണുക: നിയമിക്കുക, ക്രിസ്തു)

## ദൈവവചന സൂചികകള്:

- 2 യോഹന്നാന്:1-3
- കൊലോസ്സ്യര്:12-14
- എഫെസ്യര്:3-4
- യെശ്ശയ്യാവ് 65:22-23

- ലൂക്കോസ് 18:6-8
- മത്തായി 24:19-22
- റോമര്:33-34

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H970, H972, H977, H1262, H1305, H4005, H6901, G138, G140, G1586, G1588, G1589, G1951, G4400, G4401, G4758, G4899, G5500

# തീഷ്ണത, തീഷ്ണതയുള്ള

## നിര്വചനം:

“തീഷ്ണത” എന്നും “തീഷ്ണതയുള്ള” എന്നും ഉള്ള പദങ്ങള് ഒരു വ്യക്തിയെയോ അല്ലെങ്കില്ആശയത്തെയോ വളരെ അര്പ്പണത്തോടു കൂടെ ശക്തിയായി പിന്താങ്ങുന്നതിനെ സൂചിപ്പിക്കുന്നു.

- തീഷ്ണത എന്നത് ഒരു നല്ല കാരണത്തിനായി ഉള്ള ശക്തമായ ആഗ്രഹത്തെയും പ്രവര്ത്തിയേയും ഉള്പ്പെടുത്തുന്നു. ഇത് സാധാരണയായി വിശ്വസ്തതയോടു കൂടെ ദൈവത്തെ അനുസരിക്കുകയും മറ്റുള്ളവരെയും കൂടെ അപ്രകാരം ചെയ്യുവാനായി ഉപദേശിക്കുകയും ചെയ്യുന്ന വ്യക്തിയെ സൂചിപ്പിക്കുവാനായി ഉപയോഗിക്കുന്നു.
- തീഷ്ണത ഉള്ളവനായിരിക്കുക എന്നാല് ഏതെങ്കിലും പ്രവര്ത്തി വളരെ കാര്യക്ഷമമായ പരിശ്രമത്തോടു കൂടെയും ആ പരിശ്രമത്തില് തുടര്മാനമായ നിലയില് കാണപ്പെടുന്നതും ഉള്പ്പെടുന്നു.
- “കര്ത്താവിന്റെ തീഷ്ണത” അല്ലെങ്കില് “യഹോവയുടെ തീഷ്ണത” എന്നുള്ളത് ദൈവത്തിനു തന്റെ ജനത്തെ അനുഗ്രഹിക്കുവാന് ഉള്ള അല്ലെങ്കില് നീതി പ്രാവര്ത്തികമാകുന്നത് കാണുവാനുള്ള ശക്തമായ, നിര്ബന്ധ ബുദ്ധിയോടെയുള്ള നടപടികല്എന്ന് സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- “തീഷ്ണത ഉള്ളവന് ആയിരിക്കുക” എന്നുള്ളത്, “ശക്തമായ ശുഷ്കാന്തിയോടെ ഉള്ള” അല്ലെങ്കില് “തീവ്രമായ പരിശ്രമം നടത്തുന്നതായ” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- ”തീഷ്ണത” എന്ന പദം “ആരോഗ്യകരമായ ഉപാസന” അല്ലെങ്കില് “താല്പ്പര്യ പൂര്വമായ നിശ്ചയദാര്ഢ്യം” അല്ലെങ്കില് “നീതിപൂര്വമായ ശുഷ്കാന്തി” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- “നിന്റെ ഭവനത്തിനു വേണ്ടിയുള്ള തീഷ്ണത” എന്ന പദപ്രയോഗം “അങ്ങയുടെ ആലയത്തെ കുറിച്ചുള്ള ശക്തമായ ആദരവ്” അല്ലെങ്കില് “അങ്ങയുടെ ഭവനത്തെ കുറിച്ചുള്ള കരുതലില് ഉള്ള തീഷ്ണമായ ആഗ്രഹം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്:30-31
- 1 രാജാക്കന്മാര്:9-10
- അപ്പോ.22:3-5
- ഗലാത്യര്:17-18
- യെശ്ശയ്യാവ് 63:15-16
- യോഹന്നാന്:17-18
- ഫിലിപ്പിയര്:6-7
- റോമര്:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7065, H7068, G2205, G2206, G2207, G6041

# ദത്തെടുപ്പ്, ദത്തെടുക്കുക, ദത്തെടുത്തു

## നിർവ്വചനം:

"ദത്തെടുക്കുക", "ദത്തെടുപ്പ്" എന്നീ പദങ്ങൾ ഒരു വ്യക്തി തനിക്ക് ജീവശാസ്ത്ര പരമായ മാതാപിതാക്കൾ അല്ലാത്തവർക്ക് നിയമപരമായ കുഞ്ഞ് ആകുവാൻ സ്വീകരിക്കുന്ന നടപടി ക്രമം എന്നതിനെ സൂചിപ്പിക്കുന്നു.

- ദൈവവചനം "ദത്തെടുപ്പ്" "ദത്തെടുക്കുക" എന്നീ പദങ്ങൾ ഉപയോഗിച്ച് ഉപമാനമായി ദൈവം എപ്രകാരം ജനത്തെ തന്റെ ആത്മീയ പുത്രന്മാരും പുത്രിമാരുമാക്കി തന്റെ കുടുംബത്തിന്റെ ഭാഗമാക്കുന്നു എന്നു വിശദീകരിക്കുന്നു.
- ദത്തെടുക്കപ്പെട്ട മക്കളെന്ന നിലയിൽ, യേശുക്രിസ്തുവിനോടുകൂടെ വിശ്വാസി കളെ ദൈവം കൂട്ടവകാശികളാക്കി, അവർക്ക് ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരും എന്ന പദവികൾൽകുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- ഈ വിശിഷ്ടമായ മാതാപിതാക്കൾകുഞ്ഞ് എന്ന ബന്ധത്തെ വിശദീകരിക്കു ന്നതായി പരിഭാഷ ചെയ്യുന്ന ഭാഷയിലെ സമാന പടങ്ങളുപയോഗിച്ചു ഈ പദം പരിഭാഷ ചെയ്യാവുന്നതാണ്. ഇതിനു ഉപമാനപരമായോ അല്ലെങ്കിൽആത്മീയമായോ ഒരു അർത്ഥം ഉണ്ടെന്നു ഗ്രഹിക്കുന്നത് ഉറപ്പാക്കിക്കൊള്ളണം.
- "പുത്രന്മാരെന്ന ദത്തെടുപ്പ്" അനുഭവമാക്കുക" എന്ന പദസഞ്ചയം "ദൈവത്താൽതന്റെ മക്കളായി ദത്തെടുക്കപ്പെട്ടു" അല്ലെങ്കിൽ"ദൈവത്തിന്റെ (ആത്മീയ) മക്കൾ" ആയിത്തീർന്നു എന്നു പരിഭാഷപ്പെടുത്താം.
- "പുത്രന്മാർ എന്ന ദത്തെടുപ്പിനായി" കാത്തിരിക്കുന്നു എന്നത് "ദൈവത്തിന്റെ മക്കൾ ആയിത്തീരുന്നതിനായി കാത്തിരിക്കുന്നു" അല്ലെങ്കിൽ "മക്കളായി ദൈവം സ്വീകരിക്കേണ്ടതിനായി പ്രതീക്ഷയോടെ കാത്തിരിക്കുന്നു" എന്നു പരിഭാഷ പ്പെടുത്താം.
- "അവരെ ദത്തെടുക്കുക" എന്ന പദസഞ്ചയം "അവരെ തന്റെ സ്വന്ത മക്കളായി സ്വീകരിക്കുക" അല്ലെങ്കിൽ അവരെ തന്റെ സ്വന്ത(ആത്മീയ)മക്കളാക്കി തീർക്കുക" എന്നു പരിഭാഷപ്പെടുത്താം

(കാണുക: അവകാശി, അവകാശമാക്കുക, ആത്മാവ്).

## ദൈവവചന സൂചികകൾ:

- എഫെസ്യർ:5-6
- ഗലാത്യർ:3-5
- റോമർ:14-15
- റോമർ08:23-25
- റോമർ:3-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G5206

# ദേവാലയം

## വസ്തുതകള്:

ദേവാലയം എന്നത് ചുറ്റും പ്രാകാരത്താല് വലയം ചെയ്യപ്പെട്ട മതിലുകള് ഉള്ളതായ ഇസ്രയേല് ജനം കടന്നു വന്നു പ്രാര്ഥിക്കുവാനും ദൈവത്തിനു യാഗങ്ങള് അര്പ്പിക്കുവാനും ഉള്ള സ്ഥലം ആയിരുന്നു. ഇത് യെരുശലേം നഗരത്തില് ഉണ്ടായിരുന്ന മോറിയ മലയില് സ്ഥിതി ചെയ്തു വന്നിരുന്നു.

- "ദേവാലയം" എന്ന പദം സാധാരണയായി മുഴുവന് ദേവാലയ സമുച്ചയത്തെയും, പ്രധാന കെട്ടിടത്തെ ചുറ്റിയുള്ള പ്രാകാരങ്ങളെയും ഉള്പ്പെടുത്തിക്കൊണ്ട് സൂചിപ്പിക്കുന്നത് ആയിരുന്നു. ചില സന്ദര്ഭങ്ങളില് ഇത് കെട്ടിടത്തെ മാത്രമായും സൂചിപ്പിച്ചു വന്നിരുന്നു.
- ദേവാലയ കെട്ടിടത്തിനു രണ്ടു അറകള് ഉണ്ടായിരുന്നു, വിശുദ്ധ സ്ഥലവും അതിപരിശുദ്ധ സ്ഥലവും. ദൈവം തന്റെ വാസസ്ഥലമായി ദേവാലയത്തെ സൂചിപ്പിച്ചിരുന്നു.
- ശലോമോന്രാജാവ് തന്റെ ഭരണ കാലത്ത് ദേവാലയം നിര്മ്മിച്ചു. ഇത് യെരുശലെമില് സ്ഥിരമായ ആരാധന സ്ഥലമായി കരുതപ്പെട്ടു വന്നിരുന്നു.
- പുതിയ നിയമത്തില്, "പരിശുദ്ധാത്മാവിന്റെ മന്ദിരം" എന്ന പദം യേശുവില് ഉള്ള വിശ്വാസികളെ അവര് ഒരു സംഘമായി, പരിശുദ്ധാത്മാവ് അവരില് വസിക്കുന്നത് കൊണ്ട് സൂചിപ്പിച്ചു വരുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാധാരണയായി വചനം ജനങ്ങള് "ദേവാലയത്തില്" ആയിരുന്നു എന്ന് പറയുമ്പോള്, ഇത് കെട്ടിടത്തിനു പുറത്തുള്ള പ്രാകാരത്തെയാണ് സൂചിപ്പിച്ചിരുന്നത്. ഇത് "ദേവാലയ പ്രാകാരങ്ങളില്" അല്ലെങ്കില് "ദേവാലയ സമുച്ചയത്തില്" എന്ന് പരിഭാഷ ചെയ്യാം.
- ഇത് കെട്ടിടത്തെ തന്നെ പ്രത്യേകാല് സൂചിപ്പിക്കുമ്പോള്, ചില പരിഭാഷകള് "ദേവാലയത്തെ" "ദേവാലയ കെട്ടിടം" എന്ന് സൂചനയെ വ്യക്തമാക്കുവാന് വേണ്ടി പരിഭാഷ ചെയ്യാറുണ്ട്. "ദേവാലയം" എന്നതിനെ പരിഭാഷ ചെയ്യുന്ന മാര്ഗ്ഗങ്ങളില്, "ദൈവത്തിന്റെ വിശുദ്ധ ഭവനം" അല്ലെങ്കില് "വിശുദ്ധമായ ആരാധന സ്ഥലം" എന്നിവയും ഉള്പ്പെടുത്താം.
- ദൈവ വചനത്തില് സാധാരണയായി, ദേവാലയത്തെ "യഹോവയുടെ ഭവനം" അല്ലെങ്കില് "ദൈവത്തിന്റെ ഭവനം" എന്നിങ്ങനെ സൂചിപ്പിക്കാറുണ്ട്.

(കാണുക: യാഗം, ശലോമോന്, ബാബിലോണ്, പരിശുദ്ധാത്മാവ്, സമാഗമന കൂടാരം, പ്രാകാരം, സീയോന്, ഭവനം)

## ദൈവ വചന സൂചികകള്:

- അപ്പോ.03:1-3
- അപ്പോ.03:7-8
- യെഹസ്കേല് 45:19-20
- ലൂക്കോസ് 19:45-46
- നെഹെമ്യാവ് 10:28-29
- സങ്കീര്ത്തനങ്ങള് 079:1-3

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **17:05** സകല ഇസ്രയേല് ജനവും ദൈവത്തെ ആരാധിക്കുവാനും ദൈവത്തിനു യാഗങ്ങള് അര്പ്പിക്കുവാനും വേണ്ടി ഒരു **ദേവാലയം** പണിയണം എന്ന് ദാവീദ് ആവശ്യപ്പെട്ടു.
- **18:02** തന്റെ പിതാവായ ദാവീദ് ചിന്തിച്ച പ്രകാരവും താന് വസ്തുക്കള് സ്വരൂപിച്ച പ്രകാരവും ശലോമോന് യെരുശലേമില് **ദേവാലയം** പണിതു. സമാഗമന കൂടാരത്തിന് പകരം, ജനം ഇപ്പോള് ദൈവത്തെ ആരാധിക്കുവാനും യാഗങ്ങള് അര്പ്പിക്കുവാനും **ദേവാലയത്തില്** വന്നു. ദൈവം **ദൈവാലയത്തില്** വരികയും തന്റെ സാന്നിധ്യം പകരുകയും തന്റെ ജനത്തോടു കൂടെ അവിടെ വസിക്കുകയും ചെയ്തു.
- **20:07** അവര് (ബാബിലോന്യര്) യെരുശലേം നഗരം പിടിച്ചടക്കുകയും, **ദേവാലയം** നശിപ്പിക്കുകയും അവിടെ ഉണ്ടായിരുന്ന സകല നിക്ഷേപങ്ങളും കവര്ച്ച ചെയ്തു കൊണ്ട് പോകുകയും ചെയ്തു.
- **20:13** ജനം യെരുശലേമില് എത്തിയപ്പോള്, അവര് **ദേവാലയവും, ദേവാലയം** നിലകൊള്ളുന്ന പട്ടണത്തിന്റെ മതിലും പുനര്:നിര്മ്മാണം നടത്തി.

- **25:04** സാത്താന് യെശുവിനെ **ദേവാലയത്തിന്റെ** അഗ്രത്തില് കൊണ്ടുപോയി നിറുത്തി പറഞ്ഞത്, “നീ ദൈവ പുത്രന് എങ്കില്, നിന്നെത്തന്നെ താഴോട്ടു എറിഞ്ഞു കളക, ദൈവം നിന്റെ കാല് കല്ലില് തട്ടാത്ത വിധം നിന്നെ ചുമക്കേണ്ടതിനു തന്റെ ദൂതന്മാര്ക്കു കല്പ്പന നല്കും എന്ന് എഴുതിയിട്ടുണ്ടല്ലോ” എന്നായിരുന്നു.
- **40:07** അവന് മരിച്ചപ്പോള്, ഒരു ഭൂകമ്പം ഉണ്ടാകുകയും, **ദേവാലയത്തില്** ജനത്തെയും ദൈവസാന്നിധ്യത്തെയും തമ്മില് വേര്തിരിക്കുന്ന വലിയ തിരശ്ശീല മുകളില്നിന്നും താഴോട്ടു രണ്ടായി കീറുകയും ചെയ്തിരുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1004, H1964, H1965, H7541, G1493, G2411, G3485

# ദൈവ പുത്രന്, പുത്രന്

## വസ്തുതകള്:

“ദൈവപുത്രന്” എന്ന പദം ഈ ലോകത്തില് മനുഷ്യനായി വന്ന, ദൈവ വചനം ആകുന്ന, യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്നു. “പുത്രന്” എന്നും താന് അടിക്കടി സൂചിപ്പിക്കപ്പെട്ടു വന്നിരുന്നു.

- ദൈവപുത്രന് പിതാവായ ദൈവത്തിന്റെ അതേ സ്വഭാവ വിശേഷത ഉണ്ടായിരുന്നു, താന് പൂര്ണ്ണ ദൈവവും ആയിരുന്നു.
- പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവാം ദൈവം എല്ലാവരും ഒരേ സ്വഭാവം ഉള്ളവര് ആകുന്നു.
- മനുഷ്യ പുത്രന്മാരെ പോലെ അല്ലാതെ , ദൈവ പുത്രന് എപ്പോഴും ഉള്ളവന് ആയിരിക്കുന്നു.
- ആദിയില്, ദൈവപുത്രന് പിതാവായ ദൈവത്തോടും പരിശുദ്ധാത്മാവാം ദൈവത്തോടും കൂടെ ലോകത്തെ സൃഷ്ടിക്കുന്നതില് വ്യാപൃതന് ആയിരുന്നു. യേശു ദൈവപുത്രന് ആയിരുന്നതിനാല്, താന് തന്റെ പിതാവിനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നു, തന്റെ പിതാവു അവനെ സ്നേഹിക്കുകയും ചെയ്യുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ”ദൈവ പുത്രന്” എന്ന പദത്തിനായി “പുത്രന്” എന്ന പദം ഏറ്റവും നന്നായി പരിഭാഷ ചെയ്യുന്നതിന് ഈ ഭാഷയില് മനുഷ്യന്റെ പുത്രന് ഏതു പദം ആണോ പ്രകൃത്യാ ഉപയോഗിക്കുന്നത് അത് തന്നെ ഉപയോഗിക്കുന്നതാണ് ഉചിതം.
- “പുത്രന്” എന്നത് പരിഭാഷ ചെയ്യുന്നതിന് ഉപയോഗിക്കുന്ന വാക്ക് “പിതാവ്” എന്ന പദം പരിഭാഷ ചെയ്യുന്നതിന് ഉപയോഗിക്കുന്ന പദവുമായി യോജിച്ചു പോകുന്നുവെന്ന് ഉറപ്പു വരുത്തുക, ഈ പദങ്ങള് നിര്ദിഷ്ട ഭാഷയില് യഥാര്ത്ഥ പിതൃ-പുത്ര ബന്ധത്തെ പ്രകടിപ്പിക്കുന്ന വളരെ സ്വാഭാവികമായി ഉള്ള പദങ്ങള് ആയിരിക്കും.
- “പുത്രന്” എന്ന പദം ആരംഭിക്കുന്നതിനു വലിയ അക്ഷരം ഉപയോഗിക്കുന്നത് ഇത് ദൈവത്തെ കുറിച്ച് പ്രതിപാദിക്കുന്നു എന്ന് കാണിക്കുവാന് സഹായിക്കുന്നു.
- “പുത്രന്” എന്ന പദം “ദൈവ പുത്രന്” എന്നതിന്റെ ചുരുക്കം ആകുന്നു, പ്രത്യേകാല് :പിതാവ്” എന്ന അതേ സാഹചര്യത്തില് അത് സംഭവ്യം ആകുമ്പോള്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ക്രിസ്തു, പൂര്വികന്, ദൈവം, പിതാവാം ദൈവം, പരിശുദ്ധാത്മാവ്]പരിശുദ്ധാത്മാവ്, ദൈവത്തിന്റെ ആത്മാവ്, കര്ത്താവിന്റെ ആത്മാവ്, ആത്മാവ്, യേശു, പുത്രന്, ദൈവപുത്രന്മാര്]ദൈവ പുത്രന്മാര്)

## ദൈവ വചന സൂചികകള്:

- 1 യോഹന്നാന്:04:9-10
- അപ്പോ.09:20-22
- കൊലോസ്സ്യര്:15-17
- ഗലാത്യര്:20-21
- എബ്രായര്:14-16
- യോഹന്നാന്:16-18
- ലൂക്കോസ് 10:22
- മത്തായി 11:25-27
- വെളിപ്പാട് 02:18-19
- റോമര്:28-30

## ദൈവവചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **22:05** ദൂതന് വിശദീകരിച്ചത്,”പരിശുദ്ധാത്മാവ് നിന്നിലേക്ക് വരും, ദൈവത്തിന്റെ ശക്തി നിന്റെ മേല് നിഴലിടും. ആയതിനാല് **ദൈവ പുത്രന്** ആയ ശിശു വിശുദ്ധന് ആയിരിക്കും,”
- **24:09** ദൈവം യോഹന്നാനോട് പറഞ്ഞത്, നീ സ്നാനം കഴിപ്പിക്കുന്ന ഒരു ആളുടെ മേല് പരിശുദ്ധാത്മാവ് വന്നിറങ്ങും. ആ വ്യക്തി **ദൈവ പുത്രന്** ആയിരിക്കും.

- **31:08** ശിഷ്യന്മാര് ആശ്ചര്യഭരിതര് ആയി. അവര് യെശുവിനെ ആരാധിച്ചു, അവനോടു പറഞ്ഞത്, “സത്യമായും, അങ്ങ് **ദൈവപുത്രന്** തന്നെ.”
- **37:05** മാര്ത്ത ഉത്തരം പറഞ്ഞത്, “അതേ, ഗുരോ! അങ്ങ് **ദൈവ പുത്രനായ** മശീഹ തന്നെ” എന്ന് ഞാന് വിശ്വസിക്കുന്നു.
- **42:10** “ആകയാല്പോകുക, സകല ജനവിഭാഗങ്ങളെയും ശിഷ്യരാക്കി പിതാവിന്റെയും **പുത്രന്റെയും** പരിശുദ്ധാത്മാവിന്റെയും നാമത്തില്സ്നാനം കഴിപ്പിച്ചും, ഞാന്നിങ്ങള്ക്കു കല്പ്പിച്ചതൊക്കെയും അവര്അനുസരിക്കുവാന്തക്കവണ്ണം അവരെ ഉപദേശിക്കുകയും ചെയ്യുവിന്.”
- **46:06** ഉടനെ തന്നെ, ശൌല്“യേശു തന്നെ **ദൈവപുത്രന്**!” എന്ന് ദമസ്കൊസില്ഉള്ള യഹൂദന്മാരോട് പ്രസംഗിക്കുവാന്തുടങ്ങി.
- **49:09** എന്നാല്തന്റെ ഏക **പുത്രനെ** നല്കുവാന്തക്കവണ്ണം ലോകത്തില്ഉള്ള സകല ജനത്തെയും ദൈവം അത്രമാത്രം സ്നേഹിക്കുകയും അതിനാല്യേശുവില്വിശ്വസിക്കുന്ന ഏതൊരു വ്യക്തിയും തന്റെ പാപങ്ങള്ക്കായി ശിക്ഷിക്കപ്പെടാതെ, ദൈവത്തോട് കൂടെ എന്നെന്നേക്കും ജീവിക്കുകയും ചെയ്യേണ്ടതിനു തന്നെ.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H426, H430, H1121, H1247, G2316, G5207

# ദൈവ പുത്രന്മാര്

## നിര്വചനം:

“ദൈവ പുത്രന്മാര്” എന്ന പദം വിവിധ സാധ്യതകള് ഉള്ള അര്ഥങ്ങള് നല്കുന്ന ഒരു ഉപമാന പദപ്രയോഗം ആകുന്നു.

- പുതിയ നിയമത്തില്, “ദൈവ പുത്രന്മാര്”എന്ന പദം യേശുവില് ഉള്ളതായ സകല വിശ്വാസികളെയും സൂചിപ്പിക്കുന്നു. അത് സാധാരണയായി “ദൈവത്തിന്റെ മക്കള്” എന്ന് പുരുഷന്മാരെയും സ്ത്രീകളെയും ഉള്ക്കൊള്ളിച്ചു കൊണ്ട് പരിഭാഷ ചെയ്യുന്നു.
- ഈ പദത്തിന്റെ ഉപയോഗം പറയുന്നത് ഒരു മനുഷ്യ കുമാരന് തന്റെ പിതാവിനോട് ഒരു ബന്ധം ഉള്ളത് പോലെ ദൈവവും ആയുള്ള ഒരു ബന്ധത്തെക്കുറിച്ച്, പുത്രന്മാര് ആയിരിക്കുന്നതിനാല് അതുമായി ബന്ധപ്പെട്ട എല്ലാ പ്രത്യേക അവകാശങ്ങളെയും സൂചിപ്പിക്കുന്നു.
- ചില ആളുകള്ഉല്പ്പത്തി 6ല്കാണുന്ന “ദൈവ പുത്രന്മാര്” എന്ന പദത്തെ വീണു പോയ ദൂതന്മാര്-അശുദ്ധാത്മാക്കള്അല്ലെങ്കില്ദുര്ഭൂതങ്ങള്എന്ന് വ്യാഖ്യാനിക്കുന്നു. മറ്റു ചിലര്ചിന്തിക്കുന്നത് ഇത് ശക്തന്മാരായ രാഷ്ട്രീയ ഭരണാധികാരികളെ അല്ലെങ്കില്സേത്തിന്റെ സന്തതികളെ സൂചിപ്പിക്കുന്നു എന്നാണ്.
- പുതിയ നിയമത്തില്, “ദൈവ പുത്രന്മാര്” എന്ന പദം യേശുവില്ഉള്ള സകല വിശ്വാസികളെ സൂചിപ്പിക്കുകയും സാധാരണയായി പുരുഷന്മാരും സ്ത്രീകളുമായ ഇരു വിഭാഗങ്ങളെയും ഉള്ക്കൊള്ളിച്ചുകൊണ്ട്“ദൈവത്തിന്റെ മക്കള്” എന്ന് പരിഭാഷ ചെയ്യുകയും ചെയ്യുന്നു.
- ഈ പദത്തിന്റെ ഉപയോഗം ദൈവവുമായുള്ള ബന്ധം എന്നത് മനുഷ്യന് മക്കള്ക്ക് അവരുടെ പിതാവിനോടു ഉള്ള ബന്ധം എന്നപോലെ, മക്കള്എന്ന പ്രത്യേക അവകാശത്തോട് കൂടെ ബന്ധപ്പെട്ടിരിക്കുന്നു.
- “ദൈവ പുത്രന്” എന്ന നാമം ഒരു വ്യത്യസ്ത പദം ആകുന്നു; ഇത് ദൈവത്തിന്റെ ഏക ജാതനായ യേശുവിനെ സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- “ദൈവ പുത്രന്മാര്” എന്നത് യേശുവില്ഉള്ള വിശ്വാസികളെ സൂചിപ്പിക്കുമ്പോള്, ഇതിനെ “ദൈവ മക്കള്” എന്ന് പരിഭാഷ ചെയ്യാവുന്നതാണ്.
- ഉല്പ്പത്തി 6:2ലും4ലും “ദൈവ പുത്രന്മാര്” എന്നുള്ളത് “ദൂതന്മാര്”, “ആത്മ ജീവികള്”, “പ്രകൃത്യാതീത ജീവികള്”, അല്ലെങ്കില്“ഭൂതങ്ങള്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”പുത്രന്” എന്നുള്ള അനുബന്ധത്തെയും കാണുക.

(കാണുക:ദൈവദൂതന്, ഭൂതം, പുത്രന്, ദൈവ പുത്രന്, ഭരണാധികാരി, ആത്മാവ്).

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 06:1-3
- ഉല്പ്പത്തി 06:4
- ഇയ്യോബ് 01:6-8
- റോമര്08:14-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H430, H1121, G2316, G5043, G5207

# ദൈവ രാജ്യം, സ്വർഗ്ഗ രാജ്യം:

## നിർവചനം:

“ദൈവ രാജ്യം” എന്നും “സ്വർഗ്ഗ രാജ്യം” എന്നും ഉള്ള പദസഞ്ചയങ്ങൾ രണ്ടും ദൈവ ജനങ്ങൾ മേലും തന്റെ സകല സൃഷ്ടികളിൻ മേലും ഉള്ളതായ ദൈവത്തിന്റെ ഭരണത്തെയും അധികാരത്തെയും സൂചിപ്പിക്കുന്നു.

- യഹൂദന്മാർ സാധാരണയായി ദൈവത്തെ സൂചിപ്പിക്കുന്നതിന് “സ്വർഗ്ഗം” എന്ന് ഉപയോഗിക്കുക വഴി, ദൈവത്തിന്റെ നാമം നേരിട്ട് ഉപയോഗിക്കുന്നത് ഒഴിവാക്കി പ്രസ്താവിക്കുന്നു. (കാണുക: കാവ്യാലങ്കാരം) പുതിയ നിയമത്തിൽ മത്തായി എഴുതിയ സുവിശേഷത്തിൽ, താൻ ദൈവത്തിന്റെ രാജ്യത്തെ “സ്വർഗ്ഗ രാജ്യം” എന്നു സൂചിപ്പിച്ചിരിക്കുന്നു, അത് മിക്കവാറും താൻ അടിസ്ഥാനപരമായി യഹൂദരായ വായനക്കാർക്ക് എഴുതുന്നത് ആയതിനാൽ അപ്രകാരം എഴുതിയത് ആയിരിക്കാം.
- ദൈവരാജ്യം എന്നു സൂചിപ്പിക്കുന്നത് ദൈവം തന്റെ ജനത്തെ ആത്മീയമായി ഭരിക്കുന്നതും അത് പോലെ തന്നെ ഭൌതിക ലോകത്തിന്മേൽ ഭരണം നടത്തുന്നതും ആകുന്നു.
- പഴയനിയമ പ്രവാചകന്മാർ പറഞ്ഞിരുന്നത് നീതിയോടെ ഭരണം നടത്തേണ്ടതിനു ദൈവം മശീഹയെ പറഞ്ഞയക്കും എന്നായിരുന്നു. ദൈവത്തിന്റെ രാജ്യത്തെ സദാകാലത്തേക്കും ഭരിക്കുവാൻ പോകുന്നത്. ദൈവത്തിന്റെ പുത്രൻ, യേശു എന്ന മശീഹ ആണ്.

## പരിഭാഷ നിർദേശങ്ങൾ:

- സാഹചര്യം അനുസരിച്ച്, “ദൈവരാജ്യം” എന്നത്, “ദൈവത്തിന്റെ ഭരണം (രാജാവായി)” അല്ലെങ്കിൽ “ദൈവം രാജാവായി ഭരണം നടത്തുമ്പോൾ” അല്ലെങ്കിൽ “സകലത്തിന്മേലും ദൈവത്തിന്റെ ഭരണം” എന്നു പരിഭാഷ ചെയ്യാം.
- ”സ്വർഗ്ഗ രാജ്യം” എന്ന പദം “സ്വർഗ്ഗത്തിൽ നിന്നും രാജാവെന്ന നിലയിൽ ദൈവത്തിന്റെ ഭരണം” അല്ലെങ്കിൽ "സ്വർഗ്ഗത്തിലെ ദൈവം ഭരിക്കുന്നു" അല്ലെങ്കിൽ “സ്വർഗ്ഗത്തിന്റെ ഭരണം” അല്ലെങ്കിൽ “സ്വർഗ്ഗം സകലത്തിൻമ മേലും ഭരണം നിർവഹിക്കുന്നു” എന്നിങ്ങനെയും പരിഭാഷ ചെയ്യാം. ഇത് ലളിതമായും വ്യക്തമായും പരിഭാഷ ചെയ്യുവാൻ സാധ്യമല്ലാത്ത പക്ഷം, പകരമായി ഈ പദസഞ്ചയം “ദൈവരാജ്യം” എന്ന് പരിഭാഷ ചെയ്യാം.
- ചില പരിഭാഷകർ “സ്വർഗം” എന്നുള്ളത് വലിയ അക്ഷരത്തിൽ എഴുതി ദൈവം എന്ന് സൂചിപ്പിക്കുന്നു. വേറെ ചിലർ ആ ഭാഗത്ത്, ഇപ്രകാരം സ്വർഗ്ഗ രാജ്യം എന്നത് (അതായത്, ദൈവരാജ്യം)” എന്ന് ഒരു കുറിപ്പ് ഉൾപ്പെടുത്തുന്നു.
- അച്ചടിക്കപ്പെട്ട ദൈവചനത്തിന്റെ അടിഭാഗത്തായി ഒരു അടിക്കുറിപ്പ് വിശദീകരണത്തിനായി ഉപയോഗിച്ചിട്ട്, “സ്വർഗ്ഗം” എന്ന പദ പ്രയോഗത്തിന്റെ അർത്ഥം വിശദമാക്കുന്നു.

(കാണുക: ദൈവം, സ്വർഗ്ഗം, രാജാവ്, രാജ്യം, യഹൂദന്മാരുടെ രാജാവ്, വാഴ്ച)

## ദൈവ വചന സൂചികകൾ:

- 2 തെസ്സലോനിക്യർ:3-5
- അപ്പോ 08:12-13
- അപ്പോ. 28:23-24
- കൊലോസ്യർ:10-11
- യോഹന്നാൻ:3-4
- ലൂക്കോസ് 07:27-28
- ലൂക്കോസ് 10:8-9
- ലൂക്കോസ് 12:31-32
- മത്തായി 03:1-3
- മത്തായി 04:17
- മത്തായി 05:9-10
- റോമർ:16-17

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **24:02** അവൻ (യോഹന്നാൻ) അവരോടു പ്രസംഗിച്ചു, പറഞ്ഞത് ,”മാനസ്സന്തരപ്പെടുവിൻ, എന്തെന്നാൽ**ദൈവരാജ്യം** സമീപിച്ചിരിക്കുന്നു.

- **28:06** അനന്തരം യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്, "ധനവാന്മാർ**ദൈവത്തിന്റെ രാജ്യത്തിൽ** പ്രവേശിക്കുന്നത് വളരെ പ്രയാസം ഏറിയ കാര്യം ആകുന്നു! എന്നാണ്. അതെ, ഒരു ധനവാൻ**ദൈവത്തിന്റെ രാജ്യത്തിൽ** പ്രവേശിക്കുന്നതിനേക്കാൾ ഒരു ഒട്ടകം ഒരു സൂചിക്കുഴിയിൽ കൂടെ പ്രവേശിക്കുന്നത് എളുപ്പം ആകുന്നു"
- **29:02** യേശു പറഞ്ഞു,"**ദൈവരാജ്യം** എന്നത് ഒരു രാജാവ് തന്റെ ഭൃത്യന്മാരുമായി കണക്കു ക്രമീകരിക്കുവാനായി ഒരുങ്ങുന്നതിനു സമാനം ആയിരിക്കുന്നു എന്നാണ്.
- **34:01** യേശു **ദൈവരാജ്യത്തെ** കുറിച്ച് വേറെയും അനവധി കഥകൾ പറഞ്ഞു. ഉദാഹരണമായി, താൻ പറഞ്ഞത്, **ദൈവരാജ്യം** എന്നത് ഒരുവൻ തന്റെ വയലിൽ ഒരു കടുക് വിത്ത് വിതച്ചതിനു സമാനം."
- **34:03** യേശു വേറൊരു കഥ പറഞ്ഞത്, "**ദൈവരാജ്യം** എന്നത് ഒരു സ്ത്രീ പുളിച്ച മാവ് എടുത്തു അപ്പത്തിന്റെ മാവുമായി കുഴച്ച മാവ് മുഴുവൻ പുളിക്കുവോളം വെക്കുന്നതിനു സമാനം ആകുന്നു.
- **34:04** "**ദൈവരാജ്യം** എന്നത് ഒരുവൻ ഒരു നിധി ഒരു വയലിൽ ഒളിപ്പിച്ചു വെച്ചതിനു സമാനം. വേറൊരു മനുഷ്യൻ നിധി കണ്ടെത്തിയിട്ട് അത് വീണ്ടും വയലിൽ കുഴിച്ചിട്ടു.
- **34:05** "**ദൈവരാജ്യം**" എന്നത് വളരെ വിലപിടിപ്പുള്ള അതുല്യമായ മുത്തിന് സമാനം.
- **42:09** താൻ ജീവനോടെ ഇരിക്കുന്നു എന്നത് അനേക ദൃഷ്ടാന്തങ്ങൾ മൂലം ശിഷ്യന്മാർക്ക് തെളിയിക്കുകയും, താൻ അവരെ __ദൈവരാജ്യത്തെ— കുറിച്ച് പഠിപ്പിക്കുകയും ചെയ്തു.
- **49:05** യേശു പറഞ്ഞത് **ദൈവരാജ്യം** എന്നത് ലോകത്തിലുള്ള സകലത്തെക്കാളും ഏറ്റവും വിലപിടിപ്പു ഉള്ളതു ആകുന്നു എന്നാണ്.
- **50:02** യേശു ഭൂമിയിൽ ജീവിച്ചിരുന്ന സമയത്ത് പറഞ്ഞത്, എന്റെ ശിഷ്യന്മാർ **ദൈവരാജ്യത്തെ** കുറിച്ചുള്ള സുവിശേഷം എല്ലാ ഇടത്തുമുള്ള സകല ജനങ്ങൾക്കും പ്രസംഗിക്കും, അപ്പോൾ അവസാനം വരും."

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G932, G2316, G3772

# ദൈവം

## വസ്തുതകള്:

ദൈവ വചനത്തില്, “ദൈവം” എന്ന പദം ശൂന്യതയില്നിന്ന് പ്രപഞ്ചത്തെ സൃഷ്ടിച്ച നിത്യനായവനെ സൂചിപ്പിക്കുന്നു. ദൈവം പിതാവ്, പുത്രന്, പരിശുദ്ധാത്മാവ് എന്നിങ്ങനെ സ്ഥിതി ചെയ്യുന്നു. ദൈവത്തിന്റെ വ്യക്തിഗത നാമം “യഹോവ” എന്നാകുന്നു.

- ദൈവം എല്ലായ്പ്പോഴും ഉള്ളവനാണ്. എല്ലാം ഉളവാകുന്നതിനു മുന്പേ താന്ഉണ്ട്, താന്എല്ലാക്കാലത്തും ഉള്ളവനും ആയിരിക്കും.
- പ്രപഞ്ചത്തില്സകലത്തിന്മേലും അധികാരം ഉള്ള ഏക സത്യ ദൈവം താന്മാത്രം ആകുന്നു.
- ദൈവം നീത്തിയിലും, അനന്ത ജ്ഞാനത്തിലും, വിശുദ്ധിയിലും, പാപ രഹിത അവസ്ഥയിലും, ന്യായത്തിലും, കരുണയിലും, സ്നേഹിക്കുന്ന തിലും തികഞ്ഞവന്ആയിരിക്കുന്നു.
- താന്ഒരു ഉടംപടി പാലകനായ ദൈവമാണ്, തന്റെ വാഗ്ദത്തങ്ങളെ ഇപ്പോഴും പൂര്ത്തീകരിക്കുന്നവന്ആണ്.
- ജനം ദൈവത്തെ ആരാധിക്കുവാന്വേണ്ടി സൃഷ്ടിക്കപ്പെട്ടവര്ആണ്, തന്നെ മാത്രമേ ജനം ആരാധിക്കുവാന്പാടുള്ളൂ.
- ദൈവം തന്റെ നാമം “യഹോവ” എന്ന് വെളിപ്പെടുത്തി, അതിന്റെ അര്ത്ഥം “താന്തന്നെ” അല്ലെങ്കില്“ഞാന്ആകുന്നവന്” അല്ലെങ്കില്“(സദാ കാലങ്ങളിലും) ഉള്ളവന്” എന്ന് അര്ത്ഥം നല്കുന്നു.
- ദൈവ വചനവും അസത്യ “ദൈവങ്ങളെ” കുറിച്ച് പഠിപ്പിക്കുന്നുണ്ട്, അവ ജനങ്ങള്തെറ്റായി ആരാധിക്കുന്ന ജീവന്ഇല്ലാത്ത വിഗ്രഹങ്ങള്ആണ്.

## പരിഭാഷ നിര്ദേശങ്ങള്:

- ”ദൈവം” എന്ന പദം പരിഭാഷ ചെയ്യുവാനായി “ഈശ്വരന്” അല്ലെങ്കില്“സൃഷ്ടിതാവ്” അല്ലെങ്കില്“അത്യുന്നതന്” എന്നിവ ഉള്പ്പെടുത്താം.
- ”ദൈവം” എന്നത് പരിഭാഷ ചെയ്യുവാനുള്ള ഇതര മാര്ഗ്ഗങ്ങള്“മഹോന്നതനായ സൃഷ്ടിതാവ്” അല്ലെങ്കില്“നിത്യനായ സര്വാധികാരി യായ കര്ത്താവ്” അല്ലെങ്കില്നിത്യനായ അത്യുന്നതന്” ആദിയായവ ആകുന്നു.
- ഒരു പ്രാദേശിക അല്ലെങ്കില്ദേശീയ ഭാഷയില്ദൈവം എന്നത് എപ്രകാരം സൂചിപ്പിച്ചിരിക്കുന്നു എന്നുള്ളത് പരിഗണിക്കുക. പരിഭാഷ ചെയ്യുവാന്ഉള്ളതായ ഭാഷയില്“ദൈവം” എന്നതിനു ഒരു വാക്ക് ഉണ്ടായിരിക്കും. അങ്ങനെയെങ്കില്, ഈ പദം മുകളില്ഏക സത്യ ദൈവത്തിന്റെ സ്വഭാവ ഗുണങ്ങളെ വിശദീകരിച്ചിരിക്കുന്ന വിധത്തിനു അനുയോജ്യം ആയിട്ടുള്ള വാക്കു തന്നെയാണ് എന്നുള്ള കാര്യം ഉറപ്പു വരുത്തുക എന്നത് പ്രധാനം ആണ്.
- നിരവധി ഭാഷകളില്ഏക സത്യാ ദൈവം എന്നുള്ളതിന് വാക്കിന്റെ ആദ്യ അക്ഷരം വലിയ അക്ഷരത്തില്എഴുതാറുണ്ട്, ഇത് അസത്യ ദൈവത്തിന്റെ പദത്തില്നിന്നും ഇത് വ്യത്യാസപ്പെടുത്തി കാണിക്കുവാന്വേണ്ടിയാണ്.
- ഈ വ്യത്യാസത്തെ വ്യക്തമാക്കി കാണിക്കുവാന്“ദൈവം” എന്നതിനും “ദൈവം” എന്നതിനും വ്യത്യസ്ത പദങ്ങള്ഉപയോഗിക്കുക പതിവാണ്.
- ”ഞാന്അവരുടെ ദൈവമായും അവര്എനിക്ക് ജനമായും ഇരിക്കും” എന്ന പദസഞ്ചയം “ഞാന്, ദൈവം ആയവന്, ഈ ജനത്തെ ഭരിക്കുകയും അവര്എന്നെ ആരാധിക്കുകയും ചെയ്യും” എന്ന് പരിഭാഷ ചെയ്യാവുന്നതാണ്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: സൃഷ്ടിക്കുക, അസത്യ ദൈവം, പിതാവാം ദൈവം]പിതാവാം ദൈവം, സ്വര്ഗ്ഗീയ പിതാവ്, പിതാവ്, പരിശുദ്ധാത്മാവ്, അസത്യ ദൈവം, ദൈവ പുത്രന്, യഹോവ).

## ദൈവ വചന സൂചികകള്:

- 1 യോഹന്നാന്01:5-7
- 1 ശമുവേല്10:7-8
- 1 തിമോത്തിയോസ് 04:9-10
- കൊലോസ്യര്01:15-17
- ആവര്ത്തന പുസ്തകം 29:14-16
- എസ്രാ 03:1-2
- ഉല്പ്പത്തി 01:1-2

- ഹോശേയ 04:11-12
- യെശ്ശയ്യാവ് 36:6-7
- യാക്കോബ് 02:18-20
- യിരെമ്യാവ് 05:4-6
- യോഹന്നാന്01:1-3
- യോശുവ 03:9-11
- വിലാപങ്ങള്03:40-43
- മീഖ 04:4-5
- ഫിലിപ്പിയര്02:5-8
- സദൃശവാക്യങ്ങള്24:11-12
- സങ്കീര്ത്തനങ്ങള്047:8-9

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **01:01 ദൈവം** ആറു ദിവസങ്ങള്കൊണ്ട് പ്രപഞ്ചത്തെയും അതില്ഉള്ള സകലത്തെയും സൃഷ്ടിച്ചു.
- **01:15 ദൈവം** മനുഷ്യനെയും സ്ത്രീയെയും തന്റെ സ്വന്ത സ്വരൂപത്തില്ഉണ്ടാക്കി.
- **05:03** "ഞാന്സര്വ ശക്തി ഉള്ള **ദൈവം** ആകുന്നു. ഞാനിന്നോട് കൂടെ ഒരു ഉടമ്പടി ഉണ്ടാക്കും."
- **09:14** --ദൈവം__ "ഞാന്ആകുന്നവന്ഞാന്ആകുന്നു എന്ന് പറഞ്ഞു. ഞാന്ആകുന്നവന്എന്നെ നിന്റെ അടുക്കല്അയച്ചിരിക്കുന്നു എന്ന് അവരോടു പറക" എന്ന് പറഞ്ഞു. വീണ്ടും അവരോടു പറയേണ്ടത്, "ഞാന്യഹോവ, നിന്റെ പൂര്വ പിതാക്കന്മാരായ അബ്രഹാം, യിസഹാക്ക്, യാക്കോബ് എന്നിവരുടെ **ദൈവം** ഇതാകുന്നു എന്നെന്നേക്കും എന്റെ പേര്."
- **10:02** ഈ ബാധകള്മുഖാന്തിരം **ദൈവം** ഫറവോനെ താന്ഫറവോനെക്കാളും മിസ്രയീമിലെ സകല ദൈവങ്ങളെക്കാളും ശക്തന്ആണെന്ന് കാണിച്ചു കൊടുത്തു.
- **16:01** യിസ്രായേല്യര്സത്യ ഡി **ദൈവത്തെ** ആരാധിക്കുന്നതിനു പകരം, കനാന്യ ദൈവങ്ങളെ ആരാധിക്കുവാന്തുടങ്ങി.
- **22:07** നീ, എന്റെ പുത്രന്, മശീഹയെ സ്വീകരിക്കുവാനായി ജനത്തെ ഒരുക്കുന്നവന്ആയ **അത്യുന്നതനായ ദൈവത്തിന്റെ** പ്രവാചകന്എന്ന് വിളിക്കപ്പെടും.
- **24:09** ഒരു **ദൈവം** മാത്രമേ ഉള്ളൂ. എന്നാല്പിതാവായ **ദൈവം** സംസാരിക്കുന്നത് യോഹന്നാന്കേള്ക്കുകയും, പുത്രനായ യേശുവിനെയും പരിശുദ്ധാത്മാവിനെയും യേശുവിനു സ്നാനം നല്കുന്ന വേളയില്കാണുകയും ചെയ്തു.
- **25:07** നിന്റെ **ദൈവം** ആയ കര്ത്താവിനെ മാത്രം ആരാധിക്കുകയും അവനെ മാത്രം സേവിക്കുകയും വേണം."
- **28:01** 'ഒരുവന്മാത്രമേ നല്ലവന്ഉള്ളൂ, അത് **ദൈവം** മാത്രമാണ്."
- **49:09** എന്നാല്തന്റെ ഏക ജാതനായ പുത്രനായ യേശുവില്വിശ്വസിക്കുന്ന ഏവനും തന്റെ പാപങ്ങള്ക്കായി ശിക്ഷിക്കപ്പെടാതെ, എന്നെന്നേക്കും **ദൈവത്തോട്** കൂടെ വസിക്കേണ്ടതിനു അവനെ നല്കുവാന്തക്കവണ്ണം ഈ ലോകത്തിലുള്ള എല്ലാവരെയും **ദൈവം** സ്നേഹിച്ചു.
- **50:16** എന്നാല്ഒരു ദിവസം **ദൈവം** ഉല്കൃഷ്ടമായ ഒരു പുതിയ ആകാശത്തെയും പുതിയ ഭൂമിയെയും സൃഷ്ടിക്കും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H136, H305, H410, H426, H430, H433, H2486, H2623, H3068, H3069, H3863, H4136, H6697, G112, G516, G932, G935, G1096, G1140, G2098, G2124, G2128, G2150, G2152, G2153, G2299, G2304, G2305, G2312, G2313, G2314, G2315, G2316, G2317, G2318, G2319, G2320, G3361, G3785, G4151, G5207, G5377, G5463, G5537, G5538

# ദൈവം, അസത്യ ദൈവം, ദേവന്മാര്, ദേവി, വിഗ്രഹം, വിഗ്രഹാരാധകന്, വിഗ്രഹാരാധകര്, വിഗ്രഹാരാധന സംബന്ധിച്ച, വിഗ്രഹാരാധന

## നിര്വചനം:

ഏക സത്യദൈവത്തിനു പകരമായി ജനം ആരാധിക്കുന്ന വേറൊന്നാണ്അസത്യ ദൈവം. "ദേവി" എന്ന പദം പ്രത്യേകാല്അസത്യ സ്ത്രീദൈവത്തെ കുറിക്കുന്നു.

- ഈ അസത്യദൈവങ്ങളോ ദേവികളോ ഉള്ളവകളല്ല. യഹോവ മാത്രമാണ് ഏക ദൈവം. ജനം ചിലപ്പോള്അവരുടെ അസത്യ ദൈവങ്ങളെ ആരാധിക്കുന്ന ചിഹ്നങ്ങളായി വസ്തുക്കളെ വിഗ്രഹങ്ങളായി നിര്മ്മിക്കുന്നു.
- ദൈവവചനത്തില്, ദൈവജനം തുടര്മാനമായി അസത്യദൈവങ്ങളെ ആരാധിക്കേണ്ടതിനു വേണ്ടി ദൈവത്തെ അനുസരിക്കുന്നതില്നിന്നും വഴി തിരിഞ്ഞു പോയി.
- ഭൂതങ്ങള്സാധാരണയായി അസത്യ ദൈവങ്ങള്ക്കും വിഗ്രഹങ്ങള്ക്കും ശക്തിയുണ്ടെന്ന് വിശ്വസിപ്പിച്ചു ജനത്തെ വഞ്ചിക്കുന്നു.
- ബാല്, ദാഗോന്, മോലെക്, ആദിയായവ നിരവധി അസത്യ ദൈവങ്ങ ളില്ചിലത് ദൈവവചന കാലഘട്ടത്തിലെ ജനങ്ങള്ആരാധിച്ചു വന്നവയാണ്.
- അശേര, അര്തെമിസ്(ഡയാന) എന്നീ രണ്ടു ദേവികളും പുരാതന ജനങ്ങള്ആരാധിച്ചു വന്നവയാണ്, വിഗ്രഹം എന്നത് ജനങ്ങള്അവര്ക്ക് ആരാധന ചെയ്യുവാനായി നിര്മിച്ച വസ്തുക്കള്ആണ്. "വിഗ്രഹാരാധന സംബന്ധമായ" എന്നു സൂചിപ്പിക്കുന്നത് ഏക സത്യദൈവത്തെ ഒഴികെ മറ്റുള്ള എന്തിനെങ്കിലും ബഹുമാനം നല്കുന്നതായി ഉള്പ്പെടുന്നത് എന്നാണ്.
- ജനം അവര്ആരാധിക്കുന്ന അസത്യദൈവത്തെ പ്രതിനിധീകരിക്കുന്ന വിഗ്രഹങ്ങളെ നിര്മ്മിക്കുന്നു. ഈ അസത്യദൈവങ്ങള്ക്ക് അസ്തിത്വം ഇല്ല; യാഹോവയല്ലാതെ വേറൊരു ദൈവവും ഇല്ല. വിഗ്രഹങ്ങള്ക്ക് യാതൊരു ശക്തിയും ഇല്ലെങ്കില്പ്പോലും, ചില സന്ദര്ഭങ്ങളില്ഭൂതങ്ങള്വിഗ്രഹങ്ങള്ക്ക് ശക്തിയുണ്ടെന്ന് തോന്നിപ്പിക്ക രീതിയില്അവയില്കൂടെ പ്രവര്ത്തിക്കാറുണ്ട്.
- വിഗ്രഹങ്ങള്സാധാരണയായി വിലപിടിപ്പുള്ള വസ്തുക്കളായ സ്വര്ണ്ണം, വെള്ളി, ഓട്, അല്ലെങ്കില്വില ഉയര്ന്ന മരം എന്നിവ കൊണ്ട് നിര്മ്മിക്കുന്നു.
- "വിഗ്രഹ പൂരിത രാജ്യം" എന്നാല്"വിഗ്രഹങ്ങളെ ആരാധിക്കുന്ന ജനങ്ങള്ഉള്ള രാജ്യം" അല്ലെങ്കില്"ഭൌമിക കാര്യങ്ങളെ ആരാധിക്കുന്ന ജനങ്ങളുള്ള രാജ്യം" എന്നര്ത്ഥം.
- "വിഗ്രഹ സ്വരൂപം" എന്നാല്"കൊത്തുപണിയായ രൂപം, അല്ലെങ്കില്ഒരു "ശില" എന്നതിന് പകരമുള്ള പദമാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ ഭാഷയിലോ സമീപ ഭാഷയിലോ "ദൈവം" അല്ലെങ്കില്"ആസത്യ ദൈവം" എന്നതിന് വേറൊരു പദം ഉണ്ടായിരിക്കാം.
- "ശില" എന്ന പദം അസത്യ ദൈവങ്ങളെ കുറിക്കുവാനും ഉപയോഗിക്കുന്നു.
- ആംഗലേയ ഭാഷയില് "g" എന്ന അക്ഷരം അസത്യ ദൈവങ്ങളെ സൂചിപ്പിക്കുവാന് ഉപയോഗിക്കുമ്പോള്"G" എന്ന അക്ഷരം ഏക സത്യ ദൈവത്തെ സൂചിപ്പിക്കുവാന്ഉപയോഗിക്കുന്നു. ഇതര ഭാഷകളിലും അപ്രകാരം ചെയ്യാറുണ്ട്.
- വേറൊരു മാര്ഗ്ഗം അസത്യദൈവങ്ങളെ സൂചിപ്പിക്കുവാന്തികെച്ചും വ്യത്യസ്തമായ വാക്ക് ഉപയോഗിക്കുക എന്നതാണ്.
- ചില ഭാഷകളില്അസത്യദൈവം പുരുഷനായിട്ടാണോ സ്ത്രീയായിട്ടാ ണോ സൂചിപ്പിച്ചിരിക്കുന്നത് എന്നതിന് ഒരു വാക്ക് കൂടുതലായി കുറിചിരിക്കും.

(കാണുക:ദൈവം, അശേരാ, ബാല്, മോലെക്, ഭൂതം, സ്വരൂപം, രാജ്യം, ആരാധന)

## ദൈവവചന സൂചികകള്

- ഉല്പ്പത്തി 35:1-3
- പുറപ്പാട് 32:1-2
- സങ്കീര്ത്തനങ്ങള് 031:5-7
- സങ്കീര്ത്തനങ്ങള് 081:8-10
- യെശയ്യാവ് 44:20
- അപ്പോ.പ്രവര്ത്തികള്07:41-42

- അപ്പോ.പ്രവര്ത്തികള്07:43
- അപ്പോ.പ്രവര്ത്തികള്15:19-21
- അപ്പോ.പ്രവര്ത്തികള്19:26-27
- റോമര്02:21-22
- ഗലാത്യര്04:8-9
- ഗലാത്യര്05:19-21
- കൊലോസ്സ്യര്03:5-8
- 1 തെസ്സലോനിക്യര്01:8-10

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **10:02** ഈ ബാധകളില്കൂടെ, ഫറവോനെക്കാളും മിസ്രയീമിലെ സകല **ദൈവങ്ങളെക്കാളും** ദൈവമാണ് വലിയവന്എന്നു ഫറവോനെ കാണിച്ചു.
- **13:04** അനന്തരം ദൈവം അവര്ക്ക് ഉടമ്പടി നല്കി പറഞ്ഞത് എന്തെന്നാല്, ഞാന്യഹോവയാകുന്നു, നിങ്ങളെ മിസ്രയീമിന്റെ അടിമത്തത്തില്നിന്ന് രക്ഷിച്ച നിങ്ങളുടെ ദൈവം തന്നെ. മറ്റു **ദൈവങ്ങളെ** ആരാധിക്കരുത്."
- **14:02** അവര്(കനാന്യര്)അസത്യ **ദൈവങ്ങളെ** ആരാധിക്കുകയും അവ അനേക ദോഷ പ്രവര്ത്തികള് ചെയ്യുകയും ചെയ്തു.
- **16:01** യാഹോവയാകുന്ന, സത്യ ദൈവത്തിനു പകരം ഇസ്രയേ ല്യര്കനാന്യ **ദൈവങ്ങളെ** ആരാധിപ്പാന്തുടങ്ങി.
- **18:13** മിക്ക യഹൂദ രാജാക്കന്മാരും തിന്മ, അഴിമതി ഉള്ളവരും, വിഗ്രഹങ്ങളെ ആരാധിക്കുന്നവരും ആയിരുന്നു.

ചില രാജാക്കന്മാര്അവരുടെ കുഞ്ഞുങ്ങളെപ്പോലും അസര്ഹ്യ **ദൈവങ്ങള്ക്ക്** യാഗമര്പ്പിച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H205, H367, H410, H426, H430, H457, H1322, H1544, H1892, H2553, H3649, H4656, H4906, H5236, H5566, H6089, H6090, H6091, H6456, H6459, H6673, H6736, H6754, H7723, H8163, H8251, H8267, H8441, H8655, G1493, G1494, G1495, G1496, G1497, G2299, G2712

# ദൈവത്തിന്റെ സ്വരൂപം, സ്വരൂപം

## നിര്വചനം:

“സ്വരൂപം” എന്ന പദം സൂചിപ്പിക്കുന്നത് ഒന്നിനെപ്പോലെ തന്നെ കാണുന്ന വേറൊന്ന് അല്ലെങ്കില് സ്വഭാവത്തിലോ സത്തയിലോ ഒരുപോലെയുള്ള വ്യക്തി എന്നാണ്. “ദൈവത്തിന്റെ സ്വരൂപം” എന്ന പദസഞ്ചയം സാഹചര്യങ്ങള്ക്ക് അനുസൃതമായി വിവിധ രീതികളില് ഉപയോഗിക്കുന്നു.

- കാലത്തിന്റെ പ്രാരംഭത്തില്, ദൈവം മനുഷ്യനെ “തന്റെ സ്വരൂപത്തില്,” അതായത്, തന്നെപ്പോലെ തന്നെ” സൃഷ്ടിച്ചു. ഇതിന്റെ അര്ത്ഥം ദൈവത്തിന്റെ സ്വരൂപത്തെ പ്രതിഫലിപ്പിക്കുന്ന വിധത്തില് വികാരങ്ങളെ അനുഭവിച്ചു അറിയുവാനുള്ള കഴിവ്, വിശകലനം ചെയ്യുവാനും ആശയ വിനിമയം ചെയ്യുവാനും ഉള്ള കഴിവ്, നിത്യമായി വസിക്കുന്ന ഒരു ആത്മാവ്” എന്നിങ്ങനെ ഉള്ള ചില പ്രത്യേക സ്വഭാവ വിശേഷതകള് മനുഷ്യന് ഉണ്ട് എന്നാണ്.
- ദൈവവചനം പഠിപ്പിക്കുന്നത്, യേശു, ദൈവത്തിന്റെ പുത്രന്, “ദൈവത്തിന്റെ സ്വരൂപം ആണ്”, അതായത്, താന് ദൈവം തന്നെയാണ്. യേശു മനുഷ്യരെ പോലെ സൃഷ്ടിക്കപ്പെട്ടവന് അല്ല. സകല നിത്യതയിലും പുത്രനായ ദൈവം എല്ലാ ദൈവീക ഗുണവിശേ ഷതകളും ഉള്ളവന് ആയിരിക്കുന്നു, എന്തുകൊണ്ടെന്നാല് തനിക്കു പിതാവായ ദൈവത്തിന്റെ അതേ സാരാംശങ്ങള് തന്നെ ഉണ്ട്.

## പരിഭാഷ നിര്ദേശങ്ങള്:

- യേശുവിനെ പരാമര്ശിക്കുമ്പോള്, “ദൈവത്തിന്റെ സ്വരൂപം” എന്നത് “ദൈവത്തിന്റെ അതേ യഥാര്ത്ഥ താദാത്മ്യം” അല്ലെങ്കില് “ദൈവത്തിന്റെ അതേ സാരാംശം” അല്ലെങ്കില് “ദൈവത്തിന്റെ അതേ സ്ഥിതി” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- മനുഷ്യരെകുറിച്ച് പരാമര്ശിക്കുമ്പോള്, “ദൈവം അവരെ തന്റെ സ്വരൂപത്തില് സൃഷ്ടിച്ചു'' എന്നത് “ദൈവം അവരെ തന്നെപ്പോലെ സൃഷ്ടിച്ചു” അല്ലെങ്കില് “ദൈവം അവരെ തന്റെ സ്വന്ത സ്വഭാവ വിശേഷതകളോടെ സൃഷ്ടിച്ചു” എന്നീ അര്ത്ഥമുള്ള പദസഞ്ചയങ്ങള് ഉപയോഗിച്ചു പരിഭാഷ ചെയ്യാം.

(കാണുക: സ്വരൂപം, ദൈവപുത്രന്, ദൈവപുത്രന്)

## ദൈവ വചന സൂചികകള്:

- 2 കൊരിന്ത്യര്:3-4
- കൊലൊസ്സ്യര്:9-11
- ഉല്പ്പത്തി 01:26-27
- ഉല്പ്പത്തി 09:5-7
- യാക്കോബ് 03:9-10
- റോമര്:28-30

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4541, H1544, H2553, H6456, H6459, H6754, H6816, H8403, G504, G179

# ദൈവത്തിന്റെ ഹിതം

## നിര്വചനം:

“ദൈവത്തിന്റെ ഹിതം എന്ന് സൂചിപ്പിക്കുന്നത് ദൈവത്തിന്റെ ആഗ്രഹങ്ങളും പദ്ധതികളും ആകുന്നു.

- ദൈവത്തിന്റെ ഹിതം പ്രത്യേകാല് ജനങ്ങളോട് ഉള്ള ഇടപെടലുമായുള്ള ബന്ധത്തില് ജനം തന്നോട് എപ്രകാരം പ്രതികരിക്കണം എന്ന് ആവശ്യപ്പെടുന്നു എന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു.
- തന്റെ ശേഷം സൃഷ്ടിയുമായുള്ള ബന്ധത്തില് ഉള്ള തന്റെ പദ്ധതികളെയും ആഗ്രഹങ്ങളെയും സൂചിപ്പിക്കുന്നു.
- ”ഹിതം” ആകുക എന്നതിന്റെ അര്ത്ഥം “നിര്ണ്ണയിക്കുക” അല്ലെങ്കില് “ആഗ്രഹിക്കുക” എന്ന് ആകുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ”ദൈവത്തിന്റെ ഹിതം” എന്നുള്ളത് “ദൈവം ആഗ്രഹിക്കുന്നതു എന്തോ അത്” അല്ലെങ്കില് “ദൈവം കരുതിയത് എന്തോ അത്” അല്ലെങ്കില് “ദൈവത്തിന്റെ ഉദ്ദേശ്യം” അല്ലെങ്കില് “ദൈവത്തിനു പ്രസാദകരമായതു എന്തോ അത്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- 1 യോഹന്നാന് 02:15-17
- 1 തെസ്സലൊനീക്യര് 04:3-6
- കൊലോസ്യര് 04:12-14
- എഫെസ്യര് 01:1-2
- യോഹന്നാന് 05:30-32
- മര്ക്കോസ് 03:33-35
- മത്തായി 06:8-10
- സങ്കീര്ത്തനങ്ങള്:20-22

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6310, H6634, H7522, G1012, G1013, G2307, G2308, G2309, G2596

# ദൈവത്തിന്റെ ജനം, എന്റെ ജനം

## നിര്വചനം:

"ദൈവത്തിന്റെ ജനം" എന്ന പദം സൂചിപ്പിക്കുന്നത് ലോകത്തില്നിന്നും തന്നോടു കൂടെ പ്രത്യേക ബന്ധം പുലര്ത്തേണ്ടതിനു വിളിച്ചു വേര്തിരിച്ച ജനം എന്ന് ആകുന്നു.

- "എന്റെ ജനം" എന്ന് ദൈവം പറയുമ്പോള്താന്തിരഞ്ഞെടുത്തതും തന്നോടു കൂടെ ബന്ധം പുലര്ത്തുന്നതും ആയ ജനത്തെ കുറിച്ചാണ് ദൈവം സംസാരിക്കുന്നത്.
- ദൈവത്തിന്റെ ജനം അവനാല്ഈ ലോകത്തില്നിന്നും തിരഞ്ഞെടുക്കപ്പെട്ടവരും അവനു പ്രസാദകരമായ ജീവിതം നയിക്കുവാന്വേണ്ടി വേര്തിരിക്കപ്പെട്ടവരും ആകുന്നു. അവരെ തന്റെ മക്കള്എന്നും അവന്അഭിസംബോധന ചെയ്യുന്നു.
- പഴയ നിയമത്തില്, "ദൈവത്തിന്റെ ജനം" എന്നു സൂചിപ്പിക്കുന്നത് ദൈവത്താല്തിരഞ്ഞെടുക്കപ്പെട്ടതും ലോകത്തില്ഉള്ള മറ്റു രാജ്യങ്ങളുടെ ഇടയില്നിന്ന് വേര്തിരിക്കപ്പെട്ടതും തന്നെ അനുസരിക്കേണ്ടതും ആയ ഇസ്രയേല്ദേശത്തെ സൂചിപ്പിക്കുന്നു.
- പുതിയ നിയമത്തില്, "ദൈവത്തിന്റെ ജനം എന്ന് പറയുന്നത് പ്രത്യേകാല്യേശുവില്വിശ്വസിക്കുന്നവരും ദൈവ സഭ എന്ന് വിളിക്കപ്പെടുന്നവരും ആയ എല്ലാവരെയും സൂചിപ്പിക്കുന്നു. ഇതില്യഹൂദന്മാരും ജാതികളും ആയ ഇരു കൂട്ടരും ഉള്പ്പെടുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ദൈവത്തിന്റെ ജനം" എന്ന പദം "ദൈവ ജനം" അല്ലെങ്കില്"ദൈവത്തെ ആരാധിക്കുന്ന ജനം" അല്ലെങ്കില്ദൈവത്തെ സേവിക്കുന്ന ജനം" അല്ലെങ്കില്"ദൈവത്തിനു ഉള്പ്പെട്ടതായ ജനം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "എന്റെ ജനം" എന്ന് ദൈവം പറയുമ്പോള്അത് പരിഭാഷ ചെയ്യുവാന്ഉള്ള ഇതര മാര്ഗ്ഗങ്ങളില്"ഞാന്തിരഞ്ഞെടുത്ത ജനം" അല്ലെങ്കില്"എന്നെ ആരാധിക്കുന്ന ജനം" അല്ലെങ്കില്എനിക്ക് ഉള്പ്പെട്ടതായ ജനം" എന്നിവയും ഉള്പ്പെടുത്താം.
- അതുപോലെ, "നിന്റെ ജനം" എന്നത് "നിനക്ക് ഉള്പ്പെട്ടതായ ജനം" അല്ലെങ്കില്"നിനക്ക് ഉള്പ്പെട്ടവര്ആകുവാന്വേണ്ടി നീ തിരഞ്ഞെടുത്ത ജനം" എന്ന് പരിഭാഷ ചെയ്യാം.
- "അവന്റെ ജനം" എന്നതും "അവനു ഉള്പ്പെട്ടതായ ജനം" അല്ലെങ്കില്"ദൈവം തനിക്കു ഉള്പ്പെട്ടവരായി തീരുവാന്തിരഞ്ഞെടുത്തതായ ജനം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: ഇസ്രയേല്, ജന വിഭാഗം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്11:1-3
- അപ്പോ. 07:33-34
- അപ്പോ. 07:51-53
- അപ്പോ. 10:36-38
- ദാനിയേല്09:24-25
- യെശ്ശയ്യാവ് 02:5-6
- യിരെമ്യാവ് 06:20-22
- യോവേല്03:16-17
- മീഖ 06:3-5
- വെളിപ്പാട് 13:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H430, H5971, G2316, G2992

# ദൈവത്തിന്റെ ഭവനം

## നിര്വചനം:

ദൈവ വചനത്തില്, "ദൈവത്തിന്റെ ഭവനം" (ദൈവ ഭവനം) എന്നതും "യഹോവയുടെ ഭവനം"(യഹോവയുടെ ഭവനം) എന്നതും ദൈവം ആരാധിക്കപ്പെടുന്ന ഒരു സ്ഥലത്തെ സൂചിപ്പിക്കുന്നു.

- ഈ പദം കൂടുതല്പ്രത്യേകമായി സമാഗമനകൂടാരത്തെയോ അല്ലെങ്കില്ദേവാലയത്തെയോ സൂചിപ്പിക്കുന്നു.
- ചില സന്ദര്ഭങ്ങളില്"ദൈവത്തിന്റെ ഭവനം" എന്നത് ദൈവത്തിന്റെ ജനം എന്ന് സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഒരു ആരാധന സ്ഥലത്തെ സൂചിപ്പിക്കുമ്പോള്, ഈ പദം "ദൈവത്തെ ആരാധിക്കുവാനുള്ള ഒരു സ്ഥലം" അല്ലെങ്കില്"ദൈവത്തെ ആരാധിക്കുന്ന സ്ഥലം" എന്ന് പരിഭാഷ ചെയ്യാം.
- ഇത് ദേവാലയത്തെയോ സമാഗമനകൂടാരത്തെയോ സൂചിപ്പിക്കുക യാണെങ്കില്, "ദൈവത്തെ ആരാധിക്കുന്ന ദേവാലയം (അല്ലെങ്കില്സമാഗമനകൂടാരം) അല്ലെങ്കില്("ദൈവം സന്നിഹിതന്ആയിരിക്കുന്ന സ്ഥലം" അല്ലെങ്കില്"ദൈവം തന്റെ ജനത്തെ കണ്ടുമുട്ടുന്ന സ്ഥലം") എന്ന് പരിഭാഷ ചെയ്യാം.
- "ഭവനം" എന്ന വാക്ക് ദൈവം അവിടെ "വസിക്കുന്നു" എന്ന ആശയം സംവേദനം ചെയ്യേണ്ടതിനു പ്രാധാന്യം അര്ഹിക്കുന്നതായി പരിഭാഷയില്ഉപയോഗിക്കുന്നു, അതായത്, തന്റെ ജനവുമായി കൂടിക്കാഴ്ച നടത്തേണ്ടതിനും അവരാല്ആരാധിക്കപ്പെടെണ്ടതിനുമായി തന്റെ ആത്മാവ് അവിടെ ആയിരിക്കുന്നു.

(കാണുക: ദൈവത്തിന്റെ ജനങ്ങള്, സമാഗമനകൂടാരം, ദേവാലയം)

## ദൈവ വചന സൂചികകള്

- 1 തിമത്തിയോസ് 03:14-15
- 2 ദിനവൃത്താന്തം 23:8-9
- എസ്രാ 05:12-13
- ഉല്പ്പത്തി 28:16-17
- ന്യായാധിപന്മാര്18:30-31
- മര്ക്കോസ് 02:25-26
- മത്തായി 12:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H426, H430, H1004, H1005, H3068, G2316, G3624

# ദൈവദൂതന്, ദൈവദൂതന്മാര്, പ്രധാന ദൈവദൂതന്

## നിര്വചനം

ഒരു ദൈവദൂതന് എന്നത് ദൈവം സൃഷ്ടിച്ച ഒരു ശക്തനായ ആത്മാവ് ആണ്. ദൈവം പറയുന്നതെന്തും പ്രവര്ത്തിക്കുന്നതിനായി ദൈവത്തെ സേവിക്കുന്നവ രായി ദൈവദൂതന്മാര് നിലകൊള്ളുന്നു. "പ്രധാന ദൈവദൂതന്" എന്നത് മറ്റുള്ള ദൈവദൂതന്മാരെ ഭരിക്കുകയോ നയിക്കു കയോ ചെയ്യുന്ന ദൈവദൂതനെ സൂചിപ്പിക്കുന്നു.

- "ദൂതന്" എന്ന വാക്കിന്റെ അക്ഷരീക അര്ത്ഥം "ദൂതുവാഹി" എന്നാണ്. "പ്രധാന ദൂതന്" എന്ന പദം "പ്രധാന ദൂതുവാഹി" എന്നു അര്ത്ഥമാക്കുന്നു.
- ദൈവവചനത്തില് "പ്രധാന ദൈവദൂതന്" എന്നറിയപ്പെടുന്ന ഒരേയൊരു ദൂതന് മിഖായേല് ആണ്.
- ദൈവവചനത്തില്, ദൂതന്മാര് ദൈവത്തില്നിന്നും ജനത്തിന് സന്ദേശങ്ങള്നല്കുന്നു. ഈ സന്ദേശങ്ങളില് ദൈവം ജനങ്ങള് ചെയ്യണമെന്നു ആവശ്യപ്പെടുന്ന നിര്ദേശ ങ്ങള് ഉള്ളടക്കം ചെയ്തിരിക്കുന്നു. * ഭാവിയില് സംഭവിക്കുവാന്പോകുന്നതോ മുന്പേ സംഭവിച്ചതോ ആയ സംഭവങ്ങളെക്കുറിച്ച് ദൈവദൂതന്മാര് ജനത്തോടു പ്രസ്താവിക്കുന്നു.
- ദൈവത്തിന്റെ പ്രതിനിധികള് എന്ന നിലയില്ദൈവദൂതന്മാര്ക്കു ദൈവത്തിന്റെ അധികാരവും ചില സന്ദര്ഭങ്ങളില് ദൈവം തന്നെ സംസാരിക്കുന്നു എന്ന നിലയിലും ദൈവവചനത്തില് ഉണ്ട്.
- വേറെ നിലകളില്ജനത്തെ സംരക്ഷിക്കയും ശക്തീകരിക്കയും ചെയ്യുക വഴി ദൂതന്മാര് ദൈവത്തെ സേവിക്കുന്നു.
- "യഹോവയുടെ ദൂതന്" എന്ന പ്രത്യേക പദത്തിനു ഒന്നിലധികം സാദ്ധ്യതയുള്ള അര്ത്ഥങ്ങള്ഉണ്ട്: 1)"യഹോവയെ പ്രതിനിധീകരിക്കുന്ന ദൂതന്" അല്ലെങ്കില്"യഹോവയെ സേവിക്കുന്ന ദൂതുവാഹി" എന്നു അര്ത്ഥമാക്കാം. 2) ഇതു ഒരു ദൂതനെപ്പോലെ പ്രത്യക്ഷമാകുകയും ഒരു വ്യക്തിയോട് സംസാരി ക്കുകയും ചെയ്യുന്ന യഹോവയെ തന്നെ സൂചിപ്പിക്കാം. ഇതില് ഏതൊരു അര്ത്ഥം സ്വീകരിച്ചാലും, "ഞാന്" എന്ന പ്രയോഗം ദൂതന് ഉപയോഗിക്കുന്നത് യഹോവ തന്നെ സംസാരിക്കുന്നു എന്ന വിധത്തിലാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- "ദൈവദൂതന്" എന്നത് പരിഭാഷപ്പെടുത്തുന്ന മാര്ഗ്ഗങ്ങള്, "ദൈവത്തില്നിന്നുള്ള ദൂതുവാഹി" അല്ലെങ്കില്"ദൈവത്തിന്റെ സ്വര്ഗ്ഗീയ സേവകന്" അല്ലെങ്കില് "ദൈവത്തിന്റെ ആത്മീയ ദൂതുവാഹി" എന്നിവ ഉള്പ്പെടുന്നു.
- "പ്രധാന ദൈവദൂതന്" എന്ന പദം "മുഖ്യ ദൈവദൂതന്" അല്ലെങ്കില് ഭരണ നേതാവായ ദൈവദൂതന്" അല്ലെങ്കില് "ദൂതന്മാരുടെ നായകന്" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- ഈ പദസഞ്ചയങ്ങള് ഒരു ദേശിയ ഭാഷയില് അല്ലെങ്കില് പ്രദേശിക ഭാഷയില് എപ്രകാരം പരിഭാഷപ്പെടുത്താം എന്നുള്ളത് പരിഗണിക്കുക.
- "യഹോവയുടെ ദൂതന്" എന്ന പദസഞ്ചയം "ദൈവദൂതന്", "യഹോവ" എന്നീ പദങ്ങള്ഉപയോഗിച്ചുവേണം പരിഭാഷപ്പെടുത്തേണ്ടത്. ഇതു ഈ പടസഞ്ചയത്തെ വിവിധ വ്യാഖ്യാനങ്ങള്ക്ക് അനുവാദം നല്കും. സാദ്ധ്യതയുള്ള പരിഭാഷകള് "യഹോവയില്നിന്നുള്ള ദൂതന്" അല്ലെങ്കില്"യഹോവയാല്അയക്കപ്പെട്ട ദൂതന്" അല്ലെങ്കില്"ദൂതനെപ്പോലെ പ്രത്യക്ഷനാകുന്ന യഹോവ" എന്നിവയും ഉള്പ്പെടുന്നു.

(കാണുക: അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: മുഖ്യന്, നേതാവ്, ദൂതുവാഹി, മിഖായേല്, ഭരണാധിപന്, സേവകന്)

## ദൈവവചന സൂചികകള്:

- 2 ശമുവേല്:15-16
- അപ്പൊ.പ്രവര്ത്തികള്:3-6
- അപ്പൊ.പ്രവര്ത്തികള്:22-23
- കൊലോസ്സ്യര്:18-19
- ഉല്പ്പത്തി 48;14-16
- ലൂക്കോസ് 02:13-14
- മര്ക്കോസ് 08:38
- മത്തായി 13;49-50
- വെളിപ്പാട് 01:19-20
- സെഖര്യാവ് 01:7-9

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്

- **02:12** വലിപ്പമുള്ളവരും ശക്തരുമായ **ദൂതന്മാരെ** ആരും തന്നെ ജീവവൃക്ഷ ത്തിന്റെ ഫലം ഭക്ഷിക്കാതിരിക്കേണ്ടതിനായി ദൈവം കാവല്നിര്ത്തി.
- **22:03** **ദൈവദൂതന്** സെഖര്യാവിനോട് "ഞാന് നിന്നോട് ഈ സദ്വാര്ത്ത അറിയിക്കേണ്ടതിനായി ദൈവത്താല് അയക്കപ്പെട്ടിരിക്കുന്നു" എന്നു പ്രതിവചിച്ചു.
- **23:06** പെട്ടെന്ന്ശോഭിക്കുന്ന ഒരു **ദൈവദൂതന്** അവര്ക്ക്ഇടയന്മാര്ക്കു പ്രത്യക്ഷനായി, അവര്ഭയപ്പെടുകയും ചെയ്തു. **ദൈവദൂതന്**"ഭയപ്പെടേണ്ട, എന്തുകൊണ്ടെന്നാല് നിങ്ങള്ക്കുവേണ്ടി ഒരു സുവാര്ത്ത എന്റെ പക്കല് ഉണ്ട്" എന്നു പറഞ്ഞു. പെട്ടെന്ന് ആകാശങ്ങള് മുഴുവന്-ദൈഅദൂതന്മാരാല്നിറയപ്പെട്ടു,ദൈവത്തെ സ്തുതിച്ചു.
- **25:08** അനന്തരം **ദൈവദൂതന്മാര്** കടന്നുവന്നു യേശുവിനെ ശുശ്രൂഷിച്ചു.
- **38:12** യേശു വളരെ വിഷമത്തിലായി തന്റെ വിയര്പ്പു രക്ത തുള്ളികളായി ത്തീര്ന്നു. ദൈവം ഒരു **ദൂതനെ** അയച്ചു അവനെ ശക്തീകരിച്ചു.
- **38:15** "എനിക്ക് വേണമെങ്കില് പിതാവിനോട് **ദൂതന്മാരുടെ** ഒരു സൈന്യത്തെ എനിക്ക് പ്രതിരോധിക്കേണ്ടതിനായി ചോദിക്കാമായിരുന്നു."

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H47, H430, H4397, H4398, H8136, G32, G743, G2465

# ദൈവനിന്ദ, ദൈവത്തെ നിന്ദിക്കുക, ദൈവത്തെ നിന്ദിച്ചു, ദൈവനിന്ദപരമായ, ദൈവനിന്ദകള്

## നിര്വചനം:

ദൈവവചനത്തില്, “ദൈവനിന്ദ'' എന്ന പദം ദൈവത്തെയൊ മനുഷ്യരെയോ നിന്ദിക്കുന്നതായ സംസാര രീതിയെ സൂചിപ്പിക്കുന്നു. ഒരു വ്യക്തിയെ “നിന്ദിക്കുക” എന്നുള്ളത് ആ വ്യക്തിയെക്കുറിച്ച് തെറ്റായതോ മോശമായതോ മറ്റുള്ളവര്ചിന്തിക്കത്തക്കവിധം അയ്യാള്ക്കെതിരെ സംസാരിക്കുക എന്നതാണ്.

- സാധാരണയായി, ദൈവത്തെ നിന്ദിക്കുക എന്നത് ദൈവത്തെക്കുറിച്ചു നിരക്കാ ത്തതും സത്യമല്ലാത്തതും അനാചാരപരമായി ദൈവത്തെ അപമാനിക്കുന്നതുമായ ഭോഷ്ക്കുകള്പറയുകയും പരിഹസിക്കുകയും ചെയ്യുക എന്നാണ്.
- മനുഷ്യന്സ്വയം തന്നെ ദൈവമെന്നു പറയുന്നതോ ഏകാസത്യ ദൈവമല്ലാതെ വേറെയും ദൈവങ്ങള്ഉണ്ടെന്നു പറയുന്നതോ ദൈവനിന്ദ ആകുന്നു.
- ചില ഇംഗ്ലീഷ് ഭാഷാന്തരങ്ങള് ഈ പദത്തെ “”അപവാദം” എന്നു മനുഷ്യരെ അവഹേളനം ചെയ്യുമ്പോള്പരിഭാഷപ്പെടുത്തുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ”ദൈവത്തെ നിന്ദിക്കുക” എന്നത് എതിരായി ദോഷകരമായത് പറയുക” അല്ലെങ്കി ല്ദൈവത്തെ അപമാനിക്കുക” അല്ലെങ്കില്അപവാദം പറയുക” എന്നു പരിഭാഷപ്പെടുത്താം.
- “ദൈവനിന്ദ” എന്നത് “മറ്റുള്ളവരെക്കുറിച്ച് തെറ്റായിപ്പറയുക” അല്ലെങ്കില്അവഹേളനം പറയുക” അല്ലെങ്കില്“അപവാദങ്ങള്പറഞ്ഞുപരത്തുക” എന്നിങ്ങനെയും ഉള്പ്പെടുത്താം.

(കാണുക: അപമാനിക്കുക, അവഹേളിക്കുക)

## ദൈവവചന സൂചികകള്:

- 1 തിമോത്തിയോസ് 01:12-14
- അപ്പോ.പ്രവര്ത്തികള്06:10-11
- അപ്പോ.പ്രവര്ത്തികള്26:9-11
- യാക്കോബ് 02:5-7
- യോഹന്നാന്:32-33
- ലൂക്കോസ് 12:8-10
- മര്ക്കോസ് 14:63-65
- മത്തായി 12:31-32
- മത്തായി26:65-66
- സങ്കീര്ത്തനം 074:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1288, H1442, H2778, H5006, H5007, H5344, G987, G988, G989

# ദൈവവചനം, ദൈവവചനങ്ങള്, യഹോവയുടെ വചനം, കര്ത്താവിന്റെ വചനം, സത്യ വചനം, തിരുവെഴുത്ത്, തിരുവെഴുത്തുകള്

## നിര്വചനം:

വേദപുസ്തകത്തില്, "ദൈവത്തിന്റെ വചനം" സൂചിപ്പിക്കുന്നത് ജനത്തോടു ദൈവം ആശയവിനിമയം ചെയ്യുന്ന ഏതിനെയും സൂചിപ്പിക്കുന്നത് ആകുന്നു. ഇതില് അരുളിച്ചെയ്തതും എഴുതിയതുമായ സന്ദേശങ്ങള് ഉള്പ്പെടുന്നു. യേശുവിനെയും "ദൈവത്തിന്റെ വചനം" എന്ന് വിളിച്ചിരുന്നു.

- "തിരുവെഴുത്തുകള്" എന്ന പദം അര്ത്ഥമാക്കുന്നത് "എഴുതപ്പെട്ടവകള്" എന്ന് ആകുന്നു. ഇത് പുതിയ നിയമത്തില് മാത്രം ഉപയോഗിച്ചിട്ടുള്ളതും പഴയ നിയമം ആകുന്ന എബ്രായ തിരുവെഴുത്തുകളെ സൂചിപ്പിക്കുന്നതും ആകുന്നു. ഈ തിരുവെഴുത്തുകള് ദൈവത്തിന്റെ സന്ദേശം ദൈവം ജനത്തോടു എഴുതുവാനായി പ്രസ്താവിച്ചവയും ആയത് ഭാവിയില് ദീര്ഘവര്ഷങ്ങള് ഉള്ള ജനങ്ങള് വായിക്കുവാന് തക്കവണ്ണം ഉള്ളതും ആകുന്നു. പരസ്പര ബന്ധം ഉള്ളതായ "യഹോവയുടെ വചനം" എന്നും "കര്ത്താവിന്റെ വചനം" എന്നുള്ള പദ സഞ്ചയങ്ങള് സാധാരണയായി ദൈവത്തില്നിന്ന് ഒരു നിശ്ചിത സന്ദേശം പ്രാപിച്ചിട്ടുള്ള ഒരു പ്രവാചകനോടോ ദൈവവചനത്തില് സൂചിപ്പിച്ചിട്ടുള്ള പ്രതിപാദിച്ചിട്ടുള്ള ഒരു വ്യക്തിയെയോ കുറിക്കുന്നു.
- ചിലസമയങ്ങളില് ഈ പദം സാധാരണയായി ലളിതമായ നിലയില് "വചനം" അല്ലെങ്കില് "എന്റെ വാക്ക്" അല്ലെങ്കില് "നിന്റെ വചനം" (ദൈവത്തിന്റെ വചനത്തെ കുറിച്ചു സംസാരിക്കുമ്പോള്) പ്രതിപാദിക്കുന്നു.
- പുതിയ നിയമത്തില്,യേശു "വചനം" എന്നും ദൈവത്തിന്റെ വചനം" എന്നും പറയുന്നു. ശീര്ഷകം അര്ത്ഥമാക്കുന്നത് ദൈവം ആരെന്നു യേശു പൂര്ണ്ണമായി വെളിപ്പെടുത്തുന്നു, എന്തുകൊണ്ടെന്നാല് താന് തന്നെ ദൈവം ആയിരിക്കുന്നു. "സത്യവചനം" എന്ന പദം "ദൈവത്തിന്റെ വചനം" എന്ന് പറയുന്നതിന് സൂചിപ്പിക്കുന്ന വേറൊരു ശൈലി ആകുന്നു, അതായത് തന്റെ സന്ദേശം അല്ലെങ്കില് ഉപദേശം എന്ന് സൂചിപ്പിക്കുന്നു. ഇത് ഒരു വാക്കിനെ മാത്രം സൂചിപ്പിക്കുന്ന ഒന്നല്ല.
- ദൈവത്തിന്റെ സത്യവചനം എന്നതില് തന്നെക്കുറിച്ച് ദൈവം ജനത്തെ പഠിപ്പിച്ച സകലവും, തന്റെ സൃഷ്ടി, യേശുക്രിസ്തുവില് കൂടെയുള്ള രക്ഷയുടെ തന്റെ സകല പദ്ധതികള് ആദിയായവ ഉള്പ്പെടുന്നു. ദൈവം നമ്മോടു പറഞ്ഞിട്ടുള്ള സത്യമായതു ആണ്, വിശ്വസ്തതയുള്ളതു ആണ്, വാസ്തവമായത് ആണ് എന്ന യാഥാര്ത്യത്തിനു ഈ പദം ഊന്നല് നല്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, ഈ പദം പരിഭാഷ ചെയ്യുവാന് ഉള്ള മാര്ഗ്ഗങ്ങളില്, "യഹോവയുടെ സന്ദേശം" അല്ലെങ്കില് "ദൈവത്തിന്റെ സന്ദേശം" അല്ലെങ്കില് "ദൈവത്തില് നിന്നുള്ള ഉപദേശങ്ങള്" എന്നിവ ഉള്പ്പെടുത്താം.
- ചില ഭാഷകളില് ഈ പദം ബഹുവചനമായി ഉപയോഗിക്കുന്നത് കൂടുതല് സ്വാഭാവികമായി, "ദൈവത്തിന്റെ വചനങ്ങള്" അല്ലെങ്കില് "യഹോവയുടെ വചനങ്ങള്" എന്നിങ്ങനെ പ്രസ്താവിക്കാറുണ്ട്.
- "യഹോവയുടെ വചനം വന്നത്" എന്ന പദപ്രയോഗം സാധാരണയായി ദൈവം തന്റെ അരുളപ്പാടുകള് തന്റെ പ്രവാചകന്മാര്ക്കോ അല്ലെങ്കില് തന്റെ ജനത്തിനോ എന്തെങ്കിലും പരിചയപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്നു. ഇത് "യഹോവ ഈ സന്ദേശം പ്രസ്താവിച്ചു" അല്ലെങ്കില് "യഹോവ ഈ വാക്കുകള് സംസാരിച്ചു" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "തിരുവെഴുത്ത്" അല്ലെങ്കില് "തിരുവെഴുത്തുകള്" എന്ന പദം "എഴുത്തുകള്" അല്ലെങ്കില് "ദൈവത്തിങ്കല് നിന്നുള്ള എഴുതപ്പെട്ട സന്ദേശം" എന്നിങ്ങനെ പരിഭാഷ ചെയ്യാം. ഈ പദം "വചനം" എന്ന പദത്തിന്റെ പരിഭാഷയില്നിന്നും വ്യത്യസ്തമായ നിലയില്പരിഭാഷ ചെയ്യണം.
- "വചനം" എന്നതു തനിച്ചു വരുമ്പോള് അത് ദൈവത്തിന്റെ വചനം എന്ന് സൂചിപ്പിക്കുന്നു, ഇത് "സന്ദേശം" അല്ലെങ്കില് "ദൈവത്തിന്റെ വാക്കു" അല്ലെങ്കില് "ഉപദേശങ്ങള്" എന്നിങ്ങനെ പരിഭാഷ ചെയ്യാം. മുകളില് നിര്ദേശിക്കപ്പെട്ടിട്ടുള്ള പകരം പരിഭാഷകളെയും കൂടെ പരിഗണിക്കണം.
- ദൈവ വചനത്തില് യേശുവിനെ "വചനം" എന്ന് സൂചിപ്പിക്കുമ്പോള്, ഈ പദം "സന്ദേശം" അല്ലെങ്കില് "സത്യം" എന്നിങ്ങനെ പരിഭാഷ ചെയ്യാവുന്നതാണ്.
- സത്യവചനം" എന്നുള്ളത് "ദൈവത്തിന്റെ സത്യസന്ദേശം" അല്ലെങ്കില് "ദൈവത്തിന്റെ വചനം, സത്യമായുള്ളത്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഈ പദത്തിന്റെ പരിഭാഷയില് പ്രാധാന്യം അര്ഹിക്കുന്നതായി സത്യം ആയിരിക്കുന്നു എന്ന അര്ത്ഥം ഉള്പ്പെടുത്തേണ്ടതാണ്.

(കാണുക: പ്രവാചകന്, സത്യം, വചനം, യഹോവ)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 15:1-3
- 1 രാജാക്കന്മാര്:1-3
- യിരെമ്യാവ് 36:1-3
- ലൂക്കോസ് 08:11-13
- യോഹന്നാന്:39-40
- അപ്പോ.06:2-4
- അപ്പോ.12:24-25
- റോമര്:1-3
- 2 കൊരിന്ത്യര്:4-7
- എഫെസ്യര്:13-14
- 2 തിമോത്തിയോസ് 03:16-17
- യാക്കോബ് 01:17-18
- യാക്കോബ് 02:8-9

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **[25:07 ദൈവവചനത്തില്** താന് തന്റെ ജനത്തോടു കല്പ്പിക്കുന്നത്, "നിങ്ങളുടെ ദൈവം ആയ കര്ത്താവിനെ മാത്രം ആരാധിക്കുകയും അവനെ മാത്രം സേവിക്കുകയും ചെയ്യുവിന്" എന്നാണ്.
- **33:06** അതുകൊണ്ട് യേശു വിശദീകരിച്ചു പറഞ്ഞത്, "വിത്ത് __ദൈവത്തിന്റെ വചനം ആകുന്നു.
- **42:03** അപ്പോള്യേശു അവരോടു വിശദീകരിച്ചു പറഞ്ഞത് **ദൈവത്തിന്റെ വചനം** മശീഹയെ സംബന്ധിച്ച് എന്ത് പറയുന്നു എന്നാണ്.
- **42:07** യേശു പറഞ്ഞു, "എന്നെ കുറിച്ച് **ദൈവത്തിന്റെ വചനത്തില്** പ്രസ്താവിച്ചത് ഒക്കെയും നിറവേറെണ്ടത് ആവശ്യം തന്നെ എന്ന് നിങ്ങളോട് പറഞ്ഞിട്ടുണ്ടല്ലോ" എന്നായിരുന്നു. അനന്തരം താന്അവരുടെ മനസ്സുകളെ തുറന്നു അവര് **ദൈവത്തിന്റെ വചനം** ഗ്രഹിക്കുവാന്ഇട വരുത്തി.
- **45:10** ഫിലിപ്പോസ് വേറെയും **തിരുവെഴുത്തുകളെ** ഉപയോഗിച്ചു അവരോടു യേശുവിനെക്കുറിച്ചുള്ള സുവാര്ത്ത പ്രസ്താവിച്ചു.
- **48:12** എന്നാല്എല്ലാവരിലും വെച്ച് അതിശ്രേഷ്ടന്ആയ പ്രവാചകന്യേശു ആകുന്നു. താന്തന്നെ **ദൈവ വചനം** ആകുന്നു.
- **49:18** ദൈവം നിങ്ങളോട് പറയുന്നത് പ്രാര്ഥിക്കുക, തന്റെ **വചനം** പഠിക്കുക, ഇതര ക്രിസ്ത്യാനികളോട് ചേര്ന്ന് തന്നെ ആരാധിക്കുക, നിങ്ങള്ക് വേണ്ടി താന്ചെയ്തതായ കാര്യങ്ങളെ മറ്റുള്ളവരോട് പറയുക എന്നാണ്.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H561, H565, H1697, H3068, G3056, G4487

# ദൈവീകം

## നിര്വചനം:

“ദൈവീകം” എന്ന പദം ദൈവവുമായി ബന്ധപ്പെട്ട ഏതിനെയും ബന്ധപ്പെട്ടതാകുന്നു.

- ഈ പദം ചില രീതികളില് “ദൈവീക അധികാരം”, “ദൈവീക ന്യായവിധി”, “ദൈവീക സ്വഭാവം”, “ദൈവീക ശക്തി”, “ദൈവീക മഹത്വം” എന്നിങ്ങനെ ഉപയോഗിക്കാറുണ്ട്.
- ദൈവവചനത്തില് ഒരു ഭാഗത്ത്, “ദൈവീകം” എന്ന പദം അസത്യ ദൈവത്തെ കുറിച്ച് സൂചിപ്പിക്കുവാന് ഉപയോഗിച്ചിട്ടുണ്ട്.

## പരിഭാഷ നിര്ദേശങ്ങള്:

- “ദൈവീകം” എന്ന പദം പരിഭാഷപ്പെടുത്തുന്നതിനു ”ദൈവത്തിന്റെ” അല്ലെങ്കില് “ദൈവത്തില്നിന്ന്” അല്ലെങ്കില് “ദൈവവുമായി ബന്ധപ്പെട്ട” അല്ലെങ്കില് “ദൈവത്താല് സ്വഭാവവല്കരിക്കപ്പെടുക” എന്നിവ ഉള്പ്പെടുത്താം.
- ഉദാഹരണമായി, “ദൈവീക അധികാരം” എന്നത് “ദൈവത്തിന്റെ അധികാരം” അല്ലെങ്കില് “ദൈവത്തിങ്കല് നിന്നും വരുന്ന അധികാരം” ഏന്നു പരിഭാഷപ്പെടുത്താം.
- ”ദൈവീക മഹത്വം” എന്ന പദസഞ്ചയം “ദൈവത്തിന്റെ മഹത്വം” അല്ലെങ്കില് “ദൈവത്തിനുള്ളതായ മഹത്വം” അല്ലെങ്കില് “ദൈവത്തില് നിന്നും വരുന്നതായ മഹത്വം” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- ചില പരിഭാഷകളില് അസത്യ ദൈവങ്ങളെ സംബന്ധിച്ചവ പ്രസ്താവിക്കുമ്പോള് വ്യത്യസ്തമായ വാക്ക് ഉപയോഗിക്കുവാന് മുന്ഗണന നല്കാം.

(കാണുക:അധികാരം, അസത്യദൈവം, മഹത്വം, ദൈവം, ന്യായാധിപതി, ശക്തി)

## ദൈവവചന സൂചികകള്:

- 2 കൊരിന്ത്യര്:3-4
- 2 പത്രോസ് 01:3-4
- റോമര്:20-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2304, G2999

# ദൈവീകമായ, ദൈവീകത്വം, ദൈവത്വം ഇല്ലാത്ത, ദൈവം ഇല്ലാത്ത, ദൈവീകത്വം ഇല്ലാത്ത, നിരീശ്വരത്വം

## നിര്വചനം:

"ദൈവീകമായ" എന്ന പദം ഒരു മനുഷ്യന്ദൈവത്തെ ബഹുമാനിക്കുന്ന വിധത്തില്പ്രവര്ത്തിക്കുകയും ദൈവം ആയിരിക്കുന്നത് പോലെ കാണിക്കുകയും ചെയ്യുന്നതിനെ വിശദീകരിക്കുന്നു. "ദൈവീകത്വം" എന്നത് ദൈവത്തിന്റെ ഹിതം ചെയ്യുന്നത് മൂലം അവനെ ബഹുമാനിക്കുന്ന സ്വഭാവ വിശേഷത ആകുന്നു.

- ദൈവീക സ്വഭാവ വിശേഷത ഉള്ള ഒരു വ്യക്തി സ്നേഹം, സന്തോഷം, സമാധാനം, ദീര്ഘക്ഷമ, ദയ, ആത്മസംയമം ആദിയായ പരിശുദ്ധാത്മ ഫലങ്ങള്പ്രകടിപ്പിക്കും.
- ദൈവീകത്വത്തിന്റെ യോഗ്യത കാണിക്കുന്നത് അ വ്യക്തിയ്ക്ക് പരിശുദ്ധാത്മാവ് ഉണ്ടെന്നും തന്നെ അനുസരിക്കുന്നു എന്നും ആണ്. "ദൈവത്വം ഇല്ലാത്ത" എന്നതും "ദൈവം ഇല്ലാത്ത" എന്നതും സൂചിപ്പിക്കുന്നത് ദൈവത്തിനു എതിരെ മത്സരം ഉള്ള ജനം എന്നാണ്. ദോഷകരമായ ജീവിതം നയിച്ച്, ദൈവ ചിന്ത ഇല്ലാതെ ഉള്ളതിനെ "ദൈവീകത്വം ഇല്ലാത്ത" അല്ലെങ്കില്"നിരീശ്വരത്വം" എന്ന് വിളിക്കുന്നു.
- ഈ വാക്കുകളുടെ അര്ഥങ്ങള്വളരെ സാമ്യം ഉള്ളവയാണ്. എങ്കില്തന്നെയും, "ദൈവം ഇല്ലാത്ത" എന്നതും "നിരീശ്വരത്വം" എന്നതും ജനമോ രാജ്യങ്ങളോ ദൈവത്തെയോ അവരെ ഭരിക്കുവാനുള്ള തന്റെ അവകാശത്തെയോ അംഗീകരിക്കുക പോലും ചെയ്യാത്ത അതി കഠിനമായ നിലവാരത്തെ സൂചിപ്പിക്കുന്നു.
- ദൈവം ദൈവത്വം ഇല്ലാത്ത ജനത്തിന്മേല്, തന്നെയും തന്റെ വഴികളെയും തിരസ്കരിക്കുന്ന ഓരോരുത്തരുടെ മേലും ന്യായവിധിയും ക്രോധവും പ്രഖ്യാപിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "ദൈവീകത്വം ഉള്ള" എന്ന പദസഞ്ചയം "ദൈഏകത്വമ് ഉള്ള ജനം" എന്നോ ദൈവത്തെ അനുസരിക്കുന്ന ജനം" എന്നോ പരിഭാഷ ചെയ്യാം.(കാണുക:സാധാരണ നാമവിശേഷണം)
- ദൈവീകമായ" എന്ന നാമ വിശേഷണം "ദൈവത്തോട് അനുസരണമുള്ള" അല്ലെങ്കില്"നീതിമാന്" അല്ലെങ്കില്"ദൈവത്തിനു പ്രസാദമുള്ള" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ദൈവീകമായ രീതിയില്" എന്ന പദസഞ്ചയം "ദൈവത്തെ അനുസരി ക്കുന്ന രീതിയില്" അല്ലെങ്കില്"പ്രവര്ത്തികളാലും വാക്കുകളാലും ദൈവത്തെ പ്രസാദിപ്പിക്കുന്ന വിധത്തില്" എന്ന് പരിഭാഷ ചെയ്യാം. "ദൈവീകത്വം" എന്നത് "ദൈവം പ്രസാദിക്കുന്ന വിധത്തില്പ്രവര്ത്തിക്കുക" അല്ലെങ്കില്"ദൈവത്തെ അനുസരിക്കുക" അല്ലെങ്കില്"നീതി പൂര്വമായ നിലയില്ജീവിക്കുക" എന്നീ മാര്ഗ്ഗങ്ങളില്പരിഭാഷ ചെയ്യാം.
- സാഹചര്യം അനുസരിച്ച്, "ദൈവത്വം ഇല്ലാത്ത" എന്ന പദം "ദൈവത്തിനു അനിഷ്ടമായ" അല്ലെങ്കില്"അസാന്മാര്ഗ്ഗികം ആയ" അല്ലെങ്കില്"ദൈവത്തെ അനുസരിക്കാത്ത" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ദൈവം ഇല്ലാത്ത" എന്നതും "നിരീശ്വരത്വം" എന്നതും അക്ഷരീകമായി അര്ത്ഥമാക്കുന്നത് ജനം "ദൈവം ഇല്ലാത്തവര്" ആയിരിക്കുന്നു അല്ലെ ങ്കില്"ദൈവ ചിന്ത ഇല്ലാത്തവര്ആയിരിക്കുന്നു അല്ലെങ്കില്"ദൈവത്തെ അംഗീകരിക്കാത്തവരായി പ്രവര്ത്തിക്കുന്നു" എന്നിങ്ങനെയാണ്.
- "ദൈവീകത്വം ഇല്ലാത്ത" അല്ലെങ്കില്"നിരീശ്വരത്വം" എന്നത് "ദുഷ്ടത" അല്ലെങ്കില്"തിന്മ" അല്ലെങ്കില്ദൈവത്തിനു എതിരെയുള്ള മത്സരം" എന്നീ മറ്റു രീതികളില്പരിഭാഷ ചെയ്യാം.

(കാണുക: തിന്മ, ബഹുമാനം, അനുസരിക്കുക, നീതിമാന്, നീതിയുള്ള)

## ദൈവ വചന സൂചികകള്:

- ഇയ്യോബ് 27:8-10
- സദൃശവാക്യങ്ങള്11:9-11
- അപ്പൊ.പ്രവര്ത്തികള്03:11-12
- 1 തിമോത്തിയോസ് 01:9-11
- 1 തിമോത്തിയോസ് 04:6-8
- 2 തിമോത്തിയോസ് 03:10-13
- എബ്രായര്12:14-17
- എബ്രായര്11:7
- 1 പത്രോസ് 04:17-19
- യൂദ 01:14-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H430, H1100, H2623, H5760, H7563, G516, G763, G764, G765, G2124, G2150, G2152, G2153, G2316, G2317

# നരകം, അഗ്നിത്തടാകം

## നിര്വചനം:

യേശുക്രിസ്തുവിന്റെ ബലിയില്ക്കൂടെ രക്ഷ നല്കുവാനായി ദൈവം ഒരുക്കിയ പദ്ധതിയെ തിരസ്കരിക്കുകയും ദൈവത്തിനെതിരെ മത്സരിക്കുകയും ചെയ്യുന്ന എല്ലാവരെയും ശിക്ഷിക്കുവാനായിട്ടുള്ള അന്തമില്ലാത്ത വേദനകളും യാതനകളും നിറഞ്ഞ അന്ത്യസ്ഥലമാണ് നരകം. ഇത് "അഗ്നിക്കടല്" എന്നും സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

- നരകം എന്നുള്ളത് അഗ്നിയുടെയും കടുത്ത യാതനകളുടെയും സ്ഥലമായി വിവക്ഷിക്കുന്നു.
- സാത്താനെയും തന്നെ പിന്ഗമിക്കുന്ന അശുദ്ധാത്മാക്കളെയും നിത്യമായ ശിക്ഷയ്ക്കായി നരകത്തിലേക്ക് എറിഞ്ഞു കളയും.
- തങ്ങളുടെ പാപ വിമോചനത്തിനായിട്ടുള്ള യേശുവിന്റെ യാഗത്തില് വിശ്വസിക്കാത്ത ജനത്തെയും, അവരെ രക്ഷിക്കുവാനായി തന്നില് വിശ്വസിക്കാത്തവരെയും, എന്നെന്നേക്കുമായി നരകത്തില് ശിക്ഷ വിധിക്കപ്പെടും.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദങ്ങള്വ്യത്യസ്തമായ സാഹചര്യങ്ങളില്സംഭവിക്കുന്നത് ആകയാല്ഇവ വ്യത്യസ്ത നിലകളില്പരിഭാഷ ചെയ്യേണ്ടത് ആവശ്യമാണ്.
- ചില ഭാഷകളില്"അഗ്നിത്തടാകം" എന്ന പദത്തിലെ "തടാകം" എന്ന പദം വെള്ളത്തെ സൂചിപ്പിക്കുന്നതാകയാല് ഉപയോഗിക്കുവാന്കഴിയുകയല്ല.
- "നരകം" എന്ന പദം "യാതനയുടെ സ്ഥലം" അല്ലെങ്കില് അന്ധകാര ത്തിന്റെയും വേദനയുടെയും അന്ത്യസ്ഥലം" എന്ന് പരിഭാഷ ചെയ്യാം.
- "അഗ്നിത്തടാകം" എന്ന പദം "അഗ്നിക്കടല്" അല്ലെങ്കില്"വന്അഗ്നി (യാതനയുടെ)" അല്ലെങ്കില്"അഗ്നി വയല്" എന്നും പരിഭാഷ ചെയ്യാവുന്നതാണ്.

(കാണുക:സ്വര്ഗ്ഗം, മരണം, നരകം, പാതാളം)

## ദൈവ വചന സൂചികകള്:

- യാക്കോബ് 03:5-6
- ലൂക്കോസ് 12:4-5
- മര്ക്കോസ് 09:42-44
- മത്തായി 05:21-22
- മത്തായി 05:29-30
- മത്തായി 10:28-31
- മത്തായി 23:32-33
- മത്തായി 25:41-43
- വെളിപ്പാട് 20:13-15

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **50:14** അവന്(ദൈവം) അവരെ **നരകത്തിലേക്ക്** എറിഞ്ഞുകളയും, അവിടെ അതി കഠിനമായ വേദനയാല്ഉളവാകുന്ന നെടുവീര്പ്പും, പല്ലുകടിയും എന്നെന്നേക്കും ഉണ്ടാകും. ഒരിക്കലും അണഞ്ഞു പോകാത്ത അഗ്നി അവരെ ഹെമിച്ചുകൊണ്ടിരിക്കും, പുഴു അവരെ തന്നു കൊണ്ടിരിക്കുന്നത് ഒരിക്കലും അവസാനിക്കുകയുമില്ല.
- **50:15** എന്നെന്നേക്കും തീയാല്ഹേമിക്കപ്പെടെണ്ടതിനു അവന്സാത്താനെയും, ദൈവത്തെ അനുസരിക്കുന്നതിനെക്കാളും അവനെ പിന്ഗമിക്കുന്നത് തിരഞ്ഞെടുത്ത എല്ലാവരെയും കൂടെ **നരകത്തിലേക്ക്** എറിഞ്ഞു കളയും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7585, G86, G439, G440, G1067, G3041, G4442, G4443, G4447, G4448, G5020, G5394, G5457

# നരകം, പാതാളം

## നിര്വചനം

“നരകം” എന്നും “പാതാളം” എന്നും ഉള്ള പദങ്ങള്ദൈവ വചനത്തില്മരണത്തെയും ജനങ്ങള്മരിച്ചു കഴിഞ്ഞാല്അവരുടെ ആത്മാക്കള്ചെന്ന് ചേരുന്ന സ്ഥലത്തെയും സൂചിപ്പിക്കുന്നു. അവയുടെ അര്ഥങ്ങള്സമാനം ആയവ ആകുന്നു.

- ”നരകം” എന്ന എബ്രായ പദം സാധാരണയായി പഴയ നിയമത്തില്മരണത്തിന്റെ സ്ഥാനത്ത് സൂചിപ്പിക്കുന്നു.
- പുതിയ നിയമത്തില്, “നരകം” എന്ന ഗ്രീക്ക് പദം സാധാരണയായി ദൈവത്തിനു എതിരേ മത്സരിച്ച ജനത്തിന്റെ ആത്മാക്കള്ക്ക് വേണ്ടി നിയമിച്ച സ്ഥലത്തെ സൂചിപ്പിക്കുന്നു. ഈ ആത്മാക്കള്“താഴേക്കു” നരകത്തിലേക്ക് പോകുന്നതായി സൂചിപ്പിച്ചിരിക്കുന്നു. ഇത് “മുകളിലേക്ക്” സ്വര്ഗ്ഗത്തിലേക്ക്, യേശുവില്വിശ്വസിക്കുന്നവരുടെ ആത്മാക്കള്വസിക്കുന്ന സ്ഥലത്തിലേക്ക് പോകുന്നതിനു വിരുദ്ധമായി കാണപ്പെടുന്നതാണ്.
- ”നരകം” എന്ന പദം വെളിപ്പാട് പുസ്തകത്തിലെ “മരണം” എന്ന പദവുമായി ബന്ധപ്പെട്ടിരിക്കുന്നു. അന്ത്യകാലത്തില്, മരണവും പാതാളവും നരകം എന്ന അഗ്നിക്കടലില്ഏറിയപ്പെടും.

## പരിഭാഷ നിര്ദേശങ്ങള്:

- പഴയനിയമ പദമായ പാതാളം എന്നത് “മൃതന്മാരുടെ സ്ഥലം” അല്ലെങ്കില്“മരിച്ച ആത്മാക്കളുടെ സ്ഥലം” എന്ന് പരിഭാഷ ചെയ്യാം. ചില പരിഭാഷകള്ഇതിനെ “അഗാധ കൂപം” അല്ലെങ്കില്“മരണം”, എന്ന് സാഹചര്യം അനുസരിച്ച് പരിഭാഷ ചെയ്യാം.
- പുതിയ നിയമ പദമായ “പാതാളം” എന്നത് “അവിശ്വാസികളായ മരിച്ചവരുടെ സ്ഥലം” അല്ലെങ്കില്“മരിച്ചവരുടെ യാതനാ സ്ഥലം” അല്ലെങ്കില്“മരിച്ചവരായ അവിശ്വാസികളായ ആളുകളുടെ ആത്മാക്കളുടെ സ്ഥലം” എന്നിങ്ങനെ പരിഭാഷ ചെയ്യാവുന്നതാണ്.
- ചില പരിഭാഷകളില്“പാതാളം” എന്നും “നരകം” എന്നും ഉള്ള പദങ്ങള്പരിഭാഷ ചെയുന്ന ഭാഷയുടെ ശബ്ദ ഘടനയ്ക്ക് അനുസൃതമായി ക്രമീകരിച്ചു വെച്ചിട്ടുണ്ട്. (കാണുക:അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം)
- ഓരോ പദത്തെയും ഒരു പദസഞ്ചയവും കൂടെ ചേര്ത്ത് വിശദീകരി ക്കാവുന്നതാണ്, ഇപ്രകാരം ചെയ്യുന്നതിന് ഉദാഹരണമായി, “നരകം, മരിച്ചതായ ആളുകള്ഉള്ള സ്ഥലം” എന്നും “പാതാളം, മരിച്ചവരുടെ സ്ഥലം” എന്നും രേഖപ്പെടുത്താം.

(പരിഭാഷ നിര്ദേശങ്ങള്:അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: മരണം, സ്വര്ഗ്ഗം, നരകം, കല്ലറ)

## ദൈവ വചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്02:29-31
- ഉല്പത്തി 44:27-29
- യോനാ 02:1-2
- ലൂക്കോസ് 10:13-15
- ലൂക്കോസ് 16:22-23
- മത്തായി 11:23-24
- മത്തായി 16:17-18
- വെളിപ്പാട് 01:17-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7585, G86

# നല്ലത്, നന്മ

## നിര്വചനം:

“നല്ലത്” എന്ന വാക്കിനു സാഹചര്യങ്ങള്അനുസരിച്ച് വ്യത്യസ്ത അര്ത്ഥങ്ങള്ഉണ്ട്. നിരവധി ഭാഷകളില്ഈ വ്യത്യസ്ത അര്ത്ഥങ്ങളില്പരിഭാഷ ചെയ്യുവാനായി വ്യത്യസ്ത വാക്കുകള്ഉപയോഗിക്കും.

- പൊതുവെ, ദൈവത്തിന്റെ സ്വഭാവ വിശേഷത, ലക്ഷ്യങ്ങള്, ഹിതം എന്നിവയോട് യോജിച്ചു പോകുന്നവ നല്ലവയാണ്.
- ”നല്ലത്” എന്നത്, തൃപ്തികരമായത്, ഉല്കൃഷ്ടമായത്, സഹായകര മായത്, അനുയോജ്യമായത്, ലാഭാകരമായത്, ധാര്മികമായി ശരിയായത് ആദിയായവ ആണ്.
- ”നല്ല” നിലം എന്നത് “ഫലഭൂയിഷ്ടമായത്” അല്ലെങ്കില്“ഉല്പ്പാദന ക്ഷമതയുള്ളത്” എന്ന് വിളിക്കുന്നു.
- ഒരു “നല്ല” വിളവ്” എന്നത് ഒരു “ധാരാളമായ” വിളവ്എന്ന് ആകുന്നു. ഒരു വ്യക്തി താന്ചെയ്യുന്നതായ പ്രവര്ത്തിയില്“നല്ലവന്” ആകുവാന്തന്റെ ദൌത്യത്തില്അല്ലെങ്കില്ഉദ്യോഗത്തില്സമര്ത്ഥന്ആകുന്നു എങ്കില്“ഒരു നല്ല കര്ഷകന്” എന്ന പദ പ്രയോഗം പോലെ ആ വ്യക്തിക്ക് ആകുവാന്കഴിയും.
- ദൈവ വചനത്തില്, “നല്ലത്” എന്നതിന്റെ പൊതുവായ അര്ത്ഥം സാധാരണയായി “തിന്മ” എന്നതിന്റെ “വിരുദ്ധമായതു” ആയിരിക്കും.
- ”നന്മ” എന്ന പദം സാധാരണയായി ധാര്മ്മികമായി നല്ലതോ അല്ലെങ്കില്ചിന്തകളിലും പ്രവര്ത്തികളിലും നീതിയായതോ എന്ന് സൂചിപ്പിക്കുന്നു.
- ദൈവത്തിന്റെ നന്മകള്സൂചിപ്പിക്കുന്നത് ദൈവം എപ്രകാരം തന്റെ ജനത്തിനു അനുഗ്രഹം പകരുന്നതും അവര്ക്ക് നല്ലതും പ്രയോജനവും ആയ കാര്യങ്ങള്ചെയ്യുന്നതും ആയിരിക്കുന്നു എന്നതിനെ സൂചിപ്പിക്കുന്നു. ഇത് തന്റെ ധാര്മികമായ പരിപൂര്ണതയെയും സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

“നന്മ” എന്നുള്ളതിനുള്ള പൊതുവായ പദം നിര്ദ്ധിഷ്ട ഭാഷയില്ഉപയോഗിക്കുമ്പോള്എവിടെയായാലും അതിന്റെ പൊതുവായ അര്ത്ഥം കൃത്യതയുള്ളതും, പ്രകൃത്യാ ഉള്ളതും, പ്രത്യേകാല്തിന്മയ്ക്കു വിരുദ്ധമായ സാഹചര്യങ്ങളില്ആയിരിക്കേണ്ടത് ആവശ്യമാണ്.

- സാഹചര്യം അനുസരിച്ച്, ഈ പദം പരിഭാഷ ചെയ്യുവാനുള്ള ഇതര മാര്ഗ്ഗങ്ങളില്“ദയയുള്ള” അല്ലെങ്കില്“വളരെ നല്ല” അല്ലെങ്കില്ദൈവ ത്തിനു പ്രസാദകരമായ” അല്ലെങ്കില്“നീതിയുക്തമായ” അല്ലെങ്കില്ധാര്മ്മികമായി ഉചിതമായ” അല്ലെങ്കില്“പ്രയോജന പ്രദമായ” എന്നിങ്ങനെ ഉള്പ്പെടുത്താം.
- നല്ല നിലം” എന്നത് “ഫലഭൂയിഷ്ടമായ നിലം” അല്ലെങ്കില്“ഉല്പ്പാദന ക്ഷമതയുള്ള ഭൂമി” എന്നിങ്ങനെ പരിഭാഷ ചെയ്യാം; ഒരു “നല്ല വിളച്ചില്” എന്നത് “ധാരാളമായ കൊയ്ത്ത്” അല്ലെങ്കില്“ വന്തോതില്ഉള്ള കൃഷി” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”നന്മ ചെയ്യുക” എന്ന പദ പ്രയോഗം അര്ത്ഥം നല്കുന്നത് മറ്റുള്ളവര്ക്ക് പ്രയോജന പ്രദമായ കാര്യങ്ങള്ചെയ്യുക എന്നാണ് മാത്രമല്ല അത് മറ്റുള്ളവര്ക്ക് “ദയയുള്ളവര്ആകുക” അല്ലെങ്കില്സഹായകം” അല്ലെങ്കില്“പ്രയോജന പ്രദം” ആകുക എന്നും പരിഭാഷ ചെയ്യാവുന്നതാണ്.
- ”ശബ്ബത്തില്നന്മ ചെയ്യുക” എന്നത് അര്ത്ഥമാക്കുന്നത് “ശബ്ബത്തില്മറ്റുള്ളവര്ക്ക് സഹായകരമായത് ചെയ്യുക” എന്ന് അര്ത്ഥം നല്കുന്നു.
- സാഹചര്യം അനുസരിച്ച്, “നന്മ” എന്ന പദം പരിഭാഷ ചെയ്യുന്നതില്“അനുഗ്രഹം” അല്ലെങ്കില്“ദയ” അല്ലെങ്കില് “ധാര്മ്മിക പരിപൂര്ണ്ണത” അല്ലെങ്കില്“നീതി” അല്ലെങ്കില്“പരിശുദ്ധി” എന്നിവ ഉള്പ്പെടുത്താം.

(കാണുക: തിന്മ, വിശുദ്ധം, പ്രയോജന പ്രദം, നീതി)

## ദൈവ വചന സൂചികകള്:

- ഗലാത്യര്05:22-24
- ഉല്പ്പത്തി 01:11-13
- ഉല്പ്പത്തി 02:9-10
- ഉല്പ്പത്തി 02:15-17
- യാക്കോബ് 03:13-14
- റോമര്02:3-4

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **01:04** ദൈവം താന്സൃഷ്ടിച്ചത് എല്ലാം **നല്ലത്** എന്ന് കണ്ടു.
- **01:11** ദൈവം **നന്മ** തിന്മകളെ അറിയുവാന്ഉള്ള വൃക്ഷത്തെ നട്ടു."
- **01:12** അനന്തരം ദൈവം പറഞ്ഞത്, "മനുഷ്യന്ഏകനായി ഇരിക്കുന്നത് **നല്ലത്** അല്ല" എന്നാണ്.
- **02:04** "നിങ്ങള്അത് ഭക്ഷിക്കുന്ന ഉടനെ തന്നെ നിങ്ങള്ദൈവത്തെപ്പോലെ ആകുമെന്നും താന്ആയിരിക്കുന്നത് പോലെ നിങ്ങളും **നന്മ** തിന്മകളെ അറിയുന്നവര്ആകുമെന്നും ദൈവം അറിയുന്നു."
- **08:12** "ഒരുഅടിമയായി നിങ്ങള്എന്നെ വിറ്റപ്പോള്ഞങ്ങള്എനിക്കെതിരെ ദോഷം ചെയ്യുവാന്ശ്രമിച്ചു, എന്നാല്ദൈവം ആ ദോഷത്തെ **നന്മക്കായി** ഉപയോഗിച്ചു!"
- **14:15** യോശുവ ഒരു **നല്ല** നേതാവ് ആയിരുന്നു എന്തു കൊണ്ടെന്നാല് ദൈവത്തെ അനുസരിക്കുകയും ചെയ്തു.
- **18:13** ഈ രാജാക്കന്മാരില്ചിലര്നീതിയായി ഭരികുകയും ദൈവത്തെ ആരാധിക്കുകയും ചെയ്ത **നല്ല** മനുഷ്യര്ആയിരുന്നു.
- **28:01** "**നല്ല** ഗുരോ, നിത്യ ജീവന്പ്രാപിക്കുവാന്ഞാന്എന്ത് ചെയ്യണം?" യേശു അവനോടു പറഞ്ഞത്, എന്നെ **നല്ലവന്** എന്ന് നീ വിളിക്കുന്നത്എന്തുകൊണ്ട്?" "**നല്ലവന്** ഒരുവന്മാത്രമേ ഉള്ളൂ, അത് ദൈവം ആണ്."

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H117, H145, H155, H202, H239, H410, H1580, H1926, H1935, H2532, H2617, H2623, H2869, H2895, H2896, H2898, H3190, H3191, H3276, H3474, H3788, H3966, H4261, H4399, H5232, H5750, H6287, H6643, H6743, H7075, H7368, H7399, H7443, H7999, H8231, H8232, H8233, H8389, H8458, G14, G15, G18, G19, G515, G744, G865, G979, G1380, G2095, G2097, G2106, G2107, G2108, G2109, G2114, G2115, G2133, G2140, G2162, G2163, G2174, G2293, G2565, G2567, G2570, G2573, G2887, G2986, G3140, G3617, G3776, G4147, G4632, G4674, G4851, G5223, G5224, G5358, G5542, G5543, G5544

# നശിക്കുക, നശിച്ച, നശിക്കുന്ന, നാശയോഗ്യമായ

## നിർവചനം:

“നശിക്കുക” എന്ന പദത്തിന്റെ അർത്ഥം അക്രമം അല്ലെങ്കിൽമറ്റു ദുരന്തം മൂലം മരിക്കുക, അല്ലെങ്കിൽതകരുക എന്ന് ഉള്ളതാണ്. ദൈവ വചനത്തിൽ, ഇത് പ്രത്യേകമായി നരകത്തിൽനിത്യമായി ശിക്ഷിക്കപ്പെടുന്ന എന്ന് അർത്ഥം നൽകുന്നു. “നശിക്കുന്നതായ” ജനം എന്നാൽതങ്ങളുടെ രക്ഷക്കായി യേശുവിൽവിശ്വസിക്കുന്നതിനെ നിഷേധിക്കുന്നത് നിമിത്തം നരകത്തിനായി നിയമിതരായ ജനം എന്നാകുന്നു.

- യോഹന്നാൻ3:16 പഠിപ്പിക്കുന്നത്“നശിക്കുക” എന്നത് സ്വർഗ്ഗത്തിൽനിത്യമായി ജീവിക്കാത്തത് എന്ന് അർത്ഥം നൽകുന്നു.

## പരിഭാഷ നിർദേശങ്ങൾ:

സാഹചര്യം അനുസരിച്ച്, ഈ പദം പരിഭാഷ ചെയ്യുന്നതിന് “നിത്യമായി മരിക്കുക” അല്ലെങ്കിൽ“നരകത്തിൽശിക്ഷയ്ക്ക് വിധേയനാകുക” അല്ലെങ്കിൽ“തകർക്കപ്പെടുക” എന്നിവ ഉൾപ്പെടുത്താം. “നശിക്കുക” എന്നത് പരിഭാഷ ചെയ്യുമ്പോൾ“നിലനിൽപ്പ്ഇല്ലാതെ ആകുക” എന്ന് മാത്രമല്ല അത് നിത്യമായി നരകത്തിൽജീവിക്കുക എന്നും കൂടെ അർത്ഥം നൽകുകയും ചെയ്യുന്നു.

(കാണുക: മരണം, എന്നെന്നേക്കും ഉള്ള)

## ദൈവ വചന സൂചികകൾ:

- 1 പത്രോസ് 01:22-23
- 2 കൊരിന്ത്യർ02:16-17
- 2 തെസ്സലോനിക്യർ02:8-10
- യിരെമ്യാവ് 18:18-20
- സങ്കീർത്തനം 049:18-20
- സെഖര്യാവ് 09:5-7
- സെഖര്യാവ് 13:8-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6, H7, H8, H1478, H1820, H5486, H5595, H6544, H8045, G599, G622, G684, G853, G1311, G2704, G4881, G5356

# നാസീര് വൃതസ്തന്, നാസീര് വൃതസ്ഥ, നാസീര് വൃതം

## വസ്തുതകള്:

“നാസീര്വൃതസ്തന്” എന്ന പദം സൂചിപ്പിക്കുന്നത് “നാസീര്വൃതം സ്വീകരിച്ച വ്യക്തി” എന്നാണ്. മിക്കവാറും പുരുഷന്മാരാണ് ഈ വൃതം സ്വീകരിക്കുന്നത്, എന്നാല്സ്ത്രീകള്ക്കും ഈ വൃതം സ്വീകരിക്കാവുന്നത് ആകുന്നു.

- നാസീര്വൃതം സ്വീകരിച്ച ഒരു വ്യക്തി തന്റെ വൃതം പൂര്ത്തീകരിക്കുന്ന കാലഘട്ടം വരെയും മുന്തിരിയുടെ ഫലം ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ഇല്ല എന്ന തീരുമാനം അംഗീകരിച്ച വ്യക്തി ആയിരിക്കും. ഈ കാലഘട്ടത്തില്താന്തലമുടി ക്ഷൌരം ചെയ്യുകയോ മൃത ശരീരത്തിന്റെ അടുക്കല്പോകുകയോ ചെയ്യുവാന്പാടുള്ളതല്ല.
- ആവശ്യമായ സമയ ദൈര്ഘ്യം കഴിഞ്ഞ ശേഷം, വൃതം നിറവേറ്റിയ അനന്തരം, നസീര്വൃതസ്തന്പുരോഹിതന്റെ അടുക്കല്ചെല്ലുകയും ഒരു വഴിപാടു അര്പ്പിക്കുകയും വേണം. ഇതില്തന്റെ തലമുടി ക്ഷൌരം ചെയ്യുന്നതും കത്തിച്ചു കളയുന്നതും ഉള്പ്പെടുന്നു. മറ്റുള്ള എല്ലാ നിബന്ധനകളും ഇതോടു കൂടെ നീക്കപ്പെടുകയും ചെയ്യും. നാസീര്വൃതം സ്വീകരിച്ച വ്യക്തികളില്പഴയ നിയമത്തിലെ ശിംശോന്വളരെ പ്രസിദ്ധനായ ഒരുവന്ആകുന്നു.
- സ്നാപക യോഹന്നാന്റെ ജനനത്തെ കുറിച്ച് സെഖര്യാവിനോട് പ്രസ്താവിച്ച ദൈവദൂതന്തന്റെ മകന്മദ്യം കുടിക്കരുത് എന്ന് പ്രസ്താവിച്ചപ്പോള്, അത് യോഹന്നാന്നാസീര്വൃതത്തിനു ഉള്പ്പെട്ടവന്ആണെന്നു ഉള്ളതായ സൂചന നല്കുന്നു.
- അപ്പോസ്തല പ്രവര്ത്തികളില്രേഖപ്പെടുത്തിയ ഒരു വേദഭാഗം സൂചന നല്കുന്നത് പ്രകാരം അപ്പോസ്തലനായ പൌലോസും ഒരിക്കല്ഈ വൃതം സ്വീകരിച്ച വ്യക്തി ആയിരിക്കണം.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: യോഹന്നാന്(സ്നാപകന്), യാഗം, ശിംശോന്, വൃതം, സെഖര്യാവ്)

## ദൈവ വചന സൂചികകള്:

- അപ്പോ.18:18-19
- ആമോസ് 02:11-12
- ന്യായാധിപന്മാര്13:3-5
- സംഖ്യാപുസ്തകം 06:1-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5139

# നിത്യത, എന്നെന്നേക്കുമുള്ള, നിത്യമായ, എന്നെന്നേക്കും

## നിര്വചനം:

"എന്നെന്നേക്കുമുള്ള", "എന്നെന്നേക്കും" എന്ന പദങ്ങള്ക്കു വളരെ സാമ്യമുള്ള അര്ത്ഥങ്ങള് ആണുള്ളത്, അവ ഇപ്പോഴും നിലകൊള്ളുന്ന അല്ലെങ്കില് എന്നെന്നേക്കും നിലനില്ക്കുന്നതിനെ സൂചിപ്പിക്കുന്നു.

- "നിത്യത" എന്ന പദം ആരംഭമോ അവസാനമോ ഇല്ലാത്ത ഒരു സ്ഥിതിയെ സൂചിപ്പിക്കുന്നു.

ഇതു ഒരിക്കലും അവസാനമില്ലാത്ത ജീവിതത്തെയും സൂചിപ്പിക്കുന്നു.

- ഭൂമിയിലുള്ള വര്ത്തമാനകാല ജീവിതത്തിനു ശേഷം, മനുഷ്യര് ദൈവത്തോടു കൂടെ സ്വര്ഗ്ഗത്തിലോ അല്ലെങ്കില് ദൈവത്തെ ക്കൂടാതെ നരകത്തിലോ നിത്യത ചിലവഴിക്കും.
- "നിത്യജീവന്", "എന്നെന്നേക്കുമുള്ള ജീവിതം" എന്നീ പദങ്ങള് പു\തിയ നിയമത്തില് ഉപയോഗിച്ചിരിക്കുന്നത് സ്വര്ഗ്ഗത്തില് ദൈവത്തോടു കൂടെ എന്നെന്നേക്കും ജീവിക്കുന്നതിനെ സൂചിപ്പിക്കുന്നതിനു വേണ്ടിയാണ്.
- "എന്നെന്നേക്കും" എന്ന പദത്തിനു ഒരിക്കലും സമയം അവസാനിക്കാത്തത് എന്നും നിത്യത അല്ലെങ്കില് നി\ത്യജീവിതം എപ്രകാരരം ഉള്ളതായിരിക്കുമെന്നും ഉള്ള ആശയം പ്രകടിപ്പിക്കുന്നതാണ്. "എന്നെന്നേക്കും" എന്ന പദം ഒരിക്കലും അവസാനിക്കാത്ത കാലം എന്നു സൂചിപ്പിക്കുന്നു. ചില സന്ദര്ഭങ്ങളില് ഇത് ഉപമാനമായി "വളരെ ദീര്ഘമായ കാലഘട്ടം" എന്നു സൂചിപ്പിക്കുന്നു.
- "എന്നെന്നേക്കും" എന്ന പദം എപ്പോഴും സംഭവിക്കുന്ന അല്ലെങ്കില് നിലനില്ക്കുന്നത് എന്നതിനു ഊന്നല് നല്കുന്നു.
- "എന്നെന്നേക്കും" എന്ന പദം നിത്യത അല്ലെങ്കില് നിത്യജീവന് എന്ന ആശയത്തെ പ്രകടിപ്പിക്കുന്നു.

ഒരിക്കലും അവസാനിക്കാത്ത സമയം എന്നും ഇതിനു ആശയം ഉണ്ട്.

- ദാവീദിന്റെ സിംഹാസനം "എന്നെന്നേക്കും" നിലനില്ക്കും എന്നു ദൈവം പറഞ്ഞു.

ഇതു ദാവീദിന്റെ സന്തതിയായ യേശു ഒരു രാജാവായി വാഴും എന്ന യാഥാര്ത്ഥ്യത്തെ സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

"നിത്യമായ" അല്ലെങ്കില്" എന്നെന്നേക്കുമുള്ള" എന്നിവ പരിഭാഷപ്പെടുത്തുന്ന ഇതര മാര്ഗ്ഗം "അവസാനമില്ലാത്ത" അല്ലെങ്കില് "ഒരിക്കലും നിലയ്ക്കാത്ത" അല്ലെങ്കില് "എപ്പോഴും തുടര്ന്നു കൊണ്ടിരിക്കുന്ന" എന്നിവ ഉള്പ്പെടുന്നു. "നിത്യ ജീവന്", എന്നെന്നേക്കുമുള്ള ജീവന്" എന്നീ പദങ്ങള്" ഒരിക്കലും അവസാനിക്കാത്ത ജീവിതം" അല്ലെങ്കില് "ഒരിക്കലും അവസാനിക്കാതവണ്ണം തുടരുന്ന ജിവിതം" അല്ലെങ്കില് "എന്നേക്കും ജീവിക്കേണ്ടതിനായി നമ്മുടെ ശരീരം ഉയിര്പ്പിക്കപ്പെടുന്നത്" എന്നിങ്ങനെയും പരിഭാഷപ്പെടുത്താം.

- സാഹചര്യം അനുസരിച്ച്, "നിത്യത" എന്നത് വ്യത്യസ്ത നിലകളില് "കാലാതീതമായ" അല്ലെങ്കില് "അന്ത്യമില്ലാത്ത ജീവിതം" അല്ലെങ്കില് "സ്വര്ഗ്ഗത്തിലെ ജീവിതം" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- ഒരു പ്രാദേശിക അല്ലെങ്കില് ദേശീയ ഭാഷയിലുള്ള ദൈവവചനത്തില് എപ്രകാരം ഈ വാക്ക് പരിഭാഷ ചെയ്തിരിക്കുന്നു എന്നു പരിഗണിക്കുക.

(കാണുക:അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

- "എന്നെന്നേക്കും" എന്നത് "എല്ലായ്പ്പോഴും" അല്ലെങ്കില് "ഒരിക്കലും അവസാനിക്കാത്ത" എന്നും പരിഭാഷപ്പെടുത്താം.
- "എന്നെന്നേക്കും ഉള്ളതു" എന്ന പദസഞ്ചയം "എല്ലായ്പ്പോഴും നിലകൊള്ളുന്നത് "അല്ലെങ്കില്" ഒരിക്കലും വിരാമം കുറിക്കാത്തത്" അല്ലെങ്കില് "ഇപ്പോഴും തുടരുന്നത്" എന്നിങ്ങനെയും പരിഭാഷപ്പെടുത്താം.
- "എന്നെന്നേക്കും" എന്ന സവിശേഷോച്ചാരിതമായ പദസഞ്ചയവും ഇപ്രകാരം പരിഭാഷപ്പെടുത്താം: "എന്നന്നേക്കും എപ്പോഴും" അല്ലെങ്കില് "ഒരിക്കലും അവസാനിക്കാത്ത" അല്ലെങ്കില് "ഒരിക്കലും, ഇപ്പോഴും അവസാനമില്ലാത്ത".
- എന്നെന്നേക്കും നിലനില്ക്കുന്ന ദാവീദിന്റെ സിംഹാസനം എന്നത് "ദാവീദിന്റെ സന്തതി എന്നെന്നേക്കും ഭരിക്കും" അല്ലെങ്കില് "ദാവീദിന്റെ ഒരു സന്തതി എല്ലായ്പ്പോഴും ഭരിച്ചുകൊണ്ടിരിക്കും" എന്നു പരിഭാഷപ്പെടുത്താം.

(കാണുക: ദാവീദ്, ഭരണം, ജീവിതം)

## ദൈവവചന സൂചികകള്:

- ഉല്പ്പത്തി 17:7-8
- ഉല്പ്പത്തി 48:3-4
- പുറപ്പാട് 15:17-18
- 2 ശമുവേല്:28-30
- 1 രാജാക്കന്മാര്:32-33
- ഇയ്യോബ് 04:20-21
- സങ്കീര്ത്തനങ്ങള്021:3-4
- യെശ്ശയ്യാവ് 09:6-7
- യെശ്ശയ്യാവ് 40:27-28
- ദാനിയേല്:17-18
- ലൂക്കോസ് 18:18-21
- അപ്പോ.പ്രവര്ത്തികള്13:46-47
- റോമര്:20-21
- എബ്രായര്:19-20
- എബ്രായര്:11-14
- 1 യോഹന്നാന്:1-2
- 1 യോഹന്നാന്:11-12
- വെളിപ്പാട് 01:4-6
- വെളിപ്പാട് 22:3-5

## ദൈവവചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **27:01** ഒരു ദിവസം യഹൂദ ന്യായപ്രമാണ ശാസ്ത്രിയായ ഒരുവന് യേശുവിനെ പരീക്ഷിക്കേണ്ടതിനു അടുക്കല്വന്നു, ചോദിച്ചത്, "ഗുരോ, **നിത്യജീവന്** അവകാശക്കേണ്ടതിനു ഞാന് എന്ത് ചെയ്യണം?
- **28:01** ഒരു ദിവസം, ഒരു ധനികനായ യുവ ഭരണാധികാരി യേശുവിന്റെ അടുക്കല്വന്നു അവനോടു ചോദിച്ചത്, "നല്ല ഗുരോ, എനിക്ക് **നിത്യ ജീവന്** ഉണ്ടാകേണ്ടതിനു ഞാന് എന്ത് ചെയ്യണം? യേശു അവനോടു പറഞ്ഞത്, "നല്ലത് എന്ത് എന്നു നീ എന്നോട് ചോദിക്കുന്നത് എന്ത്? നല്ലവന്ആയിരിക്കുന്നവന് ഒരുവനെയുള്ളൂ, അത് ദൈവമാണ്. എന്നാല്നിനക്ക് **നിത്യജീവന്** വേണമെങ്കില്, ദൈവത്തിന്റെ പ്രമാണങ്ങള് അനുസരിക്കുക."
- **28:10** യേശു ഉത്തരം പറഞ്ഞത്, എന്റെ നാമം നിമിത്തം വീടുകളെയോ, സഹോദരന്മാരെയോ, സഹോദരികളെയോ, അപ്പന്, അമ്മ, മക്കള്, അല്ലെങ്കില് സ്വത്തിനെയോ വിട്ടുകളഞ്ഞവര് ഏവരും , 100 മടങ്ങായി പ്രാപിച്ച് , **നിത്യജീവനെയും** പ്രാപിക്കുകയും ചെയ്യും."

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3117, H4481, H5331, H5703, H5705, H5769, H5865, H5957, H6924, G126, G165, G166, G1336

# നിയമിക്കുക, നിയമിക്കുന്നു, നിയമിച്ചു

## നിര്വചനം

“നിയമിക്കുക”, “നിയമിച്ചു” എന്നീ പദങ്ങള്ഒരു പ്രത്യേക ദൌത്യമൊ, ഭാഗമോ നിര്വഹിക്കുവാനായി ഒരു വ്യക്തിയെ തിരഞ്ഞെടുക്കുനതിനെ സൂചിപ്പിക്കുന്നു.

- “നിയമിതനാകുക” എന്നത് അവര് “നിത്യജീവന്പ്രാപിക്കുവാന് നിയുക്തരായി” എന്നു പറയുന്നതുപോലെ എന്തോ പ്രാപിക്കുവാന് “തിരഞ്ഞെടുക്കപ്പെട്ടു” എന്നു സൂചിപ്പിക്കാം. ജനം “നിത്യജീവനായി നിയമിക്കപ്പെട്ടു” എന്നത് അവര് നിത്യജീവന്പ്രാപിക്കുവാനായി തിരഞ്ഞെടുക്കപ്പെട്ടു എന്നു അര്ത്ഥമാക്കുന്നു.
- “നിയമിക്കപ്പെട്ട സമയം” എന്ന പദസഞ്ചയം സൂചിപ്പിക്കുന്നത് സംഭവിക്കേണ്ട തിനായി ദൈവത്തിന്റെ “തിരഞ്ഞെടുക്കപ്പെട്ട സമയം” അല്ലെങ്കില് “ക്രമീകരിക്കപ്പെട്ട സമയം” എന്നാണ്.
- “നിയമിക്കുക” എന്ന പദം ആരോടെങ്കിലും എന്തെങ്കിലും “കല്പ്പിക്കുക” അല്ലെങ്കില് “ഭരമേല്പ്പിക്കുക” എന്നും സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യങ്ങളെ ആശ്രയിച്ചു “നിയമിക്കുക” എന്ന പദത്തെ പരിഭാഷപ്പെടുത്തു വാന് “തിരഞ്ഞെടുക്കുക”, അല്ലെങ്കില് “ദൌത്യമേല്പ്പിക്കുക”, അല്ലെങ്കില് “ചിട്ടപ്രകാരം തിരഞ്ഞെടുക്കുക” അല്ലെങ്കില്“നാമനിര്ദേശം ചെയ്യുക” എന്നിങ്ങനെ സ്വീകരിക്കാം.
- ”നിയമിക്കപ്പെട്ട” എന്ന പദം “ദൌത്യമേല്പ്പിക്കപ്പെട്ട” അല്ലെങ്കില്“ആവിഷ്കരിച്ച” അല്ലെങ്കില്പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ട” എന്നു പരിഭാഷപ്പെടുത്താം.
- “നിയമിക്കുക” എന്ന പദം “തിരഞ്ഞെടുക്കപ്പെടുക” എന്നും പരിഭാഷപ്പെടുത്താം.

## ദൈവവചന സൂചികകള്:

- 1 ശമുവേല് 08:10-12
- അപ്പോ:പ്രവര്ത്തികള് 03:19-20
- അപ്പോ.പ്രവര്ത്തികള്06;2-4
- അപ്പോ.പ്രവര്ത്തികള്13:48-49
- ഉല്പ്പത്തി 41:33-34
- സംഖ്യാപുസ്തകം 03:9-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H561, H977, H2163, H2296, H2706, H2708, H2710, H3198, H3245, H3259, H3677, H3983, H4150, H4151, H4152, H4487, H4662, H5324, H5344, H5414, H5567, H5975, H6310, H6485, H6565, H6635, H6680, H6923, H6942, H6966, H7760, H7896, G322, G606, G1299, G1303, G1935, G2525, G2749, G4287, G4384, G4929, G5021, G5087

# നിരപ്പിക്കുക, നിരപ്പിക്കുന്നു, നിരപ്പിച്ചു, അനുരഞ്ജനം

## നിര്വചനം:

"നിരപ്പിക്കുക" എന്നും "അനുരഞ്ജനം" എന്നും ഉള്ള പദങ്ങള് സൂചിപ്പിക്കുന്നത്, മുന്പ് പരസ്പരം ശത്രുക്കളായി കഴിഞ്ഞിരുന്നതായ ജനങ്ങള്ക്കിടയില് ""സമാധാനം ഉണ്ടാക്കുക" എന്നുള്ളത് ആകുന്നു. "അനുരഞ്ജനം" എന്നത് സമാധാനം ഉണ്ടാക്കുന്ന പ്രവര്ത്തി എന്നാണ്.

- ദൈവ വചനത്തില്, ഈ പദം സാധാരണയായി തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ യാഗം മുഖാന്തിരം മനുഷ്യനെ തന്നോട് കൂടെ നിരപ്പിക്കുന്ന ദൈവത്തിന്റെ പ്രവര്ത്തിയെ സൂചിപ്പിക്കുന്നു.
- പാപം നിമിത്തം, എല്ലാ മനുഷ്യരാശിയും ദൈവത്തിന്റെ ശത്രുക്കളായി തീര്ന്നു. എന്നാല്തന്റെ കരുണാര്ദ്രമായ സ്നേഹം നിമിത്തം, യേശു മൂലം മനുഷ്യന് തന്നോടു കൂടെ നിരപ്പ് പ്രാപിക്കുവാന് ദൈവം ഒരു വഴി ഒരുക്കി.
- അവരുടെ പാപത്തിനുള്ള ശമ്പളമായി യേശുവിന്റെ യാഗത്തെ വിശ്വസിക്കുന്നത് മൂലം, ജനത്തിനു ക്ഷമ ലഭ്യമാകുകയും ദൈവത്തോട് സമാധാനം ലഭിക്കുകയും ചെയ്യുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "നിരപ്പിക്കുക" എന്ന പദം "സമാധാനം ഉണ്ടാക്കുക" അല്ലെങ്കില് "നല്ല ബന്ധം പുന:സ്ഥാപിക്കുക" അല്ലെങ്കില് "സുഹൃത്തുക്കള് ആകുവാന് ഇടയാകുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "അനുരഞ്ജനം" എന്ന പദം "നല്ല ബന്ധങ്ങള് പുന:സ്ഥാപിക്കുക" അല്ലെങ്കില് "സമാധാനം ഉണ്ടാക്കുക" അല്ലെങ്കില് സമാധാന പൂര്വമായ ബന്ധങ്ങള് ഉളവാക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: സമാധാനം, യാഗം)

## ദൈവ വചന സൂചികകള്:

- 2 കൊരിന്ത്യര് 05:18-19
- കൊലോസ്യര് 01:18-20
- മത്തായി 05:23-24
- സദൃശവാക്യങ്ങള് 13:17-18
- റോമര് 05:10-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2398 , H3722 , G604 , G1259 , G2433 , G2643, G2644

വേര്തിരിക്കുക, വേര്തിരിച്ചു, വിശുദ്ധമായി വേര്തിരിക്കുക #

## നിര്വചനം:

പവിത്രമായ കാര്യങ്ങള്ക്കായി സമര്പ്പിക്കുക എന്നാല് എന്തെങ്കിലും അല്ലെങ്കില്ആരെയെങ്കിലും ദൈവസേവക്കായി സമര്പ്പിക്കുക എന്നാണര്ത്ഥം. ഒരു വ്യക്തി അല്ലെങ്കില്വസ്തുവിനെ സമര്പ്പിക്കുക എന്നാല്വിശുദ്ധമെന്നു പരിഗണിക്കുകയും ദൈവത്തിനായി വേര്തിരിക്കുകയും ചെയ്യുക എന്നുള്ളതാണ്.

- ഈ പദത്തിന്റെ അര്ത്ഥം "വിശുദ്ധീകരിക്കുക" അല്ലെങ്കില്"പരിശുദ്ധമാക്കുക" എന്നതിന് സമമാണ്, എന്നാല്ദൈവസേവക്കായി ഒരു വ്യക്തിയെ ക്രമപ്രകാരം വേര്തിരിക്കുന്നതിന് കൂടുതല്അര്ത്ഥം നല്കുന്നതായി ഇരിക്കുന്നു.
- ദൈവത്തിനായി സമര്പ്പിക്കപ്പെട്ടവയില്യാഗാര്പ്പണത്തിനുള്ള മൃഗങ്ങള്, ഹോമയാഗത്തിനുള്ള യാഗപീഠം, സമാഗമാനകൂടാരം എന്നിവ ഉള്പ്പെടുന്നു.
- ദൈവത്തിനായി സമര്പ്പിക്കപ്പെട്ട ജനത്തില്പുരോഹിതന്മാര്, ഇസ്രയേല്ജനം, ആദ്യ പുരുഷപ്രജ എന്നിവര്ഉള്പ്പെടുന്നു.
- ചില സന്ദര്ഭങ്ങളില്"സമര്പ്പിക്കുക" എന്ന പദം "ശുദ്ധീകരിക്കുക" എന്നതിന് തുല്ല്യമായി, പ്രത്യേകാല്ജനത്തെയോ വസ്തുക്കളെയോ ദൈവസേവക്കായി ഒരുക്കുമ്പോള്അവര്ശുദ്ധീകരിക്കപ്പെട്ടവരും ദൈവത്തിനു സ്വീകാര്യവുമായിരി ക്കേണ്ടതിനു എന്നു അര്ത്ഥം നല്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "സമര്പ്പിക്കുക' എന്ന പദം പരിഭാഷപ്പെടുത്തുമ്പോള്, "ദൈവസേവയ്ക്കായി വേര്തിരിക്കുക" അല്ലെങ്കില്ദൈവസേവക്കായി വിശുദ്ധീകരിക്കുക" എന്നിവയും ഉള്പ്പെടുത്താവുന്നതാണ്.
- "വിശുദ്ധമായത്" എന്നും "വിശുദ്ധീകരിക്കുക'' എന്നും ഉള്ള പദങ്ങള്പരിഭാഷപ്പെടുത്തിയത് എപ്രകാരം എന്നതും പരിഗണിക്കുക.

(കാണുക: വിശുദ്ധം, നിര്മ്മലം, വിശുദ്ധീകരിക്കുക)

## ദൈവവചന സൂചികകള്:

- 1 തിമോത്തിയോസ് 04:3-5
- 2 ദിനവൃത്താന്തം 13:8-9
- യെഹസ്കേല്:19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2763, H3027, H4390, H4394, H5144, H5145, H6942, H6944, G1457, G5048

# നിറവേറ്റുക, പൂര്ത്തീകരിച്ചു

## നിര്വചനം:

“നിറവേറ്റുക” എന്ന പദം അര്ഥം നല്കുന്നത് പ്രതീക്ഷിക്കുന്ന കാര്യം പൂര്ത്തീകരിക്കുക അല്ലെങ്കില് സഫലീകരിക്കുക എന്നാണ്.

- ഒരു പ്രവചനം നിവര്ത്തിക്കപ്പെടുമ്പോള്, അതിന്റെ അര്ത്ഥം പ്രവചനത്തില്പ്രവചിച്ച കാര്യം ദൈവം സംഭവിക്കുവാന്ഇടയാക്കി എന്നാണ്.
- ഒരു വ്യക്തി തന്റെ വാഗ്ദാത്തമോ നേര്ച്ചയോ പൂര്ത്തീകരിക്കുമ്പോള്, അതിന്റെ അര്ത്ഥം താന്ചെയ്യാമെന്ന് വാഗ്ദത്തം ചെയ്തത് താന്ചെയ്യുന്നു എന്നാണ്.
- ഒരു ഉത്തരവാദിത്വം നിറവേറ്റുന്നു എന്നതിന്റെ അര്ത്ഥം ഏല്പ്പിച്ചിരുന്ന ദൌത്യം അല്ലെങ്കില്ആവശ്യപ്പെട്ടത് നിര്വഹിച്ചു എന്നതാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, “പൂര്ത്തീകരിക്കുക” എന്നത് “സഫലീകരിക്കുക” അല്ലെങ്കില്“പൂര്ണ്ണമാക്കുക” അല്ലെങ്കില്“സംഭവിക്കുവാന്ഇടയാക്കുക” അല്ലെങ്കില്“അനുസരിക്കുക” അല്ലെങ്കില്“പാലിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”പൂര്ത്തീകരിക്കപ്പെട്ട് ഇരിക്കുന്നു ” എന്ന പദസഞ്ചയവും “യാഥാര്ത്ഥ്യമായി തീര്ന്നു” അല്ലെങ്കില്“സംഭവിച്ചു” അല്ലെങ്കില്“നടപ്പില്ആയിത്തീര്ന്നു” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- “നിറവേറ്റുക” എന്ന പദം “നിന്റെ ശുശ്രൂഷ തികെക്കുക” എന്നതില്ഉള്ളത് പോലെ “പൂര്ത്തീകരിക്കുക” അല്ലെങ്കില്“പാലിക്കുക” അല്ലെങ്കില് “നടപ്പില്ആക്കുക” അല്ലെങ്കില്അല്ലെങ്കില്“ദൈവം നിങ്ങളെ ചെയ്യുവാന്വിളിച്ചിരിക്കുന്ന പ്രകാരം മറ്റു ജനത്തെ സേവിക്കുക” എന്നിങ്ങനെ പരിഭാഷയ്ക്കുള്ള ഇതര മാര്ഗ്ഗങ്ങളില്ഉള്പ്പെടുത്താം.

(കാണുക:പ്രവാചകന്, ക്രിസ്തു, ശുശ്രൂഷകന്, വിളിക്കുക)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്02:26-27
- അപ്പൊ.പ്രവര്ത്തികള്03:17-18
- ലേവ്യപുസ്തകം 22:17-19
- ലൂക്കോസ് 04:20-22
- മത്തായി 01:22-23
- മത്തായി 05:17-18
- സങ്കീര്ത്തനങ്ങള്116:12-15

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **24:04** പ്ര പ്രവാചകന്മാര്പ്രസ്താവിച്ചത് യോഹന്നാന് **നിറവേറ്റി** “കാണുക, ഞാന്എന്റെ ദൂതനെ നിനക്ക് മുന്പായി അയക്കുന്നു, അവന്നിന്റെ വഴി ഒരുക്കും.”
- **40:03** യേശുവിന്റെ വസ്ത്രത്തിനായി പടയാളികള്ചീട്ടിട്ടു. അവര്അപ്രകാരം ചെയ്തപ്പോള്, “അവര്എന്റെ വസ്ത്രം അവര്ക്കിടയില്പകുത്തു എടുത്തു, എന്റെ വസ്ത്രത്തിനായി ചീട്ടിട്ടു” എന്ന് പ്രസ്താവിക്കപ്പെട്ട പ്രവചനം **പൂര്ത്തീകരിക്കപ്പെട്ടു**.
- **42:07** യേശു പറഞ്ഞു: “എന്നെ കുറിച്ച് ദൈവത്തിന്റെ വചനത്തില്പ്രസ്താവിച്ചിട്ടുള്ള എല്ലാം തന്നെ **നിവര്ത്തീകരിക്കപ്പെടണം**,”
- **43:05** ഇത് യോവേല്പ്രവചനത്തില്ദൈവം പ്രസ്താവിച്ചിട്ടുള്ള പ്രവചനം, ‘അന്ത്യ നാളുകളില്ഞാന്എന്റെ ആത്മാവിനെ പകരും’ എന്നത് ഇവിടെ **പൂര്ത്തീകരിക്കപ്പെടുന്നു**”
- **43:07**”നിന്റെ പരിശുദ്ധനെ ദ്രവത്വം കാണുവാന്സമ്മതിക്കുകയില്ല’’ എന്ന് പറഞ്ഞിരിക്കുന്ന പ്രവചനത്തിന്റെ **പൂര്ത്തീകരണം** ആകുന്നു.”
- **44:05** “നീ ചെയ്യുന്നത് എന്താണെന്ന് നിനക്ക് അറിയുന്നില്ല എങ്കിലും, മശീഹ കഷ്ടത അനുഭവിക്കുകയും മരിക്കുകയും വേണം എന്നുള്ള പ്രവചനങ്ങള് **പൂര്ത്തീകരിക്കുവാനായി** ദൈവം നിന്റെ പ്രവര്ത്തികളെ ഉപയോഗിച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1214, H5487, G1096, G4138

# നിഷ്കളങ്കത്വം

## നിര്വചനം:

“നിഷ്കളങ്കത്വം” എന്ന പദം അര്ത്ഥം നല്കുന്നത് കുറ്റമോ മറ്റു തെറ്റായ പ്രവര്ത്തികളോ ചെയ്തു എന്ന കുറ്റബോധം ഇല്ലാതവണ്ണം ഇരിക്കുക. ദോഷ പ്രവര്ത്തികളില് ഇടപെടാത്തതായ ജനങ്ങള് എന്ന് കൂടുതല് പൊതുവായി സൂചിപ്പിക്കാം.

- തെറ്റ് ചെയ്തുവെന്ന് ആരോപിക്കപ്പെടുന്ന വ്യക്തി ആ തെറ്റ് ചെയ്തിട്ടില്ലെന്ന് തെളിയുമ്പോള് ആ വ്യക്തി നിഷ്കളങ്കന് ആകുന്നു. ചില സന്ദര്ഭങ്ങളില് “നിഷ്കളങ്കന്” എന്ന പദം യാതൊരു തെറ്റും ചെയ്തിട്ടില്ല എങ്കിലും മോശം ആയ പ്രതികരണം അനുഭവിക്കുന്ന ജനത്തെ സൂചിപ്പിക്കുവാന്, ഒരു ശത്രു സൈന്യം “നിഷ്കളങ്കരായ ജനത്തെ” ആക്രമിക്കുമ്പോള് എന്നു സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- മിക്ക സാഹചര്യങ്ങളിലും, “നിഷ്കളങ്കന്” എന്ന പദം എന്തിനെക്കുറിച്ചും “കുറ്റം ഇല്ലാത്തവന്” അല്ലെങ്കില് “ഉത്തരവാദിത്വം ഇല്ലാത്തവന്” അല്ലെങ്കില് “കുറ്റം ആരോപിക്കേണ്ട ആവശ്യം ഇല്ലാത്തവന്” എന്ന് പരിഭാഷ ചെയ്യാം.
- പൊതുവെ നിഷ്കളങ്കരായ ജനത്തെ സൂചിപ്പിക്കുമ്പോള്, ഈ പദം “യാതൊരു തെറ്റും ചെയ്യാത്തവന്” അല്ലെങ്കില് ദോഷമായതില് ഇടപെടാതിരിക്കുന്നവന്” എന്നു പരിഭാഷ ചെയ്യാം.
- ”നിര്ദോഷമായ രക്തം” എന്ന് തുടര്മാനമായി ഉണ്ടാകുന്ന പദപ്രയോഗം “കൊല്ലപ്പെടത്തക്ക വിധം യാതൊരു തെറ്റും ചെയ്യാത്ത ജനം” എന്ന് പരിഭാഷ ചെയ്യാം.
- ”നിര്ദോഷ രക്തം ചിന്തുക” എന്ന പദപ്രയോഗം” “നിഷ്കളങ്കരായ ആളുകളെ വധിക്കുക” അല്ലെങ്കില് “കൊല്ലപ്പെടുവാന് തക്കവിധം യാതൊരു തെറ്റും ചെയ്യാത്ത ജനം'' എന്ന് പരിഭാഷ ചെയ്യാം.
- ഒരുവന് കൊല്ലപ്പെടുന്ന സാഹചര്യത്തില്, “രക്തം സംബന്ധിച്ച് നിഷ്കളങ്കമായ” എന്നത് “മരണം സംബന്ധിച്ച് കുറ്റവാളി അല്ലാത്ത” എന്ന് പരിഭാഷ ചെയ്യാം.
- യേശുവിനെ സംബന്ധിച്ച സുവിശേഷം സംസാരിക്കുമ്പോള് എന്നാല് ശ്രവിക്കാത്തവരെ കുറിച്ച് പറയുന്ന വേളയില് അവര് അത് സ്വീകരിക്കാതെ വരുമ്പോള്, “രക്തം സംബന്ധിച്ച് നിഷ്കളങ്കമായ” എന്നത് “അവര് ആത്മീയമായി മരിച്ചവരായി അല്ലെങ്കില് അല്ലാത്തവരായി തുടരുന്നതില് ഉത്തരവാദിത്വം ഉള്ളവരല്ല” “ അല്ലെങ്കില് “അവര്ഈ സന്ദേശം സ്വീകരിക്കുന്നതിനെ കുറിച്ച് ഉത്തരവാദിത്വം ഉള്ളവരല്ല” എന്ന് പരിഭാഷ ചെയ്യാം.
- യൂദാസ്, ”ഞാന് നിഷ്കളങ്കമായ രക്തത്തെ ഒറ്റിക്കൊടുത്തു” എന്ന് പറയുമ്പോള്, “ഞാന് യാതൊരു തെറ്റും ചെയ്യാത്ത മനുഷ്യനെ ഒറ്റിക്കൊടുത്തു” അല്ലെങ്കില് “പാപം ഇല്ലാത്ത ഒരു മനുഷ്യന്റെ മരണത്തിനു ഞാന് കാരണ കര്ത്താവായി” എന്ന് പറയുക ആയിരുന്നു.
- പിലാത്തോസ് യേശുവിനെ ക്കുറിച്ച് പ്രസ്താവിക്കുമ്പോള്, “ഈ നീതിമാനായ മനുഷ്യന്റെ രക്തം സംബന്ധിച്ച് ഞാന് നിഷ്കളങ്കന്” എന്ന് പറയുന്നതിനെ “യാതൊരു തെറ്റും ചെയ്യാത്ത ഇത് പ്രാപിക്കുവാന് പാടില്ലാത്ത ഈ മനുഷ്യന്റെ വധത്തില് ഞാന് ഉത്തരവാദി ആയിരിക്കുന്നില്ല.” എന്ന് പരിഭാഷ ചെയ്യാം.

(കാണുക: കുറ്റം ഉള്ള)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്:3-4
- 1 ശമുവേല്:4-5
- അപ്പോ.20:25-27
- പുറപ്പാട് 23:5-9
- യിരെമ്യാവ് 22:17-19
- ഇയ്യോബ് 09:21-24
- റോമര്:17-18

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **08:06** രണ്ടു വര്ഷങ്ങള്ക്കു ശേഷം, താന് **നിഷ്കളങ്കന്** ആയിരുന്നെങ്കില് പോലും യോസേഫ് കാരാഗ്രഹത്തില് ആയിരുന്നു.

- **40:04** അവരില് ഒരുവന് യേശുവിനെ പരിഹസിച്ചു, എന്നാല് മറ്റവന് പറഞ്ഞത്, നിനക്ക് ദൈവ ഭയം ഇല്ലയോ? നാം കുറ്റവാളികള് ആകുന്നു, എന്നാല് മനുഷ്യന് **നിഷ്കളങ്കന്** ആകുന്നു" എന്നാണ്.
- **40:08** യേശുവിനെ കാവല് കാത്തു കൊണ്ടിരുന്ന പടയാളി സംഭവിച്ചവ എല്ലാം കണ്ടു കൊണ്ടിരുന്നപ്പോള്, താന് പറഞ്ഞത്, "തീര്ച്ചയായും, ഈ മനുഷ്യന് **നിഷ്കളങ്കന്** ആയിരുന്നു എന്നാണ്.

അവന് ദൈവത്തിന്റെ പുത്ര ആയിരുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2136, H2600, H2643, H5352, H5355, H5356, G121

# നിഷ്കളങ്കമായ

## നിര്വചനം:

“നിഷ്കളങ്കമായ” എന്ന പദം അക്ഷരീകമായി “കളങ്കം കൂടാതെയുള്ള” എന്നു അര്ത്ഥമാക്കുന്നു. ഇതു ദൈവത്തെ പൂര്ണഹൃദയത്തോടെ അനുസരിക്കുന്ന ഒരു വ്യക്തിയെ സൂചിപ്പിക്കുന്നു, എന്നാല്ഇതു ആ വ്യക്തി പാപരഹിതന്എന്നു അര്ത്ഥമാക്കുന്നില്ല.

- അബ്രഹാമും നോഹയും ദൈവമുന്പാകെ നിഷ്കളങ്കരായി പരിഗണിക്കപ്പെട്ടു.
- “:നിഷ്കളങ്കന്” എന്നു ബഹുമാനിക്കപ്പെടുന്ന വ്യക്തി ദൈവത്തെ മാനിക്കത്തക്ക വിധത്തില്ലെരുമാറുന്നു.
- ഒരു വാക്യപ്രകാരം, നിഷ്കളങ്കന്എന്നുപറയുന്നത് “ദൈവത്തെ ഭയപ്പെടുകയും ദോഷമായത്തില്നിന്ന് അകന്നിരിക്കുകയും ചെയ്യുന്നവന്” എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- ഇതു “തന്റെ സ്വഭാവത്തിന് യാതൊരു ന്യൂനതയും ഇല്ലാത്തവന്” അല്ലെങ്കില്“ദൈവത്തിനു സമ്പൂര്ണ്ണ സമര്പ്പിതന്” അല്ലെങ്കില്“പാപം നിരസിക്കുന്നവന്” അല്ലെങ്കില്“ദോഷത്തില്നിന്നും അകന്നിരിക്കുന്നവന്” എന്നിങ്ങനെ പരിഭാഷ പ്പെടുത്താം.

## ദൈവവചന സൂചികകള്:

- 1 തെസ്സലോനിക്യര്:10-12
- 1 തെസ്സലോനിക്യര്:11-13
- 2 പത്രോസ് 03:14-16
- കൊലോസ്സ്യര്:21-23
- ഉല്പ്പത്തി 17:1-2
- ഫിലിപ്പ്യര്:14-16
- ഫിലിപ്പ്യര്:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5352, H5355, G273, G274, G298, G338, G410, G423

# നീതിമാന്, നീതി, നീതികെട്ടവന്, അനീതി, സത്യനിഷ്ടയുള്ളവന്, സത്യനിഷ്ഠ

## നിര്വചനം:

“നീതി”എന്ന പദം ദൈവത്തിന്റെ മികവുറ്റ നന്മ, നീതി, വിശ്വസ്തത, സ്നേഹം ആദിയായവയെ സൂചിപ്പിക്കുന്നു. ഈ ഗുണവിശേഷതകള് ഉള്ളതിനാല് ദൈവത്തെ “നീതിമാന്” ആകുന്നു. ദൈവം നീതിമാന് ആകുന്നത് കൊണ്ട്, താന് പാ\പത്തെ ശിക്ഷിച്ചേ മതിയാകൂ.

- ഈ പദങ്ങള് സാധാരണയായി ദൈവത്തെ അനുസരിക്കുന്നവനും ധാര്മികമായി നല്ലവനും ആയ വ്യക്തിയെ വിവരിക്കുന്നു. എന്നിരുന്നാലും, സകല ജനങ്ങളും പാപം ചെയ്തവര് ആകുന്നതു കൊണ്ട്, ദൈവം ഒരുവന് ഒഴികെ സമ്പൂര്ണ്ണമായി നീതിമാന് ആയവന് വേറെ ആരും ഇല്ല.
- ”നീതിമാന്” എന്ന് അഭിസംബോധന ചെയ്യപ്പെട്ടവരായി ദൈവവചനത്തിലെ ഉദാഹരണങ്ങളായ വ്യക്തികളില് നോഹ, ഇയ്യോബ്, അബ്രഹാം, സെഖര്യാവ്, എലിസബത്ത് ആദിയായവര് ഉള്പ്പെടുന്നു.
- ജനം തങ്ങളെ രക്ഷിക്കുവാനായി യേശുവില് ആശ്രയിക്കുമ്പോള്, ദൈവ അവരുടെ പാപങ്ങളില് നിന്നും അവരെ ശുദ്ധീകരിക്കുകയും യേശുവിന്റെ നീതി നിമിത്തം അവരെയും നീതിമാന്മാര് എന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. “നീതികെട്ടവര്” എന്ന പദം പാപം നിറഞ്ഞതും ധാര്മികമായി മലിനമായവരും എന്ന് അര്ത്ഥം നല്കുന്നു. “അനീതി” എന്നത് പാപത്തെയോ പാപം നിറഞ്ഞതായ അവസ്ഥയെയോ സൂചിപ്പിക്കുന്നു. ഈ പദങ്ങള് പ്രത്യേകാല് ദൈവത്തിന്റെ ഉപദേശങ്ങളെയും കല്പ്പനകളെയും അനുസരിക്കാതെ ജീവിക്കുന്ന ഒരു രീതിയെ സൂചിപ്പിക്കുന്നു.
- അനീതിയുള്ള ജനം അവരുടെ ചിന്തകളിലും പ്രവര്ത്തികളിലും അധാര്മികര്ആകുന്നു.
- ചില സന്ദര്ഭങ്ങളില് നീതി കെട്ടവര്” എന്നതു യേശുവില് വിശ്വസിക്കാത്ത ജനങ്ങളെ സൂചിപ്പിക്കുന്നു.

“സത്യനിഷ്ഠ ഉള്ളവന്” എന്നും “സത്യ നിഷ്ഠ” എന്നും ഉള്ള പദങ്ങള് ദൈവത്തിന്റെ നിയമങ്ങള് അനുസരിച്ചു പ്രവര്ത്തിക്കുന്ന ശൈലിയെ സൂചിപ്പിക്കുന്നു.

- ഈ വാക്കുകളുടെ അര്ത്ഥങ്ങളില് നേരെ നിവര്ന്നു നില്ക്കുകയും നേരെ മുന്പോട്ടു തന്നെ നോക്കുകയും ചെയ്യുന്ന ആശയവും ഉള്ക്കൊള്ളുന്നുണ്ട്.
- “സത്യനിഷ്ട ഉള്ള” ഒരു വ്യക്തി ദൈവത്തിന്റെ ചട്ടങ്ങള് അനുസരിക്കുന്നവനും തന്റെ ഹിതത്തിനു വിരുദ്ധം ആയതു ഒന്നും തന്നെ പ്രവര്ത്തിക്കാത്തവനും ആകുന്നു.
- ”സത്യസന്ധത”, “നീതിയുള്ള” എന്നത് പോലെയുള്ള പദങ്ങള് താരതമ്യം പുലര്ത്തുന്നവയായി ചില സന്ദര്ഭങ്ങളില് ഉപയോഗിക്കാറുള്ളത് ഒരുപോലെ ഉള്ള “സത്യസന്ധതയും സത്യനിഷ്ഠയും” എന്നത് പോലെ അര്ത്ഥം നല്കാറുണ്ട്. (കാണുക:സമാന്തരത)

## പരിഭാഷ നിര്ദേശങ്ങള്:

ഇത് ദൈവത്തെ പരാമര്ശിക്കുമ്പോള്, “നീതിമാന്” എന്ന പദം “ഉല്കൃഷ്ട നിലവാരത്തില് നല്ലവനും നീതിമാനും ആയ” അല്ലെങ്കില് “സദാ സമയവും നീതിപൂര്വ്വം പ്രവര്ത്തിക്കുന്നവന്” എന്ന് പരിഭാഷ ചെയ്യാം.

- ദൈവത്തിന്റെ “നീതി” എന്നത് “ഉല്കൃഷ്ടമായ വിശ്വസ്തതയും നന്മയും” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- ഇത് ദൈവത്തെ അനുസരിക്കുന്ന ജനത്തെ സൂചിപ്പിക്കുമ്പോള്, “നീതിമാന്” എന്ന പദം “ധാര്മ്മികമായി നല്ലവന്” അല്ലെങ്കില് “നീതിമാന്” അല്ലെങ്കില് “ദൈവത്തിനു പ്രസാദകരമായ ജീവിതം നയിക്കുന്നവന്” എന്നിങ്ങനെയും പരിഭാഷ ചെയ്യാവുന്നത് ആകുന്നു.
- “നീതിയുള്ള” എന്ന പദം “നീതിയുള്ള ജനത” അല്ലെങ്കില് “ദൈവ ഭയം ഉള്ള ജനം” എന്നിങ്ങനെയും പരിഭാഷ ചെയ്യാവുന്നത് ആകുന്നു.
- സാഹചര്യം അനുസരിച്ച്, “നീതി” എന്നത് “നന്മ” അല്ലെങ്കില് “ദൈവ മുന്പാകെ ഉത്തമം ഉള്ളവര്” അല്ലെങ്കില് “ദൈവത്തെ അനുസരിക്കുക മൂലം നീതിയുള്ള വഴിയില് പ്രവര്ത്തിക്കുന്നവര്” അല്ലെങ്കില് “ഉത്തമമായ നിലയില് നന്മ പ്രവര്ത്തിക്കുന്നവര്” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- ചില സന്ദര്ഭങ്ങളില് “നീതി ഉള്ളവന്” എന്ന പദം ഉപമാന രൂപത്തില് “തങ്ങളെ നീതിമാന്മാര് എന്ന് ചിന്തിക്കുന്ന ജനം” അല്ലെങ്കില് “നീതിമാന്മാര് എന്ന് നിരൂപിക്കുന്നതായ ജനം” എന്ന് സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു.
- “അനീതി ഉള്ളവന്” എന്ന പദം സാധാരണയായി “നീതിമാന് അല്ലാത്തവന്” എന്ന് പരിഭാഷ ചെയ്യാം.
- സന്ദര്ഭം അനുസരിച്ച്, ഇത് പരിഭാഷ ചെയ്യുവാന് ഉള്ള ഇതര മാര്ഗ്ഗങ്ങള് “ദുഷ്ടനായ” അല്ലെങ്കില് “അധാര്മ്മികമായ” അല്ലെങ്കില് “ദൈവത്തിനു എതിരെ മത്സരിക്കുന്നതായ ജനം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “അനീതി ഉള്ളവന്” എന്ന പദ സഞ്ചയം “അനീതി ഉള്ള ജനങ്ങള്” എന്ന് പരിഭാഷ ചെയ്യാം.

- "അനീതി ഉള്ള" എന്ന പദസഞ്ചയം "പാപം" അല്ലെങ്കില് ദോഷകരമായ ചിന്തകളും പ്രവര്ത്തികളും" അല്ലെങ്കില് "ദുഷ്ടത" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- സാധ്യമെങ്കില്, ഇത് "നീതിമാന്, നീതി" എന്നിവയുമായി ഇതിന്റെ ബന്ധം പ്രകടമാക്കുന്ന രീതിയില് പരിഭാഷ ചെയ്യുന്നത് ഏറ്റവും നല്ലത് ആകുന്നു.
- "സത്യ നിഷ്ഠ ഉള്ള" എന്നത് പരിഭാഷ ചെയ്യുവാന് "ശരിയായി പ്രവര്ത്തിക്കുന്ന" അല്ലെങ്കില് "നീതിയായി പ്രവര്ത്തിക്കുന്ന" അല്ലെങ്കില് "നീതിയായുള്ള വഴിയില് പ്രതികരിക്കുന്ന" ഒരുവന് എന്ന് പരിഭാഷയില് ഉള്പ്പെടുത്താം.
- "സത്യാ നിഷ്ഠ" എന്ന പദം "ധാര്മ്മിക പരിശുദ്ധി" അല്ലെങ്കില് "നല്ല സദാചാര സ്വഭാവം" അല്ലെങ്കില് "ന്യായമായ" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "സത്യ നിഷ്ഠ ഉള്ളവന്" എന്ന പദസഞ്ചയം "സത്യ നിഷ്ഠ ഉള്ള ജനം" അല്ലെങ്കില് "സത്യ നിഷ്ഠ പാലിക്കുന്ന ജനം" എന്ന് പരിഭാഷ ചെയ്യാം.

(കാണുക: തിന്മ, വിശ്വസ്തത, നന്മ, വിശുദ്ധി, സത്യ സന്ധത, നീതി, നിയമം, ന്യായപ്രമാണം, അനുസരിക്കുക, ശുദ്ധമായ, നീതിമാന്, പാപം, നിയമ വിരുദ്ധമായ)

## ദൈവ വചന സൂചികകള്:

- ആവര്ത്തനപുസ്തകം 19:15-16
- ഇയ്യോബ് 01:6-8
- സങ്കീര്ത്തനങ്ങള്:28-30
- സങ്കീര്ത്തനങ്ങള്:14-15
- സങ്കീര്ത്തനങ്ങള്:41:43
- സഭാപ്രസംഗി 12:10-11
- യെശ്ശയ്യാവ് 48:1-2
- യെഹസ്കേല് 33:12-13
- മലാഖി 02:5-7
- മത്തായി 06:1-2
- അപ്പോ. 03:13-14
- റോമര്:29-31
- 1 കൊരിന്ത്യര് 06:9-11
- ഗലാത്യര് 03:6-9
- കൊലൊസ്സ്യര് 03:22-25
- 2 തെസ്സലോനിക്യര് 02:8-10
- 2 തിമോത്തിയോസ് 03:16-17
- 1 പത്രോസ് 03:18-20
- 1 യോഹന്നാന് 01:8-10
- 1 യോഹന്നാന് 05:16-17

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **03:02** എന്നാല് നോഹ ദൈവത്തിങ്കല് ആദരവ് കണ്ടെത്തി.

താന്ദുഷ്ടന്മാരായ ജനത്തിന്റെ ഇടയില് ജീവിച്ചു വന്ന ഒരു **നീതിമാന്** ആയിരുന്നു.

- **04:08** അബ്രാം ദൈവത്തിന്റെ വാഗ്ദത്തങ്ങളില് വിശ്വാസം അര്പ്പിച്ചതിനാല് ദൈവം അവനെ **നീതിമാന്** എന്ന് പ്രഖ്യാപിച്ചിരുന്നു.
- **17:02** ദാവീദ് ദൈവത്തെ ആശ്രയിക്കുകയും അനുസരിക്കുകയും ചെയ്ത താഴ്മയും **നീതിയും** ഉള്ള ഒരു മനുഷ്യന് ആയിരുന്നു.
- **23:01** മറിയക്ക് വിവാഹ നിശ്ചയം ചെയ്തിരുന്ന യോസേഫ് ഒരു **നീതിമാന്** ആയ മനുഷ്യന് ആയിരുന്നു.
- **50:10** അനന്തരം അവരുടെ പിതാവായ ദൈവത്തിന്റെ രാജ്യത്തില്**നീതിമാന്മാര്** സൂര്യനെ പോലെ ശോഭിക്കും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H205, H1368, H2555, H3072, H3474, H3476, H3477, H3483, H4334, H4339, H4749, H5228, H5229, H5324, H5765, H5766, H5767, H5977, H6662, H6663, H6664, H6665, H6666, H6968, H8535, H8537, H8549, H8552, G93, G94, G458, G1341, G1342, G1343, G1344, G1345, G1346, G2118, G3716, G3717

# നീതിയായ, നീതി, അനീതി, അനീതിയായ, അനീതി, നീതിപൂർവ്വം ആയ, നീതീകരിക്കുക, നീതികരണം

## നിർവചനം:

“നീതിയായ” എന്നും “നീതി” എന്നും ഉള്ളതു ദൈവത്തിന്റെ പ്രമാണങ്ങൾക്ക് അനുസൃതമായി ജനത്തെ കൈകാര്യം ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. ദൈവത്തിന്റെ നിലവാരത്തിലുള്ള മറ്റുള്ളവരോടുള്ള ശരിയായ പ്രതികരണം ഉള്ള മാനുഷ നിയമങ്ങളും നീതിയായവ ആകുന്നു.

- ”നീതിപൂർവ്വം ആയിരിക്കുക” എന്നത് മറ്റുള്ളവരോട് അനുയോജ്യവും ശരിയായും ഉള്ള നടപടിയിൽ ആയിരിക്കുക എന്നുള്ളതു ആകുന്നു. ഇത് ദൈവത്തിന്റെ ദൃഷ്ടികളിൽ സത്യസന്ധമായതും പവിത്രമായതും സദാചാരപരമായി ശരിയായതും പ്രാവർത്തികമാക്കുക എന്നതാണ്.
- ”നീതിപൂർവ്വം” പ്രവർത്തിക്കുക എന്നതിന്റെ അർത്ഥം ദൈവത്തിന്റെ പ്രമാണങ്ങൾക്ക് അനുസൃതമായി ജനത്തെ ശരിയായ, നല്ല, യോഗ്യമായ വഴികളിൽ നടത്തുക എന്നുള്ളത് ആകുന്നു.
- ”നീതി” ലഭ്യമാക്കുക എന്നതിന്റെ അർത്ഥം നിയമാനുസൃതം പരിരക്ഷിക്കപ്പെടുക അല്ലെങ്കിൽ നിയമ വിധേയമായി ശിക്ഷിക്കപ്പെടുക എന്നിങ്ങനെ നിയമവിധേയമായി യോഗ്യമായ നിലയിൽ നടത്തപ്പെടുക എന്നുള്ളതാണ്.
- ചില സന്ദർഭങ്ങളിൽ “നീതിയായ” എന്നതിന് വിശാലമായ നിലയിൽ “നീതിപൂർവമായ” അല്ലെങ്കിൽ “ദൈവത്തിന്റെ ന്യായപ്രമാണം പിന്തുടർന്നു കൊണ്ട്” എന്ന് അർത്ഥം നൽകുന്നു. “അനീതി” എന്നും “അനീതി പൂർവമായ” എന്നും ഉള്ള പദങ്ങൾ ജനത്തെ അയോഗ്യമായ സാധാരണമായി ഉപദ്രവകരമായ നിലയിൽ നടത്തുന്നതിനെ സൂചിപ്പിക്കുന്നു.
- ഒരു “അനീതി” എന്നത് ഒരു മോശമായ കാര്യം അതിനു അർഹത ഇല്ലാത്തതായ ഒരു വ്യക്തിക്ക് ചെയ്യുന്നതിനെ കുറിക്കുന്നു. ഇത് ജനത്തെ യോഗ്യം അല്ലാത്ത നിലയിൽ നടത്തുന്നതിനെ സൂചിപ്പിക്കുന്നു.
- അനീതി എന്നത് ഒരു കൂട്ടം ആളുകളെ നന്നായി നടത്തുകയും മറ്റൊരു കൂട്ടം ആളുകളെ മോശമായി നടത്തുകയും ചെയ്യുന്നതിനെയും അർത്ഥം നൽകുന്നു.
- അനീതി പൂർവമായ നിലയിൽ ഒരുവൻ “വിഭാഗിയമായോ” അല്ലെങ്കിൽ “മുൻവിധിയോടെയോ” പ്രവർത്തിക്കുമ്പോൾ ആയതിനാൽ ആ വ്യക്തി ജനത്തെ തുല്യതയോടെ കൈകാര്യം ചെയ്യുന്നില്ല എന്ന് വരുന്നു. “നീതീകരിക്കുക” എന്നും നീതീകരണം എന്നും ഉള്ള പദങ്ങൾ കുറ്റവാളിയായ ഒരു വ്യക്തിയെ നീതിമാൻ എന്ന് ആക്കുന്നതിനെ സൂചിപ്പിക്കുന്നു. ദൈവത്തിനു മാത്രമേ ജനത്തെ സത്യമായും നീതീകരിക്കുവാൻ കഴിയുകയുള്ളൂ.
- ദൈവം ജനത്തെ നീതീകരിക്കുമ്പോൾ, താൻ അവരുടെ പാപങ്ങളെ ക്ഷമിക്കുകയും അവർ പാപം ചെയ്തിട്ടില്ല എന്ന രീതിയിൽ കണക്കിടുകയും ചെയ്യുന്നു. തങ്ങളുടെ പാപങ്ങളിൽ നിന്ന് അവരെ രക്ഷിക്കുവാനായി മാനസ്സാന്തരപ്പെടുകയും യേശുവിൽ വിശ്വസിക്കുകയും ചെയ്യുന്ന പാപികളെ അവൻ നീതീകരിക്കുന്നു.
- ”നീതീകരണം” എന്നത് ഒരു വ്യക്തിയുടെ പാപങ്ങളെ ദൈവം ക്ഷമിക്കുകയും തന്റെ ദൃഷ്ടിയിൽ ആ വ്യക്തി നീതിമാൻആയിരിക്കുന്നു എന്ന് ദൈവം പ്രഖ്യാപിക്കുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- സാഹചര്യം അനുസരിച്ച്, “നീതിയായ” എന്ന വാക്കിനെ പരിഭാഷ ചെയ്യുവാൻ അവലംബിക്കാവുന്ന ഇതര മാർഗ്ഗങ്ങളിൽ “സദാചാരപരമായി ശരിയായത്” അല്ലെങ്കിൽ “യുക്തം ആയത്” എന്ന് പരിഭാഷ ചെയ്യാം.
- ”നീതി” എന്ന പദം “യോഗ്യമായ പരിരക്ഷണം” അല്ലെങ്കിൽ “പ്രാപ്യമായ അനന്തര ഫലങ്ങൾ” എന്ന് പരിഭാഷ ചെയ്യാം.
- നീതിപൂർവ്വം പ്രവർത്തിക്കുക” എന്നത് “യുക്തമായ നിലയിൽ പരിഗണിക്കുക” അല്ലെങ്കിൽ നീതിപൂർവമായ നിലയിൽ പ്രതികരിക്കുക” എന്ന് പരിഭാഷ ചെയ്യാം.
- ചില സാഹചര്യങ്ങളിൽ, “നീതിയായ” എന്നത് “നീതിമാൻ” അല്ലെങ്കിൽ ‘’യോഗ്യൻ” എന്ന് പരിഭാഷ ചെയ്യാം. സാഹചര്യങ്ങൾക്ക് അനുസൃതമായി, “അനീതിയായ” എന്നത് “അയുക്തമായ” അല്ലെങ്കിൽ “വിഭാഗീയമായ” അല്ലെങ്കിൽ“അനീതി പൂർവമായ” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”അനീതിക്കാരൻ” എന്ന വാക്കു “അനീതി ഉള്ളവർ” അല്ലെങ്കിൽ “അനീതിയുള്ള ജനങ്ങൾ” അല്ലെങ്കിൽ “മറ്റുള്ളവരെ യോഗ്യമായ നിലയിൽ കൈകാര്യം ചെയ്യുന്നവർ” അല്ലെങ്കിൽ അനീതിയുള്ള ജനങ്ങൾ” അല്ലെങ്കിൽ ദൈവത്തെ അനുസരിക്കാത്ത ജനങ്ങൾ” എന്നിങ്ങനെ പരിഭാഷ ചെയ്യാം. “അനീതിപരമായ” എന്ന പദം “അയോഗ്യമായ ശൈലിയിൽ ഉള്ളതായ” അല്ലെങ്കിൽ “തെറ്റായ” അല്ലെങ്കിൽ “യോഗ്യമല്ലാതെയുള്ള” എന്നിങ്ങനെ പരിഭാഷ ചെയ്യാം. “അനീതി” എന്ന പദം പരിഭാഷ ചെയ്യുന്ന രീതിയിൽ, തെറ്റായ പെരുമാറ്റം” അല്ലെങ്കിൽ “അനുയോജ്യമല്ലാത്ത പെരുമാറ്റം” അല്ലെങ്കിൽ “അയോഗ്യമായ പ്രവർത്തി” എന്ന് പരിഭാഷ ചെയ്യാം. (കാണുക:ഗുണ നാമങ്ങൾ)

- ”നീതികരിക്കുക” എന്നുള്ളത് പരിഭാഷ ചെയ്യുവാൻ അവലംബിക്കുന്ന മാർഗ്ഗങ്ങളിൽ “നീതിമാൻ എന്ന് (ഒരു വ്യക്തിയെ കുറിച്ച്) പ്രഖ്യാപിക്കുക” അല്ലെങ്കിൽ “(ഒരുവനെ) നീതീകരിക്കുക” എന്ന് പരിഭാഷ ചെയ്യാം.
- ”നീതീകരണം” എന്ന പദം “നീതീകരിക്കപ്പെട്ടവൻ എന്ന് പ്രഖ്യാപിക്കുക” അല്ലെങ്കിൽ “നീതീകരിക്കപ്പെട്ടവൻ ആകുക” അല്ലെങ്കിൽ “ജനങ്ങളെ നീതിമാന്മാർ ആക്കുക” എന്ന് പരിഭാഷ ചെയ്യാം.
- ”നീതീകരണത്തിന്റെ ഫലം ഉളവാക്കുക” എന്ന പദസഞ്ചയം “ആയതിനാൽ ദൈവം അനവധി ആളുകളെ നീതീകരിച്ചു” അല്ലെങ്കിൽ “ദൈവത്തിൽ ജനങ്ങൾ നീതീകരിക്കപ്പെടുന്നതായ അനന്തര ഫലം ഉളവായി” എന്ന് പരിഭാഷ ചെയ്യാം.
- ”നമ്മുടെ നീതീകരണത്തിനു വേണ്ടി” എന്ന പദ സഞ്ചയം “നാം ദൈവത്താൽ നീതികരിക്കപ്പെട്ടവർആകുന്നതിനു വേണ്ടി” എന്ന് പരിഭാഷ ചെയ്യാം.

(കാണുക: ക്ഷമിക്കുക, കുറ്റം, ന്യായാധിപൻ, നീതിമാൻ, നീതിയുള്ള)

## ദൈവ വചന സൂചികകൾ:

- ഉൽപ്പത്തി 44:16-17
- 1 ദിനവൃത്താന്തങ്ങൾ18:14-17
- യെശ്ശയ്യാവ് 04:3-4
- യിരെമ്യാവ് 22:1-3
- യെഹസ്കേൽ:16-17
- മീഖ 03:8
- മത്തായി 05:43-45
- മത്തായി 11:18-19
- മത്തായി 23:23-24
- ലൂക്കോസ് 18:3-5
- ലൂക്കോസ് 18:6-8
- ലൂക്കോസ് 1813-14
- ലൂക്കോസ് 21:20-22
- ലൂക്കോസ് 23:39-41
- അപ്പോ.13:38-39
- അപ്പോ.28:3-4
- റോമർ:1-3
- ഗലാത്യർ:6-9
- ഗലാത്യർ:10-12
- ഗലാത്യർ:3-4
- തീത്തോസ് 03:6-7
- എബ്രായർ:9-10
- യാക്കോബ് 02:21-24
- വെളിപ്പാട് 15:3-4

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **17:09** ദാവീദ് **നീതിയോടും** വിശ്വസ്തതയോടും കൂടെ അനേക വർഷങ്ങൾ ഭരണം നടത്തുകയും, ദൈവം അവനെ അനുഗ്രഹിക്കുകയും ചെയ്തു.
- **18:13** (യഹൂദയിലെ) രാജാക്കന്മാരിൽ ചിലർ നല്ല മനുഷ്യരും **നീതിയോടെ** ഭരണം നടത്തുന്നവരും ദൈവത്തെ ആരാധിക്കുന്നവരും ആയിരുന്നു.
- **19-16** അവർ (പ്രവാചകന്മാർ) ജനത്തോടു വിഗ്രഹങ്ങളെ ആരാധിക്കുന്നത് നിർത്തുവാനും **നീതി** കാണിക്കുവാൻ തുടങ്ങുകയും മറ്റുള്ളവരോട് കരുണ കാണിക്കണം എന്ന് പറയുകയും ചെയ്തു.
- **50:17** യേശു തന്റെ രാജ്യം സമാധാനത്തോടും **നീതിയോടും** ഭരിക്കുകയും, താൻ തന്റെ ജനത്തോടു കൂടെ സദാകാലങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H205, H2555, H3477, H5765, H5766, H5767, H6662, H6663, H6664, H6666, H8003, H8264, H8636, G91, G93, G94, G1342, G1344, G1345, G1346, G1347, G1738

# ന്യായ പ്രമാണം, മോശെയുടെ ന്യായ പ്രമാണം, ദൈവത്തിന്റെ ന്യായ പ്രമാണം, യഹോവയുടെ ന്യായ പ്രമാണം

## നിര്വചനം:

ഈ പദങ്ങളെല്ലാം തന്നെ ഇസ്രയേല് ജനം അനുസരിക്കുനതിനു വേണ്ടി ദൈവം മോശെയുടെ പക്കല് നല്കിയ കല്പ്പനകളും നിര്ദേശങ്ങളും ആണെന്ന് സൂചിപ്പിക്കുന്നു. "ന്യായപ്രമാണം" എന്നും "ദൈവത്തിന്റെ ന്യായ പ്രമാണം" എന്നും ഉള്ള പദസഞ്ചയങ്ങള് തന്റെ ജനം അനുസരിക്കണം എന്ന് ദൈവം അനുശാസിക്കുന്ന സകല കാര്യങ്ങളെയും കൂടുതല് സാധാരണയായി സൂചിപ്പിക്കുന്നു.

- സാഹചര്യം അനുസരിച്ച്, "ന്യായപ്രമാണം" എന്നത് സൂചിപ്പിക്കുന്നവ:
- ഇസ്രയേല്മക്കള്ക്ക്വേണ്ടി ദൈവം കല്പ്പലകകളില്എഴുതി കൊടുത്ത പത്ത് കല്പ്പനകള്.
- മോശെയുടെ പക്കല്കൊടുക്കപ്പെട്ട എല്ലാ നിയമങ്ങളും.
- പഴയ നിയമത്തിലെ ആദ്യത്തെ അഞ്ചു ഗ്രന്ഥങ്ങള്.
- മുഴുവന്പഴയ നിയമവും (പുതിയ നിയമത്തില്"തിരുവെഴുത്തുകള്" എന്നും സൂചിപ്പിച്ചിട്ടുണ്ട്)
- ദൈവത്തിന്റെ സകല നിര്ദേശങ്ങളും ഹിതവും.
- "ന്യായപ്രമാണവും പ്രവാചകന്മാരും" എന്ന പദ സഞ്ചയം പുതിയ നിയമത്തില്ഉപയോഗിച്ചിരിക്കുന്നത് എബ്രായ തിരുവെഴുത്തുകളെ സൂചിപ്പിക്കുവാന്വേണ്ടിയാണ്. (അല്ലെങ്കില്"പഴയനിയമം")

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദങ്ങള്ബഹുവചനം ഉപയോഗിച്ച്, "നിയമങ്ങള്" എന്ന് പരിഭാഷ ചെയ്യണം, എന്തെന്നാല്അവ നിരവധി നിര്ദേശങ്ങള്സൂചിപ്പിക്കുന്നുന്നു.
- "മോശെയുടെ നിയമം" എന്നു ഉള്ളത് "ഇസ്രയേല്മക്കള്ക്ക്നല്കുവാന്പറഞ്ഞു ദൈവം മോശെയുടെ പക്കല്ഏല്പ്പിച്ച നിയമങ്ങള്" എന്ന് പരിഭാഷ ചെയ്യാം.
- സാഹചര്യം അനുസരിച്ച്, "മോശെയുടെ നിയമം" എന്ന് ഉള്ളത് "മോശെയോടു ദൈവം പറഞ്ഞതായ നിയമം" അല്ലെങ്കില്"മോശെ എഴുതിയതായ ദൈവത്തിന്റെ നിയമങ്ങള്" അല്ലെങ്കില്"മോശെയോടു ദൈവം പ്രസ്താവിച്ചതും ഇസ്രയേല്മക്കള്ക്ക്നല്കുവാന്പറഞ്ഞതുമായ നിയമങ്ങള്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ന്യായപ്രമാണം"അല്ലെങ്കില്ദൈവത്തിന്റെ ന്യായപ്രമാണം" അല്ലെങ്കില്"ദൈവത്തിന്റെ നിയമങ്ങള്" എന്നിവ പരിഭാഷ ചെയ്യുമ്പോള് "ദൈവത്തില്നിന്നുള്ള നിയമങ്ങള്" അല്ലെങ്കില്"യഹോവയുടെ കല്പ്പനകള്" അല്ലെങ്കില്ദൈവം നല്കിയ നിയമങ്ങള്" അല്ലെങ്കില്"ദൈവം കല്പ്പിച്ചിരിക്കുന്ന സകല കല്പ്പനകളും" അല്ലെങ്കില്"ദൈവത്തിന്റെ സകല നിര്ദേശങ്ങളും" എന്നിവയും ഉള്പ്പെടുത്താവുന്നതാണ്.
- "യഹോവയുടെ നിയമം" എന്ന പദസഞ്ചയം "യഹോവയുടെ നിയമങ്ങള്" അല്ലെങ്കില്"അനുസരിക്കുവാന്വേണ്ടി യഹോവ പറഞ്ഞിരിക്കുന്ന നിയമങ്ങള്" അല്ലെങ്കില്"യഹോവയിങ്കല്നിന്നുള്ള നിയമങ്ങള്" അല്ലെങ്കില്"യഹോവ കല്പ്പിച്ചിരിക്കുന്ന വസ്തുതകള്" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക: നിര്ദേശിക്കുക, മോശെ, പത്ത് കല്പ്പനകള്, നിയമ പരമായ, യഹോവ)

## ദൈവ വചന സൂചികകള്:

- അപ്പോ.15:5-6
- ദാനിയേല്09:12-14
- പുറപ്പാട് 28:42-43
- എസ്രാ 07:25-26
- ഗലാത്യര്02:15-16
- ലൂക്കോസ് 24:44
- മത്തായി 05:17-18
- നെഹെമ്യാവ് 10:28-29
- റോമര്03:19-20

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **13:07** ദൈവം വേറെയും നിരവധി **നിയമങ്ങളും** ചട്ടങ്ങളും അനുസരിക്കുവാന്വേണ്ടി നല്കിയിരുന്നു.

ജനം ഈ **നിയമങ്ങളെ** അനുസരിക്കുമെങ്കില്, ദൈവം അവരെ അനുഗ്രഹിക്കും എന്നും സംരക്ഷിക്കും എന്നും വാഗ്ദത്തം നല്കിയിരുന്നു. അവര്അനുസരിക്കാതെ ഇരുന്നാല്, ദൈവം അവരെ ശിക്ഷിക്കുകയും ചെയ്യും.

- **13:09** ആരെങ്കിലും **ദൈവത്തിന്റെ നിയമം** അനുസരിക്കാതെ വന്നാല്അവന്സമാഗമന കൂടാരത്തിന്റെ മുന്പില്ഉള്ള യാഗപീഠത്തില്ദൈവത്തിനു യാഗം അര്പ്പിക്കേണ്ടതിനു ഒരു മൃഗത്തെ കൊണ്ടു വരേണ്ടിയിരുന്നു.
- **15:13** അനന്തരം യോശുവ സീനായില്ഇസ്രയേല്മക്കളുമായി ദൈവം ഉണ്ടാക്കിയ ഉടമ്പടി അനുസരിക്കേണ്ടുന്നതിനു അവര്ക്കുള്ളതായ കടപ്പാടിനെ ജനത്തിന് ഓര്പ്പിക്കുവാന്ഇടയായി. ജനം ദൈവത്തോട് വിശ്വസ്തരായി നിലകൊള്ളും എന്നും **അവന്റെ കല്പ്പനകളെ** പിന്പറ്റും എന്നും വാഗ്ദത്തം ചെയ്തു.
- **16:01** യോശുവ മരിച്ചതിനു ശേഷം, ഇസ്രയേല്മക്കള്ദൈവത്തോട് അനുസരണക്കേട്കാണിക്കുകയും ശേഷമുള്ള കനാന്യരെ പുറത്താക്കുകയോ അല്ലെങ്കില്**ദൈവത്തിന്റെ കല്പ്പനകളെ** അനുസരിക്കുകയോ ചെയ്തിരുന്നില്ല.
- **21:05** പുതിയ ഉടമ്പടിയില്, ദൈവം **തന്റെ നിയമത്തെ** ജനത്തിന്റെ ഹൃദയങ്ങളില്എഴുതുകയും, ജനം ദൈവത്തെ വ്യക്തിപരമായി അറിയുകയും, അവര്അവന്റെ ജനം ആയിരിക്കുകയും, ദൈവം അവരുടെ പാപങ്ങള്ക്ഷമിക്കുകയും ചെയ്യും.
- **27:01** യേശു ഉത്തരം പറഞ്ഞത്, “**ദൈവത്തിന്റെ നിയമത്തില്** എന്താണ് എഴുതിയിരിക്കുന്നത്?”
- **28:01** യേശു അവനോടു പറഞ്ഞത്, “എന്നെ നല്ലവന്എന്ന് നീ വിളിക്കുന്നത്എന്തുകൊണ്ട്?”

നല്ലവന്ആയി ഒരുവന്മാത്രമേ ഉള്ളൂ, അത് ദൈവം ആകുന്നു. എന്നാല്നിനക്ക് നിത്യ ജീവന്വേണം എങ്കില്, **ദൈവത്തിന്റെ നിയമങ്ങള്** അനുസരിക്കുക.”

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H430, H1881, H1882, H2706, H2710, H3068, H4687, H4872, H4941, H8451, G2316, G3551, G3565

# ന്യായം വിധിക്കുക, ന്യായം വിധിക്കുന്നു, ന്യായവിധി, ന്യായവിധികൾ

## നിർവചനം:

“ന്യായം വിധിക്കുക” എന്നും “ന്യായവിധി” എന്നും ഉള്ളതായ പദങ്ങൾ സാധാരണയായി ഒരു വിഷയം സദാചാരപരമായി ശരിയാണോ അല്ല തെറ്റാണോ എന്നുള്ള തീരുമാനം ഉണ്ടാക്കുന്നതിനെ സൂചിപ്പിക്കുന്നു.

- “ദൈവത്തിന്റെ ന്യായവിധി” എന്നത് സാധാരണായായി എന്തെങ്കിലും ഒന്നിനെ കുറ്റാരോപണം ചെയ്യുന്നതിനോ അല്ലെങ്കിൽ ഒരു വ്യക്തിയെ പാപം നിറഞ്ഞവൻ എന്നോ താൻ തീരുമാനിക്കുന്നതിനെ സൂചിപ്പിക്കുന്നു.
- ദൈവത്തിന്റെ ന്യായവിധി സാധാരണയായി ജനങ്ങളെ അവരുടെ പാപം നിമിത്തം ശിക്ഷിക്കുന്നതിനെ ഉൾപ്പെടുത്തുന്നു.
- ”ന്യായം വിധിക്കുക” എന്ന പദം “കുറ്റം വിധിക്കുക” എന്നും അർത്ഥം നൽകുന്നു. മനുഷ്യർഈ രീതിയിൽ പരസ്പരം കുറ്റം വിധിക്കരുത് എന്ന് ദൈവം നിർദേശം നൽകിയിരിക്കുന്നു. “ഇടയിൽ മധ്യസ്ഥത ചെയ്യുക” അല്ലെങ്കിൽ “ഇടയിൽ ന്യായം വിധിക്കുക” എന്ന് ഇരുവർക്കു ഇടയിൽ തർക്കം ഉണ്ടാകുമ്പോൾ ഏതു വ്യക്തിയാണ് ശരി ആയത് എന്ന് തീരുമാനിക്കുന്നതു പോലെ എന്ന് വേറൊരു അർത്ഥം ഇതിനു ഉണ്ട്.
- ചില സന്ദർഭങ്ങളിൽ, ദൈവത്തിന്റെ “ന്യായവിധികൾ” എന്നത് താൻ ശരിയായത് എന്നും നീതിയായത് എന്നും തീരുമാനിച്ചിട്ടുള്ളവ എന്നതാണ്. അവ തന്റെ പ്രമാണങ്ങൾ, നിയമങ്ങൾ, സാരോപദേശങ്ങൾ എന്നിവയ്ക്ക് സമാനം ആകുന്നു.
- ”ന്യായവിധി” എന്നത് ജ്ഞാനപൂർവമായ തീരുമാന -നിർമ്മാണ കഴിവ് എന്ന് സൂചിപ്പിക്കാം. “ന്യായവിധി” കൽപ്പിക്കുവാൻ കഴിവില്ലാത്ത ഒരു വ്യക്തി ജ്ഞാന പൂർണ്ണമായ തീരുമാനങ്ങൾ എടുക്കുവാൻജ്ഞാനം ഇല്ലാത്ത വ്യക്തി ആകുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- സാഹചര്യം അനുസരിച്ച്,”ന്യായം വിധിക്കുക” എന്നുള്ളത് പരിഭാഷ ചെയ്യുവാൻ “തീരുമാനിക്കുക” അല്ലെങ്കിൽ “കുറ്റം വിധിക്കുക” അല്ലെങ്കിൽ “ശിക്ഷിക്കുക” അല്ലെങ്കിൽ “നിയമം നൽകുക” എന്നിവ ഉൾപ്പെടുത്താം.
- “ന്യായവിധി” എന്ന പദം “ശിക്ഷാവിധി” അല്ലെങ്കിൽ“ തീരുമാനം” അല്ലെങ്കിൽ “വിധിന്യായം” അല്ലെങ്കിൽ “നിയമം” അല്ലെങ്കിൽ “കുറ്റാരോപണം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ചില സാഹചര്യങ്ങളിൽ, “ന്യായവിധിയിൽ” എന്ന പദം “ന്യായവിധി ദിവസത്തിൽ” അല്ലെങ്കിൽ “ദൈവം ജനത്തെ ന്യായം വിധിക്കുന്ന കാലത്തിൽ” എന്നും പരിഭാഷ ചെയ്യാം.

(കാണുക: നിയമം, ന്യായം വിധിക്കുക, {ന്യായവിധി ദിനം]ന്യായവിധി ദിവസം, നീതി, നിയമം, ന്യായപ്രമാണം)

## ദൈവ വചന സൂചികകൾ:

- 1 യോഹന്നാൻ:17-18
- 1 രാജാക്കന്മാർ:7-9
- അപ്പോ.10:42-43
- യെശ്ശയ്യാവ് 03:13-15
- യാക്കോബ് 02:1-4
- ലൂക്കോസ് 06:37
- മീഖ 03:9-11
- സങ്കീർത്തനം 054:1-3

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **19:16** പ്രവാചകന്മാർ ജനത്തോടു മുന്നറിയിപ്പ് നൽകിയത് എന്തെന്നാൽ അവർ തിന്മ പ്രവർത്തിക്കുന്നത് നിർത്താതെ ഇരിക്കുകയും ദൈവത്തെ അനുസരിക്കാതെയും തുടർന്നാൽ, ദൈവം അവരെ കുറ്റവാളികൾ എന്ന് **ന്യായം** വിധിക്കുകയും, അവരെ ശിക്ഷിക്കുകയും ചെയ്യുമെന്ന് ആയിരുന്നു.
- **21:08** ഒരു രാജാവ് എന്നത് ഒരു രാജ്യത്തിന്മേൽ ഭരണം നടത്തുന്നവനും ജനത്തെ **ന്യായപാലനം** ചെയ്യുന്നവനും ആകുന്നു. തന്റെ പൂർവികനായ ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നുകൊള്ളുന്ന ഉൽകൃഷ്ടനായ രാജാവായി മശീഹ വരും. അവൻഎന്നെന്നേക്കുമായി, മുഴു ലോകത്തെയും ഭരിക്കുകയും, സദാകാലവും പരമാർത്ഥമായും ശരിയായ തീരുമാനങ്ങൾ എടുത്തും **ന്യായപാലനം** ചെയ്യുകയും ചെയ്യും.

- **39:04** മഹാപുരോഹിതൻ തന്റെ വസ്ത്രം കീറുകയും മറ്റു മത നേതാക്കന്മാരോട് ഉച്ചസ്വരത്തിൽ കോപത്തോടെ പറയുകയും ചെയ്തത്, “നമുക്ക് ഇനി വേറെ അധികം സാക്ഷികൾ ആവശ്യം ഇല്ല!” എന്നുള്ളതാണ്. താൻദൈവപുത്രൻആകുന്നു എന്ന് അവൻ പറയുന്നത് നിങ്ങൾ കേട്ടിരിക്കുന്നുവല്ലോ. നിങ്ങളുടെ **വിധിന്യായം** എന്ത് ആകുന്നു?”
- **50:14** എന്നാൽയേശുവിൽ വിശ്വസിക്കാത്ത ഓരോരുത്തരെയും ദൈവം **ന്യായം** വിധിക്കും. താൻ അവരെയെല്ലാം നരകത്തിൽ എറിഞ്ഞു കളയും, അവിടെ കരച്ചിലും വേദന നിമിത്തം ഉള്ള പല്ലുകടിയും എന്നെന്നേക്കും ഉണ്ടായിരിക്കും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H148, H430, H1777, H1778, H1779, H1780, H1781, H1782, H2940, H4055, H4941, H6414, H6415, H6416, H6417, H6419, H6485, H8196, H8199, H8201, G144, G350, G968, G1106, G1252, G1341, G1345, G1348, G1349, G2917, G2919, G2920, G2922, G2923, G4232

# ന്യായവിധി ദിവസം

## നിർവചനം:

“ന്യായവിധി ദിവസം” എന്ന പദം സൂചിപ്പിക്കുന്നത് ദൈവം എല്ലാ വ്യക്തികളെയും ന്യായം വിധിക്കുന്ന ഒരു ഭാവി കാലത്തെയാണ്.

- ദൈവം തന്റെ പുത്രനായ, യേശുക്രിസ്തുവിനെ, സകല ജനത്തിനും ന്യായാധിപൻ ആയി നിയമിച്ചിരിക്കുന്നു.
- ന്യായവിധി ദിവസത്തിൽ, ക്രിസ്തു തന്റെ നീതിയുടെ സ്വഭാവ വിശേഷതയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ ന്യായം വിധിക്കും.

## പരിഭാഷ നിർദേശങ്ങൾ:

- ഈ പദം “ന്യായവിധി കാലഘട്ടം” എന്ന് ഇത് ഒന്നിൽ അധികം ദിവസം എന്ന് സൂചിക്കുന്നതാകയാൽ പരിഭാഷ ചെയ്യാവുന്നതാണ്.
- ഈ പദം പരിഭാഷ ചെയ്യുവാനുള്ള ഇതര മാർഗ്ഗങ്ങളിൽ “ദൈവം സകല ജനങ്ങളെയും ന്യായം വിധിക്കുന്ന അന്ത്യ കാലത്തിൽ” എന്ന് പരിഭാഷ ചെയ്യാം.
- ചില പരിഭാഷകളിൽഈ പദം വലിയ അക്ഷരങ്ങളിൽ ഇത് ഒരു പ്രത്യേക ദിവസത്തിന്റെ അല്ലെങ്കിൽ സമയത്തിന്റെ പേര് എന്ന് പ്രദർശിപ്പിക്കുവാനായി രേഖപ്പെടുത്താറുണ്ട്. “ന്യായവിധി ദിവസം” അല്ലെങ്കിൽ “ന്യായവിധി കാലഘട്ടം.”

(കാണുക: ന്യായാധിപൻ, യേശു, സ്വർഗ്ഗം, നരകം)

## ദൈവ വചന സൂചികകൾ:

- ലൂക്കോസ് 10:10-12
- ലൂക്കോസ് 11:31
- ലൂക്കോസ് 11:32
- മത്തായി 10:14-15
- മത്തായി 12:36-37

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2962, H3117, H4941, G2250, G2920, G2962

# പകര്ത്തെഴുത്തുകാരന്, ശാസ്ത്രിമാര്

## നിര്വചനം:

പകര്ത്തെഴുത്തുകാര്പ്രധാനപ്പെട്ട സര്ക്കാര്അല്ലെങ്കില്മതപരമായ രേഖകള്കൈകള്കൊണ്ട് എഴുതുവാനോ അല്ലെങ്കില്പകര്ത്തെഴുതുവാനോ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥര്ആയിരുന്നു. യെഹൂദ എഴുത്തുകാരെ വിളിക്കുന്ന മറ്റൊരു പേര് "യഹൂദ ന്യായപ്രമാണ വിദഗ്ധര്" എന്നാണ്.

- ശാസ്ത്രിമാര്പഴയ നിയമ പുസ്തകങ്ങള്പകര്ത്തെഴുതുവാനും പരിരക്ഷിക്കുവാനും ഉത്തരവാദിത്വപ്പെട്ടവര് ആകുന്നു.
- അവര്ദൈവത്തിന്റെ ന്യായപ്രമാണത്തെ പകര്ത്തെഴുതുകയും, പരിരക്ഷിക്കുകയും, മതപരമായ അഭിപ്രായങ്ങളും വ്യാഖ്യാനങ്ങളും നല്കിയും വന്നിരുന്നു
- സന്ദര്ഭവശാല്, ശാസ്ത്രിമാര്പ്രധാനപ്പെട്ട സര്ക്കാര്ഉദ്യോഗസ്ഥന്മാര്ആയിരിക്കുകയും ചെയ്തിരുന്നു.
- പ്രധാനപ്പെട്ട ശാസ്ത്രിമാരില്ബാരൂക്കും എസ്രയും ഉള്പ്പെട്ടിരുന്നു.
- പുതിയ നിയമത്തില്, ഈ പദം "ശാസ്ത്രിമാര്" എന്നത് "ന്യായപ്രമാണ ഉപദേശകന്മാര്" എന്നും പരിഭാഷ ചെയ്യപ്പെട്ടിരുന്നു.
- പുതിയ നിയമത്തില്, ശാസ്ത്രിമാര്സാധാരണയായി "പരീശന്മാര്" എന്ന മത വിഭാഗം ആയി അറിയപ്പെടുകയും, ഇരു വിഭാഗക്കാരും തുടര്മാനമായി പരാമര്ശിക്കപ്പെട്ടു വരികയും ചെയ്തിരുന്നു.

(കാണുക: ന്യായപ്രമാണം, പരീശന്)

## ദൈവ വചന സൂചികകള്:

- അപ്പോ.04:5-7
- ലൂക്കോസ് 07:29-30
- ലൂക്കോസ് 20:45-47
- മര്ക്കോസ് 01:21-22
- മര്ക്കോസ് 02:15-16
- മത്തായി 05:19-20
- മത്തായി 07:28-29
- മത്തായി 12:38-40
- മത്തായി 13:51-53

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5608, H5613, H7083, G1122

# പന്ത്രണ്ടു പേര്, പതിനൊന്നു പേര്

## നിര്വചനം:

“പന്ത്രണ്ടു പേര്” എന്ന പദം തന്റെ ഏറ്റവും അടുത്ത ശിഷ്യന്മാര്ആകുവാന്, അല്ലെങ്കില്അപ്പോസ്തലന്മാര്ആകുവാനേശു തിരഞ്ഞെടുത്ത പന്ത്രണ്ടു പേരെ സൂചിപ്പിക്കുന്നു. യൂദാസ് തന്നെ സ്വയം കൊലപ്പെടുത്തിയതിനു ശേഷം, അവര്“പതിനൊന്നു പേര്” എന്ന് വിളിക്കപ്പെട്ടു വന്നു.

- യേശുവിനു വേറെയും നിരവധി ശിഷ്യന്മാര്ഉണ്ടായിരുന്നു, എന്നാല് “പന്ത്രണ്ടു പേര്” എന്ന ശീര്ഷകം യേശുവിനോട് ഏറ്റവും അടുത്തായിരുന്നവരെ വേര്തിരിച്ചു കാണിക്കുവാന്ഉപകരിച്ചു വന്നു.
- ഈ പന്ത്രണ്ടു ശിഷ്യന്മാരുടെ പേരുകള്മത്തായി 10, മര്ക്കോസ് 3, ലൂക്കോസ് 6 എന്നീ ഭാഗങ്ങളില്രേഖപ്പെടുത്തിയിട്ടുണ്ട്.
- യേശു സ്വര്ഗ്ഗത്തിലേക്ക് മടങ്ങിപ്പോയി ചില കാലത്തിനു ശേഷം, “പതിനൊന്നു പേര്” യുദാസിന്റെ സ്ഥാനത്തേക്ക് മത്ഥിയാസ് എന്ന് പേരുള്ള ഒരു ശിഷ്യനെ തിരഞ്ഞെടുത്തു. അനന്തരം വീണ്ടും അവരെ “പന്ത്രണ്ടു പേര്” എന്ന് വിളിച്ചു വന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- പല ഭാഷകളിലും വളരെ വ്യക്തമായും പ്രകൃത്യാ തന്നെയും നാമ പദം ചേര്ക്കുകയും, “പന്ത്രണ്ടു അപ്പോസ്തലന്മാര്” അല്ലെങ്കില്“യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാര്”എന്ന് പറയുകയും ചെയ്യുമായിരുന്നു.
- “പതിനൊന്നു പേര്” എന്നതു “യേശുവിന്റെ ശേഷിക്കുന്ന പതിനൊന്നു ശിഷ്യന്മാര്” എന്ന് പരിഭാഷ ചെയ്യാം.
- ചില പരിഭാഷകള്ഇത് ഒരു ശീര്ഷകമായി ഉപയോഗിക്കുന്നു എന്ന് സൂചിപ്പിക്കുവാനായി വലിയ അക്ഷരത്തില്“പന്ത്രണ്ടു പേര്” എന്നും “പതിനൊന്നു പേര്” എന്നും എഴുതി ഉപയോഗിക്കാറുണ്ട്.

(കാണുക: അപ്പോസ്തലന്, ശിഷ്യന്)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്15:5-7
- അപ്പോ.06:2-4
- ലൂക്കോസ് 09:1-2
- ലൂക്കോസ് 18:31-33
- മര്ക്കോസ് 10:32-34
- മത്തായി 10:5-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G1427, G1733

# പരിച്ഛേദന ചെയ്യുക, പരിച്ഛേദന ചെയ്തു, പരിച്ഛേദന, പരിച്ഛേദന ഏല്ക്കാത്തവന്, അഗ്രചര്മ്മിതം

## നിര്വചനം:

"പരിച്ഛേദന ചെയ്യുക" എന്ന പദം അര്ത്ഥമാക്കുന്നത് ഒരു പുരുഷന്റെ അല്ലെങ്കില് ആണ്കുഞ്ഞിന്റെ അഗ്രചര്മ്മം മുറിച്ചു നീക്കം ചെയ്യുക എന്നാണ്. ഒരു പരിച്ഛേദന ചടങ്ങ് എന്നത് ഇതിനോടനുബന്ധിച്ചു ചെയ്യുന്നതാണ്.

- ദൈവത്തിന്റെ അവരോടുള്ള ഉടമ്പടിയുടെ അടയാളമായി ദൈവം അബ്രഹാമി നോട് തന്റെ കുടുംബത്തിലും ഭൃത്യന്മാരിലും ഉള്ള പുരുഷന്മാരെല്ലാവരും പരിച്ഛേദന എല്ക്കണമെന്നു കല്പ്പിച്ചു.
- ദൈവം അബ്രഹാമിന്റെ സന്തതികളോടും അവരുടെ കുടുംബങ്ങളില് ജനിക്കുന്ന ഓരോ ആണ്കുഞ്ഞും ഇപ്രകാരം തുടര്ന്നു ചെയ്യണമെന്നു കല്പ്പിച്ചു.
- "ഹൃദയത്തിന്റെ പരിച്ഛേദന" എന്ന പദസഞ്ചയം ഉപമാനമായി സൂചിപ്പിക്കു ന്നത് ഒരു വ്യക്തിയില്നിന്ന് പാപത്തെ "മുറിച്ചകറ്റുക" അല്ലെങ്കില് നീക്കം ചെയ്യുക എന്നതാണ്.
- ഒരു ആത്മീയ അനുഭവത്തില്, "പരിച്ഛേദനയേറ്റവര്" എന്ന പദം യേശുവിന്റെ രക്തം മുഖാന്തിരം ദൈവം പാപങ്ങളില്നിന്നും ശുദ്ധീകരിച്ച തന്റെ ജനത്തെ സൂചിപ്പിക്കുന്നു. "പരിച്ഛേദന ഏല്ക്കാത്തവന്" എന്ന പദം ശാരീരികമായി പരിച്ഛേദന ചെയ്യാത്ത വ്യക്തി എന്നു കുറിക്കുന്നു. ഇതു ഉപമാനരൂപത്തില്ആത്മീയമായി പരിച്ഛേദന എല്ക്കാത്തവരായി, ദൈവവുമായി ബന്ധമില്ലാത്തവരെ സൂചിപ്പിക്കുന്നു. "പരിച്ഛേദന എല്ക്കാത്തവന്" എന്നും "അഗ്രചര്മ്മം" എന്നുമുള്ള പദങ്ങള്ശാരീരികമായി പരിച്ഛേദന ഏല്ക്കാത്ത ഒരു പുരുഷനെ സംബന്ധിച്ച് സൂചിപ്പിക്കുന്നു. ഈ പദങ്ങള്ഉപമാനരൂപത്തിലും ഉപയോഗിക്കാറുണ്ട്.
- മിസ്രയീം പരിച്ഛേദന ആവശ്യമായ ഒരു ദേശമായിരുന്നു. "അഗ്രച്ചര്മ്മികളാല്" തോല്പ്പിക്കപ്പെടും എന്നു ദൈവം മിസ്രയീമിനെക്കുറിച്ചു പ്രസ്താവിക്കുമ്പോള്താന്മിസ്രയീമ്യരായ ജനങ്ങള്പരിച്ഛേദന എല്ക്കുവാന്വിസ്സമ്മതിച്ചതിനെയാണ് സൂചിപ്പിച്ചത്.
- "പരിച്ഛേദന ഇല്ലാത്ത ഹൃദയം" അല്ലെങ്കില്"ഹൃദയത്തില്പരിച്ഛേദന ഇല്ലാത്തവര്" എന്നു ജനത്തെക്കുറിച്ചു ദൈവവചനത്തില്സൂചിപ്പിക്കുന്നുണ്ട്. ഇതു ഈ ജനങ്ങള്ദൈവത്തിന്റെ ജനമല്ല എന്നും, നിര്ബന്ധപൂര്വ്വം ദൈവത്തെ അനുസരിക്കാത്തവരും എന്നു ഉപമാനാര്ത്ഥം പറയുന്നതാണ്.
- പരിച്ഛേദന എന്നതിന് നിര്ദിഷ്ട ഭാഷയില്ഒരു പദം ഉപയോഗിക്കുകയോ അറിയുകയോ ചെയ്യുന്നുണ്ടെങ്കില്, "അഗ്രച്ചര്മ്മി" എന്നത് "പരിച്ഛേദന ഏല്ക്കാത്തവന്" എന്നു പരിഭാഷപ്പെടുത്താം.
- "അഗ്രച്ചര്മ്മി" എന്ന പദം "പരിച്ഛേദന എല്ക്കാത്ത ജനം" അല്ലെങ്കില്"ദൈവത്തിനു ഉള്പ്പെടാത്ത ജനം" എന്നിങ്ങനെ സാഹചര്യത്തിനനുസരിച്ച് പരിഭാഷ ചെയ്യാവുന്നതാണ്.
- ഈ പദത്തിന്റെ ഉപമാനരൂപേണയുള്ള പരിഭാഷയ്ക്ക് "ദൈവത്തിന്റെ ജനമല്ലാത്തവര്" അല്ലെങ്കില്"ദൈവത്തിനു ഉള്പ്പെട്ടവരല്ലാത്തതുപോലെ മത്സരികളായവര്" അല്ലെങ്കില്"ദൈവത്തിനു ഉള്പ്പെട്ടവര്എന്നതിന്റെ യാതൊരു അടയാളവും ഇല്ലാത്തവര്" എന്നീ രീതികള്ഉള്പ്പെടുത്താം.
- "പരിച്ഛേദനയില്ലാത്ത ഹൃദയം" എന്ന ആശയം "കാഠിന്യത്തോടെ മത്സരിക്കുന്നവര്" അല്ലെങ്കില്"വിശ്വസിക്കുവാന്വിസ്സമ്മതിക്കുന്നവര്" എന്നിങ്ങനെ പരിഭാഷപ്പെടുത്താം. എന്നിരുന്നാലും, ആത്മീയ പരിച്ഛേദന എന്നത് ഒരു പ്രധാന ആശയമാകയാല്ഈ പ്രയോഗത്തെയോ അതിനു തുല്യമായ ഒന്നിനെയോ കരുതുന്നത് വളരെ നല്ലതാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- നിര്ദിഷ്ട ഭാഷയുടെ സംസ്കാരത്തില്പുരുഷന്മാര്ക്ക് പരിച്ഛേദന നടത്തുന്നു ണ്ടെങ്കില്, ഈ പദം സൂചിപ്പിക്കുവാന്ആ വാക്ക് ഉപയോഗിക്കേണ്ടതാണ്.
- ഈ പദം പരിഭാഷപ്പെടുത്തുവാനുള്ള ഇതര മാര്ഗ്ഗങ്ങള്, "ചുറ്റും മുറിക്കുക", അല്ലെങ്കില്"വൃത്താകൃതിയില്മുറിക്കുക" അല്ലെങ്കില്"അഗ്രചര്മ്മം മുറിച്ചു മാറ്റുക" എന്നിങ്ങനെയാണ്.
- പരിച്ഛേദന അപരിചിതമായ സംസ്കാരങ്ങളില്, ഇതു ഒരു അടിക്കുറിപ്പ് മൂലമോ പദവിവരണ സഞ്ചയം മൂലമോ വിശദീകരണം നല്കാവുന്നതാണ്.
- പരിഭാഷപ്പെടുത്തുവാന്ഉപയോഗിക്കുന്ന പദം സ്ത്രീകളെ കുറിക്കുന്നില്ല എന്നു ഉറപ്പുവരുത്തുക.
- "പുരുഷന്" എന്നു അര്ത്ഥം വരുന്ന വാക്കോ പദസഞ്ചയമോ ഉള്പ്പെടുത്തിക്കൊണ്ട് ഈ പദം പരിഭാഷപ്പെടുത്തേണ്ടത് ആവശ്യമാണ്.

(കാണുക:അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: അബ്രഹാം, ഉടമ്പടി)

## ദൈവവചന സൂചികകള്:

- ഉല്പ്പത്തി 17:9-11
- ഉല്പ്പത്തി 17:12-14
- പുറപ്പാട് 12:47-48
- ലേവ്യപുസ്തകം 26:40-42
- യോശുവ 05:2-3
- ന്യായാധിപന്മാര് 15:17-18
- 2 ശമുവേല്01:17-20
- യിരെമ്യാവ് 09:25-26
- യെഹസ്കേല്32:24-25
- അപ്പോ.പ്രവര്ത്തികള്10:44-45
- അപ്പോ.പ്രവര്ത്തികള്11:1-3
- അപ്പോ.15:1-2
- അപ്പോ.11:1-3
- റോമര്02:25-27
- ഗലാത്യര്05:3-4
- എഫെസ്യര്02:11-12
- ഫിലിപ്പിയര്03:1-3
- കൊലോസ്സ്യര്02:10-12
- കൊലോസ്സ്യര്02:13-15

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **05:03**”നീ നിന്റെ ഭവനത്തിലുള്ള സകല പുരുഷപ്രജകളെയും **പരിച്ഛേദന** ചെയ്യിക്കണം.”
- **05:05** ആ ദിവസം അബ്രഹാം തന്റെ ഭവനത്തിലുള്ള എല്ലാ പുരുഷപ്രജകളെയും **പരിച്ഛേദന** ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4135, H4139, H5243, H6188, H6189, H6190, G203, G564, G1986, G4059, G4061

# പരിശുദ്ധന്

## നിര്വചനം:

“പരിശുദ്ധന്” എന്ന പദം ദൈവ വചനത്തില്എല്ലായ്പ്പോഴും ദൈവത്തെ സൂചിപ്പിക്കുന്ന ഒരു സ്ഥാനീയ നാമം ആകുന്നു.

- പഴയ നിയമത്തില്, ഈ സ്ഥാനീയ നാമം സാധാരണയായി “ഇസ്രായേലിന്റെ പരിശുദ്ധന്” എന്ന പദസഞ്ചയം മൂലം സൂചിപ്പിക്കപ്പെടുന്നു.
- പുതിയ നിയമത്തില്, യേശുവിനെയും “പരിശുദ്ധന്” എന്ന് സൂചിപ്പിക്കുന്നു. “വിശുദ്ധന്” എന്ന പദം ചില സന്ദര്ഭങ്ങളില്ദൈവ വചനത്തില് ദൂതന്മാരെ സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- അക്ഷരീക പദം “പരിശുദ്ധന്” എന്നാകുന്നു.(“ഏകന്” എന്ന് സൂചിപ്പിക്കുന്നു) പല ഭാഷകളില്(ഇംഗ്ലിഷ് പോലെ) ഇത് സൂചക നാമം ഉള്പ്പെടുത്തി ക്കൊണ്ട് (“ഒന്ന്”അല്ലെങ്കില്“ദൈവം” മുതലായവ) പരിഭാഷ ചെയ്യാം.
- ഈ പദം ‘വിശുദ്ധനായ ദൈവം” അല്ലെങ്കില്വേര്തിരിക്കപ്പെട്ടവന്” എന്നിങ്ങനെയും പരിഭാഷ ചെയ്യാം. “ഇസ്രയേലിന്റെ പരിശുദ്ധന്ആയവന്” എന്ന പദസഞ്ചയം “ഇസ്രയേല്ആരാധിക്കുന്ന പരിശുദ്ധനായ ദൈവം” അല്ലെങ്കില്“ഇസ്രയേലിനെ ഭരിക്കുന്നവനായ പരിശുദ്ധന്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”വിശുദ്ധം” എന്ന പദം പരിഭാഷ ചെയ്യുവാന്ഉപയോഗിച്ച അതേ പദം അല്ലെങ്കില്പദസഞ്ചയം തന്നെ ഉപയോഗിച്ചു ഇത് പരിഭാഷ ചെയ്യുന്നത് നല്ലതായിരിക്കും.

(കാണുക: വിശുദ്ധം,ദൈവം)

## ദൈവ വചന സൂചികകള്:

- 1 യോഹന്നാന്02:20-21
- 2 രാജാക്കന്മാര്19:20-22
- അപ്പോ.02:27-28
- അപ്പോ.03:13-14
- യെശ്ശയ്യാവ് 05:15-17
- യെശ്ശയ്യാവ് 41:14-15
- ലൂക്കോസ് 04:33-34

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2623, H376, H6918, G40, G3741

# പരിശുദ്ധാത്മാവിനാല്‍നിറയുക

## നിര്വചനം:

“പരിശുദ്ധാത്മാവിനാല്‍നിറയുക” എന്ന പദസഞ്ചയം, ഒരു മനുഷ്യന്‍പരിശുദ്ധാത്മാവിനാല്‍ദൈവത്തിന്റെ ഹിതം ചെയ്യുവാനായി ശക്തീകരിക്കപ്പെടുന്നതിനെ വിശദീകരിക്കുവാനായി ഉപയോഗിക്കുമ്പോള്‍ഉപമാനമായി ഉപയോഗിക്കുന്ന പദപ്രയോഗമാണ്.

- ”നിറയുക” എന്ന പദപ്രയോഗം സാധാരണയായി പ്രകടിപ്പിക്കുന്ന അര്‍ത്ഥം “നിയന്ത്രിക്കുന്നത്” എന്നാണ്.
- ജനം പരിശുദ്ധാത്മാവിന്റെ നടത്തിപ്പിലും ദൈവം അവരെക്കുറിച്ച് ചെയ്യുവാന്‍ആവശ്യപ്പെടുന്നതു നിവര്‍ത്തിക്കുന്നതിനും വേണ്ടി സഹായിപ്പാന്തന്നില്‍ ആശ്രയിക്കുകയും ചെയ്യുമ്പോള്‍ജനം ”പരിശുദ്ധാത്മാവിനാല്‍നിറയുന്നു.”

## പരിഭാഷ നിര്‍ദേശങ്ങള്‍:

- ഈ പദം “പരിശുദ്ധാത്മാവിനാല്‍ശക്തീകരിക്കപ്പെടുക” അല്ലെങ്കില്‍“പരിശുദ്ധാത്മാവിനാല്‍നിയന്ത്രിക്കപ്പെടുക” എന്നു പരിഭാഷപ്പെടുത്താം. എന്നാല്‍ഇതു പരിശുദ്ധാത്മാവ് എന്തെങ്കിലും ചെയ്യുവാനായി മനുഷ്യരെ നിര്‍ബന്ധിപ്പിക്കുന്നു എന്ന ധ്വനി നല്‍കരുത്.
- ”അവന്‍പരിശുദ്ധാത്മാവിനാല്‍നിറയപ്പെട്ടു” എന്നത് പോലെ ഉള്ള വാചകം “അവന്‍ആത്മശക്തിയുടെ നിറവില്‍ജീവിക്കുന്നവനായിരുന്നു” അല്ലെങ്കില്‍“താന്‍സമ്പൂര്‍ണ്ണമായി പരിശുദ്ധാത്മാവിനാല്‍നയിക്കപ്പെട്ടിരുന്നു” അല്ലെങ്കില്‍“പരിശുദ്ധാത്മാവ് അവനെ പൂര്‍ണമായി നയിച്ചു വന്നിരുന്നു.” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- ഈ പദം “ആത്മാവിനാല്‍ജീവിക്കുക” എന്നു അര്‍ത്ഥം വരുന്ന പദപ്രയോഗവുമായി സാമ്യമുള്ളതാണ്, എന്നാല്‍“പരിശുദ്ധാത്മാവിനാല്‍നിറയുക” എന്നത് ഒരു വ്യക്തി തന്റെ ജീവിതത്തിന്മേല്‍സമ്പൂര്‍ണ്ണമായി പരിശുദ്ധാത്മാവിനു നിയന്ത്രണം അല്ലെങ്കില്‍സ്വാധീനം അനുവദിക്കു ന്നതിന് ഊന്നല്‍നല്‍കുന്നതിനെ കുറിക്കുന്നു. ആയതിനാല്‍, സാധ്യമെങ്കില്‍ഈ പദപ്രയോഗങ്ങള്വ്യത്യസ്ത നിലകളില്പരിഭാഷ ചെയ്യേണ്ടതാണ്.

(കാണുക:പരിശുദ്ധാത്മാവ്)

## ദൈവ വചന സൂചികകള്‍:

- അപ്പോ.പ്രവര്‍ത്തികള്‍04:29-31
- അപ്പോ.പ്രവര്‍ത്തികള്‍05:17-18
- അപ്പോ.പ്രവര്‍ത്തികള്‍06:8-9
- ലൂക്കോസ് 01:14-15
- ലൂക്കോസ് 01:39-41
- ലൂക്കോസ് 04:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G40, G4130, G4137, G4151

# പരിശുദ്ധാത്മാവ്, ദൈവത്തിന്റെ ആത്മാവ്, കര്ത്താവിന്റെ ആത്മാവ്, ആത്മാവ്

## വസ്തുതകള്:

ഈ പദങ്ങള്എല്ലാം തന്നെ ദൈവം ആകുന്ന പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു. ഏക സത്യ ദൈവം ആകുന്ന ദൈവം പിതാവ്,പുത്രന്, പരിശുദ്ധാത്മാവ് എന്നിങ്ങനെ നില കൊള്ളുന്നു.

- പരിശുദ്ധാത്മാവിനെ "ആത്മാവ്" എന്നും "യഹോവയുടെ ആത്മാവ്" എന്നും "സത്യത്തിന്റെ ആത്മാവ്" എന്നും സൂചിപ്പിക്കുന്നു. പരിശുദ്ധാത്മാവ് ദൈവം ആകയാല്, താന് തികെച്ചും പരിശുദ്ധനും, അനന്തമായി വിശുദ്ധനും, ധാര്മ്മികമായി തന്റെ സ്വഭാവത്തിലും ചെയ്യുന്നതായ സകല പ്രവര്ത്തിയിലും ഉത്തമനും ആകുന്നു.
- പിതാവിനോടും പുത്രനോടും ചേര്ന്ന്, പരിശുദ്ധാത്മാവും ലോകത്തിന്റെ സൃഷ്ടി കര്മ്മത്തില് കര്മ്മനിരതന് ആയിരുന്നു.
- ദൈവത്തിന്റെ പുത്രനായ യേശു, സ്വര്ഗ്ഗത്തിലേക്ക് മടങ്ങി പോയപ്പോള്, തന്റെ ജനത്തെ നയിക്കുവാനും, ഉപദേശിക്കുവാനും, ആശ്വസിപ്പിക്കുവാനും, അവരെ ദൈവത്തിന്റെ ഹിതം ചെയ്യുവാനായി കഴിവുള്ളവര് ആക്കേണ്ടതിനും വേണ്ടി ദൈവം പരിശുദ്ധാത്മാവിനെ അയച്ചു. പരിശുദ്ധാത്മാവ് യേശുവിനെ നയിച്ചു, യേശുവില് വിശ്വസിക്കുന്നവരെ നയിച്ച് കൊണ്ടിരിക്കയും ചെയ്യുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം ലളിതമായി പരിഭാഷ ചെയ്യേണ്ടതിനു "പരിശുദ്ധം" എന്നും "ആത്മാവ്" എന്നും പരിഭാഷ ചെയ്യുവാന് ഉപയോഗിച്ച വാക്കുകള് ഉപയോഗിക്കാം.
- ഈ പദം പരിഭാഷ ചെയ്യുവാന് "ശുദ്ധമായ ആത്മാവ്" അല്ലെങ്കില് "വിശുദ്ധനായ ആത്മാവ്" അല്ലെങ്കില് "ആത്മാവാകുന്ന ദൈവം" എന്നീ പദങ്ങളും ഉള്പ്പെടുത്താം.

(കാണുക: പരിശുദ്ധം, ആത്മാവ്, ദൈവം, കര്ത്താവ്, പിതാവാം ദൈവം, പുത്രനായ ദൈവം, ദാനം).

## ദൈവ വചന സൂചികകള്:

- 1 ശമുവേല്:9-10
- 1 തെസ്സലോനിക്യര്:7-8
- അപ്പോ.08:14-17
- ഗലാത്യര്:25-26
- ഉല്പത്തി 01:1-2
- യെശ്ശയ്യാവ് 63:10
- ഇയ്യോബ് 33:4-5
- മത്തായി 12:31-32
- മത്തായി 28:18-19
- സങ്കീര്ത്തനങ്ങള്051:10-11

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **01:01** എന്നാല്ദൈവത്തിന്റെ **ആത്മാവ്** വെള്ളത്തിന്മീതെ ഉണ്ടായിരുന്നു.
- **24:08** സ്നാനത്തിനു ശേഷം യേശു ജലത്തില്നിന്നും പുറത്ത് വന്നപ്പോള്, **ദൈവത്തിന്റെ ആത്മാവ്** പ്രാവിന്റെ രൂപത്തില്ഇറങ്ങി വന്നു തന്റെ മേല്ആവസിച്ചു.
- **26:01** സാത്താന്റെ പരീക്ഷണങ്ങളെ അതിജീവിച്ചതിനു ശേഷം, യേശു **പരിശുദ്ധാത്മാവിന്റെ** ശക്തിയോടെ താന് ജീവിച്ചു വന്ന ഗലീലീ പ്രദേശത്തേക്കു മടങ്ങി വന്നു.
- **26:03** യേശു വായിച്ചത്, "ഞാന്ദരിദ്രരോട് സുവിശേഷം അറിയിക്കേണ്ടതിനും, ബന്ധിതര്ക്ക് സ്വാതന്ത്ര്യം നല്കേണ്ടതിനും, അന്ധരുടെ കാഴ്ച വീണ്ടെടുക്കേണ്ടതിനും, പീഡ അനുഭവിക്കുന്നവര്ക്ക് വിടുതല്ഉണ്ടാകേണ്ടതിനും ദൈവം **തന്റെ ആത്മാവിനെ** എന്റെ മേല്നല്കിയിരിക്കുന്നു.
- **42:10** "ആകയാല്പോകുവിന്, സകല ജനവിഭാഗങ്ങളെയും ശിഷ്യരാക്കി അവരെ പിതാവിന്റെയും, പുത്രന്റെയും, **പരിശുദ്ധാത്മാവിന്റെയും** നാമത്തില്സ്നാനം കഴിപ്പിച്ചും ഞാന്നിങ്ങളോട് കല്പ്പിച്ചവ എല്ലാം അനുസരിക്കുവാന്തക്കവണ്ണം ഉപദേശിക്കുകയും ചെയ്യുവിന്."

- **43:03** അവര്എല്ലാവരും **പരിശുദ്ധാത്മാവിനാല്നിറഞ്ഞു** അന്യ ഭാഷകളില് സംസാരിക്കുവാന്തുടങ്ങി.
- **43:08** "താന്ചെയ്യുമെന്ന് വാഗ്ദത്തം ചെയ്തത് പോലെ യേശു **പരിശുദ്ധാത്മാവിനെ** നല്കി.

ഇപ്പോള്നിങ്ങള്കാണുകയും കേള്ക്കുകയും ചെയ്യുന്നതുപോലെ **പരിശുദ്ധാത്മാവ്** സംഭവങ്ങള്നടക്കുവാന്ഇടയാക്കി.

- **43:11** പത്രോസ് അവരോടു മറുപടി പറഞ്ഞത്, "നിങ്ങള്എല്ലാവരും ദൈവം നിങ്ങളുടെ പാപങ്ങള്ക്ഷമിക്കേണ്ടതിനു മാനസ്സാന്ത രപ്പെടുകയും യേശുക്രിസ്തുവിന്റെ നാമത്തില്സ്നാനപ്പെടുകയും ചെയ്യണമെന്നു" ആയിരുന്നു. അപ്പോള്താന്നിങ്ങള്എല്ലാവര്ക്കും **പരിശുദ്ധാത്മാവ്** എന്ന ദാനം നല്കുകയും ചെയ്യും.
- **45:01** അവന്(സ്തേഫാനോസ്) സല്കീര്ത്തി ഉള്ളവനും,**പരിശുദ്ധാത്മാവിനാലും** ജ്നാനത്താലും നിറഞ്ഞവനും ആയിരുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3068, H6944, H7307, G40, G4151

# പരിശോധന, പരിശോധനകള്, പരിശോധിച്ചു

## നിര്വചനം:

ഒരു വ്യക്തിയുടെ ശക്തികളും ബലഹീനതകളും എന്തെന്ന് വെളിപ്പെടുത്തുന്ന വിഷമകരമായ അല്ലെങ്കില്വേദനാജനകമായ അനുഭവങ്ങളെ "പരിശോധന" എന്ന പദം സൂചിപ്പിക്കുന്നു.

- ദൈവം ജനത്തെ പരീക്ഷിക്കുന്നു, എന്നാല്അവരെ പാപം ചെയ്യുവാനായി ഹേമിക്കുന്നില്ല. എങ്കിലും, സാത്താന്ജനത്തെ പാപം ചെയ്യുവാനായി പരിശോധനയില്അകപ്പെടുത്തുന്നു.
- ദൈവം ചില സന്ദര്ഭങ്ങളില്ജനത്തിന്റെ പാപം വെളിപ്പെടുത്തുവാനായി പരിശോധന ചെയ്യുന്നു. ഒരു പരിശോധന ഒരു മനുഷ്യനെ പാപത്തില്നിന്നും ഒഴിഞ്ഞു മാറുവാനും ദൈവത്തോട് അടുത്ത് ചെല്ലുവാനും സഹായിക്കുന്നു.
- സ്വര്ണ്ണവും മറ്റു ലോഹങ്ങളും അഗ്നിയാല്പരിശോധന ചെയ്യുകയും അവ എന്തുമാത്രം ശുദ്ധവും ശക്തവും ആണെന്ന് കണ്ടു പിടിക്കുകയും ചെയ്യുന്നു. ഇത് ദൈവം തന്റെ ജനത്തെ പരിശോധിക്കുവാനായി വേദന നിറഞ്ഞ സാഹചര്യങ്ങളെ എപ്രകാരം ഉപയോഗിക്കുന്നു എന്ന് ചിത്രീകരിക്കുന്നു.
- "പരിശോധനയില്അകപ്പെടുത്തുക" എന്നതിന്റെ അര്ത്ഥം, "ആരെയെങ്കിലും അല്ലെങ്കില്എന്തിനെ എങ്കിലും അതിന്റെ മൂല്യം തെളിയിക്കുവാനായി വെല്ലുവിളിക്കുന്നത്" എന്ന് അര്ത്ഥം നല്കാം.
- ദൈവത്തെ പരീക്ഷിക്കുക എന്ന സാഹചര്യത്തില്, അതിന്റെ അര്ത്ഥം തന്റെ കരുണയെ മുന്നിര്ത്തിക്കൊണ്ട് നമുക്ക് വേണ്ടി ഒരു അത്ഭുതം പ്രവര്ത്തിക്കുവാന്ഇടയാക്കി കൊള്ളുക എന്നു ആകുന്നു.
- യേശു സാത്താനോട് പറഞ്ഞത് ദൈവത്തെ പരീക്ഷിക്കുന്നത് തെറ്റു ആകുന്നു എന്നാണ്. സകലത്തിനും സകലര്ക്കും മുകളില്താന്സര്വ ശക്തനും വിശുദ്ധനും ആയ ദൈവം ആകുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "പരിശോധന" എന്ന പദം, "വെല്ലുവിളിക്കുക" അല്ലെങ്കില്"പ്രയാസങ്ങള്അനുഭവിക്കുവാന്ഇട വരുത്തുക" അല്ലെങ്കില്"തെളിയിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ഒരു പരിശോധന" എന്നതിനെ പരിഭാഷ ചെയ്യുവാന്, "ഒരു വെല്ലുവിളി" അല്ലെങ്കില്"ഒരു വിഷമകരമായ അനുഭവം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "പരിശോധനയില്ഉള്പ്പെടുത്തുക" എന്നതിനെ "പരിശോധിക്കുക" അല്ലെങ്കില്"ഒരു വെല്ലുവിളി ഉളവാക്കുക" അല്ലെങ്കില്ഒരു വ്യക്തിയെ തെളിയിക്കുവാനായി നിര്ബന്ധിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ദൈവത്തെ പരിശോധന ചെയ്യുക" എന്ന സാഹചര്യത്തില്, ഇത് "ദൈവത്തെ തന്റെ സ്നേഹം വെളിപ്പെടുത്തുവാനായി നിര്ബന്ധിക്കുവാന്ശ്രമിക്കുക" എന്ന് പരിഭാഷ ചെയ്യാം.
- ചില സാഹചര്യങ്ങളില്, ദൈവം വിഷയം ആയി വരാതിരിക്കുമ്പോള്, "പരിശോധന" എന്ന പദം "പരീക്ഷിക്കുക" എന്ന് അര്ത്ഥം നല്കുന്നു.

(കാണുക:പരീക്ഷിക്കുക)

## ദൈവ വചന സൂചികകള്:

- 1 യോഹന്നാന്04:1-3
- 1 തെസ്സലോനിക്യര് 05:19-22
- അപ്പോ.15:10-11
- ഉല്പ്പത്തി 22:1-3
- യെശ്ശയ്യാവ് 07:13-15
- യാക്കോബ് 01:12-13
- വിലാപങ്ങള്03:40-43
- മലാഖി 03:10-12
- ഫിലിപ്പിയര്01:9-11
- സങ്കീര്ത്തനങ്ങള്026:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5713, H5715, H5749, H6030, H8584, G1242, G1263, G1303, G1957, G3140, G3141, G3142, G3143, G4303, G4828, G6020

# പരീക്ഷിക്കുക, പരീക്ഷ

## നിര്വചനം:

പരീക്ഷിക്കുക എന്നത് ആരെയെങ്കിലും ഏതെങ്കിലും തെറ്റായ പ്രവര്ത്തി ചെയ്യുവാന് പ്രേരിപ്പിക്കുക എന്നുള്ളതാണ്.

- ഒരു പരീക്ഷണം എന്നത് തെറ്റായ ഒരു കാര്യം ചെയ്യുവാന് ഒരു വ്യക്തി പ്രേരിപ്പിക്കപ്പെടുക എന്നുള്ളതാണ്.
- ആളുകള് തങ്ങളുടെ പാപസ്വഭാവം നിമിത്തവും മറ്റുള്ളവര് നിമിത്തവും പരീക്ഷിക്കപ്പെടുന്നു.
- സാത്താനും ദൈവത്തെ അനുസരിക്കാതെ ഇരിക്കുവാനും ദൈവത്തിനു എതിരെ തെറ്റായ പ്രവര്ത്തികള് ചെയ്തു പാപം ചെയ്യുവാനും ജനത്തെ പരീക്ഷിക്കുന്നു.
- സാത്താന് യേശുവിനെ പരീക്ഷിക്കുകയും തെറ്റായ കാര്യം ചെയ്യുവാന് പ്രലോഭിപ്പിക്കുകയും ചെയ്തു, എന്നാല് യേ\ശു സാത്താന്റെ പരീക്ഷണങ്ങളോട് എതിര്ത്തു നില്ക്കുകയും ഒരിക്കലും പാപം ചെയ്യാതിരിക്കുകയും ചെയ്തു.
- "ദൈവത്തെ പരീക്ഷിക്കുന്ന" ഒരു വ്യക്തി തന്നെ എന്തെങ്കിലും തെറ്റില് അകപ്പെടുത്തുക എന്നതല്ല, മറിച്ചു, ദൈവം തന്നെ പ്രതികരണമെന്ന നിലയില് തന്നെ ശിക്ഷിക്കണം എന്ന് വെച്ച് ദൈവത്തിനെതിരെ കര്ക്കശമായ നിലയില് അനുസരണക്കേട് ഉള്ളവനായി തുടരുന്നു എന്നുള്ളതാണ്.
- ഇതിനെയും "ദൈവത്തെ പരീക്ഷിക്കുക" എന്ന് വിളിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- പരീക്ഷണം" എന്ന പദം "പാപം ചെയ്യുവാനായി ഇടയാക്കി തീര്ക്കുക" അല്ലെങ്കില് "പ്രലോഭിക്കുക" അല്ലെങ്കില് "പാപം ചെയ്യുവാനുള്ള തൃഷ്ണ ഉളവാക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "പരീക്ഷണങ്ങള്" എന്ന പദം പരിഭാഷ ചെയ്യുവാനുള്ള രീതികളില് "പരീക്ഷിക്കുന്ന വസ്തുതകള് " അല്ലെങ്കില് "ഒരു വ്യക്തിയെ പാപം ചെയ്യുവാന് വശീകരിക്കുന്നതായ വസ്തുതകള്" അല്ലെങ്കില് "തെറ്റായ എന്തെങ്കിലും പ്രവര്ത്തി ചെയ്യുവാന് ആഗ്രഹം ഉളവാക്കുന്ന വസ്തുതകള്" എന്നിങ്ങനെ ഉള്ളവ ഉള്പ്പെടുത്താം.
- "ദൈവത്തെ പരീക്ഷിക്കുക" എന്നത് "ദൈവത്തെ പരീക്ഷിക്കുവാന് ഇടയാക്കുക" അല്ലെങ്കില് "ദൈവത്തെ പരീക്ഷിക്കുക" അല്ലെങ്കില്" ദൈവത്തിന്റെ ദീര്ഘക്ഷമയെ പരിശോധിക്കുക" അല്ലെങ്കില് "ദൈവം ശിക്ഷിക്കുവാന് തക്കവിധം ഇടവരുത്തുക" അല്ലെങ്കില് "കാര്ക്കശ്യത്തോടെ ദൈവത്തെ അനുസരിക്കാതിരിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: അനുസരണക്കേട്, സാത്താന്, പാപം, ശോധന ചെയ്യുക)

## ദൈവ വചന സൂചികകള്:

- 1 തെസ്സലോനിക്യര് 03:4-5
- എബ്രായര് 04:14-16
- യാക്കോബ് 01:12-13
- ലൂക്കോസ് 04:1-2
- ലൂക്കോസ് 11:3-4
- മത്തായി 26:39-41

## ദൈവവചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **25:01** അനന്തരം യേശുവിന്റെ അടുക്കല് സാത്താന് കടന്നു വരികയും തന്നെ പാപ ചെയ്യുവാനായി **പരീക്ഷിക്കുകയും** ചെയ്തു.
- **25:08](rc://ml/tn/help/obs/25/08)** യേശു സാത്താന്റെ **പരീക്ഷണങ്ങള്ക്ക്** വശംവദന് ആയില്ല, അതിനാല് സാത്താന് അവനെ വിട്ടുപോയി.
- **38:11** യേശു ശിഷ്യന്മാരോട് അവര് **പരീക്ഷയില്** അകപ്പെട്ടു പോകാതിരിക്കേണ്ടതിനു പ്രാര്ഥിക്കണം എന്ന് പറഞ്ഞു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H974, H4531, H5254, G551, G1598, G3985, G3986, G3987

# പരീശൻ, പരീശന്മാർ

## വസ്തുതകൾ:

പരീശന്മാർ, പ്രാധാന്യമുള്ള, അധികാരം ഉള്ള യഹൂദ മത നേതാക്കന്മാരുടെ വിഭാഗമായി യേശുവിന്റെ കാലഘട്ടത്തിൽ കാണപ്പെട്ടിരുന്നു.

- അവരിൽ പലരും മദ്ധ്യ വർഗ്ഗത്തിൽ പെട്ട വ്യവസായികളും ചിലർ പുരോഹിതന്മാരും ആയിരുന്നു.
- എല്ലാ യഹൂദ നേതാക്കന്മാരിലും വെച്ച്, പരീശന്മാർ മോശെയുടെ ന്യായപ്രമാണങ്ങളും ഇതര യഹൂദ നിയമങ്ങളും പാരമ്പര്യങ്ങളും വളരെ കർശനമായി പാലിച്ചു വരുന്നവർ ആയിരുന്നു.
- അവർ യഹൂദരായ ആളുകളെ അവരുടെ ചുറ്റുപാടുകളിൽ വസിക്കുന്ന ജാതികളുടെ സ്വാധീനത്തിൽ നിന്നും അകറ്റി നിർത്തുന്നതിൽ വളരെ ശ്രദ്ധ പതിപ്പിക്കുന്നവർ ആയി കാണപ്പെട്ടിരുന്നു. "പരീശൻ" എന്ന പദം "വേർതിരിക്കുക" എന്ന പദത്തിൽ നിന്നാണ് വന്നിരിക്കുന്നത്.
- പരീശന്മാർ മരണത്തിനു ശേഷം ഉള്ള ജീവിതത്തിൽ വിശ്വസിച്ചിരുന്നു: അവർ ദൂതന്മാരുടെയും മറ്റുള്ള ആത്മജീവികളുടെ ആസ്തിത്വത്തിലും കൂടെ വിശ്വസിച്ചിരുന്നു.
- പരീശന്മാരും സദൂക്യരും വളരെ ശക്തമായി യേശുവിനെയും ആദ്യകാല ക്രിസ്ത്യാനികളെയും എതിർത്തു വന്നിരുന്നു.

(കാണുക: ആലോചന സംഘം, യഹൂദ നേതാക്കന്മാർ, ന്യായ പ്രമാണം, സദൂക്യൻ)

## ദൈവ വചന സൂചികകൾ:

- അപ്പോ. 26:4-5
- യോഹന്നാൻ 03:1-2
- ലൂക്കോസ് 11:43-44
- മത്തായി 03:7-9
- മത്തായി 05:19-20
- മത്തായി 09:10-11
- മത്തായി 12:1-2
- മത്തായി 12:38-40
- ഫിലിപ്പിയർ 03:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G5330

# പാപം, പാപങ്ങള്, പാപം ചെയ്തു, പാപം നിറഞ്ഞ, പാപി, പാപം ചെയ്യുന്ന

## നിര്വചനം:

"പാപം" എന്ന പദം ദൈവത്തിന്റെ ഹിതത്തിനും പ്രമാണങ്ങള്ക്കും എതിരായി ഉള്ള പ്രവര്ത്തികള്, ചിന്തകള്, വാക്കുകള് എന്നാണ് സൂചിപ്പിക്കുന്നത്. പാപം എന്ന് പറയുന്നത് ദൈവം നാം ചെയ്യണം എന്ന് ആവശ്യപ്പെടുന്ന കാര്യങ്ങള് ചെയ്യാതിരിക്കുന്നതും കൂടെ ആകുന്നു.

- പാപം എന്നത് ദൈവത്തെ അനുസരിക്കാതെയും പ്രസാദിപ്പിക്കാതെയും ഉള്ള സകലവും, മറ്റുള്ള ആളുകള്പോലും അറിയാത്ത സംഗതികള് ഉള്പ്പെടെ ഉള്ളവ ആകുന്നു,
- ദൈവത്തിന്റെ ഹിതത്തിനു അനുസരണം അല്ലാത്തതായ ചിന്തകളും പ്രവര്ത്തികളും "പാപം നിറഞ്ഞവ" ആകുന്നു.
- ആദം പാപം ചെയ്തത് നിമിത്തം, സകല മനുഷ്യ വര്ഗ്ഗവും "പാപം നിറഞ്ഞ പ്രകൃതി"യോടു കൂടെ ജനിക്കുന്നു, ആ പ്രകൃതി അവരെ നിയന്ത്രിക്കുകയും അവരെ പാപം ചെയ്യുവാനായി ഇട വരുത്തുകയും ചെയ്യുന്നു.
- ഒരു "പാപി" എന്ന് പറയുന്ന ഒരുവന് പാപം ചെയ്യുന്നവന് ആകുന്നു, ആകയാല് ഓരോ മനുഷ്യനും ഒരു പാപി ആകുന്നു.
- ചില സമയങ്ങളില്, "പാപികള്" എന്ന വാക്ക് പരീശന്മാര് പോലെയുള്ള മതത്തിന്റെ വക്താക്കള് അവര് ചിന്തിക്കുന്ന രീതിയില് ന്യായപ്രമാണത്തെ പിന്തുടരാത്തവരായ ജനങ്ങളെ സൂചിപ്പിക്കുവാനായി ഉപയോഗിക്കുന്നു. "പാപി" എന്ന പദം മറ്റുള്ള ജനങ്ങളെക്കാളും മോശമായ നിലയില് ഉള്ളവര് എന്ന് പരിഗണിക്കപ്പെടുന്നവരായ ജനങ്ങളെയും കുറിക്കുവാന് ഉപയോഗിക്കുന്നു. ഉദാഹരണമായി, ഈ സൂചിക ചുങ്കക്കാര്ക്കും വേശ്യകള്ക്കും നല്കപ്പെട്ടിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

"പാപം" എന്ന പദം "ദൈവത്തോടുള്ള അനുസരണക്കേട്" അല്ലെങ്കില് "ദൈവത്തിന്റെ ഹിതത്തിനു എതിരായി നീങ്ങുക" അല്ലെങ്കില് "ദുഷ്ട സ്വഭാവവും ചിന്തകളും" അല്ലെങ്കില് "തെറ്റായ പ്രവര്ത്തികള്" എന്നിങ്ങനെ അര്ത്ഥം നല്കുന്ന പദങ്ങള് അല്ലെങ്കില് പദസഞ്ചയങ്ങള് കൊണ്ട് പരിഭാഷ ചെയ്യാം.

- "പാപം" ചെയ്യുക എന്നത് "ദൈവത്തോട് അനുസരക്കേട് കാണിക്കുക" അല്ലെങ്കില് "തെറ്റ് ചെയ്യുക" എന്നിങ്ങനെയും പരിഭാഷ ചെയ്യാം. സാഹചര്യത്തിന് അനുസരണമായി "പാപം നിറഞ്ഞ" എന്നത് "മുഴുവന് തെറ്റു പ്രവര്ത്തികള് ചെയ്യുന്ന" അല്ലെങ്കില് "ദോഷകരമായ" അല്ലെങ്കില് "അധാര്മ്മികമായ" അല്ലെങ്കില് "ദൈവത്തിനു എതിരായി മത്സരിക്കുന്ന" എന്നിങ്ങനെ പരിഭാഷ ചെയ്യാം. സാഹചര്യം അനുസരിച്ച് "പാപി" എന്ന പദം "പാപം ചെയ്യുന്ന വ്യക്തി" അല്ലെങ്കില് "തെറ്റായ പ്രവര്ത്തികള് ചെയ്യുന്ന വ്യക്തി" അല്ലെങ്കില് ദൈവത്തോട് അനുസരണക്കേട് കാണിക്കുന്ന വ്യക്തി" അല്ലെങ്കില് "നിയമത്തെ അനുസരിക്കാത്തതായ വ്യക്തി" എന്നിങ്ങനെയുള്ള വാക്കിനാലോ അല്ലെങ്കില് പദ സഞ്ചയങ്ങളാലോ പരിഭാഷ ചെയ്യാവുന്നതാണ്. "പാപികള്" എന്ന പദം "വളരെ പാപ പങ്കിലമായ ആളുകള്" അല്ലെങ്കില് "വളരെ പാപം നിറഞ്ഞതായ ആളുകളായി പരിഗണിക്കപ്പെട്ടവര്" അല്ലെങ്കില് "അധാര്മ്മികരായ ജനം' എന്നിങ്ങനെ അര്ത്ഥം ഉള്ള വാക്ക് അല്ലെങ്കില് പദസഞ്ചയം കൊണ്ട് പരിഭാഷ ചെയ്യാവുന്നതാണ്.
- "ചുങ്കക്കാരും പാപികളും" എന്നത് പരിഭാഷ ചെയ്യുവാന് ഉള്ള രീതികളില് "ഭരണകൂടത്തിനു വേണ്ടി പണം പിരിച്ചെടുക്കുന്നവരും, ഇതര പാപം നിറഞ്ഞ ആളുകളും" അല്ലെങ്കില് വളരെ പാപം നിറഞ്ഞ ആളുകള്, നികുതി പിരിക്കുന്നവരായ ആളുകള്(പോലും) ഉള്പ്പെട്ടവരായി" എന്നിങ്ങനെ ഉള്പ്പെടുത്താം.
- "പാപത്തിനു അടിമകള്" അല്ലെങ്കില് "പാപത്താല് ഭരിക്കപ്പെടുന്നവര്" പോലെയുള്ള പദപ്രയോഗങ്ങളില് "പാപം" എന്നുള്ളത് "അനുസരണക്കേട്" അല്ലെങ്കില് "തിന്മയായ ആഗ്രഹങ്ങളും പ്രവര്ത്തികളും" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഈ പദത്തിന്റെ പരിഭാഷ മറ്റുള്ള ജനങ്ങള് അവയെ കാണുകയോ അവയെ കുറിച്ച് ശ്രവിക്കുകയോ ചെയ്യുന്നില്ല എങ്കില്പോലും പാപം നിറഞ്ഞ സ്വഭാവവും ചിന്തകളും എന്നുള്ള വസ്തുത ഉള്ക്കൊള്ളുന്നുണ്ട് എന്ന കാര്യം ഉറപ്പാക്കുക,
- "പാപം" എന്ന പദം പൊതുവായത് ആയിരിക്കണം, കൂടാതെ "ദുഷ്ടത" എന്നും "തിന്മ" എന്നും ഉള്ള പദങ്ങളില് നിന്നും വ്യത്യസ്തമായ പദങ്ങളും ആയിരിക്കണം.

(കാണുക: അനുസരണക്കേട് കാണിക്കുക, തിന്മ, മാംസം, നികുതി പിരിക്കുന്നവന്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:1-3

- 1 യോഹന്നാന്:8-10
- 1 യോഹന്നാന്:1-3
- 2 ശമുവേല്:12-14
- അപ്പോ.03:19-20
- ദാനിയേല്:24-25
- ഉല്പ്പത്തി 04:6-7
- എബ്രായര്:1-3
- യെശ്ശയ്യാവ് 53:10-11
- യിരെമ്യാവ് 18:21-23
- ലേവ്യ പുസ്തകം 04:13-15
- ലൂക്കോസ് 15:17-19
- മത്തായി 12:31-32
- റോമര്:22-23
- റോമര്:3-5

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **03:15** ദൈവം പറഞ്ഞത്, "മനുഷ്യന് ചെയ്യുന്ന ദോഷ പ്രവര്ത്തികള് നിമിത്തം ഇവരുടെ ബാല്യ കാലം മുതല് തന്നെ മനുഷ്യന് **പാപം നിറഞ്ഞവര്** എങ്കിലും ഞാന് ഇനി ഭൂമിയെ ഒരിക്കലും വീണ്ടും ശപിക്കുകയില്ല, ജലത്താല് ഭൂമിയെ നശിപ്പിക്കുകയും ഇല്ല എന്ന് ഞാന് വാഗ്ദത്തം ചെയ്യുന്നു" എന്നാണ്.
- **13:12** അവരുടെ **പാപം** നിമിത്തം ദൈവം അവരോടു വളരെ കോപം ഉള്ളവനായി തീരുകയും അവരെ നശിപ്പിച്ചു കളയുവാനായി ചിന്തിക്കുകയും ചെയ്തു.
- **20:01** ഇസ്രയേല് എന്നും യഹൂദ എന്നും ഉള്ള രണ്ടു രാജ്യങ്ങളും ദൈവത്തിനു എതിരെ **പാപം** ചെയ്തു.

അവര് ദൈവം സീനായില്വെച്ച് അവരോടു ചെയ്തതായ ഉടമ്പടി ലംഘിച്ചു.

- **21:13** പ്രവാചകന്മാരും പറഞ്ഞിരിക്കുന്നത് മശീഹ ഉല്കൃഷ്ടനും **പാപം** ഇല്ലാത്തവനും ആയിരിക്കും എന്നാണ്.

മറ്റു ജനങ്ങളുടെ **പാപത്തിന്റെ** ശിക്ഷ സ്വീകരിച്ചു കൊണ്ട് താന് മരണം വരിക്കും.

- **35:01** ഒരു ദിവസം, യേശു തന്നെ ശ്രവിക്കുവാനായി കൂടി വന്ന അനേകം ചുങ്കക്കാരോടും **പാപികളോടും** ഉപദേശിക്കുക ആയിരുന്നു.
- **36:05** അനന്തരം യേശു ഒരു പാനപാത്രം എടുത്തുകൊണ്ടു പറഞ്ഞത്, "ഇത് പാനം ചെയ്യുക.

ഇത് **പാപങ്ങളുടെ** ക്ഷമയ്ക്കായി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിക്കായുള്ള എന്റെ രക്തം ആകുന്നു

- **43:11** പത്രോസ് അവരോടു മറുപടി പറഞ്ഞത്, "നിങ്ങള് എല്ലാവരും തന്നെ മാനസ്സാന്തരപ്പെടുകയും നിങ്ങളുടെ പാപങ്ങള് ദൈവം നിങ്ങള്ക്ക് ക്ഷമിക്കേണ്ടതിനു നിങ്ങള് ഓരോരുത്തരും യേശു ക്രിസ്തുവിന്റെ നാമത്തില് സ്നാനപ്പെടുകയും വേണം" എന്ന് ആയിരുന്നു.
- **48:08** നാം എല്ലാവരും നമ്മുടെ **പാപങ്ങള്** നിമിത്തം മരണ യോഗ്യര് ആയിരുന്നു!
- **49:17](rc://ml/tn/help/obs/49/17)** നിങ്ങള് ഒരു ക്രിസ്ത്യാനി ആണെങ്കില്പ്പോലും, നിങ്ങള് **പാപം** ചെയ്യുവാന് പരീക്ഷിക്കപ്പെടുക തന്നെ ചെയ്യും. എന്നാല് നിങ്ങള് നിങ്ങളുടെ **പാപങ്ങള്** ഏറ്റു പറയുന്നു എങ്കില്, താന് നിങ്ങളുടെ പാപങ്ങള് നിങ്ങള്ക്ക് ക്ഷമിക്കുവാന് തക്കവണ്ണം ദൈവം വിശ്വസ്തന് ആകുന്നു. താന് നിങ്ങള്ക്കു **പാപത്തിനു** എതിരെ യുദ്ധം ചെയ്യുവാന് ഉള്ള ശക്തി നല്കും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H817, H819, H2398, H2399, H2400, H2401, H2402, H2403, H2408, H2409, H5771, H6588, H7683, H7686, G264, G265, G266, G268, G361, G3781, G3900, G4258

# പിതാവാം ദൈവം, സ്വര്ഗ്ഗീയ പിതാവ്, പിതാവ്

## വസ്തുതകള്:

"പിതാവാം ദൈവം" എന്നും "സ്വര്ഗ്ഗീയ പിതാവ്" എന്നും ഉള്ള പദ സഞ്ചയങ്ങള്ഏക സത്യ ദൈവം ആയ യഹോവയെ സൂചിപ്പിക്കുന്നു. ഇതേ അര്ത്ഥം വരുന്ന വേറൊരു പദം "പിതാവ്" എന്നത് യഹോവയെ സൂചിപ്പിക്കുന്നു, യേശു സര്വ സാധാരണയായി പിതാവിനെ സൂചിപ്പിക്കുവാനായി ഉപയോഗിക്കുമായിരുന്നു.

- ദൈവം പിതാവാം ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവു ആകുന്ന ദൈവം എന്നിങ്ങനെ നില കൊള്ളുന്നു. ഓരോരുത്തരും പൂര്ണ്ണ ദൈവമാണ്, അപ്പോള്തന്നെ അവര്ഒരുമിച്ചു ഒരു ദൈവമായിരിക്കുന്നു. ഇത് സാധാരണ മനുഷ്യര്ക്ക്പൂര്ണ്ണമായി ഗ്രഹിക്കുവാന്കഴിയാത്ത ഒരു മര്മ്മം ആകുന്നു.
- പിതാവായ ദൈവം പുത്രനായ ദൈവത്തെ (യേശുവിനെ) ഈ ലോകത്തിലേക്ക് അയക്കുകയും താന്പരിശുദ്ധാത്മാവിനെ തന്റെ ജനത്തിന്റെ അടുക്കലേക്കു അയക്കുകയും ചെയ്യുന്നു.
- പുത്രനായ ദൈവത്തില്വിശ്വസിക്കുന്ന ഇതൊരു വ്യക്തിയും പിതാവാം ദൈവത്തിന്റെ പൈതല്ആകുകയും, ആ വ്യക്തിയില്പരിശുദ്ധാത്മാവാകുന്ന ദൈവം അധിവസിക്കുവാനായി വരികയും ചെയ്യുന്നു. ഇത് മനുഷ്യ വര്ഗ്ഗത്തിന് പൂര്ണമായി ഗ്രഹിക്കുവാന്കഴിയാത്ത വേറൊരു മര്മ്മം ആകുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "പിതാവാം ദൈവം" എന്ന പദസഞ്ചയം പരിഭാഷ ചെയ്യുന്നതില്, "പിതാവ്" എന്ന പദം ഈ ഭാഷയില്സാധാരണയായി പ്രകൃത്യാ ഒരു മാനുഷിക പിതാവിനെ സൂചിപ്പിക്കുവാന്ഉപയോഗിക്കുന്ന അതേ പദം ഉപയോഗിക്കുന്നതാണ് പരിഭാഷയ്ക്ക് നല്ലത്.
- "സ്വര്ഗ്ഗീയ പിതാവ്" എന്ന പദസഞ്ചയം "സ്വര്ഗ്ഗത്തില്അധിവസിക്കുന്ന പിതാവ്" അല്ലെങ്കില്"പിതാവാം ദൈവം സ്വര്ഗ്ഗത്തില്വസിക്കുന്നവന്" അല്ലെങ്കില്സ്വര്ഗ്ഗത്തില്നിന്നുള്ള ദൈവം നമ്മുടെ പിതാവ്."
- സാധാരണയായി "പിതാവ്" എന്നത് ദൈവത്തെ സൂചിപ്പിക്കുവാനായി വലിയ അക്ഷരത്തില്എഴുതുന്നു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:പൂര്വികന്, ദൈവം, സ്വര്ഗ്ഗം, പരിശുദ്ധാത്മാവ്, യേശു, ദൈവ പുത്രന്)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്08:4-6
- 1 യോഹന്നാന്02:1-3
- 1 യോഹന്നാന്02:22-23
- 1 യോഹന്നാന്03:1-3
- കൊലൊസ്സ്യര്01:1-3
- എഫെസ്യര്05:18-21
- ലൂക്കോസ് 10:22
- മത്തായി 05:15-16
- മത്തായി 23:8-10

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **24:09** ഒരേ ഒരു ദൈവം മാത്രമേ ഉള്ളൂ. എന്നാല് **പിതാവാം ദൈവം** സംസാരിക്കുന്നത് യോഹന്നാന്കേള്ക്കുകയും, പുത്രനായ യേശുവിനെയും പരിശുദ്ധാത്മാവിനെയും യേശുവിന്റെ സ്നാനശുശ്രൂഷ വേളയില്കാണുവാന്ഇടയായി.
- **29:09** അനന്തരം യേശു പറഞ്ഞതു, നിങ്ങളുടെ സഹോദരനെ നിങ്ങളുടെ ഹൃദയത്തില്നിന്നും ക്ഷമിക്കുകയില്ല നിങ്ങള്ക്ഷമിക്കുന്നില്ല എങ്കില്നിങ്ങള്ഓരോരുത്തരോടും **സ്വര്ഗ്ഗീയ പിതാവ്** അപ്രകാരം തന്നെ ചെയ്യും."
- **37:09** അനന്തരം യേശു സ്വര്ഗ്ഗത്തിലേക്ക് നോക്കി പറഞ്ഞത്, "**പിതാവേ**, എന്നെ കേള്ക്കുന്നത് കൊണ്ട് നന്ദി പറയുന്നു."
- **40:07** അനന്തരം യേശു ഉറക്കെ വിളിച്ചു പറഞ്ഞത്, "എല്ലാം നിവൃത്തിയായി! **പിതാവേ**, ഞാന്എന്റെ ആത്മാവിനെ അങ്ങയുടെ കരങ്ങളില്ഏല്പ്പിക്കുന്നു."

- **42:10** “അതുകൊണ്ട് പോകുവിന്, എല്ലാ ജനവിഭാഗങ്ങളെയും ശിഷ്യരാക്കി അവര്ക്ക് **പിതാവിന്റെയും** പുത്രന്റെയും, പരിശുദ്ധാ ത്മാവിന്റെയും നാമത്തില്സ്നാനം കഴിപ്പിക്കുകയും അവരോടു ഞാന്നിങ്ങളോട് കല്പ്പിച്ചതൊക്കെയും അനുസരിക്കുവാനായി ഉപദേശിക്കു കയും ചെയ്യുവിന്.”
- **43:08** “**പിതാവാം ദൈവത്തിന്റെ** വലത്തു ഭാഗത്തേക്ക് ഇപ്പോള്യേശു ഉയര്ത്തപ്പെട്ടിരിക്കുന്നു.”
- **50-10** “അവരുടെ **ദൈവമായ പിതാവിന്റെ** രാജ്യത്തില്നീതിമാന്മാര്സൂര്യനെപ്പോലെ പ്രകാശിക്കും.”

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1, H2, G3962

# പുത്രന്, പുത്രന്മാര്

## നിര്വചനം:

ഒരു പുരുഷനും സ്ത്രീക്കും ജനിക്കുന്ന ഒരു ആണ്സന്തതിയെ തന്റെ ജീവകാലം മുഴുവനും അവരുടെ "പുത്രന്" എന്ന് വിളിക്കുന്നു. തന്നെ ആ പുരുഷന്റെ മകന് എന്നും ആ സ്ത്രീയുടെ മകന് എന്നും വിളിക്കുന്നു. ഒരു "ദത്തുപുത്രന്" എന്നത് ഒരു മകന്റെ സ്ഥാനത്തേക്ക് നിയമപരമായി നിയമിതന് ആയിരിക്കുന്ന ഒരു പുരുഷ പ്രജ ആകുന്നു.

- പുത്രന്" എന്ന പദം സാധാരണയായി ദൈവ വചനത്തില് ഉപമാന രൂപത്തില് ഏതൊരു പുരുഷ സന്തതിയെയും അതായത് പൌത്രന്, അല്ലെങ്കില് പൌത്ര പുത്രന് എന്നിങ്ങനെ ആരെയും സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു.
- "മകന്" എന്ന പദം അനുകമ്പ പൂര്ണ്ണമായ രീതിയില് സംഭാഷകനേക്കാള് പ്രായം കുറഞ്ഞ ഒരു ആണ്കുഞ്ഞിനെയോ അല്ലെങ്കില് ഒരു പുരുഷനെയോ അഭിസംബോധന ചെയ്യുവാന് ഉപയോഗിക്കുന്നു. ചില സന്ദര്ഭങ്ങളില് "ദൈവ പുത്രന്മാര്" എന്നത് പുതിയ നിയമത്തില് ക്രിസ്തുവില് ഉള്ള വിശ്വാസികളെ സൂചിപ്പിക്കുവാനായി ഉപയോഗിച്ചിരിക്കുന്നു.
- ദൈവം ഇസ്രയേലിനെ തന്റെ "ആദ്യജാതനായ പുത്രന്" എന്ന് വിളിച്ചിരിക്കുന്നു. ഇത് ഇസ്രയേല് ജനതയെ തന്റെ വിശിഷ്ട ജനമായി ദൈവം തിരഞ്ഞെടുത്തതിനെ സൂചിപ്പിക്കുന്നു. അവരില് കൂടെയാണ് ദൈവത്തിന്റെ വീണ്ടെടുപ്പിന്റെയും രക്ഷയുടെയും സന്ദേശം വന്നത്, അതിന്റെ ഫലമായി മറ്റു അനേകം ജനങ്ങള് തന്റെ ആത്മീയ സന്താനങ്ങള് ആയി തീരുവാന് ഇടയായി. "ന്റെ മകന്" എന്ന പദസഞ്ചയം സാധാരണയായി ഉപമാന രീതിയില് ഉള്ള അര്ത്ഥമായി "ന്റെ ഗുണ വിശേഷതകള് ഉള്ള വ്യക്തി" എന്നു അര്ത്ഥം നല്കുന്നു. ഇതിന്റെ ഉദാഹരണങ്ങളില് "വെളിച്ചത്തിന്റെ പുത്രന്മാര്", "അനുസരണക്കേടിന്റെ മക്കള്", ഒരു സമാധാന പുത്രന്", "ഇടിമക്കള്" ആദിയായവ ഉള്പ്പെടുന്നു.
- "ന്റെ പുത്രന്" എന്ന പദസഞ്ചയം ഒരുവന്റെ പിതാവ് ആരാണെന്നും കൂടെ പറയുവാന് ഉപയോഗിക്കുന്നു. ഈ പദസഞ്ചയം വംശാവലിയിലും മറ്റു അനേക സ്ഥലങ്ങളിലും ഉപയോഗിച്ചു വരുന്നു.
- "ന്റെ മകന്" എന്ന പ്രയോഗം തുടര്മാനമായി ഒരേ പേരുള്ള വ്യക്തികളെ തമ്മില് വേര്തിരിച്ചു അറിയുവാനായി സഹായിക്കുന്നു. ഉദാഹരണമായി, "സാദോക്കിന്റെ മകനായ അസര്യാവ്" എന്നും "നാഥാന്റെ മകനായ അസര്യാവ്" എന്നും 1 രാജാക്കന്മാര് 4ലും, അമസ്യാവിന്റെ മകന് ആയ അസര്യാവ്" എന്ന് 2 രാജാക്കന്മാരിലും പറഞ്ഞിരിക്കുന്ന മൂന്നു വ്യത്യസ്ത വ്യക്തികള് ആകുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദത്തിന്റെ മിക്കവാറും ആവര്ത്തനങ്ങളില്, "പുത്രന്" എന്നത് പരിഭാഷ ചെയ്യുവാന് പുത്രന് എന്ന് സൂചിപ്പിക്കുവാന് ഉപയോഗിക്കുന്ന ഭാഷയില് ഉള്ള അക്ഷരീക പദം തന്നെ ഉപയോഗിക്കുന്നത് വളരെ നല്ലത് ആകുന്നു. "ദൈവ പുത്രന്" എന്ന പദം പരിഭാഷ ചെയ്യുമ്പോള്, നിര്ദ്ധിഷ്ട ഭാഷയില് "പുത്രന്" എന്നുള്ളതിന് ഉപയോഗിക്കുന്ന സാധാരണ പദം തന്നെ ഉപയോഗിക്കണം.
- നേരിട്ടുള്ള ഒരു മകനെ സൂചിപ്പിക്കുന്നതിനു പകരം ഒരു സന്തതിയെ സൂചിപ്പിക്കുവാന് ഉപയോഗിക്കുമ്പോള്, "സന്തതി" എന്ന പദം, "ദാവീദിന്റെ സന്തതിയായി" യേശുവിനെ സൂചിപ്പിക്കുന്നത് പോലെ അല്ലെങ്കില് വംശാവലി പട്ടികകളില് "പുത്രന്" എന്ന് യഥാര്ത്ഥ മകനെ അല്ലാതെ സന്തതിയില് ഉള്പ്പെട്ട പുരുഷപ്രജകളെ ചില സന്ദര്ഭങ്ങളില് സൂചിപ്പിക്കുന്നത് പോലെ ഉപയോഗിക്കാം.
- ചില സന്ദര്ഭങ്ങളില്, "പുത്രന്മാര്" എന്നത് പുരുഷന്മാരെയും സ്ത്രീകളെയും സൂചിപ്പിക്കുവാന് വേണ്ടി "മക്കള്" എന്നും പരിഭാഷ ചെയ്യാം. ഉദാഹരണമായി, "ദൈവ പുത്രന്മാര്" എന്നത് "ദൈവമക്കള്" എന്ന് ഈ പ്രയോഗം പെണ്കുട്ടികളെയും സ്ത്രീകളെയും ഉള്പ്പെടുത്തിക്കൊണ്ട് ഉള്ള പദപ്രയോഗമായി പരിഭാഷ ചെയ്യാം.
- ഉപമാന പദപ്രയോഗമായി "ന്റെ പുത്രന്" എന്നുള്ളത് "സ്വഭാവ ഗുണ വിശേഷതകള് ഉള്ള" അല്ലെങ്കില് "ഒരുവനെ പ്പോലെയുള്ള" അല്ലെങ്കില് "ഒരുവനായി കാണുന്ന" അല്ലെങ്കില് "ഒരുവനെ പ്പോലെ പ്രവര്ത്തിക്കുന്ന" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക: അസര്യാവ്, സന്തതി, പൂര്വികന്, ആദ്യജാതന്, ദൈവപുത്രന്, ദൈവപുത്രന്മാര്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:14-17
- 1 രാജാക്കന്മാര്:1-3
- 1 തെസ്സലോനിക്യര്:4-7
- ഗലാത്യര്:6-7

- ഹോശേയ 11:1-2
- യെശ്ശയ്യാവ് 09:6-7
- മത്തായി 03:16-17
- മത്തായി 05:9-10
- മത്തായി 08:11-13
- നെഹെമ്യാവ് 10:28-29

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **04:08** ദൈവം അബ്രഹാമിനോട് സംസാരിക്കുകയും വീണ്ടും വാഗ്ദത്തം നല്കുകയും ചെയ്തത് എന്തെന്നാല് തനിക്കു ഒരു **മകന്** ജനിക്കുകയും ആകാശത്തിലെ നക്ഷത്രങ്ങളെ പോലെ നിരവധി സന്തതികള് ഉണ്ടാകുകയും ചെയ്യും എന്നായിരുന്നു.
- **04:09** ദൈവം പറഞ്ഞത്, "ഞാന് നിന്റെ സ്വന്തം ശരീരത്തില് നിന്ന് തന്നെ നിനക്ക് ഒരു **മകനെ** നല്കും."
- **05:05** ഒരു വര്ഷത്തിനു ശേഷം, അബ്രഹാമിന് 100 വയസ്സും സാറയ്ക്ക് 90 വയസ്സും പ്രായം ഉള്ളപ്പോള്, സാറാ അബ്രഹാമിന്റെ **പുത്രന്** ജന്മം നല്കി.
- **05:08** യാഗം കഴിപ്പാന് ഉള്ളതായ സ്ഥലത്ത് അവര് എത്തിച്ചേര്ന്നപ്പോള്, അബ്രഹാം തന്റെ **മകനായ** യിസഹാക്കിനെ ബന്ധിച്ചു യാഗപീഠത്തില് കിടത്തി. താന് തന്റെ **മകനെ** കൊല്ലുവാന് ഭാവിച്ചപ്പോള് ദൈവം അവനോടു പറഞ്ഞത്, "നിര്ത്തുക! ബാലന് യാതൊരു ദോഷവും ചെയ്യരുത്! നീ നിന്റെ ഏക **മകന്** എന്ന് എന്നില് നിന്നും നിനക്കായി സൂക്ഷിക്കാതെ ഇരുന്നതിനാല് നീ എന്നെ ഭയപ്പെടുന്നു എന്ന് ഞാന് ഇപ്പോള് അറിയുന്നു."
- **09:07** അവള് കുഞ്ഞിനെ കണ്ടപ്പോള്, അവള് അവനെ തനിക്കു സ്വന്ത **മകന്** ആയി സ്വീകരിച്ചു.
- **11:06** ദൈവം മിസ്രയീമ്യരുടെ ഓരോ ആദ്യജാതന്മാരായ **പുത്രന്മാരെയും** കൊന്നുകളഞ്ഞു.
- **18:01** അനേക വര്ഷങ്ങള്ക്കു ശേഷം, ദാവീദ് മരിക്കുകയും, തന്റെ **മകനായ** ശലോമോന് ഭരണം നടത്തുവാന് ആരംഭിക്കുകയും ചെയ്തു.
- **26:04** "ഇവന് യോസേഫിന്റെ **മകന്** അല്ലയോ? എന്ന് അവര് പറഞ്ഞു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1060, H1121, H1123, H1248, H3173, H3206, H3211, H4497, H5209, H5220, G3816, G5043, G5207

# പുന:സ്ഥാപിക്കുക, പുന:സ്ഥാപിക്കുന്നു, പുന:സ്ഥാപിച്ചു, പുന:സ്ഥാപനം

## നിര്വചനം:

"പുന:സ്ഥാപിക്കുക" എന്നും "പുന:സ്ഥാപനം" എന്നും ഉള്ള പദങ്ങള് എന്തെങ്കിലും ഒന്ന് അതിന്റെ യഥാര്ത്ഥവും ഏറ്റവും നല്ലതും ആയ സ്ഥിതിയിലേക്ക് തിരികെ കൊണ്ട് വരിക എന്ന് അര്ത്ഥം നല്കുന്നു.

- ഒരു രോഗാര്ത്തമായ ശരീര ഭാഗം പൂര്വ സ്ഥിതി പ്രാപിച്ചു എന്നതിന്റെ അര്ത്ഥം അത് സൌഖ്യം പ്രാപിക്കപ്പെട്ടു എന്നുള്ളത് ആകുന്നു.
- വിച്ചേദിക്കപ്പെട്ട ബന്ധം പുന:സ്ഥാപിക്കപ്പെട്ടു എന്ന് പറയുന്നതിന്റെ അര്ത്ഥം അത് "അനുരഞ്ജനം" ചെയ്യപ്പെട്ടു എന്നാണ്. ദൈവം പാപം നിറഞ്ഞ വ്യക്തികളെ പുന:സ്ഥാപിച്ചു അവരെ വീണ്ടും തന്റെ അടുക്കലേക്കു മടക്കിക്കൊണ്ടു വരുന്നു.
- ജനത്തെ അവരുടെ സ്വന്ത ദേശത്തേക്ക് മടക്കി ക്കൊണ്ടുവന്നു പുന:സ്ഥാപിക്കുന്നതിനെ, അവരെ "മടക്കിക്കൊണ്ടു വരിക" അല്ലെങ്കില് "ആ രാജ്യത്തിലേക്ക് "തിരിച്ചു കൊണ്ടു വരിക" എന്ന് കാണുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, "പുന:സ്ഥാപിക്കുക" എന്നത് "പുതുപ്പിക്കുക" അല്ലെങ്കില് "മടക്കി നല്കുക" അല്ലെങ്കില് "മടങ്ങി വരിക" അല്ലെങ്കില് "സൌഖ്യം വരുത്തുക" അല്ലെങ്കില്"മടക്കിക്കൊണ്ടു വരിക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഇതര പദപ്രയോഗങ്ങളായി "പുതിയതായി തീര്ക്കുക, അല്ലെങ്കില് വീണ്ടും പുതിയതാക്കി തീര്ക്കുക" എന്ന് ഈ പദത്തിന് അര്ഥം നല്കാം.
- ഒരു വസ്തു "പുനര്നിര്മ്മാണം ചെയ്തു" എന്നാല് അത് "പഴുത്തു നീക്കി" അല്ലെങ്കില് "പകരം മാറ്റി" അല്ലെങ്കില് അതിന്റെ ഉടമസ്ഥനു "തിരിച്ചു നല്കപ്പെട്ടത്" എന്ന് പറയാം.
- സാഹചര്യം അനുസരിച്ച്, "പുന:സ്ഥാപനം" എന്നത് "പുതിയത് ആക്കുക" അല്ലെങ്കില് "സൌഖ്യം വരുത്തുക" അല്ലെങ്കില് "അനുരഞ്ജനപ്പെടുത്തുക" എന്നിങ്ങനെ പരിഭാഷ ചെയ്യാവുന്നത് ആകുന്നു.

## ദൈവ വചന സൂചികകള്:

- 2 രാജാക്കന്മാര്:8-10
- അപ്പോ.03:21-23
- അപ്പോ.15:15-18
- യെശ്ശയ്യാവ് 49:5-6
- യിരെമ്യാവ് 15:19=21
- വിലാപങ്ങള്:19-22
- ലേവ്യപുസ്തകം 06:5-7
- ലൂക്കോസ് 19:8-10
- മത്തായി 12:13-14
- സങ്കീര്ത്തനങ്ങള്080:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7725, H7999, H8421, G600, G2675

# പുനരുത്ഥാനം

## നിര്വചനം:

“പുനരുത്ഥാനം” എന്ന പദം മരണത്തിനു ശേഷം വീണ്ടും ജീവന് പ്രാപിച്ചു വരുന്ന പ്രക്രിയയെ ആണ് സൂചിപ്പിക്കുന്നത്.

- ഒരു വ്യക്തിയെ പുനരുത്ഥാനം ചെയ്യുക എന്നതിന്റെ അര്ത്ഥം ആ വ്യക്തിയെ വീണ്ടും ജീവനിലേക്കു മടക്കി കൊണ്ടുവരിക എന്നാണ്. ഏതു ചെയ്യുവാന് ഉള്ള അധികാരം ദൈവത്തിനു മാത്രമേ ഉള്ളൂ.
- “ഉയിര്ത്തെഴുന്നേല്പ്പ്” എന്ന വാക്കു സാധാരണയായി യേശു തന്റെ മരണത്തിനു ശേഷം വീണ്ടും ജീവന് പ്രാപിച്ചു വന്നതിനെ സൂചിപ്പിക്കുന്നു. “ഞാന്തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു” എന്ന് യേശു പറഞ്ഞപ്പോള് താന് അര്ത്ഥമാക്കിയത് താന് തന്നെയാണ് പുനരുത്ഥാനത്തിന്റെ ആധാരം ആയിരിക്കുന്നതും, ജനങ്ങളെ വീണ്ടും ജീവനിലേക്ക് മടങ്ങി വരുവാന് കാരണ ഭൂതന് ആയിരിക്കുന്നതും എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- ഒരു വ്യക്തിയുടെ “പുനരുത്ഥാനം” എന്നത് “ജീവനിലേക്കു മടങ്ങി വരിക” അല്ലെങ്കില് “മരണത്തിനു ശേഷം വീണ്ടും ജീവന് പ്രാപിച്ചു വരിക” എന്ന് പരിഭാഷ ചെയ്യാം.
- ഈ വാക്കിന്റെ അക്ഷരീക അര്ത്ഥം “എഴുന്നേറ്റു വരിക” അല്ലെങ്കില് “(മരണത്തില് നിന്നും) ഉയിര്ത്തെഴുന്നേറ്റു വരുന്ന പ്രവര്ത്തി) എന്നാണ്. ഇവ ഈ പദം പരിഭാഷ ചെയ്യുവാന് ഉള്ള സാധ്യതയുള്ള ഇതര പദങ്ങള് ആകുന്നു.

(കാണുക: ജീവന്, മരണം, ഉയിര്ക്കുക)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര് 15:12-14
- 1 പത്രോസ് 03:21-22
- എബ്രായര് 11:35-38
- യോഹന്നാന് 05:28-29
- ലൂക്കോസ് 20:27-28
- ലൂക്കോസ് 20:34-36
- മത്തായി 22:23-24
- മത്തായി 22:29-30
- ഫിലിപ്പിയര് 03:8-11

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **21:14** മശീഹയുടെ മരണവും **ഉയിര്ത്തേഴുന്നേല്പ്പും** മുഖാന്തിരം, പാപികളെ രക്ഷിക്കുന്നതിനു ഉള്ള തന്റെ പദ്ധതി നിവര്ത്തീകരിക്കപ്പെടുകയും, പുതിയ ഉടമ്പടി ആരംഭം കുറിക്കുകയും ചെയ്തു.
- **37:05** യേശു മറുപടി പറഞ്ഞത്, “ഞാന് തന്നെ **പുനരുത്ഥാനവും** ജീവനും ആയിരിക്കുന്നു. ജീവനോടെ ഇരുന്നു എന്നെ വിശ്വസിക്കുന്നവന്, താന് മരിച്ചാല് പോലും വീണ്ടും ജീവിക്കും” എന്നാണ്.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G386, G1454, G1815

# പുരോഹിതൻ, പുരോഹിതന്മാർ, പൌരോഹിത്യം

## നിർവചനം:

ദൈവ വചനത്തിൽ, ഒരു പുരോഹിതൻ എന്ന വ്യക്തി ദൈവത്തിന്റെ ജനത്തിനു വേണ്ടി ദൈവത്തിനു യാഗങ്ങൾ അർപ്പിക്കുവാൻ വേണ്ടി തിരഞ്ഞെടുക്കപ്പെട്ടവൻ ആകുന്നു. "പൌരോഹിത്യം" എന്നത് ആ ഉദ്യോഗത്തിന് ഉള്ള പേര് അല്ലെങ്കിൽ പുരോഹിതൻ ആയിരിക്കുന്ന അവസ്ഥ എന്ന് ആകുന്നു.

- പഴയ നിയമത്തിൽ, ഇസ്രയേൽ ജനത്തിനു പുരോഹിതന്മാർ ആയിരിക്കേണ്ടതിനു ദൈവം അഹരോനെയും തന്റെ സന്തതിയെയും തിരഞ്ഞെടുത്തു.
- "പൌരോഹിത്യം" എന്നത് ലേവ്യ വംശത്തിൽ പിതാവിൽനിന്നും പുത്രനിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന ഒരു അവകാശവും ഒരു ഉത്തരവാദിത്വവും ആകുന്നു.
- ഇസ്രയേല്യ പുരോഹിതന്മാർക്ക് ജനത്തിന്റെ യാഗങ്ങൾ ദൈവത്തിനു അർപ്പിക്കുന്നത് ഉൾപ്പെടെ, മറ്റു വിവിധ ഉത്തരവാദിത്വങ്ങളും ദേവാലയത്തിൽ ഉണ്ടായിരുന്നു.
- തന്റെ ജനത്തിനു വേണ്ടി ദൈവത്തോട് കൃത്യമായി പ്രാർത്ഥന കഴിക്കുകയും മറ്റുള്ള മതപരമായ ചടങ്ങുകൾ ചെയ്യുകയും വേണമായിരുന്നു.
- പുരോഹിതന്മാർ ദൈവത്തിന്റെ അനുഗ്രഹ വാചകങ്ങൾ ജനത്തിനു പ്രസ്താവിക്കേണ്ടവരും, അവരെ ദൈവത്തിന്റെ ന്യായപ്രമാണം പഠിപ്പിക്കുകയും ചെയ്യേണ്ടവർ ആകുകയും ചെയ്തു. യേശുവിന്റെ കാലഘട്ടത്തിൽ, മുഖ്യ പുരോഹിതന്മാരും മഹാ പുരോഹിതനും ഉൾപ്പെടെ വിവിധ വിഭാഗങ്ങളിൽ ഉള്ള പുരോഹിതന്മാർ ഉണ്ടായിരുന്നു.
- യേശു നമ്മുടെ "ശ്രേഷ്ഠ മഹാപുരോഹിതൻ" ആയി പിതാവിന്റെ സന്നിധിയിൽ നമുക്ക് വേണ്ടി പക്ഷപാതം ചെയ്തു കൊണ്ടിരിക്കുന്നു. പാപത്തിനു വേണ്ടി പരമ യാഗമായി താൻ സ്വയം അർപ്പിച്ചു. ഇതിന്റെ അർത്ഥം മനുഷ്യ പുരോഹിതന്മാരാൽ അർപ്പിക്കപ്പെടുന്ന യാഗങ്ങൾ ഇനിമേൽ ആവശ്യം ഇല്ല എന്നുള്ളതാണ്.
- പുതിയ നിയമത്തിൽ, യേശുവിൽ ഉള്ള, ഓരോ വിശ്വാസിയും നേരിട്ട് ദൈവവുമായി പ്രാർഥനയിൽ തനിക്കു വേണ്ടിയും മറ്റുള്ള ജനത്തിനു വേണ്ടിയും മധ്യസ്ഥത ചെയ്യുന്ന പുരോഹിതൻ എന്ന് വിളിക്കപ്പെടുന്നു.
- പുരാതന കാലങ്ങളിൽ, ബാൽ പോലെയുള്ള അസത്യ ദൈവങ്ങൾക്ക് വഴിപാടുകൾ അർപ്പിക്കുവാൻ, ജാതീയ പുരോഹിതന്മാരും ഉണ്ടായിരുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- സാഹചര്യം അനുസരിച്ച്, "പുരോഹിതൻ" എന്ന പദം "യാഗാർപ്പണ വ്യക്തി" അല്ലെങ്കിൽ "ദൈവത്തിന്റെ മദ്ധ്യസ്ഥൻ" അല്ലെങ്കിൽ "യാഗാർപ്പണ മദ്ധ്യസ്ഥൻ" അല്ലെങ്കിൽ "ദൈവത്തെ പ്രതിനിധീകരിക്കുവാൻ നിയമിതനായ വ്യക്തി" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "പുരോഹിതൻ" എന്നതിന്റെ പരിഭാഷ "മദ്ധ്യസ്ഥൻ" എന്ന പദത്തിന്റെ പരിഭാഷയിൽ നിന്നും വ്യത്യസ്തം ആയിരിക്കേണ്ടതാണ്.
- ചില പരിഭാഷകളിൽ ഇപ്പോഴും കാണുന്ന "ഇസ്രയേല്യ പുരോഹിതൻ" അല്ലെങ്കിൽ "യഹൂദ പുരോഹിതൻ" അല്ലെങ്കിൽ "യഹോവയുടെ പുരോഹിതൻ" അല്ലെങ്കിൽ "ബാലിന്റെ പുരോഹിതൻ" എന്നിങ്ങനെ വ്യക്തത വരുത്തുവാൻ വേണ്ടി പ്രയോഗിക്കാറുള്ളത് ആധുനിക കാല പുരോഹിത ശൈലിയെ സൂചിപ്പിക്കാറില്ല.
- "പുരോഹിതൻ" എന്ന പദം പരിഭാഷ ചെയ്യുവാൻ ഉപയോഗിക്കുന്ന പദം "പ്രധാന പുരോഹിതൻ" എന്നും "മഹാ പുരോഹിതൻ" എന്നും "ലേവ്യൻ" എന്നും "പ്രവാചകൻ" എന്നും ഉള്ള പദങ്ങളിൽ നിന്നും വ്യത്യസ്തം ആയിരിക്കണം.

(കാണുക: അഹരോൻ, പ്രധാന പുരോഹിതന്മാർ, മഹാ പുരോഹിതൻ, മദ്ധ്യസ്ഥൻ, യാഗം)

## ദൈവ വചന സൂചികകൾ:

- 2 ദിനവൃത്താന്തങ്ങൾ:40-42
- ഉൽപ്പത്തി 14:17-18
- ഉൽപ്പത്തി 47:20-22
- യോഹന്നാൻ:19-51
- ലൂക്കോസ് 10:31-32
- മർക്കോസ് 01:43-44
- മർക്കോസ് 02:25-26
- മത്തായി 08:4
- മത്തായി 12:3-4
- മീഖ 03:9-11

- നെഹെമ്യാവ് 10:28-29
- നെഹെമ്യാവ് 10:34-36
- വെളിപ്പാട് 01:4-6

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **04:07** "മേൽക്കിസേദേക്, അത്യുന്നതന്നതായ ദൈവത്തിന്റെ **പുരോഹിതൻ**"
- **13:09** ദൈവത്തിന്റെ കൽപ്പന ലംഘിക്കുന്ന ഏതൊരു വ്യക്തിയും സമാഗമന കൂടാരത്തിന്റെ മുൻപിൽ ഉള്ള യാഗപീഠത്തിങ്കൽ ഒരു മൃഗത്തെ ദൈവത്തിനു യാഗമായി കൊണ്ട് വരേണ്ടത് ആകുന്നു. ഒരു **പുരോഹിതൻ** മൃഗത്തെ കൊല്ലുകയും അതിനെ യാഗപീഠത്തിന്മേൽ ദഹിപ്പിക്കുകയും വേണം. യാഗം അർപ്പിക്കപ്പെട്ട മൃഗത്തിന്റെ രക്തം ആ മനുഷ്യന്റെ പാപം മറയ്ക്കുകയും ദൈവത്തിന്റെ ദൃഷ്ടിയിൽ തന്നെ ശുദ്ധൻ ആക്കുകയും ചെയ്യുന്നു. ദൈവം മോശെയുടെ സഹോദരൻ ആയ അഹരോനെയും, അഹരോന്റെ സന്തതികളെയും തന്റെ **പുരോഹിതന്മാരായി** തിരഞ്ഞെടുത്തു.
- **19:07** അതുകൊണ്ട് ബാലിന്റെ **പുരോഹിതന്മാർ** ഒരു യാഗം ഒരുക്കി എങ്കിലും അതിനു അഗ്നി കൊളുത്തിയില്ല.
- **21:07** ഒരു ഇസ്രയേല്യ **പുരോഹിതൻ** ജനത്തിന്റെ പാപങ്ങളുടെ ശിക്ഷയ്ക്ക് പകരമായി, അവർക്ക് വേണ്ടി ദൈവത്തിനു യാഗങ്ങൾ അർപ്പിക്കുവാൻ നിയമിക്കപ്പെട്ടവൻ ആകുന്നു. **പുരോഹിതന്മാർ** ജനത്തിനു വേണ്ടി ദൈവത്തോട് പ്രാർഥിക്കുന്നവരും ആകുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3547, H3548, H3549, H3550, G748, G749, G2405, G2406, G2407, G2409, G2420

# പുറജാതി, പുറജാതികള്

## വസ്തുതകള്:

“പുറജാതി” എന്ന പദം യഹൂദന് അല്ലാത്ത ഏതൊരു വ്യക്തിയെയും സൂചിപ്പിക്കുന്നു. യാക്കോബിന്റെ സന്തതികള് അല്ലാത്ത ജനങ്ങള് ആണ് പുറജാതികള്.

- ദൈവ വചനത്തില്, “പരിച്ചേദന ഏല്ക്കാത്തവര്” എന്നതും ഉപമാന രൂപേണ പുറജാതികളെ ആണ് സൂചിപ്പിക്കുന്നത് എന്ത് കൊണ്ടെന്നാല് ഇസ്രയേല് ജനം ചെയ്യുന്നത് പോലെ അവരില് അധികം പേരും അവരുടെ മക്കളെ പരിച്ചേദന ചെയ്യിക്കുന്നത് ഇല്ല.
- എന്തു കൊണ്ടെന്നാല് ദൈവം ഇസ്രയേല് ജനത്തെ തനിക്കു പ്രത്യേക ജനമായി തിരഞ്ഞെടുത്തു, അവര് പുറജാതികളെ പുറമെയുള്ളവര് എന്ന് കരുതുകയും അവര്ക്ക് ഒരിക്കലും ദൈവത്തിന്റെ ജനം ആകുവാന് കഴിയുകയില്ല എന്ന് ചിന്തിക്കുകയും ചെയ്തു.
- യഹൂദന്മാരും ചരിത്രത്തില് വിവിധ കാലങ്ങളില് “ഇസ്രയേല്യര്” എന്നോ “എബ്രായര്” എന്നോ വിളിക്കപ്പെട്ടിരുന്നു. മറ്റുള്ളവരെ എല്ലാം “പുറജാതി” എന്ന് അവര് സൂചിപ്പിച്ചു വന്നു.
- പുറജാതി എന്നത് “യഹൂദന് അല്ല” അല്ലെങ്കില് “യഹൂദന് അല്ലാത്ത” അല്ലെങ്കില് ഒരു ഇസ്രയേല്യന്അല്ലാത്ത (പഴയ നിയമം) അല്ലെങ്കില്“യഹൂദ്യേതര” എന്നിങ്ങനെ പരിഭാഷ ചെയ്യാവുന്നതാണ്.
- പരമ്പരാഗതമായി, യഹൂദന്മാര്പുറജാതികളോട് ഒപ്പം ഭക്ഷണത്തിനു ഇരിക്കുകയോ അവരോടൊപ്പം സഹകരിക്കുകയോ ചെയ്യാതിരുന്നത് ആദ്യ കാല സഭയില്പ്രശ്നങ്ങള്ക്ക് കാരണമായിട്ടുണ്ട്.

(കാണുക: ഇസ്രയേല്, യാക്കോബ്, യഹൂദന്)

## ദൈവ വചന സൂചികകള്:

- അപ്പൊ.പ്രവര്ത്തികള്09:13-16
- അപ്പൊ.പ്രവര്ത്തികള്14:5-7
- ഗലാത്യര്02:15-16
- ലൂക്കോസ് 02:30-32
- മത്തായി 05:46-48
- മത്തായി 06:5-7
- റോമര്11:25

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1471, G1482, G1484, G1672

# പുളിപ്പില്ലാത്ത അപ്പം

## നിർവ്വചനം:

"പുളിപ്പില്ലാത്ത അപ്പം" എന്ന പദം സൂചിപ്പിക്കുന്നത് യീസ്റ്റ് അല്ലെങ്കില് പുളിപ്പിക്കുന്ന വസ്തു ചേര്ക്കാതെ ഉണ്ടാക്കിയ അപ്പം എന്നാണ്. ഈ തരത്തിലുള്ള അപ്പം പരന്നിരിക്കും, കാരണം പൊങ്ങുവാന് തക്കവണ്ണം ഇതില് പുളിപ്പിക്കുന്ന വസ്തു അടങ്ങിയിട്ടില്ല.

- മിസ്രയീമിലെ അടിമത്തത്തില് നിന്നു ദൈവം ഇസ്രയേല്യരെ സ്വതന്ത്രമാക്കിയപ്പോള്, ദൈവം അവരോടു പറഞ്ഞത് അവരുടെ അപ്പം പുളിച്ചു പൊങ്ങുവാന് കാത്തിരിക്കാതെ എത്രയും പെട്ടെന്ന് മിസ്രയീമില് നിന്നും ഓടിപ്പോകുവാന് ആണ്. ആയതിനാല് അവര് തങ്ങളുടെ ഭക്ഷണത്തോടു കൂടെ പുളിപ്പില്ലാത്ത അപ്പവും ഭക്ഷിച്ചു. അതു മുതല് അവരുടെ വാര്ഷിക പെസ്സഹ ഉത്സവങ്ങളില്ഈ സന്ദര്ഭത്തെ ഓര്മ്മിക്കുവാന് തക്കവണ്ണം പുളിപ്പില്ലാത്ത അപ്പം ഉപയോഗിക്കുക പതിവായിരുന്നു.
- പുളിപ്പ് എന്നത് ചില സന്ദര്ഭങ്ങളില് പാപത്തെ ചിത്രീകരിക്കുവാന് ഉപയോഗിക്കുന്നു, "പുളിപ്പില്ലാത്ത അപ്പം" ഒരു മനുഷ്യന്റെ ജീവിതത്തില് നിന്നും പാപം നീക്കം ചെയ്യപ്പെടുകയും തദ്വാരാ ദൈവത്തെ ബഹുമാനിക്കുന്ന രീതിയില് ഉള്ള ജീവിതം ജീവിക്കുകയും ചെയ്യുന്നതിനെ പ്രതിനിധാനം ചെയ്യുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം പരിഭാഷ ചെയ്യുവാന് ഉള്ള രീതികളില് "പുളിപ്പില്ലാത്ത അപ്പം" അല്ലെങ്കില് പോങ്ങാത്തതായ പരന്ന അപ്പം" എന്ന് പരിഭാഷ ചെയ്യാം.
- ഈ പദത്തിന്റെ പരിഭാഷ "യീസ്റ്റ്, പുളിപ്പിച്ച" എന്നീ പദങ്ങളുടെ പരിഭാഷയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന കാര്യം ഉറപ്പാക്കുക.
- ചില സന്ദര്ഭങ്ങളില്, "പുളിപ്പില്ലാത്ത അപ്പം" എന്ന പദം "പുളിപ്പില്ലാത്ത അപ്പത്തിന്റെ ഉത്സവം" എന്ന് സൂചിപ്പിക്കുന്നു, ആ രീതിയില്തന്നെ പരിഭാഷ ചെയ്യുകയും ചെയ്യാം.

(കാണുക: അപ്പം, മിസ്രയീം, ഉത്സവം, പെസ്സഹ, വേലക്കാരന്, പാപം, യീസ്റ്റ്)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്05:6-8
- 2 ദിനവൃത്താന്തങ്ങള് 30:13-15
- അപ്പോ.12:3-4
- പുറപ്പാട് 23:14-15
- എസ്രാ 06:21-22
- ഉല്പ്പത്തി 19:1-3
- ന്യായാധിപന്മാര്06:21
- ലേവ്യപുസ്തകം 08:1-3
- ലൂക്കോസ് 22:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4682, G106

# പെട്ടകം

## നിര്വചനം

“പെട്ടകം” എന്ന പദം അക്ഷരികമായി, എന്തിനെയെങ്കിലും സൂക്ഷിക്കുവാനോ സംരക്ഷിക്കുവാനോ ആയി തടികൊണ്ട് നിര്മ്മിച്ച ദീര്ഘചതുരാകൃതിയിലുള്ള പെട്ടി എന്നു സൂചിപ്പിക്കുന്നു. ഒരു പെട്ടകം അതു ഏതു കാര്യത്തിനുവേണ്ടി ഉപയോഗിക്കുന്നുവോ അതനുസരിച്ച് വലുതോ ചെറുതോ ആയിരിക്കാം.

- ഇംഗ്ലിഷ് വേദപുസ്തകത്തില്, “പെട്ടകം” എന്ന പദം ആദ്യമായി ഉപയോഗിച്ച ത് വളരെ വലിയ, ദീര്ഘചതുരാകൃതിയിലുള്ള, തടിയാല്നോഹ ഒരു പടക് നിര്മ്മിച്ചു. ആ പടകിന് പരന്ന അടിഭാഗവും, ഒരു മേല്ക്കൂരയും ചുവരുകളും ഉണ്ടായി രുന്നു. ഈ പദത്തിന് “വളരെ വലിയ പടക്” അല്ലെങ്കില്“ചങ്ങാടം” അല്ലെങ്കില്“ചരക്കു കപ്പല്” അല്ലെങ്കില്“വലിപ്പമുള്ള പെട്ടക ആകൃതിയിലുള്ള പടക്” എന്നിങ്ങനെ യുള്ള പദങ്ങളാലുരിഭാഷപ്പെടുത്താം.
- ഈ വലുപ്പമേറിയ പടകിനെ സൂചിപ്പിക്കുവാന്എബ്രായഭാഷയില്നല്കിയ അതെ പദം തന്നെയാണ് നൈല്നദിയില്മോശെയെ ഒളിപ്പിക്കുവാനായി തന്റെ മാതാവ് ഉപയോഗിച്ച കുട്ട അല്ലെങ്കില്പെട്ടകത്തിനും നല്കപ്പെട്ടിരുന്നത്. ആക്കാര്യത്തില് അത് “കുട്ട” എന്നുതന്നെയാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്.
- ഉടമ്പടിപ്പെട്ടകം” എന്ന പദസഞ്ചയത്തില്“പെട്ടകം” എന്നതിന് വ്യത്യസ്തമായ എബ്രായപദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതു “പെട്ടി” അല്ലെങ്കില്“ഉറപ്പുള്ള വലിയ പെട്ടകം” അല്ലെങ്കില്“സംഭരണി” എന്നു പരിഭാഷപ്പെടുത്താം.
- “പെട്ടകം” എന്ന പദം പരിഭാഷപ്പെടുത്തുമ്പോള്, ഉപയോഗിക്കുന്ന ഓരോ സാഹചര്യങ്ങളെയും ഏതു അളവില്എന്നതിനെയും ഏതു ആവശ്യത്തിനാണ് എന്നതിനെയും പരിഗണിക്കേണ്ടതാണ്.

(കാണുക: ഉടമ്പടിപ്പെട്ടകം, കുട്ട)

## ദൈവവചന സൂചിക:

- 1 പത്രോസ് 03;18-20
- പുറപ്പാട് 16-33-36
- പുറപ്പാട് 30:5-6
- ഉല്പ്പത്തി 08:4-5
- ലൂക്കോസ് 17:25-27
- മത്തായി 24:37-39

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H727, H8392, G2787

# പെന്തക്കോസ്ത്, ആഴ്ചകളുടെ ഉത്സവം

## വസ്തുതകള്:

“ആഴ്ചകളുടെ ഉത്സവം” എന്നത് പെസഹക്കു ശേഷം അമ്പതു ദിവസം കഴിഞ്ഞ് വരുന്നതായ ഒരു യഹൂദ ഉത്സവം ആകുന്നു. പില്ക്കാലത്ത് ഇത് “പെന്തക്കോസ്ത്” എന്ന് അറിയപ്പെടുവാന്ഇടയായി.

- ആദ്യഫല ഉത്സവത്തിനു ശേഷം ഏഴു ആഴ്ചകള്(അമ്പതു ദിവസങ്ങള്) കഴിഞ്ഞ് ആണ് ആഴ്ചകളുടെ ഉത്സവം വരുന്നത്. പുതിയ നിയമ കാലഘട്ടത്തില്, “പെന്തക്കോസ്ത്” എന്ന് അറിയപ്പെട്ടു വന്നിരുന്ന ഈ ഉത്സവത്തിനു അതിന്റെ അര്ത്ഥത്തിന്റെ ഒരു ഭാഗത്ത് “അമ്പത്” എന്ന് ഉണ്ട്.
- ധാന്യങ്ങള്കൊയ്ത്തിന് പ്രാരംഭം കുറിക്കുന്നതിന് മുന്നോടിയായി ആഴ്ചകളുടെ ഉത്സവം ആഘോഷിക്കുന്നു. ഇത് ദൈവം മോശെയുടെ പക്കല്കല്പ്പലകളില്ആദ്യമായി ന്യായപ്രമാണം എഴുതി കൊടുത്തതിന്റെ ഓര്മ്മയുടെ സമയവും കൂടെയാണ്.
- പുതിയ നിയമത്തില്, പെന്തക്കോസ്ത് ദിനം എന്നത് പ്രത്യേകത ഉള്ളതാണ് എന്തുകൊണ്ടെന്നാല്യേശുവിന്റെ വിശ്വാസികള്ഒരു പുതിയ മാര്ഗ്ഗത്തില്പരിശുദ്ധാത്മാവിനെ പ്രാപിച്ചത് അപ്പോള്ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഉത്സവം, ആദ്യഫലങ്ങള്, കൊയ്ത്ത്, പരിശുദ്ധാത്മാവ്, ഉയര്ത്തുക)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള് 08:12-13
- അപ്പോ. 02:1-4
- അപ്പോ. 20:15-16
- ആവര്ത്തനപുസ്തകം 16:16-17
- സംഖ്യാപുസ്തകം 28:26-28

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2282, H7620, G4005

# പെസ്സഹ

## വസ്തുതകള്:

തങ്ങളുടെ പൂര്വീകന്മാര് ആയിരുന്ന, ഇസ്രയേല്യരെ, മിസ്രയീമിലെ അടിമത്തത്തില് നിന്നും ദൈവം വിടുവിച്ചതിന്റെ സ്മരണക്കായി, യഹൂദന്മാര് എല്ലാ വര്ഷങ്ങളിലും ആഘോഷിച്ചു വന്നിരുന്ന ഒരു മതപരമായ ഉത്സവം ആയിരുന്നു "പെസ്സഹ".

- ഈ ഉത്സവത്തിന്റെ പേര് വരുവാന് കാരണമായിരുന്ന യാഥാര്ത്ഥ്യം ദൈവം ഇസ്രയേല് മക്കളുടെ ഭവനങ്ങളെ "കടന്നു പോയി" അവരുടെ കടിഞ്ഞൂലുകളെ സംഹരിച്ചില്ല, എന്നാല് മിസ്രയീമ്യരുടെ കടിഞ്ഞൂലുകളെ എല്ലാം സംഹരിക്കുകയും ചെയ്തു എന്നതാണ്.
- പെസ്സഹ ഉത്സവം ആഘോഷിക്കുന്നതില് ഉള്പ്പെടുന്ന ഒരു പ്രത്യേക ഭക്ഷണം, ഏറ്റവും നല്ല ഒരു കുഞ്ഞാടിനെ കൊന്നു അതിനെ വറുക്കുകയും, അതുപോലെ പുളിപ്പില്ലാത്ത മാവ് കൊണ്ടുള്ള അപ്പം ഉണ്ടാക്കുകയും ചെയ്യുക എന്നുള്ളത് ആയിരുന്നു. ഈ ഭക്ഷണങ്ങള് അന്ന് ഇസ്രയേല് ജനം മിസ്രയീമില് നിന്നും രക്ഷപ്പെട്ടു വന്ന രാത്രിയില് കഴിച്ച ഭക്ഷണത്തിന്റെ ഓര്മ്മപ്പെടുത്തല്ആയിരുന്നു.
- ദൈവം അവരുടെ ഭവനങ്ങളെ എപ്രകാരം "കടന്നു പോയി" എന്നും മിസ്രയീമിന്റെ അടിമത്തത്തില് നിന്നും എപ്രകാരം വിടുവിക്കപ്പെട്ടു എന്നും ഓര്ക്കേണ്ടതിനും അത് ആഘോഷിക്കേണ്ടതിനും വേണ്ടി ദൈവം ഇസ്രയേല് മക്കളോട് ഓരോ വര്ഷങ്ങളിലും ഇത് ഭക്ഷിക്കുകയും ആചരിക്കുകയും വേണമെന്ന് ആവശ്യപ്പെട്ടു.

## പരിഭാഷ നിര്ദേശങ്ങള്:

"പെസ്സഹ" എന്ന പദം "കടന്നു" എന്നും "പോകുക" എന്നും ഉള്ള രണ്ടു പദങ്ങളെ സംയോജിപ്പിക്കുകയോ, അല്ലെങ്കില് ഇതേ അര്ത്ഥം നല്കുന്ന തത്തുല്ല്യ പദങ്ങള് ഉപയോഗിച്ചു പരിഭാഷ ചെയ്യുകയോ ചെയ്യാം.

- ഈ ഉത്സവത്തിന്റെ പേരിനു ഇസ്രയേല് ജനത്തിന്റെ ഭവനങ്ങളെ കര്ത്താവിന്റെ ദൂതന്കടന്നു പോകുകയും അവരുടെ മക്കളെ ശേഷിപ്പിക്കുകയും ചെയ്ത സംഭവത്തോട് ബന്ധപ്പെടുത്തി വ്യക്തമായി വിശദീകരിക്കാവുന്ന വാക്കുകള് ഉണ്ടായിരിക്കുമെങ്കില് വളരെ പ്രയോജനപ്രദം ആയിരിക്കും.

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര് 05:6-8
- 2 ദിനവൃത്താന്തങ്ങള്30:13-15
- 2 രാജാക്കന്മാര് 23:21-23
- ആവര്ത്തനപുസ്തകം 16:1-2
- പുറപ്പാട് 12:26-28
- എസ്രാ 06:21-22
- യോഹന്നാന്:1-2
- യോശുവ 05:10-11
- ലേവ്യപുസ്തകം 23:4-6
- സംഖ്യാപുസ്തകം 09:1-3

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **12:14** മിസ്രയീമ്യരുടെ മേല് ഉണ്ടായ തന്റെ വിജയം ഇസ്രയേല് മക്കള് ഓര്ക്കുകയും അടിമത്തത്തില് നിന്ന് വിടുവിച്ചതിനെ എല്ലാ വര്ഷങ്ങളിലും ഇസ്രയേല് ജനം **പെസ്സഹ** ആചരിച്ചു ആഘോഷിക്കുകയും വേണം എന്ന് ദൈവം കല്പ്പിച്ചു.
- **38:01** എല്ലാ വര്ഷവും, യഹൂദന്മാര് **പെസ്സഹ** ആഘോഷിച്ചു വന്നു. നിരവധി നൂറ്റാണ്ടുകള്ക്കു മുന്പ് തങ്ങളുടെ പിതാമഹന്മാരെ മിസ്രയീമിന്റെ അടിമത്തത്തില് നിന്നും ദൈവം എപ്രകാരം രക്ഷിച്ചു എന്നുള്ളതിന്റെ ഒരു ആഘോഷം ആയിരുന്നു,
- **38:04** യേശു തന്റെ ശിഷ്യന്മാരോട് കൂടെ ഈ **പെസ്സഹ** ആചരിച്ചു.
- **48:09** ദൈവം രക്തം കണ്ടപ്പോള്, താന് അവരുടെ വീടുകളെ കടന്നു പോകുകയും, അവരുടെ ആദ്യജാതന്മാരെ സംഹരിക്കാതെ വിടുകയും ചെയ്തു. ഈ സംഭവത്തെ **പെസ്സഹ** എന്ന് വിളിക്കുന്നു.
- **48:10** യേശുവാണ് നമ്മുടെ **പെസ്സഹ** കുഞ്ഞാട്. താന് ഉല്കൃഷ്ടനും പാപരഹിതനും **പെസ്സഹ** അറുക്കപ്പെടുവാന്ഉള്ള അതേ സമയത്ത് തന്നെ കൊല്ലപ്പെടുവാന് ഉള്ളവനും ആയിരുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6453, G3957

# പേര്, പേരുകള്, പേരിട്ട

## നിര്വചനം:

ദൈവ വചനത്തില്, “പേര്” എന്ന വാക്കു പല ഉപമാന രീതികളില് ഉപയോഗിക്കുന്നുണ്ട്.

- ചില സന്ദര്ഭങ്ങളില്, “പേര്” എന്നത് ഒരു വ്യക്തിയുടെ ബഹുമാനത്തെ, “നാം നമുക്ക് ഒരു പേര് ഉണ്ടാക്കുക” എന്നതില് സൂചിപ്പിച്ചിട്ടുള്ളത് പോലെ ആയിരിക്കും.
- “പേര്” എന്ന പദം ഏതിന്റെ എങ്കിലും ഓര്മ്മയെ സൂചിപ്പിക്കുന്നതും ആയിരിക്കാം. ഉദാഹരണമായി, “വിഗ്രഹങ്ങളുടെ പേരുകള് നീക്കം ചെയ്യുക” എന്നത് അര്ത്ഥമാക്കുന്നത് വിഗ്രഹങ്ങളെ നശിപ്പിക്കുക അതിനാല് തുടര്ന്ന് അവ സ്മരിക്കപ്പെടുകയോ ആരാധിക്കപ്പെടുകയോ ചെയ്യുകയില്ല എന്നാണ്.
- “ദൈവ നാമത്തില്” സംസാരിക്കുന്നത് എന്നത് ദൈവത്തിന്റെ അധികാരത്തോടെ, അല്ലെങ്കില് തന്റെ പ്രതിനിധിയായി സംസാരിക്കുക എന്ന് അര്ത്ഥം നല്കുന്നു.
- ഒരുവന്റെ ”പേര്” എന്നത് ആ വ്യക്തിയെ മുഴുവനുമായി, “നാം രക്ഷിക്കപ്പെടുവാനായി ആകാശത്തിനു താഴെ വേറെ ഒരു നാമവും ഇല്ല” എന്നു ഉള്ളത് പോലെ സൂചിപ്പിക്കാം. (കാണുക: കാവ്യാലങ്കാരം)

## പരിഭാഷ നിര്ദേശങ്ങള്:

- “അവന്റെ നല്ല പേര്” എന്നത് പോലെയുള്ള ഒരു പദ പ്രയോഗം “അവന്റെ നല്ല മതിപ്പ്.” എന്ന് പരിഭാഷ ചെയ്യാം.
- “നാമത്തില്” എന്തെങ്കിലും ചെയ്യുക എന്ന് ഉള്ളത് പ്രസ്തുത വ്യക്തിയുടെ “അധികാരത്തോടു കൂടെ” അല്ലെങ്കില്” അനുവാദത്തോടു കൂടെ” അല്ലെങ്കില് “പ്രതിനിധി എന്ന നിലയില്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “നമുക്ക് വേണ്ടി ഒരു നാമം ഉണ്ടാക്കുക” എന്ന പദ പ്രയോഗം “നമ്മെ കുറിച്ച് നിരവധി ആളുകള് അറിയുവാന് ഇടയാക്കുക” അല്ലെങ്കില് നാം വളരെ പ്രാധാന്യം അര്ഹിക്കുന്നവര് ആണെന്ന് ജനങ്ങള് ചിന്തിക്കുവാന് ഇടയാക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “അവന്റെ നാമം വിളിക്കുക” എന്ന പദ പ്രയോഗം “അവനു പേര് നല്കുക” അല്ലെങ്കില് “അവനു ഉചിതമായ പേര് നല്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “നിന്റെ നാമത്തെ സ്നേഹിക്കുന്നവര്ക്ക്” എന്നത് “നിന്നെ സ്നേഹിക്കുന്നവര്ക്ക്” എന്ന് പരിഭാഷ ചെയ്യാം.
- “വിഗ്രഹങ്ങളുടെ പേരുകള് നീക്കം ചെയ്യുക” എന്നത് “ജാതീയ വിഗ്രഹങ്ങളെ പുറത്ത് നീക്കി കളയുക അതിനാല് അവ ഓര്മ്മിക്കപ്പെടുവാന് പോലും ഇടയാകുക അരുത്” അല്ലെങ്കില് “ജനം അസത്യ ദൈവങ്ങളെ ആരാധിക്കുന്നത് നിര്ത്തലാക്കുവാന് ഇട വരുത്തുക” അല്ലെങ്കില് “സകല വിഗ്രഹങ്ങളെയും പൂര്ണ്ണമായി നശിപ്പിക്കുക വഴി എല്ലാ ജനങ്ങളും തുടര്ന്ന് അവയെ കുറിച്ച് ഓര്ക്കുക പോലും ചെയ്യാതെ ഇരിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: വിളിക്കുക)

## ദൈവ വചന സൂചികകള്:

- 1 യോഹന്നാന്:12-14
- 2 തിമോത്തിയോസ് 02:19-21
- അപ്പോ.04:5-7
- അപ്പോ.04:11-12
- അപ്പോ.09:26-27
- ഉല്പ്പത്തി 12:1-3
- ഉല്പ്പത്തി 35:9-10
- മത്തായി 18:4-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5344, H7121, H7761, H8034, H8036, G2564, G3686, G3687, G5122

# പ്രത്യാശ, പ്രത്യാശിച്ചു, പ്രത്യാശിക്കുന്നു

## നിര്വചനം:

എന്തെങ്കിലും സംഭവിക്കുമെന്ന് ശക്തമായി ആഗ്രഹിക്കുന്നതാണ് പ്രത്യാശ. ഒരു ഭാവികാല സംഭവം നടക്കും എന്നുള്ള ഉറപ്പു അല്ലെങ്കില്ഉറപ്പില്ലായ്മയെ നല്കുവാന്പ്രത്യാശയ്ക്കു കഴിയും.

- ദൈവ വചനത്തില്, "പ്രത്യാശ'' എന്നതിനു "ആശ്രയം" എന്ന് "എന്റെ പ്രത്യാശ കര്ത്താവില്ആകുന്നു" എന്നുള്ളതില്അര്ത്ഥം നല്കുന്നതു പോലെയും ഉണ്ട്. ഇത് ലഭിക്കുമെന്ന് ഉറപ്പുള്ള ഒരു പ്രതീക്ഷ ദൈവം തന്റെ ജനത്തിന് വാഗ്ദത്തം നല്കിയതിനെ സൂചിപ്പിക്കുന്നു.
- ചില സന്ദര്ഭങ്ങളില്ഈ പദത്തെ മൂല ഭാഷയില്ഉള്ള അര്ത്ഥമായ "ഉറപ്പ്" എന്ന് ULB പരിഭാഷ ചെയ്യുന്നു. ദൈവം വാഗ്ദത്തം ചെയ്തത് ലഭിക്കുമെന്ന് (ഉറപ്പ് അല്ലെങ്കില്പ്രത്യാശ) യേശുവിനെ അവരുടെ രക്ഷകന്ആണെന്ന ആത്മവിശ്വാസം ഉള്ള ജനത്തിനു പുതിയ നിയമത്തില്മിക്കവാറും സംഭവിക്കാറുണ്ട്.
- "പ്രത്യാശ രഹിതം" എന്നതിന്റെ അര്ത്ഥം ശുഭാമായത് സംഭവിക്കും എന്നുള്ള പ്രതീക്ഷ ഇല്ലാതിരിക്കുക എന്നാണ്.

അതിന്റെ അര്ത്ഥം യഥാര്ത്തത്തില്അതു സംഭവിക്കു കയില്ലെന്നു വളരെ നിശ്ചയം ആണെന്ന് അര്ത്ഥമാക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ചില സന്ദര്ഭങ്ങളില്, "പ്രത്യാശിക്കുക" എന്ന പദം ""ആശിക്കുക" അല്ലെങ്കില്"ആഗ്രഹിക്കുക" അല്ലെങ്കില്"പ്രതീക്ഷിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ഒന്നും പ്രതീക്ഷിക്കുവാന്വകയില്ല" എന്ന പദപ്രയോഗം "ആശ്രയിക്കുവാന്ഒരു വകയുമില്ല" അല്ലെങ്കില്"യാതൊരു നന്മയും പ്രതീക്ഷിക്കുവാന്ഇല്ല" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "പ്രത്യാശ ഇല്ലാതെ ഇരിക്കുക" എന്നത് "നന്മയായതു ഒന്നും പ്രതീക്ഷിക്കുവാന്വകയല്ല" അല്ലെങ്കില്"സുരക്ഷിതത്വം ഇല്ല" അല്ലെങ്കില്"യാതൊരു നന്മയും സംഭവിക്കുകയില്ല എന്ന ഉറപ്പ് ഉള്ളതായിരിക്കുക" എന്ന് പരിഭാഷ ചെയ്യാം. "നിങ്ങളുടെ പ്രത്യാശ ക്രമീകരിക്കുക" എന്ന പദപ്രയോഗം "നിങ്ങളുടെ ഉറപ്പു വെയ്ക്കുക" അല്ലെങ്കില്"ആശ്രയിച്ചു കൊണ്ടിരിക്കുക" എന്ന് പരിഭാഷ ചെയ്യാം.
- "ഞാന്നിന്റെ വാക്കില്പ്രത്യാശ കണ്ടെത്തി" എന്ന പദസഞ്ചയം "നിന്റെ വാക്ക് സത്യമാണെന്ന് ഞാന്ഉറപ്പാക്കുന്നു" അല്ലെങ്കില്"നിങ്ങളുടെ വാക്കു ഞാന്നിങ്ങളെ വിശ്വസിക്കുവാന്സഹായിക്കുന്നു" അല്ലെങ്കില്"ഞാന്നിങ്ങളുടെ വാക്കു അനുസരിക്കുമ്പോള്അനുഗ്രഹിക്കപ്പെട്ടിരിക്കും എന്ന് ഞാന്തീര്ച്ചപ്പെടുത്തിയിരിക്കുന്നു.
- ദൈവത്തില്"പ്രത്യാശിക്കുക" പോലുള്ള പടസഞ്ചയങ്ങള്"ദൈവത്തില്ആശ്രയിക്കുക" അല്ലെങ്കില്"ദൈവം വാഗ്ദത്തം ചെയ്തത് തീര്ച്ചയായും ദൈവം ചെയ്യുമെന്ന് ഉറപ്പായി അറിയുക" അല്ലെങ്കില്"ദൈവം വിശ്വസ്തന്ആകുന്നു എന്ന് ഉറപ്പായി ഇരിക്കുക" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക:അനുഗ്രഹിക്കുക, ഉറപ്പു, നല്ലത്, അനുസരിക്കുക, ആശ്രയം, ദൈവ വചനം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്29:14-15
- 1 തെസ്സലോനിക്യര്02:17-20
- അപ്പോ.24:14-16
- അപ്പോ.26:6-8
- അപ്പോ.27:19-20
- കൊലൊസ്സ്യര്01:4-6
- ഇയ്യോബ് 11-20

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H982, H983, H986, H2620, H2976, H3175, H3176, H3689, H4009, H4268, H4723, H7663, H7664, H8431, H8615, G91, G560, G1679, G1680, G2070

# പ്രബോധിപ്പിക്കുക, പ്രബോധനം

## നിര്വചനം:

“പ്രബോധിപ്പിക്കുക” എന്ന പദം ശരിയായ കാര്യം ചെയ്യുവാനായി ഒരുവനെ ശക്തമായി പ്രോല്സാഹിപ്പിക്കുകയും നിര്ബന്ധിക്കുകയും ചെയ്യുക എന്നു അര്ത്ഥമാക്കുന്നു. അപ്രകാരമുള്ള പ്രോത്സാഹനത്തെ “പ്രബോധനം” എന്നു വിളിക്കുന്നു.

- പ്രബോധനത്തിന്റെ ഉദ്ദേശ്യം മറ്റുള്ള ജനങ്ങളെ പാപത്തെ ഒഴിഞ്ഞിരിപ്പാനും ദൈവഹിതം പിന്തുടരുവാനും പ്രേരിപ്പിക്കുക എന്നുള്ളതാണ്.
- പുതിയനിയമം ക്രിസ്ത്യാനികളെ പഠിപ്പിക്കുന്നത്, പരുഷമായോ, അസംബന്ധമായോ അല്ലാതെ, സ്നേഹത്തില് പരസ്പരം പ്രബോധിപ്പി ക്കണം എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യത്തിനു അനുസരിച്ച്, “പ്രബോധനം” എന്നത് “ശക്തമായി നിര്ബന്ധിക്കുക” അല്ലെങ്കില് “പ്രേരിപ്പിക്കുക” അല്ലെങ്കില് “ഉപദേശിക്കുക” എന്നു പരിഭാഷപ്പെടുത്താം.
- ഈ പദത്തിന്റെ പരിഭാഷ പ്രബോധകന്കോപിഷ്ടനായിരിക്കുന്നു എന്ന ആശയം നല്കുന്നതായി കാണപ്പെടരുത്. ഈ പദം ശക്തിയും ഗൌരവവും നല്കുന്നതായിരിക്കണം, എന്നാല് കൊപത്തോടെയുള്ള പ്രഭാഷണം നല്കുന്നതായി സൂചിപ്പിക്കരുത്.
- മിക്കവാറും സാഹചര്യങ്ങളില്, “പ്രബോധനം” എന്ന പദം “ധൈര്യപ്പെ ടുത്തുക” എന്നതിന് വ്യത്യസ്തമായി ഒരുവനെ “ഉത്തേജിപ്പിക്കുക അല്ലെങ്കില് വീണ്ടും ഉറപ്പിക്കുക, അല്ലെങ്കില് ആശ്വസിപ്പിക്കുക എന്നിങ്ങനെ അര്ത്ഥം നല്കുന്ന പരിഭാഷ നല്കണം.
- സാധാരണയായി ഈ പദം “ഒരുവന് ചെയ്തതായ തെറ്റായ സമീപനത്തിന് മുന്നറിയിപ്പായോ ഗുണീകരണമായോ എന്നര്ത്ഥം വരുന്ന “താക്കീതു നല്കുക” എന്നതില് നിന്നും വ്യത്യസ്തമായി പരിഭാഷപ്പെടുത്താം.

## ദൈവവചന സൂചികകള്:

- 1 തെസ്സലോനിക്യര്:3-4
- 1 തെസ്സലോനിക്യര്:10-12
- 1 തിമൊത്തിയൊസ് 05:1-2
- ലൂക്കോസ് 03:18-20

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G3867, G3870, G3874, G4389

# പ്രഭു, പ്രഭുക്കന്മാർ, കർത്താവ്, യജമാനൻ, യജമാനന്മാർ, ശ്രീമാൻ, ശ്രീമാന്മാർ

## നിർവചനം:

"പ്രഭു" എന്ന പദം, സൂചിപ്പിക്കുന്നത് മറ്റു ജനങ്ങളുടെ മേൽ ഉടമസ്ഥതയോ അധികാരമോ ഉള്ള ഒരു വ്യക്തിയെ സൂചിപ്പിക്കുന്നു.

- ഈ വാക്കു ചില സന്ദർഭങ്ങളിൽ 'യജമാനൻ" എന്ന് യേശുവിനെ അഭിസംബോധന ചെയ്യുവാനോ അല്ലെങ്കിൽ തനിക്കു സ്വന്തമായി അടിമകൾ ഉള്ളവനെയോ സൂചിപ്പിച്ചു പരിഭാഷ ചെയ്യുന്നു.
- ചില ആംഗലേയ പതിപ്പുകൾ ഇതിനെ "ശ്രീമാൻ" എന്ന് ഉയർന്ന പദവിയിൽ ഉള്ള ഒരുവനെ ഭവ്യതയോടെ അഭിസംബോധന ചെയ്യുവാൻ വേണ്ടി പരിഭാഷ ചെയ്തിരിക്കുന്നു. "കർത്താവ്" എന്നതു വലിയ അക്ഷരത്തിൽ എഴുതിയാൽ, ഇത് ദൈവത്തെ സൂചിപ്പിക്കുന്ന ഒരു സ്ഥാനപ്പേര് ആണെന്ന് സൂചിപ്പിക്കുന്നു. (എന്നിരുന്നാലും, ആരെ എങ്കിലും അഭിസംബോധന ചെയ്യുന്ന രൂപത്തിലോ അല്ലെങ്കിൽ ഒരു വാചകത്തിന്റെ ആരംഭത്തിൽ രേഖപ്പെടുത്തുകയോ ചെയ്യുമ്പോൾ വലിയ അക്ഷരത്തിൽ എഴുതാറുണ്ട്, അതിന്റെ അർത്ഥം "ശ്രീമാൻ" അല്ലെങ്കിൽ "യജമാനൻ" എന്നാണ്.
- പഴയ നിയമത്തിൽ, ഈ പദം "കർത്താവായ ദൈവം സർവശക്തൻ" അല്ലെങ്കിൽ "കർത്താവായ യഹോവ" അല്ലെങ്കിൽ "നമ്മുടെ കർത്താവായ യഹോവ" എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ ഉപയോഗിക്കാം.
- പുതിയ നിയമത്തിൽ, അപ്പോസ്തലന്മാർഈ പദം "കർത്താവായ യേശു" എന്നും "കർത്താവായ യേശു ക്രിസ്തു" എന്നും പ്രകടിപ്പിക്കുമ്പോൾ യേശു ദൈവം ആണെന്ന സന്ദേശം നൽകുന്നു.
- പുതിയ നിയമത്തിൽ "കർത്താവ്" എന്ന പദം ദൈവത്തിനു മാത്രമായി നേരിട്ട് ഉപയോഗിച്ചു സൂചിപ്പിക്കുന്നതായി, പ്രത്യേകാൽ പഴയ നിയമത്തിൽ നിന്നുള്ള ഉദ്ധരണികളിൽ സൂചിപ്പിക്കുന്നു. ഉദാഹരണമായി, പഴയ നിയമ വചനം ആയ "യഹോവയുടെ നാമത്തിൽ വരുന്നവൻഅനുഗ്രഹിക്കപ്പെട്ടവൻ" എന്നും പുതിയ നിയമ വാക്യം ആയ "കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ" എന്നും ഉണ്ട്.
- യു.എൽ.ബി.യിലും യു.ഡി.ബി.യിലും "കർത്താവ്" എന്ന സ്ഥാനപ്പേര് യഥാർത്ഥ എബ്രായ ഗ്രീക്ക് വാക്കുകൾ പരിഭാഷ ചെയ്യുവാൻ വേണ്ടി മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ഇത് ഒരിക്കലും ദൈവത്തിന്റെ നാമത്തിന്റെ (യഹോവ) ഒരു പരിഭാഷ ആയി പല ഭാഷാന്തരങ്ങളിൽ ചെയ്തിട്ടുള്ളത് പോലെ ഒരിക്കലും ഉപയോഗിച്ചിട്ടില്ല. ചില ഭാഷകളിൽ "കർത്താവ്" എന്നുള്ളത് "യജമാനൻ" അല്ലെങ്കിൽ "ഭരണാധികാരി" അല്ലെങ്കിൽ വേറെ ഏതെങ്കിലും പദം ഉടമസ്ഥതയെയോ പരമാധികാരത്തെയോ സൂചിപ്പിക്കുവാൻ വേണ്ടി ആശയ വിനിമയം ചെയ്യാറുണ്ട്.
- അനുയോജ്യമായ സാഹചര്യങ്ങളിൽ, പല പരിഭാഷകളും ഈ പദത്തിന്റെ ആദ്യ അക്ഷരം വലുതാക്കി എഴുതുക വഴി വായനക്കാരന് ഇത് ദൈവത്തിനു നൽകപ്പെടുന്ന സ്ഥാനപ്പേര് ആണെന്ന് വ്യക്തമാക്കുവാൻ കഴിയുന്നു.
- പഴയ നിയമത്തിൽ നിന്നുള്ള ഉദ്ധരണികൾ പഴയ നിയമത്തിൽ കാണപ്പെടുന്ന സ്ഥലങ്ങളിൽ, "കർത്താവായ ദൈവം" എന്ന പദം ദൈവത്തെ സൂചിപ്പിക്കുന്ന ഒന്ന് ആണെന്ന വസ്തുത വ്യക്തം ആക്കുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- ഈ പദം "യജമാനൻ" എന്ന പദത്തിന് തുല്യമായ ഒന്നായി അടിമകൾ സ്വന്തമായ ഒരു വ്യക്തിയെ സൂചിപ്പിക്കുവാൻ പരിഭാഷ ചെയ്യാം. ഇത് ഒരു വേലക്കാരനാൽതാന് ആർക്കു വേണ്ടി ജോലി ചെയ്യുന്നുവോ ആ വ്യക്തിയെ അഭിസംബോധന ചെയ്യുവാനും ഉപയോഗിക്കാം.
- ഇത് യേശുവിനെ സൂചിപ്പിക്കുമ്പോൾ, സംഭാഷകൻ തന്നെ ഒരു മത ഗുരുവായി കാണുന്ന സാഹചര്യത്തിൽ, ഇത് മത ഗുരുവിനെ "ഗുരു" എന്ന് ബഹുമാന പുരസ്സരം അഭിസംബോധന ചെയ്യുന്നതായി പരിഭാഷ ചെയ്യാം. "യേശുവിനെ അഭിസംബോധന ചെയ്യുന്ന വ്യക്തിക്ക് തന്നെ അറിയുവാൻ പാടില്ല എങ്കിൽ, "കർത്താവ്" എന്ന പദം ബഹുമാന പുരസ്സരം "ശ്രീമാൻ" എന്ന് പരിഭാഷ ചെയ്തു കൊള്ളാം. ഈ പരിഭാഷ മറ്റു സാഹചര്യങ്ങളിലും ഒരു ആദരണീയ ഭാവത്തിൽ അപ്രകാരം ഉള്ള വ്യക്തിയെ അഭിസംബോധന ചെയ്യുവാൻ ഉപയോഗിക്കാവുന്നതാണ്. പിതാവായ ദൈവത്തെയോ, യേശുവിനെയോ സൂചിപ്പിക്കുമ്പോൾ, ഈ പദം ഒരു സ്ഥാനപ്പേര് ആയി പരിഗണിച്ചു, "കർത്താവ്" എന്ന് (വലിയ അക്ഷരത്തിൽ) ആംഗലേയ ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്നു.

(കാണുക: ദൈവം, യേശു, ഭരണാധികാരി, യഹോവ)

## ദൈവ വചന സൂചികകൾ:

- ഉൽപ്പത്തി 39:1-2
- യോശുവ 03:9-11
- സങ്കീർത്തനങ്ങൾ 086:15-17
- യിരെമ്യാവ് 27:1-4
- വിലാപങ്ങൾ02:1-2
- യെഹസ്കേൽ18:29-30
- ദാനിയേൽ09:9-11
- ദാനിയേൽ09:17-19
- മലാഖി 03:1-3
- മത്തായി 07:21-23
- ലൂക്കോസ് 01:30-33
- ലൂക്കോസ് 16:13
- റോമർ06:22-23
- എഫെസ്യർ06:9
- ഫിലിപ്പിയർ02:9-11
- കൊലോസ്യർ03:22-25
- എബ്രായർ12:14-17
- യാക്കോബ് 02:1-4
- 1 പത്രോസ് 01:3-5
- യൂദ 01:5-6
- വെളിപ്പാട് 15:3-4

## ദൈവ വചന കഥകളിൽനിന്നുള്ള ഉദാഹരണങ്ങൾ:

- **25:05** എന്നാൽതിരുവെഴുത്തുകളിൽനിന്ന് ഉദ്ധരിച്ചു കൊണ്ട് യേശു സാത്താനു മറുപടി നൽകി. താൻപറഞ്ഞത്, “ദൈവത്തിന്റെ വചനത്തിൽ, താൻതന്റെ ജനത്തോടു കൽപ്പിച്ചത്, “നിന്റെ ദൈവമായ **കർത്താവിനെ** പരീക്ഷിക്കരുത്” എന്നാണ്.
- **25:07** യേശു മറുപടി പറഞ്ഞത്, “സാത്താനേ! നീ എന്നെ വിട്ടു പോ!” എന്നായിരുന്നു. ദൈവവചനത്തിൽതാൻതന്റെ ജനത്തോടു കൽപ്പിച്ചിരിക്കുന്നത്, “നിങ്ങളുടെ ദൈവമായ **കർത്താവിനെ** മാത്രമേ ആരാധിക്കുകയും സേവിക്കുകയും ചെയ്യുവാൻപാടുള്ളൂ” എന്നാണ്,
- **26:03** ഇത് **കർത്താവിന്റെ** സുപ്രസാദ വർഷം.
- **27:02** ന്യായശാസ്ത്രി മറുപടിയായി മറുപടി നൽകിയത് ദൈവത്തിന്റെ ന്യായപ്രമാണം പറയുന്നത്, “നീ നിന്റെ **കർത്താവിനെ** പൂർണ്ണ ഹൃദയത്തോടും, ആത്മാവോടും, മനസ്സോടും കൂടെ സ്നേഹിക്കണം.” എന്നാണ്.
- **31:05** അനന്തരം പത്രോസ് യേശുവിനോട് പറഞ്ഞത്, “**ഗുരോ**, ഇത് നീ ആകുന്നു എങ്കിൽ, ജലത്തിന്മേൽഞാൻനിന്റെ അടുക്കൽവരുവാൻഎന്നോട് കൽപ്പിക്കണമേ.” എന്നാണ്.
- **43:09** “എന്നാൽദൈവം യേശുവിനെ കർത്താവും_ ദൈവവും ആയി തീരുവാൻഇടയാക്കി വെച്ചു എന്ന് തീർച്ചയായും അറിഞ്ഞു കൊൾവിൻ!
- **47:03** ഈ അശുദ്ധാത്മാവിനാൽഅവൾജനത്തിനു വേണ്ടി ഭാവി പറയുകയും, തന്റെ **യജമാനന്മാർക്ക്** ഒരു ലക്ഷണവിദ്യക്കാരി എന്ന നിലയിൽവളരെ പണം സമ്പാദിച്ചു കൊടുത്തു പോന്നു.
- **47:11 പൌലോസ് മറുപടി പറഞ്ഞത്, “**യജമാനൻ__ ആയ യേശുവിൽവിശ്വസിക്കുക, അപ്പോൾനീയും നിന്റെ കുടുമ്പവും രക്ഷിക്കപ്പെടും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H113, H136, H1167, H1376, H4756, H7980, H8323, G203, G634, G962, G1203, G2962

# പ്രവര്ത്തികള്, കൃത്യങ്ങള്, പ്രവര്ത്തി, നടപടികള്

## നിര്വചനം:

ദൈവവചനത്തില്, "പ്രവര്ത്തികള്", എന്നും "കൃത്യങ്ങള്", എന്നും "നടപടികള്" എന്നും ഉള്ള പദങ്ങള് ദൈവമോ മനുഷ്യരോ ചെയ്യുന്ന പ്രവര്ത്തികളെ പൊതുവായി സൂചിപ്പിക്കുന്നു.

- പ്രവര്ത്തി" എന്ന പദം സൂചിപ്പിക്കുന്നത് ജോലി ചെയ്യുന്നത് അല്ലെങ്കില് മറ്റു ജനങ്ങളെ സേവിക്കുവാനായി ചെയ്യുന്ന എന്ത് കാര്യങ്ങളെയും ആകുന്നു.
- ദൈവത്തിന്റെ പ്രവര്ത്തികള്" എന്നും "തന്റെ കരത്തിന്റെ പ്രവര്ത്തികള്" എന്നും ഉള്ള പദപ്രയോഗങ്ങള്ദൈവം പ്രവര്ത്തിക്കുന്ന സകല കാര്യങ്ങളും അല്ലെങ്കില് താന്പ്രവര്ത്തിച്ചതായ സകല കാര്യങ്ങളും, അതായത് ലോകത്തെ സൃഷ്ടിച്ചത്, പാപികളെ രക്ഷിക്കുന്നത്, തന്റെ സൃഷ്ടിക്കു ആവശ്യമായതു ഒക്കെയും നല്കുന്നത്, മുഴുവന്പ്രഞ്ചത്തെയും അതിന്റെ സ്ഥാനത്ത് നിലനിര്ത്തുന്നത് ആദിയായവ ഉള്പ്പെടെ ഉള്ളവയെ സൂചിപ്പിക്കുന്നു. "കൃത്യങ്ങള്" എന്നും "നടപടികള്" എന്നും ഉള്ള പദങ്ങള് "ശക്തമായ നടപടികള്" എന്നും "അത്ഭുതകരമായ കൃത്യങ്ങള്" എന്നും ദൈവത്തിന്റെ അത്ഭുതങ്ങളെ സൂചിപ്പിക്കുന്ന പദപ്രയോഗങ്ങള് ആയി ഉപയോഗിക്കുന്നു.
- ഒരു മനുഷ്യന് ചെയ്യുന്ന പ്രവര്ത്തികള് അല്ലെങ്കില് കൃത്യങ്ങള് നല്ലതോ തിന്മയോ ആയവ ആയിരിക്കും. "നല്ല ഫലം" എന്നും കൂടെ വിളിക്കപ്പെടുന്ന നല്ല പ്രവര്ത്തികള്ചെയ്യുവാന്പരിശുദ്ധാത്മാവ് വിശ്വാസികളെ ശക്തീകരിക്കുന്നു.
- ജനം അവരുടെ നല്ല പ്രവര്ത്തികള്നിമിത്തം രക്ഷിക്കപ്പെടുന്നില്ല, അവരേശുവില്അര്പ്പിച്ചിരിക്കുന്ന വിശ്വാസം മൂലം ആണ് രക്ഷിക്കപ്പെടുന്നത്.
- ഒരു വ്യക്തിയുടെ "പ്രവര്ത്തി" എന്നത് താന്ജീവിക്കുവാന്വേണ്ടി സമ്പാദിക്കുന്നത് അല്ലെങ്കില്ദൈവത്തെ സേവിക്കുന്നത് ആകാം. ദൈവവചനം ദൈവത്തെ "പ്രവര്ത്തിക്കുന്നവന്" എന്നും കൂടെ സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "പ്രവര്ത്തികള്", അല്ലെങ്കില്"കൃത്യങ്ങള്", എന്നുള്ളത് "നടപടികള്" അല്ലെങ്കില്"ചെയ്തവകള്ആയ കാര്യങ്ങള്" എന്ന് പരിഭാഷ ചെയ്യാം.
- ദൈവത്തിന്റെ "പ്രവര്ത്തികള്" അല്ലെങ്കില്"കൃത്യങ്ങള്" എന്നുള്ളതിനെ സൂചിപ്പിക്കുമ്പോള് "നടപടികള്" എന്നുള്ളതും "കരങ്ങളുടെ പ്രവര്ത്തി" എന്നും ഉള്ള പദപ്രയോഗങ്ങള്:അത്ഭുതങ്ങള്" അല്ലെങ്കില്"താന്ചെയ്യുന്ന അതിശയമായ കാര്യങ്ങള്" എന്നിങ്ങനെ പരിഭാഷ ചെയ്യാവുന്നതാണ്.
- "ദൈവത്തിന്റെ പ്രവര്ത്തി" എന്ന പദപ്രയോഗം "ദൈവം ചെയ്തു വരുന്ന പ്രവര്ത്തികള്" അല്ലെങ്കില് ദൈവം ചെയ്യുന്ന കാര്യങ്ങള്" അല്ലെങ്കില്"ദൈവം ചെയ്യുന്ന അതിശയകരമായ സംഗതികള്" അല്ലെങ്കില്"ദൈവം ചെയ്തു തീര്ത്തതായ സകല കാര്യങ്ങളും" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "പ്രവര്ത്തി" എന്ന പദം "ഓരോ നല്ല പ്രവര്ത്തിയും" എന്നുള്ളതിലെ "പ്രവര്ത്തികള്" എന്ന ഏകവചന രൂപം പോലെ അല്ലെങ്കില് "ഓരോ നല്ല കൃത്യവും" എന്നോ ആയിരിക്കാം.
- "പ്രവര്ത്തി" എന്ന പദത്തിനു "സേവനം" അല്ലെങ്കില്"ശുശ്രൂഷ" എന്ന വിശാലമായ അര്ത്ഥവും ഉള്ളതായി കാണുന്നു. ഉദാഹരണമായി, "കര്ത്താവില്ഉള്ള നിങ്ങളുടെ പ്രവര്ത്തി" എന്ന പദപ്രയോഗം "നിങ്ങള്കര്ത്താവിനായി ചെയ്യുന്നത് എന്താണോ അത്" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "നിങ്ങളുടെ സ്വന്ത പ്രവര്ത്തികളെ പരിശോധിക്കുക" എന്ന പദപ്രയോഗം "നിങ്ങള്ചെയ്യുന്നത് എന്താണോ അത് ദൈവത്തിന്റെ ഹിതം ആണെന്ന് തീര്ച്ചപ്പെടുത്തുക" അല്ലെങ്കില്"നിങ്ങള്ചെയ്യുന്നത് ദൈവത്തെ പ്രസാദിപ്പിക്കുന്നത് ആയിരിക്കുന്നു എന്ന് ഉറപ്പു വരുത്തുക" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "പരിശുദ്ധാത്മാവിന്റെ പ്രവര്ത്തി" എന്ന പദപ്രയോഗം "പരിശുദ്ധാത്മാവിനാല്ഉള്ള ശാക്തീകരണം" അല്ലെങ്കില്"പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ" അല്ലെങ്കില്"പരിശുദ്ധാത്മാവ് പ്രവര്ത്തിക്കുന്ന കാര്യങ്ങള്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: ഫലം, പരിശുദ്ധാത്മാവ്, അത്ഭുതങ്ങള്)

## ദൈവവചന സൂചികകള്:

- 1 യോഹന്നാന്03:11-12
- അപ്പോ.02:8-11
- ദാനിയേല്04:36-37
- പുറപ്പാട് 34:10-11
- ഗലാത്യര്02:15-16
- യാക്കോബ് 02:14-17

- മത്തായി 16:27-28
- മീഖാ 02:6-8
- റോമര്03:27-28
- തീത്തോസ് 03:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4566, H4567, H4611, H4659, H5949, G2041

# പ്രവാചകൻ, പ്രവാചകന്മാർ, പ്രവചനം, പ്രവചിക്കുക, ദർശകൻ, പ്രവാചകി

## നിർവചനം:

ഒരു "പ്രവാചകൻ" എന്നത് ദൈവത്തിന്റെ സന്ദേശങ്ങൾ മനുഷ്യരോട് പറയുന്ന വ്യക്തി ആകുന്നു. ഈ ദൌത്യം നിർവഹിക്കുന്ന സ്ത്രീയെ "പ്രവാചകി" എന്ന് വിളിക്കുന്നു.

- സാധാരണയായി പ്രവാചകന്മാർ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് അകന്നു മാറുവാനും ദൈവത്തെ അനുസരിക്കുവാൻ മുന്നറിയിപ്പു നൽകുകയും ചെയ്യുന്നു.
- ഒരു "പ്രവചനം" എന്ന് പറയുന്നത് പ്രവാചകന്മാർ സംസാരിക്കുന്ന സന്ദേശം ആകുന്നു. "പ്രവചിക്കുക" എന്നത് ദൈവത്തിന്റെ ദൂതുകൾ സംസാരിക്കുക എന്നുള്ളത് ആകുന്നു.
- സാധാരണയായി ഒരു പ്രവചനത്തിലെ സന്ദേശം എന്ന് പറയുന്നത് ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന കാര്യത്തെ ക്കുറിച്ച് ഉള്ള സന്ദേശം ആകുന്നു.
- പഴയ നിയമത്തിൽ ഉള്ള ഉള്ള നിരവധി പ്രവചനങ്ങൾ നിറവേറി കഴിഞ്ഞിരിക്കുന്നു.
- ദൈവ വചനത്തിൽ പ്രവാചകന്മാരാൽ എഴുതപ്പെട്ട ഗ്രന്ഥങ്ങളുടെ സമാഹാരം ചില സമയങ്ങളിൽ "പ്രവാചകന്മാർക്കു" എന്ന് സൂചിപ്പിച്ചിരിക്കുന്നു.
- ഉദാഹരണമായി "ന്യായപ്രമാണവും പ്രവാചകന്മാരും" എന്ന പദസഞ്ചയം "പഴയനിയമം" എന്ന പേരിലും അറിയപ്പെടുന്നതായ എല്ലാ എബ്രായ തിരുവെഴുത്തുകളെയും സൂചിപ്പിക്കുന്നു.
- പ്രവാചകന്മാർക്കുള്ള പ്രാചീന പദം "ദർശകൻ" അല്ലെങ്കിൽ ദർശിക്കുന്നവനായ ഒരു വ്യക്തി" എന്ന് ആകുന്നു. ചില സമയങ്ങളിൽ "ദർശകൻ" എന്ന പദം ഒരു കള്ള പ്രവാചകനെ അല്ലങ്കിൽ ആഭിചാര ക്രിയ നടത്തുന്നതായ ഒരുവനെ സൂചിപ്പിക്കുവാനും ഉപയോഗിച്ചിരുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- "പ്രവാചകൻ" എന്ന പദം "ദൈവത്തിന്റെ വക്താവ്" അല്ലെങ്കിൽ "ദൈവത്തിനു വേണ്ടി സംസാരിക്കുന്നവൻ" അല്ലെങ്കിൽ "ദൈവത്തിന്റെ സന്ദേശങ്ങൾ സംസാരിക്കുന്നവൻ" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഒരു ദർശകൻ എന്നത്, "ദർശനങ്ങൾ കാണുന്ന വ്യക്തി" അല്ലെങ്കിൽ "ദൈവത്തിൽ നിന്നും ഭാവിയെ കുറിച്ചുള്ള കാര്യങ്ങൾ കാണുന്നവൻ" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "പ്രവാചകി" എന്ന പദം "ദൈവത്തിന്റെ സ്ത്രീ വക്താവ്" അല്ലെങ്കിൽ "ദൈവത്തിനു വേണ്ടി സംസാരിക്കുന്ന വനിത" അല്ലെങ്കിൽ "ദൈവത്തിന്റെ സന്ദേശങ്ങൾ സംസാരിക്കുന്ന വനിത" എന്ന് പരിഭാഷ ചെയ്യാം.
- "പ്രവചനം" എന്നത് പരിഭാഷ ചെയ്യുവാൻ, "ദൈവത്തിൽ നിന്നുള്ള സന്ദേശം" അല്ലെങ്കിൽ "പ്രവാചക സന്ദേശം" എന്നിങ്ങനെ ഉള്ള ശൈലികൾ ഉൾപ്പെടുത്താം.
- "പ്രവചിക്കുക" എന്ന പദം "ദൈവത്തിൽ നിന്നുള്ള വചനങ്ങൾ സംസാരിക്കുക" അല്ലെങ്കിൽ ദൈവത്തിന്റെ സന്ദേശം പ്രസ്താവിക്കുക" എന്ന് പരിഭാഷ ചെയ്യാം.
- "ന്യായപ്രമാണവും പ്രവാചകന്മാരും" എന്നുള്ള ഉപമാന പദപ്രയോഗം "ന്യായപ്രമാണ പുസ്തകങ്ങളും പ്രവാചകന്മാരും" അല്ലെങ്കിൽ "ദൈവത്തിന്റെ നിയമങ്ങളും തന്റെ പ്രവാചകന്മാർ പ്രസംഗിച്ചതും ഉൾപ്പെടെ ഉള്ള, ദൈവത്തെ കുറിച്ചും തന്റെ ജനത്തെ കുറിച്ചും എഴുതപ്പെട്ടിട്ടുള്ള സകലവും" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.(കാണുക: ഉപലക്ഷണാലങ്കാരം)
- അസത്യ ദൈവത്തിന്റെ ഒരു പ്രവാചകനെയോ (ദർശകനെയോ) സൂചിപ്പിക്കുമ്പോൾ, അത് "കള്ള പ്രവാചകൻ (ദർശകൻ)" അല്ലെങ്കിൽ "അസത്യ ദൈവത്തിന്റെ പ്രവാചകൻ (ദർശകൻ)" അല്ലെങ്കിൽ ഉദാഹരണമായി "ബാലിന്റെ പ്രവാചകൻ" എന്നിങ്ങനെ പരിഭാഷ ചെയ്യണം.

(കാണുക :ബാൽ, ആഭിചാരം, അസത്യ ദൈവം, കള്ള പ്രവാചകൻ, നിറവേറ്റുക, ന്യായപ്രമാണം, ദർശനം)

## ദൈവ വചന സൂചികകൾ:

- 1 തെസ്സലോനിക്യർ:14-16
- അപ്പോ.03:14-16
- യോഹന്നാൻ:43-45
- മലാഖി 04:4-6
- മത്തായി 01:22-23
- മത്തായി 02:17-18
- മത്തായി 05:17-18
- സങ്കീർത്തനങ്ങൾ:1-2

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **12:12** മിസ്രയീമ്യർ മരിച്ചു പോയതായി ഇസ്രയേൽ ജനം കണ്ടപ്പോൾ, അവർ ദൈവത്തിൽ ആശ്രയിക്കുകയും മോശെ ദൈവത്തിന്റെ ഒരു **പ്രവാചകൻ** എന്ന് വിശ്വസിക്കുകയും ചെയ്തു.
- **17:13** ദാവീദു ചെയ്ത പ്രവർത്തി നിമിത്തം ദൈവം വളരെ കോപിഷ്ഠൻ ആകുകയും, ആയതിനാൽ **പ്രവാചകൻ ആയ** നാഥാനെ ദാവീദിന്റെ അടുക്കൽ താൻ ചെയ്ത പാപം എത്ര ദോഷകരം ആയത് എന്ന് പറയുവാൻ അയയ്ക്കുകയും ചെയ്തു.
- **19:01** ഇസ്രയേൽ ജനത്തിന്റെ ചരിത്രത്തിൽ ഉടനീളം, ദൈവം അവരുടെ അടുക്കൽ **പ്രവാചകന്മാരെ** അയച്ചിരുന്നു. **പ്രവാചകന്മാർ** ദൈവത്തിന്റെ പക്കൽ നിന്നും സന്ദേശങ്ങൾ കേൾക്കുകയും അനന്തരം ദൈവത്തിന്റെ ആ സന്ദേശങ്ങൾ ജനത്തോടു പറയുകയും ചെയ്തു.
- **19:06** ഇസ്രയേൽ രാജ്യത്തിൽആകമാനം ഉള്ള സകല ജനങ്ങളും, ബാലിന്റെ 450 പ്രവാചകന്മാരും ഉൾപ്പെടെ, കർമ്മേൽ മലയിൽ വന്നു ചേർന്നു.
- **19:17** മിക്കവാറും സമയങ്ങളിൽ, ജനം ദൈവത്തെ അനുസരിച്ച് വന്നിരുന്നില്ല. അവർ പലപ്പോഴും **പ്രവചകന്മാരെ** ഉപദ്രവിക്കുകയും ചിലപ്പോൾ കൊല്ലുക പോലും ചെയ്തിട്ടുണ്ട്.
- **21:09** **പ്രവാചകൻ** ആയ യെശ്ശയ്യാവ് മശീഹ കന്യകയിൽ നിന്ന് ജനിക്കും എന്ന് **പ്രവചനം** പറഞ്ഞിട്ടുണ്ട്.
- **43:05** ഇത് പ്രവാചകൻ ആയ യോവേൽ പ്രവചിച്ചതായ **പ്രവചനത്തിൽ** ദൈവം പ്രസ്താവിച്ചതായ, “അന്ത്യ കാലത്ത് സകല ജഡത്തിന്മേലും ഞാൻ എന്റെ ആത്മാവിനെ പകരും” എന്ന **പ്രവചനത്തിന്റെ** നിവർത്തീകരണം ആയിരിക്കുന്നു.
- **43:07** “നിന്റെ പരിശുദ്ധനെ കല്ലറയിൽ ദ്രവത്വം കാണുവാൻ നീ അനുവദിക്കുകയും ഇല്ല” എന്ന് പറഞ്ഞിരിക്കുന്ന **പ്രവചനത്തിന്റെ** പൂർത്തീകരണം ആകുന്നു ഇത്”
- **48:12** ദൈവത്തിന്റെ വചനം പ്രസ്താവിച്ച മോശെ ഒരു മഹാനായ **പ്രവാചകൻ** ആയിരുന്നു. എന്നാൽ യേശുവാണ് സകല **പ്രവാചകന്മാരിലും** വെച്ച് അതി ശ്രേഷ്ടൻ ആയവൻ. താൻ തന്നെ ദൈവത്തിന്റെ വചനം ആകുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2372, H2374, H4853, H5012, H5013, H5016, H5017, H5029, H5030, H5031, H5197, G2495, G4394, G4395, G4396, G4397, G4398, G5578

# പ്രശംസിക്കുക, പ്രശംസനീയമായ, പ്രശംസിക്കുന്നു, പ്രശംസ

## നിര്വചനം:

പ്രശംസിക്കുക എന്നാല് ഒരു വ്യക്തിയെ ഉന്നതമായ നിലയില് പുകഴ്ത്തുകയും ബഹുമാനിക്കുകയും ചെയ്യുക എന്നര്ത്ഥം. ഇതിനു ഒരു വ്യക്തിയെ ഉന്നത സ്ഥാനത്ത് നിയമിക്കുക എന്നും അര്ത്ഥമുണ്ട്.

- ദൈവവചനത്തില്, "പ്രശംസിക്കുക" എന്ന പദം അധികമായി ദൈവത്തോടുള്ള ബന്ധത്തില് ഉപയോഗിക്കുന്നു.
- ഒരു വ്യക്തി തന്നെ സ്വയം പ്രശംസിക്കുമ്പോള്, അതിന്റെ അര്ത്ഥം താന് തന്നെക്കുറിച്ച് അഭിമാനത്തോടെയോ അഹങ്കാരത്തോടെയോ ചിന്തിക്കുന്നു എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- "പ്രശംസിക്കുക" എന്നത് പരിഭാഷപ്പെടുത്തുവാന് "ഉന്നതമായ പുകഴ്ത്തല്" അല്ലെങ്കില് "ഉന്നതമായ ആദരിക്കല്" അല്ലെങ്കില് "അതിയായി സ്തുതിക്കുക" അല്ലെങ്കില് "ഉയര്ന്ന നിലയില് സംസാരിക്കുക" എന്നിവ ഉള്പ്പെടുത്താം.
- ചില സാഹചര്യങ്ങളില് ഇതു ഒരു വാക്ക് അല്ലെങ്കില് പദം "ഒരു ഉയര്ന്ന സ്ഥാനത്തില് വെയ്ക്കുക" അല്ലെങ്കില് "കൂടുതല് ബഹുമാനം നല്കുക" അല്ലെങ്കില് "പ്രശംസനീയമായി സംസാരിക്കുക" എന്നു പരിഭാഷപ്പെടുത്താം.
- "നിങ്ങളെത്തന്നെ ഉയര്ത്തരുത്" എന്നത് "നിങ്ങളെക്കുറിച്ച് കൂടുതല് ഉയര്ന്ന നിലയില്സ്വയം ചിന്തിക്കരുത്" അല്ലെങ്കില് "നിങ്ങളെക്കുറിച്ച് സ്വയം പൊങ്ങച്ചം പറയരുത്" എന്ന് പരിഭാഷ ചെയ്യാം.
- സ്വയപ്രശംസ ചെയ്യുന്നവര്" എന്നത് "അവരെക്കുറിച്ച് സ്വയം അഭിമാനത്തോടെ ചിന്തിക്കുന്നവര്" അല്ലെങ്കില് "അവരെക്കുറിച്ച് സ്വയം ഡംഭത്തോടെ പുകഴുന്നവര്" എന്നു പരിഭാഷപ്പെടുത്താം.

(കാണുക:സ്തുതി,ആരാധന, മഹത്വം, ഡംഭം, അഭിമാനം)

## ദൈവവചന സൂചികകള്:

- 1 പത്രോസ് 05:5-7
- 2 ശമുവേല്22:47-49
- അപ്പോ.പ്രവര്ത്തികള്05:29-32
- ഫിലിപ്പിയര്:9-11
- സങ്കീര്ത്തനങ്ങള്:46-47

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1361, H4984, H5375, H5549, H5927, H7311, H7426, H7682, G1869, G5229, G5251, G5311, G5312

# പ്രശംസിക്കുക,പ്രശംസിക്കുന്നു, പ്രശംസ നിറഞ്ഞ

## നിർവചനം:

“പ്രശംസിക്കുക” എന്ന പദം ഒന്നിനെക്കുറിച്ച് അല്ലെങ്കിൽആരെയെങ്കിലും കുറിച്ച് അഭിമാനത്തോടെ സംസാരിക്കുക എന്നർത്ഥം. സാധാരണയായി ഒരാളെക്കുറിച്ചു പൊങ്ങച്ചം പറയുന്നതിനെ ഇതു അർത്ഥമാ ക്കുന്നു.

- "ആത്മപ്രശംസ” ഉള്ള വ്യക്തി തന്നെക്കുറിച്ച് പൊങ്ങച്ച രീതിയിൽസംസാരിക്കും.

ഇസ്രയേല്യർതങ്ങളുടെ വിഗ്രഹങ്ങളിൽ“പ്രശംസിച്ചതിനാൽ” ദൈവം അവരെ ശാഷിച്ചു. അവർസത്യദൈവത്തിനു പകരം അസത്യദൈവങ്ങളെ അഹങ്കാരത്തോടെ ആരാധിച്ചു.

- ജനങ്ങൾഅവരുടെ സമ്പത്ത്, അവരുടെ ശക്തി,അവരുടെ ഫലഭൂയിഷ്ടമായ വയലുകൾ, മറ്റും അവരുടെ ന്യായപ്രമാണങ്ങൾഎന്നിവയെക്കുറിച്ച് പ്രശംസിച്ചിരുന്നു എന്നു ദൈവവചനം പറയുന്നു.

ഇതിന്റെയർത്ഥം ഇവർഈവകയിൽവളരെ പ്രശംസിച്ചിരുന്നു എങ്കിലും ഇവയെ എല്ലാം നൽകിയ ദൈവത്തെ അംഗീകരിച്ചിരുന്നില്ല എന്നാണ്.

- ഇസ്രയേൽജനം തന്നെ അറിയുന്നു എന്നതിനെക്കുറിച്ച് “പ്രശംസിക്കുകയോ” അല്ലെങ്കിൽഅഭിമാനിക്കുകയോ വേണമെന്ന് ദൈവം നിർബന്ധിച്ചു.
- അപ്പോസ്തലനായ പൌലോസും കർത്താവിൽപ്രശംസിക്കുന്നതിനെക്കുറിച്ചു പ്രസ്താവിച്ചിരുന്നു, അതിന്റെ അർത്ഥം ദൈവസന്നിധിയിൽദൈവം അവർക്ക് ചെയ്ത സകലവുംനിമിത്തം സന്തോഷവും നന്ദിയും ഉള്ളവരാകുക എന്നാണ്.

## പരിഭാഷ നിർദേശങ്ങൾ:

- “പ്രശംസിക്കുക” എന്ന പദത്തെ വേറെ രീതിയിൽ“പൊങ്ങച്ചം പറയുക” അല്ലെങ്കിൽ“അഭിമാനത്തോടെ സംസാരിക്കുക” അല്ലെങ്കിൽ“അഹങ്കാരിയാകുക” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- “ആത്മപ്രശംസ നിറഞ്ഞ” എന്ന പദം ആത്മപ്രശംസ നിറഞ്ഞ സംസാരം” അല്ലെ ങ്കിൽ“അഹങ്കാരം നിറഞ്ഞ” അല്ലെങ്കിൽ“ഒരുവനെക്കുറിച്ചു പ്രശംസാപൂർവം സംസാരിക്കുക” എന്നിങ്ങനെ ഒരു പദം കൊണ്ടോ പദസഞ്ചയം കൊണ്ടോ പരിഭാഷപ്പെടുത്താം.
- ദൈവത്തിൽ അല്ലെങ്കിൽ ദൈവത്തെ അറിയുന്നത് സംബന്ധിച്ച് പ്രശംസിക്കുന്ന സാഹചര്യത്തിൽ, ഇതു “അഭിമാനിക്കുക” അല്ലെങ്കിൽ“ഉയർത്തപ്പെടുക” അല്ലെ ങ്കിൽ“വളരെ സന്തോഷപ്പെടുക” അല്ലെങ്കിൽ“അതിനെ സംബന്ധിച്ച് ദൈവത്തിനു നന്ദിയർപ്പിക്കുക” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- ചില ഭാഷകളിൽ “അഭിമാനം” എന്നതിനു രണ്ടു വാക്കുകൾ ഉണ്ടായിരിക്കും: ഒന്നു നിഷേധാത്മകം, അതിന്റെയർത്ഥം “അഹങ്കാരമുള്ളത്” എന്നും, മറ്റൊന്ന് ക്രിയാത്മകം, അതിന്റെയർത്ഥം ഒരുവന്റെ പ്രവർത്തി, കുടുംബം, അല്ലെങ്കിൽ രാജ്യം എന്നിവയെ സംബന്ധിച്ചു “ആത്മാഭിമാനം കൊള്ളുക” എന്നതുമാണ്.

## പരിഭാഷ നിർദേശങ്ങൾ:

(കാണുക; അഭിമാനം)

## ദൈവവചന സൂചികകൾ:

- 1 രാജാക്കന്മാർ:11-12
- 2 തിമോത്തിയോസ് 03:1-4
- യാക്കോബ് 03:13-14
- യാക്കോബ് 04:15-17
- സങ്കീർത്തനങ്ങൾ:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1984, H3235, H6286, G212, G213, G2620, G2744, G2745, G2746, G3166

# പ്രാണന്, ആത്മാക്കള്

## നിര്വചനം:

പ്രാണന്എന്ന് പറയുന്നത് ഒരു വ്യക്തിയുടെ ആന്തരികമായ, അദൃശ്യമായ, നിത്യവുമായ ഭാഗത്തെ ആണ്. ഇത് ഒരു വ്യക്തിയുടെ ശാരീരികമായ ഭാഗത്തെ സൂചിപ്പിക്കുന്നു.

- "പ്രാണന്" എന്നും "ആത്മാവ്" എന്നും ഉള്ള പദങ്ങളുണ്ടു വ്യത്യസ്ത ആശയങ്ങള്ആയിരിക്കാം, അല്ലെങ്കില്ഒരേ ആശയത്തെ സൂചിപ്പിക്കുന്ന രണ്ടു പദങ്ങള്ആയിരിക്കാം.
- ഒരു വ്യക്തി മരിക്കുമ്പോള്, തന്റെ പ്രാണന്തന്റെ ശരീരത്തില്നിന്നും വേര്പെട്ടു പോകുന്നു.
- "പ്രാണന്" എന്ന വാക്ക് ചില സന്ദര്ഭങ്ങളില്ഉപമാനമായി മുഴു വ്യക്തിത്വത്തെയും സൂചിപ്പിക്കുന്നു. ഉദാഹരണമായി, "പാപം ചെയ്യുന്ന ദേഹി" എന്നുള്ളത് അര്ത്ഥം നല്കുന്നത് "പാപം ചെയ്യുന്ന വ്യക്തി" എന്നും "എന്റെ പ്രാണന്ക്ഷീണിച്ചു പോകുന്നു" എന്നുള്ളത് "ഞാന്ക്ഷീണിതന്ആയിരിക്കുന്നു" എന്നും ആണ്.

## പരിഭാഷ നിര്ദേശങ്ങള്:

- "പ്രാണന്" എന്ന പദം "അകത്തെ സത്വം" അല്ലെങ്കില്"ആന്തരിക വ്യക്തി" എന്നും പരിഭാഷ ചെയ്യാം.
- ചില സന്ദര്ഭങ്ങളില്, "എന്റെ പ്രാണന്" എന്നത് "ഞാന്" അല്ലെങ്കില്"എന്നെ" എന്ന് പരിഭാഷ ചെയ്യാം.
- സാധാരണയായി "പ്രാണന്" എന്ന പദസഞ്ചയം ''വ്യക്തി" അല്ലെങ്കില്"അവന്" അല്ലെങ്കില്"അവനെ" എന്ന് സന്ദര്ഭം അനുസരിച്ച് പരിഭാഷ ചെയ്യാം.
- ചില ഭാഷകളില്"പ്രാണന്" എന്നും "ആത്മാവ്" എന്നും ഉള്ള ആശയങ്ങള്ക്ക് ഒരേ പദം തന്നെ ആയിരിക്കും ഉള്ളത്.
- എബ്രായര്4:12ല്, "പ്രാണനെയും ആത്മാവിനെയും വേര്തിരിക്കുന്നത്" എന്ന പദപ്രയോഗം "അകത്തെ മനുഷ്യനെ ആഴമായി വിവേചിക്കുന്നത് അല്ലെങ്കില്വെളിപ്പെടുത്തി കാണിക്കുന്നത്" എന്ന് അര്ത്ഥം നല്കുന്നു.

(കാണുക: ആത്മാവ്)

## ദൈവ വചന സൂചികകള്:

- 2 പത്രോസ് 02:7-9
- അപ്പോ.02:27-28
- അപ്പോ.02:40-42
- ഉല്പത്തി 49:5-6
- യെശ്ശയ്യാവ് 53:10-11
- യാക്കോബ് 01:19-21
- യിരെമ്യാവ് 06:16-19
- യോനാ 02:7-8
- ലൂക്കോസ് 01:46-47
- മത്തായി 22:37-38
- സങ്കീര്ത്തനങ്ങള് 019:7-8
- വെളിപ്പാട് 20:4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5082, H5315, H5397, G5590

# പ്രായശ്ചിത്ത ഉടമ്പടി പെട്ടക അടപ്പ്

## നിര്വചനം

"പ്രായശ്ചിത്ത ഉടമ്പടി പെട്ടക അടപ്പ്" എന്നതും സ്വര്ണ്ണനിര്മ്മിതിയായ ഒരു പരന്ന തട്ട് കൃപാസന പെട്ടകത്തിന്റെ മുകള്ഭാഗം മൂടുവാന് ഉപയോഗിച്ചിരുന്നതാണ്. പല ഇംഗ്ലീഷ് പരിഭാഷകളിലും, ഇതിനെ "കൃപാസന പെട്ടിയുടെ മൂടി" എന്നു സൂചിപ്പിച്ചിട്ടുണ്ട്.

- പ്രായശ്ചിത്ത ഉടമ്പടി പെട്ടക അടപ്പ് ഏകദേശം 115 സെന്റിമീറ്റര്നീളവും 70സെന്റിമീറ്ററ്വീതിയും ഉള്ളതായിരുന്നു.
- പ്രായശ്ചിത്ത ഉടമ്പടി പെട്ടക അടപ്പിന്റെ മുകള്ഭാഗത്ത് രണ്ടു സ്വര്ണ്ണ കെരൂബുകള് അവയുടെ ചിറകുകള് പരസ്പരം സ്പര്ശിക്കത്തക്കവിധം ഉണ്ടായിരുന്നു.
- യഹോവ പറഞ്ഞിരുന്നത് താന് ഇസ്രയേല്യരെ കൃപാസന പെട്ടകത്തിന്റെ മുകളില് കെരൂബുകളുടെ നീട്ടപ്പെട്ട ചിറകുകളുടെ കീഴെ കണ്ടുമുട്ടും എന്നാണ്.

ജനത്തിന്റെ പ്രതിനിധിയെന്ന നിലയില് മഹാപുരോഹിതന്മാത്രം ഈ വിധത്തി ല് യഹോവയെ കാണുവാന് അനുവദിക്കപ്പെട്ടിരുന്നു.

- ചില സന്ദര്ഭങ്ങളില്ഈ ഉടമ്പടി പെട്ടക അടപ്പ് "കൃപാസനം" എന്നറിയപ്പെട്ടി രുന്നു, എന്തുകൊണ്ടെന്നാല്ഇതു ദൈവത്തിന്റെ കരുണ പാപം നിറഞ്ഞ മനുഷ്യ വര്ഗ്ഗത്തെ നോക്കി വിടുവിക്കേണ്ടതിനായി ഇറങ്ങിവരുന്നു എന്ന സന്ദേശം നല്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്

- ഈ പദം പരിഭാഷപ്പെടുത്തേണ്ട മറ്റു മാര്ഗ്ഗങ്ങളില്"ദൈവം വിടുവിക്കുമെന്നു വാഗ്ദത്തം ചെയ്ത പെട്ടകത്തിന്റെ അടപ്പ്" അല്ലെങ്കില്"ദൈവം പ്രായശ്ചിത്തം അംഗീകരിക്കുന്ന സ്ഥാനം" അല്ലെങ്കില്"ദൈവം പാപം ക്ഷമിക്കുകയും പുന:സ്ഥാ പിക്കുകയും ചെയ്യുന്ന പെട്ടകത്തിന്റെ അടപ്പ്"
- "പകരമായി പ്രായശ്ചിത്തം ചെയ്യപ്പെടുന്ന സ്ഥലം" എന്നും അര്ത്ഥമാക്കാം.
- ഈ പദം "പ്രായശ്ചിത്തം", "പകരമായ പ്രായശ്ചിത്തം", "വീണ്ടെടുപ്പ്" എന്നീ പദ ങ്ങളുമായി താരതമ്യം ചെയ്തു എപ്രകാരം പരിഭാഷപ്പെടുത്താമെന്നു നോക്കുക.

(കാണുക:ഉടമ്പടിപ്പെട്ടകം, പ്രായശ്ചിത്തം, കെരൂബ്, പകരമുള്ള പ്രായശ്ചിത്തം, വീണ്ടെടുക്കുക)

## ദൈവവചന സൂചികകള്

- പുറപ്പാട് 25:15-18
- പുറപ്പാട് 30:5-6
- പുറപ്പാട് 40:17:20
- ലേവ്യപുസ്തകം 16:1-2
- സംഖ്യാപുസ്തകം 07:89

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3727, G2435

# പ്രായശ്ചിത്തം

## നിർവചനം:

“പ്രായശ്ചിത്തം” എന്ന പദം സൂചിപ്പിക്കുന്നത് ദൈവത്തിന്റെ നീതി നിവർത്തിക്കുന്ന അല്ലെങ്കിൽ പൂർത്തീകരിക്കുന്നതും ദൈവത്തിന്റെ ക്രോധത്തെ പ്രീണിപ്പിക്കുന്നതും ആയ ഒരു യാഗത്തെ സൂചിപ്പിക്കുന്നു.

- യേശുക്രിസ്തുവിന്റെ പരമയാഗത്താൽ അർപ്പിക്കുന്ന യാഗരക്തം ആണ് മനുഷ്യ വർഗ്ഗത്തിന്റെ പാപങ്ങൾക്ക് വേണ്ടിയുള്ള ദൈവത്തിന്റെ പ്രായശ്ചിത്തം.
- യേശുവിന്റെ ക്രൂശിൽ ഉള്ള മരണം പാപത്തിനു എതിരെയുള്ള ദൈവത്തിന്റെ ക്രോധത്തെ ശമിപ്പിച്ചു. ഇത് ദൈവം മനുഷ്യരെ ആർദ്രതയോടെ വീക്ഷിക്കുവാനും അവർക്ക് നിത്യ ജീവൻ നൽകുന്നതിനും ദൈവത്തിനു മാർഗ്ഗം ഒരുക്കി.

## പരിഭാഷ നിർദേശങ്ങൾ:

ഈ പദം “സന്തുഷ്ടീകരിക്കൽ” അല്ലെങ്കിൽ “ദൈവം പാപങ്ങളെ പരിഹരിക്കുവാനും മനുഷ്യന് കരുണ നൽകുവാനും ഇടയാക്കുന്നു” എന്ന് പരിഭാഷ ചെയ്യാം. “പാപ പരിഹാരം” എന്ന പദം “പ്രായശ്ചിത്തം” എന്ന അർത്ഥത്തോടു വളരെ സാമിപ്യം പുലർത്തുന്നു. ഈ രണ്ടു പദങ്ങളും എപ്രകാരം താരതമ്യത്തിനു ഉപയോഗിക്കുന്നു എന്നുള്ളത് വളരെ പ്രാധാന്യം അർഹിക്കുന്നതാണ്.

(കാണുക: പാപ പരിഹാരം, എന്നെന്നേക്കും ഉള്ള, ക്ഷമിക്കുക, യാഗം)

## ദൈവ വചന സൂചികകൾ:

- 1 യോഹന്നാൻ:1-3
- 1 യോഹന്നാൻ:9-10
- റോമർ:25-26

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2434, G2435

# പ്രായശ്ചിത്തം, പ്രായശ്ചിത്തം ചെയ്യുക, പ്രായശ്ചിത്തം ചെയ്യുന്നു, പ്രായശ്ചിത്തം ചെയ്തു.

## നിര്വചനം

"പ്രായശ്ചിത്തം ചെയ്യുക", "പ്രായശ്ചിത്തം" എന്നീ പദങ്ങള്ജനത്തിന്റെ പാപങ്ങ ള്ക്ക്വിലനല്കുവാനായി ദൈവം എപ്രകാരം യാഗം ഒരുക്കി എന്നും പാപ ത്തോടുള്ള ദൈവത്തിന്റെ കോപത്തിനു ശമനം വരുത്തി എന്നും സൂചിപ്പിക്കുന്നു.

- പഴയനിയമ കാലഘട്ടത്തില്, ഇസ്രയേല്ജനതയുടെ പാപത്തിനു പരിഹാരമായി താത്കാലിക പ്രായശ്ചിത്തം, മൃഗങ്ങളെ കൊന്നു രക്തം യാഗമായി അര്പ്പിക്കു വാന്അനുവദിച്ചിരുന്നു.
- പുതിയനിയമത്തിലേഖപ്പെടുത്തിയ പ്രകാരം, ക്രിസ്തുവിന്റെ ക്രൂശിലെ മരണം മാത്രമാണ് യഥാര്ത്ഥവും നിത്യവുമായ പാപത്തിനുള്ള പ്രായശ്ചിത്തം.
- യേശു മരിച്ചപ്പോള്, ജനം തങ്ങളുടെ പാപം നിമിത്തം അര്ഹിക്കപ്പെട്ട ശിക്ഷ താന്തന്നെ വഹിച്ചു. തന്റെ ബലി മരണത്താല്പ്രായശ്ചിത്തമായി നല്കേണ്ട വില നല്കി.

## പരിഭാഷ നിര്ദേശങ്ങള്

- "പ്രായശ്ചിത്തം ചെയ്യുക" എന്ന പദം ഒരു വാക്ക് അല്ലെങ്കില്പദസഞ്ചയം കൊണ്ട് "വില കൊടുക്കുക" ക്രയവില നല്കുക" അല്ലെങ്കില്"ഒരുവന്റെ പാപങ്ങ ള്ക്ഷമിക്കുക" അല്ലെങ്കില്"ഒരു കുറ്റത്തിന് ഭേദഗതി വരുത്തുക" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- "പ്രായശ്ചിത്തം" എന്ന പദത്തെ പരിഭാഷപ്പെടുത്തുവാന്"വില നല്കല്" അല്ലെങ്കില്"പാപത്തിനുള്ള വില നല്കി യാഗം യാഗമാര്പ്പിക്കുക" അല്ലെങ്കില്"പാപക്ഷമയ്ക്കായി ഉചിതമായത് നല്കുക" എന്നിവയും ഉള്പ്പെടുത്താം.
- ഈ പദത്തിന്റെ പരിഭാഷ പണ വിക്രയം സൂചിപ്പിക്കുന്നില്ല എന്നുള്ളത് ഉറപ്പ് വരുത്തേണ്ടതാണ്.

(കാണുക:യാഗപീഠത്തിന്റെ തട്ടം, ക്ഷമിക്കുക, പ്രായശ്ചിത്തം, നിരപ്പിക്കുക, വീണ്ടെടുക്കുക)

## ദൈവചന സൂചികകള്:

- യെഹസ്കേല്43:25-27
- യെഹസ്കേല്45:18-20
- ലേവ്യപുസ്തകം 04:20-21
- സംഖ്യാപുസ്തകം 05:8-10
- സംഖ്യാപുസ്തകം 28:19-22

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3722, H3725, G2643

# പ്രാർഥിക്കുക, പ്രാർത്ഥന, പ്രാർഥിച്ചു

## നിർവചനം:

“പ്രാർഥിക്കുക” എന്നും “പ്രാർത്ഥന” എന്നും ഉള്ള പദങ്ങൾ ദൈവത്തോട് സംഭാഷണം ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. ഈ പദങ്ങൾ ജനം അസത്യ ദൈവത്തോട് സംസാരിക്കുവാൻ ശ്രമിക്കുന്നതിനെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നു.

- ജനത്തിനു നിശബ്ദമായി പ്രാർഥിക്കാം, തങ്ങളുടെ ചിന്തകൾ മൂലം ദൈവത്തോട് സംസാരിക്കാം, അല്ലെങ്കിൽ ശബ്ദം ഉയർത്തി പ്രാർഥിക്കാം, അവരുടെ സ്വന്ത ശബ്ദത്തിൽ ദൈവത്തോട് സംസാരിക്കാം. ചില സന്ദർഭങ്ങളിൽ, ദാവീദ് തന്റെ പ്രാർഥനകൾ സങ്കീർത്തനങ്ങളിൽ എഴുതിയത് പോലെ, പ്രാർഥനകൾ എഴുതാവുന്നത് ആകുന്നു.
- പ്രാർഥനയിൽ ദൈവത്തോട് കരുണക്കായി, പ്രശ്നത്തിൽ സഹായത്തിനായി, തീരുമാനങ്ങൾ സ്വീകരിക്കുവാൻ ആവശ്യമായ ജ്ഞാനം ഉണ്ടാകേണ്ടതിന് ഒക്കെയും ഉൾപ്പെടുത്തി കൊണ്ട് പ്രാർത്ഥിക്കാം.
- സാധാരണയായി ജനങ്ങൾ മറ്റുള്ള ജനങ്ങളുടെ രോഗങ്ങൾ സൌഖ്യമാകുവാനും അല്ലെങ്കിൽ മറ്റുള്ള രീതികളിൽ സഹായം ആവശ്യമായവർക്ക് ലഭ്യമാകുവാനും വേണ്ടി പ്രാർഥിക്കാറുണ്ട്.
- ദൈവത്തോട് പ്രാർത്ഥന ചെയ്യുമ്പോൾ ജനം ദൈവത്തിനു നന്ദിയും സ്തുതിയും അർപ്പിക്കാറുണ്ട്.
- പ്രാർത്ഥനയിൽ ദൈവത്തോട് നമ്മുടെ പാപങ്ങൾ ഏറ്റു പറയുകയും നമ്മോടു ക്ഷമിക്കുകയും വേണമെന്ന് പറയുന്നത് ഉൾപ്പെടുന്നു.
- ദൈവത്തോട് സംസാരിക്കുക എന്ന് പറയുന്നത് നമ്മുടെ ആത്മാവ് ദൈവത്തിന്റെ ആത്മാവുമായി ആശയ വിനിമയം നടത്തുകയും, നമ്മുടെ വികാരങ്ങൾ പങ്കു വെക്കുകയും തന്റെ സന്നിധിയിൽ സന്തോഷിക്കുകയും ചെയ്യുന്ന അവനുമായി “ബന്ധം പുലർത്തൽ” എന്ന് വിളിക്കുന്നു.
- ഈ പദം “ദൈവത്തോട് സംസാരിക്കുക” അല്ലെങ്കിൽ “ദൈവവുമായി ആശയ വിനിമയം നടത്തുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം. ഈ പദത്തിന്റെ പരിഭാഷയിൽ നിശബ്ദമായി പ്രാർത്ഥന ചെയ്യുന്നതും ഉൾപ്പെടുത്ത തക്കവിധം ആയിരിക്കണം.

(കാണുക: അസത്യ ദൈവം, ക്ഷമിക്കുക, സ്തുതിക്കുക)

## ദൈവ വചന സൂചികകൾ:

- 1 തെസ്സലോനിക്യർ:8-10
- അപ്പോ.08:24
- അപ്പോ.14:23-26
- കൊലോസ്യർ 04:2-4
- യോഹന്നാൻ:9-11
- ലൂക്കോസ് 11:1
- മത്തായി 05:43-45
- മത്തായി 14:22-24

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **06:05** യിസഹാക് റിബേക്കയ്ക്ക് വേണ്ടി **പ്രാർത്ഥന** കഴിച്ചു, ദൈവം അവളെ ഇരട്ടക്കുഞ്ഞുങ്ങളെ ഗർഭം ധരിക്കുവാൻ ഇടയാക്കി.
- **13:12** എന്നാൽ മോശെ അവർക്ക് വേണ്ടി **പ്രാർഥിച്ചു**, ദൈവം അവന്റെ **പ്രാർത്ഥന** കേൾക്കുകയും അവരെ നശിപ്പിക്കാതെ വിടുകയും ചെയ്തു.
- **19:08** അനന്തരം ബാലിന്റെ പ്രവാചകന്മാർ ബാലിനോട് **പ്രാർഥന** കഴിച്ചു പറഞ്ഞത്, “ഓ, ബാലേ, ഞങ്ങളെ കേൾക്കേണമേ!” എന്നായിരുന്നു.
- **21:07** പുരോഹിതന്മാരും ജനത്തിനു വേണ്ടി ദൈവത്തോട് **പ്രാർത്ഥന** കഴിച്ചു.
- **38:11** യേശു തന്റെ ശിഷ്യന്മാരോട് പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ വേണ്ടി **പ്രാർഥിക്കണം** എന്ന് പറഞ്ഞു.
- **43:13** ശിഷ്യന്മാർ അപ്പൊസ്തലന്മാരുടെ ഉപദേശം തുടർമാനമായി ശ്രദ്ധിക്കുകയും, ഒരുമിച്ചു സമയം ചിലവഴിക്കുകയും, ഒരുമിച്ചു ഭക്ഷണം കഴിക്കുകയും, ഒരുവരോട് ഒരുവർ ഒരുമിച്ചു **പ്രാർഥിക്കുകയും** ചെയ്തു.
- **49:18** ദൈവം നിങ്ങളോട് **പ്രാർഥിക്കുവാൻ**, തന്റെ വചനം പഠിക്കുവാൻ, മറ്റു ക്രിസ്ത്യാനികളോടൊപ്പം ആരാധിക്കുവാൻ, കൂടാതെ ദൈവം നിങ്ങൾക്ക് വേണ്ടി ചെയ്തവയെ മറ്റുള്ളവരോട് പറയുവാൻ എന്നിങ്ങനെ ആവശ്യപ്പെടുന്നു,

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H559, H577, H1156, H2470, H3863, H3908, H4994, H6279, H6293, H6419, H6739, H7592, H7878, H7879, H7881, H8034, H8605, G154, G1162, G1189, G1783, G2065, G2171, G2172, G3870, G4335, G4336

# പ്രിയപ്പെട്ട

## നിര്വചനം

“പ്രിയപ്പെട്ട” എന്ന പദം ഒരുവന്വളരെ സ്നേഹിക്കുന്നതും പ്രിയപ്പെടുന്നതുമായ വേറൊരു വ്യക്തിയെ വിശദീകരിക്കുന്നതായ സ്നേഹത്തിന്റെ പ്രകടനമാണ് ഇത്.

- ”പ്രിയപ്പെട്ടവന്” എന്ന പദം അക്ഷരീകമായി “സ്നേഹിക്കപ്പെട്ട(വന്)” അല്ലെങ്കില്“സ്നേഹിച്ച(വന്)” എന്നു അര്ത്ഥമാക്കുന്നു.
- ദൈവം യേശുവിനെ തന്റെ “പ്രിയപുത്രന്” എന്നു സൂചിപ്പിക്കുന്നു.
- ക്രിസ്തീയസഭകള്ക്കുള്ള തങ്ങളുടെ ലേഖനങ്ങളില് തങ്ങളുടെ കൂട്ടു വിശ്വാസി കളെ “പ്രിയമുള്ളവര്” എന്നു അപ്പോസ്തലന്മാര്തുടര്മാനമായി അഭിസംബോധന ചെയ്യുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം “സ്നേഹിക്കുന്ന” അല്ലെങ്കില്“സ്നേഹമുള്ളവനായ” അല്ലെങ്കില്“നന്നായി സ്നേഹിക്കുന്ന”അല്ലെങ്കില്“വളരെ പ്രിയപ്പെട്ട” എന്നിങ്ങനെ പരിഭാഷ പ്പെടുത്താം.
- ഒരു ഉറ്റ സുഹൃത്തിനെക്കുറിച്ച്പറയുന്ന സന്ദര്ഭത്തില്, ഇതു “എന്റെ പ്രിയ സുഹൃത്ത്” അല്ലെങ്കില്“എന്റെ ഏറ്റവും അടുത്ത സുഹൃത്ത്” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

ആംഗലേയ ഭാഷയില് “എന്റെ പ്രിയ സുഹൃത്ത്, പൌലോസ്” അല്ലെങ്കില്“എന്റെ പ്രിയ സുഹൃത്തായ പൌലോസ്” എന്നു പറയുന്നത് സ്വാഭാവികമാണ്. മറ്റു ഭാഷകളില്ഇതു ക്രമപ്പെടുത്തിയിരിക്കുന്നത് കൂടുതല്സ്വാഭാവികമായി വേറൊരു രീതിയിലും ആകാം.

- ”പ്രിയപ്പെട്ട” എന്ന പദം നിബന്ധനയറ്റ, നിസ്വാര്ത്ഥമായ, ത്യാഗോജ്ജ്വലമായ ദൈവസ്നേഹത്തെ കുറിക്കുന്ന പദത്തില്നിന്ന് വരുന്നു എന്നത് ശ്രദ്ധിക്കുക.

(കാണുക: സ്നേഹം)

## ദൈവവചന സൂചികകള്:

- 1 കൊരിന്ത്യര്04:14-16
- യോഹന്നാന്03:1-3
- 1യോഹന്നാന്04:7-8
- മര്ക്കോസ് 01:9-11
- മര്ക്കോസ് 12:6-7
- വെളിപ്പാട് 20:9-10
- റോമര്16:6-8
- ഉത്തമഗീതം 01:12-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H157, H1730, H2532, H3033, H3039, H4261, G25, G27, G5207

# ബന്ധിക്കുക, ബന്ധനം, ബന്ധിപ്പിച്ചു

## നിര്വചനം:

“ബന്ധിക്കുക” എന്ന പദം എന്തെങ്കിലുമൊന്നിനെ കെട്ടുകയോ സുരക്ഷിതമായി മുറുക്കുകയോ ചെയ്യുക എന്നു അര്ത്ഥമാകുന്നു. ഒരുമിച്ചു കെട്ടുകയോ യോജിപ്പിക്കുകയോ ചെയ്യുന്ന ഒന്നിനെ ''ബന്ധനം” എന്നു പറയുന്നു. ഈ പദത്തിന്റെ ഭൂതകാല ക്രിയയാണ് “ബന്ധിപ്പിച്ചു” എന്ന പദം.

- “കെട്ടപ്പെട്ട” എന്ന പദം ഒന്നിനോട് വേറൊന്നു കെട്ടപ്പെട്ടത് അല്ലെങ്കില്പൊതിയ പ്പെട്ടത്എന്നാണ് അര്ത്ഥം.
- ഒരു ഉപമാന രൂപത്തില്, ഒരു വ്യക്തിക്ക് ഒരു പ്രതിജ്ഞയോട് “ബന്ധിക്കപ്പെടു വാന്”, കഴിയും, അതിന്റെയര്ത്ഥം താന്ചെയ്യാമെന്ന് വാക്ക് പറഞ്ഞത് “നിവര്ത്തിക്കുവാന്ബാധ്യസ്തന്” ആകുന്നു എന്നാണ്.
- “ബന്ധിപ്പിക്കുന്നു” എന്ന പദം ഒരുവനെ ബന്ധിക്കുന്നു, തടവിലാക്കുന്നു, അല്ലെങ്കില്കാരാഗ്രഹത്തിലാക്കുന്നു എന്നു സൂചിപ്പിക്കുന്നു. ഇതു ശാരീരികമായി ചങ്ങല, കാല്വിലങ്ങ്, അല്ലെങ്കില്തടവ് ആദിയായവ യില്ഒരാള്ആകുന്നതിനെ സൂചിപ്പിക്കുന്നു.
- ദൈവവചന കാലഘട്ടത്തില്, കയറുകൊണ്ടോ ചങ്ങലകൊണ്ടോ തടവുകാരെ കരിങ്കല്കാരാഗ്രഹത്തിന്റെ ചുവരിനോടോ അല്ലെങ്കില്തറയോടോ ബന്ധിക്കാ റുണ്ടായിരുന്നു.

“കെട്ടുക''എന്ന പദം ഉണങ്ങുവാന്സഹായകമായ നിലയില്മുറിവിനു ചുറ്റും തുണി ചുറ്റുന്നതിനെയും പറയുവാന്ഉപയോഗിക്കുന്നു.

- ഒരു മരിച്ച വ്യക്തിയെ ശവസംസ്കാരത്തിനു മുന്നോടിയായി തുണിയാല്“ചുറ്റാറുണ്ട്”
- “ബന്ധനം” എന്ന പദം ഉപമാനരൂപത്തില്പാപം മുതലായവ ഒരുവനെ നിയന്ത്രിക്കുകയോ അടിമപ്പെടുത്തുകയോ ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.
- ആളുകള് പരസ്പരം വൈകാരികമായി, ആത്മീയമായി, ശാരീരികമായി ബന്ധം പുലര്ത്തി സഹായിക്കുന്നതു ഒരു അടുത്ത ബന്ധപ്പെടല് ആണ്. ഇതു വിവാഹ ബന്ധത്തിനു ഉപയോഗിക്കുന്നു.
- ഉദാഹരണമായി, ഒരു ഭര്ത്താവും ഭാര്യയും പരസ്പരം “ബന്ധിക്കപ്പെട്ടി രിക്കുന്നു”. ഈ ബന്ധം മുറിക്കപ്പെടുവാന് ദൈവം ആഗ്രഹിക്കുന്നില്ല.

## പരിഭാഷ നിര്ദേശങ്ങള്:

- “ബന്ധിക്കുക” എന്ന പദം “കെട്ടുക” അല്ലെങ്കില്“ബന്ധിക്കുക” അല്ലെങ്കില്പൊതിയുക (ചുറ്റുക)'' എന്നു പരിഭാഷപ്പെടുത്താം.
- പ്രതിരൂപമായി, ഇതിനെ “വിലക്കുക” അല്ലെങ്കില്“നിരോധിക്കുക” അല്ലെങ്കില്അകറ്റി നിര്ത്തുക(ഒന്നില്നിന്നും)” എന്നു പരിഭാഷപ്പെടുത്താം.
- “ബന്ധിക്കുക” എന്ന പദം പ്രത്യേക നിലയില്മത്തായി 16ലും 18ലും “നിരോധിക്കുക” അല്ലെങ്കില്“അനുവദിക്കാതിരിക്കുക” എന്നു അര്ത്ഥമാക്കുന്നു.
- “ബന്ധനങ്ങള്” എന്ന പദം “ചങ്ങലകള്”അല്ലെങ്കില്“കയറ്” അല്ലെങ്കില്“കൈ/കാല്വിലങ്ങ്” എന്നു അര്ത്ഥമാക്കുന്നു.
- പ്രതിരൂപമായി “ബന്ധം” എന്ന പദം “കെട്ട്” അല്ലെങ്കില്“ബന്ധം” അല്ലെങ്കില്അടുത്ത ബന്ധം'' എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- “സമാധാന ബന്ധം” എന്ന പദം അര്ത്ഥമാക്കുന്നത് ജനങ്ങള്പരസ്പരം അടുത്ത ബന്ധത്തില്കഴിയുന്ന സ്വരച്ചേര്ച്ച” അല്ലെങ്കില്“സമാധാനം നല്കുന്ന ബന്ധത്തില്ഒത്തൊരുമിച്ചു കഴിയുക” എന്നു അര്ത്ഥമാക്കുന്നു.
- “പൊതിയുക” എന്ന പദത്തിന്റെ അര്ത്ഥം ''ചുറ്റിക്കെട്ടുക” അല്ലെങ്കില്“മുറിവ് വെച്ച് കെട്ടുക” എന്നു പരിഭാഷപ്പെടുത്താം.

ഒരു പ്രതിജ്ഞയാല് ‘ബന്ധിക്കപ്പെടുക'' എന്നത് “ഒരു പ്രതിജ്ഞ നിറവേറ്റാമെന്നു വാഗ്ദത്തം ചെയ്യുക” അല്ലെങ്കില്“ഒരു പ്രതിജ്ഞ നിറവേറ്റാമെന്നു ഏല്ക്കുക” എന്നു പരിഭാഷപ്പെടുത്താം.

- സാഹചര്യത്തിനനുസരിച്ച്, “ബന്ധിക്കുക'' എന്ന പദം ''കെട്ടുക” എന്നോ “പെട്ടെന്ന് സ്വതന്ത്രമാക്കാന്കഴിയാത്തവിധം ബന്ധിക്കുക” അല്ലെങ്കില്ചങ്ങലക്കിടുക” അല്ലെങ്കില്”വിധേയപ്പെടുക(നിറവേറ്റുവാന്)” അല്ലെങ്കില്“ചെയ്യുവാന്ആവശ്യപ്പെട്ടത്'' എന്നു പരിഭാഷപ്പെടുത്താം.

(കാണുക: നിറവേറ്റുക, സമാധാനം, കാരാഗ്രഹം, വേലക്കാരന്, പ്രതിജ്ഞ)

## ദൈവവചന സൂചികകള്:

- ലേവ്യപുസ്തകം 08:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H247, H481, H519, H615, H631, H632, H640, H1366, H1367, H1379, H2280, H2706, H3256, H3533, H3729, H4147, H4148, H4205, H4562, H5650, H5656, H5659, H6029, H6123, H6616, H6696, H6872, H6887, H7194, H7405, H7573, H7576, H8198, H8244, H8379, G254, G331, G332, G1195, G1196, G1198, G1199, G1210, G1397, G1398, G1401, G1402, G2611, G2615, G3734, G3784, G3814, G4019, G4029, G4385, G4886, G4887, G5265

# ബഹുമാനം, ബഹുമാനിക്കുന്നു

## നിര്വചനം:

“ബഹുമാനം” എന്നും “ബഹുമാനിക്കുന്നു” എന്നും ഉള്ള പദങ്ങള്സൂചിപ്പിക്കുന്നത് ഒരു വ്യക്തിയെ ആദരിക്കുക, ബഹുമാനിക്കുക, ഭക്ത്യാദരവ് നല്കുക എന്നൊക്കെ ആണ്.

- ബഹുമാനിക്കുക എന്നത് സാധാരണയായി ഉയര്ന്ന പദവിയിലും പ്രാധാന്യത്തിലും ഉള്ള, രാജാവിനെപ്പോലെ, അല്ലെങ്കില്ദൈവത്തെ പ്പോലെ ഉള്ള ഒരു വ്യക്തിയ്ക്ക് ബഹുമാനം നല്കുക എന്നതാണ്.
- മറ്റുള്ളവരെ ബഹുമാനിക്കുക എന്ന് ദൈവം ക്രിസ്ത്യാനികള്ക്ക് നിര്ദേശം നല്കുന്നു.
- കുഞ്ഞുങ്ങല്അവരുടെ മാതാപിതാക്കന്മാരെ ആദരിക്കുകയും അനുസരിക്കുകയും മൂലം ബഹുമാനം അര്പ്പിക്കണമെന്നു ഉപദേശിക്കുന്നു.
- ”ബഹുമാനവും” “മഹത്വവും” എന്നുള്ള പദങ്ങള്സാധാരണയായി ഒരുമിച്ചു ഉപയോഗിക്കാറുണ്ട്, പ്രത്യേകാല്യേശുവിനെ കുറിച്ച് പരാമര്ശിക്കുമ്പോള്. ഒരേ കാര്യത്തെ രണ്ടു വ്യത്യസ്ത രീതികളില്സൂചിപ്പിക്കുന്നത് ഇപ്രകാരം ആയിരിക്കാം.
- ദൈവത്തെ ബഹുമാനിക്കുന്നതില്നന്ദി അര്പ്പിക്കുന്നതും തന്നെ സ്തുതിക്കുന്നതും ഉള്പ്പെടുന്നു, മാത്രമല്ല തന്നെ അനുസരിക്കുന്നത് വഴിയും താന്എത്ര വലിയവന്എന്ന് പ്രദര്ശിപ്പിക്കുന്ന ജീവിത ശൈലി മൂലവും അപ്രകാരം തന്നെ ബഹുമാനിക്കുന്നത്പ്രകടിപ്പിക്കാം.

## പരിഭാഷ നിര്ദേശങ്ങള്:

“ബഹുമാനം” എന്ന പദം പരിഭാഷ ചെയ്യുന്നതില്“ആദരിക്കുക” അല്ലെങ്കില്“ബഹുമാനിക്കുക” അല്ലെങ്കില്”ഉയര്ന്ന മതിപ്പ് നല്കുക” എന്നിവയും ഉള്പ്പെടുത്താം.

- ”ബഹുമാനിക്കുക” എന്ന പദം “പ്രത്യേക ബഹുമാനം നല്കുക” അല്ലെങ്കില്“പുകഴ്ചക്ക് പാത്രവാനാക്കുക” അല്ലെങ്കില്“ഉയര്ന്ന ആദരം പ്രകടിപ്പിക്കുക” അല്ലെങ്കില്“ഉയര്ന്ന മതിപ്പ് നല്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: അപമാനിക്കുക, മഹത്വം, മഹത്വം, സ്തുതി)

## ദൈവ വചന സൂചികകള്:

- 1 ശമുവേല്02:8
- അപ്പോ.19:15-17
- യോഹന്നാന്04:43-45
- യോഹന്നാന്12:25-26
- മര്ക്കോസ് 06:4-6
- മത്തായി 15:4-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1420, H1921, H1922, H1923, H1926, H1927, H1935, H2082, H2142, H3366, H3367, H3368, H3372, H3373, H3374, H3444, H3513, H3519, H3655, H3678, H5081, H5375, H5457, H6213, H6286, H6437, H6942, H6944, H6965, H7236, H7613, H7812, H8597, H8416, G820, G1391, G1392, G1784, G2151, G2570, G3170, G4411, G4586, G5091, G5092, G5093, G5399

## ഭയം, ഭയപ്പെടുന്നു, ഭയപ്പെട്ട

### നിര്വചനം:

“ഭയം”, “ഭയപ്പെട്ട” എന്നീ പദങ്ങള്തനിക്കോ അല്ലെങ്കില്മറ്റുള്ളവര്ക്കോ ഉപദ്രവമുണ്ടാകുമെന്ന ഒരു ഭീഷണി ഉണ്ടാകുമ്പോള്ഒരു വ്യക്തിക്കുണ്ടാകുന്ന അസുഖകരമായ വികാരത്തെ സൂചിപ്പിക്കുന്നു. “ഭയം” എന്ന പദം അധികാരത്തിലുള്ള ഒരു വ്യക്തിയോട് പ്രദര്ശിപ്പി ക്കുന്ന ആഴമായ ബഹുമാനത്തേയും ഭക്തിയോടെയുള്ള ആദരവിനെയും സൂചിപ്പിക്കുന്നു.

- “യഹോവയുടെ ഭയം” എന്ന പദസഞ്ചയം “ദൈവഭയം”, “കര്ത്താവിനോടുള്ള ഭയം”എന്നീ പദങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു, അത് ദൈവത്തോടുള്ള ആഴമായ ബഹുമാനത്തെ തന്നെ അനുസരിക്കുന്നത് വഴി ബഹുമാനിക്കുന്നു എന്നു പ്രദര്ശിപ്പിക്കുന്നതായി ഇരിക്കുന്നു. ഈ ഭയം ദൈവം വിശുദ്ധന്എന്നും പാപത്തെ വെറുക്കുന്നു എന്നും അറിയുന്നത് നിമിത്തം പ്രേരിപ്പിക്കപ്പെടുന്ന ഭയം ആകുന്നു.
- യഹോവയെ ഭയപ്പെടുന്ന മനുഷ്യന്ജ്ഞാനി ആയിത്തീരുമെന്നു ദൈവവചനം പഠിപ്പിക്കുന്നു.

### പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യത്തിനനുസരിച്ചു, “ഭയപ്പെടുക” എന്നത് ‘’ഭയത്തോടിരിക്കുക” അല്ലെങ്കില്“ആഴമായി ബഹുമാനിക്കുക” അല്ലെങ്കില് “ആദരിക്കുക” അല്ലെങ്കില് “ഭക്ത്യാദരവ്” പ്രകടിപ്പിക്കുക എന്നു പരിഭാഷപ്പെടുത്താം.
- ”ഭയപ്പെട്ട” എന്ന പദം “ഭീഷണിപ്പെടുത്തപ്പെട്ട” അല്ലെങ്കില്“അത്യധികം ഭയപ്പെട്ട” അല്ലെങ്കില്“ ഭയം നിറഞ്ഞ” എന്നു പരിഭാഷപ്പെടുത്താം. “ദൈവത്തിന്റെ ഭയം അവര് എല്ലാവരുടെ മേലും വീണു” എന്ന വാചകം “പെട്ടെന്ന് അവര്ക്ക് എല്ലാവര്ക്കും ആഴമായ ദൈവത്തോട് ഭക്ത്യാദരവും ബഹുമാനവും അനുഭവപ്പെട്ടു” അല്ലെങ്കില്“പെട്ടെന്ന്, അവര്എല്ലാവരും ആശ്ചര്യ ഭരിതരായി ദൈവത്തെ ആഴമായി ബഹുമാനിച്ചു” അല്ലെങ്കില്“അപ്പോള്തന്നെ, അവര്ക്കെല്ലാവര്ക്കും ദൈവത്തെ കുറിച്ച് ഭയമുണ്ടായി (തന്റെ മഹാശക്തി നിമിത്തം).”
- ”ഭയപ്പെടേണ്ട” എന്ന പദം “ഭയപ്പെട്ടു കൊണ്ടിരിക്കണ്ട” അല്ലെങ്കില് “ഭയപ്പെടുന്നത് നിറുത്തുക” എന്നിങ്ങനെയും പരിഭാഷപ്പെടുത്താം. “യഹോവയുടെ ഭയം” എന്ന പദസഞ്ചയം പുതിയ നിയമത്തില്ആവര്ത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധിക്കുക. പകരമായി “കര്ത്താവിന്റെ ഭയം” അല്ലെങ്കില്കര്ത്താവാം ദൈവത്തിന്റെ ഭയം” എന്ന പദസഞ്ചയം ഉപയോഗിച്ചിരിക്കുന്നു.

(കാണുക:ആശ്ചര്യം, ഭക്ത്യാദരവ്, കര്ത്താവ്, ശക്തി, യഹോവ)

### ദൈവ വചന സൂചികകള്:

- 1 യോഹന്നാന്04:17-18
- അപ്പോ,പ്രവര്ത്തികള്02:43-45
- അപ്പോ.പ്രവര്ത്തികള്19:15-17
- ഉല്പ്പത്തി 50:18-21
- യെശ്ശയ്യാവ് 11:3-5
- ഇയ്യോബ് 06:14-17
- യോനാ 01:8-10
- ലൂക്കോസ് 12:4-5
- മത്തായി 10:28-31
- സദൃശവാക്യങ്ങള്10:24-25

### വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H367, H926, H1204, H1481, H1672, H1674, H1763, H2119, H2296, H2727, H2729, H2730, H2731, H2844, H2849, H2865, H3016, H3025, H3068, H3372, H3373, H3374, H4032, H4034, H4035, H4116, H4172, H6206, H6342, H6343, H6345, H6427, H7264, H7267, H7297, H7374, H7461, H7493, H8175, G870, G1167, G1168, G1169, G1630, G1719, G2124, G2125, G2962, G5398, G5399, G5400, G5401

# ഭരണാധികാരി

## നിര്വചനം:

"ഭരണാധികാരി" എന്ന പദം റോമന് സാമ്രാജ്യത്തിലെ ഒരു ഭാഗത്തെ ഭരണം നടത്തി വന്നിരുന്ന ഒരു ഭരണാധികാരിയെ സൂചിപ്പിക്കുന്നു. ഓരോ ഭരണാധികാരിയും റോമന് ചക്രവര്ത്തിയുടെ അധികാരത്തിന്കീഴ് ആയിരുന്നു.

- "ഭരണാധികാരി" എന്ന പദവി അര്ത്ഥം നല്കുന്നത് "നാല് കൂട്ടു ഭരണാധികാരികളില് ഒരുവന് എന്നാണ്,
- ഡയോക്ലീഷ്യന്ചക്രവര്ത്തിയുടെ കീഴില്പ്രാരംഭം കുറിച്ച നിലയില്, റോമന്സാമ്രാജ്യത്തിനു നാലു പ്രധാന വിഭാഗങ്ങള്ഉണ്ടായിരുന്നു, അവ ഓരോ വിഭാഗവും ഓരോ ഭരണാധിപന്റെ കീഴിലും ആയിരുന്നു.
- യേശുവിന്റെ ജനന സമയത്ത് രാജാവായിരുന്ന "മഹാനായ" ഹേരോദിന്റെ രാജ്യം തന്റെ മരണ ശേഷം നാല് ഭാഗങ്ങളായി വിഭാഗിക്കപ്പെടുകയും, തന്റെ നാലു പുത്രന്മാര്"ഭരണാധിപന്മാര്", അല്ലെങ്കില്"കാല്പ്പങ്ക് ഭരണാധികാരികള്" ആയി ഭരണം നടത്തുകയും ചെയ്തു.
- ഓരോ വിഭാഗത്തിലും ഒന്നോ അതില്അധികമോ പ്രദേശങ്ങള്ഗലീല അല്ലെങ്കില്ശമര്യ പോലെയുള്ള "പ്രവിശ്യകള്" ആയി ഉണ്ടായിരുന്നു.
- പുതിയ നിയമത്തില്പല പ്രാവശ്യം "കാല്പ്പങ്കു ദേശാധിപതി ആയ ഹെരോദ്" എന്ന് സൂചിപ്പിച്ചിട്ടുണ്ട്. താന്"ഹെരോദ് അന്തിപ്പാസ്" എന്നും അറിയപ്പെടുന്നു, "ഭരണാധികാരി" എന്ന [പദം പ്രാദേശിക ഭരണാധിപന്" അല്ലെങ്കില്പ്രവിശ്യ ഭരണാധികാരി" അല്ലെങ്കില്"ഭരണാധിപന്" അല്ലെങ്കില്"ദേശാധിപതി" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: ദേശാധിപതി, ഹേരോദ് അന്തിപ്പാസ്, പ്രവിശ്യ, റോം, ഭരണാധിപന്)

## ദൈവ വചന സൂചികകള്:

- ലൂക്കോസ് 03:1-2
- ലൂക്കോസ് 09:7-9
- മത്തായി 14:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G5075, G5076

# ഭൂത ബാധിതൻ

## നിർവചനം:

ഭൂത ബാധിതനായ ഒരു മനുഷ്യനെ ഒരു ഭൂതം അല്ലെങ്കിൽ ദുരാത്മാവു അവന്റെ പ്രവർത്തികളെയും ചിന്തകളെയും നിയന്ത്രിക്കുന്നു.

- സാധാരണയായി ഭൂത ബാധിതനായ വ്യക്തി തന്നെ തന്നെയോ അല്ലെങ്കിൽ മറ്റുള്ളവരെയൊ ഉപദ്രവിക്കും എന്തുകൊണ്ടെന്നാൽ ഭൂതം അവനെക്കൊണ്ട് അപ്രകാരം ചെയ്യിപ്പിക്കുന്നു.
- ഭൂത ബാധിതരായ ആളുകളെ അവരിലുള്ള ഭൂതങ്ങളോടു പുറത്തു വരുവാൻ കൽപ്പിച്ചുകൊണ്ട് യേശു അവരെ സൌഖ്യമാക്കി. ഇതിനെ പൊതുവേ ഭൂതങ്ങളെ "പുറത്താക്കൽ" എന്നു വിളിക്കുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- ഈ പദം പരിഭാഷ ചെയ്യുവാനുള്ള ഇതര മാർഗ്ഗങ്ങൾ, "ഭൂത നിയന്ത്രിതനായ" അല്ലെങ്കിൽ "ഒരു ദുരാത്മാവിനാൽനിയന്ത്രിക്കപ്പെട്ട" അല്ലെങ്കിൽ "അകത്തു ഒരു ദുരാത്മാവു ജീവിക്കുന്നവനായ" ആദിയായവ ഉൾപ്പെടുത്താം.

(കാണുക: ഭൂതം)

## ദൈവവചന സൂചികകൾ:

- മർക്കോസ് 01:32-34
- മത്തായി 04:23-25
- മത്തായി 08:16-17
- മത്തായി 08:33-34

## ദൈവവചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **26:09 ഭൂത** ബാധിതരായ അനേകം പേരെ യേശുവിന്റെ അടുക്കൽ കൊണ്ടു വന്നിരുന്നു.
- **32:02** അവർ തടാകത്തിന്റെ മറുകരയിൽ എത്തിയപ്പോൾ, ഒരു **ഭൂതബാധിതനായ** മനുഷ്യൻ യേശുവിന്റെ അടുക്കൽ ഓടിവന്നു.
- **32:06 ഭൂതം പിടിച്ച** മനുഷ്യൻ ഉറച്ച ശബ്ദത്തിൽ അലറിക്കൊണ്ട്, "മഹോന്നതനായ ദൈവത്തിന്റെ പുത്രനായ യേശുവേ, എന്നോട് നിനക്കു എന്തു കാര്യം?" ദയവായി എന്നെ ഉപദ്രവിക്കരുതേ!" എന്നു പറഞ്ഞു.
- **32:09** പട്ടണത്തിൽനിന്നുള്ള ജനങ്ങൾ വന്നു **ഭൂതബാധിതനായ** മനുഷ്യനെ കാണുകയും ചെയ്തു.
- **47:03** ഓരോ ദിവസവും അവർ (പൌലൊസും ശീലാസും) നടന്നുപോകുമ്പോൾ, ഒരു **ഭൂതബാധിതയായ** അടിമപ്പെൺകുട്ടി അവരെ പിന്തുടർന്നു വന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G1139

# ഭൂതം, ദുരാത്മാവ്, അശുദ്ധാത്മാവ്

## നിർവചനം:

ഈ പദങ്ങളെല്ലാം ഭൂതങ്ങളെ കുറിക്കുന്നു, അവ ദൈവഹിതത്തെ എതിർക്കുന്ന ആത്മാക്കൾ ആണ്. തന്നെ സേവിക്കുവാനായി ദൈവം ദൂതന്മാരെ സൃഷ്ടിച്ചു. പിശാച് ദൈവത്തിനു എതിരെ മത്സരിച്ചപ്പോൾ, ചില ദൂതന്മാരും കൂടെ മൽസരിച്ചു, അവരെ സ്വർഗ്ഗത്തിൽനിന്ന് പുറത്താക്കുകയും ചെയ്തു. ഭൂതങ്ങളും അശുദ്ധാത്മക്കളും ഈ "വീണുപോയ" ദൂതന്മാർആണെന്ന് വിശ്വസിക്കപ്പെടുന്നു.

- ചിലപ്പോൾഈ ഭൂതങ്ങളെ "അശുദ്ധാത്മാക്കൾ" എന്നു വിളിക്കുന്നു. "അശുദ്ധമായ" എന്ന പദം "പരിശുദ്ധം ഇല്ലാത്ത" അല്ലെങ്കിൽ "തിന്മയായ" അല്ലെങ്കിൽ "അവിശുദ്ധമായ" എന്നു അർത്ഥം ആക്കുന്നു.
- ഭൂതങ്ങൾപിശാചിനെ സേവിക്കുന്നതിനാൽ, അവ ദോഷമായവ ചെയ്യുന്നു. ചില സമയങ്ങളിൽ അവ മനുഷ്യന്റെ ഉള്ളിൽ വസിക്കുകയും അവരെ നിയന്ത്രിക്കുകയും ചെയ്യുന്നു.
- ഭൂതങ്ങൾ മനുഷ്യരേക്കാൾ ശക്തരാണ്, എന്നാൽ ദൈവത്തെപ്പോലെ ശക്തരല്ല താനും.

## പരിഭാഷ നിർദേശങ്ങൾ:

"ഭൂതം" എന്ന പദം "ദുരാത്മാവ്" എന്നും പരിഭാഷ ചെയ്യാം.

- "അശുദ്ധാത്മാവ്" എന്നത് മാലിന്യമുള്ള ആത്മാവ്" എന്നോ "ദുഷിച്ച ആത്മാവ്" എന്നോ "ദുരാത്മാവു" എന്നോ പരിഭാഷപ്പെടുത്താം. ഈ പദം പരിഭാഷപ്പെടുത്തുവാൻ ഉപയോഗിക്കുന്ന പദം അല്ലെങ്കിൽ പദസഞ്ചയം പിശാചിനെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നതിൽ നിന്നും വ്യത്യസ്തമാണെന്ന് ഉറപ്പു വരുത്തുക. കൂടാതെ "ഭൂതം" എന്നത് പ്രാദേശിക അല്ലെങ്കിൽ ദേശീയ ഭാഷയിൽ എപ്രകാരം പരിഭാഷ ചെയ്തിരിക്കുന്നു എന്നു പരിഗണിക്കുക.

(കാണുക:അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ഭൂതബാധിതൻ, സാത്താൻ, അന്യദൈവം, അസത്യദൈവം]ദൈവം, അസത്യ ദൈവം, ദേവന്മാര്, ദേവി, വിഗ്രഹം, വിഗ്രഹാരാധകന്, വിഗ്രഹാരാധകര്, വിഗ്രഹാരാധന സംബന്ധിച്ച, വിഗ്രഹാരാധന, ദൂതൻ, തിന്മ, ശുദ്ധം)

## ദൈവവചന സൂചികകൾ:

- യാക്കോബ് 02:18-20
- യാക്കോബ് 03:15-18
- ലൂക്കോസ് 04:35-37
- മർക്കോസ് 03:20-22
- മത്തായി 04:23-25

## ദൈവവചന കഥകളിൽനിന്നുള്ള ഉദാഹരണങ്ങൾ:

- **26:09 ഭൂത** ബാധിതരായ അനേകം പേരെ യേശുവിന്റെ അടുക്കൽകൊണ്ടുവന്നിരുന്നു. യേശു അവയോടു കൽപ്പിച്ചപ്പോൾ, **ഭൂതങ്ങൾ** ജനത്തിൽനിന്നു പുറത്തു വന്നു, "നീ ദൈവപുത്രൻതന്നെ!" എന്നു ഉച്ചത്തിൽവിളിച്ചു പറയുകയും ചെയ്തു.
- **32:08 ഭൂതങ്ങൾ** ആ മനുഷ്യനിൽനിന്ന് പുറത്തുവരികയും പന്നികളിൽപ്രവേശിക്കുകയും ചെയ്തു.
- **47:05** അവസാനം ഒരുദിവസം അടിമയായ ബാലിക ഉച്ചത്തിൽശബ്ദമിട്ടു ശല്യം ചെയ്തപ്പോൾ, പൌലോസ് അവളുടെ നേരെ തിരിഞ്ഞു നിന്ന് അവളിൽഉള്ള **ഭൂതത്തെ** ശാസിച്ചു, "യേശുവിന്റെ നാമത്തിൽഅവളിൽനിന്ന് പുറത്തു വരിക" എന്നു പറഞ്ഞു. ഉടനെ തന്നെ **ഭൂതം** അവളെ വിട്ടു പോയി.
- **49:02** അവൻ(യേശു) വെള്ളത്തിന്മേൽനടന്നു, കൊടുങ്കാറ്റുകളെ ശാന്തമാക്കി, നിരവധിയാളുകളെ സൌഖ്യമാക്കി, **ഭൂതങ്ങളെ** പുറത്താക്കി, മരിച്ചവരെ ജീവനിലേക്കുയിർപ്പിച്ചു, അഞ്ചപ്പത്തെയും രണ്ടു ചെറുമീനുകളെയും 5,000 ത്തിലധികം പേരെ തൃപ്തിയായി പോഷിപ്പിക്കത്തക്ക വിധം വർധിപ്പിച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2932, H7307, H7451, H7700, G169, G1139, G1140, G1141, G1142, G4190, G4151, G4152, G4189

# മക്കള്, കുഞ്ഞ്

## നിര്വചനം:

ദൈവവചനത്തില്, “കുഞ്ഞ്” എന്ന പദം സാധാരണയായി പ്രായത്തില്കുറഞ്ഞവരായി, ശിശുക്കള്ഉള്പ്പെടെയുള്ളവരെ സൂചിപ്പിക്കുവാന്ഉപയോഗിക്കുന്നു. “മക്കള്” എന്ന പദം ഇതിന്റെ ബഹുവചന രൂപമാണ് കൂടാതെ ഇതിനു വിവിധ ഉപമാന പ്രയോഗങ്ങള്ഉണ്ട്.

- ദൈവവചനത്തില്, ശിഷ്യന്മാരെയോ അനുഗാമികളെയോ ചില സന്ദര്ഭങ്ങളില്“മക്കള്” എന്നു അഭിസംബോധന ചെയ്തിട്ടുണ്ട്.
- സാധാരണയായി, “മക്കള്” എന്ന പദം ഒരു വ്യക്തിയുടെ സന്തതികളെ സൂചിപ്പിക്കുന്നു.
- “ന്റെ മക്കള്” എന്ന പദസഞ്ചയം വേറൊന്നുകൊണ്ട് വിശേഷിപ്പിക്കുന്നതായി സൂചിപ്പിക്കുന്നു. ചില ഉദാഹരണങ്ങള്ഇപ്രകാരമുണ്ട്:
- വെളിച്ചത്തിന്റെ മക്കള്
- അനുസരണത്തിന്റെ മക്കള്
- പിശാചിന്റെ മക്കള്
- ഈ പദം ആത്മീയ മക്കളെ പോലുള്ള ആളുകളെ സൂചിപ്പിക്കുവാനും ഉപയോഗിക്കാം. ഉദാഹരണമായി, “ദൈവമക്കള്” എന്നത് യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം ദൈവത്തിനുള്പ്പെട്ട ജനത്തെ സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- “മക്കള്” എന്ന പദം “സന്തതികള്” എന്നു ഒരു വ്യക്തിയുടെ പൌത്രന്മാരെയോ പൌത്ര-പൌത്രന്മാരെയോ, മുതലായവരെ സൂചിപ്പിക്കുന്നതായി പരിഭാഷപ്പെടുത്താം.
- സാഹചര്യത്തിനനുസൃതമായി, “ന്റെ മക്കള്” എന്നത് “സ്വഭാവ വിശേഷതയു ള്ളവര്” അല്ലെങ്കില്“അപ്രകാരം സ്വഭാവം പ്രകടിപ്പിക്കുന്നവര്” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- സാധ്യമെങ്കില്, “ദൈവമക്കള്” എന്ന പദം ദൈവം നമ്മുടെ സ്വര്ഗ്ഗീയപിതാവാ കുന്നു എന്ന വളരെ സുപ്ര ധാനമായ ദൈവവചന ആശയം ഉള്ളതിനാല്അക്ഷരീകമായി പരിഭാഷപ്പെടുത്തേണ്ടതാണ്.

പകരമുള്ള സാധ്യമായ പരിഭാഷ, “ദൈവത്തിനുള്പ്പെട്ട ജനം” അല്ലെങ്കില്“ദൈവത്തിന്റെ ആത്മീയ മക്കള്” എന്നായിരിക്കും.

- യേശു തന്റെ ശിഷ്യന്മാരെ “മക്കളെ” എന്നു വിളിക്കുമ്പോള്ഇതു “വാത്സല്യ സുഹൃത്തുക്കളെ” എന്നോ എന്റെ വാത്സല്യ ശിഷ്യന്മാരേ” എന്നോ പരിഭാഷപ്പെടുത്താം.
- പൌലോസും യോഹന്നാനും യേശുവിലുള്ള വിശ്വാസികളെ “മക്കള്” സൂചിപ്പി ക്കുമ്പോള്ഇതു “പ്രിയ കൂട്ടു വിശ്വാസികളെ” എന്നും പരിഭാഷപ്പെടുത്താം.
- “വാഗ്ദത്തിന്റെ മക്കള്” എന്ന പദസഞ്ചയം “ദൈവം വാഗ്ദത്തം ചെയ്തവ പ്രാപിച്ചിട്ടുള്ളവര്” എന്നു പരിഭാഷപ്പെടുത്താം.

(കാണുക: സന്തതി, വാഗ്ദത്തം, മകന്, ആത്മാവ്, വിശ്വസിക്കുക, വാത്സല്യമുള്ള)

## ദൈവവചന സൂചികകള്:

- 1 യോഹന്നാന്02:27-29
- 3 യോഹന്നാന്01:1-4
- ഗലാത്യര്04:19-20
- ഉല്പ്പത്തി 45:9-11
- യോശുവ 08:34-35
- നെഹെമ്യവ് 05:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1069, H1121, H1123, H1129, H1323, H1397, H1580, H2029, H2030, H2056, H2138, H2145, H2233, H2945, H3173, H3205, H3206, H3208, H3211, H3243, H3490, H4392, H5271, H5288, H5290, H5759,

H5764, H5768, H5953, H6185, H7908, H7909, H7921, G730, G815, G1025, G1064, G1471, G3439, G3515, G3516, G3808, G3812, G3813, G3816, G5040, G5041, G5042, G5043, G5044, G5206, G5207, G5388

# മധ്യസ്ഥത ചെയ്യുക, മധ്യസ്ഥത ചെയ്യുന്നു, മധ്യസ്ഥത

## നിര്വചനം:

“മധ്യസ്ഥത ചെയ്യുക” എന്നും “മധ്യസ്ഥത” ഉള്ള പദങ്ങള് ഒരു വ്യക്തിക്ക് വേണ്ടി വേറൊരു വ്യക്തിയോട് അപേക്ഷകള് ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. ദൈവ വചനത്തില് സാധാരണയായി ഇത് മറ്റുള്ള ജനത്തിനു വേണ്ടി പ്രാര്ഥിക്കുന്നതിനെ സൂചിപ്പിക്കുന്നു.

- ”മധ്യസ്ഥത ചെയ്യുക” എന്നും “പക്ഷപാതം കഴിക്കുക” എന്നുള്ളതും മറ്റുള്ള ജനത്തിന്റെ നന്മക്കു വേണ്ടി ദൈവത്തോട് അപേക്ഷ കഴിക്കുക എന്നാണു അര്ത്ഥം നല്കുന്നത്.
- പരിശുദ്ധാത്മാവ് നമുക്ക് വേണ്ടി പക്ഷപാതം കഴിക്കുന്നു എന്ന് ദൈവ വചനം പഠിപ്പിക്കുന്നു, താന് നമുക്ക് വേണ്ടി ദൈവത്തോട് പ്രാര്ഥിക്കുന്നു.
- മധ്യസ്ഥത ചെയ്യുന്ന ഒരു വ്യക്തി മറ്റുള്ള ജനത്തിനു വേണ്ടി അവരുടെ അപേക്ഷകള് അധികാരത്തില് ഉള്ള വ്യക്തിയോട് അപേക്ഷിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- “മധ്യസ്ഥത ചെയ്യുക” എന്നതു മറ്റു രീതികളില് പരിഭാഷ ചെയ്യുമ്പോള് “യാചന കഴിക്കുക”, അല്ലെങ്കില് “(ഒരാളോടു) (മറ്റൊരാള്ക്ക് വേണ്ടി) എന്തെങ്കിലും ചെയ്യുവാന് നിര്ബന്ധം പുലര്ത്തുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”പക്ഷപാതം കഴിക്കുക” എന്ന നാമപദം “വിനയ പൂര്വ്വം ഉള്ള അപേക്ഷ” അല്ലെങ്കില് “യാചനകള്” അല്ലെങ്കില് “അത്യാവശ്യമായ പ്രാര്ഥനകള്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”മധ്യസ്ഥത ചെയ്യുക” എന്ന പദസഞ്ചയം “നന്മക്കു വേണ്ടി അപേക്ഷകള് കഴിക്കുക” അല്ലെങ്കില് “വേണ്ടി അപേക്ഷ കഴിക്കുക” അല്ലെങ്കില് “സഹായത്തിനായി ദൈവത്തോട് സഹായം അഭ്യര്ഥിക്കുക” അല്ലെങ്കില് “ദൈവത്തോട് (ആരെയെങ്കിലും) അനുഗ്രഹിക്കണം എന്ന് അഭയ യാചന കഴിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: പ്രാര്ത്ഥന)

## ദൈവ വചന സൂചികകള്:

- എബ്രായര് 07:25-26
- യെശ്ശയ്യാവ് 53:12
- യിരെമ്യാവ് 29:6-7
- റോമര് 08:26-27
- റോമര് 08:33-34

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6293, G1783, G1793, G5241

# മന:സാക്ഷി, മന:സാക്ഷികള്

## നിര്വചനം:

ഒരുവന്തെറ്റു ചെയ്യുമ്പോള്ദൈവം അവനെ ഉണര്ത്തുന്നത് ആ മനുഷ്യന്റെ ചിന്തയുടെ ഭാഗമായ മനസാക്ഷിയെന്ന ഭാഗത്തു കൂടെയാണ്.

- ശരിക്കും തെറ്റിനും ഇടയിലുള്ള വ്യത്യാസത്തെ മനുഷ്യര്തിരിച്ചറിയേണ്ടതിനു സഹായകമായി ദൈവം അവര്ക്ക് മന:സാക്ഷിയെ നല്കി.
- ദൈവത്തെ അനുസരിക്കുന്ന വ്യക്തിക്ക് "നിര്മ്മലമായ" അല്ലെങ്കില്"തെളിഞ്ഞ" അല്ലെങ്കില് "ശുദ്ധമായ" മന:സാക്ഷി ഉണ്ടെന്നു പറയുന്നു.
- ഒരു വ്യക്തിക്ക് "ശുദ്ധമന:സാക്ഷി" ഉണ്ടെങ്കില്അതിന്റെ അര്ത്ഥം താന്യാതൊരു പാപവും മറച്ചുവെക്കുന്നില്ല എന്നാണ്.
- എന്നാല്ഒരുവന്തന്റെ മന:സാക്ഷിയെ അവഗണിക്കുകയും, പാപം ചെയ്യുമ്പോള്തുടര്ന്നു യാതൊരു കുറ്റബോധവും തോന്നുന്നില്ലെങ്കില്, അതിന്റെയര്ത്ഥം തെറ്റിനോട് തന്റെ മന:സാക്ഷിക്ക് പ്രതികരണശേഷി നഷ്ടപ്പെട്ടിരിക്കുന്നു എന്നാണ്. ദൈവവചനം ഇതിനെ ഒരു "മരവിച്ച" മന:സാക്ഷി എന്നു, ചൂടേറിയ ഇരുമ്പ് കമ്പിയാല് "ചുട്ടു കരിഞ്ഞ" തുപോലെ എന്നു വിളിക്കുന്നു. ഇപ്രകാരമുള്ള മന:സാക്ഷിയെ "പ്രതികരണമില്ലാത്തത്" എന്നും "മലിനമായത്" എന്നും വിളിക്കുന്നു.
- ഈ പദം പരിഭാഷപ്പെടുത്തുവാന്സാദ്ധ്യതയുള്ളവയായി, "ആന്തരിക സദാചാര വഴികാട്ടി" അല്ലെങ്കില്"സദാചാര ചിന്തകള്" എന്നിങ്ങനെയുള്ളവയും ഉള്പ്പെടുത്താം.

## ദൈവവചന സൂചികകള്:

- 1 തിമോത്തിയോസ് 01:18-20
- 1 തിമോത്തിയോസ് 03:8-10
- 2 കൊരിന്ത്യര്05:11-12
- 2 തിമോത്തിയോസ് 01:3-5
- റോമര്01:15-16
- തീത്തോസ് 01:15-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G4893

# മനുഷ്യ പുത്രന്, മനുഷ്യ പുത്രന്

## നിര്വചനം:

"മനുഷ്യ പുത്രന്" എന്ന നാമം യേശു തന്നെ കുറിച്ച് തന്നെ സൂചിപ്പിക്കുവാന്ഉപയോഗിച്ചത് ആകുന്നു. യേശു അടിക്കടി ഈ പദം "ഞാന്" അല്ലെങ്കില്"എന്നെ" എന്ന് പറയുന്നതിനു പകരം ഉപയോഗിച്ചിരുന്നു.

- ദൈവ വചനത്തില്, "മനുഷ്യ പുത്രന്" എന്നത് ഒരു മനുഷ്യനെ സൂചിപ്പിക്കുന്നതിന് അല്ലെങ്കില്അഭിസംബോധന ചെയ്യുന്നതിനു ഉപയോഗിച്ച ഒരു ശൈലി ആയിരിക്കാം. ഇതിനു "മനുഷ്യ വര്ഗ്ഗം" എന്നും അര്ത്ഥം ഉണ്ട്.
- പഴയ നിയമ ഗ്രന്ഥമായ യെഹസ്കേല്മുഴുവനും, ദൈവം യെഹസ്കേലിനെ "മനുഷ്യ പുത്രന്" എന്ന് അടിക്കടി അഭിസംബോധന ചെയ്യുന്നു. ഉദാഹരണമായി താന്പറഞ്ഞു, "നീ മനുഷ്യ പുത്രാ, പ്രവചിക്ക."
- പ്രവാചകനായ ദാനിയേല്ഒരു ദര്ശനത്തില്"മനുഷ്യ പുത്രന്" മേഘങ്ങളില്വരുന്നതായി കണ്ടു എന്ന് മശീഹയുടെ ആഗമനത്തെ ആസ്പദമാക്കിക്കൊണ്ട് ഒരു സൂചന നല്കുവാന്ഇടയായി.
- യേശു പറഞ്ഞതായ കാര്യം മനുഷ്യ പുത്രന്ഒരു ദിവസം മേഘങ്ങളില്മടങ്ങി വരും എന്നാണ്.
- ഈ സൂചനകള്മനുഷ്യ പുത്രന്മേഘങ്ങളില്മടങ്ങി വരും എന്നുള്ളത് യേശുവാകുന്ന മശീഹ ദൈവം ആകുന്നു എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- യേശു "മനുഷ്യ പുത്രന്" എന്ന പദസഞ്ചയം ഉപയോഗിക്കുമ്പോള്അത് ഇപ്രകാരം പരിഭാഷ ചെയ്യാവുന്നതാണ് "മനുഷ്യനായി തീര്ന്ന ഒരുവന്" അല്ലെങ്കില്"സ്വര്ഗ്ഗത്തില്നിന്നും ഇറങ്ങി വന്ന മനുഷ്യന്."
- ചില പരിഭാഷകര്അപ്പോഴപ്പോഴായി "ഞാന്" അല്ലെങ്കില്"എന്നെ" എന്ന് ഈ നാമത്തോടു കൂടെ ചേര്ക്കാറുണ്ട് ("മനുഷ്യ പുത്രനായ, ഞാന്" എന്നത് പോലെ) അതിനാല്യേശു തന്നെക്കുറിച്ച് തന്നെ ആയിരുന്നു സംസാരിച്ചത് എന്ന് വ്യക്തമാക്കുവാന്സാധിക്കുന്നു. ഈ പദത്തിന്റെ പരിഭാഷ ഒരു തെറ്റായ അര്ത്ഥം നല്കുന്നില്ല എന്ന കാര്യം പരിശോധന ചെയ്തു ഉറപ്പു വരുത്തണം (യേശു ഒരു അവിഹിത പുത്രന്അല്ലെങ്കില്ഒരു മനുഷ്യന്മാത്രം ആണെന്ന് ഉള്ള തെറ്റായ ധാരണ നല്കുന്ന സൂചനകള്).
- ഒരു വ്യക്തിയെ സൂചിപ്പിക്കുവാനായി ഉപയോഗിക്കുമ്പോള്, "മനുഷ്യ പുത്രന്" എന്നത് "നിങ്ങള്, ഒരു മനുഷ്യന്" അല്ലെങ്കില്"നിങ്ങള്, മനുഷ്യാ" അല്ലെങ്കില്"മനുഷ്യന്" അല്ലെങ്കില്"പുരുഷന്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: സ്വര്ഗ്ഗം, പുത്രന്, ദൈവ പുത്രന്, യഹോവ)

## ദൈവ വചന സൂചികകള്:

- അപ്പോ. 07:54-56
- ദാനിയേല്07:13-14
- യെഹസ്കേല്43:6-8
- യോഹന്നാന്03:12-13
- ലൂക്കോസ് 06:3-5
- മര്ക്കോസ് 02:10-12
- മത്തായി 13:36-39
- സങ്കീര്ത്തനങ്ങള്080:17-18
- വെളിപ്പാട് 14:14-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H120, H606, H1121, H1247, G444, G5207

# മന്ദിരം

## നിർവചനം:

“മന്ദിരം” എന്ന പദം അക്ഷരീകമായി അർത്ഥം നൽകുന്നത് “വിശുദ്ധ മന്ദിരം” എന്നാകുന്നു, അത് സൂചിപ്പിക്കുന്നത് ദൈവത്തെ വിശുദ്ധനും പരിശുദ്ധനും ആയി വണങ്ങുന്ന ഒരു സ്ഥലം എന്നും ആകുന്നു. ഇത് സംരക്ഷണവും സുരക്ഷയും നൽകുന്ന സ്ഥലം എന്നും സൂചിപ്പിക്കാവുന്നതാണ്.

- പഴയ നിയമത്തിൽ, “മന്ദിരം” എന്ന പദം സാധാരണയായി “വിശുദ്ധ സ്ഥലമോ” “മഹാ പരിശുദ്ധ സ്ഥലമോ” ഉൾപ്പെടുന്ന സമാഗമന കൂടാരത്തെയോ അല്ലെങ്കിൽ ദേവാലയ കെട്ടിടത്തെയോ സൂചിപ്പിക്കുന്നു.
- ദൈവം വിശുദ്ധ മന്ദിരത്തെ താൻ തന്റെ ജനമായ ഇസ്രയേൽ മക്കളുടെ കൂടെ വസിക്കുവാൻ തിരഞ്ഞെടുത്തിരിക്കുന്ന സ്ഥലം എന്ന് സൂചിപ്പിക്കുന്നു.
- താൻ തന്നെ സ്വയം ഒരു “മന്ദിരം” അല്ലെങ്കിൽ തന്റെ ജനത്തിനു അവർ സുരക്ഷ കണ്ടെത്തുവാൻ ഉള്ള സുരക്ഷ സ്ഥലം എന്ന് വിളിച്ചിരുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- ഈ പദത്തിന് അടിസ്ഥാനപരമായി ഉള്ള അർത്ഥം “വിശുദ്ധ സ്ഥലം” അല്ലെങ്കിൽ“വേർതിരിക്കപ്പെട്ടതായ സ്ഥലം” എന്ന് ആകുന്നു.
- സാഹചര്യത്തിന് അനുസൃതമായി, “മന്ദിരം” എന്ന പദം “വിശുദ്ധ സ്ഥലം” അല്ലെങ്കിൽ“പവിത്രമായ കെട്ടിടം” അല്ലെങ്കിൽ“ദൈവം അധിവസിക്കുന്ന വിശുദ്ധ സ്ഥലം” അല്ലെങ്കിൽ“സംരക്ഷണത്തിന്റെ വിശുദ്ധ സ്ഥലം” അല്ലെങ്കിൽ“സുരക്ഷയുള്ള വിശുദ്ധ സ്ഥലം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “വിശുദ്ധ മന്ദിരത്തിന്റെ ശേക്കെൽ” എന്ന പദം “സമാഗമന കൂടാരത്തിലേക്കു നൽകപ്പെടുന്ന ഒരു തരം ശേക്കെൽ” അല്ലെങ്കിൽ“ദേവാലയത്തിന്റെ പരിപാലന കാര്യാദികൾക്ക് വേണ്ടി നികുതിയായി നൽകുവാൻഉപയോഗിക്കുന്ന ശേക്കെൽ”എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- കുറിപ്പ്: ആധുനിക കാല ദേവാലയത്തിലെ ഒരു ആരാധന മുറിയെ ഈ പദത്തിന്റെ പരിഭാഷ സൂചിപ്പിക്കുന്നില്ല എന്ന കാര്യം ശ്രദ്ധിക്കുക.

(കാണുക: വിശുദ്ധമായ, പരിശുദ്ധാത്മാവ്, വേർതിരിക്കുക, സമാഗന കൂടാരം, നികുതി, ദേവാലയം)

## ദൈവ വചന സൂചികകൾ:

- ആമോസ് 07:12-13
- പുറപ്പാട് 25:3-7
- യെഹസ്കേൽ25:3-5
- എബ്രായർ08:1-2
- ലൂക്കോസ് 11:49-51
- സംഖ്യാപുസ്തകം 18:1-2
- സങ്കീർത്തനം 078:67-69

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4720, H6944, G39

# മന്ന

## നിര്വചനം:

മിസ്രയീം വിട്ടു പുറപ്പെട്ട ശേഷം മരുഭൂമിയില്40 വര്ഷങ്ങള്ഇസ്രയേല്ജനങ്ങള്മരുഭൂമിയില്ആയിരുന്നപ്പോള്അവര്ക്ക് ഭക്ഷിക്കുവാന്വേണ്ടി ദൈവം നല്കിയ ധാന്യം പോലെയുള്ള വെളുത്ത ഭക്ഷ്യ വസ്തുവാണ് മന്ന.

- മന്ന എന്നത് വെളുത്ത കൊത്താമ്പലരി പോലെ കാണപ്പെടുന്നതും അനുദിനവും പ്രഭാതത്തില്മഞ്ഞിന്റെ അടിയില്നിലത്തു കാണപ്പെടുന്നതും ആയിരുന്നു. അത് തേന്പോലെ, മധുരം ഉള്ളതായിരുന്നു.
- ഇസ്രയേല്മക്കള്ശബ്ബത്ത് ദിനം ഒഴികെ ഉള്ള ഓരോ ദിവസവും മന്ന ശേഖരിക്കണം ആയിരുന്നു.
- ശബ്ബത്തിനു ഒരു ദിവസത്തിനു മുന്പ്, ദൈവം ഇസ്രയേല്മക്കളോട് ഇരട്ടിയായി ശേഖരിക്കുവാന്ആവശ്യപ്പെട്ടു അതിനാല്അവര്അവരുടെ വിശ്രമ ദിവസത്തില്അവ ശേഖരിക്കുവാന്പോകേണ്ടതില്ലായിരുന്നു. "മന്ന"എന്ന വാക്കിന്റെ അര്ത്ഥം "ഇത് എന്ത് ആകുന്നു?" എന്നാണ്. ദൈവ വചനത്തില്, മന്നയെ "സ്വര്ഗ്ഗത്തില്നിന്നുള്ള അപ്പം" എന്നും "സ്വര്ഗ്ഗത്തില്നിന്നുള്ള ധാന്യം" എന്നും പരാമര്ശിച്ചിട്ടുണ്ട്.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം പരിഭാഷ ചെയ്യുവാന്ഉള്ള ഇതര മാര്ഗ്ഗങ്ങളില് "കനം കുറഞ്ഞ ഭക്ഷണ ശകലങ്ങള്" അല്ലെങ്കില്സ്വര്ഗ്ഗത്തില്നിന്നുള്ള ഭക്ഷണം" ആദിയായവ ഉള്പ്പെടുത്താം.
- ഒരു പ്രാദേശിക അല്ലെങ്കില്ദേശീയ ഭാഷയില്ദൈവ വചനത്തില്ഈ പദം എപ്രകാരം പരിഭാഷ ചെയ്തിരിക്കുന്നു എന്നുള്ളതും കൂടെ പരിഗണിക്കുക.

(കാണുക: അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അപ്പം, മരുഭൂമി, ധാന്യം, സ്വര്ഗ്ഗം, ശബ്ബത്ത്)

## ദൈവ വചന സൂചികകള്:

- ആവര്ത്തന പുസ്തകം 08:3
- പുറപ്പാട് 16:26-27
- എബ്രായര്09:3-5
- യോഹന്നാന്06:30-31
- യോശുവ 05:12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4478, G3131

# മഹത്വം, മഹത്വമുള്ള, മഹത്വീകരിക്കുക, മഹത്വീകരിക്കുന്നു

## നിര്വചനം:

പൊതുവായി, "മഹത്വം" എന്ന പദം അര്ത്ഥമാക്കുന്നത് ബഹുമാനം, മഹിമ, ഏറ്റവും ആദരണീയമായ എന്നൊക്കെ ആണ്. മഹത്വം ഉള്ളതായ എന്തും "മഹത്വമുള്ളത്" എന്ന് പറയുന്നു.

- ചില സന്ദര്ഭങ്ങളില് "മഹത്വം" എന്നത് വളരെ വില പിടിപ്പുള്ളതും പ്രാധാന്യം അര്ഹിക്കുന്നതും എന്ന് സൂചിപ്പിക്കുന്നു. മറ്റു സാഹചര്യങ്ങളില് ഇ ത് മഹിമയുള്ള, ശോഭനമായ, അല്ലെങ്കില് ന്യായവിധി എന്ന സന്ദേശം നല്കുന്നു.
- ഉദാഹരണമായി, "ഇടയന്മാരുടെ മഹത്വം" എന്നത് തങ്ങളുടെ ആടുകള്ക്ക് ഭക്ഷിക്കുവാന് ധാരാളമായി പുല്ലുള്ള സമൃദ്ധമായ മേച്ചില് ഉള്ള സ്ഥലം എന്ന് സൂചിപ്പിക്കുന്നു.
- മഹത്വം എന്നത് പ്രത്യേകമായി പ്രപഞ്ചത്തില് ഉള്ള ആരെക്കാളും എന്തിനേക്കാളും ഏറ്റവും മഹത്വം ഉള്ളവനായ ദൈവത്തെ വിവരിക്കുവാന് ഉപയോഗിക്കുന്നു. തന്നിലുള്ള എല്ലാ സ്വഭാവ ഗുണങ്ങളും തന്റെ മഹത്വത്തെയും മഹിമയെയും വെളിപ്പെടുത്തുന്നു.
- മഹത്വത്തില്" എന്ന പദ പ്രയോഗം എന്തിലെങ്കിലും പ്രശംസിക്കു കയോ അഭിമാനം കൊള്ളുകയോ ചെയ്യുന്നതിനെ അര്ത്ഥമാക്കുന്നു. "മഹത്വീകരിക്കുക" എന്ന പദം എന്തെങ്കിലും അല്ലെങ്കില് ആരെങ്കിലും എത്ര വലിയതും പ്രാധാന്യം അര്ഹിക്കുന്നത് ആയിരിക്കുന്നു എന്ന് കാണിക്കുകയോ പ്രസ്താവിക്കുകയോ ചെയ്യുക എന്ന് അര്ത്ഥം നല്കുന്നു. ഇത് അക്ഷരീകമായി "മഹത്വം നല്കുന്നു" എന്ന് അര്ത്ഥം നല്കുന്നു.
- ദൈവം ചെയ്തതായ അത്ഭുതകരമായ കാര്യങ്ങളെ പ്രസ്താവിച്ചു കൊണ്ട് ജനം ദൈവത്തിനു മഹത്വം നല്കുവാന് കഴിയും.
- ദൈവത്തിനു മഹത്വം നല്കുന്ന രീതിയില് ജീവിച്ചു, അവന് എത്ര വലിയവനും തേജസ്സു ഉള്ളവനും ആയിരിക്കുന്നു എന്ന് മഹത്വീകരി ക്കുവാനും അവര്ക്ക് കഴിയും.
- ദൈവം തന്നെത്താന് മഹത്വീകരിക്കുന്നു എന്ന് ദൈവ വചനം പറയുമ്പോള്, അത് അര്ത്ഥമാക്കുന്നത് ദൈവം തന്റെ ജനത്തിനു തന്റെ ആശ്ചര്യ ജനകമായ ശ്രേഷ്ടത സാധാരണയായി അത്ഭുതങ്ങളില് കൂടെ വെളിപ്പെടുത്തുന്നു എന്നതാണ്.
- പിതാവാം ദൈവം പുത്രനായ ദൈവത്തെ പുത്രന്റെ സംപൂര്ണ്ണത, മഹിമ, ശ്രേഷ്ടത എന്നിവ ജനത്തിനു വെളിപ്പെടുത്തിക്കൊണ്ട് മഹത്വീകരിക്കുന്നു.
- ക്രിസ്തുവില് വിശ്വസിക്കുന്ന ഏവരും അവനോടു കൂടെ മഹത്വീ കരിക്കപ്പെടും. അവര് ജീവനിലേക്ക് ഉയിര്പ്പിക്കപ്പെടുമ്പോള്, സകല സൃഷ്ടികള്ക്കും ദൈവത്തിന്റെ മഹത്വം പ്രതിഫലിപ്പിക്കുവാനും തന്റെ കൃപ പ്രദര്ശിപ്പിക്കുവാനുമായി മാറ്റം സംഭവിക്കും.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യങ്ങള്ക്ക് അനുസൃതമായി, "മഹത്വം" എന്നത് വിവിധ നിലകളില് "മഹിമ" അല്ലെങ്കില് "ശോഭനം" അല്ലെങ്കില് രാജകീയം" അല്ലെങ്കില് "ആശ്ചര്യകരമായ മഹത്വം" അല്ലെങ്കില് "ഏറ്റവും വില ഉയര്ന്ന" എന്നിങ്ങനെ ഉള്പ്പെടുത്തി പരിഭാഷ ചെയ്യാം.
- "മഹത്വമുള്ള" എന്ന പദം "മഹത്വം നിറഞ്ഞ" അല്ലെങ്കില് "ഏറ്റവും അധികം വിലയുള്ള" അല്ലെങ്കില് "ശോഭാ പൂരിതമായ" അല്ലെങ്കില് "ആദരണനീയമായ രാജത്വമുള്ള" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ദൈവത്തിനു മഹത്വം നല്കുക" എന്ന പദപ്രയോഗം "ദൈവത്തിന്റെ ഔന്നത്യത്തെ ബഹുമാനിക്കുക" അല്ലെങ്കില് "ദൈവത്തിന്റെ മഹിമ നിമിത്തം തന്നെ സ്തുതിക്കുക" അല്ലെങ്കില് "ദൈവം എത്ര വലിയവന് എന്ന് മറ്റുള്ളവരോട് പ്രസ്താവിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "മഹത്വത്തില്" എന്ന പദ പ്രയോഗം "സ്തുതിക്കുക" അല്ലെങ്കില് "അഭിമാനം കൊള്ളുക" അല്ലെങ്കില് "അതിനെ കുറിച്ച് പ്രശംസിക്കുക" അല്ലെങ്കില് "അതില്സന്തോഷം കൊള്ളുക "എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "മഹത്വീകരിക്കുക" എന്നത് "മഹത്വം നല്കുക" അല്ലെങ്കില് "മഹത്വം കൊണ്ട് വരിക" അല്ലെങ്കില് "വലിയവന് എന്ന് പ്രദര്ശിപ്പിക്കുക" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "ദൈവത്തെ മഹത്വീകരിക്കുക" എന്ന പദ പ്രയോഗം "ദൈവത്തെ സ്തു തിക്കുക" അല്ലെങ്കില് "ദൈവത്തിന്റെ മഹത്വത്തെ കുറിച്ച് സംസാരിക്കുക" അല്ലെങ്കില് "ദൈവം എത്ര വലിയവന് എന്ന് കാണിക്കുക" അല്ലെങ്കില് "ദൈവത്തെ ബഹുമാനിക്കുക (തന്നെ അനുസരിക്കുന്നത് മൂലം)."

"മഹത്വീകരിക്കപ്പെടുക" എന്ന പദം "വളരെ വലിയവന് എന്ന് കാണിക്കുക "അല്ലെങ്കില് "സ്തുതിക്കപ്പെട്ടവന്" അല്ലെങ്കില് "ഉയര്ത്ത പ്പെട്ടവന്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക:ഉയര്ത്തുക, അനുസരിക്കുക, സ്തുതിക്കുക)

## ദൈവ വചന സൂചികകള്:

- പുറപ്പാട് 24:16-18
- സംഖ്യാപുസ്തകം 14:9-10
- യെശ്ശയ്യാവ് 35:1-2
- ലൂക്കോസ് 18:42-43
- ലൂക്കോസ് 02:8-9
- യോഹന്നാന്:27-29
- അപ്പൊ.പ്രവര്ത്തികള്03:13-14
- അപ്പൊ.പ്രവര്ത്തികള്07:1-3
- റോമര്:16-17
- 1 കൊരിന്ത്യര്:19-20
- ഫിലിപ്പിയര്:14-16
- ഫിലിപ്പിയര്:18-20
- കൊലോസ്യര്:1-4
- 1 തെസ്സലോനിക്യര്:5-6
- യാക്കോബ് 02:1-4
- 1 പത്രോസ് 04:15-16
- വെളിപ്പാട് 15:3-4

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **23:07** പെട്ടെന്ന്, ആകാശം ദൂതന്മാരാല് നിറഞ്ഞു ദൈവത്തെ സ്തുതിച്ചു, പറഞ്ഞത്, സ്വര്ഗ്ഗത്തില് ദൈവത്തിനു **മഹത്വവും** ഭൂമിയില് ദൈവ പ്രസാദിച്ചിട്ടുള്ള മനുഷ്യര്ക്ക് സമാധാനവും ഉണ്ടാകട്ടെ!"
- **25:06** അനന്തരം സാത്താന് യേശുവിനെ ലോകത്തിലുള്ള എല്ലാ രാജ്യങ്ങളെയും അവയുടെ എല്ലാ **മഹത്വത്തെയും** കാണിച്ചിട്ട് പറഞ്ഞത്, "നീ വണങ്ങി എന്നെ ആരാധിച്ചാല് ഞാന് ഇവ ഒക്കെയും നിനക്ക് നല്കാം" എന്ന് ആയിരുന്നു.
- **37:01** യേശു ഈ വര്ത്തമാനം കേട്ടപ്പോള്, താന് പറഞ്ഞത്, "ഈ രോഗം മരണത്തില് കലാശിക്കുകയില്ല, എന്നാല് ഇത് ദൈവത്തിന്റെ **മഹത്വത്തിന്** വേണ്ടിയുള്ളതാണ്" എന്നായിരുന്നു.
- **37:08** യേശു മറുപടിയായി പറഞ്ഞത്, "നീ എന്നില് വിശ്വസിക്കും എങ്കില് നീ ദൈവത്തിന്റെ മഹത്വം കാണുമെന്നു ഞാന് നിന്നോട് പറഞ്ഞില്ലയോ" എന്നു ആയിരുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H117, H142, H155, H215, H1342, H1921, H1922, H1925, H1926, H1935, H1984, H2892, H3367, H3513, H3519, H3520, H6286, H6643, H7623, H8597, G1391, G1392, G1740, G1741, G2620, G2744, G2745, G2746, G2755, G2811, G4888

# മഹാകോപം, ക്രോധം

## നിര്വചനം:

മഹാകോപം എന്നുള്ളത് ചില സമയങ്ങളില് ദീര്ഘ കാലത്തേക്ക് നീണ്ടു നില്ക്കുന്ന കടുത്ത കോപം ആകുന്നു. ഇത് പ്രത്യേകാല് ദൈവത്തിന്റെ നീതിപൂര്വമായ പാപത്തിന്റെ ന്യായവിധിയെയും ദൈവത്തിനു എതിരായി ഉള്ള മത്സരത്തിനു ജനത്തിനുള്ള ശിക്ഷയെയും സൂചിപ്പിക്കുന്നു.

- ദൈവവചനത്തില്, "മഹാകോപം" എന്നുള്ളത് സാധാരണയായി ദൈവത്തിനു എതിരായി പാപം ചെയ്യുന്നവര്ക്ക് നേരെയുള്ള ദൈവത്തിന്റെ കോപത്തെ സൂചിപ്പിക്കുന്നു. "ദൈവത്തിന്റെ മഹാകോപം" എന്നുള്ളതിനെ പാപത്തിനുള്ള തന്റെ ന്യായവിധിയെയും ശിക്ഷയെയും സൂചിപ്പിക്കുന്നു.
- തങ്ങളുടെ പാപത്തില്നിന്നും മാനസാന്തരപ്പെടാത്തവര്ക്ക് എതിരായുള്ള നീതിയുള്ള ശിക്ഷയാണ് ദൈവത്തിന്റെ മഹാകോപം എന്നുള്ളത്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യത്തിന് അനുസൃതമായി, ഈ പദം പരിഭാഷ ചെയ്യുവാന് ഉള്ളതില് 'തീഷ്ണതയുള്ള കോപം" അല്ലെങ്കില് "നീതിയുള്ള ന്യായവിധി" അല്ലെങ്കില് "കോപം" ആദിയായവ ഉള്പ്പെടുത്താം.
- ദൈവത്തിന്റെ മഹാകോപത്തെ കുറിച്ചു സംസാരിക്കുമ്പോള്, ഈ വാക്കോ അല്ലെങ്കില് പദസഞ്ചയമോ പാപ നിറഞ്ഞ ക്രോധത്തെ സൂചിപ്പിക്കുന്ന പദം കൊണ്ട് പരിഭാഷ ചെയ്യുന്നില്ല എന്ന കാര്യം ഉറപ്പാക്കുക. ദൈവത്തിന്റെ മഹാകോപം നീതിയുള്ളതും വിശുദ്ധവും ആകുന്നു.

(കാണുക: ന്യായം വിധിക്കുക, പാപം)

## ദൈവ വചന സൂചികകള്:

- 1 തെസ്സലോനിക്യര് 01:8-10
- 1 തിമോത്തിയോസ് 02:8-10
- ലൂക്കോസ് 03:7
- ലൂക്കോസ് 21:23-24
- മത്തായി 03:7-9
- വെളിപ്പാട് 14:9-10
- റോമര് 01:18-19
- റോമര് 05:8-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H639, H2197, H2528, H2534, H2740, H3707, H3708, H5678, H7107, H7109, H7110, H7265, H7267, G2372, G3709, G3949, G3950

# മഹാപുരോഹിതന്

## നിര്വചനം:

"മഹാപുരോഹിതന്" എന്ന പദം ഇസ്രയേലിലെ മറ്റു സകല പുരോഹിതന്മാര്ക്കും നേതാവായി ഒരു വര്ഷം സേവനം ചെയ്യേണ്ടതിനു നിയമിക്കപ്പെട്ട പ്രത്യേക പുരോഹിതന്എന്ന് സൂചിപ്പിക്കുന്നു.

- മഹാപുരോഹിതന് പ്രത്യേക ഉത്തരവാദിത്വങ്ങള് ഉണ്ടായിരുന്നു. വര്ഷത്തില് ഒരിക്കല് പ്രത്യേക യാഗം അര്പ്പിക്കുവാനായി മഹാ പരിശുദ്ധ സ്ഥലത്തില് പ്രവേശിക്കുവാന് തനിക്കു മാത്രമാണ് അനുവാദം നല്കപ്പെട്ടിരുന്നത്.
- ഇസ്രായേലില് ധാരാളം പുരോഹിതന്മാര് ഉണ്ടായിരുന്നു എങ്കിലും, ഒരു സമയത്ത് ഒരു മഹാപുരോഹിതന് മാത്രമേ ഉണ്ടായിരുന്നുള്ളൂ.
- യേശു ബന്ധിക്കപ്പെട്ടവന് ആയപ്പോള്, കയ്യഫാവ് ആയിരുന്നു ഔദ്യോഗിക മഹാപുരോഹിതന്. കയ്യഫാവിന്റെ അമ്മായപ്പന് ഹന്നാസും ചില സമയങ്ങളില് മഹാപുരോഹിതന് എന്ന് ഒരു മുന്മഹാപുരോഹിതന് എന്ന നിലയില് സൂചിപ്പിക്കപ്പെടുകയും, ജനത്തിനുമേല് ശക്തിയും അധികാരവും ഉള്ളവനായി കാണുകയും ചെയ്യാറുണ്ട്.

## പരിഭാഷ നിര്ദേശങ്ങള്:

- "മഹാപുരോഹിതന്" എന്നത് "മുഖ്യ പുരോഹിതന്" അല്ലെങ്കില് ഏറ്റവും ഉയര്ന്ന പദവിയില് ഉള്ള പുരോഹിതന്" എന്ന് പരിഭാഷ ചെയ്യാവുന്നതാണ്. "മുഖ്യ പുരോഹിതന്" എന്ന പദത്തില്നിന്നും വ്യത്യസ്തമായി ഈ പദം പരിഭാഷ ചെയ്യപ്പെട്ടിരിക്കുന്നു എന്നത് ഉറപ്പു വരുത്തുക.

(കാണുക: ഹന്നാസ്, കയ്യഫാവ്, മുഖ്യ പുരോഹിതന്മാര്, പുരോഹിതന്, ദേവാലയം)

## ദൈവ വചന സൂചികകള്:

- അപ്പോ.05:26-28
- അപ്പോ.07:1-3
- അപ്പോ.09:1-2
- പുറപ്പാട്30:10
- എബ്രായര്:19-20
- ലേവ്യപുസ്തകം16:32-33
- ലൂക്കോസ് 03:1-2
- മര്ക്കോസ് 02:25-26
- മത്തായി 26:3-5
- മത്തായി 26:51-54

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **13:08 മഹാപുരോഹിതന്** അല്ലാതെ വേറെ ആര്ക്കും തിരശീലക്കു പുറകിലുള്ള മുറിയില് പ്രവേശിക്കുവാന് അനുവാദം ഉണ്ടായിരുന്നില്ല, എന്തുകൊണ്ടെന്നാല് ദൈവം അവിടെ വസിച്ചിരുന്നു.
- **21:07** ദൈവത്തിനു ഉല്കൃഷ്ടമായ യാഗമായി തന്നെത്തന്നെ അര്പ്പിക്കുന്നവനായ തികഞ്ഞ **മഹാപുരോഹിതനായി** മശീഹ വരും.
- **38:03 മഹാപുരോഹിതനാല്** നയിക്കപ്പെട്ട യഹൂദ നേതാക്കന്മാര്, യേശുവിനെ ഒറ്റിക്കൊടുക്കേണ്ടതിനായി യൂദാസിനു മുപ്പതു വെള്ളിക്കാശുകള് കൊടുത്തു.
- **39:01** പടയാളികള് യേശുവിനെ **മഹാപുരോഹിതന്റെ** വീട്ടിലേക്കു **മഹാപുരോഹിതന്** വിസ്തരിക്കേണ്ടതിനായി കൊണ്ടുപോയി.
- **39:03** അവസാനം, **മഹാപുരോഹിതന്** യേശുവിനെ ഉറ്റുനോക്കിക്കൊണ്ട് പറഞ്ഞത്, "ഞങ്ങളോട് പറയുക, നീ ജീവനുള്ള ദൈവത്തിന്റെ മശീഹ ആകുന്നുവോ?"
- **44:07** അടുത്ത ദിവസം, യഹൂദ നേതാക്കന്മാര്പത്രൊസിനെയും യോഹന്നാനെയും **മഹാപുരോഹിതന്റെയും** മറ്റു മത നേതാക്കന്മാ രുടെയും അടുക്കല്കൊണ്ട് വന്നു.
- **45:02** ആയതിനാല്മത നേതാക്കന്മാര്സ്തെഫാനോസിനെ **മഹാ പുരോഹിതന്റെയും** മറ്റു യഹൂദ നേതാക്കന്മാരുടെയും അടുക്കല്കൊണ്ടു വരികയും, അവിടെ സ്തെഫാനോസിനെ കുറിച്ച് കൂടുതല്കള്ളസാക്ഷികള്നുണ പറയുകയും ചെയ്തു.

- **46:01 മഹാപുരോഹിതന്** ശൌലിന് ദമസ്കോസ് പട്ടണത്തില്ലോകുവാനും അവിടെയുള്ള ക്രിസ്ത്യാനികളെ ബന്ധിച്ചു യെരുശലേമിലേക്ക് കൊണ്ട് വരുവാനും അനുവാദം നല്കുകയും ചെയ്തു.
- **48:06** യേശുവാണ് ശ്രേഷ്ഠ **മഹാപുരോഹിതന്**. മറ്റുള്ള പുരോഹിതന്മാരെ പോലെയല്ല, താന്ലോകത്തില്ഉള്ള സകല ജനങ്ങളുടെയും പാപം പോക്കുവാനായി ഏക യാഗമായി തന്നെത്തന്നെ ഏല്പ്പിച്ചു കൊടുത്തു. യേശുവാണ് ഉത്തമ **മഹാപുരോഹിതന്** എന്തുകൊണ്ടെന്നാല്ഏതൊരു മനുഷ്യനും ഏതുകാലത്തും ചെയ്യുന്ന ഏതൊരു പാപത്തിനും ഉള്ള ശിക്ഷ **മഹാപുരോഹിതന്** ആയി തിരഞ്ഞെടുത്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7218, H1419, H3548, G748, G749

# മാംസം

## നിര്വചനം:

ദൈവ വചനത്തില്, “മാംസം” എന്ന പദം അക്ഷരീകമായി മനുഷ്യരുടെയോ മൃഗങ്ങളുടെയോ മൃദുവായ കലകളെ സൂചിപ്പിക്കുന്നു.

- ദൈവ വചനവും ‘മാംസം” എന്ന പദം എല്ലാമാനുശ്യ വര്ഗ്ഗത്തെയും ജീവനുള്ള ജന്തുക്കളെയും സൂചിപ്പിക്കുവാനായി ഉപമാന രൂപേണ ഉപയോഗിക്കുന്നു.
- പുതിയ നിയമത്തില്, “മാംസം” എന്ന പദം മനുഷ്യരുടെ പാപം നിറഞ്ഞ സ്വഭാവത്തെ സൂചിപ്പിക്കുന്നു. ഇതു സാധാരണയായി അവരുടെ ആത്മീയ സ്വഭാവത്തിന് വിരുദ്ധമായ നിലയില്ഉപയോഗിക്കുന്നു.
- ”സ്വന്ത മാംസവും രക്തവും” എന്ന പദപ്രയോഗം ജീവശാസ്ത്ര പരമായി മാതാപിതാക്കള്, കൂടപ്പിറപ്പുകള്, കുഞ്ഞ്, അല്ലെങ്കില്കൊച്ചുമക്കള്എന്നിങ്ങനെ വേറൊരു വ്യക്തിയുമായി ബന്ധമുള്ളവരെ സൂചിപ്പിക്കുന്നു.
- ”മാംസവും രക്തവും” എന്ന പദപ്രയോഗം ഒരു വ്യക്തിയുടെ പൂര്വികന്മാരെയോ സന്തതികളെയോ സൂചിപ്പിക്കുന്നതാണ്. “ഏക മാംസം” എന്ന പദ പ്രയോഗം വിവാഹത്തില്ഒരു പുരുഷനും ഒരു സ്ത്രീയും ഐക്യപ്പെടുന്നതിനെ സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഒരു മൃഗത്തിന്റെ ശരീരം സംബന്ധിച്ച്, “മാംസം” എന്നത് ‘ശരീരം” അല്ലെങ്കില്“തോല്” അല്ലെങ്കില്“ഇറച്ചി” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- എല്ലാ ജീവരാശികളെയും പൊതുവില്സൂചിപ്പിക്കുവാനായി ഉപയോഗിക്കുമ്പോള്, ഈ പദത്തെ “ജീവനുള്ളവ” അല്ലെങ്കില്“ജീവനുള്ള സകലവും” എന്നു പരിഭാഷ ചെയ്യാം.
- പൊതുവായി സകല ജനത്തെയും സൂചിപ്പിക്കുമ്പോള്, ഈ പദം “ജനം” അല്ലെങ്കില്മനുഷ്യര്” അല്ലെങ്കില്“ജീവനോടിരിക്കുന്ന സകലരും” എന്നു പരിഭാഷ ചെയ്യാം.
- ”മാംസവും രക്തവും” എന്ന പദപ്രയോഗം “ബന്ധുക്കള്” അല്ലെങ്കില്“കുടുംബം” അല്ലെങ്കില്“ബന്ധുജനം” അല്ലെങ്കില്“കുടുംബ വംശം” എന്നിങ്ങനെയും പരിഭാഷ ചെയ്യാം. “പൂര്വികന്മാര്” അല്ലെങ്കില്“സന്തതികള്” എന്നിങ്ങനെ പരിഭാഷ ചെയ്യേണ്ടതായ സാഹചര്യങ്ങളും ഉണ്ടാകാം.
- ചില ഭാഷകളില്“മാംസവും രക്തവും” എന്നതിനുള്ള അര്ത്ഥത്തോടു സമാനത പുലര്ത്തുന്ന പദ പ്രയോഗം ഉണ്ടായിരിക്കാം.
- “ഒരു മാംസമായി തീരുക” എന്ന പദ പ്രയോഗം ‘ലൈംഗികമായി ഒന്നുചേരുക” അല്ലെങ്കില്“ഒരു ശരീരം എന്നപോലെ ആകുക” അല്ലെങ്കില്“ശരീരത്തിലും ആത്മാവിലും ഒരേ വ്യക്തിയായി തീരുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം. ഈ പദ പ്രയോഗത്തിന്റെ പരിഭാഷ നിര്ദ്ധിഷ്ട ഭാഷയിലും സംസ്കാരത്തിലും സ്വീകാര്യം ആയതാണോ എന്നു പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. (കാണുക:ഭവ്യോക്തി). ഒരു പുരുഷനും സ്ത്രീയും “ഒരേ മാംസം ആയിത്തീരുന്നു” എന്നത് അക്ഷരീകമായി അവര്ഒരു വ്യക്തിയായി തീരുന്നു അര്ത്ഥമാക്കുന്നില്ല, ഇതു ഒരു ഉപമാനം ആണെന്ന് മനസ്സിലാക്കേണ്ടത് ഉണ്ട്.

## ദൈവ വചന സൂചികകള്:

- 1 യോഹന്നാന്02:15-17
- 2 യോഹന്നാന്01:7-8
- എഫെസ്യര്06:12-13
- ഗലാത്യര്01:15-17
- ഉല്പ്പത്തി 02:24-25
- യോഹന്നാന്01:14-15
- മത്തായി 16:17-18
- റോമര്08:6-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H829, H1320, H1321, H2878, H3894, H4207, H7607, H7683, G2907, G4559, G4560, G4561

# മാനസ്സാന്തരപ്പെടുക, മാനസ്സാന്തരപ്പെടുന്നു, മാനസ്സാന്തരപ്പെട്ട, മാനസ്സാന്തരം

## നിര്വചനം:

“മാനസ്സാന്തരപ്പെടുക” എന്നും “മാനസ്സാന്തരം” എന്നും ഉള്ള പദങ്ങള് സൂചിപ്പിക്കുന്നത് പാപത്തില് നിന്നും അകന്നു പിന്തിരിഞ്ഞു ദൈവത്തിങ്കലേക്കു മടങ്ങി വരുന്നതിനെ ആണ്.

- “മാനസ്സാന്തരപ്പെടുക” എന്നത് അക്ഷരീകമായി അര്ത്ഥം നല്കുന്നത് “ഒരുവന്റെ മനസ്സ് മാറുക” എന്നതാണ്.
- ദൈവ വചനത്തില്, “മാനസ്സാന്തരപ്പെടുക” എന്നത് സാധാരണയായി അര്ത്ഥം നല്കുന്നത് പാപം നിറഞ്ഞ, മാനുഷിക രീതിയില്ചിന്തിക്കുകയും പ്രവര്ത്തിക്കുകയും ചെയ്യുന്നതില് നിന്നും പിന്തിരിയുകയും ദൈവത്തിന്റെ ശൈലിയില് ചിന്തിക്കുവാനും പ്രവര്ത്തിക്കുവാനും മാറുക എന്നുള്ളതാണ്.
- ജനം വാസ്തവമായും തങ്ങളുടെ പാപങ്ങള്ക്കു മാനസ്സാന്തരപ്പെദുമ്പോള്, ദൈവം അവരോടു ക്ഷമിക്കുകയും തന്നെ അനുസരിച്ച് ജീവിക്കുവാനായി അവരെ സഹായിക്കുകയും ചെയ്യുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- “മാനസ്സാന്തരപ്പെടുക” എന്ന പദം “(ദൈവത്തിങ്കലേക്കു തിരിയുക” അല്ലെങ്കില് “പാപത്തില് നിന്നും അകന്നുമാറി ദൈവത്തിങ്കലേക്ക് തിരിയുക” അല്ലെങ്കില് “പാപത്തില് നിന്ന് അകന്നു, ദൈവത്തിലേക്ക് തിരിയുക” എന്നിങ്ങനെയുള്ള പദങ്ങളാല് അല്ലെങ്കില് പദസഞ്ചയങ്ങളാല് അര്ത്ഥം നല്കപ്പെടുന്നു. “മാനസ്സാന്തരം” എന്ന പദം സാധാരണയായി “മാനസ്സാന്തരപ്പെടുക” എന്ന ക്രിയാപദം ഉപയോഗിച്ചു പരിഭാഷ ചെയ്യാം. ഉദാഹരണമായി, “ഇസ്രായേലിനു ദൈവത്താല് മാനസ്സാന്തരം നല്കപ്പെട്ടു.” എന്നത് “മാനസാന്തരപ്പെടുവാന് ദൈവം ഇസ്രായേലിനു സാധ്യമാക്കി ത്തീര്ത്തു.
- “മാനസ്സാന്തരം” എന്ന പദം പരിഭാഷ ചെയ്യുവാന് ഉള്ള ഇതര മാര്ഗ്ഗങ്ങള്“പാപത്തില് നിന്ന് മനന്തിരിയുക” അല്ലെങ്കില് “ദൈവത്തിങ്കലേക്കു തിരിയുകയും പാപത്തില്നിന്ന് അകലുകയും ചെയ്യുക” എന്നിങ്ങനെ ഉള്പ്പെടുത്താം.

(കാണുക: ക്ഷമിക്കുക, പാപം, തിരിയുക)

## ദൈവ വചന സൂചികകള്:

- അപ്പോ.03:19-20
- ലൂക്കോസ് 03:3
- ലൂക്കോസ് 03:8
- ലൂക്കോസ് 05:29-32
- ലൂക്കോസ് 24:45-47
- മര്ക്കോസ് 01:14-15
- മത്തായി 03:1-3
- മത്തായി 03:10-12
- മത്തയി 04:17
- റോമര്:3-4

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **16:02** ദീര്ഘവര്ഷങ്ങള് ദൈവത്തെ അനുസരിക്കാതെ ഇരിക്കുകയും ശത്രുക്കളാല് ഒടുക്കപ്പെടുകയും ചെയ്തതിനു ശേഷം, ഇസ്രയേല് ജനം **മാനസ്സാന്തരപ്പെടുകയും** അവരെ രക്ഷിക്കുവാനായി ദൈവത്തോട് അപേക്ഷിക്കുകയും ചെയ്തു.
- **17:13** ദാവീദ് തന്റെ പാപങ്ങളെ കുറിച്ച് **മാനസ്സാന്തീപ്പെടുകയും** ദൈവം അവനോടു ക്ഷമിക്കുകയും ചെയ്തു.
- **19:18** അവര് (പ്രവാചകന്മാര്) ജനത്തോടു അവര് **മാനസ്സാന്തരപ്പെടുന്നില്ല** എങ്കില് ദൈവം അവരെ നശിപ്പിക്കും എന്ന് മുന്നറിയിപ്പ് നല്കി.

- **24:02** യോഹന്നാനെ ശ്രവിക്കുവാനായി നിരവധി ജനങ്ങള് മരുഭൂമിയിലേക്ക് പുറപ്പെട്ടു വന്നു. താന് അവരോടു പ്രസംഗിച്ചു പറഞ്ഞത്, “ദൈവരാജ്യം സമീപിച്ചിരിക്ക കൊണ്ട് **മാനസ്സാന്തരപ്പെടുവിന്**” എന്നു ആയിരുന്നു.
- **42:08** “തിരുവെഴുത്തുകളില് ഇപ്രകാരവും എഴുതി ഇരിക്കുന്നു അതായത് തങ്ങളുടെ പാപങ്ങള്ക്ക് ക്ഷമ **ലഭിക്കേണ്ടതിനു** ഓരോരുത്തരും മനസ്സാന്തരപ്പെടണം എന്ന് എന്റെ ശിഷ്യന്മാര് പ്രസംഗിക്കും.”
- **44:05** “അതുകൊണ്ട് ഇപ്പോള് നിന്റെ പാപങ്ങള് കഴുകപ്പെടേണ്ടതിന് **മാനസ്സാന്തരപ്പെടുകയും** ദൈവത്തിങ്കലേക്കു തിരിയുകയും ചെയ്യുക.”

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5150, H5162, H5164, G278, G3338, G3340, G3341

# മുൻനിയമിക്കുക, മുൻനിയമിക്കപ്പെട്ട

## നിർവചനം:

"മുൻനിയമിക്കുക" എന്നും "മുൻനിയമിക്കപ്പെട്ട" എന്നും ഉള്ള പദങ്ങൾ സൂചിപ്പിക്കുന്നത് എന്തങ്കിലും സംഭവിക്കുന്നതിന് മുൻപ് തന്നെ തീരുമാനിക്കുകയോ അല്ലെങ്കിൽ പദ്ധതി ആവിഷ്കരിക്കുകയോ ചെയ്യുക എന്ന് ഉള്ളതാണ്.

- ഈ പദം പ്രത്യേകാൽ സൂചിപ്പിക്കുന്നത് നിത്യജീവൻ പ്രാപിക്കേണ്ടതിനു ജനങ്ങളെ ദൈവം മുൻനിയമിക്കുന്നു എന്നാണ്.
- "ചില സന്ദർഭങ്ങളിൽ "മുൻകുറിക്കുക" എന്ന പദം ഉപയോഗിക്കുന്നത്, മുൻകൂട്ടി തീരുമാനിക്കുക എന്ന അർത്ഥം നൽകിക്കൊണ്ടും ആകുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- "മുൻനിർണ്ണയിക്കുക" എന്ന പദവും "മുൻകൂട്ടി തീരുമാനിക്കുക" അല്ലെങ്കിൽ "സമയത്തിനു മുൻപ് തന്നെ തീരുമാനിക്കുക" എന്ന് പരിഭാഷ ചെയ്യാം.

"മുൻനിർണ്ണയിക്കുക" എന്ന പദം "വളരെ നാളുകൾക്കു മുൻപേ തന്നെ" തീരുമാനിച്ചത്" അല്ലെങ്കിൽ "കാലത്തിനു മുമ്പേ ആലോചിച്ചത്" അല്ലെങ്കിൽ "മുൻകൂട്ടി തന്നെ തീരുമാനിച്ചത്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

- നമ്മെ മുൻകുറിച്ചു" എന്നത് പോലെയുള്ള പദസഞ്ചയങ്ങൾ നാം എന്ന് ദീർഘ കാലങ്ങൾക്ക് മുൻപേ തീരുമാനിച്ചു" അല്ലെങ്കിൽ "കാലത്തിനു മുൻപേ തന്നെ നാം എന്ന് തീരുമാനിച്ചു കഴിഞ്ഞു" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "മുൻകൂട്ടി അറിഞ്ഞു" എന്ന പദത്തിന്റെ പരിഭാഷയിൽ നിന്നും വ്യത്യസ്തമാണ് ഈ പദത്തിന്റെ പരിഭാഷ എന്നുള്ളത് ശ്രദ്ധിക്കുക.

(കാണുക: മുൻകൂട്ടി അറിഞ്ഞു)

## ദൈവ വചന സൂചികകൾ:

- 1 കൊരിന്ത്യർ 02:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G4309

# മൂപ്പന്, മൂപ്പന്മാര്

## നിര്വചനം:

ഒരു മൂപ്പന് എന്നയാള് ഒരു പ്രാദേശിക സഭയില്, സഹവിശ്വാസി കള്ക്ക് ഭക്ഷണം അല്ലെങ്കില് പണം ആദിയായ പ്രായോഗിക ആവശ്യ ങ്ങളില് സഹായം എത്തിക്കുവാന് സഹായിക്കുന്നവന് ആണ്.

- “മൂപ്പന്” എന്ന വാക്ക് “സേവകന്” അല്ലെങ്കില് “ശുശ്രൂഷകന്” എന്നര്ത്ഥം വരുന്ന ഗ്രീക്ക് പദത്തില്നിന്ന് നേരിട്ടു എടുത്തിട്ടുള്ളതാണ്.
- ആദിമകാല ക്രിസ്ത്യാനികളുടെ കാലം മുതല്ക്കേ, മൂപ്പന് എന്നത് നന്നായി നിര്വചിക്കപ്പെട്ടിടുള്ള പങ്കും സഭാഗാത്രത്തിലെ ശുശ്രൂഷയും ആണ്.
- ഉദാഹരണമായി, പുതിയ നിയമത്തില്, ഏതു രീതിയിലും പണമോ ഭക്ഷണമോ വിശ്വാസികള്ക്ക് വിതരണം ചെയ്യപ്പെടുന്നത് വിധവകള്ക്കി ടയില് യോഗ്യമായ നിലയില് ആണെന്ന് മൂപ്പന്മാര് ഉറപ്പുവരുത്തു മായിരുന്നു.
- “മൂപ്പന്” എന്ന പദം “സഭാശുശ്രൂഷകന്” എന്നോ സഭാപ്രവര്ത്തകന്” എന്നോ “സഭാസേവകന്” അല്ലെങ്കില് പ്രാദേശിക ക്രിസ്തീയ സമൂഹത്തിനു പ്രയോജനീഭവിക്കുന്ന പ്രത്യേക ദൌത്യങ്ങള് നിറവേറ്റുവാന് ഔപചാരികമായി നിയമിക്കപ്പെട്ട വ്യക്തി എന്നു കാണിക്കുന്ന ഇതര പദസഞ്ചയങ്ങളാല് പരിഭാഷപ്പെടുത്താം.

(കാണുക: ശുശ്രൂഷകന്, സേവകന്)

## ദൈവവചന സൂചികകള്:

- 1 തിമോത്തിയോസ് 03:8-10
- 1 തിമോത്തിയോസ് 03:11-13
- ഫിലിപ്പിയര്:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G1249

# മൂര്

## നിര്വചനം:

മൂര് എന്നത് ആഫ്രിക്കയിലും ഏഷ്യയിലും വളരുന്ന മൂര് എന്ന വൃക്ഷത്തിന്റെ കറയില്നിന്ന് എടുക്കുന്ന ഒരു എണ്ണയോ സുഗന്ധ വര്ഗ്ഗമോ ആകുന്നു. ഇത് കുന്തിരിക്കവുമായി ബന്ധപ്പെട്ടിട്ടുള്ളത് ആകുന്നു.

- മൂര് എന്നത് ധൂപം, സുഗന്ധ ദ്രവ്യം, മരുന്നുകള്, മൃത ശരീരങ്ങള്സംസ്കാരം ചെയ്യുക ആദിയായ കാര്യങ്ങള്ക്കായും ഉപയോഗിക്കുന്നു
- യേശു ജനിച്ചപ്പോള്തനിക്കു കാഴ്ചയായി ശാസ്ത്രികള്നല്കിയ വസ്തുക്കളില്ഒന്ന് മൂര് ആയിരുന്നു.
- യേശു ക്രൂശിക്കപ്പെട്ടപ്പോള്തന്റെ വേദന കുറയ്ക്കുവാനായി നല്കിയ വീഞ്ഞില്മൂരും സംയോജിപ്പിച്ചിരുന്നു.

(കാണുക: [കുന്തിരിക്കം, ശാസ്ത്രികള്)

## ദിയ വചന സൂചികകള്:

- പുറപ്പാട് 30:22-25
- ഉല്പ്പത്തി 37:25-26
- യോഹന്നാന്11:1-2
- മര്ക്കോസ് 15:22-24
- മത്തായി 02:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3910, H4753, G3464, G4666, G4669

# മൂലക്കല്ല്, മൂലക്കല്ലുകള്

## നിര്വചനം:

“മൂലക്കല്ല്”” എന്ന പദം സൂചിപ്പിക്കുന്നത് ഒരു കെട്ടിടത്തിന്റെ അടിസ്ഥാനത്തില്മൂലയില്സ്ഥാപിക്കുന്ന പ്രത്യേകമായി വെട്ടിയെടുത്തതും വലിപ്പമുള്ളതുമായ ഒരു വലിയ കല്എന്നാണ്.

- കെട്ടിടത്തിന്റെ മറ്റുള്ള എല്ലാ കല്ലുകളും മൂലക്കല്ലിനോടനുബന്ധിച്ച് അളന്നു സ്ഥാപിക്കുന്നു.
- ഇതു മുഴുവന്ഘടനയുടെയും ശക്തിക്കും ഉറപ്പിനും വളരെ പ്രാധാന്യമര്ഹി ക്കുന്നതാണ്.
- പുതിയനിയമത്തില്, വിശ്വാസികളുടെ കൂട്ടത്തെ രൂപകാലങ്കാരമായി ഒരു കെട്ടിടത്തോടും യേശുക്രിസ്തുവിനെ അതിന്റെ “മൂലക്കല്ലായും” താരതമ്യം ചെയ്തിരിക്കുന്നു.
- ഒരു കെട്ടിടത്തിന്റെ മൂലക്കല്എപ്രകാരം ഒരു മുഴുവന്കെട്ടിടത്തെ താങ്ങുകയും സ്ഥാനനിര്ണ്ണയം ചെയ്യുകയും ചെയ്യുന്നുവോ, അതുപോലെ വിശ്വാസികളുടെ കൂട്ടത്തെ സ്ഥാപിക്കുകയും താങ്ങിനിര്ത്തുകയും ചെയ്യുന്ന മൂലക്കല്ല് യേശുക്രിസ്തുവാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- ‘മൂലക്കല്ല്” എന്ന പദം “പ്രധാന കെട്ടിട കല്ല്” അല്ലെങ്കില്“അടിസ്ഥാന കല്ല്” എന്നിങ്ങനെയും പരിഭാഷപ്പെടുത്താം.
- ലക്ഷ്യമിട്ടിരിക്കുന്ന ഭാഷയില്കെട്ടിടത്തിന്റെ അടിസ്ഥാനത്തിന്റെ ഭാഗമായി അതിന്റെ പ്രധാന താങ്ങായിരിക്കുന്നതിനെ കുറിക്കുന്ന പദം ഉണ്ടെങ്കില്അത് പരിഗണിക്കുക. ഉണ്ടെങ്കില്, ഈ പദം ഉപയോഗിക്കാവുന്നതാണ്.
- ഇതു പരിഭാഷ ചെയ്യുവാനുള്ള വേറൊരു മാര്ഗ്ഗം, ‘ഒരു കെട്ടിടത്തിന്റെ മൂലയില്ഉപയോഗിച്ച ഒരു അടിസ്ഥാനക്കല്ല്” എന്നതാണ്.
- ഇത് വലിയ കല്ലും, ഉറപ്പെരിയതും സുരക്ഷിതമായ നിര്മ്മാണ വസ്തുവും ആയിരിക്കണമെന്നത് പ്രധാനമായി കരുതേണ്ട വസ്തുതയാണ്.
- കെട്ടിടനിര്മാണത്തിനു കല്ലുകള്ഉപയോഗിക്കുന്നില്ലെങ്കില്, “വലിയ കല്ല്” (പാകപ്പെടുത്തിയ വലിയ കല്ല്) എന്നര്ത്ഥം വരുന്ന വേറൊരു പദം ഉണ്ടായിരിക്കാം, എന്നാല്ഇതു നന്നായി രൂപപ്പെടുത്തിയതും ഉപയുക്തവും ആണെന്ന ആശയം ഉള്ളതായിരിക്കണം.

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്04:11-12
- എഫെസ്യര്02:19-22
- മത്തായി 21:42
- സങ്കീര്ത്തനങ്ങള്118:22-23

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H68, H6438, H7218, G204, G1137, G2776, G3037

# മോചന ദ്രവ്യം, മോചന ദ്രവ്യം ആവശ്യപ്പെടല്

## നിര്വചനം:

“മോചന ദ്രവ്യം” എന്ന പദം സൂചിപ്പിക്കുന്നത് ബന്ദിയാക്കപ്പെട്ട ഒരു വ്യക്തിയെ മോചിപ്പിക്കുന്നതിനു വേണ്ടി ആവശ്യപ്പെടുന്ന പണം അല്ലെങ്കില് മറ്റു രീതിയില് ഉള്ള കൊടുക്കല് എന്നാണ്.

- ഒരു ക്രിയാപദം എന്ന നിലയില് “മോചന ദ്രവ്യം” അര്ത്ഥമാക്കുന്നത് ബന്ദിയാക്കപ്പെട്ട, അല്ലെങ്കില് അടിമയാക്കപ്പെട്ട അല്ലെങ്കില് തടവില് ആക്കപ്പെട്ട ഒരു വ്യക്തിയെ രക്ഷിക്കേണ്ടതിനു വേണ്ടി നല്കപ്പെടുന്ന ഒരു പണമിടപാട് അല്ലെങ്കില് സ്വയ ത്യാഗമായി ചെയ്യുന്ന ഒരു പ്രവര്ത്തി എന്നാണ്. “മടക്കി വാങ്ങുക” എന്നതിന്റെ അര്ത്ഥവും “വീണ്ടെടുക്കുക” എന്നതിന്റെ അര്ത്ഥത്തോടു സാമ്യം പുലര്ത്തുന്നു.
- പാപ പങ്കിലമായ മനുഷ്യനെ അവരുടെ പാപത്തോടുള്ള അടിമത്തത്തില് നിന്ന് സ്വതന്ത്രര് ആക്കുവാന് വേണ്ടി മോചന വിലയായി യേശു തന്നെത്താന് കൊല്ലപ്പെടുവാനായി ഏല്പ്പിച്ചു കൊടുത്തു. തന്റെ ജനത്തിന്റെ പാപത്തിനുള്ള പിഴ നല്കുക വഴി തന്റെ ജനത്തെ തിരികെ വിലയ്ക്ക് വാങ്ങുന്ന ദൈവത്തിന്റെ ഈ പ്രവര്ത്തിയെ “വീണ്ടെടുപ്പു” എന്ന് ദൈവ വചനത്തില് വിളിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- “മോചനദ്രവ്യം നല്കുക” എന്ന പദം “വിടുവിക്കുന്നതിനായി നല്കുന്ന പണം” എന്നും അല്ലെങ്കില് “സ്വതന്ത്രമാക്കുവാന് വേണ്ടി നല്കുന്ന വില” അല്ലെങ്കില് “മടക്കി വാങ്ങുക” എന്നും പരിഭാഷ ചെയ്യാം. “മോചന ദ്രവ്യം നല്കുക” എന്ന പദസഞ്ചയം “വില കൊടുക്കുക (സ്വതന്ത്രമാക്കുന്നതിനു)” അല്ലെങ്കില് “പിഴ ഒടുക്കുക “ജനത്തെ സ്വതന്ത്രര് ആക്കുവാന്)” അല്ലെങ്കില് ആവശ്യമായ പണ വിനിയോഗം നടപ്പില് വരുത്തുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “മോചന ദ്രവ്യം” എന്ന നാമപദം “വില കൊടുത്തു തിരികെ വാങ്ങുക” അല്ലെങ്കില് “ഒരു പിഴ ഒടുക്കി” അല്ലെങ്കില് “വില കൊടുത്തു” (ജനത്തെയോ നിലത്തെയോ സ്വതന്ത്രമാക്കേണ്ടതിനോ തിരികെ വാങ്ങേണ്ടതിനോ), എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “മോചന ദ്രവ്യം” എന്നും “വീണ്ടെടുപ്പ്” എന്നും ഉള്ള പദങ്ങള്ക്കു ഇംഗ്ലീഷില് ഒരേ അര്ത്ഥം ആണ് ഉള്ളതെങ്കിലും ചില സന്ദര്ഭങ്ങളില് നേരിയ വ്യത്യാസങ്ങള് ഉണ്ടാകാറുണ്ട്. ഈ ആശയത്തിന് ചില ഭാഷകളില് ഒരേ ഒരു അര്ത്ഥം മാത്രമേ ഉണ്ടാകുകയുള്ളൂ.
- “പ്രായശ്ചിത്തം” എന്നതിന്റെ പരിഭാഷയില് നിന്ന് തികെച്ചും വ്യത്യസ്തം ആയിരിക്കും ഇത് എന്ന കാര്യം ഉറപ്പാക്കുക.

(കാണുക: പ്രായശ്ചിത്തം, വീണ്ടെടുപ്പ്)

## ദൈവ വചന സൂചികകള്:

- 1 തിമോത്തിയോസ് 02:5-7
- യെശ്ശയ്യാവ് 43:2-3
- ഇയ്യോബ് 06:21-23
- ലേവ്യപുസ്തകം 19:20-22
- മത്തായി 20:25-28
- സങ്കീര്ത്തനം 049:6-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1350, H3724, H6299, H6306, G487, G3083

# യഹൂദ പള്ളി

## നിര്വചനം:

യഹൂദ പള്ളി എന്നത് യഹൂദ മനുഷ്യര്ദൈവത്തെ ആരാധിക്കുവാനായി ഒരുമിച്ചു കൂടി വരുന്ന ഒരു കെട്ടിടം ആകുന്നു.

- പുരാതന കാലം മുതല്തന്നെ, ഒരു യഹൂദ പള്ളിയുടെ ആരാധനയില്, പ്രാര്ത്ഥനയ്ക്കുള്ള സമയം, തിരുവചന പാരായണം, തിരുവചനത്തില്നിന്നുള്ള ഉപദേശം ആദിയായവ ഉള്പ്പെട്ടിരുന്നു.
- യഹൂദന്മാര്വാസ്തവത്തില്യഹൂദ പള്ളികള്പണിയുവാന്ഇടയായത് അവര്താമസിക്കുന്ന പട്ടണങ്ങളില്, അവര്യെരുശലേം ദേവാലയത്തില്നിന്നും ബഹുദൂരം പാര്ക്കേണ്ടി വന്നതിനാല്ദൈവത്തെ ആരാധിക്കുവാനും പ്രാര്ഥനയ്ക്കും വേണ്ടിയുള്ള ഒരു സ്ഥലമായിട്ടാണ്.
- യേശു സാധാരണയായി യഹൂദ പള്ളികളില്പഠിപ്പിക്കുകയും അവിടെ രോഗികളെ സൌഖ്യമാക്കുകയും ചെയ്തു വന്നിരുന്നു.
- “യഹൂദ പള്ളി” എന്ന വാക്കു ഒരു കൂട്ടം ആളുകളുടെ ഒത്തു ചേരല്എന്നും ഉപമാനമായി സൂചിപ്പിക്കാം.

(കാണുക: [സൌഖ്യം വരുത്തുക[, യെരുശലേം, യഹൂദന്, പ്രാര്ഥിക്കുക, ദേവാലയം, ദൈവ വചനം)

## ദൈവ വചന സൂചികകള്:

- അപ്പോ.06:8-9
- അപ്പോ.14:1-2
- അപ്പോ.15:19-21
- അപ്പോ.24:10-13
- യോഹന്നാന്06:57-59
- ലൂക്കോസ് 04:14-15
- മത്തായി 06:1-2
- മത്തായി 09:35-36
- മത്തായി 13:54-56

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4150, G656, G752, G4864

# യഹൂദന്, യഹൂദനെ സംബന്ധിച്ച, യഹൂദന്മാര്

## വസ്തുതകള്:

അബ്രഹാമിന്റെ പൌത്രനായ യാക്കോബിന്റെ സന്തതികള് ആയ ജനം ആണ് യഹൂദന്മാര്. “യഹൂദ” എന്ന വാക്കില് നിന്നാണ് “യഹൂദന്” എന്ന പേര് വന്നിരിക്കുന്നത്. ബാബിലോന് പ്രവാസത്തില് നിന്ന് ഇസ്രയേല്യര് യഹൂദയിലേക്ക് മടങ്ങി വന്നതിനു ശേഷമാണ് ജനം ഇസ്രയേല്യരെ “യഹൂദന്മാര്” എന്ന് വിളിക്കുവാന് തുടങ്ങിയത്. മശീഹയായ യേശുവും യഹൂദന് ആയിരുന്നു. എന്നിരുന്നാലും, യഹൂദ മത നേതാക്കന്മാര്യ യേശുവിനെ നിരാകരി ക്കുകയും അവന് കൊല്ലപ്പെടണം എന്ന് ശഠിക്കുകയും ചെയ്തു.

- മിക്കപ്പോഴും “യഹൂദന്മാര്” എന്ന പദം മുഴുവന് യഹൂദന്മാരെയും സൂചിപ്പിക്കുന്നതായി അല്ലാതെ, യഹൂദ നേതാക്കന്മാരെ സൂചിപ്പിക്കുന്നതായി കാണപ്പെടുന്നു. ആ സാഹചര്യങ്ങളില്, ചില പരിഭാഷകളില് “നേതാക്കന്മാര്” എന്ന് കൂടി ചേര്ത്ത് അത് വ്യക്തം ആക്കുന്നു.

(കാണുക: അബ്രഹാം, യാക്കോബ്, ഇസ്രയേല്, ബാബിലോണ്, യഹൂദ നേതാക്കന്മാര്)

## ദൈവ വചന സൂചികകള്:

- അപ്പോ.02:5-7
- അപ്പോ.10:27-29
- അപ്പോ.14:5-7
- കൊലൊസ്സ്യര്:9-11
- യോഹന്നാന്:13-14
- മത്തായി 28:14-15

## ദൈവ വചന കഥകളില്നിന്നുള്ള നിന്നുള്ള ഉദാഹരണങ്ങള്:

- **20:11** ഇസ്രയേല്യരെ ഇപ്പോള് **യഹൂദന്മാര്** എന്ന് വിളിക്കുന്നു, അവരില് ഭൂരിഭാഗവും അവരുടെ ജീവിത കാലം മുഴുവനും ബാബിലോണില് ജീവിച്ചിരുന്നവര് ആണ്.
- **20:12** ആയതിനാല്, എഴുപതു സംവത്സര പ്രവാസത്തിനു ശേഷം, ഒരു ചെറിയ സംഘം **യഹൂദന്മാര്** യഹൂദയിലുള്ള യെരുശലേം പട്ടണത്തിലേക്ക് മടങ്ങി വന്നു.
- **37:10 യഹൂദന്മാരില്** പലരും ഈ അത്ഭുതങ്ങള് നിമിത്തം യേശുവില് വിശ്വസിക്കുവാന് ഇടയായി.
- **37:11** എന്നാല് **യഹൂദന്മാരുടെ മത നേതാക്കന്മാര്** അസൂയാലുക്കള് ആയിരുന്നു, ആയതിനാല് അവര് ഒരുമിച്ചു കൂടി വന്നു യേശുവിനെയും ലാസറിനെയും എപ്രകാരം വധിക്കുവാന് കഴിയും എന്ന് കൂടി ആലോചന നടത്തുവാന് ഇടയായി.
- **40:02** പിലാത്തോസ് കല്പ്പിച്ചതു പ്രകാരം അവര് എഴുതിയത്, “**യഹൂദന്മാരുടെ** രാജാവ്” എന്ന് അടയാളമായി കുരിശിന്മേല് യേശുവിന്റെ ശിരസ്സിനു മുകളില് സ്ഥാപിച്ചു.
- **46:06** ഉടനെ തന്നെ, ശൌല് ദമസ്കോസില് ഉള്ള **യഹൂദന്മാരോട്** പ്രസംഗിക്കുവാന്ആരംഭിച്ച്, “യേശു തന്നെ ദൈവപുത്രന്” എന്ന് സംസാരിച്ചു തുടങ്ങി!”

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3054, H3061, H3062, H3064, H3066, G2450, G2451, G2452, G2453, G2454

# യഹൂദന്മാരുടെ രാജാവ്, യഹൂദന്മാരുടെ രാജാവ്

## നിർവചനം:

"യഹൂദന്മാരുടെ രാജാവ്" എന്ന പദസഞ്ചയം മശീഹയായ യേശുവിനെ സൂചിപ്പിക്കുന്ന ഒരു സ്ഥാനപ്പേര് ആകുന്നു.

- ഈ സ്ഥാനപ്പേര് ദൈവവചനത്തിൽ ആദ്യമായി രേഖപ്പെടുത്തിയിരിക്കുന്നത് ശാസ്ത്രിമാരായ മൂന്നു പേർ "യഹൂദന്മാരുടെ രാജാവിനെ" അന്വേഷിച്ചു ബെത്ലെഹേമിലേക്ക് യാത്ര ചെയ്തു പോയ സന്ദർഭത്തിൽ ആണ്.
- ദൈവദൂതൻ മറിയയോടു തന്റെ മകനെക്കുറിച്ച്, താൻ ദാവീദ് രാജാവിന്റെ സന്തതിയും, തന്റെ ഭരണം രാജാവായി സദാകാലത്തേക്കും തുടരുന്നതും ആയിരിക്കും എന്ന് വെളിപ്പെടുത്തി.
- യേശു ക്രൂശിക്കപ്പെടുന്നതിനു മുൻപ്, റോമൻ പടയാളികൾ യേശുവിനെ പരിഹസിച്ചുകൊണ്ട് "യഹൂദന്മാരുടെ രാജാവ്" എന്ന് വിളിച്ചിരുന്നു. ഈ സ്ഥാനപ്പേര് ഒരു പലകയിൽ എഴുതുകയും യേശുവിന്റെ കുരിശിന്റെ മുകളിൽ തറയ്ക്കുകയും ചെയ്തിരുന്നു.
- യേശു വാസ്തവമായും യഹൂദന്മാരുടെ രാജാവും സകല സൃഷ്ടിയുടെ മേലും രാജാവും ആയിരുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- "യഹൂദന്മാരുടെ രാജാവ്" എന്ന പദം "യഹൂദന്മാരുടെ മേൽ രാജാവ്" അല്ലെങ്കിൽ "യഹൂദന്മാരുടെ മേൽ ഭരണം നടത്തുന്ന രാജാവ്" അല്ലെങ്കിൽ "യഹൂദന്മാരുടെ പരമോന്നത ഭരണാധികാരി" എന്നും പരിഭാഷ ചെയ്യാം.
- "ഉടെ രാജാവ്" എന്ന പദ സഞ്ചയം മറ്റു ഭാഗങ്ങളിൽ എപ്രകാരം പരിഭാഷ ചെയ്തിരിക്കുന്നു എന്ന് നോക്കി പരിശോധിക്കുക.

(കാണുക: സന്തതി, യഹൂദൻ, യേശു, രാജാവ്, രാജ്യം, ദൈവത്തിന്റെ രാജ്യം, ശാസ്ത്രിമാർ)

## ദൈവ വചന സൂചികകൾ:

- ലൂക്കോസ് 23:3-5
- ലൂക്കോസ് 23:36-38
- മത്തായി 02:1-3
- മത്തായി 27:11-14
- മത്തായി 27:35-37

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **23:09** ചില നാളുകൾക്കു ശേഷം, കിഴക്ക് ദൂരെ രാജ്യങ്ങളിൽ നിന്നുള്ള ചില ശാസ്ത്രിമാർ അസാധാരണമായ നക്ഷത്രം ആകാശത്തിൽ കണ്ടു. അവർ മനസ്സിലാക്കിയത് ഇതിന്റെ അർത്ഥം ഒരു പുതിയ **യഹൂദന്മാരുടെ രാജാവ്** ജനിച്ചിരിക്കുന്നു എന്നായിരുന്നു.
- **39:09** പിലാത്തോസ് യേശുവിനോട്, "നീ **യഹൂദന്മാരുടെ രാജാവ് ആകുന്നുവോ**?" എന്ന് ചോദിച്ചു.
- **39:12** റോമൻ പടയാളികൾ യെശുവിനെ ചാട്ടവാറു കൊണ്ട് അടിക്കുകയും ഒരു രാജവസ്ത്രം അണിയിക്കുകയും മുള്ളുകൾ കൊണ്ട് ഒരു കിരീടം ഉണ്ടാക്കി തന്റെ ശിരസ്സിൽ വെക്കുകയും ചെയ്തു. അനന്തരം അവർ പരിഹസിച്ചു കൊണ്ട് പറഞ്ഞത്, "നോക്കൂ, **യഹൂദന്മാരുടെ രാജാവേ**" എന്ന് ആയിരുന്നു.
- **40:02** പിലാത്തോസ് കൽപ്പിച്ചു പറഞ്ഞിട്ടു അവർ എഴുതിയത്, "**യഹൂദന്മാരുടെ രാജാവ്** എന്നായിരുന്നു; അത് ഒരു അടയാളമായി യേശുവിന്റെ ശിരസ്സിന്റെ മുകളിൽ കുരിശിൽ തറച്ചിരുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G935, G2453

## യഹോവ

## വസ്തുതകള്:

“യഹോവ” എന്ന പദം ദൈവത്തിന്റെ വ്യക്തിപരമായ പേര് താന് മോശെയോടു കത്തുന്ന മുള്പ്പടര്പ്പില് നിന്നുകൊണ്ട് സംസാരിച്ചപ്പോള് വേളിപ്പെടുത്തിയത് ആകുന്നു.

- ”യഹോവ” എന്ന പേര് “ആകുന്നവന്” അല്ലെങ്കില് “ആയിരിക്കുന്നവന്” എന്ന് അര്ത്ഥം നല്കുന്ന വാക്കില് നിന്നും ഉരുത്തിരിഞ്ഞത് ആകുന്നു.
- ”യഹോവ” എന്നുള്ളതിന്റെ സാധ്യതയുള്ള അര്ത്ഥങ്ങളില് “അവന് ആകുന്നു” അല്ലെങ്കില് “ഞാന് ആകുന്നു” അല്ലെങ്കില് “കാരണഭൂതന് ആയിരിക്കുന്നവന് ആകുന്നു” എന്നിങ്ങനെ ഉള്പ്പെടുത്താം.
- ഈ നാമം വെളിപ്പെടുത്തുന്നത് ദൈവം എന്നേക്കും ജീവിക്കുന്നവന് ആയിരുന്നു എന്നെന്നേക്കും ജീവിച്ചു കൊണ്ടിരിക്കുന്നവന് ആയിരിക്കുകയും ചെയ്യും. ഇത് താന് എന്നെന്നേക്കും ആസ്തിത്വം ഉള്ളവന് ആയിരിക്കുന്നു എന്നും അര്ത്ഥം നല്കുന്നു.
- പാരമ്പര്യം അനുസരിച്ചു, വിവിധ ദൈവവചന തര്ജ്ജിമകള് “കര്ത്താവ്” അല്ലെങ്കില് “കര്ത്താവ്” എന്ന് “യഹോവ” എന്നതിനെ പ്രതിനിധാനം ചെയ്യുവാന് ഉപയോഗിക്കുന്നു. ഈ പാരമ്പര്യം ചരിത്രപരമായി ഭവിച്ച വസ്തുതയില് നിന്ന്, അതായത് യഹൂദ ജനം യഹോവയുടെ നാമം തെറ്റായി ഉച്ചരിക്കുമോ എന്ന ഭയത്താല് “യഹോവ” എന്ന് വചന ഭാഗം പ്രത്യക്ഷമാകുന്ന ഓരോ സമയത്തിലും ആ സ്ഥലങ്ങളില് എല്ലാം “കര്ത്താവ്” എന്ന് പറയുവാന് തുടങ്ങി. ആധുനിക ദൈവവചനങ്ങളില് “കര്ത്താവ്” എന്നത് വലിയ അക്ഷരത്തില് ദൈവത്തിന്റെ വ്യക്തിഗത നാമത്തിനു ബഹുമാനം അര്പ്പിക്കുവാനായി “പ്രഭു” എന്ന എബ്രായ പദത്തില് നിന്ന് വ്യത്യാസം കാണിക്ക തക്ക രീതിയില് എഴുതുവാന് ഇടയായി.
- ”യഹോവ” എന്ന പദം യഥാര്ത്ഥ ഗ്രീക്ക് പുതിയ നിയമത്തില് ഒരിടത്തിലും രേഖപ്പെടുത്തുന്നില്ല; “കര്ത്താവ്” എന്ന ഗ്രീക്ക് പദമാണ് പഴയ നിയമത്തില്നിന്നുള്ള ഉദ്ധരണിക്കു പോലും ഉപയോഗിച്ചിട്ടുള്ളത്.
- പഴയ നിയമത്തില്, ദൈവം തന്നെക്കുറിച്ച് തന്നെ സംസാരിച്ചിട്ടുള്ളപ്പോള്, ഒരു സര്വനാമം ഉപയോഗിക്കുന്നതിനു പകരം തന്റെ നാമം തന്നെയാണ് സാധാരണയായി ഉപയോഗിച്ചിട്ടുള്ളത്.
- ”ഞാന്” അല്ലെങ്കില് “എന്നെ” എന്ന സര്വനാമം കൂട്ടി ചേര്ക്കുമ്പോള്, ULB വായനക്കാരനെ ദൈവം ആണ് സംഭാഷകന്എന്ന് സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ”യഹോവ” എന്നുള്ളത് “ഞാന് ആകുന്നു” അല്ലെങ്കില് “ജീവന്ഉ ഉള്ളവന്” അല്ലെങ്കില് “ആകുന്നവന്” അല്ലെങ്കില് “ജീവന് ഉള്ളവന് ആയവന്” എന്നീ വാക്ക് അല്ലെങ്കില് പദസഞ്ചയം മൂലം പരിഭാഷ ചെയ്യാം.
- ഈ പദം “യഹോവ” എന്ന് അക്ഷരങ്ങള് ഉപയോഗിച്ചു സാമ്യം ഉള്ളതായ രീതിയില്തന്നെ എഴുതാം.
- ചില സഭാ വിഭാഗങ്ങള് “യഹോവ” എന്ന പദം ഉപയോഗിക്കുന്നതിനു മുന്ഗണന നല്കുന്നതിനു പകരം പാരമ്പര്യമായി നല്കുന്ന “കര്ത്താവ്” എന്ന പദം തന്നെ ഉപയോഗിക്കുന്നു. ഒരു പ്രധാന പരിഗണന എന്തെന്നാല് ഇത് ഉറക്കെ വായിക്കുമ്പോള് “കര്ത്താവ്” എന്ന സ്ഥാനപ്പേര് പോലെ തന്നെ ഉച്ചാരണം വരുന്നതിനാല് ആശയക്കുഴപ്പം നേരിടുവാന് ഇടയുണ്ട് എന്നുള്ളതാണ്. ചില ഭാഷകളില് ഒരു അനുബന്ധമോ ഇതര വ്യാകരണ അടയാളമോ “കര്ത്താവ്” എന്നുള്ളതിന് ഒരു നാമം (യഹോവ) എന്നുള്ളത് “പ്രഭു” എന്ന സ്ഥാനപ്പേരില് നിന്നും വേര്തിരിച്ചു കാണിക്കുവാനായി കൂട്ടിച്ചേര്ക്കാറുണ്ട്.
- തിരുവചന ഭാഗങ്ങളില് അക്ഷരീകമായി യഹോവ എന്ന് വരുന്ന ഇടങ്ങളില് ആ നാമം തന്നെ സാധ്യം എങ്കില് ഉപയോഗിക്കുന്നത് ഏറ്റവും ഉചിതം ആകുന്നു, എന്നാല് ചില പരിഭാഷകള് ചില സ്ഥലങ്ങളില്സര്വനാമങ്ങള് മാത്രം ഉപയോഗിക്കുക വഴി വചന ഭാഗത്തെ കൂടുതല് സ്വാഭാവികവും വ്യക്തവും ആക്കുവാന് ഉദ്യമിക്കുന്നു.
- ”ഇതാകുന്നു യഹോവ പ്രസ്താവിക്കുന്നത്” എന്നത് പോലെയുള്ളവ മൂലം ഉദ്ധരണിയെ പരിചയപ്പെടുത്താം.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ദൈവം, പ്രഭു. കര്ത്താവ്, മോശെ, വെളിപ്പെടുത്തുക)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്21:19-20
- 1 ശമുവേല്16:6-7
- ദാനിയേല് 09:3-4
- യെഹസ്കേല്17:24
- ഉല്പ്പത്തി 02:4-6
- ഉല്പ്പത്തി 04:3-5

- ഉല്പ്പത്തി 28:12-13
- ഹോശേയ 11:12
- യെശ്ശയ്യാവ് 10:3-4
- യെശ്ശയ്യാവ് 38:7-8
- ഇയ്യോബ് 12:9-10
- യോശുവ 01:8-9
- വിലാപങ്ങള്01:4-5
- ലേവ്യപുസ്തകം 25:35-38
- മലാഖി 03:4-5
- മീഖാ 02:3-5
- മീഖാ 06:3-5
- സംഖ്യാപുസ്തകം 08:9-11
- സങ്കീര്ത്തനം 124: 01:19-21
- രൂത്ത് 01:19-21
- സെഖര്യാവ് 14:5

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **09:14](rc://ml/tn/help/obs/09/14)** ദൈവം പറഞ്ഞു, "ഞാന്ആയിരിക്കുന്നവന് ഞാന്ആകുന്നു." അവരോട് പറയുക, "ഞാന്ആകുന്നവന്എന്നെ നിങ്ങളുടെ അടുക്കല്അയച്ചിരിക്കുന്നു'. കൂടാതെ അവരോടു പറയുക, "ഞാന് **യഹോവ** നിങ്ങളുടെ പൂര്വ്വ പിതാക്കന്മാരായ അബ്രഹാം, യിസഹാക്ക്, യാക്കോബ് എന്നിവരുടെ ദൈവം ആകുന്നു. ഇത് എന്നെന്നേക്കും ഉള്ള എന്റെ നാമം ആകുന്നു."
- **13:04** അനന്തരം ദൈവം അവര്ക്ക് ഉടമ്പടി നല്കിക്കൊണ്ട് പറഞ്ഞത്, "ഞാന്മിസ്രയീമിന്റെ അടിമത്തത്തില്നിന്നും നിങ്ങളെ രക്ഷിച്ച നിങ്ങളുടെ ദൈവമായ **യഹോവ** ആകുന്നു. മറ്റു ദൈവങ്ങളെ നിങ്ങളെ ആരാധിക്കരുത്."
- **13:05** "വിഗ്രഹങ്ങളെ ഉണ്ടാക്കുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത്, **യഹോവയായ** ഞാന്തീഷ്ണതയുള്ള ദൈവം ആകുന്നു.
- **16:01** ഇസ്രയേല്യര് **യഹോവയായ** സത്യ ദൈവത്തിനു പകരമായി കനാന്യ ദൈവങ്ങളെ ആരാധിക്കുവാന്തുടങ്ങി.
- **19:10** അനന്തരം ഏലിയാവ് പ്രാര്ഥിച്ചത്, "ഓ **യഹോവേ** അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ, ഇന്ന് അങ്ങാണ് ഇസ്രായേലിന്റെ ദൈവം എന്നും ഞാന്അങ്ങയുടെ ദാസന്എന്നും ഞങ്ങള്ക്ക് കാണിച്ചു തരണമേ" എന്നായിരുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3050, H3068, H3069

# യാഗപീഠം, യാഗപീഠങ്ങൾ

## നിർവചനം:

യാഗപീഠമെന്നത് ഇസ്രയേൽജനം ദൈവത്തിനു മൃഗങ്ങളെയും ധാന്യങ്ങളെയും ഹോമയാഗമായി അർപ്പിക്കുവാൻ ഉയർത്തിപ്പണിത ഒരു നിർമ്മിതി ആണ്.

- ദൈവവചന കാലഘട്ടത്തിൽ, യാഗപീഠങ്ങൾ സാധാരണയായി മണ്ണു കുഴച്ചുണ്ടാക്കിയ മൺകൂന പാകപ്പെടുത്തിയതോ അല്ലെങ്കിൽശ്രദ്ധാപൂർവ്വം അടുക്കിയ വലിയ കല്ലുകൾകൊണ്ടുള്ള പീഠമൊ ആയിരുന്നു.
- ചില പ്രത്യേക ചതുരപെട്ടിയുടെ ആകൃതിയിൽ മരംകൊണ്ടു നിർമ്മിച്ചതും സ്വർണ്ണം, ചെമ്പ്, വെങ്കലം പോലുള്ള വിശിഷ്ട ലോഹങ്ങൾകൊണ്ട് പൊതിഞ്ഞതുമായ യാഗപീഠങ്ങൾ ഉണ്ടാക്കിയിരുന്നു.
- ഇസ്രയേല്യർക്ക് സമീപം പാർത്തിരുന്ന മറ്റു ജനവിഭാഗങ്ങളും അവരുടെ ദൈവങ്ങൾക്ക് യാഗമർപ്പിക്കുവാനായി യാഗപീഠങ്ങൾ പണിതിരുന്നു.

(കാണുക: ധൂപപീഠം, അസത്യദൈവം, ഉദർച്ചാർപ്പണം, യാഗം)

## ദൈവവചന സൂചികകൾ:

- ഉൽപ്പത്തി 08:20-22
- ഉൽപ്പത്തി 22:9-10
- യാക്കോബ് 02:21-24
- ലൂക്കോസ് 11:49-51
- മത്തായി 05:23-24
- മത്തായി 23:18-19

## ദൈവവചന കഥകളിൽനിന്നുള്ള ഉദാഹരണങ്ങൾ:

- **03:14** നോഹ പെട്ടകത്തിൽനിന്നും പുറത്തിറങ്ങിയ ശേഷം, താൻ ഒരു **യാഗപീഠം** പണിയുകയും യാഗാർപ്പണത്തിനു യോജ്യമായ ഓരോ തരം മൃഗങ്ങളെ യാഗമർപ്പിക്കുകയും ചെയ്തു.
- **05:08** യാഗമർപ്പിക്കുവാനുള്ള സ്ഥലത്തെത്തിയപ്പോൾ, അബ്രഹാം തന്റെ മകനെ കെട്ടുകയും ഒരു **യാഗപീഠത്തിന്റെ** മുകളിൽ കിടത്തുകയും ചെയ്തു.
- **13:09** ഒരു പുരോഹിതൻ മൃഗത്തെ കൊല്ലുകയും അതിനെ **യാഗപീഠത്തിന്മേൽ** ദഹിപ്പിക്കുകയും ചെയ്യുമായിരുന്നു.
- **16:06** അവൻ (ഗിദയോൻ) വിഗ്രഹത്തിനു **യാഗപീഠം** പണിതിരുന്നതിനു സമീപമായി ഒരു പുതിയ യാഗപീഠം പണിത് പ്രതിഷ്ഠിക്കുകയും അതിൽദൈവത്തിനു യാഗം അർപ്പിക്കുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H741, H2025, H4056, H4196, G1041, G2379

# യേശു, യേശുക്രിസ്തു, ക്രിസ്തു യേശു

## വസ്തുതകള്:

യേശു ദൈവത്തിന്റെ പുത്രന് ആകുന്നു. "യേശു" എന്ന പേരിന്റെ അര്ത്ഥം "യഹോവ രക്ഷിക്കുന്നു" എന്നാണ്. "ക്രിസ്തു" എന്ന പദം ഒരു പദവിയാണ്, അതിന്റെ അര്ത്ഥം "അഭിഷിക്തന്" എന്നും, മശീഹ എന്നുള്ളതിന് ഉള്ള വേറൊരു വാക്കും ആണ്.

- ഈ രണ്ടു പേരുകളും സാധാരണയായി സംയോജിതമായി "യേശുക്രിസ്തു" അല്ലെങ്കില് "ക്രിസ്തുയേശു" എന്ന് കാണുന്നു. ഈ പേരുകള് ജനത്തെ തങ്ങളുടെ പാപം നിമിത്തം ഉള്ള നിത്യ ശിക്ഷാവിധിയില് നിന്ന് രക്ഷിക്കേണ്ടതിനു വന്നതായ ദൈവത്തിന്റെ പുത്രനായ മശീഹ എന്ന് ഊന്നല് നല്കുന്നു.
- ഒരു അത്ഭുതകരമായ രീതിയില്, പരിശുദ്ധാത്മാവ് നിത്യനായ ദൈവപുത്രനെ ഒരു മനുഷ്യനായി ജനിക്കുവാന് ഇടയാക്കി. ഒരു ദൈവദൂതനാല് തന്റെ മാതാവ് "യേശു" എന്ന് അവനെ വിളിക്കണമെന്ന് പറഞ്ഞു, എന്തുകൊണ്ടെന്നാല് താന് ജനത്തെ അവരുടെ പാപങ്ങളില് നിന്ന് രക്ഷിക്കുവാന് നിയുക്തനായ വ്യക്തി ആയിരുന്നു.
- യേശുവാണ് ദൈവം എന്നും താനാണ് ക്രിസ്തു, അല്ലെങ്കില് മശീഹ എന്നും വെളിപ്പെടുത്തുന്ന നിരവധി അത്ഭുതങ്ങള് യേശു ചെയ്തിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- നിരവധി ഭാഷകളില് "യേശു" എന്നും "ക്രിസ്തു" എന്നും ഉള്ള ഉച്ചാരണങ്ങള് കഴിവതും യഥാര്ത്ഥ ഉച്ചാരണത്തോടോ അക്ഷരങ്ങളോടോ സാമീപ്യം പുലര്ത്തുന്നതായി കാണപ്പെടുന്നു. ഉദാഹരണമായി, "ജെസുക്രിസ്ടോ", "ജെസ്യുസ് ക്രിസ്റ്റസ്", "ഹെസുക്രിസ്ടോ" ആദിയായവ വിവിധ ഭാഷകളില് ഈ പേരുകള് പരിഭാഷ ചെയ്തിട്ടുള്ള ചില ശൈലികളില് ഉള്ളവയാണ്.
- "ക്രിസ്തു" എന്ന പദം, ചില പരിഭാഷകര് "മശീഹ" എന്ന പദത്തിന്റെ ഒരു രൂപമായി മാത്രം എല്ലായിടത്തും ഉപയോഗിക്കുവാന് പരിഗണന നല്കുന്നുണ്ട്.
- കൂടാതെ ഈ പേരുകള് തൊട്ടടുത്തുള്ള പ്രാദേശിക അല്ലെങ്കില് ദേശീയ ഭാഷകളില് എപ്രകാരം ഉച്ചരിക്കപ്പെടുന്നു എന്നുള്ളതും പരിഗണിക്കുക.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ക്രിസ്തു, ദവം, പിതാവായ ദൈവം, മഹാ പുരോഹിതന്, ദൈവ രാജ്യം, മറിയ, രക്ഷകന്, ദൈവ പുത്രന്)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്:9-11
- 1 യോഹന്നാന്:1-3
- 1 യോഹന്നാന്:15-16
- 1 തിമോത്തിയോസ് 01:1-2
- 2 പത്രോസ് 01:1-2
- 2 തെസ്സലോനിക്യര്:13-15
- 2 തിമോത്തിയോസ് 01:8-11
- അപ്പോ.02:22-24
- അപ്പോ.05:29-32
- അപ്പോ.10:36-38
- എബ്രായര്:13-15
- എബ്രായര്:19-22
- ലൂക്കോസ് 24:19-20
- മത്തായി 01:20-21
- മത്തായി 04:1-4
- ഫിലിപ്പിയര്:5-8
- ഫിലിപ്പിയര്:0-11
- ഫിലിപ്പിയര്:21-23
- വെളിപ്പാട് 01:4-6

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **22:04** ദൈവദൂതന് പറഞ്ഞത്, "നീ ഗര്ഭവതി ആകുകയും ഒരു മകനു ജന്മം നല്കുകയും ചെയ്യും. നീ അവനു **യേശു** എന്ന് പേര് നല്കണം, താന് മശീഹ ആയിരിക്കും."
- **23:02** "അവനു **യേശു** എന്ന് പേര് നല്കുക (അതിന്റെ അര്ത്ഥം, "യഹോവ രക്ഷിക്കുന്നു), എന്തുകൊണ്ടെന്നാല് താന് ജനത്തെ അവരുടെ പാപങ്ങളില് നിന്ന് രക്ഷിപ്പാന് ഇരിക്കുകയാല് തന്നെ."
- **24:07** അതുകൊണ്ട് **യേശു** ഒരിക്കലും പാപം ചെയ്തിട്ടില്ല എങ്കിലും യോഹന്നാന് അവനെ (യേശുവിനെ) സ്നാനപ്പെടുത്തി.
- **24:09** ഒരേ ഒരു ദൈവം മാത്രമേ ഉള്ളൂ. എന്നാല് യോഹന്നാന് പിതാവായ ദൈവം സംസാരിക്കുന്നത് ശ്രവിക്കുകയും, പുത്രനായ **യേശുവിനെയും യേശുവിനെ** സ്നാനപ്പെടുത്തുമ്പോള് പരിശുദ്ധാത്മാവിനെയും കാണുകയും ചെയ്തു.
- **25:08** **യേശു** സാത്താന്റെ പരീക്ഷകളില് പരാജിതന് ആയില്ല, ആയതിനാല് സാത്താന് തന്നെ വിട്ടുപോയി.
- **26:08** അനന്തരം **യേശു** ഗലീലി പ്രദേശം മുഴുവന് സഞ്ചരിക്കുകയും, വലിയ ജനക്കൂട്ടങ്ങള് അവന്റെ അടുക്കല് വരികയും ചെയ്തു. കാണ്മാനും, നടക്കുവാനും, ശ്രവിക്കുവാനും, അല്ലെങ്കില് സംസാരിക്കുവാനും, കഴിവില്ലാത്ത നിരവധി രോഗികളോ അംഗഹീനരോ ആയവരെ അവര് കൊണ്ടുവരികയും **യേശു** അവരെ ഒക്കെയും സൌഖ്യമാക്കുകയും ചെയ്തു.
- **31:03** അനന്തരം **യേശു** പ്രാര്ത്ഥന അവസാനിപ്പിക്കുകയും ശിഷ്യന്മാരുടെ അടുക്കല് പോകുകയും ചെയ്തു. താന് വെള്ളത്തിനു മുകളില് തടാകത്തിനു കുറുകെ അവരുടെ പടകിന് നേരെ നടന്നു ചെന്നു!
- **38:02** അവന് (യൂദാസ്) യഹൂദ നേതാക്കന്മാര് **യേശുവാണ്** മശീഹ എന്ന സത്യത്തെ നിഷേധിച്ചവര് എന്നും അവര് അവനെ കൊല്ലുവാന് പദ്ധതി ഇടുകയും ചെയ്തു എന്നും അറിഞ്ഞിരുന്നു.
- **40:08** തന്റെ മരണത്തില് കൂടെ, **യേശു** ജനം ദൈവത്തിന്റെ അടുക്കല് വരുവാന് ഉള്ള ഒരു പുതു വഴി തുറന്നു.
- **42:11** അനന്തരം **യേശു** സ്വര്ഗ്ഗത്തിലേക്ക് എടുത്തു കൊള്ളപ്പെടുകയും, അവരുടെ ദൃഷ്ടിയില്നിന്ന് ഒരു മേഘം അവനെ മറയ്ക്കുകയും ചെയ്തു, **യേശു** സകലത്തെയും ഭരിക്കേണ്ടതിനായി പിതാവിന്റെ വലത്തു ഭാഗത്ത് ഇരിക്കുകയും ചെയ്തു.
- **50:17** യേശുവും__ തന്റെ ജനവും പുതിയ ഭൂമിയില് ജീവിക്കുകയും, കാണപ്പെടുന്നതായ സകലത്തെയും സദാ കാലത്തേക്കും താന് ഭരിക്കുകയും ചെയ്യും. അവന്സകല കണ്ണുനീരിനെയും തുടച്ചു കളയുകയും ഇനി ദുരിതവും, ദുഖവും, കരച്ചിലും, തിന്മയും, വേദനയും, മരണവും ഉണ്ടായിരിക്കുകയില്ല. **യേശു** തന്റെ രാജ്യത്തെ സമാധാനത്തോടു കൂടെയും നീതിയോടു കൂടെയും ഭരിക്കും, അവന് തന്റെ ജനത്തോടു കൂടെ സദാ കാലങ്ങളിലും ഉണ്ടായിരിക്കുകയും ചെയ്യും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2424, G5547

# യോഗ്യത ഉള്ള, മൂല്യം ഉള്ള, അയോഗ്യമായ, മൂല്യം ഇല്ലാത്ത

## നിര്വചനം:

"യോഗ്യത ഉള്ള" എന്നുള്ള പദസഞ്ചയം വിവരിക്കുന്നതു ആരെങ്കിലും അല്ലെങ്കില് എന്തെങ്കിലും ബഹുമാനമോ ആദരമോ അര്ഹിക്കുന്നത് എന്നാകുന്നു. "മൂല്യം ഉള്ളത്" ആകുക എന്നാല് വിലയുള്ളത് അല്ലെങ്കില് പ്രാധാന്യം ഉള്ളത് എന്നാണ് അര്ത്ഥം നല്കുന്നത്. "മൂല്യം ഇല്ലാത്ത" എന്ന പദസഞ്ചയത്തിന്റെ അര്ത്ഥം യാതൊരു മൂല്യവും ഇല്ലാതിരിക്കുക എന്നാണ്.

- മൂല്യമുള്ളതായി ഇരിക്കുക എന്നാല് വിലപിടിപ്പു ഉള്ളതായിരിക്കുക അല്ലെങ്കില് പ്രാധാന്യം ഉള്ളതായി കാണപ്പെടുക എന്നാണ്.
- "അയോഗ്യത ഉള്ളതായിരിക്കുക" എന്നതിന്റെ അര്ത്ഥം എന്തെങ്കിലും പ്രത്യേക ശ്രദ്ധ പിടിച്ചു പറ്റുവാന് അര്ഹത ഇല്ലാതിരിക്കുക എന്നാണ്
- യോഗ്യതയുള്ളതായി തോന്നുന്നില്ല എന്നതിന്റെ അര്ത്ഥം മറ്റുള്ളവരേക്കാള് പ്രാധാന്യത കുറഞ്ഞതായി തോന്നുക അല്ലെങ്കില് ബഹുമാനത്തോടും ദയാപൂര്വമായും ഇടപെടുവാന് അര്ഹതപ്പെട്ടവന് ആയി ചിന്തിക്കാതിരിക്കുക എന്നാണ്.
- "അയോഗ്യന്" എന്ന പദവും "മൂല്യം ഇല്ലാത്തത്" എന്ന പദവും പരസ്പരം ബന്ധം ഉള്ളവ ആകുന്നു, എന്നാല് വ്യത്യസ്ത അര്ത്ഥം ഉള്ളവയാണ് താനും. "അയോഗ്യനായ" എന്നതിന്റെ അര്ത്ഥം യാതൊരു ബഹുമാനമോ അംഗീകാരമോ ഇല്ലാത്തവന് ആയിരിക്കുക എന്നാണ് അര്ത്ഥം. "വില ഇല്ലാത്തവ" ആയിരിക്കുക എന്നതിന്റെ അര്ത്ഥം യാതൊരു ഉദേശ്യമോ മൂല്യമോ ഇല്ലാതിരിക്കുക എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- "യോഗ്യതയുള്ള" എന്നുള്ളത് "അര്ഹത ഉള്ള" അല്ലെങ്കില് പ്രാധാന്യം ഉള്ള" അല്ലെങ്കില് "വിലപിടിപ്പ് ഉള്ള" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "യോഗ്യമായ" എന്ന വാക്കു "മൂല്യം" അല്ലെങ്കില് "പ്രാധാന്യം" എന്ന് പരിഭാഷ ചെയ്യാം.
- "യോഗ്യത ഉണ്ടായിരിക്കുക" എന്ന പദസഞ്ചയവും "വിലപിടിപ്പു ഉള്ളതായിരിക്കുക" അല്ലെങ്കില് "പ്രാധാന്യം ഉള്ളതായിരിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ക്കാള് അധികം വില ഉള്ളത്" എന്നുള്ളത് "ക്കാള് കൂടുതല് വിലപിടിപ്പു ഉള്ളത്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- സാഹചര്യം അനുസരിച്ച്, "യോഗ്യമായ" എന്ന പദം "അപ്രധാനമായ" അല്ലെങ്കില് "ബഹുമാനയോഗ്യം അല്ലാത്ത" അല്ലെങ്കില് "അര്ഹത ഇല്ലാത്ത" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "മൂല്യം ഇല്ലാത്ത" എന്ന പദം "വില ഇല്ലാത്ത" അല്ലെങ്കില് "പ്രയോജനം ഇല്ലാത്ത" അല്ലെങ്കില് "യാതൊന്നിനും കൊള്ളാത്ത" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: ബഹുമാനം)

## ദൈവ വചന സൂചികകള്:

- 2 ശമുവേല് 22:3-4
- 2 തെസ്സലോനിക്യര് 01:11-12
- അപ്പോ.13:23-25
- അപ്പോ.25:25-27
- അപ്പോ.26:30-32
- കൊലോസ്യര്:9-10
- യിരെമ്യാവ് 08:18-19
- മര്ക്കോസ് 01:7-8
- മത്തായി 03:10-12
- ഫിലിപ്പിയര് 01:25-27

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H117, H639, H1929, H3644, H4242, H4373, H4392, H4592, H4941, H6994, H7939, G514, G515, G516, G2425, G2661, G2735

# രക്തം

## നിർവചനം:

“രക്തം” എന്ന പദം ഒരു മനുഷ്യന്റെ ചർമ്മത്തിൽഉളവാകുന്ന പരിക്ക് അല്ലെങ്കിൽമുറിവിൽകൂടെ പുറത്തേക്ക് വരുന്ന ചുവന്ന ദ്രവത്തെ കുറിക്കുന്നു. ഒരു മനുഷ്യന്റെ മുഴുവൻശരീരത്തിനാവശ്യമായ ജീവൻനൽകുന്ന പോഷകങ്ങൾകൊണ്ടുവരുന്നത് രക്തമാണ്.

- രക്തം ജീവനെ കുറിക്കുന്നു അത് ചൊരിയപ്പെടുകയോ ഒഴിക്കപ്പെടുകയോ ചെയ്യുമ്പോൾ, അത് ജീവന്റെ നഷ്ടത്തെ, അല്ലെങ്കിൽമരണത്തെ സൂചിപ്പിക്കുന്നു.
- ജനം ദൈവത്തിനു യാഗമർപ്പിക്കുമ്പോൾ, അവർഒരു മൃഗത്തെ കൊല്ലുകയും അതിന്റെ രക്തം യാഗപീഠത്തിൽഒഴിക്കുകയും ചെയ്യുന്നു.

ഇതു ജനത്തിന്റെ പാപങ്ങൾക്ക്പരിഹാരമായി മൃഗത്തിന്റെ ജീവൻനൽകി യെന്നു പ്രതീകാത്മകമായി അടയാളപ്പെടുത്തുന്നു.

- ക്രൂശിലെ തന്റെ മരണത്താൽ, യേശുവിന്റെ രക്തം മനുഷ്യന്റെ പാപത്തിനർഹ മായ പ്രായശ്ചിത്തം നൽകി അവരെ ശുദ്ധീകരിച്ചുവെന്നു പ്രതീകാത്മകമായി സൂചിപ്പിക്കുന്നു.
- ”മാംസവും രക്തവും” എന്ന ആശയം മനുഷ്യ വർഗ്ഗത്തെ സൂചിപ്പിക്കുന്നു.
- “സ്വന്ത മാംസവും രക്തവും” എന്ന ആശയം ജീവശാസ്ത്രപരമായി ബന്ധമുള്ള ആളുകളെ സൂചിപ്പിക്കുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- ഈ പദം ലക്ഷ്യമിട്ടിരിക്കുന്ന ഭാഷയിൽരക്തത്തിന് ഉപയോഗിക്കുന്ന പദം ഏതാണോ അതുപയോഗിച്ചു വേണം പരിഭാഷ നിർവഹിക്കേണ്ടത്.
- “മാംസവും രക്തവും” എന്ന ആശയം “ജനം” അല്ലെങ്കിൽ“മനുഷ്യ വർഗ്ഗം” എന്നു പരിഭാഷപ്പെടുത്താവുന്നതാണ്.
- സാഹചര്യത്തിനനുസരിച്ച്, “എന്റെ സ്വന്ത മാംസവും രക്തവും” എന്നത് “എന്റെ സ്വന്ത കുടുംബം” അല്ലെങ്കിൽ“എന്റെ സ്വന്ത ബന്ധുക്കൾ” അല്ലെങ്കിൽ“എന്റെ സ്വന്ത ജനം” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- ലക്ഷ്യമിട്ടിരിക്കുന്ന ഭാഷയിൽഇതേ അർത്ഥമുള്ള ആശയം ഉപയോഗിച്ചിട്ടുണ്ടെ ങ്കിൽ, അത് “മാംസവും രക്തവും” എന്ന ആശയം പരിഭാഷപ്പെടുത്തുവാൻഉപയോഗിക്കാം.

(കാണുക:മാംസം)

## ദൈവവചന സൂചികകൾ:

- 1 യോഹന്നാൻ:5-7
- 1 ശമുവേൽ:31-32
- അപ്പോ.പ്രവർത്തികൾ02:20-21
- അപ്പോ.പ്രവർത്തികൾ05:26-28
- കൊലോസ്സ്യർ:18-20
- ഗലാത്യർ:15-17
- ഉൽപ്പത്തി 04:10-12
- സങ്കീർത്തനം 016:4
- സങ്കീർത്തനം 105:28-30

## ദൈവവചന കഥകളിൽനിന്നുള്ള ഉദാഹരണങ്ങൾ;

- **08:03** യോസേഫിന്റെ സഹോദരന്മാർഭവനത്തിലേക്ക്മടങ്ങുന്നതിനു മുൻപ്, അവർയോസേഫിന്റെ അങ്കി വലിച്ചുകീറുകയും ആടിന്റെ **രക്തത്തിൽ** മുക്കുകയും ചെയ്തു.
- **10:03** ദൈവം നൈൽനദിയിലെ വെള്ളം **രക്തമാക്കി** മാറ്റി, എന്നാൽഫറവോനോ ഇസ്രയേല്യരെ പോകുവാൻഅനുവദിച്ചിരുന്നില്ല.
- **11:05** ഇസ്രയേല്യരുടെ എല്ലാഭവനങ്ങളിലും കതകിനുച്ചുറ്റും **രക്തം** ഉണ്ടായിരുന്നു, അതുകൊണ്ട് ദൈവം അവരുടെ ഭവനങ്ങളെ വിട്ടുപോകുകയും അകത്തുണ്ടായിരുന്ന എല്ലാവരും സുരക്ഷിതരായിരിക്കുകയും ചെയ്തു. കുഞ്ഞാടിന്റെ **രക്തം** ഹേതുവായി അവർരക്ഷപ്പെട്ടു.

- **13:09** യാഗാർപ്പിതമായ മൃഗത്തിന്റെ **രക്തം** മനുഷ്യന്റെ പാപം മറയ്ക്കു കയും ദൈവദൃഷ്ടിയിൽആ വ്യക്തി ശുദ്ധനാക്കപ്പെടുകയും ചെയ്തിരുന്നു.
- **38:05** അനന്തരം യേശു ഒരു പാനപാത്രം എടുത്തു പറഞ്ഞത്, "ഇതു പാനം ചെയ്യുക. ഇതു പാപങ്ങളുടെ മോചനത്തിനായി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയുടെ എന്റെ **രക്തം** ആകുന്നു.
- **48:10** ആരെങ്കിലും യേശുവിൽവിശ്വസിച്ചാൽ, യേശുവിന്റെ **രക്തം** ആ വ്യക്തിയുടെ പാപങ്ങൾപോക്കുകയും, ദൈവത്തിന്റെ ശിക്ഷാവിധിയിൽനിന്ന് ഒഴിഞ്ഞു പോകുകയും ചെയ്യുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1818, H5332, G129, G130, G131, G1420

# രക്ഷകന്, സംരക്ഷകന്

## വസ്തുതകള്:

“രക്ഷകന്” എന്ന പദം സൂചിപ്പിക്കുന്നത് മറ്റുള്ളവരെ അപകടങ്ങളില്നിന്ന് രക്ഷിക്കുകയോ വീണ്ടെടുക്കുകയോ ചെയ്യുന്ന വ്യക്തി എന്ന് അര്ത്ഥം നല്കുന്നു. ഇത് മറ്റുള്ളവര്ക്ക് ശക്തി പകരുന്നതായ വ്യക്തി അല്ലെങ്കില്അവര്ക്ക് ആവശ്യമായത് കരുതുന്നവന്എന്നും സൂചിപ്പിക്കുന്നു.

- പഴയ നിയമത്തില്, ദൈവത്തെ ഇസ്രയേലിന്റെ രക്ഷകന്എന്ന് സൂചിപ്പിച്ചിട്ടുണ്ട്, എന്തുകൊണ്ടെന്നാല്, താന്നിരവധി പ്രാവശ്യം അവരെ അവരുടെ ശത്രുക്കളുടെ വശത്ത് നിന്നും വിടുവിക്കുകയും, അവരെ ശക്തീകരിക്കുകയും, അവര്ക്ക് ജീവിക്കുവാന്ആവശ്യമായതു നല്കുകയും ചെയ്തിട്ടുണ്ട്.
- പുതിയ നിയമത്തില്, “രക്ഷകന്” എന്ന പദം യേശുക്രിസ്തുവിനു നല്കിയിട്ടുള്ള ഒരു വര്ണനം അല്ലെങ്കില്സ്ഥാനപ്പേര് ആകുന്നു എന്തുകൊണ്ടെന്നാല്താന്ജനത്തെ അവരുടെ പാപം നിമിത്തം ഉള്ളതായ നിത്യമായ ശിക്ഷയില്നിന്ന് അവരെ രക്ഷിക്കുന്നു. അവരെ അവരുടെ പാപങ്ങളാല്നിയന്ത്രിക്കപ്പെടുന്നതില്നിന്നും കൂടെ അവന്അവരെ രക്ഷിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാധ്യമെങ്കില്, “രക്ഷകന്” എന്ന പദം “രക്ഷിക്കുക” എന്നും “രക്ഷ” എന്നും ഉള്ള വാക്കുകളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു വാക്കു കൊണ്ട് പരിഭാഷ ചെയ്യാം.
- ഈ പദം പരിഭാഷ ചെയ്യുവാന്ഉള്ള മാര്ഗ്ഗങ്ങളില്“രക്ഷിക്കുന്ന ഒരുവന്” അല്ലെങ്കില്“രക്ഷിക്കുന്നവനായ ദൈവം” അല്ലെങ്കില്“അപകടങ്ങളില്നിന്ന് വിടുവിക്കുന്നവന്” അല്ലെങ്കില്“ശത്രുക്കളില്നിന്ന് വിടുവിക്കുന്നവന്” അല്ലെങ്കില്“യേശു, (ജനത്തെ) അവരുടെ പാപങ്ങളില്നിന്ന് വിടുവിക്കുന്നവന്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: വിടുവിക്കുക, യേശു, രക്ഷിക്കുക, സംരക്ഷിക്കുക)

## ദൈവ വചന സൂചികകള്:

- 1 തിമോത്തിയോസ് 04:9-10](rc://ml/tn/help/1ti/04/09)
- 2 പത്രോസ് 02:20-22
- അപ്പോ. 05:29-32
- യെശ്ശയ്യാവ് 60:15-16
- ലൂക്കോസ് 01:46-47
- സങ്കീര്ത്തനങ്ങള്106:19-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3467, G4990

# രക്ഷിക്കുക, രക്ഷിക്കുന്നു, രക്ഷിച്ചു, സുരക്ഷിതം, രക്ഷ

## നിര്വചനം:

"രക്ഷിക്കുക" എന്ന പദം സൂചിപ്പിക്കുന്നത് ചീത്തയോ ദോഷകരമോ ആയ ഒന്നു അനുഭവിക്കുന്നതില് നിന്നും ഒരുവനെ സംരക്ഷിക്കുന്നതിനെ ആകുന്നു. "സുരക്ഷിതം ആയിരിക്കുക" എന്നതിന്റെ അര്ത്ഥം ദോഷകരമായത് അല്ലെങ്കില് അപകടകരം ആയതില് നിന്നും സംരക്ഷിക്കപ്പെടുക എന്നാണ്.

- ഒരു ഭൌതിക ആശയത്തില്, ജനം ഉപദ്രവകരമായ, അപകടകരമായ അല്ലെങ്കില് മരണത്തില് നിന്ന് രക്ഷിക്കുക എന്നുള്ളത് ആകുന്നു.
- ഒരു ആത്മീയ ആശയത്തില്, ഒരു വ്യക്തി "രക്ഷിക്കപ്പെടുക" എന്നാല് ക്രൂശിലെ യേശുവിന്റെ മരണത്തില് കൂടെ, അവനെ ക്ഷമിക്കുകയും തന്റെ പാപങ്ങള്ക്ക് വേണ്ടി നരകത്തില് ശിക്ഷിക്കപ്പെടുന്നതില് നിന്നും അവനെ വിടുവിക്കുന്നതിനെയും സൂചിപ്പിക്കുന്നു.
- ജനത്തിനു ജനങ്ങളെ അപകടങ്ങളില് നിന്ന് രക്ഷിക്കുവാനോ അല്ലെങ്കില് വീണ്ടെടുക്കുവാനോ സാധിക്കും, എന്നാല് ദൈവത്തിനു മാത്രമേ അവരുടെ പാപങ്ങളുടെ പരിണിത ഫലമായ നിത്യമായ ശിക്ഷയില് നിന്ന് ജനത്തെ രക്ഷിക്കുവാന് കഴിയുകയുള്ളൂ. "രക്ഷ" എന്ന പദം തിന്മയും അപകടകരവും ആയതില് നിന്നും രക്ഷപ്പെടുകയോ വിടുവിക്കപ്പെടുകയോ ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.
- ദൈവ വചനത്തില്, "രക്ഷ" എന്നത് സാധാരണയായി ആത്മീയവും നിത്യവുമായ വിടുതല് തങ്ങളുടെ പാപം സംബന്ധിച്ചു മാനസ്സാന്തരപ്പെടുകയും യേശുവില് വിശ്വസിക്കുകയും ചെയ്യുന്നവര്ക്ക് ദൈവത്താല് നല്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നു.
- ദൈവം തന്റെ ജനത്തിന്റെ അക്ഷരീകമായ ശത്രുക്കളുടെ കയ്യില്നിന്നും അവരെ രക്ഷിക്കുന്നു അല്ലെങ്കില് വിടുവിക്കുന്നു എന്നും ദൈവ വചനത്തില് പറഞ്ഞിരിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "രക്ഷിക്കുക" എന്നതിനെ പരിഭാഷ ചെയ്യുവാന് ഉള്ളതായ മാര്ഗ്ഗങ്ങളില് "വിടുവിക്കുക" അല്ലെങ്കില് "ഉപദ്രവത്തില് നിന്ന് സൂക്ഷിക്കുക" അല്ലെങ്കില് "ഉപദ്രവകരമായ പാതകളില് നിന്ന് രക്ഷിക്കുക" അല്ലെങ്കില് മരണത്തില് നിന്ന് രക്ഷിക്കുക" എന്നിവയും ഉള്പ്പെടുത്താവുന്നത് ആകുന്നു.
- "ആരായാലും തന്റെ ജീവനെ രക്ഷിക്കുവാന്ഇടയാകും" എന്ന പദ[പ്രയോഗത്തില്, "രക്ഷിക്കുക" എന്ന പദപ്രയോഗം "പരിപാലിക്കുക" അല്ലെങ്കില്"സംരക്ഷിക്കുക" എന്നും പരിഭാഷ ചെയ്യാം.
- "സുരക്ഷിതം" എന്ന പദം "അപകടത്തില്നിന്നും സംരക്ഷിക്കപ്പെട്ടത്" അല്ലെങ്കില്"യാതൊന്നിനും ഉപദ്രവം ഏല്പ്പിക്കുവാന്സാധ്യമല്ലാത്ത സ്ഥലം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "രക്ഷ" എന്ന പദം "രക്ഷിക്കുക" അല്ലെങ്കില്"വീണ്ടെടുക്കുക" എന്ന് ദൈവത്തിന്റെ രക്ഷിക്കപ്പെടുന്ന ജനം (അവരുടെ പാപങ്ങള്നിമിത്തം ശിക്ഷിക്കപ്പെടെണ്ടവര്)" അല്ലെങ്കില്"തന്റെ ജനത്തെ ദൈവം വീണ്ടെടുക്കുന്നത് (തന്റെ ശത്രുക്കളുടെ വശത്ത് നിന്നും)" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "ദൈവം എന്റെ രക്ഷ" എന്നത് "എന്നെ രക്ഷിക്കുന്നവദൈവം തന്നെ ആകുന്നു."
- "നിങ്ങള്രക്ഷയുടെ കിണറുകളില്നിന്ന് വെള്ളം കോരും" എന്നത് "ദൈവം നിങ്ങളെ വീണ്ടെടുക്കുന്നത് കൊണ്ട് ജലം കൊണ്ടെന്ന പോലെ നിങ്ങള്പുത്തന്ഉണര്വ്വ് പ്രാപിച്ചെടുക്കും" എന്ന് പരിഭാഷ ചെയ്യാം.

(കാണുക: കുരിശ്, വിടുവിക്കുക, ശിക്ഷിക്കുക, പാപം, രക്ഷകന്)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 49:16-18
- ഉല്പ്പത്തി 47:25-26
- സങ്കീര്ത്തനങ്ങള് 080:1-3
- യിരെമ്യാവ് 16:19-21
- മീഖാ 06:3-5
- ലൂക്കോസ് 02:30-32
- ലൂക്കോസ് 08:36-37
- അപ്പോ. 04:11-12
- അപ്പോ. 28:28
- അപ്പോ. 02:20-21
- റോമര്01:16-17
- റോമര്10:8-10
- എഫേസ്യര്06:17-18

- ഫിലിപ്പിയര്01:28-30
- 1 തിമോത്തിയോസ് 01:15-17
- വെളിപ്പാട് 19:1-2

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **09:08** മോശെ തന്റെ കൂട്ടു ഇസ്രയെല്യനെ **രക്ഷിക്കുവാന്** ശ്രമിച്ചു.
- **11:02** തന്നില്വിശ്വസിക്കുന്ന ഏതൊരുവന്റെയും ആദ്യ ജാതനായ മകനെ **രക്ഷിക്കുവാന്** ദൈവം ഒരു മാര്ഗ്ഗം ക്രമീകരിച്ചു.
- **12:05** മോശെ ഇസ്രയേല്ജനങ്ങളോട് പറഞ്ഞത്, "നിങ്ങള്ഭയപ്പെടുന്നത് നിര്ത്തുക! ഇന്ന് ദൈവം നിങ്ങള്ക്കു വേണ്ടി യുദ്ധം ചെയ്യുകയും നിങ്ങളെ **രക്ഷിക്കുകയും** ചെയ്യും."
- **12:13** തങ്ങള്ക്കു ലഭ്യമായ പുതിയ സ്വാതന്ത്ര്യത്തെ ആഘോഷിക്കുവാനായി നിരവധി ഗാനങ്ങള്ആലപിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു, എന്ത് കൊണ്ടെന്നാല്ദൈവം അവരെ മിസ്രയീം സൈന്യത്തില്നിന്നും **രക്ഷിച്ചു**.
- **16:17** ഈ രീതി പല പ്രാവശ്യം ആവര്ത്തിക്കുവാന്ഇടയായി: ഇസ്രയേല്ജനം പാപം ചെയ്യും, ദൈവം അവരെ ശിക്ഷിക്കും, അനന്തരം അവര്മാനസ്സാന്തരപ്പെടും, ദൈവം അവരെ **രക്ഷിക്കേണ്ടതിനായി** അവര്ക്ക് ഒരു വിടുവിക്കുന്നവനെ അയച്ചു കൊടുക്കും.
- **44:08** "നിങ്ങള്യേശുവിനെ ക്രൂശിച്ചു, എന്നാല്ദൈവം അവനെ വീണ്ടും ജീവനിലേക്കു ഉയിര്പ്പിച്ചു. നിങ്ങള്അവനെ നിരാകരിച്ചു, എന്നാല് **രക്ഷിക്കപ്പെടുവാന്** യേശുക്രിസ്തുവിന്റെ ശക്തി മുഖാന്തിരം അല്ലാതെ വേറെ ഒരു മാര്ഗ്ഗവും ഇല്ല!"
- **47:11** കാരാഗ്രഹ പ്രമാണി വിറച്ചും കൊണ്ട് പൌലോസിന്റെയും ശീലാസിന്റെയും അടുക്കല്വന്നു "**രക്ഷിക്കപ്പെടുവാനായി** ഞാന്എന്ത് ചെയ്യണം" എന്ന് ചോദിച്ചു. പൌലോസ് മറുപടിയായി പറഞ്ഞത്, "യജമാനന്ആയ യേശുവില്വിശ്വസിക്കുക, അപ്പോള്നീയും നിന്റെ കുടുംബവും **രക്ഷ** പ്രാപിക്കും."
- **49:12** സല്പ്രവര്ത്തികള്ക്ക് നിങ്ങളെ **രക്ഷിക്കുവാന്** കഴിയുന്നതല്ല.
- **49:13** യേശുവില്വിശ്വസിക്കുകയും തന്നെ അവരുടെ യജമാനന്ആയി സ്വീകരിക്കുകയും ചെയ്യുന്ന ഓരോരുത്തരെയും ദൈവം **രക്ഷിക്കും.** എന്നാല്തന്നില്വിശ്വസിക്കാത്ത ആരെയും തന്നെ താന് **രക്ഷിക്കുക** ഇല്ല.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H983, H2421, H3444, H3467, H3468, H4190, H4422, H4931, H6403, H7682, H7951, H7965, H8104, H8668, G803, G804, G806, G1295, G1508, G4982, G4991, G4992, G5198

# രാജകീയം

## നിര്വചനം:

“രാജകീയ പ്രതാപം”എന്ന പദം മഹാത്മ്യത്തെയും പ്രഭാവത്തെയും, സാധാരണയായി ഒരു രാജാവിന്റെ ഗുണവിശേഷതകളോടുള്ള ബന്ധത്തില്സൂചിപ്പിക്കുന്നു.

- ദൈവ വചനത്തില്, “രാജകീയ പ്രതാപം” എന്നത് തുടര്മാനമായി ദൈവത്തിന്റെ, സകല പ്രപഞ്ചത്തിന്മേലും സര്വ്വോന്നതനായ രാജാവിന്റെ മഹത്വത്തോടുള്ള ബന്ധത്തില്, സൂചിപ്പിക്കുന്നു.
- ഒരു രാജാവിനെ അഭിസംബോധന ചെയ്യുവാന്“അങ്ങയുടെ രാജ പ്രതാപം” എന്ന ശൈലി ഉപയോഗിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം “രാജകീയ മഹത്വം” അല്ലെങ്കില്“രാജകീയ പ്രഭാവം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”അങ്ങയുടെ രാജപ്രതാപം” എന്നത് “അങ്ങയുടെ ശ്രേഷ്ടത” അല്ലെങ്കില്“അങ്ങയുടെ വൈശിഷ്ട്യത” അല്ലെങ്കില്നിര്ദ്ധിഷ്ട ഭാഷയില്ഒരു ഭരണാധിപനെ അഭിസംബോധന ചെയ്യുവാന്സാധാരണയായി ഉപയോഗിക്കുന്ന ശൈലി എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: രാജാവ്)

## ദൈവ വചന സൂചികകള്:

- 2 പത്രോസ് 01:16-18
- ദാനിയേല്04:36-37
- യെശ്ശയ്യാവ് 02:9-11
- യൂദ 01:24-25
- മീഖ 05:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1347, H1348, H1420, H1923, H1926, H1935, H7238, G3168, G3172

# റബ്ബി

## നിര്വചനം:

“റബ്ബി” എന്ന പദം അക്ഷരീകമായി അര്ത്ഥം നല്കുന്നത് “എന്റെ ഗുരു” അല്ലെങ്കില് “എന്റെ അദ്ധ്യാപകന്” എന്ന് അര്ത്ഥം നല്കുന്നു.

- ഇത് ബഹുമാന സൂചകമായി നല്കപ്പെടുന്ന ഒരു സ്ഥാനപ്പേര് എന്ന നിലയില് യഹൂദ മത അദ്ധ്യാപകന്, പ്രത്യേകാല് ദൈവത്തിന്റെ ന്യായപ്രമാണ അദ്ധ്യാപകന് എന്ന നിലയില് ഉള്ള വ്യക്തിയെ അഭിസംബോധന ചെയ്യുവാന് ഉപയോഗിക്കുന്നു.
- യോഹന്നാന് സ്നാപകനും യേശുവും തങ്ങളുടെ ശിഷ്യന്മാരാല് “റബ്ബി” എന്ന് പലപ്പോഴും വിളിക്കപ്പെട്ടിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം പരിഭാഷ ചെയ്യുവാന് ഉള്ള രീതികളില് “എന്റെ ഗുരു” അല്ലെങ്കില് “എന്റെ അദ്ധ്യാപകന്” അല്ലെങ്കില് “ബഹുമാന്യനായ അദ്ധ്യാപകന്” അല്ലെങ്കില് മത അദ്ധ്യാപകന്” ആദിയായവ ഉള്പ്പെടുന്നു. ചില ഭാഷകളില്ഈ ആശംസകളെ വലിയ അക്ഷരത്തില് സൂചിപ്പിക്കുമ്പോള്, മറ്റുള്ളവയില് അപ്രകാരം ചെയ്യുന്നില്ല.
- നിര്ദ്ധിഷ്ട ഭാഷയില് അധ്യാപകരെ സാധാരണയായി അഭിസംബോധന ചെയ്യുവാന് ഒരു പ്രത്യേക രീതി ഉണ്ടായിരിക്കാം.
- ഈ പദത്തിന്റെ പരിഭാഷ യേശുവിനെ ഒരു പാഠശാലയുടെ അദ്ധ്യാപകന് എന്ന് വിവക്ഷിക്കാതെ ഇരിക്കുന്നു എന്ന കാര്യം ഉറപ്പു വരുത്തുക.
- “റബ്ബി” എന്ന പദം എപ്രകാരം ഒരു ബന്ധപ്പെട്ട ഭാഷയില് അല്ലെങ്കില് ദേശീയ ഭാഷയില് വേദ പുസ്തകത്തില് പരിഭാഷ ചെയ്യപ്പെട്ടിരിക്കുന്നു എന്നതും പരിഗണിക്കുക.

(കാണുക: അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അദ്ധ്യാപകന്)

## ദൈവ വചന സൂചികകള്:

- യോഹന്നാന് 01:49=51
- യോഹന്നാന് 06:24-25
- മര്ക്കോസ് 14:43-46
- മത്തായി 23:8-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G4461

# ലോകം, ലൌകികമായ

## നിര്വചനം:

“ലോകം” എന്ന പദം സാധാരണയായി ജനങ്ങള് ജീവിക്കുന്ന, പ്രപഞ്ചത്തിന്റെ ഒരു പ്രത്യേക ഭാഗത്തെ സൂചിപ്പിക്കുന്നു: അതായത് ഭൂമി. “ലൌകികം” എന്ന പദം വിശദമാക്കുന്നത് ഈ ലോകത്തില് ജീവിക്കുന്ന ജനങ്ങളുടെ തിന്മകള്ഉള്ള മൂല്യങ്ങളെയും സ്വഭാവങ്ങളെയും വിശദമാക്കുന്നു.

- ഇതിന്റെ ഏറ്റവും പൊതുവായ ആശയം, “ലോകം” എന്ന പദം സൂചിപ്പിക്കുന്നത് സ്വര്ഗ്ഗങ്ങളെയും ഭൂമിയെയും, അതുപോലെ അവയില് ഉള്ള സകലത്തെയും ആകുന്നു.
- വിവിധ പാശ്ചാത്തലങ്ങളില്, “ലോകം” എന്നുള്ളത് വാസ്തവമായി അര്ത്ഥം നല്കുന്നത് “ലോകത്തില് ഉള്ള ജനം” എന്നാകുന്നു.
- ചിലപ്പോള് ഇത് അര്ത്ഥമാക്കുന്നത് ലോകത്തില് ഉള്ള ദുഷ്ടരായ ജനങ്ങള് അല്ലെങ്കില് ദൈവത്തെ അനുസരിക്കാത്ത ജനങ്ങള് എന്നു ആകുന്നു.
- അപ്പൊസ്തലന്മാരും സ്വാര്ത്ഥ സ്വഭാവക്കാരെയും മലിനമായ സ്വഭാവത്തോടുകൂടെ ഈ ലോകത്തില് ജീവിക്കുന്ന ജനങ്ങളെയും സൂചിപ്പിക്കുവാന്“ലോകം” എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. ഇതില് മാനുഷീക പരിശ്രമങ്ങളാല് സ്വയനീതീകരണ അടിസ്ഥാനം ഉള്ള മത രീതിയായ കാര്യങ്ങള് ചെയ്യുന്നവര്എന്നും ഉള്പ്പെടുത്താം.
- ഇത്തരം മൂല്യങ്ങളാല് സ്വഭാവ വിശേഷതകള് ഉള്ള ജനത്തെയും വസ്തുതകളെയും “ലൌകികം” എന്ന് വിളിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, “ലോകം” എന്നുള്ളത് “പ്രപഞ്ചം” അല്ലെങ്കില്ഈ ലോകത്തിലെ ജനങ്ങള്” അല്ലെങ്കില്“ലോകത്തിന്റെ കറ പുരണ്ട വസ്തുതകള്” അല്ലെങ്കില്ഈ ലോകത്തില് ഉള്ള ജനത്തിന്റെ ദുഷ്ട സ്വഭാവങ്ങള്” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- മുഴുവന്ലോകവും” എന്ന പദസഞ്ചയം സാധാരണയായി “നിരവധി ജനങ്ങള്” എന്ന് പ്രത്യേക മേഖലയില്ജീവിക്കുന്ന ജനതയെ സൂചിപ്പിക്കാറുണ്ട്. ഉദാഹരണം ആയി, “മുഴുവന്ലോകവും മിസ്രയീമിലേക്കു വന്നു” എന്നുള്ളത് “ചുറ്റുപാടും ഉള്ള രാജ്യങ്ങളില്നിന്നും ഉള്ള നിരവധി ജനങ്ങള്മിസ്രയീമിലേക്കു കടന്നു വന്നു” അല്ലെങ്കില്“മിസ്രയീമിന് ചുറ്റും ഉള്ള എല്ലാ രാജ്യങ്ങളില്നിന്നും ഉള്ള ജനങ്ങള്അവിടെ വന്നു ചേര്ന്നു എന്ന് പരിഭാഷ ചെയ്യാം.
- ”റോമന്കാനേഷുമാരി കണക്കെടുപ്പിലേഖപ്പെടുത്തേണ്ടതിനു മുഴുവന്ലോകവും അവരുടെ ജന്മസ്ഥലത്തേക്ക് കടന്നു പോയി.” എന്നുള്ളത് “റോമന്സാമ്രാജ്യത്താല്ഭരിക്കപ്പെടുന്ന മേഖലകളില്ജീവിക്കുന്ന ജനങ്ങളില്നിരവധി പേര് പോയി.”.എന്ന് വേറൊരു ശൈലിയില്പരിഭാഷ ചെയ്യാം.
- സാഹചര്യം അനുസരിച്ച്, “ലൌകികമായ” എന്ന പദം “തിന്മയായ” അല്ലെങ്കില്“പാപം നിറഞ്ഞ” അല്ലെങ്കില്“സ്വാര്ത്ഥത ഉള്ള” അല്ലെങ്കില്“ദൈവീകത്വം ഇല്ലാത്ത” അല്ലെങ്കില്“മലിനം ആയ” അല്ലെങ്കില്“ഈ ലോകത്തിലെ ജനങ്ങളുടെ മലിനമായ മൂല്യങ്ങളാല്സ്വാധീനിക്കപ്പെട്ട” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”ഈ ലോകത്തിലെ ഈ വക കാര്യങ്ങള്പറയുന്നത്” എന്ന പദപ്രയോഗം “ഈ ലോകത്തിലെ ജനങ്ങളോട് ഈ വക കാര്യങ്ങള്പറയുന്നത് “ എന്ന് പരിഭാഷ ചെയ്യാം.
- ഇതര സാഹചര്യങ്ങളില്, “ലോകത്തില്” എന്നുള്ളത് “ലോകത്തില്ഉള്ള ജനങ്ങളുടെ ഇടയില്ജീവിക്കുന്ന” അല്ലെങ്കില്“ദൈവഭയം ഇല്ലാത്ത ജനങ്ങളുടെ ഇടയില്ജീവിക്കുന്ന” എന്നും പരിഭാഷ ചെയ്യാവുന്നത് ആകുന്നു.

(കാണുക: മലിനമായ]അഴിമതി, അഴിമതിയുള്ള, സ്വര്ഗ്ഗം, റോം, ദൈവീകമായ)

## ദൈവ വചന സൂചികകള്:

- 1 യോഹന്നാന്02:15-17
- 1 യോഹന്നാന്04:4-6
- 1 യോഹന്നാന്05:4-5
- യോഹന്നാന്01:29-31
- മത്തായി 13:36-39

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H776, H2309, H2465, H5769, H8398, G1093, G2886, G2889, G3625

# വലതുകരം

## നിര്വചനം:

“വലതു കരം” എന്ന ഉപമാന രൂപ പദപ്രയോഗം ഒരു ഭരണാധികാരിയുടെ അല്ലെങ്കില് മറ്റു പ്രധാന വ്യക്തിയുടെ വലതു വശത്തുള്ള ബഹുമാനത്തിന്റെ അല്ലെങ്കില് ശക്തിയുടെ സ്ഥാനത്തെ സൂചിപ്പിക്കുന്നതായി കാണപ്പെടുന്നു.

- വലതുകരം എന്നത് ശക്തി, അധികാരം, അല്ലെങ്കില് ബലം എന്നിവയുടെ അടയാളമായും ഉപയോഗിക്കാറുണ്ട്.
- ദൈവ വചനം യേശുവിനെ പിതാവായ ദൈവത്തിന്റെ “വലതു വശത്ത്” ഇരിക്കുന്നവനായി വിശ്വാസികളാകുന്ന (സഭ) ശരീരത്തിന്റെ ശിരസ്സ് ആയും സകല സൃഷ്ടിയെയും നിയന്ത്രിക്കുന്ന ഭരണാധികാരിയായും വിശദീകരിക്കുന്നു.
- ഒരു വ്യക്തിയുടെ വലതു കരം എന്നത് ഏതെങ്കിലും ഒരു വ്യക്തിയുടെ ശിരസ്സിന്മേല് വലതു കരം വെച്ച് അനുഗ്രഹിക്കുമ്പോള് ഒരു പ്രത്യേക ബഹുമാനം നല്കുന്നതായി കാണിക്കുന്നു (ഗോത്ര പിതാവായ യാക്കോബ് യോസേഫിന്റെ പുത്രനായ എഫ്രയീമിനെ അനുഗ്രഹിച്ചത് പോലെ).
- ആരുടെയെങ്കിലും “വലതു കരത്താല് ശുശ്രൂഷ ചെയ്യുക” എന്നതിന്റെ അര്ത്ഥം ആ വ്യക്തിക്ക് ആരെങ്കിലും ഒരാളുടെ സഹായം വളരെ ഉപകാരപ്രദവും തനിക്കു പ്രാധാന്യം അര്ഹിക്കുന്നതും ആയിരിക്കുന്നു എന്ന് ആകുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ചില സന്ദര്ഭങ്ങളില് “വലതു കരം” എന്ന പദസഞ്ചയം അക്ഷരീകമായി ഒരു വ്യക്തിയുടെ വലതു കരം, അതായത് യേശുവിനെ പരിഹസിക്കുവാനായി റോമന് പടയാളികള് യേശുവിന്റെ വലതു കയ്യില് ഒരു കോല്കൊടുത്തു എന്ന് പറഞ്ഞിക്കുന്നത് പോലെ സൂചിപ്പിക്കുന്നു. ഈ കരത്തിനു പരിഭാഷ ചെയ്യുന്ന ഭാഷയില് ഉപയോഗിക്കുന്ന പദം തന്നെ പരിഭാഷ ചെയ്യുവാനായി ഉപയോഗിക്കണം.
- ഉപമാന രീതിയില് ഉള്ള ഉപയോഗങ്ങളില്, “വലതുകരം” എന്ന പദം ഒരു പദപ്രയോഗത്തില് ഉള്പ്പെട്ടിരിക്കുകയും അത് നിര്ദിഷ്ട ഭാഷയില് അതേ അര്ത്ഥം തന്നെ നല്കുന്നില്ലെങ്കില്, ഇതേ അര്ത്ഥം തന്നെ നല്കുന്ന വേറെ വ്യത്യസ്തമായ പദപ്രയോഗം ഉണ്ടെങ്കില് അത് പരിഗണിക്കുക.
- “വലതു കരത്തില്” എന്ന പദപ്രയോഗം “വലതു വശത്തില്” അല്ലെങ്കില് “ബഹുമാനത്തിന്റെ സ്ഥാനത്ത്” അല്ലെങ്കില് “ശക്തിയുടെ സ്ഥാനത്ത്” അല്ലെങ്കില് “സഹായിക്കുവാന് ഉള്ള ഒരുക്കം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- തന്റെ വലതു കരത്തോടു കൂടെ” എന്നത് പരിഭാഷ ചെയ്യുവാന് “അധികാരത്തോടു കൂടെ” അല്ലെങ്കില് “സഹായിക്കുവാന് ഒരുക്കമായി” ആദിയായ ശൈലികള് ഉള്പ്പെടുത്താവുന്നതാണ്.
- “തന്റെ വലതു കരവും വീര്യ ഭുജവും” എന്ന ഉപമാന പദപ്രയോഗം ദൈവത്തിന്റെ അധികാരത്തെയും മഹാ ശക്തിയെയും രണ്ട് വിധ രീതികളില് ഊന്നല് നല്കി ഉപയോഗിക്കുന്നു. ഈ പദപ്രയോഗം പരിഭാഷ ചെയ്യുന്നതിനുള്ള ഒരു വഴി “തന്റെ വിസ്മയകരമായ ശക്തിയും മഹാ അധികാരവും” എന്നാണ്.(കാണുക: സമാന്തരത)
- “അവരുടെ വലതുകരം അസത്യം നിറഞ്ഞത്” എന്നുള്ള പദപ്രയോഗം “അവരെ സംബന്ധിച്ച ഏറ്റവും ബഹുമാന്യമായ വസ്തുത പോലും അസത്യങ്ങളാല് മലീമസം ആയിരിക്കുന്നു” അല്ലെങ്കില് “അവരുടെ ബഹുമാനത്തിന്റെ സ്ഥാനം വഞ്ചനയാല് മലീമസം ആയിരിക്കുന്നു” അല്ലെങ്കില് അവരെ ശക്തന്മാര് ആക്കുന്നതിനു വേണ്ടി അവര് അസത്യങ്ങള് ഉപയോഗിക്കുന്നു.

(കാണുക: കുറ്റപ്പെടുത്തുക, തിന്മ.ബഹുമാനം, ശക്തനായ, ശിക്ഷിക്കുക, മത്സരിക്കുക)

## ദൈവ വചന സൂചികകള്:

- അപ്പോ. 02:32-33
- കൊലോസ്യര് 03:1-4
- ഗലാത്യര്:9-10
- ഉല്പ്പത്തി 48:14-16
- എബ്രായര്:11-14
- വിലാപങ്ങള് 02:3-4
- മത്തായി 25:31-33
- മത്തായി 26:62-64
- സങ്കീര്ത്തനങ്ങള് 044:3-4
- വെളിപ്പാട് 02:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3225, H3231, H3233, G1188

# വാഗ്ദത്ത ദേശം

## വസ്തുതകൾ:

“വാഗ്ദത്ത ദേശം” എന്ന പദം ദൈവ വചന സംഭവങ്ങളിൽ മാത്രമേ വരുന്നുള്ളൂ, ദൈവ വചന ഭാഗങ്ങളിൽ ഇല്ല. ദൈവം അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദത്തം നൽകിയ കനാൻ ദേശത്തെ സൂചിപ്പിക്കുവാൻ ഉള്ള ഒരു പകരം ശൈലി ആകുന്നു.

- അബ്രഹാം ഊർ എന്ന പട്ടണത്തിൽ ജീവിക്കുമ്പോൾ, ദൈവം തന്നോട് പുറപ്പെട്ടു പോയി കനാൻ ദേശത്ത് വസിക്കുവാൻ ആവശ്യപ്പെട്ടു. താനും തന്റെ സന്തതികളായ ഇസ്രയേല്യരും, അവിടെ അനേക വർഷങ്ങൾ ജീവിച്ചു വന്നു.
- ഒരു കഠിനമായ ക്ഷാമം വരികയും കനാൻ ദേശത്തു ഭക്ഷ്യ വസ്തുക്കൾ ഇല്ലാതാകുകയും ചെയ്തപ്പോൾ, ഇസ്രയേൽ ജനം മിസ്രയീമിലേക്കു കടന്നു പോയി.
- നാനൂറു വർഷങ്ങൾക്കു ശേഷം, ദൈവം ഇസ്രയേൽ ജനതയെ മിസ്രയീമിന്റെ അടിമത്തത്തിൽ നിന്നും വീണ്ടെടുക്കുകയും അവരെ വീണ്ടും കനാൻ ദേശത്തേക്ക് മടക്കി കൊണ്ട് വരികയും, ദൈവം വാഗ്ദത്തം ചെയ്തിരുന്ന ദേശം അവർക്ക് നൽകുകയും ചെയ്തു.

## പരിഭാഷ നിർദേശങ്ങൾ:

- “വാഗ്ദത്ത ഭൂമി” എന്ന പദം “ദൈവം അബ്രഹാമിനു നൽകുമെന്ന് പറഞ്ഞിരുന്നതായ ഭൂമി” അല്ലെങ്കിൽ “ദൈവം അബ്രഹാമിന് വാഗ്ദത്തം ചെയ്തിരുന്ന ദേശം” അല്ലെങ്കിൽ “ദൈവം തന്റെ ജനത്തിനു വാഗ്ദത്തം ചെയ്തിരുന്ന ദേശം” അല്ലെങ്കിൽ “കനാൻ ദേശം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ദൈവ വചന ഭാഗത്ത്, ഈ പദം “ദൈവം വാഗ്ദത്തം ചെയ്ത ഭൂമി” എന്ന രീതിയിൽ പ്രയോഗിച്ചിരിക്കുന്നു.

(കാണുക:കനാൻ, വാഗ്ദത്തം)

## ദൈവ വചന സൂചികകൾ:

- ആവർത്തന പുസ്തകം 08:1-2
- യെഹസ്കേൽ:26-27

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **12:01** അവർ (ഇസ്രയേല്യർ) തുടർന്ന് അടിമകൾ ആയിരുന്നില്ല, അവർ **വാഗ്ദത്ത ദേശത്തേക്ക്** പോയിക്കൊണ്ടിരിക്കുക ആയിരുന്നു.
- **14:01** അവരോടുള്ള ഉടമ്പടിയുടെ ഭാഗമായി ഇസ്രയേൽ ജനം ദൈവം നൽകിയ ന്യായപ്രമാണം അവർ അനുസരിക്കണം എന്ന് ദൈവം അവരോടു ആവശ്യപ്പെട്ടു, ദൈവം അവരെ കനാൻ ദേശം എന്ന് വിളിക്കപ്പെട്ടിരുന്ന **വാഗ്ദത്ത ദേശത്തേക്ക്** സീനായി മലയിൽ നിന്നു നയിച്ചു കൊണ്ട് പോകുവാൻ ആരംഭിക്കുകയും ചെയ്തു.
- **14:02** ദൈവം അബ്രഹാം, യിസഹാക്ക്, യാക്കോബ് എന്നിവരോട് താൻ അവർക്ക് **വാഗ്ദത്ത ദേശം** നൽകുമെന്ന് വാഗ്ദത്തം നൽകിയിരുന്നു, എന്നാൽ ഇപ്പോൾ അവിടെ നിരവധി ജന വിഭാഗങ്ങൾ ജീവിച്ചു വരികയാണ്.
- **14:14** അനന്തരം ദൈവം ജനത്തെ **വാഗ്ദത്ത ദേശത്തിന്റെ** അരികിലേക്ക് വീണ്ടും അവരെ നടത്തി.
- **15:02** ഇസ്രയേൽ ജനത്തിനു **വാഗ്ദത്ത ദേശത്തിൽ** പ്രവേശിക്കുന്നതിന് യോർദാൻ നദിയുടെ കുറുകെ കടന്നു പോകേണ്ടതു ഉണ്ടായിരുന്നു.
- **15:12** ഈ യുദ്ധത്തിനു ശേഷം, ദൈവം ഇസ്രയേലിന്റെ ഓരോ ഗോത്രത്തിനും അതതിന്റെ ഭാഗങ്ങൾ**വാഗ്ദത്ത ദേശത്തിൽ** നൽകി.
- **20:09** ദൈവത്തിന്റെ ജനം **അവരുടെ വാഗ്ദത്ത ദേശത്തിൽ** നിന്നും പുറത്താക്കപ്പെടുവാൻ നിർബന്ധിതരായ ഈ കാലഘട്ടത്തെ പ്രവാസം എന്ന് പറയുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H776, H3068, H3423, H5159, H5414, H7650

# വാഗ്ദത്തം, വാഗ്ദത്തങ്ങൾ, വാഗ്ദത്തം ചെയ്യപ്പെട്ട

## നിർവചനം:

ഒരു വാഗ്ദത്തം എന്നത് ഒരു പ്രത്യേക കാര്യം ചെയ്യാം എന്നുള്ള പ്രതിജ്ഞ ആകുന്നു. ഒരു വ്യക്തി ഒരു കാര്യം ചെയ്യാം എന്ന് വാഗ്ദത്തം ചെയ്യുമ്പോൾ, അതിന്റെ അർത്ഥം താൻ ഒരു കാര്യം ചെയ്യാം എന്ന് സമർപ്പിക്കുന്നു എന്നാണ്.

- ദൈവം തന്റെ ജനത്തിനു ചെയ്യാം എന്ന് പറഞ്ഞിരിക്കുന്ന നിരവധി വാഗ്ദത്തങ്ങളെ ദൈവവചനം രേഖപ്പെടുത്തുന്നു.
- വാഗ്ദത്തങ്ങൾ എന്നത് ഉടമ്പടി എന്നപോലെ ഔപചാരികമായ സമ്മതങ്ങളുടെ ഒരു ഭാഗം ആകുന്നു.
- ഒരു വാഗ്ദത്തം സാധാരണയായി അത് ചെയ്തു കാണിക്കും എന്നുള്ള ഉറപ്പിന്റെ പ്രതിജ്ഞയോടു കൂടെ അനുധാവനം ചെയ്യപ്പെടുന്നതാണ്.

## പരിഭാഷ നിർദേശങ്ങൾ:

- “വാഗ്ദത്തം” എന്ന പദം “ചുമതല ഏൽക്കുക” അല്ലെങ്കിൽ “ഉറപ്പു നൽകുക” അല്ലെങ്കിൽ “ഉത്തരവാദിത്വം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- എന്തെങ്കിലും ചെയ്യാം എന്ന് വാഗ്ദത്തം ചെയ്യുക” എന്നതു “നിങ്ങൾ അത് ചെയ്യാം എന്ന് ഉറപ്പു നൽകുക” എന്ന് അല്ലെങ്കിൽ “എന്തെങ്കിലും ചെയ്തു കൊള്ളാമെന്നു ചുമതല ഏൽക്കുക” എന്ന് പരിഭാഷ ചെയ്യാം.

(കാണുക: ഉടമ്പടി, പ്രതിജ്ഞ, ആണ)

## ദൈവ വചന സൂചികകൾ:

- ഗലാത്യർ:15-16
- ഉൽപ്പത്തി 25:31-34
- എബ്രായർ:8-10
- യാക്കോബ് 01:12-13
- സംഖ്യാപുസ്തകം 30:1-2

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **03:15** ദൈവം പറഞ്ഞു, “ജനം അവരുടെ ശൈശവ അവസ്ഥയിൽ അയിരിക്കുമ്പോൾ തന്നെ തുടങ്ങി പാപം ഉള്ളവർ ആയാലും മനുഷ്യർ ചെയ്യുന്ന ദോഷ പ്രവർത്തികൾ നിമിത്തം ഞാൻ ഭൂമിയെ വീണ്ടും ശപിക്കുകയോ, അല്ലെങ്കിൽ ലോകത്തെ ജലപ്രളയത്താൽ നശിപ്പിക്കുകയോ, ചെയ്യുകയില്ലെന്നു ഞാൻ**വാഗ്ദത്തം** ചെയ്യുന്നു.”
- **3:16** അനന്തരം ദൈവം തന്റെ **വാഗ്ദത്തത്തിന്റെ** അടയാളമായി ആദ്യത്തെ മഴവില്ല് ഉണ്ടാക്കി. ആകാശത്തിൽഓരോ പ്രാവശ്യവും മഴവില്ല് പ്രത്യക്ഷം ആകുമ്പോഴും, ദൈവവും അതുപോലെ തന്നെ തന്റെ ജനവും ദൈവം **വാഗ്ദത്തം** ചെയ്തതിനെ ഓർക്കും.
- **04:08** ദൈവം അബ്രാമിനോട് സംസാരിച്ചു വീണ്ടും **വാഗ്ദത്തം** ചെയ്തത് എന്തെന്നാൽ നിനക്ക് ഒരു സന്തതി ഉണ്ടാകും എന്നും നിന്റെ തലമുറകൾ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ നിരവധി ആയിരിക്കും എന്നും ആയിരുന്നു. അബ്രാം ദൈവത്തിന്റെ **വാഗ്ദത്തം** വിശ്വസിച്ചു.
- **05:04** “നിന്റെ ഭാര്യ, സാറായിക്കു, ഒരു മകൻ ഉണ്ടാകും- അവൻ **വാഗ്ദത്തത്തിന്റെ** സന്തതി ആയിരിക്കും.
- ഉടമ്പടി **വാഗ്ദത്തങ്ങൾ** ദൈവം അബ്രഹാമിന് നൽകിയിരുന്നത് യിസഹാക്കിനും, അനന്തരം യാക്കോബിനും, തുടർന്ന് യാക്കോബിന്റെ പന്ത്രണ്ടു മക്കൾക്കും അവരുടെ കുടുംബങ്ങൾക്കും നൽകി.
- **17:14** ദാവീദ് ദൈവത്തോട് അവിശ്വസ്തത ഉള്ളവൻ ആയിരുന്നു എങ്കിൽപ്പോലും, ദൈവം തന്റെ **വാഗ്ദത്തങ്ങളോട്** വിശ്വസ്തൻ ആയിരുന്നു.
- യേശു **വാഗ്ദത്തം** നൽകിയത് താൻ ലോകാവസാനത്തിൽ വീണ്ടും മടങ്ങി വരും എന്നാണ്. ഇത് വരെയും താൻ തിരിച്ചു വന്നിട്ടില്ലെങ്കിലും, താൻ തന്റെ **വാഗ്ദത്തം** പാലിക്കുക തന്നെ ചെയ്യും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H559, H562, H1696, H8569, G1843, G1860, G1861, G1862, G3670, G4279

# വിഡ്ഢി, വിഡ്ഢികള്, വിഡ്ഢിത്തം, ബുദ്ധിഹീനത

## നിര്വചനം:

“വിഡ്ഢി” എന്ന പദം ഒരു വ്യക്തി തുടര്ച്ചയായി തെറ്റായ തിരഞ്ഞെടുപ്പുകള് സ്വീകരിക്കുമ്പോള്, പ്രത്യേകാല് അനുസരണക്കേട് തിരഞ്ഞെടുക്കുമ്പോള് സൂചിപ്പിക്കപ്പെടുന്നു. “വിഡ്ഢിത്തം” എന്ന പദം ഒരു വ്യക്തി അല്ലെങ്കില്സ്വഭാവം ജ്ഞാനത്തോടെ അല്ല എന്നു സൂചിപ്പിക്കുന്നു.

- ദൈവ വചനത്തില്, “വിഡ്ഢി” എന്ന പദം സാധാരണയായി ദൈവ ഇതു സാധാരണയായി, ദൈവത്തില്ആശ്രയിക്കുകയും ദൈവത്തെ അനുസരിക്കുകയും ചെയ്യുന്ന ജ്ഞാനമുള്ള വ്യക്തിക്ക് വിരുദ്ധമാ യിരിക്കും.
- സങ്കീര്ത്തനങ്ങളില്, ദാവീദ് ദൈവത്തില്വിശ്വസിക്കാത്ത, തന്റെ സൃഷ്ടിയില്ദൈവത്തിനുള്ള സാനിദ്ധ്യത്തെ നിഷേധിക്കുന്ന വ്യക്തിയെ വിഡ്ഢി എന്നു വിവരിക്കുന്നു.
- പഴയ നിയമ പുസ്തകമായ സദൃശവാക്യങ്ങള്വിഡ്ഢിത്തം, അല്ലെങ്കില്വിഡ്ഢിയായ വ്യക്തി എപ്രകാരം ആയ്രിക്കും എന്നു നിരവധി വിവരണങ്ങള്നല്കുന്നു.
- ”ബുദ്ധിഹീനത” എന്ന പദം ദൈവഹിതത്തിനു എതിരായ പ്രവര്ത്തി ജ്ഞാനമുള്ളതല്ല എന്നതിനാല്സൂചിപ്പിക്കുന്നു. “ബുദ്ധിഹീനത” എന്ന വാക്ക് സാധാരണയായി പരിഹാസ്യമായ അല്ലെങ്കില്അപകടകരമായ എന്ന അര്ത്ഥവും ഉള്പ്പെടുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ”വിഡ്ഢി” എന്ന പദം “വിഡ്ഢിയായ മനുഷ്യന്” അല്ലെങ്കില്“അജ്ഞാനിയായ വ്യക്തി” അല്ലെങ്കില്“സുബോധമില്ലാത്ത മനുഷ്യന്” അല്ലെങ്കില്“ദൈവ ബോധം ഇല്ലാത്ത മനുഷ്യന്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”വിഡ്ഢിത്തം” എന്നത് പരിഭാഷ ചെയ്യുന്ന രീതിയില്“വിവരക്കുറവു” അല്ലെങ്കില്“അജ്ഞാനം” അല്ലെങ്കില്“സുബോധം ഇല്ലാത്ത” എന്നിവ ഉള്പ്പെടുത്താം.

(കാണുക:ജ്ഞാനം)

## ദൈവ വചന സൂചികകള്:

- സഭാപ്രസംഗി 01:16-18
- എഫെസ്യര്05:15-17
- ഗലാത്യര്03:1-3
- ഉല്പ്പത്തി 31:26-28
- മത്തായി 07:26-27
- മത്തായി 25:7-9
- സദൃശവാക്യങ്ങള്13:15-16
- സങ്കീര്ത്തനങ്ങള്049:12-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H191, H196, H200, H1198, H1984, H2973, H3684, H3687, H3688, H3689, H3690, H5034, H5036, H5039, H5528, H5529, H5530, H5531, H6612, H8417, H8602, H8604, G453, G454, G781, G801, G877, G878, G3471, G3472, G3473, G3474, G3912

# വിലപിക്കുക, വിലപിക്കുന്നു, വിലാപങ്ങള്

## നിര്വചനം:

"വിലപിക്കുക" എന്നും "വിലാപങ്ങള്" എന്നും ഉള്ള പദങ്ങള്കരച്ചില്, ദു:ഖം, സങ്കടം എന്നിവയുടെ ശക്തമായ പ്രകടനം ആകുന്നു.

- ചില സന്ദര്ഭങ്ങളില്ഇതില്പാപത്തെ കുറിച്ചുള്ള ആഴമായ ഖേദം, അല്ലെങ്കില്ദുരന്തം അനുഭവിച്ച ജനത്തെ കുറിച്ചുള്ള അനുകമ്പ ആദിയായവയും ഉള്പ്പെടും.
- ഒരു വിലാപം എന്നത് വിമ്മിക്കരച്ചില്, കണ്ണീര്ഒഴുക്കുക, അല്ലെങ്കില്ദുഃഖം പ്രകടിപ്പിക്കുക എന്നിവയും ഉള്പ്പെടുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "വിലപിക്കുക" എന്ന പദം "അഗാധമായ സങ്കടം" അല്ലെങ്കില്"ദുഃഖം നിമിത്തം ഉള്ള കരച്ചില്" അല്ലെങ്കില്അല്ലെങ്കില്"സങ്കടം നിറഞ്ഞത് ആയിരിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഒരു "വിലാപം" (അല്ലെങ്കില്"കരച്ചില്") എന്നത് "ഉറക്കെയുള്ള കരച്ചില്" അല്ലെങ്കില്"സങ്കടം കൊണ്ടുള്ള നിലവിളി" അല്ലെങ്കില്"അഗാധമായ സങ്കടം" അല്ലെങ്കില്"സങ്കടം നിറഞ്ഞ വിതുമ്പല്" അല്ലെങ്കില്"ശോകാകുലമായ വിമ്മിക്കരച്ചില്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- ആമോസ് 08:9-10
- യെഹസ്കേല്:1-2
- യിരെമ്യാവ് 22:17-19
- ഇയ്യോബ് 27:15-17
- വിലാപങ്ങള്:5-6
- വിലാപങ്ങള്02:8-9
- മീഖ 02:8-9
- സങ്കീര്ത്തനങ്ങള്:1-2
- സെഖര്യാവ് 11:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H56, H421, H578, H592, H1058, H4553, H5091, H5092, H5594, H6088, H6969, H7015, H8567, G2354, G2355, G2870, G2875

# വിളിക്കുക, വിളിക്കുന്നു, വിളി, വിളിച്ചു

## നിര്വചനം:

“ഉറക്കെ നിര്ദേശിക്കുക” അല്ലെങ്കില്ഉച്ചത്തില്ആഹ്വാനം ചെയ്യുക” എന്ന പദങ്ങള്സമീപെ ഇല്ലാത്ത ഒരാളോട് എന്തെങ്കിലും ഉറക്കെ വിളിച്ചുപറയുക എന്നാണര്ത്ഥം. “വിളിക്കുക” എന്നതിന്റെ അര്ത്ഥം ആ വ്യക്തിയോട് ഹാജരാകുവാന്ആവശ്യപ്പെടുക എന്നാണര്ത്ഥം. മറ്റും പല അര്ത്ഥങ്ങളും ഉണ്ട്.

- ”ഉറക്കെ ശബ്ദമുണ്ടാക്കുക” എന്നത് ദൂരെ നിലകൊള്ളുന്ന ഒരു വ്യക്തിയോട് ഉച്ച ത്തില്വിളിച്ചുപറയുകയോ ഉറക്കെ സംസാരിക്കുകയോ ചെയ്യുക എന്നര്ത്ഥം. ഇതിനു സഹായത്തിനായി ആരോടെങ്കിലും, പ്രത്യേകാല്ദൈവത്തോട് അപേക്ഷിക്കുക എന്നും അര്ത്ഥമുണ്ട്.
- ദൈവവചനത്തില്, “വിളി” എന്നതിന് “ഹാജരാക്കുക” അല്ലെങ്കില്“വരുവാന്കല്പ്പിക്കുക” അല്ലെങ്കില്“വരുവാന്അപേക്ഷിക്കുക” എന്നിങ്ങനെ അര്ത്ഥമുണ്ട്.
- ദൈവം ജനത്തെ തന്റെ അടുക്കല്വരുവാനും തന്റെ ജനമായിരിക്കുവാനും ദൈവം വിളിക്കുന്നു. ഇതാണ് അവരുടെ “വിളി.”
- ദൈവം ജനത്തെ “വിളിക്കുമ്പോള്”, എന്നതിന്റെയര്ത്ഥം ദൈവം മക്കളായി തന്റെ ജനത്തെ തിരഞ്ഞെടുക്കുകയും, തന്റെ ഭൃത്യന്മാരായും യേശുവില്കൂടെയുള്ള രക്ഷയുടെ ദൂത് വിളംബരം ചെയ്യുന്നവരുമായിരിക്കണമെന്നും ആകുന്നു. ഈ പദം ആര്ക്കെങ്കിലും നാമകരണം ചെയ്യുന്ന സാഹചര്യത്തിലും ഉപയോഗിക്കാറുണ്ട്. ഉദാഹരണമായി, അവനു യോഹന്നാന്എന്നു പേര്വിളിച്ചു”, എന്നതിന്റെ അര്ത്ഥം “അവനു യോഹന്നാന്എന്നു പേരിട്ടു” അല്ലെങ്കില്“അവന്റെ പേര് യോഹന്നാന്” എന്നാണ്. “പേരിനാല്അറിയപ്പെട്ടു” എന്നതിന്റെ അര്ത്ഥം ഒരാളുടെ പേര് വേറൊരാള്ക്ക്നല്കപ്പെട്ടു” എന്നു അര്ത്ഥമാക്കുന്നു. തന്റെ ജനത്തെ പേര് ചൊല്ലി വിളിച്ചിരിക്കുന്നു എന്നു ദൈവം പറയുന്നു.
- വ്യത്യസ്തമായ ഒരു ആശയമായി, “ഞാന്നിന്നെ പേര് പറഞ്ഞു വിളിച്ചിരി ക്കുന്നു” എന്നാല്ദൈവം പ്രത്യേകമായി ആ വ്യക്തിയെ തിരഞ്ഞെടുത്തിരിക്കുന്നു എന്നാണര്ത്ഥം.

## പരിഭാഷ നിര്ദേശങ്ങള്:

- “വിളിക്കുക” എന്ന പദം “ഹാജരാക്കുക” എന്നര്ത്ഥം വരുന്ന, ആവശ്യബോധത്തോടെ അല്ലെങ്കില്മനപ്പൂര്വമായി വരണമെന്ന് ആശയം ഉള്പ്പെടുന്നു.
- “നിങ്ങളോട് ഒരു സഹായാഭ്യര്ത്ഥന” എന്നത് “നിങ്ങളോട് സഹായം അപേക്ഷിക്കുന്നു” അല്ലെങ്കില്“നിങ്ങളോട് അത്യാവശ്യമായും അപേക്ഷിക്കുന്നു” എന്നു പരിഭാഷപ്പെടുത്തുന്നു.
- ദൈവം തന്റെ ദാസന്മാരായി നമ്മെ “വിളിച്ചിരിക്കുന്നു” എന്നു ദൈവവചനം പറയുമ്പോള്, അത് “നമ്മെ പ്രത്യേകമായി തിരഞ്ഞെടുത്തിരിക്കുന്നു” അല്ലെങ്കില്തന്റെ ദാസന്മാരായിരിപ്പാന്“നമ്മെ നിയമിച്ചിരിക്കുന്നു” എന്നു പരിഭാഷപ്പെടുത്താം.
- “നീ അവന്റെ പേര്വിളിക്കണം” എന്നത് “നീ അവനു പേര് നല്കണം” എന്നും പരിഭാഷപ്പെടുത്താം.
- “അവന്റെ പേര് വിളിച്ചു” എന്നത് “അവന്റെ പേര്” അല്ലെങ്കില്“അവനു പേര് വെച്ചു” എന്നിങ്ങനെയും പരിഭാഷപ്പെടുത്താം.
- “ഉച്ചത്തില്വിളിക്കുക” എന്നത് “ഉറക്കെ പറയുക” അല്ലെങ്കില്“ഒച്ചയിടുക” അല്ലെങ്കില്ഉറച്ച ശബ്ദത്തില്പ്രസ്താവിക്കുക” എന്നിങ്ങനെ പരിഭാഷപ്പെടുത്താം. ആ വ്യക്തി കോപത്തോടെ ഇരിക്കുന്നു എന്ന ധ്വനി ഉണ്ടാക്കുന്നില്ല എന്നു ഇതിന്റെ പരിഭാഷ ഉറപ്പാക്കണം.
- “നിങ്ങളുടെ വിളി” എന്ന ആശയം “നിങ്ങളുടെ ലക്ഷ്യം” അല്ലെങ്കില്നിങ്ങളെക്കുറിച്ചുള്ള ദൈവീകോദ്ദേശ്യം” അല്ലെങ്കില്”നിങ്ങള്ക്കു വേണ്ടിയുള്ള പ്രത്യേക ദൈവീക പ്രവര്ത്തി” എന്നു പരിഭാഷപ്പെടുത്താം.
- “കര്ത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുക” എന്നത് “കര്ത്താവിനെ അന്വേഷിക്കുകയും അവനില്ആശ്രയിക്കുകയും ചെയ്യുക” അല്ലെങ്കില്“കര്ത്താവില്ആശ്രയിക്കുകയും അവനെ അനുസരിക്കുകയും ചെയ്യുക”
- ഏതെങ്കിലും “ആവശ്യപ്പെടുക” എന്നത് “അവകാശപ്പെടുക” അല്ലെങ്കില്അഭ്യര്ത്ഥിക്കുക” അല്ലെങ്കില്“കല്പ്പിക്കുക” എന്നു പരിഭാഷപ്പെടുത്താം.
- “നിങ്ങള്എന്റെ പേരിനാല്വിളിക്കപ്പെട്ടിരിക്കുന്നു” എന്നത് “നിങ്ങള്ക്ക് എന്റെ നാമം നല്കിയിട്ട്, നിങ്ങളെനിക്കുള്ളവര്എന്നു കാണിക്കുന്നു” എന്നു പരിഭാഷപ്പെടുത്താം.

“ഞാന്നിന്നെ പേര്പറഞ്ഞു വിളിച്ചിരിക്കുന്നു” എന്നു ദൈവം പറയുമ്പോള്ഇതു “ഞാന്നിങ്ങളെ അറിയുകയും നിങ്ങളെ .തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു” എന്നു പരിഭാഷപ്പെടുത്താം.

(കാണുക: പ്രാര്ഥിക്കുക)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്18:22-24
- 1 തെസ്സലോനിക്യര്04:7-8
- 2 തിമൊത്തിയൊസ് 01:8-11
- എഫെസ്യര്04:1-3
- ഗലാത്യര്01:15-17
- മത്തായി 02:13-15
- ഫിലിപ്പിയര്03:12-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H559, H2199, H4744, H6817, H7121, H7123, G154, G363, G1458, G1528, G1941, G1951, G2028, G2046, G2564, G2821, G2822, G2840, G2919, G3004, G3106, G3333, G3343, G3603, G3686, G3687, G4316, G4341, G4377, G4779, G4867, G5455, G5537, G5581

# വിശുദ്ധ സ്ഥലം

## നിര്വചനം:

ദൈവ വചനത്തില്, “വിശുദ്ധ സ്ഥലം” എന്നും “അതി വിശുദ്ധ സ്ഥലം” എന്നും രണ്ടു ഭാഗങ്ങള്സമാഗമന കൂടാരത്തിലോ അല്ലെങ്കില്ദേവാലയ കെട്ടിടത്തിലോ ഉള്ളതിനെ സൂചിപ്പിക്കുന്നു.

- ”വിശുദ്ധ സ്ഥലം” എന്നത് ഒന്നാമത്തെ അറയാണ്, ഇവിടെ ധൂപ പീഠവും ‘’കാഴ്ചയപ്പം” വെച്ചിരിക്കുന്ന മേശയും ഉണ്ട്.
- അതി വിശുദ്ധ സ്ഥലം” എന്നത് രണ്ടാമത്തേ ഏറ്റവും ഉള്ളില്ഉള്ള അറയാണ്, ഇവിടെ ഉടമ്പടി പെട്ടകം വെച്ചിരിക്കുന്നു.
- ഒരു ഘനമുള്ള തിരശീലയാല്പുറത്തെ അറയെ അകത്തെ അറയില്നിന്നും വേര്തിരിച്ചിരിക്കുന്നു.
- മഹാപുരോഹിതന്മാത്രമാണ് ആ അതിപരിശുദ്ധ സ്ഥലത്തിനുള്ളില്പ്രവേശിക്കുവാന്അനുവദിക്കപ്പെട്ടിട്ടുള്ള ഏക വ്യക്തി.
- ചില സമയങ്ങളില്“വിശുദ്ധ സ്ഥലം” എന്നത് ദേവാലയത്തിലോ സമാഗമന കൂടാരത്തിലോ ഉള്ള ഈ രണ്ടു സ്ഥലങ്ങളെയും പ്രാകാരങ്ങളെയും സൂചിപ്പിക്കുന്നു. പൊതുവേ ദൈവത്തിനായി വേര്തിരിക്കപ്പെട്ടിട്ടുള്ള ഏതു സ്ഥലത്തെയും ഇതു കൊണ്ട് സൂചിപ്പിക്കാവുന്നതാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- ”വിശുദ്ധ സ്ഥലം” എന്ന പദം “ദൈവത്തിനായി വേര്തിരിക്കപ്പെട്ട അറ” അല്ലെങ്കില്ദൈവത്തെ കണ്ടുമുട്ടുവാന്ഉള്ള പ്രത്യേക അറ” അല്ലെങ്കില്“ദൈവത്തിനായി ഒതുക്കപ്പെട്ടിട്ടുള്ള സ്ഥലം” എന്നും പരിഭാഷ ചെയ്യാം.
- “അതി പരിശുദ്ധ സ്ഥലം” എന്ന പദം “ദൈവത്തിനായി ഏറ്റവും പ്രധാനമായി വേര്തിരിക്കപ്പെട്ട അറ” അല്ലെങ്കില്“ദൈവത്തെ കണ്ടു മുട്ടുവാനായിട്ടുള്ള ഏറ്റവും പ്രത്യേകമായ മുറി’’ എന്ന് പരിഭാഷ ചെയ്യാം.
- സാഹചര്യം അനുസരിച്ച്, “ഒരു വിശുദ്ധ സ്ഥലം” എന്നുള്ള പൊതുവായ പദപ്രയോഗം പരിഭാഷ ചെയ്യുന്നതിന് “ഒരു വേര്തിരിക്കപ്പെട്ട സ്ഥലം” അല്ലെങ്കില്“ദൈവം വേര്തിരിച്ചു വെച്ചിട്ടുള്ള ഒരു സ്ഥലം” അല്ലെങ്കില്“ദേവാലയ സമുച്ചയത്തില്ഉള്ള, വിശുദ്ധമായ ഒരു സ്ഥലം” അല്ലെങ്കില്“ദൈവത്തിന്റെ വിശുദ്ധ ദേവാലയത്തിലെ പ്രാകാരം” എന്നിവയും ഉള്പ്പെടുത്താം.

(കാണുക: ധൂപ പീഠം, ഉടമ്പടി പെട്ടകം]ഉടമ്പടിപ്പെട്ടകം, യഹോവയുടെ പെട്ടകം, അപ്പം, വേര്തിരിക്കുക,പ്രാകാരം,തിരശീല, വിശുദ്ധം, വേര്തിരിക്കുക, സമാഗമന കൂടാരം]സമാഗമനകുടാരം, ദേവാലയം)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്06:16-18
- അപ്പോ.06:12-15
- പുറപ്പാട് 26:31-33
- പുറപ്പാട് 31:11
- യെഹസ്കേല്41:1-2
- എസ്രാ 09:8-9
- എബ്രായര്09:1-2
- ലേവ്യപുസ്തകം 16:17-19
- മത്തായി 24:15-18
- വെളിപ്പാട് 15:5-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1964, H4720, H4725, H5116, H6918, H6944, G39, G40, G3485, G5117

# വിശുദ്ധന്, വിശുദ്ധന്മാര്

## നിര്വചനം:

“വിശുദ്ധന്മാര്” എന്ന പദം അക്ഷരീകമായി “വിശുദ്ധീകരിക്കപ്പെട്ടവര്” എന്ന് അര്ത്ഥം നല്കിക്കൊണ്ട് യേശുവില് ഉള്ള വിശ്വാസികളെ സൂചിപ്പിക്കുന്നു.

- പില്ക്കാലത്ത് സഭാ ചരിത്രത്തില്, തന്റെ സല്പ്രവര്ത്തികളാല്അറിയപ്പെടുന്ന ഒരു വ്യക്തിക്കും “വിശുദ്ധന്” എന്ന സ്ഥാനപ്പേര് നല്കപ്പെട്ടിരുന്നു, എന്നാല് പുതിയ നിയമ കാലഘട്ടങ്ങളില്ഈ പദം അപ്രകാരം ഉപയോഗിച്ചു വന്നിരുന്നില്ല.
- യേശുവില്ഉള്ള വിശ്വാസികള് വിശുദ്ധന്മാര് അല്ലെങ്കില് വിശുദ്ധന്മാര്ആയവര്ആകുന്നു, അത് അവര് ചെയ്ത പ്രവര്ത്തികള് മൂലം അല്ല, എന്നാല് യെശുക്രിസ്തുവില് ഉള്ള രക്ഷയുടെ പ്രവര്ത്തിയില് ഉള്ള വിശ്വാസം മൂലം ലഭ്യമാകുന്നത് ആകുന്നു. അവരെ വിശുദ്ധീകരിക്കുന്നത് അവിടുന്ന് ആകുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

“വിശുദ്ധന്മാര്” എന്ന പദം പരിഭാഷ ചെയ്യുവാന് ഉള്ള രീതികളില് “വിശുദ്ധന്മാര് ആയവര്” അല്ലെങ്കില് “വിശുദ്ധ ജനം” അല്ലെങ്കില് “യേശുവില് ഉള്ള വിശുദ്ധരായ വിശ്വാസികള്” അല്ലെങ്കില് “വേര്തിരിക്കപ്പെട്ടവര്” എന്നീ പദങ്ങള് ഉള്പ്പെടുത്താം. ഏതെങ്കിലും ഒരു പ്രത്യേക ക്രിസ്തീയ വിഭാഗം ജനങ്ങള് മാത്രം എന്ന് സൂചന നല്കാതിരിക്കുവാന് സൂക്ഷിക്കുക.

(കാണുക: വിശുദ്ധന്)

## ദൈവ വചന സൂചികകള്:

- 1 തിമോത്തിയോസ് 05:9-10
- 2 കൊരിന്ത്യര്:12-15
- വെളിപ്പാട് 16:4-7
- വെളിപ്പാട് 20:9-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2623, H6918, H6922, G40

# വിശുദ്ധമായ, വിശുദ്ധി, അവിശുദ്ധമായ, പരിപാവനമായ

## നിർവ്വചനം:

“വിശുദ്ധമായ” എന്നും “വിശുദ്ധി” എന്നും ഉള്ള പദങ്ങള് പാപം നിറഞ്ഞതും അപൂര്ണ്ണവുമായ സകലത്തില്നിന്നും മാറ്റി നിര്ത്തിയതും വേര്തിരിക്കപ്പെട്ടതുമായിട്ടുള്ള ദൈവത്തിന്റെ ആകമാന സ്വഭാവ വിശേഷത്തെ സൂചിപ്പിക്കുന്നു.

- ദൈവം മാത്രമാണ് വിശുദ്ധിയില് തികഞ്ഞവന്. താന് ജനത്തെയും വസ്തുക്കളെയും വിശുദ്ധമാക്കുന്നു.
- വിശുദ്ധനായ ഒരു വ്യക്തി ദൈവത്തിനു ഉള്പ്പെട്ടവനും ദൈവസേവ എന്ന ആവശ്യത്തിനു വേണ്ട വേര്തിരിക്കപ്പെട്ടവനും ദൈവത്തിനു മഹത്വം കരേറ്റുന്നവനും ആകുന്നു.
- ദൈവം വിശുദ്ധമെന്നു പ്രഖ്യാപിക്കുന്ന ഒരു വസ്തു തന്റെ മഹത്വത്തിനും ഉപയോഗത്തിനും വേണ്ടിയുള്ള ഒന്നായി, ഒരു യാഗപീഠം എപ്രകാരം തനിക്കു വേണ്ടിയുള്ള യാഗം അര്പ്പിക്കുവാന് ഉപയോഗപ്പെടുത്തുന്നുവോ അതുപോലെ വേര്തിരിക്കപ്പെട്ടിട്ടുള്ളതാണ്.
- ദൈവം അനുവദിക്കുന്നില്ലെങ്കില് മനുഷ്യന് ദൈവത്തോട് അടുക്കുവാന് സാധ്യമല്ല, എന്തുകൊണ്ടെന്നാല് താന്വിശുദ്ധനും അവര് കേവലം മനുഷ്യരും, പാപം നിറഞ്ഞവരും അപൂര്ണ്ണരും ആകുന്നു.
- പഴയ നിയമത്തില്, പുരോഹിതന്മാരെ ദൈവം തന്റെ പ്രത്യേക ശുശ്രൂഷക്കായി തനിക്കു വേണ്ടി വേര്തിരിച്ചു. അവര്ദൈവത്തോട് അടുക്കുവാന് തക്ക വിശുദ്ധര് ആകേണ്ടതിന് ആചാരപരമായി വിശുദ്ധീകരിക്കപ്പെടെണ്ടത് ആവശ്യമായിരുന്നു.
- തനിക്കു ഉള്പ്പെട്ടതായ ചില പ്രത്യേക സ്ഥലങ്ങളെയും വസ്തുക്കളെയും ദൈവം തനിക്കു വേണ്ടി വിശുദ്ധമായി വേര്തിരിച്ചു, അല്ലെങ്കില് തന്റെ ദേവാലയം പോലെ തന്നെ സ്വയം വെളിപ്പെടുത്തുവാനായീ തിരഞ്ഞെടുത്തു. അക്ഷരീകമായി, “അവിശുദ്ധം” എന്ന പദം “വിശുദ്ധം അല്ലാത്തത്” എന്ന് അര്ത്ഥമാക്കുന്നു. ഇത് വിശദമാക്കുന്നത് ഒരുവന് അല്ലെങ്കില്ഒരു വസ്തു ദൈവത്തെ മാനിക്കുന്നില്ല എന്നാണ്.
- ഈ വാക്ക് ഒരുവന് ദൈവത്തിനു എതിരെ മത്സരിച്ചു തന്നെ ബഹുമാനിക്കാതെ ഇരിക്കുന്നതിനെ സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു.
- ”അവിശുദ്ധം” എന്ന് ഒരു വസ്തുവിനെ വിളിക്കുമ്പോള് അത് സാധാരണമായത്, മലിനമായത്, അശുദ്ധമായത് എന്നിങ്ങനെ വിശദീകരിക്കപ്പെടുന്നു. ഇത് ദൈവത്തിനു ഉള്പ്പെടുന്നത് അല്ല. “മതം സംബന്ധമായ” എന്ന പദം ദൈവത്തെ ആരാധിക്കുന്നത് അല്ലെങ്കില് അസത്യ ദൈവങ്ങളായ ജാതീയ ആരാധനയെ സംബന്ധിച്ചവ എന്ന് വിശദമാക്കുന്നു.
- പഴയ നിയമത്തില്, “മത സംബന്ധിയായ’ എന്ന പദം അസത്യ ദൈവങ്ങളുടെ ആരാധനയില് ഉപയോഗിച്ചു വന്നിരുന്ന കല്ത്തൂണുകളെയും മറ്റു വസ്തുക്കളെയും കുറിച്ച് സാധാരണയായി പറയുന്നു. ഇതിനെ “മതം സംബന്ധിച്ചത്” എന്നും പരിഭാഷ ചെയ്യാം.
- ആരാധന ഗീതങ്ങള്”,”ആരാധന സംഗീതം” എന്നിവ ദൈവത്തെ മഹത്വീകരിക്കേണ്ടതിനു പാടുന്നവയോ വായിക്കുന്നവയോ ആണ്. ഇത് “യഹോവയെ ആരാധിക്കുവാനായി ഉള്ള സംഗീതം” അല്ലെങ്കില് ദൈവത്തെ സ്തുതിക്കുന്ന ഗീതങ്ങള്” എന്ന് പരിഭാഷ ചെയ്യാം. “പാവനമായ കര്മ്മങ്ങള്” എന്നത് “മതപരമായ കര്മ്മങ്ങള്” അല്ലെങ്കില് ‘’ചടങ്ങുകള്” ഒരു പുരോഹിതന് നിറവേറ്റിക്കൊണ്ട് ജനത്തെ ആരാധനക്കായി നടത്തുന്നതിനെ സൂചിപ്പിക്കുന്നു. ഇത് ഒരു ജാതീയ പുരോഹിതനാല് അസത്യ ദൈവത്തെ ആരാധിക്കുന്ന ചടങ്ങുകളേയും സൂചിപ്പിക്കാവുന്നതാണ്.

## പരിഭാഷ നിര്ദേശങ്ങള്:

“വിശുദ്ധമായ” എന്ന പദം പരിഭാഷ ചെയ്യുന്ന രീതിയില്“ദൈവത്തിനു വേണ്ടി വേര്തിരിക്കപ്പെട്ടത്” അല്ലെങ്കില്“ദൈവത്തിനു ഉള്പ്പെട്ടത്” അല്ലെങ്കില്“പൂര്ണ്ണമായി ശുദ്ധമായത്” അല്ലെങ്കില്“ഉത്തമമമായി പാപരഹിതമായത്” അല്ലെങ്കില്“പാപത്തില്നിന്ന് വേര്തിരിക്കപ്പെട്ടത്” എന്നിങ്ങനെ ഉള്പ്പെടുത്താം.

- ”വിശുദ്ധീകരിക്കുക” എന്നത് സാധാരണയായി “വിശുദ്ധമാക്കുക” എന്ന് ആംഗലേയ ഭാഷയില്പരിഭാഷ ചെയ്യാം. ഇത് “ദൈവത്തിന്റെ മഹത്വത്തിനായി (ഒരു വ്യക്തിയെ) വേര്തിരിക്കുക” എന്നും പരിഭാഷ ചെയ്യാം. “അശുദ്ധമായ” എന്നതിനെ പരിഭാഷ ചെയ്യുവാന്“വിശുദ്ധം അല്ലാത്ത” അല്ലെങ്കില്“ദൈവത്തിനു ഉള്പ്പെടാത്ത”അല്ലെങ്കില്“ദൈവത്തെ ബഹുമാനിക്കാത്ത” അല്ലെങ്കില്”ദൈവീകം അല്ലാത്തത്” എന്നിങ്ങനെ ഉള്പ്പെടുത്താം.
- ചില സാഹചര്യങ്ങളില്, “ആശുധമായത്” എന്നത് “ശുദ്ധിയില്ലാത്തത്” എന്ന് പരിഭാഷ ചെയ്യാം.

(കാണുക:പരിശുദ്ധാത്മാവ്, വേര്തിരിക്കുക, വിശുദ്ധീകരിക്കുക, വേര്തിര്ക്കുക)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 28:20-22
- 2രാജാക്കന്മാര് 03:1-2
- വിലാപങ്ങള് 04:1-2
- യെഹസ്ക്കേല് 20:18-20
- മത്തായി 07:6
- മര്ക്കോസ് 08:38
- അപ്പോ. 07:33-34
- അപ്പോ. 11:7-10
- റോമര്:1-3
- 2കൊരിന്ത്യര്:3-5
- കൊലോസ്സ്യര് 01:21-23
- 1 തെസ്സലോനിക്യര്03:11-13
- 1തെസ്സലോനിക്യര് 04:7-8
- 2തിമോത്തിയോസ് 03:14-15

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **01:16** അവന്(ദ്രവം) ഏഴാം നാളിനെ അനുഗ്രഹിക്കുകയും അതിനെ **വിശുദ്ധീകരിക്കുകയും** ചെയ്തു.
- **09:12** "നീ **വിശുദ്ധമായ** സ്ഥലത്ത് നില്ക്കുന്നു."
- **13:01** നീ എന്നെ അനുസരിക്കുകയും എന്റെ ഉടമ്പടി സൂക്ഷിക്കുകയും ചെയ്യുമെങ്കില്, നീ എനിക്ക് വിലയേറിയ നിക്ഷേപവും, രാജകീയ പുരോഹിതന്മാരും, ഒരു **വിശുദ്ധ** ജാതിയും ആയിരിക്കും."
- **13:5** "ശബ്ബത്ത് ദിനത്തെ **വിശുദ്ധമായി** സൂക്ഷിക്കുവാന്ഇപ്പോഴും ശ്രദ്ധയോടെ ഇരിക്കുക."
- **22:05** "ആകയാല്ശിശു **വിശുദ്ധമായ**, ദൈവത്തിന്റെ പുത്രന്ആയിരിക്കും.
- **50:02** നാം യേശുവിന്റെ മടങ്ങി വരവിനായി കാത്തിരിക്കയാല്, ദൈവത്തെ മാനിക്കുന്ന രീതിയില് **വിശുദ്ധം** ആയൊരു ജീവതം നയിക്കണം.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H430, H2455, H2623, H4676, H4720, H6918, H6922, H6942, H6944, H6948, G37, G38, G39, G40, G41, G42, G462, G1859, G2150, G2412, G2413, G2839, G3741, G3742

# വിശുദ്ധീകരിക്കുക, വിശുദ്ധീകരിക്കുന്നു, വിശുദ്ധീകരണം

## നിര്വചനം:

വിശുദ്ധീകരിക്കുക എന്നാല്വേര്തിരിക്കുക അല്ലെങ്കില്പരിശുദ്ധീകരണം ചെയ്യുക എന്നാണ് അര്ത്ഥം. വിശുദ്ധീകരണം എന്നാല്പരിശുദ്ധീകരിക്കുന്ന പ്രക്രിയ എന്നാണര്ത്ഥം.

- പഴയ നിയമത്തില്, ചില പ്രത്യേക വ്യക്തികളെയും വസ്തുക്കളെയും ദൈവത്തിന്റെ സേവക്കായി വിശുദ്ധീകരിക്കുകയോ, അല്ലെങ്കില്വേര്തിരിക്കുകയോ ചെയ്യാറുണ്ടായിരുന്നു.
- പുതിയ നിയമം പഠിപ്പിക്കുന്നത്യേശുവില്വിശ്വസിക്കുന്ന ജനത്തെ ദൈവം വിശുദ്ധീകരിക്കുന്നു എന്നാണ്. അതായത്, താന്അവരെ ശുദ്ധീകരിക്കുകയും അവരെ തന്റെ സേവനത്തിനായി വേര്തിരിക്കുകയും ചെയ്യുന്നു,
- യേശുവില്ഉള്ളതായ വിശ്വാസികള്തങ്ങളെത്തന്നെ ശുദ്ധീകരിക്കണം എന്നും, അവര്ചെയ്യുന്ന സകല കാര്യത്തിലും വിശുദ്ധര്ആയിരിക്കണം എന്നും കല്പ്പിച്ചിരിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യത്തിനു അനുസൃതമായി, "വിശുദ്ധീകരിക്കുക" എന്നത് "വേര്തിരിക്കുക" അല്ലെങ്കില്"വിശുദ്ധീകരിക്കുക" അല്ലെങ്കില്"ശുദ്ധീകരിക്കുക" എന്ന് പരിഭാഷ ചെയ്യാം.
- ജനം തങ്ങളെത്തന്നെ ശുദ്ധീകരിക്കുമ്പോള്, അവര്തങ്ങളെത്തന്നെ ശുദ്ധീകരിക്കുകയും തങ്ങളെത്തന്നെ ദൈവത്തിന്റെ സേവക്കായി സമര്പ്പിക്കുകയും ചെയ്യും. അടിക്കടി "വേര്തിരിക്കുക" എന്ന വാക്കു ഈ അര്ത്ഥത്തോടെ ദൈവ വചനത്തില്ഉപയോഗിച്ചിട്ടുണ്ട്.
- ഇതിന്റെ അര്ത്ഥം "വേര്തിരിക്കുക" എന്ന് ആകുമ്പോള്ഇത് "ആരെയെങ്കിലും (അല്ലെങ്കില്എന്തെങ്കിലും) ദൈവത്തിന്റെ സേവക്കായി സമര്പ്പിക്കുക" എന്ന് പരിഭാഷ ചെയ്യാം.
- സാഹചര്യം അനുസരിച്ച്, "നിങ്ങളുടെ വിശുദ്ധീകരണം" എന്ന പദസഞ്ചയം "നിങ്ങളെ വിശുദ്ധീകരിക്കുക" അല്ലെങ്കില്"നിങ്ങളെ (ദൈവത്തിനായി) വേര്തിരിക്കുക" അല്ലെങ്കില്"നിങ്ങളെ വിശുദ്ധീകരിക്കുന്നതു എന്തോ അത്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: വേര്തിരിക്കുക, വിശുദ്ധമായ, വേര്തിരിക്കപ്പെട്ട)

## ദൈവ വചന സൂചികകള്:

- 1 തെസ്സലോനിക്യര് 04:3-6
- 2 തെസ്സലോനിക്യര് 02:13-15
- ഉല്പ്പത്തി 02:1-3
- ലൂക്കോസ് 11:2
- മത്തായി 06:8-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6942, G37, G38

# വിശ്വസിക്കുക, വിശ്വസിക്കുന്നു, വിശ്വസിച്ചു, വിശ്വാസി, വിശ്വാസം, അവിശ്വാസി, അവിശ്വാസികള്, അവിശ്വാസം

## നിര്വചനം

“വിശ്വസിക്കുക” എന്നും “ല് വിശ്വസിക്കുക” എന്നും ഉള്ള പദങ്ങള്വളരെ അടുത്ത ബന്ധമുള്ളതാണെങ്കിലും, അര്ത്ഥങ്ങളില്നേരിയ വ്യത്യാസങ്ങള്ഉണ്ട്:

## 1.വിശ്വസിക്കുക:

- വിശ്വസിക്കുക എന്നാല്സത്യമെന്ന് വിശ്വാസമര്പ്പിക്കാവുന്നതോ സ്വീകരിക്കാ വുന്നതോ .ആയത്.
- ഒരു വ്യക്തിയെ വിശ്വസിക്കുക എന്നുവെച്ചാല്, ആ വ്യക്തി പ്രസ്താവിച്ചത് സത്യമാണെന്ന് അംഗീകരിക്കുക എന്നര്ത്ഥം.

## 2. ല് വിശ്വസിക്കുക

- “ല് വിശ്വസിക്കുക” എന്നാല് ആ വ്യക്തിയില് “വിശ്വാസമര്പ്പിക്കുക” എന്നര്ത്ഥം. ഇതിന്റെയര്ത്ഥം താന്ആരാകുന്നു എന്നു പറയുന്ന ആ വ്യക്തി, താന്എപ്പോഴും സത്യം സംസാരിക്കുന്നവന്, താന്ചെയ്യാമെന്ന് വാഗ്ദത്തം ചെയ്തത് ചെയ്യുന്നവന്എന്നാകുന്നു.
- ഒരു വ്യക്തി യഥാര്ത്ഥമായി ഒന്നില്വിശ്വസിക്കുമ്പോള്, ആ വിശ്വാസത്തെ പ്രകടമാക്കുന്ന രീതിയില്പ്രവര്ത്തിക്കുന്നതായിരിക്കും.
- “വിശ്വാസമര്പ്പിക്കുക” എന്ന പദസഞ്ചയം സാധാരണയായി അതേ “വിശ്വാസമ ര്പ്പിക്കുക” എന്നു തന്നെയാണ് അര്ത്ഥമാക്കുന്നത്.
- “യേശുവില്വിശ്വസിക്കുക” എന്നതിന്റെയര്ത്ഥം അവിടുന്ന് ദൈവപുത്രനെന്നും, മനുഷ്യനായിത്തീര്ന്ന ദൈവം തന്നെയെന്നും നമ്മുടെ പാപങ്ങള്ക്ക്മറുവിലയായി യാഗാര്പ്പിതനായി മരിച്ചവനെന്നും വിശ്വസിക്കുക എന്നാകുന്നു. ഇതിന്റെയര്ത്ഥം തന്നെ രക്ഷകനെന്ന് വിശ്വസിക്കുകയും തന്നെ ആ നിലയില്ബഹുമാനിക്കുന്ന ജീവിതം നയിക്കുകയും ചെയ്യുക എന്നാണ്. ദൈവവചനത്തില്, “വിശ്വാസി” എന്ന പദം യേശുക്രിസ്തു രക്ഷകന്എന്നു വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന ഒരുവന്എന്നര്ത്ഥം.
- “വിശ്വാസി” എന്ന പദം അക്ഷരീകമായി “വിശ്വസിക്കുന്ന വ്യക്തി” എന്നര്ത്ഥം.
- “ക്രിസ്ത്യാനി” എന്ന പദം വിശ്വാസികള്ക്ക് സ്വാഭാവികമായി പ്രധാന സ്ഥാന പ്പേരായത് എന്തുകൊണ്ടെന്നാല്ഇതു സൂചിപ്പിക്കുന്നത് അവര്ക്രിസ്തുവില്വിശ്വസിക്കുകയും തന്റെ ഉപദേശങ്ങള്അനുസരിക്കുകയും ചെയ്യുന്നു എന്നതാണ്. “അവിശ്വാസം” എന്ന പദം യാതൊന്നിനെ അല്ലെങ്കില്ഒരുവനെ വിശ്വസിക്കാത്ത തിനെ സൂചിപ്പിക്കുന്നു.
- ദൈവവചനത്തില്, “അവിശ്വാസം” എന്നത് യേശു ഒരുവന്റെ രക്ഷകനാണെന്നു വിശ്വസിക്കുകയോ വിശ്വാസമര്പ്പിക്കുകയോ ചെയ്യാതിരിക്കുക ആകുന്നു.
- യേശുവില്വിശ്വസിക്കാതിരിക്കുന്ന ഒരു വ്യക്തിയെ “അവിശ്വാസി” എന്നു വിളിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- “വിശ്വസിക്കുക” എന്നത് “സത്യമാണെന്ന് അറിയുക” അല്ലെങ്കില്“നീതിയാണെന്ന് അറിയുക” എന്നു പരിഭാഷപ്പെടുത്താം.
- “ല്വിശ്വസിക്കുക” എന്നത് പൂര്ണമായി വിശ്വസിക്കുക” അല്ലെങ്കില്“വിശ്വസി ക്കുകയും അനുസരിക്കുകയും ചെയ്യുക” അല്ലെങ്കില് “സമ്പൂര്ണ്ണമായി ആശ്രയിക്കു കയും അനുഗമിക്കുകയും ചെയ്യുക.”
- ചില പരിഭാഷകള് പ്രസ്താവിക്കുവാന് പരിഗണന നല്കുന്നത് “യേശുവില് വിശ്വസിക്കുന്നവന്” അല്ലെങ്കില് “ക്രിസ്തുവില് വിശ്വസിക്കുന്നവന്” എന്നാണ്.
- ഈ പദം “യേശുവില്വിശ്വസിക്കുന്ന വ്യക്തി” അല്ലെങ്കില്“യേശുവിനെ അറി യുകയും അവനായി ജീവിക്കുകയും ചെയ്യുന്ന വ്യക്തി” എന്ന പദം അല്ലെങ്കില്പദസഞ്ചയം മൂലം പരിഭാഷപ്പെടുത്താവുന്നതാണ്.
- “വിശ്വാസി” എന്ന പദത്തെ “യേശുവിന്റെ പിന്ഗാമി” അല്ലെങ്കില്“യേശുവിനെ അറിയുകയും അനുസരിക്കുകയും ചെയ്യുന്ന വ്യക്തി” എന്നിങ്ങനെ പകരമായി പരിഭാഷ ചെയ്യാം.
- “വിശ്വാസി” എന്ന പദം ക്രിസ്തുവില്വിശ്വസിക്കുന്ന ഏതൊരു വിശ്വാസിക്കും പൊതുവില്ഉള്ളതായിരിക്കുമ്പോള്, “ശിഷ്യന്” “അപ്പോസ്തലന്” എന്നീ പദങ്ങള്യേശു ജീവനോടിരുന്ന സമയം തന്നെ അറിഞ്ഞിരുന്നവര്ക്ക് പ്രത്യേകമായി ഉപയോഗിച്ചിരുന്നു. ഈ പദങ്ങള് വ്യത്യസ്തതയുള്ളതായി നിലനിര്ത്തേണ്ടതിനു അവയെ വിവിധ രീതികളില്പരിഭാഷപ്പെടുത്തുന്നത് ഉചിതമാണ്.

- “അവിശ്വാസം” എന്ന പദം “വിശ്വാസക്കുറവു” അല്ലെങ്കില്“വിശ്വാസമില്ലായ്മ” എന്നിങ്ങനെയും മറ്റു രീതികളില്പരിഭാഷപ്പെടുത്താം.
- “അവിശ്വാസി” എന്ന പദം “യേശുവില്വിശ്വസിക്കാത്ത വ്യക്തി” അല്ലെങ്കില്“യേശുവിനെ രക്ഷകനെന്ന് വിശ്വാസമര്പ്പിക്കാത്ത വ്യക്തി” എന്നിങ്ങനെ പരിഭാഷ പ്പെടുത്താം.

(കാണുക:വിശ്വസിക്കുക, അപ്പോസ്തലന്, ക്രിസ്ത്യാനി, ശിഷ്യന്, വിശ്വാസം)

## ദൈവവചന സൂചികകള്:

- ഉല്പത്തി 15:6-8
- ഉല്പത്തി 45:24-26
- ഇയ്യോബ് 09:16-18
- ഹബക്കുക്ക് 01:5-7
- മര്ക്കോസ് 06:4-6
- മര്ക്കോസ് 01:14-15
- ലൂക്കോസ് 09:41-42
- യോഹന്നാന്:12-13
- അപ്പോ.പ്രവര്ത്തികള് 06:5-6
- അപ്പോ.പ്രവര്ത്തികള്09:40-43
- അപ്പോ.പ്രവര്ത്തികള്28:23-24
- റോമര്:3-4
- 1 കൊരിന്ത്യര്:1-3
- 1 കൊരിന്ത്യര്:3-6
- 2 കൊരിന്ത്യര്:14-16
- എബ്രായര്:12-13
- 1 യോഹന്നാന്:23-24

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്;

- **03:04** നോഹ വരുവാന്പോകുന്ന ജലപ്രളയത്തെക്കുറിച്ച് ജനത്തിന് മുന്നറി യിപ്പ് നല്കി അവരോട് ദൈവത്തിങ്കലേക്കു തിരിയുവാന്പറഞ്ഞെങ്കിലും, അവര്അവനെ **വിശ്വസിച്ചില്ല**.
- **04:08** അബ്രഹാം ദൈവത്തിന്റെ വാഗ്ദത്തത്തെ **വിശ്വസിച്ചു**.

അബ്രഹാം ദൈവത്തിന്റെ വാഗ്ദത്തത്തെ **വിശ്വസിച്ചതുകൊണ്ട്** ദൈവം അബ്രഹാമിനെ നീതിമാനായി പ്രഖ്യാപിച്ചു.

- **11:02** തന്നില് **വിശ്വസിക്കുന്ന** ആദ്യജാതന്മാരായ ആരെയും രക്ഷിക്കുവാന്ദൈവം ഒരു മാര്ഗ്ഗം ക്രമീകരിച്ചു.
- **11:06** എന്നാല്മിസ്രയീമര്ദൈവത്തില് **വിശ്വസിക്കുകയോ** തന്റെ കല്പ്പനകള്അനുസരിക്കുകയോ ചെയ്തില്ല.
- **37:05** യേശു മറുപടി നല്കിയത്, “ഞാന്തന്നെ പുനരുദ്ധാനവും ജീവനും ആകുന്നു.

എന്നില് **വിശ്വസിക്കുന്നവന്** ആരായാലും, അവന്മരിച്ചാലും ജീവിക്കും. എന്നില് **വിശ്വസിക്കുന്നവര്** ഏവരും ഒരിക്കലും മരിക്കയില്ല. നീ ഇതു **വിശ്വസിക്കുന്നുവോ?**

- **43:01** യേശു സ്വര്ഗ്ഗത്തിലേക്ക് മടങ്ങിയതിനു ശേഷം, യേശു അവരോടു കല്പ്പിച്ചതുപോലെ ശിഷ്യന്മാര്യെരുശലേമില്തന്നെ താമസിച്ചു. **വിശ്വാസികള്** പ്രാര്ത്ഥനയ്ക്കുവേണ്ടി തുടര്മാനമായി ഒരുമിച്ചുകൂടി.
- **43:03** **വിശ്വാസികള്** ഒരുമിച്ചു കൂടിയിരുന്നപ്പോള്, പെട്ടെന്ന് അവര്കൂടിയിരുന്ന ഭവനം മുഴുവന്ശക്തമായ കൊടുങ്കാറ്റു അടിക്കുന്നതു പോലെയു ള്ള ശബ്ദത്താല്മുഖരിതമായി. അനന്തരം അഗ്നിജ്വാല പോലെയുള്ള ഒന്നു എല്ലാ **വിശ്വാസികളുടെ** ശിരസ്സിന്മേലും പ്രത്യക്ഷമായി.
- **43:13** ഓരോ ദിവസവും, അധികം ജനങ്ങള് **വിശ്വാസികള്** ആയി.
- **46:06** അന്നാളില്യെരുശലേമിലുള്ള നിരവധിപേര്യേശുവിന്റെ അനുഗാമി കളെ പീഡിപ്പിക്കുവാന്തുടങ്ങി, അതിനാല് **വിശ്വാസികള്** മറ്റു സ്ഥലങ്ങളി ലേക്ക് ഓടിപ്പോകാനിടയായി. എന്നാല് ഇതിനു പകരമായി അവര്ചെന്ന ഇടങ്ങളിലെല്ലാം യേശുവിനെ ക്കുറിച്ച് പ്രസംഗിക്കുവാനിടയായി.
- **46:01** സ്തെഫാനോസിനെ വധിച്ചവരായ പുരുഷന്മാരുടെ വസ്ത്രങ്ങള്സൂക്ഷിച്ചിരുന്ന ചെറുപ്പക്കാരനായിരുന്നു ശൌല്. താന്യേശുവില്വിശ്വസിച്ചിരുന്നില്ല, ആയതിനാല്താന് **വിശ്വാസികളെ** പീഡിപ്പിച്ചുവന്നു.

- **46:09** ചില **വിശ്വാസികള്** യെരുശലേമിലെ പീഡനങ്ങളില്നിന്നും ദൂര ത്തേക്കു,അന്ത്യോക്യ പട്ടണത്തോളവും കടന്നുപോയി യേശുവിനെക്കുറിച്ച് പ്രസംഗിച്ചു., അവിടെ അന്ത്യോക്യയില്വെച്ചാണ് യേശുവിലുള്ള **വിശ്വാസി കള്ക്ക്** ആദ്യമായി ക്രിസ്ത്യാനികള്" എന്ന പേര് വിളിച്ചത്.
- **47:14** കൂടാതെ അവര്സഭകളിലുള്ള **വിശ്വാസികള്ക്ക്** പ്രോത്സാഹനം നല്കിയും ധൈര്യപ്പെടുത്തിയും നിരവധി ലേഖനങ്ങള്എഴുതിയിരുന്നു,

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H539, H540, G543, G544, G569, G570, G571, G3982, G4100, G4102, G4103, G4135

# വിശ്വസ്തതയുള്ള, വിശ്വസ്തത, അവിശ്വസ്തതയുള്ള, അവിശ്വസ്തത

## നിര്വചനം:

ദൈവത്തോട് "വിശ്വസ്തത" ഉണ്ടായിരിക്കുക എന്നാല്ദൈവത്തിന്റെ ഉപദേശങ്ങളോട് അനുരൂപമായി ജീവിക്കുക എന്നാണര്ത്ഥം. ഇതിന്റെയര്ത്ഥം അവനെ അനുസരിക്കുന്നതിലൂടെ അവനു ആദരവായിരിക്കുക എന്നാണ്. വിശ്വസ്തതയുല്ലവനായിരിക്കുക എന്ന സ്ഥിതിയെ അല്ലെങ്കില്നിലയെ "വിശ്വസ്തത" എന്നു പറയുന്നു.

- വിശ്വസ്തനായ ഒരു വ്യക്തി തന്റെ വാഗ്ദത്തങ്ങള്ഇപ്പോഴും പാലിക്കുവാന്ആശ്രയിക്കാവുന്നവനും മറ്റുള്ളവരോടുള്ള തന്റെ ഉത്തരവാദിത്വങ്ങള്നിറവേറ്റുന്നവനും ആയിരിക്കുന്നു.
- വിശ്വസ്തനായ ഒരു വ്യക്തി തന്റെ ദൌത്യം എത്ര ദീര്ഘവും വിഷമകരവും ആയിരുന്നാലും അത് പൂര്ത്തീകരിക്കുന്നതില്അശ്രാന്തപരിശ്രമം നടത്തുന്നവനായിരിക്കും.
- ദൈവത്തോടുള്ള വിശ്വസ്തത എന്നത് ദവം നമ്മോടു പറഞ്ഞിട്ടുള്ളവ ചെയ്യുന്നതിലുള്ള സ്ഥിരതയുള്ള പ്രവര്ത്തി ആകുന്നു. "അവിശ്വസ്തത" എന്ന പദം വിവരിക്കുന്നത് ജനം ദൈവം അവരോടു കല്പ്പിച്ചിട്ടുള്ളവ ചെയ്യാതിരിക്കുക എന്നതാണ്. അവിശ്വസ്തതനായിരിക്കുന്നതോ ആ നില തുടരുന്നതോ "അവിശ്വസ്തത" എന്നു പറയുന്നു.
- ഇസ്രയേല്ജനം വിഗ്രഹങ്ങളെ ആരാധിക്കുവാന്തുടങ്ങുകയും മറ്റു രീതികളില്ദൈവത്തെ അനുസരിക്കാതെ വരികയും ചെയ്തപ്പോള്അവരെ "അവിശ്വസ്തതര്" എന്നു വിളിപ്പാനിടയായി.
- വിവാഹത്തില്, ഒരു വ്യക്തി വ്യഭിചാരം ചെയ്യുമ്പോള്"അവന്റെ അല്ലെങ്കില്അവളുടെ ജീവിത പങ്കാളിയോട് "അവിശ്വസ്തത" പുലര്ത്തുന്നു.
- "അവിശ്വസ്തത" എന്ന പദം ഇസ്രയേലിന്റെ അനുസരണമില്ലാത്ത സ്വഭാവത്തെ സൂചിപ്പിക്കുവാന്ദൈവം ഉപയോഗിച്ചു. അവര്ദൈവത്തെ അനുസരിക്കുകയോ ബഹുമാനിക്കുകയോ ചെയ്തിരുന്നില്ല.

## പരിഭാഷ നിര്ദേശങ്ങള്:

- പല സാഹചര്യങ്ങളില്, "വിശ്വസ്തന്" എന്ന പദം "കൂറുള്ള" അല്ലെങ്കില്"സമര്പ്പിച്ച" അല്ലെങ്കില്"ആശ്രയിക്കുവാന്കൊള്ളാകുന്ന" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- മറ്റു സാഹചര്യങ്ങളില്, ""വിശ്വസ്തതയുള്ള" എന്നത് "വിശ്വാസത്തില്തുടരുന്ന" അല്ലെങ്കില്ദൈവത്തെ വിശ്വസിക്കുന്നതിലും അനുസരിക്കുന്ന തിലും സൂക്ഷിക്കുന്ന" എന്നു അര്ത്ഥം നല്കുന്ന പദമോ പദസഞ്ചയമോ മൂലം പരിഭാഷപ്പെടുത്താം.
- "വിശ്വസ്തത" എന്ന പദം പരിഭാഷപ്പെടുത്തുന്ന രീതികളില്"വിശ്വസിക്കുന്നതില്തുടരുന്ന" അല്ലെങ്കില്"കൂറുള്ള" അല്ലെങ്കില്"വിശ്വാസയോഗ്യം" അല്ലെങ്കില് "ദൈവത്തില്വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്ന" എന്നിവയും ഉള്പ്പെടുത്താം.
- സാഹചര്യമനുസരിച്ച്, "അവിശ്വസ്തന്" എന്നത് "വിശ്വസ്തത ഇല്ലാത്തവന്" അല്ലെങ്കില്"വിശ്വാസമില്ലാത്തവന്" അല്ലെങ്കില്"അനുസരണമില്ലാത്തവന്" അല്ലെങ്കില്"കൂറില്ലാത്തവന്" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- "അവിശ്വസ്തന്" എന്ന പദം "(ദൈവത്തോട്) വിശ്വസ്തതയില്ലാത്ത ജനം" അല്ലെങ്കില്"അവിശ്വസ്തരായ ജനം" അല്ലെങ്കില്"ദൈവത്തെ അനുസരിക്കാത്ത ജനം" അല്ലെങ്കില്ദൈവത്തിനെതിരെ മത്സരിക്കുന്ന ജനം" എന്നു പരിഭാഷപ്പെടുത്താം.
- "അവിശ്വസ്തത" എന്ന പദം "അനുസരണക്കേട്" എന്നോ "കൂറില്ലായ്മ" എന്നോ വിശ്വസിക്കുന്നതോ അനുസരിക്കുന്നതോ ഇല്ല" എന്നോ പരിഭാഷപ്പെടുത്താം.
- ചില ഭാഷകളില്"അവിശ്വസ്തത" എന്ന പദം "അവിശ്വാസം" എന്ന പദത്തോട് ബന്ധപ്പെട്ടിരിക്കുന്നു.

(കാണുക:വ്യഭിചാരം, വിശ്വസിക്കുക, അനുസരണക്കേട്, വിശ്വാസം, വിശ്വസിക്കുക)

## ദൈവവചന സൂചികകള്:

- ഉല്പ്പത്തി 24:49
- ലേവ്യപുസ്തകം 26:40-42
- സംഖ്യാപുസ്തകം12:6-8
- യോശുവ 02:14
- ന്യായാധിപന്മാര്02:16-17
- 1 ശമുവേല്02:9
- സങ്കീര്ത്തനങ്ങള്012:1
- സദൃശവാക്യങ്ങള്11:12-13
- യെശ്ശയ്യാവ് 01:26

- യിരെമ്യാവ് 09:7-9
- ഹോശേയ 05:5-7
- 1ലൂക്കോസ് 12:45-46](rc://ml/tn/help/luk/12/45)
- ലൂക്കോസ് 16:10-12
- കൊലോസ്സ്യര്01:7-8
- 1 തെസ്സലോനിക്യര്05:23-24
- 3 യോഹന്നാന്01:5-8

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **08:05** കാരാഗ്രഹത്തില്പ്പോലും യോസേഫ് ദൈവത്തോട് **വിശ്വസ്തനായിരുന്നു**, ദൈവം അവനെ അനുഗ്രഹിക്കുകയും ചെയ്തു.
- **14:12** എങ്കിലും, ദൈവം അബ്രാഹാമിനോടും, യിസഹാക്കിനോടും യാക്കോബിനോടും ചെയ്ത വാഗ്ദത്തങ്ങളോട് **വിശ്വസ്തനായിരുന്നു.**
- **15:13** ജനം ദൈവത്തോട് **വിശ്വസ്തരായി** തുടരാമെന്നും തന്റെ ന്യായപ്രമാണം പിന്തുടരാമെന്നും വാഗ്ദത്തം ചെയ്തു.
- **17:09** ദാവീദ് ന്യായത്തോടും **വിശ്വസ്തതയോടും** കൂടെ ദീര്ഘവര്ഷങ്ങള്ഭരിക്കുകയും ദൈവം അവനെ അനുഗ്രഹിക്കുകയും ചെയ്തു. എങ്കിലും, തന്റെ ജീവിതാന്ത്യത്തില്ദൈവത്തിനെതിരെ ഭയങ്കരമായ പാപം ചെയ്തു.
- **18:04** ദൈവം ശലമോനോട് കോപിതനായി, ശലോമോന്റെ **അവിശ്വസ്തതയ്ക്ക്** ശിക്ഷയായി ശലോമോന്റെ കാലശേഷം ഇസ്രയേല്രാജ്യം രണ്ടായി വിഭജിക്കപ്പെടുമെന്നും വാഗ്ദത്തം ചെയ്തു.
- **35:12**”മൂത്ത പുത്രന്തന്റെ പിതാവിനോട് പറഞ്ഞത്, “ഈ വര്ഷങ്ങളിലെല്ലാം ഞാന്അങ്ങേക്കുവേണ്ടി **വിശ്വസ്തതയോടെ** പ്രവര്ത്തിച്ചു” എന്നാണ്.
- **49:17** എന്നാല്നിങ്ങള്നിങ്ങളുടെ പാപങ്ങളെ ഏറ്റു പറയുന്നുവെങ്കില്താന്നിങ്ങളോട് ക്ഷമിക്കും, ദൈവം **വിശ്വസ്തന്** ആകുന്നു.
- **50:04** നിങ്ങള്അന്ത്യത്തോളം എന്നോട് **വിശ്വസ്തരായിരിക്കുമെങ്കില്**, ദൈവം നിങ്ങളെ രക്ഷിക്കും.”

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H529, H530, H539, H540, H571, H898, H2181, H4603, H4604, H4820, G569, G571, G4103

# വിശ്വാസം

## നിര്വചനം:

പൊതുവേ, "വിശ്വാസം" എന്ന പദം ഒരു വ്യക്തിയില്അല്ലെങ്കില് എന്തിലെങ്കിലും ഉള്ള വിശ്വാസത്തെയോ, ആശ്രയത്തെയോ, ഉറപ്പിനെയോ സൂചിപ്പിക്കുന്നു.

- ഒരു വ്യക്തിയില് "വിശ്വാസമുള്ളവനായിരിക്കുക" എന്നാല് ആ വ്യക്തി പറയുന്നത് സത്യവും വിശ്വാസയോഗ്യവും ആണെന്ന് വിശ്വസിക്കുന്നത് ആകുന്നു. "യേശുവില് വിശ്വാസമുള്ളവനായിരിക്കുക" എന്നാല് യേശുവിനെ ക്കുറിച്ചുള്ള ദൈവത്തിന്റെ എല്ലാ ഉപദേശങ്ങളും വിശ്വസിക്കുക എന്നുള്ളതാണ്. പ്രത്യേകാല് ഇതു അര്ത്ഥമാക്കുന്നത് ജനം അവരുടെ പാപം നിമിത്തം പാപത്തില്നിന്നും ശുദ്ധീകരണം പ്രാപിക്കേണ്ടതിനും അനുഭവ്യ മാക്കേണ്ട ശിക്ഷയില്നിന്നും വിടുവിക്കപ്പെടെണ്ടതിനും യേശുവിലും തന്റെ യാഗത്തിലും ആശ്രയിക്കുന്നു എന്നാണ്.
- യേശുവിലുള്ള യഥാര്ത്ഥ വിശ്വാസം അല്ലെങ്കില് ആശ്രയം ഒരു വ്യക്തിയില് നല്ല ആത്മീയ ഫലങ്ങള് അല്ലെങ്കില് സ്വഭാവങ്ങള് പരിശുദ്ധാത്മാവ് തന്നില് വസിക്കുന്നതിനാല് ഉളവാക്കും.
- ചില സന്ദര്ഭങ്ങളില്"വിശ്വാസം" എന്നത് പൊതുവേ യേശുവിനെക്കുറിച്ചുള്ള എല്ലാ ഉപദേശങ്ങളെയും "വിശ്വാസത്തിന്റെ "വിശ്വാസം സൂക്ഷിക്കുക" അല്ലെങ്കില് "വിശ്വാസം ത്യജിക്കുക" എന്നിവയില് "വിശ്വാസം" എന്ന പദം യേശുവിനെക്കുറിച്ചുള്ള സകല ഉപദേശങ്ങളും വിശ്വസിക്കുന്ന സ്ഥിതിയെയോ അവസ്ഥയെയോ സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ചില സാഹചര്യങ്ങളില്, "വിശ്വാസം" എന്നത് "മതവിശ്വാസം" അല്ലെങ്കില്"ദൃഡവിശ്വാസം" അല്ലെങ്കില് "ഉറപ്പ്" അല്ലെങ്കില് "ആശ്രയം" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- ചില ഭാഷകളില്ഈ പദങ്ങള് "വിശ്വസിക്കുക" എന്നതിന്റെ ക്രിയാപദ രൂപങ്ങള്പരിഭാഷയ്ക്കായി ഉപയോഗിക്കുന്നു.. (കാണുക:ഗുണനാമങ്ങള്](സംഗ്രഹ നാമങ്ങൾ ))
- "വിശ്വാസം കാത്തുകൊള്ളുക" എന്ന ആശയം "യേശുവിലുള്ള വിശ്വാസം കാത്തുകൊള്ളുക" അല്ലെങ്കില് യേശുവില് വിശ്വസിക്കുന്നത് തുടരുക" എന്നു പരിഭാഷപ്പെടുത്താം. "അവരുിശ്വാസത്തിന്റെ ആഴമേറിയ സത്യങ്ങള് സൂക്ഷിക്കണം" എന്നത് "അവര്ക്ക് ഉപദേശിച്ചതായ യേശുവിനെക്കുറിച്ചുള്ള സത്യങ്ങള് എല്ലാം അവര് വിശ്വസിച്ചുകൊണ്ടിരിക്കണം" എന്നു പരിഭാഷപ്പെടുത്താം. "വിശ്വാസത്തില്എന്റെ സത്യ പുത്രനായിരിക്കുന്ന" എന്ന ആശയം "ഞാന്അവനെ യേശുവില്വിശ്വസിക്കുവാന്പഠിപ്പിച്ചതിനാല്എനിക്ക് മകനേ പോലെ ആയിരിക്കുന്ന" അല്ലെങ്കില്"യേശുക്രിസ്തുവില്വിശ്വാസമര്പ്പിച്ചിരിക്കുന്ന എന്റെ യഥാര്ത്ഥ ആത്മീയ പുത്രന്" എന്നു പരിഭാഷപ്പെടുത്താം.

(കാണുക:വിശ്വസ്ക്കുക, വിശ്വസ്തതയുള്ള)

## ദൈവവചന സൂചികകള്:

- 2 തിമോത്തിയോസ് 04:6-8
- അപ്പോ.പ്രവര്ത്തികള്06-7
- ഗലാത്യര്02:20-21
- യാക്കോബ് 02:18-20

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **05:06** യിസഹാക്ക് ഒരു യുവാവായിരിക്കുമ്പോള്, ദൈവം അബ്രഹാമിന്റെ **വിശ്വാസത്തെ** പരീക്ഷിച്ചുകൊണ്ട്പറഞ്ഞത്, "യിസഹാക്കിനെ, നിന്റെ ഏക പുത്രനെത്തന്നെ, കൊന്നു എനിക്ക് യാഗമായി അര്പ്പിക്കുക" എന്നായിരുന്നു.
- **31:07** അനന്തരം അവന്(യേശു) പത്രോസിനോട് പറഞ്ഞത്, "അല്പ **വിശ്വാസിയേ**, എന്തിന് നീ സംശയിച്ചു?"
- **32:16** യേശു അവളോട്പറഞ്ഞത്, "നിന്റെ **വിശ്വാസം** നിന്നെ സൌഖ്യമാക്കിയിരിക്കുന്നു. സമാധാനത്തോടെ പോകുക."
- **38:09** അനന്തരം യേശു പത്രോസിനോട് പറഞ്ഞത്, "സാത്താന്നിങ്ങള്എല്ലാവരെയും വേണമെന്ന് ആവശ്യപ്പെട്ടു, എന്നാല്ഞാന്, പത്രോസേ നിന്റെ **വിശ്വാസം** നഷ്ടമാകാതിരിപ്പാനായി ഞാന്നിനക്കായി പ്രാര്ഥിച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H529, H530, G1680, G3640, G4102, G6066

# വിശ്വാസമില്ലാത്ത, വിശ്വാസമില്ലായ്മ

## നിര്വചനം:

"വിശ്വാസമില്ലാത്ത" എന്ന പദം അര്ത്ഥമാക്കുന്നത് വിശ്വാസമില്ല അല്ലെങ്കില്വിശ്വസിക്കുന്നില്ല എന്നാണ്.

- ഈ വാക്ക് ദൈവത്തില്വിശ്വാസമില്ലാത്ത ജനത്തെ സൂചിപ്പിക്കുവാന്ഉപയോഗിക്കുന്നു. അവരുടെ വിശ്വാസത്തിന്റെ അഭാവം അവരുടെ അനാചാര പ്രവര്ത്തി കള് മൂലം പ്രത്യക്ഷമാകുന്നു.
- പ്രവാചകനായ യിരെമ്യാവ് ഇസ്രയേല്ജനത്തെ ദൈവത്തോട് വിശ്വാസമില്ലാത്തവരും അനുസരണം ഇല്ലാത്തവരും ആകയാല്കുറ്റപ്പെടുത്തുന്നു.
- അവര്വിഗ്രഹങ്ങളെ ആരാധിക്കുകയും ദൈവത്തെ ആരാധിക്കുകയോ അനുസരിക്കുകയോ ചെയ്യാത്ത മറ്റു ജനവിഭാഗങ്ങളുടെ ആചാരങ്ങള്അനുഷ്ടിക്കുകയും ചെയ്തു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യമനുസരിച്ച്, "വിശ്വാസമില്ലാത്ത" എന്ന പദം "അവിശ്വസ്തത" അല്ലെങ്കില്"വിശ്വസിക്കാത്ത" അല്ലെങ്കില്"ദൈവത്തോട് അനുസരണക്കേ ടുള്ള" അല്ലെങ്കില്"വിശ്വസിക്കാത്ത" എന്നു പരിഭാഷപ്പെടുത്താം."
- "വിശ്വാസമില്ലായ്മ" എന്ന പദം "അവിശ്വാസം" അല്ലെങ്കില്"അവിശ്വസ്തത" അല്ലെങ്കില്"ദൈവത്തിനെതിരെയുള്ള മത്സരം" എന്നു പരിഭാഷപ്പെടുത്താം.

(കാണുക: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: വിശ്വസിക്കുക, വിശ്വസ്തത, അനുസരിക്കാതിരിക്കുക)

## ദൈവവചന സൂചികകള്:

- യെഹസ്കേല്:6-8
- എസ്രാ 09:1-2
- യിരെമ്യാവ് 02:18-19
- സദൃശവാക്യങ്ങള്:20-22
- വെളിപ്പാട് 21:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G571

# വീണ്ടും ജനനം, ദൈവത്താല്ജനിച്ചത്, പുതുജനനം

## നിര്വചനം:

"വീണ്ടും ജനനം" എന്ന പദം ആദ്യമായി യേശു ഉപയോഗിച്ചത് ഒരു വ്യക്തി ആത്മീയമായി മരിച്ച അവസ്ഥയില്നിന്നും ആത്മീയമായി ജീവിപ്പിക്കപ്പെടുന്ന അവസ്ഥയിലേക്ക് ദൈവം ഒരുവനെ മാറ്റുന്നതിനെ സൂചിപ്പിക്കുവാനാണ്.

- ദൈവത്താല്ജനിക്കുക" എന്നും "ആത്മാവിനാല്ജനിക്കുക" എന്നുമുള്ള പദങ്ങള്ഒരു വ്യക്തിക്ക് ആത്മീയജീവന്നല്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നു.
- എല്ലാ മനുഷ്യരും ആത്മീയമായി മരിച്ച നിലയില്ജനിക്കുന്നുവെന്നും അവര്യേശുക്രിസ്തുവിനെ അവരുടെ രക്ഷകനായി സ്വീകരിക്കുമ്പോള്"പുതുജനനം" നല്കപ്പെടുകയും ചെയ്യുന്നു.
- ആത്മീയ പുതുജനനം സംഭവിക്കുന്ന നിമിഷം, ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഒരു പുതിയ വിശ്വാസിയുടെ ഉള്ളില്വസിക്കുവാനരംഭിക്കുകയും തന്റെ ജീവിതത്തില്നല്ല ആത്മീയഫലങ്ങള്പുറപ്പെടുവിക്കുവാന്ശക്തീകരിക്കയും ചെയ്യുന്നു.
- ഒരുവന് വീണ്ടും ജനിക്കുന്നതും ദൈവപൈതലായി തീരുന്നതും ദൈവത്തിന്റെ പ്രവര്ത്തിയാകുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "വീണ്ടും ജനനം" എന്നത് "പുതുതായി ജനിക്കുക" അല്ലെങ്കില്"ആത്മീയമായി ജനിക്കുക" എന്നിവയും ഉള്പ്പെടുത്തി പരിഭാഷപ്പെടുത്താം.
- ഈ പദം അക്ഷരീകമായി പരിഭാഷപ്പെടുത്തുന്നതും പുതിയതായി ജനിക്കുക എന്നതിന് ഭാഷയിലുള്ള സാധാരണ വാക്ക് ഉപയോഗിക്കുന്നതും വളരെ നല്ലതാണ്.

"പുതിയ ജനനം" എന്ന പദം "ആത്മീയ ജനനം" എന്നു പരിഭാഷപ്പെടുത്താം.

- "ദൈവത്താല്ജനിച്ചത്" എന്ന പദസഞ്ചയം "പുതിയതായി ജനിച്ച ശിശുവിനെ പ്പോലെ പുതിയ ജീവിതം ഉണ്ടാകേണ്ടതിന് ദൈവം ഇടയാക്കി" എന്നോ "ദൈവത്താല്പുതിയ ജീവന്നല്കപ്പെട്ടു" എന്നോ പരിഭാഷപ്പെടുത്താം.
- അതുപോലെ, "ആത്മാവില്ജനിച്ചത്" എന്നത് "പരിശുദ്ധാത്മാവിനാല്നവ ജീവന്നല്കപ്പെട്ടത്" അല്ലെങ്കില്"ദൈവത്തിന്റെ പൈതല്ആകുവാന്പരിശു ദ്ധാത്മാവിനാല്ശക്തീകരിക്കപ്പെട്ടത്" അല്ലെങ്കില്പുതിയതായി ജനിച്ച ശിശുവിനെ നവജീവന്പ്രാപിക്കേണ്ടതിനു ആത്മാവ് ഇടയാക്കി" എന്നു പരിഭാഷപ്പെടുത്താം.

(കാണുക: പരിശുദ്ധാത്മാവ്, രക്ഷിക്കുക)

## ദൈവവചന സൂചികകള്:

- 1 യോഹന്നാന്03:9-10
- 1 പത്രോസ് 01:3-5
- 1 പത്രോസ് 01:22-23
- യോഹന്നാന്03:3-4
- യോഹന്നാന്03:7-8
- തീത്തോസ് 03:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G313, G509, G1080, G3824

# വീണ്ടെടുക്കുക, വീണ്ടെടുക്കുന്നു, വീണ്ടെടുപ്പ്, വീണ്ടെടുപ്പുകാരന്

## നിര്വചനം:

"വീണ്ടെടുക്കുക" എന്നും "വീണ്ടെടുപ്പ്" എന്നത് മുന്പ് സ്വന്തമായിരുന്ന എന്തിനെ എങ്കിലും അല്ലെങ്കില് ആരെയെങ്കിലും വീണ്ടും വിലകൊടുത്തു വാങ്ങുന്നതിനെ സൂചിപ്പിക്കുന്നു. "വീണ്ടെടുപ്പ്" എന്നത് ആ പ്രവര്ത്തി ചെയ്യുന്ന നടപടി ആകുന്നു. "വീണ്ടെടുപ്പുകാരന്" എന്ന വ്യക്തി എന്തിനെ എങ്കിലും അല്ലെങ്കില് ആരെയെങ്കിലും വീണ്ടെടുക്കുന്നവന് ആകുന്നു.

- ജനങ്ങളെയോ അല്ലെങ്കില് വസ്തുക്കളെയോ എപ്രകാരം ആണ് വീണ്ടെടുക്കേണ്ടത് എന്നത് സംബന്ധിച്ച നിയമങ്ങള് ദൈവം ഇസ്രയേല്യര്ക്കു നല്കിയിരുന്നു.
- ഉദാഹരണമായി, ഒരു വ്യക്തിക്ക് അടിമത്തത്തില് കഴിയുന്ന ഒരു വ്യക്തിയെ നിശ്ചിത തുക വിലയായി നല്കി അത് നിമിത്തം ആ അടിമയ്ക്ക് സ്വതന്ത്രനായി പോകുവാന് ഇടയാകും. "മോചന ദ്രവ്യം" എന്നതും ഈ പ്രവര്ത്തിയെ സൂചിപ്പിക്കുന്നു.
- ഒരു വ്യക്തിയുടെ നിലം വില്ക്കപ്പെട്ടാല്, ആ വ്യക്തിയുടെ ഒരു ബന്ധുവിന് ആ ഭൂമി "വീണ്ടെടുക്കുകയോ" അല്ലെങ്കില് "തിരിച്ചു വാങ്ങുകയോ" ചെയ്യുന്നത് മൂലം അത് ആ കുടുംബത്തില് തന്നെ നില നില്ക്കുന്നതായി കാണപ്പെടും.
- ഈ പ്രവര്ത്തികള് കാണിക്കുന്നത് ദൈവം എപ്രകാരം പാപത്തിനു അടിമയായി കഴിയുന്ന ജനത്തെ വീണ്ടെടുക്കുന്നു എന്നുള്ളതാണ്. താന്കുരിശില് മരിച്ചപ്പോള്, യേശു മനുഷ്യന്റെ പാപങ്ങള്ക്കുള്ള മുഴു വിലയും കൊടുത്തു രക്ഷക്കായി തന്നില് ആശ്രയിക്കുന്ന എല്ലാവരെയും തന്നെ വീണ്ടെടുക്കുകയും ചെയ്തു. ദൈവത്താല് വീണ്ടെടുക്കപ്പെട്ട ജനം പാപത്തില് നിന്നും അതിനുള്ള ശിക്ഷയില് നിന്നും സ്വാതന്ത്ര്യം പ്രാപിച്ചവര് ആകുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, "വീണ്ടെടുപ്പ്" എന്ന പദവും "തിരികെ വാങ്ങിക്കുക" അല്ലെങ്കില് "സ്വതന്ത്രം ആക്കുവാനായി (ആരെയെങ്കിലും) പണം നല്കുക" അല്ലെങ്കില് "മോചന ദ്രവ്യം" നല്കുക എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "വീണ്ടെടുപ്പു" എന്ന പദം "മോചന ദ്രവ്യം" അല്ലെങ്കില് "സ്വാതന്ത്ര്യത്തിനുള്ള പണം" അല്ലെങ്കില് "തിരികെ വാങ്ങല്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "മോചന ദ്രവ്യം" എന്നും "വീണ്ടെടുപ്പ്" എന്നും ഉള്ള വാക്കുകള്ക്കു ഒരേ അര്ത്ഥമാണ് ഉള്ളത്, അതുകൊണ്ട് ചില ഭാഷകളില്ഈ രണ്ടു പദങ്ങള് പരിഭാഷ ചെയ്യുന്നതിന് ഒരു പദം മാത്രമേ ഉള്ളൂ. എങ്കില്തന്നെയും "മോചന ദ്രവ്യം" എന്ന പദം, ആവശ്യമായ പണം നല്കുക എന്നും അര്ത്ഥം ഉണ്ട്.

(കാണുക: സൌജന്യം, മോചന ദ്രവ്യം)

## ദൈവ വചന സൂചികകള്:

- കൊലോസ്യര്01:13-14
- എഫെസ്യര്01:7-8
- എഫെസ്യര്05:15-17
- ഗലാത്യര്03:13-14
- ഗലാത്യര്04:3-5
- ലൂക്കോസ് 02:36-38
- രൂത്ത് 02:19-20

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1350, H1353, H6299, H6302, H6304, H6306, H6561, H7069, G59, G629, G1805, G3084, G3085

# വെളിപ്പെടുത്തുക, വെളിപ്പെടുത്തുന്നു, വെളിപ്പെടുത്തി, വെളിപ്പാട്

## നിര്വചനം:

"വെളിപ്പെടുത്തുക" എന്ന പദം അര്ത്ഥം നല്കുന്നത് എന്തെങ്കിലും ഒന്ന് അറിയപ്പെടുന്നതാക്കി തീര്ക്കുക എന്നാണ്. ഒരു "വെളിപ്പാട്" എന്നത് എന്തോ ഒന്നിനെ അറിയുന്നതാക്കി തീര്ക്കുക എന്നതാണ്.

- താന് സൃഷ്ടിച്ച സകലവും മുഖാന്തിരവും പ്രസ്താവിക്കപ്പെട്ടതും എഴുതപ്പെട്ടതും ആയ തന്റെ സന്ദേശങ്ങള് മൂലവും ദൈവം തന്നെ സ്വയം വെളിപ്പെടുത്തിയിരിക്കുന്നു.
- ദൈവം സ്വപ്നങ്ങള് മൂലമായും ദര്ശനങ്ങള് മൂലമായും തന്നെ വെളിപ്പെടുത്തുന്നു.
- "യേശു ക്രിസ്തുവില് നിന്ന് തനിക്കു ലഭിച്ചതു" എന്ന് തനിക്കു ലഭിച്ച സുവിശേഷത്തെ കുറിച്ച് പൌലോസ് പ്രസ്താവിക്കുമ്പോള് താന് അര്ത്ഥമാക്കിയത് യേശു തന്നെ സുവിശേഷത്തെ കുറിച്ച് തനിക്കു വിശദീകരിച്ചു നല്കി എന്നാണ്.
- പുതിയ നിയമ പുസ്തകമായ "വെളിപ്പാട്" പുസ്തകത്തില് അന്ത്യ കാലത്ത് സംഭവിക്കുവാന് പോകുന്ന സംഭവങ്ങളെ കുറിച്ച് ദൈവം വെളിപ്പെടുത്തിയിരിക്കുന്നു. ദര്ശനങ്ങളില് കൂടെ താന് അത് അപ്പോസ്തലനായ യോഹന്നാനു വെളിപ്പെടുത്തി.

## പരിഭാഷ നിര്ദേശങ്ങള്:

- "വെളിപ്പെടുത്തുക" എന്നത് പരിഭാഷ ചെയ്യുവാന് ഉള്ള രീതികളില് "അറിയിക്കുക" അല്ലെങ്കില് "മറ നീക്കുക" അല്ലെങ്കില് "വ്യക്തമായി പ്രദര്ശിപ്പിക്കുക" എന്നിവ ഉള്പ്പെടുത്താം.
- സാഹചര്യം അനുസരിച്ചു, "വെളിപ്പാട്" എന്നതിനെ പരിഭാഷ ചെയ്യുവാന് ഉള്ളതായ സാധ്യമായ രീതികള് "ദൈവത്തില് നിന്നും ഉള്ള ആശയ വിനിമയം" അല്ലെങ്കില് "ദൈവം വെളിപ്പെടുത്തിയതായ സംഗതികള്" അല്ലെങ്കില് "ദൈവത്തെ കുറിച്ചുള്ള ഉപദേശങ്ങള്" എന്നിങ്ങനെ പരിഭാഷ ചെയ്യാം. പരിഭാഷയില് "വെളിപ്പെടുത്തുക" എന്നതിന്റെ അര്ത്ഥം സൂക്ഷിക്കുക എന്നത് ഉത്തമം ആകുന്നു.
- "എവിടെ വെളിപ്പാട് ഇല്ലാതെ ഇരിക്കുന്നുവോ" എന്ന പദസഞ്ചയം "ദൈവം തന്നെ കുറിച്ച് ജനത്തിനു വെളിപ്പാട് നല്കാതിരിക്കുമ്പോള്" അല്ലെങ്കില് "ദൈവം ജനത്തോടു സംസാരിക്കാതെ ഇരിക്കുമ്പോള്" അല്ലെങ്കില് " ദൈവം ആശയ വിനിമയം നടത്താത്ത ജനങ്ങള്ക്ക് ഇടയില്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: സുവാര്ത്ത, സുവിശേഷം, സ്വപ്നം, ദര്ശനം)

## ദൈവ വചന സൂചികകള്:

- ദാനിയേല് 11:1-2
- എഫെസ്യര് 03:3-5
- ഗലാത്യര് 01:11-12
- വിലാപങ്ങള് 02:13-14
- മത്തായി 10:26-27
- ഫിലിപ്പിയര് 03:15-16
- വെളിപ്പാട് 01:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H241, H1540, H1541, G601, G602, G5537

# വേര്തിരിക്കുക

## നിര്വചനം:

“വേര്തിരിക്കുക” എന്ന പദം അര്ത്ഥം നല്കുന്നത് ഒന്നില്നിന്നും വേര്തിരിച്ചു വേറൊരു പ്രത്യേക ദൌത്യം പൂര്ത്തീകരിക്കുന്നതിനായി വേര്തിരിക്കപ്പെട്ടത്എന്നാണ്. കൂടാതെ, ഒരു വ്യക്തിയെ അല്ലെങ്കില്വസ്തുവിനെ “വേര്തിരിക്കുക” എന്നാല്അതിനെ പ്രത്യേകമായി “പിരിച്ചെടുത്ത് വെക്കുക” എന്നാണ്.

- ഇസ്രയേല്യര്ദൈവത്തിന്റെ സേവക്കായി വേര്തിരിക്കപ്പെട്ടവര്ആയിരുന്നു.
- അന്ത്യോക്യയിലെ ക്രിസ്ത്യാനികളോട് പരിശുദ്ധാത്മാവ് പൌലൊസിനെയും ബര്ന്നബാസിനെയും ദൈവം അവര്ചെയ്യണം എന്ന് നിയമിച്ചിരിക്കുന്ന ദൌത്യത്തിനായി വേര്തിരിക്കണം എന്ന് കല്പ്പിച്ചു.
- ദൈവത്തിന്റെ സേവയ്ക്കായി “വേര്തിരിക്കപ്പെട്ട” ഒരു വിശ്വാസി, ദൈവത്തിന്റെ ഹിതം നിറവേറ്റുവാന്“സമര്പ്പിക്കപ്പെട്ടവന്” ആകുന്നു.
- “വിശുദ്ധമായ” എന്ന പദത്തിന്റെ ഒരു അര്ത്ഥം ദൈവത്തിനു ഉള്പ്പെട്ടതും ലോകത്തിന്റെ പാപമയമായ മാര്ഗ്ഗങ്ങളില്നിന്ന് വേര്തിരിക്കപ്പെട്ടതും ആയത് എന്നാണ്.
- ഒരുവനെ “വിശുദ്ധീകരിക്കുക” എന്നതിന്റെ അര്ത്ഥം ആ വ്യക്തിയെ ദൈവത്തിന്റെ സേവനത്തിനായി വേര്പിരിച്ചു മാറ്റുക എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- “വേര്തിരിക്കുക” എന്ന പദം പരിഭാഷ ചെയ്യുവാനുള്ള മാര്ഗ്ഗങ്ങളില്“പ്രത്യേകമായി തിരഞ്ഞെടുത്ത” അല്ലെങ്കില് “നിങ്ങളുടെ ഇടയില്നിന്ന് വേര്തിരിക്കപ്പെട്ട” അല്ലെങ്കില്“പ്രത്യേക ദൌത്യം ചെയ്യുവാനായി മാറ്റി എടുക്കപ്പെട്ട” എന്നിങ്ങനെ ഉള്ളവ ഉള്പ്പെടുത്താം.
- “വേര്തിരിക്കുക” എന്നത് “(നിന്ന്) വേര്തിരിക്കുക” അല്ലെങ്കില് “(വേണ്ടി) പ്രത്യേകമായി നിയമിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: വിശുദ്ധമായ, വിശുദ്ധീകരിക്കുക, നിയമിക്കുക)

## ദൈവ വചന സൂചികകള്:

- എഫെസ്യര്03:17-19
- പുറപ്പാട് 31:12-15
- ന്യായാധിപന്മാര്17:12-13
- സംഖ്യ പുസ്തകം 03:11-13
- ഫിലിപ്പിയര്01:1-2
- റോമര്01:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2764, H4390, H5674, H6918, H6942, H6944, G37, G38, G40, G873

# വ്യഭിചാരം, വ്യഭിചാരപരം, വ്യഭിചാരി, വ്യഭിചാരിണി, വ്യഭിചാരികൾ, വ്യഭിചാരിണികൾ

## നിർവചനം:

"വ്യഭിചാരം" എന്ന പദം സൂചിപ്പിക്കുന്നത് ഒരു വിവാഹിതനായ വ്യക്തി തന്റെ ഭാര്യയല്ലാത്ത വ്യക്തിയുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുന്ന പാപത്തെ ആണ്. രണ്ടുപേരും വ്യഭിചാരക്കുറ്റം ആരോപിക്കപ്പെട്ടവരാണ്.

- "വ്യഭിചാരപരം" എന്ന പദം പൊതുവെ വ്യഭിചാര സ്വഭാവം പുലർത്തുന്ന അല്ലെങ്കിൽഈ പാപം ചെയ്യുന്ന ഏതൊരു വ്യക്തി എന്നു പ്രസ്താവിക്കുന്നു.
- വ്യഭിചാരി" എന്ന പദം പൊതുവെ വ്യഭിചാരകർമ്മത്തിൽ ഇടപെടുന്ന ഏതൊരു വ്യക്തിയെയും കുറിക്കുന്നു.
- ചില സന്ദർഭങ്ങളിൽ "വ്യഭിചാരിണി" എന്ന പദം വ്യഭിചാരം ചെയ്തത് ഒരു സ്ത്രീ എന്നു സൂചിപ്പിക്കുന്നു.
- വ്യഭിചാരം ഒരു ഭർത്താവും ഭാര്യയും പരസ്പരം സ്വീകരിച്ച വിവാഹ ഉടമ്പടിയുടെ ലംഘനം ആകുന്നു.
- വ്യഭിചാരം ചെയ്യരുത് എന്നു ദൈവം ഇസ്രയേല്യരോട് കൽപ്പിച്ചു.
- "വ്യഭിചാരപരം" എന്ന പദം സാധാരണയായി ഒരു ഉപമാന ആശയമായി ഇസ്രയേൽജനത ദൈവത്തോട് പുലർത്തിയ അവിശ്വസ്തത , പ്രത്യേകാൽ അവർ അന്യദൈവങ്ങളെ ആരാധിച്ചതിനെ സൂചിപ്പിക്കുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- "വ്യഭിചാരം" എന്ന പദത്തിന്, ലക്ഷ്യമിടുന്ന ഭാഷയിൽ ഏകപദം ഇല്ലെങ്കിൽ, ഈ പദം "വേറൊരു വ്യക്തിയുടെ ഭാര്യയുമായി ലൈംഗിക ബന്ധത്തിൽഏർപ്പെടുക" അല്ലെങ്കിൽ"വേറൊരു വ്യക്തിയുടെ ഇണയുമായി അടുപ്പത്തിലാകുക" എന്ന പദസഞ്ചയമുപയോഗിച്ചു പരിഭാഷപ്പെടുത്താം.
- ചില ഭാഷകളിൽ വ്യഭിചാരത്തെക്കുറിച്ച് പറയുവാൻ ഒരു പരോക്ഷ മാർഗം ഉണ്ടായിരിക്കാം, അതായത് "വേറൊരു വ്യക്തിയുടെ തുണയുടെകൂടെ ശയിക്കുക" അല്ലെങ്കിൽ"ഒരുവൻ തന്റെ ഭാര്യയോടു അവിശ്വസ്തത കാണിക്കുക" ആദിയായവ. കാണുക: ഭവ്യോക്തി
- "വ്യഭിചാരപരം" എന്നത് ഉപമാന രീതിയിൽ ഉപയോഗിക്കുമ്പോൾ, തന്റെ അനുസരണമില്ലാത്ത ജനത്തെക്കുറിച്ചുള്ള ദൈവത്തിന്റെ കാഴ്ചപ്പാടിനെക്കുറിച്ച് അവിശ്വസ്തതയുള്ള തുണയോട് താരതമ്യം ചെയ്യുന്നു എന്നു വാക്യാർത്ഥത്തിൽതന്നെ പരിഭാഷപ്പെടുത്തുന്നതാണ് ഉത്തമം.
- ലക്ഷ്യമിടുന്ന ഭാഷയിൽകൃത്യമായി സന്ദേശം നൽകുന്നില്ലെങ്കിൽ, "വ്യഭിചാരപരം" എന്നത് ഉപമാനമായി "അവിശ്വസ്തത' എന്നോ "അനാചാരം" എന്നോ "അവിശ്വസ്തയുള്ള തുണ" എന്നോ പരിഭാഷപ്പെടുത്താം."

(കാണുക:ചെയ്യുക, ഉടമ്പടി, ലൈംഗിക അനാചാരം, ശയിക്കുക, വിശ്വസ്തത)

## ദൈവവചന സൂചികകൾ:

- പുറപ്പാട് 20:12-14
- ഹോശേയ 04:1-2
- ലൂക്കോസ് 16:18
- മത്തായി 05:27-28
- മത്തായി 12:38-40
- വെളിപ്പാട് 02:22-23

## ദൈവവചന കഥകളിൽനിന്നുള്ള ഉദാഹരണങ്ങൾ:

- **13:06**"**വ്യഭിചാരം** ചെയ്യരുത്"
- **28:02** "**വ്യഭിചാരം** ചെയ്യരുത്"
- **34:07** "മതനേതാവ് ഇപ്രകാരം പ്രാർഥിച്ചു, "ഞാൻമോഷ്ടാക്കൾ, അനീതിയുള്ളവർ, **വ്യഭിചാരികൾ**, അല്ലെങ്കിൽ ആ ചുങ്കക്കാരൻ എന്നിവരെപ്പോലെ ഒരു പാപിയല്ലായ്കയാൽ"ദൈവമേ, നിനക്ക് നന്ദി"

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5003, H5004, G3428, G3429, G3430, G3431, G3432

# ശക്തി, ശക്തി ഉള്ളവർ

## നിർവചനം:

"ശക്തി" എന്ന പദം സൂചിപ്പിക്കുന്നത് കാര്യങ്ങൾ ചെയ്യുവാൻ അല്ലെങ്കിൽ കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ കഴിവുള്ള, സാധാരണയായി വലിയ ശക്തി ഉപയോഗിക്കുന്ന എന്ന് ആകുന്നു. "ശക്തികൾ" എന്ന് സൂചിപ്പിക്കുന്നത് കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ വലിയ കഴിവ് ഉള്ള ജനം അല്ലെങ്കിൽ ആത്മാക്കൾ എന്ന് സൂചിപ്പിക്കുന്നു.

- "ദൈവത്തിന്റെ ശക്തി" എന്ന് സൂചിപ്പിക്കുന്നത് സകലവും ചെയ്യുവാൻ കഴിവുള്ള ദൈവത്തിന്റെ കഴിവ്, പ്രത്യേകാൽ മനുഷ്യർക്ക് ചെയ്യുവാൻ അസാധ്യമായ കാര്യങ്ങൾ.
- താൻ സൃഷ്ടിച്ചതായ സകലത്തിന്മേലും ദൈവത്തിനു സമ്പൂർണ്ണ അധികാരം ഉണ്ട്.
- താൻ അഗ്രഹിക്കുന്ന കാര്യങ്ങൾ തന്റെ ജനം ചെയ്യേണ്ടതിനു ദൈവം അവർക്ക് ശക്തി കൊടുക്കുന്നു, അതിനാൽ അവർ രോഗികളെ സൌഖ്യം ആക്കുകയോ, മറ്റു അത്ഭുതങ്ങൾ ചെയ്യുകയോ ചെയ്യുമ്പോൾ, അവർ ദൈവത്തിന്റെ ശക്തിയാൽ അത് ചെയ്യുന്നു.
- യേശുവും പരിശുദ്ധാത്മാവും ദൈവം ആയിരിക്കുന്നത് കൊണ്ട് അവർക്കും അതേ ശക്തി ഉണ്ട്.

## [പരിഭാഷ നിർദേശങ്ങൾ:

- സന്ദർഭം അനുസരിച്ച്, "ശക്തി" എന്ന പദം "കഴിവ്" അല്ലെങ്കിൽ "ബലം" അല്ലെങ്കിൽ "ഊർജ്ജം" അല്ലെങ്കിൽ അത്ഭുതങ്ങൾ ചെയ്യുവാൻ ഉള്ളതായ കഴിവ്" അല്ലെങ്കിൽ "നിയന്ത്രണം" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "ശക്തി ഉള്ളവർ" എന്ന പദം പരിഭാഷ ചെയ്യുവാൻ സാധ്യതയുള്ള വഴികളിൽ "ശക്തിയുള്ള ആത്മാക്കൾ" അല്ലെങ്കിൽ "നിയന്ത്രിക്കുന്ന ആത്മാക്കൾ" അല്ലെങ്കിൽ "മറ്റുള്ളവരെ നിയന്ത്രിക്കുന്ന ആളുകൾ" ആദിയായവ ഉൾപ്പെടുന്നു.
- "ഞങ്ങളുടെ ശത്രുക്കളുടെ അധികാരത്തിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ" എന്നുള്ള പദ പ്രയോഗം "ഞങ്ങളുടെ ശത്രുക്കളാൽ നിയന്ത്രിക്കപ്പെടുന്ന അവസ്ഥയിൽ നിന്ന് ഞങ്ങളെ വിടുവിക്കണമേ" എന്ന് പരിഭാഷ ചെയ്യാവുന്നത് ആണ്. ഈ വിഷയത്തിൽ, "ശക്തി" എന്നതിന് ഒരുവൻ തന്റെ ശക്തി ഉപയോഗിച്ചു മറ്റുള്ളവരെ നിയന്ത്രണത്തിൽ ആക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നു എന്ന് അർത്ഥം നൽകുന്നു.

(കാണുക: പരിശുദ്ധാത്മാവ്, യേശു, അത്ഭുതം)

## ദൈവ വചന സൂചികകൾ:

- 1 തെസ്സലോനിക്യർ:4-5
- കൊലൊസ്സ്യർ:11-12
- ഉൽപ്പത്തി 31:29-30
- യിരെമ്യാവ് 18:21-23
- യൂദ 01:24-25
- ന്യായാധിപന്മാർ:18-19
- ലൂക്കോസ് 01:16-17
- ലൂക്കോസ് 04:14-15
- മത്തായി 26:62-64
- ഫിലിപ്പിയർ:20-21
- സങ്കീർത്തനങ്ങൾ080:1-3

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **22:05** ദൈവദൂതൻ വിവരിച്ചു പറഞ്ഞത്, "പരിശുദ്ധാത്മാവ് നിന്റെ അടുക്കൽ വരും, ദൈവത്തിന്റെ ശക്തി നിന്റെ മേൽ നിഴലിടും. ആയതിനാൽ ശിശു ദൈവത്തിന്റെ പുത്രനായ വിശുദ്ധൻ ആയിരിക്കും.
- **26:01** സാത്താന്റെ ശോധനകൾ എല്ലാം ജയിച്ചതിനു ശേഷം, യേശു പരിശുദ്ധാത്മാവിന്റെ **ശക്തിയാൽ** താൻ പാർത്തു വന്ന ഗലീല പ്രദേശങ്ങളിലേക്ക് മടങ്ങി വന്നു.
- **32:15** ഉടനെ തന്നെ യേശു തന്നിൽ നിന്ന് **ശക്തി** പുറപ്പെട്ടു വന്നത് ഗ്രഹിച്ചു.
- **42:11** യേശു മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റു നാൽപ്പതു ദിവസങ്ങൾക്കു ശേഷം, താൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞത്, "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വന്നു എന്റെ പിതാവ് നിങ്ങൾക്ക് **ശക്തി** തരുവോളം യെരുശലേമിൽ തന്നെ പാർത്തു കൊള്ളുവിൻ."

- **43:06** “യിസ്രായേൽ പുരുഷന്മാരെ, നിങ്ങൾ കാണുകയും അറിഞ്ഞിരിക്കുകയും ചെയ്യുന്നതു പോലെ, യേശു ദൈവത്തിന്റെ **ശക്തിയാൽ** വളരെ അധികം അടയാളങ്ങളും അത്ഭുതങ്ങളും ചെയ്ത ഒരു മനുഷ്യൻ ആകുന്നു.”
- **44:08** പത്രോസ് അവരോടു മറുപടി പറഞ്ഞത്, “നിങ്ങളുടെ മുൻപിൽനിൽക്കുന്ന ഈ മനുഷ്യൻ മശീഹ ആകുന്ന യേശുവിന്റെ **ശക്തിയാൽ** തന്നെ സുഖം പ്രാപിച്ചിരിക്കുന്നു.”

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H410, H1369, H2220, H2428, H2429, H2632, H3027, H3028, H3581, H4475, H4910, H5794, H5797, H5808, H6184, H7786, H7980, H7981, H7983, H7989, H8280, H8592, H8633, G1411, G1415, G1756, G1849, G1850, G2478, G2479, G2904, G3168

# ശതാധിപന്, ശതാധിപന്മാര്

## നിര്വചനം:

ശതാധിപന്എന്നത് റോമന്സൈന്യത്തില്തന്റെ കീഴില്100 സൈനികരുടെ സംഘത്തിന്മേല്അധികാരമുള്ളവന്ആയിരുന്നു.

- ഇതു ഇപ്രകാരം അര്ത്ഥം നല്കുന്ന പദസഞ്ചയം കൊണ്ടും പരിഭാഷപ്പെടുത്താം, “നൂറുപേരുടെ നായകന്” അല്ലെങ്കില്”സേനാനേതാവ്” അല്ലെങ്കില്“നൂറുപേരുടെ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്”.
- ഒരു റോമന്ശതാധിപന്തന്റെ ഭൃത്യന്റെ സൌഖ്യത്തിനായി യേശുവിന്റെ അടുക്കല്വന്നു അപേക്ഷിച്ചു.
- യേശുവിന്റെ ക്രൂശികരണത്തിന്റെ ചുമതല ഉണ്ടായിരുന്ന ശതാധിപന്യേശു മരിച്ച വിധത്തിനു സാക്ഷ്യം വഹിച്ചപ്പോള്ആശ്ചര്യഭരിതനായി.
- ദൈവം പത്രോസിന്റെ അടുക്കല്ഒരു ശതാധിപനെ അയക്കുകയും അതിനാല്പത്രോസിനു യേശുവിനെക്കുറിച്ചുള്ള സുവിശേഷം അവനോടു വിശദീകരി ക്കുവാന്സാധിക്കുകയും ചെയ്തു.

(കാണുക: റോം)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്10:1-2
- അപ്പോ.പ്രവര്ത്തികള്27:1-2
- അപ്പോ.പ്രവര്ത്തികള്27:42-44
- ലൂക്കോസ് 07-2-5
- ലൂക്കോസ് 23:46-47
- മര്ക്കോസ് 15:39-41
- മത്തായി 08:5-7
- മത്തായി 27:54-56

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G1543, G2760

# ശബ്ബത്ത്

## നിര്വചനം:

“ശബ്ബത്ത്” എന്ന പദം ആഴ്ചയുടെ ഏഴാം ദിവസത്തെയാണ് സൂചിപ്പിക്കുന്നത്, ആ ദിവസത്തെ വിശ്രമ ദിവസമായും യാതൊരു പ്രവര്ത്തിയും ചെയ്യുവാന് പാടില്ലാത്ത ദിനമായും ആചരിക്കുവാന് വേര്തിരിക്കണം എന്ന് ദൈവം ഇസ്രയേല് ജനത്തോടു കല്പ്പിച്ചിരുന്നു.

- ആറു ദിവസങ്ങള് കൊണ്ട് ദൈവം ലോകത്തിന്റെ സൃഷ്ടിയുടെ പ്രവര്ത്തി തികച്ചശേഷം, ഏഴാം ദിവസം താന് വിശ്രമിച്ചു. അതേ രീതിയില്, ഇസ്രയേല് ജനങ്ങളും ഏഴാം ദിവസത്തെ പ്രത്യേകമായി വിശ്രമത്തിനും ദൈവത്തെ ആരാധിക്കുന്നതിനും ഉള്ളതായ ഒരു ദിവസമായി വേര്തിരിക്കണം എന്ന് ഇസ്രയേല് ജനത്തോടു ദൈവം കല്പ്പിച്ചു.
- “ശബ്ബത്ത് ദിവസത്തെ ആചരിക്കുക” എന്നുള്ള കല്പ്പന പത്ത് കല്പ്പനകളില് ഒന്നായി ഇസ്രയേല് ജനത്തിനു വേണ്ടി മോശെയുടെ കയ്യില്കല്പ്പലകയില് ദൈവം എഴുതിക്കൊടുത്ത പത്തു കല്പ്പനകളില് ഒന്ന് ആയിരുന്നു.
- യഹൂദന്മാര് ദിവസങ്ങളെ എണ്ണുന്ന ക്രമം അനുസരിച്ച്, ശബ്ബത്ത് വെള്ളിയാഴ്ച സന്ധ്യയോടു കൂടെ ആരംഭിക്കുകയും ശനിയാഴ്ച സന്ധ്യവരെ തുടരുകയും ചെയ്യുന്നു.
- ചില സന്ദര്ഭങ്ങളില്ശബ്ബത്തിനെ ദൈവ വചനത്തില്ശബ്ബത്ത് എന്നതിന് പകരം “ശബ്ബത്ത് ദിനം” എന്ന് വിളിച്ചിരിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഇത് “വിശ്രമ ദിവസം” അല്ലെങ്കില്“വിശ്രമം എടുക്കുവാന്ഉള്ള ദിനം” അല്ലെങ്കില്“ജോലി ചെയ്യാതിരിക്കുവാന്ഉള്ള ദിവസം” അല്ലെങ്കില്ദൈവത്തിന്റെ വിശ്രമ ദിവസം” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- ചില പരിഭാഷകളില്ഈ പദം വലിയ അക്ഷരത്തില്ഇത് ഒരു പ്രത്യേക ദിവസം ആണെന്ന് കാണിക്കുവാന്വേണ്ടി “ശബ്ബത്ത് ദിനം” അല്ലെങ്കില്“വിശ്രമ ദിനം” എന്ന് കാണിക്കാറുണ്ട്.
- ഒരു പ്രാദേശിക അല്ലെങ്കില്ദേശീയ ഭാഷയില്ഈ പദം എപ്രകാരം പരിഭാഷ ചെയ്തിരിക്കുന്നു എന്നുള്ളത് പരിഗണിക്കുക.

(കാണുക:അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: വിശ്രമം)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള് 31:2-3
- അപ്പോ. 13:26-27
- പുറപ്പാട് 31:12-15
- യെശ്ശയ്യാവ് 56:6-7
- വിലാപങ്ങള്02:5-6
- ലേവ്യപുസ്തകം 19:1-4
- ലൂക്കോസ് 13:12-14
- മര്ക്കോസ് 02:27-28
- മത്തായി 12:1-2
- നെഹെമ്യാവ് 10:32-33

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **13:05** “**ശബത്ത് ദിനം** വിശുദ്ധമായി ആചരിക്കുവാന്എപ്പോഴും തീര്ച്ച ഉള്ളവര്ആയിരിക്കുക. അതായത്, ആറു ദിവസം നിന്റെ എല്ലാ പ്രവര്ത്തികളും ചെയ്യുക, ഏഴാം ദിവസം നിനക്ക് വിശ്രമത്തിനുള്ള ദിവസവും എന്നെ ബഹുമാനിക്കുവാന്ഉള്ള ദിവസവും ആകുന്നു.”
- **26:02** യേശു തന്റെ ബാല്യ കാലത്ത് ജീവിച്ചു വന്ന നസറെത്ത് എന്ന പട്ടണത്തിലേക്ക് പോയി. **ശബത്തില്** താന്ആരാധാന സ്ഥലത്ത് കടന്നു ചെന്നു.

- **41:03** യേശുവിനെ അടക്കം ചെയ്തതിന്റെ അടുത്ത ദിവസം ഒരു **ശബത്ത്** ദിനം ആയിരുന്നു, ആ ദിനത്തിലെഹൂദന്മാർകല്ലറയിലേക്ക് കടന്നു പോകുവാന്അനുവാദം നല്കപ്പെട്ടിരുന്നില്ല.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4868, H7676, H7677, G4315, G4521

# ശരീരം, ശരീരങ്ങള്

## നിര്വചനം;

“ശരീരം” എന്ന പദം അക്ഷരീകമായി ഒരു മനുഷ്യന്റെയോ അല്ലെങ്കില് മൃഗത്തിന്റെയൊ ശരീരത്തെ സൂചിപ്പിക്കുന്നു. ഈ പദം ഉപമാനമായി ഒരു വസ്തുവിനെയോ അല്ലെങ്കില് വ്യക്തിഗത അംഗങ്ങള് ഉള്ള ഒരു സംഘത്തെയോ സൂചിപ്പിക്കുന്നു.

- സാധാരണയായി “ശരീരം” എന്ന പദം മരിച്ച വ്യക്തിയെയോ അല്ലെങ്കില് മൃഗത്തെയോ സൂചിപ്പിക്കുന്നു. ചില സമയങ്ങളില് ഇതു ഒരു “മൃതശരീരത്തെയോ” അല്ലെങ്കില് ഒരു ജഡത്തെയോ സൂചിപ്പിക്കുന്നു.
- തന്റെ അന്ത്യ പെസഹ അത്താഴത്തില് യേശു തന്റെ ശിഷ്യന്മാരോട്, “ഇത് (അപ്പം) എന്റെ ശരീരം” എന്നു പറഞ്ഞപ്പോള് താന് സൂചിപ്പിച്ചത് തന്റെ ഭൌതിക ശരീരം അവരുടെ പാപത്തിനുള്ള വിലയായി തകര്ക്കപ്പെടും (കൊല്ലപ്പെടും) എന്നായിരുന്നു.
- ദൈവവചനത്തില്, ക്രിസ്ത്യാനികള് ഒരു സംഘമെന്ന നിലയില്“ക്രിസ്തുവി ശരീരം” എന്നായിരുന്നു സൂചിപ്പിക്കപ്പെട്ടത്.
- ഒരു ശരീരത്തില് നിരവധി ഭാഗങ്ങള് ഉള്ളതുപോലെ, “ക്രിസ്തുവിന്റെ “ശരീര ത്തില്” നിരവധി വ്യക്തികളായ അംഗങ്ങള് ഉണ്ട്.
- ദൈവത്തെ സേവിക്കുന്നതിനും തനിക്കു മഹത്ത്വം കൊണ്ടുവരേണ്ടതിനുമായി മുഴു സംഘവും ഒരുമിച്ചു പ്രവര്ത്തിക്കേണ്ടതിനു ക്രിസ്തുവിന്റെ ശരീരത്തില്ഓരോ തനിപ്പെട്ട വിശ്വാസിക്കും പ്രത്യേക കര്മ്മം ഉണ്ട്.
- വിശ്വാസികളാകുന്ന “ശരീര”ത്തിന്റെ “ശിരസ്സ്” (നേതാവ്) ആയി യേശുവിനെ സൂചിപ്പിച്ചിരിക്കുന്നു. ഒരു വ്യക്തിയുടെ ശിരസ്സ്എന്ത് ചെയ്യണമെന്നു തന്റെ ശരീരത്തോട് പറയുന്നതു പോലെ, തന്റെ “ശരീരത്തിന്റെ” അംഗങ്ങളായ ക്രിസ്ത്യാനികളെ യേശു നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം പരിഭാഷപ്പെടുത്തുവാനുള്ള ഏറ്റവും നല്ല മാര്ഗ്ഗം നിര്ദ്ധിഷ്ട ഭാഷ യില്ഭൌതിക ശരീരത്തിന് ഏറ്റവും സാധാരണയായി നല്കിയിരിക്കുന്ന പദം സൂചിപ്പിക്കുക എന്നതാണ്. ഉപയോഗിക്കപ്പെടുന്ന പദം ഉപദ്രവകരമല്ലാത്തതാകുന്നു എന്നു ഉറപ്പുവരുത്തുക.
- വിശ്വാസികള്ക്ക് എന്നു പൊതുവായി സൂചിപ്പിക്കുമ്പോള്, ചില ഭാഷകളില്ഇത് വളരെ പ്രകൃത്യാ ഉള്ളതും കൃത്യതയുള്ളതുമായി ‘’ക്രിസ്തുവിന്റെ ആത്മീയ ശരീരം” എന്നു പറയുന്നുണ്ട്.
- “ഇതു എന്റെ ശരീരം” എന്നു യേശു പ്രസ്താവിക്കുമ്പോള്, ഇതു അക്ഷരീക മായി ആവശ്യമെങ്കില്വിശദീകരണത്തോടെ കുറിക്കുന്നത് നല്ലതാണ്.
- ഒരു മൃതശരീരം എന്നു സൂചിപ്പിക്കുമ്പോള്ചില ഭാഷകളില്പ്രത്യേക പദമാ യി, മൃതശരീരം” എന്നു മനുഷ്യനെയും “ശവം” എന്നു മൃഗത്തെയും കുറിച്ച് പറയുന്നു.

ഇതിനായി ഉപയോഗിക്കുന്ന പദം പരിഭാഷപ്പെടുത്തുമ്പോള്സാഹചര്യത്തിന്റെ ഭാവത്തെ സ്വീകാര്യമാകുന്നതാണോ എന്നു ഉറപ്പിക്കുക.

(കാണുക: ശിരസ്സ്, ആത്മാവ്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്10:11-12
- 1 കൊരിന്ത്യര്:3-5
- എഫെസ്യര്:4-6
- ന്യായാധിപന്മാര്14:7-9
- സംഖ്യാപുസ്തകം 06:6-8
- സങ്കീര്ത്തനം 031:8-9
- റോമര്:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H990, H1320, H1460, H1465, H1472, H1480, H1655, H3409, H4191, H5038, H5085, H5315, H6106, H6297, H7607, G4430, G4954, G4983, G5559

# ശാപം, ശപിക്കപ്പെട്ട, ശാപങ്ങള്, ശപിക്കുന്ന

## നിര്വചനം:

"ശാപം" എന്ന പദം അര്ത്ഥമാക്കുന്നതൈവൈരുദ്ധ്യമായ കാര്യങ്ങള്ഒരു വ്യക്തിക്കോ വസ്തുവിനോ സംഭവിക്കുന്നതിനെ ശപിക്കപ്പെട്ടത്എന്നു വിളിക്കുന്നു.

- ശാപമെന്നത് ഒരുവന് അല്ലെങ്കില് ഒന്നിന് ദോഷകരമായത് സംഭവിക്കും എന്നു പ്രസ്താവിക്കുന്നതാണ്.
- ശപിക്കുക എന്നത് അവര്ക്ക് തിന്മയായത് ഭവിക്കട്ടെ എന്നുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നതും ആണ്.
- ഒരുവന്ആര്ക്കെങ്കിലും ശിക്ഷയോ ദോഷകരമായതോ സംഭവിപ്പി ക്കുന്നതിനെ സൂചിപ്പിക്കുന്നതാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം "ദോഷകരമായവ സംഭവിക്കട്ടെ' അല്ലെങ്കില്"ദോഷകരമായത് സംഭവിക്കും എന്നു പ്രഖ്യാപിക്കുന്നതോ" അല്ലെങ്കില്"തിന്മയായവ സംഭവിക്കട്ടെ എന്നു ആണയിടുക" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- അനുസരണം കെട്ടവരുടെമേല്ദൈവം തന്റെ ശാപങ്ങളെ അയക്കുന്ന സാഹചര്യത്തില്, ഇതു "ദോഷകരമായ കാര്യങ്ങള്അനുവദിക്കുകമൂലം ശിക്ഷിക്കുക" എന്നു പരിഭാഷപ്പെടുത്താം.
- മനുഷ്യരോടുള്ള ബന്ധത്തില്"ശപിക്കപ്പെട്ട" എന്ന പദം ഉപയോഗിക്കു മ്പോള്,"(ഈ വ്യക്തി) അധികമായ പ്രശ്നങ്ങള്അനുഭവിക്കേണ്ടി വരും."
- "ശപിക്കപ്പെടട്ടെ" എന്ന പദം "(ഈ വ്യക്തി) ധാരാളം പ്രതിസന്ധികള്അനുഭവിക്കട്ടെ" എന്നു പരിഭാഷപ്പെടുത്താം.
- "ശപിക്കപ്പെട്ട നിലം" എന്നു പറയുമ്പോള്"മണ്ണ് വളരെ ഫലപ്രദമാ യതല്ല" എന്നു പരിഭാഷപ്പെടുത്താം. "ഞാന്ജനിച്ച ദിവസം ശപിക്കപ്പെട്ടതായിരിക്കട്ടെ" എന്നത് "ഞാന്വളരെ ദുരിതപൂര്ണ്ണനായിരിക്കുന്നു, ഞാന്ജനിക്കാതെയിരുന്നിരുന്നു വെങ്കില്നന്നായിരുന്നു" എന്നു പരിഭാഷപ്പെടുത്താം. "ശപിക്കപ്പെട്ടിരിക്കട്ടെ" എന്നതിന് ലക്ഷ്യമിട്ടിരിക്കുന്ന ഭാഷയില്അതേ അര്ത്ഥം നല്കുന്ന വേറെ പദസഞ്ചയം ഉണ്ടെങ്കില്, ആ പദസഞ്ചയം തന്നെ ഉപയോഗിക്കുന്നത് നന്നായിരിക്കും.

(കാണുക: അനുഗ്രഹിക്കുക)

## ദൈവവചന സൂചികകള്:

- 1 ശമുവേല്14:24-26
- 2 പത്രോസ് 02:12-14
- ഗലാത്യര്03:10-12
- ഗലാത്യര്03:13-14
- ഉല്പ്പത്തി 03:14-15
- ഉല്പ്പത്തി 03:17-19
- യാക്കോബ് 03:9-10
- സംഖ്യാപുസ്തകം22:5-6
- സങ്കീര്ത്തനം 109:28-29

## ദൈവവചനകഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **[02:09** ദൈവം സര്പ്പത്തോട് പറഞ്ഞത് "നീ **ശപിക്കപ്പെട്ടതാകുന്നു** " എന്നാണ്.
- **02:** "ഇപ്പോള്നിലം **ശപിക്കപ്പെട്ടിരിക്കുന്നു** , ഭക്ഷണം വിളയിക്കേ ണ്ടതിനു നീ കഠിനാധ്വാനം ചെയ്യേണ്ടിവരും."
- **04:04**"നിന്നെ അനുഗ്രഹിക്കുന്നവരെ ഞാന്അനുഗ്രഹിക്കും, നിന്നെ **ശപിക്കുന്നവരെ ഞാന്ശപിക്കും**."
- **39:07** അനന്തരം പത്രോസ് ആണയിട്ട് പറഞ്ഞത്, ഈ മനുഷ്യനെ ഞാന്അറിയുമെങ്കില്ദൈവം എന്നെ **ശപിക്കട്ടെ!"** എന്നാണ്.
- **50:16** ആദമും ഹവ്വയും ദൈവത്തെ അനുസരിക്കാതെയിരുന്നതി നാല് ലോകത്തിലേക്ക് പാപം കൊണ്ടുവരികയും, ദൈവം അതിനെ **ശപിച്ചു** നശിപ്പിക്കുവാന്തീരുമാനിക്കുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H422, H423, H779, H1288, H2763, H2764, H3994, H5344, H6895, H7043, H7045, H7621, H8381, G331, G332, G685, G1944, G2551, G2652, G2653, G2671, G2672, G6035

# ശിഷ്യന്, ശിഷ്യന്മാര്

## നിര്വചനം:

“ശിഷ്യന്” എന്ന പദം ഒരു ഗുരുവിനോടൊപ്പം വളരെയധികം സമയം ചിലവഴിച്ച്, ആ ഗുരുവിന്റെ സ്വഭാവത്തില് നിന്നും ഉപദേശങ്ങളില് നിന്നും പഠിക്കുന്ന വ്യക്തിയെ സൂചിപ്പിക്കുന്നു.

- യേശുവിനോടൊപ്പം അനുഗമിച്ച, തന്റെ ഉപദേശങ്ങളെ ശ്രദ്ധിക്കുകയും അനുസരിക്കുകയും ചെയ്തവരെ, തന്റെ “ശിഷ്യന്മാര്” എന്നു വിളിച്ചു.
- സ്നാപക യോഹന്നാനും ശിഷ്യന്മാര് ഉണ്ടായിരുന്നു.
- യേശുവിന്റെ ശുശ്രൂഷ വേളയില്, തന്നെ പിന്ഗമിച്ചവരും തന്റെ ഉപദേശം ശ്രവിച്ചവരുമായ നിരവധി ശിഷ്യന്മാര് ഉണ്ടായിരുന്നു.
- യേശു പന്ത്രണ്ടു ശിഷ്യന്മാരെ തന്റെ ഏറ്റവും അടുത്ത അനുയായികളായി തിരഞ്ഞെടുത്തു; അവര് തന്റെ “അപ്പോസ്തലന്മാര്” എന്നു അറിയപ്പെടുവാന് ഇടയായി.
- യേശുവിന്റെ പന്ത്രണ്ടു അപ്പോസ്തലന്മാര് തന്റെ “ശിഷ്യന്മാര്” അല്ലെങ്കില് “പന്ത്രണ്ടു പേര്” എന്നു അറിയപ്പെടുവാന് തുടങ്ങി.
- യേശു സ്വര്ഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നതിനു തൊട്ടു മുന്പ്, തന്റെ ശിഷ്യന്മാരോട്, മറ്റുള്ളവരെയും കൂടി എപ്രകാരം യേശുവിന്റെ ശിഷ്യന്മാരായി ത്തീരുവാന് സാധിക്കും എന്നു പഠിപ്പിക്കണമെന്ന് കല്പ്പിച്ചു.
- യേശുവില് വിശ്വസിക്കുന്ന ആരായാലും തന്റെ ഉപദേശങ്ങള് അനുസരിക്കുന്നവരെ യേശുവിന്റെ ശിഷ്യന് എന്നു വിളിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- “ശിഷ്യന്” എന്ന പദം “അനുഗാമി” അല്ലെങ്കില് “വിദ്യാര്ഥി” അല്ലെങ്കില് “കുട്ടി” അല്ലെങ്കില് “പഠിതാവു” എന്നിങ്ങനെ ഒരു വാക്ക് അല്ലെങ്കില് പദസഞ്ചയങ്ങളാല് പരിഭാഷപ്പെടുത്താം.
- ഒരു പഠനമുറിയില് മാത്രം ഇരുന്നു പഠിക്കുന്ന ഒരു വിദ്യാര്ഥിയെ ഈ പദം സൂചിപ്പിക്കുന്നില്ല എന്ന കാര്യം ഉറപ്പാക്കുക.
- ഈ പദത്തിന്റെ പരിഭാഷ “അപ്പോസ്തലന്” എന്നതിന്റെ പരിഭാഷയില് നിന്നും ന്നും വ്യത്യസ്തം ആയിരിക്കണം.

(കാണുക:അപ്പോസ്തലന്, വിശ്വസിക്കുക, യേശു, യോഹന്നാന് (സ്നാപകന്), പന്ത്രണ്ടു പേര്)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്06:1
- അപ്പോ.പ്രവര്ത്തികള്09:26-27
- അപ്പോ.പ്രവര്ത്തികള്11:25-26
- അപ്പോ.പ്രവര്ത്തികള്14:21-22
- യോഹന്നാന്:23-25
- ലൂക്കോസ് 06:39-40
- മത്തായി 11:1-3
- മത്തായി 26:33-35
- മത്തായി 27:62-64

## ദൈവവചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **30:08** അവന് (യേശു) കഷണങ്ങള്തന്റെ ***ശിഷ്യന്മാര്ക്ക്*** കൊടുത്തു അവര്ജനത്തിനു കൊടുത്തു. ***ശിഷ്യന്മാര്*** ഭക്ഷണം കൊടുത്തുകൊണ്ടിരുന്നു, അത് ഒരിക്കലും തീര്ന്നു പോയിരുന്നില്ല!
- **38:01** യേശു ആദ്യമായി പരസ്യമായി പ്രസംഗിക്കുവാനും ഉപദേശിക്കുവാനും തുടങ്ങി ഏകദേശം മൂന്നു വര്ഷങ്ങള്ക്കു ശേഷം, യേശു തന്റെ **ശിഷ്യന്മാരോട്** യെരുശലേമില് അവരോടൊപ്പം ഈ പെസഹ ആചരിക്കണമെന്ന് ആവശ്യപ്പെട്ടു, അവിടെ താന് കൊല്ലപ്പെടുകയും ചെയ്യും.
- **38:11** അനന്തരം യേശു തന്റെ **ശിഷ്യന്മാരോടുകൂടെ** ഗത്സമനെ എന്നു വിളിക്കുന്ന സ്ഥലത്തേക്ക് പോയി. യേശു തന്റെ **ശിഷ്യന്മാരോട്** പരീക്ഷയില് അകപ്പെടാതെ ഇരിക്കേണ്ടതിനു പ്രാര്ത്ഥന ചെയ്യുവിന് എന്നു പറഞ്ഞു.

- **42:10** യേശു തന്റെ **ശിഷ്യന്മാരോട്** പറഞ്ഞത്, "സ്വര്ഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു. ആയതിനാല് പോകുവിന്, സകല ജനങ്ങളെയും **ശിഷ്യരാക്കി** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തില് അവരെ സ്നാനം കഴിപ്പിച്ചും ഞാന് നിങ്ങളോട് കല്പ്പിച്ചതൊക്കെയും അനുസരിക്കുവാന് തക്കവണ്ണം അവരെ ഉപദേശിക്കുകയും ചെയ്യുവിന്."

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3928, G3100, G3101, G3102

# ശുദ്ധമായ, ശുദ്ധമാക്കുന്നു, ശുദ്ധമാക്കി, ശുദ്ധീകരിക്കുക, ശുദ്ധീകരിച്ചു, ശുദ്ധീകരണം, കഴുകുക, കഴുകല്, കഴുകി, കഴുകുന്നു, അശുദ്ധം

## നിര്വചനം:

"ശുദ്ധമായ" എന്ന പദം അക്ഷരീകമായി യാതൊരു അഴുക്കും കറയും ഇല്ലാത്തത് എന്നു അര്ത്ഥമാക്കുന്നു. ദൈവവചനത്തില്, ഇതു ഉപമാനമായി "ശുദ്ധമായ", "വിശുദ്ധമായ", അല്ലെങ്കില്"പാപരഹിതമായ" എന്നു അടിക്കടി ഉപയോഗിക്കുന്നു. "ശുദ്ധീകരിക്കുക" എന്നത് ഒന്നിനെ "ശുദ്ധമാക്കുന്ന" പ്രക്രിയയാണ്. ഇതു "കഴുകുക" അല്ലെങ്കില്"ശുദ്ധമാക്കുക" എന്നും പരിഭാഷപ്പെടുത്താം.

- പഴയനിയമത്തില്, ദൈവം ഇസ്രയേല് ജനത്തോടു താന്ആചാരപരമായി "ശുദ്ധിയുള്ള" മൃഗങ്ങള് ഇന്നവയെന്നും "ശുദ്ധിയില്ലാത്തവ" ഇന്നവയെന്നും സൂചിപ്പിച്ചിരുന്നു. ഭക്ഷിക്കുന്നതിനോ യാഗമര്പ്പിക്കുന്നതിനോ ശുദ്ധിയുള്ള മൃഗങ്ങളെ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. ഈ പാശ്ചാത്തലത്തില്, "ശുദ്ധമായ" എന്ന പദം യാഗാര്പ്പണത്തിനു ഉപയുക്ത മായ ദൈവത്തിനു സ്വീകാര്യമായിരിക്കുന്ന മൃഗം എന്നു അര്ത്ഥമാക്കുന്നു.
- പ്രത്യേക ചര്മ്മരോഗമുള്ള ഒരു വ്യക്തി തന്റെ ചര്മ്മം തുടര്ന്നു സംക്രമണ ത്തിനു സാധ്യതയില്ലാത്ത വിധം സുഖം പ്രാപിക്കുന്നതുവരെ അശുദ്ധനായിരിക്കും. ആ വ്യക്തിയെ വീണ്ടും "ശുദ്ധന്" എന്നു പ്രഖ്യാപിക്കേണ്ടതിനു താന് ചര്മ്മ ശുദ്ധീകരണത്തിനുള്ള നിര്ദേശങ്ങളെല്ലാം തന്നെ അനുസരിക്കണം.
- ചില സന്ദര്ഭങ്ങളില്"ശുദ്ധീകരണമെന്നത് സദാചാര പവിത്രതയെ ഉപമാന രൂപേണ സൂചിപ്പിക്കുന്നു. ദൈവവചനത്തില്, "അശുദ്ധി'' എന്ന പദം തന്റെ ജനത്തിനു തൊടുവാനോ, ഭക്ഷിക്കുവാനോ, അല്ലെങ്കില് യാഗമര്പ്പിക്കുവാനോ അശുദ്ധമെന്നു ദൈവം പ്രഖ്യാപിച്ചിട്ടുള്ള വസ്തുക്കള്ക്ക് ഉപമാനമായി സൂചിപിച്ചിട്ടുള്ള പദമാണ്.
- ദൈവം ഇസ്രയേല്ജനത്തിന് ഇതെല്ലാം മൃഗങ്ങള് "ശുദ്ധമെന്നും" ഏതെല്ലാം "അശുദ്ധമെന്നും" നിര്ദേശം നല്കിയിട്ടുണ്ട്. അശുദ്ധമായ മൃഗങ്ങള്ഭക്ഷിക്കുന്നതിനും യാഗമര്പ്പിക്കുന്നതിനും അനുവദിച്ചിട്ടില്ല.
- ചില പ്രത്യേക ചര്മ്മരോഗികള് സൌഖ്യമാകുന്നതുവരെ അവരെ "അശുദ്ധം" എന്നു പറയാറുണ്ട്.
- "അശുദ്ധമായ എന്തിനെയെങ്കിലും ഇസ്രയേല്യര് തൊട്ടാല് ഒരു നിര്ദ്ധിഷ്ട സമയം വരെ അവരെ അശുദ്ധരായി കരുതുമായിരുന്നു.
- അശുദ്ധമായവയെ സ്പര്ശിക്കരുതെന്നും ഭക്ഷിക്കരുതെന്നുമുള്ള ദൈവകല്പ്പന അനുസരിക്കുന്നത് ഇസ്രയേല്യരെ ദൈവത്തിന്റെ സേവനത്തിനായി വേര്തിരി ക്കുന്നതിനും ഇടയായി.
- ശാരീരികവും ആചാരപരവുമായ അശുദ്ധി സദാചാരപരമായ അശുദ്ധിക്ക് അടയാളമായിരുന്നു.
- വേറൊരു ഉപമാന ചിന്തയില്, ഒരു "അശുദ്ധാത്മാവ്" എന്നത് ഒരു ദുഷ്ടാത്മാവ്എന്നു സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം "ശുദ്ധം" അല്ലെങ്കില് "നിര്മലം" (അഴുക്കില്ലാത്തത് എന്ന അര്ത്ഥത്തില്) എന്ന പൊതു വാക്ക് ഉപയോഗിച്ചു പരിഭാഷപ്പെടുത്താം.
- ഇതു പരിഭാഷ ചെയ്യുവാനായിട്ടുള്ള ഇതര മാര്ഗ്ഗങ്ങള്"ആചാരപരമായി ശുദ്ധം" അല്ലെങ്കില്" ദൈവത്തിനു അംഗീകാര യോഗ്യം" എന്നിവ ഉള്പ്പെടുത്താം. "ശുദ്ധീകരിക്കുക" എന്നത് "കഴുകുക" അല്ലെങ്കില് "നിര്മ്മലീകരിക്കുക" എന്നു പരിഭാഷപ്പെടുത്താം. "ശുദ്ധം", ശുദ്ധീകരിക്കുക" എന്നിവയ്ക്കായി ഉപയോഗിക്കുന്ന പദങ്ങള്ഒരു ഉപമാന ആശയത്തിലും മനസ്സിലാക്കാമെന്നു ഉറപ്പുവരുത്തുക. "അശുദ്ധം" എന്ന പദം "ശുദ്ധിയില്ലാത്തത്" അല്ലെങ്കില്"ദൈവദൃഷ്ടിയില്യോഗ്യമായത്" അല്ലെങ്കില്ശാരീരികമായി അശുദ്ധമായത്" അല്ലെങ്കില്"മലിനമായത്" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- ഒരു അശുദ്ധാത്മാവ് എന്നു ഭൂതത്തെ സൂചിപ്പിക്കുമ്പോള്, "അശുദ്ധം" എന്നത് "പൈശാചികം" അല്ലെങ്കില്"മലിനമായത്" എന്നു പരിഭാഷപ്പെടുത്തേണ്ടതാണ്.
- ഈ പദത്തിന്റെ പരിഭാഷ ആത്മീയ അശുദ്ധിക്കും അനുവദിക്കപ്പെടെണ്ടതാണ്. ഇതു സ്പര്ശിക്കുന്നതിനോ, ഭക്ഷിക്കുന്നതിനോ, യാഗത്തിനോ അയോഗ്യമെന്ന് ദൈവം പ്രഖ്യാപിച്ചിട്ടുള്ള ഏതിനെയും സൂചിപ്പിക്കുവാന്ഉതകുന്നതായിരി ക്കണം.

(കാണുക:മലിനമായ, ഭൂതം, പരിശുദ്ധം, യാഗം)

## ദൈവവചന സൂചികകള്:

- ഉല്പ്പത്തി 07:1-3
- ഉല്പ്പത്തി 07:8-10
- ആവര്ത്തനപുസ്തകം 12:15-16
- സങ്കീര്ത്തനം 051:7-9

- സദൃശവാക്യങ്ങള്20:29-30
- യെഹസ്കേല്24:13
- മത്തായി 23:27-28
- ലൂക്കോസ് 05:12-13
- അപ്പോ.പ്രവര്ത്തികള്08:6-8
- അപ്പോ.പ്രവര്ത്തികള്10:27-29
- കൊലോസ്സ്യര്03:5-8
- 1 തെസ്സലോനിക്യര്04:7-8
- യാക്കോബ് 04:8-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1249, H1252, H1305, H2134, H2135, H2141, H2398, H2548, H2834, H2889, H2890, H2891, H2893, H2930, H2931, H2932, H3001, H3722, H5079, H5352, H5355, H5356, H6172, H6565, H6663, H6945, H7137, H8552, H8562, G167, G169, G2511, G2512, G2513, G2839, G2840, G3394, G3689

# ശുദ്ധമായ, ശുദ്ധീകരിക്കുക, ശുദ്ധീകരണം

## നിർവചനം:

"ശുദ്ധമായ" എന്ന പദം അർത്ഥം നൽകുന്നത് യാതൊരു ന്യൂനതയോ അല്ലെങ്കിൽ യാതൊരു കലർപ്പോ ഇല്ലാത്തതായ എന്നാണ്. എന്തെങ്കിലും ശുദ്ധീകരിക്കുക എന്നാൽ ശുചി ചെയ്തു അശുദ്ധം ആക്കുകയോ അല്ലെങ്കിൽ മാലിന്യപ്പെടുത്തുകയോ ചെയ്ത ഏതിനെയും അകറ്റുന്നതിനെ കാണിക്കുന്നു.

- പഴയ നിയമ വ്യവസ്ഥ അനുസരിച്ച്, "ശുദ്ധീകരിക്കുക" എന്നതും "ശുദ്ധീകരണം" എന്നതും പ്രധാനമായി സൂചിപ്പിക്കുന്നത് ഒരു വ്യക്തി അല്ലെങ്കിൽ ഒരു വസ്തു രോഗം, ശരീര സ്രവങ്ങൾ, അല്ലെങ്കിൽ പ്രസവം മുതലായ കാരണങ്ങൾ നിമിത്തം അശുദ്ധമായിരുന്നാൽ അതു നിമിത്തം ചെയ്യുന്ന ശുദ്ധീകരണം എന്നാണ്.
- പഴയ നിയമത്തിനും ജനങ്ങൾ പാപത്തിൽ നിന്നും എപ്രകാരം ശുദ്ധീകരണം നേടണം എന്നും നിയമം ഉണ്ട്, സാധാരണയായി ഒരു മൃഗത്തിന്റെ യാഗത്താൽ അത് സാധ്യം ആകുന്നു. ഇത് താൽകാലികം ആയതും യാഗങ്ങൾ വീണ്ടും വീണ്ടും ആവർത്തിക്കപ്പെടെണ്ടതും ആയിരുന്നു.
- പുതിയ നിയമത്തിൽ, ശുദ്ധീകരിക്കപ്പെടുക എന്നാൽപാപങ്ങളിൽ നിന്നും കഴുകൽ പ്രാപിപ്പിക്കുക എന്നാണ് അർത്ഥം.
- പാപത്തിൽ നിന്നും ജനത്തിനു സംപൂർണ്ണവും നിത്യവുമായ ശുദ്ധീകരണം സാധ്യമാകുന്നത് മാനസ്സാന്തരത്തിൽ കൂടെയും ദൈവത്തിന്റെ ക്ഷമ പ്രാപിക്കുന്നതിൽ കൂടെയും, യേശുവിലും തന്റെ യാഗത്തിലും ആശ്രയിക്കുകയും ചെയ്യുന്നത് മൂലവും ആണ്.

## പരിഭാഷ നിർദേശങ്ങൾ:

"ശുദ്ധീകരിക്കുക" എന്ന പദം "ശുചി ചെയ്യുക" അല്ലെങ്കിൽ "കഴുകുക" അല്ലെങ്കിൽ "എല്ലാ മലിനതയിൽനിന്നും കഴുകുക" അല്ലെങ്കിൽ "എല്ലാ പാപവും നീക്കം ചെയ്യുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം. "അവരുടെ ശുദ്ധീകരണ കാലം തികഞ്ഞു കഴിഞ്ഞപ്പോൾ" എന്നത് "ആവശ്യമായ ദിവസങ്ങൾ തികയുവോളം കാത്തിരുന്നു കഴിഞ്ഞ് അവർ അവരെ ത്തന്നെ ശുദ്ധീകരിച്ചു കഴിഞ്ഞപ്പോൾ" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

- പാപങ്ങൾക്ക് വേണ്ടിയുള്ള ശുദ്ധീകരണം ക്രമീകരിച്ചു കഴിഞ്ഞ്" എന്നതു "ജനത്തിനു അവരുടെ പാപത്തിൽ നിന്ന് പൂർണ്ണമായ കഴുകൽപ് പ്രാപിക്കുവാൻ ഉള്ള ഒരു വഴി ഒരുക്കി" എന്ന് പരിഭാഷ ചെയ്യാം.
- "ശുദ്ധീകരണം" അല്ലെങ്കിൽ "ആത്മീയ കഴുകൽ" അല്ലെങ്കിൽ "ആചാരപരമായി ശുദ്ധി ആയി തീരുക" എന്നിങ്ങനെയും ഉൾപ്പെടുത്തി പരിഭാഷ ചെയ്യാം.

(കാണുക: പ്രായശ്ചിത്തം, ശുദ്ധം, ആത്മാവ്)

## ദൈവ വചന സൂചികകൾ:

- 1 തിമോത്തിയോസ്: 01:5-8
- പുറപ്പാട് 31:6-9
- എബ്രായർ:13-15
- യാക്കോബ് 04:8-10
- ലൂക്കോസ് 02:22-24
- വെളിപ്പാട് 14:3-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1249, H1252, H1253, H1305, H1865, H2134, H2135, H2141, H2212, H2398, H2403, H2561, H2889, H2890, H2891, H2892, H2893, H3795, H3800, H4795, H5343, H5462, H6337, H6884, H6942, H8562, G48, G49, G53, G54, G1506, G2511, G2512, G2513, G2514

# ശുശ്രൂഷിക്കുക, ശുശ്രൂഷ

## നിര്വചനം:

ദൈവ വചനത്തില്, "ശുശ്രൂഷ" എന്ന പദം സൂചിപ്പിക്കുന്നത് മറ്റുള്ളവരെ ദൈവത്തെ കുറിച്ച് പഠിപ്പിക്കുകയും അവരുടെ ആത്മീയ ആവശ്യങ്ങളെ കുറിച്ച് ശ്രദ്ധ പതിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ്.

- പഴയ നിയമത്തില്, പുരോഹിതന്മാര് ദൈവാലയത്തില് ദൈവത്തിനു യാഗങ്ങള് അര്പ്പിച്ചു അവനു "ശുശ്രൂഷ" ചെയ്യുമായിരുന്നു.
- അവരുടെ "ശുശ്രൂഷ" എന്നതില് ദൈവാലയത്തിന്റെ കാര്യങ്ങളില് ശ്രദ്ധിക്കുകയും ജനത്തിനു വേണ്ടി ദൈവത്തോട് പ്രാര്ത്ഥന കഴിക്കുകയും ചെയ്യുക എന്നിവയും ഉള്പ്പെടും.
- ജനത്തിനു "ശുശ്രൂഷ" ചെയ്യുക എന്ന ജോലിയില് ദൈവത്തെ ക്കുറിച്ചു പഠിപ്പിക്കുകയും അവരെ ആത്മീയമായി സേവിക്കുകയും ചെയ്യുക എന്നതും ഉള്പ്പെടുന്നു.
- ഇത് ജനത്തിനു ശാരീരികമായി സേവനം നല്കുന്നതിനെ, രോഗികളെ പരിപാലിക്കുകയും ദരിദ്രര്ക്ക് ഭക്ഷണം നല്കുകയും ചെയ്യുന്നതു പോലെയുള്ള കാര്യങ്ങളെ സൂചിപ്പിക്കുകയും ചെയ്യുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ജനങ്ങളെ ശുശ്രൂഷിക്കുന്ന സാഹചര്യത്തില്, "ശുശ്രൂഷിക്കുക" എന്നത് "സേവനംചെയ്യുക" അല്ലെങ്കില് "കരുതുക" അല്ലെങ്കില് "ആവശ്യങ്ങള് നിറവേറ്റുക" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- ദേവാലയത്തില് ശുശ്രൂഷ ചെയ്യുക എന്ന് സൂചിപ്പിക്കുമ്പോള്, "ശുശ്രൂഷിക്കുക" എന്ന പദം "ദേവാലയത്തില് ദൈവത്തിനു സേവ ചെയ്യുക" അല്ലെങ്കില് "ജനത്തിനു വേണ്ടി ദൈവത്തിനു യാഗങ്ങള്അര്പ്പിക്കുക" എന്ന് പരിഭാഷ ചെയ്യാം.
- ദൈവത്തിനു ശുശ്രൂഷ ചെയ്യുക എന്ന സാഹചര്യത്തില്, ഇത് "സേവനംചെയ്യുക" അല്ലെങ്കില് ദൈവത്തിനു വേണ്ടി പ്രവര്ത്തിക്കുക" എന്ന് പരിഭാഷ ചെയ്യാം.
- "ശുശ്രൂഷ ചെയ്തു" എന്ന പദസഞ്ചയം "കരുതല് എടുത്തു" അല്ലെങ്കില് നല്കിയത്" അല്ലെങ്കില് "സഹായിച്ചു" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക: സേവനം ചെയ്യുക, യാഗം)

## ദൈവ വചന സൂചികകള്:

- 2 ശമുവേല് 20:23-26
- അപ്പോ.06:2-4
- അപ്പോ.21:17-19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6399, H8120, H8334, H8335, G1247, G1248, G1249, G2023, G2038, G2418, G3008, G3009, G3010, G3011, G3930, G5256, G5257, G5524

# ശേഷിപ്പ്

## നിര്വചനം:

"ശേഷിപ്പ്" എന്ന പദം അക്ഷരീകമായി സൂചിപ്പിക്കുന്നത് ജനം അല്ലെങ്കില് വസ്തുക്കള് ഒരു വലിയ തുകയില് നിന്ന് അല്ലെങ്കില് സംഘത്തില് നിന്ന് "ശേഷിപ്പായത്" അല്ലെങ്കില് "മിച്ചം വന്നത്" എന്ന് ആകുന്നു.

- സാധാരണയായി "ശേഷിപ്പ്" എന്നത് ജീവന് ഭീഷണിയായ സാഹചര്യം അല്ലെങ്കില് പീഡനങ്ങളില് കൂടെ കടന്നു പോയിട്ടും ദൈവത്തിനു വേണ്ടി വിശ്വസ്തതയോടു കൂടെ നില നിന്നതായ ജനം എന്ന് സൂചിപ്പിക്കുന്നു.
- യെശ്ശയ്യാവ് സൂചിപ്പിക്കുന്നത് ഒരു കൂട്ടം യഹൂദന്മാര് ഒരു ശേഷിപ്പായി പുറമേ ഉള്ളവരുടെ ആക്രമണങ്ങളെ അതിജീവിച്ചു ജീവിക്കുകയും കനാനില് ഉള്ള വാഗ്ദത്ത ദേശത്തിലേക്കു മടങ്ങി വരികയും ചെയ്യും എന്നാണ്.
- ദൈവത്താല് തിരഞ്ഞെടുക്കപ്പെട്ടതായി ദൈവത്തിന്റെ കൃപ ലഭിച്ചവരായ ഒരു ജനത്തിന്റെ "ശേഷിപ്പ്" എന്നതിനെ കുറിച്ച് പൌലോസ് സംസാരിക്കുന്നു.
- "ശേഷിപ്പ്" എന്ന പദം സൂചിപ്പിക്കുന്നത് വിശ്വസ്തരായി നിലകൊള്ളുന്ന അല്ലെങ്കില് നിലനില്പ്പ് ഉള്ളവരായ അല്ലെങ്കില് തിരഞ്ഞെടുക്കപ്പെട്ടവര് അല്ലാത്ത വേറെയും ജനങ്ങള് ഉണ്ടായിരുന്നു എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- "ഈ ജനത്തിന്റെ ശേഷിപ്പ്" പോലെയുള്ള പദസഞ്ചയങ്ങള്" ഈ ജനത്തില് ശേഷിപ്പായി ഉള്ളവര്" അല്ലെങ്കില് "വിട്ടുകളഞ്ഞിരിക്കുന്ന ജനം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ശേഷിച്ചതായ സകല ജനം" എന്നത് "ജനത്തില് ശേഷിച്ചതായ സകല ജനവും" അല്ലെങ്കില് "ശേഷിക്കുന്നതായ ജനം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- അപ്പോ.15:15-18
- ആമോസ് 09:11-12
- യെഹസ്കേല് 06:8-10
- ഉല്പത്തി 45:7-8
- യെശ്ശയ്യാവ് 11:10-11
- മീഖ 04:6-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3498, H3499, H5629, H6413, H7604, H7605, H7611, H8281, H8300, G2640, G3005, G3062

# ഷണ്ഡന്, ഷണ്ഡന്മാര്

## നിര്വചനം:

സാധാരണയായി “ഷണ്ഡന്” എന്ന പദം വന്ധീകരിക്കപ്പെട്ട പുരുഷനെ സൂചിപ്പിക്കുന്നു. പില്ക്കാലത്ത് ഈ പദം ഏതൊരു സര്ക്കാര് ഉദ്യോഗസ്ഥനെയും സൂചിപ്പിക്കുവാന്, ഈ ന്യൂനത ഇല്ലെങ്കില് പോലും പൊതു പദമായി ഉപയോഗിച്ചു വന്നു.

- യേശു പറഞ്ഞത് ചില ഷണ്ഡന്മാര് അപ്രകാരം ജനിച്ചു, മിക്കവാറും ലൈംഗിക അവയവങ്ങളുടെ തകരാറു മൂലമാകാം അല്ലെങ്കില് ലൈംഗികമായ പ്രവര്ത്തന ക്ഷമത ഇല്ലാത്തതിനാല്ആകാം. മറ്റുചിലര് ബ്രഹ്മചര്യ ജീവിത ശൈലി തിരഞ്ഞെടുത്ത് ഷണ്ഡനായി ജീവിക്കുന്നത് ആകാം.
- പുരാതന കാലങ്ങളില്, ഷണ്ഡന്മാര് രാജാവിന്റെ സേവകന്മാരായി സ്ത്രീകളുടെ അന്ത:പുര സൂക്ഷിപ്പുകാരായി നിയമിതരായിരുന്നു.
- ചില ഷണ്ഡന്മാര് പ്രധാനപ്പെട്ട സര്ക്കാര് ഉദ്യോഗസ്ഥരായി, അപ്പോസ്തലനായ ഫിലിപ്പോസ് മരുഭൂമിയില് കണ്ടുമുട്ടിയ എത്യോപ്യന് ഷണ്ഡനെപ്പോലെ ഉണ്ട്.

(കാണുക:ഫിലിപ്പോസ്)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള് 08:26-28
- അപ്പോ.പ്രവര്ത്തികള് 08:36-38
- അപ്പോ.പ്രവര്ത്തികള് 08:39-40
- യെശ്ശയ്യാവ് 39:7-8
- യിരെമ്യാവ് 34:17-19
- മത്തായി 19:10-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5631, G2134, G2135

# സങ്കീർത്തനം, സങ്കീർത്തനങ്ങൾ

## നിർവചനം:

“സങ്കീർത്തനം” എന്ന പദം ഒരു വിശുദ്ധ ഗാനം, സാധാരണയായി ആലാപനത്തിനായി ഒരു കവിതയുടെ രൂപത്തിൽ എഴുതപ്പെട്ടത് എന്ന് സൂചിപ്പിക്കുന്നു.

- പഴയ നിയമ പുസ്തകമായ സങ്കീർത്തനങ്ങൾ രാജാവായ ദാവീദും അതു പോലെയുള്ള ഇസ്രയേല്യർ ആയ മോശെ, ശലോമോൻ, അസാഫ് മറ്റും പലർഈ ഗാനങ്ങൾ റചിച്ചതിന്റെ സമാഹാരങ്ങൾ ആകുന്നു.
- സങ്കീർത്തനങ്ങൾ ഇസ്രയേൽ ജനത അവരുടെ ദൈവീക ആരാധനയിൽ ഉപയോഗിച്ചു വന്നിരുന്നു.
- സങ്കീർത്തനങ്ങൾ സന്തോഷം, വിശ്വാസം, ദൈവീക ബഹുമാനം, അതു പോലെ വേദനയും ദു:ഖവും ഒക്കെ പ്രകടിപ്പിക്കുവാൻ ഉപയുക്തം ആയതാണ്.
- പുതിയ നിയമത്തിൽ, ക്രിസ്ത്യാനികൾ ദൈവത്തെ ആരാധിക്കുന്നതിനു ഉള്ളതായ ഒരു രീതിയായി സങ്കീർത്തനങ്ങൾ ആലപിക്കുവാൻ നിർദേശങ്ങൾ നല്കപ്പെട്ടിട്ടുണ്ട്.

(കാണുക: ദാവീദ്, വിശ്വാസം, സന്തോഷം, മോശെ, വിശുദ്ധം)

## ദൈവ വചന സൂചികകൾ:

- അപ്പോ.13:32-34
- അപ്പോ.13:35-37
- കൊലൊസ്സ്യർ 03:15-17
- ലൂക്കോസ് 20:41-44

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2158, H2167, H2172, H4210, G5567, G5568

# സത്യമായ, സത്യം, സത്യങ്ങള്

## നിര്വചനം:

“സത്യം” എന്ന പദം സൂചിപ്പിക്കുന്നത് ഒന്നോ അല്ലെങ്കില് അധികമോ ആയ ആശയങ്ങള് വാസ്തവമായതായി, സംഭവങ്ങള് വാസ്തവമായും നടന്നതായി, വാസ്തവമായും പ്രസ്താവിക്കപ്പെട്ട വിവരണങ്ങള് എന്നിങ്ങനെ സൂചിപ്പിക്കുന്നു. അപ്രകാരം ഉള്ള ആശയങ്ങള് “സത്യമായവ” എന്ന് പറയുന്നു.

- സത്യമായ വസ്തുതകള് വാസ്തവമായ, പാവനമായ, യഥാര്ഥമായ, നീതിയായ, ന്യായപൂര്വമായ, സത്യമായ എന്നിങ്ങനെ സൂചിപ്പിക്കുന്നു.
- സത്യം എന്നത് ഒരു ഗ്രാഹ്യം, വിശ്വാസം, വാസ്തവികത, അല്ലെങ്കില്സത്യമായ ഒരു പ്രസ്താവന ആകുന്നു. “ഒരു പ്രവചനം യാഥാര്ത്ഥ്യം ആയി തീര്ന്നു” അല്ലെങ്കില് “യാഥാര്ത്ഥ്യം ആയി തീരും” എന്ന് പറയുന്നതിന്റെ അര്ത്ഥം അത് വാസ്തവമായി പ്രവചിച്ചതു പോലെ തന്നെ സംഭവ്യമായി അല്ലെങ്കില് അത് അതുപോലെ തന്നെ സംഭവിക്കും എന്നാണ്.
- സത്യം എന്നത് വിശ്വസനീയവും വിശ്വസ്തതയും ഉള്ള രീതിയില് പ്രവര്ത്തിക്കുന്ന ആശയത്തെ ഉള്ക്കൊണ്ടിരിക്കുന്നതു ആകുന്നു.
- യേശു താന് സംസാരിച്ച വാക്കുകളില്കൂടെ ദൈവത്തിന്റെ സത്യത്തെ വെളിപ്പെടുത്തി.
- ദൈവത്തിന്റെ വചനം സത്യം ആകുന്നു. ഇത് യഥാര്ത്ഥത്തില്സംഭവിച്ച കാര്യങ്ങളെ കുറിച്ച് പറയുകയും ദൈവത്തെ സംബന്ധിച്ച സത്യത്തെയും താന്സൃഷ്ടിച്ച സകലത്തെയും കുറിച്ചുള്ളവയെയും ഉപദേശിക്കുകയും ചെയ്യുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

സാഹചര്യം അനുസരിച്ചും വിശദീകരണം നല്കിയത് അനുസരിച്ചും, “സത്യം” എന്ന പദം “വാസ്തവം ആയത്” അല്ലെങ്കില് “യഥാര്ത്ഥമായതു” അല്ലെങ്കില് “കൃത്യമായത്” അല്ലെങ്കില് “ശരിയായത്” അല്ലെങ്കില് “തീര്ച്ചയായത്” അല്ലെങ്കില് “യോജ്യമായത്” എന്നിങ്ങനെ പരിഭാഷ ചെയ്യാം. “സത്യം” എന്ന പദം പരിഭാഷ ചെയ്യുവാന് ഉള്ള രീതികളില്, “സത്യമായത് എന്തോ” അല്ലെങ്കില് “വാസ്തവം” അല്ലെങ്കില് “തീര്ച്ചയായത്” അല്ലെങ്കില് “തത്വം ആയത്” എന്നിവയും ഉള്പ്പെടുത്താം.

- ”സത്യമായി തീരുക” എന്നുള്ളത് “വാസ്തവമായി സംഭവിക്കുന്നത്” അല്ലെങ്കില് “നിറവേറുന്നത്” അല്ലെങ്കില് “പ്രവചിച്ചത് പോലെ സംഭവിക്കുന്നത്” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- ”സത്യം പറയുക” അല്ലെങ്കില് “സത്യം സംസാരിക്കുക” എന്ന പദപ്രയോഗം “സത്യം എന്തോ അത് പ്രസ്താവിക്കുക” അല്ലെങ്കില് “വാസ്തവമായി സംഭവിച്ചത് എന്താണോ അത് പറയുക” അല്ലെങ്കില് “വിശ്വസനീയമായ വസ്തുതകള് പറയുക” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- ”സത്യം അംഗീകരിക്കുക” എന്നത് “ദൈവത്തെക്കുറിച്ചു സത്യം ആയത് എന്തോ അത് വിശ്വസിക്കുക” എന്ന് പരിഭാഷ ചെയ്യാം.
- ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുക” പോലെയുള്ള പദപ്രയോഗങ്ങളില്, “സത്യത്തിലും” എന്ന പദപ്രയോഗം “ദൈവം നമ്മെ പഠിപ്പിച്ചതു എന്തോ അതിനെ വിശ്വസ്തയോടെ അനുസരിക്കുക” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക :വിശ്വസിക്കുക, വിശ്വസ്തത, നിറവേറ്റുക, അനുസരിക്കുക, പ്രവാചകന്, മനസ്സിലാക്കുക)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്:6-8
- 1 യോഹന്നാന്:5-7
- 1 യോഹന്നാന്:7-8
- 3 യോഹന്നാന്:5-8
- അപ്പോ.26:24-26
- കൊലൊസ്സ്യര്:4-6
- ഉല്പ്പത്തി 47:29-31
- യാക്കോബ് 01:17-18
- യാക്കോബ് 03:13-14
- യാക്കോബ് 05:19-20
- യിരെമ്യാവ് 04:1-3
- യോഹന്നാന്:9

- യോഹന്നാന്:16-18
- യോഹന്നാന്:49-51
- യോഹന്നാന്:31-33
- യോശുവ 07:19-21
- വിലാപങ്ങള്:19-22
- മത്തായി 08:8-10
- മത്തായി 12:15-17
- സങ്കീര്ത്തനങ്ങള്:1-3
- വെളിപ്പാട് 01:19-20
- വെളിപ്പാട് 15:3-4

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **02:04** പാമ്പ് സ്ത്രീയോട് പ്രതിവചിച്ചത്, "അത് **സത്യം അല്ല**! നീ മരിക്കുകയില്ല."
- **14:06** ഉടനെ തന്നെ മറ്റു രണ്ടു ഒറ്റുകാരായ കാലേബും യോശുവയും, പറഞ്ഞത്, കനാനില് ഉള്ള ജനങ്ങള് പോക്കമുള്ളവരും ബലശാലികളും ആകുന്നു, **സത്യം** തന്നെ, എന്നാല് നാം തീര്ച്ചയായും അവരെ പരാജയപ്പെടുത്തും!"
- **16:01** ഇസ്രയേല്യര് യഹോവയായ **സത്യ** ദൈവത്തിനു പകരം, കനാന്യ ദൈവങ്ങളെ ആരാധിക്കുവാന് ആരംഭിച്ചു.
- **31:08** അവര് യെശുവിനെ ആരാധിച്ചു, അവനോടു പറഞ്ഞത്, "**സത്യമായും** അങ്ങ് ദൈവത്തിന്റെ പുത്രന് തന്നെ."
- **39:10** "ഞാന്ഈ ഭൂമിയിലേക്ക് ദൈവത്തെ കുറിച്ചുള്ള **സത്യം** പറയുവാനായിട്ടാണ് വന്നത്. **സത്യത്തെ** സ്നേഹിക്കുന്ന എല്ലാവരും എന്നെ ശ്രവിക്കുന്നു." പിലാത്തോസ് പറഞ്ഞത്, "**സത്യം** എന്നാല് എന്താണ്?"

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H199, H389, H403, H529, H530, H543, H544, H551, H571, H935, H3321, H3330, H6237, H6656, H6965, H7187, H7189, G225, G226, G227, G228, G230, G1103, G3303, G3483, G3689, G4103, G4137

# സദൂക്യന്, സദൂക്യന്മാര്

## നിര്വചനം:

യേശുക്രിസ്തുവിന്റെ കാലഘട്ടത്തില്ഉണ്ടായിരുന്ന യഹൂദ പുരോഹിതന്മാരുടെ ഒരു രാഷ്ട്രീയ വിഭാഗം ആയിരുന്നു സദൂക്യന്മാര്. അവര്റോമന്ഭരണത്തെ അനുകൂലിക്കുകയും ഉയിര്ത്തെഴുന്നേല്പ്പില്വിശ്വസിക്കാതെ ഇരിക്കുകയും ചെയ്തു.

- നിരവധി സദൂക്യന്മാര്ധനാഢ്യന്മാരും, യഹൂദരില്ഉയര്ന്ന നിലവാരം പുലര്ത്തുന്ന, വളരെ അധികാരം ഉള്ളതായ പ്രധാന പുരോഹിതന്, മഹാ പുരോഹിതന്പോലെയുള്ള നേതൃത പദവികള്വഹിച്ചിരുന്നവരും ആയിരുന്നു.
- സദൂക്യന്മാരുടെ ഉത്തരവാദിത്വം എന്നത് ദേവാലയ സമുച്ചയത്തിന്റെ പരിപാലന ചുമതലയും യാഗങ്ങള്അര്പ്പിക്കുക പോലെ ഉള്ളതായ പൌരോഹിത്യ ദൌത്യങ്ങളും ആയിരുന്നു.
- സദൂക്യരും പരീശന്മാരും യേശുവിനെ ക്രൂശിക്കേണ്ടതിനു വേണ്ടി റോമന്നേതാക്കന്മാരില്വളരെ സ്വാധീനം ചെലുത്തുവാന്ഇടയായി. അവരുടെ സ്വാര്ത്ഥത നിമിത്തവും കപട ഭക്തി നിമിത്തവും യേശു ഈ രണ്ടു മത വിഭാഗങ്ങള്ക്ക് എതിരായി വളരെ ശക്തമായി സംസാരിക്കുവാന്ഇടയായി.

(കാണുക :പ്രധാന പുരോഹിതന്മാര്, ആലോചന സംഘം, മഹാ പുരോഹിതന്, കപട ഭക്തിക്കാരന്, യഹൂദ നേതാക്കന്മാര്, പരീശന്, പുരോഹിതന്)

## ദൈവ വചന സൂചികകള്:

- അപ്പോ. 04:1-4
- അപ്പോ. 05:17-18
- ലൂക്കോസ് 20:27-28
- മത്തായി 03:7-9
- മത്തായി 16:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G4523

# സന്താപം

## നിര്വചനം:

“സന്താപം” എന്ന പദം സൂചിപ്പിക്കുന്നത് വലിയ ദുരവസ്ഥയുടെ അനുഭവം എന്നാണ്. ഇത് നല്കുന്ന ഒരു മുന്നറിയിപ്പു എന്തെന്നാല് ആരെങ്കിലും ഒരുവന് വളരെ കഠിനമായ പ്രശ്നം അനുഭവിക്കേണ്ടി വരുന്നു എന്നും ആകുന്നു.

- ”അയ്യോ കഷ്ടം” എന്ന പദപ്രയോഗം ജനത്തിനു അവരുടെ പാപത്തിന്റെ പരിണിത ഫലമായി ശിക്ഷ അനുഭവിക്കേണ്ടി വരുമെന്നുള്ളതിനെ തുടര്ന്ന് വരുന്ന മുന്നറിയിപ്പ് ആകുന്നു.
- ദൈവ വചനത്തില്പല സ്ഥലങ്ങളിലും, “അയ്യോ കഷ്ടം” എന്ന് ആവര്ത്തിച്ചു വരുന്ന പദം പ്രത്യേകമായി ഉള്ള ഭയാനകമായ ന്യായവിധിയെ ഊന്നി പറയുന്നത് ആകുന്നു.
- ”ഞാന്കഷ്ടത്തില്ആയി”, അല്ലെങ്കില് ”എനിക്ക് അയ്യോ കഷ്ടം” എന്ന് ഒരു പറയുന്നതു താന്കഠിനമായി അനുഭവിച്ചു വരുന്ന ദു:ഖത്തെ പ്രകടിപ്പിക്കുന്നത് ആയിരിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, “സന്താപം” എന്ന പദം “വളരെ ദുഃഖം” അല്ലെങ്കില്“സങ്കടം” അല്ലെങ്കില്അല്ലെങ്കില്“ദുരിതം” അല്ലെങ്കില്“ദുരന്തം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഈ പദപ്രയോഗം പരിഭാഷ ചെയ്യുവാന് ഉള്ള ഇതര മാര്ഗ്ഗങ്ങള്“(നഗരത്തിന്റെ പേര്) നു അയ്യോ കഷ്ടം” എന്നത് “(നഗരത്തിന്റെ പേര്) എന്തുമാത്രം ഭയാനകം ആയിരിക്കും” അല്ലെങ്കില്“(ആ പട്ടണത്തിന്റെ പേര്) ല്ഉള്ള ജനങ്ങള്കഠിനമായി ശിക്ഷിക്കപ്പെടും” അല്ലെങ്കില്“ആ ജനം വളരെ കഠിനമായി ദുരിതം അനുഭവിക്കും”
- “ഞാന്കഷ്ടത്തില്ആയി” അല്ലെങ്കില്”എനിക്ക് അയ്യോ കഷ്ടം! എന്നുള്ളത് “ഞാന്എത്രമാത്രം സങ്കടത്തില്ആയിരിക്കുന്നു!” അല്ലെങ്കില്“ഞാന്വളരെ സങ്കടത്തില്ആയിരിക്കുന്നു!” അല്ലെങ്കില്“ഇത് എനിക്ക് എത്രമാത്രം ഭയാനകം ആയിരിക്കുന്നു!” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”നിനക്ക് അയ്യോ കഷ്ടം” എന്ന പദപ്രയോഗവും “നീ ഭയങ്കരമായി കഷ്ടത അനുഭവിക്കേണ്ടി വരും” അല്ലെങ്കില്“നീ ഭയങ്കരമായ പ്രശ്നങ്ങള്അനുഭവിക്കേണ്ടി വരും” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- യെഹസ്കേല്13:17-18
- ഹബക്കൂക് 02:12-14
- യെശ്ശയ്യാവ് 31:1-2
- യിരെമ്യാവ് 45:1-3
- യൂദ 01:9-11
- ലൂക്കോസ് 06:24-25
- ലൂക്കോസ് 17:1-2
- മത്തായി 23:23-24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H188, H190, H337, H480, H1929, H1945, H1958, G3759

# സഭ, സഭകള്, സഭ

## നിര്വചനം:

പുതിയനിയമത്തില്, "സഭ" എന്ന പദം യേശുവിലുള്ള വിശ്വാസികളുടെ ഒരു പ്രാദേശിക സംഘം ക്രമമായി പ്രാര്ത്ഥനയ്ക്കും ദൈവവചന പ്രസംഗത്തിനുമായി ഒരുമിച്ചു കൂടിവരുന്നതിനെ സൂചിപ്പിക്കുന്നു. "സഭ" എന്നത് സാധാരണയായി എല്ലാ ക്രിസ്ത്യാനികളെയും സൂചിപ്പിക്കുന്നു.

- ഈ പദം അക്ഷരീകമായി "വിളിച്ചു വേര്തിരിക്കപ്പെട്ട" സംഘത്തെ അല്ലെങ്കില്ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടെയുള്ള ജനത്തിന്റെ കൂടിവരവിനെ സൂചിപ്പിക്കുന്നു.
- ഈ പദം ക്രിസ്തുവിന്റെ മുഴുവന്ശരീരത്തില് എല്ലായിടങ്ങളിലുമുള്ള സകല വിശ്വാസികളെയും സൂചിപ്പിക്കുവാന്ഉപയോഗിക്കുമ്പോള്, ചില ഇംഗ്ലിഷ് പരിഭാഷകളില്ആദ്യത്തെ അക്ഷരം("Church") വലിപ്പമുള്ളതായി കാണിച്ചിട്ട് പ്രദേശിക സഭ എന്നതില്നിന്നും വ്യത്യാസപ്പെടുത്തി കാണിക്കുന്നു.
- സാധാരണയായി ഒരു നിര്ദ്ധിഷ്ട പട്ടണത്തിലുള്ള വിശ്വാസികള്ഒരാളുടെ ഭവനത്തില്ഒരുമിച്ചുകൂടുക പതിവായിരുന്നു. ഈ പ്രാദേശിക സഭകള്ക്ക് ആ പട്ടണങ്ങളുടെ പേര് "എഫെസോസിലെ സഭ" എന്നതുപോലെ നല്കിയിരുന്നു.
- ദൈവവചനത്തില്, "സഭ" എന്നത് ഒരു കെട്ടിടത്തെ സൂചിപ്പിക്കുന്നില്ല.

## പരിഭാഷ നിര്ദേശങ്ങള്:

- "സഭ" എന്ന പദം "ഒരുമിച്ചു കൂടുക" അല്ലെങ്കില്"ഒന്നുകൂടല്" അല്ലെങ്കില്"സംഘം" അല്ലെങ്കില്"പരസ്പരം ഒരുമിച്ചു കണ്ടുമുട്ടല്" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- ഈ പദം പരിഭാഷപ്പെടുത്താന്ഉപയോഗിക്കുന്ന പദം അല്ലെങ്കില്പദസഞ്ചയം ഒരു ചെറിയ സംഘത്തെ മാത്രമല്ല, സകല വിശ്വാസികളെയും സൂചിക്കുന്നതാ യിരിക്കണം.
- "സഭ" എന്ന വാക്കിന്റെ പരിഭാഷ ഒരു കെട്ടിടത്തെ സൂചിപ്പിക്കുന്നതായിരിപ്പാന്പാടില്ല എന്നു ഉറപ്പാക്കുക.
- പഴയനിയമത്തില്"സഭ" എന്ന പദം പരിഭാഷപ്പെടുത്തുവാന്ഉപയോഗിച്ച വാക്കുതന്നെ ഈ പദത്തിനും ഉപയോഗിക്കാം.
- കൂടാതെ ഒരു പ്രാദേശിക ഭാഷയില്അല്ലെങ്കില്ദേശീയ ഭാഷയില്ദൈവവചന പരിഭാഷ എപ്രകാരമായിരുന്നു എന്നതും പരിഗണിക്കുക.

(കാണുക: അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: സഭ, വിശ്വസിക്കുക, ക്രിസ്ത്യാനി)

## ദൈവവചന പരിഭാഷ:

- 1കൊരിന്ത്യര്05:11-13
- 1 തെസ്സലോനിക്യര്02:14-16
- 1 തിമോത്തിയോസ് 03:4-5
- അപ്പോ.പ്രവര്ത്തികള്09:31-32
- അപ്പോ.പ്രവര്ത്തികള്14:23-26
- അപ്പോ.പ്രവര്ത്തികള്15:39-41
- കൊലോസ്സ്യര്04:15-17
- എഫെസ്യര്05:22-24
- മത്തായി 16:17-18
- ഫിലിപ്പിയര്04:14-17

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **43:12** പത്രോസ് പ്രസ്താവിച്ചത് വിശ്വസിച്ച ഏകദേശം 3,000പേര്യേശുവിന്റെ ശിഷ്യന്മാരായിത്തീര്ന്നു. അവര്സ്നാനപ്പെടുകയും **ദൈവസഭയുടെ** ഭാഗമായിത്തീരുകയും ചെയ്തു.
- **46:09** അന്ത്യോക്യയിലുള്ള ഭൂരിഭാഗം ജനങ്ങളും യാഹൂദന്മാരായിരുന്നില്ല, എന്നാല്ആദ്യമായി, അവരില്നിന്നും അനേകംപേര്വിശ്വാസികളായിത്തീര്ന്നു. ബര്ന്നബാസും ശൌലും അവിടെച്ചെന്നു പുതിയ വിശ്വാസികള്ക്ക് യേശുവിനെക്കുറിച്ച് കൂടുതല്പഠിപ്പിക്കുകയും **സഭയെ** ശക്തിപ്പെടുത്തുകയും ചെയ്തു.

- **46:10** അതുകൊണ്ട് അന്ത്യോക്യയിലെ **സഭ** ബര്ന്നബാസിനും ശൌലിനും വേണ്ടി പ്രാര്ഥിക്കുകയും അവരുടെമേല്കൈകളെ വെയ്ക്കുകയും ചെയ്തു. അനന്തരം അവര്അവരെ യേശുവിനെക്കുറിച്ചുള്ള സുവിശേഷം അനവധി സ്ഥലങ്ങളില്പ്രസംഗിക്കേണ്ടതിനായി പറഞ്ഞയച്ചു.
- **47:13** യേശുവിന്റെ സുവിശേഷം വ്യാപിച്ചുകൊണ്ടിരുന്നു, **സഭ** വളര്ന്നുകൊണ്ടും ഇരുന്നു.
- **50:01** ഏകദേശം 2,000 ലധികം വര്ഷങ്ങളായി, ലോകമെമ്പാടും അധികമാധികമാളുകള്മശീഹയാകുന്ന യേശുവിന്റെ സുവാര്ത്ത കേട്ടുകൊണ്ടിരിക്കുന്നു. **സഭ** വളര്ന്നുകൊണ്ടിരിക്കുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G1577

# സമാഗമനകുടാരം

## നിര്വചനം:

ഇസ്രയേല് മക്കള് മരുഭൂമിയില് 40 വര്ഷങ്ങള് യാത്ര ചെയ്തു വന്ന കാലത്ത് അവര് ദൈവത്തെ ആരാധിക്കുവാന് വേണ്ടി ഉണ്ടാക്കിയ പ്രത്യേക കൂടാര മാതൃകയില് ഉള്ള നിര്മ്മിതി ആയിരുന്നു സമാഗമന കൂടാരം.

- ഈ വലിയ കൂടാരം നിര്മ്മിക്കുവാനായി പ്രത്യേകമായ വിശദമായ നിര്ദേശങ്ങള് ദൈവം ഇസ്രയേല്യര്ക്കു നല്കിയിരുന്നു, അതില് ചുറ്റും മറയ്ക്കപ്പെട്ട നിലയില് പ്രാകാരത്താല് വലയം ചെയ്യപ്പെട്ട രണ്ടു മുറികളോടു കൂടിയതു ആയിരുന്നു.
- താമസിക്കുവാനായി മരുഭൂമിയുടെ വിവിധ സ്ഥലങ്ങളിലേക്ക് ഇസ്രയേല്ജനം നീങ്ങുന്ന ഓരോ സമയവും, പുരോഹിതന്മാര്ഈ കൂടാരത്തെ ചുമന്നു അടുത്ത പാളയം ഇറങ്ങുന്ന സ്ഥലത്തേക്ക് കൊണ്ട് പോകുകയും ചെയ്യുമായിരുന്നു. അനന്തരം അവര് പുതിയ പാളയത്തിന്റെ മധ്യത്തില് അത് സ്ഥാപിക്കുകയും ചെയ്യുമായിരുന്നു.
- സമാഗമന കൂടാരം എന്നത് മരപ്പലകകളാല് നിര്മ്മിച്ചതും തുണി, ആട്ടുരോമം, മൃഗങ്ങളുടെ തോല് എന്നിവയാല് നിര്മ്മിതമായ തിരശീലകളാല് ഉണ്ടാക്കിയതും ആകുന്നു. ഇതിനു ചുറ്റും ഉണ്ടായിരുന്ന പ്രാകാരം കൂടുതല് തിരശീലകളാല്മറയ്ക്കപ്പെട്ടിരുന്നു.
- സമാഗമന കൂടാരത്തിന്റെ രണ്ട് ഭാഗങ്ങള് (വിശുദ്ധ സ്ഥലവും (ധൂപവര്ഗ്ഗത്തിനുള്ള പീഠം സ്ഥിതി ചെയ്തിരുന്ന സ്ഥലം), അതിവിശുദ്ധ സ്ഥലവും (ഉടമ്പടി പെട്ടകം സൂക്ഷിച്ചിരുന്ന സ്ഥലം) ആയിരുന്നു.
- സമാഗമന കൂടാരത്തിന്റെ പ്രാകാരത്തില് മൃഗങ്ങളെ യാഗമര്പ്പിക്കുവാനുള്ള യാഗപീഠവും ആചാര പ്രകാരമുള്ള ശുദ്ധീകരണത്തിനുള്ള പ്രത്യേക ശുദ്ധീകരണ തൊട്ടിയും ഉണ്ടായിരുന്നു.
- ശലോമോനാല് യെരുശലേമില് ദേവാലയം പണിതു കഴിഞ്ഞപ്പോള് ഇസ്രയേല്യര് സമാഗമന കൂടാരം ഉപയോഗിക്കുന്നത് നിറുത്തി.

## പരിഭാഷ നിര്ദേശങ്ങള്:

- “സമാഗമന കൂടാരം” എന്ന പദത്തിന്റെ അര്ത്ഥം “വസിക്കുന്ന സ്ഥലം” എന്നാണ്.

ഇത് പരിഭാഷ ചെയ്യുവാന് ഉള്ള ഇതര ശൈലികളില്, “വിശുദ്ധ കൂടാരം” അല്ലെങ്കില് “ദൈവം വസിച്ചിരുന്ന സ്ഥലം” അല്ലെങ്കില് “ദൈവത്തിന്റെ കൂടാരം” എന്നിവ ഉള്പ്പെടുത്താം.

- ഈ പദത്തിന്റെ പരിഭാഷ “ദേവാലയം” എന്ന പദത്തിന്റെ പരിഭാഷയില് നിന്നും വ്യത്യസ്തമാണ് എന്ന കാര്യം ഉറപ്പാക്കുക.

(കാണുക: യാഗപീഠം, ധൂപപീഠം, ഉടമ്പടി പ്പെട്ടകം, ദേവാലയം, സമാഗമന കൂടാരം)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്21:28-30
- 2 ദിനവൃത്താന്തങ്ങള്01:2-5
- അപ്പോ.07:43
- അപ്പോ.07:44-46
- പുറപ്പാട് 38:21-23
- യോശുവ 22:19-20
- ലേവ്യപുസ്തകം 10:16-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H168, H4908, H5520, H5521, H5522, H7900, G4633, G4634, G4636, G4638

# സമ്മാനം, സമ്മാനങ്ങള്

## നിര്വചനം:

“സമ്മാനം”എന്ന പദം ആര്ക്കെങ്കിലും നല്കുന്നതോ അര്പ്പിക്കുന്നതോ ആയതിനെ സൂചിപ്പിക്കുന്നു. ഒരു സമ്മാനം നല്കപ്പെടുന്നു എന്നാല്തിരികെ എന്തെങ്കിലും ലഭിക്കും എന്ന പ്രതീക്ഷയോടെ നല്കപ്പെടുന്നത് അല്ല.

- പണം, ഭക്ഷണം,വസ്ത്രം, അല്ലെങ്കില്മറ്റു വസ്തുക്കള്പാവപ്പെട്ട ജനത്തിനു നല്കുന്നതിനെ “ദാനങ്ങള്” എന്ന് പറയുന്നു.
- ദൈവ വചനത്തില്, ഒരു വഴിപാട്, അല്ലെങ്കില്യാഗം ദൈവത്തിനു നല്കുന്നതിനെയും സമ്മാനം എന്ന് പറയുന്നു.
- രക്ഷ എന്ന ദാനം യേശുവില്ഉള്ളതായ വിശ്വാസം മൂലം ദൈവം നമുക്ക് നല്കുന്നതു ആകുന്നു.
- പുതിയ നിയമത്തില്, “ദാനങ്ങള്” എന്ന പദം ദൈവം എല്ലാ ക്രിസ്ത്യാനികള്ക്കും അവര്മറ്റുള്ള ജനങ്ങളെ ശുശ്രൂഷിക്കുന്നതിനായി നല്കുന്ന പ്രത്യേക ആത്മീയ കഴിവുകളെ സൂചിപ്പിക്കുവാനും ഉപയോഗിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

“സമ്മാനം” എന്നതിന് ഉള്ള പൊതുവായ പദം “നല്കപ്പെടുന്നതായ ഒന്ന്” എന്ന അര്ത്ഥം നല്കുന്ന പദമോ പദസഞ്ചയമോ കൊണ്ട് പരിഭാഷ ചെയ്യാം.

- ദൈവത്തില്നിന്നുള്ള ദാനമോ പ്രത്യേക കഴിവോ ഒരു വ്യക്തിക്ക് ഉള്ള നിലയില്, “ആത്മാവില്നിന്നുള്ള ദാനം” എന്നത് “ആത്മീയ കഴിവ്” അല്ലെങ്കില്“പരിശുദ്ധാത്മാവില്നിന്നുള്ള പ്രത്യേക കഴിവ്” അല്ലെങ്കില്“ദൈവം നല്കിയ പ്രത്യേക ആത്മീയ കഴിവ്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക:ആത്മാവ്, പരിശുദ്ധാത്മാവ്)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്:1-3
- 2 ശമുവേല്:6-8
- അപ്പൊ.പ്രവര്ത്തികള്:20-23
- അപ്പൊ.പ്രവര്ത്തികള്:3-6
- അപ്പൊ.പ്രവര്ത്തികള്:17-18
- അപ്പൊ.പ്രവര്ത്തികള്:17-19
- യാക്കോബ് 01:17-18
- യോഹന്നാന്:9-10
- മത്തായി 05:23-24
- മത്തായി 08:4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H814, H4503, H4864, H4976, H4978, H4979, H4991, H5078, H5083, H5379, H7810, H8641, G334, G1390, G1394, G1431, G1434, G1435, G3311, G5486

# സർവശക്തൻ

## വസ്തുതകൾ

“സർവശക്തൻ'' എന്ന പദം ദൈവവചനത്തിൽ അക്ഷരീകമായി “സർവ-അധികാര വുമുള്ളവൻ” എന്നു അർത്ഥം വരുന്ന, എപ്പോഴും ദൈവത്തെ സൂചിപ്പിക്കുന്ന ഒന്നാണ്.

- “സർവശക്തൻ” അല്ലെങ്കിൽ “സർവശക്തനായവൻ” എന്ന ശീർഷകങ്ങൾദൈവത്തെ സൂചിപ്പിക്കുന്നതും, സകലത്തിൻമേലും അവന് സമ്പൂർണ ശക്തിയും അധികാരവും ഉണ്ട് എന്നു വെളിപ്പെടുത്തുന്നതും ആകുന്നു. ഈ പദം ദൈവത്തെ “സർവ ശക്തനായ ദൈവം” എന്നും “ദൈവം സർവശക്തൻ” എന്നും “സർവശക്തനായ കർത്താവ്” എന്നും കർത്താവ് സർവശക്തൻ” എന്നും വിശദീകരിക്കുവാൻ ഉപയോഗിക്കുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- ഈ പദം “സർവ അധികാരമുള്ളവൻ” അല്ലെങ്കിൽ “സമ്പൂർണമായി ശക്തിമാനായവാൻ” അല്ലെങ്കിൽ“സമ്പൂർണമായി സകല അധികാരവുമുള്ള ദൈവം” എന്നും പരിഭാഷപ്പെടുത്താം.
- “കർത്താവാം ദൈവം സർവശക്തൻ” എന്ന പദസഞ്ചയത്തെ പരിഭാഷപ്പെടുത്തു വാനുള്ള മാർഗ്ഗങ്ങൾ“ ദൈവം, ശക്തനായ ഭരണാധികാരി” അല്ലെങ്കിൽ “അധികാര സമ്പൂർണ്ണനായ സർവാധികാരിയായ ദൈവം” അല്ലെങ്കിൽ “സകലത്തിൻമേലും യജമാനനായ സർവശക്തനായ ദൈവം” ആദിയായവ ഉൾപ്പെടുന്നു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ദൈവം, കർത്താവ്, അധികാരം)

## ദൈവവചന സൂചികകൾ:

- പുറപ്പാട് 06:2-5
- ഉൽപ്പത്തി 17:1-2
- ഉൽപ്പത്തി 35;11-13
- ഇയ്യോബ് 08:1-3
- സംഖ്യാപുസ്തകം 24:15-16
- വെളിപ്പാട് 01:19-21
- രൂത്ത് 01:19-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7706, G3841

# സഹോദരന്, സഹോദരന്മാര്

## നിര്വചനം:

"സഹോദരന്'' എന്ന പദം സാധാരണയായി കുറഞ്ഞപക്ഷം മാതാപിതാക്കളില്ഒരാളെങ്കിലും മറ്റൊരു ആളുമായി ബന്ധം പുലര്ത്തുന്ന ഒരു പുരുഷനെയാണ് അര്ത്ഥമാക്കുന്നത്.

- പഴയ നിയമത്തില്, 'സഹോദരന്മാര്" എന്ന പദം ഒരേ ഗോത്രം, വംശം, അല്ലെങ്കില്ജനവിഭാഗത്തിലുള്ള അംഗങ്ങളെ പൊതുവില് ബന്ധുക്കള് എന്നു സൂചിപ്പിക്കുവാന്ഉപയോഗിക്കുന്നു.
- പുതിയനിയമത്തില്, സഹക്രിസ്ത്യാനികളെ സൂചിപ്പിക്കുവാന്അപ്പോസ്തല ന്മാര്സാധാരണയായി 'സഹോദരന്മാര്'' എന്ന പദം ഉപയോഗിച്ചിരുന്നത്, പുരുഷന്മാരെയും സ്ത്രീകളെയും സൂചിപ്പിക്കുവാന്, പ്രത്യേകാല്ക്രിസ്തുവി ലുള്ള എല്ലാ വിശ്വാസികളും ദൈവം അവരുടെ സ്വര്ഗ്ഗീയപിതാവായി ഒരു ആത്മീയ കുടുംബത്തിലെ അംഗങ്ങള്എന്നതിനാല്ഉപയോഗിച്ചിരുന്നു.
- പുതിയനിയമത്തില്ചുരുക്കം ചില സമയങ്ങളില്, അപ്പോസ്തലന്മാര്"സഹോദരി" എന്ന പദം സ്ത്രീയായ സഹക്രിസ്ത്യാനിയെ സൂചിപ്പിക്കുവാന്ഉപയോഗിച്ചിരുന്നു, അല്ലാത്തപക്ഷം പുരുഷന്മാരും സ്ത്രീകളും ഉള്പ്പെടുത്തപ്പെടുമായിരുന്നു. ഉദാഹരണമായി, "ഒരു സഹോദരനോ സഹോദരിയോ ഭക്ഷണത്തിനോ വസ്ത്ര ത്തിനോ ആവശ്യപ്പെട്ടിരിക്കുമ്പോള്" എന്നു യാക്കോബ് അപ്പോസ്തലന്സൂചിപ്പി ക്കുമ്പോള്താന്എല്ലാ വിശ്വാസികളെയും കുറിച്ച് പരാമര്ശിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ലക്ഷ്യമിട്ടിരിക്കുന്ന ഭാഷയില്, പ്രകൃത്യായുള്ള, അല്ലെങ്കില്ജൈവശാസ്ത്ര പരമായ സഹോദരന്എന്നതിനെ സൂചിപ്പിക്കുവാന്അക്ഷരീകമായ വാക്ക് ഉപയോഗത്തില്ഉണ്ടെങ്കില്അതായിരിക്കും ഏറ്റവും നല്ലത്, അല്ലായെങ്കില്ഇതു തെറ്റായ അര്ത്ഥം നല്കുവാന്ഇടയാകും.
- പഴയനിയമത്തില്പ്രത്യേകാല്, "സഹോദരന്മാര്" എന്ന പദം ഒരേ കുടുംബം, വംശം, അല്ലെങ്കില്ജനവിഭാഗം എന്നിവയിലെ അംഗങ്ങളെ സൂചിപ്പിക്കുവാന്പൊതുവെ ഉപയോഗിച്ചിരുന്നതിനു, സാധ്യതയുള്ള ഇതര പരിഭാഷകള്"ബന്ധുക്കള്" അല്ലെങ്കില്" വംശത്തിലുള്ള അംഗങ്ങള്" അല്ലെങ്കില്"സഹ ഇസ്രേ യേല്യര്" എന്നിവയും ഉള്പ്പെടുത്താം.
- ക്രിസ്തുവിലുള്ള ഒരു കൂട്ടു വിശ്വാസിയെ സൂചിപ്പിക്കുന്ന സാഹചര്യത്തില്, ഈ പദം "ക്രിസ്തുവില്സഹോദരന്" അല്ലെങ്കില്"ആത്മീയ സഹോദരന്" എന്നു പരിഭാഷപെടുത്താം.
- സഹോദരന്" എന്ന പദം പുരുഷന്മാര്ക്കും സ്ത്രീകള്ക്കും സൂചിപ്പിക്കുന്നത് ഒരു തെറ്റായ അര്ത്ഥം ആണെങ്കില്, പുരുഷന്മാരെയും സ്ത്രീകളെയും ഉള്പ്പെടു ത്തുന്ന കൂടുതല്പ്പൊതുവായ ഒരു പദം ഉപയോഗിക്കാവുന്നതാണ്.
- പുരുഷന്മാരും സ്ത്രീകളുമായ ഇരുകൂട്ടം വിശ്വാസികളെയും ഉള്പ്പെടുത്താവുന്ന "കൂട്ടു വിശ്വാസികള്" അല്ലെങ്കില്"ക്രിസ്തീയ സഹോദരന്മാരും സഹോദരികളും" എന്നീ പദസഞ്ചയങ്ങള്ഉള്പ്പെടുത്താവുന്നതാണ്.
- പുരുഷന്മാര് മാത്രമാണോ, അല്ല പുരുഷന്മാരും സ്ത്രീകളും ഉള്പ്പെടുന്നുണ്ടോ എന്നു നിര്ണ്ണയിക്കുവാന്സാഹചര്യത്തെ പരിശോധിച്ച് ഉറപ്പ് വരുത്തുക.

(കാണുക: അപ്പോസ്തലന്, പിതാവാം ദൈവം, സഹോദരി, ആത്മാവ്)

## ദൈവവചന സൂചികകള്;

- അപ്പോ.പ്രവര്ത്തികള്07:26-28
- ഉല്പ്പത്തി 29:9-10
- ലേവ്യപുസ്തകം 19:17-18
- നെഹെമ്യാവ് 03:1-2
- ഫിലിപ്പിയര്04:21-23
- വെളിപ്പാട് 01:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H251, H252, H264, H1730, H2992, H2993, H2994, H7453, G80, G81, G2385, G2455, G2500, G4613, G5360, G5569

# സാക്ഷ്യം, സാക്ഷീകരിക്കുക, സാക്ഷി, സാക്ഷ്യം നല്കുന്നു, ദൃക്സാക്ഷി, ദൃക്സാക്ഷികള്

## നിര്വചനം:

ഒരു വ്യക്തി “സാക്ഷ്യം” നല്കുമ്പോള് തനിക്കു അറിയാവുന്ന ഒരു കാര്യത്തെ കുറിച്ച്, താന് പ്രസ്താവിക്കുന്ന പ്രസ്താവന സത്യം ആണെന്ന് എന്നുള്ള വസ്തുത അറിയിക്കുകയാണ് ചെയ്യുന്നത്. “സാക്ഷീകരിക്കുക” എന്നതു “സാക്ഷ്യം” നല്കുക എന്നുള്ളതാണ്.

- ഒരുവന് താന് നേരിട്ട് അനുഭവിച്ചതായ വസ്തുതയെ സംബന്ധിച്ചാണ് സാധാരണയായി “സാക്ഷ്യം നല്കാറുള്ളത്”. “കള്ള സാക്ഷ്യം” നല്കാറുള്ള ഒരു സാക്ഷി സംഭവിച്ചതായ കാര്യത്തെക്കുറിച്ച് സത്യസന്ധമായ വസ്തുത പ്രസതാവിക്കാറില്ല.
- ചില സന്ദര്ഭങ്ങളില് “സാക്ഷ്യം” എന്ന പദം ഒരു പ്രവാചകന് പ്രസ്താവിച്ചതായ പ്രവചനത്തെ സൂചിപ്പിക്കുന്നു.
- പുതിയ നിയമത്തില്, ഈ പദം സാധാരണയായി യേശുവിന്റെ ശിഷ്യന്മാര് യെശുവിന്റെ ജീവിതത്തിലെ സംഭവങ്ങള്, മരണം, ഉയിര്ത്തെഴുന്നേല്പ്പ് ആദിയായ കാര്യങ്ങളെക്കുറിച്ച് സാക്ഷ്യം പ്രസ്താവിച്ചു വന്നതിനെ സൂചിപ്പിക്കുന്നു. “സാക്ഷി” എന്ന പദം സൂചിപ്പിക്കുന്നത് ഒരു വ്യക്തി വ്യക്തിപരമായി സംഭവിച്ച ഒരു കാര്യത്തിന്റെ അനുഭവം ഉള്ള വ്യക്തി ആയിരിക്കുന്നു എന്നതാണ്. സാധാരണയായി ഒരു സാക്ഷി എന്നത് തനിക്കു അറിയാവുന്ന കാര്യം സത്യം ആണെന്ന് സാക്ഷീകരിക്കുന്ന വ്യക്തി കൂടെ ആകുന്നു. “ദൃക്സാക്ഷി” എന്ന പദം ഊന്നല് നല്കുന്നത് ഒരു വ്യക്തി വാസ്തവത്തില് സംഭവം നടന്നപ്പോള് എന്താണ് സംഭവിച്ചത് എന്ന് കണ്ട വ്യക്തി ആകുന്നു എന്നാണ്.
- “ഏതെങ്കിലും ഒന്നിന് “സാക്ഷ്യം” വഹിക്കുക എന്നാല് അത് സംഭവിക്കുന്നത് കാണുക എന്നതാണ്.
- ഒരു വിസ്താരത്തില്, ഒരു സാക്ഷി “സാക്ഷ്യം നല്കുന്നു” അല്ലെങ്കില് “സാക്ഷ്യം വഹിക്കുന്നു.” ഇത് “സാക്ഷീകരിക്കുന്നു” എന്ന അതേ അര്ത്ഥം തന്നെ നല്കുന്നു.
- സാക്ഷികള് അവര് കണ്ടതോ അല്ലെങ്കില് കേട്ടതോ ആയവയെ കുറിച്ച് സത്യം തന്നെ പ്രസ്താവിക്കണം എന്ന് പ്രതീക്ഷിക്കുന്നു.
- ഒരു സാക്ഷി സംഭവിച്ച കാര്യം സംബന്ധിച്ച് സത്യം പ്രസ്താവിക്കുന്നില്ല എങ്കില് ആ വ്യക്തിയെ “കള്ള സാക്ഷി” എന്ന് വിളിക്കുന്നു. അ വ്യക്തിയെ സംബന്ധിച്ച് “കള്ള സാക്ഷ്യം നല്കുക” അല്ലെങ്കില് “കള്ള സാക്ഷ്യം വഹിക്കുക” എന്ന് പറയുന്നു.
- ”ഇടയില് ഒരു സാക്ഷി ആയിരിക്കുക” എന്ന പദപ്രയോഗം അര്ത്ഥം നല്കുന്നത് ഒരു ഉടമ്പടി ചെയ്തിരിക്കുമ്പോള് എതിനെങ്കിലും അല്ലെങ്കില് ആര്ക്കെങ്കിലും തെളിവായി കാണപ്പെടുക എന്നതാണ്. ഈ സാക്ഷി ഓരോ വ്യക്തിയും എന്താണ് ചെയ്യാം എന്ന് വാക്കു പറഞ്ഞിരിക്കുന്നത് എന്നതിനെ ഉറപ്പാക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- “സാക്ഷ്യം വഹിക്കുക” അല്ലെങ്കില് “സാക്ഷ്യം നല്കുക” എന്നതിനെ “വാസ്തവമായത് പറയുക” അല്ലെങ്കില് കണ്ടതോ കേട്ടതോ ആയവ പറയുക” അല്ലെങ്കില് “വ്യക്തിഗത അനുഭവത്തില് നിന്ന് പ്രസ്താവിക്കുക” അല്ലെങ്കില് “തെളിവ് നല്കുക” അല്ലെങ്കില്” എന്താണ് സംഭവിച്ചത് എന്ന് പറയുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”സാക്ഷ്യം” എന്നതിനെ പരിഭാഷ ചെയ്യുന്ന ശൈലിയില്, “എന്താണ് സംഭവിച്ചത് എന്നതിന്റെ വിവരണം നല്കുക” അല്ലെങ്കില് “സത്യം എന്താണ് എന്നുള്ളതിന്റെ പ്രസ്താവന നല്കുക” അല്ലെങ്കില് “തെളിവ്” അല്ലെങ്കില് “എന്താണ് പറഞ്ഞിരിക്കുന്നത്” അല്ലെങ്കില് “പ്രവചനം” ആദിയായവ ഉള്പ്പെടുത്താം.
- “അവര്ക്ക് ഒരു സാക്ഷ്യത്തിനായി” എന്ന പദപ്രയോഗം “സത്യം എന്തെന്ന് അവര്ക്ക് കാണിച്ചു കൊടുക്കുക” അല്ലെങ്കില് “സത്യം എന്താണെന്ന് അവര്ക്ക് തെളിയിച്ചു കൊടുക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “അവര്ക്ക് എതിരായ ഒരു സാക്ഷ്യം” എന്നത് “അവരുടെ പാപം എന്തെന്ന് അവര്ക്ക് കാണിച്ചു കൊടുക്കുന്നത്” അല്ലെങ്കില് “അവരുടെ കാപട്യം തുറന്നു കാണിക്കുന്നത്” അല്ലെങ്കില് “അവര്തെറ്റായ നിലയില് ആയിരിക്കുന്നു എന്ന് തെളിയിച്ചു കൊടുക്കുന്നത്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “കള്ള സാക്ഷ്യം നല്കുക” എന്നത് “അവാസ്തവമായ സംഗതികള് പറയുക” അല്ലെങ്കില് “സത്യമല്ലാത്ത കാര്യങ്ങള് പ്രസ്താവിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “സാക്ഷി” അല്ലെങ്കില് “ദൃക്സാക്ഷി” എന്ന പദങ്ങള് “അത് കാണുന്ന വ്യക്തി” അല്ലെങ്കില് “അത് സംഭവിക്കുന്നത്കണ്ട വ്യക്തി” അല്ലെങ്കില് “അത് കാണുകയും കേള്ക്കുകയും (ആ കാര്യങ്ങള്) ചെയ്ത ആളുകള്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “ഒരു സാക്ഷി” എന്ന് പറയുന്നത് “ഉറപ്പ്” അല്ലെങ്കില് നമ്മുടെ വാഗ്ദത്തങ്ങള്ക്ക് ഒരു അടയാളം” അല്ലെങ്കില് ഇത് സത്യം ആണെന്ന് സാക്ഷ്യം പറയുന്ന എന്തെങ്കിലും ഒന്ന്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

- “നിങ്ങള് എന്റെ സാക്ഷികള് ആകും” എന്ന പദപ്രയോഗം “എന്നെക്കുറിച്ച് നിങ്ങള് മറ്റു ജനങ്ങളോട് പറയും” അല്ലെങ്കില് “ഞാന് നിങ്ങളെ ഉപദേശിച്ചതായ സത്യം നിങ്ങള് മറ്റുള്ളവരെ പഠിപ്പിക്കും” അല്ലെങ്കില് “നിങ്ങള് ജനങ്ങള്ക്ക് ഞാന് ചെയ്യുന്നതായി കണ്ടതും ഞാന് പഠിപ്പിക്കുന്നതായി കേട്ടതും ആയവ ഉപദേശിച്ചു കൊടുക്കും.”
- ”സാക്ഷിയായി ത്തീരുക” എന്നത് “കണ്ടതായ കാര്യം പ്രസ്താവിക്കുക” അല്ലെങ്കില് “സാക്ഷീകരിക്കുക” അല്ലെങ്കില് “എന്താണ് സംഭവിച്ചത് എന്ന് പ്രസ്താവിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- എന്തിനെങ്കിലും “സാക്ഷ്യം” വഹിക്കുക എന്നാല് “എന്തെങ്കിലും കാണുക” അല്ലെങ്കില് “എന്തെങ്കിലും സംഭവിക്കുന്നത് അനുഭവഭേദ്യം ആക്കുക” എന്ന് പരിഭാഷ ചെയ്യാം.

(കാണുക: ഉടമ്പടി പ്പെട്ടകം, കുറ്റം, ന്യായം വിധിക്കുക, പ്രവാചകന്, സാക്ഷ്യം, സത്യം)

## ദൈവ വചന സൂചികകള്:

- ആവര്ത്തന പുസ്തകം 31:27-29
- മീഖ 06:3-5
- മത്തായി 26:59-61
- മര്ക്കോസ് 01:43-44
- യോഹന്നാന്:6-8
- യോഹന്നാന്:31-33
- അപ്പോ.04:32-33
- അപ്പോ.07:44-46
- അപ്പോ:13:30-31
- റോമര്01:8-10
- 1 തെസ്സലോനിക്യര് 02:10-12
- 1 തിമോത്തിയോസ് 05:19-20
- 2 തിമോത്തിയോസ് 01:8-11
- 2 പത്രോസ് 01:16-18
- 1 യോഹന്നാന് 05:6-8
- 3 യോഹന്നാന് 01:11-12
- വെളിപ്പാട് 12:11-12

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **39:02** ഭവനത്തിനു അകത്തു, യഹൂദ നേതാക്കന്മാര്യേശുവിനെ വിസ്താരത്തില്ആക്കി. അവര്നിരവധി **കള്ള സാക്ഷികളെ** അവനെ കുറിച്ച് അസത്യം പറയുന്നവരായി കൊണ്ട് വന്നിരുന്നു.
- **39:04** കോപിഷ്ടനായി മഹാപുരോഹിതന്തന്റെ വസ്ത്രം കീറുകയും ഉച്ചത്തില്വിളിച്ചു പറയുകയും ചെയ്തത്, “ഞങ്ങള്ക്ക് ഇനി വേറെ അധികം **സാക്ഷികളുടെ** ആവശ്യം ഇല്ല. അവന്തന്നെ താന്ദൈവ പുത്രന്ആകുന്നു എന്ന് പറയുന്നത് നിങ്ങള്കേട്ടുവല്ലോ. എന്താണ് നിങ്ങളുടെ വിധി?”
- **42:08** “തിരുവെഴുത്തുകളില്എഴുതിയിരിക്കുന്ന പ്രകാരം എന്റെ ശിഷ്യന്മാര്ജനം അവരുടെ പാപങ്ങളില്നിന്ന് പാപക്ഷമ പ്രാപിക്കേണ്ടതിന് ഏവരും മാനസ്സാന്തരപ്പെടണം എന്ന് പ്രസംഗിക്കും. അവര്അത് യെരുശലേമില്ആരംഭിക്കുകയും, അനന്തരം എല്ലായിടങ്ങളിലും ഉള്ള സകല ജനവിഭാഗങ്ങളുടെ അടുക്കലും ചെല്ലുകയും ചെയ്യും. ഈ കാര്യങ്ങള്ക്ക് നിങ്ങള് **സാക്ഷികള്** ആകുന്നു.”
- **43:07** യേശുവിനെ ദൈവം വീണ്ടും ജീവനിലേക്കു ഉയിര്പ്പിച്ചു എന്നുള്ള വസ്തുതയ്ക്ക് ഞങ്ങള്“സാക്ഷികള് **സാക്ഷികള്** ആകുന്നു.”

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5707, H5713, H5715, H5749, H6030, H8584, G267, G1263, G1957, G2649, G3140, G3141, G3142, G3143, G3144, G4303, G4828, G4901, G5575, G5576, G5577, G6020

# സാത്താന്, പിശാച്, ദുഷ്ടന് ആയവന്

## വസ്തുതകള്:

പിശാചും ദൈവത്താല് സൃഷ്ടിക്കപ്പെട്ട ഒരു ആത്മ ജീവി ആണെങ്കില്പോലും, അവന് ദൈവത്തിനു എതിരായി മത്സരിക്കുകയും ദൈവത്തിന്റെ ശത്രു ആയി തീരുകയും ചെയ്തു. പിശാചിനെ "സാത്താന്" എന്നും "ദുഷ്ടന് ആയവന്" എന്നും വിളിക്കാറുണ്ട്.

- പിശാച് ദൈവത്തെയും ദൈവത്തിന്റെ സകല സൃഷ്ടിയെയും പകയ്ക്കുന്നു എന്തുകൊണ്ടെന്നാല് അവന് ദൈവത്തിന്റെ സ്ഥാനം പിടിച്ചടക്കണം എന്നും ദൈവത്തെ പ്പോലെ ആരാധിക്കപ്പെടണം എന്നും ആഗ്രഹിക്കുന്നു.
- സാത്താന് ജനത്തെ ദൈവത്തിനു എതിരായി മത്സരിക്കുവാന് ഹേമിക്കുന്നു.
- ദൈവം തന്റെ പുത്രനായ, യേശുവിനെ, സാത്താന്റെ കയ്യില്നിന്നും മനുഷ്യനെ വിടുവിക്കുവാനായി പറഞ്ഞയച്ചു.
- "സാത്താന്" എന്ന പദത്തിന്റെ അര്ത്ഥം "എതിരാളി" അല്ലെങ്കില് "ശത്രു" എന്നാണ്.
- "പിശാച്" എന്ന വാക്കിന്റെ അര്ത്ഥം "അപവാദി" എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- "പിശാച്" എന്ന പദം "അപവാദം പറയുന്നവന് " അല്ലെങ്കില് "ദുഷ്ടന് ആയവന്" അല്ലെങ്കില് "ദുഷ്ട ആത്മാക്കളുടെ രാജാവ്" അല്ലെങ്കില് "പ്രധാന ദുഷ്ടാത്മാവ്" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "സാത്താന്" എന്നത് "എതിര്ക്കുന്നവന്" അല്ലെങ്കില് "എതിരാളി" അല്ലെങ്കില് അവന് പിശാച് തന്നെ എന്ന് വ്യക്തം ആക്കി കാണിക്കുന്ന മറ്റു ഏതെങ്കിലും പേര് ഉപയോഗിച്ചു പരിഭാഷ ചെയ്യാം.
- ഈ പദങ്ങള് ഭൂതം എന്നും ദുഷ്ടാത്മാവ് എന്നും ഉള്ളതില്നിന്നും വ്യത്യസ്തമായി പരിഭാഷ ചെയ്യേണ്ടതാണ്.
- ഒരു പ്രാദേശിക അല്ലെങ്കില് ദേശീയ ഭാഷയില്ഈ പദങ്ങള് എപ്രകാരം പരിഭാഷ ചെയ്യുവാന് സാധിക്കും എന്നത് പരിഗണിക്കുക.

(കാണുക: അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം)

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഭൂതം, ദുഷ്ടന്, ദൈവത്തിന്റെ രാജ്യം, പരീക്ഷിക്കുക)

## ദൈവ വചന സൂചികകള്:

- 1 യോഹന്നാന്:7-8
- 1 തെസലോനിക്യര്:17-20
- 1 തിമോത്തിയോസ് 05:14-16
- അപ്പോ.13:9-10
- ഇയ്യോബ് 01:6-8
- മര്ക്കോസ് 08:33-34
- സെഖര്യാവ് 03:1-3

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **21:01** ഹവ്വയെ വഞ്ചിച്ച പാമ്പ് **സാത്താന്** ആയിരുന്നു. വാഗ്ദത്തം അര്ത്ഥം നല്കുന്നത് എന്തെന്നാല് വരുവാന് പോകുന്നവനായ മശീഹ **സാത്താനെ** സമ്പൂര്ണ്ണമായി തോല്പ്പിക്കും.
- **25:06** അനന്തരം **സാത്താന്** ലോകത്തില് ഉള്ള സകല രാജ്യങ്ങളും അതിന്റെ സകല മഹത്വങ്ങളും യേശുവിനെ കാണിച്ചിട്ട് ഇപ്രകാരം പറഞ്ഞു, "നീ ഒന്ന് വീണു നമസ്കരിക്കുകയും ആരാധിക്കുകയും ചെയ്താല് ഇവ ഒക്കെയും ഞാന് നിനക്ക് നല്കും."
- **25:08** യേശു **സാത്താന്റെ** പരിശോധനകള്ക്ക് വശംവദനായി തീരാതെ, എതിര്ത്ത് നിന്നതിനാല്, പിശാചു അവനെ വിട്ടു പോയിക്കളഞ്ഞു.
- **33:06** അനന്തരം യേശു വിശദീകരിച്ചു പറഞ്ഞത്, "ദൈവത്തിന്റെ വചനമാണ് ആ വിത്ത്. വഴിയില് എന്നത് ഒരു വ്യക്തി ദൈവ വചനം കേള്ക്കുന്നു എങ്കിലും, അത് ഗ്രഹിക്കുന്നില്ല താനും, **പിശാച്** ആ വചനം അവനില്നിന്ന് എടുത്തു കളയുന്നു," എന്നതാണ്.

- **38:07** യൂദാസ് അപ്പം എടുത്ത ശേഷം, **സാത്താന്** അവന്റെ ഉള്ളില് പ്രവേശിച്ചു.
- **[48:04** ഹവ്വയുടെ സന്തതികളില് ഒരുവന് **സാത്താന്റെ** തല തകര്ക്കുകയും, **സാത്താന്** അവന്റെ കുതികാല് മുറിപ്പെടുത്തുകയും ചെയ്യും എന്ന് ദൈവം വാഗ്ദത്തം ചെയ്തിരുന്നു. ഇതിന്റെ അര്ത്ഥം **സാത്താന്** മശീഹയെ കൊല്ലും, എന്നാല് ദൈവം അവനെ വീണ്ടും ജീവനിലേക്ക് ഉയിര്പ്പിക്കുകയും, അനന്തരം മശീഹ **സാത്താന്റെ** അധികാരത്തെ എന്നെന്നേക്കുമായി തകര്ത്തു കളയുകയും ചെയ്യും.
- **49:15** ദൈവം നിങ്ങളെ **സാത്താന്റെ** അന്ധകാര രാജ്യത്തില് നിന്ന് പുറത്തേക്ക് എടുക്കുകയും നിങ്ങളെ ദൈവത്തിന്റെ വെളിച്ചത്തിന്റെ രാജ്യത്തില് ആക്കി വെക്കുകയും ചെയ്തു.
- **50:09** "കളകള് എന്നത് **ദുഷ്ടന് ആയവന്** ഉള്പ്പെട്ടതായ ജനത്തെ പ്രതിനിധീകരിക്കുന്നു. കളകള് വിതെച്ചതായ ശത്രു **പിശാചിനെ** പ്രതിനിധീകരിക്കുന്നു.
- **50:10](rc://ml/tn/help/obs/50/09)** ലോകം അവസാനിക്കുന്ന വേളയില്, ദൈവ ദൂതന്മാര് **പിശാചിന്** ഉള്പ്പെട്ടതായ സകല ജനങ്ങളെയും ഒരുമിച്ചു കൂട്ടുകയും അവരെ ഒരു ആളിക്കത്തുന്ന തീയിലേക്ക് വലിച്ചെറിയുകയും ചെയ്യും, അവിടെ അതി ഘോരമായ വേദന നിമിത്തം അവര് കരയുകയും പല്ലുകള് കടിക്കുകയും ചെയ്യും.
- **50:15** യേശു മടങ്ങി വരുന്ന സമയത്ത്, താന് **സാത്താനെയും** അവന്റെ രാജ്യത്തെയും സമ്പൂര്ണ്ണമായി നശിപ്പിക്കും. താന് **സാത്താനെയും** ദൈവത്തെ അനുസരിക്കേണ്ടതിനു പകരം അവനെ പിന്തുടര്ന്ന സകല ജനത്തെയും അവനോടു കൂടെ എന്നെന്നേക്കും വെന്തുകൊണ്ടിരിക്കേണ്ടതിനു നരകത്തിലേക്ക് എറിഞ്ഞു കളയുകയും ചെയ്യും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7700, H7854, H8163, G1139, G1140, G1141, G1142, G1228, G4190, G4566, G4567

# സീയോന് പുത്രി

## നിര്വചനം:

“സീയോന് പുത്രി” എന്നത് ഇസ്രയേല് ജനത്തെ സൂചിപ്പിക്കുന്ന ഒരു ഉപമാന രീതിയാണ്. ഇതു പ്രവചനങ്ങളില് സാധാരണയായി ഉപയോഗിക്കുന്നു.

- പഴയ നിയമത്തില്, “സീയോന്” എന്നത് യെരുശലേം പട്ടണത്തിനു ഉപയോഗിക്കുന്ന മറ്റൊരു പേരാണ്.
- ”സീയോന്” എന്നും “യെരുശലേം” എന്നും ഉള്ള രണ്ടും ഇസ്രയേലിനെ കുറിക്കുവാന് ഉ പയോഗിച്ചിരുന്നു.
- ”'പുത്രി” എന്ന പദം പ്രീതീഭാവത്തിന്റെ അല്ലെങ്കില് വാത്സല്യത്തിന്റെ പ്രതീകമായ പദമാണ്. ഇതു ദൈവത്തിനു തന്റെ ജനത്തോടുള്ള ക്ഷമയുടെയും കരുതലിന്റെയും ഒരു ഉപമാനമാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- ഇതു പരിഭാഷ ചെയ്യുവാനുള്ള മാര്ഗ്ഗങ്ങളില് “സീയോനില് നിന്നുള്ള എന്റെ പുത്രിയായ ഇസ്രയേല്” അല്ലെങ്കില് “സീയോനില് നിന്നുള്ള എന്റെ പുത്രിയെ പോലുള്ള ജനം” അല്ലെങ്കില് സീയോന്, എന്റെ പ്രിയ ജനമായ ഇസ്രയേല്” എന്നിവ ഉള്പ്പെടുന്നു.
- ഈ പദ പ്രയോഗത്തില് “സീയോന്” എന്ന പദം തന്നെ സൂക്ഷിക്കേണ്ടത് ഇതു അനേകം പ്രാവശ്യം ദൈവവചനത്തില് ഉപയോഗിച്ചിട്ടുള്ള തിനാല് ഉചിതമാണ്. ഇതിന്റെ ഉപമാന അര്ത്ഥങ്ങളും പ്രാവചനിക പ്രയോഗങ്ങളും വിശദീകരിക്കേണ്ടതിനു പരിഭാഷയില് ഒരു അടികുറിപ്പ് ഉള്പ്പെടുത്താവുന്നതാണ്.
- ”പുത്രി” എന്ന പദം ഈ പദപ്രയോഗത്തില് ഏറ്റവും ശരിയായി ഗ്രഹിക്കുന്നിടത്തോളം ഉപയോഗിക്കുന്നത് ഉചിതമായിരിക്കും.

(കാണുക:യെരുശലേം, പ്രവചനം, സീയോന്)

## ദൈവവചന സൂചികകള്:

- യിരെമ്യാവ് 06:1-3
- യോഹന്നാന്:14-15
- മത്തായി 21:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1323, H6726

# സീയോന്, സീയോന് മല

## നിര്വചനം:

യഥാര്ത്ഥത്തില്, "സീയോന്" അല്ലെങ്കില് "സീയോന് മല" എന്ന പദം സൂചിപ്പിക്കുന്നത് യെബൂസ്യരുടെ കയ്യില്നിന്നും ദാവീദ് പിടിച്ചെടുത്ത ഒരു കോട്ടയെ അല്ലെങ്കില് ദുര്ഗ്ഗത്തെ ആകുന്നു. ഈ രണ്ടു പദങ്ങളും വേറൊരു വിധത്തില് യെരുശലേമിനെ സൂചിപ്പിക്കുന്നു.

- യെരുശലേം പട്ടണം സ്ഥിതി ചെയ്യുന്ന രണ്ടു മലകള് ആയിരുന്നു സീയോന് മലയും മോറിയാ മലയും. പില്ക്കാലത്ത്, "സീയോന്" എന്നും "സീയോന് മല" എന്നും ഉള്ളതു ഈ രണ്ടു മലകള്ക്കും യെരുശലേം പട്ടണത്തിനും പൊതുവായി ഉപയോഗിക്കുന്ന പദങ്ങള് ആയിരുന്നു. ചില സമയങ്ങളില് അവ യെരുശലേം പട്ടണത്തില് സ്ഥിതി ചെയ്യുന്ന ദേവാലയത്തെയും സൂചിപ്പിക്കുന്നു. (കാണുക: കാവ്യാലങ്കാരം
- ദൈവം സീയോന്, അല്ലെങ്കില് യെരുശലേമിനെ, "ദാവീദിന്റെ നഗരം" എന്ന് പേരിട്ടു. ഇതും ദാവീദിന്റെ നഗരം എന്ന് വിളിക്കപ്പെട്ടു വന്ന ദാവീദിന്റെ ജന്മസ്ഥലമായ ബെത്ലെഹേമില് നിന്നും വ്യത്യസ്തമായതു ആകുന്നു,
- "സീയോന്" എന്ന പദം ഇതര ഉപമാന രൂപങ്ങളില് ഉപയോഗിക്കാറുണ്ട്, അത് ഇസ്രയേല് അല്ലെങ്കില് ദൈവത്തിന്റെ ആത്മീയ രാജ്യം അല്ലെങ്കില് ദൈവം സൃഷ്ടിക്കുവാന് പോകുന്ന പുതിയ, സ്വര്ഗ്ഗീയ യെരുശലേമിനെ സൂചിപ്പിക്കുന്നു.

(കാണുക: അബ്രഹാം, ദാവീദ്, യെരുശലേം, ബെത്ലെഹേം, യെബൂസ്യര്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:4-6
- ആമോസ് 01:1-2
- യിരെമ്യാവ് 51:34-35
- സങ്കീര്ത്തനം 076:1-3
- റോമര്:26-27

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6726

# സുവാര്ത്ത, സുവിശേഷം

## നിര്വചനം:

“സുവിശേഷം” എന്ന പദത്തിന്റെ അക്ഷരീക അര്ത്ഥം “സുവാര്ത്ത” എന്നാണ്, ഇത് സൂചിപ്പിക്കുന്നത് ജനത്തിന് പ്രയോജനം നല്കുന്നതും അവരെ സന്തോഷിപ്പിക്കുന്നതും ആയ ഒരു സന്ദേശം അല്ലെങ്കില്അറിയിപ്പ് അവര്ക്ക് നല്കുന്നു എന്ന് സൂചിപ്പിക്കുന്നു.

- ദൈവവചനത്തില്, ഈ പദം സാധാരണയായി ക്രൂശില്യേശുക്രിസ്തുവിന്റെ യാഗം മൂലം ജനത്തിനു ലഭ്യമാകുന്ന ദൈവം നല്കുന്ന രക്ഷയെ കുറിച്ചുള്ള സന്ദേശത്തെ സൂചിപ്പിക്കുന്നു.
- മിക്കവാറും ആംഗലേയ ദൈവ വചനത്തില്, “സുവാര്ത്ത” എന്നത് സാധാരണമായി “സുവിശേഷം” എന്നും “യേശുക്രിസ്തുവിന്റെ സുവിശേഷം”, “ദൈവത്തിന്റെ സുവിശേഷം”, “രാജ്യത്തിന്റെ സുവിശേഷം” എന്നീ പദസഞ്ചയങ്ങളാല്പരിഭാഷ ചെയ്യുകയും ചെയ്യുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

ഈ പദം പരിഭാഷ ചെയ്യുവാനുള്ള വിവിധ രീതികളില്, “നല്ല സന്ദേശം” അല്ലെങ്കില്“നല്ല പ്രഖ്യാപനം” അല്ലെങ്കില്“ദൈവത്തിന്റെ രക്ഷയുടെ സന്ദേശം” അല്ലെങ്കില്“യേശുവിനെ കുറിച്ച് ദൈവം ഉപദേശിക്കുന്ന നല്ല കാര്യങ്ങള്” ആദിയായവ ഉള്പ്പെടുത്താം.”

- സാഹചര്യം അനുസരിച്ച്, “ന്റെ സുവിശേഷം” എന്ന പദസഞ്ചയം “കുറിച്ചുള്ള സുവാര്ത്ത/സന്ദേശം” അല്ലെങ്കില്“നിന്നുള്ള നല്ല സന്ദേശം” അല്ലെങ്കില്“നല്ല കാര്യങ്ങളെ കുറിച്ച് ദൈവം പ്രസ്താവിക്കുന്ന” അല്ലെങ്കില്“തന്റെ ജനത്തെ എപ്രകാരം രക്ഷിക്കുന്നു എന്ന് ദൈവം പ്രസ്താവിക്കുന്ന” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക:രാജ്യം, യാഗം, രക്ഷിക്കുക)

## ദൈവ വചന സൂചികകള്:

- 1 തെസ്സലോനിക്യര്01:4-5
- അപ്പൊ.പ്രവര്ത്തികള്08:25
- കൊലോസ്യര്01:21-23
- ഗലാത്യര്01:6-7
- ലൂക്കോസ് 08:1-3
- മര്ക്കോസ് 01:14-15
- ഫിലിപ്പിയര്02:22-24
- റോമര്01:1-3

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **23:06** ദൈവദൂതന്പറഞ്ഞത്, ഭയപ്പെടുക അരുത്, എന്തു കൊണ്ടെന്നാല്നിങ്ങള്ക്കു വേണ്ടി ചില **സുവാര്ത്തകള്** എന്റെ പക്കല്ഉണ്ട്. യജമാനനായ, മശീഹ ബെത്ലെഹേമില്ജനിച്ചിരിക്കുന്നു!”
- **26:03** യേശു വായിച്ചത്, “ദൈവം തന്റെ ആത്മാവിനെ എനിക്ക് നല്കിയിരിക്കയാല്ദരിദ്രന്മാരോട് സുവിശേഷം അറിയിക്കുവാനും, ബദ്ധന്മാര്ക്ക് വിടുതലും, അന്ധന്മാര്ക്ക് കാഴ്ച വീണ്ടെടുക്കലും, പീഡിതരായവര്ക്ക് വിടുതലും ഞാന് **സുവാര്ത്തയായി** പ്രഖ്യാപിക്കുന്നു. “ഇത് ദൈവത്തിന്റെ പ്രസാദ വര്ഷം ആകുന്നു.”
- **45:10** യേശുവിന്റെ **സുവാര്ത്ത** പ്രസ്താവിക്കുവാനായി ഫിലിപ്പോസ് മറ്റു അനേക ദൈവ വചനങ്ങളും അവനോടു പറയുവാന്ഇടയായി.
- **46:10** അനന്തരം മറ്റു അനേക സ്ഥലങ്ങളില്യേശുവിനെ കുറിച്ചുള്ള **സുവിശേഷം** പ്രസംഗിക്കുവാന്വേണ്ടി അവരെ പറഞ്ഞയച്ചു.
- **47:01** ഒരു ദിവസം, പൌലോസും തന്റെ സ്നേഹിതന്ആയ ശീലാസും ഫിലിപ്പ്യ പട്ടണത്തില്യേശുവിനെ കുറിച്ചുള്ള **സുവാര്ത്ത** പ്രസംഗിക്കുവാന്വേണ്ടി കടന്നു പോയി.
- **47:13** യേശുവിനെ കുറിച്ചുള്ള **സുവിശേഷം** പരക്കെ വ്യാപിക്കുകയും, സഭ വളര്ച്ച പ്രാപിക്കുകയും ചെയ്തു കൊണ്ടിരുന്നു.

- **50:01** ഏകദേശം 2,000 വര്ഷങ്ങളായി, മശീഹ ആകുന്ന യേശുവിനെ കുറിച്ചുള്ള **സുവിശേഷം** ലോകം എമ്പാടുമുള്ള അധികം അധികം ആളുകള്ശ്രവിച്ചു കൊണ്ട് വരുന്നു.
- **50:02](rc://ml/tn/help/obs/50/02)** യേശു ഭൂമിയില്ആയിരുന്ന നാളുകളില്താന്പ്രസ്താവിച്ചിരുന്നത്, "എന്റെ ശിഷ്യന്മാര്ദൈവ രാജ്യത്തെ കുറിച്ചുള്ള **സുവിശേഷം** ലോകം എമ്പാടുമുള്ള സകല ജനങ്ങളോടും പ്രസംഗിക്കും, അപ്പോള്അവസാനം വരും" എന്നായിരുന്നു.
- **50:03** താന്സ്വര്ഗ്ഗത്തിലേക്ക് മടങ്ങി പോകുന്നതിനു മുന്പ്, യേശു ക്രിസ്ത്യാനികളോട് ഒരിക്കലും കേട്ടിട്ടില്ലാത്ത ജനത്തോടു **സുവിശേഷം** അറിയിക്കണം എന്ന് പറഞ്ഞു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2097, G2098, G4283

# സുവിശേഷകന്, സുവിശേഷകന്മാര്

## നിര്വചനം:

ഒരു "സുവിശേഷകന്" യേശുക്രിസ്തുവിനെ കുറിച്ചുള്ള സുവിശേഷം മറ്റുള്ള ജനങ്ങളോട് പ്രസ്താവിക്കുന്ന വ്യക്തിയാണ്.

- "സുവിശേഷകന്" എന്നതിന്റെ അക്ഷരീക അര്ത്ഥം "സുവാര്ത്ത പ്രസംഗിക്കുന്ന ഒരുവന്" എന്നാണ്.
- യേശുക്രിസ്തുവിലും പാപങ്ങള്ക്കായുള്ള തന്റെ യാഗത്തിലും വിശ്വസിക്കുന്നതു മൂലം ദൈവരാജ്യത്തിന്റെ ഭാഗമായി എപ്രകാരം ആയിത്തീരുവാന് സാധിക്കും എന്ന സുവാര്ത്ത പ്രസിദ്ധപ്പെടുത്തുവാ നായി യേശു തന്റെ അപ്പോസ്തലന്മാരെ അയച്ചു.
- എല്ലാ ക്രിസ്ത്യാനികളും ഈ സുവാര്ത്ത പങ്കു വെക്കുവാന് പ്രബോധിപ്പിക്കപ്പെട്ടിരിക്കുന്നു.
- ചില ക്രിസ്ത്യാനികള് സുവിശേഷം വളരെ ഫലപ്രദമായി പ്രസ്താവിക്കുവാന് പ്രത്യേക ആത്മീയ വരം നല്കപ്പെട്ടവരാണ്. ഈ ആളുകള് സുവിശേഷീകരണ വരം ലഭിച്ചവരായതിനാല് "സുവിശേഷകന്മാര്" എന്നു അവരെ വിളിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "സുവിശേഷകന്" എന്ന പദം "സുവിശേഷം പ്രസംഗിക്കുന്ന ഒരുവന്" അല്ലെങ്കില് "സുവിശേഷത്തിന്റെ ഉപദേശകന്" അല്ലെങ്കില് "സുവിശേഷം (യേശുവിനെ കുറിച്ച്) പ്രസംഗിക്കുന്ന വ്യക്തി" അല്ലെങ്കില് "സുവിശേഷ പ്രസംഗകന്" എന്നു പരിഭാഷപ്പെടുത്താം.

(കാണുക: സുവാര്ത്ത, ആത്മാവ്, വരം)

## ദൈവവചന സൂചികകള്:

- 2 തിമോത്തിയോസ് 04:3-5
- എഫെസ്യര്:11-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2099

# സൈന്യങ്ങളുടെ യഹോവ, സൈന്യങ്ങളുടെ ദൈവം, സ്വര്ഗ്ഗീയ സൈന്യം, സ്വര്ഗ്ഗങ്ങളുടെ സൈന്യം, സൈന്യങ്ങളുടെ കര്ത്താവ്

## നിര്വചനം:

"സൈന്യങ്ങളുടെ യഹോവ" എന്നും "സൈന്യങ്ങളുടെ ദൈവം" എന്നും ഉള്ളതായ പദങ്ങള് തന്നെ അനുസരിക്കുന്നതായ ആയിരക്കണക്കിനു ദൈവദൂതന്മാരുടെ മേല് ഉള്ളതായ ദൈവത്തിന്റെ അധികാരത്തെ പ്രദര്ശിപ്പിക്കുന്നത് ആയിരിക്കുന്നു.

- "സൈന്യം" അല്ലെങ്കില് "സൈന്യങ്ങള്" എന്ന പദം വളരെ വലിയ സംഘം, അതായത് പടയാളികളുടെ കൂട്ടം അല്ലെങ്കില് നക്ഷത്രങ്ങളുടെ ഒരു വലിയ സമൂഹം എന്നതിനെ സൂചിപ്പിക്കുന്നു. ഇത് ദുരാത്മാക്കള് ഉള്പ്പെടെ നിരവധി ആയുള്ള ആത്മാക്കളെ സൂചിപ്പിക്കുവാനും ഇടയാകുന്നു. സന്ദര്ഭം ആണ് ഇത് എന്താണ് അര്ത്ഥം നല്കുന്നതെന്ന് വ്യക്തം ആക്കുന്നത്.
- സ്വര്ഗ്ഗീയ സൈന്യം" പോലെയുള്ള പദസഞ്ചയങ്ങള്, എല്ലാ നക്ഷത്രങ്ങളെയും, ഗ്രഹങ്ങളേയും മറ്റുള്ള ആകാശ ഗോളങ്ങളെയും സൂചിപ്പിക്കുന്നു.
- പുതിയനിയമത്തില്, "സൈന്യങ്ങളുടെ കര്ത്താവ്" എന്ന് അര്ത്ഥം നല്കുന്നത് "സൈന്യങ്ങളുടെ യഹോവ" എന്നതിന് തുല്യം തന്നെ ആകുന്നു, എന്നാല്, അത് അതുപോലെ തന്നെ പരിഭാഷ ചെയ്യുവാന് സാധ്യമല്ല കാരണം "യഹോവ" എന്ന എബ്രായ പദം പുതിയ നിയമത്തില് ഉപയോഗിച്ചിട്ടില്ല.

## പരിഭാഷ നിര്ദേശങ്ങള്:

- "സൈന്യങ്ങളുടെ യഹോവ" എന്നുള്ളതു പരിഭാഷ ചെയ്യുവാന്, "യഹോവ, സകല ദൈവദൂതന്മാരെയും ഭരിക്കുന്നവന്" അല്ലെങ്കില് "യഹോവ, ദൈവദൂതന്മാരുടെ സൈന്യത്തിന്റെയും ഭരണകര്ത്താവ് ആയിരിക്കുന്നവന്" അല്ലെങ്കില് യഹോവ, സകല സൃഷ്ടിയുടെയും ഭരണകര്ത്താവ്" ആദിയായവ ഉള്പ്പെടുത്താം.
- "സൈന്യങ്ങളുടെ" എന്ന പദം സൈന്യങ്ങളുടെ ദൈവം" എന്നും "സൈന്യങ്ങളുടെ കര്ത്താവ്" എന്നും ഉള്ളതില് "സൈന്യങ്ങളുടെ യഹോവ" എന്ന മുകളില് ഉള്ള പദസഞ്ചയത്തിന്റെ അതേ ശൈലിയില് തന്നെ പരിഭാഷ ചെയ്യാവുന്നതാണ്.
- ചില സഭകള് "യഹോവ" എന്ന അക്ഷരീകമായ പദം സ്വീകരിക്കുന്നില്ല, പകരം "കര്ത്താവ്" എന്ന വലിയ അക്ഷരത്തില് ഉള്ള പദം ഉപയോഗിക്കുവാന് പല പരമ്പരാഗതമായ വേദപുസ്തക തര്ജ്ജിമകളെ പിന്പറ്റി അപ്രകാരം മുന്ഗണന നല്കുന്നു, ഈ സഭകള്ക്ക്, "സൈന്യങ്ങളുടെ കര്ത്താവ്" എന്ന് "സൈന്യങ്ങളുടെ യഹോവ" എന്നുള്ളതിന് പകരമായി പരിഭാഷ ചെയ്യുന്നു.

(കാണുക: കാണുക, അധികാരം, ദൈവം, കര്ത്താവ്, കര്ത്താവായ യഹോവ, യഹോവ)

## ദൈവ വചന സൂചികകള്:

- സെഖര്യാവ് 13:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H430, H3068, H6635

# സ്നാനപ്പെടുക, സ്നാനപ്പെടുക, ജ്ഞാനസ്നാനം

## നിര്വചനം

പുതിയനിയമത്തില്,"സ്നാനപ്പെടുക", "ജ്ഞാനസ്നാനപ്പെടുക" എന്നീ പദങ്ങള്സാധാരണയായി ആചാരപരമായി ഒരു ക്രിസ്ത്യാനിയെ ജലംകൊണ്ടു കുളിപ്പിക്കു ന്നതു വഴി അവന്റെ പാപങ്ങളില്നിന്നും ശുദ്ധീകരിക്കപ്പെട്ടുവെന്നും ക്രിസ്തുവി നോടുകൂടെ ഏകീഭവിച്ചിരിക്കുന്നു എന്നും കാണിക്കുന്നു.

- ജലസ്നാനം കൂടാതെ, ദൈവവചനം "പരിശുദ്ധാത്മാവിനാലുള്ള സ്നാനം", അഗ്നിയാലുള്ള സ്നാനം" എന്നിവയെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്.
- "ജ്ഞാനസ്നാനം" എന്ന പദം ദൈവവചനത്തില്അതികഠിനമായ ശോധനയില്കൂടെ കടന്നുപോകുന്നതിനെയും സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്

- ക്രിസ്ത്യാനികള്ക്കു ഒരു വ്യക്തിയെ ജലത്തില്എപ്രകാരം സ്നാനപ്പെടുത്തണ മെന്നതിനെക്കുറിച്ച് വ്യത്യസ്ത കാഴ്ചപ്പാടുകള്ഉണ്ട്. വിവിധനിലകളില്ജലം ഉപയോഗിക്കുന്നതിനെ അനുവദിക്കത്തക്ക നിലയില്പൊതുവായ രീതിയില്ഈ പദം പരിഭാഷപ്പെടുത്തുന്നതായിരിക്കും മിക്കവാറും ഉചിതം.
- സാഹചര്യത്തിനനുസൃതമായി, "സ്നാനപ്പെടുക" എന്ന പദം "ശുദ്ധീകരിക്കുക', ":ഒഴിക്കുക", "നിമജ്ജനം ചെയ്യുക(മുക്കുക)" അല്ലെങ്കില്"കഴുകുക," അല്ലെങ്കില്അ'ആത്മീയമായി ശുദ്ധീകരിക്കുക" എന്നിങ്ങനെ പരിഭാഷപ്പെടുത്താം. ഉദാഹരണമായി, "നിങ്ങളെ ജലത്താല്സ്നാനപ്പെടുത്തുന്നു" എന്നത് "നിങ്ങളെ ജലത്തില്നിമജ്ജനം ചെയ്യുന്നു" എന്നു പരിഭാഷപ്പെടുത്താം.
- "ജ്ഞാനസ്നാനം" എന്ന പദം "ശുദ്ധീകരണം", "ഒഴിക്കുക", "മുക്കുക", "ഒരു ശുദ്ധീകരണം," അല്ലെങ്കില്"കഠിനമായ കഷ്ടതയില്കൂടെ ശുദ്ധീകരിക്കുക" എന്നു പരിഭാഷപ്പെടുത്താം.
- കഷ്ടതയെന്നു സൂചിപ്പിക്കുമ്പോള്, "സ്നാനം" എന്നത് "ഭയാനകമായ പീഡാനുഭവ ത്തിന്റെ സമയം" അല്ലെങ്കില്"കഠിനമായ ഉപദ്രവത്തില്കൂടെ ശുദ്ധീകരണം" എന്നു പരിഭാഷപ്പെടുത്താം.
- ദൈവവചന പരിഭാഷയില്പ്രാദേശിക അല്ലെങ്കില്ദേശീയ ഭാഷയില്എപ്രകാരം ഈ പദം പരിഭാഷപ്പെടുത്തിയിരിക്കുന്നു എന്നത് പരിഗണിക്കുക.

(കാണുക:അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:യോഹന്നാന്(സ്നാപകന്), മാനസ്സന്തരപ്പെടുക, പരിശുദ്ധാത്മാവ്)

## ദൈവവചന പരിഭാഷകള്:

- അപ്പോ.പ്രവര്ത്തികള്02:37-39
- അപ്പോ.പ്രവര്ത്തികള്08:36-38
- അപ്പോ.പ്രവര്ത്തികള്09:17-19
- അപ്പോ.പ്രവര്ത്തികള് 10:46-48
- ലൂക്കോസ് 03:15-16
- മത്തായി 03:13-15
- മത്തായി: 28:18-19

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **24:03** ജനം യോഹന്നാന്റെ സന്ദേശം ശ്രവിച്ചപ്പോള്, അവരില് നിരവധിപേര്തങ്ങളുടെ പാപത്തില്നിന്നും മാനസ്സാന്തരപ്പെടുകയും, യോഹന്നാന്അവരെ **സ്നാനപ്പെടുത്തുകയും** ചെയ്തു. അനേകം മതനേതാക്കന്മാരും യോഹന്നാനാല് **സ്നാനപ്പെടുവാന്** കടന്നുവന്നു, എന്നാല്അവര്മാനസാന്തരപ്പെടുകയോ തങ്ങളുടെ പാപങ്ങള്ഏറ്റുപറയുകയോ ചെയ്തില്ല.
- **24:06** അടുത്ത ദിവസം, യോഹന്നാനാല്ജ്നാസ്നാനം സ്വീകരിപ്പാനായി യേശു കടന്നു വന്നു.
- **24:07** യോഹന്നാന്യേശുവിനോട് പറഞ്ഞത്, "അങ്ങേക്ക് **സ്നാനം** നല്കു വാന്ഞാന്യോഗ്യനല്ല." പകരം അങ്ങ്എനിക്ക് **സ്നാനം** നല്കണം."
- **42:10**"ആയതിനാല്പോകുവിന്, ഞാന്നിങ്ങളോട് കല്പ്പിച്ചതൊക്കെയും അനുസരിപ്പാന്തക്കവണ്ണം അവരെ പഠിപ്പിക്കുകയും എല്ലാ ജനവിഭാഗത്തെയും ശിഷ്യരാക്കി, അവരെ പിതാവ്, പുത്രന്, പരിശുദ്ധാത്മാവ് എന്ന നാമത്തില് **ജ്ഞാനസ്നാനം** നല്കുകയും ചെയ്യുവിന്."

- **43:11** പത്രോസ് അവരോടു ഉത്തരം പറഞ്ഞത്,"നിങ്ങള്ഓരോരുത്തരും മാനസ്സാന്തരപ്പെടുകയും ദൈവം നിങ്ങളുടെ പാപങ്ങള്ക്ഷമിക്കേണ്ടതിനു കര്ത്താവായ യേശുക്രിസ്തുവിന്റെ നാമത്തില് **സ്നാനപ്പെടുകയും** ചെയ്യുവിന്".
- **43:12** പത്രോസ് പ്രസ്താവിച്ചതിനെഏകദേശം 3,000 പേര്വിശ്വസിക്കു കയും യേശുവിന്റെ ശിഷ്യന്മാര്ആകുകയും ചെയ്തു. അവര് **സ്നാനപ്പെടുകയും** യെരുശലേം സഭയുടെ ഭാഗമായിത്തീരുകയും ചെയ്തു.
- **45:11** ഫിലിപ്പോസും എത്യോപ്പ്യനും സഞ്ചരിക്കവേ, വെള്ളം ഉള്ള സ്ഥലത്ത് എത്തിയപ്പോള്, എത്യോപ്പ്യന്പറഞ്ഞു,"നോക്കൂ! അവിടെ വെള്ളം ഉണ്ട്! ഞാന്**സ്നാനപ്പെടട്ടെ**?"
- **46:05** ശൌല്പെട്ടെന്ന് വീണ്ടും കാഴ്ചപ്രാപിക്കുകയും, അനന്യാസ് അവനെ **സ്നാനപ്പെടുത്തുകയും** ചെയ്തു.
- **49:14** തന്നില്വിശ്വസിക്കുവാനായി യേശു നിന്നെ ക്ഷണിക്കുന്നു, **ജ്ഞാനസ്നാനം സ്വീകരിക്കുക**.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G907

# സ്നേഹം, സ്നേഹിക്കുന്നു, സ്നേഹിക്കുന്ന, സ്നേഹിച്ച

## നിർവചനം:

വേറൊരു വ്യക്തിയെ സ്നേഹിക്കുക എന്നാൽആ വ്യക്തിയ്ക്ക് സംരക്ഷണം നൽകുകയും ആ വ്യക്തിക്ക് പ്രയോജനകരമായവ പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്. “സ്നേഹം” എന്നതിന് വിവിധ അർത്ഥങ്ങൾഉണ്ട്, ചില ഭാഷകളിൽഇതിനു വിവിധ വാക്കുകൾഉപയോഗിച്ചു പ്രകടിപ്പിക്കാറുണ്ട്:

1. ദൈവത്തിൽനിന്നും വരുന്നതായ സ്നേഹം ഒരു വ്യക്തിയ്ക്കു മാത്രം പ്രയോജനം നല്കുന്നതിലും ഉപരി മറ്റുള്ളവരുടെ നന്മയെ കേന്ദ്രീകരിച്ചു കാണപ്പെടുന്നു. ഈ തരത്തിലുള്ള സ്നേഹം മറ്റുള്ളവരെ കുറിച്ച് അവർഎന്ത് തന്നെ ചെയ്താലും, അവരെ കുറിച്ച് കരുതൽഉള്ളതായി കാണപ്പെടും. ദൈവം താൻതന്നെ സ്നേഹം ആകുന്നു മാത്രമല്ല യഥാർത്ഥ സ്നേഹത്തിന്റെ മൂല വിഭവവും താൻതന്നെ ആകുന്നു.

- നമുക്ക് പാപത്തിൽനിന്നും മരണത്തിൽനിന്നും വീണ്ടെടുപ്പു നൽകേണ്ടതിനായി തന്റെ ജീവൻതന്നെ യാഗമായി അർപ്പിച്ചതിൽകൂടെ യേശു ഈ വിധ സ്നേഹത്തെ നമുക്ക് പ്രദർശിപ്പിച്ചു.

അതുപോലെ തന്റെ അനുഗാമികളും ഇപ്രകാരം ത്യാഗപൂർണമായ സ്നേഹം മറ്റുള്ളവരോട് കാണിക്കണം എന്നും പഠിപ്പിച്ചു.

- ജനം ഈ വിധത്തിലുള്ള സ്നേഹത്താൽമറ്റുള്ളവരെ സ്നേഹിക്കുമ്പോൾ, മറ്റുള്ളവർഅഭിവൃദ്ധി പ്രാപിക്കുവാൻഎന്ത് ചെയ്യണം എന്നുള്ള ചിന്ത ഉള്ളവർആയിരിക്കുന്നു എന്ന് പ്രകടിപ്പിക്കുന്ന പ്രവർത്തികൾഅവർചെയ്യും.

ഈ രീതിയിലുള്ള സ്നേഹം പ്രത്യേകാൽമറ്റുള്ളവരെ ക്ഷമിക്കുന്നതും കൂടെ ഉൾപ്പെടുത്തിയിട്ടുള്ളത് ആകുന്നു.

- യു.എൽ.ബി.യിൽ, “സ്നേഹം” എന്ന പദം ഒരു പരിഭാഷ കുറിപ്പ് വ്യത്യസ്ത അർത്ഥം സൂചിപ്പിച്ചിട്ടില്ല എങ്കിൽ, ഇപ്രകാരമുള്ള ത്യാഗപൂർണ്ണം ആയ സ്നേഹം എന്ന് സൂചിപ്പിക്കുന്നു,

2. പുതിയ നിയമത്തിൽസൂചിപ്പിക്കുന്ന വേറൊരു വാക്ക് സഹോദര സ്നേഹം, അല്ലെങ്കിൽഒരു സ്നേഹിതന് വേണ്ടിയോ ഒരു കുടുംബ അംഗത്തിന് വേണ്ടിയോ ഉള്ള സ്നേഹം എന്നാണ്.

- ഈ പദം സ്നേഹിതന്മാർക്കു അല്ലെങ്കിൽബന്ധുക്കൾക്ക് ഇടയിൽഉണ്ടാകുന്ന പ്രകൃത്യാ ഉള്ള മനുഷ്യ സ്നേഹത്തെ സൂചിപ്പിക്കുന്നു.
- ഈ പദം “അവർഒരു വിരുന്നു സൽക്കാരത്തിൽഏറ്റവും പ്രധാനപ്പെട്ട ഇരിപ്പിടത്തിൽഇരിക്കുവാൻഇഷ്ടപ്പെടുന്നു” എന്നത് പോലെയുള്ള സന്ദർഭങ്ങളിലും ഉപയോഗിക്കാവുന്നതാണ്.

ഇതിന്റെ അർത്ഥം അവർഅപ്രകാരം ചെയ്യുവാൻ“വളരെ ഇഷ്ടം ഉള്ളവർആണ്” അല്ലെങ്കിൽ“അതിയായ മോഹം” ഉള്ളവരാണ് എന്നാണ്.

3. “സ്നേഹം” എന്ന വാക്ക് ഒരു പുരുഷനും സ്ത്രീക്കും ഇടയിൽഉള്ള പ്രണയ സ്നേഹത്തെയും സൂചിപ്പിക്കുന്നതാണ്.

4. ഉപമാന പദ പ്രയോഗത്തിൽ, “യാക്കോബിനെ ഞാൻസ്നേഹിച്ചു, എന്നാൽഏശാവിനെ ഞാൻവെറുത്തു,” എന്നതിൽഉള്ള “സ്നേഹിച്ചു” എന്ന പദം സൂചിപ്പിക്കുന്നത് തന്നോട് ഒരു ഉടമ്പടി ബന്ധത്തിൽപ്രവേശിക്കുവാൻദൈവം യാക്കോബിനെ തിരഞ്ഞെടുത്തു എന്നാണ്. ഇതിനെ “തിരഞ്ഞെടുക്കപ്പെട്ട” എന്നും പരിഭാഷ ചെയ്യാവുന്നത് ആണ്. ഏശാവും ദൈവത്താൽഅനുഗ്രഹം പ്രാപിച്ചവൻആണെങ്കിലും, തനിക്കു ഉടമ്പടിയിൽഉൾപ്പെട്ടവൻആയിരിക്കുവാൻഉള്ള വിഷിഷ്ടത ലഭ്യം ആയില്ല. “വെറുത്തു” എന്ന പദം ഉപമാനമായി ഇവിടെ അർത്ഥം നൽകുന്നത് “പുറന്തള്ളപ്പെട്ടത്” അല്ലെങ്കിൽ“തിരഞ്ഞെടുക്കപ്പെടാത്തത്” എന്നൊക്കെ ആകുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- ഒരു പരിഭാഷ കുറിപ്പിൽസൂചിപ്പിച്ചിട്ടില്ല എങ്കിൽ, “സ്നേഹം”എന്ന വാക്ക് യു.ൽ.ബി.യിൽസൂചിപ്പിക്കുന്നത് ദൈവത്തിൽനിന്നും വരുന്നതായ ത്യാഗ പൂർണ്ണമായ തരത്തിൽഉള്ള സ്നേഹം എന്നാണ്.
- ചില ഭാഷകളിൽദൈവത്തിനു ഉള്ളതായ നിസ്വാർഥമായ, ത്യാഗപൂർണ്ണമായ സ്നേഹത്തിനു പ്രത്യേകമായ വാക്ക് ഉണ്ടായിരിക്കും.

ഇത് പരിഭാഷ ചെയ്യുവാനുള്ള മാർഗ്ഗങ്ങളിൽ, “സമർപ്പിതമായ, വിശ്വസ്തത പൂർണ്ണമായ കരുതൽ” അല്ലെങ്കിൽ“നിസ്വാർഥമായ കരുതൽ” അല്ലെങ്കിൽദൈവത്തിൽനിന്നും ഉള്ളതായ സ്നേഹം” ആദിയായവ ഉൾപ്പെടും. ദൈവത്തിന്റെ സ്നേഹം എന്ന് ഉൾപ്പെടുന്ന വാക്ക് പരിഭാഷ ചെയ്യുവാനായി ഉപയോഗിക്കുമ്പോൾഅത് ഒരുവന്റെ സ്വന്ത താൽപ്പര്യങ്ങളെ മറ്റുള്ളവരുടെ പ്രയോജനത്തിനും മറ്റുള്ളവരെ സ്നേഹിക്കുന്നതിനും അവർഎന്ത് തന്നെ ചെയ്യുന്നവർആയാലും സാരമില്ല എന്ന് മാറ്റി വെക്കുന്നു എന്നത് ഉൾപ്പെടുത്തുന്നു എന്ന് ഉറപ്പു വരുത്തുക.

- ചില സന്ദർഭങ്ങളിൽ“സ്നേഹം” എന്നതിനു ഉള്ള ആംഗലേയ പദം സ്നേഹിതന്മാർക്കും കുടുംബ അംഗങ്ങൾക്കും വേണ്ടിയുള്ള ജനത്തിന്റെ ആഴമായ കരുതലിനെ വിവരിക്കുന്നു.

ചില ഭാഷകളിൽഇത് “വളരെ ഇഷ്ടപ്പെടുന്നു” അല്ലെങ്കിൽ“കരുതുന്നു” അല്ലെങ്കിൽ“വളരെ ശക്തമായ സ്നേഹം ഉണ്ടാകുന്നു” എന്നിങ്ങനെ അർത്ഥം നൽകുന്ന പദങ്ങളോ പദസഞ്ചയങ്ങളോ പരിഭാഷ ചെയ്യുന്നതിനായി ഉണ്ടാകുമായിരിക്കും.

- ഏതോ ഒന്നിനു ശക്തമായി പരിഗണന നൽകുന്നു എന്നു പ്രകടിപ്പിക്കുന്ന വിധത്തിൽ“സ്നേഹം” എന്ന വാക്ക് വരുന്ന സാഹചര്യത്തിൽ, ഇത് “ശക്തമായി പരിഗണന നൽകുന്നു” അല്ലെങ്കിൽ“വളരെ അധികം ഇഷ്ടപ്പെടുന്നു” അല്ലെങ്കിൽ“വളരെ അധികം ആഗ്രഹിക്കുന്നു” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ചില ഭാഷകളിൽഒരു ഭാര്യക്കും ഭർത്താവിനും ഇടയിൽഉള്ള പ്രണയപൂർവമായ അല്ലെങ്കിൽലൈംഗികമായ സ്നേഹത്തെ സൂചിപ്പിക്കുവാൻപ്രത്യേകമായ വാക്കും ഉണ്ടായിരിക്കാം.
- നിരവധി ഭാഷകളിൽ“സ്നേഹം” എന്ന് ഉള്ളത് പ്രവർത്തിയിൽപ്രകടിപ്പിക്കുന്നതാണ്.

അതിനാൽഉദാഹരണത്തിന്, “സ്നേഹം ദീർഘക്ഷമ ഉള്ളതാണ്, സ്നേഹം ദയ ഉള്ളതാണ്” എന്നതിനെ “ഒരു വ്യക്തി വേറൊരു വ്യക്തിയെ സ്നേഹിക്കുമ്പോൾ, താൻആ വ്യക്തിയോട് ദീർഘ ക്ഷമ ഉള്ളവനും, തന്നോട് ദയ ഉള്ളവനും ആയിരിക്കും.”

(കാണുക: ഉടമ്പടി, മരണം, ത്യാഗം, രക്ഷിക്കുക, പാപം)

## ദൈവ വചന സൂചികകൾ:

- 1 കൊരിന്ത്യർ:4-7
- 1 യോഹന്നാൻ:1-3
- 1 തെസ്സലോനിക്യർ:9-12
- ഗലാത്യർ:22-24
- ഉല്പ്പത്തി 29:15-18
- യെശ്ശയ്യാവ് 56:6-7
- യിരെമ്യാവ് 02:1-3
- യോഹന്നാൻ:16-18
- മത്തായി 10:37-39
- നെഹെമ്യാവ് 09:32-34
- ഫിലീപ്പിയർ:9-11
- ഉത്തമ ഗീതം 01:1-4

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **27:02** ന്യായശാസ്ത്രി ഇപ്രകാരം മറുപടി പ്രസ്താവിച്ചു, ദൈവത്തിന്റെ ന്യായപ്രമാണം പറയുന്നു, നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ ഹൃദയത്തോടും, ആത്മാവോടും, ശക്തിയോടും, മനസ്സോടും **സ്നേഹിക്കണം**. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും **സ്നേഹിക്കണം**.”
- **33:038** “മുള്ളുകൾഉള്ളതായ നിലമോ ദൈവ വചനം കേൾക്കുന്ന ഒരു വ്യക്തി, എങ്കിലും, സമയം കടന്നു പോകുമ്പോൾ, ആകുല ചിന്തകൾ, ധനം, ജീവിത സുഖങ്ങൾആദിയായവ ദൈവത്തോടുള്ള തന്റെ **സ്നേഹത്തെ** ഞെരുക്കി കളയുന്നു.”
- **36:05** പത്രോസ് സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ, ഒരു പ്രകാശം ഉള്ള മേഘം അവരുടെ മേൽഇറങ്ങി വരികയും മേഘത്തിൽനിന്ന് ഒരു ശബ്ദം അവരോടു, “ഇത് ഞാൻ**സ്നേഹിക്കുന്ന** എന്റെ പുത്രൻ എന്ന് പറയുകയും ചെയ്തു.
- **39:10** “സത്യത്തെ **സ്നേഹിക്കുന്ന** ഏവരും എന്നെ ശ്രദ്ധിക്കുന്നു.
- **47:01** അവൾ(ലുദിയ) ദൈവത്തെ **സ്നേഹിക്കുകയും** ആരാധിക്കുകയും ചെയ്തു പോന്നു.
- **48:01** ദൈവം ലോകത്തെ സൃഷ്ടിച്ചപ്പോൾ, സകലവും നന്നായി ഇരുന്നു.

അവിടെ പാപം ഉണ്ടായിരുന്നില്ല. ആദാമും ഹവ്വയും പരസ്പരം **സ്നേഹിക്കുന്നവരും**, ദൈവത്തെ **സ്നേഹിക്കുന്നവരും** ആയിരുന്നു.

- **49:03** അവൻ(യേശു) പഠിപ്പിച്ചത് നിങ്ങൾനിങ്ങളെ തന്നെ സ്നേഹിക്കുന്നത് പോലെ നിങ്ങളുടെ അയൽക്കാരനെയും **സ്നേഹിക്കേണ്ടത്** ആകുന്നു
- **49:04** കൂടാതെ അവൻ(യേശു) പഠിപ്പിച്ചത് എന്തെന്നാൽനിങ്ങളുടെ സമ്പത്ത് ഉൾപ്പെടെ സകലത്തെക്കാളും അധികമായി നിങ്ങൾദൈവത്തെ **സ്നേഹിക്കേണ്ടത്** ആകുന്നു.
- **49:07** യേശു പഠിപ്പിച്ചത് എന്തെന്നാൽദൈവം പാപികളെ വളരെ അധികം **സ്നേഹിക്കുന്നു**.
- **49:09** എന്നാൽദൈവം ഈ ലോകത്തിൽഉള്ള എല്ലാവരെയും വളരെ സ്നേഹിച്ചതിനാൽതന്റെ ഏക ജാതനായ പുത്രനെ നൽകി അതിനാൽയേശുവിൽവിശ്വസിക്കുന്ന ഏവനും തന്റെ പാപങ്ങൾനിമിത്തം ശിക്ഷിക്കപ്പെടാതെ എന്നെന്നേക്കും ദൈവത്തോട് കൂടെ ജീവിക്കേണ്ടതിനു തന്നെ.
- **49:13** ദൈവം നിങ്ങളെ **സ്നേഹിക്കുന്നു** നിങ്ങൾയേശുവിൽവിശ്വസിക്കണം എന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു അതിനാൽതനിക്കു നിങ്ങളുമായി ഒരു അടുത്ത ബന്ധം സ്ഥാപിക്കുവാൻഇടയാകും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H157, H158, H159, H160, H2245, H2617, H2836, H3039, H4261, H5689, H5690, H5691, H7355, H7356, H7453, H7474, G25, G26, G5360, G5361, G5362, G5363, G5365, G5367, G5368, G5369, G5377, G5381, G5382, G5383, G5388

# സ്വര്ഗ്ഗം, ആകാശം, ആകാശങ്ങള്, സ്വര്ഗ്ഗങ്ങള്, സ്വര്ഗ്ഗീയമായ

## നിര്വചനം:

"സ്വര്ഗ്ഗം" എന്ന് പരിഭാഷ ചെയ്തിരിക്കുന്ന പദം സാധാരണയായി ദൈവം അധിവസിക്കുന്ന സ്ഥലത്തെ സൂചിപ്പിക്കുന്നു. ഇതേ വാക്കു സാഹചര്യം അനുസരിച്ചു "ആകാശം" എന്നും അര്ത്ഥം നല്കാം.

- "സ്വര്ഗ്ഗങ്ങള്" എന്ന പദം ഭൂമിക്കു മുകളില് നാം കാണുന്ന സകലവും സൂര്യന്, ചന്ദ്രന്, നക്ഷത്രങ്ങള് സകലവും എന്ന് സൂചിപ്പിക്കുന്നു. ഇതില് സ്വര്ഗ്ഗീയ വസ്തുക്കള് അതായത് വിദൂരതയില് ഉള്ളതായ ഗ്രഹങ്ങള് മുതലായവ, അവയെ നാം ഭൂമിയില് നിന്ന് നേരിട്ട് കാണുവാന്കഴിയുകയില്ല.
- "ആകാശം" എന്ന പദം ഭൂമിക്ക് മുകളില്നീല നിറത്തില്കാണുന്ന പരന്നതായ ഭാഗം മേഘങ്ങളും നാം ശ്വസിക്കുന്ന പ്രാണവായു ഉള്ക്കൊള്ളുന്ന വിതാനം എന്ന് സൂചിപ്പിക്കുന്നു. സാധാരണയായി സൂര്യനും ചന്ദ്രനും "ഉയരെ ആകാശത്തില്" സ്ഥിതി ചെയ്യുന്നതായി പറയുന്നു.
- ദൈവചനത്തില്ചില സാഹചര്യങ്ങളില്, "സ്വര്ഗ്ഗം" എന്ന പദം ആകാശത്തെയോ അല്ലെങ്കില്ദൈവം വസിക്കുന സ്ഥലത്തെയോ സൂചിപ്പിക്കുന്നു.
- "സ്വര്ഗ്ഗം" എന്ന പദം ഉപമാനമായി ഉപയോഗിക്കുമ്പോള്, അത് ദൈവത്തെ സൂചിപ്പിക്കുന്ന ഒരു രീതിയാണ്. ഉദാഹരണമായി, മത്തായി "സ്വര്ഗ്ഗ രാജ്യം" എന്ന് എഴുതുമ്പോള്താന്ദൈവത്തിന്റെ രാജ്യത്തെ കുറിച്ചാണ് സൂചിപ്പിക്കുന്നത്.

## പരിഭാഷ നിര്ദേശങ്ങള്:

- "സ്വര്ഗ്ഗം" എന്ന് ഉപമാനമായി ഉപയോഗിക്കുമ്പോള്, അത് "ദൈവം" എന്നു പരിഭാഷ ചെയ്യാം.
- "സ്വര്ഗ്ഗ രാജ്യം" എന്ന് മത്തായിയുടെ പുസ്തകത്തില്ഉള്ളത്, "സ്വര്ഗ്ഗം" എന്ന പദം തന്നെ ഉപയോഗിക്കുന്നത് നല്ലതാണ് കാരണം അത് മത്തായിയുടെ സുവിശേഷത്തിന്റെ പ്രത്യേകത ആണ്.
- "സ്വര്ഗ്ഗങ്ങള്" അല്ലെങ്കില്സ്വര്ഗ്ഗീയ വസ്തുക്കള്" എന്നത് "സൂര്യന്, ചന്ദ്രന്, നക്ഷത്രങ്ങള്" അല്ലെങ്കില്"പ്രപഞ്ചത്തിലെ സകല നക്ഷത്രങ്ങളും" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "സ്വര്ഗ്ഗത്തിലെ നക്ഷത്രങ്ങള്" എന്ന പദപ്രയോഗം "ആകാശത്തിലെ നക്ഷത്രങ്ങള്" അല്ലെങ്കില്"പ്രപഞ്ചത്തിലെ നക്ഷത്രങ്ങള്"എന്ന് പരിഭാഷ ചെയ്യാം.

(കാണുക: ദൈവ രാജ്യം)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്08:22-24
- 1 തെസലോനിക്യര്01:8-10
- 1 തെസലോനിക്യര്04:16-18
- ആവര്ത്തന പുസ്തകം 09:1-2
- എഫെസ്യര്06:9
- ഉല്പ്പത്തി 01:1-2
- ഉല്പ്പത്തി 07:11-12
- യോഹന്നാന്03:12-13
- യോഹന്നാന്03:27-28
- മത്തായി 05:17-18
- മത്തായി 05:46-48

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **04:02** അവര് ***സ്വര്ഗ്ഗത്തില്*** എത്തുവോളം ഉള്ള ഒരു ഗോപുരം പണിയുവാന്ആരംഭിച്ചു.
- **14:11** അവന്(ദൈവം) അവര്ക്ക് ***സ്വര്ഗ്ഗത്തില്*** നിന്ന് "മന്ന" എന്ന് വിളിക്കുന്ന അപ്പം കൊടുത്തു.
- **23:07** ക്ഷണത്തില്ആകാശങ്ങള്ദൈവത്തെ സ്തുതിക്കുന്ന ദൂതന്മാരാല്നിറഞ്ഞു, പറഞ്ഞത്, ***സ്വര്ഗ്ഗത്തില്*** ദൈവത്തിനു മഹത്വവും ഭൂമിയില്ദൈവപ്രസാദം ഉള്ള മനുഷ്യര്ക്ക്സമാധാനവും" എന്ന് ആയിരുന്നു.
- **29:09** അനന്തരം യേശു പറഞ്ഞത്, "നിങ്ങള്ഹൃദയംഗമായി നിങ്ങളുടെ സഹോദരനോട് ക്ഷമിച്ചില്ല എങ്കില്എന്റെ ***സ്വര്ഗ്ഗീയ*** പിതാവ് നിങ്ങള്ഓരോരുത്തരോടും ചെയ്യുന്നത് ഇപ്രകാരം ആയിരിക്കും.
- **37:09** അനന്തരം യേശു സ്വര്ഗ്ഗത്തേക്കു_ നോക്കി പറഞ്ഞത്, "പിതാവേ, അങ്ങ് എന്നെ കേട്ടതിനാല്നന്ദി" എന്നായിരുന്നു.

- **42:11** അനന്തരം യേശു അ **സ്വര്ഗ്ഗാരോഹണം** ചെയ്തു, ഒരു മേഘം അവരുടെ കാഴ്ച്ചയില്നിന്നു അവനെ മറച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1534, H6160, H6183, H7834, H8064, H8065, G932, G2032, G3321, G3770, G3771, G3772

# ഹൃദയം, ഹൃദയങ്ങള്

## നിര്വചനം:

ദൈവ വചനത്തില്, "ഹൃദയം" എന്ന പദം സാധാരണയായി ഉപമാന രൂപത്തില്ഒരു വ്യക്തിയുടെ ചിന്തകള്, വികാരങ്ങള്, ആഗ്രഹങ്ങള്, അല്ലെങ്കില്തീരുമാനം ആദിയായവയെ സൂചിപ്പിക്കുന്നു.

- "കഠിന ഹൃദയം" ഉള്ളവന്ആകുക എന്ന പദപ്രയോഗം ഒരു മനുഷ്യന് ഉറച്ച നിലയില് ദൈവത്തെ അനുസരിക്കുവാന് നിഷേധിക്കുന്നതിനെ സൂചിപ്പിക്കുന്നു.
- "എന്റെ എല്ലാ ഹൃദയത്തോടെയും" അല്ലെങ്കില് "എന്റെ മുഴുവന് ഹൃദയത്തോടെയും" എന്നീ പദപ്രയോഗങ്ങള് അര്ത്ഥമാക്കുന്നത് പിന്തിരിയാതെ സമ്പൂര്ണ്ണ സമര്പ്പണത്തോടും സമ്മതത്തോടും കൂടെ ഒരു കാര്യം ചെയ്തു തീര്ക്കുക എന്നാണ്.
- "ഹൃദയത്തില് ഉള്ക്കൊള്ളുക" എന്ന പദപ്രയോഗം അര്ത്ഥമാക്കുന്നത് ഒരു കാര്യം ഒരുവന്റെ ജീവിതത്തില് വളരെ ഗൌരവതരമായി ഏറ്റെടുത്തു പ്രാവര്ത്തികം ആക്കുക എന്നാണ്.
- "ഹൃദയം തകര്ന്ന" എന്ന പദപ്രയോഗം ഒരു വ്യക്തി വളരെ ദു:ഖിതന് ആയിരിക്കുന്നു എന്ന് വിവരിക്കുന്നു. ആ വ്യക്തി വളരെ ആഴത്തില് വൈകാരികമായി ഉപദ്രവിക്കപ്പെട്ടിരി ക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ചില ഭാഷകളില്ഈ ആശയങ്ങളെ സൂചിപ്പിക്കുവാന് വിവധ ശരീര ഭാഗങ്ങളായ "ഉദരം" അല്ലെങ്കില് "കരള്" ആദിയായവയെ ഉപയോഗി ക്കാറുണ്ട്.
- ചില ഭാഷകളില് ഇവയില് ചില ആശയങ്ങളെ സൂചിപ്പിക്കുവാനായി ഒരു വാക്കു തന്നെ ഉപയോഗിക്കുകയും മറ്റുള്ളവയെ സൂചിപ്പിക്കുവാന് വേറൊരു പദം ഉപയോഗിക്കുകയും ചെയ്യാറുണ്ട്.
- "ഹൃദയത്തിനോ" അല്ലെങ്കില് മറ്റു ശരീര ഭാഗത്തിനോ ഈ അര്ത്ഥം ഇല്ലെങ്കില്, ചില ഭാഷകളില് ഇതു അക്ഷരീകമായി "ചിന്തകള്" അല്ലെങ്കില് "വികാരങ്ങള്" അല്ലെങ്കില് "ആഗ്രഹങ്ങള്" എന്നീ പദങ്ങളുടെ ആവശ്യം ഉണ്ടായിരിക്കാം.
- സാഹചര്യത്തിന് അനുസൃതമായി, "എന്റെ എല്ലാ ഹൃദയത്തോടു കൂടെ" അല്ലെങ്കില് "എന്റെ മുഴു ഹൃദയത്തോടെ" എന്നത് "എന്റെ മുഴു ബലത്തോടു കൂടെ" അല്ലെങ്കില് പൂര്ണ സമര്പ്പണത്തോടു കൂടെ" അല്ലെങ്കില് "മുഴുവനുമായി" അല്ലെങ്കില് "സമ്പൂര്ണ്ണ സമര്പ്പണത്തോടു കൂടെ" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ഹൃദയത്തില് സ്വീകരിക്കുക" എന്ന പദപ്രയോഗം "വളരെ ഗൌരവത്തോടെ പരിഗണിക്കുക" അല്ലെങ്കില് "ശ്രദ്ധാപൂര്വ്വം അതിനെക്കുറിച്ചു ചിന്തിക്കുക" എന്ന് പരിഭാഷ ചെയ്യാം.
- "കഠിന ഹൃദയം ഉള്ളവന്" എന്നുള്ള പദപ്രയോഗം "ഉറച്ച മത്സരിയായ" അല്ലെങ്കില് അനുസരിക്കുവാന് വിസ്സമ്മതിക്കുന്ന" അല്ലെങ്കില് "തുടര്മാനമായി ദൈവത്തെ അനുസരിക്കാതിരിക്കുന്ന" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "തകര്ന്ന ഹൃദയം" എന്നത് പരിഭാഷ ചെയ്യുവാന് "വളരെ ദു:ഖമുള്ള" അല്ലെങ്കില് "വളരെ ആഴമായ മുറിവ് ഉണ്ടായ" എന്നിങ്ങനെയും ഉള്പ്പെടുത്താം.

(കാണുക: കഠിനമായ)

## ദൈവ വചന സൂചികകള്:

- 1 യോഹന്നാന്:16-18
- 1 തെസ്സലോനിക്യര്:3-4
- 2 തെസ്സലോനിക്യര്:13-15
- അപ്പോ.08:20-23
- അപ്പോ.15:7-9
- ലൂക്കോസ് 08:14-15
- മര്ക്കോസ് 02:5-7
- മത്തായി 05:5-8
- മത്തായി 22:37-38

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1079, H2436, H2504, H2910, H3519, H3629, H3820, H3821, H3823, H3824, H3825, H3826, H4578, H5315, H5640, H7130, H7307, H7356, H7907, G674, G1282, G1271, G2133, G2588, G2589, G4641, G4698, G5590

# translationWords

## Names

# അക്വില

## വസ്തുതകള്

കരിങ്കടലിന്റെ തെക്കൻതീരപ്രദേശ മേഖലയിലുള്ള, പൊന്തോസ് എന്ന പ്രവിശ്യയില്നിന്നുള്ള ഒരു യഹൂദ ക്രിസ്ത്യാനിയായിരുന്നു അക്വില.

- അക്വിലയും പ്രിസ്കില്ലയും ഒരു നിശ്ചിതകാലം ഇറ്റലിയിലെ റോമില്, താമസിച്ചിരുന്നു, എന്നാല്പിന്നീട് റോമന്ചക്രവര്ത്തി, ക്ലൌദോസ്, എല്ലാ യഹൂദന്മാരും റോം വിട്ടു പോകണമെന്ന് നിര്ബന്ധിച്ചു.
- അതിനുശേഷം അക്വിലയും പ്രിസ്കില്ലയും കൊരിന്തിലേക്ക് യാത്രചെയ്തു, അവിടെവെച്ചു അവര്പൌലോസിനെ കണ്ടുമുട്ടുകയും ചെയ്തു.
- അവര്പൌലോസിനോടുകൂടെ കൂടാരനിര്മ്മാണപ്പണി ചെയ്യുകയും തന്റെ പ്രേഷിതപ്രവര്ത്തനത്തില്കൂടെ സഹായിക്കുകയും ചെയ്തു.
- അക്വിലയും പ്രിസ്കില്ലയും യേശുവിനെക്കുറിച്ചുള്ള സത്യം വിശ്വാസികളെ പഠിപ്പിച്ചു; അപ്രകാരമുള്ള വിശ്വാസികളില്ഒരുവനായിരുന്നു അനുഗ്രഹീതനായ അധ്യാപകനായിരുന്നു അപ്പൊല്ലോസ്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: അപ്പൊല്ലോസ്, കൊരിന്ത്, റോം)

## ദൈവവചന സൂചികകള്:

- 1 കൊരിന്ത്യര്16:19-20
- 2 തിമോത്തിയോസ് 04:19-22
- അപ്പോ.പ്രവര്ത്തികള്18:1-3
- അപ്പോ.പ്രവര്ത്തികള്18;24-26

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G207

# അഥല്യ

## വസ്തുതകള്

അഥല്യ യഹൂദ രാജാവായ യെഹോരയാമിന്റെ ദുഷ്ടയായ ഭാര്യയായിരുന്നു. അവള്ഇസ്രയേലിന്റെ ദുഷ്ടനായ ഒമ്രി രാജാവിന്റെ പൌത്രി ആയിരുന്നു.

- അഥല്യായുടെ മകന് അഹസ്യാവ് യെഹോരയാമിന്റെ മരണാനന്തരം രാജാവായി.
- തന്റെ മകന് അഹസ്യാവ് മരിച്ചശേഷം, രാജാവിന്റെ കുടുംബത്തില് ശേഷിച്ച എല്ലാവരെയും കൊല്ലുവാന് അഥല്യ പദ്ധതി ആവിഷ്കരിച്ചു.
- എന്നാല്അഥല്യയുടെ ഇളയ പൌത്രന്യോവാശിനെ തന്റെ പിതൃസഹോദരി അഥല്യ ആറു സംവത്സരം ദേശം ഭരിച്ചശേഷം, അവള്കൊല്ലപ്പെടുകയും യോവാശ് രാജാവാകുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: അഹസ്യാവ്,യെഹോരയാം, യോവാശ്, ഒമ്രി)

## ദൈവവചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള് 22;1-3
- 2 ദിനവൃത്താന്തങ്ങള്24;6-7
- 2 രാജാക്കന്മാര്11;1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6721

# അദോനിയാവ്

## നിർവചനം

അദോനിയാവ് ദാവീദ് രാജാവിന്റെ നാലാമത്തെ മകനായിരുന്നു.

- തന്റെ സഹോദരന്മാരായ അബ്ശാലോമിന്റെയും അമ്നോന്റെയും മരണാനന്തരം ഇസ്രയേൽരാജാവാകുവാൻഅദോനിയാവ് പരിശ്രമിച്ചു.
- എങ്കിലും, ദൈവം, ദാവീദിന്റെ മകനായ ശലോമോൻ രാജാവാകുമെന്നു വാഗ്ദത്തം ചെയ്തിരുന്നതിനാൽ, അദോനിയാവിന്റെ തന്ത്രം അട്ടിമറിക്കപ്പെട്ടു കയും ശലോമോൻ രാജാവാക്കപ്പെടുകയും ചെയ്തു.
- അദോനിയാവ് രണ്ടാം പ്രാവശ്യവും രാജാവാകുവാൻ പരിശ്രമിച്ചപ്പോൾ, ശലോമോൻ അവനെ മരണത്തിനു ഏൽപ്പിച്ചു.

(പരിഭാഷ നിർദേശങ്ങൾ:പേരുകൾ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ദാവീദ്, ശലോമോൻ)

## ദൈവവചന സൂചികകൾ:

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G138

# അന്ത്യോക്യ

## വസ്തുതകള്

പുതിയനിയമത്തില്രണ്ടു പട്ടണങ്ങള്ക്ക് അന്ത്യോക്യ എന്നു പേരുണ്ട്. ഒരെണ്ണം മദ്ധ്യധരണിക്കടലിന്റെ തീരത്ത്, സിറിയയില്ആയിരുന്നു. മറ്റൊന്ന് കൊലോസ്സ്യപട്ടണത്തിനു സമീപം, റോമന്പ്രവിശ്യയായിരുന്ന പിസിദ്യ യില്ആയിരുന്നു.

- യേശുവില് വിശ്വസിച്ച വിശ്വാസികള്ക്ക് ആദ്യമായി "ക്രിസ്ത്യാനികള്" എന്ന പേര് വിളിച്ചത് സിറിയയിലെ അന്ത്യോക്യയിലുള്ള പ്രാദേശിക സഭയെയാണ്. അവിടെയുള്ള പ്രാദേശിക സഭ പുറജാതികളുടെയടുക്കലേക്ക് പ്രേഷിതപ്രവര്ത്ത കരെ അയയ്ക്കുന്നതില്ഉത്സുകരായിരുന്നു.
- യെരുശലേമിലെ സഭാനെതാക്കന്മാര്സിറിയയിലെ അന്ത്യോക്യ സഭയിലുള്ള വിശ്വാസികള്, അവര്ക്രിസ്ത്യാനികളായി തുടരുവാന്യഹൂദാനിയമങ്ങള്പാലിക്കേണ്ടതില്ല എന്നറിയുവാനായി ഒരു കത്ത് അയച്ചിരുന്നു.
- പൌലോസും, ബര്ന്നബാസും, മര്ക്കോസ് എന്ന യോഹന്നാനും പിസിദ്യയിലെ അന്ത്യോക്യയിലേക്ക് സുവിശേഷം പങ്കുവെക്കുവാനായി യാത്രയായി.

മറ്റു പട്ടണങ്ങളില്നിന്നുള്ള ചില യഹൂദന്മാര്അവിടെ കടന്നുവന്നു പ്രശ്നങ്ങള്ഉണ്ടാക്കുകയും, പൌലോസിനെ വധിക്കുവാന്ശ്രമിക്കുകയും ചെയ്തു. എന്നാല് മറ്റനേകം പേര്, യഹൂദന്മാരും ജാതികളും, ഉപദേശം ശ്രദ്ധിക്കുകയും യേശുവില്വിശ്വസിക്കുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ബര്ന്നബാസ്, കൊലോസ്സ്യ, യോഹന്നാന്മര്ക്കോസ്, പൌലോസ്, റോം, സിറിയ)

## ദൈവവചന സൂചികകള്:

- 2 തിമോത്തിയോസ് 03:10-13
- അപ്പോ:പ്രവര്ത്തികള്:10-13
- അപ്പോ.പ്രവര്ത്തികള്-6
- അപ്പോ.പ്രവര്ത്തികള്-25-26
- ഗലാത്യര്02;11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G491

# അന്ത്രെയോസ്

## വസ്തുതകള്

യേശു തന്നോടോപ്പമായിരിക്കേണ്ടതിനു ഏറ്റവും അടുത്ത ശിഷ്യന്മാരായി തിര ഞ്ഞെടുത്ത പന്ത്രണ്ടു പേരില് ഒരുവനാണ് അന്ത്രെയോസ്. (പില്ക്കാലത്ത് അപ്പോസ്തലന്മാര് എന്നു വിളിക്കപ്പെട്ടു)

- അന്ത്രെയോസിന്റെ സഹോദരനായിരുന്നു ശിമോന്പത്രോസ്. അവര് ഇരുവരും മുക്കുവന്മാരായിരുന്നു.
- പത്രോസും അന്ത്രെയോസും ഗലീലിക്കടലില് മീന്പിടിച്ചുകൊണ്ടിരിക്കുമ്പോള് തന്റെ ശിഷ്യന്മാരായിരിപ്പാനായി യേശു അവരെ വിളിച്ചു.
- പത്രോസും അന്ത്രെയോസും യേശുവിനെ കണ്ടുമുട്ടുന്നതിനു മുന്പേ, അവര് സ്നാപക യോഹന്നാന്റെ ശിഷ്യന്മാര് ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: അപ്പോസ്തലന്, ശിഷ്യന്, പന്ത്രണ്ടു പേര്)

## ദൈവവചന സൂചികകള്:

- അപ്പൊ.പ്രവര്ത്തികള്:12-14
- യോഹന്നാന്:40-42
- മര്ക്കോസ് 01:16-18
- മര്ക്കോസ് 01:29-31
- മര്ക്കോസ് 03:17-19
- മത്തായി 04:18-20
- മത്തായി 10:2-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G406

# അപ്പൊല്ലോസ്

## വസ്തുതകള്:

അപ്പൊല്ലോസ് ഈജിപ്തിലുള്ള അലെക്സന്ദ്രിയ പട്ടണത്തില്നിന്നുള്ള ഒരു യഹൂദനായിരുന്നു, തനിക്കു യേശുവിനെക്കുറിച്ച് പഠിപ്പിക്കുവാനുള്ള വിശിഷ്ടമായ കഴിവുണ്ടായിരുന്നു.

- അപ്പൊല്ലോസ് എബ്രായ വേദത്തില്നല്ല വിദ്യാഭ്യാസം ഉള്ളവനും ഒരു അനുഗ്രഹീത പ്രഭാഷകനും ആയിരുന്നു.
- താന്എഫെസോസിലെ രണ്ടു ക്രിസ്ത്യാനികളായി അക്വില എന്നും പ്രിസ്കില്ല എന്നും പേരുള്ളവരാല്ലബോധിപ്പിക്കപ്പെട്ടു.
- ജനങ്ങള്യേശുവില്വിശ്വസിക്കുവാനായി സഹായിക്കുക എന്ന ലക്ഷ്യത്തി നായി പ്രവര്ത്തിക്കുന്നവരാണ് താനും, അപ്പോല്ലോസും അതുപോലെ മറ്റുള്ള സുവിശേഷകന്മാരും അധ്യാപകരും എന്നു പൌലോസ് ഊന്നിപ്പറഞ്ഞു.

(കാണുക: അക്വില, എഫേസോസ്, പ്രിസ്കില്ല, ദൈവവചനം)

## ദൈവവചന സൂചികകള്:

- 1 കൊരിന്ത്യര്01:12-13
- 1 കൊരിന്ത്യര്16:10-12
- അപ്പോ.പ്രവര്ത്തികള്18:24-26
- തീത്തോസ് 03:12-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G625

# അബിമെലെക്

## വസ്തുതകൾ:

അബ്രഹാമും യിസ്സഹാക്കും കാനാൻദേശത്ത് വസിച്ചിരുന്ന കാലഘട്ടത്തിൽ ഗെരാർപ്രദേശം ഭരിച്ചിരുന്ന ഒരു ഫെലിസ്ത്യ രാജാവായിരുന്നു അബിമെലെക്ക്.

- അബ്രഹാം സാറായെ തന്റെ ഭാര്യ എന്നതിനു പകരം തന്റെ സഹോദരി എന്നു പറഞ്ഞു രാജാവായ അബിമേലെക്കിനെ വഞ്ചിച്ചു.
- ബെർശേബയിലെ കിണറുകളുടെ ഉടമസ്ഥ അവകാശം സംബന്ധിച്ച് അബ്രഹാമും അബിമേലെക്കും ഒരു ഉടമ്പടി ഉണ്ടാക്കി.
- പല വർഷങ്ങൾക്കുശേഷം യിസ്സഹാക്കും അബിമെലെക്കിനെയും ഗെരാരിലെ ഇതര പുരുഷന്മാരെയും റിബെക്ക തന്റെ ഭാര്യയല്ല, സഹോദരി ആണെന്നു പറഞ്ഞു വഞ്ചിച്ചു.
- അബിമെലെക് രാജാവ് അബ്രാഹാമിനെയും, പിൽക്കാലത്ത് യിസ്സഹാക്കി നെയും തന്നോട് അസത്യം പറഞ്ഞതിനു ശാസിച്ചു.
- അബിമെലെക്ക് എന്നു പേരുള്ള വേറൊരു വ്യക്തി ഗിദയോന്റെ പുത്രനും യോഥാമിന്റെ ഒരു സഹോദരനുമായിരുന്നു. ചില പരിഭാഷകളിൽഇവൻവേറൊരു വ്യക്തിയാണെന്ന് സൂചിപ്പിക്കുവാനായി തന്റെ പേരിനു സ്വൽപ്പം വ്യത്യസ്തമായ അക്ഷരങ്ങൾനൽകി അബിമെലെക് രാജാവിൽനിന്നും വ്യത്യസ്തപ്പെടുത്തുന്നു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ബെർശേബ, ഗേരാർ, ഗിദെയോൻ, യോഥാം, ഫെലിസ്ത്യർ)

## ദൈവവചന സൂചികകൾ:

- 2 ശമുവേൽ:21
- ഉൽപ്പത്തി 20:1-3
- ഉൽപ്പത്തി 20:4-5
- ഉൽപ്പത്തി 21;22-24
- ഉൽപ്പത്തി 26:9-11
- ന്യായാധിപന്മാർ:52-54

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H40

# അബിയാവ്

## യാഥാർത്ഥ്യങ്ങൾ:

915 മുതൽബി.സി. വരെ ഭരിച്ച ഒരു യഹൂദ രാജാവായിരുന്നു അബിയാവ്. താൻ രേഹോബെയാം രാജാവിന്റെ ഒരു മകനായിരുന്നു. പഴയനിയമത്തിൽ അബിയാവ് എന്നു പേരുള്ള വേറെയും പല വ്യക്തികൾ ഉണ്ടായിരുന്നു.

- ബെർശേബയിൽ ഇസ്രയേൽ ജനത്തിന്മേൽ ശമുവേലിന്റെ പുത്രന്മാരായ അഭിയാവും യോവേലും നേതാക്കന്മാരായിരുന്നു.അബിയാവും തന്റെ സഹോദരനും അവിശ്വസ്തരും അഹങ്കാരികളുമായതിനാൽ, അവർക്കു പകരമായി ഒരു രാജാവിനെ വാഴിച്ചു തരണമെന്ന് ജനം ശമുവേലിനോട് ആവശ്യപ്പെട്ടു.
- ദാവീദ് രാജാവിന്റെ കാലത്ത് ദേവാലയ പുരോഹിതന്മാരിൽ ഒരുവനായിരുന്നു അബിയാവ്.
- അബിയാവ് യെരോബെയാം രാജാവിന്റെ മക്കളിൽ ഒരുവനായിരുന്നു.
- ബാബിലോന്യ പ്രവാസത്തിൽനിന്ന് സെരുബ്ബാബെലിനോടൊപ്പം യെരുശലെമി ലേക്ക് മടങ്ങിവന്ന ഒരു മഹാപുരോഹിതനായിരുന്നു അബിയാവ്.

(പരിഭാഷ നിർദേശങ്ങൾ: പേരുകളുടെ പരിഭാഷ)

## ദൈവവചന സൂചികകൾ:

- 1 രാജാക്കന്മാർ:1-3
- 1 ശമുവേൽ:1-3
- 2 ദിനവൃത്താന്തങ്ങൾ:1-3
- 2 ദിനവൃത്താന്തങ്ങൾ:19-22
- ലൂക്കോസ് 01:5-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H29, G7

# അബ്നേർ

## നിർവചനം

അബ്നേർ പഴയനിയമത്തിലെ ശൌൽരാജാവിന്റെ ഒരു ബന്ധു ആയിരുന്നു.

- അബ്നേർ ശൌലിന്റെ സൈന്യാധിപനും, ദാവീദ് മല്ലനായ ഗോലിയാത്തിനെ സംഹരിച്ചതിനുശേഷം ശൌലിന് ദാവീദിനെ പരിചയപ്പെടുത്തിയവനും ആയിരുന്നു.
- ശൌൽ രാജാവിന്റെ മരണാനന്തരം, ദാവീദ് യഹൂദയിൽ രാജാവായി നിയമിത നായിരിക്കെ, അബ്നേർശൌലിന്റെ മകനായ ഇഷ്ബോശേത്തിനെ ഇസ്രയേലിന് രാജാവായി നിയമിച്ചു.
- പിന്നീട്, ദാവീദിന്റെ സൈന്യാധിപനായിരുന്ന യോവാബിനാൽ അബ്നേർ ദാരുണമായി കൊല്ലപ്പെട്ടു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷപ്പെടുത്തുന്ന വിധം)

## ദൈവവചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ:26-28
- 1 രാജാക്കന്മാർ 02:5-6
- 1 രാജാക്കന്മാർ:32-33
- 1 ശമുവേൽ:55-56
- 2 ശമുവേൽ:22-23

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H74

# അബ്യാഥാർ

## നിർവചനം:

ദാവീദ് രാജാവിന്റെ കാലഘട്ടത്തിൽ ഇസ്രയേൽ ദേശത്തിന്റെ ഒരു മഹാ പുരോഹിതനായിരുന്നു അബ്യാഥാർ.

- ശൌൽരാജാവ് പുരോഹിതന്മാരെ വധിച്ചപ്പോൾ, അബ്യാഥാർ രക്ഷപ്പെട്ടു മരുഭൂമിയിൽ ദാവീദിന്റെ അടുക്കൽചെന്നു.
- ദാവീദിന്റെ വാഴ്ചയുടെ കാലത്തെല്ലാം അബ്യാഥാരും സാദോക് എന്നു പേരുള്ള മറ്റൊരു മഹാപുരോഹിതനും വിശ്വസ്തതയോടെ അവനെ സേവിച്ചു.
- ദാവീദിന്റെ മരണാനന്തരം, ശാലോമോന് പകരം അദോനിയാവ് രാജാവാകേണ്ടതിനുള്ള പരിശ്രമത്തിനു അബ്യാഥാർ സഹായം നൽകി.
- ഇതുനിമിത്തം, ശലോമോൻരാജാവ് അബ്യാഥാരിനെ പൌരോഹിത്യത്തിൽനിന്ന് നീക്കം ചെയ്തു.

(കാണുക: സാദോക്, ശൌൽ, ദാവീദ്, ശാലോമോൻ, അദോനിയാവ്)

## ദൈവവചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ 27:32-34
- 1രാജാക്കന്മാർ:01:7-8
- 1രാജാക്കന്മാർ:02:22-23
- 2 ശാമുവൽ:15-16
- മർക്കോസ് 02:25-26

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H54, G8

# അബ്രഹാം, അബ്രാം

## വസ്തുതകൾ:

അബ്രഹാം ഊർഎന്ന പട്ടണത്തിൽനിന്നുള്ള ഇസ്രായേലിന്റെ പൂർവപിതാവാ കുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു കല്ദയൻആണ്. ദൈവം അവന്റെ പേര് "അബ്രഹാം" എന്നു മാറ്റി.

- "അബ്രാം'' എന്ന പേരിന്റെ അർത്ഥം "ഉയർത്തപ്പെട്ട പിതാവ്" എന്നാണ്.
- "അബ്രഹാം" എന്നതിന്റെ അർത്ഥം "ബഹുജനത്തിനു പിതാവ്" എന്നാണ്.
- ഒരു വലിയ ദേശം ആകത്തക്കവിധം തനിക്കു നിരവധി പിൻതലമുറക്കാർഉണ്ടാകുമെന്ന് ദൈവം അബ്രഹാമിന് വാഗ്ദത്തം നൽകി.
- അബ്രഹാം ദൈവത്തെ വിശ്വസിക്കുകയും അവനെ അനുസരിക്കുകയും ചെയ്തു.
- ദൈവം അബ്രഹാമിനെ കല്ദയയിൽനിന്നും കനാൻദേശത്തേക്ക് നയിച്ചു.
- അബ്രഹാമും തന്റെ ഭാര്യ സാറയും, അവർ വളരെ വൃദ്ധരായി കാനാനിൽ വസിക്കുമ്പോൾ, യിസ്സഹാക്ക് എന്ന മകൻ ഉണ്ടായി.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷപ്പെടുത്തുക)

(കാണുക:കാനാൻ. കല്ദയ, സാറാ, യിസ്സഹാക്ക്)

## ദൈവവചന സൂചികകൾ:

- ഗലാത്യർ:6-9
- ഉൽപ്പത്തി 11:29-30
- ഉൽപ്പത്തി 21:1-4
- ഉൽപ്പത്തി 22:1-3
- യാക്കോബ് 02:21-24
- മത്തായി 01:1-3

## ദൈവവചന കഥകളിൽനിന്നുള്ള ഉദാഹരണങ്ങൾ:

- **04:06** എപ്പോൾ**അബ്രഹാം** കനാനിൽഎത്തിയോ അപ്പോൾ, ദൈവം പറഞ്ഞു, "നിനക്ക് ചുറ്റും നോക്കൂ. നീ കാണുന്ന ദേശത്തെ ഞാൻനിനക്കും നിന്റെ സന്തതിക്കും ഒരു അവകാശമായി നൽകും."
- **06:04** അനന്തരം ദൈവം **അബ്രാമിന്റെ പേര്** "നിരവധി പേർക്ക് പിതാവ്" എന്നർത്ഥം വരുന്ന **അബ്രഹാം** എന്നു മാറ്റി.
- **05:05** ഒരു വർഷത്തിനുശേഷം **അബ്രഹാമിന്** നൂറു വയസ്സും സാറയ്ക്ക് 90 വയസ്സും പ്രായമുള്ളപ്പോൾ, സാറ അബ്രഹാമിന് ഒരു മകനെ ജന്മം നൽകി..
- **05:06** യിസ്സഹാക്ക് ഒരു യുവാവായിരുന്നപ്പോൾ, ദൈവം **അബ്രഹാമിന്റെ** വിശ്വാസത്തെ പരീക്ഷിപ്പാനായി, "നിന്റെ ഏക ജാതനായ യിസ്സഹാക്കിനെ കൂട്ടിക്കൊണ്ടുപോയി എനിക്ക് യാഗമായി അർപ്പിക്കുക" എന്നു പറഞ്ഞു.
- **06:01 അബ്രഹാം വയോധികനും**, തന്റെ മകൻ യിസ്സഹാക്ക് ഒരു വളർന്ന പുരുഷനും ആയപ്പോൾ, **അബ്രഹാം** തന്റെ ദാസന്മാരിൽ ഒരുവനെ തന്റെ ചാർച്ചക്കാർ വസിക്കുന്ന ദേശത്തേക്ക് തന്റെ മകനായ യിസ്സഹാക്കിനു ഒരു ഭാര്യയെ കണ്ടുപിടിക്കുവാനായി പറഞ്ഞയച്ചു.
- **06:04** ദീർഘകാലത്തിനു ശേഷം **അബ്രഹാം** മരിക്കുകയും ദൈവം അവനു നൽകിയിരുന്ന ഉടമ്പടിയുടെ എല്ലാ വാഗ്ദത്തങ്ങളും യിസ്സഹാക്കിനു നൽകുകയും ചെയ്തു.
- **21:02** ദൈവം **അബ്രഹാമിന്** നിന്നിൽകൂടെ ലോകത്തിലുള്ള സകല വംശങ്ങളും അനുഗ്രഹം പ്രാപിക്കുമെന്ന് വാഗ്ദത്തം നൽകി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H87, H85, G11

# അബ്ശാലോം

## വസ്തുതകൾ

അബ്ശാലോം ദാവീദ് രാജാവിന്റെ മൂന്നാമത്തെ മകനായിരുന്നു. തന്റെ സൌന്ദര്യഭാവത്താലും ശക്തമായ നൈസ്സർഗ്ഗിക ഭാവത്താലും താൻഅറിയപ്പെട്ടവൻആയിരുന്നു.

- തന്റെ അർദ്ധ സഹോദരനായ അമ്നോനാൽ അബ്ശാലോമിന്റെ സഹോദരി യായ താമാർബലാൽസംഗം ചെയ്യപ്പെട്ടപ്പോൾ, മ്നോൻകോല്ലപ്പെടേണ്ടതിനു അബ്ശാലോം ഒരു പദ്ധതി ആസൂത്രണം ചെയ്തിരുന്നു.
- അമ്നോന്റെ കൊലപാതകത്തിനു ശേഷം, അബ്ശാലോം ഗെശൂർമേഖലയിലേക്ക് (തന്റെ മാതാവായ മാഖയുടെ ്ഥലത്തിലേക്ക്) ഓടിപ്പോകുകയും അവിടെ മൂന്ന് വർഷങ്ങൾ താമസിക്കുകയും ചെയ്തു.
- അനന്തരം ദാവീദ് രാജാവ് അവനു ആളയച്ചു യെരുശലെമിലേക്ക് വരുത്തി, എന്നാൽരണ്ട് വർഷത്തേക്ക് അബ്ശാലോമിനെ തന്റെ സന്നിധിയിൽ വരുവാൻ അനുവദിച്ചിരുന്നില്ല.
- അബ്ശാലോം ചിലരെ ദാവീദ് രാജാവിനെതിരെ ഉദ്യമിപ്പിക്കുകയും അവനെ തിരായി ഒരു വിപ്ലവം സൃഷ്ടിക്കുകയും ചെയ്തു.
- ദാവീദിന്റെ സൈന്യം അബ്ശലോമിനെതിരെ യുദ്ധം ചെയ്യുകയും അവനെ വധിക്കുകയും ചെയ്തു. ഇതു സംഭവിച്ചപ്പോൾദാവീദ് വളരെ ടു:ഖിച്ചു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഗെശൂർ, അമ്നോൻ)

## ദൈവവചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ:1-3
- 1 രാജാക്കന്മാർ:5-6
- 2 ശമുവേൽ:1-2
- 2 ശമുവേൽ:1-4
- 2 ശമുവേൽ:18
- സങ്കീർത്തനങ്ങൾ:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H53

# അമലേക്ക്, അമാലേക്യന്, അമാലേക്യര്

## വസ്തുതകള്:

കനാന്ദേശത്തിന്റെ തെക്കേഭാഗം മുഴുവന്പരന്നു ജീവിച്ചിരുന്ന നാടോടി ജന സമൂഹമായിരുന്ന അമാലേക്യര്, നെഗേവ് മരുഭൂമി മുതല്അറേബ്യ രാജ്യം വരെയും കാണപ്പെട്ടിരുന്നു. ഈ ജനസമൂഹം ഏശാവിന്റെ പൌത്രനായ അമലേക്കില്നിന്നും ഉണ്ടായ സന്തതി ആകുന്നു.

- ഇസ്രയേല്യര് കാനാനില് താമസിക്കുവാന് വന്ന ആദ്യകാലം മുതല്തന്നെ അമാലേക്യര് അവര്ക്ക് കടുത്ത ശത്രുക്കള് ആയിരുന്നു.
- ചില സന്ദര്ഭങ്ങളില് "അമലേക്ക്" എന്ന പദം എല്ലാ അമാലേക്യരെയും സൂചിപ്പിക്കുവാന് അലങ്കാരമായി പറയുന്നു.

(കാണുക: ഉപലക്ഷണാലങ്കാരം)

- അമലേക്യര്ക്കെതിരെയുള്ള ഒരു യുദ്ധത്തില്, മോശെ തന്റെ കൈകള് ഉയര്ത്തി പ്പിടിച്ചപ്പോള്, ഇസ്രയേല്യര് ജയം വരിച്ചുകൊണ്ടിരുന്നു. എപ്പോള് താന്ക്ഷീണിക്കുകയും കൈകള് താഴ്ത്തിയിടുകയും ചെയ്തുവോ, അവര് നഷ്ടപ്പെടുവാന് തുടങ്ങി. അതുകൊണ്ട് അഹരോനും ഹൂരും ഇസ്രയേല്യ സൈന്യം അമാലേക്യരെ തോല്പ്പിക്കുന്നതുവരെ മോശെയുടെ കൈകള് ഉയര്ത്തിപ്പിടിക്കുവാന് അവര് സഹായിച്ചു.
- ശൌല്രാജാവും ദാവീദ് രാജാവും ഇരുവരും അമലേക്യര്ക്കെതിരെ സൈനിക നീക്കങ്ങള് നടത്തിയിട്ടുണ്ട്.
- അമലേക്യര്ക്കെതിരെ ഒരു വിജയം നേടിയ ശേഷം, ശൌല് കൊള്ള വസ്തുക്കളില് ചിലത് എടുത്തു വെക്കുകയും, ദൈവം തന്നോട് കല്പ്പിച്ചതു പോലെ അമാലേക്യ രാജാവിനെ കൊന്നുകളയാതിരിക്കയും വഴി ശൌല് ദൈവത്തോട് അനുസരണക്കേട്കാണിച്ചു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള് പരിഭാഷപ്പെടുത്തുക)

(കാണുക: അറേബ്യ, ദാവീദ്, എശാവ്, നെഗേവ്, ശൌല്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:42-43
- 2 ശാമുവല്01:8-10
- പുറപ്പാട് 17:8-10
- സംഖ്യാപുസ്തകം 14:23-25

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6002, H6003

# അമസ്യാവ്

## വസ്തുതകള്

തന്റെ പിതാവായ യോവാശ് രാജാവ് കൊല്ലപ്പെട്ടപ്പോള്, അമസ്യാവ് യഹൂദ രാജ്യത്തിന്മേല് രാജാവായി.

- രാജാവായ അമസ്യാവ് ക്രി.മു. 796 മുതല്വരെ ഇരുപത്തി ഒന്പതു വര്ഷങ്ങള് യഹൂദയില് ഭരണം നടത്തി.
- അദ്ദേഹം ഒരു നല്ല രാജാവായിരുന്നു, എങ്കിലും വിഗ്രഹാരാധന നടന്നുവന്ന ഉയര്ന്ന സ്ഥലങ്ങളെ താന്നശിപ്പിച്ചില്ല.
- തന്റെ പിതാവിന്റെ കൊലപാതകത്തിനു ഉത്തരവാദികളായിരുന്നവരെ അമസ്യാവ് അവസാനമായി മരണത്തിനു ഏല്പ്പിച്ചു.
- മത്സരികളായ എദോമ്യരെ അദ്ദേഹം പരാജയപ്പെടുത്തുകയും അവരെ വീണ്ടും യഹൂദ രാജ്യത്തിന്റെ നിയന്ത്രണത്തില് കൊണ്ടുവരികയും ചെയ്തു.
- താന്ഇസ്രയേല് രാജാവായ യെഹോവാശിനെ യുദ്ധത്തിനായി വെല്ലുവിളി ക്കുകയും, എന്നാല് പരാജിതനാകുകയും ചെയ്തു.
- യെരുശലേമിന്റെ മതില് ഭാഗികമായി തകര്ക്കപ്പെടുകയും ദേവാലയത്തിലെ വെള്ളിപ്പാത്രങ്ങളും സ്വര്ണ്ണപ്പാത്രങ്ങളും കൊള്ളയടിക്കപ്പെടുകയും ചെയ്തു.
- വര്ഷങ്ങള്ക്കുശേഷം രാജാവായ അമസ്യാവ് യഹോവയില്നിന്നും അകന്നു പോകുകയും യെരുശലേമിലെ ചില വ്യക്തികള് ഒരുമിച്ചുകൂടി ആലോചിച്ചു അവനെ കൊലപ്പെടുത്തി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: യോവാശ്, ഏദോം)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 03:10-12
- 1 ദിനവൃത്താന്തങ്ങള് 04:34-38
- 2 ദിനവൃത്താന്തങ്ങള് 14:8-10
- 2 രാജാക്കന്മാര് 14:8-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H558

# അമോര്യന്, അമോര്യര്

## വസ്തുതകള്

നോഹയുടെ പൌത്രനായ കാനാനില്നിന്നും പിന്തുടര്ച്ചക്കാരായി വന്ന ശക്തരായ ഒരു ജനവിഭാഗമായിരുന്നു അമോര്യര്,

- അവരുടെ പേരിന്റെ അര്ത്ഥമായ "ഉയര്ന്നവന്" എന്നത് അവര് വസിച്ചുവന്ന പര്വതപ്രദേശത്തെ കുറിക്കുന്നതോ അല്ലെങ്കില് അവര് വളരെ പോക്കമുള്ളവര് എന്ന വാസ്തവം നിമിത്തമോ ആയിരിക്കാം.
- അമോര്യര് യോര്ദ്ദാന് നദിയുടെ ഇരുവശങ്ങളിലും ഉള്ള പ്രദേശങ്ങളില് ജീവിച്ചുപോന്നു' ഹായിപട്ടണം അമോര്യര്താമസിച്ചു വന്നിരുന്നു.
- "അമോര്യരുടെ പാപം"എന്നു ദൈവം സൂചിപ്പിച്ചത് അവര് അസത്യദൈവങ്ങളെ ആരാധിച്ചതും അതിനോടനുബന്ധിച്ച പാപങ്ങളും ആയിരുന്നു.
- ദൈവം അവരോടു ചെയ്യുവാന് കല്പ്പിച്ചതുപോലെ അമോര്യരെ ഉന്മൂലനം ചെയ്യുവാനായി യോശുവ ഇസ്രയേല്ജനത്തെ നയിച്ചു.

## ദൈവവചന സൂചികകള്:

- ആമോസ് 02:9-10
- യെഹസ്കേല്:1-3
- ഉല്പ്പത്തി 10:15-18
- ഉല്പ്പത്തി 15:14-16
- യോശുവ 09:9-10

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്

- **15:07** പിന്നീടൊരു സമയത്ത്, കാനാനിലുള്ള വേറൊരു ജനവിഭാഗം ,**അമോര്യര്** യിസ്രായേല്യരുമായി ഗിബെയോന്നിവാസികള്ഒരു സമാധാന ഉടമ്പടിയില് ഏര്പ്പെട്ടു എന്നു കേട്ടപ്പോള്, അവര്തങ്ങളുടെ സൈന്യത്തെയെല്ലാം ഒന്നിച്ചുകൂട്ടി വലിയ സൈന്യമാക്കി ഗിബെയോനെ ആക്രമിച്ചു.
- **15:08** അതിരാവിലെ അവര് **അമോര്യ** സൈന്യത്തെ അത്ഭുതപ്പെടുത്തി ക്കൊണ്ട് അവരെ ആക്രമിച്ചു.
- **15:09** അന്നേ ദിവസം ദൈവം ഇസ്രായേലിനുവേണ്ടി യുദ്ധം ചെയ്തു. താന് **അമോര്യര്ക്ക്** ആശയക്കുഴപ്പം വരുത്തുകയും വലിയ ആലിപ്പഴം അവരുടെമേല്വീഴ്ത്തി നിരവധി **അമോര്യരെ** സംഹരിക്കയും ചെയ്തു.
- **15:10** **അമോര്യരെ** സമ്പൂര്ണമായി സംഹരിക്കത്തക്കവിധം സമയം ഉണ്ടാ കേണ്ടതിന് ദൈവം ആകാശത്തില് സൂര്യനെ ഒരേ സ്ഥലത്തില് നില്ക്കുമാറാക്കി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H567,

# അമ്നോന്

## വസ്തുതകള്

അമ്നോന് ദാവീദ് രാജാവിന്റെ ഏറ്റവും മൂത്ത പുത്രനായിരുന്നു. അവന്റെ മാതാവ് ദാവീദിന്റെ ഭാര്യയായിരുന്ന ആഹിനോവാം ആയിരുന്നു.

- അബ്ശാലോമിന്റെ സഹോദരിയായിരുന്ന, തന്റെ അര്ദ്ധ സഹോദരി യായിരുന്ന താമാറിനെ അമ്നോന് ബലാല്സംഗം ചെയ്തു.
- ഇതുനിമിത്തം, അബ്ശാലോം അമ്നോനെതിരെ ഉപായം നിരൂപിക്കയും അവനെ കൊല്ലുകയും ചെയ്തു.

(കാണുക:ദാവീദ്, അബ്ശാലോം)

## ദൈവവചന സൂചികകള്

- 1ദിനവൃത്താന്തങ്ങള്:1-3
- 2ശാമുവല്13:1-2
- 2ശാമുവല്13:7-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H550

# അമ്മോന്, അമ്മോന്യന്, അമ്മോന്യര്

## വസ്തുതകള്

“അമ്മോന്പുത്രന്മാര്” അല്ലെങ്കില്“അമ്മോന്യര്” കാനാനില് ഉണ്ടായിരുന്ന ഒരു ജന വിഭാഗം ആയിരുന്നു. ഇവര് ബെന്അമ്മിയെന്ന ലോത്തിന് തന്റെ ഇളയപുത്രിയിലുണ്ടായ മകനില് പിന്തുടര്ച്ചയായി ഉണ്ടായവരാണ്.

- “അമ്മോന്യസ്ത്രീ” എന്ന പദം അമ്മോന്യ സ്ത്രീയെ പ്രത്യേകമായി കുറിക്കുന്നു. ഇതു “അമ്മോന്യ സ്ത്രീ” എന്നും പരിഭാഷപ്പെടുത്താവുന്നതാണ്.
- അമ്മോന്യര് യോര്ദാന്നദിയുടെ കിഴക്കു ഭാഗത്ത് ജീവിച്ചിരുന്നവരും. ഇസ്രയേല്യരുടെ ശത്രുക്കളും ആയിരുന്നു.
- ഒരു അവസരത്തില്, അമ്മോന്യര് ബിലെയാം എന്ന പ്രവാചകനെ ഇസ്രയേ ല്യരെ ശപിക്കേണ്ടതിനു കൂലിക്ക് നിയമിച്ചെങ്കിലും, ദൈവം അപ്രകാരം ചെയ്യുവാന് അവനെ അനുവദിച്ചില്ല,

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ശാപം, യോര്ദ്ദാന്നദി, ലോത്ത്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:1-3
- യെഹസ്കേല്:1-2
- ഉല്പ്പത്തി 19:36-38
- യോശുവ 12:1-2
- ന്യായാധിപന്മാര്11:26-28
- സെഫന്യാവ് 02;8-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5983, H5984, H5985

# അരരാത്ത്

## വസ്തുതകള്

ദൈവവചനത്തില്, “അരരാത്ത്” എന്നത് മിക്കവാറും ഒരു പ്രദേശത്തിനും, , ഒരു രാജ്യത്തിനും, ഒരു പര്വത മേഖലക്കും നല്കപ്പെട്ടിട്ടുള്ള പേരാണ്.

- “അരരാത്ത് പ്രദേശം”എന്നത് ഇന്നത്തെ ടര്ക്കി എന്ന രാജ്യത്തിന്റെ ഇപ്പോഴത്തെ വടക്കു കിഴക്കന്പ്രദേശത്തില്ഉള്പ്പെട്ടതാണ്.
- മഹാ വെള്ളപ്പൊക്കത്തിനുശേഷം വെള്ളം വറ്റിയപ്പോള്നോഹയുടെ പെട്ടകം തങ്ങി നിന്ന മലയുടെ പേരിനാല്അറിയപ്പെടുന്ന സ്ഥലമാണ് അരാരാത്ത്.
- ആധുനിക കാലത്ത്, “അരരാത്ത് പര്വതം” എന്നു വിളിക്കപ്പെടുന്നത്, ദൈവ വചനത്തിലെ അരരാത്ത് മലനിരകള്” ആണെന്ന് ചിന്തിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: പെട്ടകം. നോഹ)

## ദൈവവചന സൂചികകള്:

- 2 രാജാക്കന്മാര്19:35-37
- ഉല്പ്പത്തി 08:4-5
- യെശ്ശയ്യാവ് 37:38
- യിരെമ്യാവ് 51:27-28

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H780

# അരാബ

## വസ്തുതകള്

പഴയനിയമ പദമായ “അരാബ” അടിക്കടി വളരെ വലിയ മരുഭൂമിയെയും സമതലത്തെയും സൂചിപ്പിക്കുന്നു, അത് യോര്ദാന്നദിയുടെ ചുറ്റുപാടുമുള്ള താഴ്വരയേയും, ചെങ്കടലിന്റെ തെക്കുമുന മുതല്വടക്കേമുന വരെ നീണ്ടുകിടക്കുന്ന പ്രദേശത്തെയും സൂചിപ്പികുന്നു.

- ഇസ്രയേല്യര് മിസ്രയീമില്നിന്നും കാനാനിലേക്കുള്ള യാത്രയില്ഈ മരുഭൂമി പ്രദേശത്തില്കൂടെ യാത്ര ചെയ്തിരുന്നു.
- “ആരാബക്കടല്” എന്നത് “അരാബ മരുഭൂമി മേഖലയില്സ്ഥിതി ചെയ്യുന്ന സമുദ്രം” എന്നു പരിഭാഷപ്പെടുത്താവുന്നതാണ്. ഈ കടലിനെ സാധാരണയായി “ഉപ്പുകടല്” എന്നും “ചാവുകടല്” എന്നും സൂചിപ്പിക്കാരുണ്ട്.
- “അരാബ” എന്ന പദം പൊതുവേ ഏതു മരുഭൂമി പ്രദേശത്തെയും സൂചിപ്പിക്കുവാന്ഉപയോഗിക്കാം.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: മരുഭൂമി, ഞാങ്ങണക്കടല്, യോര്ദ്ദാന്നദി, കാണാന്, ഉപ്പു കടല്, ഈജിപ്റ്റ്)

## ദൈവവചന സൂചികകള്:

- 1 ശാമുവല്23;24-25
- 2 രാജാക്കന്മാര്23:4-5
- 2 ശാമുവല്02:28-29
- യിരെമ്യാവ് 02:4-6
- ഇയ്യോബ് 24:5-7
- സെഖര്യാവ് 14:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1026, H6160

# അര്ത്ഥഹ്ശഷ്ടാവ്

## വസ്തുതകള്:

അര്ത്ഥഹ്ശഷ്ടാവ് ക്രി.മു.464 മുതല്വരെ പേര്ഷ്യന്സാമ്രാജ്യത്തെ ഭരിച്ച ഒരു രാജാവ് ആയിരുന്നു.

- അര്ത്ഥഹ്ശഷ്ടാവിന്റെ ഭരണകാലഘട്ടത്തില്യഹൂടയില്നിന്നുള്ള ഇസ്രയേല്യര്ബാബിലോണില്പ്രവാസത്തിലായിരുന്ന, ആ സമയത്ത് പേര്ഷ്യയുടെ അധീനതയില്ആയിരുന്നു.
- അര്ത്ഥശഷ്ടാവ് പുരോഹിതനായ എസ്രായെയും മറ്റു യഹൂദ നേതാക്കന്മാരെയും ബാബിലോണില്നിന്ന് പുറപ്പെട്ടു ഇസ്രയേല്യരെ ദൈവത്തിന്റെ ന്യായപ്രമാണം പഠിപ്പിക്കേണ്ടതിനായി യെരുശലേമിലേക്ക്മടങ്ങിപ്പോകുവാനുമായി അനുവദിച്ചു.
- അനന്തരം ഈ കാലഘട്ടത്തില്, അര്ത്ഥഹ്ശഷ്ടാവ് തന്റെ പാനപാത്രവാഹകനായ നെഹമ്യാവിനെയും യെരുശലേമിലേക്ക്മടങ്ങിപ്പോകുവാനും പട്ടണത്തെ ചുറ്റി മതില്പുനര്നിര്മ്മാണത്തിനു യഹൂദന്മാരെ നയിക്കേണ്ടതിനും അനുവദിച്ചു.
- ബാബിലോണ്പേര്ഷ്യയുടെ അധീനതയില്ആയിരുന്നതുകൊണ്ട്, അര്ത്ഥഹ്ശഷ്ടാവിനെ ചില സന്ദര്ഭങ്ങളില്"ബാബിലോന്രാജാവ്" എന്നു അഭിസംബോധന ചെയ്തിരുന്നു.
- അര്ത്ഥഹ്ശഷ്ടാവ് എന്ന വ്യക്തി അഹശ്വരോശ് അല്ല എന്ന കാര്യം ശ്രദ്ധിക്കണം.

(പരിഭാഷ നിര്ദേശങ്ങള്:പേരുകളുടെ പരിഭാഷ)

(കാണുക:അഹശ്വരോശ്, ബാബിലോണ്, പാനപാത്രവാഹകന്, എസ്രാ, നെഹെമ്യാവ്)

## ദൈവവചന സൂചികകള്:

- എസ്രാ 04:7-8
- എസ്രാ07:1-5
- നെഹെമ്യാവ് 02:1-2
- നെഹെമ്യാവ് 13:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H783

# അറേബ്യ, അറേബ്യന്, അറബികള്

## വസ്തുതകള്

3,000,000 ചതുരശ്ര കിലോമീറ്റര്വിസ്താരമുള്ള, ലോകത്തിലെവ്വേച്ചേറ്റവും വലിയ ഉപദ്വീപാണ് അറേബ്യ, ഇതു ഇസ്രയേലിന്റെ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന, ചെങ്കടല്, അറേബ്യന്കടല്, പേര്ഷ്യന്കടലിടുക്ക് എന്നിവ അതിരിടുന്ന സ്ഥലമാണ്.

- “അറേബ്യന്” എന്ന പദം അറേബ്യയില്വസിക്കുന്ന ഒരുവന്അല്ലെങ്കില്അറേ ബ്യയുമായി ബന്ധമുള്ള ഒന്ന് എന്നു സൂചിപ്പിക്കുവാനായി ഉപയോഗിക്കുന്നു.
- അറേബ്യയില്ജീവിചിരുന്ന പുരാതന ജനത ശേമിന്റെ പൌത്രന്മാരായിരുന്നു. അറേബ്യയിലെ പുരാതന നിവാസികളില്അബ്രഹാമിന്റെ മകനായ യിശ്മയേലും തന്റെ സന്തതികളും,സാന്അതുപോലെ ഏശാവിന്റെ സന്തതികളും ഉള്പ്പെടുന്നു.
- 40 വര്ഷങ്ങള് ഇസ്രയേല്ജനം ചുറ്റിത്തിരിഞ്ഞ മരുഭൂമി പ്രദേശം അറേബ്യയില്ഉള്പ്പെട്ടതായിരുന്നു.
- യേശുവില്ഒരു വിശ്വാസിയായതിനു ശേഷം, അപ്പോസ്തലനായ പൌലോസ് അറേബ്യന്മരുഭൂമിയില്ചില വര്ഷങ്ങള്ചിലവഴിച്ചു.
- ഗലാത്യയിലെ ക്രിസ്ത്യാനികള്ക്കുള്ള തന്റെ ലേഖനത്തില്, സീയോന്മല അറേബ്യയിലാണ് സ്ഥിതി ചെയ്തിരുന്നതെന്ന് പൌലോസ് രേഖപ്പെടുത്തുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ഏശാവ്, ഗലാത്യ, ഇഷ്മായേല്, ശേം, സീനായ്)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്;14-15
- അപ്പോ.പ്രവര്ത്തികള്:8-11
- ഗലാത്യര് 01:15-17
- ഗലാത്യര്:24-26
- നെഹെമ്യാവ്02:19-20

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6152, H6153, H6163, G688, G690

# അശേരാ. അശേരാ പ്രതിഷ്ഠ, അശേരാ പ്രതിഷ്ഠകള്, അസ്തോരെത്ത്, അസ്തോരെത്തുകള്.

## നിര്വചനം:

അശേരാ എന്നത് പഴയനിയമകാലത്ത് കനാന്യ ജനങ്ങളാല് ആരാധിക്കപ്പെട്ടുവന്ന ഒരു ദേവതയുടെ പേരാണ്. “അസ്തോരെത്ത്” എന്നത് “അശേരാ” എന്നതിന്റെ മറ്റൊരു പേരോ, അല്ലെങ്കില്അതുപോലെ വളരെ സാമ്യമുള്ള വേറൊരു ദേവതയുടെ പേരോ ആയിരിക്കാം.

- ”അശേരാപ്രതിഷ്ഠകള്” എന്ന പദം ഈ ദേവതകളെ പ്രതിനിധാനം ചെയ്യുന്നതി നായി മരംകൊണ്ടു നിര്മ്മിച്ച രൂപങ്ങളോ മരത്തില്കൊത്തുപണി ചെയ്തതോ ആയിരിക്കാം.
- അശേരാ പ്രതിഷ്ഠകള്സാധാരണയായി അസത്യദൈവമായ ബാലിന്റെ യാഗപീഠ ത്തിനരികെ ക്രമീകരിച്ച, അശേരായുടെ ഭര്ത്താവ് എന്ന നിരൂപണത്തില്ഉള്ളതാണ്.
- ചില ജനവിഭാഗങ്ങള്ബാലിനെ സൂര്യദേവനായും അശേരാ അല്ലെങ്കില് അസ്തോരെത്തിനെ ചന്ദ്രദേവതയായും സങ്കല്പ്പിച്ചു പോന്നു.
- എല്ലാ അശേരാ സ്വരൂപങ്ങളുടെയും കൊത്തുപണികളെ നശിപ്പിച്ചുകളയണം എന്നു ദൈവം ഇസ്രയേല്യരോട് കല്പ്പിച്ചിരുന്നു.
- ഗിദെയോന്, ആസാ രാജാവ്, യോശിയാവ് രാജാവ് പോലുള്ള ഇസ്രയേല്യ നേതാക്കന്മാര്ദൈവത്തെ അനുസരിക്കുകയും ജനത്തെ ഇത്തരം വിഗ്രഹങ്ങളെ നശിപ്പിക്കുന്നതില്നയിക്കുകയും ചെയ്തു.
- എന്നാല്ശലോമോന്രാജാവ്, മനശ്ശെ രാജാവ്, ആഹാബ് രാജാവ് പോലുള്ള ഇസ്രയേല്യ നേതാക്കന്മാര്അശേരാ പ്രതിഷ്ഠകളെ നീക്കം ചെയ്യാതിരിക്കയും ജനം ഈ വിഗ്രഹങ്ങളെ ആരാധിക്കത്തക്കവിധം സ്വാധീനിക്കുകയും ചെയ്തു.

(കാണുക: അസത്യ ദൈവം, ബാല്, ഗിദെയോന്, സ്വരൂപം, ശലോമോന്)

## ദൈവവചന സൂചികകള്;

- 2 രാജാക്കന്മാര്18:4-5
- 2 രാജാക്കന്മാര് 21:1-3
- യെശ്ശയ്യാവ് 27:9
- ന്യായാധിപന്മാര്03:7-8
- മീഖ 05:12-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H842, H6252, H6253

# അശ്ശൂര്, അശ്ശൂര്യന്, ആശ്ശൂര്യര്, അശ്ശൂര്സാമ്രാജ്യം

## വസ്തുതകള്

ഇസ്രയേല്യര്കാനാന്ദേശത്തില്വസിച്ചിരുന്ന കാലത്തില്അശ്ശൂര്ശക്തമായ രാഷ്ട്രമായി കാണപ്പെട്ടിരുന്നു. അശ്ശൂര്സാമ്രാജ്യം എന്നത് അശ്ശൂരാജാവിനാല്ഭരിക്കപ്പെട്ട ഒരുകൂട്ടം രാജ്യങ്ങള്ആയിരുന്നു.

- അശ്ശൂരാജ്യം എന്നത് ഇപ്പോഴത്തെ ഇറാഖിന്റെ വടക്കേ ഭാഗം സ്ഥിതിചെയ്യുന്ന മേഖല ആയിരുന്നു.
- അശ്ശൂര്യര്അവരുടെ ചരിത്രത്തില്വിവിധ സമയങ്ങളില്ഇസ്രയേലിനെതിരെ യുദ്ധം ചെയ്തിട്ടുണ്ട്.
- ക്രി.മു.722-)o വര്ഷത്തില്, അശ്ശൂര്യര്ഇസ്രയേല്രാജ്യത്തെ പൂര്ണമായി പരാജയപ്പെടുത്തുകയും നിരവധി ഇസ്രയേല്യരെ അശ്ശൂരിലേക്കു മാറ്റുകയും ചെയ്തു.
- ശേഷിച്ച ഇസ്രയേല്യര്അശ്ശൂര്യര്ശമര്യയില്നിന്നും ഇസ്രയേലിലേക്ക് വരുത്തി യ വിദേശികളുമായി മിശ്രവിവാഹ ബന്ധത്തില്ഏര്പ്പെടുകയും ചെയ്തു. ആ ജനത്തിന്റെ സന്തതികള്മിശ്രവിവാഹം ചെയ്യുകവഴി പിന്നീട് അവരെ ശമര്യക്കാര്എന്നു വിളിപ്പാനിടയായി.

(കാണുക: ശമര്യ)

## ദൈവവചന സൂചികകള്:

- ഉല്പ്പത്തി 10:11-14
- ഉല്പ്പത്തി 25:17-18
- യെശ്ശയ്യാവ് 07:16-17
- യിരെമ്യാവ് 50:17-18
- മീഖ 07:11-13

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **20:02** ആയതുകൊണ്ട് ദൈവം അവരുടെ ശത്രുക്കളെ അവരെ നശിപ്പിക്കുവാന്അനുവദിച്ചുകൊണ്ട് രണ്ടു രാജ്യങ്ങളെയും ശിക്ഷിച്ചു. വളരെ ശക്തരായ. ക്രൂര രാഷ്ട്രമായ **അശ്ശൂര്സാമ്രാജ്യത്താല്** ഇസ്രയേല്രാജ്യം നശിപ്പിക്കപ്പെട്ടു. **അശ്ശൂര്യര്** ഇസ്രയേല്രാജ്യത്തിലെ നിരവധിപേരെ വധിക്കുകയും, വിലപിടിപ്പുള്ള സകലവും എടുത്തുകൊണ്ടുപോകുകയും, രാജ്യത്തെ വളരെ അഗ്നിക്കിരയാക്കുകയും ചെയ്തു.
- **20:23 അശ്ശൂര്യര്** എല്ലാ നേതാക്കന്മാരെയും ഒരുമിച്ചുകൂട്ടി, ധനവാന്മാരും, സമര്ത്ഥന്മാരുമായവരെ **അശ്ശൂരിലേക്കു** കൊണ്ടുപോയി.
- **20-04** അനന്തരം **ആശ്ശൂര്യര്** വിദേശികളെ ഇസ്രയേല്രാജ്യം ആയിരുന്നി ടത്ത് പാര്പ്പിക്കുവാനിടയായി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H804, H1121

# അഷ്കലോന്

## വസ്തുതകള്

ദൈവവചന കാലഘട്ടത്തില്, അഷ്കെലോന്മദ്ധ്യധരണിയാഴി തീരത്തിലുള്ള ഒരു പ്രധാന ഫെലിസ്ത്യ നഗരമായിരുന്നു. ഇതു ഇപ്പോഴും ഇസ്രായേലില്നിലകൊള്ളുന്നു.

- വളരെ പ്രധാനപ്പെട്ട അഞ്ചു പ്രധാന പട്ടണങ്ങളായി അസ്തോദ്, എക്രോണ്, ഗത്ത്, ഗസ്സ എന്നിവയോടൊപ്പം അസ്കലോനും അവയില്ഒന്നായിരുന്നു.
- യഹൂദ രാജ്യം അതിന്റെ മലമ്പ്രദേശം കൈവശപ്പെടുത്തിയിരുന്നു എങ്കിലും, ഇസ്രയേല്യരാല്അഷ്കലോന്ജനതയെ പൂര്ണ്ണമായി കീഴടക്കുവാന്ഇസ്രയെല്യര്ക്കു സാധ്യമായില്ല.
- അഷ്കെലോന്നൂറുകണക്കിനു വര്ഷങ്ങള്ഫെലിസ്ത്യരാല്കൈവഷപ്പെടുത്ത പ്പെട്ട നിലയില്ശേഷിച്ചിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക:അസ്തോദ്, കാണാന്, എക്രോന്, ഗത്ത്,ഗസ്സ, ഫെലിസ്ത്യര്, മദ്ധ്യധരണി]കടല്, വന്കടല്, പടിഞ്ഞാറന്കടല്, മെഡിറ്ററേനിയന്കടല്)

## ദൈവവചന സൂചികകള്:

- 1 ശമുവേല്06:17-18
- ആമോസ് 01:8
- യിരെമ്യാവ് 25:19-21
- യോശുവ 13:2-3
- ന്യായാധിപന്മാര്01:18-19
- [സെഖര്യാവ് 09:5-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H831

# അസര്യാവ്

## വസ്തുതകള്

അസര്യാവ് പഴയനിയമത്തില്നിരവധി ആളുകളുടെ പേരാണ്.

- ഒരു അസര്യാവ് അബേദ്നെഗോ എന്ന ബാബിലോന്യന്നാമത്താല്വളരെ നന്നായി അറിയപ്പെടുന്ന വ്യക്തിയാണ്. നെബുഖദ്നേസ്സരിന്റെ സൈന്യം ബാബിലോണിലേക്ക് പിടിച്ചുകൊണ്ടുപോയ യഹൂദ്യയില്നിന്നുള്ള നിരവധി ഇസ്രയേല്യരില്അവന്ഒരുവനായിരുന്നു. അസര്യാവും തന്റെ കൂട്ടു യിസ്രായേല്യരായ ഹനന്യാവും മിശായെലും ബാബി ലോന്യ രാജാവിനെ നമസ്കരിപ്പാന്വിസ്സമ്മതിച്ചു, ആയതിനാല്ശിക്ഷയായി ആളിക്കത്തുന്ന ചൂളയില്അവരെ എറിഞ്ഞുകളയുവാന്അവന്ഇടയാക്കി. എന്നാല് ദൈവം അവരെ സംരക്ഷിക്കുകയും, അവര്ക്ക് യാതൊരു ക്ഷതവും സംഭവിക്കാതിരിക്കയും ചെയ്തു.
- യഹൂദ രാജാവായ ഉസ്സിയാവും "അസര്യാവ്"എന്ന പേരില്അറിയപ്പെട്ടിരുന്നു. വേറൊരു അസര്യാവ് പഴയ നിയമത്തിലെ മഹാപുരോഹിതന്ആയിരുന്നു.
- യിരെമ്യാപ്രവാചകന്റെ കാലത്തില്, അസര്യാവ് എന്നു പേരുള്ള മനുഷ്യന്ഇസ്രയേല്ജനത്തെ ദൈവത്തെ അനുസരിക്കാതെ അവരുടെ സ്വന്തനാട് ഉപേ ക്ഷിച്ചു കളയുവാന്തെറ്റായി നിര്ബന്ധിച്ചു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: ബാബിലോണ്, ദാനിയേല്, ഹനന്യാവ്, മിശായേല്, യിരെമ്യാവ്, ഉസ്സിയാവ്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്02:36-38
- 1 രാജാക്കന്മാര്04:1-4
- 2 ദിനവൃത്താന്തങ്ങള്:1-2
- ദാനിയേല്01:6-7
- യിരെമ്യാവ് 43:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5838

# അസ്തോദ്,അസ്തോദ്യര്

## വസ്തുതകള്

അസ്തോദ് ഫെലിസ്ത്യരുടെ പ്രധാന അഞ്ചു പട്ടണങ്ങളില്ഒന്നായിരുന്നു. ഇതു മദ്ധ്യധരണിയാഴിയുടെ തെക്കുപടിഞ്ഞാറന്ഭാഗത്ത്, ഗസ്സക്കും യോപ്പക്കും ഇടയില്സ്ഥിതിചെയ്യുന്നു.

- ഫെലിസ്ത്യരുടെ അസത്യദൈവമായ ദാഗോന്റെ ക്ഷേത്രം സ്ഥിതിചെയ്തിരുന്നത് അസ്തോദില്ആയിരുന്നു.
- ഫെലിസ്ത്യര് ഉടമ്പടിപ്പെട്ടകം മോഷ്ടിച്ചു ദാഗോന്റെ ജാതീയക്ഷേത്രത്തില്വെച്ച പ്പോള്ദൈവം ആ ജനത്തെ അതികഠിനമായി ശിക്ഷിച്ചു.
- ഈ പട്ടണത്തിന്റെ യവനായ പേര് അസോട്ടസ് എന്നായിരുന്നു. സുവിശേഷകനായ ഫിലിപ്പോസ് സുവിശേഷം അറിയിച്ച പട്ടണങ്ങളില്ഒന്നായിരുന്നു ഇത്.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:എക്രോന്, ഗത്ത്, ഗസ്സ. യോപ്പ. ഫിലിപ്പ്യ, ഫെലിസ്ത്യര്)

## ദൈവവചന സൂചികകള്:

- 1 ശമുവേല് 05:1-3
- അപ്പോ.പ്രവര്ത്തി 08:39-40
- ആമോസ് 01:8
- യോശുവ 15:45-47
- സെഖര്യാവ് 09:5-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H795, G108

# അഹരോൻ

## വസ്തുതകൾ:

അഹരോൻ ഇസ്രയേൽ ജനത്തിന്റെ ആദ്യത്തെ പുരോഹിതനായി ദൈവം അഹരോനെ തിരഞ്ഞെടുത്തു.

- ഇസ്രയേല്യരെ സ്വതന്ത്രരായി വിട്ടയക്കേണ്ടതിനു ഫറവോനോടു സംസാരിപ്പാൻ അഹരോൻ മോശെയെ സഹായിച്ചു.
- ഇസ്രയേല്യർമരുഭൂമിയിൽസഞ്ചരിക്കുമ്പോൾ, ജനങ്ങൾക്ക് ആരാധിക്കുവാനായി ഒരു വിഗ്രഹം ഉണ്ടാക്കി അഹരോൻ പാപം ചെയ്തു.
- ഇസ്രയേൽ ജനത്തിന് (പുരോഹിതൻ ) പുരോഹിതന്മാർ ആകേണ്ടതിന് ദൈവം അഹരോനെയും തന്റെ പിൻതലമുറയെയും നിയമിക്കുകയും ചെയ്തു.

(പരിഭാഷ നിർദേശങ്ങൾ:പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: പുരോഹിതൻ, മോശെ, ഇസ്രയേൽ)

## ദൈവവചന സൂചികകൾ:

- 1ദിനവൃത്താന്തങ്ങൾ:23:12-14
- അപ്പോ.പ്രവർത്തികൾ 07:38-40
- പുറപ്പാട് 28:1-3
- ലൂക്കോസ് 01:5-7
- സംഖ്യാപുസ്തകം 16:൪൪-46

## ബൈബിൾകഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **09:15** ഫറവോൻ കഠിനപ്പെട്ടവനായിരിക്കുമെന്നു ദൈവം –മോശെയ്ക്കും **അഹരോനും** മുന്നറിയിപ്പ് നൽകി.
- **10:05** ഫറവോൻമോശേയെയും **അഹരോനെയും** വിളിച്ചിട്ട് അവരോടു പറഞ്ഞത് നിങ്ങൾ ബാധ നിർത്തലാക്കുമെങ്കിൽ, ഇസ്രയെല്യർക്കു മിസ്രയീമിൽ നിന്നു പുറപ്പെട്ടുപോകാം.
- **13:09** ദൈവം മോശെയുടെ സഹോദരനായ **അഹരോനെയും** അഹരോന്റെ പിൻതലമുറയെയും തന്റെ പുരോഹിതന്മാരാകുവാൻ തിരഞ്ഞെടുത്തു.
- **13:11** അതുകൊണ്ട് അവർ (ഇസ്രയേല്യർ)**അഹരോന്റെയടുക്കൽ** സ്വർണ്ണം കൊണ്ടുവരികയും അവർക്കായി ഒരു വിഗ്രഹം ഉണ്ടാക്കുവാന് ആവശ്യപ്പെടുകയും ചെയ്തു.
- **14:07** അവർ (ഇസ്രയേല്യർ) മോശെയോടും **അഹരോനോടും** കോപിഷ്ഠരായി പറഞ്ഞത്,"ഹോ, എന്തുകൊണ്ട് ഞങ്ങളെ ഈ ദുരിത സ്ഥലത്തേക്ക് കൊണ്ടുവന്നു?"

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H175, G2

# അഹശ്വരോശ്

## യാഥാർത്ഥ്യങ്ങൾ

പുരാതന പേർഷ്യൻസാമ്രാജ്യത്തെ ഇരുപതു വർഷങ്ങൾ ഭരിച്ച ഒരു രാജാവായിരുന്നു അഹശ്വരോശ്.

- ഈ കാലഘട്ടത്തിലാണ് പ്രവാസികളായ യഹൂദന്മാർ പേർഷ്യൻ ഭരണ ത്തിൻകീഴെ ബാബിലോണിൽ ജീവിച്ചിരുന്നത്. മറ്റൊരു പേര് അർത്ഥഹ്ശഷ്ടാവ് എന്നായിരിക്കാം.
- തന്റെ കോപം നിമിത്തം രാജ്ഞിയെ പുറന്തള്ളിയതിനുശേഷം, അനന്തരമായി അഹശ്വരോശ് രാജാവ് എസ്ഥേർ എന്നു പേരുള്ള യഹൂദ സ്ത്രീയെ തനിക്കു പുതിയ ഭാര്യയായും രാജ്ഞിയായും തിരഞ്ഞെടുത്തു.

(പരിഭാഷ നിർദേശങ്ങൾ; പേരുകളുടെ പരിഭാഷ)

(കാണുക: ബാബിലോൺ, എസ്ഥേർ, എത്യോപ്യ, പ്രവാസം, പേർഷ്യ)

## ദൈവവചന സൂചികകൾ:

- ദാനിയേൽ: 1-2
- എസ്ഥേർ10;1-2
- എസ്ര 04:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H325

# അഹസ്യാവ്

## യാഥാർത്ഥ്യങ്ങൾ

അഹസ്യാവ് എന്നത് രണ്ടു രാജാക്കന്മാരുടെ പേരാണ്:ഒരാൾ ഇസ്രയേൽരാജ്യം ഭരിച്ചിരുന്നു, വേറൊരാൾ യഹൂദാ രാജ്യം ഭരിച്ചിരുന്നു.

- യഹൂദ രാജാവായ അഹസ്യാവ് യെഹോരാം രാജാവിന്റെ മകനായിരുന്നു. താൻ ഒരു വർഷം (ക്രി.മു.841) ഭരിക്കയും അനന്തരം യേഹുവിനാൽ കൊല്ലപ്പെടുകയും ചെയ്തു. അഹസ്യാവിന്റെ ഇളയ മകനായ യോവാശ് അവന്റെ സ്ഥാനത്ത് രാജാവായി സ്ഥാനമേറ്റു.
- ഇസ്രായേലിന്റെ രാജാവായ അഹസ്യാവ് ആഹാബ് രാജാവിന്റെ മകനായി രുന്നു. താൻ രണ്ടു വർഷം ഭരിച്ചു. (ക്രി.മു.850-49) തന്റെ അരമനയിൽ വീണതു നിമിത്തമുണ്ടായ പരിക്കുകൾനിമിത്തം മരിക്കു കയും, തന്റെ സഹോദരനായ യോരാം രാജാവാകുകയും ചെയ്തു.

(പരിഭാഷ നിർദേശങ്ങൾ: പേരുകളുടെ പരിഭാഷ)

(കാണുക: യേഹു, ആഹാബ്, യെരോബെയാം, യോവാശ്)

## ദൈവവചന സൂചികകൾ:

- 1രാജാക്കന്മാർ:39-40
- 2 ദിനവൃത്താന്തങ്ങൾ:1-3
- 2 ദിനവൃത്താന്തങ്ങൾ:23-24
- 2 രാജാക്കന്മാർ:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H274

# അഹിയാവ്

## യാഥാർത്ഥ്യങ്ങൾ:

അഹിയാവ് എന്നത് പഴയനിയമത്തിൽ പലരുടെയും പേരാണ്. താഴെ പറയുന്നവർ അവരിൽ ചിലരാണ്:

- ശൌലിന്റെ കാലത്ത് ഉണ്ടായിരുന്ന ഒരു പുരോഹിതന്റെ പേര് അഹിയാവ് എന്നായിരുന്നു. ശാലോമോൻ രാജാവിന്റെ ഭരണകാലത്ത് അഹിയാവ് എന്നു പേരുള്ള ഒരു മനുഷ്യൻ കാര്യദർശിയായി ഉണ്ടായിരുന്നു.
- ഇസ്രയേൽദേശം രണ്ടായി വിഭാഗിക്കപ്പെടുമെന്നു പ്രവചിച്ച ശിലോവിൽനിന്നുള്ള പ്രവാചകന്റെ പേര് അഹിയാവ് എന്നായിരുന്നു.
- ഇസ്രയേലിലെ ബാശാ എന്ന രാജാവിന്റെ പിതാവിന്റെ പേര് അഹിയാവ് എന്നായിരുന്നു.

(പരിഭാഷ നിർദേശങ്ങൾ; പേരുകളുടെ പരിഭാഷ)

(കാണുക: ബാശാ, ശീലോവ്)

## ദൈവവചന സൂചികകൾ:

- 1 രാജാക്കന്മാർ; 27-28
- 1 രാജാക്കന്മാർ:21-22
- 1 ശാമുവൽ:18-19
- 2 ദിനവൃത്താന്തങ്ങൾ:15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H281

# ആദാം

## യാഥാർത്ഥ്യങ്ങൾ

ആദാം ദൈവം സൃഷ്ടിച്ച ആദ്യ വ്യക്തിയാണ്. അവനും തന്റെ ഭാര്യ ഹവ്വയും ദൈവത്തിന്റെ സ്വരൂപത്തിൽസൃഷ്ടിക്കപ്പെട്ടു.

- ദൈവം മണ്ണുകൊണ്ട് ആദാമിനെ സൃഷ്ടിക്കുകയും അവനിൽ ജീവശ്വാസം പകരുകയും ചെയ്തു.
- ആദാമിന്റെ പേര് "ചുവന്ന മണ്ണ്" അല്ലെങ്കിൽ"നിലം" എന്നു അർത്ഥം വരുന്ന എബ്രായ പദത്തിനു സാമ്യം ഉള്ളതാണ്.
- "ആദാം" എന്ന പേര് പഴയ നിയമത്തിൽ" മനുഷ്യ ജാതി" അല്ലെങ്കിൽ"മനുഷ്യ വർഗ്ഗം" എന്ന പേരിനു തുല്യമാണ്.
- എല്ലാ ജനവും ആദാമിന്റെയും ഹവ്വയുടെയും സന്തതികളാ ണ്.
- ആദാമും ഹവ്വയും ദൈവത്തോട് അനുസരണക്കേട്കാണിച്ചു. ഇത് അവരെ ദൈവത്തിൽനിന്നും വേർപിരിക്കുകയും ലോകത്തിൽ പാപവും മരണവും പ്രവേശിക്കുവാൻ കാരണമാവുകയും ചെയ്തു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: മരണം, സന്തതി, ഹവ്വ, ദൈവത്തിന്റെ സ്വരൂപം, ജീവൻ)

## ദൈവവചന സൂചികകൾ:

- 1തിമോത്തിയോസ് 02:13-15
- ഉൽപ്പത്തി 03:17-19
- ഉൽപ്പത്തി 05:1-2
- ഉൽപ്പത്തി 11:5-7
- ലൂക്കോസ് 03:36-38
- റോമർ:14-15

## ദൈവവചന കഥകളിൽനിന്നുള്ള ഉദാഹരണങ്ങൾ:

- **01:09** അനന്തരം ദൈവം, "നമ്മെപ്പോലെ ഇരിക്കേണ്ടതിന് നമ്മുടെ സാദൃശത്തിൽ നാം മനുഷ്യരെ സൃഷ്ടിക്കാം" എന്നു പറഞ്ഞു.
- **01:10** ഈ മനുഷ്യന്റെ പേര് **ആദാം** എന്നായിരുന്നു. **ആദാം** ജീവിക്കേണ്ടതിനു ദൈവം ഒരു തോട്ടം ഉണ്ടാക്കി, അതിനെ സംരക്ഷിക്കുവാനായിട്ടു അവനെ അവിടെ നിയമിച്ചു.
- **01:12** അനന്തരം ദൈവം, "മനുഷ്യന് ഏകനായിരിക്കുന്നത് നന്നല്ല" എന്നു പറഞ്ഞു. എന്നാൽഒരു മൃഗവും **ആദാമിന്** സഹായിയാകുവാൻ സാധ്യമായില്ല.
- **02:11** ദൈവം **ആദാമിനേയും** ഹവ്വയെയും മൃഗത്തിന്റെ തോൽകൊണ്ട് വസ്ത്രം അണിയിച്ചു.
- **02:12** അതുകൊണ്ട് ദൈവം **ആദാമിനേയും** ഹവ്വയെയും—മനോഹരമായ തോട്ടത്തിൽനിന്നും പറഞ്ഞയച്ചു.
- **49:08** ആദാമും-**ഹവ്വയും** പാപം ചെയ്തപ്പോൾ, അത് അവരുടെ സകല സന്തതികളെയും ബാധിച്ചു.
- **50:16** ആദാമും **ഹവ്വയും** ദൈവത്തെ അനുസരിക്കാതിരിക്കയും ഈ ലോക ത്തിൽ പാപം കൊണ്ടുവരികയും ചെയ്തതിനാൽ, ദൈവം അതിനെ ശപിക്കയും നശിപ്പിക്കുവാൻ തീരുമാനിക്കയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H120, G76

# ആമോസ്

## വസ്തുതകള് ##.

യെശ്ശയ്യാവ് പ്രവാചകന്റെ പിതാവായിരുന്നു ആമോസ്. ദൈവവചനത്തില് ഒരു പ്രാവശ്യം മാത്രം തന്റെ പേര് രേഖപ്പെടുത്തിയി രിക്കുന്നത് യെശ്ശയ്യാവിനെ "ആമോസിന്റെ മകന്"' എന്നു സൂചിപ്പിക്കുന്നിടത്താണ്.

- ഈ പേര് പ്രവാചകനായ ആമോസിന്റെ പേരിന്റെ അക്ഷരങ്ങളില്നിന്നും വ്യത്യസ്തമായി ഉച്ചരിക്കപ്പെടുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ആമോസ്, യെശ്ശയ്യാവ്)

## ദൈവവചന സൂചികകള്:

- 2 രാജാക്കന്മാര്:1-2
- യെശ്ശയ്യാവ് 37:1-2
- യെശ്ശയ്യാവ് 37:21-23

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H531

# ആരാം, ആരാമ്യന്, ആരാമ്യര്, അരാമ്യ

## നിര്വ്വചനം

“ആരാം” എന്നത് പഴയനിയമത്തിലെ രണ്ടു പേരുടെ പേരാണ്. ആധുനിക സിറിയ സ്ഥിതിചെയ്യുന്ന, കാനാന്റെ വടക്കുകിഴക്കന്മേഘലയുടെ പേരും ഇതു തന്നെയായിരുന്നു.

- ആരാമില്വസിച്ചുവന്ന ജനങ്ങള്“ആരാമ്യര്” എന്നറിയപ്പെടുകയും അവര്“അരാമ്യ ഭാഷ’’ സംസാരിക്കുകയും ചെയ്തു. യേശുവും മറ്റുള്ള തന്റെ കാലഘട്ടത്തിലുള്ള യഹൂദന്മാരും അരാമ്യ ഭാഷ സംസാരിച്ചു വന്നു.
- ശേമിന്റെ പുത്രന്മാരില്ഒരാളുടെ പേര് ആരാം എന്നായിരുന്നു. ആരാം എന്നു പേരുള്ള മറ്റൊരു വ്യക്തി റിബേക്കയുടെ ബന്ധു ആയിരുന്നു. ഈ രണ്ടു പേരില്ഒരാളുടെ പേരിലാണ് ആരാം എന്ന മേഖല അറിയപ്പെടു ന്നതെന്ന് അനുമാനിക്കുന്നു.
- ആരാം എന്നത് പില്ക്കാലത്ത് “സിറിയ” എന്ന യവനായ പേരില്അറിയപ്പെട്ടു തുടങ്ങി. “പദ്ദന് ആരാം” എന്നതിന്റെ അര്ത്ഥം “ആരാം സമതലം”” എന്നാണ്, ഇതു ആരാമിന്റെ തെക്കന്മേഖലയില്സ്ഥിതി ചെയ്യുന്നു.
- അബ്രഹാമിന്റെ ചില ബന്ധുക്കള്“പദ്ദന്ആരാ”മില്സ്ഥിതിചെയ്തിരുന്ന ഹാരാന്പട്ടണത്തില്താമസിച്ചിരുന്നു.
- പഴയനിയമത്തില്”, ചിലസമയങ്ങളില്, “ആരാം” എന്നും “പദ്ദന്ആരാം” എന്നും സൂചിപ്പിചിരിക്കുന്നത് ഒരേ പ്രദേശത്തെയാണ്.
- “ആരാം നഹരായിം” എന്ന പദം “രണ്ടു നദികളുടെ ആരാം” എന്നായിരിക്കാം അര്ത്ഥം. ഈ മേഖല മേസോപൊട്ടാമ്യയുടെ വടക്കേ ഭാഗത്തും “പദ്ദന്ആരാ” മിന്റെ കിഴക്കുമായി സ്ഥിതി ചെയ്തിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:മേസോപോട്ടാമ്യ, പദ്ദന്ആരാം, റിബേക്ക, ശേം, സിറിയ)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്01:൧൭-19
- 2 ശാമുവല്08;5-6
- ആമോസ് 01:5
- യെഹസ്കേല്27:16-18
- ഉല്പ്പത്തി 31:19-21
- ഹോശേയ 12:11-12
- സങ്കീര്ത്തനങ്ങള്060:1

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H758, H763, G689

# ആശേര്

## വസ്തുതകള്

ആശേര്യാക്കോബിന്റെ എട്ടാമത്തെ പുത്രന്ആയിരുന്നു. അവന്റെ സന്തതികള്യിസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളില്ഒന്നിനെ രൂപീക രിക്കുകയും ഈ ഗോത്രത്തിനു "ആശേര്" എന്നു പേര് വിളിക്കുകയും ചെയ്തു.

- ആശേരിന്റെ മാതാവ് ലേയയുടെ ദാസിയായ സില്പ്പ ആയീരുന്നു.
- അവന്റെ പേരിന്റെ അര്ത്ഥം "സന്തോഷം" അല്ലെങ്കില്"അനുഗ്രഹീതന്" എന്നായിരുന്നു.
- ഇസ്രയേല്യിസ്രാഗത്തദേശത്തില്പ്രവേശിച്ചപ്പോള്ആശേര്ഗോത്രത്തിനു നിയമിച്ച മേഖലയ്ക്കു നല്കിയ പേരും ആശേര്എന്നായിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ഇസ്രയേല്, ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്02:1-2
- 1 രാജാക്കന്മാര്04:15-17
- യെഹസ്കേല്48:1-3
- ഉല്പ്പത്തി 30:12=13
- ലൂക്കോസ് 02:36-38

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H836

# ആസാ

## വസ്തുതകള്

ക്രി.മു.913 മുതല്ക്രി.മു.873 വരെ നാല്പ്പതു വര്ഷങ്ങള്യഹൂദ രാജ്യത്തെ ഭരിച്ചിരുന്ന ഒരു രാജാവായിരുന്നു ആസാ.

- ആസാ രാജാവ് നിരവധി അസത്യദൈവങ്ങളുടെ വിഗ്രഹങ്ങളെ നീക്കം ചെയ്യുകയും ഇസ്രയേല്ജനതയെ വീണ്ടും യഹോവയെ ആരാധിപ്പാനായി പ്രേരിപ്പിക്കുകയും ചെയ്ത ഒരു നല്ല രാജാവായിരുന്നു.
- ആസാ രാജാവിന് മറ്റു രാജ്യങ്ങല്ക്കെതിരെയുള്ള യുദ്ധങ്ങളില്യഹോവ വിജയം നല്കി വന്നു.
- തന്റെ വാഴ്ചയുടെ പിക്കാലത്ത്, രാജാവായ ആസായഹോവയില്ആശ്രയി ക്കുന്നത് നിര്ത്തുകയും മരണത്തിനു ഹേതുവായ രോഗത്താല്ബാധിതനായി കൊല്ലപ്പെടുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകളുടെ പരിഭാഷ)

## ദൈവവചന സൂചികകള്;

- 1ദിനവൃത്താന്തങ്ങള്09:14-16
- 1 രാജാക്കന്മാര്15:7-8
- 2ദിനവൃത്താന്തങ്ങള്:1-4
- യിരെമ്യാവ് 41:8-9](rc://ml/tn/help/jer/41/08)
- മത്തായി01:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H609

# ആസാഫ്

## വസ്തുതകള്

ആസാഫ് ഒരു ലേവ്യ പുരോഹിതനും അനുഗ്രഹീത സംഗീതജ്ഞനും ദാവീദ് രാജാവിന്റെ സങ്കീര്ത്തനങ്ങള്ക്ക് സംഗീത സംവിധാനം ചെയ്ത വ്യക്തിയുമാണ്. അദ്ദേഹം തന്നെ സ്വന്തമായി സങ്കീര്ത്തനങ്ങളുചിചിട്ടുമുണ്ട്.

- ദേവാലയത്തില്ആരാധനയ്ക്ക് ഗാനങ്ങളുചിച്ചു നല്കേണ്ടതിനു ഉത്തരവാദി ത്വമുള്ളവരായി നിയമിക്കപ്പെട്ട മൂന്നുപേരില്ഒരുവനായിരുന്നു ആസാഫ്. ഈ ഗാനങ്ങളില്ചിലത് പ്രവചനങ്ങളും ആയിരുന്നു.
- ആസാഫ് തന്റെ പുത്രന്മാരെ ഈ ഉത്തരവാദിത്വങ്ങള്ഏറ്റെടുക്കാന്പരിശീലി പ്പിക്കുകയും, ടെദൈവാലയത്തില്സംഗീതോപകരണങ്ങള്വായിക്കുകയും പ്രവചിക്കുകയും ചെയ്തിരുന്നു.
- സംഗീതോപകരണങ്ങളില്ചിലത് വീണ, തംബുരു,കാഹളം, ഇലത്താളം എന്നിവ ഉള്പ്പെട്ടിരുന്നു.
- സങ്കീര്ത്തനം 50ഉം 73-83 ഉം ആസാഫിന്റെതാണെന്ന് പറയപ്പെടുന്നു.
- ചിലപ്പോള്ഇവയില്ചില സങ്കീര്ത്തനങ്ങള് തന്റെ കുടുംബാംഗങ്ങളാലുചിക്കപ്പെട്ടതാകാം.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക:സന്തതി, തംബുരു, വീണ, പ്രവാചകന്, സങ്കീര്ത്തനം, കാഹളം)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 06:39-43
- 2 ദിനവൃത്താന്തങ്ങള് 35:15
- നെഹെമ്യാവ് 02:7-8
- സങ്കീര്ത്തനം 050:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H623

# ആസ്യ

## വസ്തുതകള്

ദൈവവചന കാലഘട്ടത്തില്, "ആസ്യ"' എന്നത് റോമന്സാമ്രാജ്യത്തിലെ ഒരു പ്രവിശ്യ ആയിരുന്നു. ഇന്ന് ടര്ക്കി എന്നറിയപ്പെടുന്ന രാജ്യത്തിന്റെ പടിഞ്ഞാറ് ഭാഗത്തായി ഇതു സ്ഥിതിചെയ്തിരുന്നു.

- പൌലോസ് ആസ്യയില്സഞ്ചരിക്കുകയും അവിടെയുള്ള പല പട്ടണങ്ങളില്കടന്നു ചെണ് സുവിശേഷം പങ്കുവെക്കുകയും ചെയ്തു.
- എഫെസോസും കൊലോസ്സ്യയും ഇവയില്ഉള്പ്പെട്ട പട്ടണങ്ങള്ആയിരുന്നു.
- ആധുനിക കാല ആസ്യയുമായുള്ള ആശയക്കുഴപ്പം ഒഴിവാക്കുവാന്, ഇതു "പുരാതന റോമന്പ്രവിശ്യയെന്നു വിളിക്കപ്പെട്ട ആസ്യ" അല്ലെങ്കില്"ആസ്യ പ്രവിശ്യ" എന്നു പരിഭാഷ ചെയ്യേണ്ടത് ആവശ്യമാണ്.
- വെളിപ്പാട് പുസ്തകത്തില്രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ സഭകളും റോമന്പ്രവിശ്യയായ ആസ്യയില്ഉള്പ്പെട്ടവയാണ്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: റോം, പൌലോസ്, എഫേസോസ്)

## ദൈവവചന സൂചികകള്:

- 1 കൊരിന്ത്യര്16:19=20
- 1 പത്രോസ് 01:1-2
- 2 തിമോത്തിയോസ് 01:15-16
- അപ്പോ.പ്രവര്ത്തികള്06: 8-9
- അപ്പൊ.പ്രവര്ത്തികള്16:6-8
- അപ്പൊ.പ്രവര്ത്തികള്27:1-2
- വെളിപ്പാട് 01:4-6
- റോമര്16:3-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G773

# ആഹാബ്

## യാഥാർത്ഥ്യങ്ങൾ

ക്രി.മു.875 മുതൽവരെ ഇസ്രയേലിന്റെ വടക്കേ സാമ്രാജ്യത്തെ ഭരിച്ചിരുന്ന ഒരു വളരെ ദുഷ്ടനായ രാജാവായിരുന്നു ആഹാബ് രാജാവ്.

- ആഹാബ് രാജാവ് ഇസ്രയേൽജനത്തെ അസത്യദൈവങ്ങളെ ആരാധിക്കുവാൻ തക്കവിധം സ്വാധീനിച്ചു.
- പ്രവാചകനായ ഏലിയാവ് ആഹാബിനു എതിരെ വന്ന് അവനോടു പറഞ്ഞത് ആഹാബ് ഇസ്രയേലിനെക്കൊണ്ട് ചെയ്യിച്ച പാപങ്ങൾനിമിത്തം ശിക്ഷയായി മൂന്നര വർഷത്തേക്ക് കഠിനമായ ക്ഷാമം ഉണ്ടാകുമെന്ന് ആയിരുന്നു.
- ആഹാബും തന്റെ ഭാര്യ ഇസബേലും വേറെയും നിരവധി ദോഷങ്ങൾചെയ്തു, അവരുടെ അധികാരം ഉപയോഗിച്ചു നിരപരാധികളായ ആളുകളെ വധിച്ചു.

(പരിഭാഷ നിർദേശങ്ങൾ:പേരുകൾ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ബാൽ, ഏലിയാവ്,ഇസബേൽ, ഇസ്രയേൽരാജ്യം,യഹോവ)

## ദൈവവചന സൂചികകൾ:

- 1രാജാക്കന്മാർ:1-2
- 1രാജാക്കന്മാർ:1-3
- 2 ദിനവൃത്താന്തങ്ങൾ:6-7
- 2 രാജാക്കന്മാർ:7-8

## ദൈവവചന കഥകളിൽനിന്നുള്ള ഉദാഹരണങ്ങൾ:

- **19:02 ആഹാബ്** ഇസ്രയേൽരാജ്യത്തിനു രാജാവായിരുന്നപ്പോൾ **ഏലിയാവ്** ഒരു പ്രവാചകനായിരുന്നു.ജനത്തെ ബാൽഎന്നു പേരുള്ള ഒരു അസത്യദൈവത്തെ ആരാധിക്കുവാൻ പ്രോത്സാഹിപ്പിച്ച ഒരു ദുഷ്ട മനുഷ്യനാ യിരുന്നു **ആഹാബ്**.
- **19:03 ആഹാബും** തന്റെ സൈന്യവും എലിയാവിനെ അന്വേഷിച്ചു, എന്നാൽഅവർക്ക് അവനെ കണ്ടുപിടിക്കുവാൻ സാധിച്ചില്ല.
- **19:05** മൂന്നര വർഷങ്ങൾക്കുശേഷം, ദൈവം എലിയാവിനോട്, താൻദേശത്ത് മഴ അയക്കുവാൻ പോകുന്നതിനാൽതിരികെ ഇസ്രയേൽദേശത്തേക്ക് മടങ്ങിച്ചെന്നു **ആഹാബിനോട്** സംസാരിക്കുവാൻആവശ്യപ്പെടുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H256

# ആഹാസ്

## നിർവചനം:

ആഹാസ് ക്രി.മു.732 മുതൽവരെ യഹൂദ രാജ്യം ഭരിച്ച ഒരു ദുഷ്ടനായ രാജാവായിരുന്നു ആഹാസ്. ഇതു ഇസ്രായേലിലെയും യഹൂദയിലെയും നിരവധിയാളുകളെ ബാബിലോണി ലേക്ക് ബന്ധിതരാക്കി കൊണ്ടുപോകുന്നതിനു ഏകദേശം 140 വർഷം മുൻപു ആയിരുന്നു.

- താൻ യഹൂദ ഭരിച്ചുകൊണ്ടിരുന്നപ്പോൾ, അശൂര്യരുടെ ദൈവങ്ങളെ ആരാധി പ്പാനായി ഒരു യാഗപീഠം പണിതത്, യഹോവയായ സത്യദൈവത്തിൽനിന്നും ജനം അകന്നുമാറി പോകുവാൻ കാരണമായി.
- ആഹാസ് രാജാവ് 20 വയസ്സ് പ്രായമുള്ളപ്പോൾ യഹൂദ ഭരിക്കുവാനാരം ഭിച്ചു, താൻവർഷങ്ങൾഭരിക്കയും ചെയ്തു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ബാബിലോൺ)

## ദൈവവചന സൂചികകൾ:

- [1 ദിനവൃത്താന്തങ്ങൾ 08:35-37)
- 2 ദിനവൃത്താന്തങ്ങൾ 28:1-2
- 2 രാജാക്കന്മാർ 16:19-20
- ഹോശേയ 01:1-2
- യെശ്ശയ്യാവ് 01:1
- യെശ്ശയാവ് 07:3-4
- മത്തായി 01:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H271

# ഇക്കോന്യ

## വസ്തുതകള്:

ഇക്കോന്യ എന്ന പട്ടണം ഇപ്പോള് ടര്ക്കി എന്നു അറിയപ്പെടുന്ന രാജ്യത്തിന്റ തെക്കന് മദ്ധ്യ ഭാഗത്ത് സ്ഥിതി ചെയ്തിരുന്നതു ആയിരുന്നു.

- പൌലോസിന്റെ ആദ്യ മിഷനറി യാത്രയില്, താനും ബര്ന്നബാസും അന്ത്യോക്യ പട്ടണം വിട്ടു പോകുവാന് യഹൂദന്മാര് നിര്ബന്ധിച്ചപ്പോള് കടന്നു പോയതു ഇക്കോന്യയിലേക്ക് ആയിരുന്നു.
- അനന്തരം ഇക്കോന്യയില് ഉള്ള അവിശ്വാസികളായ യഹൂദന്മാരും ജാതികളും പൌലൊസിനെയും സഹ പ്രവര്ത്തകരെയും കല്ലെറിയുവാന് പദ്ധതിയിട്ടു എങ്കിലും അവര് സമീപ പട്ടണമായ ലുസ്ത്രയിലേക്ക് രക്ഷപ്പെട്ടു.
- അതിനു ശേഷം അന്ത്യോക്യ, ഇക്കോന്യ എന്നീ രണ്ടു സ്ഥലങ്ങളില്നിന്നും ജനങ്ങള് ലുസ്ത്രയിലേക്ക് വരികയും ജനത്തെ ഇളക്കി പൌലോസിനെ കല്ലെറിയുവാന് ഇടയാക്കുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ബര്ന്നബാസ്, ലുസ്ത്ര, കല്ല്)

## ദൈവ വചന സൂചികകള്:

- 2 തിമോത്തിയോസ് 03:10-13
- അപ്പോ.14:1-2
- അപ്പോ.14:19-20
- അപ്പോ.16:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2430

# ഇയ്യോബ്

## വസ്തുതകള്:

ദൈവ മുന്പാകെ ഉത്തമനും നീതിമാനുമായ ഒരു വ്യക്തി ആയിട്ടാണ് ദൈവവചനത്തില് ഇയ്യോബിനെ കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ളത്. ഘോരമായ ദുരിതങ്ങളുടെ നടുവിലും ദൈവത്തിങ്കല് ഉള്ളതായ വിശ്വാസത്തെ വളരെ സഹിഷ്ണുതയോടെ കാത്തുവന്ന വ്യക്തിയെന്ന നിലയില് താന് നന്നായി അറിയപ്പെടുന്നവന് ആകുന്നു.

- മിക്കവാറും എദോമ്യരുടെ മേഖലയ്ക്കു സമീപമായി, കനാന് ദേശത്തിന്റെ കിഴക്കു ഭാഗത്തു സ്ഥിതി ചെയ്തിരുന്ന ഊസ് ദേശത്ത് ആയിരുന്നു ഇയ്യോബ് ജീവിച്ചു വന്നിരുന്നത്.
- താന് ഏശാവിന്റെയും യാക്കോബിന്റെയും കാലഘട്ടത്തില് ജീവിച്ചിരുന്നു എന്ന ഒരു ചിന്ത ഉണ്ട്, എന്തുകൊണ്ടെന്നാല് ഇയ്യോബിന്റെ സ്നേഹിതന്മാരില് ഒരുവനായിരുന്ന ഒരു "തേമാന്യന്", ഏശാവിന്റെ പൌത്രന്റെ പേരിനാല് അറിയപ്പെടുന്ന ഒരു ജന വിഭാഗം ആയിരുന്നു.
- പഴയ നിയമ പുസ്തകമായ ഇയ്യോബ് എപ്രകാരം ഇയ്യോബും മറ്റുള്ളവരും തന്റെ കഷ്ടപ്പാടുകളോടു എപ്രകാരം പ്രതികരിച്ചിരുന്നു എന്ന് പറയുന്നു. സര്വ്വാധികാരിയായ സൃഷ്ടിതാവും ഈ പ്രപഞ്ചത്തിന്റെ ഭരണാധികാരിയും ആയിരിക്കുന്ന ദൈവത്തിന്റെ കാഴ്ചപ്പാടിനെ നല്കുന്നു.
- സകല ദുരിതങ്ങള്ക്ക് ശേഷം, ദൈവം ഇയ്യോബിനെ സൌഖ്യം വരുത്തുകയും ധാരാളമായി മക്കളെയും സമ്പത്തിനെയും നല്കുകയും ചെയ്തു.
- ഇയ്യോബിന്റെ പുസ്തകം പറയുന്നത് താന് വളരെ വൃദ്ധനായി തീരുകയും അനന്തരം മരിക്കുകയും ചെയ്തു എന്നാണ്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അബ്രഹാം, എശാവ്, ആഹാരം, യാക്കോബ്, ജനസഞ്ചയം)

## ദൈവ വചന സൂചികകള്:

- യെഹസ്കേല്:12-14
- യാക്കോബ് 05:9-11
- ഇയ്യോബ് 01:1-3
- ഇയ്യോബ് 03:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H347, H3102, G2492

# ഇസബേല്

## വസ്തുതകള്:

ഇസബേല് യിസ്രയേലിലെ ആഹാബ് രാജാവിന്റെ ദുഷ്ടയായ ഭാര്യ ആയിരുന്നു.

- യിസബേല് ആഹാബിനെയും ശേഷം സകല യിസ്രയേലിനെയും വിഗ്രഹങ്ങളെ ആരാധിക്കുവാനായി സ്വാധീനിച്ചു.
- കൂടാതെ നിരവധി ദൈവത്തിന്റെ അവള് പ്രവാചകന്മാരെയും വധിച്ചു.
- യിസബേല് നാബോത്ത് എന്ന് പേരുള്ള നിര്ദോഷിയായ ഒരു മനുഷ്യനെ കൊല്ലുവാന് കാരണമാകുകയും അതിനാല് ആഹാബിന് നാബോത്തിന്റെ മുന്തിരിത്തോട്ടം കവര്ന്നെടുക്കുവാന് ഇടയാക്കുകയും ചെയ്തു.
- ഇസബേല് അവസാനം താന് ചെയ്ത സകല ദോഷങ്ങള് നിമിത്തവും കൊല്ലപ്പെടുവാന് ഇടയാകുകയും ചെയ്തു. അവള് എപ്രകാരം കൊല്ലപ്പെടുമെന്ന് ഏലിയാവ് പ്രവാചകന് പ്രവചിച്ചിരുന്നു, താന് പ്രവചിച്ചത് പോലെ തന്നെ യഥാര്ത്ഥമായും സംഭവിക്കുക ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക:ആഹാബ്, ഏലിയാവ്, അസത്യ ദൈവം)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്:31-33
- 1 രാജക്കന്മാര്:1-3
- 2 രാജാക്കന്മാര്:7-8
- 2 രാജാക്കന്മാര്:30-32
- വെളിപ്പാട് 02:20-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H348, G2403

# ഇസ്രയേല്, ഇസ്രയേല്യന്, ഇസ്രയേല്യര്, യാക്കോബ്

## വസ്തുതകള്:

യിസഹാക്കിന്റെയും റിബേക്കയുടെയും ഇരട്ട മക്കളില് ഇളയവന് ആയിരുന്നു യാക്കോബ്.

- യാക്കോബിന്റെ പേരിന്റെ അര്ത്ഥം “കുതികാല് പിടിക്കുന്നവന്” എന്നുവെച്ചാല് “വഞ്ചിക്കുന്നവന്” എന്ന് അര്ത്ഥം നല്കുന്ന പദപ്രയോഗം ആണ്. യാക്കോബ് ജനിച്ചപ്പോള്, താന് തന്റെ ഇരട്ട സഹോദരനായ ഏശാവിന്റെ കുതികാല് പിടിച്ചിരിക്കുക ആയിരുന്നു.
- അനേക വര്ഷങ്ങള്ക്കു ശേഷം, ദൈവം യാക്കോബിന്റെ പേര് “ഇസ്രയേല്” എന്ന് മാറ്റി, അതിന്റെ അര്ത്ഥം “അവന് ദൈവത്തോട് പോരാടുന്നവന്” എന്നാണ്.
- യാക്കോബ് ബുദ്ധിമാനും വഞ്ചിക്കുന്നവനും ആയിരുന്നു.
- താന്ആദ്യജാതന്റെ അനുഗ്രഹങ്ങള് കൈവശമാക്കുവാനും, തന്റെ ജ്യേഷ്ഠ സഹോദരനായ എശാവില് നിന്ന് അവകാശങ്ങള് നേടിയെടുക്കുവാനും ഉള്ള മാര്ഗ്ഗങ്ങള് കണ്ടുപിടിച്ചിരുന്നു.
- എശാവ് കൊപിഷ്ടന് ആകുകയും അവനെ കൊല്ലുവാന് പദ്ധതി ആവിഷ്കരിക്കുകയും ചെയ്തതിനാല് യാക്കോബ് തന്റെ ജന്മ സ്ഥലം വിട്ടു പോകുവാന് ഇടയായി. എന്നാല് വര്ഷങ്ങള്ക്ക് ശേഷം യാക്കോബ് തന്റെ ഭാര്യമാരോടും മക്കളോടും കൂടെ എശാവ് ജീവിച്ചു വന്നിരുന്ന കനാന് ദേശത്തേക്ക് മടങ്ങി വരികയും, അവര് ഇരുവരുടെ കുടുംബങ്ങളും സമീപത്തായി സമാധാനത്തോടെ ജീവിക്കുകയും ചെയ്തു പോന്നു.
- യാക്കോബിന് പന്ത്രണ്ടു പുത്രന്മാര് ഉണ്ടായി. അവരുടെ സന്തതികള് ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള് ആയി മാറി.
- യാക്കോബ് എന്ന് പേരുള്ള വേറൊരു മനുഷ്യന് മത്തായിയുടെ വംശാവലി പട്ടികയില് യോസേഫിന്റെ പിതാവ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കനാന്, വഞ്ചിക്കുക, എശാവ്, യിസഹാക്ക്]യിസഹാക്ക്, ഇസ്രയേല്, റിബേക്ക, ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവ വചന സൂചികകള്:

- അപ്പോ.07:11-13
- അപ്പോ.07:44:46
- ഉല്പത്തി 25:24-26
- ഉല്പത്തി 29:1-3
- ഉല്പത്തി 32:1-2
- യോഹന്നാന്:4-5
- മത്തായി 08:11-13
- മത്തായി 22:31-33

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **07:01** ബാലന്മാര്വളര്ന്നപ്പോള്, റിബേക്ക **യാക്കോബിനെ** സ്നേഹിക്കുകയും, എന്നാല് യിസഹാക്ക് ഏശാവിനെ സ്നേഹിക്കു കയും ചെയ്തു. **യാക്കോബ്** ഭവനത്തില് തന്നെ ആയിരിക്കുവാന് ഇഷ്ടപ്പെട്ടു, എന്നാല്എശാവ് വേട്ടയാടുന്നതില് ഇഷ്ടപ്പെട്ടു.
- **07:07 യാക്കോബ്** അവിടെ ദീര്ഘ വര്ഷങ്ങള് ജീവിക്കുകയും, ആ കാലത്തില് അവന് വിവാഹം കഴിക്കുകയും തനിക്കു പന്ത്രണ്ടു പുത്രന്മാരും ഒരു പുത്രിയും ഉണ്ടാകുകയും ചെയ്തു. ദൈവം അവനെ മഹാ ധനികന് ആക്കി.
- **07:08** കനാനിലുള്ള തന്റെ ഭവനത്തില് നിന്ന് അകന്നു ഇരുപതു വര്ഷങ്ങള് കഴിഞ്ഞപ്പോള്, **യാക്കോബ്** തന്റെ കുടുംബത്തോടും, തന്റെ വേലക്കാരോടും, തനിക്കു ഉണ്ടായിരുന്ന സകല മൃഗസമ്പത്തോടും കൂടെ തിരികെ വന്നു.
- **07:10** അബ്രഹാമിനോട് ദൈവം വാഗ്ദത്തം ചെയ്തതായ ഉടമ്പടി വാഗ്ദത്തങ്ങള് പിന്നീട് യിസഹാക്കിനും ഇപ്പോള് അത് **യാക്കോബിനും** കൈമാറി.
- **08:01** അനേക വര്ഷങ്ങള്ക്കു ശേഷം, **യാക്കോബ്** ഒരു വൃദ്ധനായി തീര്ന്നപ്പോള്, താന് തന്റെ ഇഷ്ട പുത്രനായ, യോസേഫിനെ, തന്റെ സഹോദരന്മാര്ആട്ടിന്കൂട്ടങ്ങളെ പരിപാലിക്കുന്ന ഇടത്തേക്ക് അന്വേഷണത്തിനായി പറഞ്ഞയച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3290, G2384

# ഇസ്രയേൽ രാജ്യം

## വസ്തുതകൾ:

ശലോമോന്റെ മരണത്തിനു ശേഷം ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളും രണ്ടു രാജ്യങ്ങളായി വിഭാഗിക്കപ്പെട്ടപ്പോൾ, ഇസ്രയേൽ ദേശത്തിന്റെ വടക്കേ ഭാഗം ഇസ്രയേൽ രാജ്യമായി തീർന്നതാണ്.

- വടക്കേ ഭാഗത്തുള്ള ഇസ്രയേൽ രജ്യത്തിൽ പത്ത് ഗോത്രങ്ങളും, തെക്കേ ഭാഗത്തുള്ള യഹൂദ രാജ്യത്ത് രണ്ടു ഗോത്രങ്ങളും ഉണ്ടായിരുന്നു.
- ഇസ്രയേൽ രാജ്യത്തിന്റെ തലസ്ഥാന നഗരം ശമര്യ ആയിരുന്നു. ഇത് യഹൂദ രാജ്യത്തിന്റെ തലസ്ഥാന നഗരമായ യെരുശലേമിൽ നിന്ന് ഏകദേശം 50 കിലോമീറ്റർ ദൂരത്ത് ആയിരുന്നു.
- ഇസ്രയേൽ രാജ്യത്തിലെ എല്ലാ രാജാക്കന്മാരും ദുഷ്ടന്മാർ ആയിരുന്നു. അവർ ജനത്തെ വിഗ്രഹങ്ങളെയും അസത്യ ദൈവങ്ങളെയും സേവിക്കുവാൻ സ്വാധീനിച്ചു.
- ദൈവം ഇസ്രയേൽ രാജ്യത്തെ അക്രമിക്കുവാനായി അശൂര്യരെ അയച്ചു. നിരവധി ഇസ്രയേല്യർ ബന്ധിക്കപ്പെടുകയും അശ്ശൂരിലേക്ക് കൊണ്ടു പോകപ്പെടുകയും ചെയ്തു.
- ഇസ്രയേൽ രാജ്യത്തിൽ ശേഷിച്ചവരോടു കൂടെ വസിക്കേണ്ടതിനു അശ്ശൂര്യർ വിദേശികളെ കൊണ്ടുവന്നു അവരുടെ ഇടയിൽ പാർപ്പിച്ചു. ഈ വിദേശികൾ ഇസ്രയേല്യരുമായി മിശ്രവിവാഹത്തിൽ ഏർപ്പെടുകയും, അവരുടെ സന്തതികൾ ശമര്യക്കാർ ആകുകയും ചെയ്തു.

(കാണുക:അശ്ശൂർ, ഇസ്രയേൽ, യഹൂദ, യെരുശലേം, രാജ്യം, ശമര്യ)

## ദൈവ വചന സൂചികകൾ:

- 2 ദിനവൃത്താന്തങ്ങൾ 35:18-19
- യിരെമ്യാവ് 05:10-13
- യിരെമ്യാവ് 09:25-26

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **18:08** ഇസ്രയേലിലെ മറ്റു പത്ത് ഗോത്രങ്ങളും രേഹോബെയാമിനു എതിരായി മത്സരിക്കുകയും യെരോബെയാം എന്ന ഒരു മനുഷ്യനെ അവരുടെ രാജാവായി നിയമിക്കുകയും ചെയ്തു. അവർ അവരുടെ രാജ്യത്തെ ദേശത്തിന്റെ വടക്കേ ഭാഗത്ത് ക്രമീകരിക്കുകയും അതിനെ അവർ**ഇസ്രയേൽ രാജ്യം** എന്ന് വിളിക്കുകയും ചെയ്തു.
- **18:10** യഹൂദയുടെയും **ഇസ്രയേലിന്റെയും രാജ്യങ്ങൾ തമ്മിൽ** ശത്രുതയിൽ ആകുകയും അടിക്കടി പരസ്പരം യുദ്ധം ചെയ്യുകയും ചെയ്തു വന്നു.
- **18:11** പുതിയ **ഇസ്രയേൽ രാജ്യത്തിൽ**, എല്ലാ രാജാക്കന്മാരും ദുഷ്ടന്മാർ ആയിരുന്നു.
- **20:01 ഇസ്രയേൽ രാജ്യവും** യഹൂദ രാജ്യവും രണ്ടും ദൈവത്തിനു എതിരായി പാപം ചെയ്തു.
- **20:02 യിസ്രയേൽ രാജ്യം** ഒരു ശക്തന്മാരായ, ക്രൂരതയുള്ള രാജ്യമായ അശ്ശൂർ സാമ്രാജ്യത്താൽ നശിപ്പിക്കപ്പെട്ടു. അശ്ശൂര്യർ**ഇസ്രയേൽരാജ്യത്തിലെ** നിരവധി ആളുകളെ കൊല്ലുകയും, വിലപിടിപ്പുള്ള സകലവും എടുത്തു കൊണ്ടു പോകുകയും, രാജ്യത്തെ ഒട്ടുമുക്കാലും കത്തിച്ചു കളയുകയും ചെയ്തു.
- **20:04** അനന്തരം അശൂര്യർ വിദേശികളെ **ഇസ്രയേൽ രാജ്യം** ആയിരുന്ന ഇടം എമ്പാടും താമസിപ്പിക്കുവാൻവേണ്ടി കൊണ്ടുവന്നു. ആ വിദേശികൾ നശിപ്പിക്കപ്പെട്ട പട്ടണങ്ങളെ പുനർ:നിർമ്മിക്കുകയും അവിടെ ഉപേക്ഷിക്കപ്പെട്ടവരായി ശേഷിച്ചിരുന്നവരായ ഇസ്രയേല്യരെ വിവാഹം കഴിക്കുകയും ചെയ്തു. ഇസ്രയേല്യരുടെ സന്തതികൾ വിദേശികളെ വിവാഹം കഴിച്ചവരെ ശമര്യക്കാർ എന്ന് വിളിച്ചു വന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3478, H4410, H4467, H4468

# ഉപ്പു കടല്, ചാവു കടല്

## വസ്തുതകള്:

ഉപ്പുകടല് (ചാവു കടല് എന്നും വിളിക്കുന്നു) അതിന്റെ പടിഞ്ഞാറേ ഭാഗത്ത് തെക്കന് ഇസ്രയേലിന്റെയും കിഴക്ക് ഭാഗത്ത് മോവാബിന്റെയും മദ്ധ്യത്തിലായി സ്ഥിതി ചെയ്യുന്നു.

- യോര്ദാന് നദി തെക്കോട്ട്ഒഴുകി ഉപ്പുകടലില് ചെന്ന് ചേരുന്നു.
- ഇത് മിക്കവാറും എല്ലാ കടലുകളെക്കാളും ചെറുതു ആകയാല് ഇതിനെ "ഉപ്പു തടാകം" എന്നും വിളിക്കാറുണ്ട്.
- ഈ കടലിനു ധാതു ലവണങ്ങളുടെ ഉയര്ന്ന സാന്ദ്രതയില് ഉള്ള മിശ്രണം (അല്ലെങ്കില് "ലവണങ്ങള്") ഉള്ളതിനാല് ഇതിന്റെ ജലത്തില് ഒന്നിനും ജീവിക്കുവാന് സാധ്യമല്ല. ഇതില് ചെടികളും ജീവികളും ഇല്ലാത്തതിനാല് "ചാവു കടല്" എന്ന് പേര് വരുവാന് ഇടയായി.
- പഴയ നിയമത്തില്, ഈ കടലിനെ "അരാബ കടല്" എന്നും "നെഗേവ് കടല്" എന്നും വിളിച്ചിരുന്നു, എന്ത് കൊണ്ടെന്നാല് ഇത് അരാബ എന്നും നെഗേവ് എന്നും ഉള്ള പ്രദേശങ്ങള്ക്ക് സമീപം ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അമ്മോന്, അരാബ, യോര്ദാന് നദി, മോവാബ്, നെഗേവ്)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്: 20:1-2
- ആവര്ത്തന പുസ്തകം 03:17
- യോശുവ 03:14-16
- സംഖ്യാപുസ്തകം 34:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3220, H4417

# ഉസ്സിയാവ്, അസര്യാവ്

## വസ്തുതകള്:

ഉസ്സിയാവ് തന്റെ 16-മത്തെ വയസ്സില്യഹൂദായുടെ രാജാവാകുകയും 52 വര്ഷങ്ങള്ഭരണം നടത്തുകയും ചെയ്തു, അത് ഒരു അസാധാരണമായ ദീര്ഘ ഭരണം ആയിരുന്നു. ഉസ്സിയാവ് "അസ്സര്യാവ്" എന്ന പേരിലും അറിയപ്പെട്ടു വന്നിരുന്നു.

- രാജാവായ ഉസ്സിയാവ് തന്റെ സംഘടിതവും സമര്ത്ഥവും ആയ സൈന്യം നിമിത്തം വളരെ പ്രസിദ്ധന്ആയിരുന്നു. നഗരത്തെ സംരക്ഷിക്കുവാനായി ഗോപുരങ്ങള്നിര്മ്മിക്കുകയും അവയുടെ മുകളില്പ്രത്യേകമായി രൂപകല്പ്പന ചെയ്ത അമ്പുകളും വലിയ കല്ലുകളും എറിയുവാന്തക്ക ആയുധങ്ങള്അവയുടെ മുകളില്സ്ഥാപിക്കുകയും ചെയ്തിരുന്നു.
- ഉസ്സിയാവ് ദൈവത്തെ സേവിച്ചു വന്ന നാളുകളില്എല്ലാം താന്വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നു. തന്റെ ഭരണത്തിന്റെ അന്ത്യകാല ആയപ്പോള്, തന്ന അഹങ്കാരി ആകുകയും ദേവാലയത്തില്പുരോഹിതന്മാര്മാത്രം ചെയ്യുവാന്അനുവാദം ഉള്ള ധൂപം കത്തിക്കുവാന്താന്സ്വയം ഒരുമ്പെടുകയും ചെയ്തു.
- ഈ പാപം നിമിത്തം, ഉസ്സിയാവ് കുഷ്ഠം എന്ന രോഗത്താല്ബാധിതന്ആകുകയും തന്റെ ഭരണത്തിന്റെ അവസാന കാലം വരെയും മറ്റുള്ള ജനങ്ങളില്നിന്നും വേര്പെട്ടവനായി ജീവിക്കേണ്ടി വരികയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: യഹൂദ, കുഷ്ഠം, ഭരണം, കാവല്ഗോപുരം)

## ദൈവ വചന സൂചികകള്:

- 2 രാജാക്കന്മാര്14:20-22
- ആമോസ് 01:1-2
- ഹോശേയ 01:1-2
- യെശ്ശയ്യാവ് 06:1-2
- മത്തായി 01:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5814, H5818, H5838, H5839

# ഊരിയാവ്

## വസ്തുതകള്:

ഊരിയാവ് നീതിമാനായ ഒരു വ്യക്തിയും ദാവീദ് രാജാവിന്റെ ഏറ്റവും നല്ല പടയാളികളില് ഒരുവനും ആയിരുന്നു. താന്സാധാരണയായി "ഹിത്യന്ആയ ഊരിയാവ്" എന്ന് സൂചിപ്പിക്കപ്പെടുമായിരുന്നു.

- ഊരിയാവിനു വളരെ സുന്ദരിയായ ബത്ത്ശേബ എന്ന ഭാര്യ ഉണ്ടായിരുന്നു.
- ദാവീദ് ഊരിയാവിന്റെ ഭാര്യയുമായി വ്യഭിചാരത്തില്ഏര്പ്പെടുകയും, അവള്ദാവീദിന്റെ മകനെ ഗര്ഭം ധരിക്കുകയും ചെയ്തു.
- ഈ പാപത്തെ മറക്കുവാനായി, ദാവീദ് ഊരിയാവിനെ യുദ്ധത്തില്കൊല്ലപ്പെടുവാനായി ഇട വരുത്തുകയും ചെയ്തു. അനന്തരം ദാവീദ് ബത്ത്ശേബയെ വിവാഹം ചെയ്തു.
- ഊരിയാവ് എന്ന് പേരുള്ള വേറൊരു മനുഷ്യന്ആഹാസ് രാജാവിന്റെ കാലഘട്ടത്തില്ഒരു പുരോഹിതനായി ഉണ്ടായിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ആഹാസ്, ബത്ത്ശേബ, ദാവീദ്, ഹിത്യന്)

## ദൈവ വചന സൂചിക:

- 1 രാജാക്കന്മാര്15:4-6
- 2 ശമുവേല്11:2-3
- 2 ശമുവേല്11:26-27
- നെഹെമ്യാവ് 03:3-5

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **17:12** ബത്ത്ശേബയുടെ ഭര്ത്താവ്, **ഊരിയാവു** എന്ന് പേരുള്ള ഒരു മനുഷ്യന്, ദാവീദിന്റെ ഏറ്റവും നല്ല പടയാളികളില്ഒരുവന്ആയിരുന്നു. ദാവീദ് **ഊരിയാവിനെ** യുദ്ധമുന്നണിയില്നിന്ന് തിരികെ വിളിക്കുകയും, അവനോടു തന്റെ ഭാര്യയുടെ അടുക്കല്പോകുവാന്പറയുകയും ചെയ്തു. എന്നാല് **ഊരിയാവ്** തന്റെ ഭവനത്തില്പോകുവാന്വിസ്സമ്മതിക്കുകയും യുദ്ധത്തിനു പോകാതിരുന്ന ശേഷിച്ച പടയാളികളോട് കൂടെ വിശ്രമിക്കുകയും ചെയ്തു. ആയതിനാല്ദാവീദ് **ഊരിയാവിനെ** തിരികെ യുദ്ധമുന്നണിയിലേക്ക് പറഞ്ഞയക്കുകയും സൈന്യാധിപനോട് ശത്രു ഏറ്റവും പ്രബലമായിരിക്കുന്ന ഭാഗത്ത് അവന്കൊല്ലപ്പെടെണ്ടതിനായി നിര്ത്തുവാനായി ആവശ്യപ്പെടുകയും ചെയ്തു.
- **17:13** അനന്തരം **ഊരിയാവ്** കൊല്ലപ്പെടുകയും, ദാവീദ് ബത്ത്ശേബയെ വിവാഹം കഴിക്കുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H223, G3774

# ഊര്

## വസ്തുതകള്:

ഊര്എന്നത് മേസപോട്ടാമ്യയുടെ ഭാഗമായ, പുരാതന കല്ദയ പ്രദേശത്തില്, യൂഫ്രട്ടീസ് നദിയുടെ തീരത്തില്സ്ഥിതി ചെയ്തു വന്നിരുന്ന ഒരു പ്രധാന നഗരം ആയിരുന്നു. ഈ മേഖല ആധുനിക കാല ഇറാഖ് എന്ന രാജ്യത്തില്ആയിരുന്നു സ്ഥിതി ചെയ്തു വന്നിരുന്നത്.

- അബ്രഹാം ഊര്എന്ന നഗരത്തില്നിന്ന് ഉള്ളവന്ആയിരുന്നു, അവിടെ നിന്നും പുറപ്പെട്ടു വരുവാന്ദൈവം ആവശ്യപ്പെടുകയും കനാന്ദേശത്തേക്ക് പോകുവാന്പറയുകയും ചെയ്തു.
- അബ്രഹാമിന്റെ സഹോദരനും, ലോത്തിന്റെ പിതാവുമായ ഹാരാന്, ഊറില്വെച്ച് മരിച്ചു. ഇതായിരിക്കാം ചിലപ്പോള്ലോത്തിനെ ഊര്വിട്ടു അബ്രഹാമിനോട് കൂടെ പുറപ്പെടുവാന്പ്രേരകമായ വസ്തുത.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്നവിധം)

(കാണുക: അബ്രഹാം, കനാന്, കല്ദയ, യൂഫ്രട്ടീസ് നദി, ഹാരാന്, ലോത്ത്, മെസപോട്ടാമ്യ)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 11:27-28
- ഉല്പ്പത്തി 11:31-32

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H218

## എക്രോന്, എക്രോന്യര്

### വസ്തുതകള്:

എക്രോന് ഫെലിസ്ത്യരുടെ ഒരു പ്രധാന പട്ടണമായിരുന്നു, മധ്യധരണി ആഴിയില്നിന്നും ഒന്പതു മൈല് ഉള്ളില് സ്ഥിതി ചെയ്തിരുന്ന സ്ഥലമായിരുന്നു.

- അസത്യദൈവം ആയിരുന്ന ബെയെല്സബൂബിന്റെ ഒരു ക്ഷേത്രം അവിടെ ഉണ്ടായിരുന്നു.
- ഫെലിസ്ത്യര് ഉടമ്പടി പെട്ടകം പിടിച്ചെടുത്തപ്പോള്, അവര് അതിനെ അസ്തോദിലെക്കും അനന്തരം ഗത്തിലെക്കും തുടര്ന്നു എക്രോനിലെക്കും കൊണ്ടുപോയി, എന്തുകൊണ്ടെന്നാല് പെട്ടകം കൊണ്ടുചെല്ലപ്പെട്ട ഓരോ പട്ടണത്തെയും ദൈവം ജനത്തെ രോഗത്താല് ബാധിക്കുകയും മരിക്കുകയും ചെയ്തു. അവസാനം ഫെലിസ്ത്യര് പെട്ടകത്തെ ഇസ്രയേലിലേക്ക് മടക്കി അയച്ചു.
- രാജാവായ അഹസ്യാവ് വീടിന്റെ മേല്ക്കൂരയില് നിന്ന് വീണു തനിക്ക് പരിക്കു പറ്റിയപ്പോള്, എക്രോനിലുള്ള അസത്യദൈവമായ ബെയെല്സേ ബൂബിന്റെ അടുക്കല് താന് മരിക്കുമോ ഇല്ലയോ എന്നു അറിയുവാന് ചെല്ലുക നിമിത്തം പാപം ചെയ്തു. ഈ പാപം നിമിത്തം, അവന് മരിക്കുമെന്ന് യഹോവ അരുളിച്ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: അഹസ്യാവ്, ഉടമ്പടിപ്പെട്ടകം, അസ്തോദ്, ബെയെല്സബൂബ്, അസത്യദൈവം, ഗത്ത്, ഫെലിസ്ത്യര്)

### ദൈവവചന സൂചികകള്:

- 1 ശമുവേല്:10
- യോശുവ 13:2-3
- ന്യായാധിപന്മാര്:01:18-19
- സെഖര്യാവ് 09:5-7

### വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6138, H6139

# എത്യോപ്യ, എത്യോപ്യന്

## വസ്തുതകള്:

എത്യോപ്യ എന്ന രാജ്യം ആഫ്രിക്കയില്ഈജിപ്തിന് തെക്കു, നൈല്നദി പടിഞ്ഞാറായി ചെങ്കടലിന്റെ കിഴക്കു സ്ഥിതി ചെയ്യുന്നു. എത്യോപ്യയില്നിന്നുള്ള ഒരു വ്യക്തി "എത്യോപ്യന്" ആണ്.

- പുരാതന എത്യോപ്യ ഈജിപ്തിന്റെ തെക്കുഭാഗത്ത്സ്ഥിതി ചെയ്യുന്നതായി, ഇപ്പോഴത്തെ പല ആധുനിക ആഫ്രിക്കന്രാജ്യങ്ങളായ സുഡാന്, ആധുനിക എത്യോപ്യ, സൊമാലിയ, കെനിയ, സെന്ട്രല്ആഫ്രിക്കന്റിപബ്ലിക്, ചാഡ്എന്നിവ ഉള്പ്പെട്ടിട്ടുള്ളതാണ്.
- ദൈവവചനത്തില്, എത്യോപ്യ എന്നത് ചില സമയങ്ങളില്"കൂശ്" അല്ലെങ്കില്"നുബിയ" എന്നു വിളിക്കാറുണ്ട്.
- എത്യോപ്യന്രാജ്യങ്ങളായ (കൂശ്)ഉം മിസ്രയീമും ഒരുമിച്ചു സാധാരണയായി ദൈവവചനത്തില്രേഖപ്പെടുത്തിയിട്ടുണ്ട്, മിക്കവാറും അവ പരസ്പരം അടുത്തടുത്തുള്ളവയും അവരുടെ ജനങ്ങള്ക്ക്ചിലരെങ്കിലും ഒരേ പൂര്വ്വികന്മാര്തന്നെ ആയിരിക്കുകയും ആകാം.

ദൈവം ഫിലിപ്പോസ് എന്ന സുവിശേഷകനെ മരുഭൂമിയിലേക്ക് അയച്ചു അവിടെ താന്യേശുവിനെക്കുറിച്ചുള്ള സുവിശേഷം ഒരു എത്യോപ്യനായ ഷണ്ഡനുമായി പങ്കു വെയ്ക്കുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:കൂശ്, മിസ്രയീം, ഷണ്ഡന്, ഫിലിപ്പോസ്)

## ദൈവവചന സൂചികകള്:

- അപ്പോ'പ്രവര്ത്തികള്08:26-28
- അപ്പോ.പ്രവര്ത്തികള്08:29-31
- അപ്പോ.പ്രവര്ത്തികള്08:32-33
- അപ്പോ.പ്രവര്ത്തികള്08:36-38
- യെശ്ശയ്യാവ് 18:1-2
- നഹൂം 03:8-9
- സെഫന്യാവ് 03:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3568, H3569, H3571, G128

# എദേന്, എദേന്തോട്ടം

## വസ്തുതകള്:

പുരാതന കാലങ്ങളില്, ആദ്യ മനുഷ്യരായ പുരുഷനെയും സ്ത്രീയെയും ജീവിക്കുവാന് ദൈവം നിയമിച്ചതായ തോട്ടമുള്ള മേഖലയായിരുന്നു എദേന്.

- ആദാമും ഹവ്വയും താമസിച്ചിരുന്ന തോട്ടം എദേനിന്റെ ഒരു ഭാഗം മാത്രം ആയിരുന്നു.
- എദേന് എന്ന പ്രദേശത്തിന്റെ യഥാര്ത്ഥ സ്ഥാനം എവിടെയാണെന്ന് നിശ്ചയമല്ല, എന്നാല് ടൈഗ്രിസ്, യൂഫ്രടിസ് നദികള് അതില്കൂടെ ഒഴുകുന്നുണ്ടായിരുന്നു.
- "എദേന്" എന്ന വാക്ക് "വളരെ സന്തോഷം ഉളവാക്കുന്ന" എന്നു അര്ത്ഥം നല്കുന്ന എബ്രായ പദത്തില് നിന്നാണ് വരുന്നത്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ആദാം, യൂഫ്രടീസ് നദി, ഹവ്വ)

## ദൈവവചന സൂചികകള്:

- യെഹസ്കേല്:11-13
- ഉല്പ്പത്തി 02:7-8
- ഉല്പ്പത്തി 02:9-10
- ഉല്പ്പത്തി 02:15-17
- ഉല്പ്പത്തി 04:16-17
- യോവേല്:3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5729, H5731

# എന്ഗേദി

## നിര്വചനം:

യെരുശലേമിന്റെ തെക്കുകിഴക്കായി യഹൂദ മരുഭൂമിയിലുള്ള ഒരു പട്ടണത്തിന്റെ പേരായിരുന്നു എന്ഗേദി. എന്ഗേദി ഉപ്പുകടലിന്റെ പടിഞ്ഞാറേ തീരത്ത് സ്ഥിതി ചെയ്തിരുന്നു.

- ഇതിന്റെ പേരിന്റെ ഒരു ഭാഗം അര്ത്ഥമാക്കുന്നത് "നീരുറവ" എന്നാണ്, ഇതു അവിടെ നിന്ന് താഴെ കടലിലേക്ക് ഒഴുകിപ്പോകുന്ന നീരുറവയെ സൂചിപ്പിക്കുന്നു.
- എന്ഗേദി തുടര്മാനമായ നീരുറവയുടെ ജലസേചനം കൊണ്ട് ഫലഭൂയിഷ്ടമായതിനാല് മനോഹരമായ മുന്തിരിത്തോപ്പുകള്ക്കും ഇതര കൃഷിസ്ഥലങ്ങള്ക്കും അറിയപ്പെട്ടതായിരുന്നു.
- അവിടെ എന്ഗേദിയില് ഉറപ്പുള്ള സങ്കേതങ്ങള് ഉണ്ടായിരുന്നതിനാല് ശൌല്രാജാവ് ദാവീദിനെ തേടിക്കൊണ്ടിരുന്നപ്പോള് അവന് അവിടേക്ക് ഓടിപ്പോയിരുന്നു.

(കാണുക: ദാവീദ്, മരുഭൂമി, നീരുറവ, യഹൂദ, വിശ്രമം, ഉപ്പുകടല്, ശൌല്, ഉറപ്പുള്ള സങ്കേതം, മുന്തിരിത്തോട്ടം)

## ദൈവവചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്:1-2
- ഉത്തമ ഗീതം 01:12-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5872

# എഫസോസ്, എഫസോസുകാരന്, എഫസോസുകാര്

## വസ്തുതകള്:

ഇപ്പോഴത്തെ ടര്ക്കി എന്ന രാജ്യത്തിന്റെ പടിഞ്ഞാറേ തീരത്തുള്ള ഒരു പുരാതന പട്ടണമായിരുന്നു എഫസോസ്.

- പ്രാരംഭകാല ക്രിസ്ത്യാനികളുടെ സമയത്ത്, എഫസോസ് ഒരു റോമന് പ്രവിശ്യയും, ആസ്യയുടെ തലസ്ഥാനവും ആയിരുന്നു.
- അതിന്റെ സ്ഥാനം നിമിത്തം, ഈ പട്ടണം ഒരു പ്രധാനപ്പെട്ട വ്യാപാര, യാത്രാ കേന്ദ്രം ആയിരുന്നു.
- വളരെ പ്രസിദ്ധമായ ഒരു ജാതീയ ക്ഷേത്രം അര്ത്തെമിസ് ദേവി (ഡയാന)യെ ആരാധിപ്പാനായി എഫസോസില് ഉണ്ടായിരുന്നു.
- രണ്ടു വര്ഷത്തിലധികം പൌലോസ് അവിടെ താമസിക്കുകയും പ്രവര്ത്തിക്കുകയും അനന്തരം അവിടെയുള്ള പുതിയ വിശ്വാസികളെ നയിക്കുവാനായി തിമോത്തിയോസിനെ നിയമിക്കുകയും ചെയ്തു.
- പുതിയനിയമത്തില് എഫെസ്യ ലേഖനം എന്ന പുസ്തകം പൌലോസ് എഫസോസിലുള്ള വിശ്വാസികള്ക്കായി എഴുതിയതാണ്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ആസ്യ, പൌലോസ്, തിമോത്തിയോസ്)

## ദൈവവചന സൂചികകള്:

- 1 കൊരിന്ത്യര്:31-32
- 1 തിമോത്തിയോസ് 01:3-4
- 2 തിമോത്തിയോസ് 04:11-13
- അപ്പോ.പ്രവര്ത്തികള്19:1-2
- എഫെസ്യര്:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2179, G2180, G2181

# എഫ്രയീം, എഫയീമ്യന്, എഫ്രയീമ്യര്

## വസ്തുതകള്:

എഫ്രയീം യോസേഫിന്റെ രണ്ടാമത്തെ പുത്രനായിരുന്നു. തന്റെ സന്തതികള്, എഫ്രയീമ്യര്, ഇസ്രയേലിലെ പന്ത്രണ്ടു ഗോത്രങ്ങളില് ഒന്നിനെ രൂപീകരിച്ചു.

- എഫ്രയീം ഗോത്രം, ഇസ്രയേലിന്റെ വടക്കേ ഭാഗത്ത് സ്ഥിതി ചെയ്തിരുന്ന പത്തു ഗോത്രങ്ങളില് ഒന്നായിരുന്നു.
- ചില സന്ദര്ഭങ്ങളില് ദൈവവചനത്തില് ഇസ്രായേലിന്റെ മുഴുവന് വടക്കേ രാജ്യത്തെ സൂചിപ്പിക്കുവാന് എഫ്രയീം എന്നു ഉപയോഗി ച്ചിരുന്നു. (കാണുക: ഉപലക്ഷണാലങ്കാരം](സിനിക്കിടോക്കി )
- എഫ്രയീം ഒരു പര്വത നിബിഡമായ അല്ലെങ്കില് മലകള് ഉള്ളതായ സ്ഥലമാണെന്ന് "എഫ്രയീമിന്റെ മലമ്പ്രദേശം" അല്ലെങ്കില് "എഫ്രയീമിന്റെ മലനിരകള്" എന്ന സൂചികകളില് നിന്ന് വ്യക്തമാകുന്നു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകളുടെ പരിഭാഷ)

(കാണുക:ഇസ്രയേല്രാജ്യം, ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:66-69
- 2 ദിനവൃത്താന്തങ്ങള്:4-5
- യെഹസ്കേല്:15-17
- ഉല്പ്പത്തി 41:50-52
- ഉല്പ്പത്തി 48:1-2
- യോഹന്നാന്:54-55

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H669, H673, G2187

# എഫ്രാത്ത്, എഫ്രാത്ത, എഫ്രാത്യന്, എഫ്രാത്യര്

## വസ്തുതകള്:

ഇസ്രായേലിന്റെ വടക്കേ ഭാഗത്തുള്ള ഒരു മേഖലയുടെയും പട്ടണത്തി ന്റെയും പേരായിരുന്നു എഫ്രാത്താ. എഫ്രാത്താ എന്ന പട്ടണം പിന്നീട് "ബെത്ലെഹേം" അല്ലെങ്കില് "എഫ്രാത്താ-ബെത്ലെഹേം" എന്നു വിളിക്കപ്പെട്ടിരുന്നു.

- എഫ്രാത്താ എന്നു കാലേബിന്റെ മക്കളില് ഒരുവന്റെ പേരായിരുന്നു. എഫ്രാത്താ എന്ന പട്ടണത്തിനു മികവാറും അവന്റെ പേരായിരിക്കാം നല്കിയിരുന്നത്. എഫ്രാത്താ എന്ന പട്ടണത്തില്നിന്നുള്ള വ്യക്തിയെ "എഫ്രാത്യന്" എന്നു വിളിക്കുന്നു.
- ദാവിദിന്റെ പിതാമഹനായിരുന്ന ബോവസ് ഒരു എഫ്രാത്യന് ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ബെത്ലെഹേം, ബോവസ്, കാലേബ്, ദാവീദ്,ഇസ്രയേല്)

## ദൈവവചന സൂചികകള്:

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H672, H673

# എരിവുകാരന് ആയ ശിമോന്

## വസ്തുതകള്:

യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരില് ഒരുവന് ആയിരുന്നു എരിവുകാരന്ആയ ശീമോന്.

- ശീമോനെ കുറിച്ച് യേശുവിന്റെ ശിഷ്യന്മാരുടെ പട്ടികയില് മൂന്നു പ്രാവശ്യം മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ, എന്നാല് അവനെ കുറിച്ച് വളരെ വിരളമായി മാത്രമേ അറിയുവാന് കഴിയുന്നുള്ളൂ.
- യേശു സ്വര്ഗ്ഗത്തിലേക്ക് മടങ്ങി പോയതിനു ശേഷം യെരുശലേമില് പ്രാര്ത്ഥനയ്ക്കായി കൂടി വന്നിരുന്ന പതിനൊന്നു പേരുടെ കൂട്ടത്തില്ശിമിയോനും ഒരംഗം ആയിരുന്നു.
- “എരിവുകാരന്” എന്ന പദം അര്ത്ഥം നല്കുന്നത് ശീമോന് ഒരു വേള “എരിവുകാര്” എന്ന് അറിയപ്പെട്ടിരുന്ന, മോശെയുടെ ന്യായപ്രമാണത്തെ മുറുകെ പിടിച്ചിരുന്നവരും അതേ സമയം റോമന്ഭരണകൂടത്തെ ശക്തമായി എതിര്ത്തു വന്നിരുന്നതുമായ യഹൂദ മത പക്ഷം ആയിരുന്നു.
- അല്ലെങ്കില്, “എരിവുകാര്” എന്നത് അര്ത്ഥം നല്കുന്നത് “തീഷ്ണത ഉള്ള ഒരുവന്” എന്ന് ശീമോന്റെ മതപരമായ തീഷ്ണതയെ സൂചിപ്പിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അപ്പോസ്തലന്, ശിഷ്യന്, പന്ത്രണ്ടു പേര്)

## ദൈവ വചന സൂചികകള്:

- അപ്പോ.01:12-14
- ലൂക്കോസ് 06:14-15
- മര്ക്കോസ് 03:17-19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2208, G2581, G4613

# എലിസബെത്ത്

## വസ്തുതകള്:

യോഹന്നാന് സ്നാപകന്റെ മാതാവായിരുന്നു എലിസബെത്ത്. അവളുടെ ഭര്ത്താവിന്റെ പേര് സെഖര്യാവ് എന്നായിരുന്നു.

- സെഖര്യാവിനും എലിസബെത്തിനും ഒരിക്കലും മക്കള് ഉണ്ടാകുക ഇല്ലായിരുന്നു, എന്നാല് അവരുടെ വാര്ധക്യത്തില്, അവര്ക്ക് ഒരു മകന് ജനിക്കുമെന്ന് ദൈവം സെഖര്യാവിനോടും എലിസബെത്തിനോടും വാഗ്ദത്തം ചെയ്തിരുന്നു.
- ദൈവം തന്റെ വാഗ്ദത്തം പാലിക്കുകയും, പെട്ടെന്ന് തന്നെ സെഖര്യാവും എലിസബത്തും ഗര്ഭം ധരിക്കുവാന്പ്രാപ്തരാകുകയും, അവള് ഒരു മകന് ജന്മം നല്കുകയും ചെയ്തു. അവര് ശിശുവിന് യോഹന്നാന് എന്നു പേരിട്ടു.
- യേശുവിന്റെ അമ്മയായ മറിയയ്ക്ക് എലിസബത്ത് ഒരു ബന്ധു കൂടിയായിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:(സ്നാപക)യോഹന്നാന്, സെഖര്യാവ്)

## ദൈവവചന സൂചികകള്:

- ലൂക്കോസ് 01:5-7
- ലൂക്കോസ് 01:24-25
- ലൂക്കോസ് 01:39-41

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G1665

# എലീശ

## വസ്തുതകള്:

ഇസ്രായേലിലെ പല രാജാക്കന്മാരുടെ ഭരണകാലത്ത് ഇസ്രായേലില് ഉണ്ടായിരുന്ന ഒരു പ്രവാചകന്ആയിരുന്നു എലീശ: ആഹാബ്, അഹസ്യാവ്, യെഹോരാം, യേഹു, യെഹോവാഹാസ്, യെഹോവാശ്.

- ദൈവം പ്രവാചകനായ എലിയാവിനോട് എലീശയെ പ്രവാചകനായി അഭിഷേകം ചെയ്യുവാന് പറഞ്ഞു.
- ദൈവം എലിയാവിനെ അഗ്നി മയമായ രഥത്തില് സ്വര്ഗ്ഗത്തിലേക്ക് എടുത്തപ്പോള്, ഇസ്രായല് രാജ്യത്തിന്മേല് ദൈവത്തിന്റെ പ്രവാചകനായി തീര്ന്നു.
- സിറിയയില് നിന്നുള്ള കുഷ്ഠരോഗിയായ മനുഷ്യനെ സൌഖ്യമാക്കി യതും, ശൂനേംകാരി സ്ത്രീയുടെ മകനെ മരണത്തില് നിന്ന് ഉയിര്പ്പിച്ചതും ഉള്പ്പെടെ നിരവധി അത്ഭുതങ്ങള് എലീശ ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:എലീശ, നയമാന്,പ്രവാചകന്)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്:15-16
- 2 രാജാക്കന്മാര്:15-17
- 2 രാജാക്കന്മാര്:8-10
- ലൂക്കോസ് 04:25-27

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H477

# എലെയാസര്

## വസ്തുതകള്:

എലെയാസര് എന്ന പേര് ദൈവവചനത്തില് പലര്ക്കും ഉണ്ട്.

- മോശെയുടെ സഹോദരനായ അഹരോന്റെ മൂന്നാമത്തെ പുത്രനാണ് എലെയാസര്. അഹരോന്മരിച്ചശേഷം, എലെയാസര് ഇസ്രായേലിലെ മഹാപുരോഹിതന് ആയിത്തീര്ന്നു.
- ദാവീദിന്റെ "ശക്തന്മാരായ യോദ്ധാക്കളില്" ഒരുവന്റെ പേരും എലെയാസര് എന്നായിരുന്നു.
- യേശുവിന്റെ പൂര്വ്വീകരില് രുവന് വേറൊരു എലെയാസര് ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:അഹരോന്, മഹാപുരോഹിതന്,ദാവീദ്, ശക്തനായ)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:1-3
- ന്യായാധിപന്മാര്20:27-28
- സംഖ്യാപുസ്തകം 26:1-2
- സംഖ്യാപുസ്തകം 34:16-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H499, G1648

# എല്യാക്കിം

## വസ്തുതകള്:

എല്യാക്കിം എന്നു പഴയ നിയമത്തില് രണ്ടു പേര്ക്ക് പേരുണ്ട്.

- ഹിസ്കിയാവ് രാജാവിന്റെ കൊട്ടാരത്തിന്റെ മേല്വിചാരകനായി എല്യാക്കിം എന്നു പേരുള്ള ഒരു മനുഷ്യന് ഉണ്ടായിരുന്നു.
- വേറൊരു മനുഷ്യന് എല്യാക്കിം എന്നു പേരുള്ളവനായി യോശിയാവ് രാജാവിന്റെ മകനായി ഉണ്ടായിരുന്നു. മിസ്രയീമിലെ ഫറവോന് നേഖോ മൂലം താന് യഹൂദ രാജാവായി.
- എല്യാക്കിമിന്റെ പേര് യെഹോയാക്കിം എന്നു നെഖോ മാറ്റി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക:ഹിസ്കീയാവ്, യെഹോയാക്കിം, യോശിയാവ് ,ഫറവോന്)

## ദൈവവചന സൂചികകള്:

- 2 രാജാക്കന്മാര്:16-18
- 2 രാജാക്കന്മാര്:26-27
- 2 രാജാക്കന്മാര്:36-37
- 2 രാജാക്കന്മാര്:34-35

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H471, G1662

# എശാവ്

## വസ്തുതകള്:

യിസഹാക്കിന്റെയും റിബേക്കയുടെയും ഇരട്ട മക്കളില് ഒരുവന്ആയിരുന്നു എശാവ്. അവനായിരുന്നു അവര്ക്ക് ജനിച്ച ആദ്യജാതന്. തന്റെ ഇരട്ട സഹോദരന് യാക്കോബ് ആയിരുന്നു.

- ഒരു പാത്രം ഭക്ഷണത്തിനു വേണ്ടി എശാവ് തന്റെ ജന്മാവകാശത്തെ തന്റെ സഹോദരന് വിറ്റു കളഞ്ഞു.
- ഏശാവ് ആദ്യം ജനിച്ചവന്ആയതിനാല് തന്റെ പിതാവായ യിസഹാക്ക് അവനു പ്രത്യേക അനുഗ്രഹം നല്കണമെന്നു ചിന്തിച്ചു. എന്നാല് യാക്കോബ് പകരമായി ആ അനുഗ്രഹം തനിക്കു ലഭിക്കേണ്ടതിനു യിസഹാക്കിനെ പറ്റിച്ചു. ആദ്യം എശാവ് കോപിഷ്ടനായി യാക്കോബിനെ കൊല്ലുവാന് തീരുമാനിച്ചു, എങ്കിലും പിന്നീട് താന് അവനെ ക്ഷമിച്ചു.
- ഏശാവിനു ധാരാളം മക്കളും കൊച്ചുമക്കളും ഉണ്ടായിരുന്നു, ഈ തലമുറകള് എല്ലാം ചേര്ന്നു വലിയ ജനവിഭാഗമായി കനാന്ദേശത്തു പാര്ക്കുന്ന വലിയ ജാതിയായി തീര്ന്നു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ഏദോം, യിസഹാക്ക്, യാക്കോബ്, റിബേക്ക)

## ദൈവവചന സൂചികകള്:

- ഉല്പ്പത്തി 25:24-25
- ഉല്പ്പത്തി 25:29-30
- ഉല്പ്പത്തി 26:34-35
- ഉല്പ്പത്തി 27:11-12
- ഉല്പ്പത്തി 32:3-5
- എബ്രായര്:14-17
- റോമര്:10-13

## ദൈവവചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **06:07** റിബേക്കയുടെ കുഞ്ഞുങ്ങള് ജനിച്ചപ്പോള്, മൂത്തമകന് ചുവപ്പ് നിറവും രോമവും ഉള്ളവനായി പുറത്തു വന്നു, അവനു **എശാവ്** എന്നു അവര് പേരിട്ടു.
- **07:02** അതുകൊണ്ട് **എശാവ്** ജ്യേഷ്ഠപുത്രന് എന്ന നിലയി ലുള്ള അവകാശങ്ങളെ യാക്കോബിന് നല്കി.
- **07:04** യിസഹാക്കിനു ആടിന്റെ രോമവും വസ്ത്രങ്ങളുടെ ഗന്ധവും അനുഭവമായപ്പോള്, അത് **ഏശാവ്** ആണെന്ന് കരുതി അവനെ അനുഗ്രഹിച്ചു.
- **07:05** **ഏശാവ്** യാക്കോബിനെ വെറുത്തു, എന്തുകൊണ്ടെ ന്നാല് യാക്കോബ് ജ്യേഷ്ഠപുത്രന് എന്ന തന്റെ അവകാശവും തന്റെ അനുഗ്രഹങ്ങളും കവര്ന്നെടുത്തു.
- **07:10** എന്നാല് **ഏശാവ്** മുന്കൂട്ടിത്തന്നെ യാക്കോബിനോടു ക്ഷമിച്ചു, അങ്ങനെ വീണ്ടും പരസ്പരം കണ്ടു മുട്ടുന്നതില് സന്തോഷിക്കുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6215, G2269

# എസ്ഥേര്

## വസ്തുതകള്:

യഹൂദന്മാരുടെ ബാബിലോന്യന് പ്രവാസ സമയത്ത് പേര്ഷ്യന് സാമ്രാജ്യത്തിന്റെ രാജ്ഞിയായി തീര്ന്ന ഒരു യഹൂദ സ്ത്രീ ആയിരുന്നു എസ്ഥേര്.

- എസ്ഥേറിന്റെ പുസ്തകം എപ്രകാരമാണ് എസ്ഥേര് പേര്ഷ്യന് രാജാവായ അഹശ്വരേശിന്റെ ഭാര്യയായത് എന്നും തന്റെ ജനത്തെ രക്ഷിക്കുവാന് ദൈവം അവളെ എപ്രകാരമാണ് ഉപയോഗിച്ചതെന്നും പറയുന്നു.
- എസ്ഥേര് പ്രായം ചെന്ന ദൈവഭക്തനായ തന്റെ ബന്ധു, മോര്ദ്ദേഖായി മൂലം വളര്ത്തപ്പെട്ട ഒരു അനാഥ ആയിരുന്നു.
- തന്റെ വളര്ത്തു പിതാവിനോടുള്ള തന്റെ അനുസരണം താന് ദൈവത്തെ അനുസരിക്കുന്നതിനു സഹായകരമായി തീര്ന്നു.
- എസ്ഥേര് ദൈവത്തെ അനുസരിക്കുകയും തന്റെ ജനമായ യഹൂദന്മാരെ രക്ഷിക്കുന്നതിനായി തന്റെ ജീവന് പണയപ്പെടുത്തുവാനും അവള് ഒരുങ്ങി.
- എസ്ഥേറിന്റെ കഥ ചരിത്രത്തില് ദൈവത്തിന്റെ പരമാധികാര നിയന്ത്രണം വിവരിക്കുന്നതായി, പ്രത്യേകാല് ദൈവം തന്നെ അനുസരിക്കുന്നവരില് കൂടെ പ്രവര്ത്തിക്കുകയും തന്റെ ജനത്തെ പരിരക്ഷിക്കുകയും ചെയ്യുന്നത് വിവരിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: അഹശ്വരേശ്, ബാബിലോണ്,മോര്ദ്ദേഖായി,പേര്ഷ്യ)

## ദൈവവചന സൂചികകള്:

- എസ്ഥേര്:7
- എസ്ഥേര്:15-16
- എസ്ഥേര്:1-2
- എസ്ഥേര്:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H635

# എസ്രാ

## വസ്തുതകള്:

എസ്രാ ഒരു ഇസ്രയേല്യ പുരോഹിതനും യഹൂദ ന്യായപ്രമാണത്തില് ശാസ്ത്രിയും ഇസ്രയേല് ജനം 70 വര്ഷം പ്രവാസത്തില് കഴിഞ്ഞശേഷം യെരുശലേമിലേക്ക് മടങ്ങിവന്ന ചരിത്രം രേഖപ്പെടുത്തിയ വ്യക്തിയും ആണ്.

- എസ്രാ ഇസ്രായേലിന്റെ ഈ ചരിത്രം ദൈവവചനത്തില് എസ്രയുടെ പുസ്തകത്തില് രേഖപ്പെടുത്തിയിരിക്കുന്നു. നെഹമ്യാവിന്റെ പുസ്തകവും താന് തന്നെയായിരിക്കാം എഴുതിയത്, എന്തെന്നാല്ഈ രണ്ടു പുസ്തകങ്ങളും യഥാര്ത്ഥത്തില് ഒരു പുസ്തകമായിരുന്നു.
- എസ്രാ യെരുശലെമിലേക്ക് മടങ്ങി വന്നപ്പോള് താന്ന്യായപ്രമാണത്തെ പുനരുദ്ധാരണം ചെയ്തു, എന്തെന്നാല് ഇസ്രയേല്യര് ശബ്ബത്ത് നിയമങ്ങള് പാലിക്കുന്നത് നിര്ത്തലാക്കുകയും ജാതീയ മതാചാരങ്ങള് പിന്തുടര്ന്നു വന്ന സ്ത്രീകളെ മിശ്രവിവാഹം കഴിക്കുകയും ചെയ്തു. ബാബിലോന്യര് യെരുശലേം പിടിച്ചടക്കിയപ്പോള് നശിപ്പിച്ചതായ ദേവാ ലയം പുനര്നിര്മ്മാണം നടത്തുന്നതിനു എസ്രാ സഹായിക്കുകയും ചെയ്തു.
- പഴയനിയമത്തില് എസ്രാ എന്നു പേരുള്ള വേറെയും രണ്ടു വ്യക്തികള് ഉണ്ട്.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ബാബിലോണ്,പ്രവാസം, ന്യായപ്രമാണം, നെഹെമ്യാവ്, ദേവാലയം)

## ദൈവവചന സൂചികകള്:

- എസ്രാ 07:6-7
- നെഹെമ്യാവ് 08:1-3
- നെഹെമ്യാവ് 12:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H250, H5830, H5831, H5834

# ഏദോം, എദോമ്യന്, എദോമ്യര്, ഇദൂമ്യ

## വസ്തുതകള്:

എശാവിന്റെ മറ്റൊരു പേരാണ് ഏദോം എന്നത്. താന് ജീവിച്ചു വന്ന മേഖല "എദോം" എന്നും പില്ക്കാലത്ത് "ഇദൂമ്യ" എന്നും അറിയപ്പെടുവാനും ഇടയായി. "എദോമ്യര്" അവന്റെ സന്തതിയാകുന്നു.

- കാലാന്തരത്തില് ഏദോം തന്റെ സ്ഥാനങ്ങളെ മാറ്റി ക്കൊണ്ടിരുന്നു. ഇതു ഇസ്രയേലിന് തെക്കായി സ്ഥിതി ചെയ്യുകയും ക്രമാനുഗതമായി യഹൂദയുടെ തെക്കു വരെയും വ്യാപിക്കുകയും ചെയ്തിരുന്നു.
- പുതിയ നിയമ കാലഘട്ടത്തില്, യഹൂദയുടെ തെക്കുള്ള പാതിയോളം എദോമിനാല് വലയം ചെയ്യപ്പെട്ടിരുന്നു. ഗ്രീക്കുകാര് ഇതിനെ "ഇദൂമ്യ" എന്നു വിളിച്ചിരുന്നു.
- "ഏദോം" എന്ന പേരിനു "ചുവപ്പ്" എന്നു അര്ത്ഥമുണ്ട്, ഇതു ഏശാവ് ജനിച്ചപ്പോള് താന് ചുവന്ന രോമം ഉള്ളവന്ആയിരുന്നു എന്ന യാഥാര്ത്ഥ്യത്തെ സൂചിപ്പിക്കുന്നതാകാം. അല്ലെങ്കില് ഇതു ഏശാവ് തന്റെ ജന്മാവകാശത്തെ ചുവന്ന പയറു പായസത്തിനു വിറ്റതിനെ സൂചിപ്പിക്കുന്നതു ആകാം.
- പഴയ നിയമത്തില്, ഏദോം എന്ന രാജ്യം ഇസ്രായേലിന്റെ ശത്രു ആയിട്ടാണ് സാധാരണയായി സൂചിപ്പിച്ചിട്ടുള്ളത്. ഒബദ്യാവിന്റെ പുസ്തകം മുഴുവനും എദോമിന്റെ നാശത്തെക്കുറിച്ചു ള്ളതാണ്. ഇതര പഴയനിയമ പ്രവാചകന്മാരും എദോമിനെ കുറിച്ച് വിരുദ്ധമായ പ്രവചനങ്ങളാണ് സംസാരിച്ചിട്ടുള്ളത്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: പ്രതിയോഗി, ജന്മാവകാശം, എശാവ്, ഒബദ്യാവ്, പ്രവാചകന്)

## ദൈവവചന സൂചികകള്:

- ഉല്പ്പത്തി 25:29-30
- ഉല്പ്പത്തി 32:3-5
- ഉല്പ്പത്തി 36:1-3
- യെശ്ശയ്യാവ് 11:14-15
- യോശുവ 11:16-17
- ഓബദ്യാവ് 01:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H123, H130, H8165, G2401

# ഏലാം, ഏലാമ്യര്

## വസ്തുതകള്:

ഏലാം ശേമിന്റെ ഒരു മകനും നോഹയുടെ ഒരു പൌത്രനും ആയിരുന്നു.

- എലാമിന്റെ സന്തതികളെ "എലാമ്യര്" എന്നു വിളിച്ചിരുന്നു, അവര് ജീവിച്ചു വന്ന പ്രദേശത്തെ "ഏലാം" എന്നു വിളിച്ചിരുന്നു.
- ഏലാം പ്രദേശം ഇപ്പോഴത്തേ പടിഞ്ഞാറേ ഇറാന് സ്ഥിതി ചെയ്യുന്ന ടൈഗ്രിസ് നദിയുടെ തെക്കുകിഴക്കന് പ്രദേശത്താണ് സ്ഥിതി ചെയ്തി രുന്നത്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:നോഹ, ശേം)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:17-19
- അപ്പോ.പ്രവര്ത്തികള്02:8-11
- എസ്രാ 08:4-7
- യെശ്ശയ്യാവ് 22:5-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5867, H5962, G1639

# ഏലിയാവ്

## വസ്തുതകള്:

യഹോവയുടെ വളരെ പ്രധാനപ്പെട്ട പ്രവാചകന്മാരില് ഒരാളായിരുന്നു ഏലിയാവ്. ആഹാബ് രാജാവു ഉള്പ്പെടെ ഇസ്രയേലിലെയും യഹൂദയിലെയും പല രാജാക്കന്മാരുടെയും കാലത്താണ് ഏലിയാവ് പ്രവചിച്ചു വന്നിരുന്നത്.

- മരിച്ചുപോയ ഒരു ബാലനെ ഉയിര്പ്പിച്ചത് ഉള്പ്പെടെ നിരവധി അത്ഭുതങ്ങള് ദൈവം ഏലിയാവ് മൂലം നടത്തി.
- ബാല്എന്ന അസത്യദൈവത്തെ ആരാധിക്കുന്നതിനാല് ഏലിയാവ് ആഹാബ് രാജാവിനെ ശാസിച്ചു.
- യഹോവയാണ് ഏക സത്യ ദൈവം എന്നു തെളിയിക്കുന്ന പരീക്ഷണ ത്തിനായി ബാലിന്റെ പ്രവാചകന്മാരെ താന് വെല്ലുവിളിച്ചിരുന്നു.
- എലിയാവിന്റെ ജീവിത അവസാനത്തില്, താന് ജീവനോടെ ഇരിക്കുമ്പോള്തന്നെ ദൈവം അത്ഭുതകരമായി സ്വര്ഗ്ഗത്തിലേക്ക് എടുത്തു.
- നൂറുകണക്കിനു വര്ഷങ്ങള്ക്കു ശേഷം, മൊശെയോടൊപ്പം ഏലിയാവും മലമുകളില് പ്രത്യക്ഷനായി, അവര് ഒരുമിച്ചു യേശുവിന്റെ സമാഗതമായ കഷ്ടതകളെയും യെരുശലേമില് വെച്ചുള്ള തന്റെ മരണത്തെക്കുറിച്ചും സംസാരിച്ചു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: അത്ഭുതം, പ്രവാചകന്, യഹോവ)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്:1
- 2 രാജാക്കന്മാര്:3-4
- യാക്കോബ് 05:16-18
- യോഹന്നാന്:19-21
- യോഹന്നാന്:24-25
- മര്ക്കോസ് 09:4-6

## ദൈവവചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **19:02** ആഹാബ് ഇസ്രയേല് രാജ്യത്തെ രാജാവായിരിക്കുമ്പോള് **ഏലിയാവ്** ഒരു പ്രവാചകനായിരുന്നു.
- **19:02 ഏലിയാവ്** ആഹാബിനോടു പറഞ്ഞു, "ഞാന്പറയു വോളം ഇസ്രയേല് രാജ്യത്തെങ്ങും മഴയോ മഞ്ഞോ ഉണ്ടായിരിക്കയില്ല."
- **19:03** അവനെ കൊല്ലുവാന് ആവശ്യപ്പെടുന്ന ആഹാബില് നിന്നും മറഞ്ഞു ഇരിക്കുവാനായി മരുഭൂമിയിലുള്ള നീരുറവയുടെ അടുക്കല് ചെല്ലുവാന് ദൈവം **എലിയാവിനോട്** പറഞ്ഞു. ഓരോ പ്രഭാതത്തിലും ഓരോ സായാഹ്നത്തിലും, പറവകള് അവനു അപ്പവും ഇറച്ചിയും കൊണ്ടുവന്നു നല്കുമായിരുന്നു.
- **19:04** എന്നാല് അവര് **എലിയാവിനെ** പരിപാലിച്ചു, ദൈവം അവര്ക്ക് വേണ്ടതൊക്കെ നല്കി, അതിനാല് അവരുടെ മാവ് സൂക്ഷിക്കുന്ന പാത്രവും എണ്ണക്കുപ്പിയും ഒരിക്കലും ശൂന്യമായി തീര്ന്നില്ല.
- **19:05** മൂന്നര വര്ഷങ്ങള്ക്കു ശേഷം ദൈവം **എലിയാവിനോട്** പറഞ്ഞത്, ഇസ്രയേല് രാജ്യത്തിലേക്ക് മടങ്ങിച്ചെന്നു താന് വീണ്ടും മഴ അയക്കുവാന് പോകുന്നതിനാല് ആഹാബിനോടു സംസാരിക്കണമെന്ന് പറഞ്ഞു.
- **19:07** അനന്തരം **ഏലിയാവ്** ബാലിന്റെ പ്രവാചകന്മാരോട് പറഞ്ഞത്, "ഒരു കാളയെ കൊന്നു ഒരു യാഗമായി ഒരുക്കുക, എന്നാല് അതിനു തീ കൊളുത്തരുത്."
- **19:12** അനന്തരം **ഏലിയാവ്** പറഞ്ഞത്, "ബാലിന്റെ പ്രവാചകന്മാര് ഒരുവന് പോലും രക്ഷപ്പെടരുത്!"
- **36:03** അനന്തരം മോശെയും പ്രവാചകനായ **എലിയാവും** പ്രത്യക്ഷരായി. ഇതിനു നൂറുകണക്കിന് വര്ഷങ്ങള്ക്കു മുന്പു ജീവിച്ചിരുന്ന മനുഷ്യരാ യിരുന്നു ഇവര്. യെരുശലേമില് ഉടനെ സംഭവിക്കുവാന് പോകുന്ന മരണത്തെക്കുറിച്ച് യേശുവിനോട് അവര് സംസാരിച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H452, G2243

# ഒബദ്യാവ്

## വസ്തുതകള്:

ഏശാവിന്റെ സന്തതികള്ആയിരുന്ന എദോമിന്റെ ജനങ്ങള്ക്കെതിരെ പ്രവചിച്ചതായ ഒരു പഴയ നിയമ പ്രവാചകന്ആയിരുന്നു ഒബദ്യാവ്. പഴയ നിയമത്തില്ഒബദ്യാവു എന്ന് പേരുള്ള വേറെയും നിരവധി ആളുകള്ഉണ്ടായിരുന്നു.

- പഴയ നിയമത്തിലെ ഏറ്റവും ചെറിയ പുസ്തകമായ ഒബദ്യാവിന്റെ പുസ്തകം ദൈവത്തില്നിന്നും തനിക്കു ഒരു ദര്ശനത്തില്കൂടെ ലഭിച്ചതായ പ്രവചനത്തെ കുറിച്ച് പറയുന്നു.
- ഒബദ്യാവ് ജീവിച്ചിരുന്നതും പ്രവചിച്ചിരുന്നതും ആയ കാലം ഏതെന്നു വ്യക്തമല്ല. യെഹോരാം, അഹസ്യാവ്, യോവാശ്, അതല്യാ തുടങ്ങിയവര്യഹൂദ ഭരിച്ചിരുന്ന കാലഘട്ടത്തില്ആയിരിക്കാം ഇത് നടന്നിരുന്നത്. ഈ കാലഘട്ടത്തില്തന്നെ ആയിരിക്കും പ്രവാചകന്മാരായ ദാനിയേല്, യെഹസ്കേല്, യിരെമ്യാവ് പ്രവാചകന്മാരും പ്രവചിച്ചു വന്നിരുന്നത്.
- ഒബദ്യാവ് ഈ കാലഘട്ടത്തിന്റെ അന്ത്യ സമയത്ത്, സിദെക്കിയാവ് രാജാവിന്റെയും ബാബിലോന്യന്പ്രവാസത്തിന്റെയും കാലത്ത് ആയിരിക്കാം ജീവിച്ചിരുന്നത്.
- ഒബദ്യാവ് എന്ന് പേരുള്ള ആളുകളില്ഉള്പ്പെട്ടിരുന്നവര്ശൌലിന്റെ സന്തതിയില്ഒരുവന്, ദാവീദിന്റെ ആളുകളില്ഒരുവനായ ഒരു ഗാദ്യന്, ആഹാബ് രാജാവിന്റെ അരമന കാര്യസ്ഥനായ ഒരുവന്, യെഹോശാഫാത്ത് രാജാവിന്റെ ഒരു ഉദ്യോഗസ്ഥന്, യോശിയാവ് രാജാവിന്റെ കാലത്തില്ദേവാലയ പുനര്:നിര്മ്മാണത്തില്സഹായി ആയിരുന്ന ഒരുവന്, നെഹെമ്യാവിന്റെ കാലത്തില്വാതില്കാവല്ക്കാരനായിരുന്ന ഒരു ലേവ്യന്ആദിയായവര്ആയിരുന്നു.
- ഒബദ്യാവിന്റെ പുസ്തകം എഴുതിയവര്ഇവരില്ആരെങ്കിലും ഒരുവന്ആയിരിക്കുവാനും സാധ്യത ഉണ്ട്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുക)

(കാണുക: ആഹാബ്, ബാബിലോണ്, ദാവീദ്, ഏദോം, എശാവ്, യെഹസ്കേല്, ദാനിയേല്, ഗാദ്, യെഹോശാഫാത്ത്, യോശിയാവ്, ലേവ്യന്, ശൌല്, സിദെക്കിയാവ്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്03:19-21
- 1 ദിനവൃത്താന്തങ്ങള്08:38-40
- എസ്രാ 08:8-11
- ഒബദ്യാവ് 01:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5662

# ഒമ്രി

## വസ്തുതകള്:

ഒമ്രി ഇസ്രയേലിന്റെ ആറാമത്തെ രാജാവായി തീര്ന്ന ഒരു സൈന്യാധിപന്ആയിരുന്നു.

- തിര്സാ പട്ടണത്തിലരാജാവായ ഒമ്രി 12 വര്ഷങ്ങള്ഭരണം നടത്തി.
- തനിക്കു മുന്പ് ഉണ്ടായിരുന്ന എല്ലാ രാജാക്കന്മാരെയും പോലെ, ഒമ്രിയും ഒരു ദുഷ്ടനായ രാജാവായി ഇസ്രയേല്ജനത്തെ ഏറ്റവു കൂടുതലവിഗ്രഹ ആരാധനയിലേക്ക് വഴി നടത്തി.
- ഒമ്രി ആഹാബ് രാജാവിന്റെ പിതാവും ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ആഹാബ്, ഇസ്രയേല്, യെരോബെയാം, തിര്സാ)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്22:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6018

# ഒലിവു മല

## നിര്വചനം:

ഒലിവു മല എന്നത് യെരുശലേം പട്ടണത്തിന്റെ അടുത്ത് കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു മലയോ വലിയ കുന്നോ ആകുന്നു. ഇത് ഏകദേശം 787 മീറ്റര്ഉയരം ഉള്ളതാണ്.

- പഴയ നിയമത്തില്, ഈ മലയെ "യെരുശലെമിന് കിഴക്കുള്ള മല" എന്ന് ചില സമയങ്ങളില്സൂചിപ്പിക്കാറുണ്ട്.
- പുതിയ നിയമം നിരവധി സന്ദര്ഭങ്ങളില്യേശുവും ശിഷ്യന്മാരും പ്രാര്ത്ഥനയ്ക്കായും വിശ്രമത്തിനായും ഒലിവു മലയില്പോയതായി രേഖപ്പെടുത്തിയിരിക്കുന്നു.
- യേശു ബന്ധനസ്ഥന്ആയ ഗെത്സെമെനെ തോട്ടം, ഒലിവു മലയില്ആണ് സ്ഥിതി ചെയ്യുന്നത്.
- ഇത് "ഒലിവു മല" അല്ലെങ്കില്"ഒലിവു മര മല" എന്നും പരിഭാഷ ചെയ്യാം.

(കാണുക: പേരുകള്പരിഭാഷ ചെയ്യുക)

(കാണുക: ഗെത്സെമെനെ, ഒലിവ്)

## ദൈവ വചന സൂചികകള്:

- ലൂക്കോസ് 19:29-31
- ലൂക്കോസ് 19:37-38
- മര്ക്കോസ് 13:3-4
- മത്തായി 21:1-3
- മത്തായി 24:3-5
- മത്തായി 26:30-32

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2022, H2132, G3735, G1636

# കടല്, വന്കടല്, പടിഞ്ഞാറന്കടല്, മെഡിറ്ററേനിയന്കടല്

## വസ്തുതകള്:

ദൈവ വചനത്തില്, “മഹാ സമുദ്രം”അല്ലെങ്കില്“പടിഞ്ഞാറന്കടല്” എന്ന് സൂചിപ്പിച്ചിരിക്കുന്നത് ഇപ്പോള്“മെഡിറ്ററേനിയന്കടല്” എന്ന് വിളിക്കുന്നതായ, ദൈവവചന കാലഘട്ടത്തിലെ ജനതയ്ക്ക് അന്ന് അറിയാവുന്നതായ ഏറ്റവും വലിയ ജലാശയം എന്ന് നമുക്ക് സൂചിപ്പിക്കാവുന്നത് ആണ്.

- മെഡിറ്ററേനിയന്കടല്അതിര്പങ്കിടുന്നതായിട്ടുള്ളത്: ഇസ്രയേല്(കിഴക്ക്), യൂറോപ്പ് (വടക്കും പടിഞ്ഞാറും), ആഫ്രിക്ക (തെക്ക്).
- ഈ കടല്പല രാജ്യങ്ങളുമായി അതിര്ത്തി പങ്കിടുന്നതാകയാല്പുരാതന കാലങ്ങളില്വാണിജ്യത്തിനും യാത്രയ്ക്കും ഇതിനു വളരെ പ്രാധാന്യം ഉണ്ടായിരുന്നു. ഈ കടലിന്റെ അതിരുകളില്ഉണ്ടായിരുന്ന പട്ടണങ്ങളും ജനവിഭാഗങ്ങളും വളരെ സമ്പല്സമൃദ്ധി ഉള്ളവര്ആയിരുന്നു എന്തുകൊണ്ടെന്നാല്മറ്റു രാജ്യങ്ങളില്നിന്നും വളരെ എളുപ്പത്തില്പടകു മുഖാന്തിരം ചരക്കുകള്ഇവിടെ കൊണ്ട് വരുവാന്സാധിക്കുമായിരുന്നു.
- ഈ വന്കടല്ഇസ്രയേലിന്റെ പടിഞ്ഞാറേ ഭാഗത്ത് സ്ഥിതി ചെയ്തിരുന്നതിനാല്, ഇതിനെ ചില സന്ദര്ഭങ്ങളില്“പടിഞ്ഞാറന്കടല്” എന്ന് സൂചിപ്പിക്കുമായിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുക)

(കാണുക: ഇസ്രയേല്, ജന വിഭാഗം, സമൃദ്ധി ആയിരിക്കുക)

## ദൈവ വചന സൂചികകള്:

- യെഹസ്കേല്47:15-17
- യെഹസ്കേല്47:18-20
- യോശുവ 15:3-4
- സംഖ്യാപുസ്തകം 13:27-29

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H314, H1419, H3220

# കനാന്, കനാന്യന്, കനാന്യര്

## വസ്തുതകള്:

നോഹയുടെ പുത്രന്മാരില്ഒരുവനായിരുന്ന, ഹാമിന്റെ മകനായിരുന്നു കനാന്. കനാന്യര്കനാന്റെ സന്തതിയായിരുന്നു.

- "കനാന്" അല്ലെങ്കില്"കനാന്യര്" എന്ന പദം യോര്ദാന്നദിയുടെയും മദ്ധ്യധരണിയാഴിയുടെയും ഇടയിലുള്ള ഭൂപ്രദേശം ആണെന്ന് സൂചിപ്പിക്കുന്നു. ഇതു തെക്കു മിസ്രയീമിന്റെ അതിര് വരെയും വടക്കു സിറിയയുടെ അതിര്വരെയും വ്യാപിച്ചുകിടക്കുന്നു.
- ഈ ഭൂപ്രദേശത്തില് കനാന്യരും, അതുപോലുള്ള മറ്റു പല ജനവിഭാഗങ്ങളും വസിച്ചുവന്നിരുന്നു.
- ദൈവം അബ്രഹാമിനും അവന്റെ സന്തതിയായ ഇസ്രയേല്യര്ക്കും കനാന്ദേശം നല്കുമെന്ന് വാഗ്ദത്തം ചെയ്തിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ഹാം, വാഗ്ദത്ത ഭൂമി)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്13:19-20
- പുറപ്പാട് 03:7-8
- ഉല്പ്പത്തി 09:18-19
- ഉല്പ്പത്തി 10:19-20
- ഉല്പ്പത്തി 13:5-7
- ഉല്പ്പത്തി 47:1-2

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്

- **04:05** അവന് (അബ്രാം) തന്റെ ഭാര്യയായ സാറായിയെയും തന്റെ എല്ലാ ഭൃത്യന്മാരെയും തനിക്കുള്ള സകലത്തെയും കൊണ്ട് ദൈവം തന്നെ കാണിച്ച **കനാന്** ദേശത്തേക്ക് പോയി.
- **04:06** അബ്രഹാം **കനാന്** ദേശത്ത് എത്തിയപ്പോള്, ദൈവം പറഞ്ഞു, "നിനക്ക് ചുറ്റും നോക്കൂ.

ഞാന്നിനക്കും നിന്റെ സന്തതിക്കും നിനക്കു കാണുവാന്കഴിയുന്ന എല്ലാ ദേശവും ഒരു അവകാശമായി നല്കും."

- **04:09** "ഞാന് **കനാന്** ദേശത്തെ നിന്റെ സന്തതിക്കു നല്കിയിരിക്കുന്നു."
- **05:03** "ഞാന് നിനക്കും നിന്റെ സന്തതിക്കും **കനാന്** ദേശം അവകാശമായി നല്കുകയും ഞാന്എന്നെന്നേക്കും അവരുടെ ദൈവമായിരിക്കുകയും ചെയ്യും."
- **07:08** **കനാനിലെ** തന്റെ ഭവനത്തില്നിന്നകന്നു ഇരുപതു വര്ഷങ്ങള്ക്കു ശേഷം യാക്കോബ് തന്റെ കുടുംബം, തന്റെ ഭൃത്യന്മാര്, മറ്റും തന്റെ മൃഗ സമ്പത്തുകളോടുകൂടെ മടങ്ങിവന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3667, H3669, G2581, G5478

# കഫര്ന്നഹൂം

## വസ്തുതകള്:

കഫര്ന്നഹൂം ഗലീലക്കടലിന്റെ വടക്കു പടിഞ്ഞാറന്തീരത്തുള്ള ഒരു മുക്കുവ ഗ്രാമമായിരുന്നു.

- താന്ഗലീലയില്പ്രബോധിപ്പിച്ചു കൊണ്ടിരിക്കുമ്പോഴെല്ലാം യേശു കഫര്ന്നഹൂമില് വസിച്ചുകൊണ്ടിരുന്നു.
- തന്റെ ശിഷ്യന്മാരില്പലരും കഫര്ന്നഹൂമില്നിന്നുള്ളവരായിരുന്നു.
- മരിച്ചുപോയ പെണ്കുട്ടിയെ തിരികെ ജീവന്പ്രാപിപ്പിച്ചതുള്പ്പെടെ നിരവധി അത്ഭുതങ്ങളേശു ഈ പട്ടണത്തില്ചെയ്തു.
- യേശു പരസ്യമായി ശാസിച്ച മൂന്നു പട്ടണങ്ങളില്ഒന്നായിരുന്നു കഫര്ന്നഹൂം, എന്തുകൊണ്ടെന്നാല്അവിടത്തെ ജനം അവനെ തിരസ്കരിക്കുകയും തന്റെ സന്ദേശങ്ങള്വിശ്വാസിക്കാതിരിക്കുകയും ചെയ്തു. അവരുടെ അവിശ്വാസം നിമിത്തം ദൈവം അവരെ ശിക്ഷിക്കും എന്നു അവന്അവര്ക്ക് മുന്നറിയിപ്പ് നല്കി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഗലീല, ഗലീലക്കടല്)

## ദൈവവചന സൂചികകള്:

- യോഹന്നാന്02:12
- ലൂക്കോസ് 04:31:32
- ലൂക്കോസ് 07:1
- മര്ക്കോസ് 01:21-22
- മര്ക്കോസ് 02-1-2
- മത്തായി 04:12-13
- മത്തായി 17:24-25

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2584

# കയീന്

## വസ്തുതകള്:

കായീനും തന്റെ ഇളയ സഹോദരന്ഹാബേലും ആദാമിന്റെയും ഹവ്വയുടെയും ആദ്യത്തെ പുത്രന്മാരായിരുന്നു എന്നു ദൈവവചനത്തിലേഖപ്പെടു ത്തിയിരിക്കുന്നു.

- കയീന്ഭക്ഷ്യവിളവുകള്ഉല്പ്പാദിപ്പിക്കുന്ന കര്ഷകനായിരുന്നപ്പോള് ഹാബേല്ആടുകളെ വളര്ത്തുന്നവന്ആയിരുന്നു.
- ഹാബേലിന്റെ യാഗത്തെ ദൈവം സ്വീകരിക്കുകയും എന്നാല്കയീന്റെ യാഗത്തെ ദൈവം സ്വീകരിക്കാതെ ഇരിക്കുകയും ചെയ്തപ്പോള്അസൂയപൂണ്ടവനായി കയീന്തന്റെ സഹോദരനായ ഹാബെലിനെ വധിച്ചു.
- ശിക്ഷയായി, ദൈവം അവനെ എദേനില്നിന്ന് പുറത്താക്കുകയും ഭൂമി അവനുവേണ്ടി തന്റെ ഫലം പുറപ്പെടുവിക്കുകയില്ലെന്നു പറയുകയും ചെയ്തു.
- താന്അലഞ്ഞുതിരിഞ്ഞു നടക്കുമ്പോള്മറ്റു മനുഷ്യര്അവനെ കൊല്ലാതിരിക്കേണ്ടതിനു ദൈവം അവന്റെ നെറ്റിയില്സംരക്ഷണാര്ത്ഥം ഒരു അടയാളം വെച്ചിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ആദാം, യാഗം)

## ദൈവവചന സൂചികകള്:

- 1 യോഹന്നാന്03:11-12
- ഉല്പ്പത്തി 04:1-2
- ഉല്പ്പത്തി 4:8-9
- ഉല്പ്പത്തി 04:13-15
- എബ്രായര്11:4
- യൂദ 01:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7014, G2535

# കയ്യഫാവ്

## വസ്തുതകള്:

യോഹന്നാന്സ്നാപകന്റെയും യേശുവിന്റെയും കാലത്തില്കയഫാവ് ആയിരുന്നു മഹാപുരോഹിതന്.

- യേശുവിന്റെ ന്യായവിസ്താരത്തിലും വിധികല്പ്പനയിലും കയഫാവ് പ്രധാന പങ്ക് വഹിച്ചിരുന്നു.
- മുടന്തനായ മനുഷ്യനെ സൌഖ്യമാക്കിയതുനിമിത്തം പത്രൊസിനെയും യോഹന്നാനെയും വിസ്തരിക്കുമ്പോള്മഹാപുരോഹിതന്മായിരുന്ന ഹന്നാസും കയ്യഫാവും അവിടെ ഉണ്ടായിരുന്നു.
- ഒരു രാജ്യം മുഴുവന്നശിക്കുന്നതിനേക്കാള്ഒരു മനുഷ്യന്രാജ്യത്തിനുവേണ്ടി മരിക്കുന്നത് ഏറെ നല്ലത് എന്നു പറഞ്ഞത് കയഫാവ് ആയിരുന്നു. ഇതു തന്റെ ജനത്തെ രക്ഷിക്കുവാനായി യേശു എപ്രകാരം മരിക്കും എന്നു പ്രവചനമായി പ്രസ്താവിക്കുവാന്ദൈവം ഇടയാക്കിയതാണ്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ഹന്നാവ്, മഹാപുരോഹിതന്)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്04:5-7
- യോഹന്നാന്18:12-14
- ലൂക്കോസ് 03:1-2
- മത്തായി 26:3-5
- മത്തായി 26:57-58

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2533

# കര്മ്മേല്, കര്മ്മേല്പര്വതം

## വസ്തുതകള്:

“കര്മേല്” പര്വതം” എന്നത് ശാരോണ്താഴ്വരയുടെ തൊട്ടു വടക്കായി മെഡിറ്ററേനിയന്കടലിന്റെ തീരത്തോട് ചേര്ന്നു സ്ഥിതി ചെയ്തിരുന്ന മലനിര കളെയാണ് സൂചിപ്പിക്കുന്നത്. ഇതിന്റെ ഏറ്റവും ഉയരം കൂടിയ ശിഖരത്തിനു 546 മീറ്റര്ഉയരമുണ്ട്, ഉപ്പുകടലിന്റെ തെക്കായി, യഹൂദയില്സ്ഥിതി ചെയ്തിരുന്ന ഒരു പട്ടണവും “കര്മേല്” എന്ന പേരില്ഉണ്ടായിരുന്നു.

- ധനവാനായ ജന്മി നാബാലും തന്റെ ഭാര്യ അബിഗയിലും കര്മേല്പട്ടണത്തിനു സമീപമായിരുന്നു വസിച്ചിരുന്നത്, അവിടെ ദാവീദും തന്റെ ആളുകളും നാബാലിന്റെ ആടുകളെ രോമം കത്രിക്കുന്നവര്ക്ക് കാവലായി സഹായിച്ചിരുന്നു.
- കര്മേല്പര്വതത്തില്, യാഹോവയാണ് ഏകസത്യ ദൈവം എന്നു തെളിയിക്കുവാനായി ബാലിന്റെ പ്രവാചകന്മാരെ ഒരു മത്സരത്തിനായി ഏലിയാവ് വെല്ലുവിളിച്ചിരുന്നു.
- ഇതു ഒരു ഒറ്റ മലയല്ല എന്നു വ്യക്തമാക്കുവാന്, “കര്മേല്പര്വതം”എന്നത് “കര്മേല്പര്വതനിരകളിലെ ഒരു പര്വതം” അല്ലെങ്കില്”കര്മേല്പര്വത നിര” എന്നു പരിഭാഷപ്പെടുത്താം.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ബാല്, ഏലിയാവ്, യഹൂദ.ഉപ്പുകടല്)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്18:18-19
- 1 ശമുവേല്15:12-13
- യിരെമ്യാവ് 46:18-19
- മീഖ 07:14-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3760, H3761, H3762

# കല്ദയര്, കല്ദയ, കല്ദയര്

## വസ്തുതകള്:

കല്ദയ എന്ന മേഖല മേസോപൊട്ടാമിയ അല്ലെങ്കില് ബാബിലോന്യയുടെ തെക്കന് ഭാഗത്തായിരുന്നു. ഈ മേഖലയില് ജീവിച്ചുവന്ന ജനത്തെ കല്ദയര് എന്നു വിളിച്ചിരുന്നു.

- കല്ദയയില് സ്ഥിതിചെയ്തിരുന്ന ഊര് എന്ന പട്ടണത്തില് നിന്നാണ് അബ്രഹാം വന്നിരുന്നത്. "കല്ദയരുടെ ഊര്" എന്നു സാധാരണയായി സൂചിപ്പിച്ചു വന്നിരുന്നു.
- നെബുഖദ്നെസര് രാജാവ് ബാബിലോന്യയുടെ മേല് രാജാവായിത്തീര്ന്ന പല കല്ദയരില് ഒരുവനായിരുന്നു.
- അനേക വര്ഷങ്ങക്ക് ശേഷം, ഏകദേശം ക്രി.മു. 600 ല്, "കല്ദയര്" എന്ന പദം "ബാബിലോന്യര്" എന്നു അര്ത്ഥമാകുവാന് തുടങ്ങി.
- ദാനിയേലിന്റെ പുസ്തകത്തില്, "കല്ദയര്" എന്ന പദം വളരെ ഉയര്ന്ന വിദ്യാഭ്യാസമുള്ളവരും, ക്ഷത്രങ്ങളെക്കുറിച്ചു പഠിച്ച പ്രത്യേക നിലവാരമുള്ളവര് എന്നാണ് സൂചന നല്കുന്നത്,

(പരിഭാഷ നിര്ദേശങ്ങള്:: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: എബ്രഹാം, ബാബിലോണ്, ശിനാര്, ഊര്)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്07:4-5
- യെഹസ്കേല്:1-3
- ഉല്പ്പത്തി 11:27-28
- ഉല്പ്പത്തി 11:31-32
- ഉല്പ്പത്തി 15:6-8
- യെശ്ശയ്യാവ് 13:19-20

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3679, H3778, H3779, G5466

# കാദേശ്, കാദേശ്-ബർന്നെയ, മേരീബ കാദേശ്

## വസ്തുതകൾ:

കാദേശ്, കാദേശ് ബർന്നെയ, മേരീബ കാദേശ് എന്നീ പേരുകൾ എല്ലാം ഇസ്രയേലിന്റെ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പട്ടണമായി, ഇസ്രയേലിനു തെക്ക് ഭാഗത്തായി, എദോം മേഖലയുടെ സമീപേ സ്ഥിതി ചെയ്യുന്നതായി സൂചിപ്പിക്കുന്നു.

- കാദേശ് എന്ന പട്ടണം ഒരു മരുപ്പച്ചയായി, സീൻ എന്ന് പേരുള്ള ഒരു മരുഭൂമിയുടെ മധ്യത്തിൽ വെള്ളവും ഫലഭൂയിഷ്ടതയും ഉള്ള സ്ഥലമായി കാണപ്പെട്ടിരുന്നു.
- കാദേശ് ബർന്നെയയിൽ നിന്നാണ് മോശെ കനാൻ ദേശത്തെ ഒറ്റുനോക്കുവാനായി പന്ത്രണ്ടു ചാരന്മാരെ പറഞ്ഞയച്ചത്.
- മരുഭൂമിയിൽ ചുറ്റി സഞ്ചരിക്കുന്ന സമയം ഇസ്രയേൽ ജനം കാദേശിൽ പാളയം ഇറങ്ങിയിരുന്നു.
- കാദേശ് ബർന്നെയയിൽ വെച്ചാണ് മിര്യാം മരിക്കുന്നത്.
- മേരിബാ കാദേശിൽ വെച്ചാണ് ദൈവം മോശെയോടു പാറയെ നോക്കി സംസാരിക്കുവാൻ പറഞ്ഞപ്പോൾ, പകരമായി മോശെ ദൈവത്തെ അനുസരിക്കാതെ ഇസ്രയേൽ ജനത്തിനു ജലം ലഭിക്കേണ്ടതിനു പാറയെ അടിച്ചത്.
- "കാദേശ്" എന്ന പേര് "വിശുദ്ധമായ" അല്ലെങ്കിൽ "വേർതിരിച്ച" എന്ന് അർത്ഥം വരുന്ന ഒരു എബ്രായ പദത്തിൽ നിന്നാണ് വരുന്നത്.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: മരുഭൂമി, ഏദോം, വിശുദ്ധം)

## ദൈവ വചന സൂചികകൾ:

- യെഹസ്കേൽ:27-29
- ഉൽപ്പത്തി 14:7-9
- ഉൽപ്പത്തി 16:13-14
- ഉൽപ്പത്തി 20:1-3
- യോശുവ 10൪൦-41
- സംഖ്യാപുസ്തകം 20:1](rc://ml/tn/help/num/20/01)

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4809, H6946, H6947

# കാനാ

## നിര്വചനം:

കാനാ എന്ന ഗ്രാമം നസറെത്തിനു ഒന്പതു മൈലുകള്വടക്ക്, ഗലീല പ്രവിശ്യയിലുള്ള ഒരു ഗ്രാമമോ, പട്ടണമോ ആയിരുന്നു.

- കാനാ പന്ത്രണ്ടുപേരില്ഒരുവനായിരുന്ന നഥനയേലിന്റെ സ്വന്തസ്ഥലമായിരുന്നു.
- യേശു കാനായിലെ വിവാഹ വിരുന്നില്സംബന്ധിക്കുകയും തന്റെ ആദ്യത്തെ അത്ഭുതമായി വെള്ളത്തെ വീഞ്ഞാക്കുകയും ചെയ്തു.
- ചില നാളുകള്ക്കു ശേഷം, യേശു കാനയിലേക്ക് മടങ്ങിവരികയും തന്റെ മകന്റെ സൌഖ്യത്തിനായി അപേക്ഷിക്കുന്ന കഫര്ന്നഹൂമില്നിന്നുള്ള ഒരു ഉദ്യോഗസ്ഥനെ കണ്ടുമുട്ടുകയും ചെയ്തു.

(കാണുക: കഫര്ന്നഹൂം, ഗലീല, പന്ത്രണ്ടുപേര്)

## ദൈവവചന സൂചികകള്:

- യോഹന്നാന്02:1-2
- യോഹന്നാന്04:46-47

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2580

# കാലേബ്

## വസ്തുതകള്:

കാനാന്ദേശത്തെ ഒറ്റുനോക്കുവാന്മോശെ പറഞ്ഞയച്ച പന്ത്രണ്ടു ഇസ്രയേല്യ ചാരന്മാരില്ഒരാളായിരുന്നു കാലേബ്.

- അവനും യോശുവയും കനാന്യരെ തോല്പ്പിക്കേണ്ടതിനു ദൈവത്തില്ആശ്രയിക്കണമെന്ന് ജനത്തോടു പറഞ്ഞു.
- അവരുടെ തലമുറയില്യോശുവയും കാലേബും മാത്രമാണ് വാഗ്ദത്തനാടായ കാനാനില്പ്രവേശിക്കുവാന്അനുവദിക്കപ്പെട്ടിരുന്നവര്.
- ഹെബ്രോന്പ്രദേശം തനിക്കും തന്റെ കുടുംബത്തിനും അവകാശമായി നല്കണമെന്ന് കാലേബ് അപേക്ഷിച്ചു. അവിടെ പാര്ത്തിരുന്ന ജനത്തെ പരാജയപ്പെടുത്തുവാന്ദൈവം തന്നെ സഹായിക്കുമെന്ന് താന്അറിഞ്ഞിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ഹെബ്രോന്, യോശുവ)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്04:13-16
- യോശുവ 14:6-7
- ന്യായാധിപന്മാര്01:11-13
- സംഖ്യാപുസ്തകം 32:10-12

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **14:04** ഇസ്രയേല്ജനം കനാന്റെ അരികില്എത്തിയപ്പോള്, ഇസ്രായേലിലെ ഓരോ ഗോത്രത്തില്നിന്നും ഒരാളിതം പന്ത്രണ്ടുപേരെ മോശെ തിരഞ്ഞെടുത്തു. ആ ദേശം എപ്രകാരമുള്ള സ്ഥിതിയില്ഇരിക്കുന്നു എന്നത് ഒറ്റുനോക്കുവാനായി പോകേണ്ടതിനു അവന്അവര്ക്ക് നിര്ദേശം നല്കി.
- **14:06** പെട്ടെന്ന് മറ്റു രണ്ടു ഒറ്റുകാരായ **കാലേബും** യോശുവയും, പറഞ്ഞത്, "കനാനിലെ ജനങ്ങള്ഉയരമുള്ളവരും ശക്തന്മാരും തന്നെ, എന്നാല്തീര്ച്ചയായും നമുക്ക് അവരെ പരാജയപ്പെടുത്തുവാന്കഴിയും!

ദൈവം നമുക്കുവേണ്ടി യുദ്ധം ചെയ്യും!"

- **14:08**"യോശുവയും **കാലേബും** ഒഴികെ, ഇരുപതു വയസ്സും അതിനു മുകളില്ഉള്ളവരുമായ എല്ലാവരും തന്നെ മരിക്കുകയും അവര്ഒരിക്കലും വാഗ്ദത്ത ദേശത്തില്പ്രവേശിക്കുകയുമില്ല."

ആയതിനാല്അവര്ക്ക് ആ ദേശത്തില്സമാധാനത്തോടെ ജീവിക്കാം.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3612, H3614

# കിദ്രോൻ താഴ്വര

## വസ്തുതകൾ:

കിദ്രോൻതാഴ്വര എന്നത് യെരുശലെമിന് തൊട്ടു പുറത്തുള്ള വളരെ ആഴമേറിയ ഒരു താഴ്വരയായി, യെരുശലേമിന്റെ കിഴക്കേ മതിലിനും ഒലിവു മലയ്ക്കും ഇടയിൽ കാണപ്പെടുന്നു.

- ഈ താഴ്വര 1,000 മീറ്ററിൽ അധികം ആഴവും ഏകദേശം 32 കിലോമീറ്റർ ദൈർഘ്യവും ഉള്ളതാണ്.
- ദാവീദ് രാജാവ് തന്റെ മകനായ അബ്ശാലോമിന്റെ പക്കൽ നിന്നും ഓടിപ്പോകുമ്പോൾ, താൻ കിദ്രോൻ താഴ്വരയിൽകൂടെ കടന്നു പോയി ഒലിവു മലയിൽ ചെന്ന് ചേർന്നു.
- യഹൂദ രാജാവായ യോശിയാവും രാജാവായ ആസയും ഉയർന്ന സ്ഥലങ്ങളിലും പൂജാഗിരികളിലും കാണപ്പെട്ടിരുന്ന അസത്യ ദൈവങ്ങളുടെ യാഗപീഠങ്ങളെ തകർത്തു ചുട്ടെരിഞ്ഞു കളഞ്ഞു; അവയുടെ ചാരത്തെ കിദ്രോൻ താഴ്വരയിൽ എറിഞ്ഞു കളയുകയും ചെയ്തു.
- ഹിസ്കീയാവ് രാജാവിന്റെ ഭരണ കാലത്ത്, കിദ്രോൻ താഴ്വര അശുദ്ധമായ സകല വസ്തുക്കളെയും ദേവാലയത്തിൽ നിന്ന് നീക്കം ചെയ്തു എറിഞ്ഞു കളയുന്ന സ്ഥലം ആയിരുന്നു.
- അഥല്യ എന്ന് പേരുള്ള ഒരു ദുഷ്ടയായ രാജ്ഞി താൻ ചെയ്ത ദോഷകരമായ പ്രവർത്തികൾ നിമിത്തം ഈ താഴ്വരയിൽ വെച്ച് കൊല്ലപ്പെടുവാൻ ഇടയായി.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അബ്ശാലോം, ആസ, അഥല്യാവ്, ദാവീദ്, അസത്യ ദൈവം, ഹിസ്കീയാവ്, ഉയർന്ന സ്ഥലങ്ങൾ, യോശിയാവ്, യൂദ, ഒലിവു മല)

## ദൈവ വചന സൂചികകൾ:

- യോഹന്നാൻ:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5674, H6939, G2748, G5493

# കിലിക്യ

## വസ്തുതകള്:

കിലിക്യ ഇപ്പോഴത്തെ ആധുനിക കാല ടര്ക്കി എന്ന രാജ്യത്തിന്റെ തെക്കുകിഴക്കന്ഭാഗത്ത് സ്ഥിതിചെയ്തിരുന്ന ഒരു റോമന്പ്രവിശ്യയായിരുന്ന ചെറുപട്ടണമായിരുന്നു. ഇതു എയ്ജിയന്കടലുമായി അതിര്പങ്കിട്ടിരുന്നു.

- അപ്പോസ്തലനായ പൌലോസ് കിലിക്യയിലെ തര്സോസ് പട്ടണത്തില്നിന്നുള്ള ഒരു പൌരനായിരുന്നു.
- ദമസ്കോസിലേക്കുള്ള യാത്രാമധ്യേ യേശുവുമായി എറ്റുമുട്ടിയതിനുശേഷം പൌലോസ് പലവര്ഷങ്ങള്കിലിക്യയില്ചിലവഴിച്ചു.
- സ്തെഫാനോസുമായി എതിരിട്ടവരില്ചിലര്കിലിക്യയില്നിന്നുള്ള യഹൂദന്മാരായിരുന്നു, അവര്ജനത്തെ സ്വാധീനിക്കുകയും അവനെ കല്ലെറിഞ്ഞു കൊല്ലുവാനിടയാകുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: പൌലോസ്, സ്തെഫാനോസ്, തര്സോസ്)

## ദൈവവചന സൂചികകള്:

- അപ്പോ.നടപടികള്06:8-9
- അപ്പോ.നടപടികള്:39-41
- അപ്പോ.നടപടികള്27:3-6
- ഗലാത്യര്01:21-24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2791

# കുപ്രോസ്

## വസ്തുതകള്:

കുപ്രോസ് എന്ന ദ്വീപ്മെഡിറ്ററേനിയന്കടലില്, ആധുനിക കാള ടര്ക്കിയുടെ 64 കിലോമീറ്റര്തെക്കു മാറി സ്ഥിതി ചെയ്യുന്നതാണ്.

- ബര്ന്നബാസ് കുപ്രോസ് ദ്വീപില്നിന്നുള്ള വ്യക്തിയാണ്, അതിനാല്തന്റെ ബന്ധുവായിരുന്ന മര്ക്കോസ് എന്ന യോഹന്നാനും അവിടെ നിന്നുള്ളവന്ആയിരിക്കണം.
- പൌലോസും ബര്ന്നബാസും അവരുടെ പ്രഥമ മിഷനറി യാത്രയുടെ ആരംഭത്തില്ഒരുമിച്ചു കുപ്രോസ് ദ്വീപില്പ്രസംഗിച്ചു. ആ യാത്രയില്അവരെ സഹായിപ്പാനായി മര്ക്കോസ് എന്ന യോഹന്നാനും കൂടെ വന്നു.
- പിന്നീട്, ബര്ന്നബാസും മര്ക്കോസും വീണ്ടും കുപ്രോസ് സന്ദര്ശിച്ചു.
- പഴയനിയമത്തില്, കുപ്രോസ് ദേവദാരു വൃക്ഷങ്ങളാല്സമൃദ്ധമായി രുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ബര്ന്നബാസ്, മര്ക്കോസ് എന്ന യോഹന്നാന്, കടല്)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്04:36-37
- അപ്പോ.പ്രവര്ത്തികള്13:4-5
- അപ്പോ.പ്രവര്ത്തികള്15:39-41
- അപ്പോ.പ്രവര്ത്തികള്27:3-6
- യെഹസ്കേല്27:6-7
- യെശയ്യാവ് 23:10-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2953, G2954

# കുറേനേ

## വസ്തുതകള്:

കുറേനേ എന്നത് മെഡിറ്ററേനിയന്കടലില്, ക്രേത്ത ദ്വീപിനു നേരെ തെക്കു ആഫ്രിക്കയുടെ വടക്കന്തീരത്തുള്ളതായ ഒരു ഗ്രീക്ക് പട്ടണമായിരുന്നു കുറേനേ.

- പുതിയനിയമകാലത്തു, കുറേനേയില്യഹൂദന്മാരും ക്രിസ്ത്യാനികളും ജീവിച്ചിരുന്നു.
- കുറേനേ എന്നത് യേശുവിന്റെ കുരിശു ചുമന്ന ശീമോന്എന്ന മനുഷ്യന്റെ വളരെ അറിയപ്പെടുന്ന സ്വന്തപട്ടണം ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ക്രേത്ത)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്11:19-21
- മത്തായി 27:32-34

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2956, G2957

# കൂശ്

## വസ്തുതകള്:

നോഹയുടെ പുത്രനായ ഹാമിന്റെ മൂത്തപുത്രനാണ് കൂശ്. അവന്നിമ്രോദിന്റെ പൂര്വികന്ആയിരുന്നു. തന്റെ രണ്ടു സഹോദരന്മാര്ക്ക് മിസ്രയീം എന്നും കനാന്എന്നും പേരിട്ടിരുന്നു. പഴയനിയമ കാലഘട്ടത്തില്, "കൂശ്" എന്നത് ഇസ്രയേലിന്റെ തെക്കുള്ള വിശാലമായ മേഖലയുടെ പേരായിരുന്നു. ഹാമിന്റെ മകനായ കൂശിന്റെ പേരായിരിക്കാം സ്ഥലത്തിന് നല്കപ്പെട്ടത്.

- വിവിധ സമയങ്ങളിലായി ഉള്പ്പെടുത്തപ്പെട്ടിരുന്ന ഭൂപ്രദേശത്തില്, ആധുനിക രാജ്യങ്ങളായ സുഡാന്, ഈജിപ്റ്റ്, എത്യോപ്യ, മിക്കവാറും സൌദി അറേബ്യ ആദിയായവയുടെ ഭാഗങ്ങളും ഉള്പ്പെട്ടിരിക്കാം.
- കൂശ് എന്നു പേരുള്ള വേറൊരു വ്യക്തിയുടെ പേര് സങ്കീര്ത്തന ത്തിലേഖപ്പെടുത്തിയിട്ടുണ്ട്. താന്ഒരു ബെന്യാമീന്ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: അറേബ്യ, കനാന്, ഈജിപ്റ്റ്, എത്യോപ്യ)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്01:8-10
- യെഹസ്കേല്29:8-10
- ഉല്പ്പത്തി 02:13-14
- ഉല്പ്പത്തി 10:6-7
- യിരെമ്യാവ് 13:22-24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3568, H3569, H3570

# കേദാർ

## വസ്തുതകൾ:

കേദാർ ഇശ്മയേലിന്റെ മകൻ ആയിരുന്നു. ഇത് മിക്കവാറും ആ വ്യക്തിയുടെ പേരിൽ അറിയപ്പെടുന്ന, ഒരു പ്രധാനപ്പെട്ട പട്ടണവും ആയിരുന്നു. പാലസ്തീനിന്റെ തെക്കൻ അതിർത്തിയ്ക്കു സമീപം അറേബ്യയുടെ വടക്കൻ ഭാഗത്തായി കേദാർ പട്ടണം സ്ഥിതി ചെയ്തിരുന്നു. ദൈവ വചന കാലഘട്ടത്തിൽ, ഇത് അതിന്റെ പ്രഭാവത്തിനും സൌന്ദര്യത്തിനും പ്രസിദ്ധം ആയിരുന്നു.

- കേദാരിന്റെ സന്തതികൾ ഒരു വലിയ ജനസമൂഹമായി രൂപം കൊള്ളുകയും "കേദാർ" എന്ന് അറിയപ്പെടുകയും ചെയ്തു.
- കേദാരിന്റെ അന്ധകാര കൂടാരങ്ങൾ" എന്ന പദസഞ്ചയം സൂചിപ്പിക്കുന്നത് കേദാർ ജനങ്ങൾ വസിച്ചു വന്ന കറുത്ത ആട്ടു രോമ നിർമ്മിതമായ കൂടാരങ്ങളെ ആയിരുന്നു.
- ഈ ജനം ചെമ്മരിയാടുകളെയും കൊലാടുകളെയും വളർത്തിയിരുന്നു. അവർ ചരക്കു നീക്കങ്ങൾക്കായി ഒട്ടകങ്ങളെ ഉപയോഗിച്ചു വന്നു.
- ദൈവ വചനത്തിൽ, "കേദാരിന്റെ മഹത്വം" എന്ന പദസഞ്ചയം ആ പട്ടണത്തിന്റെ മഹത്വത്തെയും അതിന്റെ ജനങ്ങളെയും കുറിക്കുന്നു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അറേബ്യ,ആട്, ഇഷ്മയേൽ, യാഗം)

## ദൈവ വചന സൂചികകൾ:

- ഉത്തമ ഗീതങ്ങൾ 01:5-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6938

# കേദേശ്

## വസ്തുതകൾ:

കനാൻ ദേശത്തിൽ ഇസ്രയേൽ ജനം പ്രവേശിച്ചപ്പോൾ അവർ പിടിച്ചടക്കിയ ഒരു കനാന്യ പട്ടണം ആയിരുന്നു കേദേശ്.

- ഈ പട്ടണം നഫ്താലി ഗോത്രത്തിനു നല്കപ്പെട്ടതായ ഭൂപ്രദേശമായി, ഇസ്രായേലിന്റെ വടക്ക് ഭാഗത്ത് സ്ഥിതി ചെയ്തിരുന്നു.
- ലേവ്യ പുരോഹിതന്മാർക്കു സ്വന്തമായി അവരുടെതായ ഒരു ഭൂമി ഇല്ലാതിരിക്കെ, അവർ പാർക്കേണ്ടതിനു തിരഞ്ഞെടുക്കപ്പെട്ട പട്ടണങ്ങളിൽ ഒന്ന് ആയിരുന്നു കേദേശ്.
- ഇത് "സങ്കേത നഗരം" ആയി വേർതിരിക്കപ്പെട്ട ഒരു പട്ടണവും കൂടി ആയിരുന്നു.

(പരിഭാഷ നിർദേശങ്ങൾ: പേരുകളുടെ പരിഭാഷ)

(കാണുക:കനാൻ, ഹെബ്രോൻ, ലേവ്യർ, നഫ്താലി, പുരോഹിതൻ, സങ്കേതം, ശേഖേം, ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾ)

## ദൈവ വചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ06:71-73
- യോശുവ 19:35-37
- ന്യായാധിപന്മാർ:10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

# കൈസര്

## വസ്തുതകള്:

“കൈസര്” എന്ന പദം റോമന്സാമ്രാജ്യത്തിന്റെ അനേകം ഭരണാധിപന്മാര്ഉപയോഗിച്ചിരുന്ന പേരോ സ്ഥാനപ്പെരോ ആയിരുന്നു. ദൈവവചനത്തില്, ഈ പേര് മൂന്ന് വ്യത്യസ്ത റോമന്ഭരണാധികാരികളെ സൂചിപ്പിക്കുന്നു.

- ആദ്യത്തെ റോമന്ഭരണാധികാരിയുടെ പേര് “അഗസ്തസ് കൈസര്”
- ഏകദേശം മുപ്പത് വര്ഷങ്ങള്ക്കുശേഷം,യോഹന്നാന്സ്നാപകന്പ്രസംഗിക്കു ന്ന സമയത്ത്, തിബര്യാസ് കൈസര്ആയിരുന്നു റോമന്സാമ്രാജ്യത്തിന്റെ ഭരണാ ധിപന്.
- കൈസര്ക്കുള്ളത് കൈസര്ക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക എന്നു യേശു ജനത്തോടു പറഞ്ഞ സമയത്ത് തിബര്യാസ് കൈസര്ആയിരുന്നു റോം ഭരിച്ചുകൊണ്ടിരുന്നത്. പൌലോസ് കൈസരെ അഭയം പറഞ്ഞപ്പോള്, അത് കൈസര്എന്ന സ്ഥാനപ്പേര്ഉണ്ടായിരുന്ന നീറോ ചക്രവര്ത്തിയെയായിരുന്നു സൂചിപ്പിച്ചിരുന്നത്.
- "കൈസര്” എന്ന പദം ഒരു സ്ഥാനപ്പേര് ആയിരിക്കുമ്പോള്തന്നെ അത് “ചക്രവര്ത്തി” അല്ലെങ്കില്“റോമന്ഭരണാധികാരി” എന്നു പരിഭാഷപ്പെടുത്താം.
- അഗസ്തോസ് കൈസര്അല്ലെങ്കില്തിബെര്യാസ് കൈസര്എന്നീ പേരുകള്“കൈസര്എന്ന പദം ഒരു ദേശിയ ഭാഷയില്എപ്രകാരം ഏറ്റവും അടുത്ത നിലയില്ഉച്ചരിക്കുന്നുവോ ആ രീതി ഉപയോഗിക്കുക.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: രാജാവ്, പൌലോസ്, റോം)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്25:6-8
- ലൂക്കോസ് 02:1-3
- ലൂക്കോസ് 20:23-24
- ലൂക്കോസ് 23:1-2
- മര്ക്കോസ്12:13-15
- മത്തായി 22:15-17
- ഫിലിപ്പിയര്04:21-23

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2541

# കൈസര്യ, കൈസര്യ ഫിലിപ്പി

## വസ്തുതകള്:

കര്മേല്മലയ്ക്കു 39 കിലോമീറ്റര്തെക്കു മദ്ധ്യധരണിയാഴിയുടെ തീരത്തുള്ള ഒരു പ്രധാന പട്ടണമാണ് കൈസര്യ. കൈസര്യ ഫിലിപ്പി എന്ന പട്ടണം ഹെര്മോന്മലയ്ക്കു സമീപം വടക്കു കിഴക്കന് ഇസ്രയേലിന്റെ ഭാഗമായി സ്ഥിതിചെയ്യുന്നതാണ്.

- ഈ പട്ടണങ്ങള്ക്ക് റോമന്സാമ്രാജ്യം ഭരിച്ചിരുന്ന കൈസര്മാരുടെ പേരാണ് നല്കിയിട്ടുള്ളത്.
- യേശുവിന്റെ ജനന സമയത്തോടടുത്ത് കൈസര്യ തീരപ്രദേശം റോമന്പ്രവിശ്യ യായിരുന്ന യഹൂദ്യയുടെ തലസ്ഥാന നഗരിയായി തീര്ന്നു.
- കൈസര്യയിലുള്ള ജാതികളോടു അപ്പോസ്തലനായ പത്രോസ് ആദ്യമായി പ്രസംഗിച്ചു.
- പൌലോസ് കൈസര്യയില്നിന്ന് തര്സോസിലേക്കു കപ്പല്യാത്ര ചെയ്യുമ്പോള്തന്റെ മിഷനറി യാത്രയില്രണ്ടു പ്രാവശ്യം ഈ പട്ടണത്തില്കൂടെ കടന്നുപോയിട്ടുണ്ട്.
- യേശുവും ശിഷ്യന്മാരും സിറിയയിലുള്ള കൈസര്യ ഫിലിപ്പിയയുടെ ചുറ്റുപുറമുള്ള പ്രദേശങ്ങളില്കൂടെ യാത്ര ചെയ്തിട്ടുണ്ട്. രണ്ടു പട്ടണങ്ങള്ക്കും ഹെരോദ് ഫിലിപ്പിന്റെ പേര് നല്കപ്പെട്ടിരിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കൈസര്, ജാതികള്, കടല്, ഒട്ടകം, ഹെര്മ്മോന്പര്വതം, റോം, തര്സോസ്)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്:28-30
- അപ്പോ.പ്രവര്ത്തികള്:1-2
- അപ്പോ.പ്രവര്ത്തികള്25:1-3
- അപ്പോ.പ്രവര്ത്തികള്25:13-16
- മര്ക്കോസ് 08:27-28
- മത്തായി 16:13-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2542, G5376

# കൊരിന്ത്, കൊരിന്ത്യര്

## വസ്തുതകള്:

ഏതെന്സിന്റെ ഏകദേശം 50 മൈലപ്പടിഞ്ഞാറായി, ഗ്രീസ് രാജ്യത്തിലെ ഒരു പട്ടണമായിരുന്നു കൊരിന്ത്. കൊരിന്തില്വസിച്ചിരുന്ന ജനം കൊരിന്ത്യര്ആയിരുന്നു.

- ആദ്യകാല ക്രിസ്തീയ സഭകളുടെ ഒരു പ്രധാന സ്ഥലങ്ങളില്ഒന്നായിരുന്നു കൊരിന്ത്.
- പുതിയനിയമ പുസ്തകങ്ങളായ 1 കൊരിന്ത്യര്, 2കൊരിന്ത്യര്എന്നീ ലേഖനങ്ങള്കൊരിന്തില്വസിക്കുന്ന ക്രിസ്ത്യാനികള്ക്കു പൌലോസിനാലെഴുതപ്പെട്ടതാണ്.
- തന്റെ ആദ്യ മിഷനറി യാത്രയില്, ഏകദേശം 18 മാസങ്ങള്പൌലോസ് കൊരിന്തില്താമസിച്ചിരുന്നു.
- കൊരിന്തില്ആയിരിക്കുമ്പോഴാണ് പൌലോസ് വിശ്വാസികളായ അക്വില്ലയെയും പ്രിസ്കില്ലയെയും കണ്ടുമുട്ടിയത്.
- കൊരിന്തുമായി ബന്ധപ്പെട്ട ഇതര ആദ്യകാല സഭാനേതാക്കന്മാരില്തിമോത്തിയോസും, തീത്തോസും, അപ്പോല്ലോസും, ശീലാസും ഉള്പ്പെട്ടിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:അപ്പൊല്ലോസ്, തിമോത്തിയോസ്, തീത്തോസ്)

## ദൈവവചന സൂചികകള്:

- 1 കൊരിന്ത്യര്01:1-3
- 2 കൊരിന്ത്യര്01:23-24
- 2 തിമോത്തിയോസ് 04:19-22
- അപ്പോ.പ്രവര്ത്തികള്18;1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2881, G2882

# കൊരേശ്

## വസ്തുതകള്:

ഏകദേശം ക്രി.മു.550ല്സൈനിക അധിനിവേശത്തോടെ പേര്ഷ്യന്സാമ്രാജ്യം സ്ഥാപിച്ച പേര്ഷ്യന്രാജാവായിരുന്നു കൊരേശ്. ചരിത്രത്തില് താന് മഹാനായ കൊരേശ് എന്നും അറിയപ്പെട്ടിരുന്നു.

- രാജാവായ കൊരേശ് ബാബിലോണ്പട്ടണം പിടിച്ചടക്കിയതോടെ, അവിടെ പ്രവാസികളായി കീഴടക്കപ്പെട്ടു കഴിഞ്ഞിരുന്ന ഇസ്രയേല്യ ര്ക്ക് സ്വാതന്ത്ര്യം പ്രാപിക്കുവാനുള്ള വഴി തുറക്കപ്പെട്ടു.
- കൊരേശ് താന്ജയിച്ചു കീഴടക്കിയ ദേശ നിവാസികളോട് പുലര്ത്തി വന്ന ഉദാരമനസ്കത സ്വഭാവം നിമിത്തം അറിയപ്പെടുന്നവനായിരുന്നു. യഹൂദന്മാരോടുള്ള തന്റെ ദയ അവര്ക്ക് പ്രവാസാനന്തരം യെരുശലേം ദേവാലയം പുതുക്കിപ്പണിയുവാന്വഴിനടത്തി.
- ദാനിയേല്, എസ്രാ, നെഹെമ്യാവ് തുടങ്ങിയവര്ജീവിച്ചിരുന്ന കാലയളവിലാണ് കൊരേശ് ഭരണം നടത്തിവന്നിരുന്നത്.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ദാനിയേല്, ദാര്യാവേശ്, എസ്രാ, നെഹെമ്യാവ്, പേര്ഷ്യ)

## ദൈവവചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്36:22-23
- ദാനിയേല്01:19-21
- എസ്രാ 05:12-13
- യെശയ്യാവ് 44:28

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3566

# കൊര്ന്നെല്ല്യോസ്

## വസ്തുതകള്:

കൊര്ന്നെല്ല്യോസ് റോമന്സൈന്യത്തിലെ ഒരു ഉദ്യോഗസ്ഥനും, ജാതീയനായ, അല്ലെങ്കില്യഹൂദനല്ലാത്ത ഒരുവനും ആയിരുന്നു.

- താന്ദൈവത്തോട് ക്രമമായി പ്രാര്ഥിക്കുന്നവനും, ദരിദ്രര്ക്ക് ഉദാരത്വമായി നല്കുന്നവനും ആയിരുന്നു.
- അപ്പോസ്തലനായ പത്രോസ് സുവിശേഷം വിശദീകരിക്കുന്നത് കേട്ടപ്പോള്, കൊര്ന്നെല്ല്യോസും തന്റെ കുടുംബവും യേശുവില്വിശ്വസിക്കുന്നവര്ആയിത്തീര്ന്നു.
- കൊര്ന്നെല്ല്യോസിന്റെ ഭവനക്കാര്യഹൂദരല്ലാത്തവരില്നിന്നും ആദ്യമായി വിശ്വാസികള്ആയിത്തീര്ന്നു.
- ഇതു യേശുവിന്റെ അനുഗാമികള്ക്ക്, താന്പുറജാതികള്ഉള്പ്പെടെ സകലരെയും രക്ഷിക്കുവാനായി വന്നവനാണെന്ന് കാണിച്ചുകൊടുത്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: അപ്പോസ്തലന്, വിശ്വസിക്കുക, പുറജാതി, സുവിശേഷം, യവനന്, ശതാധിപന്)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്10:1-2
- അപ്പോ.പ്രവര്ത്തികള്10:7-8
- അപ്പോ.പ്രവര്ത്തികള്10:17-18
- അപ്പോ.പ്രവര്ത്തികള്10:22-23
- അപ്പോ.പ്രവര്ത്തികള്10:24
- അപ്പോ.പ്രവര്ത്തികള്10:25-26
- അപ്പോ.പ്രവര്ത്തികള്10:30-33

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2883

# കൊലോസ്സ്യ, കൊലോസ്സ്യര്

## വസ്തുതകള്:

പുതിയനിയമ കാലഘട്ടത്തില്, ഇപ്പോഴത്തെ ടര്ക്കിയുടെ തെക്കുപടിഞ്ഞാറന്ഭാഗത്ത് റോമന്പ്രവിശ്യയായിരുന്ന ഫ്രുഗ്യയിലെ ഒരു പട്ടണമായിരുന്നു കൊലോസ്സ്യ. കൊലോസ്സ്യരായിരുന്നു കൊലോസ്സ്യയില്ജീവിച്ചുവന്നിരുന്ന ജനം.

- മദ്ധ്യധരണിക്കടലില്നിന്നും 100 മൈല്അകത്തോട്ടുമാറി സ്ഥിതിചെയ്യുന്ന, എഫസോസ് പട്ടണത്തിനും യൂഫ്രട്ടീസ് നദിക്കുമിടയിലുള്ള വ്യാപാര പാതയില്ഉള്ള പ്രധാന വ്യാപാര പട്ടണമായിരുന്നു കൊലോസ്സ്യ. കൊലോസ്സ്യയിലുള്ള വിശ്വാസികളുടെ ഇടയില്ഉണ്ടായിരുന്ന ദുരുപദേശങ്ങളെ ദൂരീകരിക്കുവാനായി റോമില്കാരാഗ്രഹത്തിലായിരുന്ന പൌലോസ് എഴുതിയതാണ് കൊലോസ്സ്യ ലേഖനം.
- താന്ഈ ലേഖനമെഴുതിയപ്പോള്, പൌലോസ് ഈ കൊലോസ്സ്യ സഭ സന്ദര്ശിച്ചിട്ടുണ്ടായിരുന്നില്ല, എന്നാല്തന്റെ സഹപ്രവര്ത്തകനായിരുന്ന എപ്പഫ്രാസ് മുഖാന്തിരം അവിടത്തെ വിശ്വാസികളെക്കുറിച്ച് താന്അറിഞ്ഞിരുന്നു.
- മിക്കവാറും എപ്പഫ്രാസ് ആയിരിക്കണം കൊലോസ്സ്യയിലുള്ള പ്രവര്ത്തനം ആരംഭിച്ച ക്രിസ്തീയ പ്രവര്ത്തകന്.
- ഫിലെമോന്റെ പുസ്തകം കൊലോസ്സ്യയില്നിന്നുള്ള ഒരു അടിമയുടെ ഉടമസ്ഥന് പൌലോസ് എഴുതിയ ലേഖനമാണ്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: എഫേസോസ്, പൌലോസ്)

## ദൈവവചന സൂചികകള്:

- കൊലോസ്സ്യര്01:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2857, G2858

# കോരഹ്, കൊരാഹ്യൻ, കൊരാഹ്യന്മാർ

## നിർവച്ചനം:

കോരഹ് എന്നത് പഴയ നിയമത്തിൽ മൂന്നു പേരുടെ പേരുകൾ ആകുന്നു.

- ഏശാവിന്റെ മക്കളിൽ ഒരുവന്റെ പേര് കോരഹ് എന്ന് ആയിരുന്നു.അവൻ തന്റെ സമുദായത്തിൽ ഒരു നേതാവായി തീർന്നു.
- കോരഹ് ലേവിയുടെ സന്തതിയായും സമാഗമന കൂടാരത്തിൽ ഒരു പുരോഹിതനായും ശുശ്രൂഷ ചെയ്തു വന്നു, താൻ മോശെയോടും അഹരോനോടും അസൂയ ഉള്ളവൻ ആകുകയും ഒരു സംഘം ആളുകളെ അവർക്ക് എതിരായി നയിക്കുകയും ചെയ്തു. മൂന്നാമതായി കോരഹ് എന്ന് പേരുള്ള വ്യക്തി യഹൂദായുടെ സന്തതിയായി ഉണ്ടായിരുന്നു.

(കാണുക:അഹരോൻ, അധികാരം, കാലേബ്, സന്തതി, എശാവ്, യഹൂദ, പുരോഹിതൻ)

## ദൈവ വചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ 01:34-37
- സംഖ്യാപുസ്തകം 16:1-3
- സംഖ്യാപുസ്തകം 16:25-27
- സങ്കീർത്തനം 042:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7141

# ക്രേത്യര്

## വസ്തുതകള്:

ക്രേത്യര്മിക്കവാറും ഫെലിസ്ത്യരില്ഉള്പ്പെട്ട ഒരു ജനവിഭാഗമായിരിക്കും. ചില ഭാഷാന്തരങ്ങളില്ഈ നാമം “കേരെത്യര്” എന്നെഴുതിയിട്ടുണ്ട്.

- ദാവീദിന്റെ സൈന്യത്തില്തന്റെ അംഗരക്ഷരായി പ്രത്യേകാല്സമര്പ്പണം ചെയ്യപ്പെട്ട ഒരു പ്രത്യേക സേനാ വിഭാഗമായിരുന്നു “ക്രേത്യരും പ്ലേത്യരും”.
- യെഹോയാദയുടെ മകനായ ബെനായാവ്, ദാവീദിന്റെ ഭരണനിര്വഹണ വിഭാഗത്തിലെ ഒരംഗം, ക്രേത്യരുടെയും പ്ലേത്യരുടെയും നായകന്ആയിരുന്നു.
- അബ്ശാലോം ഉണ്ടാക്കിയ പ്രക്ഷോഭം നിമിത്തം ദാവീദ് യെരുശലേമില്നിന്ന് ഓടിപ്പോയപ്പോള്ക്രേത്യര്ദാവീദിനോടൊപ്പം നിലനിന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: അബ്ശാലോം, ബെനായാവ്, ദാവീദ്, ഫെലിസ്ത്യര്)

## ദൈവവചന സൂചികകള്:

- സെഫന്യാവ് 02:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3774

# ക്രേത്ത, ക്രേത്തന്, ക്രേത്ത്യര്

## വസ്തുതകള്:

ക്രേത്ത എന്നത് ഗ്രീസിന്റെ തെക്കന്തീരപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ദ്വീപ്ആകുന്നു. "ക്രേത്തന്" എന്നത് ഈ ദ്വീപില് വസിക്കുന്ന ഒരുവനാകുന്നു.

- പൌലോസ് തന്റെ മിഷനറി യാത്രകളില്ഈ ദ്വീപില് സഞ്ചരിച്ചി ട്ടുണ്ട്.
- പൌലോസ് തന്റെ സഹപ്രവര്ത്തകനായ തീത്തോസിനെ ക്രേത്തയില് ക്രിസ്സ്ത്യാനികളെ പഠിപ്പിക്കേണ്ടതിനും അവിടെയുള്ള സഭയ്ക്ക് നേതാക്കന്മാരെ നിയമിക്കേണ്ടതിനുമായി പറഞ്ഞയച്ചു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള് 02:8-11
- അപ്പോ.പ്രവര്ത്തികള് 27:7-8
- ആമോസ് 09:7-8
- തീത്തോസ് 01:12-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2912, G2914

# ഗത്ത്, ഗിത്ത്യന്, ഗിത്ത്യര്

## വസ്തുതകള്:

ഫെലിസ്ത്യരുടെ പ്രധാന അഞ്ചു പട്ടണങ്ങളില്ഒന്നായിരുന്നു ഗത്ത്. ഇത് എക്രോനു വടക്കായും അസ്തോദിനും അസ്കലോനും കിഴക്കായും സ്ഥിതി ചെയ്തിരുന്നു.

- ഫെലിസ്ത്യ യോദ്ധാവായിരുന്ന ഗോലിയാത്ത് ഗത്ത് എന്ന പട്ടണത്തില്നിന്ന് ഉള്ളവന്ആയിരുന്നു.
- ശമുവേലിന്റെ കാലഘട്ടത്തില്, ഫെലിസ്ത്യര്ഇസ്രായേലില്നിന്നും ഉടമ്പടി പ്പെട്ടകം മോഷ്ടിക്കുകയും അസ്തോദില്ഉള്ള അവരുടെ ജാതീയ ക്ഷേത്രത്തില്കൊണ്ടു പോയി വെക്കുകയും ചെയ്തു. അനന്തരം അത് ഗത്തിലേക്കും പിന്നീട് എക്രോനിലേക്കും നീക്കം ചെയ്തു. എന്നാല്ദൈവം ആ പട്ടണങ്ങളിലെ ജനത്തെ രോഗത്താല്ശിക്ഷിക്കുകയും, ആയതിനാല്അവര്അതിനെ ഇസ്രയേലിലേക്ക് മടക്കി അയക്കുകയും ചെയ്തു.
- ദാവീദ് ശൌല്രാജാവിന്റെ കയ്യില്നിന്നും രക്ഷപ്പെടുമ്പോള്, താന്ഗത്തിലേക്കു ഓടി പോകുകയും അവിടെ തന്റെ രണ്ടു ഭാര്യമാരോടും തന്നോട് വിശ്വസ്തത പുലര്ത്തിയ അനുഗാമികള്ആയ അറുനൂറു പുരുഷന്മാരോടും കൂടെ കുറച്ചു കാലം ജീവിക്കുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: അസ്തോദ്, അസ്കലോന്, എക്രോന്, ഗസ്സ, ഗോലിയാത്ത്, ഫെലിസ്ത്യര്)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്02:39-40
- 1 ശമുവേല്05:8-9
- 2 ദിനവൃത്താന്തങ്ങള്26:6-8
- യോശുവ 11:21-22

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1661, H1663

# ഗബ്രിയേല്

## വസ്തുതകള്:

ഗബ്രിയേല്എന്നത് ദൈവത്തിന്റെ ദൂതന്മാരില്ഒരാളുടെ പേരാണ്. പഴയ നിയമം പുതിയ നിയമം രണ്ടിലും പ പ്രാവശ്യം തന്റെ പേര് രേഖപ്പെടുത്തിയിട്ടുണ്ട്.

- പ്രവാചകനായ ദാനിയേല്കണ്ടതായ ദര്ശനത്തിന്റെ അര്ത്ഥം എന്തെന്ന് പറയുവാനായി ദൈവം ഗബ്രിയേലിനെ അയച്ചു.
- വേറൊരു സമയം, ദാനിയേല് പ്രാര്ത്ഥിച്ചു കൊണ്ടു ഇരിക്കുമ്പോള്, ഗബ്രിയേല്ദൂതന്തന്റെ അടുക്കല്പറന്നു വന്നു ഭാവിയില്എന്ത് സംഭവിക്കുവാന്പോകുന്നു എന്ന് പ്രവചിച്ചു പറഞ്ഞു. ദാനിയേല്അവനെ ഒരു "പുരുഷന്" എന്ന് സൂചിപ്പിക്കുന്നു.
- പുതിയ നിയമത്തില്ഗബ്രിയേല്സെഖര്യാവിന്റെ അടുക്കല്വന്നിട്ട് തന്റെ വയസ്സ് ചെന്ന ഭാര്യ എലിസബത്ത് യോഹന്നാന്എന്ന ഒരു മകനെ പ്രസവിക്കും എന്ന് പ്രവചനം പറയുവാന്ഇടയായി.
- അതിനു ആറു മാസങ്ങള്ക്ക് ശേഷം, തന്നെ മറിയയുടെ അടുക്കല്ദൈവം പറഞ്ഞയച്ചിട്ടു പറഞ്ഞത് അവള്അത്ഭുതകരമായ വിധത്തില് "ദൈവ പുത്രന്" ആയ ഒരു ശിശുവിനെ ഗര്ഭം ധരിക്കുവാന്ഇടയാകും എന്നാണ്. ഗബ്രിയേല്മറിയയോട് തന്റെ മകന് "യേശു" എന്ന് പേരിടുവാന്പറഞ്ഞു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ദൂതന്, ദാനിയേല്, എലിസബത്ത്, (സ്നാപക) യോഹന്നാന്, മറിയ, പ്രവാചകന്, ദൈവ പുത്രന്, സെഖര്യാവ്)

## ദൈവ വചന സൂചികകള്:

- ദാനിയേല്08:15-17
- ദാനിയേല്09:20-21
- ലൂക്കോസ് 01:18-20
- ലൂക്കോസ് 01:26-29

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1403, G1043

# ഗലാത്യ, ഗലാത്യര്

## വസ്തുതകള്:

പുതിയ നിയമ കാലഘട്ടത്തില്, ഗലാത്യ ഒരു വലിയ റോമന്പ്രവിശ്യയായി ഇപ്പോള്ടര്ക്കി എന്ന് അറിയപ്പെടുന്ന രാജ്യത്തിന്റെ മദ്ധ്യ ഭാഗത്തായി സ്ഥിതി ചെയ്തിരുന്നു.

- ഗലാത്യയുടെ വടക്ക് ഭാഗത്തായി കരിങ്കടലുമായി ഒരു ഭാഗം അതിര്ത്തി പങ്കിട്ടിരുന്നു. മാത്രമല്ല ആസ്യ, ബിഥിന്യ, കപ്പദോക്യ, സിസിലിയ, പംഫില്യ എന്നീ പ്രവിശ്യകളുമായി അതിര്ത്തി പങ്കിട്ടിരുന്നു.
- ഗലാത്യ പ്രവിശ്യയില്ജീവിച്ചിരുന്ന ക്രിസ്ത്യാനികള്ക്ക് അപ്പോസ്തലനായ പൌലോസ് ഒരു ലേഖനം എഴുതിയിരുന്നു. ഈ പുതിയ നിയമ ലേഖനം ആണ് "ഗലാത്യര്ക്ക്" എഴുതിയ പുസ്തകം എന്ന് അറിയപ്പെടുന്നത്.
- പൌലോസ് തന്റെ ലേഖനം ഗലാത്യര്ക്ക് എഴുതുവാന്ഉണ്ടായ ഒരു കാരണം പ്രവര്ത്തികളാല്അല്ല, കൃപയാലത്രേ രക്ഷ എന്ന സുവിശേഷത്തിനു ഊന്നല്നല്കുക എന്നുള്ളത് ആയിരുന്നു.
- അവിടെ ഉണ്ടായിരുന്ന യഹൂദ ക്രിസ്ത്യാനികള്ജാതീയ ക്രിസ്ത്യാനികളെ ചില യഹൂദ നിയമങ്ങള്പാലിക്കേണ്ടത് അത്യാവശ്യമായിരുന്നു എന്ന തെറ്റായ ഉപദേശം പഠിപ്പിച്ചിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ആസ്യ, വിശ്വസിക്കുക, കിലിക്യ, സുവാര്ത്ത, പൌലോസ്, പ്രവര്ത്തികള്)

## ദൈവ വചന സൂചികകള്:

- 1കൊരിന്ത്യര്16:1-2
- 1പത്രോസ് 01:1-2
- 2 തിമോത്തിയോസ് 04:9-10
- അപ്പൊ.പ്രവര്ത്തികള്16:6-8
- ഗലാത്യര്01:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G1053, G1054

# ഗലീല ക്കടല്,കിന്നരേത്ത് കടല്, ഗെന്നസേരെത്ത് തടാകം, തിബെര്യാസ് കടല്

## വസ്തുതകള്:

കിഴക്കന് ഇസ്രായേലില് ഉള്ള ഒരു തടാകമാണ് "ഗലീല ക്കടല്" പഴയ നിയമത്തില് ഇതിനെ "കിന്നെരെത്ത് കടല്" എന്ന് വിളിച്ചിരുന്നു.

- ഈ തടാകത്തിലെ ജലം തെക്കോട്ട് യോര്ദാന് നദിയില് കൂടെ ഒഴുകി ഉപ്പുകടലില് ചെന്ന് ചേരുന്നു.
- കഫര്ന്നഹൂം, ബെത്ത്സയിദ, ഗെന്നെസെരെത്ത്, തിബെര്യാസ് ആദിയായവ ഗലീല കടലിന്റെ തീരത്ത് സ്ഥിതി ചെയ്തിരുന്ന പുതിയ നിയമ കാലഘട്ടത്തെ ചില പട്ടണങ്ങള് ആയിരുന്നു.
- യേശുവിന്റെ ജീവിതത്തില് നടന്ന പല സംഭവങ്ങളും ഗലീല കടലിന്റെ സമീപ പ്രദേശങ്ങളില് ആണ് നടന്നത്.
- ഗലീല കടല് എന്നത് "തിബെര്യാസ് കടല്" എന്നും "ഗെന്നെസെരെത്ത് തടാകം" എന്നും സൂചിപ്പിക്കപ്പെട്ടു വന്നിരുന്നു.
- ഈ പദം "ഗലീല പ്രദേശത്തില് ഉള്ള തടാകം" അല്ലെങ്കില് "ഗലീല തടാകം" അല്ലെങ്കില് "തിബെര്യാസിനു സമീപം ഉള്ള തടാകം (ഗെന്നസരെത്ത്)" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കഫര്ന്നഹൂം, ഗലീല, യോര്ദാന്നദി, ഉപ്പു കടല്)

## ദൈവ വചന സൂചികകള്:

- യോഹന്നാന് 06:1-3
- ലൂക്കോസ് 05:1-3
- മര്ക്കോസ് 01:16-18
- മത്തായി 04:12-13
- മത്തായി 04:18-20
- മത്തായി 08:18-20
- മത്തായി 13:1-2
- മത്തായി 15:29-31

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3220, H3672, G1056, G1082, G2281, G3041, G5085

# ഗലീലി, ഗലീലിക്കാരന്, ഗലീലിക്കാര്

## വസ്തുതകള്:

ഗലീലിയാണ് ഇസ്രായേലിന്റെ ഏറ്റവും വടക്ക് ഭാഗത്തുള്ള പ്രവിശ്യ, അത് ശമര്യയുടെ തൊട്ടു വടക്കു ആയിരുന്നു. ഒരു "ഗലീലിക്കാരന്" എന്നാല്ഗലീലിയില്ജീവിച്ചിരുന്ന വ്യക്തി അല്ലെങ്കില്ഗലീലിയില്ജീവിക്കുന്നവന്എന്നാണു അര്ത്ഥം.

- ഗലീലി, ശമര്യ, യഹൂദ എന്നീ മൂന്നു പ്രധാന പ്രവിശ്യകള്പുതിയ നിയമ കാലഘട്ടത്തില്ഇസ്രായേലില്ഉണ്ടായിരുന്നു. "ഗലീലിക്കടല്" എന്ന പേരില്അറിയപ്പെട്ടിരുന്ന ഒരു വലിയ ജലാശയം ഗലീലിയുടെ കിഴക്ക് ഭാഗത്ത് അതിര്ത്തിയായി ഉണ്ടായിരുന്നു.
- യേശു വളര്ന്നതും ജീവിച്ചതും ഗലീലിയിലെ നസറെത്ത് എന്ന പട്ടണത്തില്ആയിരുന്നു.
- യേശുവിന്റെ ഭൂരിഭാഗം അത്ഭുതങ്ങളും ഉപദേശങ്ങളും ഗലീലി പ്രദേശങ്ങളില്ആയിരുന്നു നടന്നത്.

(കാണുക: നസറെത്ത്, ശമര്യ, ഗലീലി ക്കടല്)

## ദൈവ വചന സൂചികകള്:

- അപ്പൊ.പ്രവര്ത്തികള്09:31-32
- അപ്പൊ.പ്രവര്ത്തികള്13:30-31
- യോഹന്നാന്02:1-2
- യോഹന്നാന്04:1-3
- ലൂക്കോസ് 13:1-3
- മര്ക്കോസ് 03:7-8
- മത്തായി 02:22-23
- മത്തായി 03:13-15

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **21:10** യെശ്ശയ്യാവ് പ്രവാചകന്പറഞ്ഞത് മശീഹ **ഗലീലിയില്** ജീവിക്കും, ഹൃദയം നുറുങ്ങിയ ആളുകളെ ആശ്വസിപ്പിക്കും, അടിമത്തത്തില്ആയിരിക്കുന്നവര്ക്ക് സ്വാതന്ത്ര്യവും ബന്ധിതര്ക്ക് വിടുതലും പ്രഖ്യാപിക്കും എന്നും ആയിരുന്നു.
- **26:01** സാത്താന്റെ പരീക്ഷണങ്ങളെല്ലാം വിജയച്ചതിനു ശേഷം, യേശു പരിശുദ്ധാത്മാവിന്റെ ശക്തിയോടെ താന്ജീവിച്ചിരുന്നതായ **ഗലീലി** പ്രദേശങ്ങളിലേക്ക് മടങ്ങി വന്നു.
- **39:06** അവസാനമായി, ജനം പറഞ്ഞു, "നീ യേശുവിനോട് കൂടെ ആയിരുന്നു, കാരണം നിങ്ങളുണ്ടു പേരും **ഗലീലിയില്** നിന്ന് ഉള്ളവരാണ്.
- **41:06** അനന്തരം ദൂതന്സ്ത്രീകളോട് പറഞ്ഞത്, "പോയി ശിഷ്യന്മാരോട് പറയേണ്ടത്, 'യേശു മരിച്ചവരുടെ ഇടയില്നിന്ന് ഉയിര്ത്ത് എഴുന്നേറ്റു ഇരിക്കുന്നു, നിങ്ങള്ക്ക് മുന്പായി **ഗലീലിയിലേക്ക്** പോകുന്നു." എന്നാണ്.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1551, G1056, G1057

# ഗസ്സ

## വസ്തുതകള്:

ദൈവ വചന കാലഘട്ടത്തില്, ഗസ്സ ഒരു സമ്പല്സമൃദ്ധമായ ഒരു ഫെലിസ്ത്യ പട്ടണമായി മെഡിറ്ററേനിയന്കടലിന്റെ തീരത്തില്, അസ്തോദിന് 38 കിലോമീറ്റര്തെക്ക് സ്ഥിതി ചെയ്തു വന്നിരുന്നു. ഇത് ഫെലിസ്ത്യരുടെ പ്രധാന അഞ്ചു പട്ടണങ്ങളില്ഒന്ന് ആയിരുന്നു.

- ഇതിന്റെ സ്ഥാനം നിമിത്തം, ഗസ്സ ഒരു പ്രധാന തുറമുഖമായി വിവിധ ജനവിഭാഗങ്ങള്ക്ക് ഇടയിലും രാജ്യങ്ങള്ക്ക് ഇടയിലും വാണിജ്യ ഇടപാടുകള്നടക്കുന്ന സ്ഥലം ആയിരുന്നു.
- ഇന്നും, ഗസ്സ എന്ന പട്ടണം ഗാസാ പ്രദേശത്തെ ഒരു പ്രധാന തുറമുഖമായി മെഡിറ്ററേനിയന്കടലിന്റെ തീര പ്രദേശത്ത് നില കൊള്ളുന്ന ഒരു മേഖലയായി വടക്കും കിഴക്കും ഇസ്രായേലിനോടും, തെക്ക് ഈജിപ്റ്റിനോടും അതിര്ത്തി പങ്കിടുന്നതായി സ്ഥിതി ചെയ്യുന്നു.
- ശിംശോനെ ബന്ധനസ്ഥന്ആക്കിയതിന് ശേഷം ഫെലിസ്ത്യര്അവനെ കൊണ്ടുപോയ പട്ടണം ഗസ്സ ആയിരുന്നു.
- സുവിശേഷകനായ ഫിലിപ്പോസ് ഗസ്സയിലെക്കുള്ള നിര്ജ്ജന വഴിയില്നടന്നു പോയപ്പോഴാണ് എത്യോപ്യനായ ഷണ്ടനെ താന്കണ്ടു മുട്ടിയത്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അസ്തോദ്, ഫിലിപ്പോസ്, ഫെലിസ്ത്യന്, എത്യോപ്യ, ഗത്ത്)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്04:24-25
- അപ്പൊ.പ്രവര്ത്തികള്08:26-28
- ഉല്പ്പത്തി 10:19-20
- യോശുവ 10:40-41
- ന്യായാധിപന്മാര്06:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5804, H5841, G1048

# ഗാദ്

## വസ്തുതകള്:

യാക്കോബിന്റെ മക്കളില്ഒരുവന്ആയിരുന്നു ഗാദ്. യാക്കോബിന് ഇസ്റീല്എന്നും പേര് ഉണ്ടായിരുന്നു.

- ഗാദിന്റെ കുടുംബം ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളില്ഒന്നായി തീര്ന്നു.
- ദൈവ വചനത്തില്ഗാദ് എന്ന് പേരുള്ള വേറൊരു മനുഷ്യന്പ്രവാചകന്ആയി ദാവീദ് ഇസ്രയേല്ജനത്തിന്റെ കാനേഷുമാരി എടുക്കുക നിമിത്തം ചെയ്ത തന്റെ പാപത്തെ കുറിച്ച് ഉണര്ത്തുവാന്വേണ്ടി ദാവീദ് രാജാവിനെ അഭിമുഖീകരിച്ചു.
- ബാല്ഗാദ് എന്നും മിഗ്ദാല്ഗാദ് എന്നും പേരുകള്ഉള്ള രണ്ടു പട്ടണങ്ങള്യഥാര്ത്ഥ രേഖയില്ചില സന്ദര്ഭങ്ങളില്"ബാല്ഗാദ്" എന്നും "മിഗ്ദാല്ഗാദ്" എന്നും എഴുതപ്പെട്ടിട്ടുണ്ട്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കാനേഷുമാരി, പ്രവാചകന്, ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്05:18-19
- പുറപ്പാട് 01:1-5
- ഉല്പ്പത്തി 30:9-11
- യോശുവ 01:12-13
- യോശുവ 21:36-38

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1410, H1425, G1045

# ഗിദയോന്

## വസ്തുതകള്:

ഇസ്രയേല്യരെ അവരുടെ ശത്രുക്കളില്നിന്നും വിടുവിക്കുവാനായി ദൈവം എഴുന്നേല്പ്പിച്ച ഒരു ഇസ്രയേല്യ പുരുഷന്ആണ് ഗിദയോന്.

- ഗിദേയോന്ജീവിച്ചിരുന്ന കാലഘട്ടത്തില്, മിദ്യാന്യര്എന്ന പേരില്അറിയപ്പെട്ടിരുന്ന ജന വിഭാഗം ഇസ്രയേല്യരെ ആക്രമിക്കുകയും അവരുടെ കാര്ഷിക വിളവുകളെ നശിപ്പിക്കുകയും ചെയ്യുമായിരുന്നു.
- ഗിദയോന്ഭയം ഉള്ള വ്യക്തി ആയിരുന്നു എങ്കിലും, ദൈവം അവനെ മിദ്യാന്യര്ക്കു എതിരെ ഉള്ള യുദ്ധത്തിനായി ഇസ്രയേല്യരെ നയിക്കേണ്ടതിനും പരാജയപ്പെടുത്തേണ്ടതിനും വേണ്ടി അവനെ ഉപയോഗിച്ചു.
- ഗിദെയോന്ദൈവത്തെ അനുസരിക്കുകയും അവരുടെ അസത്യ ദൈവങ്ങളായ ബാലിന്റെയും അശേരായുടെയും ബലിപീഠങ്ങളെ തകര്ത്തു കളയുകയും ചെയ്തു.
- അവന്ജനത്തെ അവരുടെ ശത്രുക്കളെ തോല്പ്പിക്കുവാനായി നടത്തുക മാത്രമല്ല, ഏക സത്യ ദൈവമായ യഹോവയെ അനുസരിക്കുവാനും ആരാധിക്കുവാനും കൂടി പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ബാല്, അശേരാ, വിടുവിക്കുക, മിദ്യാന്, യഹോവ)

## ദൈവ വചന സൂചികകള്:

- എബ്രായര്11:32-34
- ന്യായാധിപന്മാര്06:11:32-34
- ന്യായാധിപന്മാര്06:22-24
- ന്യായാധിപന്മാര്08:15-17

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **16:05** യഹോവയുടെ ദൂതന് **ഗിദയോന്റെ** അടുക്കല്വന്നു പറഞ്ഞത്, "പരാക്രമശാലിയേ, ദൈവം നിന്നോട് കൂടെ ഉണ്ട്. കടന്നുപോയി ഇസ്രയേല്യരെ മിദ്യാന്യരുടെ കയ്യില്നിന്നും രക്ഷിക്കുക."
- **16:06 ഗിദേയോന്റെ** പിതാവ് ഒരു ബലിപീഠം ഉണ്ടാക്കി അതിനെ ഒരു വിഗ്രഹത്തിനു സമര്പ്പിച്ചു. ദൈവം **ഗിദയോനോട്** ബലിപീഠം തകര്ത്തു കളയുവാന്പറഞ്ഞു.
- **16:08** അവിടെ അവര്ധാരാളം പേര്(മിദ്യാന്യര്) എണ്ണി തിട്ടപ്പെടു ത്തുവാന്കഴിയാത്ത വിധം അവിടെ ഉണ്ടായിരുന്നു. **ഗിദയോന്** ഇസ്രയേല്യരെ അവര്ക്കെതിരെ യുദ്ധം ചെയ്യുവാനായി ഒരുമിച്ചു വിളിച്ചു കൂട്ടി.
- **16:08 ഗിദയോന്** യിസ്രായേല്യരെ അവര്ക്കെതിരെ യുദ്ധം ചെയ്യുവാനായി വിളിച്ചു കൂട്ടി. **ഗിദെയോന്** ഇസ്രയേല്യരെ രക്ഷിക്കുവാനായി ദൈവം അവനെ ഉപയോഗിക്കും എന്നുള്ളതിന് ഉറപ്പായി അവന്രണ്ടു അടയാളങ്ങള്ദൈവത്തോട് ചോദിച്ചു.
- **16:10** 32,000 ഇസ്രയേല്യ പടയാളികള്ഗിടയോന്റെ അടുക്കല്വന്നു, എങ്കിലും ദൈവം ഇത് വളരെ അധികം ആകുന്നു എന്ന് അവനോടു പറഞ്ഞു.
- **16:12** അനന്തരം **ഗിദേയോന്** പടയാളികളുടെ അടുക്കല്മടങ്ങി വന്നിട്ട് ഓരോരുത്തരുടെ പക്കല്ഒരു കാഹളവും, ഒരു മണ്പാത്രവും, ഒരു പന്തവും വീതം കൊടുത്തു.
- **16:15** ജനം **ഗിദേയോനെ** അവരുടെ രാജാവാക്കണം എന്ന് ആവശ്യപ്പെട്ടു.
- **16:16** അനന്തരം **ഗിദേയോന്** സ്വര്ണ്ണം കൊണ്ട് പുരോഹിതന്മാര്ധരിക്കുന്നതു പോലെ ഉള്ള പ്രത്യേക വസ്ത്രം ഉണ്ടാക്കി. എന്നാല്ജനം ഒരു വിഗ്രഹം എന്ന പോലെ അതിനെ ആരാധിക്കുവാന്തുടങ്ങി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1439, H1441

# ഗിബെയ

## വസ്തുതകള്:

യെരുശലെമിന് വടക്കും ബെഥേലിന് തെക്കും ആയി സ്ഥിതി ചെയ്തിരുന്ന ഒരു പട്ടണം ആയിരുന്നു ഗിബെയ.

- ഗിബെയ ബെന്യാമിന് ഗോത്രത്തിന്റെ അതിരിനു അകത്ത് കാണപ്പെട്ട സ്ഥലമായിരുന്നു.
- ഇത് ബെന്യാമീന്യര്ക്കും ഇസ്രായേലിനും ഇടയില്ഉണ്ടായ ഒരു വലിയ യുദ്ധം നടന്നതായ സ്ഥലം ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ബെന്യാമിന്, ബെഥേല്, യെരുശലേം)

## ദൈവ വചന സൂചികകള്:

- 1 ശമുവേല്10:26-27
- 2 ശമുവേല്21:5-6
- ഹോശേയ 09:8-9
- ന്യായാധിപന്മാര്19:12-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1387, H1389, H1390, H1394

# ഗിബെയോന്, ഗിബെയോന്യന്, ഗിബെയോന്യര്

## വസ്തുതകള്:

ഗിബെയോന് എന്ന പട്ടണം യെരുശലെമിന് 13 കിലോമീറ്റര് വടക്ക് പടിഞ്ഞാറായി സ്ഥിതി ചെയ്തിരുന്നത് ആയിരുന്നു. ഗിബെയോനില് വസിച്ചിരുന്ന ജനം ഗിബെയോന്യര് ആയിരുന്നു.

- യെരിഹോ, ഹായി എന്നീ പട്ടണങ്ങളെ ഇസ്രയേല്യര് ഇപ്രകാരം നശിപ്പിച്ചു എന്ന വസ്തുത കേട്ടപ്പോള് ഗിബയോന്യര് ഭയപ്പെട്ടു പോയി.
- ആയതിനാല് ഗിബെയോന്യര് ദൂര സ്ഥലത്തുള്ള ഒരു ദേശത്തു നിന്നും വരുന്നവരായ ആളുകളെപ്പോലെ അഭിനയിച്ചു കൊണ്ട് ഗില്ഗാലില് തങ്ങിയിരുന്ന ഇസ്രയേല്യ തലവന്മാരുടെ അടുക്കല് വന്നു.
- ഇസ്രയേല്യ തലവന്മാര് കബളിപ്പിക്കപ്പെടുകയും അവരെ സംരക്ഷിച്ചു കൊള്ളാമെന്നും അവരെ നശിപ്പിച്ചു കളയുകയില്ല എന്നും ഉള്ളതായ ഒരു ഉടമ്പടി ഗിബെയോന്യരുമായി ഏര്പ്പെടുത്തുകയും ചെയ്തു.

(കാണുക: ഗില്ഗാല്, യെരിഹോ, യെരുശലേം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:29-31
- 1 രാജാക്കന്മാര്:4-5
- 2 ശമുവേല്:12-13
- യോശുവ 09:3-5

## ദൈവ വചന കഥകളില്ന നിന്നുള്ള ഉദാഹരണങ്ങള്:

- **15:06** എന്നാല് കനാന്യ ജന വിഭാഗങ്ങളില് ഒന്ന്, **ഗിബയോന്യര്** എന്നു അറിയപ്പെടുന്നവര്, കനാനില് നിന്നും അവര് വളരെ ദൂരത്ത് നിന്നും ഉള്ളവര്ആകുന്നു എന്ന് യോശുവയോടു നുണ പറഞ്ഞു.
- **15:07** ചില കാലങ്ങള്ക്ക് ശേഷം, കനാനില് ഉള്ള മറ്റു ജന വിഭാഗങ്ങളുടെ രാജാക്കന്മാര്, അമോര്യര്, **ഗിബയോന്യര്** ഇസ്രയേല്യരുമായി ഒരു സമാധാന ഉടമ്പടി ഉണ്ടാക്കി എന്ന് കേട്ടപ്പോള് അവരുടെ സൈന്യങ്ങള് എല്ലാം സംയുക്തമായി ഒരു വലിയ സൈന്യമായി **ഗിബയോന്യരെ** അക്രമിച്ചു.
- **15:08** അതിനാല് യോശുവ ഇസ്രയേല്യ സൈന്യത്തെ എല്ലാം ഒരുമിച്ചു കൂട്ടി രാത്രി മുഴുവനും നടന്നു ചെന്ന് **ഗിബയോന്യരുടെ** അടുക്കല് എത്തി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1391, H1393

# ഗിര്ഗാസ്യര്

## വസ്തുതകള്:

ഗിര്ഗാസ്യര്ഗലീല കടലിനു സമീപം കനാന്ദേശത്തില്താമസിച്ചു വന്നിരുന്ന ഒരു ജനവിഭാഗം ആയിരുന്നു.

- അവര്ഹാമിന്റെ മകനായ കനാന്റെ സന്തതികളായിരുന്നു, അതിനാല്"കനാന്യര്" എന്നു അറിയപ്പെട്ടു വന്നിരുന്ന നിരവധി ജന വിഭാഗ ങ്ങളില്ഒന്നും ആയിരുന്നു.
- ദൈവം യിസ്രയേല്മക്കള്ക്ക്നല്കിയ വാഗ്ദത്തത്തില്ഗിര്ഗാസ്യരെയും മറ്റുള്ള കനാന്യ ജന വിഭാഗങ്ങളെയും പരാജയ പ്പെടുത്തുവാന്താന്സഹായിക്കും എന്ന് പ്രസ്താവിച്ചിരുന്നു.
- എല്ലാ കനാന്യ ജനങ്ങളെ പോലെയും, ഗിര്ഗാസ്യര്യം അസത്യ ദൈവ ങ്ങളെ ആരാധിച്ചു വരികയും ആരാധനയുടെ ഭാഗമായി അധാര്മിക കാര്യങ്ങള്ചെയ്തു വരികയും ചെയ്തു വരികയും ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കനാന്, ഹാം, നോഹ)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്: 01:13-16
- ആവര്ത്തന പുസ്തകം 07:1
- ഉല്പ്പത്തി 10:15-18
- യോശുവ 03:9-11
- യോശുവ 24:11:12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1622

# ഗിലയാദ്, ഗിലയാദ്യന്, ഗിലയാദ്യന്മാര്

## നിര്വചനം:

യോര്ദാന്നദിയുടെ കിഴക്ക് ഭാഗത്തുള്ള മലകള്നിറഞ്ഞ പ്രദേശ ത്തിന്റെ പേര് ആയിരുന്നു ഗിലെയാദ്, അവിടെ ഇസ്രയേല്ഗോത്രങ്ങളായ ഗാദ്, രൂബേന്, മനശ്ശെ എന്നിവര്താമസിച്ചു വന്നിരുന്നു.

- ഈ മേഖലയെ “ഗിലയാദിന്റെ മലമ്പ്രദേശം” അല്ലെങ്കില്“ഗിലെയാദ് മല” എന്ന് സൂചിപ്പിച്ചിട്ടുണ്ട്.
- ”പഴയ നിയമത്തില്പല ആളുകള്ക്ക് “ഗിലെയാദ്” എന്ന പേര് ഉണ്ട്. ഈ ആളുകളില്ഒരുവന്മനശ്ശെയുടെ പൌത്രന്ആയിരുന്നു. വേറൊരു ഗിലെയാദ് യിപ്താഹിന്റെ പിതാവ് ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ഗാദ്, യിപ്താഹ്, മനശ്ശെ, രൂബേന്, ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്02:21-22
- 1 ശമുവേല്11:1-2
- ആമോസ് 01:3-4
- ആവര്ത്തന പുസ്തകം 02:36-37
- ഉല്പ്പത്തി 31:19-21
- ഉല്പ്പത്തി 37:25-26

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1568, H1569

# ഗില്ഗാല്

## വസ്തുതകള്

ഗില്ഗാല്യെരിഹോവിനു വടക്കുള്ള ഒരു പട്ടണവും ഇസ്രയേല്ജനം യോര്ദാന്നദി കടന്ന ശേഷം കനാനില്പ്രവേശിക്കുന്നതിന് മുന്പ് പാളയം ഇറങ്ങിയ ആദ്യ സ്ഥലവും ആയിരുന്നു.

- വരണ്ടു പോയ യോര്ദാന്നദി തടത്തില്നിന്നും എടുത്തതായ പന്ത്രണ്ടു കല്ലുകള്നദി കടന്നു വന്ന ഉടന്യോശുവ എടുക്കുകയും അവ ഗില്ഗാലില്നാട്ടുകയും ചെയ്തിരുന്നു.
- ഏലിയാവ് സ്വര്ഗ്ഗത്തിലേക്ക് എടുത്തു കൊള്ളപ്പെടുന്നതിനു മുന്പ്എലിയാവും എലീശയും യോര്ദാന്നദി കടന്നു ചെന്നതായ പട്ടണം ഗില്ഗാല്ആയിരുന്നു.
- പഴയ നിയമത്തില്"ഗില്ഗാല്" എന്ന് പേരുള്ള വേറെയും പല സ്ഥലങ്ങള്ഉണ്ടായിരുന്നു.
- "ഗില്ഗാല്" എന്ന പദത്തിന് "കല്ലുകളുടെ വൃത്തം" എന്നാണു അര്ത്ഥം, മിക്കവാറും അവിടെ വൃത്താകൃതിയില്ഉള്ള ഒരു ബലിപീഠം അവിടെ പണിതിരിക്കുന്നതായി ഉണ്ടായിരിക്കണം എന്ന് സൂചിപ്പിക്കുന്നു.
- പഴയനിയമത്തില്, ഈ പേര് മിക്കവാറും എല്ലായ്പ്പോഴും "ഗില്ഗാല്" എന്ന് തന്നെ അറിയപ്പെടുന്നു. ഇത് സൂചിപ്പിക്കുന്നത് ഇത് ഒരു പ്രത്യേകമായി ഒരു സ്ഥലത്തിന്റെ മാത്രം പേരല്ല, പ്രത്യുത പ്രത്യേക നിലവാരത്തില്കാണപ്പെടുന്ന സ്ഥലത്തിന്റെ ഒരു വിശദീകരണം ആയിരിക്കാം എന്നുള്ളതാണ്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക:ഏലിയാവ്, ഏലിശ, യെരിഹോ, യോര്ദാന്നദി)

## ദൈവ വചന സൂചികകള്:

- 1 ശമുവേല്07:15-17
- 2 രാജക്കന്മാര്02:1-2
- ഹോശേയ 04:15-16
- ന്യായാധിപന്മാര്02:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1537

# ഗെത്സെമെനെ

## വസ്തുതകള്:

ഗെത്സെമെനെ എന്ന തോട്ടം ഒലിവു വൃക്ഷങ്ങള്ഉള്ളതും യെരുശലേമിന് കിഴക്ക് കിദ്രോന്താഴ്വരക്കും അപ്പുറം ഒലിവു മലയ്ക്ക് സമീപം ആയിരുന്നു.

- യേശുവും തന്റെ അനുയായികളും ആള്ക്കൂട്ടത്തിന്റെ തിരക്കില്നിന്നും ഒഴിഞ്ഞു, തനിച്ചു പോയി വിശ്രമിക്കുന്ന ഒരു സ്ഥലം ആയിരുന്നു ഗെത്സെമെനെ തോട്ടം.
- യഹൂദ നേതാക്കന്മാരാല്താന്ബന്ധനസ്ഥന്ആകുന്നതിനു മുന്പ്, യേശു അതീവ ദു:ഖത്തില്ആയി പ്രാര്ഥിച്ചതു ഗത്സെമെനെ തോട്ടത്തില്ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:യൂദാസ് സ്കരിയോത്ത്, കിദ്രോന്താഴ്വര, ഒലിവു മല)

## ദൈവ വചന സൂചികകള്:

- മാര്ക്കോസ് 14:32-34
- മത്തായി 26:36-38

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G1068

# ഗെരാര്

## വസ്തുതകള്:

ഗെരാര്എന്നത് കനാന്ദേശത്തുള്ള ഒരു പട്ടണവും മേഖലയും ആയിരുന്നു, അത് ഹെബ്രോനു തെക്ക് പടിഞ്ഞാറായും ബേര്ശേബയ്ക്ക് വടക്ക് പടിഞ്ഞാറായും സ്ഥിതി ചെയ്തിരുന്നു.

- അബ്രഹാമും സാറയും ഗെരാരില്താമസിച്ചപ്പോള്രാജാവായ അബിമെലെക്ക് ആയിരുന്നു അവിടെ ഭരണാധികാരി ആയിരുന്നത്.
- ഇസ്രയേല്യര്കനാനില്താമസിച്ചു കൊണ്ടിരുന്ന കാലയളവില്ഫെലിസ്ത്യര്ഗെരാര്മേഖലയില്ആധിപത്യം പുലര്ത്തി വന്നിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:അബിമെലെക്ക്, ബേര്ശേബ, ഹെബ്രോന്, ഫെലിസ്ത്യര്)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്14:12-13
- ഉല്പ്പത്തി 20:1-3
- ഉല്പ്പത്തി 26:1
- ഉല്പ്പത്തി 26:6-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1642

# ഗെശൂര്,ഗെശൂര്യര്

## നിര്വചനം:

ദാവീദ് രാജാവിന്റെ കാലഘട്ടത്തില്, ഇസ്രായേലിന്റെയും ആരാമിന്റെയും ഇടയ്ക്ക് ഗലീല കടലിന്റെ കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്തിരുന്ന ഒരു ചെറിയ രാജ്യം ആയിരുന്നു ഗെശൂര്.

- ദാവീദ് രാജാവ്, ഗെശൂരാജാവിന്റെ മകളായ മാഖയെ വിവാഹം കഴിക്കുകയും, അവള്അവനു അബ്ശാലോം എന്ന മകനെ പ്രസവിക്കുകയും ചെയ്തു.
- തന്റെ അര്ദ്ധ സഹോദരനായ അമ്നോനെ കൊലപ്പെടുത്തിയ ശേഷം, അബ്ശാലോം യെരുശലെമില്നിന്ന് വടക്കു കിഴക്ക് ഏകദേശം 140 കിലോമീറ്റര്ദുരത്തുള്ള ഗെശൂരിലേക്കു ഓടിപ്പോയി. അവന്അവിടെ മൂന്ന് വര്ഷങ്ങള്താമസിച്ചു.

(കാണുക: അബ്ശാലോം, അമ്നോന്, ആറാം, ഗലീല ക്കടല്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്02:23-24
- 2 ശമുവേല്03:2-3
- ആവര്ത്തന പുസ്തകം 03:14
- യോശുവ 12:3-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1650

# ഗോമോറാ

## വസ്തുതകള്:

അബ്രഹാമിന്റെ സഹോദര പുത്രന് ജീവിക്കുവാനായി തിരഞ്ഞെടു ത്തതും, സോദോമിന് സമീപമായി സ്ഥിതി ചെയ്തതുമായ ഒരു ഫലഭൂയിഷ്ടമായ പട്ടണമായിരുന്നു ഗോമോറാ.

- സോദോമിന്റെയും ഗോമോറായുടെയും വ്യക്തമായ സ്ഥാനം എവിടെ യാണെന്ന് അറിഞ്ഞുകൂടാ, എങ്കിലും അവ ഉപ്പുകടലിന്റെ നേരെ വടക്കായി, സിദ്ധീം താഴ്വരയുടെ സമീപം സ്ഥിത ചെയ്തിരുന്നു എന്ന് നല്കുന്ന സൂചനകള് ഉണ്ട്.
- സോദോമും ഗൊമോറയും സ്ഥിതി ചെയ്തിരുന്ന മേഖലയില് നിരവധി രാജാക്കന്മാര് യുദ്ധം ചെയ്തു വന്നിരുന്നു.
- സോദോമിനും മറ്റു പട്ടണങ്ങള്ക്കും ഇടയില് വഴക്ക് ഉണ്ടായപ്പോള് ലോത്തിന്റെ കുടുംബം പിടിക്കപ്പെടുകയും അബ്രഹാമും തന്റെ ആളുകളും കടന്നു ചെന്ന് അവരെ വീണ്ടെടുക്കുകയും ചെയ്തു.
- അതിനു അധിക നാളുകള് കഴിയുന്നതിനു മുന്പേ, സോദോമും ഗോമോറയും അവിടെ ജീവിച്ചിരുന്ന ജനങ്ങളുടെ ദുഷ്ടത നിമിത്തം ദൈവത്താല് നശിപ്പിക്കപ്പെടുവാന് ഇടയായി.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:അബ്രഹാം, ബാബിലോന്, ലോത്ത്, ഉപ്പുകടല്, സോദോം)

## ദൈവ വചന സൂചികകള്:

- 2 പത്രോസ് 02:4-6
- ഉല്പ്പത്തി 10:19-20
- ഉല്പ്പത്തി 14:1-2
- ഉല്പ്പത്തി 18:20-21
- യെശ്ശയ്യാവ് 01:9
- മത്തായി 10:14-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6017

# ഗോലിയാത്ത്

## വസ്തുതകള്:

ഗോലിയാത്ത് എന്ന വ്യക്തി ദാവീദിനാല്കൊല്ലപ്പെട്ട ഫെലിസ്ത്യ സൈന്യത്തിലെ വളരെ പൊക്കമുള്ള ഒരു യോദ്ധാവ് ആയിരുന്നു.

- ഗോലിയാത്തിനു രണ്ടു മീറ്ററിനും മൂന്നു മീറ്ററിനും ഇടയില്ഉയരം ഉണ്ടായിരുന്നു. തന്റെ വലിയ ശരീര അളവ് നിമിത്തം തന്നെ സാധാരണയായി ഒരു മല്ലന്എന്ന് സൂചിപ്പിക്കുമായിരുന്നു.
- ഗോലിയാത്തിന്റെ പക്കല്ഏറ്റവും നല്ല ആയുധങ്ങള്ഉണ്ടായിരിക്കയും താന്ദാവീദിനെക്കാളും വലിയ ശരീര വലുപ്പം ഉള്ളവന്ആയിരുന്നിട്ടും, അവനെ പരാജയപ്പെടുത്തുവാനും ആവശ്യമായ ശക്തിയും കഴിവും ദൈവം ദാവീദിന് നല്കിയിരുന്നു.
- ഫെലിസ്ത്യന്റെ മേല്ദാവീദിന് ലഭിച്ച ജയത്തിന്റെ ഫലമായി ഇസ്രയേല്യരെ ഫെലിസ്ത്യരുടെ മേല്ജയം പ്രാപിച്ചവരായി പ്രഖ്യാപിക്കുവാന്ഇടയായി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ദാവീദ്, ഫെലിസ്ത്യര്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്20:4-5
- 1 ശമുവേല്17:4-5
- 1 ശമുവേല്21:8-9
- 1 ശമുവേല്22:9-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1555

# ഗോല്ഗോത്ത

## വസ്തുതകള്:

“ഗോല്ഗോത്ത” എന്നതു യേശുവിനെ ക്രൂശിച്ച സ്ഥലത്തിന്റെ പേര് ആയിരുന്നു. ഈ പേര് “തലയോട്ടി” അല്ലെങ്കില്തലയോടിടം” എന്ന് അര്ത്ഥം നല്കുന്ന അരാമ്യ പദത്തില്നിന്നും വന്നത് ആകുന്നു.

- ഗോല്ഗോത്ത എന്ന സ്ഥലം യെരുശലേം പട്ടണത്തിന്റെ മതിലുകള്ക്ക് പുറത്ത്, സമീപ പ്രദേശത്തായി സ്ഥിതി ചെയ്തിരുന്നു. ഇത് മിക്കവാറും ഒലിവു മലയുടെ ചരിവില്ആയിരിക്കണം സ്ഥിതി ചെയ്തു വന്നിരുന്നത്.
- ചില പഴയ ദൈവ വചന തര്ജ്ജുമകളില്, ഗോല്ഗോത്ത എന്നത്, “കാല്വറി” എന്ന ലത്തീന്ഭാഷയില്“തലയോട്ടി” എന്ന് അര്ത്ഥം വരുന്ന പദത്തില്നിന്നും പരിഭാഷ ചെയ്തിരിക്കുന്നത് കാണാം. പല ദൈവ വചന പരിഭാഷകളിലും “ഗോല്ഗോത്ത” എന്നതു പോലെ കാണുന്നതോ ഉച്ചാരണം നല്കുന്നതോ ആയ പദം മുന്കൂട്ടിത്തന്നെ ദൈവ വചന ഭാഗങ്ങളില്വിശദീകരിച്ചിരിക്കുന്നതിനു ഉപയോഗി ക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ആരാം, ഒലിവു മല)

## ദൈവ വചന സൂചികകള്:

- യോഹന്നാന്19:17-18
- മര്ക്കോസ്15:22-24
- മത്തായി 27:32-34

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G1115

# ഗോശെന്

## നിര്വചനം:

മിസ്രയീമിന്റെ വടക്ക് ഭാഗത്തായി നൈല്നദി തീരത്തോട് ചേര്ന്ന് സ്ഥിതി ചെയ്തിരുന്ന ഫലഭൂയിഷ്ടത ഉള്ള ഒരു സ്ഥലത്തിന്റെ പേര് ആയിരുന്നു ഗോശെന്.

- യോസേഫ് മിസ്രയീമിന്റെ ഭരണാധിപന്ആയിരുന്ന കാലത്ത്, തന്റെ പിതാവും സഹോദരന്മാരും അവരുദേ കുടുംബങ്ങളും കാനാനിലെ ക്ഷാമത്തില്നിന്ന് രക്ഷപ്പെടുവാനായി ഗോശേനില്വന്നു താമസിച്ചു.
- അവരും അവരുടെ സന്തതികളും 400 ലധികം വര്ഷങ്ങള്ഗോശെന്ദേശത്തു നന്നായി ജീവിച്ചു, എന്നാല്അനന്തരം അവര്മിസ്രയീമിലെ ഫറവോനാല്അടിമത്തത്തിന് നിര്ബന്ധിതരായി.
- അവസാനമായി ഇസ്രയേല്ജനം ഗോശേനില് നിന്ന് പുറപ്പെടുവാനും അടിമത്തത്തില്നിന്ന് ഇസ്രായേല്ജനം രക്ഷപ്പെടുവാനുമായി സഹായിക്കേണ്ടതിനു ദൈവം മോശെയെ അയച്ചു.

(പരിഭാഷ നിര്ദേശങ്ങള് :പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: മിസ്രയീം, ക്ഷാമം, മോശെ, നൈല്നദി)

## ദൈവ വചന സൂചികകള്:

- പുറപ്പാട് 08:22-24
- ഉല്പ്പത്തി 45:9-11
- ഉല്പ്പത്തി 47:1-2
- ഉല്പ്പത്തി 50:7-9
- യോശുവ 10:40-41

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1657

# ഗ്രീക്ക് ഭാഷ, ഗ്രീക്ക് ഭാഷ സംസാരിക്കുന്ന

## വസ്തുതകള്:

“ഗ്രീക്ക് ഭാഷ” എന്നത് ഗ്രീസ് എന്ന രാജ്യത്തില്സംസാരിക്കുന്ന ഭാഷയെന്നും, ഗ്രീസ് എന്ന രാജ്യത്തു നിന്നും ഉള്ള വ്യക്തി എന്നും സൂചിപ്പിക്കുന്നു. റോമന്സാമ്രാജ്യം മുഴുവന്ഗ്രീക്ക് ഭാഷ സംസാരിച്ചു വന്നിരുന്നു. “ഗ്രീക്കുകാരന്” എന്ന പദത്തിന്റെ അര്ത്ഥം ഗ്രീക്ക് ഭാഷ സംസാരിക്കു ന്നവന്എന്നാണ്. റോമന്സാമ്രാജ്യത്തില്ഉള്ള ഭൂരിഭാഗം യഹൂദര്അല്ലാത്ത ജനങ്ങള്ഗ്രീക്ക് ഭാഷ സംസാരിക്കുന്നവര്ആകയാല്, പുതിയ നിയമത്തില്പുറജാതികളെ “ഗ്രീക്കുകാര്” എന്ന് സൂചിപ്പിക്കുന്നു, പ്രത്യേകാല്യഹൂദന്മാര്ക്ക് അല്ലാതെ എന്ന് സൂചിപ്പിക്കുമ്പോള്.

- ” എബ്രായ ഭാഷ, അല്ലെങ്കില്അരാമ്യ ഭാഷയുമാകാം മാത്രം സംസാരിക്കുന്നതിനു പകരമായി ഗ്രീക്ക് ഭാഷ സംസാരിക്കുന്ന യഹൂദന്മാരെ സൂചിപ്പിക്കുവാനായി “ഗ്രീക്കുകാരായ യഹൂദന്മാര്” എന്ന പദസഞ്ചയം ഉപയോഗിക്കുന്നു.
- അല്ല എങ്കില്ഗ്രീക്ക് ഭാഷ സംസാരിക്കുന്നവന്” എന്നതു “ഗ്രീക്ക് സംസാരിക്കുന്നവന്” അല്ലെങ്കില്“സാംസ്കാരികമായി ഗ്രീക്കുകാരന്” അല്ലെങ്കില്“ഗ്രീക്കുകാരന്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- യഹൂദന്മാര്അല്ലാത്തവരെ സൂചിപ്പിക്കുമ്പോള്, “ഗ്രീക്കുകാരന്” എന്നതു “പുറജാതി” എന്ന് പരിഭാഷ ചെയ്യണം.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ആരാം, പുറജാതി, ഗ്രീസ്, എബ്രായ ഭാഷ, റോം)

## ദൈവ വചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്06:1
- അപ്പോ.പ്രവര്ത്തികള്09:28-30
- അപ്പോ.പ്രവര്ത്തികള്11:19-21
- അപ്പോ.പ്രവര്ത്തികള്14:1-2
- കൊലൊസ്സ്യര്03:9-11
- ഗലാത്യര്02:3-5
- യോഹന്നാന്07:35-36

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3125, G1672, G1673, G1674, G1675, G1676

# ഗ്രീക്ക് രാജ്യം, ഗ്രീക്ക് രാജ്യം

## വസ്തുതകള്:

പുതിയ നിയമ കാലഘട്ടത്തില്, ഗ്രീസ് റോമന് സാമ്രാജ്യത്തിലെ ഒരു പ്രവിശ്യ ആയിരുന്നു.

- ആധുനിക കാലത്തെ ഗ്രീക്ക് രാജ്യത്തിനു സമാനമായി, ഇത് മെഡിറ്ററേനിയന് കടല്, അയ്ജിയന് കടല്, അയോനിയന് കടല് എന്നിവയാല് അതിര് പങ്കിടുന്ന ഒരു ഉപദ്വീപ് ആയിരുന്നു.
- അപ്പോസ്തലനായ പൌലോസ് പല പ്രാവശ്യം ഗ്രീസിലുള്ള പട്ടണങ്ങള് സന്ദര്ശിക്കുകയും കൊരിന്ത്, തെസ്സലോനിക്യ, ഫിലിപ്പി, മറ്റും ഇതര പട്ടണങ്ങളില് സഭകള് സ്ഥാപിക്കുകയും ചെയ്തു. ഗ്രീസില്നിന്നും ഉള്ള ജനത്തെ "ഗ്രീക്കുകാര്" എന്ന് വിളിക്കുന്നു, അവരുടെ ഭാഷ "ഗ്രീക്ക്" ആകുന്നു താനും. ഇതര റോമന്പ്രവിശ്യകളില്നിന്നുള്ള ജനങ്ങള്, യഹൂദന്മാര്ഉള്പ്പെടെ ഉള്ളവര്ഗ്രീക്ക് സംസാരിച്ചിരുന്നു.
- ചില സന്ദര്ഭങ്ങളില്"ഗ്രീക്കുകാരന്" എന്ന പദം ഒരു പുറജാതിയനെ സൂചിപ്പിക്കുവാന്ഉപയോഗിച്ചിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:കൊരിന്ത്, പുറജാതി, ഗ്രീക്ക്, എബ്രായര്, ഫിലിപ്പിയര്, തെസ്സലോനിക്യര്)

## ദൈവവചന സൂചികകള്:

- ദാനിയേല്08:20-21
- ദാനിയേല്10:20-21
- ദാനിയേല്11:1-2
- സെഖര്യാവ് 09:11-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3120, G1671

# ഞാങ്ങണയുടെ കടല്, ചെങ്കടല്

## വസ്തുതകള്:

ഈജിപ്തിനും അറേബ്യയ്ക്കും ഇടയില് സ്ഥിതി ചെയ്യുന്ന ജലാശയത്തിനു ഉള്ള പേരാണ് "ഞാങ്ങണയുടെ കടല്." ഇപ്പോള് ഇതിനെ "ചെങ്കടല്" എന്ന് വിളിക്കുന്നു.

- ചെങ്കടല് നീളമുള്ളതും ഇടുങ്ങിയതും ആകുന്നു. ഇത് ഒരു തടാകം അല്ലെങ്കില്നദിയെക്കാളും വലുതാണ്, എന്നാല്ഒരു സമുദ്രത്തെക്കാളും വളരെ ചെറുതായിരിക്കും.
- ഈജിപ്തില് നിന്നും ഇസ്രയേല്ജനം പലായനം ചെയ്തപ്പോള് ചെങ്കടല് കടന്നു വരേണ്ടിയിരുന്നു. ദൈവം ഒരു അത്ഭുതം പ്രവര്ത്തിക്കുകയും കടല് ജലത്തെ രണ്ടായി വിഭാഗിച്ചു വരണ്ട നിലത്തില്കൂടെ ജനം മറുകരെ നടന്നു പോകേണ്ടതിനു ഇടവരുത്തുകയും ചെയ്തു.
- കനാന്ദേശം ഈ കടലിന്റെ വടക്ക് ഭാഗത്ത് ആയിരുന്നു.
- ഇത് "ഞാങ്ങണ കടല്" എന്നും പരിഭാഷ ചെയ്യാവുന്നത് ആകുന്നു.

(കാണുക: അറേബ്യ, കനാന്, ഈജിപ്ത്)

## ദൈവ വചന സൂചികകള്:

- അപ്പോ.07:35-37
- പുറപ്പാട് 13:17-18
- യോശുവ 04:22-24
- സംഖ്യാപുസ്തകം 14:23-25

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **12:14** ഈജിപ്ത്യന് സൈന്യം വരുന്നത് ഇസ്രയേല് ജനം കണ്ടപ്പോള്, അവര്ഫറവോന്റെ സൈന്യത്തിനും **ചെങ്കടലിനും** ഇടയില് കുടുങ്ങി പ്പോയതായി ഗ്രഹിച്ചു.
- **12:05** അനന്തരം ദൈവം മോശെയോടു "ജനത്തോടു **ചെങ്കടലിനു** സമീപത്തേക്ക് നീങ്ങുവാന് പറയുക." എന്ന് പറഞ്ഞു.
- **13:01** അനന്തരം ദൈവം ഇസ്രയേലിനെ **ചെങ്കടലില്** കൂടെയും, മരുഭൂമിയില് കൂടെയും സീനായി എന്ന് വിളിക്കുന്ന മലയിലേക്കു നടത്തി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3220, H5488, G2063, G2281

# തര്ശീശ്

## വസ്തുതകള്:

തര്ശീശ് എന്നത് പഴയ നിയമത്തില് ഉള്ള രണ്ടു വ്യക്തികളുടെ പേര് ആകുന്നു. ഇത് ഒരു പട്ടണത്തിന്റെ പേരും ആകുന്നു. യാഫെത്തിന്റെ പൌത്രന്മാരില് ഒരാളുടെ പേരും തര്ശീശ് എന്നായിരുന്നു.

- തര്ശീശ് എന്നത് അഹശ്വരോശ് രാജാവിന്റെ അടുക്കല് ഉണ്ടായിരുന്ന ജ്ഞാനികളില് ഒരുവന്റെ പേര് ആയിരുന്നു.
- തര്ശീശ് പട്ടണം വളരെ സമ്പല് സമൃദ്ധിയുള്ള, കപ്പലുകള് വിലപിടിപ്പുള്ള വസ്തുക്കളെ വാങ്ങുകയും, വില്ക്കുകയും വാണിജ്യം ചെയ്യുകയും ചെയ്യുന്ന ഒരു തുറമുഖ പട്ടണം ആയിരുന്നു.
- ഈ പട്ടണം സോര് എന്ന പട്ടണവുമായി ബന്ധം ഉള്ളതും ഇസ്രായേലില് നിന്നും ദൂരെ ഉള്ളതും ആയ ഒരു ഫോയ്നീഷ്യന് പട്ടണം ആണെന്നും, സ്പെയിനിന്റെ തെക്കന് തീരത്തു ഉള്ളതാണെന്നും കരുതുന്നു.
- പഴയ നിയമ പ്രവാചകനായ യോനാ നിനെവേക്ക് ചെന്ന് പ്രസംഗിക്കുവാന് ദൈവം പറഞ്ഞ കല്പ്പനയെ അനുസരിക്കാതെ പകരമായി തര്ശീശ് പട്ടണത്തിലേക്ക് പോകുന്ന കപ്പലില്കയറുവാന് ഇടയായി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: എസ്ഥേര്, യാഫെത്ത്, യോനാ, നിനെവേ, [ഫോയ്നീഷ്യ, ശാസ്ത്രിമാര്)

## ദൈവ വചന സൂചികകള്;

- ഉല്പ്പത്തി 10:2-5
- യെശ്ശയ്യാവ് 02:14-16
- യിരെമ്യാവ് 10:8-10
- യോനാ 01:1-3
- സങ്കീര്ത്തനങ്ങള് 048:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8659

# തര്സോസ്

## വസ്തുതകള്:

തര്സോസ് റോമന്പ്രവിശ്യ ആയിരുന്ന കിലിക്യയിലെ ഒരു സമൃദ്ധമായ പട്ടണം ആയിരുന്നു, അതിലാണ് ഇന്നത്തെ മദ്ധ്യ തെക്കന് ടര്ക്കി ഉള്ളത്.

- തര്സോസ് ഒരു പ്രധാന് നദിയുടെ തീരത്തും മെഡിറ്ററേനിയന് കടലിന്റെ സമീപത്തും ആയതിനാല് ഒരു പ്രധാന വാണിജ്യ പാതയുടെ ഭാഗം ആയിരുന്നു.
- ഇത് ഒരുകാലത്ത് കിലിക്യയുടെ തലസ്ഥാനം ആയിരുന്നു.
- പുതിയ നിയമത്തില്, തര്സോസ് അപ്പോസ്തലനായ പൌലോസിന്റെ ജന്മ സ്ഥലം എന്ന നിലയില് പ്രസിദ്ധം ആണ്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കിലിക്യ, പൌലോസ്, പ്രവിശ്യ, കടല്)

## ദൈവ വചന സൂചികകള്:

- അപ്പോ.09:10-12
- അപ്പോ.09:28-30
- അപ്പോ.11:25-26

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G5018, G5019

# താമാര്

## വസ്തുതകള്:

താമാര് എന്നത് പഴയ നിയമത്തില് ഉള്ള നിരവധി സ്ത്രീകളുടെ പേര് ആയിരുന്നു. കൂടാതെ പഴയ നിയമത്തില് ഉള്ള പല പട്ടണങ്ങളുടെയും അല്ലെങ്കില്സ്ഥലങ്ങളുടെയും പേരും ആയിരുന്നു.

- താമാര് യഹൂദയുടെ മരുമകള് ആയിരുന്നു. അവള് യെശുക്രിസ്തുവിന്റെ ഒരു പൂര്വികന് ആയിരുന്ന പെരെസിനു ജന്മം നല്കി.
- ദാവീദ് രാജാവിന്റെ പുത്രിമാരില് ഒരാളുടെ പേര് താമാര് എന്നായിരുന്നു; അവള് അബ്ശാലോമിന്റെ സഹോദരി ആയിരുന്നു. അവളുടെ അര്ദ്ധ സഹോദരന് ആയിരുന്ന അമ്നോന് അവളെ ബലാല്സംഗം ചെയ്യുകയും ഉപേക്ഷിക്കുകയും ചെയ്തു.
- അബ്ശാലോമിനും താമാര് എന്ന പേരില് ഒരു മകള് ഉണ്ടായിരുന്നു. ഉപ്പുകടലിന്റെ പടിഞ്ഞാറന് തീരത്ത് എന്ഗേദി എന്ന പട്ടണം പോലെ ആയിരുന്നു “ഹസേസോന് താമാര്” എന്ന് വളിച്ചിരുന്ന പട്ടണവും. “ബാല് താമാര്” എന്നതും ഉണ്ട്, അത് “താമാര്” എന്ന് വിളിക്കപ്പെടുന്ന സ്ഥലത്തിനുള്ള പൊതുവായ സൂചന ആയിരിക്കാം, അത് മറ്റു പട്ടണങ്ങളില്നിന്നും വ്യത്യസ്തവും ആയിരിക്കാം.

(കാണുക: അബ്ശാലോം, പൂര്വികന്, അമ്നോന്, ദാവീദ്, പൂര്വികന്, യഹൂദ, ഉപ്പുകടല്)

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 02:3-4](rc://ml/tn/help/1ch/02/03)
- 2 ശമുവേല്:1-2
- 2 ശമുവേല്:25-27
- ഉല്പ്പത്തി 38:6-7
- ഉല്പ്പത്തി 38:24-26
- മത്തായി 01:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1193, H2688, H8412, H8559

# തിമോത്തിയോസ്

## വസ്തുതകള്:

തിമോത്തിയോസ് ലുസ്ത്രയില് നിന്നുള്ള ഒരു യുവാവായ മനുഷ്യന് ആയിരുന്നു. പില്ക്കാലത്ത് താന് പൌലോസിനോട് കൂടെ നിരവധി മിഷനറി യാത്രകള് നടത്തുകയും വിശ്വാസികളുടെ പുതിയ സമൂഹങ്ങള്ക്ക് ഇടയ ശുശ്രൂഷ ചെയ്തു സഹായിക്കുകയും ചെയ്തു.

- തിമോത്തിയോസിന്റെ പിതാവ് ഒരു യവനന് ആയിരുന്നു, എന്നാല് തന്റെ വല്യമ്മ ലോയീസും തന്റെ മാതാവ് യുനീക്കയും യഹൂദരും ക്രിസ്തുവില് വിശ്വാസികളും ആയിരുന്നു.
- മൂപ്പന്മാരും പൌലോസും ഔപചാരികമായി തിമോത്തിയോസിന്റെ മേല് തങ്ങളുടെ കൈകള് വെച്ച് അവനു വേണ്ടി പ്രാര്ഥിച്ചു ശുശ്രൂഷയ്ക്കായി നിയമിച്ചു. പുതിയ നിയമത്തില് ഉള്ള രണ്ടു ഗ്രന്ഥങ്ങള്(1 തിമോത്തിയോസും 2 തിമോത്തിയോസും) പൌലോസിനാല്എഴുതപ്പെട്ടതും പ്രാദേശിക സഭകളുടെ യുവ നേതാവായ തിമോത്തിയോസിനുള്ള മാര്ഗ്ഗ നിര്ദേശങ്ങള് നല്കുന്നവയും ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: നിയമിക്കുക, വിശ്വസിക്കുക, സഭ, ഗ്രീക്ക്, ശുശ്രൂഷകന്)

## ദൈവ വചന സൂചികകള്:

- 1 തെസ്സലോനിക്യര്03:1-3
- 1 തിമൊത്തിയൊസ് 01:1-2
- അപ്പോ.16:1-3
- കൊലൊസ്സ്യര്01:1-3
- ഫിലേമോന്01:1-3
- ഫിലിപ്പിയര്01:1-2
- ഫിലിപ്പിയര്02:19-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G5095

# തിര്സാ

## വസ്തുതകള്:

ഇസ്രയേല് മക്കളാല് പിടിച്ചെടുക്കപ്പെട്ട ഒരു പ്രധാന കനാന്യ പട്ടണം ആയിരുന്നു തിര്സാ. ഇത് മനശ്ശെയുടെ ഒരു സന്തതി ആയിരുന്ന ഗിലെയാദിന്റെ ഒരു മകളുടെ പേരും കൂടെ ആയിരുന്നു. തിര്സാ എന്ന പട്ടണം മനശ്ശെ ഗോത്രക്കാര് കൈവശപ്പെടുത്തിയ മേഖലയിലാണ് സ്ഥിതി ചെയ്തിരുന്നത്. ഇത് ശേഖേം എന്ന പട്ടണത്തിനു 10 മൈല് വടക്കോട്ട് മാറി സ്ഥിതി ചെയ്തിരുന്നതായി കരുതുന്നു.

- വര്ഷങ്ങള്ക്കു ശേഷം, തിര്സാ വടക്കന് രാജ്യമായ ഇസ്രായേലിനു ഒരു താത്കാലിക തലസ്ഥാനമായി ഇസ്രയേലിലെ നാല് രാജാക്കന്മാരുടെ ഭരണകാലത്ത് കാണപ്പെട്ടിരുന്നു.
- തിര്സാ എന്നത് മനശ്ശെയുടെ പൌത്രിമാരില് ഒരുവളുടെ പേരും ആയിരുന്നു. സാധാരണയായി ആചാരം അനുസരിച്ച് പിതാക്കന്മാരുടെ സ്വത്തു പുത്രന്മാര്ക്ക് വരേണ്ടതു അവകാശമാക്കുവാന് പുത്രന്മാര് ഇല്ലാതെ അവരുടെ പിതാവ് മരിച്ചതിനാല്, ദേശത്തിന്റെ ഒരു ഭാഗം അവര്ക്ക് നല്കണമെന്ന് അവര്അഭ്യര്ഥിച്ചു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കനാന്, അവകാശമാക്കുക, ഇസ്രയേല് രാജ്യം, മനശ്ശെ, ശേഖേം)

## ദൈവ വചന സൂചികകള്:

- സംഖ്യാപുസ്തകം 27:1
- സംഖ്യാപുസ്തകം 36:10-12
- ഉത്തമഗീതം 06:4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8656

# തിഹിക്കൊസ്

## വസ്തുതകള്:

തിഹിക്കൊസ് സുവിശേഷീകരണത്തില്പ്പൌലോസിന്റെ സഹ ശുശ്രൂഷകന്മാരില് ഒരുവന് ആയിരുന്നു.

- തിഹിക്കോസ് പൌലോസിന്റെ ആസ്യ മിഷനറി യാത്രകളില് കുറഞ്ഞത് ഒരു പ്രാവശ്യം എങ്കിലും അനുഗമിച്ചിരുന്നു.
- പൌലോസ് തന്നെ "പ്രിയപ്പെട്ടവന്" എന്നും "വിശ്വസ്തന്" എന്നും വിവരിച്ചിരുന്നു.
- തിഹിക്കൊസ് പൌലോസിന്റെ ലേഖനങ്ങളെ എഫെസോസിലേക്കും കൊലോസ്യയിലേക്കും വഹിച്ചു കൊണ്ട് പോയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ആസ്യ, പ്രിയപ്പെട്ടവന്, കൊലോസ്സ്യ, എഫേസോസ്, വിശ്വസ്തന്, സുവാര്ത്ത, ശുശ്രൂഷകന്)

## ദൈവ വചന സൂചികകള്:

- 2 തിമോത്തിയോസ് 04:11-13
- കൊലൊസ്സ്യര്:7-9
- തീത്തോസ് 03:12-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G5190

# തീത്തോസ്

## വസ്തുതകള്:

തീത്തോസ് ഒരു പുറജാതീയന്ആയിരുന്നു. ആദ്യകാല സഭകളിലെ ഒരു നേതാവായി തീരുവാന് തക്കവണ്ണം താന് പൌലോസിനാല്പരിശീലനം ലഭിച്ച വ്യക്തി ആയിരുന്നു.

- പൌലോസിനാല് തീത്തോസിനു എഴുതപ്പെട്ട ഒരു ലേഖനം പുതിയ നിയമത്തിലെ ഒരു പുസ്തകം ആകുന്നു.
- ഈ ലേഖനത്തില് പൌലോസ് തീത്തോസിനോട് ക്രേത്ത ദ്വീപിലെ സഭകള്ക്ക് മൂപ്പന്മാരെ നിയമിക്കുവാന് നിര്ദേശം നല്കിയിരുന്നു.
- ക്രിസ്ത്യാനികള്ക്കുള്ള മറ്റു ചില ലേഖനങ്ങളില്, പൌലോസ് തീത്തോസിനെ കുറിച്ച് അവന്തനിക്കു പ്രോത്സാഹനവും സന്തോഷവും നല്കിയിരുന്ന ഒരു വ്യക്തി ആയിരുന്നു എന്ന് സൂചിപ്പിച്ചിരിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: നിയമിക്കുക, വിശ്വസിക്കുക, ദൈവസഭ, പരിച്ഛേദന ചെയ്യുക, ക്രേത്ത, മൂപ്പന്, പ്രോത്സാഹിപ്പിക്കുക, നിര്ദേശം നല്കുക, ശുശ്രൂഷകന്)

## ദൈവ വചന സൂചികകള്:

- 2 തിമോത്തിയോസ് 04:9-10
- ഗലാത്യര്:1-2
- ഗലാത്യര്:3-5
- തീത്തോസ് 01:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G5103

# തൂബാല്

## വസ്തുതകള്:

“തൂബാല്” എന്ന് പേരുള്ള നിരവധി ആളുകള് പഴയ നിയമത്തില് ഉണ്ടായിരുന്നു.

- യാഫെത്തിന്റെ പുത്രന്മാരില് ഒരാളുടെ പേര് തൂബാല് എന്നായിരുന്നു.
- ”തൂബാല്കയീന്” എന്ന് പേരുള്ള ഒരു വ്യക്തി കയീന്റെ സന്തതിയില് ഉള്പ്പെട്ടതും ലാമേക്കിന്റെ ഒരു പുത്രനും ആയിരുന്നു.
- തൂബാല് എന്നത് യെശ്ശയ്യാവ് എന്നും യെഹെസ്കേല് എന്നും പേരുള്ള പ്രവാചകന്മാര് രേഖപ്പെടുത്തിയിട്ടുള്ള ഒരു ജനവിഭാഗം കൂടെ ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കയീന്, സന്തതി, യെഹസ്കേല്, യെശ്ശയ്യാവ്, യാഫെത്ത്, ലാമെക്ക്, ജനവിഭാഗം, പ്രവാചകന്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 01:5-7
- യെഹസ്കേല് 27:12-13
- ഉല്പ്പത്തി 10:2-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8422, H8423

# തെസ്സലോനിക്യ, തെസ്സലോനിക്യന്, തെസ്സലോനിക്യര്

## വസ്തുതകള്:

പുതിയ നിയമ കാലഘട്ടത്തില്, തെസ്സലോനിക്യ പുരാതന റോമന്സാമ്രജ്യത്തിലെ മാസിഡോനിയയുടെ തലസ്ഥാന നഗരി ആയിരുന്നു. ആ പട്ടണത്തില്വസിച്ചു വന്നിരുന്നവരെ തെസ്സലോനിക്യര്എന്ന് വിളിച്ചിരുന്നു.

- തെസ്സലോനിക്യ പട്ടണം ഒരു പ്രധാന കപ്പല്തുറമുഖവും റോമാ പട്ടണത്തെ റോമന്സാമ്രാജ്യത്തിന്റെ കിഴക്കന്ഭാഗവുമായി ബന്ധിപ്പിക്കുന്ന ഒരു പ്രധാന പാതയുമായി ബന്ധപ്പെട്ടു കിടക്കുന്ന സ്ഥലവും ആയിരുന്നു.
- ശീലാസിനോടും തിമോത്തിയോസിനോടും കൂടെ, തന്റെ രണ്ടാമത്തെ പ്രേഷിത യാത്രയില്പൌലോസ്, തെസ്സലോനിക്യ പട്ടണം സന്ദര്ശിക്കുകയും തത്ഫലമായി, അവിടെ ഒരു സഭ ഉടലെടുക്കുകയും ചെയ്തു. പില്ക്കാലത്ത്, തന്റെ മൂന്നാം പ്രേഷിത യാത്രയിലും പൌലോസ് ഈ പട്ടണം സന്ദര്ശിക്കുക ഉണ്ടായി.
- തെസ്സലോനിക്യയില്ഉള്ള ക്രിസ്ത്യാനികള്ക്ക് പൌലോസ് രണ്ടു ലേഖനങ്ങള്എഴുതുവാന്ഇടയായി. ഈ ലേഖനങ്ങള്(1 തെസ്സലോനിക്യരും 2 തെസ്സലോനിക്യരും) പുതിയ നിയമത്തില്ഉള്പ്പെടുത്തി യിരിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: മാസിഡോണിയ, പൌലോസ്, റോം)

## ദൈവ വചന സൂചികകള്:

- 1 തെസ്സലോനിക്യര്01:01
- 2 തെസ്സലോനിക്യര്01:1-2
- 2 തിമോത്തിയോസ് 04:9-10
- അപ്പോ.17:1-2
- ഫിലിപ്പിയര്04:14-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2331, G2332

# തേരഹ്

## വസ്തുതകള്:

തേരഹ് നോഹയുടെ മകനായ ശേമിന്റെ സന്തതി ആയിരുന്നു. താന് അബ്രാം, നാഹോര് മറ്റും ഹാരാന്റെ പിതാവ് ആയിരുന്നു.

- തേരഹ് തന്റെ മകനായ അബ്രാഹാമിനോടും, തന്റെ സഹോദര പുത്രന് ആയ ലോത്തിനോടും, അബ്രഹാമിന്റെ ഭാര്യയായ സാറായിയോടും കൂടെ കനാനിലേക്ക് പോകേണ്ടതിനു ഊരില് ഉള്ളതായ തന്റെ ഭവനം വിട്ടു പുറപ്പെട്ടു പോയി.
- കനാനിലേക്കുള്ള യാത്രയില്, തേരഹും തന്റെ കുടുംബവും മെസപൊട്ടാമ്യയില് ഉള്ള ഹാരാന് എന്ന പട്ടണത്തില് പല വര്ഷങ്ങള് താമസിക്കുവാന് ഇടയായി. തന്റെ 205-മത്തെ വയസ്സില് തേരഹ് ഹാരാനില് വെച്ചു മരിച്ചു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: എബ്രഹാം, കനാന്, ഹാരാന്, ലോത്ത്, മെസപൊട്ടാമ്യ, നാഹോര്, സാറാ, ശേം, ഊര്)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 11:31-32
- 1 ദിനവൃത്താന്തങ്ങള് 01:24-27
- ലൂക്കോസ് 03:33-35

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8646, G2291

# തോമസ്

## വസ്തുതകള്:

തന്റെ ശിഷ്യന്മാരായിക്കുവാനും, പില്ക്കാലത്ത് അപ്പോസ്തലന്മാര് ആയിരിക്കുവാനുമായി യേശു തിരഞ്ഞെടുത്തതായ പന്ത്രണ്ടു പുരുഷന്മാരില് ഒരുവന് ആയിരുന്നു തോമസ്. താന്"ഇരട്ട" എന്ന് അര്ത്ഥം വരുന്ന "ദിദിമോസ്" എന്നും അറിയപ്പെട്ടു വന്നിരുന്നു.

- യേശുവിന്റെ ജീവിതകാല അവസാനത്തോട് അടുത്തു, താന് തന്റെ ശിഷ്യന്മാരോട് താന് പിതാവിന്റെ അടുക്കലേക്കു പോകുന്നു എന്നും തന്നോടു കൂടെ അവര് ആയിരിക്കേണ്ടതിനു അവര്ക്കായി വാസസ്ഥലം ഒരുക്കുവാന് പോകുന്നു എന്നും പറഞ്ഞു. താന് എവിടേക്ക് പോകുന്നു എന്ന് പോലും അറിയാതിരിക്കെ അവിടെ എത്തിച്ചേരുവാന് ഉള്ള വഴി അവര്ക്ക് എങ്ങനെ അറിയുവാന് കഴിയും എന്ന് യേശുവിനോട് തോമസ് ചോദിച്ചു.
- യേശു താന് മരിച്ചതിനു ശേഷം വീണ്ടും ജീവന് പ്രാപിച്ചു വന്നപ്പോള്, തോമസ്പറഞ്ഞത് യേശു വീണ്ടും ജീവന് പ്രാപിച്ചു വന്നിരിക്കുന്നു എങ്കില്യേശുവിന്റെ മുറിവുകള്ഉണ്ടായ പാടുകളില്ഞാന്തൊടുകയും അവനെ കാണുകയും ചെയ്തിട്ടല്ലാതെ താന്അതു വിശ്വസിക്കുകയില്ല എന്ന് പറഞ്ഞു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അപ്പോസ്തലന്, ശിഷ്യന്, പിതാആയ ദൈവം, പന്ത്രണ്ടു പേര്)

## ദൈവ വചന സൂചികകള്:

- അപ്പോ.01:12-14
- യോഹന്നാന്11:15-16
- ലൂക്കോസ് 06:14-16
- മര്ക്കോസ് 03:17-19
- മത്തായി 10:2-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2381

# ത്രോവാസ്

## വസ്തുതകള്:

ത്രോവാസ് എന്നതു ആസ്യ എന്ന തെക്ക് പടിഞ്ഞാററ് ഭാഗത്ത് ഉണ്ടായിരുന്ന പുരാതന റോമന് പ്രവിശ്യയിലെ കപ്പല്തുറമുഖം സ്ഥിതി ചെയ്തിരുന്ന ഒരു പട്ടണം ആയിരുന്നു.

- പൌലോസ് കുറഞ്ഞത് മൂന്നു പ്രാവശ്യം എങ്കിലും വിവിധ മേഖലകളില് സുവിശേഷം പ്രഘോഷിക്കുവാനുള്ള തന്റെ യാത്രകളില് ത്രോവാസ് പട്ടണം സന്ദര്ശിച്ചിട്ടുണ്ട്.
- ത്രോവാസില് ആയിരുന്ന ഒരു സന്ദര്ഭത്തില്, പൌലോസ് രാത്രിയില്ദീര്ഘ നേരം പ്രസംഗിച്ചു കൊണ്ടിരുന്നപ്പോള് പ്രസംഗം കേട്ടുകൊണ്ടിരുന്ന യൂത്തിക്കോസ് എന്ന യുവാവ് ഗാഢനിദ്രയില്ആയി.
- താന് തുറന്നിരുന്ന ഒരു ജനാലയില് ഇരുന്നതിനാല്. താന് അവിടെ നിന്ന് താഴേക്കു വീഴുകയും മരിച്ചു പോകുകയും ചെയ്തു.
- ദൈവത്തിന്റെ ശക്തിയാല്, പൌലോസ് ഈ യുവാവിനെ വീണ്ടും ജീവന്പ്രാപിച്ചവനായി ഉയിര്പ്പിച്ചു മടക്കിക്കൊണ്ടു വന്നു.
- പൌലോസ് റോമില് ആയിരുന്നപ്പോള്, ത്രോവാസില് ആയിരുന്ന സമയം അവിടെ വിട്ടേച്ചു പോന്നതായ ചുരുളുകളും വസ്ത്രവും എടുത്തുകൊണ്ടു വരുവാന് തി\മോത്തിയോസിനോട് അഭ്യര്ഥിച്ചു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ആസ്യ, പ്രസംഗിക്കുക, പ്രവിശ്യ, ഉയിര്പ്പിക്കുക, റോം, ചുരുള്, തിമോത്തിയോസ്)

## ദൈവ വചന സൂചികകള്:

- 2 കൊരിന്ത്യര് 02:12-13
- 2 തിമോത്തിയോസ് 04:11-13
- അപ്പോ.16:6-8
- അപ്പോ.20:4-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G5174

# ദമസ്കോസ്

## വസ്തുതകള്:

സിറിയ എന്ന രാജ്യത്തിന്റെ തലസ്ഥാനമാണ് ദമസ്കോസ്. ദൈവവചന കാലഘട്ടത്തില് ആയിരുന്നതുപോലെ ഇപ്പോഴും അതേ സ്ഥലത്ത് തന്നെ അത് സ്ഥിതി ചെയ്യുന്നു.

- ലോകത്തില് എറ്റവും പഴമയായ, തുടര്മാനമായി ജനവാസ യോഗ്യമായ പട്ടണങ്ങളില് ഒന്നാണ് ദമസ്കോസ്.
- അബ്രഹാമിന്റെ കാലഘട്ടത്തില് ആരാം രാജ്യത്തിന്റെ തലസ്ഥാന മായിരുന്നു ദമസ്കോസ് (ഇപ്പോള് സിറിയ ആയിരിക്കുന്ന സ്ഥലത്തായി രുന്നു).
- പഴയ നിയമത്തില് ഉടനീളം, ദമസ്കോസിലെ ജനങ്ങള്ക്കും ഇസ്രയേല് ജനങ്ങള്ക്കും ഇടയിലെ ഇടപാടുകളെക്കുറിച്ചുള്ള നിരവധി സൂചനകള് ഉണ്ട്.
- ദമാസ്കൊസിന്റെ നാശത്തെക്കുറിച്ചു പ്രവചിച്ചിട്ടുള്ള നിരവധി ദൈവവചന പ്രവചനങ്ങള് ഉണ്ട്. പഴയനിയമ കാലത്ത്, അശൂര് പട്ടണത്തെ നശിപ്പിച്ചപ്പോള് ഈ പ്രവചനങ്ങള് നിറവേറ്റപ്പെട്ടിരിക്കാം, അല്ലെങ്കില് ഭാവിയില് കൂടുതല് പൂര്ണ്ണമായ തോതില് പട്ടണം നശിപ്പിക്കപ്പെടാം.
- പുതിയ നിയമത്തില്, പരീശനായ ശൌല്,(പില്ക്കാലത്ത് പൌലോസ് എന്നറിയപ്പെട്ട വ്യക്തി) ദമസ്കോസ് പട്ടണത്തിലെ ക്രിസ്ത്യാനികളെ തടവിലാക്കുവാന് കടന്നു ചെന്നാറെ യേശു തന്നെ എതിര്കൊള്ളുകയും അവന് വിശ്വാസിയായി തീരുവാന്ഇടവരികയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ആരാം, അശൂര്, വിശ്വസിക്കുക, സിറിയ)

## ദൈവവചന സൂചികകള്:

- 2ദിനവൃത്താന്തങ്ങള് 24:23-24
- അപ്പൊ.പ്രവര്ത്തികള് 09:1-2
- അപ്പൊ.പ്രവര്ത്തികള് 09:3-4
- അപ്പൊ.പ്രവര്ത്തികള് 26:12-14
- ഗലാത്യര് 01:15-17
- ഉല്പത്തി 14:15-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1833, H1834, G1154

# ദാനിയേല്

## വസ്തുതകള്:

ഏകദേശം ക്രി.മു.600ല് ബാബിലോന് രാജാവായ നെബുഖദ്നേസര് രാജാവിനാല് പ്രവാസികളായി പിടിക്കപ്പെട്ട യുവാവായ ഇസ്രയേല്യ പ്രവാചകന് ആയിരുന്നു ദാനിയേല്.

- ഈ കാലഘട്ടത്തില് ആയിരുന്നു യഹൂദയില് നിന്നുള്ള നിരവധി ഇസ്രയേല്യര് ബാബിലോണില് 70 വര്ഷങ്ങള് ബന്ധിതരായി കഴിഞ്ഞത്.
- ദാനിയേലിനു ബാബിലോന്യ നാമമായ ബേല്ത്ശേസര് എന്നു പേരിട്ടു. ദാനിയേല് ദൈവത്തെ അനുസരിച്ച ഒരു ബഹുമാന്യനും നീതിമാനു മായ ഒരു യുവാവ് ആയിരുന്നു.
- ബാബിലോന്യ രാജാക്കന്മാര്ക്കു വേണ്ടി നിരവധി സ്വപ്നങ്ങളോ ദര്ശനങ്ങളോ വ്യാഖ്യാനിച്ചു നല്കുവാന് ദൈവം പ്രാപ്തനാക്കി. ഈ കഴിവ് നിമിത്തവും, തന്റെ ബഹുമാന പൂര്വമായ സ്വഭാവം നിമിത്തവും, ദാനിയേലിനു ബാബിലോന്യന് സാമ്രാജ്യത്തില് ഉയര്ന്ന നേതൃത്വ പദവി നല്കപ്പെട്ടു.
- അനേക വര്ഷങ്ങള്ക്ക് ശേഷം, ദാനിയേലിന്റെ ശത്രുക്കള് ബാബിലോണ് രാജാവായ ദാര്യാവേശിനെ കബളിപ്പിച്ച്, രാജാവിനെ ഒഴികെ വേറെ യാതൊന്നിനെയും ആരാധിക്കുവാന് ഇടയാകാതെ തടസ്സം ചെയ്യുന്ന നിയമം ഉണ്ടാക്കി. ദാനിയേല് ദൈവത്തോട് പ്രാര്ഥിക്കുന്നത് തുടര്ന്നു കൊണ്ടിരുന്നു, ആയതിനാല്, താന് ബന്ധനസ്ഥന് ആകുകയും സിംഹങ്ങളുടെ ഗുഹയില് അറിയപ്പെടുകയും ചെയ്തു. എന്നാല് ദൈവം അവനെ വിടുവിച്ചു അവനു യാതൊരു ദോഷവും സംഭവിച്ചില്ല.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ബാബിലോണ്, നെബുഖദ്നേസ്സര്)

## ദൈവവചന സൂചികകള്:

- ദാനിയേല്:6-7
- ദാനിയേല്:29-31
- ദാനിയേല്:27-28
- യെഹെസ്കേല്:12-14
- മത്തായി24:15-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1840, H1841, G1158

# ദാന്

## വസ്തുതകള്:

ദാന് യാക്കോബിന്റെ അഞ്ചാമത്തെ മകനും ഇസ്രയേലിലെ പന്ത്രണ്ടു ഗോത്രങ്ങളില് ഒന്നുമായിരുന്നു. കനാന്റെ വടക്കന് ഭാഗത്തു നിലയുറപ്പിച്ച ദാന് ഗോത്രത്താല് ആ പേര് നല്കപ്പെട്ടു. അബ്രാമിന്റെ കാലത്തില്, യെരുശലേമിന്റെ പടിഞ്ഞാറു ഭാഗത്ത് ദാന് എന്നു പേരുള്ള ഒരു പട്ടണം ഉണ്ടായിരുന്നു.

- വര്ഷങ്ങള്ക്കുശേഷം, ഇസ്രയേല് വാഗ്ദത്ത ദേശത്ത് പ്രവേശിച്ച കാലത്ത്, ദാന് എന്നു പേരുള്ള വേറൊരു പട്ടണം യെരുശലേമിനു 60 മൈല് വടക്കു മാറി ഉണ്ടായിരുന്നു. "ദാന്യര്" എന്ന പദം ദാന് വംശജര് എന്നു സൂചിപ്പിക്കുന്നു, അവര് അവന്റെ വംശത്തിന്റെ അംഗങ്ങളും ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: കനാന്, യെരുശലേം, ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവവചന സൂചനകള്:

- 1 ദിനവൃത്താന്തങ്ങള്12:34-35
- 1 രാജാക്കന്മാര്:24-25
- പുറപ്പാട് 01:1-5
- ഉല്പ്പത്തി 14:13-14
- ഉല്പ്പത്തി 30:5-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1835, H1839, H2051

# ദാര്യാവേശ്

## വസ്തുതകള്:

ദാര്യാവേശ് എന്നു പേര്ഷ്യയില് ഉണ്ടായിരുന്ന പല രാജാക്കന്മാര്ക്കും പേരുണ്ടായിരുന്നു. “ദാര്യാവേശ്” എന്നത് പേരിനേക്കാള് ഒരു സ്ഥാനപ്പേര് ആകുവാന് സാധ്യത ഉണ്ട്. ദൈവത്തെ ആരാധിച്ചതിനാല് ശിക്ഷയായി സിംഹത്തിന്റെ ഗുഹയില് പ്രവാചകനായ ദാനിയേലിനെ എറിയുവാനായി കബളിക്കപ്പെട്ട രാജാവ് “മേദ്യനായ ദാര്യാവേശ്” ആയിരുന്നു.

- എസ്രായുടെയും നെഹെമ്യാവിന്റെയും കാലത്ത് യെരുശലേമിലെ ആലയം പുനര്:നിര്മ്മിക്കേണ്ടതിനു സൌകര്യമൊരുക്കി സഹായിച്ചത് “പേര്ഷ്യക്കാരനായ ദാര്യാവേശ്” ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: പേര്ഷ്യ, ബാബിലോണ്, ദാനിയേല്, എസ്രാ, നെഹെമ്യാവ്)

## ദൈവവചന സൂചികകള്:

- എസ്രാ 04:4-6
- ഹഗ്ഗായി 01:1-2
- നെഹെമ്യാവ് 12:22-23
- സെഖര്യാവ് 01:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1867, H1868

# ദാവീദിന്റെ നഗരം

## വസ്തുതകള്:

“ദാവീദിന്റെ നഗരം” എന്ന പദം യെരുശലെമിനും ബെത്ലെഹേമിനും ഉള്ള വേറൊരു പേരാണ്.

- ദാവീദ് ഭരണം നടത്തിക്കൊണ്ടിരിക്കുമ്പോള് യെരുശലേമില്ആയിരുന്നു ജീവിച്ചിരുന്നത്.
- ബെത്ലെഹേമില്ആയിരുന്നു ദാവീദ് ജനിച്ചത്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ദാവീദ്, ബെത്ലെഹേം, യെരുശലേം)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്08:1-2
- 2 ശാമുവല്05:6-7
- യെശ്ശയ്യാവ് 22:8-9
- ലൂക്കോസ് 02:4-5
- നെഹെമ്യാവ് 03:14-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1732, H5892, G1138, G4172

# ദാവീദിന്റെ ഭവനം

## വസ്തുതകള്:

“ദാവീദിന്റെ ഭവനം” എന്ന പദപ്രയോഗം ദാവീദുരാജാവിന്റെ കുടുംബത്തെയോ സന്തതികളെയോ സൂചിപ്പിക്കുന്നു.

- ഇത് “ദാവീദിന്റെ സന്തതികള്” അല്ലെങ്കില്“ദാവീദിന്റെ കുടുംബം” അല്ലെങ്കില്“ദാവീദ് രാജാവിന്റെ വംശാവലി” എന്ന് പരിഭാഷ ചെയ്യാം.
- എന്തുകൊണ്ടെന്നാല്യേശുവും ദാവീദില്നിന്നും ജനിച്ചതിനാല്, താനും “ദാവീദിന്റെ കുടുംബത്തില്” ഒരു ഭാഗം ആയിരിക്കുന്നു.
- ചില സന്ദര്ഭങ്ങളില്“ദാവീദിന്റെ ഭവനം” അല്ലെങ്കില്“ദാവീദിന്റെ കുടുംബം” സൂചിപ്പിക്കുന്നത് ഇതുവരെ ജീവിച്ചിരിക്കുന്ന ദാവീദിന്റെ കുടുംബത്തില്ഉള്ളവര്ഏവരും എന്നാണ്.
- മറ്റു സമയങ്ങളില്ഈ പദം കൂടുതല്പൊതുവായി തന്റെ എല്ലാ സന്തതികളെയും മരിച്ചു പോയവരെയും ഉള്പ്പെടുത്തിക്കൊണ്ട് സൂചിപ്പിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ദാവീദ്, സന്തതി, വീട്, യേശു, രാജാവ്)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്10:17-19
- 2 ശമുവേല്03:6-7
- ലൂക്കോസ് 01:69-71
- സങ്കീര്ത്തനങ്ങള്122:4-5
- സെഖര്യാവ് 12:7-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1004, H1732, G1138, G3624

# ദാവീദ്

## വസ്തുതകള്:

ഇസ്രായേലിന്റെ രണ്ടാമത്തെ രാജാവായിരുന്ന ദാവീദ് ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്തു. താനായിരുന്നു സങ്കീര്ത്തന പുസ്തകങ്ങളുടെ പ്രധാന രചയിതാവ്.

- താന് ഒരു ചെറിയ ബാലനായി, തന്റെ കുടുംബത്തിന്റെ ആടുകളെ പരിപാലിച്ചു കൊണ്ടിരിക്കുമ്പോള് തന്നെ, ഇസ്രായേലിന്റെ അടുത്ത രാജാവായി ദൈവം അവനെ തിരഞ്ഞെടുത്തിരുന്നു.
- ദാവീദ് ഒരു വലിയ യോദ്ധാവായി തീരുകയും ഇസ്രയേലിനെ അവരുടെ ശത്രുക്കള്ക്കു എതിരായ യുദ്ധത്തില് നയിക്കുകയും ചെയ്തു. താന് ഫെല്സ്ത്യ മല്ലനായ ഗോലിയാത്തിനെ തോല്പ്പിച്ചത് വളരെ പ്രസിദ്ധമാണ്.
- ശൌല് രാജാവ് ദാവീദിനെ കൊല്ലുവാന് ശ്രമിച്ചു, എന്നാല് ദൈവം തന്നെ സംരക്ഷിച്ചു, ശൌലിന്റെ മരണാനന്തരം അവനെ രാജാവാക്കു കയും ചെയ്തു.
- ദാവീദ് വളരെ ഭയങ്കരമായ ഒരു പാപം ചെയ്തു, എന്നാല് താന് മാനസ്സാന്തരപ്പെടുകയും ദൈവം അവനോട് ക്ഷമിക്കുകയും ചെയ്തു.
- മശീഹയായ യേശു, ദാവീദിന്റെ പുത്രന്" എന്നു വിളിക്കപ്പെട്ടത് താന് ദാവീദിന്റെ വംശാവലിയില് ഉള്ളവന് ആകയാല് ആണ്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ഗോലിയാത്ത്, ഫെലിസ്ത്യന്, ശൌല്)

## ദൈവവചന സൂചികകള്:

- 1 ശമുവേല്:12-13
- 1 ശമുവേല്:32-34
- 2 ശമുവേല്:1-2
- 2 തിമോത്തിയോസ് 02:8-10
- അപ്പോ.പ്രവര്ത്തികള് 02:25-26
- അപ്പോ.പ്രവര്ത്തികള് 13:21-22
- ലൂക്കോസ് 01:30-33
- മര്ക്കോസ് 02:25-26

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **17:02 ദാവീദ്** എന്നു പേരുള്ള ഒരു യുവ ഇസ്രയേല്യനെ ശൌലിന് പകരം രാജാവായി ദൈവം തിരഞ്ഞെടുത്തു. **ദാവീദ്** ബെത്ലെഹേം പട്ടണത്തില് നിന്നുള്ള ഒരു ഇടയനായിരുന്നു. **ദാവീദ്** ഒരു താഴ്മയും നീതിയുമുള്ള, ദൈവത്തില് ആശ്രയിക്കുകയും അനുസരിക്കുകയും ചെയ്യുന്ന വ്യക്തി ആയിരുന്നു.
- **17:03 ദാവീദ്** ഒരു ശ്രേഷ്ടനായ യോദ്ധാവും നായകനും ആയിരുന്നു. **ദാവീദ്** ഒരു ബാലനായിരുന്നപ്പോള് തന്നെ, ഗോലിയാത്ത് എന്നു പേരുള്ള മല്ലനെതിരെ യുദ്ധം ചെയ്തു.
- **17:04 ദാവീദിനോടുള്ള** ജനത്തിന്റെ സ്നേഹം നിമിത്തം ശൌലിന് അസൂയ ഉണ്ടായി. ശൌല് പലപ്രാവശ്യം അവനെ കൊല്ലുവാന് ശ്രമിച്ചതിനാല്, **ദാവീദ്** തന്നെ ശൌലില്നിന്നും ഒളിച്ചു.
- **17:05** ദൈവം **ദാവീദിനെ** അനുഗ്രഹിച്ചു വിജയ ശ്രീലാളിതനാക്കി. **ദാവീദ്** നിരവധി യുദ്ധങ്ങള് നടത്തുകയും ഇസ്രായേലിന്റെ ശത്രുക്കളെ പരാജയപ്പെടുത്തുവാന് ദൈവം അവനെ സഹായിക്കുകയും ചെയ്തു.
- **17:06** എല്ലാ ഇസ്രയേല്യരും ആരാധിക്കുവാനും ദൈവത്തിനു യാഗങ്ങള് അര്പ്പിക്കുവാനുമായി ഒരു ദേവാലയം പണിയണമെന്ന് **ദാവീദ്** ആഗ്രഹിച്ചു.
- **17:09**ദാവീദ്__ നീതിയോടും വിശ്വസ്തതയോടും അനേക വര്ഷങ്ങള് ഭരിക്കുകയും, ദൈവം അവനെ അനുഗ്രഹിക്കുകയും ചെയ്തു. എങ്കിലും, തന്റെ ജീവിതത്തിന്റെ അന്ത്യത്തില് ദൈവത്തിനെതിരെ കൊടും പാപം ചെയ്യുവാന്ഇടയായി.
- **17:13 ദാവീദ്** ചെയ്ത കാര്യം നിമിത്തം ദൈവം വളരെ കോപിഷ്ടനായി, അതിനാല് ദൈവം പ്രവാചകനായ നാഥാനെ ദാവീദിന്റെ അടുക്കല്അവന്റെ പാപം എത്ര ദോഷമുള്ളതെന്നു പറയുവാന്പറഞ്ഞു വിട്ടു. **ദാവീദ്** തന്റെ പാപത്തെക്കുറിച്ചു മാനസ്സാന്തര പ്പെടുകയും ദൈവം അവനോടു ക്ഷമിക്കുകയും ചെയ്തു. തന്റെ ശിഷ്ടകാലം മുഴുവന്, **ദാവീദ്** വിഷമസന്ധികളില് പോലും ദൈവത്തെ അനുഗമിക്കയും അനുസരിക്കയും ചെയ്തിരുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1732, G1138

# ദെലീല

## വസ്തുതകള്:

ശിംശോനാല് സ്നേഹിക്കപ്പെട്ട ഒരു ഫെലിസ്ത്യ സ്ത്രീയാണ് ദെലീല, എന്നാല് അവള് തന്റെ ഭാര്യ ആയിരുന്നില്ല.

- ദെലീല ശിംശോനെക്കാള് അധികമായി പണത്തെ ആയിരുന്നു സ്നേഹിച്ചത്.
- തന്നെ എപ്രകാരം ബലഹീനനാക്കാം എന്നുള്ള കാര്യം ശിംശോന് അവളോട് പറയുവാന് തന്ത്രം ഒരുക്കേണ്ടതിനു ഫെലിസ്ത്യര് ദെലീല യ്ക്കു കൈക്കൂലി കൊടുത്തു.

തന്റെ ശക്തി നഷ്ടപ്പെട്ടപ്പോള്, ഫെലിസ്ത്യര് അവനെ പിടിച്ചു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക:കൈക്കൂലി, ഫെലിസ്ത്യര്, ശിംശോന്)

## ദൈവവചന സൂചികകള്:

- ന്യായാധിപന്മാര്:4-5
- ന്യായാധിപന്മാര്:6-7
- ന്യായാധിപന്മാര്:10-12
- ന്യായാധിപന്മാര്:18-19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1807

# ദൈവ മനുഷ്യന്

## വസ്തുതകള്:

“ദൈവ മനുഷ്യന്” എന്ന പദപ്രയോഗം യഹോവയുടെ പ്രവാചകനെ ബഹുമാന പുരസ്സരം സൂചിപ്പിക്കുവാന് ഉള്ള ഒരു ശൈലി ആകുന്നു. ഇത് യഹോവയുടെ ദൂതനെ സൂചിപ്പിക്കുവാനും ഉപയോഗിക്കുന്നു.

- ഒരു പ്രവാചകനെ സൂചിപ്പിക്കുമ്പോള്, ഇത് “ദൈവത്തിനു ഉള്പ്പെട്ടതായ മനുഷ്യന്” അല്ലെങ്കില് “ദൈവം തിരഞ്ഞെടുത്തതായ മനുഷ്യന്” അല്ലെങ്കില് “ദൈവത്തെ സേവിക്കുന്നതായ മനുഷ്യന്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഒരു ദൈവദൂതനെ സൂചിപ്പിക്കുമ്പോള് ഇത് “ദൈവത്തിന്റെ ദൂതന്” അല്ലെങ്കില് “നിങ്ങളുടെ ദൂതന്” അല്ലെങ്കില് “ഒരു മനുഷ്യനെ പോലെ കാഴ്ച നല്കുന്ന ദൈവത്തില് നിന്നുള്ള ഒരു സ്വര്ഗ്ഗീയ ജീവി” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: ദൈവദൂതന്, ബഹുമാനം, പ്രവാചകന്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 23:12-14
- 1 രാജാക്കന്മാര് 12:22-24
- 1 ശമുവേല് 09:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H376, H430, G444, G2316

# നഫ്താലി

## വസ്തുതകള്:

നഫ്താലി യാക്കോബിന്റെ ആറാമത്തെ പുത്രന് ആയിരുന്നു. തന്റെ സന്തതികള് നഫ്താലി എന്ന ഗോത്രം രൂപീകരിച്ചു, അത് ഇസ്രയേല് ഗോത്രങ്ങളില് ഒന്ന് ആയിരുന്നു.

- ചില സന്ദര്ഭങ്ങളില് നഫ്താലി എന്ന പേര് ആ ഗോത്രം വസിച്ചു വന്ന പ്രദേശത്തിനും സൂചിപ്പിക്കുക പതിവുണ്ട്. (കാണുക: ഉപലക്ഷണ അലങ്കാരം
- നഫ്താലി എന്ന ഭൂ പ്രദേശം ഇസ്രായേലിന്റെ വടക്ക് ഭാഗത്ത് സ്ഥിതി ചെയ്തിരുന്നു, അത് ദാന് എന്നും ആശേര് എന്നും ഉള്ള ഗോത്രങ്ങള്ക്ക് സമീപം ആയിരുന്നു. അതിന്റെ കിഴക്കന് അതിര്ത്തി ഗന്നസേരെത്ത് എന്ന കടലിന്റെ പടിഞ്ഞാറന് തീരപ്രദേശം ആയിരുന്നു.
- ഈ ഗോത്രം സംബന്ധിച്ച് ദൈവ വചനത്തില് പഴയതും പുതിയതുമായ രണ്ടു നിയമങ്ങളിലും സൂചിപ്പിച്ചിട്ടുണ്ട്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ആശേര്, ദാന്, യാക്കോബ്, ഗലീല കടല്, ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്:15-17
- ആവര്ത്തന പുസ്തകം 27:13-14
- യെഹസ്കേല്:1-3
- ഉല്പ്പത്തി 30-7-8
- ന്യായാധിപന്മാര്:33
- മത്തായി 04:12-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5321, G3508

# നയമാന്

## വസ്തുതകള്

പഴയ നിയമത്തില്, അരാം രാജാവിന്റെ സൈന്യത്തിന്റെ സൈന്യാധിപന് ആയിരുന്നു നയമാന്.

- നയമാനു കുഷ്ഠം എന്ന പേരില് അറിയപ്പെടുന്ന സൌഖ്യം വരാത്തതായ ഒരു കഠിനമായ ചര്മ്മരോഗം ഉണ്ടായിരുന്നു.
- നയമാന്റെ ഭവനത്തില് ഉണ്ടായിരുന്ന ഒരു യഹൂദ അടിമ തന്നോട് തനിക്കു സൌഖ്യം വരേണ്ടതിനു പ്രവാചകനായ എലീശയുടെ അടുക്കല് ചെന്ന് അഭ്യര്ത്ഥന ചെയ്യുവാന് പറഞ്ഞു.
- എലീശ നയമാനോട് യോര്ദാന് നദിയില് ഏഴു പ്രാവശ്യം തന്നെ കഴുകുവാന് പറഞ്ഞു. നയമാന് അനുസരിച്ചപ്പോള്, ദൈവം അവന്റെ രോഗത്തില് നിന്നും സൌഖ്യം വരുത്തി.
- അനന്തര ഫലമായി, നയമാന് യഹോവയായ, ഏക സത്യ ദൈവത്തില്വിശ്വസിക്കുവാന് ഇടയായി തീര്ന്നു.
- നയമാന് എന്ന് പേരുള്ള വേറെ രണ്ടു വ്യക്തികള് യാക്കോബിന്റെ സന്തതികള് ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: [പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അരാം, യോര്ദാന് നദി, കുഷ്ഠം, പ്രവാചകന്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 08:6-7
- 2 രാജാക്കന്മാര് 05:1-2
- ലൂക്കോസ് 04:25-27

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **19:14** ഒരു ശത്രു സൈന്യാധിപന്ആയിരുന്ന **നയമാനു** സംഭവിച്ച അത്ഭുതങ്ങളില്ഒന്ന്, തനിക്കു ഭയാനകമായ ഒരു ചര്മ്മ രോഗം ഉണ്ടായിരുന്നു.
- **19:15** ആരംഭത്തില് **നയമാന്** കോപിതന് ആയി അപ്രകാരം ചെയ്യുവാന് വിസ്സമ്മതം ആയിരുന്നു കാരണം അത് തന്നെ വിഡ്ഢിയാക്കുന്നത് പോലെ തനിക്കു തോന്നി. എന്നാല് പിന്നീട് താന് തന്റെ മനസ്സ് മാറ്റുകയും യോര്ദാന് നദിയില് ഏഴു പ്രാവശ്യം മുങ്ങുവാന് ഇടയാകുകയും ചെയ്തു.
- **26:06** "അവന് (എലീശ) ആണ് ഇസ്രായേലിന്റെ ശത്രു സൈന്യത്തിന്റെ സൈന്യാധിപനായ **നയമാന്റെ** ചര്മ്മ രോഗം സൌഖ്യം വരുത്തിയത്.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5283, G3497

# നസറെത്ത്, നസറായന്

## വസ്തുതകള്:

വടക്കേ ഇസ്രായേലില്ഉള്ള ഗലീലി മേഖലയില്ഉള്ള ഒരു പട്ടണം ആണ് നസറെത്ത്. ഇത് ഏകദേശം യെരുശലേമിന് 100 കിലോമീറ്ററുവടക്കായി, കാല്നടയായി മൂന്നു മുതല്അഞ്ചു ദിവസം യാത്ര ചെയ്യുവാന് ഉള്ള ദൂരം ഉണ്ട്.

- യോസേഫും മറിയയും നസറെത്തില്നിന്നുള്ളവരാണ്, അവിടെയാണ് അവരുയേശുവിനെ വളര്ത്തിയത്. അതുകൊണ്ടാണ് യേശു "നസറായന്" എന്ന് അറിയപ്പെടുന്നത്.
- നസറെത്തില്ജീവിച്ചിരുന്ന നിരവധി യഹൂദന്മാരുയേശുവിന്റെ ഉപദേശങ്ങളെ ബഹുമാനിച്ചിരുന്നില്ല എന്ത് കൊണ്ടെന്നാല്താന്അവരുടെ ഇടയില്വളര്ന്നു വന്നു, ആയതിനാല്അവന്ഒരു സാധാരണ വ്യക്തി എന്ന് അവര്കരുതി വന്നു.
- ഒരിക്കല്, യേശു നസരേത്തിലെ പള്ളിയില്ഉപദേശിച്ചു കൊണ്ടിരിക്കുമ്പോള്, അവിടെയുള്ള യഹൂദന്മാരുയേശുവിനെ കൊല്ലുവാന്പരിശ്രമിച്ചു, എന്തുകൊണ്ടെന്നാല്താനാണ് മശീഹ എന്നു അവകാശപ്പെടുകയും തന്നെ നിരാകരിക്കുന്നതിനെ ശാസിക്കുകയും ചെയ്തു.
- യേശു നസറെത്തില്നിന്നാണ് വരുന്നത് എന്ന് കേട്ടപ്പോള്നഥനയേല്പറഞ്ഞ പരാമര്ശം സൂചിപ്പിക്കുന്നത് ഈ പട്ടണം ഉയര്ന്ന നിലയില്ജനത്തിന്റെ ചിന്താവിഷയം ആയിരുന്നില്ല എന്നാണ്.

(കാണുക: ക്രിസ്തു, ഗലീലി, യോസേഫ്, മറിയ)

## ദൈവ വചന സൂചികകള്:

- അപ്പോ.26:9-11
- യോഹന്നാന്01:43-45
- ലൂക്കോസ് 01:26-29
- മര്ക്കോസ് 16:5-7
- മത്തായി 02:22-23
- മത്തായി 21:9-11
- മത്തായി 26:71-72

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **23:04** യോസേഫിനും മറിയയ്ക്കും അവര്താമസിച്ചു വന്നിരുന്ന **നസറെത്തില്** നിന്നും ബെത്ലെഹെമിലേക്ക് ഒരു ദീര്ഘ യാത്ര ചെയ്യേണ്ടി വന്നിരുന്നു, എന്തുകൊണ്ടെന്നാല്അവരുടെ പൂര്വ്വ പിതാവായ ദാവീദിന്റെ ജന്മ സ്ഥലം ബെത്ലെഹേം ആയിരുന്നു.
- **26:02** യേശു തന്റെ ശൈശവ പ്രായത്തില്ജീവിച്ചു വന്ന **നസറെത്ത്** എന്ന പട്ടണത്തിലേക്ക് കടന്നു പോയി.
- **26:07 നസരേത്തിലെ** ജനങ്ങള്യേശുവിനെ ആരാധനാ സ്ഥലത്തില്നിന്നും വലിച്ചിഴച്ചു കൊണ്ട് മലയുടെ അഗ്രത്തില്നിന്നും തള്ളി താഴെയിട്ടു കൊല്ലുവാനായി കൊണ്ടു പോയി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G3478, G3479, G3480

# നഹൂം

## വസ്തുതകള്:

യഹൂദയെ ഭരിച്ചു വന്ന ദുഷ്ടനായ രാജാവ് മനശ്ശെയുടെ കാലത്തിലാണ് നഹും ഒരു പ്രവാചകനായി പ്രസംഗം ചെയ്തു വന്നത്.

- നഹും യെരുശലെമില് നിന്ന് ഏകദേശം 20 മൈലുകള് ദൂരത്തില് ഉള്ള എല്കോഷ് എന്ന പട്ടണത്തില് നിന്നും ഉള്ളവന് ആയിരുന്നു.
- പഴയ നിയമ പുസ്തകമായ നഹും അശ്ശൂര് പട്ടണമായ നിനെവേയുടെ നാശത്തെ കുറിച്ച് ഉള്ള തന്റെ പ്രവചനങ്ങള് രേഖപ്പെടുത്തിയിരിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്\ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അശ്ശൂര്, മനശ്ശെ, പ്രവാചകന്, നിനെവേ)

## ദൈവ വചന സൂചികകള്:

- നഹൂം 01:1

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5151, G3486

# നാഥാന്

## വസ്തുതകള്:

നാഥാന് ദൈവത്തിന്റെ ഒരു വിശ്വസ്തനായ പ്രവാചകന് ആയി ഇസ്രയേലില്ദാവീദ് രാജാവായി ഉണ്ടായിരുന്ന കാലത്തില് ജീവിച്ചു വന്നിരുന്നു.

- ഊരിയാവിനു എതിരായി വളരെ സങ്കടകരമായ പാപം ദാവീദ് ചെയ്തപ്പോള് ദൈവം ദാവീദിനെ അഭിമുഖമായി കാണുവാന് വേണ്ടി നാഥാനെ പറഞ്ഞയച്ചു.
- ദാവീദ് ഒരു രാജാവ് എന്ന വസ്തുത ഗണ്യമാക്കാതെ നാഥാന് ദാവീദിനെ ശാസിച്ചു.
- നാഥാന് തന്നെ അഭിമുഖീകരിച്ചതിനു ശേഷം ദാവീദ് തന്റെ പാപത്തെ കുറിച്ച് മാനസ്സാന്തരപ്പെട്ടു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ദാവീദ്, വിശ്വസ്തന്, പ്രവാചകന്, ഊരിയാവ്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്17:1-2
- 2 ദിനവൃത്താന്തങ്ങള്09:29-31
- 2 ശമുവേല്:1-3
- സങ്കീര്ത്തനങ്ങള് 051:1-2

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **17:07** ദൈവം **നാഥാന്** പ്രവാചകനെ ഈ ദൂതുമായി ദാവീദിന്റെ അടുക്കല്പറഞ്ഞയച്ചു, "നീ യുദ്ധങ്ങള് ചെയ്തിട്ടുള്ള മനുഷ്യന് ആകയാല്, നീ എനിക്ക് വേണ്ടി ദേവാലയം പണിയേണ്ടത് ഇല്ല."
- **17:13** ദാവീദ് ചെയ്ത കാര്യം നിമിത്തം ദൈവം അവനോടു വളരെ ദ്വേഷ്യം ഉള്ളവന്ആയി, അതുകൊണ്ട് താന് **നാഥാന്** പ്രവാചകനെ ദാവീദിന്റെ അടുക്കല് താന്ചെയ്ത പാപം എത്ര ദോഷം ഉള്ളതാണെന്ന് പറയുവാന് വേണ്ടി അയച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5416, G3481

# നാഹോര്

## വസ്തുതകള്:

നാഹോര് എന്നത് അബ്രഹാമിന്റെ രണ്ടു ബന്ധുക്കളുടെ പേരുകള് ആണ്, ഒന്ന് തന്റെ പിതാമഹനും, വേറൊന്ന് തന്റെ സഹോദരനും.

- അബ്രഹാമിന്റെ സഹോദരനായ നാഹോര് യിസഹാക്കിന്റെ ഭാര്യയായ റിബേക്കയുടെ പിതാമഹന്ആയിരുന്നു.
- "നാഹോരിന്റെ പട്ടണം" എന്ന പദസഞ്ചയം അര്ത്ഥം നല്കുന്നത് "നാഹോര് എന്ന് പേരുള്ളതായ പട്ടണം" അല്ലെങ്കില് "നാഹോര് ജീവിച്ചു വന്നതായ പട്ടണം" അല്ലെങ്കില് "നാഹോരിന്റെ പട്ടണം" എന്നിങ്ങനെ ആകുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം

(കാണുക: അബ്രഹാം, റിബെക്ക)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 01:24-27
- ഉല്പ്പത്തി 31:51-53
- യോശുവ 24:1-2
- ലൂക്കോസ് 03:33-35

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5152, G3493

# നിനെവേ, നിനെവേക്കാരന്

## വസ്തുതകള്:

നിനെവേ എന്നതു അശ്ശൂരിന്റെ തലസ്ഥാന നഗരം ആയിരുന്നു. ഒരു "നിനെവേക്കാരന്" എന്നത് നിനെവേയില്ജീവിച്ചിരുന്ന വ്യക്തി ആണ്.

- ദൈവം പ്രവാചകനായ യോനയെ നിനെവേക്കാര്തങ്ങളുടെ ദോഷകരമായ വഴികളെ വിട്ടു പിന്തിരിയണം എന്ന് മുന്നറിയിപ്പു നല്കുന്നതിനായി പറഞ്ഞയച്ചു. ജനം മനന്തിരിയുകയും ദൈവം അവരെ നശിപ്പിക്കാതെ ഇരിക്കുകയും ചെയ്തു.
- പില്ക്കാലത്ത് അശ്ശൂര്യര്ദൈവത്തെ സേവിക്കുന്നത് നിര്ത്തലാക്കി. അവര്ഇസ്രയേല്രാജ്യത്തെ പിടിച്ചടക്കുകയും ജനത്തെ നിനെവേയിലേക്ക് പിടിച്ചു കൊണ്ട് പോകുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അശ്ശൂര്, യോനാ, മാനസ്സാന്തരം, തിരിയുക)

## ദൈവ വചന സൂചികകള്:

- ഉല്പത്തി 10:11-14
- യോനാ 01:1-3
- യോനാ 03:1-3
- ലൂക്കോസ് 11:32
- മത്തായി 12:41

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5210, G3535, G3536

# നിര്മ്മിതാവ്

## വസ്തുതകള്:

പൊതുവായി, ഒരു "നിര്മ്മിതാവ്" എന്ന വ്യക്തി വസ്തുക്കള്സൃഷ്ടിക്കുന്ന അല്ലെങ്കില്നിര്മ്മിക്കുന്ന ആള്എന്നാണു അര്ത്ഥം.

- ദൈവ വചനത്തില്, "നിര്മ്മിതാവ്" എന്നത് ചില സന്ദര്ഭങ്ങളില്യഹോവയ്ക്കുള്ള ഒരു പേര് അല്ലെങ്കില്സ്ഥാനപ്പേര് ആകുന്നു, കാരണം താനാണ് സകലവും സൃഷ്ടിച്ചിരിക്കുന്നത്.
- സാധാരണയായി ഈ പദം "അവന്റെ" അല്ലെങ്കില്"എന്റെ" അല്ലെങ്കില്"നിങ്ങളുടെ" എന്ന പദവുമായി സംയോജിപ്പിച്ചു ഉപയോഗിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "നിര്മ്മിതാവ്" എന്ന പദം "സൃഷ്ടിതാവ്" അല്ലെങ്കില്"സൃഷ്ടിതാവ് ആകുന്ന ദൈവം" അല്ലെങ്കില്"സകലവും സൃഷ്ടിച്ചവന്ആയ ഒരുവന്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "അവന്റെ നിര്മ്മിതാവ്" എന്ന പദ സഞ്ചയവും കൂടെ "അവനെ സൃഷ്ടിച്ചവന്ആയ ഒരുവന്" അല്ലെങ്കില്"അവനെ സൃഷ്ടിച്ചവന്ആയ ദൈവം" എന്ന് പരിഭാഷ ചെയ്യാം.
- "നിന്നെ നിര്മ്മിച്ചവന്" എന്നും "എന്നെ നിര്മ്മിച്ചവന്" എന്നും ഉള്ള പദസഞ്ചയങ്ങളും ഇതു പോലെ പരിഭാഷ ചെയ്യാം.

(കാണുക: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: സൃഷ്ടിക്കുക, യഹോവ)

## ദൈവ വചന സൂചികകള്:

- ഹോശേയ 08:13-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2796, H3335, H6213, H6466, H6467, G1217

# നെഗേവ്

## വസ്തുതകള്:

ഉപ്പുകടലിന്റെ തെക്ക് പടിഞ്ഞാറായി, ഇസ്രയേലിന്റെ തെക്കേ ഭാഗത്ത് ഉള്ളതായ ഒരു മരുഭൂമി പ്രദേശമാണ് നെഗേവ്.

- അതിന്റെ യഥാര്ത്ഥ വാക്കിന്റെ അര്ത്ഥം “തെക്ക്” എന്നും ചില ആംഗലേയ തര്ജ്ജുമകളില് ആ രീതിയില് പരിഭാഷ ചെയ്തിരിക്കുന്നതും ആകുന്നു.
- ഇന്ന് നെഗേവ് മരുഭൂമി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആയിരിക്കുകയില്ല “തെക്ക്” എന്ന് സൂചിപ്പിക്കപ്പെട്ടിരുന്നത്.
- അബ്രഹാം കാദേശ് എന്ന പട്ടണത്തില് ജീവിച്ചിരുന്നപ്പോള്, താന് നെഗേവില് അല്ലെങ്കില് തെക്കന് മേഖലയില് ആയിരുന്നു. റിബേക്ക യാത്ര ചെയ്തു തന്നെ കാണുവാന് വരികയും തന്റെ ഭാര്യയായി തീരുകയും ചെയ്തപ്പോള്, യിസഹാക്ക് നെഗേവില് താമസിക്കുക ആയിരുന്നു.
- യഹൂദ ഗോത്രങ്ങള് ആയിരുന്ന യൂദയും ശിമെയോനും ഈ തെക്കന് മേഖലയില് ആയിരുന്നു ജീവിച്ചിരുന്നത്.
- നെഗേവ് മേഖലയില് കാണപ്പെട്ടിരുന്ന ഏറ്റവും വലിയ പട്ടണം ബേര്ശേബ ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അബ്രഹാം, ബേര്ശേബ, ഇസ്രയേല്, യഹൂദ, കാദേശ്, ഉപ്പു കടല്, ശിമെയോന്)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 12:8-9
- ഉല്പ്പത്തി 20:1-3
- ഉല്പ്പത്തി 24:61-62
- യോശുവ 03:14-16
- സംഖ്യാപുസ്തകം 13:17-20

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5045, H6160

# നെബൂഖദ്നേസര്

## വസ്തുതകള്:

നെബൂഖദ്നേസര് ബാബിലോന്യന് സാമ്രാജ്യത്തിലെ ഒരു രാജാവായി, തന്റെ അതി ശക്തമായ സൈന്യം നിരവധി ജന വിഭാഗങ്ങളെയും ദേശങ്ങളെയും കീഴടക്കിയിരുന്നു.

- നെബൂഖദ്നേസറിന്റെ നേതൃത്വത്തില്, ബാബിലോന്യന് സൈന്യം യഹൂദ രാജ്യത്തെ ആക്രമിക്കുകയും കീഴടക്കുകയും ചെയ്തു, യഹൂദ രാജ്യത്തിലെ ബഹു ഭൂരിപക്ഷം ജനങ്ങളെയും ബന്ധിതര് ആക്കി ബാബിലോനിലേക്ക് കൊണ്ട് പോകുകയും ചെയ്തു. ആ ബന്ധിതര് അവിടെ "ബാബിലോന്യന് പ്രവാസം" എന്ന് വിശേഷിക്കപ്പെടുന്ന 70 വര്ഷ കാലഘട്ടം ജീവിക്കുവാന് നിര്ബന്ധിക്കപ്പെട്ടു.
- പ്രവാസികളില് ഒരുവനായ ദാനിയേല്, നെബൂഖദ്നേസര് രാജാവിന്റെ ചില സ്വപ്നങ്ങളെ വ്യാഖ്യാനിക്കുവാന് ഇടയായി.
- പിടിക്കപ്പെട്ട മറ്റു മൂന്നു ഇസ്രയേല്യരായ ഹനന്യാവു, മിഷായേല്, അസര്യാവ് എന്നിവര് നെബൂഖദ്നേസര് നിര്മ്മിച്ചു നിര്ത്തിയ വന് സ്വര്ണ്ണ ബിംബത്തെ വണങ്ങി നമസ്കരിക്കുവാന് വിസ്സമ്മതം പ്രകടിപ്പിച്ചതിനാല് ഘോരമായ അഗ്നി ച്ചൂളയില് എറിയപ്പെടുവാന്ഇടയായി.
- രാജാവായ നെബൂഖദ്നേസര് വളരെ ഗര്വ്വിഷ്ടനും അസത്യ ദൈവങ്ങളെ ആരാധിക്കുന്നവനും ആയിരുന്നു. താന് യഹൂദയെ ജയിച്ചടക്കിയപ്പോള്, യെരുശലേം ദേവാലയത്തില് നിന്ന് ധാരാളം സ്വര്ണ്ണവും വെള്ളിയും കൊണ്ട് നിര്മ്മിച്ച വസ്തുക്കള് കവര്ച്ച ചെയ്തു കൊണ്ടുപോയി.
- നെബൂഖദ്നേസര് അഹങ്കാരിയും അസത്യ ദൈവങ്ങളെ ആരാധിക്കുന്നതില് നിന്നും പിന്തിരിയാത്തവനും ആയതിനാല്, യഹോവ അവനെ ഏഴു വര്ഷത്തേക്ക് തള്ളിക്കളയുകയും ഒരു മൃഗത്തെപ്പോലെ ജീവിക്കുവാന് ഇട വരുത്തുകയും ചെയ്തു. ഏഴു വര്ഷങ്ങള്ക്കു ശേഷം, അവന് തന്നെത്താന് താഴ്ത്തുകയും ഏക സത്യ ദൈവമായ യഹോവയെ വാഴ്ത്തുകയും ചെയ്തപ്പോള്, ദൈവം അവനെ യഥാസ്ഥാനപ്പെടുത്തുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അഹങ്കാരി, അസര്യാവ്, ബാബിലോണ്, ഹനന്യാവ്, മിഷായേല്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 06:13-15
- 2 രാജാക്കന്മാര് 25:1-3
- ദാനിയേല് 01:1-2
- ദാനിയേല് 04:4-6
- യെഹസ്കേല് 26:7-8

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **20:06** ആശ്ശൂര്യര് ഇസ്രയേല് രാജ്യത്തെ നശിപ്പിച്ചു 100 വര്ഷങ്ങള്ക്കു ശേഷം, യഹൂദ രാജ്യത്തെ അക്രമിക്കുവാനായി ദൈവം ബാബിലോന്യരുടെ രാജാവായ __നെബൂഖദ്നേസറിനെ പറഞ്ഞയച്ചു.
- **20:06** യഹൂദ രാജാവ് **നെബൂഖദ് നേസ്സരിന്റെ** സേവകന് ആയി കൊള്ളാമെന്നും ഓരോ വര്ഷവും ധാരാളം പണം അവനു കൊടുത്തു കൊള്ളാമെന്നും സമ്മതിച്ചു.
- **20:08** യഹൂദ രാജാവിന്റെ മത്സരം നിമിത്തം അവനെ ശിക്ഷിക്കേണ്ടതിനു അവന്റെ മുന്പില് വെച്ച് തന്റെ പുത്രന്മാരെ **നെബൂഖദ്നേസരിന്റെ** സൈനികര് വധിക്കുകയും അനന്തരം അവനെ അന്ധന്ആക്കുകയും ചെയ്തു.
- **20:09 നെബൂഖദ്നേസറും** അവന്റെ സൈന്യവും യഹൂദ രാജ്യത്തിലെ ബഹു ഭൂരിഭാഗം ജനങ്ങളെയും ബാബിലോനിലേക്ക് പിടിച്ചു കൊണ്ട് പോകുകയും, വളരെ സാധുക്കളായ കുറച്ചു പേരെ മാത്രം കൃഷി സ്ഥലങ്ങള് പരിപാലനം ചെയ്യേണ്ടതിനു അവിടെ വിട്ടു ചെല്ലുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5019, H5020

# നെഹെമ്യാവ്

## വസ്തുതകള്:

ഇസ്രയേല്ജനത്തെയും യഹൂദ ജനത്തെയും ബാബിലോന്യര്ബന്ധിച്ചു കൊണ്ടു പോയപ്പോള്അവരുടെ കൂട്ടത്തില്ബാബിലോന്യന്സാമ്രാജ്യത്തിലേക്ക് കടന്നു പോകുവാന്നിര്ബന്ധിക്കപ്പെട്ട ഒരു ഇസ്രയേല്യന്ആണ് നെഹെമ്യാവ്.

- അഹശ്വേരോശ് എന്ന പേര്ഷ്യന്രാജാവിന്റെ പാന പാത്ര വാഹകന്ആയി താന്ആയിരുന്നപ്പോള്, താന്രാജാവിനോട് യെരുശലേമിലേക്ക് മടങ്ങിപ്പോകുവാന്ഉള്ള അനുവാദം ചോദിച്ചു. ബാബിലോന്യരാല്തകര്ക്കപ്പെട്ടിരുന്ന യെരുശലേമിന്റെ മതിലുകളെ പുനര്:നിര്മ്മാണം ചെയ്യുവാന്വേണ്ടി ഇസ്രയേല്ജനത്തെ നെഹമ്യാവ് നയിച്ചു കൊണ്ടു പോയി.
- താന്രാജാവിന്റെ കൊട്ടാരത്തിലേക്ക് മടങ്ങി പോകുന്നതിനു മുന്പ്, പന്ത്രണ്ടു വര്ഷങ്ങള്നെഹെമ്യാവ് യെരുശലേമിന്റെ ദേശാധിപതി ആയിരുന്നു.
- പഴയ നിയമ ഗ്രന്ഥമായ നെഹാമ്യാവിന്റെ പുസ്തകം നെഹമ്യാവ് യെരുശലേം മതില്പുനര്:നിര്മ്മാണം ചെയ്ത വിധവും യെരുശലേമില്ജനത്തെ ഭരിച്ച കഥകളും വിവരിക്കുന്നു.
- പഴയ നിയമത്തില്നെഹമ്യാവ് എന്ന് പേരുള്ള വേറെയും വ്യക്തികള്ഉണ്ടായിരുന്നു. സാധാരണയായി ഏതു നെഹെമ്യാവിനെ കുറിച്ചാണ് സംസാരിക്കുന്നത് എന്ന് അടയാളപ്പെടുത്തുവാന്വേണ്ടി പിതാവിന്റെ പേരും കൂടെ ചേര്ക്കുക പതിവായിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ആഹശ്വരോശ് രാജാവ്, ബാബിലോണ്, യെരുശലേം, പുത്രന്)

## ദൈവ വചന സൂചികകള്:

- എസ്രാ 02:1-2
- നെഹെമ്യാവ് 01:1-2
- നെഹെമ്യാവ് 10:1-3
- നെഹെമ്യാവ് 12:46-47

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5166

# നൈല്നദി, മിസ്രയീമിന്റെ നദി, നൈല്

## വസ്തുതകള്:

വടക്കു കിഴക്കന്ആഫ്രിക്കയിലെ ഏറ്റവും നീളവും വീതിയും കൂടിയ ഒരു നദിയാണ് നൈല്. ഇത് മിസ്രയീമിന്റെ പ്രധാന നദിയെന്ന് വിശേഷാല്അറിയപ്പെടുന്നു.

- വടക്ക് മിസ്രയീമില്കൂടെ ഈ നൈല്നദി ഒഴുകി മെഡിറ്ററേനിയന്കടലില്പതിക്കുകയും ചെയ്യുന്നു.
- നൈല്നദിയുടെ ഇരു വശങ്ങളിലും ഫലഭൂയിഷ്ടമായ നിലത്തില്നല്ല വിളവ്ഉണ്ടാകുന്നു.
- ഭൂരിഭാഗം മിസ്രയീമ്യരും കൃഷിക്ക് ആവശ്യമായ പ്രധാന ജല സ്രോതസ് ആയ നൈല്നദിയുടെ തീരങ്ങളില്വസിക്കുന്നു.
- ഇസ്രയേല്ജനം പാര്ക്കുവാന്തിരഞ്ഞെടുത്ത ഗോശെന്, നൈല്നദിയുടെ തീരത്ത് സ്ഥിതി ചെയ്തിരുന്ന വളരെ ഫലഭൂയിഷ്ടമായ സ്ഥലം ആയിരുന്നു.
- മോശെ ഒരു കുഞ്ഞായിരുന്നപ്പോള്, തന്റെ മാതാപിതാക്കന്മാര്അവനെ ഒരു ഞാങ്ങണ പെട്ടിയില്വെച്ചിട്ട്, നൈല്നദിയിലെ ഞാങ്ങണയുടെ ഇടയില്ഫറവോന്റെ ആളുകളുടെ ദൃഷ്ടിയില്നിന്നു ഒളിപ്പിക്കുവാന്വേണ്ടി അപ്രകാരം ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഈജിപ്റ്റ്, ഗോശെന്, മോശെ)

## ദൈവ വചന സൂചികകള്:

- ആമോസ് 08:7-8
- ഉല്പ്പത്തി 41:1-3
- യിരെമ്യാവ് 46:7-9

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **08:04** മിസ്രയീം എന്നത് ഒരു വലിയ, ശക്തമായ രാജ്യമായി **നൈല്നദിയുടെ** തീരത്തില്സ്ഥിതി ചെയ്തു വന്നു.
- **09:04** ഇസ്രയേല്മക്കള്ക്ക്ധാരാളം കുഞ്ഞുങ്ങള്ജനിക്കുന്നു എന്ന് ഫറവോന്കണ്ടപ്പോള്, ഇസ്രയേല് മക്കള്ക്ക്ജനിക്കുന്ന സകല ആണ്കുഞ്ഞുങ്ങളെയും **നൈല്നദിയില്എറിഞ്ഞു** കൊന്നു കളയുവാന്തന്റെ ജനത്തിനു താന്കല്പ്പന കൊടുക്കുവാന്ഇടയായി.
- **09:06** ആണ്കുഞ്ഞിന്റെ മാതാപിതാക്കള്ക്ക് തുടര്ന്ന് കുഞ്ഞിനെ ഒളിപ്പിച്ചു വെക്കുവാന്സാധ്യമല്ലാത്തതിനാല്, അവര്അവനെ ഒരു ഒഴുകുന്ന കൂടയില്കിടത്തി, **നൈല്നദിയുടെ** തീരത്ത് ഞാങ്ങണയുടെ ഇടയില്കിടത്തി, ശിശുവിനെ മരണത്തില്നിന്ന് രക്ഷിക്കുവാന്ഇടയാകണം എന്ന് കരുതി പ്രവര്ത്തിച്ചു.
- **10:03** ദൈവം **നൈല്നദിയെ** രക്തമയമാക്കി, എന്നിട്ടും ഫറവോന്ഇസ്രയേല്ജനത്തെ വിട്ടയക്കുവാന്തക്കവണ്ണം മുന്പോട്ട് വന്നില്ല.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2975, H4714, H5104

# നോഹ

## വസ്തുതകള്:

4,000 വര്ഷങ്ങള്ക്കു മുന്പ് ജീവിച്ചിരുന്ന ഒരു മനുഷ്യന് ആയിരുന്നു നോഹ, തന്റെ കാലത്ത് ദൈവം ലോക വ്യാപകമായ ഒരു ഒരു ജലപ്രളയം ലോകത്തില് ഉണ്ടായിരുന്ന സകല ദുഷ്ടരായ ജനങ്ങളെയും നശിപ്പിക്കുവാനായി അയച്ചിരുന്നു. ദൈവം നോഹയോടു ഭീമാകാരമായ ഒരു പെട്ടകം പണിയുവാന് നിര്ദേശിക്കുകയും ഭൂമി പ്രളയ ജലത്താല് മുങ്ങുമ്പോള് താനും തന്റെ കുടുംബവും രക്ഷപ്പെടെണ്ടതിനായി അതില് കയറുകയും വേണമെന്ന് പറയുകയും ചെയ്തു.

- ദൈവത്തെ സകലത്തിലും അനുസരിച്ച ഒരു നീതിമാനായ മനുഷ്യനായിരുന്നു നോഹ.
- ദൈവം നോഹയോടു ഭീമാകാരമായ ഈ പെട്ടകം പണിയണമെന്ന് നിര്ദേശിച്ച അതേ രീതിയില് കൃത്യമായി നോഹ ആ പെട്ടകം പണിതു.
- പെട്ടകത്തിന് ഉള്ളില്, നോഹയും തന്റെ കുടുംബവും സുരക്ഷിതരായി കഴിയുകയും പില്ക്കാലത്ത് തന്റെ മക്കളും പൌത്രന്മാരും വീണ്ടും ഭൂമിയെ നിറക്കുവാന് ഇടയാകുകയും ചെയ്തു.
- ജലപ്രളയത്തിനു ശേഷം ജനിച്ച സകല ജനങ്ങളും നോഹയുടെ സന്തതി ആകുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: സന്തതി, പെട്ടകം

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 05:30-31
- ഉല്പ്പത്തി 05:32
- ഉല്പ്പത്തി 06:7-8
- ഉല്പ്പത്തി 08:1-3
- എബ്രായര്11:7
- മത്തായി 24:37-39

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **03:02** എന്നാല് **നോഹയ്ക്ക്** ദൈവത്തിങ്കല്ദയ ലഭിച്ചു.
- **03:04 നോഹ** ദൈവത്തെ അനുസരിച്ചു. താനും തന്റെ മൂന്നു മക്കളും ചേര്ന്ന് ദൈവം അവരോടു കല്പ്പിച്ച പ്രകാരം തന്നെ പടകു നിര്മ്മിച്ചു.
- **03:13** രണ്ടു മാസങ്ങള്ക്ക് ശേഷം ദൈവം **നോഹയോടു** പറഞ്ഞത്, "നീയും നിന്റെ കുടുംബവും സകല മൃഗങ്ങളും ഇപ്പോള്പടകു വിട്ടു പുറത്ത് ഇറങ്ങുക. ധാരാളം മക്കളും മക്കളുടെ മക്കളുമായി ഭൂമിയെ നിറക്കുക." അതുകൊണ്ട് **നോഹയും** തന്റെ കുടുംബവും പടകില്നിന്ന് പുറത്ത് വന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5146, G3575

# പത്രോസ്, ശിമോൻപത്രോസ്, കേഫാ

## വസ്തുതകൾ:

പത്രോസ് യേശുവിന്റെ പന്ത്രണ്ടു അപ്പൊസ്തലന്മാരിൽഒരുവൻആയിരുന്നു. താൻആദിമ കാല ദൈവസഭയിലെ ഒരു പ്രധാന നേതാവ് ആയിരുന്നു. യേശു അവനെ തന്റെ ശിഷ്യൻആയിരിക്കുവാൻവേണ്ടി വിളിക്കുന്നതിനു മുൻപ്, പത്രോസിന്റെ പേര് ശിമോൻഎന്ന് ആയിരുന്നു.

- പിൽക്കാലത്ത്, യേശുവും അവനെ "കേഫാവ്" എന്ന് പേര് വിളിച്ചു, അതിന്റെ അർത്ഥം "കല്ല്" അല്ലെങ്കിൽ"പാറ" എന്ന് അരാമിക് ഭാഷയിൽഅർത്ഥം നൽകുന്നു. പത്രോസ് എന്ന പേര് "കല്ല്" അല്ലെങ്കിൽ"പാറ" എന്ന് ഗ്രീക്ക് ഭാഷയിൽഅർത്ഥം നൽകുന്നു. ജനത്തിനു സൌഖ്യം വരുത്തേണ്ടതിനും യേശുവിനെ കുറിച്ചുള്ള സുവിശേഷം പ്രസംഗിക്കേണ്ടതിനുമായി ദൈവം പത്രോസിൽകൂടെ പ്രവർത്തിച്ചു.
- പുതിയ നിയമത്തിൽരണ്ടു ലേഖനങ്ങൾകൂട്ടു വിശ്വാസികളെ ഉത്തേജിപ്പിക്കുവാനും പഠിപ്പിക്കുവാനും വേണ്ടി പത്രോസ് എഴുതിയിട്ടുണ്ട്.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ശിഷ്യൻ, അപ്പോസ്തലൻ)

## ദൈവ വചന സൂചികകൾ:

- അപ്പോസ്തല പ്രവർത്തികൾ:
- ഗലാത്യർ02:6-8
- ഗലാത്യർ02:11-12
- ലൂക്കോസ് 22:56-58
- മർക്കോസ് 03:13-16
- മത്തായി 04:18-20
- മത്തായി 08:14-15
- മത്തായി 14:28-30
- മത്തായി 26:33-35

## ദൈവ വചന കഥകളിൽനിന്നുള്ള ഉദാഹരണങ്ങൾ:

- **28:09 പത്രോസ്** യേശുവിനോട് പറഞ്ഞത്, ഞങ്ങൾഎല്ലാം വിട്ടുകളഞ്ഞു അങ്ങയെ പിൻഗമിച്ചുവല്ലോ.

ഞങ്ങൾക്കുള്ള പ്രതിഫലം എന്തായിരിക്കും?

- **29:01** ഒരു ദിവസം **പത്രോസ്** യേശുവിനോട് ചോദിച്ചു, "ഗുരുവേ, ഞാൻഎന്റെ സഹോദരൻഎനിക്കു എതിരെ പാപം ചെയ്യുമ്പോൾഞാൻഎത്ര പ്രാവശ്യം എന്റെ സഹോദരനോട് ക്ഷമിക്കണം? ഏഴു പ്രാവശ്യം മതിയോ?"
- **31:05** അനന്തരം **പത്രോസ്** യേശുവിനോട് പറഞ്ഞത്, "ഗുരുവേ, ഇത് അങ്ങ് ആകുന്നു എങ്കിൽ, ഞാൻവെള്ളത്തിൻമീതെ നിന്റെ അടുക്കൽവരേണ്ടതിനു എന്നോട് കൽപ്പിച്ചാലും." യേശു **പത്രോസിനോട്** പറഞ്ഞത്, "വന്നാലും!"
- **36:01** ഒരു ദിവസം, യേശു തന്റെ മൂന്നു ശിഷ്യന്മാരെ, **പത്രോസ്**, യാക്കോബ്, യോഹന്നാൻഎന്നിവരെ തന്നോട് കൂടെ കൊണ്ട് പോയി.
- **38:09 പത്രോസ്** മറുപടി പറഞ്ഞത്, മറ്റുള്ള എല്ലാവരും നിന്നെ ഉപേക്ഷിച്ചു പോയി കളഞ്ഞാലും, ഞാൻഅങ്ങനെ പോകയില്ല!" അപ്പോൾയേശു **പത്രോസിനോട്** പറഞ്ഞത്, "സാത്താൻനിങ്ങളെ എല്ലാം വേണമെന്ന് ആവശ്യപ്പെടുന്നു, എന്നാൽ**പത്രോസേ**, നിന്റെ വിശ്വാസം നിന്നെ വിട്ടു നഷ്ടപ്പെടാതെ ഇരിക്കുവാൻവേണ്ടി ഞാൻനിനക്കായി പ്രാർഥിച്ചു, ഇന്നു രാത്രിയിൽതന്നെ, പൂവൻകോഴി കൂകുന്നതിനു മുൻപേ എന്നെ അറിയുന്നില്ല എന്ന് നീ മൂന്നു പ്രാവശ്യം തള്ളിപ്പറയും.
- **38:15** സൈനികർയേശുവിനെ ബന്ധിച്ചപ്പോൾ, **പത്രോസ്** തന്റെ വാൾഊരി മഹാപുരോഹിതന്റെ വേലക്കാരന്റെ ചെവി അറുത്തു കളഞ്ഞു.
- **43:11 പത്രോസ്** അവരോടു മറുപടി പറഞ്ഞത്, "ദൈവം നിങ്ങളുടെ പാപങ്ങൾക്ഷമിക്കേണ്ടതിനു നിങ്ങൾഓരോരുത്തരും മാനാസാന്തരപ്പെടുകയും, യേശുക്ര്സ്തുവിന്റെ നാമത്തിൽസ്നാനപ്പെടുകയും വേണം" എന്നാണ്.

- **44:08 പത്രോസ്** അവരോടു മറുപടി പറഞ്ഞത്, "നിങ്ങളുടെ മുൻപിൽനിൽക്കുന്ന ഈ മനുഷ്യൻമശീഹ ആകുന്ന യേശുവിന്റെ ശക്തിയാൽതന്നെ സൌഖ്യമായിരിക്കുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2786, G4074, G4613

# പദ്ദന്അരാം

## വസ്തുതകള്:

പദ്ദന്അരാം എന്നത് അബ്രഹാം കനാന്ദേശത്തേക്ക് കടന്നു പോകുന്നതിനു മുന്പ് അബ്രഹാമിന്റെ കുടുമ്പം താമസിച്ചു വന്നിരുന്ന സ്ഥലം ആണ്. ഇതിന്റെ അര്ത്ഥം "അരാമിന്റെ താഴ്വര" എന്നാണ്.

- കനാന്ദേശത്തേക്ക് പോകുവാന്അബ്രഹാം പദ്ദന്അരാമിലെ ഹാരാന് വിട്ടു പുറപ്പെട്ടപ്പോള്, തന്റെ കുടുംബത്തിലെ ശേഷിച്ച മിക്കവാറും ആളുകള്ഹാരാനില്തന്നെ താമസിച്ചു.
- അനേക വര്ഷങ്ങള്ക്കു ശേഷം, അബ്രഹാമിന്റെ വേലക്കാരന്യിസഹാക്കിനു ഔ ഭാര്യയെ കണ്ടുപിടിക്കുവാന്പദ്ദന്അരാമിലേക്കു അവന്റെ ബന്ധുക്കളുടെ ഇടയില്കടന്നു ചെല്ലുകയും ബെധുവേലിന്റെ പൌത്രിയായ റിബേക്കയെ കണ്ടു പിടിക്കുകയും ചെയ്തു.
- യിസഹാക്കിന്റെയും റിബേക്കയുടെയും മകനായ യാക്കോബും പദ്ദന്അരാമിലേക്കു കടന്നു പോകുകയും ഹാരാനില്വസിച്ചു വന്ന റിബേക്കയുടെ സഹോദരനായ ലാബാന്റെ രണ്ടു പുത്രിമാരെ വിവാഹം കഴിക്കുകയും ചെയ്തു.
- അരാം, പദ്ദന്അരാം, അരാം നഹരിയാം എന്നീ സ്ഥലങ്ങള്എല്ലാം തന്നെ ഇന്നത്തെ ആധുനിക രാജ്യമായ സിറിയയില്സ്ഥിതി ചെയ്യുന്ന ഒരേ മേഖലയുടെ ഭാഗങ്ങള്ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അബ്രഹാം, അരാം, ബെധുവേല്, കനാന്, ഹാരാന്, യാക്കോബ്)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 28:1-2
- ഉല്പ്പത്തി 35:9-10
- ഉല്പ്പത്തി 46:12-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6307

# പാറാന്

## വസ്തുതകള്:

പാറാന്എന്നത് കനാന്ദേശത്തിന്റെ തെക്ക് ഭാഗത്തായി മിസ്രയീമിന്റെ കിഴക്കുള്ള ഒരു മരുഭൂമി അല്ലെങ്കില്നിര്ജ്ജന പ്രദേശമാണ്. പാറാന്എന്ന് പേരുള്ള ഒരു മലയും ഉണ്ടായിരുന്നു, അത് സീനായ് മലയ്ക്കുള്ള വേറൊരു പേര് ആയിരിക്കാം.

- അടിമയായിരുന്ന ഹാഗാറും തന്റെ മകന്ഇശ്മായേലും അബ്രഹാമിനോട് സാറാ അവരെ പുറത്താക്കി അയച്ചു കളയുവാന്കല്പ്പിച്ചപ്പോള്ജീവിക്കുവാന്വേണ്ടി പാറാന്മരുഭൂമിക്കു കടന്നു പോയി.
- മോശെ ഇസ്രയേല്ജനത്തെ മിസ്രയീമില്നിന്നും നയിച്ചു കൊണ്ട് വന്നപ്പോള്, അവര്പാറാന്മരുഭൂമി വഴിയായി കടന്നു പോയി.
- പാറാന്മരുഭൂമിയില്ഉള്ള കാദേശ് – ബര്ന്നെയാ എന്ന സ്ഥലത്തു നിന്നും ആണ് മോശെ പന്ത്രണ്ടു പേരെ കനാന്ദേശം ഒറ്റു നോക്കുവാനും വിവരണം കൊണ്ടുവരുവാനും ആയി പറഞ്ഞു വിട്ടത്.
- സിന്മരുഭൂമി പാറാന് വടക്കും സീന്മരുഭൂമി പാറാന് തെക്കുമായി സ്ഥിതി ചെയ്തിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കനാന്, മരുഭൂമി, മിസ്രയീം, കാദേശ്, സീനായ്)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്11:18-19
- 1 ശമുവേല്25:1
- ഉല്പ്പത്തി 21:19-21
- സംഖ്യാപുസ്തകം 10:11-13
- സംഖ്യപുസ്തകം 13:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H364, H6290

# പിലാത്തോസ്

## വസ്തുതകൾ:

യേശുവിനെ മരണത്തിനായി വിധിച്ച പിലാത്തോസ് റോമൻ പ്രവിശ്യ ആയിരുന്ന യഹൂദ്യയുടെ ദേശാധിപതി ആയിരുന്നു.

- പിലാത്തോസ് ദേശാധിപതി ആയിരുന്നതിനാൽ, തനിക്കു കുറ്റവാളികളെ മരണത്തിനായി ശിക്ഷിക്കുവാൻ അധികാരം ഉണ്ടായിരുന്നു. യഹൂദ മത നേതാക്കന്മാർപിലാത്തോസ് യേശുവിനെ ക്രൂശിക്കണം എന്ന് ആവശ്യപ്പെട്ടു, ആയതിനാൽ അവർ നുണ പറയുകയും യേശു ഒരു കുറ്റവാളി ആണെന്ന് പറയുകയും ചെയ്തു.
- യേശു കുറ്റവാളി അല്ലെന്നു പിലാത്തോസിനു ബോധ്യം ആയിരുന്നു, എന്നാൽ ജനക്കൂട്ടം നിമിത്തം താൻ ഭയപ്പെടുകയും അവരെ പ്രസാദിപ്പിക്കുകയും വേണ്ടതാകയാൽ, താൻ തന്റെ പടയാളികളോട് യേശുവിനെ ക്രൂശിക്കുവാൻ കൽപ്പന കൊടുത്തു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ക്രൂശിക്കുക, ദേശാധിപതി, കുറ്റവാളി, യഹൂദ്യ, റോം)

## ദൈവ വചന സൂചികകൾ:

- അപ്പോ.04;27-28
- അപ്പോ.13:28-29
- ലൂക്കോസ് 23:1-2
- മർക്കോസ് 15:1-3
- മത്തായി 27:11-14
- മത്തായി 27:57-58

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **39:09** അടുത്ത പ്രഭാതം അതി രാവിലെ, യഹൂദ നേതാക്കന്മാർ യേശുവിനെ, റോമൻ ദേശാധിപതി ആയിരുന്ന **പീലാത്തോസിന്റെ** അടുക്കൽ കൊണ്ട് വന്നു. അവർ പ്രതീക്ഷിച്ചിരുന്നത് **പീലാത്തോസ്** യേശുവിനെ കുറ്റവാളി എന്ന് കുറ്റം വിധിക്കുകയും കൊന്നു കളയുവാനായി വിധിക്കുകയും ചെയ്യും എന്നായിരുന്നു.**പീലാത്തോസ്** യേശുവിനോട് “”നീ യഹൂദന്മാരുടെ രാജാവ് തന്നെയോ?” എന്ന് ചോദിച്ചു.
- **39:10 പീലാത്തോസ്** പറഞ്ഞു, സത്യം എന്നാൽ എന്ത്?”
- **39:11** യേശുവിനോട് സംസാരിച്ചു കഴിഞ്ഞ ശേഷം, **പീലാത്തോസ്** ജനക്കൂട്ടത്തിന്റെ അടുക്കൽ ചെന്നിട്ടു പറഞ്ഞു, “ഞാൻഈ മനുഷ്യനിൽ യാതൊരു കുറ്റവും കാണുന്നില്ല.” എന്നാൽ യഹൂദ നേതാക്കന്മാരും ജനക്കൂട്ടവും ഉച്ചത്തിൽ ശബ്ദമിട്ടു കൊണ്ട്, “അവനെ ക്രൂശിക്ക” എന്ന് പറഞ്ഞു. **പീലാത്തോസ്** മറുപടിയായി, “അവൻ കുറ്റവാളി അല്ല” എന്ന് പറഞ്ഞു. എനാൽ അവർ അധികം ഉച്ചത്തിൽ വിളിച്ചു പറയുവാൻ ഇടയായി. അനന്തരം **പീലാത്തോസ്** മൂന്നാം പ്രാവശ്യം പറഞ്ഞു, “അവൻ കുറ്റവാളി അല്ല!”
- **39:12 പീലാത്തോസ്** ജനം കലഹം ചെയ്യുവാൻ തുടങ്ങും എന്ന് ഭയപ്പെട്ടു, അതിനാൽ യേശുവിനെ ക്രൂശിക്കുവാനായി താൻ തന്റെ പടയാളികൾക്ക് കൽപ്പന കൊടുത്തു.
- **40:02 പീലാത്തോസ്** യേശുവിന്റെ ശിരസ്സിനു മുകളിലായി ഒരു അടയാളം “യഹൂദന്മാരുടെ രാജാവ്” എന്ന് വായിക്കുന്ന വിധം വെക്കുവാനായി കൽപ്പിച്ചു.
- **41:02 പീലാത്തോസ്** പറഞ്ഞു, കുറച്ചു പടയാളികളെ കൂട്ടിക്കൊണ്ടു പോയി നിങ്ങളാൽ കഴിയുന്നിടത്തോളം കല്ലറയെ സുരക്ഷിതം ആക്കിക്കൊൾവിൻഎന്ന് പറഞ്ഞു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G4091, G4194

# പെയോർ, പെയോർമല, ബാൽപെയോർ

## നിർവചനം:

“പെയോർ” എന്നും “പെയോർമല” എന്നും സൂചിപ്പിക്കുന്നതു മോവാബ് മേഖലയിൽഉള്ള, ഉപ്പു കടലിന്റെ വടക്ക് കിഴക്കായി സ്ഥിതി ചെയ്യുന്ന ഒരു മലയെ ആണ്.

- “ബെത് പെയോർ” എന്ന പേര് പ്രസ്തുത മലയിലോ അല്ലെങ്കിൽഅതിനു സമീപമായോ സ്ഥിതി ചെയ്യുന്ന ഒരു പട്ടണത്തിന്റെ പേര് ആകുന്നു. ഇവിടെയാണ് മോശെയെ ദൈവം വാഗ്ദത്ത ദേശത്തെ കാണിച്ചതിനു ശേഷം താൻമരണം അടഞ്ഞത്.
- “ബാൽപെയോർ” എന്നത് പെയോർമലയിൽമോവാബ്യ ജനം ആരാധിച്ചു വന്നതായ അസത്യ ദൈവം ആയിരുന്നു. ഇസ്രയേൽമക്കളും ഈ വിഗ്രഹത്തെ ആരാധിക്കുവാൻതുടങ്ങുകയും അത് നിമിത്തം ദൈവം അവരെ ശിക്ഷിക്കുവാൻഇട വരികയും ചെയ്തു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ബാൽ, അസത്യ ദൈവം, മോവാബ്, ഉപ്പു കടൽ, ആരാധന)

## ദൈവ വചന സൂചികകൾ:

- സംഖ്യാ പുസ്തകം 23:28-30
- സംഖ്യാ പുസ്തകം 31:16-17
- സങ്കീർത്തനങ്ങൾ 106:28-29

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1047, H1187, H6465

# പെരിസ്സ്യർ

## വസ്തുതകൾ:

കനാൻദേശത്തിൽജീവിച്ചു വന്ന നിരവധി ജന വിഭാഗങ്ങളിൽഒന്നായിരുന്നു പെരിസ്സ്യർ. ഈ വിഭാഗക്കാരെ കുറിച്ച് തുലോം വിരളമായ വിവരങ്ങളെ ഉള്ളൂ,അവരുടെ പൂർവികന്മാർആരെന്നോ അവർകനാൻദേശത്തിന്റെ ഏതു ഭാഗത്ത് ജീവിച്ചു എന്നോ അറിയുന്നില്ല.

- പെരിസ്സ്യർഎന്നവരെ കുറിച്ച് പഴയ നിയമത്തിൽന്യായാധിപന്മാരുടെ പുസ്തകത്തിൽഏറ്റവും അധികമായി സൂചിപ്പിച്ചിരിക്കുന്നു, അവിടെ പെരിസ്സ്യർഇസ്രയേൽമക്കളുമായി മിശ്രവിവാഹത്തിൽഇടപെടുകയും അവരെ അസത്യ ദൈവങ്ങളെ ആരാധിക്കുവാൻസ്വാധീനിക്കുകയും ചെയ്തു എന്ന് രേഖപ്പെടുത്തി ഇരിക്കുന്നു. പെരിസ്സ്യർഎന്ന ഈ ജന വിഭാഗത്തിൽനിന്നും വ്യത്യസ്തരാണ് പെരേസിന്റെ വംശാവലിയായി അറിയപ്പെടുന്ന "പെരെസ്യർ" എന്ന കാര്യം ശ്രദ്ധിക്കുക. ഇത് വ്യക്തമാക്കുവാൻവേണ്ടി പേരുകൾ വ്യത്യസ്തമായി ഉച്ചരിക്കേണ്ടി വരുന്നത് ആവശ്യമാകാം.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കനാൻ, അസത്യ ദൈവം)

## ദൈവ വചന സൂചികകൾ:

- 1 രാജാക്കന്മാർ09:20-21
- 2 ദിനവൃത്താന്തങ്ങൾ 08:7-8
- പുറപ്പാട് 03:16-18
- ഉൽപ്പത്തി 13:5-7
- യോശുവ 03:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6522

# പേർഷ്യ, പേർഷ്യക്കാർ

## നിർവചനം:

പേർഷ്യ എന്ന രാജ്യം ക്രി.മു.550 ൽമഹാനായ കൊരേശിനാൽസ്ഥാപിതമായ വളരെ ശക്തമായ ഒരു സാമ്രാജ്യം ആയി തീർന്നതാണ്. പേർഷ്യ എന്ന രാജ്യം ബാബിലോന്യയുടെയും അശ്ശൂരിന്റെയും തെക്ക് കിഴക്കായി ഇപ്പോഴത്തെ ആധുനിക രാജ്യമായ ഇറാനിൽസ്ഥിതി ചെയ്തിരുന്ന രാജ്യം ആയിരുന്നു.

- പേർഷ്യയിൽഉണ്ടായിരുന്ന ജനത്തെ "പേർഷ്യക്കാർ" എന്ന് വിളിച്ചിരുന്നു.
- കൊരേശ് രാജാവിന്റെ കൽപ്പനയുടെ കീഴിൽ, യഹൂദന്മാർബാബിലോന്യൻപ്രവാസത്തിൽനിന്നും സ്വതന്ത്രരായി സ്വന്ത ദേശത്തേക്ക് പോകുവാൻഅനുവദിക്കപ്പെടുകയും, യെരുശലേമിൽഉള്ള ദേവാലയം പുനർ:നിർമ്മാണം ചെയ്യുകയും, അതിനുള്ള ധനം പേർഷ്യൻസാമ്രാജ്യത്തിൽനിന്ന് ലഭ്യമാകുകയും ചെയ്തു.
- പേർഷ്യൻസാമ്രാജ്യത്തിന്റെ ഭരണാധിപൻആയിരുന്ന അഹശ്വരോശ് രാജാവ് ആയിരുന്നു എസ്രയും നെഹെമ്യാവും യെരുശലേമിൽമടങ്ങി വന്നു യെരുശലേം മതിൽപണിയുന്ന സമയത്ത് ഭരണാധിപൻആയിരുന്നത്.
- എസ്ഥേർഅഹശ്വരോശ് രാജാവിനെ വിവാഹം ചെയ്തപ്പോൾതാൻപേർഷ്യൻസാമ്രാജ്യത്തിന്റെ രാജ്ഞി ആയിത്തീർന്നു.

(കാണുക: അഹശ്വരോശ്, അഹശ്വരോശ്, അശ്ശൂർ]അശ്ശൂര്, അശ്ശൂര്യന്, ആശ്ശൂര്യര്, അശ്ശൂര്സാമ്രാജ്യം, ബാബിലോൺ, കൊരേശ്)

## ദൈവ വചന സൂചികകൾ:

- 2 ദിനവൃത്താന്തങ്ങൾ 36:20-21
- ദാനിയേൽ10:12-13
- എസ്ഥേർ01:3-4
- യെഹസ്കേൽ27:10-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6539, H6540, H6542, H6543

# പൊന്തൊസ്

## വസ്തുതകൾ:

പൊന്തൊസ് റോമൻ സാമ്രാജ്യത്തിന്റെ കാലഘട്ടത്തിലും ആദ്യകാല സഭാ കാലഘട്ടത്തിലും ഒരു റോമൻ പ്രവിശ്യ ആയിരുന്നു. ഇപ്പോഴത്തെ ടർക്കി എന്ന് അറിയപ്പെടുന്ന രാജ്യത്തിന്റെ വടക്കേ ഭാഗത്ത്, കരിങ്കടലിന്റെ തെക്കൻ തീരത്തു ആയിരുന്നു ഇത് സ്ഥിതി ചെയ്തിരുന്നത്.

- അപ്പോസ്തല പ്രവർത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം, പോന്തൊസ് പ്രവിശ്യയിൽ നിന്നുള്ള ജനവും പെന്തെക്കോസ്തു നാളിൽ ആദ്യമായി പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരുടെ മേൽ വന്നിരുന്ന സമയം യെരുശലേമിൽ ഉണ്ടായിരുന്നു.
- അക്വില എന്ന് പേരുള്ള ഒരു വിശ്വസി പൊന്തൊസിൽ നിന്ന് ഉണ്ടായിരുന്നു.
- പത്രോസ് വിവിധ മേഖലകളിൽ ചിതറി പാർക്കുന്ന ക്രിസ്ത്യാനികൾക്ക് പത്രോസ് എഴുതുമ്പോൾ, താൻ രേഖപ്പെടുത്തിയ മേഖലകളിൽ പോന്തൊസും ഒന്നായിരുന്നു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അക്വില, പെന്തക്കോസ്ത്)

## ദൈവ വചന സൂചികകൾ:

- 1 പത്രോസ് 01:1-2
- അപ്പോ.02:8-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G4193, G4195

# പോത്തിഫർ

## വസ്തുതകൾ:

മിസ്രയീമിന്റെ ഫറവോൻ ആയിരുന്ന വ്യക്തിയുടെ പ്രധാന ഉദ്യോഗസ്ഥൻ ആയിരുന്ന പോത്തിഫർ, ചില ഇശ്മയേല്യർക്കു യോസേഫിനെ അടിമയായി വിറ്റ കാലഘട്ടത്തിൽ ഉണ്ടായിരുന്ന പ്രധാന വ്യക്തി ആയിരുന്നു.

- ഇശ്മയേല്യരുടെ കയ്യിൽ നിന്നും പോത്തിഫർ യോസേഫിനെ വാങ്ങുകയും തന്റെ ഭവനത്തിന്റെ സകല ഉത്തരവാദിത്വങ്ങളും അവനെ ഏൽപ്പിക്കുകയും ചെയ്തു. തെറ്റു ചെയ്തു എന്ന് വ്യാജമായി യോസേഫിനെ കുറ്റപ്പെടുത്തിയപ്പോൾ, പോത്തിഫർ യോസേഫിനെ കാരാഗ്രഹത്തിൽ ഇട്ടു കളഞ്ഞു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: മിസ്രയീം, യോസേഫ്, ഫറവോൻ)

## ദൈവ വചന സൂചികകൾ:

- ഉൽപ്പത്തി 37:34-36
- ഉൽപ്പത്തി 39:1-2
- ഉൽപ്പത്തി 39:13-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6318

# പൌലോസ്, ശൌല്

## വസ്തുതകള്:

പൌലോസ് ആദ്യകാല ദൈവസഭയുടെ ഒരു നേതാവും സുവിശേഷം നിരവധി ഇതര ജനവിഭാഗങ്ങളുടെ അടുക്കല്കൊണ്ടുചെല്ലേണ്ടതിനു യേശുവിനാല്അയക്കപ്പെട്ടവനും ആകുന്നു.

- പൌലോസ് റോമന്പട്ടണമായ തര്സോസില്ജനിച്ച ഒരു യഹൂദന്ആകയാല്, താന്ഒരു റോമന്പൌരന്കൂടെ ആയിരുന്നു.
- പൌലോസ് തന്റെ യഥാര്ത്ഥ യഹൂദ പേരാകുന്ന ശൌല്എന്ന പേരില്അറിയപ്പെട്ടിരുന്നു.
- ശൌല്ഒരു യഹൂദ മത നേതാവായി തീരുകയും ക്രിസ്ത്യാനികളായി തീര്ന്ന യഹൂദന്മാരെ ബന്ധനസ്ഥരാക്കുകയും ചെയ്തു, എന്തുകൊണ്ടെന്നാല്താന്വിചാരിച്ചിരുന്നത് അവര്യേശുവില്വിശ്വസിക്കുന്നത് കൊണ്ട് ദൈവത്തെ നിന്ദിക്കുന്നു എന്നാണ്.
- യേശു തന്നെ ശൌലിന് കണ്ണഞ്ചിപ്പിക്കുന്ന ഒരു പ്രകാശത്തില്സ്വയം വെളിപ്പെടുത്തുകയും ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നത് നിര്ത്തലാക്കുവാന്പറയുകയും ചെയ്തു.
- ശൌല്യേശുവില്വിശ്വസിക്കുകയും തന്റെ സഹ യഹൂദന്മാരോട് യേശുവിനെക്കുറിച്ച് ഉപദേശിക്കുവാന്തുടങ്ങുകയും ചെയ്തു.
- പിന്നീട്, ദൈവം ശൌലിനെ യഹൂദന്മാര്അല്ലാത്ത ജനത്തോടു യേശുവിനെക്കുറിച്ച് ഉപദേശിക്കുവാനും റോമന്സാമ്രാജ്യത്തില്ഉള്ള വിവിധ പ്രവിശ്യകളിലും പട്ടണങ്ങളിലും സഭകള്ആരംഭിക്കുവാന്വേണ്ടിയും പറഞ്ഞയച്ചു. ഈ സമയത്തില്താന്"പൌലോസ്" എന്ന റോമന്പേരിനാല്അറിയപ്പെടുവാന്തുടങ്ങി. ഈ പട്ടണങ്ങളില്ഉള്ള സഭകളെ പ്രോത്സാഹിപ്പിച്ചും ഉപദേശിച്ചും കൊണ്ട് പൌലോസ് ലേഖനങ്ങള്എഴുതുകയും ചെയ്തു. ഇപ്രകാരം ഉള്ള പല ലേഖനങ്ങളും പുതിയ നിയമത്തില്ഉണ്ട്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ക്രിസ്ത്യാനി, യഹൂദ നേതാക്കന്മാര്, റോം)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്01:1-3
- അപ്പോ. 08:1-3
- അപ്പോ. 09:26-27
- അപ്പോ. 13:9-10
- ഗലാത്യര്01:1-2
- ഫിലേമോന്01:8-9

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **45:06 ശൌല്** എന്ന് പേരുള്ള ഒരു യൌവനക്കാരന്സ്തെഫാനോസിനെ കുല ചെയ്യുവാന്ജനത്തോടു കൂടെ സമ്മതിക്കുകയും അവര്അവനെ കല്ലെറിയുമ്പോള്അവരുടെ വസ്ത്രം താന്സൂക്ഷിക്കുകയും ചെയ്തു കൊണ്ടിരുന്നു.
- **46:01 ശൌല്** എന്ന യൌവനക്കാരന്ആയിരുന്നു സ്തേഫാനോസിനെ കൊന്ന ആളുകളുടെ വസ്ത്രം സൂക്ഷിച്ചു കൊണ്ടിരുന്നത്. താന്യേശുവില്വിശ്വസിച്ചിരുന്നില്ല, അതിനാല്താന്വിശ്വാസികളെ പീഡിപ്പിച്ചു വന്നു.
- **46:02** ദമസ്കോസിലേക്കുള്ള തന്റെ യാത്രയില് **ശൌല്** ആയിരുന്നപ്പോള്, സ്വര്ഗ്ഗത്തില്നിന്നുള്ള ഒരു കണ്ണഞ്ചിക്കുന്ന പ്രകാശം തനിക്കു ചുറ്റും മിന്നുകയും താന്നിലത്തു വീഴുകയും ചെയ്തു. "**ശൌലേ**, **ശൌലേ**" എന്ന് ആരോ വിളിക്കുന്ന ശബ്ദം **ശൌല്** കേള്ക്കുകയും ചെയ്തു. എന്തുകൊണ്ട് നീ എന്നെ ഉപദ്രവിക്കുന്നു?"
- **46:05** ആയതിനാല്അനന്യാസ് **ശൌലിന്റെ** അടുക്കല്ചെല്ലുകയും, തന്റെ കൈകള്അവന്റെ മേല്വെക്കുകയും ചെയ്തിട്ട് പറഞ്ഞത്, "ഇങ്ങോട്ടുള്ള നിന്റെ വഴിയില്നിനക്ക് പ്രത്യക്ഷന്ആയതായ യേശു നീ വീണ്ടും കാഴ്ച പ്രാപിക്കേണ്ടതിനും പരിശുദ്ധാത്മാവിനാല്നീ നിറയേണ്ടതിനും വേണ്ടി എന്നെ നിന്റെ അടുക്കലേക്കു അയച്ചിരിക്കുന്നു." ഉടനെ തന്നെ **ശൌല്** വീണ്ടും കാണുവാന്ഇടയാകുകയും, അനന്യാസ് അവനെ സ്നാനപ്പെടുത്തുകയും ചെയ്തു.
- **46:06** ഉടനെ തന്നെ, **ശൌല്** ദമസ്കോസില്ഉള്ള യഹൂദന്മാരോട്, "യേശു തന്നെ ദൈവ പുത്രന്!" എന്ന് പറഞ്ഞു പ്രസംഗിക്കുവാന്തുടങ്ങി.

- **46:09** ബര്ന്നബാസും **ശൌലും** അവിടേക്ക് (അന്ത്യോക്യയിലേക്ക്) ചെല്ലുകയും ഈ പുതിയ വിശ്വാസികള്ക്ക് യേശുവിനെക്കുറിച്ച് കൂടുതലായി ഉപദേശിക്കുകയും സഭയെ ശക്തീകരിക്കുകയും ചെയ്തു.
- **47:01 ശൌല്** റോമന്സാമ്രാജ്യം മുഴുവന്യാത്ര ചെയ്തിരുന്നത് കൊണ്ട്, താന്തന്റെ റോമന്പേരാകുന്ന "പൌലോസ്" എന്ന പേര് ഉപയോഗിക്കുവാന്തുടങ്ങി.
- **47:14 പൌലോസും** മറ്റുള്ള ക്രിസ്തീയ നേതാക്കന്മാരും നിരവധി പട്ടണങ്ങളിലേക്കു യാത്ര ചെയ്യുകയും, യേശുവിനെ കുറിച്ചുള്ള സുവിശേഷം പ്രസംഗിക്കുകയും ജനങ്ങളെ പഠിപ്പിക്കുകയും ചെയ്തുവന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G3972, G4569

# പ്രിസ്കില്ല

## വസ്തുതകൾ:

പ്രിസ്കില്ലയും തന്റെ ഭർത്താവ് അക്വിലയും അപ്പോസ്തലനായ പൌലോസിന്റെ കൂടെ സുവിശേഷ പ്രവർത്തനത്തിൽ പ്രവർത്തിച്ച യഹൂദന്മാർ ആയിരുന്നു.

- പ്രിസ്കില്ലയും അക്വിലയും റോം വിട്ടു പോരേണ്ടി വന്നു എന്ത് കൊണ്ടെന്നാൽ ചക്രവർത്തി എല്ലാ ക്രിസ്ത്യാനികളും അവിടം വിട്ടു പോകുവാൻ നിർബന്ധിച്ചു.
- പൌലോസ് അക്വില്ലയെയും പ്രിസ്കില്ലയെയും കൊരിന്തിൽ വെച്ചു കണ്ടുമുട്ടി. അവർ കൂടാരപ്പണിക്കാർ ആയിരുന്നു, പൌലോസ് ഈ പണിയിൽ അവരോടു കൂടെ ചേരുകയും ചെയ്തു.
- പൌലോസ് കൊരിന്തിൽ നിന്നും സുറിയയിലേക്ക് പോയപ്പോൾ, പ്രിസ്കില്ലയും അക്വില്ലയും തന്നോടൊപ്പം പോയി.
- സുറിയയിൽ നിന്ന്, അവർ മൂന്നു പേരും എഫെസോസിലേക്കും പോയി. പൌലോസ് എഫേസോസ് വിട്ടു പോകുമ്പോൾ, പ്രിസ്കില്ലയും അക്വില്ലയും അവിടെ തന്നെ തങ്ങുകയും സുവിശേഷം പ്രസംഗിക്കുന്ന പ്രവർത്തി അവിടെ തുടരുകയും ചെയ്തു.
- അവർ പ്രത്യേകാൽ അപ്പൊല്ലോസ് എന്ന് പേരുള്ള യേശുവിൽ വിശ്വസിക്കുന്ന അനുഗ്രഹീതനായ ഒരു പ്രസംഗകനും ഉപദേഷ്ടാവും ആയ ഒരു വ്യക്തിയെ എഫെസോസിൽ വെച്ച് പഠിപ്പിക്കുകയും ചെയ്തു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: വിശ്വസിക്കുക, ക്രിസ്ത്യാനി, കൊരിന്ത്, എഫേസോസ്, പൌലോസ്, റോം, സുറിയ)

## ദൈവ വചന സൂചികകൾ:

- 1 കൊരിന്ത്യർ:19-20
- 2 തിമോത്തിയോസ് 04:19-22
- അപ്പോ.18:1-3
- അപ്പോ.18:24-26

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

# ഫറവോൻ, മിസ്രയീമിന്റെ രാജാവ്

## വസ്തുതകൾ:

പുരാതന കാലങ്ങളിൽ, മിസ്രയീം എന്ന രാജ്യത്തെ ഭരിച്ചു വന്ന രാജാക്കന്മാരെ ഫറവോന്മാർഎന്ന് വിളിച്ചു വന്നിരുന്നു.

- ആകെ മൊത്തം, 2,000 വർഷങ്ങളിൽഅധികമായി 300 ൽഅധികം ഫറവോന്മാർമിസ്രയീമിനെ ഭരിച്ചു വന്നിരുന്നു.
- ഈ മിസ്രയീമ്യ രാജാക്കന്മാർഎല്ലാവരും തന്നെ വളരെ ശക്തന്മാരും ധനാഢ്യന്മാരും ആയിരുന്നു.
- ഈ ഫറവോന്മാരിൽപലരേയും കുറിച്ച് ദൈവ വചനത്തിൽസൂചിപ്പിച്ചിട്ടുണ്ട്.
- പലപ്പോഴും ഈ സ്ഥാനപ്പേര് സ്ഥാനപ്പേരായി ഉപയോഗിക്കാതെ പേരായി തന്നെ ഉപയോഗിച്ചിരുന്നു.

ഈ കാര്യങ്ങളിൽ, "ഫറവോൻ" എന്നതു വലിയ അക്ഷരങ്ങളിൽഎഴുതുമായിരുന്നു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

(കാണുക: മിസ്രയീം, രാജാവ്

## ദൈവ വചന സൂചികകൾ:

- അപ്പോ. 07:9-10
- അപ്പോ. 07:11-13
- അപ്പോ. 07:20-21
- ഉൽപ്പത്തി 12:14-16
- ഉൽപ്പത്തി 40:6-8
- ഉൽപ്പത്തി 41:25-26

## ദൈവ വചന കഥകളിൽനിന്നുള്ള ഉദാഹരണങ്ങൾ:

- **08:06** ഒരു രാത്രിയിൽ, മിസ്രയീമ്യർതങ്ങളുടെ രാജാവിനെ അഭിസംബോധന ചെയ്തിരുന്ന **ഫറവോനു** തന്നെ അസ്വസ്ഥൻആക്കിയ രണ്ടു സ്വപ്നങ്ങൾകണ്ടു.
- **08:08** **ഫറവോൻ** യോസേഫിനോടു വളരെ താൽപ്പര്യം തോന്നുകയാൽ സർവ മിസ്രയീമിലും ഏറ്റവും അധികാരം ഉള്ള രണ്ടാമത്തെ വ്യക്തിയായി തന്നെ നിയമിക്കുകയും ചെയ്തു!
- **09:02** ആയതിനാൽ ആ ക്കാലത്തിൽമിസ്രയീം ഭരിച്ചു വന്ന **ഫറവോൻ** ഇസ്രയേൽജനത്തെ മിസ്രയീമ്യർക്കു അടിമകൾആക്കി തീർത്തു.
- **09:13** "ഞാൻനിന്നെ **ഫറവോന്റെ** അടുക്കലേക്കു പറഞ്ഞയക്കും അതിനാൽനീ ഇസ്രയേൽജനത്തെ മിസ്രയീമിൽഉള്ള അവരുടെ അടിമത്തത്തിൽനിന്നും പുറത്തു കൊണ്ട് വരുവാൻകഴിയും.
- **10:02** ഈ ബാധകൾമൂലം, ദൈവം **ഫറവോന്** താൻ**ഫറവോനെക്കാളും** മിസ്രയീമിലെ സകല ദൈവങ്ങളെക്കാളും ശക്തൻആണെന്നും പ്രദർശിപ്പിച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4428, H4714, H6547, G5328

# ഫിനെഹാസ്

## വസ്തുതകൾ:

പഴയ നിയമത്തിൽഫിനെഹാസ് എന്ന് പേരുള്ള രണ്ടു വ്യക്തികൾഉണ്ടായിരുന്നു.

- ഒന്ന് അഹരോന്റെ പൌത്രന്മാരിൽഒരുവനായ ഫിനെഹാസ് എന്ന് പേരുള്ള പുരോഹിതൻ, താൻഇസ്രയേലിലെ അസത്യ ദൈവത്തിന്റെ ആരാധനയെ ശക്തമായി എതിർത്തിരുന്നു.
- മിദ്യാനെ സ്ത്രീകളെ വിവാഹം ചെയ്തതു നിമിത്തവും അവരുടെ അസത്യ ദൈവങ്ങളെ ആരാധിച്ചതു നിമിത്തവും യഹോവ ഇസ്രയേൽജനത്തെ ശിക്ഷിക്കുവാൻബാധ അയച്ചപ്പോൾഫിനെഹാസ് ഇസ്രയേലിനെ അതിൽനിന്നും രക്ഷിച്ചു.
- പല സന്ദർഭങ്ങളിലും ഫിനെഹാസ് മിദ്യാന്യരെ നശിപ്പിക്കുന്നതിനായി ഇസ്രയേൽസൈന്യത്തോടുകൂടെ പോയിട്ടുണ്ട്.
- പഴയ നിയമത്തിൽസൂചിപ്പിച്ചിട്ടുള്ള മറ്റൊരു ഫിനെഹാസ് ശമുവേലിന്റെ കാലഘട്ടത്തിൽഉണ്ടായിരുന്ന ഏലി പുരോഹിതന്റെ ദുഷ്ടരായ മക്കളിൽഒരുവൻആയിരുന്നു.
- ഫിനെഹാസും തന്റെ സഹോദരനായ ഹൊഫ്നിയും ഫെലിസ്ത്യർഇസ്രയേലിനെ ആക്രമിച്ചപ്പോൾകൊല്ലപ്പെടുകയും, അവർഉടമ്പടിപെട്ടകം കവർച്ച ചെയ്തു കൊണ്ട് പോകുകയും ചെയ്തു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുക)

(കാണുക: ഉടമ്പടി പെട്ടകം, യോർദാൻനദി, മിദ്യാൻ, ഫെലിസ്ത്യർ, ശമുവേൽ)

## ദൈവ വചന സൂചികകൾ:

- 1 ശമുവേൽ04:3-4
- എസ്രാ 08:1-3
- യോശുവ 22:13-14
- സംഖ്യാപുസ്തകം 25:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6372

# ഫിലിപ്പോസ്, അപ്പോസ്തലൻ

## വസ്തുതകൾ:

യേശുവിന്റെ യഥാർത്ഥ പന്ത്രണ്ടു ശിഷ്യന്മാരിൽഒരുവൻആയിരുന്നു അപ്പോസ്തലനായ ഫിലിപ്പോസ്. താൻബെത്സയിദ പട്ടണത്തിൽനിന്ന് ഉള്ളവൻആയിരുന്നു.

- ഫിലിപ്പോസ് ആണ് നഥനയേലിനെ യേശുവിനെ കാണുവാൻവേണ്ടി കൊണ്ട് വന്നത്.
- 5,000 ലും അധികം വരുന്ന ജനക്കൂട്ടത്തിനു ഭക്ഷണം നൽകേണ്ടതിനു എപ്രകാരം സാധ്യമാകും എന്നതിനെ കുറിച്ച് യേശു ഫിലിപ്പോസിനോട് ആണ് ആരാഞ്ഞത്.
- യേശു തന്റെ ശിഷ്യന്മാരോട് ഒത്തു അവസാന പെസഹ അത്താഴം ഭക്ഷിച്ചപ്പോൾ, താൻതന്റെ പിതാവായ ദൈവത്തെ കുറിച്ച് അവരോടു സംഭാഷണം ചെയ്തു. ഫിലിപ്പോസ് യേശുവിനോട് പിതാവിനെ കാണിച്ചു തരണമെന്ന് ആവശ്യപ്പെട്ടു.
- ചില ഭാഷകളിൽഫിലിപ്പോസ് എന്ന പേരിന്റെ അക്ഷരങ്ങൾമറ്റേ ഫിലിപ്പോസ് (സുവിശേഷകൻ) എന്നതിൽനിന്നും ആശയ കുഴപ്പം ഒഴിവാക്കുവാൻവേണ്ടി വ്യത്യസ്തമായി ഉച്ചരിക്കുവാൻമുൻഗണന നൽകുന്നുണ്ട്.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഫിലിപ്പോസ്)

## ദൈവ വചന സൂചികകൾ:

- അപ്പോ.01:12-14
- യോഹന്നാൻ01:43-45
- യോഹന്നാൻ06:4-6
- ലൂക്കോസ് 06:14-16
- മർക്കോസ് 03:17-19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G5376

# ഫിലിപ്പോസ്, സുവീശേഷകൻ

## വസ്തുതകൾ:

യെരുശലേമിൽഉള്ള ആദ്യകാല സഭയിൽ, സാധുക്കളും ആവശ്യത്തിൽ ഉള്ളവരും ആയ, പ്രത്യേകാൽവിധവകളും ആയവരെ കരുതുവാനായി തിരഞ്ഞെടുക്കപ്പെട്ട ഏഴു തലവന്മാരിൽഒരുവൻആയിരുന്നു ഫിലിപ്പോസ്.

- യഹൂദ്യ, ഗലീലി പ്രവിശ്യകളിൽവിവിധ പട്ടണങ്ങളിൽഉള്ള ജനങ്ങളോട് സുവിശേഷം പങ്കു വെക്കുവാൻ, യെരുശലേമിൽനിന്ന് ഗസ്സയ്ക്ക് പോകുന്ന നിർജ്ജന പാതയിൽ എത്യോപ്യനായ മനുഷ്യനെ ഉൾപ്പെടെ സന്ദർശിക്കുവാൻദൈവം ഫിലിപ്പോസിനെ ഉപയോഗിച്ചു.
- വർഷങ്ങൾക്കു ശേഷം, ഫിലിപ്പോസ് കൈസര്യയിൽതാമസിക്കുമ്പോൾപൌലോസും സഹപ്രവർത്തകരും യെരുശലേമിലേക്കുള്ള തങ്ങളുടെ മടക്ക യാത്രയിൽതന്റെ ഭവനത്തിൽതാമസിക്കുവാൻഇടയായി.
- മിക്കവാറും ദൈവ വചന പണ്ഡിതന്മാർചിന്തിക്കുന്നത് സുവിശേഷകനായ ഫിലിപ്പോസ് ആയിരുന്നില്ല യേശുവിന്റെ അപ്പൊസ്തലനായി ആ പേരിൽഅറിയപ്പെട്ട വ്യക്തി എന്നാണ്. ചില ഭാഷകൾമുൻഗണന നൽകുന്നത് ഈ രണ്ട് വ്യക്തികളുടെ പേരിന്റെ അക്ഷരങ്ങൾതമ്മിലും നേരിയ വ്യത്യാസം നൽകി രണ്ടു പേരെയും വ്യത്യസ്ത ആളുകളായി വ്യക്തമാക്കുകയാണ്.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഫിലിപ്പോസ്)

## ദൈവ വചന സൂചികകൾ:

- അപ്പോ.06:5-6
- അപ്പോ.08:6-8
- അപ്പോ.08:12-13
- അപ്പോ.08:29-31
- അപ്പോ.08:36-38
- അപ്പോ.08:39-40

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G5376

# ഫിലിപ്പ്യ, ഫിലിപ്പിയർ

## വസ്തുതകൾ:

പുരാതന ഗ്രീസിന്റെ വടക്കൻഭാഗത്തായി സ്ഥിതി ചെയ്തിരുന്ന മക്കദോന്യയിൽഉൾപ്പെട്ട ഒരു റോമൻകോളനിയും പ്രധാന പട്ടണവും ആയിരുന്നു.

- പൌലോസും ശീലാസും ഫിലിപ്പ്യയിലേക്ക് യാത്ര ചെയ്തു അവിടെ ഉള്ള ജനങ്ങൾക്ക്യേശുവിനെ കുറിച്ച് പ്രസംഗിച്ചു.
- ഫിലിപ്പ്യയിൽആയിരിക്കുമ്പോൾ, പൌലോസും ശീലാസും ബന്ധിക്കപ്പെട്ടു, എന്നാൽദൈവം അവരെ അത്ഭുതകരമായി സ്വതന്ത്രരാക്കി.
- പുതിയ നിയമ പുസ്തകമായ ഫിലിപ്പിയർഅപ്പോസ്തലനായ പൌലോസ് ഫിലിപ്പ്യയിൽഉള്ളതായ സഭയിലെ ക്രിസ്ത്യാനികൾക്ക് എഴുതിയ ലേഖനം ആകുന്നു.
- ഇത് വടക്ക് കിഴക്കൻഇസ്രയേലിലെ ഹെർമോൻ മലയ്ക്ക് സമീപം സ്ഥിതി ചെയ്തിരുന്ന കൈസര്യ ഫിലിപ്പ്യക്ക്വ്യത്യസ്തമായ ഒരു പട്ടണം ആയിരുന്നു എന്ന കാര്യം ശ്രദ്ധിക്കുക.

(കാണുക: കൈസര്യ, ക്രിസ്ത്യാനി, സഭ, മക്കദോന്യ, പൌലോസ്, ശീലാസ്)

## ദൈവ വചന സൂചികകൾ:

- 1 തെസ്സലോനിക്യ 02:1-2
- അപ്പോ. 16:11-13
- മത്തായി 16:13-16
- ഫിലിപ്പിയർ01:1-2

## ദൈവ വചന കഥകളിൽനിന്നുള്ള ഉദാഹരണങ്ങൾ:

- **47:01** ഒരു ദിവസം, പൌലോസും തന്റെ സുഹൃത്ത്ശീലാസും കൂടെ **ഫിലിപ്പ്യ** എന്ന പട്ടണത്തിലേക്ക് യേശുവിനെ കുറിച്ചുള്ള സുവിശേഷം അറിയിക്കുവാൻകടന്നു പോയി.
- **47:13** അടുത്ത ദിവസം പട്ടണത്തിലെ തലവന്മാർപൌലൊസിനെയും ശീലാസിനെയും കാരാഗ്രഹത്തിൽനിന്നും സ്വതന്ത്രർആക്കുകയും അവരോടു **ഫിലിപ്പ്യ** പട്ടണം വിട്ടു പോകുവാൻഅഭ്യർഥിക്കുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G5374, G5375

# ഫെലിസ്ത്യ

## നിർവചനം:

ഫെലിസ്ത്യ എന്നത് കനാൻ എന്ന ദേശത്തിന്റെ ഒരു വലിയ മേഖലയെ വിളിക്കുന്ന നാമമാണ്, അത് മെഡിറ്ററേനിയൻ കടലിന്റെ തീരപ്രദേശത്തോട് ചേർന്ന് കിടക്കുന്ന സ്ഥലമാണ്.

- ഇത് വടക്ക് യോപ്പ മുതൽതെക്ക് ഗസ്സ വരെ നീണ്ടു കിടക്കുന്ന വളരെ ഫലഭൂയിഷ്ടമായ തീര പ്രദേശത്തുള്ള സമതലത്തിൽസ്ഥിതി ചെയ്യുന്ന ഒരു മേഖലയാണ്. ഇത് ഏകദേശം 64 കിലോമീറ്റർനീളവും 16 കിലോമീറ്റർവീതിയും ഉള്ളതാണ്.
- ഫെലിസ്ത്യ എന്നത് വളരെ ശക്തരായ ജനവിഭാഗവും ഇസ്രയേലിന്റെ തുടർമാനമായ ശത്രുക്കളും ആയ "ഫെലിസ്ത്യരാൽ" കൈവശപ്പെടുത്തപ്പെട്ടതും ആകുന്നു.

(കാണുക: ഫെല്സ്ത്യർ, ഗാസാ, യോപ്പ)

## ദൈവ വചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ10:9-10
- യോവേൽ03:4-6
- സങ്കീർത്തനങ്ങൾ060:8-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H776 H6429 H06430

# ഫെലിസ്ത്യർ

## വസ്തുതകൾ:

ഫെലിസ്ത്യർഎന്ന ജനവിഭാഗം മെഡിറ്ററേനിയൻകടലിന്റെ തീരത്തുള്ള ഫെലിസ്ത്യ എന്നു അറിയപ്പെടുന്ന മേഖലയെ കൈവശപ്പെടുത്തിയിരുന്നവർആയിരുന്നു. അവരുടെ പേരിന്റെ അർത്ഥം "കടലിന്റെ ജനത" എന്നാണ്.

- പ്രധാനപ്പെട്ടതായി അഞ്ചു പ്രധാന ഫെലിസ്ത്യ പട്ടണങ്ങൾഉണ്ടായിരുന്നു. അസ്തോദ്, അസ്കലോൻ, എക്രോൻ, ഗത്ത്, ഗാസ. അസ്തോദ് പട്ടണം ഫെലിസ്ത്യയുടെ വടക്കേ ഭാഗത്തും, ഗാസ എന്ന പട്ടണം തെക്കേ ഭാഗത്തും ആയിരുന്നു.
- ഫെലിസ്ത്യർപൊതുവെ നന്നായി അറിയപ്പെടുന്നത് അവർദീർഘ വർഷങ്ങളായി ഇസ്രയേലിന് എതിരെ യുദ്ധത്തിൽഏർപ്പെട്ടു വന്നത് നിമിത്തം ആയിരുന്നു.
- ന്യായാധിപൻആയിരുന്ന ശിംശോൻദൈവത്തിൽ നിന്നും പ്രാപിച്ച അമാനുഷിക ശക്തിയാൽഫെലിസ്ത്യർക്ക് എതിരെ നിലകൊണ്ട പ്രശസ്തനായ യോദ്ധാവ് ആയിരുന്നു.
- രാജാവായ ദാവീദ് താൻയുവാവ് ആയിരുന്നപ്പോൾഫെലിസ്ത്യ യോദ്ധാവ് ആയ ഗോലിയാത്തിനെ പരാജയപ്പെടുത്തിയത് ഉൾപ്പെടെ, പലപ്പോഴും ഫെലിസ്ത്യർക്ക് എതിരായി യുദ്ധങ്ങൾചെയ്തിട്ടുണ്ട്.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അസ്തോദ്, അസ്കലോൻ]അഷ്കലോന്, ദാവീദ്]ദാവീദ്, എക്രോൻ, ഗത്ത്, ഗാസ, ഗോലിയാത്ത്, ഉപ്പുകടൽ)

## ദൈവ വചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ18:9-11
- 1 ശമുവേൽ13:3-4
- 2 ദിവൃത്താന്തങ്ങൾ09:25-26
- ഉൽപ്പത്തി 10:11-14
- സങ്കീർത്തനങ്ങൾ056:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6429, H6430

# ഫൊയ്നീഷ്യ

## വസ്തുതകൾ:

പുരാതന കാലങ്ങളിൽ, ഫൊയ്നീഷ്യ വളരെ സമ്പത്തുള്ള രാജ്യമായി ഇസ്രായേലിനു വടക്ക്, മെഡിറ്ററേനിയൻകടലിന്റെ തീരത്തു കനാനിൽസ്ഥിതി ചെയ്തിരുന്ന രാജ്യമായി കാണപ്പെട്ടിരുന്നു.

- ഫൊയ്നീഷ്യ ഇപ്പോഴത്തെ ലെബനോൻഎന്ന് അറിയപ്പെടുന്ന രാജ്യത്തിന്റെ പടിഞ്ഞാറേ മേഖലയിൽഉള്ള ഭൂപ്രദേശം ഉള്ളടക്കിയ പ്രദേശം ആയിരുന്നു.
- പുതിയ നിയമ കാലഘട്ടത്തിൽ, ഫൊയ്നിഷ്യയുടെ തലസ്ഥാനം സോർആയിരുന്നു. വേറൊരു പ്രധാനപ്പെട്ട ഫൊയ്നീഷ്യൻപട്ടണം സീദോൻആയിരുന്നു.
- ഫൊനീഷ്യക്കാർഅവരുടെ രാജ്യത്തിലെ സമൃദ്ധമായ ദേവദാരു വൃക്ഷങ്ങളുടെ ലഭ്യതയാൽ ഉളവായ മരപ്പണികളുടെ സമർത്ഥത നിമിത്തവും, അവരുടെ വിലപിടിപ്പുള്ള രക്താംബര നിർമ്മിതി നിമിത്തവും, അവർക്ക് കടലിൽയാത്ര ചെയ്തു വ്യാപാരം ചെയ്യുവാൻഉള്ള കഴിവ് നിമിത്തവും വളരെ പ്രസിദ്ധി ആർജ്ജിച്ചവർആയിരുന്നു. അവർപടകു നിർമ്മാണത്തിൽവളരെ ഉയർന്ന പ്രാവീണ്യം ഉള്ളവരും ആയിരുന്നു.
- ഏറ്റവും ആദ്യത്തെ അക്ഷരമാല സൃഷ്ടിച്ചവരിൽഫൊയ്നീഷ്യൻജനത ഉൾപ്പെടുന്നു. അവർക്ക് വ്യാപാരം നിമിത്തം നിരവധി ജന വിഭാഗങ്ങളുമായി സമ്പർക്കം ഉണ്ടായിരുന്നതിനാൽഅവരുടെ അക്ഷരമാല വ്യാപകമായി ഉപയോഗത്തിൽഉണ്ടായിരുന്നു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ദേവദാരു, രക്താംബരം, സീദോൻ, സോർ)

## ദൈവ വചന സൂചികകൾ:

- അപ്പോ. 11:19-21
- അപ്പോ. 15:3-4
- അപ്പോ. 21:1-2
- യെശ്ശയ്യാവ് 23:10-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3667, G4949, G5403

# ബത്ത്ശേബ

## വസ്തുതകള്

ബത്ത്ശേബ ദാവീദിന്റെ സൈന്യത്തിലെ ഒരു സൈനികനായ ഊരിയാവിന്റെ ഭാര്യ ആയിരുന്നു. ഊരിയാവിന്റെ മരണാനന്തരം, അവള്ദാവീദിന്റെ ഭാര്യയും, പിന്നീട് ശലോമോന്റെ മാതാവുമായിത്തീര്ന്നു.

- ബത്ത്ശേബ ഊരിയാവിന്റെ ഭാര്യയായിരുന്നപ്പോള്ദാവീദ് അവളുമായി വ്യഭിചാരം ചെയ്തു.
- ബത്ത്ശേബ ദാവീദിന്റെ കുഞ്ഞിനെ ഗര്ഭം ധരിച്ചപ്പോള്, ഊരിയാവു യുദ്ധത്തില്കൊല്ലപ്പെടുവാന്ദാവീദ് ഇടവരുത്തി.
- അനന്തരം ദാവീദ് ബത്ത്ശേബയെ വിവാഹം കഴിക്കുകയും അവള്അവരുടെ കുഞ്ഞിനു ജന്മം നല്കുകയും ചെയ്തു.
- ആ കുഞ്ഞ് ജനിച്ചു അല്പ്പ നാളുകള്ക്കുശേഷം ദാവീദിനെ തന്റെ പാപം നിമിത്തം ദൈവം ശിക്ഷിക്കുകയും ആ കുഞ്ഞ് മരിപ്പാനിടയാകുകയും ചെയ്തു.
- പിന്നീട്, ബത്ത്ശേബ മറ്റൊരു മകന്, ശാലോമോനു, ജന്മം നല്കുകയും അവന്വളര്ന്നു ദാവീദിന്റെ ശേഷം രാജാവാകുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്;പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ദാവീദ്, ശാലോമോന്, ഊരിയാവ്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്03:4-5
- 1 രാജാക്കന്മാര്01:11-12
- 2 ശമുവേല്11:2-3
- സങ്കീര്ത്തനം 051:1-2

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **17:10** ഒരു ദിവസം, ദാവീദിന്റെ എല്ലാ സൈനികരും യുദ്ധം നിമിത്തം ഭവന ത്തില്നിന്നും ദൂരെ ആയിരിക്കുമ്പോള്, ഒരു ഉച്ചമയക്കം കഴിഞ്ഞു ഉണര്ന്നപ്പോ ള്ഒരു സുന്ദരിയായ സ്ത്രീ കുളിക്കുന്നത് കണ്ടു. അവളുടെ പേര് **ബത്ത്ശേബ** എന്നായിരുന്നു.
- **17:11** അല്പ്പ സമയത്തിനുശേഷം **ബത്ത്ശേബ** താന്ഗര്ഭിണി ആയിരിക്കു ന്നു എന്നു പറയുന്ന സന്ദേശം ദാവീദിന് അയച്ചു.
- **17:12 ബത്ശേബയുടെ** ഭര്ത്താവ്, ഊരിയാവ് എന്നു പേരുള്ള മനുഷ്യന്, ദാവീദിന്റെ ഏറ്റവും നല്ല സൈനികരില്ഒരുവനായിരുന്നു.
- **17:13** ഊരിയാവ് കൊല്ലപ്പെട്ടതിനുശേഷം, ദാവീദ് **ബത്ത്ശേബയെ** വിവാഹം കഴിച്ചു.
- **17:14** പിന്നീട്, ദാവീദിനും **ബത്ത്ശേബക്കും** വേറൊരു മകന്ജനിച്ചു, അവനു അവര്ശലോമോന്എന്നു പേരിട്ടു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1339

# ബഥേല്

## വസ്തുതകള്

ബെഥേല്എന്ന പട്ടണം കനാന്ദേശത്തില്യെരുശലേമിനു തൊട്ടു വടക്കായി സ്ഥിതിചെയ്തിരുന്നു. മുന്പേ ഇതിനു "ലൂസ്" എന്നു പേരായിരുന്നു.

- ആദ്യമായി ദൈവത്തിന്റെ വാഗ്ദത്തം അബ്രാം(അബ്രഹാം) പ്രാപിച്ച ശേഷം, ബെഥേലിനു സമീപമായി താണ്ദൈവത്തിനു ഒരു യാഗപീഠം പണിതു. ആ കാലത്തും ആ പട്ടണത്തിനു യഥാര്ത്ഥ പേര് ബെഥേല് എന്നു ആയിരു ന്നില്ലെങ്കിലും, ഇതു സൂചിപ്പിക്കപ്പെടുമ്പോഴെല്ലാം "ബെഥേല്" എന്നു തന്നെയാണ് അറിയപ്പെട്ടിരുന്നത്.
- തന്റെ സഹോദരനായ ഏശാവിന്റെ അടുക്കല്നിന്നും ഓടിപ്പോകുമ്പോള്, ആ രാത്രിയില്ഈ പട്ടണത്തിനരികെയാണ് യാക്കോബ് രാപാര്ത്തതും വെളിമ്പ്രദേ ശത്തു നിലത്തു കിടന്നതും, താന്ഉറങ്ങിക്കൊണ്ടിരിക്കുമ്പോള്, ദൈവദൂതന്മാര്സ്വര്ഗ്ഗത്തിലേക്ക് കയറുന്നതും ഇറങ്ങിവരുന്നതും സ്വപ്നത്തില്കണ്ടു.
- യാക്കോബ് ആ പേര് നല്കുന്നതുവരെയും ഈ പട്ടണത്തിനു "ബെഥേല്" എന്നു പേരുണ്ടായിരുന്നില്ല. ഇതു വ്യക്തമാക്കുവാനായി ചില പരിഭാഷകളില്"ലൂസ് (പിന്നീടു ബെഥേല്എന്നു വിളിക്കപ്പെട്ട)" എന്നു. അബ്രഹാമിനെക്കുറിച്ചുള്ള, അതുപോലെ യാക്കോബ് അവിടെ ആദ്യമായി എത്തിച്ചേര്ന്ന (താന്ആ പേര് മാറ്റുന്നതിന് മുന്പു) സന്ദര്ഭങ്ങളില്പരിഭാഷ ചെയ്തിട്ടുണ്ട്.
- ബെഥേല്എന്നത് പഴയ നിയമത്തില്വളരെ പ്രധാനപ്പെട്ട സംഭവങ്ങള്നടന്നി ട്ടുള്ളതും ഇപ്പോഴും രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:അബ്രഹാം, യാഗപീഠം, യാക്കോബ്, യെരുശലേം)

## ദൈവവചന സൂചികകള്:

- ഉല്പത്തി 12:8-9
- ഉല്പത്തി 35:1-3
- ഹോശേയ 10:14-15
- ന്യായാധിപന്മാര് 01:22-24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1008

# ബയെശ

## വസ്തുതകള്

ഇസ്രയേല്ജനതയെ വിഗ്രഹങ്ങളെ ആരാധിക്കുവാന്തക്കവണ്ണം സ്വാധീനം ചെലുത്തിയ ഒരു ദുഷ്ടനായ രാജാവായിരുന്നു ബയെശ.

- ആസാ യഹൂദ രാജാവായിരുണ്ണ്കാലത്തില്ബയെശ ഇരുപത്തിനാലു വര്ഷം ഇസ്രായേലിന്റെ മൂന്നാമത്തെ രാജാവായി ഭരണം നടത്തി.
- ഒരു സൈന്യാധിപനായിരുന്ന താന്മുന്പിലത്തെ രാജാവായിരുന്ന നാദാബിനെ വധിച്ചാണ് രാജാവായത്.
- ബയെശയുടെ ഭരണകാലത്ത് പ്രത്യേകിച്ച് ആസയുടെ ഭരണകാലത്ത് ഇരു രാജ്യങ്ങളായ ഇസ്രയേലിനും യഹൂദക്കുമിടയില്നിരവധി യുദ്ധങ്ങള്നടന്നു.
- ബയെശയുടെ നിരവധി പാപങ്ങള്ദൈവം അവനെ ക്രമേണ പദവിയില്നിന്ന് മരണം വഴിയായി ദൈവം അവനെ നീക്കിക്കളയുവാനിടയായി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുക)

(കാണുക: ആസാ, അസത്യ ദൈവം)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്15:16-17
- 2 രാജാക്കന്മാര്09:9-10
- യിരെമ്യാവ് 41:8-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1201

# ബര്ത്തൊലോമായി

## വസ്തുതകള്

ബര്ത്തോലോമായി യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരില്ഒരുവനായിരുന്നു.

- ഇതര അപ്പോസ്തലന്മാരോടൊപ്പം ബര്ത്തൊലോമായിയും സുവിശേഷം പ്രസംഗി ക്കുവാനും യേശുവിന്റെ നാമത്തില്അത്ഭുതങ്ങള്നടത്തുവാനും അയക്കപ്പെട്ടി രുന്നു.
- യേശു സ്വര്ഗ്ഗത്തിലേക്ക് മടങ്ങിപ്പോകുന്നത്കണ്ടവരില്ഒരുവനായിരുന്നു അദ്ദേഹം.
- അതിനു ചില ആഴ്ചകള്ക്ക് ശേഷം, പരിശുദ്ധാത്മാവ് പെന്തക്കോസ്ത് നാളില്ഇറങ്ങിവന്നപ്പോള്, മറ്റു അപ്പോസ്തലന്മാരോടൊപ്പം യെരുശലേമില്താനും ഉണ്ടായിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്; പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: അപ്പോസ്തലന്, സുവാര്ത്ത, പരിശുദ്ധാത്മാവ്, അത്ഭുതം, പെന്തക്കോസ്ത്, പന്ത്രണ്ടുപേര്)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്01:12-14
- ലൂക്കോസ് 06:14:16
- മര്ക്കോസ് 03:17-19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G918

# ബര്ന്നബാസ്

## വസ്തുതകള്

അപ്പൊസ്തലന്മാരുടെ കാലഘട്ടത്തില്ജീവിച്ചിരുന്ന ആദ്യകാല ക്രിസ്ത്യാനികളില്ഒരുവനായിരുന്നു ബര്ന്നബാസ്.

- ബര്ന്നബാസ് കുപ്രോസ് ദ്വീപില്നിന്നുള്ള ലേവി എന്ന ഇസ്രയേല്യ ഗോത്രത്തി ല്നിന്നുള്ള വ്യക്തിയാണ്.
- ശൌല്(പൌലോസ്) ഒരു ക്രിസ്ത്യാനിയായപ്പോള്, അവനെ ഒരു കൂട്ടുവിശ്വാസി യായി സ്വീകരിക്കുവാന്ബര്ന്നബാസ് മറ്റു വിശ്വാസികളെ നിര്ബന്ധിച്ചു.
- ബര്ന്നബാസും പൌലോസും വിവധ പട്ടണങ്ങളില്യേശുവിനെക്കുറിച്ചുള്ള സുവിശേഷം പ്രസംഗിക്കുവാനായി ഒരുമിച്ചു യാത്രചെയ്തിരുന്നു.
- തന്റെ പേര് യോസേഫ് എന്നായിരുന്നു, എന്നാല്തന്നെ "പ്രബോധനപുത്രന്" എന്നു അര്ത്ഥം വരുന്ന "ബര്ന്നബാസ്" എന്നു വിളിച്ചിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ക്രിസ്ത്യാനി, കുപ്രോസ്, സുവിശേഷം, ലേവ്യ, പൌലോസ്)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്04:36-37
- അപ്പോ.പ്രവര്ത്തികള്11:25-26
- അപ്പോ.പ്രവര്ത്തികള്13:1-3
- അപ്പോ.പ്രവര്ത്തികള്15:33-35
- കൊലോസ്സ്യര്04:10-11
- ഗലാത്യര്02:9-10
- [ഗലാത്യര്02:13-14

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **46:08](rc://ml/tn/help/gal/02/13)** അനന്തരം **ബര്ന്നബാസ്** എന്നു പേരുള്ള ഒരു വിശ്വാസി ശൌലിനെ അപ്പൊസ്തലന്മാരുടെ അടുക്കല്കൊണ്ടുവരികയും അവരോടു ശൌല്എപ്രകാ രം ധൈര്യസമേതം ദമസ്കൊസില്പ്രസംഗിച്ചു എന്നു പറയുകയും ചെയ്തു.
- **46:09 ബര്ന്നബാസും** ശൌലും അവിടെച്ചെന്നു ഈ പുതിയ വിശ്വാസികളെ യേശുവിനെക്കുറിച്ച് കൂടുതലായി പഠിപ്പിക്കുകയും സഭയെ ശക്തീകരിക്കുകയും ചെയ്തു.
- **46:10** ഒരു ദിവസം, അന്ത്യോക്യയിലെ ക്രിസ്ത്യാനികള്ഉപവസിക്കു കയും പ്രാര്ഥിക്കുകയും ചെയ്യുമ്പോള്, പരിശുദ്ധാത്മാവ് അവരോട് പറഞ്ഞത്, "**ബര്ന്നബാസിനെയും** ശൌലിനെയും ഞാന്അവരെ വിളിച്ചിരിക്കുന്ന പ്രവ ര്ത്തി ചെയ്യേണ്ടതിനു എനിക്കായി വേര്തിരിപ്പിന്" എന്നായിരുന്നു. ആയതിനാല്അന്ത്യോക്യന്സഭ **ബര്ന്നബാസിനുവേണ്ടിയും** ശൌലിനു വേണ്ടിയും പ്രാര്ഥിക്കുകയും അവരുടെമേല്കൈകളള്വെക്കുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G921

# ബറബ്ബാസ്

## വസ്തുതകള്

യേശുവിനെ ബന്ധനസ്ഥനാക്കിയ സന്ദര്ഭത്തില്ബറബ്ബാസ് യെരുശലേമില്ഒരു തടവുപുള്ളിയായിരുന്നു.

- കുലപാതകകുറ്റവും റോമന്സര്ക്കാരിനെതിരായ മത്സരവും ആരോപിക്കപ്പെട്ട ഒരു കുറ്റവാളിയായിരുന്നു ബറബ്ബാസ്.
- ബറബ്ബാസിനെയോ യേശുവിനെയോ വിടുവിക്കേണ്ടത് എന്ന കാര്യം പൊന്തിയോസ് പിലാത്തോസ് മുന്വെച്ചപ്പോള്, ജനം ബറബ്ബാസിനെ തിരഞ്ഞെടുത്തു.
- അതുകൊണ്ട് പിലാത്തോസ് ബറബ്ബാസിനെ സ്വതന്ത്രനായി വിട്ടയക്കുകയും, എന്നാല്യേശുവിനെ കുലക്കായി വിധിക്കുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: പിലാത്തോസ്, റോം)

## ദൈവവചന സൂചികകള്:

- യോഹന്നാന്18:38-40
- ലൂക്കോസ് 23:18-19
- മര്ക്കോസ് 15:6-8
- മത്തായി 27:15-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G912

# ബാബിലോണ്, ബാബിലോണിയ, ബാബിലോന്യന്, ബാബിലോന്യന്മാര്

## വസ്തുതകള്

ബാബിലോണ് പട്ടണം പുരാതന ബാബിലോന്യ മേഖലയുടെ തലസ്ഥാനമായിരുന്നു, അത് ബാബിലോണ്സാമരാജ്യത്തിന്റെ ഒരു ഭാഗവും ആയിരുന്നു.

- ബാബിലോണ്യൂഫ്രട്ടീസ് നദീതീരത്ത് സ്ഥിതിചെയ്തിരുന്നു, അതേ മേഖലയിലാ യിരുന്നു നൂറുകണക്കിനു വര്ഷങ്ങള്ക്കു മുന്പേ ബാബെല്ഗോപുരം പണിതതും.
- ചില സന്ദര്ഭങ്ങളില്"ബാബിലോണ്" എന്ന പദം മുഴുവന്ബാബിലോണ്സാമ്രാജ്യത്തെയും സൂചിപ്പിക്കുന്നു. ഉദാഹരണമായി, "ബാബിലോണ്രാജാവ്" വെറും പട്ടണം മാത്രമല്ല, മുഴുവന്സാമ്രാജ്യവും ഭരിച്ചിരുന്നു.
- യഹൂദാരാജ്യത്തെ ആക്രമിച്ചു ജനത്തെ 70 വര്ഷങ്ങള്പ്രവാസത്തില്സൂക്ഷിച്ച ബാബിലോന്യര്മഹാശക്തന്മാരായ ജനവിഭാഗമായിരുന്നു.
- ഈ മേഖലയുടെ ഒരു ഭാഗമായിരുന്നു "കല്ദയ", അവിടെ ജീവിച്ചിരുന്ന ജന വിഭാഗത്തെ 'കല്ദയര്" എന്നു വിളിച്ചിരുന്നു. തത്ഫലമായി, "കല്ദയര്" എന്ന പദം ബാബിലോന്യരെ സൂചിപ്പിക്കുവാന്ഉപയോഗിച്ചിരുന്നു.

(ഉപലക്ഷണാലങ്കാരം)

- പുതിയനിയമത്തില്, "ബാബിലോണ്" എന്ന പദം ഒരു രൂപകമായി സ്ഥലങ്ങളെ യോ, ജനത്തെയോ, വിഗ്രഹാരാധന സംബന്ധമായ,അല്ലെങ്കില്പാപസ്വഭാവങ്ങള്സംബന്ധിച്ച ചിന്താഗതികളെയോ ഉപയോഗിക്കുന്നു.
- "മഹതിയാം ബാബിലോണ്" അല്ലെങ്കില്"മഹാനഗരമായ ബാബിലോണ്" എന്ന പദസഞ്ചയം സൂചിപ്പിക്കുന്നത്, വളരെ വലിയതും, സമ്പത്തുള്ളതും, പാപം നിറഞ്ഞതുമായ ഒരു പട്ടണത്തെ അല്ലെങ്കില്രാജ്യത്തെ പുരാതന നഗരമായ ബാബിലോണ്എന്നു താരതമ്യം ചെയ്തു പറയുമായിരുന്നു,

(കാണുക:രൂപകാലങ്കാരം)

(കാണുക: ബാബേല്, കല്ദയ, യഹൂദ, നെബൂഖദ്നെസ്സര്)

## ദൈവവചന സൂചികകള്:

- 1ദിനവൃത്താന്തങ്ങള് 09:1-3
- 2 രാജാക്കന്മാര്17:24-26
- അപ്പോ.പ്രവര്ത്തികള്07:43
- ദാനിയേല്: 01:1-2
- യെഹസ്കേല്12:11-13
- മത്തായി 01:9-11
- മത്തായി: 01:15-17

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **20:06** അശ്ശൂര്യര്ഇസ്രയേല്രാജ്യം നശിപ്പിച്ചു 100 വര്ഷങ്ങള്ക്കുശേഷം, ദൈവം **ബാബിലോന്യ** രാജാവായ നെബുഖദ്നേസ്സര്രാജാവിനെ യഹൂദ രാജ്യം അക്രമിപ്പാനായി പറഞ്ഞയച്ചു.**ബാബിലോണ്** വളരെ ശക്തമായ ഒരു സാമ്രാജ്യ മായിരുന്നു.
- **20:07** എന്നാല്ചില വര്ഷങ്ങള്ക്കുശേഷം, യഹൂദരാജാവ് **ബാബിലോണ്** നെതിരെ മത്സരിച്ചു.

അതുകൊണ്ട്,**ബാബിലോന്യര്** മടങ്ങിവന്നു യഹൂദ രാജ്യത്തെ ആക്രമിച്ചു. അവര് യെരുശലേം പട്ടണം പിടിച്ചടക്കുകയും, ദേവാലയം നശിപ്പിക്കുകയും, പട്ടണത്തിലും ദേവാലയത്തിലും ഉണ്ടായിരുന്ന സര്വ്വ സമ്പത്തും എടുത്തുകൊണ്ടു പോകുകയും ചെയ്തു.

- **20:09** നെബുഖദ്നേസ്സരും തന്റെ സൈന്യവും യഹൂദ രാജ്യത്തിലുണ്ടായിരുന്ന ഏകദേശം എല്ലാ ജനത്തെയും **ബാബിലോണിലേക്ക്** കൊണ്ടുപോകുകയും, പാവ പ്പെട്ട ജനത്തെമാത്രം തോട്ടങ്ങള്ക്കും വയലിലേക്കുമായി വിട്ടുവിടുകയും ചെയ്തു.
- **20:11** ഏകദേശം 70വര്ഷങ്ങള്ക്കുശേഷം, പേര്ഷ്യന്രാജാവായ കൊരേശ് **ബാബിലോണ്** കീഴടക്കി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3778, H3779, H8152, H894, H895, H896, G897

# ബാബേല്

## വസ്തുതകള്

മേസോപ്പോട്ടാമ്യയുടെ തെക്കന്ഭാഗത്ത് കാണപ്പെട്ടിരുന്ന ശിനാര്മേഖലയിലെ ഒരു പ്രധാന പട്ടണമായിരുന്നു ബാബേല്. ശിനാര്പിന്നീട് ബാബിലോണ് എന്നു അറിയപ്പെട്ടുവന്നു.

- ശിനാര്മേഖലയെ ഭരിച്ചിരുന്ന, ഹാമിന്റെ പൌത്രനായ, നിമ്രോദിനാലാണ് ബാബിലോണ്പട്ടണം സ്ഥാപിതമായത്.
- ശിനാര്ജനത അഹങ്കാരികളാകുകയും സ്വര്ഗ്ഗത്തോളം എത്തുന്ന ഒരു ഗോപുരം പണിയുവാനായി തീരുമാനിക്കുകയും ചെയ്തു. ഇതു പിന്നീട് "ബാബേല്ഗോപുരം" എന്നറിയപ്പെടുവാന്തുടങ്ങി.
- ദൈവം കല്പ്പിച്ചതുപോലെ അവര്വ്യാപിക്കുവാന്വിസ്സമ്മതിച്ചു ഗോപുരം പണിയുവാന്ഇടയായതിനാല്, താന്അവരുടെ ഭാഷയെ കലക്കിക്കളഞ്ഞതു നിമിത്തം അവര്ക്ക് പരസ്പരം മനസ്സിലാക്കുവാന്കഴിയാതെയായി. ഇതുനിമിത്തം അവിടെനിന്നും അവര്ഭൂമിയുടെ വിവിധ സ്ഥലങ്ങളിലേക്ക് ചിതറിപ്പോയി പലയിടത്തുമായി താമസിക്കുവാന്നിര്ബന്ധിതരായി.
- "ബാബേല്" എന്നതിന്റെ മൂല പദത്തിന്റെ അര്ത്ഥം "കുഴപ്പം" എന്നാണ്, ദൈവം ജനത്തിന്റെ ഭാഷ കലക്കിക്കളഞ്ഞതിനാല്അപ്രകാരം പേരായി.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ബാബിലോണ്, ഹാം, മേസോപോട്ടാമ്യ)

## ദൈവവചന സൂചികകള്:

- ഉല്പ്പത്തി 10:8-10
- ഉല്പ്പത്തി 11:8-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H894

# ബാരുക്

## വസ്തുതകള്

പഴയനിയമത്തില് വിവിധ വ്യക്തികളുടെ പേര് ബാരുക് എന്നായിരുന്നു.

- ഒരു ബാരുക് (സബ്ബാലിന്റെ പുത്രന്) യെരുശലേമിന്റെ മതില്നന്നാക്കുന്നതിനു നെഹെമ്യാവിനോടൊപ്പം പ്രവര്ത്തിച്ചിരുന്നു.
- നെഹെമ്യാവിന്റെ കാലഘട്ടത്തില്തന്നെ വേറൊരു ബാരുക്(കോല്ഹോസെയുടെ പുത്രന്)യെരുശലേം മതില്പുനര്നിര്മ്മാണനന്തരം യെരുശലേമില്താമസിച്ച നേതാക്കന്മാരില് ഒരുവനായിരുന്നു.
- വേറൊരു ബാരുക് (നേര്യാവിന്റെ മകന്) യിരെമ്യാവ് പ്രവാചകന്റെ സഹായി യായി യിരെമ്യാവിന് ദൈവം നല്കിയ ദൂതുകള്എഴുതുന്നതിനും അനന്തരം അവ ജനത്തെ വായിച്ചുകേള്പ്പിക്കുന്നതിനും പോലുള്ള പ്രായോഗികമായ പല ദൌത്യങ്ങള്ക്കും സഹായിയായി വര്ത്തിച്ചു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ശിഷ്യന്, യിരെമ്യാവ്, യെരുശലേം, നെഹെമ്യാവ്, പ്രവാചകന്)

## ദൈവവചന സൂചികകള്:

- യിരെമ്യാവ് 32:10-12
- യിരെമ്യാവ് 36:4-6
- യിരെമ്യാവ് 43:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G1263

# ബാല്

## വസ്തുതകള്

"ബാല്" അര്ത്ഥമാക്കുന്നത് ''കര്ത്താവ്" അല്ലെങ്കില്"യജമാനന്" എന്നത് കനാന്യര്ആരാധിച്ചുവന്ന ആദ്യ അസത്യദൈവത്തിന്റെ പേരായിരുന്നു.

- അവിടെ പ്രാദേശിക അസത്യദൈവങ്ങള്ക്കും "ബാല്" എന്ന അര്ദ്ധ നാമം, അതായത് "ബാല്പെയോര്" പോലുള്ള പേരുകള്ഉണ്ടായിരുന്നു. ചില സന്ദര്ഭങ്ങളില്ഈ എല്ലാ ദൈവങ്ങളെയും ഒരുമിച്ചു ചേര്ത്ത് "ബാലുകള്" എന്നു സൂചിപ്പിച്ചിരുന്നു.
- ചില ആളുകളുടെ പേരുകളോട് "ബാല്" എന്നു ചേര്ത്തു വന്നിരുന്നു.
- ബാലിന്റെ ആരാധനയില്ശിശുക്കളെ ബലിയിടുന്നതും വ്യഭിചാരവും ആയ ദോഷപ്രവര്ത്തികളും ഉള്പ്പെടുത്തിയിരുന്നു.
- ചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങളില്കൂടെ, ചുറ്റുപാടുമുള്ള ജാതീയ രാഷ്ട്രങ്ങളുടെ മാതൃക പിന്തുടര്ന്ന് ഇസ്രയേല്യരും ബാലിനെ ആരാധിക്കുന്നതില്ആഴമായി ഇടപെട്ടിരുന്നു.
- ആഹാബ് രാജാവിന്റെ കാലഘട്ടത്തില്, ദൈവത്തിന്റെ പ്രവാചകനായ ഏലിയാവ് ഇസ്രയേല്ജനങ്ങള്ക്ക്ബാല്നിലവില്ഇല്ല എന്നും യഹോവ യാണ് ഏക സത്യദൈവം എന്നും തെളിയിക്കുവാനായി ഒരു പരീക്ഷണം ക്രമീകരിച്ചു. തത്ഫലമായി, ബാലിന്റെ പ്രവാചകന്മാര്നശിപ്പിക്കപ്പെടുകയും ജനം വീണ്ടും യഹോവയെ ആരാധിപ്പാന്ആരംഭിക്കുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ആഹാബ്, ആശേര, ഏലിയാവ്, അസത്യദൈവം, വ്യഭിചാരി, യഹോവ)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്:31-33
- 1 ശമുവേല്:3-4
- യിരെമ്യാവ് 02:7-8
- ന്യായാധിപന്മാര്:11-13
- സംഖ്യാപുസ്തകം 22:41

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **19:02 ബാല്** എന്നു പേരുള്ള ഒരു അസത്യദൈവത്തെ ആരാധിക്കേണ്ടതിനു ജനത്തെ ഉത്സാഹിപ്പിച്ച ഒരു ദുഷ്ടനായ മനുഷ്യനായിരുന്നു ആഹാബ്.
- **19:06 ബാലിന്റെ** 450പ്രവാചകന്മാരുള്പ്പെടെ, ഇസ്രയേല്രാജ്യമെമ്പാടുമുള്ള സകല ജനങ്ങളും കര്മ്മേല്പര്വ്വതത്തില്വന്നുചേര്ന്നു. "ഏലിയാവ് ജനത്തോടു പറഞ്ഞത്,"നിങ്ങള് എത്രത്തോളം ഇരുമനസ്സുള്ളവരാ യിരിക്കും? യഹോവ ദൈവമെങ്കില്, അവനെ സേവിക്കുക! **ബാല്** ദൈവമെങ്കില്അവനെ സേവിക്കുക!"
- **19:07** ഏലിയാവ് **ബാലിന്റെ** പ്രവാചകന്മാരോട് പറഞ്ഞത്, "ഒരു കാളയെ കൊന്നു അതിനെ യാഗത്തിനായി ഒരുക്കുക, എന്നാല്അതിനു തീ കത്തിക്കരുത്.
- **19:08** അപ്പോള് **ബാലിന്റെ** പ്രവാചകന്മാര് **ബാലിനോട്** പ്രാര്ഥിച്ചു.ഓ, **ബാലേ** ഞങ്ങളെ കേള്ക്കേണമേ!"
- **19:12** അങ്ങനെ ജനം **ബാലിന്റെ** പ്രവാചകന്മാരെ പിടിച്ചു. അനന്തരം ഏലിയാവ്പിടിച്ചു അവിടെനിന്നും അവരെ പിടിച്ചുകൊണ്ടു പോകു കയും അവരെ വധിക്കുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1120, G896

# ബാശാന്

## വസ്തുതകള്

ബാശാന്എന്ന പ്രദേശം ഗലീലക്കടലിന്റെ കിഴക്കു ഭാഗത്ത് കാണപെട്ട സ്ഥലമാണ്. ഈ പ്രദേശം ഇന്നത്തെ സിറിയയുടെയും ഗോലാന്കുന്നുകളുടെയും ഭാഗമായ പ്രദേശത്തെ ഉള്ക്കൊള്ളുന്നു.

- പഴയനിയമത്തിലെ "ഗോലാന്" എന്ന സങ്കേതനഗര പട്ടണം ബാശാന് പ്രദേശത്തു സ്ഥിതിചെയ്തിരുന്നു.
- ബാശാന്കരുവേലക മരങ്ങല്മരങ്ങള്ക്ക് പ്രസിദ്ധമായതും മൃഗങ്ങള്ക്ക് മേയ്ച്ച ല്ധാരാളമുള്ളതുമായ ഫലഭൂയിഷ്ടമായ പ്രദേശമായിരുന്നു.
- ഉല്പ്പത്തി 14ല്ബാശാന്പ്രദേശം നിരവധി രാജാക്കന്മാരുടെയും അവരുടെ രാജ്യങ്ങളുടെയും ഇടയില്യുദ്ധം നടന്ന സ്ഥലമായി രേഖപ്പെടുത്തിയിരിക്കുന്നു.
- മിസ്രയീമില്നിന്ന് രക്ഷപ്പെട്ടശേഷം, ഇസ്രയേല്യര്മരുഭൂമിയില്പ്രയാണം ചെയ്യുകയില്ബാശാന്മേഖലയുടെ ഭാഗങ്ങള്അവര്കൈവശപ്പെടുത്തിയിരുന്നു.
- വര്ഷങ്ങള്ക്കുശേഷം, ആ മേഖലയില്നിന്നും ശലോമോന്രാജാവ് തനിക്കാവശ്യമായ വസ്തുക്കള്ശേഖരിച്ചിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: മിസ്രയീം, കരുവേലകം, ഗലീലക്കടല്, സിറിയ)

## ദൈവവചന സൂചികകള്:

- 1രാജാക്കന്മാര്04:11-14
- ആമോസ് 04:1-2
- യിരെമ്യാവ് 22:20-21
- യോശുവ 09:9-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1316

# ബിലെയാം

## വസ്തുതകള്

കാനാന് ദേശത്തില്പ്രവേശിക്കേണ്ടതിനു യിസ്രയേല്ജനം ഒരുങ്ങവേ, വടക്കന്മോവാബില്യോര്ദ്ദാന്നദീതീരത്തില്യിസ്രായേല്യര്പാളയമിറങ്ങിയിരിക്കു മ്പോള്അവരെ ശപിക്കുവാനായി രാജാവായ ബാലാക് കൂലിക്ക് വിളിച്ച ജാതീയ പ്രവാചകനാണ്ബിലെയാം.

- മോവാബ് ദേശത്തില്നിന്നും 400 മൈല്ദൂരത്തില്, യൂഫ്രട്ടീസ് നദിയുടെ മേഖലയില്സ്ഥിതിചെയ്തിരുന്ന പീഥോര്എന്ന പട്ടണത്തില്നിന്നുള്ളവനാ യിരുന്നു ബിലെയാം.
- മിദ്യാന്യ രാജാവായിരുന്ന ബാലാക്, ഇസ്രയേല്യരുടെ അംഗസംഖ്യയും ശക്തിയും കണ്ടു ഭയപ്പെട്ടതിനാല്, അവരെ ശപിക്കുവാനായി ബിലെയാമിനെ കൂലിക്ക് വിളിച്ചു.
- ഇസ്രായേലിനു നേരെ ബിലെയാം യാത്രചെയ്യവെ, ഒരു ദൈവദൂതന്തന്റെ മാര്ഗ്ഗത്തില്നിലകൊള്ളുകയും അതുനിമിത്തം ബിലെയാമിന്റെ കഴുത നില്ക്കുകയും ചെയ്തു. ദൈവം ബിലെയാമിനോട് സംസാരിക്കുവാനുള്ള കഴിവ് കഴുതയ്ക്ക് കൊടുക്കു കയും ചെയ്തു.
- ഇസ്രയേല്ജനത്തെ ശപിക്കുവാന്ദൈവം ബെലെയാമിനെ അനുവദിച്ചില്ല, പകരമായി അവരെ അനുഗ്രഹിപ്പാനായി ദൈവം കല്പ്പിക്കുകയും ചെയ്തു.
- എന്നിരുന്നാലും, പിന്നീട് ബിലെയാം ബാല്പെയോര്എന്ന അസത്യദൈവത്തെ ആരാധിപ്പിക്കുവാന്തക്കവണ്ണം താന്സ്വാധീനിച്ച് ഇസ്രയേല്യരുടെമേല്തിന്മ വരുവാന്ഇടയാക്കി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ നിര്ദേശങ്ങള്)

(കാണുക: ആശിര്വദിക്കുക, കാനാന്, ശപിക്കുക, കഴുത]കഴുത, കോവര്കഴുത, യൂഫ്രട്ടീസ് നദി, യോര്ദാന്നദി, മിദ്യാന്, മോവാബ്, പെയോര്)

## ദൈവവചന സൂചികകള്:

- 2 പത്രോസ് 02:15-16
- ആവര്ത്തനപുസ്തകം 23:3-4
- യോശുവ 13:22-23
- സംഖ്യാപുസ്തകം:22:5-6
- വെളിപ്പാട്:02:14-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1109, G903

# ബെതുവേല്

## വസ്തുതകള്

ബെതുവേല് അബ്രഹാമിന്റെ സഹോദരനായ നാഹോരിന്റെ മകനായിരുന്നു.

- ബെതുവേല്റിബെക്കയുടെയും ലാബാന്റെയും പിതാവായിരുന്നു.
- ബേര്ശേബ പട്ടണത്തില് നിന്നും അധികം ദൂരത്തല്ലാതെ, തെക്കന്യഹൂദയില്സ്ഥിതിചെയ്തിരുന്നതായ ഒരു പട്ടണമായിരുന്നു ബെതുവേല്.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ബെര്ശേബ,ലാബാന്, നാഹോര്, റിബെക്ക)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്04:29-31
- ഉല്പ്പത്തി 28:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1328

# ബെത്ലെഹേം, എഫ്രാത്ത

## വസ്തുതകള്:

യെരുശലേം പട്ടണത്തിനു സമീപമുള്ള, ഇസ്രയേല്ദേശത്തുള്ള ഒരു ചെറുപട്ടണ മാണ് ബെത്ലെഹേം. ഇതിന്റെ യഥാര്ത്ഥ പേരായിരിക്കാവുന്ന "എഫ്രാത്ത" എന്നും ഇതു അറിയപ്പെ ട്ടിരുന്നു.

- ദാവീദ് രാജാവ് അവിടെ ജനിച്ച വ്യക്തിയായതിനാല്ബെത്ലെഹേമിനെ "ദാവീദിന്റെ നഗരം" എന്നും വിളിച്ചിരുന്നു.
- "ബെത്ലെഹേം എഫ്രാത്ത" യില്നിന്ന് മശീഹ വരുമെന്ന് മീഖ പ്രവാചകന്പ്രസ്താവിച്ചിരുന്നു.
- പ്രവചന നിവര്ത്തീകരണമെന്നവണ്ണം, അനേക വര്ഷങ്ങള്ക്കുശേഷം യേശു ബെത്ലെഹേമില്ഭൂജാതനായി.
- "ബെത്ലെഹേം" എന്ന പേരിന്റെ അര്ത്ഥം "അപ്പത്തിന്റെ ഭവനം" അല്ലെങ്കില്"ആഹാരത്തിന്റെ വീട്" എന്നാണ്.

(കാണുക: കാലേബ്, ദാവീദ്, മീഖ)

## ദൈവവചന സൂചികകള്:

- ഉല്പ്പത്തി 35:16-20
- യോഹന്നാന്07:40-42
- മത്തായി 02:4-6
- മത്തായി 02:16
- രൂത്ത് 01:1-2
- രൂത്ത് 01:19-21

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **17:02** ദാവീദ് **ബെത്ലെഹേം** എന്ന പട്ടണത്തില്നിന്നുള്ള ഒരു ഇടയന്ആയിരുന്നു.
- **21:09** ഒരു കന്യകയില്നിന്നു മശീഹ ജനിക്കുമെന്ന് പ്രവാചകനായ യെശ്ശയ്യാവ് പ്രവചിച്ചിരുന്നു.

പ്രവാചകനായ മീഖ **ബെത്ലെഹേം** എന്ന പട്ടണത്തില്ജനിക്കുമെന്ന് പ്രവചിച്ചു.

- **23:04** യോസേഫും മറിയയും അവര്വസിച്ചിരുന്ന നസറെത്തില്നിന്നും **ബെത്ലെഹേം** ലേക്ക് ഒരു ദീര്ഘയാത്ര ചെയ്യേണ്ടിവന്നു, കാരണം അവര്അവ രുടെ പൂര്വികനായിരുന്ന ദാവീദിന്റെ സ്വന്തസ്ഥലം **ബെത്ലെഹേം** ആയിരുന്നു.
- **23:06** "മശീഹ, യജമാനന്,**ബെത്ലെഹേമില്** ജനിച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H376, H672, H1035, G965

# ബെത്ശേമേഷ്

## വസ്തുതകള്

യെരുശലേമിനു ഏകദേശം 30 കിലോമീറ്റര്പടിഞ്ഞാറായി ഉണ്ടായിരുന്ന ഒരു കനാന്യ നഗരമായിരുന്നു ബെത്ശേമേഷ്.

- യോശുവയുടെ നെത്രുത്വ കാലയളവില്ഇസ്രയേല്യര്ബെത്ശേമേഷ് പിടിച്ചെടുത്തു.
- ബെത്ശേമേഷ് ലേവ്യപുരോഹിതന്മാര്പാര്ക്കേണ്ടതിനു വേര്തിരിച്ചു മാറ്റിയ സ്ഥലമായിരുന്നു.
- ഫെലിസ്ത്യര് പിടിച്ചെടുത്തിരുന്ന ഉടമ്പടിപ്പെട്ടകം യെരുശലേമിലേക്ക്മടക്കി ക്കൊണ്ടുവരുമ്പോള്അവര്ആദ്യം നിര്ത്തിയിരുന്ന സ്ഥലം ബെത്ശേമേഷ് ആണ്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക:ഉടമ്പടിപ്പെട്ടകം, കനാന്, യെരുശലേം,യോശുവ, ലേവ്യര്, ഫെലിസ്ത്യര്).

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്04:7-10
- 1 ശമുവേല്06:7-9
- യോശുവ 19:20-22
- ന്യായാധിപന്മാര്01:33

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1053

# ബെഥാന്യ

## വസ്തുതകള്

ബെഥാന്യ പട്ടണം ഒലിവുമലയുടെ കിഴക്കന്താഴ്വാരത്തില്, യെരുശലേമിനു കിഴക്കു 2 മൈല്ദൂരത്തില്സ്ഥിതി ചെയ്തിരുന്നു.

- യെരുശലേമിനും യെരിഹോവിനും ഇടയിലുള്ള പാതയ്ക്കു സമീപമായിരുന്നു ബെഥാന്യ.
- യേശു തന്റെ സ്നേഹിതരായിരുന്ന ലാസര്, മാര്ത്ത, മറിയ എന്നിവര്ജീവിച്ചിരുന്ന ബെഥാന്യയില്കൂടെക്കൂടെ സന്ദര്ശിക്കുമായിരുന്നു.
- ബെഥാന്യ മരണത്തില്നിന്നും ലാസറിനെ യേശു ഉയിര്പ്പിച്ചതിനാല്പ്രത്യേകം അറിയപ്പെട്ടിരുന്ന സ്ഥലമായിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക; യെരിഹോ, യെരുശലേം, ലാസര്, മാര്ത്ത, മറിയ(മാര്ത്തയുടെ സഹോദരി), ഒലിവുമല)

## ദൈവവചന സൂചികകള്:

- യോഹന്നാന്01:26-28
- ലൂക്കോസ് 24:50=51
- മര്ക്കോസ് 11:1-3
- മത്തായി 21:15-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G963

# ബെനായാവ്

## നിര്വചനം

പഴയനിയമത്തില് ബെനായാവ് എന്ന പേരില്നിരവധിയാളുകള്ഉണ്ടായിരുന്നു.

- യെഹോയാദയുടെ മകനായ ബെനായാവ് ദാവീദിന്റെ വീരന്മാരില്ഒരാളായിരുന്നു.

താന്സമര്ത്ഥനായ ഒരു യോദ്ധാവും ദാവീദിന്റെ അംഗരക്ഷകരുടെ മേധാവി ആയിരുന്നു.

- ശാലോമോന്രാജാവായപ്പോള്, തന്റെ ശത്രുക്കളെ നീക്കിക്കളയുവാന്ബെനായാവ് സഹായിച്ചു.

തുടര്ന്നു താന്യിസ്രയേല്സൈന്യത്തിന്റെ സൈന്യാധിപനായി തീര്ന്നു.

- പഴയനിയമത്തില്ബെനായാവ് എന്ന പേരിലുള്ള മറ്റുള്ളവരില്മൂന്നു ലേവ്യരും ഉള്പ്പെടുന്നു; ഒരു പുരോഹിതന്, ഒരു സംഗീതജ്ഞന്, ആസാഫിന്റെ സന്തതിയായ ഒരുവന്.

(കാണുക:[ആസാഫ്), യെഹോയാദ, ലേവ്യന്, ശലോമോന്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്04:34-38
- 1 രാജാക്കന്മാര്01:7-8
- 2 ശമുവേല്23:20-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1141

# ബെന്യാമിന്, ബെന്യാമീന്യന്, ബെന്യാമീന്യര്

## വസ്തുതകള്:

യാക്കോബിനും തന്റെ ഭാര്യ രാഹേലിനും ജനിച്ച ഇളയപുത്രനാണ് ബെന്യാമീന്. അവന്റെ പേരിന്റെ അര്ത്ഥം, "എന്റെ വലങ്കൈയുടെ മകന്" എന്നാണ്. ബെന്യാമീന്ജനിച്ചശേഷം മരിച്ച റാഹേലിന്റെ മക്കളായിരുന്നവര്താനും തന്റെ മൂത്ത സഹോദരനായിരുന്ന യോസേഫും ആയിരുന്നു.

- ബെന്യാമീന്റെ സന്തതികള്ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളില്ഒന്നായി ത്തീര്ന്നു,
- രാജാവായ ശൌല്ഇസ്രായേലിലെ ബെന്യാമീന്ഗോത്രത്തില്നിന്നുള്ളവനാ യിരുന്നു.
- അപ്പോസ്തലനായ പൌലോസും ബെന്യാമീന്ഗോത്രത്തില്നിന്നുള്ളവനാ യിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ഇസ്രയേല്, യാക്കോബ്, യോസേഫ്. പൌലോസ്, റാഹേല് ,യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങള്).

## ദൈവവചന സൂചികകള്:

- 1ദിനവൃത്താന്തങ്ങള്02:1-2
- 1 രാജാക്കന്മാര്02:8-9
- അപ്പോ.പ്രവര്ത്തികള്13:21-22
- ഉല്പ്പത്തി 35:16-20
- ഉല്പ്പത്തി 42:1-4
- ഉല്പ്പത്തി 42:35-36
- ഫിലിപ്പ്യര്03:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1144, G958

# ബെയെല്സബൂല്

## വസ്തുതകള്

സാത്താന്അല്ലെങ്കില്പിശാചിന്റെ വേറൊരു പേരാണ് ബെയെല്സബൂല്. ചില സമയങ്ങളില്ഇതു "ബെയെല്സേബൂബ്" എന്നും ഉച്ചരിക്കാറുണ്ട്.

- ഈ പേരിന്റെ അക്ഷരീകാര്ത്ഥം "ഭൂതങ്ങളുടെ ഭരണാധികാരി" എന്നര്ത്ഥമുള്ള "ഈച്ചകളുടെ പ്രഭു" എന്നാണ്. എന്നാല്അര്ത്ഥത്തെ പരിഭാഷപ്പെടുത്തുന്നതിനേക്കാള്ഏറ്റവും ഉചിതം യഥാര്ത്ഥ ഉച്ചാരണത്തോട് ഏറ്റവും അടുത്ത പദമായി പരിഭാഷപ്പെടുത്തുക എന്നതാണ്.
- ഇതു "പിശാചായ ബെയെല്സബൂല്" എന്നു പരിഭാഷപ്പെടുത്തുന്നത് ഇതു ആരെ കുറിക്കുന്നു എന്നു വ്യക്തമാക്കുന്നു.
- ഈ പേര് എക്രോനിലെ അസത്യദൈവമായ "ബാല്സെബൂബ്" എന്ന പേരുമായി ബന്ധപ്പെട്ടിരിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:പിശാച്, എക്രോന്, സാത്താന്).

## ദൈവവചന സൂചികകള്:

- ലൂക്കോസ് 11:14-15
- മര്ക്കോസ്03:20-22
- മത്തായി 12:24-25
- മത്തായി 12:24-25

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G954

# ബെര്ശേബ

## വസ്തുതകള്

പഴയനിയമ കാലഘട്ടങ്ങളില്, ബെര്ശേബ എന്നത് യെരുശലെമിനു 45 മൈല്തെക്കുപടിഞ്ഞാറായി മരുഭൂപ്രദേശത്ത് ഇന്ന് നെഗേവ് എന്നു വിളിക്കപ്പെടുന്ന സ്ഥലമാണ്.

- ബെര്ശേബയെ ചുറ്റിയുള്ള മരുഭൂ പ്രദേശത്താണ് ഹാഗാറിനെയും ഇഷ്മയേ ഈ പട്ടണത്തിന്റെ പേരിന്റെ അര്ത്ഥം “ഉടമ്പടിയുടെ കിണറ്” എന്നാണ്. അബ്രഹാമിന്റെ കിണറുകളില്ഒന്നിന്റെ നിയന്ത്രണം പിടിച്ചെടുക്കാനാജാവായ അബിമെലെക്കിന്റെ ആളുകള്ശ്രമിച്ചപ്പോള്അവരെ ശിക്ഷിക്കയില്ലെന്ന് പ്രതിജ്ഞ നല്കിയപ്പോഴാണ് ഈ പേര് നല്കപ്പെട്ടത്.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:അബിമെലെക്ക്, അബ്രഹാം, ഹാഗാര്, ഇഷ്മയേല്, യെരുശലേം, പ്രതിജ്ഞ).

## ദൈവവചന സൂചികകള്

- 1 ശമുവേല്03:19-21
- 2 ശമുവേല്17:11-12
- ഉല്പ്പത്തി 21:14-16
- ഉല്പ്പത്തി 21:31-32
- ഉല്പ്പത്തി 46:1-4
- നെഹെമ്യാവ് 11:28-30

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H884

# ബെറിയ

## വസ്തുതകള്

പുതിയനിയമ കാലഘട്ടത്തില്, ബെറിയ (അല്ലെങ്കില്ബെരോവ) തെക്കു കിഴക്കന്മക്കദോനിയ പ്രദേശത്ത്, തെസ്സലോനിക്യക്ക്ഏകദേശം 80 കിലോമീറ്റര്ദൂരത്തുള്ള സമ്പല്സമൃദ്ധിയുള്ള ഒരു യവന പട്ടണമായിരുന്നു.

- തെസ്സലോനിക്യയില്ചില യാഹൂദന്മാരാല്പ്രശ്നങ്ങള്ഉണ്ടായപ്പോള്അവിടെ യുള്ള സഹക്രിസ്ത്യാനികളുടെ സഹായത്താല്പൌലോസും ശീലാസും ഓടി രക്ഷപ്പെട്ടത് ബെറിയ എന്ന ഈ പട്ടണത്തിലേക്കായിരുന്നു.
- ബെറിയയിലുള്ള ജനം പൌലോസിന്റെ പ്രസംഗം കേട്ടപ്പോള്, അവന്പ്രസ്താ വിക്കുന്നത് അപ്രകാരം തന്നെയോ എന്നു തിരുവെഴുത്തുകള്പരിശോധിച്ച് അവര്ഉറപ്പുവരുത്തി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: മക്കദോന്യ, പൌലോസ്, ശീലാസ്, തെസ്സലോനിക്യ)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്17:10-12
- അപ്പോ.പ്രവര്ത്തികള്17:13-15
- അപ്പോ.പ്രവര്ത്തികള്20:4-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G960

# ബോവസ്

## നിർവ്വചനം:

ബോവസ് രൂത്തിന്റെ ഭര്ത്താവായിരുന്ന ഒരു ഇസ്രയെല്യനായിരുന്നു, താന്ദാവീദ് രാജാവിന്റെ മുതുമുത്തശ്ശനും, യേശുക്രിസ്തുവിന്റെ പൂര്വ്വികനും ആയിരുന്നു.

- ഇസ്രായേലില്ന്യായാധിപന്മാര്ഉണ്ടായിരുന്ന കാലഘട്ടത്തിലാണ് ബോവസ് ജീവിച്ചിരുന്നത്.
- തന്റെ ഭര്ത്താവും രണ്ടു പുത്രന്മാരും മോവാബ് ദേശത്ത് വെച്ചു മരിച്ചതിനു ശേഷം ഇസ്രയേലിലേക്ക് മടങ്ങിവന്ന നവോമി എന്ന സ്ത്രീയുടെ ഒരു ബന്ധു ആയിരുന്നു അദ്ദേഹം.
- ബോവസ് നവോമിയുടെ വിധവയായ മരുമകളെ വിവാഹം മൂലം "വീണ്ടെടുത്തു" അവള്ക്കു ഭര്ത്താവിനും മക്കളോടും കൂടെ ഒരു ഭാവി നല്കുവാന്ഇടയായി.
- യേശു എപ്രകാരം നമ്മെ പാപത്തില്നിന്ന് നമ്മെ രക്ഷിക്കുകയും വീണ്ടെടു ക്കുകയും ചെയ്തു എന്നതിന്റെ ഒരു ചിത്രമായി അദ്ദേഹത്തെ കാണാം.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: മോവാബ്, വീണ്ടെടുക്കുക, രൂത്ത്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:9-12
- 2 ദിനവൃത്താന്തങ്ങള്:15-17
- ലൂക്കോസ് 03:30-32
- മത്തായി 01:4-6](rc://ml/tn/help/mat/01/04)
- രൂത്ത് 02:3-4](rc://ml/tn/help/rut/02/03)

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1162

# മക്കദോന്യ

## വസ്തുതകള്:

പുതിയ നിയമ കാലഘട്ടത്തില്, മക്കദോന്യ പുരാതന ഗ്രീസിന്റെ തൊട്ടു വടക്കായി സ്ഥിതി ചെയ്തു വന്നിരുന്ന ഒരു റോമന്പ്രവിശ്യ ആയിരുന്നു.

- ചില പ്രധാന മക്കദോന്യ പട്ടണങ്ങള്ദൈവ വചനത്തില്രേഖപ്പെടുത്തിയിരിക്കുന്നവ ബെറിയ, ഫിലിപ്പി, തെസ്സലോനിക്യ ആദിയായവ ആകുന്നു.
- ഒരു ദര്ശനം മൂലം, ദൈവം പൌലോസിനോട്മക്കദോന്യയില്ഉള്ള ജനത്തോടു സുവിശേഷം പറയുവാന്ആവശ്യപ്പെട്ടു.
- പൌലോസും സഹപ്രവര്ത്തകരും മക്കദോന്യയില്കടന്നു ചെന്ന് ജനത്തോടു യേശുവിനെ കുറിച്ച് പഠിപ്പിക്കുകയും പുതിയ വിശ്വാസികളെ അവരുടെ വിശ്വാസത്തില്വളരുവാന്സഹായിക്കുകയും ചെയ്തു.
- ദൈവ വചനത്തില്മക്കദോന്യന്പട്ടണങ്ങളായ ഫിലിപ്പിയയിലും തെസ്സലോനിക്യയിലും ഉള്ള വിശ്വാസികള്ക്ക് പൌലോസ് ലേഖനങ്ങള്എഴുതിയതായി കാണുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: വിശ്വസിക്കുക, ബെറിയ, വിശ്വാസം, സുവാര്ത്ത, ഗ്രീസ്, ഫിലിപ്പി, തെസ്സലോനിക്യ)

## ദൈവ വചന സൂചികകള്:

- 1 തെസ്സലോനിക്യര്01:6-7
- 1 തെസ്സലോനിക്യര്04:9-12
- 1 തിമോത്തിയോസ് 01:3-4
- അപ്പോ.16:9-10
- അപ്പോ.20:1-3
- ഫിലിപ്പിയര്04:14-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G3109, G3110

# മഗ്ദലന മറിയം

## വസ്തുതകള്:

മഗ്ദലന മറിയം യേശുവില് വിശ്വാസം അര്പ്പിച്ച നിരവധി സ്ത്രീകളില് ഒരുവളും യേശുവിനെ തന്റെ ശുശ്രൂഷ വേളകളില് അനുഗമിച്ചവളും ആയിരുന്നു. അവള് ഏഴു ഭൂതങ്ങളാല് നിയന്ത്രിക്കപ്പെട്ടവളും യേശു അവളെ അതില് നിന്നും സൌഖ്യമാക്കിയതും ആയ വസ്തുതയാല് അറിയപ്പെട്ടവളും ആയിരുന്നു.

- മഗ്ദലന മറിയമും വേറെ ചില സ്ത്രീകളും യേശുവിനെയും തന്റെ അപ്പോസ്തലന്മാരെയും അവര്ക്ക് സാമ്പത്തികമായി നല്കുക വഴി സഹായിക്കുന്നവര്ആയിരുന്നു.
- യേശു മരിച്ചവരില് നിന്ന് ഉയിര്ത്തു എഴുന്നേറ്റതിനു ശേഷം ആദ്യമായി തന്നെ കണ്ട സ്ത്രീകളില് ആദ്യ വ്യക്തി അവള്ആണെന്ന് കൂടി രേഖപ്പെടുത്തി ഇരിക്കുന്നു.
- മഗ്ദലന മറിയം ഒഴിഞ്ഞ കല്ലറയുടെ പുറത്ത് നിന്ന് കൊണ്ടിരിക്കുമ്പോള്, യേശു അവിടെ നില്ക്കുന്നത് താന് കാണുകയും യേശു അവളോട് താന് വീണ്ടും ജീവിച്ചിരിക്കുന്നു എന്ന് തന്റെ ശിഷ്യന്മാരോട് പറയുവാന്ആവശ്യപ്പെടുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഭൂതം, ഭൂത-ബാധിതമായ)

## ദൈവ വചന സൂചികകള്:

- ലൂക്കോസ് 08:1-3
- ലൂക്കോസ് 24:8-10
- മര്ക്കോസ് 15:39-41
- മത്തായി 27:54-56

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G3094, G3137

# മത്തായി

## വസ്തുതകള്:

യേശു തന്റെ അപ്പോസ്തലന്മാര് ആകുവാന് വേണ്ടി തിരഞ്ഞെടുത്ത പന്ത്രണ്ടു ആളുകളില് ഒരുവന് ആയിരുന്നു മത്തായി. താന് അല്ഫയൂസിന്റെ മകനായ ലേവി എന്നും അറിയപ്പെട്ടിരുന്നു.

- ലേവി (മത്തായി) യേശുവിനെ കണ്ടു മുട്ടുന്നത് വരെയും കഫര്ന്നഹൂമില് നിന്നുള്ള ഒരു ചുങ്കക്കാരന് ആയിരുന്നു.
- മത്തായി തന്റെ പേരില് അറിയപ്പെടുന്ന സുവിശേഷം എഴുതി.
- ദൈവവചനത്തില് ലേവി എന്ന് പേരുള്ള നിരവധി പേര് ഉണ്ട്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അപ്പോസ്തലന്, ലേവ്യന്, ചുങ്കക്കാരന്)

## ദൈവ വചന സൂചികകള്:

- ലൂക്കോസ് 05:27-28
- ലൂക്കോസ് 06:14-16
- മര്ക്കോസ് 02:13-14
- മര്ക്കോസ് 03:17-19
- മത്തായി 09:7-9
- മത്തായി 10:2-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G3017, G3156

# മനശ്ശെ

## വസ്തുതകള്:

പഴയ നിയമത്തില് മനശ്ശെ എന്ന് പേരുള്ള അഞ്ചു പുരുഷന്മാര് ഉണ്ടായിരുന്നു.

- മനശ്ശെ എന്നത് യോസേഫിന്റെ ആദ്യ ജാതനായ പുത്രന്റെ പേര് ആയിരുന്നു.
- മനശ്ശെയും തന്റെ ഇളയ സഹോദരനായ എഫ്രയീമും യോസേഫിന്റെ പിതാവിനാല്ദത്ത് എടുക്കപ്പെട്ടു, യാക്കോബ് അവരുടെ സന്തതികള്ക്ക് ഇസ്രയേലിലെ പന്ത്രണ്ടു ഗോത്രങ്ങളില്ഉള്പ്പെട്ടവരായിരിപ്പാന്ഉള്ള പ്രത്യേക അവകാശം നല്കി.
- മനശ്ശെയുടെ സന്തതികള്ഇസ്രയേലിലെ ഒരു ഗോത്രം ആയി രൂപീകരിക്കപ്പെട്ടു.
- മനശ്ശെ ഗോത്രം പലപ്പോഴും “മനശ്ശെയുടെ പാതി ഗോത്രം” എന്ന് വിളിക്കപ്പെടുമായിരുന്നു കാരണം ആ ഗോത്രത്തിന്റെ ഒരു ഭാഗം മാത്രമേ കനാന്ദേശത്തില്, യോര്ദാന്നദിയുടെ പടിഞ്ഞാറേ ഭാഗത്ത് താമസിച്ചു വന്നിരുന്നുള്ളൂ. ഗോത്രത്തിന്റെ മറ്റേ ഭാഗം യോര്ദാന്നദിയുടെ കിഴക്ക് ഭാഗത്ത് താമസിക്കുവാന്ഇടയായി.
- യഹൂദായുടെ ഒരു രാജാവിന്റെ പേര് മനശ്ശെ എന്ന് ആയിരുന്നു.
- രാജാവായ മനശ്ശെ തന്റെ സ്വന്തം മക്കളെ തന്നെ അസത്യ ദൈവങ്ങള്ക്ക് ദഹനയാഗം അര്പ്പിച്ച ദുഷ്ടനായ ഒരു രാജാവ് ആയിരുന്നു.
- ഒരു ശത്രു സൈന്യത്താല്ബന്ധിക്കപ്പെടുവാന്അനുവദിച്ചു കൊണ്ട് ദൈവം രാജാവായ മനശ്ശെയെ ശിക്ഷിച്ചു. മനശ്ശെ ദൈവത്തിങ്കലേക്കു തിരിയുകയും വിഗ്രഹങ്ങളെ ആരാധിച്ചു വന്ന പീഠങ്ങളെ നശിപ്പിച്ചു കളയുകയും ചെയ്തു.
- എസ്രയുടെ കാലഘട്ടത്തില്മനശ്ശെ എന്ന് പേരുള്ള രണ്ടു പേര്ജീവിച്ചിരുന്നു. ഈ മനുഷ്യര്അവരുടെ ജാതീയ ഭാര്യമാരെ ഉപേക്ഷിക്കേണ്ടതായി വന്നു, അവര്അസത്യ ദൈവങ്ങളെ ആരാധിക്കുവാന്തക്കവിധം അവരുടെ മേല്സ്വാധീനം ചെലുത്തിയിരുന്നു.
- വേറെ ഒരു മനശ്ശെ അസത്യ ദൈവങ്ങളുടെ പുരോഹിതന്മാര്ആയിരുന്ന ദാന്യരുടെ പിതാമഹന്ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: പീഠം, ദാന്, എഫ്രയീം, എസ്രാ.അസത്യ ദൈവം, യാക്കോബ്, യഹൂദ, ജാതീയം, ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്15:8-9
- ആവര്ത്തന പുസ്തകം 03:12-13
- ഉല്പ്പത്തി 41:50-52
- ഉല്പ്പത്തി 48:1-2
- ന്യായാധിപന്മാര് 01:27-28

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4519, H4520, G3128

# മര്ക്കോസ് എന്ന യോഹന്നാന്

## വസ്തുതകള്:

യോഹന്നാന് എന്ന മര്ക്കോസ്, "മര്ക്കോസ്" എന്ന പേരിലും അറിയപ്പെട്ടിരുന്നവന്, പൌലോസിനോടൊപ്പം തന്റെ പ്രേഷിത ദൌത്യ യാത്രകളില് സഞ്ചരിച്ചു വന്നിരുന്നു. മര്ക്കോസിന്റെ സുവിശേഷത്തിന്റെ ഗ്രന്ഥകാരന് മിക്കവാറും താന് തന്നെ ആയിരിക്കണം.

- മര്ക്കോസ് എന്ന യോഹന്നാന് തന്റെ ബന്ധുവായ ബര്ന്നബാസിനോടും പൌലോസിനോടും കൂടെ അവരുടെ ഒന്നാം പ്രേഷിത ദൌത്യ യാത്രയില് അനുഗമിച്ചു വന്നു.
- പത്രോസ് യെരുശലെമില് കാരാഗ്രഹത്തില് ആയിരുന്നപ്പോള്, മര്ക്കോസ് എന്ന യോഹന്നാന്റെ മാതാവിന്റെ ഭവനത്തില് ആയിരുന്നു വിശ്വാസികള് അവനു വേണ്ടി പ്രാര്ത്ഥന കഴിക്കുവാനായി കൂടി വന്നിരുന്നത്.
- മര്ക്കോസ് ഒരു അപ്പോസ്തലന് ആയിരുന്നില്ല, എന്നാല് താന് പൌ\ലോസിനാലും പത്രോസിനാലും ഉപദേശിക്കപ്പെടുകയും, അവരുടെ ശുശ്രൂഷയില് ഒരുമിച്ചു പ്രവര്ത്തിക്കുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ബര്ന്നബാസ്, പൌലോസ്)

## ദൈവ വചന സൂചികകള്:

- 2 തിമോത്തിയോസ് 04:11-13
- അപ്പോ. 12:24-25
- അപ്പോ. 13:4-5
- അപ്പോ. 13:13:13-15
- അപ്പോ. 15:36-38
- അപ്പോ. 15:39-41
- കൊലൊസ്സ്യര് 04:10-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2491, G3138

# മറിയ, യേശുവിന്റെ മാതാവ്

## വസ്തുതകള്:

നസറെത്ത് എന്ന പട്ടണത്തില് ജീവിച്ചു വരികയായിരുന്ന മറിയ എന്ന യുവതിയായ സ്ത്രീ യോസേഫ് എന്നു പേരുള്ള പുരുഷനുമായി വിവാഹിതയാകുവാന് വിവാഹ നിശ്ചയം ചെയ്തിരിക്കുക ആയിരുന്നു. ദൈവം മറിയയെ ദൈവത്തിന്റെ പുത്രന് ആയ, മശീഹയായ യേശുവിന്റെ മാതാവു ആകുവാന് തിരഞ്ഞെടുത്തു.

- ഒരു കന്യക ആയിരിക്കെ തന്നെ പരിശുദ്ധാത്മാവ് അത്ഭുതകരമായ നിലയില് മറിയ ഗര്ഭവതി ആകുവാന് തക്കവണ്ണം പ്രവര്ത്തിച്ചു.
- ഒരു ദൈവദൂതന് മറിയയോട് പറഞ്ഞത് തനിക്കു ജനിക്കുവാന് പോകുന്ന ശിശു ദൈവത്തിന്റെ പുത്രന് ആയിരിക്കും എന്നും അതിനാല് അവള് അവനു യേശു എന്ന് പേരിടണം എന്നും പറഞ്ഞു.
- ദൈവം മറിയയോടു കൃപ ഉള്ളവന് ആയതിനാല് അവള് ദൈവത്തെ സ്നേഹിക്കുകയും സ്തുതിക്കുകയും ചെയ്തു. യോസേഫ് മറിയയെ വിവാഹം കഴിച്ചു, എന്നാല് കുഞ്ഞ് ജനിച്ചു കഴിയുന്നത് വരെയും അവള് ഒരു കന്യകയായി തന്നെ തുടര്ന്നു വന്നു.
- ശിശുവായ യേശുവിനെ കുറിച്ച് ആട്ടിടയന്മാരും ശാസ്ത്രിമാരും പറഞ്ഞതായ ആശ്ചര്യകരമായ സംഗതികള് നിമിത്തം മറിയ ആഴമായി ചിന്തിക്കുവാന് ഇടയായി ത്തീര്ന്നു.
- മറിയയും യോസേഫും ശിശുവായ യേശുവിനെ എടുത്തു കൊണ്ടു പോയി ദേവാലയത്തില് പ്രതിഷ്ഠ ചെയ്തു. അനന്തരം അവര് അവനെ എടുത്തു കൊണ്ടു ഹെരോദാവിന്റെ ശിശുവിനെ കൊല്ലുവാന് ഉള്ള തന്ത്രത്തില് നിന്ന് രക്ഷപ്പെടേണ്ടതിനു മിസ്രയീമിലേക്കു ഓടിപ്പോയി. പില്ക്കാലത്ത് അവര് നസരേത്തിലേക്ക് കടന്നു പോയി.
- യേശു ഒരു പ്രായം ഉള്ള വ്യക്തി ആയിരിക്കുമ്പോള്, കാനായിലെ കല്യാണ വീട്ടില് വെച്ച് വെള്ളം വീഞ്ഞാക്കുന്ന സമയം മറിയയും കൂടെ ഉണ്ടായിരുന്നു.
- സുവിശേഷങ്ങള് പറയുന്നത് യേശു മരിക്കുന്ന സമയത്തും മറിയ കുരിശിന്റെ അടുക്കല് ഉണ്ടായിരുന്നു എന്നാണ്. തന്റെ ശിഷ്യനായ യോഹന്നാനോട് തന്റെ അമ്മയെ സ്വന്തം അമ്മ എന്നപോലെ കരുതണം എന്ന് പറഞ്ഞു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കാനാ, മിസ്രയീം, മഹാനായ ഹെരോദ്, യേശു, യോസേഫ്, ദൈവ പുത്രന്, കന്യക)

## ദൈവ വചന സൂചികകള്:

- യോഹന്നാന്:3-5
- യോഹന്നാന്:12
- ലൂക്കോസ് 01:26-29
- ലൂക്കോസ് 01:34-35
- മര്ക്കോസ് 06:1-3
- മത്തായി 01:15-17
- മത്തായി 01:18-19

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **22:04** എലിസബെത്ത് ആറു മാസം ഗര്ഭവതി ആയിരിക്കുമ്പോള്, അതേ ദൂതന് എലിസബത്തിന്റെ ബന്ധു, **മറിയ** എന്ന് പേരുള്ള വ്യക്തിയുടെ അടുക്കല് പ്രത്യക്ഷനായി. അവള് ഒരു കന്യകയും യോസേഫ് എന്ന് പേരുള്ള ഒരാളുമായി വിവാഹത്തിനു നിശ്ചയം കഴിഞ്ഞവളും ആയിരുന്നു. ദൈവദൂതന് പറഞ്ഞത്, "നീ ഗര്ഭം ധരിക്കുകയും ഒരു മകന് ജന്മം നല്കുകയും ചെയ്യും. നീ അവനു യേശു എന്ന് പേര് ഇടണം അവന് മശീഹ ആയിരിക്കും."
- **22:05** ദൈവദൂതന് വിശദീകരിച്ചത്, "പരിശുദ്ധാത്മാവ് നിന്റെ അടുക്കല് വരും, ദൈവത്തിന്റെ ശക്തി നിന്റെ മേല് നിഴല് ഇടുകയും ചെയ്യും. ആയതിനാല് ശിശു വിശുദ്ധന്ആയ ദൈവപുത്രന് ആയിരിക്കും." **മറിയ** ദൈവദൂതന് പറഞ്ഞതിനെ വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്തു.
- **22:06** ദൈവദൂതന്**മറിയയോടു** സംസാരിച്ചു കഴിഞ്ഞ ഉടന് തന്നെ, അവള് കടന്നു ചെന്ന് എലിസബത്തിനെ സന്ദര്ശിച്ചു. എലിസബത്ത്**മറിയയുടെ** വന്ദന സ്വരം കേട്ട ഉടന് തന്നെ, എലിസബത്തിന്റെ ഉദരത്തിനു അകത്തു ശിശു തുള്ളിച്ചാടി.
- **23:02** ദൈവദൂതന് പറഞ്ഞത്, "യോസേഫേ, നീ **മറിയയെ** നിന്റെ ഭാര്യയായി സ്വീകരിക്കുവാന് ഭയപ്പെടേണ്ട. അവളുടെ ശരീരത്തിനു അകത്തുള്ള ശിശു പരിശുദ്ധാത്മാവില് നിന്നു ഉള്ളതാണ്

- **23:04** യോസേഫും **മറിയയും** അവര് താമസിച്ചിരുന്ന നസറെത്തില് നിന്നും ബെത്ലെഹേമിലേക്ക് ബഹുദൂരം യാത്ര ചെയ്യേണ്ടിവന്നു എന്ത് കൊണ്ടെന്നാല് അവരുടെ പൂര്വീകനായ ദാവീദിന്റെ സ്വന്ത സ്ഥലം ബെത്ലെഹേം ആയിരുന്നു.
- **49:01 മറിയ** എന്നു പേരുള്ള ഒരു കന്യകയുടെ അടുക്കല് ചെന്നിട്ടു ഒരു ദൈവദൂതന് പറഞ്ഞത് അവള് ദൈവത്തിന്റെ പുത്രന് ജന്മം നല്കും എന്നാണ്. അവള് ഒരു കന്യകയായി കാണപ്പെടുമ്പോള് തന്നെ, അവള് ഒരു പുത്രന് ജന്മം നല്കുകയും അവനു യേശു എന്ന് പേര് നല്കുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G3137

# മറിയം (മാര്ത്തയുടെ സഹോദരി)

## വസ്തുതകള്:

മറിയം യേശുവിനെ അനുഗമിച്ച ബെഥാന്യയില് നിന്നുള്ള ഒരു സ്ത്രീ ആയിരുന്നു.

- മറിയയ്ക്ക് മാര്ത്ത എന്ന ഒരു സഹോദരിയും ലാസര് എന്ന ഒരു സഹോദരനും അവരും യേശുവിനെ അനുഗമിക്കുന്നവരായി തനിക്കു ഉണ്ടായിരുന്നു.
- ഒരിക്കല് യേശു പറഞ്ഞത് മറിയ യേശുവിന്റെ പാദ പീഠത്തില് ഇരുന്നുകൊണ്ട് താന് പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക എന്നത് തിരഞ്ഞെടുത്തതിനാല് മാര്ത്ത യേശുവിനു ഭക്ഷണം ഒരുക്കുന്നതിനായി വളരെ ബദ്ധപ്പെട്ടു കൊണ്ടിരുന്നതിനെക്കാളും ഏറ്റവും നല്ല അംശം തിരഞ്ഞെടുത്തു എന്നാണ്.
- യേശു മറിയയുടെ സഹോദരന് ആയിരുന്ന ലാസറിനെ ജീവനിലേക്കു മടക്കി കൊണ്ട് വന്നു.
- അതിനു ചില കാലങ്ങള്ക്ക് ശേഷം, ബെഥാന്യയില് ഒരു വ്യക്തിയുടെ ഭവനത്തില് യേശു ഭക്ഷണത്തിനു ഇരിക്കുമ്പോള്, മറിയ വളരെ വില ഉയര്ന്ന സുഗന്ധ ദ്രവ്യം അവനെ ആരാധിക്കുന്നതിനായി അവന്റെ പാദത്തില് പകരുവാന് ഇടയായി.
- അവള് ഇപ്രകാരം ചെയ്തതിനെ യേശു വളരെ പ്രശംസിക്കുകയും ഇത് തന്റെ ശരീരത്തിന്റെ ശവസംസ്കാരത്തിനായി ചെയ്തു എന്ന് പറയുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ബെഥാന്യ, കുന്തിരിക്കം, ലാസര്, മാര്ത്ത)

## ദൈവ വചന സൂചികകള്:

- യോഹന്നാന്:1-2
- യോഹന്നാന്:1-3
- ലൂക്കോസ് 10:38-39

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G3137

# മലാഖി

## വസ്തുതകള്:

യഹൂദ രാജ്യത്തിലേക്കുള്ള ദൈവത്തിന്റെ പ്രവാചകന്മാരില് ഒരാള്ആയിരുന്നു മലാഖി. ക്രിസ്തു ഈ ഭൂമിയില് ആയിരുന്ന കാലത്തിനു ഏകദേശ 500 വര്ഷങ്ങള്ക്കു മുന്പ് താന് ജീവിച്ചിരുന്നു.

- ബാബിലോന്യ പ്രവാസത്തിനു ശേഷം മടങ്ങി വന്നു കഴിഞ്ഞ് ഇസ്രയേലിന്റെ ദേവാലയം പുനര്:നിര്മ്മാണം ചെയ്ത കാലഘട്ടത്തില്മലാഖി പ്രവചിച്ചു വന്നിരുന്നു.
- എസ്രായും നെഹെമ്യാവും മലാഖിയുടെ അതേ കാലയളവില്തന്നെയാണ് ജീവിച്ചു വന്നിരുന്നത്.
- മലാഖിയുടെ പുസ്തകം ആണ് പഴയ നിയമത്തിലെ അവസാനത്തെ പുസ്തകം.
- പഴയ നിയമ പ്രാവചകന്മാര്എല്ലാവരെയും പോലെ തന്നെ, മലാഖിയും ജനത്തെ അവരുടെ പാപങ്ങളെ വിട്ടു മാനസ്സന്തരപ്പെടുവാനും യഹോവയെ ആരാധിക്കുന്നതിലേക്ക് മടങ്ങി വരുവാനും നിര്ബന്ധിച്ചു കൊണ്ടിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ബാബിലോണ്, പ്രവാസി, എസ്രാ, യഹൂദ, നെഹെമ്യാവ് , പ്രവാചകന്, മാനസ്സാന്തരപ്പെടുക, തിരിയുക)

## ദൈവ വചന സൂചികകള്:

- മലാഖി 01:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4401

# മഹാനായ ഹെരോദ്

## വസ്തുതകള്:

യേശു ജനിച്ചതായ സമയം മഹാനായ ഹെരോദ് ആണ് യഹൂദ ദേശത്തെ ഭരിച്ചു കൊണ്ടിരുന്നത്. പല എദോമ്യ ഭരണാധികാരികളില് ഹെരോദ് എന്നു അറിയപ്പെട്ടിരുന്നവരില്ഒന്നാമന്, റോമന്സാമ്രാജ്യത്തിന്റെ പല ഭാഗങ്ങളെയും ഭരിച്ചിരുന്നവന്.

- തന്റെ പൂര്വ്വികന്മാര്യഹൂദ മതത്തിലേക്ക് മതം മാറിയവര്ആയിരുന്നു, താനും ഒരു യഹൂദനായി വളര്ത്തപ്പെട്ടു.
- താന്യഥാര്ത്ഥത്തില്ഒരു രാജാവ് ആയിരുന്നില്ലെങ്കിലും അഗസ്തസ് സീസര്തനിക്കു "ഹെരോദ് രാജാവ്" എന്ന് നാമകരണം ചെയ്തു. താന്യഹൂദ്യയില്33 വര്ഷം യഹൂദന്മാരെ ഭരിച്ചു.
- താന്മനോഹരങ്ങളായ കെട്ടിടങ്ങള്പണിയുവാന്കല്പ്പന നല്കിയതിലും യെരുശലെമില്ഉള്ള യഹൂദ ദേവാലയം പുനര്നിര്മ്മാണം നടത്തിയതിലും പ്രസിദ്ധന്ആയിരുന്നു.
- ഈ ഹെരോദ് വളരെ ക്രൂരനും നിരവധി ആളുകളെ വധിച്ചവനും ആയിരുന്നു. "യഹൂദന്മാര്ക്ക് ഒരു രാജാവ്" ബെത്ലെഹേമില്ജനിച്ചിരിക്കുന്നു എന്ന് കേട്ടപ്പോള്, ആ പട്ടണത്തില്ഉണ്ടായിരുന്ന എല്ലാ ആണ്കുഞ്ഞുങ്ങളെയും താന്കൊന്നു കളഞ്ഞു.
- തന്റെ പുത്രന്മാരായ ഹെരോദ് അന്തിപ്പാസും ഹെരോദ് ഫിലിപ്പും, പൌത്രനായ ഹെരോദ് അഗ്രിപ്പാവും റോമന്ഭരണാധികാരികള്ആയിരുന്നു.
- തന്റെ പൌത്രന്ആയിരുന്ന ഹെരോദ് അഗ്രിപ്പാവ് II ("അഗ്രിപ്പാവ് രാജാവ്" എന്ന് വിളിക്കപ്പെട്ടവന്) യഹൂദ മേഖല മുഴുവനും ഭരണം നടത്തിയിരുന്നു.

(കാണുക:പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഹെരോദ് അന്തിപ്പാസ്, യഹൂദ്യ, രാജാവ്, ദേവാലയം)

## ദൈവ വചന സൂചികകള്:

- മത്തായി 02:1-3
- മത്തായി 02:11-12
- മത്തായി 02:16
- മത്തായി 02:19-21
- മത്തായി 02:22-23

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2264

# മാഖാ

## വസ്തുതകള്:

മാഖാ (അല്ലെങ്കില്മാക്കാ) എന്ന വ്യക്തി അബ്രഹാമിന്റെ സഹോദരനായ നാഹോരിന്റെ പുത്രന്മാരില്ഒരുവന്ആയിരുന്നു. പഴയ നിയമത്തില്വേറെയും ചില ആളുകള്ക്ക് ഈ പേര്ഉണ്ടായിരുന്നു.

- മാഖാ എന്ന പട്ടണം അല്ലെങ്കില്ബേത്ത് മാഖാ ഇസ്രായേലിന്റെ വടക്കേ അറ്റത്ത്, നഫ്താലി ഗോത്രം കൈവശപ്പെടുത്തിയ മേഖലയില്ആയിരുന്നു ഉണ്ടായിരുന്നത്.
- ഇത് ശത്രുക്കളാല്നിരവധി സന്ദര്ഭങ്ങളില് ആക്രമിക്കപ്പെട്ട വളരെ പ്രധാനപ്പെട്ട ഒരു പട്ടണം ആയിരുന്നു.
- മാഖാ എന്നത് ദാവീദിന്റെ മകനായ അബ്ശാലോമിന്റെ മാതാവ് ഉള്പ്പെടെ, നിരവധി സ്ത്രീകളുടെയും പേര് ആയിരുന്നു.
- രാജാവായ ആസാ തന്റെ വല്യമ്മ ആയിരുന്ന മാഖയെ അശേരാ പ്രതിഷ്ഠയെ പ്രോല്സാഹിപ്പിച്ചതിനാല്രാജ്ഞി സ്ഥാനത്ത് നിന്ന് നീക്കം ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ആസ്യ, അശേരാ, നാഹോര്, നഫ്താലി, ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവ വചന സൂചികകള്:

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4601

# മാര്ത്ത

## വസ്തുതകള്:

യേശുവിനെ അനുഗമിച്ചതായ ബെഥാന്യയില് നിന്നുള്ള ഒരു സ്ത്രീ ആയിരുന്നു മാര്ത്ത.

- മാര്ത്തയ്ക്ക് മറിയ എന്ന് പേരുള്ള ഒരു സഹോദരിയും ലാസര് എന്ന് പേരുള്ള ഒരു സഹോദരനും ഉണ്ടായിരുന്നു, താനും യേശുവിനെ പിന്ഗമിക്കുന്ന വ്യക്തി ആയിരുന്നു.
- ഒരിക്കല് യേശു അവരെ അവരുടെ വീട്ടില് സന്ദര്ശിക്കുന്ന സമയം, മാര്ത്ത ഭക്ഷണം പാകം ചെയ്യുന്ന പ്രവര്ത്തിയാല് മുഷിഞ്ഞിരിക്കുമ്പോള് അവളുടെ സഹോദരിയായ മറിയ ഇരുന്നു യേശുവിന്റെ ഉപദേശങ്ങള് ശ്രദ്ധിച്ചു കൊണ്ടിരിക്കുക ആയിരുന്നു.
- യേശു തന്നെ ക്രിസ്തു, ദൈവത്തിന്റെ പുത്രന് എന്ന് താന് വിശ്വസിക്കുന്നു എന്ന് ലാസര് മരിച്ച സമയത്ത് മാര്ത്ത യേശുവിനോട് പറഞ്ഞിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ലാസര്, മറിയ (മാര്ത്തയുടെ സഹോദരി))

## ദൈവ വചന സൂചികകള്:

- യോഹന്നാന്:1-2
- യോഹന്നാന്:1-3
- ലൂക്കോസ്10:38-39

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G3136

# മിഖായേല്

## വസ്തുതകള്:

ദൈവത്തിന്റെ വിശുദ്ധരായ, അനുസരണം ഉള്ള എല്ലാ ദൂതന്മാരിലും വെച്ച് മിഖായേല് പ്രധാനി ആയിരുന്നു. തന്നെ മാത്രമാണ് പ്രത്യേകമായി ദൈവത്തിന്റെ "പ്രധാന ദൂതന്" എന്ന് എടുത്തു പറഞ്ഞു സൂചിപ്പിക്കപ്പെട്ടിട്ടുള്ളത്. "പ്രധാന ദൂതന്" എന്നതിന്റെ അക്ഷരീകമായ അര്ത്ഥം "മുഖ്യ ദൂതന്" അല്ലെങ്കില് "ഭരിക്കുന്ന ദൂതന്" എന്നാണ്.

- മിഖായേല് ദൈവത്തിന്റെ ശത്രുക്കള്ക്ക് എതിരായി യുദ്ധം ചെയ്യുകയും ദൈവത്തിന്റെ ജനത്തെ സംരക്ഷിക്കുകയും ചെയ്യുന്ന ഒരു യോദ്ധാവ് ആകുന്നു.
- പേര്ഷ്യന് സൈന്യത്തിന് എതിരായി യുദ്ധം ചെയ്യുവാനായി താന് ഇസ്രയേല് മക്കളെ നയിച്ചിരുന്നു. അന്ത്യ നാളുകളില് അന്ത്യ യുദ്ധത്തില് ഇസ്രയേല്സൈന്യത്തെ ദാനിയേലില് പ്രസ്താവിച്ചിരിക്കുന്ന പ്രകാരം, തിന്മയുടെ ശക്തികള്ക്കു എതിരായി യുദ്ധം നയിക്കുന്നത് താന് തന്നെ ആയിരിക്കും.
- മീഖായേല്എന്ന പേര് ദൈവവചനത്തില് വേറെയും പല ആളുകള്ക്ക് ഉണ്ട്. പല മനുഷ്യര് "മിഖായേലിന്റെ പുത്രന്" എന്ന് അടയാളപ്പെടുത്തിയവരായി ഉണ്ട്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: ദൈവദൂതന്, ദാനിയേല്, ദൂതുവാഹി, പേര്ഷ്യ)

## ദൈവ വചന സൂചികകള്:

- ദാനിയേല്: 10:12-13
- ദാനിയേല്:20-21
- എസ്രാ 08:8-11
- വെളിപ്പാട് 12:7-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4317, G3413

# മിദ്യാന്, മിദ്യാന്യന്, മിദ്യാന്യര്

## വസ്തുതകള്:

മിദ്യാന് അബ്രഹാമിന്റെയും തന്റെ ഭാര്യ കേതൂറയുടെയും മകന് ആകുന്നു. ഇത് ഒരു ജനവിഭാഗത്തിന്റെയും കനാന് ദേശത്തിന്റെ തെക്കുള്ള വടക്കന് റേബ്യന്മ മരുഭൂമിയുടെ മേഖലയില്സ്ഥിതി ചെയ്തിരുന്ന സ്ഥലത്തിന്റെയും പേരും ആയിരുന്നു. ആ ജന വിഭാഗത്തെ "മിദ്യാന്യര്" എന്ന് വിളിച്ചു വന്നിരുന്നു.

- മോശെ ആദ്യം മിസ്രയീം വിട്ടു പലായനം ചെയ്തപ്പോള്, താന് മിദ്യാന് ദേശത്തേക്ക് കടന്നു പോയി യിത്രോയുടെ പെണ്മക്കളെ കാണുകയും അവരുടെ മൃഗ കൂട്ടങ്ങള്ക്കു വെള്ളം കുടിപ്പിക്കുവാന് സഹായിക്കുകയും ചെയ്തു. പിന്നീട് മോശെ യിത്രോവിന്റെ ഒരു മകളെ വിവാഹം കഴിക്കുകയും ചെയ്തു.
- യോസേഫ് ഒരു കൂട്ടം മിദ്യാന്യ അടിമ കച്ചവടക്കാരാല് മിസ്രയീമിലേക്കു കൊണ്ട് പോകപ്പെട്ടു.
- ദീര്ഘ വര്ഷങ്ങള്ക്കു ശേഷം മിദ്യാന്യര് കനാന് ദേശത്ത് ഇസ്രയേല്യരെ ആക്രമിക്കുകയും ചുറ്റിവളയുകയും ചെയ്തു. അവരെ പ്രതിരോധിച്ചു കൊണ്ട് ഗിദയോന് ഇസ്രയേല്യരെ നയിച്ചു.
- ആധുനിക കാലത്തുള്ള നിരവധി അറേബ്യന് ഗോത്രങ്ങള് ഈ വിഭാഗത്തിന്റെ സന്തതികള് ആകുന്നു.

(കാണുക: അറേബ്യ, മിസ്രയീം]മിസ്രയീം, മിസ്രയീമ്യന്, മിസ്രയീമ്യര്, ആട്ടിന്കൂട്ടം, |ഗിദയോന്, യിത്രോ, മോശെ)

## ദൈവ വചന സൂചികകള്:

- അപ്പോ.07:29-30
- പുറപ്പാട് 02:15-17
- ഉല്പ്പത്തി 25:1-4
- ഉല്പ്പത്തി 36:34-36
- ഉല്പ്പത്തി 37:27-28
- ന്യായാധിപന്മാര്:1

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **16:03** എന്നാല്അനന്തരം ജനം ദൈവത്തെ കുറിച്ച് മറക്കുകയും വീണ്ടും വിഗ്രഹ ആരാധന ആരംഭിക്കുകയും ചെയ്തു. അതുകൊണ്ട് ദൈവം **മിദ്യാന്യരെ**, സമീപത്തുള്ള ശത്രുക്കളായ ജനവിഭാഗത്തെ, അവരെ തോല്പ്പിക്കുവാനായി അനുവദിച്ചു.
- **16:04** ഇസ്രയേല്യര് വളരെ ഭയപ്പെടുകയും, അവര് ഗുഹകളില് ഒളിഞ്ഞിരിക്കുകയും അതിനാല് **മിദ്യാന്യരാല്** അവരെ കണ്ടുപിടിക്കുവാന് കഴിയാതെ വരികയും ചെയ്തു.
- **16:11** ആ മനുഷ്യന്റെ സ്നേഹ്തന് പറഞ്ഞത്, "ഈ സ്വപ്നം അര്ത്ഥമാക്കുന്നത് ഗിദയോന്റെ സൈന്യം **മിദ്യാന്റെ** സൈന്യത്തെ പരാജയപ്പെടുത്തും!"
- **16:14** ദൈവം **മിദ്യാന്യരെ** ആശയ ക്കുഴപ്പത്തില് അകപ്പെടുത്തുകയും, അതിനാല് അവര് പരസ്പരം ആക്രമിക്കുകയും കൊല്ലുകയും ചെയ്യുവാന് തുടങ്ങി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4080, H4084, H4092

# മിര്യാം

## വസ്തുതകള്:

മിര്യാം അഹരോന്റെയും മോശെയുടെയും മൂത്ത സഹോദരി ആയിരുന്നു.

- താന് ഒരു ബാലിക ആയിരുന്നപ്പോള്, മിര്യാം തന്റെ മാതാവിനാല് തന്റെ കുഞ്ഞു സഹോദരനായ, നൈല് നദിയിലെ ഞാങ്ങണയുടെ ഇടയില് കൂടയില് കിടക്കുന്ന മോശെയ്ക്ക് എന്ത് സംഭവിക്കുന്നു എന്ന് വീക്ഷിക്കുവാന് നിര്ദേശം ലഭിച്ചവള് ആയിരുന്നു. ഫറവോന്റെ മകള് കുഞ്ഞിനെ കണ്ടെത്തിയപ്പോള് അവള്ക്കു വേണ്ടി അവനെ പരിപാലിക്കുവാന് ഒരാളെ ആവശ്യം ഉണ്ടായി, മിര്യാം തന്റെ മാതാവിനെ അതിനായി വിളിച്ചു കൊണ്ടുവന്നു.
- മിസ്രയീമ്യരുടെ കയ്യില്നിന്നും രക്ഷപ്പെട്ട ഇസ്രയേല് മക്കളെ സന്തോഷ നൃത്തത്തിലേക്കും നന്ദി പ്രകാശനത്തിലേക്കും നയിച്ചത് മിര്യാം തന്നെ ആയിരുന്നു.
- വര്ഷങ്ങള്ക്കു ശേഷം ഇസ്രയേല് മക്കള് മരുഭൂമിയില് അലഞ്ഞു തിരിയുമ്പോള്, മിര്യാമും അഹരോനും മോശെയെ താന് ഒരു കൂശ്യ സ്ത്രീയെ വിവാഹം കഴിച്ചത് നിമിത്തം മോശമായി സംസാരിക്കുവാന് തുടങ്ങി.
- മോശെക്കു വിരോധമായി മത്സര ഭാവത്തില് സംസാരിച്ചതിനാല്, ദൈവം മിര്യാമിനെ കുഷ്ഠം എന്ന രോഗത്താല് ബാധിതയാക്കി. എന്നാല്പിന്നീട് മോശെ അവള്ക്കു വേണ്ടി പക്ഷപാതം ചെയ്തതിനാല് ദൈവം അവളെ സൌഖ്യം ആക്കി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: അഹരോന്, കൂശ്, മധ്യസ്ഥത ചെയ്യുക, മോശെ, [നൈല്നദി\, ഫറവോന്, മത്സരം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്06:1-3
- ആവര്ത്തനപുസ്തകം 24:8-9
- മീഖ 06:3-5
- സംഖ്യാപുസ്തകം 12:1-3
- സംഖ്യാപുസ്തകം 20:1

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4813

# മിശായേല്

## വസ്തുതകള്:

പഴയ നിയമത്തില് ഉള്ള മൂന്നു വ്യക്തികളുടെ പേരാണ് മിശായേല് എന്നുള്ളത്.

- മിശായേല് എന്ന് പേരുള്ള ഒരു വ്യക്തി അഹരോന്റെ ഒരു ബന്ധു ആയിരുന്നു. ദൈവം പറഞ്ഞതായ രീതിയില് അവര് ധൂപവര്ഗ്ഗം അര്പ്പിക്കാതെ പോയതിനാല് അഹരോന്റെ രണ്ടു പുത്രന്മാര് കൊല്ലപ്പെടുകയും, മിശായേലും തന്റെ സഹോദരനും മരിച്ചു പോയവരുടെ മൃത ശരീരം ഇസ്രയേല്യ പാളയത്തില് നിന്നും പുറത്തേക്ക് ചുമന്നു കൊണ്ടുവരുവാന് ഉള്ള ദൌത്യം ഭരമേല്പ്പിക്കപ്പെട്ടു.
- മിശായേല് എന്ന് പേരുള്ള വേറൊരു മനുഷ്യന് കണ്ടുപിടിക്കപ്പെട്ടതായ ന്യായപ്രമാണം പരസ്യമായി വായിച്ചപ്പോള് എസ്രയുടെ സമീപേ നിന്നിരുന്ന വ്യക്തിയാണ്.
- ഇസ്രയേല് ജനങ്ങള് ബാബിലോനിലെ പ്രവാസകാലത്ത് അവിടെ ആയിരിക്കുമ്പോള്, മിശായേല് എന്ന ഒരു ചെറുപ്പക്കാരനും ബാബിലോണില് തന്നെ ജീവിക്കുവാന് വേണ്ടി പിടിക്കപ്പെട്ടിരുന്നു. ബാബിലോന്യര് അവനു "മേശെക്" എന്ന ഒരു പേര് നല്കി. അവന്, തന്റെ കൂട്ടുകാരായ അസര്യാവു (ശദ്രക്) ഹനന്യാവ് (അബേദ്-നെഗോ) ആദിയായവര് രാജാവ് നിര്ത്തിയ ശിലയെ വണങ്ങുവാന്വ വിസ്സമ്മതിക്കുകയും ആയതിനാല് ജ്വലിച്ചു കത്തിക്കൊണ്ടിരിക്കുന്ന അഗ്നിചൂളയിലേക്ക് വലിച്ചെറിയുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: അഹരോന്, അസര്യാവ്, ബാബിലോണ്, ദാനിയേല്, ഹനന്യാവ്)

## ദൈവ വചന സൂചികകള്:

- ദാനിയേല്:6-7
- ദാനിയേല്:17-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4332, H4333

# മിസ്പ

## വസ്തുതകള്:

പഴയ നിയമത്തില്ല പട്ടണങ്ങള്ക്കു മിസ്പ എന്ന പേര് നല്കിയിട്ടുണ്ട്. ഇതിന്റെ അര്ത്ഥം "നോക്കുവാനുള്ള സ്ഥാനം" അല്ലെങ്കില്"കാവല്ഗോപുരം" എന്നാണ്.

- ദാവീദ് ശൌലിനാല്പിന്തുടരപ്പെട്ടപ്പോള്, താന്തന്റെ മാതാപിതാക്കന്മാരെ, മിസ്പയില്മോവാബ് രാജാവിന്റെ സംരക്ഷണയില്വിട്ടു ചെന്നു.
- മിസ്പ എന്ന പേരില്അറിയപ്പെട്ടിരുന്ന ഒരു പട്ടണം യഹൂദ, ഇസ്രയേല്എന്നീ രാജ്യങ്ങളുടെ അതിര്ത്തിയില്സ്ഥിതി ചെയ്തിരുന്നു. ഇത് ഒരു പ്രധാന സൈനിക കേന്ദ്രം ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുക)

(കാണുക: ദാവീദ്, യഹൂദ, ഇസ്രയേല്രാജ്യം, മോവാബ്, ശൌല്)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്15:20-22
- 1 ശമുവേല്07:5-6
- 1 ശമുവേല്07:10-11
- യിരെമ്യാവ് 40:5-6
- ന്യായാധിപന്മാര്10:17-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4708, H4709

# മിസ്രയീം, മിസ്രയീമ്യന്, മിസ്രയീമ്യര്

## വസ്തുതകള്:

കാനാന് ദേശത്തിന്റെ തെക്കുപടിഞ്ഞാറന് ഭാഗത്തായി ആഫ്രിക്കയുടെ വടക്കുകിഴക്കന് ഭാഗത്തുള്ള ഒരു രാജ്യമാണ് മിസ്രയീം. മിസ്രയീമ്യന് മിസ്രയീം രാജ്യത്തില് നിന്നുള്ള ഒരു വ്യക്തിയാണ്.

- പുരാതന കാലങ്ങളില്, മിസ്രയീം വളരെ ശക്തവും ധനികവുമായ ഒരു രാജ്യം ആയിരുന്നു.
- പുരാതന മിസ്രയീം രണ്ടായി വിഭാഗിക്കപ്പെട്ടിരുന്നു, താഴത്തെ മിസ്രയീം (നൈല്നദി താഴോട്ട് കടലിലേക്ക്ഒഴുകി പോകുന്ന വടക്കു ഭാഗം), മുകളിലത്തെ മിസ്രയീം (തെക്കേ ഭാഗം). പഴയ നിയമത്തില്, ഈ ഭാഗങ്ങള് "മിസ്രയീം" എന്നും "പത്രോസ്" എന്നും മൂല ഭാഷാ ഗ്രന്ഥത്തില് സൂചിപ്പിച്ചിരിക്കുന്നു.
- പല സന്ദര്ഭങ്ങളില് കനാനില് ഭക്ഷ്യ ദൌര്ലഭ്യം ഉണ്ടായപ്പോള്, ഇസ്രായേലിന്റെ ഗോത്രപിതാക്കന്മാര് മിസ്രയീമിലേക്കു അവരുടെ കുടുംബത്തിനു ഭക്ഷണം വാങ്ങേണ്ടതിനു യാത്ര ചെയ്തു.
- പലനൂറു വര്ഷങ്ങളായി, ഇസ്രയേല്യര് മിസ്രയീമില് അടിമകളാ യിരുന്നു.
- യോസേഫും മറിയയും ശിശുവായ യേശുവിനെയും കൊണ്ട് മഹാനായ ഹെരോദ് രാജാവിന്റെ കയ്യില്നിന്നും രക്ഷപ്പെടെണ്ടതിനു പ്രാണരക്ഷാര്ത്ഥം മിസ്രയീമിലേക്ക് ഓടിപ്പോയി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: മഹാനായ ഹെരോദ്, യോസേഫ്, നൈല്നദി, ഗോത്ര പിതാക്കന്മാര്)

## ദൈവവചന സൂചികകള്](rc://ml/tn/help/1sa/04/07):

- 1 ശമുവേല്:7-9
- അപ്പോ.പ്രവര്ത്തികള് 07:9-10
- പുറപ്പാട് 03:7-8
- ഉല്പ്പത്തി 41:27-29
- ഉല്പ്പത്തി 41:55-57
- മത്തായി 02:13-15

## ദൈവവചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **08:04** അടിമവ്യാപാരികള് യോസേഫിനെ **മിസ്രയീമിലേക്കു** കൊണ്ടുപോയി. **മിസ്രയീം** ഒരു വലിയ, ശക്തിയുള്ള നൈല് നദീതീരത്തുള്ള രാജ്യമായിരുന്നു.
- **08:08** ഫറവോനു യോസേഫ് വളരെ സംപ്രീതനാകുകയും **മിസ്രയീം** എല്ലാവറ്റിലും ഏററവും അധികാരമുള്ള രണ്ടാമത്തെ ശക്തനായ മനുഷ്യനായി നിയമിക്കുകയും ചെയ്തു.
- **08:11** അതിനാല് യാക്കോബ് തന്റെ മൂത്ത പുത്രന്മാരെ ഭക്ഷണം വാങ്ങേണ്ടതിനായി **മിസ്രയീമിലേക്കു** പറഞ്ഞയച്ചു. യാക്കോബ് വൃദ്ധനായിരുന്നു എങ്കിലും, തന്റെ മുഴുവന് കുടുംബത്തോടും കൂടെ **മിസ്രയീമിലേക്കു** പോകുകയും അവിടെ എല്ലാവരും ജീവിക്കുകയും ചെയ്തു.
- **09:01** യോസേഫ് മരിച്ചതിനു ശേഷം, തന്റെ എല്ലാ ബന്ധു ജനങ്ങളും **മിസ്രയീമില്** തന്നെ ജീവിച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4713, H4714, G124, G125

# മീഖ

## വസ്തുതകള്:

ക്രിസ്തുവിനു ഏകദേശം 700വര്ഷങ്ങള്ക്കു മുന്പ്, പ്രവാചകനായ യെശ്ശയ്യാവു യഹൂദയില് ശുശ്രൂഷ ചെയ്തു വന്ന കാലത്തില് മീഖയും യഹൂദയില് ഒരു പ്രവാചകന് ആയിരുന്നു. മീഖ എന്ന് പേരുള്ള വേറൊരു മനുഷ്യന് ന്യായാധിപന്മാരുടെ കാലത്തില് ജീവിച്ചു വന്നിരുന്നു.

- പഴയ നിയമത്തിന്റെ ഏകദേശം അവസാന ഭാഗത്തില് ആണ് മീഖയുടെ പുസ്തകം കാണപ്പെടുന്നത്.
- അശൂര്യരാല് ശമര്യ നശിപ്പിക്കപ്പെടുന്നതിനെ കുറിച്ച് മീഖ പ്രവചിച്ചിരുന്നു.
- യഹൂദ ജനം ദൈവത്തെ അനുസരിക്കാതെ ഇരുന്നതിനാല് മീഖ അവരെ ശാസിക്കുകയും അവരുടെ ശത്രുക്കള് അവരെ ആക്രമിക്കും എന്ന് മുന്നറിയിപ്പ് നല്കുകയും ചെയ്തു.
- തന്റെ പ്രവചനം വിശ്വസ്തനും തന്റെ ജനത്തെ രക്ഷിക്കുന്നവനും ആയ ദൈവത്തില് ഉള്ള പ്രത്യാശയുടെ സന്ദേശത്തോടു കൂടെ അവസാനിക്കുകയും ചെയ്യുന്നു.
- ന്യായാധിപന്മാരുടെ പുസ്തകത്തില്, എഫ്രയീമില് ജീവിച്ചിരുന്ന മീഖ എന്ന് പേരുള്ള, വെള്ളിയില് നിന്നും ഒരു വിഗ്രഹത്തെ ഉണ്ടാക്കിയ ഒരു മനുഷ്യന്റെ കഥ പ്രതിപാദിച്ചിരിക്കുന്നു.
- തന്നോട് കൂടെ താമസിക്കുവാന് വന്ന ഒരു യുവ ലേവ്യ പുരോഹിതന് വിഗ്രഹത്തെയും മറ്റു വസ്തുക്കളെയും മോഷ്ടിക്കുകയും, ഒരു കൂട്ടം ദാന്യരെ പിടിച്ചു കൊണ്ട് പോകുകയും ചെയ്തു.
- ആത്യന്തികമായി ദാന്യരും പുരോഹിതനും ലായിശ് എന്ന പട്ടണത്തില്തങ്ങുകയും അവിടെ അതേ വെള്ളി വിഗ്രഹം സ്ഥാപിച്ചു വിഗ്രഹ ആരാധാന ചെയ്യുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുക)

(കാണുക: അശ്ശൂര്, ദാന്, എഫ്രയീം, അസത്യ ദൈവം, യെശ്ശയ്യാവ്, യഹൂദ, ന്യായാധിപന്, ലേവ്യന്, പുരോഹിതന്, പ്രവാചകന്, ശമര്യ, വെള്ളി)

## ദൈവ വചന സൂചികകള്:

- യിരെമ്യാവ് 26:18-19
- മീഖ 01:1
- മീഖ 06:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4316, H4318

# മെംഫിസ്

## നിര്വചനം:

മെംഫിസ് എന്നത് നൈല്നദിയുടെ തീരത്തുള്ള, മിസ്രയീമിലെ പുരാതന തലസ്ഥാന നഗരം ആയിരുന്നു. മെംഫിസ് എന്ന സ്ഥലം താഴത്തെ മിസ്രയീമില്, നൈല്നദിയുടെ അഴിമുഖ പ്രദേശത്തിന്റെ തൊട്ടു തെക്കായി, വളരെ വളക്കൂറുള്ളതും സമൃദ്ധമായ കാര്ഷിക വിള ഉള്ളതുമായ മണ്ണ് ഉള്ളതുമായ പ്രദേശം ആയിരുന്നു.

- ഇതിന്റെ ഫലഭൂയിഷ്ടമായ മണ്ണും മുകളിലത്തെയും താഴത്തെയും മിസ്രയീമിന്റെ ഇടയില്കാണപ്പെട്ടതിന്നിമിത്തവും മെംഫിസ് വാണിജ്യത്തിന്റെയും വ്യാപാരത്തിന്റെയും ഒരു പ്രധാന പട്ടണമായും തീര്ന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: മിസ്രയീം, നൈല്നദി)

## ദൈവ വചന സൂചികകള്:

- ഹോശേയ 09:5-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4644, H5297

# മെസോപോട്ടാമ്യ, അരാം നഹരായിം

## വസ്തുതകള്:

മെസോപ്പോട്ടാമ്യ എന്ന മേഖല ടൈഗ്രിസ്എന്നും ഫ്രാത്ത് എന്നും ഉള്ള നദികളുടെ ഇടയില്ഉള്ള മേഖല ആകുന്നു. ഇതിന്റെ സ്ഥാനം ആധുനിക കാല രാജ്യമായ ഇറാക്കില്ആകുന്നു.

- പഴയ നിയമത്തില്, ഈ മേഖല "അരാം നഹരയീം" എന്ന് വിളിക്കപ്പെട്ടിരുന്നു. "മെസോപ്പോട്ടാമ്യ" എന്ന പദത്തിന്റെ അര്ത്ഥം "നദികളുടെ ഇടയില്" എന്നാകുന്നു. "അരാം നഹരയീം" എന്ന പദസഞ്ചയത്തിന്റെ അര്ത്ഥം "രണ്ടു നദികളുടെ അരാം" എന്ന് ആകുന്നു.
- അബ്രഹാം കനാനിലേക്ക് നീങ്ങുന്നതിനു മുന്പ് മെസോപ്പൊട്ടാമ്യന്പട്ടണങ്ങളായ ഊരിലും ഹാരാനിലും താമസിച്ചിരുന്നു.
- മെസോപ്പോട്ടാമ്യയില്ഉണ്ടായിരുന്ന വേറൊരു പ്രധാന പട്ടണം ആയിരുന്നു ബാബിലോണ്.
- "കല്ദയ" എന്ന് അറിയപ്പെട്ടിരുന്ന മേഖലയും മെസോപ്പോട്ടാമ്യയുടെ ഭാഗം ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അരാം, ബാബിലോൺ, കല്ദയ, ഫ്രാത്ത് നദി)

## ദൈവ വചന സൂചികകള്:

- അപ്പോ.02:8
- അപ്പോ.07:1-3
- ഉല്പ്പത്തി 24:10-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H763, G3318

# മേദ്യര്, മേദ്യ

## വസ്തുതകള്:

മേദ്യ എന്നത് അശ്ശൂരിന്റെയും ബാബിലോനിന്റെയും കിഴക്കായും, ഏലാം, പേര്ഷ്യ എന്നീ സ്ഥലങ്ങളുടെ വടക്കായും സ്ഥിതി ചെയ്തു വന്നിരുന്ന ഒരു പുരാതന സാമ്രാജ്യം ആയിരുന്നു. മേദ്യ സാമ്രാജ്യത്തില് വസിച്ചു വന്നിരുന്ന ജനങ്ങളെ "മേദ്യര്" എന്ന് വിളിച്ചു വന്നിരുന്നു.

- മേദ്യ സാമ്രാജ്യം എന്നത് വര്ത്തമാന കാലത്തെ ടര്ക്കി, ഇറാന്, സിറിയ, ഇറാക്ക്, അഫ്ഗാനിസ്ഥാന് എന്നീ പ്രദേശങ്ങളെ ഉള്ളടക്കിയത് ആയിരുന്നു.
- മേദ്യര് പേര്ഷ്യക്കാരുമായി വളരെ അടുത്ത ബന്ധം പുലര്ത്തിയിരുന്നവരും ഈ രണ്ടു സാമ്രാജ്യങ്ങളും ഒന്ന് ചേര്ന്ന് ഒരു ശക്തിയായി ബാബിലോന്യന് സാമ്രാജ്യത്തെ തോല്പ്പിക്കുവാന് വേണ്ടി ഒന്നിക്കുകയും ചെയ്തു.
- ബാബിലോണ് ദാര്യാവേശ് എന്ന മേദ്യനാല് അക്രമിക്കപ്പെടുകയും ആ സമയത്ത് പ്രവാചകനായ ദാനിയേല് അവിടെ ജീവിച്ചിരിക്കുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം](പേരുകൾ എങ്ങിനെ തർജ്ജിമ ചെയ്യാം ))

(കാണുക: അശ്ശൂര്, ബാബിലോണ്, കൊരേശ്, ദാനിയേല്, ദാര്യാവേശ്]ദാര്യാവേശ്, ഏലാം, പേര്ഷ്യ)

## ദൈവ വചന സൂചികകള്:

- 2 രാജാക്കന്മാര്17:4-6
- അപ്പോ.02:8-11
- ദാനിയേല്:25-28
- എസ്ഥേര്:3-4
- എസ്രാ 06:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4074, H4075, H4076, H4077, G3370

# മേല്ക്കിസെദേക്

## വസ്തുതകള്:

അബ്രഹാം ജീവിച്ചിരുന്ന കാലഘട്ടത്തില്, മെല്ക്കിസെദേക് ശാലേം എന്ന നഗരത്തിന്റെ രാജാവ് ആയിരുന്നു (പിന്നീട് "യെരുശലേം")

- മെല്ക്കിസെദേക് എന്ന പേരിന്റെ അര്ത്ഥം "നീതിയുടെ രാജാവ്" എന്നും "ശാലേം രാജാവ്" എന്ന തന്റെ സ്ഥാനപ്പേരിന്റെ അര്ത്ഥം "സമാധാനത്തിന്റെ രാജാവ്" എന്നും ആകുന്നു.
- താന്"അത്യുന്നത ദൈവത്തിന്റെ പുരോഹിതന്" എന്നും വിളിക്കപ്പെട്ടു വന്നിരുന്നു.
- മെല്ക്കിസെദേക് എന്ന് ആദ്യമായി ദൈവ വചനത്തില്സൂചിപ്പിച്ചിരിക്കുന്നത് തന്റെ അനന്തരവനായ ലോത്തിനെ ശക്തന്മാരായ രാജാക്കന്മാരുടെ കയ്യില്നിന്നും അബ്രഹാം വിടുവിച്ചു കൊണ്ടു വരുമ്പോള്താന്അബ്രഹാമിന് അപ്പവും വീഞ്ഞും നല്കി ശുശ്രൂഷിച്ച സന്ദര്ഭത്തില്ആകുന്നു. തന്റെ വിജയത്തില്ലഭ്യമായ കൊള്ളയില്നിന്ന് അബ്രഹാം മെല്ക്കിസെദേക്കിനു ദശാംശം നല്കി.
- പുതിയ നിയമത്തില്, മെല്ക്കിസെദേക്ക് പിതാവോ മാതാവോ ഇല്ലാത്ത ഒരു വ്യക്തിയായി സൂചിപ്പിച്ചിരിക്കുന്നു. താന്എന്നെന്നേക്കും ഭരണം നടത്തുന്ന ഒരു പുരോഹിതന്ആയും രാജാവായും അറിയപ്പെടുന്നു.
- പുതിയ നിയമം യേശുവിനെ "മെല്ക്കിസെദേക്കിന്റെ ക്രമപ്രകാരം" ഒരു പുരോഹിതന്എന്നും പറയുന്നുണ്ട്. യേശു ഇസ്രയേലിന്റെ പുരോഹിതന്മാര്വന്നിരുന്ന ലേവി ഗോത്രത്തില്നിന്നും വന്നിട്ടുള്ളവന്അല്ല. തന്റെ പൌരോഹിത്യം മെല്ക്കിസെദേക്കിന്റേതു പോലെ, ദൈവത്തില്നിന്നും ലഭ്യം ആയിട്ടുള്ളത് ആകുന്നു.
- ദൈവ വചനത്തില്തന്നെ കുറിച്ചുള്ള വിവരണങ്ങളുടെ അടിസ്ഥാനത്തില്, മെല്ക്കിസെദേക്ക് ദൈവത്താല്തിരഞ്ഞെടുക്കപ്പെട്ട ഒരു മനുഷ്യ പുരോഹിതന്ആയി സമാധാനത്തിന്റെയും നീതിയുടെയും നിത്യ രാജാവായി നമ്മുടെ ശ്രേഷ്ഠ മഹാ പുരോഹിതനായ യേശുവിനെ പ്രതിനിധീകരിക്കുകയോ ചൂണ്ടി കാട്ടുകയോ ചെയ്യുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അബ്രഹാം, എന്നെന്നേക്കും ഉള്ള, മഹാ പുരോഹിതന്, യെരുശലേം, ലേവ്യന്, പുരോഹിതന്, നീതിമാന്)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 14:17-18
- എബ്രായര്06:19-20
- എബ്രായര്07:15-17
- സങ്കീര്ത്തനങ്ങള്110:4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4442, G3198

# മേശെക്

## വസ്തുതകള്:

പഴയ നിയമത്തില് ഉള്ള രണ്ടു വ്യക്തികളുടെ പേര് മേശെക് എന്ന് ആയിരുന്നു.

- ഒരു മേശെക് യാഫെത്തിന്റെ ഒരു മകന് ആയിരുന്നു.
- മറ്റൊരു മേശെക് ശേമിന്റെ പൌത്രന് ആയിരുന്നു.
- മേശെക് എന്നത് ഒരു പ്രദേശത്തിന്റെ പേരും കൂടെ ആയിരുന്നു, അത് മിക്കവാറും ഈ മനുഷ്യരില്ഒരാളുടെ പേരില്ആയിരിക്കാം നാമകരണം ചെയ്തിരുന്നത്.
- മേശെക് എന്ന മേഖല ഇന്നത്തെ ടര്ക്കി എന്ന രാജ്യത്തിന്റെ ഒരു ഭാഗം ആയി സ്ഥിതി ചെയ്തിരുന്ന സ്ഥലം ആയിരിക്കാം.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക; യാഫെത്ത്, നോഹ, ശേം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്01:5-7
- യെഹസ്കേല്27:12-13
- ഉല്പ്പത്തി 10:2-5
- സങ്കീര്ത്തനം 120:5-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4851, H4902

# മോര്ദേഖായി

## വസ്തുതകള്:

മോര്ദേഖായി പേര്ഷ്യ ദേശത്തില്ജീവിച്ചു വന്ന ഒരു യഹൂദന്ആയിരുന്നു. അവന്തന്റെ ബന്ധു ആയിരുന്ന എസ്ഥേരിന്റെ സംരക്ഷകന്ആയിരുന്നു, താന്പിന്നീട് പേര്ഷ്യന്രാജാവായ അഹശ്വേരോശിന്റെ ഭാര്യയായി തീര്ന്നു.

- രാജാവിന്റെ കൊട്ടാരത്തില്താന്ജോലി ചെയ്തു കൊണ്ടിരിക്കുമ്പോള്, അഹശ്വേരോശ് രാജാവിനെ ചിലര്കൊല ചെയ്യുവാന്പദ്ധതി ആവിഷ്കരിക്കുന്നതായി മോര്ദേഖായി കേള്പ്പാന്ഇടയായി. താന്അത് രാജാവിനെ അറിയിക്കുകയും അങ്ങനെ രാജാവിന്റെ ജീവനെ രക്ഷിക്കുകയും ചെയ്തു.
- ചില കാലത്തിനു ശേഷം, മോര്ദേഖായി പേര്ഷ്യ രാജ്യത്തില്ഉള്ള സകല യഹൂദന്മാരെയും കൊന്നു കളയുവാന്ഉള്ള ഒരു പദ്ധതിയെയും കണ്ടു പിടിച്ചു. അവന്എസ്തേറിനോട് അവളുടെ ജനത്തെ രക്ഷിക്കുവാനായി അഭ്യര്ത്ഥന നല്കി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുക)

(കാണുക: അഹശ്വോരേശ്, ബാബിലോണ്, എസ്ഥേര്, പേര്ഷ്യ)

## ദൈവ വചന സൂചികകള്:

- എസ്ഥേര്02:5-6
- എസ്ഥേര്03:5-6
- എസ്ഥേര്08:1-2
- എസ്ഥേര്10:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4782

# മോലേക്, മോലോക്

## വസ്തുതകള്:

മോലേക് എന്നത് കനാന്യര്ആരാധന കഴിച്ചു വന്ന ഒരു അസത്യ ദൈവങ്ങളില്ഒന്നിന്റെ പേര് ആയിരുന്നു. ഇതര അക്ഷരങ്ങള്"മോലോക്" എന്നും "മോളെക്" എന്നും ആയിരുന്നു.

- മോലെക്കിനെ ആരാധിച്ചു വന്ന ജനം അവരുടെ മക്കളെ അഗ്നിയാല്ദഹിപ്പിച്ചു യാഗം കഴിച്ചു അവനെ ആരാധിച്ചു വന്നു.
- ഇസ്രയേല്മക്കളില്ചിലര്ഏക സത്യ ദൈവമായ യഹോവയെ ആരാധിക്കുന്നതിനു പകരം, മോലെക്കിനെയും ആരാധിച്ചു വന്നു. അവര്മോലേക് ആരാധകരുടെ ദോഷകരമായ നടപടികളെ, മക്കളെ യാഗം അര്പ്പിക്കുന്നത് ഉള്പ്പെടെ ഉള്ള കാര്യങ്ങളെ പിന്തുടര്ന്നു വന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കനാന്, ദോഷം, അസത്യ ദൈവം, ദൈവം, അസത്യ ദൈവം, യാഗം, സത്യം, ആരാധന, യഹോവ)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്11:7-8
- 2 രാജാക്കന്മാര്23:10-11
- അപ്പോ.07:43
- യിരെമ്യാവ് 32:33-35
- ലേവ്യപുസ്തകം 18:21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4428, H4432, G3434

# മോവാബ്, മോവാബ്യന്, മോവാബ്യ സ്ത്രീ

## വസ്തുതകള്:

മോവാബ് ലോത്തിന്റെ മൂത്ത മകളുടെ പുത്രന്ആയിരുന്നു. താനും തന്റെ കുടുംബവും താമസിച്ചു വന്ന സ്ഥലത്തിനും അതേ പേര് തന്നെ നിലവില്വന്നു. "മോവാബ്യന്" എന്ന പദം സൂചിപ്പിക്കുന്നത് മോവാബില്നിന്ന് വന്ന സന്തതി അല്ലെങ്കില്മോവാബ് എന്ന രാജ്യത്തില്ജീവിക്കുന്നവന്എന്നാണ്.

- മോവാബ് എന്ന രാജ്യം ഉപ്പുകടലിന്റെ കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്തിരുന്നു.
- നവോമി ജീവിച്ചിരുന്ന ബെത്ലെഹേം പട്ടണത്തിനു തെക്ക് കിഴക്കായി മോവാബ് കാണപ്പെട്ടിരുന്നു.
- ബെത്ലെഹേമില്ഉള്ള ജനം രൂത്തിനെ ഒരു "മോവാബ്യ സ്ത്രീ" എന്ന് വിളിച്ചിരുന്നു എന്തു കൊണ്ടെന്നാല്അവള്മോവാബ് എന്ന ദേശത്തില്നിന്നും വന്നവള്ആയിരുന്നു. ഈ പദം "മോവാബ്യ സ്ത്രീ" അല്ലെങ്കില്"മോവാബില്നിന്നും ഉള്ള സ്ത്രീ" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ബെത്ലെഹേം, യഹൂദ്യ, ലോത്ത്, രൂത്ത്, ഉപ്പുകടല്)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 19:36-38
- ഉല്പ്പത്തി 36:34-36
- രൂത്ത് 01:1-2
- രൂത്ത് 01:22

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4124, H4125

# മോശെ

## വസ്തുതകള്:

40ല്അധികം വര്ഷങ്ങളായി മോശെ ഇസ്രയേല്ജനത്തിന്റെ ഒരു പ്രവാചകനും നേതാവും ആയിരുന്നു.

- മോശെ ഒരു ശിശു ആയിരുന്നപ്പോള്, മോശെയുടെ മാതാപിതാക്കന്മാര്അവനെ ഒരു കൂടയില്വെച്ച് നൈല്നദിയിലെ ഞാങ്ങണയുടെ ഇടയില്മിസ്രയീമ്യ ഫറവോനില്നിന്നും രക്ഷിക്കുവാനായി വെച്ചു. മോശെയുടെ സഹോദരി മിര്യാം അവിടെ അവനെ വീക്ഷിച്ചു കൊണ്ടിരുന്നു. ഫറവോന്റെ മകള്അവനെ കണ്ടത് കൊണ്ട് അവന്റെ ജീവന്രക്ഷപ്പെടുവാന്ഇടയായി, അവള്അവനെ എടുത്തു കൊണ്ട് അരമനയിലേക്കു പോകുകയും അവളുടെ മകനായി വളര്ത്തുവാന്ഇടയാകുകയും ചെയ്തു.
- മിസ്രയീമിലെ അടിമത്തത്തില്നിന്ന് ഇസ്രയേല്ജനത്തെ വിടുവിക്കുവാനും അവരെ വാഗ്ദത്ത ദേശത്തിലേക്കു നയിച്ചു കൊണ്ട് പോകുവാനും ദൈവം മോശെയെ തിരഞ്ഞെടുത്തു.
- മിസ്രയീമില്നിന്നും ഇസ്രയേല്ജനം രക്ഷപ്പെട്ടതിന് ശേഷം അവര്മരുഭൂമിയില്അലഞ്ഞു തിരിഞ്ഞു കൊണ്ടിരിക്കുമ്പോള്, ദൈവം മോശെയുടെ പക്കല്രണ്ടു കല്പ്പലകകള്പത്ത് കല്പ്പനകള്എഴുതിയതായി നല്കി.
- തന്റെ ജീവിതത്തിന്റെ അന്ത്യത്തോട്അടുത്ത സമയം, മോശെ വാഗ്ദത്ത ദേശം കണ്ടു, എന്നാല്താന്ദൈവത്തെ അനുസരിക്കായ്ക നിമിത്തം അതില്പ്രവേശിച്ചു ജീവിക്കുവാന്കഴിഞ്ഞിരുന്നില്ല.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: മിര്യാം, വാഗ്ദത്ത ദേശം, പത്ത് കല്പ്പനകള്)

## ദൈവ വചന സൂചികകള്:

- അപ്പോ.07:20-21
- അപ്പോ.07:29-30
- പുറപ്പാട് 02:9-10
- പുറപ്പാട് 09:1-4
- മത്തായി 17:3-4
- റോമര്05:14-15

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **09:12** ഒരു ദിവസം **മോശെ** തന്റെ ആടുകളെ പരിപാലിച്ചു കൊണ്ടിരിക്കുമ്പോള്, താന്ഒരു മുള്പ്പടര്പ്പു കത്തിക്കൊണ്ടിരിക്കുന്നത് കണ്ടു.
- **12:05 മോശെ** ഇസ്രയേല്ജനത്തോടു പറഞ്ഞത്, “ഭയപ്പെടുന്നത് നിര്ത്തുക!

ദൈവം ഇന്ന് നിങ്ങള്ക്ക് വേണ്ടി യുദ്ധം ചെയ്യുകയും നിങ്ങളെ രക്ഷിക്കുകയും ചെയ്യും.”

- **12:07** ദൈവം **മോശെയോടു** പറഞ്ഞത് നീ നിന്റെ കൈ സമുദ്രത്തിനു നേരെ ഉയര്ത്തുകയും ജലത്തെ വിഭാഗിക്കുകയും ചെയ്യുക.
- **12:12** മിസ്രയീമ്യര്മരിച്ചു പോയി എന്ന് ഇസ്രയേല്യര്കണ്ടപ്പോള്, അവര്ദൈവത്തില്ആശ്രയിക്കുകയും മോശെ ദൈവത്തിന്റെ പ്രവാചകന്എന്ന് വിശ്വസിക്കുകയും ചെയ്തു.
- **13:07** അനന്തരം ദൈവം പത്ത് കല്പ്പനകളുണ്ടു കല്പ്പലകകളില്എഴുതുകയും അവയെ **മോശെയുടെ** പക്കല്കൊടുക്കുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4872, H4873, G3475

# യഹൂദ. യഹൂദ രാജ്യം

## വസ്തുതകൾ:

ഇസ്രയേലിലെ പന്ത്രണ്ടു ഗോത്രങ്ങളിലും വെച്ച് യഹൂദ ഗോത്രം ആയിരുന്നു ഏറ്റവും വലിയതായി ഇരുന്നത്. യഹൂദ രാജ്യം എന്നത് യഹൂദ, ബെന്യമിൻ എന്നീ ഗോത്രങ്ങൾ ചേർന്ന് ഉണ്ടായതു ആയിരുന്നു.

- ശലോമോൻ രാജാവിന്റെ മരണ ശേഷം, ഇസ്രയേൽ ദേശം രണ്ടു രാജ്യങ്ങളായി വേർപിരിഞ്ഞു: ഇസ്രയേൽ എന്നും യഹൂദ എന്നും. ഉപ്പുകടലിന്റെ പടിഞ്ഞാറായി സ്ഥിതി ചെയ്തിരുന്ന യഹൂദ രാജ്യം ആയിരുന്നു തെക്കൻ രാജ്യം.
- യഹൂദ രാജ്യത്തിന്റെ തലസ്ഥാന നഗരം യെരുശലേം ആയിരുന്നു.
- യഹൂദയുടെ എട്ടു രാജാക്കന്മാർ യഹോവയെ അനുസരിക്കുന്നവരും ജനത്തെ യഹോവയെ ആരാധിക്കുവാനായി വഴി നടത്തുന്നവരും ആയിരുന്നു. യഹൂദയുടെ മറ്റുള്ള രാജാക്കന്മാർ ദുഷ്ടന്മാരും ജനത്തെ വിഗ്രഹ ആരാധനയ്ക്കു നേരെ നയിക്കുന്നവരും ആയിരുന്നു.
- നൂറ്റി ഇരുപതു വർഷങ്ങളിൽ അധികമായി അശ്ശൂർ ഇസ്രയേലിനെ (വടക്കൻരാജ്യം) കീഴടക്കി വെക്കുകയും, യഹൂദ ബാബിലോൻ ദേശത്താൽ കീഴടക്കപ്പെടുകയും ചെയ്തിരുന്നു. ബാബിലോന്യർ പട്ടണത്തെയും ദേവാലയത്തെയും നശിപ്പിക്കുകയും, യഹൂദയിലെ മിക്കവാറും ജനത്തെ ബാബിലോനിലേക്കു അടിമകളായി കൊണ്ടു പോകുകയും ചെയ്തു.

(കാണുക:യഹൂദ, ഉപ്പുകടൽ)

## ദൈവ വചന സൂചികകൾ:

- 1 ശമുവേൽ:26-28
- 2 ശമുവേൽ:7-8
- ഹോശേയ 05:14-15
- യിരെമ്യാവ് 07:33-34
- ന്യായാധിപന്മാർ:16-17

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **18:07** രണ്ടു ഗോത്രങ്ങൾ മാത്രമേ അവനോടു (രെഹോബെയാം) വിശ്വസ്തതരായി ശേഷിച്ചിരുന്നുള്ളൂ. ഈ രണ്ടു ഗോത്രങ്ങൾ**യഹൂദ രാജ്യം** ആയിത്തീർന്നു.
- **18:10 യഹൂദ** യിസ്രായേൽ രാജ്യങ്ങൾ ശത്രുക്കളായി തീരുകയും പലപ്പോഴും പരസ്പരം യുദ്ധം ചെയ്യുകയും ചെയ്തു പോന്നു.
- **18:13 യഹൂദ രാജാക്കന്മാർ** ദാവീദിന്റെ സന്തതികല്ൾആയിരുന്നു. ഇവരിൽ ചില രാജാക്കന്മാർ നല്ല മനുഷ്യരും നീതിയോടെ ഭരണം നടത്തുന്നവരും ദൈവത്തെ ആരാധിക്കുന്നവരും ആയിരുന്നു. എന്നാൽ നല്ലൊരു പങ്കു **യഹൂദയുടെ** രാജാക്കന്മാർ ദുഷ്ടന്മാരും, അഴിമതി ഉള്ളവരും, വിഗ്രഹങ്ങളെ ആരാധിക്കുന്നവരും ആയിരുന്നു.
- **20:01 ഇസ്രയേലിന്റെയും യഹൂദയുടെയും രാജ്യങ്ങൾ** രണ്ടും ദൈവത്തിനു എതിരായി പാപം ചെയ്തു.
- **20:05 യഹൂദ രാജ്യത്തിലെ** ജനങ്ങൾ, വിശ്വസിക്കാത്തതു നിമിത്തവും അനുസരിക്കാത്തതു നിമിത്തവും ഇസ്രയേൽ ജനത്തെ ദൈവം ശിക്ഷിച്ചത് എപ്രകാരം എന്ന് കണ്ടിട്ടുള്ളവർ ആയിരുന്നു. എന്നിട്ടും അവർ കനാന്യ ദൈവങ്ങൾ ഉൾപ്പെടെയുള്ള വിഗ്രഹങ്ങളെ അവർ ആരാധിച്ചു വന്നു.
- **20:06** ഇസ്രയേൽ രാജ്യത്തെ അശ്ശൂര്യർ നശിപ്പിച്ചു ഏകദേശം 100 വർഷങ്ങൾക്കു ശേഷം, ദൈവം ബാബിലോന്യനായ നെബൂഖദ്നേസർ രാജാവിനെ **യഹൂദ രാജ്യം** അക്രമിക്കുവാനായി അയച്ചു.
- **20:09** നെബൂഖദ്നേസരും തന്റെ സൈന്യവും **യഹൂദ രാജ്യത്തെ** ഒട്ടു മിക്കവാറും സകല ജനത്തെയും ബാബിലോനിലേക്ക് പിടിച്ചു കൊണ്ടു പോയി, വളരെ ദരിദ്രരായ ജനങ്ങളെ വയലിൽ കൃഷി ചെയ്യുവാനായി വിട്ടു വിടുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4438, H3063

# യഹൂദ്യ

## വസ്തുതകൾ:

“യഹൂദ്യ” എന്ന പദം പുരാതന ഇസ്രയേലിന്റെ ഒരു ഭൂപ്രദേശത്തെ സൂചിപ്പിക്കുന്നു. ഇത് ചില സന്ദർഭങ്ങളിൽ ഹ്രസ്വ സ്വഭാവത്തിലും മറ്റു സന്ദർഭങ്ങളിൽ വിശാല സ്വഭാവത്തിലും ഉപയോഗിക്കാറുണ്ട്.

- ചില സന്ദർഭങ്ങളിൽ “യഹൂദ്യ” എന്നത് ഒരു ഹ്രസ്വ സ്വഭാവത്തിൽ ചാവുകടലിന്റെ തൊട്ടു പടിഞ്ഞാറ് ഭാഗത്തുള്ള പുരാതന ഇസ്രയേലിന്റെ തെക്കുഭാഗത്തു സ്ഥിതി ചെയ്യുന്ന ഒരു പ്രവിശ്യയെ മാത്രം സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നു. ചില പരിഭാഷകൾഈ പ്രവിശ്യയെ “യഹൂദ” എന്ന് വിളിക്കുന്നു.
- മറ്റു സമയങ്ങളിൽ “യഹൂദ്യ” എന്നത് ഒരു വിശാല സ്വഭാവത്തിൽ പുരാതന ഇസ്രയേലിന്റെ മുഴുവൻ പ്രവിശ്യകളായി ഗലീലി, ശമര്യ, പെറിയ, ഇദൂമ്യ, യഹൂദ്യ(യഹൂദ) എന്നീ എല്ലാ പ്രവിശ്യകളെയും സൂചിപ്പിക്കുന്നു.
- പരിഭാഷകർഈ വ്യത്യാസത്തെ വ്യക്തമാക്കുവാനായി, വിശാല സ്വഭാവത്തിൽ ഉള്ള യഹൂദ്യയെ “യഹൂദ്യ രാജ്യം” എന്നും ഹ്രസ്വ സ്വഭാവത്തിൽ ഉള്ളതിനെ ”യഹൂദ്യ പ്രവിശ്യ” അല്ലെങ്കിൽ “യഹൂദ പ്രവിശ്യ” എന്നും പരിഭാഷ ചെയ്യാറുണ്ട്, കാരണം ഈ ഭാഗത്താണ് പുരാതന ഇസ്രയേലിലെ യഹൂദ ഗോത്രം യഥാർത്ഥമായി വസിച്ചു വന്നു കൊണ്ടിരുന്നത്.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഗലീലി, ഏദോം, യഹൂദ, യഹൂദ്യ, ശമര്യ)

## ദൈവ വചന സൂചികകൾ:

- 1 തെസ്സലോനിക്യർ 02:14-16
- അപ്പോ.02:8-11
- അപ്പോ.09:31-32
- അപ്പോ.12:18-19
- യോഹന്നാൻ 03:22-24
- ലൂക്കോസ് 01:5-7
- ലൂക്കോസ് 04:42-44
- ലൂക്കോസ് 05:17
- മർക്കോസ് 10:1-4
- മത്തായി 02:1-3
- മത്തായി 02:4-6
- മത്തായി 02:22-23
- മത്തായി 03:1-3
- മത്തായി 19:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3061, G2453

# യാക്കോബിന്റെ മകനായ യൂദാസ്

## വസ്തുതകള്:

യാക്കോബിന്റെ മകനായ യൂദാസ് യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരില് ഒരുവന് ആയിരുന്നു. ഇദ്ദേഹം യൂദാസ് ഇസ്കാര്യോത്ത് എന്ന വ്യക്തി അല്ല എന്ന കാര്യം ശ്രദ്ധിക്കുക.

- അടിക്കടി ദൈവ വചനത്തില്, ഒരേ പേരുള്ള വ്യത്യസ്ത വ്യക്തികളെ വേര്തിരിച്ചു കാണിക്കേണ്ടതിനു അവര് ആരുടെ മകനാണ് എന്നുള്ളതും കൂടെ ചേര്ത്തു പ്രസ്താവിക്കുന്നു. ഇവിടെ, യൂദാസിനെ "യാക്കോബിന്റെ മകനായ" എന്ന് അടയാളപ്പെടുത്തുന്നു.
- യൂദാസ് എന്ന് പേരുള്ള വേറൊരു വ്യക്തി യേശുവിന്റെ സഹോദരന് ആയിരുന്നു. താനും "യൂദ" എന്ന പേരില് അറിയപ്പെട്ടു.
- പുതിയ നിയമ പുസ്തകമായി അറിയപ്പെടുന്ന "യൂദ" മിക്കവാറും യേശുവിന്റെ സഹോദരനായ യൂദാസിനാല് എഴുതപ്പെട്ടതാണ്, കാരണം അതിന്റെ രചയിതാവ് തന്നെ സ്വയം "യാക്കോബിന്റെ സഹോദരന്" എന്ന് അടയാളം കാണിക്കുന്നു. യേശുവിന്റെ വേറൊരു സഹോദരന് ആണ് യാക്കോബ്.
- യൂദായുടെ പുസ്തകം യേശുവിന്റെ ശിഷ്യനായ, യാക്കോബിന്റെ മകനായ, യൂദായാല് എഴുതപ്പെട്ടിരിക്കുവാനും സാധ്യത ഉണ്ട്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുക)

(കാണുക: [യാക്കോബ് (സെബെദിയുടെ മകന്), യൂദാസ് ഇസ്കാരിയോത്ത്, മകന്, പന്ത്രണ്ടു പേര്)

## ദൈവ വചന സൂചികകള്:

- അപ്പോ.01:12-14
- ലൂക്കോസ് 06:14-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2455

# യാക്കോബ് (അല്ഫയൂസിന്റെ മകന്

## വസ്തുതകള്:

അല്ഫയൂസിന്റെ മകനായ, യാക്കോബ്, യേശുവിന്റെ പന്ത്രണ്ടു അപ്പൊസ്തലന്മാരില് ഒരുവന് ആയിരുന്നു.

- സുവിശേഷ ഗ്രന്ഥങ്ങള് ആയ മത്തായി, മര്ക്കോസ്, ലൂക്കോസ് ആദിയായവയില് യേശുവിന്റെ ശിഷ്യന്മാരുടെ പട്ടികയില് തന്റെ പേരും നല്കപ്പെട്ടിരിക്കുന്നു. യേശു സ്വര്ഗ്ഗാരോഹണം ചെയ്തതിനു ശേഷം യെരുശലേമില് ഒരുമിച്ചു കൂടിയിരുന്നു പ്രാര്ത്ഥന കഴിച്ചു വന്ന പതിനൊന്നു ശിഷ്യന്മാരുടെ കൂട്ടത്തില് ഇദ്ദേഹത്തിന്റെയും പേര് അപ്പോസ്തല പ്രവര്ത്തികളുടെ പുസ്തകത്തില് പരാമര്ശിച്ചിട്ടുണ്ട്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അപ്പോസ്തലന്, ശിഷ്യന്, യാക്കോബ് (യേശുവിന്റെ സഹോദരന്), യാക്കോബ് (സെബെദിയുടെ മകന്), പന്ത്രണ്ടു പേര്)

## ദൈവ വചന സൂചികകള്:

- അപ്പോ 01:12-14
- ലൂക്കോസ് 06:14-16
- മര്ക്കോസ് 03:17-19
- മര്ക്കോസ് 14:32-34
- മത്തായി 10:2-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2385

# യാക്കോബ് (യേശുവിന്റെ സഹോദരന്)

## വസ്തുതകള്:

യാക്കോബ് മറിയയുടെയും യോസേഫിന്റെയും മകന് ആയിരുന്നു. താന് യേശുവിന്റെ ഇളയ അര്ദ്ധ സഹോദരന്മാരില് ഒരുവന് ആയിരുന്നു.

- യേശുവിന്റെ മറ്റു അര്ദ്ധ സഹോദരന്മാരുടെ പേരുകള് യോസേഫ്, യൂദാ, ശീമോന് എന്നിങ്ങനെ ആയിരുന്നു.
- യേശുവിന്റെ ജീവിത കാലയളവില്, യാക്കോബും തന്റെ സഹോദരന്മാര് ആരും യേശുവാണ് മശീഹ എന്നുള്ളത് വിശ്വസിച്ചിരുന്നില്ല.
- പില്ക്കാലത്ത്, യേശു മരിച്ചവരില് നിന്ന് ഉയിര്ത്തെഴുന്നേറ്റ ശേഷം, യാക്കോബ് അവനില് വിശ്വസിക്കുകയും യെരുശലേമിലെ സഭയുടെ നായകന് ആകുകയും ചെയ്തു.
- പുതിയ നിയമ പുസ്തകമായ യാക്കോബിന്റെ ലേഖനം പീഡനത്തില് നിന്നും രക്ഷപ്പെടുവാനായി വിവിധ രാജ്യങ്ങളിലേക്ക് ഓടിപ്പോയ വിശ്വാസികള്ക്ക് എഴുതിയത് ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അപ്പോസ്തലന്, ക്രിസ്തു, സഭ, യാക്കോബിന്റെ മകനായ യൂദ, പീഡിപ്പിക്കുക).

## ദൈവ വചന സൂചികകള്:

- ഗലാത്യര് 01:18-20
- ഗലാത്യര് 02:9-10
- യാക്കോബ് 01:1-3
- യൂദ 01:1-2
- മര്ക്കോസ് 09:1-3
- മത്തായി 13:54-56

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2385

# യാക്കോബ് (സെബെദിയുടെ മകന്)

## വസ്തുതകള്:

യാക്കോബ്, സെബെദിയുടെ മകന്, യേശുവിന്റെ പന്ത്രണ്ടു അപ്പൊസ്തലന്മാരില് ഒരുവന് ആയിരുന്നു.

- തനിക്കു യോഹന്നാന് എന്ന് പേരുള്ള ഒരു ഇളയ സഹോദരന് ഉണ്ടായിരുന്നു, താനും യേശുവിന്റെ അപ്പൊസ്തലന്മാരില് ഒരുവന് ആയിരുന്നു.
- യാക്കോബും തന്റെ സഹോദരന് യോഹന്നാനും അവരുടെ പിതാവായ സെബെദിയോടൊപ്പം മത്സ്യ ബന്ധനത്തില് ഏര്പ്പെട്ടിരുന്നു.
- യാക്കോബിനും യോഹന്നാനും "ഇടിമക്കള്" എന്ന് ഇരട്ടപ്പേര് ഉണ്ടായിരുന്നു, മിക്കവാറും അവര് ക്ഷിപ്ര കോപികള് ആയിരുന്നതിനാല്ആകാം അവര്ക്ക് ഈ പേര് ലഭിച്ചത്.
- പത്രോസ്, യാക്കോബ്, യോഹന്നാന് എന്നിവര് യേശുവിന്റെ അടുത്ത ശിഷ്യന്മാരും തന്നോടൊപ്പം ആശ്ചര്യ ജനകമായ സാഹചര്യങ്ങളില്, യേശു എലിയാവിനും മോശെയോടും കൂടെ മലമുകളില് ആയിരുന്നപ്പോള്, യേശു മരിച്ചു പോയ ചെറിയ പെണ്കുട്ടിയെ മരണത്തില് നിന്നും ജീവനിലേക്കു മടക്കി കൊണ്ടുവന്നപ്പോള് ഒക്കെ കൂടെ ഉണ്ടായിരുന്നു.
- ഇത് ദൈവ വചനത്തില് ലേഖനം എഴുതിയ വ്യക്തിയില് നിന്നും വ്യത്യസ്തനായ ഒരു യാക്കോബ് ആകുന്നു. ഇവര് വ്യത്യസ്തരായ വ്യക്തികള് ആണെന്ന് വ്യക്തമാക്കുവാനായി ഇവരുടെ പേര് ചില ഭാഷകളില് വ്യത്യസ്ത രീതിയില് എഴുതേണ്ടി യിരിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:അപ്പോസ്തലന്,ഏലിയാവ്, യാക്കോബ് (യേശുവിന്റെ സഹോദരന്), യാക്കോബ് (അല്ഫെയൂസിന്റെ മകന്), മോശെ)

## ദൈവ വചന സൂചികകള്:

- ലൂക്കോസ് 09:28-29
- മര്ക്കോസ് 01:19-20
- മര്ക്കോസ് 01:29-31
- മര്ക്കോസ് 03:17-19
- മത്തായി 04:21-22
- മത്തായി 17:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2385

# യാഫെത്ത്

## വസ്തുതകള്:

നോഹയുടെ മൂന്നു [പുത്രന്മാരില് ഒരുവന് ആയിരുന്നു യാഫെത്ത്.

- ലോകവ്യാപകമായ ജലപ്രളയം മുഴുവന് ഭൂമിയെയും മൂടിയപ്പോള്, യാഫെത്തും തന്റെ രണ്ടു സഹോദരന്മാരും അവരുടെ ഭാര്യമാരോടൊപ്പം പെട്ടകത്തില് നോഹയോടു കൂടെ ഉണ്ടായിരുന്നു.
- നോഹയുടെ പുത്രന്മാരെ സാധാരണയായി, "ശേം, ഹാം, യാഫെത്ത്" എന്ന് ക്രമപ്പെടുത്തി സൂചിപ്പിക്കും. ഇത് യാഫെത്ത് ഏറ്റവും ഇളയ സഹോദരന് ആയിരുന്നു എന്ന് സൂചിപ്പിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:പെട്ടകം, ജലപ്രളയം, ഹാം, നോഹ, ശേം)

## ദൈവ വചന സൂചികകള്;

- 1 ദിനവൃത്താന്തങ്ങള്:1-4
- ഉല്പ്പത്തി 05:32
- ഉല്പ്പത്തി 06:9-10
- ഉല്പ്പത്തി 07:13-14
- ഉല്പ്പത്തി 10:1

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3315

# യിത്രോ, രെഹുവേല്

## വസ്തുതകള്:

“യിത്രോ” എന്നും “രെഹുവേല്” എന്നും ഉള്ളതായ പേരുകള് മോശെയുടെ ഭാര്യയായ സിപ്പോറയുടെ പിതാവിനെ സൂചിപ്പിക്കുന്നത് ആയിരുന്നു. “രെഹുവേല്” എന്ന് പേരുള്ള വേറെയും രണ്ടു വ്യക്തികള് പഴയ നിയമത്തില് ഉണ്ടായിരുന്നു.

- മോശെ മിദ്യാന്യരുടെ ദേശത്തില് ഒരു ഇടയനായി കാണപ്പെട്ടപ്പോള്, ഒരു മിദ്യാന മനുഷ്യനായിരുന്ന രെഹുവേല് എന്ന ആളുടെ മകളെ വിവാഹം ചെയ്തു.
- പില്ക്കാലത്ത് രെഹുവേല് “മിദ്യാന്യ പുരോഹിതന് ആയ, യിത്രോ” എന്ന് അറിയപ്പെടുവാന് ഇടയായി. “രെഹുവേല്” എന്നത് തന്റെ വംശത്തിന്റെ പേര് ആയിരിക്കണം.
- ദൈവം മോശെയോടു കത്തുന്ന മുള്പ്പടര്പ്പില് നിന്ന് സംസാരിക്കു മ്പോള്, മോശെ യിത്രോവിന്റെ ആടുകളെ മേയിച്ചു കൊണ്ടിരിക്കുക ആയിരുന്നു,
- ചില കാലങ്ങള്ക്ക് ശേഷം, മിസ്രയീമില് നിന്ന് ദൈവം ഇസ്രയേല്യരെ വിടുവിച്ചപ്പോള്, യിത്രോ മരുഭൂമിയില് ഇസ്രയേല്യരുടെ അടുക്കല് വരികയും ജനത്തിന്റെ വ്യവഹാരങ്ങള് നടത്തുന്നതില് മോശെക്കു നല്ല ഉപദേശം നല്കുകയും ചെയ്തു.
- മിസ്രയീമില് ദൈവം ഇസ്രയേല്യര്ക്കു വേണ്ടി ചെയ്തതായ അത്ഭുതങ്ങളെ കുറിച്ച് കേട്ടപ്പോള് താന് ദൈവത്തില് വിശ്വസിക്കുവാന് ഇടയായി.
- ഏശാവിന്റെ മക്കളില് ഒരുവന്റെ പേര് രെഹുവേല് എന്ന് ആയിരുന്നു.
- രെഹുവേല് എന്ന് പേരുള്ള വേറൊരു മനുഷ്യന് ഇസ്രയേലിന്റെ വംശാവലി പട്ടികയില് ബാബിലോനിലെ പ്രവാസത്തിനു ശേഷം യഹൂദയിലേക്ക് തിരിച്ചു വന്നു വീണ്ടും താമസം തുടങ്ങിയവരില് ഒരാളായി കുറിച്ചിട്ടുണ്ട്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: പ്രവാസി, വംശം, മരുഭൂമി, മിസ്രയീം, എശാവ്, അത്ഭുതം, മോശെ, മരുഭൂമി)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:34-37
- പുറപ്പാട് 02:18-20
- പുറപ്പാട് 03:1-3
- പുറപ്പാട് 18:1-4
- സംഖ്യാപുസ്തകം 10:29-30

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3503, H7467

# യിപ്താഹ്

## വസ്തുതകള്:

യിപ്താഹ് യിസ്രായേലിന്മേല് ഒരു ന്യായാധിപന് ആയി സേവനം ചെയ്തിരുന്ന ഗിലെയാദില് നിന്നുള്ള ഒരു യോദ്ധാവ് ആയിരുന്നു.

- എബ്രായര്:32ല്, യിപ്താഹ് തന്റെ ജനത്തെ ശത്രുക്കളുടെ കയ്യില്നിന്നും വിടുവിച്ച ഒരു പ്രധാന നേതാവ് എന്ന് പ്രശംസിക്കപ്പെടുന്നത് കാണാം.
- അവന് ഇസ്രയേല്യരെ അമ്മോന്യരുടെ കയ്യില്നിന്നും വിടുവിക്കുകയും, തന്റെ ജനത്തെ എഫ്രയീമ്യരെ പരാജയപ്പെടുത്തുവാന് തക്കവണ്ണം നയിക്കുയും ചെയ്തു.
- എന്നിരുന്നാലും യിപ്താഹ്, ഒരു വിഡ്ഢിത്തം ചെയ്തു, വീണ്ടും വിചാരം ഇല്ലാതെ ദൈവത്തിനു ഒരു നേര്ച്ച നേരുകയും അത് ദൈവത്തിനു തന്റെ മകളെ യാഗമായി അര്പ്പിക്കുവാന് കാരണം ആകുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അമ്മോന്, വിടുവിക്കുക്, എഫ്രയീം, ന്യായം വിധിക്കുക, നേര്ച്ച)

## ദൈവ വചന സൂചികകള്

- എബ്രായര് 11:32-34
- ന്യായാധിന്മാര് 11:1-3
- ന്യായാപന്മാര് 11:34-35
- ന്യായാധിപന്മാര് 12:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3316

# യിരെമ്യാവ്

## വസ്തുതകള്:

യഹൂദ രാജ്യത്തില് ഉണ്ടായിരുന്ന ദൈവത്തിന്റെ ഒരു പ്രവാചകന് ആയിരുന്നു യിരെമ്യാവ്. പഴയ നിയമ ഗ്രന്ഥമായ യിരെമ്യാവില് തന്റെ പ്രവചനങ്ങള് ഉള്ളടക്കം ചെയ്തിരിക്കുന്നു.

- മിക്കവാറും എല്ലാ പ്രവാചകന്മാരെയും പോലെ, യിരെമ്യാവും യിസ്രായേല് ജനങ്ങളോട് ദൈവം അവരുടെ പാപം നിമിത്തം അവരെ ശിക്ഷിക്കുവാന് പോകുന്നു എന്ന് മുന്നറിയിപ്പ് നല്കി.
- ബാബിലോന്യര് യെരുശലേം പിടിച്ചടക്കും എന്ന് യിരെമ്യാവ് പ്രവചിച്ചത്, യഹൂദയിലെ ചിലരെ കോപിഷ്ടരാക്കി.ആയതിനാല് അവര് അദ്ദേഹത്തെ, ആഴമുള്ള വരണ്ട കിണറില് മരിക്കുവാനായി ഇട്ടു കളഞ്ഞു. എന്നാല് യഹൂദ രാജാവ് തന്റെ വേലക്കാരോട് യിരെമ്യാവിനെ ആ കിണറ്റില് നിന്നും രക്ഷപ്പെടുത്തുവാന് കല്പ്പന കൊടുത്തു.
- യിരെമ്യാവ് എഴുതിയത് തന്റെ ജനത്തിന്റെ മത്സരം നിമിത്തവും കഷ്ടതകള് നിമിത്തവും തന്റെ അതീവ ദുഃഖം വെളിപ്പെടുത്തേണ്ടതിനു തന്റെ കണ്ണുകള് "കണ്ണുനീരിന്റെ ഉറവ" ആയിരുന്നു എങ്കില്കൊള്ളാമായിരുന്നു എന്ന ആഗ്രഹം ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ബാബിലോണ്, യഹൂദ, പ്രവാചകന്, എതിരായി നില്ക്കുന്നവന്, ദുരിതം അനുഭവിക്കുക. കിണറ്)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള് 35:25
- യിരെമ്യാവ് 01:1-3
- യിരെമ്യാവ് 11:1-2
- മത്തായി 02:17-18
- മത്തായി 16:13-16
- മത്തായി 27:9-10

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **19:17** ഒരിക്കല്, പ്രവാചകനായ **യിരെമ്യാവിനെ** ഒരു വരണ്ട കിണറ്റില് ഇടുകയും മരിക്കുവാനായി ഉപേക്ഷിച്ചു കളയുകയും ചെയ്തു. ആ കിണറിന്റെ അടിഭാഗത്ത് ഉണ്ടായിരുന്ന ചേറ്റില് താന് താണു പോകുവാന് ഇടയായി, എന്നാല് രാജാവ് തന്നോട് കരുണ കാണിച്ച് തന്റെ വേലക്കാരോട് **യിരെമ്യാവിനെ** താന് മരിക്കുന്നതിനു മുന്പേ കിണറ്റില് നിന്നും പുറത്തേക്ക് കൊണ്ടുവരുവാനായി വലിച്ചെടുക്കുവാന് കല്പ്പിച്ചു.
- **21:05** പ്രവാചകനായ **യിരെമ്യാവ്** മുഖാന്തിരം, ദൈവം ഒരു പുതിയ ഉടമ്പടി ഉണ്ടാക്കുമെന്ന് വാഗ്ദത്തം ചെയ്തു, അത് സീനായില് വെച്ച് ദൈവം ഇസ്രയേലിനോട് ചെയ്ത ഉടമ്പടി പോലെ ഉള്ളതല്ല.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3414, G2408

# യിശ്മയേല്, യിശ്മയേല്യന്, യിശ്മയേല്യര്

## വസ്തുതകള്:

യിശ്മയേല് അബ്രഹാമിന്റെയും മിസ്രയീമ്യ അടിമയായിരുന്ന ഹാഗരിന്റെയും മകന് ആയിരുന്നു. യിശ്മയേല് എന്ന് പേരുള്ള വേറെയും പല ആളുകള് പഴയ നിയമത്തില് ഉണ്ടായിരുന്നു.

- "യിശ്മയേല് എന്ന പേരിന്റെ അര്ത്ഥം "ദൈവം കേള്ക്കുന്നു" എന്നാണ്.
- ദൈവം അബ്രഹാമിന്റെ മകനായ യിശ്മയേലിനെ അനുഗ്രഹിക്കുമെന്നു വാഗ്ദത്തം ചെയ്തിരുന്നു, എന്നാല് തന്റെ ഉടമ്പടി നിലനിര്ത്തുമെന്ന് വാഗ്ദത്തം ഉള്ള ദൈവപുത്രന് ആയിരുന്നില്ല.
- ദൈവം ഹാഗറും യിശ്മയേലും മരുഭൂമിയിലേക്ക് പറഞ്ഞയക്കപ്പെട്ട പ്പോള് ദൈവം അവരെ സംരക്ഷിച്ചു വന്നു. യിശ്മയേല് പാറാന്മരുഭൂമിയില് ജീവിച്ചു വന്നപ്പോള് താന് ഒരു മിസ്രയീമ്യ സ്ത്രീയെ വിവാഹം കഴിച്ചിരുന്നു.
- നെഥന്യാവിന്റെ മകനായ യിശ്മയേല് യഹൂദയില് നിന്നുള്ള ഒരു സൈനിക തലവന്ആയിരുന്നു, താന് നെബുഖദ് നേസ്സര് എന്ന ബാബിലോന്യന് രാജാവ് നിയമിച്ചിരുന്ന ഒരു ദേശാധിപതിയെ വധിക്കുവാന് ഒരു കൂട്ടം ആളുകളെ നയിച്ചു കൊണ്ട് വന്നു.
- പഴയ നിയമത്തില്യിശ്മയേല് എന്ന് പേരുള്ള വേറെയും നാലു മനുഷ്യര് ഉണ്ടായിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അബ്രഹാം, ബാബിലോന്, ഉടമ്പടി, മരുഭൂമി, മിസ്രയീം, ഹാഗര്, യിസഹാക്ക്, നെബൂഖദ് നേസ്സര്, പാറാന്, സാറാ)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്01:28:31
- 2 ദിനവൃത്താന്തങ്ങള്23:1-3
- ഉല്പ്പത്തി 16:11-12
- ഉല്പ്പത്തി 25:9-11
- ഉല്പ്പത്തി 25:13-16
- ഉല്പ്പത്തി 37:25-26

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **05:02** അതുകൊണ്ട് അബ്രാം ഹാഗറിനെ വിവാഹം കഴിച്ചു. ഹാഗറിനു ഒരു ആണ്പൈതല്ജനിച്ചു, അബ്രാം അവനു **യിശ്മയേല്** എന്ന് പേര് നല്കി.
- **05:04** ഞാന് **യിശ്മയേലിനെയും** ഒരു വലിയ ജാതിയാക്കും, എന്നാല്എന്റെ ഉടമ്പടി യിസഹാക്കിനോട് ആയിരിക്കും."

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3458, H3459

# യിശ്ശായി

## വസ്തുതകള്:

ദാവീദു രാജാവിന്റെ പിതാവായിരുന്ന യിശ്ശായി രൂത്തിന്റെയും ബോവാസിന്റെയും പൌത്രന് ആയിരുന്നു.

- യിശ്ശായി യഹൂദ ഗോത്രത്തില് നിന്നും ഉള്ളവന് ആയിരുന്നു.
- താന് ഒരു "എഫ്രാത്യന്" ആയിരുന്നു, അതിന്റെ അര്ത്ഥം താന് എഫ്രാത്ത (ബെത്ലെഹേം) പട്ടണത്തില്നിന്ന് ഉള്ളവന് ആയിരുന്നു എന്നാണ്.
- പ്രവാചകനായ യെശ്ശയ്യാവ് ഒരു "മുള" അല്ലെങ്കില് "ശാഖ" "യിശ്ശായിയുടെ വേരില്" നിന്നും പുറപ്പെട്ടു ഫലം പുറപ്പെടുവിക്കും എന്ന് പ്രവചിച്ചിട്ടുണ്ട്. ഇത് യിശ്ശായിയുടെ സന്തതി ആയിരുന്ന യേശുവിനെ സൂചിപ്പിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ബെത്ലെഹേം, ബോവസ്, സന്തതി, ഫലം, യേശു, രാജാവ്, പ്രവാചകന്, രൂത്ത്, യിസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 02:9-12
- 1 രാജാക്കന്മാര് 12:16-17
- 1 ശമുവേല്:1
- ലൂക്കോസ് 03:30-32
- മത്തായി 01:4-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3448, G2421

# യിസഹാക്ക്

## വസ്തുതകള്:

യിസഹാക്ക് അബ്രഹാമിന്റെയും സാറയുടെയും ഏക പുത്രന് ആയിരുന്നു. അവര് വളരെ വയോധികര് ആയിരുന്നപ്പോഴും ദൈവം അവര്ക്ക് ഒരു മകനെ നല്കുമെന്ന് വാഗ്ദത്തം ചെയ്തിരുന്നു.

- "യിസഹാക്ക്" എന്ന പേരിന്റെ അര്ത്ഥം "അവന് ചിരിക്കുന്നു" എന്നാണ് ദൈവം അബ്രഹാമിനോട് സാറാ ഒരു മകന് ജന്മം നല്കുമെന്ന് പറഞ്ഞപ്പോള്, അവര് ഇരുവരും വളരെ വൃദ്ധരായതു കൊണ്ട് അബ്രഹാം ചിരിച്ചു. ചില കാലത്തിനു ശേഷം, ഈ വര്ത്തമാനം കേട്ടപ്പോള്, സാറയും ചിരിച്ചു.
- എന്നാല് ദൈവം തന്റെ വാഗ്ദത്തം നിവര്ത്തിക്കുകയും അബ്രഹാമിനും സാറയ്ക്കും അവരുടെ വാര്ധക്യത്തില് യിസഹാക്ക് ജനിക്കുകയും ചെയ്തു.
- ദൈവം അബ്രഹാമിനോട് പറഞ്ഞത് അബ്രഹാമിനോട് താന് ചെയ്തതായ ഉടമ്പടി യിസഹാക്കിനും തന്റെ തലമുറകള്ക്കും കൂടി എന്നെന്നേക്കും ഉള്ളതായിരിക്കും എന്നാണ്.
- യിസഹാക്ക് ഒരു യുവാവ് ആയിരിക്കുമ്പോള്, ദൈവം അബ്രഹാമിന്റെ വിശ്വാസം പരിശോധിക്കേണ്ടതിനു യിസഹാക്കിനെ യാഗം കഴിക്കേണ്ടതിന് കല്പ്പന നല്കി.
- യിസഹാക്കിന്റെ മകനായ യാക്കോബിനു പന്ത്രണ്ടു പുത്രന്മാര് ഉണ്ടായിരുന്നു, അവരുടെ സന്തതികള് പില്ക്കാലത്ത് ഇസ്രയേല് ജാതിയുടെ പന്ത്രണ്ടു ഗോത്രങ്ങള് ആയിത്തീര്ന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: എബ്രഹാം, സന്തതി, നിത്യത, നിറവേറ്റുക, യാക്കോബ്, സാറാ, ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവ വചന സൂചികകള്:

- ഗലാത്യര്:28-29
- ഉല്പ്പത്തി 25:9-11
- ഉല്പ്പത്തി 25:19-20
- ഉല്പ്പത്തി 26:1
- ഉല്പ്പത്തി 26:6-8
- ഉല്പ്പത്തി 28:1-2
- ഉല്പ്പത്തി 31:17-18
- മത്തായി 08:11-13
- മത്തായി 22:31-33

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **05:04** "നിന്റെ ഭാര്യ, സാറായിക്കു, ഒരു മകന് ഉണ്ടാകും-അവന് വാഗ്ദത്ത പുത്രന് ആയിരിക്കും.

അവനു **യിസഹാക്ക്** എന്ന് പേരിടുക.

- **05:06** **യിസഹാക്ക്** ഒരു യുവാവ് ആയിരിക്കുമ്പോള്, ദൈവം അബ്രഹാമിന്റെ വിശ്വാസത്തെ പരീക്ഷിച്ചു പറഞ്ഞത്, "നിന്റെ ഏകജാതനായ പുത്രന് **യിസഹാക്കിനെ** എനിക്ക് യാഗമായി അവനെ കൊല്ലുക" എന്ന്ആയിരുന്നു.
- **05:09** ദൈവം യാഗം അര്പ്പിക്കേണ്ടതിനായി **യിസഹാക്കിനു** പകരമായി ഒരു ആട്ടുകൊറ്റനെ കരുതിയിരുന്നു.
- **06:01** അബ്രഹാം വളരെ വയസ്സ് ചെന്നവനും, തന്റെ മകന് **യിസഹാക്ക്** ഒരു പുരുഷനായി വളര്ന്നവനും ആയപ്പോള്, എബ്രഹാം തന്റെ വേലക്കാരില് ഒരുവനെ തന്റെ ബന്ധുക്കള് വസിക്കുന്ന സ്ഥലത്തു നിന്ന് തന്റെ മകനായ **യിസഹാക്കിനു** വേണ്ടി ഒരു ഭാര്യയെ കൊണ്ടുവരുവാനായി പറഞ്ഞയച്ചു.
- **06:05** **യിസഹാക്ക്** റിബേക്കയ്ക്ക് വേണ്ടി പ്രാര്ഥിച്ചു, ദൈവം അവളെ ഇരട്ടക്കുഞ്ഞുങ്ങളെ ഗര്ഭം ധരിക്കുവാനായി ഇട വരുത്തി.
- **07:10** അനന്തരം **യിസഹാക്ക്** മരിച്ചു, യാക്കോബും എശാവും അവനെ അടക്കം ചെയ്തു. ദൈവം അബ്രഹാമിനോട് വാഗ്ദത്തം ചെയ്ത ഉടമ്പടി വാഗ്ദത്തങ്ങള് പിന്നീട് **യിസഹാക്കിനും** ഇപ്പോള് യാക്കോബിനും നല്കി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3327, H3446, G2464

# യിസ്സാഖാര്

## വസ്തുതകള്:

യിസ്സാഖാര് യാക്കോബിന്റെ അഞ്ചാമത്തെ മകന്ആയിരുന്നു. തന്റെ മാതാവ് ലേയ ആയിരുന്നു.

- യിസ്സാഖാര് ഗോത്രം ഇസ്രയേലിലെ പന്ത്രണ്ടു ഗോത്രങ്ങളില് ഒന്ന് ആയിരുന്നു.
- യിസ്സാഖാരിന്റെ ഭൂപ്രദേശം നഫ്താലി, സെബുലൂന്, മനശ്ശെ, ഗാദ് എന്നിവരുടെ ഭൂപ്രദേശങ്ങളുമായി അതിര് പങ്കിട്ടിരുന്നു..
- ഇത് ഗലീലി ക്കടലിന്റെ തൊട്ടു തെക്ക് ഭാഗത്ത് സ്ഥിതി ചെയ്തിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഗാദ്, മനശ്ശെ, നഫ്താലി, ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്, സെബുലൂന്)

## ദൈവ വചന സൂചികകള്:

- പുറപ്പാട് 01:1-5
- യെഹസ്കേല് 48:23-26
- ഉല്പത്തി 30:16-18
- യോശുവ 17:9-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3485, G2466

# യൂദ

## വസ്തുതകൾ:

യൂദ യാക്കോബിന്റെ മൂത്ത മക്കളിൽ ഒരുവൻ ആയിരുന്നു. അവന്റെ മാതാവ് ലേയ ആയിരുന്നു. തന്റെ സന്തതികളെ "യഹൂദ ഗോത്രം" എന്ന് വിളിച്ചു പോന്നു.

- തങ്ങളുടെ ഇളയ സഹോദരനായിരുന്ന യോസേഫിനെ പൊട്ടക്കിണറ്റിൽ മരണത്തിനായി ഉപേക്ഷിച്ചു കളയുന്നതിനു പകരം ഒരു അടിമയായി വിറ്റു കളയുന്നതാണ് ഉചിതം എന്ന് മറ്റു സഹോദരന്മാരോട് പറഞ്ഞത് യൂദ ആണ്.
- ദാവീദ് രാജാവും അവന്റെ ശേഷമുള്ള സന്തതികളും യൂദയുടെ സന്തതികൾ ആയിരുന്നു. യേശുവും, യൂദയുടെ വംശത്തിലെ സന്തതി ആയിരുന്നു.
- ശലോമോന്റെ വാഴ്ച അവസാനിച്ചപ്പോൾ ഇസ്രയേൽ ദേശം രണ്ടായി വിഭാഗിക്കപ്പെടുകയും, യഹൂദ രാജ്യം തെക്കൻരാജ്യമായി വരികയും ചെയ്തു.
- പുതിയ നിയമ പുസ്തകമായ വെളിപ്പാടിൽ, യേശുവിനെ "യൂദ സിംഹം" എന്ന് അഭിസംബോധന ചെയ്തിരിക്കുന്നു.
- "യഹൂദൻ" എന്നും "യഹൂദ്യ" എന്നും ഉള്ള പദങ്ങൾ "യൂദ" എന്ന പേരിൽ നിന്നാണ് ഉളവായിരിക്കുന്നത്.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: യാക്കോബ്, യഹൂദ, യഹൂദ്യ, ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾ)

## ദൈവ വചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ 02:1-2
- 1 രാജാക്കന്മാർ 01:9-10
- ഉൽപ്പത്തി 29:35
- ഉൽപ്പത്തി 38:1-2
- ലൂക്കോസ് 03:33-35
- രൂത്ത് 01:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3063

# യൂദാസ് ഇസ്കാരിയോത്ത്

## വസ്തുതകൾ:

യൂദാസ് ഇസ്കാരിയോത്ത് യേശുവിന്റെ അപ്പൊസ്തലന്മാരിൽ ഒരാൾ ആയിരുന്നു. ഈ ആളാണ് യേശുവിനെ യഹൂദന്മാർക്ക് ഒറ്റുക്കൊടുത്തത്. "ഇസ്കാരിയോത്ത്" എന്ന പേര് അർത്ഥം നൽകുന്നത് "കെര്യോത്തിൽ നിന്ന്", എന്നുള്ളത് മിക്കവാറും യൂദാസ് ആ പട്ടണത്തിൽ വളർന്നു വന്നു എന്നാണു സൂചിപ്പിക്കുന്നത്.

- യൂദാസ് ഇസ്കര്യോത്ത് അപ്പൊസ്തലന്മാരുടെ പണം പതിവായി മോഷ്ടിക്കുകയും തന്റെ ആവശ്യത്തിനായി അതിൽ കുറച്ചു എടുത്തു ഉപയോഗിക്കുകയും ചെയ്തു വന്നു.
- യേശു എവിടെ ആയിരിക്കുമെന്നും എപ്രകാരം അവർക്ക് തന്നെ ബന്ധിക്കാം എന്നും മത നേതാക്കന്മാരോട് യേശുവിനെ യൂദാസ് ഒറ്റുക്കൊടുത്തു.
- മത നേതാക്കന്മാർ യേശുവിനെ മരണത്തിനായി കുറ്റം വിധിച്ച ശേഷം, യേശുവിനെ ഒറ്റുക്കൊടുത്തതു നിമിത്തം യൂദാസ് ദു:ഖിക്കുകയും, അതുകൊണ്ട് തനിക്കു ലഭിച്ച ഒറ്റുക്കൊടുക്കൽ പണം തിരികെ യഹൂദ നേതാക്കന്മാരെ ഏൽപ്പിച്ച് അനന്തരം ആത്മഹത്യ ചെയ്യുകയും ചെയ്തു.
- വേറെ ഒരു അപ്പൊസ്തലനും യൂദാസ് എന്ന പേരിൽ ഉണ്ടായിരുന്നു, താൻ യേശുവിന്റെ സഹോദരന്മാരിൽ ഒരുവൻ ആയിരുന്നു. യേശുവിന്റെ സഹോദരനും "യൂദാസ്" എന്ന പേരിൽ അറിയപ്പെട്ടിരുന്നു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുക)

(കാണുക: അപ്പോസ്തലൻ, ഒറ്റുക്കൊടുക്കുക, യഹൂദ നേതാക്കന്മാർ, യാക്കോബിന്റെ മകനായ യൂദാസ്)

## ദൈവ വചന സൂചികകൾ:

- ലൂക്കോസ് 06:14-16
- ലൂക്കോസ് 22:47-48
- മർക്കോസ് 03:17-19
- മർക്കോസ് 14:10-11
- മത്തായി 26:23-25

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **38:02** യേശുവിന്റെ ശിഷ്യന്മാരിൽ ഒരു വ്യക്തിയുടെ പേര് **യൂദാസ്** എന്നായിരുന്നു. ....യേശുവും ശിഷ്യന്മാരും യെരുശലേമിൽ എത്തിയപ്പോൾ, **യൂദാസ്** യഹൂദ നേതാക്കന്മാരുടെ അടുക്കൽ കടന്നു ചെല്ലുകയും പണത്തിനു പകരമായി യേശുവിനെ അവർക്ക് ഒറ്റുക്കൊടുക്കുകയും ചെയ്യാമെന്ന് വാക്കു കൊടുക്കുകയും ചെയ്തു.
- **38:03:** മഹാ പുരോഹിതനാൽ നയിക്കപ്പെട്ട യഹൂദ നേതാക്കന്മാർ, **യൂദാസിനു** മുപ്പതു വെള്ളിക്കാശുകൾ യേശുവിനെ ഒറ്റുക്കൊടുക്കേണ്ടതിനായി നൽകി.
- **38:14 യൂദാസ്** യഹൂദ നേതാക്കന്മാരോടും, പടയാളികളോടും, ഒരു വലിയ ജനക്കൂട്ടത്തോടും കൂടെ വന്നു. അവർ എല്ലാവരും വാളുകളോടും വടികളോടും കൂടെ യേശുവിന്റെ അടുക്കൽ വരികയും, "ഗുരോ, വന്ദനം," എന്ന് പറഞ്ഞു അവനെ ചുംബിക്കുകയും ചെയ്തു.
- **39:08** അങ്ങനെയിരിക്കെ, ഒറ്റുകാരനായ **യൂദാസ്**, യഹൂദ നേതാക്കന്മാർ യേശുവിനെ മരണത്തിനായി വിധി കൽപ്പിക്കുന്നത് കാണുവാൻ ഇടയായി. താൻ അതീവ ദു:ഖം നിറഞ്ഞവനായി തീരുകയും കടന്നു പോയി സ്വയം തന്നെ കൊല്ലുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2455, G2469

# യൂഫ്രട്ടിസ് നദി, നദി

## വസ്തുതകള്:

എദേന് തോട്ടത്തില് കൂടെ ഒഴുകിയതായ നാലു നദികളില് ഒന്നിന്റെ പേരായിരുന്നു യൂഫ്രട്ടിസ്. ദൈവവചനത്തില്, അധികം തവണ സൂചിപ്പിച്ചിട്ടുള്ള നദിയാണിത്.

- യൂഫ്രട്ടിസ് എന്നു പേരുള്ള ആധുനിക കാല നദി മധ്യകിഴക്ക് മേഖലയില് സ്ഥിതി ചെയ്യുന്നതും ഏഷ്യയിലെ ഏറ്റവും നീളം കൂടിയതും പ്രധാനപ്പെട്ടതും ആയ നദിയാണ്.
- ടൈഗ്രിസ് നദിയോടൊപ്പം, യൂഫ്രട്ടിസും മെസപ്പൊട്ടാമ്യ എന്നറിയ പ്പെടുന്ന ഭൂവിഭാഗത്തിന്റെ അതിരുകള് പങ്കിടുന്നു.
- അബ്രഹാമിന്റെ സ്ഥലമായിരുന്ന ഊര് എന്ന പുരാതന പട്ടണം യൂഫ്രട്ടിസ് നദിയുടെ മുഖവാതില് ആയിരുന്നു.
- ഈ നദി ദൈവം അബ്രഹാമിന് വാഗ്ദത്തം ചെയ്തിരുന്ന പ്രദേശത്തിന്റെ അതിരുകളില് ഒന്നായിരുന്നു (ഉല്പ്പത്തി 15:18)
- ചില സന്ദര്ഭങ്ങളില് യൂഫ്രട്ടീസിനെ "നദി" എന്നു മാത്രം വിളിച്ചി രുന്നു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 05:7-9
- 2 ദിനവൃത്താന്തങ്ങള് 09:25-26
- പുറപ്പാട് 23:30-33
- ഉല്പ്പത്തി 02:13-14
- യെശ്ശയ്യാവ് 07:20-22

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5104, H6578, G2166

# യെബൂസ്, യെബൂസ്യന്, യെബൂസ്യര്

## വസ്തുതകള്:

കനാനില് ജീവിച്ചു വന്നിരുന്ന ഒരു ജനവിഭാഗം ആയിരുന്നു യെബൂസ്യര്. ഹാമിന്റെ മകനായിരുന്ന കനാനില് നിന്നും പിന്തുടര്ച്ച ഉള്ളവര് ആയിരുന്നു അവര്.

- യെബൂസ് എന്ന പട്ടണത്തില് യെബൂസ്യര് ജീവിച്ചു വന്നു, പിന്നീട് ദാവീദ് രാജാവ് ആ പട്ടണം പിടിച്ചടക്കിയപ്പോള് അതിനു യെരുശലേം എന്ന് നാമകരണം ചെയ്തു.
- മെല്ക്കിസെദേക്, ശാലേം രാജാവ്, ഒരു യെബൂസ്യ വംശക്കാരന് ആയിരിക്കാം.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കനാന്, ഹാം, യെരുശലേം,മെല്ക്കിസെദേക്ക്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 01:13-16
- 1 രാജാക്കന്മാര് 09:20-21
- പുറപ്പാട് 03:7-8
- ഉല്പ്പത്തി 10:15-18
- യോശുവ 03:9-11
- ന്യായാധിപന്മാര്:20-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2982, H2983

# യെരിഹോ

## വസ്തുതകള്:

യെരിഹോ കനാന് ദേശത്തിലെ ഒരു ശക്തമായ പട്ടണം ആയിരുന്നു. ഇത് യോര്ദാന് നദിയുടെ തൊട്ടു പടിഞ്ഞാറായും, ഉപ്പുകടലിന്റെ തൊട്ടു വടക്കായും സ്ഥിതി ചെയ്തിരുന്നു.

- എല്ലാ കനാന്യരും ചെയ്തത് പോലെ, യെരിഹോവിലുള്ള ജനങ്ങളും അസത്യ ദൈവങ്ങളെ ആരാധിച്ചു വന്നു.
- യെരിഹോ ആയിരുന്നു ദൈവം ഇസ്രയേല്യരോട് ആദ്യം ജയിച്ചെടുക്കുവാനായി കനാന് ദേശത്തില് നിര്ദേശിച്ചിരുന്ന പട്ടണം.
- യോശുവ ഇസ്രയേല്യരെ യെരിഹോ പട്ടണത്തിനു നേരെ നയിച്ചു കൊണ്ടു പോയപ്പോള്, ദൈവം ഒരു വലിയ അത്ഭുതം ചെയ്തുകൊണ്ട് ആ പട്ടണത്തെ തോല്പ്പിക്കുവാന് അവരെ സഹായിച്ചു.

(കാണുക: കനാന്, യോര്ദാന്നദി, യോശുവ, അത്ഭുതം, ഉപ്പു കടല്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:77-79
- യോശുവ 02:1-3
- യോശുവ 07:2-3
- ലൂക്കോസ് 18:35-37
- മര്ക്കോസ് 10:46-48
- മത്തായി 20:29-31
- സംഖ്യാപുസ്തകം 22:1

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **15:01** യോശുവ രണ്ട് ചാരന്മാരെ കനാന്യ പട്ടണമായ **യെരിഹോവിലേക്ക്** അയച്ചു.
- **15:03** ജനം യോര്ദാന് നദി കടന്ന ശേഷം, ശക്തമായ പട്ടണമായ **യെരിഹോവിനെ** എപ്രകാരം അക്രമിക്കണമെന്ന് ദൈവം യോശുവയോടു പറഞ്ഞു.
- **15:005** അനന്തരം **യെരിഹോവിനു** ചുറ്റും ഉണ്ടായിരുന്ന മതിലുകള് തകര്ന്നു വീണു! ദൈവം കല്പ്പിച്ചിരുന്നത് പോലെ ഇസ്രയേല്യര് പട്ടണത്തില് ഉണ്ടായിരുന്ന സകലത്തെയും നശിപ്പിച്ചു കളഞ്ഞു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3405, G2410

# യെരുശലേം

## വസ്തുതകള്:

യെരുശലേം യഥാര്ത്ഥത്തില് ഒരു പുരാതന കനാന്യ പട്ടണം ആയിരുന്നു, പിന്നീട് ഇസ്രയേലിലെ ഏറ്റവും പ്രധാന പട്ടണം ആയി തീര്ന്നു. ഇത് ഏകദേശം ഉപ്പുകടലിനു 34 കിലോമീറ്റര് പടിഞ്ഞാറായും ബെത്ലെഹേമിന് തൊട്ടു വടക്കായും സ്ഥിതി ചെയ്യുന്നു. ഇത് ഇന്നും ഇസ്രയേലിന്റെ തലസ്ഥാന നഗരി ആയിരിക്കുന്നു.

- “യെരുശലേം” എന്ന പേര് ആദ്യമായി യോശുവയുടെ പുസ്തകത്തില് ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.പഴയ നിയമത്തില്ഈ പട്ടണത്തിനു നല്കിയിട്ടുള്ള മറ്റു പേരുകളില് “ശാലേം”, “യേബൂസ്സിന്റെ പട്ടണം”, “സീയോന്” ആദിയായവ ഉള്പ്പെടുന്നു. “യെരുശലേം” എന്നും “ശാലേം” എന്നും ഉള്ളവയ്ക്ക് മൂല അര്ത്ഥം “സമാധാനം” എന്നാണ്.
- യെരുശലേം വാസ്തവത്തില് “സീയോന്” എന്ന് വിളിക്കപ്പെട്ടു വന്ന ദാവീദ് പിടിച്ചെടുത്ത ഒരു യെബൂസ്യ കോട്ടയും തന്റെ തലസ്ഥാന പട്ടണമായി രൂപാന്തരപ്പെടുത്തിയതും ആകുന്നു.
- ഈ യെരുശലേമിലാണ് ദാവീദിന്റെ മകനായ ശലോമോന് ആദ്യത്തെ ദേവാലയം മോറിയ മലയിലുള്ള, യെരുശലേമില് പണിതത്, ഇവിടെയാണ് അബ്രഹാം തന്റെ മകനായ ഇസഹാക്കിനെ ദൈവത്തിനു യാഗമായി അര്പ്പിച്ച മല ഉള്ളത്. ഈ ദേവാലയം ബാബിലോന്യര് നശിപ്പിച്ചതിന് ശേഷം വീണ്ടും പുനര്നിര്മ്മാണം ചെയ്തിരുന്നു.
- യെരുശലെമില് ദേവാലയം ഉണ്ടായിരുന്നതിനാല്, പ്രധാന യഹൂദ ഉത്സവങ്ങള് എല്ലാം അവിടെ ആയിരുന്നു ആഘോഷിച്ചിരുന്നത്.
- ഇത് മലകളില് സ്ഥാപിതമായി കാണപ്പെടുന്നതിനാല് ജനം സാധാര ണയായി “മുകളിലേക്ക്” യെരുശലേമില് പോകുന്നു എന്ന് സൂചിപ്പിക്കാറുണ്ട്.

(കാണുക: ബാബിലോണ്, ക്രിസ്തു, ദാവീദ്, യെബൂസ്യര്, യേശു, ശലോമോന്, ദേവാലയം, സീയോന്)

## ദൈവ വചന സൂചികകള്:

- ഗലാത്യര് 04:26-27
- യോഹന്നാന് 02:13-14
- ലൂക്കോസ് 04:9-11
- ലൂക്കോസ് 13:4-5
- മര്ക്കോസ് 03:7-8
- മര്ക്കോസ് 03:20-22
- മത്തായി 03:4-6
- മത്തായി 04:23-25
- മത്തായി 20:17-19

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **17:05** ദാവീദ് **യെരുശലേം** പട്ടണം പിടിച്ചെടുക്കുകയും അത് തന്റെ തലസ്ഥാന നഗരി ആക്കുകയും ചെയ്തു.
- **18:02 യെരുശലേമില്**, ശലോമോന് തന്റെ പിതാവ് പദ്ധതി ആവിഷ്കരിച്ചത് പോലെയും സാധന സാമഗ്രികള് സ്വരൂപിച്ചു ചേര്ത്തതിനു ഒത്തവണ്ണം ദേവാലയം നിര്മ്മിച്ചു.
- **20:07** അവര് (ബാബിലോന്യര്)**യെരുശലേം** പട്ടണം പിടിച്ചടക്കുകയും, ദേവാലയം നശിപ്പിക്കുകയും, പട്ടണത്തിലും ദേവാലയത്തിലും ഉണ്ടായിരുന്ന സകല നിക്ഷേപങ്ങളും കടത്തി കൊണ്ടുപോകുകയും ചെയ്തു.
- **20:12** അതുകൊണ്ട്, എഴുപതു വര്ഷങ്ങളുടെ പ്രവാസത്തിനു ശേഷം, യഹൂദന്മാരുടെ ഒരു ചെറു സംഘം യഹൂദയിലുള്ള **യെരുശലേം** പട്ടണത്തിലേക്ക് മടങ്ങി വന്നു.
- **38:01** യേശു ആദ്യമായി പരസ്യമായി പ്രസംഗിക്കുവാനും ഉപദേശിക്കുവാനും തുടങ്ങി മൂന്നു വര്ഷങ്ങള്ക്കു ശേഷം, യേശു തന്റെ ശിഷ്യന്മാരോട് ഈ പെസഹ അവരോടൊപ്പം **യെരുശലേമില്** വെച്ച് ആചരിക്കണമെന്ന് ആഗ്രഹിക്കുന്നു എന്ന് പറഞ്ഞു; താന് അവിടെ വെച്ച് കൊല്ലപ്പെടുവാന് ഉള്ളതായിരുന്നു.
- **38:02** യേശുവും ശിഷ്യന്മാരും **യെരുശലേമില്** എത്തിയപ്പോള്, യൂദാസ് യഹൂദ നേതാക്കന്മാരുടെ അടുക്കല്ചെന്ന് യേശുവിനെ പണത്തിനു പകരമായി അവര്ക്ക് ഒറ്റുക്കൊടുക്കാമെന്നു വാക്ക് നല്കുകയും ചെയ്തു.

- **42:08** "എല്ലാവരും അവരവരുടെ പാപങ്ങള്ക്കു ക്ഷമ പ്രാപിക്കേണ്ടതിന് മാനസ്സാന്തരപ്പെടണം എന്ന് എന്റെ ശിഷ്യന്മാര് പ്രസംഗിക്കും എന്നും തിരുവെഴുത്തുകളല് എഴുതുകയും ചെയ്തിരിക്കുന്നു.

അവര്ഇത് **യെരുശലേമില്** ആരംഭിക്കുകയും, അനന്തരം സകല സ്ഥലങ്ങളിലും ഉള്ള സകല ജന വിഭാഗങ്ങളുടെ അടുക്കലും കടന്നു പോകുകയും ചെയ്യും."

- **42:11** യേശു മരണത്തില് നിന്നും ഉയിര്ത്തെഴുന്നേറ്റു നാല്പ്പതു ദിവസങ്ങള്ക്ക് ശേഷം, താന് തന്റെ ശിഷ്യന്മാരോട് പറഞ്ഞത്, "പരിശുദ്ധാത്മാവ് നിങ്ങളുടെ മേല്വന്നിട്ട് നിങ്ങള് ശക്തി പ്രാപിക്കുവോളം, **യെരുശലേമില്** തന്നെ താമസിപ്പിന്" എന്നാണ്.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3389, H3390, G2414, G2415, G2419

# യെരോബെയാം

## വസ്തുതകള്:

നെബാത്തിന്റെ മകനായ യെരോബെയാം 900-910 ബി.സി. കാലഘട്ടത്തില് വടക്കന് ഇസ്രയേല് രാജ്യത്തിന്റെ ആദ്യത്തെ രാജാവായിരുന്നു.

120 വര്ഷങ്ങള്ക്കു ശേഷം, രാജാവായ യെഹോവാഹാശിന്റെ മകനായ, വേറൊരു യെരോബെയാം ഇസ്രയേലിന് മേല് ഭരണം നടത്തി.

- നെബാത്തിന്റെ മകനായ യെരോബെയാമിന് യഹോവ നല്കിയ ഒരു പ്രവചനം എന്തെന്നാല് ശലോമോനു ശേഷം താന് രാജാവാകുകയും ഇസ്രയേലിലെ പത്തു ഗോത്രങ്ങളെ ഭരിക്കുകയും ചെയ്യും എന്ന് ആയിരുന്നു.
- ശലോമോന് മരിച്ചു കഴിഞ്ഞപ്പോള്, ഇസ്രയേലിലെ പത്ത് വടക്കന് ഗോത്രങ്ങള് ശലോമോന്റെ മകനായ രേഹോബോവാമിനു എതിരായി മത്സരിക്കുകയും യോരോബോവാമിനെ അവരുടെ രാജാവായി നിയമിക്കുന്നതിനു പകരം, യഹൂദ, ബെന്യാമീന് എന്നീ രണ്ടു തെക്കന് ഗോത്രങ്ങള്ക്ക് മാത്രം രാജാവായി രേഹോബോവാമിനെ വിട്ടു കളയുകയും ചെയ്തു.
- യെരോബോവാം ഒരു ദുഷ്ടനായ രാജാവായി തീരുകയും ജനത്തെ യഹോവയെ ആരാധിക്കുനത്തില് നിന്നും അകറ്റി നടത്തുകയും പകരം ആരാധിക്കുവാനായി വിഗ്രഹങ്ങളെ സ്ഥാപിക്കുകയും ചെയ്തു. മറ്റുള്ള എല്ലാ ഇസ്രയേല്യ രാജാക്കന്മാരും യെരോബോവാമിന്റെ ഉദാഹരണം പിന്പറ്റുകയും തന്നെപ്പോലെ തന്നെ ദോഷം ഉള്ളവര് ആകുകയും ചെയ്തു.
- ഏകദേശം 120 വര്ഷങ്ങള്ക്കു ശേഷം, വേറൊരു രാജാവായ യെരോബോവാം ഇസ്രായേലിന്റെ വടക്കന് രാജ്യത്തെ ഭരിക്കുവാന് തുടങ്ങി. ഈ യെരോബോവാം യെഹോവാഹാശ് രാജാവിന്റെ മകന് ആയിരുന്നു, താന് മുന്പ് ഉണ്ടായിരുന്ന എല്ലാ ഇസ്രയേല്യ രാജാക്കന്മാരെ പോലെ ദുഷ്ടന് ആയിരുന്നു.
- ഇസ്രയേല്യരുടെ ദുഷ്ടതയ്ക്ക് വിരുദ്ധമായി, ദൈവം അവരുടെ മേല് കരുണ ഉള്ളവനും സ്ഥലം നേടിയെടുക്കുവാന് ദൈവം യെരോബോവാം രാജാവിനെ സഹായിക്കുകയും അവര്ക്കുവേണ്ടി അതിര്ത്തി സ്ഥാപിക്കേണ്ടതിനു അതിരുകള് സ്ഥാപിക്കുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകളുടെ പരിഭാഷ)

(കാണുക: അസത്യ ദൈവം, ഇസ്രയേല്രാജ്യം, യഹൂദ, ശലോമോന്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 05:16-17
- 1 രാജാക്കന്മാര്:1-2
- 2 ദിനവൃത്താന്തങ്ങള് 09:29-31
- 2 രാജാക്കന്മാര്:1-3
- ആമോസ് 01:1-2

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **18:08** ഇസ്രയേല് രാജ്യത്തിലെ മറ്റു പത്ത് ഗോത്രങ്ങള് രേഹോബോവാമിന് എതിരെ മത്സരിക്കുകയും **യെരോബെയാം** എന്ന് പേരുള്ള ഒരു മനുഷ്യനെ അവര്ക്ക് രാജാവായി നിയമിക്കുകയും ചെയ്തു.
- **18:09** യെരോബോവാം ദൈവത്തിനു എതിരെ മത്സരിക്കുകയും ജനം പാപം ചെയ്യുവാന് ഇടയാക്കുകയും ചെയ്തു. യഹൂദ രാജ്യത്തിലുള്ള ദേവാലയത്തില് ദൈവത്തെ ആരാധിക്കുന്നതിനു പകരം തന്റെ ജനം ആരാധിക്കേണ്ടതിനു രണ്ട് വിഗ്രഹങ്ങളെയും തന്റെ ജനത്തിനു വേണ്ടി നിര്മ്മിച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3379

# യെശ്ശയ്യാവ്

## വസ്തുതകള്:

ദൈവത്തിന്റെ ഒരു പ്രവാചകന്ആയിരുന്ന യെശ്ശയ്യാവ് യഹൂദയിലെ നാലു രാജാക്കന്മാരുടെ ഭരണ കാലത്തു പ്രവചിച്ചു വന്ന ഒരു പ്രവാചകന് ആയിരുന്നു: ഉസ്സിയാവ്, യോഥാം, ആഹാസ്, ഹിസ്ക്കീയാവ്.

- അശൂര്യര് ഹിസ്കീയാവിന്റെ ഭരണകാലത്ത് പട്ടണത്തെ ആക്രമിച്ച കാലയളവില്, താന് യെരുശലെമില് ജീവിച്ചു വന്നിരുന്നു.
- പഴയ നിയമ യെശയ്യാവിന്റെ പുസ്തകം ദൈവ വചനത്തിലെ പ്രധാന പുസ്തകങ്ങളില് ഒന്നാണ്. താന് ജീവിച്ചിരിക്കുമ്പോള് തന്നെ യഥാര്ത്ഥമായി നിവര്ത്തീകരിക്കപ്പെട്ട പലപ്രവചനങ്ങളും യെശ്ശയ്യാവ് എഴുതിയിരുന്നു.
- പ്രത്യേകമായി യെശ്ശയ്യാവ് എഴുതിയിരുന്ന മശീഹയെ കുറിച്ചുള്ള പ്രവചനങ്ങള് 700 വര്ഷങ്ങള്ക്കു ശേഷം യേശു ഭൂമിയില് ജീവിച്ചിരുന്നപ്പോള് യാഥാര്ത്യമായി തീര്ന്നത് ശ്രദ്ധേയമാണ്.
- യേശുവും തന്റെ ശിഷ്യന്മാരും യെശ്ശയ്യാവിന്റെ പ്രവചനങ്ങളില് നിന്ന് ഉദ്ധരിച്ചു കൊണ്ട് മശീഹയെ കുറിച്ച് ജനങ്ങളെ പഠിപ്പിച്ചു വന്നിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ആഹാസ്, അശ്ശൂര്, ക്രിസ്തു, ഹിസ്ക്കീയാവ്, യോഥാം, യഹൂദ, പ്രവാചകന്, ഉസ്സിയാവ്)

## ദൈവ വചന സൂചികകള്:

- 2 രാജാക്കന്മാര്:1-3
- അപ്പോ.28:25-26
- യെശ്ശയ്യാവ് 01:1
- ലൂക്കോസ് 03:4
- മര്ക്കോസ് 01:1-3
- മര്ക്കോസ് 07:6-7
- മത്തായി 03:1-3
- മത്തായി 04:14-16

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **21:09** പ്രവാചകനായ **യെശ്ശയ്യാവ്** മശീഹ ഒരു കന്യകയില് നിന്ന് ജനിക്കും എന്ന് പ്രവചിച്ചിരുന്നു.
- **21:10** പ്രവാചകനായ **യെശ്ശയ്യാവ്** മശീഹ ഗലീലിയില് വസിക്കുമെന്നും, ഹൃദയം തകര്ന്ന ജനത്തെ ആശ്വസിപ്പിക്കും എന്നും, ബന്ധിതര്ക്ക് സ്വാതന്ത്ര്യം പ്രഖ്യാപിക്കും എന്നും തടവുകാരെ വിടുവിക്കും എന്നും പറഞ്ഞിരുന്നു.
- **21:11** മശീഹ യാതൊരു കാരണവും കൂടാതെ വെറുക്കപ്പെടും എന്നും തിരസ്കരിക്കപ്പെടും എന്നും കൂടി പ്രവാചകനായ **യെശ്ശയ്യാവ്** പ്രവചിച്ചിരുന്നു.
- **21:12** **യെശ്ശയ്യാവ്** പ്രവചിച്ചിരുന്നത് ജനം മശീഹയെ തുപ്പും എന്നും, പരിഹസിക്കും എന്നും, അടിക്കും എന്നും ആയിരുന്നു.
- **26:02** അവര് താന് യേശു വായിക്കേണ്ടതിനു **യെശ്ശയ്യാവ്** പ്രവാചകന്റെ ചുരുള് അവന്റെ കയ്യില് കൊടുത്തു. യേശു ചുരുള് തുറക്കുകയും ജനത്തിനു അതില് നിന്ന് ഒരു ഭാഗം വായിക്കുകയും ചെയ്തു.
- **45:08** ഫിലിപ്പോസ് രഥത്തിന് സമീപമായി വന്നപ്പോള്, എത്യോപ്യന് **യെശ്ശയ്യാവ്** പ്രവാചകന് എഴുതിയതില് നിന്നും വായിക്കുന്നത് കേട്ടു.
- **45:10** ഫിലിപ്പോസ് ആ എത്യോപ്യന് **യെശ്ശയ്യാവ്** യേശുവിനെ കുറിച്ചാണ് എഴുതിയിരിക്കുന്നത് എന്ന് വിശദീകരിച്ചു കൊടുത്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3470, G2268

# യെസ്രീല്, യെസ്രെയീല്യര്

## നിര്വചനം:

യെസ്രീല് എന്നത് പ്രധാനപ്പെട്ട ഒരു ഇസ്രയേല്യ പട്ടണമായി യിസ്സഖാര് ഗോത്രത്തിന്റെ മേഖലയില് ഉള്പ്പെട്ടതും, ഉപ്പു കടലിന്റെ തെക്കു പടിഞ്ഞാറായി സ്ഥിതി ചെയ്യുന്നതും ആയിരുന്നു.

- യെസ്രീല് എന്ന പട്ടണം മെഗിദ്ധോ സമതലത്തില് ഉള്ള പടിഞ്ഞാറന് ഭാഗങ്ങള് ആണ്, ഇതിനെ “യെസ്രീല് താ\ഴ്വര” എന്നും വിളിക്കാറുണ്ട്.
- നിരവധി ഇസ്രയേല് രാജാക്കന്മാര്ക്ക് യെസ്രീല് പട്ടണത്തില് അവരുടെ അരമനകള് ഉണ്ടായിരുന്നു.
- യെസ്രീലില് ആഹാബ് രാജാവിന്റെ അരമനക്ക് സമീപമായി നാബോത്തിന്റെ മുന്തിരിത്തോട്ടം സ്ഥിതി ചെയ്തിരുന്നു.

അവിടെ വെച്ച് പ്രവാചകനായ ഏലിയാവ് ആഹാബിന് എതിരെ പ്രവചിച്ചിരുന്നു.

- ആഹാബിന്റെ ദുഷ്ടയായ ഭാര്യ ഇസബേല് യെസ്രീലില് വെച്ച് കൊല്ലപ്പെട്ടു.
- ഈ പട്ടണത്തില് വെച്ച് നിരവധി യുദ്ധങ്ങള് ഉള്പ്പെടെ, ശ്രദ്ധേയമായ മറ്റു സംഭവങ്ങളും നടന്നിട്ടുണ്ട്.

(കാണുക: ആഹാബ്, ഏലിയാവ്, യിസ്സാഖാര്, ഇസബേല്, അരമന, ഉപ്പു കടല്)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര് 04:11-14
- 1 ശമുവേല് 25:43-44
- 2 രാജാക്കന്മാര് 08:28-29
- 2 ശമുവേല് 02:1-3
- ന്യായാധിപന്മാര് 06:33

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3157, H3158, H3159

# യെഹസ്കേല്

## വസ്തുതകള്:

നിരവധി യഹൂദന്മാര് ബാബിലോനിലേക്ക് പ്രവാസികളായി കൊണ്ടു ചെല്ലപ്പെട്ട കാലഘട്ടത്തില് യെഹസ്കേല് ദൈവത്തിന്റെ ഒരു പ്രവാചകന്ആയിരുന്നു.

- ബാബിലോന്യന് സൈന്യം തന്നെയും നിരവധി മറ്റു യഹൂദന്മാരെയും പിടിച്ചപ്പോള് യെഹസ്കേല് യഹൂദ രാജ്യത്തില് ജീവിച്ചിരുന്ന ഒരു പുരോഹിതന്ആയിരുന്നു.
- ഇരുപതു വര്ഷങ്ങളില്അധികം,താനും തന്റെ ഭാര്യയും ബാബിലോണില് ഒരു നദിയുടെ അരികില് പാര്ക്കുകയും, യഹൂദന്മാര് അവിടേക്ക് ദൈവത്തിന്റെ അരുളപ്പാടുകള് കേള്പ്പാന് വരികയും ചെയ്യുമായിരുന്നു.
- മറ്റുള്ള കാര്യങ്ങളോടൊപ്പം, യെരുശലേമിന്റെയും ദേവാലയത്തി ന്റെയും നാശത്തെക്കുറിച്ചും പുനരുദ്ധാരണത്തെക്കുറിച്ചും യെഹസ്കേല് പ്രവചിച്ചിരുന്നു.
- താന് മശീഹയുടെ ഭാവി രാജത്വത്തെക്കുറിച്ചും പ്രവചിച്ചിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ബാബിലോണ്,ക്രിസ്തു, പ്രവാസം, പ്രവാചകന്)

## ദൈവവചന സൂചികകള്:

- യെഹസ്കേല്:1-3
- യെഹസ്കേല്:22-24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3168

# യെഹോയാക്കിം

## വസ്തുതകള്:

608ബി.സി.കാലയളവില് യഹൂദ രാജ്യം ഭരിച്ചു വന്ന ദുഷ്ടനായ ഒരു രാജാവായിരുന്നു യെഹോയാക്കിം. താന് യോശിയാവിന്റെ മകന് ആയിരുന്നു. തന്റെ യഥാര്ത്ഥ പേര് എല്യാക്കീം എന്നായിരുന്നു.

- മിസ്രയീം ഫറവോനായിരുന്ന നെഖോ എല്യാക്കീമിന്റെ പേര് യെഹോയാക്കീം എന്ന് മാറ്റുകയും അവനെ യഹൂദയുടെ രാജാവായി നിയമിക്കുകയും ചെയ്തു.
- നെഖോ യെഹോയാക്കീമിനെ മിസ്രയീമിന് ഭാരിച്ച നികുതി നല്കുവാന് നിര്ബന്ധിച്ചു.
- പിന്നീട് നെബുഖദ്നെസ്സര് രാജാവിനാല് യഹൂദ പിടിച്ചടക്കപ്പെട്ടപ്പോള്, ബാബിലോനിലേക്ക് ബന്ധിച്ചു കൊണ്ട് പോയവരുടെ കൂട്ടത്തില് യെഹോയാക്കീമും ഉണ്ടായിരുന്നു.
- യഹൂദയെ യഹോവയില് നിന്നും അകറ്റി നടത്തിയ ഒരു ദുഷ്ടനായ രാജാവായിരുന്നു യെഹോയാക്കീം. പ്രവാചകനായ യിരെമ്യാവ് അവനു എതിരായി പ്രവചിച്ചിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: ബാബിലോണ്, എല്യാക്കീം, യിരെമ്യാവ്, യഹൂദ, നെബുഖദ്നേസ്സര്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 03:15-16
- 2 രാജാക്കന്മാര് 23:34-35
- 2 രാജാക്കന്മാര് 24:1-2
- ദാനിയേല് 01:1-2
- യിരെമ്യാവ് 01:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3079

# യെഹോയാഖീന്

## വസ്തുതകള്:

യെഹോയാഖിന് യഹൂദ രാജ്യം ഭരിച്ചിരുന്ന ഒരു രാജാവ് ആയിരുന്നു.

- തനിക്കു 18 വയസ്സ് പ്രായം ഉള്ളപ്പോള് യെഹോയാഖിന് രാജാവായി തീര്ന്നു. താന് മൂന്നു മാസം മാത്രമേ ഭരണം നടത്തിയുള്ളൂ, അതിന് ശേഷം താന് ബാബിലോന്യന് സൈന്യത്താല് ബന്ധനസ്ഥന് ആകുകയും ബാബിലോനിലേക്ക് കൊണ്ടുപോകപ്പെടുകയും ചെയ്തു.
- തന്റെ ചെറിയ ഭരണത്തിന്കീഴ്, യെഹോയാഖിന് തന്റെ പിതാമഹനായിരുന്ന മനശ്ശെ രാജാവും തന്റെ പിതാവായ യെഹോയാക്കിം രാജാവും ചെയ്തതു പോലെ ദോഷകരമായ കാര്യങ്ങള് ചെയ്തു വന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ബാബിലോണ്, യെഹോയാക്കിം, യഹൂദ, മനശ്ശെ)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള് 36:8
- 2 രാജാക്കന്മാര് 24:15-17
- എസ്ഥേര് 02:5-6
- യെഹസ്കേല് 01:1-3
- യിരെമ്യാവ് 22:24-26
- യിരെമ്യാവ് 37:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3078, H3112, H3204, H3659

# യെഹോയാദ

## വസ്തുതകള്:

രാജാവായ അഹസ്യാവിന്റെ മകനായ യോവാശിനു ഒരു രാജാവായി പ്രഖ്യാപിക്കുവാനുള്ള പ്രായം എത്തുന്നതുവരെ അവനെ ഒളിപ്പിച്ചു വെക്കുവാനും സംരക്ഷിക്കുവാനും സഹായിച്ച യോഹായാദ ഒരു പുരോഹിതന് ആയിരുന്നു.

- ബാലനായ യോവാശിനെ സംരക്ഷിക്കുവാന് വേണ്ടി നൂറു കണക്കിന് സുരക്ഷാ ഭടന്മാരെ ദേവാലയത്തില് വെച്ച് അവനെ രാജാവായി ജനം പ്രഖ്യാപിക്കുന്നത് വരെ യെഹോയാദാ ക്രമീകരിച്ചിരുന്നു.
- യെഹോയാദാ അസത്യ ദൈവമായ ബാലിന്റെ പൂജാഗിരികളെ നീക്കം ചെയ്യുന്നതിനായി ജനത്തിനു നേതൃത്വം നല്കി. തന്റെ ശിഷ്ട കാലം മുഴുവന്, പുരോഹിതനായ യെഹോയാദാ യോവാശ് രാജാവിന് ദൈവത്തെ അനുസരിക്കുവാനും ജനത്തെ ജ്ഞാനത്തോടെ ഭരിക്കുവാനും വേണ്ടതായ സഹായം ചെയ്തു.
- യെഹോയാദാ എന്ന് പേരുള്ള വേറൊരു വ്യക്തി ബെനായാവിന്റെ പിതാവ് ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അഹസ്യാവ്, ബാല്, ബെനായാവ്, യോവാശ്)

## ദൈവ വചന സൂചികകള്:

- 2 രാജാക്കന്മാര്:4-6
- 2 രാജാക്കന്മാര്:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3077, H3111

# യെഹോരാം, യോരാം

## വസ്തുതകള്:

“യെഹോരാം” എന്നതു പഴയ നിയമത്തിലെ രണ്ടു രാജാക്കന്മാരുടെ പേര് ആയിരുന്നു. രണ്ടു രാജാക്കന്മാരും “യോരാം” എന്ന് അറിയപ്പെട്ടിരുന്നു.

- ഒരു യെഹോരാം രാജാവ് യഹൂദ രാജ്യത്തെ എട്ടു വര്ഷങ്ങള് ഭരിച്ചു. താന് യെഹോശാഫാത്ത് രാജാവിന്റെ മകന് ആയിരുന്നു. ഈ രാജാവാണ് സാധാരണയായി യെഹോരാം എന്ന് അറിയപ്പെട്ടു വന്നിരുന്നത്.
- മറ്റേ രാജാവായ യെഹോരാം ഇസ്രയേല് രാജ്യത്തെ പന്ത്രണ്ടു വര്ഷങ്ങള് ഭരിച്ചു. താന് ആഹാബ് രാജാവിന്റെ മകന് ആയിരുന്നു.
- യഹൂദയിലെ രാജാവായ യെഹോരാം യിരെമ്യാവ്, ദാനിയേല്, ഒബാദ്യാവ്, യെഹസ്കേല് ആദിയായ പ്രവാചകന്മാര് യഹൂദ രാജ്യത്തില് പ്രവചിച്ചു കൊണ്ട് ഇരിക്കുമ്പോള് യഹൂദ ഭരിച്ചു വന്നു.
- രാജാവായ യെഹോരാം തന്റെ പിതാവായ യെഹോശാഫാത്ത് യഹൂദയില് ഭരണം നടത്തിക്കൊണ്ടിരിക്കുമ്പോള് താനും കുറച്ചു കാലം ഭരണം നടത്തിയിരുന്നു.
- ചില പരിഭാഷകളില് “യെഹോരാം” എന്ന പേര് സ്ഥിരമായി ഇസ്രയേല് രാജാവിനെ കുറിക്കുവാനും, “യോരാം” എന്ന പേര് യഹൂദ രാജാവിനെ കുറിക്കുവാനും ഉപയോഗിക്കുകയും ചെയ്യുമായിരുന്നു.
- ഇരുവരുടെയും അടയാളം വ്യക്തമായി കണ്ടുപിടിക്കുവാന് ഉള്ള വേറൊരു മാര്ഗ്ഗം അവരുടെ പിതാവിന്റെ പേരും കൂടെ ചേര്ക്കുക എന്നുള്ളതാണ്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ആഹാബ്, യെഹോശാഫാത്ത്, യോരാം, യഹൂദ, ഇസ്രയേല്രാജ്യം, ഓബദ്യാവ്)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര് 22:48-50
- 2 ദിനവൃത്താന്തങ്ങള് 21:1-3
- 2 രാജാക്കന്മാര് 11:1-3
- 2 രാജാക്കന്മാര് 12:17-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3088, H3141, G2496

# യെഹോശാഫാത്ത്

## വസ്തുതകള്:

യെഹോശാഫാത്ത് എന്ന പേര് പഴയ നിയമത്തില് കുറഞ്ഞ പക്ഷം രണ്ടു പേര്ക്ക് എങ്കിലും ഉണ്ട്.

- ഈ പേരില് ഏറ്റവും പ്രസിദ്ധനായി അറിയപ്പെട്ടിരുന്ന വ്യക്തിയായ യെഹോശാഫാത്ത് രാജാവ് യഹൂദ രാജ്യത്തെ ഭരിച്ചിരുന്ന നാലാമത്തെ രാജാവ് ആയിരുന്നു.
- താന് യഹൂദയ്ക്കും ഇസ്രയേലിനും ഇടയില് സമാധാനം പുന:സ്ഥാപിക്കുകയും സകല അസത്യ ദൈവങ്ങളുടെ ബലിപീഠങ്ങളെയും നശിപ്പിക്കുകയും ചെയ്തു.
- വേറൊരു യെഹോശാഫാത്ത് ദാവീന്റെയും ശലോമോന്റെയും ചരിത്രങ്ങള് "രേഖപ്പെടുത്തുന്ന വ്യക്തി" ആയിരുന്നു തന്റെ ദൌത്യത്തില് രാജാവിന് വേണ്ടി രാജാവ് ഒപ്പിടെണ്ടതായ രേഖങ്ങള് എഴുതുകയും രാജ്യത്തില് സംഭവിക്കുന്ന സകല പ്രധാന സംഭവങ്ങളും രേഖയായി എഴുതി സൂക്ഷിക്കേണ്ടതും ഉള്പ്പെടുത്ത പ്പെട്ടിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:യാഗപീഠം, ദാവീദ്, അസത്യ ദൈവം, ഇസ്രയേല്, യഹൂദ, പുരോഹിതന്, ശലോമോന്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 03:10-12
- 1 രാജാക്കന്മാര്:15-17
- 2 ദിനവൃത്താന്തങ്ങള്:1-2
- 2 രാജാക്കന്മാര്:17-18
- 2 ശമുവേല്:15-18
- മത്തായി 01:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3092, H3146, G2498

# യേഹു

## വസ്തുതകള്:

പഴയ നിയമത്തില് യേഹു എന്ന് പേരുള്ള രണ്ടു വ്യക്തികള് ഉണ്ടായിരുന്നു. ഹനാനിയുടെ മകനായിരുന്ന യേഹു ഒരു പ്രവാചകന് ആയി ആഹാബ് രാജാവ് ഇസ്രയേലിനെയും യെഹോശാഫാത്ത് രാജാവ് യഹൂദയെയും ഭരിച്ചു കൊണ്ടിരുന്ന കാലഘട്ടത്തില് ഉണ്ടായിരുന്നു.

- യെഹോശാഫാത്തിന്റെ മകന്(അല്ലെങ്കില് സന്തതി) ആയ ഇസ്രയേല് സൈന്യത്തിലെ ഒരു പട്ടാള മേധാവിയായി ഇരുന്ന യെഹു എലീശ പ്രവാചകന്റെ ആജ്ഞ പ്രകാരം അഭിഷേകം ചെയ്യപ്പെട്ടു.
- രാജാവായ യേഹു, ദുഷ്ടന്മാരായ രണ്ടു രാജാക്കന്മാര്, ഇസ്രയേലിലെ രാജാവായ യോരാം രാജാവിനെയും യഹൂദ രാജാവായ അഹസിയാവ് രാജാവിനെയും കൊന്നു കളഞ്ഞു.
- രാജാവായ യേഹു മുന്രാജാവായ ആഹാബിന്റെ സകല ബന്ധുക്കളെയും ദുഷ്ടയായ രാജ്ഞി ഇസബെലിനെയും കൊന്നു കളഞ്ഞു.
- രാജാവായ യേഹു ശമര്യയിലുള്ള ബാലിന്റെ സകല ആരാധന സ്ഥലങ്ങളെയും നശിപ്പിക്കുകയും ബാലിന്റെ എല്ലാ പ്രവാചകന്മാരെയും കൊല്ലുകയും ചെയ്തു.
- രാജാവായ യേഹു യഹോവയായ, സത്യദൈവത്തെ മാത്രം ആരാധിക്കുകയും, ഇസ്രായേലിനു ഇരുപത്തെട്ടു വര്ഷങ്ങള് രാജാവായി ഇരിക്കയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: ആഹാബ്, അഹസ്യാവ്, ബാല്, എലീശ, യെഹോശാഫാത്ത്, യേഹു, ഇസബേല്, യോരം, യഹൂദ, ശമര്യ)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 04:34-38
- 1 രാജാക്കന്മാര് 16:1-2
- 2 ദിനവൃത്താന്തങ്ങള് 19:1-3
- 2 രാജാക്കന്മാര് 10:8-9
- ഹോശേയ 01:3-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3058

# യോഥാം

## നിര്വചനം:

പഴയ നിയമത്തില്, യോഥാം എന്ന് പേരുള്ള മൂന്നു വ്യക്തികള്ഉണ്ടായിരുന്നു.

- യോഥാം എന്ന് പേരുള്ള ഒരു മനുഷ്യന് ഗിദയോന്റെ ഏറ്റവും ഇളയ മകന് ആയിരുന്നു. അവരുടെ എല്ലാ സഹോദരന്മാരെയും വധിച്ചതായ തന്റെ മൂത്ത സഹോദരനായ അബീമെലേക്കിനെ പരാജയപ്പെടുത്തുവാന് സഹായിച്ചു.
- യോഥാം എന്ന് പേരുള്ള വേറൊരു മനുഷ്യന് തന്റെ പിതാവായ ഉസ്സിയാവ് (അസ്സര്യാവ്) നിര്യാതനായ ശേഷം യഹൂദയെ പതിനാറു സംവത്സരം ഭരിച്ചതായ മനുഷ്യന് ആയിരുന്നു.
- തന്റെ പിതാവിനെപ്പോലെ, രാജാവായ യോഥാം ദൈവത്തെ അനുസരിക്കുന്ന ഒരു നല്ല രാജാവ് ആയിരുന്നു.
- എങ്കിലും, വിഗ്രഹ ആരാധനയുടെ സ്ഥലങ്ങളെ താന് നീക്കം ചെയ്യാതിരുന്നതിനാല് യഹൂദ ജനങ്ങള് പില്ക്കാലത്ത് വീണ്ടും ദൈവത്തില് നിന്ന് അകന്നു പോകുവാന് കാരണമായി.
- മത്തായിയുടെ പുസ്തകത്തില് യെശുവിന്റെ വംശാവലി പട്ടികയില് പൂര്വ്വ പിതാക്കന്മാരില് ഒരാളായി ഒരു യോഥാം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

(കാണുക:അബീമെലെക്ക്, ആഹാസ്, ഗിദയോന്, ഉസ്സിയാവ്)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്:21
- 2 രാജാക്കന്മാര്:4-5
- യെശ്ശയ്യാവ് 01:1
- ന്യായാധിപന്മാര് 09:5-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3147

# യോനാ

## നിര്വചനം:

യോനാ പഴയ നിയമത്തില് രേ ഖപ്പെടുത്തിയിട്ടുള്ള ഒരു എബ്രായ പ്രവാചകന് ആയിരുന്നു. യോനായുടെ പുസ്തകം നിനെവേയിലുള്ള ജനത്തോടു പ്രസംഗിക്കുവാനായി ദൈവം യോനായെ പറഞ്ഞു വിട്ടപ്പോള് എന്താണ് സംഭവിച്ചത് എന്ന കഥ പറയുന്നു.

- യോനാ നിനെവേയ്ക്ക് പോകുന്നതിനു വിസ്സമ്മതിച്ചു പകരമായി തര്ശീശിലേക്കു പോകുന്ന ഒരു കപ്പലില് കയറി.
- ദൈവം ആ കപ്പലിനെ ഇളക്കി മറിക്കത്തക്ക ഒരു വലിയ കൊടുങ്കാറ്റ് അടിപ്പിച്ചു.
- താന് ദൈവത്തില് നിന്ന് ഒളിച്ചോടി പോകുക ആയിരുന്നു എന്ന് ആ കപ്പല് ഓടിക്കുന്നവരോട് താന് പറയുകയും, തന്നെ പിടിച്ചു ആ കടലില് എറിഞ്ഞു കളയണം എന്നും താന് നിര്ദേശിക്കുകയും ചെയ്തു.അവര് അപ്രകാരം ചെയ്തപ്പോള് കൊടുങ്കാറ്റ് നിലച്ചു. യോനാ ഒരു വലിയ മത്സ്യത്താല് വിഴുങ്ങപ്പെടുകയും, മൂന്നു പകലുകളും, മൂന്നു രാത്രികളും ആ മത്സ്യത്തിന്റെ വയറ്റില് ആയിരിക്കുകയും ചെയ്തു,
- അതിനു ശേഷം, യോനാ നിനെവേയ്ക്ക് പോകുകയും, അവിടെയുള്ള ജനങ്ങളോട് പ്രസംഗിക്കുകയും, അവര് അവരുടെ പാപങ്ങളെ വിട്ടു തിരികയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അനുസരിക്കാതെ ഇരിക്കുക, നിനെവേ, തിരിയുക)

## ദൈവ വചന സൂചികകള്:

- യോനാ 01:1-3
- ലൂക്കോസ് 11:29-30
- മത്തായി 12:38-40
- മത്തായി 16:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3124, G2495

# യോനാഥാന്

## വസ്തുതകള്:

യോനാഥാന് എന്ന് പഴയ നിയമത്തില് കുറഞ്ഞ പക്ഷം പത്തു പേരെങ്കിലും ഉണ്ടായിരിക്കും. ഈ പേരിന്റെ അര്ത്ഥം "യഹോവയാല് നല്കപ്പെട്ടത്" എന്നാണ്.

- ദാവീദിന്റെ ആത്മാര്ത്ഥ സുഹൃത്ത്, യോനാഥാന്, ആണ് ദൈവ വചനത്തില് ഈ പേരില്ഏറ്റവും പ്രസിദ്ധനായ വ്യക്തി. ഈ യോനാഥാന് ശൌല് രാജാവിന്റെ ഏറ്റവും മൂത്ത പുത്രന് ആയിരുന്നു.
- പഴയ നിയമത്തില് സൂചിപ്പിച്ചിട്ടുള്ള മറ്റു യോനാഥാന്മാരില് മോശെയുടെ സന്തതിയില് ഉള്പ്പെട്ട ഒരു യോനാഥാന്; ദാവീദു രാജാവിന്റെ ഒരു സഹോദരി പുത്രന്; അബ്യാഥാരിന്റെ പുത്രന് ഉള്പ്പെടെയുള്ള നിരവധി പുരോഹിതന്മാര്; യിരെമ്യാവ് പ്രവാചകനെ തടവില് പാര്പ്പിക്കുവാന് ഉപയോഗിച്ച ഭവനത്തിന്റെ ഉടമ ആയിരുന്ന ഒരു പഴയ നിയമ ശാസ്ത്രി ആദിയായവര് ഉള്പ്പെട്ടിരുന്നു.

(കാണുക: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അബ്യാഥാര്, ദാവീദ്, മോശെ, യിരെമ്യാവ്. പുരോഹിതന്, ശൌല്, ശാസ്ത്രി)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്01:41:42
- 1 ശമുവേല്14:1
- 1 ശമുവേല്20:1-2
- 2 ശമുവേല്01:3-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3083, H3129

# യോപ്പ

## വസ്തുതകള്:

ദൈവ വചന കാലഘട്ടങ്ങളില്, യോപ്പ പട്ടണം ശാരോന് സമതലത്തിനു തെക്ക്, മെഡിറ്ററേനിയന് കടലില് സ്ഥിതി ചെയ്തിരുന്ന, ഒരു പ്രധാന വാണിജ്യ തുറമുഖം ആയിരുന്നു.

- പുരാതന യോപ്പയുടെ സ്ഥാനം ഇപ്പോഴത്തെ ടെല്അവീവ് നഗരത്തിന്റെ ഒരു ഭാഗമായി വര്ത്തമാന കാല ജാഫാ പട്ടണത്തില് ആകുന്നു.
- പഴയ നിയമത്തില്, യോപ്പ പട്ടണത്തില് നിന്നാണ് യോനയ്ക്ക് തര്ശീശിലേക്കു പോകുവാന് ഉള്ള പടക് ലഭ്യമായത്.
- പുതിയ നിയമത്തില്, യോപ്പ പട്ടണത്തില് ഉള്ള തബീഥ എന്ന് പേരുള്ള ഒരു ക്രിസ്തീയ സ്ത്രീ മരിക്കുകയും, പത്രോസ് അവളെ വീണ്ടും ജീവന് പ്രാപിപ്പിക്കുകയും ചെയ്തിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കടല്, യെരുശലേം, ഷാരോണ്, തര്ശീശ്)

## ദൈവ വചന സൂചികകള്:

- അപ്പോ.09:36-37
- അപ്പോ.10:7-8
- അപ്പോ.11:4-6
- അപ്പോ,11:11-14
- യോനാ 01:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3305, G2445

# യോരാം

## വസ്തുതകള്:

ആഹാബിന്റെ മകനായ യോരാം ഇസ്രയേലിലെ ഒരു രാജാവ് ആയിരുന്നു. ചില സന്ദര്ഭങ്ങളില് താന് "യെഹോരാം" എന്നും സൂചിപ്പിക്ക പ്പെട്ടിരുന്നു. യഹൂദ രാജാവായി യെഹോരാം ഭരണം നടത്തിക്കൊണ്ടിരുന്ന അതേ കാലത്തില് തന്നെയാണ് ഇസ്രയേല്ര രാജാവായി യോരാം രാജാവ് ഭരണം നടത്തി വന്നത്.

- യോരാം ഒരു ദുഷ്ടനായ രാജാവായി അസത്യ ദൈവങ്ങളെ ആരാധിക്കുകയും ഇസ്രയേലിനെ പാപം ചെയ്യുവാന് ഇടയാക്കുകയും ചെയ്തു.
- ഇസ്രായേലിന്റെ യോരാം രാജാവ് പ്രവാചകന്മാരായ എലിയാവിന്റെയും ഒബദ്യാവിന്റെയും കാലഘട്ടത്തില് തന്നെയാണ് ഭരണം നടത്തി വന്നത്.
- യോരാം എന്ന് പേരുള്ള വേറൊരു മനുഷ്യന് ദാവീദ് രാജാവായി ഇരിക്കുമ്പോള് ഹാമത്തിലെ രാജാവായ ടൌവിന്റെ മകനായി ഉണ്ടായിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള് പരിഭാഷ ചെയ്യുക)

(കാണുക:ആഹാബ്, ദാവീദ്, ഏലിയാവ്, ഹാമാത്ത്, യെഹോരാം, ഇസ്രയേല് രാജ്യം, യഹൂദ, പ്രവാചകന്).

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 03:10-12
- 2 ദിനവൃത്താന്തങ്ങള്22:4-5
- 2 രാജാക്കന്മാര്:17-18
- 2 രാജാക്കന്മാര്:16-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3088, H3141, G2496

# യോര്ദാന്നദി, യോര്ദാന്

## വസ്തുതകള്:

യോര്ദാന്നദി വടക്കു നിന്ന് തെക്കോട്ട് ഒഴുകുന്ന ഒരു നദിയാണ്, അത് കനാന് എന്ന് വിളിക്കപ്പെടുന്ന ദേശത്തിന്റെ കിഴക്കന് അതിര്ത്തിയെ രൂപീകരിക്കുന്നു.

- ഇന്ന്, യോര്ദാന് നദി ഇസ്രയേലിനെ പടിഞ്ഞാറു ഭാഗത്തേക്കു യോര്ദാനെ അതിന്റെ കിഴക്കു ഭാഗത്ത് നിന്നു വേര്തിരിക്കുന്നു.
- യോര്ദാന് നദി ഗലീലി കടലില്കൂടെ ഒഴുകി ചാവ് കടലില് അവസാനിക്കുന്നു.
- യോശുവ ഇസ്രയെല്യരെ കനാനിലേക്ക് നയിച്ചു കൊണ്ടു പോയപ്പോള്, അവര്ക്ക് യോര്ദാന് നദി കടന്നു പോകേണ്ടി വന്നു. സാധാരണ ഗതിയില് അതിനു കുറുകെ പോകുവാന് കഴിയാത്ത വിധം ആഴമുള്ള ഒന്നായിരുന്നു, എന്നാല് ദൈവം അത്ഭുതകരമായി നദിയുടെ ഒഴുക്ക് നിര്ത്തുകയും അങ്ങനെ അവര്നദീ തടത്തില്കൂടെ കുറുകെ നടന്നു പോകയും ചെയ്തു.
- ദൈവ വചനത്തില് അടിക്കടി യോര്ദാന് നദിയെ "യോര്ദാന്" എന്ന് സൂചിപ്പിക്കുക പതിവാണ്.

(കാണുക: കനാന്, ഉപ്പുകടല്, ഗലീലിക്കടല്)

## ദൈവ വചന സൂചികകള്:

- ഉല്പത്തി 32:9-10
- യോഹന്നാന്:26-28
- യോഹന്നാന്:25-26
- ലൂക്കോസ് 03:3
- മത്തായി 03:3
- മത്തായി 03:4-6
- മത്തായി 04:14-16
- മത്തായി 19:1-2

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **15:02** ഇസ്രയേല്യര് വാഗ്ദത്ത നാട്ടില് പ്രവേശിക്കേണ്ടതിനു **യോര്ദാന് നദി** കടന്നു പോകേണ്ടിയിരുന്നു.
- **15:03** ജനം **യോര്ദാന് നദി** കുറുകെ കടന്ന ശേഷം, ദൈവം യോശുവയോടു ശക്തമായ യെരിഹോ പട്ടണം എപ്രകാരം ആക്രമിക്കണം എന്ന് പറഞ്ഞു കൊടുത്തു.
- **19:14** എലീശ അവനോട് (നയമാന്)**യോര്ദാന് നദിയില്** ഏഴു പ്രാവശ്യം തന്നെത്താന് മുങ്ങുവാന് പറഞ്ഞു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3383, G2446

# യോവാബ്

## നിര്വചനം:

യോവാബ് ദാവീദ് രാജാവിന്റെ ഒരു പ്രധാനപ്പെട്ട സൈനിക നേതാവായി ദാവീദിന്റെ മുഴുവന് ഭരണകാലത്തും കാണപ്പെട്ടിരുന്നു.

- ദാവീദ് രാജാവാകുന്നതിനു മുന്പ് തന്നെ, യോവാബ് തന്റെ കൂറുള്ള അനുഗാമികളില് ഒരുവനായി കാണപ്പെട്ടിരുന്നു.
- പിന്നീട്, ഇസ്രയേല് മുഴുവനും ദാവീദ് രാജാവായി ഭരിക്കുമ്പോള്, ദാവീദ് രാജാവിന്റെ സൈന്യത്തിന് സൈന്യാധിപനായി മാറി.
- യോവാബ് ദാവീദ് രാജാവിന്റെ സഹോദരി പുത്രന് ആയിരുന്നു, എങ്ങനെയെന്നാല് തന്റെ മാതാവ് ദാവീദിന്റെ സഹോദരിമാരില് ഒരുവള് ആയിരുന്നു.
- ദാവീദിന്റെ മകനായ അബ്ശാലോം തന്നെ ഒറ്റുക്കൊടുത്തു തന്റെ രാജത്വം പിടിച്ചു പറ്റാന് ശ്രമിച്ചപ്പോള്, യോവാബ് രാജാവിനെ രക്ഷിക്കുവാന് വേണ്ടി അബ്ശാലോമിനെ വധിച്ചു.
- യോവാബ് വളരെ സമര്ത്ഥനായ ഒരു യോദ്ധാവും ഇസ്രായേലിന്റെ ശത്രുക്കളായ നിരവധി പേരെ വധിച്ചവനും ആയിരുന്നു.

(കാണുക: അബ്ശാലോം, ദാവീദ്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 02:16-17
- 1 രാജാക്കന്മാര് 01:7-8
- 1 ശമുവേല് 26:6-8
- 2 ശമുവേല് 02:18-19
- നെഹെമ്യാവ് 07:11-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3097

# യോവാശ്

## വസ്തുതകള്:

പഴയ നിയമത്തില് പല ആളുകളുടെ പേര് യോവാശ് എന്ന് ആയിരുന്നു.

- ഒരു യോവാശ് ഇസ്രായേലിന്റെ രക്ഷകന് ആയിരുന്ന ഗിദയോന്റെ പിതാവ് ആയിരുന്നു.
- യോവാശ് എന്ന് പേരുള്ള വേറൊരു വ്യക്തി യാക്കോബിന്റെ ഇളയ പുത്രനായ ബെന്യാമിന്റെ സന്തതി ആയിരുന്നു.
- ഏറ്റവും പ്രസിദ്ധന് ആയ യോവാശ് ഏഴാം വയസ്സില് യഹൂദയുടെ രാജാവായി തീര്ന്നവന് ആയിരുന്നു. താന്, കൊല്ലപ്പെട്ടവനായ, യഹൂദ രാജാവായിരുന്ന അഹസ്യാവിന്റെ മകന് ആയിരുന്നു.
- യോവാശ് വളരെ ചെറിയ ബാലന് ആയിരിക്കുമ്പോള്, തന്റെ അമ്മാവി തന്നെ ഒളിപ്പിച്ചു വെച്ചതിന്റെ നിമിത്തം വധശ്രമത്തില് നിന്നും രക്ഷപ്പെടുകയും താന് രാജാവായി കിരീട ധാരണം നടത്തപ്പെടുന്ന പ്രായം എത്തുന്നതു വരെ സംരക്ഷിക്കപ്പെടുകയും ചെയ്തു.
- താന് ദൈവത്തെ അനുസരിച്ച് വന്ന ആദ്യകാലങ്ങളില് ഒരു നല്ല രാജാവ് ആയിരുന്നു. എന്നാല് താന് ഉയര്ന്ന സ്ഥലങ്ങളെ നീക്കം ചെയ്തിരുന്നില്ല, മാത്രമല്ല ഇസ്രയേല്യര് വീണ്ടും വിഗ്രഹങ്ങളെ ആരാധിക്കുവാന് തുടങ്ങുകയും ചെയ്തു.
- രാജാവായ യെഹോവാഹാശ് ഇസ്രായേലില് ഭരണം നടത്തിവന്ന ചില വര്ഷങ്ങള് രാജാവായ യോവാശ് യഹൂദയെ ഭരിച്ചു വന്നു. അവര് രണ്ടു പേരും പ്രത്യേകതകള് ഉള്ള രാജാക്കന്മാര് ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അഹസ്യാവ്, യാഗപീഠം, ബെന്യാമിന്, അസത്യ ദൈവം ഗിദേയോന്. ഉയര്ന്ന സ്ഥലങ്ങള്, അസത്യ ദൈവം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:10-12
- 2 ദിനവൃത്താന്തങ്ങള്:25-27
- 2 രാജാക്കന്മാര്:1-3
- ആമോസ് 01:1-2
- ന്യായാധിപന്മാര്:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3101, H3135

# യോവേല്

## വസ്തുതകള്:

മിക്കവാറും യഹൂദയില് യോവാശ് രാജാവ് ഭരണം നടത്തിക്കൊണ്ടിരുന്ന കാലഘട്ടത്തില് ജീവിച്ചിരുന്ന ഒരു പ്രവാചകനായിരുന്നു യോവേല്. യോവേല് എന്ന് പേരുള്ള വേറെയും പല ആളുകള് പഴയ നിയമത്തില് പേരുള്ളവരായി ഉണ്ട്.

- യോവേലിന്റെ പുസ്തകം പഴയ നിയമത്തിലെ അവസാന ഭാഗമായ പന്ത്രണ്ടു ചെറിയ പ്രവാചക പുസ്തക ഭാഗത്തിലെ ഒന്ന് ആയിരിക്കുന്നു.
- പ്രവാചകനായ യോവേലിനെ കുറിച്ചുള്ള ഒരേയൊരു വ്യക്തിഗത പരാമര്ശം തന്റെ പിതാവിന്റെ പേര് പെഥുവേല് എന്ന് ഉള്ളത് ആയിരുന്നു.
- അപ്പോസ്തലനായ പത്രോസ് തന്റെ പെന്തക്കോസ്ത് നാളിലെ പ്രസംഗത്തില്, യോവേലിന്റെ പുസ്തകത്തില് നിന്നും ഉദ്ധരിച്ചിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: യോവാശ്, യഹൂദ, പെന്തക്കോസ്ത്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 06:33-35
- 1 ശമുവേല്:1-3
- അപ്പോ.02:16-17
- എസ്രാ 10:41-44
- യോവേല്:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3100, G2493

# യോശിയാവ്

## വസ്തുതകള്:

യോശിയാവ് ദൈവ ഭക്തിയുള്ള ഒരു രാജാവായി യഹൂദ രാജ്യത്തെ മുപ്പത്തി ഒന്നു വര്ഷങ്ങള് ഭരിച്ചു വന്നു. താന് യഹൂദ ജനത്തെ മാനസ്സാന്തരത്തിലേക്കും യഹോവയെ ആരാധിക്കുന്നതിലേക്കും നയിച്ചു.

- തന്റെ പിതാവായ ആമോന് രാജാവ് കൊല്ലപ്പെട്ട ശേഷം, എട്ടു വയസ്സ് പ്രായം ഉള്ളപ്പോള് യോശിയാവ് യഹൂദായുടെ മേല് രാജാവായി തീര്ന്നു.
- തന്റെ വാഴ്ചയുടെ പതിനെട്ടാമത്തെ വര്ഷത്തില്, യോശിയാവ് രാജാവ് മഹാ പുരോഹിതനായ ഹില്ക്കിയാവിനോട് കര്ത്താവിന്റെ ആലയം പുനര്:നിര്മ്മാണം നടത്തുവാനായി കല്പ്പന പുറപ്പെടുവിച്ചു. ഇത് ചെയ്തു കൊണ്ടിരിക്കുമ്പോള്, ന്യായപ്രമാണ പുസ്തകം കണ്ടെത്തി.
- ന്യായപ്രമാണ പുസ്തകം യോശിയാവിനു വായിച്ചു കേള്പ്പിച്ചപ്പോള്, തന്റെ ജനം എന്തുമാത്രം ദൈവത്തെ അനുസരിക്കാതിരുന്നു എന്നു താന് വളരെ ദു:ഖിതനായി. സകല വിഗ്രഹ ആരാധന സ്ഥലങ്ങളും നശിപ്പിക്കപ്പെടണം എന്നും അസത്യ ദൈവങ്ങളുടെ പുരോഹിതന്മാര് എല്ലാം കൊല്ലപ്പെടണം എന്നും താന് കല്പ്പന പുറപ്പെടുവിച്ചു.
- മാത്രമല്ല, ജനങ്ങള് എല്ലാവരും വീണ്ടും പെസ്സഹ ഉത്സവം ആചരിക്കുവാന് തുടങ്ങണം എന്നും കല്പ്പന പുറപ്പെടുവിച്ചു.

(പരിഭാഷ നിര്ദേശങ്ങള്:[പേരുകളുടെ പരിഭാഷ)

(കാണുക: അസത്യ ദൈവം, യഹൂദ, ന്യായപ്രമാണം, പെസഹ, ദേവാലയം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 03:13-14
- 2 ദിനവൃത്താന്തങ്ങള് 33:24-25
- 2 ദിനവൃത്താന്തങ്ങള് 34:1-3
- യിരെമ്യാവ് 01:1-3
- മത്തായി 01:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2977, G2502

# യോശുവ

## വസ്തുതകള്:

ദൈവ വചനത്തില് യോശുവ എന്ന് പേരുള്ള നിരവധി ഇസ്രയേല്യരായ ആളുകള് ഉണ്ട്. ഇവരില് ഏറ്റവും നന്നായി അറിയപ്പെടുന്നതു നൂന്റെ മകനായ മോശെയുടെ സഹായിയും, പില്ക്കാലത്ത് ദൈവജനത്തിന്റെ പ്രധാനപ്പെട്ട നേതാവായി തീരുകയും ചെയ്ത യോശുവ ആണ്.

- വാഗ്ദത്ത ഭൂമിയെ ഒറ്റുനോക്കുവാന് മോശെ പറഞ്ഞയച്ച പന്ത്രണ്ടു ചാരന്മാരില് യോശുവ ഒരുവന് ആയിരുന്നു.
- കാലേബിനോട് കൂടെ, യോശുവയും ഇസ്രയേല് ജനത്തെ വാഗ്ദത്ത ദേശത്തില് പ്രവേശിക്കുവാനും കനാന്യരെ പരാജയപ്പെടുത്തുവാനും വേണ്ടി അവരെ നിര്ബന്ധിച്ചു.
- നിരവധി വര്ഷങ്ങള്ക്കു ശേഷം, മോശെയുടെ മരണാനന്തരം, ദൈവം യോശുവയെ ഇസ്രയേല് ജനത്തെ വാഗ്ദത്ത ദേശത്തേക്ക് നയിച്ചു കൊണ്ട് പോകുവാനായി നിയമിച്ചു.
- കനാന്യരോടുള്ള ആദ്യത്തെയും വളരെ പ്രസിദ്ധവുമായ യുദ്ധത്തില്, യോശുവ ഇസ്രയേല്യരെ യെരിഹോ പട്ടണത്തെ കീഴടക്കുവാനായി നയിച്ചു.
- പഴയ നിയമ പുസ്തകമായ യോശുവ ഇസ്രയേല്യര് വാഗ്ദത്ത ദേശത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുവാന് ഇസ്രയേല് ജനത്തെ എപ്രകാരം നയിച്ചു എന്നും താന് ഇസ്രയേല് ഗോത്രങ്ങള് ഓരോന്നിനും അവരവര്ക്കു ജീവിക്കുവാന് ഉള്ള ഭൂപ്രദേശം എപ്രകാരം വിഭാഗിച്ചു കൊടുത്തു എന്നും പ്രസ്താവിക്കുന്നു.
- യോസാദാക്കിന്റെ മകനായ യോശുവയെ കുറിച്ച് ഹഗ്ഗായിയുടെയും സെഖര്യാവിന്റെയും പുസ്തകങ്ങളില് സൂചിപ്പിച്ചിട്ടുണ്ട്; താന് യെരുശലേമിന്റെ മതിലുകള് നിര്മ്മിക്കുന്നതില് സഹായിച്ച ഒരു മഹാ പുരോഹിതന് ആയിരുന്നു.
- ദൈവ വചനത്തിന്റെ ഇതര ഭാഗങ്ങളില് യോശുവ എന്ന് പേരുള്ള നിരവധി വ്യക്തികളെ കുറിച്ച് വംശാവലി പട്ടികകളിലും മറ്റു ഭാഗങ്ങളിലും സൂചിപ്പിച്ചിട്ടുണ്ട്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കനാന്, ഹഗ്ഗായി, യെരിഹോ, മോശെ, വാഗ്ദത്ത ദേശം, സെഖര്യാവ്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 07:25-27
- ആവര്ത്തന പുസ്തകം 03:21-22
- പുറപ്പാട് 17:8-10
- യോശുവ 01:1-3
- സംഖ്യാപുസ്തകം 27:18-19

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **14:04** ഇസ്രയേല്യര് കനാന്റെ അതിരിങ്കല് എത്തിയപ്പോള്, മോശെ പന്ത്രണ്ടു പേരെ, ഇസ്രയേലിലെ ഓരോ ഗോത്രത്തില് നിന്നും ഒരാള് വീതം തിരഞ്ഞെടുത്തു. താന് അവര്ക്ക് കടന്നു പോയി ആ ദേശത്തെ ഒറ്റുനോക്കുവാനും അത് എപ്രകാരം ഉള്ളതാണെന്ന് മനസ്സിലാക്കുവാനും വേണ്ട നിര്ദേശങ്ങള് നല്കി.
- **14:06** ഉടനെ തന്നെ മറ്റേ ചാരന്മാര്, കാലേബും **യോശുവയും** പറഞ്ഞത്, "കനാനിലെ ജനങ്ങള് പൊക്കമുള്ളവരും ശക്തന്മാരും ആണെന്നുള്ളത് വാസ്തവം തന്നെ, എന്നാല് തീര്ച്ചയായും നമുക്ക് അവരെ പരാജയപ്പെടുത്തുവാന് സാധിക്കും!" എന്നാണ്.
- **14:08 യോശുവയും** കാലേബും ഒഴികെ, ഇരുപതു വയസ്സോ അല്ലെങ്കില് അതിനു മുകളിലോ ഉള്ള എല്ലാവരും അവിടെ മരിക്കുകയും അവര് ഒരിക്കലും വാഗ്ദത്ത ഭൂമിയില് പ്രവേശിക്കുകയില്ല."
- **14:14** ഇപ്പോള് മോശെ വളരെ വയസ്സ് ചെന്നവനായി തീര്ന്നു, ആയതിനാല് അവനെ സഹായിക്കുവാനായി ജനത്തെ നയിക്കേണ്ടതിനു **യോശുവയെ** ദൈവം തിരഞ്ഞെടുത്തു.
- **14:15 യോശുവ** ദൈവത്തില് ആശ്രയിക്കുകയും അനുസരിക്കുകയും ചെയ്തതിനാല് ഒരു നല്ല നേതാവ് ആയിരുന്നു.
- **15:03** ജനം യോര്ദാന് നദി കടന്ന ശേഷം, ദൈവം **യോശുവയോടു** ശക്തമായ യെരിഹോ പട്ടണത്തെ ആക്രമിക്കേണ്ട വിധം എപ്രകാരം എന്ന് പറഞ്ഞു കൊടുത്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3091, G2424

# യോസേഫ് (പ.നി.)

## വസ്തുതകള്:

യോസേഫ് യാക്കോബിന് പതിനൊന്നാമത്തെ മകനും തന്റെ മാതാവായ റാഹേലിന് ആദ്യ പുത്രനും ആയിരുന്നു.

- യോസേഫ് തന്റെ പിതാവിന്റെ വാത്സല്യ പുത്രന് ആയിരുന്നു. തന്റെ സഹോദരന്മാര് അവനെ കുറിച്ച് അസൂയ ഉള്ളവര് ആയതിനാല് അവന് അടിമത്തത്തിന് വിറ്റുകളഞ്ഞു.
- മിസ്രയീമില് ആയിരുന്നപ്പോള്, യോസേഫിനെ വ്യാജമായി കുറ്റാരോപിതന് ആക്കുകയും അവനെ കാരാഗ്രഹത്തില് അടയ്ക്കുകയും ചെയ്തു. തന്റെ പ്രശ്നങ്ങളെ കണക്കാക്കാതെ, യോസേഫ് ദൈവത്തോട് വിശ്വസ്തന് ആയി നില കൊണ്ടു.
- ദൈവം അവനെ മിസ്രയീമിലെ അധികാരത്തില് രണ്ടാം സ്ഥാനത്തേക്ക് ഉയര്ത്തുകയും ഭക്ഷണ ദൌര്ലഭ്യം നേരിട്ടപ്പോള് ആ സമയത്ത് ജനത്തെ രക്ഷിക്കുവാന് വേണ്ടി ഉപയോഗിക്കപ്പെടുകയും ചെയ്തു. മിസ്രയീമിലെ ജനം, അതുപോലെ തന്റെ സ്വന്ത കുടുംബം, ആദിയായവര് വിശപ്പില്നിന്നും രക്ഷപ്പെട്ടു.
- പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം

(കാണുക: മിസ്രയീം, യാക്കോബ്)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 30:22-24
- ഉല്പ്പത്തി 33:1-3
- ഉല്പ്പത്തി 37:1-2
- ഉല്പ്പത്തി 37:23-24
- ഉല്പ്പത്തി 41:55-57
- യോഹന്നാന്:4-5

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **08:02 യോസേഫിന്റെ** സഹോദരന്മാര് അവനെ വെറുത്തു എന്തു കൊണ്ടെന്നാല് അവരുടെ പിതാവ് അവനെ ഏറ്റവും അധികമായി സ്നേഹിച്ചു കാരണം യോസേഫ് അവരുടെ ഭരണാധികാരി ആകും എന്നുള്ള സ്വപ്നം കണ്ടിരുന്നു.
- **08:04** അടിമ വ്യാപാരികള് **യോസേഫിനെ** മിസ്രയീമിലേക്ക് കൊണ്ടുപോയി.
- **08:05** കാരാഗ്രഹത്തില് പോലും **യോസേഫ്** ദൈവത്തോട് വിശ്വസ്തനായി നിലനിന്നു, ദൈവവും അവനെ അനുഗ്രഹിച്ചു.
- **08:07** ദൈവം **യോസേഫിനു** സ്വപ്നങ്ങളെ വ്യാഖ്യാനിക്കുവാന് ഉള്ള കഴിവ് നല്കി, ആയതിനാല് ഫറവോന് കാരാഗ്രഹത്തില് നിന്ന് അവനെ തന്റെ അടുക്കല് വരുത്തി.
- **08:09** നല്ല കൊയ്ത്തുള്ള ഏഴു വര്ഷങ്ങളില് വന്തോതില് ധാ ന്യം ശേഖരിക്കുവാന് **യോസേഫ്** ജനങ്ങളോട് ആവശ്യപ്പെട്ടു.
- **09:02** മിസ്രയീമ്യര് തുടര്ന്ന് **യോസേഫിനെയോ** താന് അവര്ക്ക് ചെയ്തതായ സഹായത്തെയോ ഓര്ത്തിരുന്നില്ല.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3084, H3130, G2500, G2501

# യോസേഫ് (പു.നി.)

## വസ്തുതകള്:

യോസേഫ് യേശുവിന്റെ ഭൌമിക പിതാവും തന്റെ മകനായി തന്നെ വളര്ത്തുകയും ചെയ്തിരുന്നു. താന്ഒരു തച്ചനായി പ്രവര്ത്തിച്ചു വന്ന ഒരു നീതിമാനായ വ്യക്തി ആയിരുന്നു.

- യോസേഫ് മറിയ എന്ന് പേരുള്ള ഒരു യഹൂദ പെണ്കുട്ടിയുമായി വിവാഹ നിശ്ചയം കഴിഞ്ഞിരുന്നു, അങ്ങനെ വിവാഹ നിശ്ചയം കഴിഞ്ഞിരുന്ന സന്ദര്ഭത്തില് മശീഹയായ യേശുവിന്റെ മാതാവ് ആകുവാനായി ദൈവം അവളെ തിരഞ്ഞെടുത്തു.
- ഒരു ദൈവദൂതന് യോസേഫിനോടു പറഞ്ഞത്, പരിശുദ്ധാത്മാവിനാല് അത്ഭുതകരമായ നിലയില് മറിയ ഗര്ഭവതി ആയിരിക്കുകയാല്, മറിയയുടെ മകന് ദൈവത്തിന്റെ പുത്രന് ആയിരിക്കും.
- യേശു ജനിച്ച ശേഷം, ഒരു ദൈവ ദൂതന് യോസേഫിനോട് ആ ശിശുവിനെയും മറിയയെയും ഹെരോദിന്റെ കയ്യില് നിന്നും രക്ഷപ്പെടുത്തേണ്ടതിനായി മിസ്രയീമിലേക്കു കൊണ്ടുപോകുവാന് മുന്നറിയിപ്പ് നല്കി.
- യോസേഫും തന്റെ കുടുംബവും പിന്നീട് ഗലീലിയിലെ നസറെത്തില് വന്നു താമസിക്കുകയും, തച്ചു വേല ചെയ്തുകൊണ്ട് ഉപജീവനം നടത്തുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ക്രിസ്തു, ഗലീലി, യേശു, നസറെത്ത്, ദൈവപുത്രന്, കന്യക)

## ദൈവ വചന സൂചികകള്:

- യോഹന്നാന്:43-45
- ലൂക്കോസ് 01:26-29
- ലൂക്കോസ് 02:4-5
- ലൂക്കോസ് 02:15-16
- മത്തായി 01:18-19
- മത്തായി 01:24-25
- മത്തായി 02:19-21
- മത്തായി 13:54-56

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **22:04** അവള് (മറിയ) ഒരു കന്യകയും **യോസേഫ്** എന്ന് പേരുള്ള ഒരു വ്യക്തിയുമായി വിവാഹ നിശ്ചയം കഴിഞ്ഞവളും ആയിരുന്നു.
- **23:01** മറിയയുമായി വിവാഹ നിശ്ചയം കഴിഞ്ഞ **യോസേഫ്** എന്ന മനുഷ്യന് നീതിമാനായ ഒരു വ്യക്തി ആയിരുന്നു മറിയ ഗര്ഭവതി ആയിരിക്കുന്നു എന്ന് താന് കേട്ടപ്പോള്, അത് തന്റെ കുഞ്ഞ് അല്ല എന്ന് താന് അറിഞ്ഞിരുന്നു. അവള്ക്കു മാനഹാനി വരുത്തണ്ട എന്ന് താന് കരുതിയതിനാല്, അവളെ രഹസ്യമായി തള്ളിക്കളയുവാന് താന് ആലോചന കഴിച്ചു.
- **23:02** ദൈവദൂതന് പറഞ്ഞത്, "**യോസേഫെ**, മറിയയെ നിന്റെ ഭാര്യയായി സ്വീകരിക്കുവാന് ശങ്കിക്കേണ്ട" എന്ന് ആയിരുന്നു. അവളുടെ ശരീരത്തില് ഉള്ള ശിശു പരിശുദ്ധാത്മാവിനാല് ഉള്ളതാണ്. അവള് ഒരു മകനെ പ്രസവിക്കും. അവനു യേശു എന്ന് പേര് നല്കുക (അതിന്റെ അര്ത്ഥം, 'യഹോവ രക്ഷിക്കുന്നു എന്നാണ്), എന്തുകൊണ്ടെന്നാല് താന് ജനത്തെ അവരുടെ പാപങ്ങളില് നിന്ന് രക്ഷിക്കും."
- **23:03** ആയതിനാല് **യോസേഫ്** മറിയയെ തന്റെ ഭാര്യയായി സ്വീകരിച്ചു അവളെ ഭവനത്തിലേക്ക് കൊണ്ടുപോയി, എന്നാല് അവള് പ്രസവിക്കുന്നത് വരെ അവളെ പരിഗ്രഹിച്ചിരുന്നില്ല.
- **23:04** **യോസേഫും** മറിയയും അവരുടെ പൂര്വ്വ പിതാവായ ദാവീദ് ബെത്ലെഹേം സ്വദേശി ആയതിനാല് അവര് ജീവിച്ചുവന്ന നസറെത്തില് നിന്നും ദീര്ഘ യാത്ര ചെയ്തു ബെത്ലെഹേമില് വരേണ്ടതായി കാണപ്പെട്ടു.
- **26:04** യേശു പറഞ്ഞു, "ഞാന് നി'ങ്ങള്ക്ക് വായിച്ചു കേള്പ്പിച്ച വചനങ്ങള് ഇപ്പോള് തന്നെ സംഭവിച്ചു കൊണ്ടിരിക്കുന്നു." സകല ജനങ്ങളും ആശ്ചര്യപ്പെട്ടു. "ഇവന് **യോസേഫിന്റെ** മകന് അല്ലയോ?" എന്ന് അവര് പറഞ്ഞു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2501

# യോഹന്നാന് (അപ്പോസ്തലന്)

## വസ്തുതകള്:

യോഹന്നാന് യെശുവിന്റെ പന്ത്രണ്ടു അപ്പൊസ്തലന്മാരില് ഒരുവനും യേശുവിന്റെ ഏറ്റവും അടുത്ത സ്നേഹിതന്മാരില് ഒരുവനും ആയിരുന്നു.

- യോഹന്നാനും തന്റെ സഹോദരനായിരുന്ന യാക്കോബും സെബെദി എന്ന് പേരുള്ള ഒരു മുക്കുവന്റെ പുത്രന്മാര് ആയിരുന്നു.
- യേശുവിന്റെ ജീവിതത്തെ ആസ്പദമാക്കി താന് എഴുതിയ സുവിശേഷത്തില്, യോഹന്നാന് തന്നെ ക്കുറിച്ച് പരാമര്ശിച്ചിരിക്കുന്നത് "യേശു സ്നേഹിച്ചതായ ശിഷ്യന്" എന്നാണ്. ഇത് സൂചിപ്പിക്കുന്നതായി കാണുന്നത് യോഹന്നാന് പ്രത്യേകമായി യേശുവിന്റെ അടുത്ത സുഹൃത്ത് ആയിരുന്നു എന്നാണ്.
- അപ്പോസ്തലനായ യോഹന്നാന് അഞ്ചു പുതിയ നിയമ ഗ്രന്ഥങ്ങള് എഴുതിയിട്ടുണ്ട്: യോഹന്നാന്റെ സുവിശേഷം, യേശുക്രിസ്തുവിന്റെ വെളിപ്പാട്, കൂടാതെ മറ്റു വിശ്വാസികള്ക്കായി എഴുതിയ മൂന്നു ലേഖനങ്ങള്.
- യോഹന്നാന് സ്നാപകനില് നിന്നും വ്യത്യസ്തനായ ഒരു വ്യക്തി ആയിരുന്നു അപ്പോസ്തലനായ യോഹന്നാന് എന്ന വസ്തുത ശ്രദ്ധിക്കുക.

(പരിഭാഷ നിര്ദേശങ്ങള്: (പേരുകള് പരിഭാഷ ചെയ്യുന്ന വിധം](പേരുകൾ എങ്ങിനെ തർജ്ജിമ ചെയ്യാം ))

(കാണുക: അപ്പോസ്തലന്, വെളിപ്പെടുത്തുക, യാക്കോബ് (സെബെദിയുടെ മകന്), യോഹന്നാന് (സ്നാപകന്), സെബെദി)

## ദൈവ വചന സൂചികകള്:

- ഗലാത്യര്:9-10
- യോഹന്നാന്:19-21
- മര്ക്കോസ് 03:17-19
- മത്തായി 04:21-22
- വെളിപ്പാട് 01:1-3

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **36:01** ഒരു ദിവസം, യേശു തന്റെ ശിഷ്യന്മാരില് മൂന്നു പേരായ, പത്രോസ്, യാക്കോബ്, **യോഹന്നാന്** എന്നീ മൂന്നു പേരെ തന്റെ കൂടെ കൊണ്ടു പോയി. (**യോഹന്നാന്** എന്ന് പേരുള്ള ശിഷ്യന് അല്ല യേശുവിനെ സ്നാനപ്പെടുത്തിയ അതേ പേരുള്ള വ്യക്തി) അവര് തന്നെ സ്വയം ഒരു ഉയര്ന്ന മലയിലേക്കു കടന്നു പോയി.
- **44:01** ഒരു ദിവസം, പത്രോസും, **യോഹന്നാനും** ദേവാലയത്തിലേക്ക് പോകുകയായിരുന്നു.

അവര് ദേവാലയ വാതില്ക്കല് എത്തിയപ്പോള്, ഒരു മുടന്തനായ മനുഷ്യന് പണം ഭിക്ഷ യാചിക്കുന്നതു കണ്ടു.

- **44:06** ദേവാലയ തലവന്മാര് പത്രോസും **യോഹന്നാനും** പറയുന്നത് കേട്ടപ്പോള് വളരെ പരിഭ്രാന്തരായി തീര്ന്നു.

ആയതിനാല് അവര് അവരെ കാരാഗ്രഹത്തില് അടച്ചു.

- **44:07** അടുത്ത ദിവസം, യഹൂദ നേതാക്കന്മാര് പത്രൊസിനെയും, **യോഹന്നാനെയും** മഹാ പുരോഹിതന്റെയും മറ്റു മത നേതാക്കന്മാരുടെയും അടുക്കല് കൊണ്ടു വന്നു. അവര്പത്രോസിനോടും **യോഹന്നാനോടും** "നിങ്ങള് ഏതു ശക്തികൊണ്ട് നിങ്ങള്ഈ മുടന്തനായ മനുഷ്യനു സൌഖ്യം വരുത്തി?" എന്ന് ചോദിച്ചു.
- **44:09** പത്രോസും **യോഹന്നാനും** അതി ധൈര്യത്തോടെ സംസാ രിക്കുന്നത് കണ്ടപ്പോള് നേതാക്കന്മാര് അമ്പരന്നു പോയി, എന്തുകൊണ്ടെ ന്നാല്ഈ മനുഷ്യര് സാധാരണ ആളുകള് എന്നും വിദ്യാഭ്യാസം ഇല്ലാത്തവര്എന്നും അവര്ക്ക് അറിയുവാന് കഴിഞ്ഞിരുന്നു. അനന്തരം അവര് യെശുവിനോട് കൂടെ ഉണ്ടായിരുന്നവര് എന്ന കാര്യം അവര് ഓര്ത്തു. അനന്തരം അവര് പത്രൊസിനെയും **യോഹന്നാനെയും** താക്കീത് ചെയ്തു പറഞ്ഞു വിട്ടു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

* Strong's: G2491

# യോഹന്നാന് (സ്നാപകന്)

## വസ്തുതകള്:

യോഹന്നാന് സെഖര്യാവിന്റെയും എലിസബെത്തിന്റെയും മകന് ആയിരുന്നു. "യോഹന്നാന്" എന്നത് ഒരു പൊതുവായ പേര് ആയതിനാല്, തന്നെ സാധാരണയായി "സ്നാപക യോഹന്നാന്" എന്ന് യോഹന്നാന് എന്നു പേരുള്ള മറ്റുള്ളവരില് നിന്ന് അപ്പോസ്തലനായ യോഹന്നാന് എന്നപോലെ വേര്തിരിച്ചു കാണിക്കുവാനായി വിളിച്ചു വന്നിരുന്നു.

- മശീഹയില് വിശ്വസിക്കുവാനും അനുഗമിക്കുവാനും ആയി ജനത്തെ ഒരുക്കേണ്ടതിനു വേണ്ടി ദൈവം അയച്ചതായ ഒരു പ്രവാചകന് ആയിരുന്നു യോഹന്നാന്.
- യോഹന്നാന് ജനത്തോടു അവരുടെ പാപങ്ങള് ഏറ്റു പറയുവാന് ആവശ്യപ്പെടുകയും, ദൈവത്തിങ്കലേക്കു തിരിയുവാനും, പാപം ചെയ്യുന്നത് നിര്ത്തുവാനും, അപ്രകാരം മശീഹയെ സ്വീകരിക്കുവാന് ഒരുക്കപ്പെടുകയും ചെയ്യേണ്ടതു ആവശ്യം ആയിരുന്നു.
- യോഹന്നാന് അനേകരെ വെള്ളത്തില് സ്നാനപ്പെടുത്തുക വഴി ജനം അവരുടെ പാപങ്ങള് നിമിത്തം ദു:ഖിതര് ആകുകയും അവയില് നിന്ന് അവര് തിരിഞ്ഞു മാറിപ്പോകുന്നു എന്നുള്ളതിന്റെ ഒരു അടയാളം നല്കുകയും ചെയ്യുന്നു.
- യോഹന്നാനെ "സ്നാപക യോഹന്നാന്" എന്ന് വിളിക്കുവാന് ഉണ്ടായ കാരണം താന് നിരവധി പേരെ സ്നാനപ്പെടുത്തി എന്നുള്ളത് ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: സ്നാനപ്പെടുത്തുക, സെഖര്യാവ്)

## ദൈവ വചന സൂചികകള്:

- യോഹന്നാന്:22-24
- ലൂക്കോസ് 01:11-13
- ലൂക്കോസ് 01:62-63
- ലൂക്കോസ് 03:7
- ലൂക്കോസ് 03:15-16
- ലൂക്കോസ് 07:27-28
- മത്തായി 03:13-15
- മത്തായി 11:13-15

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **22:02** ദൈവദൂതന് സെഖര്യാവിനോട് പറഞ്ഞത്,"നിന്റെ ഭാര്യയ്ക്ക് ഒരു മകന് ഉണ്ടാകും. നീ അവനു **യോഹന്നാന്** എന്ന് പേരിടണം. അവന് പരിശുദ്ധാത്മാവിനാല് നിറയപ്പെട്ടിരിക്കും, ജനത്തെ മശീഹയ്ക്ക് വേണ്ടി ഒരുക്കുകയും ചെയ്യും.
- **22:07** എലിസബത്ത് തന്റെ ആണ്കുഞ്ഞിനു ജന്മം നല്കിയ ശേഷം, ദൈവദൂതന് കല്പ്പിച്ചത് പോലെ സെഖര്യാവും എലിസബത്തും ചേര്ന്ന് ആ പൈതലിനു **യോഹന്നാന്** എന്ന് പേരിട്ടു.
- **24:01** സെഖര്യവിന്റെയും എലിസബെത്തിന്റെയും മകനായ **യോഹന്നാന്**, വളര്ന്നു വരികയും ഒരു പ്രവാചകന് ആകുകയും ചെയ്തു. താന് മരുഭൂമിയില് വസിക്കുകയും, കാട്ടുതേനും വെട്ടുക്കിളികളും ഭക്ഷിക്കുകയും, ഒട്ടകരോമം കൊണ്ട് ഉണ്ടാക്കിയ വസ്ത്രം ധരിക്കുകയും ചെയ്തു.
- **24:02 യോഹന്നാന്റെ** പ്രസംഗം കേള്ക്കേണ്ടതിനു നിരവധി ജനങ്ങള് പുറപ്പെട്ടു മരുഭൂമിയിലേക്ക് വന്നു. താന് അവരോടു പ്രസംഗിക്കുകയും, "മാനസ്സാന്തരപ്പെടുവിന്, എന്തുകൊണ്ടെന്നാല് ദൈവരാജ്യം സമീപിച്ചിരിക്കുന്നു!" എന്ന് പറയുകയും ചെയ്തു.
- **24:06** അടുത്ത ദിവസം, യേശു **യോഹന്നാനാല്** സ്നാനപ്പെടുവാനായി കടന്നു വന്നു. അവന് വരുന്നത് **യോഹന്നാന്** കണ്ടപ്പോള്, അവന് പറഞ്ഞത്, "നോക്കൂ! അതാ ലോകത്തിന്റെ പാപം ചുമന്നു തീര്ക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്".

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G910 G2491

# രബ്ബാ

## നിര്വചനം:

അമ്മോന്യ ജനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പട്ടണം ആയിരുന്നു രബ്ബാ.

- അമ്മോന്യര്ക്കു എതിരായുള്ള യുദ്ധങ്ങളില്, ഇസ്രയേല്യര് അടിക്കടി രബ്ബാ അക്രമിച്ചിരുന്നു.
- ഇസ്രയേല് രാജാവായ ദാവീദ് തന്റെ അവസാന യുദ്ധങ്ങള് ഒന്നില് രബ്ബാ പിടിച്ചെടുത്തു.
- ആധുനിക പട്ടണമായ അമ്മാന് ജോര്ദാന് ആയിരിക്കുന്ന സ്ഥലത്ത് ആയിരുന്നു രബ്ബാ സ്ഥിതി ചെയ്തു വന്നിരുന്നത്.

(കാണുക: അമ്മോന്, ദാവീദ്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്20:1
- 2 ശമുവേല് 12:26-28
- ആവര്ത്തന പുസ്തകം 03:11
- യെഹസ്കേല് 25:3-5
- യിരെമ്യാവ് 49:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7237

# രാമോത്ത്

## വസ്തുതകള്:

യോര്ദാന് നദിയുടെ സമീപം ഗിലയാദ് മലനിരകളില് കാണപ്പെട്ടിരുന്ന ഒരു പ്രധാന പട്ടണം ആയിരുന്നു രാമോത്ത്. ഇതിനെ രാമോത്ത് ഗിലയാദ് എന്നും വിളിച്ചിരുന്നു.

- രാമോത്ത് ഇസ്രയേല് ഗോത്രം ആയിരുന്ന ഗാദിനു ഉള്പ്പെട്ടതും ഒരു സാങ്കേത നഗരമായി നിയമിക്കപ്പെട്ടതും ആയിരുന്നു.
- ഇസ്രയേല് രാജാവായ ആഹാബും യഹൂദയിലെ രാജാവായ യെഹോശാഫാത്തും ആരാം രാജാവിന് എതിരായി രാമോത്തില് വെച്ച് യുദ്ധം ചെയ്യുക ഉണ്ടായി.

ആ യുദ്ധത്തില് ആഹാബ് കൊല്ലപ്പെടുവാന് ഇടയായി.

- ചില കാലങ്ങള്ക്ക് ശേഷം, അഹസ്യാവ് രാജാവും യോരാം രാജാവും രാമോത്ത് പട്ടണത്തെ ആരാം രാജാവിന്റെ കയ്യില്നിന്നും പിടിച്ചെടുക്കുവാനായി പരിശ്രമം നടത്തി.
- രാമോത്ത് ഗിലെയാദില് വെച്ചായിരുന്നു യേഹുവിനെ ഇസ്രയേലിന്മേല് രാജാവായി അഭിഷേകം ചെയ്തിരുന്നത്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുക)

(കാണുക: ആഹാബ്, അഹസ്യാവ്, ആരാം, ഗാദ്, യെഹോശാഫാത്ത്, യേഹു, യോരാം, യോര്ദാന് നദി, യഹൂദ, സങ്കേതം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 06:71-73
- 1 രാജാക്കന്മാര് 22:3-4
- 2 ദിനവൃത്താന്തങ്ങള് 18:1-3
- 2 രാജാക്കന്മാര് 08:28-29

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7216, H7418, H7433

# രാഹാബ്

## വസ്തുതകള്:

ഇസ്രയേല് യെരിഹോവിനെ ആക്രമിച്ചപ്പോള് ആ പട്ടണത്തില് ജീവിച്ചിരുന്ന ഒരു സ്ത്രീ ആയിരുന്നു രാഹാബ്. അവള് ഒരു വേശ്യ ആയിരുന്നു.

- ഇസ്രയേല് ജനം യെരിഹോ ആക്രമിക്കുന്നതിനു മുന്പ് അവിടെ ഒറ്റു നോക്കുവാന് വന്നതായ രണ്ടു ഇസ്രയേല്യരെ രാഹാബ് ഒളിപ്പിച്ചു വെച്ചിരുന്നു. അവള് ആ ഒറ്റുകാരെ തിരിച്ചു ഇസ്രയേല് പാളയത്തിലേക്ക് രക്ഷപ്പെട്ടു പോകുവാന് സഹായിച്ചു.
- രാഹാബ് യഹോവയില്വിശ്വസിക്കുന്നവള് ആയി തീര്ന്നു.
- യെരിഹോ തകര്ക്കപ്പെട്ടപ്പോള്, അവളും അവളുടെ കുടുംബവും അതില് നിന്ന് പരിപാലിക്കപ്പെടുകയും അവര് ഇസ്രയേല്യരോടൊപ്പം ജീവിക്കുവാന് ഇടയാകുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഇസ്രയേല്, യെരിഹോ, വേശ്യ)

## ദൈവ വചന സൂചികകള്:

- എബ്രായര്:29-31
- യാക്കോബ് 02:25-26
- യോശുവ 02:20-21
- യോശുവ 06:17-19
- മത്തായി 01:4-6

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **15:01** ആ പട്ടണത്തില്**രാഹാബ്** എന്ന് പേരുള്ള ഒരു വേശ്യ താമസിച്ചിരുന്നു, അവള് ഒറ്റുകാരെ ഒളിപ്പിക്കുകയും പിന്നീട് അവര് രക്ഷപ്പെടുവാന് സഹായിക്കയും ചെയ്തിരുന്നു. അവള് ദൈവത്തില് വിശ്വസിച്ചിരുന്നതു കൊണ്ടാണ് ഇപ്രകാരം ചെയ്തത്. ഇസ്രയേല് ജനം യെരിഹോ ആക്രമിക്കുന്ന സമയം അവളെയും കുടുംബത്തെയും രക്ഷിച്ചു കൊള്ളാമെന്നു **രാഹാബിനോട്** വാഗ്ദത്തം ചെയ്തിരുന്നു.
- **15:05** ദൈവം കല്പ്പിച്ചിരുന്ന പ്രകാരം ഇസ്രയേല്യര് ആ പട്ടണത്തില് ഉണ്ടായിരുന്ന സകലവും നശിപ്പിച്ചിരുന്നു, ആ പട്ടണത്തില് അവര് വധിക്കാതിരുന്നവര് **രാഹാബും** അവളുടെ കുടുംബക്കാരും മാത്രം ആയിരുന്നു. അവര് ഇസ്രയേല് ജനത്തിന്റെ ഭാഗമായി തീര്ന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7343, G4460

# രിമ്മോന്

## വസ്തുതകള്:

രിമ്മോന് എന്നത് ഒരു മനുഷ്യന്റെ പേരും അതുപോലെ തന്നെ ദൈവ വചനത്തില് സൂചിപ്പിട്ടുള്ള പല സ്ഥലങ്ങളുടെ പേരും ആകുന്നു. ഇത് ഒരു അസത്യ ദൈവത്തിന്റെ പേരും കൂടെ ആകുന്നു.

- രിമ്മോന് എന്ന് പേരുള്ള ഒരു മനുഷ്യന് സെബുലൂനില് ഉള്ള ബീരോത്ത് എന്ന പട്ടണത്തില് നിന്നുള്ള ഒരു ബെന്യാമീന്യന് ആയിരുന്നു. ഈ വ്യക്തിയുടെ മക്കള് യോനാഥാന്റെ മുടന്തനായ മകന്, ഈശ്ബോശേത്തിനെ വധിച്ചു.
- രിമ്മോന് എന്നത് ബെന്യാമീന് ഗോത്രം കൈവശപ്പെടുത്തിയ, യഹൂദായുടെ തെക്കന് ഭാഗത്തുള്ള ഒരു പട്ടണം ആയിരുന്നു.
- "രിമ്മോന് പാറ" എന്ന സ്ഥലം യുദ്ധത്തില് കൊല്ലപ്പെടാതെ രക്ഷപ്പെടെണ്ടതിനായി ബെഞ്യാമീന് ഗോത്രക്കാര് സുരക്ഷക്കായി ഓടി രക്ഷപ്പെട്ട സ്ഥലം ആയിരുന്നു.
- രിമ്മോന്പ പെരെസ് എന്നത് യഹൂദ മരുഭൂമിയില് ഉള്ള ഒരു അറിയപ്പെടാത്ത പ്രദേശം ആയിരുന്നു.
- അശൂര് സൈന്യാധിപന് ആയിരുന്ന നയമാന് അശൂര് രാജാവ് ആരാധിച്ചു വന്ന അസത്യ ദൈവത്തിന്റെ രിമ്മോനില് ഉള്ള ക്ഷേത്രത്തെ കുറിച്ചു പരാമര്ശിച്ചിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: ബെന്യാമീന്, യഹൂദ്യ, നയമാന്, അശൂര്, സെബുലൂന്)

## ദൈവ വചന സൂചികകള്:

- 2 രാജാക്കന്മാര് 05:17-19
- 2 ശമുവേല്:5-7
- ന്യായാധിപന്മാര്:45-46
- ന്യായാധിപന്മാര്:13-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7417

# രൂത്ത്

## വസ്തുതകള്:

ന്യായാധിപന്മാര് ഇസ്രയേലിനെ നയിച്ചു കൊണ്ട് വന്നിരുന്ന കാലഘട്ടത്തില് ജീവിച്ചു വന്നിരുന്ന ഒരു മോവാബ്യ സ്ത്രീ ആയിരുന്നു രൂത്ത്. ഇസ്രായേലിനെ ന്യായാധിപന്മാര് നയിച്ചു വന്നിരുന്ന കാലഘട്ടത്തില് സംഭവിച്ചതായ ക്ഷാമം നിമിത്തം കടന്നു പോയ ഒരു ഇസ്രയേല്യനായ മനുഷ്യനെ അവള് വിവാഹം ചെയ്തിരുന്നു.

- രൂത്തിന്റെ ഭര്ത്താവ് മരിച്ചു പോയിരുന്നു, അനന്തരം ചില നാളുകള്ക്കു ശേഷം അവള് മോവാബ് ദേശം വിട്ടു പോരുകയും തന്റെ അമ്മായിയമ്മ ആയ നവോമിയോടു കൂടെ തന്റെ സ്വദേശമായ ഇസ്രയേലിലെ ബെത്ലെഹേമിലേക്ക് യാത്ര ചെയ്തു വരികയും ചെയ്തു.
- രൂത്ത് നവോമിയോടു വളരെ അനുഭാവം ഉള്ളവളായി അവള്ക്കു ആഹാരം നല്കേണ്ടതിന് വളരെ കഠിനമായി അധ്വാനിച്ചു വന്നിരുന്നു.
- അവള് ഇസ്രയേലിന്റെ ഏക സത്യ ദൈവത്തെ ആരാധിക്കുവാന് തന്നെത്തന്നെ സമര്പ്പിക്കുകയും ചെയ്തു.
- രൂത്ത് ബോവസ് എന്ന് പേരുള്ള ഒരു ഇസ്രയേല്യനെ വിവാഹം കഴിക്കുകയും ഒരു മകനെ പ്രസവിക്കുകയും അവന് ദാവീദ് രാജാവിന്റെ പിതാമഹനായി തീരുകയും ചെയ്തു. രാജാവായ ദാവീദ് യേശു ക്രിസ്തുവിന്റെ പൂര്വികന് ആയി ത്തീര്ന്നതിനാല് രൂത്തും അപ്രകാരമായി തീര്ന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ബെത്ലെഹേം, ബോവസ്, ദാവീദ്, ന്യായാധിപന്)

## ദൈവ വചന സൂചികകള്:

- മത്തായി 01:4-6
- രൂത്ത് 01:3-5
- രൂത്ത് 03:8-9
- രൂത്ത് 04:5-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7327, G4503

# രൂബേന്

## വസ്തുതകള്:

രൂബേന് യാക്കോബിന്റെ ആദ്യത്തെ പുത്രന് ആയിരുന്നു. അവന്റെ മാതാവ് ലേയ ആയിരുന്നു.

- അവന്റെ സഹോദരന്മാര് അവരുടെ ഇളയ സഹോദരന് ആയിരുന്ന യോസേഫിനെ വധിക്കുവാന് ആസൂത്രണം ചെയ്തപ്പോള്, യോസേഫിനെ ഒരു പൊട്ടക്കിണറ്റില് ഇട്ടു കളയാം എന്ന് ആലോചന നല്കി അവന്റെ ജീവനെ രൂബേന് രക്ഷിച്ചു.
- രൂബേന് പിന്നീട് തിരികെ വന്നു യോസേഫിനെ രക്ഷിച്ചു എങ്കിലും, മറ്റു സഹോദരന്മാര് അവനെ ഒരു അടിമയായി ആ വഴി കടന്നു പോയ കച്ചവടക്കാര്ക്ക് വിറ്റു കളഞ്ഞു.
- രൂബേന്റെ സന്തതികള് ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളില്ഒന്നായി തീര്ന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: യാക്കോബ്, യോസേഫ്, ലേയ, ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 29:31-32
- ഉല്പ്പത്തി 35:21-22
- ഉല്പ്പത്തി 42:21-22
- ഉല്പ്പത്തി 4'2:37-38

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7205, H7206, G4502

# രെഹൊാബെയാം

## വസ്തുതകള്:

രേഹോബെയാം ശലോമോന് രാജാവിന്റെ മക്കളില് ഒരുവന് ആയിരുന്നു, താന് ശലോമോന് മരിച്ചതിനു ശേഷം ഇസ്രയേല് ദേശത്തിന്റെ രാജാവായി തീര്ന്നു.

- തന്റെ വാഴ്ചയുടെ ആരംഭത്തില്, രെഹോബെയാം തന്റെ ജനങ്ങളോട് വളരെ കഠിനമായി നടന്നു, അതിനാല് ഇസ്രയെലിന്റെ പത്തു ഗോത്രങ്ങള് അവനു എതിരായി ചെറുത്തു നില്ക്കുകയും വടക്ക് "ഇസ്രയേല്രാജ്യം" രൂപീകരിക്കുകയും ചെയ്തു.
- രെഹോബെയാം യഹൂദ എന്നും ബെന്യാമീന് എന്നും രണ്ടു ഗോത്രങ്ങള് ഉള്പ്പെടുന്ന തെക്കന് രാജ്യത്തിന്റെ രാജാവായി തുടരുകയും ചെയ്തു.
- രെഹോബെയാം യഹോവയെ അനുസരിക്കാത്ത ഒരു ദുഷ്ടനായ രാജാവായിരുന്നു, എന്നാല്താന് അസത്യ ദൈവങ്ങളെ ആരാധിച്ചു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഇസ്രയേല് രാജ്യം, യഹൂദ, ശലോമോന്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:10-12
- 1 രാജാക്കന്മാര്:41-43
- 1 രാജാക്കന്മാര്:21-22
- മത്തായി 01:7-8

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **18:0'5** ശലോമോന് മരിച്ച ശേഷം, തന്റെ മകനായ, **രെഹോബെയാം** രാജാവായി തീര്ന്നു. **രെഹോബെയാം** ഒരു വിഡ്ഢിയായ മനുഷ്യന് ആയിരുന്നു.
- **18:06 രെഹോബെയാം** ബുദ്ധിഹീനമായി ഉത്തരം പറഞ്ഞത് "എന്റെ പിതാവ് ആയ ശലോമോന്ന നിങ്ങളെ കഠിനമായി അധ്വാനിപ്പിച്ചു എന്ന് നിങ്ങള് ചിന്തിച്ചിരുന്നു, എന്നാല്ഞാന് നിങ്ങളുടെ അധ്വാനം അവന് ചെയ്തതിനേക്കാള് കൂടുതല് വര്ദ്ധിപ്പിക്കുകയും, ഞാന് നിങ്ങളെ കൂടുതല് കഠിനമായി ശിക്ഷിക്കുകയും ചെയ്യും എന്ന് ആയിരുന്നു.
- **18:0'7** ഇസ്രയേല് ദേശത്തിലെ പത്ത് ഗോത്രങ്ങള് **രെഹോബെയാമിനു** എതിരെ ചെറുത്തു നില്പ്പ് ഉണ്ടാക്കി. രണ്ടു ഗോത്രങ്ങള് മാത്രമേ അവനോട് വിശ്വസ്തരായി കഴിഞ്ഞു വന്നുള്ളൂ.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7346, G4497

# റാമ

## വസ്തുതകള്:

റാമ ഒരു പുരാതന പട്ടണമായി യെരുശലേമില്നിന്നും 8 കിലോമീറ്റര്ദൂരത്തില്സ്ഥിതി ചെയ്യുന്നു. ബെന്യാമീന്ഗോത്രക്കാര്വസിച്ചിരുന്ന മേഖലയില്ആയിരുന്നു ഇത്.

- റാമയില്ആയിരുന്നു റാഹേല്ബെന്യാമീനു ജന്മം നല്കിയതും മരിച്ചതും.
- ഇസ്രയേല്ജനം ബാബിലോനിലേക്ക് പ്രവാസികളായി കൊണ്ട് പോകപ്പെട്ടപ്പോള്, ബാബിലോനിലേക്ക് പോകുന്നതിനു മുന്പായി അവരെ റാമയിലേക്ക് കൊണ്ടു വന്നിരുന്നു.
- റാമ ശമുവേലിന്റെ മാതാവിന്റെയും പിതാവിന്റെയും സ്ഥലം ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ബെന്യാമീന്, ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 27:25-27
- 1 ശമുവേല്02:11
- 2 ദിനവൃത്താന്തങ്ങള് 16:1
- യിരെമ്യാവ് 31:15
- യോശുവ 18:25-28
- മത്തായി 02:17-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7414, G4471

# റാഹേല്

## വസ്തുതകള്:

റാഹേല് യാക്കോബിന്റെ ഭാര്യമാരില് ഒരാള് ആയിരുന്നു. അവളും തന്റെ സഹോദരി ലേയയും യാക്കോബിന്റെ അമ്മാവന് ആയിരുന്ന, ലാബാന്റെ പുത്രിമാര് ആയിരുന്നു.

- റാഹേല് യോസേഫിന്റെയും ബെന്യാമീന്റെയും അമ്മ ആയിരുന്നു, അവരുടെ സന്തതികള് ഇസ്രയേലിന്റെ രണ്ടു ഗോത്രങ്ങളായി തീര്ന്നു.
- വളരെ വര്ഷങ്ങളായി റാഹേലിനു മക്കളെ പ്രസവിക്കുവാന് കഴിഞ്ഞിരുന്നില്ല. അനന്തരം ദൈവം യോസേഫിനു ജന്മം നല്കുവാന് അവള്ക്കു ഇടയാക്കി.
- ചില വര്ഷങ്ങള്ക്കു ശേഷം, അവള് ബെന്യാമീനു ജന്മം നല്കുകയും, റാഹേല് മരിക്കുകയും, യാക്കോബ് അവളെ ബെത്ലെഹേമിന് സമീപം അടക്കം ചെയ്യുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ബെത്ലെഹേം, യാക്കോബ്, ലാബാന്, ലേയ, യോസേഫ്, ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 29:4-6
- ഉല്പ്പത്തി 29:19-20
- ഉല്പ്പത്തി 29:28-30
- ഉല്പ്പത്തി 31:4-6
- ഉല്പ്പത്തി 33:1-3
- മത്തായി 02:17-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7354, G4478

# റിബേക്ക

## വസ്തുതകള്:

അബ്രഹാമിന്റെ സഹോദരനായ നാഹോരിന്റെ ഒരു പൌത്രി ആയിരുന്നു റിബേക്ക.

- അബ്രഹാമിന്റെ മകനായ യിസഹാക്കിന്റെ ഭാര്യ ആകുവാന് ദൈവം റിബേക്കയെ തിരഞ്ഞെടുത്തു.
- റിബേക്ക താന് താമസിച്ചു വന്ന ആരാം നഹരായിം എന്ന മേഖല വിടുകയും അബ്രഹാമിന്റെ ദാസന്റെ കൂടെ യിസഹാക്ക് ജീവിച്ചു വന്നിരുന്ന നെഗേവ് എന്ന മേഖലയിലേക്ക് പോകുകയും ചെയ്തു.
- ദീര്ഘ നാളുകളായി റിബേക്കയ്ക്ക് മക്കള് ഇല്ലായിരുന്നു, എന്നാല് അവസാനം ദൈവം ഇരട്ട ആണ്കുഞ്ഞുങ്ങളായ എശാവിനെയും യാക്കൊബിനെയും നല്കി അവളെ അനുഗ്രഹിക്കുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അബ്രഹാം, ആരാം, എശാവ്, യിസഹാക്ക്, യാക്കോബ്, നാഹോര്, നെഗേവ്)

## ദൈവ വചന സൂചികകള്:

- ഉല്പത്തി 24:15-16
- ഉല്പത്തി 24:45-46
- ഉല്പത്തി 24:56-58
- ഉല്പത്തി 24:63-65
- ഉല്പത്തി 25:27-28
- ഉല്പത്തി 26:6-8

## ദൈവവചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **06:02** അബ്രഹാമിന്റെ ബന്ധുക്കള് താമസിക്കുന്ന ദേശത്തേക്ക് വളരെ ദീര്ഘ യാത്രക്ക് ശേഷം, ദൈവം ആ ദാസനെ **റിബേക്കയുടെ** അടുക്കലേക്കു നയിച്ചു. അവള് അബ്രഹാമിന്റെ സഹോദരന്റെ പൌത്രി ആയിരുന്നു.
- **06:06** ദൈവം **റിബേക്കയോട്** പറഞ്ഞത്, രണ്ടു ജാതികള് നിന്റെ ഉദരത്തില് ഉണ്ട് എന്നാണ്.
- **07:01** കുഞ്ഞുങ്ങള് വളര്ന്നു വന്നാറെ, **റിബേക്ക** യാക്കോബിനെ സ്നേഹിച്ചു, എന്നാല് യിസഹാക്ക് ഏശാവിനെ സ്നേഹിച്ചു.
- **07:03** യിസഹാക്ക് തന്റെ അനുഗ്രഹങ്ങള് ഏശാവിനു നല്കുവാന് ആഗ്രഹിച്ചു. എന്നാല് താന് അപ്രകാരം ചെയ്യുന്നതിനു മുന്പ്, **റിബേക്കയും** യാക്കോബും ചേര്ന്ന് യാക്കോബ് ആണ് എശാവ് എന്ന രീതിയില് അഭിനയിച്ചു തന്നെ കബളിപ്പിക്കുകയും ചെയ്തു.
- **07:06** എന്നാല്_**റിബേക്ക** ഏശാവിന്റെ പദ്ധതിയെ കുറിച്ച് കേട്ടു. ആയതിനാല് അവള് യാക്കോബിനെ തന്റെ ബന്ധുക്കളോട് കൂടെ ദൂര ദേശത്ത് ജീവിക്കുവാന് വേണ്ടി പറഞ്ഞയച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7259

# റോം, റോമന്

## വസ്തുതകള്:

പുതിയ നിയമ കാലഘട്ടങ്ങളില്, റോമാ പട്ടണം റോമന് സാമ്രാജ്യത്തിന്റെ കേന്ദ്രം ആയിരുന്നു. ഇത് ഇന്ന് ആധുനിക രാജ്യമായ ഇറ്റലിയുടെ തലസ്ഥാനം ആകുന്നു.

- റോമന് സാമ്രാജ്യം മെഡിറ്ററേനിയന് മേഖലയുടെ ചുറ്റുപാടും ഉള്ള സകല പ്രദേശങ്ങളും ഇസ്രയേല് ഉള്പ്പെടെ ഉള്ള പ്രദേശങ്ങള് ഭരണം നടത്തി വന്നിരുന്നു.
- "റോമന്'" എന്ന പദം റോമന് സര്ക്കാരിന്റെ നിയന്ത്രണത്തില് ഉള്ള മേഖലകളിലെ എന്തിനെയും, റോമ പൌരന്മാരെയും റോമന് ഉദ്യോഗസ്ഥന്മാരെയും ഉള്പ്പെടെ ഉള്ള എന്തിനെയും സൂചിപ്പിക്കുന്നു.
- അപ്പോസ്തലനായ പൌലോസിനെ യേശുവിനെ കുറിച്ചുള്ള സുവിശേഷം പ്രസംഗിച്ചു എന്നതിന്റെ പേരില് റോമ പട്ടണത്തിലേക്ക് ഒരു തടവുകാരന് ആയി കൊണ്ടു പോകുവാന്ഇടയായി.
- പുതിയ നിയമ പുസ്തകമായ "റോമാ ലേഖനം" റോമാ പട്ടണത്തില് ഉള്ള ക്രിസ്ത്യാനികള്ക്കു വേണ്ടി പൌലോസ് എഴുതിയ ലേഖനം ആകുന്നു.

(കാണുക: സുവിശേഷം, കടല്, പിലാത്തോസ്, പൌലോസ്).

## ദൈവ വചന സൂചികകള്:

- 2 തിമോത്തിയോസ് 01:15-18
- അപ്പോ.22:25-26
- അപ്പോ.28:13-15
- യോഹന്നാന്:47-48

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **23:04** മറിയയുടെ പ്രസവ കാലം സമീപം ആയി വന്നപ്പോള്, റോമന് സര്ക്കാര് എല്ലാവരും അവരുടെ പൂര്വ്വ പിതാക്കന്മാര് വസിച്ചു വന്നതായ സ്ഥലമായ പട്ടണത്തില്കടന്നു ചെന്ന് കാനേഷുമാരി കണക്കു കൊടുക്കുവാന് കല്പ്പന കൊടുത്തു.
- **32:06** അനന്തരം യേശു ഭൂതത്തോട് ചോദിച്ചു, "നിന്റെ പേര് എന്ത് ആകുന്നു?" അവന്മറുപടി പറഞ്ഞത്, "ഞങ്ങള് വളരെ അധികം പേര് ആകുന്നതു കൊണ്ട് എന്റെ പേര് ലെഗ്യോന് എന്ന് ആകുന്നു." (ഒരു "ലെഗ്യോന്'" എന്നത് അനേകം ആയിരം പടയാളികള് ഉള്പ്പെടുന്ന **റോമന്** സൈന്യത്തിലെ ഒരു വിഭാഗം ആകുന്നു.)
- **39:09** അടുത്ത പ്രഭാതം അതിരാവിലെ, യഹൂദ നേതാക്കന്മാര് യേശുവിനെ **റോമന്** ദേശാധിപതിയായ പിലാത്തോസിന്റെ അടുക്കല്, യേശുവിനെ വധിക്കണം എന്ന പ്രതീക്ഷയോടു കൂടെ കൊണ്ട് വരുവാന് ഇടയായി.
- **39:12** **റോമന്** സൈനികര് യെശുവിനെ ചാട്ടവാറു കൊണ്ട് അടിക്കുകയും ഒരു രാജകീയ അങ്കി ധരിപ്പിക്കുകയും മുള്ളുകളാല് നിര്മ്മിതമായ ഒരു കിരീടം ധരിപ്പിക്കുകയും ചെയ്തു. അനന്തരം "നോക്കുക, ഇതാ യഹൂദന്മാരുടെ രാജാവ്!" എന്ന് പറഞ്ഞു പരിഹസിക്കുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G4514, G4516

# ലാബാന്

## വസ്തുതകള്:

പഴയ നിയമത്തില്, ലാബാന്യാക്കോബിന്റെ അമ്മാവനും അമ്മായപ്പനും ആയിരുന്നു.

- ലാബാന്റെ പെണ്മക്കളെ വിവാഹം കഴിപ്പിക്കാം എന്ന വ്യവസ്ഥയുടെ മേല്യാക്കോബ് പദ്ദന്അരാമില്ഉള്ള ലാബാന്റെ ഭവനത്തോടു കൂടെ പാര്ക്കുകയും തന്റെ ചെമ്മരിയാടുകളെയും കോലാടുകളെയും പരിപാലനം ചെയ്യുകയും ചെയ്തു വന്നു.
- യാക്കോബിന്റെ മുന്ഗണന ലാബാന്റെ മകളായ റാഹേലിനെ തനിക്കു ഭാര്യയായി സ്വീകരിക്കുന്നതിനു ആയിരുന്നു.
- ലാബാന്യാക്കോബിനെ പറ്റിക്കുകയും റാഹേലിനെ അവനു ഭാര്യയായി കൊടുക്കുന്നതിനു പകരം ആദ്യം തന്നെ തന്റെ മൂത്ത മകളായ ലേയയെ വിവാഹം കഴിപ്പിച്ചു കൊടുത്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം](പേരുകൾ എങ്ങിനെ തർജ്ജിമ ചെയ്യാം ))

(കാണുക: യാക്കോബ്, നാഹോര്, ലേയ, രാഹേല്)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 24:28-30
- ഉല്പ്പത്തി 24:50-51
- ഉല്പ്പത്തി 27:43-45
- ഉല്പ്പത്തി 28:1-2
- ഉല്പ്പത്തി 29:4-6
- ഉല്പ്പത്തി 29:13-14
- ഉല്പ്പത്തി 30:25-26
- ഉല്പ്പത്തി 46:16-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3837

# ലാമെക്

## വസ്തുതകള്:

ലാമെക് എന്നുള്ള പേര് ഉല്പ്പത്തി പുസ്തകത്തില് രണ്ട് ആളുകളുടെ പേര് ആയി രേഖപ്പെടുത്തിയിട്ടുണ്ട്.

- ആദ്യത്തെ ലാമെക് കായിന്റെ സന്തതി ആയി രേഖപ്പെടുത്തിയിരിക്കുന്നു. താന് തന്റെ രണ്ടു ഭാര്യമാരോട് തന്റെ ഒരു മുറിവിനു പകരമായി ഒരു മനുഷ്യനെ തന്നെ കൊന്നു കളഞ്ഞു എന്ന് അഹങ്കരിച്ചു പറഞ്ഞു.
- രണ്ടാമത്തെ ലാമെക് സേത്തിന്റെ സന്തതി ആയിരുന്നു. താന് നോഹയുടെ പിതാവും ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കയീന്, നോഹ, സേത്ത്)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 04:18-19
- ഉല്പ്പത്തി 04:23-24
- ഉല്പ്പത്തി 05:25-27
- ഉല്പ്പത്തി 05:28-29
- [ഉല്പ്പത്തി 05:30-31[
- ലൂക്കോസ് 03:36-38

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3929, G2984

# ലാസര്

## വസ്തുതകള്:

ലാസറും തന്റെ സഹോദരിമാരായ മറിയയും മാര്ത്തയും യേശുവിന്റെ വിശിഷ്ട സുഹൃത്തുക്കള് ആയിരുന്നു. യേശു പലപ്പോഴും ബെഥാന്യയില്ഉള്ള അവരുടെ ഭവനത്തില്അവരോടുകൂടെ താമസിച്ചിട്ടുണ്ട്.

- മരിച്ചു ഒരു ഗുഹയില്അടക്കം ചെയ്തു പല ദിവസങ്ങള്ക്കു ശേഷം യേശു അവനെ മരണത്തില്നിന്നും ഉയിര്പ്പിച്ച വസ്തുത നിമിത്തം പ്രസിദ്ധന്ആയി തീര്ന്ന ഒരു വ്യക്തിയാണ് ലാസര്.
- യഹൂദ നേതാക്കന്മാര്യേശു ഈ അത്ഭുതം ചെയ്തത് നിമിത്തം യേശുവിനോട് കോപം ഉള്ളവരും അസൂയ നിറഞ്ഞവരുമായിരുന്നു, മാത്രമല്ല അവര്യേശുവിനെയും ലാസറിനെയും ഇരുവരെയും കൊല്ലുവാന്ഒരു വഴി കണ്ടുപ്പ്ടിക്കുവാന്ശ്രമിച്ചു കൊണ്ടിരുന്നു.
- യേശു പറഞ്ഞ ദരിദ്രനായ ഭിക്ഷക്കാരന്റെയും ധനവാന്റെയും ഉപമയില്ദരിദ്രന്റെ പേര് “ലാസര്” എന്ന് ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഭിക്ഷ യാചിക്കുക, യഹൂദ നേതാക്കന്മാര്, മാര്ത്ത, മറിയ, ഉയിര്പ്പിക്കുക)

## ദൈവ വചന സൂചികകള്:

- യോഹന്നാന്11:10-11
- യോഹന്നാന്12:1-3
- ലൂക്കോസ് 16:19-21

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **37:01** ഒരു ദിവസം, **ലാസര്** വളരെ കഠിനമായ രോഗം ബാധിച്ചവന്ആയിരിക്കുന്നു എന്ന സന്ദേശം യേശുവിനു ലഭിച്ചു, **ലാസറും** തന്റെ രണ്ടു സഹോദരിമാരായ, മറിയയും മാര്ത്തയും, യേശുവിന്റെ അടുത്ത സുഹൃത്തുക്കള്ആയിരുന്നു.
- **37:02** യേശു പറഞ്ഞു, “നമ്മുടെ സ്നേഹിതനായ **ലാസര്** നിദ്ര ചെയ്യുന്നു, ഞാന്അവനെ ഉണര്ത്തേണ്ടതു ആകുന്നു.”
- **37:03** യേശുവിന്റെ ശിഷ്യന്മാര്മറുപടി പറഞ്ഞത്, “ഗുരുവേ, **ലാസര്** നിദ്ര ചെയ്യുകയാണെങ്കില്, താന്സൌഖ്യം പ്രാപിക്കും.” അപ്പോള്യേശു അവരോടു വ്യക്തമായി പറഞ്ഞത്, “**ലാസര്** മരിച്ചിരിക്കുന്നു” എന്നാണ്.
- **37:04** യേശു **ലാസരിന്റെ** സ്വന്ത പട്ടണത്തില്എത്തി ചേര്ന്നപ്പോള്, **ലാസര്** മരിച്ചു നാല് ദിവസങ്ങള്കഴിഞ്ഞിരുന്നു.
- 37:06__ യേശു അവരോടു ചോദിച്ചത്, “നിങ്ങള് **ലാസറിനെ** എവിടെയാണ് വെച്ചിരിക്കുന്നത്?”
- **37:09** അനന്തരം യേശു ഉറക്കെ വിളിച്ചു പറഞ്ഞത്, “**ലാസറെ,** പുറത്ത് വരിക!” എന്നു ആയിരുന്നു.
- **37:10** അതുകൊണ്ട് **ലാസര്** പുറത്ത് വന്നു!” താന്അപ്പോഴും ശീലകളാല്ചുറ്റപ്പെട്ടവന്ആയിത്തന്നെ ആയിരുന്നു.
- **37:11** എന്നാല്യഹൂദന്മാരുടെ മത നേതാക്കന്മാര്അസൂയ ഉള്ളവര്ആയിരുന്നു, അതുകൊണ്ട് അവര്ഒരുമിച്ചു കൂടി യേശുവിനെയും **ലാസറിനെയും** എപ്രകാരം കൊന്നു കളയാം എന്ന് ആലോചന കഴിച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2976

# ലിവ്യാഥാൻ

## വസ്തുതകൾ:

“ലിവ്യാഥാൻ” എന്ന പദം ആദ്യ കാല പഴയ നിയമ രചനകളായ ഇയ്യോബ്, സങ്കീർത്തനങ്ങൾ, യെശ്ശയ്യാവ് ആദിയായ പുസ്തകങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള ഒരു വലിപ്പം ഏറിയ, നാമാവശേഷമായിട്ടുള്ള മൃഗം ആകുന്നു.

- ലിവ്യാഥാൻഎന്നത് ഒരു വലിയ, പാമ്പ് പോലെയുള്ളതും, ശക്തിയും ശൌര്യവും ഉള്ളതായി തനിക്കു ചുറ്റുമുള്ള വെള്ളത്തെ “തിളക്കുന്നത്” പോലെ ആക്കിത്തീർക്കുവാൻകഴിവുള്ളതുമായ ഒരു ജീവി ആയിരുന്നു. ഇതിന്റെ വിവരണങ്ങൾദിനോസറസിനോട് സാമ്യം ഉള്ളതായി കാണപ്പെട്ടിരുന്നു.
- പ്രവാചകനായ യെശ്ശയ്യാവ് ലിവ്യാഥാനെ “പറക്കുന്ന സർപ്പം” എന്ന് സൂചിപ്പിക്കുന്നു.
- ഇയ്യോബ് ലിവ്യാഥാനെ കുറിച്ച് നേരിട്ടുള്ള അറിവിൽനിന്ന് എഴുതുന്നതിനാൽ, ആ മൃഗം തന്റെ ജീവിത കാല അളവിൽജീവനോടെ മിക്കവാറും ഉണ്ടായിരുന്നിരിക്കാം.

(പരിഭാഷ നിർദേശങ്ങൾ: പേരുകളുടെ പരിഭാഷ)

(കാണുക: യെശ്ശയ്യാവ്, ഇയ്യോബ്, സർപ്പം)

## ദൈവ വചന സൂചികകൾ:

- ഇയ്യോബ് 03:8-10
- സങ്കീർത്തനങ്ങൾ104:25-26

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3882

# ലുസ്ത്ര

## വസ്തുതകള്:

പൌലോസ് തന്റെ മിഷനറി യാത്രകള്ഒന്നില് സന്ദര്ശിച്ചതായ പുരാതന ഏഷ്യ മൈനറില് ഉള്ള ഒരു പട്ടണം ആയിരുന്നു ലുസ്ത്ര. ഇത് ഇപ്പോഴത്തെ ആധുനിക ടര്ക്കി എന്ന രാജ്യത്തില് ഉള്ള ലുക്കവോന്യ മേഖലയില് സ്ഥിതി ചെയ്തിരുന്നു.

- പൌലോസിനും തന്റെ സഹപ്രവര്ത്തകര്ക്കും നേരെ ഇക്കൊന്യയിലെ യഹൂദന്മാര്ഭീഷണി ഉയര്ത്തിയപ്പോള്അവര്ദെര്ബയ്ക്കും ലുസ്ത്രയ്ക്കും ഓടി രക്ഷപ്പെട്ടു.
- ലുസ്ത്രയില്, പൌലോസ് തനിക്കു സഹ സുവിശേഷകനായും സഭാ സ്ഥാപകനും ആയി ത്തീര്ന്ന തിമോത്തിയോസിനെ കണ്ടു മുട്ടി.
- ലുസ്ത്രയില്മുടന്തനായ ഒരു മനുഷ്യനെ പൌലോസ് സൌഖ്യമാക്കിയതിനു ശേഷം, ജനങ്ങള്പൌലൊസിനെയും ബര്ന്നബാസിനെയും ദൈവങ്ങളായി ആരാധിക്കുവാന്പരിശ്രമിച്ചു, എന്നാല്അപ്പോസ്തലന്മാര്അവരെ ശാസിക്കുകയും അപ്രകാരം അവര്ചെയ്യുന്നതില്നിന്നും പിന്തിരിപ്പിക്കുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:സുവിശേഷകന്, ഇക്കൊന്യ, തിമോത്തിയോസ്)

## ദൈവ വചന സൂചികകള്:

- 2 തിമോത്തിയോസ് 03:10-13
- അപ്പോ.14:5-7
- അപ്പോ.14:8-10
- അപ്പോ.14:21-22

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G3082

# ലൂക്കോസ്

## വസ്തുതകൾ:

ലൂക്കോസ് പുതിയ നിയമത്തിൽരണ്ടു പുസ്തകങ്ങൾരചിച്ചിട്ടുണ്ട്: ലൂക്കോസിന്റെ സുവിശേഷവും അപ്പോസ്തല പ്രവർത്തികളുടെ പുസ്തകവും.

- കൊലോസ്യർക്കുള്ള തന്റെ ലേഖനത്തിൽ, പൌലോസ് ലൂക്കൊസിനെ ഒരു ഭിഷഗ്വരൻഎന്ന് സൂചിപ്പിക്കുന്നു. തന്റെ മറ്റു രണ്ടു ലേഖനങ്ങളിലും കൂടെ പൌലോസ് ലൂക്കൊസിനെ സൂചിപ്പിക്കുന്നുണ്ട്.
- ലൂക്കോസ് ഒരു ഗ്രീക്കുകാരനും പുറജാതിയും ആയ വ്യക്തി എന്ന നിലയിൽനിന്നാണ് ക്രിസ്തുവിനെ അറിയുവാൻഇടയായത് എന്ന് കരുതുന്നു. തന്റെ സുവിശേഷത്തിൽ, ലൂക്കോസ് സകല ജനങ്ങളെ കുറിച്ചും, അതായത് യഹൂദന്മാരോടും ജാതികളോടും ഉള്ളതായ യേശുവിന്റെ സ്നേഹത്തെ കുറിച്ച് ഉള്ളതായ പരാമർശങ്ങൾസ്പഷ്ടമാക്കുന്ന നിരവധി കാര്യങ്ങൾഉൾപ്പെടുത്തിയിട്ടുണ്ട്.
- പൌലോസിന്റെ രണ്ടു മിഷനറി യാത്രകളിൽലൂക്കോസ് തന്നെ അനുഗമിക്കുകയും തന്റെ പ്രവർത്തനങ്ങളിൽസഹായിക്കുകയും ചെയ്തിട്ടുണ്ട്.
- ചില ആദ്യകാല സഭാ രചനകളിൽ, ലൂക്കോസ് സിറിയയിൽഉള്ള അന്ത്യോക്യ പട്ടണത്തിൽജനിച്ചു എന്ന് പറഞ്ഞിരിക്കുന്നു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അന്ത്യോക്യ, പൌലോസ്, സിറിയ)

## ദൈവ വചന സൂചികകൾ:

- 2 തിമോത്തിയോസ് 04:11-13
- കൊലൊസ്സ്യർ04:12-14
- ഫിലേമോൻ01:23-25

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

# ലെബനോന്

## വസ്തുതകള്:

ഇസ്രയേലിന്റെ വടക്കായി, മെഡിറ്ററേനിയന് കടലിന്റെ തീര പ്രദേശത്ത് സ്ഥിതി ചെയ്തിരുന്ന മനോഹരമായ പര്വത പ്രദേശമാണ് ലെബനോന്. ദൈവ വചന കാലഘട്ടത്തില്ഈ മേഖല ഖദിര മരങ്ങളും കാറ്റാടി മരങ്ങളും പോലെയുള്ള ദേവദാരു വൃക്ഷങ്ങള്ഇടതൂര്ന്നു വളര്ന്നു വന്ന ഒരു മേഖല ആയിരുന്നു.

- രാജാവായ ശലോമോന്ദൈവത്തിന്റെ ആലയ നിര്മ്മാണത്തിനു വേണ്ടി ഉപയോഗിക്കുവാന്ഖദിര മരം മുറിക്കേണ്ടതിനു ലെബനോനിലേക്ക് ആളുകളെ അയച്ചു.
- പുരാതന ലെബനോന്ഫോയ്നീഷ്യന്ജനങ്ങള്വസിക്കുന്ന സ്ഥലം ആയിരുന്നു, അവര്വിജയകരമായ വാണിജ്യ വ്യവസായത്തില്ഉപയോഗിക്കുന്ന കപ്പല്നിര്മ്മാണത്തില്സമര്ത്ഥരായ നിര്മ്മിതാക്കള്ആയിരുന്നു.
- സോര്എന്നും സീദോന്എന്നും പേരുള്ള പട്ടണങ്ങള് ലെബനോനില്സ്ഥിതി ചെയ്യുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഖദിരം, കാറ്റാടി, ദേവദാരു, ഫോയ്നിഷ്യ)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്04:32-34
- 2 ദിനവൃത്താന്തങ്ങള്02:8-10
- ആവര്ത്തന പുസ്തകം 01:7-8
- സങ്കീര്ത്തനങ്ങള് 029:3-5
- സെഖര്യാവ് 10:8-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3844

# ലേയ

## വസ്തുതകള്:

യാക്കോബിന്റെ ഭാര്യമാരില്ഒരാള്ആയിരുന്നു ലേയ. അവള്യാക്കോബിന്റെ പത്ത് പുത്രന്മാരുടെയും അവരുടെ സന്തതികളുടെയും മാതാവും അതുപോലെ തന്നെ ഇസ്രയേലിലെ പന്ത്രണ്ടു ഗോത്രങ്ങളില്പത്തു എണ്ണത്തിന്റെയും ആയിരുന്നു.

- ലേയയുടെ പിതാവ് ലാബാന്ആയിരുന്നു, താന്യാക്കോബിന്റെ അമ്മയുടെ സഹോദരന്ആയിരുന്നു.
- യാക്കോബ് തന്റെ വേറൊരു ഭാര്യയായ റാഹേലിനെ സ്നേഹിച്ചത് പോലെ ലേയയെ സ്നേഹിച്ചിരുന്നില്ല, എന്നാല്ദൈവം ലേയ്ക്ക് ധാരാളം മക്കളെ നല്കിക്കൊണ്ട് അവളെ സമൃദ്ധമായി അനുഗ്രഹിച്ചു.
- ലേയയുടെ മകനായ യഹൂദ ദാവീദ് രാജാവിന്റെയും യേശുവിന്റെയും പൂര്വ്വികന്ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: യാക്കോബ്, യഹൂദ, ലാബാന്, റാഹേല്, റിബേക്ക, ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 29:15-18
- ഉല്പ്പത്തി 29:28-30
- ഉല്പ്പത്തി 31:4-6
- രൂത്ത് 04:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3812

# ലേവി, ലേവ്യൻ, ലേവ്യർ, ലേവ്യരെ സംബന്ധിച്ച

## നിർവചനം:

യാക്കോബിന്റെ, അല്ലെങ്കിൽഇസ്രയേലിന്റെ പന്ത്രണ്ടു പുത്രന്മാരിൽഒരുവൻആയിരുന്നു ലേവി. “ലേവ്യൻ” എന്ന പദം ലേവി പൂർവികൻആയിരിക്കുന്ന ഇസ്രയേല്യ ഗോത്രത്തിലെ അംഗമായിരിക്കുന്ന ഒരു വ്യക്തിയെ സൂചിപ്പിക്കുന്നു.

- ലേവ്യർദേവാലയത്തിന്റെ ചുമതലകളും യാഗം അർപ്പിക്കുന്നതും പ്രാർത്ഥന സംബന്ധിച്ചും ഉള്ള മതപരമായ ചടങ്ങുകൾനിർവഹിക്കുവാൻനിയമിക്കപ്പെട്ടവർആയിരുന്നു.
- സകല യഹൂദ പുരോഹിതന്മാരും ലേവ്യർആയിരുന്നു, അവർലേവിയിൽനിന്നും ഉള്ളവരും ലേവ്യ ഗോത്രത്തിന്റെ ഭാഗഭാക്കുകളും ആയിരുന്നു. (എന്നിരുന്നാലും, എല്ലാ ലേവ്യരും പുരോഹിതന്മാർആയിരുന്നില്ല)
- ലേവ്യ പുരോഹിതന്മാർദേവാലയത്തിൽദൈവത്തിന്റെ പ്രത്യേക ശുശ്രൂഷകൾചെയ്യുവാൻവേർതിരിക്കപ്പെട്ടവരും സമർപ്പിക്കപ്പെട്ടവരും ആയിരുന്നു.
- ”ലേവി” എന്ന് പേരുള്ള മറ്റു രണ്ടു വ്യക്തികൾയേശുവിന്റെ പൂർവികന്മാർആയിരുന്നു, അവരുടെ പേരുകൾലൂക്കോസിന്റെ സുവിശേഷത്തിലെ വംശാവലി പട്ടികയിൽഉണ്ട്.
- യേശുവിന്റെ ശിഷ്യൻആയിരുന്ന മത്തായിയെ ലേവി എന്നും വിളിച്ചു വന്നിരുന്നു.

(കാണുക:മത്തായി, പുരോഹിതൻ, യാഗം, ദേവാലയം, ഇസ്രയേലിലെ പന്ത്രണ്ടു ഗോത്രങ്ങൾ)

## ദൈവ വചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ02:1-2
- 1 രാജാക്കന്മാർ08:3-5
- അപ്പോ.04:36-37
- ഉൽപ്പത്തി 29:33-34
- യോഹന്നാൻ01:19-21
- ലൂക്കോസ് 10:31-32

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3878, H3879, H3881, G3017, G3018, G3019, G3020

# ലോത്ത്

## വസ്തുതകൾ:

ലോത്ത് അബ്രഹാമിന്റെ സഹോദര പുത്രൻആയിരുന്നു.

- താൻഅബ്രഹാമിന്റെ സഹോദരനായ ഹാരാന്റെ മകൻആയിരുന്നു.
- ലോത്ത് അബ്രഹാമിനോട് കൂടെ കനാനിലേക്ക് യാത്ര ചെയ്യുകയും സോദോം എന്ന പട്ടണത്തിൽതാമസിക്കുകയും ചെയ്തു.
- മോവാബ്യരുടെയും അമ്മോന്യരുടെയും പൂർവ പിതാവ് ആയിരുന്നു ലോത്ത്.
- ശത്രു രാജാക്കന്മാർസോദോം ആക്രമിക്കുകയും ലോത്തിനെ പിടിച്ചു കൊണ്ടു പോകുകയും, അബ്രഹാം പലശതം ആളുകളുമായി കടന്നു വന്നു ലോത്തിനെയും തനിക്കുള്ള സകലത്തിനെയും വീണ്ടെടുക്കുകയും ചെയ്തു.
- സോദോം പട്ടണ വാസികളായ ജനങ്ങൾവലോരെ ദുഷ്ടന്മാർആയിരുന്നതിനാൽ, ദൈവം ആ പട്ടണത്തെ നശിപ്പിച്ചു. എന്നാൽതാൻആദ്യം തന്നെ ലോത്തിനോടും കുടുംബത്തോടും ആ പട്ടണം വിട്ടു ഓടിപ്പോകുവാൻപറഞ്ഞു, അതിനാൽഅവർക്ക് രക്ഷപ്പെടുവാൻകഴിയും.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അബ്രഹാം, അമ്മോൻ, ഹാരാൻ, മോവാബ്, സോദോം)

## ദൈവ വചന സൂചികകൾ:

- 2 പത്രോസ് 02:7-9
- ഉൽപ്പത്തി 11:27-28
- ഉൽപ്പത്തി 12:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3876, G3091

# വസ്ഥി

## വസ്തുതകള്:

പഴയ നിയമ പുസ്തകമായ എസ്ഥേറില്, വസ്ഥി പേര്ഷ്യന് രാജാവായിരുന്ന അഹശ്വരോശിന്റെ ഭാര്യ ആയിരുന്നു.

- അഹശ്വരോശ് രാജാവ് വസ്ഥി രാജ്ഞിയോടു വരുവാനായി ആവശ്യപ്പെട്ടു ആളയച്ചപ്പോള്, അവിടെ നടന്നതായ വിരുന്നില് മദ്യപാനികളായ അതിഥികളുടെ മുന്പില് താന് വരുന്നതിനോ തന്റെ സൌന്ദര്യം പ്രദര്ശിപ്പിക്കുന്നതിനോ സമ്മതിക്കാതെ രാജാവിന്റെ കല്പ്പന അനുസരിക്കുവാന് വിസ്സമ്മതം പ്രകടിപ്പിച്ചു.
- അതിന്റെ ഫലമായി, ഒരു പുതിയ രാജ്ഞിക്കായുള്ള അന്വേഷണം പുറപ്പെടുവിക്കുകയും തത്ഫലമായി രാജാവിന്റെ പുതിയ ഭാര്യയായി എസ്ഥേര് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുക)

(കാണുക: അഹശ്വരോശ്, എസ്ഥേര്, പേര്ഷ്യ)

## ദൈവ വചന സൂചികകള്:

- എസ്ഥേര്:9-11
- എസ്ഥേര്:1-2
- എസ്ഥേര്:17-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2060

# ശമര്യ, ശമര്യക്കാരന്

## വസ്തുതകള്

ശമര്യ എന്നത് ഇസ്രയേലിന്റെ വടക്കന് പ്രദേശത്തില് ഉള്ള ഒരു പട്ടണത്തിന്റെയും അതിന്റെ ചുറ്റുപാടും ഉള്ള പ്രദേശത്തിന്റെയും പേരാണ്. ഈ മേഖല പടിഞ്ഞാറ് ശാരോന് താഴ്വരയുടെയും കിഴക്ക് യോര്ദാന് നദിയുടെയും മധ്യത്തില് ആയി സ്ഥിതി ചെയ്തിരുന്നു.

- പഴയ നിയമത്തില്, ശമര്യ ഇസ്രയേല് എന്ന വടക്കന് രാജ്യത്തിന്റെ തലസ്ഥാന നഗരി ആയിരുന്നു.

പില്ക്കാലത്ത് ഇതിന്റെ ചുറ്റുപാടും ഉള്ള പ്രദേശങ്ങളും ശമര്യ എന്ന് അറിയപ്പെട്ടു വന്നു.

- അശൂര്യര് ഇസ്രയേല് എന്ന വടക്കന് രാജ്യത്തെ കീഴടക്കിയപ്പോള്, അവര് ശമര്യ പട്ടണത്തെ പിടിച്ചടക്കുകയും ഭൂരിഭാഗം ഇസ്രയേല്യരെയും ആ മേഖല വിട്ടു പോകുവാന് നിര്ബന്ധിക്കുകയും ചെയ്തു, അശൂരില് ഉള്ള വിവിധ പട്ടണങ്ങളിലേക്കു പോകുവാന് ഇട വരുത്തി.
- അശൂര്യര് നിരവധി വിദേശികളെ ശമര്യയുടെ മേഖലയിലേക്ക് കൊണ്ട് വരികയും ഇസ്രയേല്യര് വിട്ടുപോയ സ്ഥലത്തേക്ക് അവരെ പകരമായി മാറ്റിപ്പാര്പ്പിക്കുകയും ചെയ്തു.
- അവിടെ ശേഷിച്ചിരുന്ന ഇസ്രയേല്യര് വിദേശികള് ആയി കടന്നു വന്നവരെ വിവാഹം കഴിക്കുകയും, അങ്ങനെ അവരുടെ സന്തതികളെ ശമര്യക്കാര് എന്ന് വിളിക്കുവാന് ഇട വരികയും ചെയ്തു.
- യഹൂദന്മാര് ശമര്യക്കാരെ വെറുത്തിരുന്നു, കാരണം അവര് ഭാഗികമായി യഹൂദന്മാരും അവരുടെ പൂര്വികന്മാര് ജാതീയ ദൈവങ്ങളെ ആരാധിക്കുന്നവരും ആയിരുന്നു.
- പുതിയ നിയമ കാലഘട്ടത്തില്, ശമര്യ എന്ന മേഖല അതിന്റെ വടക്ക് ഭാഗത്ത് ഗലീല പ്രദേശവും, തെക്ക് ഭാഗത്ത് യഹൂദ്യ പ്രദേശവും അതിര്ത്തികളായി കാണപ്പെട്ടിരുന്നു.

(കാണുക: അശ്ശൂര്, ഗലീല, യഹൂദ്യ, ശാരോന്, ഇസ്രയേല് രാജ്യം).

## ദൈവ വചന സൂചികകള്:

- അപ്പോ. 08:1-3
- അപ്പോ. 08:4-5
- യോഹന്നാന് 04:4-5
- ലൂക്കോസ് 09:51-53
- ലൂക്കോസ് 10:33-35

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **20:04** അനന്തരം അശൂര്യര് വിദേശികള് ആയവരെ ഇസ്രയേല് രാജ്യം ആയിരുന്ന സ്ഥലത്തേക്ക് താമസിക്കുവാനായി കൊണ്ടു വന്നു. വിദേശികള് നശിപ്പിക്കപ്പെട്ട പട്ടണങ്ങളെ പുനര്:നിര്മ്മാണം നടത്തുകയും അവിടെ ശേഷിച്ചിരുന്നവര് ആയിരുന്ന ഇസ്രയേല്യരെ വിവാഹം കഴിക്കുകയും ചെയ്തിരുന്നു. വിദേശികളെ വിവാഹം കഴിച്ചിരുന്ന ഇസ്രയേല്യരുടെ സന്തതികളെ **ശമര്യക്കാര്** എന്ന് വിളിച്ചിരുന്നു.
- **27:08** "ആ വഴിയായി നടന്നു വന്ന അടുത്ത വ്യക്തി ഒരു **ശമര്യക്കാരന്** ആയിരുന്നു. ( **ശമര്യക്കാര്** മറ്റു ദേശങ്ങളില് നിന്നും ഉള്ളവരെ വിവാഹം കഴിച്ചിരുന്ന യഹൂദന്മാരുടെ സന്തതികള് ആയിരുന്നു. **ശമര്യക്കാരും** യഹൂദന്മാരും പരസ്പരം വിദ്വേഷം വെച്ച് പുലര്ത്തി വന്നിരുന്നു.)"
- **27:09** "**ശമര്യക്കാരന്** ആ മനുഷ്യനെ തന്റെ സ്വന്തം കഴുതപ്പുറത്ത് കയറ്റുകയും വഴി അരികെയുള്ള സത്രത്തിലേക്ക് കൊണ്ട് പോകുകയും അവനെ ശുശ്രൂഷിക്കേണ്ടതിനായി അവിടെ ഏല്പ്പിക്കുകയും ചെയ്തു."
- **45:07** അവന്(ഫിലിപ്പോസ്)**ശമര്യയിലേക്ക്** പോകുകയും അവിടെ യേശുവിനെ കുറിച്ച് പ്രസംഗിക്കുകയും നിരവധി പേര് രക്ഷിക്കപ്പെടുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8111, H8115, H8118, G4540, G4541, G4542

# ശമുവേല്

## വസ്തുതകള്:

ശമുവേല് ഒരു പ്രവാചകനും ഇസ്രയേലിന്റെ അവസാനത്തെ ന്യായാധിപതിയും ആയിരുന്നു. താന് ശൌലിനെയും ദാവീദിനെയും ഇസ്രയേലിന് രാജാക്കന്മാരായി അഭിഷേകം ചെയ്തിരുന്നു.

- രാമാ എന്ന പട്ടണത്തില് എല്ക്കാനയ്ക്കും ഹന്നയ്ക്കും ജനിച്ചവന് ആയിരുന്നു ശമുവേല്. ഹന്ന ഒരു വന്ധ്യ ആയിരുന്നു, ആയതിനാല് താന് ദൈവത്തോട് തനിക്കു ഒരു മകനെ നല്കണം എന്ന് വളരെ മുട്ടിപ്പായി പ്രാര്ഥിച്ചു വന്നിരുന്നു. ആ പ്രാര്ത്ഥനയ്ക്കുള്ള മറുപടി ആയിരുന്നു ശമുവേല്.
- തന്റെ നിരാശാജനകമായ പ്രാര്ത്ഥനയ്ക്ക് മറുപടിയായി ദൈവം തനിക്കു ഒരു ആണ്കുഞ്ഞിനെ നല്കും എങ്കില്, അവളുടെ അപേക്ഷ അനുവദിച്ചു നല്കും എങ്കില്, അവള് ആ കുഞ്ഞിനെ യഹോവയ്ക്ക് സമര്പ്പിക്കും എന്ന് ഹന്ന വാഗ്ദത്തം ചെയ്തിരുന്നു.
- തന്റെ വാഗ്ദത്തം ദൈവ സന്നിധിയില് നിറവേറ്റെണ്ടതിനു, ശമുവേല് ഒരു ബാലന് ആയിരിക്കുമ്പോള്ത തന്നെ, ഹന്ന അവനെ ഏലിയെ സഹായിക്കേണ്ടതിനും അവനോടൊപ്പം ആയിരിക്കേണ്ടതിനും വേണ്ടി ദേവാലയത്തില് അവനോടൊപ്പം അയക്കുക ഉണ്ടായി.
- ദൈവം ശമുവേലിനെ ഒരു വലിയ പ്രവാചകന് ആയി ഉയര്ത്തി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഹന്ന, ന്യായാധിപന്, പ്രവാചകന്, യഹോവ)

## ദൈവ വചന സൂചികകള്:

- 1 ശമുവേല് 01:19-20
- 1 ശമുവേല് 09:23-24
- 1 ശമുവേല്:16-18
- അപ്പോ.03:24-26
- അപ്പോ.13:19-20
- എബ്രായര് 11:32-34

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8050, G4545

# ശലോമോന്

## വസ്തുതകള്:

ദാവീദ് രാജാവിന്റെ മക്കളില് ഒരുവന് ആയിരുന്നു ശലോമോന്. തന്റെ മാതാവ് ബത്ത്ശേബ ആയിരുന്നു.

- ശലോമോന് രാജാവായപ്പോള്, ദൈവം തന്നോട് തനിക്കു ആവശ്യമുള്ള എന്തും ചോദിച്ചു കൊള്ളുവാന് പറഞ്ഞു.
- ആയതിനാല് ശലോമോന്തന്റെ ജനത്തെ നീതിയായും ശുഭമായും ഭരിക്കുവാന്ഉള്ള ജ്ഞാനം അപേക്ഷിച്ചു.
- ശലോമോന്റെ അപേക്ഷയോട് ദൈവത്തിനു പ്രസാദം തോന്നുകയും തന്റെ അപേക്ഷ പ്രകാരം ജ്ഞാനവും കൂടാതെ ധാരാളം സമ്പത്തും നല്കുക ഉണ്ടായി.
- യെരുശലേമില് ആകര്ഷണീയമായ ഒരു ദേവാലയം നിര്മ്മിച്ചതിനാലും ശലോമോന് വളരെ പ്രസിദ്ധനായ ഒരു വ്യക്തിയായി കാണപ്പെട്ടിരുന്നു.
- തന്റെ ഭരണത്തിന്റെ ആദ്യ വര്ഷങ്ങളില് ശലോമോന് ജ്ഞാനപൂര്വ്വം ഭരണം നടത്തിയിരുന്നു എങ്കിലും, പില്ക്കാലത്ത് താന്മൂഢമായി നിരവധി വിദേശ സ്ത്രീകളെ വിവാഹം കഴിക്കുകയും അവരുടെ ദൈവങ്ങളെ ആരാധിക്കുവാന് ആരംഭിക്കുകയും ചെയ്തു.
- ശലോമോന്റെ അവിശ്വസ്തത നിമിത്തം, തന്റെ മരണ ശേഷം ദൈവം ഇസ്രയേല്യരെ ഇസ്രയേല് എന്നും യഹൂദ എന്നും രണ്ടു രാജ്യങ്ങളായി വിഭാഗിക്കുക ഉണ്ടായി.
- ഈ രാജ്യങ്ങള് അടിക്കടി പരസ്പരം യുദ്ധം ചെയ്യുക ഉണ്ടായി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ബത്ത്ശേബ, ദാവീദ്, ഇസ്രയേല്, യഹൂദ, ഇസ്രയേല്രാജ്യം, ദേവാലയം)

## ദൈവ വചന സൂചികകള്:

- അപ്പോ.07:47-50
- ലൂക്കോസ് 12:27-28
- മത്തായി 01:7-8
- മത്തായി 06:27-29
- മത്തായി 12:42

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **17:14** പില്ക്കാലത്ത്, ദാവീദിനും ബത്ത്ശേബക്കും വേറൊരു മകന് ഉണ്ടായി, അവര്അവനു **ശലോമോന്** എന്ന് പേര് നല്കി.
- **18:01** അനേക വര്ഷങ്ങള്ക്കു ശേഷം, ദാവീദ് മരിക്കുകയും, അവന്റെ മകനായ **ശലോമോന്** ഭരണം ആരംഭിക്കുകയും ചെയ്തു. ദൈവം **ശലോമോനോടു** സംസാരിക്കുകയും അവനു എന്താണ് ഏറ്റവും അധികമായി ആവശ്യമായിരിക്കുന്നത് എന്ന് ചോദിക്കുകയും ചെയ്തു. **ശലോമോന്** ജ്ഞാനം അപേക്ഷിച്ചപ്പോള്, ദൈവം അതില് പ്രസാദിക്കുകയും അവനെ ലോകത്തില്വെച്ച് ഏറ്റവും ജ്ഞാനിയായ മനുഷ്യന് ആക്കുകയും ചെയ്തു. **ശലോമോന്** നിരവധി കാര്യങ്ങള് പഠിക്കുകയും വളരെ ജ്ഞാനമുള്ള ന്യായാധിപന്ആയിരിക്കുകയും ചെയ്തു. ദൈവം അവനെ വളരെ സമ്പത്ത് ഉള്ളവന് ആക്കുകയും ചെയ്തു.
- **18:02** തന്റെ പിതാവായ ദാവീദ് ആലോചിച്ചതും വസ്തുക്കള് സ്വ\രൂപിച്ചതും ആയ നിലയില് ഉള്ള ഒരു ദേവാലയത്തെ **ശാലോമോന്** യെരുശലേമില് നിര്മ്മിച്ചു.
- **18:03** എന്നാല്**ശലോമോന്** അന്യ ദേശങ്ങളില് നിന്നുള്ള സ്ത്രീകളെ സ്നേഹിച്ചു. **ശലോമോന്** വൃദ്ധന് ആയപ്പോള്, താന് അവരുടെ ദൈവങ്ങളെയും ആരാധിപ്പാന് ഇടയായി.
- **18:04** ദൈവം **ശലോമോനോടു** കോപിക്കുകയും, **ശലോമോന്റെ** അവിശ്വസ്തതയ്ക്ക് ശിക്ഷയായി, ഇസ്രയേല്ദേശത്തെ **ശലോമോന്റെ** മരണശേഷം രണ്ടു രാജ്യങ്ങളായി വിഭാഗിക്കും എന്ന് വാക്കു പറഞ്ഞു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8010, G4672

# ശാരോന്, ശാരോന്താഴ്വര

## വസ്തുതകള്:

കര്മ്മേല്മലയുടെ തെക്ക്, മെഡിറ്ററേനിയന്കടലിന്റെ തീരത്തോട് ചേര്ന്ന് കിടക്കുന്ന ഫലഭൂയിഷ്ടമായ ഒരു പരന്ന ഭൂമിയുടെ പേരായിരുന്നു ശാരോന്. ഇത് "ശാരോന്താഴ്വര" എന്ന പേരിലും അറിയപ്പെട്ടു വന്നിരുന്നു.

- യോപ്പ, ലുദ്ധ, കൈസര്യ ഉള്പ്പെടെയുള്ള ദൈവ വചനത്തിലുേഖപ്പെടുത്തിയിട്ടുള്ള നിരവധി പട്ടണങ്ങള്ശാരോന്താഴ്വരയില്സ്ഥിതി ചെയ്തു വന്നിരുന്നു.
- ഇത് "ശാരോന്എന്ന് വിളിക്കപ്പെട്ടു വന്ന സമതലം" അല്ലെങ്കില്"ശാരോന്സമതലം" എന്ന് പരിഭാഷ ചെയ്യാം.
- ശാരോന്മേഖലയില്താമസിച്ചു വന്നിരുന്ന ജനത്തെ "ശാരോന്യര്" എന്ന് വിളിച്ചിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം).

(കാണുക: കൈസര്യ, കര്മ്മേല്, യോപ്പ, കടല്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്05:16-17
- അപ്പോ.09:33-345
- യെശ്ശയ്യാവ് 33:9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8289, H8290

# ശിംശോന്

## വസ്തുതകള്:

ശിംശോന് ഇസ്രയേലിലെ ന്യായാധിപന്മാരില്, അല്ലെങ്കില് രക്ഷകന്മാരില് ഒരുവന് ആയിരുന്നു. അവന് ദാന് ഗോത്രത്തില് നിന്ന് ഉള്ളവന് ആയിരുന്നു.

- ദൈവം ശിംശോനു അമാനുഷികമായ ശക്തി നല്കിയിരുന്നു, ഇത് താന് ഇസ്രയേല് ജനത്തിന്റെ ശത്രുക്കളായ, ഫെലിസ്ത്യര്ക്കു നേരെ യുദ്ധം ചെയ്യുവാന് വേണ്ടി ഉപയോഗിച്ചിരുന്നു.
- ശിംശോന് ഒരിക്കലും തന്റെ തലമുടി കത്രിക്കുകയോ, വീഞ്ഞോ അല്ലെങ്കില് മറ്റേതെങ്കിലും ലഹരിയുള്ള പാനീയം കുടിക്കുകയോ ചെയ്കയില്ല എന്ന് ഉള്ളതായ നേര്ച്ചയ്ക്ക് കീഴ്പ്പെട്ടവന് ആയിരുന്നു. ഈ നേര്ച്ച താന് പാലിച്ചു വന്നിടത്തോളം, ദൈവം തനിക്കു ശക്തി പകര്ന്നു കൊണ്ട് വന്നിരുന്നു.
- അന്ത്യത്തില് താന്തന്റെ നേര്ച്ചയില്നിന്ന് വ്യതിചലിക്കുകയും തന്റെ തലമുടി വെട്ടിക്കളയുവാന്അനുവദിക്കുകയും, അതിനാല്ഫെലിസ്ത്യര്തന്നെ ബന്ധനസ്ഥന്ആക്കുവാന്പ്രാപ്തരാകുകയും ചെയ്തു.
- ശിംശോന് ബന്ധനത്തില് ആയിരുന്നപ്പോള്, അവന് ശക്തി വീണ്ടെടുക്കുവാനായി ദൈവം അവനു ഇടവരുത്തുകയും അസത്യ ദേവനായ ദാഗോന്റെ ക്ഷേത്രം നിരവധി ഫെലിസ്ത്യരോടു കൂടെ നശിപ്പിച്ചു കളയുവാന് ഒരു അവസരം നല്കുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: വിടുവിക്കുക, ഫെലിസ്ത്യര്, ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവ വചന സൂചികകള്:

- എബ്രായര്:32-34
- ന്യായാധിപന്മാര്:24-25
- ന്യായാധിപന്മാര്:1-2
- ന്യായാധിപന്മാര്:30-31

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8123, G4546

# ശിനാര്

## വസ്തുതകള്:

ശിനാര് എന്നാല് “രണ്ടു നദികളുടെ രാജ്യം” എന്നാണ് അര്ത്ഥം, അത് തെക്കന് മെസപ്പൊട്ടാമ്യയില് ഉള്ള ഒരു സമതലം അല്ലെങ്കില്മേഖലയുടെ പേര് ആകുന്നു.

- ശിനാര് പിന്നീട് “കല്ദായ” എന്നും പിന്നീട് “ബാബിലോന്യ” എന്നും അറിയപ്പെടുവാന് ഇടയായി.
- ശിനാരിന്റെ സമതലത്തില്ഉണ്ടായിരുന്ന ബാബേല്നഗരത്തില്വസിച്ചിരുന്ന പുരാതന ജനങ്ങള്തങ്ങളെ മഹാന്മാര്ആക്കേണ്ടതിനു വളരെ ഉയരം ഉള്ള ഒരു ഗോപുരം പണിയുവാന്ഇടയായി.
- തലമുറകള്ക്ക് ശേഷം, യഹൂദ ഗോത്രപിതാവായ അബ്രഹാം ഈ മേഖലയില്ഉള്ള ഊര്എന്ന പട്ടണത്തില്ജീവിച്ചിരുന്നു, ആക്കാലത്ത്ഇത് “കല്ദായ” എന്ന് പേര് വിളിക്കപ്പെട്ടിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അബ്രഹാം, ബാബേല്, ബാബിലോണ്, കല്ദായ, മേസോപൊട്ടാമ്യ)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 10:8-10
- ഉല്പ്പത്തി 14:1-2
- ഉല്പ്പത്തി 14:7-9
- യെശ്ശയ്യാവ് 11:10-11
- സെഖര്യാവ് 05:10-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8152

# ശിമിയോന്

## വസ്തുതകള്:

ദൈവ വചനത്തില്, ശിമിയോന് എന്ന് പേരുള്ള പല ആളുകള്ഉണ്ടായിരുന്നു.

- പഴയ നിയമത്തില്, യാക്കോബിന്റെ (ഇസ്രയേല്) രണ്ടാമത്തെ മകനു ശിമിയോന്എന്ന് പേരായിരുന്നു. തന്റെ അമ്മ ലേയ ആയിരുന്നു. തന്റെ സന്തതികള് ഇസ്രയേലിലെ പന്ത്രണ്ടു ഗോത്രങ്ങളില്ഒന്നു ആയിരുന്നു.
- ശിമിയോന്ഗോത്രം വാഗ്ദത്ത ഭൂമിയായ കനാന്ദേശത്തില്ഏറ്റവും തെക്കേ ഭാഗം കൈവശപ്പെടുത്തി. ഇതിന്റെ പ്രദേശം മുഴുവന്യൂദായ്ക്ക് ഉള്പ്പെട്ടതായ ഭൂമിയാല്ചുറ്റപ്പെട്ടിരുന്നു.
- യോസേഫും മറിയയും ശിശുവായ യേശുവിനെ യെരുശലേമില്ഉള്ള ദേവാലയത്തില്തന്നെ ദൈവത്തിനു സമര്പ്പിക്കുവാനായി കൊണ്ട് വന്നപ്പോള്, ഒരു വയോധികനായ ശിമിയോന്എന്ന് പേരുള്ള മനുഷ്യന്മശീഹയെ കാണുവാന്തനിക്കു അനുവദിക്കപ്പെട്ടതു കൊണ്ട് ദൈവത്തെ സ്തുതിച്ചു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കനാന്, ക്രിസ്തു, സമര്പ്പിക്കുക, യാക്കോബ്, യൂദ]യൂദ, ദേവാലയം)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 29:33-34
- ഉല്പ്പത്തി 34:24-26
- ഉല്പ്പത്തി 42:35-36
- ഉല്പ്പത്തി 43:21-23
- ലൂക്കോസ് 02:25-26

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8095, H8099, G4826

# ശിമെയി

## നിര്വചനം:

പഴയ നിയമത്തില്ഉള്ള പല വ്യക്തികളുടെ പേര്ശിമെയി എന്നായിരുന്നു.

- ബെന്യാമീന്ഗോത്രക്കാരന്ആയിരുന്ന ഗേരയുടെ മകന്ആയ ശിമെയി ദാവീദ് തന്റെ മകനാല്കൊല്ലപ്പെടുന്നതില്നിന്നും രക്ഷപ്പെട്ടു യെരുശലേം വിട്ടു ഓടിപ്പോകുമ്പോള്ദാവീദ് രാജാവിനെ ശപിക്കുകയും അവനെ കല്ലെറിയുകയും ചെയ്തു.
- പഴയ നിയമത്തില്ശിമെയി എന്ന് പേര്ഉള്ളതായ പല ലേവ്യ പുരോഹിതന്മാര്ഉണ്ടായിരുന്നു.

(കാണുക: അബ്ശാലോം, ബെന്യാമീന്, ലേവ്യന്, പുരോഹിതന്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്06:16-18
- 1 രാജാക്കന്മാര്01:7-8
- 2 ശമുവേല്16:13-14
- സെഖര്യാവ് 12:12-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8096, H8097

# ശീലാസ്, സില്വാനസ്

## വസ്തുതകള്:

സില്വാനസ് യെരുശലേമില് ഉള്ള വിശ്വാസികള്ക്ക് ഇടയില് ഒരു നേതാവ് ആയിരുന്നു.

- യെരുശലേമില് ഉള്ള സഭയുടെ നേതാക്കന്മാര് ശീലാസിനെ പൌലോസിനും ബര്ന്നബാസിനും ഒപ്പം അന്ത്യോക്യ പട്ടണത്തിലേക്കുള്ള കത്തു കൊണ്ടുപോകുവാനായി നിയമിച്ചു.
- പില്ക്കാലത്ത് ശീലാസ് പൌലോസിനോട് ചേര്ന്ന് മറ്റു പട്ടണങ്ങളിലേക്കു യാത്ര ചെയ്തു പോകുകയും ജനത്തോടു യേശുവിനെ കുറിച്ച് ഉപദേശിക്കുകയും ചെയ്തു.
- പൌലോസും ശീലാസും ഫിലിപ്പി പട്ടണത്തില് കാരാഗ്രഹത്തില് അടയ്ക്കപ്പെട്ടു. അവര് അവിടെ ആയിരുന്നപ്പോള് ദൈവത്തെ പാടി സ്തുതിക്കുകയും ദൈവം അവരെ കാരാഗ്രഹത്തില് നിന്നും വിടുവിക്കുകയും ചെയ്തു. കാരാഗ്രഹപ്രമാണി അവരുടെ സാക്ഷ്യത്തിന്റെ അനന്തര ഫലമായി ഒരു ക്രിസ്ത്യാനിയായി തീര്ന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അന്ത്യോക്യ, ബര്ന്നബാസ്, യെരുശലേം, പൌലോസ്, ഫിലിപ്പി, കാരാഗ്രഹം)

## ദൈവ വചന സൂചികകള്:

- 1 പത്രോസ് 05:12-14
- 1 തെസ്സലോനിക്യര് 01:1
- 2 തെസ്സലോനിക്യര് 01:1-2
- അപ്പോ.15:22-23

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **47:01** ഒരു ദിവസം, പൌലോസും തന്റെ സ്നേഹിതന് **ശീലാസും** ഫിലിപ്പി പട്ടണത്തിലേക്ക് യേശുവിനെ കുറിച്ചുള്ള സുവിശേഷം പ്രസംഗിക്കുവാനായി കടന്നു ചെന്നു,
- **47:02** അവള് (ലുദിയ](rc://ml/tn/help/obs/47/02) പൌലൊസിനെയും **ശീലാസിനെയും** തന്റെ ഭവനത്തില് പാര്ക്കുവാനായി ക്ഷണിച്ചു, ആയതിനാല് അവര് അവളോടും തന്റെ കുടുംബത്തോടും ചേര്ന്ന് താമസിച്ചു.
- **47:03** പൌലോസും **ശീലാസും** അടിക്കടി പ്രാര്ഥനാ സ്ഥലത്തു വെച്ച് ജനങ്ങളെ കണ്ടുമുട്ടി.
- **47:07** ആയതിനാല്ആ അടിമയായ പെണ്കുട്ടിയുടെ ഉടമസ്ഥന്മാര് പൌലൊസിനെയും **ശീലാസിനെയും** റോമന് ഭരണാധികാരികളുടെ അടുക്കല് കണ്ട് പോകുകയും, അവര് അവരെ അടിക്കുകയും കാരാഗ്രഹത്തില് ഇടുകയും ചെയ്തു.
- **47:08** അവര് പൌലൊസിനെയും **ശീലാസിനെയും** ഏറ്റവും സുരക്ഷയുള്ള കാരാഗ്രഹ ഭാഗത്ത് അവരുടെ കാലുകള് ആമത്തില് ഇട്ട നിലയില് അടച്ചു വെച്ചു.
- **47:11** കാരാഗ്രഹ പ്രമാണി വിറച്ചും കൊണ്ട് പൌലോസിന്റെയും **ശീലാസിന്റെയും** അടുക്കല് വന്നിട്ട് രക്ഷപ്പെടുവാനായി ഞാന് എന്ത് ചെയ്യണം?" എന്ന് ചോദിക്കുവാന് ഇടയായി.
- **47:13** അടുത്ത ദിവസം പട്ടണത്തിലെ നേതാക്കന്മാര് പൌലൊസിനെയും **ശീലാസിനെയും** കാരാഗ്രഹത്തില് നിന്നും സ്വതന്തരാക്കി, അവരോടു ഫിലിപ്പി വിട്ടു പോകുവാന് ആവശ്യപ്പെട്ടു. പൌലോസും _**ശീലാസും** ലുദിയയെയും മറ്റു ചില സ്നേഹിതന്മാരെയും സന്ദര്ശിക്കുകയും അനന്തരം പട്ടണം വിട്ടു പോകുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G4609, G4610

# ശീലോവ്

## വസ്തുതകള്:

ശീലോവ് ഒരു മതിലുകളാല്ചുറ്റപ്പെട്ട ഒരു കനാന്യ പട്ടണം ആയിരുന്നു, അത് യോശുവയുടെ നേതൃത്വത്തില്ഇസ്രയേല്യരാല്പിടിച്ചടക്കപ്പെട്ടിരുന്നു.

- ശിലോവ് എന്ന പട്ടണം യോര്ദാന്നദിയുടെ പടിഞ്ഞാറായും ബെഥേല്എന്ന പട്ടണത്തിന്റെ വടക്ക് കിഴക്കായും സ്ഥിതി ചെയ്തിരുന്നു.
- യോശുവ ഇസ്രയേല്ജനങ്ങളെ നയിച്ചുന്നു കൊണ്ടിരുന്ന കാലഘട്ടത്തില്, ശിലോവ് എന്ന പട്ടണം ഇസ്രയേല്ജനം സമ്മേളിക്കുന്ന ഒരു സ്ഥലം ആയിരുന്നു.
- ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്ശീലോവില്യോശുവയുടെ അടുക്കല്ഓരോ ഗോത്രത്തിനും കനാന്ദേശത്തില്അവരവര്ക്ക് വിഭാഗിക്കപ്പെട്ടു നല്കുന്ന സ്ഥലത്തെ കുറിച്ച് താന്അവരോടു പറയുന്നത് ശ്രവിക്കേണ്ടതിനു ശീലോവില്ഒരുമിച്ചു കൂടി വന്നിരുന്നു യെരുശലേമില്ഏതൊരു ദേവാലയവും നിര്മ്മിക്കപ്പെടുന്നതിനു മുന്പ്, ഇസ്രയേല്ജനം ദൈവത്തിനു യാഗം അര്പ്പിക്കേണ്ടതിനു കടന്നു വന്നിരുന്ന സ്ഥലം ആയിരുന്നു ശീലോവ്.
- ശമുവേല്ഒരു ബാലന്ആയിരുന്നപ്പോള്., തന്റെ മാതാവ് അവനെ ശീലോവില്താമസിച്ചു ഏലി പുരോഹിതന്റെ അടുക്കല്പരിശീലനം നേടെണ്ടതിനും യഹോവയെ സേവിക്കേണ്ടതിനും വേണ്ടി ശീലോവില്കൊണ്ടു വന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ബെഥേല്, സമര്പ്പിക്കുക, ഹന്ന, യെരുശലേം, യോര്ദാന്നദി, പുരോഹിതന്, യാഗം, ശമുവേല്, ദേവാലയം)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്02:26-27
- 1 ശമുവേല്01:9-10
- യോശുവ 18:1-2
- ന്യായാധിപന്മാര്18:30-31

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7886, H7887

# ശേം

## വസ്തുതകള്:

ശേം നോഹയുടെ മൂന്നു മക്കളില്ഒരുവന്ആയിരുന്നു, ഉല്പ്പത്തി പുസ്തകത്തില്വിവരിച്ചിരിക്കുന്ന ലോക വ്യാപകമായ ജലപ്രളയത്തില്നോഹയോടു കൂടെ പോയവരുടെ കൂട്ടത്തില്താനും ഉണ്ടായിരുന്നു.

- ശേം അബ്രഹാമിന്റെയും തന്റെ സന്തതികളുടെയും പൂര്വികന്ആയിരുന്നു.
- ശേമിന്റെ സന്തതികള്""ശേമ്യര്" എന്ന് അറിയപ്പെട്ടിരുന്നു; അവര്എബ്രായ, അറബിക് എന്നീ "സെമിറ്റിക്" ഭാഷകള്സംസാരിച്ചു വന്നു.
- ശേം ഏകദേശം 600 വര്ഷങ്ങള്ജീവിച്ചിരുന്നു എന്ന് ദൈവ വചനം സൂചിപ്പിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അബ്രാഹം, അറേബ്യ, പെട്ടകം, ജലപ്രളയം, നോഹ)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 05:32
- ഉല്പ്പത്തി 06:9-10
- ഉല്പ്പത്തി 07:13-14
- ഉല്പ്പത്തി 10:1
- ഉല്പ്പത്തി 10:30-31
- ഉല്പ്പത്തി 11:10-11
- ലൂക്കോസ് 03:36-38

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8035, G4590

# ശേഖേം

## വസ്തുതകള്:

ശേഖേം യെരുശലെമിന് 40 മൈല് വടക്ക് മാറി സ്ഥിതി ചെയ്തു വന്നിരുന്ന കനാനിലെ ഒരു പട്ടണം ആയിരുന്നു. ശേഖേം എന്നത് പഴയ നിയമത്തില് ഉള്ള ഒരു മനുഷ്യന്റെ പേരും കൂടെ ആകുന്നു.

- യാക്കോബ് തന്റെ സഹോദരനായ എശാവുമായി നിരപ്പ് പ്രാപിച്ചതിനു ശേഷം താന്താമസിക്കുവാന്ഇടയായ സ്ഥലം ശേഖേം ആയിരുന്നു.
- ശേഖേമില്ഉള്ള ഹിവ്യനായ ഹാമോരിന്റെ മക്കളുടെ പക്കല്നിന്നും യാക്കോബ് നിലം വിലയ്ക്ക് വാങ്ങി. ഈ സ്ഥലം പില്ക്കാലത്ത് തന്റെ കുടുംബ ശവസംസ്കാര സ്ഥലമായി തീരുകയും തന്റെ മക്കള്അവനെ അവിടെ അടക്കം ചെയ്യുകയും ചെയ്തു.
- ഹാമോരിന്റെ മകനായ ശേഖേം യാക്കോബിന്റെ മകളായ ദീനയെ ബലാല്സംഗം ചെയ്യുകയും, അത് യാക്കോബിന്റെ പുത്രന്മാര്ശേഖേം പട്ടണത്തില്ഉള്ള സകല പുരുഷന്മാരെയും കൊന്നുകളയുവാന്ഇട വരുത്തുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: ഹാമോര്)

(കാണുക: കനാന്, എശാവ്, ഹാമോര്, ഹിവ്യന്, യാക്കോബ്)

## ദൈവ വചന സൂചികകള്:

- അപ്പോ.07:14-16
- ഉല്പ്പത്തി 12:6-7
- ഉല്പ്പത്തി 33:18-20
- ഉല്പ്പത്തി 37:12-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7928, H7930

# ശേബ

## വസ്തുതകള്:

പുരാതന കാലങ്ങളില്, ശേബ ഒരു പുരാതന സംസ്കാരം അല്ലെങ്കില്തെക്കന്അരാബ്യയില്സ്ഥിതി ചെയ്തു വന്നിരുന്ന ഒരു ഭൂപ്രദേശം ആയിരുന്നു.

- ശേബ എന്ന മേഖല അല്ലെങ്കില്രാജ്യം ഇപ്പോഴത്തെ യെമെന്, എത്യോപ്യ എന്നീ രാജ്യങ്ങള്ക്കു സമീപമായി സ്ഥിതി ചെയ്തു വന്നിരുന്ന ഒന്നായിരുന്നു.
- ഇവിടത്തെ നിവാസികള്മിക്കവാറും ഹാമിന്റെ സന്തതികള്ആയിരുന്നു.
- ശേബയിലെ രാജ്ഞി ശലോമോന്റെ ധനത്തെ സംബന്ധിച്ചും ജ്ഞാനത്തെ സംബന്ധിച്ചും ഉള്ള പ്രശസ്തി കേട്ടപ്പോള്താന്ശലോമോനെ സന്ദര്ശിക്കുവാന്വന്നു.
- പഴയ നിയമ വംശാവലി പട്ടികയില് "ശേബ" എന്ന പേരില്അറിയപ്പെട്ടു വന്ന നിരവധി ആളുകള്ഉണ്ട്. ഈ മേഖലയ്ക്കു ശേബ എന്ന പേര് ഈ മനുഷ്യരില്ആരുടെ എങ്കിലും പക്കല്നിന്ന് വന്നതായിരിക്കുവാന്സാധ്യത ഉണ്ട്.
- ബേര്ശേബ എന്ന പട്ടണം ലോപിച്ച് ശേബ എന്ന് ഒരു പ്രാവശ്യം പഴയ നിയമത്തില്കാണുന്നുണ്ട്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ആരേബ്യ, ബേര്ശേബ, എത്യോപ്യ, ശലോമോന്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 01:8-10
- 1 രാജാക്കന്മാര്10:1-2
- യെശ്ശയ്യാവ് 60:6-7
- സങ്കീര്ത്തനങ്ങള്072:8-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5434, H7614

# ശൌല് (പ.നി.)

## വസ്തുതകള്:

ഇസ്രായേലിന്റെ ആദ്യത്തെ രാജാവ് ആകുവാനായി ദൈവം തിരഞ്ഞെടുത്തവനായ ഒരു ഇസ്രയേല്യന് ആയിരുന്നു ശൌല്.

- ശൌല് ഉയരവും സൌന്ദര്യവും ഉള്ളവനായിരുന്നു, ഒരു ശക്തിമാനായ യോദ്ധാവും കൂടെ ആയിരുന്നു. ഇസ്രയേല്യര് തങ്ങളുടെ രാജാവ് ആയിക്കണമെന്നു ആവശ്യപ്പെട്ട തരത്തില് ഉള്ള ഒരു മനുഷ്യനായി താന്ആയിരുന്നു.
- പ്രാരംഭത്തില് താന് ദൈവത്തെ സേവിക്കുന്ന വ്യക്തി ആയിരുന്നു, പില്ക്കാലത്തോ ശൌല് അഹങ്കാരി ആകുകയും ദൈവത്തെ അനുസരിക്കാത്തവന്ആകുകയും ചെയ്തു. അതിന്റെ ഫലമായി, ശൌലിന്റെ സ്ഥാനത്ത് രാജാവാകുവാന് ദൈവം ദാവീദിനെ നിയമിക്കുകയും യുദ്ധത്തില് ശൌല് കൊല്ലപ്പെടുവാന് അനുവദിക്കപ്പെടുകയും ചെയ്തു.
- പുതിയ നിയമത്തില്, ശൌല് എന്ന് പേരുള്ള ഒരു യഹൂദന് പൌലോസ് എന്ന പേരില് അറിയപ്പെടുന്നവന് ആയി പില്ക്കാലത്ത് യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായി തീര്ന്നവന്ആയി ഉണ്ടായിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: രാജാവ്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്10:1-3
- 1 ശമുവേല്:1-2
- 2 ശമുവേല്:1-2
- അപ്പോ. 13:21-22
- സങ്കീര്ത്തനങ്ങള്:1

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **17:01** **ശൌല്** ഇസ്രയേലിന്റെ ആദ്യത്തെ രാജാവ് ആയിരുന്നു. ജനങ്ങള് ആഗ്രഹിച്ചതു പോലെ തന്നെ താന് ഉയരവും സൌന്ദര്യവും ഉള്ളവന് ആയിരുന്നു. **ശൌല്** ഇസ്രായേലിനെ ഭരിച്ചുവന്ന ആദ്യത്തെ ചില വര്ഷങ്ങള് ഒരു നല്ല രാജാവായി തുടര്ന്ന് വന്നിരുന്നു. എന്നാല് പില്ക്കാലത്ത് താന് ദൈവത്തെ അനുസരിക്കാത്ത ഒരു ദുഷ്ട മനുഷ്യന് ആയി തീര്ന്നു, ആയതിനാല് അവന്റെ സ്ഥാനത്ത് ഒരിക്കല് രാജാവായി തീരേണ്ടതിനായി ദൈവം വ്യത്യസ്തനായ വേറെ ഒരു മനുഷ്യനെ തിരഞ്ഞെടുത്തു.
- **17:04** ദാവീദിനോടുള്ള ജനത്തിന്റെ സ്നേഹം നിമിത്തം **ശൌല്** അസൂയ ഉള്ളവന് ആയി തീര്ന്നു. പല തവണ അവനെ കൊല്ലുവാനായി **ശൌല്** പരിശ്രമിച്ചു, ആയതിനാല് ദാവീദ് തന്നെ ശൌലിന്റെ ദൃഷ്ടിയില് നിന്നും മറഞ്ഞിരുന്നു.
- **17:05** ആത്യന്തികമായി, **ശൌല്** യുദ്ധത്തില് കൊല്ലപ്പെടുകയും, ദാവീദ് ഇസ്രയേലിനു രാജാവായി തീരുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7586, G4549

# സക്കായി

## വസ്തുതകള്:

സക്കായി യെരിഹോവില് നിന്നുള്ള ഒരു ചുങ്കം പിരിവുകാരന് ആയിരുന്നു, വലിയ ജനക്കൂട്ടത്താല് വലയം ചെയ്യപ്പെട്ടിരുന്ന യേശുവിനെ കാണുവാന് വേണ്ടി താന് ഒരു മരത്തിന്റെ മുകളില് കയറി.

- യേശുവില് വിശ്വസിച്ചപ്പോള് സക്കായി പൂര്ണ്ണമായി രൂപാന്തരം ഭവിച്ചവനായി മാറി.
- ജനത്തെ വഞ്ചിച്ചത് നിമിത്തം ഉള്ള പാപത്തില് നിന്ന് താന് മാനസ്സാന്തരപ്പെടുകയും തന്റെ സ്വത്തില് ഉള്ളതിന്റെ പകുതിയും ദരിദ്രര്ക്ക് നല്കാം എന്ന് വാഗ്ദത്തം ചെയ്യുകയും ചെയ്തു.
- ജനങ്ങളില് നിന്നും അവരുടെ നികുതിയായി അമിത തുക ചുമത്തി ശേഖരിച്ചത് നാല് മടങ്ങായി തിരികെ അവര്ക്ക് മടക്കി നല്കാമെന്നും കൂടി താന് വാഗ്ദത്തം ചെയ്യുവാന് ഇടയായി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: വിശ്വസിക്കുക, വാഗ്ദത്തം, മാനസ്സാന്തരപ്പെടുക, പാപം, നികുതി, നികുതി പിരിക്കുന്നയാള്)

## ദൈവ വചന സൂചികകള്:

- ലൂക്കോസ് 19:1-2
- ലൂക്കോസ് 19:5-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2195

# സാദോക്

## വസ്തുതകള്:

സാദോക് എന്നുള്ളത് ദാവീദു രാജാവിന്റെ വാഴ്ചയുടെ കാലഘട്ടത്തില് ഇസ്രായേലില് ഉണ്ടായിരുന്ന ഒരു പ്രധാന മഹാപുരോഹിതന്റെ പേര് ആയിരുന്നു.

- അബ്ശാലോം ദാവീദ് രാജാവിന് എതിരായി മത്സരിച്ചപ്പോള്, സാദോക്ക് ദാവീദിനെ സഹായിക്കുകയും ഉടമ്പടി പെട്ടകം യെരുശലേമിലേക്ക് തിരികെ കൊണ്ടുവരുവാന് സഹായിക്കുകയും ചെയ്തു.
- വര്ഷങ്ങള്ക്കു ശേഷം, ദാവീദിന്റെ മകനായ ശലോമോന് രാജാവിനെ അഭിഷേകം ചെയ്യുന്ന ചടങ്ങിലും താന് ഭാഗഭാക്കായി തീരുവാന് ഇടയായി.
- സാദോക് എന്ന് പേരുള്ള രണ്ടു വ്യത്യസ്ത വ്യക്തികള് നെഹെമ്യാവിന്റെ കാലഘട്ടത്തില് യെരുശലേം മതിലുകള് നിര്മ്മിക്കുന്നതില് സഹായികള് ആയി ഉണ്ടായിരുന്നു.
- യോഥാം രാജാവിന്റെ പിതാമഹന്റെ പേരും സാദോക് എന്ന് ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഉടമ്പടി പെട്ടകം, ദാവീദ്, യോഥാം, നെഹെമ്യാവ്, വാഴ്ച, ശലോമോന്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്24:1-3
- 1 രാജാക്കന്മാര് 01:25-27
- 2 ശമുവേല് 15:24-26
- മത്തായി 01:12-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6659, G4524

# സാറാ, സാറായി

## വസ്തുതകൾ:

- സാറാ അബ്രഹാമിന്റെ ഭാര്യ ആയിരുന്നു.
- അവളുടെ യഥാർത്ഥ പേര് "സാറായി" എന്ന് ആയിരുന്നു, എന്നാൽദൈവം അതിനെ "സാറാ" എന്ന് മാറ്റി.
- ദൈവം അവൾക്കും അബ്രഹാമിനും നൽകും എന്ന് വാഗ്ദത്തം നൽകിയിരുന്ന മകനായ യിസഹാക്കിനു സാറാ ജന്മം നൽകി.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അബ്രഹാം, യിസഹാക്ക്)

## ദൈവ വചന സൂചികകൾ:

- ഉൽപ്പത്തി 11:29-30
- ഉൽപ്പത്തി 11:31-32
- ഉൽപ്പത്തി 17:15-16
- ഉൽപ്പത്തി 25:9-11

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **05:01** "അതുകൊണ്ട് അബ്രഹാമിന്റെ ഭാര്യ, **സാറായി**, അവനോടു പറഞ്ഞത്, "ദൈവം എനിക്ക് മക്കൾ ഉണ്ടാകുവാൻ ഇട വരുത്താത്തതു കൊണ്ടും മക്കളെ പ്രസവിക്കുവാൻ കഴിയാത്ത പ്രായാധിക്യം ആയതു കൊണ്ടും, ഇതാ എന്റെ ദാസിയായ ഹാഗാർ. അവളെയും കൂടെ വിവാഹം കഴിക്കുക അതിനാൽ എനിക്ക് വേണ്ടി അവൾ ഒരു കുഞ്ഞിനെ പ്രസവിക്കുമല്ലോ."
- **05:04** "നിന്റെ ഭാര്യയായ, **സാറായി** ഒരു മകനെ പ്രസവിക്കും അവൻ വാഗ്ദത്ത സന്തതി ആയിരിക്കും."
- **05:04** "ദൈവം **സാറായിയുടെ** പേര് "രാജ കുമാരി" എന്ന് അർത്ഥം ഉള്ള **സാറാ** എന്ന് മാറ്റി.
- **05:05** "ഏകദേശം ഒരു വർഷത്തിനു ശേഷം, അബ്രഹാമിന് 100 വയസ്സ് പ്രായവും, **സാറയ്ക്ക്** 90 വയസ്സും ഉള്ളപ്പോൾ അബ്രഹാമിന്റെ മകന് ജന്മം നൽകുവാൻ ഇടയായി. ദൈവം അവരോടു പറഞ്ഞത് പോലെ അവർ അവനു യിസഹാക്ക് എന്ന് പേര് നൽകി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8283, H8297, G4564

# സിദെക്കിയാവ്

## വസ്തുതകള്:

യോശിയാവിന്റെ മകനായ, സിദെക്കിയാവ്, ഏറ്റവും അവസാനത്തെ യഹൂദ രാജാവ് ആയിരുന്നു (ക്രി.മു.597-587). പഴയ നിയമത്തില് സിദെക്കിയാവ് എന്ന് പേരുള്ള വേറെയും പല ആളുകള് ഉണ്ടായിരുന്നു.

- നെബുഖദ് നേസ്സ്രരാജാവ് രാജാവായിരുന്ന യോഹോയാഖിനെ പിടിക്കുകയും തന്നെ ബാബിലോനിലേക്ക് കൊണ്ടുപോകുകയും ചെയ്തപ്പോള് സിദെക്കിയാവിനെ യഹൂദയുടെ രാജാവായി വാഴിച്ചു. പില്ക്കാലത്ത് സിദെക്കിയാവ് മത്സരിച്ചതിന്റെ അനന്തര ഫലമായി നെബുഖദ് നേസ്സര് അവനെ ബന്ധിക്കുകയും യെരുശലേമിനെ നശിപ്പിക്കുകയും ചെയ്തു.
- കേനാനയുടെ പുത്രനായ, സിദെക്കിയാവ്, ഒരു കള്ള പ്രവാചകന് ആയി ഇസ്രയേലിലെ ആഹാബ് രാജാവിന്റെ കാലഘട്ടത്തില് ഉണ്ടായിരുന്നു.
- സിദെക്കിയാവ് എന്ന് പേരുള്ള മനുഷ്യന്ന നെഹെമ്യാവിന്റെ സമയത്ത് കര്ത്താവിനോട് ഉടമ്പടി ചെയ്തു ഒപ്പ് വെച്ചവരില് ഒരു വ്യക്തി ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുക)

(കാണുക: ആഹാബ്, ബാബിലോണ്, യെഹസ്കേല്, ഇസ്രയേല്രാജ്യം, യെഹോയാഖീന്, യിരെമ്യാവ്, യോശീയാവ്, യഹൂദ, [നെബൂഖദ് നേസ്സര്, നെഹെമ്യാവ്.

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്03:15-16
- യിരെമ്യാവ് 37:1-2
- യിരെമ്യാവ് 39:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6667

# സിറിയ

## വസ്തുതകള്:

ഇസ്രയേലിന്റെ വടക്കു കിഴക്കായി സ്ഥിതി ചെയ്തിരുന്ന ഒരു രാജ്യമായിരുന്നു സിറിയ. പുതിയ നിയമ കാലഘട്ടത്തില്, ഇത് റോമന്ഭരണത്തിന്കീഴ്കാണപ്പെട്ടിരുന്ന ഒരു പ്രവിശ്യ ആയിരുന്നു.

- പഴയ നിയമ കാലഘട്ടത്തില്, സിറിയക്കാര്ഇസ്രയേല്യര്ക്കു ശത്രുക്കളായ ശക്തരായ സൈനിക ശക്തി ആയിരുന്നു.
- നയമാന്സിറിയന്സൈന്യത്തിന്റെ സൈന്യാധിപനും പ്രവാചകനായ എലീശയാല്കുഷ്ഠരോഗ സൌഖ്യം പ്രാപിച്ചവനും ആയിരുന്നു.
- സിറിയയിലെ നിവാസികള്പലരും നോഹയുടെ മകനായ ശേമില്നിന്നും ഉളവായ ആരാമിന്റെ സന്തതി പരമ്പര ആയിരുന്നു.
- സിറിയയുടെ തലസ്ഥാനം ആയിരുന്ന ദമസ്കോസ്, ദൈവവചനത്തില്നിരവധി സ്ഥലങ്ങളില്പരാമര്ശിക്കപ്പെട്ടിട്ടുണ്ട്. ശൌല് ദമസ്കോസ് പട്ടണത്തിലേക്ക് അവിടെയുള്ള ക്രിസ്ത്യാനികളെ പീഡിപ്പിക്കണം എന്നുള്ള ഉദ്ദേശ്യത്തോടെ കടന്നു പോയി, എന്നാല്യേശു അവനെ തടുത്തു നിര്ത്തി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ആരാം, സൈന്യാധിപന്, ദമാസ്കസ്, സന്തതി, എലീശ, കുഷ്ഠം, നയമാന്, പീഡിപ്പിക്കുക, പ്രവാചകന്)

## ദൈവ വചന സൂചികകള്:

- അപ്പോ.15:22-23
- അപ്പോ.15:39-41
- അപ്പോ. 20:1-3
- ഗലാത്യര്01:21-24
- മത്തായി 04:23-25

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H130, H726, H758, H761, H762, H804, H1834, H4601, H7421, G4947, G4948

# സീദോന്, സീദോന്യര്

## വസ്തുതകള്:

സീദോന് കനാന്റെ ഏറ്റവും മൂത്ത പുത്രന്ആയിരുന്നു. സീദോന് എന്ന് അറിയപ്പെട്ടു വന്നിരുന്ന ഒരു കനാന്യ പട്ടണം ഉണ്ടായിരുന്നു, മിക്കവാറും കനാന്റെ പേരില് ഉള്ളതായിരുന്നു അത്.

- സീദോന് എന്ന പട്ടണം ഇസ്രായേലിന്റെ വടക്ക് പടിഞ്ഞാറായി മെഡിറ്ററേനിയന് തീരത്ത് ഇപ്പോഴത്തെ ആധുനിക ലെബനോന് രാജ്യത്തിന്റെ ഭാഗമായി കാണപ്പെടുന്നു.
- "സീദോന്യര്" ഫോയ്നീഷ്യന് ജനവിഭാഗത്തില് പെട്ടവരായി പുരാതന സീദോനിലും അതിന്റെ ചുറ്റുപാടും ഉള്ള മേഖലയിലും താമസിച്ചു വന്നവര് ആയിരുന്നു.
- ദൈവ വചനത്തില്, സീദോന് സോര് പട്ടണവുമായി വളരെ അടുത്ത സഹകരണം ഉള്ളവരായി, അവരുടെ സമ്പത്തിനും ജനങ്ങളുടെ അധാര്മ്മിക സ്വഭാവത്തിനും അറിയപ്പെടുന്നവര് ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കനാന്, നോഹ, ഫോയ്നീക്യ, കടല്, സോര്)

## ദൈവ വചന സൂചികകള്:

- അപ്പോ.12:20-21
- അപ്പോ. 27:3-6
- ഉല്പ്പത്തി 10:15-18
- ഉല്പ്പത്തി 10:19-20
- മര്ക്കോസ് 03:7-8
- മത്തായി 11:20-22
- മത്തായി 15:21-23

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6721, H6722, G4605, G4606

# സീനായി, സീനായി മല

## വസ്തുതകള്:

സീനായി മല എന്നത് മിക്കവാറും തെക്കന്ഭാഗത്ത് അതായത് ഇപ്പോള്സീനായി ഉപദ്വീപ് എന്ന് വിളിക്കുന്ന ഭാഗത്ത് സ്ഥിതി ചെയ്യുന്നത് ആകുന്നു. ഇത് "ഹോരെബ് മല" എന്നും അറിയപ്പെടുന്നു.

- സീനായി മല എന്നത് വലിയ, പാറകള്നിറഞ്ഞ ഒരു പ്രദേശം ആകുന്നു.
- മിസ്രയീമില്നിന്നും വാഗ്ദത്ത ദേശത്തേക്ക് ഉള്ള യാത്രയില്ഇസ്രയേല്ജനം സീനായി മലയില്വന്നിരുന്നു.
- സീനായി മലയില്വെച്ചാണ് ദൈവം മോശേയ്ക്ക് പത്ത് കല്പ്പനകള്നല്കിയത്.

(കാണുക: മരുഭൂമി, മിസ്രയീം, ഹോരെബ്, വാഗ്ദത്ത ഭൂമി, പത്ത് കല്പ്പനകള്)

## ദൈവ വചന സൂചികകള്:

- അപ്പോ.07:29-30
- പുറപ്പാട് 16:1-3
- ഗലാത്യര്04:24-25
- ലേവ്യ പുസ്തകം 27:34
- സംഖ്യ പുസ്തകം 01:17-19

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **13:01** ദൈവം ഇസ്രയേല്ജനങ്ങളെ ചെങ്കടലില്കൂടെ നയിച്ച ശേഷം, ദൈവം അവരെ മരുഭൂമിയില്കൂടെ **സീനായി** എന്ന് വിളിക്കുന്ന മലയിലേക്കു നയിച്ചു കൊണ്ടുപോയി.
- **13:03** മൂന്നു ദിവസങ്ങള്ക്കു ശേഷം, ജനം അവരെത്തന്നെ ആത്മീയമായി ഒരുക്കിയതിനു ശേഷം, ദൈവം **സീനായി** മലയുടെ ഉന്നതിയില്ഇടിമുഴക്കത്തോടും, ഇടിമിന്നലോടും, പുകയോടും, ഉച്ചത്തില്ഉള്ള കാഹള നാദത്തോടും കൂടെ ഇറങ്ങി വന്നു.
- **13:11** അനേക ദിവസങ്ങളായി, മോശെ ദൈവത്തോട് സംഭാഷിച്ചു കൊണ്ട് **സീനായി** മലയുടെ മുകളില്ആയിരുന്നു.
- **15:13** അനന്തരം യോശുവ ഇസ്രയേല്ജനത്തോടു സീനായി മലയില്വെച്ച് ദൈവം ചെയ്തതായ ഉടമ്പടി അവര്പാലിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതിന്റെ കടപ്പാടിനെ കുറിച്ച് ഓര്മ്മപ്പെടുത്തുവാന്ഇടയായി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2022, H5514, G3735, G4614

# സുക്കോത്ത്

## നിര്വചനം:

സുക്കൊത്ത് രണ്ടു പഴയനിയമ പട്ടണങ്ങളുടെ പേര് ആകുന്നു. “സുക്കോത്ത്” (അല്ലെങ്കില്“സുഖോത്ത്”) എന്ന വാക്കിന്റെ അര്ത്ഥം “അഭയ കേന്ദ്രങ്ങള്” എന്നു ആകുന്നു.

- സുക്കോത്ത് എന്ന് ആദ്യമായി വിളിക്കപ്പെട്ട പട്ടണം സ്ഥിതി ചെയ്തിരുന്നത് യോര്ദാന്നദിയുടെ കിഴക്ക് ഭാഗത്ത് ആയിരുന്നു.
- യാക്കോബ് സുക്കോത്തില്തന്റെ കുടുംബത്തോടും പരിവാരങ്ങളോടും അവര്ക്കായുള്ള താവളങ്ങള്നിര്മ്മിച്ചു അവിടെ വസിച്ചു.
- നൂറു കണക്കിന് വര്ഷങ്ങള്ക്കു ശേഷം, ഗിദയോനും തന്റെ ക്ഷീണിതരായ ജനവും സുക്കോത്തില്മിദ്യാന്യരെ പിന്തുടര്ന്ന് വരവേ നില്ക്കുവാന്ഇടയായി, എന്നാല്അവിടെയുള്ള ജനം അവര്ക്ക് ഭക്ഷണ പദാര്ത്ഥവും നല്കുവാന്വിസ്സമ്മതിച്ചു.
- രണ്ടാമത്തെ സുക്കോത്ത് ഈജിപ്തിന്റെ വടക്കേ അതിര്ത്തിയില്ഇസ്രയേല്ജനം ഈജിപ്തിന്റെ അടിമത്തത്തില്നിന്ന് രക്ഷപ്പെട്ട അനന്തരം ചെങ്കടല്കടന്നു വന്നു പാളയം ഇറങ്ങിയ സ്ഥലം ആയിരുന്നു.

## ദിയ വചന സൂചികകള്:

- 1 രാജാക്കന്മാര്07:46-47
- പുറപ്പാട് 12:37-40
- യോശുവ 13:27-28
- ന്യായാധിപന്മാര്08:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5523, H5524

# സെഖര്യാവ് (പ.നി.)

## വസ്തുതകള്:

സെഖര്യാവ് പേര്ഷ്യയുടെ ദാര്യാവേശ് 1-)മന് എന്ന രാജാവിന്റെ വാഴ്ചയുടെ കാലത്തില് പ്രവചിച്ചു കൊണ്ടിരുന്ന ഒരു പ്രവാചകന് ആയിരുന്നു. പഴയ നിയമ പുസ്തകമായ സെഖര്യാവില് മടങ്ങി വരുന്ന പ്രവാസികളോട് ദേവാലയം പുനര്:നിര്മ്മാണം ചെയ്യുവാന് പ്രേരിപ്പിക്കുന്നത് ഉള്പ്പെടെ ഉള്ള തന്റെ പ്രവചനങ്ങള് ഉള്പ്പെട്ടിരിക്കുന്നു.

- സെഖര്യാവ് പ്രവാചകന് ജീവിച്ചിരുന്ന അതേ കാലഘട്ടത്തില് തന്നെയാണ് എസ്രാ, നെഹെമ്യാവ്, സെരുബ്ബാബേല്, ഹഗ്ഗായി തുടങ്ങിയവര് ജീവിച്ചിരുന്നത്. പ്രവാചകന്മാരില് ഏറ്റവും അവസാനം ഉള്ളവനായി പഴയ നിയമ കാലഘട്ടത്തില് കൊല്ലപ്പെട്ടവനായും യേശുവിനാല്താന് സൂചിപ്പിക്കപ്പെട്ടിരുന്നു.
- സെഖര്യാവ് എന്ന് പേരുള്ള വേറൊരു മനുഷ്യന് ദാവീദിന്റെ കാലത്തില് ദേവാലയത്തിന്റെ വാതില് കാവല്ക്കാരന്ആയി ഉണ്ടായിരുന്നു.
- രാജാവായ യെഹോശാഫാത്തിന്റെ പുത്രന്മാരില് ഒരുവനായി സെഖര്യാവ് തന്റെ സഹോദരനായ യെഹോരാമിനാല് കൊല്ലപ്പെടുകയുണ്ടായി.
- സെഖര്യാവ് എന്ന് പേരുള്ള ഒരു പുരോഹിതന് ഇസ്രയേല് ജനത്തെ അവരുടെ വിഗ്രഹാരാധനയെ കുറിച്ച് ശാസിച്ചപ്പോള് അവരാല് കല്ലെറിഞ്ഞു കൊല്ലപ്പെടുവാന് ഇടയായി.
- രാജാവായ സെഖര്യാവ് യെരൊബൊയാമിന്റെ മകനായി താന് കൊല്ലപ്പെടുന്നതിനു മുന്പായി വെറും ആറു മാസം മാത്രം ഇസ്രയേലിന്മേല് ഭരണം നടത്തി വന്നിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: ദാര്യവേശ്, എസ്രാ, യെഹോശാഫാത്ത്, യെരോബൊയാം, നെഹെമ്യാവ്)

## ദൈവ വചന സൂചികകള്:

- എസ്രാ 05:1-2
- മത്തായി 23:34-36
- സെഖര്യാവ് 01:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2148

# സെഖര്യാവ് (പു.നി.)

## വസ്തുതകൾ:

പുതിയ നിയമത്തിൽ, യോഹന്നാൻ സ്നാപകന്റെ പിതാവായി തീർന്ന സെഖര്യാവ് ഒരു യഹൂദ പുരോഹിതൻ ആയിരുന്നു.

- സെഖര്യാവ് ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്തു.
- ദീർഘ വർഷങ്ങളായി സെഖര്യാവും, തന്റെ ഭാര്യയായ എലിസബത്തും, ഒരു കുഞ്ഞിനു വേണ്ടി ശ്രദ്ധയോടെ പ്രാർഥിച്ചു, എങ്കിലും ഒരു കുഞ്ഞ് ഉണ്ടായിരുന്നില്ല. അനന്തരം അവർ വളരെ വയസ്സ് ചെന്നവർ ആയി തീർന്നപ്പോൾ ദൈവം അവരുടെ പ്രാർത്ഥന കേൾക്കുകയും അവർക്ക് ഒരു മകനെ നൽകുകയും ചെയ്തു.
- സെഖര്യാവ് പ്രവചിച്ചത് എന്തെന്നാൽ തന്റെ മകൻ യോഹന്നാൻ മശീഹയെ ക്കുറിച്ച് അറിയിപ്പ് നൽകുകയും വഴി ഒരുക്കുകയും ചെയ്യുമെന്ന് ആയിരുന്നു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ക്രിസ്തു, എലിസബത്ത്, പ്രവാചകൻ)

## ദൈവ വചന സൂചികകൾ:

- ലൂക്കോസ് 01:5-7
- ലൂക്കോസ് 01:21-23
- ലൂക്കോസ് 01:39-41
- ലൂക്കോസ് 03:1-2

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **22:01** പെട്ടെന്ന് ഒരു ദൈവദൂതൻ ദൈവത്തിങ്കൽ നിന്നും ഉള്ള ഒരു സന്ദേശവുമായി **സെഖര്യാവ്** എന്ന വയോധികനായ പുരോഹിതന്റെ അടുക്കൽ വന്നു. **സെഖര്യാവും** തന്റെ ഭാര്യ, എലിസബത്തും, ദൈവ സ്വഭാവം ഉള്ള വ്യക്തികൾ ആയിരുന്നു, എന്നാൽഅവൾക്കു കുഞ്ഞുങ്ങൾ ഉണ്ടാകുവാൻ ഉള്ള കഴിവ് ഇല്ലായിരുന്നു.
- **22:02** ദൈവദൂതൻ**സെഖര്യാവിനോട്** പറഞ്ഞത്, “നിന്റെ ഭാര്യക്ക് ഒരു മകൻ ഉണ്ടാകും. നീ അവനു യോഹന്നാൻ എന്ന് പേരിടണം.”
- **22:03** ഉടനെ തന്നെ, **സെഖര്യാവിന്** സംസാരിക്കുവാൻ കഴിഞ്ഞില്ല.
- **22:07** അനന്തരം ദൈവം **സെഖര്യാവിനെ** വീണ്ടും സംസാരിക്കുവാൻ ഇടയാക്കി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2197

# സെന്ഹെരീബ്

## വസ്തുതകള്:

സെന്ഹെരീബ് നിനെവേയെ ഒരു സമ്പന്നമായ, സുപ്രധാന നഗരമായി തീരുവാന് ഇടയാക്കി തീര്ത്ത ഒരു ശക്തനായ അശ്ശൂര് രാജാവ് ആയിരുന്നു.

- സെന്ഹെരീബ് രാജാവ് ബാബിലോനിനു എതിരെയും യഹൂദയ്ക്കു എതിരെയും താന്ചെയ്ത യുദ്ധങ്ങള് നിമിത്തം അറിയപ്പെടുന്ന ഒരുവന് ആയിരുന്നു. താന്ഒരു മര്ക്കട മുഷ്ടിക്കാരനായ രാജാവും യഹോവയെ പരിഹസിച്ചവനും ആയിരുന്നു.
- സെന്ഹെരീബ് ഹിസ്കീയാവ് രാജാവിന്റെ കാലത്തില് യെരുശലേമിനെ അക്രമിച്ചു.
- യഹോവ സെന്ഹെരീബിന്റെ സൈന്യത്തെ നശിപ്പിക്കുവാന് ഇടയായി.
- പഴയ നിയമ ഗ്രന്ഥങ്ങള് ആയ രാജാക്കന്മാരും ദിനവൃത്താങ്ങളും സെന്ഹെരീബിന്റെ വാഴ്ചയിലെ ചില സംഭവങ്ങള് രേഖപ്പെടുത്തിയിട്ടുണ്ട്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അശ്ശൂര്, ബാബിലോണ്, ഹിസ്കീയാവ്, യഹൂദ, പരിഹസിക്കുക, നിനെവേ)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്32:1
- 2 ദിനവൃത്താന്തങ്ങള്32:16-17
- 2 രാജാക്കന്മാര്:13-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

# സെഫന്യാവ്

## വസ്തുതകള്:

കൂശിയുടെ മകനായ, സെഫന്യാവ്, യെരുശലേമില് വസിച്ചു വന്നിരുന്നതായ ഒരു പ്രവാചകനായി രാജാവായ യോശിയാവിന്റെ വാഴ്ചയുടെ കാലഘട്ടത്തില് പ്രവചിച്ചു വന്നിരുന്നു. ഇദ്ദേഹം യിരെമ്യാവിന്റെ അതേ കാലഘട്ടത്തില് തന്നെ ജീവിച്ചിരുന്നു.

- അസത്യ ദൈവങ്ങളെ ആരാധിക്കുക നിമിത്തം യഹൂദ ജനങ്ങളെ താന് ശാസിക്കുവാന്ഇടയായി. തന്റെ പ്രവചനങ്ങള് പഴയ നിയമത്തിലെ സെഫന്യാവിന്റെ പുസ്തകത്തില് എഴുതപ്പെട്ടിരിക്കുന്നു.
- സെഫന്യാവ് എന്ന് പേരുള്ള നിരവധി ആളുകള് പഴയ നിയമത്തില് ഉണ്ടായിരുന്നു, അവരില്മ മിക്കപേരും പുരോഹിതന്മാര്ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: യിരെമ്യാവ്, യോശിയാവ്, പുരോഹിതന്)

## ദൈവ വചന സൂചികകള്:

- 2 രാജാക്കന്മാര് 25:18-19
- യിരെമ്യാവ് 52:24-25
- സെഖര്യാവ് 06:9-11
- സെഫന്യാവ് 01:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6846

# സെബുലൂൻ

## വസ്തുതകൾ:

സെബുലൂൻ യാക്കോബിനും ലേയയ്ക്കും ജനിച്ച അവസാനത്തെ മകനും ഇസ്രയേലിലെ പന്ത്രണ്ടു ഗോത്രങ്ങളിൽ ഒന്നിന്റെ പേരും ആയിരുന്നു.

- സെബുലൂൻ എന്ന ഇസ്രയേല്യ ഗോത്രത്തിനു ഉപ്പുകടലിന്റെ നേരെ പടിഞ്ഞാറ് ഉള്ളതായ പ്രദേശം നൽകപ്പെട്ടു.
- ചില സന്ദർഭങ്ങളിൽ "സെബുലൂൻ" എന്ന പേര് ഈ ഇസ്രയേല്യ ഗോത്രം വസിച്ചു വന്നതായ പ്രദേശത്തെ സൂചിപ്പിക്കുവാനായും ഉപയോഗിച്ചു വന്നിരുന്നു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:യാക്കോബ്, ലേയ, ഉപ്പുകടൽ, ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾ)

## ദൈവ വചന സൂചികകൾ:

- പുറപ്പാട് 01:1-5
- ഉൽപ്പത്തി 30:19-21
- യെശ്ശയ്യാവ് 09:1-2
- ന്യായാധിപന്മാർ:10
- മത്തായി 04:12-13
- മത്തായി 04:14-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2074, H2075, G2194

# സെബെദി

## വസ്തുതകൾ:

സെബെദി ഗലീലയിൽ നിന്നുള്ള ഒരു മുക്കുവൻ ആയിരുന്നു, യേശുവിന്റെ ശിഷ്യന്മാരായി തീർന്ന യാക്കോബ്, യോഹന്നാൻഎന്നീ പുത്രന്മാർ നിമിത്തം താൻ അറിയപ്പെട്ടു വരുന്നു. അവർ സാധാരണയായി പുതിയ നിയമത്തിൽ "സെബെദി പുത്രന്മാർ" എന്ന് അറിയപ്പെട്ടു വന്നിരുന്നു.

- സെബെദിയുടെ പുത്രന്മാരും മീൻപിടിത്തക്കാരും അവനോടു കൂടെ മത്സ്യബന്ധന ജോലി ചെയ്തു വന്നവരും ആയിരുന്നു.
- യാക്കോബും യോഹന്നാനും അവരുടെ മത്സ്യ ബന്ധന തൊഴിൽ പിതാവിന്റെ അടുക്കൽ വിട്ടുവിട്ട് യേശുവിനെ അനുഗമിക്കുവാനായി കടന്നുപോയി.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ശിഷ്യൻ, മുക്കുവന്മാർ, യാക്കോബ് (സെബെദിയുടെ മകൻ), യോഹന്നാൻ (അപ്പോസ്തലൻ)

## ദൈവ വചന സൂചികകൾ:

- യോഹന്നാൻ:1-3
- ലൂക്കോസ് 05:8-11
- മർക്കോസ് 01:19-20
- മത്തായി 04:21-22
- മത്തായി 20:20-21
- മത്തായി 26:36-38

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2199

# സെരുബ്ബാബേല്

## വസ്തുതകള്:

സെരുബ്ബാബേല് എന്നുള്ളത് പഴയ നിയമത്തില് ഉള്ള രണ്ടു ഇസ്രയേല്യ പ്രജകളുടെ പേര് ആയിരുന്നു.

- ഇവരില് ഒരാള് യെഹോയാക്കിമിന്റെയും സിദെക്കിയാവിന്റെയും സന്തതിയില്ഉള്പ്പെട്ടവന് ആയിരുന്നു.
- വ്യത്യസ്തനായ വേറൊരു സെരുബ്ബാബേല്, ശെയല്ത്തിയേലിന്റെ മകനായി, എസ്രയുടെയും നെഹെമ്യാവിന്റെയും കാലഘട്ടങ്ങളില് പേര്ഷ്യന് രാജാവായിരുന്ന കോരേശ് രാജാവ് ഇസ്രയേല്യരെ അവരുടെ ബാബിലോനിലെ പ്രവാസത്തില് നിന്നും വിടുവിച്ചപ്പോള്, യഹൂദ ഗോത്രത്തിന്റെ തലവന് ആയിരുന്നു,
- സെരുബ്ബാബേലും മഹാപുരോഹിതനായ യോശുവയും ദേവാലയവും ദൈവത്തിന്റെ യാഗപീഠവും പുനര്:നിര്മ്മാണം ചെയ്യുന്നതിന് സഹായിച്ചവരില് ഉള്പ്പെട്ടവര് ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ബാബിലോണ്, ബന്ധനസ്ഥന്, കോരേശ്, എസ്രാ, മഹാപുരോഹിതന്, യെഹോയാക്കിം, യോശുവ, യഹൂദ, നെഹമ്യാവ്, പേര്ഷ്യ, സിദെക്കിയാവ്]സിദെക്കിയാവ്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 03:19-21
- എസ്രാ 02:1-2
- എസ്രാ 03:8-9
- ലൂക്കോസ് 03:27-29
- മത്തായി 01:12-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2216, H2217, G2216

# സേത്ത്

## വസ്തുതകള്:

ഉല്പ്പത്തി പുസ്തകത്തില്, ആദാമിന്റെയും ഹവ്വയുടെയും മൂന്നാമത്തെ പുത്രന്ആയിരുന്നു.

- ഹവ്വ പറഞ്ഞത് അവന്റെ സഹോദരന്ആയിരുന്ന കായീനിനാല്കൊല്ലപ്പെട്ട തന്റെ മകന്ആയിരുന്ന ഹാബേലിന്റെ സ്ഥാനത്ത് നല്കപ്പെട്ട മകന്ആയിരുന്നു സേത്ത് എന്നാണ്.
- നോഹ സേത്തിന്റെ സന്തതികളില്ഒരുവന്ആയിരുന്നു, ആയതിനാല്ജലപ്രളയത്തിന്റെ സമയം മുതല്ജീവിച്ചു വന്ന സകലരും സേത്തിന്റെയും കൂടെ സന്തതികള്ആകുന്നു.
- സേത്തും തന്റെ കുടുംബവും "കര്ത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന" ആദ്യത്തെ ജനം ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ആബേല്, കയീന്, വിളിക്കുക, സന്തതി, പൂര്വികന്, ജലപ്രളയം, നോഹ)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്01:1-4
- ലൂക്കോസ് 03:36-38
- സംഖ്യാപുസ്തകം 24:17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8352, G4589

# സോദോം

## നിര്വചനം:

അബ്രഹാമിന്റെ അനന്തരവന്ആയിരുന്ന ലോത്ത് തന്റെ ഭാര്യയോടു മക്കളോടും കൂടെ വസിച്ചു വന്നിരുന്ന കനാന്ദേശത്തിന്റെ വടക്ക് ഭാഗത്ത് ഉണ്ടായിരുന്ന ഒരു പട്ടണം ആയിരുന്നു സോദോം.

- സോദോമിന് ചുറ്റുപുറവും ഉണ്ടായിരുന്ന പ്രദേശങ്ങള്എല്ലാം വളരെ ജലസമൃധിയും ഫലഭൂയിഷ്ടവും ആയ പ്രദേശം ആയതിനാല്, കനാനില്താന്ആദ്യമായി താമസിക്കുവാന്ഇടയായപ്പോള്ലോത്ത് അവിടം തിരഞ്ഞെടുപ്പാന്ഇടയായി.
- സോദോമും സമീപ പട്ടണമായ ഗോമോറയും അവിടെ പാര്ത്തു വന്നിരുന്ന ജനങ്ങള്വളരെ ദോഷകരമായ പ്രവര്ത്തികള്ചെയ്തു വന്നിരുന്നതിനാല്അതിനു ശിക്ഷയായി ദൈവ ആ പട്ടണങ്ങളെ പൂര്ണ്ണമായി നശിപ്പിച്ചതുകൊണ്ട് ഇവയുടെ യഥാര്ത്ഥ സ്ഥാനം എവിടെയാണെന്ന് അറിയപ്പെടുന്നില്ല.
- സോദോമിലും ഗോമോരായിലും ഉണ്ടായിരുന്ന ജനം ചെയ്തു വന്ന ശ്രദ്ധേയമായ പാപം സ്വവര്ഗ്ഗരതി ശീലം ആയിരുന്നു.

(കാണുക: കനാന്, ഗോമോറാ)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 10:19-20
- ഉല്പ്പത്തി 13:12-13
- മത്തായി 10:14-15
- മത്തായി 11:23=24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5467, G4670

# സോര്, സോര്യര്

## വസ്തുതകള്:

ആധുനിക കാലത്തെ ലെബനോന്എന്നു അറിയപ്പെടുന്ന രാജ്യത്തിന്റെ ഭാഗമായ മെഡിറ്ററേനിയന്കടല്തീര മേഖലയില്സ്ഥിതി ചെയ്തു വന്നിരുന്ന ഒരു പുരാതന കനാന്യ പട്ടണം ആയിരുന്നു സോര്. ഇവിടത്തെ ജനത്തെ "സോര്യര്" എന്ന് വിളിച്ചു വന്നിരുന്നു.

- ഈ പട്ടണത്തിന്റെ ഒരു ഭാഗം കടലില്ഉള്ള ഒരു ദ്വീപില്, പ്രധാന കരഭാഗത്ത്നിന്ന് ഏകദേശം ഒരു കിലോമീറ്റര്ദൂരത്തില്സ്ഥിതി ചെയ്തു വന്നിരുന്നു.
- ഇതിന്റെ സ്ഥിതി ചെയ്യുന്ന വിധവും വിലപിടിപ്പുള്ള പ്രകൃതി വിഭവങ്ങളായ, ഖദിര മരം പോലെയുള്ളവ സോരില്സമ്പല്സമൃദ്ധമായ വ്യാപാര വ്യവസായം സൃഷ്ടിക്കുകയും ചെയ്തതിനാല്വളരെ ധനസമൃദ്ധി ഉള്ള ഒരു പട്ടണം ആയിരുന്നു.
- സോരിലെ രാജാവായ ഹീരാം ദാവീദ് രാജാവിന് കൊട്ടാരം പണിയില്സഹായിക്കേണ്ടതിനു ഖദിരമരവും സമര്ത്ഥരായ പണിക്കാരെയും അയച്ചു കൊടുത്തു.
- വര്ഷങ്ങള്ക്കു ശേഷം, ദേവാലയ നിര്മ്മാണത്തില്രാജാവായ ശലോമോനെ സഹായിക്കേണ്ടതിനു മരവും സമര്ത്ഥരായ പണിക്കാരെയും ഹീരാം അയച്ചു കൊടുക്കുകയും ചെയ്തു. ശലോമോന്അവനു ധാരാളം ഗോതമ്പും ഒലിവെണ്ണയും വിലയായി നല്കുകയും ചെയ്തു.
- സോര്സമീപമായുള്ള പുരാതന പട്ടണമായ സീദോനുമായി ഇപ്പോഴും ബന്ധം പുലര്ത്തുക പതിവായിരുന്നു. ഫോയ്നീഷ്യ എന്ന് വിളിക്കപ്പെട്ടു വന്നിരുന്ന കനാന്റെ ഈ മേഖലയില്ഉള്ള വളരെ പ്രധാനപ്പെട്ട പട്ടണങ്ങള്ആയിരുന്നു ഇവ.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കനാന്, ഖദിരമരം, ഇസ്രയേല്, കടല്, ഫോയ്നീഷ്യ, സീദോന്)

## ദൈവ വചന സൂചികകള്:

- അപ്പോ.12:20-21
- മര്ക്കോസ് 03:7-8
- മത്തായി 11:20-22
- മത്തായി 15:21-23

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6865, H6876, G5183, G5184

# സോവാര്

## വസ്തുതകള്:

സോവാര് എന്നത് സോദോമിനെയും ഗോമോറയെയും ദൈവം നശിപ്പിച്ചപ്പോള് ലോത്ത് ഓടിപ്പോയി ചെന്ന് ചേര്ന്ന ഒരു ചെറിയ പട്ടണം ആയിരുന്നു.

- മുന്പ് ഈ പട്ടണം “ബേല” എന്നാണ് അറിയപ്പെട്ടു വന്നത്, എന്നാല്ഈ “ചെറിയ” പട്ടണത്തെ രക്ഷിക്കണമേ എന്ന് ലോത്ത് ദൈവത്തോട് പ്രാര്ഥിച്ചതിന് ശേഷം അതിനു “സോവാര്” എന്ന് പേര് നല്കി.
- സോവാര്യോര്ദാന്നദിയുടെ സമതല പ്രദേശത്ത് സ്ഥിതി ചെയ്തു കാണപ്പെട്ടു അല്ലെങ്കില്ചാവുകടലിന്റെ തെക്കന്അറ്റത്തായി കാണപ്പെട്ടിരുന്നു എന്ന് കരുതപ്പെടുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ലോത്ത്, സോദോം]സോദോം, ഗോമോറ)

## ദൈവ വചന സൂചികകള്:

- ആവര്ത്തന പുസ്തകം 34:1-3
- ഉല്പ്പത്തി 13:10-11
- ഉല്പ്പത്തി 14:1-2
- ഉല്പ്പത്തി 19:21-22
- ഉല്പ്പത്തി 19:23-25

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6820

# സ്തേഫാനോസ്

## വസ്തുതകള്:

സ്തേഫാനോസ് ആദ്യത്തെ രക്തസാക്ഷി എന്ന നിലയില്ഏറ്റവും അധികം സ്മരിക്കപ്പെടുന്നവന്, അതായത്, യേശുവില്ഉള്ള തന്റെ വിശ്വാസം കാരണം ആദ്യമായി കൊല്ലപ്പെടുന്ന വ്യക്തി ആകുന്നു. തന്റെ ജീവിതത്തെ കുറിച്ചും മരണത്തെക്കുറിച്ചും അപ്പോസ്തല പ്രവര്ത്തികളുടെ പുസ്തകത്തിലേഖപ്പെടുത്തിയിട്ടുണ്ട്.

- സ്തെഫാനോസ് വിധവകള്ക്കു ഭക്ഷണം വിതരണം ചെയ്യുന്നതിനും മറ്റു ക്രിസ്ത്യാനികള്ക്ക് സഹായം എത്തിക്കുന്നതിനും യെരുശലേമില്ഉള്ള ആദ്യകാല സഭയില്ക്രിസ്ത്യാനികളെ സഹായിക്കേണ്ടതിനു ഒരു മൂപ്പനായി നിയമിതന്ആയിരുന്നു.
- ചില യഹൂദന്മാര്സ്തേഫാനോസിനു വിരോധമായി തെറ്റായ ആരോപണങ്ങള്ഉന്നയിച്ചു താൻദൈവത്തിനു വിരോധമായും മോശെയുടെ പ്രമാണങ്ങള്ക്ക് എതിരായും സംസാരിച്ചു എന്ന് കുറ്റപ്പെടുത്തുവാന്ഇടയായി. മശീഹ ആകുന്ന യേശുവിനെ കുറിച്ചുള്ള സത്യം സ്തേഫാനോസ് വളരെ ധൈര്യപൂര്വ്വം ദൈവം ഇസ്രായേലിനോട് ഇടപെടുവാന്തുടങ്ങിയ ആരംഭ ചരിത്രം മുതല്സംസാരിക്കുവാന്ഇടയായി.
- യഹൂദ നേതാക്കന്മാരുളരെ കോപക്രാന്തരായി സ്തേഫാനോസിനെ പട്ടണത്തിനു പുറത്ത് വെച്ച് കല്ലെറിഞ്ഞു കൊന്നു ശിക്ഷിക്കുവാന്ഇടയായി.
- തന്റെ ശിക്ഷ നടപ്പാക്കല്തര്സോസുകാരന്ആയ ശൌല്സാക്ഷ്യം വഹിച്ചു, താന്പില്ക്കാലത്ത് അപ്പോസ്തലനായ പൌലോസ് ആയിത്തീര്ന്നു.
- സ്തേഫാനോസ് മരിക്കുന്നതിനു മുന്പ് "കര്ത്താവെ, ദയവായി ഇവരുടെ പാപം ഇവര്ക്ക് വിരോധമായി നിര്ത്തരുതേ" എന്ന് പ്രാര്ഥിക്കുക വഴി മറ്റുള്ളവരോടുള്ള തന്റെ സ്നേഹം താന്പ്രകടിപ്പിക്കുവാന്ഇടയായി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: നിയമിക്കുക, മൂപ്പന്, യെരുശലേം, പൌലോസ്, കല്ല്, സത്യം)

## ദൈവ വചന സൂചികകള്:

- അപ്പോ.06:5-6
- അപ്പോ.06:8-9
- അപ്പോ.06:10-11
- അപ്പോ.06:12-15
- അപ്പോ.07:59-60
- അപ്പോ.11:19-21
- അപ്പോ.22:19-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G4736

# ഹഗ്ഗായി

## വസ്തുതകള്:

ബാബിലോണില്പ്രവാസികളായി ജീവിച്ച ശേഷം തിരികെ സ്വദേശത്തേക്ക് യഹൂദന്മാര്മടങ്ങി വന്നപ്പോള്ഉണ്ടായിരുന്ന ഒരു പ്രവാചകന്ആയിരുന്നു ഹഗ്ഗായി.

- ഹഗ്ഗായി പ്രവചിച്ചു കൊണ്ടിരുന്ന കാലഘട്ടത്തില്, ഉസ്സിയാവ് രാജാവ് ആയിരുന്നു യഹൂദ ഭരിച്ചു കൊണ്ടിരുന്നത്.
- പ്രവാചകനായ സെഖര്യാവും ഈ കാലഘട്ടത്തില്പ്രവചിച്ചു കൊണ്ടിരുന്നു.
- ഹഗ്ഗായിയും സെഖര്യാവും രാജാവായ നെബുഖദ്നേസ്സരിന്റെ കീഴില്ബാബിലോന്യരാല്നശിപ്പിക്കപ്പെട്ടതായ ദൈവാലയം പുതുക്കി പണിയേണ്ടതിനു യഹൂദന്മാരെ പ്രബോധിപ്പിച്ചു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക:ബാബിലോണ്, യഹൂദ, നെബുഖദ്നേസ്സര്, ഉസ്സിയാവ്, സെഖര്യാവ്)

## ദൈവ വചന സൂചികകള്:

- എസ്രാ 05:1-2
- എസ്രാ 06:13-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2292

# ഹനന്യാവ്

## വസ്തുതകള്:

പഴയ നിയമത്തില്വ്യത്യസ്തരായ പല ആളുകളുടെ പേര് ഹനന്യാവു എന്നായിരുന്നു.

- ഒരു ഹനന്യാവ് ബാബിലോണില്പ്രവാസിയായി കാണപ്പെട്ടിരുന്ന ഇസ്രയേല്യന്തന്റെ പേര് “ശദ്രക്ക്” പേരു മാറ്റം ചെയ്യപ്പെട്ടവന്ആണ്.
- തന്റെ ശ്രേഷ്ടമായ സ്വഭാവ വിശേഷത നിമിത്തവും കഴിവുകള്നിമിത്തവും തനിക്കു രാജകീയ സേവകന്എന്ന പദവി നല്കപ്പെട്ടിരുന്നു.
- ഒരിക്കല്ബാബിലോന്യ രാജാവിനെ ആരാധിക്കുവാന്വിസ്സമ്മതി ച്ചതിനെ തുടര്ന്ന് ഹനന്യാവിനെയും (ശദ്രക്ക്) മറ്റു രണ്ടു യിസ്രായേല്യ യുവാക്കളെയും ചൂളയില്ആളിക്കത്തിക്കൊണ്ടിരിക്കുന്ന തീയില്എറിയുവാന്ഇടയായി. എന്നാല്അവര്ക്ക് യാതൊരു ക്ഷതവും സംഭവിക്കാതെ സംരക്ഷിച്ചു കൊണ്ട് ദൈവം തന്റെ ശക്തിയെ പ്രദര്ശിപ്പിച്ചു.
- ഹനന്യാവു എന്ന് പേരുള്ള വേറൊരു വ്യക്തി രാജാവായ ശലോമോന്റെ സന്തതിയുടെ പട്ടികയില്കാണപ്പെട്ടിരുന്നു.
- വേറൊരു ഹനന്യാവ് എന്ന് പേരുള്ള ഒരു കള്ള പ്രവാചകന്യിരെമ്യാവ് പ്രവാചകന്റെ കാലഘട്ടത്തില്കാണപ്പെട്ടിരുന്നു.
- നെഹമ്യാവിന്റെ കാലഘട്ടത്തില്ഒരു ഉത്സവത്തില്സഹായകനായി ഹനന്യാവ് എന്ന് പേരുള്ള ഒരു മനുഷ്യന്പുരോഹിതനായി ഉണ്ടായിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക:അസരിയാവ്,ബാബിലോണ്, ദാനിയേല്, കള്ള പ്രവാചകന്, യിരെമ്യാവ്, മിശായേല്)

## ദൈവ വചന സൂചികകള്:

- ദാനിയേല്01:6-7
- ദാനിയേല്02:17-18
- യിരെമ്യാവ് 28:1-2
- യിരെമ്യാവ് 28:5-7
- യിരെമ്യാവ് 28:15-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2608

# ഹന്ന

## വസ്തുതകള്:

ഹന്ന പ്രവാചകനായ ശമുവേലിന്റെ മാതാവ് ആയിരുന്നു. അവള്എല്ക്കാനയുടെ രണ്ടു ഭാര്യമാരില്ഒരുവള്ആയിരുന്നു. ഹന്നയ്ക്ക് ഒരു കുഞ്ഞിനെ ഗര്ഭം ധരിക്കുവാന്കഴിഞ്ഞിരുന്നില്ല, അത് അവളുടെ വലിയ സങ്കടം ആയിരുന്നു.

- ദൈവാലയത്തില്, അവളുഉരെ ശ്രദ്ധയോടു കൂടെ ദൈവത്തോട് തനിക്കു ഒരു മകനെ നല്കണം, എങ്കില്താന്അവനെ ദൈവത്തെ സേവിക്കുവാനായി സമര്പ്പിക്കാം എന്ന് പ്രാര്ഥിച്ചു.
- ദൈവം അവളുടെ അപേക്ഷ അവള്ക്കു അനുവദിച്ചു, ശമുവേല്ബാലന്വലുതായപ്പോള്, അവള്അവനെ ദൈവാലയത്തില്ശുശ്രൂഷ ചെയ്യുവാനായി കൊണ്ട് വരികയും ചെയ്തു.
- അതിനു ശേഷം ദൈവം ഹന്നയ്ക്ക് വേറെയും മക്കളെ നല്കി.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഗര്ഭം ധരിക്കുക, ശമുവേല്)

## ദൈവ വചന സൂചികകള്:

- 1ശമുവേല്01:1-2
- 1ശമുവേല്02:1

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2584

# ഹന്നാവ്

## വസ്തുതകള്

ക്രിസ്ത്വാബ്ദം 6 മുതല്15 വരെ ഏകദേശം 10 വര്ഷങ്ങളെ്യരുശലേമില്യഹൂദ പുരോഹിതനായിരുന്ന വ്യക്തിയാണ് ഹന്നാവ്. പിന്നീട് താന്റോമന്സര്ക്കാരിനാല്മഹാപൌരോഹിത്യത്തില്നിന്നും പുറ ത്താക്കപ്പെട്ടു, എങ്കിലും, യഹൂദന്മാരുടെയിടയില്സ്വാധീനമുള്ള ഒരു നേതാവായി താന്തുടര്ന്നുപോന്നു.

- യേശുവിന്റെ ശുശ്രൂഷ കാലഘട്ടത്തില്ഔദ്യോഗിക മഹാപുരോഹിതനായിരുന്ന കയ്യഫാവിന്റെ അമ്മായപ്പന്ആയിരുന്നു ഹന്നാവ്. മഹാപുരോഹിതന്മാര് വിരമിച്ചാലും, അവര്ക്ക് ആ നാമം ചില ഉത്തരവാദിത്തങ്ങള്സഹിതം നിലനിര്ത്തപ്പെടും, ആയതിനാലാണ് കയ്യഫാവും മറ്റുള്ളവരും ഉള്ളപ്പോള്തന്നെ ഹന്നാവും മഹാപുരോഹിതന്എന്നു സൂചിപ്പിക്കപ്പെട്ടത്.
- യഹൂദ നേതാക്കന്മാരുടെ മുന്പില്ന്യായവിസ്താരത്തിനു വന്നപ്പോള്, യേശു ആദ്യമായി ചോദ്യം ചെയ്യലിനായി ഹന്നാവിന്റെ മുന്പില്കൊണ്ടുവരപ്പെട്ടു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: മഹാപുരോഹിതന്, പുരോഹിതന്)

## ദൈവവചന സൂചികകള്:

- അപ്പോ:പ്രവര്ത്തികള്04:5-7
- യോഹന്നാന്18;22-24
- ലൂക്കോസ് 03:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G452

# ഹബക്കൂക്ക്

## വസ്തുതകള്:

യെഹോയാക്കീം രാജാവ് യഹൂദ ഭരിച്ചു കൊണ്ടിരുന്ന കാലത്തില്ജീവിച്ചിരുന്ന ഒരു പഴയ നിയമ പ്രവാചകന്ആയിരുന്നു ഹബക്കൂക്ക്. പ്രവാചകന്ആയിരുന്ന യിരെമ്യാവും ഈ കാലഘട്ടത്തില്ജീവിച്ചു വന്നിരുന്നു.

- ഏകദേശം ക്രി.മു.600 വര്ഷങ്ങളില്ബാബിലോന്യര്യെരുശലേം കീഴടക്കുകയും നിരവധി യഹൂദ ജനത്തെ പ്രവാസത്തിലേക്ക് പിടിചു കൊണ്ടു പോകുകയും ചെയ്ത കാലത്തില്ഈ പ്രവാചകന്ഹബക്കൂക്കിന്റെ പുസ്തകം രചിച്ചു.
- യഹോവ ഹബക്കൂക്കിനു എപ്രകാരം "കല്ദയര്" (ബാബിലോന്യര്) വന്നു യഹൂദ ജനത്തിന്മേല്വിജയം കൈവരിക്കുമെന്നു പ്രവചനം നല്കി.
- ഹബക്കൂക്കിന്റെ ഏറ്റവും പ്രസിദ്ധമായ പ്രസ്താവനയാണ്: നീതിമാന്തന്റെ വിശ്വാസത്താല്ജീവിക്കും" എന്നുള്ളത്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ബാബിലോന്, യെഹോയാക്കിം, യിരെമ്യാവ്)

## ദൈവ വചന സൂചികകള്:

- ഹബക്കൂക്ക് 01:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2265

# ഹമാത്ത്, ഹമാത്യർ, ലെബോ ഹമാത്ത്

## വസ്തുതകൾ:

കനാൻ ദേശത്തിന്റെ വടക്ക് ഭാഗത്തായി, വടക്കൻ സിറിയയിലെ ഒരു പ്രധാന പട്ടണമായിരുന്നു ഹമാത്ത്. നോഹയുടെ മകനായ കനാന്റെ സന്തതികൾ ആയിരുന്നു ഹമാത്യർ.

- "ലെബോ ഹമാത്ത്" എന്ന പേര് മിക്കവാറും ഹമാത്ത് പട്ടണത്തിന്റെ സമീപത്തിൽ ഉണ്ടായിരുന്ന ഒരു മലയെ സൂചിപ്പിക്കുന്നതു ആയിരിക്കാം.
- ചില ഭാഷാന്തരങ്ങളിൽ "ലെബോ ഹമാത്ത്" എന്നത് "ഹമാത്തിലേക്ക് ഉള്ള പ്രവേശനം" എന്ന് പരിഭാഷ ചെയ്തിരിക്കുന്നു. ദാവീദ് രാജാവ് ഹമാത്ത് രാജാവായ തൌവിന്റെ ശത്രുക്കളെ പരാജയപ്പെടുത്തി, അവരോട് നല്ല ഉടമ്പടിയിൽ പ്രവേശിപ്പിക്കുവാൻ ഇടയാക്കി.*
- ഭക്ഷണ സാധനങ്ങൾ സംരക്ഷിച്ചു വെക്കുവാൻ തിരഞ്ഞെടുത്ത ശലോമോൻ രാജാവിന്റെ സംഭരണ നഗരങ്ങളിൽ ഒന്നായിരുന്നു ഹമാത്ത്.
- ഹമാത്ത് ദേശത്തിൽവെച്ചാണ് നെബുഖദ്നേസ്സർരാജാവിനാൽസിദെക്കിയാവ് രാജാവ് വധിക്കപ്പെടുന്നതും യെഹോവാഹാശ് രാജാവ് മിസ്രയീമ്യനായ ഫറവോനാൽ ബന്ധനസ്ഥൻആകുന്നതും.
- "ഹമാത്യൻ" എന്ന പദം "ഹമാത്തിൽനിന്നും ഉള്ള വ്യക്തി" എന്ന് പരിഭാഷ ചെയ്യാവുന്നതാണ്.

(പരിഭാഷ നിർദേശങ്ങൾ: പേരുകളുടെ പരിഭാഷ)

(കാണുക: ബാബിലോൺ, കനാൻ, നെബുഖദ്നേസ്സർ, സിറിയ, സിദെക്കിയാവ്)

## ദൈവ വചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ18:3-4
- 2 ശമുവേൽ08:9-10
- ആമോസ് 06:1-2
- യെഹസ്കേൽ47:15-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2574, H2577

# ഹവ്വ

## വസ്തുതകള്:

ഇതു ആദ്യ സ്ത്രീയുടെ പേരാണ്. അവളുടെ പേരിന്റെ അര്ത്ഥം “ജീവന്” അല്ലെങ്കില് “ജീവനുള്ള” എന്നാണ്. ആദാമില് നിന്നെടുത്ത ഒരു വാരിയെല്ലില് നിന്നാണ് ദൈവം ഹവ്വയെ സൃഷ്ടിച്ചത്.

- ഹവ്വ ആദാമിന് ഒരു “സഹായി” ആയിട്ടാണ് സൃഷ്ടിക്കപ്പെട്ടത്. ദൈവം അവര്ക്ക് നല്കിയ പ്രവര്ത്തിയെ ചെയ്യുന്നതില് അവനെ സഹായിക്കുവാനായി അവള് കൂടെ വന്നു.
- ഹവ്വ സാത്താനാല് പരീക്ഷിക്കപ്പെട്ടു (പാമ്പിന്റെ രൂപത്തില്), ദൈവം തിന്നരുതെന്നു കല്പ്പിച്ച ഫലം ഭക്ഷിച്ചു പാപം ചെയ്യുന്നതില് ഒന്നാമത്തെ വ്യക്തിയായി.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ആദാം, ജീവിതം, സാത്താന്)

## ദൈവവചന സൂചികകള്:

- 1 തിമോത്തിയോസ് 02:13-15
- 2 കൊരിന്ത്യര്:3-4
- ഉല്പ്പത്തി 03:20-21
- ഉല്പ്പത്തി 04:1-2

## ദൈവവചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **01:13** അനന്തരം ദൈവം ആദാമിന്റെ വാരിയെല്ലുകളില് ഒന്നു എടുത്ത് സ്ത്രീയായി സൃഷ്ടിച്ചു അവളെ അവന്റെ അടുക്കല് കൊണ്ടു വന്നു.
- **02:02** എന്നാല് കൌശലമുള്ള ഒരു പാമ്പ് തോട്ടത്തില് ഉണ്ടായി രുന്നു. അവന് സ്ത്രീയോട്, “ദൈവം വാസ്തവമായും തോട്ടത്തിലുള്ള ഏതെങ്കിലും വൃക്ഷങ്ങളുടെ ഫലം ഭക്ഷിക്കരുതെന്നു പറഞ്ഞിട്ടുണ്ടോ?” എന്നു ചോദിച്ചു.
- **02:11** മനുഷ്യന് തന്റെ ഭാര്യക്ക് **ഹവ്വ** എന്നു പേരിട്ടു, അതിന്റെ അര്ത്ഥം “ജീവന് നല്കുന്നവള്”, എന്നാകുന്നു, എന്തുകൊണ്ടെന്നാല് അവള് ജീവനുള്ള എല്ലാവര്ക്കും മാതാവാകുന്നുവല്ലോ.
- **21:01** **ഹവ്വ** യുടെ ഒരു സന്തതി ജനിക്കും താന് സര്പ്പത്തിന്റെ തലയെ തകര്ക്കും എന്നു ദൈവം വാഗ്ദത്തം ചെയ്തു.
- **48:02** സാത്താന് **ഹവ്വയെ** കബളിപ്പിക്കുവാനായി തോട്ടത്തി ലുള്ള സര്പ്പം മൂലം സംസാരിച്ചു.
- **49:08** ആദാമും **ഹവ്വയും** പാപം ചെയ്തു, അത് അവരുടെ എല്ലാ സന്തതികളെയും ബാധിച്ചു.
- **50:16** ആദാമും **ഹവ്വയും** ദൈവത്തെ അനുസരിക്കാതെ വന്നതിനാല് ഈ ലോകത്തിലേക്ക് പാപം കൊണ്ടുവരികയും, ദൈവം അതിനെ ശപിക്കുകയും അതിനെ നശിപ്പിക്കുവാന് തീരുമാനിക്കുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2332, G2096

# ഹാം

## വസ്തുതകൾ:

ഹാം നോഹയുടെ മൂന്നു മക്കളിൽരണ്ടാമത്തവൻആയിരുന്നു.

- ലോക വ്യാപകമായ ജലപ്രളയം ഭൂമിയെ മൂടിയപ്പോൾ, ഹാമും തന്റെ സഹോദരന്മാരും നോഹയോടുകൂടെ അവരുടെ ഭാര്യമാരോടൊപ്പം പെട്ടകത്തിൽഉണ്ടായിരുന്നു.
- ജലപ്രളയത്തിനു ശേഷം, തന്റെ പിതാവായ നോഹയെ തീർത്തും അപമാനപ്പെടുത്തുന്ന രീതിയിൽനടന്നതായ ഒരു സാഹചര്യം ഉണ്ടായി. അതിന്റെ ഫലമായി, നോഹ ഹാമിന്റെ മകനായ കനാനെയും അവന്റെ സന്തതികളെയും ശപിച്ചു, അവരാണ് തുടർന്ന് കനാന്യർഎന്ന് അറിയപ്പെടുവാൻതുടങ്ങി.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

(കാണുക:പെട്ടകം, കനാൻ, അപമാനം, നോഹ)

## ദൈവ വചന സൂചികകൾ:

- ഉൽപ്പത്തി 05:32
- ഉൽപ്പത്തി 06:9-10
- ഉൽപ്പത്തി 07:13-14
- ഉൽപ്പത്തി 10:1
- ഉൽപ്പത്തി 10:19-20

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2526

# ഹാഗര്

## വസ്തുതകള്:

ഹാഗാര്സാറായിയുടെ വ്യക്തിഗത അടിമയായ മിസ്രയീമ്യ സ്ത്രീ ആയിരുന്നു.

- സാറായി കുഞ്ഞുങ്ങളെ പ്രസവിക്കുവാന്കഴിവില്ലാത്തവള്ആയപ്പോള്, അവള്ഹാഗാരിനെ തന്റെ ഭര്ത്താവായ അബ്രാമിന് അവനില്കൂടെ കുഞ്ഞ് ഉണ്ടാകേണ്ടതിന് കൊടുത്തു.
- ഹാഗാര്ഗര്ഭം ധരിക്കുകയും അബ്രാമിന് ഇഷ്മയേല്എന്ന മകനെ പ്രസവിക്കുകയും ചെയ്തു.
- മരുഭൂമിയില്ഹാഗാര്ഉഴന്നു നടന്നപ്പോള്ദൈവം അവളെ കാണുകയും അവളുടെ സന്തതിയെ അനുഗ്രഹിക്കുമെന്നു വാഗ്ദത്തം ചെയ്യുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:അബ്രഹാം, സന്തതി, ഇഷ്മയേല്, സാറാ, വേലക്കാരന്)

## ദൈവ വചന സൂചികകള്:

- ഗലാത്യര്04:24-25
- ഉല്പ്പത്തി 16:1-4
- ഉല്പ്പത്തി 21:8-9
- ഉല്പ്പത്തി 25-12

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **05:01** ആയതിനാല്അബ്രാമിന്റെ ഭാര്യയായ സാറായി അവനോടു പറഞ്ഞത്, ദൈവം എനിക്ക് മക്കള്ഉണ്ടാകുവാന്അനുവദിക്കാത്തതിനാലും, മക്കളെ പ്രസവിക്കുവാനുള്ള പ്രായം കടന്നു പോയതിനാലും, എന്റെ വേലക്കാരിയായ **ഹാഗാര്** ഇതാ, ഇവിടെ ഉണ്ട്, അവളെ വിവാഹം കഴിക്കുക മൂലം അവള്എനിക്കായി മക്കളെ പ്രസവിക്കുമല്ലോ" എന്നായിരുന്നു.
- **05:02 ഹാഗാറിനു** ഒരു ആണ്പൈതല്ജനിക്കുകയും, അബ്രഹാം അവനു ഇഷ്മയേല്എന്ന് പേര് നല്കുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1904

# ഹാനോക്ക്

## വസ്തുതകള്:

ഹാനോക്ക് എന്നു പഴയനിയമത്തില് രണ്ടു പേര്ക്ക് പേരുണ്ട്.

- ഒരാള് സേത്തില്നിന്നും സന്തതിയായ ഹാനോക്ക്.
- താന് നോഹയുടെ പിതാമഹന് ആയിരുന്നു.
- ഈ ഹാനോക്കിനു ദൈവവുമായി അടുത്ത ബന്ധമുണ്ടായിരുന്നു, തനിക്കു 365 വയസ്സുള്ളപ്പോള് താന് ജീവനോടെ ഇരിക്കുമ്പോള് തന്നെ ദൈവം അവനെ സ്വര്ഗ്ഗത്തിലേക്ക് എടുത്തു കൊണ്ടു.
- കയീന്റെ മകനായി വേറൊരു മനുഷ്യനും ഹാനോക്ക് എന്ന പേരില് ഉണ്ടായിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:കയീന്, സേത്ത്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:1-4
- ഉല്പ്പത്തി 05:18-20
- ഉല്പ്പത്തി 05:21-24
- യൂദ 01:14-16
- ലൂക്കോസ് 03:36-38

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2585, G1802

# ഹാബേൽ

## വസ്തുതകൾ:

ഹാബേൽആദാമിന്റെയും ഹവ്വയുടെയും രണ്ടാമത്തെ മകനാണ്. അവൻ കായിന്റെ ഇളയ സഹോദരനാണ്.

- ഹാബേൽ ഒരു ഇടയനായിരുന്നു.
- ദൈവത്തിനു യാഗമായിട്ടു തന്റെ മൃഗങ്ങളിൽനിന്ന് ചിലതിനെ ഹാബേൽ അർപ്പിച്ചു
- ദൈവം ഹാബെലിലും തന്റെ യാഗങ്ങളിലും പ്രസാദിച്ചു.
- ആദാമിന്റെയും ഹവ്വയുടെയും ആദ്യജാതനായ കായിൻ ഹാബെലിനെ വധിച്ചു.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ എപ്രകാരം പരിഭാഷപ്പെടുത്താം)

(കാണുക:കായീൻ,യാഗം, ഇടയൻ)

## ദൈവവചന സൂചികകൾ:

- ഉൽപ്പത്തി04:1-2
- ഉൽപ്പത്തി 04:8-9
- എബ്രായർ:22-24
- ലൂക്കോസ് 11:49-51
- മത്തായി 23:34-36

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H01893, G6

# ഹാമോര്

## വസ്തുതകള്:

യാക്കോബും തന്റെ കുടുംബവും സുക്കോത്തില്താമസിച്ചുകൊണ്ട് ഇരിക്കുമ്പോള്സമീപമായി ശേഖേം എന്ന പട്ടണത്തില്ജീവിച്ചിരുന്ന ഒരു കനാന്യനായ മനുഷ്യനായിരുന്നു ഹാമോര്. താന്ഒരു ഹിവ്യന്ആയിരുന്നു.

- ഹാമോരിന്റെ പുത്രന്മാരില്നിന്നും യാക്കോബ് ഒരു കുടുംബ കല്ലറ നിലം ഹാമോരിന്റെ മക്കളില്നിന്നും വാങ്ങിയിരുന്നു.
- അവര്അവടെ ആയിരുന്നപ്പോള്, ഹാമോരിന്റെ മകനായ ശേഖേം യാക്കോബിന്റെ മകളായ ദീനയെ ബലാല്ക്കാരം ചെയ്തു.
- ദീനയുടെ സഹോദരന്മാര്ഹാമോരിന്റെ കുടുംബത്തോട് പ്രതികാരം ചെയ്യുകയും, ശേഖേം പട്ടണത്തില്ഉണ്ടായിരുന്ന സകല പുരുഷന്മാരെയും വധിക്കുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: കനാന്, ഹിവ്യന്, യാക്കോബ്, ശേഖേം, സുക്കോത്ത്)

## ദൈവ വചന സൂചികകള്:

- അപ്പോ.07:14-16
- ഉല്പ്പത്തി 34:1-3
- ഉല്പ്പത്തി 34:20-21
- യോശുവ 24:32-33
- ന്യയാധിപന്മാര്09:28-29

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2544

# ഹായി

## യാഥാർത്ഥ്യങ്ങൾ:

പഴയനിയമ കാലഘട്ടത്തിൽ, ബെഥേലിനു തെക്കായി യെരിഹോവിനു വടക്കു പടിഞ്ഞാറു 8 കിലോമീറ്റർ ദൂരത്തിൽ സ്ഥിതിചെയ്തിരുന്ന ഒരു കനാന്യ പട്ടണ മായിരുന്നു ഹായി.

- യെരിഹോവിനെ തോൽപ്പിച്ചശേഷം, ഹായിയെ അക്രമിപ്പാനായി യോശുവ ഇസ്രയേല്യരെ നയിച്ചു. എന്നാൽ ദൈവം അവരിൽ പ്രസാദിക്കാതിരുന്നതിനാൽ അവർ വളരെ എളുപ്പ ത്തിൽ പരാജിതരായി.
- ആഖാൻ എന്നു പേരുള്ള ഒരു യിസ്രായേല്യൻ യെരിഹോവിൽനിന്ന് ശപഥാ ർപ്പിത വസ്തു മോഷ്ടിച്ചതിനാൽ, ദൈവം അവനെയും അവന്റെ കുടുമ്പത്തെയും കൊല്ലുവാൻ കൽപ്പിച്ചു. അനന്തരം ഹായിയിലെ ജനത്തെ തോൽപ്പിക്കുവാനായി ദൈവം ഇസ്രയേല്യരെ സഹായിച്ചു.

(പരിഭാഷ നിർദേശങ്ങൾ:പേരുകൾ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ബെഥേൽ, യെരിഹോ)

## ദൈവവചന സൂചികകൾ:

- എസ്രാ 02:27-30
- ഉൽപ്പത്തി 12:8-9
- ഉൽപ്പത്തി 13:3-4
- യോശുവ 07:2-3
- യോശുവ 08:10-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5857

# ഹാരാന്

## വസ്തുതകള്:

ഹാരാന്അബ്രഹാമിന്റെ ഇളയ സഹോദരനും ലോത്തിന്റെ പിതാവും ആണ്.

- ഊര്എന്ന പട്ടണത്തില്നിന്നും കനാന്ദേശത്തിലേക്കുള്ള യാത്രയില്അബ്രഹാമും തന്റെ കുടുംബവും അല്പ്പ കാലത്തേക്ക് താമസിച്ചിരുന്ന പട്ടണത്തിന്റെ പേരും ഹാരാന്എന്നായിരുന്നു.
- വേറൊരു മനുഷ്യന്ഹാരാന്എന്ന പേരോട് കൂടെ കാലേബിന്റെ മകനായി ഉണ്ടായിരുന്നു.
- മൂന്നാമതായി ഹാരാന്എന്ന് ദൈവ വചനത്തില്പ്പേരുള്ള ഒരു മനുഷ്യന്ലേവിയുടെ സന്തതിയായി കാണപ്പെടുന്നു.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അബ്രഹാം, കാലേബ്, കനാന്, ലേവ്യന്, തേരഹ്, ഊര്)

## ദൈവ വചന സൂചികകള്:

- 2 രാജാക്കന്മാര്19:12-13
- അപ്പോ:07:1-3
- ഉല്പ്പത്തി 11:31-32
- ഉല്പ്പത്തി 27:43-45
- ഉല്പ്പത്തി 28:10-11
- ഉല്പ്പത്തി 29:4-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2039

# ഹിത്യന്, ഹിത്യര്

## നിര്വചനം:

ഹിത്യര്കനാനില്കൂടെ ഹാമിന്റെ സന്തതികള്ആയിരുന്നു. ഇന്ന് ടര്ക്കി എന്നും വടക്കന്പാലസ്തീന്എന്നും അറിയപ്പെടുന്ന ഭൂവിഭാഗത്തിലെ ശക്തമായ സാമ്രാജ്യമായി അവര്മാറിയിരുന്നു.

- ഹിത്യനായ എഫോന്റെ കൈയ്യില്നിന്നും അബ്രഹാം തന്റെ ഭാര്യയായ സാറയെ അടക്കം ചെയ്യേണ്ടതിനു ഒരു സ്ഥലം വാങ്ങി അതിലുള്ള ഗുഹയില്അടക്കം ചെയ്യുവാന്ഇടയായി. തുടര്ന്ന് അബ്രഹാമും തന്റെ സന്തതികളും ആ ഗുഹയില്അടക്കം ചെയ്തു വന്നിരുന്നു.
- എശാവിന്റെ മാതാപിതാക്കന്മാര്അവനണ്ടു ഹിത്യ സ്ത്രീകളെ വിവാഹം കഴിച്ചതിനാല്ദു:ഖിതരായി.
- ദാവീദിന്റെ ശക്തരായ യോദ്ധാക്കളില്ഒരുവനായ ഊരിയാവ് ഹിത്യന്ആയിരുന്നു.
- ശലോമോന്വിവാഹം കഴിച്ച വിദേശ സ്ത്രീകളില്ചിലര്ഹിത്യര്ആയിരുന്നു. ഈ വിദേശ സ്ത്രീകള്ശലോമോന്റെ ഹൃദയത്തെ ദൈവത്തില്നിന്നും വശീകരിച്ചു മാറ്റി എന്തുകൊണ്ടെന്നാല്അവര്ആരാധിച്ചു വന്ന അസത്യ ദൈവങ്ങള്നിമിത്തം ആയിരുന്നു.
- ഹിത്യര്ശാരീരികമായും ആത്മീയമായും എപ്പോഴും ഇസ്രയേല്യര്ക്കു ഒരു ഭീഷണിയായി തുടര്ന്നിരുന്നു.

(കാണുക: സന്തതി, എശാവ്, വിദേശി, ഹാം, ശക്തിയുള്ള, ശലോമോന്)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്09:20-21
- പുറപ്പാട് 03:7-8
- ഉല്പ്പത്തി 23:10-11
- ഉല്പ്പത്തി 25:9-11
- യോശുവ 01:4-5
- നെഹെമ്യാവ് 09:7-8
- സംഖ്യാപുസ്തകം 13:27-29

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2850

# ഹില്ക്കിയാവ്

## വസ്തുതകള്:

രാജാവായ യോശിയാവിന്റെ ഭരണകാലത്തെ മഹാപുരോഹിതന്ഹില്ക്കിയാവ് ആയിരുന്നു.

- ദേവാലയം അറ്റകുറ്റ പണികള്ചെയ്തപ്പോള്, ഹില്ക്കിയാവ്ന്യായപ്രമാണ പുസ്തകം കണ്ടെത്തുകയും അത് രാജാവായ യോശിയാവിന്റെ സമക്ഷത്തു കൊണ്ടുവരുവാന്കല്പ്പിക്കുകയും ചെയ്തു.
- ന്യായപ്രമാണ പുസ്തകം തന്നെ വായിച്ചു കേള്പ്പിച്ചതിന് ശേഷം, യോശിയാവ് ദു:ഖിക്കുകയും യഹൂദ ജനത്തെ യഹോവയെ ആരാധിക്കുവാന്കാരണമാക്കുകയും തന്റെ ന്യായപ്രമാണത്തെ അനുസരിക്കുവാന്ഇട വരുത്തുകയും ചെയ്തു. ഹില്ക്കിയാവ് എന്ന് പേരുള്ള വേറൊരു വ്യക്തി ഹിസ്കിയാവ് രാജാവിന്റെ കാലത്ത് അരമനയില്ലവര്ത്തിച്ചു കൊണ്ടിരുന്ന എല്യാക്കിമിന്റെ മകന്ആയ ഹില്ക്കിയാവ് ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: എല്യാക്കിം, ഹിസ്കിയാവ്, മഹാപുരോഹിതന്, യോശിയാവ്, യഹൂദ, ന്യായപ്രമാണം, ആരാധന, യഹോവ)

## ദൈവ വചന സൂചികകള്:

- 2 രാജാക്കന്മാര്18:16-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2518

# ഹിവ്യന്, ഹിവ്യര്

## വസ്തുതകള്:

കനാന്ദേശത്തില്ജീവിച്ചു വന്ന പ്രധാന ഏഴു ജനവിഭാഗങ്ങളില്ഒന്നായിരുന്നു ഹിവ്യര്.

- ഈ എല്ലാ വിഭാഗങ്ങളും, ഹിവ്യര്ഉള്പ്പെടെ ഉള്ളവര്നോഹയുടെ പൌത്രന്ആയിരുന്ന കനാനില്നിന്നുള്ള സന്തതികള്ആയിരുന്നു.
- ഹിവ്യന്ആയിരുന്ന ശേഖേം യാക്കോബിന്റെ മകളായ ദീനയെ ബലാല്ക്കാരം ചെയ്യുകയും, അവളുടെ സഹോദരന്മാര്പ്രതികാരമായി നിരവധി ഹിവ്യരെ വധിക്കുകയും ചെയ്തു.
- യോശുവ കനാന്ദേശത്തെ കീഴടക്കുവാനായി ഇസ്രയേല്ജനത്തെ നയിച്ച്കൊണ്ട് പോയപ്പോള്, ഹിവ്യരെ തോല്പ്പിക്കുന്നതിനു പകരം, ഒരു ഉപായത്താല്ഹിവ്യരുമായി ഒരു ഉടമ്പടിയില്പ്രവേശിക്കേണ്ടി വന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: കനാന്, ഹാമോര്, നോഹ, ശേഖേം)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്08:7-8
- പുറപ്പാട് 03:7-8
- ഉല്പ്പത്തി 34:1-3
- യോശുവ 09:1-2
- ന്യായാധിപന്മാര്03:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2340

# ഹിസ്കീയാവ്

## നിര്വചനം:

ഹിസ്കീയാവ് യഹൂദ രാജ്യം ഭരിച്ച 13 മത്തെ രാജാവ് ആയിരുന്നു. താന്ദൈവത്തില്ആശ്രയിക്കുകയും അനുസരിക്കുകയും ചെയ്ത ഒരു രാജാവായിരുന്നു. തന്റെ പിതാവു ദുഷ്ടനായ രാജാവായ ആഹാസിനെ പോലെ ആകാതെ, രാജാവായ ഹിസ്കീയാവ് ഒരു നല്ല രാജാവും യഹൂദയില്ഉണ്ടായിരുന്ന സകല വിഗ്രഹ ആരാധന സ്ഥലങ്ങളെയും നശിപ്പിച്ചിരുന്നു.

- ഒരിക്കല്ഹിസ്കീയാവ് രോഗ ബാധിതനായി മരണാവസ്ഥയില്ആയപ്പോള്, താന്ദൈവത്തോട് തന്റെ ആയുസ്സ് വര്ദ്ധിപ്പിച്ചു നല്കണം എന്ന് ശ്രദ്ധയോടെ പ്രാര്ത്ഥിച്ചു. ദൈവം തന്നെ സൌഖ്യമാക്കുകയും കൂടുതലായി 15 വര്ഷങ്ങള്ജീവിക്കുവാന്അനുവദിക്കുകയും ചെയ്തു.
- ഇത് സംഭവിക്കും എന്നതിന് ഹിസ്കീയാവിന് അടയാളമായി, ദൈവം ഒരു അത്ഭുതം ചെയ്യുകയും സൂര്യനെ ആകാശത്തില്പുറകോട്ടു പോകുമാറാക്കുകയും ചെയ്തു.
- അവരെ ആക്രമിക്കുവാന്വന്നതായ അശ്ശൂര്രാജാവായ സെന്ഹേരീബിന്റെ കയ്യില്നിന്നും തന്റെ പ്രജകളെ രക്ഷിക്കണം എന്ന് ഹിസ്കീയാവ് ചെയ്ത പ്രാര്ത്ഥനയ്ക്ക് ദൈവം ഉത്തരം നല്കുകയും ചെയ്തു.

(കാണുക: ആഹാസ്, അശ്ശൂര്, അസത്യ ദൈവം, യഹൂദ, സെന്ഹേരീബ്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്03:13-14
- 2 രാജാക്കന്മാര്16:19-20
- ഹോശേയ 01:1-2
- മത്തായി 01:9-11
- സദൃശവാക്യങ്ങള്25:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2396, H3169, G1478

# ഹെബ്രോന്

## വസ്തുതകള്:

യെരുശലേമിന് ഏകദേശം 20 മൈലുകള്തെക്കായി പാറകള്നിറഞ്ഞ ഉയര്ന്ന ഒരു മലമ്പ്രദേശം ആയിരുന്നു ഹെബ്രോന്എന്ന പട്ടണം.

- ഈ പട്ടണം അബ്രഹാമിന്റെ കാലഘട്ടത്തില്ഏകദേശം ബി.സി.2000 ല്ആണ് പണിതത്. ഇത് പഴയ നിയമത്തിലെ ചരിത്ര രേഖകളില്പല പ്രാവശ്യം രേഖപ്പെടുത്തിയിട്ടുള്ളതാണ്.
- ദാവീദ് രാജാവിന്റെ ജീവിതത്തില്വളരെ നിര്ണ്ണായകമായ സ്ഥാനം ഹെബ്രോന്പട്ടണത്തിനു ഉണ്ട്. തന്റെ പല മക്കളും, അബ്ശാലോം ഉള്പ്പെടെ അവിടെയാണ് ജനിച്ചത്.
- ഈ പട്ടണം ഏകദേശം എ.ഡി.70ല്റോമരാല്നശിപ്പിക്കപ്പെട്ടു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അബ്ശാലോം)

## ദൈവ വചന സൂചികകള്:

- 2 ശമുവേല്02:10-11
- ഉല്പ്പത്തി 13:16-18
- ഉല്പ്പത്തി 23:1-2
- ഉല്പ്പത്തി 35:26-27
- ഉല്പ്പത്തി 37:12-14
- ന്യായാധിപന്മാര് 01:8-10
- സംഖ്യാപുസ്തകം 13:21-22

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2275, H2276, H5683

# ഹെരോദ്, ഹെരോദ് അന്തിപ്പാസ്

## വസ്തുതകള്:

യേശുവിന്റെ ജീവിതത്തിന്റെ നല്ല ഒരു സമയവും, ഗലീല പ്രവിശ്യ ഉള്പ്പെടുന്ന റോമന് സാമ്രാജ്യത്തിന്റെ ഭാഗത്ത് ഭരണാധികാരി ആയിരുന്നത് ഹെരോദ് അന്തിപ്പാസ് ആയിരുന്നു.

- തന്റെ പിതാവായ മഹാനായ ഹെരോദാവിനെ പോലെ, അന്തിപ്പാസും തന്നെ "രാജാവായ ഹെരോദ്" എന്ന് താന് വാസ്തവത്തില് രാജാവായി രുന്നില്ല എങ്കിലും സൂചിപ്പിക്കുമായിരുന്നു.
- ഹെരോദ് അന്തിപ്പാസ് റോമന് സാമ്രാജ്യത്തിന്റെ നാലില് ഒരു ഭാഗം ഭരണം നടത്തിയിരുന്നത് കൊണ്ട് തന്നെ "കാല്പ്പങ്കു ദേശാധിപതി"യായ ഹെരോദ് എന്ന് വിളിച്ചിരുന്നു.
- ശിര:ച്ഛേദം ചെയ്തു സ്നാപക യോഹന്നാനെ വധിക്കുവാന് കല്പ്പന കൊടുത്തതു അന്തിപ്പാസ് എന്ന "ഹെരോദ്" ആയിരുന്നു.
- യേശുവിന്റെ ക്രൂശീകരണത്തിനു മുന്പ് തന്നെ ചോദ്യം ചെയ്തതും "ഹെരോദ്" അന്തിപ്പാസ് ആയിരുന്നു.
- പുതിയ നിയമത്തിലുള്ള മറ്റു ഹേരോദുമാര് അന്തിപ്പാസിന്റെ മകന്(അഗ്രിപ്പാവ്), പൌത്രന്(അഗ്രിപ്പാവ് 2) ആയവര് അപ്പൊസ്തല ന്മാരുടെ കാലഘട്ടത്തില് ഭരണം നടത്തിയവര് ആയിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക:ക്രൂശിക്കുക, മഹാനായ ഹെരോദ്, (സ്നാപക) യോഹന്നാന്, രാജാവ്, റോം)

## ദൈവ വചന സൂചികകള്:

- ലൂക്കോസ് 03:1-2
- ലൂക്കോസ് 03:18-20
- ലൂക്കോസ് 09:7-9
- ലൂക്കോസ് 13:31-33
- ലൂക്കോസ് 23:8-10
- മര്ക്കോസ് 06:18-20
- മത്തായി 14:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2264, G2265, G2267

# ഹെര്മോന്മല

## വസ്തുതകള്:

ഇസ്രയേലിലെ ഏറ്റവും ഉയര്ന്ന മലയുടെ പേരാണ് ഹെര്മോന്മല, ഇത് ലെബനോന്മല നിരകളുടെ തെക്കന്ഭാഗത്ത് സ്ഥിതി ചെയ്യുന്നു. ഇത് ഇസ്രായേലിനും സിറിയയ്ക്കും ഇടയില്വടക്ക് ഭാഗത്തെ അതിര്ത്തിയായി, ഗലീല കടലിന്റെ വടക്ക് ഭാഗത്ത്സ്ഥിതി ചെയ്യുന്നു.

- ഹെര്മോന്മലയ്ക്ക് ജനവിഭാഗങ്ങള്നല്കിയിരിക്കുന്ന പേരുകള്"സിരിയോന്മല" എന്നും "സേനീര്മല" എന്നും ആകുന്നു.
- ഹെര്മോന്മലയ്ക്ക് പ്രധാനമായ മൂന്നു കൊടുമുടികള്ഉണ്ട്. ഏറ്റവും ഉയരം കൂടിയ കൊടുമുടി ഏകദേശം 2,800 മീറ്റര്ഉയരം ഉള്ളതാണ്.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഇസ്രയേല്, ഗലീല കടല്, സിറിയ)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 05:23-24
- യെഹസ്കേല്27:4-5
- യോശുവ 11:16-17
- സങ്കീര്ത്തനങ്ങള് 042:5-6
- ഉത്തമ ഗീതങ്ങള്04:8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2022, H2768, H2769, H8149

# ഹേരോദ്യ

## വസ്തുതകള്:

ഹേരോദ്യ യഹൂദ്യയില്സ്നാപക യോഹന്നാന്റെ കാലഘട്ടത്തില്ഹെരോദ് അന്തിപ്പാസിന്റെ ഭാര്യ ആയിരുന്നു.

- വാസ്തവത്തില്ഹെരോദ് അന്തിപ്പാസിന്റെ സഹോദരനായിരുന്ന ഫിലിപ്പിന്റെ ഭാര്യ ആയിരുന്നു ഹേരോദ്യ, എന്നാല്പിന്നീടു നിയമ വിരുദ്ധമായി ഹെരോദ് അന്തിപ്പാസിനെ വിവാഹം കഴിച്ചു.
- അവരുടെ നിയമ വിരുദ്ധമായ വിവാഹത്തെ സ്നാപക യോഹന്നാന്ശാസിച്ചിരുന്നു. അത് നിമിത്തം, ഹെരോദ് യോഹന്നാനെ കാരാഗ്രഹത്തില്അടയ്ക്കു കയും തുടര്ന്ന് ഹേരോദ്യ നിമിത്തം ശിര:ഛേദം ചെയ്യപ്പെടുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുന്ന വിധം](പേരുകൾ എങ്ങിനെ തർജ്ജിമ ചെയ്യാം ))

(കാണുക: ഹെരോദ് അന്തിപ്പാസ്, യോഹന്നാന്(സ്നാപകന്))

## ദൈവ വചന സൂചികകള്:

- ലൂക്കോസ് 03:18-20
- മര്ക്കോസ് 06:16:17
- മര്ക്കോസ് 06:21-22
- മത്തായി 14:3-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2266

# ഹോരെബ്

## നിര്വചനം:

ഹോരെബ് പര്വതം എന്നത് സീനായ് മലക്കുള്ള വേറൊരു പേരാണ്, ഇവിടെയാണ്ദൈവം മോശെക്കു കല്ല്പലകകളില്പത്ത് കല്പ്പനകള്നല്കിയത്.

- ഹോരെബ് പര്വതത്തെ "ദൈവത്തിന്റെ പര്വതം"എന്ന് വിളിക്കുന്നു.
- ആടുകളെ മേയിച്ചു കൊണ്ടിരിക്കുമ്പോള്മോശെ കത്തുന്ന മുള്പ്പടര്പ്പു കണ്ട സ്ഥലം ഹോരെബില്ആയിരുന്നു.
- തന്റെ കല്പ്പനകള്കല്പ്പലകകളില്എഴുതി അവയെ ദൈവം ഇസ്രയേല്മക്കള്ക്ക്തന്റെ ഉടമ്പടിയായി വെളിപ്പെടുത്തി കൊടുത്ത സ്ഥലം ഹോരെബ് പര്വതം ആയിരുന്നു.
- പില്ക്കാലത്ത് ഇസ്രയേല്ജനം മരുഭൂമിയില്സഞ്ചരിച്ചു കൊണ്ടിരിക്കുമ്പോള്അവര്ക്ക് വെള്ളം നല്കേണ്ടതിനു മോശെയോടു പാറയെ അടിക്കുവാന്പറഞ്ഞ സ്ഥലവും ഇവിടെ തന്നെ ആയിരുന്നു.
- ഈ മലയുടെ യഥാര്ത്ഥ സ്ഥാനം എവിടെയാണെന്ന് അറിയുകയില്ല, എന്നാല്ഇത് ഇപ്പോഴത്തെ സീനായ് ഉപദ്വീപിന്റെ തെക്ക് ഭാഗത്തായിരിക്കാം.
- എ മലയുടെ യഥാര്ത്ഥ പേര് "ഹോരെബ്" എന്ന് ആയിരിക്കുവാനാണ് സാധ്യത, "സീനായ് പര്വതം" എന്നത് ഹോരെബ് മല സീനായി മരുഭൂമിയില്സ്ഥിതി ചെയ്തിരുന്നതിനാല്സൂചിപ്പിക്കുന്നതു ആയിരിക്കാം.

(കാണുക: ഉടമ്പടി, ഇസ്രയേല്, മോശെ, സീനായ്, പത്ത് കല്പ്പനകള്)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്08:9-11
- 2 ദിനവൃത്താന്തങ്ങള്05:9-10
- ആവര്ത്തനപുസ്തകം 01:1-2
- പുറപ്പാട് 03:1-3
- സങ്കീര്ത്തനങ്ങള്106:19-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2722

# ഹോശിയാവ്

## വസ്തുതകള്:

ഹോശിയാവ് എന്നത് ഇസ്രയേലിലെ ഒരു രാജാവിന്റെ പേരും പഴയനിയമത്തിലെ പല വ്യക്തികളുടെ പേരും ആകുന്നു.

- ആലായുടെ മകനായ ഹോശിയാവ് ഇസ്രയേലില്ഒന്പതു വര്ഷങ്ങള്,അഹാസും ഹിസ്കീയാവും യഹൂദ ഭരിച്ചു കൊണ്ടിരുന്ന കാലഘട്ടത്തിലാജാവായിരുന്നു. നൂന്റെ മകനായിരുന്ന യോശുവയ്ക്ക് ആദ്യം ഹോശിയാവ് എന്ന് പേരായിരുന്നു. തന്നെയും മറ്റു പതിനൊന്നു പേരെയും കനാന്ദേശം ഒറ്റു നോക്കുവാന്അയക്കുന്നതിനു മുന്പ് മോശെ ഹോഷിയാവിന്റെ പേര് യോശുവ എന്ന് മാറ്റിയിരുന്നു.
- മോശെയുടെ മരണശേഷം, യോശുവ ഇസ്രയേല്ജനങ്ങളെ കനാന്ദേശം കൈവശപ്പെടുത്തേണ്ടതിനു നയിച്ചു കൊണ്ടുപോയി.
- ഹോശിയാവ് എന്ന് പേരുള്ള വേറൊരു മനുഷ്യന്അസസ്യാവിന്റെ മകനായി എഫ്രയീമ്യ തലവന്മാരില്ഒരുവനായി ഉണ്ടായിരുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: ആഹാസ്, കനാന്, എഫ്രയീം,ഹിസ്കീയാവ്, യോശുവ, മോശെ)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്27:19-22
- 2 രാജാക്കന്മാര്15:29-31
- 2 രാജാക്കന്മാര്17:1-3
- 2 രാജാക്കന്മാര്18:1-3
- 2 രാജാക്കന്മാര്18:9-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1954

# ഹോശേയ

## വസ്തുതകള്:

ക്രിസ്തുവിന്റെ കാലഘട്ടത്തിനു ഏകദേശം 750 വര്ഷങ്ങള്ക്കു മുന്പ് ഇസ്രായേലില്ജീവിച്ചു പ്രവചനം നടത്തിയ ഒരു പ്രവാചകന്ആയിരുന്നു ഹോശേയ.

- തന്റെ ശുശ്രൂഷ വളരെ വര്ഷങ്ങള്നീണ്ടതായി, അതായത് യെരോബെയാം, സെഖര്യാവ്, യോഥാം,ആഹാസ്, ഹോശിയാവ്, ഉസ്സിയാവ്, ഹിസ്കീയാവ് ആദിയായ പല രാജാക്കന്മാരുടെ കാലഘട്ടങ്ങളില്ആയിരുന്നു.
- ഗോമര്എന്ന് പേരുള്ള ഒരു വേശ്യയെ വിവാഹം കഴിക്കുവാന്ദൈവം ഹോശേയയോടു പറയുകയും, അവള്അവിശ്വസ്ത ആയിരുന്നെങ്കില്പ്പോലും അവളെ തുടര്ന്ന് സ്നേഹിച്ചുകൊണ്ടിരിക്കുവാന്ദൈവം ആവശ്യപ്പെടുകയും ചെയ്തു.
- ഇത് അവിശ്വസ്ത ജനതയായിരുന്ന ഇസ്രയേലിനോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ ഒരു ചിത്രം ആയിരുന്നു.
- ഇസ്രയേല്ജനത്തിനു എതിരായി അവരുടെ പാപങ്ങള്നിമിത്തം ഹോശേയ പ്രവചിക്കുവാന്ഇട വരികയും, വിഗ്രഹ ആരാധനയില്നിന്നും പിന്തിരിയേണ്ടതിനു മുന്നറിയിപ്പ് നല്കുകയും ചെയ്തു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: ആഹാസ്, ഹിസ്കീയാവ്, ഹോശേയ, യെരോബെയാം, യോഥാം, ഉസ്സിയാവ്, സെഖര്യാവ്)

## ദൈവ വചന സൂചികകള്:

- ഹോശേയ 01:1-2
- ഹോശേയ 01:3-5
- ഹോശേയ 01:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1954, G5617

# translationWords

## Other

# അംഗം, അംഗങ്ങള്

## നിര്വചനം:

"അംഗം" എന്ന പദം സൂചിപ്പിക്കുന്നത് ഒരു സങ്കീര്ണ്ണമായ ശരീരത്തിന്റെ അല്ലെങ്കില്സംഘത്തിന്റെ ഒരു ഭാഗം എന്ന് ആകുന്നു.

- പുതിയ നിയമം ക്രിസ്ത്യാനികളെ ക്രിസ്തുവിന്റെ ശരീരത്തിന്റെ "അംഗങ്ങള്" എന്ന് വിവരിക്കുന്നു. ക്രിസ്തുവില്ഉള്ള വിശ്വാസികള്നിരവധി അംഗങ്ങളാല്ഉളവാക്കപ്പെട്ടിട്ടുള്ള ഒരു സംഘത്തില്ഉള്പ്പെട്ടവര്ആകുന്നു.
- യേശുക്രിസ്തു ശരീരത്തിന്റെ "ശിരസ്സ്" ആയും ഓരോ വിശ്വാസിയും ശരീരത്തിന്റെ അംഗങ്ങളായും പ്രവര്ത്തിക്കുന്നു. പരിശുദ്ധാത്മാവ് ശരീരത്തിലെ ഓരോ അംഗത്തിനും പ്രത്യേക ദൌത്യം നല്കി മുഴുവന്ശരീരവും നന്നായി പ്രവര്ത്തിക്കുവാന്സഹായിക്കുന്നു.
- യഹൂദന്മാരുടെയും പരീശന്മാരുടെയും ആലോചന സംഘങ്ങളില്പങ്കു വഹിക്കുന്ന ഓരോ വ്യക്തിയും ഈ സംഘങ്ങളിലെ "അംഗങ്ങള്" എന്ന് അറിയപ്പെടുന്നു.

(കാണുക: ശരീരം, പരീശന്, ആലോചന സംഘം)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്06:14-15
- 1 കൊരിന്ത്യര്12:14-17
- സംഖ്യാപുസ്തകം 16:1-3
- റോമര്12:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1004, H1121, H3338, H5315, H8212, G1010, G3196, G3609

# അംഗീകരിക്കുക, അംഗീകരിക്കുന്നു, അംഗീകരിച്ചു, സമ്മതിക്കുക, സമ്മതിച്ചു.

## വസ്തുതകൾ:

“അംഗീകരിക്കുക” എന്ന പദം പ്രത്യേക കാര്യത്തിന് അല്ലെങ്കിൽഒരു വ്യക്തിക്ക് യോഗ്യമായ അംഗീകാരം നൽകുന്നതിനെ അർത്ഥമാക്കുന്നു.

- ദൈവത്തെ അംഗീകരിക്കുക എന്നത് ദൈവം പറയുന്നത് സത്യമാണെന്ന് കാണിക്കുന്ന ഒരു മാർഗ്ഗമാകുന്നു.
- ദൈവത്തെ അംഗീകരിക്കുന്ന ജനം അത് തന്നെ അനുസരിക്കുക വഴി തന്റെ നാമത്തിനു മഹത്വം നൽകുന്നതിൽകൂടെ പ്രകടിപ്പിക്കുന്നു.
- ഒരു കാര്യം അംഗീകരിക്കുക എന്നത് അത് സത്യമാണെന്ന് വിശ്വസിക്കുകയും, പ്രവർത്തികളിൽകൂടെയും വാക്കുകളിൽകൂടെയും അതിനെ ഉറപ്പിക്കുകയും ചെയ്യുക എന്നു അർത്ഥമാക്കുന്നു.

## പരിഭാഷ നിർദേശങ്ങൾ;

- ഒരു വസ്തുത സത്യമാണെന്ന് അംഗീകരിക്കുന്ന പാശ്ചാത്തലത്തിൽ, “അംഗീക രിക്കുക” എന്നത് “സമ്മതിക്കുക” അല്ലെങ്കിൽ“പ്രഖ്യാപിക്കുക” അല്ലെങ്കിൽസത്യമാണെന്ന് ഏറ്റുപറയുക” അല്ലെങ്കിൽ”വിശ്വസിക്കുക” എന്നിങ്ങനെ പരിഭാഷ പ്പെടുത്താം.
- ദൈവത്തെ അംഗീകരിക്കുന്ന പാശ്ചാത്തലത്തിൽ, ഇതു “വിശ്വസിക്കുകയും ദൈവത്തെ അനുസരിക്കുകയും ചെയ്യുക” അല്ലെങ്കിൽ“ദൈവം ആരെന്നു പ്രഖ്യാ പിക്കുക” അല്ലെങ്കിൽ“മറ്റുള്ളവരോട് ദൈവം എത്ര വലിയവൻഎന്നു പറയുക” അല്ലെങ്കിൽ“ദൈവം പറയുന്നതും പ്രവർത്തിക്കുന്നതും സത്യമാണെന്ന് ഏറ്റു പറയുക” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

(കാണുക: അനുസരിക്കുക, മഹത്വം, രക്ഷിക്കുക)

## ദൈവവചന സൂചികകൾ:

- ദാനിയേൽ:38-39
- യിരെമ്യാവ് 09:4-6
- ഇയ്യോബ് 34:26-28
- ലേവ്യപുസ്തകം 22:31-33
- സങ്കീർത്തനങ്ങൾ:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3045, H3046, H5046, H5234, H6942, G1492, G1921, G3670

# അഗ്നി, തീ കത്തിക്കുന്നു, തീക്കൊള്ളി, പരന്ന തീച്ചട്ടികള്, അഗ്നികുണ്ഡം, തീച്ചട്ടി, തീച്ചട്ടികള്

## നിര്വചനം:

എന്തെങ്കിലും കത്തിക്കുമ്പോള്ഉല്പ്പാദിതമാകുന്ന താപം, വെളിച്ചം, അഗ്നിജ്വാല ആദിയായവയുടെ സങ്കലനം ആണ് അഗ്നി.

- വനത്തിലെ അഗ്നി മൂലം വനം മുഴുവനും ചാരമായി തീരും. "അഗ്നി" എന്ന പദം ഉപമാനമായി, സാധാരണ ന്യായവിധിയെ അല്ലെങ്കില്ശുദ്ധീകരണത്തെ കുറിക്കുവാനും ഉപയോഗിക്കുന്നു.
- അവിശ്വാസികളുടെ അന്ത്യ ന്യായവിധി നരകത്തിലെ അഗ്നിയില്ആയിരിക്കും.
- അഗ്നി സ്വര്ണ്ണവും ഇതര ലോഹങ്ങളും ശുദ്ധീകരിക്കുവാന്ഉപയോഗിക്കുന്നു. ദൈവവചനത്തില്, ഈ പ്രക്രിയ ദൈവം തന്റെ ജനത്തെ അവരുടെ ജീവിതത്തില്സംഭവിക്കുന്ന കഷ്ടതകളിലൂടെ അവരെ എപ്രകാരം പുടമിടുന്നു എന്നു വിശദീകരിക്കുന്നു.
- "അഗ്നിയാല്സ്നാനം കഴിപ്പിക്കുന്നു" എന്ന പദ സഞ്ചയം എന്നത് "ശുദ്ധീകരണം പ്രാപിക്കേണ്ടതിനായി കഷ്ടത അനുഭവിക്കുവാന്ഇടയാകുന്നത്" എന്നും പരിഭാഷ ചെയ്യാം.

(കാണുക: ശുദ്ധമായ)

## ദൈവ വചന സൂചികകള്

- 1 രാജാക്കന്മാര്16:18-20
- 2 രാജാക്കന്മാര്01:9-10
- 2 തെസ്സലോനിക്യര് 01:6-8
- അപ്പോ.പ്രവര്ത്തികള്07:29-30
- യോഹന്നാന്15:5-7
- ലൂക്കോസ് 03:15-16
- മത്തായി 03:10-12
- നെഹെമ്യാവ് 01:3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H215, H217, H398, H784, H800, H801, H1197, H1200, H1513, H2734, H3341, H3857, H4071, H4168, H5135, H6315, H8316, G439, G440, G1067, G2741, G4442, G4443, G4447, G4448, G4451, G5394, G5457

# അടക്കം ചെയ്യുക, അടക്കം ചെയ്യുന്നു, അടക്കം ചെയ്തു, അടക്കം ചെയ്യുന്നു, ശവസംസ്കാരം

## നിര്വചനം:

"അടക്കം ചെയ്യുക" എന്ന പദം മൃതശരീരം ഒരു കുഴിയിലോ അല്ലെങ്കില്ശ്മശാനത്തിലോ മറവു ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. "ശവസംസ്കാരം" എന്ന പദം ഒന്നിനെ അടക്കം ചെയ്യുന്ന പ്രവര്ത്തിയെയോ അല്ലെങ്കില്എന്തിനെയെങ്കിലും മറവു ചെയ്യുന്ന സ്ഥലത്തെയോ സൂചിപ്പിക്കുവാന്ഉപയോഗിക്കുന്നു.

- സാധാരണയായി ജനം മൃതശരീരത്തെ നിലത്തില്ആഴമുള്ള കുഴിയില്വയ്ക്കുകയും അതിനെ മണ്ണിനാല്മൂടുകയും ചെയ്യുന്നു.
- ചില സന്ദര്ഭങ്ങളില് മൃതശരീരത്തെ ശവപ്പെട്ടി പോലുള്ള ചതുരാകൃതിയിലുള്ള നിര്മ്മിതിയില്, അടക്കം ചെയ്യുന്നതിന് മുന്പു വെയ്ക്കാറുണ്ട്.
- ദൈവവചന കാലഘട്ടത്തില്, മരിച്ച വ്യക്തികളെ ഗുഹയിലോ അതുപോലുള്ള സ്ഥലത്തോ അടക്കം ചെയ്യുമായിരുന്നു. യേശു മരിച്ചനന്തരം, തന്റെ ശരീരം ശീലകളാല്ചുറ്റി ഒരു ശിലാഗുഹയില്വെച്ച് വലിയ പാറയാല്മുദ്രയിടുകയും ചെയ്തു.
- "ശ്മശാനസ്ഥലം"അല്ലെങ്കില്"ശ്മശാന മുറി" അല്ലെങ്കില്"ശ്മശാന അറ" അല്ലെങ്കില്ശ്മശാന ഗുഹ" എന്നത് എപ്പോഴും മൃതശരീരം മറവു ചെയ്യുവാനുള്ള സ്ഥലം എന്നു സൂചിപ്പിക്കുന്നു.
- മറ്റുള്ള വസ്തുക്കളും മറവു ചെയ്യുവാന്കഴിയും, ആഖാന്യെരിഹോവില്നിന്ന് മോഷ്ടിച്ച വെള്ളിയും മറ്റു വസ്തുക്കളും മറച്ചു വെച്ചതുപോലെ തന്നെ.
- "തന്റെ മുഖം മറച്ചു" എന്ന പദം സാധാരണയായി "തന്റെ കൈകള്കൊണ്ട് തന്റെ മുഖം മറച്ചു" എന്നാണ് അര്ത്ഥമാക്കുന്നത്.
- ചില സന്ദര്ഭങ്ങളില്"ഒളിച്ചുവെച്ചു" എന്ന പദം ആഖാന്യെരിഹോവില്നിന്ന് മോഷ്ടിച്ച വസ്തുക്കള്നിലത്തു "മറച്ചു വെച്ചു" എന്നു അര്ത്ഥമാക്കുന്നു. ഇതിന്റെ അര്ത്ഥം താന്അവ നിലത്തില്മറവു ചെയ്തു എന്നാണ്.

(കാണുക: യെരിഹോ, ശവകുടീരം)

## ദൈവവചന സൂചികകള്:

- 2 രാജാക്കന്മാര്09:9-10
- ഉല്പ്പത്തി 35:4-5
- യിരെമ്യാവ് 25:32-33
- ലൂക്കോസ് 16:22-23
- മത്തായി 27:6-8
- സങ്കീര്ത്തനങ്ങള്079:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6900, H6912, H6913, G1779, G1780, G2290, G4916, G5027

# അടിമയാക്കുക, അടിമയാക്കുന്നു, അടിമയാക്കപ്പെട്ട, സേവകന്, സേവകന്മാര്, അടിമ, അടിമകള്, അടിമയാക്കപ്പെട്ട, അടിമത്തം, സേവികമാര്, സേവിക്കുക, സേവിക്കുന്നു, സേവിച്ചു, സേവിക്കുന്ന, സേവനം, സേവനങ്ങള്, ദൃഷ്ടിസേവ

## നിര്വചനം:

- "സേവകന്" എന്ന പദത്തിന് "അടിമ" എന്നും കൂടെ അര്ത്ഥം ഉണ്ട് അത് സൂചിപ്പിക്കുന്നത് ഒരു മനുഷ്യന് വേറൊരു മനുഷ്യന് വേണ്ടി ഒന്നുകില് സ്വയം തിരഞ്ഞെടുത്തതോ അല്ലെങ്കില് ബലാല്ക്കാരേണയായോ ജോലി ചെയ്യുവാന് ഇട വരുന്നു എന്നുള്ളതാണ്.
- അനുബന്ധമായി വരുന്ന പദങ്ങള് സാധാരണയായി ഒരു വ്യക്തി സേവകന് ആയാണോ അല്ലെങ്കില് അടിമ ആയാണോ ഉള്ളത് എന്ന് വ്യക്തമാക്കുന്നു.
- "സേവിക്കുക" എന്ന വാക്കിനു മറ്റുള്ളവരെ സഹായിക്കുവാന് വേണ്ടി കാര്യങ്ങള് ചെയ്യുക എന്നാണ്.
- ഇത് "ആരാധിക്കുക" എന്ന അര്ത്ഥവും നല്കുന്നതായി ഇരിക്കുന്നു.
- ദൈവ വചന കാലഘട്ടങ്ങളില്, ഒരു സേവകനും അടിമയ്ക്കും ഇടയില് ഇന്ന് കണ്ടു വരുന്നതിനേക്കാള് നേരിയ വ്യത്യാസം മാത്രമേ കണ്ടിരുന്നുള്ളൂ.
- സേവകന്മാരും അടിമകളും ഇരു കൂട്ടരും തങ്ങളുടെ യജമാനന്റെ കുടുംബത്തോടുള്ള ബന്ധത്തില് വളരെ പ്രധാനപ്പെട്ട ഭാഗധേയം ഉള്ളവരും ഏകദേശം അവരുടെ കുടുംബത്തിലെ ഒരു അംഗം എന്നപോലെ പരിഗണിക്കപ്പെട്ടു വന്നവരും ആയിരുന്നു.
- ചില സന്ദര്ഭങ്ങളില് ഒരു സേവകന് തന്റെ ആയുഷ്ക്കാലം മുഴുവന് തന്റെ യജമാനന്റെ സേവനാര്ത്ഥം ആയിക്കൊള്ളാം എന്നുള്ളത് തിരഞ്ഞെടുക്കാറുണ്ട്.
- ഒരു അടിമ എന്നത് ഒരു തരത്തില് താന് ആര്ക്കുവേണ്ടി ജോലി ചെയ്യുന്നുവോ ആ വ്യക്തിയുടെ സ്വത്ത് ആയിരിക്കുന്നു.
- ഒരു അടിമയെ വില കൊടുത്തു വാങ്ങുന്ന വ്യക്തിയെ "ഉടമസ്ഥന്" അല്ലെങ്കില് "മുതലാളി" അല്ലെങ്കില് "യജമാനന്" എന്ന് വിളിക്കുന്നു.
- ചില യജമാനന്മാര് അവരുടെ അടിമകളെ വളരെ ക്രൂരമായി കൈകാര്യം ചെയ്തു വന്നിരുന്നു, അതേസമയം മറ്റു യജമാന്മാര്അവരുടെ അടിമകളെ വളരെ നല്ല നിലയില് പരിഗണിച്ചു വന്നിരുന്നു,
- പുരാതന കാലങ്ങളില്, ചില ആളുകള് അവര് പണം വാങ്ങിയ ആള്ക്ക് തിരികെ കൊടുക്കേണ്ടതിനാല് മനപ്പൂര്വം അവര് ആ വ്യക്തിക്ക് തങ്ങളെ അടിമയാക്കുകയും ആ വ്യക്തിക്ക് കൊടുത്തു തീര്ക്കുവാന് ഉള്ള കടം ആ നിലയില് വീട്ടുകയും ചെയ്യുന്നു.
- അതിഥികളെ ഉപചരിക്കുന്ന ഒരു വ്യക്തിയോടുള്ള സാഹചര്യത്തില്, ഈ പദം അര്ത്ഥം നല്കുന്നത് "കരുതുക" അല്ലെങ്കില് "ഭക്ഷണം വിളമ്പുക" അല്ലെങ്കില് "ആഹാരം നല്കുക" എന്നൊക്കെ ആകുന്നു.

യേശു തന്റെ ശിഷ്യന്മാരോട് ജനത്തിനു മത്സ്യം "വിളമ്പുവാന്" പറഞ്ഞപ്പോള്, ഇത് "വിതരണം ചെയ്യുക" അല്ലെങ്കില് "കൈ അയക്കുക" അല്ലെങ്കില് "നല്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാവുന്നത് ആണ്.

- ദൈവ വചനത്തില്, "ഞാന് അങ്ങയുടെ ദാസന്" എന്നുള്ള പദപ്രയോഗം രാജാവ് പോലെയുള്ള, ഉയര്ന്ന പദവി അലങ്കരിക്കുന്ന ഒരു വ്യക്തിയോടുള്ള ബഹുമാനത്തിന്റെയും സേവനത്തിന്റെയും ഒരു അടയാളം ആകുന്നു.
- അത് സംസാരിക്കുന്നതായ വ്യക്തി വാസ്തവത്തില് ഒരു സേവകന്ആണെന്ന് അര്ത്ഥം നല്കുന്നില്ല.
- "സേവിക്കുക" എന്ന പദം "ശുശ്രൂഷിക്കുക" അല്ലെങ്കില് "പ്രവര്ത്തിക്കുക" അല്ലെങ്കില് "പരിരക്ഷിക്കുക" അല്ലെങ്കില് "അനുസരിക്കുക" എന്നിങ്ങനെ സാഹചര്യം അനുസരിച്ച് പരിഭാഷ ചെയ്യാവുന്നതാണ്.
- പഴയ നിയമത്തില്, ദൈവത്തിന്റെ പ്രവാചകന്മാരും ദൈവത്തെ ആരാധിക്കുന്ന മറ്റു ജനങ്ങളും സാധാരണയായി ദൈവത്തിന്റെ "ദാസന്മാര്" എന്ന് വിശേഷിപ്പിക്കപ്പെടുന്നു.
- "ദൈവത്തെ സേവിക്കുക" എന്നത് "ദൈവത്തെ ആരാധിക്കുകയും അനുസരിക്കുകയും ചെയ്യുക" അല്ലെങ്കില് "ദൈവം കല്പ്പിച്ച പ്രവര്ത്തി ചെയ്യുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- പുതിയ നിയമത്തില്, ക്രിസ്തുവില് ഉള്ള വിശ്വാസം മൂലമായി ദൈവത്തെ അനുസരിക്കുന്നവരെ സാധാരണയായി "ദാസന്മാര്" എന്ന് വിളിക്കുന്നു.
- "മേശമേല് ശുശ്രൂഷിക്കുക" എന്നതിന്റെ അര്ത്ഥം മേശയില് ഇരിക്കുന്ന ആളുകള്ക്ക് ഭക്ഷണം കൊണ്ട് വന്നു നല്കുക, അല്ലെങ്കില് കൂടുതല് സാധാരണമായി പറഞ്ഞാല്, "ആഹാരം വിതരണം ചെയ്യുക" എന്ന് അര്ത്ഥം നല്കുന്നു.
- മറ്റുള്ളവരോട് ദൈവത്തെ കുറിച്ചു പഠിപ്പിക്കുന്നവരെ സംബന്ധിച്ച് അവര് ദൈവത്തെയും അവര് പഠിപ്പിക്കുന്നതായ ജനത്തെയും ഇരുകൂട്ടരെയും സേവിക്കുന്നു എന്ന് പറയുന്നു.
- അപ്പോസ്തലനായ പൌലോസ് കൊരിന്ത്യന്ക്രിസ്ത്യാനികള്ക്ക് എഴുതുമ്പോള് അവര് എപ്രകാരം പഴയ ഉടമ്പടിയെ "സേവിച്ചു" എന്ന് പ്രതിപാദിക്കുന്നു.
- ഇത് മോശെയുടെ പ്രമാണം അനുസരിക്കുന്നതിനെ സൂചിപ്പിക്കുന്നു.
- ഇപ്പോള് അവര് പുതിയ ഉടമ്പടിയെ "സേവിക്കുന്നതായി" കാണപ്പെടുന്നു.

- അതായത്, ക്രൂശിന്മേല് അര്പ്പിക്കപ്പെട്ട യേശുവിന്റെ യാഗത്താല്, യേശുവില് ഉള്ള വിശ്വാസികള് പരിശുദ്ധാത്മാവിനാല് ദൈവത്തെ പ്രസാദിപ്പിക്കുവാനും വിശുദ്ധ ജീവിതം നയിപ്പാനും പ്രാപ്തരാകുന്നു.
- പൌലോസ് അവരുടെ പ്രവര്ത്തികളെ അവരുടെ "സേവനം" എന്ന നിലയില്പഴയ അല്ലെങ്കില്പുതിയ ഉടമ്പടിയോടുള്ള ബന്ധത്തില്സംസാരിക്കുന്നു.
- ഇത് "സേവിക്കുക" അല്ലെങ്കില്"അനുസരിക്കുക" അല്ലെങ്കില്"ഭക്തിയോടെ ആയിരിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ക്രിസ്ത്യാനികളെ "നീതിയുടെ ദാസന്മാര്" എന്ന് വിളിച്ചിരിക്കുന്നു, അതായത് ഇത് ഒരു അടിമ എപ്രകാരം തന്റെ യജമാനനന് അനുസരണം ഉള്ളവന് ആയിരിക്കുവാന്തന്നെ സമര്പ്പിച്ചിരിക്കുന്നുവോ അതുപോലെ അവര്ദൈവത്തെ അനുസരിക്കുവാന്സമര്പ്പിതര്ആയിരിക്കുന്നു എന്ന ഒരു രൂപക അലങ്കാര പ്രയോഗത്താല്താരതമ്യം ചെയ്തിരിക്കുന്നു.

(കാണുക: സമര്പ്പിക്കുക, അടിമയാക്കുക, ഭവനക്കാര്, കര്ത്താവ്, അനുസരിക്കുക, നീതിമാന്)

## ദൈവ വചന സൂചികകള്:

- അപ്പോ.04:29-31
- അപ്പോ.10:7-8
- കൊലോസ്യര്01:7-8
- കൊലോസ്യര്03:22-25
- ഉല്പ്പത്തി 21:10-11
- ലൂക്കോസ് 12:47-48
- മര്ക്കോസ് 09:33-35
- മത്തായി 10:24-25](rc://ml/tn/help/mrk/09/33)
- മത്തായി 02:3-5
- 2 തിമോത്തിയോസ് 02:3-5
- അപ്പോ.06:2-4
- ഉല്പ്പത്തി 25:23
- ലൂക്കോസ് 04:8
- ലൂക്കോസ് 12:37-38
- ലൂക്കോസ് 22:26-27
- മര്ക്കോസ് 08:7-10
- മത്തായി 04:10-11
- മത്തായി 06:24

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **06:01** അബ്രഹാം വളരെ വയസ്സ് ചെന്നവനും, തന്റെ മകനായ യിസഹാക്ക് ഒരു പുരുഷന്ആയി വളരുകയും ചെയ്തപ്പോള്, അബ്രഹാം തന്റെ **സേവകന്മാരില്** ഒരുവനെ തന്റെ ബന്ധുക്കാര്ജീവിക്കുന്ന ദേശത്തേക്ക് പറഞ്ഞയച്ചിട്ടു തന്റെ മകനായ യിസഹാക്കിനു, ഒരു ഭാര്യയെ കണ്ടെത്തുവാന്ആവശ്യപ്പെട്ടു.
- **08:04 അടിമ** വ്യാപാരികള്യോസേഫിനെ ഒരു **അടിമയായി** ധനികനായ ഒരു സര്ക്കാര്ഉദ്യോഗസ്ഥന് വിറ്റു കളഞ്ഞു.
- **09:13** "ഞാന്(ദൈവം) നിന്നെ (മോശെയെ) ഫറവോന്റെ അടുക്കലേക്കു പറഞ്ഞയച്ചിട്ടു നീ ഇസ്രയേല്മക്കളെ മിസ്രയീമില്ഉള്ള അവരുടെ **അടിമത്തത്തില്** നിന്ന് പുറത്ത് കൊണ്ടു വരണം."
- **19:10** അനന്തരം ഏലിയാവ് പ്രാര്ഥിച്ചത്, "ഓ യഹോവേ, അബ്രഹാമിന്റെയും, യിസഹാക്കിന്റെയും, യാക്കോബിന്റെയും ദൈവമേ, അങ്ങാണ് ഇസ്രായേലിന്റെ ദൈവം എന്നും ഞാന്അങ്ങയുടെ **ദാസന്** ആണെന്നും ഇന്ന് ഞങ്ങളെ കാണിക്കേണമേ" എന്നായിരുന്നു.
- **29:03** "**ദാസന്** ആ കടം വീട്ടുവാന്കഴിയാഞ്ഞത് കൊണ്ട്, രാജാവ് പറഞ്ഞത്, "ഈ മനുഷ്യനെയും അവന്റെ കുടുംബത്തെയും തന്റെ കടം കൊടുത്തു തീര്ക്കേണ്ടതിനായി **അടിമകളായി** വിറ്റു കളയുക" എന്ന് ആയിരുന്നു.
- **35:06** "എന്റെ പിതാവിന്റെ എല്ലാ **ദാസന്മാര്ക്കും** ഭക്ഷിപ്പാന്ധാരാളം ഉണ്ട്, ഞാനോ ഇവിടെ വിശന്നു കൊണ്ടിരിക്കുന്നു.
- **47:04 അടിമ** പെണ്കുട്ടി അവര്നടന്നു പോയിക്കൊണ്ടിരിക്കുമ്പോള്അലറിക്കൊണ്ട്തുടര്മാനമായി പറഞ്ഞു വന്നത് , "ഈ പുരുഷന്മാര്അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാര്" എന്നായിരുന്നു.*
- **50:04** യേശു പറഞ്ഞത് "ഒരു **ദാസന്** തന്റെ യജമാനനെക്കാള്വലിയവന്അല്ല" എന്നാണ്.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- (Serve) H327, H3547, H4929, H4931, H5647, H5656, H5673, H5975, H6213, H6399, H6402, H6440, H6633, H6635, H7272, H8104, H8120, H8199, H8278, H8334, G1247, G1248, G1398, G1402, G1438, G1983, G2064, G2212, G2323, G2999, G3000, G3009, G4337, G4342, G4754, G5087, G5256

# അടിവസ്ത്രം, അടിവസ്ത്രങ്ങള്

## നിര്വചനം:

ദൈവ വചനത്തില്, “അടിവസ്ത്രം” എന്ന് സൂചിപ്പിച്ചിട്ടുള്ള വസ്ത്രം ശരീരത്തോട് ചേര്ത്ത്, മറ്റു വസ്ത്രങ്ങള്ക്ക് അടിയില് ധരിക്കുന്നത് ആകുന്നു.

- ഒരു അടിവസ്ത്രം എന്നത് തോള്മുതല് ഇടുപ്പ് വരെയോ അല്ലെങ്കില് മുഴങ്കാല് വരെയോ ഉള്ളതും സാധാരണയായി ഒരു അരക്കച്ചയോടു കൂടെ ധരിക്കുന്നതും ആകുന്നു. ധനികന്മാരായ ആളുകള് ധരിക്കുന്ന അടിവസ്ത്രങ്ങള് ചില സന്ദര്ഭങ്ങളില് കൈമുട്ട് വരെ നീളുന്ന കൈകള് ഉള്ളവ ആയിരുന്നു.
- അടിസ്ത്രങ്ങള് തുകല്, രോമാവസ്ത്രം, കമ്പിളിവസ്ത്രം, അല്ലെങ്കില് ലിനന് മുതലായവ കൊണ്ട് നിര്മ്മിച്ചതും പുരുഷന്മാരും സ്ത്രീകളും ധരിക്കുന്നതും ആകുന്നു.
- സാധാരണയായി അടിവസ്ത്രം എന്നത് നീളമുള്ള മേല്ക്കുപ്പായത്തിനു അടിയില് ധരിക്കുന്ന അയവുള്ള വസ്ത്രം അല്ലെങ്കില് മേലങ്കി ആകുന്നു. ചൂടുള്ള കാലാവസ്ഥയില് പുറമെയുള്ള വസ്ത്രം ധരിക്കാതെ അടിവസ്ത്രം ധരിക്കുന്നു.
- ഈ പദം “നീളമുള്ള കുപ്പായം” അല്ലെങ്കില് “നീളമുള്ള അടിവസ്ത്രം” അല്ലെങ്കില് “കുപ്പായം പോലെയുള്ള വസ്ത്രം” എന്ന് പരിഭാഷ ചെയ്യാവുന്നതാണ്. “അടിവസ്ത്രം” എന്നത് പോലെയും സാമ്യപ്പെടുത്തിക്കൊണ്ട്, ഏതു രീതിയില്ഉള്ള വസ്ത്രം ആയിരുന്നു എന്ന അടിക്കുറിപ്പോടു കൂടെയും ഇത് എഴുതാവുന്നതാണ്.

(കാണുക: അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: അങ്കി)

## ദൈവ വചന സൂചിക:

- ദാനിയേല്03:21-23
- യെശ്ശയ്യാവ് 22:20-22
- ലേവ്യപുസ്തകം 08:12-13
- ലൂക്കോസ് 03:10-11
- മര്ക്കോസ് 06:7-9
- മത്തായി 10:8-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2243, H3801, H6361, G5509

# അത്തി, അത്തപ്പഴം

## നിര്വചനം:

അത്തി എന്നത് ചെറിയ, മൃദുലമായ, മരങ്ങളില്വളരുന്ന മധുരമുള്ള ഫലമാണ്. പഴുക്കുമ്പോള്ഈ ഫലം, തവിട്ടു, മഞ്ഞ, അല്ലെങ്കില് കടും ചുവപ്പ് തുടങ്ങിയ വിവധ നിറങ്ങളില് കണ്ടു വരുന്നു.

- അത്തിമരം 6 മീറ്ററോളം ഉയരത്തില്വളരുന്നതും വളരെ വലിയ ഇലകള്ഉള്ളതും രമ്യമായ നിഴല്നല്കുന്നതും ആകുന്നു. പഴം 3-5 സെന്റിമീറ്റര്നീളമുള്ളതും ആകുന്നു.
- ആദാമും ഹവ്വയും പാപം ചെയ്തതിനു ശേഷം തങ്ങള്ക്കു വസ്ത്രം ഉണ്ടാക്കേണ്ടതിനു അത്തി മരത്തിന്റെ ഇലകള്ആണ് ഉപയോഗിച്ചത്.
- അത്തിപ്പഴം അതുപോലെയോ, പാചകം ചെയ്തോ, ഉണക്കിയോ ഭക്ഷിക്കാം. ജനം അവയെ ചെറിയ കഷണങ്ങളാക്കി മുറിക്കുകയും അവയെ കട്ടികള്ആക്കുകയും പിന്നീട് ഭക്ഷിക്കുകയും ചെയ്യുന്നു.
- ദൈവ വചന കാലഘട്ടത്തില്, അത്തിപ്പഴം പ്രധാനപ്പെട്ട ഭക്ഷണ പദാര്ത്ഥവും വരുമാന സ്രോതസും ആയിരുന്നു.
- ഫലങ്ങള്നിറഞ്ഞ അത്തി മരങ്ങളുടെ സാന്നിധ്യം ദൈവവചനത്തില്സമ്പല്സമൃദ്ധിയുടെ അടയാളമായി അടിക്കടി ഉപയോഗിച്ചിട്ടുണ്ട്.
- നിരവധി തവണ ആത്മീയ സത്യങ്ങള്ശിഷ്യന്മാരെ പഠിപ്പിക്കുവാനായി യേശു അത്തി മരങ്ങളെ ഉപമയായി ഉപയോഗിച്ചിട്ടുണ്ട്.

## ദൈവ വചന സൂചികകള്:

- ഹബക്കൂക് 03:17
- യാക്കോബ് 03:11-12
- ലൂക്കോസ് 13:6-7
- മര്ക്കോസ് 11:13-14
- മത്തായി 07:15-17
- മത്തായി 21:18-19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1061, H1690, H6291, H8384, G3653, G4808, G4810

# അദ്ധ്യാപകന്, അദ്ധ്യാപകര്, ഗുരു

## നിര്വചനം:

ഒരു അദ്ധ്യാപകന് എന്ന വ്യക്തി മറ്റുള്ള ജനത്തിനു പുതിയ അറിവ് നല്കുന്നയാള് ആകുന്നു. അധ്യാപകര് മറ്റുള്ളവര് ജ്ഞാനവും കഴിവുകളും സ്വായത്തമാക്കുവാനും ഉപയോഗിക്കുവാനും സഹായിക്കുന്നു.

- ദൈവ വചനത്തില്, "ഉപദേഷ്ടാവ്" എന്ന പദം പ്രത്യേക ആശയത്തില് ദൈവത്തെ കുറിച്ച് പഠിപ്പിക്കുന്ന വ്യക്തി എന്ന് സൂചിപ്പിക്കുന്നു.
- ഒരു അധ്യാപകനില് നിന്നും പഠിക്കുന്ന ആളുകളെ "വിദ്യാര്ത്ഥികള്" അല്ലെങ്കില് "ശിഷ്യന്മാര്" എന്ന് വിളിക്കുന്നു.
- ചില ദൈവവചന പരിഭാഷകളില്, ഈ പദം വലിയ അക്ഷരങ്ങളില് (:"ഗുരു") എന്ന് യേശുവിനുള്ള പദവിയായി ഉപയോഗിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- അദ്ധ്യാപകന് എന്നതിനുള്ള സാധാരണ പദം, ഈ പദം പരിഭാഷ ചെയ്യുന്നത് ഒരു പാഠശാലയിലെ അധ്യാപകന് മാത്രം ഉപയോഗിക്കുന്ന പദം ആകുന്നു.
- ചില സംസ്കാരങ്ങളില് മതപരമായ അധ്യാപകരെ സൂചിപ്പിക്കുവാന് ഉപയോഗിക്കുന്ന പ്രത്യേക പദവിയായി "സര്" അല്ലെങ്കില് "റബ്ബി" അല്ലെങ്കില് "പ്രസംഗകന്" ഉപയോഗിക്കുന്നു.

(കാണുക: ശിഷ്യന്, പ്രസംഗിക്കുക)

## ദൈവ വചന സൂചികകള്:

- സഭാപ്രസംഗി 01:12-15](rc://ml/tn/help/ecc/01/12)
- എഫെസ്യര്:11-13
- ഗലാത്യര്:6-8
- ഹബക്കൂക് 02:18-20
- യാക്കോബ് 03:1-2
- യോഹന്നാന് 01:37-39
- ലൂക്കോസ് 06:39-40
- മത്തായി 12:38-40

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **27:01** ഒരു ദിവസം, യഹൂദ ന്യായപ്രമാണത്തില്പ്രഗല്ഭനായ ഒരുവന് യെശുവിന്റെ അടുക്കല് വന്നു, പറഞ്ഞത്, "**ഗുരുവേ**, നിത്യജീവന് അവകാശമാക്കുവാന് ഞാന് ചെയ്യണം?"
- **28:01** ഒരു ദിവസം ഒരു യുവ ഭരണാധികാരി യേശുവിന്റെ അടുക്കല് വന്നിട്ട് ഇപ്രകാരം ചോദിച്ചു, "നല്ല **ഗുരുവേ** നിത്യജീവന് പ്രാപിക്കുവാന് ഞാന് എന്ത് ചെയ്യണം?"
- **37:02** രണ്ടു ദിവസങ്ങള് കഴിഞ്ഞശേഷം, യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്, "നാം യഹൂദ്യയിലേക്ക് മടങ്ങിപ്പോകുക, എന്നാല് ശിഷ്യന്മാര് മറുപടിയായി, **"ഗുരുവേ**, കുറച്ചു സമയത്തിനു മുന്പ് തന്നെയല്ലേ ജനം അങ്ങയെ കൊന്നുകളയണം എന്നു ആവശ്യപ്പെട്ടത്" എന്ന് ,മറുപടി പറഞ്ഞു.
- **38:14** യൂദാസ് യേശുവിന്റെ അടുക്കല് വന്നു, "വന്ദനം, **ഗുരുവേ**" എന്ന് പറഞ്ഞിട്ട്, അവനെ ചുംബനം ചെയ്തു.
- **49:03** യേശുവും ഒരു മഹാനായ **ഗുരു** ആയിരുന്നു, താന് ദൈവപുത്രന് ആയിരുന്നത് കൊണ്ട് അധികാരത്തോടു കൂടെ സംസാരിച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3384, H3887, H3925, G1320, G2567, G3547, G5572

# അനാദരവ്, അനാദരണീയമായ

## വസ്തുതകള്:

“അനാദരവ്” എന്ന പദം എതെങ്കിലുമൊന്നിനു നേരെ അല്ലെങ്കില്ആര്ക്കെങ്കിലും നേരെ ആഴമായ ബഹുമാനിക്കാതിരിക്കലോ അപമാനിക്കലോ പ്രകടിപ്പിക്കുന്ന തിനെ സൂചിപ്പിക്കുന്നു. ഏറ്റവുമധികമായി അപമാനിതമായതിനെ “അനാദരണീയം” എന്നു വിളിക്കുന്നു.

- ദൈവത്തിനു നേരെ തുറന്ന രീതിയില്ബഹുമാനമില്ലാതെ കാണിക്കുന്ന ഒരു വ്യക്തിയെ അല്ലെങ്കില്സ്വഭാവത്തെ "അനാദരണീയമായ” എന്നു വിളിക്കാം, അത് ‘’ഏറ്റവുമധികം ആദരിക്കാതിരിക്കല്” അല്ലെങ്കില്“സമ്പൂര്ണ്ണമായി ബഹുമാനിക്കാതിരിക്കല്” അല്ലെങ്കില്“ഏറ്റവും അപമാനം ഉണ്ടാക്കുക” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- “അനാദരണീയനാക്കുക” എന്നതിന്റെ അര്ത്ഥം ഒരു വ്യക്തിയെ വിലകുറഞ്ഞ വനായി കരുതുക അല്ലെങ്കില്ഒരുവന് ആയിരിക്കുന്നതിനേക്കാള്വിലകുറഞ്ഞ വനാണെന്ന് വിധികല്പ്പിക്കുക.
- താഴെ നല്കുന്ന ആശയങ്ങള്ക്കും സമാനമായ അര്ത്ഥമുണ്ട്: “അനാദരവ് ഉണ്ടാകുക” അല്ലെങ്കില്’അനാദരവ് പ്രകടിപ്പിക്കുക” അല്ലെങ്കില്“അനാദരവായി നടത്തുക”. ഇവയെല്ലാം അര്ത്ഥമാക്കുന്നത് എന്തിനെയെങ്കിലും അല്ലെങ്കില്ആരെയെങ്കിലും പറഞ്ഞതിനോടോ ചെയ്തതിനോടോ അനുബന്ധിച്ച് “ശക്തമായി അപമാനിക്കുക” അല്ലെങ്കില്“ശക്തമായി അനാദരിക്കുക” എന്നാണ്.
- ദാവീദ് രാജാവ് വ്യഭിചാരവും കൊലപാതകവും ചെയ്തു പാപം ചെയ്തപ്പോ ള്, ദൈവം പറഞ്ഞത് ദാവീദ് ദൈവത്തോട് “അനാദരവ് കാണിച്ചു” എന്നാണ്. അതിന്റെയര്ത്ഥം അപ്രകാരം ചെയ്യുക നിമിത്തം താദൈവത്തെ വളരെയധികമായി അപമാനിക്കുകയും അവമതിക്കുകയും ചെയ്തു എന്നാണ്.

(കാണുക: അവമതിക്കുക)

## ദൈവവചന സൂചികകള്:

- ദാനിയേല്12:1-2
- സദൃശവാക്യങ്ങള്15:5-6
- സങ്കീര്ത്തനങ്ങള് 031:17-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H936, H937, H959, H963, H1860, H7043, H7589, H5006, G1848

# അനുകരിക്കുക, അനുകാരി, അനുകാരികള്

## നിര്വ്വചനം:

“അനുകരിക്കുക” എന്നും “അനുകാരി” എന്നും ഉള്ള പദങ്ങള് സൂചിപ്പിക്കുന്നത് ഒരു വ്യക്തി എപ്രകാരം പ്രവര്ത്തിക്കുന്നുവോ അതുപോലെ തന്നെ വേറെ ഒരുവന് പകര്ത്തുന്നു എന്നാണ്.

- യേശു ചെയ്തതു പോലെ തന്നെ, യേശു ദൈവത്തെ അനുസരിച്ചത് പോലെയും മറ്റുള്ളവരെ സ്നേഹിച്ചത് പോലെയും ക്രിസ്ത്യാനികളും യേശുക്രിസ്തുവിന്റെ അനുകാരികള് ആകണമെന്ന് ഉപദേശിക്കപ്പെട്ടിരിക്കുന്നു.
- അപ്പോസ്തലനായ പൌലോസ് താന് ക്രിസ്തുവിനെ അനുകരിക്കു ന്നതുപോലെ തന്നെ, ആദിമ സഭയും തന്നെ അനുകരിക്കണം എന്നു പ്രസ്താവിച്ചു.

## പരിഭാഷ നിര്ദേശങ്ങള്:

- “അനുകരിക്കുക” എന്ന പദം “ആ കാര്യം അതുപോലെ തന്നെ ചെയ്യുക” അല്ലെങ്കില് “അവന്റെ ഉദാഹരണം തന്നെ പിന്തുടരുക” എന്ന് പരിഭാഷ ചെയ്യാം.
- ”ദൈവത്തിന്റെ അനുകാരികള്” എന്ന പദപ്രയോഗം പരിഭാഷ ചെയ്യുന്നതു “ദൈവം പ്രവര്ത്തിക്കുന്നത് പോലെ തന്നെ പ്രവര്ത്തിക്കുന്ന ജനം ആയിരിക്കുക” അല്ലെങ്കില് “ദൈവം പ്രവര്ത്തിക്കുന്നതു പോലെ തന്നെ കാര്യങ്ങള് ചെയ്യുന്നവര് ആയിരിക്കുക” എന്നാണ്.
- നിങ്ങള് ഞങ്ങളുടെ അനുകാരികള് ആയിത്തീര്ന്നു” എന്നത് നിങ്ങള് ഞങ്ങളുടെ മാതൃക പിന്തുടര്ന്ന്” അല്ലെങ്കില് “ഞങ്ങള് ചെയ്യുന്നത് നിങ്ങള് കണ്ടത് പോലെ തന്നെ നിങ്ങളും അതേ തരത്തില് ഉള്ള ദൈവീക കാര്യങ്ങളെ ചെയ്തു വരുന്നു” എന്ന് പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- 3 യോഹന്നാന് 01:11-12
- മത്തായി 23:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H310, H6213, G1096, G2596, G3401, G3402, G4160

# അനുസരിക്കാതിരിക്കുക, അനുസരിക്കാതിരിക്കുന്നു, അനുസരിക്കാതിരുന്നു, അനുസരണക്കേട്, അനുസരണം കെട്ട

## നിര്വചനം:

''അനുസരിക്കാതിരിക്കുക" എന്ന പദം അധികാരത്തില് ഉള്ള ഒരുവന് കല്പ്പിക്കുകയോ നിര്ദേശിക്കുകയോ ചെയ്തതിനെ അനുസരിക്കാതെ ഇരിക്കുക എന്നര്ത്ഥം. ഇപ്രകാരം ചെയ്യുന്ന വ്യക്തി "അനുസരണം കെട്ടവന്" ആകുന്നു.

- തന്നോട് പറഞ്ഞതായ കാര്യം അതുപോലെ ചെയ്യാതിരിക്കുന്നത് അനുസരണക്കേടു ആകുന്നു
- അനുസരിക്കാതിരിക്കുക എന്നത് കല്പ്പിക്കപ്പെട്ട കാര്യം ചെയ്യുവാന് നിഷേധിക്കുക എന്നുള്ളതും കൂടെയാണ്.
- 'അനുസരണം കെട്ട" എന്ന പദം സ്വാഭാവികമായി അനുസരണംകെട്ടതോ മത്സരമുള്ളതോ ആയ സ്വഭാവത്തോടെയുള്ള വ്യക്തിയെ സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു. അതിന്റെ അര്ത്ഥം അവര് പാപം നിറഞ്ഞവരോ ദുഷ്ടന്മാരോ ആണെന്നാണ്.
- "അനുസരണക്കേട്" എന്നത് "അനുസരിക്കാതിരിക്കുന്ന പ്രവര്ത്തി" അല്ലെങ്കില് "ദൈവം ആവശ്യപ്പെടുന്നതിന് വിരുദ്ധമായ പ്രവര്ത്തി" എന്നാണ് അര്ത്ഥം.
- ഒരു "അനുസരണം കെട്ട ജനം" എന്നത് "അനുസരണക്കേടില് തുടരുന്ന ജനം" അല്ലെങ്കില് "ദൈവം കല്പ്പിക്കുന്നത് ചെയ്യുവാന് ആഗ്രഹിക്കാത്ത ജനം" എന്നു പരിഭാഷപ്പെടുത്താം.

(കാണുക: അധികാരം, തിന്മ, പാപം, അനുസരിക്കുക)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്:20-22
- അപ്പോ.പ്രവര്ത്തികള്26:19-21
- കൊലോസ്സ്യര്:5-8
- ലൂക്കോസ് 01:16-17
- ലൂക്കോസ് 06:49
- സങ്കീര്ത്തനങ്ങള്:30-32

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **02:11** ദൈവം മനുഷ്യനോടു പറഞ്ഞത്, "നീ നിന്റെ ഭാര്യയെ ശ്രദ്ധിക്കുകയും എന്നെ **അനുസരിക്കാതിരിക്കുകയും** ചെയ്തു."
- **13:07** ജനം ഈ നിയമങ്ങളെ അനുസരിക്കുമെങ്കില്, ദൈവം അവരെ അനുഗ്രഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുമെന്ന് വാഗ്ദത്തം ചെയ്തു. അവര് **അനുസരിക്കാതിരിക്കുമെങ്കില്**, ദൈവം അവരെ ശിക്ഷിക്കുകയും ചെയ്യും.
- **16:02** ഇസ്രയേല്യര്ദൈവത്തെ **അനുസരിക്കാതെ** വന്നതുകൊണ്ട്, അവന്ശത്രുക്കള്അവരെ പരാജയപ്പെടുത്തുവാന്അനുവദിച്ചുകൊണ്ട് ശിക്ഷിച്ചു.
- **35:12** "മൂത്തമകന്പിതാവിനോട് പറഞ്ഞത്, "ഈ വര്ഷങ്ങളിലെല്ലാം ഞാന്അങ്ങേക്കുവേണ്ടി വിശ്വസ്തയോടുകൂടെ അദ്ധ്വാനിച്ചു! ഞാന്ഒരിക്കലും അങ്ങയോട് **അനുസരണക്കേട്** കാണിച്ചിട്ടില്ല, എന്നിട്ടും ഇതുവരെ അങ്ങ് എനിക്ക് എന്റെ കൂട്ടുകാരുമായി സന്തോഷിക്കേണ്ടതിനു ഒരു കുഞ്ഞാടിനെപ്പോലും എനിക്ക് തന്നിട്ടില്ല."

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4784, H5674, G506, G543, G544, G545, G3847, G3876

# അനുസരിക്കുക, അനുസരിക്കുന്നു, അനുസരിച്ചു, അനുസരിക്കുന്ന, അനുസരണം, അനുസരണം ഉള്ളവന്, അനുസരണം ഉള്ള, അനുസരിക്കാതെ ഇരിക്കുക, അനുസരിക്കാതെ ഇരിക്കുന്നു, അനുസരണം ഇല്ലാത്ത, അനുസരണക്കേട്, അനുസരണം കെട്ട

## നിര്വചനം:

"അനുസരിക്കുക" എന്ന പദം അര്ത്ഥമാക്കുന്നത് ആവശ്യമായത് അല്ലെങ്കില് കല്പ്പിച്ചത് ചെയ്യുക എന്നാണ്. "അനുസരണം ഉള്ളവന്" എന്ന പദം അനുസരിക്കുന്ന ഒരു വ്യക്തിയെ സൂചിപ്പിക്കുന്നു. "അനുസരണം" എന്നത് അനുസരണം ഉള്ള വ്യക്തിയുടെ ഒരു സ്വഭാവ വിശേഷം ആകുന്നു. ചില സമയങ്ങളില് അത് ചില കാര്യങ്ങള് ചെയ്യരുത് എന്നു "മോഷണം ചെയ്യരുത്" എന്നുള്ളതില് കാണുന്നത് പോലെ ചെയ്യാതിരിക്കുവാന് എന്നുള്ളതും ആകുന്നു.

- സാധാരണയായി "അനുസരിക്കുക" എന്ന പദം അധികാരത്തില് ഉള്ള ഒരു വ്യക്തിയുടെ ഉത്തരവുകള് അല്ലെങ്കില് നിയമങ്ങള് അനുസരിക്കുക എന്ന സാഹചര്യത്തില് ഉപയോഗിക്കുന്നവ ആകുന്നു.
- ഉദാഹരണമായി, ഒരു രാജ്യം, രാഷ്ട്രം, അല്ലെങ്കില് എതെങ്കിലും സംഘടനയുടെ തലവന്മാര്, നിര്മ്മിക്കുന്ന നിയമങ്ങള് ജനം അനുസരിക്കുന്നു.
- കുഞ്ഞുങ്ങള് അവരുടെ മാതാ പിതാക്കളെ അനുസരിക്കുന്നു, അടിമകള് അവരുടെ യജമാനന്മാരെ അനുസരിക്കുന്നു, ജനം ദൈവത്തെ അനുസരിക്കുന്നു, പ്രജകള് അവരുടെ രാജ്യത്തിന്റെ നിയമം അനുസരിക്കുന്നു.
- അധികാരത്തില് ഇരിക്കുന്ന ഒരു വ്യക്തി ജനം ചെയ്യുവാന് പാടില്ല എന്ന് ഉത്തരവ് നല്കുമ്പോള്, അത് ചെയ്യാതെ ഇരുന്നു അവര് അനുസരിക്കുന്നു.
- അനുസരിക്കുക എന്നതു പരിഭാഷ ചെയ്യുവാന് ഉള്ള മാര്ഗ്ഗങ്ങളില് "കല്പ്പിച്ചിട്ടുള്ളവ ചെയ്യുക" അല്ലെങ്കില് "കല്പ്പനകള് അനുസരിക്കുക" അല്ലെങ്കില് "ദൈവം ചെയ്യുവാന് പറഞ്ഞിട്ടുള്ളവ ചെയ്യുക" എന്നിവ ഉള്പ്പെടുത്താം. "അനുസരണം ഉള്ള" എന്ന പദം "കല്പ്പിച്ചിട്ടുള്ളവ ചെയ്യുക" അല്ലെങ്കില് "ഉത്തരവുകള് പാലിക്കുക" അല്ലെങ്കില് "ദൈവം കല്പ്പിച്ചിട്ടുള്ളവ ചെയ്യുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: പ്രജ, കല്പ്പന, അനുസരിക്കാതെ ഇരിക്കുക, രാജ്യം, നിയമം)

## ദൈവ വചന സൂചികകള്:

- അപ്പോ.05:29-32
- അപ്പോ.06:7
- ഉല്പ്പത്തി 28:6-7
- യാക്കോബ് 01:22-25
- യാക്കോബ് 02:10-11
- ലൂക്കോസ് 06:46-48
- മത്തായി 07:26-27
- മത്തായി 19:20-22
- മത്തായി 28:20

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **03:04** നോഹ ദൈവത്തെ **അനുസരിച്ചു**. താനും തന്റെ മൂന്നു പുത്രന്മാരും ദൈവം അവരോടു പറഞ്ഞ പ്രകാരം തന്നെ പടകു നിര്മ്മിച്ചു.
- **05:06** വീണ്ടും അബ്രഹാം ദൈവത്തെ **അനുസരിക്കുകയും** മകനെ യാഗം അര്പ്പിക്കുവാന് ഒരുങ്ങുകയും ചെയ്തു.
- **05:10** "നീ (അബ്രഹാം) എന്നെ **അനുസരിച്ചതിനാല്**, നിന്റെ കുടുംബം മുഖാന്തിരം ലോകത്തില് ഉള്ള സകല കുടുംബങ്ങളും അനുഗ്രഹിക്കപ്പെടും.
- **05:10** എന്നാല് മിസ്രയീം ജനങ്ങള് ദൈവത്തെ വിശ്വസിക്കുകയോ അല്ലെങ്കില് തന്റെ കല്പ്പനകളെ **അനുസരിക്കുകയോ** ചെയ്തില്ല.
- **13:07** ജനം ഈ നിയമങ്ങളെ **അനുസരിക്കും** എങ്കില്, താന് അവരെ അനുഗ്രഹിക്കും എന്നും സംരക്ഷിക്കും എന്നും ദൈവം വാഗ്ദത്തം ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1697, H2388, H3349, H4928, H6213, H7181, H8085, H8086, H8104, G191, G544, G3980, G3982, G4198, G5083, G5084, G5218, G5219, G5255, G5292, G5293, G5442

# അന്ധകാരം

## നിര്വചനം:

“അന്ധകാരം” എന്ന പദത്തിന്റെ അക്ഷരീക അര്ത്ഥം പ്രകാശത്തിന്റെ അഭാവം എന്നാകുന്നു. ഈ പദത്തിന് വിവിധ ഉപമാന അര്ത്ഥങ്ങളും ഉണ്ട്.

- ഒരു രൂപകാലങ്കാരമായി, “അന്ധകാരം” അര്ത്ഥമാക്കുന്നത് “അശുദ്ധി” അല്ലെങ്കില് “തിന്മ” അല്ലെങ്കില് “ആത്മീയ അന്ധത” എന്നാണ്.
- പാപവും അസാന്മാര്ഗ്ഗവുമായി ബന്ധപ്പെട്ട ഏതിനെയും ഇതു സൂചിപ്പിക്കുന്നു.
- “അന്ധകാരത്തിന്റെ വാഴ്ച” എന്ന പ്രയോഗം തിന്മയായ എല്ലാറ്റിനെയും സാത്താന്റെ ഭരണത്തെയും എന്നു സൂചിപ്പിക്കുന്നു.
- “അന്ധകാരം” എന്ന പദം മരണത്തിനും ഉപമാനമായി ഉപയോഗിക്കാം.

(കാണുക: രൂപകാലങ്കാരം

- ദൈവത്തെ അറിയാത്ത ജനം “ഇരുളില് ജീവിക്കുന്നു” എന്നു പറയുന്നത്, അവര് നീതി എന്തെന്ന് ഗ്രഹിക്കുകയോ പരിശീലിക്കുകയോ ചെയ്യുന്നില്ല എന്നാണ്.
- ദൈവം പ്രകാശവും (നീതി) അന്ധകാരത്തിന് (തിന്മ) പ്രകാശത്തെ ജയിപ്പിക്കുവാന് കഴിയാത്തതുമാണ്.
- ദൈവത്തെ നിരാകരിച്ചവര്ക്കുള്ള ശിക്ഷയുടെ സ്ഥലം ചില സന്ദര്ങ്ങളില് “പുറമെയുള്ള ഇരുള്” എന്നു സൂചിപ്പിക്കാറുണ്ട്.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം അക്ഷരീകമായി നിര്ദ്ധിഷ്ട ഭാഷയില്, വെളിച്ചത്തിന്റെ അഭാവത്തിനു നല്കിയിരിക്കുന്ന വാക്കു ഉപയോഗിച്ചു പരിഭാഷപ്പെടു ത്തുന്നത് ഉചിതമായിരിക്കും. ഈ പദം വെളിച്ചമില്ലാത്ത ഒരു മുറിയിലെ ഇരുട്ടിനെയൊ അല്ലെങ്കില് പ്രകാശമില്ലാത്ത ദിവസത്തിന്റെ സമയത്തെയൊ സൂചിപ്പിക്കുന്ന ഒരു പദമായിരിക്കും..
- ഉപമാനരൂപ പ്രയോഗത്തിനായി, പ്രകാശത്തിനു വിരുദ്ധമായി ഇരുളിന്റെ സ്വരൂപത്തെ സൂക്ഷിക്കേണ്ടത്, തിന്മയ്ക്കും വഞ്ചനയ്ക്കും വിരുദ്ധമായി നന്മയും സത്യവും എപ്രകാരമെന്നു വിശദമാക്കുന്നതിനു ഒരു മാര്ഗ്ഗമാണ്.
- സാഹചര്യത്തിനു അനുസരിച്ച്, ഇതു പരിഭാഷപ്പെടുത്തുന്നതിനുള്ള ഇതര മാര്ഗ്ഗങ്ങള്, “ഇരുളിന്റെ അന്ധകാരം” (“പകല്വെളിച്ചത്തിന്റെ എതിരായുള്ളത്”) അല്ലെങ്കില് “രാത്രിയില് ഒന്നും തന്നെ കാണുവാന് കഴിയാത്തത് പോലെ” അല്ലെങ്കില് “അന്ധകാര സ്ഥലം പോലെ തിന്മ ആയത്” ആദിയായവയാണ്.

(കാണുക: അഴിമതി, വാഴ്ച, രാജ്യം, പ്രകാശം, വീണ്ടെടുക്കുക, നീതി)

## ദൈവവചന സൂചികകള്:

- 1 യോഹന്നാന്:5-7
- 1 യോഹന്നാന്:7-8
- 1 തെസ്സലോനിക്യര്:4-7
- 2 ശമുവേല് 22:10-12
- കൊലൊസ്സ്യര്:13-14
- യെശ്ശയ്യാവ് 05:29-30
- യിരെമ്യാവ് 13:15-17
- യോശുവ 24:7
- മത്തായി 08:11-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H652, H653, H2816, H2821, H2822, H2825, H3990, H3991, H4285, H5890, H6205, G2217, G4652, G4653, G4655, G4656

# അന്യന്, അകറ്റുന്നു, അകറ്റപ്പെട്ട, വിദേശം, വിദേശി, വിദേശികള്

## നിര്വചനം:

“വിദേശി” എന്ന പദം ഒരു വ്യക്തി തന്റെ സ്വന്തമല്ലാത്ത ഒരു രാജ്യത്ത് വസിക്കുന്നവന്എന്നു സൂചിപ്പിക്കുന്നു. വിദേശി എന്നതിനുള്ള മറ്റൊരു പേര് “അന്യന്” എന്നാകുന്നു.

- പഴയ നിയമത്തില്, ഈ പദം പ്രത്യേകാല്താന്ജീവിച്ചു കൊണ്ടി രിക്കുന്ന ജന സമൂഹത്തില്നിന്നും വ്യത്യസ്തമായ ജനവിഭാഗത്തില്നിന്ന് വന്നിട്ടുള്ള ഏതൊരുവനെയും സൂചിപ്പിക്കുന്നു.
- ഒരു വിദേശി എന്നത് ഒരു പ്രത്യേക മേഖലയിലെ ഭാഷയ്ക്കും സംസ്കാരത്തിനും വ്യത്യസ്തമായ നിലയില്ഉള്ള വ്യക്തി എന്നും സൂചിപ്പിക്കുന്നു.
- ഉദാഹരണമായി, നവോമിയും അവളുടെ കുടുംബവും മോവാബിലേക്ക് പോയപ്പോള്, അവിടെ അവര്വിദേശികള്ആയിരുന്നു. നവോമിയും അവളുടെ മരുമകളായ രൂത്തും പില്ക്കാലത്ത് ഇസ്രയേലിലേക്ക് കടന്നു പോയപ്പോള്, അവിടെ രൂത്ത് ഒരു “വിദേശി” എന്നു വിളിക്കപ്പെട്ടു, കാരണം അവള് യഥാര്ത്ഥമായി ഇസ്രായേലില്നിന്നും ഉള്ളവള്ആയിരുന്നില്ല.
- അപ്പോസ്തലനായ പൌലോസ് എഫെസ്യരോട് പറയുമ്പോള്, അവര്ക്രിസ്തുവിനെ അറിയുന്നതിന് മുന്പേ അവര്ദൈവത്തിന്റെ ഉടമ്പടിക്ക് “അന്യര്” ആയിരുന്നു.
- ചില സന്ദര്ഭങ്ങളില്“വിദേശി” എന്നത് “അപരിചിതന്” എന്നു പരിഭാഷപ്പെടുത്തം, എന്നാല്അത് അറിയപ്പെടാത്തവനോ അപരിചിതനോ എന്നു സൂചിപ്പിക്കുവാന് മാത്രമായിരിക്കരുത്.

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്02:17-18
- അപ്പോ.പ്രവര്ത്തികള്07:29-30
- ആവര്ത്തന പുസ്തകം 01:15-16
- ഉല്പ്പത്തി 15:12-13
- ഉല്പ്പത്തി 17:24-27
- ലൂക്കോസ് 17:17-19
- മത്തായി 17:24-25

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H312, H628, H776, H1471, H1481, H1616, H2114, H3363, H3937, H4033, H5236, H5237, H5361, H6154, H8453, G241, G245, G526, G915, G1854, G3581, G3927, G3941

# അന്വേഷിക്കുക, അന്വേഷിക്കുന്നു, അന്വേഷിച്ചു കൊണ്ടിരിക്കുന്ന, അന്വേഷിച്ചു

## നിര്വചനം:

"അന്വേഷിക്കുക" എന്ന പദം അര്ത്ഥം നല്കുന്നത് എന്തിനെയോ ആരെയോ പ്രതീക്ഷിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഭൂതകാല പദം "അന്വേഷിച്ചു" എന്നാണ്. എന്തെങ്കിലും ചെയ്യുവാനായി "കഠിനമായി പരിശ്രമിക്കുക" അല്ലെങ്കില് "ഒരു പരിശ്രമം നടത്തുക" എന്നും ഇത് അര്ത്ഥമാക്കുന്നു.

- എന്തെങ്കിലും ചെയ്യുവാനായി ഒരു അവസരം "അന്വേഷിക്കുക" അല്ലെങ്കില് "തേടി നോക്കുക" എന്നുള്ളത് അത് ചെയ്യുവാന് വേണ്ടി "ഒരു സമയം കണ്ടെത്തുവാനായി പരിശ്രമം നടത്തുക" എന്ന് അര്ത്ഥം നല്കുന്നു.
- "യഹോവയെ അന്വേഷിക്കുക" എന്നതിന്റെ അര്ത്ഥം "യഹോവയെ അറിയേണ്ടതിനും തന്നെ അനുസരിക്കുവാനായി പഠിക്കേണ്ടതിനും സമയവും ഊര്ജ്ജവും ചിലവഴിക്കുക" എന്ന് അര്ത്ഥം നല്കുന്നു.
- "സംരക്ഷണം അന്വേഷിക്കുക" എന്നതിന്റെ അര്ത്ഥം "ആപത്തില് നിന്നും നിങ്ങളെ സംരക്ഷിക്കുന്ന ഒരു വ്യക്തിയെ അല്ലെങ്കില് സ്ഥലത്തെ കണ്ടു പിടിക്കുവാനായി പരിശ്രമം നടത്തുക" എന്ന് അര്ത്ഥം നല്കുന്നു.
- "നീതി അന്വേഷിക്കുക" എന്നതിന്റെ അര്ത്ഥം "ജനങ്ങള് നീതിപൂര്വവും അല്ലെങ്കില് ന്യായമായും നടത്തപ്പെടുന്നു എന്നത് കാണുവാന് ഒരു പരിശ്രമം നടത്തുക" എന്ന് അര്ത്ഥം നല്കുന്നു.
- "സത്യം അന്വേഷിക്കുക" എന്നതിന്റെ അര്ത്ഥം "സത്യം ആയത് എന്ത് എന്ന് കണ്ടുപിടിക്കുവാനായി ഒരു പരിശ്രമം നടത്തുക" എന്നാണ്.
- "അനുഭാവം അന്വേഷിക്കുക" എന്നതിന്റെ അര്ത്ഥം "അനുഭാവം കണ്ടെത്തുവാന് പരിശ്രമം നടത്തുക" അല്ലെങ്കില് "ആരെയെങ്കിലും നിങ്ങള്ക്ക് സഹായം ചെയ്യേണ്ടതിനു ഉതകുന്നവ ചെയ്യുക" എന്നൊക്കെയാണ്.

(കാണുക: നീതി, സത്യം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 10:13-14
- അപ്പോ. 17:26-27
- എബ്രായര് 11:5-6
- ലൂക്കോസ് 11:9-10
- സങ്കീര്ത്തനങ്ങള് 027:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H579, H1156, H1239, H1243, H1245, H1556, H1875, H2470, H2603, H2658, H2664, H2713, H3289, H7125, H7592, H7836, H8446, G327, G1567, G1934, G2052, G2212

# അപകീര്ത്തി, അപമാനപ്പെടുത്തുക, അപമാനപ്പെടുത്തി, അപകീര്ത്തി കരമായ

## വസ്തുതകള്:

"അപകീര്ത്തി" എന്ന പദം ബഹുമാനവും ആദരവും നഷ്ടപ്പെട്ടതിനെ സൂചിപ്പിക്കുന്നു.

- ഒരു മനുഷ്യന്പാപ പ്രവര്ത്തി ചെയ്യുമ്പോള്, അത് അവനെ അപമാനമുള്ള അല്ലെങ്കില് ബഹുമാനം നഷ്ടപ്പെട്ട സ്ഥിതിയിലാക്കുന്നു.
- "അപകീര്ത്തി പരമായ" എന്ന പദം ഒരു പാപ പ്രവര്ത്തിയെയോ അല്ലെങ്കില് അത് ചെയ്ത വ്യക്തിയെയോ സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു.
- ചില സന്ദര്ഭങ്ങളില് നന്മ പ്രവര്ത്തികള് ചെയ്യുന്ന വ്യക്തിയെയും അപമാനപ്പെടുത്തുവാനോ ലജ്ജിതനാക്കുവാനോ ഹേതുവാകുന്ന രീതിയില് നടത്താറുണ്ട്.
- ഉദാഹരണമായി, യേശു കുരിശില് കൊല്ലപ്പെട്ടപ്പോള്, അത് മരണത്തിന്റെ ഹീനമായ ഒരു രീതിയിലായിരുന്നു. ഈ അപമാനം പ്രാപിക്കത്തക്ക വിധം യേശു യാതൊരു തെറ്റും ചെയ്തിരുന്നില്ല. "അപകീര്ത്തി" എന്ന പദത്തിന്റെ പരിഭാഷയില് "ലജ്ജ" അല്ലെങ്കില് ''അനാദരവ്" എന്നും ഉള്പ്പെടുത്താം. "അപകീര്ത്തി പരമായ" എന്നത് പരിഭാഷപ്പെടുത്തുവാന് "ലജ്ജാപൂര്ണമായ" അല്ലെങ്കില് "അനാദരവുള്ള" എന്നിവയും ഉള്പ്പെടുത്താം.

(കാണുക: അനാദരവ്, ആദരവ്, ലജ്ജ)

## ദൈവവചന സൂചികകള്:

- 1 തിമോത്തിയോസ് 03:6-7
- ഉല്പത്തി 34:6-7
- എബ്രായര്:23-26
- വിലാപങ്ങള്:1-2
- സങ്കീര്ത്തനങ്ങള്:6-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H954, H1984, H2490, H2617, H2659, H2781, H2865, H3637, H3971, H5007, H5034, H5039, H6031, H7036, G149, G819, G3680, G3856

# അപമാനം, അപമാനപ്പെടുത്തുന്നു, അപമാനപ്പെടുത്തി, ,അപകീര്ത്തിപരമായ

## നിര്വ്വചനം:

“അപമാനം” എന്ന പദം ആര്ക്കെങ്കിലും അനാദരവായ നിലയില് എന്തെങ്കിലും ചെയ്യുന്നത് എന്നാണ് അര്ത്ഥം. ഇതു ആ വ്യക്തിക്ക് നാണക്കേടോ അനാദരവോ ഉണ്ടാക്കാം.

- ”അപകീര്ത്തി പരമായ” എന്ന പദം ലജ്ജാകരമായതോ വേറൊരാള്ക്ക് അനാദരവു ഉണ്ടാക്കുന്നതോ ആയ പ്രവര്ത്തി എന്നാണു അര്ത്ഥം.
- ചില സന്ദര്ഭങ്ങളില് “അപകീര്ത്തിപരമായ” എന്നത് പ്രാധാന്യമ ര്ഹിക്കുന്നതായ യാതൊന്നിനും ഉപകാരപ്രദമല്ലാത്ത വിഷയങ്ങളെ സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു.
- കുഞ്ഞുങ്ങള് അവരുടെ മാതാപിതാക്കന്മാരെ ബഹുമാനിക്കുവാനും അനുസരിക്കുവാനും നിര്ദേശിക്കപ്പെട്ടിരിക്കുന്നു. കുഞ്ഞുങ്ങള് അനുസരിക്കാതെ ഇരിക്കുമ്പോള്, അവര് അവരുടെ മാതാപിതാക്കളെ അപമാനപ്പെടുത്തുന്നു. അവരുടെ മാതാപിതാക്കളെ ബഹുമാനിക്കാത്ത രീതിയില് അവരെ കൈകാര്യം ചെയ്യുന്നു.
- ഇസ്രയേല്യര്അസത്യദൈവങ്ങളെ ആരാധിക്കുകയും അസാന്മാര്ഗ്ഗിക സ്വഭാവം പുലര്ത്തുകയും ചെയുക വഴി യഹോവയെ അനാദരിച്ചു.
- തനിക്കു ഭൂതം ബാധിച്ചിട്ടുണ്ടെന്ന് പറയുക വഴി യഹൂദന്മാര് യേശുവിനോട് അനാദരവ് കാണിച്ചു.
- ഇതു “ആദരവ് കാണിക്കാതിരിക്കുക”, അല്ലെങ്കില് “ബഹുമാനമില്ലാതെ ഇടപെടുക” എന്നു പരിഭാഷപ്പെടുത്താം.
- “അനാദരവ്” എന്ന നാമപദം “ബഹുമാനമില്ലായ്മ” അല്ലെങ്കില് “ബഹുമാന നഷ്ടം” എന്നു പരിഭാഷപ്പെടുത്താം.
- സാഹചര്യത്തിനു അനുസരിച്ച്, “അപകീര്ത്തിപരമായ” എന്നത് “ബഹുമാനമില്ലാത്ത” അല്ലെങ്കില് “ലജ്ജാകരമായ” അല്ലെങ്കില് “മൂല്യമില്ലാത്ത” അല്ലെങ്കില് “വിലയില്ലാത്ത” എന്നും പരിഭാഷപ്പെടുത്താം.

(കാണുക: മാനനഷ്ടം, ബഹുമാനം)

## ദൈവവചന സൂചികകള്:

- 1 കൊരിന്ത്യര്:10-11
- 1 ശമുവേല്:32-34
- 2 കൊരിന്ത്യര്:8-10
- യെഹസ്കേല്:6-9
- യോഹന്നാന്:48-49
- ലേവ്യപുസ്തകം 18:6-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1540, H2490, H2781, H3637, H3639, H5006, H5034, H6172, H6173, H7034, H7036, H7043, G818, G819, G820, G2617

# അപമാനിക്കുക, അപമാനപ്പെടുത്തുക, അവഹേളനം

## വസ്തുതകള്:

അപമാനിക്കുക" എന്ന പദം അര്ത്ഥം നല്കുന്നത് ഒരുവനെ ലജ്ജിതന്അല്ലെങ്കില്അപമാനിതന്ആക്കുക എന്നാണു. ഇത് സാധാരണയായി പരസ്യമായി ചെയ്യുന്നു. ഒരു വ്യക്തിയെ പരിഹസിക്കുന്നതിനെ "അവഹേളനം" എന്ന് പറയുന്നു. ദൈവം ഒരുവനെ താഴ്ത്തുന്നു എന്നതിന്റെ അര്ത്ഥം, അത് ഒരു അഹങ്കാരിയായ വ്യക്തി തന്റെ അഹങ്കാരത്തില്നിന്നു മോചിതനാകാനുള്ള പരിശ്രമത്തില്പരാജിതനാകുമ്പോള്തന്റെ അഹങ്കാരത്തെ അതിജീവിക്കേണ്ടതിനു ദൈവം സഹായിക്കുന്നു എന്നാണ്. ഇത് ഒരു വ്യക്തിയെ ഉപദ്രവിക്കുന്ന രീതിയില്ചെയ്യുന്ന അവഹേളിക്കുന്നതില്നിന്നും വ്യത്യസ്തമാണ്.

- "അപമാനിക്കുക"എന്നത് ''ലജ്ജ" അല്ലെങ്കില്"ലജ്ജിതനാക്കുക" അല്ലെങ്കില്"അന്ധാളിപ്പിക്കുക" എന്ന് പരിഭാഷ ചെയ്യാം.
- സാഹചര്യം അനുസരിച്ച്, "അവഹേളനം" എന്ന പദം പരിഭാഷ ചെയ്യുന്നതില്"ലജ്ജ" അല്ലെങ്കില്"തരം താഴ്ത്തുക" അല്ലെങ്കില്"അപമാനിതനാക്കുക" എന്നീ രീതികള്ഉള്പ്പെടുത്താം.

(കാണുക: അപമാനം, താഴ്മ, ലജ്ജ)

## ദൈവ വചന സൂചികകള്:

- ആവര്ത്തനപുസ്തകം 21:13-14
- എസ്രാ 09:5-6
- സദൃശവാക്യങ്ങള്25:7-8
- സങ്കീര്ത്തനങ്ങള് 006:8-10
- സങ്കീര്ത്തനങ്ങള്123:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H937, H954, H1421, H2778, H2781, H3001, H3637, H3639, H6030, H6031, H6256, H7034, H7043, H7511, H7817, H8216, H8213, H8217, H8589, G2617, G5014

# അപവാദം, അപവാദങ്ങള്, അപവാദം പറഞ്ഞു, അപവാദികള്, അപവാദം പറച്ചില്, അപവാദകരമായ

## നിര്വചനം:

ഒരു അപവാദത്തില് വേറെ ഒരാളെ കുറിച്ച് നിഷേധാത്മകമായ, അപമാനം വരുത്തുന്ന കാര്യങ്ങള് പ്രസ്താവിക്കുന്നത് (എഴുതുകയല്ല) ഉള്പ്പെടുന്നു. അപ്രകാരം ഉള്ള കാര്യങ്ങള് രു വ്യക്തിയെ കുറിച്ച് പറയുന്നതിന് (എഴുതുന്നതിനു അല്ല) ആ വ്യക്തിയെ കുറിച്ച് അപവാദം പറയുന്നു എന്ന് പറയുന്നു. അതുപോലെ ഉള്ള കാര്യങ്ങള്പ്രസ്താവിക്കുന്ന വ്യക്തിയെ അപവാദി എന്ന് പറയുന്നു.

- അപവാദം എന്ന് പറയുന്നത് ഒരു ശരിയായ വിവരം അല്ലെങ്കില് അല്ലെങ്കില് ഒരു തെറ്റായ കുറ്റപ്പെടുത്തല് ആയിരിക്കാം, എന്നാല് അതിന്റെ പരിണിത ഫലം എന്നത് മറ്റുള്ളവര്ക്ക് അപവാദം പ്രസ്താവിക്കപ്പെട്ടതായ വ്യക്തിയോട് ഒരു നിഷേധാത്മകമായ ചിന്താഗതി ഉളവാകുവാന് ഇടവരുത്തും എന്നുള്ളതാണ്.
- "അപവാദം പറയുക" എന്നുള്ളത് "എതിരായി സംസാരിക്കുക" അല്ലെങ്കില്"ദോഷകരമായ വിവരണം പരത്തുക" അല്ലെങ്കില്"അപമാനപ്പെടുത്തുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- അപവാദം പറയുന്ന ഒരു വ്യക്തിയെ "വിവരം നല്കുന്ന ആള്" അല്ലെങ്കില്ഒരു "ഏഷണിക്കാരന്" എന്ന് വിളിക്കുന്നു.

(കാണുക: നിന്ദ)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്04:12-13
- 1 തിമോത്തിയോസ് 03:11-13
- 2 കൊരിന്ത്യര്06:8-10
- മര്ക്കോസ് 07:20-23

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1681, H1696, H1848, H3960, H5006, H5791, H7270, H7400, H8267, G987, G988, G1228, G1426, G2636, G2637, G3059, G3060, G6022

# അപ്പം

## നിര്വചനം:

അപ്പം എന്നത് മാവും വെള്ളവും എണ്ണയും ചേര്ത്ത് കുഴച്ചുണ്ടാക്കിയ തില് നിന്നും ഉണ്ടാക്കുന്ന ഭക്ഷണമാണ്. കുഴച്ചമാവ് തുടര്ന്നു അപ്പമാക്കി പാകപ്പെടുത്തിയെടുക്കുന്നു.

- "അപ്പനുറുക്ക്" എന്നു വരുന്നത് "അപ്പക്കഷണം" എന്നാണ് അര്ത്ഥമാക്കുന്നത്.
- അപ്പത്തിന്റെ മാവ് എന്നത് യീസ്റ്റ് മുതലായ വസ്തുക്കള്മൂലം ഉണ്ടാക്കിയ പൊങ്ങിയ മാവ് ആണ്.
- യീസ്റ്റ് ഇല്ലാതെയും അപ്പമുണ്ടാക്കാം, എന്നാലത് പൊങ്ങി വരികയില്ല. ദൈവവചനത്തില് ഇതിനെ "പുളിപ്പില്ലാത്ത അപ്പം" എന്നു വിളിക്കുകയും ഇതിനെ യഹൂദന്മാരുടെ പെസഹ ഭക്ഷണത്തില്ഉപയോഗിക്കയും ചെയ്തിരുന്നു.
- ദൈവവചന കാലഘട്ടത്തിലെ നിരവധി ജനങ്ങളുടെ പ്രധാന ഭക്ഷണം അപ്പം ആകയാല്, ദൈവവചനത്തില്ഭക്ഷണം എന്നതിന് പൊതുവായി അപ്പം എന്ന പദം ഉപയോഗിച്ചിരുന്നു.

(കാണുക:ഉപലക്ഷണാലങ്കാരം)

- "കാഴ്ചയപ്പം" എന്ന പദം സമാഗമാനകൂടാരത്തില്അല്ലെങ്കില്ദേവാലയത്തില് സ്വര്ണ്ണമേശയുടെ മുകളില്വെയ്ക്കുന്ന ദൈവത്തിനര്പ്പിക്കുന്ന ബലിയായ പന്ത്രണ്ടു അപ്പങ്ങളെ സൂചിപ്പിക്കുന്നു. ഈ അപ്പങ്ങള്ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ പ്രതിനിധീകരിക്കുന്നു, ഇവ പുരോഹിതന്മാര്ക്കു മാത്രമേ ഭക്ഷിക്കുവാന്അനുവാദമുള്ളു. ഇതു "ദൈവം അവരുടെ ഇടയില്വസിച്ചു എന്നു അപ്പം കാണിക്കുന്നു" എന്നു പരിഭാഷപ്പെടുത്താം. "സ്വര്ഗ്ഗത്തില്നിന്നുള്ള അപ്പം"എന്ന ഉപമാന പദം ഇസ്രയേല്ജനം മരുഭൂമിയില്അലഞ്ഞുതിരിയുമ്പോള്ദൈവം അവര്ക്ക് നല്കിയ "മന്ന" എന്ന വെളുത്ത പ്രത്യേക ഭക്ഷണത്തെ സൂചിപ്പിക്കുന്നു.
- യേശുവും തന്നെ "സ്വര്ഗ്ഗത്തില്നിന്നും ഇറങ്ങിവന്ന അപ്പം" എന്നും "ജീവന്റെ അപ്പം" എന്നും വിളിച്ചിരുന്നു. തന്റെ മരണത്തിനു മുന്പു യേശുവും തന്റെ ശിഷ്യന്മാരും പെസഹ ഭക്ഷണം കഴിക്കുമ്പോള്, മുറിവേല്പ്പിക്കപ്പെട്ടു ക്രൂശില്കൊലപ്പെടുത്തപ്പെടുന്ന തന്റെ ശരീരത്തെ പുളിപ്പില്ലാത്ത പെസഹ അപ്പത്തോട് സാമ്യപ്പെടുത്തിയിരുന്നു. മിക്കവാറും "അപ്പം" എന്നത് കൂടുതല്സാമാന്യമായി "ഭക്ഷണം" എന്നു പരിഭാഷപ്പെടുത്താം.

(കാണുക: പെസഹ, സമാഗമാനകൂടാരം, ദേവാലയം, പുളിപ്പില്ലാത്ത അപ്പം, യീസ്റ്റ്)

## ദൈവവചന സൂചികകള്:

- അപ്പോ:പ്രവര്ത്തികള്02:46-47
- അപ്പോ.പ്രവര്ത്തികള്27:33-35
- പുറപ്പാട് 16:13=15
- ലൂക്കോസ് 09:12-14
- മര്ക്കോസ് 06:37-38
- മത്തായി 04:1-4
- മത്തായി 11:18-19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2557, H3899, H4635, H4682, G106, G740, G4286

# അഭയം, അഭയാര്ഥി, അഭയാര്ത്ഥികള്, അഭയകേന്ദ്രം, അഭയ കേന്ദ്രങ്ങള്, അഭയം നല്കിയ, അഭയം നല്കല്

## നിര്വ്വചനം:

"അഭയം" എന്ന പദം സൂചിപ്പിക്കുന്നത് സുരക്ഷിത സാഹചര്യവും സംരക്ഷണവും ഉള്ള ഒരു സ്ഥലം എന്നാണ്. ഒരു "അഭയാര്ഥി" എന്ന ആള് ഒരു സുരക്ഷിത സ്ഥലം അന്വേഷിക്കുന്ന വ്യക്തി ആകുന്നു. ഒരു "അഭയ കേന്ദ്രം" എന്നത് കാലാവസ്ഥയില് നിന്നും ആപത്തുകളില് നിന്നും സംരക്ഷണം നല്കുന്ന ഒരു സ്ഥലം എന്ന് സൂചിപ്പിക്കുന്നു.

- ദൈവ വചനത്തില്, തന്റെ ജനത്തിനു സുരക്ഷിതമായ, സംരക്ഷണം നല്കുന്ന, പരിപാലനം നല്കുന്ന ഒരു സങ്കേതമായി ദൈവത്തെ അടിക്കടി സൂചിപ്പിക്കുന്നു.
- "സാങ്കേത നഗരം" എന്ന പദം പഴയ നിയമത്തില് ബദ്ധവശാല് ഒരുവന് ഒരാളെ കൊന്നുകളഞ്ഞാല് അവനെ പ്രതികാരം ചെയ്തു കൊല്ലുവാന്ശ്രമിക്കുന്ന ആളുകളുടെ കയ്യില് നിന്നും സംരക്ഷണം നല്കുവാന് തിരഞ്ഞെടുക്കപ്പെട്ട നഗരങ്ങളില് 0ന്ന് എന്ന് സൂചിപ്പിക്കുന്നു.
- ഒരു "അഭയ കേന്ദ്രം" എന്നത് സാധാരണയായി ആളുകളില് നിന്നും അല്ലെങ്കില് മൃഗങ്ങളില് നിന്നും സുരക്ഷ നല്കുന്നതിനു നിര്മ്മിച്ചിരിക്കുന്ന കെട്ടിടം അല്ലെങ്കില് മേല്ക്കൂര ആദിയായ ഭൌതിക നിര്മ്മതി ആകുന്നു.
- ചില സന്ദര്ഭങ്ങളില് "അഭയം" എന്നത് "സംരക്ഷണം" എന്ന്, ലോത്ത് തന്റെ അതിഥികള് തന്റെ മേല്ക്കൂരയ്ക്കു കീഴ്" അഭയത്തില്ആകുന്നു എന്ന് പറയുമ്പോള് അര്ത്ഥം നല്കുന്നതു പോലെ ആണ്. താന് പറഞ്ഞത് അവര് സുരക്ഷിതര് ആയിരിക്കണം എന്തുകൊണ്ടെന്നാല് അവര് തന്റെ കുടുംബത്തില് ഉള്ള അംഗങ്ങള് എന്നപോലെ താന് അവരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വത്തില് ആയിരിക്കുന്നു എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- "സങ്കേതം" എന്ന പദം "സുരക്ഷിത സ്ഥലം" അല്ലെങ്കില് "സംരക്ഷിത സ്ഥലം" എന്ന് പരിഭാഷ ചെയ്യാം.
- "അഭയാര്ഥികള്" എന്നത് തങ്ങളുടെ സ്വന്ത വാസസ്ഥലം വിട്ടു അപകടകരമായ സാഹചര്യങ്ങളില് നിന്ന് രക്ഷപ്പെടുന്നതിനെ സൂചിപ്പിക്കുന്നു, ഇതിനെ "അന്യര്", "ഭവന രഹിതരായ ജനം", അല്ലെങ്കില് "പ്രവാസികള്" എന്ന് പരിഭാഷ ചെയ്യാം.
- സാഹചര്യം അനുസരിച്ച്, "അഭയം" എന്ന പദം "സംരക്ഷണം നല്കുന്നത്" അല്ലെങ്കില് "സുരക്ഷ" അല്ലെങ്കില് "സംരക്ഷിത സ്ഥലം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഇത് ഒരു ഭൌതിക നിര്മ്മിതിയെ സൂചിപ്പിക്കുക ആണെങ്കില്, "അഭയ കേന്ദ്രം" എന്നതു "സുരക്ഷിത കെട്ടിടം" അല്ലെങ്കില് "സുരക്ഷ ഭവനം" എന്നും പരിഭാഷ ചെയ്യാം.
- "സുരക്ഷിത ഭവനത്തിലേക്ക്" എന്ന പദസഞ്ചയം "സുരക്ഷിതമായ ഒരു സ്ഥലത്തിലേക്ക്" അല്ലെങ്കില് സംരക്ഷണം നല്കുന്ന ഒരു സ്ഥലത്തിലേക്കു" എന്ന് പരിഭാഷ ചെയ്യാം.
- സുരക്ഷ കണ്ടു പിടിക്കുക" അല്ലെങ്കില് "സുരക്ഷ കണ്ടെത്തുക" അല്ലെങ്കില് "അഭയം പ്രാപിക്കുക" എന്നത് "സുരക്ഷിത സ്ഥാനം കണ്ടെത്തുക" അല്ലെങ്കില് "ഒരു വ്യക്തിയെ സുരക്ഷിത സ്ഥാനത്ത് എത്തിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- 2 ശമുവേല്:3-4
- ആവര്ത്തന പുസ്തകം 32:37-38
- യെശ്ശയ്യാവ് 23:13-14
- യിരെമ്യാവ് 16:19-21
- സംഖ്യാപുസ്തകം 35:24-25
- സങ്കീര്ത്തനങ്ങള് 046:1-3
- സങ്കീര്ത്തനങ്ങള് 028:6-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2620, H4268, H4498, H4585, H4733, H4869

# അഭിമാനം, അഭിമാനത്തോടു കൂടെ, അഹങ്കാരം, അഹങ്കാരം നിറഞ്ഞ

## നിർവചനം:

"അഭിമാനം" എന്നും "അഹങ്കാരം നിറഞ്ഞ" എന്നും ഉള്ള പദങ്ങൾ ഒരുവൻ തന്നെക്കുറിച്ച് സ്വയം വളരെ ഉന്നത ഭാവത്തിൽ ചിന്തിക്കുന്നത്, പ്രത്യേകാൽ, താൻ മറ്റുള്ളവരേക്കാൾ ഈറ്റവും നല്ലവൻ ആണെന്ന് ചിന്തിക്കുന്നത് ആകുന്നു.

- ഒരു അഹങ്കാരിയായ വ്യക്തി തന്റെ തെറ്റുകളെ അംഗീകരിക്കാറില്ല.

താൻ താഴ്മ ഉള്ളവൻ അല്ല.

- അഹംഭാവം എന്നത് മറ്റുള്ള രീതികളിൽ ദൈവത്തെ അനുസരിക്കാതെ ഇരിക്കുവാൻ നടത്തും.
- "അഭിമാനം" എന്നും "അഹങ്കാരം" എന്നും ഉള്ള പദങ്ങൾ നേടിയെടുത്ത കാര്യം സംബന്ധിച്ച് നിങ്ങളെ ക്കുറിച്ച് "അഭിമാനം" കൊള്ളുന്നു എന്നും നിങ്ങളുടെ മക്കളെ കുറിച്ച് "അഭിമാനം" കൊള്ളുന്നു എന്നും പറയാറുള്ളത് പോലെ ക്രിയാത്മക നിലയിൽ ഉപയോഗിക്കാം. "നിങ്ങളുടെ തൊഴിലിൽ അഭിമാനം കൊള്ളുക" എന്ന പദപ്രയോഗം അർത്ഥം നൽകുന്നത് നിങ്ങൾ ചെയ്യുന്ന ജോലി നന്നായി ചെയ്യുന്നതിൽ സന്തോഷം കണ്ടെത്തുക എന്നാണ്.
- ഒരുവൻ താൻ ചെയ്ത കാര്യത്തെ കുറിച്ച് അഹങ്കാരം ഉള്ളവൻ ആകാതെ അഭിമാനം ഉള്ളവൻ ആയിരിക്കുവാൻ കഴിയും.

ചില ഭാഷകളിൽ "അഭിമാനം" എന്ന ഈ രണ്ടു പദങ്ങൾക്കും വ്യത്യസ്തമായ വാക്കുകൾ ഉണ്ടായിരിക്കും. "അഹങ്കാരം ഉള്ള" എന്നത് എപ്പോഴും "അഹന്ത ഉള്ള" അല്ലെങ്കിൽ "ഗർവ്വം ഉള്ള" അല്ലെങ്കിൽ"സ്വാർത്ഥ-പ്രധാനിയായ" എന്നിങ്ങനെ നിഷേധാത്മക ഭാവം ഉള്ളതായിരിക്കും.

## പരിഭാഷ നിർദേശങ്ങൾ:

- "അഹങ്കാരം" എന്ന നാമപദം "അഹന്ത" അല്ലെങ്കിൽ "ഗർവ്വം" അല്ലെങ്കിൽ സ്വാർത്ഥ-പ്രാധാന്യം" എന്നിങ്ങനെ പരിഭാഷ നൽകാം..
- മറ്റു സന്ദർഭങ്ങളിൽ, "അഭിമാനം" എന്ന നിലയിൽ "സന്തോഷം" അല്ലെങ്കിൽ "തൃപ്തി" അല്ലെങ്കിൽ "ആഹ്ലാദം" എന്നിങ്ങനെ പരിഭാഷ നൽകാം.
- 'അഭിമാനം കൊള്ളുക" എന്നുള്ളത് "സന്തോഷത്തോടു കൂടെ" അല്ലെങ്കിൽ തൃപ്തിയോടു കൂടെ" അല്ലെങ്കിൽ സന്തോഷത്തോടു കൂടെ (ചെയ്തു തീർത്ത കാര്യങ്ങളെ കുറിച്ച്)" എന്ന് പരിഭാഷ ചെയ്യാം.
- "നിങ്ങളുടെ തൊഴിലിൽ അഭിമാനം കൊള്ളുക" എന്ന പദസഞ്ചയം, "നിങ്ങളുടെ ജോലി നന്നായി ചെയ്യുന്നതിൽ സംതൃപ്തി കണ്ടെത്തുക" എന്ന് പരിഭാഷ ചെയ്യാവുന്നത് ആണ്.
- "യഹോവയിൽ ആനന്ദിക്കുക" എന്ന പദപ്രയോഗം "യഹോവ ചെയ്ത എല്ലാ അത്ഭുത പ്രവർത്തികൾ നിമിത്തം ആനന്ദം കൊള്ളുക" അല്ലെങ്കിൽ" യഹോവ എത്രമാത്രം അത്ഭുതവാൻ ആ യിരിക്കുന്നു എന്ന് വിസ്മയം കൊള്ളുക" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക: അഹന്ത, താഴ്മ, സന്തോഷം)

## ദൈവ വചന സൂചികകൾ:

- 1 തിമോത്തിയോസ് 03:6-7
- 2 കൊരിന്ത്യർ :12-14
- ഗലാത്യർ:3-5
- യെശ്ശയ്യാവ് 13:19-20
- ലൂക്കൊസ് 01:50-51

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **04:02** അവർ വളരെ **അഹങ്കാരികളും** ദൈവം പറഞ്ഞ കാര്യങ്ങളെ കുറിച്ച് ശ്രദ്ധ ഇല്ലാത്തവരും ആയിരുന്നു.
- **34:10** അനന്തരം യേശു പറഞ്ഞത്, ഞാൻ നിങ്ങളോട് സത്യം പറയുന്നു, ദൈവം ചുങ്കക്കാരന്റെ പ്രാർത്ഥന കേൾക്കുകയും അവനെ നീതിമാൻ എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ താൻ മത ത്തലവന്റെ

പ്രാർത്ഥന ഇഷ്ടപ്പെട്ടില്ല. **അഹങ്കരികളായ** ഏവരെയും ദൈവം താഴ്ത്തും, ത്തന്നെത്താൻ താഴ്ത്തുന്ന ഏവരെയും താൻ ഉയർത്തുകയും ചെയ്യും."

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1341, H1343, H1344, H1346, H1347, H1348, H1349, H1361, H1362, H1363, H1364, H1396, H1466, H1467, H1984, H2086, H2087, H2102, H2103, H2121, H3093, H3238, H3513, H4062, H1431, H4791, H5965, H7293, H7295, H7312, H7342, H7311, H7407, H7830, H8597, G212, G1391, G1392, G2744, G2745, G2746, G3173, G5187, G5229, G5243, G5244, G5308, G5309, G5426, G5450

# അഭിവൃദ്ധിപ്പെടുക, അഭിവൃദ്ധിപ്പെട്ട, അഭിവൃദ്ധിപ്പെട്ടു കൊണ്ടിരിക്കുന്ന, അഭിവൃദ്ധി, അഭിവൃദ്ധി ഉള്ള

## നിർവചനം:

“അഭിവൃദ്ധിപ്പെടുക” എന്ന പദം സാധാരണയായി, ശാരീരികമായും ആത്മീയമായും നന്നായി ജീവിക്കുന്ന അവസ്ഥയെ സൂചിപ്പിക്കുന്നു. ഒരു ജനതയോ അല്ലെങ്കിൽ രാജ്യമോ “അഭിവൃദ്ധിയിൽ” ആയിരിക്കുന്നു എന്നത്, അവർ ധനാഢ്യരും അവർ വിജയകരം ആയിത്തീരണം എന്ന് ഉള്ളതിന് ആവശ്യമായത് ഒക്കെയും ഉള്ളവരും ആണ് എന്ന് അർത്ഥം നൽകുന്നു. അവർ “സമൃദ്ധി” അനുഭവിച്ചു കൊണ്ടിരിക്കുന്നു. “അഭിവൃദ്ധി ഉള്ള” എന്ന പദം സാധാരണയായി പണവും വസ്തുക്കളും സമ്പാദിക്കുന്നതിൽ വിജയികളും അല്ലെങ്കിൽ ജനം നന്നായി ജീവിക്കുന്നതിനു ആവശ്യമായ സകലവും ഉൽപ്പാദിപ്പിക്കുന്നത് എന്നും സൂചിപ്പിക്കുന്നു.

- ദൈവ വചനത്തിൽ, “അഭിവൃദ്ധി ഉള്ള” എന്ന പദം നല്ല ആരോഗ്യവും മക്കൾ ഉള്ളവരായി അനുഗ്രഹിക്കപ്പെട്ടതും ആയതിനെ ഉൾപ്പെടുത്തുന്നു.
- ഒരു “അഭിവൃദ്ധി” ഉള്ള പട്ടണം അല്ലെങ്കിൽ രാജ്യം എന്നത് ധാരാളം ജനങ്ങൾ ഉള്ളതും, നല്ല ഭക്ഷ്യോൽപ്പാദനം ഉള്ളതും ധാരാളം ധന വിനിയോഗം നൽകുന്ന വാണിജ്യ വ്യവസായങ്ങൾ ഉള്ളതും ആയത് എന്നാണ് അർത്ഥം.
- ദൈവ വചനം പഠിപ്പിക്കുന്നത് ഒരു വ്യക്തി ദൈവത്തിന്റെ ഉപദേശങ്ങൾ അനുസരിക്കുമ്പോൾ ആത്മീയമായി അഭിവൃദ്ധി പ്രാപിക്കുന്നു എന്നാണ്. താൻ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും അനുഗ്രഹങ്ങളും അനുഭവിക്കും. ദൈവം എല്ലായ്പ്പോഴും ജനങ്ങൾക്ക് ഭൌതികമായ സമ്പത്ത് നൽകാറില്ല, എന്നാൽ താൻ എല്ലായ്പ്പോഴും ആത്മീയമായ അഭിവൃദ്ധി തന്റെ വഴികളെ പിന്തുടരുന്നതിന് അനുസരിച്ച് നൽകുന്നു.
- സാഹചര്യം അനുസരിച്ച്, “അഭിവൃദ്ധി” എന്ന പദം “ആത്മീയമായി വിജയം പ്രാപിക്കുക” അല്ലെങ്കിൽ “ദൈവത്താൽ അനുഗ്രഹിക്കപ്പെടുക” അല്ലെങ്കിൽ “നന്മയായത് അനുഭവിക്കുക” അല്ലെങ്കിൽ “നന്നായി ജീവിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “അഭിവൃദ്ധി പ്രാപിച്ച” എന്ന പദസഞ്ചയം “വിജയകരമായ” അല്ലെങ്കിൽ “സാമ്പത്തികമായ” അല്ലെങ്കിൽ “ആത്മീയമായി ഫലപ്രദമായ” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- “അഭിവൃദ്ധി” എന്നത് “ക്ഷേമം” അല്ലെങ്കിൽ “സമ്പത്ത്” അല്ലെങ്കിൽ “വിജയം” അല്ലെങ്കിൽ “കവിയുന്ന അനുഗ്രഹങ്ങൾ” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക: അനുഗ്രഹിക്കുക, ഫലം, ആത്മാവ്)

## ദൈവ വചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ 29:22-23
- ആവർത്തനപുസ്തകം 23:5-6
- ഇയ്യോബ് 36:10-12
- ലേവ്യ പുസ്തകം 25:26-28
- സങ്കീർത്തനങ്ങൾ 001:3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1129, H1767, H1878, H1879, H2428, H2896, H2898, H3027, H3190, H3444, H3498, H3787, H4195, H5381, H6500, H6509, H6555, H6743, H6744, H7230, H7487, H7919, H7951, H7961, H7963, H7965, G2137

# അഭിഷേകം ചെയ്യുക, അഭിഷേകം ചെയ്യപ്പെട്ട, സാധാരണമായ, അഭിഷേകം

## നിര്വചനം:

അഭിഷേകം ചെയ്യുക എന്നതിന്റെ അര്ത്ഥം ഒരു പ്രത്യേക ദൌത്യത്തിനു അല്ലെങ്കില് കര്ത്തവ്യത്തിനു ഒരു വ്യക്തിയെ ഔപചാരികമായി നിയമിക്കുക എന്ന് അര്ത്ഥം നല്കുന്നു. ഇത് ഔപചാരികമായി ഒരു നിയമം അല്ലെങ്കില് പ്രമാണം നിര്മ്മിക്കുന്നതിനെയും അര്ത്ഥമാക്കുന്നു.

- "അഭിഷേകം ചെയ്യുക" എന്ന പദം ഒരു വ്യക്തിയെ ഔപചാരികമായ നിലയില് പുരോഹിതനായി, മന്ത്രിയായി, അല്ലെങ്കില് റബ്ബിയായി നിയമിക്കുന്നതിനെ സൂചിപ്പിക്കുന്നു.
- ഉദാഹരണമായി, ദൈവം അഹരോനെയും തന്റെ സന്തതികളെയും പുരോഹിതന്മാരായി അഭിഷേകം ചെയ്തു.
- ഇത് ഒരു മതപരമായ ഉത്സവം അല്ലെങ്കില് ഉടമ്പടി പോലെയുള്ള കാര്യങ്ങളെ നിലവില് വരുത്തുകയോ സ്ഥാപിക്കുകയോ ചെയ്യുന്നു എന്ന അര്ത്ഥം നല്കുകയും ചെയ്യുന്നു. സാഹചര്യം അനുസരിച്ച്, "അഭിഷേകം ചെയ്യുക" എന്നത് "ദൌത്യം ഏല്പ്പിക്കുക" അല്ലെങ്കില് "നിയമിക്കുക' അല്ലെങ്കില് "ഉത്തരവ് നല്കുക" അല്ലെങ്കില് ഒരു "നിയമം പ്രബലപ്പെടുത്തുക" അല്ലെങ്കില് "നിലവില്വരുത്തുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: കല്പ്പിക്കുക, ഉടമ്പടി, പ്രമാണം, നിയമം, ന്യായപ്രമാണം, പുരോഹിതന്)

## ദിയ വചന സൂചികകള്:

- 1 രാജാക്കന്മാര്:31-32
- 2 ശമുവേല്:13-14
- പുറപ്പാട് 28:40-41
- സംഖ്യാപുസ്തകം 03:3-4
- സങ്കീര്ത്തനങ്ങള്111:7-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3245, H4390, H4483, H6186, H6213, H6466, H6680, H7760, H8239, G1299, G2525, G2680, G3724, G4270, G4282, G4309, G5021, G5500

# അമ്പും വില്ലും

## നിര്വചനം:

ഇത് ഞാണ്വലിച്ചു കെട്ടിയ വില്ലില്നിന്നും അമ്പു പായിക്കുന്ന ഒരു തരം ആയുധം ആകുന്നു. ദൈവവചന കാലഘട്ടത്തില്ശത്രുക്കളോട് യുദ്ധം ചെയ്യുന്നതിനും ഭക്ഷണത്തി നായി മൃഗങ്ങളെ വേട്ടയാടുന്നതിനും ഇതു ഉപയോഗിച്ചു വന്നു.

- മരം, എല്ല്, ലോഹം, അല്ലെങ്കില്മാന്കൊമ്പ് പോലുള്ള ഘനമുള്ള ഇതര വസ്തുക്കളെക്കൊണ്ടു വില്ല് നിര്മ്മിക്കുന്നു. ഇതിനു വളഞ്ഞ ആകൃതിയും മുറുക്കെ വലിച്ചുകെട്ടിയ ഞാണ്, കയര്, അല്ലെങ്കില്വള്ളിയും ഉണ്ടായിരിക്കും.
- അമ്പ് എന്നത് ഒരറ്റം വളരെ കൂര്ത്തദ മുനയുള്ള കനം കുറഞ്ഞ ഒരു കഴ ആണ്.

പുരാതന കാലങ്ങളില്, അമ്പ് മരം, അസ്ഥി, കല്ല്, അല്ലെങ്കില്ലോഹം ആദിയായ വയാല്നിര്മ്മിക്കുന്നു.

- അമ്പും വില്ലും സാധാരണയായി വേട്ടക്കാരും യോദ്ധാക്കളും ഉപയോഗിക്കുന്നു.
- “അമ്പ്" ചില സന്ദര്ഭങ്ങളില്ദൈവവചനത്തില് ഉപമാനമായി ശത്രുവിന്റെ അക്രമത്തേയും ദൈവീക ന്യായവിധിയെയും സൂചിപ്പിക്കുന്നു.

## ദൈവവചന സൂചികകള്:

- ഉല്പ്പത്തി 21:14-16
- ഹബക്കൂക് 03:9-10
- ഇയ്യോബ് 29:20-22
- വിലാപങ്ങള്02:3-4
- സങ്കീര്ത്തനങ്ങള് 058:6-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2671, H7198, G5115

# അയക്കുക, അയക്കുന്നു, അയച്ചു, അയക്കുന്ന, പറഞ്ഞയക്കുക, പറഞ്ഞയച്ചു, പറഞ്ഞയച്ചു കൊണ്ടിരിക്കുക

## നിര്വചനം:

"പറഞ്ഞയക്കുക" എന്നത് ആരെയെങ്കിലുമോ അല്ലെങ്കില് എന്തിനെ എങ്കിലുമോ എവിടേക്ക് എങ്കിലും അയച്ചു വിടുന്നതിനെ സൂചിപ്പിക്കുന്നു. ഒരു വ്യക്തിയെ "പറഞ്ഞയക്കുക" എന്നാല്ആ വ്യക്തിയോട് ഒരു ചുമതലയുമായി അല്ലെങ്കില് ഒരു ദൌത്യവുമായി പോകുവാന് ആവശ്യപ്പെടുക എന്നുള്ളതാണ്.

- സാധാരണയായി "പറഞ്ഞയക്കപ്പെടുന്ന വ്യക്തി" ഒരു പ്രത്യേക ദൌത്യം നിര്വഹിക്കുവാന് നിയമിക്കപ്പെട്ടവന് ആകുന്നു.
- "മാരി അയക്കുക" അല്ലെങ്കില് "ദുരന്തം അയക്കുക" പോലെയുള്ള പദസഞ്ചയങ്ങള് അര്ത്ഥം നല്കുന്നത് 'സംഭവിക്കുവാന്..... ഇടവരുത്തുക എന്നാണ്. ഈ വിധത്തില് ഉള്ള പദപ്രയോഗങ്ങള് സാധാരണയായി ഇതു പോലെയുള്ള കാര്യങ്ങള് ദൈവമാണ് സംഭവിപ്പിക്കുവാന് ഇട വരുത്തുന്നത് എന്നു സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു.
- "അയക്കുക" എന്ന പദം ഒരു വ്യക്തിയോട് വേറെ ചിലരോട് പറയുവാന് വേണ്ടി ഉള്ള ഒരു സന്ദേശം നല്കി പറഞ്ഞു വിടുന്നതിനു "വാക്ക് പറഞ്ഞയകുക" അല്ലെങ്കില് "ഒരു സന്ദേശം പറഞ്ഞയക്കുക" പോലെ ഉള്ള പദപ്രയോഗങ്ങളായി ഉപയോഗിക്കുന്നു. "'എന്തെങ്കിലുമായി ഒരു വ്യക്തിയെ പറഞ്ഞു അയയ്ക്കുന്നതിന്" എന്നത് അര്ത്ഥം നല്കുന്നത വേറെ ആര്ക്കെങ്കിലും അത് നല്കുന്നതിനു, സാധാരണയായി ദൂരത്തുള്ള ഒരു വ്യക്തി അത് സ്വീകരിക്കേണ്ടതിനു അത് കുറേ ദൂരത്തേക്കു നീക്കം ചെയ്യുന്നതിനെ അര്ത്ഥമാക്കുന്നു.
- യേശു അടിക്കടി "എന്നെ അയച്ചവനായ വ്യക്തി" എന്ന പദസഞ്ചയം, ഈ ഭൂമിയിലേക്ക് ജനത്തെ വീണ്ടെടുക്കുവാനും രക്ഷിക്കുവാനും വേണ്ടി തന്നെ "അയച്ചവന്" ആയ പിതാവായ ദൈവത്തെ സൂചിപ്പിക്കുവാനായി പ്രസ്താവിച്ചിരുന്നു. ഇത് "ദൌത്യം നിയോഗിച്ചു അയച്ച ഒരുവന്" എന്നും പരിഭാഷ ചെയ്യാം.

(കാണുക: നിയമിക്കുക, വീണ്ടെടുക്കുക)

## ദൈവ വചന സൂചികകള്:

- അപ്പോ.07:33-34
- അപ്പോ.08:14-17
- യോഹന്നാന്:21-23
- മത്തായി 09:37-38
- മത്തായി 10:5-7
- മത്തായി 10:40-41
- മത്തായി 21:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H935, H1540, H1980, H2199, H2904, H3318, H3474, H3947, H4916, H4917, H5042, H5130, H5375, H5414, H5674, H6963, H7368, H7725, H7964, H7971, H7972, H7993, H8421, H8446, G782, G375, G630, G649, G652, G657, G1026, G1032, G1544, G1599, G1821, G3333, G3343, G3936, G3992, G4311, G4341, G4369, G4842, G4882

# അയല്വാസി, അയല്പക്കക്കാര്, അയല്പക്കം, സമീപ വാസിയായ

## നിര്വചനം:

“അയല്വാസി” എന്ന പദം സാധാരണയായി സമീപേ പാര്ക്കുന്ന ഒരു വ്യക്തിയെ സൂചിപ്പിക്കുന്നു. കൂടുതല്ലൊതുവിലായി ഒരേ സമുദായത്തില്ഉള്പ്പെട്ടതായ അല്ലെങ്കില്ജനവിഭാഗത്തില്ഉള്പ്പെട്ടതായി ജീവിക്കുന്ന ഒരു വ്യക്തിയെ സൂചിപ്പിക്കുവാനും ഇത് ഉപയോഗിക്കുന്നു.

- ഒരു “അയല്വാസി” എന്ന വ്യക്തിയെ താന്ആ സമൂഹത്തിന്റെ ഒരു ഭാഗം ആയിരിക്കുന്നത് കൊണ്ട് ദയാപൂര്വ്വം സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു.
- പുതിയ നിയമ ഉപമ ആയിരിക്കുന്ന നല്ല ശമര്യക്കാരനില്, യേശു “അയല്പക്കക്കാരന്” എന്ന പദം ഉപമാനമായി ഉപയോഗിച്ചിരിക്കുന്നത്, അതിന്റെ അര്ത്ഥം സകല മനുഷ്യ വര്ഗ്ഗത്തെയും, ശത്രുവെന്ന് കരുതുന്ന വ്യക്തിയെപ്പോലും ഉള്പ്പെടുത്തിക്കൊണ്ട് ആകുന്നു.
- സാധ്യമെങ്കില്, ഈ പദം അക്ഷരീകമായി “സമീപേ പാര്ക്കുന്ന വ്യക്തി” എന്ന ഒരു വാക്ക് അല്ലെങ്കില് പദസഞ്ചയം കൊണ്ട് പരിഭാഷ ചെയ്യുന്നത് ഏറ്റവും ഉചിതം ആയിരിക്കും.

(കാണുക: ശത്രു, ഉപമ, ജന വിഭാഗം, ശമര്യ)

## ദൈവ വചന സൂചികകള്:

- അപ്പോ.07:26-28
- എഫെസ്യര്04:25-27
- ഗലാത്യര്05:13-15
- യാക്കോബ് 02:8-9
- യോഹന്നാന്09:8-9
- ലൂക്കോസ് 01:56-58
- മത്തായി 05:43-45
- മത്തായി 19:18-19
- മത്തായി 22:39-40

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5997, H7138, H7453, H7468, H7934, G1069, G2087, G4040, G4139

# അരക്കെട്ട്

## നിർവചനം:

“അരക്കെട്ട്” എന്ന പദം ഒരു മൃഗത്തിന്റെയോ മനുഷ്യന്റെയോ താഴത്തെ വാരിയെല്ലിനും ഇടുപ്പിന്റെ അസ്ഥികൾക്കും ഇടയിൽഉള്ള, അടിവയർഎന്നും അറിയപ്പെടുന്ന ഭാഗം ആണ്.

- ”അരക്കെട്ട് മുറുക്കുക” എന്ന പദപ്രയോഗം ഒരു പ്രവർത്തി കഠിനാദ്ധ്വാനത്തോടു കൂടെ ചെയ്യുവാൻഒരുങ്ങുന്നതിനെ സൂചിപ്പിക്കുന്നു. ഇത് ഒരു മനുഷ്യൻസൌകര്യമായി നടന്നു പോകേണ്ടതിനായി തന്റെ അങ്കി അരയ്ക്കു ചുറ്റും അരക്കച്ചയോട് ചേർത്ത് കെട്ടുന്ന സമ്പ്രദായത്തിൽനിന്നാണ് വന്നത്.
- “അരക്കെട്ട്”എന്ന പദം ദൈവവചനത്തിൽസാധാരണയായി ഉപയോഗിച്ചിരിക്കുന്നത് യാഗം കഴിപ്പാനുള്ള മൃഗത്തിന്റെ പുറകു ഭാഗത്തെ സൂചിപ്പിക്കുവാൻആണ്.
- ദൈവ വചനത്തിൽ, “അരക്കെട്ട്” എന്ന പദം സാധാരണമായി ഉപമാനമായും ഭവ്യോക്തിയായും ഒരു പുരുഷന്റെ സന്തതികളുടെ വിഭവമായി തന്റെ പ്രത്യുൽപ്പാദന ശരീര ഭാഗം എന്ന് സൂചിപ്പിക്കുന്നു. (കാണുക: ഭാവ്യോക്തി)
- ”നിന്റെ ഉദരത്തിൽനിന്നും ഉത്ഭവിക്കുന്നതായ” എന്ന പദപ്രയോഗം “നിന്റെ സന്തതി ആയിരിക്കും” അല്ലെങ്കിൽ“നിന്റെ വിത്തിൽനിന്നും ജനിക്കുന്നതായ” അല്ലെങ്കിൽ“നിന്നിൽനിന്നും ദൈവം ഉത്ഭവിക്കുവാൻഇടയാക്കും” എന്നിങ്ങനെയും പരിഭാഷ ചെയ്യാം. (കാണുക: ഭാവ്യോക്തി)
- ഒരു ശരീര ഭാഗം എന്ന് സൂചിപ്പിക്കുമ്പോൾ, ഇത് സാഹചര്യങ്ങൾക്ക് അനുസൃതമായി, “അടിവയർ” അല്ലെങ്കിൽ“ഇടുപ്പ്” അല്ലെങ്കിൽ“അരക്കെട്ട്” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക: സന്തതി, അര മുറുക്കുക, സന്തതി)

## ദൈവ വചന സൂചികകൾ:

- 1 പത്രോസ് 01:13-=14
- 2 ദിനവൃത്താന്തങ്ങൾ06:7-9
- ആവർത്തനപുസ്തകം 33:11
- ഉൽപ്പത്തി 37:34-36
- ഇയ്യോബ് 15:27-28

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2504, H2783, H3409, H3689, H4975, G3751

# അറിയുക, അറിയുന്നു, അറിഞ്ഞു, അറിയുന്ന, അറിവ്, അറിയുന്ന, അറിയിക്കുക, അറിയിക്കുന്നു, അറിയിച്ചു, അജ്ഞാതമായ, മുൻകൂട്ടി അറിഞ്ഞ, മുന്നറിവ്

## നിർവചനം:

“അറിയുക” എന്നതിന്റെ അർത്ഥം ഒരു സംഗതിയെ കുറിച്ച് ഗ്രഹിച്ചിരിക്കുക അല്ലെങ്കിൽ ബോധവാൻ ആയിരിക്കുക എന്നതാണ്. “അറിയിക്കുക” എന്ന പദപ്രയോഗം അർത്ഥമാക്കുന്നത് വിവരം നൽകുക എന്നതാണ്. “അറിവ്” എന്ന പദം സൂചിപ്പിക്കുന്നത് ജനം അറിയുന്നതായ കാര്യം എന്നാണ്. ഇത് ഭൌതികവും ആത്മീയവും ആയ ലോകങ്ങൾ രണ്ടിലും ഉള്ളതായ വസ്തുതകളെ അറിയുന്നതിന് പ്രയോഗിക്കാവുന്നത് ആണ്.

- ”ദൈവത്തെ കുറിച്ച് അറിയുക” എന്നത് അർത്ഥമാക്കുന്നത് ദൈവത്തെ ക്കുറിച്ചുള്ള വസ്തുതകൾ നമുക്ക് വെളിപ്പെടുത്തപ്പെട്ടിട്ടുള്ളതു അനുസരിച്ച് മനസ്സിലാക്കുക എന്നുള്ളതാണ്.
- ദൈവത്തെ “അറിയുക” എന്നതിന്റെ അർത്ഥം താനുമായി നമുക്ക് ഒരു ബന്ധം ഉണ്ടായിരിക്കുക എന്നതാണ്. ഇത് ആളുകളെ അറിയുന്നതിനും ഉപയോഗിക്കാവുന്നത് ആണ്.
- ദൈവത്തിന്റെ ഹിതം അറിയുക എന്നതിന്റെ അർത്ഥം, താൻ കൽപ്പിച്ചതിനെ കുറിച്ച് ബോധം ഉള്ളവൻ ആയിരിക്കുക, അല്ലെങ്കിൽ ഒരു വ്യക്തി എന്ത് ചെയ്യണമെന്നു ദൈവം ആവശ്യപ്പെടുന്നു എന്നുള്ളത് മനസ്സിലാക്കുക.
- ”ന്യായപ്രമാണം അറിയുക” എന്നുള്ളതു അർത്ഥമാക്കുന്നത് ദൈവം കൽപ്പിച്ചത് എന്ത് എന്നുള്ളതിനെ കുറിച്ച് ബോധം ഉള്ളവൻ ആയിരിക്കുക, അല്ലെങ്കിൽ ദൈവം മോശെക്കു നൽകിയ ന്യായപ്രമാണത്തിൽ താൻ നൽകിയിട്ടുള്ള നിർദേശങ്ങളെ മനസ്സിലാക്കുക എന്ന് അർത്ഥം നൽകുന്നു.
- ചില സന്ദർഭങ്ങളിൽ “അറിവ്” എന്നത് “ജ്ഞാനം” എന്നതിന് പര്യായ പദമായി, ദൈവത്തിനു പ്രസാദകരമായ രീതിയിൽ ജീവിക്കുന്നതിനെ ഉൾപ്പെടുത്തുന്നു.
- ”ദൈവത്തെ കുറിച്ചുള്ള അറിവ്” എന്നത് ചില സന്ദർഭങ്ങളിൽ “യഹോവയെ കുറിച്ചുള്ള ഭയം” എന്ന പര്യായ പദം ആയി ഉപയോഗിക്കുന്നുണ്ട്.

## പരിഭാഷ നിർദേശങ്ങൾ:

- സാഹചര്യം അനുസരിച്ച്, “അറിയുക” എന്നത് പരിഭാഷ ചെയ്യുന്നതിന്, ഉൾപ്പെടുന്നവ “ഗ്രഹിക്കുക” അല്ലെങ്കിൽ “പരിചയം ആയിരിക്കുക” അല്ലെങ്കിൽ “ബോധവാൻആയിരിക്കുക” അല്ലെങ്കിൽ അതുമായി താദാത്മ്യം പ്രാപിച്ച് കാണപ്പെടുക” അല്ലെങ്കിൽ “അതുമായി ബന്ധം സ്ഥാപിച്ചിരിക്കുക” എന്നീ രീതികൾ അവലംബിക്കുന്നത് ഉൾപ്പെടുത്താം.
- ”അറിയുക” എന്നതിന് പല ഭാഷകളിലും രണ്ടു വ്യത്യസ്ത പദങ്ങൾ ഉണ്ട്, ഒന്ന് ഒരു വ്യക്തിയെ അറിയുക എന്നതും ആ വ്യക്തിയുമായി ബന്ധം ഉണ്ടായിരിക്കുക എന്നതും.
- ”അറിയിക്കുക” എന്ന പദം “ജനങ്ങൾ അറിയുവാൻ ഇടയാക്കുക” അല്ലെങ്കിൽ ”വെളിപ്പെടുത്തുക” അല്ലെങ്കിൽ “കുറിച്ച് പറയുക” അല്ലെങ്കിൽ “വിശദീകരിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- എന്തിനെ ”കുറിച്ച് എങ്കിലും അറിയുക” എന്നത് “ജാഗ്രതയായി ഇരിക്കുക” അല്ലെങ്കിൽ “പരിചയത്തിൽആകുക” എന്ന് പരിഭാഷ ചെയ്യാം.
- ”എപ്രകാരം എന്ന് അറിയുക” എന്ന പദപ്രയോഗം അർത്ഥം നൽകുന്നത് ഏതെങ്കിലും ഒരു കാര്യം ചെയ്യേണ്ടതായ പ്രവർത്തന ക്രമം അല്ലെങ്കിൽ രീതി മനസ്സിലാക്കുക എന്നതാണ്. ഇത് “ചെയ്യുവാൻ കഴിവുള്ള” അല്ലെങ്കിൽ “പ്രവർത്തന സമർത്ഥൻആയ” എന്നും പരിഭാഷ ചെയ്യാം.
- “അറിവ്” എന്ന പദം “അറിയപ്പെടുന്ന ഒന്ന്” അല്ലെങ്കിൽ “ജ്ഞാനം” അല്ലെങ്കിൽ “ഗ്രാഹ്യം” എന്നിങ്ങനെ സാഹചര്യം അനുസരിച്ച് പരിഭാഷ ചെയ്യാം.

(കാണുക:ന്യായപ്രമാണം, വെളിപ്പെടുത്തുക, ഗ്രഹിക്കുക, ജ്ഞാനമുള്ള)

## ദൈവ വചന സൂചികകൾ:

- 1 കൊരിന്ത്യർ:12-13
- 1 ശമുവേൽ:46-47
- 2 കൊരിന്ത്യർ:14-15
- 2 പത്രോസ് 01:3-4
- ആവർത്തന പുസ്തകം 04:39-40
- ഉൽപ്പത്തി 19:4-5
- ലൂക്കോസ് 01:76-77

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1843, H1844, H1847, H1875, H3045, H3046, H4093, H4486, H5046, H5234, H5475, H5869, G50, G56, G1097, G1107, G1108, G1231, G1492, G1921, G1922, G1987, G2467, G2589, G3877, G4267, G4894

# അഴിമതി, അഴിമതിയുള്ള

## നിര്വചനം:

“അഴിമതിയുള്ള, “അഴിമതി” എന്നീ പദങ്ങള്ഒരു രാജ്യത്തിലെ ജനം നശിച്ചവരും, സദാചാരമില്ലാത്തവരും, സത്യസന്ധത ഇല്ലാത്തവരുമാകുന്ന സ്ഥിതിയെ കുറിക്കുന്നു.

- “അഴിമതിയുള്ള” എന്ന പദം അക്ഷരീകമായി സദാചാരപരമായി “വളഞ്ഞ” അല്ലെങ്കില്“തകര്ന്ന” അര്ത്ഥം നല്കുന്നു.
- അഴിമതിയുള്ള ഒരു വ്യക്തി സത്യത്തില്നിന്നും വ്യതിചലിച്ചു സത്യസന്ധമല്ലാത്തതും അസാന്മാര്ഗ്ഗമായുള്ളതും ചെയ്യുന്നവന്ആകുന്നു.
- ഒരുവനെ അഴിമതിക്കാരനാക്കുക എന്നാല്ആ വ്യക്തിയെ സത്യസന്ധതയില്ലാ ത്തവനും അസാന്മാര്ഗ്ഗ കാര്യങ്ങള്ക്കു ഉള്പ്പെട്ടവനുമാക്കുവാന്സ്വാധീനിക്കുക എന്നര്ത്ഥം.

## പരിഭാഷ നിര്ദേശങ്ങള്:

- “അഴിമതിക്കാരനാക്കുക” എന്ന പദം “തിന്മ പ്രവര്ത്തിക്കുവാനായി സ്വാധീനിക്കുക” അല്ലെങ്കില്“അസാന്മാര്ഗ്ഗിയാക്കുക” എന്നു പരിഭാഷപ്പെടുത്താം.
- അഴിമതിയുള്ള വ്യക്തിയെ “അസാന്മാര്ഗ്ഗിയായി തീര്ന്ന” അല്ലെങ്കില്“തിന്മ പ്രവര്ത്തിക്കുന്ന” വ്യക്തി എന്നു വിവരിക്കാം.
- ഈ പദത്തെ “ചീത്ത” അല്ലെങ്കില്“അസാന്മാര്ഗ്ഗികം” അല്ലെങ്കില്“തിന്മ” എന്നും പരിഭാഷപ്പെടുത്താം.
- “അഴിമതി” എന്ന പദം “തിന്മപ്രവര്ത്തി” അല്ലെങ്കില്“തിന്മ” അല്ലെങ്കില്“അസാന്മാര്ഗ്ഗികം” എന്നു പരിഭാഷപ്പെടുത്താം.

(കാണുക: തിന്മ)

## ദൈവവചന സൂചിക:

- യെഹസ്കേല്20:42-44
- ഗലാത്യര്06:6-8
- ഉല്പ്പത്തി 06:6-8
- മത്തായി 12:33-35
- സങ്കീര്ത്തനം 014:1

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1097, H1605, H2254, H2610, H4167, H4743, H4889, H4893, H7843, H7844, H7845, G853, G861, G862, G1311, G1312, G2585, G2704, G4550, G4595, G5349, G5351, G5356

# അഴിമതിയുള്ള സാക്ഷി, അസത്യ വിവരണം, കള്ളസാക്ഷ്യം, കള്ള സാക്ഷി, കള്ള സാക്ഷികള്

## നിര്വചനം:

"കള്ള സാക്ഷ്യം", "അഴിമതിയുള്ള സാക്ഷി" എന്നീ പദങ്ങള്കോടതി പോലുള്ള സാധാരണ ക്രമീകരണങ്ങളില്ഒരു മനുഷ്യനെ അല്ലെങ്കില്ഒരു സംഭവത്തെ കുറിച്ച് സത്യമല്ലാത്തവ സൂചിപ്പിക്കുന്ന വ്യക്തിയെ സൂചിപ്പിക്കുന്നു. ഒരു "കള്ള സാക്ഷ്യം" അല്ലെങ്കില് "അസത്യ വിവരണം" എന്നത് പറയ പ്പെട്ടതായ യഥാര്ത്ഥ നുണ ആണ്. "കള്ള സാക്ഷ്യം പറയുക" എന്നാല്എന്തിനെ ക്കുറിച്ചെങ്കിലും നുണ പറയുക അല്ലെങ്കില്തെറ്റായ വിവരണം നല്കുക എന്നാണ് അര്ത്ഥം.

- ഒരു മനുഷ്യനെ ശിക്ഷിക്കേണ്ടതിനോ അല്ലെങ്കില്വധിക്കേണ്ടതിനോ ഉദ്ദേശിച്ചു കള്ളസാക്ഷികളെ കൂലിക്ക് നിയമിച്ചു ഒരു വ്യക്തിക്കു നേരെ തെറ്റായ വിവിധ കാര്യങ്ങള്നല്കുന്ന നിരവധി സംഭവങ്ങള്ദൈവവചനത്തില്നല്കിയിട്ടുണ്ട്.

## പരിഭാഷ നിര്ദേശങ്ങള്:

- "കള്ള സാക്ഷ്യം പറയുക" അല്ലെങ്കില്"അസത്യമായ സാക്ഷ്യം നല്കുക" എന്നത് "തെറ്റായ സാക്ഷ്യം നല്കുക" അല്ലെങ്കില്"ഒരാളെ കുറിച്ച് അസത്യമായ വിവരണം നല്കുക" അല്ലെങ്കില്"ഒരാള്ക്കെതിരെ അവാസ്തവമായി സംസാരിക്കുക" അല്ലെങ്കില്"നുണ" പറയുക" എന്നു പരിഭാഷപ്പെടുത്തുക.
- ഒരു വ്യക്തിക്കെതിരെ "വാസ്തവ വിരുദ്ധ സാക്ഷ്യം" നല്കുമ്പോള്, അത് "നുണ പറയുന്ന വ്യക്തി" അല്ലെങ്കില്"അസത്യമായി സാക്ഷ്യം നല്കുന്നവന്" അല്ലെങ്കില്"സത്യമല്ലാത്ത വസ്തുതകള്പറയുന്ന വ്യക്തി" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

(കാണുക:സാക്ഷ്യം, സത്യം)

## ദൈവ വചന സൂചികകള്:

- ആവര്ത്തനപുസ്തകം 19:17-19
- പുറപ്പാട് 20:15-17
- മത്തായി 15:18-20
- മത്തായി 19:18-19
- സദൃശവാക്യങ്ങള്14:5-6
- സങ്കീര്ത്തനങ്ങള്027:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5707, H6030, H7650, H8267, G1965, G3144, G5571, G5575, G5576, G5577

# അവകാശി, അവകാശികള്

## നിര്വചനം:

ഒരു “അവകാശി” എന്ന വ്യക്തി മരിച്ചു പോയതായ ഒരു വ്യക്തിയുടെ വസ്തുവോ പണമോ നിയമപരമായ നിലയില്സ്വീകരിക്കുന്ന ആള്ആണ്.

- ദൈവ വചന കാലഘട്ടത്തില്, പ്രധാന അവകാശി ആദ്യജാതനായ മകന്ആണ്, തനിക്ക് തന്റെ പിതാവിന്റെ സ്വത്തിലും ധനത്തിലും നല്ലൊരു പങ്കു ലഭിക്കുന്നു.
- ദൈവ വചനത്തില്“അവകാശി” എന്ന പദം ഒരു ഉപമാന ആശയത്തില്ഒരു ക്രിസ്ത്യാനി എന്ന നിലയില്ആത്മീയ പിതാവായ ദൈവത്തില്നിന്ന് ആത്മീയ നന്മകള്പ്രാപിക്കുന്ന ഒരു വ്യക്തി എന്ന് സൂചിപ്പിക്കുന്നു.
- ദൈവ മക്കള്എന്ന നിലയില്, ക്രിസ്ത്യാനികള്യേശുക്രിസ്തുവിനോട് കൂടെ “കൂട്ടവകാശികള്” ആണെന്ന് പറയുന്നു. ഇത് “സഹ അവകാശികള്” അല്ലെങ്കില്“ഒരുമിച്ചുള്ള അവകാശികള്” എന്നും പരിഭാഷ ചെയ്യാം. “അവകാശി” എന്ന പദം “നന്മകള്ലഭിക്കുന്ന വ്യക്തി” എന്നോ മാതാപിതാക്കള്അല്ലെങ്കില്ബന്ധുക്കള്മരിക്കുമ്പോള്അവരുടെ സ്വത്തും ഇതര സാധനങ്ങളും സ്വീകരിക്കുന്ന വ്യക്തി എന്ന അര്ത്ഥം നല്കുന്ന പദപ്രയോഗം ആശയ വിനിമയം ചെയ്യുന്ന ഭാഷയില്ഉപയുക്തമായ പദപ്രയോഗം ചെയ്യുവാന്ഉപയോഗിക്കേണ്ടതാണ്.

(കാണുക: ആദ്യജാതന്,അവകാശമാക്കുക)

## ദൈവ വചന സൂചികകള്:

- ഗലാത്യര്04:1-2
- ഗലാത്യര്04:6-7
- ഉല്പ്പത്തി 15:1-3
- ഉല്പ്പത്തി 21:10-11
- ലൂക്കോസ് 20:13-14
- മര്ക്കോസ് 12:6-7
- മത്തായി 21:38-39

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1121, H3423, G2816, G2818, G2820, G4789

# അവിശുദ്ധം ആക്കുക, അവിശുദ്ധമാക്കി, അവിശുദ്ധമാക്കുന്ന

## നിർവചനം

“അവിശുദ്ധമാക്കുക” എന്ന പദം അർത്ഥം നൽകുന്നത് ഒരു വിശുദ്ധ സ്ഥലത്തെയോ വസ്തുവിനെയോ ആരാധനയ്ക്ക് ഉപയോഗിക്കുവാൻ കഴിയാത്തവിധം നശിപ്പിക്കുകയോ അശുദ്ധമാക്കുകയോ ചെയ്യുക എന്നാണ്.

- സാധാരണയായി അവിശുദ്ധം ആക്കുക എന്നത് വൻ അനാദരവ് അതിനോട് പ്രകടിപ്പിക്കുക എന്നതാണ്.
- ഉദാഹരണമായി, ജാതീയ രാജാക്കന്മാർ ദൈവത്തിന്റെ ആലയത്തിലെ പ്രത്യേക പാത്രങ്ങൾ അവരുടെ കൊട്ടാരത്തിലെ വിരുന്നുകളിൽ ഉപയോഗിച്ചു അതിനെ അവിശുദ്ധമാക്കി.
- ദൈവാലയത്തിലെ യാഗപീഠത്തെ അശുദ്ധമാക്കുവാനായി ശത്രുക്കൾ മരിച്ചവരുടെ അസ്ഥികൾ ഉപയോഗിച്ചു.
- ഈ പദം “അവിശുദ്ധമാകുവാൻ ഇടയാക്കി” അല്ലെങ്കിൽ “അശുദ്ധമാക്കുക മൂലം അവമതിച്ചു” അല്ലെങ്കിൽ “ബഹുമാനരഹിതമായി ഈശ്വര നിന്ദയുളവാക്കി” അല്ലെങ്കിൽ “അശുദ്ധമാകുവാൻ ഇടയാക്കി.”

(കാണുക:യാഗപീഠം, വഷളാക്കുക, [അപകീർത്തി, ഈശ്വരനിന്ദ, ശുദ്ധമായ, ദേവാലയം, വിശുദ്ധം)

## ദൈവവചന സൂചികകൾ:

- അപ്പോ.പ്രവർത്തികൾ 24:4-6
- യെശ്ശയ്യാവ് 30:22
- സങ്കീർത്തനങ്ങൾ074:7-8
- സങ്കീർത്തനങ്ങൾ 089:38-40

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2490, H2610, H2930, G953

# അസൂയ, അതിമോഹം

## നിര്വചനം:

“അസൂയ” എന്ന പദം സൂചിപ്പിക്കുന്നത് ഒരു വ്യക്തിക്ക് വേറൊരു വ്യക്തിയുടെ പക്കല് ഉള്ളതു നിമിത്തം അല്ലെങ്കില് ആ വ്യക്തിയുടെ പ്രശംസനീയ ഗുണവിശേഷങ്ങള് നിമിത്തം ഉളവാകുന്ന കുശുമ്പ് എന്നാണ്. “അതിമോഹം” എന്നതിന്റെ അര്ത്ഥം എന്തെങ്കിലും കൈവശപ്പെടു ത്തുവാനുള്ള ശക്തമായ ആഗ്രഹം എന്നാണ്.

- അസൂയ എന്നത് ഒരു വ്യക്തിയുടെ വിജയം, നല്ല ഭാവി, അല്ലെങ്കില് നല്ല വസ്തുക്കള് എന്നിവ നിമിത്തം ഉണ്ടാകുന്ന നിഷേധാത്മക നീരസ മനോഭാവം ആണ്.
- അതിമോഹം എന്നത് വേറൊരുവന്റെ വസ്തു, അല്ലെങ്കില് വേറൊരുവന്റെ ജീവിത പങ്കാളിയെപ്പോലും വേണമെന്ന് ശക്തമായി ആഗ്രഹിക്കുന്നത് ആണ്.

(കാണുക: അസൂയ)

## ദൈവവചന സൂചികകള്:

- 1 കൊരിന്ത്യര്:4-7
- 1 പത്രോസ് 02:1-3
- പുറപ്പാട് 02:15-17
- മര്ക്കോസ് 07:20-23
- സദൃശവാക്യങ്ങള്:31-32
- റോമര്:29-31

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H183, H1214, H1215, H2530, H3415, H5869, H7065, H7068, G866, G1937, G2205, G2206, G3713, G3788, G4123, G4124, G4190, G5354, G5355, G5366

# അഹങ്കാരമുള്ള, അഹങ്കാരപൂര്വ്വം, അഹങ്കാരം

## നിര്വചനം

“അഹങ്കാരമുള്ള” എന്ന പദം അര്ത്ഥമാക്കുന്നത്, സാധാരണയായി ബാഹ്യമായ, പുറമേ കാണിക്കുന്ന അഹന്തയെ ആണ്.

- അഹങ്കാരമുള്ള ഒരു വ്യക്തി അടിക്കടി തന്നെക്കുറിച്ചുതന്നെ പ്രശംസിക്കുന്നവന്ആയിരിക്കും.
- അഹങ്കാരമായിരിക്കുക എന്നത് സാധാരണയായി മറ്റുള്ളവരാരും തന്നെ തന്നേപ്പോലെ പ്രാധാന്യമര്ഹിക്കുന്നവരോ കഴിവുള്ളവരോ അല്ല എന്നു ചിന്തിക്കുന്നതും കൂടെ ഉള്പ്പെടുന്നു.
- ദൈവത്തെ മാനിക്കാതിരിക്കയോ അവനെതിരെ മത്സരിക്കുകയോ ചെയ്യുന്നവരെ ല്ലാം അഹങ്കാരമുള്ളവരാണ്, എന്തുകൊണ്ടെന്നാല്അവര്ദൈവം എന്തുമാത്രം വലിയവനാണെന്ന് അവര് അംഗീകരിക്കുന്നില്ല.

(കാണുക: അംഗീകരിക്കുക,പ്രശംസിക്കുക, അഹന്ത)

## ദൈവവചന സൂചികകള്:

- 1കൊരിന്ത്യര്04:17-18
- 2 പത്രോസ് 02:17-19
- യെഹസ്കേല്16:49-50
- സദൃശവാക്യങ്ങള്16:5-6
- സങ്കീര്ത്തനങ്ങള് 056:1-2](rc://ml/tn/help/psa/056/001)

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1346, H1347, H6277

# ആജ്ഞ, ആജ്ഞകള്, ആജ്ഞാപനം നല്കി

## നിര്വചനം:

ഒരു ആജ്ഞ എന്നത് സകല ജനങ്ങള്ക്കുമായി വിളംബരം ചെയ്ത ഒരു പ്രഖ്യാപനം അല്ലെങ്കില് നിയമം ആകുന്നു.

- ദൈവത്തിന്റെ നിയമങ്ങളും ആജ്ഞകള് ,നിയമങ്ങള്, അല്ലെങ്കില് കല്പ്പനകള് എന്നു വിളിക്കുന്നു.
- നിയമങ്ങളും കല്പ്പനകളും എന്നതു പോലെ ആജ്ഞകളെയും അനുസരിക്കേണ്ടതു ആകുന്നു.

ഒരു മനുഷ്യ ഭരണാധിപന്റെ ആജ്ഞയ്ക്ക് ഉദാഹരണമായി റോമന് സാമ്രാജ്യത്തില് വസിക്കുന്ന എല്ലാവരും അവരവരുടെ സ്വന്ത പട്ടണത്തിലേക്ക് ചെന്നു കാനേഷുമാരി ചാര്ത്തണമെന്നു അഗസ്തസ് കൈസര് ആജ്ഞ പുറപ്പെടുവിച്ചിരുന്നുവല്ലോ.

- ആജ്ഞ നല്കുക എന്നാല് അനുസരിക്കേണ്ടതായ ഒരു കല്പ്പന നല്കുക എന്നാണ് അര്ത്ഥം. ഇതു "നിര്ദേശം നല്കുക" അല്ലെങ്കില് "കല്പ്പിക്കുക" അല്ലെങ്കില് ഔപചാരികമായി ആവശ്യപ്പെടുക" അല്ലെങ്കില് "പരസ്യമായി ഒരു നിയമം നിര്മ്മിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ആജ്ഞാപനം നല്കപ്പെട്ടത്" സംഭവിക്കുന്നു എന്നാല് "തീര്ച്ചയായും സംഭവിക്കും" അല്ലെങ്കില് "കണിശമായും തീരുമാനിക്കപ്പെട്ടതും മാറ്റമില്ലാത്തതും" അല്ലെങ്കില് "തീര്ച്ചയായും സംഭവിക്കുന്നതു എന്നു കണിശമായും പ്രഖ്യാപിക്കപ്പെട്ടത്" എന്നിങ്ങനെ അര്ത്ഥം കൊള്ളുന്നു.

(കാണുക:കല്പ്പിക്കുക, പ്രഖ്യാപിക്കുക, നിയമം, വിളംബരം ചെയ്യുക)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:13-15
- 1 രാജാക്കന്മാര്:57-58
- അപ്പോ.പ്രവര്ത്തികള്17:5-7
- ദാനിയേല്:12-13
- എസ്ഥേര്:21-22
- ലൂക്കോസ് 02:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H559, H633, H1697, H5715, H1504, H1510, H1881, H1882, H1696, H2706, H2708, H2710, H2711, H2782, H2852, H2940, H2941, H2942, H3791, H3982, H4055, H4406, H4941, H5407, H5713, H6599, H6680, H7010, H8421, G1378

# ആട്ടിന്കൂട്ടങ്ങള്, ആടിന്കൂട്ടം, ഒരു കൂട്ടമാക്കുക, നാല്ക്കാലി കൂട്ടം, നാല്ക്കാലി കൂട്ടങ്ങള്

## നിര്വചനം:

ദൈവവചനത്തില്, ചെമ്മരിയാടുകളെയോ കോലാടുകളെയോ കൂട്ടത്തെ "ആട്ടിന്കൂട്ടം"എന്നും,പശുക്കള്, കാളകള്, അല്ലെങ്കില്പന്നികള്എന്നിവയുടെ കൂട്ടത്തെ "നാല്ക്കാലി കൂട്ടം" എന്നും സൂചിപ്പിക്കുന്നു.

- വ്യത്യസ്ത ഭാഷകളില്മൃഗങ്ങളുടെയോ പക്ഷികളുടെയോ കൂട്ടത്തിനു വ്യത്യസ്തമായ പേരുകള്നല്കുന്ന രീതികള്ഉണ്ടായിരിക്കാം. ഉദാഹരണമായി, ആംഗലേയ ഭാഷയില്"കന്നുകാലി കൂട്ടം" എന്ന പദം ചെമ്മരിയാടുകളുടെയും കോലാടുകളുടെയും കൂട്ടത്തിനു നല്കാറുണ്ട്, എന്നാല്ദൈവവചന ഭാഗത്ത് ഈ രീതിയില്ഉപയോഗിക്കാറില്ല.
- "ആംഗലേയ ഭാഷയില്"കൂട്ടം" എന്ന പദം പക്ഷിക്കൂട്ടത്തിനും ഉപയോഗിക്കാറുണ്ട്, എന്നാല്പന്നികള്, കാളകള്അല്ലെങ്കില്പശുക്കള്ക്ക് ഉപയോഗിക്കുവാന്സാധ്യമല്ല.
- വ്യത്യസ്ത മൃഗ കൂട്ടങ്ങള്ക്കു നിങ്ങളുടെ ഭാഷയില്എന്ത് പദമാണ് ഉപയോഗിച്ചിരിക്കുന്നത് എന്നത് പരിഗണിക്കുക.
- ഭാഷയില്വ്യത്യസ്ത മൃഗങ്ങളുടെ കൂട്ടത്തെ സൂചിപ്പിക്കുവാന്വ്യത്യസ്ത വാക്കുകള്ഇല്ല എങ്കില്"ആട്ടിന്കൂട്ടം എന്നും" കന്നുകാലി കൂട്ടം എന്നും" സൂചിപ്പിക്കുന്ന വാക്യങ്ങള്ക്ക് "ആടുകളുടെ" അല്ലെങ്കില്"കന്നുകാലികളുടെ" എന്നു ചേര്ക്കുന്നത് ഉചിതമായിരിക്കും.

(കാണുക:കോലാട്, കാള, പന്നി, ചെമ്മരിയാട്)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്10:28-29
- 2 ദിനവൃത്താന്തങ്ങള്17:10-11
- ആവര്ത്തന പുസ്തകം 14:22-23
- ലൂക്കോസ് 02:8-9
- മത്തായി 08:30-32
- മത്തായി 26:30-32

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H951, H1241, H2835, H4029, H4735, H4830, H5349, H5739, H6251, H6629, H7399, H7462, G34, G4167, G4168

# ആത്മ നിയന്ത്രണം, ആത്മ നിയന്ത്രണം ഉള്ള, നിന്ത്രിതമായ സ്വയം

## നിവചനം:

ആത്മ നിയന്ത്രണം എന്നത് പാപം ഒഴിവാക്കി കൊള്ളുവാനുള്ള ഒരു വ്യക്തിയുടെ സ്വഭാവത്തെ നിയന്ത്രണ വിധേയം ആക്കുവാന് ഉള്ള കഴിവ് ആകുന്നു.

- ഇത് നല്ല സ്വഭാവം, അതായത് പാപ പങ്കിലമായ ചിന്തകള്, സംസാരം, പ്രവര്ത്തികള് ആയവയെ ഒഴിവാക്കുക എന്നിവയെ സൂചിപ്പിക്കുന്നു.
- ആത്മ നിയന്ത്രണം എന്നത് പരിശുദ്ധാത്മാവ് ക്രിസ്ത്യാനികള്ക്ക് നല്കുന്ന ഒരു ഫലം അല്ലെങ്കില് സ്വഭാവ വിശേഷത ആകുന്നു. ആത്മ നിയന്ത്രണം ഉപയോഗിക്കുന്ന ഒരു വ്യക്തി താന് ചെയ്യണം എന്ന് ഉദ്ദേശിക്കുന്ന ഒരു തെറ്റിനെ ചെയ്യാതവണ്ണം തന്നെ സ്വയം തടുത്തു നിര്ത്തുവാന് കഴിവ് ഉള്ളവന് ആകുന്നു. ഒരു വ്യക്തിയെ ആത്മ നിയന്ത്രണം ഉള്ളവന് ആകുവാന് സഹായിക്കുന്നവന് ദൈവം തന്നെ ആകുന്നു.

(കാണുക: ഫലം, പരിശുദ്ധാത്മാവ്)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര് 07:8-9
- 2 പത്രോസ് 01:5-7
- 2 തിമോത്തിയോസ് 03:1-4
- ഗലാത്യര് 05:22-24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4623, H7307, G192, G193, G1466, G1467, G1468, G4997

# ആദായം, ആദായം ഉണ്ടാക്കുന്നു, ആദായകരമായ,

## നിർവചനം:

പൊതുവായി, "ആദായം" എന്നും "ആദായകരമായ" എന്നും ഉള്ള പദങ്ങൾ സൂചിപ്പിക്കുന്നത് ചില പ്രവർത്തികൾ മൂലം അല്ലെങ്കിൽ സമീപനങ്ങൾ മൂലം നല്ലതായ ചിലത് നേടുന്നത് എന്നാണ്. "ആദായകരമായത്" എന്ന് പറയുന്നത് അത് ആർക്കെങ്കിലും അത് നല്ല കാര്യം കൊണ്ടുവരുന്നത് അല്ലെങ്കിൽ മറ്റുള്ളവർക്ക് നന്മയായ കാര്യങ്ങളെ നൽകുന്നതിനു മറ്റുള്ളവരെ സഹായിക്കുന്ന തരത്തിൽ ഉള്ളത് ആയിരിക്കണം.

- കൂടുതൽ വ്യക്തമാക്കിയാൽ, "ആദായം" എന്ന പദം സാധാരണയായി തൊഴിൽ ചെയ്യുന്നത് മൂലം സമ്പാദിക്കുന്ന പണത്തെ സൂചിപ്പിക്കുന്നു. ഒരു തൊഴിൽ "ആദായകരമായത്" എന്ന് പറയണം എങ്കിൽ അതിനു ചെലവു ചെയ്യുന്നതിനേക്കാൾ അധികം വരുമാനം ഉണ്ടാക്കിയിരിക്കണം.
- നടപടികൾ ആദായകരം ആയിരിക്കണം എങ്കിൽ അത് ജനത്തിനു നന്മയായ കാര്യങ്ങൾ നൽകിയിരിക്കണം.
- 2 തിമോത്തിയോസ് 3:16 പറയുന്നു, എല്ലാ തിരുവെഴുത്തും "നീതിയിലെ ഗുണീകരണത്തിനും പരിശീലനത്തിനും മനുഷ്യർക്ക് "ആദായകരം" ആകുന്നു എന്നാണ്. ഇതിന്റെ അർത്ഥം ദൈവവചനത്തിലെ ഉപദേശങ്ങൾ ദൈവത്തിന്റെ ഹിതത്തിനു അനുസൃതമായി ജനങ്ങൾ ജീവിക്കേണ്ടതിനു അവർക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുവാൻ ഉപകരിക്കുന്നു എന്നാണ്. "ആദായകരം അല്ലാത്തത്" എന്ന പദത്തിന്റെ അർത്ഥം പ്രയോജനപ്രദം അല്ലാത്തത് എന്നാണ്.
- ഇത് അക്ഷരീകമായി യാതൊന്നിനും പ്രയോജനം ഇല്ലാത്തത് അല്ലെങ്കിൽ ആർക്കും യാതൊരു ലാഭവും നേടുവാൻ സഹായകരം അല്ലാത്തത് എന്ന് അർത്ഥം നൽകുന്നു.
- ആദായകരം അല്ലാത്തത് മൂല്യം ഇല്ലാത്തത് ആകുന്നു എന്തുകൊണ്ടെന്നാൽ ഇത് യാതൊരു പ്രയോജനവും നൽകുന്നില്ല.
- ഇത് "പ്രയോജന രഹിതം" അല്ലെങ്കിൽ "മൂല്യരഹിതം" അല്ലെങ്കിൽ "ഉപയോഗം ഇല്ലാത്തത്" അല്ലെങ്കിൽ "വില ഇല്ലാത്തത്" അല്ലെങ്കിൽ "ഗുണപ്രദം അല്ലാത്തത്" അല്ലെങ്കിൽ "യാതൊരു ഗുണവും നൽകാത്തത്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: മൂല്യം ഉള്ള)

## പരിഭാഷ നിർദേശങ്ങൾ:

- സന്ദർഭത്തിനു അനുസരിച്ച്, "ആദായം" എന്ന പദം "പ്രയോജനം" അല്ലെങ്കിൽ "സഹായം" അല്ലെങ്കിൽ "നേട്ടം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ലാഭകരമായ" എന്ന പദം "ഗുണകരമായ" അല്ലെങ്കിൽ "പ്രയോജന പ്രദമായ" അല്ലെങ്കിൽ "സഹായകരമായ" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ൽനിന്ന് ആദായം" എന്നത് " ൽനിന്ന് പ്രയോജനം" അല്ലെങ്കിൽ" ൽനിന്ന് പണം സമ്പാദിക്കുന്നത്" അല്ലെങ്കിൽ "ൽനിന്ന് സഹായം ലഭ്യമാകുന്നത്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഒരു വ്യാപാരത്തിന്റെ സാഹചര്യത്തിൽ, "ആദായം" എന്നത് "പണം സമ്പാദിച്ചത്" അല്ലെങ്കിൽ "കൂടുതൽ പണം" അല്ലെങ്കിൽ "അധികമായ പണം" എന്നിങ്ങനെ ഉള്ള പദം അല്ലെങ്കിൽ പദസഞ്ചയം കൊണ്ട് പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകൾ

- ഇയ്യോബ് 15:1-3
- സദൃശവാക്യങ്ങൾ:16-17
- യിരെമ്യാവ് 02:7-8
- യെഹസ്കേൽ:12-13
- യോഹന്നാൻ:62-63
- മർക്കോസ് 08:35-37
- മത്തായി 16:24-26
- 2 പത്രോസ് 02:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1215, H3148, H3276, H3504, H4195, H4768, H5532, H7737, H7939, G147, G255, G512, G888, G889, G890, G1281, G2585, G2770, G2771, G3408, G4297, G4298, G4851, G5539, G5622, G5623, G5624

# ആദ്യ ജാതന്

## നിര്വചനം:

“ആദ്യ ജാതന്”എന്ന പദം മറ്റു സന്തതികള്ജനിക്കുന്നതിനു മുന്പു മനുഷ്യര്ക്കോ മൃഗങ്ങള്ക്കോ ജനിക്കുന്ന ആദ്യത്തെ സന്തതിയെ സൂചിപ്പിക്കുന്നു.

- ദൈവ വചനത്തില്, സാധാരണയായി ആദ്യം ജനിക്കുന്ന ആണ്സന്തതിയെ “ആദ്യ ജാതന്” എന്നു വിളിക്കുന്നു.
- ദൈവ വചന കാലഘട്ടത്തില്, ആദ്യ ജാതനായ പുത്രന് പ്രമുഖ സ്ഥാനം നല്കുകയും മറ്റുള്ള പുത്രന്മാര്ക്കു നല്കുന്നതിന്റെ ഇരട്ടി കുടുംബാവകാശം അവനു നല്കുകയും ചെയ്തു വന്നിരുന്നു.
- സാധാരണയായി മൃഗങ്ങളുടെ ആദ്യ ജാതനെയാണ് ദൈവത്തിനു യാഗമായി അര്പ്പിച്ചു വന്നിരുന്നത്.
- ഈ ആശയത്തെ ഉപമാന രൂപത്തിലും ഉപയോഗിക്കാം. ഉദാഹരണമായി, ദൈവം ഇസ്രയേല്ജനതയ്ക്കു മറ്റുള്ള രാജ്യങ്ങളേ ക്കാള്അധികമായി പ്രത്യേക പദവികള്നല്കിയിരുന്നതിനാല്അവരെ ദൈവത്തിന്റെ ആദ്യ ജാതനായ പുത്രന്എന്നു വിളിച്ചിരുന്നു.
- ദൈവ പുത്രനായ യേശുവിനെ, തന്റെ പ്രാധാന്യം നിമിത്തവും മറ്റുള്ള എല്ലാവരുടെ മേലും ഉള്ള അധികാരം നിമിത്തവും ദൈവത്തിന്റെ ആദ്യ ജാതന്എന്നു വിളിച്ചിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- വചന ഭാഗത്ത് “ആദ്യ ജാതന്” എന്നു മാത്രം സൂചിപ്പിക്കുമ്പോള്, അവിടെ പ്രതിപാതിച്ചിരിക്കുന്ന പ്രകാരം “ആദ്യ ജാതനായ ആണ്” അല്ലെങ്കില്“ആദ്യ ജാതനായ മകന്” എന്നും പരിഭാഷപ്പെടുത്താവു ന്നതാണ്. (കാണുക:കല്പ്പിത അറിവും പൂര്ണ്ണ വിവരവും)
- ഈ പദം പരിഭാഷ ചെയ്യുവാന്ഉള്ള ഇതര മാര്ഗ്ഗങ്ങളില്“ആദ്യമായി ജനിച്ച മകന്” അല്ലെങ്കില്“ഏറ്റവും മൂത്ത മകന്” അല്ലെങ്കില്“ആദ്യത്തെ പുത്രന്” എന്നിവയും ഉള്പ്പെടുത്താം.
- യേശുവിനെ സൂചിപ്പിക്കുവാനുവേണ്ടി ഉപമാന രീതിയില് ഉപയോ ഗിക്കുമ്പോള്, ഇതു “സകലത്തിന്മേലും അധികാരം ഉള്ള പുത്രന്” അല്ലെങ്കില്“ബഹുമാനത്തില്ആദ്യനായിരിക്കുന്ന പുത്രന്” എന്നിങ്ങനെ യുള്ള പദമോ പദ സഞ്ചയമോ ഉപയോഗിച്ചു പരിഭാഷ ചെയ്യാം.
- മുന്നറിയിപ്പ്: യേശുവിനോടുള്ള ബന്ധത്തില്ഈ പദത്തിന്റെ പരിഭാഷ താന്സൃഷ്ടിക്കപ്പെട്ടവന്എന്ന ആശയം സ്ഥാപിക്കുന്നില്ല എന്ന കാര്യം ഉറപ്പിക്കേണ്ടത് ആവശ്യമാണ്.

(കാണുക:അവകാശമാക്കുക, യാഗം, പുത്രന്)

## ദൈവ വചന സൂചികകള്:

- കൊലോസ്സ്യര്01:15-17
- ഉല്പ്പത്തി 04:3-5
- ഉല്പ്പത്തി 29:26-27
- ഉല്പ്പത്തി 43:32-34
- ലൂക്കോസ് 02:6-7
- വെളിപ്പാട് 01:4-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1060, H1062, H1067, H1069, G4416, G5207

# ആദ്യ ഫലങ്ങള്

## നിര്വചനം:

“ആദ്യ ഫലങ്ങള്” എന്ന പദം ഓരോ വിളവെടുപ്പ് കാലത്തിന്റെയും, ഫലങ്ങളുടെയും പച്ചക്കറികളുടെയും ആദ്യ വിളവെടുപ്പിന്റെ ആദ്യ പങ്കിനെയാണ് സൂചിപ്പിക്കുന്നത്.

- ഇസ്രയേല്യര്ഈ ആദ്യ ഫലങ്ങളെ ദൈവത്തിനു ഒരു യാഗാര്പ്പണ മായി സമര്പ്പിച്ചിരുന്നു.
- ഈ പദം ദൈവ വചനത്തില് ഉപമാനമായി ആദ്യ ജാതനെ കുടുംബത്തിലെ ആദ്യ ഫലമായി സുചിപ്പിക്കുന്നു. അതായത്, ആ കുടുംബത്തില്ആദ്യത്തെ മകനായി താന്ജനിച്ചതിനാല്, കുടുംബത്തിന്റെ പേരും മഹത്വവും വഹിക്കുന്നവനായി താന്കാണപ്പെട്ടിരുന്നു. മരിച്ചവരായ വിശ്വാസികള്ഒരു ദിവസം ജീവനിലേക്കു മടങ്ങി വരേണ്ടുന്നവര്ആകയാല്, എല്ലാ വിശ്വാസികളും അവനില്ഉള്ളവരാക കൊണ്ട്, യേശു മരിച്ചവരില്നിന്ന് ഉയിര്ത്തെഴുന്നേറ്റവന്ആയതിനാല് താന്സകല വിശ്വാസികളിലും “ആദ്യഫലം” എന്നു വിളിക്കപ്പെടുന്നു.
- തന്റെ ജനമായിരിക്കേണ്ടതിനു വീണ്ടെടുക്കപ്പെട്ടു വിളിക്കപ്പെട്ടവരായ ജനത്തിനുള്ള പ്രത്യേക പദവികളും സ്ഥാനവും നിമിത്തം യേശുവില് വിശ്വാസികളായവര് സകല സൃഷ്ടികളിലും “ആദ്യ ഫലങ്ങള്” എന്നു വിളിക്കപ്പെടുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദത്തിന്റെ അക്ഷരീക പ്രയോഗം “ആദ്യഭാഗം (കാര്ഷിക വിളകളുടെ)” അല്ലെങ്കില്“കൊയ്ത്തിന്റെ ആദ്യ ഭാഗം” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- സാധ്യമെങ്കില്, വിവിധ സാഹചര്യങ്ങളില്വ്യത്യസ്ത അര്ത്ഥങ്ങള്നല്കേണ്ടതിനു, ഉപമാന പ്രയോഗങ്ങള് അക്ഷരീകമായി പരിഭാഷ ചെയ്യേണ്ടതാണ്. ഇതു അക്ഷരീക അര്ത്ഥത്തിനും ഉപമാന പ്രയോഗങ്ങള്ക്കും ഇടയിലുള്ള പരസ്പര ബന്ധത്തെ പ്രദര്ശിപ്പിക്കും.

(കാണുക:ആദ്യജാതന്)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്31:4-5
- 2 തെസ്സലോനിക്യര്02:13-15
- പുറപ്പാട് 23:16-17
- യാക്കോബ് 01:17-18
- യിരെമ്യാവ് 02:1-3
- സങ്കീര്ത്തനങ്ങള് 105:34-36

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1061, H6529, H7225, G536

# ആപൽസൂചകശബ്ദം, മുന്നറിയിപ്പുകൾ, ആശങ്കപ്പെടുക

## യാഥാർത്ഥ്യങ്ങൾ

ഒരു ആപൽസൂചക ശബ്ദം എന്നത് ജനത്തിനു ആപത്തു വരുത്തുന്ന ഒന്നിനെ കുറിച്ച് അവർക്ക് നൽകുന്ന മുന്നറിയിപ്പ് ആകുന്നു. "മുന്നറിയിപ്പ് നൽകൽ" എന്നാൽ അപകടകരമോ ഭീഷണിയായതോ ആയ ഒന്നിനെ ക്കുറിച്ച് വേദനാപൂർവവും ഭയത്തോടെയും ആയിരിക്കുക എന്നതാണ്.

- മോവാബ്യർ യഹൂദ ദേശത്തെ ആക്രമിപ്പാൻ പദ്ധതിയിടുന്നു എന്നു കേട്ടപ്പോൾ രാജാവായ യെഹോശാഫാത്ത് ആശങ്ക ഉള്ളവനായി.
- അന്ത്യനാളുകളിൽ സംഭവിക്കുന്ന ദുരന്തങ്ങളെക്കുറിച്ച് ശ്രവിക്കുമ്പോൾഅവയെക്കുറിച്ച് ആശങ്കപ്പെടരുതെന്നു യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു.
- ആപൽസൂചക ശബ്ദം നൽകുക" എന്ന ആശയം അർത്ഥമാക്കുന്നത് ഒരു മുന്നറിയിപ്പ് നൽകുക എന്നാണ്. പുരാതന കാലങ്ങളിൽ, ഒരു മനുഷ്യൻ ഉച്ചശബ്ദം ഉണ്ടാക്കി, മുന്നറിയിപ്പ് നൽകുന്നു.

## പരിഭാഷ നിർദേശങ്ങൾ

- ഒരു വ്യക്തിക്ക് "ആശങ്ക" നല്കുകയെന്നാൽ" ഒരാൾക്ക് ദുഃഖം ഉണ്ടാക്കുക" അല്ലെങ്കിൽ "ഒരാൾദു:ഖിക്കുക" എന്നു അർത്ഥം വരുന്നു.
- ആശങ്കപ്പെടുക" എന്നത് "ടു:ഖിതനാകുക" അല്ലെങ്കിൽ" ഭയച്ചകിതനാകുക" അല്ലെങ്കിൽ "വളരെ ചിന്താകുലനാകുക" എന്നു പരിഭാഷപ്പെടുത്താം.
- "ആപൽസൂചക ശബ്ദം നൽകുക" എന്ന ആശയം പരസ്യമായി " മുന്നറിയിപ്പ് നൽകുക" അല്ലെങ്കിൽ "ആപത്തു വരുന്നു എന്നു അറിയിക്കുക" അല്ലെങ്കിൽ"അപകടത്തെക്കുറിച്ച് ഒരു കാഹളം ധ്വനിപ്പിച്ചു മുന്നറിയിപ്പ് നല്കുക" എന്നു പരിഭാഷപ്പെടുത്താം.

(കാണുക:യെഹോശാഫാത്ത്, മോവാബ്)

## ദൈവവചന സൂചികകൾ:

- ദാനിയേൽ:44-45
- യിരെമ്യാവ് 04:19-20
- സംഖ്യാപുസ്തകം 10-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7321, H8643

# ആയുധം, ആയുധപ്പുര

## നിര്വചനം

ഒരു യുദ്ധത്തില്സൈനികന്യുദ്ധം ചെയ്യുവാനും, ശത്രുവിന്റെ ആക്രമണത്തില്തന്നെ സംരക്ഷിക്കുവാനുമായി ഉപയോഗിക്കുന്ന ഉപകരണങ്ങളെ “ആയുധം” എന്നു സൂചിപ്പിക്കുന്നു. ഇതു ഉപമാനരൂപത്തില്ആത്മീയ ആയുധവര്ഗ്ഗം എന്നു ഉപോഗിക്കാറുണ്ട്.

- ഒരു സൈനികന്റെ ആയുധവര്ഗ്ഗത്തില്, ശിരോകവചവും, ഒരു മാര്കവചവും, പാദ കവചങ്ങളും, ഒരു വാളും ഉണ്ടായിരിക്കും.
- ഉപമാനമായി ഈ പദം ഉപയോഗിച്ചുകൊണ്ട്, അപ്പോസ്തലനായ പൌലോസ് ഭൌതിക ആയുധവര്ഗ്ഗത്തെ ദൈവം ഒരു വിശ്വാസിക്ക് ആത്മീയ യുദ്ധങ്ങള്ചെയ്യേണ്ടതിനു നല്കുന്ന ആത്മീയ ആയുധവര്ഗ്ഗവുമായി താരതമ്യം ചെയ്യുന്നു.
- പാപത്തിനും സാത്താനും എതിരെ യുദ്ധം ചെയ്യുവാന്ദൈവം നല്കുന്ന ആത്മീയ ആയുധവര്ഗ്ഗത്തില്സത്യം, നീതി, സമാധാന സുവിശേഷം, വിശ്വാസം, രക്ഷ, പരിശുദ്ധാത്മാവ് ആദിയായവ ഉള്പ്പെടുന്നു.
- ഇതു “സൈനിക ആയുധക്കോപ്പ്” അല്ലെങ്കില്“യുദ്ധ പരിരക്ഷാകവചിതം” അല്ലെങ്കില്“സുരക്ഷാകവചം” അല്ലെങ്കില്“ആയുധങ്ങള്” എന്നു പരിഭാഷ പ്പെടുത്താം.

(കാണുക:വിശ്വാസം, പരിശുദ്ധാത്മാവ്, സമാധാനം, രക്ഷിക്കുക, ആത്മാവ്)

## ദൈവവചന സൂചികകള്:

- 1ശാമുവല്31:9-10
- 2ശാമുവല്20:8
- എഫെസ്യര്06:10-11
- യിരെമ്യാവ് 51:3-4
- ലൂക്കോസ് 11:21-23
- നെഹെമ്യാവ് 04:15-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2185, H2290, H2488, H3627, H4055, H5402, G3696, G3833

# ആലിപ്പഴം, മംഗളം നേരുക, പൊഴിയുന്ന മഞ്ഞുകട്ട, ഹിമവർഷ കൊടുങ്കാറ്റ്.

## വസ്തുതകള്:

ഈ പടം സാധാരണയായി ആകാശത്ത് നിന്ന് പൊഴിയുന്ന വെള്ളക്കട്ടികളുടെ കൂമ്പാരം ആകുന്നു. ആംഗലേയ ഭാഷയിൽഇതേ അക്ഷരങ്ങളോട് കൂടിയ ഒരു വ്യത്യസ്ത പദമായി "ഹെയിൽ" എന്നത് ആരെയെങ്കിലും അഭിവാദ്യം ചെയ്യുന്നതിന് ഉപയോഗിക്കുന്നു, അതിന്റെ അർത്ഥം "ഹലോ" അല്ലെങ്കിൽ"നിങ്ങൾക്കു ആശംസ" എന്നാകുന്നു.

- ആകാശത്തു നിന്ന് താഴേക്കു പൊഴിയുന്ന ഗോളാകൃതിയുള്ള അല്ലെങ്കിൽകഷണങ്ങൾആയ മഞ്ഞുകട്ടകളെ "ആലിപ്പഴങ്ങൾ" എന്ന് പറയുന്നു.
- സാധാരണയായി ആലിപ്പഴങ്ങൾചെറുതായിരിക്കും (ചില സെന്റിമീറ്റർമാത്രം വീതിയുള്ളത്), എന്നാൽചില സമയങ്ങളിൽ20 സെന്റിമീറ്ററോളം വീതിയുള്ള വലുപ്പമേറിയ ആലിപ്പഴങ്ങൾഉണ്ടാകാറുണ്ട്, അവയ്ക്ക് ഒരു കിലോഗ്രാമിൽഅധികം ഭാരം ഉണ്ടായിരിക്കും. പുതിയ നിയമത്തിലുള്ള വെളിപ്പാട് പുസ്തകത്തിൽഭീമാകാരമായ 50 കിലോഗ്രാം ഭാരമുള്ള ആലിപ്പഴങ്ങൾദൈവം ജനത്തെ അവരുടെ ദുഷ്ടത നിമിത്തം അന്ത്യ നാളുകളിൽന്യായം വിധിക്കുമ്പോൾപൊഴിയും എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.
- "മംഗളം" എന്ന വാക്ക് പുരാതന ആംഗലേയ ഭാഷയിൽഅക്ഷരീകമായി അർത്ഥം നൽകുന്നത് "ആഹ്ലാദിക്കുക" എന്നാണ്, അത് "ആശംസകൾ" അല്ലെങ്കിൽ"ഹലോ!" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(പരിഭാഷ നിർദേശങ്ങൾ: പേരുകളുടെ പരിഭാഷ)

## ദൈവ വചന സൂചികകൾ:

- മത്തായി 27:27-29
- മത്തായി 28:8-10
- സങ്കീർത്തനങ്ങൾ 078:47-49
- സങ്കീർത്തനങ്ങൾ148:7-8
- വെളിപ്പാട് 08:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H68, H417, H1258, H1259, G5463, G5464

# ആഴ്ച, ആഴ്ചകള്

## നിര്വചനം

“ആഴ്ച” എന്ന പദം അക്ഷരീകമായി ഏഴു ദിവസങ്ങള്കൊണ്ടാവസാനിക്കുന്ന ഒരു കാലയളവിനെ സൂചിപ്പിക്കുന്നു.

- സമയം അളക്കുന്ന യഹൂദന്മാരുടെ സംവിധാനമനുസരിച്ച്, ഒരു ആഴ്ച ശനിയാഴ്ച സൂര്യാസ്തമനത്തോട് ആരംഭിച്ച് അടുത്ത ശനിയാഴ്ച സൂര്യാസ്തമ നത്തോട് കൂടെ അവസാനിക്കുന്നു.
- ദൈവവചനത്തില്, “ആഴ്ച” എന്ന പദം ഏഴു വര്ഷം എന്നതുപോലെ സമയങ്ങളുടെ ഏഴു ഘടകങ്ങളെ ഉപമാനാര്ത്ഥം സൂചിപ്പിക്കുവാന്ഉപയോഗിക്കുന്നു.
- “വാരോല്സവം” എന്നത് പെസഹായ്ക്കു ശേഷം ഏഴു ആഴ്ചകള്കഴിഞ്ഞു നടത്തുന്ന കൊയ്ത്തിന്റെ ഉത്സവം ആകുന്നു. ഇതിനെ “പെന്തെകൊസ്ത്” എന്നും വിളിക്കുന്നു.

(കാണുക: പെന്തെകൊസ്ത്)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്20:7-8
- ആവര്ത്തന പുസ്തകം 16:9-10
- ലേവ്യപുസ്തകം 23:15-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7620, G4521

# ആശ്വാസം, ആശ്വസിപ്പിക്കുന്നു, ആശ്വസിപ്പിക്കപ്പെട്ട, ആശ്വാസം നല്കുന്ന, ആശ്വാസപ്രദന്, ആശ്വാസദായകര്, ആശ്വാസമില്ലാത്തവര്.

## നിര്വചനം:

"ആശ്വാസം" "ആശ്വാസപ്രദന്" എന്നീ പദങ്ങള്ശാരീരികമായോ മാനസികമായോ ദുരിതമനുഭവിക്കുന്ന ആരെയെങ്കിലും സഹായിക്കുനതിനെ സൂചിപ്പിക്കുന്നു.

- ആശ്വാസം പകരുന്ന വ്യക്തിയെ "ആശ്വാസപ്രദന്" എന്നു വിളിക്കുന്നു.
- പഴയനിയമത്തില്, "ആശ്വാസം" എന്ന പദം ദൈവം തന്റെ ജനത്തോടു എത്ര മാത്രം ദയയും സ്നേഹവും ഉള്ളവനായി അവര്ദുരിതമനുഭവിക്കുമ്പോള്അവരെ സഹായിക്കുന്നവനാണെന്ന് വിശദീകരിക്കുവാന് ഉപയോഗിച്ചിരിക്കുന്നു.
- പുതിയനിയമത്തില്, ദൈവം തന്റെ ജനത്തെ പരിശുദ്ധാത്മാവിനാല്ആശ്വസിപ്പിക്കുമെന്നു പ്രസ്താവിച്ചിരിക്കുന്നു.

ആശ്വാസം പ്രാപിക്കുന്നവര്അതേ ആശ്വാസം ദുരിതമനുഭവിക്കുന്നവര്ക്ക് നല്കുവാന്പ്രാപ്തരാക്കപ്പെട്ടിരിക്കുന്നു.

- "ഇസ്രായേലിന്റെ ആശ്വാസപ്രദന്" എന്ന പദം തന്റെ ജനത്തെ വീണ്ടെടുക്കു വാനായി വരുന്ന മശീഹയെ സൂചിപ്പിക്കുന്നു.
- യേശുവിലുള്ള വിശ്വാസികളെ സഹായിക്കുന്ന "ആശ്വാസപ്രദന്" ആയി പരിശുദ്ധാത്മാവിനെ കുറിച്ച് യേശു സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യത്തിനനുസരിച്ച്, "ആശ്വാസം" എന്നത് "വേദനയെ ലഘൂകരിക്കുക" അല്ലെങ്കില്"(ആരെയെങ്കിലും) ദുഃഖം മറികടക്കുവാന്സഹായിക്കുക" അല്ലെങ്കില്"പ്രോത്സാഹിപ്പിക്കുക" അല്ലെങ്കില്ആശ്വസിപ്പിക്കുക' എന്നിങ്ങനെയും പരിഭാഷപ്പെടുത്താം.
- "നമ്മുടെ ആശ്വാസം" പോലുള്ളവ ''നമ്മുടെ പ്രോത്സാഹനം" അല്ലെങ്കില്"നമുക്കുള്ള ആശ്വാസം (ഒരു വ്യക്തി)" അല്ലെങ്കില്"നമ്മുടെ ദുഖവേളകളിലുള്ള സഹായം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ആശ്വാസപ്രദന്" എന്ന പദം "ആശ്വാസം നല്കുന്നവന്" എന്നോ "വേദനയെ ലഘൂകരിക്കുവാന്സഹായിക്കുന്നവന്" എന്നോ "പ്രോത്സാഹനം നല്കുന്നവന്" എന്നോ പരിഭാഷപ്പെടുത്തവുന്നതാണ്.
- പരിശുദ്ധാത്മാവിനെ "ആശ്വാസപ്രദന്" എന്നു അഭിസംബോധന ചെയ്യുമ്പോള്"പ്രോല്സാഹിപ്പിക്കുന്നവന്" അല്ലെങ്കില്"സഹായകന്" അല്ലെങ്കില്"സഹായിക്കുന്നവനും മാര്ഗ്ഗദര്ശനം നല്കുന്നവനും" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- "ഇസ്രായേലിന്റെ ആശ്വാസപ്രദന്" എന്ന പദസഞ്ചയത്തെ "ഇസ്രയേലിനെ ആശ്വസിപ്പിക്കുന്ന മശീഹ" എന്നു പരിഭാഷപ്പെടുത്താം.
- "അവര്ക്ക് ആശ്വാസദായകന്ഇല്ല" പോലുള്ള പ്രയോഗങ്ങള്"അവരെ ആശ്വസിപ്പിക്കുവാന്ആരുമില്ല" അല്ലെങ്കില്"അവരെ പ്രോല്സാഹിപ്പിക്കുവാനോ സഹായിക്കുവാനോ ആരുമില്ല" എന്നു പരിഭാഷപ്പെടുത്താം.

(കാണുക: പ്രോത്സാഹിപ്പിക്കുക, പരിശുദ്ധാത്മാവ്)

## ദൈവ വചന സൂചികകള്:

- 1 തെസ്സലോനിക്യര് 05:8-11
- 2 കൊരിന്ത്യര്01:3-4
- 2 ശമുവേല്10:1-3
- അപ്പോ.പ്രവര്ത്തികള്20:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2505, H5150, H5162, H5165, H5564, H8575, G302, G2174, G3870, G3874, G3875, G3888, G3890, G3931

# ഇടയന്, ഇടയന്മാര്, ഇടയവേല ചെയ്തു, ഇടയവേല ചെയ്യുന്ന

## നിര്വചനം:

ഒരു ഇടയന് ആടുകളുടെ സംരക്ഷണം ചുമതലയേറ്റ വ്യക്തി ആകുന്നു. "ഇടയന്" എന്നുള്ളതിന്റെ ക്രിയാപദം അര്ത്ഥം നല്കുന്നത് ആടുകളെ സംരക്ഷിക്കുകയും അവയ്ക്ക് ഭക്ഷണവും ജലവും നല്കി പരിപാലിക്കുകയും ചെയ്യുക എന്നുള്ളതാണ്. ഇടയന്മാര്ആടുകളെ കാവല്കാക്കുകയും, അവയെ നല്ല ഭക്ഷണവും വെള്ളവും ലഭിക്കുന്ന സ്ഥലത്തേക്ക് കൊണ്ട് പോകുകയും ചെയ്യുന്നു. ഇടയന്മാര്ആടുകള്നഷ്ടപ്പെട്ടു പോകാതെ സൂക്ഷിക്കുകയും വന്യ മൃഗങ്ങളില്നിന്ന് സംരക്ഷിക്കുകയും ചെയ്യുന്നു.

- ദൈവവചനത്തില്ഈ പദം സാധാരണയായി ജനങ്ങളുടെ ആത്മീയ ആവശ്യങ്ങളുടെ കാര്യങ്ങള്പരിപാലിക്കുന്നതിനെ ഉപമാന രൂപേണ സൂചിപ്പിക്കുന്നു. അവയില്ദൈവവചനത്തില്ദൈവം അവരോടു എന്ത് ഉപദേശിക്കുന്നു എന്നും അവര്എപ്രകാരം ജീവിക്കണം എന്ന് വഴി നടത്തുകയും ചെയ്യുന്നു.
- പഴയ നിയമത്തില്, ദൈവം തന്റെ ജനത്തിന്റെ "ഇടയന്" എന്ന് വിശേഷിക്കപ്പെടുന്നു എന്തുകൊണ്ടെന്നാല്താന്അവരെ സംരക്ഷിക്കുകയും അവരുടെ ആവശ്യങ്ങള്നിറവേറ്റുകയും ചെയ്യുന്നു. താന്അവരെ നയിക്കുകയും വഴിനടത്തുകയും ചെയ്തു വന്നു. (കാണുക: രൂപകാലങ്കാരം).
- മോശെ ഇസ്രയേല്ജനത്തെ യഹോവയെ ആരാധിക്കുന്നതിനു ആത്മീയമായ് വഴിനടത്തുകയും അവരെ കനാന്ദേശത്തേക്കുള്ള യാത്രയില്അവരെ ഭൌതികമായി നയിച്ചു കൊണ്ടു പോകുകയും ചെയ്തു.
- പുതിയ നിയമത്തില്, യേശു തന്നെ "നല്ല ഇടയന്" എന്ന് വിളിച്ചിരുന്നു. അപ്പോസ്തലനായ പൌലോസും യേശുവിനെ സഭയുടെ മേല്"പ്രധാന ഇടയന്" എന്ന് വിശേഷിപ്പിച്ചിരുന്നു.
- കൂടാതെ, പുതിയ നിയമത്തില്, "ഇടയന്" എന്ന പദം മറ്റുള്ള വിശ്വാസികളുടെ മേല്കാണപ്പെടുന്ന ആത്മീയ നേതാവിനെ സൂചിപ്പിക്കുവാന്ഉപയോഗിച്ചു വരുന്നു. "പാസ്റ്റര്" എന്ന വാക്ക് "ഇടയന്" എന്ന വാക്കു പരിഭാഷ ചെയ്യുവാന്ഉപയോഗിക്കുന്ന അതേ പദം തന്നെയാണ് ഉപയോഗിക്കുന്നത്. മൂപ്പന്മാരെയും മേലധ്യക്ഷന്മാരെയും ഇടയന്മാര്എന്ന് വിളിച്ചു വന്നിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്"

- അക്ഷരീകമായി, "ഇടയന്" എന്ന പദം ക്രിയാപരമായി ഉപയോഗിക്കുമ്പോള്"ആടുകളുടെ പരിപാലനം വഹിക്കുക" അല്ലെങ്കില്"ആടുകളുടെ മേല്നോട്ടം വഹ്ക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ഇടയന്" എന്ന വ്യക്തി പരിഭാഷ ചെയുമ്പോള്"ആടുകളുടെ സംരക്ഷണ ചുമതല വഹിക്കുന്ന ആള്" അല്ലെങ്കില്"ആടുകളെ മേയിക്കുന്നവന്" അല്ലെങ്കില്"ആടുകളുടെ പരിപാലകന്" എന്നിങ്ങനെ മൊഴിമാറ്റം ചെയ്യാം. ഒരു ഉപമാനമായി ഉപയോഗിക്കുമ്പോള്, ഈ പദം പരിഭാഷ ചെയ്യുന്ന വിവിധ രീതികളില്"ആത്മീയ ഇടയന്" അല്ലെങ്കില്"ആത്മീയ നേതാവ്" അല്ലെങ്കില്"ഒരു ഇടയനെ പോലെ ഇരിക്കുന്ന വ്യക്തി" അല്ലെങ്കില്"ഒരു ഇടയന്ആടുകളെ പരിപാലനം ചെയ്യുന്നത് പോലെ തന്റെ ജനത്തെ കരുതുന്നവന്" അല്ലെങ്കില്"ഒരു ഇടയന്തന്റെ ആടുകളെ നയിച്ചു കൊണ്ട് പോകുന്നത് പോലെ തന്റെ ജനത്തെ നയിച്ച്കൊണ്ട് പോകുന്ന ഒരുവന്" അല്ലെങ്കില്"ദൈവത്തിന്റെ ആട്ടിന്കൂട്ടത്തെ കുറിച്ച് കരുതല്ഉള്ളവന്" എന്നിങ്ങനെ പരിഭാഷ ചെയ്യുവാന്കഴിയും.
- ചില സാഹചര്യങ്ങളില്, "ഇടയന്" എന്നത് ""നേതാവ്" അല്ലെങ്കില്"വഴികാട്ടി" അല്ലെങ്കില്"കരുതുന്നവന്" എന്നിങ്ങനെ പരിഭാഷ ചെയ്യുവാന്കഴിയും. "ഇടയ ദൌത്യം" എന്നതിന് ഉള്ള ആത്മീയ പദപ്രയോഗം "കരുതല്ചെയ്യുക" അല്ലെങ്കില്"ആത്മീയമായി പരിപോഷിപ്പിക്കുക" അല്ലെങ്കില്"വഴികാട്ടുകയും ഉപദേശിക്കുകയും" ചെയ്യുക അല്ലെങ്കില്"നയിക്കുകയും പരിപാലിക്കുകയും ചെയ്യുക (ഒരു ഇടയന്തന്റെ ആടുകളെ കരുതുന്നത് പോലെ)" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഉപമാന പ്രയോഗങ്ങളില്, ഈ പദത്തിന്റെ പരിഭാഷയില്"ഇടയന്" എന്ന പദത്തിന് അക്ഷരീകമായ വാക്ക് ഉപയോഗിക്കുന്നത് ഏറ്റവും നല്ലത് ആകുന്നു.

(കാണുക: വിശ്വസിക്കുക, കനാന്, സഭ, മോശെ, പാസ്റ്റര്, ചെമ്മരിയാട്, ആത്മാവ്)

## ദൈവ വചന സൂചികകള്:

- ഉല്പത്തി 49:24
- ലൂക്കോസ് 02:8-9
- മര്ക്കോസ് 06:33-34
- മര്ക്കോസ് 14:26-27
- മത്തായി 02:4-6
- മത്തായി 09:35-36

- മത്തായി 25:31-33
- മത്തായി 26:30-32

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **09:11** മോശെ മിസ്രയീമില്നിന്നും വിദൂരതയില്ഉള്ള മരുഭൂമിയില്ഒരു **ഇടയന്** ആയി തീര്ന്നു.
- **17:02** ദാവീദ് ബെത്ലെഹേം പട്ടണത്തില്നിന്നുള്ള ഒരു **ഇടയന്** ആയിരുന്നു. തന്റെ അപ്പന്റെ ആടുകളെ പരിപാലിച്ചു കൊണ്ട് വന്നിരുന്ന വിവിധ സമയങ്ങളില്, തന്റെ ആടുകളെ ആക്രമിക്കുവാന്വന്നതായ ഒരു സിംഹത്തെയും ഒരു കരടിയെയും ദാവീദ് കൊന്നു കളഞ്ഞു.
- **23:06** ആ രാത്രിയില്, അവിടെ ചില **ഇടയന്മാര്** അരികെ ഉള്ള വയലില്അവരുടെ ആട്ടിന്കൂട്ടത്തെ സൂക്ഷിച്ചു കൊണ്ടിരുന്നു.
- **23:08** **ആട്ടിടയന്മാര്** യേശു ആയിരുന്ന സ്ഥലത്തേക്ക് കടന്നു വരികയും ദൈവദൂതന്അവരോടു പറഞ്ഞ പ്രകാരം തന്നെ ഒരു പുല്ത്തൊട്ടിക്കു സമീപം അവനെ കിടത്തിയിരിക്കുന്നത് കാണുകയും ചെയ്തു.
- **30:03** യേശുവിനു, ഈ ജനം **ഇടയന്** ഇല്ലാത്ത ആടുകളെപ്പോലെ ആയിരുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6629, H7462, H7469, H7473, G750, G4165, G4166

# ഇടര്ച്ചക്കല്, ഇടര്ച്ചക്കല്ലുകള്, തടങ്കല്പ്പാറ

## നിര്വചനം:

"ഇടര്ച്ച കല്ല്" അല്ലെങ്കില്"തടങ്കല്പ്പാറ" എന്നത് ഒരു മനുഷ്യന്ഏതെങ്കിലും വസ്തുവിന്മേല്കാല്ഇടറുകയും വീഴുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.

- ഉപമാന രീതിയില്ഉള്ള ഒരു ഇടര്ച്ചക്കല്ല് എന്നത് ഏതെങ്കിലും രീതിയില്ഒരു മനുഷ്യന്ധാര്മ്മികമായോ ആത്മീയമായോ ആയ ആശയത്തില്വീഴ്ച സംഭവിക്കുന്നതിനെ കുറിക്കുന്നു.
- സാദൃശ്യപരമായി, ഒരു "ഇടര്ച്ചക്കല്ല്" അല്ലെങ്കില്"തടങ്കല്പ്പാറ" എന്നത് ഒരുവന്യേശുവില്വിശ്വാസം അര്പ്പിക്കുന്നതിനു തടസ്സം സൃഷ്ടിക്കുകയോ അല്ലെങ്കില്ഒരുവന്ആത്മീയമായി വളരുവാന്ഇടവരുത്താതിരിക്കുകയോ ചെയ്യുന്നതിനെ ആകുന്നു.
- സാധാരണയായി പാപ എന്നതാണ് ഒരു വ്യക്തിക്ക് അല്ലെങ്കില്മറ്റുള്ളവര്ക്ക് ഒരു ഇടര്ച്ചക്കല്ല് ആയിരിക്കുന്നത്.
- ചില സന്ദര്ഭങ്ങളില്ദൈവം തന്നോട് മത്സരിക്കുന്ന ആളുകളുടെ പാതയില്ഒരു ഇടര്ച്ച ക്കല്ല് വെക്കാറുണ്ട്.

## പരിഭാഷ നിര്ദേശങ്ങള്:

- ഒരു കെണിയെ പ്രവര്ത്തിപ്പിക്കുന്ന ഒരു വസ്തുവിനു ഉള്ള പദം ഒരു ഭാഷയില്ഉണ്ടെങ്കില്, ആ പദം ഈ വാക്കു പരിഭാഷ ചെയ്യുവാന്ഉപയോഗിക്കാം.
- ഈ പദം "ഇടര്ച്ചക്കു കാരണ ഹേതു ആകുന്ന കല്ല്" അല്ലെങ്കില്"ഒരുവന്വിശ്വസിക്കുന്നതിന് ഇടവരുത്താത്ത ഒന്ന്" അല്ലെങ്കില്"സംശയം ഉളവാക്കുന്നതായ ഒരു ഇടര്ച്ച" അല്ലെങ്കില്"വിശ്വാസത്തിനു ഇടര്ച്ച" അല്ലെങ്കില്"ഒരുവനെ പാപം ചെയ്യുവാന്ഇടവരുത്തുന്ന സംഗതി."

(കാണുക: ഇടര്ച്ച. പാപം)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്01:22-23
- ഗലാത്യര്05:11-12
- മത്തായി 05:29-30
- മത്തായി 16:21-23
- റോമര്09:32-33

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4383, G3037, G4349, G4625

# ഇടറി വീഴുക, ഇടറുന്നു, ഇടറി വീണു, ഇടറുന്ന

## നിര്വചനം:

“ഇടറുക” എന്ന പദം അര്ത്ഥം നല്കുന്നത് നടക്കുകയോ അല്ലെങ്കില്ഓടുകയോ ചെയ്യുമ്പോള്“ഏകദേശം വീണുപോയി” എന്ന് അര്ത്ഥം നല്കുന്നു. സാധാരണയായി ഇത് ഏതിന്റെ എങ്കിലും മുകളില്തട്ടി വീഴുന്നതിനെ ഉള്പ്പെടുത്തുന്നു.

- ഉപമാനമായി, “ഇടറുക” എന്നാല്“പാപം” ചെയ്യുക അല്ലെങ്കില്“വിശ്വാസത്തില്വീഴ്ച” ഉള്ളവന്ആകുക എന്നിങ്ങനെ അര്ത്ഥം നല്കുന്നു.
- ഈ പദം വീഴ്ച സംഭവിക്കുക അല്ലെങ്കില്ബലഹീനത പ്രകടിപ്പിക്കുക എന്ന് ഒരു യുദ്ധം നടക്കുമ്പോഴോ അല്ലെങ്കില്ഉപദ്രവിക്കപ്പെടുമ്പോഴോ അല്ലെങ്കില്ശിക്ഷക്കപ്പെടുമ്പോഴോ സംഭവിക്കുന്നതിനെ സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

“ഇടറുക” എന്ന പദം വരുന്ന സാഹചര്യങ്ങളില്ഇത് അര്ത്ഥം നല്കുന്നത് അക്ഷരീകമായി ഏതിന്റെയെങ്കിലും മുകളില്തട്ടി വീഴുന്നത് എന്നാകുന്നു, അത് “ഏകദേശം വീണുപോയി” അല്ലെങ്കില്“തട്ടിമറിഞ്ഞു വീണു” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

- ഈ അക്ഷരീക അര്ത്ഥം ആ സാഹചര്യത്തില്ശരിയായ അര്ത്ഥം നല്കുന്നുവെങ്കില് ഒരു ഉപമാന രീതിയിലും ഉപയോഗിക്കാം,
- ഉപമാന ഉപയോഗങ്ങള്ക്ക് അക്ഷരീക അര്ത്ഥം നിര്ദിഷ്ട ഭാഷയില്ഒരു ആശയം നല്കുന്നില്ല എങ്കില്, “ഇടര്ച്ച” എന്നത് “പാപം” അല്ലെങ്കില്“വീഴ്ച” അല്ലെങ്കില്“വിശ്വസിക്കുന്നത് നിര്ത്തുക” അല്ലെങ്കില്“ബലഹീനന്ആയിത്തീരുക” എന്നിങ്ങനെ സാഹചര്യം അനുസരിച്ച് പരിഭാഷ ചെയ്യാം.
- ഈ പദം പരിഭാഷ ചെയ്യുവാന്ഉള്ള വേറൊരു മാര്ഗ്ഗം, “പാപം ചെയ്യുന്നതിനാല്ഉണ്ടാകുന്ന ഇടര്ച്ച” അല്ലെങ്കില്വിശ്വസിക്കാത്തതിനാല്ഉണ്ടാകുന്ന ഉണ്ടാകുന്ന ഇടര്ച്ച” എന്ന് പരിഭാഷ ചെയ്യാം.
- “ഇടര്ച്ച ഉണ്ടാകുവാന്ഇടവരുത്തി” എന്നത് “ബലഹീനനാകുവാന്ഇടവരുത്തി” അല്ലെങ്കില്“വീഴ്ച വരുവാന്ഇടയാക്കി” എന്ന് പരിഭാഷ ചെയ്യാം.

(കാണുക: വിശ്വസിക്കുക, പീഡിപ്പിക്കുക, പാപം, ഇടര്ച്ചക്കല്)

## ദൈവ വചന സൂചിക:

- 1 പത്രോസ് 02:7-8
- ഹോശേയ 04:4-5
- യെശ്ശയ്യാവ് 31:3
- മത്തായി 11:4-6
- മത്തായി 18:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1762, H3782, H4383, H4384, H5062, H5063, H5307, H6328, H6761, H8058, G679, G4348, G4350, G4417, G4624, G4625

# ഇത് എഴുതപ്പെട്ടിരിക്കുന്നു

## നിര്വചനം:

“ഇപ്രകാരം എഴുതപ്പെട്ടിട്ടുള്ള” അല്ലെങ്കില് “എഴുതപ്പെട്ടിട്ടുള്ളത് എന്താണോ” എന്നുള്ള പദസഞ്ചയം പുതിയ നിയമത്തില് തുടര്മാനമായി സ്ഥാനം പിടിക്കുന്നു, കൂടാതെ സാധാരണയായി എബ്രായ തിരുവെഴുത്തുകളില് എഴുതപ്പെട്ടിട്ടുള്ള കല്പ്പനകളെയോ അല്ലെങ്കില് പ്രവചനങ്ങളെയോ സൂചിപ്പിക്കുന്നു.

- ചില സമയങ്ങളില് “എഴുതപ്പെട്ടിരിക്കുന്നത് പോലെ” എന്നുള്ളത് മോശെയുടെ ന്യായപ്രമാണത്തില് എഴുതപ്പെട്ടിട്ടുള്ളത് എന്താണോ അത് എന്ന് സൂചിപ്പിക്കുന്നു.
- മറ്റു സമയങ്ങളില് ഇത് പഴയ നിയമത്തില് ഉള്ള പ്രവാചകന്മാരില് ഒരാളില് നിന്നുള്ള ഉദ്ധരണി ആകുന്നു.
- ഇത് “മോശെയുടെ ന്യായപ്രമാണത്തില് എഴുതപ്പെട്ടിട്ടുള്ളത് പോലെ” അല്ലെങ്കില് “പ്രവാചകന്മാര് ദീര്ഘകാലങ്ങള്ക്ക് മുന്പേ എഴുതിയിരുന്നത് പോലെ” അല്ലെങ്കില് “ദീര്ഘ കാലങ്ങള്ക്ക് മുന്പേ മോശെ എഴുതിയിരിക്കുന്നതു പോലെ ദൈവത്തിന്റെ ന്യായപ്രമാണത്തില് പ്രസ്താവിച്ചിരിക്കുന്ന പ്രകാരം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”ഇത് എഴുതപ്പെട്ടിരിക്കുന്നു” എന്നുള്ളത് സൂക്ഷിക്കുവാന് ഉള്ള വേറൊരു തിരഞ്ഞെടുപ്പ് എന്തെന്നാല് ഇത് എന്താണ് അര്ത്ഥം നല്കുന്നത് എന്ന ഒരു അടിക്കുറിപ്പ് നല്കുക എന്നുള്ളതാണ്.

(കാണുക: കല്പ്പന, ന്യായപ്രമാണം, പ്രവാചകന്, ദൈവവചനം)

## ദൈവ വചന സൂചികകള്;

- 1 യോഹന്നാന് 05:13-15
- അപ്പോ.13:28-29
- പുറപ്പാട് 32:15-16
- യോഹന്നാന് 21:24-25
- ലൂക്കോസ് 03:4
- മര്ക്കോസ് 09:11-13
- മത്തായി 04:5-6
- വെളിപ്പാട് 01:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3789, H7559, G1125

# ഇര, ഇരയാക്കുക

## നിർവചനം:

“ഇര” എന്ന പദം സൂചിപ്പിക്കുന്നത് സാധാരണയായി ഭക്ഷണത്തിനു വേണ്ടി വേട്ടയാടപ്പെട്ട ഒരു മൃഗം എന്നാണ്.

- ഒരു ഉപമാന ആശയത്തിൽ, “ഇര” എന്നത് മേല്ക്കോയ്മക്ക് വിധേയനായ, അപമാനിതൻ ആയ, അല്ലെങ്കിൽ തന്നെക്കാൾഅധികം ശക്തനായ ഒരുവനാൽ പീഡിപ്പിക്കപ്പെട്ടവൻ ആയ വ്യക്തി എന്ന് സൂചിപ്പിക്കാം.
- ജനത്തെ “ഇരയാക്കുക” എന്നതിന്റെ അർത്ഥം അവരെ പീഡിപ്പിക്കുക നിമിത്തം മേൽക്കോയ്മ നേടപ്പെട്ട ജനം അല്ലെങ്കിൽ അവരിൽ നിന്നും എന്തെങ്കിലും കവർച്ച ചെയ്തത് എന്ന് ആകുന്നു.
- “ഇര” എന്ന പദം “വേട്ടയാടപ്പെട്ട മൃഗം” അല്ലെങ്കിൽ വെട്ടയാടപ്പെട്ടവൻ” അല്ലെങ്കിൽ “പ്രതി” എന്നും പരിഭാഷ ചെയ്യാം.

(കാണുക: പീഡിപ്പിക്കുക)

## ദൈവ വചന സൂചികകൾ:

- യിരെമ്യാവ് 12:7-9
- സങ്കീർത്തനങ്ങൾ 21-22

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H400, H957, H961, H962, H2863, H2963, H2964, H4455, H5706, H5861, H7997, H7998

# ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾ, ഇസ്രയേൽമക്കളുടെ പന്ത്രണ്ടു ഗോത്രങ്ങൾ, പന്ത്രണ്ടു ഗോത്രങ്ങൾ

## നിർവചനം:

“ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾ” എന്ന പദം യാക്കോബിന്റെ പന്ത്രണ്ടു മക്കളെയും അവരുടെ പിൻതലമുറക്കാരെയും സൂചിപ്പിക്കുന്നു.

- യാക്കോബ് അബ്രഹാമിന്റെ പൌത്രൻആണ്. അനന്തരം ദൈവം യാക്കോബിന്റെ പേര് ഇസ്രയേൽഎന്നു മാറ്റി.
- ഇവയാണ് ഗോത്രങ്ങളുടെ പേരുകൾ: രൂബൻ, ശിമെയോൻ, ലേവി, യഹൂദ, ദാൻ, നഫ്താലി, ഗാദ്, ആശേർ, യിസ്സാഖാർ, സെബുലൂൻ, യോസേഫ്, മറ്റും ബെന്യാമിൻ,
- ദൈവത്തെയും തന്റെ ജനത്തെയും ശുശ്രൂഷ ചെയ്യുവാൻതിരഞ്ഞെടുക്കപ്പെട്ടവർആകയാൽലേവിയുടെ പിൻതലമുറക്കാർക്ക് കാനാനിൽയാതൊരു ഭൂമിയും കൈവശമാക്കിയില്ല.
- തന്റെ പുത്രന്മാരായ എഫ്രയീമിനും മനശെക്കും നിലത്തിന്റെ അവകാശം നൽക പ്പെട്ടതിനാൽയോസേഫിനു ഇരട്ടി അവകാശം ലഭ്യമായി.
- പന്ത്രണ്ടു ഗോത്രങ്ങളുടെ പട്ടികയിൽനേരിയ വ്യത്യാസമുള്ള പല സ്ഥലങ്ങൾബൈബിളിൽഉണ്ട്, ചില സന്ദർഭങ്ങളിൽലേവി, യോസേഫ്, അല്ലെങ്കിൽദാൻഎന്നിവർപട്ടികയിൽനിന്ന് പുറത്തായും, ചില സന്ദർഭങ്ങളിൽയോസേഫിന്റെ രണ്ടു മക്കളായ എഫ്രയീമും മനശെയും പട്ടികയിൽഉൾപ്പെട്ടവരായും കാണപ്പെടുന്നു.

## ദൈവവചന സൂചികകൾ:

- അപ്പൊ.പ്രവർത്തികൾ 26:6-8
- ഉൽപ്പത്ത 49:28-30
- ലൂക്കോസ് 22:28-30
- മത്തായി 19:28

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3478, H7626, H8147, G1427, G2474, G5443

# ഉത്തരവ്

## നിര്വചനം:

ഒരു ഉത്തരവ് എന്നത് പൊതു ജനം പിന്തുടരേണ്ടതായ ചട്ടങ്ങളോ നിര്ദേശങ്ങളോ ഉള്പ്പെടുന്ന പൊതു നടപടി ക്രമങ്ങളോ നിയമമോ ആകുന്നു. ഈ പദം "നിയമിക്കുക" എന്ന പദവുമായി ബന്ധപ്പെട്ടു കാണപ്പെടുന്നു.

- ചില സന്ദര്ഭങ്ങളില്ഒരു ഉത്തരവ് എന്നത് ദീര്ഘ വര്ഷങ്ങളായി ആചരിച്ചു പോരുന്നതു മൂലം നന്നായി സ്ഥാപിക്കപ്പെട്ട ഒരു ആചാരം എന്നും കാണാം.
- ദൈവ വചനത്തില്, ഒരു ഉത്തരവ് എന്നത് ഇസ്രയേല്ജനം ചെയ്തു പോരേണ്ടതിനു ദൈവം അവരോട് കല്പ്പിച്ചിട്ടുള്ളവ ആകുന്നു. ചിലപ്പോള്അവ സദാ കാലങ്ങളും അവര്ആചരിക്കേണ്ടതിനു ദൈവം കല്പ്പിച്ചിട്ടുള്ളവ ആകുന്നു.
- "ഉത്തരവ്" എന്ന പദം "പൊതു പ്രമാണം" അല്ലെങ്കില്"നിബന്ധന" അല്ലെങ്കില്"നിയമം" എന്നിങ്ങനെ സാഹചര്യം അനുസരിച്ച് പരിഭാഷ ചെയ്യാവുന്നതാണ്.

(കാണുക: കല്പ്പന, ചട്ടം, നിയമം, നിയമിക്കുക, പ്രമാണം)

## ദൈവ വചന സൂചികകള്:

- ആവര്ത്തന പുസ്തകം 04:13-14
- പുറപ്പാട് 27:20-21
- ലേവ്യപുസ്തകം
- മലാഖി 03:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2706, H2708, H4687, H4931, H4941, G1296, G1345, G1378, G1379, G2937, G3862

# ഉത്സവം, ഉത്സവങ്ങള്

## നിര്വ്വചനം:

പൊതുവെ, ഒരു ഉത്സവം എന്നത് ഒരു ജന സമൂഹം നടത്തുന്ന ഒരു ആഘോഷം ആകുന്നു.

- പഴയ നിയമത്തില്"ഉത്സവം" എന്നതിന് അക്ഷരീകമായി "നിയുക്ത സമയം" എന്നു അര്ത്ഥം ആകുന്നു.
- ഇസ്രയേല്മക്കള്ആചരിച്ചു വന്ന ഉത്സവങ്ങള്പ്രത്യേക നിയമിത സമയങ്ങളില്അല്ലെങ്കില്കാലഘട്ടങ്ങളില്ആഘോഷിച്ചു വന്നിരുന്നു, അല്ലെങ്കില്അവര്അനുഷ്ടിക്കേണ്ടതിനായി ദൈവം അവരോട് കല്പ്പിച്ചിരുന്നു.
- ചില ആംഗലേയ പരിഭാഷകളില്, ഉത്സവം എന്ന തിനു പകരം "സദ്യ" എന്ന പദം ഉപയോഗിച്ചിരുന്നത് എന്തുകൊണ്ടെന്നാല്ഒപ്പം തന്നെ വലിയ ഭക്ഷണവും ഉള്പ്പെടുത്തിയിരുന്നു.
- ഇസ്രയേല്യര്ഓരോ വര്ഷവും വിവിധ പ്രധാന ഉത്സവങ്ങള്ആഘോഷിച്ചു വന്നിരുന്നു.
- പെസ്സഹ
- പുളിപ്പില്ലാ അപ്പത്തിന്റെ പെരുന്നാള്
- ആദ്യഫല പെരുന്നാള്
- ആഴ്ചകളുടെ ഉത്സവം (പെന്തകോസ്ത്)
- കാഹള ധ്വനി പെരുന്നാള്
- മഹാ പാപ പരിഹാര പെരുന്നാള്
- കൂടാര പെരുന്നാള്
- ഈ ഉത്സവങ്ങളുടെ ലക്ഷ്യം ദൈവത്തിനു നന്ദിയര്പ്പിക്കുകയും വിടുവിക്കുവാനും, സംരക്ഷിക്കുവാനും, തന്റെ ജനത്തെ കരുതുവാനുമായി ദൈവം ചെയ്ത അത്ഭുതകരമായ കാര്യങ്ങളെ ഓര്ക്കുകയും ചെയ്യുക എന്നുള്ളതായിരുന്നു.

(കാണുക:വിരുന്ന്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്23:30-31
- 2 ദിനവൃത്താന്തങ്ങള്08:12-13
- പുറപ്പാട് 05:1-2
- യോഹന്നാന്04:43-45
- ലൂക്കോസ് 22:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1974, H2166, H2282, H2287, H6213, H4150, G1456, G1858, G1859

# ഉപദേശം

## നിര്വചനം:

“ഉപദേശം” എന്ന പദം അക്ഷരീകമായി “പഠിപ്പിക്കല്” എന്നു അര്ത്ഥം നല്കുന്നു. ഇതു സാധാരണയായി മതപരമായ പഠനത്തെ സൂചിപ്പിക്കുന്നു.

- ക്രിസ്തീയ പഠന സാഹചര്യത്തില്, “ഉപദേശം” എന്നത് ദൈവം-പിതാവ്, പുത്രന്, പരിശുദ്ധാത്മാവ്- എന്നിങ്ങനെയുള്ള എല്ലാ പഠനങ്ങളും തന്റെ എല്ലാ സ്വഭാവ ഗുണങ്ങളും താന് ചെയ്തിട്ടുള്ള സകലവും ഉള്പ്പെട്ടതായി ഇരിക്കുന്നു.
- ഇതില്എപ്രകാരം ദൈവത്തിനു മഹത്വം നല്കുന്ന വിശുദ്ധ ജീവിതം നയിക്കണമെന്ന് ക്രിസ്ത്യാനികള്ക്കു ദൈവം ഉപദേശമായി നല്കുന്ന സകലത്തെയും സൂചിപ്പിക്കുന്നുണ്ട്.
- “ഉപദേശം” എന്ന വാക്ക് ചില സമയങ്ങളില് അസത്യമായ അല്ലെങ്കില് ലൌകികമായ മനുഷ്യനില് നിന്നുളവാകുന്ന മത പ്രബോധനങ്ങളെയും സൂചിപ്പിക്കുന്നു. സാഹചര്യം അര്ത്ഥത്തെ വ്യക്തമാക്കുന്നു.
- ഈ പദം “പഠിപ്പിക്കല്” എന്നും പരിഭാഷ ചെയ്യാം.

(കാണുക: പഠിപ്പിക്കുക)

## ദൈവവചന സൂചികകള്:

- 1 തിമോത്തിയോസ് 01:3-4
- 2 തിമോത്തിയോസ് 03:16-17
- മര്ക്കോസ് 07:6-7
- മത്തായി 15:7-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3948, H4148, H8052, G1319, G1322, G2085

# ഉപദേശം, ഉപദേശിക്കുക, ഉപദേശിച്ചു, ഉപദേശകന്, ഉപദേശകന്മാര്, ഉപദേശം, ഉപദേശകന്, ഉപദേശകന്മാര്, ഉപദേശിക്കുന്നു

## നിര്വചനം:

"കൌണ്സെല്" എന്നും "അഡ്വൈസ്" എന്നുമുള്ള പദ ങ്ങള്ക്ക് ഒരേ അര്ത്ഥമാണുള്ളത്,അത് സൂചിപ്പിക്കുന്നത് ഒരു പ്രത്യേക സാഹചര്യത്തില്ജ്ഞാനത്തോടെ തീരുമാനമെടുക്കുന്നതിന് ഒരുവനെ സഹായിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഒരു ജ്ഞാനമുള്ള "ഉപദേശകന്" അല്ലെങ്കില്"ആലോചകന്" എന്നയാള്ഒരു വ്യക്തിക്ക് ശരിയായ തിരഞ്ഞെടുപ്പിന് സഹായകമായി ഉപദേശമോ ആലോചനയോ നല്കുന്നവന്എന്നു കാണുന്നു. രാജാക്കന്മാര്ക്ക് സാധാരണയായി ഔദ്യോഗിക ഉപദേശകന്മാര്അല്ലെങ്കില്ആലോചനക്കാര്തങ്ങള്ഭരിക്കുന്ന ജനത്തെ ബാധിക്കുന്ന കാര്യങ്ങളെക്കുറിച്ച് തീരുമാനമെടുക്കുവാന്സഹായിക്കുവാനായി ഉണ്ടായിരിക്കും.

- ചില സമയങ്ങളില്നല്കപ്പെടുന്ന ഉപദേശങ്ങളോ ആലോചനകളോ നല്ലതായിരിക്കയില്ല. തെറ്റായ ഉപദേശകന്മാര്ഒരു രാജാവിനോട്തന്നെയോ തന്റെ പ്രജകളെയൊ ദോഷകരമായി ഭവിക്കുന്ന നടപടി അല്ലെങ്കില്നിയമം ഉണ്ടാക്കുവാന്നിര്ബന്ധിക്കുന്നു.
- സാഹചര്യത്തിനനുസരിച്ച്, "ഉപദേശം" അല്ലെങ്കില്"ആലോചന" എന്നത് "തീരുമാനമെടുക്കുവാന്സഹായിക്കുക" അല്ലെങ്കില്"മുന്നറിയിപ്പുകള്" അല്ലെങ്കില്"പ്രബോധനങ്ങള്" അല്ലെങ്കില്"മാര്ഗ്ഗനിര്ദേശം" എന്നു പരിഭാഷപ്പെടുത്താം.
- "ഉപദേശം നല്കുക"എന്ന പ്രവര്ത്തി, "ആലോചന നല്കുക" അല്ലെങ്കില്"നിര്ദേശം നല്കുക" അല്ലെങ്കില്പ്രബോധിപ്പിക്കുക" എന്നു പരിഭാഷപ്പെടുത്താം.
- "കൌണ്സെല്"എന്ന പദം ഒരുകൂട്ടം ആളുകളെ സൂചിപ്പിക്കുന്ന "കൌണ്സില്" എന്ന പദത്തില്നിന്നും വ്യത്യസ്തമാണ്.

(കാണുക:പ്രബോധിപ്പിക്കുക, പരിശുദ്ധാത്മാവ്, ജ്ഞാനമുള്ള)

## ദൈവവചന സൂചികകള്:

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1697, H1847, H1875, H1884, H1907, H2940, H3245, H3272, H3289, H3982, H4156, H4431, H5475, H5779, H5843, H6440, H6963, H6098, H7592, H8458, G1010, G1011, G1012, G1106, G4823, G4824, G4825

# ഉപദ്രവം

## നിര്വചനം:

"ഉപദ്രവം" എന്ന പദം സൂചിപ്പിക്കുന്നത് ദുരന്തം, കഷ്ടത, ക്ലേശം എന്നൊക്കെയാണ്.

- ഇത് പുതിയ നിയമത്തില്വിശദീകരിച്ചിരിക്കുന്ന, ഉപദ്രവ കാലഘട്ടത്തിലും മറ്റു ഉപദ്രവകാലങ്ങളിലും യേശുവിന്റെ ഉപദേശങ്ങളെ എതിര്ക്കുന്ന ഈ ലോകത്തിലെ ജനങ്ങള്നിമിത്തം ക്രിസ്ത്യാനികള്അനുഭവിക്കുന്ന പീഡനങ്ങളെ വിശദീകരിക്കുന്നു.
- "മഹാ ഉപദ്രവം" എന്ന പദം ദൈവ വചനത്തില്ഉപയോഗിച്ചിരിക്കുന്നത് യേശുവിന്റെ രണ്ടാം വരവിനു തൊട്ടു മുന്പ് ദൈവത്തിന്റെ ക്രോധം ഈ ഭൂമിയില്പല വര്ഷങ്ങള്ചൊരിയപ്പെടുന്ന ഒരു പ്രത്യേക കാലഘട്ടത്തെ വിവരിക്കുവാന്ഉപയോഗിക്കുന്നു.
- "ഉപദ്രവം" എന്ന പദം "മഹോപദ്രവ കാലഘട്ടം" അല്ലെങ്കില്"ആഴമായ പീഡനം" അല്ലെങ്കില്"കഠിനമായ വിഷമതകള്" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക: ഭൂമി, പഠിപ്പിക്കുക, ക്രോധം)

## ദൈവ വചന സൂചികകള്:

- മര്ക്കോസ് 04:16-17
- മര്ക്കോസ് 13:17-20
- മത്തായി 13:20-21
- മത്തായി 24:9-11
- മത്തായി 24:24-29
- റോമര്02:8-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6869, G2346, G2347

# ഉപവസിക്കുക, ഉപവസിക്കുന്നു, ഉപവസിച്ചു, ഉപവാസം, ഉപവാസങ്ങള്

## നിര്വചനം:

"ഉപവസിക്കുക" എന്ന പദം അര്ത്ഥമാക്കുന്നത് ഒരു നിശ്ചിത സമയ ത്തേക്ക്, ഒരു ദിവസമോ അതിലധികമോ ദിവസങ്ങള്ക്കോ ഭക്ഷണം കഴിക്കാതിരിക്കുക എന്നാണ്. ചില സന്ദര്ഭങ്ങളില്ജലപാന വര്ജ്ജനവും ഉള്പ്പെടാറുണ്ട്.

- ഉപവാസം എന്നത് ജനത്തിന് ദൈവത്തില്ശ്രദ്ധ കേന്ദ്രീകരിക്കു ന്നതിനും ഭക്ഷണം പാചകം ചെയ്യുക, ഭക്ഷിക്കുക തുടങ്ങിയവയാ ലുള്ള ശ്രദ്ധ ചിതറിപ്പിക്കലുകള്ഇല്ലാതിരിപ്പാനും സഹായിക്കും.
- തെറ്റായ കാരണങ്ങള്നിമിത്തം ഉപവസിക്കുന്നതിനു യഹൂദ മത നേതാക്കന്മാരെ യേശു കുറ്റപ്പെടുത്തി. മറ്റുള്ളവര്അവരെ നീതിമാന്മാര്എന്നു ചിന്തിക്കേണ്ടതിനു അവര്ഉപസിച്ചു.
- ചില സമയങ്ങളില്ജനം എന്തിനെക്കുറിച്ചെങ്കിലും ദു:ഖമോ സങ്കടമോ ഉള്ളവര്ആയിരിക്കുമ്പോള്ഉപവസിക്കാറുണ്ട്.
- "ഉപവസിക്കുക" എന്ന ക്രിയാപദം "ഭക്ഷണം വര്ജ്ജിച്ചിരിക്കുക" അല്ലെങ്കില്"ഭക്ഷിക്കാതിരിക്കുക" എന്നു പരിഭാഷപ്പെടുത്താം.
- "ഉപവാസം" എന്ന നാമപദം "ഭക്ഷണം കഴിക്കാത്ത സമയം" അല്ലെങ്കില്"ഭക്ഷണം വെടിഞ്ഞിരിക്കുന്ന സമയം" എന്നു പരിഭാഷ ചെയ്യാം.

(കാണുക: യഹൂദ നേതാക്കന്മാര്)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്20:3-4
- 2 ദിനവൃത്താന്തങ്ങള്20-3-4
- അപ്പോ.പ്രവര്ത്തികള്13:1-3
- യോനാ 03:4-5
- ലൂക്കോസ് 05:33-35
- മര്ക്കോസ് 02:18-19
- മത്തായി 06:16-18
- മത്തായി 09:14-15

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **25:01** യേശു സ്നാനപ്പെട്ട ഉടനെ തന്നെ, പരിശുദ്ധാത്മാവ് അവനെ മരുഭൂമിയിലേക്ക് നയിക്കുകയും, താന്അവിടെ നാല്പ്പതു പകലുകളും നാല്പ്പതു രാത്രികളും **ഉപവസിക്കുകയും** ചെയ്തു.
- **34:08**"ഉദാഹരണമായി, ഞാന്എല്ലാ ആഴ്ചയിലും രണ്ടു പ്രാവശ്യം വീതം **ഉപവസിക്കുകയും** എനിക്ക് ലഭിക്കുന്ന സകല പണത്തിലും സാധനങ്ങളിലും ദശാംശം നല്കുകയും ചെയ്യുന്നു."
- **46:10** ഒരു ദിവസം, അന്ത്യോക്ക്യയിലുള്ള ക്രിസ്ത്യാനികള് **ഉപവസിക്കുകയും** പ്രാര്ഥിക്കുകയും ചെയ്യുമ്പോള്, പരിശുദ്ധാത്മാവ് അവരോടു, "ബര്ന്നബാസിനെയും ശൌലിനെയും ഞാന്അവരെ വിളിച്ചിരിക്കുന്ന പ്രവര്ത്തി അവര്ചെയ്യേണ്ടതിനായി അവരെ എനിക്കായി വേര്തിര്ക്കുക" എന്നു പറഞ്ഞു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2908, H5144, H6684, H6685, G777, G3521, G3522, G3523

# ഉയരത്തില്, അത്യുന്നതത്തില്

## നിര്വചനം:

“ഉയരത്തില്” എന്നും “അത്യുന്നതത്തില്” എന്നും ഉള്ള പദപ്രയോഗങ്ങള് സാധാരണയായി “സ്വര്ഗ്ഗത്തില്” എന്ന് അര്ത്ഥം നല്കുന്നു.

- ”അത്യുന്നതത്തില്” എന്ന പദപ്രയോഗത്തിനു വേറെ ഒരു അര്ത്ഥം ഉള്ളത് “ഏറ്റവും ബഹുമാന്യമായ” എന്നാണ്.
- ഈ പദപ്രയോഗം അക്ഷരീകമായി “ഏറ്റവും ഉയരം ഉള്ള മരത്തില്” അതായത് “ഏറ്റവും പൊക്കമുള്ള മരത്തില്” എന്ന പദ പ്രയോഗത്തില് കാണുന്നത് പോലെ ഉപയോഗിക്കുന്നു.
- ”ഉയരത്തില്” എന്ന പദപ്രയോഗം ആകാശത്തില് ആയിരിക്കുക എന്നും, ഒരു പറവയുടെ കൂട് ഉയരത്തില് ആയിരിക്കുന്നു എന്നത് പോലെയും സൂചിപ്പിക്കാം. ആ സന്ദര്ഭത്തില് “ഉയരെ ആകാശത്തില്” അല്ലെങ്കില് “പൊക്കമുള്ള ഒരു മരത്തിന്റെ ഏറ്റവും മുകളില്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “ഉയരം” എന്ന പദം ഉയര്ത്തപ്പെട്ട ഒരു സ്ഥലം അല്ലെങ്കില് ഒരു വ്യക്തിയുടെ അല്ലെങ്കില് വസ്തുവിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുവാനും ഉപയോഗിക്കാം.
- “ഉയരത്തില്നിന്ന്” എന്ന പദപ്രയോഗം “സ്വര്ഗ്ഗത്തില് നിന്ന്” എന്ന് പരിഭാഷ ചെയ്യാം.

(കാണുക: സ്വര്ഗ്ഗം, ബഹുമാനം)

## ദൈവ വചന സൂചികകള്:

- വിലാപങ്ങള്:13-14
- സങ്കീര്ത്തനങ്ങള്:28-29

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1361, H4605, H4791, H7682, G1722, G5308, G5310, G5311

# ഉയര്ത്തപ്പെട്ടു, ഒപ്പമെത്തി, ഒപ്പമെത്തുക

## നിര്വചനം:

"ഉയര്ത്തപ്പെട്ടു" എന്ന പദം, സാധാരണയായി ദൈവം ഒരുവനെ പെട്ടെന്ന്, അത്ഭുതകരമായ വഴിയില്സ്വര്ഗത്തിലേക്ക് എടുക്കുന്നതിനെ സൂചിപ്പിക്കുന്നു.

- ''ഒപ്പമെത്തി" എന്ന പദം സൂചിപ്പിക്കുന്നത്ഒരുവനെ വേഗത്തില്പിന്തുടര്ന്ന് ഓടി ഒപ്പമെത്തുന്നു എന്നാണ്. ഇതിനു സമാനമായ അര്ത്ഥമുള്ള പദം "മറികടക്കുക" എന്നാണ്.
- അപ്പോസ്തലനായ പൌലോസ് മൂന്നാം സ്വര്ഗ്ഗത്തിലേക്ക് "ഉയര്ത്തപ്പെട്ടതിനെ'' ക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. ഇതു "എടുക്കപ്പെട്ടു" എന്നും പരിഭാഷപ്പെടുത്താം.
- പൌലോസ് പ്രസ്താവിച്ചത് ക്രിസ്തു മടങ്ങി വരുമ്പോള്, ക്രിസ്ത്യാനികള്ഒരുമിച്ചു അവനെ കണ്ടുമുട്ടുവാനായി ആകാശത്തില്"എടുക്കപ്പെടും'' എന്നാണ്.
- ഉപമാന ആശയമായി, "എന്റെ പാപം എന്നെ പറ്റിപ്പിടിച്ചിരിക്കുന്നു" എന്നത്, "ഞാന്എന്റെ പാപത്തിന്റെ പരിണിതഫലം പ്രാപിക്കുന്നു" അല്ലെങ്കില്"എന്റെ പാപം നിമിത്തം ഞാന്കഷ്ടതയനുഭവിക്കുന്നു'' അല്ലെങ്കില്"എന്റെ പാപം എനിക്ക് ദുരിതമുണ്ടാക്കുന്നു'' എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

(കാണുക: അത്ഭുതം, മറികടക്കുക, കഷ്ടപ്പെടുക, ദുരിതം)

## ദൈവവചന സൂചികകള്

- 2 കൊരിന്ത്യര്12:1-2
- അപ്പോ.പ്രവര്ത്തികള്08:39-40

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1692, G726

# ഉയര്ത്തുക, ഉയര്ത്തുന്നു, ഉയര്ത്തപ്പെട്ട, ഉയിര്ക്കുക, ഉയിര്ക്കപ്പെട്ടതായ, എഴുന്നേല്ക്കുക ,എഴുന്നേറ്റു

## നിര്വചനം:

**ഉയര്ത്തുക, ഉയരെ എഴുന്നേല്ക്കുക** പൊതുവെ, "ഉയര്ത്തുക" എന്ന പദം അര്ത്ഥം നല്കുന്നത് "ഉയര്ത്തുക" അല്ലെങ്കില് ഉയരത്തിലേക്ക് കൊണ്ട് പോകുക" എന്നാണ്.

- "ഉയിര്ത്ത് എഴുന്നേല്ക്കുക" എന്ന ഉപമാന പദസഞ്ചയം അര്ത്ഥം നല്കുന്നത് എന്തെങ്കിലും ഒന്ന് രംഗപ്രവേശനം ചെയ്യുക അല്ലെങ്കില് പ്രത്യക്ഷപ്പെടുക എന്നുള്ളതാണ്. ഇത് ഒരു വ്യക്തിയെ ഒരു കാര്യം ചെയ്യുവാനായി നിയമിക്കുന്നു എന്നതിനെയും അര്ത്ഥമാക്കാം.
- ചല സന്ദര്ഭങ്ങളില് "ഉയിര്ത്തെഴുന്നേല്ക്കുക" എന്ന പദം "പുന:സ്ഥാപനം" അല്ലെങ്കില് "പുന:നിര്മ്മാണം" എന്ന് അര്ത്ഥം നല്കുന്നു. "ഉയിര്ക്കുക" എന്നതിന് "മരണത്തില് നിന്ന് ഉയിര്ത്തെഴുന്നേല്ക്കുക" എന്ന പദസഞ്ചയത്തില് ഒരു പ്രത്യേകതര അര്ത്ഥം തന്നെ ഉണ്ട്. ഇത് അര്ത്ഥം നല്കുന്നത് മരിച്ചു പോയ ഒരു വ്യക്തി വീണ്ടും ജീവന് പ്രാപിച്ചു വരിക എന്ന് ഉള്ളതാണ്.
- ചില സന്ദര്ഭങ്ങളില് "ഉയര്ത്തുക" എന്ന പദം അര്ത്ഥം നല്കുന്നത് ഒരു വ്യക്തിയെ അല്ലെങ്കില് എന്തെങ്കിലും ഒന്നിനെ "മഹിമപ്പെടുത്തുക" എന്നുള്ളതാണ്.**ഉയര്ത്തുക, എഴുന്നേല്ക്കുക** "ഉയര്ത്തുക" അല്ലെങ്കില് "എഴുന്നേല്ക്കുക" എന്നതിന് അര്ത്ഥം "ഉയരത്തിലേക്ക് പോകുക" അല്ലെങ്കില് "എഴുന്നേല്ക്കുക" എന്നാണ്. "എഴുന്നേറ്റ," "എഴുന്നേറ്റു", എഴുന്നേറ്റു" എന്നെ പദങ്ങള് ഭൂതകാല നടപടികള് ആകുന്നു.
- ഒരു വ്യക്തി എവിടേയ്ക്കെങ്കിലും പോകുവാനായി എഴുന്നേല്ക്കുമ്പോള്, ഇത് ചില സന്ദര്ഭങ്ങളില് "അവന് എഴുന്നേറ്റു പോയി" അല്ലെങ്കില് "അവന് എഴുന്നേല്ക്കുകയും പോകുകയും ചെയ്തു" എന്ന് പദപ്രയോഗം ചെയ്യുന്നു.
- എന്തെങ്കിലും "ഉത്ഭവിക്കുന്നു" എന്നതിന്റെ അര്ത്ഥം അത് "സംഭവിക്കുന്നു" അല്ലെങ്കില് "സംഭവിക്കുവാന് തുടങ്ങുന്നു" എന്നാണ്.
- താന് "മരണത്തില് നിന്നും ഉയിര്ത്തു എഴുന്നേല്ക്കും" എന്ന് യേശു മുന്കൂട്ടി പ്രസ്താവിച്ചിരുന്നു.

യേശു മരിച്ചു മൂന്നു ദിവസങ്ങള്ക്കു ശേഷം, ദൈവദൂതന് പറഞ്ഞത്, "അവന് ഉയിര്ത്തെഴുന്നേറ്റു ഇരിക്കുന്നു" എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- "എഴുന്നേല്ക്കുക" അല്ലെങ്കില് "മുകളിലേക്ക് എഴുന്നേല്ക്കുക" എന്നത് "ഉയര്ത്തുക" അല്ലെങ്കില് "ഉയരത്തിലേക്ക് കൊണ്ട് വരിക" എന്ന് അര്ത്ഥം നല്കുന്നു.
- "പ്രത്യക്ഷീകരിക്കുക" എന്ന പദം "പ്രത്യക്ഷപ്പെടുത്തുക" അല്ലെങ്കില് "നിയമിക്കുക" അല്ലെങ്കില് "നടപ്പില് കൊണ്ടുവരിക" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "നിങ്ങളുടെ ശത്രുക്കളുടെ ശക്തി ഉയര്ത്തുക" എന്നത് "നിങ്ങളുടെ ശത്രുക്കള് വളരെ ശക്തരായി തീരുവാന് ഇട വരുത്തുക" എന്ന് പരിഭാഷ ചെയ്യാം.
- "മരിച്ചവരുടെ ഇടയില് നിന്നും ഒരുവനെ ഉയിര്പ്പിക്കുക" എന്ന പദസഞ്ചയം "മരണത്തില് നിന്നും ഒരു വ്യക്തിയെ ജീവനിലേക്കു മടക്കിക്കൊണ്ടു വരുവാന് ഇട വരുത്തുക" എന്ന് പരിഭാഷ ചെയ്യാം.
- സാഹചര്യത്തെ ആശ്രയിച്ചു, "ഉയിര്ത്ത് എഴുന്നേല്ക്കുക" എന്നത് ""നല്കുക" അല്ലെങ്കില് "നിയമിക്കുക" അല്ലെങ്കില് "ഉണ്ടാകുവാന് ഇട വരുത്തുക" അല്ലെങ്കില് "നിര്മ്മിക്കുക" അല്ലെങ്കില് "പുനര്:നിര്മ്മാണം നടത്തുക" അല്ലെങ്കില് "കേടുപാടുകള് നീക്കം ചെയ്യുക" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "എഴുന്നേറ്റു പോയി" എന്ന പദസഞ്ചയം "എഴുന്നേറ്റു പോയി" എന്നോ "കടന്നു പോയി" എന്നോ പരിഭാഷ ചെയ്യാവുന്നത് ആകുന്നു.
- സാഹചര്യത്തിനു അനുസ്യതമായി, "എഴുന്നേറ്റു" എന്ന പദം "ആരംഭിച്ചു" അല്ലെങ്കില് "തുടങ്ങി" അല്ലെങ്കില് "പ്രാരംഭം കുറിച്ചു" അല്ലെങ്കില് "നിവര്ന്നു നിന്നു" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: ഉയിര്ത്തെഴുന്നേല്പ്പ്, നിയമിക്കുക, മഹത്വപ്പെടുത്തുക)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്06:40-42
- 2 ശമുവേല് 07:12-14
- അപ്പോ.10:39=41

- കൊലോസ്യര് 03:1-4
- ആവര്ത്തനപുസ്തകം 13:1-3
- യിരെമ്യാവ് 06:1-3
- ന്യായാധിപന്മാര് 02:18-19
- ലൂക്കോസ് 07:21-23
- മത്തായി 20:17-19

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **21-14** മശീഹ മരിക്കും എന്നും ദൈവം അവനെ മരിച്ചവരുടെ ഇടയില്നിന്നും **ഉയിര്ത്തെഴുന്നെല്പ്പിക്കും** എന്നും പ്രവാചകന്മാര് മുന്കൂട്ടി പ്രസ്താവിച്ചിരുന്നു.
- **41:05** "യേശു ഇവിടെ ഇല്ല. അവന്മരിച്ചവരുടെ ഇടയില് നിന്ന് താന് ആയിരിക്കുമെന്നു പറഞ്ഞ പ്രകാരം തന്നെ **ഉയിര്ത്തെഴുന്നേറ്റു**.
- **43:07** "യേശു മരിച്ചു എങ്കില് തന്നെയും, ദൈവം അവനെ മരിച്ചവരുടെ ഇടയില് നിന്ന് **ഉയിര്ത്തെഴുന്നേല്പ്പിച്ചു**. "നിന്റെ പരിശുദ്ധനെ കല്ലറയില് ദ്രവത്വം കാണുവാന് അനുവദിക്കുകയും ഇല്ല" എന്നു പറയപ്പെട്ട പ്രവചനം നിറവേറുവാന് ഇത് ഇടയാക്കി തീര്ക്കുന്നു. യേശുവിനെ വീണ്ടും ജീവനിലേക്കു ദൈവം **ഉയിര്പ്പിച്ചു** എന്ന വസ്തുതയ്ക്ക് ഞങ്ങള് സാക്ഷികള് ആകുന്നു.
- **44:05** "നിങ്ങള് ജീവന്റെ ആധാരം ആയവനെ കൊന്നു, എന്നാല് ദൈവം അവനെ മരിച്ചവരുടെ ഇടയില്നിന്ന് **ഉയിര്പ്പിച്ചു**.
- **44:08** പത്രോസ് അവരോടു മറുപടിയായി പറഞ്ഞത് എന്തെന്നാല്, "നിങ്ങളുടെ മുന്പില് നില്ക്കുന്ന ഈ മനുഷ്യന് മശീഹ ആകുന്ന യേശുവിന്റെ ശക്തിയാല് സൌഖ്യം ഉള്ളവന് ആയിരിക്കുന്നു. നിങ്ങള് യേശുവിനെ ക്രൂശിച്ചു, എന്നാല് ദൈവം അവനെ വീണ്ടും **ജീവനിലേക്കു _ഉയിര്പ്പിച്ചു**.
- **48:04** ഇതിന്റെ അര്ത്ഥം എന്തെന്നാല് സാത്താന് മശീഹയെ കൊല്ലും, എങ്കിലും ദൈവം അവനെ വീണ്ടും ജീവനിലേക്കു **ഉയിര്പ്പിക്കുകയും** അനന്തരം മശീഹ എന്നേക്കുമായി സാത്താന്റെ അധികാരത്തെ തകര്ക്കുകയും ചെയ്യും എന്നാണ്.
- **49:02** അവന് (യേശു) വെള്ളത്തിന് മേല് നടന്നു, കൊടുങ്കാറ്റുകളെ അടക്കി, നിരവധി രോഗികളായ ആളുകള്ക്ക് സൌഖ്യം വരുത്തി, ഭൂതങ്ങളെ പുറത്താക്കി, മരിച്ചവരെ ജീവനിലേക്കു **ഉയിര്പ്പിച്ചു** അഞ്ചു അപ്പങ്ങളെയും രണ്ടു മീനുകളെയും 5,000 ലുമധികം ആളുകളെ തൃപ്തരായി പോഷിപ്പിക്കുവാന് തക്കവണ്ണം വര്ദ്ധിപ്പിച്ചു.
- **49:12** യേശു ദൈവത്തിന്റെ പുത്രന് എന്നും, നിനക്ക് പകരമായി ക്രൂശില് മരിച്ചു എന്നും, ദൈവം തന്നെ വീണ്ടും ജീവനിലേക്കു **ഉയിര്പ്പിച്ചു** എന്നും നിങ്ങള് വിശ്വസിക്കണം.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2210, H2224, H5549, H5782, H5927, H5975, H6209, H6965, H6966, H6974, H7613, H7721, G305, G386, G393, G450, G1096, G1326, G1453, G1525, G1817, G1825, G1892, G1999, G4891

# ഉയര്ന്ന സ്ഥലം, ഉയര്ന്ന സ്ഥലങ്ങള്

## നിര്വചനം:

“ഉയര്ന്ന സ്ഥലങ്ങള്” എന്ന പദസഞ്ചയം വിഗ്രഹങ്ങളെ ആരാധിക്കുവാ നായി ഉപയോഗിച്ചു കൊണ്ടിരുന്ന യാഗപീഠങ്ങളെയും സ്തൂപങ്ങളെയും സൂചിപ്പിക്കുന്നു. അവ സാധാരണയായി ഉയര്ന്ന നിലത്തില്, മലകളിലോ മലഞ്ചെരി വിലോ നിര്മ്മിക്കപ്പെട്ടിരിക്കും.

- ഇസ്രയേലിലെ പല രാജാക്കന്മാരും ഈ ഉയര്ന്ന സ്ഥലങ്ങളില്അസത്യദൈവങ്ങള്ക്ക് യാഗപീഠങ്ങളെ പണിതു ദൈവത്തിനു വിരോധമായി പാപം ചെയ്തു. ഇത് ആഴമായ നിലയില്വിഗ്രഹങ്ങളെ ആരാധിക്കുവാനായി ജനത്തെ നടത്തി. ഇസ്രയേലിലോ യഹൂദയിലോ ദൈവഭയമുള്ള രാജാക്കന്മാര്ഭരണം നടത്തുമ്പോള്ഉയര്ന്ന സ്ഥലങ്ങള്അല്ലെങ്കില്യാഗപീഠങ്ങളെ ഈ വിഗ്രഹങ്ങള്ക്ക് ആരാധന ചെയ്യാതിരിക്കേണ്ടതിനായി നീക്കം ചെയ്യുമായിരുന്നു.
- എങ്കിലും, വരില്ചില രാജാക്കന്മാര്ഉയര്ന്ന സ്ഥലങ്ങളെ നീക്കം ചെയ്യുന്നതില്അശ്രദ്ധയോടെ ഇരുന്നു, നീക്കം ചെയ്യാതിരുന്നതിനാല്, അത് മുഴുവന്ഇസ്രയേല്ദേശവും വിഗ്രഹാരാധനയില്തുടരുന്നതിന് കാരണമായി തീര്ന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം പരിഭാഷ ചെയ്യാനുള്ള മാര്ഗ്ഗങ്ങളില്“വിഗ്രഹാരാധനക്കായി ഉയര്ത്തപ്പെട്ട സ്ഥലങ്ങള്” അല്ലെങ്കില്“മലമുകളില്ഉള്ള വിഗ്രഹ മന്ദിരങ്ങള്” അല്ലെങ്കില്“വിഗ്രഹ യാഗപീഠ മേടകള്” എന്ന് പരിഭാഷ ചെയ്യാം.
- ഇത് വിഗ്രഹ യാഗപീഠങ്ങളെയാണ് സൂചിപ്പിക്കുന്നത്, മറിച്ച്, യാഗപീഠങ്ങള്സ്ഥിതി ചെയ്യുന്ന സ്ഥലത്തെ അല്ല എന്ന് വ്യക്തമാക്കുന്നത് എന്ന് ഉറപ്പു വരുത്തുക.

(കാണുക: യാഗപീഠം, അസത്യ ദൈവം, ആരാധന)

## ദൈവ വചന സൂചിക:

- 1 ശമുവേല്09:12-13
- 2 രാജാക്കന്മാര്16:3-4
- ആമോസ് 04:12-13
- ആവര്ത്തന പുസ്തകം 33:29
- യെഹസ്കേല്06:1-3
- ഹബക്കൂക്ക് 03:18-19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1116, H1181, H1354, H2073, H4791, H7311, H7413

# ഉരുകുക, ഉരുകിയ, ഉരുകുന്ന, ഉരുകുന്നു, ഉരുക്കിയ

## വസ്തുതകള്:

“ഉരുകുക” എന്ന പദം സൂചിപ്പിക്കുന്നത് താപ പ്രക്രിയയില്കൂടെ വസ്തുക്കളെ ഉരുക്കുന്നതിനെ ആകുന്നു.. ഇത് ഉപമാന രീതികളിലും ഉപയോഗിക്കാറുണ്ട്. ഉരുകി ഇരിക്കുന്നതായ ഒന്നിനെ “ഉരുക്കിയത്” എന്ന് പറയുന്നു. വിവിധ തരത്തില്ഉള്ള ലോഹങ്ങളെ അവ ഉരുകുന്നത് വരെ ചൂടാക്കി അച്ചുകളില്ഒഴിച്ചു ആയുധങ്ങള്, വിഗ്രഹങ്ങള്തുടങ്ങിയ വിവിധ വസ്തുക്കളെ ഉണ്ടാക്കുവാന്കഴിയും. “ഉരുക്കിയ ലോഹം” എന്ന പദപ്രയോഗം ഉരുക്കി എടുത്ത ലോഹം എന്നതിനെ സൂചിപ്പിക്കുന്നു.

- മെഴുക് തിരി കത്തും തോറും, അതിന്റെ മെഴുക് ഉരുകി ഇല്ലാതായി തീരുന്നു. പുരാതന കാലങ്ങളില്, കത്തുകള്അല്പ്പം മെഴുക് അതിന്റെ അരികുകളില്ഉരുക്കി ഒഴിച്ചു മുദ്ര ചെയ്യുമായിരുന്നു.
- ”ഉരുകുക” എന്നതിന്റെ ഉപമാന പ്രയോഗം അര്ത്ഥം നല്കുന്നത് മൃദുലവും, ബാലഹീനവുമായ മെഴുക് പോലെയുള്ള എന്ന് ആകുന്നു.
- “അവരുടെ ഹൃദയം ഉരുകുന്നു” എന്ന പദപ്രയോഗം അര്ത്ഥം നല്കുന്നത് അവര്ഭയം നിമിത്തം വളരെ ബലഹീനര്ആകും എന്നാണ്.
- വേറൊരു ഉപമാന പദപ്രയോഗം ആയ “അവര്ഉരുകി പോകും” എന്നത് അര്ത്ഥം നല്കുന്നത് അവര്അകന്നു പോകുവാന്നിര്ബന്ധിതരായി തീരും അല്ലെങ്കില്അവര്ബലഹീനരായി തീരുന്നു എന്ന് കാണിക്കുകയും അവര്പരാജിതരായി കടന്നു പോകുകയും ചെയ്യും എന്ന് അര്ത്ഥം നല്കുന്നു.
- “ഉരുകുക” എന്നതിന്റെ അക്ഷരീക അര്ത്ഥം “ദ്രവരൂപം ആകുക” അല്ലെങ്കില്“ദ്രവീകരിക്കുക” അല്ലെങ്കില്“ദ്രവം ആയി തീരുവാന്ഇടയാക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “ഉരുകുക” എന്നതിന്റെ ഇതര ഉപമാന അര്ഥങ്ങള്“മൃദുലം ആകുക” അല്ലെങ്കില്“ബലഹീനം ആകുക” അല്ലെങ്കില്“പരാജിതന്ആകുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: ഹൃദയം, അസത്യ ദൈവം, സ്വരൂപം, മുദ്ര)

## ദൈവ വചന സൂചിക:

- സങ്കീര്ത്തനം 112:10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1811, H2003, H2046, H3988, H4127, H4529, H4541, H4549, H5140, H5258, H5413, H6884, H8557, G3089, G5080

# ഉറപ്പാക്കല്, ഉറപ്പിക്കുന്നു, ഉറപ്പിച്ചു, ഉറപ്പ്

## നിര്വ്വചനം:

"ഉറപ്പാക്കല്", "ഉറപ്പ്" എന്നീ പദങ്ങള്പ്രസ്തുത കാര്യം സത്യമാണെന്നോ ഉറപ്പാണെന്നോ വിശ്വാസയോഗ്യമാണെന്നോ പ്രസ്താവിക്കുകയോ ഉറപ്പ് നല്കുകയോ ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.

- പഴയനിയമത്തില്, ദൈവം തന്റെ ജനത്തോട്, "താന്അവരോടുകൂടെ തന്റെ ഉടമ്പടിയെ "ഉറപ്പിക്കും" എന്നു പറയുന്നു. ഇതിന്റെ അര്ത്ഥം ആ ഉടമ്പടിയില്താന്ചെയ്തതായ വാഗ്ദത്തങ്ങളെ പാലിക്കും എന്നു ദൈവം സ്ഥാപിക്കുന്നു.
- ഒരു രാജാവിനെ "ഉറപ്പാക്കി" എന്നു പറയുമ്പോള്അദ്ദേഹത്തെ രാജാവാക്കുവാനുള്ള തീരുമാനത്തെ സമ്മതിക്കുകയും ജനങ്ങളാല്അതിനു പിന്തുണ ലഭിക്കുകയും ചെയ്തു എന്നാണര്ത്ഥം.
- ഒരുവന്രചിച്ചത് ഉറപ്പാക്കി എന്നു പറഞ്ഞാല്താന്എഴുതിയത് സത്യമാണെന്ന് പ്രസ്താവിക്കുന്നു എന്നര്ത്ഥം.
- സുവിശേഷത്തിന്റെ "ഉറപ്പ്" എന്നാല്യേശുവിന്റെ സുവിശേഷം സത്യമാണെന്ന് പ്രദര്ശിപ്പിക്കുന്ന രീതിയില്ജനത്തെ പഠിപ്പിക്കുക എന്നതാണ്.
- "ഉറപ്പാക്കല്" എന്ന നിലയില്ഒരു ആണ നല്കുക എന്നത് എന്തെങ്കിലും സത്യമാണെന്നോ വിശ്വാസയോഗ്യമാണെന്നോ കാര്യഗൌരവത്തോടെ സ്ഥിരീകരിക്കുകയോ ആണയിടുകയോ ചെയ്യുക എന്നതാണ്.
- "ഉറപ്പാക്കല്" എന്നത് പരിഭാഷപ്പെടുത്തുവാന്"സത്യമാണെന്ന് സ്ഥിരീകരിക്കുക" അല്ലെങ്കില്"വിശ്വാസയോഗ്യമെന്നു തെളിയിക്കുക" അല്ലെങ്കില്"സമന്വയം വരുത്തുക" അല്ലെങ്കില്"ഉറപ്പ് നല്കുക" അല്ലെങ്കില്"വാഗ്ദത്തം നല്കുക", എന്നിങ്ങനെ സാഹചര്യത്തിന് അനുസൃതമായി രീതികള്അവലംബിക്കാം.

(കാണുക: ഉടമ്പടി, ആണ, വിശ്വാസ്യം)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്16:15-18
- 2 കൊരിന്ത്യര്01:21-22
- 2 രാജാക്കന്മാര്23:3
- എബ്രായര്06:16-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H553, H559, H1396, H3045, H3559, H4390, H4672, H5414, H5975, H6213, H6965, G950, G951, G1991, G2964, G3315, G4300, G4972

# ഉറവ, ഉറവകള്, നീരുറവ, നീരുറവകള്, നീരുറവ ഉണ്ടാകുന്നു

## നിര്വചനം:

"ഉറവ", “നീരുറവ” എന്നീ പദങ്ങള്സാധാരണയായി നിലത്തു നിന്നും പ്രകൃത്യാ പുറപ്പെട്ടു വരുന്ന വലിയ തോതില്ഉള്ള വെള്ളത്തെ സൂചിപ്പിക്കുന്നു.

- ഈ വാക്കുകള്ദൈവ വചനത്തില്ഉപമാനമായി ദൈവത്തില്നിന്നും പകര്ന്നു നല്കപ്പെടുന്ന അനുഗ്രഹങ്ങളെ സൂചിപ്പിക്കുവാന്അല്ലെങ്കില്വ്യത്തിയാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒന്നിനെ സൂചിപ്പിക്കുവാന്ഉപയോഗിക്കുന്നു.
- ആധുനിക കാലത്ത്, ഒരു നീരുറവ എന്നത് മനുഷ്യ നിര്മ്മിതിയായ ഉപകരണമായി അതില്നിന്ന്, കുടിവെള്ളം ഒഴുകി വരുന്ന ഒരു ഉറവയായി കാണുന്നു. ഈ പദത്തിന്റെ പരിഭാഷ, പ്രകൃതി സ്രോതസ്സായി ഒഴുകി വരുന്ന ജലത്തെയാണ് സൂചിപ്പിക്കുന്നത് എന്ന് ഉറപ്പു വരുത്തുക.
- ഈ പദത്തിന്റെ പരിഭാഷ “വെള്ളപ്പൊക്കം” എന്ന പദത്തിന്റെ പരിഭാഷയുമായി താരതമ്യം ചെയ്തു നോക്കുക.

(കാണുക:വെള്ളപ്പൊക്കം)

## ദൈവവചന സൂചികകള്;

- 2 പത്രോസ് 02:17-19
- ഉല്പ്പത്തി 07:11-12
- ഉല്പ്പത്തി 08:1-3
- ഉല്പ്പത്തി 24:12-14
- ഉല്പ്പത്തി 24:42-44
- യാക്കോബ് 03:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H794, H953, H1530, H1543, H1876, H3222, H4002, H4161, H4456, H4599, H4726, H5033, H5869, H5927, H6524, H6779, H6780, H7823, H8444, H8666, G242, G305, G393, G985, G1530, G1816, G4077, G4855, G5453

# എണ്ണ

## നിര്വചനം:

എണ്ണ എന്നത് ഒരു കട്ടിയുള്ള, ചില പ്രത്യേകതയുള്ള ചെടികളില് നിന്ന് എടുക്കുന്നതായ തെളിഞ്ഞ ദ്രാവകം ആണ്. ദൈവ വചന കാലത്തില്, സാധാരണയായി ഒലിവില് നിന്നാണ് എണ്ണ എടുക്കുന്നത്.

- ഒലിവു എണ്ണ പാചകം ചെയ്യുന്നതിന്, അഭിഷേകം ചെയ്യുന്നതിന്, യാഗത്തിന്, വിളക്കുകള്ക്കു, മറ്റും മരുന്നിന്, ഉപയോഗിക്കുമായിരുന്നു.
- പുരാതന കാലങ്ങളില്, ഒലിവ് എണ്ണയ്ക്ക് വന്വില ആയിരുന്നു, എണ്ണ ശേഖരം കൈവശം ഉള്ളത് സമ്പത്തിന്റെ ഒരു അളവ് കോല് ആയിരുന്നു.
- യന്ത്രങ്ങള്ക്കു ഉള്ള എണ്ണ ആയിട്ടല്ല, പാചകത്തിനും മറ്റും ഉള്ള എണ്ണ ആയിട്ടു തന്നെ ഈ പദം സൂചിപ്പിക്കുന്നതായി ഈ പദത്തിന്റെ പരിഭാഷ ആയിരിക്കുന്നു എന്ന് ഉറപ്പു വരുത്തുക. ചില ഭാഷകളില് ഇപ്രകാരം ഉള്ള വിവിധ തരം എണ്ണകള്ക്ക് വ്യത്യസ്ത പേരുകള് ഉണ്ടായിരിക്കും.

(കാണുക: ഒലിവ്, യാഗം)

## ദൈവ വചന സൂചികകള്:

- 2 ശമുവേല്:21-22
- പുറപ്പാട് 29:1-2
- ലേവ്യ പുസ്തകം 05:11
- ലേവ്യ പുസ്തകം 08:1-3
- മര്ക്കോസ് 06:12-13
- മത്തായി 25:7-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1880, H2091, H3323, H4887, H6671, H7246, H8081, G1637, G3464

# ഒട്ടകം, ഒട്ടകങ്ങള്

## നിര്വചനങ്ങള്:

ഒട്ടകമെന്നത്, വലുപ്പമുള്ളതും നാലുകാലുള്ളതും മുതുകില്ഒന്നോ രണ്ടോ മുഴകള്ഉള്ളതുമായ മൃഗമാണ്.

(കാണുക: [അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

- ദൈവവചന കാലഘട്ടത്തില്, ഇസ്രയേലിലും ചുറ്റുപാടുമുള്ള മേഘലകളിലും കാണപ്പെട്ട വലിപ്പമുള്ള മൃഗമായിരുന്നു ഒട്ടകം.
- പ്രധാനമായും മനുഷ്യരെയും ഭാരങ്ങളും ചുമക്കുവാന്ഒട്ടകത്തെ ഉപയോഗിച്ചു വന്നിരുന്നു.
- ചില ജനവിഭാഗങ്ങള്ഒട്ടകത്തെ ഭക്ഷണത്തിനായും ഉപയോഗിച്ചുവന്നിരുന്നു, എന്നാല്ഇസ്രയേല്യര്ഉപയോഗിച്ചിരുന്നില്ല, എന്തുകൊണ്ടെന്നാല്ദൈവം ഒട്ടകങ്ങളെ അശുദ്ധമെന്നും ഭക്ഷിക്കുവാന്പാടില്ല എന്നും അരുളിച്ചെയ്തിരുന്നു.
- ഒട്ടകങ്ങള്വളരെ വിലപിടിപ്പുള്ളവയായിരുന്നു എന്തുകൊണ്ടെന്നാല്അവ മണലില്വളരെ വേഗത്തില്സഞ്ചരിക്കുകയും ഒറ്റയടിക്ക് ഭക്ഷണമോ വെള്ളമോ ഇല്ലാതെ പല ആഴ്ചകള്ജീവിക്കുവാനും കഴിഞ്ഞിരുന്നു.

(കാണുക: ഭാരം, ശുദ്ധം)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്05:20-22
- 2 ദിനവൃത്താന്തങ്ങള്09:1-2
- പുറപ്പാട് 09:1-4
- മര്ക്കോസ് 10:23:25
- മത്തായി 03:4-6
- മത്തായി 19:23-24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H327, H1581, G2574

# ഒറ്റുക്കൊടുക്കുക, ഒറ്റുക്കൊടുക്കുന്നു, ഒറ്റുക്കൊടുത്തു, ഒറ്റുക്കൊടുക്കല്, വഞ്ചകന്, വഞ്ചകന്മാര്

## നിര്വചനം:

“ഒറ്റുക്കൊടുക്കല്” എന്ന പദത്തിന്റെ അര്ത്ഥം ഒരു വ്യക്തിയെ വഞ്ചിക്കുകയും ഉപദ്രവിക്കുകയും ചെയുന്ന രീതിയില്പ്രവര്ത്തിക്കുക എന്നാണ്. ഒരു "വഞ്ചകന്" എന്നാല്തന്നെ വിശ്വസിച്ചിരുന്ന ഒരു സ്നേഹിതനെ ഒറ്റുക്കൊടുക്കുന്നവന്എന്നര്ത്ഥം.

- യൂദാസ് യഹൂദ നേതാക്കന്മാരോട് യേശുവിനെ എപ്രകാരം പിടിക്കുവാന് സാധിക്കും എന്ന വിവരം പറഞ്ഞതിനാല് താന് “വഞ്ചകന്" ആയി.
- യൂദാസിന്റെ ഒറ്റുക്കൊടുക്കല്പ്രത്യേകാല്ദോഷമുള്ളതായിരുന്നു, എന്തുകൊ ണ്ടെന്നാല്യേശുവിന്റെ അനീതിപൂര്വമായ മരണത്തില്കലാശിക്കുന്ന ഫലമുള വാക്കിയതിനു പകരമായി പണം സ്വീകരിച്ച യേശുവിന്റെ അപ്പോസ്തലന്ആയിരുന്നു താന്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യങ്ങള്ക്കനുസൃതമായി, “ഒറ്റുക്കൊടുക്കല്” എന്ന പദം ‘’വഞ്ചിക്കുകയും ദോഷം വരുത്തുകയും ചെയ്യുക” അല്ലെങ്കില്“ശത്രുപക്ഷത്തേക്ക് ചായുക” അല്ലെങ്കില്“ചതിപ്രയോഗം നടത്തുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “വഞ്ചകന്” എന്ന പദം “ഒറ്റുക്കൊടുക്കുന്ന വ്യക്തി’’ അല്ലെങ്കില്ഇരട്ടത്താപ്പു കാരന്” അല്ലെങ്കില്“വിശ്വാസവഞ്ചകന്” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

(കാണുക: യൂദാസ് ഇസ്കര്യോത്ത്, യഹൂദ നേതാക്കന്മാര്, അപ്പോസ്തലന്)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്07:51-53
- യോഹന്നാന്06:64-65
- യോഹന്നാന്13:21-22
- മത്തായി 10:2-4
- മത്തായി 26:20-22

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **21:11** മശീഹയെ കൊല്ലുന്നവര്തന്റെ വസ്ത്രത്തിനായി ചീട്ടിടുകയും തന്റെ സ്നേഹിതനാല് **ഒറ്റുക്കൊടുക്കപ്പെടുകയും** ചെയുമെന്നു മറ്റു പ്രവാചകന്മാര് മുന്കൂട്ടി പറഞ്ഞിരിക്കുന്നു. മശീഹയെ **ഒറ്റുക്കൊടുക്കുന്നതിനു** കൂലിയായി ആ സ്നേഹിതന് മുപ്പതു വെളിക്കാശുകള്കൊടുക്കുമെന്ന് സെഖര്യാവ് പ്രവാചകന്മുന്കൂട്ടിപ്പറഞ്ഞു.
- **38:02** യേശുവും ശിഷ്യന്മാരും യെരുശലേമില്എത്തിച്ചേര്ന്നശേഷം, യൂദാസ് യഹൂദ നേതാക്കന്മാരുടെ അടുക്കല്ചെല്ലുകയും പണത്തിനു പകരമായി യേശുവിനെ **ഒറ്റുക്കൊടുക്കാമെന്നു** ഏല്ക്കുകയും ചെയ്തു.
- **38:03** മഹാപുരോഹിതനാല്നയിക്കപ്പെട്ട യഹൂദനേതാക്കന്മാര്, യേശുവിനെ **ഒറ്റുക്കൊടുക്കേണ്ടതിനു** മുപ്പതു വെള്ളിക്കാശുകള്യൂദാസിനു നല്കി.
- **38:06** അനന്തരം യേശു ശിഷ്യന്മാരോട് പറഞ്ഞത്, “നിങ്ങളില്ഒരുവന്എന്നെ **ഒറ്റുകൊടുക്കും**.” പിന്നെയും യേശു പറഞ്ഞത്, “ഞാന്ഈ അപ്പക്കഷ ണം ആര്ക്കു കൊടുക്കുന്നുവോ അവനാണ് **വഞ്ചകന്**.”
- **38:13** താന്മൂന്നാം പ്രാവശ്യം തിരികെ വന്നപ്പോള്, യേശു പറഞ്ഞു, “ഉണരുക! എന്റെ **ഒറ്റുകാരന്** ഇതാ ഇവിടെ.” അനന്തരം യേശു പറഞ്ഞത്, “യൂദാസേ, നീ എന്നെ ഒരു ചുംബനത്താല് **ഒറ്റുക്കൊടുക്കുന്നുവോ**?”
- **39:08** അതേസമയം, **വഞ്ചകനായ** യൂദാസ്, യഹൂദ നേതാക്കന്മാര്യേശുവിനെ മരണത്തിനായി കുറ്റം വിധിച്ചത് കണ്ടു. താന് ദു:ഖം നിറഞ്ഞവനായി കടന്നുപോയി ആത്മഹത്യ ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7411, G3860, G4273

# ഒലിവ് മരം, ഒലിവു ഫലങ്ങള്

## നിര്വചനം:

ഒലിവു മരത്തില്നിന്നുള്ള, ദീര്ഘ വൃത്താകൃതിയില് ഉള്ള രു ചെറിയ പഴമാണ്, ഇത് മെഡിറ്ററേനിയന് കടലിന്റെ ചുറ്റുപാടുള്ള മേഖലയില് ധാരാളം വളരുന്നതായി കാണപ്പെടുന്നു. ഒലിവു വൃക്ഷങ്ങള് എന്നത് വലിയ നിത്യ ഹരിതമായ ചെറിയ പൂക്കളോട് കൂടിയ ഒരുതരം ചെറുമരം ആകുന്നു. അവ ചൂടുള്ള കാലാവസ്ഥയില്നന്നായി വളരുകയും വളരെ കുറച്ചു ജല ലഭ്യതയില്നിലനില്ക്കുകയും ചെയ്യുന്നു.

- ഒലിവു മരത്തിന്റെ ഫലങ്ങള്വളരുവാന്ആരംഭിക്കുമ്പോള്പച്ച നിറവും അവ മൂത്ത് കഴിയുമ്പോള്കറുപ്പ് നിറവും ആകുന്നു. ഒലിവു ഫലങ്ങളില്നിന്നും വേര്തിരിച്ചു എടുക്കാവുന്നവ ഭക്ഷണത്തിനും എണ്ണയ്ക്കും വളരെ ഉപയോഗപ്രദം ആകുന്നു.
- ഒലിവു എണ്ണ വിളക്ക് കത്തിക്കുന്നതിനും മതപരമായ ചടങ്ങുകള്ക്കും ഉപയോഗിക്കുക പതിവായിരുന്നു.
- ദൈവ വചനത്തില്, ഒലിവു മരങ്ങളും അതിന്റെ ശാഖകളും പല സന്ദര്ഭങ്ങളിലും ജനത്തെ സൂചിപ്പിക്കുവാന്വേണ്ടി ഉപമാനമായി ഉപയോഗിച്ചിട്ടുണ്ട്.

(കാണുക: വിളക്ക്, കടല്, ഒലിവു മല)

## ദൈവ വചന സൂചികകള്

- 1 ദിനവൃത്താന്തങ്ങള് 27:28-29
- ആവര്ത്തന പുസ്തകം 06:10-12
- പുറപ്പാട് 23:10-11
- ഉല്പ്പത്തി 08:10-12
- യാക്കോബ് 03:11-12
- ലൂക്കോസ് 16:5-7
- സങ്കീര്ത്തനങ്ങള് 052:8-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2132, H3323, H8081, G65, G1636, G1637, G2565

# ഓടുക, ഓടുന്നു, ഓടുന്നവന്, ഓടുന്നവര്, ഓടുന്ന

## നിര്വചനം:

"ഓടുക" എന്ന പദം അക്ഷരീകമായി അര്ത്ഥം നല്കുന്നത് "പാദങ്ങള് ഉപയോഗിച്ചു വളരെ വേഗത്തില് ചലിക്കുക" എന്ന് സാധാരണയായി നടക്കുന്നത് മൂലം സാധ്യമല്ലാത്ത വിധത്തില് വളരെ വേഗത്തില് നീങ്ങുന്നതിനെ സൂചിപ്പിക്കുന്നു. "ഓടുക" എന്നതിന്റെ പ്രധാന അര്ത്ഥം താഴെ സൂചിക്കുന്ന പ്രകാരം വിവിധ പദപ്രയോഗങ്ങള് മൂലം ഉപമാനമായി ഉപയോഗിക്കാറുണ്ട്:

- "വിരുതു പ്രാപിക്കുവാന് തക്ക വിധം ഓടുവിന്" എന്നതു- സൂചിപ്പിക്കുന്നത് വിജയം പ്രാപിക്കുവാന് വേണ്ടി ഒരു ഓട്ട പന്തയത്തില് എപ്രകാരം സ്ഥിരോല്സാഹത്തോടെ ഓടുന്നുവോ അതുപോലെ തന്നെ ദൈവത്തിന്റെ ഇഷ്ടം ചെയ്യുവാനും സ്ഥിരോല്സാഹത്തോടെ പ്രവര്ത്തിക്കണം എന്നാണ്.
- "നിന്റെ കല്പ്പനകളുടെ വഴിയില്ഓടുന്നു"- ഇത് അര്ത്ഥം നല്കുന്നത് സന്തോഷത്തോടു കൂടെയും വേഗത്തിലും ദൈവത്തിന്റെ കല്പനകളെ അനുസരിക്കുന്നു എന്നാണ്.
- "അന്യ ദൈവങ്ങളുടെ പുറകെ ഓടുക" എന്നതിന്റെ അര്ത്ഥം അന്യ ദൈവങ്ങളെ ആരാധിക്കുന്നതിനു നിര്ബന്ധ ബുദ്ധിയോടെ നില കൊള്ളുക എന്നാണ്.
- "എന്നെ മറച്ചു കൊള്ളേണ്ടതിനു ഞാന് നിന്റെ അടുക്കലേക്കു ഓടി വരുന്നു" എന്നതിന്റെ അര്ത്ഥം വിഷമകരമായ കാര്യങ്ങള് അഭിമുഖീകരിക്കേണ്ടി വരുമ്പോള് സങ്കേതത്തിനായും സുരക്ഷയ്ക്കായും ഞാന് വേഗത്തില് ദൈവത്തിന്റെ അടുക്കലേക്കു തിരിയുന്നു എന്നാണ്.
- ജലത്തിന്റെയും അതുപോലെ കണ്ണുനീര്, വിയര്പ്പു, നദികള് ആദിയായവ ദ്രവങ്ങളുടെ ഒഴുക്കിനെയും "ഓടുന്നു" എന്ന് പറയാറുണ്ട്. ഇത് "ഒഴുക്ക്" എന്നും പരിഭാഷ ചെയ്യാവുന്നതാണ്. ഒരു രാജ്യത്തിന്റെയോ അല്ലെങ്കില് പ്രദേശത്തിന്റെയോ അതിര്ത്തി ഒരു നദിയുടെയോ വേറൊരു രാജ്യത്തിന്റെയോ അതിരുമായി പങ്കിടുന്നതിനെ "ചേര്ന്ന് പോകുക" എന്ന് പറയാറുണ്ട്. ഇത് ആ നദിയുടെ അല്ലെങ്കില് മറ്റേ രാജ്യത്തിന്റെ അതിരിന് "തൊട്ടു അടുത്തതായി" കാണപ്പെടുന്നു എന്നോ അല്ലെങ്കില് ആ രാജ്യം ആ നദിയുമായി അല്ലെങ്കില് രാജ്യവുമായി "അതിര്ത്തി പങ്കിടുന്നു" എന്നോ പറഞ്ഞു പരിഭാഷ ചെയ്യാവുന്നതാണ്.
- നദികളും നീരൊഴുക്കുകളും "വറ്റിപ്പോയി" എന്ന് പറയുമ്പോള് അതിന്റെ അര്ത്ഥം അവയില് തുടര്ന്ന് ജലം ശേഷിക്കുന്നില്ല എന്നാണ്. ഇത് "വറ്റിപ്പോയി" അല്ലെങ്കില്" വരണ്ടു പോയി" എന്ന് പരിഭാഷ ചെയ്യാം.
- ഒരു ഉത്സവത്തിന്റെ ദിനങ്ങള് "പൂര്ത്തീകരിച്ചു" എന്നതിന്റെ അര്ത്ഥം "അവ കടന്നു പോയി" അല്ലെങ്കില് "തീര്ന്നു പോയി" അല്ലെങ്കില് "പര്യവസാനിച്ചു" എന്നാണ്.

(കാണുക: അസത്യ ദൈവം, സ്ഥിരോത്സാഹം കാണിക്കുക, സങ്കേതം, തിരിയുക)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്:18
- ഗലാത്യര്:1-2
- ഗലാത്യര്:5-8
- ഫിലിപ്പിയര്:14-16
- സദൃശവാക്യങ്ങള് 01:15-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H213, H386, H1065, H1272, H1518, H1556, H1980, H2100, H2416, H3001, H3212, H3332, H3381, H3920, H3988, H4422, H4754, H4794, H4944, H5074, H5127, H5140, H5472, H5756, H6437, H6440, H6544, H6805, H7272, H7291, H7310, H7323, H7325, H7519, H7751, H8264, H8308, H8444, G413, G1377, G1601, G1530, G1532, G1632, G1998, G2027, G2701, G3729, G4063, G4370, G4390, G4890, G4936, G5143, G5240, G5295, G5302, G5343

# കടല്പശു

## നിര്വചനം:

“കടല്പശു” എന്ന പദം സൂചിപ്പിക്കുന്നത് ഒരു തരം വലിപ്പം ഉള്ള കടല്പുല്ലും സമുദ്രത്തറയില്കാണുന്ന മറ്റു സസ്യവര്ഗ്ഗങ്ങളും ഭക്ഷിക്കുന്ന ഒരു മൃഗം എന്നാണ്. “ കടല്പശു എന്നത് ക്ഷാര നിറമുള്ള കട്ടിയുള്ള തോലോടു കൂടിയുള്ളത് ആകുന്നു. അത് അതിന്റെ നീന്തുവാന്ഉള്ള അവയവം ഉപയോഗിച്ചു ജലത്തില്സഞ്ചരിക്കുന്നു.

- കടല്പശുവിന്റെ തോല്അല്ലെങ്കില്ചര്മ്മം ദൈവ വചന കാലഘട്ടത്തിലെ ജനങ്ങള്കൂടാരങ്ങള്ഉണ്ടാക്കുവാനായി ഉപയോഗിച്ചു വന്നിരുന്നു. ഈ മൃഗങ്ങളുടെ ചര്മ്മം സമാഗമന കൂടാരം മൂടുവാനായി ഉപയോഗിച്ചു വന്നിരുന്നു.
- ഇതിനെ “കടല്പശു” എന്ന് വിളിക്കുവാന്ഉള്ള കാരണം, എന്തുകൊണ്ടെന്നാല്അത് പശുവിനെ പോലെ പുല്ലു തിന്നുന്നു, എന്നാല്മറ്റു യാതൊരു വിധത്തിലും പശുവുമായി സാമ്യം പുലര്ത്തുന്നില്ല.
- ഇതിനോട് സാമ്യം ഉള്ള മറ്റു മൃഗങ്ങള്“ദ്യൂഗോംഗ്” എന്നും “മനാറ്റീ” എന്നും അറിയപ്പെടുന്ന സ്രാവ് പോലെയുള്ള ജീവികള്ആകുന്നു.

(കാണുക: അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: സമാഗമന കൂടാരം)

## ദൈവ വചന സൂചികകള്:

- സംഖ്യാ പുസ്തകം 04:5-6
- സംഖ്യാ പുസ്തകം 04:12-14
- സംഖ്യാ പുസ്തകം 04:24-26

ചുരുള്ലഭിക്കുന്ന വ്യക്തി മുദ്ര പൊട്ടിക്കാത്ത നിലയില്കാണുമ്പോള്അത് ആരും തുറന്നിട്ടില്ല എന്ന് മനസ്സിലാക്കുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8476

# കട്ടിളക്കാല്

## നിര്വചനം:

“കട്ടിളക്കാല്” എന്നത് ക തകിന്റെ ഇരു വശങ്ങളിലുമായി, കതകു ചട്ടത്തിന്റെ മുകള്ഭാഗം താങ്ങുന്ന ഉള്ള ലംബമായ തൂണുകള് ആകുന്നു.

- മിസ്രയീമില് നിന്ന് ഇസ്രയേല്യര് രക്ഷപ്പെടുന്നതിനു ദൈവം സഹായിക്കുന്നതിന് തൊട്ടു മുന്പു, ദൈവം അവരോടു ഒരു കുഞ്ഞാടിനെ കൊല്ലുവാനും അതിന്റെ രക്തം എടുത്ത് കട്ടിളക്കാലിന്മേല് പൂശുവാനും നിര്ദേശിച്ചു.
- പഴയ നിയമത്തില്, ഒരു അടിമ തന്റെ ശിഷ്ട ആയുഷ്കാലം മുഴുവന് തന്റെ യജമാനനെ സേവിക്കുവാന് താല്പ്പര്യപ്പെട്ടാല് തന്റെ യജമാനന്റെ വീടിന്റെ കട്ടിളക്കാലില് തന്റെ ചെവി വെച്ച് ആണി കൊണ്ടു ചുറ്റികയാല് തുളക്കണം.
- ഇതു “കതകിന്റെ ഇരുവശങ്ങളിലും ഉള്ള മരത്തൂണ്” അല്ലെങ്കില് “ഒരു മരക്കതകിന്റെ ചട്ടക്കൂടിന്റെ വശങ്ങള്” അല്ലെങ്കില് “ഒരു കതകിന്റെ വശങ്ങളിലുള്ള മരത്തൂണുകള്” എന്നു പരിഭാഷപ്പെടുത്താം.

(കാണുക:മിസ്രയീം, പെസഹ)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്:31-32
- ആവര്ത്തനപുസ്തകം 11:20-21
- പുറപ്പാട് 12:5-8
- യെശ്ശയ്യാവ്57:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H352, H4201

# കഠിന പീഡനം, കഠിനമായി പീഡിപ്പിച്ചു, കഠിനമായി പീഡിപ്പിക്കുന്ന, കഠിനമായി പീഡിപ്പിക്കുന്നവര്

## വസ്തുതകള്:

"കഠിന പീഡനം" എന്നത് കഠിനമായ യാതനയെ സൂചിപ്പിക്കുന്നു. ഒരു വ്യക്തിയെ കഠിനമായി പീഡിപ്പിക്കുക എന്നതിന്റെ അര്ത്ഥം, ആ വ്യക്തിയെ ക്രൂരമായ രീതിയില്പീഡിപ്പിക്കുക എന്നാണ്.

- ചില സന്ദര്ഭങ്ങളില്"കഠിന പീഡനം" എന്ന പദം സൂചിപ്പിക്കുന്നത് ശാരീരിക വേദനയേയും കഷ്ടതയെയും ആണ്. ഉദാഹരണമായി, വെളിപ്പാട് പുസ്തകം വിവരിക്കുന്നത് "മൃഗത്തെ" ആരാധിക്കുന്നവര്അന്ത്യ കാലത്ത് ശാരീരിക പീഡനങ്ങള്അനുഭവിക്കേണ്ടി വരുമെന്നു ആകുന്നു. കഷ്ടത അനുഭവിക്കുക എന്നത് ആത്മീയമായും വികാരപരമായും ഉള്ള വേദന എന്ന രൂപത്തില് ഇയ്യോബ് അനുഭവിച്ചതു പോലെ എന്നും കാണാം.
- അപ്പോസ്തലനായ യോഹന്നാന്വെളിപ്പാട് പുസ്തകത്തില്എഴുതിയത് പോലെ യേശുവിനെ അവരുടെ രക്ഷകനായി വിശ്വസിക്കാത്തവര്അഗ്നിത്തടാകത്തില്നിത്യമായ പീഡനം അനുഭവിക്കേണ്ടി വരും.
- ഈ പദം "ഭയാനകമായ ദുരിതം" അല്ലെങ്കില്"ആരെയെങ്കിലും അതികഠിനമായ ദുരിതത്തില്ആക്കുക" അല്ലെങ്കില്"വേദനാജനകമായ" എന്നിങ്ങനെ പരിഭാഷ ചെയ്യാം. ചില പരിഭാഷകര്"ശാരീരികമായ" അല്ലെങ്കില്"ആത്മീയമായ" എന്നിങ്ങനെ അര്ഥം കൂടുതല്വ്യക്തം നല്കുവാനായി കൂട്ടിച്ചേര്ക്കാറുണ്ട്.

(കാണുക: മൃഗം, നിത്യമായ, ഇയ്യോബ്, രക്ഷകന്, ആത്മാവ്, ദുരിതം അനുഭവിക്കുക, ആരാധന)

## ദൈവ വചന സൂചികകള്:

- 2 പത്രോസ് 02:7-9
- യിരെമ്യാവ് 30:20-22
- വിലാപങ്ങള്01:11-12
- ലൂക്കോസ് 08:28-29
- വെളിപ്പാട് 11:10-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3013, G928, G929, G930, G931, G2558, G2851, G3600

# കഠിനമായ, കടുപ്പമേറിയ, ഏറ്റവും കഠിനമായ, കഠിനപ്പെട്ട, കഠിനപ്പെടുന്നു, കഠിനമാക്കപ്പെട്ട, കഠിനമാക്കുന്നു, കാഠിന്യം

## നിര്വചനം:

"കഠിനമായ" എന്ന പദത്തിനു സാഹചര്യം അനുസരിച്ച് നിരവധി വ്യത്യസ്ത അര്ഥങ്ങള് ഉണ്ട്. ഇത് സാധാരണയായി വളരെ വിഷമം ഉള്ള, നിര്ബന്ധ ബുദ്ധിയുള്ള, അല്ലെങ്കില് ഫലം ഉളവാക്കാത്ത എന്ന് വിശദീകരണം നല്കുന്നു.

- "കഠിന ഹൃദയന്", അല്ലെങ്കില് "നിര്ബന്ധ ബുദ്ധി ഉള്ളവന്" എന്ന് പിടിവാശിയോടെ മാനസ്സാന്തരപ്പെടാത്തവരെ കുറിച്ച് സൂചിപ്പിക്കുന്നു. ഈ പദപ്രയോഗങ്ങള്ദൈവത്തെ അനുസരിക്കാതെ ഇരിക്കുന്നതില്നിര്ബന്ധ ബുധിയുള്ളവരെ കുറിക്കുന്നു.
- "ഹൃദയ കാഠിന്യം" എന്നും "അവരുടെ ഹൃദയ കാഠിന്യം" എന്നും ഉള്ള ഉപമാന പദപ്രയോഗങ്ങളും പിടിവാശിയോടെ ഉള്ള അനുസരണം ഇല്ലായ്മയെ സൂചിപ്പിക്കുന്നു.
- ആരുടെയെങ്കിലും ഹൃദയം "കഠിനപ്പെട്ടിരിക്കുന്നു" എന്ന് പറയുമ്പോള്ആ വ്യക്തി അനുസരിക്കുവാന്വിസ്സമ്മതിക്കുന്നവനും പിടിവാശി യോടെ മാനസ്സാന്തരപ്പെടാതെ ഇരിക്കൂന്നവനും ആയിരിക്കുന്നു എന്നാണു അര്ത്ഥം നല്കുന്നത്.
- ഒരു ക്രിയവിശേഷണം ആയി "കഠിനമായി അധ്വാനിക്കുക" അല്ലെങ്കില്"കഠിനമായി പരിശ്രമിക്കുക" എന്നിവയില്എന്നപോലെ ഉപയോഗിക്കുമ്പോള്, അതിന്റെ അര്ത്ഥം എന്തെങ്കിലും പ്രവര്ത്തി ശക്തമായും അതീവ താല്പ്പര്യത്തോടും ചെയ്യുക, ഒരു പ്രവര്ത്തി വളരെ നന്നായി ചെയ്യുവാന്പരിശ്രമിക്കുക എന്ന് അര്ത്ഥം നല്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്

- "കഠിനം" എന്ന പദം "വിഷമകരമായ" അല്ലെങ്കില്"കടുപ്പമുള്ള" അല്ലെങ്കില്"വെല്ലുവിളിയുള്ള" എന്നിങ്ങനെ സാഹചര്യം അനുസരിച്ച് പരിഭാഷ ചെയ്യാവുന്നത് ആകുന്നു.
- "കാഠിന്യം" അല്ലെങ്കില്"ഹൃദയ കാഠിന്യം" അല്ലെങ്കില്"കഠിന ഹൃദയം" എന്നീ പദങ്ങള്"വഴങ്ങാത്ത" അല്ലെങ്കില്"പിടിവാശിയോടെയുള്ള നിഷേധം" അല്ലെങ്കില്"നിഷേധാത്മക മനോഭാവം" അല്ലെങ്കില് "പിടിവാശിയോടെയുള്ള അനുസരണക്കേട്" അല്ലെങ്കില്"പിടിവാശിയോടെ മാനസ്സാന്തരപ്പെടാതെ ഇരിക്കുക" എന്നു പരിഭാഷ ചെയ്യാവുന്നതാണ്.
- "കഠിനപ്പെട്ട" എന്ന പദം "പിടിവാശിയോടെ മാനസ്സന്തരപ്പെടാതെ ഇരിക്കുക" അല്ലെങ്കില്"അനുസരിക്കുവാന്നിഷേധിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാവുന്നതാണ്.
- "നിങ്ങളുടെ ഹൃദയം കഠിനപ്പെടരുത്" എന്നത് "മാനസ്സാന്തരപ്പെടുവാന്വിസ്സമ്മതം കാണിക്കരുത്" അല്ലെങ്കില്"പിടിവാശിയോടെ അനുസരണ ക്കേട്പ്രകടിപ്പിച്ചു കൊണ്ട് തുടരുത്" എന്ന് പരിഭാഷ ചെയ്യാം.
- "നിര്ബന്ധ ബുദ്ധിയുള്ള" അല്ലെങ്കില്"കഠിന ഹൃദയമുള്ള" എന്നിവ പരിഭാഷ ചെയ്യുവാന്"പിടിവാശിയോടെ മാനസ്സാന്തരപ്പെടാത്തവന്" അല്ലെങ്കില്"തുടര്മാനമായി അനുസരിക്കാത്തവന്" അല്ലെങ്കില്"മാനസ്സാന്തരപ്പെടുവാന്വിസ്സമ്മതിക്കുന്നവന്" അല്ലെങ്കില്"എപ്പോഴും മത്സരിക്കുന്നവന്" എന്നിവയും ഉള്പ്പെടുത്താം.
- "കഠിനമായി അധ്വാനിക്കുക' അല്ലെങ്കില്"കഠിനമായി പരിശ്രമിക്കുക" മുതലായ പദപ്രയോഗങ്ങള്"സ്ഥിരോല്സാഹത്തോടെ" അല്ലെങ്കില്"ശുഷ്കാന്തിയോടെ" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- എതിരായി ബലം പ്രയോഗിക്കുക" എന്ന പദ പ്രയോഗം "ശക്തിയോടെ തള്ളിമാറ്റുക" അല്ലെങ്കില്എതിരായി ബലം പ്രയോഗിക്കുക' എന്നിങ്ങനെ പരിഭാഷ ചെയ്യാവുന്നതാണ്.
- "കഠിനമായ അധ്വാനത്താല്ജനത്തെ പീഡിപ്പിക്കുക'' എന്നത് "ജനം നന്നായി കഷ്ടത അനുഭവിക്കേണ്ടതിനു അവരെ കഠിനമായി അദ്ധ്വാനിക്കുവാന്ഹേമിക്കുക" അല്ലെങ്കില് "വളരെ പ്രയാസമേറിയ പ്രവര്ത്തി ചെയ്യുവാന്ജനത്തെ ഹേമിച്ചു അവര്ക്ക് ദുരിതം വരുത്തുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഒരു വ്യത്യസ്തമായ "കഠിനമായ ഈറ്റുനോവ്" ഒരു സ്ത്രീ കുഞ്ഞിനെ പ്രസവിക്കുന്നതിനോട് അനുബന്ധിച്ച് അനുഭവിക്കുന്നു.

(കാണുക: അനുസരിക്കാതിരിക്കുക, തിന്മ, ഹൃദയം, ഈറ്റുനോവ്, മര്ക്കട മുഷ്ടിക്കാരന്)

## ദൈവ വചന സൂചികകള്:

- 2 കൊരിന്ത്യര്11:22-23
- ആവര്ത്തന പുസ്തകം 15:7-8
- പുറപ്പാട് 14:4-5

- എബ്രായര്04:6-7
- യോഹന്നാന്12:39-40
- മത്തായി 19:7-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H280, H386, H553, H1692, H2388, H2389, H2420, H2864, H3021, H3332, H3513, H3515, H3966, H4165, H4522, H5450, H5539, H5564, H5646, H5647, H5797, H5810, H5980, H5999, H6089, H6277, H6381, H6635, H7185, H7186, H7188, H7280, H8068, H8307, H8631, G917, G1419, G1421, G1422, G1423, G1425, G2205, G2532, G2553, G2872, G2873, G3425, G3433, G4053, G4183, G4456, G4457, G4641, G4642, G4643, G4645, G4912, G4927

# കഠിനാദ്ധ്വാനം, കഠിനാദ്ധ്വാനം ചെയ്യുന്നു, കഠിനാദ്ധ്വാനം ചെയ്യുന്നു, കഠിനമായി അദ്ധ്വാനിക്കുന്നവന്, അദ്ധ്വാനിക്കുന്നവര്

## നിര്വചനം:

"കഠിനാദ്ധ്വാനം" എന്ന പദം ഏതൊരു തരത്തില്ഉള്ള കഠിനമായ പ്രവര്ത്തിയേയും സൂചിപ്പിക്കുന്നു.

- പൊതുവായി,കഠിനാദ്ധ്വാനം എന്നത് വളരെ ശക്തി ഉപയോഗിച്ചു ചെയ്യുന്ന ദൌത്യം ആകുന്നു. ഇത് സാധാരണയായി ദൌത്യം ദുഷ്കരമായ ഒന്ന് ആണെന്ന് സൂചിപ്പിക്കുന്നു.
- ഒരു അധ്വാനിക്കുന്ന ആള്എന്ന് പറയുന്നത് ഏതു തരത്തില്ഉള്ള കൂലി വേലയും ചെയ്യുന്ന ആയിരിക്കും.
- ആംഗലേയ ഭാഷയില്, "ലേബര്" എന്ന പദം കുഞ്ഞിനെ പ്രസവിക്കുന്ന പ്രക്രിയയുടെ ഒരു ഭാഗത്തിനു ഉപയോഗിക്കുന്നു. ഇതര ഭാഷകളില്ഇതിനു തികെച്ചും വ്യത്യസ്തമായ പദം ഉണ്ടായിരിക്കാം.
- "കഠിനാദ്ധ്വാനം" എന്ന പദം പരിഭാഷ ചെയ്യുവാന്"ജോലി", അല്ലെങ്കില്"കഠിനമായ അധ്വാനം" അല്ലെങ്കില്"പ്രയാസം ഉള്ള ജോലി" അല്ലെങ്കില്"കഠിനമായി അധ്വാനിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: കഠിനമായ, പ്രസവ വേദന)

## ദൈവ വചന സൂചികകള്:

- 1 തെസ്സലോനിക്യര്:7-9
- 1 തെസ്സലോനിക്യര്:4-5
- ഗലാത്യര്04:10-11
- യാക്കോബ് 05:4-6
- യോഹന്നാന്:37-38
- ലൂക്കോസ് 10:1-2
- മത്തായി 10:8-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H213, H3018, H3021, H3022, H3023, H3205, H5447, H4522, H4639, H5445, H5647, H5656, H5998, H5999, H6001, H6089, H6468, H6635, G75, G2038, G2040, G2041, G2872, G2873, G4704, G4866, G4904, G5389

# കന്യക, കന്യകമാര്, കന്യാകത്വം

## നിര്വചനം:

ഒരു കന്യക എന്നത് ഒരിക്കലും ലൈംഗിക ബന്ധത്തില് ഇടപെട്ടിട്ടില്ലാത്ത ഒരു സ്ത്രീ ആകുന്നു.

- പ്രവാചകനായ യെശ്ശയ്യാവ് പ്രസ്താവിച്ചത് മശീഹ ഒരു കന്യകയില് നിന്നും ജനിക്കും എന്നായിരുന്നു.
- യേശുവിനെ ഗര്ഭം ധരിച്ചിരുന്ന സമയം മറിയ ഒരു കന്യക ആയിരുന്നു.

അവനു ഒരു മാനുഷിക പിതാവ് ഇല്ലായിരുന്നു.

- ചില ഭാഷകളില് ഒരു കന്യക എന്ന പദം സൂചിപ്പിക്കുന്നതിന് സാമാന്യ രീതിയില് ഉള്ള ശൈലി ഇല്ലാതെ ഇരിക്കാം. (കാണുക: ഭാവ്യോക്തി)

(കാണുക: [ക്രിസ്തു, യെശ്ശയ്യാവ്, യേശു, മറിയം

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 24:15-16
- ലൂക്കോസ് 01:26-29
- ലൂക്കോസ് 01:34-35
- മത്തായി 01:22-23
- മത്തായി 25:1-4

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **21:09** പ്രവാചകനായ യെശ്ശയ്യാവ് പ്രവചിച്ചു പറഞ്ഞത് എന്തെന്നാല് മശീഹ ഒരു **കന്യകയില്** നിന്ന് ഭൂജാതന് ആകും എന്നായിരുന്നു.
- **22:04** അവള് (മറിയ) ഒരു **കന്യക** ആയിരുന്നു, അവള് യോസേഫ് എന്ന് പേരുള്ള ഒരു മനുഷ്യന് വിവാഹത്തിനായി നിശ്ചയം ചെയ്തിരുന്നു.
- **22:05** മറിയ മറുപടിയായി പറഞ്ഞത്, "ഇത് എപ്രകാരം സാധ്യമാകും, ഞാന്ഒരു **കന്യക** ആയിരിക്കുന്നുവല്ലോ?"
- **49:01** ഒരു ദൂതന്മറിയ എന്ന പേരുള്ള **കന്യകയോട്** പറഞ്ഞത് അവള് ഗര്ഭം ധരിച്ചു ദൈവപുത്രന് ജന്മം നല്കും എന്നായിരുന്നു. ആയതുകൊണ്ട് അവള് **കന്യക** ആയിരിക്കുമ്പോള് തന്നെ, ഒരു മകന് ജന്മം നല്കുകയും അവനു യേശു എന്ന് പേര് ഇടുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1330, H1331, H5959, G3932, G3933

# കരം, കരങ്ങള്, ഏല്പ്പിക്കുക,ഏല്പ്പിച്ചു, ഏല്പ്പിക്കല്, നേരിട്ട് ഏല്പ്പിക്കുക, കൈയേറ്റം ചെയ്യുക, കൈവെപ്പു നടത്തുക, വലതു കരം, വലതു കരങ്ങള്, കയ്യില്നിന്നും

## നിര്വചനം:

ദൈവ വചനത്തില്"കരം" എന്ന പദം വിവിധ ഉപമാന രീതികളില് ഉപയോഗിച്ചിരിക്കുന്നത് കാണുവാന് സാധിക്കും.

- ആരെയെങ്കിലും എന്തെങ്കിലും "ഏല്പ്പിക്കുക" എന്നതിന്റെ അര്ത്ഥം എന്തെങ്കിലും ആ വ്യക്തിയുടെ കൈകളില് ഏല്പ്പിക്കുക എന്നാണ്.
- "കരം" എന്ന പദം സാധാരണയായി "എന്റെ കരമല്ലയോ ഇവയൊക്കെയും നിര്മ്മിച്ചത്?" എന്ന് ദൈവം പറയുന്ന പ്രകാരം ദൈവത്തിന്റെ അധികാരവും പ്രവര്ത്തിയും സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു. (കാണുക:കാവ്യാലങ്കാരം)
- "ഏല്പ്പിക്കുക" അല്ലെങ്കില്"കൈകളില്ഏല്പ്പിച്ചു കൊടുക്കുക" എന്നിങ്ങനെ ഒരു വ്യക്തിയെ വേറൊരു വ്യക്തിയുടെ നിയന്ത്രണത്തിലോ വിധേയത്വത്തിലോ ആക്കുക എന്ന് സൂചിപ്പിക്കുന്നു.
- "കരം" എന്നുള്ളതിന് ഉള്ള വേറെ ചില ഉപമാന പ്രയോഗങ്ങള്:
- "കയ്യേറ്റം ചെയ്യുക" എന്നതിന്റെ അര്ത്ഥം "ഉപദ്രവിക്കുക" എന്നാണ്.
- "കയ്യില്നിന്നും രക്ഷിക്കുക" എന്നതിനു ഒരാളെ തന്നെ ഉപദ്രവിക്കുന്ന വ്യക്തിയുടെ കയ്യില്നിന്നും രക്ഷിക്കുക എന്ന് അര്ത്ഥം നല്കുന്നു.
- "വലത്ത് ഭാഗത്ത്" എന്ന് സ്ഥാനത്തെ കുറിക്കുമ്പോള് അര്ത്ഥമാക്കുന്നത് "വലതു വശത്ത്" അല്ലെങ്കില് "വലത്തേക്ക്" എന്ന് അര്ത്ഥം നല്കുന്നു.
- ഒരുവന്റെ "കരത്താല്" എന്ന പദപ്രയോഗം അര്ത്ഥമാക്കുന്നത് ആ "വ്യക്തിയാല്" അല്ലെങ്കില്"മുഖാന്തിരം" എന്ന് അര്ത്ഥം നല്കുന്നു. ഉദാഹരണമായി, "കര്ത്താവിന്റെ കരത്താല്" എന്നുള്ളത് കര്ത്താവാണ് കാര്യം സംഭവിക്കുന്നതിന് കാരണഭൂതന് എന്ന് അര്ത്ഥം നല്കുന്നു.
- ഒരുവന്റെ മേല്കൈകള്വെക്കുക എന്നതു സാധാരണയായി അ വ്യക്തിക്ക് ഒരു അനുഗ്രഹം നേരുക എന്നാണു അര്ത്ഥം നല്കുന്നത്.
- "കൈകള്വെക്കുക" എന്ന പദസഞ്ചയം സൂചിപ്പിക്കുന്നത് ഒരു വ്യക്തിയെ ദൈവത്തിന്റെ സേവക്കായി സമര്പ്പിക്കുന്നതിനോ രോഗസൌഖ്യത്തിനായി പ്രാര്ഥിക്കുന്നതിനോ വേണ്ടി കരങ്ങള് വെക്കുന്നതിനെ സൂചിപ്പിക്കുന്നു.
- പൌലോസ് പറയുമ്പോള്"എന്റെ കയ്യാല് എഴുതപ്പെട്ട" എന്നത് അര്ത്ഥമാക്കുന്നത് ലേഖനത്തിന്റെ ഈ ഭാഗം അക്ഷരീകമായി തന്റെ സ്വന്ത കൈകളാല് തന്നെ എഴുതിയതാണ്, മറിച്ച് ആരോടെങ്കിലും പറഞ്ഞിട്ട് അദ്ദേഹം ഇത് എഴുതിയതല്ല എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദപ്രയോഗങ്ങളും ഇതര സംഭാഷണ ശൈലികളും ഇതേ അര്ത്ഥം തന്നെ നല്കുന്ന മറ്റുള്ള ഉപമാന പദപ്രയോഗങ്ങള് ഉപയോഗിച്ചു പരിഭാഷ ചെയ്യാം. അല്ലെങ്കില് അതിന്റെ അര്ത്ഥം നേരിട്ടുള്ള, അക്ഷരീക ഭാഷ ഉപയോഗിച്ചു പരിഭാഷ ചെയ്യാം (മുകളില്ഉള്ള ഉദാഹരണങ്ങള്കാണുക)
- "ചുരുള്ഏല്പ്പിച്ചു" എന്ന പദപ്രയോഗം "തന്റെ പക്കല് ചുരുള് കൊടുത്തു" അല്ലെങ്കില് "ചുരുള് തന്റെ കൈകളില് നല്കി" എന്നിങ്ങനെയും പരിഭാഷ ചെയ്യാം. ഇത് തന്റെ പക്കല്സ്ഥിരമായി കൈവശം വെക്കേണ്ടതിനായി നല്കിയ തല്ല, പ്രത്യുത ആ പ്രത്യേക സമയത്ത് ഉപയോഗിക്കേണ്ടതിനായി നല്കിയതാണ്.
- "ദൈവത്തിന്റെ കരം ഇത് പ്രവര്ത്തിച്ചു" എന്നതില് ഉള്ളതു പോലെ "കരം" എന്നത് ഒരു വ്യക്തിയുമായി സൂചിപ്പിക്കുമ്പോള്, "ദൈവം ഇത് പ്രവര്ത്തിച്ചു" എന്ന് പരിഭാഷ ചെയ്യാം.
- "അവരുടെ ശത്രുക്കളുടെ കയ്യില് അവരെ ഏല്പ്പിച്ചു കൊടുത്തു" അല്ലെങ്കില് "അവരുടെ ശത്രുക്കളുടെ പക്കല് അവരെ ഏല്പ്പിച്ചു കൊടുത്തു" പോലുള്ള പദപ്രയോഗങ്ങള്, "അവരുടെ ശത്രുക്കള് അവരെ ജയിക്കുവാന് അനുവദിച്ചു" അല്ലെങ്കില് അവരുടെ ശത്രുക്കളാല് അവര് പിടിക്കപ്പെടേണ്ടതിനു ഇടയാക്കി" അല്ലെങ്കില് "അവരുടെമേല് നിയന്ത്രണം സാധ്യമാകേണ്ടതിനു അവരുടെ ശത്രുക്കളെ അധികാരം ഉള്ളവരാക്കി" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "കൈകളാല് മരിക്കുക" എന്നത് "ആല് കൊല്ലപ്പെടുക" എന്ന് പരിഭാഷ ചെയ്യാം.
- "വലതു കൈ വശത്ത്" എന്ന പദപ്രയോഗം "വലത്ത് വശത്ത്" എന്ന് പരിഭാഷ ചെയ്യാവുന്നതാണ്.
- യേശുവിനോടുള്ള ബന്ധത്തില്, "ദൈവത്തിന്റെ വലത്തു ഭാഗത്ത് ഇരുന്നു" എന്നുള്ളത് ഈ ഭാഷയില്ഉയര്ന്ന ബഹുമാന്യ സ്ഥാനത്ത് തുല്യ അധികാരത്തോടെ എന്നുള്ള ആശയം നല്കുന്നില്ല എങ്കില്, ഈ അര്ത്ഥം നല്കുന്ന ഒരു വ്യത്യസ്ത പദ പ്രയോഗം ഉപയോഗിക്കാം. അല്ലെങ്കില്ഒരു ലഘു വിവരണം ഇപ്രകാരം കൂട്ടി ചേര്ക്കാം: "ദൈവത്തിന്റെ വലത്ത് ഭാഗത്ത്, ഏറ്റവും ഉന്നതമായ അധികാരത്തോടെ."

(കാണുക:എതിരാളി, അനുഗ്രഹിക്കുക, ബന്ധനസ്ഥന്, ബഹുമാനം, അധികാരം)

## ദൈവ വചന സൂചികകള്:

- അപ്പോ.07:22-25
- അപ്പോ.08:14-17
- അപ്പോ.11:19-21
- ഉല്പ്പത്തി 09:5-7
- ഉല്പ്പത്തി 14:19-20
- യോഹന്നാന്03:34-36
- മര്ക്കോസ് 07:31-32
- മത്തായി 06:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H405, H2026, H2651, H2947, H2948, H3027, H3028, H3225, H3231, H3233, H3709, H7126, H7138, H8040, H8042, H8168, G710, G1188, G1448, G1451, G1764, G2021, G2092, G2176, G2902, G4084, G4474, G4475, G5495, G5496, G5497

# കരടി, കരടികള്

## നിര്വചനം

കരടി ഒരു വലിയ, നാലുകാലുള്ള ശൌര്യമുള്ള തവിട്ടുനിറമുള്ള അല്ലെങ്കില്കറുപ്പ് നിറ രോമമുള്ള, കൂര്ത്ത പല്ലുകളും നഖവുമുള്ള മൃഗമാണ്. ദൈവവചന കാലഘട്ടത്തില്ഇസ്രയേലില്കരടികള്സര്വസാധാരണമായിരുന്നു.

- ഈ മൃഗങ്ങള്വനങ്ങളിലും മലമ്പ്രദേശങ്ങളിലും ജീവിക്കുന്നു; അവ മത്സ്യം, ചെറുപ്രാണികള്, സസ്യങ്ങള്ആദിയായവ ഭക്ഷിക്കുന്നു.
- പഴയനിയമത്തില്, കരടി ശക്തിയുടെ അടയാളമായി ഉപയോഗിച്ചിരുന്നു.
- ആടുകളെ പരിപാലിച്ചുകൊണ്ടിരിക്കുമ്പോള്, ഇടയനായ ദാവീദ് കരടിയുമായി പോരാടി അതിനെ തോല്പ്പിച്ചു.
- വനത്തില്നിന്നു രണ്ടു കരടികള്പുറപ്പെട്ടുവന്നു എലീശപ്രവാചകനെ പരിഹ സിച്ച യുവാക്കളുടെ കൂട്ടത്തെ ആക്രമിച്ചു.

(കാണുക: ദാവീദ്, എലീശ)

## ദൈവവചന സൂചികകള്:

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1677, G715

# കരയുക, കരയുന്നു, കരഞ്ഞു, കരയുന്നു, ഉറക്കെ കരയുക, ഉറക്കെ കരയുന്നു, ഉറക്കെ കരഞ്ഞു, കോലാഹലം, കോലാഹലമുണ്ടാക്കുന്നു

## നിര്വചനം:

“കരയുക” അല്ലെങ്കില്“ഉറക്കെ കരയുക” എന്നീ പദങ്ങള്സാധാരണ യായി എന്തെങ്കിലും ഉറക്കെയും അത്യാവശ്യമായും പറയുന്നതിനെ സൂചിപ്പിക്കുന്നു. ഒരു വ്യക്തിക്ക് വേദനയാലോ, സങ്കടത്താലോ, കോപത്താലോ “ഉറക്കെ കരയാം”. "ഉറക്കെ കരയുക”എന്ന പദസഞ്ചയം അര്ത്ഥമാക്കുന്നത് സഹായാഭ്യ ര്ത്ഥനയോടെ ശബ്ദമുണ്ടാക്കുക അല്ലെങ്കില്ഉറക്കെ വിളിക്കുക എന്നാണ്.

- ഈ പദം “ഉറക്കെ ആര്ത്തുവിളിക്കുക” അല്ലെങ്കില്“അത്യാവശ്യമായി സഹായത്തിനായി അപേക്ഷിക്കുക” എന്നൊക്കെ സാഹചര്യത്തിനനുസ്യ തമായി പരിഭാഷ ചെയ്യാം.
- “ഞാന്നിങ്ങളോട് കരഞ്ഞു”എന്നത് “ഞാന്സഹായത്തിനായി നിങ്ങളെ വിളിച്ചു” അല്ലെങ്കില്“ഞാന്അത്യാവശ്യമായി സഹായത്തിനായി നിങ്ങളോട് അപേക്ഷിച്ചു” എന്നു പരിഭാഷപ്പെടുത്താം.

(കാണുക:വിളിക്കുക, അഭ്യര്ത്ഥിക്കുക)

## ദൈവവചന സൂചികകള്:

- ഇയ്യോബ് 27:8-10
- മര്ക്കോസ് 05:5-6
- മര്ക്കോസ് 06:48-50
- സങ്കീര്ത്തനങ്ങള്022:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H603, H1058, H2199, H2201, H6030, H6463, H6670, H6682, H6817, H6818, H6873, H6963, H7121, H7123, H7321, H7440, H7442, H7723, H7737, H7768, H7769, H7771, H7773, H7775, H8173, H8663, G310, G349, G863, G994, G995, G1916, G2019, G2799, G2805, G2896, G2905, G2906, G2929, G4377, G5455

# കര്ത്താവ്, വിഷയങ്ങള്, കീഴ്പ്പെടുത്തപ്പെട്ട, കീഴ്പ്പെട്ട, കീഴ്പ്പെട്ടിരിക്കുക, കീഴ്പ്പെടല്, കീഴ്പ്പെടുക, കീഴ്പ്പെട്ടിരിക്കുന്നു, കീഴ്പ്പെട്ടിരുന്നു, കീഴ്പ്പെട്ടിരുന്നു, കീഴ്പ്പെട്ടിരിക്കുന്ന

## വസ്തുതകള്:

രണ്ടാമത്തേ വ്യക്തി ആദ്യത്തെ വ്യക്തിയുടെ മേല്ആധിപത്യം പുലര്ത്തുന്നുവെങ്കില്ആ വ്യക്തി മറ്റേ വ്യക്തിക്ക് "കര്ത്താവ്" ആകുന്നു. "കീഴ്പ്പെട്ടു ഇരിക്കുക" എന്നാല്"അനുസരിക്കുക" അല്ലെങ്കില്അധികാരത്തിനു സമര്പ്പിതന്ആയിരിക്കുക" എന്നാണ് അര്ത്ഥം.

- "വിധേയപ്പെടുത്തുക" എന്നത് "ജനത്തെ ഒരു നേതാവിന്റെ അല്ലെങ്കില്ഒരു ഭരണാധികാരിയുടെ അധികാരത്തിന്കീഴ്ആക്കുക" എന്നാണ് അര്ത്ഥം.
- "ആരെയെങ്കിലും എന്തിനെങ്കിലും കീഴ്പ്പെടുത്തുക" എന്നതിന്റെ അര്ത്ഥം ആ വ്യക്തിയെ എന്തെങ്കിലും നിഷേധാത്മകമായ, ശിക്ഷ പോലെയുള്ളവയ്ക്ക് അനുഭവസ്ഥന്ആക്കുക എന്നാണ് അര്ത്ഥം.
- "ചില സന്ദര്ഭങ്ങളില്"വിഷയം" എന്ന പദം ഒരു പാഠത്തിന്റെ അല്ലെങ്കില്എന്തിന്റെ എങ്കിലും ലക്ഷ്യത്തിന്റെ, അതായത് "നിങ്ങള്പരിഹാസത്തിന്റെ വിഷയമായി തീരും" എന്നുള്ളതില്ഉള്ളത് പോലെ ആയിരിക്കും.
- "വിധേയപ്പെട്ടിരിക്കുക" എന്ന പദസഞ്ചയത്തിനു "കീഴ്പ്പെട്ടിരിക്കുക" അല്ലെങ്കില്"കീഴ്പ്പെടുത്തുക" എന്നതിന് സമാനമായ അര്ത്ഥം ആണ് ഉള്ളത്

(കാണുക: വിധേയപ്പെടുക)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്02:14-16
- 1 രാജാക്കന്മാര്04:5-6
- 1 പത്രോസ് 02:18-20
- എബ്രായര്02:5-6
- സദൃശവാക്യങ്ങള്12:23-24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1697, H3533, H3665, H4522, H5647, H5927, G350, G1379, G1396, G1777, G3663, G5292, G5293

# കലപ്പ, ഉഴുക, ഉഴവു ചെയ്തു, ഉഴുതുന്ന, കലപ്പകൾ, ഉഴവുകാരൻ, ഉഴവുകാർ, കലപ്പയുടെ കൊഴു, ഉഴവു ചെയ്യാത്ത

## നിർവചനം:

“കലപ്പ” എന്നത് ഒരു നിലം കൃഷിക്ക് ഉപയുക്തം ആകുമാറു നിലം കീറി മുറിച്ചു അനുയോജ്യം ആക്കുന്നതിനായി ഉപയോഗിക്കുന്ന ഒരു കൃഷി ആയുധം ആകുന്നു.

- കലപ്പകൾക്ക് മൂർച്ചയുള്ള, കൂർത്ത ശൂലം പോലെ മുനയുള്ള ഭാഗം കീറുവാൻതക്കവിധം ഉണ്ട്. കലപ്പയെ നയിക്കുവാൻഉള്ള കൈപ്പിടികൾഉപയോഗിച്ചു സാധാരണയായി കൃഷിക്കാരൻകലപ്പ ഉപയോഗിക്കുന്നു.
- ദൈവ വചന കാലഘട്ടങ്ങളിൽ, കലപ്പകൾസാധാരണയായി ഒരു ജോഡി കാളകൾഅല്ലെങ്കിൽഇതര മൃഗങ്ങൾഉപയോഗിച്ചു പ്രവർത്തിക്കുന്നു.
- മിക്കവാറും കലപ്പകൾമൂർച്ചയുള്ള ഭാഗങ്ങൾപിച്ചള, അല്ലെങ്കിൽഇരുമ്പു പോലെയുള്ള ലോഹങ്ങൾകൊണ്ട് നിർമ്മിച്ച്, ഒഴികെയുള്ള ഭാഗം ഘനമുള്ള മരം ഉപയോഗിച്ചു നിർമ്മിക്കുന്നു.

(കാണുക: [പിച്ചള, കാള)

## ദൈവ വചന സൂചികകൾ:

- 1 ശമുവേൽ08:10-12
- ആവർത്തനപുസ്തകം 21:3-4
- ലൂക്കോസ് 09:61-62
- ലൂക്കോസ് 17:7-8
- സങ്കീർത്തനം 141:5-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H406, H855, H2758, H2790, H5215, H5647, H5656, H5674, H6213, H6398, G722, G723

# കള്ള പ്രവാചകന്, കള്ള പ്രവാചകന്മാര്

## നിര്വചനം:

കള്ള പ്രവാചകന്എന്ന വ്യക്തി താന്പറയുന്ന സന്ദേശം ദൈവത്തില്നിന്നുള്ളതാണെന്ന് തെറ്റായി അവകാശ വാദം ഉന്നയിക്കുന്നവന്ആണ്.

- കള്ള പ്രവാചകന്മാരുടെ പ്രവചനങ്ങള്സാധാരണയായി നിറവേറാറില്ല. അതായത്, അവ സത്യമായി തീരാറില്ല.
- കള്ള പ്രവാചകന്മാര്ഭാഗികമായോ പൂര്ണമായോ ദൈവവചനം അനുശാസിക്കുന്നതിനു വിരുദ്ധമായ ദൂതുകള്പഠിപ്പിക്കുന്നു.
- ഈ പദം "ദൈവത്തിന്റെ സന്ദേശ വക്താവ് താന്ആണെന്ന് വ്യാജ മായി അവകാശപ്പെടുന്നവന്" അല്ലെങ്കില്"ദൈവത്തിന്റെ വചനങ്ങള്വ്യാജമായി പ്രഖ്യാപിക്കുന്ന ഒരുവന്എന്നു പരിഭാഷപ്പെടുത്താം.
- അന്ത്യകാലത്ത്അവര്ദൈവത്തിങ്കല്നിന്ന് വന്നവര്എന്നു ജനം ചിന്തിക്ക തക്കവിധം അവരെ വഞ്ചിക്കുന്ന കള്ള പ്രവാചകന്മാര്നിരവധി പേര്ഉണ്ടാകും എന്നു പുതിയ നിയമം പഠിപ്പിക്കുന്നു.

(കാണുക:നിറവേറുക, പ്രവാചകന്, സത്യം)

## ദൈവ വചന സൂചികകള്:

- 1 യോഹന്നാന്04:1-3
- 2 പത്രോസ് 02:1-3
- അപ്പോ.പ്രവര്ത്തികള്13:6-8
- ലൂക്കോസ് 06:26
- മത്തായി 07:15-17
- മത്തായി 24:23-25

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G5578

# കള്ളന്, കള്ളന്മാര്, കവര്ച്ച, കവര്ച്ച ചെയ്യുന്നു, കവര്ച്ച ചെയ്തു, കവര്ച്ചക്കാരന്, കവര്ച്ചക്കാര്, കവര്ച്ച, കവര്ച്ച ചെയ്യല്

## വസ്തുതകള്:

“കള്ളന്” എന്ന പദം മറ്റുള്ള ജനത്തില്നിന്നും പണമോ വസ്തുവോ മോഷ്ടിക്കുന്ന വ്യക്തിയെ സൂചിപ്പിക്കുന്നു. “കള്ളന്” എന്നുള്ളതിന്റെ ബഹുവചന രൂപം “കള്ളന്മാര്” എന്നാകുന്നു. “കവര്ച്ചക്കാരന്” എന്ന പദം സാധാരണയായി താന്ആരില്നിന്നും മോഷ്ടിക്കുന്നുവോ ആ വ്യക്തിയെ ശാരീരികമായി ഉപദ്രവിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നവന്എന്ന് സൂചിപ്പിക്കുന്നു.

- കവര്ച്ചക്കാരാല്ആക്രമിക്കപ്പെട്ട ഒരു യഹൂദനായ മനുഷ്യന്റെ സംരക്ഷണ ദൌത്യം ഏറ്റെടുത്ത ഒരു ശമര്യക്കാരനെ കുറിച്ചുള്ള ഉപമ യേശു പറഞ്ഞു. കവര്ച്ചക്കാര്ആ യഹൂദ മനുഷ്യനെ അടിക്കുകയും മുറിവേല്പ്പിക്കുകയും അതിനു മുന്പേ തനിക്കുള്ള പണവും വസ്ത്രങ്ങളും മോഷ്ടിക്കുകയും ചെയ്തു. കള്ളന്മാരും കവര്ച്ചക്കാരും ഇരു കൂട്ടരും പെട്ടെന്ന് ആരും പ്രതീക്ഷിക്കാത്ത സമയത്ത് മോഷ്ടിക്കുവാനായി കടന്നു വരികയും ചെയ്യുന്നു. സാധാരണയായി അവര്അന്ധകാരത്തിന്റെ മറവിനെ അവര്ചെയ്യുന്നതിനെ മറയ്ക്കുവാന്വേണ്ടി ഉപയോഗിക്കുന്നു.
- ഒരു ഉപമാന രൂപത്തില്, പുതിയ നിയമം സാത്താനെ മോഷ്ടിക്കുവാനും, കൊല്ലുവാനും, നശിപ്പിക്കുവാനുമായി വരുന്ന കള്ളന്എന്ന് വിശദീകരിക്കുന്നു. ഇതിന്റെ അര്ത്ഥം എന്തെന്നാല്പിശാചിന്റെ പദ്ധതി ദൈവത്തെ അനുസരിക്കുന്നതില്നിന്നും ദൈവത്തിന്റെ ജനത്തെ തടുത്തു നിര്ത്തുവാന്ശ്രമിക്കുക എന്നുള്ളതാണ്. ഇത് ചെയ്യുന്നതില്അവന്വിജയിച്ചാല് ദൈവം അവര്ക്കായി ചിന്തിച്ചിരുന്ന നല്ല കാര്യങ്ങള്എല്ലാം അവരില് നിന്നും മോഷ്ടിക്കുകയായിരിക്കും സാത്താന്ചെയ്യുക.
- യേശു തന്റെ മടങ്ങി വരവിന്റെ അപ്രതീക്ഷത വേളയെ ഒരു കള്ളന്ജനത്തില്നിന്നും മോഷ്ടിക്കുവാനായി അപ്രതീക്ഷിതമായി കടന്നു വരുന്നതിനോട് താരതമ്യം ചെയ്തിരിക്കുന്നു. ജനം പ്രതീക്ഷിക്കാതെ ഇരിക്കുന്ന സമയത്ത് ഒരു കള്ളന്വരുന്നത് പോലെ, ജനം പ്രതീക്ഷിക്കാതെ ഇരിക്കുന്ന സമയത്ത് യേശുവും കടന്നു വരും.

(കാണുക: അനുഗ്രഹിക്കുക, കുറ്റം, ക്രൂശിക്കുക, അന്ധകാരം, നാശകന്, അധികാരം, ശമര്യ, സാത്താന്)

## ദൈവ വചന സൂചികകള്:

- [2 പത്രോസ് 03:10
- ലൂക്കോസ് 12:33-34
- മര്ക്കോസ് 14:47-50
- സദൃശവാക്യങ്ങള്05:30-31
- വെളിപ്പാട് 03:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1214, H1215, H1416, H1589, H1590, H1980, H6530, H6782, H7703, G727, G1888, G2417, G2812, G3027

# കഴുകന്, കഴുകന്മാര്

## നിര്വചനം:

കഴുകന് എന്നത് വളരെ വലുപ്പം ഉള്ളതും ഇരപിടിക്കുനതും ചെറിയ മൃഗങ്ങളായ മത്സ്യം, എലി, പാമ്പുകള്, കോഴി മുതലായവയെ ഭക്ഷിക്കുന്നതും ആകുന്നു.

- ഒരു കഴുകന് വളരെ വേഗത്തിലും പെട്ടെന്നും താഴോട്ടു കുതിച്ചു ഇര പിടിക്കുന്നത് പോലെ ഒരു സൈന്യത്തിന്റെ വേഗത്തെയും ശക്തിയെയും താരതമ്യം ചെയ്യുന്നു.
- യെശ്ശയ്യാവ് പ്രസ്താവിക്കുമ്പോള് കര്ത്താവില് ആശ്രയിക്കുന്നവര് ഒരു കഴുകനെപ്പോലെ ഉയരത്തിലേക്ക് പറന്നു ഉയരും എന്നു പറയുന്നു.
- ഇതു ഒരു ഉപമാന ശൈലിയായി ദൈവത്തില് ആശ്രയിക്കുകയും അനുസരിക്കുകയും ചെയ്യുക വഴി ലഭ്യമാകുന്ന സ്വാതന്ത്ര്യത്തെയും ശക്തിയെയും വിവരിക്കുന്നു.
- ദാനിയേലിന്റെ പുസ്തകത്തില്, നെബുഖദ് നേസ്സര് രാജാവിന്റെ രോമങ്ങള് കഴുകന്റെ തൂവലിന്റെ നീളത്തോട് താര്യതമ്യം ചെയ്തിരി ക്കുന്നത്, 50 സെന്റിമീറ്ററിലും അധികം ഉണ്ടായിരിക്കുമെന്നാണ്.

(കാണുക: ദാനിയേല്, സ്വതന്ത്രം, നെബുഖദ് നേസ്സര്, അധികാരം)

(കാണുക: അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

## ദൈവവചന സൂചികകള്:

- 2 ശമുവേല്:23-24
- ദാനിയേല്:4-5
- യിരെമ്യാവ് 04:13-15
- ലേവ്യാപുസ്തകം 11:13-16
- വെളിപ്പാട് 04:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5403, H5404, H7360, G105

# കഴുത, കോവര്കഴുത

## നിര്വചനം:

കഴുത എന്നത് നാലു കാലുള്ള പണി ആവശ്യത്തിനുള്ള മൃഗമാണ്, കുതിരയെ പ്പോലുള്ള, എന്നാല് ചെറുതും നീണ്ട ചെവികളും ഉള്ളതാണ്.

- കോവര്കഴുത എന്നാല് ആണ്കഴുതയ്ക്കും പെണ്കുതിരക്കും ജനിച്ച വന്ധ്യമായ ഒന്നാണ്.
- കോവര്കഴുത നല്ല ബലമുള്ള മൃഗമായതിനാല് അവ വിലപിടി പ്പുള്ള പണിമൃഗമാണ്.
- കഴുതകളും കോവര്കഴുതകളും യാത്രാവേളയില് ഭാരങ്ങളെയും ജനങ്ങളെയും ചുമക്കുവാന് ഉപയോഗിക്കുന്നു.
- ദൈവവചന കാലഘട്ടത്തില്, രാജാക്കന്മാര് സമാധാന കാലഘട്ടത്തില് കുതിരപ്പുറത്ത് സഞ്ചരിക്കുന്നതിനേക്കാള് കഴുതപ്പുറത്തു സഞ്ചരിക്കുന്നതാണ് തിരഞ്ഞെടുക്കാറ്, കുതിര യുദ്ധ സമയത്ത് ഉപയോഗിക്കുമായിരുന്നു.
- യേശു ക്രൂശിക്കപ്പെടുന്നതിനു ഒരാഴ്ച മുന്പു ഒരു ഇളം കഴുതയുടെ മുകളില് യെരുശലേമിലേക്ക് യാത്ര ചെയ്തു.

(കാണുക:അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര് 01:32-34
- 1 ശമുവേല് 09:3-4
- 2 രാജാക്കന്മാര് 04:21-22
- ആവര്ത്തനപുസ്തകം 05:12-14
- ലൂക്കോസ് 13:15-16
- മത്തായി 21:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H860, H2543, H3222, H5895, H6167, H6501, H6505, H6506, H7409, G3678, G3688, G5268

# കാനേഷുമാരി

## നിര്വചനം:

'കാനേഷുമാരി" എന്ന പദം സൂചിപ്പിക്കുന്നത് ഒരു രാജ്യത്തിലെയോ സാമ്രാജ്യത്തിലെയോ ജനങ്ങളുടെ സംഖ്യ എണ്ണിത്തിട്ടപ്പെടുത്തുക എന്നുള്ളതാണ്.

- പഴയനിയമത്തില്വിവിധ സമയങ്ങളില്ദൈവം ഇസ്രയേല്ജനതയെ എണ്ണുവാന്കല്പ്പിക്കുന്നത് രേഖപ്പെടുത്തിയിട്ടുണ്ട്, അവര്ആദ്യം മിസ്രയീം വിട്ടപ്പോഴും വേണ്ടും കാനാനില്പ്രവേശിക്കുന്നതിന് തൊട്ടു മുന്പും.
- സാധാരണയായി ജനസംഖ്യ കണക്കെടുപ്പിന്റെ ആവശ്യം വരുന്നത് എത്ര ജനങ്ങള്നികുതി നല്കേണ്ടവരാന് എന്നു അറിയേണ്ടതിനായിരുന്നു.
- ഉദാഹരണമായി, ഒരിക്കല്പുറപ്പാട് പുസ്തകത്തില്ഇസ്രയേല്ജനത്തിന്റെ എണ്ണമെടുത്തത് ഓരോരുത്തരും അര ശേക്കെല്വീതം ദൈവാലയത്തിന്റെ കാര്യങ്ങള്നോക്കേണ്ടതിനു നല്കേണ്ടതിനായിരുന്നു.
- യേശു ഒരു ശിശുവായിരുന്നപ്പോള്, റോമന്സര്ക്കാര്തന്റെ സാമ്രാജ്യം മുഴുവനുമുള്ള എല്ലാ ജനങ്ങളുടെയും കണക്കെടുപ്പ് നടത്തുവാന്ഇടയാക്കി, തന്മൂലം അവര്നികുതി നല്കേണ്ടിയിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്

ഈ പദം പരിഭാഷപ്പെടുത്തുവാനുള്ള സാധ്യമായ വഴികളില്, "പേരുകള്തിട്ടപ്പെടുത്തുക'' അല്ലെങ്കില്"പേരുകളുടെ പട്ടിക" അല്ലെങ്കില്"പട്ടികയില്ചേര്ക്കല്" എന്നിവ ഉള്പ്പെടുന്നു.

- "കാനേഷുമാരി എടുക്കുക" എന്ന പദസഞ്ചയം "ജനങ്ങളുടെ പേര് പതിക്കുക" അല്ലെങ്കില്"ജനങ്ങളെ പട്ടികയില്ചേര്ക്കുക" അല്ലെങ്കില്"ജനങ്ങളുടെ പേരുകള്എഴുതുക" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

(കാണുക: രാഷ്ട്രം, റോം)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്05:35-37
- പുറപ്പാട് 30:11-14
- പുറപ്പാട് 38:24-26
- ലൂക്കോസ് 02:1-3
- സംഖ്യാപുസ്തകം 04:1-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3789, H5674, H5921, H6485, H7218, G582, G583

# കാമുകൻ, കമിതാക്കൾ

## നിർവചനം:

“കാമുകൻ” എന്ന പദം അക്ഷരീകമായി “പ്രേമിക്കുന്ന വ്യക്തി” എന്ന് അർത്ഥം നൽകുന്നു. സാധാരണയായി ഇത് ലൈംഗികമായി പരസ്പരം ബന്ധം പുലർത്തുന്ന ആളുകളെ സൂചിപ്പിക്കുന്നു.

- ”കാമുകൻ” എന്ന പദം ദൈവ വചനത്തിൽഉപയോഗിക്കുമ്പോൾ, സാധാരണയായി വിവാഹം കഴിക്കാത്ത ഒരുവൻഅല്ലെങ്കിൽ ഒരുവൾവേറെ ഒരു വ്യക്തിയുമായി ലൈംഗിക ബന്ധത്തിൽഇടപെടുന്നതിനെ സൂചിപ്പിക്കുന്നു.
- ഈ തെറ്റായ ലൈംഗിക ബന്ധത്തെ സാധാരണയായി ദൈവ വചനത്തിൽഇസ്രായേലിന്റെ ദൈവത്തോടുള്ള അനുസരണക്കേടിനെ വിഗ്രഹ ആരാധനയോട് ബന്ധത്തിൽസൂചിപ്പിക്കുന്നു. ആയത് കൊണ്ട് “കാമുകന്മാർ” എന്ന പദം ഒരു ഉപമാന രീതിയിൽഇസ്രയേൽജനം ആരാധിച്ചു വന്ന വിഗ്രഹങ്ങളെ സൂചിപ്പിക്കുവാൻഉപയോഗിച്ചു വരുന്നു. ഈ സന്ദർഭങ്ങളിൽ, ഈ പദം “അധാർമികമായ പങ്കാളികൾ” അല്ലെങ്കിൽ“വ്യഭിചാരത്തിൽഉള്ളതായ പങ്കാളികൾ” അല്ലെങ്കിൽ“വിഗ്രഹങ്ങൾ” എന്നിങ്ങനെ പരിഭാഷ ചെയ്യുവാൻഉള്ള സാധ്യതകൾകാണപ്പെടുന്നു. (രൂപകാലങ്കാരം)
- ഒരു പണ “പ്രിയൻ” എന്നത് പണം സമ്പാദിക്കുന്നതിനും ധനാഢ്യനാകുന്നതിനും വളരെ പ്രാമുഖ്യം നൽകുന്ന വ്യക്തി ആകുന്നു.
- പഴയ നിയമ പുസ്തകമായ ഉത്തമ ഗീതത്തിൽ“പ്രിയൻ” എന്ന പദം ഒരു ക്രിയാത്മക രൂപത്തിൽപ്രതിപാദിച്ചിരിക്കുന്നു.

(കാണുക: വ്യഭിചാരം, അസത്യ ദൈവം, അസത്യ ദൈവം, സ്നേഹം)

## ദൈവ വചന സൂചികകൾ:

- ഹോശേയ 02:4-5
- യിരെമ്യാവ് 03:1-2
- വിലാപങ്ങൾ01:1-2
- ലൂക്കോസ് 16:14-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H157, H158, H868, H5689, H7453, H8566, G865, G866, G5358, G5366, G5367, G5369, G5377, G5381, G5382

# കാരാഗ്രഹം, തടവുകാരൻ, തടവു പുള്ളികൾ, തടവറകൾ, കാരാഗ്രഹത്തിൽ ആക്കുക, കാരാഗ്രഹത്തിൽ ആക്കുന്നു, കാരാഗ്രഹത്തിൽ ആക്കി, തടങ്കൽ, തടങ്കലിൽ ആക്കുന്നു.

## നിർവചനം:

"കാരാഗ്രഹം" എന്ന പദം സൂചിപ്പിക്കുന്നത് കുറ്റവാളികൾ ആയ ആളുകളെ അവർ ചെയ്ത കുറ്റങ്ങൾ നിമിത്തം ഉള്ള ശിക്ഷയുടെ ഭാഗമായി സൂക്ഷിച്ചിട്ടുള്ള സ്ഥലം എന്ന് സൂചിപ്പിക്കുന്നു. ഒരു "തടവുകാരൻ" എന്നത് തടവിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള ഒരുവൻ എന്നാണു അർത്ഥം.

- ഒരു വിചാരണയിൽ ന്യായവിധിക്കായി കാത്തിരിക്കുന്ന ഒരു വ്യക്തിയെ ഒരു കാരാഗ്രഹത്തിൽ സൂക്ഷിക്കാറുണ്ട്.
- "തടവിൽ ആക്കി" എന്ന പദം അർത്ഥമാക്കുന്നത് "കാരാഗ്രഹത്തിൽ സൂക്ഷിച്ചു" അല്ലെങ്കിൽ "ബന്ധനത്തിൽ സൂക്ഷിച്ചു" എന്നാണ്.
- നിരവധി പ്രവാചകന്മാരും ഇതര ദൈവ ദാസന്മാരും യാതൊരു തെറ്റും ചെയ്തിട്ടില്ല എങ്കിൽ പോലും കാരാഗ്രഹത്തിൽ അവരെ അടച്ചിട്ടുണ്ട്.

## പരിഭാഷ നിർദേശങ്ങൾ:

- "കാരാഗ്രഹം" എന്നതിനുള്ള വേറൊരു പേരാണ് "തുറുങ്കൽ."
- ഈ പദം "ഇരുട്ടറ" എന്ന് ഭൂഗർഭത്തിലോ അല്ലെങ്കിൽ അരമനയുടെയോ മറ്റു കെട്ടിടങ്ങളുടെയോ പ്രധാന ഭാഗത്തിന്റെ അടി ഭാഗത്തായി ഉള്ളതായ കാരാഗ്രഹമായി സന്ദർഭോചിതമായി പരിഭാഷ ചെയ്യാം.
- "തടവ് പുള്ളികൾ" എന്ന പദം ഒരു ശത്രു സൈന്യത്താൽ പിടിക്കപ്പെട്ടവർ ആയ ജനത്തെ അവരുടെ ഇഷ്ടത്തിനു വിരുദ്ധമായി എവിടെ എങ്കിലും സൂക്ഷിക്കുന്നതിനെ സൂചിപ്പിക്കാം. ഈ അർത്ഥം പരിഭാഷ ചെയ്യുവാൻ ഉള്ള വേറൊരു മാർഗ്ഗം "ബന്ധിതർ" എന്ന് ഉള്ളതാണ്.
- "ബന്ധിതർ ആക്കപ്പെട്ട" എന്നതു പരിഭാഷ ചെയ്യുവാൻ ഉള്ള വേറെ മാർഗ്ഗങ്ങൾ, "തടവ് പുള്ളി ആയി സൂക്ഷിക്കുക" അല്ലെങ്കിൽ "ബന്ധനത്തിൽ സൂക്ഷിക്കുക" അല്ലെങ്കിൽ "ബന്ധനസ്ഥൻ ആക്കുക" എന്നിങ്ങനെ ഉള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക".

(കാണുക: ബന്ധനസ്ഥൻ)

## ദൈവ വചന സൂചികകൾ:

- അപ്പോ,25:4-5
- എഫെസ്യർ:1-3
- ലൂക്കോസ് 12:57-59
- ലൂക്കോസ് 22:33-34
- മർക്കോസ് 06:16-17
- മത്തായി 05:25-26
- മത്തായി 14:3-5
- മത്തായി 25:34-36

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H612, H613, H615, H616, H631, H1004, H1540, H3608, H3628, H3947, H4115, H4307, H4455, H4525, H4929, H5470, H6115, H6495, H7617, H7622, H7628, G1198, G1199, G1200, G1201, G1202, G1210, G2252, G3612, G4788, G4869, G5084, G5438, G5439

# കാര്യനിര്വാഹി, കാര്യനിര്വാഹകന്മാര്, കാര്യവിചാരകന്, കാര്യവിചാരകന്മാര്, കാര്യവിചാരകത്വം

## നിര്വചനം:

"കാര്യനിര്വാഹി" അല്ലെങ്കില്"കാര്യവിചാരകന്" എന്ന പദം ദൈവ വചനത്തില്സൂചിപ്പിക്കുന്നത് തന്റെ യജമാനന്റെ വസ്തു വകകളും വ്യാപാരവും മറ്റും മേല്നോട്ടം വഹിക്കുവാന്ഏല്പ്പിക്കപ്പെട്ടിരിക്കുന്ന സേവകനായ വ്യക്തി എന്നാണു.

- ഒരു കാര്യവിചാരകന്റെ പക്കല് ധാരാളം ഉത്തരവാദിത്വങ്ങള്എല്പ്പിക്കപ്പെടാറുണ്ട്, അതില്മറ്റുള്ള വേലക്കാരുടെ ജോലികളെയും മേല്നോട്ടം നടത്തേണ്ടത് ഉണ്ട്.
- "കാര്യനിര്വാഹി" എന്ന പദം കാര്യവിചാരകന്എന്ന പദത്തിന്റെ കൂടുതല്ആധുനിക ഭാഷ്യം ആകുന്നു. രണ്ടു പദങ്ങളും സൂചിപ്പിക്കുന്നത് വേറൊരു ആള്ക്കു വേണ്ടി പ്രായോഗികമായ നടപടികള്കൈകാര്യം ചെയ്യുന്ന ഒരുവന്എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- ഇത് "മേല്വിചാരകന്" അല്ലെങ്കില്ഭവന കാര്യങ്ങളുടെ സംഘാടകന്" അല്ലെങ്കില്"നിര്വഹണം നടത്തുന്ന സേവകന്" അല്ലെങ്കില്"സംഘടിപ്പിക്കുന്ന വ്യക്തി" എന്ന് പരിഭാഷ ചെയ്യാം.

(കാണുക: വേലക്കാരന്)

## ദൈവ വചന സൂചികകള്:

- 1 തിമോത്തിയോസ് 03:4-5
- ഉല്പ്പത്തി 39:3-4
- ഉല്പ്പത്തി 43:16-17
- യെശ്ശയ്യാവ് 55:10-11
- ലൂക്കോസ് 08:1-3
- ലൂക്കോസ് 16:1-2
- മത്തായി 20:8-10
- തീത്തോസ് 01:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H376, H4453, H5057, H6485, G2012, G3621, G3623

# കാര്യനിർവഹണം,കാര്യനിർവാഹി,കാര്യനിർവാഹികൾ,നിർവഹിച്ചു,നിർവ, നടത്തൽ

## വസ്തുതകൾ

“കാര്യനിർവഹണം”, “കാര്യനിർവാഹി” എന്നീ പദങ്ങൾ ഒരു രാജ്യത്തിലെ ജനത്തെ ക്രമീകൃതമായ നിലയിൽ മേൽനോട്ടം നടത്തുകയോ ഭരിക്കുകയോ ചെയ്യുകവഴി ക്രമമായി പ്രവർത്തിക്കുവാൻ ഇടയാകുക എന്നതിനെ സൂചിപ്പിക്കുന്നു.

- ദാനിയേലും മറ്റു മൂന്നു എബ്രായ യുവാക്കളും ബാബേലിന്റെ പ്രത്യേക ഭാഗ ങ്ങളിൽ കാര്യനിർവാഹികളായി, അല്ലെങ്കിൽ സർക്കാർ ഉദ്യോഗസ്ഥരായി നിയമിക്കപ്പെട്ടിരുന്നു.
- പുതിയനിയമത്തിൽ, “കാര്യനിർവഹണം” എന്നത് പരിശുദ്ധാത്മാവിന്റെ ദാനങ്ങളിൽ ഒന്നാണ്.
- കാര്യനിർവഹണത്തിന്റെ പരിശുദ്ധാത്മദാനം ഉള്ള ഒരു വ്യക്തി ജനത്തെ നയിക്കുവാനും ഭരിക്കുവാനും അതുപോലെ കെട്ടിടങ്ങളുടെയും മറ്റു വസ്തുവഹ കളുടെയും പരിപാലനം നടത്തുവാനും കഴിവുള്ളവനാണ്,

## പരിഭാഷ നിർദേശങ്ങൾ

- സാഹചര്യാനുസൃതമായി, “കാര്യനിർവാഹി” എന്ന പദം “ദേശാധിപതി’ അല്ലെങ്കിൽ “സംഘാടകൻ” അല്ലെങ്കിൽ “മേൽനോട്ടക്കാരൻ” അല്ലെങ്കിൽ “ഭരണാധി കാരി” അല്ലെങ്കിൽ “സർക്കാർഉദ്യോഗസ്ഥൻ” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- കാര്യനിർവഹണം” എന്ന പദം “”ഭരണം നടത്തൽ”, അല്ലെങ്കിൽ “മേൽനോട്ടം വഹിക്കൽ” അല്ലെങ്കിൽ “നേതൃത്വം” അല്ലെങ്കിൽ “സംഘടനം” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- നിയുക്തം” അല്ലെങ്കിൽ “ഉത്തരവാദിത്വം” അല്ലെങ്കിൽ ആജ്നാനുവർത്തിതം” എന്നിങ്ങനെയുള്ള പ്രയോഗങ്ങൾഈ പദങ്ങളുടെ പരിഭാഷയുടെ സാദ്ധ്യതയുള്ള ഭാഗങ്ങളാണ്.

(കാണുക: ബാബേൽ.[ദാനിയേൽ, ദാനം, ദേശാധിപതി, ഹനന്യാവ്, മിശായേൽ, അസര്യാവ്)

## ദൈവവചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ:14-17
- ദാനിയേൽ:1-3
- എസ്ഥേർ:3-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5532, H5608, H5632, H6213, H7860, G2941

# കാര്യാലോചനസമിതി, കാര്യാലോചനസമിതികള്

## നിര്വ്വചനം:

പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ച് സംഭാഷണം നടത്തുവാനും, ഉപദേശം നല്കുവാനും, തീരുമാനങ്ങള്എടുക്കുവാനുമായി കൂടിവരുന്ന ആളുകളുടെ സംഘമാണ് കാര്യാലോചനസമിതി.

- കാര്യാലോച്ചനസമിതി എന്നതു സാധാരണയായി ഔദ്യോഗികമായി രൂപവല്ക്കരിച്ചതും, ഒരുവിധത്തില്നിയമപരമായ തീരുമാനങ്ങള്എടുക്കുന്നതുപോലുള്ളവയ്ക്കായി പ്രത്യേക ഉദ്ദേശ്യത്തോടെ സ്ഥിരമാക്കിയതും ആണ്.
- യെരുശലേമിലുള്ള "സന്ഹെദ്രിന്" എന്നറിയപ്പെടുന്ന യഹൂദ കാര്യാലോചന സംഘത്തില്മഹാപുരോഹിതന്മാര്, മൂപ്പന്മാര്, ശാസ്ത്രികള്, പരീശന്മാര്, സദൂക്ക്യന്മാര്ആദിയായ 70 അംഗങ്ങള്യ യഹൂദ ന്യായപ്രമാണം സംബന്ധിച്ച കാര്യങ്ങള്തീരുമാനിക്കുന്നതിനായി ക്രമീകൃതമായി കൂടിവന്നിരുന്നു. ഈ മത നേതാക്കന്മാര് ഉള്പ്പെട്ട കാര്യാലോചന സംഘമാണ് യേശുവിനെ വിസ്തരിക്കുകയും താന് കൊല്ലപ്പെടണമെന്നു തീരുമാനിക്കുകയും ചെയ്തത്.
- മറ്റു പട്ടണങ്ങളിലും ചെറിയ യഹൂദ കാര്യാലോചനസംഘങ്ങള് ഉണ്ടായിരുന്നു.
- അപ്പോസ്തലനായ പൌലോസ് സുവിശേഷം പഠിപ്പിച്ചു എന്നതിനാല് ബന്ധന സ്ഥനായപ്പോള് റോമന്കാര്യാലോചന സംഘത്തിന്റെ മുന്പാകെ കൊണ്ടുവര പ്പെട്ടു.
- സാഹചര്യത്തിനനുസൃതമായി, "കാര്യാലോചനസംഘം" എന്ന പദം "നിയമ സഭ" അല്ലെങ്കില്"രാഷ്ട്രിയ സമിതി" എന്നും പരിഭാഷപ്പെടുത്താം.
- "കാര്യാലോചനസംഘത്തിലായിരിക്കുക" എന്നാല് തീരുമാനമെടുക്കുവാനായി പ്രത്യേക യോഗത്തില്ആയിരിക്കുക എന്നാണര്ത്ഥം.
- "ജ്ഞാനോപദേശം"എന്നര്ത്ഥം വരുന്ന "ഉപദേശം" എന്ന പദം ഇതില്നിന്നും വ്യത്യസ്തമാണെന്ന് ശ്രദ്ധിക്കുക.

(കാണുക: സഭ, ജ്ഞാനോപദേശം, പരീശന്മാര്, ന്യായപ്രമാണം, പുരോഹിതന്, സദൂക്യര്, ശാസ്ത്രി)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്07:57-58
- അപ്പോ.പ്രവര്ത്തികള്24:20-21
- യോഹന്നാന്:1-2
- ലൂക്കോസ് 22:66-68
- മര്ക്കോസ് 13:9-10
- മത്തായി 05:21-22
- മത്തായി 26:59-61

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4186, H5475, H7277, G1010, G4824, G4892

# കാറ്റാടി മരം

## നിര്വചനം:

“ദേവദാരു” എന്ന പദം ദൈവവചന കാലഘട്ടത്തില് ജനങ്ങള് മെഡിറ്ററേനിയന്കടല്തീരത്തിനടുത്തുള്ള രാജ്യങ്ങളില്ജീവിച്ചിരുന്നപ്പോള്ധാരാളമായി കണ്ടുവന്നിരുന്ന ഒരുവക മരത്തെ സൂചിപ്പിച്ചിരുന്നു.

- കുപ്രോസും ലെബനോനും ധാരാളം ദേവദാരു മരങ്ങള്ഉള്ളതായി ദൈവവചനത്തിലേഖപ്പെടുത്തിയിട്ടുള്ള രണ്ടു സ്ഥലങ്ങളാണ്.
- നോഹ പെട്ടകം പണിയുവാന്ഉപയോഗിച്ച മരം ദേവദാരു ആയിരിക്കാം.
- എന്തുകൊണ്ടെന്നാല്ദേവദാരു മരം കട്ടിയുള്ളതും ദീര്ഘമായ ഈടുനില്ക്കുന്നതും, പുരാതന ജനങ്ങള്പടകുകളും ഇതര നിര്മ്മിതികളും ഉണ്ടാക്കുവാന്ഉപയോഗിച്ചതുമാണ്.

(കാണുക:പെട്ടകം, കുപ്രോസ്, ദേവദാരു, ലെബനോന്)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്11:19-21
- ഉല്പ്പത്തി 06:13-15
- ഹോശേയ 14:7-8
- യെശ്ശയ്യാവ് 44:14
- യെശ്ശയ്യാവ് 60:12-13
- സെഖര്യാവ് 11:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8645

# കാലാ പെറുക്കുക, കാലാ പെറുക്കുന്നു, കാലാ പെറുക്കി, അല്പ്പാല്പ്പമായി ശേഖരിച്ചവ

## നിര്വചനം:

"കാലാ പെറുക്കുക" എന്ന പദം അര്ത്ഥം നല്കുന്നത് ഒരു വയലിലോ അല്ലെങ്കില്പഴത്തോട്ടത്തില്ചെന്ന് കൊയ്ത്തുകാര്പുറകില്ഉപേക്ഷിച്ചു കളഞ്ഞ ധാന്യം അല്ലെങ്കില്ഫലം ശേഖരിക്കുക എന്നതാണ്.

- ദൈവം ഇസ്രയേല്ജനത്തോടു പറഞ്ഞിരുന്നത് വിധവമാര്, ദരിദ്ര ജനം, വിദേശികള്മുതലായവര്അവര്ക്ക് ആവശ്യമായ ഭക്ഷണം കണ്ടെത്തേണ്ടതിനായി അവര്വിട്ടുകളഞ്ഞതായ ധാന്യങ്ങളെ കാലാ പെറുക്കി കൊള്ളട്ടെ എന്ന് ആയിരുന്നു.
- ചില സന്ദര്ഭങ്ങളില്വയലിന്റെ ഉടമസ്ഥന്കൊയ്ത്തുകാരുടെ തൊട്ടു പുറകെ തന്നെ കാലാ പെറുക്കുന്നവരെ പോകുവാന്അനുവദിക്കുക ഉണ്ടായിരുന്നു, അതിനാല്അവര്ക്ക് കൂടുതല്ധാന്യം ശേഖരിക്കുവാന്അവസരം ലഭിക്കുമായിരുന്നു. ഇത് എപ്രകാരമാണ് പ്രാവര്ത്തികമായത് എന്നതിന്റെ വ്യക്തമായ ഒരു ഉദാഹരണം രൂത്തിന്റെ കഥയില്നിന്നും ലഭ്യമാണ്, അവളുടെ ബന്ധു ആയിരുന്ന ബോവസ് ഉദാരതയോട് കൂടെ തന്റെ വയലില്കൊയ്ത്തുകാരുടെ ഇടയില്നിന്ന് തന്നെ കാലാ പെറുക്കുവാന്അവളെ അനുവദിച്ചിരുന്നു.

"കാലാ പെറുക്കുക" എന്ന പദം പരിഭാഷ ചെയ്യാനുള്ള ഇതര മാര്ഗ്ഗങ്ങള്"എടുക്കുക" "കൂട്ടി ചേര്ക്കുക" അല്ലെങ്കില്"ശേഖരിക്കുക" എന്നിവയാണ്.

(കാണുക: ബോവസ്, ധാന്യം, കൊയ്ത്ത്, രൂത്ത്)

## ദൈവ വചന സൂചികകള്:

- ആവര്ത്തന പുസ്തകം 24:21-22
- യെശ്ശയ്യാവ് 17:4-5
- ഇയ്യോബ് 24:5-7
- രൂത്ത് 02:1-2
- രൂത്ത് 02:15-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3950, H3951, H5953, H5955

# കാവല്, നിരീക്ഷിക്കുന്നു, ശ്രദ്ധിച്ചു നോക്കി, കാവല്കാക്കുക, കാവല്ക്കാരന്, കാവല്ക്കാര്, ജാഗ്രതയുള്ള

## നിര്വചനം:

“കാവല്” എന്ന പദം അര്ത്ഥം നല്കുന്നത് എന്തിനെ എങ്കിലും വളരെ അടുത്തും ശ്രദ്ധാപൂര്വവും വീക്ഷിക്കുക എന്നുള്ളതാണ്. ഇതിനു വിവിധ ഉപമാന അര്ത്ഥങ്ങളും ഉണ്ട്. ഒരു “കാവല്ക്കാരന്” എന്നത് ഒരു നഗരത്തെ വളരെ ശ്രദ്ധയോടെ താന്നോക്കുകയും യാതൊരു അപകടമോ ഭീഷണിയോ ആ നഗരത്തില്ഉള്ള ജനത്തിനു നേരിടുന്നുണ്ടോ എന്ന് ശ്രദ്ധിക്കുകയും ചെയ്യുന്ന ദൌത്യം നിര്വഹിക്കുന്നവന്എന്നാണ് അര്ത്ഥം.

- ”നിങ്ങളുടെ ജീവിതവും ഉപദേശവും ശ്രദ്ധാ പൂര്വ്വം കാത്തു കൊള്ളുക” എന്നതിന്റെ അര്ത്ഥം ജ്നാനപൂര്വം ജീവിക്കുകയും ദുരുപദേശങ്ങളെ വിശ്വസിക്കാതെ ഇരിക്കുകയും ചെയ്യുക എന്നുള്ളതാണ്.
- ”ശ്രദ്ധാപൂര്വ്വം ആയിരിക്കുക” എന്നുള്ളത് ഒരു അപകടമോ ഉപദ്രവകരമായ സ്വാധീനമോ ഒഴിഞ്ഞിരിക്കുവാനായി ശ്രദ്ധാപൂര്വ്വം ആയിരിക്കുക എന്നുള്ള ഒരു മുന്നറിയിപ്പ് ആകുന്നു.
- ”കാവല്” അല്ലെങ്കില്“കാവല്ചെയ്യുക” എന്നതിന്റെ അര്ത്ഥം ഇപ്പോഴും ജാഗ്രത ആയിരിക്കുകയും പാപത്തിനും തിന്മയ്ക്കും എതിരെ സൂക്ഷിക്കുകയും ചെയ്യുക എന്നുള്ളതാണ്. “ഒരുങ്ങി ഇരിക്കുക” എന്നും ഇതിനു അര്ത്ഥം ഉണ്ട്.
- ”കാവല്കാക്കുക” അല്ലെങ്കില്“ശ്രദ്ധാപൂര്വ്വം നിരീക്ഷിക്കുക” എന്നതിന്റെ അര്ത്ഥം കാവല്കാക്കുക, സംരക്ഷിക്കുക അല്ലെങ്കില്, ആരുടെയെങ്കിലും എന്തിന്റെയെങ്കിലും പരിപാലന ചുമതല വഹിക്കുക എന്നാണ്.
- ”കാവല്” എന്നുള്ളതിന്റെ ഇതര പരിഭാഷകള്എന്നുള്ളതില്“വളരെ അടുത്ത ശ്രദ്ധ ചെലുത്തുക” അല്ലെങ്കില്“അതീവ ജാഗ്രത പുലര്ത്തുക” അല്ലെങ്കില്“വളരെ ശ്രദ്ധാലു ആയിരിക്കുക” അല്ലെങ്കില്“സുരക്ഷാ ചുമതലയില്ആയിരിക്കുക” ആദിയായവ ഉള്പ്പെടുന്നു. “കാവല്ക്കാരന്” എന്നുള്ളതിനുള്ള ഇതര പദങ്ങള് “കാവല്ഭടന്” അല്ലെങ്കില്“പാറാവുകാരന്” എന്നിവ ആകുന്നു.

## ദൈവ വചന സൂചികകള്:

- 1 തെസലോനിക്യര്05:4-7
- എബ്രായര്13:15-17
- യിരെമ്യാവ് 31:4-6
- മര്ക്കോസ് 08:14-15
- മര്ക്കോസ് 13:33-34
- മത്തായി 25:10-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H821, H2370, H4929, H4931, H5027, H5341, H5894, H6486, H6822, H6836, H6974, H7462, H7789, H7919, H8104, H8108, H8245, G69, G70, G991, G1127, G1492, G2334, G2892, G3525, G3708, G3906, G4337, G4648, G5083, G5438

# കാവല്ഗോപുരം, കാവല്ഗോപുരങ്ങള്, ഗോപുരം

## നിര്വചനം:

“കാവല്ഗോപുരം” എന്ന പദം കാവല്ക്കാര് എതെങ്കിലും ആപത്ത് സമീപിക്കുന്നുണ്ടോ എന്ന് നോക്കുവാന് തക്കവണ്ണം ഉള്ള ഒരു സ്ഥലം ഉയരമുള്ള ഒരു നിര്മ്മിതിയായി നിര്മ്മിച്ചിട്ടുള്ളത് എന്ന് സൂചിപ്പിക്കുന്നു. ഈ ഗോപുരങ്ങള് സാധാരണയായി കല്ലുകള്കൊണ്ട് നിര്മ്മിച്ചവ ആയിരുന്നു. ഭൂവുടമകള് ചില സമയങ്ങളില് അവരുടെ കൃഷികള് സംരക്ഷിക്കുന്നതിനും മോഷ്ടിക്കപ്പെടാതിരിക്കുന്നതിനും കാവല്ഗോപുരങ്ങളില് നിന്നും കാവല് ചെയ്യാറുണ്ട്.

- ഈ ഗോപുരങ്ങളില് കാവല്ക്കാരനും കുടുംബത്തിനും താമസിക്കുവാനുള്ള അറകള് ഉള്പ്പെട്ടിട്ടുണ്ടായിരിക്കും, ആയതിനാല് അവര്ക്ക് പകലിലും രാത്രിയിലും കൃഷികള് കാവല് കാക്കുവാന് സാധിക്കും.
- പട്ടണങ്ങള്ക്ക് വേണ്ടി നിര്മ്മിച്ചിട്ടുള്ള കാവല്ഗോപുരങ്ങള്പട്ടണ മതിലുകളെക്കാള്ഉയരം ഉള്ളതായിരിക്കും, അതിനാല്കാവല്ക്കാര്ക്ക് ആ പട്ടണത്തെ ആക്രമിക്കുവാന്ശത്രുക്കള്ആരെങ്കിലും വരുന്നുണ്ടോ എന്ന് കാണുവാന്സാധിക്കും. “കാവല്ഗോപുരം” എന്ന പദം ശത്രുക്കളില്നിന്നുള്ള സംരക്ഷണം എന്നതിന്റെ അടയാളമായും ഉപയോഗിക്കുന്നു.

(കാണുക: രൂപകാലങ്കാരം)

(കാണുക: എതിരാളി, കാക്കുക)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്27:25-27
- യെഹസ്കേല്26:3-4
- മര്ക്കോസ് 12:1-3
- മത്തായി 21:33-34
- സങ്കീര്ത്തനം 062:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H803, H969, H971, H975, H1785, H2918, H4024, H4026, H4029, H4692, H4707, H4869, H6076, H6438, H6836, H6844, G4444

# കാഹളം, കാഹളങ്ങള്, കാഹളധ്വനിക്കാര്

## നിര്വചനം:

“കാഹളം” എന്ന പദം സൂചിപ്പിക്കുന്നത് സംഗീതം പുറപ്പെടുവിക്കുവാനുള്ള, അല്ലെങ്കില്ഒരു പ്രഖ്യാപനം ശ്രവിക്കുവാനോ ഒരു യോഗത്തിനായോ ജനങ്ങളെ ഒരുമിച്ചു വിളിച്ചു കൂട്ടുവാന്ഉള്ള ഒരു ഉപകരണം എന്നാണ്.

- ഒരു കാഹളം എന്നത് സാധാരണയായി ലോഹം കൊണ്ടോ, കടല്ശംഖുകൊണ്ടോ, അല്ലെങ്കില്ഒരു മൃഗത്തിന്റെ കൊമ്പു കൊണ്ടോ ആണ് ഉണ്ടാക്കുന്നത്.
- കാഹളങ്ങള്സാധാരണയായി ധ്വനിപ്പിക്കുന്നത് ജനങ്ങളെ യുധത്തിനായിട്ടും, ഇസ്രയേലിന്റെ പൊതു സമ്മേളനങ്ങള്ക്ക് ആയിട്ടും ആയിരുന്നു.
- വെളിപ്പാട് പുസ്തകം അന്ത്യ കാലഘട്ടത്തിലെ ഒരു രംഗം എന്ന നിലയില്വിവരിക്കുന്നത് ദൈവദൂതന്മാര് അവരുടെ കാഹളങ്ങള്ധ്വനിപ്പിക്കുന്നത് ദൈവത്തിന്റെ ക്രോധം ഭൂമിയുടെ മേല്ചൊരിയുമ്പോള്അതിന്റെ അടയാളം ആയിട്ടായിരുന്നു.

(കാണുക: ദൂതന്മാര്, സമ്മേളനം, ഭൂമി, കൊമ്പ്, ഇസ്രയേല്, ക്രോധം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്13:7-8
- 2 രാജാക്കന്മാര്09:11-13
- പുറപ്പാട് 19:12-13
- എബ്രായര്12:18-21
- മത്തായി 06:1-2
- മത്തായി 24:30-31

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2689, H2690, H3104, H7782, H8619, H8643, G4536, G4537, G4538

# കിണ്വം, പുളിപ്പിച്ച, പുളിപ്പിക്കുന്നു, പുളിപ്പിക്കപ്പെട്ട, പുളിപ്പില്ലാത്ത

## നിര്വചനം:

"പുളിപ്പിച്ച" എന്നുള്ളത് അപ്പത്തിനു കുഴച്ച മാവിനെ വികസിക്കുവാനും പൊങ്ങി വരുവാനും ഇടവരുത്തുന്ന വസ്തുവിന് നല്കുന്ന പൊതുവായ പദം ആകുന്നു. "കിണ്വം" എന്നുള്ളത് ഒരു തരം പുളിപ്പ് ആകുന്നു.

- ചില ഇംഗ്ലീഷ് ഭാഷാന്തരങ്ങളില്, പുളിപ്പ് എന്നുള്ളതിന് "കിണ്വം"എന്ന് പരിഭാഷ ചെയ്തിട്ടുള്ളത് ആധുനിക കാലത്തെ അപ്പത്തിനുള്ള മാവ് പുളിപ്പിക്കുന്ന വസ്തുവായും കുമിളകളാല്വികസിപ്പിക്കുന്നതും, പാകം ചെയ്ത് എടുക്കുന്നതിനു മുന്പായി കുഴച്ച മാവ് വികസിപ്പിച്ചു ഉണ്ടാക്കുന്നുമായതു എന്ന് ആകുന്നു. കിണ്വത്തെ കുഴച്ച മാവുമായി കുഴച്ചെടുത്തു അതു മുഴുവന്പുളിച്ചു വരുന്നത് വരെ വ്യാപിക്കുവാന്ഇട വരുത്തുന്നു.
- പഴയ നിയമ കാലഘട്ടങ്ങളില്, പുളിപ്പിക്കുവാന് അല്ലെങ്കില്പൊങ്ങുവാന്ഉള്ള വസ്തു ഉല്പ്പാദിപ്പിക്കുവാന്കുഴച്ച മാവിനെ അല്പ്പസമയം വെറുതെ വെക്കണം. കഴിഞ്ഞ പ്രാവശ്യം കുഴച്ച മാവില്നിന്നും അല്പ്പം എടുത്തു സൂക്ഷിച്ചു വെച്ചിട്ട് അടുത്ത പ്രാവശ്യത്തിന്റെ പുളിപ്പിക്കുന്ന ആവശ്യത്തിനായി സൂക്ഷിച്ചു വെക്കുന്നു.
- ഇസ്രയേല്ജനം മിസ്രയീമില്നിന്ന് രക്ഷപ്പെട്ടപ്പോള്, അവര്ക്ക് മാവ് പൊങ്ങി വരുവാന്മാത്രം സമയം ലഭ്യമല്ലാതെ ഇരുന്നതിനാല്, അവര്പുളിപ്പില്ലാത്ത അപ്പം ഉണ്ടാക്കി അവരുടെ യാത്രയില്കൂടെ കൊണ്ടു പോയി.
- ഇതിന്റെ ഓര്മ്മക്കായി, ഓരോ വര്ഷവും യഹൂദ ജനം പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കുന്ന പെസഹ ആഘോഷിക്കുന്നു.
- "പുളിപ്പിച്ച" അല്ലെങ്കില്"കിണ്വം" എന്ന പദം ഉപമാനമായി ദൈവവചനത്തില്ഉപയോഗിച്ചിരിക്കുന്നത് ഒരു മനുഷ്യന്റെ ജീവിതത്തില്പാപം എപ്രകാരം ആണ് വ്യാപിക്കുന്നതെന്നും, മറ്റുള്ളവരുടെ ജീവിതത്തെ പാപം എപ്രകാരം സ്വാധീനം ചെലുത്തുന്നു എന്നും ഉള്ള ചിത്രം ലഭ്യമാകുന്നു.
- ഇത് വളരെ ജനങ്ങള്ക്ക്ഇടയില്വളരെ വേഗത്തില്വ്യാപിക്കുന്ന ദുരുപദേശങ്ങളെയും അവ അവരില്ഉളവാക്കുന്ന സ്വാധീനത്തെയും കാണിക്കുന്നു.
- "പുളിപ്പിക്കുന്ന" എന്ന പദം ക്രിയാത്മകമായ ഒരു ശൈലിയില് ദൈവരാജ്യത്തിന്റെ സ്വാധീനം ഒരു വ്യക്തിയില്നിന്നും മറ്റൊരു വ്യക്തിയിലേക്ക് പകരുന്നതിനെ വിശദമാക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഇത് "പുളിപ്പിച്ച" അല്ലെങ്കില്കുഴച്ച മാവിനെ പൊങ്ങുവാന്ഇടവരുത്തുന്ന വസ്തു" അല്ലെങ്കില്"വികസിപ്പിക്കുന്ന വസ്തു" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "പൊങ്ങുക" എന്ന വാക്കു "വികസിക്കുക" അല്ലെങ്കില്"വലുതാകുക" അല്ലെങ്കില്" "വീര്ക്കുക" എന്നിങ്ങനെ പദപ്രയോഗം ചെയ്യാം.
- അപ്പത്തിനു ഉള്ള കുഴച്ച മാവ് പൊങ്ങുവനായി ഉപയോഗിക്കുന്ന പ്രാദേശിക പുളിപ്പിക്കല്വസ്തുക്കള്ഉപയോഗിക്കുക ആണെങ്കില്, ആ പദവും ഉപയോഗിക്കാം.
- നിര്ദിഷ്ട ഭാഷയില്വളരെ സുപരിചിതമായ ഒരു പൊതു പദം "പുളിപ്പിക്കല്" എന്ന് അര്ത്ഥം നല്കുന്നതായി ഉണ്ടെങ്കില്അതായിരിക്കും ഏറ്റവും നല്ലത്.

(കാണുക: മിസ്രയീം, പെസഹ, പുളിപ്പില്ലാത്ത അപ്പം)

## ദൈവ വചന സൂചികകള്:

- പുറപ്പാട് 12:5-8
- ഗലാത്യര്05:9-10
- ലൂക്കോസ് 12:1
- ലൂക്കോസ് 13:20-21
- മത്തായി 13:33
- മത്തായി 16:5-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2556, H2557, H4682, H7603, G106, G2219, G2220

# കിരീടം, കിരീടങ്ങള്, കിരീടം ധരിപ്പിച്ചു

## നിര്വചനം:

രാജാക്കന്മാരും രാജ്ഞിമാരും പോലുള്ള ഭാരണാധികാരുടെ ശിരസ്സിന്മേല്ധരിപ്പിക്കുന്ന വൃത്താകൃതിയിലുള്ള അലങ്കരിക്കപ്പെട്ട ശിരാലങ്കാര വസ്തുവാണ് കിരീടം. "കിരീടധാരണം" എന്നാ പദം ഒരു വ്യക്തിയുടെ ശിരസ്സില്കിരീടം വെയ്ക്കുന്നു; ഉപമാനമായി ഇതു അര്ത്ഥമാക്കുന്നത്, "ബഹുമാനിക്കുന്നു" എന്നാണ്.

- കിരീടങ്ങള്സാധാരണയായി സ്വര്ണ്ണം, വെള്ളി പോലുള്ളവയാല്നിര്മ്മിച്ച്, മരതകം, മാണിക്യം പോലുള്ള വിലയുയര്ന്ന രത്നങ്ങള്പതിപ്പിച്ചിരിക്കും.
- ഒരു കിരീടമെന്നത് ഒരു രാജാവിന്റെ അധികാരത്തെയും ധനത്തെയും കുറിക്കുന്ന അടയാളമായി കരുതിയിരുന്നു.
- വിരുദ്ധമായി, റോമന്പടയാളികള്മുള്ളുകൊണ്ട് മെടഞ്ഞുണ്ടാക്കി യേശുവിന്റെ ശിരസ്സില്വെച്ചതായ കിരീടം തന്നെ പരിഹസിക്കുവാനും ഉപദ്രവിക്കുവാനുമായി ഉണ്ടാക്കിയതാണ്.
- പുരാതന കാലങ്ങളില്, മല്സരങ്ങളില്ജയിക്കുന്ന കായികതാരങ്ങ ള്ക്ക് ഒലിവു ശാഖകള്മെടഞ്ഞുണ്ടാക്കുന്ന കിരീടങ്ങള്സമ്മാനിക്കുമാ യിരുന്നു. തിമോത്തിയോസിനുള്ള രണ്ടാം ലേഖനത്തില്പൌലോസ് ഈ കിരിടത്തെക്കുറിച്ചു സൂചിപ്പിക്കുന്നു.
- "കിരീടം ധരിപ്പിക്കുക" എന്നത് ആരെയെങ്കിലും ബഹുമാനിക്കുക എന്നു ഉപമാനമായി ഉപയോഗിക്കുന്നു. ദൈവത്തെ അനുസരിക്കുന്നതുമൂലവും തന്നെക്കുറിച്ച് മറ്റുള്ളവരോട് സ്തുതിക്കുന്നതുമൂലവും നാം ദൈവത്തെ ബഹുമാനിക്കുന്നു. ഇതു തന്നെ കിരീടം ധരിപ്പിക്കുന്നതുപോലെയും താന് രാജാവാകുന്നു എന്നു അംഗീകരിക്കുന്നതായും ഇരിക്കുന്നു.
- പൌലോസ് തന്റെ കൂട്ടു വിശ്വാസികളെ തന്റെ "സന്തോഷവും കിരീടവും" എന്നു വിളിക്കുന്നു. ഈ ആശയത്തില്"കിരീടം" ഉപമാനമായി അര്ത്ഥമാക്കുന്നത് ഈ വിശ്വാസികള്ദൈവസേവയില്വിശ്വസ്തരായി നിലകൊള്ളുന്നതിനാല്പൌലോസ് ഈ വിശ്വാസികളാല്ഏറ്റവും അനുഗ്രഹിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്നാണ്.
- ഉപമാനരൂപേണ ഉപയോഗിക്കുമ്പോള്,"കിരീടം"എന്നത് "സമ്മാനം"അല്ലെ ങ്കില്"ബഹുമാനം" അല്ലെങ്കില്"പ്രതിഫലം" എന്നു പരിഭാഷപ്പെടുത്താം.
- "കിരീടധാരണം" എന്നത് ഉപമാനരൂപേണ ഉപയോഗിക്കുമ്പോള്"ബഹുമാനിക്കുക" അല്ലെങ്കില്"അലങ്കരിക്കുക" എന്നു പരിഭാഷപ്പെടുത്താം.
- ഒരു വ്യക്തി "കിരീടം ധരിപ്പിക്കപ്പെട്ടു" എന്നത് "തന്റെ ശിരസ്സില്ഒരു കിരീടം ധരിപ്പിച്ചു" എന്നു പരിഭാഷപ്പെടുത്താം.
- "താന്മഹത്വത്താലും ബഹുമാനത്താലും കിരീടം ധരിപ്പിക്കപ്പെട്ടു" എന്നത്", "മഹത്വവും ബഹുമാനവും അവന്റെ മേല്ചൊരിഞ്ഞു" അല്ലെങ്കില്"മഹത്വവും ബഹുമാനവും അവനു നല്കപ്പെട്ടു" അല്ലെങ്കില്താന്മഹത്വത്താലും ബഹുമാനത്താലും അനുഗ്രഹിക്കപ്പെട്ടു" എന്നു പരിഭാഷപ്പെടുത്താം.

(കാണുക: മഹത്വം, രാജാവ്, ഒലിവ്)

## ദൈവവചന സൂചികകള്:

- യോഹന്നാന്19:1-3
- വിലാപങ്ങള്05:15-16
- മത്തായി 27:27-29
- ഫിലിപ്പിയര്04:1-3
- സങ്കീര്ത്തനങ്ങള്021:3-4
- വെളിപ്പാട് 03:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2213, H3803, H3804, H4502, H5145, H5849, H5850, H6936, G1238, G4735, G4737

# കുടുംബം, കുടുംബങ്ങള്

## നിര്വചനം:

“കുടുംബം” എന്ന പദം രക്തബന്ധമുള്ള ആളുകളുടെ ഒരു സംഘം പിതാവ്, മാതാവ്, അവരുടെ മക്കള്ഉള്പ്പെടുന്ന ഉള്പ്പെടുന്നവരാണ്. ഇതില്മറ്റു ബന്ധുക്കളായ വല്യപ്പന്, വല്ല്യമ്മമാര്, അമ്മാവന്മാര്, അമ്മാവിമാര്പോലുള്ളവരും ഉള്പ്പെടും.

- എബ്രായ കുടുംബം ഒരു മതാധിഷ്ടിത സമൂഹമായി ആരാധനയില്കൂടെയും നിര്ദേശങ്ങളില്കൂടെയും പാരമ്പര്യത്തെ കൈമാറുന്നവ രായിരുന്നു.
- സാധാരണയായി പിതാവായിരുന്നു കുടുംബത്തിന്റെ പ്രധാന അധികാരി.
- കുടുംബത്തില്വേലക്കാരും, വെപ്പാട്ടിമാരും, വിദേശികള്പോലും ഉണ്ടായിരിക്കും.
- ചില ഭാഷകളില്“വംശം” അല്ലെങ്കില്“ഭവനക്കാര്” പോലെ വിശാലത യുള്ള വാക്കുകള്മാതാപിതാക്കള്, മക്കള്ആദിയായവരെക്കാള്അധികമായുള്ളവരെ സൂചിപ്പിക്കുവാനുപയുക്തമായി സൂചിപ്പിക്കുന്നു.
- ”കുടുംബം” എന്ന പദം ആത്മീയമായി ബന്ധമുള്ള ആളുകളെ യേശുവില്വിശ്വസിക്കുന്നതുമൂലം ദൈവ കുടുംബത്തില്ഭാഗമായിട്ടുള്ളവരെ സൂചിപ്പിക്കുവാന്ഉപയോഗിക്കുന്നു.

(കാണുക:വംശം, പൂര്വികന്, ഭവനം)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്08:1-2
- 1 ശമുവേല്18:17-18
- പുറപ്പാട് 01:20-22
- യോശുവ 02:12-13
- ലൂക്കോസ് 02:12-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1, H251, H272, H504, H1004, H1121, H2233, H2859, H2945, H3187, H4138, H4940, H5387, H5712, G1085, G3614, G3624, G3965

# കുട്ട, കുട്ടകള്, കുട്ടനിറയെ

## നിര്വചനം

“കുട്ട”എന്ന പദം നെയ്തുണ്ടാക്കിയ വസ്തുവാല്നിര്മ്മിച്ച ഒരു സംഭരണി.

- ദൈവവചന കാലഘട്ടത്തില്, കുട്ടകള്ബലമുള്ള ചെടികളുടെ ഭാഗങ്ങള്അതാ യത് മരത്തൊലി, കമ്പുകള്, ശാഖകള്എന്നിവകൊണ്ട് നെയ്തുണ്ടാക്കിയിരുന്നു.
- ഒരു കുട്ട ജലനിരോധിതവസ്തു പൂശി വെള്ളത്തില്ഒഴുക്കുവാന്ഉപയോഗിക്കാം.
- മോശെ ശിശുവായിരുന്നപ്പോള്, തന്റെ മാതാവ് വെള്ളത്തില്ഒഴുകത്തക്ക വിധ ജലനിരോധിതമായ ഒരു കുട്ട നിര്മ്മിച്ചു, അവനെ അതില്കിടത്തി നൈല്നദിയു ടെ ഞാങ്ങണയുടെ ഇടയില്വെച്ചു.
- ഈ സംഭവത്തില്“കുട്ട” എന്നതിനു ഉപയോഗിച്ചിട്ടുള്ള അതേ പദം തന്നെയാണ് നോഹ പണിത പടകിനു “പെട്ടകം” എന്നും സൂചിപ്പിച്ചിരിക്കുന്നത്. ഈ രണ്ടു സാഹചര്യങ്ങളിലും “ഒഴുകുന്ന സംഭരണി” എന്ന അര്ത്ഥത്തിലായിരി ക്കാം കുട്ട എന്ന പദം ഉപയോഗിച്ചിരിക്കുന്നത്.

(കാണുക: കൃപാസനം, മോശെ, നൈല്നദി, നോഹ)

## ദൈവവചന സൂചികകള്:

- 2 കൊരിന്ത്യര്11:32-33
- അപ്പോ.പ്രവര്ത്തികള്09:23-25
- ആമോസ് 08:1-3
- യോഹന്നാന്06:13-15
- ന്യായാധിപന്മാര് 06:19-20
- മത്തായി 14:19-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H374, H1731, H1736, H2935, H3619, H5536, H7991, G2894, G3426, G4553, G4711

# കുതിര, കുതിരകള്, പോര്ക്കുതിര, പോര്ക്കുതിരകള്, കുതിരപ്പുറം

## നിര്വ്വചനം:

കുതിര എന്നത് വലുപ്പമുള്ള, നാലുകാലുള്ള, ദൈവവചന കാലഘട്ടത്തില്അധികമായി കാര്ഷികവൃത്തിക്കും ജനത്തിന്റെ യാത്രക്കും ഉപയോഗിച്ചു വന്ന മൃഗമാണ്.

- ചില കുതിരകള്വണ്ടികളോ രഥങ്ങളോ വലിക്കുവാനോ ഉപയോഗിക്കുമ്പോള്, മറ്റു ചിലവ തനിച്ചുള്ള യാത്രക്കാര്ഉപയോഗിച്ചു വന്നു.
- കുതിരകള്ക്കു സാധാരണയായി മുഖപ്പട്ടയും കടിഞ്ഞാണും അവയെ നയിച്ചുകൊണ്ട് പോകേണ്ടതിനായി അവയുടെ തലയില്ധരിപ്പിച്ചിരുന്നു.
- ദൈവ വചനത്തില്, കുതിരകളെ വിലപിടിപ്പുള്ള സ്വത്തായും, ധനത്തിന്റെ അളവായും, പ്രധാനമായി അവയുടെ യുദ്ധത്തിലെ ഉപയോഗം നിമിത്തം പരിഗണിച്ചു വന്നു. ഉദാഹരണമായി, ശലോമോന്രാജാവിന്റെ വന് സമ്പത്തിന്റെ ഭാഗമായി ആയിരക്കണക്കിന് കുതിരകളും രഥങ്ങളും തനിക്കു ഉണ്ടായിരുന്നു.
- കുതിരയോട് സാമ്യമുള്ള മൃഗങ്ങള്കഴുതയും കോവര്കഴുതയും ആയിരുന്നു.

(കാണുക: രഥം, കഴുത, ശലോമോന്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്18:3-4
- 2 രാജാക്കന്മാര്02:11-12
- പുറപ്പാട് 14:23-25
- യെഹസ്കേല്23:5-7
- സെഖര്യാവ് 06:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H47, H5483, H5484, H6571, H7409, G2462

# കുതിരക്കാരന്

## നിര്വചനം:

ദൈവ വചന കാലഘട്ടത്തില്, “കുതിരക്കാര്” എന്ന പദം കുതിരകളെ യുദ്ധത്തില്ഓടിക്കുന്നവരെ സൂചിപ്പിച്ചിരുന്നു.

- കുതിരയാല്വലിച്ചു കൊണ്ടു പോയിരുന്ന രഥങ്ങളെ യുദ്ധവീരന്മാരെയും “കുതിരക്കാര്” എന്ന് വിളിച്ചിരുന്നു, എങ്കിലും ഈ പദം സാധാരണയായി കുതിര ഓടിക്കുന്നവരെയാണ് സൂചിപ്പിച്ചു വന്നിരുന്നത്.
- ഇസ്രയേല്യര്യുദ്ധത്തില്കുതിരകളെ ഉപയോഗിക്കുന്നത് യഹോവയില്ആശ്രയിക്കുന്നതിനേക്കാള്സ്വന്ത ബലത്തില്ആശ്രയിക്കുന്നതിനു ഊന്നല്നല്കുമെന്നതിനാല്അവര്ക്ക് അധികം കുതിരക്കാര്ഉണ്ടായിരുന്നില്ല.
- ഈ പദം “കുതിര സവാരിക്കാര്” അല്ലെങ്കില്“കുതിരപ്പുറത്തെ മനുഷ്യര്” എന്നും പരിഭാഷ ചെയ്യാം.

(കാണുക:രഥം, കുതിര)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്01:5-6
- ദാനിയേല്11:40-41
- പുറപ്പാട് 14:23-25
- ഉല്പ്പത്തി 50:7-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6571, H7395, G2460

# കുത്തി തുളക്കുന്ന, കുത്തി തുളക്കുന്നു, കുത്തി തുളക്കപ്പെട്ട, കുത്തി തുളക്കുന്ന

## നിർവചനം:

"കുത്തി തുളക്കുക" എന്ന പദസഞ്ചയം അർത്ഥമാക്കുന്നത് മൂർച്ചയും മുനയും ഉള്ള ഒരു വസ്തുവിനാൽമുറിവേൽപ്പിക്കുക എന്നാണ്. ഒരു വ്യക്തിക്ക് വികാരപരമായ ആഴത്തിൽഉള്ള വേദന ഉളവാക്കുന്നതിനെയും സൂചിപ്പിക്കുവാൻഉപമാന രൂപത്തിൽഇത് ഉപയോഗിക്കുന്നു.

- ക്രൂശിൽതറക്കപ്പെട്ടവൻആയി കിടക്കുമ്പോൾയേശുവിന്റെ വിലാപ്പുറത്തു ഒരു പടയാളി കുത്തി തുളച്ചു.
- ദൈവ വചന കാലഘട്ടങ്ങളിൽ, സ്വതന്ത്രനാക്കപ്പെട്ട ഒരു അടിമ തന്റെ യജമാനന് തുടർന്നും സേവനം ചെയ്യുന്നത് സ്വമധേയ തിരഞ്ഞെടുത്താൽഅതിന്റെ അടയാളമായി തന്റെ ചെവികൾതുളക്കേണ്ടത് ആവശ്യം ആയിരുന്നു.
- ശിമിയോൻമറിയയോടു സംസാരിക്കുമ്പോൾ, ഉപമാനമായി ഒരു വാൾനിന്റെ ഹൃദയത്തിൽകൂടെയും തുളച്ചു കടക്കും എന്ന് പറഞ്ഞത്, തന്റെ മകനായ യേശുവിനു സംഭവിക്കുവാൻപോകുന്നത് നിമിത്തം താൻഅനുഭവിക്കുവാൻപോകുന്ന ആഴമായ ദു:ഖത്തെ സൂചിപ്പിച്ചു കൊണ്ടാണ്.

(കാണുക: ക്രൂശ്, യേശു, വേലക്കാരൻ, ശിമിയോൻ)

## ദൈവ വചന സൂചികകൾ:

- ഇയ്യോബ് 16:13-14
- ഇയ്യോബ് 20:23-24
- യോഹന്നാൻ19:36-37
- സങ്കീർത്തനങ്ങൾ022:16-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H935, H1856, H2342, H2490, H2491, H2944, H3738, H4272, H5181, H5344, H5365, H6398, G1330, G1338, G1574, G2660, G3572, G4044, G4138

# കുനിഞ്ഞു വണങ്ങുക, കുനിഞ്ഞു വണങ്ങി

## നിർവചനം:

“കുനിഞ്ഞു വണങ്ങുക” എന്ന പദത്തിന്റെ അർത്ഥം മുഖം താഴോട്ടു കാണിച്ചു നിലത്തു വീണു കിടക്കുക എന്നാണ്.

- “കുനിഞ്ഞു വീണു കിടക്കുക” അല്ലെങ്കിൽ “ഒരുവന്റെ മുൻപിൽ വണങ്ങുക” എന്നതിന്റെ അർത്ഥം ആ വ്യക്തിയുടെ മുൻപിൽ പെട്ടെന്ന് തന്നെ വളരെ താഴ്ന്നു കുനിയുക എന്നാണ്.
- സാധാരണയായി കുനിഞ്ഞു വണങ്ങുന്ന ഈ നില നടുക്കം, ആശ്ചര്യം, ഭയഭക്തി ആദിയായവ അത്ഭുതകരമായ ഒന്ന് സംഭവിച്ചതു നിമിത്തം പ്രതികരണമായി ഉണ്ടായതു ആകുന്നു. ആരെ വണങ്ങുന്നുവോ ആ വ്യക്തിയോടു ഉള്ള ബഹുമാനത്തേയും ആദരവിനെയും ഇത് പ്രകടിപ്പിക്കുന്നു.
- കുനിഞ്ഞു വണങ്ങുക എന്നത് ദൈവത്തെ ആരാധിക്കുന്ന ഒരു ശൈലിയും കൂടെ ആകുന്നു. ജനങ്ങൾ സാധാരണയായി ഈ നിലയിൽ യേശുവിനോട് താൻ ഒരു അത്ഭുതം ചെയ്യുമ്പോഴോ അല്ലെങ്കിൽ തന്നെ ഒരു മഹാനായ ഉപദേഷ്ടാവ് എന്ന നിലയിൽ ബഹുമാനിക്കുമ്പോഴോ പ്രതികരിക്കുക സാധാരണം ആയിരുന്നു.
- സന്ദർഭം അനുസരിച്ച്, “കുനിഞ്ഞു വണങ്ങുക” എന്നത് മുഖം നിലത്തിനു നേരെ നോക്കിക്കൊണ്ട് താഴോട്ടു കുനിയുക” അല്ലെങ്കിൽ “അവന്റെ മുൻപിൽ മുഖം കുനിച്ചു വണങ്ങി നമസ്കരിച്ചു ആരാധിക്കുക” അല്ലെങ്കിൽ “വിസ്മയത്താൽ മുഖം നിലത്തേക്കു നോക്കി നിൽക്കുക” അല്ലെങ്കിൽ “ആരാധിക്കുക” എന്നിങ്ങനെ ഉള്ള പരിഭാഷകൾ ഉൾപ്പെടുത്താം.
- “ഞങ്ങൾ കുനിഞ്ഞു വണങ്ങുകയില്ല” എന്ന പദസഞ്ചയം “ആരാധിക്കുക ഇല്ല” അല്ലെങ്കിൽ “ആരാധനയിൽ മുഖം താഴ്ത്തുകയില്ല” അല്ലെങ്കിൽ “കുനിഞ്ഞു വണങ്ങി ആരാധിക്കുകയില്ല” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “അവനെ ത്തന്നെ താഴ്ത്തുക” എന്നത് “ആരാധിക്കുക” അല്ലെങ്കിൽ “മുൻപിൽ താണ് വണങ്ങുക” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക: ഭയഭക്തി, തല വണങ്ങുക)

## ദൈവ വചന സൂചികകൾ:

- 2 രാജാക്കന്മാർ:36-38
- ഉൽപ്പത്തി 43:28-29
- വെളിപ്പാട് 19:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5307, H5457, H6440, H6915, H7812

# കുനിയുക, കുനിയുന്നു, കുനിഞ്ഞു, വണക്കം, വണങ്ങുന്നു, താണുവണങ്ങി, താണുവനങ്ങുന്നു

## നിര്വചനം:

വണങ്ങുക എന്നാല് ഒരു വ്യക്തിയോട് മര്യാദയും ബഹുമാനവും താഴ്മയോടെ സൂചിപ്പിക്കുന്നതിനായി കുനിയുന്നതിനെ അര്ത്ഥമാക്കുന്നു. "വണങ്ങുക" എന്നാല്കുനിയുകയോ മുഴങ്കാലില്താഴ്ന്നു നില്ക്കുകയോ ചെയ്യുന്നത്, സാധാരണയായി മുഖവും കൈകളും നിലത്തിനു അഭിമുഖമായി കാണപ്പെടുക എന്നര്ത്ഥം.

- ഇതര ഭാവങ്ങള്"മുഴങ്കാലില്കുനിയുക" (മുഴങ്കാലില്നില്ക്കുക എന്നര്ത്ഥം) "ശിരസ്സ്നമിക്കുക" (ആദരവുനിമിത്തമോ ദുഃഖം നിമിത്തമോ ശിരസ്സ്മുന്പോട്ടു കുനിക്കുക) എന്നിവ ഉള്പ്പെടുന്നു.
- കുനിയുക എന്നത് അസ്വസ്ഥതയുടെയോ നെടുവീര്പ്പിന്റെയൊ അടയാളവുമാകാം. ഒരുവന്"വണങ്ങുന്നു" എന്നാല്താഴ്മയുടെ നിലവാരത്തിലേക്ക് താന്വന്നു എന്നു കാണുന്നു.
- സാധാരണയായി രാജാക്കന്മാര്, ഇതര ഭരണാധികാരികള്പോലുള്ള ഉയര്പദവികളോ പ്രാധാന്യമോ അര്ഹിക്കുന്നവരുടെ സാന്നിദ്ധ്യത്തില്ഒരു വ്യക്തി വനങ്ങാറുണ്ട്.
- ദൈവമുന്പാകെ വണങ്ങുക എന്നത് തന്നെ ആരാധിക്കുന്നു എന്നതിന്റെ ഒരു പ്രകടനം ആണ്.
- ദൈവവചനത്തില്, തന്റെ അത്ഭുതങ്ങളാലും ഉപദേശത്താലും ജനങ്ങള്യേശുവിനെ ദൈവത്തിന്റെ അടുക്കല്നിന്നും വന്നവന് എന്നു മനസ്സിലാക്കിയ പ്പോള്അവര്യേശുവിന്റെ മുന്പില്വണങ്ങി.
- ദൈവവചനം പ്രസ്താവിക്കുന്നത് ഒരുനാള്യേശു മടങ്ങി വരുമ്പോള്, എല്ലാവരും മുഴങ്കാല് മടക്കി തന്നെ ആരാധിക്കും എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യത്തിനനുസരിച്ച്, ഈ പദം "മുന്പോട്ടു കുനിയുക" അല്ലെങ്കില്"മുഴങ്കാലിടുക" എന്നിങ്ങനെ ഒരു വാക്കുകൊണ്ടോ പദസഞ്ചയം കൊണ്ടോ പരിഭാഷപ്പെടുത്താം.
- "വണങ്ങുക" എന്ന പദം "മുഴങ്കാലില്നില്ക്കുക" അല്ലെങ്കില്"സ്വയം നമസ്കരിക്കുക" എന്നു പരിഭാഷപ്പെടുത്താം.
- ചില ഭാഷകളില്ഈ പദം പരിഭാഷപ്പെടുത്താന്ഒന്നിലധികം മാര്ഗ്ഗങ്ങള്സാഹചര്യത്തിനനുസൃതമായി ഉണ്ടാകാം.

(കാണുക: താഴ്മ, ആരാധന)

## ദൈവവചന സൂചികകള്:

- 2 രാജാക്കന്മാര്05:17-19
- പുറപ്പാട് 20:4-6
- ഉല്പ്പത്തി 24:26-27
- ഉല്പ്പത്തി 44:14-15
- യെശ്ശയ്യാവ് 44:19
- ലൂക്കോസ് 24:4-5
- മത്തായി 02:11-12
- വെളിപ്പാട് 03:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H86, H3721, H3766, H5186, H5753, H5791, H6915, H7743, H7812, H7817, G1120, G2578, G2827, G4098, G4781, G4794

# കുന്തം, കുത്തിത്തുളക്കുന്നു, കുന്തക്കാരന്

## നിര്വചനം:

കുന്തം എന്നത് നീണ്ട മരപ്പിടിയോടു കൂടെ അഗ്രത്തില് ലോഹം കൊണ്ടുള്ള മൂര്ച്ചയുള്ള കത്തി ഒരു അഗ്രത്തില്ഘടിപ്പിച്ചിട്ടുള്ളതും ദൂരത്തേക്കു എറിയുന്നതുമായ ആയുധം ആകുന്നു.

- ദൈവ വചന കാലഘട്ടത്തില് യുദ്ധത്തില് കുന്തങ്ങള് സാധാരണയായി ഉപയോഗിക്കുന്നവ ആയിരുന്നു. അവ ചില സമയങ്ങളില് ചില ജനവിഭാഗങ്ങളുടെ ഇടയില് പ്രശ്നങ്ങള് ഉണ്ടാകുമ്പോള് ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്.
- യേശുവിനെ കുരിശില്തരച്ചപ്പോള്ഒരു റോമന്പടയാളി യേശുവിന്റെ വിലാപ്പുറത്തു കുന്തം ഉപയോഗിച്ചു കുത്തി തുളയ്ക്കുക ഉണ്ടായി.
- ചില സമയങ്ങളില്ഭക്ഷണത്തിനായി മല്സ്യത്തെയോ മറ്റു ഇരകളെയോ പിടിക്കുവാന് ആളുകള്കുന്തം എറിയാറുണ്ട്.
- സമാനമായ ആയുധങ്ങള്"ജാവലിന്" അല്ലെങ്കില്"ലാന്സ്" ആകുന്നു.
- "കുന്തം" എന്നതിന്റെ പരിഭാഷ എറിയുവാന്ഉപയോഗിക്കാത്തതായ, കുത്തുവാന്അല്ലെങ്കില്വെട്ടുവാന്ഉപയോഗിക്കുന്ന "വാള്" എന്നതിന്റെ പരിഭാഷയില്നിന്നും വ്യത്യസ്തമാണ് എന്ന കാര്യം ഉറപ്പാക്കുക. മാത്രമല്ല, വാളിനു പിടിയോടു കൂടിയ നീളമുള്ള കത്തി ഉണ്ടായിരിക്കും, കുന്തത്തിനു നീളമുള്ള തണ്ടില്അഗ്രത്തായി ഒരു ചെറിയ കത്തി ഉണ്ടായിരിക്കും.

(കാണുക: ഇര, റോം, വാള്, പടയാളി)

## ദൈവ വചന സൂചികകള്:

- 1 ശമുവേല്13:19-21
- 2 ശമുവേല്21:18-19
- നെഹമ്യാവ്വ് 04:12-14
- സങ്കീര്ത്തനങ്ങള്035:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1265, H2595, H3591, H6767, H7013, H7420, G3057

# കുന്തുരക്കം

## നിര്വചനം:

കുന്തുരക്കം എന്നത് മരത്തിന്റെ പശയില്നിന്ന് ഉണ്ടാക്കുന്ന സുഗന്ധ വസ്തുവാണ്. ഇത് നറുമണങ്ങളും സുഗന്ധ ദ്രവ്യങ്ങളും ഉണ്ടാക്കുവാന് ഉപയോഗി ക്കുന്നു.

- ദൈവ വചന കാലഘട്ടത്തില്, കുന്തുരക്കം എന്നത് ശവശരീരങ്ങള് സംസ്കരിക്കുന്നതിന് ഒരുക്കുവാന് ഉപയോഗിക്കുന്ന പ്രധാനപ്പെട്ട സുഗന്ധ വസ്തുവാണ്.
- ഈ സുഗന്ധ വസ്തു രോഗ സൌഖ്യത്തിനും ശമനം നല്കുന്നതിനും മൂല്യമുള്ളതാണ്.
- ബെത്ലെഹെമില് ഉള്ള ശിശുവായ യേശുവിനെ സന്ദര്ശിക്കുവാനായി കിഴക്കന്രാജ്യത്ത് നിന്ന് ശാസ്ത്രിമാര് വന്നപ്പോള്, അവര് കൊണ്ടുവന്നു സമ്മാനിച്ച മൂന്നു വസ്തുക്കളില് ഒന്ന് കുന്തുരുക്കം ആയിരുന്നു.

(കാണുക:ബെത്ലെഹേം, ശാസ്ത്രിമാര്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്09:28-29
- പുറപ്പാട് 30:34-36
- മത്തായി 02:11-12
- സംഖ്യാപുസ്തകം 05:15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3828, G3030

# കുരുക്ക്, കുരുക്കുകള്, കുരുക്കിലാക്കുക, കുരുക്കിലാക്കുന്നു, കുരുക്കിലാക്കി, കെണിയില്അകപ്പെടുത്തുക, കെണി, കെണി വെക്കുന്നു, കെണിയില്അകപ്പെടുത്തി

## നിര്വചനം:

"കുരുക്ക്" എന്നും "കെണി" എന്നും ഉള്ള പദങ്ങള്സൂചിപ്പിക്കുന്നത് മൃഗങ്ങളെ പിടിക്കുവാന്ഉപയോഗിക്കുന്നതും അവ രക്ഷപ്പെടാതെ സൂക്ഷിക്കുന്നതുമായ ഉപകരണങ്ങള്എന്നാണ്. "കുരുക്കുക" എന്നും "കുരുക്കിലാക്കുക" എന്നും പറഞ്ഞാല്ഒരു കുരുക്ക് ഉപയോഗിച്ചു പിടിക്കുക, എന്നും "കെണി വെക്കുക" എന്നും "കെണിയില്അകപ്പെടുത്തുക" എന്നും പറഞ്ഞാല്ഒരു കെണി ഉപയോഗിച്ചു പിടിക്കുക എന്നും അര്ത്ഥം ആകുന്നു. ദൈവ വചനത്തില്, ഈ പദങ്ങള്ഉപമാനമായി ഉപയോഗിക്കുന്നത് പാപത്തെക്കുറിച്ചും പരിശോധനകളെ കുറിച്ചും അവ ജനത്തെ പിടിക്കുകയും ദോഷം വരുത്തുകയും ചെയ്യുന്ന മറഞ്ഞിരിക്കുന്ന കെണികള്പോലെ ആകുന്നു എന്നാണ്.

- "കുരുക്ക്" എന്നത് കയര്അല്ലെങ്കില്വള്ളി കൊണ്ട് കെട്ടി ഉണ്ടാക്കുന്ന, ഒരു മൃഗം അതില്ചവിട്ടുമ്പോള്പെട്ടെന്ന് തന്നെ അതിന്റെ കാല്വലിച്ചു മുറുക്കുന്ന വിധത്തില്വെച്ചിരിക്കുന്ന ഉപാധി ആകുന്നു.
- കെണി" എന്നാല്സാധാരണയായി ഒരു ലോഹം കൊണ്ടോ അല്ലെങ്കില്തടി കൊണ്ടോ രണ്ടു ഭാഗങ്ങളായി നിര്മ്മിതമായതും പെട്ടെന്ന് ശക്തമായി ഒരുമിച്ചു ചേരുകയും, മൃഗത്തെ പിടിക്കുകയും അതിനു രക്ഷപ്പെട്ടു പോകുവാന്കഴിയാതെ പിടിച്ചു നിര്ത്തുന്നതും ആകുന്നു. ചില സമയങ്ങളില്ഒരു കെണി എന്നത് ഏതെങ്കിലും ഒന്ന് ഉള്ളില്വീഴത്തക്ക വിധം കുഴിച്ചു ഉണ്ടാക്കിയിട്ടുള്ള ആഴമുള്ള കുഴി ആയിരിക്കും.
- സാധാരണയായി ഒരു കുരുക്ക് അല്ലെങ്കില്കെണി എന്നത് അതിന്റെ ഇര ആശ്ച്ചര്യപ്പെടത്തക്ക നിലയില്അതിനു മറച്ചു വെച്ചിരിക്കുന്ന ഒന്നായിരിക്കും.
- "കെണി ഒരുക്കി വെക്കുക" എന്ന പദസഞ്ചയം അര്ത്ഥമാക്കുന്നത് എന്തിനെയെങ്കിലും പിടിച്ചെടുക്കുവാനായി കെണി ഒരുക്കി വെക്കുക എന്നതാണ്.
- "കെണിയില്വീഴുക" എന്നത് സൂചിപ്പിക്കുന്നത് ആഴത്തില്കുഴിച്ചിട്ടുള്ളതും ഒരു മൃഗത്തെ പിടിക്കുവാനായി മറച്ചു വെച്ചിട്ടുള്ളതുമായ ഒരു കുഴി അല്ലെങ്കില്കിണറ് ആകുന്നു.
- ഒരു മനുഷ്യന്പാപം ചെയ്യുവാന്തുടങ്ങുകയും അത് നിര്ത്തുവാന്കഴിയാത്ത വിധം ആകുകയും ചെയ്യുന്നതിനെ "പാപത്താല്കുരുങ്ങിപ്പോയി" എന്ന് ഒരു മൃഗം കുരുക്കില്അകപ്പെട്ടിട്ടു രക്ഷപ്പെടുവാന്കഴിയാതെ കാണപ്പെടുന്നതു പോലെ ഉപമാന രീതിയില്വിശദീകരിച്ചു പറയുന്നു.
- ഒരു മൃഗം ഒരു കെണിയില്അകപ്പെട്ടു മുറിവേല്ക്കുകയും അപകടത്തില്ആകുകയും ചെയ്യുന്നതു പോലെ, പാപത്തിന്റെ കെണിയില്അകപ്പെടുന്ന ഒരു വ്യക്തി പാപത്താല്ദോഷത്തില്അകപ്പെടുകയും തന്നെ രക്ഷപ്പെടുത്തുകയും വേണ്ടതായിരിക്കുന്നു.

(കാണുക: സ്വാതന്ത്ര്യം, ഇര, സാത്താന്, പരീക്ഷണം)

## ദൈവ വചന സൂചികകള്:

- സഭാപ്രസംഗി 07:26
- ലൂക്കോസ് 21:34-35
- മര്ക്കോസ് 12:13-15
- സങ്കീര്ത്തനങ്ങള്018:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2256, H3353, H3369, H3920, H3921, H4170, H4204, H4434, H4685, H4686, H4889, H5367, H5914, H6315, H6341, H6351, H6354, H6679, H6983, H7639, H7845, H8610, G64, G1029, G2339, G2340, G3802, G3803, G3985, G4625

# കുറ്റം, കുറ്റങ്ങള്, കുറ്റവാളി, കുറ്റവാളികള്

## നിര്വചനം:

"കുറ്റം' എന്ന പദം സാധാരണയായി രാജ്യത്തിന്റെയൊ സംസ്ഥാനത്തിന്റെയോ നിയമം ലംഘിക്കുന്ന പാപത്തില്ഇടപെടുന്നതിനെ സൂചിപ്പിക്കുന്നു. "കുറ്റവാളി" എന്ന പദം കുറ്റം ചെയ്ത വ്യക്തിയെ സൂചിപ്പിക്കുന്നു.

- കുറ്റങ്ങളുടെ വിധങ്ങളില്ഒരു മനുഷ്യനെ കൊല്ലുന്നതും അല്ലെങ്കില്വേറൊരുവന്റെ വസ്തു അപഹരിക്കുന്നതും ഉള്പ്പെടുന്നു.
- ഒരു കുറ്റവാളിയെ സാധാരണയായി പിടിക്കുകയും കാരാഗ്രഹം പോലുള്ള സ്ഥലങ്ങളില്ബന്ധനത്തില്വെക്കുകയും ചെയ്യും.
- ദൈവവചന കാലഘട്ടത്തില്, ചില കുറ്റവാളികള്പലായിതരാകുകയും, അവര് ചെയ്ത ഉപദ്രവത്തിനു പ്രതികാരം ചെയ്യുന്നവരുടെ കയ്യില്നിന്നും രക്ഷപ്പെടെണ്ടതിനു ഒരു സ്ഥലത്തുനിന്നും വേറൊരു സ്ഥലത്തേക്ക് ഓടിപ്പോകുന്നവരും ആയിരിക്കും.

(കാണുക: കള്ളന്)

## ദൈവവചന സൂചികകള്:

- 2 തിമോത്തിയോസ് 02:8-10
- ഹോശേയ 06:8-9
- ഇയ്യോബ് 31:26-28](rc://ml/tn/help/job/31/26)
- ലൂക്കോസ് 23:32](rc://ml/tn/help/luk/23/32)
- മത്തായി 27:23-24](rc://ml/tn/help/mat/27/23)

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2154, H2400, H4639, H5771, H7563, H7564, G156, G1462, G2556, G2557, G4467

# കുറ്റപ്പെടുത്തുക, കുറ്റപ്പെടുത്തുന്നു.പ്രതി,, കുറ്റപ്പെടുത്തുന്ന, കുറ്റാരോപണം നട ത്തുന്നയാൾ, കുറ്റാരോപണം നടത്തുന്നവർ, കുറ്റാരോപണം, കുറ്റാരോപണങ്ങൾ

## നിർവ്വചനം:

"കുറ്റപ്പെടുത്തുക", "കുറ്റാരോപണം" എന്നീ പദങ്ങൾഒരു വ്യക്തിയെ ഏതോ തെറ്റു ചെയ്തുവെന്ന് കുറ്റപ്പെടുത്തുക എന്നു സൂചിപ്പിക്കുന്നു. മറ്റുള്ളവരെ കുറ്റപ്പെടുത്തുന്ന വ്യക്തിയെ "കുറ്റാരോപണം നടത്തുന്നയാൾ" എന്നു വിളിക്കുന്നു.

- യഹൂദ നേതാക്കന്മാർ യേശുവിനെ തെറ്റുചെയ്യുന്നു എന്നു വ്യാജമായി കുറ്റാ രോപണം നടത്തിയതുപോലെ, ഒരു വ്യക്തിക്കെതിരെ ചുമത്തുന്ന ആരോപണം സത്യമല്ലാത്തതാകുമ്പോൾ അത് വ്യാജ കുറ്റാരോപണം ആകുന്നു. പുതിയ നിയമ വെളിപ്പാട് പുസ്തകത്തിൽ, സാത്താനെ "കുറ്റം ആരോപിക്കു ന്നവൻ" എന്നു വിളിക്കുന്നു.

## ദൈവവചന സൂചികകൾ:

- അപ്പൊ.പ്രവർത്തികൾ:38-41
- ഹോശേയ 04:4-5
- യിരെമ്യാവ് 02:9-11
- ലൂക്കോസ് 06:6-8
- റോമർ:33-34

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3198, H8799, G1458, G2147, G2596, G2724

# കുലീനമായ, ആഭിജാത്യം ഉള്ളവ, കുലീനന്, കുലീനന്മാര്

## നിര്വചനം:

“കുലീനമായ” എന്ന പദം ഉല്കൃഷ്ടമായതും ഉയര്ന്ന ഗുണ നിലവാരം പുലര്ത്തുന്നതുമായ ഒന്നിനെ സൂചിപ്പിക്കുന്നു. ഒരു “കുലീനന്” എന്ന് പറയുമ്പോള് ആ വ്യക്തി വളരെ ഉയര്ന്ന രാഷ്ട്രീയ അല്ലെങ്കില് സാമൂഹിക അന്തസ്സ് പുലര്ത്തുന്നവന് ആകുന്നു. “കുലീന ജന്മം ഉള്ളവന്” എന്നത് കുലീനനായ ഒരു മനുഷ്യന് ജനിച്ച വ്യക്തി എന്നാകുന്നു.

- ഒരു കുലീനനായ മനുഷ്യന് സാധാരണയായി ഒരു രാജ്യത്തിലെ ഒരു ഉദ്യോഗസ്ഥന്, അല്ലെങ്കില് രാജാവിന്റെ ഏറ്റവും അടുത്ത സേവകന്ആകുന്നു.
- “കുലീനനായ വ്യക്തി” എന്ന പദം “രാജാവിന്റെ ഉദ്യോഗസ്ഥന്” അല്ലെങ്കില് “സര്ക്കാര് ഉദ്യോഗസ്ഥന്” എന്ന് പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള് 23:20-21
- ദാനിയേല് 04:36-37
- സഭാപ്രസംഗി 10:16-17
- ലൂക്കോസ് 19:11-12
- സങ്കീര്ത്തനങ്ങള് 016:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H117, H678, H1281, H1419, H2715, H3358, H3513, H5057, H5081, H6440, H6579, H7336, H7261, H8282, H8269, H8321, G937, G2104, G2903

# കുളമ്പ്, കുളമ്പുകള്, കുളമ്പുകള്

## വസ്തുതകള്:

ഈ പദങ്ങള്ഒട്ടകങ്ങള്, കന്നുകാലികള്, മാനുകള്, കുതിരകള്, കഴുതകള്, പന്നികള്, കാളകള്, ചെമ്മരിയാടുകള്, കോലാടുകള്ആദിയായ ചില പ്രത്യേക മൃഗങ്ങളുടെ പാദത്തിന്റെ അടിഭാഗം കടുപ്പമേറിയ വസ്തുവാല്പൊതിഞ്ഞിരിക്കുന്നതിനെ സൂചിപ്പിക്കുന്നു.

- ഒരു മൃഗത്തിന്റെ കുളമ്പുകള്അതിന്റെ പാദങ്ങളെ നടക്കുമ്പോള്സംരക്ഷിക്കുന്നു.
- ചില മൃഗങ്ങള്ക്ക് അതിന്റെ കുളമ്പുകള്രണ്ടായി പിളര്ന്നും മറ്റു ചിലതിനു പിളരാതെയും കാണപ്പെടുന്നു.
- ദൈവം ഇസ്രയേല്യരോട് പറഞ്ഞിരുന്നത് പിളര്ന്ന കുളമ്പുകള്ഉള്ളതും അയവിറക്കുന്നതും ആയ മൃഗങ്ങള്ഭക്ഷണത്തിനു ശുദ്ധി ഉള്ളവയായി പരിഗണിക്കാമെന്ന് ആയിരുന്നത്. ഇത് കന്നുകാലികള്, ചെമ്മരിയാട്, മാന്, കാളകള്ഉള്പ്പെട്ടവയാണ്.

(കാണുക:അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഒട്ടകം, പശു, കാള, കഴുത, കോലാട്, പന്നി, ചെമ്മരിയാട്)

## ദൈവ വചന സൂചികകള്:

- ആവര്ത്തന പുസ്തകം 14:6-7
- യെഹസ്കേല്26:9-11
- ലേവ്യപുസ്തകം 11:3-4
- സങ്കീര്ത്തനം 069:30-31

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6119, H6471, H6536, H6541, H7272

# കുഴി, കുഴികൾ, കെണി

## നിർവചനം:

കെണി എന്നത് മൃഗങ്ങളെ പിടിക്കുവാനായി നിലത്തിൽകുഴിച്ചു ഉണ്ടാക്കുന്ന കുഴി ആകുന്നു.

- ജനം മൃഗങ്ങളെ പിടിക്കുന്നതിനോ അല്ലെങ്കിൽവെള്ളം കണ്ടു പിടിക്കുന്നതിനോ വേണ്ടി കുഴി കുഴിക്കുന്നു.
- കുഴി എന്നത് ഒരു കുറ്റവാളിയെ താത്കാലികമായി പിടിച്ചു വെക്കുവാനും ഉപയോഗിക്കുമായിരുന്നു.
- ചില സന്ദർഭങ്ങളിൽ"കുഴി"എന്ന പദം ശവക്കുഴി അല്ലെങ്കിൽനരകം എന്ന് സൂചിപ്പിക്കുന്നു. മറ്റു സമയങ്ങളിൽഇത് "അഗാധ ഗർത്തം" എന്നും സൂചിപ്പിക്കുന്നു.
- വളരെ ആഴമായ കുഴിയെ "ചൂള" എന്നും വിളിക്കാം.
- "കുഴി" എന്ന പദം ഉപമാനമായി "നാശത്തിന്റെ കുഴി" എന്ന് പാപം നിറഞ്ഞ, നാശകരമായ പ്രവർത്തികൾനിമിത്തം നാശകരമായ സാഹചര്യത്തിൽകുടുങ്ങിയ എന്നിങ്ങനെ ഉള്ള പദസഞ്ചയങ്ങൾകൊണ്ട് ഉപയോഗിക്കുന്നു.

(കാണുക: അഗാധ ഗർത്തം, നരകം, കാരാഗ്രഹം)

## ദൈവ വചന സൂചികകൾ:

- ഉൽപ്പത്തി 37:21-22
- ഇയ്യോബ് 33:16-18
- ലൂക്കോസ് 06:39-40
- സദൃശവാക്യങ്ങൾ01:12-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H875, H953, H1356, H1360, H1475, H2352, H4087, H4113, H4379, H6354, H7585, H7745, H7816, H7825, H7845, H7882, G12, G999, G5421

# കുഷ്ടരോഗി, കുഷ്ഠരോഗി, കുഷ്ഠം, കുഷ്ഠം ഉള്ള:

## നിര്വചനം:

"കുഷ്ഠം" എന്ന പദം ദൈവ വചനത്തില് പലവിധ ചര്മ്മ രോഗങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നു, "കുഷ്ഠരോഗി" എന്നത് കുഷ്ഠരോഗം ഉള്ള ഒരു വ്യക്തി ആകുന്നു. "കുഷ്ഠമുള്ള" എന്ന പദം വിവരിക്കുന്നത് ഒരു വ്യക്തി അല്ലെങ്കില് ശരീര ഭാഗം കുഷ്ഠരോഗത്താല് ബാധിക്കപ്പെട്ടത് എന്നു ആകുന്നു.

- ചില തരം കുഷ്ഠങ്ങള് ചര്മ്മത്തില് നിറഭേദം വരുത്തി വെളുത്ത പാടുകള്, മിര്യാമിനും നയമാനും കുഷ്ഠം ഉണ്ടായത് പോലെ ഉളവാക്കുന്നു.
- ആധുനിക കാലങ്ങളില്, കുഷ്ഠരോഗം കൈകള്, കാലുകള്, ഇതര ശരീര ഭാഗങ്ങളെ നശിപ്പിക്കുകയും അംഗ വൈരൂപ്യം വരുത്തുകയും ചെയ്യുന്നു.
- ഇസ്രയേല് മക്കള്ക്ക് ദൈവം നല്കിയ നിര്ദേശങ്ങള്ക്ക് അനുസൃതമായി, ഒരു വ്യക്തിക്ക് കുഷ്ഠം ഉണ്ടായാല്, ആ വ്യക്തിയെ "അശുദ്ധന്" എന്ന് കണക്കാക്കുകയും താന് മറ്റുള്ള ജനങ്ങളില് നിന്നും അകന്നു കഴിയേണ്ടവനും അത് നിമിത്തം അവരാല്ഈ രോഗം മറ്റുള്ള ജനങ്ങള്ക്കു സംക്രമിക്കപ്പെടാതെ ഇരിക്കുകയും ചെയ്യും.
- ഒരു കുഷ്ഠരോഗി സാധാരണയായി "അശുദ്ധന്" എന്ന് തന്നെ കുറിച്ച് വിളിച്ചു പറയുകയും അതിനാല് മറ്റുള്ളവര്തന്റെ അടുക്കല് വരാതെ വണ്ണം മുന്നറിയിപ്പ് നല്കുവാന് ഇടയാകുകയും ചെയ്യും.
- യേശു നിരവധി കുഷ്ഠരോഗികളെ സൌഖ്യമാക്കിയിട്ടുണ്ട്, കൂടാതെ വിവിധ തരത്തിലുള്ള മറ്റു രോഗങ്ങളെയും സൌഖ്യമാക്കിയിട്ടുണ്ട്.

## പരിഭാഷ നിര്ദേശങ്ങള്:

- ദൈവ വചനത്തില്ഉള്ള "കുഷ്ഠം" എന്ന പദം "ചര്മ്മ രോഗം" അല്ലെങ്കില്"ഭയാനകമായ ചര്മ്മ രോഗം" എന്ന് പരിഭാഷ ചെയ്യാവുന്നതാണ്.
- കുഷ്ഠരോഗം ഉള്ള" എന്ന പദം പരിഭാഷ ചെയ്യുന്നതിന് "കുഷ്ഠം നിറഞ്ഞ" അല്ലെങ്കില്"ചര്മ്മ രോഗത്താല്ബാധിതനായ" അല്ലെങ്കില്"ചര്മ്മം വ്യണങ്ങളാല്നിറഞ്ഞ" ആദിയായവ ഉള്പ്പെടുത്താം.

(കാണുക: മിര്യാം, നയമാന്, ശുദ്ധം)

## ദൈവ വചന സൂചികകള്:

- ലൂക്കോസ് 05:12-13
- ലൂക്കോസ് 17:11-13
- മര്ക്കോസ് 01:40-42
- മര്ക്കോസ് 14:3-5
- മത്തായി 08:1-3
- മത്തായി 10:8-10
- മത്തായി 11:4-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6879, H6883, G3014, G3015

# കൂടാരം, കൂടാരങ്ങള്, കൂടാര നിര്മ്മിതാക്കള്

## നിര്വചനം:

ഒരു കൂടാരം എന്നത് ഘനമുള്ള തുണിയാല് നിര്മ്മിതമായതും തൂണുകളാല് ഉണ്ടാക്കിയ ചട്ടക്കൂട്ടില് വലിച്ചു കെട്ടി നിര്മ്മിച്ചതുമായ എടുത്തു കൊണ്ട് പോകാവുന്നതായ ഒരു താമസ സൌകര്യം ആകുന്നു.

- കൂടാരം ചെറുതും, കുറച്ചു പേര്ക്ക് അതിനകത്ത് ഉറങ്ങുവാന് സൌകര്യം ഉള്ളതും, അല്ലെങ്കില് അവ വലിപ്പം ഉള്ളതും ഒരു കുടുംബം മുഴുവനും ഉറങ്ങുവാനും, പാചകം ചെയ്യുവാനും താമസിക്കുവാനും സൌകര്യപ്രദം ആയതും ആയിരിക്കും.
- നിരവധി ആളുകള്, തങ്ങളുടെ സ്ഥിര താമസ സ്ഥലമായി കൂടാരങ്ങള് ഉപയോഗിക്കാറുണ്ട്. ഉദാഹരണമായി, അബ്രഹാമിന്റെ കുടുംബം കനാന് ദേശത്ത് വസിച്ച ഭൂരിഭാഗം സമയവും, ഘനമുള്ള ആട്ടു രോമ വസ്ത്രങ്ങളാല് നിര്മ്മിതമായ വലിയ കൂടാരങ്ങളില് ആയിരുന്നു താമസിച്ചു വന്നിരുന്നത്.
- ഇസ്രയേല് ജനങ്ങളും സീനായി മരുഭൂമിയില് ചുറ്റി സഞ്ചരിച്ചു വന്ന നാല്പ്പതു വര്ഷങ്ങളും കൂടാരങ്ങളില് ആയിരുന്നു താമസിച്ചു വന്നിരുന്നത്.
- സമാഗമന കൂടാരം എന്ന നിര്മ്മിതി വളരെ വലുപ്പം ഉള്ള, തുണി നിര്മ്മിതമായ ഘനമുള്ള ചുവരുകളോട് കൂടിയ ഒന്നായിരുന്നു.
- സുവിശേഷം പങ്കു വെക്കുവാനായി വിവിധ പട്ടണങ്ങളിലേക്ക് അപ്പോസ്തലനായ പൌലോസ് യാത്ര ചെയ്തപ്പോള്, കൂടാരങ്ങള് നിര്മ്മിച്ചു തന്റെ കാര്യാദികള് നോക്കി വന്നു.
- “കൂടാരങ്ങള്” എന്ന പദം ചില സന്ദര്ഭങ്ങളില് ജനം വസിക്കുന്ന സ്ഥലങ്ങളെ ഉപമാനമായി സൂചിപ്പിച്ചിരുന്നു. ഇതിനെ “ഭവനങ്ങള്” അല്ലെങ്കില് “വാസസ്ഥലങ്ങള്” അല്ലെങ്കില് “വീടുകള്” കൂടാതെ “ശരീരങ്ങള്” എന്നും പരിഭാഷ ചെയ്യാവുന്നതാണ്. (കാണുക: ഉപലക്ഷണാലങ്കാരം)

(കാണുക:അബ്രഹാം,കനാന്, തിരശ്ശീല, പൌലോസ്, സീനായി, സമാഗമന കൂടാരം, കൂടിക്കാഴ്ചയുടെ കൂടാരം)

## ദൈവവചന കൂടാരം:

- 1 ദിനവൃത്താന്തങ്ങള് 05:10
- ദാനിയേല്:44-45
- പുറപ്പാട് 16:16-18
- ഉല്പ്പത്തി 12:8-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H167, H168, H2583, H3407, H6898

# കൂടിക്കാഴ്ചയുടെ കൂടാരം

## വസ്തുതകള്:

“കൂടിക്കാഴ്ചയുടെ കൂടാരം” എന്ന പദം സൂചിപ്പിക്കുന്നത് സമാഗമന കൂടാരം നിര്മ്മിക്കുന്നത് മുന്പ് ദൈവം മോശേയുമായി കൂടിക്കാഴ്ച നടത്തി വന്ന താത്കാലികമായ കൂടാരം ആകുന്നു.

- "കൂടിക്കാഴ്ച്ചയുടെ കൂടാരം” ഇസ്രയേല്യരുടെ പാളയത്തിനു പുറത്തായിരുന്നു ക്രമീകരിച്ചിരുന്നത്.
- മോശെ ദൈവവുമായി കണ്ടുമുട്ടേണ്ടതിനു കൂടിക്കാഴ്ചയുടെ കൂടാരത്തിലേക്കു പോകുമ്പോള്, ഒരു മേഘസ്തംഭം കൂടാരത്തിന്റെ വാതില്ക്കല് ദൈവത്തിന്റെ സാന്നിധ്യം അവിടെ ഉണ്ടെന്നുള്ളതിന്റെ അടയാളമായി പ്രത്യക്ഷം ആകുമായിരുന്നു.
- ഇസ്രയേല്യര് സമാഗമന കൂടാരം നിര്മ്മിച്ചു കഴിഞ്ഞപ്പോള്, ഈ താത്കാലിക കൂടാരത്തിന്റെ ആവശ്യകത ഇല്ലാതാകുകയും “കൂടിക്കാഴ്ചയുടെ കൂടാരം” എന്ന പദം ചില സന്ദര്ഭങ്ങളില് സമാഗമന കൂടാരത്തിന് സൂചിപ്പിക്കുകയും ചെയ്തു.

(കാണുക: ഇസ്രയേല്, മോശെ, തൂണ്, സമാഗമന കൂടാരം, കൂടാരം)

### ദൈവ വചന കൂടാരം;

- 1 രാജാക്കന്മാര്:28-29
- യോശുവ 19:51
- ലേവ്യപുസ്തകം 01:1-2
- സംഖ്യാപുസ്തകം 04:31-32

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **13:08** ദൈവം ഇസ്രയേല് ജനങ്ങള്ക്ക് താന് അവര് നിര്മ്മിക്കണം എന്നു ആവശ്യപ്പെട്ടിരുന്ന കൂടാരത്തിന്റെ വിശദമായ വിവരണം നല്കിയിരുന്നു. ഇതിനെ **സമാഗമന കൂടാരം** എന്ന് വിളിച്ചിരുന്നു, ഇതിനു വലിയ തിരശ്ശീല കൊണ്ട് വിഭാഗിച്ചിരുന്ന രണ്ടു അറകള് ഉണ്ടായിരുന്നു.
- **13:09** ദൈവത്തിന്റെ ന്യായപ്രമാണം ലംഘിക്കുന്ന ആരെങ്കിലും **സമാഗമന കൂടാരത്തിന്റെ** മുന്പില് ഉള്ള യാഗപീഠത്തില് ഒരു മൃഗത്തെ കൊണ്ടു വരികയും ദൈവത്തിനു യാഗമായി അര്പ്പിക്കുകയും വേണമായിരുന്നു.
- **14:08** ദൈവം വളരെ കൊപിഷ്ടന് ആകുകയും **സമാഗമന കൂടാരത്തിലേക്കു** വരികയും ചെയ്തു.
- **18:02 സമാഗമന കൂടാരത്തിന്** പകരമായി ഇപ്പോള് ജനം ദൈവത്തെ ആരാധിക്കുകയും യാഗങ്ങള് അര്പ്പിക്കുകയും ചെയ്യുന്നത് ദേവാലയത്തില് ആണ്.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H168, H4150

# കെരൂബ്, കെരൂബിം, കെരൂബുകള്

## നിര്വചനം:

“കെരൂബ്” ഉം, അതിന്റെ ബഹുവചന രൂപമായ “കേരൂബീം”ഉം, ദൈവം സൃഷ്ടിച്ച പ്രത്യേക സ്വര്ഗ്ഗീയ ജീവികള്ആണ്. ദൈവവചനം സൂചിപ്പിക്കുന്ന പ്രകാരം കേരൂബുകള്ക്ക് ചിറകുകളും അഗ്നിജ്വാലകളും ഉണ്ട്.

- കെരൂബുകള്ദൈവത്തിന്റെ മഹത്വവും ശക്തിയും പ്രദര്ശിപ്പിക്കുന്നതിനോ ടൊപ്പം വിശുദ്ധ വസ്തുക്കളുടെ സൂക്ഷിപ്പുകാരായും കാണപ്പെടുന്നു.
- ആദാമും ഹവ്വയും പാപം ചെയ്തത്തിനുശേഷം, ദൈവം എദേന്തോട്ടത്തിന്റെ കിഴക്കെഭാഗത്ത് അഗ്നിജ്വാലകളുള്ള വാളുകളോടുകൂടിയ കെരൂബുകളെ നിര്ത്തി, അതിനാല്മനുഷ്യര്ജീവവൃക്ഷത്തിന്റെ അടുക്കല്സമീപിക്കാതിരിക്കുവാന്സാധിക്കയില്ല. ദൈവം ഇസ്രയേല്ജനത്തോട് പ്രായശ്ചിത്ത ഉടമ്പടിപ്പെട്ടകത്തിന്റെ അടപ്പിന്റെ മുകളില്ഇരു ചിറകുകളും സ്പര്ശിക്കത്തക്ക നിലയില്അഭിമുഖമായി നില്ക്കുന്ന രണ്ടു കെരൂബുകള്കൊത്തുപണിയായി ഉണ്ടാക്കണമെന്ന് കല്പ്പിച്ചിരുന്നു.
- മാത്രമല്ല സമാഗമാനകൂടാരത്തിന്റെ തിരശീലയില്കെരൂബുകളുടെ ചിത്രങ്ങള്നെയ്തുകൊള്ളണമെന്നു അവന്അവരോടു കല്പ്പിച്ചിരുന്നു.
- ചില ഭാഗങ്ങളില്, ഈ ജീവികള്ക്ക് നാലു മുഖങ്ങള്ഉള്ളതായി വിവരിച്ചിട്ടുണ്ട്: അവ മനുഷ്യന്റെ, സിംഹത്തിന്റെ, കാളയുടെ, കഴുകന്റെ എന്നിവയാണ്.
- കെരൂബുകളെ ചില സമയങ്ങളില്ദൂതന്മാരായി സങ്കല്പ്പിക്കാറുണ്ട്, എന്നാല്ദൈവവചനം അത് വ്യക്തമാക്കിയിട്ടില്ല.

## പരിഭാഷ നിര്ദേശങ്ങള്:

- ‘കെരൂബുകള്” എന്ന പദം “ചിറകുകളുള്ള ജീവികള്” അല്ലെങ്കില്” ചിറകുകളുള്ള സംരക്ഷകര്” അല്ലെങ്കില്”ചിറകുകളുള്ള ആത്മീക സംരക്ഷകര്” അല്ലെങ്കില്”വിശുദ്ധരായ, ചിറകുകളുള്ള സംരക്ഷകര്” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- ഒരു “കെരൂബ്” എന്നത് കെരൂബുകള്എന്നതിന്റെ ഏകകമായി, ഉദാഹരണ ത്തിനു, “ചിറകുകളുള്ള ജീവി” അല്ലെങ്കില്”ചിറകുകളുള്ള ആത്മീക സംരക്ഷകന്” എന്നതുപോലെ പരിഭാഷപ്പെടുത്തണം.
- “ദൈവദൂതന്” എന്നതിന്റെ പരിഭാഷയില്നിന്നും ഈ പദത്തിന്റെ പരിഭാഷ വ്യത്യസ്തമായിരിക്കണം എന്നുള്ളത് ഉറപ്പാക്കണം.
- മാത്രമല്ല ഒരു പ്രാദേശിക അല്ലെങ്കില്ദേശീയ ഭാഷയിലുള്ള ദൈവവചന പരിഭാഷയില്ഈ പദം എപ്രകാരം പരിഭാഷപ്പെടുത്തിയിരിക്കുന്നു എന്നതും പരിഗണിക്കണം.

(കാണുക: അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ദൈവദൂതന്)

## ദൈവവചന സൂചികകള്:

- 1ദിനവൃത്താന്തങ്ങള്13:5-6
- 1 രാജാക്കന്മാര്06:23-26
- പുറപ്പാട് 25:15-18
- യെഹസ്കേല്09:3-4
- ഉല്പ്പത്തി 03:22-24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3742, G5502

# കൈക്കൂലി, കൈക്കൂലി വാങ്ങുന്ന, കൈക്കൂലി നല്കുന്ന, കൈക്കൂലി സമ്പ്രദായം

## നിര്വചനം

“കൈക്കൂലി നല്കുക എന്നാല്സത്യസന്ധമല്ലാത്ത എന്തെങ്കിലും ചെയ്യുവാനായി ഒരു വ്യക്തിയെ സ്വാധീനിക്കേണ്ടതിനു പണം പോലുള്ള വിലപിടിപ്പുള്ളവ നല്കുന്നത് എന്നു അര്ത്ഥം.

- യേശുവിന്റെ ശൂന്യമായ കല്ലറ കാവല്കാത്തുവന്ന പടയാളികള്സംഭവിച്ചവ സംബന്ധിച്ചു അസത്യം പറയേണ്ടതിനു അവര്ക്ക് കൈക്കൂലിയായി പണം നല്കി.
- ചില സന്ദര്ഭങ്ങളില്സര്ക്കാര്അധികാരികള്ക്ക് ഒരു കുറ്റത്തെ അവഗണിക്കേ ണ്ടതിനോ പ്രത്യേക നിലയില്നിര്ദേശം നല്കേണ്ടതിനോ കൈക്കൂലി കൊടുക്കാ റുണ്ട്.
- ദൈവവചനം കൈക്കൂലി കൊടുക്കുന്നതിനെയും സ്വീകരിക്കുന്നതിനെയും നിരോധിച്ചിരിക്കുന്നു. “കൈക്കൂലി” എന്ന പദം, “സത്യസന്ധമല്ലാത്ത പണമിടപാട്” അല്ലെങ്കില്“അസത്യത്തിനുള്ള ശമ്പളം” അല്ലെങ്കില്“നിയമലംഘനത്തിനുള്ള വില” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- “കൈക്കൂലി നല്കുക” എന്നത് “സ്വാധീനിക്കുവാനായി (ആരെയെങ്കിലും) പണം നല്കുക” അല്ലെങ്കില്“സത്യസന്ധതയല്ലാത്ത ആനുകൂല്യത്തിനായി പണം നല്കുക” അല്ലെങ്കില്“ഒരു ആനുകൂല്യത്തിനായി “പണം നല്കുക’’ എന്നു പരിഭാഷ പ്പെടുത്താം.

## ദൈവവചന സൂചികകള്:

- 1ശാമുവല്08:1-3
- സഭാപ്രസംഗി 07:07
- യെശ്ശയ്യാവ് 01:23
- മീഖ 03:9-11
- സദൃശവാക്യങ്ങള്15:27-28

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3724, H4979, H7809, H7810, H7936, H7966, H8641, G5260

# കൈവശമാക്കുക, കൈവശമാക്കുന്നു, കൈവശമാക്കപ്പെട്ട, കൈവശം വെയ്ക്കുന്ന, ഉടമസ്ഥത, വസ്തുവകകൾ, ഉടമസ്ഥത അവകാശം ഒഴിപ്പിക്കുക

## വസ്തുതകൾ:

"കൈവശമാക്കുക" എന്നും "ഉടമസ്ഥത" എന്നും ഉള്ള പദങ്ങൾ സാധാരണയായി എന്തെങ്കിലും സ്വന്തമാക്കുന്നതിനെ സൂചിപ്പിക്കുന്നു. കൂടാതെ ഏതിന്റെ എങ്കിലും മേലും നിയന്ത്രണം നേടുക അല്ലെങ്കിൽ ഒരു ഭൂപ്രദേശം കൈവശമാക്കുക എന്നും കൂടെ അർത്ഥം നൽകാം.

- പഴയ നിയമത്തിൽ, ഈ പദം സാധാരണയായി ഒരു ഭൂപ്രദേശം "കൈവശമാക്കപ്പെട്ട" അല്ലെങ്കിൽ "കൈവശം ആർജ്ജിച്ചതായ" എന്ന പിന്നണിയിൽ ഉപയോഗിച്ചിരിക്കുന്നു.
- യഹോവ ഇസ്രയേൽ ജനത്തോടു കനാൻ ദേശം "കൈവശമാക്കുക" എന്ന് കൽപ്പിച്ചപ്പോൾ, അത് അർത്ഥമാക്കിയത് അവർ ആ ദേശത്തിലേക്കു കടന്നു ചെല്ലുകയും അവിടെ പാർക്കുകയും ചെയ്യണം എന്ന് ആയിരുന്നു. ഇത് ആദ്യം തന്നെ ആ ദേശത്ത് താമസിച്ചു വന്ന കനാന്യരായ ജനത്തെ ജയിക്കുക എന്നതിനെ ഉൾപ്പെടുത്തുന്നു.
- യഹോവ ഇസ്രയേൽ ജനത്തോടു പറഞ്ഞത്, കനാന്യരുടെ ദേശത്തെ അവർക്ക് "അവരുടെ അവകാശം ആയി" നൽകിയിരിക്കുന്നു എന്നാണ്. ഇത് അവർക്ക് ജീവിക്കുവാൻ ഉള്ള "അവകാശമായ സ്ഥലം" എന്നും പരിഭാഷ ചെയ്യാം.
- ഇസ്രയേൽ ജനവും യഹോവയുടെ "പ്രത്യേക അവകാശം" എന്ന് വിളിക്കപ്പെട്ടു വന്നിരുന്നു.

ഇതിന്റെ അർത്ഥം അവർ തനിക്കു ഉൾപ്പെട്ട ജനമായി ഇരിക്കുന്നു എന്നും അവരെ തന്നെ ആരാധിക്കുവാനും സേവിക്കുവാനും ആയി പ്രത്യേകാൽ വിളിച്ചിരിക്കുന്നു എന്നും അർത്ഥമാക്കുന്നു.

## പരിഭാഷ നിർദേശങ്ങൾ"

- "കൈവശമാക്കുക" എന്ന പദം "സ്വന്തം" അല്ലെങ്കിൽ "ഉൾപ്പെട്ട" അല്ലെങ്കിൽ "മേൽ ഉത്തരവാദിത്വം ഉള്ള" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "കൈവശപ്പെടുത്തുക" എന്ന പദം "നിയന്ത്രണം വഹിക്കുക" അല്ലെങ്കിൽ "കൈവശം ആക്കുക" അല്ലെങ്കിൽ "അതിൽ ജീവിക്കുക" എന്നിങ്ങനെ സാഹചര്യം അനുസരിച്ച് പരിഭാഷ ചെയ്യാം.
- ജനങ്ങൾ കൈവശം വെച്ചിരിക്കുന്ന വസ്തുക്കളെ സൂചിപ്പിക്കുമ്പോൾ, "വസ്തു വകകൾ" എന്നത് "ഉൾപ്പെട്ടവകൾ" അല്ലെങ്കിൽ "വസ്തു" അല്ലെങ്കിൽ "സ്വന്തമായ വസ്തുക്കൾ" അല്ലെങ്കിൽ "അവർ സ്വന്തമാക്കിയ വസ്തുക്കൾ" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- യഹോവ ഇസ്രയേൽ ജനത്തെ "എന്റെ പ്രത്യേക അവകാശം" എന്ന് വിളിക്കുമ്പോൾ ഇത് "എന്റെ വിശിഷ്ട ജനം" അല്ലെങ്കിൽ "എനിക്ക് ഉൾപ്പെട്ടതായ ജനം" അല്ലെങ്കിൽ "ഞാൻ സ്നേഹിക്കുകയും ഭരിക്കുകയും ചെയ്യുന്ന എന്റെ ജനം" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "അവർ അവരുടെ അവകാശമായി തീരും" എന്ന വാചകം ദേശത്തെ സൂചിപ്പിക്കുമ്പോൾ, അർത്ഥമാക്കുന്നത് "അവർ ദേശത്തെ അവകാശം ആക്കും" അല്ലെങ്കിൽ "ദേശം അവർക്ക് അവകാശമായി തീരും" എന്ന് ആകുന്നു.
- "അവന്റെ അവകാശത്തിൽ കണ്ടെത്തി" എന്ന പദപ്രയോഗം "അവൻ കൈവശം വെച്ചിരുന്ന" അല്ലെങ്കിൽ "അവനോടു കൂടെ ഉണ്ടായിരുന്ന" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "നിങ്ങളുടെ അവകാശം എന്ന പോലെ" എന്ന പദസഞ്ചയം "എന്തോ ഒന്ന് നിങ്ങൾക്കു ഉൾപ്പെട്ടത് പോലെ" അല്ലെങ്കിൽ "നിങ്ങളുടെ ജനം ജീവിക്കുന്നതായ സ്ഥലം പോലെ" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "അവന്റെ അവകാശത്തിൽ" എന്ന പദസഞ്ചയം, "അവനു സ്വന്തമായ" അല്ലെങ്കിൽ "അവനു ഉൾപ്പെട്ടതായവ" എന്ന് പരിഭാഷ ചെയ്യാം.

(കാണുക: കനാൻ, ആരാധന)

## ദൈവ വചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ 06:70
- 1 രാജാക്കന്മാർ 09:17-19
- അപ്പോ. 02:43-45
- ആവർത്തനപുസ്തകം 04:5-6
- ഉൽപ്പത്തി 31:36-37

- മത്തായി 13:44-46

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H270, H272, H834, H2505, H2631, H3027, H3423, H3424, H3425, H3426, H4180, H4181, H4672, H4735, H4736, H5157, H5159, H5459, H7069, G1139, G2192, G2697, G2722, G2932, G2933, G2935, G4047, G5224, G5564

# കൊട്ടാരം, കൊട്ടാരങ്ങള്

## നിര്വ്വചനം:

“കൊട്ടാരം” എന്ന പദം ഒരു രാജാവ് തന്റെ കുടുംബാംഗങ്ങളോടും വേലക്കാരോടും കൂടെ വസിക്കുന്നതായ കെട്ടിടം അല്ലെങ്കില്വീട് എന്ന് സൂചിപ്പിക്കുന്നു.

- പുതിയ നിയമത്തില്പ്രതിപാദിച്ചിരിക്കുന്നത് പോലെ, മഹാ പുരോഹിതനും ഒരു കൊട്ടാര സമുച്ചയത്തില്ആണ് താമസിച്ചു വന്നിരുന്നത്.
- കൊട്ടാരങ്ങള്എന്നത് വളരെ മനോഹരമായ ശില്പ്പ ചാതുര്യവും, അലങ്കാര വസ്തുക്കള്കൊണ്ട് കൊണ്ട് മനോഹരമാക്കിയിട്ടുള്ളതും ആകുന്നു.
- ഒരു കൊട്ടാരത്തിന്റെ കെട്ടിടങ്ങളും അതിലെ സജ്ജീകരണങ്ങളും കല്ലുകള്, മരം, എന്നിവ കൊണ്ട് നിര്മ്മിതവും, അവ വിലപിടിപ്പുള്ള മരങ്ങള്, സ്വര്ണ്ണം, ദന്തം മുതലായവ കൊണ്ട് പൊതിഞ്ഞിരിക്കുന്നതും ആകുന്നു.

കൊട്ടാര സമുച്ചയത്തില്വേറെയും നിരവധി ആളുകള്ജീവിക്കുകയും ജോലി ചെയ്യുകയും ചെയ്തു വരുന്ന നിരവധി കെട്ടിടങ്ങളും അങ്കണ ങ്ങളും ഉള്പ്പെട്ടതു ആകുന്നു.

(കാണുക: അങ്കണം, മഹാ പുരോഹിതന്, രാജാവ്)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്28:7-8
- 2 ശമുവേല്11:2-3
- ദാനിയേല്05:5-6
- മത്തായി 26:3-5
- സങ്കീര്ത്തനങ്ങള്045:8-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H643, H759, H1001, H1002, H1004, H1055, H1406, H1964, H1965, H2038, H2918, G833, G933, G4232

# കൊമ്പ്, കൊമ്പുകള്, കൊമ്പുകോര്ക്കുക

## വസ്തുതകള്:

കൊമ്പുകള്എന്നത് കന്നുകാലികള്, ചെമ്മരിയാട്, കോലാടുകള്, മാന് പോലെയുള്ള മൃഗങ്ങളുടെ തലകളില് വളരുന്ന സ്ഥിരമുള്ള, കഠിനമായ, കൂര്ത്ത അവയവമാണ്.

- ആടിന്റെ കൊമ്പ് (ആണ്ചെമ്മരിയാടിന്റെ) കൊമ്പുകള് "ആട്ടിന്കൊമ്പ്" അല്ലെങ്കില് "ഷോഫര്" എന്ന് പേരുള്ള സംഗീത ഉപകരണം, മതപരമായ ഉത്സവങ്ങള്പോലുള്ള പ്രത്യേക അവസരങ്ങളില് ഉപയോഗിക്കുന്നത് നിര്മ്മിക്കുവാന് ഉപയോഗിക്കുന്നു.
- ദൈവം ഇസ്രയേല്യരോട് ധൂപപീഠത്തിനും വെങ്കല യാഗപീഠത്തിനും നാല് മൂലകളിലും കൊമ്പിന്റെ ആകൃതിയില്[പുറത്തേക്ക് തള്ളി നില്ക്കുന്നതായി പണിയണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഈ പുറത്തേക്ക് തള്ളി നില്ക്കുന്നവയെ "കൊമ്പുകള്" എന്ന് വിളിക്കു മെങ്കിലും അവ യഥാര്ത്ഥത്തില്മൃഗങ്ങളുടെ കൊമ്പുകള്അല്ല.
- "കൊമ്പ്" എന്ന പദം ചില സമയങ്ങളില്കൊമ്പിന്റെ ആകൃതിയില്ഉള്ള വെള്ളം അല്ലെങ്കില്എണ്ണ കരുതുവാനുള്ള "തുരുത്തി"യെ സൂചിപ്പിക്കുന്നു. തുരുത്തിയില്ഉള്ള എണ്ണ ശമുവേല്ദാവിദിനോട് ചെയ്തതുപോലെ രാജാവിനെ അഭിഷേകം ചെയ്യുവാന്ഉപയോഗിച്ചിരുന്നു.
- ഈ പദം പരിഭാഷ ചെയ്യുവാന്ഒരു കാഹളത്തെ സൂചിപ്പിക്കു ന്നതായി അല്ലാതെ വ്യത്യസ്തമായ പദമായി പരിഭാഷ ചെയ്യണം.
- "കൊമ്പ്" എന്ന പദം ബലത്തിന്റെയും, ശക്തിയുടെയും, അധികാര ത്തിന്റെയും, രാജത്വത്തിന്റെയും അടയാളമായി ഉപമാന രൂപേണ ഉപയോഗിക്കുന്നു.

(കാണുക: അധികാരം, പശു, മാന്, കോലാട്, അധികാരം, രാജകീയം, ചെമ്മരിയാട്, കാഹളം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്15:27-28
- 1 രാജാക്കന്മാര്01:38-40
- 2 ശമുവേല്22:3-4
- യിരെമ്യാവ് 17:1-2
- സങ്കീര്ത്തനങ്ങള് 022:20-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's:H3104, H7160, H7161, H7162, H7782, G2768

# കൊയ്ത്ത്, വിളവെടുപ്പുകൾ, കൊയ്തു, കൊയ്ത്തു നടത്തുക, കൊയ്ത്തുകാരൻ, കൊയ്ത്തുകാർ

## നിർവചനം:

"കൊയ്ത്ത്" എന്ന പദം പഴുത്ത ഫലങ്ങളോ പച്ചക്കറികളോ ചെടികളിൽനിന്നോ അവ വളരുന്ന സ്ഥലങ്ങളിൽനിന്നോ കൂട്ടി ചേർക്കുന്നതിനെ സൂചിപ്പിക്കുന്നു.

- സാധാരണയായി വളർച്ചാ കാലഘട്ടത്തിന്റെ അവസാനത്തിലാണ് കൊയ്ത്ത് നടക്കുന്നത്. ഇസ്രയേല്യർഭക്ഷ്യവിളകൾകൊയ്തെടുക്കുന്ന "കൊയ്ത്തുത്സവം" അല്ലെങ്കിൽ"വിളശേഖരണ ഉത്സവം" നടത്തുമായിരുന്നു. ദൈവം തനിക്കു യാഗമായി അർപ്പിക്കേണ്ടതിനു ഈ വിളകളുടെ ആദ്യഫലം വഴിപാടായി കൊണ്ടുവരുവാൻകൽപ്പിച്ചു.
- ഒരു ഉപമാന രീതിയിൽ, "കൊയ്ത്ത്" എന്ന പദം ജനം യേശുവിൽവിശ്വസിക്കുവാനായി മുൻപോട്ടു വരുന്നത് അല്ലെങ്കിൽഒരു വ്യക്തിയുടെ ആത്മീയ വളർച്ച എന്ന് സൂചിപ്പിക്കാം.
- ആത്മീയ ഫലങ്ങളുടെ കൊയ്ത്ത് എന്ന ആശയം ഫലങ്ങൾഎന്ന ഉപമാന രൂപങ്ങളോടെ ദൈവീകമായ സ്വഭാവ ഗുണങ്ങളുടെ ഒരു ചിത്രം നൽകുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- ഈ പദം പരിഭാഷ ചെയ്യുവാൻഭാഷയിൽ സാധാരണയായി വിളകളുടെ കൊയ്ത്തിനു ഉപയോഗിച്ചു വരുന്ന പദം ഉപയോഗിക്കു ന്നത് ഉചിതം ആയിരിക്കും.
- കൊയ്ത്ത് എന്ന സംഭവം ''വിളവെടുപ്പ്" അല്ലെങ്കിൽ"വിളകൾകൂട്ടിച്ചേർക്കുന്ന സമയം" അല്ലെങ്കിൽ"ഫല ശേഖരണ സമയം" എന്ന് പരിഭാഷ ചെയ്യാം.
- കൊയ്ത്തു നടത്തുക" എന്ന ക്രിയാപദം, "കൂട്ടിച്ചേർക്കുക" അല്ലെങ്കിൽ"പറിച്ചെടുക്കുക" അല്ലെങ്കിൽ"ശേഖരിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: ആദ്യഫലങ്ങൾ, ഉത്സവം)

## ദൈവ വചന സൂചികകൾ:

- 1 കൊരിന്ത്യർ09:9-11
- 2 ശമുവേൽ21:7-9
- ഗലാത്യർ06:9-10
- യെശ്ശയ്യാവ് 17:10-11
- യാക്കോബ്05:7-8
- ലേവ്യപുസ്തകം 19:9-10
- മത്തായി 09:37-38
- രൂത്ത് 01:22

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2758, H7105, G2326, G6013

# കൊയ്യുക, കൊയ്യുന്നു, കൊയ്തു, കൊയ്ത്തുകാരന്, കൊയ്ത്തുകാര്, കൊയ്ത്ത്

## നിര്വചനം:

"കൊയ്യുക" എന്ന പദം അര്ത്ഥം നല്കുന്നത് ധാന്യ വിളകളുടെ വയല് കൊയ്യുക എന്നാണ്. ഒരു "കൊയ്ത്തുകാരന്" എന്ന ആള് വയല് കൊയ്യുന്നവന് എന്നാണ്.

- സാധാരണയായി കൊയ്ത്തുകാര് വയല് കൈകള് കൊണ്ട് കൊയ്യുകയോ, ചെടികളെ പിഴുതു എടുക്കുകയോ അല്ലെങ്കില് മൂര്ച്ചയുള്ള ആയുധത്താല് മുറിച്ചെടുക്കുകയോ ചെയ്യുന്നു. ഒരു വിളവ് കൊയ്യുക എന്ന ആശയം ഉപമാനമായി സാധാരണ ഉപയോഗിക്കുന്നത് യേശുവിനെ കുറിച്ചുള്ള സുവാര്ത്ത ജനങ്ങളോട് പ്രസ്താവിക്കുന്നതും അവരെ ദൈവത്തിന്റെ കുടുംബത്തിലേക്ക് കൊണ്ടു വരുന്നതും ആകുന്നു.
- ഈ പദം ഉപമാന രൂപത്തില് "മനുഷ്യന് വിതയ്ക്കുന്നത് തന്നെ കൊയ്യും" എന്ന പഴഞ്ചൊല് അന്വര്ഥമാകും വിധം ഒരു വ്യക്തിയുടെ പ്രവര്ത്തികളുടെ അനന്തര ഫലത്തെ സൂചിപ്പിക്കുന്നു. (കാണുക: രൂപകം
- "കൊയ്ത്ത്" എന്നും "കൊയ്ത്തുകാരന്" എന്നും ഉള്ള പദങ്ങള് പരിഭാഷ ചെയ്യുവാന് "വിളവ്" എന്നും "വിള കൊയ്യുന്നവന്" (അല്ലെങ്കില് വിളവ് കൊയ്യുന്ന വ്യക്തി) എന്നിവയും ഉള്പ്പെടുത്താം.

(കാണുക: സുവാര്ത്ത, കൊയ്ത്ത്)

## ദൈവ വചന സൂചികകള്:

- ഗലാത്യര്:9-10
- മത്തായി 06:25-26
- മത്തായി 13:29-30
- മത്തായി 13:36-39
- മത്തായി 25:24-25

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4672, H7114, H7938, G270, G2325, G2327

# കോടാലി, കോടാലികള്

## നിര്വചനം

മരമോ തടികളോ വെട്ടുവാനോ മുറിക്കുവാനോ ഉപയോഗിക്കുന്ന ഉപകരണമാണ് കോടാലി.

- ഒരു കോടാലി സാധാരണയായി മരംകൊണ്ടുള്ള നീണ്ടപിടിയുള്ളതും അഗ്രത്തില്കനമുള്ള ലോഹനിര്മ്മിതമായ വായ്ത്തലയുള്ളതുമായ ഉപകരണമാണ്.
- നിങ്ങളുടെ സംസ്കാരത്തില്കൊടാലിയോടു സമാനമായ ഉപകരണം ഉണ്ടെങ്കി ല്, "കോടാലി" എന്നതിന് പകരം ആ പേര് പരിഭാഷക്കായി ഉപയോഗിക്കാം.
- ഈ പദം പരിഭാഷപ്പെടുത്തുവാനുള്ള വേറെ മാര്ഗങ്ങള്"മരം മുറിക്കുവാനു ള്ള ഉപകരണം" അല്ലെങ്കില്"കത്തിയുള്ള മര ഉപകരണം" അല്ലെങ്കില്നീളമുള്ള മരം മുറിക്കുന്നതിനുള്ള ഉപകരണം" ആദിയായവയാണ്.
- ഒരു പഴയനിയമ സംഭവത്തില്, ഒരു കോടാലിയുടെ കത്തി പുഴയില്വീണിരുന്നു, ആ ഉപകരണത്തെ നന്നായി വിശദീകരിച്ചാല്, അത് മരപ്പിടിയില് നിന്നും ഊരിവരത്തക്ക വിധമുള്ള വായ്ത്തലയുള്ള ഒന്നായിരുന്നു.

## ദൈവവചന സൂചികകള്

- 1 രാജാക്കന്മാര്06:7-8
- 2 രാജാക്കന്മാര്06:4-5
- ന്യായാധിപന്മാര്09:48-49
- ലൂക്കോസ് 03:9
- മത്തായി 03:10-12
- സങ്കീര്ത്തനങ്ങള്035:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1631, H4621, H7134, G513

# കോപം, കോപപ്പെട്ടു, കോപമുള്ള

## നിര്വചനം

“കോപപ്പെടുക” അല്ലെങ്കില്“കൊപമുള്ളവനാകുക്” എന്നാല്ആരെക്കുറിച്ചോ , അല്ലെങ്കില്എന്തിനെക്കുറിച്ചോ വളരെ അതൃപ്തിയും ,മുഷിച്ചലും വിഭ്രാന്തിയും ഉണ്ടാകുക എന്ന്അര്ത്ഥമാകുന്നു.

- ജനത്തിനു കൊപമുണ്ടാകുമ്പോള്, അവര്പാപവും, സ്വാര്ത്ഥതയും ഉള്ളവരാകുന്നു, എന്നാല്ചിലസമയങ്ങളില്അവര്അനീതിക്കും പീഡനത്തിനും എതിരെ നീതിയുള്ള കോപം ഉള്ളവരുമാകുന്നു.
- ദൈവകോപം (“ക്രോധം” എന്നും വിളിക്കുന്നു) പാപത്തെക്കുറിച്ചുള്ള തന്റെ ശക്തമായ അതൃപ്തിയെ വെളിപ്പെടുത്തുന്നു.
- “കോപിഷ്ടനാക്കുക” എന്ന പദം “കോപത്തിനു കാരണമാക്കുക” എന്നു അര്ത്ഥമാക്കുന്നു.

(കാണുക;ക്രോധം)

## ദൈവവചന സൂചികകള്;

- എഫെസ്യര്04:25-27
- പുറപ്പാട് 32:9-11
- യെശ്ശയ്യാവ് 57:16-17
- യോഹന്നാന്06:52-53
- മര്ക്കോസ് 10:13-14
- മത്തായി 26:6-9
- സങ്കീര്ത്തനങ്ങള്018:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H599, H639, H1149, H2152, H2194, H2195, H2198, H2534, H2734, H2787, H3179, H3707, H3708, H3824, H4751, H4843, H5674, H5678, H6225, H7107, H7110, H7266, H7307, G23, G1758, G2371, G2372, G3164, G3709, G3710, G3711, G3947, G3949, G5520

# കോലാട്, കോലാടുകള്, ആട്ടിന്തോല്, ബലിയാട്, കുഞ്ഞാടുകള്

## നിര്വചനം:

കോലാട് എന്നത് ഇടത്തരം വലിപ്പമുള്ള, നാല് കാലുള്ള ചെമ്മരിയാടിനോട്സദൃശ്യമായതും പ്രധാനമായി അതിന്റെ പാലിനും മാംസത്തിനും വേണ്ടി വളര്ത്തുന്നതും ആകുന്നു. ആടിന്റെ കുഞ്ഞിനെ "കുഞ്ഞാട്" എന്ന് വിളിക്കുന്നു.

- ചെമ്മരിയാടിനെ പോലെ, കോലാടുകളും യാഗത്തിന്, പ്രത്യേകാല്ലെസ്സഹയ്ക്ക് പ്രധാനപ്പെട്ടത് ആകുന്നു.
- കോലാടുകളും ചെമ്മരിയാടുകളും തമ്മില്വളരെ സാമ്യം ഉണ്ടെങ്കിലും, അവ തമ്മില്പല രീതികളില്വ്യത്യസ്തത പുലര്ത്തുന്നത് ഉണ്ട്:
- കോലാടുകള്ക്ക് പരുക്കന്രോമങ്ങള്ഉണ്ട്; ചെമ്മരിയാടുകള്ക്കു കമ്പിളി രോമം ഉണ്ട്.
- കോലാടിന്റെ വാല്മുകളിലേക്ക് ഉയര്ന്നുനില്ക്കും, ചെമ്മരിയാടിന്റെ വാല്താഴേക്കു തൂങ്ങി ക്കിടക്കും.
- ചെമ്മരിയാടുകള്സാധാരണയായി തങ്ങളുടെ കൂട്ടത്തോട് ചേര്ന്നിരിക്കും, എന്നാല്കോലാടുകള്കൂടുതല്സ്വതന്ത്രമായി കൂട്ടത്തില്നിന്നു അകന്നു അലഞ്ഞു നടക്കും.
- ദൈവ വചന കാലഘട്ടത്തില്, കോലാടുകള്ആയിരുന്നു സാധാരണയായി ഇസ്രയേലിലെ പാലിന്റെ ഉറവിടം.
- കോലാട്ടിന്തോല്കൂടാരങ്ങള്മറയ്ക്കുന്നതിനും വീഞ്ഞ് സൂക്ഷിക്കുവാനുള്ള തുരുത്തികള്നിര്മ്മിക്കുന്നതിനും ഉപയോഗിക്കുക പതിവായിരുന്നു.
- പഴയ പുതിയ നിയമങ്ങള്രണ്ടിലും, കോലാട് അനീതിയുള്ള ജനത്തിന്റെ അടയാളമായി ഉപയോഗിച്ചിരുന്നു, കാരണം മിക്കവാറും അതിന്റെ സംരക്ഷണ ചുമതല വഹിക്കുന്ന ആളില്നിന്നും അത് വഴിമാറി അകന്നു പോകുന്ന പ്രവണത ഉള്ളതിനാല്ആകുന്നു.
- ഇസ്രയേല്യര്കോലാടുകളെ അടയാളമായി പാപം വഹിക്കുന്നവയായി ഉപയോഗിക്കുക പതിവായിരുന്നു. ഒരു കോലാട് യാഗമര്പ്പിക്കുമ്പോള്, രണ്ടാമത്തെ ജീവനുള്ളതിന്റെ മേല്തന്റെ കൈകളെ വെക്കുകയും, ജനത്തിന്റെ പാപങ്ങള്ആ മൃഗം വഹിക്കുന്നതായി കരുതി മരുഭൂമിയിലേക്ക് അയച്ചു വിടുകയും ചെയ്യും.

(കാണുക: ആട്ടിന്കൂട്ടം, യാഗം, ചെമ്മരിയാട്, നീതിയുള്ള, വീഞ്ഞ്)

## ദൈവ വചന സൂചികകള്:

- പുറപ്പാട് 12:3-4
- ഉല്പ്പത്തി 30:31-32
- ഉല്പ്പത്തി 31:10-11
- ഉല്പ്പത്തി 37:31-33
- ലേവ്യ പുസ്തകം 03:12-14
- മത്തായി 25:31-33

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H689, H1423, H1429, H1601, H3277, H3629, H5795, H5796, H6260, H6629, H6842, H6939, H7716, H8163, H8166, H8495, G122, G2055, G2056, G5131

# കോല്, കോലുകള്

## നിര്വചനം:

“കോല്” എന്ന പദം കനം കുറഞ്ഞ, ദൃഡത ഉള്ള, വടി പോലെയുള്ള വിവിധ നിലകളില് ഉപയോഗിക്കുന്ന ഒരു ഉപകരണം ആകുന്നു. ഇത് ഏകദേശം ഒരു മീറ്റര് എങ്കിലും നീളം ഉള്ളത് ആയിരിക്കും.

- മറ്റു മൃഗങ്ങളില് നിന്നും തന്റെ ആടുകളെ സംരക്ഷിക്കുവാന് ഒരു ഇടയന് ഒരു മരത്തിന്റെ കോല് കരുതുക പതിവു ആയിരുന്നു. കൂടാതെ കൂട്ടം വിട്ടു അലയുന്ന ആടിനെ ആട്ടിന്കൂട്ടത്തിലേക്ക് തിരികെ കൊണ്ട് വരേണ്ടതിനു അതിന്റെ നേരെ എറിയേണ്ടതിനും ഉപയോഗിക്കുന്നു.
- സങ്കീര്ത്തനം 23ല്, ദാവീദ് രാജാവ് “വടിയും” “കോലും” എന്ന പദങ്ങള് ദൈവം തന്റെ ജനത്തെ നയിക്കുന്നതിനെയും ശിക്ഷണത്തോടെ നടത്തുന്നതിനെയും സൂചിപ്പിക്കുവാനായി ഉപമാന രൂപേണ ഉപയോഗിച്ചിരിക്കുന്നു.
- ഒരു ഇടയന്റെ കോല് എന്നത് കോലിന് കീഴെ കടന്നു പോകുന്ന ആടുകളുടെ എണ്ണം എടുക്കുവാനായും ഉപയോഗിച്ചു വന്നിരുന്നു.
- വേറൊരു ഉപമാന രൂപേണയുള്ള പദപ്രയോഗം ആയ “ഇരിമ്പു കോല്” എന്നത് ദൈവത്തിനു എതിരായി മത്സരിക്കുന്നതും തിന്മ പ്രവര്ത്തികള് ചെയ്യുന്നവരും ആയ ജനത്തെ ദൈവം ശിക്ഷിക്കുന്നതിനെ സൂചിപ്പിക്കുന്നു.
- പുരാതന കാലങ്ങളില്, ഒരു കെട്ടിടത്തിന്റെയോ,അല്ലെങ്കില്മറ്റു ഏതെങ്കിലും വസ്തുവിന്റെയോ നീളം അളക്കുവാന്ലോഹം, മരം, അല്ലെങ്കില്കല്ല്കൊണ്ടുള്ള അളവു കോലുകള്ഉപയോഗിക്കുമായിരുന്നു.
- ദൈവ വചനത്തില്, ഒരു മരക്കോല്എന്നത് കുഞ്ഞുങ്ങളെ ശിക്ഷണത്തില് കൊണ്ടുവരുവാന് ഉള്ളതായ ഒരു ഉപകരണത്തെ സൂചിപ്പിക്കുന്നതായും കാണപ്പെടുന്നു.

(കാണുക: കോല്, ചെമ്മരിയാട്, ആട്ടിടയന്)

## ദൈവ വചന സൂചികകള്

- 1 കൊരിന്ത്യര് 04:19-21
- 1 ശമുവേല്:43-44
- അപ്പോ.16:22-24
- പുറപ്പാട് 27:9-10
- വെളിപ്പാട് 11:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2415, H4294, H4731, H7626, G2563, G4463, G4464

# ക്ഷമയുള്ള, ക്ഷമാപൂര്വ്വം, ക്ഷമ, അക്ഷമ

## നിര്വചനം:

"ക്ഷമയുള്ള" എന്നും "ക്ഷമ" എന്നും ഉള്ള പദങ്ങള്സൂചിപ്പിക്കുന്നത് വിഷമതകള്ഉള്ള സാഹചര്യങ്ങളില്കൂടെ കടന്നു പോകുമ്പോള്തളര്ന്നു പോകാതെ നിലകൊള്ളുന്നതിനെ സൂചിപ്പിക്കുന്നു. ക്ഷമ എന്നത് കാത്തിരിപ്പിനെയും ഉള്ക്കൊണ്ടതായി കാണപ്പെടുന്നു.

- ജനം ആരോടെങ്കിലും ക്ഷമയോടെ ആയിരിക്കുന്നു എങ്കില്, അതിന്റെ അര്ത്ഥം അവര്ആ വ്യക്തിയെ സ്നേഹിക്കുന്നു എന്നും ആ വ്യക്തിക്ക് എന്തൊക്കെ ന്യൂനതകള്ഉണ്ടെങ്കിലും ക്ഷമിക്കുന്നു എന്നും ആണ്.
- ദൈവ വചനം പഠിപ്പിക്കുന്നത് കഷ്ടതകളെ അഭിമൂഖീകരിക്കുമ്പോള്ദൈവത്തിന്റെ ജനം ക്ഷമയോടെ ഇരിക്കുകയും പരസ്പരം ക്ഷമാപൂര്വ്വം കാണപ്പെടണം എന്നും ആണ്.
- തന്റെ കരുണയാല്, അവര്ശിക്ഷാ യോഗ്യരായ പാപികള്ആണെങ്കില്പ്പോലും, ദൈവം തന്റെ ജനത്തോടു ക്ഷമ ഉള്ളവന്ആയിരിക്കുന്നു.

(കാണുക: സഹിക്കുക,ക്ഷമിക്കുക, തളര്ന്നു പോകാത്ത)

## ദൈവ വചന സൂചികകള്:

- 1 പത്രോസ് 03:18-20
- 2 പത്രോസ് 03:8-9
- എബ്രായര്06:11-12
- മത്തായി 18:28-29
- സങ്കീര്ത്തനം 037:7
- വെളിപ്പാട് 02:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H750, H753, H2342, H3811, H6960, H7114, G420, G463, G1933, G3114, G3115, G3116, G5278, G5281

# ക്ഷാമം, ക്ഷാമങ്ങള്

## നിര്വചനം:

“ക്ഷാമം” എന്ന പദം ഒരു രാജ്യത്തിലോ മേഖലയിലോ കഠിനമായ ഭക്ഷ്യ ക്ഷാമം, സാധാരണയായി മഴയുടെ ദൌര്ലഭ്യത നിമിത്തം ഉണ്ടാകു ന്നതിനെ സൂചിപ്പിക്കുന്നു.

- മഴ ദൌര്ലഭ്യം, കൃഷി രോഗങ്ങള്, അല്ലെങ്കില്കീടങ്ങള്പോലെയുള്ള പ്രകൃത്യാ ഉള്ള കാരണങ്ങള്നിമിത്തം കാര്ഷിക വിളകള്നശിക്കാം.
- കൃഷി നശിപ്പിക്കുന്ന മനുഷ്യരായ ശത്രുക്കള്, നിമിത്തമായും ഭക്ഷണ ദൌര്ലഭ്യത ഉണ്ടാകും.
- ദൈവവചനത്തില്, ദൈവത്തിനെതിരെ ജാതികള്പാപം ചെയ്യുമ്പോള്അവരെ ശിക്ഷിക്കുവാനായി ദൈവം സാധാരണയായി ക്ഷാമം ഉണ്ടാ ക്കുന്നു.
- ആമോസ് 8:11ല്“ക്ഷാമം” എന്നത് ഉപമാനമായി ദൈവം തന്റെ ജനത്തോടു സംസാരിക്കാതിരിക്കുന്നതു മൂലം അവരെ ശിക്ഷിക്കുന്നതിനായി ഉപയോഗിക്കുന്നു. “ക്ഷാമത്തിന്” നിങ്ങളുടെ ഭാഷയില്ഉള്ള വാക്ക് ഉപയോഗിച്ചു പരിഭാഷ ചെയ്യാം, അല്ലെങ്കില്“ഏറ്റവും ദൌര്ലഭ്യം” അല്ലെങ്കില്“കഠിനമായ അപഹരണം” എന്നീ പസഞ്ചയങ്ങള്ഉപയോഗിക്കാം.

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്21:11-12
- അപ്പോ.പ്രവര്ത്തികള്07:11-13
- ഉല്പ്പത്തി 12:1-13
- ഉല്പ്പത്തി 45:4-6
- യിരെമ്യാവ് 11:21-23
- ലൂക്കോസ് 04:25-27
- മത്തായി 24:6-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3720, H7458, H7459, G3042

# ഖദിരമരം

## നിർവചനം:

“ഖദിരമരം” എന്നത് പൂർവകാലങ്ങളിൽ കനാൻദേശത്തിൽ സാധാരണയായി വള ർന്നുവന്നിരുന്ന ചെറുമരം അല്ലെങ്കിൽ വൃക്ഷത്തിന്റെ പേരാണ്; ഇന്നും ഇതു ആ പ്രദേശങ്ങളിൽ ധാരാളമായി കണ്ടുവരുന്നു.

- ഓറഞ്ച്-തവിട്ടു നിറം കലർന്ന ഖദിരമരം വളരെ ദൃഡവും ഈടുറ്റതുമായി, നിർമ്മാണ വസ്തുക്കൾ പണിയുന്നതിനു ഉപയുക്തമാണ്.
- ഈ മരം ദ്രവിക്കുന്നതിനെതിരെ ഉയർന്ന പ്രതിരോധമുള്ളതാണ്, കാരണം ഇതു ജലത്തെ പുരത്താക്കത്തക്ക കട്ടിയുള്ളതും, നശിപ്പിക്കുന്ന പ്രാണികളിൽനിന്നും പ്രതിരോധിക്കുന്ന പ്രകൃതിദത്ത കരുതലുകൾ ഉള്ളവയുമാണ്.
- ദൈവവചനത്തിൽഖദിരമരം സമാഗമാനകൂടാരവും ഉടമ്പടിപ്പെട്ടകവും നിർമ്മിക്കുവാനായി ഉപയോഗിച്ചിരുന്നു.

(കാണുക:അറിയപ്പെടാത്തവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ഉടമ്പടിപ്പെട്ടകം, സമാഗമാനകൂടാരം)

## ദൈവവചന സൂചികകൾ:

- ആവർത്തന പുസ്തകം 10:3-4
- പുറപ്പാട് 25:3-7
- പുറപ്പാട് 38:6-7
- യെശ്ശയാവ് 41:19-20

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7848

# ഗന്ധകം, ഗന്ധകമയമായ

## നിര്വചനം:

ഗന്ധകം എന്നത് മഞ്ഞനിറമുള്ളതും അഗ്നിയില്ഇടുമ്പോള്കത്തുന്നതുമായ ഒരുതരം ദ്രാവകമായി ത്തീരുന്നതും ആകുന്നു.

- സള്ഫറിന് ചീഞ്ഞ മുട്ടയുടെതു പോലെയുള്ള വളരെ ശക്തമായ ഗന്ധവും ഉണ്ട്.
- ദൈവ വചനത്തില്, കത്തുന്ന ഗന്ധകം ദൈവഭയമില്ലാത്തതും മല്സരികളുമായ ജനത്തിനെതിരായ ദൈവത്തിന്റെ ന്യായവിധിയുടെ അടയാളമായി കാണപ്പെടുന്നു.
- ലോത്തിന്റെ കാലഘട്ടത്തില്, ദൈവം ആകാശത്ത് നിന്ന് താഴേക്കു അഗ്നിയും ഗന്ധകവും കലര്ന്നുള്ള മഴയെ ദോഷം നിറഞ്ഞ സോദോം എന്നും ഗോമോറ എന്നും പേരുള്ള പട്ടണങ്ങളുടെ മേല്വര്ഷിപ്പിച്ചു.
- ചില ഇംഗ്ലീഷ് ദൈവവചന ഭാഷാന്തരങ്ങളില്, ഗന്ധകം എന്നത് "ചുണ്ണാമ്പ് കല്ല്" എന്നു അക്ഷരീകമായി "കത്തുന്ന കല്ല്" എന്ന് അര്ത്ഥം നല്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദത്തിന്റെ സാധ്യമായ പരിഭാഷകളില്"കത്തുന്നതായ മഞ്ഞക്കല്ലുകള്" അല്ലെങ്കില്"കത്തുന്നതായ മഞ്ഞനിറം ഉള്ള പാറ"എന്നിങ്ങനെയും ഉള്പ്പെടുത്താം.

(കാണുക: ഗോമോറ, ന്യായം വിധിക്കുക, ലോത്ത്, മത്സരിക്കുക]ചെറുത്തു നില്ക്കുന്നവന്, ചെറുത്തു നില്ക്കുന്നു, ചെറുത്തു നിന്ന, ചെറുത്തു നില്ക്കുന്ന, മത്സരം, മത്സരിയായ, മത്സര സ്വഭാവം, സോദോം, ദൈവീകമായ)

## ദൈവവചന സൂചികകള്:

- ഉല്പ്പത്തി 19:23-25
- യെശ്ശയ്യാവ് 34:8-10
- ലൂക്കോസ് 17:28-29
- വെളിപ്പാട് 20:9-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1614, G2303

# ഗര്ഭം ധരിക്കുക, ഗര്ഭംധരിക്കുന്നു, ഗര്ഭം ധരിച്ചു, ഗര്ഭധാരണം

## നിര്വചനം:

"ഗര്ഭംധരിക്കുക" ഗര്ഭധാരണം" എന്നീ പദങ്ങള് സാധാരണയായി ഒരു ശിശുവിനെ ഗര്ഭം ധരിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഗര്ഭം ധരിക്കുന്ന മൃഗങ്ങള്ക്കും ഇതു ഉപയോഗിക്കാം.

- ശിശുവിനെ ഗര്ഭം ധരിക്കുക" എന്ന പദം "ഗര്ഭവതിയാകുക" അല്ലെങ്കില് ഇത് സൂചിപ്പിക്കുവാന്സ്വീകാര്യമായ മറ്റു പദം ഉപയോഗിച്ചു പരിഭാഷപ്പെടുത്താം.
- ബന്ധപ്പെട്ട പദമായ "ഗര്ഭധാരണം" എന്ന പദം "ഗര്ഭധാരണത്തിന്റെ പ്രാരംഭം" അല്ലെങ്കില്"ഗര്ഭവതിയാകുന്നതിന്റെ സമയം" എന്നു പരിഭാഷപ്പെടുത്താം.
- ഈ പദങ്ങള്എന്തെങ്കിലും ആശയം, പദ്ധതി, അല്ലെങ്കില് ഒരു ദൌത്യം സൃഷ്ടിക്കുന്നതിനെയോ അല്ലെങ്കില് എന്തെങ്കിലും ചിന്തിക്കുന്നതിനെയോ സൂചിപ്പിക്കുവാനും ഉപയോഗിക്കാം.
- ഇതു പരിഭാഷപ്പെടുത്തുവാന്, "ചിന്തിക്കുക", അല്ലെങ്കില്"പദ്ധതി" അല്ലെങ്കില്"സൃഷ്ടിക്കുക" എന്നിങ്ങനെ സാഹചര്യത്തിനനുസരിച്ച് പരിഭാഷ രീതി ഉള്പ്പെടുത്താം.
- ചില സന്ദര്ഭങ്ങളില്ഈ പദം ഉപമാനമായി, "പാപം ഗര്ഭം ധരിക്കുമ്പോള്" എന്നത് "പാപം ആദ്യമായി ചിന്തയില് ഉളവായപ്പോള്" അല്ലെങ്കില്"പാപം ആരംഭമായ തുടക്കത്തില്തന്നെ" അല്ലെങ്കില് "ഒരു പാപം ആരംഭിക്കുന്ന ആദ്യം തന്നെ" എന്നിങ്ങനെ ഉപയോഗിക്കാം.

(കാണുക: സൃഷ്ടിക്കുക, ഗര്ഭപാത്രം)

## ദൈവവചന സൂചികകള്:

- ഉല്പ്പത്തി 21:1-4
- ഹോശേയ 02:4-5
- ഇയ്യോബ് 15:34-35
- ലൂക്കോസ് 01:24-25
- ലൂക്കോസ് 02:21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2029, H2030, H2032, H2232, H2254, H2803, H3179, G1080, G1722, G2602, G2845, G4815

# ഗര്ഭപാത്രം, ഗര്ഭാശയങ്ങള്

## നിര്വചനം:

“ഗര്ഭപാത്രം” എന്ന പദം മാതാവിന്റെ ഉദരത്തിനകത്തു ഒരു ശിശു വളരുന്ന ഇടത്തെ സൂചിപ്പിക്കുന്നു.

- ഇത് ഭവ്യവും ഏറ്റവും കുറച്ചു നേരിട്ട് സൂചിപ്പിക്കുന്നതുമായ രീതിയില്ചില സമയങ്ങളില്ഉപയോഗിക്കുന്ന ഒരു പഴയ പദപ്രയോഗം ആകുന്നു. (കാണുക: ഭവ്യോക്തി)
- ഗര്ഭപാത്രം എന്നതിന് കൂടുതല്ആധുനിക നിലയില്ഉള്ള പദം “ഗര്ഭാശയം” എന്നാകുന്നു.
- ചില ഭാഷകളില്“വയറു” എന്ന പദം ഒരു സ്ത്രീയുടെ ഗര്ഭപാത്രം അല്ലെങ്കില്ഗര്ഭാശയം എന്നതിനെ സൂചിപ്പിക്കുന്നു.
- ഇതിനു നിര്ദിഷ്ട ഭാഷയില്വളരെ സുപരിചിതമായ, സ്വാഭാവികമായ, സ്വീകാര്യമായ ഒരു വാക്കു ഉപയോഗിക്കാവുന്നതാണ്.

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 25:23
- ഉല്പ്പത്തി 25:24-25
- ഉല്പ്പത്തി 38:27-28
- ഉല്പ്പത്തി 49-25
- ലൂക്കോസ് 02:21
- ലൂക്കോസ് 11:27-28
- ലൂക്കോസ് 23:29-31
- മത്തായി 19:10-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H990, H4578, H7356, H7358, G1064, G2836, G3388

# ഗോതമ്പ്

## നിര്വചനം:

ജനങ്ങള് ഭക്ഷണത്തിനായി വളര്ത്തുന്ന ഒരു ധാന്യ വകയാണ് ഗോതമ്പ്. ദൈവവചനം "ധാന്യം" അല്ലെങ്കില്"വിത്തുകള്" എന്ന് സൂചിപ്പിക്കുമ്പോള്, ഇത് സാധാരണയായി ഗോതമ്പ് ധാന്യത്തെ അല്ലെങ്കില്വിത്തുകളെ ആണ് സൂചിപ്പിക്കുന്നത്.

- ഗോതമ്പ് വിത്തുകള്അല്ലെങ്കില്ധാന്യങ്ങള്ഗോതമ്പ് ചെടിയുടെ ഉയര്ന്ന അഗ്രത്തില്വളരുന്നു.
- ഗോതമ്പ് കൊയ്തു കഴിഞ്ഞതിനു ശേഷം, ചെടിയുടെ തണ്ടില്നിന്നും മെതിക്കല്മൂലം ധാന്യത്തെ വേര്പെടുത്തി എടുക്കുന്നു. ഗോതമ്പ് ചെടിയുടെ തണ്ടിനെ "വൈക്കോല്" എന്നും വിളിക്കുന്നു മാത്രമല്ല അവ മൃഗങ്ങള്ക്കിടന്നു ഉറങ്ങേണ്ടതിനായി അത് നിലത്തു വിരിച്ചു ഇടുകയും ചെയ്യുന്നു.
- മെതിക്കലിനു ശേഷം, ധാന്യമണിയെ പൊതിഞ്ഞുള്ള പതിര് ധാന്യത്തില്നിന്നും പാറ്റി വേര്തിരിച്ചു മാറ്റിക്കളയുന്നു.
- ജനം ഗോതമ്പ് ധാന്യത്തെ പൊടിയായി അരച്ച്, അപ്പം ഉണ്ടാക്കുവാനായി ഉപയോഗിക്കുന്നു.

(കാണുക: യവം, പതിര്, ധാന്യം, വിത്ത്, മെതിക്കുക, പാറ്റുക)

## ദൈവ വചന സൂചികകള്:

- അപ്പോ.27:36-38
- പുറപ്പാട് 34:21-22
- യോഹന്നാന്12:23-24
- ലൂക്കോസ് 03:17
- മത്തായി 03:10-12
- മത്തായി 13:24-26

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1250, H2406, G4621

# ഗോത്രം, ഗോത്രങ്ങള്

## നിര്വചനം:

“ഗോത്രം” എന്ന പദം സൂചിപ്പിക്കുന്നത് ഒരു പൊതുവായ പൂര്വികനില്നിന്ന് ഉളവായതും കുടുംബാംഗങ്ങളുടെ വിപുലമാക്കപ്പെട്ട ഒരു വിഭാഗമായി കാണപ്പെടുന്നതുമായ സംഘം എന്നാണ്.

- പഴയനിയമത്തില്, ഇസ്രയേല്യര്അവരുടെ ഗോത്രപ്രകാരം, അല്ലെങ്കില്കുടുംബ സംഘങ്ങള്പ്രകാരം എണ്ണപ്പെട്ടിരുന്നു.
- ഗോത്രങ്ങള്സാധാരണയായി അവരുടെ ഏറ്റവും അറിയപ്പെടുന്ന പൂര്വികന്റെ പേരില്അറിയപ്പെട്ടു വന്നു.
- വ്യക്തികളായ ആളുകള്ചില സമയങ്ങളില്അവരുടെ ഗോത്രങ്ങളുടെ പേരില്അറിയപ്പെട്ടിരുന്നു.

ഉദാഹരണമായി മോശെയുടെ അമ്മായപ്പനായിരുന്ന യിത്രോ ചില സന്ദര്ഭങ്ങളില്തന്റെ ഗോത്രനാമമായ രേഹുവേല്എന്ന പേരിനാല്വിളിക്കപ്പെട്ടിരുന്നു.

- ഗോത്രം എന്നത് “കുടുംബ സംഘം” അല്ലെങ്കില്വിപുലീകരിക്കപ്പെട്ട കുടുംബം” അല്ലെങ്കില്“ബന്ധുക്കള്” എന്നു പരിഭാഷപ്പെടുത്താം.

(കാണുക: കുടുംബം, യിത്രോ, ഗോത്രം)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്06:33:35
- ഉല്പ്പത്തി 10:2-5
- ഉല്പ്പത്തി 36:15-16
- ഉല്പ്പത്തി 36:29-30
- ഉല്പ്പത്തി 36:40-43
- യോശുവ 15:20
- സംഖ്യാപുസ്തകം 03:38-39

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1, H441, H1004, H4940

# ഗോത്രം, ഗോത്രങ്ങള്, ഗോത്രവര്ഗ്ഗക്കാരന്, ഗോത്രവര്ഗ്ഗക്കാര്

## നിര്വചനം:

ഒരു പൊതു പൂര്വികനില്നിന്നും പിന്തുടര്ച്ചയായി വന്ന ഒരു ജനവിഭാഗത്തെ ഒരു ഗോത്രം സൂചിപ്പിക്കുന്നു. ഒരേ ഗോത്രത്തില്നിന്നുള്ള ജനം സാധാരണയായി ഒരേ പൊതു ഭാഷയും സംസ്കാരവും പങ്കു വെക്കുന്നു.

- പഴയ നിയമത്തില്, ഇസ്രയേല്ജനത്തെ ദൈവം പന്ത്രണ്ടു ഗോത്രങ്ങളായി വിഭാഗിച്ചു.

ഓരോ ഗോത്രവും യാക്കോബിന്റെ ഒരു പുത്രന്അല്ലെങ്കില്പൌത്രനില്നിന്നും പിന്തുടര്ച്ചയായി വന്നു.

- ഒരു ഗോത്രം എന്നത് ഒരു രാജ്യത്തെക്കാള്ചെറുതാണ്, എന്നാല്ഒരു കുലത്തേക്കാള്വലുതാണ്.

(കാണുക: കുളം, ദേശം, ജന വിഭാഗം, ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങള്)

## ദൈവ വചന സൂചികകള്:

- 1 ശമുവേല്10:17-19
- 2 രാജാക്കന്മാര്17:16-18
- ഉല്പ്പത്തി 25:13-16
- ഉല്പ്പത്തി 49:16-18
- ലൂക്കോസ് 02:36-38

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H523, H4294, H7625, H7626, G1429, G5443

# ഗോത്രപിതാവ്, ഗോത്രപിതാക്കന്മാര്

## നിര്വചനം:

"ഗോത്ര പിതാവ്" എന്ന പദം ദൈവ വചനത്തില് സൂചിപ്പിക്കുന്നത് പ്രത്യേകാല് അബ്രഹാം, യിസഹാക്ക്, അല്ലെങ്കില് യാക്കോബ് ആദിയായ യഹൂദ ജനത്തിന്റെ സ്ഥാപക പൂര്വികന്മാരായ ആരെയെങ്കിലും ആണ്.

- ഇത് ഇസ്രയേലിന്റെ 12 ഗോത്രങ്ങളുടെ 12 ഗോത്രപിതാക്കന്മാരായ യാക്കോബിന്റെ പന്ത്രണ്ടു മക്കളെയും സൂചിപ്പിക്കുന്നത് ആണ്.
- "ഗോത്രപിതാവ്" എന്ന പദത്തിനു "പൂര്വ പിതാവ്" എന്ന് സമാനമായ അര്ത്ഥവും ഉണ്ട്, എന്നാല്കൂടുതല് സ്പഷ്ടമായി ഒരു ജനവിഭാഗത്തിന്റെ പൂര്വിക നേതാക്കന്മാരില് എറ്റവും നന്നായി അറിയപ്പെടുന്ന പുരുഷ പൂര്വികനെ സൂചിപ്പിക്കുന്നു.

(കാണുക: പൂര്വികന്, പിതാവ്, പൂര്വ പിതാവ്)

## ദൈവ വചന സൂചികകള്:

- അപ്പോ.02:29-31
- അപ്പോ.07:6-8
- അപ്പോ.07:9-10
- എസ്രാ 03:12-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1, H7218, G3966

# ചവിട്ടി മെതിക്കുക, ചവിട്ടി മെതിക്കുന്നു, ചവിട്ടി ത്താഴ്ത്തി, ചവിട്ടി മെതിക്കുന്നു

## നിര്വചനം:

“ചവിട്ടി മെതിക്കുക” എന്നതിന്റെ അര്ത്ഥം എന്തിന്റെ എങ്കിലും മുകളില്കയറി നില്ക്കുകയും പാദങ്ങള്കൊണ്ട് ഞെരിച്ചു കളയുകയും ചെയ്യുക എന്നതാണ്. ഈ പദം ഉപമാന രൂപത്തിലും ദൈവവചനത്തില്“നശിപ്പിക്കുക” അല്ലെങ്കില്“പരാജയപ്പെടുത്തുക” അല്ലെങ്കില്“ഇടിച്ചു താഴ്ത്തുക” എന്ന അര്ത്ഥത്തില്ഉപയോഗിച്ചിട്ടുണ്ട്.

- ”ചവിട്ടി മെതിക്കുക” എന്നതിന് ഉദാഹരണമായി ഒരു വയലില്ആളുകള്ശക്തമായി ചവിട്ടിക്കൊണ്ട്ഓടുന്നതിനെ സൂചിപ്പിക്കാം.....
- പുരാതന കാലഘട്ടങ്ങളില്, മുന്തിരിങ്ങയില്നിന്ന് വീഞ്ഞ് ഉല്പ്പാദിപ്പിക്കുവാന്അവയെ ചവിട്ടി മെതിച്ചു ചാറു വേര്തിരിക്കുക ഉണ്ടായിരുന്നു.
- ചില സന്ദര്ഭങ്ങളില്“ചവിട്ടി മെതിക്കുക” എന്ന പദം മെതിക്കളത്തില്മണ്ണ് ചവിട്ടി കുഴയ്ക്കുന്നതിനോട് താരതമ്യം ചെയ്തു “അപമാനപ്പെടുത്തിക്കൊണ്ട് ശിക്ഷിക്കുക” എന്ന് അര്ത്ഥം നല്കുന്നുണ്ട്.
- “ചവിട്ടി മെതിക്കുക” എന്നത് ഉപമാനമായി യഹോവ തന്റെ ജനമായ ഇസ്രയേലിനെ അവരുടെ അഹങ്കാരവും മത്സരവും നിമിത്തം എപ്രകാരമാണ് ശിക്ഷിക്കുന്നത് എന്ന് പ്രദര്ശിപ്പിക്കുവാനായി ഉപയോഗിക്കുന്നുണ്ട്.
- ”ചവിട്ടി മെതിക്കുക” എന്നത് പരിഭാഷ ചെയ്യുവാനായി ഉള്ള ഇതര മാര്ഗ്ഗങ്ങളില്“പാദങ്ങളാല്ഞെരിച്ചു കളയുക” അല്ലെങ്കില്“പാദങ്ങള്കൊണ്ട് തകര്ത്ത് കളയുക” അല്ലെങ്കില്“ശക്തമായി ചവിട്ടി തകര്ക്കുക” അല്ലെങ്കില്“തറയില്തവിടു പൊടിയാക്കുക” എന്നിങ്ങനെ ഉള്പ്പെടുത്താം.
- സാഹചര്യം അനുസരിച്ച്, ഈ പദം പരിഭാഷ ചെയ്യാവുന്നതാണ്.

(കാണുക: മുന്തിരിങ്ങ, അപമാനിക്കുക, ശിക്ഷിക്കുക, മത്സരിക്കുക, മെതിക്കുക, വീഞ്ഞ്)

## ദൈവ വചന സൂചികകള്:

- എബ്രായര്10:28-29
- സങ്കീര്ത്തനങ്ങള്007:5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H947, H1758, H1869, H4001, H4823, H7429, H7512, G2662, G3961

# ചാണകം, വളം

## നിര്വചനം:

“ചാണകം” എന്ന പദം മനുഷ്യന്റെയൊ മൃഗത്തിന്റെയൊ ഖര മാലിന്യം, അമേധ്യം എന്നോ വിസ്സര്ജ്ജ്യം എന്നോ വിളിക്കുന്നതിനെ സൂചിപ്പിക്കുന്നു. മണ്ണിനെ ഫലഭൂയിഷടമാക്കുന്ന വളമായി ഉപയോഗിക്കുമ്പോള്, ഇതിനെ “വളം” എന്നു പറയുന്നു.

- ഈ പദങ്ങള് ഉപമാന രൂപത്തില് മൂല്യമില്ലാത്ത അല്ലെങ്കില് പ്രാധാന്യമില്ലാത്ത ഏതിനെയെങ്കിലും സൂചിപ്പിക്കുവാന് ഉപയോഗി ക്കുന്നു.
- മൃഗങ്ങളുടെ ഉണങ്ങിയ ചാണകം ഇന്ധനമായി ഉപയോഗിക്കാറുണ്ട്.
- “ഭൂമിയുടെ മുഖത്തുള്ള ചാണകം പോലെ” എന്ന പ്രയോഗം “മൂല്യമില്ലാത്ത ചാണകം ഭൂപരപ്പില് ചിതറിക്കിടക്കുന്നതു പോലെ” എന്നു പരിഭാഷപ്പെടുത്താം.
- യെരുശലേമിന്റെ തെക്കേ മതിലില് ഉള്ള “ചാണക വാതില്” എന്നത് മിക്കവാറും പാഴ്വസ്തുക്കളും ചവറുകളും പട്ടണത്തിനു പുറത്തേക്ക് കൊണ്ടു പോകുവാനുള്ള വാതില് ആയിരിക്കും.

(കാണുക: വാതില്)

## ദൈവവചന സൂചികകള്

- 1 രാജാക്കന്മാര്:9-10
- 2 രാജാക്കന്മാര്:24-26
- യെശ്ശയ്യാവ് 25:9-10
- യിരെമ്യാവ് 08:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H830, H1119, H1557, H1561, H1686, H1828, H6569, H6675, G906, G4657

# ചാരം, ചിതാഭസ്മം, ധൂളി

## വസ്തുതകള്:

"ചാരം', "ചിതാഭസ്മം"" എന്നീ പദങ്ങള്മരം കത്തിയെരിഞ്ഞതിനു ശേഷം അവശേഷിക്കുന്ന ചാരനിറത്തിലുള്ള ഭസ്മത്തിനെ കുറിക്കുന്നു. ചില സന്ദര്ഭങ്ങളില്വിലയില്ലാത്തതോ ഉപയോഗശൂന്യമായതോ ആയ ചിലതിനെ സൂചിപ്പിക്കുവാനായി ഉപമാനാര്ത്ഥം ഉപയോഗിക്കുന്നു.

- ദൈവവചനത്തില്ചില സന്ദര്ഭങ്ങളില്"ധൂളി"' എന്ന പദം ചിതാഭസ്മത്തേ ക്കുറിച്ച് പറയുമ്പോള്ഉപയോഗിക്കുന്നു. ഉണങ്ങിയ നിലത്തെ നേര്ത്ത പൊടിമണ്ണിനെയും ഇപ്രകാരം സൂചിപ്പിക്കാം.
- ഒരു "ചാമ്പല്കൂമ്പാരം" എന്നത് ധൂളിയുടെ ഒരു കൂമ്പാരം ആണ്.
- പുരാതനകാലങ്ങളില്,ചാരത്തില്ഇരിക്കുകയെന്നത് ടു:ഖമാചരിക്കുന്നതിന്റെയൊ മനോവേദനയുടെയോ അടയാളമാണ്.
- മനോവേദന അനുഭവിക്കുമ്പോള്, പരുപരുത്ത കട്ടിയുള്ള രട്ടുവസ്ത്രം ധരിച്ച് ചാരത്തിലിരിക്കുകയോ ശിരസ്സില്ചാരം വിതറുകയോ ചെയ്യുന്നത് ഒരു സമ്പ്രദായം ആയിരുന്നു.
- ശിരസ്സില്ചാരം വിതറുന്നത് താഴ്മയുടെ അല്ലെങ്കില്നാണക്കേടിന്റെ ഒരു അടയാളമായിരുന്നു
- യാതൊരു മൂല്യവുമില്ലാത്ത ഒന്നിനുവേണ്ടി കഠിനപരിശ്രമം നടത്തുന്നതിനെ, "ചാരം ഭക്ഷിക്കുന്നതുപോലെ" എന്നു പറയാറുണ്ട്.
- "ചിതാഭസ്മം" എന്ന വാക്ക് പദ്ധതി ഭാഷയില്ഉപയോഗിക്കുന്നത് മരം കത്തിയമര്ന്നതിനുശേഷം അവശേഷിക്കുന്ന ശേഷിപ്പിനെ സൂചിപ്പിക്കുന്നതാണ്. "ചാര വൃക്ഷം" എന്ന പദം പൂര്ണമായും വ്യത്യസ്തമായ ഒന്നാണെന്നത് ശ്രദ്ധിക്കുക.

(കാണുക: അഗ്നി, രട്ട്)

## ദൈവവചന സൂചികകള്:

- 1രാജാക്കന്മാര് 20:9-10
- യിരെമ്യാവ് 06:25-26
- സങ്കീര്ത്തനങ്ങള്102:9-10
- സങ്കീര്ത്തനങ്ങള് 113:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H80, H665, H666, H766, H1854, H6083, H6368, H7834, G2868, G4700, G5077, G5522

# ചിതറിക്കുക, ചിതറപ്പെട്ടവര്

## നിര്വചനം:

“ചിതറിക്കുക, “ചിതറല്” എന്നീ പദങ്ങള് ജനങ്ങളെയോ വസ്തുക്കളെയോ പല ദിശകളിലേക്ക് ചിന്നിച്ചിതറിപ്പിക്കുന്നതിനെ സൂചിപ്പിക്കുന്നു.

- പഴയനിയമത്തില്, ദൈവം ജനത്തെ “ചിതറിപ്പിക്കുന്നതിനെ” കുറിച്ച് സംസാരിക്കുമ്പോള്, ഒരരോരുത്തരും പരസ്പരം അകന്നു വിവിധ സ്ഥലങ്ങളിലേക്ക് പിരിഞ്ഞു പോയി ജീവിക്കുവാന് ഇടയാക്കി. അവരുടെ പാപം നിമിത്തം അവരെ ശിക്ഷിക്കുവാനായി താന് ഇതു ചെയ്തു. ഒരുവേള അവര് ചിതറിപ്പോയത് അവര് മാനസ്സാന്തരപ്പെടുവാനും വീണ്ടും ദൈവത്തെ ആരാധിക്കുവാനും സഹായിച്ചേക്കാം.
- “ചിതറല്” എന്ന പദം പുതിയ നിയമത്തില് പീഡനത്തില് നിന്നും രക്ഷപ്പെടെണ്ടതിനു ക്രിസ്ത്യാനികള് തങ്ങളുടെ ഭവനങ്ങള് ഉപേക്ഷിച്ചു വിവിധ സ്ഥലങ്ങളിലേക്ക് രക്ഷപ്പെടുവാന് ഇടയായതിനെ സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു.
- “ചിതറപ്പെട്ടവര്”” എന്ന പദം “വിവിധ സ്ഥലങ്ങളില് ഉള്ള വിശ്വാസികള്” അല്ലെങ്കില് “വിവിധ രാജ്യങ്ങളില് വസിക്കുവാനായി കടന്നു പോയവര്” എന്നു പരിഭാഷപ്പെടുത്താം.
- “ചിതറികുക” എന്ന പദം “വിവിധ സ്ഥലങ്ങളിലേക്ക് പറഞ്ഞു വിടുക” അല്ലെങ്കില് “വിദേശത്തേക്ക് ചിതറിക്കുക” അല്ലെങ്കില് വിവിധ രാജ്യങ്ങളില് ജീവിക്കുവാനായി നീക്കം ചെയ്തു വിടുക” എന്നിങ്ങനെയും പരിഭാഷപ്പെടുത്താം.

(കാണുക:വിശ്വസിക്കുക, പീഡിപ്പിക്കുക)

## ദൈവവചന സൂചികകള്:

- 1 പത്രോസ് 01:1-2
- യെഹസ്കേല്:14-16
- യെഹസ്കേല്:22-24
- സങ്കീര്ത്തനങ്ങള്018:13-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2219, H4127, H5310, H6327, H6340, H6504, H8600, G1287, G1290, G4650

# ചീട്ടുകൾ, നറുക്ക് ചീട്ടുകൾ

## നിർവചനം:

"ചീട്ട്" എന്ന് പറയുന്നത് അടയാളം ചെയ്തിട്ടുള്ള ഒരു വസ്തു അതുപോലെ തന്നെ അടയാളപ്പെടുത്തിയിട്ടുള്ള വസ്തുക്കളുടെ ഇടയിൽനിന്നു തിരഞ്ഞെടുത്ത് കാര്യങ്ങൾ തീരുമാനിക്കുന്ന രീതി ആകുന്നു. "ചീട്ട് ഇടുക" എന്നത് അടയാളപ്പെടുത്തിയിട്ടുള്ള ഒരു വസ്തു നിലത്തോ അല്ലെങ്കിൽ ഏതെങ്കിലും പ്രതലത്തിലോ കുലുക്കി ഇടുന്നതിനെ സൂചിപ്പിക്കുന്നു.

- സാധാരണയായി ചീട്ട് എന്ന് പറയുന്നത് വളരെ ചെറിയ അടയാളം ഇട്ടിട്ടുള്ള കല്ല് അല്ലെങ്കിൽ പൊട്ടിയ ഒട്ടു കഷണം ഏതെങ്കിലും ആയിരിക്കും.
- ചില സംസ്കാരങ്ങളിൽ ഒരു പറ്റം അടുക്കിയ പുല്ലുകളിൽ നിന്ന് "നറുക്കെടുപ്പ്" അല്ലെങ്കിൽ" ചീട്ടു വലിച്ചെടുക്കൽ" രീതി ഉപയോഗിക്കുക പതിവുണ്ട് ആരെങ്കിലും ഒരാൾ വയ്ക്കോൽ പിടിച്ചു കൊണ്ട് നിൽക്കും അത് എന്തു മാത്രം നീളം ഉള്ളതാണെന്ന് ആർക്കും കാണുവാൻ കഴിയുന്നതും അല്ല. ഓരോരുത്തരും ഓരോ വയ്ക്കോൽ വലിച്ചെടുക്കും അതിൽ ആർ ഏറ്റവും നീളം കൂടിയത് (അല്ലെങ്കിൽ ഏറ്റവും ചെറുത്) എടുക്കുന്നുവോ അ വ്യക്തി തിരഞ്ഞെടുക്കപ്പെട്ടവൻ ആകും.
- ഇസ്രയേൽ ജനം ചീട്ട് നറുക്കിട്ട് എടുത്തു ദൈവം അവരോടു ചെയ്യുവാൻ പറയുന്നത് എന്ത് ആണെന്ന് കണ്ടു പിടിക്കുന്ന ഒരു സമ്പ്രദായം ഉപയോഗിച്ചു വന്നിരുന്നു.
- സെഖര്യാവിന്റെയും എലിസബെത്തിന്റെയും കാലത്തിൽ എന്ന പോലെ, പ്രത്യേക കാലഘട്ടങ്ങളിൽ ദേവാലയ ശുശ്രൂഷകൾ നിറവേറ്റുവാൻഏതു പുരോഹിതൻ വേണമെന്ന് പ്രത്യേകമായി തിരഞ്ഞെടുക്കപ്പെടുക പതിവായിരുന്നു.
- യേശുവിനെ ക്രൂശിച്ച പടയാളികൾ യേശുവിന്റെ അങ്കി ആർക്കു ലഭിക്കണം എന്ന് തീരുമാനിക്കുവാൻ ചീട്ടിട്ടു.
- "ചീട്ടിടുക" എന്ന പദം "ചീട്ടു കുലുക്കുക" അല്ലെങ്കിൽ"ചീട്ടു നറുക്കെടുക്കുക" അല്ലെങ്കിൽ "ചീട്ടു ഉരുട്ടുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം. "പുറത്താക്കുക" എന്നതിന്റെ പരിഭാഷ ചീട്ടുകളെ വളരെ ദൂരത്തേക്കു വലിച്ചെറിയപ്പെടുന്നു എന്നതു പോലെയുള്ള ധ്വനി ഉണ്ടാകാത്ത വണ്ണം ഉറപ്പു വരുത്തുക.
- സാഹചര്യം അനുസരിച്ച്, "ചീട്ട്" എന്ന പദം "അടയാളപ്പെടുത്തിയ കല്ല്" അല്ലെങ്കിൽ"ഓട്ടു നുറുക്ക്" അല്ലെങ്കിൽവയ്ക്കോൽകഷണം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ചീട്ടു മൂലം" ഒരു തീരുമാനം ഉണ്ടാക്കിയെങ്കിൽഅതിനെ "നറുക്കെടുപ്പ് മൂലം (അല്ലെങ്കിൽചീട്ട് എറിയുക) മൂലം" എന്ന് പരിഭാഷ ചെയ്യാം.

(കാണുക: എലിസബത്ത്, പുരോഹിതൻ, സെഖര്യാവ്, സെഖര്യാവ്)

## ദൈവ വചന സൂചികകൾ:

- യോനാ 01:6-7
- ലൂക്കോസ് 01:8-10
- ലൂക്കോസ് 23:33-34
- മർക്കോസ് 15:22-24
- മത്തായി 27:35-37
- സങ്കീർത്തനങ്ങൾ 022:18-19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1486, H2256, H5307, G2624, G2819, G2975, G3091

# ചുംബനം, ചുംബനങ്ങൾ, ചുംബിച്ചു, ചുംബനം ചെയ്യൽ

## നിർവചനം:

ഒരു ചുംബനം എന്നത് ഒരു വ്യക്തി തന്റെ ചുണ്ടുകൾ വേറൊരു വ്യക്തിയുടെ ചുണ്ടുകളിലോ അല്ലെങ്കിൽ മുഖത്തിലോ പതിപ്പിക്കുന്നത് ആകുന്നു. ഈ പദം ഉപമാനമായും ഉപയോഗിക്കാം.

- ചില സംസ്കാരങ്ങളിൽ കവിളിൽ പരസ്പരം ചുംബിക്കുന്നത് ആശംസകൾ അറിയിക്കുന്നതിന്റെയോ യാത്രാമംഗളം നേരുന്നതിന്റെയോ അടയാളം ആകുന്നു.
- ഒരു ചുംബനത്തിനു രണ്ട് വ്യക്തികൾക്ക് ഇടയിൽ, ഒരു ഭർത്താവിനും ഭാര്യക്കും ഇടയിൽ ഉള്ള ആഴമായ സ്നേഹത്തിന്റെ സന്ദേശം പകരുന്നത് ആകാം.
- "ഒരുവന് യാത്രാ മംഗള ചുംബനം നൽകുക" എന്ന പദപ്രയോഗം ഒരു ചുംബനത്താൽ യാത്ര പറയുക എന്ന് അർത്ഥം നൽകുന്നു.
- ചില സന്ദർഭങ്ങളിൽ "ചുംബനം" എന്ന വാക്കു "യാത്രാമൊഴി പറയുക" എന്ന അർത്ഥം നൽകുന്നതിനു ഉപയോഗിക്കുന്നു.
- ഏലിശ എലിയാവിനോട്, "ആദ്യം ഞാൻഎന്റെ അപ്പനെയും അമ്മയെയും ചുംബിക്കുവാൻഅനുവാദം തരിക" എന്ന് പറയുമ്പോൾതാൻ തന്റെ മാതാപിതാക്കന്മാരോട് അവരെ വിട്ടു പിരിഞ്ഞു എലിയാവിനെ അനുഗമിക്കേണ്ടതിനു മുൻപായി അവരോടു യാത്രാമൊഴി പറയണം എന്ന് പറയുക ആയിരുന്നു.

## ദൈവ വചന സൂചികകൾ;

- 1 തെസ്സലോനിക്യർ:25-28
- ഉൽപ്പത്തി 27:26-27
- ഉൽപ്പത്തി 29:11-12
- ഉൽപ്പത്തി 31:26-28
- ഉൽപ്പത്തി 45:14-15
- ഉൽപ്പത്തി 48:8-10
- ലൂക്കോസ് 22:47-48
- മർക്കോസ് 14:43-46
- മത്തായി 26:47-48

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5390, H5401, G2705, G5368, G5370

# ചുമതല ഏല്ക്കുക, ചുമതല എല്ക്കുന്നു, ഭരമേല്പ്പിക്കുന്ന, ചുമതല ഏല്ക്കുന്ന, ചുമതല

## നിര്വചനം:

"ചുമതല" എന്നതും "ചുമതല ഏല്ക്കുക" എന്നതും എന്തെങ്കിലും ചെയ്യാമെന്ന് ഒരു തീരുമാനമോ വാഗ്ദത്തമോ ചെയ്യുക എന്നതാണ്.

- എന്തെങ്കിലും ചെയ്തുകൊള്ളാമെന്നു വാഗ്ദത്തം ചെയ്യുന്ന വ്യക്തിയും "അത് ചെയ്യുവാന്"ചുമതലപ്പെട്ടവന്" ആണ്.
- ഒരാളെ പ്രത്യേക ദൌത്യം "ചുമതലപ്പെടുത്തുക" എന്നത് ആ വ്യക്തിക്ക് ആ ദൌത്യം ചെയ്യുവാന്ഏല്പ്പിക്കുക എന്നതാണ്.
- ഉദാഹരണമായി, 2 കൊരിന്ത്യരില്പൌലോസ് പറയുന്നത് ജനത്തെ ദൈവവുമായി നിരപ്പു പ്രാപിക്കുവാന്സഹായിക്കുന്ന ശുശ്രൂഷ ദൈവം ഞങ്ങളെ "ഭരമേല്പ്പിച്ചു" ("നല്കപ്പെട്ടു") എന്നാണ്. "ചുമതല" എന്നതും ചുമതല ഏല്ക്കുക" എന്നതും "ഒരു പാപം ചെയ്യുക", അല്ലെങ്കില്"വ്യഭിചാരം ചെയ്യുക" അല്ലെങ്കില്കൊലപാതകം നടത്തുക" പോലുള്ള തെറ്റായ പ്രവര്ത്തികള്ചെയ്യുന്നതിനെയും സൂചിപ്പിക്കുന്നു.
- "അവനെ ദൌത്യം ഏല്പ്പിച്ചു" എന്ന ആശയം "അവനു ദൌത്യം നല്കി" എന്നോ "അവനു ദൌത്യം ഭരമേല്പ്പിച്ചു"എന്നോ "അവനു ദൌത്യം നിയോഗിച്ചു" എന്നോ പരിഭാഷപ്പെടുത്താവുന്നതാണ്.
- "ചുമതല" എന്ന പദം "നല്കപ്പെട്ട ദൌത്യം" അല്ലെങ്കില്ചെയ്തതായ വാഗ്ദത്തം" എന്നു പരിഭാഷപ്പെടുത്താം.

(കാണുക: വ്യഭിചാരം, വിശ്വസ്തത, വാഗ്ദത്തം, പാപം).

## ദൈവവചന സൂചികകള്:

- 1 1 ദിനവൃത്താന്തങ്ങള്28:6-7
- 1 പത്രോസ് 02:21-23
- യിരെമ്യാവ് 02:12-13
- മത്തായി 13:40-43
- സങ്കീര്ത്തനം 058:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H539, H817, H1361, H1497, H1500, H1540, H1556, H2181, H2388, H2398, H2399, H2403, H4560, H4603, H5003, H5753, H5766, H5771, H6213, H6466, H7683, H7760, H7847, G264, G2038, G2716, G3429, G3431, G3860, G3872, G3908, G4102, G4160, G4203

# ചുരുള്, ചുരുളുകള്:

## നിര്വചനം:

പുരാതന കാലങ്ങളില്, ഒരു ചുരുള്എന്നത് പാപ്പിറസ് അല്ലെങ്കില്തുകല്ആദിയായവ കൊണ്ട് നീളം ഉള്ള പുസ്തകമായി നിര്മ്മിച്ചു, ചുരുട്ടി വെക്കുന്ന രീതിയില്ഉള്ളത് ആകുന്നു.

- ഒരു ചുരുളില്എഴുതിയതിനു ശേഷമോ അല്ലെങ്കില്അതില്നിന്നും വായിച്ചതിനു ശേഷമോ, അതിന്റെ അഗ്രങ്ങളില്ഘടിപ്പിച്ചിരിക്കുന്ന തടി ഉപയോഗിച്ചു ചുരുട്ടുമായിരുന്നു.
- നിയമപരമായ രേഖകള്ക്കും തിരുവചനത്തിനും ചുരുളുകള്ഉപയോഗിച്ചു വന്നിരുന്നു.
- ചില സന്ദര്ഭങ്ങളില്ചുരുളുകള്മെഴുകിനാല്മുദ്ര ചെയ്തു ദൂതുവാഹികളുടെ വശം കൊടുത്തയയ്ക്കുക പതിവു ആയിരുന്നു.

ചുരുള്കൈവശം ലഭിക്കുമ്പോള്മെഴുക് അതില്ഉള്ളതായി കണ്ടാല്, അതിന്റെ സ്വീകര്ത്താവ് ആരും തന്നെ ആ ചുരുള്തുറക്കുകയോ, വായിക്കുകയോ അതില്എന്തെങ്കിലും എഴുതുകയോ ചെയ്തിട്ടില്ല എന്ന് മുദ്ര ചെയ്തീരിക്കുന്നതിനാല്ഗ്രഹിക്കുന്നു.

- ചുരുളുകളില്ഉള്പ്പെട്ടിരിക്കുന്ന എബ്രായ തിരുവചനങ്ങള്യഹൂദ പള്ളികളില്ഉറക്കെ വായിക്കുമായിരുന്നു.

(കാണുക: മുദ്ര, യഹൂദ പള്ളി, ദൈവ വചനം).

## ദൈവ വചന സൂചികകള്:

- യിരെമ്യാവ് 29:1-3
- ലൂക്കോസ് 04:16-17
- സംഖ്യാപുസ്തകം 21:14-15
- വെളിപ്പാട് 05:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4039, H4040, H5612, G974, G975

# ചുറ്റിക്കെട്ടുക, ചുറ്റിക്കെട്ടി

## നിര്വചനം:

“ചുറ്റിക്കെട്ടുക” എന്ന പദം അര്ത്ഥമാക്കുന്നത് എന്തെങ്കിലും ഒന്നിനെ വേറൊന്നിന്റെ ചുറ്റും ച്ചുറ്റിക്കെട്ടുന്നതിനെ സൂചിപ്പിക്കുന്നു. ഇത് സാധാരണയായി ഇടുപ്പിനു ചുറ്റും ഒരു വസ്ത്രത്തെ അല്ലെങ്കില്അങ്കിയെ സ്വസ്ഥാനത്തു സൂക്ഷിക്കുവാനായി ഉപയോഗിക്കുന്ന അരക്കച്ച അല്ലെങ്കില്ഉറുമാല്എന്ന് സൂചിപ്പിക്കുന്നു.

- സാധാരണ ദൈവ വചന പദസഞ്ചയത്തില്, “അര മുറുക്കുക” എന്നാല്അത് സൂചിപ്പിക്കുന്നത് ഒരു വസ്ത്രത്തിന്റെ അഗ്രം ഒരു അരക്കച്ചയോടു ബന്ധിച്ചു, ഒരു മനുഷ്യന്കൂടുതല്സ്വതന്ത്രമായി ചലിക്കുവാന്, പ്രത്യേകാല്പണി ചെയ്യുവാന്അനുവദിക്കുക എന്ന് സൂചിപ്പിക്കുന്നു.
- ഈ പദസഞ്ചയം “പ്രവര്ത്തിക്കുവാനായി ഒരുങ്ങുക” അല്ലെങ്കില്“പ്രയാസം ഏറിയ ഒന്നിനായി ഒരുക്കപ്പെടുക” എന്നും അര്ത്ഥം നല്കുന്നു.
- "അര മുറുക്കുക” എന്ന പദ പ്രയോഗം നിര്ദ്ധിഷ്ട ഭാഷയില്അതേ അര്ത്ഥം തന്നെ നല്കുന്ന വേറെ പദപ്രയോഗം ഉപയോഗിച്ചു പരിഭാഷ ചെയ്യാവുന്നത് ആണ്. അല്ലെങ്കില്“പ്രവര്ത്തിക്കായി നിങ്ങളെ തന്നെ ഒരുക്കുക” അല്ലെങ്കില്“നിങ്ങളെ തന്നെ ഒരുക്കുക” എന്നിങ്ങനെ ഉപമാന രൂപേണ പരിഭാഷ ചെയ്യുകയും ആകാം.
- ചുറ്റിക്കെട്ടപ്പെട്ടു” എന്ന പദം “ചുറ്റപ്പെട്ടു” അല്ലെങ്കില്“പൊതിയപ്പെട്ടു” അല്ലെങ്കില്“മുറുക്കപ്പെട്ടു” എന്നിങ്ങനെ പരിഭാഷ ചെയ്യാവുന്നതാണ്.

(കാണുക:അര ഭാഗം)

## ദൈവ വചന സൂചികകള്:

- 1 പത്രോസ് 01:13-14
- ഇയ്യോബ് 38:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H247, H640, H2290, H2296, H8151, G328, G1241, G2224, G4024

# ചെങ്കോല്, ചെങ്കോലുകള്

## നിര്വചനം:

“ചെങ്കോല്” എന്ന പദം സൂചിപ്പിക്കുന്നത് രാജാവ് പോലെയുള്ള ഒരു ഭരണാധികാരി തന്റെ കൈവശം സൂക്ഷിച്ചിട്ടുള്ള ഒരു അലങ്കരിക്കപ്പെട്ടിട്ടുള്ള ഒരു വടി അല്ലെങ്കില് ഒരു കോല് എന്നാണ്.

- ചെങ്കോലുകള് എന്ന് പറയുന്നത് വാസ്തവത്തില് കൊത്തുപണി ചെയ്തു അലങ്കരിച്ചിട്ടുള്ള ഒരു മരത്തിന്റെ ശാഖ ആകുന്നു. പില്ക്കാലത്ത് സ്വര്ണം പോലെയുള്ള വിലകൂടിയ ലോഹങ്ങളാലും ചെങ്കോലുകള് ഉണ്ടാക്കി വന്നിരുന്നു.
- ചെങ്കോല് എന്നത് രാജത്വത്തത്തിന്റെയും അധികാരത്തിന്റെയും അടയാളമായും കൂടാതെ ഒരു രാജാവുമായി ബന്ധപ്പെട്ടുള്ള ബഹുമാനത്തിന്റെയും ആഭിജാത്യത്തിന്റെയും അടയാളമായും കാണപ്പെടുന്നു.
- പഴയ നിയമത്തില്, ദൈവത്തിന്റെ പക്കല് ഒരു നീതിയുടെ ചെങ്കോല് ഉണ്ടെന്നു വിശേഷിപ്പിക്കുന്നു, എന്തുകൊണ്ടെന്നാല് ദൈവം തന്റെ ജനത്തിന്മേല് രാജാവായി ഭരണം നടത്തുന്നു.
- ഒരു പഴയ നിയമ പ്രവചനം മശീഹയെ സൂചിപ്പിക്കുന്നത് ഇസ്രായേലില് നിന്നും ഉത്ഭവിച്ചു സകല ദേശങ്ങളെയും ഭരണം നടത്തുന്ന ഒരു ചെങ്കോല് ഉണ്ടാകും എന്നാണ്.
- ഇതിനെ “ഭരണം നടത്തുന്ന ചെങ്കോല്” അല്ലെങ്കില് “രാജാവിന്റെ ചെങ്കോല്” എന്നും പരിഭാഷ ചെയ്യാം.

(കാണുക: അധികാരി, ക്രിസ്തു, രാജാവ്, നീതിയായ)

## ദൈവ വചന സൂചികകള്:

- ആമോസ് 01:5
- എസ്ഥേര്:9-12
- ഉല്പ്പത്തി 49:10
- എബ്രായര് 01:8-9
- സംഖ്യാപുസ്തകം 21:17-18
- സങ്കീര്ത്തനം 045:5-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2710, H4294, H7626, H8275, G4464

# ചെടി, ചെടികള്, ചെടി നട്ടു, ചെടി നടല്, ചെടി നട്ട, വീണ്ടും ചെടി നട്ട, പറിച്ചു നട്ട, വിതയ്ക്കുക, വിതയ്ക്കുന്നു, വിതയ്ച്ചു, വിതക്കപ്പെട്ട, വിതയ്ക്കുന്ന

## നിര്വചനം:

ഒരു "ചെടി" എന്നത് പൊതുവെ നിലവുമായി ബന്ധപ്പെട്ടിട്ടുള്ളതും വളരുന്നതുമായ ഒന്നാകുന്നു. "വിതയ്ക്കുക" എന്നത് അര്ത്ഥം നല്കുന്നത് ചെടികള് വളരുവാന് വേണ്ടി നിലത്തു വിത്ത് വിതയ്ക്കുന്നത് ആകുന്നു. "വിതയ്ക്കുന്നവന്" എന്നാല് വിത്ത് വിതയ്ക്കുകയോ നടുകയോ ചെയ്യുന്നവന് ആകുന്നു. വിതയ്ക്കുകയോ നടുകയോ ചെയ്യുന്ന രീതികള്ക്ക് വ്യത്യാസം ഉണ്ടാകാം, എന്നാല്ഒരു രീതി ഒരു കൈ നിറയെ വിത്തുകള്എടുത്തുകൊണ്ടു അവയെ നിലത്തു വിതറുക എന്നുള്ളതാണ്.

- വിത്ത് വിതയ്ക്കുന്നതിനുള്ള വേറൊരു രീതി മണ്ണില്ദ്വാരം ഉണ്ടാക്കി ഓരോ ദ്വാരത്തിലും വിത്ത് നിക്ഷേപിക്കുക എന്നുള്ളതാണ്. "വിതയ്ക്കുക" എന്ന പദം ഉപമാനമായി "ഒരു മനുഷ്യന്വിതയ്ക്കുന്നത് എന്താണോ അത് തന്നെ കൊയ്യും" എന്നുള്ളതില്എന്ന പോലെ ഉപയോഗിക്കാം. ഇതിന്റെ അര്ത്ഥം ഒരു മനുഷ്യന്ദോഷകരമായതു പ്രവര്ത്തിച്ചാല്, അതിനു തക്ക തിന്മയായത് ഫലിക്കും, ഒരു മനുഷ്യന്നന്മ ചെയ്താല്, അവനു അതിനു തക്ക നന്മയായത് ഫലിക്കും.

## പരിഭാഷ നിര്ദേശങ്ങള്:

- "വിതയ്ക്കുക" എന്ന പദം "നടുക" എന്നും കൂടെ പരിഭാഷ ചെയ്യാവുന്നതാണ്. ഇത് പരിഭാഷ ചെയ്യുവാന്ഉപയോഗിക്കുന്ന വാക്ക് വിത്തുകള്നടുവാനും കൂടെ ഉള്പ്പെടുന്നത് ആണെന്ന് ഉറപ്പു വരുത്തുക.
- "വിതയ്ക്കുന്നവന്" എന്നതു പരിഭാഷ ചെയ്യുവാന്ഉള്ള ഇതര മാര്ഗ്ഗങ്ങളില്"ചെടി നടുന്നവന്" അല്ലെങ്കില്"കര്ഷകന്" അല്ലെങ്കില്"വിത്തുകള്നടുന്ന വ്യക്തി" ആദിയായവ ഉള്പ്പെടുത്താം.
- ഇംഗ്ലീഷില്, "വിതയ്ക്കുക" എന്നത് വിത്തുകള്വിതയ്ക്കുന്നതിനു മാത്രമാണ് ഉപയോഗിക്കുന്നത്, എന്നാല്ഇംഗ്ലീഷ് പദമായ "പ്ലാന്റ്" എന്നത് വിത്തുകള്പാകുന്നതിനോടൊപ്പം തന്നെ വലിയവ, മരങ്ങള്പോലെ ഉള്ളവയെ നടുന്നതിനും ഉപയോഗിക്കുന്നു. ഇതര ഭാഷകളില്വ്യത്യസ്ത വാക്കുകള്എന്താണ് നടുന്നത് എന്നതിന് അനുസൃതമായി ഉപയോഗിക്കുമായിരിക്കാം.
- "ഒരുവന്വിതയ്ക്കുന്നത് എന്താണോ അതിനു തക്കതായി കൊയ്യും" എന്ന പദപ്രയോഗം "ഒരു പ്രത്യേക തരം വിത്ത് പ്രത്യേക തരം ചെടിയെ മുളപ്പിക്കുന്നത് പോലെ, അതേ തരത്തില്ഒരു വ്യക്തിയുടെ നല്ല പ്രവര്ത്തികള്നല്ല ഫലവും, ഒരു വ്യക്തിയുടെ ദോഷപ്രവര്ത്തികള്ദോഷകരമായ ഫലവും പുറപ്പെടുവിക്കും" എന്ന് പരിഭാഷ ചെയ്യാവുന്നതാണ്.

(കാണുക: ദോഷം, നന്മ, കൊയ്ത്ത്)

## ദൈവ വചന സൂചികകള്:

- ഗലാത്യര്06:6-8
- ലൂക്കോസ് 08:4-6
- മത്തായി 06:25-26
- മത്തായി 13:3-6
- മത്തായി 13:18-19
- മത്തായി 25:24-25

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2221, H2232, H2233, H2236, H4218, H4302, H5193, H7971, H8362, G4687, G4703, G5300, G5452 , G6037

# ചെന്നായ, ചെന്നായകള്, കാട്ടു പട്ടികള്

## നിര്വചനം:

ചെന്നായ എന്നത്, ക്രൂരമായ, മാംസഭുക്കായ കാടു പട്ടിക്കു സമാനമായ ഒരു മൃഗം ആകുന്നു.

- ചെന്നായ എന്നത് സാധാരണയായി സംഘമായി ചേര്ന്ന് പാത്തും പതുങ്ങിയും രഹസ്യ സ്വഭാവത്തില്ഇരയെ പിന്തുടര്ന്ന് വേട്ടയാടുന്നവ ആകുന്നു.
- ദൈവ വചനത്തില്, "ചെന്നായകള്" എന്ന പദം സാദൃശപരമായി ചെമ്മരിയാടുകളോട് സാമ്യപ്പെടുത്തിയിരിക്കുന്ന വിശ്വാസികളെ നശിപ്പീക്കുന്നതായ ദുരുപദേഷ്ടാക്കന്മാരെ അല്ലെങ്കില്കള്ള പ്രവാചകന്മാരെ സൂചിപ്പിക്കുന്നു. ദുരുപദേശങ്ങള്ആയ തെറ്റായ കാര്യങ്ങള്ജനത്തെ വിശ്വസിപ്പിക്കുന്നത് അവര്ക്ക് ദോഷം ഉളവാക്കുന്നവ ആയിരിക്കും.
- ഈ താരതമ്യത ആടുകള്പൊതുവെ ബലഹീനവും സ്വയം തങ്ങളെ സംരക്ഷിക്കുവാനും കഴിവില്ലാത്തവ ആകയാല്പ്രത്യേകാല്അക്രമിക്കപ്പെടുവാനും ചെന്നായകളാല്ഭക്ഷിക്കപ്പെടുവാനും ഇരയാകുന്ന വസ്തുതയെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്

- ഈ പദം "കാട്ടു പട്ടി" അല്ലെങ്കില്"കാട്ടു മൃഗം" എന്ന് പരിഭാഷ ചെയ്യാവുന്നതാണ്.
- കാട്ടു പട്ടികള്ക്കുള്ള വേറെ പേരുകള്"കുറുനരി" അല്ലെങ്കില്"അമേരിക്കയില്കണ്ടു വരുന്ന ഒരുതരം കാട്ടുനായ" എന്നും പരിഭാഷ ചെയ്യാം.
- ഉപമാനമായി ഇത് ജനങ്ങളെ സൂചിപ്പിക്കുമ്പോള്, "മൃഗങ്ങള്ആടുകളെ ആക്രമിക്കുന്നതുപോലെ ജനത്തെ ഉപദ്രവിക്കുന്ന ദുഷ്ടരായ ജനങ്ങളെ സൂചിപ്പിക്കുന്നു.

(കാണുക: തിന്മ, കള്ള പ്രവാചകന്, ചെമ്മരിയാട്, പഠിപ്പിക്കുക)

## ദൈവ വചന സൂചികകള്:

- അപ്പോ.20:28-30
- യെശ്ശയ്യാവ് 11:6-7
- യോഹന്നാന്10:11-13
- ലൂക്കോസ് 10:3-4
- [മത്തായി 07:15-17)
- സെഫന്യാവ് 03:3-4](rc://ml/tn/help/mat/07/15)

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2061, H3611, G3074

# ചെരുപ്പ്, പാദരക്ഷകൾ

## നിർവചനം:

ഒരു പാദരക്ഷ എന്നത് ലളിതമായ പരന്ന അടിഭാഗം ഉള്ളതും വള്ളികളാൽകാലിനു ചുറ്റും അല്ലെങ്കിൽമുഴങ്കാലിനു ചുറ്റും ചുറ്റിക്കെട്ടുന്നത് ആകുന്നു. ചെരുപ്പുകൾപുരുഷന്മാരും സ്ത്രീകളും ഇരു കൂട്ടരും ധരിക്കുന്നു.

- പാദരക്ഷ എന്നത് ചില സന്ദർഭങ്ങളിൽനിയമപരമായ ഇടപാടുകൾക്ക്, അതായത് വസ്തു വിൽപ്പന പോലെയുള്ളത്: ഒരു വ്യക്തി പാദരക്ഷ എടുത്തു അടുത്ത വ്യക്തിക്ക് കൊടുക്കുന്നതിനെ സൂചിപ്പിക്കുന്നു.
- ഒരു വ്യക്തിയുടെ ചെരുപ്പ് അല്ലെങ്കിൽപാദരക്ഷകൾഅഴിച്ചു മാറ്റുക എന്നുള്ളത് ഒരു വ്യക്തിയോട് ഉള്ളതായ, പ്രത്യേകാൽദൈവ സന്നിധിയിൽഉള്ളതായ ബഹുമാനത്തിന്റെയും ഭക്ത്യാദരവിന്റെയും അടയാളം ആകുന്നു.
- യോഹന്നാൻപറഞ്ഞത് താൻയേശുവിന്റെ പാദരക്ഷകൾഅഴിക്കുവാൻഉള്ള യോഗ്യത തനിക്കു ഇല്ല എന്നാണ്, അതായത് വളരെ താഴ്ചയുള്ള വേലക്കാരന്റെ അല്ലെങ്കിൽഅടിമയുടെ ഒരു ജോലി ആയിരുന്ന ദൌത്യമാണ് അത്.

## ദൈവ വചന സൂചികകൾ:

- അപ്പോ. 07:33-34
- ആവർത്തന പുസ്തകം 25:9-10
- യോഹന്നാൻ01:26-28
- യോശുവ 05:14-15
- മർക്കോസ് 06:7-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5274, H5275, H8288, G4547, G5266

# ചെറുത്തു നില്ക്കുന്നവന്, ചെറുത്തു നില്ക്കുന്നു, ചെറുത്തു നിന്ന, ചെറുത്തു നില്ക്കുന്ന, മത്സരം, മത്സരിയായ, മത്സര സ്വഭാവം

## നിര്വചനം:

"ചെറുത്തു നില്ക്കുക എന്ന പദം അര്ത്ഥം നല്കുന്നത് ഒരുവന്റെ അധികാരത്തിനു കീഴ്പ്പെട്ടു നില്ക്കുവാന് വിസ്സമ്മതിക്കുക എന്നാണ്. ഒരു "ചെറുത്തു നില്ക്കുന്ന വ്യക്തി" സാധാരണയായി അനുസരിക്കാത്തവനും ദോഷകരമായ കാര്യങ്ങള് ചെയ്യുന്നവനും ആകുന്നു. ഈ രീതിയില് ഉള്ള വ്യക്തിയെ "മത്സരി" എന്ന് വിളിക്കുന്നു.

- ഒരു വ്യക്തി ഏതെങ്കിലും ഒരു കാര്യം ചെയ്യുന്നത് അധികാരികള് ചെയ്യരുതെന്ന് പറയുമ്പോള് അതിനോട് എതിര്ക്കുന്നവന് മത്സരിക്കുന്നവന് ആകുന്നു. ഒരു വ്യക്തിക്ക് അധികാരികള് ചെയ്യുവാന് പറയുന്നത് ചെയ്യുവാന് നിഷേധിച്ചു കൊണ്ടും ഒരു മത്സരി ആയി കാണപ്പെടുവാന് കഴിയും.
- ചില സന്ദര്ഭങ്ങളില് ജനം ഭരണകൂടത്തിനു അല്ലെങ്കില് അവരുടെ മേല്ഭരണം നടത്തുന്ന നേതാവിന് എതിരെ ചെറുത്തു നില്പ്പ് സ്വീകരിക്കാറുണ്ട്.
- "ചെറുത്തു നില്ക്കുക" എന്ന പദം "അനുസരണം കാണിക്കാതിരിക്കുക" അല്ലെങ്കില് "പ്രക്ഷോഭം" ഉണ്ടാക്കുക," എന്നിങ്ങനെ സാഹചര്യം അനുസരിച്ച് പരിഭാഷ ചെയ്യാം.
- "മത്സര സ്വഭാവിയായ" എന്നത് "തുടര്മാനമായി അനുസരണം കെട്ട" അല്ലെങ്കില് "അനുസരിക്കുവാന് നിരസ്സിക്കുന്ന" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "മത്സരം" എന്നത് "അനുസരിക്കുവാന് നിഷേധിക്കുന്ന" അല്ലെങ്കില് "അനുസരണക്കേട്" അല്ലെങ്കില് "നിയമ ലംഘനം" എന്നിങ്ങനെ അര്ത്ഥം നല്കുന്നു.
- "മത്സരി" അല്ലെങ്കില് "ഒരു പ്രക്ഷോഭം" എന്ന പദങ്ങള് ഒരു സംഘടിതമായ ജന സമൂഹം വളരെ പരസ്യമായി ഭരണത്തില് ഉള്ള അധികാരികള്ക്ക് എതിരായി നിയമം ലംഘിച്ചുകൊണ്ട് നേതാക്കന്മാരെയും മറ്റു ജനങ്ങളെയും ആക്രമിക്കുന്നതിനെ സൂചിപ്പിക്കുന്നു. പ്രക്ഷോഭത്തില് പങ്കു ചേരുവാന് വേണ്ടി മറ്റുള്ള ജനങ്ങളെയും അവരോടു ചേര്ക്കുവാന് പരിശ്രമിക്കും.

(കാണുക: [അധികാരി), ദേശാധിപതി)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര് 12:18-19
- 1 ശമുവേല് 12:14-15
- 1 തിമോത്തിയോസ് 01:9-11
- 2 ദിനവൃത്താന്തങ്ങള് 10:17-19
- അപ്പോ.21:37-38
- ലൂക്കോസ് 23:18-19

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **14:14** നാല്പ്പതു വര്ഷങ്ങള് ഇസ്രയേല് ജനം മരുഭൂമിയില് ഉഴന്നു നടന്നതിനു ശേഷം, ദൈവത്തിനു എതിരായി മത്സരിച്ചവരായ എല്ലാവരും തന്നെ മരിച്ചു.
- **18:07** ഇസ്രയേല് ജനത്തിന്റെ ഗോത്രങ്ങളില് പത്തെണ്ണം രെഹോബെയാമിന് എതിരെ **മത്സരിച്ചു.**
- **18:09** യെരോബെയാം ദൈവത്തിനു എതിരെ **മത്സരിക്കുകയും** ജനത്തെ പാപം ചെയ്യുവാന്പ്രേരിപ്പിക്കുകയും ചെയ്തു.
- **18:13** ഭൂരിഭാഗം യഹൂദ ജനങ്ങളും ദൈവത്തിനു എതിരായി **മത്സരിക്കുകയും** അന്യ ദൈവങ്ങളെ ആരാധിക്കുകയും ചെയ്തു.
- **20:07** എന്നാല് ചില വര്ഷങ്ങള്ക്കു ശേഷം, യഹൂദ രാജാവ് ബാബിലോനിനു എതിരെ **മത്സരിച്ചു**.
- **45:03** അനന്തരം അവന് (സ്തെഫാനോസ്) പറഞ്ഞത്, "വഴങ്ങാത്തവരും **മറുത്തു നില്ക്കുന്നവരും** എപ്പോഴും പരിശുദ്ധാത്മാവിനെ നിഷേധിക്കുന്നവരും ആയ ജനങ്ങളേ, നിങ്ങളുടെ പൂര്വീകന്മാരെ പോലെ തന്നെ ദൈവത്തെ എപ്പോഴും നിഷേധിക്കുകയും തന്റെ പ്രവാചകന്മാരെ കൊല്ലുകയും ചെയ്തിട്ടുള്ളവര് ആകുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4775, H4776, H4777, H4779, H4780, H4784, H4805, H5327, H5627, H5637, H6586, H6588, H7846, G3893, G4955

# ജനവിഭാഗം, ജനങ്ങള്, ജനം, ഒരു ജനം

## നിര്വചനം:

"ജനങ്ങള്" അല്ലെങ്കില്"ജനവിഭാഗം" എന്നു സൂചിപ്പിക്കുന്നത് പൊതുവായ ഒരു ഭാഷയും സംസ്കാരവും പങ്കു വെക്കുന്ന ജനങ്ങളുടെ വിഭാഗത്തെ ആകുന്നു. "ജനങ്ങള്" എന്ന പദം സാധാരണയായി ഒരു പ്രത്യേക സ്ഥലത്ത് ഒരു പ്രത്യേക സംഭവം നിമിത്തം ജനങ്ങള്ഒരുമിച്ചു കൂടി വരുന്നതിനെ സൂചിപ്പിക്കുന്നു.

- ദൈവം തനിക്കു വേണ്ടി "ഒരു ജനത്തെ" വേര്തിരിച്ചു എന്നത് അര്ത്ഥമാക്കുന്നത് താന്ഒരു പ്രത്യേക ജനത്തെ തനിക്കു ഉള്പ്പെട്ടവരായും തന്നെ സേവിക്കുന്നവരായും തിരഞ്ഞെടുത്തു എന്നാണ്.
- ദൈവ വചന കാലഘട്ടത്തില്, ഒരു ജനവിഭാഗത്തിലെ അംഗങ്ങള്സാധാരണയായി ഒരേ പൂര്വികന്മാര്ഉള്ളവരും ഒരു നിര്ദിഷ്ട രാജ്യത്തിലോ ദേശത്തിന്റെ പ്രദേശത്തിലോ ഒരുമിച്ചു ജീവിക്കുന്നവരും ആയിരിക്കും.
- സാഹചര്യം അനുസരിച്ചു, "നിങ്ങളുടെ ജനം" എന്നത് പോലെയുള്ള പദസഞ്ചയം അര്ത്ഥം നല്കുന്നത് "നിങ്ങളുടെ ജനവിഭാഗം" അല്ലെങ്കില്"നിങ്ങളുടെ കുടുംബം" അല്ലെങ്കില്"നിങ്ങളുടെ ബന്ധുക്കള്" എന്നിങ്ങനെ ആകുന്നു.
- "ജനങ്ങള്" എന്ന പദം സാധാരണയായി ഭൂമിയില്ഉള്ള സകല ജനവിഭാഗങ്ങളെയും സൂചിപ്പിക്കുവാനായി ഉപയോഗിക്കുന്നു. ചില സന്ദര്ഭങ്ങളില്ഇത് കൂടുതല്നിശ്ചിതമായി ഇസ്രയേല്യര്അല്ലാത്ത അല്ലെങ്കില്യഹോവയെ സേവിക്കാത്ത ജനങ്ങളെ സൂചിപ്പിക്കുന്നു. ചില ആംഗലേയ ദൈവവചന പരിഭാഷകളില്"ദേശങ്ങള്" എന്നും ഈ രീതിയില്ഉപയോഗിക്കാറുണ്ട്.

## പരിഭാഷ നിര്ദേശങ്ങള്:

- "ജന വിഭാഗം" എന്ന പദം "വലിയ കുടുംബ സംഘം" അല്ലെങ്കില്"വംശം" അല്ലെങ്കില്"വംശീയ വിഭാഗം" എന്നിങ്ങനെ ഉള്ള പദം അല്ലെങ്കില്പദ സഞ്ചയം കൊണ്ട് പരിഭാഷ ചെയ്യാം.
- "എന്റെ ജനം" എന്നത് പോലെയുള്ള പദ സഞ്ചയം "എന്റെ ബന്ധുക്കള്" അല്ലെങ്കില്"എന്റെ സഹ ഇസ്രയേല്യര്"അല്ലെങ്കില്"എന്റെ കുടുംബം" അല്ലെങ്കില്"എന്റെ ജന വിഭാഗം" എന്നിങ്ങനെ സാഹചര്യങ്ങള്ക്ക് അനുസൃതമായി പരിഭാഷ ചെയ്യാം.
- "നിങ്ങളെ ജാതികളുടെ ഇടയില്ചിതറിച്ചു കളയും" എന്ന പദപ്രയോഗം "നിങ്ങളെ വിവിധ വ്യത്യസ്ത ജനവിഭാഗങ്ങളുടെ കൂടെ ജീവിക്കുവാന്ഇട വരുത്തും" അല്ലെങ്കില്"നിങ്ങളെ പരസ്പരം തമ്മില്വേര്പിരിച്ചു ലോകത്തിന്റെ വിവിധ മേഖലകളില്ജീവിക്കുവാന്ഇട വരുത്തും" എന്നിങ്ങളെയും പരിഭാഷ ചെയ്യാം.
- "ജനങ്ങള്" അല്ലെങ്കില്"ജനം" എന്നത് "ലോകത്തില്ഉള്ള ജനങ്ങള്" അല്ലെങ്കില്"ജന വിഭാഗങ്ങള്" എന്നിങ്ങനെ സാഹചര്യങ്ങള്ക്ക് അനുസൃതമായി പരിഭാഷ ചെയ്യാവുന്നതാണ്.
- "ലെ ജനങ്ങള്" എന്ന പദം "ജീവിച്ചു കൊണ്ടിരിക്കുന്ന ജനങ്ങള്" അല്ലെങ്കില്"വഴിയായി വന്ന ജനങ്ങള്ക്കും" അല്ലെങ്കില്"കുടുംബത്തിനും" എന്നിങ്ങനെ ഒരു സ്ഥലത്തിന്റെയോ അല്ലെങ്കില്ഒരു വ്യക്തിയുടെയോ പേരു അനുധാവനം ചെയ്യുന്നതിനെ ആശ്രയിച്ചു പരിഭാഷ ചെയ്യുവാന്കഴിയും.
- "ഭൂമിയില്ഉള്ള സകല ജനങ്ങളും" എന്നത് "ഭൂമിയില്ജീവിക്കുന്ന എല്ലാവരും" അല്ലെങ്കില്"ലോകത്തില്ഉള്ള ഓരോ വ്യക്തിയും" അല്ലെങ്കില്സകല ജനങ്ങളും" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഒരു ജനം" എന്ന പദ സഞ്ചയം "ഒരു ജന വിഭാഗം" അല്ലെങ്കില്"നിശ്ചിത ജനം" അല്ലെങ്കില്"ഒരു ജന വിഭാഗം" അല്ലെങ്കില്ഒരു ജനത്തിന്റെ കുടുംബം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: സന്തതി, ദേശം, ഗോത്രം, ലോകം)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്:51-53
- 1 ശമുവേല്:6-7
- ആവര്ത്തനപുസ്തകം 28:9-20
- ഉല്പ്പത്തി 49:16-18
- രൂത്ത് 01:16-18

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **14:02** ദൈവം അബ്രഹാമിനും, ഇസഹാക്കിനും, യാക്കോബിനും വാഗ്ദത്തം ചെയ്തത് താന്അവരുടെ സന്തതിക്കു വാഗ്ദത്തം ചെയ്ത ദേശം കൊടുക്കും എന്നു ആയിരുന്നു, എന്നാല്ഇപ്പോള്അവിടെ നിരവധി **ജനവിഭാഗങ്ങള്** ജീവിക്കുന്നു, പിന്തുടരുന്നത് എന്തെന്നാല്
- **21:02** ദൈവം അബ്രഹാമിനോട് വാഗ്ദത്തം ചെയ്തത് എന്തെന്നാല്തന്നില്കൂടെ ലോകത്തില്ഉള്ള സകല **ജന വിഭാഗങ്ങളും** അനുഗ്രഹിക്കപ്പെടും എന്നാണ്. ഈ അനുഗ്രഹം എന്തെന്നാല് ഭാവിയില്ഒരുനാള്മശീഹ വരികയും ലോകത്തില്ഉള്ള സകല **ജന വിഭാഗങ്ങള്ക്കും** രക്ഷയുടെ മാര്ഗ്ഗം ഒരുക്കി കൊടുക്കുകയും ചെയ്യും എന്നുള്ളതാണ്.
- **42:08** "തിരുവെഴുത്തുകളില് എഴുതപ്പെട്ടിരിക്കുന്ന പ്രകാരം എന്റെ ശിഷ്യന്മാര്എല്ലാവരോടും തങ്ങളുടെ പാപങ്ങള്ക്ക്ക്ഷമ ലഭിക്കേണ്ടതിനു ഓരോരുത്തരും മാനസ്സാന്തരപ്പെടണം എന്ന് പ്രഖ്യാപിക്കും അവര്ഇത് യെരുശലേമില്തുടങ്ങി, അനന്തരം എല്ലാ ഇടങ്ങളിലും ഉള്ള സകല **ജന വിഭാഗങ്ങളുടെ** അടുക്കലും കടന്നു ചെന്ന് ചെയ്യും.
- **42:10** "ആയതിനാല്പോകുവിന്, സകല **ജന വിഭാഗങ്ങളെയും** ശിഷ്യരാക്കി,അവരെ പിതാവ്, പുത്രന്, പരിശുദ്ധാത്മാവ് എന്നീ നാമത്തില്സ്നാനം കഴിപ്പിച്ചും ഞാന്നിങ്ങളോട് കല്പ്പിച്ചിട്ടുള്ള സകലവും അവര്അനുസരിക്കേണ്ടതിനു ഉപദേശിക്കുകയും ചെയ്യുവിന്"
- **48:11** ഈ പുതിയ ഉടമ്പടി നിമിത്തം, ഏതു **ജനവിഭാഗത്തില്** നിന്നും ഉള്ള ആരെങ്കിലും യേശുവില്വിശ്വസിക്കുക മൂലം ദൈവത്തിന്റെ ജനത്തിന്റെ ഭാഗഭാക്കായീ മാറുവാന്സാധിക്കും.
- **50:13** അവന്(യേശു) പറഞ്ഞത്, പോകുവിന്, സകല **ജന വിഭാഗങ്ങളെയും** ശിഷ്യരാക്കി കൊള്ളുവിന്, "വയല്കൊയ്ത്തിനു വിളഞ്ഞിരിക്കുന്നു!"

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H249, H523, H524, H776, H1121, H1471, H3816, H5712, H5971, H5972, H6153, G246, G1074, G1085, G1218, G1484, G2560, G2992, G3793

# ജലം, ജലാശയം, ജലസേചനം ചെയ്തു, ജലസേചനം ചെയ്യുക

## നിര്വചനം:

ഇതിന്റെ അടിസ്ഥാന പരമായ അര്ത്ഥം “ജലം” എന്നത് സമുദ്രം, കടല്, തടാകം, അല്ലെങ്കില്നദി മുതലായ ജലസംഭരണങ്ങളെ സൂചിപ്പിക്കുന്നു.

- “ജലാശയം” എന്ന പദം സൂചിപ്പിക്കുന്നത് ജലസംഭരണങ്ങള്അല്ലെങ്കില്ജലത്തിന്റെ നിരവധി ഉറവിടങ്ങള്എന്നാണ്. ഇത് വളരെ വലിയ തോതില്ഉള്ള ജലത്തെ സൂചിപ്പിക്കുന്ന പൊതുവായ സൂചനയും ആകാം.
- ”പെരുവെള്ളം” എന്ന ഉപമാന പ്രയോഗം വലിയ ഉപദ്രവം, പ്രയാസങ്ങള്, കഷ്ടങ്ങള്എന്നിവയെ സൂചിപ്പിക്കുന്നു. ഉദാഹരണമായി, ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നത് നാം “പെരുവെള്ളങ്ങളില്കൂടെ കടക്കുമ്പോള്” താന്നമ്മോടു കൂടെ ഉണ്ടായിരിക്കും എന്നാണ്. “നിരവധി വെള്ളങ്ങള്” എന്ന പദപ്രയോഗം ഊന്നിപ്പറയുന്നത്ബുദ്ധിമുട്ടുകള്എത്ര വലിയവ ആയിരുന്നു എന്നാണ്.
- ”കന്നുകാലികള്ക്കും മറ്റു മൃഗങ്ങള്ക്കും “ജലം” നല്കുക എന്നാല്അവയ്ക്ക് ആവശ്യമായ “ജലം നല്കുക” എന്നാണ് അര്ത്ഥം. ദൈവവചന കാലഘട്ടങ്ങളില്, ഇത് സാധാരണയായി ഒരു കിണറ്റില്നിന്നും ഒരു തോട്ടി കൊണ്ട് വെള്ളം കോരുകയും അവയെ ഒരു കല്പ്പാത്രത്തിലോ ഇതര സംഭരണികളിലോ മൃഗങ്ങള്കുടിക്കുവാന്തക്കവിധം നിറക്കുക എന്നതിനെ സൂചിപ്പിക്കുന്നു.
- പഴയ നിയമ കാലങ്ങളില്, ദൈവത്തെ തന്റെ ജനത്തിനുള്ള “ജീവ ജലത്തിന്റെ” നീരുറവ അല്ലെങ്കില്ഉറവ എന്ന് സൂചിപ്പിക്കുന്നു. ഇതിന്റെ അര്ത്ഥം താനാണ് ആത്മീയ അധികാരത്തിന്റെയും ഉത്തേജനത്തിന്റെയും മൂലാധാരം എന്നാകുന്നു.
- പുതിയ നിയമത്തില്, “ജീവ ജലം” എന്ന പദസഞ്ചയം യേശു ഉപയോഗിക്കുന്നത് ഒരു വ്യക്തിയില്പരിശുദ്ധാത്മാവ് രൂപാന്തരത്തിനായി പ്രവര്ത്തിക്കുന്നതും നവ ജീവന്കൊണ്ടുവരുന്നതും സൂചിപ്പിക്കുവാന്ആകുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

“വെള്ളം കോരുക” എന്ന പദസഞ്ചയം, “ഒരു കിണറ്റില്നിന്നും തൊട്ടി ഉപയോഗിച്ചു വെള്ളം കോരുക” എന്ന് പരിഭാഷ ചെയ്യാം.

- ”അവരില്നിന്നും ജീവ ജലത്തിന്റെ നീര്ച്ചാലുകള്ഒഴുകും” എന്നുള്ളത് “പരിശുദ്ധാത്മാവില്നിന്നുള്ള ശക്തിയും അനുഗ്രഹങ്ങളും ഒരു നീരരുവി എന്നപോലെ അവരില്നിന്നും പുറത്തേക്ക് ഒഴുകി വരും” എന്ന് പരിഭാഷ ചെയ്യാം. “അനുഗ്രഹങ്ങള്” എന്നതിന് പകരം “ദാനങ്ങള്” അല്ലെങ്കില്“ഫലങ്ങള്” അല്ലെങ്കില്“ദൈവീക സ്വഭാവം” എന്ന പദങ്ങള്ഉപയോഗിക്കാവുന്നതാണ്.
- കിണറിന്റെ സമീപം ശമര്യ സ്ത്രീയോട് യേശു സംസാരിക്കുമ്പോള്, “ജീവ ജലം” എന്ന് പറഞ്ഞ പദസഞ്ചയം “ജീവന്നല്കുന്നതായ ജലം” അല്ലെങ്കില്“ജീവദായക ജലം” എന്ന് പരിഭാഷ ചെയ്യാവുന്നതാണ്. ഈ സാഹചര്യത്തില്, ജലം എന്ന ഭാവന പരിഭാഷയില്സൂക്ഷിക്കേണ്ടതാണ്.
- സാഹചര്യത്തിന് അനുസൃതമായി, “ജലാശയം” അല്ലെങ്കില്“പെരുവെള്ളം” എന്ന പദങ്ങള്“വലിയ ദുരിതങ്ങള്(വെള്ളം ചുറ്റുപാടും മൂടി നില്ക്കുന്നതുപോലെ ധ്വനിക്കുന്നു)” അല്ലെങ്കില്“പരിധിക്ക് അപ്പുറമായ പ്രയാസങ്ങള്(വെള്ളപ്പൊക്കം എന്ന പോലെ)” അല്ലെങ്കില്“വളരെ അധികമായ വെള്ളം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: ജീവന്, ആത്മാവ്, പരിശുദ്ധാത്മാവ്, അധികാരം)

## ദൈവ വചന സൂചികകള്:

- അപ്പോ.08:36-38
- പുറപ്പാട് 14:21-22
- യോഹന്നാന്04:9-10
- യോഹന്നാന്04:13-14
- യോഹന്നാന്04:15-16
- മത്തായി 14:28-30

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2222, H4325, H4529, H4857, H7301, H7783, H8248, G504, G4215, G4222, G5202, G5204

# ജലസംഭരണത്തൊട്ടി, ജലസംഭരണത്തൊട്ടികള്, കിണറ്, കിണറുകള്

## നിര്വചനം:

“കിണറ്” എന്നും “ജലസംഭരണത്തൊട്ടി” എന്നും ഉള്ള പദങ്ങള് സൂചിപ്പിക്കുന്നത് ദൈവവചന കാലഘട്ടങ്ങളിലെ രണ്ട് വ്യത്യസ്ത ജലസ്രോതസുകള് ആകുന്നു.

- കിണറ് എന്നത് നിലത്തില് ഭൂഗര്ഭ ജലം അതിലേക്കു ഒഴുകി വരത്തക്ക വിധം വളരെ ആഴത്തില് കുഴിച്ചു ഉണ്ടാക്കുന്ന ആഴമുള്ള കുഴി ആകുന്നു.
- ഒരു സംഭരണ ത്തൊട്ടി എന്നത് പാറയില് ആഴത്തില് കുഴിച്ചുണ്ടാക്കുന്ന മഴവെള്ളം ശേഖരിച്ചു വെക്കുന്ന സംഭരണി ആകുന്നു.
- സംഭരണ തൊട്ടികള് സാധാരണയായി പാറകളില് കുഴിക്കുകയും അതിനകത്തുള്ള ജലം സംരക്ഷിക്കേണ്ടതിനായി പുറഭാഗം പൊതിഞ്ഞു വെക്കുന്നതും ആകുന്നതു ആകുന്നു. “പൊട്ടിയ സംഭരണ തൊട്ടിയില് അതിന്റെ പുറഭാഗം പോട്ടിയതിനാല് അകത്തുള്ള വെള്ളം പുറത്തേക്ക് ഒഴുകിപ്പോകുവാന് ഇടയാകും.
- സംഭരണ തൊട്ടികള് എന്നത് സാധാരണയായി വീടിന്റെ പുറഭാഗത്ത് മേല്ക്കൂരയില് നിന്ന് വീഴുന്ന മഴവെള്ളം ശേഖരിക്കത്തക്ക വിധം ജനങ്ങളുടെ വീടുകളില് ക്രമീകരിച്ചു വെക്കുന്നതാകുന്നു.
- കിണറുകള് എന്നത് നിരവധി കുടുംബങ്ങള്ക്ക് അല്ലെങ്കില് മുഴുവന്സമൂഹത്തിനും കടന്നു ചെല്ലത്തക്കവിധം ഉള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്നത് ആകുന്നു.
- ജലം എന്നത് മനുഷ്യര്ക്കും കന്നുകാലികള്ക്കും ഒരുപോലെ പ്രാധാന്യം അര്ഹിക്കുന്നത് ആകയാല്, കിണറ് ഉപയോഗിക്കുക എന്തു പലപ്പോഴും കലഹങ്ങള്ക്കും വഴക്കുകള്ക്കും കാരണം ആകാറുണ്ട്.
- കിണറുകളും സംഭരണത്തൊട്ടികളും സാധാരണയായി അതിലേക്കു മറ്റുള്ള വസ്തുക്കള് ഒന്നും വീഴാതവണ്ണം മൂടി വെക്കാറുണ്ട്. സാധാരണയായി കയറില് കേട്ടിയ ഒരു തൊട്ടി അല്ലെങ്കില് പാത്രം മുകളിലേക്ക് വെള്ളം കോരി ക്കൊണ്ടുവരുവാനായി ഉണ്ടായിരിക്കും.
- ചില സമയങ്ങളില്വരണ്ട ജലസംഭരണ തൊട്ടികള്ആളുകളെ തടവില്പ്പാര്പ്പിക്കുവാനായി, യോസേഫിനും യിരെമ്യാവിനും സംഭവിച്ചത് പോലെ, ഉപയോഗിക്കാറുണ്ടായിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- കിണറ്” എന്ന പദം പരിഭാഷ ചെയ്യുവാന്“ആഴമുള്ള ജലക്കുഴി” അല്ലെങ്കില്“ഉറവ ജലത്തിന് വേണ്ടിയുള്ള ആഴമുള്ള കുഴി” അല്ലെങ്കില്“വെള്ളം കോരുവാന്ഉള്ള ആഴമുള്ള കുഴി” ആദിയായവ ഉള്പ്പെടുത്താം.
- ”സംഭരണക്കുഴി” എന്ന പദം “കല്ലു കൊണ്ടുള്ള വെള്ളക്കുഴി” അല്ലെങ്കില്ആഴവും ഇടുങ്ങിയതുമായ വെള്ളത്തിനുള്ള കുഴി” അല്ലെങ്കില്“ജലം സംഭരിക്കുവാന്ഉള്ള ഭൂഗര്ഭ സംഭരണി” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഈ പദങ്ങള്അര്ത്ഥത്തില്ഒരു പോലെയുള്ളവ ആകുന്നു. പ്രധാന വ്യത്യാസം എന്തെന്നാല്കിണറ് തുടര്മാനമായി ഭൂഗര്ഭ സ്രോതസ്സുകളില്നിന്ന് ജല ലഭ്യത ഉള്ളതായിരിക്കുമ്പോള്, സംഭരണ തൊട്ടികള്ക്ക് മഴ പെയ്യുമ്പോള്ലഭിച്ച ജലം സംഭരണികളില്ശേഖരിച്ചവ മാത്രം ലഭ്യം ആകുന്നതാണ്.

(കാണുക: യിരെമ്യാവ്, കാരാഗ്രഹം, പോരാട്ടം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്11:15-17
- 2 ശമുവേല്17:17-18
- ഉല്പ്പത്തി 16:13-14
- ലൂക്കോസ് 14:4-6
- സംഖ്യാപുസ്തകം 20:17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H875, H883, H953, H1360, H3653, H4599, H4726, H4841, G4077, G5421

# ജീവപുസ്തകം

## നിര്വചനം:

“ജീവ പുസ്തകം” എന്ന പദം ദൈവം വീണ്ടെടുത്തതും നിത്യമായ ജീവന്നല്കിയതുമായ സകല ജനങ്ങളുടെയും പേരുകള് എഴുതപ്പെട്ടിട്ടുള്ള പുസ്തകത്തെ സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു.

- വെളിപ്പാടില് ഈ പുസ്തകത്തെ “കുഞ്ഞാടിന്റെ ജീവപുസ്തകം” എന്നു കുറിപ്പിട്ടിരിക്കുന്നു. ഇതു “ജീവപുസ്തകം” ദൈവത്തിന്റെ കുഞ്ഞാടായ യേശുവിനു ഉള്പ്പെട്ടതായിരി ക്കുന്നു” എന്നു പരിഭാഷപ്പെടുത്താം. ജനത്തിന്റെ പാപത്തിനായുള്ള ശിക്ഷ യേശു ക്രൂശിലെ യാഗത്താല് നല്കിയതു നിമിത്തം അവര്ക്ക് അവങ്കലുള്ള വിശ്വാസത്താല് നിത്യജീവന് പ്രാപിക്കുവാന് കഴിയും.

“പുസ്തകം” എന്ന പദത്തിനു “ചുരുള്” അല്ലെങ്കില്“ലേഖനം” അല്ലെങ്കില്“എഴുത്ത്” അല്ലെങ്കില് “നിയമപരമായ പ്രമാണരേഖ” എന്നിങ്ങനെ അര്ത്ഥം നല്കാം. ഇതു അക്ഷരീകമായോ ഉപമാനമായോ ആയിരിക്കാം.

(കാണുക: നിത്യമായ, കുഞ്ഞാട്, ജീവിതം, യാഗം, ചുരുള്)

## ദൈവവചന സൂചികകള്:

- ഫിലിപ്പിയര്04:1-3
- സങ്കീര്ത്തനങ്ങള് 069:28-29
- വെളിപ്പാട് 03:5-6
- വെളിപ്പാട് 20:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2416, H5612, G976, G2222

# ജീവി, ജീവികള്

## നിര്വചനം:

“ജീവി” എന്ന പദം മനുഷ്യരും മൃഗങ്ങളും ഉള്പ്പെടെ ദൈവം സൃഷ്ടിച്ചതായ എല്ലാ ജീവനുള്ളവകളും എന്നു സൂചിപ്പിക്കുന്നു.

- പ്രവാചകനായ യെഹസ്കേല്തന്റെ ദൈവമഹത്വത്തിന്റെ ദര്ശനത്തില്“ജീവനുള്ള സൃഷ്ടികളെ” കണ്ടതായി വിശദീകരിക്കുന്നു. അവ എന്താണെന്ന് തനിക്കു അറിഞ്ഞില്ല, ആയതിനാല്അവയ്ക്ക് ഈ പൊതുവായ നാമം നല്കി.
- ജീവനുള്ളതും, ജീവനില്ലാത്തതുമായ സകലത്തെയും ദൈവം സൃഷ്ടിച്ചതിനാല്(നിലം, ജലം, നക്ഷത്രങ്ങള്മുതലായവ) “സൃഷ്ടി” എന്ന പദത്തിന് വ്യത്യസ്തമായ അര്ത്ഥം ഉണ്ട്. “ജീവി” എന്ന പദം ജീവനുള്ളവയെ മാത്രം ഉള്ക്കൊള്ളുന്നു.

## പരിഭാഷ നിര്ദേശങ്ങള്

- സന്ദര്ഭത്തിനനുസരിച്ച്, “ജീവി” എന്ന പദം “ഉള്ളവ” അല്ലെങ്കില്“ജീവനുള്ളവ” അല്ലെങ്കില്“സൃഷ്ടിക്കപ്പെട്ടവ” എന്നു പരിഭാഷപ്പെടുത്താം.
- ബഹുവചനമായ “ജീവികള്” എന്നത് “സകല ജീവനുള്ളവകളും” അല്ലെങ്കില്മനുഷ്യരും മൃഗങ്ങളും” അല്ലെങ്കില്“മൃഗങ്ങള്” അല്ലെങ്കില്“മനുഷ്യര്” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

(കാണുക: സൃഷ്ടിക്കുക)

## ദൈവവചന സൂചികകള്:

- ദാനിയേല്04:10-12
- യെഹസ്കേല്01:7-9
- യോശുവ 10:28](rc://ml/tn/help/jos/10/28)
- ലേവ്യപുസ്തകം 11:46-47
- വെളിപ്പാട് 19:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H255, H1320, H1321, H1870, H2119, H2416, H4639, H5315, H5971, H7430, H8318, G2226, G2937, G2938

# ഞരങ്ങുക, ഞരങ്ങുന്നു, നെടുവീര്പ്പിട്ടു, നെടുവീര്പ്പിടുന്നു, ഞരങ്ങല്.

## നിര്വചനം:

“ഞരങ്ങുക” എന്ന പദം സൂചിപ്പിക്കുന്നത് ശാരീരികമോ വൈകാരികമായ പ്രയാസം നിമിത്തമോ ഉളവാകുന്ന ആഴമായതും, ചെറിയ ശബ്ദത്തോടു കൂടെ ഉള്ളതുമായ പറച്ചില്എന്ന് സൂചിപ്പിക്കുന്നു. ഇത് വാക്കുകള്ഒന്നും തന്നെ ഇല്ലാതെ ഒരുവന്പുറപ്പെടുവിക്കുന്ന ശബ്ദവും ആകാം.

- ഒരു വ്യക്തി ദു:ഖ ഭാരത്താല്നെടുവീര്പ്പിടാം. ഞരങ്ങുക എന്നത് ഭയാനകമായ, സമ്മര്ദ്ദം ഉളവാക്കുന്ന ഭാരം നിമിത്തം ഉളവാകാം. “ഞരങ്ങുക” എന്ന പദം “വേദനയാല്ചെറിയ ശബ്ദത്തില്കരയുക” അല്ലെങ്കില്”ആഴമായ ദു:ഖം അനുഭവിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഒരു നാമപദമായി, ഇത് “ദുരിതത്തിന്റെ ശബ്ദം കുറഞ്ഞ കരച്ചില്” അല്ലെങ്കില്“വേദനയുടെ ആഴമായ മര്മ്മരം” എന്ന് പരിഭാഷ ചെയ്യാം.

(കാണുക: കരയുക)

## ദൈവ വചന സൂചികകള്:

- 2 കൊരിന്ത്യര്05:1-3
- എബ്രായര്13:15-17
- ഇയ്യോബ് 23:1-2
- സങ്കീര്ത്തനങ്ങള്032:3-4
- സങ്കീര്ത്തനങ്ങള്102:5-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H584, H585, H602, H603, H1901, H1993, H5008, H5009, H5098, H5594, H7581, G1690, G4726, G4727, G4959

# ഞാങ്ങണ, ഞാങ്ങണകള്

## വസ്തുതകള്:

"ഞാങ്ങണ" എന്ന പദം സൂചിപ്പിക്കുന്നത് നീണ്ട തണ്ടോടു കൂടിയ വെള്ളത്തില്വളരുന്ന, സാധാരണയായി നദിയുടെ തീരത്ത് അല്ലെങ്കില്നീരൊഴുക്കില്വളരുന്ന ചെടിയാണ്,

- നൈല്നദിയില്ഉള്ള ഞാങ്ങണയുടെ ഇടയില്ആണ് മോശെ ശിശു ആയിരുന്നപ്പോള്ഒളിപ്പിച്ചിരുന്നത്, അതിനെ "ഈറകള്" എന്നും വിളിക്കുന്നു. അവ വളരെ ഉയരം ഉള്ളതും, പൊള്ളയായ തണ്ടോടു കൂടെ നദീജലത്തില്കൂട്ടമായി വളരുന്നവയും ആകുന്നു.
- ഈ നാരുകള്ഉള്ള ചെടികള്പുരാതന ഈജിപ്തില്കടലാസ്, കൂടകള്, പടകുകള്ആദിയായവ നിര്മ്മിക്കുവാന്ഉപയോഗിച്ചു വന്നിരുന്നു.
- ഞാങ്ങണ ചെടിയുടെ തണ്ട് നന്നായി വളയ്ക്കാവുന്നതും കാറ്റില്എളുപ്പത്തില്വളയുന്നതും ആകുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകളുടെ പരിഭാഷ)

(കാണുക: ഈജിപ്ത്, മോശെ, നൈല്നദി)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്14:14-16
- ലൂക്കോസ് 07:24-26
- മത്തായി 11:7-8
- മത്തായി 12:19-21
- സങ്കീര്ത്തനങ്ങള്068:30-31

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H98, H100, H260, H5488, H6169, H7070, G2063, G2563

# തംബുരു, തംബുരുകള്, തംബുരു വായനക്കാരന്, തംബുരു വായന ക്കാര്

## നിര്വചനം:

തംബുരു എന്നത് വലിയ തുറന്ന ചട്ടക്കൂടോടു കൂടിയതും ലംബമായി ഞരമ്പുകള്പിടിപ്പിച്ചിട്ടുള്ളതും ആയ ഒരു സംഗീത ഉപകരണം ആകുന്നു.

- ദൈവ വചന കാലഘട്ടത്തില്, ദേവദാരു വൃക്ഷമാണ് തംബുരുവും മറ്റു സംഗീത ഉപകരണങ്ങളും നിര്മ്മിക്കുവാന്ഉപയോഗിച്ചിരുന്നത്.
- തംബുരു സാധാരണയായി നടന്നു പോകുമ്പോള്കൈകളില്പിടിച്ചുകൊണ്ടു സംഗീതം പുറപ്പെടുവിക്കുമായിരുന്നു.
- ദൈവ വചനത്തില്പല സ്ഥലങ്ങളിലും, ദൈവത്തെ ആരാധിക്കുന്ന സമയങ്ങളില്സ്തുതിക്കുവാനായി ഉപയോഗിക്കുന്ന ഉപകരണങ്ങളായി തംബുരു സൂചിപ്പിച്ചിരിക്കുന്നു.
- ദാവീദ് രചിച്ചതായ പല സങ്കീര്ത്തനങ്ങളും തംബുരു നാദ സംഗീതത്തില്വായിക്കുവാന്ക്രമീകരിച്ചിരുന്നു.
- ശൌല്രാജാവ് ദുരാത്മാവിനാല്പ്രശ്നത്തില്അകപ്പെടുന്ന സമയത്ത് ദാവീദ് രാജാവിന് ശമനം ഉണ്ടാകേണ്ടതിന് തമ്പുരു വായിക്കുമായിരുന്നു.

(കാണുക:ദാവീദ്, ദേവദാരു,സങ്കീര്ത്തനം,ശൌല്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്
- ആമോസ് 05:23-24
- ദാനിയേല്03:3-5
- സങ്കീര്ത്തനം 033:1-3
- വെളിപ്പാട് 05:8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3658, H5035, H5059, H7030, G2788, G2789, G2790

# തടവുകാരന്, തടവുകാരന്മാര്, തടവുകാരനാക്കുക, തടവുകാരനാക്കപ്പെട്ട, തടവ്

## നിര്വ്വചനം:

"തടവുകാരന്", "തടവ്'' എന്നീ പദങ്ങള് തടവിലാക്കപ്പെട്ട ജനത്തെ അവര്ക്കി ഷ്ടപ്പെടാത്ത സ്ഥലത്തേക്ക്, ഒരു വിദേശ രാജ്യത്തേക്കു നിര്ബന്ധപൂര്വ്വം അയക്കപ്പെടുന്നവര് എന്നു സൂചിപ്പിക്കുന്നു.

- യഹൂദ രാജ്യത്തിലെ ഇസ്രയേല്യര്ബാബിലോണ്സാമ്രാജ്യത്തില്70 വര്ഷങ്ങള്തടവില്ആയിരുന്നു.
- തടവുകാര്സാധാരണയായി അവര്ബന്ധനസ്ഥര്ആക്കപ്പെട്ട രാജ്യത്തിനു അല്ലെങ്കില്ജനത്തിനു വേണ്ടി അധ്വാനിക്കുവാന്നിയുക്തരാക്കപ്പെട്ടവരാകുന്നു.
- ദാനിയേലും നെഹെമ്യാവും ബാബിലോന്രാജാവിനു വേണ്ടി അധ്വാനിച്ച തടവുകാര് ആണ്.
- "തടവുകാര്ആക്കുക" എന്ന ആശയം ആരെയെങ്കിലും പിടിച്ചടക്കുന്നതിനെ പ്രതിപാദിക്കുന്ന വേറൊരു രീതിയാണ്.
- "നിന്നെ തടവുകാരനായി പിടിച്ചുകൊണ്ടു പോകുക" എന്ന ആശയം "തടവുകാരനായി ജീവിക്കുവാന്നിര്ബന്ധിക്കുക" അല്ലെങ്കില്"വേറൊരു രാജ്യത്തിലേക്ക് തടവുപുള്ളികളായി നാട് കടത്തുക" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- ഉപമാനരൂപാര്ത്ഥം, പൌലോസ് ക്രിസ്ത്യാനികളോട് പറയുന്നത് "എല്ലാ ചിന്തകളെയും ക്രിസ്തുവിന്റെ അനുസരണത്തോട് "പിടിച്ചടക്കുക'' എന്നാണ്.
- താന്തന്നെ എപ്രകാരം ഒരു വ്യക്തി പാപത്താല്"പിടിച്ചടക്കപ്പെടുന്നു'' എന്നുവെച്ചാല്ആ വ്യക്തി പാപത്താല് നിയന്ത്രിക്കപ്പെടുന്നു'' എന്നു പറയുന്നുണ്ട്.

## പരിഭാഷ നിര്ദേശങ്ങള്

സാഹചര്യമനുസരിച്ച്, തടവിലാക്കപ്പെടുക" എന്നത് "സ്വതന്ത്രനാകുവാന്അനുവദിക്കപ്പെടാതിരിക്കുക" അല്ലെങ്കില്"കാരാഗ്രഹത്തില്സൂക്ഷിക്കപ്പെടുക" അല്ലെങ്കില്"ഒരു വിദേശ രാജ്യത്തില്ജീവിക്കുവാന്നിര്ബന്ധിക്കപ്പെടുക" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

- "തടവില്നടത്തുക" അല്ലെങ്കില്"ബന്ധസ്ഥനാക്കുക" എന്നിവ "തടവിലാക്കപ്പെട്ടു" അല്ലെങ്കില്കാരാഗ്രഹത്തിലാക്കപ്പെട്ടു" അല്ലെങ്കില്"ഒരു വിദേശ രാജ്യത്തിലേക്ക് പോകുവാന്നിര്ബന്ധിക്കപ്പെട്ടു" എന്നു പരിഭാഷപ്പെടുത്താം.
- "തടവുകാര്" എന്ന പദം "ബന്ധനസ്ഥരാക്കപ്പെട്ട ജനം" അല്ലെങ്കില്"അടിമകളാക്കപ്പെട്ട ജനം" എന്നും പരിഭാഷപ്പെടുത്താം.
- സാഹചര്യത്തിനനുസൃതമായി, ''തടവ്" എന്ന പദം കാരാഗ്രഹവാസം" അല്ലെങ്കില്"പ്രവാസം" അല്ലെങ്കില്"നിര്ബന്ധിത വിദേശ വാസം" എന്നിങ്ങനെയും പരിഭാഷപ്പെടുത്താം.

(കാണുക: ബാബിലോണ്, പ്രവാസം, കാരാഗ്രഹം, പിടിച്ചടക്കുക)

## ദൈവവചന സൂചികകള്;

- 2 കൊരിന്ത്യര്10:5-6
- യെശ്ശയ്യാവ് 20:3-4
- യിരെമ്യാവ് 43:1-3
- ലൂക്കോസ് 04:18-19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1123, H1473, H1540, H1546, H1547, H2925, H6808, H7617, H7622, H7628, H7633, H7686, H7870, G161, G162, G163, G164, G2221

# തരം, തരങ്ങൾ, ദയ, ദയാപുരസ്സരം, ദയാപൂർവ്വം ആയവകൾ

## നിർവചനം:

“തരം” എന്നും “തരങ്ങൾ” എന്നും ഉള്ള പദങ്ങൾ വസ്തുക്കളുടെ വിഭാഗങ്ങളെയോ തരംതിരിക്കപ്പെട്ടതിനെയോ പങ്കുവെയ്ക്കപ്പെട്ട സ്വഭാവ വിശേഷതകളുമായി ബന്ധപ്പെട്ടിരിക്കുന്നു.

- ദൈവ വചനത്തിൽ, ഈ പദം ദൈവം ലോകത്തെ സൃഷ്ടിച്ചപ്പോൾ താൻ ഉണ്ടാക്കിയ വിവിധ തരങ്ങളിൽ ഉള്ള ചെടികളെയും മൃഗങ്ങളെയും വകതിരിച്ചു കാണിക്കുവാൻ ഉപയോഗിച്ചിരുന്നു.
- സാധാരണയായി ഓരോ “ഇനത്തിലും” വിവിധ വ്യത്യാസങ്ങളോട് കൂടിയ വർഗ്ഗങ്ങൾ ഉണ്ട്. ഉദാഹരണത്തിന്, കുതിരകൾ, സീബ്രാക്കൾ, കുരങ്ങുകൾ തുടങ്ങിയവ എല്ലാം “ഒരേ വർഗ്ഗത്തിൽ” ഉൾപ്പെട്ട അംഗങ്ങൾആണെങ്കിലും അവകൾ എല്ലാം തന്നെ വ്യത്യസ്ത ജന്തു വിഭാഗങ്ങളിൽ ഉൾപ്പെട്ടവ ആകുന്നു.
- ഓരോ “വർഗ്ഗത്തെയും” തമ്മിൽ വേർതിരിച്ചു ഓരോ പ്രത്യേക വിഭാഗങ്ങളായി കാണിക്കുന്നത് ആ വിഭാഗത്തിനു അവരുടെ അതേ “വർഗ്ഗത്തിൽ” ഉള്ളവയെ കൂടുതലായി പ്രത്യുൽപ്പാദനം ചെയ്യുവാൻ കഴിയുന്നു എന്നുള്ളതാണ്. വ്യത്യസ്ത വർഗ്ഗങ്ങളിൽ ഉൾപ്പെട്ടവ തമ്മിൽ പരസ്പരം ഒരുപോലെ പ്രവർത്തിക്കുവാൻ സാധ്യമല്ല.

## പരിഭാഷ നിർദേശങ്ങൾ:

- ഈ പദം പരിഭാഷ ചെയ്യുവാൻ ഉള്ള രീതികളിൽ “രീതി” അല്ലെങ്കിൽ “വിഭാഗം” അല്ലെങ്കിൽ “സംഘം” അല്ലെങ്കിൽ “മൃഗ (ചെടി) വിഭാഗം അല്ലെങ്കിൽ “തരം” എന്നും ഉൾപ്പെടുത്താം.

## ദൈവ വചന സൂചികകൾ:

- ഉൽപ്പത്തി 01:20-21
- ഉൽപ്പത്തി 01:24-25
- മർക്കോസ് 09:28-29
- മത്തായി 13:47-48

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2178, H3978, H4327, G1085, G5449

# തലതിരിഞ്ഞ, വിവേക ശൂന്യമായ, വിവേക ശൂന്യം, വൈകൃതം, വൈകൃതങ്ങൾ, വിവരക്കേടുകൾ, വഴി തെറ്റിക്കുക, വഴി തെറ്റിക്കുന്നു, വളച്ചൊടിക്കപ്പെട്ട, തെറ്റായി വ്യാഖ്യാനിക്കുന്നു.

## നിർവചനം:

"തല തിരിഞ്ഞ" എന്ന പദം ഒരു വ്യക്തി അല്ലെങ്കിൽ പ്രവർത്തി ധാർമ്മികമായി വക്രമായതോ അല്ലെങ്കിൽ വളച്ചൊടിക്കപ്പെട്ടതോ ആയതിനെ വിശദീകരിക്കുവാൻ ഉപയോഗിക്കുന്നു. "വിവേക ശൂന്യമായ" എന്ന പദം "വിവേക ശൂന്യമായ നിലയിൽ" എന്ന് അർത്ഥം നൽകുന്നു. എന്തിനെ എങ്കിലും "വഴി തെറ്റിക്കുക" എന്നതിന്റെ അർത്ഥം ശരിയായതിൽ നിന്നോ നന്മ ആയതിൽ നിന്നോ വളച്ചൊടിക്കുന്നതിനെ അല്ലെങ്കിൽ തിരിച്ചു വിടുന്നതിനെ അർത്ഥം നൽകുന്നു. തല തിരിഞ്ഞ ഒരാൾ അല്ലെങ്കിൽ ഒരു കാര്യം എന്നത് നന്മയിൽ നിന്ന് അല്ലെങ്കിൽ ശരി ആയതിൽ നിന്ന് വ്യതിചലിച്ചതു ആകുന്നു.

- ദൈവ വചനത്തിൽ, ഇസ്രയേൽജനം ദൈവത്തെ അനുസരിക്കാതെ വന്നപ്പോൾ വിവേക ശൂന്യമായി പ്രവർത്തിച്ചു. അവർ അടിക്കടി അസത്യ ദൈവങ്ങളെ ആരാധിക്കുക നിമിത്തം ഇപ്രകാരം ചെയ്തു. ദൈവത്തിന്റെ നിലവാരത്തിനും സ്വഭാവത്തിനും വിരുദ്ധമായി ഉള്ള ഏതു നടപടിയും തലതിരിഞ്ഞത് എന്ന് പരിഗണിക്കുന്നു. "തലതിരിഞ്ഞ" എന്ന പദം പരിഭാഷ ചെയ്യുന്നതിന് "ധാർമ്മികമായി വ്യതിചലിപ്പിച്ച" അല്ലെങ്കിൽ "അനാചാരപരമായ" അല്ലെങ്കിൽ "ദൈവത്തിന്റെ നേരായ മാർഗ്ഗത്തിൽ നിന്നും പിന്തിരിഞ്ഞു പോയ" എന്നിങ്ങനെ സാഹചര്യം അനുസരിച്ച് രീതികൾ സ്വീകരിക്കാം.
- "വക്രമായ സംസാരം" എന്നത് "ദോഷകരമായ രീതിയിൽ സംസാരിക്കുക" അല്ലെങ്കിൽ "വഞ്ചനാപരമായ സംസാരം" അല്ലെങ്കിൽ അധാർമ്മികമായ രീതിയിൽ ഉള്ള സംസാരം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- വൈകൃതം ഉള്ള ആളുകൾ" എന്നത് "അധാർമ്മികത ഉള്ള ആളുകൾ" അല്ലെങ്കിൽ "സദാചാരപരമായി വ്യതിചലിക്കപ്പെട്ട ആളുകൾ" അല്ലെങ്കിൽ "തുടർമാനമായി ദൈവത്തെ അനുസരിക്കാത്ത ജനം" എന്നിങ്ങനെ വിശദീകരിക്കാം.
- "വികൃതമായി പ്രവർത്തിക്കുന്നു" എന്നത് "ദോഷകരമായ നിലയിൽ പ്രതികരിക്കുന്നു" അല്ലെങ്കിൽ "ദൈവത്തിന്റെ കൽപ്പനകൾക്ക് എതിരായി കാര്യങ്ങൾ ചെയ്യുന്നു" അല്ലെങ്കിൽ "ദൈവത്തിന്റെ ഉപദേശങ്ങളെ തള്ളിക്കളയുന്ന രീതിയൽ ജീവിക്കുന്നു" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "വഴി തെറ്റിക്കുക" എന്ന പദം "അന്യായം വരുത്തുക" അല്ലെങ്കിൽ"തിന്മയായതിലേക്ക് തിരിച്ചു വിടുക" എന്നും പരിഭാഷ ചെയ്യാം.

(കാണുക: അന്യായം, വഞ്ചിക്കുക, അനുസരിക്കാതിരിക്കുക, തിന്മ, തിരിയുക)

## ദൈവ വചന സൂചികകൾ:

- 1 രാജാക്കന്മാർ08:46-47
- 1 ശമുവേൽ20:30-31
- ഇയ്യോബ് 33:27-28
- ലൂക്കോസ് 23:1-2
- സങ്കീർത്തനങ്ങൾ 101:4-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1942, H2015, H3399, H3868, H3891, H4297, H5186, H5557, H5558, H5753, H5766, H5773, H5791, H5999, H6140, H6141, H8138, H8397, H8419, G654, G1294, G3344, G3859

# തലമുറ

## നിർവ്വചനം:

"തലമുറ" എന്ന പദം ഒരേ കാലഘട്ടത്തില്ജനിച്ചതായ ഒരു കൂട്ടം ആളുകളെ സൂചിപ്പിക്കുന്നു.

- ഒരു തലമുറ എന്നത് ഒരു നിര്ദ്ധിഷ്ട കാല അളവിനേയും സൂചിപ്പി ക്കാവുന്നതാണ്. ദൈവ വചന കാലഘട്ടത്തില്, ഒരു തലമുറ എന്നത് സാധാരണയായി 40 വര്ഷങ്ങള്എന്ന് പരിഗണന ചെയ്തിരിക്കുന്നു.
- മാതാപിതാക്കന്മാരും അവരുടെ മക്കളും രണ്ടു വ്യത്യസ്ത തലമുറകള്ആകുന്നു.
- ദൈവ വചനത്തില്, "തലമുറ" എന്ന പദം സാധാരണയായി പൊതുവെ ഉള്ളതായ സ്വഭാവ വിശേഷതകളെ പുലര്ത്തുന്ന ജനത്തെ ഉപമാനമായി സൂചിപ്പിക്കുവാനും ഉപയോഗിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "ഈ തലമുറ" അല്ലെങ്കില്"ഈ തലമുറയിലെ ജനം" എന്ന പദസഞ്ചയം "ഇപ്പോള്ജീവിച്ചു കൊണ്ടിരിക്കുന്ന ജനം" അല്ലെങ്കില്"നിങ്ങള്" എന്ന് പരിഭാഷ ചെയ്യാവുന്നതാണ്.
- "ഈ ദുഷ്ട തലമുറ" എന്നത് "ഇപ്പോള്ജീവിച്ചു കൊണ്ടിരിക്കുന്ന ദുഷ്ടന്മാരായ ഈ ജനത" എന്നും പരിഭാഷ ചെയ്യാവുന്നതാണ്.
- "തലമുറ തലമുറയായി" അല്ലെങ്കില്"ഒരു തലമുറയില്നിന്നും അടുത്തതിലേക്ക്" എന്ന പദ പ്രയോഗം "ഇപ്പോള്ജീവിക്കുന്ന ജനവും അതു പോലെ അവരുടെ മക്കളും പൌത്രന്മാരും" അല്ലെങ്കില്"ഓരോ കാലഘട്ടത്തിലെ ജനങ്ങളും" അല്ലെങ്കില്"ഈ കാലഘട്ടത്തിലെ ജനങ്ങളും ഭാവി കാലഘട്ടങ്ങളിലെ ജനങ്ങളും" അല്ലെങ്കില്"സകല ജനങ്ങളും അവരുടെ സന്തതികളും" എന്നിങ്ങനെ പരിഭാഷ ചെയ്യാവുന്നതാണ്. "വരുവാനുള്ള ഒരു തലമുറ അവനെ സേവിക്കും; അവര്യഹോവയെ കുറിച്ച് അടുത്ത തലമുറയോട് പ്രസ്താവിക്കും" എന്നത് "നിരവധി ജനം ഭാവിയില്യഹോവയെ സേവിക്കുകയും അവരുടെ മക്കളോടും പൌത്രന്മാരോടും അവനെ കുറിച്ച് പറയുകയും ചെയ്യും"എന്ന് പരിഭാഷ ചെയ്യാം.

(കാണുക:സന്തതി, തിന്മ,പൂര്വികന്മാര്)

## ദൈവ വചന സൂചികകള്:

- അപ്പൊ.പ്രവര്ത്തികള്15:19-21
- പുറപ്പാട് 03:13-15
- ഉല്പ്പത്തി 15:14-16
- ഉല്പ്പത്തി 17:7-8
- മര്ക്കോസ് 08:11-13
- മത്തായി 11:16-17
- മത്തായി 23:34-36
- മത്തായി 24:34-35

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

# തലയോട്ടി

## നിര്വചനം:

“തലയോട്ടി” എന്ന പദം സൂചിപ്പിക്കുന്നത് അസ്ഥിമയമായ, ഒരു മനുഷ്യന്റെ അല്ലെങ്കില് മൃഗത്തിന്റെ ശിരസ്സിന്റെ അസ്ഥി ഘടന ആകുന്നു.

- ചില സന്ദര്ഭങ്ങളില് “തലയോട്ടി” എന്നത് അര്ത്ഥമാക്കുന്നത് “ശിരസ്സ്” എന്ന് “നിങ്ങളുടെ ശിരസ്സ് ക്ഷൌരം ചെയ്യുക” എന്ന പദസഞ്ചയത്തില് ഉള്ളത് പോലെ എന്ന് അര്ത്ഥമാക്കുന്നു.
- “തലയോടിടം” എന്ന പദം ഗോല്ഗോഥയ്ക്കുള്ള വേറൊരു പേരാണ്, അവിടെയാണ് യേശു ക്രൂശിക്കപ്പെട്ടത്.
- ഈ പദം “ശിരസ്സ്” അല്ലെങ്കില് ശിരോഅസ്ഥി എന്ന് പരിഭാഷ ചെയ്യാം.

(കാണുക: [ക്രൂശിക്കുക), ഗോല്ഗോഥ)

## ദൈവ വചന സൂചികകള്:

- 2 രാജാക്കന്മാര് 09:35-37
- [യിരെമ്യാവ് 02:14-17
- യോഹന്നാന്:17-18
- മത്തായി 27:32-34

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1538, H2026, H2076, H2490, H2491, H2717, H2763, H2873, H2874, H4191, H4194, H5221, H6936, H6991, H6992, H7523, H7819, G337, G615, G1315, G2380, G2695, G4968, G4969, G5407

# തള്ളിക്കളയുക, തള്ളിക്കളയുന്നു, നിഷേധിക്കുന്ന, പുറന്തള്ളല്

## നിര്വചനം:

ഒരു വ്യക്തിയെ അല്ലെങ്കില് ഒന്നിനെ തള്ളിക്കളയുക" എന്നതിന്റെ അര്ത്ഥം ആ വ്യക്തിയെ അല്ലെങ്കില് ആ വസ്തുവിനെ സ്വീകരിക്കുവാന് വിസ്സമ്മതിക്കുക എന്നുള്ളതാണ്.

- "തള്ളിക്കളയുക" എന്ന പദം എന്തിനെ എങ്കിലും "വിശ്വസിക്കുവാന് കൂട്ടാക്കാതിരിക്കുക" എന്നും അര്ത്ഥം നല്കാവുന്നത് ആണ്.
- ദൈവത്തെ തള്ളിക്കളയുക എന്ന് വെച്ചാല് അവനെ അനുസരിക്കുവാന് നിഷേധിക്കുക എന്നാണ്.
- ഇസ്രയേല് ജനം മോശെയുടെ നേതൃത്വത്തെ നിഷേധിച്ചപ്പോള്, എന്നതിന്റെ അര്ത്ഥം അവന്റെ അധികാരത്തോട് അവര് മത്സരിക്കുക ആയിരുന്നു എന്നാണ്. അവര് അവനെ അനുസരിക്കുവാന് കൂട്ടാക്കിയില്ല.
- ഇസ്രയേല് ജനം അസത്യ ദൈവങ്ങളെ ആരാധിച്ചപ്പോള് പ്രദര്ശിപ്പിച്ചത് അവര് ദൈവത്തെ തള്ളിക്കളയുന്നു എന്നാണ്.
- "തള്ളി മാറ്റുക" എന്നത് ഈ പദത്തിന്റെ അക്ഷരീക അര്ത്ഥം ആകുന്നു. ഇതര ഭാഷകളിലും ഒരു വ്യക്തിയെ അല്ലെങ്കില് എന്തെങ്കിലും ഒന്നിനെ തള്ളിക്കളയുക അല്ലെങ്കില് നിഷേധിക്കുക എന്ന് അര്ത്ഥം നല്കുന്ന സമാനമായ പദപ്രയോഗങ്ങള് ഉണ്ടായിരിക്കും.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, "തള്ളിക്കളയുക" എന്ന പദം "സ്വീകരിക്കുന്നില്ല" അല്ലെങ്കില് "സഹായം ചെയ്യുന്നത് നിര്ത്തുന്നു" അല്ലെങ്കില് "അനുസരിക്കുവാന് വിസ്സമ്മതിക്കുന്നു" അല്ലെങ്കില് "അനുസരിക്കുന്നത് നിര്ത്തല്ആക്കുന്നു" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "പണിയുന്നവര് തള്ളിക്കളഞ്ഞ കല്ല്" എന്ന പദപ്രയോഗത്തില് "തള്ളിക്കളഞ്ഞ" എന്ന പദം "ഉപയോഗിക്കുവാന് വിസ്സമ്മതിച്ച" അല്ലെങ്കില് "സ്വീകരിക്കാത്ത" അല്ലെങ്കില് "വലിച്ചെറിഞ്ഞു കളഞ്ഞ" അല്ലെങ്കില് "മൂല്യമില്ലാത്തത് എന്ന് പുറന്തള്ളിയ" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ദൈവത്തിന്റെ കല്പ്പനകളെ ജനം തള്ളിക്കളഞ്ഞ എന്ന സാഹചര്യത്തില്, തള്ളിക്കളഞ്ഞ എന്നത് തന്റെ കല്പ്പനകളെ "അനുസരിക്കുവാന് വിസ്സമ്മതിച്ച" അല്ലെങ്കില് ദൈവത്തിന്റെ കല്പ്പനകളെ "സ്വീകരിക്കുന്നത് നിര്ബന്ധ പൂര്വ്വം തിരഞ്ഞെടുക്കാതിരുന്ന" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: കല്പ്പന, അനുസരിക്കാതെ ഇരിക്കുക, അനുസരിക്കുക, മര്ക്കട മുഷ്ടി)

## ദൈവ വചന സൂചികകള്:

- ഗലാത്യര്:12-14
- ഹോശേയ 04:6-7
- യെശ്ശയ്യാവ് 41:8-9
- യോഹന്നാന്:48-50
- മര്ക്കോസ് 07:8-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H947, H959, H2186, H2310, H3988, H5006, H5034, H5186, H5203, H5307, H5541, H5800, G96, G114, G483, G550, G579, G580, G593, G683, G720, G1609, G3868

# തള്ളുക, തള്ളി, തള്ളൽ

## നിർവചനം:

“തള്ളുക” എന്ന പദം അക്ഷരീകമായി അർത്ഥം നൽകുന്നത് ശക്തി ഉപയോഗിച്ചു ഒരു വസ്തുവിനെ ദൂരത്തേക്കു ഭൌതികമായി നീക്കം ചെയ്യുന്നതിനെ ആണ്. ഈ പദത്തിന് ഉപമന രൂപേണ വിവിധ അർത്ഥങ്ങളും ഉണ്ട്.

- “പുറന്തള്ളുക” എന്ന പദപ്രയോഗം “നിരാകരിക്കുക” അല്ലെങ്കിൽ “സഹായം ചെയ്യുന്നതിന് നിഷേധിക്കുക” എന്ന് അർത്ഥം നൽകുന്നു.
- “കീഴ്പ്പെടുത്തുക” എന്നത് “ദുരിതത്തിൽ ആക്കുക” അല്ലെങ്കിൽ “പീഡിപ്പിക്കുക” അല്ലെങ്കിൽ “പരാജയപ്പെടുത്തുക” എന്നിങ്ങനെ അർത്ഥം നൽകാം. ഇത് ആരെയെങ്കിലും താഴെ നിലത്തേക്കു തള്ളിയിട്ടു എന്ന് അക്ഷരീകമായി അർത്ഥം നൽകുകയും ചെയ്യാവുന്നതാണ്.
- “ആരെയെങ്കിലും ബഹിഷ്കരിക്കുക എന്നതിന്റെ അർത്ഥം ആ വ്യക്തിയെ “പുറത്താക്കി കളയുക” അല്ലെങ്കിൽ“പറഞ്ഞയക്കുക” എന്നാണ്. “മുൻപോട്ടു നീക്കുക” എന്ന പദപ്രയോഗം അർത്ഥമാക്കുന്നത് നിരന്തര പരിശ്രമം നടത്തുക അല്ലെങ്കിൽചെയ്യുന്നത് ശരിയാണോ സുരക്ഷിതമാണോ എന്ന് വാസ്തവമായി ഉറപ്പു വരുത്താതെ ഒരു കാര്യം തുടർമാനമായി ചെയ്യുക എന്ന് ആകുന്നു.

(കാണുക: അടിച്ചമർത്തുക, പീഡിപ്പിക്കുക, പുറന്തള്ളുക)

## ദൈവ വചന സൂചികകൾ:

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1556, H1760, H3276, H3423, H5055, H5056, H5186, H8804, G683, G4261

# താക്കീത് നൽകുക

## നിർവചനം

“താക്കീത്” എന്ന പദം ശക്തമായ മുന്നറിയിപ്പ് അല്ലെങ്കിൽആർക്കെങ്കിലും ഉപദേശം നൽകുക എന്നർത്ഥം നൽകുന്നു.

- സാധാരണയായി “താക്കീത് നൽകുക” എന്നത് ചെയ്യരുതെന്ന് ആർക്കെങ്കിലും ഉപദേശം നൽകുന്നതിനെ അർത്ഥമാക്കുന്നു.
- ക്രിസ്തുവിന്റെ ശരീരത്തിൽ, വിശ്വാസികൾ പരസ്പരം മുന്നറിയിപ്പുകൾ നൽകി പാപത്തിൽനിന്ന് ഒഴിഞ്ഞിരിപ്പാനും വിശുദ്ധജീവിതം നയിപ്പാനും പഠിപ്പിക്കപ്പെട്ടിരിക്കുന്നു.
- ”മുന്നറിയിപ്പ് നൽകുക” എന്ന പദം “പാപം ചെയ്യാതിരിപ്പാൻ ഉൽസാഹിപ്പി ക്കുക” എന്നോ “ഒരുവനെ പാപം ചെയ്യാതിരിപ്പാൻ പ്രേരിപ്പിക്കുക” എന്നോ പരിഭാഷപ്പെടുത്താം.

## ദൈവവചന സൂചികകൾ:

- നെഹെമ്യാവ് 09:32-34

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2094, H5749, G3560, G3867, G5537

# താഴേക്കു ഇറങ്ങുക, താഴേക്കു ഇറങ്ങുന്നു. താഴേക്കു ഇറങ്ങി, താഴേക്കു ഇറങ്ങുന്ന, സന്തതി, സന്തതികൾ

## നിർവചനം:

"സന്തതി" എന്നത് ചരിത്രത്തിന്റെ പുറകിലേക്ക് പോകുമ്പോൾ ഒരുവന്റെ നേരിട്ടുള്ള രക്തബന്ധത്തിൽ പിന്തുടർച്ചയുള്ള വ്യക്തി എന്നാണു അർത്ഥം.

- ഉദാഹരണമായി, അബ്രഹാം നോഹയുടെ സന്തതി ആണ്.
- ഒരു വ്യക്തിയുടെ സന്തതികൾ എന്നത് അവന്റെ മക്കൾ, കൊച്ചുമക്കൾ, കൊച്ചുമക്കളുടെ കൊച്ചുമക്കൾ, അങ്ങനെ തുടർന്നു പോകുന്നു. യാക്കോബിന്റെ സന്തതികൾ ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾ ആയിരുന്നു.
- "സന്തതിയിൽ നിന്നും" എന്ന പദസഞ്ചയം "ഒരു സന്തതി ആകുന്നു" എന്നു പറയുന്നതിന് "അബ്രഹാം നോഹയിൽ നിന്നും ജനിച്ചു" എന്നു പറയുന്നത് പോലെ ആകുന്നു.

ഇതു "കുടുംബ ക്രമപ്രകാരം" എന്നും പരിഭാഷ ചെയ്യാം.

(കാണുക: അബ്രഹാം, പൂർവികൻ, യാക്കോബ്, നോഹ, യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾ)

## ദൈവവചന സൂചികകൾ:

- 1 രാജാക്കന്മാർ:4-5
- അപ്പോ.പ്രവർത്തികൾ13:23-25
- ആവർത്തനപുസ്തകം 02:20-22
- ഉൽപ്പത്തി 10:1
- ഉൽപ്പത്തി 28:12-13

## ദൈവവചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **02:09** "സ്ത്രീയുടെ **സന്തതി** നിന്റെ തല തകർക്കും, നീ അവന്റെ കുതികാൽ മുറിപ്പെടുത്തും.
- **04:09** "ഞാൻ കനാൻദ ദേശത്തെ നിന്റെ **സന്തതികൾക്ക്** നൽകുന്നു."
- **05:10** "നിന്റെ **സന്തതികൾ** ആകാശത്തിലെ നക്ഷത്രങ്ങളെക്കാൾ അധികമാകും."
- **17:07** "നിന്റെ കുടുംബത്തിൽഉള്ള ഒരുവൻ എപ്പോഴും ഇസ്രയേലിന്മേൽ രാജാവായി ഭരണം നടത്തും, മശീഹ നിന്റെ **സന്തതികളിൽ** ഒരുവനായിരിക്കും!"
- **18:13** യഹൂദ രാജാക്കന്മാർ ദാവീദിന്റെ **സന്തതികൾ** ആയിരുന്നു.
- **21:04** ദൈവം ദാവീദ് രാജാവിനോട് വാഗ്ദത്തം ചെയ്തത് മശീഹ ദാവീദിന്റെ സ്വന്തം **സന്തതികളിൽ** ഒരുവൻ ആയിരിക്കും എന്നാണ്.
- **48:13** ദൈവം ദാവീദിനോടു വാഗ്ദത്തം ചെയ്തത് മശീഹ അവന്റെ **സന്തതികളിൽ** ഒരുവൻ ആയിരിക്കും എന്നാണ്. യേശു, മശീഹ, ദാവീദിന്റെ പ്രത്യേക **സന്തതി** ആയിരുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H319, H1004, H1121, H1323, H1755, H2232, H2233, H3205, H3211, H3318, H3409, H4294, H5220, H6849, H7611, H8435, G1074, G1085, G4690

# താഴ്ചയുള്ള, ഏറ്റവും താഴ്ച ഭവിച്ച, താഴ്ച

## നിർവചനം:

"താഴ്ചയുള്ള" എന്നും "താഴ്ച" എന്നും ഉള്ള പദങ്ങൾദരിദ്രനായ അല്ലെങ്കിൽഏറ്റവും താഴ്ന്ന നിലവാരം പുലർത്തുന്ന എന്ന് സൂചിപ്പിക്കുന്നു. താഴ്ചയുള്ള എന്നതിന് താഴ്മയുള്ള എന്ന അർത്ഥവും നൽകാവുന്നതാണ്.

- ഒരു മനുഷ്യ അവതാരം എടുക്കുക എന്ന താഴ്ചയുള്ള സ്ഥാനത്തേക്ക് യേശു തന്നെ തന്നെ താഴത്തുകയും മറ്റുള്ളവരെ ശുശ്രൂഷിക്കുകയും ചെയ്തു.
- തന്റെ ജനനം താഴ്ചയുള്ള ഒന്നായിരുന്നു എന്തുകൊണ്ടെന്നാൽതാൻജനിച്ചത്മൃഗങ്ങളെ സംരക്ഷിച്ചു വന്ന ഒരു സ്ഥലത്തായിരുന്നു, മറിച്ച് ഒരു കൊട്ടാരത്തിൽആയിരുന്നില്ല.
- താഴ്ചയുടെ ഭാവം ഉണ്ടായീരിക്കുക എന്നത് അഹമ്മതിയോടെ ഇരിക്കുക എന്നതിന്റെ എതിർആകുന്നു.
- "താഴ്ചയുള്ള" എന്ന പദം പരിഭാഷ ചെയ്യുവാൻഉള്ള മാർഗ്ഗങ്ങളിൽ"താഴ്മ" അല്ലെങ്കിൽ"താഴ്ചയുടെ നിലവാരം" അല്ലെങ്കിൽ"അപ്രധാനം" ആദിയായവ ഉൾപ്പെടുത്താം.
- "താഴ്ച" എന്ന വാക്ക് "താഴ്മ" അല്ലെങ്കിൽ"പ്രാധാന്യം ഇല്ലാത്ത" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക: താഴ്മ, അഹങ്കാരം)

## ദൈവ വചന സൂചികകൾ:

- അപ്പോ.20:17-21
- യെഹസ്കേൽ17:13-14
- ലൂക്കോസ് 01:48:49
- റോമർ12:14-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6041, H6819, H8217, G5011, G5012, G5014

# തിരശ്ശീല, തിരശ്ശീലകള്

## നിര്വചനം:

ദൈവവചനത്തില്, “തിരശ്ശീല” എന്നത് വളരെ കട്ടിയുള്ള, ഭാരമുള്ള സമാഗമാനകൂടാരവും ദേവാലയവും നിര്മ്മിക്കുവാന്ഉപയോഗിച്ച വസ്തുവിനെയാണ് സൂചിപ്പിക്കുന്നത്.

- സമാഗമാനകൂടാരം നാലടുക്ക് തിരശ്ശീലകളാല്മുകളിലും ഇരുവശങ്ങളിലുമായി നിര്മ്മിക്കപ്പെട്ടതാണ്. ഈ തിരശീല ആവരണങ്ങള്തുണികള്കൊണ്ടോ മൃഗത്തിന്റെ തോല്കൊണ്ടോ നിര്മ്മിച്ചതാണ്.
- തുണികൊണ്ടുള്ള തിരശ്ശീലകളും സമാഗമാനകൂടാരത്തിന്റെ ചുറ്റുമുള്ള അങ്കണത്തിന്റെ ചുറ്റു മതില് ഉണ്ടാക്കുവാന്ഉപയോഗിച്ചിരുന്നു. ഈ തിരശ്ശീലകള്ചണച്ചെടിയില്നിന്നും ഉണ്ടാക്കിയ “ലിനന്” കൊണ്ടുള്ള തുണിയാല്നിര്മ്മിച്ചിരുന്നു. സമാഗമാനകൂടാരം ദേവാലയ കെട്ടിടം രണ്ടിലും, ഒരു കട്ടിയുള്ള തിരശ്ശീല പരിശുദ്ധസ്ഥലത്തിനും മഹാപരിശുദ്ധസ്ഥലത്തിനും ഇടയില്തൂക്കിയിട്ടിരുന്നു. യേശു മരിച്ചപ്പോള്ഈ തിരശ്ശീല അത്ഭുതകരമായി രണ്ടു ഭാഗങ്ങളായി ചീന്തിപ്പോയി.

## പരിഭാഷ നിര്ദേശങ്ങള്:

ദൈവവചനത്തില്ഉപയോഗിചിട്ടുള്ളതില്നിന്നും തികെച്ചും വ്യത്യസ്ത മായതായി ആധുനികകാല തിരശ്ശീലകള്ഉള്ളതിനാല്, വ്യത്യസ്തമായ വാക്കോ അല്ലെങ്കില്കൂടുതല്വാക്കുകളോ തിരശ്ശീല എന്നതിനെ വിവരിക്കുവാന്ഉപയോഗിക്കുന്നത് കൂടുതല്വ്യക്തമാക്കും.

- സാഹചര്യമനുസരിച്ച്, ഈ പദം പരിഭാഷപ്പെടുത്തുവാന്, “തിരശ്ശീല ആവരണം” അല്ലെങ്കില്“ആവരണം” അല്ലെങ്കില്കട്ടിയുള്ള തുണിക്കഷണം” അല്ലെങ്കില്മൃഗങ്ങളുടെ ചര്മ്മാവരണം” അല്ലെങ്കില്തൂങ്ങിക്കിടക്കുന്ന തുണി” എന്നിവ ഉള്പ്പെടുത്താം.

(കാണുക: വിശുദ്ധസ്ഥലം, സമാഗമനകുടാരം, ദൈവാലയം)

## ദൈവവചനസൂചികകള്:

- എബ്രായര്:19-22
- ലേവ്യപുസ്തകം 04:16-17
- ലൂക്കോസ് 23:44-45
- മത്തായി27:51-53
- സംഖ്യാപുസ്തകം 04:5-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1852, H3407, H4539, H6532, H7050, G2665

# തിരിയുക, തിരിയുന്നു, മാറിപ്പോകുക, മാറിപ്പോകുന്നു, പിന്തിരിയുക, പിന്തിരിയുന്നു, തിരിഞ്ഞു, മാറിപ്പോയി, പിന്തിരിഞ്ഞു, മാറുക, മാറിപ്പോകുക, പിന്തിരിഞ്ഞു കൊണ്ടിരിക്കുക, മടങ്ങുന്നു, മടങ്ങി, മടങ്ങുന്ന, മടങ്ങി വരിക.

## നിര്വചനം:

“തിരിയുക” എന്നതിന്റെ അര്ത്ഥം അക്ഷരീകമായി ദിശ മാറുക അല്ലെങ്കില് ഏതിനെ എങ്കിലും ദിശ മാറുവാനായി ഇട വരുത്തുക.

- ”തിരിയുക” എന്ന പദം പുറകോട്ടു നോക്കുവാന് അല്ലെങ്കില്വ വ്യത്യസ്തമായ ദിശയെ അഭിമുഖീകരിക്കുവാന് വേണ്ടി “ചുറ്റും നോക്കുക” എന്നും അര്ത്ഥമാക്കാവുന്നതാണ്.
- ”പിന്തിരിയുക” അല്ലെങ്കില് “മാറിപ്പോകുക” എന്നതിന്റെ അര്ത്ഥം “മടങ്ങിപ്പോകുക” അല്ലെങ്കില് “മാറി പോകുവാന് ഇട വരുത്തുക” എന്നതാണ്.
- നിന്നും മാറിപ്പോകുക” എന്നത് എന്തെങ്കിലും ചെയ്യുന്നത് നിര്ത്തലാക്കുക” അല്ലെങ്കില് ആരെയെങ്കിലും നിരാകരിക്കുക എന്നുള്ളതാണ്.
- ഒരാള്ക്ക്“നേരെ തിരിയുക” എന്നതിന്റെ അര്ത്ഥം ആ വ്യക്തിയെ നേരിട്ടു നോക്കുക എന്നുള്ളത് ആകുന്നു.
- “തിരികയും വിട്ടുപോകുകയും ചെയ്യുക” അല്ലെങ്കില് “പോകുവാനായി പുറം തിരിയുക” എന്നത് അര്ത്ഥമാക്കുന്നത് “ദൂരെ പോകുക” എന്നതാണ്.
- ”മടങ്ങി വരിക” എന്നതിന്റെ അര്ത്ഥം “വീണ്ടും ആ പ്രവര്ത്തി ചെയ്യുവാന് ആരംഭിക്കുക” എന്നുള്ളതാണ്.
- ”നിന്നും പിന്തിരിയുക” എന്നതിന്റെ അര്ത്ഥം “എന്തെങ്കിലും ചെയ്യുന്നത് നിര്ത്തുക” എന്നുള്ളതാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, “തിരിയുക” എന്നത് “ദിശ മാറ്റുക” അല്ലെങ്കില് “പോകുക” അല്ലെങ്കില് “നീങ്ങുക” എന്നിങ്ങനെ പരിഭാഷ ചെയ്യാവുന്നതാണ്.
- ചില സാഹചര്യങ്ങളില്, “തിരിയുക” എന്നത് “എന്തെങ്കിലും ചെയ്യുവാന്(ആര്ക്കെങ്കിലും) ”കാരണം ആകുക” എന്ന് പരിഭാഷ ചെയ്യാം. (ആരെങ്കിലും) മാറിപ്പോകുക” എന്നുള്ളത് “(ആരെങ്കിലും) അകന്നു പോകുവാന് ഇടയാകുക” അല്ലെങ്കില് “(ആരെങ്കിലും) നില്ക്കുവാന് ഇടയാകുക” എന്ന് പരിഭാഷ ചെയ്യാം.
- ”ദൈവത്തില്നിന്നും പിന്തിരിഞ്ഞു പോകുക” എന്ന പദപ്രയോഗം “ദൈവത്തെ ആരാധിക്കുന്നത് നിര്ത്തുക” എന്ന് പരിഭാഷ ചെയ്യാം.
- ”ദൈവത്തിങ്കലേക്കു മടങ്ങി വരിക” എന്നുള്ളത് “വീണ്ടും ദൈവത്തെ ആരാധിക്കുവാന് ആരംഭിക്കുക” എന്ന് പരിഭാഷ ചെയ്യാം.
- “ശത്രുക്കള് പിന്തിരിഞ്ഞു” എന്നതിന്റെ അര്ത്ഥം അവര് “പിന്വാങ്ങി” എന്നുള്ളതാണ്. “ശത്രുവിനെ പിന്തിരിയുവാന് ഇടയാക്കുക” എന്നതിന്റെ അര്ത്ഥം “ശത്രു പിന്വാങ്ങി പോകുവാന് ഇടയാക്കുക” എന്നാണ്.
- ഉപമാന രൂപത്തില് ഉപയോഗിക്കുവാന്, ഇസ്രയേല് അസത്യ ദൈവങ്ങളിലേക്ക് “തിരിഞ്ഞപ്പോള്” അവര് അവയെ “ആരാധിക്കുവാന് ആരംഭിച്ചു.” അവര് വിഗ്രഹങ്ങളില് നിന്നും പിന്തിരിഞ്ഞപ്പോള്” അവര് അവയെ “ആരാധിക്കുന്നത് നിര്ത്തലാക്കി”
- ദൈവം തന്റെ മത്സരികളായ ജനത്തില്നിന്നും “അകന്നു മാറി” പോയപ്പോള്, താന് അവരെ “സംരക്ഷിക്കുന്നത് നിറുത്തലാക്കി” അല്ലെങ്കില് അവരെ “സഹായിക്കുന്നത് നിര്ത്തലാക്കി”
- ”പിതാക്കന്മാരുടെ ഹൃദയങ്ങളെ അവരുടെ മക്കളിലേക്ക് തിരിക്കുക” എന്ന പദസഞ്ചയം “പിതാക്കന്മാരെ അവരുടെ മക്കളെ സംരക്ഷിക്കുന്നതിനു ഇടവരുത്തുക” എന്ന് പരിഭാഷ ചെയ്യാം.
- “എന്റെ മാനത്തെ ലജ്ജയിലേക്ക് തിരിക്കുക” എന്ന പദപ്രയോഗം “എന്റെ ബഹുമാനം ലജ്ജയാകുവാന് തക്കവിധം ഇടവരുത്തി” അല്ലെങ്കില് “ഞാന് ലജ്ജിതന് ആകുവാന് തക്കവണ്ണം എന്നെ അപമാനിതന് ആക്കി” അല്ലെങ്കില് “(ദോഷമായത് ചെയ്യുക നിമിത്തം) ജനം തുടര്ന്ന് എന്നെ ബഹുമാനിക്കാതെ ഇരിക്കുക” എന്ന് പരിഭാഷ ചെയ്യാം.
- ”ഞാന്നിങ്ങളുടെ പട്ടണങ്ങളെ പാഴാക്കും” എന്നുള്ളത് “ഞാന്നിങ്ങളുടെ പട്ടണങ്ങളെ നശിപ്പിക്കുവാന് ഇട വരുത്തും” അല്ലെങ്കില് “ശത്രുക്കള് നിങ്ങളുടെ പട്ടണങ്ങളെ നശിപ്പിക്കുവാന് ഞാന് ഇട വരുത്തും” എന്ന് പരിഭാഷ ചെയ്യാം.
- “ലേക്ക് തിരിയുക” എന്ന പദപ്രയോഗം “ആയി തീരുക” എന്ന് പരിഭാഷ ചെയ്യുക. മോശെയുടെ വടി സര്പ്പം ആയി “മാറിയപ്പോള്”, അത് ഒരു സര്പ്പം “ആയിത്തീര്ന്നു.” ഇത് “ലേക്ക് മാറ്റപ്പെട്ടു” എന്നും പരിഭാഷ ചെയ്യാം.

(കാണുക: അസത്യ ദൈവം, കുഷ്ഠ രോഗം, ആരാധന)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്:1-2
- അപ്പോ.07:41-42
- അപ്പോ.11:19-21
- യിരെമ്യാവ് 36:1-3
- ലൂക്കോസ് 01:16-17
- മലാഖി 04:4-6
- വെളിപ്പാട് 11:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H541, H1750, H2015, H2017, H2186, H2559, H3399, H3943, H4142, H4672, H4740, H4878, H5186, H5253, H5414, H5437, H5472, H5493, H5528, H5627, H5753, H5844, H6437, H6801, H7227, H7725, H7734, H7750, H7760, H7847, H8159, H8447, G344, G387, G402, G576, G654, G665, G868, G1294, G1578, G1612, G1624, G1994, G2827, G3179, G3313, G3329, G3344, G3346, G4762, G5077, G5157, G5290, G6060

# തീച്ചൂള

## വസ്തുതകള്:

ഒരു തീച്ചൂള എന്നത് വസ്തുക്കളെ ഉയര്ന്ന താപത്തില്ചൂടാക്കുവാന്ഉള്ള ഒരു വലിയ അടുപ്പ് ആകുന്നു.

- പുരാതന കാലങ്ങളില്, മിക്കവാറും തീച്ചൂളകള്ഉപയോഗിച്ചു വന്നത് പാചകത്തിനുള്ള പാത്രങ്ങള്, ആഭരണങ്ങള്, ആയുധങ്ങള്, വിഗ്രഹങ്ങള്ആദിയായവ നിര്മ്മിക്കുവാനുള്ള ലോഹങ്ങള്ഉരുക്കുവാനാണ്.
- മണ്ണു കൊണ്ടുള്ള പാത്രങ്ങള്നിര്മ്മിക്കുവാനും തീച്ചൂളകള്ഉപയോഗിച്ചിരുന്നു.
- ചില സന്ദര്ഭങ്ങളില്എന്തെങ്കിലും വളരെ ചൂടുള്ളതായി കാണപ്പെടുന്നു എന്ന് വിവരിക്കുവാനായി ഉപമാന രൂപത്തിലും തീച്ചൂള എന്ന് സൂചിപ്പിക്കാറുണ്ട്.

(കാണുക:അസത്യ ദൈവം, സ്വരൂപം)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്08:51-53
- ഉല്പ്പത്തി 19:26-28
- സദൃശവാക്യങ്ങള്17:3-4
- സങ്കീര്ത്തനങ്ങള്021:9-10
- വെളിപ്പാട് 09:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H861, H3536, H3564, H5948, H8574, G2575

# തൂക്കുക, തൂങ്ങുന്നു, തൂങ്ങി, തൂക്കിക്കൊല്ലുക, തൂക്കിക്കൊല, തൂക്കപ്പെട്ട

## നിര്വചനം:

"തൂക്കുക" എന്ന പദത്തിന്റെ അര്ത്ഥം എന്തെങ്കിലും അല്ലെങ്കില്ആരെയെങ്കിലും നിലത്തിനു മുകളിലായി തൂക്കുക എന്നാണു അര്ത്ഥം.

- തൂക്കിക്കൊല്ലുക എന്നാല്സാധാരണയായി ഒരു വ്യക്തിയുടെ കഴുത്തിനു ചുറ്റും ഒരു കയര്കൊണ്ട് ചുറ്റി വൃക്ഷ ശാഖ പോലെയുള്ള ഒരു ഉയര്ന്ന വസ്തുവില് തൂക്കി നിര്ത്തുകയാണ് ചെയ്യുന്നത്. യൂദാസ് സ്വയം തൂക്കിലിട്ടു തന്നെ കൊന്നു.
- യേശുവും മരക്കുരിശില്തൂക്കപ്പെട്ടു മരിച്ചു എങ്കിലും, തന്റെ കഴുത്തിനു ചുറ്റും ഒന്നും ഉണ്ടായിരുന്നില്ല: പടയാളികള്തന്റെ കൈകളിലും (അല്ലെങ്കില്മണിബന്ധങ്ങളിലും) തന്റെ പാദങ്ങളിലും ആണികള്അടിച്ചു കുരിശില്തൂക്കുകയായിരുന്നു ചെയ്തത്.
- ഒരുവനെ തൂക്കിക്കൊല്ലുക എന്നാല്ഒരുവന്റെ കഴുത്തിനു ചുറ്റും കയറു ചുറ്റി തൂക്കി കൊല്ലുക എന്നാണു എപ്പോഴും അര്ത്ഥം സൂചിപ്പിക്കുന്നത്.

## ദൈവ വചന സൂചികകള്:

- 2 ശമുവേല്17:23
- അപ്പോ:10:39-41
- ഗലാത്യര്03:13-14
- ഉല്പ്പത്തി 40:20-23
- മത്തായി 27:3-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2614, H3363, H8518, G519

# തൂൺ, തൂണുകൾ, സ്തംഭം, സ്തംഭങ്ങൾ

## നിർവചനം:

"തൂൺ" എന്ന പദം സാധാരണയായി മേൽക്കൂര അല്ലെങ്കിൽ കെട്ടിടത്തിന്റെ ഇതര ഭാഗങ്ങളെ താങ്ങി നിർത്തുവാൻ ഉപയോഗിക്കുന്ന വലുപ്പമുള്ള ലംബമായ നിർമ്മിതിയെ സൂചിപ്പിക്കുന്നു. തൂണിനു ഉള്ള മറ്റൊരു പദമാണ് "സ്തംഭം."

- ദൈവ വചന കാലഘട്ടങ്ങളിൽ, സാധാരണയായി കെട്ടിടങ്ങളെ താങ്ങി നിർത്തുന്ന തൂണുകൾ ഒറ്റക്കല്ലിൽ തന്നെ കൊത്തി എടുത്തു ഉപയോഗിക്കുമായിരുന്നു.
- പഴയ നിയമത്തിൽ ശിംശോനെ ഫെലിസ്ത്യർ ബന്ധിച്ചപ്പോൾ, താൻ അവരുടെ ക്ഷേത്രത്തെ താങ്ങി നിർത്തിയിരുന്ന തൂണുകളെ വലിച്ചിട്ടു ജാതീയമായ അവരുടെ ക്ഷേത്രം തകർന്നു പോകത്തക്ക വിധം നശിപ്പിച്ചു.
- "സ്തംഭം" എന്ന പദം ചില സന്ദർഭങ്ങളിൽ ഒരു വലിയ കല്ല് അല്ലെങ്കിൽ ഉരുളൻ പാറകൾ കൊണ്ട് ഒരു സ്മരണയുടെ അടയാളമായി കൊത്തുപണി ചെയ്തോ അല്ലെങ്കിൽ സുപ്രധാനമായ ഒരു സംഭവം നടന്നതിന്റെ ജ്ഞാപകമായോ സ്ഥാപിക്കുന്നതിനെ സൂചിപ്പിക്കുന്നു.
- ഇത് ആരാധനക്കായി സ്ഥാപിക്കുന്ന ഒരു അസത്യ ദൈവത്തിന്റെ വിഗ്രഹമായും സൂചിപ്പിക്കാം. "കൊത്തുപണിയായ സ്വരൂപത്തിനു" നൽകപ്പെടുന്ന വേറൊരു പേരായും ഇതിനെ "ശിലാരൂപം" എന്ന് പരിഭാഷ ചെയ്യാവുന്നതും ആണ്.
- "സ്തംഭം" എന്ന പദം ഒരു തൂൺപോലെ ആകൃതിയുള്ള ഒന്നിനെ അതായത് ഇസ്രയേൽ ജനത്തെ മരുഭൂമിയിൽ വഴി നടത്തിയ "അഗ്നി സ്തംഭം" അല്ലെങ്കിൽ പട്ടണത്തിലേക്ക് പിന്തിരിഞ്ഞു നോക്കിയത് നിമിത്തം "ഉപ്പുതൂൺ" ആയി തീർന്ന ലോത്തിന്റെ ഭാര്യയെ സൂചിപ്പിക്കുന്നത് പോലെ ഉപയോഗിക്കുന്നു. ഒരു കെട്ടിടത്തിന്റെ ചട്ടക്കൂടിനെ താങ്ങി നിർത്തുവാൻ സഹായിക്കുന്നതു പോലെ, "സ്തംഭം" അല്ലെങ്കിൽ "തൂൺ" എന്നത് "ചട്ടക്കൂടിനെ താങ്ങി നിർത്തുന്ന ലംബമായ തൂൺ" അല്ലെങ്കിൽ "താങ്ങി നിർത്തുന്ന കല്ലുകൊണ്ടുള്ള നിർമ്മിതി" എന്ന് പരിഭാഷ ചെയ്യാം. "സ്തംഭം" എന്നതിന്റെ ഇതര ഉപയോഗങ്ങൾ "ശില" അല്ലെങ്കിൽ "കൂന" അല്ലെങ്കിൽ "സ്മാരക ചിഹ്നം" അല്ലെങ്കിൽ "ഉയർന്ന കൂമ്പാരം" എന്നിങ്ങനെ സാഹചര്യം അനുസരിച്ചു പരിഭാഷ ചെയ്യാം.

(കാണുക: അടിസ്ഥാനം, അസത്യ ദൈവം, സ്വരൂപം)

## ദൈവ വചന സൂചികകൾ:

- 2 രാജാക്കന്മാർ:4-5
- പുറപ്പാട് 13:19-22
- പുറപ്പാട് 33:7-9
- ഉൽപ്പത്തി 31:45-47
- സദൃശവാക്യങ്ങൾ 09:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H352, H547, H2106, H2553, H3730, H4552, H4676, H4678, H4690, H5324, H5333, H5982, H8490, G4769

# തൂത്തുവാരുക, തൂത്തു വാരുന്നു, തൂത്തു വാരി, തൂക്കുക

## വസ്തുതകള്:

""തൂക്കുക"" എന്നത് സാധാരണയായി അര്ത്ഥം നല്കുന്നത് വീതിയുള്ള ഒരു ചൂല്അല്ലെങ്കില്ശുചീകരണ ഉപാധി കൊണ്ട് മാലിന്യങ്ങള്നീക്കം ചെയ്യുക എന്നാണ്. "തൂത്തു വാരുക" എന്നുള്ളതിന്റെ ഭൂതകാല ക്രിയയാണ് "തൂത്തു വാരി" എന്നുള്ളത്. ഈ വാക്കുകള്ഉപമാന രീതിയിലും ഉപയോഗിക്കാറുണ്ട്.

- "തൂത്തു വാരുക" എന്ന പദം ഉപമാന രീതിയില്ഒരു സൈന്യം എപ്രകാരം ക്ഷിപ്രമായി, ഉറച്ച നിലയില്, വ്യാപകമായ തോതില്നീക്കങ്ങള്നടത്തി അക്രമണങ്ങള് നടത്തുന്നു എന്ന് വിശദമാക്കുന്നു.
- ഉദാഹരണമായി, യെശ്ശയ്യാവ് പ്രവാചകന്ആശ്ശൂര്യര്എപ്രകാരം യഹൂദ രാജ്യത്തില്കൂടെ എപ്രകാരം "തൂത്തു വാരല്" നടത്തും എന്ന് പ്രവചിച്ചു പറഞ്ഞിരുന്നു. ഇതിന്റെ അര്ത്ഥം അവര്യഹൂദയെ എപ്രകാരം നശിപ്പിക്കുകയും അതിലെ ജനത്തെ പിടിച്ചടക്കുകയും ചെയ്യും എന്നുള്ളത് ആയിരുന്നു.
- "തൂത്തു വാരുക" എന്ന പദം ശക്തമായി ഒഴുകുന്ന ജലപ്രവാഹം എപ്രകാരം സകലത്തെയും ദൂരത്തേക്കു അടിച്ചു നീക്കം ചെയ്തു കൊണ്ടുപോകുന്നു എന്ന് വിശദമാക്കുവാനും ഉപയോഗിക്കുന്നു.
- എപ്പോള്ഒരു വ്യക്തിയുടെ മേല്പരിധിക്കപ്പുറമായുള്ള കഷ്ടതകള്മുക്കിക്കളയുമോ , അതിനെ അവന്റെ മേല്"കവിഞ്ഞു കടന്നു പോകുന്നതു" എന്ന് പറയാം.

(കാണുക: അശ്ശൂര്, യെശ്ശയ്യാവ്, യഹൂദ, പ്രവാചകന്)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്16:3-4
- ദാനിയേല്11:40-41
- ഉല്പ്പത്തി 18:24-26
- സദൃശവാക്യങ്ങള്21:7-8
- സങ്കീര്ത്തനങ്ങള്090:5-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H622, H857, H1640, H2498, H2894, H3261, H5500, H5502, H5595, H7857, H8804, G4216, G4563, G4951

# തൃപ്തിപ്പെടുക, തൃപ്തിയാകുന്നു, തൃപ്തിയായി, സംതൃപ്തം

## നിര്വചനം:

"തൃപ്തികരം" എന്നത് ഒരുവനു വളരെ ഇഷ്ടപ്പെടുന്നത് അല്ലെങ്കില് വളരെ സന്തോഷം ജനിപ്പിക്കുന്നത് എന്നര്ത്ഥം. എന്തിലെങ്കിലും "ആനന്ദിക്കുക" എന്നാല് "അതില് സന്തോഷിക്കുക" അല്ലെങ്കില് അതിനെക്കുറിച്ച് സന്തുഷ്ടിയാകുക" എന്നാണ് അര്ത്ഥം.

- വളരെ സമ്മതകരം അല്ലെങ്കില് തൃപ്തികരം ആയതിനെ "സംതൃപ്തം" എന്നു പറയുന്നു.
- ഒരു വ്യക്തി ഏതിലെങ്കിലും സംതൃപ്തന് എങ്കില് താന് അതില് വളരെ രസിക്കുന്നു എന്നര്ത്ഥം.
- "യഹോവയുടെ ന്യായപ്രമാണത്തില് ഞാന് രസിക്കുന്നു" എന്നത് "യഹോവയുടെ ന്യായപ്രമാണം എനിക്ക് വലിയ സന്തോഷം തരുന്നു" അല്ലെങ്കില് "ഞാന്യഹോവയുടെ നിയമങ്ങള് അനുസരിക്കുവാന് ഇഷ്ടപ്പെടുന്നു" അല്ലെങ്കില് "ഞാന്യഹോവയുടെ കല്പ്പനകള് അനുസ രിക്കുമ്പോള് ഞാന് സന്തുഷ്ടനാകുന്നു" എന്നിങ്ങനെ പരിഭാഷ ചെയ്യാം..
- സന്തോഷിക്കരുത്", "സന്തോഷമില്ല" എന്നീ പദങ്ങള് "ഒട്ടും തന്നെ തൃപ്തികരമല്ല, അല്ലെങ്കില് അതിനെക്കുറിച്ച് സന്തോഷമില്ല" എന്നു പരിഭാഷ ചെയ്യാം.
- "താന് രസിക്കുന്നു"എന്നത് "താന്ചെയ്യുന്നതില് സന്തോഷിക്കുന്നു" അല്ലെങ്കില് "അവന് അതിനെക്കുറിച്ച് വളരെ സന്തോഷിക്കുന്നു" എന്നു അര്ത്ഥം നല്കുന്നു.
- "തൃപ്തിയാകുന്നു" എന്ന പദം ഒരുവ്യക്തി സന്തോഷിക്കുന്ന കാര്യങ്ങളെ സൂചിപ്പിക്കുന്നു. ഇതിനെ "അഭിരുചികള്" അല്ലെങ്കില് "സന്തോഷം നല്കുന്ന വസ്തുതകള്" എന്നു പരിഭാഷ ചെയ്യാം.
- "ഞാന് അങ്ങയുടെ ഇഷ്ടം ചെയ്യുവാന് താല്പര്യപ്പെടുന്നു" എന്നത് "ഞാന് അങ്ങയുടെ ഇഷ്ടം ചെയ്യുന്നതില് സന്തോഷിക്കുന്നു" അല്ലെങ്കില് "ഞാന് അങ്ങയെ അനുസരിക്കുമ്പോള് ഞാന് വളരെ സന്തുഷ്ടനാണ്" എന്നിങ്ങനെയും പരിഭാഷപ്പെടുത്താം.

## ദൈവവചന സൂചികകള്:

- സദൃശവാക്യങ്ങള് 08:30-31
- സങ്കീര്ത്തനങ്ങള് 001:1-2
- സങ്കീര്ത്തനങ്ങള്119:69-70
- ഉത്തമഗീതം 01:1-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1523, H2530, H2531, H2532, H2654, H2655, H2656, H2836, H4574, H5276, H5727, H5730, H6026, H6027, H7306, H7381, H7521, H7522, H8057, H8173, H8191, H8588, H8597

# തെറ്റ്, തെറ്റുകള്, തെറ്റ് സംഭവിച്ച, തെറ്റായ, തെറ്റുകള്ഉള്ള, തെറ്റ് ചെയ്യുന്നവന്, തെറ്റായ പ്രവര്ത്തി, മോശമായ പെരുമാറ്റം, മോശമായി പെരുമാറിയ, വേദന, വേദനിക്കുന്നു, വേദന നല്കുന്ന, വേദനാജനകമായ

## നിര്വചനം:

ആരോടെങ്കിലും "തെറ്റ് ചെയ്യുക" എന്നുള്ളത് ആ വ്യക്തിയോട് അനീതിയായും അവിശ്വസ്തതയോടും കൂടെ പെരുമാറുക എന്നുള്ളതാണ്.

- "അപമര്യാദ" എന്ന പദം അര്ത്ഥം നല്കുന്നത് മോശമായി അല്ലെങ്കില്പരുഷമായി ഒരാളോട് പെരുമാറുക വഴി ശാരീരികമായോ വികാരപരമായോ ആ വ്യക്തിക്ക് ഉപദ്രവം നല്കുക എന്നാണ് അര്ത്ഥം.
- "വേദന നല്കുക" എന്ന പദം വളരെ പൊതുവായ അര്ത്ഥം നല്കുന്നത് "ഏതെങ്കിലും മാര്ഗ്ഗത്തില് ആര്ക്കെങ്കിലും ഉപദ്രവം ഉണ്ടാക്കുക" എന്നാണ് അര്ത്ഥം. ഇതിനു സാധാരണയായി ശാരീരികമായ മുറിവ്" എന്ന് അര്ത്ഥം ഉണ്ട്.
- സാഹചര്യങ്ങളെ ആശ്രയിച്ചു, ഈ പദങ്ങള് "ദോഷം ചെയ്യുക" അല്ലെങ്കില്, "അന്യായമായി പെരുമാറുക" അല്ലെങ്കില് "ഉപദ്രവം ഉണ്ടാക്കുക" അല്ലെങ്കില് "ഉപദ്രവകരമായ രീതിയില് പെരുമാറുക" അല്ലെങ്കില് "മുറിപ്പെടുത്തുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- അപ്പോ.07:26-28
- പുറപ്പാട് 22:20-21
- ഉല്പ്പത്തി 16:5-6
- ലൂക്കോസ് 06:27-28
- മത്തായി 20:13-14
- സങ്കീര്ത്തനങ്ങള്071:12-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H205, H816, H2248, H2250, H2255, H2257, H2398, H2554, H2555, H3238, H3637, H4834, H5062, H5142, H5230, H5627, H5753, H5766, H5791, H5792, H5916, H6031, H6087, H6127, H6231, H6485, H6565, H6586, H7451, H7489, H7563, H7665, H7667, H7686, H8133, H8267, H8295, G91, G92, G93, G95, G264, G824, G983, G984, G1536, G1626, G1651, G1727, G1908, G2556, G2558, G2559, G2607, G3076, G3077, G3762, G4122, G5195, G5196

# തേന്, തേന്കൂട്

## നിര്വചനം:

“തേന്” എന്നത് പുഷ്പങ്ങളുടെ തേന്അറയില്നിന്ന് തേനീച്ചകള് ശേഖരിച്ചു ഉണ്ടാക്കുന്ന മധുരമുള്ള, കട്ടിയുള്ള, ഭക്ഷ്യ യോഗ്യമായ വസ്തുവാണ് തേനട എന്നത് തേനീച്ചകള്തേന്ശേഖരിക്കുവാന്ഉപയോഗിക്കുന്ന മെഴുകുപോലുള്ള ചട്ടക്കൂട് ആണ്.

- തരം അനുസരിച്ച്, തേന്മഞ്ഞ അല്ലെങ്കില്തവിട്ട് നിറത്തില് കാണപ്പെടും.
- തേന് വനങ്ങളിലും, മരത്തിന്റെ പൊത്തുകളിലും, അല്ലെങ്കില് എവിടെയെല്ലാം തേനീച്ചകള് കൂടുകള് ഉണ്ടാക്കുന്നോ അവിടെ എല്ലാം കാണപ്പെടാം. കൂടുകളില് തേനീച്ചകളെ വളര്ത്തിയും ജനങ്ങള് ഭക്ഷണത്തിനോ വില്പ്പനക്കോ വേണ്ടി ഉല്പ്പാദിപ്പിക്കാറുണ്ട്, എങ്കിലും ദൈവ വചനത്തില് സൂചിപ്പിച്ചിരിക്കുന്നത് കാട്ടുതേന് ആണ്.
- കാട്ടുതേന് ഭക്ഷിച്ചതായി ദൈവവചനത്തില് രേഖപ്പെടുത്തിയിരിക്കുന്ന മൂന്നു വ്യക്തികള് യോനാഥാന്, ശിംശോന്, സ്നാപക യോഹന്നാന് എന്നിവര് ആണ്.
- ഈ പദം സാധാരണയായി ഉപമാന രൂപത്തില്മധുരമുള്ളതോ വളരെ സന്തോഷകരമായതോ ആയ എന്തിനെയെങ്കിലും വിവരിക്കുവാന്ഉപയോഗിക്കുന്നു. ഉദാഹരണമായി, ദൈവത്തിന്റെ വചനങ്ങളും പ്രമാണങ്ങളും “തേനിനെക്കാളും മാധുര്യമേറിയത്” എന്ന് വിശേഷിപ്പിക്കുന്നു. (കാണുക:ഉപമ, രൂപകം)
- ചില സന്ദര്ഭങ്ങളില്ഒരു വ്യക്തിയുടെ വാക്കുകള്തേന്പോലെ മധുരമായത് എന്ന് വിശേഷിപ്പിക്കാറുണ്ട്, എന്നാല്ഉണ്ടാകുന്ന അനന്തര ഫലങ്ങള് മറ്റുള്ളവരെ വഞ്ചിക്കുന്നതും ഉപദ്രവിക്കുന്നതും ആയിരിക്കും.

(കാണുക:യോഹന്നാന്(സ്നാപകന്), യോനാഥാന്, ഫെലിസ്ത്യര്, ശിംശോന്)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്14:1-3
- ആവര്ത്തന പുസ്തകം 06:3
- പുറപ്പാട് 13:3-5
- യോശുവ 05:6-7
- സദൃശവാക്യങ്ങള്05:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1706, H3293, H3295, H5317, H6688, G2781, G3192, G3193

# ദര്ശനം, ദര്ശനങ്ങള്, ദര്ശനം പ്രാപിക്കുക

## വസ്തുതകള്:

"ദര്ശനം" എന്ന പദം സൂചിപ്പിക്കുന്നത് ഒരു വ്യക്തി കാണുന്ന എന്തെങ്കിലും ആകുന്നു. ഇത് പ്രത്യേകാല് അസാധാരണമായ അല്ലെങ്കില് അമാനുഷികമായ എന്തെങ്കിലും ദൈവം ജനത്തിനു അവരോട് ഒരു സന്ദേശം നല്കേണ്ടതിനായി കാണിക്കുന്നതിനെ സൂചിപ്പിക്കുന്നു.

- സാധാരണയായി, ദര്ശനങ്ങള് എന്നത് ഒരു മനുഷ്യന് ഉണര്ന്നിരിക്കുമ്പോള് കാണുന്നവ ആകുന്നു. എങ്കിലും, ചില സന്ദര്ഭങ്ങളില് ഒരു ദര്ശനം എന്നത് ഒരു വ്യക്തി ഗാഢനിദ്ര ചെയ്തുകൊണ്ടിരിക്കുമ്പോള് കാണുന്ന സ്വപ്നവും ആകുന്നു..
- വളരെ പ്രാധാന്യം അര്ഹിക്കുന്ന എന്തെങ്കിലും ഒന്ന് ജനത്തോടു പറയുവാനായി ദൈവം ദര്ശനങ്ങളെ അയക്കുന്നു. ഉദാഹരണമായി, പത്രോസ് പുറജാതികളെ സ്വീകരിക്കണം എന്ന് ദൈവം ആവശ്യപ്പെടുന്നതിനാല് അത് പറയേണ്ടതിനു പത്രോസിനു ഒരു ദര്ശനം കാണിച്ചു കൊടുത്തു.

## പരിഭാഷ നിര്ദേശങ്ങള്:

"ഒരു ദര്ശനം കണ്ടു" എന്ന പദസഞ്ചയം "ദൈവത്തില് നിന്നും അസാധാരണമായ എന്തോ കണ്ടു" അല്ലെങ്കില് "ദൈവം അവനെ പ്രത്യേകതയുള്ളതു കാണിച്ചു" എന്ന് പരിഭാഷ ചെയ്യാം.

- ചില ഭാഷകള്ക്ക് "ദര്ശനത്തിനും" "സ്വപ്നത്തിനും" പ്രത്യേകം വാക്കുകള് ഉണ്ടായിരിക്കുവാന് ഇടയില്ല. ആയതിനാല് "ദാനിയേലിന് തന്റെ മനസ്സില് സ്വപ്നങ്ങളും ദര്ശനങ്ങളും ഉണ്ടായി" എന്നത് പോലെയുള്ള വാചകങ്ങള് "ദാനിയേല് ഗാഢനിദ്ര ചെയ്തു കൊണ്ടിരിക്കുമ്പോള് സ്വപ്നങ്ങളില് കൂടെ ദൈവം അവനു അസാധാരണമായ കാര്യങ്ങള് കാണുവാന് ഇടവരുത്തി" എന്നത് പോലെ പരിഭാഷ ചെയ്യാം.

(കാണുക: സ്വപ്നം)

## ദൈവ വചന സൂചികകള്:

- അപ്പോ.09:10-12
- അപ്പോ.10:3-6
- അപ്പോ.10:9-12
- അപ്പോ.12:9-10
- ലൂക്കോസ് 01:21-23
- ലൂക്കോസ് 24:22-24
- മത്തായി 17:9-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2376, H2377, H2378, H2380, H2384, H4236, H4758, H4759, H7203, H7723, H8602, G3701, G3705, G3706

# ദഹനയാഗം, ദഹനയാഗങ്ങള്, അഗ്നിയാല്ഉള്ള വഴിപാട്

## നിര്വചനം:

“ദഹനയാഗം” എന്നത് ഒരു യാഗപീഠത്തിന്മേല്അഗ്നികൊണ്ട് ദഹിപ്പിച്ചു ദൈവത്തിനു അര്പ്പിക്കുന്ന ഒരുതരം യാഗമാണ്. ഇതു ജനത്തിന്റെ പാപങ്ങള്ക്ക്പ്രായശ്ചിത്തമായി അര്പ്പിക്കുന്നതായിരുന്നു. ഇതിനെ “അഗ്നിയാല്ഉള്ള വഴിപാട്” എന്നും വിളിച്ചിരുന്നു.

- ഈ വഴിപാടിന് സാധാരണയായി ചെമ്മരിയാടുകളെയോ കൊലാടുകളെയോ ആണ് ഉപയോഗിച്ചുവന്നിരുന്നത്, എന്നാല്കാളകളെയും പക്ഷികലെയുക് കൂടെ ഉപയോഗിക്കുമായിരുന്നു.
- തോലൊഴികെ, മുഴുവന്മൃഗത്തെയും മുഴുവന്മൃഗത്തെയും ഈ വഴിപാടില്ദഹിപ്പിക്കുമായിരുന്നു.

തോല്അല്ലെങ്കില്ചര്മ്മം പുരോഹിതന് നല്കുമായിരുന്നു.

- ദൈവം യഹൂദാജനത്തോടു ദിവസവും രണ്ടു പ്രാവശ്യം ദഹനയാഗം അര്പ്പിക്കണമെന്നു ആവ കല്പ്പിച്ചിരുന്നു.

(കാണുക: യാഗപീഠം, പ്രായശ്ചിത്തം, കാള, പുരോഹിതന്, യാഗം)

## ദൈവവചന സൂചികകള്:

- പുറപ്പാട് 40:5-7
- ഉല്പ്പത്തി 08:20-22
- ഉല്പ്പത്തി 22:1-3
- ലേവ്യപുസ്തകം 03:3-5
- മര്ക്കോസ് 12:32-34

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H801, H5930, H7133, H8548, G3646

# ദഹിപ്പിക്കുക, ദഹിപ്പിക്കുന്നു, ദഹിപ്പിച്ചു, ദഹിപ്പിക്കുന്ന

## നിര്വചനം:

“ദഹിപ്പിക്കുന്ന” എന്ന പദം അക്ഷരീകമായി അര്ത്ഥമാക്കുന്നത് എന്തിനെയെങ്കിലും ഉപയോഗിക്കുന്നു എന്നാണ്. ഇതിനു പല ഉപമാന അര്ത്ഥങ്ങള്ഉണ്ട്.

- ദൈവവചനത്തില്, “ദഹിപ്പിക്കുക” എന്നത് സാധാരണയായി വസ്തുക്കളെയോ ജനത്തെയോ നശിപ്പിക്കുന്നതിനെ സൂചിപ്പിക്കുന്നു.
- ഒരു അഗ്നിയെന്നത് വസ്തുക്കളെ ദഹിപ്പിക്കുന്നു എന്നു പറയുമ്പോള്, അതിന്റെയര്ത്ഥം അത് അവയെ കത്തിച്ചു നശിപ്പിക്കുന്നു എന്നാണര്ത്ഥം.
- ദൈവത്തെ “ദഹിപ്പിക്കുന്ന അഗ്നി” എന്നു സൂചിപ്പിക്കുമ്പോള്, അത് പാപത്തിനെതിരെയുള്ള തന്റെ കോപത്തെ കുറിക്കുന്നു. തന്റെ കോപം മാനസ്സന്തരപ്പെടാത്ത പാപികള്ക്കായുള്ള ഘോരമായ ശിക്ഷയില്ഫലമുളവാക്കുന്നു. ഭക്ഷണം കഴിക്കുന്നു എന്നാല് എന്തോ ഒന്നു ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്യുന്നു എന്നാണര്ത്ഥം.
- ”ദേശത്തെ ഭക്ഷിക്കുക” എന്ന പദസഞ്ചയം “ദേശത്തെ നശിപ്പിക്കുക” എന്നു പരിഭാഷപ്പെടുത്തുന്നു.

## പരിഭാഷ നിര്ദേശങ്ങള്

- ദേശത്തെയൊ ജനങ്ങളെയോ ദഹിപ്പിക്കുക എന്ന സാഹചര്യത്തില്, ഈ പദം “നശിപ്പിക്കുക” എന്നു പരിഭാഷപ്പെടുത്താം.
- അഗ്നി “ദഹിപ്പിക്കുക” എന്ന അര്ത്ഥത്തില്സൂചിപ്പിക്കുമ്പോള്“കത്തിച്ചു കളയുക” എന്നു പരിഭാഷപ്പെടുത്തുക.
- കത്തിക്കൊണ്ടിരിക്കുന്ന മുള്ചെടി മോശെ കണ്ടപ്പോള്അത് “ദഹിച്ചുപോകാതെ ഇരുന്നു” എന്നത് “കത്തിപ്പോയില്ല” അല്ലെങ്കില്“കരിഞ്ഞുപോയില്ല” എന്നു പരിഭാഷപ്പെടുത്താം.
- ‘’ദഹിപ്പിക്കുക” എന്നത് ഭക്ഷിക്കുന്നതിനെ സൂചിപ്പിക്കുമ്പോള്, ഇതു “ഭക്ഷിക്കുക” അല്ലെങ്കില്“വാരി വിഴുങ്ങുക” എന്നു പരിഭാഷപ്പെടുത്താം.
- ആരുടെയെങ്കിലും ശക്തി “ക്ഷയിച്ചു” എന്നതിന്റെ അര്ത്ഥം, തന്റെ ശക്തി ‘’ഉപയോഗിച്ചു തീര്ന്നു” അല്ലെങ്കില്“നഷ്ടപ്പെട്ടു” എന്നാണ്.
- ”ദൈവം ദഹിപ്പിക്കുന്ന അഗ്നിയാകുന്നു” എന്ന ആശയം “ദൈവം വസ്തുക്കളെ ചുട്ടെരിച്ചുകളയുന്ന അഗ്നിപോലെയാകുന്നു” അല്ലെങ്കില്“ദൈവം പാപത്തിനെതിരെ കൊപിഷ്ടനാകുന്നുവെന്നും താന്പാപികളെ അഗ്നിയാലെന്നപോലെ നശിപ്പിച്ചു കളയുമെന്നും പരിഭാഷപ്പെടുത്താം.

(കാണുക: ആര്ത്തിയോടെ വാരിവിഴുങ്ങുക, ക്രോധം)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്18:38-40
- ആവര്ത്തനപുസ്തകം 07:16
- യിരെമ്യാവ് 03:23-25
- ഇയ്യോബ് 07:8-10
- സംഖ്യാപുസ്തകം 11:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H398, H402, H1086, H1104, H1197, H1497, H1846, H2000, H2628, H3615, H3617, H3631, H3857, H4127, H4529, H4743, H5486, H5487, H5595, H6244, H6789, H7332, H7646, H7829, H8046, H8552, G355, G1159, G2618, G2654, G2719, G5315, G5723

# ദാസ്യപ്പെടുത്തുക, ദാസ്യപ്പെടുത്തുന്നു, ദാസ്യപ്പെടുത്തപ്പെട്ട, പ്രതിജ്ഞാപത്രം, വിധേയത്വം, അടിമത്തം, കെട്ടപ്പെട്ട

## നിര്വചനം:

"ദാസ്യപ്പെടുത്തുക" എന്നാല് ഒരു വ്യക്തിയെ ഒരു യജമാനനെയൊ ഒരു ഭരിക്കുന്ന രാജ്യത്തെയോ സേവിക്കുവാന് നിര്ബന്ധിക്കുക എന്നര്ത്ഥം. "ദാസ്യപ്പെടുത്തപ്പെട്ട" അല്ലെങ്കില് "വിധേയത്വത്തില്" എന്നാല് ഏതിന്റെ യെങ്കിലും അല്ലെങ്കില് ആരുടെയെങ്കിലും നിയന്ത്രണത്തിന്റെ കീഴില്ആയിരിക്കുക എന്നര്ത്ഥം. ദാസ്യപ്പെട്ട അല്ലെങ്കില് വിധേയത്വമാക്കപ്പെട്ട ഒരു വ്യക്തി ശമ്പളം കൂടാതെ സേവിക്കുകയും തന്റെ ഇഷ്ടപ്രകാരം പ്രവര്ത്തിക്കുവാന് സ്വാതന്ത്ര്യം ഇല്ലാതെ ഇരിക്കുകയും വേണം.

- "ദാസ്യപ്പെടുത്തുക" എന്നാല് ഒരു വ്യക്തിയുടെ സ്വാതന്ത്ര്യം എടുത്തു മാറ്റുക എന്നും അര്ത്ഥമുണ്ട്.
- "വിധേയത്വ" ത്തിനുള്ള വേറൊരു വാക്കാണ് "അടിമത്തം" എന്നുള്ളത്.
- ഒരു ഉപമാന രൂപേണ, മനുഷ്യവര്ഗ്ഗം യേശുവിനാല് പാപത്തിന്റെ നിയന്ത്രണത്തില് നിന്നും അധികാരത്തില് നിന്നും സ്വതന്ത്രമാക്കുന്നത് വരെയും അതിനു "ദാസ്യപ്പെട്ടി"രിക്കുന്നു.
- ഒരുവന് യേശുക്രിസ്തുവില് നവജീവന് പ്രാപിച്ചു കഴിയുമ്പോള്, താന് പാപത്തിനു അടിമയായി കഴിയുന്നത് നിര്ത്തലാക്കുകയും ഒരു നീതികരണത്തിനു അടിമയാകുകയും ചെയ്യുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "ദാസ്യപ്പെടുത്തുക" എന്ന പദം "സ്വതന്ത്രന്ആകുവാന് ഇടവരുത്താതി രിക്കുക" അല്ലെങ്കില് "മറ്റുള്ളവരെ സേവിക്കുവാന് നിര്ബന്ധിക്കുക" അല്ലെങ്കില് "മറ്റുള്ളവരുടെ നിയന്ത്രണത്തിന് കീഴാക്കുക" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- "ദാസ്യപ്പെടുത്തപ്പെട്ട" അല്ലെങ്കില് "വിധേയത്വമാക്കപ്പെട്ട" എന്നത് "ഒരു അടിമയായി ഇരിപ്പാന് തക്കവണ്ണം" അല്ലെങ്കില് ''സേവ ചെയ്യുവാനായി നിര്ബന്ധിക്കുക" അല്ലെങ്കില് "നിയന്ത്രണ വിധേയത്വത്തിന്കീഴ്" ആയിരിക്കുക എന്നു പരിഭാഷപ്പെടുത്താം.

(കാണുക: സ്വാതന്ത്ര്യം, നീതി, വേലക്കാരന്)

## ദൈവവചന സൂചികകള്:

- ഗലാത്യര്:3-5
- ഗലാത്യര്:24-25
- ഉല്പ്പത്തി 15:12-13
- യിരെമ്യാവ് 30:8-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3533, H5647, G1398, G1402, G2615

# ദിനവൃത്താന്തങ്ങള്

## നിര്വ്വചനം;

"ദിനവൃത്താന്തം'' എന്ന പദം ഒരു നിര്ദിഷ്ട കാലഘട്ടത്തില്നടന്ന സംഭവങ്ങളെ രേഖപ്പെടുത്തിയ രേഖ എന്നാണര്ത്ഥം.

- രണ്ടു പഴയനിയമ പുസ്തകങ്ങളെ "ഒന്നാം ദിനവൃത്താന്ത പുസ്തകം" എന്നും "രണ്ടാം ദിനവൃത്താന്ത പുസ്തകം" എന്നും വിളിക്കുന്നു.
- "ദിനവൃത്താന്തങ്ങള്" എന്നു വിളിക്കുന്ന പുസ്തകങ്ങളില്ഇസ്രയേല്യരുടെ ഭാഗികമായ ചരിത്രം രേഖപ്പെടുത്തുന്നതിനോടൊപ്പം, ആദാം മുതല്ഉള്ളതായ ഓരോ തലമുറയിലെയും വ്യക്തികളുടെ പേരുവിവരങ്ങളും കാണപ്പെടുന്നു.
- "ഒന്നാം ദിനവൃത്താന്തപുസ്തകം" ശൌല്രാജാവിന്റെ ജീവിതാന്ത്യവും ദാവീദ് രാജാവിന്റെ ഭരണകാലത്തെ സംഭവങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു.
- "രണ്ടാം ദിനവൃത്താന്ത പുസ്തകം" ശലോമോന്രാജാവിന്റെയും മറ്റു പല രാജാക്കന്മാരുടെയും ഭരണത്തെയും, ദൈവാലയ നിര്മ്മിതിയെയും തെക്കന്രാജ്യമായ യഹൂദയില്നിന്നും വടക്കന്രാജ്യമായ ഇസ്രയേല്ഭിന്നിച്ചു പോയതിനെയും രേഖപ്പെടുത്തിയിരിക്കുന്നു.
- രണ്ടാം ദിനവൃത്താന്ത പുസ്തകത്തിന്റെ അന്ത്യത്തില്ബാബിലോണ്പ്രവാസത്തിന്റെ ആരംഭത്തെ വിവരിച്ചിരിക്കുന്നു.

(കാണുക: ബാബിലോണ്, ദാവീദ്, പ്രവാസം, ഇസ്രയേല്രാജ്യം, യഹൂദ, ശലോമോന്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്27:23-24
- 2 ദിനവൃത്താന്തങ്ങള്33:18-20
- എസ്ഥേര്10:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1697

# ദിവസം, ദിവസങ്ങള്:

## നിര്വചനം:

"ദിവസം" എന്ന പദം അക്ഷരീകമായി സൂര്യാസ്തമയത്തോടുകൂടെ ആരംഭിക്കുന്ന 24 മണിക്കൂറുകളുടെ കാലയളവിനെയാണ് സൂചിപ്പിക്കുന്നത്. ഇതു ഉപമാനരൂപത്തിലും ഉപയോഗിക്കാറുണ്ട്.

- യിസ്രയേല്യര്ക്കും യഹൂദന്മാര്ക്കും ഒരു ദിവസം ആരംഭിക്കുന്നത് ഒരു ദിവസത്തിന്റെ സൂര്യാസ്തമനത്തിലും അവസാനിക്കുന്നത് അടുത്ത ദിവസത്തിലെ സൂര്യാസ്തമനത്തിലും ആകുന്നു.
- ചില സന്ദര്ഭങ്ങളില്"ദിവസം" എന്ന പദം ഉപമാനപരമായി ഒരു ദീര്ഘ കാലയളവിനെ, "യഹോവയുടെ ദിവസം" അല്ലെങ്കില്"അന്ത്യ നാളുകള്" എന്നു ഉപയോഗിക്കുന്നു.
- ചില ഭാഷകളില്ഈ ഉപമാന പ്രയോഗങ്ങള്ക്കു വ്യത്യസ്തമായ ഭാവങ്ങള് പരിഭാഷക്കായി ഉപയോഗിക്കുകയോ "ദിവസ"ത്തെ ഉപമാനരൂപത്തിലല്ലാതെ പരിഭാഷപ്പെടുത്തുകയോ ചെയ്യും.
- "ദിവസം" എന്നതിനുള്ള ഇതര പരിഭാഷകളില്, 'സമയം" അല്ലെങ്കില്"കാലം" അല്ലെങ്കില്"സന്ദര്ഭം" അല്ലെങ്കില്"സംഭവം", എന്നിങ്ങനെ സന്ദര്ഭാനുസരണം ഉള്പ്പെടുന്നു.

(കാണുക: ന്യായവിധി ദിവസം, അന്ത്യ നാള്)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്20:4-6
- ദാനിയേല്10:4-6
- എസ്രാ 06:13-15
- എസ്രാ 06:19-20
- മത്തായി 09:14-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3117, H3118, H6242, G2250

# ദീർഘക്ഷമ കാണിക്കുക, ദീർഘക്ഷമ കാണിക്കുക

## നിർവചനം:

"ദീർഘക്ഷമ കാണിക്കുക" എന്നും "ദീർഘക്ഷമ" എന്നും ഉള്ള പദങ്ങൾവളരെ പ്രയാസത്തോടെ ആണെങ്കിലും അല്ലെങ്കിൽവളരെ ദീർഘകാലം എടുക്കും എങ്കിലും മടുത്തു പോകാതെ പരിശ്രമിക്കുന്നതിനെ സൂചിപ്പിക്കുന്നു.

- ദീർഘ ക്ഷമ കാണിക്കുക എന്നത് ക്രിസ്തുവിനെ പോലെ വിഷമത ഏറിയ പരിശോധനകൾഅല്ലെങ്കിൽസാഹചര്യങ്ങളിൽകൂടെ കടന്നു പോയാലും പ്രവർത്തിയിൽതുടർന്ന് കൊണ്ട് പോകുന്നതിനെ അർത്ഥമാക്കുന്നു.
- ഒരു വ്യക്തിക്ക് "ദീർഘക്ഷമ" ഉണ്ടെങ്കിൽഅതിന്റെ അർത്ഥം താൻചെയ്യേണ്ടതായ കാര്യം വളരെ വേദന അല്ലെങ്കിൽപ്രയാസം ഏറിയതാണ് എങ്കിൽപോലും താൻഅത് ചെയ്യുന്നതിനു കഴിവ് ഉള്ളവൻആയിരിക്കുക എന്നാണ്.
- ദൈവം പഠിപ്പിക്കുന്നത് തുടർമാനമായി വിശ്വസിക്കുന്നതിന് ദീർഘക്ഷമ ആവശ്യമാണ്, പ്രത്യേകാൽദുരുപദേശങ്ങളെ അഭിമുഖീകരിക്കുമ്പോൾ.
- "പിടിവാശി" എന്ന് അർത്ഥം വരുന്ന നിഷേധാത്മക അർത്ഥം വരുന്ന ഒരു വാക്കു ഉപയോഗിക്കാതെ ഇരിക്കുവാൻശ്രദ്ധിക്കുക.

(കാണുക: ക്ഷമ, പരിശോധന)

## ദൈവ വചന സൂചികകൾ:

- കൊലൊസ്സ്യർ01:11-12
- എഫെസ്യർ06:17-18
- യാക്കോബ് 05:9-11
- ലൂക്കോസ് 08:14-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G3115, G4343, G5281

# ദുരിതം അനുഭവിക്കുക, ദുരിതം അനുഭവിക്കുന്നു, ദുരിതം അനുഭവിച്ച, ദുരിതം, ദുരിതങ്ങള്

## നിര്വചനം:

"ദുരിതം അനുഭവിക്കുക" എന്നും "ദുരിതം" എന്നും ഉള്ള പദങ്ങള് വളരെ അസന്തുഷ്ടകരമായ അനുഭവങ്ങള് രോഗം, വേദന, അല്ലെങ്കില് മറ്റുള്ള കഠിനാനുഭവങ്ങള് അനുഭവിക്കുക എന്നുള്ളതാണ്.

- ജനങ്ങള് പീഡിപ്പിക്കപ്പെടുമ്പോഴോ, രോഗികള് ആകുമ്പോഴോ, അവര് ടുരിതം അനുഭവിക്കുന്നു.
- ചില സന്ദര്ഭങ്ങളില് ജനം അവര് ചെയ്ത തെറ്റായ സംഗതികള് നിമിത്തം ദുരിതം അനുഭവിക്കുന്നു; മറ്റു സമയങ്ങളില് അവര് ലോകത്തിലെ പാപം നിമിത്തവും രോഗം നിമിത്തവും ദുരിതം അനുഭവിക്കുന്നു.
- ദുരിതം എന്നത് ശാരീരികമായ, അതായത് വേദന അനുഭവിക്കുകയോ രോഗതുരമാകുകയോ ചെയ്യുന്നത് ആകാം. അത് ഭയം, സങ്കടം, അല്ലെങ്കില് ഏകാന്തത പോലെയുള്ള വൈകാരികമായതും ആകാവുന്നതാണ്.
- "എന്നെ സഹിക്കണമേ" എന്ന പദസഞ്ചയം അര്ത്ഥം നല്കുന്നത് "എന്നോട് പൊറുക്കണമേ" അല്ലെങ്കില് "എന്നെ കേള്ക്കേണമേ" അല്ലെങ്കില് "ക്ഷമാപൂര്വ്വം എന്നെ ശ്രദ്ധിക്കണമേ" എന്നൊക്കെ ആകുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "ദുരിതം അനുഭവിക്കുക" എന്ന പദം "വേദന അനുഭവിക്കുക" അല്ലെങ്കില് പ്രയാസം സഹിക്കുക" അല്ലെങ്കില് കാഠിന്യമായവ അനുഭവിക്കുക" അല്ലെങ്കില് "കഷ്ടതയും വേദനാജനകവും ആയ സാഹചര്യങ്ങളില്കൂടെ കടന്നു പോകുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- സാഹചര്യം അനുസരിച്ചു, "ദുരിതം" എന്നത് "തികെച്ചും വിഷമകരമായ സാഹചര്യങ്ങള്" അല്ലെങ്കില് "കഠിനമായ പ്രയാസങ്ങള്" അല്ലെങ്കില് "കഠിന ശോധനകള് അനുഭവിക്കുക" അല്ലെങ്കില് വേദനാപൂര്ണമായ അനുഭവങ്ങള്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ദാഹത്താല് വ'ലയുക" എന്ന പദസഞ്ചയം "ദാഹം അനുഭവിക്കുക" അല്ലെങ്കില് " ദാഹത്താല് കഷ്ടപ്പെടുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "അക്രമം അനുഭവിക്കുക" എന്നത് "അക്രമത്തിനു വിധേയമായി പോകുക" അല്ലെങ്കില് "അക്രമ നടപടികളാല് ഉപദ്രവിക്കപ്പെടുക" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- 1 തെസ്സലോനിക്യര് 02:14-16
- 2 തെസ്സലോനിക്യര്:3-5
- 2 തിമോത്തിയോസ് 01:8-11
- അപ്പോ.07:11-13
- യെശ്ശയ്യാവ് 53:10-11
- യിരെമ്യാവ് 06:6-8
- മത്തായി 16:21-23
- സങ്കീര്ത്തനങ്ങള് 022:24-25
- വെളിപ്പാട് 01:9-11
- റോമര് 05:3-5

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **09:13** ദൈവം പറഞ്ഞത്, ഞാന് എന്റെ ജനത്തിന്റെ **ദുരിതം** കണ്ടു."
- **38:12** യേശു മൂന്നു പ്രാവശ്യം പ്രാര്ഥിച്ചത്, "എന്റെ പിതാവേ, സാധ്യമെങ്കില്, **ദുരിതത്തിന്റെ** ഈ പാനപാത്രം പാനം ചെയ്യുവാന്എനിക്കു ഇട വരുത്തരുതേ."
- **42:03** അവന് (യേശു) അവരെ ഓര്മ്മിപ്പിച്ചത് മശീഹ **ദുരിതങ്ങള്** അനുഭവിക്കുകയും കൊല്ലപ്പെടുകയും ചെയ്യുമെന്നും, എന്നാല് മൂന്നാം ദിവസം വീണ്ടും ഉയിര്ത്തെഴുന്നേല്ക്കും എന്നും ആയിരുന്നു.
- **42:07** അവന്(യേശു) പറഞ്ഞത്, "ദീര്ഘ കാലങ്ങള്ക്ക് മുന്പ് മശീഹ **ദുരിതം** അനുഭവിക്കും എന്നും, കൊല്ലപ്പെടുകയും, മൂന്നാം ദിവസം വീണ്ടും ഉയര്ത്തെഴുന്നേല്ക്കും എന്നും എഴുതപ്പെട്ടിരിക്കുന്നുവല്ലോ" എന്നാണ്.

- **44:05** "നിങ്ങള്ചെയ്യുന്നത് എന്താണെന്നു നിങ്ങള്ഗ്രഹിക്കുന്നില്ല എങ്കിലും, മശീഹ **ദുരിതങ്ങള്** അനുഭവിക്കുമെന്നും മരിക്കുമെന്നും ഉള്ള പ്രവചനങ്ങള്പൂര്ത്തീകരിക്കപ്പെടുവാനായി നിങ്ങളുടെ പ്രവര്ത്തികളെ ദൈവം ഉപയോഗിച്ചു.
- **46:04** ദൈവം പ്രസ്താവിച്ചു, "ഞാന്അവനെ (ശൌലിനെ) രക്ഷിക്കപ്പെടാത്തവരുടെ ഇടയില്എന്റെ നാമം പ്രസ്താവിക്കേണ്ടതിനു തിരഞ്ഞെടുത്തിരിക്കുന്നു. എന്റെ നിമിത്തം അവന്എന്തുമാത്രം **ദുരിതങ്ങള്** സഹിക്കേണ്ടി വരുമെന്ന് ഞാന്അവനു കാണിച്ചു കൊടുക്കും."
- **50:17** അവന്(യേശു) ഏവരുടെയും കണ്ണുനീര്തുടയ്ക്കുകയും അനന്തരം ഒരിക്കലും **ദുരിതങ്ങള്**, സങ്കടം, കരച്ചില്, തിന്മ, വേദന, അല്ലെങ്കില്മരണം ഇനി ഉണ്ടാകുകയും ഇല്ല.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H943, H1741, H1934, H4342, H4531, H4912, H5142, H5254, H5375, H5999, H6031, H6040, H6041, H6064, H6090, H6770, H6869, H6887, H7661, G91, G941, G971, G2210, G2346, G2347, G3804, G3958, G4310, G4778, G4841, G5004, G5723

# ദുര്ഗ്ഗം, ദുര്ഗ്ഗങ്ങള്, കോട്ടകള്, സംരക്ഷിതമാക്കിയ, കോട്ട, കോട്ടകള്

## നിര്വചനം:

"ദുര്ഗ്ഗം" എന്നും "കോട്ട"എന്നും ഉള്ള രണ്ടും എതിരായി ആക്രമിക്കുവാന് വരുന്ന ശത്രുക്കളില് നിന്നും വളരെ സുരക്ഷിതമായി സംരക്ഷിക്കപ്പെടുന്ന സ്ഥലം. "സുരക്ഷിതമാക്കിയ" എന്ന പദം ഒരു പട്ടണം അല്ലെങ്കില് മറ്റു സ്ഥലങ്ങളെ ആക്രമണങ്ങളില് നിന്നും സുരക്ഷിതമായി കരുതുന്ന സ്ഥലം.

- സാധാരണയായി ദുര്ഗ്ഗങ്ങളും കോട്ടകളും മനുഷ്യ നിര്മ്മിതമായ പ്രതിരോധ നിര്മ്മാണങ്ങള്ആണ്. അവിടെ പ്രകൃത്യാ നിര്മ്മിതമായ സംരക്ഷണ ചുവരുകള് പാറ ഇടുക്കുകള്, അല്ലെങ്കില് ഉയര്ന്ന മലകള് എന്നിങ്ങനെ ഉണ്ടാകാറുണ്ട്. ജനങ്ങള് ശത്രുക്കളാല് തകര്ത്തു അകത്തു കയറുവാന് അസാധ്യമായ നിലയില് വളരെ കനമുള്ള മതിലുകള് അല്ലെങ്കില് അതുപോലെയുള്ള ദുര്ഗ്ഗങ്ങള് നിര്മ്മിക്കാറുണ്ടായിരുന്നു.
- "ദുര്ഗ്ഗം" അല്ലെങ്കില് "കോട്ട" എന്നത് "ശക്തമായി സുരക്ഷമാക്കപ്പെട്ട സ്ഥലം" അല്ലെങ്കില് "ശക്തമായി സുരക്ഷിതമാക്കപ്പെട്ട സ്ഥലം" എന്ന് പരിഭാഷ ചെയ്യാം. "സുരക്ഷിതമാക്കപ്പെട്ട പട്ടണം" എന്നുള്ളത് "സുരക്ഷിതമായി സംരക്ഷിതമായ പട്ടണം" അല്ലെങ്കില് ശക്തമായ നിലയില് നിര്മ്മിക്കപ്പെട്ട പട്ടണം" എന്ന് പരിഭാഷ ചെയ്യാം.
- ഈ പദം ഉപമാന രീതിയില് ദൈവത്തെ ഒരു ദുര്ഗ്ഗം ആയി അല്ലെങ്കില് കോട്ടയായി തന്നില് ആശ്രയിക്കുന്നവര്ക്ക് വേണ്ടി കാണപ്പെടുന്നു എന്ന് സൂചിപ്പിക്കുന്നു. (കാണുക: രൂപകലാങ്കാരം
- "ദുര്ഗ്ഗം" എന്നുള്ളതിന് വേറൊരു ഉപമാന അര്ത്ഥം എന്തെന്നാല് അത് യഹോവയ്ക്ക് പകരമായി അസത്യ ദൈവങ്ങളെ അല്ലെങ്കില് മറ്റു വസ്തുക്കളെ തെറ്റായി സംരക്ഷണത്തിനു വേണ്ടി ആരെങ്കിലും ആശ്രയിച്ചാല് അതിനെ സൂചിപ്പിക്കുവാനും ഉപയോഗിക്കുന്നു. ഇതിനെ "വ്യാജമായ ദുര്ഗ്ഗങ്ങള്" എന്ന് പരിഭാഷ ചെയ്യാം.
- ഇത് "സങ്കേതം" എന്നുള്ള വ്യത്യസ്തമായ, ദുര്ഗ്ഗം എന്നുള്ളതിനേക്കാള് സംരക്ഷണം എന്ന ആശയത്തിന് ഊന്നല് നല്കുന്നതായി പരിഭാഷ ചെയ്യണം.

(കാണുക: അസത്യ ദൈവം, അസത്യ ദൈവം, സങ്കേതം, യഹോവ)

## ദൈവ വചന സൂചികകള്:

- 2 കൊരിന്ത്യര്:3-4
- 2 രാജാക്കന്മാര്:10-12
- 2 ശമുവല്:8-10
- അപ്പോ.21:34-36

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H490, H553, H759, H1001, H1002, H1003, H1219, H1225, H2388, H4013, H4026, H4581, H4526, H4679, H4685, H4686, H4692, H4693, H4694, H4869, H5794, H5797, H5800, H6438, H6696, H6877, H7682, G3794, G3925

# ദുര്മന്ത്രവാദി, ദുര്മന്ത്രവാദികള്, ദുര്മന്ത്രവാദിനി, ദുര്മന്ത്രവാദം, ദുര്മന്ത്രവാദങ്ങള്, ആഭിചാരം

## നിര്വചനം:

"ദുര്മന്ത്രവാദം" അല്ലെങ്കില്"ആഭിചാരം" എന്നത് ദുരാത്മാക്കളുടെ സഹായത്തോടു കൂടെ ശക്തമായ പ്രവര്ത്തികള്ചെയ്യുന്നത് ഉള്പ്പെടുന്ന മന്ത്രവാദത്തെ സൂചിപ്പിക്കുന്നു. ഒരു "ദുര്മന്ത്രവാദി" എന്നത് എപ്രകാരം ഉള്ള ശക്തമായ, മാന്ത്രിക പ്രവര്ത്തികള്ചെയ്യുന്ന വ്യക്തി ആകുന്നു.

- മാന്ത്രികത്തിന്റെയും മന്ത്രവാദത്തിന്റെയും ഉപയോഗം പ്രയോജനം നല്കുന്നവയ്ക്കും (ഒരു വ്യക്തിക്കു രോഗസൌഖ്യം വരുത്തുന്നത് പോലെ) ദോഷകരമായവയ്ക്കും (ഏതെങ്കിലും വ്യക്തിയുടെ മേല്ശാപം വരുത്തുന്നത് പോലെ) ഉള്പ്പെടുത്താം. എന്നാല്എല്ലാ വിധത്തില്ഉള്ള മന്ത്രവാദങ്ങളും തെറ്റാണ്, എന്തുകൊണ്ടെന്നാല്അവ ദുരാത്മാവിന്റെ ശക്തിയെ ഉപയോഗിക്കുന്നു.
- ദൈവ വചനത്തില്, ദൈവം പറയുന്നത് ദുര്മന്ത്രവാദ ശക്തി ഉപയോഗിക്കുന്നത് മറ്റു ഭയാനക പാപങ്ങളെപ്പോലെ തന്നെ ദോഷം ഉള്ളത് ആകുന്നു എന്നാണ് (വ്യഭിചാരം, വിഗ്രഹങ്ങളെ ആരാധിക്കുന്നത്, ശിശു ബലി പോലെയുള്ള).
- "ദുര്മന്ത്രവാദം" എന്നും "ആഭിചാരം" എന്നും ഉള്ള വാക്കുകളെ "ദുരാത്മാവിന്റെ ശക്തി" അല്ലെങ്കില്"മന്ത്രോച്ചാരണം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ദുര്മന്ത്രവാദി" എന്നുള്ളത് പരിഭാഷ ചെയ്യുവാന്ഉള്ള സാധ്യമായ രീതികള്"മാന്ത്രിക പ്രവര്ത്തി ചെയ്യുന്നവന്" അല്ലെങ്കില്"മന്ത്രോച്ചാരണം നടത്തുന്നയാള്" അല്ലെങ്കില്"ദുരാത്മാവിന്റെ ശക്തി ഉപയോഗിച്ചു അത്ഭുതങ്ങള്ചെയ്യുന്ന വ്യക്തി" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ദുര്മന്ത്രവാദം" എന്നതിന് "ഭാവി പ്രവചനം ", അതായതു ആത്മ ലോകവുമായി ബന്ധപ്പെടുവാന്ശ്രമിക്കുന്നത് എന്ന് മാത്രമല്ലാതെ വേറെയും അര്ത്ഥം ഉണ്ട്.

(കാണുക: വ്യഭിചാരം, ദുര്ഭൂതം, ഭാവിപ്രവചനം, അസത്യ ദൈവം, മന്ത്രവാദം, യാഗം, ആരാധന)

## ദൈവ വചന സൂചികകള്:

- അപ്പോ.08:9-11
- പുറപ്പാട് 07:11-13
- ഗലാത്യര്05:19-21
- വെളിപ്പാട് 09:20-21.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3784, H3785, H3786, H6049, G3095, G3096, G3097, G5331, G5332, G5333

# ദുര്വിധി

## നിര്വചനം:

"ദുര്വിധി" എന്ന പദം അപ്പീല് ചെയ്യുവാനോ രക്ഷപ്പെടുവാനോ സാധ്യത ഇല്ലാതവണ്ണം നല്കപ്പെട്ടിട്ടുള്ള കുറ്റത്തിനുള്ള ന്യായവിധി.

- ഇസ്രയേല് ദേശം ബാബിലോണിലേക്ക് പ്രവാസികളായി കൊണ്ടു പോകപ്പെട്ടപ്പോള്, പ്രവാചകനായ യെഹസ്കേല് പറഞ്ഞത്, "അവരുടെമേല്ദുര്വിധി വന്നിരിക്കുന്നു" എന്നാണ്.
- സാഹചര്യത്തിനു അനുസരിച്ച്, ഈ പദം "ദുരന്തം" അല്ലെങ്കില് "ശിക്ഷ" അല്ലെങ്കില് "പ്രതീക്ഷയ്ക്ക് വകയില്ലാതവണ്ണമുള്ള നാശം" എന്നു പരിഭാഷപ്പെടുത്താം.

## ദൈവവചന സൂചികകള്:

- യെഹസ്കേല് 07:5-7
- യെഹസ്കേല് 30:8-9
- യെശ്ശയ്യാവ് 06:4-5
- സങ്കീര്ത്തനങ്ങള്:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1820, H3117, H6256, H6843, H8045

# ദുർമ്മോഹം, ദുർമ്മോഹം ഉണ്ടാകുക, ദുർമോഹി ആകുക, ദുർമോഹം ഉള്ള

## നിർവചനം:

ദുർമോഹം എന്നത് വളരെ ശക്തമായ നിലയിൽ പാപം നിറഞ്ഞതോ അധാർമ്മികമായതോ ആയ കാര്യങ്ങളെ ആശിക്കുന്ന സാഹചര്യത്തിൽ ഉള്ളത് ആകുന്നു. ദുർമ്മോഹം എന്നത് ദുർമ്മോഹം ഉണ്ടാകുക എന്ന് ഉള്ളതാകുന്നു.

- ദൈവ വചനത്തിൽ, "ദുർമ്മോഹം" എന്നത് സാധാരണയായി തന്റെ സ്വന്ത ജീവിത പങ്കാളി അല്ലാതെ വേറൊരു വ്യക്തിയുമായി ലൈംഗിക ബന്ധത്തിനു ആഗ്രഹിക്കുന്നതിനെ സൂചിപ്പിക്കുന്നു.
- ചില സമയങ്ങളിൽഈ പദം വിഗ്രഹങ്ങളെ ആരാധിക്കുന്നതുമായി ബന്ധപ്പെട്ടു ഒരു ഉപമാന രൂപത്തിൽഉപയോഗിക്കാറുണ്ട്.
- സാഹചര്യത്തിനു അനുസൃതമായി, "ദുർമ്മോഹം" എന്നത് "തെറ്റായ ആഗ്രഹം" അല്ലെങ്കിൽ"അതിയായ മോഹം" അല്ലെങ്കിൽ"തെറ്റായ അധാർമ്മിക മോഹം" അല്ലെങ്കിൽ"പാപം ചെയ്യുവാൻഉള്ളതായ ശക്തമായ ആഗ്രഹം" എന്ന് പരിഭാഷ ചെയ്യാം.
- "ദുർമ്മോഹിയായി അലയുക" എന്ന പദ സഞ്ചയം" "തെറ്റായ രീതിയിൽഉള്ള ആഗ്രഹം" അല്ലെങ്കിൽ" ഒന്നിനെ കുറിച്ച് അധാർമ്മികമായി ചിന്തിക്കുക" അല്ലെങ്കിൽ"അധാർമ്മികമായി ആഗ്രഹിക്കുക" എന്ന് പരിഭാഷ ചെയ്യാം.

(കാണുക: വ്യഭിചാരം, അസത്യ ദൈവം)

## ദൈവ വചന സൂചികകൾ:

- 1 യോഹന്നാൻ02:15-17
- 2 തിമോത്തിയോസ് 02:22-23
- ഗലാത്യർ05:16-18
- ഗലാത്യർ05:19-21
- ഉൽപ്പത്തി 39:7-9
- മത്തായി 05:27-28

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H183, H185, H310, H1730, H2181, H2183, H2530, H5178, H5375, H5689, H5691, H5869, H7843, H8307, H8378, G766, G1937, G1938, G1939, G1971, G2237, G3715, G3806

# ദുഷ്ടന്, ദുഷ്ടന്മാര്, ദുഷ്പ്രവര്ത്തി

## നിര്വചനം:

“ദുഷ്ടന്” എന്ന പദം പാപം നിറഞ്ഞ ദുഷ്ട പ്രവര്ത്തികള് ചെയ്യുന്നവരെ പൊതുവേ സൂചിപ്പിക്കുന്ന പദമാണ്.

- ദൈവത്തെ അനുസരിക്കാത്തവര്ക്കുള്ള ഒരു പൊതുവായ പദം കൂടിയാണ്.
- “തിന്മ” അല്ലെങ്കില് “ദുഷ്ടത” എന്ന പദത്തോടുകൂടെ എന്തെങ്കിലും “പ്രവര്ത്തിക്കുന്നു” അല്ലെങ്കില് “ചെയ്യുന്നു” അല്ലെങ്കില്” കാരണമാകുന്നു” എന്നു ചേര്ത്തു പരിഭാഷപ്പെടുത്താം.

(കാണുക:തിന്മ)

## ദൈവവചന സൂചികകള്:

- 1 പത്രോസ് 02:13-17
- യെശ്ശയ്യാവ് 09:16-17
- ലൂക്കോസ് 13:25-27
- മലാഖി 03:13-15
- മത്തായി 07:21-23

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H205, H6213, H6466, H7451, H7489, G93, G458, G2038, G2040 , G2555

# ദേവദാരു, ദേവദാരു വൃക്ഷങ്ങള്

## നിര്വചനം:

ഒരു ദേവദാരു, അല്ലെങ്കില് ദേവദാരു വൃക്ഷം, വളരെ ഉയരമുള്ള വലിയ തടിയും വിശാലമായി വിസ്തൃതമായ ശാഖകള് ഉള്ളതുമാകുന്നു.

- ദേവദാരു വൃക്ഷങ്ങള്ക്ക് വളരെ ശക്തമായ, കടുപ്പമേറിയ മരം ആണുള്ളത്, അത് കപ്പല് നിര്മ്മാണത്തിനും, കൃഷിക്കു ഉപയുക്തമായ കലപ്പകള്, കാളകള്ക്കുള്ള നുകം, നടക്കുവാന് ഉപയോഗിക്കുന്ന ഊന്നുവടി ആദിയായവ നിര്മ്മിക്കുവാന് ഉപയോഗിക്കുന്നു.
- ദേവദാരു വൃക്ഷത്തിന്റെ വിത്തിനു ദേവദാരു വിത്ത് എന്ന് വിളിക്കുന്നു.
- ചില ഇനം ദേവദാരുക്കളുടെ തായ്മരത്തിനു 6 മീറ്റര് ചുറ്റളവ് വരെ ഉണ്ടായിരിക്കും.
- ദേവദാരു വൃക്ഷം ദീര്ഘയുസിനും മറ്റു ഇതര ആത്മീയ അനുഗ്രഹങ്ങള്ക്കും സൂചകങ്ങള് ആയിരിക്കുന്നു. ദൈവ വചനത്തില്, സാധാരണയായി വിശുദ്ധ സ്ഥലവുമായി ബന്ധപ്പെട്ടിരിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- പല പരിഭാഷകളിലും "ദേവദാരു" എന്ന പദം മാത്രം ഉപയോഗിക്കാതെ "ദേവദാരു വൃക്ഷം" എന്ന പദം വളരെ പ്രാധാന്യത്തോടെ ഉപയോഗിച്ചിരിക്കുന്നത് കാണുവാന് കഴിയും. സ്വീകര്ത്യ മേഖലയില് ദേവദാരു മരങ്ങള് അപരിചിതം ആണെങ്കില്, "ദേവദാരു" എന്നത്, "ദേവദാരു, ഒരു വലിയ നിഴല് തരുന്ന വൃക്ഷം...," എന്നിങ്ങനെ വിശദീകരണം നല്കിയ ശേഷം, അതുപോലെ ലക്ഷണങ്ങള് ഉള്ള ഒരു പ്രാദേശിക വൃക്ഷത്തിന്റെ പേര് നല്കാവുന്നതാണ്.
- കാണുക:അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം

(കാണുക: വിശുദ്ധമായ)

## ദൈവ വചന സൂചികകള്:

- 1 ശമുവേല്:3-4
- ഉല്പ്പത്തി 13:16-18
- ഉല്പ്പത്തി 14:13-14
- ഉല്പ്പത്തി 35:4-5
- ന്യായാധിപന്മാര്:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H352, H424, H427, H436, H437, H438

# ദേവദാരു, ദേവദാരുക്കള്

## നിര്വചനം:

ദേവദാരു എന്നത് വര്ഷം മുഴുവന് ഹരിതാഭമായി വിത്തുകള് ഉള്ള സൂചിതാഗ്ര വൃക്ഷമാണ്.

- ദേവദാരു വൃക്ഷങ്ങള് “നിത്യഹരിത” വൃക്ഷങ്ങള് എന്നും കൂടി അറിയപ്പെടുന്നു.
- പുരാതന കാലങ്ങളില്, സംഗീത ഉപകരണങ്ങള് നിര്മ്മിക്കുന്നതിനും പടകുകള്, ഭവനങ്ങള്, ദേവാലയം എന്നിങ്ങനെയുള്ള നിര്മ്മിതികള് പണിയുന്നതിനും ദേവദാരു വൃക്ഷങ്ങളെ ഉപയോഗിച്ചു വന്നിരുന്നു.
- ദൈവ വചനത്തില് രേഖപ്പെടുത്തിയിരിക്കുന്ന ദേവദാരു വൃക്ഷങ്ങളുടെ ചില ഉദാഹരണങ്ങളാണ് പൈന്, ഖദിരമരം, കാറ്റാടിമരം, ജുനിപ്പര്മരം ആദിയായവ.

(കാണുക:അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ഖദിര മരം]ദേവദാരു, ദേവദാരുക്കള്, ദേവദാരു മരം’, കാറ്റാടി മരം)

## ദൈവ വചന സൂചികകള്:

- യെഹസ്കേല് 27:4-5
- യെശ്ശയ്യാവ് 37:24-25
- യെശ്ശയ്യാവ് 41:19-20
- യെശ്ശയ്യാവ് 44:14
- യെശ്ശയ്യാവ് 60:12-18
- സങ്കീര്ത്തനം 104:16-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H766, H1265, H1266

# ദേവദാരു, ദേവദാരുക്കള്, ദേവദാരു മരം’

## നിര്വ്വചനം:

“ദേവദാരു” എന്ന പദം ചുവപ്പുകലര്ന്ന തവിട്ടുനിറമുള്ള തടിയോടുകൂടിയ വലിയ ദേവദാരു ഇന വൃക്ഷമാണ്. ഇതര ദേവദാരു വൃക്ഷങ്ങളെപ്പോലെ ഇതിനു സ്തൂപികാകൃതിയും സൂചിപോലു ള്ളതുമായ ഇലകള്ഉണ്ട്.

- പഴയനിയമത്തില്ഇവ ധാരാളമായി വളരുന്ന ലെബനോനോട് ബന്ധപ്പെടുത്തി ദേവദാരു വൃക്ഷത്തെ സൂചിപ്പിക്കാറുണ്ട്.
- ദേവദാരു മരം യെരുശലേം ദേവാലയ നിര്മ്മിതിക്ക് ഉപയോഗിച്ചിട്ടുണ്ട്.
- ഇതു യാഗങ്ങള്ക്കും, ശുദ്ധീകരണ വഴിപാടുകള്ക്കും ഉപയോഗിച്ചിട്ടുണ്ട്.

(കാണുക: ദേവദാരു, ശുദ്ധമായ, യാഗം, ദേവാലയം)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്14:1-2
- 1 രാജാക്കന്മാര്07:1-2
- യെശ്ശയ്യാവ് 02:12-13
- സെഖര്യാവ് 11:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H730

# ദേശം, ദേശങ്ങള്

## നിര്വചനം:

ഏതെങ്കിലും രൂപത്തിലുള്ള സര്ക്കാരിനാല് ഭരിക്കപ്പെടുന്ന ഒരു വലിയ ജനവിഭാഗം ഉള്പ്പെടുന്നതാണ് ഒരു ദേശം എന്ന് പറയുന്നത്. സാധാരണയായി ഒരു ദേശത്തിലെ ജനം എന്ന് പറയുന്നത് ഒരേ പൂര്വികന്മാര് ഉള്ളതും ഒരേ വംശീയത പങ്കു വെക്കുന്നവരും ആണ്.

- ഒരു "ദേശം" എന്നത് സാധാരണയായി വളരെ വ്യക്തമായ സംസ്കാരവും അതിര്ത്തി വരമ്പുകളും ഉള്ളതാണ്.
- ദൈവ വചനത്തില്, ഒരു "ദേശം" എന്നത് ഒരു രാജ്യം (മിസ്രയീം അല്ലെങ്കില് എത്യോപ്യ പോലെ) ആയിരിക്കാം, എന്നാല് സാധാരണയായി ഇത് കൂടുതല് സൂചന നല്കുന്നത്, പ്രത്യേകാല് ബഹുവചനത്തില് ഉപയോഗിക്കുമ്പോള് ഒരു ജനവിഭാഗത്തെ എന്ന് ആകുന്നു. സാഹചര്യം എപ്രകാരം എന്നുള്ളത് പരിശോധിക്കേണ്ടത് പ്രാധാന്യം അര്ഹിക്കുന്നു.
- ഇസ്രയേല്യര് ഉള്പ്പെടെ ദൈവ വചനത്തില് ഉള്ള ദേശങ്ങള് ഫെലിസ്ത്യര്, അശ്ശൂര്യര്, ബാബിലോന്യര്, കനാന്യര്, റോമര്, ഗ്രീക്കുകാര്, ആദിയായവര് അനേകരില് ചിലര് ആകുന്നു.
- ചില സമയങ്ങളില് "ദേശം" എന്ന പദം ഉപമാന രൂപമായി ഒരു പ്രത്യേക ജനവിഭാഗത്തിന്റെ പൂര്വികന്മാരെ, തന്റെ ജനിക്കാതെ ഇരുന്ന മക്കളെ കുറിച്ച് അവര് പരസ്പരം യുദ്ധം ചെയ്യുന്ന രണ്ടു "ജാതികള്" ഉണ്ടാകും എന്ന് ദൈവം റിബെക്കയോട് പറഞ്ഞത് പോലെ ആയിരിക്കും. ഇത് "രണ്ടു ജാതികളുടെ സ്ഥാപകന്മാര്" അല്ലെങ്കില് "രണ്ടു ജന വിഭാഗങ്ങളുടെ പൂര്വികന്മാര്" എന്ന് പരിഭാഷ ചെയ്യാം.
- "ദേശം" എന്ന പദം ചില സന്ദര്ഭങ്ങളില് "ജാതികള്" അല്ലെങ്കില് യഹോവയെ ആരാധിക്കാത്ത ജനവിഭാഗങ്ങള് എന്ന് പരിഭാഷ ചെയ്യാം. സന്ദര്ഭമാണ് അര്ത്ഥത്തെ സാധാരണയായി വളരെ വ്യക്തം ആക്കി ത്തരുന്നത്.

## പരിഭാഷ നിര്ദേശങ്ങള്:

- സന്ദര്ഭം അനുസരിച്ച്, "ദേശം" എന്ന വാക്ക്, "ജനവിഭാഗം" അല്ലെങ്കില് "രാജ്യം" എന്ന് പരിഭാഷ ചെയ്യാം.
- ഈ മറ്റു വകയായ പദങ്ങളില്നിന്നും വേര്തിരിച്ചു കാണിക്കുന്ന ഒരു പദം "ദേശം" എന്നുള്ളതിന് ഒരു ഭാഷയില്ഉണ്ടെങ്കില്, ആ പദം തന്നെ ദൈവ വചന ഭാഗത്ത് എവിടെയെല്ലാം വരുന്നുണ്ടോ എന്ന്, അത് പ്രകൃത്യാ ഉള്ളതും ഓരോ സാഹചര്യത്തിനും കൃത്യമായിട്ടുള്ളതും ആകുന്നിടത്തോളം ഉപയോഗിക്കാവുന്നതാണ്.
- "ജാതികള്" എന്ന ബഹുവചന പദം "ജന വിഭാഗങ്ങള്" എന്നും സാധാരണയായി പരിഭാഷ ചെയ്യാം.
- ചില പ്രത്യേക സന്ദര്ഭങ്ങളില്, ഈ പദം "ജാതികള്" എന്നോ "യഹൂദന്മാര് അല്ലാത്തവര്" എന്നോ പരിഭാഷ ചെയ്യാം.

(കാണുക: അശ്ശൂര്, ബാബിലോന്, കനാന്, ജാതി, ഗ്രീക്കുകാര്, ജനവിഭാഗം, ഫെലീസ്ത്യര്, റോം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്14:15-17
- 2 ദിനവൃത്താന്തങ്ങള്15:6-7
- 2 രാജാക്കന്മാര്:11-12
- അപ്പോ.02:5-7
- അപ്പോ.13:19-20
- അപ്പോ.17:26-27
- അപ്പോ.26:4-5
- ദാനിയേല് 03:3-5
- ഉല്പ്പത്തി 10:2-5
- ഉല്പ്പത്തി 27:29
- ഉല്പ്പത്തി 35:11-13
- ഉല്പ്പത്തി 49:10
- ലൂക്കോസ് 07:2-5
- മര്ക്കോസ് 13:7-8
- മത്തായി 21:43-44
- റോമര് 04:16-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H249, H523, H524, H776, H1471, H3816, H4940, H5971, G246, G1074, G1085, G1484

# ധരിക്കുക, ധരിച്ചു, ധരിക്കുന്നു, ധരിക്കല്, ഉരിഞ്ഞുകളഞ്ഞു

## നിര്വചനം:

ദൈവവചനത്തില്ആലങ്കാരികമായി ഉപയോഗിക്കുമ്പോള്, എന്തെങ്കിലും "ധരിക്കുക" എന്നത് ലഭ്യമാക്കുക അല്ലെങ്കില്സജ്ജമാക്കുക എന്നു അര്ത്ഥമാക്കുന്നു. ഒരു വ്യക്തി എന്തെങ്കിലും "ധരിക്കുക" എന്നത് താന്ഒരു പ്രത്യേക സ്വഭാവഗുണം ഉള്ളവനാകുവാന്തല്പരനാകുക എന്നാണര്ത്ഥം.

- വസ്ത്രം ബാഹ്യശരീരത്തില്ധരിക്കുന്നതുപോലെയും ഏവര്ക്കും കാണാകുന്നതു പോലെയും, നിങ്ങള്ഒരു പ്രത്യേക ഗുണവിശേഷത ഉള്ളവനാകുമ്പോള്, മറ്റുള്ളവര്ക്ക് അത് ദൃശ്യമാകുവാന്ഇടയാകും.
- "നിങ്ങള്ദയാപൂര്ണരായിത്തീരുക" എന്നാല്നിങ്ങളുടെ പ്രവര്ത്തികള്ദയാഗുണത്താല്സ്വഭാവീകരിച്ചതായി ഏവര്ക്കും എളുപ്പത്തില്ദൃശ്യമായിത്തീരുക എന്നാണര്ത്ഥം. "ഉയരത്തില്നിന്നുള്ള ശക്തി ധരിക്കുക" എന്നാല്നിങ്ങള്ശക്തിയുള്ളവരായി ത്തീരുക എന്നാണര്ത്ഥം.
- "ലജ്ജയാല്ധരിപ്പിക്കപ്പെടുക" അല്ലെങ്കില്"ഭയചകിതനായി തീരുക" എന്നിങ്ങനെ നിഷേധാത്മക അനുഭവങ്ങളെ പ്രകടിപ്പിക്കുവാനും ഈ പദം ഉപയോഗിക്കാം.

## പരിഭാഷ നിര്ദേശങ്ങള്:

- സാധ്യമെങ്കില്, "നിങ്ങള്ധരിക്കുക" എന്ന അക്ഷരീക സംഭാഷണ ശൈലി തന്നെ സൂക്ഷിക്കുന്നത് ഉചിതമായിരിക്കും. ഇതു പരിഭാഷപ്പെടുത്തുവാനുള്ള മറ്റൊരു രീതി, "ധരിക്കുക" എന്നാല്വസ്ത്രം ധരിക്കുക" എന്ന അര്ത്ഥത്തില്പരിഭാഷപ്പെടുത്താം.
- അത് ശരിയായ അര്ത്ഥം നല്കുന്നില്ലെങ്കില്, "ധരിക്കുക" എന്നത് "പ്രദര്ശിപ്പിക്കുന്ന" അല്ലെങ്കില്"വെളിപ്പെടുന്ന" അല്ലെങ്കില്"നിറയുന്ന" അല്ലെങ്കില്"ഗുനവിശേഷതയുള്ള" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- " നിങ്ങള്ധരിക്കുക" എന്ന പദം "നിങ്ങള്ആവരണം ചെയ്യുക" അല്ലെങ്കില്പ്രദര്ശിപ്പിക്കുമാറ് പെരുമാറുക.

## ദൈവവചന സൂചികകള്:

- ലൂക്കോസ് 24:48:49

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H899, H1545, H3680, H3736, H3830, H3847, H3848, H4055, H4346, H4374, H5497, H8008, H8071, H8516, G294, G1463, G1562, G1737, G1742, G1746, G1902, G2066, G2439, G2440, G3608, G4016, G4470, G4616, G4683, G4749, G5509, G6005

# ധാന്യ വഴിപാട്, ധാന്യ വഴിപാടുകള്, ഭോജന യാഗം

## നിര്വചനം:

ഒരു “ഭോജന യാഗം” അല്ലെങ്കില്“ധാന്യ വഴിപാടു” എന്നത് ധാന്യമായോ അല്ലെങ്കില് ധാന്യം പൊടിച്ചു ഉണ്ടാക്കിയ അപ്പം ആയോ അര്പ്പിക്കുന്ന യാഗം ആകുന്നു.

- “ഭോജനം” എന്ന പദം സൂചിപ്പിക്കുന്നത് മാവ് ആയി പൊടിച്ചെടുത്ത ധാന്യം ആകുന്നു.
- മാവ് വെള്ളവുമായി അല്ലെങ്കില് എണ്ണയുമായി കുഴച്ചെടുത്ത് പരന്ന അപ്പങ്ങള് ഉണ്ടാക്കുമായിരുന്നു. ചില സന്ദര്ഭങ്ങളില് അപ്പത്തിന്റെ മുകളില് എണ്ണ തടവാറുണ്ട്.
- ഈ രീതിയില് ഉള്ള വഴിപാട് സാധാരണയായി ഹോമയാഗത്തോടു കൂടെ ആയിരുന്നു അര്പ്പിച്ചിരുന്നത്.

(കാണുക: ഹോമയാഗം, ധാന്യം, യാഗം)

## ദൈവ വചന സൂചികകള്:

- യെഹസ്കേല്:30-31
- യോവേല്:14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4503, H8641

# ധാന്യം, ധാന്യങ്ങള്, ധാന്യ വയല്

## നിര്വചനം:

"ധാന്യം" എന്ന പദം സാധാരണയായി ഒരു ഗോതമ്പ്, യവം, വരക്, തിന, അല്ലെങ്കില്അരി തുടങ്ങിയ ഭക്ഷ്യവിളയുടെ വിത്തിനെ സൂചിപ്പിക്കുന്നു. ഇത് മുഴുവന്ചെടിയെയും സൂചിപ്പിക്കാം.

- ദൈവ വചനത്തില്, പ്രധാനപ്പെട്ട ധാന്യങ്ങളായി ഗോതമ്പിനെയും യവത്തെയും സൂചിപ്പിച്ചിരിക്കുന്നു.
- ചെടിയുടെ തലപ്പത്തുള്ള ഭാഗത്താണ് ധാന്യം സൂക്ഷിച്ചു വെച്ചിരിക്കുന്നത്.
- ചില പഴയ ദൈവ വചന തര്ജ്ജുമകളില്"വരക്" എന്ന പദമാണ് പൊതുവെ ധാന്യം എന്ന് സൂചിപ്പിക്കുവാന്ഉപയോഗിച്ചിരിക്കുന്നത്. എന്കിലും ആധുനിക ആംഗലേയത്തില്, "വരക്" എന്നതു ആ തരത്തില്ഉള്ളതിന് മാത്രമേ സൂചിപ്പിക്കുന്നുള്ളൂ.

(കാണുക:തലപ്പ്, ഗോതമ്പ്)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 42:1-4
- ഉല്പ്പത്തി 42:26-28
- ഉല്പ്പത്തി 43:1-2
- ലൂക്കോസ് 06:1-2
- മര്ക്കോസ് 02:23-24
- മത്തായി 13:7-9
- രൂത്ത് 01:22

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1250, H1430, H1715, H2233, H2591, H3759, H3899, H7054, H7383, H7641, H7668, G248, G2590, G3450, G4621, G4719

# ധിക്കാരം നിറഞ്ഞ, ധിക്കാരം നിറയുന്നു

## നിർവചനം:

"ധിക്കാരം നിറഞ്ഞ" എന്ന പദം അഹങ്കാരം ഉള്ള അല്ലെങ്കിൽ അഹന്ത ഉള്ള എന്നതിനെ സൂചിപ്പിക്കുന്ന ഒരു ഉപമാന രൂപത്തിലുള്ള പദപ്രയോഗം ആകുന്നു.

(കാണുക: ഭാഷാശൈലി

- ഒരു വ്യക്തി ധിക്കാരം ഉള്ളവൻആണെങ്കിൽ തനിക്കു മറ്റുള്ളവരെക്കാൾ താൻ ഉയർന്നവൻആണെന്നുള്ള മനോഭാവം ഉണ്ട്.
- പൌലോസ് പഠിപ്പിച്ചത് ധാരാളം അറിവ് ഉണ്ടായിരിക്കുന്നതോ അല്ലെങ്കിൽ മതപരമായ അനുഭവം ഉള്ളതോ ഒരു വ്യക്തിയെ "ധിക്കാരി" ആകുവാൻ അല്ലെങ്കിൽ അഹങ്കാരി ആകുവാൻ വഴി നടത്തും എന്നാണ്.
- മറ്റു ഭാഷകളിൽ ഇതു പോലെയുള്ള ഭാഷാ ശൈലികൾഅല്ലെങ്കിൽഈ അർത്ഥം പ്രകടിപ്പിക്കുന്ന "തലക്കനം ഉള്ളതായ" പോലുള്ള പദപ്രയോഗങ്ങൾ ഉണ്ടായിരിക്കും.
- ഇത് "വളരെ അഹങ്കാരം ഉള്ള "അല്ലെങ്കിൽ" മറ്റുള്ളവരെ കുറിച്ച് അവഗണന ചിന്ത "അല്ലെങ്കിൽ" പുച്ഛം" അല്ലെങ്കിൽ "മറ്റുള്ളവരേക്കാൾ താനാണ് മെച്ചം എന്നുള്ള ഭാവം" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക: അഹന്ത, അഹങ്കാരം)

## ദൈവ വചന സൂചികകൾ:

- 1 കൊരിന്ത്യർ 04:6-7
- 1 കൊരിന്ത്യർ 08:1-3
- 2 കൊരിന്ത്യർ 12:6-7
- ഹബക്കൂക് 02:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6075, G5229, G5448

# ധിക്കാരിയായ

## നിർവചനം:

“ധിക്കാരിയായ” എന്ന പദം അഹങ്കാരിയായ അല്ലെങ്കിൽ ധാർഷ്ട്യമുള്ള എന്ന് അർത്ഥം നൽകുന്നു. “ധിക്കാരിയായ” ഒരുവൻ തന്നെക്കുറിച്ച് സ്വയം വളരെ ഉയർന്ന നിലയിൽ ചിന്തിക്കുന്നു.

- സാധാരണയായി ഈ പദം ദൈവത്തിനു വിരോധമായി നിർബന്ധ ബുദ്ധിയോടെ പാപം ചെയ്യുന്ന ഒരു വ്യക്തിയെ സൂചിപ്പിക്കുന്നു.
- സാധാരണയായി അഹങ്കാരിയായ ഒരു വ്യക്തി തന്നെക്കുറിച്ച് പൊങ്ങച്ചം പറയുന്നവൻആയിരിക്കും.
- അഹങ്കാരിയായ വ്യക്തി ബുദ്ധിമാൻആയിരിക്കയില്ല, ഒരു വിഡ്ഢി ആയിരിക്കും.
- ഈ പദം “അഹങ്കാരി” അല്ലെങ്കിൽ“ധാർഷ്ട്യക്കാരൻ” അല്ലെങ്കിൽ“സ്വാർഥൻ” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഉപമാന പദപ്രയോഗമായി “അഹങ്കാരമുള്ള കണ്ണുകൾ” എന്നത് “അഹങ്കാരത്തോടെയുള്ള നോട്ടം” അല്ലെങ്കിൽ“മറ്റുള്ളവരെ തരം താണ നിലയിൽകാണുക” അല്ലെങ്കിൽ“മറ്റുള്ളവരെ വില കുറഞ്ഞവരായി കാണുന്ന അഹങ്കാരിയായ വ്യക്തി” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: പൊങ്ങച്ചം, അഹങ്കാരം)

## ദൈവ വചന സൂചികകൾ:

- 2 തിമോത്തിയോസ് 03:1-4
- യെശ്ശയ്യാവ് 02:17-19
- സദൃശവാക്യങ്ങൾ:17-18
- സദൃശ വാക്യങ്ങൾ21:23-24
- സങ്കീർത്തനങ്ങൾ:1

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1361, H1363, H1364, H3093, H4791, H7312

# ധൂപപീഠം

## വസ്തുതകൾ:

ദൈവത്തിനു വഴിപാടായി ഒരു പുരോഹിതൻ സുഗന്ധവർഗ്ഗം കത്തിക്കുന്ന മരം കൊണ്ടുള്ള ഒരു ഉരുപ്പടിയാണ് ധൂപപീഠം. ഇതിനെ പൊന്നുകൊണ്ടുള്ള യാഗപീഠം എന്നും വിളിക്കാറുണ്ട്.

- ധൂപപീഠം മരം കൊണ്ട് നിർമ്മിതവും, അതിന്റെ മുകൾവശങ്ങൾ സ്വർണ്ണം കൊണ്ട് പൊതിഞ്ഞതും ആകുന്നു. ഇത് ഏകദേശം അര മീറ്റർനീളവും, അര മീറ്റർവീതിയും, ഒരു മീറ്റർഉയരവും ഉള്ളതാണ്.
- ആദ്യകാലത്ത് ഇതു സമാഗമാനകൂടാരത്തിലാണ് സൂക്ഷിച്ചിരുന്നത്. അനന്തരം ഇതു ദേവാലയത്തിൽ സൂക്ഷിച്ചു വന്നു.
- പ്രഭാതങ്ങളിലും സന്ധ്യകളിലും ഒരു പുരോഹിതൻ ധൂപപീഠത്തിൽ കത്തിക്കു മായിരുന്നു.
- ഇതു ഇപ്രകാരവും പരിഭാഷപ്പെടുത്താം, “ധൂപവർഗ്ഗം കത്തിക്കുവാനുള്ള പീഠം” അല്ലെങ്കിൽ “സ്വർണ്ണ പീഠം” അല്ലെങ്കിൽ ധൂപവർഗ്ഗ ത്തിരി” അല്ലെങ്കിൽ“ധൂപവർഗ്ഗ മേശ”.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ധൂപവർഗ്ഗം)

## ദൈവവചന സൂചികകൾ:

- ലൂക്കോസ് 01:11-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4196, H7004, G2368, G2379

# ധൂമ്ര വർണ്ണം

## വസ്തുതകൾ:

"ധൂമ്ര വർണ്ണം" എന്ന പദം നീലയും ചുവപ്പും നിറങ്ങൾ കൂടിക്കലർന്നാൽ ലഭിക്കുന്ന നിറത്തിന്റെ പേര് ആകുന്നു.

- പുരാതന കാലഘട്ടങ്ങളിൽ, ധൂമ്ര വർണ്ണം വളരെ അപൂർവവും വളരെ വിലപിടിപ്പ് ഉള്ളതുമായ നിറമായി രാജാക്കന്മാരുടെയും മറ്റു ഉയർന്ന ഉദ്യോഗസ്തന്മാരുടെയും വസ്ത്രത്തിനു ഉപയോഗിച്ചു വന്നിരുന്നു.
- ഇത് വളരെ വില ഉയർന്നതും ഈ നിറം ഉണ്ടാക്കുവാൻ വളരെ അധികം സമയം ചിലവഴിക്കപ്പെടുന്നതും ആകയാൽ ധൂമ്ര വസ്ത്രം ധരിക്കുക എന്നത് സമ്പത്തിന്റെയും, വൈഷിഷ്ട്യത്തിന്റെയും, രാജകീയതയുടെയും ഒരു അടയാളമായി കരുതുന്നു.
- ധൂമ്ര നിറം സമാഗമന കൂടാരത്തിന്റെയും ദേവാലയത്തിന്റെയും തിരശ്ശീലകൾക്കും, പുരോഹിതന്മാർ ധരിച്ചിരുന്ന ഏഫോദിനും ധൂമ്ര നിറം ഉപയോഗിച്ചു വന്നിരുന്നു.
- ധൂമ്ര നിറം വേർതിരിച്ചു എടുത്തിരുന്നത് ഒരു തരം കടൽ ഒച്ചിനെ പൊട്ടിച്ചോ അല്ലെങ്കിൽ തിളപ്പിച്ചോ അല്ലെങ്കിൽ അവ ജീവനോടെ ഇരിക്കുമ്പോൾ തന്നെ നിറം സ്രവിപ്പിച്ചോ ആയിരുന്നു. ഇത് വളരെ ചിലവ് കൂടിയ ഒരു പ്രവർത്തി ആയിരുന്നു.
- റോമൻ സൈനികർ യെശുവിനു തന്റെ ക്രൂശീകരണത്തിനു മുൻപ് ഒരു ധൂമ്ര നിറ രാജകീയ അങ്കി അണിയിച്ചു താൻ യഹൂദന്മാരുടെ രാജാവ് എന്ന് അവകാശ വാദം ഉന്നയിച്ചത് നിമിത്തം പരിഹാസം ചെയ്തിരുന്നു.
- ഫിലിപ്പി പട്ടണത്തിലെ ലുദിയ ധൂമ്ര വസ്ത്രം വിറ്റു ജീവിക്കുന്ന ഒരു സ്ത്രീ ആയിരുന്നു.

(പരിഭാഷ നിർദേശങ്ങൾ: പേരുകളുടെ പരിഭാഷ)

(കാണുക: എഫോദ്, ഫിലിപ്പി, രാജകീയം, സമാഗമന കൂടാരം, ദേവാലയം)

## ദൈവ വചന സൂചികകൾ:

- 2 ദിനവൃത്താന്തങ്ങൾ 02:13-14
- ദാനിയേൽ 05:7
- ദാനിയേൽ 05:29-31
- സദൃശവാക്യങ്ങൾ 31:22-23

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H710, H711, H713, G4209, G4210, G4211

# ധൈര്യം, ധൈര്യമുള്ള, ധീരത, തന്റേടമുള്ള

## നിര്വചനം:

ഈ പദങ്ങളെല്ലാം പ്രയാസമോ അപകടമോ ഉള്ളതെങ്കിലും സത്യം സംസാരിക്കു ന്നതിനും നീതിയായത്ചെയ്യുന്നതിനും ഉള്ള ധൈര്യത്തെയും ഉറച്ച വിശ്വാസ ത്തെയും സൂചിപ്പിക്കുന്നു. “ധൈര്യമുള്ള” ഒരു വ്യക്തി നന്മയും നീതിയുമായത് പ്രസ്താവിക്കുവാന്, ദോഷകരമായി നടത്തപ്പെട്ട ജനത്തെ ഉള്പ്പെടെ പ്രതിരോധിച്ചുകൊണ്ട് നടപടി എടുക്കുവാന്ഭയപ്പെടുകയില്ല. ഇതിനെ “ധൈര്യമുള്ള” അല്ലെങ്കില്“ഭയരഹിതമായ” എന്നു പരിഭാഷപ്പെടുത്താം.

- പുതിയ നിയമത്തില്, ശിഷ്യന്മാര്പൊതുസ്ഥലങ്ങളില്പരസ്യമായി പ്രസംഗി ക്കുവാന്, കാരാഗ്രഹത്തിലകപ്പെടുമെന്നോ കൊല്ലപ്പെടുമെന്നോ ഉള്ള അപകടത്തെ തൃണവല്ക്കരിച്ചുകൊണ്ട്“ധൈര്യസമേതം” തുടരുവാനിടയായി. ഇത് “ഉറപ്പോടുകൂടെ” അല്ലെങ്കില്“ശക്തമായ ധൈര്യത്തോടെ” അല്ലെങ്കില്“ധൈര്യ പൂര്വ്വം” എന്നു പരിഭാഷപ്പെടുത്താം.
- വീണ്ടെടുപ്പിനുവേണ്ടിയുള്ള ക്രിസ്തുവിന്റെ ക്രൂശിലെ മരണത്തെക്കുറിച്ചുള്ള ആദ്യകാല ശിഷ്യന്മാരുടെ പ്രസംഗത്തിന്റെ “ധൈര്യം” സുവിശേഷം ഇസ്രയേല്മുഴുവനും സമീപ രാജ്യങ്ങളും അവസാനമായി, ശേഷിച്ച ലോകം മുഴുവനും വ്യാപ്ക്കുവാനിടയായി. “ധീരത” എന്നത് “ഉറച്ച ധൈര്യം” എന്നും പരിഭാഷപ്പെടുത്താം.”

(കാണുക: ഉറപ്പ്, സുവാര്ത്ത, വീണ്ടെടുക്കുക)

## ദൈവവചന സൂചികകള്:

- 1 യോഹന്നാന്:27-29
- 1 തെസ്സലോനിക്യര്02:1-2
- 2 കൊരിന്ത്യര്:12-13
- അപ്പോ.പ്രവര്ത്തികള്04:13-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H982, H983, H4834, H5797, G662, G2292, G3618, G3954, G3955, G5111, G5112

# ധൈര്യം,ധീരതയുള്ള, ധൈര്യപ്പെടുത്തുക, പ്രോത്സാഹിപ്പിക്കുക, ധൈര്യപ്പെടുക, നിരുല്സാഹപ്പെടുക, നിരുല്സാഹപ്പെട്ടു, നിരുത്സാഹം, അധൈര്യപ്പെടുത്തുക

## വസ്തുതകള്:

“ധീരതയുള്ള ” എന്ന പദം പ്രയാസമേറിയ, ഭയാജനകമായ, അല്ലെങ്കില്അപകടകര മായ ഒന്നിനെ അഭിമുഖീകരിക്കുകയോ ചെയ്യുന്നതിനേയോ സൂചിപ്പിക്കുന്നു.

- “ധൈര്യമുള്ള” എന്ന പദം ഭയമുണ്ടാകുകയോ ഉപേക്ഷിക്കുവാനുള്ള സമ്മര്ദം ഉണ്ടാകുകയോ ചെയ്തിട്ടും ധൈര്യം പ്രകടിപ്പിച്ചു ശരിയായത് ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.
- ഒരു വ്യക്തി മാനസീകമോ ശാരീരികമോ ആയ വേദന നേരിടുമ്പോള്ശക്തിയും സ്ഥിരോല്സാഹവും മൂലം ധീരത പ്രകടിപ്പിക്കുന്നു.
- “ധൈര്യപ്പെടുക” എന്ന പ്രയോഗം അര്ത്ഥമാക്കുന്നത്, “ഭയപ്പെടെണ്ട” അല്ലെങ്കില്“കാര്യങ്ങള്നല്ല നിലയിലേക്ക് തിരിഞ്ഞുവരും എന്നു ഉറയ്ക്കുക” എന്നാണ്.
- അപകടം നിറഞ്ഞ കാനാന്ദേശത്തേക്ക് പോകുവാന്ഒരുങ്ങുമ്പോള്മോശെ യോശുവയെ പ്രബോധിപ്പിച്ചത്, “ശക്തിയും ധൈര്യും നിരഞ്ഞവനായിരിക്കുക” എന്നാണ്.
- “ധീരതയുള്ള” എന്ന പദം “ധൈര്യമുള്ള” അല്ലെങ്കില്“ഭയരഹിതമായ” അല്ലെങ്കില്“”സാഹസികനായ” എന്നും പരിഭാഷപ്പെടുത്താം.
- സാഹചര്യമനുസരിച്ച്, “ധൈര്യപ്പെടുക” എന്നത് “വൈകാരികമായി ശക്തനാകുക” അല്ലെങ്കില്“ഉറപ്പുള്ളവനാകുക” അല്ലെങ്കില്“ഉറച്ചു നില്ക്കുക” എന്നു പരിഭാഷ പ്പെടുത്താം.
- “ധൈര്യപൂര്വ്വം സംസാരിക്കുക” എന്നത് “ഭയമില്ലാതെ സംസാരിക്കുക” അല്ലെങ്കില്“അധൈര്യപ്പെടാതെ സംസാരിക്കുക” അല്ലെങ്കില്“ദൃഡനിശ്ചയത്തോടെ സംസാരിക്കുക’’ എന്നു പരിഭാഷപ്പെടുത്താം.

“പ്രോത്സാഹിപ്പിക്കുക”എന്നും “പ്രോത്സാഹനം” എന്നുമുള്ള പദങ്ങള്ഒരുവന് ആശ്വാസവും, പ്രത്യാശയും, ഉറപ്പും, ധൈര്യവും നല്കുന്നത് പറയുകയും പ്രവര്ത്തിക്കുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.

- അതുപോലെയുള്ള ഒരു പദമാണ് “പ്രബോധിപ്പിക്കുക” എന്നുവെച്ചാല്ഒരുവനെ തെറ്റായ പ്രവര്ത്തികളില്നിന്നും പിന്തിരിയുവാന്പ്രേരിപ്പിക്കുകയും പകരമായി നല്ലതും നീതിയുമായവ ചെയുവാന്നിര്ബന്ധിക്കുകയും ചെയ്യുന്നത്.
- അപ്പോസ്തലനായ പൌലോസും ഇതര പുതിയനിയമ എഴുത്തുകാരും ക്രിസ്ത്യാനികളെ പരസ്പരം സ്നേഹിക്കുവാനായി പ്രോത്സാഹിപ്പിക്കുവാനും അന്യോന്യം സേവിക്കുവാനും പഠിപ്പിച്ചു. “നിരുല്സാഹപ്പെടുത്തുക” എന്ന പദം ജനത്തെ പ്രത്യാശ, ഉറപ്പ്, ധൈര്യം ആദിയായവ നഷ്ടപ്പെടുത്തി കഠിനമായി അദ്ധ്വാനിക്കുന്നതിനു താല്പ്പര്യം കുറഞ്ഞ വരാക്കി അവര്ചെയ്യേണ്ടതാണെന്ന് അറിയുന്നതും ചെയ്യാതാക്ക ത്തക്കവിധം സംസാരിക്കുകയും പ്രവര്ത്തിക്കുകയും എന്നാണ് സൂചിപ്പിക്കുന്നത്.

## പരിഭാഷ നിര്ദേശങ്ങള്

- സാഹചര്യമനുസരിച്ച്, “പ്രോത്സാഹിപ്പിക്കുക” എന്ന പദം “നിര്ബന്ധിക്കുക” അല്ലെങ്കില്”ആശ്വസിപ്പിക്കുക’’ അല്ലെങ്കില്”ദയാപുരസ്സരം സംസാരിക്കുക” അല്ലെങ്കില്സഹായവും കൈത്താങ്ങലും നല്കുക” എന്നു പരിഭാഷപ്പെടുത്താം. “ധൈര്യം പകരുന്ന വാക്കുകള്നല്കുക’ എന്നാല്“മറ്റുള്ള ജനത്തിനു സ്നേഹിക്കപ്പെടുന്ന, സ്വീകാര്യമായ, ശക്തീകരിക്കുന്ന കാര്യങ്ങള്പറയുക” എന്നാണ് അര്ത്ഥമാക്കുന്നത്.

(കാണുക: ഉറപ്പ്,പ്രബോധിപ്പിക്കുക, ഭയം, ശക്തി)

## ദൈവവചന സൂചികകള്:

- ആവര്ത്തന പുസ്തകം 01:37-38
- 2 രാജാക്കന്മാര്18:19-21
- 1 ദിനവൃത്താന്തങ്ങള്17:25-27
- മത്തായി 09:20-22
- 1 കൊരിന്ത്യര്14:1-4
- 2 കൊരിന്ത്യര്07:13-14
- അപ്പോ.പ്രവര്ത്തികള്05:12-13
- അപ്പോ.പ്രവര്ത്തികള്16:40

- എബ്രായര്03:12-13
- എബ്രായര്13:5-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H533, H553, H1368, H2388, H2388, H2428, H3820, H3824, H7307, G2114, G2115, G2174, G2292, G2293, G2294, G3870, G3874, G3954, G4389, G4837, G5111

# ധ്യാനിക്കുക, ധ്യാനിക്കുന്നു, ധ്യാനം

## നിര്വചനം:

“ധ്യാനിക്കുക” എന്ന പദം അര്ത്ഥം നല്കുന്നത് എന്തെങ്കിലും ഒന്നിനെ കുറിച്ച് ശ്രദ്ധാപൂര്വവും ആഴവുമായി ചിന്തിക്കുക എന്നതാണ്.

- ഈ പദം സാധാരണയായി ദൈവ വചനത്തില്ഉപയോഗിച്ചിരിക്കുന്നത് ദൈവത്തെ കുറിച്ചും തന്റെ ഉപദേശങ്ങളെ കുറിച്ചും ചിന്തിക്കുന്നതിനെ ആകുന്നു.
- സങ്കീര്ത്തനം 1 പറയുന്നത് “പകലിലും രാത്രിയിലും” കര്ത്താവിന്റെ ന്യായപ്രമാണത്തെ ധ്യാനിക്കുന്ന ഒരു മനുഷ്യന്സമൃദ്ധിയായി അനുഗ്രഹിക്കപ്പെടും എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- “ധ്യാനിക്കുക” എന്ന പദം “ശ്രദ്ധാപൂര്വവും ആഴവുമായ നിലയില്ചിന്തിക്കുക” അല്ലെങ്കില്“ചിന്താപൂര്വം പരിഗണിക്കുക” അല്ലെങ്കില്“അടിക്കടി ചിന്തിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഇതിന്റെ സര്വനാമം ആയ “ധ്യാനം” എന്ന പദവും അത് “ആഴമായ ചിന്തകള്” എന്ന് പരിഭാഷ ചെയ്യാവുന്നതും ആകുന്നു. “എന്റെ ഹൃദയത്തിന്റെ ധ്യാനം” എന്നത് പോലെയുള്ള പദസഞ്ചയം “ഞാന്വളരെ ആഴമായി ചിന്തിക്കുന്നത് പോലെ” അല്ലെങ്കില്“ഞാന്എപ്പോഴും ചിന്തിക്കുന്നത് സംബന്ധിച്ച്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 24:63-65
- യോശുവ 01:8-9
- സങ്കീര്ത്തനങ്ങള്001:1-2
- സങ്കീര്ത്തനങ്ങള്119:15-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1897, H1900, H1901, H1902, H7742, H7878, H7879, H7881, G3191, G4304

# നടക്കുക, നടക്കുന്നു, നടന്നു, നടക്കുന്നു

## നിര്വചനം:

“നടക്കുക” എന്ന പദം സാധാരണയായി ഉപമാന രൂപത്തില്“ജീവിക്കുക” എന്ന് അര്ത്ഥം നല്കുന്നു.

- ”എനോക്ക് ദൈവത്തോട് കൂടെ നടന്നു” എന്നുള്ളത് അര്ത്ഥം നല്കുന്നത് എനോക്ക് ദൈവവുമായി അടുത്ത ബന്ധത്തില്ജീവിച്ചു എന്നാണ് അര്ത്ഥം നല്കുന്നത്.
- “ആത്മാവില്നടക്കുക” എന്നുള്ളത് അര്ത്ഥം നല്കുന്നത് പരിശുദ്ധാത്മാവിനാല്നയിക്കപ്പെടുക എന്നാണ് അതിനാല്നാം ദൈവത്തിനു പ്രസാദകരവും ബഹുമാനവും ആയവ ചെയ്യുവാന്ഇടയാകുന്നു.
- ദൈവത്തിന്റെ കല്പ്പനകളില്അല്ലെങ്കില്ദൈവത്തിന്റെ വഴികളില്“നടക്കുക” എന്നതിന്റെ അര്ത്ഥം ദൈവത്തിന്റെ കല്പ്പനകളില്“അനുസരണമായി ജീവിക്കുക”, അതായത്, “അവന്റെ കല്പ്പനകളെ അനുസരിക്കുക” അല്ലെങ്കില്“അവന്റെ ഹിതം ചെയ്യുക” എന്നാണ്.
- ദൈവം “തന്റെ ജനത്തിന്റെ “ഇടയില്” നടക്കും എന്ന് പറയുമ്പോള്, അതിന്റെ അര്ത്ഥം താന്അവരുടെ ഇടയില്വസിക്കും അല്ലെങ്കില്അവരുമായി ഏറ്റവും അടുത്തായി ഇടപെടുന്നു എന്നാണ് അര്ത്ഥം നല്കുന്നത്.
- ”വിരുദ്ധമായി നടക്കുക” എന്നതിന്റെ അര്ത്ഥം എന്തിനെങ്കിലും അല്ലെങ്കില് ആരോടെങ്കിലും എതിരായി ജീവിക്കുക അല്ലെങ്കില്പ്രതികരിക്കുക എന്നാണ്.
- ”പിന്ഗമിക്കുക” എന്നതിന്റെ അര്ത്ഥം ആരെയെങ്കിലും അല്ലെങ്കില്എന്തിനെയെങ്കിലും തേടുക അല്ലെങ്കില്പിന്തുടരുക എന്നാണ്. ഇതിനു വേറെ ഒരു വ്യക്തി പ്രവര്ത്തിക്കുന്ന അതേ രീതിയില്തന്നെ പ്രവര്ത്തിക്കുക എന്നും അര്ത്ഥം ഉണ്ട്.

## പരിഭാഷ നിര്ദേശങ്ങള്:

- ശരിയായ അര്ത്ഥം മനസ്സിലാകുന്നിടത്തോളം ”നടക്കുക” എന്നതിനെ അക്ഷരീകമായി പരിഭാഷ ചെയ്യുന്നത് ഏറ്റവും ഉത്തമം ആകുന്നു.
- അല്ലെങ്കില്, “നടക്കുക” എന്നുള്ളതിന്റെ ഉപമാന ഉപയോഗങ്ങള്“ജീവിക്കുക” അല്ലെങ്കില്“പ്രവര്ത്തിക്കുക” അല്ലെങ്കില്“പ്രതികരിക്കുക” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- ”ആത്മാവില്നടക്കുക” എന്ന പദസഞ്ചയം “പരിശുദ്ധാത്മാവിനു അനുസരണമായി ജീവിക്കുക” അല്ലെങ്കില്“പരിശുദ്ധാത്മാവിനു പ്രസാദകരമായ രീതിയില്പ്രതികരിക്കുക” അല്ലെങ്കില്“പരിശുദ്ധാത്മാവ് നിങ്ങളെ നയിക്കുന്ന രീതിയില്ദൈവത്തിനു പ്രസാദകരമായ കാര്യങ്ങള്ചെയ്യുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം. “ദൈവത്തിന്റെ കല്പ്പനകളില്നടക്കുക” എന്നുള്ളത് “ദൈവത്തിന്റെ കല്പ്പനകളാല്ജീവിക്കുക” അല്ലെങ്കില്“ദൈവത്തിന്റെ കല്പ്പനകളെ അനുസരിക്കുക” എന്ന് പരിഭാഷ ചെയ്യാം.
- ”ദൈവത്തോടു കൂടെ നടന്നു” എന്നുള്ളത് ദൈവത്തെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത് മൂലം ദൈവവുമായി അടുത്ത ബന്ധത്തില്ജീവിച്ചു” എന്ന് പരിഭാഷ ചെയ്യാം.

(കാണുക: പരിശുദ്ധാത്മാവ്, ബഹുമാനിക്കുക)

## ദൈവ വചന സൂചികകള്;

- 1 യോഹന്നാന്01:5-7
- 1 രാജാക്കന്മാര്02:1-4
- കൊലൊസ്സ്യര്02:6-7
- ഗലാത്യര്05:25-26
- ഉല്പ്പത്തി 17:1-2
- യെശ്ശയ്യാവ് 02:5-6
- യിരെമ്യാവ് 13:8-11
- മീഖാ 04:2-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1869, H1979, H1980, H1981, H3212, H4108, H4109, G1330, G1704, G3716, G4043, G4198, G4748

# നശിപ്പിക്കുക, നശിപ്പിക്കുന്നു, നശിപ്പിക്കപ്പെട്ട

## നിർവ്വചനം:

എന്തെങ്കിലും "നശിപ്പിക്കുക" എന്നത് അര്ത്ഥം നല്കുന്നത് ചീത്തയാക്കുക, തകര്ത്തു കളയുക, അല്ലെങ്കില് "നശിച്ച" അല്ലെങ്കില് "നാശം" എന്ന പദം നശിപ്പിക്കപ്പെട്ടതായ എന്തിന്റെ എങ്കിലും തകര്ന്നു തരിപ്പണം ആയതും നാമാവശേഷവുമായ ശേഷിപ്പുകളെ സൂചിപ്പിക്കുന്നു.

- പ്രവാചകനായ സെഫന്യാവ് ദൈവ കോപത്തിന്റെ ദിവസത്തെ കുറിച്ച് പറഞ്ഞപ്പോള് ലോകം ന്യായം വിധിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നതിനെ ഒരു "വിനാശത്തിന്റെ ദിവസം" എന്ന് പ്രസ്താവിക്കയുണ്ടായി.
- സദൃശവാക്യങ്ങളുടെ പുസ്തകത്തില് പറയുന്നത് ദൈവ ഭയമില്ലാത്തവര്ക്ക് നാശവും തകര്ച്ചയും കാത്തിരിക്കുന്നു എന്നാണ്.
- സാഹചര്യം അനുസരിച്ച്, "നശിപ്പിക്കുക" എന്നത് "തകര്ക്കുക" അല്ലെങ്കില് "നാമാവശേഷം ആക്കുക" അല്ലെങ്കില് "ഉപയോഗ ശൂന്യം ആക്കുക" അല്ലെങ്കില് "വിച്ഛേദിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "നശിപ്പിക്കപ്പെട്ട" അല്ലെങ്കില് "നശിപ്പിക്കപ്പെട്ടവ" എന്നത് "തകര്ക്കപ്പെട്ട കെട്ടിടങ്ങള്" അല്ലെങ്കില് "പാഴായ വസ്തുക്കള്" അല്ലെങ്കില് "തകര്ക്കപ്പെട്ട പട്ടണം" അല്ലെങ്കില് "നശീകരണം" അല്ലെങ്കില് "തകര്ച്ച" അല്ലെങ്കില് 'നശീകരണം", എന്നിങ്ങനെ സാഹചര്യം അനുസരിച്ചു പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്12:7-8
- 2 രാജാക്കന്മാര്:25-26
- അപ്പോസ്തല പ്രവര്ത്തികള് 15:15-18
- യെശ്ശയ്യാവ് 23:13-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6, H1197, H1530, H1820, H1942, H2034, H2040, H2717, H2719, H2720, H2723, H2930, H3510, H3765, H3782, H3832, H4072, H4288, H4383, H4384, H4654, H4658, H4876, H4889, H5221, H5557, H5754, H5856, H6365, H7451, H7489, H7582, H7591, H7612, H7701, H7703, H7843, H8047, H8074, H8077, H8414, H8510, G2679, G2692, G3639, G4485

# നശിപ്പിക്കുക, നശിപ്പിക്കുന്നു, നശിപ്പിച്ചു, നാശകന്, നാശകന്മാര്, നശിപ്പിക്കുന്ന

## നിര്വചനം:

എന്തെങ്കിലും നശിപ്പിക്കുക എന്നാല്, തുടര്ന്നു മേലാല്ഒരിക്കലും തുട രാത്ത വിധം പൂര്ണ്ണമായി ഒരു പര്യവസാനം വരുത്തുക എന്നര്ത്ഥം.

- “നാശകന്” എന്ന പദം അക്ഷരീകമായി അര്ത്ഥമാക്കുന്നത് “നശിപ്പിക്കുന്ന വ്യക്തി” എന്നാണ്.
- ആക്രമിച്ചു മുന്നേറുന്ന സൈന്യത്തെപ്പോലെ, മറ്റുള്ള ജനത്തെ നശിപ്പിക്കുന്ന ആരെയും ഒരു പൊതു സൂചനയെന്ന വണ്ണം പഴയ നിയമത്തില് ഈ പദം സാധാരണയായി ഉപയോഗിക്കുന്നു.
- ദൈവം തന്റെ ദൂതനെ മിസ്രയീമിലെ ആദ്യജാതന്മാരായ ആണ്കുഞ്ഞുങ്ങളെ സംഹരിക്കുവാനായി അയച്ചപ്പോള്, ആ ദൂതനെ “കടിഞ്ഞൂലുകളുടെ സംഹാരകന്” എന്നു സൂചിപ്പിച്ചു. ഇതു “കടിഞ്ഞൂലുകളായ ആണ്കുഞ്ഞുങ്ങളെ സംഹരിച്ചവന് (അല്ലെങ്കില്ദൂതന്)” എന്നു പരിഭാഷപ്പെടുത്താം.
- അന്ത്യ കാലത്തെ ക്കുറിച്ചു വെളിപ്പാട് പുസ്തകത്തില്, സാത്താന് അല്ലെങ്കില് വേറെ ദുരാത്മാവിനെ “വിനാശകന്” എന്നു വിളിക്കുന്നു. അവനാണ് “നശിപ്പിക്കുന്നവന്” എന്തുകൊണ്ടെന്നാല് അവന്റെ ഉദ്ദേശ്യം തന്നെ ദൈവം സൃഷ്ടിച്ച സകലത്തെയും നശിപ്പിക്കയും പാഴാക്കുകയും ചെയ്യുക എന്നുള്ളതാണ്.

(കാണുക:ദൈവദൂതന്, മിസ്രയീം, ആദ്യജാതന്, പെസഹ)

## ദൈവവചന സൂചികകള്:

- പുറപ്പാട് 12:23
- എബ്രായര്:27-28
- യിരെമ്യാവ് 06:25-26
- ന്യായാധിപന്മാര്:23-24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6, H7, H622, H398, H1104, H1197, H1820, H1942, H2000, H2015, H2026, H2040, H2254, H2255, H2717, H2718, H2763, H2764, H3238, H3341, H3381, H3423, H3582, H3615, H3617, H3772, H3807, H4191, H4199, H4229, H4591, H4889, H5218, H5221, H5307, H5362, H5420, H5422, H5428, H5595, H5642, H6789, H6979, H7665, H7667, H7703, H7722, H7760, H7843, H7921, H8045, H8074, H8077, H8316, H8552, G355, G396, G622, G853, G1311, G1842, G2049, G2506, G2507, G2647, G2673, G2704, G3089, G3645, G4199, G5351, G5356

# നാക്ക്, ഭാഷകള്

## നിര്വചനം:

ദൈവ വചനത്തില്"നാക്ക്" എന്നതിന് വിവിധ ഉപമാന അര്ത്ഥങ്ങള്ഉണ്ട്.

- ദൈവ വചനത്തില്, ഈ പദത്തിന് നല്കിയിരിക്കുന്ന വളരെ സാധാരണമായ ഉപമാന അര്ത്ഥം "ഭാഷ" അല്ലെങ്കില്"പ്രഭാഷണം" എന്നാണ്.
- ചില സന്ദര്ഭങ്ങളില്"നാക്ക്" എന്നത് പ്രത്യേക ജനവിഭാഗം സംസാരിക്കുന്ന മാനുഷിക ഭാഷയെ സൂചിപ്പിക്കുന്നത് ആകാം.
- മറ്റു സമയങ്ങളില്ഇത് ക്രിസ്തുവില്ഉള്ള വിശ്വാസികള്ക്ക് പരിശുദ്ധാത്മാവ് "ആത്മാവിന്റെ ഫലങ്ങളില്" ഒന്നായി നല്കുന്ന അമാനുഷിക ഭാഷയെ സൂചിപ്പിക്കുന്നു.
- അഗ്നിയുടെ "നാവുകള്" എന്ന പദപ്രയോഗം സൂചിപ്പിക്കുന്നത് അഗ്നിയുടെ "ജ്വാലകള്" എന്നാണ്. "എന്റെ നാവു ഉല്ലസിക്കുന്നു" എന്ന പദപ്രയോഗം സൂചിപ്പിക്കുന്നത് ഒരു മുഴുവന്വ്യക്തിയെയും ആണ്. (കാണുക: ഉപലക്ഷണാലങ്കാരം)
- "അസത്യ നാവ്" എന്നത് ഒരു വ്യക്തിയുടെ ശബ്ദത്തെയോ സംസാരത്തെയോ ആകുന്നു. (കാണുക: കാവ്യാലങ്കാരം)

## പരിഭാഷ നിര്ദേശങ്ങള്

- സാഹചര്യം അനുസരിച്ച്, "നാക്ക്" എന്ന പദം "ഭാഷ" എന്നോ "ആത്മീയ ഭാഷ" എന്നോ പരിഭാഷ ചെയ്യാം. ഇത് ഏതിനെ സൂചിപ്പിക്കുന്നു എന്ന വ്യക്തത ലഭ്യമല്ല എങ്കില്, "ഭാഷ" എന്ന് തന്നെ പരിഭാഷ ചെയ്യുന്നതാണ് നല്ലത്.
- അഗ്നിയെ സൂചിപ്പിക്കുമ്പോള്, ഈ പദം "ജ്വാലകള്" എന്ന് പരിഭാഷ ചെയ്യാം.
- "എന്റെ നാവ് ഉല്ലസിക്കുന്നു" എന്ന പദപ്രയോഗം "ഞാന്ഉല്ലസിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു" അല്ലെങ്കില്"ഞാന്സന്തോഷപൂര്വ്വം ദൈവത്തെ സ്തുതിക്കുന്നു" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "അസത്യം പ്രസ്താവിക്കുന്ന നാവു" എന്നത് "അസത്യം പ്രസ്താവിക്കുന്ന വ്യക്തി" അല്ലെങ്കില്"നുണ പറയുന്ന ജനം" എന്ന് പരിഭാഷ ചെയ്യാം.
- "അവരുടെ നാവുകള്കൊണ്ട്" എന്നത് പോലെയുള്ള പദപ്രയോഗങ്ങള്"അവര്പറയുന്നവ കൊണ്ട്" അല്ലെങ്കില്"അവരുടെ വാക്കുകളാല്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: ദാനം, പരിശുദ്ധാത്മാവ്, സന്തോഷം, സ്തുതി, ഉല്ലസിക്കുക, ആത്മാവ്).

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്12:9-11
- 1 യോഹന്നാന്03:16-18
- 2 ശമുവേല്23:1-2
- അപ്പോ.02:25-26
- യെഹസ്കേല്36:1-3
- ഫിലിപ്പിയര്02:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H762, H2013, H2790, H3956, G1100, G1258, G1447, G2084

# നികുതി, നികുതികള്, നികുതി ഇട്ടു, നികുതി കല്പ്പിക്കല്, നികുതി ദായകം, നികുതി ദായകര്, നികുതി ശേഖരിക്കുന്നയാള്, നികുതി ശേഖരിക്കുന്നവര്

## നിര്വചനം:

"നികുതി" എന്നും "നികുതികള്" എന്നും ഉള്ള പദങ്ങള് ജനങ്ങള് അവരുടെ മേല് അധികാരം ഉള്ള ഭരണകൂടത്തിനു നല്കുന്ന പണം അല്ലെങ്കില് വസ്തുക്കളെ സൂചിപ്പിക്കുന്നു. ഒരു "നികുതി ശേഖരിക്കുന്ന വ്യക്തി" ജനം സര്ക്കാരിന് നികുതിയായി നല്കേണ്ടതായ തുക കൈപ്പറ്റുവാന് നിയമിതനായി ജോലി ചെയ്യുന്ന ഒരു സര്ക്കാര് ഉദ്യോഗസ്ഥന് ആയിരുന്നു.

- നികുതിയായി നല്കപ്പെടുന്ന തുക സാധാരണയായി ഏതെങ്കിലും വസ്തുവിന്റെ വിലയെ അടിസ്ഥാനമാക്കിയോ അല്ലെങ്കില് ഒരുവന്റെ ആസ്തിയുടെ മൂല്യം എന്തുമാത്രം എന്ന് വിലമതിച്ചോ കണക്കാക്കപ്പെട്ടിരുന്നു.
- യേശുവിന്റെയും അപ്പോസ്തലന്മാരുടെയും കാലഘട്ടത്തില്, റോമന് ഭരണകൂടം യഹൂദന്മാര് ഉള്പ്പെടെ, റോമന് സാമ്രാജ്യത്തില് ജീവിക്കുന്ന സകല വ്യക്തികളോടും നികുതി ആവശ്യപ്പെട്ടിരുന്നു.
- നികുതി നല്കുന്നില്ല എങ്കില്, ഭരണകൂടത്തിനു ആ വ്യക്തിക്കെതിരായി നിയമ നടപടികള് സ്വീകരിച്ചുകൊണ്ട് നിയമിക്കപ്പെട്ടതായ തുക കൈപറ്റുവാന് കഴിയുമായിരുന്നു.
- യോസേഫും മറിയയും റോമന് സാമ്രാജ്യത്തില്വസിക്കുന്ന എല്ലാവരും നികുതി അടക്കേണ്ടതിനു എണ്ണപ്പെട്ടപ്പോള് അവരും കാനേഷുമാരിയില് പങ്കെടുക്കുവാനായി ബെത്ലെഹേമിലേക്ക് യാത്രയായി.
- "നികുതി" എന്ന പദം "കൊടുക്കുവാന് നിയമിക്കപ്പെട്ട തുക" അല്ലെങ്കില് "സര്ക്കാരിന്റെ പണം", അല്ലെങ്കില് "ദേവാലയ പ്പണം" എന്നിങ്ങനെ സാഹചര്യത്തിന് അനുസരണമായി പരിഭാഷ ചെയ്യാം. "നികുതികള് കൊടുക്കുക" എന്നത് "സര്ക്കാറിലേക്ക് പണം നല്കുക" അല്ലെങ്കില് "സര്ക്കാരിനു വേണ്ടി പണം സ്വീകരിക്കുക" അല്ലെങ്കില് "നിര്ദേശിക്കപ്പെട്ടതായ പണം ലഭ്യമാക്കുക" എന്നിങ്ങനെയും പരിഭാഷ ചെയ്യാം. "നികുതി വസൂല് ചെയ്യുക" എന്നത് "സര്ക്കാരിനു വേണ്ടി പണം സ്വീകരിക്കുക" എന്ന് പരിഭാഷ ചെയ്യാം.
- "നികുതി പിരിക്കുന്നവന്" എന്നാല് സര്ക്കാരിനു വേണ്ടി പ്രവര്ത്തിക്കുകയും ജനം സര്ക്കാരിനു നല്കണം എന്ന് നിഷ്കര്ഷിച്ചിട്ടുള്ള തുക ജനങ്ങളില്നിന്ന് കൈപ്പറ്റുകയും ചെയ്യുന്ന വ്യക്തി ആകുന്നു.
- റോമന് സര്ക്കാരിനു വേണ്ടി നികുതി പിരിക്കുന്ന ജനം സര്ക്കാര് ആവശ്യപ്പെട്ടതിനെക്കാള് കൂടുതല് പണം ആവശ്യപ്പെടുമായിരുന്നു. നികുതി ഈടാക്കുന്നവര് അവര്ക്ക് വേണ്ടി കൂടുതല് തുക ഈടാക്കാറുണ്ട്.
- നികുതി ഈടാക്കുന്നവര് ഈ രീതിയില് ജനത്തെ വഞ്ചിക്കുന്നതു കൊണ്ട്, യഹൂദന്മാര് അവരെ ഏറ്റവും മോശമായ പാപികള് എന്ന് പരിഗണിച്ചിരുന്നു.
- യഹൂദന്മാര് ഈ നികുതി വസൂല് ചെയ്യുന്നവരെ സ്വന്ത ജനത്തിനു തന്നെ വഞ്ചകന്മാര് എന്ന് വിളിച്ചിരുന്നു എന്തുകൊണ്ടെന്നാല് അവര് റോമന്സര്ക്കാരിനു വേണ്ടി പ്രവര്ത്തിക്കുകയും യഹൂദ ജനത്തെ പീഡിപ്പിക്കുകയും ചെയ്തിരുന്നു.
- "നികുതി പിരിക്കുന്നവരും പാപികളും" എന്നത് പുതിയ നിയമകാലത്തെ സാധാരണ പദങ്ങളായി യഹൂദന്മാര് നികുതി പിരിക്കുന്നവരെ എത്രമാത്രം വിദ്വേഷിച്ചിരുന്നു എന്ന് കാണിക്കുന്നു.

(കാണുക: യെഹൂദന്, റോം, പാപം)

## ദൈവ വചന സൂചികകള്

- ലൂക്കോസ് 20:21-22
- മാര്ക്കോസ് 02:13-14
- മത്തായി 09:7-9
- സംഖ്യപുസ്തകം 31:28-29
- റോമര്:6-7
- ലൂക്കോസ് 03:12-13
- ലൂക്കോസ് 05:27-28
- മത്തായി 05:46-48
- മത്തായി 09:10-11
- മത്തായി 11:18-19
- മത്തായി 17:26-27
- മത്തായി 18:17

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **34:06** അവന്പറഞ്ഞു, "രണ്ടു പേര്ദേവാലയത്തില്പ്രാര്ഥിക്കുവാന്പോയിരുന്നു, അവരില്ഒരുവന്ഒരു നികുതി പിരിക്കുന്നവന്ആയിരുന്നു, മറ്റേ വ്യക്തി ഒരു മത നേതാവും ആയിരുന്നു.
- **34:07** "മത നേതാവ് ഇപ്രകാരം പ്രാര്ഥിച്ചു, "നന്ദി ദൈവമേ, മറ്റു മനുഷ്യരായ- കള്ളന്മാര്, അനീതി ഉള്ളവര്, വ്യഭിചാരികള്, ഈ നികുതി പിരിക്കുന്ന വ്യക്തി എന്നിവരെ പ്പോലെയുള്ള ഒരു പാപിയായി ഞാന്അല്ലല്ലോ."
- **34:09** "എന്നാല്നികുതി പിരിക്കുന്നവന്മത നേതാവില്നിന്നും ദൂരത്ത്മാറി നിന്നുകൊണ്ട്. സ്വര്ഗ്ഗത്തേക്കു നോക്കുവാന്പോലും ശ്രമിക്കാതെ, പകരം, തന്റെ മാറത്തു അടിച്ചുകൊണ്ട്, പ്രാര്ഥിച്ചത്, 'ദൈവമേ, ഞാന്ഒരു പാപി ആയതു കൊണ്ട് ദയവായി എന്നോട് കരുണ തോന്നേണമേ" എന്നായിരുന്നു.
- **34:10** അനന്തരം യേശു പറഞ്ഞത്, "സത്യം എന്തെന്ന് ഞാന്നിങ്ങളോട് പറയട്ടെ, ദൈവം നികുതി പിരിക്കുന്നവന്റെ പ്രാര്ത്ഥന കേള്ക്കുകയും അവനെ നീതിമാനായി പ്രഖ്യാപിക്കുകയും ചെയ്തു.
- **35:01** ഒരു ദിവസം, തന്നെ ശ്രവിക്കുവാനായി വന്ന നിരവധി നികുതി പിരിക്കുന്നവര്ക്കും പാപികള്ക്കും യേശു ഉപദേശം നല്കുക ആയിരുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Tax Collector: Strong's: H5065, H5674, G5057, G5058

# നിദ്ര, അഗാധ നിദ്രയില്ആയി, അഗാധ നിദ്രയില്ആകുക, അഗാധ നിദ്രയില്ആയ, ഉറങ്ങുക, ഉറങ്ങുന്നു, ഉറങ്ങി, ഉറങ്ങുന്ന, ഉറങ്ങുന്നവന്, ഉറക്കം ഇല്ലാത്ത, നിദ്രാലുവായ

## നിര്വചനം:

ഈ പദങ്ങള്ക്കു എല്ലാം മരണത്തോട് ബന്ധപ്പെടുത്തിയുള്ള ഉപമാനപരമായി ബന്ധമുള്ള അര്ഥങ്ങള്ഉണ്ട്.

- ”ഉറങ്ങുക” അല്ലെങ്കില്“ഗാഢനിദ്രയില്ആകുക” എന്നുള്ളത് ഒരു സാദൃശപരമായ നിലയില്“മരിക്കുക” എന്ന് അര്ത്ഥം നല്കുന്നു.
- ”ഗാഢനിദ്രയില്ആകുക” എന്ന പദപ്രയോഗം അര്ത്ഥം നല്കുന്നത് ഉറങ്ങുവാന്ആരംഭിക്കുക, അല്ലെങ്കില്ഉപമാനമായി, മരിക്കുക എന്നാണ്.
- ഒരുവന്റെ പിതാക്കന്മാരോടു കൂടെ നിദ്ര ചെയ്യുക” എന്നത്, ഒരുവന്റെ പൂര്വികന്മാര്നിര്യാതര്ആയതുപോലെ, അല്ലെങ്കില്ഒരുവന്റെ പൂര്വ പിതാക്കന്മാര് മരിച്ചതുപോലെ മരിക്കുക എന്ന് അര്ത്ഥം നല്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- “അഗാധ നിദ്രയില്ആകുക” എന്നത് “പെട്ടെന്ന് നിദ്രയില്ആയിത്തീരുക” അല്ലെങ്കില്“ഉറങ്ങുവാന്ആരംഭിക്കുക” അല്ലെങ്കില്“മരിക്കുക” എന്നിങ്ങനെ അതിന്റെ അര്ത്ഥത്തിനു അനുസൃതമായി പരിഭാഷ ചെയ്യാവുന്നതാണ്.
- കുറിപ്പ്: അഭിസംബോധന ചെയ്യപ്പെടുന്നവര്അര്ത്ഥം മനസ്സിലാക്കാത്ത സാഹചര്യത്തില്ഉപമാന രീതിയില്ഉള്ള പദപ്രയോഗം സൂക്ഷിക്കേണ്ടത് പ്രത്യേകാല്പ്രാധാന്യം അര്ഹിക്കുന്നു. ഉദാഹരണമായി, യേശു തന്റെ ശിഷ്യന്മാരോട് ലാസര്“ഉറങ്ങുന്നു” എന്ന് പറഞ്ഞപ്പോള്അവര്അര്ത്ഥമാക്കിയത് ലാസര്അക്ഷരീകമായി ഉറങ്ങുകയാണ് എന്നായിരുന്നു. ഈ സന്ദര്ഭത്തില്, “അവന്മരിച്ചു” എന്ന ആശയത്തില് പരിഭാഷ ചെയ്യുവാന് സാധ്യത നല്കുന്നില്ല.
- ചില നിര്ദ്ധിഷ്ട ഭാഷകളില്മരണം അല്ലെങ്കില്മരിക്കുക എന്നുള്ളതിന് വ്യത്യസ്തമായ പദപ്രയോഗം ഉണ്ടായിരിക്കും, അവ “ഉറങ്ങുക”എന്നും “ഗാഢനിദ്ര ചെയ്യുക” എന്നും ഉള്ള പദപ്രയോഗങ്ങളായി ആശയം നല്കാത്തവയായി കാണപ്പെടുന്നവ ആയിരിക്കും.

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്18:27-29
- 1 തെസ്സലോനിക്യര്04:13-15
- അപ്പോ.07:59-60
- ദാനിയേല്12:1-2
- സങ്കീര്ത്തനങ്ങള്044:23-24
- റോമര്13:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1957, H3462, H3463, H7290, H7901, H8139, H8142, H8153, H8639, G879, G1852, G1853, G2518, G2837, G5258

# നിയമം, നിയമങ്ങള്, നിയമ ദാതാവ്, നിയമ ലംഘകന്, നിയമ ലംഘകര്, നിയമ കല്പ്പന, നിയമജ്ഞന്, തത്വം, തത്വവല്ക്കരിക്കപ്പെട്ട, തത്വങ്ങള്

## നിര്വചനം:

ഒരു "നിയമം" എന്നത് നിയമ പരമായി എഴുതപ്പെട്ടതും അധികാരിയായ ഒരുവനാല്പ്രാബല്യപ്പെടുത്തപ്പെട്ടതും ആയ പ്രമാണം ആകുന്നു. ഒരു "തത്വം" എന്നത് തീരുമാനം എടുക്കുന്നതിനും പ്രതികരണത്തിനും ഉള്ള ഒരു മാര്ഗ്ഗരേഖ ആകുന്നു.

- "നിയമം" എന്നതും "തത്വം" എന്നതും ഒരു വ്യക്തിയുടെ സ്വഭാവത്തെ നയിക്കുന്ന പൊതുവായ നിയമം അല്ലെങ്കില്വിശ്വാസം എന്ന് സൂചിപ്പിക്കാം.
- "നിയമം" എന്നതിന്റെ ഈ അര്ത്ഥം "മോശെയുടെ നിയമം" എന്ന പദസഞ്ചയത്തില്നിന്നും അര്ത്ഥത്തില് വ്യത്യസ്തത ഉള്ളതാണ്, അവിടെ ഇസ്രയേല്യര്ക്ക് ദൈവം നല്കിയിട്ടുള്ള കല്പ്പനകളെയും നിര്ദേശങ്ങളെയും സൂചിപ്പിക്കുന്നു.
- പൊതുവായ ഒരു നിയമത്തെ സൂചിപ്പിക്കുമ്പോള്, "നിയമം" എന്നത് "തത്വം" അല്ലെങ്കില് "പൊതുവായ പ്രമാണം" എന്ന് പരിഭാഷ ചെയ്യാം.

(കാണുക: നിയമം, പ്രമാണം)

## ദൈവ വചന സൂചികകള്:

- ആവര്ത്തന പുസ്തകം 04:1-2
- എസ്ഥേര് 03:8-9
- പുറപ്പാട് 12:12-14
- ഉല്പ്പത്തി 26:4-5
- യോഹന്നാന് 18:31-32
- റോമര്

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1285, H1881, H1882, H2706, H2708, H2710, H4687, H4941, H6310, H7560, H8451, G1785, G3548, G3551, G4747

# നിയമാനുസൃതം, നിയമാനുസൃതമായ, നിയമാനുസൃതം അല്ലാത്ത, നിയമപരം അല്ലാത്ത, നിയമപരം ആല്ലാത്ത

## നിര്വചനം:

“നിയമാനുസൃതം” എന്ന പദം നിയമം അനുവദിക്കുന്നതിന് അല്ലെങ്കില് മറ്റു ആവശ്യകതയ്ക്ക് അനുസരണമായി ചെയ്യുവാന് അനുവദിക്ക പ്പെട്ടതു എന്ന് സൂചിപ്പിക്കുന്നു. ഇതിന്റെ എതിര്പദം എന്നത് “നിയമാനുസൃതം അല്ലാത്ത” എന്നതിന്റെ ലളിതമായ അര്ത്ഥം “നിയമം അനുശാസിക്കുന്ന പ്രകാരം അല്ലാത്ത” എന്നാണ്.

- ദൈവ വചനത്തില്, “നിയമാനുസൃതം” എന്നത്, അത് ഒന്നുകില് ദൈവത്തിന്റെ ധാര്മിക നിയമ പ്രകാരം, അല്ലെങ്കില് മോശെയുടെ ന്യായപ്രമാണ പ്രകാരം, അല്ലെങ്കില് ഇതര യഹൂദ നിയമ പ്രകാരം അനുവദിക്കപ്പെട്ടവ ആയിരിക്കണം. “നിയമാനുസൃതം അല്ലാത്ത” എന്നത് ആ നിയമങ്ങളാല് “അനുവദിക്കപ്പെടാത്തവ” എന്നു ആയിരുന്നു.
- ”നിയമാനുസൃതം” പ്രവര്ത്തിക്കുക എന്നാല് “ക്രമമായി” അല്ലെങ്കില് “”ശരിയായ മാര്ഗ്ഗത്തില്” അത് ചെയ്യുക എന്നാണു അര്ത്ഥം നല്കുന്നത്. യഹൂദ നിയമങ്ങള് നിയമാനുസൃതം അല്ലെങ്കില് നിയമാനുസൃതം അല്ലാത്തവ എന്ന് പരിഗണിക്കുന്നവ മറ്റുള്ളവരെ സ്നേഹിക്കുന്നത് സംബന്ധിച്ച് ഉള്ള ദൈവത്തിന്റെ പ്രമാണങ്ങളുമായി യോജിച്ചു പോകാത്തവ ആയിരുന്നു.
- സാഹചര്യം അനുസരിച്ച്, “നിയമാനുസൃതം” എന്നത് “അനുവദിക്കപ്പെട്ട” അല്ലെങ്കില് ദൈവത്തിന്റെ ന്യായപ്രമാണം അനുസരിച്ച്” അല്ലെങ്കില് “നമ്മുടെ നിയമങ്ങള്ക്കു അനുസൃതമായി” അല്ലെങ്കില് “അനുയോജ്യമായ” അല്ലെങ്കില് “ചേര്ച്ചയുള്ള” എന്നിങ്ങനെ ഉള്പ്പെടുത്തി പരിഭാഷ ചെയ്യാം.
- “ഇത് നിയമ പ്രകാരം ഉള്ളവയാണോ?” എന്ന പദസഞ്ചയം “നമ്മുടെ നിയമങ്ങള് അനുവദിക്കുന്നുണ്ടോ? അല്ലെങ്കില് “നമ്മുടെ നിയമങ്ങള് അനുവദിക്കുന്നവയാണോ ഇവ?” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- “നിയമ വിരുദ്ധമായ” എന്നും “നിയമാനുസൃതം അല്ലാത്ത” എന്നും ഉള്ള പദസഞ്ചയങ്ങള്നിയമ ലംഘനം നടത്തുന്ന നടപടികളെ വിശദീകരിക്കുന്നു.
- പുതിയ നിയമത്തില്, “നിയമ വിരുദ്ധമായ” എന്ന പദം ദൈവത്തിന്റെ പ്രമാണങ്ങളെ ലംഘിക്കുന്നതിനെ മാത്രമല്ല, മാനുഷ നിര്മ്മിതമായ യഹൂദ നിയമങ്ങളെ ലംഘിക്കുന്നതിനെയും സാധാരണയായി സൂചിപ്പിക്കുന്നുണ്ട്.
- വര്ഷങ്ങള്കൊണ്ട്, യഹൂദന്മാര്ദൈവം അവര്ക്ക് നല്കിയ നിയമങ്ങളോടു കൂടെ കൂട്ടിച്ചേര്ത്തു. യഹൂദ നേതാക്കന്മാര്“നിയമ വിരുദ്ധമായത്” എന്ന് വിളിക്കുന്നത്അവരുടെ മനുഷ്യ നിര്മ്മിതമായ നിയമങ്ങള്ക്കു അനുയോജ്യമായി പോകാത്തവയെ ആണ്.
- ശബ്ബത്ത് ദിനത്തില്യേശുവും ശിഷ്യന്മാരും ധാന്യം പറിച്ചപ്പോള്, പരീശന്മാര്അവരെ “നിയമാനുസൃതമല്ലാത്ത” പ്രവര്ത്തി ചെയ്തു എന്ന് കുറ്റപ്പെടുത്തി, എന്തുകൊണ്ടെന്നാല്ആ ദിവസത്തില്യാതൊരു ജോലിയും ചെയ്യുവാന്യഹൂദ നിയമങ്ങള്അനുവദിച്ചിരുന്നില്ല.
- അശുദ്ധമായ ഭക്ഷണങ്ങള് കഴിക്കുന്നത്തനിക്കു “നിയമ വിരുദ്ധം ആയത്” ആണെന്ന് പത്രോസ് പ്രസ്താവിക്കുമ്പോള്, താന്അര്ത്ഥമാക്കിയത് താന്ആ തരത്തിലുള്ള ഭക്ഷണങ്ങള്കഴിക്കുമ്പോള്ദൈവം ഇസ്രയേല്യര്ക്കു ചില പ്രത്യേക തരം ഭക്ഷ പദാര്ത്ഥങ്ങള്സംബന്ധിച്ച് നല്കിയ നിയമങ്ങളെ ലംഘിക്കുന്നതായി മാറും എന്നാണ്.
- “നിയമ വിരുദ്ധന്” എന്ന പദം വിശദമാക്കുന്നത് ഒരു വ്യക്തി നിയമങ്ങളെയോ ചട്ടങ്ങളെയോ അനുസരിക്കുന്നില്ല എന്നാണ്.
- ഒരു രാജ്യമോ അല്ലെങ്കില്ഒരു ജനവിഭാഗമോ “നിയമ വിരുദ്ധര്” എന്ന നിലയില്ആയിത്തീരുമ്പോള്, അവിടെ വ്യാപകമായ നിലയില്അനുസരണക്കേട്, പ്രതിഷേധങ്ങള്, അല്ലെങ്കില്ധാര്മികച്യുതി ഉണ്ടാകുന്നു.
- നിയമ വിരുദ്ധന്ആയ ഒരു വ്യക്തി മത്സര സ്വഭാവിയും ദൈവത്തിന്റെ പ്രമാണങ്ങളെ അനുസരിക്കാത്തവനും ആയിരിക്കുന്നു.
- അപ്പോസ്തലനായ പൌലോസ് എഴുതിയപ്പോള്അന്ത്യ നാളുകളില്“നിയമ വിരുദ്ധര്ആയവര്”, അല്ലെങ്കില്നിയമ രഹിതര്,” സാത്താനാല്സ്വാധീനിക്കപ്പെട്ടവര്ആയിട്ടു തിന്മയായവ പ്രവര്ത്തിക്കും എന്ന് രേഖപ്പെടുത്തി.

## പരിഭാഷ നിര്ദേശങ്ങള്:

- ”നിയമാനുസൃതം അല്ലാത്ത” എന്ന പദം “നിയമം അനുശാസിക്കുന്ന പ്രകാരം അല്ലാത്ത” അല്ലെങ്കില്“നിയമം ലംഘിക്കുന്ന” എന്ന് അര്ത്ഥം വരുന്ന പദസഞ്ചയമോ പദപ്രയോഗമോ പരിഭാഷക്കായി ഉപയോഗിക്കാം.
- ”നിയമാനുസൃതം അല്ലാത്ത” എന്നത് പരിഭാഷ ചെയ്യുവാന്ഉള്ള ഇതര മാര്ഗ്ഗങ്ങള്“അനുവദിക്കപ്പെടാത്ത” അല്ലെങ്കില്ദൈവത്തിന്റെ നിയമത്തിനു അനുസരിച്ച് അല്ലാത്ത” അല്ലെങ്കില്“നമ്മുടെ നിയമങ്ങള്ക്കു അനുസൃതം അല്ലാത്ത” എന്നിങ്ങനെ ആകുന്നു.
- ”നിയമത്തിനു എതിരായി” എന്ന പദപ്രയോഗത്തിനു “നിയമവിരുദ്ധമായ” എന്ന അതേ അര്ത്ഥം തന്നെയാണ് ഉള്ളത്.

- "നിയമ രഹിതന്" എന്ന പദം "മത്സരമുള്ള" അല്ലെങ്കില്"അനുസരണം കെട്ട" അല്ലെങ്കില്"നിയമത്തെ വെല്ലുവിളിക്കുന്ന" എന്ന് പരിഭാഷ ചെയ്യാം.
- "നിയമ രാഹിത്യം" എന്ന പദസഞ്ചയം "ഒരു നിയമത്തെയും അനുസരിക്കാത്ത" അല്ലെങ്കില്"മത്സര സ്വഭാവമുള്ള (ദൈവത്തിന്റെ നിയമങ്ങള്ക്കു എതിരായി) എന്ന് പരിഭാഷ ചെയ്യാം.
- "നിയമ രാഹിത്യം ഉള്ള മനുഷ്യന്" എന്ന പദസഞ്ചയം "യാതൊരു നിയമങ്ങളെയും അനുസരിക്കാത്ത മനുഷ്യന്" അല്ലെങ്കില്ദൈവത്തിന്റെ നിയമങ്ങള്ക്കു എതിരായി മത്സരിക്കുന്ന വ്യക്തി" എന്ന് പരിഭാഷ ചെയ്യാം.
- സാധ്യമെങ്കില്, "ന്യായപ്രമാണം" എന്ന ആശയം ഈ പദത്തില്വിവക്ഷിക്കുന്നത് പ്രാധാന്യം അര്ഹിക്കുന്നത് ആകുന്നു.
- "നിയമാനുസൃതം അല്ലാത്ത" എന്ന പദസഞ്ചയത്തിനു ഈ പദത്തില്നിന്നും വ്യത്യസ്തമായ അര്ത്ഥം ആണ് ഉള്ളതെന്ന് എന്ന കാര്യം ശ്രദ്ധിക്കുക.

(കാണുക: നിയമം, ന്യായപ്രമാണം, മോശെ, ശബ്ബത്ത്)

## ദൈവ വചന സൂചികകള്:

- |മത്തായി 07:21-23](rc://ml/tn/help/mat/07/21)
- മത്തായി 12:1-2
- മത്തായി 12:3-4
- മത്തായി 12:9-10
- മര്ക്കോസ് 03:3-4
- ലൂക്കോസ് 06:1-2
- അപ്പോ. 02:22-24
- അപ്പോ. 10:27-29
- അപ്പോ. 22:25-26
- 2 തെസലോനിക്യര്:3-4
- തീത്തോസ് 02:14
- 1 യോഹന്നാന്:4-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4941, H6530, H6662, H7386, H7990, G111, G113, G266, G458, G459, G1832, G3545

# നിരപരാധിയെന്ന് വിട്ടയക്കുക, നിരപരാധിയെന്ന് വിട്ടയക്കുന്നു, നിരപരാധിയെന്ന് വിട്ടയച്ചു.

## നിർവചനം:

“നിരപരാധിയെന്ന് വിട്ടയക്കുക” എന്ന പദം അർത്ഥമാക്കുന്നത് നിയമവിധേയമല്ലാത്തതൊ സ്വഭാവദൂഷ്യ ആരോപണത്തിനു വിധേയനായതൊ ആയ ഒരു വ്യക്തിയെ കുറ്റവാളിയല്ല എന്നു ഔപചാരികമായി പ്രഖ്യാപിക്കുന്നത് ആണ്.

- ഈ പദം ദൈവവചനത്തിൽ ചില സന്ദർഭങ്ങളിൽ പാപികളെ ക്ഷമിക്കുന്നതിനോട് ബന്ധപ്പെട്ടു പറയുന്നതിന് ഉപയോഗിക്കുന്നു.
- സാധാരണയായി ദുഷ്ടന്മാരും ദൈവത്തോടു മത്സരിക്കുന്നവരും ആയവരെ വെറുതെ വിട്ടയക്കുന്ന സാഹചര്യത്തിൽ ഇതു ഉപയോഗിക്കുന്നു.
- ഇതു ഇപ്രകാരം പരിഭാഷപ്പെടുത്താം, “നിർദോഷിയെന്നു പ്രഖ്യാ പിക്കുക” അല്ലെങ്കിൽ“കുറ്റവാളിയല്ലെന്നു വിധിക്കുക”

(കാണുക: ക്ഷമിക്കുക, കുറ്റാരോപണം, പാപം)

## ദൈവവചന സൂചികകൾ:

- ആവർത്തനം 25:1-2
- പുറപ്പാട്21:28-30
- പുറപ്പാട് 23:6-9
- യെശ്ശയ്യാവ് 05:22-23
- ഇയ്യോബ് 10:12-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3444, H5352, H5355, H6403, H6663

# നിരോധനം ഏര്പ്പെടുത്തുക, ഉപരോധം, ഉപരോധനം ഏര്പ്പെടുത്തി, ഉപരോധകര്, നിരോധനം ഏര്പ്പെടുത്തുന്നത്, ഉപരോധ പ്രവര്ത്തി

## നിര്വചനം:

ഒരു "നിരോധനം" ഉണ്ടാകുന്നത് ആക്രമിക്കുന്ന സൈന്യം ഒരു പട്ടണത്തെ ചുറ്റി വളയുകയും അതിനെ യാതൊരു വിധ ഭക്ഷണമോ വെള്ളമോ ലഭ്യമാകാതെ സൂക്ഷിക്കുകയും ചെയ്യുമ്പോള് ആണ്. ഒരു പട്ടണത്തില് "ഉപരോധം" ഏര്പ്പെടുത്തുക അല്ലെങ്കില് അതിനെ "നിരോധനത്തില് ആക്കുക" എന്നതിന്റെ അര്ത്ഥം അതിനെ നിരോധനത്തില് ആക്കി ആക്രമിക്കുക എന്നതാണ്.

- ബാബിലോന്യര് ഇസ്രയേലിനെ ആക്രമിക്കുവാന് വന്നപ്പോള്, അവര് യെരുശലേമിനു എതിരായി നിരോധനം ഏര്പ്പെടുത്തി പട്ടണത്തിനു അകത്തുള്ള ജനത്തെ ശക്തിഹീനര് ആക്കുന്ന തന്ത്രം ആണ് ഉപയോഗിച്ചത്.
- സാധാരണയായി ഒരു ഉപരോധം ഏര്പ്പെടുത്തുമ്പോള്, മണ്ണുകൊണ്ടുള്ള തിട്ടകള് പടിപ്പടിയായി പണിതു ആക്രമിക്കുന്ന സൈന്യത്തിനു പട്ടണ മതിലിനു മുകളില്കൂടെ കടന്നു പോയി ആക്രമണം നടത്തി പട്ടണത്തെ പിടിച്ചടക്കുവാന് ഇടയായി തീരും. ഒരു പട്ടണത്തെ "നിരോധിക്കുക" എന്നത് അതിനു "ഉപരോധം ഏര്പ്പെടുത്തുക" എന്ന പദപ്രയോഗത്താല് അല്ലെങ്കില് അതിന്മേല് "നിരോധനം" ഉളവാക്കുക എന്ന് പറയാം. "നിരോധനം ഏര്പ്പെടുത്തി" എന്ന പദപ്രയോഗത്തിനു "നിരോധനത്തിന് കീഴ്" ആയിത്തീര്ന്നു എന്ന പദപ്രയോഗം ഒരേ അര്ത്ഥം തന്നെയാണ് സൂചിപ്പിക്കുന്നത്. ഈ രണ്ടു പദപ്രയോഗങ്ങളും വിശദീകരിക്കുനത് ഒരു പട്ടണം ശത്രു സൈന്യത്താല് ചുറ്റപ്പെടുകയും നിരോധനം ഏര്പ്പെടുത്തപ്പെടുകയും ചെയ്തു എന്ന് വിശദമാക്കുന്നു.

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്20:1
- 1 രാജാക്കന്മാര്:1-3
- 1 ശമുവേല്:1-2
- യിരെമ്യാവ് 33:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4692, H4693, H5341, H5437, H5564, H6693, H6696, H6887

# നിര്ണ്ണയിക്കുക, നിര്ണ്ണയിച്ചു, ദൈവ കല്പ്പിതം, മുന്നിര്ണ്ണയം

## നിര്വചനം:

“ദൈവകല്പ്പിതം” എന്ന പദം സൂചിപ്പിക്കുന്നത് ഭാവിയില് ജനത്തിന് എന്ത് സംഭവിക്കും എന്നതാണ്.

- ആരെങ്കിലും എന്തെങ്കിലും ചെയ്യുവാന് “നിര്ണ്ണയിക്കപ്പെട്ടിട്ടുണ്ടെങ്കില്, അതിന്റെ അര്ത്ഥം ആ വ്യക്തി ഭാവിയില് ചെയ്യുവാന് പോകുന്ന കാര്യം ദൈവത്താല് തീരുമാനിക്കപ്പെട്ടിട്ടുള്ളതു ആണ്.
- ദൈവം ഒരു ദേശത്തെ ക്രോധത്തിനായി “നിര്ണ്ണയിക്കുമ്പോള്” അതിന്റെ അര്ത്ഥം അവരുടെ പാപം നിമിത്തം ദൈവം ആ ദേശത്തെ ശിക്ഷിക്കു വാന് തീരുമാനിച്ചിരിക്കുന്നു അല്ലെങ്കില് തിരഞ്ഞെടുത്തിരിക്കുന്നു എന്നാണ്.
- യൂദാസ് നാശത്തിനായി “നിര്ണ്ണയിക്കപ്പെട്ടിരുന്നു” എന്നതിന്റെ അര്ത്ഥം, യൂദാസ് തന്റെ ധിക്കാരം നിമിത്തം നശിക്കണം എന്നത് ദൈവം തന്നെ തീരുമാനിച്ചതു ആയിരുന്നു.
- ഓരോ മനുഷ്യനും അന്തിമമായ, നിത്യമായ ഒരു മുന്നിര്ണ്ണയം സ്വര്ഗ്ഗത്തിലോ അല്ലെങ്കില് നരകത്തിലോ ഉണ്ട്.
- സഭാപ്രസംഗിയുടെ എഴുത്തുകാരന് പറയുന്നത് എല്ലാവരുടെയും അവസാനം ഒന്നു തന്നെയാണ്, താന് അര്ത്ഥമാക്കുന്നത് എല്ലാ മനുഷ്യരും ഒരുപോലെ മരിക്കും എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- “നിന്നെ ക്രോധത്തിനായി നിര്ണ്ണയിച്ചു” എന്നത് “നീ ശിക്ഷിക്കപ്പെടണം എന്നു തീരുമാനിച്ചു” അല്ലെങ്കില് “നീ എന്റെ ക്രോധം അനുഭവിക്കു മെന്നു നിര്ണ്ണയിച്ചു കഴിഞ്ഞു.”
- “അവര് വാളിനായി നിയമിക്കപ്പെട്ടവര്ആയിരിക്കുന്നു” എന്ന ഉപമാന പദസഞ്ചയം “അവരെ വാളുകൊണ്ട് കൊല്ലുന്ന ശത്രുക്കളാല് അവര്നശിപ്പിക്കപ്പെടുമെന്ന് ദൈവം തീരുമാനിച്ചിരിക്കുന്നു” അല്ലെങ്കില് “അവരുടെ ശത്രുക്കള് അവരെ വാളാല് കൊല്ലുമെന്ന് ദൈവം നിര്ണ്ണയിച്ചിരിക്കുന്നു” എന്നു പരിഭാഷ ചെയ്യാവുന്നത് ആണ്..
- “നീ നിയമിക്കപ്പെട്ടിരിക്കുന്നു” എന്ന പദം “നീ ആയിരിക്കണമെന്ന് ദൈവം തീരുമാനിച്ചിരിക്കുന്നു” എന്നതു പോലെയുള്ള പദസഞ്ചയം ഉപയോഗിച്ചു പരിഭാഷപ്പെടുത്താവുന്നത് ആണ്.
- സാഹചര്യം അനുസരിച്ച്, “ദൈവ കല്പ്പിതം” എന്നത്, “അവസാന അന്ത്യം” അല്ലെങ്കില് അന്ത്യത്തില് എന്ത് സംഭവിക്കും” അല്ലെങ്കില് “ദൈവം തീരുമാനിച്ചത് എന്താണോ അത് സംഭവിക്കും” എന്നിങ്ങനെ പരിഭാഷപ്പെടുത്താവുന്നത് ആണ്.

(കാണുക: പ്രവാസി, എന്നെന്നേക്കുമുള്ള, സ്വര്ഗ്ഗം, നരകം, യോഹന്നാന് (സ്നാപകന്), മാനസ്സാന്തരപ്പെടുക)

## ദൈവവചന സൂചികകള്:

- 1 തെസ്സലോനിക്യര്:8-11
- സഭാപ്രസംഗി 02:13-14
- എബ്രായര്:27-28
- ഫിലിപ്പിയര്:17-19
- സങ്കീര്ത്തനങ്ങള്009:17-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2506, H4150, H4487, H4745, H6256, H4507, G5056, G5087

# നിര്ദേശിക്കുക, നിര്ദേശം നല്കുന്നു, നിര്ദേശം നല്കി, നിര്ദേശം നല്കുന്ന, നിര്ദേശം, നിര്ദേശങ്ങള്, നിര്ദേശം നല്കുന്നവര്

## വസ്തുതകള്:

""നിര്ദേശിക്കുക" എന്നും "നിര്ദേശം" എന്നും ഉള്ള പദങ്ങള് എന്ത് ചെയ്യണമെന്നുള്ള വ്യക്തമായ നല്കുന്നതിനെ സൂചിപ്പിക്കുന്നു.

- നിര്ദേശങ്ങള് നല്കുക" എന്നതിന്റെ അര്ത്ഥം താന് എന്ത് ചെയ്യണമെന്നു ഒരു വ്യക്തിയോട് വളരെ സ്പഷ്ടമായി പറയുന്നതിനെ സൂചിപ്പിക്കുന്നു.
- യേശു അപ്പവും മീനും ജനങ്ങള്ക്ക് വിളമ്പുവാനായി ശിഷ്യന്മാരുടെ പക്കല് കൊടുത്തപ്പോള്, അത് എപ്രകാരം ചെയ്യണം എന്നുള്ള പ്രത്യേക നിര്ദേശങ്ങള് താ ന് അവര്ക്ക് നല്കിയിരുന്നു.
- സാഹചര്യം അനുസരിച്ച്, "നിര്ദേശിക്കുക" എന്ന പദം "പറയുക" അല്ലെങ്കില് "വഴി കാട്ടുക" അല്ലെങ്കില് "പഠിപ്പിക്കുക" അല്ലെങ്കില് "നിര്ദേശങ്ങള് നല്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "നിര്ദേശങ്ങള്" എന്ന പദം "സൂചനകള്" അല്ലെങ്കില് "വിശദീകരണങ്ങള്" അല്ലെങ്കില് "അവന് നിങ്ങളോട് ചെയ്യുവാന് പറഞ്ഞിട്ടുള്ളവ" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ദൈവം നിര്ദേശങ്ങള് നല്കുമ്പോള്, ഈ പദം "കല്പ്പനകള്" അല്ലെങ്കില് "ഉത്തരവുകള്" എന്ന് ചില സമയങ്ങളില് പരിഭാഷ ചെയ്യണം.

(കാണുക:കല്പ്പിക്കുക, പ്രമാണം, പഠിപ്പിക്കുക)

## ദൈവ വചന സൂചികകള്:

- പുറപ്പാട് 14:4-5
- ഉല്പ്പത്തി 26:4-5
- എബ്രായര്:20-22
- മത്തായി 10:5-7
- മത്തായി 11:1-3
- സദൃശവാക്യങ്ങള് 01:28-30

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H241, H376, H559, H631, H1004, H1696, H1697, H3256, H3289, H3384, H4148, H4156, H4687, H4931, H4941, H5657, H6098, H6310, H6490, H6680, H7919, H8451, H8738, G1256, G1299, G1319, G1321, G1378, G1781, G1785, G2322, G2727, G2753, G3559, G3560, G3614, G3615, G3624, G3811, G3852, G3853, G4264, G4367, G4822

# നിലനില്ക്കുക, നിലനില്ക്കുന്നു, നിലനിന്നു, നിലനില്ക്കുന്നതായ, നിലനില്പ്പ്

## നിര്വചനം:

“നില നില്ക്കുക” എന്ന പദം അര്ത്ഥമാക്കുന്നത് ദീര്ഘകാലം തുടരുന്ന അല്ലെങ്കില് കഷ്ടതയുള്ള കാര്യം ദീര്ഘക്ഷമയോടെ സഹിക്കുക എന്നൊക്കെയാണ്.

- പരിശോധന വേളയില് ഉപേക്ഷ വിചാരിക്കാതെ ഉറച്ചു നില്ക്കുക എന്നും ഇതു അര്ത്ഥമാക്കുന്നു.
- “നിലനില്പ്പ്” എന്ന പദം “ദീര്ഘ ക്ഷമ” അല്ലെങ്കില് ‘’ഒരു പരിശോധനയില് സഹിച്ചു നില്ക്കുക” അല്ലെങ്കില്“പീഡിപ്പിക്കപ്പെടുമ്പോള് സഹിച്ചുകൊള്ളുക” അല്ലെങ്കില് “പീഡിപ്പിക്കപ്പെടുമ്പോഴും തളരാതെ സ്ഥിരോല്സാഹമായി ഇരിക്കുക” എന്നു അര്ത്ഥം നല്കുന്നു.
- ”അന്ത്യത്തോളം നിലനില്ക്കുക” എന്ന ക്രിസ്ത്യാനികളോടുള്ള പ്രോത്സാഹനം അവരോടു പറയുന്നത്, ഇതു അവര്ക്ക് കഷ്ടത ഉളവാക്കുന്നുവെങ്കില്പ്പോലും യേശുവിനെ അനുസരിക്കുക എന്നാണ്.
- കഷ്ടത സഹിക്കുക” എന്നത് “കഷ്ടത അനുഭവിക്കുക” എന്നും അര്ത്ഥമാ ക്കാം.

## പരിഭാഷ നിര്ദേശങ്ങള്:

- ”നിലനില്ക്കുക’’ എന്ന പദം പരിഭാഷപ്പെടുത്തുവാന് “സ്ഥിരോത്സാഹം കഴിക്കുക’’ അല്ലെങ്കില് “വിശ്വസിച്ചുകൊണ്ടിരിക്കുക” അല്ലെങ്കില് “ദൈവം നിങ്ങളോട് ചെയ്യുവാന് ആവശ്യപ്പെടുന്നതില് തുടരുക” അല്ലെങ്കില് “ഉറച്ചു നില്ക്കുക” ആദിയായവ ഉള്പ്പെടുത്താം.
- ചില സന്ദര്ഭങ്ങളില്, “നിലനില്ക്കുക” എന്നത് “അനുഭവമാക്കുക’’ അല്ലെങ്കില്“ കൂടെ കടന്നുപോകുക” എന്നു പരിഭാഷപ്പെടുത്താം.
- ദീര്ഘകാലം തുടരുക എന്ന അര്ത്ഥത്തോടുകൂടെ, “നിലനില്ക്കുക” എന്ന പദം “അവസാനത്തോളം തുടരുക” അല്ലെങ്കില് “തുടരുക” എന്നു പരിഭാഷപ്പെടുത്താം. “നിലനില്ക്കുകയില്ല” എന്ന പദം “തുടരുകയില്ല” അല്ലെങ്കില് “നിലനിന്നു തുടരുകയില്ല” എന്നു പരിഭാഷപ്പെടുത്താം.
- “നിലനില്പ്പ്” എന്നത് പരിഭാഷപ്പെടുത്തുവാന് “സ്ഥിരതയോടെ നിലനില്ക്കുക” അല്ലെങ്കില് “തുടര്മാനമായി വിശ്വസിക്കുക’’ അല്ലെങ്കില് “വിശ്വസ്തതയോടെ നിലനില്ക്കുക” എന്നു അവലംബിക്കാം.

(കാണുക:സ്ഥിരതയുള്ള)

## ദൈവവചന സൂചികകള്:

- 2 തിമോത്തിയോസ് 02:11-13
- യാക്കോബ് 01:1-3
- യാക്കോബ് 01:12-13
- ലൂക്കോസ് 21:16-19
- മത്തായി 13:20-21
- വെളിപ്പാട് 01:9-11
- റോമര്:3-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H386, H3201, H3557, H3885, H5331, H5375, H5975, G430, G907, G1526, G2005, G2076, G2553, G2594, G3114, G3306, G4722, G5278, G5281, G5297, G5342

# നിഴല്, നിഴല് അടിക്കുന്നു, നിഴല് അടിപ്പിക്കുക, നിഴല് അടിപ്പിച്ചു

## നിര്വചനം:

“നിഴല്” എന്ന പദം അക്ഷരീകമായി സൂചിപ്പിക്കുന്നത് പ്രകാശത്തെ തടുത്തു നിര്ത്തുന്ന വസ്തു നിമിത്തം ഉണ്ടാകുന്ന ഇരുള് എന്നാകുന്നു. ഇതിനു നിരവധി ഉപമാന അര്ത്ഥങ്ങളും ഉണ്ട്.

- “മരണ നിഴല്” എന്നതിന്റെ അര്ത്ഥം ഒരു നിഴല് എപ്രകാരം അതിന്റെ വസ്തുവിന്റെ സാന്നിധ്യം സൂചിപ്പിക്കുന്നുവോ അതുപോലെ മരണം സന്നിഹിതം ആയിരിക്കുന്നു അല്ലെങ്കില് സമീപം ആയിരിക്കുന്നു എന്നാണ്.
- ദൈവവചനത്തില് നിരവധി തവണ, മനുഷ്യന്റെ ജീവിതകാലം ദൈര്ഘ്യമില്ലാത്തതും, ഉറപ്പ് ഇല്ലാത്തതും എന്ന് ഒരു നിഴലിനോട് താരതമ്യം ചെയ്തുകൊണ്ട് പ്രസ്താവിച്ചിരിക്കുന്നു.
- ചില സന്ദര്ഭങ്ങളില് നിഴല്” എന്നത് “അന്ധകാരം” എന്നുള്ളതിന് പകരമായി ഉപയോഗിക്കുന്ന പദം ആകുന്നു.
- ദൈവവചനം ദൈവത്തിന്റെ ചിറകുകളുടെ അല്ലെങ്കില് കരങ്ങളുടെ നിഴലില് മറഞ്ഞിരിക്കുന്നതിനെ അല്ലെങ്കില് സംരക്ഷിക്കപ്പെടുന്നതിനെ കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. ഇത് അപകടത്തില് നിന്ന് സംരക്ഷിക്കപ്പെടുകയും മറഞ്ഞിരിക്കുകയും ചെയ്യുന്നതിന്റെ ഒരു ചിത്രം ആയിരിക്കുന്നു. “നിഴല്” എന്നതിനെ പരിഭാഷ ചെയ്യുന്നതിന് ഉള്ള മറ്റു മാര്ഗ്ഗങ്ങള് സാഹചര്യങ്ങളില് “നിഴല്” അല്ലെങ്കില് “സുരക്ഷ” അല്ലെങ്കില് “സംരക്ഷണം” എന്നിങ്ങനെ ഉള്പ്പെടുത്താം.
- “നിഴല്” എന്ന പദം പരിഭാഷ ചെയ്യുവാന് ഉള്ള ഏറ്റവും നല്ല രീതി യഥാര്ത്ഥമായി നിഴലിനു പ്രാദേശിക ഭാഷയില് നല്കിയിട്ടുള്ള പദം സൂചിപ്പിക്കുക എന്നുള്ളതാണ്.

(കാണുക: അന്ധകാരം, പ്രകാശം)

## ദൈവ വചന സൂചികകള്:

- 2 രാജാക്കന്മാര് 20:8-9
- ഉല്പ്പത്തി 19:6-8
- യെശ്ശയ്യാവ് 30:1-2
- യിരെമ്യാവ് 06:4-5
- സങ്കീര്ത്തനങ്ങള്017:8-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2927, H6738, H6751, H6752, H6754, H6757, H6767, G644, G1982, G2683, G4639

# നീക്കം ചെയ്യുക, നീക്കം ചെയ്യപ്പെടുന്നു, നീക്കം ചെയ്യപ്പെടല്

## നിര്വചനം:

നീക്കം ചെയ്യുക" എന്ന പദം പ്രകടമാക്കുന്ന അര്ത്ഥം മാറ്റിനിര്ത്ത പ്പെടുക, ബഹിഷ്കരിക്കുക, അല്ലെങ്കില്പ്രധാന വിഭാഗത്തില്നിന്നും ഒറ്റപ്പെടുത്തുക എന്നൊക്കെയാണ്. പാപത്തിനുള്ള ദൈവീക ന്യായവിധിയായി കൊല്ലപ്പെടുന്നതിനെയും ഇതു സൂചിപ്പിക്കുന്നു.

- പഴയനിയമത്തില്, ദൈവകല്പ്പനകള്അനുസരിക്കാതിരിക്കുന്നത് ദൈവജനത്തില്നിന്നോ, ദൈവസന്നിധിയില്നിന്നോ വേര്തിരിക്കപ്പെടുന്നതില്കലാശിക്കുന്നു. ദൈവത്തെ ആരാധിക്കുകയോ അനുസരിക്കുകയോ ചെയ്യാതെയും, ഇസ്രയേലിന് ശത്രുക്കളായി ഇരിക്കയാലും ഇസ്രയേല്യരല്ലാത്ത ജാതികളെ "നീക്കം ചെയ്യുകയോ" നശിപ്പിക്കുകയോ ചെയ്യുമെന്ന്, ദൈവം പ്രസ്താവിച്ചു. "നീക്കം ചെയ്യുക" എന്ന പ്രയോഗം ഒരു നദിയുടെ ഒഴുക്ക് ദൈവം നിര്ത്തലാക്കുന്നതിനെയും സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

"നീക്കം ചെയ്യപ്പെടുക" എന്ന പ്രയോഗം "ബഹിഷ്കരിക്കപ്പെടുക" അല്ലെ ങ്കില്"ദൂരേക്ക് പറഞ്ഞയക്കുക" അല്ലെങ്കില്"നിന്നും വേര്തിരിക്കുക" അല്ലെങ്കില്"കൊല്ലപ്പെടുക" അല്ലെങ്കില്"നശിപ്പിക്കപ്പെടുക" എന്നു പരിഭാഷപ്പെടുത്താം. സാഹചര്യത്തിനനുസരിച്ച്, "നീക്കം ചെയ്യുക" എന്നത് "നശിപ്പിക്കുക" അല്ലെങ്കില്"ദൂരേക്ക്പറഞ്ഞയക്കുക" അല്ലെങ്കില്"വേര്തിരിക്കുക", അല്ലെങ്കില്"നശിപ്പിക്കുക" എന്നു പരിഭാഷപ്പെടുത്താം.

- ഒഴുകുന്ന വെള്ളം നിര്ത്തലാക്കപ്പെടുക എന്ന സാഹചര്യത്തില്, ഇതു "നിര്ത്തലാക്കപ്പെട്ടു" അല്ലെങ്കില്"ഒഴുക്ക് നിര്ത്തലാക്കുവാന്ഇടയാക്കി" അല്ലെങ്കില്വിഭാഗിക്കപ്പെട്ടു" എന്നു പരിഭാഷപ്പെടുത്താം.
- ഏതെങ്കിലും വസ്തു കത്തിഉപയോഗിച്ചു മുറിക്കുന്നു എന്ന അക്ഷരീക അര്ത്ഥം ഈ പദത്തിന്റെ ഉപമാനരൂപ ഉപയോഗത്തില്നിന്നും വേര്തിരിച്ചു കാണണം.

## ദൈവവചന സൂചികകള്:

- ഉല്പ്പത്തി 17:12-14
- ന്യായാധിപന്മാര്21:6-7
- സദൃശവാക്യങ്ങള്23:17-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1214, H1219, H1438, H1468, H1494, H1504, H1629, H1820, H1824, H1826, H2498, H2686, H3582, H3772, H5243, H5352, H6202, H6789, H6990, H7082, H7088, H7096, H7112, H7113, G609, G851, G1581, G2407, G5257

# നീക്കം ചെയ്യുക, നീക്കം ചെയ്യുന്നു, നീക്കം ചെയ്തു, തുടച്ചു നീക്കുക, തുടച്ചു നീക്കുന്നു, തുടച്ചു നീക്കി.

## നിർവചനം:

“നീക്കം ചെയ്യുക'', “തുടച്ചു നീക്കുക” എന്നീ ആശയങ്ങൾഎന്തിനെയെങ്കിലുമോ ആരെയെങ്കിലുമോ പൂർണ്ണമായി നീക്കം ചെയ്യുന്നതിനെയോ നശിപ്പിക്കുന്നതി നെയോ അർത്ഥമാക്കുന്നു.

- ദൈവം പാപങ്ങളെ ക്ഷമിക്കുകയും അവയെ ഓർക്കാതിരിക്കുന്നത് തിരഞ്ഞെടുക്കുക വഴി അവയെ “നീക്കം ചെയ്യുക”യും ആകയാൽഈ ആശയങ്ങളെ ക്രിയാത്മക ചിന്തയിൽഉപയോഗിക്കാം,
- തങ്ങളുടെ പാപം നിമിത്തം ദൈവം ഒരു ജനവിഭാഗത്തെ നശിപ്പിച്ചുകൊണ്ട് “നീക്കം ചെയ്യുന്നതിനെ” അല്ലെങ്കിൽ“തുടച്ചു നീക്കുന്നതിനെ” ഒരു നിഷേധാത്മക ചിന്തയിൽസാധാരണ ഉപയോഗിക്കുന്നു.
- ദൈവവചനത്തിൽഒരു വ്യക്തിയുടെ പേര് ദൈവത്തിന്റെ ജീവപുസ്തകത്തിൽനിന്ന് “നീക്കം ചെയ്യുന്നതിനെ” അല്ലെങ്കിൽ“മായിച്ചുകളയുന്നതിനെ” ക്കുറിച്ച് സംസാരിക്കുന്നത്, ആ വ്യക്തി നിത്യജീവൻപ്രാപിക്കുകയില്ല എന്നു അർത്ഥമാക്കുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- സാഹചര്യങ്ങൾക്കനുസൃതമായി. ഈ ആശയങ്ങൾ“ഒഴിവാക്കുക”, അല്ലെങ്കിൽ“നീക്കം ചെയ്യുക”, അല്ലെങ്കിൽ“പൂർണമായി നശിപ്പിക്കുക”, അല്ലെങ്കിൽപൂർണ മായി നീക്കം ചെയ്യുക” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- ആരുടെയെങ്കിലും പേര് ജീവപുസ്തകത്തിൽനിന്ന് നീക്കം ചെയ്യുക എന്നു സൂചിപ്പിക്കുന്നത്, “നീക്കം ചെയ്തു” അല്ലെങ്കിൽമായിച്ചു കളഞ്ഞു” എന്നു പരിഭാഷപ്പെടുത്താവുന്നതാണ്.

## ദൈവവചന സൂചികകൾ:

- ആവർത്തനപുസ്തകം 29:20-21
- പുറപ്പാട് 32:30-32
- ഉൽപ്പത്തി 07:23-24
- സങ്കീർത്തനങ്ങൾ051:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3971, H4229, G631, G1591, G1813

# നുകം

## നിര്വചനം:

ഒരു നുകം എന്നത് രണ്ടോ അതില്അധികമോ മൃഗങ്ങളെ ഒരു മരത്തിന്റെ അല്ലെങ്കില്ലോഹത്തിന്റെ കഷണവുമായി ബന്ധിപ്പിച്ചിട്ടു അത് ഒരു കലപ്പ അല്ലെങ്കില്വണ്ടി വലിക്കുന്ന ആവശ്യത്തിനായി ഉപയോഗിക്കുന്നു. ഈ പദത്തിന് പല ഉപമാന അര്ത്ഥങ്ങള്ഉണ്ട്.

- "നുകം" എന്ന പദം ഉപമാനമായി ഒത്തൊരുമിച്ചു ഉള്ളതായ പ്രവര്ത്തിക്കായി യേശുവിനെ സേവിക്കുന്നത് പോലെയുള്ളവയ്ക്കായി, ജനങ്ങളെ തമ്മില്യോജിപ്പിക്കുന്നതിനെ സൂചിപ്പിക്കുന്നു.
- "നുകത്തിലെ പങ്കാളി" എന്ന പദം ഉപയോഗിച്ചു പൌലോസ് സൂചിപ്പിക്കുന്നതു തന്നെപ്പോലെ തന്നെ ക്രിസ്തുവിനെ സേവിക്കുന്ന ഒരു വ്യക്തി എന്നാണ്. ഇത് "കൂട്ടു പ്രവര്ത്തകന്" അല്ലെങ്കില്"കൂട്ടു വേലക്കാരന്" അല്ലെങ്കില്"സഹപ്രവര്ത്തകന്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "നുകം" എന്ന പദം സാധാരണയായി ഉപമാന രൂപത്തില്അധിക ഭാരം ഒരു വ്യക്തി ചുമക്കുവാന്ഇട വരുന്നതിനെ, അടിമത്തം അല്ലെങ്കില്പീഡനം മൂലം ഉപദ്രവിക്കപ്പെടുന്നതു പോലെ ഉള്ളതിനെ സൂചിപ്പിക്കുന്നു.
- മിക്കവാറും സാഹചര്യങ്ങളില്, ഈ പദം അക്ഷരീകമായി തന്നെ പരിഭാഷ ചെയ്യുന്നതിനായി, നുകത്തിനു പ്രാദേശികമായി ഉഴുന്നതിന് ഉപയോഗിക്കുന്ന പദം തന്നെ ഉപയോഗിക്കുന്നു.
- ഉപമാന രൂപത്തില്ഉപയോഗിക്കുന്നതിനു വേണ്ടി പരിഭാഷക്കായി ഉള്ള ഇതര ശൈലികള്, "ഉപദ്രവകരമായ ഭാരം" അല്ലെങ്കില്"അമിത ഭാരം" അല്ലെങ്കില്"ബാധ്യത", എന്നിങ്ങനെ സാഹചര്യം അനുസരിച്ചു ഉപയോഗിക്കാം.

(കാണുക: ബന്ധിക്കുക, ഭാരം, ഉപദ്രവം, [പീഡിപ്പിക്കുക, വേലക്കാരന്)

## ദൈവ വചന സൂചികകള്:

- അപ്പോ.15:10-11
- ഗലാത്യര്05:1-2
- ഉല്പ്പത്തി 27:39-40
- യെശ്ശയ്യാവ് 09:4-5
- യിരെമ്യാവ് 27:1-4
- മത്തായി 11:28-30
- ഫിലിപ്പിയര്04:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3627, H4132, H4133, H5674, H5923, H6776, G2086, G2201, G2218, G4805

# ന്യായാധിപന്, ന്യായാധിപന്മാര്

## നിര്വചനം:

ന്യായാധിപന്എന്ന വ്യക്തി നിയമപരമായ സംഗതികള്തീരുമാനിക്കുവാന്നിയമിക്കപ്പെട്ട ഒരു ഔദ്യോഗിക വക്താവ് ആകുന്നു.

- ദൈവ വചന കാലഘട്ടത്തില്, ഒരു ന്യായാധിപന്ജനങ്ങള്ക്ക്ഇടയില്കാണപ്പെട്ടിരുന്ന തര്ക്കങ്ങള്ക്ക് പരിഹാരം വരുത്തിയിരുന്നു.
- സാഹചര്യങ്ങള്അനുസരിച്ച്, ഈ പദം പരിഭാഷ ചെയ്യുന്നതില്നിയമം കല്പ്പിക്കുന്ന ന്യായാധിപന്" അല്ലെങ്കില്"നിയമ ഉദ്യോഗസ്ഥന്" അല്ലെങ്കില്"പട്ടണ നായകന്" എന്നിങ്ങനെ ഉള്പ്പെടുത്താം.

(കാണുക: ന്യായാധിപന്, നിയമം)

## ദൈവ വചന സൂചികകള്:

- അപ്പോ.16:19-21
- അപ്പോ.16:35-36
- ദാനിയേല്03:1-2
- ലൂക്കോസ് 12:57-59

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6114, H8200, H8614, G758, G3980, G4755

# ന്യായാധിപൻ, ന്യായം വിധിക്കുന്നു

## നിർവചനം:

ന്യായാധിപൻ എന്ന വ്യക്തി രണ്ടു മനുഷ്യർക്ക് ഇടയിൽഒരു തർക്കം ഉണ്ടാകുമ്പോൾ ശരി ഏതെന്നും തെറ്റ് ഏതെന്നും, സാധാരണ ഗതിയിൽ ന്യായപ്രമാണം സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനം എടുക്കുന്ന വ്യക്തി ആകുന്നു.

- ദൈവ വചനത്തിൽ, ദൈവത്തെ സാധാരണായായി ഒരു ന്യായാധിപനോട് സൂചിപ്പിക്കാറുണ്ട് എന്തുകൊണ്ടെന്നാൽ ശരി ഏതെന്നും തെറ്റ് ഏതെന്നും അന്തിമമായി തീരുമാനം എടുക്കുന്ന ഉൽകൃഷ്ടനായ ഒരുവൻ താൻ ആകുന്നു.
- ഇസ്രയേൽ ജനം കനാൻ ദേശത്തിൽ പ്രവേശിച്ചതിന് ശേഷം രാജാക്കന്മാർ അവരെ ഭരിക്കുവാൻ തുടങ്ങുന്നതിനു മുൻപ്, ദൈവം "ന്യായാധിപന്മാർ" എന്ന് അറിയപ്പെടുന്ന നേതാക്കന്മാരെ പ്രശ്നങ്ങൾ ഉണ്ടാകുന്ന സമയങ്ങളിൽ അവരെ നയിക്കുവാനായി നിയമിച്ചിരുന്നു. സാധാരണയായി ഈ ന്യായാധിപന്മാർശത്രുക്കളെ തോൽപ്പിച്ചു ഇസ്രയേല്യരെ പരിരക്ഷിച്ചു വന്ന സൈനിക തലവന്മാർആയിരുന്നു.
- "ന്യായാധിപൻ" എന്ന പദം "തീരുമാനം ഉണ്ടാക്കുന്നവൻ" അല്ലെങ്കിൽ "നേതാവ്" അല്ലെങ്കിൽ "വിടുവിക്കുന്നവൻ" അല്ലെങ്കിൽ "ദേശാധിപതി" എന്നിങ്ങനെ സാഹചര്യം അനുസരിച്ച് വിളിക്കാവുന്നത് ആകുന്നു.

(കാണുക: ദേശാധിപതി, ന്യായാധിപൻ, ന്യായപ്രമാണം)

## ദൈവ വചന സൂചികകൾ:

- 2 തിമോത്തിയോസ് 04:6-8
- അപ്പോ.07:26-28
- ലൂക്കോസ് 11:18-20
- ലൂക്കോസ് 12:13-15
- ലൂക്കോസ് 18:1-2
- മത്തായി 05:25-26
- രൂത്ത് 01:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H148, H430, H1777, H1778, H1779, H1780, H1781, H1782, H2940, H4055, H6414, H6415, H6416, H6417, H6419, H8196, H8199, H8201, G350, G1252, G1348, G2919, G2922, G2923

# ന്യൂനത, കളങ്കപ്പെടുത്തുന്നു, കളങ്കമറ്റ

## വസ്തുതകൾ:

“ന്യൂനത” എന്ന പദം ഒരു മൃഗത്തിനോ മനുഷ്യനോ ശാരീരികമായി ഉണ്ടാകുന്ന ഊനം അല്ലെങ്കിൽവൈകല്യം എന്നു സൂചിപ്പിക്കുന്നു.

- ഇതു ജനങ്ങളിൽഉണ്ടാകുന്ന ആത്മീയ വൈകല്യങ്ങളെയും ന്യൂനതകളെയും സൂചിപ്പിക്കാം.
- ചില പ്രത്യേക യാഗങ്ങളിൽ, ദൈവം ഇസ്രയേല്യരോട് യാതൊരു ഊനമോ ന്യൂനതയോ ഇലാത്ത മൃഗങ്ങളെ യാഗം കഴിക്കണമെന്ന് നിർദേശിച്ചിരുന്നു.
- ഇതു യാതൊരു പാപവുമില്ലാത്ത, ഉൽകൃഷ്ടമായ യാഗമായിരുന്ന യേശുക്രിസ്തുവിന്റെ ഒരു ചിത്രമായിരിക്കുന്നു.
- ക്രിസ്തുവിലുള്ള വിശ്വാസികൾതന്റെ രക്തത്താൽപാപത്തിൽനിന്നും കഴുക ൽപ്രാപിച്ചവരായും ഏതൊരു കളങ്കരഹിതരായും പരിഗണിക്കപ്പെടുന്നു.
- ഈ പദം പരിഭാഷപ്പെടുത്തുന്നതിനു “അപാകതകൾ” അല്ലെങ്കിൽ“അപൂർണത” അല്ലെങ്കിൽ“പാപം” എന്നീ പദങ്ങൾസന്ദർഭോചിതമായി ഉൾപ്പെടുത്താം.

(കാണുക: വിശ്വസിക്കുക, ശുദ്ധം, യാഗം, പാപം)

## ദൈവവചന സൂചികകൾ:

- 1 പത്രോസ് 01:18-19
- 2 പത്രോസ് 02:12-14
- ആവർത്തനപുസ്തകം 15:19-211
- സംഖ്യാപുസ്തകം 06:13-15](rc://ml/tn/help/num/06/13)
- ഉത്തമഗീതം 04:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3971, H8400, H8549, G3470

# പകരം വീട്ടല്,പകരം വീട്ടുന്നു, പകരം വീട്ടിയ, പകരം വീട്ടുന്ന, പകരം വീട്ടുന്നവന്, പ്രതികാരം, പകപോക്കല്

## നിര്വചനം:

“പകരം വീട്ടുക” അല്ലെങ്കില്“പ്രതികാരം ചെയ്യുക” അല്ലെങ്കില്“പകപോക്കുക” എന്നത് ഒരുവന്ചെയ്ത ദോഷത്തിനു തിരികെ നല്കി ശിക്ഷിക്കുവാനായി ചെയ്യുന്നത്. പകരം വീട്ടല്അല്ലെങ്കില്പ്രതികാരം ചെയ്യല്എന്ന പ്രവര്ത്തി “പകപോക്കല്” ആണ്.

- സാധാരണയായി “പകരം വീട്ടല്” എന്നത് നീതി നടപ്പിലായത് കാണുവാനുള്ള വ്യഗ്രത അല്ലെങ്കില്തെറ്റിന് പകരമുള്ള ശരി നടപ്പിലാക്കിയത് ആകുന്നു.
- ജനത്തെ സൂചിപ്പിക്കുമ്പോള്, “പ്രതികാരം ചെയ്യുക” അല്ലെങ്കില്“പ്രതികാരം നടപ്പിലാക്കുക” എന്നത് സാധാരണയായി, ദോഷം ചെയ്ത വ്യക്തിക്കെതിരെ പ്രതിക്രിയ നടപ്പിലാക്കുക എന്നതാണ്.
- ദൈവം “പകരം വീട്ടുകയോ” “പ്രതികാരം ചെയ്യുകയോ” ചെയ്യുമ്പോള്താന്പാപത്തെയും മത്സരത്തെയും ശിക്ഷിക്കകൊണ്ട് നീതി നടപ്പിലാക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്

- പകരംവീട്ടല്” എന്നത് “തെറ്റിനു ശരിയായത് ചെയ്യുക” അല്ലെങ്കില്“നീതി നടപ്പിലാക്കുക” എന്നു പരിഭാഷപ്പെടുത്താം.
- മനുഷ്യരെ സൂചിപ്പിക്കുമ്പോള്, “പ്രതികാരം ചെയ്യുക” എന്നത് “തിരിച്ചു നല്കുക” എന്നോ ശിക്ഷാര്ത്ഥം ഉപദ്രവിക്കുക’ എന്നോ ‘പകരം നല്കുക” എന്നോ പരിഭാഷപ്പെടുത്താം.
- സാഹചര്യത്തിനനുസരിച്ചു, “പകപോക്കല്” എന്നത് “ശിക്ഷ” പാപത്തിന്റെ ശിക്ഷ” അല്ലെങ്കില്തെറ്റു ചെയ്തതിനുള്ള പ്രതിഫലം” എന്നിങ്ങനെ പരിഭാഷ പ്പെടുത്താം. “പ്രതിക്രിയ” എന്ന പദമാണുപയോഗിക്കുന്നതെങ്കില്, അത് മനുഷ്യര്ക്ക്മാത്രമേ ഉപയോഗിക്കാവൂ.
- “എന്റെ പ്രതികാരം എടുത്തുകൊള്ക”എന്നു ദൈവം പ്രസ്താവിക്കുമ്പോള്, അത് “എനിക്കെതിരെ ചെയ്ത ചെയ്ത തെറ്റിനു അവരെ ശിക്ഷിക്ക” അല്ലെങ്കില്അവര്എനിക്കെതിരെ പാപം ചെയ്തതിനാല്തിന്മയായത് ഭവിക്കട്ടെ” എന്നോ പരിഭാഷപ്പെടുത്താം.
- ദൈവത്തിന്റെ പ്രതികാരം എന്നു സൂചിപ്പിക്കുമ്പോള്, പാപത്തെ ശിക്ഷിക്കുന്ന തില്ദൈവം നീതിമാനാണ് എന്നു വ്യക്തമാകുന്നു എന്നു ഉറപ്പാക്കുക.

(കാണുക:ശിക്ഷിക്കുക. നീതി, നീതിമാന്)

## ദൈവവചന സൂചികകള്:

- 1 ശമുവേല്24:12-13
- യെഹസ്കേല്25:15-17
- യെശ്ശയ്യാവ് 47:3-5
- ലേവ്യപുസ്തകം 19:17-18
- സങ്കീര്ത്തനം 018:46-47
- റോമര്12:19-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1350, H3467, H5358, H5359, H5360, H6544, H6546, H8199, G1349, G1556, G1557, G1558, G2917, G3709

# പങ്കാളി, പങ്കാളികള്, സഹപ്രവര്ത്തകന്, സഹപ്രവര്ത്തകര്

## വസ്തുതകള്:

“പങ്കാളി” എന്ന പദം വേറൊരാളുടെകൂടെ പോകുന്ന വ്യക്തി അല്ലെങ്കില്സുഹൃദ്ബന്ധത്തിലോ വിവാഹത്തിലോ എന്നപോലെ വെറൊരാളോടുകൂടെ സഹകരിക്കുന്ന വ്യക്തി എന്നാണ് സൂചിപ്പിക്കുന്നത്. “സഹപ്രവര്ത്തകന്” എന്ന പദം വേറൊരു വ്യക്തിയോടുകൂടെ പ്രവര്ത്തിക്കു ന്നവന്എന്നു സൂചിപ്പിക്കുന്നു.

- പങ്കാളികള്അനുഭവങ്ങളില്ഒരുമിച്ചു പോകുന്നു, ഭക്ഷണം പങ്കുവെക്കുന്നു, പരസ്പരം സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.
- സാഹചര്യത്തിനനുസരിച്ച് ഈ പദം ഒരു വാക്കുകൊണ്ടോ അല്ലെങ്കില്പദസഞ്ചയം കൊണ്ടോ, “സുഹൃത്ത്”, അല്ലെങ്കില്“സഹയാത്രികന്” അല്ലെങ്കില്“കൂടെ യാത്രചെയ്യുന്ന സഹായി” അല്ലെങ്കില്കൂടെ പ്രവര്ത്തിക്കുന്ന വ്യക്തി” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

## ദൈവവചന സൂചികകള്:

- യെഹസ്കേല്37:15-17
- എബ്രായര്01:8-9
- സദൃശവാക്യങ്ങള്02:16-17
- സങ്കീര്ത്തനം 038:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H251, H441, H2269, H2270, H2271, H2273, H2278, H3674, H3675, H4828, H7453, H7462, H7464, G2844, G3353, G4791, G4898, G4904

# പടയാളി, പടയാളികള്, യോദ്ധാവ്, യോദ്ധാക്കള്

## വസ്തുതകള്:

"യോദ്ധാവ്" എന്നും "പടയാളി" എന്നും ഉള്ള രണ്ടും ഒരു സൈന്യത്തില് യുദ്ധം ചെയ്യുന്ന വ്യക്തിയെ കാണിക്കുന്നു. എന്നാല് ചില വ്യത്യാസങ്ങള് ഉണ്ട് താനും.

- സാധാരണയായി "യോദ്ധാവ്" എന്ന പദം പൊതുവായ, വിശാലമായ പദമായി യുദ്ധത്തില് സമര്ത്ഥനും ധൈര്യവാനും ആയ ഒരു മനുഷ്യനെ സൂചിപ്പിക്കുന്നു.
- യഹോവയെ ഉപമാന രൂപത്തില് ഒരു "യോദ്ധാവ്" ആയി വിവരിച്ചിരിക്കുന്നു.
- "പടയാളി" എന്ന പദം കൂടുതല് വ്യക്തമായി ഒരു പ്രത്യേക സൈന്യത്തില് അല്ലെങ്കില് ഒരു നിശ്ചിത യുദ്ധത്തില് യുദ്ധം ചെയ്യുന്ന ഒരു വ്യക്തി എന്ന് സൂചിപ്പിക്കുന്നു.
- യെരുശലേമില് ഉള്ള സൈനികര് ഉത്തരവുകള് പാലിക്കുവാനും തടവുകാരെ ശിക്ഷിക്കുക മുതലായ കടമകള് നിര്വഹിക്കുവാനും നിയുക്തരായി ഉള്ളവര് ആയിരുന്നു. യേശുവിനെ ക്രൂശിക്കുന്നതിനു മുന്പ് തന്നെ കാവല്കാക്കേണ്ടതിനു വേണ്ടിയും വേറെ ചിലരെ തന്റെ കല്ലറ കാക്കേണ്ടതിനു വേണ്ടിയും നില്ക്കുവാന്കല്പ്പനകള്നല്കപ്പെട്ടിരുന്നു.
- പരിഭാഷകന്പരിഗണിക്കേണ്ടതായ കാര്യം നിര്ദിഷ്ട ഭാഷയില്"യോദ്ധാവ്" എന്നതിനും "പടയാളി" എന്നതിനും രണ്ടു വാക്കുകള്ഉണ്ടോ, അവ അര്ത്ഥത്തിലും പ്രയോഗത്തിലും വ്യത്യസ്തത പുലര്ത്തുന്നുണ്ടോ എന്നുള്ളതും ആകുന്നു.

(കാണുക: ധൈര്യം, ക്രൂശിക്കുക, റോം, കല്ലറ)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്21:4-5
- അപ്പോ. 21:32-33
- ലൂക്കോസ് 03:14
- ലൂക്കോസ് 23:11-12
- മത്തായി 08:8-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: , H352, H510, H1368, H1416, H1995, H2389, H2428, H2502, H3715, H4421, H5431, H5971, H6518, H6635, H7273, H7916, G4686, G4753, G4754, G4757, G4758, G4961

# പടി വാതില്, പടി വാതിലുകള്, പടി വാതില് താഴുകള്, വാതില്കാവല്ക്കാരന്, വാതില്കാവല്ക്കാര്, പടിവാതില്തൂണുകള്, കോട്ട വാതില്, കോട്ട വാതിലുകള്

## നിര്വചനം:

" പടി വാതില്" എന്നത് വീടിന്റെ അല്ലെങ്കില് പട്ടണത്തിന്റെ പ്രവേശന കവാടത്തില് ഒരു വേലിക്കെട്ടിലോ അല്ലെങ്കില് മതിലിലോ വിജാഗിരി യില് ഉറപ്പിച്ചിരിക്കുന്ന തടസ്സം ആകുന്നു. "പടി വാതില്താഴ്" എന്നത് മരം കൊണ്ടോ ലോഹം കൊണ്ടോ നിര്മ്മിച്ച, പടി വാതില്പൂട്ടുവാനായി നീക്കി ഇടാവുന്ന ഭാഗം എന്ന് സൂചിപ്പിക്കുന്നു.

- പട്ടണ പടി വാതില്എന്നത് മനുഷ്യര്, മൃഗങ്ങള്, ചരക്കുകള്ആദിയായവ പട്ടണത്തിനു അകത്തേക്കും പുറത്തേക്കും പോകുവാനായി തുറന്നു അനുവദിക്കുന്നതാണ്.
- പട്ടണത്തെ സംരക്ഷിക്കുവാനായി, അതിന്റെ മതിലുകളും പടി വാതിലുകളും വളരെ കനത്തിലും ശക്തമായും കാണപ്പെടുമായിരുന്നു. പട്ടണത്തില്ശത്രു സൈന്യം പ്രവേശിക്കുന്നത് തടയുവാനായി പടി വാതില്അടക്കുകയും ലോഹം കൊണ്ടോ മരം കൊണ്ടോ ഉള്ള താഴിട്ടു പൂട്ടുകയും ചെയ്യുമായിരുന്നു.
- സാധാരണയായി പട്ടണ പടി വാതില്എന്നത് ഒരു ഗ്രാമത്തിന്റെ വാര്ത്തകളുടെയും സംസ്കാരത്തിന്റെയും കേന്ദ്രം ആയിരുന്നു. കഠിനമായ ഉഷ്ണത്തില്നിന്നും സുരക്ഷക്കായി നിഴല്നല്കുന്നതിനായി കോട്ട വാതിലുകള്ഉള്ളതായ പട്ടണ മതിലുകള്ഉള്ളതിനാല്ഇവിടം വ്യാപാര ക്രയ വിക്രയങ്ങളും ന്യായ തീര്പ്പുകളും നടക്കുമായിരുന്നു. ഇവിടത്തെ നിഴലില്ഇരുന്നു കൊണ്ട് തങ്ങളുടെ വ്യാപാരങ്ങള്നടത്തുന്നതിനും നിയമ പരമായ നടപടികള്നടത്തുന്നതിനും പൌരന്മാര്തല്പ്പരരായി ഇരിക്കുമായിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, "പടി വാതില്" എന്നത് പരിഭാഷ ചെയ്യുവാന്ഉള്ള മാര്ഗ്ഗങ്ങള്"കതക്" അല്ലെങ്കില്"ചുവരിന്റെ തുറന്ന ഭാഗം" അല്ലെങ്കില്"തടസ്സം" അല്ലെങ്കില്"പ്രവേശന കവാടം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "പടി വാതിലിന്റെ താഴുകള്" എന്ന പദസഞ്ചയം "പടി വാതില്പൂട്ടുകള്" അല്ലെങ്കില്"പടി വാതില്പൂട്ടുവാനുള്ള മര നിര്മ്മിത തൂണുകള്" അല്ലെങ്കില്"പടി വാതില്പൂട്ടുവാന്ഉള്ള ലോഹ ദണ്ഡുകള്എന്ന് പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- അപ്പൊ.പ്രവര്ത്തികള്09:23-25
- അപ്പൊ.പ്രവര്ത്തികള്10:17-18
- ആവര്ത്തന പുസ്തകം 21:18-19
- ഉല്പ്പത്തി 19:1-3
- ഉല്പ്പത്തി 24:59-60
- മത്തായി 07:13-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1817, H5592, H6607, H8179, H8651, G2374, G4439, G4440

# പഠിപ്പിക്കുക, പഠിപ്പിക്കുന്നു, പഠിപ്പിച്ചു, പഠിപ്പിക്കല്, ഉപദേശങ്ങള്, വിദ്യാഭ്യാസമില്ലാത്ത

## നിര്വചനം:

"പഠിപ്പിക്കുക" എന്നതിന്റെ അര്ത്ഥം ഒരു വ്യക്തി വേറൊരാള്ക്ക് അറിയാന് പാടില്ലാത്ത കാര്യം പറഞ്ഞു കൊടുക്കുക എന്നുള്ളതാണ്. പൊതുവായി ഇത് പഠിക്കുന്ന വ്യക്തിയെ സംബന്ധിച്ച് സൂചന ഇല്ലെങ്കിലും പൊതുവായി "വിവരങ്ങള് നല്കുക" എന്നും ഇതിനു അര്ത്ഥം ഉണ്ട്. സാധാരണയായി വിവരങ്ങള് സാധാരണയായ അല്ലെങ്കില് ക്രമീകൃതമായ രീതിയില് നല്കപ്പെടുന്നത് ആകാം. ഒരു വ്യക്തിയുടെ "ഉപദേശം" അല്ലെങ്കില് തന്റെ "ഉപദേശങ്ങള്" എന്നത് എന്ത് താന് പഠിപ്പിച്ചുവോ അതാണ്.

- ഒരു "അധ്യാപകന്" എന്നാല് പഠിപ്പിക്കുന്ന വ്യക്തി എന്നാണര്ത്ഥം. "പഠിപ്പിക്കുക" എന്നതിന്റെ ഭൂതകാല ക്രിയ "പഠിപ്പിച്ചു" എന്നതാണ്.
- യേശു പഠിപ്പിച്ചു കൊണ്ടിരുന്നപ്പോള്, താന് ദൈവത്തെ കുറിച്ചും തന്റെ രാജ്യത്തെ കുറിച്ചും ഉള്ള വസ്തുതകളെ വിശദീകരിക്കുകയായിരുന്നു.
- യേശുവിന്റെ ശിഷ്യന്മാര് തന്നെ "ഗുരു" എന്ന ബഹുമാന പൂര്ണ്ണമായ അഭിസംബോധന രൂപമാണ് ദൈവത്തെ കുറിച്ച് പ്രബോധിപ്പിക്കുന്നവരെ എന്നപോലെ വിളിച്ചിരുന്നത്. പഠിപ്പിക്കുന്ന വിവരങ്ങള് പ്രദര്ശിക്കുന്നവയോ അല്ലെങ്കില് സംസാരിക്കുന്നവയോ ആകാം.
- "ഉപദേശം" എന്ന പദം ദൈവത്തില് നിന്നും തന്നെക്കുറിച്ചുള്ള വസ്തുതകളുടെ ഒരു പഠന സമാഹാരമോ അതുപോലെ എപ്രകാരം ജീവിക്കണം എന്നുള്ള ദൈവത്തിന്റെ നിര്ദേശങ്ങളുടെ സംഹിതയോ ആകാം. ഇതും "ദൈവത്തില് നിന്നുള്ള ഉപദേശങ്ങള്" അല്ലെങ്കില് "ദൈവം നമ്മെ പഠിപ്പിക്കുന്നവ" എന്ന് പരിഭാഷ ചെയ്യാവുന്നതാണ്.
- നിങ്ങള്ക്ക് ഉപദേശിക്കപ്പെട്ടവ" എന്ന പദസഞ്ചയം "ഈ ജനം നിങ്ങളെ പഠിപ്പിച്ചവ" അല്ലെങ്കില് "ദൈവം നിങ്ങളെ പഠിപ്പിച്ചവ" എന്നിങ്ങനെ സാഹചര്യം അനുസരിച്ച് പരിഭാഷ ചെയ്യാവുന്നതാണ്. "പഠിപ്പിക്കുക" എന്ന പദം പരിഭാഷ ചെയ്യുന്നതിന് "പറയുക" അല്ലെങ്കില് "വിശദീകരിക്കുക" അല്ലെങ്കില് "നിര്ദേശം നല്കുക" എന്നീ ശൈലികളും ഉള്പ്പെടുത്താം.
- സാധാരണയായി ഈ പദം "ദൈവത്തെ കുറിച്ചു ജനങ്ങളെ പഠിപ്പിക്കുക" എന്ന് പരിഭാഷ ചെയ്യാം.

(കാണുക: നിര്ദേശിക്കുക, അദ്ധ്യാപകന്, ദൈവ വചനം)

## ദൈവ വചന സൂചികകള്:

- 1തിമോത്തിയോസ് 01:3-4
- അപ്പോ.02:40-42
- യോഹന്നാന് 07:14-16
- ലൂക്കോസ് 04:31-32
- മത്തായി 04:23-25
- സങ്കീര്ത്തനങ്ങള് 032:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H502, H2094, H2449, H3045, H3046, H3256, H3384, H3925, H3948, H7919, H8150, G1317, G1321, G1322, G2085, G2605, G2727, G3100, G2312, G2567, G3811, G4994

# പതിര്

## നിര്വചനം:

പതിര്എന്നത് ധാന്യത്തിന്റെ ഉണങ്ങിയ സുരക്ഷിത കവചം ആണ്. പതിര്ഭക്ഷനയോഗ്യമല്ലാത്തതിനാല്ജനം അതിനെ ധാന്യത്ത്തില്നിന്നും വേര്തിരിച്ചു നീക്കിക്കളയുന്നു.

- സാധാരണയായി, വിത്തില്നിന്നും പതിരിനെ നീക്കം ചെയ്യേണ്ടതിനു ധാന്യതലപ്പിനെ മുകളിലേക്ക് എറിയുന്നു. അപ്പോള്കാറ്റ് പതിരിനെ നീക്കിക്കളയുകയും വിത്തു നിലത്തു വീഴുകയും ചെയ്യും. ഈ പ്രവര്ത്തനത്തെ "പാറ്റുക" എന്നു പറയുന്നു.
- ദൈവവചനത്തില്, ഈ പദം ഉപമാനമായി ദുഷ്ടജനത്തെയും, ദുഷ്ടതയെയും വിലയില്ലാത്ത കാര്യങ്ങളെയും സൂചിപ്പിക്കുന്നു.

(കാണുക: ധാന്യം, ഗോതമ്പ്, പാറ്റല്)

## ദൈവവചന സൂചികകള്:

- ദാനിയേല്:34-35
- ഇയ്യോബ് 21:16-18
- ലൂക്കോസ് 03:17
- മത്തായി 03:10-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2842, H4671, H5784, H8401, G892

# പത്താമത്തെ, പത്താമത്തെയവകള്, ദശാംശം, ദശാംശങ്ങള്

## നിര്വചനം:

"പത്താമത്തെ" എന്നും "ദശാംശം" എന്നും ഉള്ള പദങ്ങള് "പത്ത് ശതമാനം" അല്ലെങ്കില് ഒരുവന്റെ പണം, വിളവുകള്, കന്നുകാലികള്, അല്ലെങ്കില് മറ്റു വസ്തുക്കള് എന്നിവയില് നിന്ന് ദൈവത്തിനു കൊടുക്കപ്പെടുന്ന "പത്തു ഭാഗങ്ങളില് ഒന്ന്" എന്ന് സൂചിപ്പിക്കുന്നു.

- പഴയ നിയമത്തില്, ദൈവം ഇസ്രയേല് ജനത്തോടു അവര്ക്ക് ഉള്ളവയില് നിന്ന് ദശാശം ആയ ഒരു വഴിപാട് ദൈവത്തിനു നന്ദിയര്പ്പണമായി നല്കുവാനായി മാറ്റി വെക്കണം എന്ന് ആവശ്യപ്പെട്ടു.
- ഈ വഴിപാട് ഇസ്രയേലിലെ ലേവ്യ ഗോത്രത്തിനു, അതായത് ഇസ്രയേല്യരില് പുരോഹിതവൃത്തി ചെയ്തു വന്നവരും സമാഗമന കൂടാരത്തിന്റെയും, പില്ക്കാലത്ത് ദേവാലയത്തിന്റെയും ശുശ്രൂഷകള് ചെയ്തു വന്നവര്ക്കും ഓഹരിയായി നല്കി വന്നു,
- പുതിയനിയമത്തില്, ദൈവം ദശാംശം നല്കുവാന് ആവശ്യപ്പെടുന്നില്ല, എന്നാല് പകരമായി താന് വിശ്വാസികളോടു നിര്ദേശിക്കുന്നത് ഉദാരമായും സന്തോഷത്തോടു കൂടെയും ആവശ്യത്തില് ഇരിക്കുന്നവരെ സഹായിക്കണം എന്നും ക്രിസ്തീയ ശുശ്രൂഷ പ്രവര്ത്തനങ്ങളെ സഹായിക്കണം എന്നും ആണ്.
- ഇത് "പത്തില് ഒന്ന്" അല്ലെങ്കില് പത്തില് ഒരു ഭാഗം" എന്നും പരിഭാഷ ചെയ്യാം.

(കാണുക: വിശ്വസിക്കുക, ഇസ്രയേല്, ലേവ്യന്, കന്നുകാലി, മെല്ക്കിസദേക്ക്, മന്ത്രി, യാഗം, സമാഗമന കൂടാരം, ദേവാലയം)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 14:19-20
- ഉല്പ്പത്തി 28:20-22
- എബ്രായര്:4-6
- യെശ്ശയ്യാവ് 06:13
- ലൂക്കോസ് 11:42
- ലൂക്കോസ് 18:11-12
- മത്തായി 23:23-24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4643, H6237, H6241, G586, G1181, G1183

# പത്ത് കല്പ്പനകള്

## വസ്തുതകള്:

“പത്തു കല്പ്പനകള്” എന്നത് ഇസ്രയേല് ജനങ്ങള് കനാനിലേക്കുള്ള യാത്രയില് മരുഭൂമിയില് വസിച്ചു കൊണ്ടിരിക്കുമ്പോള് സീനായി മലയില്വെച്ച് ദൈവം മോശെക്കു നല്കിയതായ പ്രമാണങ്ങള് ആകുന്നു. ദൈവം രണ്ടു വലിയ കല്പ്പലകകളില് ആയിരുന്നു ഈ കല്പ്പനകളെ എഴുതിയിരുന്നത്.

- ഇസ്രയേല് ജനം അനുസരിക്കേണ്ടതിനായി ദൈവം നിരവധി കല്പ്പനകള് അവര്ക്ക് നല്കിയിരുന്നു, എന്നാല് പത്തു കല്പ്പനകള് ഇസ്രയേല് ജനം ദൈവത്തെ സ്നേഹിക്കുവാനും ആരാധിക്കുവാനും മറ്റുള്ളവരെ സ്നേഹിക്കുവാനുമായി പ്രത്യേകാല് നല്കിയ കല്പ്പനകള് അയിരുന്നു.
- ഈ കല്പ്പനകള് തന്റെ ജനത്തോടുള്ള ദൈവത്തിന്റെ പ്രത്യേക ഉടമ്പടിയുടെ ഭാഗം ആകുന്നു. അവര് ചെയ്യുവാനായി ദൈവം പറഞ്ഞവയെ അവര് അ നുസരിക്കുന്നത് മൂലം, ഇസ്രയേല്ജനം ദൈവത്തെ സ്നേഹിക്കുന്നു എന്നതും അവര് ദൈവത്തിനു ഉള്പ്പെട്ടവര് ആകുന്നു എന്നും കാണിക്കേണ്ടത് ആകുന്നു.
- കല്ലില് രേഖപ്പെടുത്തിയതായ കല്പ്പനകള്, സമാഗമന കൂടാരത്തിന്റെയും പില്ക്കാലത്ത് ദേവാലയത്തിന്റെയും മഹാപരിശുദ്ധ സ്ഥലത്തിനു അകത്തു ഉടമ്പടി പെട്ടകത്തിന്റെ ഉള്ളില് സൂക്ഷിച്ചു വെച്ചിരുന്നു.

(കാണുക: ഉടമ്പടി പെട്ടകം, കല്പ്പന, ഉടമ്പടി, മരുഭൂമി, ന്യായപ്രമാണം, അനുസരിക്കുക, സീനായി, ആരാധന)

## ദൈവ വചന സൂചികകള്:

- ആവര്ത്തന പുസ്തകം 04:13-14
- ആവര്ത്തന പുസ്തകം 10:3-4
- പുറപ്പാട് 34:27-28
- ലൂക്കോസ് 18:18-21](rc://ml/tn/help/luk/18/18)

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **13:17** അനന്തരം ദൈവം ഈ **പത്തു** കല്പ്പനകള് രണ്ടു കല്പ്പലകകളില് എഴുതുകയും മോശെയുടെ പക്കല് കൊടുക്കുകയും ചെയ്തു.
- **13:13** മോശെ മലയില്നിന്നും ഇറങ്ങി വരികയും വിഗ്രഹത്തെ കാണുകയും ചെയ്തപ്പോള്, താന് വളരെ കൊപിഷ്ടന് ആകുകയും ദൈവം എഴുതി നല്കിയ **പത്തു കല്പ്പനകളുടെ** കല്പ്പലകകള് നിലത്തേക്കു എറിഞ്ഞു തകര്ക്കുകയും ചെയ്തു.
- **13:15** താന്പൊട്ടിച്ചു കളഞ്ഞതിനു പകരമായി താന് പുതിയ കല്ലലകകള്മ ഉണ്ടാക്കുകയും മോശെ ആ **പത്ത് കല്പ്പനകള്** എഴുതുകയും ചെയ്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1697, H6235

# പന, പനകള്

## നിര്വചനം:

"പന" എന്ന പദം സൂചിപ്പിക്കുന്നത് ഒരു തരം നല്ല ഉയരം ഉള്ള, വളയുന്ന, മുകള്ഭാഗത്ത് വിശറി പോലെ വിരിഞ്ഞു നില്ക്കുന്ന ഇലകളോട് കൂടിയ ശാഖകള് ഉള്ള മരം എന്ന് ആകുന്നു. ദൈവ വചനത്തില് പരാമര്ശിക്കുന്ന പന മരം സാധാരണയായി "ഈന്തപ്പഴം" എന്ന് അറിയപ്പെടുന്ന ഫലം ഉല്പ്പാദിപ്പിക്കുന്ന ഒരുതരം പനയെ ആണു സൂചിപ്പിക്കുന്നത്. ഇലകള്ക്ക് തൂവലുകള് പോലെയുള്ള രൂപം ആണ് ഉള്ളത്.

- നല്ല ചൂട് ഉള്ളതും, ഈര്പ്പം ഉള്ളതുമായ സ്ഥലങ്ങളില് ആണ് പന മരങ്ങള് വളരുന്നത്. അവയുടെ ഇലകള് വര്ഷം മുഴുവനും ഹരിത നിറം ഉള്ളവ ആയിരിക്കും.
- കഴുതപ്പുറത്ത് യേശു യെരുശലേം പട്ടണത്തില്പ്രവേശിക്കുന്ന സന്ദര്ഭത്തില്, ജനം അവന്റെ മുന്പില്നിലത്തു പനയുടെ ശാഖകള്ആണ് വിരിച്ചിരുന്നത്.
- പനയുടെ ശാഖകള്സമാധാനത്തെയും വിജയത്തിന്റെ ആഘോഷത്തെയും ആണ് സൂചിപ്പിക്കുന്നത്.

(കാണുക: കഴുത, യെരുശലേം, സമാധാനം)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്06:29-30
- യെഹസ്കേല്40:14-16
- യോഹന്നാന്12:12-13
- സംഖ്യാപുസ്തകം 33:8-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3712, H8558, H8560, H8561, G5404

# പന്നി, പന്നികൾ, പന്നി മാംസം, പന്നി വർഗ്ഗം

## നിർവചനം:

പന്നി എന്നത് നാല് കാലുകൾഉള്ളതും, കുളമ്പുകൾഉള്ളതും മാംസത്തിനായി വളർത്തപ്പെടുന്നതും ആയ ഒരു തരം മൃഗം ആകുന്നു. ഇതിന്റെ മാംസത്തെ "പന്നി മാംസം" എന്ന് വിളിക്കുന്നു. പന്നികൾക്കും അതുമായി ബന്ധപ്പെട്ട മൃഗങ്ങൾക്കും പൊതുവെ "പന്നി വർഗ്ഗം" എന്ന് പറയുന്നു.

- ദൈവം ഇസ്രയേൽജനത്തോടു പറഞ്ഞത് നിങ്ങൾപന്നി മാംസം ഭക്ഷിക്കരുത്, അതിനെ അശുദ്ധമായി കരുതണം എന്നാണ്. യഹൂദന്മാർഇന്ന് വരെയും പന്നികളെ അശുദ്ധമായി കാണുകയും പന്നി മാംസം ഭക്ഷിക്കാതെ ഇരിക്കുകയും ചെയ്യുന്നു.
- പന്നികളെ തോട്ടങ്ങളിൽവളർത്തുകയും മറ്റുള്ളവർക്ക് മാംസത്തിനായി വിൽക്കുകയും ചെയ്യുന്നു.
- തോട്ടങ്ങളിൽവളർത്തപ്പെടാത്തതായ ഒരു വക പന്നികൾഉണ്ട്, അവ വനങ്ങളിൽജീവിക്കുന്നു; അവയെ "കാട്ടു പന്നി" എന്ന് വിളിക്കുന്നു. കാട്ടു പന്നികൾക്കു തേറ്റകൾഉണ്ട്, അവയെ ഏറ്റവും അപകടകാരികൾആയ മൃഗങ്ങളായി കരുതുന്നു.
- ചില സന്ദർഭങ്ങളിൽവലിയ പന്നികളെ "വലിയ പന്നികൾ" എന്ന് വിളിക്കുന്നു.

(കാണുക: അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ശുദ്ധമായ)

## ദൈവ വചന സൂചികകൾ:

- 2 പത്രോസ് 02:20-22
- മർക്കോസ് 05:11-13
- മത്തായി 07:06
- മത്തായി 08:30-32

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2386, G5519

# പരിച, പരിചകള്, മറച്ചു പിടിച്ചു

## നിര്വചനം:

ഒരു പരിച എന്നത് ഒരു സൈനികന് യുദ്ധത്തില് തന്റെ ശത്രുവിന്റെ ആയുധത്താല് മുറിവ് സംഭവിക്കാതെ സൂക്ഷിക്കുവാന് വേണ്ടി പിടിക്കുന്ന ഒരു വസ്തു ആകുന്നു. ഒരു വ്യക്തിയെ "മറച്ചു പിടിക്കുക" എന്നാല്ആ വ്യക്തിയെ യാതൊരു ദോഷവും ഭവിക്കാതെ സംരക്ഷിക്കുക എന്നാണ് അര്ത്ഥം.

- പരിചകള് സാധാരണയായി വൃത്താകൃതിയില് അല്ലെങ്കില് ദീര്ഘവൃത്താകൃതിയില്, തോല്, മരം, അല്ലെങ്കില് ലോഹം ആദിയായവകളാല് നിര്മ്മിക്കുന്നു, അവ വളരെ ദൃഢത ഉള്ളതും കനം ഉള്ളതും ഒരു വാള്അല്ലെങ്കില് അമ്പിനാല് തുളഞ്ഞു കയറുവാന് കഴിയാത്തതും ആകുന്നു.
- ഈ പദം ഒരു ഉപമാനമായി ഉപയോഗിച്ചു കൊണ്ട്, ദൈവ വചനം ദൈവത്തെ തന്റെ ജനത്തിന്റെ ഒരു സംരക്ഷിത പരിചയായി സൂചിപ്പിക്കുന്നു.
- പൌലോസ് "വിശ്വാസത്തിന്റെ പരിച" യെ കുറിച്ച് സംസാരിക്കുന്നു, അത് സാദൃശപരമായ നിലയില്പ്രസ്താവിക്കുന്നത് യേശുവില്വിശ്വാസം ഉള്ളവര്ആകുന്നതും ദൈവത്തിനു അനുസരണം ഉള്ളവരായി ആ വിശ്വാസത്തിനു അനുസൃതമായി ജീവിക്കുന്നതും സാത്താന്റെ ആത്മീയ ആക്രമണങ്ങളില്നിന്നും വിശ്വാസികളെ സംരക്ഷിക്കും എന്നതാണ്.

(കാണുക: വിശ്വാസം, അനുസരിക്കുക, സാത്താന്, ആത്മാവ്)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്14:25-26
- 2 ദിനവൃത്താന്തങ്ങള് 23:8-9
- 2 ശമുവേല്22:36-37
- ആവര്ത്തന പുസ്തകം 33:29
- സങ്കീര്ത്തനങ്ങള് 018:35-36

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2653, H3591, H4043, H5437, H5526, H6793, H7982, G2375

# പരിപൂർണ്ണം, കുറ്റമറ്റതായ, ഉൽകൃഷ്ടൻ, പരിപൂർണ്ണത, പരിപൂർണ്ണമായ

## നിർവചനം:

ദൈവ വചനത്തിൽ, "പരിപൂർണ്ണം" എന്ന പദം അർത്ഥം നൽകുന്നത് നമ്മുടെ ക്രിസ്തീയ ജീവതത്തിൽ പക്വത പ്രാപിക്കുക എന്നതാണ്. എന്തിനെ എങ്കിലും പരിപൂർണ്ണം ആക്കുക എന്നാൽ അത് ഏറ്റവും മെച്ചവും യാതൊരു ന്യൂനതയും ഇല്ലാതെ ആകുവോളം അതിൽ പ്രവർത്തിക്കുക എന്ന് ഉള്ളതാകുന്നു.

- പരിപൂർണ്ണവും പക്വതയും എന്നുള്ളത് അർത്ഥം നൽകുന്നത് ഒരു ക്രിസ്ത്യാനി പാപ രഹിതൻ ആയി, അനുസരണം ഉള്ളവൻ ആയിരിക്കുന്നു എന്നാണ്.
- "പരിപൂർണ്ണം" എന്ന പദത്തിനു "പൂർണ്ണമായി ഇരിക്കുക" എന്നും "മുഴുവൻ ആയ" എന്നും അർഥങ്ങൾ ഉണ്ട്. പുതിയ നിയമ പുസ്തകമായ യാക്കോബിന്റെ ലേഖനം പ്രതിപാദിക്കുന്നത് പരിശോധനകളിൽ സഹിഷ്ണുതയോടെ ആയിരിക്കുന്നത് പൂർണ്ണതയെയും പക്വതയെയും ഒരു വിശ്വാസിയിൽ ഉളവാക്കുന്നു എന്നാണ്. ക്രിസ്ത്യാനികൾ ദൈവ വചനം പഠിക്കുകയും അത് അനുസരിക്കുകയും ചെയ്യുമ്പോൾ, അവർ കൂടുതൽ ആത്മീയ പക്വത ഉള്ളവരായി തീരും എന്ത് കൊണ്ടെന്നാൽ അവർ തങ്ങളുടെ സ്വഭാവത്തിൽ അധികമായി ക്രിസ്തുവിനെ പോലെ ആയി തീരും.

## പരിഭാഷ നിർദേശങ്ങൾ:

- ഈ പദം "ന്യൂനത രഹിതമായി" അല്ലെങ്കിൽ "പിഴവ് ഇല്ലാതെ" അല്ലെങ്കിൽ "കളങ്ക രഹിതമായി" അല്ലെങ്കിൽ "വീഴ്ച ഇല്ലാതെ" അല്ലെങ്കിൽ "യാതൊരു വീഴ്ചയും ഇല്ലാത്ത" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകൾ:

- എബ്രായർ:1-3
- യാക്കോബ് 03:1-2
- മത്തായി 05:46-48
- സങ്കീർത്തനങ്ങൾ019:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H724, H998, H1584, H1585, H3632, H3634, H4357, H4359, H4512, H8003, H8502, H8503, H8535, H8537, H8549, H8552, G195, G197, G199, G739, G1295, G2005, G2675, G2676, G2677, G3647, G5046, G5047, G5048, G5050, G5052

# പരിഹസിക്കുക, പരിഹസിക്കുന്നു, പരിഹസിച്ചു, പരിഹസിക്കുന്ന, പരിഹാസി, പരിഹാസികള്, പരിഹാസം, അവഹേളനം, അവഹേളിച്ചു, പുച്ചിക്കുക, പുച്ചിച്ചു

## നിര്വചനം:

“പരിഹസിക്കുക”, “അവഹേളിക്കുക”, “പുച്ചിക്കുക” എന്നീ പദങ്ങള് എല്ലാം തന്നെ ഒരാളെ, പ്രത്യേകാല് ക്രൂരമായ രീതിയില് കളിയാക്കുക എന്നാണു അര്ത്ഥം.

- പരിഹസിക്കുക എന്നാല് സാധാരണയായി ആളുകളുടെ വാക്കുകളെയോ അല്ലെങ്കില് പ്രവര്ത്തികളെയോ നാണം കെടുത്തുക അല്ലെങ്കില് വെറുപ്പിക്കത്തക്ക വിധം അവരോടു പ്രകടിപ്പിക്കുക എന്നത് ഉള്പ്പെടുന്നു.
- റോമന് പടയാളികള് യെശുവിനെ അങ്കി ധരിപ്പിച്ചു ഒരു രാജാവിനെ ബഹുമാനിക്കുന്നത് പോലെ അഭിനയിച്ചു, പരിഹസിക്കുകയോ അല്ലെങ്കില് നിന്ദിക്കുകയോ ചെയ്തിരുന്നു.
- ഒരു കൂട്ടം ചെറുപ്പക്കാര് എലീശയെ ഒരു പേര് പറഞ്ഞു, തന്റെ കഷണ്ടി തലയെ പരാമര്ശിച്ചു പരിഹസിക്കുകയോ നിന്ദിക്കുകയോ ചെയ്തു.
- “പുച്ചിക്കുക” എന്ന പദം വിശ്വസിക്കുവാനോ പ്രാധാന്യം അര്ഹിക്കുന്നതായോ ആയി പരിഗണിക്കുവാന് കൊള്ളാത്ത ഒരു ആശയത്തെ അവഹേളിക്കുന്നതിനും ഈ പദം സൂചിപ്പിക്കാം.
- “പരിഹാസി” എന്നത് തുടര്മാനമായി പരിഹസിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന ഒരുവന് ആയിരിക്കും.

## ദൈവ വചന സൂചികകള്:

- 2 പത്രോസ് 03:3-4
- അപ്പോ.02:12-13
- ഗലാത്യര്:6-8
- ഉല്പത്തി 39:13-15
- ലൂക്കോസ് 22:63-65
- മര്ക്കോസ് 10:32-34
- മത്തായി 09:23-24
- മത്തായി 20:17-19
- മത്തായി 27:27-29

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **21:12** യെശയ്യാവ് പ്രവചിച്ചത് ജനം മശീഹയുടെ മേല് തുപ്പുകയും, **പരിഹസിക്കുകയും** അടിക്കുകയും ചെയ്യും എന്നായിരുന്നു.
- **39:05** യഹൂദ നേതാക്കന്മാര്എല്ലാവരും മഹാപുരോഹിതനോട് ഉത്തരം പറഞ്ഞത്, “അവന്മരണ യോഗ്യന്!” എന്നാണ്. അനന്തരം അവര്യേശുവിനെ കണ്ണുകെട്ടി, അവന്റെ മേല്തുപ്പുകയും, അവനെ **പരിഹസിക്കുകയും** ചെയ്തു.
- **39:12** പടയാളികള്യേശുവിനെ ചാട്ടവാറു കൊണ്ട് അടിക്കുകയും, ഒരു രാജകീയ വസ്ത്രം ധരിപ്പിക്കുകയും മുള്ളു കൊണ്ടുള്ള ഒരു കിരീടം അവന്റെ മേല്ധരിപ്പിക്കുകയും ചെയ്തു. അനന്തരം അവര്അവനെ **പരിഹസിച്ചു** കൊണ്ട് [പറഞ്ഞത്, “”നോക്കൂ, യഹൂദന്മാരുടെ രാജാവ്!” എന്ന് ആയിരുന്നു.
- **40:04** യേശു രണ്ടു കള്ളന്മാരുടെ നടുവില്ക്രൂശിതന്ആയി. അവരില്ഒരുവന്യേശുവിനെ **പരിഹസിച്ചു**, എന്നാല്മറ്റവന്പറഞ്ഞത്, “നിനക്ക് ദൈവ ഭയം ഇല്ലയോ?” എന്നു ആയിരുന്നു.
- **40:05** യഹൂദ നേതാക്കന്മാരും ആള്ക്കൂട്ടത്തില്ഉണ്ടായിരുന്ന മറ്റുള്ള ജനങ്ങളും യേശുവിനെ **പരിഹസിച്ചു**. അവര്അവനോടു പറഞ്ഞത്, “നീ ദൈവ പുത്രന്എങ്കില്, ക്രൂശില്നിന്നും ഇറങ്ങി വന്നു നിന്നെ തന്നെ രക്ഷിക്കുക!” അപ്പോള്ഞങ്ങള്നിന്നെ വ്ശ്വസിക്കും.”

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1422, H2048, H2049, H2778, H2781, H3213, H3887, H3931, H3932, H3933, H3934, H3944, H3945, H4167, H4485, H4912, H5058, H5607, H5953, H6026, H6711, H7046, H7048, H7814, H7832, H8103, H8148, H8437, H8595, G1592, G1701, G1702, G1703, G2301, G2606, G3456, G5512

# പരീക്ഷണം, പരീക്ഷണങ്ങള്

## നിര്വചനം:

“പരീക്ഷണം” എന്ന പദം സൂചിപ്പിക്കുന്നത് എന്തെങ്കിലും അല്ലെങ്കില് ആരെങ്കിലും “പരീക്ഷിക്കപ്പെടുകയോ” അല്ലെങ്കില് ശോധന ചെയ്യപ്പെടുകയോ ചെയ്യുന്നതാകാം.

- ഒരു വിചാരണ എന്നത് ഒരു നീതിന്യായാലായ വിസ്താരത്തില്ഒരു വ്യക്തി തെറ്റു ചെയ്തതു സംബന്ധിച്ച് നിഷ്കളങ്കന്ആണോ കുറ്റവാളി ആണോ എന്ന് തെളിയിക്കുവാന്നല്കുന്ന തെളിവിന്റെ പരിശോധന ആകാം.
- ”പരിശോധന” എന്ന പദം ദൈവം ഒരുവന്റെ വിശ്വാസത്തെ പരീക്ഷിക്കുന്നതിനോട് ഉള്ള ബന്ധത്തില്ആ വ്യക്തി വിഷമകരമായ സാഹചര്യങ്ങളില്കൂടെ കടന്നു പോകുന്നതിനെയും സൂചിപ്പിക്കാം. ഇതിനുള്ള വേറൊരു പദം “പരീക്ഷണം” അല്ലെങ്കില്“ശോധന” എന്ന് ഒരു പ്രത്യേക തരം പരീക്ഷണത്തെ കുറിക്കുന്നു.
- ദൈവ വചനത്തില്ഉള്ള നിരവധി ആളുകള്അവര്ദൈവത്തെ വിശ്വസിക്കുന്നതിലും അനുസരിക്കുന്നതിലും ഉറച്ചു നില്ക്കുമോ എന്ന് കാണുവാനായി പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അവര്തങ്ങളുടെ വിശ്വാസം നിമിത്തം അടിക്കപ്പെട്ടും, തടവറയില്ആയും, കൊല്ലപ്പെട്ടു പോലും പരിശോധനകളില്കൂടെ കടന്നു പോകുവാന്ഇടയായിട്ടുണ്ട്.

(കാണുക: പരീക്ഷിക്കുക, പരിശോധിക്കുക, നിഷ്കളങ്കന്, കുറ്റവാളി)

## ദൈവ വചന സൂചികകള്:

- ആവര്ത്തന പുസ്തകം 04:34
- യെഹസ്കേല്21:12-13
- വിലാപങ്ങള്03:58-61
- സദൃശവാക്യങ്ങള്25:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H974, H4531, H4941, H7378, G178, G1382, G1383, G2919, G3984, G3986, G4451

# പശു, പശുക്കള്, വിത്തുകാള, വിത്തുകാളകള്, പശുക്കിടാവ്, കന്നുകാലി, ഇളംപശു, കാള, കാളകള്

## നിര്വചനം:

"പശു", "കാള", "ഇളംപശു", "കാള", "കന്നുകാലി" എന്നീ പദങ്ങളെല്ലാം വലിപ്പമുള്ള, പുല്ല് തിന്നുന്ന, നാല്ക്കാലികളായ കന്നുകാലികളെ സൂചിപ്പിക്കുന്നു. ഈവക മൃഗങ്ങളുടെ പെണ്ഇനത്തെ "പശു" എന്നും ആണ്ഇനത്തെ "കാള" എന്നും കുട്ടിയെ 'പശുക്കിടാവ്" എന്നും വിളിക്കുന്നു.

- ദൈവവചനത്തില്, കന്നുകാലികള്"ശുദ്ധിയുള്ള" വയുടെ ഗണത്തില്ആയതിനാല്ഭക്ഷണത്തിനും യാഗാര്പ്പണത്തിനും ഉപയുക്തമാണ്. അവ അടിസ്ഥാനപരമായി മാംസത്തിനും പാലിനും വേണ്ടി വളര്ക്കപ്പെടുന്നു. ഒരു "ഇളംപശു" എന്നത് പ്രായമായ, പശുക്കിടാവിന് ജന്മം നല്കാത്ത പശു ആണ്. ഒരു "കാള" എന്നാല്പ്രത്യേകാല്കൃഷിപ്പണിക്കായി പരിശീലിപ്പിച്ചെടുത്ത കന്നുകാലി ആണ്. ഇതിന്റെ ബഹുവചനരൂപം "കാളകള്" എന്നാണ്. സാധാരണയായി കാളകള്ആണ്വര്ഗ്ഗവും വന്ധീകരണം ചെയ്തവയുമാണ്.
- ദൈവവചനത്തിലുടനീളം, കാളകള്നുകത്താല്ബന്ധിക്കപ്പെട്ടു വണ്ടി വലിക്കുന്നതോ ഉഴുകയോ ചെയ്യുന്നതായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.
- കാളകള്ഒരുമിച്ചു ഒരു നുകത്തിന്കീഴ്ഒരുമിച്ചു പണിചെയ്യുന്നതായി ദൈവ വചനത്തില്സാധാരണയായി സംഭാവ്യമാകയാല്"ഒരു നുകത്തിന്കീഴ്" എന്ന പദസഞ്ചയം ദൈവവചനത്തില്കഠിനാധ്വാനത്തിനും ജോലിക്കും ഉപമാനമായി ത്തീര്ന്നിരിക്കുന്നു.
- ഒരു വിത്തുകാള എന്നതും കന്നുകാലിയില്ആണ്വര്ഗ്ഗമാണ്, എന്നാല്അത് വന്ധീകരണം ചെയ്യപ്പെട്ടതോ, പണിയെടുക്കുവാന്പരിശീലിപ്പിച്ചതോ അല്ല.

(കാണുക: അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: നുകം)

## ദൈവവചന സൂചിക:

- ഉല്പ്പത്തി 15:9-11
- പുറപ്പാട് 24:5-6
- സംഖ്യാപുസ്തകം 19:1-2
- ആവര്ത്തനപുസ്തകം 21:3-4
- 1 ശാമുവല്01:24-25
- 1 ശാമുവല്15:1-3
- 1 ശാമുവല്16:2-3
- 1 രാജാക്കന്മാര്01:9-10
- 2 ദിനവൃത്താന്തം 11:13-15
- ദിനവൃത്താന്തം 15:10-11
- മത്തായി 22:4
- ലൂക്കോസ് 13:15-16
- ലൂക്കോസ് 14:4-6
- എബ്രായര്09:13-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H47, H441, H504, H929, H1165, H1241, H1241, H1241, H4399, H4735, H4806, H5695, H5697, H5697, H6499, H6499, H6510, H6510, H6629, H7214, H7716, H7794, H7794, H7921, H8377, H8377, H8450, H8450, G1016, G1151, G2353, G2934, G3447, G3448, G4165, G5022, G5022

# പാതാളം, അഗാധഗർത്തം

## നിർവചനം

“പാതാളം” എന്ന പദം വളരെ വലിയ, അഗാധമായ കുഴി അല്ലെങ്കിൽഅടിഭാഗം അദൃശ്യമായ വിള്ളൽ എന്നു സൂചിപ്പിക്കുന്നു.

- ദൈവവചനത്തിൽ, “പാതാളം” എന്നത് ശിക്ഷക്കുള്ള ഒരു സ്ഥലമാണ്.
- ഉദാഹരണമായി, യേശു ഒരു മനുഷ്യനിൽനിന്നും ആശുധാത്മാക്കളെ പുറത്തു വരുവാൻ കൽപ്പിച്ചപ്പോൾ അവ തങ്ങളെ പാതാളത്തിലേക്ക് അയക്കരുതേ എന്നു യേശുവിനോട് അപേക്ഷിച്ചു.
- ‘പാതാളം” എന്ന പദം “അഗാധമായ കുഴി” അല്ലെങ്കിൽ“ആഴമുള്ള വിള്ളൽ” എന്നും പരിഭാഷപ്പെടുത്താം.
- ഈ പദം “പ്രേതലോകം”, “നരകം”, “നരകം” എന്നീ പപടങ്ങളിൽനിന്നും വ്യത്യസ്തമായി പരിഭാഷപ്പെടുത്തണം.

(കാണുക:പ്രേതലോകം, നരകം, ശിക്ഷിക്കുക)

## ദൈവവചനസൂചികകൾ:

- ലൂക്കോസ് 08:30-31
- റോമർ:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G12, G5421

# പാദപീഠം

## നിര്വചനം:

“പാദപീഠം” എന്ന പദം ഒരു മനുഷ്യന് സാധാരണയായി ഇരിക്കുമ്പോള് തന്റെ പാദങ്ങള് വിശ്രമ നിലയില് വെയ്ക്കുവാന് ഉപയോഗിക്കുന്ന വസ്തു എന്നു സൂചിപ്പിക്കുന്നു. ഈ പദത്തിനു സമര്പ്പണത്തിന്റെയും താഴ്ന്ന സ്ഥിതിയുടെയും ഉപമാന അര്ത്ഥങ്ങള് ഉണ്ട്.

- ദൈവ വചന കാലഘട്ടത്തിലെ ആളുകള് പാദങ്ങളെ ശരീരത്തിലെ ഏറ്റവും ബഹുമാനം കുറഞ്ഞ ഭാഗങ്ങളായി കരുതി വന്നിരുന്നു. ആയതിനാല് “പാദപീഠം” എന്നത് പാദങ്ങള് അതിന്മേല് വെക്കുന്നതി നാല് ഏറ്റവും ബഹുമാനം കുറഞ്ഞതായി കാണപ്പെട്ടിരുന്നു. “ഞാന് എന്റെ ശത്രുക്കളെ എന്റെ പാദങ്ങള്ക്ക് “പാദപീഠം” ആക്കും എന്നു ദൈവം പറയുമ്പോള് താന് അധികാരം, നിയന്ത്രണം, വിജയം ആദിയായ കാര്യങ്ങളെ തനിക്കെതിരെ മല്സരിക്കുന്ന ജനത്തിനെതിരെ പ്രഖ്യാപിക്കുന്നു. അവര് ദൈവത്തിന്റെ ഹിതത്തിനു സമര്പ്പിക്കപ്പെടുന്ന നിലയിലേക്ക് താഴ്ത്തപ്പെടുകയും പരാജയപ്പെടുത്തപ്പെടുകയും ചെയ്യും.
- ”ദൈവത്തിന്റെ പാദപീഠത്തില് ആരാധിക്കുക” എന്നതിന്റെ അര്ത്ഥം ദൈവം സിംഹാസനത്തില് ഇരിക്കെ തന്റെ മുന്പില് താണുവണങ്ങി ആരാധിക്കുക എന്നു അര്ത്ഥമാക്കുന്നു. ഇതു വീണ്ടും ദൈവ സന്നിധിയില്താഴ്മയെയും സമര്പ്പണത്തെയും ആശയ വിനിമയം ചെയ്യുന്നു.
- ദാവീദ് ദൈവത്തിന്റെ ആലയത്തെ ദൈവത്തിന്റെ “പാദ പീഠം” എന്നു സൂചിപ്പിക്കുന്നു. ഇതു തന്റെ ജനത്തിന്മേല്തനിക്കുള്ള സമ്പൂര്ണ്ണ അധികാരത്തെ സൂചിപ്പിക്കുന്നു. ഇതു ദൈവം രാജാവായി തന്റെ സിംഹാസനത്തില്ഇരിക്കുന്നതിന്റെ യും, തന്റെ പാദങ്ങള്പാദപീഠത്തിന്മേല്ആയിരിക്കുന്നത് സകലവും അവനു കീഴ്പ്പെട്ടിരിക്കുന്നു എന്നു പ്രതിനിധീകരിക്കുന്നു എന്നതിനെയും കാണിക്കുന്നു.

## ദൈവ വചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്07:47-50
- യെശ്ശയ്യാവ് 66:1
- ലൂക്കോസ് 20:41-44
- മത്തായി 05:33-35
- മത്തായി 22:43-44
- സങ്കീര്ത്തനങ്ങള്110:1

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1916, H3534, H7272, G4228, G5286

# പാനപാത്രവാഹകന്, പാനപാത്രവാഹകന്മാര്

## നിര്വചനം:

പഴയനിയമ കാലഘട്ടത്തില്, ഒരു “പാനപാത്രവാഹകന്” എന്നയാള്രാജാവിന്റെ സേവകനായി, തനിക്കു വീഞ്ഞിന്റെ പാനപാത്രം കൊണ്ടു പോയിക്കൊടുക്കുന്ന ദൌത്യം നിര്വഹിക്കുന്നവനാണ്, സാധാരണയായി അത് വിഷലിപ്തമല്ല എന്നു രുചിച്ചു ഉറപ്പാക്കേണ്ടതും ഉണ്ട്.

- ഈ പദത്തിന്റെ അക്ഷരീക അര്ത്ഥം “പാനപാത്രവാഹകന്” അല്ലെങ്കില്“പാനപാത്രം കൊണ്ടുവരുന്ന ആള്” എന്നാണ്.
- ഒരു പാനപാത്രവാഹകന്രാജാവിനോടുള്ളരെ വിശ്വസ്തനും കൂറുള്ളവനും എന്നറിയപ്പെടുന്നവനാണ്.
- തന്റെ വിശ്വസ്തനീയമായ സ്ഥാനം നിമിത്തം, ഭരണാധിപന്സ്വീകരിക്കുന്ന തീരുമാനങ്ങളില്സ്വാധീനം ചെലുത്തുവാന്ഒരു പാനപാത്രവാഹകനു സാധിക്കുമായിരുന്നു.
- ചില ഇസ്രയേല്യര്പ്രവാസത്തിലായിരുന്ന കാലത്ത്, പേര്ഷ്യയുടെ രാജാവായിരുന്ന അഹശ്വരോശ് രാജാവിന്റെ കാലഘട്ടത്തില്, നെഹെമ്യാവ് തന്റെ പാനപാത്രവാഹകന്ആയിരുന്നു.

(കാണുക: അഹശ്വരോശ്, ബാബിലോണ്, പ്രവാസി, പേര്ഷ്യ, ഫറവോന്)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്10:3-5
- നെഹെമ്യാവ് 01:10-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8248

# പാനീയ യാഗം

## നിര്വചനം:

പാനീയ യാഗം എന്നത് യാഗപീഠത്തിന്മേല് വീഞ്ഞ് ഉള്പ്പെടെ ഉള്ളവ ദൈവത്തിനു അര്പ്പിക്കുന്ന യാഗമാണിത്. ഇതു സാധാരണയായി ഒരു ഹോമയാഗത്തോടു കൂടെയും ഒരു ഭോജനയാഗത്തോടു കൂടെയും അര്പ്പിക്കുമായിരുന്നു.

- പൌലോസ് തന്റെ ജീവിതത്തെ ഒരു പാനീയയാഗം എന്നപോലെ ഒഴിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഇതിന്റെ അര്ത്ഥം താന് ദൈവസേവക്കായും ജനത്തോടു യേശുവിനെ ക്കുറിച്ച് പറയുവാനുമായി സമ്പൂര്ണ്ണമായി മര്പ്പിക്കപ്പെട്ടുവെന്നും, ഇതുനിമിത്തം താന് കഷ്ടത അനുഭവിക്കുകയും വേണ്ടിവന്നാല് കൊല്ലപ്പെടുകയും ചെയ്യുമെന്ന് അറിയുകയും ചെയ്തിരുന്നു.
- യേശുവിന്റെ ക്രൂശിലെ മരണം പാനീയയാഗ അര്പ്പണത്തിന്റെ പാരമ്യമാണെന്നും, തന്റെ രക്തം നമ്മുടെ പാപങ്ങള് നിമിത്തം ക്രൂശില് ചൊരിഞ്ഞു എന്നും കാണുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം പരിഭാഷപ്പെടുത്താവുന്ന വേറൊരു രീതി “മുന്തിരി വീഞ്ഞിന്റെ വഴിപാട്” എന്നുമാകാം. താന് “ഒരു പാനീയ യാഗമായി വാര്ക്കപ്പെടുന്നു” എന്നു പൌലോസ് പ്രസ്താവിക്കുമ്പോള് ഇതു ഇപ്രകാരം പരിഭാഷപ്പെടുത്താം, “ഒരു പാനീയയാഗം പൂര്ണമായി യാഗപീഠത്തിന്മേല് ഒഴിക്കപ്പെടുന്നതു പോലെ, ഞാന് ദൈവത്തിന്റെ ഉപദേശങ്ങള് ജനത്തോടു ഉപദേശിക്കുവാന് പൂര്ണ്ണമായി സമര്പ്പണം ചെയ്യപ്പെട്ടിരിക്കുന്നു”.

(കാണുക: ഹോമയാഗം, ഭോജനയാഗം)

## ദൈവവചന സൂചികകള്:

- പുറപ്പാട് 25:28-30
- യെഹസ്കേല്:16-17
- ഉല്പത്തി 35:14-15
- യിരെമ്യാവ് 07:16-18
- സംഖ്യാപുസ്തകം 05:15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5257, H5261, H5262

# പാപ യാഗം, പാപ യാഗങ്ങള്

## നിര്വചനം:

- "പാപ യാഗം" എന്നത് ഇസ്രയേല് ജനം അര്പ്പിക്കേണ്ടതിനു ദൈവം അവരോടു ആവശ്യപ്പെട്ട അനേക യാഗങ്ങളില് ഒന്ന് ആയിരുന്നു.
- ഈ വഴിപാടില് കാളകളെ യാഗം അര്പ്പിക്കുക, അതിന്റെ രക്തവും കൊഴുപ്പും യാഗപീഠത്തില് അര്പ്പിക്കുക, ശേഷിക്കുന്ന ആ മൃഗത്തിന്റെ ശരീരം ഇസ്രയേല് പാളയത്തിന്റെ പുറത്തുള്ള സ്ഥലത്ത് കൊണ്ടുപോയി ദഹിപ്പിക്കുക ആദിയായവ ഉള്പ്പെടുന്നു.
- ഈ യാഗമൃഗത്തിന്റെ സമ്പൂര്ണ്ണമായ ദഹനം കാണിക്കുന്നത് ദൈവം എന്ത് മാത്രം പരിശുദ്ധന് ആണെന്നും പാപം എന്തുമാത്രം ഭയാനകം ആണെന്നും ആകുന്നു.
- പാപത്തില് നിന്നും ഒരു ശുദ്ധീകരണം പ്രാപിക്കുവാന് ചെയ്തുപോയ പാപത്തിനു മറുവില ആകുവാന് തക്കവിധം രക്തം ചൊരിയണം എന്നും ദൈവ വചനം പഠിപ്പിക്കുന്നു.
- മൃഗങ്ങളുടെ യാഗങ്ങളാല് പാപത്തിനു ക്ഷമ നിരന്തരമായി കൊണ്ടുവരുവാന് സാധ്യം ആയിരുന്നില്ല.
- യേശുവിന്റെ ക്രൂശിലെ മരണം മൂലം എന്നന്നേക്കുമായി, പാപത്തിന്റെ പിഴ നല്കപ്പെടുവാന് ഇടയായി തീര്ന്നു. താന് തന്നെയാണ് ഏറ്റവും ഉല്കൃഷ്ടമായ പാപയാഗം ആയിരിക്കുന്നത്.

(കാണുക: യാഗപീഠം, പശു, ക്ഷമിക്കുക, യാഗം, പാപം)

## ദൈവ വചന സൂചികകള്;

- 2 ദിനവൃത്താന്തങ്ങള്29:20-21
- പുറപ്പാട് 29:35-37
- യെഹസ്കേല് 44:25-27
- ലേവ്യപുസ്തകം 05:11
- സംഖ്യപുസ്തകം 07:15-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2401, H2402, H2398, H2403

# പാരമ്പര്യം, ആചാരങ്ങള്

## നിര്വചനം:

“പാരമ്പര്യം” എന്ന പദം സൂചിപ്പിക്കുന്നത് കാലങ്ങളായി പിന്പറ്റി വരുന്നതും പിന്തലമുറകളിലെ ജനതയ്ക്ക് കൈമാറിയതുമായ ആചാരങ്ങള് അല്ലെങ്കില് സംമ്പ്രദായങ്ങള്എന്ന് സൂചിപ്പിക്കുന്നു.

- സാധാരണയായി ദൈവവചനത്തില്“പാരമ്പര്യങ്ങള്” എന്ന് സൂചിപ്പിക്കുന്നത് ദൈവത്തിന്റെ നിയമങ്ങള്അല്ലാത്ത, ജനങ്ങള്നിര്മ്മിച്ചിതായ ഉപദേശങ്ങളും അനുഷ്ഠാനങ്ങളും ആകുന്നു. “മനുഷ്യരുടെ പാരമ്പര്യം” അല്ലെങ്കില്“മാനുഷിക സമ്പ്രദായം” എന്ന പദപ്രയോഗങ്ങള്ഇത് വളരെ വ്യക്തത നല്കുന്നു. “മൂപ്പന്മാരുടെ സമ്പ്രദായങ്ങള്” അല്ലെങ്കില്“എന്റെ പിതാക്കന്മാരുടെ പാരമ്പര്യങ്ങള്” പോലെയുള്ള പദസഞ്ചയങ്ങള്പ്രത്യേകമായി മോശെ മുഖാന്തിരം ദൈവം ഇസ്രയേല്ജനത്തിനു നല്കിയ നിയമങ്ങളോട് കാലാ കാലങ്ങളായി യഹൂദ നേതാക്കന്മാര്കൂട്ടിച്ചേര്ത്ത യഹൂദ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും സൂചിപ്പിക്കുന്നു. ഈ കൂട്ടിച്ചേര്ത്ത പാരമ്പര്യങ്ങള്ദൈവത്തില്നിന്നും വന്നവ അല്ലെങ്കില്പോലും, നീതീകരിക്കപ്പെടനം എന്നുണ്ടെങ്കില്ഇവ ആചരിച്ചു വരണം എന്ന് ജനങ്ങള്ചിന്തിച്ചിരുന്നു.
- അപ്പോസ്തലനായ പൌലോസ് “പാരമ്പര്യം” എന്ന പദം ഒരു വ്യത്യസ്തമായ ശൈലിയില്ദൈവത്തില്നിന്നും ഉള്ളതായ, താനും ഇതര അപ്പൊസ്തലന്മാരും പുതിയ ക്രിസ്തീയ വിശ്വാസികളെ പഠിപ്പിച്ചിരുന്ന അനുഷ്ഠാനങ്ങള്എന്ന് സൂചിപ്പിക്കുന്നു.
- ആധുനിക കാലഘട്ടത്തില്, നിരവധി ക്രിസ്തീയ പാരമ്പര്യങ്ങള്ദൈവവചനം പഠിപ്പിക്കാത്തവയയി ഉണ്ട്, എന്നാല്ആചാരപരമായും അനുഷ്ടാനങ്ങളായും ചരിത്രപരമായി സ്വീകരിച്ചവ ഉണ്ട്. ഈ പാരമ്പര്യങ്ങള്ഇപ്പോഴും ദൈവവചനത്തിന്റെ വെളിച്ചത്തില്ദൈവം എന്താണ് പഠിപ്പിക്കുന്നത് എന്ന് വിലയിരുത്തേണ്ടത് ആവശ്യമാണ്.

(കാണുക: അപ്പോസ്തലന്, വിശ്വസിക്കുക, ക്രിസ്ത്യാനി, പൂര്വികന്, തലമുറ, യഹൂദന്, ന്യായപ്രമാണം, മോശെ)

## ദൈവ വചന സൂചികകള്:

- 2 തെസ്സലോനിക്യര്03:6-9
- കൊലൊസ്സ്യര്02:8-9
- ഗലാത്യര്01:13-14
- മര്ക്കോസ് 07:2-4
- മത്തായി 15:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G3862, G3970

# പാറ്റുക, പാറ്റുന്നു, പാറ്റി, പാറ്റല്, അരിക്കുക, അരിച്ചുപെറുക്കുക

## നിര്വചനം:

“പാറ്റുക” എന്നും “അരിക്കുക” എന്നും ഉള്ള പദങ്ങളുടെ അര്ത്ഥം ധാന്യത്തില് നിന്നും അനാവശ്യമായ വസ്തുക്കള് നീക്കം ചെയ്യുക എന്നുള്ളതാണ്. ദൈവ വചനത്തില്, രണ്ടു വാക്കുകളും ജനങ്ങളെ വേര്തിരിക്കുന്ന അല്ലെങ്കില് വിഭാഗിക്കുന്ന ഉപമാന ആശയത്തില് ഉപയോഗിച്ചിരിക്കുന്നു.

- ”പാറ്റുക” എന്നതിന്റെ അര്ത്ഥം ചെടിയുടെ അനാവശ്യമായ ഭാഗങ്ങളില് നിന്നും ധാന്യത്തെ വേര്തിരിക്കേണ്ടതിനു ധാന്യത്തെയും പതിരിനെയും വായുവില് പാറ്റുകയും, കാറ്റ് പതിരിനെ പറപ്പിച്ചു കളയുകയും ചെയ്യുന്നു എന്നാണ്.
- ”അരിക്കുക” എന്ന വാക്ക് ഒരു അരിപ്പയില് പാറ്റിയ ധാന്യത്തെ ഇടുകയും ശേഷിക്കുന്നതായ അനാവശ്യമായ വസ്തുക്കളെ, അതായത് അഴുക്കും കല്ലുകളും നീക്കിക്കളയുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. പഴയ നിയമത്തില്, “പാറ്റുക” എന്നും “അരിക്കുക” എന്നും ഉള്ളത് ഉപമാനമായി അനീതിമാന്മാരായ ജനങ്ങളുടെ ഇടയില്നിന്നും നീതിമാന്മാരായ ജനങ്ങളെ വേര്തിരിക്കുന്ന കഠിന പ്രവര്ത്തിയെ വിവരിക്കുവാന് ഉപയോഗിക്കുന്നു.
- യേശുവും “അരിക്കുക” എന്ന പദം ഉപമാന രീതിയില് ശീമോന്പത്രോസിനോട് തന്റെയും മറ്റു ശിഷ്യന്മാരുടെയും വിശ്വാസത്തെ എപ്രകാരം പരീക്ഷിക്കുന്നു എന്നതിനെ കുറിച്ച് പറയുന്നു.
- ഈ പദങ്ങളെ പരിഭാഷ ചെയ്യുന്നതിന്, നിര്ദിഷ്ട ഭാഷയില്ഈ പ്രവര്ത്തികളെ സൂചിപ്പിക്കുന്ന വാക്കുകള് അല്ലെങ്കില് പദസഞ്ചയങ്ങളെ ഉപയോഗിക്കുക; സാധ്യതയുള്ള പരിഭാഷകള് “കുലുക്കുക” അല്ലെങ്കില് “വീശുക” ആയിരിക്കാം. പാറ്റുക എന്നുള്ളതോ അരിക്കുക എന്നുള്ളതോ അറിയപ്പെടുന്നവ അല്ലെങ്കില്, ഈ പദങ്ങള് വൈക്കോലില്നിന്നോ അഴുക്കില് നിന്നോ ധാന്യത്തെ വേര്തിരിക്കുന്ന വ്യത്യസ്തമായ രീതി അല്ലെങ്കില് ഈ പ്രവര്ത്തിയെ വിവരിക്കുന്നതായ പദം ഉപയോഗിച്ചു പരിഭാഷ ചെയ്യാവുന്നതാണ്.

(കാണുക: അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: പതിര്, ധാന്യം)

## ദൈവ വചന സൂചികകള്:

- യെശ്ശയ്യാവ് 21:10
- ലൂക്കോസ് 22:31-32
- മത്തായി 03:10-12
- സദൃശവാക്യം 20:7-8
- രൂത്ത് 03:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2219, H5128, H5130, G4425, G4617

# പാഴാക്കുക, പാഴാക്കി, പാഴാക്കുന്ന, പാഴാക്കല്, പാഴാക്കപ്പെട്ടവ

## നിര്വചനം:

"പാഴാക്കപ്പെട്ട" അല്ലെങ്കില് "പാഴാക്കല്" എന്ന പദങ്ങള് ഒരുവന്റെ വസ്തു അല്ലെങ്കില് നിലം തകര്ക്കപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്യുക എന്നു സൂചിപ്പിക്കുന്നു. ഇതു സാധാരണയായി ആ ദേശത്തു ജീവിക്കുന്ന ജനങ്ങളെ നശിപ്പിക്കു കയോ ബന്ദികളാക്കുകയോ ചെയ്യുന്നതിനെയും ഉള്പ്പെടുത്തുന്നു.

- ഇതു വളരെ രൂക്ഷവും പൂര്ണ്ണവുമായ നാശത്തെ സൂചിപ്പിക്കുന്നു.
- ഉദാഹരണമായി, സോദോം പട്ടണം അവിടത്തെ ജനത്തിന്റെ പാപം നിമിത്തം ദൈവത്താല് ശിക്ഷിക്കപ്പെട്ടു തകര്ക്കപ്പെട്ടു.
- "പാഴാക്കല്" എന്ന പദം ശിക്ഷ നിമിത്തമോ തകര്ച്ച നിമിത്തമോ ഉണ്ടാകാവുന്ന വലിയ വൈകാരിക ദുഃഖം എന്നും ഉള്പ്പെടുത്താം.

## പരിഭാഷ നിര്ദേശങ്ങള്

- "പാഴാക്കുക" എന്ന പദം "സമ്പൂര്ണമായി തകര്ക്കുക" അല്ലെങ്കില് "സമ്പൂര്ണമായി നശിപ്പിക്കുക" എന്നു പരിഭാഷപ്പെടുത്താവുന്നതാണ്.
- സാഹചര്യത്തിനനുസരിച്ചു, "പാഴാക്കല്" എന്നത് "പൂര്ണ്ണമായി തകര്ക്കുക" അല്ലെങ്കില് "മൊത്തത്തില് നശിപ്പിക്കുക" അല്ലെങ്കില് "അതി കഠിനമായ ദുഃഖം" അല്ലെങ്കില് "ദുരന്തം" എന്നു പരിഭാഷപ്പെടുത്താവുന്നതാണ്.

## ദൈവവചന സൂചികകള്:

- ദാനിയേല് 08:24-25
- യിരെമ്യാവ് 04:13-15
- സംഖ്യാപുസ്തകം 21:29-30
- സെഫന്യാവ് 01:12-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1110, H1238, H2721, H1826, H3615, H3772, H7701, H7703, H7722, H7843, H8074, H8077

# പാഴായ, പാഴാക്കുന്നു, പാഴായി, ക്ഷയിപ്പിക്കുന്ന, തരിശു ഭൂമി, പാഴ്നിലങ്ങള്

## നിര്വചനം:

പാഴാക്കുക എന്നതിന്റെ അര്ത്ഥം അശ്രദ്ധയോടെ വലിച്ചെറിയുക അല്ലെങ്കില്ജ്ഞാനമില്ലാതെ അതിനെ ഉപയോഗിക്കുക എന്നാണ്. "തരിശു ഭൂമി" അല്ലെങ്കില്"പാഴായത്" എന്ന് ഒരു നിലത്തെയോ പട്ടണത്തെയോ സൂചിപ്പിക്കുമ്പോള്അത് പാഴാക്കപ്പെട്ടതും തുടര്ന്ന് ഒന്നും തന്നെ ജീവനോടെ അവിടെ ജീവിക്കുവാന്പറ്റാത്തതും എന്നാണ് അര്ത്ഥം.

- "നഷ്ടമായി കൊണ്ടിരിക്കുക" എന്ന പദപ്രയോഗം അര്ത്ഥം നല്കുന്നത് അധികം അധികമായി രോഗാതുരമാകുക അല്ലെങ്കില്നശിക്കുക എന്നാണ്. രോഗാതുരനായ ഒരു വ്യക്തി സാധാരണയായി രോഗം നിമിത്തമോ ഭക്ഷണ ദുര്ലഭം നിമിത്തമോ വളരെ മെലിഞ്ഞു പോകുന്നു.
- ഒരു പട്ടണത്തെയോ അല്ലെങ്കില്നിലത്തെയോ "പാഴാക്കുക" എന്നതിന്റെ അര്ത്ഥം അത് നശിപ്പിക്കുക എന്നാണ്.
- "പാഴ്നിലം" എന്നതിന് ഉള്ള വേറൊരു പദം "മരുഭൂമി" അല്ലെങ്കില്"നിര്ജ്ജന പ്രദേശം" എന്നാണ്. എന്നാല്പാഴ്നിലം എന്നത് ജനങ്ങള്അവിടെ താമസത്തിനു ഉപയോഗിക്കുന്ന സ്ഥലം എന്നും അവിടെയുള്ള നിലം ഭക്ഷ്യ വസ്തുക്കള്ഉല്പ്പാദിപ്പിക്കുന്ന വൃക്ഷങ്ങളും ചെടികളും ഉള്ളവ എന്നും സൂചിപ്പിക്കുന്നു.

## ദൈവ വചന സൂചികകള്:

- യെഹസ്കേല്06:6-7
- ലേവ്യപുസ്തകം 26:37-39
- മത്തായി 26:6-9
- വെളിപ്പാട് 18:15-17
- സെഖര്യാവ് 07:13-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H535, H1086, H1104, H1110, H1197, H1326, H2100, H2490, H2522, H2717, H2720, H2721, H2723, H3615, H3765, H3856, H4087, H4127, H4198, H4592, H4743, H4875, H5307, H5327, H7334, H7582, H7703, H7722, H7736, H7843, H8047, H8074, H8077, H8414, H8437, G684, G1287, G2049, G2673, G4199

# പിടിച്ചെടുക്കുക, പിടിച്ചെടുക്കുന്നു, പിടിച്ചെടുത്തു, കവര്ച്ച

## നിര്വചനം:

"പിടിച്ചെടുക്കുക" എന്നതിന്റെ അര്ത്ഥം ആരെയെങ്കിലും അല്ലെങ്കില്എന്തിനെ എങ്കിലും ബലപ്രയോഗത്താല്പിടിച്ചെടുക്കുന്നതിനെ കുറിക്കുന്നു. ഇത് ആരുടെ മേലെ എങ്കിലും അധീശത്വം പുലര്ത്തുന്നതും നിയന്ത്രണം വഹിക്കുന്നതും ആകുന്നു.

- ഒരു പട്ടണം സൈനിക ശക്തിയാല്പിടിച്ചെടുത്തു എന്നതിന്റെ അര്ത്ഥം, സൈനികര്ജയിച്ചതായ സ്ഥലത്തെ ജനത്തിന്റെ വിലപിടിപ്പുള്ള വസ്തുക്കള്അവര്പിടിച്ചെടുത്തു എന്നതാണ്.
- ഉപമാന രൂപേണ ഉപയോഗിക്കുമ്പോള്, ഒരു മനുഷ്യന്"ഭയത്താല്പിടിച്ചെടുക്കപ്പെട്ടു" എന്ന് പ്രസ്താവിക്കുവാന്കഴിയും. ഇതിന്റെ അര്ത്ഥം ആ വ്യക്തി പെട്ടെന്ന് "ഭയത്തിനു കീഴ്പ്പെടുവാന്ഇടയായി" എന്നാണ്. ഒരു മനുഷ്യന്"ഭയത്താല്പിടിക്കപ്പെട്ടു" എങ്കില്അതിനെ "പെട്ടെന്ന് വളരെ ഭയത്തിനു കീഴ്പ്പെടുവാന്ഇടയായി തീര്ന്നു" എന്നും പ്രസ്താവിക്കാം.
- പ്രസവ വേദനയോടുള്ള ബന്ധത്തില്അത് ഒരു സ്ത്രീയെ "പിടിക്കുക" എന്നത്, അതിന്റെ അര്ത്ഥം ആ വേദന വളരെ പെട്ടെന്ന് ഉണ്ടാകുകയും അതിജീവിക്കുകയും ചെയ്യുന്നു എന്നാണ്. ഇത് ആ വേദന "കീഴ്പ്പെടുത്തി" അല്ലെങ്കില്"പെട്ടെന്ന് ആ സ്ത്രീയുടെ മേല്വന്നു" എന്ന് പരിഭാഷ ചെയ്തു പറയാം.
- ഈ പദം "നിയന്ത്രണം ഏറ്റെടുക്കുക" അല്ലെങ്കില്"പെട്ടെന്ന് ഏറ്റെടുക്കുക" അല്ലെങ്കില്"പിടിച്ചു പറിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "കീഴ്പ്പെടുത്തി അവളോട്കൂടെ ശയിച്ചു" എന്നത് "അവന്തന്നെ അവളുടെ മേല്ബലം പ്രയോഗിച്ചു" അല്ലെങ്കില്"അവളെ അതിക്രമിച്ചു" അല്ലെങ്കില്അവളെ ബലാല്സംഗം ചെയ്തു"എന്നിങ്ങനെ പരിഭാഷ ചെയ്യാം. ഇതിന്റെ പരിഭാഷയുടെ ആശയം സ്വീകാര്യം ആണെന്ന് ഉറപ്പു വരുത്തുക.

(കാണുക: ഭാവ്യോക്തി)

## ദൈവ വചന സൂചികകള്:

- അപ്പോ.16:19-21
- പുറപ്പാട് 15:14-15
- യോഹന്നാന്10:37-39
- ലൂക്കോസ് 08:28-29
- മത്തായി 26:47-48

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H270, H1497, H2388, H3027, H3920, H3947, H4672, H5377, H5860, H6031, H7760, H8610, G724, G1949, G2638, G2902, G2983, G4815, G4884

# പീഡിപ്പിക്കപ്പെട്ട, പീഡിപ്പിക്കുക, പീഡിപ്പിക്കപ്പെട്ടു, പീഡയനുഭവിക്കുന്ന, ദുരിതം, ദുരിതങ്ങൾ.

## നിർവചനം:

“പീഡിപ്പിക്കുക” എന്ന പദം ഒരാൾക്ക് പ്രശ്നമോ ദുരിതമോ ഉണ്ടാക്കുന്നതിനെ സൂചിപ്പിക്കുന്നു. ഒരു ”ദുരിതം” എന്നത് രോഗം, വൈകാരിക ടു:ഖം, അല്ലെങ്കിൽ ഇതിന്റെ മറ്റെന്തെങ്കിലും അനന്തര ഫലങ്ങൾ ആണ്.

- ദൈവം തന്റെ ജനത്തെ അവരുടെ പാപത്തിൽനിന്നും മാനസ്സന്തരപ്പെട്ട് അവങ്കലേക്ക് തിരിയേണ്ടതിനായി രോഗം അല്ലെങ്കിൽ മറ്റു കഷ്ടതകൾകൊണ്ട് പീഡിപ്പിക്കുന്നു.
- രാജാവ് ദൈവത്തെ അനുസരിക്കുവാൻ വിസ്സമ്മതിച്ചതിനാൽ ദൈവം മിസ്രയീമിലുള്ള ജനത്തിന്മേൽ പീഡകളോ ബാധകളോ വരുത്തി.
- “പീഡിപ്പിക്കപ്പെടുക” എന്നതിന്റെ അർത്ഥം ചില രീതിയിലുള്ള ദുരവസ്ഥ,രോഗം, ഉപദ്രവം, അല്ലെങ്കിൽവൈകാരിക ടു:ഖം പോലുള്ളവ അനുഭവിക്കുക എന്നാണ്.

## പരിഭാഷ നിർദേശങ്ങൾ

- ആരെയെങ്കിലും പീഡിപ്പിക്കുക എന്നത് “ആർക്കെങ്കിലും “പ്രശ്നങ്ങൾഉണ്ടാ ക്കുക” അല്ലെങ്കിൽ“ആരെയെങ്കിലും ദുരിതമനുഭവിപ്പിക്കുക” അല്ലെങ്കിൽ“ദുരിതം വരുത്തിക്കുക” എന്നു അർത്ഥമാക്കുന്നു.
- ചില പ്രത്യേക സാഹചര്യങ്ങളിൽ “പീഡിപ്പിക്കുക” എന്നത് “സംഭവിക്കുന്നു” അല്ലെങ്കിൽ “വരുന്നു” അല്ലെങ്കിൽ “ദുരിതം കൊണ്ടു വരുന്നു” എന്നു അർത്ഥമാ ക്കുന്നു.
- ഒരാളെ കുഷ്ഠരോഗത്താൽ പീഡിപ്പിക്കുന്നു” എന്നത് “ഒരാളെ കുഷ്ടരോഗത്താൽ ബാധിതനാക്കുന്നു” എന്നു പരിഭാഷപ്പെടുത്താം.
- ജനത്തെയോ മൃഗങ്ങളെയോ “പീഡിപ്പിക്കുവാനായി” ഒരു രോഗത്തെയോ ദുരന്തത്തെയോ അയക്കുമ്പോൾ, അത് “ദുരിതമുണ്ടാകുവാൻ” എന്നു പരിഭാഷപ്പെ ടുത്താവുന്നതാണ്.
- സാഹചര്യത്തിനനുസരിച്ചു, “ദുരിതം” എന്ന പദം “ദുരന്തം” അല്ലെങ്കിൽ “രോഗം” അല്ലെങ്കിൽ “കഷ്ടത” അല്ലെങ്കിൽ “വൻസങ്കടം” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- “പീഡയനുഭവിച്ചു” എന്ന പദം “ദുരിതമനുഭവിക്കുന്നു” എന്നോ “രോഗാതുരം” ആയിരിക്കുന്നുവെന്നോ പരിഭാഷപ്പെടുത്താം.

(കാണുക: കുഷ്ഠം, ബാധ, ദുരിതമനുഭവിക്കുക)

## ദൈവവചന സൂചികകൾ:

- 2 തെസ്സലോനിക്യർ:6-8
- ആമോസ് 05: 12-13
- കൊലോസ്യർ:24-27
- പുറപ്പാട് 22:22-24
- ഉൽപ്പത്തി 12:17-20
- ഉൽപ്പത്തി 15;12-13
- ഉൽപ്പത്തി 29:31-32

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H205, H1790, H3013, H3905, H3906, H4157, H4523, H6031, H6039, H6040, H6041, H6862, H6869, H6887, H7451, H7489, H7667, G2346, G2347, G2552, G2553, G2561, G3804, G4777, G4778, G5003

# പീഡിപ്പിക്കുക, പീഡിതരായ, പീഡിപ്പിക്കുന്ന, പീഡനം, പീഡനങ്ങൾ, പീഡകൻ, പീഡകന്മാർ

## നിർവചനം:

“പീഡിപ്പിക്കുക” എന്നും “പീഡനം” എന്നും ഉള്ള പദങ്ങൾ സൂചിപ്പിക്കുന്നത് ഒരു വ്യക്തിയെയോ അല്ലെങ്കിൽ ഒരു പ്രത്യേക ജന വിഭാഗത്തെയോ തുടർമാനമായി വളരെ കഠിനമായ നിലയിൽ നടത്തുകയോ അവർക്ക് ഉപദ്രവം വരുത്തുകയോ ചെയ്യുന്നതിനെ ആകുന്നു.

- പീഡനം എന്നത് ഒരു വ്യക്തിക്ക് നേരെയോ അല്ലെങ്കിൽ നിരവധി ആളുകൾക്ക് നേരെയോ സാധാരണയായി ആവർത്തിക്കുന്ന, നിരന്തരമായ ആക്രമണങ്ങൾ ആകുന്നു.
- ഇസ്രയേൽ മക്കൾ അവരെ ആക്രമിച്ച, അവരെ പിടിച്ചടക്കിയ നിരവധി ജന വിഭാഗങ്ങളാൽ പീഡിപ്പിക്കപ്പെടുകയും അവരുടെ നിരവധി വസ്തുക്കൾ കൊള്ളയടിക്കപ്പെടുകയും ചെയ്തു.
- ജനം സാധാരണയായി വ്യത്യസ്ത മത വിശ്വാസം ഉള്ളവരെയും അല്ലെങ്കിൽ ബലഹീനർ ആയവരെയും പീഡിപ്പിക്കുക പതിവാകുന്നു.
- യഹൂദ മത നേതാക്കന്മാർ യേശുവിനെ പീഡിപ്പിക്കുവാൻ കാരണം എന്തു കൊണ്ടെന്നാൽ താൻ ഉപദേശിക്കുന്ന കാര്യം അവർക്ക് ഇഷ്ടമായത് ആയിരുന്നില്ല.
- യേശു സ്വർഗ്ഗത്തിലേക്ക് മടങ്ങി പോയതിനു ശേഷം, യഹൂദ മത നേതാക്കന്മാരും റോമൻ സർക്കാരും തന്റെ അനുയായികളെ പീഡിപ്പിച്ചു.
- “പീഡിപ്പിക്കുക” എന്ന പദം “അടിച്ചമർത്തി കൊണ്ടിരിക്കുക” അല്ലെങ്കിൽ “കഠിനമായി നടത്തുക” അല്ലെങ്കിൽ “തുടർമാനമായി ഉപദ്രവിച്ചു കൊണ്ടിരിക്കുക” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- “പീഡനം” എന്ന പദം പരിഭാഷ ചെയ്യുന്ന മാർഗ്ഗങ്ങളിൽ “നിഷ്ടൂരമായ ഉപദ്രവം” അല്ലെങ്കിൽ “അടിച്ചമർത്തൽ” അല്ലെങ്കിൽ തുടർമാനമായ ഉപദ്രവം നിറഞ്ഞ നടപടി” എന്നിങ്ങനെ ഉൾപ്പെടുത്താം.

(കാണുക: ക്രിസ്ത്യാനി, സഭ, അടിച്ചമർത്തുക, റോം)

## ദൈവ വചന സൂചികകൾ:

- അപ്പോ.07:51-55
- അപ്പോ.13:50-52
- ഗലാത്യർ01:13-14
- യോഹന്നാൻ05:16-18
- മർക്കോസ് 10:29-31
- മത്തായി 05:9-10
- മത്തായി 05:43-45
- മത്തായി 10:21-23
- മത്തായി 13:20-21
- ഫിലിപ്പിയർ03:6-7

## ദൈവ വചന കഥകളിൽനിന്നുള്ള ഉദാഹരണങ്ങൾ:

- **33:07** “ദൈവ വചനം കേൾക്കുകയും സന്തോഷത്തോടെ അത് സ്വീകരിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയുടെ ഹൃദയം പാറ നിലം പോലെ ആകുന്നു.” എന്നാൽഅവർപ്രതിസന്ധികളോ **പീഡനമോ** സഹിക്കേണ്ടി വരുമ്പോൾതാൻവീണു പോകുവാൻഇട വരുന്നു.
- **45_06** അക്കാലത്ത് നിരവധി ആളുകൾയെരുശലേമിൽയേശുവിന്റെ അനുഗാമികളെ **പീഡിപ്പിക്കുവാൻതുടങ്ങി**, അതിനാൽവിശ്വാസികൾമറ്റു സ്ഥലങ്ങളിലേക്ക് ഓടിപ്പോകുവാൻഇടയായി.
- **46:02** ആരോ പറയുന്നത് ശൌൽകേൾപ്പാൻഇടയായി, “ശൌലേ! ശൌലേ!

എന്തു കൊണ്ട് നീ എന്നെ **പീഡിപ്പിക്കുന്നു**?” ശൌൽചോദിച്ചു, “യജമാനനേ, അങ്ങ് ആരാണ്? യേശു അവനോടു മറുപടി പറഞ്ഞത്, “ഞാൻയേശു ആകുന്നു, നീ എന്നെ **പീഡിപ്പിക്കുന്നു**!”

- **46:04** എന്നാൽഅനന്യാസ് പറഞ്ഞു, “യജമാനനേ, ഈ മനുഷ്യൻവിശ്വാസികളെ എപ്രകാരം എല്ലാം പീഡിപ്പിച്ചു എന്ന കാര്യം ഞാൻകേട്ടിട്ടുണ്ട്.”

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1814, H4783, H7291, H7852, G1375, G1376, G1377, G1559, G2347

# പീഡിപ്പിക്കുക, പീഡിപ്പിക്കുന്നു, പീഡിപ്പിക്കപ്പെട്ടവന്, പീഡിപ്പിക്കുന്ന, പീഡനം, പീഡിപ്പിക്കുന്നതായ, പീഡകന്, പീഡകന്മാര്

## നിര്വചനം:

"പീഡിപ്പിക്കുക" എന്നും "പീഡനം" എന്നും ഉള്ളതായ പദങ്ങള്ജനങ്ങളെ കഠിനമായി നടത്തുന്നതിനെ സൂചിപ്പിക്കുന്നു. "പീഡിപ്പിക്കുന്നവന്" എന്ന വ്യക്തി ജനത്തെ പീഡിപ്പിക്കുന്നവന് ആകുന്നു.

- "പീഡനം" എന്ന പദം പ്രത്യേകാല് കൂടുതല് ശക്തിയുള്ള ജനം അവരുടെ അധികാരത്തിലോ ഭരണത്തിലോ ഉള്പ്പെട്ടിട്ടുള്ള മറ്റുള്ള ജനത്തെ ഉപദ്രവിക്കുകയോ അടിമപ്പെടുത്തുകയോ ചെയ്യുന്ന സാഹചര്യത്തെ സൂചിപ്പിക്കുന്നു.
- "പീഡിപ്പിക്കപ്പെട്ടവന്" എന്ന പദം വളരെ കഠിനമായി നടത്തപ്പെട്ട ജനം എന്ന് വിശദീകരണം നല്കുന്നു.
- പലപ്പോഴും ശത്രു രാജ്യങ്ങളും അവരുടെ ഭരണാധികാരികളും ഇസ്രയേല് ജനത്തിന്റെ പീഡകന്മാര്ആയിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, "പീഡിപ്പിക്കുക" എന്നത് "വളരെ കഠിനമായി നടത്തുക" അല്ലെങ്കില് "വളരെ കഠിനമായി പ്രയാസപ്പെടുത്തുക" അല്ലെങ്കില് "വളരെ ദുരിത പൂര്ണ്ണമായ ബന്ധനത്തില് അകപ്പെടുത്തുക" അല്ലെങ്കില് "ക്രൂരമായി ഭരിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം. "പീഡനം" എന്ന പദം പരിഭാഷ ചെയ്യുവാന് ഉള്ള മാര്ഗ്ഗങ്ങളില് "വളരെ കഠിനമായ അടിച്ചമര്ത്തലും ബന്ധനവും" അല്ലെങ്കില് "വളരെ ഭാരം ഉളവാക്കുന്ന നിയന്ത്രണം" എന്നിങ്ങനെ ഉള്ളവ ഉള്പ്പെടുത്താം.
- "പീഡിപ്പിക്കപ്പെട്ട" എന്ന പദം "പീഡിപ്പിക്കപ്പെട്ട ജനം" അല്ലെങ്കില് "വളരെ ഭയാനകമായ ബന്ധനത്തില് അകപ്പെട്ട ജനം" അല്ലെങ്കില് "വളരെ ക്രൂരമായി നടത്തപ്പെടുന്ന ജനം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "പീഡകന്" എന്ന പദം "പീഡിപ്പിക്കുന്നവനായ വ്യക്തി" അല്ലെങ്കില് നിയന്ത്രിക്കുകയും ക്രൂരമായി ഭരണം നടത്തുകയും ചെയ്യുന്ന രാജ്യം" അല്ലെങ്കില് "ഉപദ്രവിക്കുന്നവന്" എന്ന് പരിഭാഷ ചെയ്യാം.

(കാണുക: ബന്ധിക്കുക, അടിമപ്പെടുത്തുക, ഉപദ്രവിക്കുക)

## ദൈവ വചന സൂചികകള്:

- 1 ശമുവേല്:17-19
- ആവര്ത്തനപുസ്തകം 26:6-7
- സഭാപ്രസംഗി 04:1
- ഇയ്യോബ് 10:1-3
- ന്യായാധിപന്മാര്:18-19
- നെഹെമ്യാവ് 05:14-15
- സങ്കീര്ത്തനങ്ങള്:133-134

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1790, H1792, H2541, H2555, H3238, H3905, H3906, H4642, H4939, H5065, H6115, H6125, H6184, H6206, H6216, H6217, H6231, H6233, H6234, H6693, H7429, H7533, H7701, G2616, G2669

# പുതിയ ചന്ദ്രന്, പുതിയ ചന്ദ്രന്മാര്

## നിര്വചനം:

- "പുതിയ ചന്ദ്രന്" എന്ന പദം ചന്ദ്രന് വളരെ ലോലമായ അര്ദ്ധ വൃത്താകൃതിയില് വെള്ളി വെളിച്ചത്തോടെ പ്രാരംഭമായി പ്രത്യക്ഷമാകുന്നതിനെ സൂചിപ്പിക്കുന്നു.

സൂര്യാസ്തമയ സമയത്ത് ഭൂമിയുടെ പ്രദിക്ഷിണ വൃത്തത്തില് ചുറ്റും ചന്ദ്രന് ഭ്രമണം ചെയ്യുവാന്ആരംഭിക്കുന്ന പ്രാരംഭ ദശ ആകുന്നു. ചന്ദ്രന് മറഞ്ഞിരിക്കുന്ന ചില ദിവസങ്ങള്ക്കു ശേഷം വീണ്ടും പ്രത്യക്ഷമാകുന്ന ആദ്യ ദിവസത്തെ ഇത് സൂചിപ്പിക്കുകയും ചെയ്യുന്നു.

- പുരാതന കാലങ്ങളില്, പുതിയ ചന്ദ്രന് മാസങ്ങള് പോലെയുള്ള ചില പ്രത്യേക സമയ കാലഘട്ടങ്ങളുടെ ആരംഭത്തെ സൂചിപ്പിക്കുന്നു.
- ഇസ്രയേല്മക്കള് പുതിയ ചന്ദ്രന്റെ ഉദയം ഉത്സവമായി ആട്ടിന്കൊമ്പ് കൊണ്ടുള്ള കാഹളം ഊതി ധ്വനിപ്പിച്ചു അടയാളപ്പെടുത്തി ആഘോഷിക്കാറുണ്ട്.
- ദൈവ വചനവും ഈ സമയത്തെ "മാസത്തിന്റെ പ്രാരംഭം" എന്ന് സൂചിപ്പിക്കുന്നു.

(കാണുക: മാസം, ഭൂമി, ആഘോഷം, കൊമ്പ്, ചെമ്മരിയാട്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 23:30-31
- 1 ശമുവേല് 20:4-5
- 2 രാജാക്കന്മാര് 04:23-24
- യെഹസ്കേല് 45:16-17
- യെശ്ശയ്യാവ് 01:12-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2320, G3376, G3561

# പുറജാതി, പുറജാതികള്

## നിര്വചനം:

ദൈവ വചന കാലഘട്ടങ്ങളില്, "പുറജാതി" എന്ന പദം യഹോവയെ ആരാധിക്കുന്നതിനു പകരം അസത്യ ദൈവങ്ങളെ ആരാധിക്കുന്ന ജനങ്ങളെ സൂചിപ്പിക്കുവാന്ഉപയോഗിച്ചു വന്നു.

- ഈ ജനതയുമായി ബന്ധപ്പെട്ടിട്ടുള്ള എന്തും, അവര്ആരാധിച്ചു വന്നിരുന്ന പൂജാഗിരികള്, അവര്ആചരിച്ചു വന്നിരുന്ന ആചാര അനുഷ്ടാനങ്ങള്, അവരുടെ വിശ്വാസങ്ങള്, ആദിയായായെയും "പുറജാതി" എന്ന് വിളിച്ചു വന്നിരുന്നു.
- പുറജാതി വിശ്വാസ സംവിധാനത്തില്സാധാരണയായി അസത്യ ദൈവ ആരാധനയും പ്രകൃതിയെ ആരാധിക്കുന്നതും ഉള്പ്പെട്ടു വന്നിരുന്നു.
- ചില പുറജാതി മതങ്ങളില്ലൈംഗിക അധാര്മ്മിക അനാചാരങ്ങളും അല്ലെങ്കില്മനുഷ്യരെ കൊല്ലുന്നതും അവരുടെ ആരാധനയുടെ ഭാഗങ്ങളായി പിന്തുടര്ന്ന് വന്നിരുന്നു.

(കാണുക: പൂജാഗിരി, അസത്യ ദൈവം, യാഗം, ആരാധന, യഹോവ)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്10:20-22
- 1 കൊരിന്ത്യര്12:1-3
- 2 രാജാക്കന്മാര്17:14-15
- 2 രാജാക്കന്മാര്21:4-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1471, G1484

# പുറത്താക്കുക, പുറത്താക്കല്, ബഹിര്ഗമിപ്പിക്കുക, പുറന്തള്ളുക, പുറന്തള്ളി ക്കൊണ്ടിരിക്കുക

## നിര്വചനം;

ഒരാളെ അല്ലെങ്കില്ഒന്നിനെ "പുറത്താക്കുക" അല്ലെങ്കില്"ബഹിര്ഗമിപ്പിക്കുക" എന്നത് ആ വ്യക്തിയെ അല്ലെങ്കില്വസ്തുവിനെ ബലപ്രയോഗത്താല്ദൂരത്തേക്ക് മാറ്റുക എന്നാകുന്നു.

- "പുറത്താക്കുക" എന്നതും "പുറന്തള്ളുക" എന്നതും ഒരേ അര്ത്ഥം തന്നെയാണ്.

വല എറിയുക എന്നുവെച്ചാല്വെള്ളത്തിലേക്ക് വല വീശുക എന്നാണ്.

- ഒരു ഉപമാനരൂപത്തില്, ഒരുവനെ "പുറത്താക്കുക" അല്ലെങ്കില്"പുറന്തള്ളുക" എന്നത് ആ വ്യക്തിയെ നിരാകരിക്കുകയും പറഞ്ഞയക്കുകയും ചെയ്യുക എന്നതാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യത്തിനനുസ്യതമായി, പരിഭാഷപ്പെടുത്തുന്ന ഇതര മാര്ഗങ്ങളില്, "ശക്തമായി പുറന്തള്ളുക, അല്ലെങ്കില്"പറഞ്ഞയക്കുക" അല്ലെങ്കില്"പുറത്താക്കുക" എന്നിവയും ഉള്പ്പെടുത്താം.
- "ഭൂതങ്ങളെ പുറത്താക്കുക" എന്നത് "ഭൂതങ്ങള്വിട്ടുപോകുവാന്ഇടയാക്കുക" എന്നോ ദുരാത്മാക്കളെ പുറത്താക്കുക" എന്നോ "ഭൂതത്തോട് പുറത്തേക്ക് വരുവാന്കല്പ്പിക്കുക" എന്നോ പരിഭാഷപ്പെടുത്താം.

(കാണുക: ഭൂതം, ഭൂതബാധിതനായ, നറുക്കുകള്)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്07:17-19
- മര്ക്കോസ് 03:13-16
- മര്ക്കോസ് 09:28-29
- മത്തായി 07:21-23
- മത്തായി 09:32-34
- മത്തായി 12:24-25
- മത്തായി 17:19-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1272, H1644, H1920, H3423, H7971, H7993, G1544

# പുല്ലാങ്കുഴല്, പുല്ലാങ്കുഴലുകള്, കുഴല്. കുഴലുകള്

## നിര്വചനം:

ദൈവവചന കാലഘട്ടത്തില്, കുഴലുകളെന്ന സംഗീത ഉപകരണങ്ങള്ശബ്ദം പുറത്തേക്ക് ബഹിര്ഗമിക്കത്തക്ക ദ്വാരം ഉള്ള അസ്ഥി അല്ലെങ്കില്മരം കൊണ്ടുള്ളവ ആയിരുന്നു. പുല്ലാങ്കുഴല്ഒരു തരം കുഴല്ആയിരുന്നു.

- മിക്കവാറും കുഴലുകള്എല്ലാം തന്നെ വായു അതിലൂടെ കടത്തി വിടുമ്പോള്പ്രകമ്പനം കൊള്ളുന്ന ഘനമുള്ള പുല്ലുകള്കൊണ്ട് നിര്മ്മിച്ച മുള കൊണ്ടുള്ളതാണ്. "മുളകള്ഇല്ലാത്ത ഒരു കുഴലിനെ സാധാരണയായി "പുല്ലാങ്കുഴല്" എന്നു വിളിക്കുന്നു.
- ഒരു ഇടയന്തന്റെ ആടുകളുടെ കൂട്ടം ശാന്തമാകേണ്ട തിനു പുല്ലാങ്കുഴല്വായിച്ചിരുന്നു.
- കുഴലുകളും പുല്ലാങ്കുഴലുകളും ദു:ഖം അല്ലെങ്കില്സന്തോഷ സംഗീതങ്ങളില് ഉപയോഗിച്ചിരുന്നു.

(കാണുക:ആട്ടിന്കൂട്ടം, ഇടയന്)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്14:7-9
- 1 രാജാക്കന്മാര്01:38-40
- ദാനിയേല്03:3-5
- ലൂക്കോസ് 07:31-32
- മത്തായി 09:23-24
- മത്തായി 11:16-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4953, H5748, H2485, H2490, G832, G834, G836

# പുള്ളിപ്പുലി, പുള്ളിപ്പുലികള്

## വസ്തുതകള്:

പുള്ളിപ്പുലി എന്നത് വലുപ്പമുള്ള, പൂച്ചയെ പോലെയുള്ള, തവിട്ടു നിറത്തില്കറുത്ത പുള്ളികള്ഉള്ള ഒരു വന്യജീവി ആകുന്നു. പുള്ളിപ്പുലി എന്നത് മറ്റു മൃഗങ്ങളെ പിടിക്കുകയും അവയെ ഭക്ഷിക്കുകയും ചെയ്യുന്ന ഒരു തരം മൃഗം ആകുന്നു.

- ദൈവ വചനത്തില്, പെട്ടെന്ന് ഒരു ഇരയുടെ മേല്പാഞ്ഞു വീഴുന്ന ഒരു പുള്ളിപ്പുലിയോടു സദൃശ്യപ്പെടുത്തിക്കൊണ്ട് പെട്ടെന്ന് ഉണ്ടാകുന്ന ദുരന്തത്തെ താരതമ്യം ചെയ്തിരിക്കുന്നു.
- പ്രവാചകനായ ദാനിയേലും അപ്പോസ്തലനായ യോഹന്നാനും അവരുടെ ദര്ശനങ്ങളില്പുള്ളിപ്പുലിക്കു സദൃശമായ ഒരു മൃഗത്തെ കണ്ടതായുള്ള കാര്യം പറയുന്നു.

(കാണുക: അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം)

[പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുക)

(കാണുക: മൃഗം, ദാനിയേല്, ഇര, ദര്ശനം)

## ദൈവ വചന സൂചികകള്:

- ദാനിയേല്:6-7
- ഹോശേയ 13:7-8
- വെളിപ്പാടു 13:1-2
- ഉത്തമഗീതം 04:8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5245, H5246

# പൂര്ണവിശ്വാസം, പൂര്ണ്ണ വിശ്വാസമുള്ള, പൂര്ണവിശ്വാസത്തോടു കൂടിയ

## നിര്വചനം:

“പൂര്ണവിശ്വാസം” എന്ന പദം പ്രസ്തുത കാര്യം സത്യമെന്നോ സംഭവിക്കുവാന്പോകുന്നുവെന്നോ ഉറച്ചിരിക്കുന്നതിനെ സൂചിപ്പിക്കുന്നു.

- ദൈവവചനത്തില്, “പ്രത്യാശ” എന്ന പദം സാധാരണയായി തീര്ച്ചയായും സംഭവിക്കുവാന്പോകുന്ന കാര്യത്തെക്കുറിച്ച് പ്രതീക്ഷയോടെ കാത്തിരിക്കുന്നു എന്നു അര്ത്ഥമാക്കുന്നു. ULB യില്സാധാരണയായി ഇതു “പൂര്ണവിശ്വാസം” അല്ലെങ്കില്“ഭാവിയെക്കുറി ച്ചുള്ള പൂര്ണ വിശ്വാസം” അല്ലെങ്കില്“ഭാവിസംബന്ധിച്ച പൂര്ണവിശ്വാസം” പ്രത്യേകാല്യേശുവില്വിശ്വാസികളായവര്ക്ക് ദൈവം നല്കുമെന്ന് വാഗ്ദത്തം ചെയ്തത് പ്രാപിക്കുമെന്ന ഉറപ്പ് എന്നു പരിഭാഷപ്പെടുത്താം.
- ”പൂര്ണ്ണവിശ്വാസം” എന്ന പദം പ്രത്യേകാല്യേശുവില്വിശ്വാസികളായവര്ക്ക് അവര്ഒരുദിവസം സ്വര്ഗ്ഗത്തില്എന്നെന്നേക്കും ദൈവത്തോടുകൂടെ ആയിരിക്കുമെന്ന ഉറപ്പിനെ സൂചിപ്പിക്കുന്നു. "ദൈവത്തില്പൂര്ണ വിശ്വാസം” എന്ന പദസഞ്ചയം, അര്ത്ഥമാക്കുന്നത് ദൈവം വാഗ്ദത്തം ചെയ്തതിനെ പ്രാപിക്കുകയും അനുഭവിക്കുകയും ചെയ്യുമെന്ന് പൂര്ണ്ണ പ്രതീക്ഷ ഉണ്ടായിരിക്കുന്നു എന്നാണ്.
- “പൂര്ണ്ണവിശ്വാസമുള്ളവനായിരിക്കുക” എന്നാല്ദൈവത്തിന്റെ വാഗ്ത്തങ്ങളില്വിശ്വസിക്കുകയും ദൈവം പറഞ്ഞതായ കാര്യം ദൈവം ചെയ്യുമെന്ന ഉറപ്പോടെ പ്രവര്ത്തിക്കുകയും ചെയ്യുക എന്നാണ്. ഈ പദത്തിന് ഉറപ്പോടെയും ധൈര്യപൂര്വമായും പ്രവര്ത്തിക്കുക എന്ന അര്ത്ഥവും ഉണ്ട്.

## പരിഭാഷ നിര്ദേശങ്ങള്:

- ”പൂര്ണ്ണ വിശ്വാസമുള്ള” എന്ന പദം “ബഹു നിശ്ചയമുള്ള” അല്ലെങ്കില്’വളരെ ഉറപ്പുള്ള” എന്നു പരിഭാഷപ്പെടുത്താം.
- “പൂര്ണ്ണ വിശ്വാസമുള്ളവനായിരിക്കുക” എന്ന പദ സഞ്ചയം “പൂര്ണമായി വിശ്വസിക്കുക” അല്ലെങ്കില്”പൂര്ണ്ണ നിശ്ചയമുള്ളവനായിരിക്കുക” അല്ലെങ്കില്”തീര്ച്ചയായും അറിഞ്ഞിരിക്കുക” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- “പൂര്ണ്ണ വിശ്വാസത്തോടുകൂടിയ” എന്ന പദം “ധൈര്യപൂര്വ്വം” അല്ലെങ്കില്“നിശ്ചയത്തോടുകൂടെ” എന്നും പരിഭാഷപ്പെടുത്താം.
- സാഹചര്യത്തിനനുസൃതമായി, “പൂര്ണ്ണവിശ്വാസം” എന്നത് “പരിപൂര്ണ നിശ്ചയം” അല്ലെങ്കില്“തീര്ച്ചയുള്ള പ്രതീക്ഷ” അല്ലെങ്കില്“ഉറപ്പ്” എന്നീ രീതികളില്പരിഭാഷപ്പെടുത്താം.

(കാണുക: വിശ്വസിക്കുക, വിശ്വാസം, ധൈര്യമുള്ള, വിശ്വസ്തന്, പ്രത്യാശ, ആശ്രയം)

## ദൈവവചന സൂചികകള്:

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H982, H983, H985, H986, H3689, H3690, H4009, G1340, G2292, G3954, G3982, G4006, G5287

# പൂര്വികന്, പൂര്വികര്, പിതാവ്, പിതാക്കന്മാര്, പിതാവായി തീര്ന്നു, പിതാവാകുക, പൂര്വപിതാവ്, പൂര്വ പിതാക്കന്മാര്, പിതാമഹന്

## നിര്വചനം:

അക്ഷരീകമായി ഉപയോഗിക്കുമ്പോള്, "പിതാവ്" എന്ന പദം ഒരു വ്യക്തിയുടെ പുരുഷ ജനയിതാവ് എന്നു സൂചിപ്പിക്കുന്നു. ഈ പദത്തിന് വിവിധമായ ഉപമാന പ്രയോഗങ്ങള്ഉണ്ട്.

- "പിതാവ്" "പൂര്വപിതാക്കന്മാര്" എന്നീ പദങ്ങള്സാധാരണയായി ഒരു പ്രത്യേക വ്യക്തി അല്ലെങ്കില്ജനവിഭാഗത്തിന്റെ പുരുഷ പൂരവിക ന്മാരെ സൂചിപ്പിക്കുവാന്ഉപയോഗിക്കുന്നു. ഇതു "പൂര്വികന്" അല്ലെങ്കില്"പൂര്വ പിതാവ്" എന്നു പരിഭാഷപ്പെടുത്താവുന്നതാണ്.
- "ന്റെ പിതാവ്" എന്ന പ്രയോഗം ഉപമാനമായി ബന്ധു ജനങ്ങളുടെ കൂട്ടത്തിന്റെ തലവനെയോ ഏതെങ്കിലും വസ്തുതയുടെ സ്രോതസിനെയോ സൂചിപ്പിക്കുന്നു. ഉദാഹരണമായി, ഉല്പത്തി 4 ല്"കൂടാരങ്ങളില്പാര്ക്കുന്ന സകല ര്ക്കും പിതാവ്" എന്നത് അര്ത്ഥമാക്കുന്നത്, "കൂടാരങ്ങളില്പാര്ത്ത ആദ്യ ജനങ്ങള്ഏവരിലും ആദ്യ വംശ നേതാവായിരുന്നവന്" എന്നു ആകുന്നു.
- അപ്പോസ്തലനായ പൌലോസ് താന്സുവിശേഷം പങ്കുവെച്ചതില്കൂടെ ക്രിസ്ത്യാനികളായി തീരുവാന്സഹായിച്ചവര്ക്കു തന്നെത്തന്നെ അവരുടെ "പിതാവ്" എന്നു വിളിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

ഒരു പിതാവിനെയും തന്റെ അക്ഷരീക പുത്രനെയും കുറിച്ച് പറയു മ്പോള്, ഈ പദം പ്രസ്തുത ഭാഷയില്സാധാരണയായി പിതാവിന് ഉപയോഗിക്കുന്ന വാക്ക് തന്നെ പരിഭാഷയ്ക്കായി ഉപയോഗിക്കുക.

- "പിതാവാം ദൈവം" എന്നത് പരിഭാഷപ്പെടുത്തുമ്പോള്"പിതാവ്" എന്നതിനു സാധാരണ ഉപയോഗിക്കുന്ന പദം തന്നെ പരിഭാഷയ്ക്കായി ഉപയോഗിക്കുക.
- പൂര്വപിതാക്കന്മാരെ സൂചിപ്പിക്കുമ്പോള്, ഈ പദം "പൂര്വികന്മാര്" അല്ലെങ്കില്പൂര്വിക പിതാക്കന്മാര്" എന്നു പരിഭാഷപ്പെടുത്താം.
- ക്രിസ്തുവില്വിശ്വാസികളായവരുടെ പിതാവ് എന്നു തന്നെ ഉപമാന മായി പൌലോസ് സൂചിപ്പിക്കുമ്പോള്, ഇതു ആത്മീയ പിതാവ്" അല്ലെ ങ്കില്"ക്രിസ്തുവില്പിതാവ്" എന്നു പരിഭാഷ ചെയ്യാം.
- ചില സമയങ്ങളില്"പിതാവ്" എന്ന പദം "വംശീയ നേതാവ്" എന്നു പരിഭാഷപ്പെടുത്താം. "നുണകളുടെ പിതാവ്" എന്ന പദസഞ്ചയം "സകല നുണകളുടെയും സ്രോതസ്" അല്ലെങ്കില്"സകല നുണകളും ഉത്ഭവിക്കുന്നവനില്നിന്ന്" എന്നു പരിഭാഷ ചെയ്യാം.

(കാണുക:പിതാവാം ദൈവം, പുത്രന്, ദൈവപുത്രന്)

## ദൈവ വചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്07:1-3
- അപ്പോ.പ്രവര്ത്തികള് 07:31-32
- അപ്പോ,പ്രവര്ത്തികള് 7:44-46
- അപ്പോ,പ്രവര്ത്തികള്22:3-5
- ഉല്പത്തി 31:29-30
- ഉല്പത്തി 31:41-42
- ഉല്പത്തി 31:51-53
- എബ്രായര്07:4-6
- യോഹന്നാന്04:11-12
- യോശുവ 24:3-4
- മലാഖി 03:6-7
- മര്ക്കോസ് 10:7-9
- മത്തായി 01:7-8
- മത്തായി 03:7-9
- മത്തായി 10:21-23
- മത്തായി 18:12-14
- റോമര്04:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1, H2, H25, H369, H539, H1121, H1730, H1733, H2524, H3205, H3490, H4940, H5971, H7223, G256, G540, G1080, G2495, G3737, G3962, G3964, G3966, G3967, G3970, G3971, G3995, G4245, G4269, G4613

# പെണ്ചെമ്മരിയാട്, പെണ്ചെമ്മരിയാടുകള്, ആണ്ചെമ്മരിയാട്, ആണ്ചെമ്മരിയാടുകള്, ചെമ്മരിയാട്, ചെമ്മരിയാട്ടിന്കൂട്ടം, ചെമ്മരിയാട്ടിന്കൂട്ടങ്ങള്, ചെമ്മരിയാടിനെ മേയ്ക്കുന്നവര്, ചെമ്മരിയാട്ടിന്തോല്

## നിര്വചനം:

"ചെമ്മരിയാട്" എന്നത് ഒരു ഇടത്തരം വലുപ്പം ഉള്ളതും നാല് കാലുകള്ഉള്ളതും ശരീരം മുഴുവനും രോമാവൃതമായതും ആയ ഒരു മൃഗം ആകുന്നു. ഒരു ആണ്ചെമ്മരിയാടിനെ "ആണ്ചെമ്മരിയാട്" എന്ന് വിളിക്കുന്നു. ഒരു പെണ്ചെമ്മരിയാടിനെ "പെണ്ചെമ്മരിയാട്" എന്ന് വിളിക്കുന്നു. "ചെമ്മരിയാട്" എന്നതിന്റെ ബഹുവചനം "ചെമ്മരിയാടുകള്" എന്നാണ്.

- ചെമ്മരിയാടിന്റെ കുഞ്ഞിനെ "ചെമ്മരിയാട്ടിന്കുഞ്ഞ്" എന്ന് വിളിക്കുന്നു.
- ഇസ്രയേല്യര്സാധാരണയായി ചെമ്മരിയാടിനെ, പ്രത്യേകാല്ആണ്ചെമ്മരിയാടുകളെയും ഇളം ചെമ്മരിയാടുകളെയും യാഗങ്ങള്ക്കായി ഉപയോഗിക്കാറുണ്ട്.
- ജനം ചെമ്മരിയാടിന്റെ മാംസം ഭക്ഷിക്കുകയും, അവയുടെ രോമം വസത്രങ്ങളും ഇതര വസ്തുക്കളും നിര്മ്മിക്കുവാനും ഉപയോഗിക്കുന്നു.
- ചെമ്മരിയാടുകള്വളരെ ആശ്രയ സ്വഭാവവും, ബലഹീനവും, ഭയചകിതവുമായവ ആകുന്നു. അവ വളരെ പെട്ടെന്ന് അലഞ്ഞു തിരിഞ്ഞു പോകുന്നവ ആകുന്നു. അവയെ നയിച്ചു കൊണ്ട് പോകുന്നതിനും, അവയെ സംരക്ഷിക്കുന്നതിനും, അവയ്ക്ക് ഭക്ഷണം, ജലം, സുരക്ഷിത സ്ഥാനം ആദിയായവ കരുതേണ്ടതിനും ഒരു ഇടയന്ആവശ്യമാണ്.
- ദൈവ വചനത്തില്, ജനം ചെമ്മരിയാടുകളോടും ദൈവം അവരുടെ ഇടയനായും താരതമ്യം ചെയ്യപ്പെട്ടിരിക്കുന്നു.

(പരിഭാഷ നിര്ദേശങ്ങള്: അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ഇസ്രയേല്, കുഞ്ഞാട്, യാഗം, ഇടയന്)

## ദൈവ വചന സൂചികകള്:

- അപ്പോ.08:32-33
- ഉല്പ്പത്തി 30:31-32
- യോഹന്നാന്02:13-14
- ലൂക്കോസ് 15:3-5
- മര്ക്കോസ് 06:33-34
- മത്തായി 09:35-36
- മത്തായി 10:5-7
- മത്തായി 12:11-12
- മത്തായി 25:31-33

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **09:12** ഒരു ദിവസം മോശെ തന്റെ **ചെമ്മരിയാടുകളെ** പരിപാലിച്ചു കൊണ്ടിരിക്കുമ്പോള്, ഒരു മുള്പ്പടര്പ്പു കത്തിക്കൊണ്ടിരിക്കുന്നത് കണ്ടു.
- **17:02** ദാവീദ് ബെത്ലെഹേം പട്ടണത്തില്നിന്നുള്ള ഒരു ഇടയന്ആയിരുന്നു. തന്റെ പിതാവിന്റെ **ചെമ്മരിയാടുകളെ** സംരക്ഷിച്ചു കൊണ്ട് വന്ന വിവിധ സമയങ്ങളില്, **ചെമ്മരിയാടുകളെ** ആക്രമിക്കുവാന്വന്നതായ ഒരു സിംഹത്തെയും ഒരു കരടിയെയും ദാവീദ് കൊന്നുകളയുവാന്ഇടയായി.
- **30:03** യേശുവിനോട്, ഈ ജനം ഇടയന്ഇല്ലാത്ത **ചെമ്മരിയാടുകള്** പോലെ ആയിരിക്കുന്നു.
- **38:08** യേശു പറഞ്ഞു, "നിങ്ങള്എല്ലാവരും ഇന്ന് രാത്രി എന്നെ ഉപേക്ഷിച്ചു കളയും. "ഞാന്ഇടയനെ വെട്ടിക്കളയുകയും **ചെമ്മരിയാടുകള്** എല്ലാം തന്നെ ചിതറിപ്പോകുകയും ചെയ്യും" എന്ന് എഴുതപ്പെട്ടിരിക്കുന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H352, H1494, H1798, H2169, H3104, H3532, H3535, H3733, H3775, H5739, H5763, H6260, H6629, H6792, H7353, H7462, H7716, G4165, G4262, G4263

# പോരാട്ടം

## നിര്വചനം:

“പോരാട്ടം” എന്ന പദം ശാരീരികമോ വികാരപരമോ ആയി മനുഷ്യര്ക്ക് ഇടയില് ഉണ്ടാകുന്ന സംഘര്ഷം ആകുന്നു.

- ഒരു പോരാട്ടം ഉണ്ടാക്കുന്ന വ്യക്തി വസ്തുതകളെ വ്യക്തികള്ക്ക് ഇടയില് ശക്തമായ അഭിപ്രായ വ്യത്യാസങ്ങളെയും വേദനാജനകമായ വികാരങ്ങളെയും ഉണ്ടാക്കുന്നതില് കലാശിക്കുന്നു.
- ചില സമയങ്ങളില് പോരാട്ടം” എന്ന പദത്തിന്റെ പ്രയോഗം കോപം അല്ലെങ്കില് കയ്പ്പ് പോലെയുള്ള ശക്തമായ വികാരങ്ങളുടെ ഉള്പ്പെടലുകളെ ഉളവാക്കുന്നു. ഈ പദം പരിഭാഷ ചെയ്യുന്ന ശൈലികളില് “വിസ്സമ്മതം” അല്ലെങ്കില് “വഴക്ക്” അല്ലെങ്കില് “ഇടര്ച്ച” ആദിയായവ ഉള്പ്പെടുത്താം.

(കാണുക: കോപം)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്:3-5
- ഹബക്കൂക്ക് 01:3-4
- ഫിലിപ്പിയര്:15-17
- സദൃശവാക്യങ്ങള്:1-2
- സങ്കീര്ത്തനങ്ങള്:8-9
- റോമര്:13-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1777, H1779, H4066, H4090, H4683, H4808, H7379, H7701, G485, G2052, G2054, G3055, G3163, G5379

# പോലെ, ഒരു പോലെ ചിന്താഗതി ഉള്ള, താരതമ്യം ചെയ്യുക, സാമ്യം, പ്രതിരൂപങ്ങൾ, അതുപോലെ, സദൃശമായ, വ്യത്യസ്തമായ

## നിർവചനം:

“പോലെ” എന്നും “സാമ്യം” എന്നും ഉള്ള പദങ്ങൾഒരുപോലെ ഉള്ള, അല്ലെങ്കിൽസാമ്യം ഉള്ള, ഏതെങ്കിലും ഒന്നിനെ സൂചിപ്പിക്കുന്നു.

- ”പോലെ” എന്ന വാക്കു സാധാരണയായി ഒരു ഉപമാന പദപ്രയോഗത്തിൽ “ഉപമ” എന്ന് ഒന്നിനെ വേറൊന്നുമായി താരതമ്യം ചെയ്തുകൊണ്ട്, ഒരു പങ്കാളിത്വ സ്വഭാവത്തെ ഉയർത്തി കാണിക്കുന്നു. ഉദാഹരണമായി, “അവന്റെ വസ്ത്രങ്ങൾസൂര്യനെ പ്പോലെ ശോഭിച്ചു” എന്നും “ആ ശബ്ദം ഇടികുഴക്കം പോലെ മുഴങ്ങി” എന്നിവ കാണുക. (കാണുക: ഉപമ).
- ഏതെങ്കിലും ഒന്നിനെ അല്ലെങ്കിൽആരെയെങ്കിലും ”പോലെ ഇരിക്കുക”, അല്ലെങ്കിൽ“പോലെ ശബ്ദിക്കുക” അല്ലെങ്കിൽ“പോലെ കാണുക” എന്നുള്ളത് ആ വസ്തുവിന്റെയോ ആളിന്റെയോ ഗുണ വിശേഷതകളോട് താരതമ്യം ചെയ്യുക എന്നുള്ളതാണ്.
- മനുഷ്യർദൈവത്തിന്റെ “സാദൃശ്യത്തിൽ”, അതായത്, തന്റെ സ്വരൂപത്തിൽസൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

അതിന്റെ അർത്ഥം അവർക്ക് ദൈവത്തിനു ഉള്ളതു “പോലെ” അല്ലെങ്കിൽ“സാമ്യമുള്ള” ചിന്തിക്കുവാൻ, അനുഭവിക്കുവാൻ, ആശയ വിനിമയം നടത്തുവാൻഎന്നിങ്ങനെ ഉള്ള കഴിവ് ഉണ്ട് എന്നാണ്.

- ഒന്നിന്റെ അല്ലെങ്കിൽഒരാളുടെ “പ്രതിരൂപം” ഉണ്ടായിരിക്കുക എന്നാൽഅതിന്റെ അല്ലെങ്കിൽആ വ്യക്തിയുടെ ഗുണവിശേഷതകൾ ഉണ്ടായിരിക്കുക എന്ന് ഉള്ളതാണ്.

## പരിഭാഷ നിർദേശങ്ങൾ:

- ചില സന്ദർഭങ്ങളിൽ, “സാമ്യം” എന്ന പദപ്രയോഗം “കാഴ്ചയിൽഉള്ളത് പോലെ” അല്ലെങ്കിൽ“പ്രത്യക്ഷം ആയിരിക്കുന്നത് പോലെ” എന്ന് പരിഭാഷ ചെയ്യാം.
- ”അവന്റെ മരണത്തോട് സാമ്യം ഉള്ളതായി” എന്നത് “അവന്റെ മരണത്തിന്റെ അനുഭവത്തിൽപങ്കാളിത്വം വഹിക്കുന്ന” അല്ലെങ്കിൽഅവനോടു കൂടെ അവന്റെ മരണത്തെ അനുഭവിക്കുന്നത് പോലെ” എന്ന് പരിഭാഷ ചെയ്യാം.
- “പാപം നിറഞ്ഞ ജഡത്തിനു സദൃശമായി” എന്ന പദപ്രയോഗം “പാപം നിറഞ്ഞ ഒരു വ്യക്തിയെ പ്പോലെ ആയിരിക്കുക” അല്ലെങ്കിൽ“ഒരു മനുഷ്യൻആയിരിക്കുക” എന്ന് പരിഭാഷ ചെയ്യുക. ഈ പദപ്രയോഗം യേശു പാപം ഉള്ളവൻആയിരുന്നു എന്ന ധ്വനി നൽകുന്നത് ആയിരിക്കുന്നില്ല എന്ന് തീർച്ചപ്പെടുത്തേണ്ടതാണ്.
- ”അവന്റെ സ്വന്ത സദൃശത്തിൽ” എന്നത് “അവനെപ്പോലെ” അല്ലെങ്കിൽ“അവനു ഉണ്ടായിരുന്നതു പോലെ ഉള്ള അതേ നിരവധി ഗുണവിശേഷങ്ങൾഉള്ളത് പ്രകാരം” എന്ന് പരിഭാഷ ചെയ്യാം.
- ”നശിച്ചു പോകുന്ന മനുഷ്യന്റെ സ്വരൂപം, , പക്ഷികളുടെ, നാല്ക്കാലികലായ മൃഗങ്ങളുടെ, ഇഴയുന്ന ജന്തുക്കളുടെ സാദൃശ പ്രകാരം” എന്നത് “നശിച്ചു പോകുന്ന മനുഷ്യർ, അല്ലെങ്കിൽമൃഗങ്ങൾ, പക്ഷികൾ, ജന്തുക്കൾ, ചെറിയ ഇഴയുന്ന ജന്തുക്കൾഎന്നിവയ്ക്ക് സദൃശമായി ഉണ്ടാക്കപ്പെട്ട വിഗ്രഹങ്ങൾഎന്ന് പരിഭാഷ ചെയ്യാം.

(കാണുക: മൃഗം, ജഡം, ദൈവത്തിന്റെ ച്ഛായ, സ്വരൂപം, നശിക്കുക)

## ദൈവ വചന സൂചികകൾ:

- യെഹസ്കേൽ01:4-6
- മർക്കോസ് 08:24-26
- മത്തായി 17:1-2
- സങ്കീർത്തനം 073:4-5
- വെളിപ്പാട് 01:12-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1823, H8403, H8544, G1503, G1504, G2509, G2531, G2596, G3664, G3665, G3666, G3667, G3668, G3669, G3697, G4833, G5108, G5613, G5615, G5616, G5618, G5619

# പൌരന്, പൌരന്മാര്, പൌരത്വം

## നിര്വചനം:

ഒരു പൌരന് എന്നാല് ഒരു നിശ്ചിത പട്ടണത്തില്, രാജ്യത്തില്, അല്ലെങ്കില് സാമ്രാജ്യത്തില് ജീവിക്കുന്ന വ്യക്തിയെന്നാണ്. ഒരു സ്ഥലത്തെ നിയമപരമായ സ്ഥലവാസി എന്നു ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട വ്യക്തിയെ ഇതു കുറിക്കുന്നു.

- സാഹചര്യത്തിനനുസരിച്ച്, ഇതു "അന്തേവാസി" അല്ലെങ്കില് " ഔദ്യോഗിക പാര്പ്പിടക്കാരന്" എന്നുകൂടി പരിഭാഷ ചെയ്യാം. ഒരു പൌരനു ഒരു രാജാവ്, ചക്രവര്ത്തി, അല്ലെങ്കില്വേറൊരു ഭരണാധിപന്ഭരിക്കുന്ന വലിയ രാജ്യത്തിന്റെ അല്ലെങ്കില്സാമ്രാജ്യത്തിന്റെ ഒരു മേഖലയില്ജീവിക്കാം. ഉദാഹരണമായി, പൌലോസ് നിരവധി പ്രവിശ്യകളുള്ള റോമന്സാമ്രാജ്യ ത്തിന്റെ പൌരനായിരുന്നു, ആ പ്രവിശ്യകളിലൊന്നില്താന്ജീവിച്ചുവന്നു. ഒരു ഉപമാന രൂപേണ, യേശുവിലുള്ള വിശ്വാസികളെ സ്വര്ഗ്ഗത്തിന്റെ "പൌരന്മാര്" എന്നു ഒരിക്കല് അവര്അവിടെ വസിക്കും എന്ന ആശയത്തില്വിളിക്കുന്നു. ഒരു രാജ്യത്തിന്റെ പൌരന്എന്ന പോലെ, ക്രിസ്ത്യാനികള്ദൈവരാജ്യത്തിന് ഉള്പ്പെട്ടവരാകുന്നു.

(കാണുക: രാജ്യം, പൌലോസ്, പ്രവിശ്യ, റോം)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്21:39-40
- യെശ്ശയ്യാവ് 03:1-3
- ലൂക്കോസ് 15:15-16
- ലൂക്കോസ് 19:13-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6440, G4175, G4177, G4847

# പ്രകാശം, പ്രകാശങ്ങൾ, പ്രകാശിപ്പിക്കൽ, ഇടിമിന്നൽ, പകൽവെളിച്ചം, സൂര്യ പ്രകാശം, സാന്ധ്യ പ്രകാശം

## നിർവചനം:

ദൈവ വചനത്തിൽ "പ്രകാശം" എന്ന പദം വിവിധ ഉപമാനങ്ങളായി ഉപയോഗിക്കുന്നുണ്ട്. ഇത് സാധാരണയായി നീതി, വിശുദ്ധി, സത്യം ആദിയായവയ്ക്ക് രൂപകങ്ങൾ ആയി ഉപയോഗിച്ചിരിക്കുന്നു. (കാണുക: രൂപകം)

- "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു" എന്ന് യേശു പറഞ്ഞത് താൻആണ് ലോകത്തിന് ദൈവത്തിന്റെ സത്യമായ സന്ദേശം നൽകുന്നതും ജനത്തെ അവരുടെ പാപ അന്ധകാരത്തിൽനിന്നും വിടുവിക്കുന്നതും എന്നത് പ്രദർശിപ്പിക്കുവാൻവേണ്ടിയാണ്.
- ക്രിസ്ത്യാനികൾ"വെളിച്ചത്തിൽനടക്കണം" എന്ന് നൽകപ്പെട്ടിരിക്കുന്നു എന്നതിന്റെ അർത്ഥം അവർദൈവം ആവശ്യപ്പെടുന്ന തരത്തിൽഉള്ള ജീവിതം നയിക്കുകയും തിന്മയെ ഒഴിവാക്കുകയും വേണം എന്നുള്ളതാണ്.
- അപ്പോസ്തലനായ യോഹന്നാൻപ്രസ്താവിക്കുന്നത് "ദൈവം പ്രകാശം ആകുന്നു" എന്നും തന്നിൽഒട്ടും തന്നെ ഇരുൾഇല്ല എന്നും ആണ്.
- പ്രകാശവും ഇരുളും പരസ്പരം വിരുദ്ധങ്ങൾആയവ ആകുന്നു. അന്ധകാരം എന്നത് സകല പ്രകാശങ്ങളുടെയും അഭാവം ആകുന്നു.
- യേശു പറഞ്ഞത്"താൻലോകത്തിന്റെ പ്രകാശം" ആകുന്നു എന്നും തന്റെ പിൻഗാമികൾഈ ലോകത്തിൽദൈവം എത്ര വലിയവൻആയിരിക്കുന്നു എന്ന് വളരെ വ്യക്തമായി പ്രദർശിപ്പിക്കത്തക്ക വിധത്തിൽജീവിക്കണം എന്നും പ്രസ്താവിച്ചിരിക്കുന്നു.
- "വെളിച്ചത്തിൽനടക്കുക" എന്നത് ദൈവത്തിനു പ്രസാദകരം ആയ നിലയിൽജീവിക്കുക എന്നതിനെ, നന്മയും നീതിയും ആയ നിലയിൽപ്രവർത്തിക്കുക എന്നതിനെ പ്രതിനിധീകരിക്കുന്നു. ഇരുളിൽനടക്കുക എന്നത് തിന്മയായ പ്രവർത്തികൾചെയ്തു ദൈവത്തിനു വിരോധമായി ജീവിക്കുക എന്നതിനെ പ്രതിനിധീകരിക്കുന്നു.

## പരിഭാഷ നിർദേശങ്ങൾ:

പരിഭാഷ ചെയ്യുമ്പോൾ, "പ്രകാശം" എന്നും "അന്ധകാരം" എന്നും ഉള്ള പദങ്ങൾഉപമന രൂപേണ ഉപയോഗിച്ചാലും അവയെ അക്ഷരീകമായി തന്നെ കരുതുക എന്നത് പ്രാധാന്യമാണ്.

- പ്രസ്തുത ഭാഗത്തുള്ള താരതമ്യത്തെ വിശദീകരിക്കേണ്ടത് ആവശ്യം ആയി വന്നേക്കാം. ഉദാഹരണം ആയി, "വെളിച്ചത്തിന്റെ മക്കൾഎന്നപോലെ നടക്കുക" എന്നത്, ഒരുവൻതെളിഞ്ഞ സൂര്യ പ്രകാശത്തിൽനടക്കുന്നത് പോലെ, തുറന്ന നിലയിൽനീതിയുള്ള ജീവിതം നയിക്കുക." "പ്രകാശം" എന്നതിന്റെ പരിഭാഷ വിളക്ക് പോലെയുള്ള പ്രകാശം നൽകുന്ന ഒരു വസ്തുവിനെ സൂചിപ്പിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുക. ഈ പദത്തിന്റെ പരിഭാഷ പ്രകാശത്തെ തന്നെ സൂചിപ്പിക്കുന്നതായി കാണപ്പെടണം.

(കാണുക: അന്ധകാരം, വിശുദ്ധമായ, നീതിമാൻ, സത്യം)

## ദൈവ വചന സൂചികകൾ:

- 1 യോഹന്നാൻ01:5-7
- 1 യോഹന്നാൻ02:7-8
- 2 കൊരിന്ത്യർ04:5-6
- അപ്പോ.26:15-18
- യെശ്ശയ്യാവ് 02:5-6
- യോഹന്നാൻ01:4-5
- മത്തായി 05:15-16
- മത്തായി 06:22-24
- നെഹമ്യാവ് 09:12-13
- വെളിപ്പാട് 18:23-24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H216, H217, H3313, H3974, H4237, H5051, H5094, H5105, H5216, H6348, H7052, H7837, G681, G796, G1645, G2985, G3088, G5338, G5457, G5458, G5460, G5462

# പ്രകോപിപ്പിക്കുക, പ്രകോപിപ്പിക്കുന്നു, പ്രകോപിക്കപ്പെട്ട, പ്രകോപനപരമായ, പ്രകോപനം

## വസ്തുതകൾ:

"പ്രകോപിപ്പിക്കുക" എന്ന പദം ഒരു വ്യക്തിക്ക് നിഷേധാത്മകമായ പ്രതികരണം അല്ലെങ്കിൽഭ ഭാവം ഉളവാക്കുക എന്ന് അർത്ഥം നൽകുന്നു.

- ഒരു വ്യക്തിയെ കോപിതൻ ആകുവാൻ പ്രകോപിപ്പിക്കുക എന്നാൽആ വ്യക്തിയിൽ കോപം ഉളവാകത്തക്ക വിധം എന്തെങ്കിലും കാരണം ഉണ്ടാക്കുക എന്നാണ് അർത്ഥം. ഇത് "കോപം ഉളവാകുവാൻ തക്ക കാരണം ഉണ്ടാക്കുക" അല്ലെങ്കിൽ "കോപിപ്പിക്കുക" എന്നും പരിഭാഷ ചെയ്യാം.
- "അവനെ പ്രകോപിതൻ ആക്കരുത്" എന്നത് പോലെയുള്ള പദസഞ്ചയം ഉപയോഗിക്കുമ്പോൾ, അത് "അവനെ കോപപ്പെടുത്തരുത്" അല്ലെങ്കിൽ "അവൻ കോപപ്പെടുവാൻ കാരണം ഉണ്ടാക്കരുത്" അല്ലെങ്കിൽ "അവൻ നിങ്ങളോട് കോപപ്പെടുവാൻ ഇട വരുത്തരുത്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: കോപം)

## ദൈവവചന സൂചികകൾ:

- യെഹസ്കേൽ 20:27-29

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3707, H3708, H4784, H4843, H5006, H5496, H7065, H7069, H7107, H7264, H7265, G653, G2042, G3863, G3893, G3947, G3948, G3949, G4292

# പ്രഖ്യാപിക്കുക, പ്രഖ്യാപിക്കുന്നു, പ്രഖ്യാപിച്ചു, പ്രഖ്യാപിക്കുന്ന, പ്രഖ്യാപനം, പ്രഖ്യാപനങ്ങള്

## നിര്വചനം:

"പ്രഖ്യാപിക്കുക", "പ്രഖ്യാപനം" എന്നീ പദങ്ങള് ഒരു ഔപചാരികമായ അല്ലെങ്കില് പരസ്യമായ പ്രസ്താവന, ഏതെങ്കിലും വസ്തുതയ്ക്കു ഊന്നല് നല്കുന്നതിനെ സൂചിപ്പിക്കുന്നു.

- ഒരു "പ്രഖ്യാപനം'' എന്നത് പ്രഖ്യാപിക്കുന്നതിന്റെ പ്രാധാന്യത്തിനു ഊന്നല് നല്കുക മാത്രമല്ല, പ്രഖ്യാപനം നടത്തുന്ന വ്യക്തിയിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും കൂടി ആണ്.
- ഉദാഹരണമായി, പഴയ നിയമത്തില്, ദൈവത്തില് നിന്നുള്ള സന്ദേശം സാധാരണയായി "യഹോവയുടെ അരുളപ്പാട്" അല്ലെങ്കില് "ഇതാണ് യഹോവ പ്രഖ്യാപിക്കുന്നത്" എന്നതോടു കൂടി അനുധാവനം ചെയ്യുന്നു. ഈ പദപ്രയോഗം യഹോവ തന്നെയാണ് ഇതു സംസാരിക്കുന്നത് എന്നു ഊന്നല് നല്കുന്നു. യഹോവയിങ്കല് നിന്ന് സന്ദേശം വരുന്നു എന്നുള്ള വസ്തുത ആ സന്ദേശം എന്തുമാത്രം പ്രാധാന്യമുള്ളത് ആണെന്ന് കാണിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യത്തി നു അനുസരിച്ച്, "വിളംബരപ്പെടുത്തുക"" എന്നത് "പ്രഖ്യാപിക്കുക" അല്ലെങ്കില് "പരസ്യമായി പ്രസ്താവിക്കുക" അല്ലെങ്കില് "ശക്തമായി പറയുക" അല്ലെങ്കില് "ഉറപ്പായി പ്രസ്താവിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "പ്രഖ്യാപനം" എന്ന പദം "പ്രസ്താവന" അല്ലെങ്കില് "വിളംബരം" എന്നു പരിഭാഷ ചെയ്യാം..
- "ഇതു യഹോവയുടെ പ്രഖ്യാപനം" എന്ന പദസഞ്ചയം "ഇതാണ് യഹോവ പ്രഖ്യാപിക്കുന്നത്" അല്ലെങ്കില് "ഇതാണ് യഹോവ പ്രസ്താവിക്കുന്നത്" എന്നു പരിഭാഷ ചെയ്യാം.

(കാണുക: പ്രഖ്യാപിക്കുക)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:23-24
- 1 കൊരിന്ത്യര്:31-32
- 1 ശാമുവല്:17-18
- ആമോസ് 02:15-16
- യെഹസ്കേല്:11-12
- മത്തായി 07:21-23

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H262, H559, H560, H816, H874, H952, H1696, H3045, H4853, H5002, H5042, H5046, H5608, H6567, H6575, H7121, H7561, H7878, H8085, G312, G394, G518, G669, G1107, G1213, G1229, G1335, G1344, G1555, G1718, G1732, G1834, G2097, G2511, G2605, G2607, G3140, G3670, G3724, G3822, G3853, G3870, G3955, G5319, G5419

# പ്രതിജ്ഞ, പണയപ്പെടുത്തി, പ്രതിജ്ഞ ചെയ്യുന്നു

## നിർവചനം:

"പ്രതിജ്ഞ" എന്ന പദം ഔപചാരികമായും ഗൌരവപരമായും എന്തെങ്കിലും ചെയ്യുക അല്ലെങ്കിൽഎന്തെങ്കിലും കൊടുക്കുക എന്ന് വാഗ്ദത്തം ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.

- പഴയ നിയമത്തിൽഇസ്രയേലിന്റെ അധികാരികൾദാവീദ് രാജാവിനോട് കൂറ് ഉള്ളവർആയിരിക്കും എന്ന് പ്രതിജ്ഞ ചെയ്തിരുന്നു.
- പണയമായി നൽകപ്പെട്ടിരിക്കുന്ന വസ്തു ആ വാഗ്ദത്തം നിറവേറ്റപ്പെട്ടു കഴിഞ്ഞാൽഅതിന്റെ ഉടമസ്ഥന് തിരികെ നൽകേണ്ടതാകുന്നു.
- "പ്രതിജ്ഞ ചെയ്യുക" എന്നത് "ഔപചാരികമായി സമർപ്പിക്കപ്പെട്ടത്" അല്ലെങ്കിൽ"ശക്തമായ വാഗ്ദത്തം നൽകപ്പെട്ടത്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "പണയം" എന്ന പദം, കടം നല്കപ്പെടുന്നതിനു പകരമായി ഈടായിട്ടു ഉറപ്പിനു വേണ്ടി പകരം നൽകുന്ന വസ്തുവിനെ സൂചിപ്പിക്കുന്നു.
- "ഒരു പ്രതിജ്ഞ" എന്നതിനെ പരിഭാഷ ചെയ്യുവാൻഉള്ള മാർഗ്ഗങ്ങളിൽ"ഒരു ഗൌരവതരമായ പ്രതിജ്ഞ" അല്ലെങ്കിൽ"ഔപചാരികമായ സമർപ്പണം" അല്ലെങ്കിൽ"ഒരു ഉത്തരവാദിത്വം" അല്ലെങ്കിൽ "ഒരു ഉറപ്പു" അല്ലെങ്കിൽഒരു "ഔപചാരികമായ സുനിശ്ചിതത്വം" എന്നിങ്ങനെ സാഹചര്യത്തിന് അനുസൃതമായി പരിഭാഷ ചെയ്യാവുന്നത് ആകുന്നു.

(കാണുക: വാഗ്ദത്തം, പ്രതിജ്ഞ, ആണ)

## ദൈവ വചന സൂചികകൾ:

- 2 കൊരിന്ത്യർ05:4-5
- പുറപ്പാട് 22:25-27
- ഉൽപ്പത്തി 38:17-18
- നെഹെമ്യാവ് 10:28-29

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H781, H2254, H2258, H5667, H5671, H6148, H6161, H6162

# പ്രതിഫലം, പ്രതിഫലങ്ങള്, പ്രതിഫലം നല്കപ്പെട്ട, പ്രതിഫലാര്ഹമായ, പ്രതിഫലം നല്കുന്ന ആള്

## നിര്വചനം:

"പ്രതിഫലം" എന്ന പദം സൂചിപ്പിക്കുന്നത് ഒരു വ്യക്തി ചെയ്തത് നല്ലതോ തിന്മയോ ആയ പ്രവര്ത്തിക്കു തക്കതായത് പ്രാപിക്കുന്നതിനെ സൂചിപ്പിക്കുന്നു. ആര്ക്കെങ്കിലും "പ്രതിഫലം" നല്കുക എന്നത് ആ വ്യക്തിക്ക് അര്ഹമായതു എന്താണോ അത് ആ വ്യക്തിക്ക് നല്കുക എന്നതാണ്.

- ഒരു പ്രതിഫലം എന്നത് ഒരു വ്യക്തിക്ക് ലഭ്യമാകുന്ന നല്ലതോ അല്ലെങ്കില് ക്രിയാത്മകമായ വസ്തുതയോ ആയിരിക്കാം എന്തുകൊണ്ടെന്നാല്താന് നല്ല നിലയില് എന്തോ ചെയ്തിരിക്കുന്നു അല്ലെങ്കില് താന് ദൈവത്തെ അനുസരിച്ചിരിക്കുന്നു എന്നുള്ളതാണ്.
- ചില സന്ദര്ഭങ്ങളില്ഒരു പ്രതിഫലം എന്നത് തെറ്റായ സ്വഭാവം നിമിത്തം "ദുഷ്ടന് ലഭിക്കുന്ന പ്രതിഫലം" എന്ന് പറയുന്ന പ്രസ്താവനയുടെ രീതിയില് നിഷേധാത്മക കാര്യങ്ങളായ ഫലം ഉളവാക്കാം.

ഈ സാഹചര്യത്തില് ഒരു പ്രതിഫലം ശിക്ഷ അല്ലെങ്കില് നിഷേധാത്മക അനന്തര ഫലങ്ങള് അവരുടെ പാപപങ്കിലമായ നടപടികള് നിമിത്തം അവര്ക്ക് ലഭ്യം ആകുന്നു എന്ന് സൂചിപ്പിക്കാം.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, "പ്രതിഫലം" എന്ന പദം "പണം കൊടുക്കല്" അല്ലെങ്കില് "അര്ഹത പെട്ടതായി ഉള്ളത്" അല്ലെങ്കില് "ശിക്ഷ" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഒരു വ്യക്തിക്ക് "പ്രതിഫലം" നല്കുക എന്നത് "തിരികെ നല്കുക" അല്ലെങ്കില് "ശിക്ഷിക്കുക" അല്ലെങ്കില് "അര്ഹമായത് എന്തോ അത് നല്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഈ പദത്തിന്റെ പരിഭാഷ ശമ്പളം എന്ന് സൂചിപ്പിക്കുന്നില്ല എന്ന് ഉറപ്പാക്കുക.
- ഒരു പ്രതിഫലം എന്നത് ഒരു ജോലി ചെയ്യുന്നതിന്റെ ഭാഗമായി സമ്പാദിക്കുന്നതിനെ പ്രത്യേകമായി സൂചിപ്പിക്കുന്നില്ല.

(കാണുക: ശിക്ഷിക്കുക)

## ദൈവ വചന സൂചികകള്:

- ആവര്ത്തനപുസ്തകം 32:5-6
- യെശ്ശയ്യാവ് 40:9-10
- ലൂക്കോസ് 06:35-36
- മര്ക്കോസ് 09:40-41
- മത്തായി 05:11-12
- മത്തായി 06:3-4
- സങ്കീര്ത്തനങ്ങള്127:3-5
- വെളിപ്പാട് 11:18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H319, H866, H868, H1576, H1578, H1580, H4864, H4909, H4991, H5023, H6118, H6468, H6529, H7809, H7810, H7936, H7938, H7939, H7966, H7999, H8011, H8021, G469, G514, G591, G2603, G3405, G3406, G3408

# പ്രതിയോഗി, പ്രതിയോഗികൾ, ശത്രു, ശത്രുക്കൾ

## നിർവചനം

ഒരു “പ്രതിയോഗി” എന്നാൽ ഒരു വ്യക്തിയോ ഒരു സംഘമോ ആരെയെങ്കിലുമോ എന്തിനെയെങ്കിലുമോ എതിർക്കുന്നവൻ ആകുന്നു. “ശത്രു” എന്ന പദത്തിനും അതേ അർത്ഥം തന്നെയാണുള്ളത്.

- നിങ്ങളുടെ പ്രതിയോഗി നിങ്ങളെ എതിർക്കുവാൻ ശ്രമിക്കുകയോ ഉപദ്രവി ക്കുകയോ ചെയ്യുന്ന ഒരു വ്യക്തി ആയിരിക്കാം.
- രണ്ടു ദേശങ്ങൾതമ്മിൽകലഹം ഉണ്ടായാൽ, പരസ്പരം മറ്റൊന്നിനെ “പ്രതിയോഗി” എന്നു വിളിക്കാം.
- ദൈവവചനത്തിൽ, പിശാചിനെ ഒരു “പ്രതിയോഗി” അല്ലെങ്കിൽ “ശത്രു” എന്നു വിളിക്കുന്നു.
- പ്രതിയോഗി എന്നത് “എതിരാളി” അല്ലെങ്കിൽ “ശത്രു” എന്നു പരിഭാഷപ്പെടുത്താം, എന്നാൽ ഇതു എതിർപ്പിന്റെ ശക്തിയേറിയ ഭാവത്തെ അഭിപ്രായപ്പെടുന്നു.

(കാണുക:സാത്താൻ)

## ദൈവവചന സൂചികകൾ:

- 1 തിമോത്തിയോസ് 05:14-16
- യെശ്ശയ്യാവ് 09:11-12
- ഇയ്യോബ് 06:21-23
- വിലാപങ്ങൾ:12-13
- ലൂക്കോസ് 12:57-59
- മത്തായി 13:24-26

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H341, H6146, H6887, H6862, H6965, H7790, H7854, H8130, H8324, G476, G480, G2189, G2190, G4567, G5227

# പ്രധാനപുരോഹിതന്മാര്

## നിര്വചനം:

പ്രധാനപുരോഹിതന്മാര്യേശു ഭൂമിയില്ജീവിച്ചിരുന്ന കാലഘട്ടത്തില്വളരെ പ്രാധാന്യമര്ഹിക്കുന്ന മതനേതാക്കന്മാര്ആയിരുന്നു.

- പ്രധാനപുരോഹിതന്മാര്ദേവാലയത്തിലെ ആരാധന സംബന്ധിച്ച സകല കാര്യങ്ങളും നിറവേറ്റുവാന്ഉത്തരവാദിത്വമുള്ളവരാണ്. ദേവാലയത്തില്നല്കപ്പെടുന്ന പണത്തിനും അവര്ചുമതലയുള്ളവരാകുന്നു.
- സാധാരണ പുരോഹിതന്മാരെക്കാള്അവര്കൂടുതല്പദവിയും അധികാരവും ഉള്ളവരായിരുന്നു. മഹാപുരോഹിതന് മാത്രമേ കൂടുതല്അധികാരം ഉണ്ടായിരുന്നുള്ളൂ.
- പ്രധാനപുരോഹിതന്മാര്യേശുവിന്റെ മുഖ്യ ശത്രുക്കളില്ചിലരായിരുന്നു, അവര്അവനെ ബന്ധിക്കുന്നതിനും കൊലപ്പെടുത്തുന്നതിനുമായി റോമന്നേതാക്കന്മാരെ സ്വാധീനപ്പെടുത്തിയിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "പ്രധാന പുരോഹിതന്മാര്" എന്ന പദം "പുരോഹിതന്മാരുടെ നേതാവ്" അല്ലെങ്കില്"നേതൃത്വ നിരയിലുള്ള പുരോഹിതന്മാര്" അല്ലെങ്കില്"ഭരണം നടത്തുന്ന പുരോഹിതന്മാര്" എന്നു പരിഭാഷപ്പെടുത്താവുന്നതാണ്.
- ഈ പദം "മഹാ പുരോഹിതന്" എന്ന പദം പരിഭാഷപ്പെടുത്തുന്നതില്നിന്നും വ്യത്യസ്തമായിരിക്കുവാന്ശ്രദ്ധിക്കുക.

(കാണുക: പ്രധാനി, മഹാപുരോഹിതന്, യഹൂദ നേതാക്കന്മാര്, പുരോഹിതന്)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്09:13-16
- അപ്പോ.പ്രവര്ത്തികള്22:30
- അപ്പോ.പ്രവര്ത്തികള്26:12-14
- ലൂക്കോസ് 20:1-2
- മര്ക്കോസ് 08:31-32](rc://ml/tn/help/mrk/08/31)
- മത്തായി 16:21-23
- മത്തായി 26:3-5
- മത്തായി 26:59-61
- മത്തായി 27:41-42

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3548, H7218, G749

# പ്രഭാവ പൂര്ണ്ണമായ

## നിര്വചനം:

"പ്രഭാവ പൂര്വമായ" എന്ന പദം സൂചിപ്പിക്കുന്നത് ഏറ്റവും ഉയര്ന്ന സൗന്ദര്യവും കാന്തിയും ഉള്ളതായി, ധനവും ആകര്ഷണീയമായ പ്രത്യക്ഷതയും കൂടി ചേര്ന്നത് എന്നാണ്.

- സാധാരണയായി പ്രഭാവ പൂര്ണ്ണമായ എന്നത് ഒരു രാജാവിന് ഉള്ളതുപോലെ ധനം ഉള്ളതായ, അല്ലെങ്കില് താന് തന്റെ വിലകൂടിയ ഭംഗിയുള്ള വസ്ത്രാലങ്കാരത്തില് പ്രത്യക്ഷപ്പെടുന്നതിനെ വിവരിക്കുന്നു. "പ്രഭാവ പൂര്ണ്ണമായ" എന്ന വാക്കു വൃക്ഷത്തിന്റെ, മലകളുടെ, ദൈവത്താല് സൃഷ്ടിക്കപ്പെട്ട മറ്റുള്ളവകളുടെ മനോഹാരിത വിവരിക്കുവാന് ഉപയോഗിക്കാം.
- ചില പട്ടണങ്ങളെ കുറിച്ച് അവ പ്രഭാവപൂരിതം എന്ന് പറയുന്നത് എന്തുകൊണ്ടെന്നാല് അവയുടെ പ്രകൃതി വിഭവങ്ങള്, വിശാലമായ കെട്ടിടങ്ങളും വീഥികളും, ജനത്തിന്റെ സമ്പത്ത്, ധനാഢ്യമായ വസ്ത്രധാരണം, സ്വര്ണ്ണം, വെള്ളി ആദിയായവ ഉള്പ്പെട്ടത് നിമിത്തം ആകുന്നു.
- സാഹചര്യം അനുസരിച്ച്, ഈ വാക്കു "ആകര്ഷണീയമായ സൌന്ദര്യം", അല്ലെങ്കില് "വിസ്മയകരമായ ഗാംഭീര്യം", അല്ലെങ്കില് രാജകീയ പ്രൌഡി" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: മഹത്വം, രാജാവ്, രാജഗംഭീരം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്16:25-27
- പുറപ്പാട് 28:1-3
- യെഹസ്കേല്:6-7
- ലൂക്കോസ് 04:5-7
- സങ്കീര്ത്തനങ്ങള്089:44-45
- വെളിപ്പാട് 21:26-27

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1925, H1926, H1927, H1935, H2091, H2122, H2892, H3314, H3519, H6643, H7613, H8597

# പ്രമാണം, പ്രമാണങ്ങള്

## നിര്വചനം:

പ്രമാണം എന്നത് ഒരു പ്രത്യേകമായ നിലയില്എഴുതപ്പെട്ടിട്ടുള്ള നിയമമായി ജനങ്ങള്എപ്രകാരം ജീവിക്കണം എന്ന് അവര്ക്ക് മാര്ഗ്ഗ നിര്ദേശം നല്കുന്നതായി കാണപ്പെടുന്നു.

- "പ്രമാണം" എന്ന പദം അര്ത്ഥം കൊണ്ട് "ഉത്തരവ്" എന്നും "കല്പ്പന" എന്നും "നിയമം" എന്നും "ചട്ടം" എന്നും അര്ത്ഥം ഉണ്ട്. ഈ പദങ്ങള്എല്ലാം തന്നെ ദൈവം നല്കുന്ന നിര്ദേശങ്ങളും കടപ്പാടുകളും ഉള്പ്പെട്ടതായി താന്തന്റെ ജനത്തിനു അല്ലെങ്കില്ഭരണാധികാരികള്തങ്ങളുടെ ജനത്തിനു നല്കുന്നവ ആകുന്നു.
- ദാവീദ് രാജാവ് താന്യഹോവയുടെ പ്രമാണങ്ങളില്സന്തോഷിക്കുന്നു എന്ന് പറഞ്ഞു.
- "പ്രമാണം" എന്ന പദം "പ്രത്യേകമായ കല്പ്പന" അല്ലെങ്കില്"പ്രത്യേകമായ ചട്ടം" എന്നും പരിഭാഷ ചെയ്യാം.

(കാണുക: കല്പ്പന, ചട്ടം, നിയമം, ഉത്തരവ്, യഹോവ)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്11:11-13
- ആവര്ത്തന പുസ്തകം 06:20-23
- യെഹസ്കേല്33:14-16
- സംഖ്യാപുസ്തകം 19:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2706, H2708, H6490, H7010

# പ്രയോജനം ഇല്ലാത്ത, വിലയില്ലാത്ത

## നിര്വചനം:

“പ്രയോജനം ഇല്ലാത്ത” എന്ന പദം വിവക്ഷിക്കുന്നത് ഉപയോഗ ശൂന്യമായ അല്ലെങ്കില് ശൂന്യമായ എന്നാണ്. പ്രയോജന രഹിതം എന്നാല് ശൂന്യവും മൂല്യം ഇല്ലാത്തതും ആകുന്നു.

- ”പ്രയോജനമില്ലാത്ത” എന്ന പദം സൂചിപ്പിക്കുന്നത് മൂല്യമില്ലാത്തത് അല്ലെങ്കില് ശൂന്യമായത് എന്നാണ്. ഇത് അഹങ്കാരം അല്ലെങ്കില് ഗര്വ്വ് എന്നും സൂചിപ്പിക്കുന്നു.
- പഴയ നിയമത്തില്, വിഗ്രഹങ്ങളെ വിടുവിക്കുവാനോ രക്ഷിക്കുവാനോ കഴിയാത്തവ ആകയാല്പ്രയോജന രഹിതം എന്ന് വിവരിക്കുന്നു. അവ മൂല്യം ഇല്ലാത്തവയും യാതൊരു ഉപയോഗമോ ഉദ്ദേശ്യമോ ഇല്ലാത്തവ ആകുന്നു.
- എന്തെങ്കിലും ഒന്ന് “പ്രയോജന രഹിത”മായി ചെയ്താല്, അതിന്റെ അര്ത്ഥം അതില് നിന്നും യാതൊരു നല്ല ഫലവും ഉണ്ടാകുന്നില്ല എന്നാണ്. ആ പരിശ്രമമോ പ്രവര്ത്തിയോ യാതൊരു കാര്യവും നിവര്ത്തിക്കുന്നില്ല.
- വ്യര്ത്ഥമായതു വിശ്വസിക്കുക” എന്നതിന്റെ അര്ത്ഥം സത്യം അല്ലാത്തതും അസത്യമായ പ്രത്യാശ നല്കുന്നതും ആയ എന്തിലെങ്കിലും വിശ്വസിക്കുക എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യത്തിന് അനുസൃതമായി, “പ്രയോജന രഹിതം” എന്ന പദം “ശൂന്യം” “പ്രയോജനം ഇല്ലാത്തത്” അല്ലെങ്കില് “മൂല്യം ഇല്ലാത്തത്” അല്ലെങ്കില് “അര്ത്ഥശൂന്യം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “വ്യര്ത്ഥമായി” എന്ന പദം “ഫല ശൂന്യമായ” അല്ലെങ്കില് “ഫലം ഇല്ലാത്ത” അല്ലെങ്കില് “യാതൊരു കാരണവും ഇല്ലാത്ത” അല്ലെങ്കില് “യാതൊരു ഉദ്ദേശ്യവും ഇല്ലാത്ത” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”പൊങ്ങച്ചം” എന്ന പദം “അഹങ്കാരം” അല്ലെങ്കില് ”യാതൊരു മൂലയും നല്കാത്തത്” അല്ലെങ്കില് “പ്രതീക്ഷാജനകമല്ലാത്തത്” എന്ന് പരിഭാഷ ചെയ്യാം.

(കാണുക: അസത്യ ദൈവം, മൂല്യം ഉള്ള)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്:1-2
- 1 ശമുവേല്:21-22
- 2 പത്രോസ് 02:17-19
- യെശ്ശയ്യാവ് 45:19
- യിരെമ്യാവ് 02:29-31
- മത്തായി 15:7-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H205, H1891, H1892, H2600, H3576, H5014, H6754, H7307, H7385, H7386, H7387, H7723, H8193, H8267, H8414, G945, G1432, G1500, G2755, G2756, G2757, G2758, G2761, G3150, G3151, G3152, G3153, G3154, G3155

# പ്രവാസം, പ്രവാസത്തില്ആകുന്നു, പ്രവാസത്തിലാക്കപ്പെട്ട

## നിര്വചനം:

"പ്രവാസം" എന്ന പദം ജനത്തെ അവരുടെ സ്വന്ത രാജ്യത്തു നിന്നും അന്യസ്ഥലത്തേക്ക് നിര്ബന്ധപൂര്വ്വം മാറിതാമസിക്കുവാന് ഹേമിക്കുക എന്നു അര്ത്ഥം നല്കുന്നു.

- ശിക്ഷക്കായിട്ടോ രാഷ്ട്രീയ കാരണങ്ങള് നിമിത്തമോ സാധാരണയായി ജനത്തെ പ്രവാസത്തില് അയക്കുന്നു.
- പരാജിതരാക്കപ്പെട്ട ജനം പരാജയപ്പെടുത്തിയ സൈന്യത്താല് അവരുടെ രാജ്യത്തിലേക്ക് അവര്ക്കായി പണി ചെയ്യേണ്ടതിനു പ്രവാസികളായി കൊണ്ടുപോകാറുണ്ട്.
- "ബാബിലോന്യന് പ്രവാസം" (അല്ലെങ്കില് "പ്രവാസം") എന്നത് ദൈവവചന ചരിത്രത്തില് യഹൂദ മേഖലയില് ഉള്പ്പെട്ട യഹൂദന്മാരായ പൌരന്മാര് അവരുടെ ഭവനങ്ങളില് നിന്നും ബാബിലോനിലേക്ക് ബലാല്ക്കാരമായി കൊണ്ടുപോകപ്പെട്ടു. ഇതു 70 വര്ഷങ്ങള് നീണ്ടു നിന്നു.
- "പ്രവാസികള്" എന്ന പദം തങ്ങളുടെ സ്വന്ത രാജ്യത്തില് നിന്നും ദൂരെയായി, പ്രവാസത്തില് ജീവിക്കുന്നവരെ സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "പ്രവാസത്തിലാകുക" എന്ന പദം "പറഞ്ഞുവിടുക" അല്ലെങ്കില് ''നിര്ബന്ധിച്ചു പുറത്താക്കുക" അല്ലെങ്കില് "നാട് കടത്തുക" എന്നും പരിഭാഷപ്പെടുത്താം.
- "പ്രവാസം" എന്ന പദം "പറഞ്ഞയക്കപ്പെട്ട സമയം" അല്ലെങ്കില് നാടു കടത്തപ്പെട്ട സമയം" അല്ലെങ്കില് "നിര്ബന്ധിതമായി ഇല്ലാതാക്കപ്പെട്ടിരുന്ന കാലം" അല്ലെങ്കില് "പുറത്താക്കല്" എന്നു പരിഭാഷപ്പെടുത്താം.
- "പ്രവാസികള്" എന്ന പദം പരിഭാഷപ്പെടുത്തുവാന്, "പ്രവാസത്തിലായ ജനം" അല്ലെങ്കില് "നാടുകടത്തപ്പെട്ട ജനം" അല്ലെങ്കില് "ബാബിലോനിലേക്ക് പ്രവാസികളായി പോയ ജനം" എന്നിവയും ഉള്പ്പെടുത്താം.

(കാണുക:ബാബിലോണ്, യഹൂദ)

## ദൈവവചന സൂചികകള്:

- 2 രാജാക്കന്മാര്:13-14
- ദാനിയേല്:25-26
- യെഹസ്കേല്:1-3
- യെശ്ശയ്യാവ് 20:3-4
- യിരെമ്യാവ് 29:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1123, H1473, H1540, H1541, H1546, H1547, H3212, H3318, H5080, H6808, H7617, H7622, H8689, G3927

# പ്രവിശ്യ, പ്രവിശ്യകൾ, പ്രവിശ്യ സംബന്ധിച്ച

## വസ്തുതകൾ:

ഒരു പ്രവിശ്യ എന്നത് ഒരു രാജ്യത്തിന്റെ അല്ലെങ്കിൽ സാമ്രാജ്യത്തിന്റെ ഒരു അംശം അല്ലെങ്കിൽ ഭാഗം ആകുന്നു. “പ്രവിശ്യ സംബന്ധിച്ച” എന്ന പദസഞ്ചയം വിശദമാക്കുന്നത് പ്രവിശ്യയുമായി ബന്ധപ്പെട്ട, പ്രവിശ്യയുടെ അധിപതി പോലെയുള്ള എന്തെങ്കിലും എന്നാണ്.

- ഉദാഹരണമായി, [പുരാതന പേർഷ്യൻ സാമ്രാജ്യം എന്നത് മേദ്യ, പേർഷ്യ, സിറിയ, ഈജിപ്റ്റ് എന്നിങ്ങനെ പ്രവിശ്യകളായി വിഭജിക്കപ്പെട്ടിരുന്നു.
- പുതിയ നിയമ കാലയളവിൽ, റോമൻ സാമ്രാജ്യം മാസിഡോണിയ, ആസ്യ, സിറിയ, യഹൂദ്യ, ശമര്യ, ഗലിലീ, ഗലാത്യ തുടങ്ങിയ പ്രവിശ്യകളായി വിഭജിക്കപ്പെട്ടിരുന്നു.
- ഓരോ പ്രവിശ്യക്കും അതതിന്റെ ഭരണാധികാരി ഉണ്ടായിരുന്നു, അവർ രാഷ്ട്രത്തിന്റെ രാജാവിനോ ഭരണാധികാരിക്കോ ഉൾപ്പെട്ടവൻ ആയിരുന്നു. ഈ ഭരണാധികാരി ചില സന്ദർഭങ്ങളിൽ “പ്രവിശ്യാ ഉദ്യോഗസ്ഥൻ” അല്ലെങ്കിൽ “പ്രവിശ്യാ അധിപൻ” എന്ന് വിളിക്കപ്പെട്ടു വന്നിരുന്നു. “പ്രവിശ്യ” അല്ലെങ്കിൽ “പ്രവിശ്യ സംബന്ധമായ” എന്ന പദങ്ങൾ “മേഖല” അല്ലെങ്കിൽ “മേഖല സംബന്ധമായ” എന്ന് പരിഭാഷ ചെയ്യാവുന്നത് ആണ്.

(കാണുക: ആസ്യ, ഈജിപ്റ്റ്, എസ്ഥേർ, ഗലാത്യ, ഗലീലി, യഹൂദ്യ, മാസിഡോണിയ]മക്കദോന്യ, മേദ്യർ, റോം, ശമര്യ, സിറിയ)

## ദൈവ വചന സൂചികകൾ:

- അപ്പോ. 19:30-32
- ദാനിയേൽ 03:1-2
- ദാനിയേൽ 06:1-3
- സഭാപ്രസംഗി 02:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4082, H4083, H5675, H5676, G1885

# പ്രശ്നം, പ്രശ്നങ്ങള്, പ്രശ്നം ഉള്ളതായ, പ്രശ്നം ഉണ്ടാക്കുന്ന, പ്രശനം ഉണ്ടാക്കുന്നയാള്, പ്രശ്നമുഖരിതമായ

## നിര്വചനം:

ഒരു "പ്രശ്നം" എന്നത് ജീവിതത്തില് ഉണ്ടാകുന്ന വളരെ വിഷമകരവും ശല്യം ചെയ്യുന്നതുമായ അനുഭവം ആകുന്നു. ഒരാളെ "പ്രശനത്തില് ആക്കുക" എന്നാല് അര്ത്ഥം നല്കുന്നത് ആ വ്യക്തിയെ "കണക്കില് എടുക്കുകയും" അല്ലെങ്കില് അവനു ശല്യം ഉണ്ടാക്കുകയും ചെയ്യുക എന്നാണ്.

- പ്രശ്നങ്ങള് എന്നത് ശാരീരികമോ, വൈകാരികമോ, അല്ലെങ്കില് ആത്മീയ കാര്യങ്ങള് ഒരു വ്യക്തിയെ വേദനിപ്പിക്കുന്നത് ആകാം.
- ദൈവ വചനത്തില്, പ്രശ്നങ്ങളുടെ സമയങ്ങള് എന്നത് സാധാരണയായി വിശ്വാസികളെ പക്വതയിലും അവരുടെ വിശ്വാസത്തിലും വളരുന്നതിനും ദൈവം ഉപയോഗിക്കുന്ന ശോധനകള് ആണെന്ന് കാണാം.
- പഴയ നിയമത്തില് "പ്രശ്നം" എന്ന പദം ഉപയോഗിക്കുന്ന വിധം അധാര്മ്മികവും ദൈവത്തെ തിരസ്കരിച്ചതും ആയ ജനവിഭാഗങ്ങളുടെ മേല് വന്നതായ ന്യായവിധിയെ സൂചിപ്പിക്കുന്നതായും കാണപ്പെടുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "പ്രശനം" അല്ലെങ്കില് "പ്രശ്നങ്ങള്" എന്ന പദം "അപകടം" അല്ലെങ്കില് "സംഭവിക്കുന്നതായ വേദനാജനകമായ കാര്യങ്ങള്" അല്ലെങ്കില് "പ്രയാസമേറിയ അനുഭവങ്ങള്" അല്ലെങ്കില് "ദുരിതങ്ങള്" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- പ്രശ്നത്തിലായ" എന്ന പദം "ദുരിതത്തില്കൂടെ കടന്നുപോകുന്നു" അല്ലെങ്കില്"ഘോരമായ ദുരിതം അനുഭവിക്കുന്നു" അല്ലെങ്കില്"ദു::ഖിതരായിരിക്കുന്നു" അല്ലെങ്കില്"ആകാംക്ഷയുള്ളവര്ആയ്രിക്കുന്നു" അല്ലെങ്കില്"ക്ലേശിതര്" അല്ലെങ്കില് "ഭയാശങ്ക ഉള്ളവര്" അല്ലെങ്കില് "ആശങ്ക ഉള്ളവര്" എന്നിങ്ങനെയുള്ള പദങ്ങള് അല്ലെങ്കില് പദസഞ്ചയങ്ങള് കൊണ്ട് പരിഭാഷ ചെയ്യാം.
- "അവളെ ശല്യം ചെയ്യരുത്" എന്നത് "അവളെ ഗണ്യം ആക്കരുത്" അല്ലെങ്കില് അവളെ വിമര്ശിക്കരുത്" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- അനര്ത്ഥ ദിവസം" അല്ലെങ്കില് "പ്രശ്നങ്ങളുടെ സമയം" എന്നുള്ളത് "നിങ്ങള് ദുരിതങ്ങള് അനുഭവിക്കുമ്പോള്" അല്ലെങ്കില് "നിങ്ങള്ക്ക് വിഷമകരമായ കാര്യങ്ങള് സംഭവിക്കുമ്പോള്" അല്ലെങ്കില് "ദുരിതപൂര്വമായ കാര്യങ്ങള് നി'ങ്ങള്ക്ക് സംഭവിക്കുവാന് ദൈവം ഇടവരുത്തുമ്പോള്" എന്നിങ്ങനെയും പരിഭാഷ ചെയ്യാവുന്നതാണ്.
- "പ്രശ്നങ്ങള് ഉണ്ടാക്കുക" അല്ലെങ്കില് "പ്രശ്നങ്ങള് കൊണ്ടുവരിക" എന്നിവ പരിഭാഷ ചെയ്യുവാന് ഉള്ള രീതികളില് "ദുരിതപൂര്വമായ സംഗതികള് സംഭവിക്കുവാന് ഇടവരുത്തുക" അല്ലെങ്കില് "പ്രയാസങ്ങള് ഉളവാക്കുക" അല്ലെങ്കില് "വളരെ പ്രയാസമുള്ള സംഗതികള് അവരെ അനുഭവിപ്പിക്കുക'' എന്നിങ്ങനെ ഉള്ളവ ഉള്പ്പെടുത്താം.

(കാണുക: കഷ്ടത അനുഭവിക്കുക, പീഡിപ്പിക്കുക)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്:18-19
- 2 ദിനവൃത്താന്തങ്ങള്25:18-19
- ലൂക്കോസ് 24:38-40
- മത്തായി 24:6-8
- മത്തായി 26:36-38

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H205, H598, H926, H927, H928, H1204, H1205, H1607, H1644, H1804, H1993, H2000, H2113, H2189, H2560, H2960, H4103, H5590, H5753, H5916, H5999, H6031, H6040, H6470, H6696, H6862, H6869, H6887, H7264, H7267, H7451, H7481, H7489, H7515, H7561, H8513, G387, G1298, G1613, G1776, G2346, G2347, G2350, G2360, G2553, G2873, G3636, G3926, G3930, G3986, G4423, G4660, G5015, G5016, G5182

# പ്രസംഗിക്കുക, പ്രസംഗിച്ചു, പ്രസംഗം, പ്രസംഗകൻ, പ്രഖ്യാപിക്കുക, പ്രഖ്യാപിക്കുന്നു, പ്രഖ്യാപിച്ചു, പ്രഖ്യാപിക്കൽ, പ്രഖ്യാപനം, പ്രഖ്യാപനങ്ങൾ

## നിർവചനം:

“പ്രസംഗിക്കുക” എന്നാൽ അർത്ഥം നൽകുന്നത് ഒരു സംഘം ജനത്തോടു സംസാരിക്കുക, അവരോടു ദൈവത്തെ കുറിച്ചു പഠിപ്പിക്കുകയും അവരെ ദൈവത്തെ അനുസരിക്കുവാൻ വേണ്ടി പ്രേരിപ്പിക്കുകയും ചെയ്യുക എന്നുള്ളത് ആകുന്നു. “പ്രഖ്യാപിക്കുക” എന്നാൽ അർത്ഥം നൽകുന്നത് എന്തെങ്കിലും വസ്തുത പരസ്യമായും ധൈര്യപൂർവമായും അറിയിക്കുക അല്ലെങ്കിൽ വിജ്ഞാപനം ചെയ്യുക എന്നാണ്.

- സാധാരണയായി പ്രസംഗം എന്ന് പറയുന്നത് ഒരു വ്യക്തി ഒരു വലിയ ജനക്കൂട്ടത്തോട് സംസാരിക്കുന്നത് ആകുന്നു. ഇത് സാധാരണയായി സംസാരിക്കപ്പെടുന്നതാണ്, എഴുതപ്പെടുന്നത് അല്ല.
- പ്രസംഗവും, പഠിപ്പിക്കലും ഏകദേശം ഒരുപോലെ ആണ്, എന്നാൽ തികെച്ചും ഒരുപോലെ അല്ല താനും.
- “പ്രസംഗം” എന്നത് പ്രധാനമായും പരസ്യമായി ആത്മീയമോ ധാർമ്മികമോ ആയ സത്യത്തെ പ്രഖ്യാപിക്കുന്നതും, ശ്രോതാക്കളെ അതിനോട് പ്രതികരിക്കുവാൻ പ്രേരിപ്പിക്കുന്നതും ആകുന്നു. “പഠിപ്പിക്കുക” എന്ന പദം നിർദേശത്തിനു ഊന്നൽ നൽകുക, അതായത്, ജനത്തിനു എന്തങ്കിലും ചെയ്യേണ്ടതിനു ആവശ്യമായ വിവരങ്ങൾ അല്ലെങ്കിൽ ഉപദേശം നൽകുക എന്നുള്ളതാകുന്നു.
- “പ്രസംഗിക്കുക” എന്ന പദം സാധാരണയായി “സുവിശേഷം” എന്ന പദത്തോടു കൂടെ ഉപയോഗിക്കുന്നു.
- ഒരു വ്യക്തി മറ്റുള്ളവരോട് പ്രസംഗിച്ചതായ കാര്യം പൊതുവെ തന്റെ “ഉപദേശങ്ങൾ” എന്ന് സൂചിപ്പിക്കാവുന്നത് ആകുന്നു.
- ദൈവ വചനത്തിൽ സാധാരണയായി, “പ്രഖ്യാപിക്കുക” എന്നത് അർത്ഥമാക്കുന്നത് ദൈവം കൽപ്പിക്കുന്നത് പരസ്യമായി വിജ്ഞാപിക്കുക, അല്ലെങ്കിൽ മറ്റുള്ളവരോട് ദൈവത്തെ കുറിച്ച് അവൻ എത്ര മഹത്വം ഉള്ളവൻ എന്ന് പറയുക എന്നാണ്.
- പുതിയ നിയമത്തിൽ, അപ്പോസ്തലന്മാർ യെശുവിനെ ക്കുറിച്ച് ഉള്ള സുവാർത്ത നിരവധി ജനങ്ങളോട് നിരവധി പട്ടണങ്ങളിലും മേഖലകളിലും പ്രസ്താവിച്ചു വന്നു. “പ്രഖ്യാപനം” എന്ന പദം രാജാക്കന്മാർ പുറപ്പെടുവിക്കുന്ന നിയമങ്ങൾക്കും അല്ലെങ്കിൽ ഒരു പരസ്യമായ നിലയിൽ പിശാചിനെ പുറത്താക്കുന്നതിനും ഉപയോഗിക്കാം.
- "പ്രഖ്യാപനം" എന്നതു ഇതര രീതികളിൽ “അറിയിപ്പ് നൽകുക” അല്ലെങ്കിൽ “പരസ്യമായി പ്രസംഗിക്കുക” അല്ലെങ്കിൽ “പരസ്യമായി പ്രഖ്യാപിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “പ്രഖ്യാപനം” എന്ന പദം “വിജ്ഞാപനം” അല്ലെങ്കിൽ “പരസ്യമായ പ്രസംഗം” എന്നും പരിഭാഷ ചെയ്യാം.

(കാണുക: സുവാർത്ത, യേശു, ദൈവരാജ്യം)

## ദൈവ വചന സൂചികകൾ:

- 2 തിമോത്തിയോസ് 04:1-2
- അപ്പോ.08:4-5
- അപ്പോ.10:42-43
- അപ്പോ.14:21-22
- അപ്പോ.20:25-27
- ലൂക്കോസ്.04:42-44
- മത്തായി 03:1-3
- മത്തായി 04:17
- മത്തായി 12:41
- മത്തായി 24:12-14
- അപ്പോ.09:20-22
- അപ്പോ.13:38-39
- യോനാ 03:1-3
- ലൂക്കോസ് 04:18-19
- മർക്കോസ് 01:14-15
- മത്തായി 10:26-27

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **24:02** അവൻ (യോഹന്നാൻ) അവരോടു പ്രസംഗിച്ചു, പറഞ്ഞത്, മാനസാന്തരപ്പെടുവിൻ, ദൈവരാജ്യം സമീപിച്ചിരിക്കുന്നു!"
- **30:01** യേശു തന്റെ അപ്പോസ്തലന്മാരെ **പ്രസംഗിക്കുവാനും** പഠിപ്പിക്കുവാനും വേണ്ടി വിവിധ ഗ്രാമങ്ങൾ തോറും പറഞ്ഞയച്ചു.
- **38:01** യേശു ആദ്യമായി പരസ്യമായി **പ്രസംഗിക്കുവാനും** ഉപദേശിക്കുവാനും തുടങ്ങി മൂന്നു വർഷങ്ങൾ കഴിഞ്ഞശേഷം, തന്റെ ശിഷ്യന്മാരോട് പറഞ്ഞത് എന്തെന്നാൽ താന് ഈ പെസഹ അവരോടു കൂടെ യെരുശലേമിൽ ആചരിക്കണം എന്ന് ആഗ്രഹിക്കുന്നു എന്നും, അനന്തരം താൻ അവിടെ കൊല്ലപ്പെടുമെന്നും ആണ്.
- **45:06** ഇതിനു പകരമായി, അവർ എവിടെ എല്ലാം കടന്നു പോയോ അവിടെ എല്ലാം യേശുവിനെ കുറിച്ച് അവർ **പ്രസംഗിച്ചു**.
- **45:07** അവൻ (ഫിലിപ്പോസ്) ശമര്യയിൽ പോയി യേശുവിനെ കുറിച്ച് പ്രസംഗിക്കുകയും നിരവധി ആളുകൾ രക്ഷിക്കപ്പെടുകയും ചെയ്തു.
- **46:06** ഉടനെ തന്നെ, ശൌൽ ദമസ്കോസിൽ ഉള്ള യഹൂദന്മാരോട് "യേശു ദൈവ പുത്രൻ തന്നെ" എന്ന് **പ്രസംഗിക്കുവാൻ** തുടങ്ങി.
- **46:10** അനന്തരം അവർ അവരെ യേശുവിന്റെ സുവിശേഷം മറ്റുള്ള അനവധി സ്ഥലങ്ങളിൽ **പ്രസംഗിക്കേണ്ടതിനു** പറഞ്ഞയച്ചു.
- **47:14** പൌലോസും മറ്റുള്ള ക്രിസ്തീയ നേതാക്കന്മാരും പല പട്ടണങ്ങളിലേക്കും യാത്ര ചെയ്തു, യേശുവിനെ കുറിച്ചുള്ള സുവിശേഷം ജനങ്ങളോട് ഉപദേശിച്ചു.
- **50:02** യേശു ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ താൻ ഇപ്രകാരം പറഞ്ഞു, "എന്റെ ശിഷ്യന്മാർ ദൈവരാജ്യത്തെ കുറിച്ച് ഉള്ള സുവിശേഷം ഭൂലോകം മുഴുവനും ഉള്ള ജനത്തോടു **പ്രസംഗിക്കും**, അപ്പോൾ അന്ത്യം വരും."

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- (for proclaim): H1319, H1696, H1697, H2199, H3045, H3745, H4161, H5046, H5608, H6963, H7121, H7440, H8085, G518, G591, G1229, G1861, G2097, G2605, G2782, G2784, G2980, G3142, G4135

# പ്രസവം, പ്രസവ സംബന്ധമായ, പ്രസവ വേദനകള്

## നിര്വചനം:

"പ്രസവ പ്രക്രിയ"യില്ആയിരിക്കുന്ന ഒരു സ്ത്രീ ഒരു കുഞ്ഞിനു ജനനം നല്കുന്നതിലേക്കു നയിക്കുന്ന വേദനകള് അനുഭവിക്കുന്നു. ഇവയെ "പ്രസവ വേദനകള്" എന്ന് പറയുന്നു.

- ഗലാത്യര്ക്കുള്ള തന്റെ ലേഖനത്തില്, അപ്പോസ്തലനായ പൌലോസ് ഈ പദം ഒരു ഉപമാനമായി തന്റെ കൂട്ടു വിശ്വാസികള്അധികം അധികമായി ക്രിസ്തുവിനെ പോലെ ആകുവാന്അവരെ സഹായിക്കേണ്ടതിനു തനിക്കു അവരെ സഹായിക്കുവാനുള്ള തീഷ്ണതയെ വിവരിക്കുന്നു.
- പ്രസവ വേദനയുടെ ഉപമയെ ദൈവവചനത്തില്അന്ത്യകാലത്ത് സംഭവിക്കുവാന്പോകുന്ന ദുരന്തങ്ങളുടെ തുടര്ച്ചയും അവയുടെ തീവ്രതയും എന്തുമാത്രം വര്ദ്ധിതവീര്യത്തോടെ ആയിരിക്കും എന്ന് വിശദീകരിക്കുവാന്ഉപയോഗിച്ചിരിക്കുന്നു.

(കാണുക: പ്രസവം, അന്ത്യ നാള്)

## ദൈവ വചന സൂചികകള്:

- 1 ശമുവേല്04:19-20
- ഗലാത്യര്04:19-20
- യെശ്ശയ്യാവ് 13:6-8
- യിരെമ്യാവ് 13:20-21
- സങ്കീര്ത്തനങ്ങള്:4-6
- റോമര്:20-22

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2342, H2470, H3018, H3205, H5999, H6045, H6887, H8513, G3449, G4944, G5088, G5604, G5605

# പ്രസിദ്ധി, സുപ്രസിദ്ധമായ

## നിര്വചനം:

"പ്രസിദ്ധി" എന്ന പദം സൂചിപ്പിക്കുന്നത് വളരെ നന്നായി അറിയപ്പെടുന്നതും സ്തുത്യര്ഹമായ മതിപ്പ് ഉള്ളതുമായ മഹത്വം ഉള്ളതുമായി ബന്ധപ്പെട്ടത് എന്നാണ്. പ്രസിദ്ധി ഉള്ള എന്തെങ്കിലും അല്ലെങ്കില് ആരെങ്കിലും "സുപ്രസിദ്ധമായതു" ആകുന്നു.

- ഒരു"സുപ്രസിദ്ധനായ" വ്യക്തി എന്ന് പറയുമ്പോള് വളരെ നന്നായി അറിയപ്പെടുന്നവനും ഉയര്ന്ന അന്തസ്സ് ഉള്ളവനും ആയ വ്യക്തി എന്ന് ആകുന്നു.
- "പ്രസിദ്ധി" എന്നത് പ്രത്യേകമായി നല്ല സല്പ്പേര് ഉള്ളതായി വളരെ വിശാലമായും ദീര്ഘ കാലത്തേക്കും ഉള്ളതായ എന്ന് സൂചിപ്പിക്കുന്നു.
- "പ്രസിദ്ധമായ" പട്ടണം എന്ന് പറയുമ്പോള് അത് അതിന്റെ ധനത്തിന്റെയും സമ്പല്സമൃദ്ധിയുടെയും നിമിത്തം അറിയപ്പെടുന്നത് എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- "പ്രസിദ്ധി" എന്ന പദം "പ്രശസ്തം" അല്ലെങ്കില് "വന്ദ്യമായ ബഹുമാനം" അല്ലെങ്കില് "വളരെ ജനങ്ങളാല് നന്നായി അറിയപ്പെടുന്ന മഹത്വം" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "സുപ്രസിദ്ധമായ" എന്ന പദം "വളരെ അറിയപ്പെടുന്നതും ഉയര്ന്ന ആദരവും ഉള്ളതായ" അല്ലെങ്കില് "ശ്രേഷ്ടമായ ആദരം ഉള്ളതായ" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "കര്ത്താവിന്റെ നാമം ഇസ്രയേല് എങ്ങും സുപ്രസിദ്ധം ആയിരിക്കട്ടെ" എന്നത് "കര്ത്താവിന്റെ നാമം സുപ്രസിദ്ധം ആയി തീരുകയും ഇസ്രായേലില് ഉള്ള സകല ജനങ്ങളാലും ബഹുമാനിക്കപ്പെടുകയും ചെയ്യുമാറാകട്ടെ" എന്ന് പരിഭാഷ ചെയ്യാം.
- "പ്രസിദ്ധരായ ആളുകള്" എന്ന പദം "തങ്ങളുടെ ധൈര്യത്തിന് നന്നായി അറിയപ്പെടുന്നവര്" അല്ലെങ്കില് "പ്രസിദ്ധരായ യോദ്ധാക്കള്" അല്ലെങ്കില് "വളരെ ഉയര്ന്ന ആദരമുള്ള ആളുകള്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "അങ്ങയുടെ പുകഴ്ച തലമുറകള് തോറും നിലനില്ക്കുമാറാകട്ടെ" എന്നത് "വര്ഷങ്ങളോളം അങ്ങ് എത്രമാത്രം ഉയര്ന്നവന് ആണെന്ന് ഉള്ളതായ വിവരം ജനങ്ങള് ശ്രവിക്കും" അല്ലെങ്കില് "അങ്ങയുടെ മഹത്വം സകല തലമുറകളിലും ഉള്ളതായ ജനങ്ങള് കാണുകയും കേള്ക്കുകയും ചെയ്യും" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: ബഹുമാനം)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 06:4
- സങ്കീര്ത്തനങ്ങള് 135:12-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1984, H7121, H8034

# പ്രാപിക്കുക, പ്രാപിക്കുന്നു, പ്രാപിച്ചു, പ്രാപിക്കുന്ന, സ്വീകര്ത്താവ്

## നിര്വചനം:

"പ്രാപിക്കുക" എന്ന പദം പൊതുവെ അര്ത്ഥം നല്കുന്നത് എന്തെങ്കിലും നല്കുന്നത്, അനുവദിച്ചത്, അല്ലെങ്കില് സമ്മാനിച്ചത് ലഭിക്കുക അല്ലെങ്കില് സ്വീകരിക്കുക എന്നാണ്.

- "പ്രാപിക്കുക" എന്നത് കഷ്ടപ്പെടുക അല്ലെങ്കില് എന്തെങ്കിലും അനുഭവിക്കുക, എന്ന് "അവന് ചെയ്ത തെറ്റിനുള്ള ശിക്ഷ അവനു ലഭിച്ചു" എന്നതില് ഉള്ളതു പോലെ അര്ത്ഥം നല്കുന്നു.
- ഒരു വ്യക്തിയെ "സ്വീകരിക്കുക" എന്നതില് ഒരു പ്രത്യേക ആശയം നമുക്ക് കാണുവാന് കഴിയും. ഉദാഹരണമായി, അതിഥികളെ അല്ലെങ്കില് സന്ദര്ശകരെ സ്വാഗതം ചെയ്യുന്നതിനെയും അവരുമായി ഒരു ബന്ധം സ്ഥാപിക്കേണ്ടതിനു അവരെ ബഹുമാന പൂര്വ്വം പരിചരിക്കുകയും ചെയ്യുന്നതിന് അവരെ "സ്വീകരിക്കുക" എന്ന് പറയുന്നു.
- "പരിശുദ്ധാത്മാവ് എന്ന ദാനം പ്രാപിക്കുക" എന്നത് നമുക്ക് പരിശുദ്ധാത്മാവിനെ നല്കിയിരിക്കുന്നു എന്നും നാം അവനെ നമ്മിലും നമ്മില്കൂടെയും പ്രവര്ത്തിക്കുവാനായി സ്വാഗതം ചെയ്യുക എന്നും അര്ത്ഥം നല്കുന്നു.

"യേശുവിനെ സ്വീകരിക്കുക" എന്നതിന്റെ അര്ത്ഥം യേശു ക്രിസ്തുവില് കൂടെയുള്ള ദൈവത്തിന്റെ ദാനമായ രക്ഷയെ സ്വീകരിക്കുക എന്നുള്ളത് ആകുന്നു.

- ഒരു അന്ധന് കാഴ്ച പ്രാപിക്കുന്നു" എന്നതിന്റെ അര്ത്ഥം ദൈവം അവനെ സൌഖ്യമാക്കുന്നു എന്നും അവനെ കാണുവാന് പ്രാപ്തന് ആക്കുന്നു എന്നും ആകുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സഹാചാര്യം അനുസരിച്ച്, :പ്രാപിക്കുക" എന്നതു "സ്വീകരിക്കുക" അല്ലെങ്കില് "സ്വാഗതം ചെയ്യുക" അല്ലെങ്കില് "അനുഭവമാക്കുക" അല്ലെങ്കില് "നല്കപ്പെട്ട" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "നിങ്ങള് ശക്തി പ്രാപിക്കും" എന്ന പദപ്രയോഗം "നിങ്ങള്ക്ക് ശക്തി നല്കപ്പെടും" അല്ലെങ്കില് "ദൈവം നിങ്ങള്ക്ക് ശക്തി നല്കും" അല്ലെങ്കില് "ശക്തിയായത് നിങ്ങള്ക്ക് നല്കപ്പെടും (ദൈവത്താല്)" അല്ലെങ്കില് "പരിശുദ്ധാത്മാവ് നിങ്ങളില് ശക്തമായി പ്രവര്ത്തിക്കുവാന് ദൈവം ഇടയാക്കും" എന്നിങ്ങനെ പരിഭാഷ ചെയ്യാം."
- "തന്റെ കാഴ്ച ലഭിച്ചു" എന്ന പദസഞ്ചയം "കാണുവാന്സാധ്യമായി തീര്ന്നു" അല്ലെങ്കില് "വീണ്ടും കാണുവാന് സാധ്യമായി തീര്ന്നു" അല്ലെങ്കില് "ദൈവത്താല് സൌഖ്യമായി തീരുവാന് ഇടയായി തീര്ന്നതിനാല് അവനു കാണുവാന് സാധ്യമായി തീര്ന്നു.

(കാണുക: പരിശുദ്ധാത്മാവ്, യേശു, കര്ത്താവ്, രക്ഷിക്കുക)

## ദൈവ വചന സൂചികകള്:

- 1 യോഹന്നാന് 05:9-10
- 1 തെസ്സലോനിക്യര് 01:6-7
- 1 തെസ്സലോനിക്യര് 04:1-2
- അപ്പോ.08:14-17
- യിരെമ്യാവ് 32:33-35
- ലൂക്കോസ് 09:5-6
- മലാഖി 03:10-12
- സങ്കീര്ത്തനങ്ങള്:14-15

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **21:13** പ്രവാചകന്മാരും പറഞ്ഞത് എന്തെന്നാല് മശീഹ പാപം ഇല്ലാത്തവനായി ഏറ്റവും ഉല്കൃഷ്ടന് ആയിരിക്കും. മറ്റുള്ള ജനത്തിന്റെ പാപങ്ങള്ക്ക് വേണ്ടിയുള്ള ശിക്ഷക്കായി താന് മരണം **സ്വീകരിക്കും**. തന്റെ ശിക്ഷ ദൈവത്തിനും ജനത്തിനും ഇടയില് സമാധാനം കൊണ്ടുവരും.
- **45:06** സ്തെഫാനോസ് മരിക്കുന്ന സമയം ഉറക്കെ വിളിച്ചു പറഞ്ഞത്, "യേശുവേ, എന്റെ ആത്മാവിനെ **സ്വീകരിക്കേണമേ** എന്നായിരുന്നു.

- **49:06** അവന് (യേശു) പഠിപ്പിച്ചത് ചില ആളുകള് അവനെ സ്വീകരിക്കുകയും രക്ഷിക്കപ്പെടുകയും ചെയ്യും, എന്നാല് മറ്റുള്ളവര് അങ്ങനെ ആയിരിക്കുകയില്ല.
- **49:10** യേശു ക്രൂശില് മരിച്ചപ്പോള്, താന് നമ്മുടെ ശിക്ഷ **സ്വീകരിച്ചു**.
- **49:13** യേശുവില് വിശ്വസിക്കുകയും അവനെ തങ്ങളുടെ യജമാനന് ആയി **സ്വീകരിക്കുകയും** ചെയ്യുന്ന ഓരോരുത്തരെയും ദൈവം രക്ഷിക്കും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1878, H2505, H3557, H3947, H6901, H6902, H8254, G308, G324, G353, G354, G568, G588, G618, G1183, G1209, G1523, G1653, G1926, G2210, G2865, G2983, G3028, G3335, G3336, G3549, G3858, G3880, G3970, G4327, G4355, G4356, G4687, G4732, G5264, G5274, G5562

# പ്രായം, യുഗങ്ങൾ, പ്രായം ചെന്ന

## നിർവചനം:

“പ്രായം” എന്ന പദം ഒരു വ്യക്തി ജീവിച്ചിരുന്ന വർഷങ്ങളുടെ എണ്ണത്തെ സൂചിപ്പിക്കുന്നു. ഇതു പൊതുവെ ഒരു കാലഘട്ടത്തെയും സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നു.

- കാലം” “കാലഘട്ടം” എന്നീ പദങ്ങൾ ദീർഘമായ കാലപരിധിയെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന മറ്റു പദങ്ങളാണ്.
- “ഈ കാലം” എന്നു യേശു സൂചിപ്പിച്ചത് തിന്മ, പാപം, അനുസരണക്കേട് എന്നിവ ഭൂമിയെ നിറയ്ക്കുന്ന ഈ യുഗത്തെ ആണ്.
- നീതി ഭരണം നടത്തുന്ന ഒരു പുതിയ സ്വർഗ്ഗവും ഒരു പുതിയ ഭൂമിയും ഉള്ള ഒരു ഭാവിയുഗം ഉണ്ടാകും.

## പരിഭാഷ നിർദേശങ്ങൾ:

സാഹചര്യത്തിനനുസൃതമായി, “യുഗം” എന്ന പദം “കാലം” എന്നോ “വർഷങ്ങ ളുടെ പ്രായം” എന്നോ “സമയ പരിധി” എന്നോ “സമയം” എന്നോ പരിഭാഷപ്പെ ടുത്താം.

- “വളരെ പ്രായത്തിൽ” എന്ന പദം “വളരെ വർഷങ്ങളുടെ പ്രായത്തിൽ’ എന്നോ താൻവളരെ വൃദ്ധനായപ്പോൾ” എന്നോ “താൻ വളരെ ദീർഘവർഷങ്ങൾ ജീവിച്ചിരുന്നപ്പോൾ” എന്നോ പരിഭാഷപ്പെടുത്താം.”
- “ഈ വർത്തമാനകാല ദുഷ്ടലോകം” എന്ന പദസഞ്ചയം അർത്ഥമാക്കുന്നത് “ജനം ഏറ്റവും ദോഷകരമായിരിക്കുന്ന ഈ കാലഘട്ടത്തിൽതന്നെ” എന്നാണ്.

## ദൈവവചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ:26-28
- 1 കൊരിന്ത്യർ:6-7
- എബ്രായർ:4-6
- ഇയ്യോബ് 05:26-27

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2465, G165, G1074

# പ്രായോഗിക ബുദ്ധി, ബുദ്ധിശാലിയായ

## നിര്വചനം:

“പ്രായോഗിക ബുദ്ധി” എന്ന പദം വിശദമാക്കുന്നത് ഒരു വ്യക്തി അറിവുള്ളവനും ബുദ്ധിശാലിയും, പ്രത്യേകാല് പ്രായോഗിക കാര്യങ്ങളില് അപ്രകാരം ആയിരിക്കുന്നവന് എന്ന് ആകുന്നു.

- “ബുദ്ധി വൈഭവം ഉള്ളവന്” എന്ന പദം സാധാരണയായി അര്ത്ഥം നല്കുന്നത് ഭാഗികമായി നിഷേധാത്മക നിലയില് ആണ് കാരണം ഇത് സാധാരണയായി സ്വാര്ത്ഥത കലര്ന്നവ ആയിരിക്കും.
- ഒരു പ്രായോഗിക ബുദ്ധി ഉള്ള വ്യക്തി മറ്റുള്ളവരെ അല്ല, സ്വയം തന്നെത്തന്നെ കേന്ദ്രീകരിച്ചു സഹായം നല്കുന്നവന് ആയിരിക്കും.
- ഈ പദത്തെ പരിഭാഷ ചെയ്യുവാന് ഉള്ള ഇതര പദങ്ങളില് “സൂത്രശാലിയായ” അല്ലെങ്കില് “ഉപായിയായ” അല്ലെങ്കില് “സമര്ത്ഥന് ആയ” അല്ലെങ്കില് “ബുദ്ധിമാന്ആയ” എന്നിങ്ങനെ സാഹചര്യം അനുസരിച്ച് ഉള്പ്പെടുത്താവുന്നത് ആകുന്നു.

## ദൈവ വചന സൂചികകള്:

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2450, H6175, G5429

# ഫലം, ഫലങ്ങള്, ഫലപ്രദമായ, ഫലപ്രദമല്ലാത്ത

## നിര്വചനം:

“ഫലം” എന്ന പദം അക്ഷരീകമായി ഒരു ചെടിയുടെ ഭക്ഷ്യ യോഗ്യമായ ഭാഗത്തെ സൂചിപ്പിക്കുന്നു. “ഫലപ്രദമായ” എന്നത് ധാരാളം ഫലങ്ങള് ഉള്ളവ ആണ്. ഈ പദങ്ങളും ദൈവ വചനത്തില് ഉപമാന രൂപേണ ഉപയോഗിച്ചി ട്ടുണ്ട്.

- ദൈവ വചനത്തില് “ഫലം” എന്നത് ഒരു വ്യക്തിയുടെ പ്രവര്ത്തികളെ സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു. ഒരു വൃക്ഷത്തില്ഉള്ള ഫലം അത് ഏതു വൃക്ഷമാണ് എന്ന് കാണിക്കുന്നതു പോലെ, അതേ രീതിയില്ഒരു വ്യക്തിയുടെ വാക്കുകളും പ്രവര്ത്തികളും ആ വ്യക്തിയുടെ സ്വഭാവവും എപ്രകാരം ഉള്ളതാണെന്ന് വെളിപ്പെടുത്തുന്നു.
- ഒരു വ്യക്തിയ്ക്ക് നല്ലതോ തീയതോ ആയ ആത്മീയ ഫലം പുറപ്പെടുവിക്കുവാന്സാധിക്കും, എന്നാല്”ഫലം നിറഞ്ഞ” എന്ന പദം എപ്പോഴും ധാരാളം നല്ല ഫലം പുറപ്പെടുവിക്കുന്നു എന്ന ക്രിയാത്മകമായ അര്ത്ഥം നല്കുന്നു.
- ”ഫലപ്രദമായ” എന്ന പദം “സമൃദ്ധിയായ” എന്ന അര്ത്ഥവും നല്കുന്ന ഉപമാനമായി ഉപയോഗിക്കാറുണ്ട്. ഇത് സാധാരണയായി ധാരാളം മക്കളും സന്തതികളും ഉള്ളതായി, അതുപോലെ ധാരാളം ഭക്ഷണവും ഇതര സമ്പത്തും ഉള്ളതിനെ സൂചിപ്പിക്കുന്നു.
- പൊതുവെ, “ന്റെ ഫലം” എന്ന പദപ്രയോഗം ഒന്നില്നിന്നും ഉളവായി വരുന്ന അല്ലെങ്കില്ഉല്പ്പാദിപ്പിക്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നു. ഉദാഹരണമായി, “ജ്ഞാനഫലം” എന്നത് ജ്ഞാനത്തോടെ ഇരിക്കുന്ന തിനാല്അതില്നിന്നും ഉളവായി വരുന്ന നല്ല കാര്യങ്ങള്എന്ന് സൂചിപ്പിക്കുന്നു.
- "ദേശത്തിന്റെ ഫലം” എന്ന പദപ്രയോഗം എന്നത് പൊതുവായി, ജനത്തിന് ഭക്ഷിക്കുവാനായി നിലം ഉല്പ്പാദിപ്പിക്കുന്ന സകലത്തെയും സൂചിപ്പിക്കുന്നു. ഇതില്ഉള്പ്പെടുന്നത് മുന്തിരി, ഈന്തപ്പഴം, പോലുള്ള പഴവര്ഗ്ഗങ്ങള്മാത്രമല്ല, പച്ചക്കറികള്, പരിപ്പുകള്, ധാന്യങ്ങള്ആദിയായവയും ഉള്പ്പെടുന്നു.
- ഉപമാന പദപ്രയോഗമായി “ആത്മാവിന്റെ ഫലം'' എന്നത് പരിശുദ്ധാ ത്മാവിനെ അനുസരിക്കുന്ന ജനങ്ങളുടെ ജീവിതത്തില്പരിശുദ്ധാത്മാവ് പുറപ്പെടുവിക്കുന്ന ദൈവീക ഗുണ വിശേഷങ്ങളെ സൂചിപ്പിക്കുന്നു.
- ”ഗര്ഭഫലം” എന്ന പദപ്രയോഗം ‘ഗര്ഭം ഉല്പ്പാദിപ്പിക്കുന്നത് എന്തോ അത്—“അതായത് കുഞ്ഞുങ്ങള്” എന്നാണു സൂചിപ്പിക്കുന്നത്.

## പരിഭാഷ നിര്ദേശങ്ങള്:

- നിര്ദ്ധിഷ്ട ഭാഷയില്ഫലവൃക്ഷത്തിന്റെ ഭക്ഷ്യ യോഗ്യമായ ഫലത്തിന് സാധാരണയായി ഉപയോഗിച്ചിരിക്കുന്ന പൊതുവായ പദം തന്നെ “ഫലം” എന്ന പൊതു പദത്തിനു പരിഭാഷ ചെയ്യുവാനായി ഉപയോഗിക്കുന്നത് ഉചിതമാണ്. ഒന്നിലധികം ഫലങ്ങള്ഉള്ളപ്പോള്നിരവധി ഭാഷകളില് “ഫലങ്ങള്” എന്ന പൊതുവായ ബഹുവചന പദം ഉപയോഗിക്കുന്നത് വളരെ സാധാരണമാണ്.
- സാഹചര്യമനുസരിച്ച്, “ഫലപ്രദമായ” എന്ന പദം “വളരെ അധികം ആത്മീയ ഫലം പുറപ്പെടുവിക്കുന്ന” അല്ലെങ്കില്ധാരാളം മക്കള്ഉള്ള” അല്ലെങ്കില്“സമ്പല്സമൃദ്ധമായ” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”ദേശത്തിന്റെ ഫലം” എന്ന പദപ്രയോഗം “നിലം ഉല്പ്പാദിപ്പിക്കുന്ന ഭക്ഷ്യ വസ്തുക്കള്” അല്ലെങ്കില്“ആ മേഖലയില്വളരുന്ന ഭക്ഷ്യ വിളകള്” എന്നും പരിഭാഷ ചെയ്യാം.
- ദൈവം മൃഗങ്ങളെയും മനുഷ്യരെയും സൃഷ്ടിച്ചപ്പോള്, ഫലപ്രദമായി വര്ധിച്ചു വരുവിന്” എന്ന് ധാരാളം സന്താനം ഉള്ളവരാകുക എന്ന് സൂചണ നല്കി കല്പ്പിച്ചു. ഇത് “നിരവധി സന്താനങ്ങള്ഉണ്ടാകട്ടെ” എന്നോ “ധാരാളം മക്കളും പിന്തലമുറകളും ഉണ്ടാകട്ടെ” എന്നോ “ധാരാളം കുഞ്ഞുങ്ങള്ഉണ്ടാകുക നിമിത്തം നിരവധി പിന്തലമുറക്കാര്ഉണ്ടാകട്ടെ” എന്നും പരിഭാഷ ചെയ്യാം.
- ”ഗര്ഭ ഫലം” എന്ന പദപ്രയോഗം “ഗര്ഭം ഉല്പ്പാദിപ്പിക്കുന്നത് എന്തോ അത്” അല്ലെങ്കില്ഒരു സ്ത്രീ ജന്മം നല്കുന്ന കുഞ്ഞുങ്ങള്” അല്ലെങ്കില്“മക്കള്” എന്ന് മാത്രം പരിഭാഷ ചെയ്യാം. “നിന്റെ ഗര്ഭ ഫലവും അനുഗ്രഹിക്കപ്പെട്ടത്” എന്ന് എലിസബത്ത് മറിയയോടു പറയുമ്പോള്, അവള്അര്ത്ഥമാക്കിയത് “നീ ജന്മം നല്കുവാന്പോകുന്ന ശിശു അനുഗ്രഹിക്കപ്പെട്ടവന്ആകുന്നു” എന്നാണ്. നിര്ദ്ധിഷ്ട ഭാഷയില്ഇതിനു വ്യത്യസ്ത പദപ്രയോഗം ഉണ്ടായിരിക്കാം.
- ”മുന്തിരിയുടെ ഫലം” എന്ന വേറൊരു പദപ്രയോഗം, “മുന്തിരിപ്പഴം” അല്ലെങ്കില്“മുന്തിരിങ്ങ” എന്ന് പരിഭാഷ ചെയ്യാം.
- സാഹചര്യം അനുസരിച്ച്, “കൂടുതല്ഫലപ്രദം ആകുക” എന്ന പദപ്രയോഗം “കൂടുതല്ഫലം പുറപ്പെടുവിക്കുക” അല്ലെങ്കില്“ധാരാളം മക്കള്ഉണ്ടാകുക” അല്ലെങ്കില്“സമൃദ്ധി ഉണ്ടാകുക” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- ”ഫലപ്രദമായ അധ്വാനം” എന്ന പൌലോസിന്റെ പദപ്രയോഗം “വളരെ നല്ല ഫലങ്ങള്നല്കുന്നതായ കര്മ്മം” അല്ലെങ്കില്“വളരെ ജനങ്ങള്യേശുവില്വിശ്വസിക്കുന്ന ഫലം ഉളവാക്കുന്ന പരിശ്രമങ്ങള്” എന്ന് പരിഭാഷ ചെയ്യാം.

- ”ആത്മാവിന്റെ ഫലം” എന്നത് “പരിശുദ്ധാത്മാവ് ഉളവാക്കുന്ന പ്രവര്ത്തികള്” അല്ലെങ്കില്“ഒരുവനില്പരിശുദ്ധാത്മാവ് പ്രവര്ത്തിക്കുന്നു എന്ന് കാണിക്കുന്ന വാക്കുകളും പ്രവര്ത്തികളും” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക: പിന്തലമുറ, ധാന്യം, മുന്തിരിങ്ങ, പരിശുദ്ധാത്മാവ്, മുന്തിരിച്ചെടി, ഗര്ഭ പാത്രം)

## ദൈവ വചന സൂചികകള്:

- ഗലാത്യര്05:22-24
- ഉല്പ്പത്തി 01:11-13
- ലൂക്കോസ് 08:14-15
- മത്തായി 03:7-9
- മത്തായി 07:15-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3, H4, H1061, H1063, H1069, H2173, H2233, H2981, H3206, H3581, H3759, H3899, H3978, H4022, H4395, H5108, H5208, H6500, H6509, H6529, H7019, H8256, H8393, H8570, G1081, G2590, G2592, G2593, G3703, G5052, G5352, G6013

# ബന്ധപ്പെടുക, സ്നേഹം പ്രകടിപ്പിക്കുക, കൂടെ ശയിക്കുക, കൂടെ ശയിക്കുന്നു, കൂടെ ശയിച്ചു, ശയിച്ചു കൊണ്ടിരിക്കുന്ന

## നിര്വചനം:

ദൈവ വചനത്തില്, ഈ പദങ്ങള് ലൈംഗിക ബന്ധം പുലര്ത്തുന്നതിനെ സൂചിപ്പിക്കുന്ന ഭവ്യോക്തി പദങ്ങള്ആണ്. (കാണുക: ഭവ്യോക്തി)

- ആരോടെങ്കിലും "കൂടെ ശയിക്കുക" എന്ന പദപ്രയോഗം സാധാരണയായി ആ വ്യക്തിയുമായി ലൈംഗിക ബന്ധം ഉണ്ടാകുക എന്നാണ്. ഇതിന്റെ ഭൂത കാല ക്രിയ "കൂടെ ശയിച്ചു" എന്നതാണ്.
- പഴയ നിയമ പുസ്തകമായ "ഉത്തമ ഗീതത്തില്, "യു.എല്.ബി."സ്നേഹം പ്രകടിപ്പിക്കുക" എന്ന പദം പരിഭാഷ ചെയ്യുമ്പോള് "സ്നേഹം" എന്ന പദം ലൈംഗിക ബന്ധത്തെ സൂചിപ്പിക്കുന്ന സാഹചര്യത്തെ കുറിക്കുന്നു. ഈ പദം "സ്നേഹം പ്രകടിപ്പിക്കുക" എന്ന പദപ്രയോഗത്തോട് ബന്ധപ്പെട്ടു കാണുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ചില ഭാഷകളില് വ്യത്യസ്ത സാഹചര്യങ്ങളില്, ഇതില് ഇടപെടുന്ന വ്യക്തികള് വിവാഹിതര് ആയവര് ആണോ അല്ല അവര് വേറെ വിധത്തില് ഉള്ള ബന്ധം പുലര്ത്തുന്നവര്ആണോ എന്ന് ഉള്ളതിന്റെ അടിസ്ഥാനത്തില് വ്യത്യസ്തമായ പദപ്രയോഗങ്ങള് ഉപയോഗിക്കാറുണ്ട്. ഓരോ സാഹചര്യം അനുസരിച്ചും ശരിയായ അര്ത്ഥം ഓരോ സന്ദര്ഭത്തിലും നല്കുന്ന പരിഭാഷ ഉറപ്പാക്കുക എന്നത് പ്രാധാന്യം അര്ഹിക്കുന്നു.
- സാഹചര്യം അനുസരിച്ച്, ഇത് പോലെയുള്ള പദപ്രയോഗങ്ങള് "കൂടെ ശയിക്കുക", അല്ലെങ്കില് "കൂടെ കിടക്കുക" അല്ലെങ്കില് "പ്രേമ ചാപല്യം കാണിക്കുക" അല്ലെങ്കില് "അടുപ്പത്തില് ആയിരിക്കുക" എന്നിങ്ങനെ ഉള്ളതായ പരിഭാഷകള് ഉപയോഗിക്കാം.
- "ബന്ധം ഉണ്ടായിക്കുക" എന്ന പദസഞ്ചയം "കൂടെ ലൈംഗിക ബന്ധം ഉണ്ടായിരിക്കുക" അല്ലെങ്കില് "കൂടെ വിവാഹ ബന്ധം ഉണ്ടായിരിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "പ്രേമചാപല്യം" എന്ന പദം "സ്നേഹിക്കുന്ന" അല്ലെങ്കില് "ഗാഡ സ്നേഹം" എന്നിങ്ങനെ പരിഭാഷ ചെയ്യാം. അല്ലെങ്കില് വേറെ ഒരു പദപ്രയോഗം ഇതിനെ സ്വാഭാവികമായി പരിഭാഷ ചെയ്യാവുന്ന രീതിയില് നിര്ദിഷ്ട ഭാഷയില് ഉണ്ടായിരിക്കാം.
- ദൈവ വചന പരിഭാഷ ഉപയോഗിക്കുന്ന ജനത്തിനു സ്വീകാര്യമായ രീതിയില്ഈ പരിഭാഷയിലെ പദങ്ങളുടെ ആശയങ്ങള്ആയിരിക്കുന്നുവോ എന്നത് പരിശോധന ചെയ്യുക എന്നതു പ്രാധാന്യം അര്ഹിക്കുന്നു.

(കാണുക: ലൈംഗിക അനാചാരം)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്:1-2
- 1 ശമുവേല്:19-20
- ആവര്ത്തന പുസ്തകം 21:13-14
- ഉല്പ്പത്തി 19:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H160, H935, H1540, H2181, H2233, H3045, H3212, H6172, H7250, H7901, H7903, G1097

# ബന്ധു, ബന്ധുജനം, ജന്മനാ ആളുകൾ തമ്മിലുള്ള ബന്ധം, ബന്ധു ജനങ്ങൾ, ചാർച്ചക്കാരൻ, ചാർച്ചക്കാർ

## നിർവചനം:

“ബന്ധു” എന്ന പദം ഒരു വ്യക്തിയുടെ രക്തബന്ധം ഉള്ളവർ, ഒരു സംഘം എന്ന നിലയിൽ പരിഗണിക്കപ്പെട്ടവർ എന്ന് സൂചിപ്പിക്കുന്നു. “ചാർച്ചക്കാരൻ” എന്ന പദം ഒരു പുരുഷനായ ബന്ധുവിനെ പ്രത്യേകാൽസൂചിപ്പിക്കുന്നു.

- “ബന്ധു” എന്ന് ഒരു വ്യക്തിയുടെ അടുത്ത ബന്ധുക്കളെ മാത്രം, അതായത് മാതാപിതാക്കന്മാരും സഹോദരങ്ങളും, അല്ലെങ്കിൽ അൽപ്പം കൂടെ അകന്ന ബന്ധുക്കൾ, അമ്മാവിമാർ, അമ്മാവന്മാർ, അല്ലെങ്കിൽ ജ്യേഷ്ടാനുജൻമാരുടെ മക്കൾ എന്ന് സൂചിപ്പിക്കുന്നു.
- പുരാതന ഇസ്രയേലിൽ, ഒരു പുരുഷൻ മരിച്ചു പോയാൽ, തന്റെ ഏറ്റവും അടുത്ത പുരുഷനായ ബന്ധു ആ വിധവയെ വിവാഹം കഴിക്കുകയും, തന്റെ വസ്തുവകകൾ കൈകാര്യം ചെയ്യുകയും, അയാളുടെ കുടുംബ നാമം നിലനിർത്തുകയും വേണം. ഈ ബന്ധുവിനെ “ചാർച്ചക്കാരനായ – വീണ്ടെടുപ്പുകാരൻ” എന്ന് വിളിച്ചിരുന്നു.
- “ബന്ധു” എന്ന ഈ പദം “കുടുംബ ബന്ധു” അല്ലെങ്കിൽ “കുടുംബാംഗം” എന്നും പരിഭാഷ ചെയ്യാം.”

## ദൈവ വചന സൂചികകൾ”

- റോമർ:9-11
- രൂത്ത് 02:19-20
- രൂത്ത് 03:8-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H251, H1350, H4129, H4130, H7138, H7607, G4773

# ബഹുമാന സൂചകമായി നല്കുന്ന ഉപഹാരം

## നിര്വചനം:

"ബഹുമാന സൂചകമായി നല്കുന്ന ഉപഹാരം" എന്ന പദസഞ്ചയം സൂചിപ്പിക്കുന്നത് ഒരു ഭരണാധികാരി വേറൊരു ഭരണാധികാരിക്ക് സംരക്ഷണാര്ത്ഥവും അവരുടെ രാജ്യങ്ങള്ക്ക് ഇടയില്നല്ല ബന്ധവും നിലനിര്ത്തുന്നതിന് വേണ്ടി നല്കുന്ന പാരിതോഷികം എന്നാണ്.

- ഒരു സംഭാവന എന്നത് ഒരു ഭരണാധികാരിയോ അല്ലെങ്കില്ഒരു ഭരണകൂടമോ ജനങ്ങളില്നിന്ന് ചുങ്കമായോ നികുതിയായോ ആവശ്യപ്പെടുന്നതു ആകുന്നു.
- ദൈവ വചന കാലഘട്ടത്തില്, യാത്ര ചെയ്യുന്ന രാജാക്കന്മാരോ ഭരണാധികാരികളോ അവര്യാത്ര ചെയ്തു കടന്നു പോകുന്ന പ്രദേശങ്ങളിലെ രാജാക്കന്മാര്ക്ക് അവരുടെ യാത്രയ്ക്ക് സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതിനായി നല്കുന്ന സംഭാവന ആകുന്നു.
- സാധാരണയായി ഈ സംഭാവനയില്പണത്തിനു പുറമേ, ആഹാരങ്ങള്, സുഗന്ധ വസ്തുക്കള്, വിലകൂടിയ വസ്ത്രങ്ങള്വിലകൂടിയ ലോഹങ്ങളായ സ്വര്ണ്ണം പോലെ ഉള്ളവയും ഉള്പ്പെടുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചാര്യം അനുസരിച്ച്, "ഉപഹാരം" എന്നത് "ഔദ്യോഗിക പാരിതോഷികം" അല്ലെങ്കില്"പ്രത്യേക നികുതി" അല്ലെങ്കില്"നിര്ദ്ധിഷ്ട ശമ്പളം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: സ്വര്ണ്ണം, രാജാവ്, ഭരണാധികാരി, നികുതി)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 18:1-2
- 2 ദിനവൃത്താന്തങ്ങള് 09:22-24
- 2 രാജാക്കന്മാര്17:1-3
- ലൂക്കോസ് 23:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1093, H4060, H4061, H4371, H4503, H4522, H4530, H4853, H6066, H7862, G1323, G2778, G5411

# ബാധ, ബാധകൾ

## നിർവചനം:

ബാധകൾ എന്നത് വളരെ വലിയ തോതിൽ ആളുകൾ ദുരിതം അനുഭവിക്കുകയോ അല്ലെങ്കിൽ മരണം സംഭവിക്കുകയോ ചെയ്യുന്ന തരത്തിൽ ഉള്ള സംഭവങ്ങൽആണ് ബാധകൾ. സാധാരണയായി ബാധ എന്ന് പറയുന്നത് വളരെ വേഗത്തിൽ വ്യാപിക്കുന്നതും അത് തടുത്തു നിർത്തുന്നതിനു മുൻപ് നിരവധി പേർക്കു മരണം സംഭവിക്കുന്നതും ആകുന്നു.

- നിരവധി ബാധകൾ പ്രകൃത്യാ സംഭവിക്കുന്നതാണ്, എന്നാൽചിലവ ജനത്തിന്റെ പാപത്തിനു ശിക്ഷയായി ദൈവത്താൽ അയക്കപ്പെടുന്നവ ആകുന്നു.
- മോശെയുടെ കാലഘട്ടത്തിൽ, ദൈവം മിസ്രയീമിന് വിരോധമായി ഇസ്രയേൽ ജനത്തെ മിസ്രയീമിൽ നിന്നും വിട്ടയക്കേണ്ടതിനു വേണ്ടി സമ്മർദ്ദം പ്രയോഗിക്കുവാനായി ദൈവം പത്ത് ബാധകൾ അയച്ചു. വെള്ളം രക്തമായി മാറിയതും, ശാരീരിക രോഗങ്ങളും, പ്രാണികളാലും കൽമഴയാലും വിളകൾ നശിച്ചതും, മൂന്നു ദിവസം സമ്പൂർണ്ണ അന്ധകാരം ഉണ്ടായതും, ആദ്യജാത പുത്രന്മാരുടെ മരണവും ഈ ബാധകളിൽ ഉൾപ്പെടുന്നു.
- സാഹചര്യങ്ങൾക്ക് അനുസൃതമായി ഇത് ഇപ്രകാരവും പരിഭാഷ ചെയ്യാവുന്നതാണ്, “വ്യാപകമായ ദുരന്തങ്ങൾ” അല്ലെങ്കിൽ “വ്യാപകമായ രോഗം”

(കാണുക: കൽമഴ, ഇസ്രയേൽ, മോശെ, ഫറവോൻ)

## ദൈവ വചന സൂചികകൾ:

- 2 ശമുവേൽ 24:13-14
- പുറപ്പാട് 09:13-14
- ഉൽപ്പത്തി 12:17-20
- ലൂക്കോസ് 21:10-11
- വെളിപ്പാട് 09:18-19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1698, H4046, H4194, H4347, H5061, H5062, H5063, G3061, G3148, G4127

# ഭക്ത്യാദരവ് കാണിക്കുക, ഭക്ത്യാദരവ് കാണിച്ചു, ഭക്ത്യാദരവ്, ഭക്ത്യാദരങ്ങള്, ഭക്ത്യാദരങ്ങള് ഉള്ളത്

## നിര്വചനം:

"ഭക്ത്യാദര പൂര്വ്വം" എന്ന പദം സൂചിപ്പിക്കുന്നത് അഗാധമായ വികാരത്തോടു കൂടെ ഒരു വ്യക്തിയെയോ അല്ലെങ്കില് എന്തിനെയെങ്കിലുമോ ആഴമായി ബഹുമാനിക്കുന്ന വിധത്തെ സൂചിപ്പിക്കുന്നു. "ആരോടെങ്കിലുമോ അല്ലെങ്കില് എന്തിനോടെങ്കിലുമോ ആദരവ് പ്രകടിപ്പിക്കുക എന്നത് ആ വ്യക്തിയോടോ അല്ലെങ്കില് വസ്തുവിനോടോ ഉള്ള ബഹുമാനം പ്രദര്ശിപ്പിക്കുക എന്നുള്ളതാണ്.

- ആദര സൂചകമായ വികാരങ്ങള് ബഹുമാനിക്കപ്പെടുന്നതായ വ്യക്തിയോട് കാണിക്കുന്ന പ്രകടനങ്ങള് മൂലം പ്രദര്ശിപ്പിക്കപ്പെടുന്നു.
- കര്ത്താവിനോടുള്ള ഭയം ദൈവത്തിന്റെ കല്പ്പനകളെ അനുസരിക്കുന്നത് മൂലം ആന്തരികമായ ആദരവ് വെളിപ്പെടുന്നത് വഴി പ്രകടമാകുന്നു.
- ഈ പദം "ഭയവും ബഹുമാനവും" അല്ലെങ്കില് "ആത്മാര്ത്ഥമായ ബഹുമാനം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: ഭയം, ബഹുമാനം, അനുസരിക്കുക)

## ദൈവ വചന സൂചികകള്:

- 1 പത്രോസ് 01:15-17
- എബ്രായര്:7
- യെശ്ശയ്യാവ് 44:17
- സങ്കീര്ത്തനം 005:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3372, H3373, H3374, H4172, H6342, H7812, G127, G1788, G2125, G2412, G5399, G5401

# ഭയം, ഭക്ത്യാദരവ്

## നിര്വചനം

“ഭയം” എന്ന പദം ആശ്ചര്യത്തിന്റെ ഭാവവും വളരെ മഹത്വവും, ശക്തവും, പ്രൌഢഗംഭീരവുമായ ഒന്നിനെ കാണുന്നതുമൂലമുണ്ടാകുന്ന ആഴമായ ബഹുമാന വും ആകുന്നു.

- “ഭക്ത്യാദരവ്” എന്ന പദം ഭയം എന്ന വികാരം ഉദ്ധീപിക്കുന്ന ആരെങ്കിലും അല്ലെങ്കില്എന്തെങ്കിലും എന്നു വിശദീകരിക്കുന്നു.
- പ്രവാചകനായ യെഹസ്കേല്കണ്ടതായ ദൈവമഹത്വത്തിന്റെ ദര്ശനം ‘’ഭക്ത്യാദരവ്” അല്ലെങ്കില്“ഭയമുളവാക്കുന്നത്” ആയിരുന്നു.
- ദൈവസാന്നിധ്യത്തിന്റെ ഭയം ഉളവാക്കുന്ന മാനുഷിക പ്രതികരണങ്ങള്: ഭയം, നിലത്ത്തുകുനിയുകയോ,മുഴങ്കാലില്നില്ക്കുകയോ, മുഖം മറയ്ക്കുകയോ വിറക്കുകയോ ഒക്കെയാണ്.

(കാണുക: ഭയം, മഹത്വം)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്17:19-21
- ഉല്പ്പത്തി 28:16-17
- എബ്രായര്12:27-29
- സങ്കീര്ത്തനങ്ങള് 022:22-23
- സങ്കീര്ത്തനങ്ങള് 147:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H366, H1481, H3372, H6206, H7227, G2124

# ഭരിക്കുക, ഭരിക്കുന്നു, ഭരിച്ച, ഭരിക്കുന്നു

## നിര്വചനം:

“ഭരിക്കുക” എന്ന പദം അര്ത്ഥം നല്കുന്നത് ഒരു നിര്ദിഷ്ട ദേശത്തെ അല്ലെങ്കില് രാജ്യത്തെ ജനങ്ങളുടെ മേല്ഭരണം നടത്തുക എന്നുള്ളത് ആകുന്നു. ഒരു രാജാവിന്റെ ഭരണകാലം എന്ന് പറയുന്നത് താന് ഭരണം നടത്തുന്നതായ കാലഘട്ടം എന്നതാണ്.

- “വാഴ്ച” എന്ന പദം മുഴുവന് ലോകത്തിന് മേലും രാജാവായി ദൈവം ഭരണം നടത്തുന്നതിനെയും സൂചിപ്പിക്കുവാന് ഉപയോഗിക്കുന്നു.
- ഇസ്രയേല് ജനം ദൈവത്തെ തങ്ങളുടെ രാജാവായി ഇരിക്കുന്നതിനെ നിരാകരിച്ചപ്പോള്മനുഷ്യര് അവരെ രാജാക്കന്മാരായി ഭരിക്കുവാന് ദൈവം അനുവദിച്ചു,
- യേശു ക്രിസ്തു മടങ്ങിവരുമ്പോള്, താന് സര്വ ലോകത്തെയും പരസ്യമായി രാജാവായി ഭരിക്കുകയും ക്രിസ്ത്യാനികള് അവനോടു കൂടെ ഭരണം നടത്തുകയും ചെയ്യും..
- ഈ പദം “തികഞ്ഞ ഭരണം അല്ലെങ്കില്“രാജാവായി ഉള്ള ഭരണം.” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: രാജ്യം)

## ദൈവ വചന സൂചികകള്

- 2 തിമോത്തിയോസ് 02:11-13
- ഉല്പ്പത്തി 36:34-36
- ലൂക്കോസ് 01:30-33
- ലൂക്കോസ് 19:26-27
- മത്തായി 02:22-23

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3427, H4427, H4437, H4438, H4467, H4468, H4475, H4791, H4910, H6113, H7287, H7786, G757, G936, G2231, G4821

# ഭരിക്കുക, ഭരിക്കുന്നു, ഭരിച്ചു, ഭരണാധികാരി, ഭരണാധികാരികള്, ഭരിക്കുന്ന, ചട്ടങ്ങള്, അമിതഭരണം നടത്തുക, അമിത ഭരണം നടത്തപ്പെട്ട

## നിര്വചനം:

"ഭരണാധികാരി" എന്ന പദം മറ്റുള്ള ജനങ്ങളുടെ മേല് അധികാരമുള്ള, ഒരു രാജ്യത്തിന്റെ, സാമ്രാജ്യത്തിന്റെ, അല്ലെങ്കില് ഒരു മതത്തിന്റെ തലവന്, എന്നിങ്ങനെയുള്ള ഒരു നേതാവായ വ്യക്തിയെ പൊതുവെ സൂചിപ്പിക്കുന്നതായി കാണപ്പെടുന്നു. ഒരു ഭരണാധികാരി എന്ന വ്യക്തി "ഭരിക്കുന്നവന്" ആകുന്നു, തന്റെ അധികാരം എന്നത് തന്റെ "ഭരണവും" ആകുന്നു.

- പഴയ നിയമത്തില്, ഒരു രാജാവിനെ ചില സന്ദര്ഭങ്ങളില് പോതുവെ ഒരു "ഭരണാധികാരി' എന്ന് "അവനെ ഇസ്രയേലിന്മേല് ഭരണാധികാരിയായി നിയമിച്ചു" എന്നുള്ള പദസഞ്ചയത്തില് സൂചിപ്പിച്ചിരിക്കുന്ന പ്രകാരം പ്രതിപാദിക്കാറുണ്ട്.
- ദൈവത്തെ മറ്റുള്ള സകല ഭരണാധികാരികളുടെ മേലും ഭരണം നടത്തുന്ന പരമാധികാരി ആയ ഭരണാധിപന് ആയി സൂചിപ്പിക്കാറുണ്ട്.
- പുതിയ നിയമത്തില്, ഒരു യഹൂദ പള്ളിയുടെ തലവനെ "ഭരണാധികാരി" എന്ന് വിളിക്കാറുണ്ട്.
- പുതിയ നിയമത്തില് സൂചിപ്പിച്ചിട്ടുള്ള വേറൊരു വകയില് ഉള്ള ഭരണാധിപന് "ദേശാധിപതി" ആണ്.
- സാഹചര്യം അനുസരിച്ച്, "ഭരണാധികാരി" എന്നത് "തലവന്" അല്ലെങ്കില് "മേല്അധികാരം ഉള്ള വ്യക്തി" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ഭരിക്കുക" എന്ന പ്രവര്ത്തി അര്ത്ഥം നല്കുന്നത് "മേല് അധികാരം ഉള്ളവന് ആയി" "നയിക്കുക" എന്നാണ്. ഇത് "വാഴുക" എന്നുള്ള അതേ അര്ത്ഥം തന്നെ ഒരു രാജാവിന്റെ ഭരണത്തെ സൂചിപ്പിക്കുമ്പോള് നല്കുന്നു.

(കാണുക: അധികാരി, ദേശാധിപതി, രാജാവ്, യഹൂദ പള്ളി)

## ദൈവ വചന സൂചിക:

- അപ്പോ. 03:17-18
- അപ്പോ. 07:35-37
- ലൂക്കോസ് 12:11-12
- ലൂക്കോസ് 23:35
- മര്ക്കോസ് 10:41-42
- മത്തായി 09:32-34
- മത്തായി 20:25-28
- തീത്തോസ് 03:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H995, H1166, H1167, H1404, H2708, H2710, H3027, H3548, H3920, H4043, H4410, H4427, H4428, H4438, H4467, H4474, H4475, H4623, H4910, H4941, H5057, H5065, H5387, H5401, H5461, H5715, H6113, H6213, H6485, H6957, H7101, H7218, H7287, H7300, H7336, H7786, H7860, H7980, H7981, H7985, H7989, H7990, H8199, H8269, H8323, H8451, G746, G752, G755, G757, G758, G932, G936, G1018, G1203, G1299, G1778, G1785, G1849, G2232, G2233, G2525, G2583, G2888, G2961, G3545, G3841, G4165, G4173, G4291

# ഭരിക്കുക, സര്ക്കാര്, സര്ക്കാരുകള്, ദേശാധിപതി, ദേശാധിപതികള്, പ്രാദേശിക ഭരണാധിപന്, പ്രാദേശിക ഭരണാധിപന്മാര്

## നിര്വചനം:

ഒരു "ദേശാധിപതി" എന്ന വ്യക്തി ഒരു സംസ്ഥാനം, പ്രവിശ്യ, അല്ലെങ്കില് മേഖലയുടെ ഭരണം നടത്തുന്ന വ്യക്തി ആകുന്നു. "ഭരിക്കുക" എന്നാല് നയിക്കുക, നേതൃത്വം നല്കുക, നിര്വഹണം നടത്തുക എന്നൊക്കെ അര്ത്ഥം നല്കുന്നു.

- "പ്രാദേശിക ഭരണാധികാരി" എന്ന പദം ഒരു റോമന് പ്രവിശ്യയെ ഭരിക്കുന്ന ഒരു ദേശാധിപതിക്കു നല്കുന്ന വളരെ വ്യക്തമായ ഒരു പദവി ആകുന്നു.
- ദൈവ വചന കാലഘട്ടത്തില്, ദേശാധിപതിമാര് ഒരു രാജാവിനാലോ ചക്രവര്ത്തിയാലോ നിയമിക്കപ്പെട്ടു തന്റെ അധികാരത്തിന് കീഴ് ഉള്ളവര്ആയിരുന്നു.
- ഒരു "സര്ക്കാര്" എന്നത് ആ രാജ്യത്തെ അല്ലെങ്കില് സാമ്രാജ്യത്തിലെ മുഴുവന് ഭരണാധികാരികളും ഉള്പ്പെടുന്നതാണ്. ഈ ഭരണാധിപന്മാരാജ്യത്തിലെ ജനങ്ങളുടെ സമാധാനത്തിനും, സുരക്ഷിതത്വത്തിനും, ക്ഷേമത്തിനും വേണ്ടി പൌരന്മാരുടെ സ്വഭാവം നിയന്ത്രിക്കേണ്ടതിനും നയിക്കേണ്ടതിനും വേണ്ടി നിയമങ്ങള്ഉണ്ടാക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ദേശാധിപതി" എന്ന പദം "ഭരണാധികാരി" അല്ലെങ്കില്"മേല്നോട്ടക്കാരന്" അല്ലെങ്കില്"മേഖല നേതാവ്" അല്ലെങ്കില്"ഒരു ചെറിയ മേഖലയുടെ മേല്ഭരണം നടത്തുന്നയാള്" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- സാഹചര്യം അനുസരിച്ച്, "ഭരിക്കുക" എന്ന പദം "ഭരണം നടത്തുക" അല്ലെങ്കില്"നയിക്കുക" അല്ലെങ്കില്"നിര്വഹിക്കുക" അല്ലെങ്കില്"മേല്നോട്ടം വഹിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ദേശാധിപതി" എന്ന പദം "രാജാവ്" അല്ലെങ്കില്"ചക്രവര്ത്തി" എന്നീ പദങ്ങളില്നിന്നും വ്യത്യസ്തമായി പരിഭാഷ ചെയ്യാം, "ദേശാധിപതി എന്ന വ്യക്തി അവരുടെ അധികാരത്തിന്കീഴുള്ള അധികാരം കുറഞ്ഞ വ്യക്തി ആണ്. "പ്രാദേശിക ഭരണാധികാരി" എന്ന പദം "റോമന്ദേശാധിപതി" അല്ലെങ്കില്"റോമന്പ്രവിശ്യ ഭരണാധിപന്" എന്നും പരിഭാഷ ചെയ്യാം.

(കാണുക: അധികാരി, രാജാവ്, അധികാരം, പ്രവിശ്യ, റോം, ഭരണാധികാരി)

## ദൈവ വചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്07:9-10
- അപ്പോ.പ്രവര്ത്തികള്23:22-24
- അപ്പോ.പ്രവര്ത്തികള്26:30-32
- മര്ക്കോസ് 13:9-10
- മത്തായി 10:16-18
- മത്തായി 27:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H324, H1777, H2280, H4951, H5148, H5460, H6346, H6347, H6486, H7989, H8269, H8660, G445, G446, G746, G1481, G2232, G2233, G2230, G4232

# ഭവനം, ഭവനങ്ങള്, മേല്ക്കൂര, മേല്ക്കൂരകള്, കലവറ, കലവറകള്, ഭവന സൂക്ഷിപ്പുകാര്

## നിര്വചനം:

"ഭവനം" എന്ന പദം ദൈവ വചനത്തില്അടിക്കടി ഉപമാനമായി ഉപയോഗിച്ചിട്ടുണ്ട്.

- ചിലപ്പോള്ഇത് "ഭവനക്കാര്" എന്ന് ഒരു ഭവനത്തില്ഒരുമിച്ചു പാര്ക്കുന്ന എല്ലാവരെയും ചേര്ത്ത് സൂചിപ്പികുന്നതായി അര്ത്ഥം നല്കുന്നു. സാധാരണയായി "ഭവനം" എന്നത് ഒരു വ്യക്തിയുടെ സന്തതിയെ അല്ലെങ്കില്ബന്ധുക്കളെ സൂചിപ്പിക്കുന്നു. ഉദാഹരണമായി, "ദാവീദിന്റെ ഭവനം" എന്നത് രാജാവായ ദാവീദിന്റെ എല്ലാ സന്തതികളെയും സൂചിപ്പിക്കുന്നു.
- "ദൈവ ഭവനം" എന്നും "യഹോവയുടെ ഭവനം" എന്നും ഉള്ള പദങ്ങള്സമാഗമന കൂടാരത്തെയോ ദേവാലയത്തെയോ സൂചിപ്പിക്കുന്നു. ഈ പദപ്രയോഗങ്ങള്പൊതുവേ ദൈവം എവിടെ ആയിരിക്കുന്നുവോ അല്ലെങ്കില്വസിക്കുന്നുവോ അവിടെ എന്നും സൂചിപ്പിക്കുന്നു.
- എബ്രായര്3 ല്, "ദൈവത്തിന്റെ ഭവനം" എന്ന് രൂപകമായി ഉപയോഗിച്ചിരിക്കുന്നത് ദൈവത്തിന്റെ ജനം അല്ലെങ്കില്, കൂടുതല്പൊതുവായി, ദൈവത്തിനു സംബന്ധമായ എല്ലാം എന്ന് സോചിപ്പിക്കുന്നു.
- "ഇസ്രയേല്ഭവനം" എന്ന പദസഞ്ചയം പൊതുവെ ഇസ്രയേല്ദേശം എന്നും, കൂടുതല്ഊന്നല്നല്കത്തക്കവിധം ഇസ്രായേലിന്റെ വടക്കേ രാജ്യം ഉള്പ്പെട്ടിരിക്കുന്ന ഗോത്രങ്ങള്എന്നും സൂചിപ്പിക്കാവുന്നതാണ്.

## പരിഭാഷ നിര്ദേശങ്ങള്:

സാഹചര്യം അനുസരിച്ച്, "ഭവനം" എന്നത് "ഭവനക്കാര്" അല്ലെങ്കില്"ജനം" അല്ലെങ്കില്"കുടുംബം" അല്ലെങ്കില്"സന്തതികള്" അല്ലെങ്കില്"ആലയം" അല്ലെങ്കില്"ആവാസ സ്ഥലം" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

- "ദാവീദിന്റെ ഭവനം" എന്ന പദസഞ്ചയം "ദാവീദിന്റെ വംശാവലി" അല്ലെങ്കില്"ദാവീദിന്റെ കുടുംബം" അല്ലെങ്കില്ദാവീദിന്റെ സന്തതികള്" എന്നിങ്ങനെ പരിഭാഷ ചെയ്യാം. ബന്ധപ്പെട്ട പദപ്രയോഗങ്ങള്ഇതുപോലെ പരിഭാഷ ചെയ്യാം. "ഇസ്രയേല്ഭവനം" എന്നത് വ്യത്യസ്ത രീതിയില്പരിഭാഷ ചെയ്യുന്നതിന് "ഇസ്രയേല്ജനം" അല്ലെങ്കില്"ഇസ്രയേല്സന്തതികള്" അല്ലെങ്കില്"ഇസ്രയേല്യര്" എന്നിങ്ങനെയുള്ള മാര്ഗ്ഗങ്ങള്ഉള്പ്പെടുത്താം.
- യഹോവയുടെ ഭവനം" എന്ന പദസഞ്ചയം "യഹോവയുടെ ദേവാലയം" അല്ലെങ്കില്"യഹോവയെ ആരാധിക്കുന്ന സ്ഥലം" അല്ലെങ്കില്"യഹോവ തന്റെ ജനത്തെ കണ്ടുമുട്ടുന്ന സ്ഥലം" അല്ലെങ്കില്യഹോവ വസിക്കുന്ന സ്ഥലം" എന്ന് പരിഭാഷ ചെയ്യാം.
- "ദൈവത്തിന്റെ ഭവനം" എന്നത് ഈ രീതിയില്പരിഭാഷ ചെയ്യാം.

(കാണുക: ദാവീദ്, സന്തതി, ദൈവ ഭവനം, ഭവനക്കാര്, ഇസ്രയേല്രാജ്യം, സമാഗമന കൂടാരം, ദേവാലയം, യഹോവ)

## ദൈവ വചന സൂചികകള്:

- അപ്പോ.07:41-42
- അപ്പോ.07:47-50
- ഉല്പ്പത്തി 39:3-4
- ഉല്പ്പത്തി 41:39-41
- ലൂക്കോസ് 08:38-39
- മത്തായി 10:5-7
- മത്തായി 15:24-26

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1004, H1005, G3609, G3613, G3614, G3624

# ഭവനക്കാര്, വീട്ടുകാര്

## നിര്വചനം:

"ഭവനക്കാര്" എന്ന പദം ഒരു ഭവനത്തില്വസിക്കുന്ന എല്ലാവരെയും ചേര്ത്ത്, കുടുംബാംഗങ്ങളും അവരുടെ വേലക്കാര്ഉള്പ്പെടെ ഉള്ളവര്എന്ന് സൂചിപ്പിക്കുന്നു.

- ഒരു കുടുംബത്തെ നിര്വഹണം ചെയ്യുക എന്നത് വേലക്കാരെ നിര്ദേശം ചെയ്യുന്നത് ഉള്പ്പെടെ വസ്തുവഹകളുടെ പരിപാലനം നടത്തുന്നത് ആകുന്നു.
- ചില സന്ദര്ഭങ്ങളില്"ഭവനക്കാര്" എന്നത് ഉപമാന രൂപത്തില്ഒരുവന്റെ കുടുംബ വംശത്തില്ഉള്ള എല്ലാവരും, പ്രത്യേകാല്തന്റെ വംശാവലി എന്ന് സൂചിപ്പിക്കുന്നു.

(കാണുക:ഭവനം)

## ദൈവ വചന സൂചികകള്:

- അപ്പോ.07:9-10
- ഗലാത്യര്06:9-10
- ഉല്പ്പത്തി 07:1-3
- ഉല്പ്പത്തി 34:18-19
- യോഹന്നാന്04:53-54
- മത്തായി 10:24-25
- മത്തായി 10:34-36
- ഫിലിപ്പിയര്04:21-23

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1004, H5657, G2322, G3609, G3614, G3615, G3616, G3623, G3624

# ഭാഗികമായ, പക്ഷഭേദം കാണിക്കുക, “പക്ഷഭേദം

## നിര്വചനം:

“വിഭാഗിയത”, എന്നും “പക്ഷഭേദം കാണിക്കുക” ആദിയായവ ഒരു വിഭാഗം ആളുകളെ വേറൊരു വിഭാഗം ആളുകളെക്കാള് കൂടുതല് പ്രാധാന്യം ഉള്ളവരായി കരുതി തിഞ്ഞെടുക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്.

- ഇതിനെ പക്ഷഭേദം കാണിക്കുന്നത്, എന്ന് വെച്ചാല് ഒരു ചിലരെ മറ്റുള്ളവരേക്കാള് മെച്ചമായ നിലയില് പരിഗണിക്കുന്നതിനെ സൂചിപ്പിക്കുന്നു.
- സാധാരണയായി സമ്പന്നന്മാരോ അല്ലെങ്കില് മറ്റുള്ളവരേക്കാല്പ്രശസ്തി ഉള്ളവരോ ആയ ജനത്തോടു പക്ഷഭേദം അല്ലെങ്കില്ഔദാര്യം കാണിക്കാറുണ്ട്.
- സമ്പന്നന്മാരോ ഉയര്ന്ന അന്തസ്സ് ഉള്ളവരെന്നു പറയുന്നവര്ക്കോ അനുകൂലമായി പക്ഷഭേദമോ ഔദാര്യമോ കാണിക്കരുതെന്ന് ദൈവ വചനം നിര്ദേശം നല്കുന്നു.
- റോമര്ക്ക് എഴുതിയ തന്റെ ലേഖനത്തില്, പൌലോസ് പഠിപ്പിക്കുന്നത് ദൈവം ജനത്തെ ഉചിതമായും പക്ഷഭേദം കൂടാതെയും ന്യായം വിധിക്കുന്നു എന്നാണ്.
- യാക്കോബിന്റെ ലേഖനം പഠിപ്പിക്കുന്നത് എന്തെന്നാല് ചിലര്ക്ക് അവര് സമ്പന്നര് ആയതിനാല് പ്രധാന ഇരിപ്പിടങ്ങളും വിശിഷ്ട കരുതലും നല്കുന്നത് തെറ്റു ആകുന്നു എന്നാണ്.

(കാണുക: ആനുകൂല്യം)

## ദൈവ വചന സൂചികകള്:

- ആവര്ത്തന പുസ്തകം 01:17-18
- മലാഖി 02:8-9
- മര്ക്കോസ് 12:13-15
- മത്തായി 22:15-17
- റോമര്:10-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5234, H6440, G991, G1519, G2983, G4299, G4383

# ഭാരം, ഭാരങ്ങള്, ഭാരപ്പെടുത്തപ്പെട്ട, ഭാരമുള്ള

## നിര്വ്വചനം:

ഒരു ഭാരം എന്നത് ഭാരിച്ച ചുമട് ആണ്. ഇതു അക്ഷരീകമായി സൂചിപ്പിക്കുന്നത് മൃഗം കായികമായി ചുമട് ചുമക്കുന്നതുപോലെയുള്ള പണി ചെയ്യുന്നതിനെയാണ്. "ഭാരം" എന്ന പദത്തിന് ഉപമാനരൂപത്തില് നിരവധി അര്ത്ഥങ്ങള് ഉണ്ട്. ഭാരം എന്നത് ഒരു വ്യക്തി ചെയ്തു തീര്ക്കേണ്ട പ്രയാസമുള്ള കര്ത്തവ്യം അല്ലെങ്കില്പ്രധാനപ്പെട്ട ഉത്തരവാദിത്വം എന്നു സൂചിപ്പിക്കാം. താന്ഒരു "ഘനമുള്ള ഭാരം" "ചുമക്കുന്നു" അല്ലെങ്കില്"വഹിക്കുന്നു" എന്നു പറയാം.

- ഒരു ക്രൂരനായ നേതാവ് താന്ഭരിക്കുന്ന ജനങ്ങളുടെമേല്വിഷമകരമായ ഭാരങ്ങള്ചുമത്താം, ഉദാഹരണമായി അവര്വലിയ തുകകള് നികുതികളായി നല്കണമെന്നു ഹെമിക്കാം.
- ഒരു വ്യക്തി മറ്റാര്ക്കും ഒരു ഭാരമാകരുത് എന്നു ചിന്തിക്കുമ്പോള്അത് അപരനായ വ്യക്തിക്ക് യാതൊരു പ്രശ്നവും ഉണ്ടാകരുതെന്ന് താന്കരുതുന്നു.
- ഒരു വ്യക്തിയുടെ പാപത്തിന്റെ കുറ്റബോധം തനിക്ക് ഭാരമായിരിക്കും.
- "കര്ത്താവിന്റെ ഭാരം" എന്നത് ഒരു പ്രവാചകന്ദൈവജനത്തിനു നല്കുന്ന 'ദൈവത്തില്നിന്നുള്ള ദൂത്" ഉപമാനരീതിയില്സൂചിപ്പിക്കുന്നതാണ്. "ഭാരം" എന്ന പദം "ഉത്തരവാദിത്വം' അല്ലെങ്കില്"കടമ" അല്ലെങ്കില്ഭാരിച്ച ചുമട്" അല്ലെങ്കില്"ദൂത്" എന്നിങ്ങനെ സാഹചര്യത്തിനനുസരിച്ചു പരിഭാഷപ്പെടുത്താവുന്നതാണ്.

## ദൈവവചന സൂചികകള്:

- 2 തെസ്സലോനിക്യര്03:6-9
- ഗലാത്യര്06:1-2
- ഗലാത്യര്06:3-5
- ഉല്പ്പത്തി 49:14-15
- മത്തായി 11:28-30
- മത്തായി 23:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H92, H3053, H4614, H4853, H4858, H4864, H4942, H5445, H5447, H5448, H5449, H5450, H6006, G4, G916, G922, G1117, G2347, G2599, G2655, G5413

# ഭിക്ഷ

## നിർവചനം

"ഭിക്ഷ" എന്ന പദം പണം, ഭക്ഷണം, അല്ലെങ്കിൽ പാവപ്പെട്ട ജനത്തിന് നൽകപ്പെടുന്ന ഇതര വസ്തുക്കൾ എന്നു സൂചിപ്പിക്കുന്നു.

- സാധാരണയായി ഭിക്ഷ നൽകുക എന്നതിനെ ജനങ്ങൾ വീക്ഷിക്കുന്നത് അവരുടെ മതം അവരോട് നീതിമാന്മാരായി കണക്കാക്കപ്പെടേണ്ടതിനു ആവശ്യപ്പെടുന്ന പ്രവർത്തി എന്നാണ്.
- യേശു പറഞ്ഞത് ഭിക്ഷ നൽകുന്നത് മറ്റു ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റേണ്ടതിനു പരസ്യമായി ചെയ്യരുത് എന്നാണ്.
- ഈ പദം "പണം" അല്ലെങ്കിൽ "ദരിദ്ര ജനത്തിനുള്ള ദാനങ്ങൾ" അല്ലെങ്കിൽ "പാവപ്പെട്ടവർക്കുള്ള സഹായം" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

## ദൈവവചന സൂചികകൾ:

- അപ്പൊ.പ്രവർത്തികൾ:1-3
- മത്തായി 06;1-2
- മത്തായി 06:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G1654

# ഭീകരത, ഭയപ്പെടുത്തുന്നു, ഭയാനകമായ, ഭയങ്കരത്വം, ഭയചകിതനായ, , ഭീതിപ്പെടുത്തുന്ന

## നിര്വചനം:

“ഭീകരത” എന്ന പദം വളരെ ശക്തമായ ഭയത്തിന്റെ അല്ലെങ്കില്ഭീകരത്വത്തിന്റെ അനുഭവം എന്ന് സൂചിപ്പിക്കുന്നു. ഭയം അനുഭവിക്കുന്ന വ്യക്തിയെ “ഭയചകിതനായ” എന്ന് പറയുന്നു.

- സാധാരണ ഭയത്തെക്കാളും ഭീകരത എന്നത് നാടകീയമായതും ശക്തവുമായ ഒന്നാണ്.
- സാധാരണയായി ഒരു വ്യക്തി ഭയചകിതനായി കാണപ്പെടുമ്പോള്അവരും ഞെട്ടലും പരിഭ്രാന്തി ഉള്ളവരും ആകും.

(കാണുക: പേടി, ഭീകരത)

## ദൈവ വചന സൂചികകള്:

- ആവര്ത്തന പുസ്തകം 28:36-37
- യെഹസ്കേല്23:33-34
- യിരെമ്യാവ് 02:12-13
- ഇയ്യോബ് 21:4-6
- സങ്കീര്ത്തനങ്ങള്055:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H367, H1091, H1763, H2152, H2189, H4032, H4923, H5892, H6343, H6427, H7588, H8047, H8074, H8175, H8178, H8186

# ഭീകരത, ഭീതിപ്പെടുത്തുക, ഭീതിപ്പെടുത്തി, ഭീതികള്, ഭീതിപ്പെടുത്തുക, ഭീതിപ്പെടുത്തപ്പെട്ട, ഭീതിജനകമായ

## നിര്വചനം:

"ഭീതി" എന്ന പദം ഏറ്റവും ഭയത്തിന്റെ പാരമ്യമായ നിലയെ സൂചിപ്പിക്കുന്നു. ആരെയെങ്കിലും "ഭീതിപ്പെടുത്തുക" എന്നാല് ആ വ്യക്തിയെ ഏറ്റവും ഭയചകിതന് ആക്കുക എന്നാണര്ത്ഥം.

- "ഭീതി" എന്നാല് എന്തെങ്കിലും അല്ലെങ്കില് ആരെങ്കിലും കടുത്ത ഭീതി അല്ലെങ്കില് ശങ്ക ഉളവാക്കുക എന്നാണര്ത്ഥം.

ഭീതിയുടെ ഒരു ഉദാഹരണമായി ശത്രു സൈന്യത്തിന്റെ ആക്രമണമോ അല്ലെങ്കില് വളരെ വ്യാപകമായ ഒരു പകര്ച്ച വ്യാധിയോ രോഗമോ നിരവധി ആളുകളെ കൊല്ലുന്നതു ആകാം. ഈ ഭീകരതകളെ "ഭീതിജനകമായ" എന്ന് വിവരിക്കാം. ഈ പദം "ഭയം ഉളവാക്കുന്ന" അല്ലെങ്കില് "ഭീകരത സൃഷ്ടിക്കുന്ന" എന്ന് പരിഭാഷ ചെയ്യാം.

- ദൈവത്തിന്റെ ന്യായവിധി ഒരു ദിവസം തന്റെ കൃപയെ നിരാകരിക്കുന്ന മാനസ്സാന്തരപ്പെടാത്ത ജനത്തിനു ഭീതി ഉളവാക്കുന്നതു ആയിരിക്കും.
- "യഹോവയുടെ ഭീതി" എന്നത് "യഹോവയുടെ ഭയപ്പെടുത്തുന്ന സാന്നിധ്യം" അല്ലെങ്കില് "ഭീതിജനകമായ യഹോവയുടെ ന്യായവിധി" അല്ലെങ്കില് "യഹോവ ഭയങ്കരമായ ഭയത്തെ ഉളവാക്കുമ്പോള്" എന്നിങ്ങനെ പരിഭാഷ ചെയ്യാം. "ഭീകരത" എന്നതിനെ പരിഭാഷ ചെയ്യുവാന് ഉള്ള മാര്ഗ്ഗങ്ങളില് "ഏറ്റവും കടുത്ത ഭയം" അല്ലെങ്കില് "ആഴമായ ശങ്ക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക:എതിരാളി, ഭയം, ന്യായം വിധിക്കുക, ബാധ, യഹോവ)

## ദൈവ വചന സൂചികകള്:

- ആവര്ത്തന പുസ്തകം 02:24-25
- പുറപ്പാട് 14:10-12
- ലൂക്കോസ് 21:7-9
- മര്ക്കോസ് 06:48-50
- മത്തായി 28:5-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H367, H926, H928, H1091, H1161, H1204, H1763, H2111, H2189, H2283, H2731, H2847, H2851, H2865, H3372, H3707, H4032, H4048, H4172, H4288, H4637, H6184, H6206, H6343, H6973, H8541, G1629, G1630, G2258, G4422, G4426, G5401

# ഭൂമി, മണ്ണുകൊണ്ടുള്ള, ഭൌമികമായ

## നിര്വചനം:

മറ്റു ഇതര ജീവ ജാലങ്ങള്ക്ക് ഒപ്പം മനുഷ്യരും ജീവിച്ചു വരുന്ന ലോകത്തെ യാണ് "ഭൂമി" എന്ന പദം സൂചിപ്പിക്കുന്നത്.

- "മണ്ണ്" എന്നത് ഭൂമിയെ ആവരണം ചെയ്തിരിക്കുന്ന പൊടി അല്ലെങ്കില് ധൂളിയെ സൂചിപ്പിക്കുന്നു.
- ഈ പദം സാധാരണയായി ഭൂമിയില് വസിക്കുന്ന മനുഷ്യനെ സൂചിപ്പിക്കുവാന്വേണ്ടി ഉപമാന രീതിയില് ഉപയോഗിക്കാറുണ്ട്. (കാണുക: കാവ്യാലങ്കാരം)
- ഭൂമി ഘോഷിച്ചാനന്ദിക്കട്ടെ" എന്നും "അവന് ഭൂമിയെ ന്യായം വിധിക്കും" എന്നുമൊക്കെ ഉള്ളതു ഈ പദത്തിന്റെ ഉപമാന പ്രയോഗ ങ്ങള്ക്കുള്ള ഉദാഹരണങ്ങള്ആകുന്നു. "ഭൌമികമായ" എന്ന പദം സാധാരണയായി ഭൌതിക വസ്തുക്കള് ആത്മീയ കാര്യങ്ങളുമായി വൈരുദ്ധ്യം പ്രകടിപ്പിക്കുന്നതിനെ സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

ഈ പദം പ്രാദേശിക ഭാഷയില് അല്ലെങ്കില് സാമിപ്യമുള്ള ദേശീയ ഭാഷകളില് നാം വസിക്കുന്ന ഗ്രഹമായ ഭൂമിയെ സൂചിപ്പിക്കുവാന് ഉപയോഗിക്കുന്ന പദമോ പദസഞ്ചയമോ ഉപയോഗിച്ചു പരിഭാഷ പ്പെടുത്താവുന്നതാണ്.

- സാഹചര്യം അനുസരിച്ച്, "ഭൂമി" എന്നത് "ലോകം" അല്ലെങ്കില് "ദേശം" അല്ലെങ്കില് "മണ്ണ്" അല്ലെങ്കില് "ധൂളി" എന്നു പരിഭാഷ ചെയ്യാം.
- ഉപമാന രൂപേണ ഉപയോഗിക്കുമ്പോള്, "ഭൂമി" എന്നത് "ഭൂമിയിലുള്ള ജനം" അല്ലെങ്കില് "ഭൂമിയില് ജീവിക്കുന്ന ജനം" അല്ലെങ്കില് "ഭൂമിയിലുള്ള സകലവും" എന്നു പരിഭാഷ ചെയ്യാവുന്നതാണ്.
- "ഭൌമികമായ" എന്ന പദം പരിഭാഷ ചെയ്യുന്നതിനു "ഭൌതികമായ" അല്ലെങ്കില് "ഈ ഭൂമിയിലെ വസ്തുക്കള്" അല്ലെങ്കില് "ദൃശ്യമായ" എന്നിവ ഉള്പ്പെടുത്താം.

(കാണുക: ആത്മാവ്, ലോകം)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്:38-40
- 2 ദിനവൃത്താന്തങ്ങള്
- ദാനിയേല്:35
- ലൂക്കോസ് 12:51-53
- മത്തായി 06:8-10
- മത്തായി 11:25-27
- സെഖര്യാവ് 06:5-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H127, H772, H776, H778, H2789, H3007, H3335, H6083, H7494, G1093, G1919, G2709, G2886, G3625, G3749, G4578, G5517

# ഭോജന യാഗം, ഭോജന യാഗങ്ങള്

## നിര്വചനം:

സാധാരണയായി ഒരു ഹോമയാഗത്തിനു ശേഷം ഗോതമ്പ് അല്ലെങ്കില്യവ മാവിനാല്ദൈവത്തിനു അര്പ്പിക്കുന്ന ഒരു ദാനമാണ് ഭോജന യാഗം.

- ഭോജന യാഗത്തിന് അര്പ്പിക്കുന്ന ധാന്യം വളരെ നന്നായി പൊടിച്ചിരിക്കണം. ചില സന്ദര്ഭങ്ങളില്ഇത് അര്പ്പിക്കുന്നതിനു മുന്പ് പാചകം ചെയ്യുമായിരുന്നു, എന്നാല്മറ്റു സന്ദര്ഭങ്ങളില്ഇത് പാചകം ചെയ്യാതെ വിടുമായിരുന്നു.
- ഈ മാവിനോടു എണ്ണയും ഉപ്പും ചേര്ക്കുമായിരുന്നു, എന്നാല്പുളിപ്പോ തേനോ അനുവദനീയം ആയിരുന്നില്ല.
- ഈ ഭോജന യാഗത്തിന്റെ ഒരു ഭാഗം ദഹിപ്പിക്കുകയും അതിന്റെ ഒരു ഭാഗം പുരോഹിതന്മാര്ഭക്ഷിക്കുകയും ചെയ്യുമായിരുന്നു.

(കാണുക: ഹോമ യാഗം, കുറ്റനിവാരണ യാഗം, യാഗം, പാപ യാഗം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്23:27-29
- പുറപ്പാട് 29:41-42
- ന്യായാധിപന്മാര്13:19-20
- ലേവ്യപുസ്തകം 02:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4503, H8641

# മടങ്ങി വരിക, മടങ്ങി വരുന്നു, മടങ്ങി വന്നു, മടങ്ങി വരുന്ന

## നിര്വചനം:

“മടങ്ങി വരിക” എന്ന പദം അര്ത്ഥം നല്കുന്നത് തിരകെ പോകുക അല്ലെങ്കില് എന്തെങ്കിലും മടക്കി നല്കുക എന്നാണ്. എന്തെങ്കിലും “പുനരാരംഭിക്കുക” എന്നതിന്റെ അര്ത്ഥം ഒരു പ്രവര്ത്തി വീണ്ടും ആരംഭം കുറിക്കുക എന്നാണ്. ഒരു സ്ഥലത്തേക്ക് അല്ലെങ്കില് വ്യക്തിയുടെ അടുക്കലേക്കു “മടങ്ങി പ്പോകുക” എന്നതിന്റെ അര്ത്ഥം വീണ്ടും ആ സ്ഥലത്തേക്ക് അല്ലെങ്കില് ആ വ്യക്തിയുടെ അടുക്കല് തിരികെ പോകുക എന്നാതാണ്.

- ഇസ്രയേല് ജനം വീണ്ടും അവരുടെ വിഗ്രഹ ആരാധനയിലേക്ക് മടങ്ങി പോയപ്പോള്, അവര് വീണ്ടും അവയെ ആരാധിക്കുവാന് തുടങ്ങുക ആയിരുന്നു.
- അവര് യഹോവയിലേക്ക് മടങ്ങി വന്നപ്പോള്, അവര് മാനസ്സാന്തരപ്പെടുകയും, വീണ്ടും യഹോവയെ ആരാധിക്കുകയും ആയിരുന്നു.
- വേറൊരു വ്യക്തിയുടെ പക്കല് നിന്നും ലഭിച്ചതായ നിലമോ അല്ലെങ്കില് മറ്റ് ഏതെങ്കിലും വസ്തുവോ തിരികെ നല്കുക എന്ന് പറയുമ്പോള് വസ്തു ഏതു വ്യക്തിക്ക് ആര്ജ്ജിതമായി ഇരിക്കുന്നുവോ ആ വ്യക്തിക്ക് തന്നെ തിരികെ നല്കുന്നതിനെ സൂചിപ്പിക്കുന്നു.

(കാണുക: തിരിയുക)

## ദൈവ വചന സൂചികകള്:

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5437, H7725, H7729, H8421, H8666, G344, G360, G390, G1877, G1880, G1994, G5290

# മണവാളന്, വരന്മാര്

## നിര്വചനം:

ഒരു വിവാഹച്ചടങ്ങില്, വരനാണ് വധുവിനെ വിവാഹം കഴിക്കുന്ന വ്യക്തി. ദൈവവചനകാലഘട്ടത്തിലെ യഹൂദസംസ്കാരത്തില്, ഈ ചടങ്ങ് വധുവിനെ വിവാഹം കഴിക്കുവാന്ആഗതനാകുന്ന മണവാളനെ കേന്ദ്രീകരിച്ചായിരിക്കും. നടക്കുക.

- ദൈവവചനത്തില്,യേശുവിനെ ഉപമാനാര്ത്ഥം തന്റെ മണവാട്ടിയാകുന്ന "സഭയെ" വിവാഹം കഴിക്കുവാന്ഒരു ദിവസം ആഗതനാകുന്ന "മണവാളന്" എന്നു വിളിക്കുന്നു.
- മണവാളന്കൂടെയുള്ളപ്പോള് ഉള്ലാസത്തോടെയിരിക്കുന്ന തോഴന്മാരായി തന്റെ ശിഷ്യന്മാര്ആയിരിക്കുകയും, എന്നാല്താന്പോകുമ്പോള്അവര്ദു:ഖി ക്കുകയും ചെയ്യേണ്ടിവരും എന്നു യേശു അവരെ ഉപമിച്ചു പറഞ്ഞു.

(കാണുക: വധു)

## ദൈവവചന സൂചികകള്:

- യെശയ്യാവ് 62:5
- യോവേല്02:15-16
- യോഹന്നാന്03:29-30
- ലൂക്കോസ് 05:33-35
- മര്ക്കോസ് 02:18-19
- മര്ക്കോസ് 02:20-21
- മത്തായി 09:14-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2860, G3566

# മണിക്കൂര്, മണിക്കൂറുകള്

## നിര്വചനം:

“മണിക്കൂര്” എന്ന പദം സാധാരണയായി ഒരു പ്രത്യേക സംഭവം ദിവസത്തിന്റെ ഏതുസമയത്തു നടന്നു എന്നു സൂചിപ്പിക്കുവാന്ഉപയോഗിക്കുന്നു. ഇതു “സമയം” അല്ലെങ്കില്”സന്ദര്ഭം” എന്നതിനെ അര്ത്ഥമാക്കുവാനും ഉപമാനമായി ഉപയോഗിക്കുന്നു.

- യഹൂദന്മാര്സൂര്യോദയം മുതല്പകല്എണ്ണുവാന്തുടങ്ങുന്നു.(ഏകദേശം രാവിലെ 6മണിക്ക്) ഉദാഹരണമായി, “ഒന്പതാം മണി” എന്നത് “ ഏകദേശം ഉച്ചതിരിഞ്ഞ് മൂന്നു മണി ആണ്”. രാത്രിനേര മണിക്കൂറുകള്സൂര്യാസ്തമന (ഏകദേശം 6 മണി വൈകുന്നേരം) ത്തില്ആരംഭിക്കുന്നു. ഉദാഹരണമായി, “രാത്രി മൂന്നാം മണി നേരം” അര്ത്ഥമാക്കുന്നത് വൈകുന്നേരം ഏകദേശം ഒന്പതു മണി” എന്നു വര്ത്തമാന കാല സംവിധാനത്തില്കാണാം. ദൈവവചനത്തില്പറഞ്ഞിരിക്കുന്ന സമയവും വര്ത്തമാനകാല സമയ ചിട്ടയും ഏറ്റവും യോജിച്ചു പോകുന്നില്ല എന്നതിനാല്, “ഏകദേശം ഒന്പത്” അല്ലെങ്കില്“ഏകദേശം ആറു മണി” എന്നിപ്രകാരം ഉപയോഗിക്കാം.
- ചില പരിഭാഷകളില്“വൈകുന്നേരത്തില്” അല്ലെങ്കില്“പ്രഭാതത്തില്” അല്ലെങ്കില്“ഉച്ചകഴിഞ്ഞ്” എന്നിങ്ങനെ ദിവസത്തിന്റെ ഏതു സമയത്താണ് എന്നു വ്യക്തമാക്കുവാന്സാധിക്കും.
- “ആ നാഴികയില്” എന്നത് “ആ സമയത്ത്” അല്ലെങ്കില്“ആ സന്ദര്ഭത്തില്” എന്നീ പദസഞ്ചയങ്ങളാല്പരിഭാഷപ്പെടുത്താം.
- “യേശുവിനെ സൂചിപ്പിക്കവേ, “അവന്റെ സമയം വന്നു” എന്നത് “അവന്റെതായ സമയം വന്നു” അല്ലെങ്കില്അവനു നിയമിക്കപ്പെട്ടതായ സമയം വന്നു” എന്നു പരിഭാഷപ്പെടുത്താം.

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്02:14-15
- യോഹന്നാന്04:51-52
- ലൂക്കോസ് 23:44-45
- മത്തായി 20:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8160, G5610

# മദ്ധ്യസ്ഥന്

## നിര്വചനം:

ഒരു മദ്ധ്യസ്ഥന്എന്ന വ്യക്തി രണ്ടോ അതില്അധികമോ ഉള്ള വ്യക്തികളെ അവര്ക്ക് ഇടയില്ഉള്ള വിയോജിപ്പിനെയോ സംഘര്ഷത്തെയോ പരസ്പരം പരിഹരിക്കുന്നതിന് സഹായിക്കുന്ന വ്യക്തി. അവര്നിരപ്പ് പ്രാപിച്ചു വരുവാന്ഇദ്ദേഹം സഹായിക്കുന്നു.

- ജനം പാപം ചെയ്തതുകൊണ്ട്, അവര്ദൈവത്തിന്റെ ശത്രുക്കളായി അവന്റെ ക്രോധത്തിനും ശിക്ഷാവിധിക്കും യോഗ്യര്ആകുന്നു. പാപം നിമിത്തം, ദൈവത്തിനും തന്റെ ജനത്തിനും ഇടയില്ഉണ്ടായിരുന്ന ബന്ധം വിച്ഛേദിക്കപ്പെട്ടു.
- പിതാവായ ദൈവത്തിന്റെയും തന്റെ ജനത്തിന്റെയും ഇടയില് തകര്ക്കപ്പെട്ട ആ ബന്ധത്തെ മദ്ധ്യസ്ഥനായ യേശുക്രിസ്തു, അവരുടെ പാപത്തിന്റെ ശമ്പളമായി തന്റെ മരണത്തില്കൂടെ നല്കി ക്കൊണ്ട് പുന:സ്ഥാപിച്ചു.

## പരിഭാഷ നിര്ദേശങ്ങള്:

- "മദ്ധ്യസ്ഥന്" എന്നതിന്റെ പരിഭാഷ ചെയ്യുവാന്ഉള്ള മാര്ഗ്ഗങ്ങളില്"വ്യക്തികള്ക്കിടയില്കടന്നു ചെല്ലുന്നവന്" അല്ലെങ്കില്"അനുരഞ്ജകന്" അല്ലെങ്കില്"സമാധാനം കൊണ്ട് വരുന്ന വ്യക്തി." ഉപയോഗിക്കാം.
- ഈ പദത്തെ "പുരോഹിതന്" എന്ന പദം എപ്രകാരം പരിഭാഷ ചെയ്തിരിക്കുന്നു എന്നതുമായി താരതമ്യം ചെയ്യുക. "മദ്ധ്യസ്ഥന്" എന്ന പദം വ്യത്യസ്തമായി പരിഭാഷ ചെയ്യുന്നുവെങ്കില്വളരെ ഉചിതം ആയിരിക്കും.

(കാണുക: പുരോഹിതന്, നിരപ്പിക്കുക)

## ദൈവ വചന സൂചികകള്:

- 1 തിമോത്തിയോസ് 02:5-7
- ഗലാത്യര്03:19-20
- എബ്രായര്08:6-7
- എബ്രായര്12:22-24
- ലൂക്കോസ് 12:13-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3887, G3312, G3316

# മദ്യം, ലഹരി പാനീയങ്ങള്

## നിര്വചനം:

“ലഹരി കൂട്ടിയ പാനീയം” എന്ന പദം സൂചിപ്പിക്കുന്നത് ലഹരി പിടിപ്പിച്ചതും അതില് ചാരായം കലര്ന്നിട്ടുള്ളതും ആയ പാനീയത്തെ സൂചിപ്പിക്കുന്നു.

- ചാരായം കലര്ന്ന പാനീയങ്ങള് ധാന്യങ്ങളില് നിന്നോ പഴങ്ങളില് നിന്നോ അവ പുളിപ്പിക്കല് പ്രക്രിയയ്ക്ക് വിധേയമാക്കി അവ നിര്മ്മിക്കുന്നു..
- മദ്യപാനങ്ങളില് മുന്തിരി വീഞ്ഞ്, പനവീഞ്ഞ്, ബീയര്, ആപ്പിള് നീരില് നിന്നും ഉള്ള മദ്യം എന്നീ വകകള് ഉണ്ട്. ദൈവ വചനത്തില്, മുന്തിരി വീഞ്ഞ് ഏറ്റവും വീര്യം കൂടിയതായി അടിക്കടി സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.
- പുരോഹിതന്മാരും “നാസീര് വ്രതം” പോലെ പ്രത്യേക വ്രതങ്ങള് സ്വീകരിച്ചിട്ടുള്ളവര്ലഹരി കൂട്ടിയ പാനീയങ്ങള് കുടിക്കുവാന് അനുവദിക്കപ്പെട്ടിട്ടില്ല.
- ഈ പദം “ലഹരി പിടിപ്പിച്ച പാനീയം” അല്ലെങ്കില് “ചാരായം കലര്ന്ന പാനീയം” എന്ന് പരിഭാഷ ചെയ്യാം.

(കാണുക: മുന്തിരി, നാസീര്വ്യതസ്തന്, നേര്ച്ച, വീഞ്ഞ്)

## ദൈവ വചന സൂചികകള്:

- യെശ്ശയ്യാവ് 05:11-12
- ലേവ്യപുസ്തകം 10:8-11
- ലൂക്കോസ് 01:14-15
- സംഖ്യാപുസ്തകം 06:1-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5435, H7941, G4608

# മദ്യപിച്ച, മദ്യപാനി

## നിര്വചനം:

"മദ്യപിച്ച" എന്ന വാക്കിന്റെ അര്ത്ഥം ലഹരിയുള്ള മദ്യം വളരെയധികം കുടിച്ചു മത്തു പിടിച്ചിരിക്കുന്നതിനെ സൂചിപ്പിക്കുന്നു.

- ഒരു 'മദ്യപാനി" എന്നത് തുടര്മാനമായി മദ്യം കുടിക്കുന്ന വ്യക്തി എന്നര്ത്ഥം. ഇപ്രകാരമുള്ള വ്യക്തിയെ 'മദ്യാസക്തന്' എന്നും സൂചിപ്പിക്കുന്നു.
- ദൈവവചനം പറയുന്നത് വിശ്വാസികള് ലഹരിയുള്ള മദ്യം കുടിക്കുന്നവര്ആയിരിക്കരുത്, പ്രത്യുത ദൈവത്തിന്റെ പരിശുദ്ധാത്മാവിനാല് നിയന്ത്രിക്കപ്പെട്ടവര്ആയിരിക്കണം എന്നാണ്.
- ദൈവവചനം പഠിപ്പിക്കുന്നത് മദ്യപാനം ബുദ്ധിഹീനതയും ഒരു വ്യക്തിയെ വിവിധ നിലകളില് പാപത്തിനായി പ്രേരിപ്പിക്കുന്നതും ആയിരിക്കും എന്നാണ്.
- "മദ്യപാനം" എന്ന പദം ഇതര രീതികളില് പരിഭാഷപ്പെടുത്തുവാന്, "മത്തനായ" അല്ലെങ്കില് "ലഹരി പിടിച്ചവനായ" അല്ലെങ്കില് "അത്യധികമായി മദ്യം കഴിച്ച" അല്ലെങ്കില് "വളരെ അധികം ലഹരിയുള്ള പാനീയത്താല് നിറഞ്ഞ" ആദിയായവ ഉള്പ്പെടുത്താം.

(കാണുക: വീഞ്ഞ്)

## ദൈവവചന സൂചികകള്:

- 1 കൊരിന്ത്യര് 05:11-13
- 1 ശമുവേല് 25:36
- യിരെമ്യാവ് 13:12-14
- ലൂക്കോസ് 07:33-35
- ലൂക്കോസ് 21:34-35
- സദൃശവാക്യങ്ങള് 23:19-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5433, H5435, H7301, H7302, H7910, H7937, H7941, H7943, H8354, H8358, G3178, G3182, G3183, G3184, G3630, G3632

# മനസ്സിലാക്കുക, മനസ്സിലാക്കുന്നു, മനസ്സിലാക്കി, ഗ്രാഹ്യം

## നിര്വചനം:

"മനസ്സിലാക്കുക" എന്ന പദം അര്ത്ഥം നല്കുന്നത് വിവരം കേള്ക്കുകയോ പ്രാപിക്കുകയോ ചെയ്യുകയും അത് എന്താണ് അര്ത്ഥമാക്കുന്നത് എന്ന് അറിയുകയും ചെയ്യുക എന്നുള്ളതാണ്.

- "ഗ്രാഹ്യം" എന്ന പദം "അറിവ്" അല്ലെങ്കില് "ജ്ഞാനം" അല്ലെങ്കില്എന്തെങ്കിലും എപ്രകാരം ചെയ്യണം എന്ന് ബോധ്യം ഉള്ളതായി ഇരിക്കുക എന്നാണ് സൂചിപ്പിക്കുന്നത്.
- ഒരു മനുഷ്യനെ കുറിച്ച് മനസ്സിലാക്കുക എന്നാല്ആ മനുഷ്യന്എപ്രകാരം ചിന്തിക്കുന്നു എന്ന് അറിഞ്ഞിരിക്കുക എന്നാണ് അര്ത്ഥം ആക്കുന്നത്. എമ്മവൂസിലേക്കുള്ള പാതയില്നടക്കുമ്പോള്, യേശു ആ ശിഷ്യന്മാര്ക്ക് മശീഹയെ സംബന്ധിച്ച തിരുവെഴുത്തുകളുടെ അര്ത്ഥം എന്തെന്ന് മനസ്സിലാക്കുവാന്ഇടവരുത്തി.
- സാഹചര്യം അനുസരിച്ച്, "മനസ്സിലാക്കുക" എന്ന പദം "അറിയുക" അല്ലെങ്കില് "വിശ്വസിക്കുക" അല്ലെങ്കില്"ഗ്രഹിക്കുക" അല്ലെങ്കില്"(എന്തിനെക്കുറിച്ചെങ്കിലും)എന്ത് അര്ത്ഥമാണ് നല്കിയിരിക്കുന്നത് എന്ന് അറിയുക" എന്ന് പരിഭാഷ ചെയ്യാം.
- സാധാരണയായി "ഗ്രാഹ്യം" എന്ന പദം "അറിവ്" അല്ലെങ്കില്"ജ്ഞാനം" അല്ലെങ്കില്"ഉള്ക്കാഴ്ച" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: വിശ്വസിക്കുക, അറിയുക, ജ്ഞാനമുള്ള)

## ദൈവ വചന സൂചികകള്:

- ഇയ്യോബ് 34:16-17
- ലൂക്കോസ് 02:45-47
- ലൂക്കോസ് 08:9-10
- മത്തായി 13:10-12
- മത്തായി 13:13-14
- സദൃശവാക്യം 03:5-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H995, H998, H999, H1847, H2940, H3045, H3820, H3824, H4486, H7200, H7306, H7919, H7922, H7924, H8085, H8394, G50, G145, G191, G801, G1097, G1107, G1108, G1271, G1921, G1922, G1987, G1990, G2657, G3129, G3539, G3563, G3877, G4441, G4907, G4908, G4920, G5424, G5428, G5429, G6063

# മനസ്സ്, മനസ്സുകള്, മനസ്സ് വെച്ചു, മനസ്സുള്ള, ഓര്മ്മിപ്പിക്കുക, ഓര്മ്മിപ്പിക്കുന്നു, ഓര്മ്മിപ്പിച്ചു, ഓര്മ്മിപ്പിക്കുന്നത്, ഓര്മ്മിപ്പിക്കുന്നവ, ഓര്മ്മിപ്പിക്കുന്നു, ഒരുപോലെ മനസുള്ള

## നിര്വചനം:

"മനസ്സ്" എന്ന പദം സൂചിപ്പിക്കുന്നത് ചിന്തിക്കുകയും തീരുമാനങ്ങള് എടുക്കുകയും ചെയ്യുന്ന ഒരു വ്യക്തിയുടെ ഭാഗം എന്ന് സൂചിപ്പിക്കുന്നു.

- ഓരോ വ്യക്തിയുടെയും മനസ്സ് എന്ന് പറയുന്നത് അവന്റെ അല്ലെങ്കില് അവളുടെ ചിന്തകളുടെയും യുക്തിപൂര്വ അനുമാനങ്ങളുടെയും ആകെത്തുക ആകുന്നു.
- "ക്രിസ്തുവിന്റെ മനസ്സ് ഉണ്ടാകുക" എന്നതിന്റെ അര്ത്ഥം യേശുക്രിസ്തു ചിന്തിക്കുകയും പ്രവര്ത്തിക്കുകയും ചെയ്യുന്നതുപോലെ ചിന്തിക്കുകയും പ്രവര്ത്തിക്കുകയും ചെയ്യുക എന്നാണു അര്ത്ഥം നല്കുന്നത്. ഇതിന്റെ അര്ത്ഥം പിതാവായ ദൈവത്തിനു അനുസരണം ഉള്ളവരായി, ക്രിസ്തുവിന്റെ ഉപദേശങ്ങള് അനുസരിച്ച് കൊണ്ട്, പരിശുദ്ധാത്മാവിന്റെ ശക്തിയാല്ഇത് ചെയ്യുവാന് കഴിവുള്ളവന് ആകുക എന്നാണ്.
- "അവന്റെ മനസ്സിന് വ്യതിയാനം സംഭവിക്കുക" എന്നതിനു ഒരുവന് മുന്പ് ഉണ്ടായിരുന്ന അഭിപ്രായത്തിനു വ്യത്യസ്തമായി പിന്നീട് വേറൊരു തീരുമാനമോ വ്യത്യസ്ത അഭിപ്രായമോ ഉണ്ടാകുക എന്ന് അര്ത്ഥം നല്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "മനസ്സ്" എന്ന പദം "ചിന്തകള്" അല്ലെങ്കില് "യുക്തിപൂര്വ അനുമാനങ്ങള്" അല്ലെങ്കില് "ചിന്തകള്" അല്ലെങ്കില് "മനസ്സിലാക്കല്" എന്നും പരിഭാഷ ചെയ്യാം.
- "മനസ്സില് സൂക്ഷിക്കുക" എന്ന പദപ്രയോഗം "ഓര്ക്കുക" അല്ലെങ്കില് "ഇതിനു ശ്രദ്ധ പതിപ്പിക്കുക" അല്ലെങ്കില് ഇത് അറിയുവാന് ഉറപ്പുള്ളവന് ആകുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ഹൃദയം, ആത്മാവ്, മനസ്സ്" മുതലായ പദപ്രയോഗങ്ങള്" നീ എന്ത് ചിന്തിക്കുന്നുവോ, നീ എന്ത് വിശ്വസിക്കുന്നുവോ, നീ എന്തിനെക്കുറിച്ച് ആലോചിക്കുന്നുവോ" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- മനസ്സില് വരുത്തുക" എന്ന പദപ്രയോഗം "ഓര്മ്മയില് വരുത്തുക" അല്ലെങ്കില്"കുറിച്ച് ചിന്തിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "തന്റെ മനസ്സ് മാറി കടന്നു പോയി" എന്ന പദപ്രയോഗം "വ്യത്യസ്തമായി തീരുമാനിച്ചു കടന്നു പോയി" അല്ലെങ്കില് "എല്ലാറ്റിനും ശേഷം വിട്ടു പോകുവാന് തീരുമാനിച്ചു" അല്ലെങ്കില് "തന്റെ അഭിപ്രായം മാറ്റി കടന്നു പോയി" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "ഇരു-മനസ്സ് ഉള്ള" എന്ന പദപ്രയോഗം "സംശയിക്കുന്ന" അല്ലെങ്കില് "തീരുമാനം എടുക്കുവാന് കഴിയാത്ത" അല്ലെങ്കില് "ചിന്തകള് സംഘട്ടനം നടത്തുന്ന'' എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക: വിശ്വസിക്കുക, ഹൃദയം, ആത്മാവ്)

## ദൈവ വചന സൂചികകള്:

- ലൂക്കോസ് 10:25-28
- മര്ക്കോസ് 06:51-52
- മത്തായി 21:28-30
- മത്തായി 22:37-38
- യാക്കോബ് 04:08

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3629, H3820, H3824, H5162, H7725, G1271, G1374, G3328, G3525, G3540, G3563, G4993, G5590

# മരിക്കുക, മരിക്കുന്നു, മരിച്ചു, മരിച്ച, മരണകരമായ, മൃതാവസ്ഥ, മരണം, മരണങ്ങള്, മരണം സംബന്ധിച്ച

## നിര്വചനം:

ഈ പദം ശാരീരികവും ആത്മീയവുമായ രണ്ടു മരണങ്ങളെയും സൂചിപ്പിക്കുന്നു. ശാരീരികമായി, ഇതു ശരീരം എപ്പോള്ജ ജീവിക്കുന്നത് നിര്ത്തുന്നുവോ അതിനെ സൂചിക്കുന്നു. ആത്മീയമായി, തങ്ങളുടെ പാപം നിമിത്തം വിശുദ്ധനായ ദൈവത്തില്നിന്നും പാപികള് വേര്പിരിയുന്നതിനെ ഇതു സൂചിപ്പിക്കുന്നു.

### 1. ശാരീരിക മരണം

- “മരിക്കുക” എന്നാല് ജീവിക്കുന്നത് നിര്ത്തുക എന്നര്ത്ഥം.

മരണമെന്നത് ശാരീരിക ജീവന്റെ അന്ത്യമാണ്.

- ഒരു മനുഷ്യന് മരിക്കുമ്പോള് തന്റെ ആത്മാവ് തന്റെ ശരീരത്തില്നിന്ന് വേര്പെടുന്നു.
- ആദാമും ഹവ്വയും പാപം ചെയ്തപ്പോള് ശാരീരിക മരണം ലോകത്തില് പ്രവേശിച്ചു.
- “മരണത്തിനു ഏല്പ്പിക്കുക” എന്ന പദപ്രയോഗം ആരെയെങ്കിലും കൊല്ലുക, പ്രത്യേകാല് ഒരു രാജാവോ മറ്റു ഭരണാധികാരിയോ ഒരാളെ വധിക്കുവാന് കല്പ്പന കൊടുക്കുന്നതിനെ സൂചിപ്പിക്കുന്നു.

### 2. ആത്മീയ മരണം

- ആത്മീയ മരണം എന്നത് ഒരു മനുഷ്യന് ദൈവത്തില് നിന്ന് വേര്പിരിക്കപ്പെടുന്നതാണ്.
- ദൈവത്തെ അനുസരിക്കാതെ ഇരുന്നത് നിമിത്തം ആദാം ആത്മീയമായി മരിച്ചു.

ദൈവവുമായി ഉള്ള തന്റെ ബന്ധം മുറിക്കപ്പെട്ടു. താന് ലജ്ജിതനായി ദൈവത്തില് നിന്നും ഒളിച്ചു കൊള്ളുവാന് ശ്രമിച്ചു.

- ആദാമിന്റെ ഓരോ സന്തതിയും പാപിയാണ്, ആത്മീയമായി മരിച്ച വനുമാണ്.

നാം യേശുക്രിസ്തുവില് വിശ്വാസമുള്ളവര്ആകുമ്പോള്, ദൈവം നമ്മെ വീണ്ടും ആത്മീയമായി ജീവന് ഉള്ളവരാക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം പരിഭാഷപ്പെടുത്തുവാന്, മരണത്തിനു ലക്ഷ്യമിട്ടിട്ടുള്ള ഭാഷയില് അനുദിനം ഉപയോഗിക്കുന്ന പദം, പ്രകൃത്യായുള്ള പദം അല്ലെങ്കില് പദപ്രയോഗം ഉപയോഗിക്കുന്നത് ഏറ്റവും ഉചിതമാണ്.
- ചില ഭാഷകളില്, “മരിക്കുക” എന്നതിനു “ജീവിക്കുന്നില്ല” എന്നു പദം ഉപയോഗിക്കുന്നു. “മരിച്ച” എന്ന പദം “ജീവന്ഇല്ലാത്ത” അല്ലെങ്കില് “യാതൊരു ജീവനും ഇല്ലാത്ത” അല്ലെങ്കില് “ജീവിക്കാത്ത” എനിങ്ങനെ പരിഭാഷപ്പെടുത്താം.
- പല ഭാഷകളിലും മരണത്തെ സൂചിപ്പിക്കുവാന് ഉപമാനരൂപേണ, ഇംഗ്ലിഷില്“കടന്നുപോയി” എന്നര്ത്ഥം വരുന്നതു പോലെ ഉള്ള പദങ്ങള് ഉപയോഗിക്കുന്നുണ്ട്. എങ്കിലും, ദൈവ വചനത്തില് മരണത്തിനു ഉപയോഗിച്ചിരിക്കുന്ന ഏറ്റവും നല്ല പദം തന്നെയാണ് എല്ലാ ഭാഷകളിലും ഉപയോഗിച്ചിരി ക്കുന്നത്.
- ദൈവവചനത്തില്, ശാരീരിക ജീവനും മരണവും ആത്മീയജീവനും മരണത്തിനും താരതമ്യം ചെയ്തിട്ടുണ്ട്. ശാരീരിക മരണത്തിനും ആത്മീയമരണത്തിനും അതെ പദം അല്ലെങ്കില് പദസഞ്ചയം തന്നെ പരിഭാഷയില് ഉപയോഗിക്കേണ്ടത് പ്രാധാന്യമ ര്ഹിക്കുന്നു.
- ചില ഭാഷകളില് സാഹചര്യം കൂടുതല് വ്യക്തമായി പറയേണ്ടതു ആകയാല് സാഹചര്യം അര്ത്ഥം ആവശ്യപ്പെടുന്നതുകൊണ്ട് ‘ആത്മീയ മരണം” എന്നു തന്നെ പറയുന്നു. ചില പരിഭാഷകര് “ശാരീരിക മരണം” എന്നു ആത്മീയ മരണത്തിനു വിരുദ്ധമായി പറയേണ്ടതു ആകയാല് അത് കൂടുതല് നല്ലത് എന്നു ചിന്തിക്കുന്നു.

- "മരിച്ചവന്" എന്ന പദപ്രയോഗം സാധാരണയായി മരിച്ചതായ വ്യക്തിയെ സൂചിപ്പിക്കുന്ന വിശേഷണ പദമാണ്. ചില ഭാഷകളില് ഇതു "മരിച്ച ജനം" അല്ലെങ്കില് മരിച്ചതായ ജനം" എന്നു പരിഭാഷപ്പെടുത്താറുണ്ട്. (കാണുക:സാധാരണ നാമവിശേഷണം
- "മരണത്തിനു വിധിക്കുക" എന്ന പദപ്രയോഗം "കൊല്ലുക" അല്ലെങ്കില് "കൊലപ്പെടുത്തുക" അല്ലെങ്കില് "വധിക്കുക" എന്നു പരിഭാഷപ്പെടുത്താം.

(കാണുക: വിശ്വസിക്കുക, വിശ്വാസം, ആത്മാവ്)

## ദൈവവചന സൂചികകള്:

- 1 കൊരിന്ത്യര്:20-21
- 1 തെസ്സലോനിക്യര്04:16-18
- അപ്പോ.പ്രവര്ത്തികള്10:42-43
- അപ്പോ.പ്രവര്ത്തികള്14:19-20
- കൊലോസ്സ്യര്:13-15
- കൊലോസ്സ്യര്:20-23
- ഉല്പത്തി 02:15-17
- ഉല്പത്തി 34:27-29
- മത്തായി 16:27-28
- റോമര്:10-11
- റോമര്:12-13
- റോമര്:10-11

## ദൈവവചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **01:11** നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷം ഒഴികെ തോട്ടത്തിലുള്ള ഏതു വൃക്ഷത്തിന്റെയും ഫലം കഴിക്കാമെന്നു ദൈവം അബ്രഹാമിനോട് പറഞ്ഞു. താന്ഈ മരത്തില്നിന്നും കഴിച്ചാല്, അവന് **മരിക്കും**.
- **02:11**"അപ്പോള് നീ **മരിക്കും**, നിന്റെ ശരീരം മണ്ണിലേക്ക് തിരികെ ചേരും."
- **07:10**അനന്തരം യിസഹാക്ക് **മരിച്ചു** യാക്കോബും എശാവും അവനെ അടക്കം ചെയ്തു.
- **37:05**"യേശു മറുപടി പറഞ്ഞത്, "ഞാന് തന്നെ ഉയിര്ത്തെഴുന്നേ ല്പ്പും ജീവനും ആകുന്നു." എന്നില് വിശ്വസിക്കുന്നവന് ഏവനും അവന് **മരിച്ചാലും** ജീവിക്കും. എന്നില് വിശ്വസിക്കുന്ന ഏവനും ഒരിക്കലും **മരിക്കയില്ല**.
- **40:08** തന്റെ **മരണത്തില്** കൂടെ, യേശു മനുഷ്യര് ദൈവത്തിന്റെ അടുക്കല് വരുവാന് ഒരു വഴി തുറന്നു.
- **43:07** "യേശു **മരിച്ചുവെങ്കിലും**, ദൈവം അവനെ മരിച്ചവരില് നിന്നും ഉയിര്പ്പിച്ചു."
- **48:02** അവര് പാപം ചെയ്യുകയാല് ഭൂമിയില് ഉള്ള സകലരും രോഗികളാകുകയും എല്ലാവരും **മരിക്കുകയും** ചെയ്തു.
- **50:17** അവന് (യേശു) എല്ലാവരുടെ കണ്ണുനീരും തുടക്കുകയും ഇനിമേല് കഷ്ടത, ദുഃഖം, കരച്ചില്, തിന്മ, വേദന,അല്ലെങ്കില് **മരണം** എന്നിവ ഉണ്ടാകുകയും ഇല്ല..

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6, H1478, H1826, H1934, H2491, H4191, H4192, H4193, H4194, H4463, H5038, H5315, H6297, H6757, H7496, H7523, H8045, H8546, H8552, G336, G337, G520, G581, G599, G615, G622, G684, G1634, G1935, G2079, G2253, G2286, G2287, G2288, G2289, G2348, G2837, G2966, G3498, G3499, G3500, G4430, G4880, G4881, G5053, G5054

# മരുഭൂമി, മരുഭൂമികൾ, നിർജ്ജന പ്രദേശം, നിർജ്ജന പ്രദേശങ്ങൾ

## നിർവചനം:

ഒരു മരുഭൂമി, അല്ലെങ്കിൽ നിർജ്ജന പ്രദേശം എന്നത് വരണ്ട, ഊഷരമായ വളരെ കുറച്ചു സസ്യങ്ങളും മരങ്ങളും മാത്രം വളരുവാൻ കഴിയുന്ന പ്രദേശം.

- മരുഭൂമി എന്നത് വരണ്ട കാലാവസ്ഥയുള്ളതും നാമമാത്രമായ സസ്യങ്ങളോ മൃഗങ്ങളോ ഉള്ളതുമായ പ്രദേശം ആണ്.
- കഠിനമായ സാഹചര്യങ്ങളാൽ, വളരെ വിരളമായ ജനങ്ങൾക്കു മാത്രമേ മരുഭൂമിയിൽ ജീവിക്കുവാൻ കഴികയുള്ളൂ, ആയതിനാൽ ഇതിനെ "നിർജന പ്രദേശം" എന്നും സൂചിപ്പിക്കുന്നു.
- "നിർജന പ്രദേശം" എന്നത് ജനങ്ങളിൽ നിന്നും വിദൂരമായ, വിജനമായ, ഒറ്റപ്പെട്ട പ്രദേശം എന്നുള്ള അർത്ഥം നൽകുന്നു.
- ഈ വാക്ക് "പരിത്യജിക്കപ്പെട്ട സ്ഥലം" അല്ലെങ്കിൽ "വിദൂരമായ സ്ഥലം "അല്ലെങ്കിൽ ''ആൾപ്പാർപ്പില്ലാത്ത സ്ഥലം" എന്നു പരിഭാഷ ചെയ്യാം.

## ദൈവവചന സൂചികകൾ:

- അപ്പോ.പ്രവർത്തികൾ13:16-18
- അപ്പോ.പ്രവർത്തികൾ21:37:38
- പുറപ്പാട് 04:27-28
- ഉൽപ്പത്തി 37:21-22
- യോഹന്നാൻ:14-15
- ലൂക്കോസ് 01:80
- ലൂക്കോസ് 09:12-14
- മർക്കോസ് 01:1-3
- മത്തായി 04:1-4
- മത്തായി 11:7-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H776, H2723, H3293, H3452, H4057, H6160, H6723, H6728, H6921, H8047, H8414, G2047, G2048

# മര്ക്കടമുഷ്ടിയായ, പിടിവാശിയുള്ള, പിടിവാശി

## നിര്വചനം

“മര്ക്കടമുഷ്ടിയുള്ള” എന്ന പദം ദൈവവചനത്തില്ജനങ്ങള്ദൈവത്തെ അനുസരിക്കാതെ ഇരിക്കുകയും മാനസ്സാന്തരപ്പെടുവാന്വിസ്സമ്മതിക്കുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്ന ഒരു ഭാഷാശൈലി ആകുന്നു. ഇപ്രകാരമുള്ള ജനം അഹങ്കാരികളും ദൈവത്തിന്റെ അധികാരത്തിനു സമര്പ്പിക്കാത്തവരും ആകുന്നു.

- അതുപോലെ, “പിടിവാശി” എന്ന പദം വിവരിക്കുന്നത് വളരെ നിര്ബന്ധം പ്രകടിപ്പിച്ചിട്ടും തന്റെ മനസ്സോ അല്ലെങ്കില്പ്രവര്ത്തിയോ മാറ്റുവാന്വിസ്സമ്മതം കാണിക്കുന്ന ഒരു വ്യക്തിയെ കുറിക്കുന്നു. പിടിവാശിയുള്ള ജനം മറ്റുള്ളവര്അവര്ക്ക് നല്കുന്ന നല്ല ഉപദേശങ്ങളെയോ അല്ലെങ്കില്മുന്നറിയിപ്പുകളെയോ ശ്രദ്ധിക്കുകയില്ല.
- പഴയ നിയമം ഇസ്രയേലിനെ കുറിച്ച് വിവരിക്കുന്നത് “മര്ക്കടമുഷ്ടി ഉള്ളവര്” എന്നാണ്, എന്തുകൊണ്ടെന്നാല്മാനസ്സാന്തരപ്പെടുവാനും യാഹോവയിങ്കലേക്ക് മടങ്ങി വരുവാനും അവരെ നിര്ബന്ധിച്ച ദൈവത്തിന്റെ പ്രവാചകന്മാരുടെ നിരവധി സന്ദേശങ്ങളെ അവര്ശ്രദ്ധിച്ചിരുന്നില്ല.
- ഒരു കഴുത്ത് “മുറുകി” ഇരുന്നാല്അത് പെട്ടെന്ന് തിരിക്കുവാന്സാധിക്കുകയില്ല. ഒരു മനുഷ്യന്“വഴങ്ങാത്തവന്” എന്ന് തന്റെ വഴികള്തിരുത്തുവാന്വിസ്സമ്മതിക്കുന്ന ഒരു വ്യക്തിയെ സൂചിപ്പിക്കുവാന്ഈ ആശയം നല്കുന്ന വേറെ ഭാഷാശൈലി നിര്ദിഷ്ട ഭാഷയില്ഉണ്ടായിരിക്കാം.
- ഈ പദം പരിഭാഷ ചെയ്യുവാന്ഉള്ള വേറെ ശൈലിയില്“അഹങ്കാരത്തോടെ പിടിവാശി ഉള്ള” അല്ലെങ്കില്“ദുര്വാശിയും വഴങ്ങാത്തവനും” അല്ലെങ്കില്“വ്യതിയാനം വരുത്തുവാന്വിസ്സമ്മതിക്കുന്ന” എന്നിങ്ങനെയും ഉള്പ്പെടുത്താം.

(കാണുക: ദുര്വാശി, അഹങ്കാരം, മാനസ്സാന്തരപ്പെടുക)

## ദൈവ വചന സൂചികകള്:

- അപ്പോ.07:51-53
- ആവര്ത്തന പുസ്തകം 09:13-14
- പുറപ്പാട് 13:14-16
- യിരെമ്യാവ് 03:17-19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H47, H3513, H5637, H6203, H6484, H7185, H7186, H7190, H8307, G483, G4644, G4645

# മര്മ്മം, മര്മ്മങ്ങള്, മറഞ്ഞിരിക്കുന്ന സത്യം, മറഞ്ഞിരിക്കുന്ന സത്യങ്ങള്

## നിര്വചനം:

ദൈവ വചനത്തില്, "മര്മ്മം" എന്ന പദം അറിയാത്തതോ അല്ലെങ്കില് ഗ്രഹിക്കുവാന്കഴിയാത്തതോ ആയവയെ ദൈവം ഇപ്പോള്വിശദമാക്കുന്നതിനെ സൂചിപ്പിക്കുന്നു.

- പുതിയ നിയമം പ്രസ്താവിക്കുന്നത് ക്രിസ്തുവിന്റെ സുവിശേഷം കഴിഞ്ഞ കാലങ്ങളില്അറിയപ്പെടാതിരുന്ന ഒരു മര്മ്മം ആയിരുന്നു എന്നാണ്.
- മര്മ്മം ആയിരുന്നു എന്ന് പ്രത്യേകമായി സൂചിപ്പിക്കുന്ന ഒരു വസ്തുത യഹൂദന്മാരും ജാതികളും ക്രിസ്തുവില്തുല്യരായി തീരുന്നു എന്നുള്ളതാണ്.
- ഈ പദം "രഹസ്യം" അല്ലെങ്കില്"മറഞ്ഞിരിക്കുന്ന കാര്യങ്ങള്" അല്ലെങ്കില്"അജ്ഞാതമായ വസ്തുത" എന്നിങ്ങനെ പരിഭാഷ ചെയ്യാവുന്നതാണ്.

(കാണുക: ക്രിസ്തു, ജാതികള്, സുവിശേഷം, യഹൂദന്, സത്യം)

## ദൈവ വചന സൂചികകള്:

- കൊലൊസ്സ്യര്04:2-4
- എഫെസ്യര്06:19-20
- ലൂക്കോസ് 08:9-10
- മര്ക്കോസ് 04:10-12
- മത്തായി 13:10-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1219, H7328, G3466

# മറികടക്കുക, മറികടക്കുന്നു, മറികടന്ന, മറികടന്നു

## നിര്വചനം:

“മറികടക്കുക” അല്ലെങ്കില് “മറികടന്നു” എന്ന പദം ഒരു വ്യക്തിയുടെ മേലോ വേറെ എന്തെങ്കിലിനും മേലോ നിയന്ത്രണം സിദ്ധിക്കുന്നതിനെ ഇത് സൂചിപ്പിക്കുന്നു. ഇത് സാധാരണയായി നല്കുന്ന ആശയം എന്തിനെ എങ്കിലും പിന്തുടര്ന്ന് ഒപ്പം എത്തിപ്പിടിക്കുന്നതിനെ സൂചിപ്പിക്കുന്നു.

- സൈനിക സംഘങ്ങള്ഒരു ശത്രുവിനെ “മറികടക്കുന്നു” എന്ന് പറയുമ്പോള്, അതിന്റെ അര്ത്ഥം യുദ്ധത്തില്അവര്തങ്ങളുടെ ശത്രുവിനെ പരാജയപ്പെടുത്തി എന്നാണ്.
- ഒരു ഹിംസ്രജന്തു അതിന്റെ ഇരയെ കീഴടക്കുന്നു എന്ന് പറഞ്ഞാല്, അതിന്റെ അര്ത്ഥം അത് അതിന്റെ ഇരയെ പിന്തുടരുകയും പിടിക്കുകയും ചെയ്യുന്നു എന്നാണ്.
- ഒരു ശാപം ഒരുവനെ “പിടിച്ചടക്കുന്നു” എന്നാല്, അതിന്റെ അര്ത്ഥം ആ ശാപത്തില്എന്തെല്ലാം പറഞ്ഞിരിക്കുന്നുവോ അവ എല്ലാം ആ വ്യക്തിക്ക് സംഭവിക്കുന്നു എന്നാണ്.
- ജനത്തിനു അനുഗ്രഹങ്ങള്“പിന്തുടര്ന്ന് ഭവിക്കുന്നു” എന്നതിന്റെ അര്ത്ഥം, ആ ജനങ്ങള്ആ അനുഗ്രഹങ്ങളെ അനുഭവിക്കുന്നു എന്നാണ്.
- സാഹചര്യം അനുസരിച്ച്, “മറി കടക്കുക” എന്നത് “കീഴടക്കുക” അല്ലെങ്കില്“പിടിച്ചടക്കുക” അല്ലെങ്കില്“പരാജയപ്പെടുത്തുക” അല്ലെങ്കില്“എത്തിപ്പിടിക്കുക” അല്ലെങ്കില്“പൂര്ണ്ണമായി ബാധിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഭൂതകാല പ്രയോഗമായ “മറി കടന്നു” എന്നുള്ളത് “എത്തിപ്പിടിച്ചു” അല്ലെങ്കില്ഒപ്പത്തിനു ഒപ്പം എത്തി ച്ചേര്ന്നു” അല്ലെങ്കില്“പരാജയപ്പെടുത്തി” അല്ലെങ്കില്“ദോഷം ഉണ്ടാക്കി” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- അന്ധകാരം അല്ലെങ്കില്ശിക്ഷ അല്ലെങ്കില്ഭീകര സംഭവങ്ങള്ജനങ്ങള്ക്ക്നേരിടും എന്നിങ്ങനെ അവരുടെ പാപങ്ങള്നിമിത്തം മുന്നറിയിപ്പ് നല്കുവാന്ഉപയോഗിക്കുമ്പോള്, അതിന്റെ അര്ത്ഥം ആ ജനങ്ങള്ക്കു മാനസ്സാന്തരം ഉണ്ടാകുന്നില്ല എങ്കില്അവര്ഈ വിപരീത അനുഭവങ്ങള്അനുഭവിക്കേണ്ടി വരും എന്നാണ്.
- “എന്റെ വചനങ്ങള്നിങ്ങളുടെ പിതാക്കന്മാരെ എത്തി പ്പിടിച്ചു” എന്ന പദസഞ്ചയത്തിന്റെ അര്ത്ഥം യഹോവ അവരുടെ പൂര്വ പിതാക്കന്മാര്ക്കു നല്കിയ ഉപദേശങ്ങള്അവര്അനുസരിക്കുവാന്പരാജയപ്പെട്ടതു കൊണ്ട് ഇപ്പോള്അവരുടെ പൂര്വികന്മാര്ക്ക് ശിക്ഷകള്അനുഭവിക്കുവാന്ഇടയായി എന്നാണ്.

(കാണുക: അനുഗ്രഹിക്കുക, ശാപം, ഇര, ശിക്ഷിക്കുക)

## ടവ വചന സൂചികകള്:

- 2 രാജാക്കന്മാര്25:4-5
- യോഹന്നാന്12:34-36

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H579, H935, H1692, H4672, H5066, H5381, G2638, G2983

# മലിനമാകുക, മലിനമാകുന്നു, മലിനമാക്കപ്പെട്ടു, മലിനമാക്കുന്നു, മലിനമാക്കപ്പെടുക, മലിനമായി, മലിനമായിരുന്നു, മലിനമായിരുന്നു

## നിര്വചനം:

"മലിനമാകുക", മലിനമാക്കപ്പെടുക" എന്നീ പദങ്ങള് മലിനമാക്കപ്പെടുക അല്ലെങ്കില് അഴുക്കുള്ളതു ആകുക എന്നു സൂചിപ്പിക്കുന്നു. ശാരീരികമായോ, സദാചാരപരമായോ, അല്ലെങ്കില് ആചാരപരമായോ മലിനമാക്കപ്പെടാം. ദൈവം ഇസ്രയേല്യരോട് താന് "മലിനം" എന്നും "അശുദ്ധം" എന്നും പ്രഖ്യാപിച്ചവയെ തൊടുകയോ ഭക്ഷിക്കുകയോ ചെയ്യുക മൂലം തങ്ങളെത്തന്നെ മലിനപ്പെടുത്തുവാന്പാടില്ല മുന്നറിയിപ്പ് നല്കി.

- മൃതശരീരങ്ങള്, സാംക്രമിക രോഗങ്ങള് തുടങ്ങിയ ചില വസ്തുതകള്മലിനം എന്നു പ്രഖ്യാപിച്ചിട്ടുള്ളതും അവയെ സ്പര്ശിച്ചാല് ആ വ്യക്തി അശുദ്ധന്ആകുമെന്നുള്ളതും ദൈവം പ്രഖ്യാപിച്ചിട്ടുള്ളത് ആണ്.
- ലൈംഗിക പാപങ്ങള് ഒഴിഞ്ഞിരിക്കണം എന്നു ദൈവം ഇസ്രയേല് മക്കളോട് കല്പ്പിച്ചിരുന്നു. ഇവ അവരെ മലിനപ്പെടുത്തുമെന്നും അവര് ദൈവത്തിനു അസ്വീകാര്യരാക്കുകയും ചെയ്യും.
- താന് വീണ്ടും ചടങ്ങാചാര രീതിയില് ശുദ്ധനായി തീരുന്നതു വരെ ഒരു വ്യക്തിയെ താല്കാലികമായി മലിനനാക്കുന്ന പ്രത്യക ശാരീരിക പ്രക്രിയകളും ഉണ്ട്.
- പുതിയ നിയമത്തില്, പാപമയമായ ചിന്തകളും പ്രവര്ത്തികളും ആണ് യഥാര്ത്ഥത്തില് ഒരു മനുഷ്യനെ മലിനപ്പെടുത്തുന്നത് എന്നു യേശു പഠിപ്പിച്ചു.

## പരിഭാഷ നിര്ദേശങ്ങള്:

- "മലിനമാകുക" എന്ന പദം "അശുദ്ധനാക്കപ്പെടുക" അല്ലെങ്കില് "അനീതിയുള്ളവന്ആയിത്തീരുക" അല്ലെങ്കില് "ആചാരപരമായി അസ്വീകാര്യനായിത്തീരുക" എന്നും പരിഭാഷ ചെയ്യാം.
- "മലിനമാക്കപ്പെടുക" എന്നത് "അശുദ്ധന് ആയിത്തീരുക" അല്ലെങ്കില് (ദൈവത്തിനു) സദാചാരപരമായി അസ്വീകാര്യനായി ത്തീരുക" അല്ലെങ്കില് "ആചാരപരമായി അസ്വീകാര്യനായി ത്തീരുക" എന്നു പരിഭാഷ ചെയ്യാവുന്നതാണ്.

(കാണുക: ശുദ്ധിയുള്ള, ശുദ്ധം)

## ദൈവവചന സൂചികകള്:

- 2 രാജാക്കന്മാര്:8-9
- പുറപ്പാട് 20:24-26
- ഉല്പ്പത്തി 34:27-29
- ഉല്പ്പത്തി 49:3-4
- യെശ്ശയ്യാവ് 43:27-28
- ലേവ്യപുസ്തകം 11:43-45
- മര്ക്കോസ് 07:14-16
- മത്തായി 15:10-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1351, H1352, H1602, H2490, H2491, H2610, H2930, H2931, H2933, H2936, H5953, G733, G2839, G2840, G3392, G3435, G4696, G5351

# മലിനമാക്കുക, മലിനമാക്കപ്പെട്ട, ആശുധമാക്കുക

## നിർവചനം:

എന്തിനെ എങ്കിലും അശുദ്ധം ആക്കുക എന്നാൽ വിശുദ്ധമായ ഒന്നിനെ കളങ്കപ്പെടുത്തുന്ന, അല്ലെങ്കിൽ മലിനമാക്കുന്ന, അല്ലെങ്കിൽ അപമാനിക്കുന്ന, രീതിയിൽ പ്രവർത്തിക്കുക എന്നാണ് അർത്ഥം നൽകുന്നത്.

- അശുദ്ധനായ മനുഷ്യൻ എന്നാൽ ദൈവത്തെ അവിശുദ്ധമായതും അപമാനിക്കുന്നതും ആയ രീതിയിൽ പ്രവർത്തിക്കുന്ന വ്യക്തി ആകുന്നു.
- "മലിനമാക്കൽ" എന്നതിനുള്ള ക്രിയാപദം "അവിശുദ്ധമായി കരുതുക" അല്ലെങ്കിൽ "ബഹുമാന യോഗ്യമായി കരുതാതിരിക്കുക" അല്ലെങ്കിൽ "അപമാനിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ദൈവം ഇസ്രയേൽ ജനത്തോടു പറഞ്ഞതു എന്തെന്നാൽ അവർ അവരെ വിഗ്രഹങ്ങളാൽ "മലിനമാക്കി", അതിന്റെ അർത്ഥം ജനം അവരെ തന്നെ "അശുദ്ധമാക്കി" അല്ലെങ്കിൽ പാപം നിമിത്തം "അപമാനിതരാക്കി" എന്നാണ്. അവർ ദൈവത്തെയും അപമാനിക്കുക ആയിരുന്നു.
- സന്ദർഭം അനുസരിച്ച്, "കളങ്കപ്പെടുത്തുക" എന്നതിന്റെ നാമവിശേഷണമായി പരിഭാഷ ചെയ്യുന്നത് "അപമാനപരമായ" അല്ലെങ്കിൽ "ദൈവം ഇല്ലാത്ത" അല്ലെങ്കിൽ "വിശുദ്ധി ഇല്ലാത്ത" എന്നിങ്ങനെ ആണ്.

(കാണുക: അശുദ്ധമാക്കുക, വിശുദ്ധം, ശുദ്ധിയുള്ള)

## ദൈവ വചന സൂചികകൾ:

- 2 തിമോത്തിയോസ് 02:16-18
- യെഹസ്കേൽ:8-9
- മലാഖി 01:10-12
- മത്തായി 12:5-6
- സംഖ്യാപുസ്തകം 18:30-32

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2455, H2490, H2491, H2610, H2613, H5234, H8610, G952, G953

# മല്ലന്, മല്ലന്മാര്

## നിര്വചനം:

“മല്ലന്” എന്ന പദം സാധാരണയായി വളരെ ഉയരവും ശക്തനും ആയ വ്യക്തിയെ സൂചിപ്പിക്കുന്നു.

- ദാവീദുമായി യുദ്ധം ചെയ്ത ഗോലിയാത്ത് എന്ന ഫെലിസ്ത്യ പടയാളിയെ മല്ലന്എന്ന് വിളിക്കുവാന്കാരണം താന്വളരെ ഉയരമുള്ള, വലിപ്പമുള്ള, ശക്തനായ മനുഷ്യന്ആയിരുന്നു.
- ഇസ്രയേല്യ ചാരന്മാര്കനാന്ദേശം ഒറ്റു നോക്കിയാ ശേഷം [പറഞ്ഞത് അവിടെ പാര്ത്തിരുന്ന ജനം മല്ലന്മാരെ പോലെ ആയിരുന്നു എന്നാണ്.

(കാണുക: കനാന്, ഗോലിയാത്ത്, ഫെലിസ്ത്യര്)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 06:4
- സംഖ്യാപുസ്തകം 13:32-33

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1368, H5303, H7497

# മഹാകോപം, കോപാക്രാന്തന് ആകുന്നു, തീവ്രമായ ക്ഷോഭം പൂണ്ട, കോപാകുലന് ആകുക

## വസ്തുതകള്:

നിയന്ത്രണാതീതമായ അധിക കോപമാണ് മഹാകോപം. ഒരുവന് മഹാകോപി ആകുമ്പോള്, അതിന്റെ അര്ത്ഥം ആ വ്യക്തി നാശകരമായ നിലയില് ഉള്ള കോപത്തെ വെളിപ്പെടുത്തുന്നു എന്ന് ആകുന്നു.

- ഒരു വ്യക്തിയുടെ സ്വയ നിയന്ത്രണം നഷ്ടപ്പെട്ട നിലയില് കോപമെന്ന വികാരം ഉണ്ടാകുമ്പോള് മഹാകോപം ഉണ്ടാകുന്നു.
- മഹാകോപത്താല് നിയന്ത്രിക്കപ്പെടുമ്പോള്, ജനം നാശോന്മുഖമായ പ്രവര്ത്തികളില് ഇടപെടുകയും നാശകരമായ കാര്യങ്ങള് പ്രസ്താവിക്കുകയും ചെയ്യുന്നു.
- "തീവ്രമായ ക്ഷോഭം കൊള്ളുക എന്ന പദം ശക്തമായി നീങ്ങുക എന്ന അര്ത്ഥവും "തീവ്രമായ കൊടുങ്കാറ്റ്" അല്ലെങ്കില് "ക്ഷോഭ്യമായ കടല്തിരമാലകള്" ആദിയായവയില് എന്ന പോലെ നല്കുന്നു.
- "രാജ്യങ്ങള് ക്ഷോഭിക്കുന്നു" എന്ന് ദൈവ ഭയമില്ലാത്ത ജനത്തിന്റെ അനുസരണക്കേടിനെ കുറിച്ചു പറയുമ്പോള് അവര് ദൈവത്തിനു എതിരെ മത്സരിക്കുന്നു.
- "മഹാകോപത്താല് നിറയപ്പെട്ട" എന്നതിന്റെ അര്ത്ഥം ഏറ്റവും ഉച്ചസ്ഥായിയില് ഉള്ള കോപ വികാരത്താല് കാണപ്പെടുന്നു എന്നാണ്.

(കാണുക: കോപം, ആത്മ – നിയന്ത്രണം)

## ദൈവ വചന സൂചികകള്:

- അപ്പോ.04:23-25
- ദാനിയേല് 03:13-14
- ലൂക്കോസ് 04:28-30
- സംഖ്യാപുസ്തകം 25:10-11
- സദൃശവാക്യങ്ങള് 19:3-4](rc://ml/tn/help/pro/19/03)

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H398, H1348, H1984, H1993, H2121, H2195, H2196, H2197, H2534, H2734, H2740, H3491, H3820, H5590, H5678, H7264, H7265, H7266, H7267, H7283, H7857, G1693, G2830, G3710, G5433

# മാടപ്രാവ്, കാട്ടുപ്രാവ്

## നിര്വചനം:

മാടപ്രാവും കാട്ടുപ്രാവും ഒരുപോലെ ഇരിക്കുന്ന മങ്ങിയ തവിട്ടു നിറമുള്ള രണ്ടു ഇനം ചെറിയ പറവകളാണ്. മാടപ്രാവ് ഇളം നിറമുള്ള, മിക്കവാറും വെള്ള നിറം ഉള്ളതായിട്ടാണ് കരുതുന്നത്.

- ചില ഭാഷകളില് രണ്ടിനും പ്രത്യേകം വ്യത്യസ്ത പേരുകള്ഉണ്ടാ യിരിക്കുമ്പോള്, മറ്റുള്ളവയില് രണ്ടിനും ഒരേ പേര് തന്നെ ആയിരിക്കും.
- മാടപ്രാവും കാട്ടുപ്രാവും ദൈവത്തിനുള്ള യാഗങ്ങളില് ഉപയോഗിച്ചു വന്നു, പ്രത്യേകാല് ഒരു വലിയ മൃഗത്തെ വാങ്ങുവാന് ശേഷിയില്ലാത്ത ജനം..
- ജലപ്രളയത്തിനു അനന്തരം വെള്ളം വറ്റി ത്തുടങ്ങിയപ്പോള് ഒരു മാടപ്രാവാണ് ഒലിവിലയും കൊണ്ട് നോഹയുടെ അടുക്കല് വന്നത്.
- പ്രാവുകള് ചില സമയങ്ങളില് പരിശുദ്ധി, നിഷ്കളങ്കത, അല്ലെങ്കില് സമാധാനം ആദിയായവയെ പ്രതിനിധീകരിക്കുന്നു.
- പരിഭാഷ ചെയ്തു കൊണ്ടിരിക്കുന്ന ഭാഷാ മേഖലയില് മാടപ്രാവെന്നോ കാട്ടുപ്രാവെന്നോ അറിയില്ല എങ്കില്, ഈ പദങ്ങള് “ഒരു ചെറിയ ഇനം മങ്ങിയ തവിട്ടു നിറമുള്ള “പ്രാവ്” എന്നു വിളിക്കപ്പെടുന്ന അല്ലെങ്കില് ചെറിയ മങ്ങിയ അല്ലെങ്കില് “തവിട്ടു നിറമുള്ള ഒരു പക്ഷി, (പ്രാദേശിക പക്ഷിയുടെ പേര്) എന്നു പരിഭാഷ നല്കാം.
- ഒരേ വാക്യത്തില് തന്നെ മാടപ്രാവ് എന്നും കാട്ടുപ്രാവ് എന്നും സൂചിപ്പിചിട്ടുണ്ട് എങ്കില്, ഈ രണ്ട് പക്ഷികള്ക്കും സാധ്യമെങ്കില് രണ്ടു വ്യത്യസ്ത പേരുകള് തന്നെ ഉപയോഗിക്കുന്നത് നല്ലതാണ്.

(കാണുക: അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ഒലിവ്, നിഷ്കളങ്കമായ, ശുദ്ധമായ)

## ദൈവവചന സൂചികകള്:

- ഉല്പത്തി 08:8-9
- ലൂക്കോസ് 02:22-24
- മര്ക്കോസ് 01:9-11
- മത്തായി 03:16-17
- മത്തായി 21:12-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1469, H1686, H3123, H8449, G4058

# മാതളപ്പഴം, മാതളപ്പഴങ്ങൾ

## വസ്തുതകൾ:

മാതളപ്പഴം എന്നത് കനം ഉള്ളതും കടുപ്പം ഉള്ളതും ആയ തോലോടു കൂടെ മൂടപ്പെട്ടതായി വിത്തുകൾ ഭക്ഷ്യ യോഗ്യമായ ചുവന്ന മാംസള ഭാഗത്താൽ പൊതിയപ്പെട്ട ഒരു ഫലം ആകുന്നു.

- കട്ടിയുള്ള പുറം തോൽ ചുവന്ന നിറം ഉള്ളതും വിത്തുകളെ പൊതിഞ്ഞുള്ള മാംസള ഭാഗം തിളക്കമുള്ള ചുവപ്പ് നിറത്തോട് കൂടിയതും ആകുന്നു. മാതളപ്പഴം വളരെ സാധാരണയായി ചൂടുള്ള വരണ്ട കാലാവസ്ഥ ഉള്ള ഈജിപ്റ്റ്, ഇസ്രയേൽ പോലുള്ള രാജ്യങ്ങളിൽ വളരുന്നു.
- യഹോവ ഇസ്രയേൽ ജനത്തിനു വാഗ്ദത്തം ചെയ്ത കനാൻദേശം സമൃദ്ധമായ ജലവും വളക്കൂറുള്ള മണ്ണും ഉള്ള സ്ഥലമാകയാൽ സമൃദ്ധമായ ഭക്ഷ്യ വസ്തുക്കൾ, മാതളപ്പഴം ഉൾപ്പെടെ ലഭ്യമായ സ്ഥലം ആകുന്നു.
- ശലോമോന്റെ ദേവാലയ നിർമ്മിതിയിൽ മാതളപ്പഴത്തിന്റെ ആകൃതിയിൽ ഉള്ള വെള്ളോടിനാൽ ചെയ്ത അലങ്കാരങ്ങൾ ഉണ്ടായിരുന്നു.

(കാണുക: വെള്ളോട്, കനാൻ, ഈജിപ്റ്റ്, ശലോമോൻ, ദേവാലയം)

## ദൈവ വചന സൂചികകൾ:

- 2 രാജാക്കന്മാർ:16-17
- ആവർത്തനപുസ്തകം 08:7-8
- യിരെമ്യാവ് 52:22-23
- സംഖ്യാപുസ്തകം 13:23-24
- ഈജിപ്റ്റ്

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7416

# മാന്, പെണ്മാന്, പെണ്മാനുകള്, മാന്കുഞ്ഞ്, ചെറുതരം കാട്ടുമാന്, ചെറുതരം കാട്ടുമാനുകള്

## നിര്വ്വചനം:

മാന് എന്നത്, വലിപ്പമുള്ള, സാധുവായ, വനങ്ങളിലും മലകളിലും ജീവിക്കുന്ന നാലു കാലുകളുള്ള മൃഗമാണ്. ആണ് മൃഗത്തിനു തലയില് വലിയ കൊമ്പുകള് അല്ലെങ്കില് മാന്കൊമ്പുകള് ഉണ്ടായിരിക്കും.

- ”പെണ്മാന്” എന്നത് പെണ് വര്ഗ്ഗത്തില്പ്പെട്ട മാനെയും “മാന്കുഞ്ഞ്” എന്നത് മാനിന്റെ കുഞ്ഞിനേയും കുറിക്കുന്നു.
- “ആണ്മാനിനെ “ബക്ക്” എന്ന പദം സൂചിപ്പിക്കുന്നു.
- ”ഒരു പ്രത്യേക വര്ഗ്ഗത്തിലുള്ള “റോഡീര്” എന്ന ചെറുതരം കാട്ടുമാനുകളുടെ ആണിനെ “റോബക്ക്” എന്നു വിളിക്കുന്നു.
- മാനിനു ശക്തമായ, കനം കുറഞ്ഞ കാലുകള്, ഉയരത്തില് ചാടുവാനും വേഗത്തില് ഓടുവാനും സഹായകമായ നിലയില് ഉണ്ട്.
- അവയുടെ കുളമ്പുകള് ഏതു പ്രതലത്തിലും നടക്കുവാനോ കയറുവാനോ സഹായകമാകും വിധം പിളര്ന്നവയാണ്.

(കാണുക:അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

## ദൈവവചന സൂചികകള്:

- 2 ശമുവേല്:34-35
- ഉല്പ്പത്തി 49:19-21
- ഇയ്യോബ് 39:1-2
- സങ്കീര്ത്തനങ്ങള്018:33-34
- ഉത്തമഗീതം 02:7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H354, H355, H365, H3180, H3280, H6643, H6646

# മാന്ത്രിക വിദ്യ, മാന്ത്രിക വിദ്യ സംബന്ധിച്ച, മാന്ത്രികന്, മന്ത്രവാദികള്

## നിര്വചനം:

“മാന്ത്രിക വിദ്യ” എന്ന പദം ദൈവത്തിങ്കല്നിന്നും ആല്ലാതെ വരുന്ന അമാനുഷിക ശക്തി ഉപയോഗിച്ചു പ്രവര്ത്തിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഒരു “മാന്ത്രികന്” എന്ന് പറയുന്ന വ്യക്തി മന്ത്രവിദ്യ അഭ്യസിക്കുന്നവന്ആകുന്നു.

- മിസ്രയീമില്, മോശെ മുഖാന്തിരം ദൈവം അത്ഭുതകരമായ കാര്യങ്ങള്ചെയ്തപ്പോള്, മിസ്രയീമ്യ ഫറവോന്റെ മന്ത്രവാദികള്ക്കും ചിലതൊക്കെ ചെയ്യുവാന്സാധിച്ചു, എന്നാല്അവരുടെ ശക്തി ദൈവത്തില്നിന്ന് വന്നത് അല്ലായിരുന്നു.
- മന്ത്രം എന്ന് പറയുന്നത് സാധാരണയായി ചില വാക്കുകള്പറയുന്നതോ ചില വാക്കുകള്ആവര്ത്തിച്ചു ഉച്ചരിക്കുന്നതോ മൂലം എന്തോ അമാനുഷികം ആയത് സംഭവിപ്പിക്കുന്നത് ആകുന്നു.
- ദൈവം തന്റെ ജനത്തോടു ഇപ്രകാരം ഉള്ള യാതൊരു മന്ത്ര വിദ്യകളോ ആഭിചാരങ്ങളോ ചെയ്യരുതെന്ന് കല്പ്പിച്ചിരിക്കുന്നു.
- ആഭിചാരകനും ഒരു തരത്തില്ഉള്ള മാന്ത്രികന്ആണ്, താന്സാധാരണയായി മറ്റുള്ളവര്ക്ക് ദോഷകരമായവ ചെയ്യുവാന്മാന്ത്രിക വിദ്യയെ ഉപയോഗിക്കുന്നവന്ആകുന്നു.

(കാണുക: ആഭിചാരം, മിസ്രയീം, ഫറവോന്, അധികാരം, മന്ത്രവിദ്യ)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 41:7-8
- ഉല്പ്പത്തി 41:22-24
- ഉല്പ്പത്തി 44:3-5
- ഉല്പ്പത്തി 44:14-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2748, H2749, H3049, G3097

# മാര്ചട്ട, മാര്ച്ചട്ടകള്, മാര്പ്പതക്കം

## നിര്വചനം:

“മാര്ച്ചട്ട” എന്ന പദം യുദ്ധസമയങ്ങളില്ഭടന്റെ നെഞ്ചിന്റെ മുന്ഭാഗം സംരക്ഷി ക്കുവാനായി ധരിക്കുന്ന ഒരു കവചം എന്നു കുറിക്കുന്നു. “മാര്പ്പതക്കം” എന്നത് ഇസ്രയേല്യ മഹാപുരോഹിതന്തന്റെ വസ്ത്രത്തില്നെഞ്ചിന്റെ മുമ്പശത്തായി ധരിക്കുന്ന പ്രത്യേക വസ്ത്ര ഭാഗമാണ്.

- ഒരു പടയാളി ധരിക്കുന്ന "മാര്ച്ചട്ട" മരം, ലോഹം, അല്ലെങ്കില്മൃഗത്തിന്റെ തോല്ആദിയായവ കൊണ്ട് നിര്മ്മിക്കുന്നതാണ്. ഇതു പടയാളിയുടെ നെഞ്ച് കുത്തിതുളക്കുന്ന അമ്പുകള്, കുന്തങ്ങള്, അല്ലെങ്കില്വാളുകള്എന്നിവയെ തടുത്തുനിര്ത്തുവാന് വേണ്ടി നിര്മ്മിച്ചിട്ടുള്ളതാണ്.
- ഇസ്രയേലിലെ മഹാപുരോഹിതന് ധരിക്കുന്ന “മാര്പ്പതക്കം” വസ്ത്രത്താല്നിര്മ്മിതവും വിലയേറിയ രത്നങ്ങള്പതിചിട്ടുള്ളവയുമാണ്. ദേവാലയത്തില് ദൈവത്തിനായി തന്റെ ശുശ്രൂഷകള് ചെയ്യുമ്പോള്പുരോഹി തന്ഇതു ധരിക്കുമായിരുന്നു. “മാര്ച്ചട്ട” എന്ന ഈ പദം പരിഭാഷപ്പെടുത്തുവാനുള്ള ഇതര മാര്ഗ്ഗങ്ങളില്“ലോഹനിര്മ്മിത മാര്കവചം” അല്ലെങ്കില്“നെഞ്ചിനെ സംരക്ഷിക്കുന്ന “യുദ്ധോപകരണം” എന്നിങ്ങനെ ഉള്പ്പെടുത്താം.
- “മാര്പ്പതക്കം” എന്ന പദം “നെഞ്ചിനെ ആവരണം ചെയ്യുന്ന പൌരോഹിത്യ വസ്ത്രം” അല്ലെങ്കില്“പൌരോഹിത്യ വസ്ത്രം'' അല്ലെങ്കില്“പൌരോഹിത്യ വസ്ത്രത്തിന്റെ മുന്ഭാഗം” എന്നിങ്ങനെ അര്ത്ഥം വരുന്ന വിധം പരിഭാഷപ്പെ ടുത്താം.

(കാണുക: ആയുധം, മഹാ പുരോഹിതന്, കുത്തിത്തുളക്കുക, പുരോഹി തന്, ദേവാലയം, യോദ്ധാവ്)

## ദൈവവചന സൂചികകള്:

- 1 തെസ്സലോനിക്യര്05:8-11
- പുറപ്പാട് 39:14-16
- യെശ്ശയാവ് 59:17-18
- വെളിപ്പാട് 09:7-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2833 , H8302, G2382

# മാസം, മാസങ്ങള്, പ്രതിമാസം

## നിര്വചനം:

“മാസം” എന്ന പദം നാലു ആഴ്ചയോളം ദീര്ഘമുള്ള കാലഘട്ടത്തെ സൂചിപ്പിക്കു ന്നതാണ്. ചാന്ദ്രിക അല്ലെങ്കില്സൌര പഞ്ചാംഗം അനുസരിച്ച് ഓരോ മാസത്തിലെയും ദിവസങ്ങളുടെ എണ്ണത്തിന് വ്യതിയാനം ഉണ്ടാകാം.

- ചാന്ദ്രിക പഞ്ചാംഗത്തില്, ചന്ദ്രന്ഭൂമിയുടെ ചുറ്റും കറങ്ങുന്നതിനു എടുക്കുന്ന സമയത്തെ, ഏകദേശം 29 ദിവസം അടിസ്ഥാനമാക്കിയുള്ളതാണ്. ഈ സംവിധാനമനുസരിച്ച് ഒരു വര്ഷത്തില്12 അല്ലെങ്കില്13 മാസങ്ങളു ണ്ടാകും. വര്ഷത്തിനു 12 അല്ലെങ്കില്13 മാസങ്ങള്ഉണ്ടെങ്കിലും, വ്യത്യസ്ത കാലമാണെ ങ്കിലും ആദ്യത്തെ മാസത്തിനു അതെ പേരു തന്നെയായിരിക്കും വിളിക്കുക.
- “പൌര്ണമി” അല്ലെങ്കില്ചന്ദ്രന്റെ കാലം വെള്ളിവെളിച്ചത്തോടെ ആരംഭിക്കു ന്നത്, ചാന്ദ്രിക പഞ്ചാംഗത്തില്മാസാരംഭമാകുന്നു.
- ദൈവവചനത്തില് രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ മാസങ്ങളുടെ പേരുകളും ഇസ്രയേല്യര്ഉപയോഗിച്ചു വന്ന ചാന്ദ്രിക പഞ്ചാംഗ സംവിധാനം അടിസ്ഥാന മാക്കിയുള്ളതാണ്. ആധുനിക യഹൂദന്മാര് മതപരമായ ആവശ്യങ്ങള്ക്ക് ഇപ്പോഴും ഈ പഞ്ചാംഗം ആണ് ഉപയോഗിക്കുന്നത്.
- ആധുനികകാല സൌര പഞ്ചാംഗം ഭൂമി സൂര്യനെ ചുറ്റുന്ന കാലഘട്ടത്തെ അടിസ്ഥാനമാക്കിയുള്ളതാണ് (ഏകദേശം 365 ദിവസങ്ങള്).
- ഈ സംവിധാനത്തില്, വര്ഷത്തെ 12 മാസങ്ങളായി വിഭജിക്കുകയും, ഓരോ മാസവും 28 മുതല്31 ദിവസങ്ങള്വരെ ഉള്ളതുമായിരിക്കുന്നു.

## ദൈവവചന സൂചികകള്:

- 1 ശമുവേല്20:32-34
- അപ്പോ.പ്രവര്ത്തികള്18:9-11
- എബ്രായര്11:23-26
- സംഖ്യാപുസ്തകം 10:10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2320, H3391, H3393, G3376

# മുക്കുവന്, മുക്കുവന്മാര്

## നിര്വചനം:

മുക്കുവന്മാര്പണം സമ്പാദിക്കേണ്ടതിനായി ജലാശയങ്ങളില്നിന്ന് മീന്പിടിക്കുന്ന ആളുകള്ആകുന്നു. പുതിയ നിയമത്തില്, മുക്കുവന്മാര്മീന്പിടിക്കുവാനായി വലിയ വലകള്ഉപയോഗിക്കുമായിരുന്നു. മീന്പിടിക്കുന്നവര്ക്കുള്ള മറ്റൊരു പേരാണ് "മുക്കുവന്മാര്" എന്നത്.

- യേശുവിനാല് വിളിക്കപ്പെടുന്നതിനു മുന്പു പത്രോസും ഇതര അപ്പൊസ്തലന്മാരും മുക്കുവന്മാരായി ജോലി ചെയ്യുന്നവര്ആയിരുന്നു.
- ഇസ്രയേല്ദേശം കടലിനു അരികെ ആയിരുന്നതിനാല്, ദൈവ വചനത്തില്മത്സ്യത്തെ കുറിച്ചും മുക്കുവന്മാരെ കുറിച്ചും ധാരാളം സൂചികകള്ഉണ്ട്.
- ഈ പദം "മീന്പിടിക്കുന്ന ആളുകള്" അല്ലെങ്കില്"മത്സ്യബന്ധനം മൂലം പണം സമ്പാദിക്കുന്ന ആളുകള്" ആദിയായ പദസഞ്ചയങ്ങള്ഉപയോഗിച്ചു പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- യെഹസ്കേല്47:9-10
- യെശ്ശയ്യാവ് 19:7-8
- ലൂക്കോസ് 05:1-3
- മത്തായി 04:18-20
- മത്തായി 13:47-48

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1728, H1771, H2271, G231, G1903

# മുഖം,മുഖങ്ങള്,അഭിമുഖീകരിക്കുന്ന,മുഖം സംബന്ധിച്ച, മുഖം കുനിഞ്ഞ

## നിര്വചനം:

“മുഖം” എന്നത് അക്ഷരീകമായി ഒരു വ്യക്തിയുടെ ശിരസ്സിന്റെ മുന്ഭാഗം ആകുന്നു. ഈ പദത്തിന് വിവിധമായ ഉപമാന അര്ത്ഥങ്ങള് ഉണ്ട്.

- ”നിന്റെ മുഖം” എന്നു പറയുന്നത് “നീ” എന്നു പറയുന്നതിന് ഉപമാനമായിട്ടാണ്. അതുപോലെ, “എന്റെ മുഖം” എന്നുള്ളത് “ഞാന്” അല്ലെങ്കില്“എന്നെ” എന്നു അര്ത്ഥമാക്കുന്നു.
- ”ഒരു ശാരീരിക ഭാവത്തില്, ഒരു വ്യക്തിയെയോ വേറെന്തെങ്കിലും ഒന്നിനെയോ “അഭിമുഖീകരിക്കുക” എന്നാല്ആ വ്യക്തിയുടെ അല്ലെങ്കില്വസ്തുവിന്റെ നേരെ നോക്കുക എന്നാണര്ത്ഥം.
- ”ഓരോരുത്തരെയും അഭിമുഖീകരിക്കുക ” കാണുക എന്നാല്“നേരിട്ടു ഓരോരുത്തരെയും നോക്കുക” എന്നാണര്ത്ഥം.
- ”മുഖാമുഖം കാണുക” എന്നതിനെ അര്ത്ഥം രണ്ടുപേര് പരസ്പരം വളരെ അടുത്ത ദൂരത്തില്കാണുക എന്നാണ് അര്ത്ഥമാക്കുന്നത്.
- യേശു “യെരുശലേമിലേക്ക്പോകുവാന് ഉറച്ചു മുഖം തിരിച്ചപ്പോള്” എന്നതിന്റെ അര്ത്ഥം താന് അങ്ങോട്ട്പോകുവാന് വളരെ ഉറച്ച തീരുമാനമെടുത്തു എന്നാണ്.
- ഒരു ജനത്തിനെതിരായോ പട്ടണത്തിനെതിരെയോ ”ഒരുവന്റെ മുഖം പ്രതികൂലമാക്കി” എന്നതിന്റെ അര്ത്ഥം തുടര്ന്നു ആ പട്ടണത്തെ അല്ലെങ്കില്വ്യക്തിയെയോ തുടര്ന്നു സഹായിക്കുന്നില്ല, അല്ലെങ്കില്തള്ളിക്കളയുന്നു എന്നാണ്.
- ”നാടിന്റെ മുഖം” എന്നത് ഭൂമിയുടെ ഉപരിതലത്തെയും പ്രത്യേകാല്മുഴു ഭൂലോകത്തെയും പൊതുവില്സൂചിപ്പിക്കുന്നു. ഉദാഹരണമായി, “ഭൂമിയുടെ മുഖത്തെ ആവരണം ചെയ്യുന്ന ക്ഷാമം” എന്നത് സര്വ്വ വ്യാപകമായ ഒരു ക്ഷാമം ഭൂമിയില്ജീവിക്കുന്ന നിരവധി പേരെ ബാധിക്കുമെന്ന് സൂചിപ്പിക്കുന്നു.
- ”നിന്റെ മുഖത്തെ നിന്റെ ജനത്തില്നിന്നും മറയ്ക്കരുത്” എന്നത് അര്ത്ഥമാക്കുന്നത് “നിന്റെ ജനത്തെ തള്ളിക്കളയരുത്” അല്ലെങ്കില്“നിന്റെ ജനത്തെ ഉപേക്ഷിക്കരുത്” അല്ലെങ്കില്“നിന്റെ ജനത്തെ പരിപാലിക്കുന്നത് നിര്ത്തിക്കളയരുത്” എന്നൊക്കെ അര്ത്ഥമാക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാധ്യമെങ്കില്, നിര്ദിഷ്ട ഭാഷയില്സമാനമായ അര്ത്ഥമുള്ള ആശയം സൂക്ഷിക്കുക അല്ലെങ്കില്ഉപയോഗിക്കുന്നത് ഉചിതമാണ്.
- ”അഭിമുഖീകരിക്കുക” എന്ന പദം “നേരെ തിരിയുക” അല്ലെങ്കില്നേരെ നോക്കുക” അല്ലെങ്കില്“മുഖത്തേക്കു തന്നെ നോക്കുക” എന്നു പരിഭാഷപ്പെടുത്താം.
- ”മുഖാമുഖം” എന്ന ആശയം “വളരെ അടുത്ത്”അല്ലെങ്കില്”തൊട്ടുമു ന്പില്” അല്ലെങ്കില്“സാന്നിദ്ധ്യത്തില്” എന്നു പരിഭാഷപ്പെടുത്താം.
- സാഹചര്യമനുസരിച്ച്, “അവന്റെ മുഖത്തിന്റെ മുന്പില്” എന്നത് “അവനു മുന്പേ” അല്ലെങ്കില്“അവന്റെ മുന്പില്” അല്ലെങ്കില്അവന്റെ സന്നിധിയില്” എന്നു പരിഭാഷപ്പെടുത്താം.
- ”തന്റെ മുഖം നേരെ തിരിച്ചു” എന്ന ആശയം “തന്റെ യാത്ര നേരെ തിരിച്ചു” അല്ലെങ്കില്“പോകുവാനായി താന്ദൃഢനിശ്ചയം ചെയ്തു” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- “തന്റെ മുഖം മറച്ചു” എന്ന ആശയം “അതില്നിന്നും മാറിക്കളയുക” അല്ലെങ്കില്സഹായിക്കുന്നതോ സംരക്ഷിക്കുന്നതോ നിര്ത്തലാക്കുക” അല്ലെങ്കില്“നിഷേധിക്കുക” എന്നു പരിഭാഷപ്പെടുത്താം.
- ഒരു പട്ടണത്തിനോ ജനത്തിനോ “എതിരായി മുഖം തിരിക്കുക” എന്നത് “കോപത്തോടെയും കുറ്റപ്പെടുത്തലോടും കൂടെ” അല്ലെങ്കില് “സ്വീകരിക്കുവാന്വിസ്സമ്മതിക്കുക” അല്ലെങ്കില് “നിരസ്സിക്കുവാനായി തീരുമാനിക്കുക” അല്ലെങ്കില്” കുറ്റപ്പെടുത്തുകയും നിരസിക്കുകയും ചെയ്യുക” അല്ലെങ്കില് “ന്യായവിധി നല്കുക” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- ”മുഖത്തുനോക്കി പ്പറയുക” എന്ന ആശയം “നേരിട്ടു അവരോടു പറയുക” അല്ലെങ്കില് “അവരുടെ സാന്നിദ്ധ്യത്തില് പറയുക” അല്ലെങ്കില് “വ്യക്തിപരമായി അവരോട് പറയുക.”
- ”ഭൂമിയുടെ മുഖത്ത്തിന്മേല്” എന്ന ആശയം “ദേശം മുഴുവനും” അല്ലെങ്കില് “മുഴുവന്ഭൂമിയിലും” അല്ലെങ്കില് “ഭൂമി മുഴുവനും ജീവിക്കുക” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

## ദൈവവചന സൂചികകള്:

- ആവര്ത്തന പുസ്തകം 05:4-6
- ഉല്പ്പത്തി 33:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H600, H639, H5869, H6440, H8389, G3799, G4383, G4750

# മുഖ്യന്, പ്രധാനികള്:

## നിര്വചനം:

“മുഖ്യന്” എന്ന പദം ഒരു പ്രത്യേക വിഭാഗത്തിന്റെ ഏറ്റവും ശക്തനായ അല്ലെങ്കില്വളരെ പ്രധാനപ്പെട്ട നേതാവിനെ സൂചിപ്പിക്കുന്നു.

- ഇതിന്റെ ഉദാഹരണങ്ങളില്, “പ്രധാന സംഗീതജ്ഞന്, മുഖ്യപുരോഹിതന്, മുഖ്യ നികുതി പിരിവുകാരന്, മുഖ്യ ഭരണാധികാരി” ആദിയായവ ഉള്പ്പെടുന്നു.
- ഇതു ഉല്പ്പത്തി 36ല് ചില പുരുഷന്മാരുടെ പേരുകള്അവരുടെ കുടുംബ വംശങ്ങളുടെ “പ്രധാനികള്” പറഞ്ഞിരിക്കുന്നതുപോലെ ഈ പദം പ്രത്യേക കുടുംബത്തലവനെ സൂചിപ്പിക്കുവാനുമായി ഉപയോഗിക്കാം. ഈ സാഹചര്യത്തില്, “മുഖ്യന്” എന്ന പദം”നായകന്” അല്ലെങ്കില്“പിതൃത്തലവന്” എന്നു പരിഭാഷപ്പെടുത്താം.
- ഒരു നാമം സൂചിപ്പിക്കുവാനായി ഇതു ഉപയോഗിക്കുമ്പോള്, ഈ പദം “നായകത്വം വഹിക്കുന്ന” അല്ലെങ്കില്“ഭരിക്കുന്ന” എന്നു “നായകത്വം വഹിക്കുന്ന സംഗീതജ്ഞന്” അല്ലെങ്കില്“ഭരണം വഹിക്കുന്ന പുരോഹിതന്” എന്നിവയില്ഉള്ളതു പോലെ പരിഭാഷപ്പെടുത്താവുന്നതാണ്.

(കാണുക: പ്രധാന പുരോഹിതന്മാര്, പുരോഹിതന്, നികുതി പിരിവുകാരന്)

## ദൈവവചന സൂചികകള്:

- ദാനിയേല്01:11-13
- യെഹസ്കേല്26:15-16
- ലൂക്കോസ് 19:1-2
- സങ്കീര്ത്തനം 004:1

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H47, H441, H5057, H5387, H5632, H6496, H7218, H7225, H7227, H7229, H7262, H8269, H8334, G749, G750, G754, G4410, G4413, G5506

# മുദ്ര, മുദ്രവെക്കുന്നു, മുദ്ര വെച്ച, മുദ്ര വെക്കല്, മുദ്ര വെക്കാത്ത

## നിര്വചനം:

ഒരു വസ്തു മുദ്ര വെക്കുക എന്നാല് അതിന്റെ അര്ത്ഥം അത് എന്തെങ്കിലും ഉപയോഗിച്ചു അടയ്ക്കുകയും അതിന്റെ മുദ്ര പൊട്ടിക്കാതെ തുറക്കുവാന് അസാദ്ധ്യമാക്കുകയും ചെയ്യുക എന്നുള്ളതാണ്.

- സാധാരണയായി ഒരു മുദ്ര എന്നത് ഇത് ആര്ക്കു ബന്ധപ്പെട്ടിരിക്കുന്നു എന്ന് അടയാളപ്പെടുത്തിയ രൂപരേഖ പതിച്ചിട്ടുള്ളത് ആയിരിക്കും. എഴുത്തുകളും മറ്റു രേഖകളും പരിരക്ഷ ചെയ്യുവാന് വേണ്ടി ഉരുക്കിയ മെഴുക് ഉപയോഗിക്കുക പതിവായിരുന്നു. മെഴുക് തണുത്തു ഉറയ്ക്കുമ്പോള്, ആ കത്ത് മെഴുക് മുദ്ര പൊട്ടിക്കാതെ തുറക്കുവാന്അസാധ്യം ആകുന്നു. യേശുവിന്റെ കല്ലറയുടെ മുന്ഭാഗം ആരും തന്നെ ആ കല്ല് നീക്കിക്കളയാതെ ഇരിക്കേണ്ടതിനു ഒരു മുദ്ര വെച്ചിരുന്നു.
- പൌലോസ് ഉപമാന രീതിയില്ല പരിശുദ്ധാത്മാവിനെ ഒരു "മുദ്ര"യായി നമ്മുടെ രക്ഷയുടെ സുരക്ഷാ സൂചനയായി സൂചിപ്പിക്കുന്നു.

(കാണുക: പരിശുദ്ധാത്മാവ്, ശവകുടീരം)

## ദൈവ വചന സൂചികകള്:

- പുറപ്പാട് 02:3-4
- യെശ്ശയ്യാവ് 29:11-12
- യോഹന്നാന് 06:26-27
- മത്തായി 27:65-66
- വെളിപ്പാട് 05:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2368, H2560, H2856, H2857, H2858, H5640, G2696, G4972, G4973

# മുന്തിരിങ്ങ, മുന്തിരിക്കുല, മുന്തിരി വീഞ്ഞ്

## നിര്വചനം:

മുന്തിരിങ്ങ എന്നത് ചെറിയ, ഗോളാകൃതിയില്ഉള്ള, മൃദുവായ തോലുള്ള ചെറുപഴം മുന്തിരി വള്ളികളില്കുലകളായി വളരുന്ന ഫലങ്ങളാണ്. മുന്തിരിച്ചാറു ഉപയോഗിച്ചു വീഞ്ഞ് ഉണ്ടാക്കുന്നു.

- ഇളം പച്ച, തവിട്ട്, അല്ലെങ്കില്ചുവപ്പ് തുടങ്ങിയ വിവിധ നിറങ്ങളില്മുന്തിരിങ്ങ ഉണ്ട്.
- ഒരു മുന്തിരിങ്ങ ഒന്ന് മുതല്മൂന്നു സെന്റി മീറ്റര്വ്യാസം വലുപ്പം ഉണ്ടായിരിക്കും.
- ജനം മുന്തിരിത്തോട്ടങ്ങള്എന്ന് വിളിക്കുന്ന തോട്ടങ്ങളില്മുന്തിരി വളര്ത്തുന്നു. ഇവടെ സാധാരണയായി നീണ്ട നിരകളില്മുന്തിരിച്ചെടികള്വളര്ത്തുന്നു.
- മുന്തിരിങ്ങ ദൈവ വചന കാലഘട്ടങ്ങളിലെ പ്രധാന ഭക്ഷണവും, മുന്തിരി തോട്ടങ്ങള്ഉള്ളത് സമ്പത്തിന്റെ ഒരു അടയാളവും ആയിരുന്നു.
- മുന്തിരിങ്ങ കേടുവന്നു പോകാതിരിപ്പാനായി, ജനം അത് ഉണക്കി സൂക്ഷിക്കുമായിരുന്നു. ഉണങ്ങിയ മുന്തിരിയെ “കിസ്മിസ്” എന്ന് വിളിക്കുകയും മുന്തിരി അട ഉണ്ടാക്കുവാന്അത് ഉപയോഗിക്കുകയും ചെയ്യുമായിരുന്നു.
- ദൈവത്തിന്റെ രാജ്യത്തെ കുറിച്ച് ശിഷ്യന്മാരെ പഠിപ്പിക്കുവാനായി യേശു മുന്തിരി തോട്ടത്തിന്റെ ഒരു ഉപമ പറഞ്ഞിരുന്നു.

(കാണുക:മുന്തിരി വള്ളി, മുന്തിരിത്തോട്ടം]മുന്തിരിത്തോപ്പ്, മുന്തിരിത്തോപ്പുകള്, വീഞ്ഞ്)

## ദൈവ വചന സൂചികകള്:

- ആവര്ത്തന പുസ്തകം 23:24-25
- ഹോശേയ 09:10
- ഇയ്യോബ് 15:31-33
- ലൂക്കോസ് 06:43-44
- മത്തായി 07:15-17
- മത്തായി 21:33-34

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H811, H891, H1154, H1155, H1210, H2490, H3196, H5563, H5955, H6025, H6528, G288, G4718

# മുന്തിരിച്ചക്ക്

## നിര്വചനം:

ദൈവ വചന കാലഘട്ടങ്ങളില്, ഒരു "മുന്തിരിച്ചക്ക്" എന്നത് ഒരു വലിയ സംഭരണിയോ വീഞ്ഞ് ഉണ്ടാക്കുവാനായി മുന്തിരിച്ചാര് വേര്തിരിച്ചു എടുക്കുന്ന ഒരു തുറന്ന സ്ഥലമോ ആയിരുന്നു.

- ഇസ്രയേലില്, മുന്തിരിച്ചക്കുകള് സാധാരണയായി വലിപ്പവും വിസ്താരവുമുള്ള പാത്രങ്ങളായി കടുപ്പമുള്ള പാറയില് കുഴിച്ചു ഉണ്ടാക്കിയിരിക്കും. മുന്തിരിക്കുലകള് പരന്ന അടിഭാഗത്തുള്ള കുഴിയില് ഇടുകയും ആളുകള് അവരുടെ കാലുകള് കൊണ്ട് മുന്തിരിങ്ങ ചവിട്ടി അതില് നിന്നും മുന്തിരിച്ചാര് ഒഴുകി വരികയും ചെയ്യും.
- സാധാരണായായി ഒരു മുന്തിരിച്ചക്കിനു രണ്ടു തലങ്ങള് ഉണ്ടായിരിക്കും, മുകളിലത്തെ തലത്തില് മുന്തിരി ചതയ്ക്കപ്പെട്ടു അവിടെ നിന്നും താഴത്തെ തലത്തിലേക്ക് ചാറു ഒഴുകി വരികയും ശേഖരിക്കപ്പെടുകയും ചെയ്യും.
- "മുന്തിരിച്ചക്ക്" എന്ന പദം ദൈവവചനത്തില് ഉപമാനമായി ദുഷ്ടന്മാരുടെ മേല് ചൊരിയപ്പെടുന്ന ദൈവ ക്രോധത്തിന്റെ ചിത്രമായി ഉപയോഗിച്ചിരിക്കുന്നു.

(കാണുക: രൂപകാലങ്കാരം)

(കാണുക: മുന്തിരി, ക്രോധം)

## ദൈവ വചന സൂചികകള്:

- യെശ്ശയ്യാവ് 63:1-2
- മര്ക്കോസ് 12:1-3
- മത്തായി 21:33-34
- വെളിപ്പാട് 14:19-20

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1660, H3342, H6333, G3025, G5276

# മുന്തിരിച്ചെടി, മുന്തിരിച്ചെടികള്

## നിര്വചനം:

“മുന്തിരിച്ചെടി” എന്ന പദം നിലത്തില് കൂടെ പടര്ന്നോ അല്ലെങ്കില് മരങ്ങളിലോ മറ്റു നിര്മ്മിതികളിലോ കയറി വളരുന്നതായ ഒരു ചെടിയെ സൂചിപ്പിക്കുന്നു. “മുന്തിരിവള്ളി” എന്ന് ദൈവ വചനത്തില് ഉപയോഗിച്ചിരിക്കുന്ന പദം ഫലം പുറപ്പെടുവിക്കുന്ന ചെടിയെ മാത്രം സാധാരണയായി മുന്തിരിവള്ളിയെ സൂചിപ്പിക്കുന്നു.

- ദൈവ വചനത്തില്, “വള്ളി” എന്ന പദം മിക്കവാറും എല്ലായ്പ്പോഴും “മുന്തിരിവള്ളി” എന്നതിനെ സൂചിപ്പിക്കുന്നു.
- മുന്തിരിച്ചെടിയുടെ ശാഖകള് അതിന്റെ വളര്ച്ചയ്ക്ക് ആവശ്യമായ വെള്ളവും മറ്റു പോഷകങ്ങളും നല്കുന്ന പ്രധാന തണ്ടുമായി യോജിച്ചിരിക്കുന്നു.
- യേശു തന്നെ “മുന്തിരിച്ചെടി ആയും തന്റെ ജനത്തെ “വള്ളികളായും” വിളിച്ചിരിക്കുന്നു.

ഈ പാശ്ചാത്തലത്തില്, “ചെടി” എന്ന പദം “മുന്തിരിവള്ളി തണ്ട്” അല്ലെങ്കില് “മുന്തിരിച്ചെടിയുടെ തണ്ട്” എന്ന് പരിഭാഷ ചെയ്യാം. (കാണുക: രൂപകാലങ്കാരം)

(കാണുക: മുന്തിരി, മുന്തിരിത്തോട്ടം)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 40:9-11
- ഉല്പ്പത്തി 49:11-12
- യോഹന്നാന്:1-2
- ലൂക്കോസ് 22:17-18
- മര്ക്കോസ് 12:1-3
- മത്തായി 21:35-37

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5139, H1612, H8321, G288, G290, G1009, G1092

# മുന്തിരിത്തോപ്പ്, മുന്തിരിത്തോപ്പുകള്

## നിര്വചനം:

മുന്തിരിത്തോപ്പ് എന്നത് വിശാലമായ ഒരു തോട്ടം, അവിടെ മുന്തിരിച്ചെടികള് വളര്ത്തുകയും മുന്തിരി കൃഷി നടത്തുകയും ചെയ്യുന്നു.

- ഒരു മുന്തിരിത്തോട്ടം എന്നത് സാധാരണയായി അതിന്റെ ഫലം കള്ളന്മാരില് നിന്നും മൃഗങ്ങളില്നിന്നും സംരക്ഷണം നല്കേണ്ടതിനായി ചുറ്റും മതില് ഉള്ളത് ആയിരിക്കും.
- ദൈവം ഇസ്രയേല് ജനത്തെ നല്ല ഫലം കായ്ക്കാത്ത മുന്തിരിത്തോട്ടത്തോട് സാമ്യപ്പെടുത്തിയിട്ടുണ്ട്. (കാണുക: രൂപകാലങ്കാരം
- മുന്തിരിത്തോട്ടം എന്നത് "മുന്തിരിത്തോപ്പ്" അല്ലെങ്കില് "മുന്തിരി കൃഷിത്തോട്ടം" എന്ന് പരിഭാഷ ചെയ്യാം.

(കാണുക: മുന്തിരി, ഇസ്രയേല്, മുന്തിരിവള്ളി)

## ദൈവ വചന സൂചികകള്:

- ഉല്പത്തി 09:20-21
- ലൂക്കോസ് 13:6-7
- ലൂക്കോസ് 20:15-16
- മത്തായി 20:1-2*
- മത്തായി 21:40-41

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H64, H1612, H3657, H3661, H3754, H3755, H8284, G289, G290

# മുന്നറിഞ്ഞു, മുന്നറിവ്

## നിര്വചനം:

“മുന്നറിഞ്ഞു” എന്നും “മുന്നറിവ്” എന്നും ഉള്ള പദങ്ങള്“മുന്നറിയുക” എന്ന ക്രിയയില്നിന്ന്, സംഭവിക്കുന്നതിന് മുന്പേതന്നെ അത് അറിയുന്നതിനെ സൂചിപ്പിക്കുന്നു.

- ദൈവം കാലത്തിനാല്പരിമിതപ്പെടുത്തപ്പെട്ടവന്അല്ല. അവിടുന്ന് ഭൂതകാലത്തിലും, വര്ത്തമാന കാലത്തിലും, ഭാവിയിലും സംഭവിക്കുന്ന സകലവും അറിയുന്നു.
- യേശുവിനെ രക്ഷകനായി സീകരിക്കുന്നത് മൂലം രക്ഷിക്കപ്പെടുന്നവര്ആരെല്ലാം ആയിരിക്കും എന്നു ദൈവത്തിനു മുന്കൂട്ടി അറിയാം എന്നുള്ള പാശ്ചാലത്തലത്തില്ഈ പദം സാധാരണയായി ഉപയോഗിച്ചു വന്നിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ”മൂന്കൂട്ടി അറിഞ്ഞിരുന്നു” എന്ന പദസഞ്ചയം ‘’മുന്പേ അറിഞ്ഞിരുന്നു” അല്ലെങ്കില്“കാലത്തിനു മുന്പേ അറിഞ്ഞിരുന്നു” അല്ലെങ്കില് “മുന്കൂട്ടി അറിഞ്ഞിരുന്നു”, അല്ലെങ്കില് “മുന്പേ തന്നെ അറിഞ്ഞിരുന്നു” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”മുന്നറിവ്” എന്ന പദം “മുന്കൂട്ടി അറിയുക” അല്ലെങ്കില്“കാലത്തിനു മുന്പേ അറിയുക” അല്ലെങ്കില്“മുന്പേ തന്നെ അറിഞ്ഞിരിക്കുക” അല്ലെങ്കില്“നേരത്തേ തന്നെ അറിഞ്ഞിരിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക:അറിയുക, മുന്നിര്ണ്ണയം ചെയ്യുക)

## ദൈവ വചന സൂചികകള്:

- റോമര്08:28-30
- റോമര്11:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G4267, G4268

# മുറ്റം, പ്രാകാരങ്ങള്, അങ്കണം, അങ്കണങ്ങള്

## നിര്വചനം:

“അങ്കണം” എന്നതും “മുറ്റം” എന്നതും ഒരു ചുറ്റിവളയ്ക്കപ്പെട്ടതും തുറസ്സായതും ചുറ്റും മതിലുകള് ഉള്ളതുമായ സ്ഥലമാണ്. “കോടതി” എന്ന പദം ന്യായാധിപന്മാര് നിയമപരവും കുറ്റകരവുമായ കാര്യങ്ങ ളെക്കുറിച്ച് നടപടികള് സ്വീകരിക്കുന്ന സ്ഥലം എന്നാണ് സൂചിപ്പിക്കുന്നത്.

- സമാഗമനകൂടാരത്തിനു ഘനമുള്ള തുണികളാല് നിര്മ്മിതമായ ചുവരുകളാല് മൂടപ്പെട്ട ഒരു അങ്കണം ഉണ്ടായിരുന്നു.
- ദേവാലയ സമുച്ചയത്തിനു മൂന്നു ഉള് അങ്കണങ്ങള് ഉണ്ടായിരുന്നു:ഒന്നു പുരോഹിതന്മാര്ക്ക്, ഒന്നു യഹൂദന്മാരായ പുരുഷന്മാര്ക്ക്, മറ്റൊന്നു യഹൂദന്മാരായ സ്ത്രീകള്ക്ക്. ഈ ഉള്മുറ്റങ്ങള്ചെറിയ കല്ച്ചുവരാല്ചുറ്റപ്പെട്ടു പുറജാതികള്ക്ക് ആരാധന ക്കായി അനുവദിക്കപ്പെട്ടിരുന്ന പുറം മുറ്റത്തില്നിന്ന് വേര്തിരിക്കപ്പെട്ടിരുന്നു.
- ഒരു ഭവനത്തിന്റെ അങ്കണം എന്നത് ഭവനത്തിന്റെ മദ്ധ്യത്തില്ഉണ്ടായിരുന്ന തുറന്ന സ്ഥലമായിരുന്നു.
- “രാജാവിന്റെ അങ്കണം” എന്നത് തന്റെ അരമനയോ അല്ലെങ്കില്അരമനയില്താന്ന്യായത്തീര്പ്പുകള്നല്കുന്ന സ്ഥലത്തെയോ കുറിക്കുന്നു.
- ”യഹോവയുടെ പ്രകാരങ്ങള്” എന്നത് യഹോവയുടെ വാസസ്ഥലം അല്ലെങ്കില്ജനം യഹോവയെ ആരാധിപ്പാന്കടന്നുചെല്ലുന്ന സ്ഥലം എന്നു ഉപമാന രൂപത്തില്സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- “അങ്കണം” എന്ന പദം “ചുറ്റിമറയ്ക്കപ്പെട്ട സ്ഥലം” അല്ലെങ്കില്“മതിലിനകത്തുള്ള നിലം” അല്ലെങ്കില്ആലയ ഭൂമി” അല്ലെങ്കില്”ദേവാലയ ചുറ്റുപുറം” എന്നു പരിഭാഷപ്പെടുത്താം.
- ചില സന്ദര്ഭങ്ങളില്“ദേവാലയം” എന്ന പദം “ദേവാലയ പ്രാകാരങ്ങള്” അല്ലെങ്കില്“ദേവാലയ സമുച്ചയം” എന്നിങ്ങനെ പരിഭാഷപ്പെടുത്തുന്നതുമൂലം പ്രാകാരങ്ങളെയാണ് സൂചിപ്പിക്കുന്നത്, ദേവാലയ കെട്ടിടത്തെയല്ല എന്നു വ്യക്തമാക്കാം.
- “യഹോവയുടെ പ്രാകാരം” എന്ന ആശയം, “യഹോവ വസിക്കുന്ന സ്ഥലം” അല്ലെങ്കില്“യഹോവയെ ആരാധിക്കുന്ന സ്ഥലം” എന്നു പരിഭാഷപ്പെടുത്താം.
- ഒരു രാജാവിന്റെ പ്രാകാരത്തിന് ഉപയോഗിക്കുന്ന പദം തന്നെ യഹോവയുടെ പ്രാകാരത്തെ സൂചിപ്പിക്കുവാനും ഉപയോഗിക്കാം.

(കാണുക: പുറജാതി, ന്യായംവിധിക്കുക, രാജാവ്, സമാഗമാനകൂടാരം, ദേവാലയം)

## ദൈവവചന സൂചികകള്:

- 2 രാജാക്കന്മാര്20:4-5
- പുറപ്പാട് 27:9-10
- യിരെമ്യാവ് 19:14-15
- ലൂക്കോസ് 22:54-55
- മത്തായി 26:69-70
- സംഖ്യാപുസ്തകം 03:24-26
- സങ്കീര്ത്തനങ്ങള്065:4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1004, H1508, H2691, H5835, H6503, H7339, H8651, G833, G933, G2681, G4259

# മുള്ള്, മുള്മരം, മുള്പ്പടര്പ്പ്, മുള്ളുകള്, ചൊറിയണം, ചൊറിച്ചല്ഉളവാക്കുന്ന ചെടികള്

## വസ്തുതകള്:

മുള്പ്പടര്പ്പും ചൊറിച്ചല്ഉണ്ടാക്കുന്ന ചെടികളും ചൊറിച്ചല്ഉളവാക്കുന്ന ശിഖരങ്ങളും പുഷ്പങ്ങളും ഉള്ള ചെടികള്ആകുന്നു. ഈ ചെടികള്ഫലങ്ങളോ ഉപയോഗപ്രദമായ മറ്റെന്തെങ്കിലുമോ ഉല്പ്പാദിപ്പിക്കുന്നില്ല.

- ഒരു “മുള്ള്” എന്നത് ഘനമുള്ള,കൂര്ത്ത മുനയുള്ള, ചെടിയുടെ ശാഖയോ തണ്ടോ ആണ്. ഒരു “മുള്മരം” എന്നത് ശാഖകളില്ധാരാളം മുള്ളുകള്ഉള്ളതായ ഒരുതരം ചെറിയ മരമോ കുറ്റിച്ചെടിയോ ആകുന്നു.
- ”ചൊറിയണം” എന്നത് ചൊറിച്ചല്ഉളവാക്കുന്ന തണ്ടുകളും ഇലകളും ഉള്ള ഒരുതരം ചെടിയാണ്. സാധാരണയായി ഇതിന്റെ പൂക്കള്കടും ചുവപ്പ് നിറം ഉള്ളതാണ്. മുള്ളും ചൊറിച്ചല്ഉളവാക്കുന്ന ചെടികളും വളരെ പെട്ടെന്ന് വര്ദ്ധിക്കുകയും ചുറ്റുപാടും ഉള്ള ചെടികള്വളരുവാന്സാധിക്കാത്ത നിലയില്വ്യാപിക്കുകയും ചെയ്യുന്നവയാണ്. ഇത് ഒരു വ്യക്തിക്ക് ആത്മീയമായ ഫലങ്ങള്ഉല്പ്പാദിപ്പിക്കുവാന്കഴിയാത്ത വിധം പാപം ക്രിയ ചെയ്യുന്നതിന്റെ ചിത്രം ആകുന്നു.
- മുള്ളുകള്കൊണ്ട് മെടഞ്ഞു ഉണ്ടാക്കിയ ഒരു കിരീടം ക്രൂശീകരണത്തിനു മുന്പ് യേശുവിന്റെ ശിരസ്സില്വെച്ചിരുന്നു.
- സാധ്യമെങ്കില്, ഈ പദങ്ങള്പ്രാദേശിക ഭാഷയില്രണ്ടു വ്യത്യസ്ത ചെടികളുടെയോ കുറ്റിചെടികളുടെയോ പേരുകള്ഉപയോഗിച്ചു ഈ പദങ്ങളെ പരിഭാഷ ചെയ്യുക.

(കാണുക: കിരീടം, ഫലം, ആത്മാവ്)

## ദൈവ വചന സൂചികകള്:

- എബ്രായര്06:7-8
- മത്തായി 13:7-9
- മത്തായി 13:22-23
- സംഖ്യാപുസ്തകം 33:55-56

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H329, H1863, H2312, H2336, H4534, H5285, H5518, H5544, H6791, H6796, H6975, H7063, H7898, G173, G174, G4647, G5146

# മൂടുപടം, മൂടുപടങ്ങള്, മൂടപടം ധരിച്ചു, മൂടുപടം നീക്കി

## നിര്വചനം:

"മൂടുപടം" എന്ന പദം സാധാരണയായി സൂചിപ്പിക്കുന്നത് ഒരു നേരിയ വസ്ത്ര ക്കഷണം, ശിരോവസ്ത്രമായി, ശിരസ്സിനെയോ അല്ലെങ്കില് മുഖത്തെയോ പുറത്ത് കാണുവാന് കഴിയാത്ത വിധം മൂടി മറയ്ക്കുന്നതിനെ സൂചിപ്പിക്കുന്നു.

- യഹോവയുടെ സന്നിധാനത്തില് ആയിരുന്നതിനു ശേഷം മോശെ തന്റെ മുഖത്ത് ഒരു മൂടുപടം ധരിച്ചിരുന്നു, എന്തെന്നാല് അതു നിമിത്തം തന്റെ മുഖ ശോഭ ജനത്തില് നിന്നും മറഞ്ഞിരിക്കുവാന് ഇടയായി തീരും എന്നുള്ളത് കൊണ്ടു തന്നെ.
- ദൈവ വചനത്തില്, സാധാരണയായി, പൊതു സ്ഥലത്തോ, അല്ലെങ്കില് പുരുഷന്മാരുടെ സാന്നിധ്യത്തിലോ സ്ത്രീകള് അവരുടെ ശിരസ്സ് മൂടിയിരിക്കും, അതുപോലെ അവരുടെ മുഖവും മറച്ചിരിക്കും.
- "മൂടുപടം" എന്നതിന്റെ ക്രിയാപദം അര്ത്ഥം നല്കുന്നത് മൂടുപടം പോലെയുള്ള ഒന്നുകൊണ്ടു പൊതിയുക എന്നാണ്.
- ചില ഇംഗ്ലീഷ് ഭാഷാന്തരങ്ങളില്, "മൂടുപടം" എന്ന വാക്ക് മഹാ പരിശുദ്ധ സ്ഥലത്തിലേക്കുള്ള പ്രവേശന കവാടം മറച്ചിരുന്ന ഘനമുള്ള തിരശീലയെ സൂചിപ്പിക്കുന്നു. എന്നാല്ആ സന്ദര്ഭത്തില് "തിരശീല" എന്ന പദം ഏറ്റവും മെച്ചമായത് ആകുന്നു, എന്തു കൊണ്ടെന്നാല് ഇത് ഭാരം ഉള്ള, ഘനം ഉള്ള വസ്ത്ര ഖണ്ഡത്തെ സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "മൂടുപടം" എന്ന പദം "നേരിയ വസ്ത്ര ആവരണം" അല്ലെങ്കില് "വസ്ത്ര ആവരണം" അല്ലെങ്കില് "ശിരോവസ്ത്രം" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- ചില സംസ്കാരങ്ങളില്, സ്ത്രീകള്ക്കുള്ള മൂടുപടത്തിനു പ്രത്യേകമായ ഒരു പദം ഉണ്ടായിരിക്കാം. മോശെയോടുള്ള ബന്ധത്തില് ഉപയോഗിക്കുമ്പോള് വേറെ ഒരു വ്യത്യസ്തമായ വാക്ക് കണ്ടുപിടിക്കേണ്ടതും ആവശ്യമായി വന്നേക്കാം.

(കാണുക: മോശെ)

## ദൈവ വചന സൂചികകള്:

- 2 കൊരിന്ത്യര് 03:12-13
- 2 കൊരിന്ത്യര് 03:14-16
- യെഹസ്കേല് 13:17-18
- യെശ്ശയ്യാവ് 47:1-2
- ഉത്തമഗീതം 04:3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7289, G2665

# മൂപ്പന്, മൂപ്പന്മാര്

## നിര്വചനം:

മൂപ്പന്മാര് ആത്മീയമായി പക്വത പ്രാപിച്ചവരും ദൈവജനങ്ങളുടെ ഇടയില്ആത്മീയവും പ്രായോഗികവുമായ നേതൃത്വമുള്ള ഉത്തരവാദിത്വം ഉള്ളവരും ആണ്.

- "മൂപ്പന്" എന്ന പദം മൂപ്പന്മാര് വാസ്തവത്തില് പ്രായമുള്ളവരും, അവരുടെ പ്രായവും അനുഭവവും കൂടുതല് ജ്ഞാനമുള്ളതും ആകയാല് അതില് നിന്നും വന്നതും ആണ്.
- പഴയനിയമത്തില്, മൂപ്പന്മാര് ഇസ്രയേല് ജനത്തെ സാമൂഹിക നീതി യിലും മോശൈക നിയമങ്ങളിലും നയിക്കുവാന് സഹായകരമായിരുന്നു.
- പുതിയനിയമത്തില്, യഹൂദ നേതാക്കന്മാര് അവരുടെ സമൂഹത്തില് നേതാക്കന്മാരായി തുടരുകയും ജനത്തിന്റെ ന്യായവിചാരകന്മാരായി കാണപ്പെടുകയും ചെയ്തു.
- ആദിമ ക്രിസ്തീയ സഭകളില്, ക്രിസ്തീയ മൂപ്പന്മാര് പ്രാദേശിക വിശുദ്ധന്മാരുടെ സഭകള്ക്ക് ആത്മീയ നേതൃത്വം നല്കിയിരുന്നു.
- ഈ സഭകളിലെ ചെറുപ്പക്കാരായവര് ഉള്പ്പെടെയുള്ള മൂപ്പന്മാര് ആത്മീയ ഗുണവിശേഷം ഉള്ളവര് ആയിരുന്നു. ഈ പദം "പ്രായമുള്ള മനുഷ്യര്" അല്ലെങ്കില് "സഭയെ നയിക്കുന്ന ആത്മീയമായി പക്വതയുള്ളവര്" എന്നു പരിഭാഷപ്പെടുത്താം.

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:1-3
- 1 തിമോത്തിയോസ് 03:1-3
- 1 തിമോത്തിയോസ് 04:14-16
- അപ്പോ.പ്രവര്ത്തികള്05:19-21
- അപ്പോ.പ്രവര്ത്തികള്14:23-26
- മര്ക്കോസ് 11:27-28
- മത്തായി 21:23-24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1419, H2205, H7868, G1087, G3187, G4244, G4245, G4850

# മൃഗം, മൃഗങ്ങള്

## വസ്തുതകള്

ദൈവവചനത്തില്, “മൃഗം” എന്ന പദം “ജന്തു” എന്നു പറയുന്നതിനു പകരമായി സാധാരണയായി ഉപയോഗിക്കുന്നു.

- വന്യമൃഗം എന്നത് വനങ്ങളിലോ വയലുകളിലോ സ്വതന്ത്രമായി വിഹരിക്കു ന്നതും മനുഷ്യരാല്പരിശീലിപ്പിക്കപ്പെടാത്തതും ആകുന്നു.
- ഒരു നാട്ടുമൃഗം എന്നത് ജനങ്ങളോടൊപ്പം ജീവിക്കുന്നതും ഭക്ഷണത്തിനോ, വയല്ഉഴുക പോലുള്ള ജോലികള്ചെയ്യിക്കുന്നതിനോ മറ്റും സൂക്ഷിക്കുന്നവ യാണ്. സാധാരണയായി “കന്നുകാലികള്” എന്ന പദം ഇത്തരം മൃഗങ്ങളെ കുറിക്കുവാന്ഉപയോഗിക്കുന്നു.
- പഴയനിയമ ഗ്രന്ഥമായ ദാനിയേലും പുതിയനിയമ ഗ്രന്ഥമായ വെളിപ്പാടു പുസ്തകത്തിലും ദൈവത്തെ എതിര്ക്കുന്ന പൈശാചിക ശക്തികളെയും അധികാ രങ്ങളെയും സൂചിപ്പിക്കുവാന്മൃഗങ്ങളുടെ ദര്ശനങ്ങള്പ്രതിനിധീകരിക്കുന്നു.

(കാണുക:രൂപകാലങ്കാരം)

- ഇവയില്ചില മൃഗങ്ങള്ക്ക് പല തലകളും അനേകം കൊമ്പുകളോടും കൂടെ വ്യത്യസ്ത രൂപങ്ങള്ഉള്ളതായി വിവരിച്ചിരിക്കുന്നു. അവയ്ക്ക് സാധാരണയായി ശക്തിയും അധികാരവും ഉള്ളതായി, അവ രാജ്യങ്ങ ളെയും, രാഷ്ട്രങ്ങളെയും, മറ്റുള്ള രാഷ്ട്രീയ ശക്തികളെയും പ്രതിനിധീകരിക്കുന്നു.
- ഇതു പരിഭാഷപ്പെടുത്തുവാന്”ജീവി” അല്ലെങ്കില്“സൃഷ്ടിക്കപ്പെട്ടവ” അല്ലെങ്കില്“ജന്തു”,അല്ലെങ്കില്”വന്യമൃഗം” എന്നൊക്കെ സാഹചര്യത്തിനനുസരിച്ച് ഉള്ക്കൊ ള്ളിക്കാം.

(കാണുക: അധികാരം, ദാനിയേല്, കന്നുകാലി, രാഷ്ട്രം, ശക്തി, വെളിപ്പെ ടുക, ബെയെല്സബൂല്)

## ദൈവവചന സൂചികകള്:

- 1 കൊരിന്ത്യര്15:31-32
- 1 ശമുവേല്17:44-45
- 2 ദിനവൃത്താന്തങ്ങള്25:18-19
- യിരെമ്യാവ് 16:1-4
- ലേവ്യപുസ്തകം 07:21
- സങ്കീര്ത്തനങ്ങള്049:12-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H338, H929, H1165, H2123, H2416, H2423, H2874, H3753, H4806, H7409, G2226, G2341, G2342, G2934, G4968, G5074

# മെതിക്കുക, മെതിക്കുന്നു, മേതിക്കപ്പെട്ട, മെതിക്കല്

## നിര്വചനം:

മെതിക്കുക" എന്നും "മെതിക്കല്" എന്നും ഉള്ള പദങ്ങള്ഗോതമ്പ് ധാന്യം ഗോതമ്പ് ചെടിയില്നിന്നും വേര്തിരിക്കുന്ന ആദ്യഭാഗ പ്രക്രിയയെ സൂചിപ്പിക്കുന്നു.

- ഗോതമ്പു ചെടിയെ മെതിക്കുമ്പോള്വയ്ക്കോലില്നിന്നും പതിരില്നിന്നും ധാന്യം വേര്പെട്ടു വരുന്നു. എല്ലാ അനാവശ്യമായ വസ്തുക്കളില്നിന്നും വേര്പിരിക്ക തക്കവിധം ധാന്യം "പാറ്റിയതിനു" ശേഷം ഭക്ഷ്യയോഗ്യമായ ധാന്യം മാത്രം അവശേഷിക്കുന്നു.
- ദൈവ വചന കാലഘട്ടത്തില്, ഒരു "മെതിക്കളം" എന്നത് വിശാലമായ പരന്ന പാറപ്പുറമോ അല്ലെങ്കില്നന്നായി ഉറപ്പിച്ച, പരന്ന, ഘനമുള്ള, മണ്ണിനാല്നിര്മ്മിതമായ ധാന്യക്കതിരുകളെ പൊടിക്കുവാനും ധാന്യത്തെ വേര്തിരിക്കുവാനും ഒരുക്കിയെടുത്ത സ്ഥലങ്ങളോ ആകുന്നു.
- ഒരു "മെതിവണ്ടി" അല്ലെങ്കില്"മേതിചക്രം" എന്നത് ചില സന്ദര്ഭങ്ങളില്ധാന്യം മേതിക്കുന്നതിനും വയ്ക്കോലില്നിന്നും പതിരില്നിന്നും ധാന്യത്തെ വേര്തിരിക്കുവാന്സഹായകരവും ആകുന്നു.
- ഒരു "മെതിത്തട്ടകം"" അല്ലെങ്കില്"മെതിപ്പലക" എന്നതും ധാന്യം വേര്തിരിക്കുവാനായി ഉപയോഗിക്കുമായിരുന്നു. ഇത് മരപ്പലകകള്കൊണ്ട് നിര്മ്മിതവും അഗ്രത്തില്ലോഹനിര്മ്മിതമായ കൂര്ത്ത അഗ്രങ്ങള്ഉള്ളതും ആയിരുന്നു.

(കാണുക: പതിര്, ധാന്യം, പാറ്റുക)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള് 03:1-3
- 2 രാജാക്കന്മാര്13:6-7
- 2 ശമുവേല്24:15-16
- ദാനിയേല്02:34-35
- ലൂക്കോസ് 03:17
- മത്തായി 03:10-12
- രൂത്ത് 03:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H212, H4173, H1637, H1758, H1786, H1869, H2251, G248

# മേലങ്കി, മേലങ്കികള്, അങ്കി ധരിച്ച

## നിര്വചനം:

ഒരു മേലങ്കി എന്നത് ഒരു പുരുഷനോ അല്ലെങ്കില് ഒരു സ്ത്രീയോ ധരിക്കുന്ന നീളമുള്ള കൈകള് ഉള്ളതായ മേല്വസ്ത്രം ആകുന്നു. ഇത് ഒരു കുപ്പായത്തിനു സമാനം ആകുന്നു.

- മേലങ്കികള് മുന്വശം തുറന്നതും ഒരു ഉറുമാല് അല്ലെങ്കില് അരക്കച്ച കൊണ്ട് കെട്ടി വെക്കുന്നതും ആകുന്നു.
- അവ നീളം ഉള്ളതോ നീളം കുറഞ്ഞതോ ആയിരിക്കാം.
- രക്താംബര അങ്കികള് രാജാക്കന്മാരാല് അവരുടെ രാജത്വം, ധനം, അന്തസ്സ് എന്നിവയുടെ അടയാളങ്ങളായി ധരിക്കുന്നവ ആകുന്നു.

(കാണുക: രാജകീയം, വസ്ത്രം)

## ദൈവ വചന സൂചികകള്:

- പുറപ്പാട് 28:4-5
- ഉല്പ്പത്തി 49:11-12
- ലൂക്കോസ് 15:22-24
- ലൂക്കോസ് 20:45-47
- മത്തായി 27:27-29

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H145, H155, H899, H1545, H2436, H2684, H3671, H3801, H3830, H3847, H4060, H4254, H4598, H5497, H5622, H6614, H7640, H7757, H7897, H8071, G1746, G2066, G2067, G2440, G4749, G4016, G5511

# മേല്വിചാരണ നടത്തുക, മേല്വിചാരണ ചെയ്യുന്നു, മേല്വിചാരണ ചെയ്യപ്പെട്ട, മേല്വിചാരകന്, മേല്വിചാരകന്മാര്

## നിര്വചനം:

“മേല്വിചാരകന്” എന്ന പദം ഒരു പ്രവര്ത്തിയുടെ ഉത്തരവാദിത്വവും മറ്റു ജനങ്ങളുടെ ക്ഷേമവും മേല്നോട്ടം വഹിക്കുന്ന വ്യക്തി എന്ന് സൂചിപ്പിക്കുന്നു.

- പഴയ നിയമത്തില്, ഒരു മേല്വിചാരകനു തനിക്കു കീഴെ ജോലി ചെയ്യുന്നവര്നന്നായി പ്രവര്ത്തിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടത് ഉണ്ട്.
- പുതിയ നിയമത്തില്, ഈ പദം ആദ്യകാല ക്രിസ്തീയ സഭയുടെ നേതാക്കന്മാരെ സൂചിപ്പിക്കുവാന്ഉപയോഗിച്ചിരുന്നു. അവരുടെ ജോലി സഭയുടെ ആത്മീക ആവശ്യങ്ങള്സംബന്ധിച്ച ഉത്തരവാദിത്വം നോക്കുക, വിശ്വാസികള്ക്ക് ശരിയായി കൃത്യതയുള്ള ദൈവ വചന ഉപദേശങ്ങള്ലഭ്യമാക്കുക ആദിയായവ ആയിരുന്നു.
- തന്റെ “ആട്ടിന്കൂട്ടം” ആയിരിക്കുന്ന, പ്രാദേശിക സഭയിലെ വിശ്വാസികളുടെ കാര്യങ്ങള്ശ്രദ്ധിക്കുന്ന ഒരു ഇടയനെ പോലെ താന്ഒരു മേല്വിചാരകന്ആയിരിക്കുന്നു എന്ന് പൌലോസ് സൂചിപ്പിക്കുന്നു.
- മേല്വിചാരകന്, ഒരു ആട്ടിടയന്എന്നപോലെ, തന്റെ ആട്ടിന്കൂട്ടത്തെ പരിപാലിക്കുന്നവന്ആകുന്നു. താന്അസത്യമായ ആത്മീയ ഉപദേശങ്ങളില്നിന്നും സാത്താന്യമായ സ്വാധീനത്തില്നിന്നും വിശ്വാസികളെ സംരക്ഷിക്കുന്നു.
- പുതിയ നിയമത്തില്, “മേല്വിചാരകന്മാര്” എന്നും “മൂപ്പന്മാര്” എന്നും “ഇടയന്മാര്/സഭാ ശുശ്രൂഷകന്മാര്എന്നും സൂചിപ്പിക്കുന്നത് അതേ ആത്മീയ നേതാക്കന്മാരെ ആകുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- എ പദം പരിഭാഷ ചെയ്യുവാന്ഉള്ള ഇതര ശൈലികള്“മേല്നോട്ടം വഹിക്കുന്നവന്” അല്ലെങ്കില്“സംരക്ഷകന്” അല്ലെങ്കില്“നിര്വാഹകന്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഒരു പ്രാദേശിക ദൈവ ജനത്തിന്റെ കൂട്ടായ്മയുടെ നേതാവിനെ സൂചിപ്പിക്കുമ്പോള്, ഈ പദം “”ആത്മീയ മേല്വിചാരകന്” അല്ലെങ്കില്“ഒരുകൂട്ടം വിശ്വാസികളുടെ ആത്മീയ ആവശ്യങ്ങളെ കരുതലോടെ നോക്കുന്ന ഒരുവന്” അല്ലെങ്കില്“ദൈവ സഭയുടെ ആത്മീയ ആവശ്യങ്ങള്മേല്നോട്ടം വഹിക്കുന്ന ഒരു വ്യക്തി” എന്നിങ്ങനെയുള്ള പദങ്ങള്അല്ലെങ്കില്പദസഞ്ചയങ്ങള്കൊണ്ട് പരിഭാഷ ചെയ്യാം.

(കാണുക: ദൈവ സഭ, മൂപ്പന്, സഭാ ശുശ്രൂഷകന്, ഇടയന്)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 26:31-32
- 1 തിമോത്തിയോസ് 03:1-3
- അപ്പോ.20:28-30
- ഉല്പ്പത്തി 41:33-34
- ഫിലിപ്പിയര്01:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5329, H6485, H6496, H7860, H8104, G1983, G1984, G1985

# യവം

## നിര്വചനം

"യവം" എന്ന പദം അപ്പം ഉണ്ടാക്കുവാന്ഉപയോഗിക്കുന്ന ഒരുതരം ധാന്യത്തെ സൂചിപ്പിക്കുന്നു.

- യവച്ചെടി എന്നത് നീലമുള്ള തണ്ടോടുകൂടിയതും ശിരാഗ്രത്തില്വിത്തുകള്അല്ലെങ്കില്ധാന്യം വിളഞ്ഞു നില്ക്കുന്നതുമായ ഒന്നാണ്.
- യവം ഉഷ്ണകാലത്ത് നന്നായി വളരുന്നതുകൊണ്ടു ഇതു വസന്തകാലത്ത് അല്ലെങ്കില്വേനല്ക്കാലത്ത് കൊയ്യുന്നു.
- യവം മെതിച്ച്, എണ്ണക്കുരുക്കള്ഉപയോഗശൂന്യമായ പതിരിനെ വേര്തിരിക്കു കയും ചെയ്യുന്നു.
- യവം പൊടിച്ചു മാവാക്കുകയും, അനന്തരം വെള്ളമോ എണ്ണയോ ചേര്ത്ത് കുഴച്ചു അപ്പം ഉണ്ടാക്കുകയും ചെയ്യുന്നു.
- യവം എന്നത് അറിയപ്പെടുന്നത് അല്ല എങ്കില്, "യവം എന്നു വിളിക്കപ്പെടുന്ന ധാന്യം" അല്ലെങ്കില്"യവധാന്യം" എന്നു പരിഭാഷപ്പെടുത്താവുന്നതാണ്.

(കാണുക: അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: ധാന്യം, മേതിക്കല്, ഗോതമ്പ്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്11:12-14
- ഇയ്യോബ് 31:38-40
- ന്യായാധിപന്മാര്07:13-14
- സംഖ്യാപുസ്തകം 05:15](rc://ml/tn/help/num/05/15)
- വെളിപ്പാട് 06:5-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8184, G2915, G2916

# യഹൂദ അധികാരികള്, യഹൂദ നേതാവ്

## വസ്തുതകള്:

"യഹൂദ നേതാവ് "അല്ലെങ്കില്" യഹൂദ അധികാരി" സൂചിപ്പിക്കുന്നത് പുരോഹിതന്മാര്, ന്യായപ്രമാണ ഉപദേഷ്ടാക്കന്മാര് തുടങ്ങിയ മത നേതാക്കന്മാരെ ആണ്.

- അവര്ക്ക് മതപരം അല്ലാത്ത വിഷയങ്ങളിലും ന്യായം വിധിക്കുവാന് അധികാരം ഉണ്ടായിരുന്നു.
- മഹാപുരോഹിതന്മാര്, പ്രധാന പുരോഹിതന്മാര്, ശാസ്ത്രിമാര് (ദൈവത്തിന്റെ ന്യായപ്രമാണ ഉപദേഷ്ടാക്കന്മാര്) ആദിയായവര് യഹൂദ നേതാക്കന്മാര് ആയിരുന്നു. യഹൂദ നേതാക്കന്മാരില് രണ്ടു പ്രധാന വിഭാഗങ്ങള് പരീശന്മാരും സദൂക്യന്മാരും ആയിരുന്നു.
- ന്യായപ്രമാണം സംബന്ധിച്ച വിഷയങ്ങളില് ന്യായത്തീര്പ്പ് നല്കുവാന് എഴുപതു പേര് ഉള്പ്പെട്ട യഹൂദ നേതാക്കന്മാരുടെ ആലോചന സംഘം ഒരുമിച്ചു കൂടി വരുമായിരുന്നു. നിരവധി യഹൂദ നേതാക്കന്മാര് ദുരഭിമാനം ഉള്ളവരും തങ്ങള് നീതിമാന്മാര് ആണെന്ന ചിന്ത വെച്ചു പുലര്ത്തുന്നവരും ആയിരുന്നു. അവര് യേശുവിനെ സംബന്ധിച്ച് അസൂയ ഉള്ളവരും അവനെ ഉപദ്രവിക്കണം എന്ന് ചിന്തിക്കുന്നവരും ആയിരുന്നു. അവര് ദൈവത്തെ അറിയുന്നവര് എന്ന് അവകാശം ഉന്നയിക്കുന്നവര് എങ്കിലും അവനെ അനുസരിക്കാത്തവര് ആയിരുന്നു.
- "യഹൂദന്മാര്" എന്ന പദം അടിക്കടി യഹൂദ നേതാക്കന്മാരെ സൂചിപ്പിക്കുന്നു, പ്രത്യേകാല് യേശുവിനോടുള്ള ബന്ധത്തില് അവര് കോപം ഉള്ളവരായി അവനെ ഉപായത്താല് പിടിക്കുവാനോ ഉപദ്രവിക്കുവാനോ ശ്രമിക്കുമ്പോള് അങ്ങനെ ആയിരുന്നു.
- ഈ പദങ്ങള് ഇപ്രകാരം പരിഭാഷ ചെയ്യാം, "യഹൂദ ഭരണാധികാരികള്" അല്ലെങ്കില് "യഹൂദ മത നേതാക്കന്മാര്."

(കാണുക: യഹൂദന്, മുഖ്യ പുരോഹിതന്മാര്, ആലോചന സംഘം, മഹാ പുരോഹിതന്, പരീശന്, പുരോഹിതന്, സദൂക്ക്യന്, ശാസ്ത്രി).

## ദൈവ വചന സൂചികകള്:

- പുറപ്പാട് 16:22-23
- യോഹന്നാന്:17-19
- യോഹന്നാന്:10-11
- യോഹന്നാന്:16-18
- ലൂക്കോസ് 19:47-48

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **24:03** നിരവധി **മത നേതാക്കന്മാരും** യോഹന്നാനാല് സ്നാനം എല്ക്കുവാന് വന്നു, എങ്കിലും അവര് മാനസ്സാന്തരപ്പെടുകയോ അവരുടെ പാപങ്ങള് ഏറ്റു പറയുകയോ ചെയ്തിരുന്നില്ല.
- **37:11** എന്നാല് **യഹൂദ മത നേതാക്കന്മാര്** അസൂയ ഉള്ളവര്, ആയതിനാല് യേശുവിനെയും ലാസറിനെയും എപ്രകാരം കൊന്നു കളയുവാന് കഴിയും എന്ന് ഒരുമിച്ചു കൂടി വന്നു ആലോചന ചെയ്യുകയും ചെയ്തിരുന്നു.
- **38:02** അവന് (യൂദാസ്)**യഹൂദ നേതാക്കന്മാര്** യേശുവിനെ മശീഹ എന്ന നിലയില് നിഷേധിക്കുന്നവരും അവനെ കൊല്ലുവാന് പദ്ധതി ആവിഷ്കരിക്കുന്നവരും എന്ന് അറിഞ്ഞിരുന്നു.
- **38:03** മഹാ പുരോഹിതനാല് നയിക്കപ്പെട്ടവരായി വന്ന **യഹൂദ നേതാക്കന്മാര്** യേശുവിനെ ഒറ്റുക്കൊടുക്കേണ്ടതിനു യൂദാസിനു മുപ്പതു വെള്ളിക്കാശുകള് കൊടുത്തു.
- **39:05 യഹൂദ നേതാക്കന്മാര്** എല്ലാവരും മഹാ പുരോഹിതനോട് "അവന്(യേശു) മരണത്തിനു യോഗ്യന്!" എന്ന് വിളിച്ചു പറഞ്ഞു.
- **39:09** അടുത്ത പ്രഭാതം നേരത്തെ, **യഹൂദ നേതാക്കന്മാര്** യേശുവിനെ റോമന് ദേശാധിപതി ആയിരുന്ന പിലാത്തോസിന്റെ അടുക്കല് കൊണ്ടുവന്നു.
- **39:11** എന്നാല് **യഹൂദ നേതാക്കന്മാരും** ജനസഞ്ചയവും "അവനെ ക്രൂശിക്കുക!" എന്ന് ആര്ത്തു വിളിച്ചു.
- **40:09** അനന്തരം യോസേഫും നിക്കൊദേമോസും, രണ്ടു **യഹൂദ നേതാക്കന്മാര്** യേശുവാണ് മശീഹ എന്ന് വിശ്വസിച്ചു വന്നവര്, പിലാത്തോസിനോട് യേശുവിന്റെ ശരീരം ചോദിച്ചു.
- **44:07** അടുത്ത ദിവസം, **യഹൂദ നേതാക്കന്മാര്** പത്രൊസിനെയും യോഹന്നാനെയും മഹാ പുരോഹിതന്റെയും മറ്റു **മത നേതാക്കന്മാരുടെയും** അടുക്കല് കൊണ്ടുവന്നു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2453

# യഹൂദ സംസ്കാരം, യഹൂദ മതം

## നിർവചനം

“യഹൂദ സംസ്കാരം” എന്ന പദസഞ്ചയം യഹൂദന്മാർ പിന്തുടർന്ന് വരുന്ന മതത്തെ സൂചിപ്പിക്കുന്നു. ഇതിനെ “യഹൂദ മതം” എന്നും സൂചിപ്പിക്കുന്നു.

- പഴയ നിയമത്തിൽ, “യഹൂദ മതം” എന്ന പദം ഉപയോഗിക്കുമ്പോൾ, പുതിയ നിയമത്തിൽ, “യഹൂദ സംസ്കാരം” എന്ന് ഉപയോഗിച്ചിരിക്കുന്നു.
- യഹൂദ സംസ്കാരം എന്നത് പഴയ നിയമ വ്യവസ്ഥകൾ എല്ലാം തന്നെ യിസ്രയേൽ ജനത അനുസരിക്കേണ്ടതിനു ദൈവം നൽകിയിട്ടുള്ള നിയമങ്ങളും നിർദേശങ്ങളും ഉള്ളടക്കം ചെയ്തത് ആകുന്നു. ഇതിൽ കാലാകാലങ്ങളായി യഹൂദ മതത്തോടു കൂട്ടിച്ചേർത്തതായ അനുഷ്ടാനങ്ങളും ആചാരങ്ങളും കൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്.
- പരിഭാഷ ചെയ്യുമ്പോൾ, “യഹൂദ മതം” അല്ലെങ്കിൽ “യഹൂദന്മാരുടെ മതം” എന്ന പദം പഴയതും പുതിയതുമായ രണ്ടു നിയമങ്ങളിലും ഉപയോഗിക്കാവുന്നതാണ്.
- എങ്കിലും, “യഹൂദ സംസ്കാരം” എന്നത് പുതിയ നിയമത്തിൽ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ, എന്തെന്നാൽ ഈ പദം അതിനു മുൻപുള്ള കാലത്തിൽ നിലവിൽ ഉണ്ടായിരുന്നില്ല.

(കാണുക: യഹൂദൻ, ന്യായപ്രമാണം)

## ദൈവ വചന സൂചികകൾ:

- ഗലാത്യർ:13-14

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: G2454

# യാഗം അര്‍പ്പിക്കുക, യാഗം അര്‍പ്പിക്കുന്നു, യാഗം അര്‍പ്പിച്ചു, യാഗം അര്‍പ്പിക്കുന്ന, വഴിപാട്, വഴിപാടുകള്

## നിര്വചനം:

ദൈവ വചനത്തില്, "യാഗം" എന്നും "വഴിപാട്" എന്നും ഉള്ള പദങ്ങള് സൂചിപ്പിക്കുന്നത് ദൈവത്തെ ആരാധിക്കുന്ന പ്രവര്‍ത്തിയായി ദൈവത്തിനു അര്‍പ്പിക്കുന്ന പ്രത്യേക ദാനങ്ങളെ ആകുന്നു. ജനം അസത്യ ദൈവങ്ങള്ക്കും യാഗങ്ങള് അര്‍പ്പിച്ചിട്ടുണ്ട്.

- "വഴിപാട്" എന്ന പദം പൊതുവെ അര്‍പ്പിച്ചതായ അല്ലെങ്കില് നല്കപ്പെട്ടതായ എന്തിനെയും സൂചിപ്പിക്കുന്നു. "യാഗര്‍പ്പണം" എന്ന പദം സൂചിപ്പിക്കുന്നത് അര്‍പ്പിക്കുന്നതായ വ്യക്തിക്ക് വളരെ പണച്ചിലവ് ഉണ്ടാക്കുന്ന വിധത്തില് എന്തെങ്കിലും നല്കുന്നതിനെയോ ചെയ്യുന്നതിനെയോ സൂചിപ്പിക്കുന്നു.
- ദൈവത്തിനു യാഗം അര്‍പ്പിക്കുക എന്നത് ദൈവത്തോടുള്ള ഭക്തിയെയും അനുസരണത്തെയും തന്നോട് പ്രകടിപ്പിക്കുന്നതിനായി ഇസ്രയേല് ജനത്തോടു ദൈവം ചെയ്യുവാനായി കല്പ്പിച്ചതായ നിര്‍ദ്ധിഷ്ട സംഗതികളെ ദൈവത്തിനുള്ള വഴിപാടുകള് എന്ന് പറയുന്നു.
- വഴിപാടുകള്ക്കുള്ള വ്യത്യസ്ത പേരുകളായ, "ഹോമയാഗം" എന്നതും "സമാധാന യാഗം" എന്നതും പോലെ ഉള്ളവ സൂചിപ്പിക്കുന്നത് ഏതു വിധത്തില് ഉള്ള വഴിപാടു ആകുന്നു അര്‍പ്പിച്ചിരിക്കുന്നത് എന്നതിനെ സൂചിപ്പിക്കുന്നു.
- ദൈവത്തിനു ഉള്ളതായ യാഗങ്ങള് എന്നതില്സാധാരണയായി ഒരു മൃഗത്തെ കൊല്ലുന്നത് ഉള്പ്പെടുന്നു.
- ദൈവത്തിന്റെ ഉല്കൃഷ്ടനായ, പാപരഹിതന് ആയ പുത്രന്, യേശുക്രിസ്തുവിന്റെ യാഗാര്‍പ്പണം മാത്രമാണ് മൃഗങ്ങളുടെ യാഗങ്ങളാല് നിവര്‍ത്തീകരിക്കുവാന് സാധിക്കാത്ത മനുഷ്യരുടെ പാപത്തില് നിന്നും അവരെ സമ്പൂര്‍ണ്ണമായി കഴുകി ശുദ്ധീകരിക്കുന്ന പ്രവര്‍ത്തി ചെയ്യുവാന് സാധ്യമാകുന്നത്.
- നിങ്ങളെത്തന്നെ ജീവനുള്ള യാഗമായി സമര്‍പ്പിക്കുവിന്" എന്ന ഉപമാന പദപ്രയോഗം അര്‍ത്ഥം നല്കുന്നത്, "ദൈവത്തിനു സമ്പൂര്‍ണ്ണമായി അനുസരണം ഉള്ളവരായി നിങ്ങളുടെ ജീവിതം നയിക്കുകയും, തന്നെ സേവിക്കുവാനായി സകലത്തെയും വിട്ടു നല്കുകയും ചെയ്യുക" എന്നാണ്.

## പരിഭാഷ നിര്‍ദേശങ്ങള്:

"വഴിപാട്" എന്ന പടം "ദൈവത്തിനു ഒരു ദാനം" അല്ലെങ്കില്"ദൈവത്തിനു നല്കപ്പെടുന്ന എന്തെങ്കിലും" അല്ലെങ്കില്"ദൈവത്തിനു സമ്മാനിക്കുന്ന വിലപിടിപ്പുള്ള എന്തെങ്കിലും" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

- സാഹചര്യം അനുസരിച്ച്, "യാഗം" എന്ന പദം "ആരാധനയില്നല്കപ്പെടുന്ന വില ഉയര്‍ന്ന എന്തെങ്കിലും" അല്ലെങ്കില്"കൊല്ലുകയും ദൈവത്തിനു നല്കപ്പെടുകയും ചെയ്ത പ്രത്യേക മൃഗം" എന്നും പരിഭാഷ ചെയ്യാം.
- "യാഗം" അര്‍പ്പിക്കുന്ന നടപടി എന്നത് "വില പിടിപ്പുള്ള എന്തിനെ എങ്കിലും ഉപേക്ഷിക്കുക" അല്ലെങ്കില്"ഒരു മൃഗത്തെ കൊല്ലുകയും അതിനെ ദൈവത്തിനു നല്കുകയും ചെയ്യുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- നിങ്ങളെത്തന്നെ ജീവന്ഉള്ള യാഗമായി സമര്‍പ്പിക്കുവിന്" എന്നതിനെ വേറൊരു ശൈലിയില്"നിങ്ങള്നിങ്ങളുടെ ജീവിതം ജീവിക്കുമ്പോള്, ഒരു മൃഗം യാഗപീഠത്തില്എപ്രകാരം അര്‍പ്പിക്കപ്പെടുന്നുവോ അതുപോലെ നിങ്ങളെത്തന്നെ ദൈവത്തിനു സമ്പൂര്‍ണ്ണമായി സമര്‍പ്പണം ചെയ്യുക" എന്ന് പരിഭാഷ ചെയ്യാം.

(കാണുക: യാഗപീഠം, ഹോമയാഗം, പാനീയ ബലി, അസത്യ ദൈവം, കൂട്ടായ്മ വഴിപാട്, സ്വമേധ വഴിപാട്, സമാധാന യാഗം, പുരോഹിതന്, പാപ യാഗം, ആരാധന)

## ദൈവ വചന സൂചികകള്:

- 2 തിമോത്തിയോസ് 04:6-8
- അപ്പോ. 07:41-42
- അപ്പോ. 21:25-26
- ഉല്പ്പത്തി 04:3-5
- യാക്കോബ് 02:21-24
- മര്‍ക്കോസ് 01:43-44
- മര്‍ക്കോസ് 14:12-14
- മത്തായി 05:23-24

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- 03:14_ നോഹ പടകില്നിന്നും ഇറങ്ങിയ ശേഷം, താന്ഒരു യാഗപീഠം പണിയുകയും **യാഗം** അര്പ്പിക്കുവാന്ഉപയുക്തമായ ചില തരം മൃഗങ്ങളെ **യാഗാര്പ്പണം** ചെയ്യുകയും ചെയ്തു. ദൈവം ആ **യാഗത്തില്** പ്രസാദിക്കുകയും_ നോഹയെയും തന്റെ കുടുംബത്തെയും അനുഗ്രഹിക്കുകയും ചെയ്തു.
- **05:06** "നിന്റെ ഏക ജാതനായ പുത്രന്ആയ യിസഹാക്കിനെയും വിളിച്ചു കൊണ്ടുപോയി, അവനെ കൊന്നു എനിക്കു **യാഗമായി** അര്പ്പിക്കുക." വീണ്ടും അബ്രഹാം ദൈവത്തെ അനുസരിക്കുകയും തന്റെ മകനെ **യാഗം** അര്പ്പിക്കുവാന്വേണ്ട ഒരുക്കം ചെയ്യുകയും ചെയ്തു.
- **05:09** ദൈവം ഇസഹാക്കിനു പകരം **യാഗം** കഴിക്കേണ്ടതിന് ഒരു ചെമ്മരിയാടിനെ ഒരുക്കി നല്കി.
- **13:09** ദൈവത്തിന്റെ നിയമം അനുസരിക്കാതെ ഇരിക്കുന്ന ഏതൊരു വ്യക്തിയും സമാഗമന കൂടാരത്തിലേക്കു ഒരു മൃഗത്തെ കൊണ്ട് വരികയും അതിനെ ദൈവത്തിനു ഒരു യ്**യാഗമായി** അര്പ്പിക്കുകയും വേണം. ഒരു പുരോഹിതന്മൃഗത്തെ കൊല്ലുകയും അതിനെ യാഗപീഠത്തില്ദഹിപ്പിക്കുകയും വേണം. **യാഗം** അര്പ്പിക്കപ്പെട്ടതായ മൃഗത്തിന്റെ രക്തം ആ വ്യക്തിയുടെ പാപത്തെ മൂടി മറയ്ക്കുകയും ദൈവത്തിന്റെ ദൃഷ്ടിയില്ആ വ്യക്തിയെ ശുദ്ധി ഉള്ളവന്ആക്കി തീര്ക്കുകയും ചെയ്തിരുന്നു.
- **17:06** സകല ഇസ്രയേല്ജനങ്ങളും ദൈവത്തെ ആരാധിക്കുവാനായി കടന്നു വരേണ്ടതിനും ദൈവത്തിനു **യാഗങ്ങള്** അര്പ്പിക്കേണ്ടതിനും വേണ്ടി ഒരു ദേവാലയം നിര്മ്മിക്കണം എന്ന് താല്പ്പര്യപ്പെട്ടു.
- **48:06** യേശു ശ്രേഷ്ഠ മഹാപുരോഹിതന്ആകുന്നു. മറ്റുള്ള പുരോഹിതന്മാരെപ്പോലെ അല്ലാതെ, താന്ഈ ലോകത്തിലെ സകല ജനങ്ങളുടെ പാപങ്ങളെയും നീക്കിക്കളയുന്ന ഏക **യാഗമായി** തന്നെത്തന്നെ സമര്പ്പിച്ചു.
- **48:08** എന്നാല്ദൈവം യേശുവിനെ, ദൈവത്തിന്റെ കുഞ്ഞാടിനെ തന്നെ, നമ്മുടെ സ്ഥാനത്ത് ഒരു **യാഗമായി സമര്പ്പിച്ചു.**
- **49:11** യേശു സ്വയം തന്നെ **യാഗമായി** സമര്പ്പിച്ചതിനാല്, ദൈവത്തിനു ഏതു പാപങ്ങളെയും, എത്ര ഘോരമായ പാപങ്ങളെയും ക്ഷമിക്കുവാന്കഴിയും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H801, H817, H819, H1685, H1890, H1974, H2076, H2077, H2281, H2282, H2398, H2401, H2402, H2403, H2409, H3632, H4394, H4469, H4503, H4504, H5066, H5068, H5069, H5071, H5257, H5258, H5261, H5262, H5927, H5928, H5930, H6453, H6944, H6999, H7133, H7311, H8002, H8426, H8548, H8573, H8641, G266, G334, G1049, G1435, G1494, G2378, G2380, G3646, G4376, G5485

# യാചിക്കുക, യാചിച്ചു, യാചിക്കല്, യാചകന്

## നിര്വചനം:

"യാചിക്കുക" എന്ന പദം ധൃതിയില്ഒരാള്എന്തെങ്കിലും അപേക്ഷിക്കുന്നു എന്നു അര്ത്ഥമാക്കുന്നു. ഇതു സാധാരണയായി പണം ആവശ്യപ്പെടുന്നതിനെ കുറിക്കുന്നു, എന്നാല്ഇതു എന്തെങ്കിലും വേണമെന്ന് കേണപേക്ഷിക്കുന്നതിനെയും സൂചിപ്പിക്കുന്നു.

- ജനം സാധാരണയായി യാചിക്കുകയോ അപേക്ഷിക്കുകയോ ചെയ്യുന്നത് അവര്ക്കെന്തെങ്കിലും വളരെ അത്യന്താപേക്ഷികമാകുമ്പോഴാണ്, എന്നാല്താന്അപേക്ഷിക്കുന്ന കാര്യം മറ്റേ വ്യക്തി നല്കുമോയെന്നു അറിഞ്ഞുകൂടാ താനും.
- ഒരു "യാചകന്" എന്നത് ഒരു പൊതു സ്ഥലത്ത് നിന്നോ ഇരുന്നോ സ്ഥിരമായി ജനത്തോടു പണം ആവശ്യപ്പെടുന്ന വ്യക്തിയാണ്.
- സാഹചര്യത്തിനനുസരിച്ച്, ഈ പദം "കേണപേക്ഷിക്കുന്നു" എന്നോ "ധൃതിയില്അപേക്ഷിക്കുന്നു" എന്നോ "പണം ആവശ്യപ്പെടുന്നു" എന്നോ "തുടര്ച്ചയായി പണം ആവശ്യപ്പെടുന്നു" എന്നോ പരിഭാഷപ്പെടുത്താം.

(കാണുക:കേണപേക്ഷിക്കുക)

## ദൈവവചന സൂചികകള്:

- ലൂക്കോസ് 16:19-21
- മര്ക്കോസ് 06:56
- മത്തായി 14:34-36
- സങ്കീര്ത്തനങ്ങള് 045;12-13

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **10:04** ദൈവം മിസ്രയീം മുഴുവനും തവളകളെ അയച്ചു. തവളകളെ നീക്കം ചെയ്യുവാന്ഫറവോന്മോശെയോടു **യാചിച്ചു**
- **29:08** "രാജാവ് പരിചാരകനെ വിളിച്ചു പറഞ്ഞത്, " ദുഷ്ടനായ വേലക്കാ രനേ! നീ എന്നോട് **യാചിച്ചതിനാല്** ഞാന്നിന്റെ കടങ്ങളെ ക്ഷമിച്ചുവല്ലോ."
- **32:07** ഭൂതങ്ങള്യേശുവിനോട് **യാചിച്ചത്**, "ഞങ്ങളെ ദയവായി ഈ മേഖലയില്നിന്ന് പറഞ്ഞുവിടരുതേ!" എന്നാണ്.

സമീപത്തുള്ള ഒരു കുന്നിനരുകില്ഒരു പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു. അതുകൊണ്ട്, ഭൂതങ്ങള്യേശുവിനോട് **അപേക്ഷിച്ചു,** "ദയവായി പകരം ഞങ്ങളെ പന്നിക്കൂട്ടത്തിലേക്കു പറഞ്ഞു വിടണമേ!"

- **32:10** ഈ ഭൂതങ്ങളെ ഉള്ളതായ വ്യക്തി യേശുവിനോടുകൂടെ പോകണമെന്ന് **അപേക്ഷിച്ചു**.
- **35:11** തന്റെ പിതാവ് കടന്നുവന്ന്, വന്നു അവരോടൊപ്പം ആഘോഷിക്കണ മെന്ന് **കേണക്ഷിച്ചു** എന്നാല്താന്നിരസിച്ചു.
- **44:01** ഒരു ദിവസം, പത്രോസും യോഹന്നാനും ദേവാലയത്തിലേക്ക് പോകുകയായിരുന്നു. അവര്ദേവാലയ വാതില്ക്കല്എത്തിയപ്പോള്, ഒരു മുടന്തനായ മനുഷ്യന്പണം യാചിക്കുന്നതു അവര്കണ്ടു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H34, H7592, G154, G1871, G4319, G4434, G6075

# യാമം(ദൈവവചനപരമായ സമയം), യാമങ്ങള്

## നിര്വചനം:

ദൈവവചന കാലങ്ങളില്, ഒരു “യാമം” എന്നത് രാത്രിയില് ഒരു പട്ടണത്തിന്റെ കാവല്ക്കാരന് അല്ലെങ്കില് സംരക്ഷകന് ശത്രുവില്നിന്ന് യാതൊരു അപകടവും വരാതെ തന്റെ കടമ നിര്വഹിക്കുന്ന സമയം എന്നാകുന്നു.

- പഴയനിയമ കാലത്തില്, ഇസ്രയേല്യര്ക്കു മൂന്നു യാമങ്ങള്, അതായത് “പ്രാരംഭം” (സൂര്യാസ്തമനം മുതല്രാത്രി 10 മണിവരെ), “മധ്യയാമം” (രാത്രി 10 മുതല്മണിവരെ), പ്രഭാതയാമം [രാത്രി 2 മണിമുതല്സൂര്യോദയം വരെ).
- പുതിയനിയമത്തില്, യഹൂദന്മാര്നാലു യാമങ്ങളുള്ള റോമന്സംവിധാനം, അതായത് ലളിതമായി “ആദ്യ” (സൂര്യാസ്തമനം മുതല്രാത്രി 9 മണി വരെ), “രണ്ടാം” (രാത്രി 9 മുതല്12 മണി വരെ), “മൂന്നാം” (അര്ദ്ധരാത്രി 12 മുതല്3 മണി വരെ), “നാലാം” (3 മണി പഭാതം മുതല്സൂര്യോദയം വരെ) യാമങ്ങള്ആണ് പിന്പറ്റി വന്നത്.
- ഇതു കൂടുതല്പൊതുവായ രീതിയില്“വൈകിയ സായാഹ്നത്തില്” അല്ലെങ്കില്“അര്ദ്ധരാത്രിയില്” അല്ലെങ്കില്”അതിരാവിലെ സമയം” എന്നിങ്ങനെ ഏതു യാമാത്തോട് ബന്ധപ്പെട്ടിരിക്കുന്നുവോ അതനുസരിച്ച് പരിഭാഷപ്പെടുത്താം.

(കാണുക: യാമം)

## ദൈവവചന സൂചികകള്:

- ലൂക്കോസ് 12:37-38
- മര്ക്കോസ് 06:48-50
- മത്തായി 14:25-27
- സങ്കീര്ത്തനങ്ങള് 090:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H821, G5438

# യോഗ്യത നേടുക, യോഗ്യത നേടിയ, യോഗ്യന് ആക്കപ്പെട്ട

## നിര്വചനം:

"യോഗ്യത നേടുക" എന്ന പദം സൂചിപ്പിക്കുന്നത് ചില പ്രത്യേക നന്മകള് നേടുവാന് തക്ക വിധം അവകാശം സമ്പാദിക്കുക അല്ലെങ്കില് ചില പ്രത്യേക കഴിവുകള് നേടുവാന് തക്കവിധം അംഗീകരിക്കപ്പെടുക.

- പ്രത്യേക ജോലിക്കായി "യോഗ്യത നേടിയ" ഒരു വ്യക്തി ആ ജോലി ചെയ്യുവാന് ആവശ്യമായ കഴിവുകളും പരിശീലനവും ഉള്ളവന് ആയിരിക്കും.
- കൊലോസ്യ സഭയ്ക്കുള്ള തന്റെ ലേഖനത്തില്, അപ്പോസ്തലനായ പൌലോസ് എഴുതിയത് പിതാവായ ദൈവം വിശ്വാസികളെ തന്റെ പ്രകാശത്തിന്റെ രാജ്യത്തില് പങ്കുള്ളവര് ആകുവാനായി "യോഗ്യരാക്കി" തീര്ത്തു. ഇതിന്റെ അര്ത്ഥം ദൈവം അവര്ക്ക് ഒരു ദൈവീകമായ ജീവിതം നയിക്കുവാന് ആവശ്യമായ എല്ലാം തന്നെ ദൈവം അവര്ക്ക് നല്കി എന്നുള്ളതാണ്.
- ദൈവ രാജ്യത്തിലെ ഒരു ഭാഗഭാക്ക് ആകുവാന് ഒരു വിശ്വാസിക്ക് അതിനുള്ള അവകാശം സമ്പാദിച്ചു എടുക്കുവാന് കഴിയുന്നത് അല്ല. താന് അതിനു യോഗ്യനായി തീരുന്നത് എന്ത് കൊണ്ടെന്നാല് ദൈവം അവനെ ക്രിസ്തുവിന്റെ രക്തത്താല് വീണ്ടെടുക്കുന്നത് കൊണ്ട് ആകുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യങ്ങളെ ആശ്രയിച്ചു, "യോഗ്യന് ആക്കപ്പെട്ട" എന്നത് "സജ്ജനാക്കപ്പെട്ട" അല്ലെങ്കില് "കഴിവുള്ളവന്ആയ" അല്ലെങ്കില് "സമര്ത്ഥന്ആക്കപ്പെട്ട" അല്ലെങ്കില് "അധികാരപ്പെട്ട" എന്നിങ്ങനെ പരിഭാഷ ചെയ്യാം. ഒരുവന് "യോഗ്യന് ആക്കപ്പെടുക" എന്നത് "സജ്ജനാക്കപ്പെടുക" അല്ലെങ്കില് കഴിവുള്ളവന് ആകുക: അല്ലെങ്കില് "അധികാരം ഉള്ളവന് ആകുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: കൊലോസ്യര്, ദൈവീകമായ, രാജ്യം, പ്രകാശം, പൌലോസ്, വീണ്ടെടുക്കുക)

## ദൈവ വചന സൂചികകള്:

- ദാനിയേല് 01:3-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3581

# രക്തച്ചൊരിച്ചിൽ

## നിർവചനം

“രക്തചൊരിച്ചിൽ” എന്ന പദം കുലപാതകം, യുദ്ധം, അല്ലെങ്കിൽമറ്റേതെങ്കിലും അക്രമ പ്രവർത്തി നിമിത്തമുള്ള മനുഷ്യ മരണം എന്നു അർത്ഥമാക്കുന്നു.

- ”രക്തചൊരിച്ചിൽ” എന്ന പദം അക്ഷരീകമായി അർത്ഥമാക്കുന്നത്, ഒരു തുറന്ന മുറിവിൽകൂടെ ഒരു മനുഷ്യന്റെ ശരീരത്തിൽനിന്ന് രക്തം പുറത്തേക്ക് വരുന്ന തിനെ ഇതു സൂചിപ്പിക്കുന്നു.
- “രക്തചൊരിച്ചിൽ” എന്ന പദം മനുഷ്യരെ വ്യാപകമായി കൊല്ലുന്നതിനെ സൂചിപ്പിക്കുന്നു.
- കുലപാതകം എന്ന പാപത്തിന്റെ ഒരു പൊതു സൂചികയായും ഇതു ഉപയോഗിക്കുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- “രക്തചൊരിച്ചിൽ” എന്ന പദം “ജനത്തെ കൊല്ലുക” അല്ലെങ്കിൽ“വളരെയധിക മായി കൊല്ലപ്പെട്ടവർ” എന്നു പരിഭാഷപ്പെടുത്താം.
- “രക്തചൊരിച്ചലിൽകൂടെ” എന്നത് “ജനത്തെ കൊല്ലുക മൂലം'' എന്നും പരിഭാ ഷപ്പെടുത്താം.
- “നിർദോഷമായ രക്തചൊരിച്ചൽ”എന്നത് “നിഷ്കളങ്കരായ ജനത്തെ വധിക്കുക” എന്നു പരിഭാഷപ്പെടുത്താം.
- “രക്തചൊരിച്ചിൽ രക്തചൊരിച്ചിലിനെ പിന്തുടരുന്നു” എന്നത് “അവർജനങ്ങളെ കൊന്നുകൊണ്ടിരിക്കുന്നു” അല്ലെങ്കിൽ“ജനങ്ങളെ കൊല്ലുന്നത് തുടർന്നു കൊണ്ടിരി ക്കുന്നു” അല്ലെങ്കിൽ“അവർനിരവധി ജനങ്ങളെ വധിച്ചു, അത് തുടർന്നുകൊണ്ടുരിക്കുന്നു” അല്ലെങ്കിൽ“ജനം വേറൊരു ജനത്തെ വധിച്ചു കൊണ്ടി രിക്കുന്നു” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- “രക്തചൊരിച്ചിൽനിങ്ങളെ പിന്തുടരും” എന്ന ഉപമാന പ്രയോഗം “നിങ്ങളുടെ ജനം രക്തചൊരിച്ചിൽതുടർന്നു അനുഭവിക്കും” അല്ലെങ്കിൽ“നിങ്ങളുടെ ജനം കൊല്ലപ്പെട്ടുകൊണ്ടിരിക്കും” അല്ലെങ്കിൽ“നിങ്ങളുടെ ജനം തുടർമാനമായി ഇതര രാജ്യങ്ങളുമായി യുദ്ധത്തിലേർപ്പെടുകയും ജനം കൊല്ലപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും” എന്നിങ്ങനെ പരിഭാഷപ്പെടുത്താവുന്നതാണ്.

(കാണുക: രക്തം, കശാപ്പുകാരൻ)

## ദൈവവചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ:6-8
- ഉൽപ്പത്തി 09:5-7
- എബ്രായർ:5-7
- യെശ്ശയ്യാവ് 26:20-21
- മത്തായി 23:29-31

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1818, G2210

# രട്ടുവസ്ത്രം

## നിര്വചനം:

രട്ടുവസ്ത്രം എന്നത് പരുപരുത്ത, ചൊറിച്ചില് ഉളവാക്കുന്ന ആട്ടുരോമം കൊണ്ടോ അല്ലെങ്കില് ഒട്ടക രോമം കൊണ്ടോ ഉണ്ടാക്കിയിട്ടുള്ള വസ്ത്രം ആയിരുന്നു.

- ഇതില് നിന്നും ഉണ്ടാക്കിയ വസ്ത്രം ധരിക്കുന്ന വ്യക്തിയ്ക്ക് അത് അസ്വസ്ഥത ഉളവാക്കുന്നതു ആയിരിക്കും. രട്ടുവസ്ത്രം ധരിക്കുന്നത് കരച്ചില്, ദുഃഖം, അല്ലെങ്കില് താഴ്മയോടെ ഉള്ള മാനസ്സാന്തരം ആദിയായവയെ പ്രകടിപ്പിക്കുന്നതിനു വേണ്ടിയാണ്.
- "രട്ടുവസ്ത്രവും ചാരവും" എന്നത് സര്വ്വ സാധാരണമായ ഒരു പ്രയോഗമായി ദുഖത്തെയും മാനസ്സാന്തരത്തെയും സൂചിപ്പിക്കുന്ന ഒരു പദസഞ്ചയം ആയിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം "മൃഗങ്ങളുടെ രോമത്തില് നിന്നും ഉണ്ടാക്കുന്ന വസ്ത്രം" അല്ലെങ്കില് "കോലാട്ടിന് രോമത്താല് ഉണ്ടാക്കിയ വസ്ത്രങ്ങള്" അല്ലെങ്കില്, "പരുപരുത്ത വസ്ത്രങ്ങള്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഈ പദം പരിഭാഷ ചെയ്യുവാന് ഉള്ള വേറൊരു മാര്ഗ്ഗം "പരുപരുത്ത, ചൊറിച്ചല്ഉളവാക്കുന്ന ദുഃഖ വസ്ത്രങ്ങള്" എന്നു ഉള്ളതാണ്.
- "രട്ടിലും ചാരത്തിലും ഇരിക്കുക" എന്നത് "ചൊറിച്ചല്ഉളവാക്കുന്ന വസ്ത്രം ധരിക്കുകയും ചാരത്തില്ഇരിക്കുകയും വഴി നെടുവീര്പ്പിനെയും താഴ്ച്ചയെയും കാണിക്കുക" എന്നുള്ളത് ആകുന്നു.

(കാണുക: അജ്ഞാതമായവ പരിഭാഷ ചെയ്യുക)

(കാണുക: ചാരം,ഒട്ടകം, കോലാട്, താഴ്മയുള്ള, നെടുവീര്പ്പിടുക, മാനസ്സാന്തരപ്പെടുക, അടയാളം)

## ദൈവവചന സൂചികകള്:

- 2 ശമുവേല്03:31-32
- ഉല്പ്പത്തി 37:34-36
- യോവേല്01:8-10
- യോനാ 03:4-5
- ലൂക്കോസ് 10:13-15
- മത്തായി 11:20-22

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8242, G4526

# രഥം, രഥങ്ങള്, സാരഥികള്

## നിര്വചനം:

പുരാതനകാലങ്ങളില്, രഥങ്ങള് ഭാരം കുറഞ്ഞവയും ഇരുച്ചക്രങ്ങള് ഉള്ളവയും, കുതിരകള് വലിച്ചുകൊണ്ടുപോകുന്നവയും ആയിരുന്നു.

- ജനം രഥങ്ങളില് ഇരിക്കുകയോ നില്ക്കുകയോ, യുദ്ധത്തിനായോ യാത്രയ്ക്കായോ ഉപയോഗിക്കുമായിരുന്നു.
- യുദ്ധത്തില്, രഥങ്ങള് ഇല്ലാത്ത സൈന്യത്തേക്കാള് രഥങ്ങള് ഉള്ള സൈന്യത്തിന് വേഗതയുടെയും സൈനിക നീക്കത്തിന്റെയും വന് മുന്തൂക്കം ഉണ്ടായിരുന്നു.
- പുരാതന മിസ്രയീമ്യരും റോമാക്കാരും അവരുടെ കുതിരകളെയും രഥങ്ങളെയും ഉപയോഗിക്കുന്നതില് വളരെ പ്രസിദ്ധരായിരുന്നു.

(കാണുക: അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: മിസ്രയീം, റോം

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്:22
- 2 ദിനവൃത്താന്തങ്ങള്:28-30
- അപ്പോ.പ്രവര്ത്തികള്08:29-31
- അപ്പോ.പ്രവര്ത്തികള്08:36-38
- ദാനിയേല്:40-41
- പുറപ്പാട് 14:23-25
- ഉല്പ്പത്തി 41:42-43

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്;

- **12:10** ആയതിനാല് അവര് ഇസ്രയേലിനെ സമുദ്രത്തിലെ പാതയില് കൂടെ പിന്തുടര്ന്ന്, എന്നാല് ദൈവം മിസ്രയീമ്യര്ക്കു മഹാകഷ്ടം വരുത്തി, അവരുടെ **രഥങ്ങള്** കുടുങ്ങിപ്പോകുവാന് ഇടയാക്കി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H668, H2021, H4817, H4818, H5699, H7393, H7395, H7396, H7398, G716, G4480

# രാജകീയമായ, രാജ പ്രൌഢി

## നിര്വചനം:

“രാജകീയമായ” എന്ന പദം രാജാവിനോടോ അല്ലെങ്കില് രാജ്ഞിയോടോ ബന്ധപ്പെട്ടിട്ടുള്ള ആളുകളെയും വസ്തുക്കളെയും സൂചിപ്പിക്കുന്നു.

- ”രാജകീയമായ” എന്ന് വിളിക്കാവുന്ന വസ്തുക്കളുടെ ഉദാഹരണങ്ങളില് രാജാവിന്റെ വസ്ത്രം, കൊട്ടാരം, സിംഹാസനം, കിരീടം എന്നിവയെല്ലാം ഉള്പ്പെടുന്നു.
- ഒരു രാജാവോ റാണിയോ സാധാരണയായി രാജ കൊട്ടാരത്തില് വസിച്ചു വന്നിരുന്നു.
- രാജാവ് പ്രത്യേകമായ വസ്ത്ര ധാരണം നടത്തിവന്നിരുന്നു, ചില സന്ദര്ഭങ്ങളില് “രാജകീയ അങ്കികള്” എന്ന് അതിനെ വിളിച്ചിരുന്നു. സാധാരണയായി രാജാവിന്റെ അങ്കികള് രക്താംബരം ആയിരുന്നു, ഈ നിറം അപൂര്വമായ വസ്തുക്കളാല് നിര്മ്മിച്ചു വളരെ വില ഉയര്ന്നതായ തരത്തില് ഉള്ള വര്ണ്ണം നല്കി മാത്രമേ നിര്മ്മിക്കുവാന് കഴിയുള്ളൂ.
- പുതിയ നിയമത്തില്, യേശുവില് ഉള്ള വിശ്വാസികളെ “രാജകീയ പുരോഹിത വര്ഗ്ഗം” എന്ന് വിളിച്ചിരുന്നു. ഇത് പരിഭാഷ ചെയ്യുവാന് ഉള്ള ഇതര ശൈലികള് “രാജാവായ ദൈവത്തെ സേവിക്കുന്ന പുരോഹിതന്മാര്” അല്ലെങ്കില് “രാജാവായ ദൈവത്തിനു പുരോഹിതന്മാര് ആയി തീരുവാന് വിളിക്കപ്പെട്ടവര്” ആദിയായവ ഉള്പ്പെടുത്താം.
- “രാജകീയം” എന്ന പദം “രാജകീയമായ” അല്ലെങ്കില് “ഒരു രാജാവിന് ഉള്പ്പെട്ടതായ” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക: രാജാവ്, രാജകൊട്ടാരം, പുരോഹിതന്, രക്താംബരം, രാജ്ഞി, മേലങ്കി)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്:13
- 2 ദിനവൃത്താന്തങ്ങള് 18:28-30
- ആമോസ് 07:12-13
- ഉല്പ്പത്തി 49:19-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H643, H1921, H1935, H4410, H4428, H4430, H4437, H4438, H4467, H4468, H7985, H8237, G933, G934, G937

# രാജകുമാരൻ, രാജകുമാരന്മാർ, രാജകുമാരി, രാജകുമാരികൾ

## നിർവചനം:

ഒരു “രാജകുമാരൻ” എന്നത് ഒരു രാജാവിന്റെ മകൻ ആകുന്നു. ഒരു “രാജകുമാരി” എന്നത് ഒരു രാജാവിന്റെ മകൾ ആകുന്നു.

- “രാജകുമാരൻ” എന്ന പദം സാധാരണയായി ഉപമാനമായി ഒരു നേതാവ്, ഭരണാധികാരി, അല്ലെങ്കിൽ വേറെ ശക്തനായ ഒരു വ്യക്തി എന്നിങ്ങനെ സൂചിപ്പിക്കുന്നു.
- അബ്രഹാമിന്റെ സമ്പത്തും പ്രാധാന്യവും നിമിത്തം, താൻ ജീവിച്ചു പോന്ന ഹിവ്യരുടെ ഇടയിൽ താൻ ഒരു “രാജകുമാരൻ” എന്ന് സൂചിപ്പിക്കപ്പെട്ടു.
- ദാനിയേലിന്റെ പുസ്തകത്തിൽ, “രാജകുമാരൻ” എന്ന പദം പദപ്രയോഗങ്ങളായ “പേർഷ്യയുടെ രാജകുമാരൻ” എന്നും “ഗ്രീസിന്റെ രാജകുമാരൻ” എന്നും ഉള്ളതിൽ, ആ മേഖലകളുടെ മേൽ അധികാരമുള്ള ശക്തമായ ദുഷ്ട ആത്മാക്കളെ ആ സാഹചര്യങ്ങളിൽ സൂചിപ്പിക്കുന്നതു ആയിരിക്കും.
- പ്രധാന ദൂതനായ മിഖായേലിനെയും ദാനിയേലിന്റെ പുസ്തകത്തിൽ “രാജകുമാരൻ” എന്ന് സൂചിപ്പിച്ചിരിക്കുന്നു.
- ചില സന്ദർഭങ്ങളിൽ ദൈവ വചനത്തിൽ സാത്താനെ “ഈ ലോകത്തിന്റെ രാജകുമാരൻ” എന്ന് സൂചിപ്പിച്ചിട്ടുണ്ട്.
- യേശുവിനെ “സമാധാനത്തിന്റെ രാജകുമാരൻ”, എന്നും “ജീവന്റെ രാജകുമാരൻ എന്നും” വിളിച്ചിട്ടുണ്ട്.
- അപ്പോസ്തല പ്രവർത്തികൾ 2:36ൽ, യേശുവിനെ “കർത്താവും ക്രിസ്തുവും” എന്ന് സൂചിപ്പിച്ചിരിക്കുന്നു, അപ്പോസ്തല പ്രവർത്തികൾ 5:31ൽ തന്നെ “രാജകുമാരനും രക്ഷകനും” എന്നും സൂചിപ്പിച്ചിരിക്കുന്നു, ഇത് “കർത്താവ്” എന്നും “രാജകുമാരൻ” എന്നും സമാന്തര അർത്ഥം കാണിക്കുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- “രാജകുമാരൻ” എന്ന പദം പരിഭാഷ ചെയ്യുന്നതിന്, “രാജാവിന്റെ പുത്രൻ ”അല്ലെങ്കിൽ “ഭരണാധികാരി”, അല്ലെങ്കിൽ “തലവൻ” അല്ലെങ്കിൽ “മുഖ്യൻ” അല്ലെങ്കിൽ “നായകൻ” ആദിയായവയും ഉൾപ്പെടുത്താം.
- ദൂതന്മാരെ സൂചിപ്പിക്കുമ്പോൾ, ഇത് “ആത്മ ഭരണാധികാരി” അല്ലെങ്കിൽ “പ്രധാന ദൂതൻ” എന്നും പരിഭാഷ ചെയ്യാം.
- സാത്താനെയോ മറ്റു ആശുദ്ധാത്മാക്കളെയോ സൂചിപ്പിക്കുമ്പോൾ, ഈ പദം, “ആശുദ്ധാത്മക്കളുടെ ഭരണാധികാരി” അല്ലെങ്കിൽ “ശക്തനായ ആത്മ നേതാവ്” അല്ലെങ്കിൽ “ഭരിക്കുന്ന ആത്മാവ്” എന്നിങ്ങനെയും സന്ദർഭം അനുസരിച്ച് പരിഭാഷ ചെയ്യാം.

(കാണുക: ദൂതൻ, അധികാരി, ക്രിസ്തു, ഭൂതം, കർത്താവ്, ശക്തി, ഭരണാധികാരി, സാത്താൻ, രക്ഷകൻ, ആത്മാവ്)

## ദൈവ വചന സൂചികകൾ:

- അപ്പോ.05:29-32
- ഉൽപ്പത്തി 12:14-16
- ഉൽപ്പത്തി 49:26
- ലൂക്കോസ് 01:52-53

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1, H117, H324, H2831, H3548, H4502, H5057, H5081, H5139, H5257, H5387, H5633, H5993, H6579, H7101, H7261, H7333, H7336, H7786, H7991, H8269, H8282, H8323, G747, G758, G1413, G2232, G3175

# രാജാവ്, രാജാക്കന്മാർ, രാജ്യം., രാജത്വം, രാജകീയമായ

## നിർവചനം:

"രാജാവ്" എന്ന പദം ഒരു പട്ടണം, സംസ്ഥാനം, അല്ലെങ്കിൽ രാജ്യത്തിന്റെ പരമാധികാരി ആയിരിക്കുന്ന വ്യക്തിയെ സൂചിപ്പിക്കുന്നു.

- ഒരു രാജാവ് സാധാരണയായി ഭരണത്തിനായി തിരഞ്ഞെടുക്കപ്പെടുന്നത് എന്തുകൊണ്ടെന്നാൽ തനിക്കു മുൻപ് ഉണ്ടായിരുന്ന രാജാക്കന്മാരുമായി കുടുംബ ബന്ധം ഉണ്ടായിരുന്നതിനാൽ ആകുന്നു. ഒരു രാജാവ് മരിക്കുമ്പോൾ, സാധാരണയായി തന്റെ ഏറ്റവും മൂത്ത മകൻ അടുത്ത രാജാവായി നിയമിക്കപ്പെടുന്നു. പുരാതന കാലങ്ങളിൽ, തന്റെ രാജ്യത്തിൽ ഉള്ള ജനങ്ങളുടെ മേൽ തനിക്കു പരമാധികാരം ഉണ്ടായിരുന്നു.
- വളരെ ദുർലഭമായ സന്ദർഭങ്ങളിൽ "രാജാവ്" എന്ന പദം യഥാർത്ഥത്തിൽ രാജാവ് അല്ലാത്ത വ്യക്തികളെ സൂചിപ്പിക്കുവാൻ, പുതിയ നിയമത്തിൽ "ഹെരോദ് രാജാവ്" എന്നപോലെ നൽകപ്പെട്ടിരുന്നു,
- ദൈവ വചനത്തിൽ, ദൈവത്തെ തന്റെ ജനത്തിൻമേൽ ഭരണം നടത്തുന്ന രാജാവ് എന്ന് സാധാരണയായി സൂചിപ്പിക്കുന്നു.
- "ദൈവരാജ്യം" എന്നത് തന്റെ ജനത്തിന്മേൽ ദൈവം ഭരണം നടത്തുന്നതിനെ സൂചിപ്പിക്കുന്നു.
- യേശുവിനെ "യഹൂദന്മാരുടെ രാജാവ്" എന്നും, "ഇസ്രയേലിന്റെ രാജാവ്" എന്നും "രാജാധി രാജാവ്" എന്നും വിളിച്ചിരുന്നു.
- യേശു മടങ്ങി വരുമ്പോൾ, താൻ മുഴുവൻ ലോകത്തെയും രാജാവായി ഭരണം നടത്തും.
- ഈ പദം "ഏറ്റവും ഉയർന്ന പ്രധാനി" അല്ലെങ്കിൽ" ഏക നേതാവ്" അല്ലെങ്കിൽ"പരമാധികാരിയായ ഭരണാധിപൻ" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "രാജാധിരാജാവ്" എന്ന പദസഞ്ചയം "മറ്റു എല്ലാ രാജാക്കന്മാരുടെ മേലും ഭരണം നടത്തുന്ന രാജാവ്" അല്ലെങ്കിൽ "മറ്റുള്ള സകല ഭരണാധിപന്മാരുടെ മേലും അധികാരമുള്ള പരമാധികാരിയായ ഭരണാധിപൻ" എന്ന് പരിഭാഷ ചെയ്യാം.

(കാണുക: അധികാരി, ഹെരോദ് അന്തിപ്പാസ്, രാജ്യം, ദൈവ രാജ്യം)

## ദൈവ വചന സൂചികകൾ:

- 1 തിമോത്തിയോസ് 06:15-16
- 2 രാജാക്കന്മാർ:17-19
- 2 ശമുവേൽ 05:3-5
- അപ്പോ .07:9-10
- അപ്പോ. 13:21-22
- യോഹന്നാൻ 01:49=51
- ലൂക്കോസ് 01:5-7
- ലൂക്കോസ് 22:24-25
- മത്തായി 05:33-35
- മത്തായി 14:8-9

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **08:06** ഒരു രാത്രിയിൽ, മിസ്രയീമ്യർ തങ്ങളുടെ രാജാക്കന്മാരെ ഫറവോൻ എന്നായിരുന്നു അഭിസംബോധന ചെയ്തു വന്നിരുന്നത്, ആ ഫറവോൻ, തനിക്കു വളരെ അസ്വസ്ഥത ഉളവാക്കിയ രണ്ടു സ്വപ്നങ്ങൾ കാണുവാൻ ഇടയായി.
- **16:01** ഇസ്രയേല്യർക്കു **രാജാവ്** ഇല്ലായിരുന്നു ആയതിനാല് ഓരോരുത്തരും തങ്ങൾക്കു ശരിയെന്നു ബോധിച്ച പ്രകാരം പ്രവർത്തിച്ചു വന്നു.
- **16:8** അവസാനമായി, ജനം ദൈവത്തോട് മറ്റുള്ള രാജ്യങ്ങൾക്ക് ഉള്ളത് പോലെ തങ്ങൾക്കും ഒരു **രാജാവിനെ** വേണം എന്ന് ആവശ്യപ്പെട്ടു.
- **17:05** ശൌൽ യു'ദ്ധത്തിൽ മരിച്ചു, അനന്തര ഫലമായി, ദാവീദ് ഇസ്രായേലിന്റെ **രാജാവായി** തീർന്നു. അവൻഒരു നല്ല **രാജാവായിരുന്നു** ആയതിനാൽ ജനം അവനെ സ്നേഹിച്ചു.
- **21:06** ദൈവത്തിന്റെ പ്രവാചകന്മാർ മശീഹ ഒരു പ്രവാചകൻ ആയും, ഒരു പുരോഹിതൻ ആയും, ഒരു **രാജാവായും** ഇരിക്കുമെന്നും പ്രസ്താവിച്ചിരുന്നു.
- **48:14** ദാവീദ് ഇസ്രായേലിന്റെ **രാജാവായിരുന്നു** എന്നാൽ യേശുവോ മുഴുവൻ**പ്രപഞ്ചത്തിന്റെയും** രാജാവ് ആകുന്നു!

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4427, H4428, H4430, G935, G936

# രാജ്ഞി, രാജ്ഞികള്

## നിര്വചനം:

ഒരു രാജ്ഞി എന്നത് ഒരു ദേശത്തിന്റെ ഭരണാധികാരിയായ വനിത അല്ലെങ്കില് ഒരു രാജാവിന്റെ പത്നി ആയിരിക്കും.

- എസ്ഥേര് അഹശ്വരോശ് രാജാവിനെ വിവാഹം കഴിച്ചപ്പോള് അവള് പേര്ഷ്യന് സാമ്രാജ്യത്തിന്റെ രാജ്ഞി ആയി തീര്ന്നു.
- രാജ്ഞിയായ ഇസബേല് ആഹാബ് രാജാവിന്റെ ദുഷ്ടയായ ഭാര്യ ആയിരുന്നു.
- ശേബയിലെ രാജ്ഞി ശലോമോനെ സന്ദര്ശിക്കുവാന് വന്ന പ്രസിദ്ധയായ ഭരണാധികാരി ആയിരുന്നു.
- "രാജ മാതാവ്" പോലുള്ള പദം സാധാരണയായി ഒരു ഭരണ കര്ത്താവായിരിക്കുന്ന രാജാവിന്റെ മാതാവ് അല്ലെങ്കില് അമ്മൂമ്മ അല്ലെങ്കില് മുന് രാജാവിന്റെ വിധവ എന്നിങ്ങനെ സൂചിപ്പിക്കപ്പെടുന്നു. ഒരു രാജ മാതാവിന് വളരെ സ്വാധീനത ഉണ്ട്, ഉദാഹരണമായി, അഥല്യ ജനം വിഗ്രഹത്തെ ആരാധിക്കുവാനായി സ്വാധീനം ചെലുത്തിയിരുന്നു.

(കാണുക: അഹശ്വരോശ്, അഥല്യ, എസ്ഥേര്, രാജാവ്, പേര്ഷ്യ, ഭരണാധികാരി)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര് 10:10
- 1 രാജാക്കന്മാര് 11:18-10
- 2 രാജാക്കന്മാര് 10:12-14
- അപ്പോ.08:26-28
- എസ്ഥേര്:16-18
- ലൂക്കോസ് 11:31
- മത്തായി 12:42

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1404, H1377, H4410, H4427, H4433, H4436, H4438, H4446, H7694, H8282, G938

# രാജ്യം,രാജ്യങ്ങൾ

## നിർവചനം:

ഒരു രാജ്യം എന്നത് രാജാവിനാൽ ഭരിക്കപ്പെടുന്ന ഒരു ജന വിഭാഗം ആകുന്നു. ഇത് ഒരു രാജാവോ അല്ലെങ്കിൽ വേറൊരു ഭരണാധിപനോ നിയന്ത്രണവും അധികാരവും ഉള്ള മണ്ഡലം അല്ലെങ്കിൽ രാഷ്ട്രീയ മേഖല എന്നും ഇത് സൂചിപ്പിക്കുന്നു.

- ഒരു രാജ്യം എന്നത് ഏതു ഭൂമിശാസ്ത്രപരമായ അളവ് ഉള്ളതും ആകാം. ഒരു രാജാവ് ഒരു രാഷ്ട്രത്തെയോ, അല്ലെങ്കിൽ രാജ്യത്തേയോ, അല്ലെങ്കിൽ ഒരു നഗരത്തെ മാത്രമോ ഭരിക്കുന്ന വ്യക്തി ആയിരിക്കാം.
- "രാജ്യം" എന്ന പദം ആത്മീയമായ ഭരണത്തെയോ അധികാരത്തെയോ, "ദൈവത്തിന്റെ രാജ്യം" എന്ന പദത്തിൽ ഉള്ളതു പോലെ സൂചിപ്പിക്കാവുന്നതാണ്.
- ദൈവമാണ് സകലത്തിന്റെയും ഭരണാധിപൻ, എന്നാൽ "ദൈവത്തിന്റെ രാജ്യം" എന്ന പദം പ്രത്യേകമായി യേശുവിൽ വിശ്വസിക്കുന്ന ജനത്തിന്മേലുള്ള തന്റെ ഭരണവും അധികാരവും എന്ന് തന്റെ അധികാരത്തിനു സമർപ്പിച്ചവരോടുള്ള ബന്ധത്തിൽ പ്രത്യേകമായി സൂചിപ്പിക്കുന്നു.
- ദൈവവചനം സാത്താനും ഒരു "രാജ്യം" ഉണ്ടെന്നു പ്രതിപാദിക്കുന്നു, അതിൽ തനിക്കു ഈ ലോകത്തിൽ പല വസ്തുതകളുടെ മേലും താത്കാലിക അധികാരം ഉണ്ടെന്നും പറയുന്നു. തന്റെ രാജ്യം തിന്മയുടെയും "അന്ധകാരം" എന്ന് സൂചിപ്പിക്കുന്നതും ആകുന്നു.

## പരിഭാഷ നിർദേശങ്ങൾ:

- ഒരു രാജാവിനാൽ ഭരിക്കപ്പെടുന്ന ഒരു ഭൂപ്രദേശത്തെ സൂചിപ്പിക്കുമ്പോൾ, "രാജ്യം" എന്ന പദം "ദേശം (രാജാവിനാൽ ഭരിക്കപ്പെടുന്നത്)" അല്ലെങ്കിൽ "രാജാവിന്റെ പ്രദേശം" അല്ലെങ്കിൽ "രാജാവിനാൽ ഭരിക്കപ്പെടുന്ന മേഖല" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ഒരു ആത്മീയ കാഴ്ചപ്പാടിൽ, "രാജ്യം" എന്നത് "വാഴുന്നത്" അല്ലെങ്കിൽ "നിയന്ത്രിക്കുന്നത്" അല്ലെങ്കിൽ "ഭരിക്കുന്നത്" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "പുരോഹിതന്മാരുടെ രാജ്യം" എന്നത് ദൈവത്താൽ ഭരിക്കപ്പെ ടുന്ന ആത്മീയ പുരോഹിതന്മാർ" എന്ന് പരിഭാഷ ചെയ്യാം.
- "വെളിച്ചത്തിന്റെ രാജ്യം" എന്ന പദസഞ്ചയം "പ്രകാശത്തെ പോലെ നന്മയായ ദൈവത്തിന്റെ വാഴ്ച" അല്ലെങ്കിൽ "പ്രകാശം ആയിരിക്കുന്ന ദൈവം ജനത്തെ ഭരിക്കുന്ന" അല്ലെങ്കിൽ "ദൈവ രാജ്യത്തിന്റെ പ്രകാശവും നന്മയും ആയിരിക്കുന്ന" എന്നിങ്ങനെ പരിഭാഷ ചെയ്യാം. "പ്രകാശം" എന്ന വാക്ക് ഈ പദപ്രയോഗത്തിൽ ഉപയോഗിക്കുന്നത് ഈ പദം ദൈവ വചനത്തിൽ വളരെ പ്രധാനപ്പെട്ട ഒന്ന് ആയതിനാൽ വളരെ നല്ലത് ആകുന്നു.
- ഒരു ചക്രവർത്തി പല രാജ്യങ്ങളുടെ മേൽ ഭരണം ഉള്ളവൻ ആകയാൽ "രാജ്യം" എന്ന പദം ഒരു സാമ്രാജ്യം എന്നതിൽ നിന്നും വ്യത്യസ്തമായതു ആകുന്നു എന്നതു ശ്രദ്ധിക്കുക.

(കാണുക: അധികാരം, രാജാവ്, ദൈവരാജ്യം, ഇസ്രയേൽരാജ്യം, യഹൂദ, പുരോഹിതൻ)

## ദൈവ വചന സൂചികകൾ:

- 1 തെസ്സലോനിക്യർ:10-12
- 2 തിമോത്തിയോസ് 04:17-18
- കൊലോസ്യർ:13-14
- യോഹന്നാൻ:36-37
- മർക്കോസ് 03:23-25
- മത്തായി 04:7-9
- മത്തായി 13:18-19
- മത്തായി 16:27-28
- വെളിപ്പാട് 01:9-11

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **13:02** ദൈവം മോശെയോടും ഇസ്രയേൽ ജനത്തോടും പറഞ്ഞത് എന്തെന്നാൽ, "നിങ്ങൾ എന്നെ അനുസരിക്കുകയും എന്റെ ഉടമ്പടി സൂക്ഷിക്കുകയും ചെയ്യുമെങ്കിൽ, നിങ്ങൾ എന്റെ സമ്പത്തും, ഒരു **രാജകീയ** പുരോഹിത വർഗ്ഗവും, ഒരു വിശുദ്ധ ജാതിയും ആയിരിക്കും" എന്നാണ്.

- **18:04** ദൈവം ശലോമോനോടു കോപിഷ്ടനാകുകയും, ശലോമോന്റെ അവിശ്വസ്തതയ്ക്ക്, ശിക്ഷ എന്ന വണ്ണം, ശലോമോന്റെ കാലശേഷം ഇസ്രയേൽ ദേശം രണ്ടായി വിഭാഗിക്കപ്പെടും എന്ന് അരുളിച്ചെയ്യുകയും ചെയ്തു.
- ഇസ്രയേൽ ദേശത്തിന്റെ ഗോത്രങ്ങളിൽ പത്തെണ്ണം രേഹെബെയാമിന് എതിരായി മത്സരിച്ചു. രണ്ടു ഗോത്രങ്ങൾ മാത്രം അവനോട് വിശ്വസ്തത പുലർത്തി. ഈ രണ്ടു ഗോത്രങ്ങൾ യഹൂദ **രാജ്യം** ആയി നിലവിൽ വന്നു.
- **18:08** രേഹോബെയാമിനോട് മത്സരിച്ച മറ്റു പത്ത് ഗോത്രങ്ങൾ ഇസ്രയേൽ ദേശം എന്ന് രൂപീകരിക്കുകയും യെരോബോവാം എന്നു പേരുള്ള മനുഷ്യനെ അവർക്ക് രാജാവായി നിയമിക്കുകയും ചെയ്തു. അവർ അവരുടെ **രാജ്യത്തെ** ദേശത്തിന്റെ വടക്കേ ഭാഗത്തു രൂപവൽക്കരിക്കുകയും അതിനു ഇസ്രയേൽ**രാജ്യം** എന്ന് വിളിക്കുകയും ചെയ്തു.
- **21:08** ഒരു **രാജ്യത്തെ** ഭരിക്കുകയും അവിടത്തെ ജനത്തെ ന്യായപാലനം ചെയ്യുകയും ചെയ്യുന്ന ഒരു വ്യക്തിയാണ് **രാജാവ്**.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4410, H4437, H4438, H4467, H4468, H4474, H4475, G932

# രോഗ വിമുക്തം ആകുക, രോഗവിമുക്തം ആയി, സൌഖ്യം ആകുക, സൌഖ്യം ആയി, സൌഖ്യമാകുക, സൌഖ്യമാകല്, സൌഖ്യ ദായകന്, ആരോഗ്യം, ആരോഗ്യം ഉള്ള, അനാരോഗ്യം ഉള്ള

## നിര്വചനം:

“സൌഖ്യം ആകുക” എന്നും “രോഗ വിമുക്തം ആകുക” എന്നും ഉള്ള രണ്ടു പദങ്ങളും ഒരു വ്യക്തിക്ക് രോഗം, മുറിവേല്ക്കല്, അല്ലെങ്കില് അംഗവൈകല്യം സംഭവിച്ച ശേഷം വീണ്ടും ആരോഗ്യം പ്രാപിക്കുന്ന തിനെ അര്ത്ഥമാക്കുന്നു.

- “സൌഖ്യം പ്രാപിച്ച” അല്ലെങ്കില് “രോഗവിമുക്തം ആക്കപ്പെട്ട” ഒരു വ്യക്തി “സുഖം പ്രാപിച്ചവന്” അല്ലെങ്കില്“ആരോഗ്യവാന് ആക്കപ്പെട്ട വന്” ആയിത്തീരുന്നു.
- ദൈവം നമ്മുടെ ശരീരങ്ങള്ക്ക് പല മുറിവുകളില്നിന്നും രോഗങ്ങളില്നിന്നും വീണ്ടെടുക്കുവാന് ഉള്ള കഴിവ് നല്കിയിട്ടുള്ളത് കൊണ്ട് രോഗസൌഖ്യം പ്രകൃത്യാ സംഭാവിക്കാവുന്നതാണ്. ഇപ്രകാരമുള്ള രോഗസൌഖ്യം സാധാരണയായി പതുക്കെയാണ് സംഭവിക്കുന്നത്.
- എങ്കില്തന്നെയും, ചില സാഹചര്യങ്ങളില്, അന്ധനായോ, തളര്ന്നു പോയ നിലയിലോ, കുഷ്ടം പോലെയുള്ള ചില പ്രത്യേക കഠിന രോഗങ്ങളിലോ സ്വയമേവ രോഗ സൌഖ്യം സംഭവിക്കുന്നില്ല. ജനം ഇപ്രകാരം ഉള്ളവയില്നിന്ന് സൌഖ്യം പ്രാപിക്കുമ്പോള്, സാധാരണ പെട്ടെന്ന് നടക്കുന്നതിനാല് ഇത് ഒരു അത്ഭുതം ആണ്.
- ഉദാഹരണമായി, യേശു അന്ധരും, മുടന്തരും രോഗബാധിതരായ നിരവധി പേരെയും സൌഖ്യമാക്കുകയും അവര് ക്ഷണത്തില് തന്നെ സുഖം പ്രാപിക്കുകയും ചെയ്തിരുന്നു.
- അപ്പൊസ്തലന്മാരും ജനത്തിനു അത്ഭുതകരമായ നിലയില് സൌഖ്യം വരുത്തിയിട്ടുണ്ട്, പത്രോസ് മുടന്തനായ മനുഷ്യനെ ക്ഷണത്തില് നടക്കുമാറാക്കിയത് ഉണ്ട്.

(കാണുക; അത്ഭുതം)

## ദൈവ വചന സൂചികകള്:

- അപ്പോ.05:14-16
- അപ്പോ.08:6-8
- ലൂക്കോസ് 05:12-13
- ലൂക്കോസ് 06:17-19
- ലൂക്കോസ് 08:43-44
- മത്തായി 04:23-25
- മത്തായി 09:35-36
- മത്തായി 13:15

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **19:14** വളരെ മാരകമായ ചര്മ്മ രോഗം ബാധിച്ച നയമാന് എന്ന, ശത്രു സൈന്യാധിപനു സംഭവിച്ച അത്ഭുതങ്ങളില് ഒന്ന്, താന് എലീശയെ കുറിച്ച് കേള്ക്കുകയും എലീശയുടെ അടുക്കല് ചെന്ന് തന്നെ **സൌഖ്യം** ആക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു.
- **21:10** അവന്(യെശ്ശയ്യാവ്) കേള്ക്കുവാനും, സംസാരിക്കുവാനും, നടക്കുവാനും കഴിയാത്ത ജനത്തെയും രോഗികളെയും മശീഹ **സൌഖ്യമാക്കും** എന്ന് പ്രവചിച്ചു പറഞ്ഞു.
- **26:06** യേശു തുടര്ന്ന് പറഞ്ഞത്, “എലീശ പ്രവാചകന്റെ കാലത്തില്, ചര്മ്മ രോഗം ഉള്ള നിരവധി പേര് ഇസ്രായേലില് ഉണ്ടായിരുന്നു. എന്നാല് അവരില് ആരെയും തന്നെ എലീശ സൌഖ്യമാക്കിയില്ല. ഇസ്രായേലിന്റെ ശത്രു സൈന്യത്തിന്റെ സൈന്യാധിപന് ആയിരുന്ന നയമാന്റെ ചര്മ്മ രോഗം മാത്രമേ താന് **സൌഖ്യം** ആക്കിയുള്ളൂ.
- **26:08** രോഗികളോ അംഗ വൈകല്യമുള്ളവരോ ആയവര് കാണ്മാന്, നടക്കുവാന്, കേള്ക്കുവാന് കഴിയാത്തവരായി നിരവധി പേരെ യേശുവിന്റെ അടുക്കല്കൊണ്ട് വരികയും അവരെ താന് **സൌഖ്യം** ആക്കുകയും ചെയ്തു.
- **32:14** യേശു നിരവധി പേരെ **സൌഖ്യമാക്കിയതായി** താന്കേട്ടപ്പോള്, “ഞാന്യേശുവിന്റെ വസ്ത്രം മാത്രം തൊട്ടാല്ഞാനും തീര്ച്ചയായും **സൌഖ്യം** പ്രാപിക്കും!” എന്ന് അവള്ചിന്തിച്ചു.
- **44:03** ഉടനെ തന്നെ ദൈവം മുടന്തനായ മനുഷ്യനെ **സൌഖ്യമാക്കി**, അവന്നടക്കുവാനും ചാടുവാനും ദൈവത്തെ സ്തുതിക്കുവാനും തുടങ്ങി.

- **44:08** പത്രോസ് അവരോടു പറഞ്ഞത്, "ഇവിടെ നിങ്ങളുടെ മുന്പില്നിക്കുന്ന ഈ മനുഷ്യന്യേശു ആകുന്ന മശീഹയാല് **സൌഖ്യം** പ്രാപിച്ചിരിക്കുന്നു" എന്നാണ്.
- **49:02** താന്ദൈവ ആണെന്ന് തെളിയിക്കുവാന്തക്കവിധം യേശു നിരവധി അത്ഭുതങ്ങള്ചെയ്തു. താന്വെള്ളത്തിന്മീതെ നടന്നു, കൊടുങ്കാറ്റിനെ ശാന്തമാക്ക്, നിരവധി രോഗികളെ **സൌഖ്യമാക്കി**, ഭൂതങ്ങളെ പുറത്താക്കി, മരിച്ചവരെ ജീവനിലേക്കു ഉയിര്പ്പിച്ചു, അഞ്ചു അപ്പങ്ങളെയും രണ്ടു ചെറിയ മീനുകളെയും 5,000 ലും അധികം പേര്ഭക്ഷിച്ചു തൃപ്തരാകുവാന്തക്കവിധം പ്രവര്ത്തിച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H724, H1369, H1455, H2280, H2421, H2896, H3444, H3545, H4832, H4974, H7495, H7499, H7500, H7725, H7965, H8549, H8585, H8644, H622, G1295, G1743, G2322, G2323, G2386, G2390, G2392, G2511, G3647, G4982, G4991, G5198, G5199

# ലക്ഷണ വിദ്യ, ലക്ഷണ വിദ്യക്കാരന്, ഭാവിഫലം പറച്ചില്, ഭാവിഫലം പറയുന്നവന്

## നിര്വചനം:

“ശകുനവാദം”, “ഭാവിഫലം പറച്ചില്” എന്നി പദങ്ങള് അമാനുഷിക ലോകത്തില്നിന്ന് ആത്മാക്കള് മൂലമായി വിവരങ്ങള് ലഭിക്കുവാന് ശ്രമിക്കുന്ന പ്രവര്ത്തിയെ സൂചിപ്പിക്കുന്നു. ഈ പ്രവര്ത്തി ചെയ്യുന്ന വ്യക്തിയെ ചിലപ്പോള് “ലക്ഷണം പറയുന്നവന്” അല്ലെങ്കില് “ഭാവിഫലം പറയുന്നവന്” എന്നു വിളിക്കുന്നു.

- പഴയനിയമ കാലങ്ങളില്, ദൈവം ഇസ്രയേല്യരോട് ലക്ഷണ വിദ്യയൊ ഭാവിഫല പ്രവചനമോ നടത്തരുതെന്ന് കല്പ്പിച്ചിരുന്നു.
- കല്ലുകളായ ഊറിമ്മും തുമ്മീമും ഉപയോഗിച്ചു വിവരങ്ങള് അന്വേഷിക്കുവാദൈവം തന്റെ ജനത്തിന് അനുവാദം നല്കിയിരുന്നു, ആ ആവശ്യത്തിനുവേണ്ടി മഹാപുരോഹിതന് ഉപയോഗിക്കുവാനായി ദൈവം അവ അനുവദിച്ചിരുന്നു. എന്നാല് ദുരാത്മാവിന്റെ സഹായത്തില് കൂടെ തന്റെ ജനം വിവരങ്ങള് കണ്ടെത്തുവാന് താന്അനുവാദം നല്കിയിരുന്നില്ല.
- ജാതീയ ലക്ഷണ വിദ്യക്കാര്ആത്മീക ലോകത്തില്നിന്നും വിവരങ്ങള് ശേഖരിക്കുവാനായി വിവിധ മാര്ഗ്ഗങ്ങള് പരീക്ഷിച്ചിരുന്നു. ചില സന്ദര്ഭങ്ങളില് ഒരു മൃഗത്തിന്റെ മൃതശരീരത്തിന്റെ ആന്തരീക ഭാഗങ്ങള് പരീക്ഷിച്ച്, അല്ലെങ്കില് മൃഗങ്ങളുടെ അസ്ഥികള് നിലത്ത് എറിഞ്ഞു, അവയുടെ മാതൃക വ്യാഖ്യാനിച്ചു അസത്യ ദൈവങ്ങളില് നിന്നുള്ള സന്ദേശങ്ങളായി വ്യാഖ്യാനിക്കും.
- പുതിയനിയമത്തില്, യേശുവും അപ്പോസ്തലന്മാരും, ലക്ഷണ വിദ്യ, ആഭിചാരം, മന്ത്രവാദം, മായാജാലം ആദിയായവയെ നിരാകരിച്ചിരുന്നു. ഈ വക ശീലങ്ങലെല്ലാം ദുരാത്മാക്കളുടെ ശക്തിയാല് ചെയ്യപ്പെടുന്നതും ദൈവത്താല് ശാസിക്കപ്പെടുന്നതും ആകുന്നു.

(കാണുക: അപ്പോസ്തലന്, അസത്യ ദൈവം, മായാവിദ്യ, ആഭിചാരം)

## ദൈവവചന സൂചികകള്:

- 1 ശാമുവല്:1-2
- അപ്പോ.പ്രവര്ത്തികള്16:16-18
- യെഹസ്കേല്:24-25
- ഉല്പ്പത്തി 44:3-5
- യിരെമ്യാവ് 27:9-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1870, H4738, H5172, H6049, H7080, H7081, G4436

# ലജ്ജ, ലജ്ജകള്, ലജ്ജിക്കപ്പെട്ട, ലജ്ജാപൂര്ണ്ണം, ലജ്ജാപൂര്ണ്ണം ആയ, ലജ്ജയില്ലാത്ത, നിര്ലജ്ജാകരമായ, അപമാനിതനായ, അപമാനിതന് അല്ലാത്ത

## നിര്വചനം:

"ലജ്ജ" എന്ന പദം സൂചിപ്പിക്കുന്നത് ഒരു വ്യക്തിക്ക് ഉണ്ടായ വേദനാപൂര്ണ്ണം ആയ നിന്ദിക്കപ്പെട്ട ഒരു അനുഭവം എന്തുകൊണ്ടെന്നാല് എന്തോ ഒന്ന് അപമാനകരമായ അല്ലെങ്കില്അയോഗ്യമായ നിലയില്ആരെങ്കിലും ചെയ്തത് നിമിത്തം ഉണ്ടാകുന്ന വികാരം എന്നാണ്.

- "ലജ്ജാകരമായ" ഒരു കാര്യം "അയോഗ്യമായതു" അല്ലെങ്കില്"അപമാനകരമായത്" ആകുന്നു.
- "അപമാനിതനായ" എന്ന പദം ഒരു മനുഷ്യന്എന്തെങ്കിലും ലജ്ജാകരമായത് ചെയ്യുമ്പോള്താന്ചിന്തിക്കുന്ന വിധത്തെ വിവരിക്കുന്നത് ആകുന്നു.
- ലജ്ജിതന്ആക്കപ്പെട്ടു" എന്ന പദ സഞ്ചയം അര്ത്ഥം നല്കുന്നത് ജനം സ്വയം ലജ്ജിതരാകുവാന്തക്കവണ്ണം അവരെ പരാജയപ്പെടുത്തുകയോ അല്ലെങ്കില്അവരുടെ പാപങ്ങളെ തുറന്നു കാട്ടുകയോ ചെയ്യുമ്പോള്അവരെ ലജ്ജിപ്പിക്കുന്നതു ആകുന്നു.
- യെശ്ശയ്യാവ് പ്രവാചകന്പ്രസ്താവിച്ചത് വിഗ്രഹങ്ങളെ നിര്മ്മിക്കുകയും ആരാധിക്കുകയും ചെയ്യുന്നവര്ലജ്ജിതര്ആക്കപ്പെടും എന്നാണ്.
- തന്റെ പാപത്തെ വെളിപ്പെടുത്താതെയും മാനസ്സാന്തരപ്പെടാതെയും ഉള്ള ഒരു മനുഷ്യനെ ദൈവം ലജ്ജിതന്ആക്കുകയും അവനെ താഴ്ത്തുകയും ചെയ്യും.

(കാണുക: അസത്യ ദൈവം, താഴ്മയുള്ള, താഴ്ച വരുത്തുക, യെശ്ശയ്യാവ്, മാനസ്സാന്തരപ്പെടുക, പാപം)

## ദൈവ വചന സൂചികകള്:

- 1 പത്രോസ് 03:15-17
- 2 രാജാക്കന്മാര്02:17-18
- 2 ശമുവേല്13:13-14
- ലൂക്കോസ് 20:11-12
- മര്ക്കോസ് 08:38
- മര്ക്കോസ് 12:4-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H937, H954, H955, H1317, H1322, H2616, H2659, H2781, H3001, H3637, H3639, H3640, H6172, H7022, H7036, H8103, H8106, G127, G149, G152, G153, G422, G808, G818, G819, G821, G1788, G1791, G1870, G2617, G3856, G5195

# ലേഖനം, കത്ത്, കത്തുകള്

## നിര്വചനം:

എഴുത്തുകാരനില്നിന്നും സാധാരണയായി വളരെ ദൂരത്തില്ഉള്ള ഒരു വ്യക്തിക്കോ അല്ലെങ്കില്വ്യക്തികള്ക്കോ ഒരു എഴുതപ്പെട്ട സന്ദേശം അയക്കുന്നതിനാണ് കത്ത് എന്ന് പറയുന്നത്. ഒരു ലേഖനം എന്നത് പ്രത്യേക തരത്തില്ഉള്ള കത്ത് ആകുന്നു, അത് ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടെ, ഉപദേശം പോലെ ഉള്ളവയ്ക്കായി കൂടുതല്പ്രത്യേകമായി എഴുതപ്പെട്ടിട്ടുള്ളവ ആകുന്നു.

- പുതിയ നിയമ കാലഘട്ടത്തില്, ലേഖനങ്ങളും മറ്റു തരത്തില്ഉള്ള കത്തുകളും മൃഗങ്ങളുടെ തോല്അല്ലെങ്കില്ചെടികളുടെ നാരുകൊണ്ട് ഉണ്ടാക്കിയ പാപ്പിറസ്സില് എഴുതപ്പെട്ടവ ആയിരുന്നു.
- പൌലോസ്, യോഹന്നാന്, യാക്കോബ്, യൂദ, പത്രോസ് ആദിയായവരുടെ പ്രബോധന ലേഖനങ്ങള്അവര്എഴുതിയത് റോമന്സാമ്രാജ്യത്തില്എങ്ങും ഉള്ള വിവിധ പട്ടണങ്ങളില്ഉള്ളതായ ആദ്യകാല ക്രിസ്ത്യാനികളെ പ്രോത്സാഹിപ്പിച്ചു കൊണ്ടുള്ളവ ആയിരുന്നു.
- ഈ പദം പരിഭാഷ ചെയ്യുന്ന മാര്ഗങ്ങളില്"എഴുതപ്പെട്ട സന്ദേശം" അല്ലെങ്കില്"എഴുതപ്പെട്ടതായ വാക്കുകള്" അല്ലെങ്കില്"രചനകള്" ആദിയായവ ഉള്പ്പെടുത്താം.

(കാണുക: പ്രോത്സാഹിപ്പിക്കുക, പ്രബോധിപ്പിക്കുക, പഠിപ്പിക്കുക)

## ദൈവ വചന സൂചികകള്:

- 1 തെസ്സലോനിക്യര് 05:25-28
- 2 തെസ്സലോനിക്യര് 02:13-15
- അപ്പോ.09:1-2
- അപ്പോ.28:21-22

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H104, H107, H3791, H4385, H5406, H5407, H5612, H6600, G1121, G1989, G1992

# ലൈംഗിക അസാന്മാര്ഗ്ഗം, അസാന്മാര്ഗ്ഗം, അസാന്മാര്ഗ്ഗികമായ, അവിവാഹിത ലൈംഗിക ബന്ധം

## നിര്വചനം:

"ലൈംഗിക അസാന്മാര്ഗ്ഗം" എന്ന പദം സൂചിപ്പിക്കുന്നത് ഒരു പുരുഷനും ഒരു സ്ത്രീയും വിവാഹ ബന്ധത്തിനു പുറത്തു നടത്തുന്ന ലൈംഗിക നടപടിയെ സൂചിപ്പിക്കുന്നു. ഇതു ദൈവീക പദ്ധതിയ്ക്ക് എതിരായി ഉള്ളതാകുന്നു. പഴയ ആംഗലേയ ദൈവവചന തര്ജ്ജുമകളില്ഇതിനു "അവിഹിത ലൈംഗിക ബന്ധം" എന്നു വിളിച്ചിരിക്കുന്നു.

- ഈ പദം ദൈവഹിതത്തിനു എതിരായുള്ള ഏതു തരം ലൈംഗിക പ്രവര്ത്തിയെയും,സ്വവര്ഗ്ഗരതിയും അശ്ലീല സാഹിത്യവും ഉള്പ്പെടെ ഉള്ളതിനെ സൂചിപ്പിക്കുന്നു.
- ഒരു വകയിലുള്ള ലൈംഗിക അസാന്മാര്ഗ്ഗമാണ് വ്യഭിചാരം, അതായത് പ്രത്യേകമായി, വിവാഹിതനായ ഒരു വ്യക്തി വിവാഹ ബന്ധത്തിനു പുറത്തു തന്റെതല്ലാത്ത ഒരു വ്യക്തിയുമായി പുലര്ത്തുന്ന ലൈംഗിക ബന്ധം.
- വേറൊരു വകയിലുള്ള ലൈംഗിക അസാന്മാര്ഗ്ഗമാണ് "വേശ്യാവൃത്തി", അതായത് വേറൊരു വ്യക്തിയുമായി ലൈംഗിക ബന്ധത്തില്ഏര്പ്പെടുന്നതിനു പണം നല്കുന്ന രീതി.
- അന്യ ദൈവങ്ങളെ ആരാധിച്ചു ദൈവത്തോട് ഇസ്രയേല്ജനം അവിശ്വസ്തത പ്രകടിപ്പിച്ചതിനെ ഈ പദം ഉപമാനമായി ഉപയോഗിച്ചു സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "ലൈംഗിക അസാന്മാര്ഗ്ഗം" എന്ന പദം അതിന്റെ ശരിയായ അര്ത്ഥം ഗ്രഹിക്കേണ്ടതിനു വേണ്ടി "അസാന്മാര്ഗ്ഗികത" എന്ന പദത്താല്പരിഭാഷ ചെയ്യാം.
- ഈ പദം പരിഭാഷ ചെയ്യുവാന്ഉള്ള ഇതര മാര്ഗ്ഗങ്ങളില്, "തെറ്റായ ലൈംഗിക നടപടികള്" അല്ലെങ്കില്"വിവാഹത്തിനു പുറമെയുള്ള ലൈംഗികത" എന്നിവയും ഉള്പ്പെടുത്താം.
- ഈ പദം 'വ്യഭിചാരം" എന്ന പദത്തില്നിന്നും വ്യത്യസ്തമായ രീതിയില്പരിഭാഷ ചെയ്യണം.
- ഈ പദത്തിന്റെ ഉപമാന രീതിയിലുള്ള പ്രയോഗങ്ങള്സാധ്യമെങ്കില്അതിന്റെ അക്ഷരീക പദം തന്നെ നിലനിര്ത്തിക്കൊണ്ട് പരിഭാഷ ചെയ്യണം, കാരണം ദൈവവചനത്തില്ദൈവത്തോടുള്ള അവിശ്വസ്ത തയ്ക്കും ലൈംഗിക ബന്ധത്തിലെ അവിശ്വസ്തതയ്ക്കും ഒരു സാധാരണ താരതമ്യം ഉണ്ട്.

(കാണുക:വ്യഭിചാരം,അസത്യ ദൈവം, വേശ്യ, വിശ്വസ്തത)

## ദൈവ വചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്15:19-21
- അപ്പോ.പ്രവര്ത്തികള്21:25-26
- കൊലോസ്സ്യര്03:5-8
- എഫെസ്യര്05:3-4
- ഉല്പത്തി 38:24-26
- ഹോശേയ 04:13-14
- മത്തായി 05:31-32
- മത്തായി 19:7-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2181, H8457, G1608, G4202, G4203

# വഞ്ചിക്കുക, വഞ്ചിക്കുന്നു, വഞ്ചിതനായ, വഞ്ചിക്കുന്ന, ചതി, ചതിയന്, ചതിയന്മാര്, കപടമായ, വ്യാജപൂര്വം, കുടിലത, ദ്രോഹം, വഞ്ചനാപരമായ

## നിര്വചനം:

"വഞ്ചിക്കുക" എന്ന പദം സത്യമല്ലാത്ത ഒന്നിനെ ഒരാളെക്കൊണ്ട് വിശ്വസിപ്പിക്കുക എന്നാണ് അര്ത്ഥം. ഒരാളെ വഞ്ചിക്കുന്ന പ്രവര്ത്തിയെ ചതിവ് എന്നു പറയുന്നു.

- "കുടിലത" എന്ന മറ്റൊരു പദവും സത്യമല്ലാത്ത ഒന്നിനെ ഒരാളെക്കൊണ്ട് വിശ്വസിപ്പിക്കുന്ന പ്രവര്ത്തി എന്നു സൂചിപ്പിക്കുന്നു.
- മറ്റുള്ളവര് വ്യാജമായ കാര്യങ്ങള് വിശ്വസിക്കുവാന് കാരണമാകുന്നവന് "ചതിയന്" ആകുന്നു. ഉദാഹരണമായി, സാത്താനെ "ചതിയന്" എന്നു വിളിക്കുന്നു. താന് നിയന്ത്രിക്കുന്ന ദുരാത്മാക്കളും ചതിയന്മാര്ആകുന്നു..
- സത്യസന്ധമല്ലാത്ത ഒരു വ്യക്തി, പ്രവര്ത്തി, അല്ലെങ്കില് സന്ദേശം ആദിയായവയെ "വഞ്ചനാപരം" എന്നു വിവരിക്കാം. "ചതി", "കുടിലത" എന്നീ പദങ്ങള്ക്കു ഒരേ അര്ത്ഥമാണ് ഉള്ളത്, എന്നാല് അവ ഉപയോഗിക്കുന്ന രീതിയില് നേരിയ വ്യത്യാസങ്ങള് ഉണ്ട്.
- വിവരണാത്മകമായ പദങ്ങള് "കപടമായ" എന്നതും "വഞ്ചനാപരമായ" എന്നതും ആയ പദങ്ങള്ക്ക് ഒരേ അര്ത്ഥവും ഒരേ സാഹചര്യത്തില് ഉപയോഗിക്കുന്നതും ആണ്.

## പരിഭാഷ നിര്ദേശങ്ങള്:

- "വഞ്ചിക്കുക" എന്ന പദം പരിഭാഷ ചെയ്യുന്നതിനു "നുണ പറയുക" അല്ലെങ്കില് "അസത്യമായ വിശ്വാസം ഉണ്ടാക്കുക" അല്ലെങ്കില് സത്യം അല്ലാത്തതിനെക്കുറിച്ച് ഒരുവനെ ചിന്തിപ്പിക്കുവാന്ഇടയാക്കുക" എന്നിവ എല്ലാം ഉള്പ്പെടുത്താം. "വഞ്ചിതനായ" എന്ന പദം "തെറ്റായ കാര്യം ചിന്തിക്കുവാന് ഇടവരുത്തുക" അല്ലെങ്കില് "വ്യാജം പറഞ്ഞ" അല്ലെങ്കില് 'വിഡ്ഢിയാക്കപ്പെട്ട'' അല്ലെങ്കില് ''തെറ്റായി നടത്തപ്പെട്ട" എന്നും പരിഭാഷപ്പെടുത്താം.
- "വഞ്ചകന്" എന്നത് "നുണയന്" അല്ലെങ്കില് "തെറ്റായി നടത്തുന്നവന്" അല്ലെങ്കില് "വഞ്ചിക്കുന്നവന്" എന്നു പരിഭാഷപ്പെടുത്താം.
- സാഹചര്യത്തിനു അനുസരിച്ച്, ''വഞ്ചന'' അല്ലെങ്കില് "ചതിവ്" എന്നത് "അസത്യം" അല്ലെങ്കില് "നുണ പറച്ചില്" അല്ലെങ്കില് "ഉപായം" അല്ലെങ്കില് "അവിശ്വസ്തതയുള്ള" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- "വഞ്ചനാപരമായ", "കപടമായ" എന്നീ പദങ്ങള് "സത്യസന്ധത ഇല്ലാത്ത", അല്ലെങ്കില് "തെറ്റായി നടത്തുന്ന" അല്ലെങ്കില് 'നുണ പറയുന്ന" എന്നിങ്ങനെ സത്യം അല്ലാത്തവ ജനം വിശ്വസിക്കത്തക്ക വിധം സംസാരിക്കുകയോ പ്രവര്ത്തിക്കുകയോ ചെയ്യുന്ന ഒരു വ്യക്തിയെക്കുറിച്ച് വിവരിക്കുന്ന തിനെ പരിഭാഷപ്പെടുത്താം.

(കാണുക: സത്യം)

## ദൈവവചന സൂചികകള്:

- 1 യോഹന്നാന് 01:8-10
- 1 തിമോത്തിയോസ് 02:13-15
- 2 തെസ്സലോനിക്യര്02:3-4
- ഉല്പ്പത്തി 03:12-13
- ഉല്പ്പത്തി 31:26-28
- ലേവ്യപുസ്തകം 19:11-12
- മത്തായി 27:62-64
- മീഖ 06:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H898, H2048, H3577, H3584, H4123, H4820, H4860, H5230, H5377, H6121, H6231, H6280, H6601, H7411, H7423, H7683, H7686, H7952, H8267, H8496, H8501, H8582, H8591, H8649, G538, G539, G1386, G1387, G1388, G1389, G1818, G3884, G4105, G4106, G4108, G5422, G5423

# വടി, വടികള്

## നിര്വചനം:

വടി എന്നത് നീളമുള്ള മരത്താല്നിര്മ്മിതമായ സാധാരണയായി നടക്കുവാന്ഉപയോഗിക്കുന്ന വടി അല്ലെങ്കില്ദണ്ഡു ആകുന്നു.

- യാക്കോബ് വൃദ്ധന്ആയപ്പോള്, തനിക്കു നടക്കുവാന്സഹായമായി ഒരു വടി ഉപയോഗിച്ചു വന്നു.
- തന്റെ ശക്തിയെ ഫറവോനു പ്രദര്ശിപ്പിക്കുവാനായി ദൈവം മോശെയുടെ വടിയെ ഒരു സര്പ്പമാക്കി.
- ആട്ടിടയന്മാര്ആടുകളെ നയിക്കുവാന്സഹായകരമായി, അല്ലെങ്കില്അവയെ വീഴുംപോഴോ വഴിതെറ്റി പോകുമ്പോഴോ രക്ഷിക്കേണ്ടതിനു ഒരു കോല് ഉപയോഗിക്കാറുണ്ട്.
- ഇടയന്മാരുടെ കോലിന്റെ അഗ്രത്തില്ഒരു കൊളുത്ത് ഉണ്ടായിരിക്കും, അതിനാല്അത് വടിയില്നിന്നും വ്യത്യസ്തമായ ഒന്നായി, നേരെയുള്ളതും ആടുകളെ അക്രമിക്കുവാനായി വന്യ മൃഗങ്ങള്വരുമ്പോള്അവയെ കൊല്ലുവാന്ഉപയോഗിക്കുന്നതും ആയിരിക്കും.

(കാണുക: ഫറവോന്, ശക്തി, ആട്, ആട്ടിടയന്)

## ദൈവ വചന സൂചികകള്:

- പുറപ്പാട് 04:1-3
- പുറപ്പാട് 07:8-10
- ലൂക്കോസ് 09:3-4
- മര്ക്കോസ് 06:7-9
- മത്തായി 10:8-10
- മത്തായി 27:27-29

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4132, H4294, H4731, H4938, H6086, H6418, H7626, G2563, G3586, G4464

# വധം, വധിക്കുന്നു, വധിച്ചു, കശാപ്പു ചെയ്യല്

## നിര്വചനം:

“വധം” എന്ന പദം സൂചിപ്പിക്കുന്നത് വളരെ അധികം മൃഗങ്ങളെയോ അല്ലെങ്കില്ജനങ്ങളെയോ കൊല്ലുക അല്ലെങ്കില്, വളരെ മൃഗീയമായ വിധത്തില്കൊല്ലുക എന്നാണ് സൂചിപ്പിക്കുന്നത്. ഭക്ഷണ ആവശ്യത്തിനായി ഒരു മൃഗത്തെ കൊല്ലുന്നതിനെയും ഇത് സൂചിപ്പിക്കുന്നു. വധിക്കുന്നതായ പ്രവര്ത്തിയെ “കശാപ്പു”” എന്നും പറയാറുണ്ട്.

- അബ്രഹാം മരുഭൂമില്ഉള്ള തന്റെ കൂടാരത്തില്മൂന്നു സന്ദര്ശകരെ സ്വീകരിച്ചപ്പോള്, താന്തന്റെ വേലക്കാരോടു തന്റെ വിരുന്നുകാര്ക്കു വേണ്ടി ഒരു കാളക്കിടാവിനെ കശാപ്പു ചെയ്യുവാന്കല്പന നല്കി.
- പ്രവാചകനായ യെഹസ്കേല്പ്രവചിച്ചു പറഞ്ഞത് എന്തെന്നാല്ദൈവം തന്റെ ദൂതനെ അയക്കുകയും തന്റെ വചനം അനുസരിക്കാത്ത ഏവരെയും വധിക്കുകയും ചെയ്യും എന്ന് ആയിരുന്നു.
- 1 ശമുവേല്പുസ്തകത്തില്30,000 ഇസ്രയേല്യര്അവരുടെ ശത്രുക്കളാല്ദൈവത്തോടുള്ള അനുസരണക്കേട്നിമിത്തം വധിക്കപ്പെട്ടതിനെ കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു.
- “വധിക്കുവാന്ഉള്ള ആയുധങ്ങള്” എന്നുള്ളത് “കൊല്ലുവാന്ഉള്ള ആയുധങ്ങള്” എന്ന് പരിഭാഷ ചെയ്യാവുന്നതാണ്.
- ”വളരെ വലിയ കുലപാതകം ആയിരുന്നു” എന്ന പദപ്രയോഗം “വളരെ അധികം പേര്കൊല്ലപ്പെട്ടു” അല്ലെങ്കില്മരണ സംഖ്യ വളരെ ഉയര്ന്നത് ആയിരുന്നു” അല്ലെങ്കില്“ഭയാനകമായ നിലയില്മരിച്ച ജനങ്ങളുടെ സംഖ്യ ഉയര്ന്നത് ആയിരുന്നു”.
- ”വധം” എന്നത് പരിഭാഷ ചെയ്യുന്നതിന് ഉള്ള ഇതര മാര്ഗ്ഗങ്ങള്“കൊല്ലുക” അല്ലെങ്കില്“വധിക്കുക” അല്ലെങ്കില്“കുലപാതകം” എന്നിങ്ങനെ ഉള്ളവ ഉള്പ്പെടുത്താം.

(കാണുക: ദൂതന്, പശു, അനുസരണക്കേട്, യെഹസ്കേല്, വേലക്കാരന്, വധിക്കുക)

## ദൈവ വചന സൂചികകള്:

- യെഹസ്കേല്21:10-11
- എബ്രായര്07:1-3
- യെശ്ശയ്യാവ് 34:1-2
- യിരെമ്യാവ് 25:34-36

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2026, H2027, H2028, H2076, H2491, H2873, H2874, H2878, H4046, H4293, H4347, H4660, H5221, H6993, H7524, H7819, H7821, G2871, G4967, G4969, G5408

# വധിക്കുക, വധിക്കപ്പെട്ട

## നിര്വചനം:

ഒരു മനുഷ്യനെ അല്ലെങ്കില് മൃഗത്തെ "വധിക്കുക" എന്നാല് കൊല്ലുക എന്നര്ത്ഥം. മിക്കവാറും ഇത് അര്ത്ഥമാക്കുന്നത് ബലപ്രയോഗം മൂലമോ ആക്രമണ രീതിയിലോ കൊല്ലുക എന്നാണ്. ഒരു മനുഷ്യന് ഒരു മൃഗത്തെ കൊന്നു എങ്കില്ആ വ്യക്തി അതിനെ "വധിച്ചു" എന്നാണു അര്ത്ഥം.

- ഒരു മൃഗത്തെയോ അല്ലെങ്കില് ഒരു വലിയ കൂട്ടം ആളുകളെയോ സൂചിപ്പിക്കുക ആണെങ്കില്, "കശാപ്പു ചെയ്യുക" എന്ന പദം പകരം പദമായി സാധാരണ ഉപയോഗിക്കാറുണ്ട്.
- കശാപ്പു ചെയ്യുന്ന പ്രവര്ത്തിയെ "കൂട്ടക്കൊല" എന്നും വിളിക്കുന്നു.
- "കൊല്ലപ്പെട്ടവര്" എന്ന പദത്തെ "കൊല്ലപ്പെട്ടതായ ജനം" അല്ലെങ്കില് കുല ചെയ്യപ്പെട്ടതായ ജനം" എന്നിങ്ങനെയും പരിഭാഷ ചെയ്യാവുന്നതാണ്.

(കാണുക: കശാപ്പ്)

## ദൈവ വചന സൂചികകള്:

- യെഹസ്കേല് 28:23-24
- യെശ്ശയ്യാവ് 26:20-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2026, H2076, H2490, H2491, H2717, H2763, H2873, H2874, H4191, H4194, H5221, H6991, H6992, H7523, H7819, G337, G615, G1315, G2380, G2695, G4968, G4969, G5407

# വധു, വധുക്കള്, വധു സംബന്ധമായ

## നിര്വചനം:

വരനായ, തന്റെ ഭര്ത്താവുമായി വിവാഹച്ചടങ്ങില്വെച്ച് വിവാഹബന്ധ ത്തില്ഏര്പ്പെടുന്ന സ്ത്രീയാണ് വധു. “വധു” എന്ന പദം യേശുവിലുള്ള വിശ്വാസികള്ക്ക്, അതായത് സഭയ്ക്ക് ഉപയോഗിച്ചിരിക്കുന്ന ഒരു ഉപമാനമാണ്.

- ഉപമാനരൂപത്തില്യേശുവിനെ സഭയ്ക്കായുള്ള “മണവാളന്” എന്നു വിളിക്കുന്നു.

(കാണുക: രൂപകാലങ്കാരം)

(കാണുക: മണവാളന്, സഭ)

## ദൈവവചന സൂചികകള്:

- പുറപ്പാട് 22:16-17
- യെശ്ശയ്യാവ് 62:5
- യോവേല്02:15-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3618, G3565

# വന്ധ്യം

## നിര്വചനം

“വന്ധ്യം” ആയിരിക്കുക എന്നതിന്റെ അര്ത്ഥം വളക്കൂറോ ഫലഭൂയിഷ്ടതയോ ഇല്ലാതിരിക്കുക എന്നാണ്.

- യാതൊരു സസ്യങ്ങളെയും ഉല്പ്പാദിപ്പിക്കുവാന്കഴിവില്ലാത്ത മണ്ണോ നിലമോ ഊഷരം ആണ്.
- ശാരീരികമായി ഗര്ഭം ധരിക്കുവാനോ കുഞ്ഞിനെ പ്രസവിക്കുവാനോ കഴിവില്ലാത്ത സ്ത്രീ വന്ധ്യയാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- ഒരു നിലത്തെ സൂചിപ്പിക്കുവാനായി “ഊഷരം” എന്ന വാക്കുപയോഗിക്കുമ്പോ ള്, അത് “ഫലഭൂയിഷ്ടതയില്ലാത്ത” അല്ലെങ്കില്“ഫലദായകമല്ലാത്ത” അല്ലെങ്കില് ‘’സസ്യരഹിതമായ” എന്നു പരിഭാഷപ്പെടുത്താവുന്നതാണ്.
- ഇതു വന്ധ്യയായ ഒരു സ്ത്രീയെ സൂചിപ്പിക്കുമ്പോള്, “കുഞ്ഞുങ്ങളില്ലാത്ത” അല്ലെങ്കില്’’കുഞ്ഞിനെ പ്രസവിക്കുവാന്പ്രാപ്തിയില്ലാത്ത”, അല്ലെങ്കില്ഒരു കുഞ്ഞിനെ ഗര്ഭം ധരിക്കുവാന്കഴിവില്ലാത്ത” എന്നു പരിഭാഷപ്പെടുത്താം.

## ദൈവവചന സൂചികകള്:

- 1 ശാമുവേല്02:5
- ഗലാത്യര്04:26-27
- ഉല്പ്പത്തി11:29-30
- ഇയ്യോബ് 03:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4420, H6115, H6135, H6723, H7909, H7921, G692, G4723

# വര്ദ്ധിക്കുക, വര്ദ്ധിക്കുന്നു, വര്ദ്ധിച്ച, വര്ദ്ധിക്കുന്ന, വര്ദ്ധനവ്

## നിര്വചനം:

“വര്ദ്ധിക്കുക” എന്ന പദം എണ്ണത്തില്വളരെ അധികമായി പെരുകുക എന്ന് അര്ത്ഥം കൊള്ളുന്നു. ഇത് തുകയില്വര്ദ്ധനവ്ഉണ്ടാകുന്നതിനു കാരണം ആകുന്നതിനെ, വേദനകള്പെരുകുന്നു എന്ന് ഉള്ളതില് പോലെയും അര്ത്ഥം ഉളവാക്കുന്നുണ്ട്.

- മൃഗങ്ങളും മനുഷ്യരും “വര്ദ്ധിച്ചു” ഭൂമിയെ നിറക്കട്ടെ എന്ന് ദൈവം പറഞ്ഞു. ഇത് അവയുടെ തരത്തില്ഉള്ളവയെ ധാരാളമായി പ്രത്യുല്പ്പാദനം ചെയ്യട്ടെ എന്ന കല്പ്പന ആയിരുന്നു.
- യേശു അപ്പവും മീനുകളും 5,000 പേരെ പോഷിപ്പിക്കത്തക്ക വിധം വര്ദ്ധിപ്പിച്ചു. എല്ലാവരെയും തൃപ്തരാകും വിധം പോഷിപ്പിക്കേണ്ടതിനു ഭക്ഷണത്തിന്റെ അളവ് വര്ദ്ധിച്ചു കൊണ്ടേയിരുന്നു.
- സാഹചര്യം അനുസരിച്ച്, ഈ പദം “പെരുകുക” അല്ലെങ്കില്“പെരുകുവാന്ഇട വരുത്തുക” അല്ലെങ്കില്“സംഖ്യയില്വളരെ അധികമായി വര്ദ്ധിക്കുക” അല്ലെങ്കില്“സംഖ്യാപരമായി ഏറ്റവും വലുതാകുക” അല്ലെങ്കില്“ഏറ്റവും അസംഖ്യം ആകുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”നിങ്ങളുടെ വേദന ഏറ്റവും വലുതായി വര്ദ്ധിക്കുന്നു” എന്നത് “നിങ്ങളുടെ വേദനയെ ഏറ്റവും കഠിനമായി തീര്ക്കുക” അല്ലെങ്കില്“നിങ്ങള്ഏറ്റവും കൂടുതല്വേദന അനുഭവിക്കുവാന്ഇടയാകുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “കുതിരകളെ വര്ദ്ധിപ്പിക്കുക” എന്നാല്“അഹങ്കാരത്തോടെ ഏറ്റവും അധികം കുതിരകളെ സ്വന്തമാക്കുക” അല്ലെങ്കില്“വളരെ അധികം കുതിരകളെ നേടുക” എന്ന് അര്ത്ഥം നല്കുന്നു.

## ദൈവ വചന സൂചികകള്:

- ആവര്ത്തന പുസ്തകം 08:1-2
- ഉല്പ്പത്തി 09:5-7
- ഉല്പ്പത്തി 22:15-17
- ഹോശേയ 04:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3254, H3527, H6280, H7231, H7233, H7235, H7680, G4052, G4129

# വര്ഷം, വര്ഷങ്ങള്

## നിര്വചനം

അക്ഷരീകമായി ഉപയോഗിക്കുമ്പോള്, “വര്ഷം”' എന്ന പദം 354 ദിവസങ്ങള്കൊണ്ട് അവസാനിക്കുന്ന ഒരു കാലയളവിനെ സൂചിപ്പിക്കുന്നു. ഇതു ചന്ദ്രന്ഭൂമിയെ പ്രദിക്ഷണം ചെയ്യുവാന്എടുക്കുന്ന സമയത്തെ അടിസ്ഥാനമാക്കിയുള്ള ചാന്ദ്രിക പഞ്ചാംഗ സംവിധാന പ്രകാരമുള്ളതാണ്.

- ആധുനിക കാല സൌര പഞ്ചാംഗം 365 ദിവസങ്ങള്ഉള്ളതും 12 മാസങ്ങളായി വിഭാഗിച്ചിട്ടുള്ളതും, ഭൂമി സൂര്യനെ പ്രദിക്ഷണം ചെയ്യുവാന്എടുക്കുന്ന സമയ ത്തെ അടിസ്ഥാനമാക്കിയുള്ളതുമാണ്.
- രണ്ടു പഞ്ചാംഗ സംവിധാനത്തിലും പന്ത്രണ്ടു മാസങ്ങളീതമാണുള്ളത്. എന്നാല് ചില സന്ദര്ഭങ്ങളില് ചാന്ദ്രിക പഞ്ചാംഗ പ്രകാരം 13-)മത്തെ മാസം വര്ഷത്തോട് കൂട്ടുന്നതു മൂലം സൌര പഞ്ചാംഗത്തെക്കാള്ചാന്ദ്രിക പഞാംഗം 11 ദിവസത്തെ കുറവ് ഉള്ളതു പരിഹരിക്കപ്പെടുന്നു. ഇതു ഇരു പഞ്ചാംഗങ്ങളും പരസ്പരം എകീകരിക്കുവാന്സഹായകമാകുന്നു.
- ദൈവവചനത്തില്, “വര്ഷം” എന്ന പദം ഒരു പ്രത്യേക സംഭവം നടക്കുന്നതി നെ സൂചിപ്പിക്കുവാനായി പൊതുവായ സമയത്തെ ഉപമാനരൂപേണ കുറിക്കുന്നു. ഇതിന്റെ ഉദാഹരണങ്ങളായി, “യഹോവയുടെ വര്ഷം” അല്ലെങ്കില്“വരള്ച്ചയുടെ വര്ഷത്തില്” അല്ലെങ്കില്“കര്ത്താവിന്റെ പ്രസാദവര്ഷത്തില്” ഉള്പ്പെടുന്നു. ഈ സാഹചര്യത്തില്, “വര്ഷം” എന്നത് “സമയം” അല്ലെങ്കില്“കാലഘട്ടം” അല്ലെ ങ്കില്“കാലയളവ്” എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

(കാണുക:മാസം)

## ദൈവവചന സൂചികകള്:

- 2 രാജാക്കന്മാര്23:31-33
- അപ്പോ.പ്രവര്ത്തികള്19:8-10
- ദാനിയേല്08:1-2
- പുറപ്പാട് 12:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3117, H7620, H7657, H8140, H8141, G1763, G2094

# വല്ലകി, തംബുരു,, തംബുരുകള്

## നിര്വചനം:

ഒരു വല്ലകി, അല്ലെങ്കില്തംബുരു എന്ന് പറയുന്നവ ചെറിയ,കമ്പികള്ഉള്ള, സംഗീത ഉപകരണങ്ങള്ഇസ്രയേല്മക്കള്ദൈവത്തെ ആരാധിക്കുവാനായി ഉപയോഗിച്ചു കൊണ്ടിരുന്നവ ആണ്.

- തംബുരു എന്ന് പറയുന്നത് ഒരു ചെറിയ വീണ പോലെ, തുറന്ന ചട്ടക്കൂട്ടില്കുറുകെ കമ്പികളുലിച്ചു കെട്ടിയിട്ടുള്ളവ ആകുന്നു.
- ഒരു വല്ലകി എന്നത്, ആധുനിക കാലത്തെ അക്വാസ്ടിക് ഗിറ്റാറിനോട് സാമ്യം ഉള്ള, മര നിര്മ്മിതമായ ശബ്ദ പേടകവും കമ്പികളുലിച്ചു മുറുക്കി കെട്ടിയ നീളമുള്ള കഴുത്തും ഉണ്ടായിരിക്കും.
- ഒരു ഒരു വല്ലകി അല്ലെങ്കില്തംബുരു വായിക്കുമ്പോള്, ചില കമ്പികള്ഒരു കയ്യിലെ വിരലുകള്കൊണ്ട് താഴോട്ടു പിടിക്കുമ്പോള്മറു കൈ കൊണ്ട് മറ്റുള്ള കമ്പികളില്തട്ടിയോ തലോടിയോ സ്വരങ്ങള്ഉണ്ടാക്കുന്നു.
- വല്ലകി, തംബുരു, വീണ ആദിയായ ഉപകരണങ്ങളെല്ലാം തന്നെ കമ്പികളെ തലോടുന്നത് മൂലമോ തട്ടുന്നത് മൂലമോ സംഗീതം പുറപ്പെടുവിക്കുന്നു.
- കമ്പികളുടെ എണ്ണത്തില്വ്യത്യാസം ഉണ്ടാകാം, എന്നാല്പഴയ നിയമത്തില്ഉപകരണങ്ങളില്പത്തു കമ്പികള്ഉണ്ടെന്നു പ്രത്യേകമായി കുറിച്ചിരിക്കുന്നു.

(കാണുക: വീണ)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്10:11-12
- 1 ശമുവേല്10:5-6
- 2 ദിനവൃത്താന്തങ്ങള്05:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3658, H5035, H5443

# വളർത്തു മൃഗങ്ങൾ

## വസ്തുതകൾ:

വളർത്തു മൃഗം” എന്ന പദം സൂചിപ്പിക്കുന്നത് ഭക്ഷണത്തിനും മറ്റു ഉപയോഗ പ്രദമായ ഉൽപ്പന്നങ്ങൾക്കും വേണ്ടി വളർത്തുന്ന മൃഗങ്ങൾഎന്നാണ്. ചില തരം വളർത്തു മൃഗങ്ങളെ ജോലി ചെയ്യിപ്പിക്കുവാൻതക്കവണ്ണം പരിശീലിപ്പിക്കാറുണ്ട്.

- ചെമ്മരിയാടുകൾ, കന്നുകാലി, ആടുകൾ, കുതിരകൾ, കഴുതകൾആദിയായവ വളർത്തു മൃഗങ്ങളിൽഉൾപ്പെടുന്നു.
- ദൈവ വചന കാലഘട്ടങ്ങളിൽ, സമ്പത്ത് അളക്കപ്പെടുന്നത് ഭാഗികമായി ഒരു വ്യക്തിയുടെ പക്കൽഎന്ത് മാത്രം വളർത്തു മൃഗങ്ങൾഉണ്ട് എന്നതിനെ അളന്നു കൊണ്ടാണ്.
- വളർത്തു മൃഗങ്ങളെ കമ്പിളി വസ്ത്രങ്ങൾ, പാൽ, പാൽക്കട്ടി, വീട്ടുപയോഗ വസ്തുക്കൾ, വസ്ത്രം ആദിയായവ ഉൽപ്പാദിപ്പിക്കുവാൻഉപയോഗിച്ചു വരുന്നു.
- ഈ പദം “കൃഷി മൃഗങ്ങൾ” എന്നും പരിഭാഷ ചെയ്യാം.

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

(കാണുക: പശു, കാള, കഴുത, ആട്, കുതിര, ചെമ്മരിയാട്)

## ദൈവ വചന സൂചികകൾ:

- 2 രാജാക്കന്മാർ03:15-17
- ഉൽപ്പത്തി 30:29-30
- യോശുവ 01:14-15
- നെഹമ്യാവ് 03:40-41
- സംഖ്യാപുസ്തകം 03:40-41

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H929, H4399, H4735

# വഴിതെറ്റിയ, വഴിതെറ്റിപ്പോകുക, വഴിതെറ്റിപ്പോയി, വഴിതെറ്റിക്കപ്പെടുക, വഴി തെറ്റിക്കപ്പെട്ടു, അലഞ്ഞുതിരിയുക,അലഞ്ഞു തിരിയുന്ന, അലഞ്ഞുതിരിയുന്നു

## നിര്വചനം

"അലഞ്ഞു തിരിയുക" എന്ന പദവും "വഴിതെറ്റിപ്പോകുക" എന്ന പദവും ദൈവഹിതത്തെ അനുസരിക്കാതെ പോകുന്നു എന്നര്ത്ഥം. "വഴി തെറ്റിക്കപ്പെട്ട"വര്മറ്റുള്ളവരോ അല്ലെങ്കില്സാഹചര്യങ്ങളോ അവരെ ദൈവത്തെ അനുസരിക്കാത്തവിധം സ്വാധീനിക്കുവാന്അനുവദിച്ചവര്ആണ്.

- "വഴി തെറ്റിക്കപ്പെട്ടവര്" എന്ന പദം നല്കുന്ന വ്യക്തമായ ചിത്രം സുരക്ഷിത ത്തിന്റെ വ്യക്തമായ പാതയെ അല്ലെങ്കില്സ്ഥലത്തെ ഉപേക്ഷിച്ചു തെറ്റായതും അപകടകരവുമായ വഴിയിലേക്ക് വഴുതിപ്പോയി എന്നതാണ്.
- ഇടയന്റെ മേച്ചില്സ്ഥലം ഉപേക്ഷിക്കുന്ന ആടുകള്"അലഞ്ഞു തിരിയുന്ന''വരാണ്. പാപികളായ ജനത്തെ തന്നെ വിട്ടു പിരിഞ്ഞുപോയ "വഴിതെറ്റിപ്പോയ" ആടി നോട് ദൈവം താരതമ്യം ചെയ്തിരിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "വഴി തെറ്റിപ്പോകുക" എന്ന പദസഞ്ചയം "ദൈവത്തില്നിന്നും അകന്നുപോകുക" അല്ലെങ്കില്"ദൈവഹിതത്തിനു വിരുദ്ധമായി തെറ്റായ പാത സ്വീകരിക്കുക" അല്ലെങ്കില്"ദൈവത്തെ അനുസരിക്കുന്നത് നിര്ത്തുക" അല്ലെങ്കില്"ആരെങ്കിലും നിങ്ങളെ തെറ്റായ പാതയിലേക്ക് നയിക്കുക" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- "ആരെയെങ്കിലും തെറ്റായ വഴിയില്നയിക്കുക" എന്നത് "ആരെയെങ്കിലും ദൈവത്തെ അനുസരിക്കാതിരിപ്പാന്കാരണമാക്കുക" അല്ലെങ്കില്"ആരെയെങ്കിലും ദൈവത്തെ അനുസരിക്കുന്നത് നിര്ത്തലാക്കാന്സ്വാധീനിക്കുക" അല്ലെങ്കില്"ആരെ ങ്കിലും നിങ്ങളെ തെറ്റായ പാതയിലേക്ക് നയിക്കുവാന്കാരണമാകുക" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

(കാണുക: അനുസരിക്കാതിരിക്കുക, ഇടയന്)

## ദൈവവചന സൂചികകള്;

- 1 യോഹന്നാന്03:7-8
- 2 തിമോത്തിയോസ് 03:7-8
- പുറപ്പാട് 23:4-5
- യെഹസ്കേല് 48:10-42
- മത്തായി 18:12-14
- മത്തായി 24:3-5
- സങ്കീര്ത്തനങ്ങള്058:3-5
- സങ്കീര്ത്തനങ്ങള്119:109-110

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5080, H7683, H7686, H8582, G4105

# വഹിക്കുക, ഉല്പ്പാദിപ്പിക്കുന്നു, സഹിക്കുന്നു, വഹിക്കുന്നവന്

## വസ്തുതകള്:

“വഹിക്കുക” എന്ന പദത്തിന്റെ അക്ഷരീക അര്ത്ഥം എന്തെങ്കിലും “ചുമക്കുക” എന്നാണ്. ഈ പദത്തിന് വിവിധ ഉപമാന പ്രയോഗങ്ങള്ഉണ്ട്.

- ഒരു കുഞ്ഞിനു ജന്മം നല്കുന്ന സ്ത്രീയെ സംബന്ധിച്ച് പ്രസ്താവിക്കുമ്പോള്, ഇതു ഒരു കുഞ്ഞിനു “ജന്മം നല്കുക” എന്നു അര്ത്ഥമാക്കുന്നു.
- ”ഒരു ഭാരം ചുമക്കുക” എന്നാല്“ദുര്ഘടമായവ അനുഭവിക്കുക” എന്നര്ത്ഥം. ഈ വിഷമകരമായ കാര്യങ്ങളില്ശാരീരികവും വൈകാരികവുമായ കഷ്ടതകള്അടങ്ങിയിരിക്കും.
- ദൈവവചനത്തില്സാധാരണയായി കാണപ്പെടുന്ന പ്രയോഗമായ “ഫലം പുറ പ്പെടുവിക്കുക” എന്നാല്“ഫലം ഉല്പ്പാദിപ്പിക്കുക” അല്ലെങ്കില്“ഫലമുള്ളവരായി രിക്കുക” എന്നര്ത്ഥം.
- ”സാക്ഷ്യം വഹിക്കുക” എന്നതിന്റെ അര്ത്ഥം “സാക്ഷീകരിക്കുക” അല്ലെങ്കില്“ഒരുവന്കണ്ടതോ അനുഭവിച്ചതോ ആയതിന്റെ വിവരണം നല്കുക” എന്നാണ്.
- ”ഒരു മകന് തന്റെ പിതാവിന്റെ അകൃത്യം വഹിക്കേണ്ടതില്ല” എന്ന പ്രസ്താവനയുടെ അര്ത്ഥം അവന്“അതിന്റെ ഉത്തരവാദിത്വം വഹിക്കേണ്ടതില്ല” അല്ലെങ്കില് “തന്റെ പിതാവിന്റെ പാപങ്ങള്ക്കായി ശിക്ഷിക്കപ്പെടേണ്ടതില്ല” എന്നാണ്. പൊതുവെ, ഈ പദം “ചുമക്കുക” അല്ലെങ്കില്“ഉത്തരവാദിത്വമേല്ക്കുക” അല്ലെ ങ്കില്“ഉല്പ്പാദിപ്പിക്കുക” അല്ലെങ്കില്“ഉണ്ടായിരിക്കുക” അല്ലെങ്കില്“സഹിക്കുക”, എന്നിങ്ങനെ സാഹചര്യത്തിനനുസരിച്ച് പരിഭാഷപ്പെടുത്താം.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ഭാരം, എലീശ, സഹിക്കുക, ഫലം, അകൃത്യം, വിവരണം, ചെമ്മരിയാട്, ശക്തി, സാക്ഷ്യം, സാക്ഷ്യം)

## ദൈവവചന സൂചികകള്:

- വിലാപങ്ങള്03:25-29

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2232, H3201, H3205, H5187, H5375, H5445, H5449, H6030, H6509, H6779, G142, G399, G430, G503, G941, G1080, G1627, G2592, G3114, G3140, G4064, G4160, G4722, G4828, G4901, G5041, G5088, G5297, G5342, G5409, G5576

# വാക്ക്, വാക്കുകള്

## നിര്വചനം:

ഒരു “വാക്ക്” എന്ന പദം ആരെങ്കിലും പറഞ്ഞതായ കാര്യത്തെ സൂചിപ്പിക്കുന്നു.

- ഇതിന്റെ ഒരു ഉദാഹരണമായി ദൈവദൂതന് സെഖര്യാവിനോട് പറഞ്ഞത്, “നീ എന്റെ വാക്കുകള് വിശ്വസിച്ചില്ല”, അതിന്റെ അര്ത്ഥം, “ഞാന് പറഞ്ഞതായ കാര്യം നീ വിശ്വസിച്ചില്ല.” എന്നാണ്.
- ഈ പദം ഒരു വാക്കിനെ അല്ല, പ്രത്യുത എപ്പോഴും ഏകദേശം ഒരു മുഴുവന് സന്ദേശത്തെയും തന്നെ സൂചിപ്പിക്കുന്നു.
- ചില സന്ദര്ഭങ്ങളില് “വാക്ക്” എന്നുള്ളത് പൊതുവായി ഒരു പ്രസംഗത്തെ, അതായത് “വാക്കിലും പ്രവര്ത്തിയിലും ശക്തിയുള്ള” എന്നതുപോലെ “പ്രസംഗത്തിലും സ്വഭാവത്തിലും ശക്തിമത്തായ” എന്ന് അര്ത്ഥം നല്കുന്നതായി സൂചിപ്പിക്കുന്നു.
- ദൈവവചനത്തില് സാധാരണയായി “വചനം” എന്നുള്ളത് “ദൈവവചനത്തില്” അല്ലെങ്കില്“ സത്യവചനത്തില്” പറഞ്ഞിരിക്കുന്നത് പോലെ അല്ലെങ്കില് കല്പ്പിച്ചിരിക്കുന്നതു പോലെ, എന്ന് സൂചിപ്പിച്ചിരിക്കുന്നു.
- ഈ പദത്തിന്റെ പ്രത്യേക ഉപയോഗം യേശുവിനെ “വചനം” എന്ന് വിളിച്ചപ്പോള് കാണുന്നു. ഈ അവസാനത്തെ രണ്ട് അര്ത്ഥങ്ങള്ക്കും, കാണുക ദൈവവചനം

## പരിഭാഷ നിര്ദേശങ്ങള്:

- ”വാക്ക്” അല്ലെങ്കില് “വാക്കുകള്” എന്നുള്ളവയെ പരിഭാഷ ചെയ്യുന്ന വിവിധ ശൈലികളില്, ”ഉപദേശം” അല്ലെങ്കില് “ദൂത്” അല്ലെങ്കില് “വാര്ത്തകള്” അല്ലെങ്കില് “ഒരു പറച്ചില്” അല്ലെങ്കില് “പറഞ്ഞതായ വസ്തുത” ആദിയായവ ഉള്പ്പെടുന്നു.

(കാണുക: ദൈവവചനം)

## ദൈവ വചന സൂചികകള്:

- 2 തിമോത്തിയോസ് 04:1-2
- അപ്പോ.08:4-5
- കൊലോസ്യര്:2-4
- യാക്കോബ് 01:17-18
- യിരമ്യാവ് 27:1-4
- യോഹന്നാന്:1-3
- യോഹന്നാന്:14-15
- ലൂക്കോസ്08:14-15
- മത്തായി 02:7-8
- മത്തായി07:26-27

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H561, H562, H565, H1697, H1703, H3983, H4405, H4406, H6310, H6600, G518, G1024, G3050, G3054, G3055, G3056, G4086, G4487, G4935, G5023, G5542

# വാതില്പ്പടി, പ്രവേശന കവാടങ്ങള്

## നിര്വചനം:

“വാതില്പ്പടി” എന്നത് ഒരു പ്രവേശനകവാടത്തിന്റെ അടിഭാഗമോ അല്ലെങ്കില്പ്രവേശന കവാടത്തിന്റെ ഉള്ഭാഗത്തായുള്ള കെട്ടിടത്തിന്റെ ഒരു ഭാഗമോ ആകുന്നു.

- ചില സമയങ്ങളില്ഒരു വാതില്പ്പടി എന്നത് മരനിര്മ്മിതമായ അല്ലെങ്കില്കല്ലുകൊണ്ടുള്ള ഒരു പടി അറക്കകത്തോ കെട്ടിടത്തിനു ഉള്ളിലോ പ്രവേശിക്കേണ്ടതിനായി ക്രമീകരിച്ചിട്ടുള്ള ഒരു പലക ആകുന്നു.
- ഒരു പ്രവേശന കവാടത്തിനും ഒരു കൂടാരത്തിന്റെ പ്രവേശന ഭാഗത്തിനും ഒരു പടിവാതില് ഉണ്ടായിരിക്കാവുന്നത് ആകുന്നു. ഈ പദം നിര്ദിഷ്ട ഭാഷയില്ഉള്ള പദവുമായി ഒരു ഭവനത്തില്ഒരു വ്യക്തി കാലടി എടുത്തു വെച്ച് പ്രവേശിക്കുന്ന പടിവാതില്എന്ന സ്ഥലത്തെ സൂചിപ്പിക്കുന്നതായി സൂചിപ്പിക്കുന്ന വിധം [പരിഭാഷ ചെയ്യണം.
- അനുയോജ്യമായ പദം ഇല്ല എങ്കില്, “പടിവാതില്” എന്നത് “പ്രവേശന വഴി” അല്ലെങ്കില്“തുറക്കല്” അല്ലെങ്കില്“പ്രവേശനകവാടം, എന്നിങ്ങനെ സാഹചര്യം അനുസരിച്ച് പരിഭാഷ ചെയ്യാവുന്നത് ആണ്.

(കാണുക:പടിവാതില്, കൂടാരം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്: 09:17-10
- യെഹസ്കേല്09:3-4
- യെശയ്യാവ് 06:4-5
- സദൃശ്യവാക്യങ്ങള്17:19-20

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H624, H4670, H5592

# വാരി വിഴുങ്ങുക, നശിപ്പിക്കുക, നശിപ്പിച്ചു, നശിപ്പിക്കുന്ന

## നിര്വചനം:

“വാരി വിഴുങ്ങുക” എന്ന പദം അര്ത്ഥമാക്കുന്നത് അക്രമണോല്സുകമായ രീതിയില് ഭക്ഷിക്കുകയോ നശിപ്പിക്കുകയോ ചെയ്യുക എന്നര്ത്ഥം നല്കുന്നു.

- ഒരു ഉപമാന രീതിയില്ഈ വാക്ക് ഉപയോഗിക്കുമ്പോള്, പൌലോസ് വിശ്വാസികള്ക്ക് മുന്നറിയിപ്പ് നല്കുന്നത് ഒരുവനെ വേറൊരുവന് കടിച്ച് തിന്നരുത്, അതിന്റെ അര്ത്ഥം വാക്കുകളാലോ പ്രവര്ത്തിയാലോ ആക്രമിക്കുകയോ പരസ്പരം നശിപ്പിക്കുകയോ ചെയ്യരുത് എന്നാണ്. (ഗലാത്യര്:15).
- ഉപമാന രൂപേണ “കടിച്ചു ഭക്ഷിക്കുക” എന്നത് സാധാരണയായി “പൂര്ണ്ണമായി നശിപ്പിക്കുക” എന്നു രാജ്യങ്ങള് പരസ്പരം കടിച്ചുകീറി സംസാരിക്കുമ്പോള് അല്ലെങ്കില് അഗ്നി കെട്ടിടങ്ങളേയും ജനങ്ങളെയും നശിപ്പിച്ചു കളയുമ്പോള്” എന്ന് അര്ത്ഥമാക്കുന്നു.
- ഈ പദം “പൂര്ണ്ണമായി ദഹിപ്പിച്ചു” അല്ലെങ്കില് “പൂര്ണമായി നശിപ്പിച്ചു” എന്നും പരിഭാഷപ്പെടുത്താവുന്നതാണ്.

## ദൈവവചന സൂചികകള്:

- 1 പത്രോസ് 05:8-9
- ആമോസ് 01:9-10
- പുറപ്പാട് 24:16-18
- യെഹസ്കേല്:20-22
- ലൂക്കോസ് 15:28-30
- മത്തായി 23:13-15
- സങ്കീര്ത്തനങ്ങള്:9-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H398, H399, H400, H402, H1104, H1105, H3216, H3615, H3857, H3898, H7462, H7602, G2068, G2666, G2719, G5315

# വാര്പ്പ്, രൂപപ്പെടുത്തുന്നു, രൂപപ്പെടുത്തിയ, അച്ച്, വാര്പ്പുകാരന്, രൂപപ്പെടുത്താവുന്ന

## നിര്വചനം:

വാര്പ്പ് എന്ന് പറയുന്നത് ഒരു തടി, ലോഹം, അല്ലെങ്കില്മണ്ണ് ആദിയായവ കൊണ്ട് ഉണ്ടാക്കിയ പൊള്ളയായ രൂപം സ്വര്ണ്ണം, വെള്ളി, അല്ലെങ്കില്ഇതര ലോഹങ്ങള് എന്നിവയെ മൃദുലമാക്കിയ ശേഷം വാര്പ്പിനു അനുസരിച്ച് രൂപം വരുത്തുന്നു. വാര്പ്പുകള് ആഭരണങ്ങള്, പാത്രങ്ങള്, ഭക്ഷണ പാത്രങ്ങള്, മറ്റിതര വസ്തുക്കള്നിര്മ്മിക്കുവാന് ഉപയോഗിച്ചിരുന്നു.

- ദൈവ വചനത്തില്, വാര്പ്പുകള് പ്രധാനമായും സൂചിപ്പിച്ചിരിക്കുന്നത് വിഗ്രഹങ്ങളായി ഉപയോഗിക്കുവാന് ഉള്ള വാര്പ്പ് പണിയായ വിഗ്രഹങ്ങളോടു ഉള്ള ബന്ധത്തില് ആണ്.
- ലോഹങ്ങള് വാര്പ്പുകളില് ഒഴിച്ചു പകരുവാന് തക്കവണ്ണം വളരെ ഉയര്ന്ന താപനിലയില്ചൂടാക്കി ഉരുക്കി ഉപയോഗിക്കുന്നു.
- ഏതിനെ എങ്കിലും വാര്ത്തു രൂപം നല്കുന്നു എന്നതിന്റെ അര്ത്ഥം ഒരു പ്രത്യേക ആകൃതിയില് അല്ലെങ്കില് രൂപത്തില് ഒരു വാര്പ്പു ഉപയോഗിച്ചോ അല്ലെങ്കില്കൈകളാല് മെനഞ്ഞു ഉണ്ടാക്കുന്നതോ ആയ വസ്തു എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദത്തിനു “രൂപം നല്കുക” അല്ലെങ്കില് “”ആകൃതി വരുത്തുക” അല്ലെങ്കില് “ഉളവാക്കുക” എന്നിങ്ങനെയും അര്ത്ഥം നല്കാം.
- “രൂപപ്പെടുത്തിയത്” എന്ന വാക്കു “ആകൃതി വരുത്തിയത്” അല്ലെങ്കില് “രൂപീകരിച്ചത്” എന്ന് പരിഭാഷ ചെയ്യാവുന്നതാണ്.
- വാര്പ്പ്” എന്ന വസ്തു സാധാരണയായി “ആകൃതി വരുത്തിയ പാത്രം” അല്ലെങ്കില്“കൊത്തുപണി ചെയ്ത പാത്രം” എന്നിങ്ങനെ അര്ത്ഥം നല്കുന്ന പദ സഞ്ചയം അല്ലെങ്കില് പദം ഉപയോഗിച്ചു പരിഭാഷ ചെയ്യുവാന്സാധിക്കും.

(കാണുക:അസത്യ ദൈവം, സ്വര്ണ്ണം, അസത്യ ദൈവം, വെള്ള)

## ദൈവ വചന സൂചികകള്:

- പുറപ്പാട് 32:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4541, H4165, G4110, G4111

# വാള്, വാളുകള്, വാള്പ്പയറ്റുകാര്

## നിര്വചനം:

വാള് എന്നത് പരന്ന മൂര്ച്ചയേറിയ ലോഹ–നിര്മ്മിത ആയുധം മുറിക്കുവാനോ വെട്ടുവാനോ ഉപയോഗിക്കുന്നത് ആണ്. ഇതിനു ഒരു പിടിയും നീളമുള്ള, മൂര്ച്ചയേറിയ കൂര്ത്ത ആഗ്രവും ഉണ്ടായിരിക്കും.

- പുരാതന കാലങ്ങളില്ഒരു വാളിന്റെ നീളം ഏകദേശം 60 മുതല്91 സെന്റിമീറ്റര്ആയിരുന്നു.
- ചില വാളുകള്ക്ക് രണ്ടു വശത്തും മൂര്ച്ച ഉണ്ടായിരുന്നു, അവയെ "ഇരുവായ്ത്തലയുള്ളതു" അല്ലെങ്കില്"ഇരുവായ്ത്തലയുള്ള വാളുകള്" എന്ന് വിളിച്ചിരുന്നു."
- യേശുവിന്റെ ശിഷ്യന്മാരുടെ പക്കല്സ്വരക്ഷയ്ക്കായി വാളുകള്ഉണ്ടായിരുന്നു. തന്റെ വാളുകൊണ്ട് പത്രോസ് മഹാപുരോഹിതന്റെ ചെവി അറുത്തു കളഞ്ഞു.
- സ്നാപക യോഹന്നാനും അപ്പോസ്തലനായ യാക്കോബും രണ്ടു പേരും വാളാല്തലയറുക്കപ്പെട്ടു.

## പരിഭാഷ നിര്ദേശങ്ങള്:

- ഒരു വാള്എന്നത് ദൈവത്തിന്റെ വചനത്തിനു ഉപമാനമായി ഉപയോഗിച്ചിട്ടുണ്ട്. ദൈവത്തിന്റെ തിരുവച്ചനത്ത്തില്ഉള്ള ഉപദേശങ്ങള്ജനത്തിന്റെ ആന്തരികമായ ചിന്തകളെയും അവരുടെ പാപങ്ങളെയും കുറിച്ച് ബോധ്യപ്പെടുത്തും. അതുപോലെ തന്നെ, ഒരു വാള്ആഴത്തില്മുരുവ് ഉണ്ടാക്കി, വേദന ഉളവാക്കും. (കാണുക: രൂപകം) ഈ ഉപമാന രൂപ പ്രയോഗത്തെ പരിഭാഷ ചെയ്യുവാന്, "ദൈവത്തിന്റെ വചനം ഒരു വാള്എന്നപോലെ, ആഴത്തില്മുറവു ഉണ്ടാക്കുകയും പാപത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു.
- വേറൊരു ഉപമാന രൂപത്തില്ഉള്ള ഇതിന്റെ ഉപയോഗം സങ്കീര്ത്തനത്തില്കാണുന്നത്, ഒരു വ്യക്തിയുടെ നാക്ക് അല്ലെങ്കില്സംസാരം വാളിനോട് താരതമ്യം ചെയ്യുമ്പോള്, അത് മറ്റു ജനങ്ങളെ മുറിപ്പെടുത്തുന്നവ ആയിരിക്കാം. ഇതിനെ "വാള്പോലെയുള്ള നാവിനു വേറൊരു വ്യക്തിയെ ദാരുണമായി മുറിപ്പെടുത്തുവാന്കഴിയും.
- വാള്എന്നത് നിങ്ങളുടെ സംസ്കാരത്തില്പരിചയം ഉള്ളവ അല്ലെങ്കില്, ഇതു മുറിക്കുവാനോ വെട്ടുവാനോ ഉപയോഗിക്കുന്ന നീളമുള്ള മൂര്ച്ചയുള്ള ലോഹഭാഗം ഉള്ള വേറൊന്നിന്റെ പേരുകൊണ്ട് പരിഭാഷ ചെയ്യാവുന്നതാണ്.
- ഒരു വാള്എന്നത് "മൂര്ച്ചയുള്ള ആയുധം" അല്ലെങ്കില്"നീളമുള്ള കത്തി" എന്നും വിശദീകരിക്കാവുന്നത് ആകുന്നു. ചില പരിഭാഷകളില്ഒരു വാളിന്റെ ചിത്രവും കൂടെ ഉള്പ്പെടുത്താവുന്നത് ആകുന്നു.

(കാണുക: അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: [യാക്കോബ് (യേശുവിന്റെ സഹോദരന്), യോഹന്നാന്(സ്നാപകന്), നാവ്, ദൈവ വചനം)

## ദൈവ വചന സൂചികകള്:

- അപ്പോ.12:1-2
- ഉല്പ്പത്തി 27:39-40
- ഉല്പ്പത്തി 34:24-26
- ലൂക്കോസ് 02:33-35
- ലൂക്കോസ് 21:23-24
- മത്തായി 10:34-36
- മത്തായി 26:55-56
- വെളിപ്പാട് 01:14-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H19, H1300, H2719, H4380, H6609, H7524, H7973, G3162, G4501

# വിജയോല്സവം, വിജയാഹ്ലാദം നടത്തുക, ആഹ്ലാദകരമായ

## നിര്വചനം:

വിജയോല്സവം", "ആഹ്ലാദകരമായ" എന്നീ പദങ്ങള്ഒരു വിജയം നിമിത്തമോ പ്രത്യേക അനുഗ്രഹം മൂലമോ വളരെ സന്തോഷമായി രിക്കുന്നതിനെ സൂചിപ്പിക്കുന്നു.

- "വിജയോല്സവം ആചരിക്കുക" എന്നത് വളരെ ആശ്ച്ചര്യകരമായത് നിമിത്തം ആഘോഷ അനുഭൂതി ഉണ്ടാകുക എന്നും ഉള്പ്പെടുന്നു.
- ദൈവത്തിന്റെ നന്മയില് ഒരു വ്യക്തിക്ക് ആഹ്ലാദിക്കാം.
- "ആഹ്ലാദകരമായ" എന്ന പദം വിജയത്തെക്കുറിച്ചൊ സമൃദ്ധിയെ ക്കുറിച്ചോ ഒരു വ്യക്തിക്കു ഉണ്ടാകാവുന്ന ശക്തമായ സന്തോഷ അനുഭൂതി.
- "ആഹ്ലാദകരമായ" എന്ന പദം "സന്തോഷകരമായി ആഘോഷിക്കുക" അല്ലെങ്കില് "വളരെ സന്തോഷത്തോടെ സ്തുതിക്കുക" എന്നും പരിഭാഷപ്പെടുത്താം.
- സാഹചര്യം അനുസരിച്ച്, "ആഹ്ലാദകരമായ" എന്ന പദം "വിജയാഘോഷ ത്തോടെ സ്തുതിക്കുക" അല്ലെങ്കില് സ്വയ പുകഴ്ചയോടെ ആഘോഷിക്കുക" അല്ലെങ്കില് "ഗര്വ്വോല്ലോസിതമായ" എന്നു പരിഭാഷപ്പെടുത്താം.

(കാണുക:ഗര്വ്വോല്ലോസിതം, സന്തോഷം, സ്തുതി, സന്തോഷിക്കുക)

## ദൈവവചന സൂചികകള്:

- 1 ശമുവേല്:1
- യെശ്ശയ്യാവ് 13:1-3
- ഇയ്യോബ് 06:10-11
- സങ്കീര്ത്തനങ്ങള് 068:1-3
- സെഫന്യാവ് 02:15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5539, H5947, H5970

# വിടുവാക്ക്, വിടുവാക്ക് പറയുന്നു, വിടുവായന്, വിഡ്ഢിത്തം പറയുക

## നിര്വചനം:

“വിടുവാക്ക്” എന്ന പദം അപരനായ ഒരു വ്യക്തിയുടെ വ്യക്തിപരമായ കാര്യങ്ങള്, നിഷേധാത്മകവും അപ്രയോജനകരവും ആയ നിലയില്മറ്റുള്ളവരോട് സംസാരിക്കുന്നതിനെ സൂചിപ്പിക്കുന്നു. സാധാരണയായി സത്യമെന്ന് ഉറപ്പു വരുത്താത്തതായ കാര്യങ്ങളെ കുറിച്ച് സംസാരിക്കുക എന്നുള്ളതാണ്.

- ദൈവ വചനം പറയുന്നത് ജനത്തെ കുറിച്ച് നിഷേധാത്മകമായ കാര്യങ്ങള്പറഞ്ഞു പരത്തുന്നത് തെറ്റാകുന്നു എന്നാണ്. വിടുവാക്കും അപവാദം പറയുന്നതും ഇപ്രകാരമുള്ള നിഷേധാത്മക സംസാരത്തിനു ഉദാഹരണങ്ങള്ആകുന്നു.
- വിടുവാക്ക് പറയുക എന്നത് ആരെക്കുറിച്ചു പറയുന്നുവോ ആ വ്യക്തിയ്ക്ക് മറ്റുള്ളവരുമായുള്ള ബന്ധത്തിനു ദോഷകരമായി ഭവിക്കുന്നു.

(കാണുക:അപവാദം)

## ദൈവ വചന സൂചികകള്:

- 1 തിമോത്തിയോസ് 05:11-13
- 2 കൊരിന്ത്യര്12:20-21
- ലേവ്യപുസ്തകം 19:15-16
- സദൃശവാക്യങ്ങള്16:27-28
- റോമര്01:29-31

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5372, G2636, G5397

# വിടുവിക്കുക, വിടുവിക്കുന്നു, വിടുവിച്ചു, വിടുവിക്കുന്നു, വിടുവിക്കുന്നവന്, വിടുതല്

## നിർവ്വചനം:

ഒരുവനെ “വിടുവിക്കുക” എന്നാല് അവനെ രക്ഷിക്കുക എന്നാണ് അര്ത്ഥം. “രക്ഷകന്” എന്ന പദം അടിമത്തം, പീഡനം, അല്ലെങ്കില് ഇതര അപകടങ്ങളില് നിന്നു രക്ഷിക്കുന്നവന് എന്നു സൂചിപ്പിക്കുന്നു. “വിടുതല്” എന്ന പദം അടിമത്തം, പീഡനം, മറ്റിതര അപകടങ്ങളില് നിന്ന് ഒരുവന് വിടുവിക്കുകയോ സ്വതന്ത്രനാക്കുകയോ ചെയ്യുമ്പോള് സംഭവിക്കുന്നത് എന്നു സൂചിപ്പിക്കുന്നു.

- പഴയ നിയമത്തില്, ഇസ്രയേല് ജനത്തെ ആക്രമിക്കുവാന് വന്ന ജന വിഭാഗങ്ങള്ക്കു എതിരെ യുദ്ധം നയിക്കേണ്ടതിനും അവരെ സംരക്ഷിക്കേണ്ടതിനും ദൈവം രക്ഷകന്മാരെ നിയമിച്ചു.
- ഈ രക്ഷകന്മാരെ “ന്യായാധിപന്മാര്” എന്നു വിളിച്ചിരുന്നു, കൂടാതെ പഴയ നിയമത്തിലെ ന്യായാധിപന്മാരുടെ പുസ്തകം ഇസ്രായേലില് ന്യായാധിപന്മാര് ഭരണം നടത്തിയിരുന്ന സമയം ചരിത്രത്തില് രേഖപ്പെടുത്തിയിരിക്കുന്നു.
- ദൈവത്തെയും ഒരു “രക്ഷകന്” എന്നു വിളിച്ചിരിക്കുന്നു. ഇസ്രയേലിന്റെ ചരിത്രത്തില്ഉടനീളം, താന് തന്റെ ജനത്തെ ശത്രുക്കളുടെ പക്കല്നിന്നും വിടുവിച്ചിരിക്കുന്നു അല്ലെങ്കില് രക്ഷിച്ചിരിക്കുന്നു.
- ”ഭരമേല്പ്പിക്കുക” അല്ലെങ്കില് “ഏല്പ്പിക്കുക” എന്ന പദത്തിന് വളരെ വ്യത്യസ്തമായ അര്ത്ഥം, അതായത് യൂദാസ് യേശുവിനെ യഹൂദ നേതാക്കന്മാരുടെ പക്കല് ഏല്പ്പിച്ചതു പോലെ ഒരാളെ ശത്രുവിന്റെ കയ്യില് ഏല്പ്പിക്കുക എന്നാണ് അര്ത്ഥം നല്കുന്നത്.

## പരിഭാഷ നിര്ദേശങ്ങള്:

- ശത്രുക്കളുടെ കയ്യില് നിന്നും ജനങ്ങള് രക്ഷപ്പെടെണ്ടതിനു ജനത്തെ സഹായിക്കുന്ന പാശ്ചാത്തലത്തില്, “വിടുവിക്കുക” എന്ന പദം “വിടുവിക്കുക” അല്ലെങ്കില് “സ്വതന്ത്രമാക്കുക” അല്ലെങ്കില് “രക്ഷിക്കുക” എന്നു പരിഭാഷ ചെയ്യാം.
- ഒരുവനെ ശത്രുവിന്റെ കയ്യില് ഏല്പ്പിക്കുന്നു എന്നു അര്ത്ഥമാക്കുമ്പോള് “ഏല്പ്പിക്കുന്നു” എന്നത് “ഒറ്റുക്കൊടുക്കുന്നു” അല്ലെങ്കില് ഭരമേല്പ്പിക്കുന്നു” അല്ലെങ്കില് “കൈവശപ്പെടുത്തി ക്കൊടുക്കുന്നു” എന്നു പരിഭാഷ ചെയ്യാം.
- “വിടുവിക്കുന്നവന്” എന്ന പദം “രക്ഷിക്കുന്നവന്” അല്ലെങ്കില് സ്വതന്ത്രനാക്കുന്നവന്” എന്നും പരിഭാഷ ചെയ്യാം.
- “രക്ഷകന്” എന്ന പദം ഇസ്രായേലിലെ ന്യായാധിപന്മാരെ സൂചിപ്പിക്കുമ്പോള്, അത് “ദേശാധിപതി” അല്ലെങ്കില് “നേതാവ്” എന്നു പരിഭാഷ ചെയ്യാം.

(കാണുക: ന്യായാധിപന്, രക്ഷിക്കുക)

## ദൈവവചന സൂചികകള്:

- 2 കൊരിന്ത്യര്:8-10
- അപ്പോ.പ്രവര്ത്തികള് 07:35-37
- ഗലാത്യര്:3-5
- ന്യായാധിപന്മാര്:10-12

## ദൈവവചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **16:03** അനന്തരം ദൈവം ഒരു **രക്ഷകനെ** ഏര്പ്പെടുത്തി അവരെ ശത്രുക്കളുടെ കയ്യില്നിന്നും രക്ഷിക്കുകയും ദേശത്തിനു സമാധാനം വരുത്തുകയും ചെയ്തു.
- **16:16** അവര്(ഇസ്രയേല്യര്) അവസാനം ദൈവത്തോട് വീണ്ടും സഹായം അഭ്യര്ത്ഥിക്കുകയും, ദൈവം അവര്ക്ക് വേറൊരു **രക്ഷകനെ** അയയ്ക്കുകയും ചെയ്തു.
- **16:17** അനേക വര്ഷങ്ങളായി, ദൈവം ധാരാളം **രക്ഷകന്മാരെ** ഇസ്രയേലിനെ അവരുടെ ശത്രുക്കളില് നിന്നും രക്ഷിക്കേണ്ടതിനായി അയച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H579, H1350, H2020, H2502, H3052, H3205, H3444, H3467, H4042, H4422, H4560, H4672, H5337, H5338, H5414, H5462, H6299, H6308, H6403, H6405, H6413, H6475, H6487, H6561, H7725, H7804, H8000, H8199, H8668, G325, G525, G629, G859, G1080, G1325, G1560, G1659, G1807, G1929, G2673, G3086, G3860, G4506, G4991, G5088, G5483

# വിത്ത്, ബീജം

## നിര്വചനം:

ഒരു വിത്ത് എന്നത് ഒരു ചെടിയുടെ ഭാഗമായി അതേ തരം ചെടിയുടെ നിരവധിയായ സസ്യങ്ങള് വീണ്ടും ഉല്പ്പാദിപ്പിക്കുവാനായി നിലത്തു വിതയ്ക്കപ്പെടുന്നവ ആകുന്നു. ഇതിനു വിവിധമായ ഉപമാന അര്ഥങ്ങള് ഉണ്ട്.

- "വിത്ത്" എന്ന പദം ഉപമാന രൂപത്തിലും ഭവ്യോക്തലങ്കാരമായും പുരുഷന്റെ ഉള്ളില് ഉള്ള ചെറു കോശങ്ങള് സ്ത്രീയുടെ കോശങ്ങളുമായി സംയോജിച്ച് ഒരു ശിശു ഉല്പ്പാദിതം ആകുകയും അത് അവളുടെ ഉള്ളില് വളരുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. ഇവയുടെ ശേഖരത്തെ ബീജം എന്ന് വിളിക്കുന്നു.
- ഇതിനോട് ബന്ധപ്പെടുത്തി കൊണ്ട്, "വിത്ത്" എന്നത് ഒരു വ്യക്തിയുടെ സന്താനത്തെ അല്ലെങ്കില് സന്തതികളെ സൂചിപ്പിക്കുവാനും ഉപയോഗിക്കുന്നു.
- ഈ വാക്കിനു ബഹുവചന രൂപത്തില് അര്ത്ഥം ഉണ്ട്, അത് ഒരു ധാന്യമണിയെക്കാളും അല്ലെങ്കില് ഒന്നിലും അധികമായ സന്തതികളെ സൂചിപ്പിക്കുന്നു.
- വിത്തുകള് വിതയ്ക്കുന്നതായ കര്ഷകന്റെ ഉപമയില്, യേശു ആ വ്യക്തിയുടെ വിത്തുകളെ ദൈവ വചനത്തോടു താരതമ്യം ചെയ്തുകൊണ്ട്, അത് ധാരാളമായ ആത്മീയ ഫലങ്ങള് ഉല്പ്പാദിപ്പിക്കേണ്ടതിനു മനുഷ്യരുടെ ഹൃദയങ്ങളില് വിതച്ചിരിക്കുന്നു.
- അപ്പോസ്തലന്ആയ പൌലോസും "വിത്ത്" എന്ന പദം ദൈവ വചനത്തെ സൂചിപ്പിക്കുവാന്വേണ്ടി ഉപയോഗിച്ചിരിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- അക്ഷരീകമായ ഒരു വിത്തിനു, അക്ഷരീക പദമായ "വിത്ത്" എന്ന പദം നിര്ദിഷ്ട ഭാഷയില് ഒരു കര്ഷകന് തന്റെ വയലില് ഉപയോഗിക്കുന്നതിനു ഉപയോഗിക്കാം.
- അക്ഷരീകമായ പദം ദൈവ വചനത്തിനും ഉപമാന രൂപത്തില് അത് സൂചിപ്പിക്കപ്പെടുന്ന സന്ദര്ഭങ്ങളില് ഉപയോഗിക്കാവുന്നതും ആണ്.
- ഒരേ കുടുംബ വംശാവലിയില് ഉള്ള ആളുകളെ സൂചിപ്പിക്കുവാന് ഉപമാന രൂപത്തില് ഉപയോഗിക്കുവാന്, കൂടുതല് വ്യക്തമായ രീതിയില്"സന്തതി" അല്ലെങ്കില് "സന്തതികള്" എന്ന് വിത്തിനു പകരമായി ഉപയോഗിക്കാം. ചില ഭാഷകളില് "മക്കളും കൊച്ചുമക്കളും എന്ന് അര്ത്ഥം നല്കുന്ന പദം ഉണ്ടായിരിക്കാവുന്നതാണ്.
- ഒരു മനുഷ്യന്റെ അല്ലെങ്കില് ഒരു സ്ത്രീയുടെ "വിത്ത്" എന്നത് ജനം എന്നതിനെ പ്രതിരോധിക്കുകയോ അസ്ഥാനത്ത് ആക്കുകയോ ചെയ്യാത്ത വിധത്തില് ലക്ഷ്യ ഭാഷയില് എപ്രകാരം പദപ്രയോഗം ചെയ്യുന്നു എന്നത് പരിഗണിക്കുക.

(കാണുക: ഭവ്യോക്തി)

(കാണുക: സന്തതി, വംശജന്)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര് 18:30-32
- ഉല്പ്പത്തി 01:11-13
- യിരെമ്യാവ് 02:20-22
- മത്തായി 13:7-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2232, H2233, H2234, H3610, H6507, G4615, G4687, G4690, G4701, G4703

# വിരുന്നു സല്ക്കാരം

## നിര്വ്വചനം

ഒരു സദ്യ എന്നത്, വലിയ വിവധ ഭക്ഷണവിഭവങ്ങള്ഉള്പ്പെടുത്തിയ ഭക്ഷണക്രമം ആകുന്നു.

- പുരാതന കാലങ്ങളില്, രാജാക്കന്മാര്സാധാരണയായി രാഷ്ട്രീയനേതാക്കന്മാരെ യും ഇതര പ്രധാന വിരുന്നുകാരെയും ആദരിക്കുവാനായി അടിക്കടി വിരുന്നു സല്ക്കാരങ്ങള്നടത്താറുണ്ടായിരുന്നു.
- ഇതു ഇപ്രകാരവും പരിഭാഷപ്പെടുത്താം, "വിശാലമായ ഭക്ഷണം" അല്ലെങ്കില്"പ്രധാനപ്പെട്ട സദ്യ" അല്ലെങ്കില്വൈവിധ്യമാര്ന്ന ഭക്ഷണക്രമം.

## ദൈവവചന സൂചികകള്:

- ദാനിയേല്:10
- യെശ്ശയ്യാവ് 05:11-12
- യിരെമ്യാവ് 16:7-9
- ലൂക്കോസ് 05:29-32
- ശലോമോന്റെ ഉത്തമഗീതങ്ങള്:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3739, H4797, H4960, H4961, H8354, G1173, G1403

# വിറയ്ക്കുക, വിറയ്ക്കുന്നു, വിറച്ചു, വിറയല്

## നിര്വചനം:

“വിറയ്ക്കുക” എന്നതിന്റെ അര്ത്ഥം ഭയം നിമിത്തമോ അത്യധികമായ ദുരവസ്ഥ നിമിത്തമോ വിറയലോ നടുക്കമോ ഉണ്ടാകുക എന്നാണ്.

- ഈ പദം “വളരെ ഭയപ്പെട്ടു കാണുക” എന്നതിനെ ഉപമാനമായി അര്ത്ഥം നല്കുവാനും ഉപയോഗിക്കുന്നു.
- ചില സമയങ്ങളില്നിലത്തിനു കുലുക്കം സംഭവിക്കുമ്പോള്അതിനെ “വിറയല്” എന്ന് പറയുന്നു. ഇത് സംഭവിക്കുന്നതഭൂമികുലുക്കം ഉണ്ടാകുമ്പോഴോ അല്ലെങ്കില്അതിഭയങ്കരമായ ഒരു ശബ്ദം ഉണ്ടാകുന്നതിന്റെ പരിണിത ഫലമായോ സംഭവിക്കുന്നതാണ്.
- ദൈവ വചനം പറയുന്നത് ദൈവത്തിന്റെ സാനിധ്യത്തില്ഭൂമി വിറയ്ക്കും എന്നാണ്. ഇത് അര്ത്ഥമാക്കുന്നത് ഭൂമിയിലെ ജനം ദൈവത്തെ കുറിച്ചുള്ള ഭയം നിമിത്തം വിറയ്ക്കും അല്ലെങ്കില്ഭൂമി തന്നെ വിറയ്ക്കും എന്നാണ്.
- ഈ പദം “ഭയപ്പെടുക” അല്ലെങ്കില്ദൈവത്തെ ഭയപ്പെടുക” അല്ലെങ്കില്“കുലുങ്ങുക” എന്നിങ്ങനെ സാഹചര്യത്തിനു അനുസൃതമായി പരിഭാഷ ചെയ്യാം.

(കാണുക: ഭൂമി, ഭയം, കര്ത്താവ്)

## ദൈവ വചന സൂചികകള്:

- 2 കൊരിന്ത്യര് 07:15-16
- 2 ശമുവേല്22:44-46
- അപ്പോ.16:29-31
- യിരെമ്യാവ് 05:20-22
- ലൂക്കോസ് 08:47-48

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1674, H2111, H2112, H2151, H2342, H2648, H2729, H2730, H2731, H5128, H5568, H6342, H6426, H6427, H7264, H7268, H7269, H7322, H7460, H7461, H7478, H7481, H7493, H7578, H8078, H8653, G1719, G1790, G5141, G5156, G5425

# വില പിടിപ്പുള്ള

## വസ്തുതകൾ:

“വില പിടിപ്പുള്ള” എന്ന പദം വിശദമാക്കുന്നത് ജനങ്ങൾ അല്ലെങ്കിൽ വസ്തുക്കൾ വളരെ വിലപിടിപ്പുള്ളവ ആണെന്ന് പരിഗണിക്കുന്നു.

- “വില ഉയർന്ന കല്ലുകൾ” അല്ലെങ്കിൽ “വില പിടിപ്പുള്ള ആഭരണങ്ങൾ” എന്ന് സൂചിപ്പിക്കുന്നത് നിറമുള്ള കല്ലുകളും ധാതുക്കളും അല്ലെങ്കിൽ ഗുണനിലവാരം ഉള്ളവയാൽ മനോഹരവും അല്ലെങ്കിൽ ഉപയോഗ പ്രദവും ആയത് എന്നാണ്.
- വില പിടിപ്പുള്ള കല്ലുകൾക്ക് ഉദാഹരണങ്ങൾ വജ്രക്കല്ലുകൾ, രത്നങ്ങൾ, മറ്റും മരതകം ആദിയായവ ആകുന്നു.
- സ്വർണ്ണവും വെള്ളിയും “വില ഉയർന്ന ലോഹങ്ങൾ” എന്ന് അറിയപ്പെടുന്നു.
- യഹോവ പറയുന്നത് തന്റെ ജനങ്ങൾ തന്റെ ദൃഷ്ടിയിൽ “വിലയേറിയവർ” ആകുന്നു എന്നാണ്. (യെശ്ശയ്യാവ് 43:4)
- പത്രോസ് എഴുതിയതു എന്തെന്നാൽ സൌമ്യതയും സാവധാനതയും ഉള്ള ആത്മാവ് ദൈവ ദൃഷ്ടിയിൽ വിലയേറിയത് ആകുന്നു എന്നാണ്. (1 പത്രോസ് 3:4)
- ഈ പദം “വില ഉയർന്ന” അല്ലെങ്കിൽ “വളരെ ആഗ്രഹിക്കത്തക്കത്” അല്ലെങ്കിൽ “തനിക്കു വളരെ പ്രിയപ്പെട്ട” അല്ലെങ്കിൽ “ഉയർന്ന മൂല്യം കൽപ്പിക്കപ്പെട്ട” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.

(കാണുക: സ്വർണ്ണം, വെള്ളി)

## ദൈവ വചന സൂചികകൾ:

- 2 പത്രോസ് 01:1-2
- അപ്പോ. 20:22-24
- ദാനിയേൽ 11:38-39
- വിലാപങ്ങൾ 01:7
- ലൂക്കോസ് 07:2-5
- സങ്കീർത്തനങ്ങൾ 036:7-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H68, H1431, H2532, H2580, H2667, H2896, H3357, H3365, H3366, H3368, H4022, H4030, H4261, H4262, H4901, H5238, H8443, G927, G1784, G2472, G4185, G4186, G5092, G5093

# വിലപിക്കുക, വിലപിക്കുന്നു, വിലപിച്ചു, വിലാപം, വിലാപക്കാരന്, വിലാപക്കാര്, വിലാപ പൂര്ണ്ണം, വിലാപ പൂര്ണ്ണമായ

## വസ്തുതകള്:

"വിലപിക്കുക" എന്നും "വിലാപം" എന്നും ഉള്ള പദങ്ങള്അഗാധമായ ദുഖത്തെ, സാധാരണമായി ആരുടെയെങ്കിലും ദേഹവിയോഗം നിമിത്തം ഉണ്ടാകുന്ന പ്രതികരണമായി നടക്കുന്നു.

- നിരവധി സംസ്കാരങ്ങളില്, ഈ ദുഖത്തെയും സങ്കടത്തെയും വെളിപ്പെടുത്തുന്ന പല ബാഹ്യമായ പ്രതികരണങ്ങള്ഈ വിലാപങ്ങളില്ഉള്പ്പെടാറുണ്ട്.
- ഇസ്രയേല്യരും ഇതാ ജനവിഭാഗങ്ങളും പുരാതന കാലങ്ങളില്വിലാപങ്ങള്മൂലവും ഉറക്കെയുള്ള കരച്ചില്മൂലവും അവരുടെ ദു:ഖം പ്രകടിപ്പിക്കാറുണ്ട്. അവര്ചണം കൊണ്ട് നിര്മ്മിച്ച പരുക്കന്വസ്ത്രമായ രട്ട് ധരിക്കുകയും തങ്ങളുടെ മേല്ചാരം പൂശുകയും ചെയ്യുന്ന പതിവും ഉണ്ടായിരുന്നു.
- കൂലിക്ക് ഏര്പ്പെടുത്തുന്ന വിലാപക്കാര്, സാധാരണയായി സ്ത്രീകള്, ശബ്ദത്തില്കരയുകയും മരണ സമയം മുതല്മൃതശരീരം കല്ലറയില്വെക്കുന്നത് വരെയും വിലപിക്കുകയും ചെയ്യുമായിരുന്നു.
- സാധാരണ ഏഴു ദിവസങ്ങള്ആണ് ഉപചാര പൂര്വമായവിലാപ ദിനങ്ങള്, എന്നാല്മുപ്പതു ദിവസം വരെയും (മോശെയുടെയും അഹരോന്റെയും വിഷയത്തില്) അല്ലെങ്കില് എഴുപതു ദിവസങ്ങള്(യാക്കോബിന്റെ കാര്യത്തില്) എന്നപോലെ ദീര്ഘമാകുകയും ചെയ്യാം.
- ദൈവ വചനം ഉപമാന രൂപത്തില്പാപം നിമിത്തം ഉള്ള "വിലാപങ്ങളെ" കുറിച്ച് പറയുന്നുണ്ട്. ഇത് പാപം ദൈവത്തെയും മനുഷ്യരെയും വേദനിപ്പിക്കുന്നു എന്നതിനാല്ഉളവാകുന്ന ആഴമായ ദുഖത്തെ സൂചിപ്പിക്കുന്നു.

(കാണുക: രട്ട്, പാപം)

## ദൈവ വചന സൂചികകള്:

- 1 ശമുവേല്15:34-35
- 2 ശമുവേല്01:11-13
- ഉല്പ്പത്തി 23:1-2
- ലൂക്കോസ് 07:31-32
- മത്തായി 11:16-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H56, H57, H60, H205, H578, H584, H585, H1058, H1065, H1068, H1669, H1671, H1897, H1899, H1993, H4553, H4798, H5092, H5098, H5110, H5594, H6937, H6941, H6969, H7300, H8386, G2354, G2875, G3602, G3996, G3997

# വില്ലാളി

## നിര്വചനം

“വില്ലാളി” എന്ന പദം ഒരു ആയുധമെന്ന നിലയില്അമ്പും വില്ലും ഉപയോഗിപ്പാന്പ്രാവീണ്യം നേടിയ വ്യക്തി എന്നു സൂചിപ്പിക്കുന്നു.

- ദൈവവചനത്തില്, സൈന്യത്തില്ഒരു സൈനികനായി അമ്പും വില്ലും ഉപയോഗിച്ചു യുദ്ധം ചെയ്യുന്ന ഒരു വ്യക്തി എന്ന നിലയില്വില്ലാളി എന്ന പദം ഉപയോഗിക്കുന്നു.
- വില്ലാളികള്അശൂരിന്റെ സൈനികശക്തിയില്പ്രധാന ഭാഗമായിരിക്കുന്നു.
- ചില ഭാഷകളില്ഈ പദത്തിനു “വില്ലുകാരന്” എന്ന പദം ഉപയോഗിക്കുമാ യിരിക്കും

(കാണുക: ആശൂര്)

## ദൈവവചന സൂചികകള്

- 1 ശാമുവല്31;1-3
- 2 ദിനവൃത്താന്തങ്ങള്35:23-24
- ഉല്പ്പത്തി 21:19-21
- യെശ്ശയ്യാവ് 16:13-14
- ഇയ്യോബ് 16:13-14
- സദൃശവാക്യങ്ങള്26:9-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1167, H1869, H2671, H2686, H3384, H7198, H7199, H7228

# വിളക്ക് തണ്ട്, വിളക്ക് തണ്ടുകള്

## നിര്വചനം:

ദൈവ വചനത്തില്, "വിളക്ക് തണ്ട്" എന്ന പദം സാധാരണയായി ഒരു അറ മുഴുവന്പ്രകാശം നല്കേണ്ടതിനു വിളക്ക് വെക്കുവാന്തക്കവിധം ക്രമീകരിച്ചിരിക്കുന്ന ഒരു നിര്മ്മിതിയെ സൂചിപ്പിക്കുന്നു.

- ഒരു ലളിതമായ വിളക്ക് തണ്ട് സാധാരണയായി മണ്ണ്, മരം, അല്ലെങ്കില്ലോഹം (വെള്ളോട്, വെള്ളി, സ്വര്ണ്ണം മുതലായ) കൊണ്ട് നിര്മ്മിതമായതും ഒരു വിളക്ക് വെക്കുവാന്ഉള്ളതും ആയിരിക്കും.
- യെരുശലേം ദേവാലയത്തില്ഒരു പ്രത്യേക സ്വര്ണ നിര്മ്മിതമായ ഏഴു ശാഖകള്ഏഴു വിളക്കുകളെ ചുമക്കുന്ന രീതിയില്ഒരു വിളക്കു തണ്ട് ഉണ്ടായിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഈ പദം "വിളക്കു പീഠം" അല്ലെങ്കില്വിളക്ക് സ്ഥാപിക്കുവാനുള്ള നിര്മ്മിതി" അല്ലെങ്കില്"വിളക്കു കൈപ്പിടി" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ദേവാലയ വിളക്കു തണ്ടിന്, "ഏഴു വിളക്കുകളുടെ വിളക്ക് തണ്ട്" അല്ലെങ്കില്"ഏഴു വിളക്കുകള്ഉള്ള സ്വര്ണ്ണ പീഠം" എന്ന് പരിഭാഷ ചെയ്യാം. അനുബന്ധമായ ദൈവ വചന ഭാഗങ്ങളുടെ പരിഭാഷകളില്സാധാരണ വിളക്ക് തണ്ടിന്റെയോ ഏഴു ശാഖകള്ഉള്ള വിളക്ക് തണ്ടിന്റെയോ ചിത്രം ഉള്ക്കൊള്ളിക്കുന്നത് സഹായകരം ആയിരിക്കും.

(കാണുക: വെള്ളോട്, സ്വര്ണ്ണം, വിളക്ക്, പ്രകാശം, വെള്ളി, ദേവാലയം)

## ദൈവ വചന സൂചികകള്:

- ദാനിയേല്05:5-6
- പുറപ്പാട് 37:17-19
- മര്ക്കോസ് 04:21-23
- മത്തായി 05:15-16
- വെളിപ്പാട് 01:12-13
- വെളിപ്പാട് 01:19-20

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H4501, G3087

# വിളക്ക്, വിളക്കുകള്

## നിര്വചനം:

“വിളക്ക്” എന്ന പദം പൊതുവെ പ്രകാശം പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഒന്നിനെ കുറിക്കുന്നു. ദൈവ വചന കാലഘട്ടത്തില് ഉപയോഗിച്ചിരുന്ന വിളക്കുകള് സാധാരണയായി എണ്ണ വിളക്കുകള് ആയിരുന്നു. ദൈവവചന കാലഘട്ടത്തില് ഉപയോഗിച്ചു കൊണ്ടിരുന്ന വിളക്കുകള് ഇന്ധനം കരുതുവാന് ഉള്ള ഒരു ചെറിയ പാത്രത്തോട് കൂടിയതും, സാധാരണയായി അതിലുള്ള എണ്ണ കത്തിക്കുമ്പോള് പ്രകാശം നല്കുന്നതും ആയിരിക്കുന്നു.

- ഒരു സാധാരണ എണ്ണ വിളക്ക് മണ്ണിനാല് നിര്മ്മിക്കപ്പെട്ടതും ഒലിവു എണ്ണ നിറച്ചതും, എണ്ണ ജ്വലിക്കേണ്ടതിനു ഒരു തിരി സ്ഥാപിക്കപ്പെട്ടതും ആകുന്നു.
- ചില വിളക്കുകളില്, ആ പാത്രം അല്ലെങ്കില് സംഭരണി ദീര്ഘവൃത്താകൃതി ഉള്ളതും, ഒരു അറ്റം തിരി പിടിപ്പിക്കുവാന്തക്കവിധം ഇറുക്കം ഉള്ളതാക്കിയതും ആയിരിക്കും.
- ഒരു എണ്ണ വിളക്ക് ചുമന്നു കൊണ്ട് പോകാവുന്നതോ ഒരു പീഠത്തില്വെക്കാവുന്നതോ അതിനാല്ഒരു അറ അല്ലെങ്കില്ഭവനം മുഴുവന്പ്രകാശം നല്കാവുന്നതാണ്.
- ദൈവ വചനത്തില്, വിളക്കുകള്വിവിധ ഉപമാന രീതികളില്പ്രകാശത്തിനും ജീവനും അടയാളങ്ങളായി ഉപയോഗിക്കുന്നു.

(കാണുക: വിളക്ക് തണ്ട്, ജീവന്, പ്രകാശം)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്:34-36
- പുറപ്പാട് 25:3-7
- ലൂക്കോസ് 08:16-18
- മത്തായി 05:15-16
- മത്തായി 06:22-24
- മത്തായി 25:1-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3940, H3974, H4501, H5215, H5216, G2985, G3088

# വിവരണം, വിവരണങ്ങള്, വിവരണം നല്കി

## നിര്വചനം:

“വിവരണം നല്കുക” എന്ന പദം അര്ത്ഥം നല്കുന്നത് സംഭവിച്ചതായ ഒന്നിനെ കുറിച്ച് ജനത്തോടു പറയുക, ആ സംഭവത്തെ കുറിച്ചുള്ള വിശദാംശങ്ങള്നല്കുക എന്നാണ്. ഒരു “വിവരണം” എന്നത് പറയപ്പെട്ടതും, പറയപ്പെടേണ്ടതും എഴുതപ്പെടേണ്ടതും ആകുന്നു.

- “വിവരണം” എന്നത് “പറയുക” അല്ലെങ്കില്“വിശദീകരിക്കുക” അല്ലെങ്കില്“വിശദാംശങ്ങള്പറയുക” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- “ഈ വിവരം ആരോടും പറഞ്ഞു പോകരുത്” എന്ന [പദപ്രയോഗം, “ഈ കാര്യത്തെക്കുറിച്ച് ആരോടും തന്നെ പറയരുത്” അല്ലെങ്കില്“ഇതിനെ സംബന്ധിച്ച് ആരോടും തന്നെ പറയരുത്” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “ഒരു വിവരണം” എന്നത് പരിഭാഷ ചെയ്യുവാന്ഉള്ള ശൈലികളില്“ഒരു വിശദീകരണം” അല്ലെങ്കില്“ഒരു കഥ” അല്ലെങ്കില്ഒരു “വിശദീകരണ കുറിപ്പ്” എന്നിങ്ങനെ സാഹചര്യത്തിന് അനുസരിച്ച് പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- അപ്പോ.05:22-23
- യോഹന്നാന്12:37-38
- ലൂക്കോസ് 05:15-16
- ലൂക്കോസ് 08:34-35
- മത്തായി 28:14-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1681, H1696, H1697, H5046, H7725, H8034, H8052, H8085, H8088, G189, G191, G312, G518, G987, G1225, G1310, G1426, G1834, G2036, G2162, G2163, G3004, G3056, G3140, G3141, G3377

# വിവാഹ മോചനം

## നിര്വ്വചനം:

ഒരു വിവാഹത്തിന്റെ നിയമപരമായ അവസാനമാണ് വിവാഹ മോചനം. “വിവാഹമോചനം” എന്ന പദം ഔപചാരികമായും നിയമപരമായും ഒരു വ്യക്തിയുടെ ഭാര്യ/ഭര്ത്താവ് വിവാഹബന്ധം നിര്ത്തലാക്കുന്നു എന്നാണര്ത്ഥം.

- “വിവാഹ മോചനം നല്കുക” എന്നതിന്റെ അക്ഷരീക അര്ത്ഥം “പറഞ്ഞു വിടുക” അല്ലെങ്കില് “ഔപചാരികമായി വേര്പിരിക്കുക” എന്നാണ്. ഇതര ഭാഷകളില് വിവാഹ മോചനത്തെ സൂചിപ്പിക്കുന്ന സമാന പദപ്രയോഗങ്ങള് ഉണ്ടാകാം.
- ഒരു “വിവാഹ മോചന സാക്ഷ്യപത്രം” എന്നത് “വിവാഹബന്ധം നിര്ത്തലാക്കപ്പെട്ടിരിക്കുന്നു എന്നു സ്ഥിരീകരിക്കുന്ന പത്രം” എന്നു പരിഭാഷപ്പെടുത്താം.

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 08:8-11
- ലേവ്യപുസ്തകം 21:7-9
- ലൂക്കോസ് 16:18
- മര്ക്കോസ് 10:1-4
- മത്തായി 05:31-32
- മത്തായി 19:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1644, H3748, H5493, H7971, G630, G647, G863

# വിവേചന ബുദ്ധി, വിവേകം ഉള്ള, വിവേകപരമായ

## വസ്തുതകൾ:

“വിവേചന ബുദ്ധി” എന്ന പദം ഒരു വ്യക്തി തന്റെ നടപടികളെ കുറിച്ചു ശ്രദ്ധാപൂർവ്വം ചിന്തിച്ചു ജ്ഞാനത്തോടെ തീരുമാനങ്ങൾ എടുക്കുന്ന രീതിയെ വിശദീകരിക്കുന്നു.

- സാധാരണയായി “വിവേചന ബുദ്ധി” എന്നത് ധനം, വസ്തു പോലെയുള്ള പ്രായോഗികവും വിഭവ സംബന്ധവുമായ കാര്യങ്ങൾ നിർവഹണം ചെയ്യുവാൻ പ്രായോഗികമായ, ജ്നാനത്തോടെയുള്ള തീരുമാനങ്ങൾ എടുക്കുവാൻ ഉള്ള കഴിവ് എന്നതിനെ സൂചിപ്പിക്കുന്നു.
- “വിവേചന ബുദ്ധി” എന്നും “ജ്ഞാനം” എന്നും ഉള്ളവയ്ക്ക് ഒരു പോലെയുള്ള അർത്ഥം ആണ് ഉള്ളതെങ്കിലും, സാധാരണയായി “ജ്ഞാനം” എന്നത് കൂടുതലായി ആത്മീയമായ അല്ലെങ്കിൽ ധാർമ്മിക കാര്യങ്ങളെ കേന്ദ്രീകരിച്ചു കാണപ്പെടുന്നു.
- സന്ദർഭം അനുസരിച്ചു,”വിവേചന ബുദ്ധി” എന്നത് “ശരിയായ” അല്ലെങ്കിൽ “ശ്രദ്ധാപൂർവമായ” അല്ലെങ്കിൽ “ജ്ഞാനത്തോടെ ഉള്ള” എന്നും പരിഭാഷ ചെയ്യാവുന്നത് ആകുന്നു.

(കാണുക: ശരിയായ, ആത്മാവ്, ജ്ഞാനമുള്ള)

## ദൈവ വചന സൂചികകൾ:

- സദൃശവാക്യങ്ങൾ 08:4-5
- സദൃശവാക്യങ്ങൾ 12:23-24
- സദൃശവാക്യങ്ങൾ 27:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H995, H5843, H6175, H6191, H6195, H7080, H7919, H7922, G4908, G5428

# വിവേചിച്ചു അറിയുക, വിവേചിച്ചു അറിഞ്ഞു, വിവേചിക്കുക, വിവേചനം

## നിര്വചനം:

"വിവേചിക്കുക" എന്ന പദം എന്തെങ്കിലും ഗ്രഹിക്കുവാനുള്ള കഴിവ്, പ്രത്യേകാല് എന്തെങ്കിലും ഒന്നു ശരിയോ തെറ്റോ എന്നു അറിയുവാ നുള്ള കഴിവ് എന്നു അര്ത്ഥമാക്കുന്നു.

- "വിവേചനം" എന്ന പദം ഒരു പ്രത്യേക കാര്യം മനസ്സിലാക്കുകയും ജ്ഞാനപൂര്വ്വം തീരുമാനം എടുക്കുകയും ചെയ്യുന്നത് എന്നു സൂചിപ്പിക്കുന്നു.
- ഇതിന്റെ അര്ത്ഥം ജ്ഞാനവും നല്ല വിധി നിര്ണ്ണയവും ഉണ്ടാകുക എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, "വിവേചിക്കുക" എന്നത് "ഗ്രഹിക്കുക" അല്ലെങ്കില് "തമ്മിലുള്ള വ്യത്യാസം അറിയുക" അല്ലെങ്കില് "നന്മയും തിന്മയും തമ്മില് തിരിച്ചറിയുക" അല്ലെങ്കില് "നീതിയായി ന്യായം വിധിക്കുക" അല്ലെങ്കില് "തെറ്റില്നിന്നും ശരി ഏതെന്നു അനുമാനിക്കുക" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- വിവേചനം" എന്നത് "സുഗ്രാഹ്യമാക്കുക" അല്ലെങ്കില് "നന്മയും തിന്മയും തമ്മില്വേര്തിരിച്ചറിയുക എന്ന കഴിവ്" എന്നു പരിഭാഷ പ്പെടുത്താം.

(കാണുക: ന്യായംവിധിക്കുക, ജ്ഞാനമുള്ള)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്:7-9
- ഉല്പ്പത്തി 41:33-34
- സദൃശവാക്യങ്ങള്:4-6
- സങ്കീര്ത്തനങ്ങള്:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H995, H2940, H4209, H5234, H8085, G350, G1252, G1253, G1381, G2924

# വിശുദ്ധ നഗരം, വിശുദ്ധ നഗരങ്ങള്

## നിര്വചനം:

ദൈവ വചനത്തില്, “വിശുദ്ധ നഗരം” എന്നത് യെരുശലേം പട്ടണത്തെ സൂചിപ്പിക്കുന്നു.

- ഈ പദം പുരാതന നഗരമായ യെരുശലേമിനെ സൂചിപ്പിക്കുന്നത്പോലെ, ദൈവം വസിക്കുകയും തന്റെ ജനത്തിന്റെ മദ്ധ്യേ ഭരണം നടത്തുന്ന സ്വര്ഗ്ഗീയ യെരുശലേമിനെയും സൂചിപ്പിക്കുന്നു.
- ഈ പദം തുടര്ന്ന് വരുന്ന പരിഭാഷകളില്എല്ലാം “വിശുദ്ധം” എന്നും “നഗരം”എന്നും ഉള്ള പദങ്ങളെ സംയോജിപ്പിച്ച് കൊണ്ട് പരിഭാഷ ചെയ്യുവാന്ഉപയോഗിക്കാം.

(കാണുക:സ്വര്ഗ്ഗം, വിശുദ്ധം, യെരുശലേം)

## ദൈവ വചന സൂചികകള്;

- മത്തായി 04:5-6
- മത്തായി 27:51-53
- വെളിപ്പാട് 21:1-2
- വെളിപ്പാട് 21:9-10
- വെളിപ്പാട് 22:18-19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5892, H6944, G40, G4172

# വിശ്രമം, വിശ്രമിക്കുന്നു, വിശ്രമിച്ചു, വിശ്രമിക്കുന്ന, വിശ്രമ രഹിതം

## നിര്വചനം:

“വിശ്രമിക്കുക” എന്ന പദം അക്ഷരീകമായി അര്ത്ഥം നല്കുന്നത് വിശ്രമിക്കുന്നതിനോ അല്ലെങ്കില് വീണ്ടും ശക്തിയെ വീണ്ടെടുക്കുന്നതിനോ വേണ്ടി ജോലി ചെയ്യുന്നതിനു വിരാമം കുറിക്കുക എന്നാണ്. “ശേഷിച്ചവ” എന്ന പദപ്രയോഗം സൂചിപ്പിക്കുന്നത് എന്തിന്റെയെങ്കിലും ബാക്കിയായി ഉള്ളത് എന്നാണ്. “വിരാമം” എന്നത് പ്രവര്ത്തി നിര്ത്തുക എന്നുള്ളതാണ്.

- “ഒരു വസ്തു എവിടെയെങ്കിലും “നിലകൊള്ളുന്നു” എന്നതിന്റെ അര്ത്ഥം, അത് അവിടെ “നില്ക്കുന്നു” അല്ലെങ്കില് “ഇരിക്കുന്നു” എന്നാണ്.
- ഒരു പടകു ഒരിടത്ത് “നിര്ത്തി” എന്നതിന്റെ അര്ത്ഥം അത് അവിടെ “നിര്ത്തപ്പെട്ടു” അല്ലെങ്കില് “തറ ഇറങ്ങി” എന്നാണ്.
- ഒരു വ്യക്തി അല്ലെങ്കില് മൃഗങ്ങള് വിശ്രമിക്കുമ്പോള്, അവ പുതു ശക്തി വീണ്ടെടുക്കേണ്ടതിനു ഇരിക്കുകയോ താഴെ കിടക്കുകയോ ചെയ്യുന്നു.
- ദൈവം ഇസ്രയേല് മക്കളോട് ആഴ്ചയുടെ ഏഴാം ദിവസം വിശ്രമിക്കണം എന്ന് കല്പ്പന നല്കി. പ്രവര്ത്തി ചെയ്യാത്ത ഈ ദിവസത്തെ “ശബ്ബത്ത്” ദിനം എന്ന് വിളിച്ചിരുന്നു.
- ഒരു വസ്തു ഏതിന്റെ എങ്കിലും മുകളില് സ്ഥാപിക്കുക എന്നാല് അവിടെ “വെക്കുക” അല്ലെങ്കില് “നിര്ത്തുക” എന്നാണ് അര്ത്ഥം.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, “വിശ്രമിക്കുക (ഒരുവന്)” എന്നത് “ജോലി ചെയ്യുന്നത് നിര്ത്തുക” അല്ലെങ്കില് “സ്വയം ഉത്തേജിപ്പിക്കുക” അല്ലെങ്കില് “ഭാരങ്ങള്ചുമക്കുന്നത് നിര്ത്തുക” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- ഒരു വസ്തു “സ്ഥാപിക്കുക” എന്നതു ആ വസ്തു ഏതിന്റെ എങ്കിലും മുകളില്“വെക്കുക” അല്ലെങ്കില്“നിര്ത്തുക” അല്ലെങ്കില്“ക്രമീകരിക്കുക” എന്ന് പരിഭാഷ ചെയ്യാം. “ഞാന് നിങ്ങള്ക്കു വിശ്രമം തരും” എന്ന് യേശു പറയുമ്പോള്, ഇത് “നിങ്ങളുടെ ഭാരങ്ങള് നിങ്ങള് ചുമക്കുന്നത് നിര്ത്തലാക്കുവാന് ഞാന് ഇടവരുത്തും” അല്ലെങ്കില് “നിങ്ങള് സമാധാനപ്പെടുവാന് ഞാന് നിങ്ങളെ സഹായിക്കും” അല്ലെങ്കില് “നിങ്ങള് ആശ്വസിക്കുവാനും എന്നില് ആശ്രയിക്കുവാനും വേണ്ടി ഞാന് നിങ്ങളെ ശക്തീകരിക്കും” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- “അവര് എന്റെ വിശ്രമത്തില് പ്രവേശിക്കുകയില്ല,” എന്ന് ദൈവം പറഞ്ഞതായ പ്രസ്താവന, “അവര് എന്റെ വിശ്രമത്തിന്റെ അനുഗ്രഹങ്ങള് അനുഭവിക്കുകയില്ല” അല്ലെങ്കില് “എന്നില് ആശ്രയിക്കുക നിമിത്തം ലഭ്യമാകുന്ന സന്തോഷവും സമാധാനവും അവര് അനുഭവിക്കുക ഇല്ല” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “ശേഷിക്കുന്നവര്” എന്ന പദം “അവശേഷിക്കുന്നതായ ജനം” അല്ലെങ്കില് “മറ്റു എല്ലാ ജനങ്ങളും” അല്ലെങ്കില്“ശേഷിക്കുന്നതായ സകല വസ്തുക്കളും” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: ശേഷിപ്പുള്ള ജനം, ശബ്ബത്ത്)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്:40-42
- ഉല്പ്പത്തി 02:1-3
- യിരെമ്യാവ് 06:16-19
- മത്തായി 11:28-30
- വെളിപ്പാട് 14:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H14, H1824, H1826, H2308, H3498, H3499, H4494, H4496, H4771, H5117, H5118, H5183, H5564, H6314, H7258, H7280, H7599, H7604, H7605, H7606, H7611, H7673, H7677, H7901, H7931, H7954, H8058, H8172, H8252, H8300, G372, G373, G425, G1515, G1879, G1954, G1981, G2270, G2663, G2664, G2681, G2838, G3062, G4520

# വിസ്മയിച്ചു, വിസ്മയം, അമ്പരപ്പിക്കുക, ആശ്ചര്യപ്പെടുക, ആശ്ചര്യപ്പെട്ടു, ആശ്ചര്യജനകമായ, ആശ്ച്ചര്യപൂര്ണം, അത്ഭുതം, അത്ഭുതങ്ങള്

## നിര്വചനം

ഈ പദങ്ങളെല്ലാം അസാധാരണമായ ഒന്നു സംഭവിച്ചതിന്റെ നിമിത്തം വളരെ അതിശയപ്പെടുന്നതിനെ സൂചിപ്പിക്കുന്നു.

- ഈ ചില പദങ്ങളെല്ലാം "വിസ്മയത്താല് ഹേമിക്കപ്പെട്ടു" അല്ലെങ്കില് (ഒന്നില്നിന്നും) വ്യത്യസ്തമായി നിലകൊള്ളുന്നു" എന്ന യവന ഭാവങ്ങളുടെ ഭാഷാന്തരങ്ങളാണ്. ഈ ആശയപ്രകടനങ്ങള് നല്കുന്നത് ആ വ്യക്തി എന്തുമാത്രം അത്ഭുതപ്പെട്ടു അല്ലെങ്കില് ആഘാതമനുഭവിച്ചു എന്നാണ്. മറ്റുള്ള ഭാഷകളിലും ഇതു പ്രകടമാക്കുവാനുള്ള മാര്ഗ്ഗങ്ങള്ഉണ്ടായിരിക്കും
- സാധാരണയായി അത്ഭുതവും വിസ്മയകരവുമായവ നടക്കുന്നതിനു കാരണ മായവ ദൈവത്തിനു മാത്രം ചെയ്യുവാന്കഴിയുന്ന സംഭവം ആണ്,
- ഈ പദങ്ങളുടെ അര്ത്ഥത്തില്ആശയക്കുഴപ്പത്തിന്റെ ചിന്തകളും ഉള്പ്പെടുത്താം, കാരണം സംഭവിച്ചവ മുഴുവനും പ്രതീക്ഷിക്കാത്തവ ആയിരുന്നു.
- ഈ പദങ്ങളെ പരിഭാഷപ്പെടുത്താവുന്ന ഇതര മാര്ഗ്ഗങ്ങള്"തികെച്ചും ആശ്ചര്യകരമായവ" അല്ലെങ്കില്"വളരെ ആഘാതമുളവാക്കുന്നവ" എന്നിങ്ങനെ യാണ്;
- ബന്ധമുള്ള വാക്കുകളില്"ആശ്ച്ചര്യപൂര്ണമായ"(വിസ്മയകരമായ, അത്ഭുതകര മായ), "വിസ്മയകരമായ", "അമ്പരപ്പ് ഉളവാക്കുന്ന" ആദിയായവ ഉള്പ്പെടുത്താ വുന്നതാണ്
- പൊതുവെ, ഈ പദങ്ങള്ക്രിയാത്മകവും സംഭവിച്ചവ നിമിത്തം ജനങ്ങള് സന്തോഷവാന്മാരും ആണെന്നു ബോധ്യപ്പെടുത്തുന്നു.

(കാണുക: അത്ഭുതം, അടയാ;ളം)

## ദൈവവചന സൂചികകള്:

- അപ്പൊ.പ്രവര്ത്തികള്:9-11
- അപ്പൊ.പ്രവര്ത്തികള്:20-22
- ഗലാത്യര്:6-7
- മര്ക്കോസ് 02:10-12
- മത്തായി 07:28-28
- മത്തായി 15-29-31
- മത്തായി 19: 25-27

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H926, H2865, H3820, H4159, H4923, H5953, H6313, H6381, H6382, H6383, H6395, H7583, H8047, H8074, H8078, H8429, H8539, H8540, H8541, H8653, G639, G1568, G1569, G1605, G1611, G1839, G2284, G2285, G2296, G2297, G2298, G3167, G4023, G4423, G4592, G5059

# വീഞ്ഞ്, വീഞ്ഞുകള്, തുരുത്തി, തുരുത്തികള്, പുതിയ തുരുത്തി

## നിര്വചനം:

ദൈവ വചനത്തില്, "വീഞ്ഞ്" എന്ന പദം സൂചിപ്പിക്കുന്നത് മുന്തിരി എന്ന പഴത്തില് നിന്നും എടുത്ത ചാറില്നിന്നു ഉണ്ടാക്കിയ ഒരു തരം പുളിപ്പിച്ചതായ പാനീയം എന്ന് ആകുന്നു. വീഞ്ഞ് മൃഗങ്ങളുടെ തോലുകൊണ്ട് നിര്മ്മിച്ചതായ കുപ്പികളായ "തുരുത്തികളില്" ശേഖരിക്കുന്നു. "പുതുവീഞ്ഞ്" എന്ന പദം സൂചിപ്പിക്കുന്നത് തത്സമയം പറിച്ചെടുത്ത മുന്തിരിയില് നിന്നും ഉണ്ടാക്കിയ ഒട്ടും തന്നെ പുളിപ്പിച്ചിട്ടില്ലാത്ത മുന്തിരിച്ചാറു എന്ന് സൂചിപ്പിക്കുന്നു. ചില സമയങ്ങളില്"വീഞ്ഞ്" എന്ന പദം പുളിപ്പിക്കാത്തതായ മുന്തിരിച്ചാറിനെയും കുറിക്കുന്നു.

- വീഞ്ഞ് ഉണ്ടാക്കുവാനായി, മുന്തിരി മുന്തിരിച്ചക്കില്മുന്തിരിങ്ങ അരച്ച് അതില്നിന്ന് ചാറു വരുത്തുന്നു. ചാറില് പ്രകൃത്യാ പുളിപ്പ് ഉണ്ടാകുകയും അതില്ചാരായം ഉണ്ടാകുകയും ചെയ്യുന്നു.
- ദൈവ വചന കാലഘട്ടങ്ങളില്, ഭക്ഷണത്തോടു കൂടെ സാധാരണ ഉപയോഗിക്കുന്ന പാനീയമായി വീഞ്ഞ് കാണപ്പെട്ടിരുന്നു. ഇപ്പോഴത്തെ കാലഘട്ടത്തില്ഉള്ള വീഞ്ഞുപോലെ അതില് ചാരായത്തിന്റെ അംശം കാണപ്പെട്ടിരുന്നില്ല.
- ഭക്ഷണത്തിനു മുന്പ് നല്കിയിരുന്ന വീഞ്ഞില് സാധാരണയായി വെള്ളം ചേര്ക്കുമായിരുന്നു.
- ഒരു പഴയതും പൊട്ടുവാന് ഇടയുള്ളതും ആയ തുരുത്തിയില് പൊട്ടല് ഉണ്ടാകുകയും വീഞ്ഞ് ഒഴുകി പോകുവാന് ഇടവരികയും ചെയ്യും. പുതിയ തുരുത്തികള് മൃദുലമായതും അയവുള്ളതും, അവ കീറുവാന് ഇടവരാത്തതും വീഞ്ഞ് ഭദ്രമായി സൂക്ഷിക്കുന്നതും ആകുന്നു. നിങ്ങളുടെ സംസ്കാരത്തില് വീഞ്ഞ് അപരിചിത വസ്തു ആണെങ്കില്, ഇതിനെ "പുളിപ്പിച്ചതായ മുന്തിരിച്ചാര്" അല്ലെങ്കില് "മുന്തിരിങ്ങ എന്നു അറിയപ്പെടുന്ന ഫലത്തില് നിന്നും ഉണ്ടാക്കുന്ന പുളിപ്പിച്ചതായ പാനീയം" അല്ലെങ്കില് "പുളിപ്പിച്ചതായ പഴച്ചാര്" എന്നിങ്ങനെ പരിഭാഷ ചെയ്യാം. അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം
- "തുരുത്തി" എന്നുള്ളത് പരിഭാഷ ചെയ്യുവാന് "വീഞ്ഞിനുള്ള സഞ്ചി" അല്ലെങ്കില് മൃഗത്തോലു കൊണ്ടുള്ള വീഞ്ഞ് സഞ്ചി" അല്ലെങ്കില് "വീഞ്ഞിനുള്ള മൃഗത്തോലു കൊണ്ടുള്ള സഞ്ചി" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: മുന്തിരി, മുന്തിരിവള്ളി, മുന്തിരിത്തോട്ടം, മുന്തിരിച്ചക്ക്).

## ദൈവ വചന സൂചികകള്:

- 1തിമൊത്തിയൊസ് 05:23-25
- ഉല്പ്പത്തി 09:20-21
- ഉല്പ്പത്തി 49:11-12
- യോഹന്നാന്:3-5
- യോഹന്നാന്:9-10
- മത്തായി 09:17
- മത്തായി 11:18-19

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2561, H2562, H3196, H4469, H4997, H5435, H6025, H6071, H8492, G1098, G3631, G3820, G3943

# വെങ്കലം

## നിര്വചനം:

"വെങ്കലം" എന്ന പദം ചെമ്പ്, വെളുത്തീയം എന്നീ ലോഹങ്ങള്ചേര്ത്തുരുക്കി നിര്മ്മിക്കുന്ന ഒരുതരം ലോഹത്തെ സൂചിപ്പിക്കുന്നു. ഇതിനു നേരിയ ചുവപ്പ് കലര്ന്ന ഇരുണ്ട തവിട്ടു നിറമാണുള്ളത്.

- വെങ്കലം ജലനശീകരണ പ്രതിരോധശക്തിയുള്ളതും, ഒരു നല്ല താപചാലകവും ആണ്.
- പുരാതനകാലങ്ങളില്, വെങ്കലം ഉപകരണങ്ങള്, ആയുധങ്ങള്, കലാരൂപങ്ങള്, യാഗപീഠങ്ങള്, പാചകപാത്രങ്ങള്, പടയാളികള്ക്കുള്ള ആയുധങ്ങള്, മറ്റു വിവിധ വസ്തുക്കള്ഉണ്ടാക്കുവാന്ഉപയോഗിക്കുന്നു.
- സമാഗമാനകൂടാരത്തിനും ദേവാലയത്തിനും ആവശ്യമായ നിര്മ്മാണോപക രണങ്ങളെ്വങ്കലം ഉപയോഗിച്ചു ഉണ്ടാക്കിയിരുന്നു.
- അസത്യ ദൈവങ്ങളുടെ വിഗ്രഹങ്ങള്നിര്മ്മിക്കുവാനും വെങ്കല ലോഹം ഉപയോഗിച്ചിരുന്നു.
- വെങ്കലവസ്തുക്കള്നിര്മ്മിക്കുന്നത് ആദ്യം വെങ്കല ലോഹത്തെ ദ്രവരൂപത്തില്ഉരുക്കി അനന്തരം അതിനെ അച്ചുകളില്ഒഴിച്ചു വാര്ക്കുന്നു. ഈ സംസ്കരണത്തിനു "വാര്പ്പ്" എന്നു വിളിക്കുന്നു.

(കാണുക: അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക:ആയുധം, സമാഗമനകൂടാരം, ദേവാലയം)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്07:15-17
- 1 ശമുവേല്17:37-38
- ദാനിയേല്02:44-45
- പുറപ്പാട് 25:3-7
- വെളിപ്പാട് 01:14-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5153, H5154, H5174, H5178, G5470, G5474, G5475

# വെട്ടുക്കിളി, വെട്ടുക്കിളികൾ

## വസ്തുതകൾ:

"വെട്ടുക്കിളി" എന്ന പദം സൂചിപ്പിക്കുന്നത് അത് ഒരു തരം വലിപ്പം ഉള്ള, അത്തരത്തിലുള്ള നിരവധി എണ്ണത്തോടു കൂടെ വലിയ കൂട്ടമായി പറക്കുന്ന വിനാശത്തെ ഉളവാക്കുന്ന സകല കൃഷിയും നശിപ്പിക്കുന്ന പച്ചക്കുതിര ഇനത്തിലുള്ള ഒന്നാണ്.

- വെട്ടുക്കിളികളും മറ്റു ഇതര പച്ചക്കുതിരകളും വളരെ വലുപ്പമുള്ള, നേർചിറകുള്ള നീളമുള്ളതും വളരെ ദൂരത്തിൽചാടുവാൻസഹായകരമായ നിലയിൽയോജിച്ചിരിക്കുന്നതുമായ പിൻകാലുകളോട് കൂടെ ഉള്ളവയും ആകുന്നു.
- പഴയ നിയമത്തിൽ, വലിയ കൂട്ടമായി വരുന്ന വെട്ടുക്കിളികൾഉപമാന രൂപത്തിൽഇസ്രായേലിന്റെ അനുസരണക്കേട്നിമിത്തംവരുവാൻ പോകുന്ന അതിഭയങ്കരമായ നാശത്തിന്റെ അടയാളമായോ ചിത്രമായോ കാണപ്പെടുന്നു.
- ദൈവം മിസ്രയീമ്യർക്കു നേരെ അയച്ചതായ പത്തു ബാധകളിൽഒന്ന് വെട്ടുക്കിളികൾആയിരുന്നു.
- പുതിയ നിയമം പ്രതിപാദിക്കുന്നത് മരുഭൂമിയിൽവസിക്കുന്ന കാലയളവിൽസ്നാപക യോഹന്നാന്റെ ഭക്ഷണത്തിന്റെ പ്രധാന വസ്തു വെട്ടുക്കിളി ആയിരുന്നു എന്നാണ്..

(പരിഭാഷ നിർദേശങ്ങൾ: പേരുകൾപരിഭാഷ ചെയ്യുന്ന വിധം)

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H697, H1357, H1462, H1501, H2284, H3218, H5556, H6767, G200

# വെപ്പാട്ടി, വെപ്പാട്ടികള്

## നിര്വചനം:

വെപ്പാട്ടി എന്നത് ആദ്യമേതന്നെ ഭാര്യ ഉള്ളതായ ഒരു മനുഷ്യന് രണ്ടാമതായി ഭാര്യയായുള്ള സ്ത്രീ ആണ്. സാധാരണയായി വെപ്പാട്ടി എന്നത് നിയമപരമായി ഒരു വ്യക്തിയുമായി വിവാഹം കഴിഞ്ഞതല്ല.

- പഴയനിയമത്തില്, വെപ്പാട്ടികള്സാധാരണയായി സ്ത്രീ അടിമകളാണ്.
- ഒരു വെപ്പാട്ടിയെ വിലകൊടുത്തു വാങ്ങുകയോ, സൈനികവിജയത്താലോ, കടംകൊടുത്തതിനാല്പകരമായോ കൈവശമാക്കുന്നു.
- ഒരു രാജാവിന്, ധാരാളം വെപ്പാട്ടികള്ഉള്ളതു അധികാരത്തിന്റെ ഒരു അടയാളമായിരുന്നു.
- പുതിയനിയമം പഠിപ്പിക്കുന്നത് വെപ്പാട്ടികള്ഉണ്ടായിരിക്കുന്ന രീതി ദൈവഹിതത്തിനു വിരുദ്ധമാണെന്നാണ്.

## ദൈവവചന സൂചികകള്:

- 2 ശമുവേല്03:6-7
- ഉല്പ്പത്തി 22:23-24
- ഉല്പ്പത്തി 25:5-6
- ഉല്പ്പത്തി 35:21-22
- ഉല്പ്പത്തി 36:9-12
- ന്യായാധിപന്മാര്19:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3904, H6370

# വെറുക്കുക, വെറുക്കപ്പെട്ട, വെറുക്കത്തക്ക

## വസ്തുതകള്:

“വെറുക്കത്തക്ക” എന്ന പദം ഇഷ്ടപ്പെടാത്തതും നിരാകരിക്കത്തക്കതും ആയത് എന്നു വിശദീകരിക്കുന്നു. എന്തിനെയെങ്കിലും “വെറുക്കുക” എന്നാല് അതിനെ ശക്തമായി ഇഷ്ടപ്പെടാതെ ഇരിക്കുക എന്നര്ത്ഥം.

- സാധാരണയായി ദൈവവചനം തിന്മയെ ശക്തമായി വെറുക്കുന്നു. ഇതിന്റെ അര്ത്ഥം തിന്മയെ വെറുക്കുകയും നിഷേധിക്കുകയും ചെയുക എന്നതാണ്.
- ദൈവം “വെറുക്കത്തക്കത്” എന്ന വാക്ക് ഉപയോഗിച്ചു വിശദീകരി ക്കുന്നത് അസത്യദൈവങ്ങളെ ആരാധിക്കുന്നവരുടെ ആചാരങ്ങളെ യാണ്.
- ഇസ്രയേല്യര്ക്കു സമീപവാസികളായ ചില ജനവിഭാഗങ്ങള് ആചരിച്ചു വന്നതായ പാപം നിറഞ്ഞ, അനാചാര പ്രവര്ത്തികള് “വെറുക്കണമെന്ന്” കല്പ്പന ലഭിച്ചിരുന്നു.
- എല്ലാ തെറ്റായ ലൈംഗിക നടപടികളും “വെറുക്കത്തക്കവ” എന്നു ദൈവം വിളിച്ചു.
- ശകുനവാദം, മന്ത്രവാദം, ശിശുഹത്യ എന്നിവയെല്ലാം ദൈവത്തിനു “വെറുക്കത്തക്കവ” ആണ്.
- “വെറുക്കത്തക്കവ” എന്ന പദം “ശക്തമായി നിരാകരിക്കുക” അല്ലെങ്കില് “വെറുക്കുക” അല്ലെങ്കില് “ഏറ്റവും തിന്മയായി കരുതുക” എന്നു പരിഭാഷപ്പെടുത്താവുന്നത് ആകുന്നു.
- “വെറുക്കത്തക്കവ” എന്ന പദം “ഭയങ്കരമായ തിന്മ” അല്ലെങ്കില് “അറപ്പുളവാക്കുന്ന” അല്ലെങ്കില് “നിരാകരണ യോഗ്യമായ” എന്നിങ്ങ നെയും പരിഭാഷപ്പെടുത്താവുന്നത് ആകുന്നു.
- നീതിമാനോടുള്ള ബന്ധത്തില്ദുഷ്ടനു ‘വെറുക്കത്തക്കവന്” എന്നു ഉപയോഗിക്കുമ്പോള്, ഒട്ടുംതന്നെ ആഗ്രഹിക്കുവാന്പരിഗണനാര്ഹം അല്ലാത്ത” അല്ലെങ്കില്നീരസ്സാര്ഹാമായ” അല്ലെങ്കില്“തള്ളിക്കളയത്തക്ക” എന്നൊക്കെ പരിഭാഷപ്പെടുത്താവുന്നത് ആകുന്നു.
- ദൈവം “അശുദ്ധം” എന്നും ഭക്ഷണയോഗ്യമല്ല എന്നും പ്രഖ്യാപിച്ച തുമായ ചില മൃഗങ്ങളെ “വെറുക്കണമെന്നു ദൈവം ഇസ്രയേല്യരോട് പറഞ്ഞു. ഇതു “ശക്തമായി ഇഷ്ടപ്പെടാതിരിക്കുക” അല്ലെങ്കില് “നിരാകരിക്കുക” അല്ലെങ്കില് “അസ്വീകാര്യമായി കരുതുക” എന്നിങ്ങനെ പരിഭാഷപ്പെടുത്താവുന്നത് ആകുന്നു.

(കാണുക: ശകുനവാദം, ശുദ്ധം)

## ദൈവവചന സൂചികകള്:

- ഉല്പ്പത്തി 43:32-34
- യിരെമ്യാവ് 07:29-30
- ലേവ്യപുസ്തകം 11:9-10
- ലൂക്കോസ് 16:14-15
- വെളിപ്പാട് 17:3-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1602, H6973, H8130, H8251, H8262, H8263, H8441, H8581, G946, G947, G948, G4767, G5723, G3404

# വെള്ളപ്പൊക്കം, വെള്ളപ്പൊക്കം ഉണ്ടാകുന്നു, വെള്ളപ്പൊക്കം ഉണ്ടായി, വെള്ളപ്പൊക്കം ഉണ്ടാകുന്നു, ജലപ്രളയം

## നിര്വചനം:

"വെള്ളപ്പൊക്കം" എന്ന പദം അക്ഷരീകമായി സൂചിപ്പിക്കുന്നത് പ്രദേശം മുഴുവന്മുങ്ങിപ്പോകത്തക്ക വിധം വളരെ വെള്ളത്താല്മൂടപ്പെടുക എന്നാണ്.

- ഈ പദം ഉപമാന രൂപത്തില്എന്തെങ്കിലും ഒന്നു വളരെ അധികം കവിഞ്ഞ നിലയില്, പ്രത്യേകാല്പ്പെട്ടെന്ന് സംഭവിക്കുന്നതായി സൂചിപ്പിക്കുന്നു.
- നോഹയുടെ കാലത്ത്, ജനം മഹാ ദുഷ്ടന്മാരായി തീര്ന്നത് കൊണ്ട് ദൈവം ഭൂപരപ്പിനു മുകള് മുഴുവന്മുങ്ങിപ്പോകത്തക്ക വിധം, പര്വ്വതങ്ങളുടെ ശിഖരങ്ങള്പോലും മുങ്ങത്തക്ക വിധം ഒരു ലോക വ്യാപകമായ വെള്ളപ്പൊക്കം വരുവാന്ഇടയാക്കി. നോഹയോടൊപ്പം പടകില്ഉണ്ടാകാതിരുന്ന എല്ലാവരും മുങ്ങി മരിച്ചു. മറ്റെല്ലാ വെള്ളപ്പൊക്കങ്ങളും ചെറിയ ഭൂപ്രദേശങ്ങളെ മാത്രമേ ബാധിച്ചിട്ടുള്ളൂ.
- ഈ പദം "പ്രദേശം നദീ ജലത്താല്മുങ്ങിപ്പോയി" എന്നതില്ഉള്ളതു പോലെ ഒരു ക്രിയയായും കാണപ്പെടാം.

## പരിഭാഷ നിര്ദേശങ്ങള്:

"വെള്ളപ്പൊക്കം" എന്നതിന്റെ അക്ഷരീക അര്ത്ഥം എന്നത് "കവിഞ്ഞു വരുന്ന വെള്ളം" അല്ലെങ്കില്"വളരെ അധികമായ വെള്ളം" എന്നീ രീതികളില് പരിഭാഷപ്പെടുത്താം. "വെള്ളപ്പൊക്കം പോലെ" എന്ന താരതമ്യം ചെയ്യല്, ഒന്നുകില്അക്ഷരീക പദം ഉള്ളതായിരിക്കണം,അല്ലെങ്കില്ഒരു നദി എന്നത് പോലെ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വഭാവമുള്ള ഒന്നിനെ പകരം സൂചിപ്പിക്കുന്നത് ആയിരിക്കണം. "വെള്ളത്തിന്റെ കവിഞ്ഞൊഴുക്കു പോലെ'' എന്ന പദ പ്രയോഗത്തില്വെള്ളം എന്നു ഉപയോഗിച്ചിട്ടുണ്ട് എങ്കിലും "വെള്ളപ്പൊക്കം" എന്ന പദം "ക്രമാതീതമായ അളവ്" അല്ലെങ്കില്"ഒരു കവിഞ്ഞൊഴുക്ക്" എന്നു പരിഭാഷപ്പെടുത്താം.

- ഈ പദം ഒരു രൂപകാലങ്കാരമായി, "ജലപ്രളയം എന്റെ മേല്കവി ഞ്ഞു വാരിക്കൊണ്ട് പോകരുത്" അര്ത്ഥമാക്കുന്നത്, "ഈ പരിധിക്കും അപ്പുറമായ ദുരന്തങ്ങള്എനിക്ക് സംഭവിക്കുവാന്ഇടയാകരുത്" അല്ലെങ്കില്"ദുരന്തങ്ങളാല്ഞാന്നിര്മ്മൂലം ആകുവാന്ഇട വരരുത്" അല്ലെങ്കില്അങ്ങയുടെ കോപം എന്നെ നിര്മ്മൂലം ആക്കരുത്" എന്നൊക്കെ അര്ത്ഥം നല്കുന്നവയായി ഉപയോഗിക്കാവുന്നതാണ്. (കാണുക:രൂപകാലങ്കാരം
- "എന്റെ കിടക്കയെ ഞാന്കണ്ണുനീരിനാല്നിറച്ചു" എന്ന ഉപമാന പദപ്രയോഗം "വെള്ളം ജലപ്രളയത്താല്എന്ന പോലെ ഞാന്എന്റെ കിടക്കയെ കണ്ണുനീര് കൊണ്ട് മൂടി" എന്നു പരിഭാഷ ചെയ്യാം.

(കാണുക:പെട്ടകം, നോഹ)

## ദൈവ വചന സൂചികകള്:

- ദാനിയേല്11:10
- ഉല്പ്പത്തി 07:6-7
- ലൂക്കോസ് 06:46-48
- മത്തായി 07:24-25
- മത്തായി 07:26-27
- മത്തായി 24:37-39

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H216, H2229, H2230, H2975, H3999, H5104, H5140, H5158, H5674, H6556, H7641, H7857, H7858, H8241, G2627, G4132, G4215, G4216

# വെള്ളി

## നിര്വചനം:

വെള്ളി എന്നത് തിളക്കവും, ചാര നിറവും ഉള്ള വില പിടിപ്പുള്ള ഒരു ലോഹം, നാണയങ്ങള്, ആഭരണം, ഭരണികള്, മറ്റു അലങ്കാര വസ്തുക്കള് നിര്മ്മിക്കുവാന് ഉപയോഗിക്കുന്നു.

- വിവിധ ഭരണികള് വെള്ളിക്കപ്പുകളും കോപ്പകളും ഉള്പ്പെടെ ഉള്ളവയും, പാചകത്തിനും, ഭക്ഷണം കഴിക്കുന്നതിനും അല്ലെങ്കില് വിളമ്പുന്നതിനും ഉള്പ്പെടെ ഉള്ളവയും നിര്മ്മിച്ചിരുന്നു.
- വെള്ളിയും സ്വര്ണ്ണവും സമാഗമന കൂടാരത്തിന്റെയും ദേവാലയത്തിന്റെയും നിര്മ്മിതിയില് ഉപയോഗപ്പെടുത്തിയിരുന്നു. യെരുശലേം ദേവാലയത്തില് വെള്ളികൊണ്ടുള്ള സംഭരണികള് ഉണ്ടായിരുന്നു.
- ദൈവ വചന കാലഘട്ടത്തില്, ശേക്കെല് എന്നത് തൂക്കത്തിന്റെ ഒരു അളവ് ആയിരുന്നു, ഒരു വ്യാപാരം സാധാരണയായി നിശ്ചിത എണ്ണം വെള്ളി ശേക്കെലിന്റെ സംഖ്യയ്ക്ക് വില മതിച്ചിരുന്നു. പുതിയ നിയമ കാലഘട്ടം ആയപ്പോള്ശേക്കെലിനാല്അളക്കുന്ന തരത്തില്വിവിധ തൂക്ക അളവുകളില്വെള്ളി നാണയങ്ങള്ഉണ്ടായിരുന്നു.
- യോസേഫിന്റെ സഹോദരന്മാര്അവനെ ഇരുപതു ശേക്കെല്വെള്ളിക്കു അവനെ അടിമയായി വിറ്റു കളഞ്ഞു.
- യേശുവിനെ ഒറ്റിക്കൊടുക്കുന്നതിനായി യൂദാസിനു മുപ്പതു വെള്ളിക്കാശു നല്കിയിരുന്നു.

(കാണുക: സമാഗമന കൂടാരം, ദേവാലയം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള് 18:9-11
- 1 ശമുവേല്02:36
- 2 രാജാക്കന്മാര്25:13-15
- അപ്പോ.03:4-6
- മത്തായി 26:14-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3701, H3702, H7192, G693, G694, G695, G696, G1406

# വ്യഥ

## നിര്വചനം

"വ്യഥ' എന്ന പദം ശക്തമായ വേദനയെ അല്ലെങ്കില്ദുരവസ്ഥയെ സൂചിപ്പിക്കുന്നു.

- വ്യഥ ശാരീരികമോ വൈകാരികകമോ അല്ലെങ്കില്ദുരവസ്ഥയോ ആകാം.
- സാധാരണയായി കഠിനമായ വ്യഥയിലുള്ളവര്അത് തങ്ങളുടെ മുഖത്തിലും സ്വഭാവത്തിലും പ്രകടമാക്കുന്നു.
- ഉദാഹരണമായി, കഠിനമായ വ്യഥയിലുള്ള വ്യക്തി തന്റെ പല്ലുകള്കടിക്കു കയോ ഉറക്കെ കരയുകയോ ചെയ്യും.
- "വ്യഥ" എന്ന പദം 'വൈകാരിക വിക്ഷോഭം" എന്നോ ആഴമായ ദു:ഖം" അല്ലെങ്കില്"കഠിനമായ വേദന" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

## ദൈവവചന സൂചികകള്:

- യിരെമ്യാവ് 06:23-24
- യിരെമ്യാവ് 19:6-9
- ഇയ്യോബ് 15:22-24
- ലൂക്കോസ് 16:24
- സങ്കീര്ത്തനങ്ങള്116:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2342, H2479, H3708, H4164, H4689, H4691, H5100, H6695, H6862, H6869, H7267, H7581, G928, G3600, G4928

# വ്യഭിചാരി, വ്യഭിചാരം ചെയ്ത, വ്യഭിചാരികൾ, വേശ്യ, അവിഹിത ബന്ധം

## നിർവചനം:

“വ്യഭിചാരി” എന്നും “വേശ്യ” എന്നും ഉള്ള പദങ്ങൾ രണ്ടും പണത്തിനു വേണ്ടിയോ അല്ലെങ്കിൽ മതപരമായ ചടങ്ങുകൾക്കായോ ലൈംഗിക പ്രവർത്തികൾ ചെയ്യുന്ന വ്യക്തി എന്ന് സൂചിപ്പിക്കുന്നു. വ്യഭിചാരികൾ അല്ലെങ്കിൽ വേശ്യകൾ സാധാരണയായി സ്ത്രീകൾ ആണ്, എന്നാൽ ചില പുരുഷന്മാരും ഉണ്ട്.

- ദൈവ വചനത്തിൽ, “വ്യഭിചാരി” എന്ന പദം ചില സന്ദർഭങ്ങളിൽ അസത്യ ദൈവങ്ങളെ ആരാധിക്കുകയോ അല്ലെങ്കിൽ ആഭിചാര കർമ്മങ്ങൾ ആചരിക്കുകയോ ചെയ്യുന്ന വ്യക്തിയെ സൂചിപ്പിക്കുന്നു.
- “വേശ്യയായി നടക്കുക” എന്ന പദപ്രയോഗം അർത്ഥം നൽകുന്നത് ലൈംഗികമായി അധാർമ്മികമായ നിലയിൽ കഴിഞ്ഞു കൊണ്ട് വേശ്യയെ പോലെ പ്രവർത്തിക്കുക എന്നാണ്. ഈ പദപ്രയോഗം ദൈവ വചനത്തിൽ വിഗ്രഹങ്ങളെ ആരാധിക്കുന്ന ഒരു വ്യക്തിയെ സൂചിപ്പിക്കുവാനും ഉപയോഗിക്കുന്നു.
- “സ്വയം ഒരുവൻ” എന്തിനോടോ വ്യഭിചരിക്കുന്നു” എന്നുള്ളതു അർത്ഥമാക്കുന്നത് ലൈംഗിക അധാർമ്മികതയോ അല്ലെങ്കിൽ ഉപമാന രൂപത്തിൽ പ്രയോഗിക്കുമ്പോൾ, അസത്യ ദൈവങ്ങളെ ആരാധിക്കുന്നതിനാൽ ദൈവത്തോട് അവിശ്വസ്തത പുലർത്തുന്നു എന്നോ ആകുന്നു.
- പുരാതന കാലങ്ങളിൽ, ചില ജാതീയ ക്ഷേത്രങ്ങളിൽ അവരുടെ ആചാരങ്ങളുടെ ഭാഗമായി പുരുഷന്മാരും സ്ത്രീകളുമായ വ്യഭിചാരികളുടെ പങ്കും ഉണ്ടായിരുന്നു.
- ഈ പദം നിർദിഷ്ട ഭാഷയിൽ ഒരു വ്യഭിചാരിയെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന വാക്ക് അല്ലെങ്കിൽ പദസഞ്ചയം ഉപയോഗിച്ചു പരിഭാഷ ചെയ്യാവുന്നത് ആണ്. ചില ഭാഷകളിൽ ഇതിനു ഭാവ്യോക്തിയായ ഒരു പദം ഉപയോഗിക്കാറുണ്ട്.

(കാണുക: ഭാവ്യോക്തി)

(കാണുക: അവിഹിത ലൈംഗിക ബന്ധം, അസത്യ ദൈവം, ലൈംഗിക അധാർമ്മികത, അസത്യ ദൈവം)

## ദൈവ വചന സൂചികകൾ:

- ഉൽപ്പത്തി 34:30-31
- ഉൽപ്പത്തി 38:21-23
- ലൂക്കോസ് 15:28-30
- മത്തായി 21:31-32

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2154, H2181, H2183, H2185, H6945, H6948, H8457, G4204

# വ്യാഖ്യാനിക്കുക, വ്യാഖ്യാനിക്കുന്നു, വ്യാഖ്യാനിച്ചു, വ്യാഖ്യാനിക്കുന്ന, വ്യാഖ്യാനം, വ്യാഖ്യാനങ്ങള്, വ്യാഖ്യാനിക്കുന്നവന്

## വസ്തുതകള്:

“വ്യാഖ്യാനിക്കുക” എന്നും “വ്യാഖ്യാനം” എന്നും ഉള്ള പദങ്ങള് സൂചിപ്പിക്കുന്നത് വ്യക്തമല്ലാത്ത ഒരു കാര്യത്തിന്റെ അര്ത്ഥം ഗ്രഹിക്കുകയും വിശദീകരിക്കുകയും ചെയ്യുക എന്ന് സൂചിപ്പിക്കുന്നു.

- ദൈവ വചനത്തില് സാധാരണയായി ഈ പദങ്ങള് സ്വപ്നങ്ങള് അല്ലെങ്കില് ദര്ശനങ്ങള് എന്നിവയുടെ അര്ഥങ്ങള് വിശദീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഉപയോഗിച്ചിരിക്കുന്നു.
- ബാബിലോന് രാജാവിന് ചില ആശയക്കുഴപ്പം നല്കുന്ന സ്വപ്നങ്ങള് ഉണ്ടായി; അവയ്ക്ക് വ്യാഖ്യാനം നല്കേണ്ടതിനും അവയുടെ അര്ത്ഥം വിശദീകരിക്കേണ്ടതിനും ദൈവം ദാനിയെലിനെ സഹായിച്ചു.
- ആ സ്വപ്നത്തിന്റെ “വ്യാഖ്യാനം” എന്നത് ആ സ്വപ്നത്തിന്റെ അര്ത്ഥത്തിന്റെ “വിശദീകരണം” ആകുന്നു.
- പഴയ നിയമത്തില്, ദൈവം ചില സമയങ്ങളില് ഭാവിയില് എന്ത് സംഭവിക്കുവാന് പോകുന്നു എന്നുള്ളത് ജനത്തിന് വെളിപ്പെടുത്തേണ്ടതിനു സ്വപ്നങ്ങളെ ഉപയോഗിക്കുന്നു. ആയതിനാല് ആ സ്വപ്നങ്ങളുടെ വ്യാഖ്യാനങ്ങള് പ്രവചനങ്ങള്ആയിരുന്നു.
- ”വ്യാഖ്യാനിക്കുക” എന്ന പദം വേറെയും പല കാര്യങ്ങളുടെ അര്ത്ഥം കുറിക്കേണ്ടത്തിനു സൂചിപ്പിക്കാറുണ്ട്, ചൂടാണോ തണുപ്പാണോ എന്നതിനെ അടിസ്ഥാനമാക്കി കാലാവസ്ഥ എപ്രകാരം ഉള്ളതായിരിക്കും, എന്തുമാത്രം കാറ്റ് ഉണ്ടായിരിക്കും, ആകാശം എപ്രകാരം കാണപ്പെടും എന്നിങ്ങനെ പലവിധത്തില് വ്യാഖ്യാനിക്കുന്നത് പോലെ അത് സൂചിപ്പിക്കുന്നു.
- “വ്യാഖ്യാനം” എന്ന പദം പരിഭാഷ ചെയ്യുന്നതില്, “അര്ത്ഥം എന്തെന്ന് കണ്ടുപിടിച്ചു നല്കുക” അല്ലെങ്കില് “വിശദീകരിക്കുക” അല്ലെങ്കില് “അര്ത്ഥം നല്കുക” എന്നിവ ഉള്പ്പെടുത്താം,
- “വ്യാഖ്യാനം” എന്ന പദം “വിശദീകരണം” അല്ലെങ്കില് “അര്ത്ഥം” എന്നും പരിഭാഷ ചെയ്യാം.

(കാണുക: ബാബിലോന്, ദാനിയേല്, സ്വപ്നം, പ്രവാചകന്, ദര്ശനം)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്:9-11
- [ദാനിയേല്:4-6)
- ഉല്പ്പത്തി 40:4-5
- ന്യായാധിപന്മാര് 07:15-16
- ലൂക്കോസ് 12:54-56

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H995, H3887, H6591, H6622, H6623, H7667, H7760, H7922, G1252, G1328, G1329, G1381, G1955, G2058, G3177, G4793

# ശക്തം, ശക്തമായ, ശക്തിയേറിയ, ശക്തിമാനായ

## നിര്വചനം:

“ശക്തമായ” എന്നും “ശക്തം'’ എന്നും ഉള്ള പദങ്ങള് വലിയ ശക്തിയും അല്ലെങ്കില് അധികാരവും ഉണ്ടായിരിക്കുക എന്നാണ്,

- സാധാരണയായി “ശക്തം” എന്ന വാക്ക് “ബലം” എന്നതിനുള്ള വേറൊരു പദം ആകുന്നു. ദൈവത്തെ സംബന്ധിച്ചു പറയുമ്പോള്, ഇതിനു “അധികാരം” എന്ന് പറയാം. “പരാക്രമ ശാലികളായ മനുഷ്യര്” എന്ന പദസഞ്ചയം സാധാരണയായി യുദ്ധങ്ങളില് വി’ജയിക്കുന്നവരും ധൈര്യശാലികളും ആയവരെ സൂചിപ്പിക്കുന്നു. ദാവീദിന്റെ വിശ്വസ്തരായ ആളുകള് തന്നെ സംരക്ഷിക്കുകയും പ്രതിരോധം ചെയ്തു വന്നവരും ആയവരെ സാധാരണയായി “പരാക്രമ ശാലികള്” എന്ന് വിളിച്ചിരുന്നു.
- ദൈവത്തെയും “അതിശക്തന്” എന്ന് സൂചിപ്പിക്കുന്നു.
- ”ശക്തമായ പ്രവര്ത്തികള്” എന്ന പദസഞ്ചയം സാധാരണയായി ദൈവം ചെയ്യുന്ന ആശ്ചര്യകരമായ കാര്യങ്ങളെ, പ്രത്യേകാല് അത്ഭുതങ്ങളെ സൂചിപ്പിക്കുന്നു.
- ഈ പദം “സര്വ്വശക്തന്” എന്ന പദവുമായി ബന്ധപ്പെട്ടു, ദൈവം എന്നതിനുള്ള സാധാരണ വിവരണം ആയി, തനിക്കു സമ്പൂര്ണ്ണ അധികാരം ഉണ്ട് എന്ന് അര്ത്ഥം നല്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, “ശക്തനായ” എന്ന പദം “അധികാരം ഉള്ള” അല്ലെങ്കില് “ആശ്ചര്യജനകമായ” അല്ലെങ്കില് “വളരെ ശക്തമായ” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- “അവന്റെ ശക്തി” എന്ന പദസഞ്ചയം “അവന്റെ ബലം” അല്ലെങ്കില് “അവന്റെ അധികാരം” എന്ന് പരിഭാഷ ചെയ്യാം.
- അപ്പോസ്തല പ്രവര്ത്തികള്ല്, മോശെയെ കുറിച്ച്, താന് “വാക്കിലും പ്രവര്ത്തിയിലും ശക്തന്” ആയിരുന്നു എന്ന് വിവരണം നല്കുന്നു. ഇത് “മോശെ ദൈവത്തില് നിന്ന് ശക്തമായ വാക്കുകള് സംസാരിച്ചു എന്നും അത്ഭുതകരമായ കാര്യങ്ങള് ചെയ്തു” അല്ലെങ്കില് “മോശെ ദൈവത്തിന്റെ വാക്കുകള് ശക്തമായി സംസാരിച്ചു എന്നും ആശ്ചര്യകരമായ കാര്യങ്ങള് ചെയ്തു” എന്ന് പരിഭാഷ ചെയ്യാം.
- സാഹചര്യം അനുസരിച്ച്, “ശക്തമായ പ്രവര്ത്തികള്” എന്നത് “ദൈവം പ്രവര്ത്തിക്കുന്ന ആശ്ചര്യജനകമായ പ്രവര്ത്തികള്” അല്ലെങ്കില് “അത്ഭുതങ്ങള്” അല്ലെങ്കില് “ദൈവം അധികാരത്തോടെ പ്രവര്ത്തിക്കുന്നു” എന്ന് പരിഭാഷ ചെയ്യാം.
- ”ശക്തം” എന്ന പദം “അധികാരം” അല്ലെങ്കില് “വന്ശക്തി” എന്ന് പരിഭാഷ ചെയ്യാം.
- “മഴ പെയ്യുക ആയിരിക്കും” എന്ന് ഉള്ളതില് ആശയം നല്കുവാന് ഒരു സാധ്യതയുള്ള ആംഗലേയ പദവുമായി ആശയകുഴപ്പം ഉണ്ടാകുവാന് ഇടയാകരുത്.

(കാണുക: സര്വ്വശക്തന്, അത്ഭുതം, അധികാരം, ശക്തി)

## ദൈവ വചന സൂചികകള്:

- അപ്പോ.07:22-25
- ഉല്പ്പത്തി 06:4
- മര്ക്കോസ് 09:38-39
- മത്തായി 11:23-24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H46, H47, H117, H193, H202, H352, H386, H410, H430, H533, H650, H1219, H1368, H1369, H1370, H1396, H1397, H1401, H1419, H2220, H2389, H2394, H2428, H3201, H3524, H3581, H3966, H4101, H5794, H5797, H5807, H5868, H6099, H6105, H6108, H6184, H6697, H6743, H7227, H7580, H7989, H8623, H8624, H8632, G972, G1411, G1413, G1414, G1415, G1498, G1752, G1754, G2159, G2478, G2479, G2900, G2904, G3168, G3173, G5082

# ശക്തമായ അഭ്യർത്ഥന, ശക്തമായി അഭ്യർത്ഥന ചെയ്യുന്നു, കേണപേക്ഷിക്കുക, കേണപേക്ഷിക്കുന്നു, കേണപേക്ഷിച്ചു, കേണപേക്ഷിച്ചത്, അഭ്യർത്ഥനകൾ

## വസ്തുതകൾ:

"ശക്തമായ അഭ്യർത്ഥന" എന്നും " കേണപേക്ഷിക്കുന്ന" എന്നതും വളരെ അത്യാവശ്യമായ നിലയിൽഒരു വ്യക്തിയോട് എന്തെങ്കിലും ആവശ്യപ്പെടുന്നതിനെ സൂചിപ്പിക്കുന്നു. ഒരു അഭ്യർത്ഥന" എന്നത് അത്യാവശ്യമായ അപേക്ഷ ആകുന്നു.

- അഭ്യർത്ഥന എന്നത് സാധാരണയായി ഒരു വ്യക്തി വളരെ അത്യാവശ്യം എന്ന് ചിന്തിച്ചു, അതിനെ കുറിച്ച് വളരെ ആവശ്യം ഉള്ളത് അല്ലെങ്കിൽ സഹായത്തിനു ഉള്ള ശക്തമായ ആഗ്രഹം എന്ന് കുറിക്കുന്നു.
- ജനത്തിനു ദൈവത്തോട് കരുണയ്ക്കായോ അല്ലെങ്കിൽ എന്തെങ്കിലും അനുവദിച്ചു തരണം എന്നോ, ഒന്നുകിൽ അവർക്ക് അല്ലെങ്കിൽ മറ്റുള്ളവർക്ക് അനുവദിക്കണം എന്ന് അഭ്യർഥിക്കുവാൻ കഴിയും.
- ഇത് പരിഭാഷ ചെയ്യുവാൻ ഉള്ള ഇതര മാർഗ്ഗങ്ങളിൽ "യാചിക്കുക" അല്ലെങ്കിൽ "ഇരക്കുക" അല്ലെങ്കിൽ "ധൃതിയായി അപേക്ഷിക്കുക" എന്നിവ ഉൾപ്പെടുത്താം.
- "അഭ്യർത്ഥന" എന്ന പദം "അത്യാവശ്യമായ അപേക്ഷ" അല്ലെങ്കിൽ"ശക്തമായ നിർബന്ധിക്കൽ" എന്നും പരിഭാഷ ചെയ്യാം.
- ഇത് പണത്തിനു വേണ്ടിയുള്ള ഭിക്ഷാടനം" എന്നു സൂചിപ്പീക്കുന്നില്ല എന്ന് അതിന്റെ സാഹചര്യത്തിൽ വ്യക്തം ആണെന്ന് ഉറപ്പു വരുത്തുക.

## ദൈവ വചന സൂചികകൾ:

- 2 കൊരിന്ത്യർ 08:3-5
- ന്യായാധിപന്മാർ 06:31-32
- ലൂക്കോസ് 04:38-39
- സദൃശവാക്യങ്ങൾ 18:17-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1777, H2603, H3198, H4941, H4994, H6279, H6293, H6664, H6419, H7378, H7379, H7775, H8199, H8467, H8469, G1189, G1793, G2065, G3870

# ശക്തി, ശക്തീകരിച്ച, ശക്തീകരിക്കപ്പെട്ട, ശക്തീകരിക്കുന്നു.

## വസ്തുതകള്:

"ശക്തി" എന്ന പദം ശാരീരിക, വികാരപര, അല്ലെങ്കില് ആത്മീയ ശക്തിയെ സൂചിപ്പിക്കുന്നു. ഒരുവനെ അല്ലെങ്കില് എന്തിനെ എങ്കിലും "ശക്തീകരിക്കുവാന്" എന്നതിന്റെ അര്ത്ഥം ആ വ്യക്തിയെ അല്ലെങ്കില് വസ്തുവിനെ ശക്തമത്താക്കുക എന്നാണ്.

- "ശക്തി" എന്നത് പ്രത്യേക തരം എതിര്ക്കുന്ന ശക്തിയോട് കിടപിടിച്ചു നില്ക്കുവാന് ഉള്ള അധികാരം എന്ന് സൂചിപ്പിക്കുന്നു. ഒരുവന്ശോധിക്കപ്പെടുമ്പോള്അവനു പാപം ഒഴിഞ്ഞിരിപ്പാന്ഉള്ള കഴിവ് ഉള്ളവനെങ്കില്ആ വ്യക്തിക്ക് "മന:ശക്തി" ഉണ്ട്.
- ഒരു സങ്കീര്ത്തനക്കാരന്യഹോവയെ തന്റെ "ശക്തി" എന്ന് വിളിക്കുന്നു കാരണം ദൈവം അവനെ ശക്തന്ആയിരിക്കുവാന്സഹായിച്ചു.
- ഒരു ഭൌതിക നിര്മ്മിതി ആയിരിക്കുന്ന മതിലോ അല്ലെങ്കില്കെട്ടിടമോ "ശക്തീകരിക്കപ്പെടണം" എന്ന് ഉണ്ടെങ്കില്മനുഷ്യര്ആ നിര്മ്മിതിയെ കൂടുതല്കല്ലുകള്അല്ലെങ്കില്ഇഷ്ടികകള്കൊണ്ട് അതിനെ കൂടുതല്ആക്രമണങ്ങളെ ചെറുക്കുവാന്തക്കവിധം പുനര്:ശാക്തീകരണം ചെയ്യുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- പൊതുവെ, "ശക്തീകരിക്കപ്പെട്ട" എന്ന പദം "ശക്തി ആര്ജ്ജിക്കുവാന്ഇടയാക്കുക" അല്ലെങ്കില്"കൂടുതല്ശക്തി ഉള്ളതാക്കുക." എന്ന് പരിഭാഷ ചെയ്യാം.
- ഒരു ആത്മീയ കാഴ്ചപ്പാടില്, "നിന്റെ സഹോദരന്മാരെ ശക്തീകരിക്കുക" എന്നുള്ള പദസഞ്ചയം "നിന്റെ സഹോദരന്മാരെ പ്രോത്സാഹിപ്പിക്കുക" അല്ലെങ്കില്"സഹിഷ്ണുതയോടെ നില്ക്കുവാന്നിന്റെ സഹോദരന്മാരെ സഹായിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യുക.
- തുടര്ന്ന് വരുന്ന ഉദാഹരണങ്ങള്ഈ പദങ്ങളുടെ അര്ത്ഥം കാണിക്കുന്നു, ആയതിനാല്അവ എപ്രകാരം ദീര്ഘമായ പദപ്രയോഗങ്ങളില്ഉള്പ്പെടുത്തി പരിഭാഷ ചെയ്യുവാന്കഴിയും എന്ന് നോക്കാം.
- "ഒരു അരക്കച്ച കൊണ്ടെന്നപോലെ എന്നെ ശക്തീകരിക്കുക" എന്നതിന്റെ അര്ത്ഥം "ഒരു അരക്കച്ച എന്റെ അരയ്ക്കു ചുറ്റും ആയിരിക്കുന്നത് പോലെ, എന്നെ പൂര്ണ്ണമായി ശക്തീകരിക്കുന്നു" എന്നാണ്.
- "ശാന്തതയിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ശക്തി ആയിരിക്കുന്നു" എന്നതിന്റെ അര്ത്ഥം "ശാന്തമായി പ്രവര്ത്തിക്കുന്നതും ദൈവത്തില്ആശ്രയിക്കുന്നതും നിങ്ങളെ ആത്മീയമായി ശക്തീകരിക്കും." എന്നാണ്.
- അവരുടെ ശക്തിയെ നവീകരിക്കും" എന്നതിന്റെ അര്ത്ഥം "വീണ്ടും ശക്തരായി ത്തീരും." എന്നാണ്.
- എന്റെ ശക്തി കൊണ്ടും എന്റെ ജ്ഞാനം കൊണ്ടും ഞാന്പ്രവര്ത്തിച്ചു" എന്നതിന്റെ അര്ത്ഥം ഈ കാര്യങ്ങള്എല്ലാം ഞാന്ചെയ്തത് ഞാന്ശക്തനും ജ്ഞാനിയും ആയതിനാല്ആണ്" എന്നാകുന്നു.
- "മതില്ബലപ്പെടുത്തുക" എന്നതിന്റെ അര്ത്ഥം "മതില്പുനര്:ശക്തീകരിക്കുക" അല്ലെങ്കില്"പുനര്:നിര്മ്മിക്കുക" എന്നാണ്.
- "ഞാന്നിന്നെ ശക്തീകരിക്കും" എന്നതിന്റെ അര്ത്ഥം "നീ ബലവാനാകുവാന്ഞാന്ഇടവരുത്തും" എന്ന് ആകുന്നു.
- "യഹോവയില്മാത്രമാണ് രക്ഷയും ശക്തിയും" എന്നത് "യഹോവ മാത്രമാണ് നമ്മെ രക്ഷിക്കുകയും നമ്മെ ശക്തീകരിക്കുകയും ചെയ്യുന്നവന്" എന്ന് അര്ത്ഥം നല്കുന്നു.
- "നിങ്ങളുടെ ശക്തിയുടെ പാറ" എന്നതിന്റെ അര്ത്ഥം "നിങ്ങളെ ശക്തനാക്കുന്ന വിശ്വസ്തന്ആയവന്" എന്നാകുന്നു.
- "തന്റെ വലതുകരത്തിന്റെ രക്ഷിക്കുന്ന ശക്തിയാല്" എന്നതിന്റെ അര്ത്ഥം "വിടുവിക്കുന്നുഒരുവാന്തന്റെ ശക്തമായ കരത്താല്സുരക്ഷിതമായി പ്ടിചിരിക്കുന്നത് പോലെ അവന്നിങ്ങളെ പ്രശ്നങ്ങളില്നിന്നു ശക്തമായി വിടുവിക്കുന്നു" എന്നാകുന്നു.
- "അല്പ്പ ബലം മാത്രം" എന്നതിന്റെ അര്ത്ഥം "വലിയ ശക്തി ഒന്നും ഇല്ലാത്ത" അല്ലെങ്കില്"ബലഹീനമായ" എന്നാകുന്നു.
- "എന്റെ മുഴു ബലത്തോടും" അര്ത്ഥമാക്കുന്നത് "എന്റെ ഏറ്റവും നല്ല കഴിവുകള്ഉപയോഗിച്ചു" അല്ലെങ്കില്"ശക്തമായും സമ്പൂര്ണ്ണമായും" എന്നാണ്.

(കാണുക: വിശ്വസ്തതയുള്ള, സഹിഷ്ണുതയുള്ള, വലതുകരം, രക്ഷിക്കുക)

## ദൈവ വചന സൂചികകള്:

- 2 രാജാക്കന്മാര്18:19-21
- 2 പത്രോസ് 02:10-11

- ലൂക്കോസ് 10:25-28
- സങ്കീര്ത്തനങ്ങള്021:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H193, H202, H353, H360, H386, H410, H553, H556, H905, H1082, H1369, H1396, H1679, H2220, H2388, H2391, H2392, H2393, H2428, H2633, H3027, H3028, H3559, H3581, H3811, H3955, H4206, H4581, H5326, H5331, H5332, H5582, H5797, H5807, H5810, H5934, H5975, H6106, H6109, H6697, H6965, H7292, H7293, H7296, H7307, H8003, H8443, H8510, H8632, H8633, G461, G772, G950, G1411, G1412, G1743, G1765, G1840, G1849, G1991, G2479, G2480, G2901, G2904, G3619, G3756, G4599, G4732, G4733, G4741

# ശപഥം, ശപഥം ചെയ്യുന്നു, പ്രതിജ്ഞ ചെയ്യുക, പ്രതിജ്ഞ ചെയ്യുന്നു, ആണയിട്ടു പറയുക, ആണയിട്ടു പറയുന്നു

## നിര്വചനം:

ദൈവ വചനത്തില്, ശപഥം എന്ന് പറയുന്നത് ഒരു കാര്യം ചെയ്യാമെന്ന് വാഗ്ദത്തം ചെയ്യുന്നതു ആകുന്നു. ശപഥം ചെയ്യുന്ന വ്യക്തി ആ വാഗ്ദത്തം നിവര്ത്തിക്കുവാന് കടമപ്പെട്ടവന് ആകുന്നു. ഒരു ശപഥം എന്നതില് വിശ്വസ്തനും സത്യസന്ധനും ആയി ഒരു സമര്പ്പണത്തിന്റെ പങ്കാളിത്വം ഉള്പ്പെടുന്നു.

- ഒരു കോടതിയുടെ നിയമത്തില്, ഒരു സാക്ഷി താന് പറയുന്ന കാര്യങ്ങള് എല്ലാം തന്നെ സത്യവും വാസ്തവവും ആണെന്ന് വാഗ്ദത്തം ചെയ്തു കൊണ്ടുള്ള ശപഥം ചെയ്യുന്നു.
- ദൈവ വചനത്തില്, "ആണയിടുക" എന്ന പദം ഒരു ശപഥം പ്രസ്താവിക്കുക എന്ന് അര്ത്ഥം കൊള്ളുന്നു.
- "ആണയിടുക" എന്ന പദം അര്ത്ഥം നല്കുന്നത് ഒരു വസ്തുവിന്റെയോ അല്ലെങ്കില് ഒരു വ്യക്തിയുടെയോ പേര് അടിസ്ഥാനമായി അല്ലെങ്കില് അധികാരമായി ഉപയോഗിച്ചു അതിന്മേല് ശപഥം ഇടുന്നു.
- ചില സമയങ്ങളില് പദങ്ങള് ഒരുമിച്ചു ഉപയോഗിച്ചു, ഒരു ശപഥം ആണയിടുക" എന്ന് ഉള്ളതില് പോലെ ഉപയോഗിക്കുന്നു.
- അബ്രഹാമും അബീമേലെക്കും ഒരു കിണറു ഉപയോഗിക്കുന്നത് സംബന്ധിച്ച് ഒരു ഉടമ്പടിയില് ഏര്പ്പെട്ടപ്പോള് അവര് ഒരു ശപഥത്താല് ആണയിട്ടു.
- അബ്രഹാം തന്റെ വേലക്കാരനോട് യിസഹാക്കിനു വേണ്ടി അബ്രഹാമിന്റെ ബന്ധുക്കളുടെ ഇടയില് നിന്ന് ഒരു ഭാര്യയെ കണ്ടുപിടിക്കുവാനായി ഒരു ആണയിടുവാന് (സാധാരണയായി വാഗ്ദത്തം) ആവശ്യപ്പെട്ടു.
- ദൈവം തന്റെ ജനത്തിനു വാഗ്ദത്തങ്ങള് നല്കിയപ്പോള് അതില് താന്ആണയിടുകയും ചെയ്തു.
- "ആണയിടുക" എന്നുള്ളതിന്റെ ആധുനിക - കാല അര്ത്ഥം എന്നത് "അശിഷ്ടമായ ഭാഷ ഉപയോഗിക്കുക" എന്നുള്ളതാണ്. ദൈവ വചനത്തില് ഇതിന്റെ അര്ത്ഥം ഇതു അല്ല.

## പരിഭാഷ നിര്ദേശങ്ങള്:

- സാഹചര്യം അനുസരിച്ച്, "ഒരു ശപഥം" എന്നത് ഒരു "പ്രതിജ്ഞ" അല്ലെങ്കില് "ഒരു പവിത്രമായ വാഗ്ദത്തം" എന്ന് പരിഭാഷ ചെയ്യാം.
- "ആണയിടുക" എന്നതു "ഔപചാരികമായ വാഗ്ദത്തം" അല്ലെങ്കില് "പ്രതിജ്ഞ ചെയ്യുക" അല്ലെങ്കില് "എന്തെങ്കിലും ചെയ്യാമെന്ന് ഏല്ക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "എന്റെ നാമത്തില്ആണ ഇടുന്നു" എന്നത് പരിഭാഷ ചെയ്യുവാന് "എന്റെ നാമം ഉപയോഗിച്ചു വാഗ്ദത്തം ചെയ്തു ഉറപ്പു നല്കുന്നു" എന്ന് പരിഭാഷ ചെയ്യാം.
- സ്വര്ഗ്ഗത്തെയും ഭൂമിയെയും കൊണ്ട് ആണയിടുക" എന്നത് "സ്വര്ഗ്ഗവും ഭൂമിയും അതിനെ ഉറപ്പാക്കത്തക്ക വിധം വാഗ്ദത്തം ചെയ്യുക എന്ന് പ്രസ്താവിക്കുന്ന" എന്ന് പരിഭാഷ ചെയ്യാം.
- "ആണയിടുക" അല്ലെങ്കില് "ശപഥം ചെയ്യുക" എന്നത് ശപിക്കുക എന്ന് സൂചിപ്പിക്കുന്നതായി വരാതിരിക്കുവാന് പരിഭാഷ ചെയ്യുമ്പോള് ഉറപ്പാക്കുക. ദൈവ വചനത്തില് അപ്രകാരം ഉള്ള അര്ത്ഥം ഇല്ല.

(കാണുക: അബീമേലെക്, ഉടമ്പടി, പ്രതിജ്ഞ)

## ദൈവ വചന സൂചികകള്:

- ഉല്പ്പത്തി 21:22-24
- ഉല്പ്പത്തി 24:1-4
- ഉല്പ്പത്തി 31:51-53
- ഉല്പ്പത്തി 47:29-31
- ലൂക്കോസ് 01:72-75
- മര്ക്കോസ് 06:26-29
- മത്തായി 05:36-37
- മത്തായി 14:6-7
- മത്തായി 26:71-72

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H422, H423, H3027, H5375, H7621, H7650, G332, G3660, G3727, G3728

# ശബ്ദം, ശബ്ദങ്ങള്

## നിര്വചനം:

“ശബ്ദം” എന്ന പദം സാധാരണയായി ഉപമാന രൂപത്തില് സംസാരിക്കുന്നതിനെയോ എന്തെങ്കിലും ആശയ വിനിമയം ചെയ്യുന്നതിനെയോ സൂചിപ്പിക്കുന്നു. തനിക്കു മനുഷ്യന്റെ ശബ്ദം പോലെയുള്ള അതേ ശബ്ദം ഇല്ലെങ്കിലും, ദൈവം തന്റെ ശബ്ദം ഉപയോഗിക്കുന്നു എന്ന് പറയുന്നു.

- “കര്ത്താവിനു വഴി ഒരുക്കുവിന് എന്ന് മരുഭൂമിയില് വിളിച്ചു പറയുന്ന ഒരു ശബ്ദം കേട്ടു” എന്ന് പറയുന്ന പ്രസ്താവനയില് പറയുന്നതുപോലെ ഈ പദം മുഴുവന് വ്യക്തിത്വത്തെയും സൂചിപ്പിക്കുവാന് ഉപയോഗിക്കാം.
- ഒരുവന്റെ ശബ്ദം കേള്ക്കുക” എന്നുള്ളത് “ഒരുവന് സംസാരിക്കുന്നത് കേള്ക്കുവിന്” എന്നും [പരിഭാഷ ചെയ്യാം.
- ചില സന്ദര്ഭങ്ങളില് “ശബ്ദം” എന്നുള്ളത് അക്ഷരീകമായി സംസാരിക്കുവാന് കഴിയാത്ത വസ്തുക്കളെ, അതായത് ദാവീദു സങ്കീര്ത്തനങ്ങളില് വര്ണ്ണിക്കുന്ന പ്രകാരം ആകാശങ്ങളുടെ “ശബ്ദം” ദൈവത്തിന്റെ വല്ലഭത്വമുള്ള പ്രവര്ത്തികളെ വര്ണ്ണിക്കുന്നു എന്നുള്ളതില് ഉപയോഗിച്ചിരിക്കുന്നത് പോലെ ഉപയോഗിക്കാം. ഇത് “അവയുടെ മഹത്വം ദൈവം എത്ര വലിയവന് എന്ന് വ്യക്തമായീ കാണിക്കുന്നു” എന്നും പരിഭാഷ ചെയ്യാവുന്നതാണ്.

(കാണുക: വിളി, പ്രഖ്യാപിക്കുക, മഹത്വം)

## ദൈവ വചന സൂചികകള്:

- യോഹന്നാന്:36-38
- ലൂക്കോസ് 01:42-45
- ലൂക്കോസ് 09:34-36
- മത്തായി 03:16-17
- മത്തായി 12:19-21

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6963, H7032, H7445, H8193, G2906, G5456, G5586

# ശമിപ്പിക്കുക, ശമിപ്പിച്ചു, ശമിപ്പിക്കുവാന് അസാധ്യമായ

## നിര്വചനം:

"ശമിപ്പിക്കുക" എന്ന പദം അര്ത്ഥം നല്കുന്നത് തൃപ്തിയാകണം എന്ന് ശഠിക്കുന്ന എന്തെങ്കിലും ഒന്നിനെ ശമിക്കുക അല്ലെങ്കില് നിര്ത്തലാക്കുക എന്ന് അര്ത്ഥം നല്കുന്നു.

- ഈ പദം സാധാരണയായി ദാഹം ശമിപ്പിക്കുന്ന സാഹചര്യത്തില് ഉപയോഗിക്കാറുണ്ട്, അത് എന്തെങ്കിലും പാനം ചെയ്തു ദാഹം ശമിപ്പിക്കുന്നതിനെ അര്ത്ഥം കൊള്ളുന്നു.
- ഇത് അഗ്നി ശമിപ്പിക്കുന്നതിനേ സൂചിപ്പിക്കുന്നതിനായും ഉപയോഗിക്കുന്നു.
- ദാഹവും അഗ്നിയും ഇവ രണ്ടും വെള്ളത്താല് ഇല്ലാതാക്കുന്നു.
- പൌലോസ് "ശമിപ്പിക്കുക" എന്ന പദം ഉപമാന രൂപത്തില് വിശ്വാസികളെ പ്രബോധിപ്പിക്കുമ്പോള് പരിശുദ്ധാത്മാവിനെ "കെടുത്തി ക്കളയരുത്" എന്ന് പ്രസ്താവിക്കുന്നു. ഇതിന്റെ അര്ത്ഥം ജനങ്ങളില് പരിശുദ്ധാത്മാവ് തന്റെ ഫലങ്ങളും വരങ്ങളും ഉളവാക്കുന്നതില്നിന്നും അവരെ നിരുല്സാഹപ്പെടുത്തരുത് എന്നാണ്. പരിശുദ്ധാത്മാവിനെ കെടുത്തുക എന്നതിന്റെ അര്ത്ഥം ജനത്തില് പരിശുദ്ധാത്മാവ് സ്വതന്ത്രമായി തന്റെ ശക്തിയും പ്രവര്ത്തിയും വെളിപ്പെടുത്തുവാന് തടസ്സം ഉണ്ടാക്കുക എന്നാണ്.

(കാണുക: ഫലം, വരം, പരിശുദ്ധാത്മാവ്

## ദൈവ വചന സൂചികകള്:

- 1 തെസ്സലോനിക്യര് 05:19-22
- യെഹസ്കേല് 20:45-47
- യെശ്ശയ്യാവ് 01:31
- യെരെമ്യാവ് 21:11-12

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1846, H3518, H7665, H8257, G762, G4570

# ശവക്കുഴി, ശവക്കുഴി വെട്ടുകാര്, ശവക്കുഴികള്, ശവക്കല്ലറ, ശവക്കല്ലറകള്, ശ്മശാനം

## നിര്വചനം:

"ശവക്കല്ലറ" എന്നും "ശവക്കുഴി" എന്നും ഉള്ള പദങ്ങള് ജനം മരിച്ചു പോയതായ വ്യക്തിയുടെ ശരീരം മറവു ചെയ്യുവാന് ഉപയോഗിക്കുന്ന സ്ഥലം ആകുന്നു. ഒരു "ശ്മശാന സ്ഥലം" എന്നത് വളരെ സാധാരണയായി ഇതിനു സൂചിപ്പിക്കാറുണ്ട്.

- യഹൂദന്മാര് ചില സന്ദര്ഭങ്ങളില് പ്രകൃതി ദത്തമായ ഗുഹകളെ ശവക്കല്ലറകള്ആയി ഉപയോഗിക്കുന്നു, ചില സമയങ്ങളില് അവര് മലകളുടെ വശങ്ങളിലെ പാറകളില് ഗുഹ വെട്ടി ഉണ്ടാക്കുന്നു.
- പുതിയ നിയമ കാലഘട്ടങ്ങളില്, കല്ലറയുടെ വാതില് അടയ്ക്കുവാനായി ഒരു വലിയ ഘനമുള്ള കല്ല് ഉരുട്ടി വെക്കുക എന്നത് സര്വ്വ സാധാരണം ആയിരുന്നു.
- നിര്ധിഷ്ട ഭാഷയില് കല്ലറയ്ക്കുള്ള പദം നിലത്തിനു താഴെ ശരീരം വെയ്ക്കുവാനുള്ള ഒരു കുഴി എന്ന് മാത്രമാണ് സൂചിപ്പിക്കുന്നത് എങ്കില്, ഇത് പരിഭാഷ ചെയ്യുവാന് ഉള്ള ഇതര ശൈലികളില് "ഗുഹ" അല്ലെങ്കില് "മലയുടെ വശത്തില് ഉള്ള കുഴി" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "ശവക്കല്ലറ" എന്ന പദം സാധാരണ പൊതുവായും ഉപമാനമായും സൂചിപ്പിക്കുന്നത് മരിച്ച സ്ഥിതിയില് ആകുക അല്ലെങ്കില് മരിച്ച വ്യക്തികളുടെ ആത്മാവ് വിശ്രാമം ചെയ്യുന്ന സ്ഥലം എന്നൊക്കെ ആകുന്നു.

(കാണുക: അടക്കം ചെയ്യുക, മരണം)

## ദൈവ വചന സൂചികകള്:

- അപ്പോ.02:29-31
- ഉല്പ്പത്തി 23:5-6
- ഉല്പ്പത്തി 50:4-6
- യോഹന്നാന്:40-42
- ലൂക്കോസ് 23:52-53
- മര്ക്കോസ് 05:1-2
- മത്തായി 27:51-53
- റോമര്:13-14

## ദൈവ വചന കഥകളില് നിന്നുള്ള ഉദാഹരണങ്ങള്:

- **32:04** ആ മനുഷ്യന് ആ പ്രദേശത്ത് ഉണ്ടായിരുന്ന **ശവക്കല്ലറകളുടെ** ഇടയില് വസിച്ചു പോന്നു.
- **37:06** യേശു അവരോടു ചോദിച്ചത്, "നിങ്ങള് ലാസറിനെ എവിടെയാണ് വെച്ചത്?" അവര് അവനോടു പറഞ്ഞത്, "**കല്ലറയില്** ആകുന്നു. വന്നു കാണുവിന്."
- **37:07** **കല്ലറ** എന്നത് അതിന്റെ മുന്വാതിലില്ഒരു വലിയ കല്ല്ഉരുട്ടിവെച്ച നിലയില്ഉള്ള ഒരു ഗുഹ ആകുന്നു.
- **40:09** അനന്തരം യോസേഫും നിക്കൊദേമോസും യേശുവാണ് മശീഹ എന്ന് വിശ്വസിച്ചു വന്നിരുന്ന രണ്ടു യഹൂദ നേതാക്കന്മാര്പിലാത്തോസിനോട് യേശുവിന്റെ ശരീരം ആവശ്യപ്പെട്ടു. അവര്തന്റെ ശരീരം തുണികളാല്പൊതിയുകയും പാറയില്വെട്ടിയിരുന്ന ഒരു **കല്ലറയില്** വെക്കുകയും ചെയ്തു. അനന്തരം അതിന്റെ വാതില്മൂടത്തക്ക വിധം ഒരു വലിയ കല്ല് **കല്ലറയുടെ** മുന്പില്ഉരുട്ടി വെക്കുകയും ചെയ്തു.
- **41:04** അവന്(ദൂതന്)**കല്ലറയുടെ** പ്രവേശന കവാടത്തെ മൂടിയിരുന്ന കല്ല്ഉരുട്ടി മാറ്റുകയും അതിന്റെ മുകളില്കയറി ഇരിക്കുകയും ചെയ്തു. **കല്ലറയ്ക്ക്** കാവല്നിന്നിരുന്ന പടയാളികള്ഭാവിഹ്വലരായി തീരുകയും മരിച്ചു പോയവരെപ്പോലെ നിലത്തു വീഴുകയും ചെയ്തിരുന്നു.
- **41:05** സ്ത്രീകള് **കല്ലറയുടെ** സമീപം എത്തിയപ്പോള്, ദൈവദൂതന് അവരോടു പറഞ്ഞത്, "ഭയപ്പെടുക അരുത്. യേശു ഇവിടെ ഇല്ല. അവന്താന്പറഞ്ഞിരുന്നതു പോലെ, മരണത്തില്നിന്നും താന്ഉയിര്ത്തെഴുന്നേറ്റിരിക്കുന്നു! **കല്ലറയിലേക്ക്** നോക്കി കാണുവിന്." സ്ത്രീകള് **കല്ലറയുടെ** ഉള്ളിലേക്ക് നോക്കുകയും യേശുവിന്റെ ശരീരം കിടത്തി വെച്ചിരുന്ന സ്ഥലം കാണുകയും ചെയ്തു. തന്റെ ശരീരം അവിടെ ഉണ്ടായിരുന്നില്ല!

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1164, H1430, H6900, H6913, H7585, H7845, G86, G2750, G3418, G3419, G5028

# ശാസന, ശാസിക്കുന്നു, ശാസിച്ചു, ശാസിക്കുന്ന, ശാസനാ പൂര്വ്വം

## നിര്വചനം:

ഒരു വ്യക്തിയെ ശാസിക്കുക എന്നതിന്റെ അര്ത്ഥം ആ വ്യക്തിയുടെ സ്വഭാവത്തെയോ സമീപനത്തെയോ വിമര്ശിക്കുക അല്ലെങ്കില് അംഗീകരിക്കാതെ ഇരിക്കുക എന്നുള്ളതാണ്. ഒരു ശാസന എന്നത് ആ വ്യക്തിയെ കുറിച്ചുള്ള നിഷേധാത്മക അഭിപ്രായം ആകുന്നു.

- ഒരു വ്യക്തി "വിമര്ശനാതീതന്" അല്ലെങ്കില് വിമര്ശന പരിധിക്കു അപ്പുറം" അല്ലെങ്കില് "ശകാരം കൂടാതെയുള്ള" എന്ന് പറയുമ്പോള് അതിന്റെ അര്ത്ഥം ആ വ്യക്തി ദൈവം മാനിക്കുന്ന രീതിയില് ഉള്ള സ്വഭാവം ഉള്ളതും തന്നെ കുറിച്ച് യാതൊരു വിധത്തില് ഉള്ള വിമര്ശനവും ന്യൂനതയും പറയുവാന് ഇല്ലാത്തതും ആയ സ്വഭാവം വ്യക്തി എന്ന് ആകുന്നു.
- "കുറ്റാരോപണം" എന്ന പദം "ശകാരം" അല്ലെങ്കില് "ലജ്ജാകരം" അല്ലെങ്കില് "ശകാരം" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "ശകാരം" എന്ന പദം പരിഭാഷ ചെയ്യുവാന്"ശാസിക്കുക" അല്ലെങ്കില് "കുറ്റപ്പെടുത്തുക" അല്ലെങ്കില് "വിമര്ശിക്കുക" എന്നിങ്ങനെ സാഹചര്യം അനുസരിച്ചു പരിഭാഷ ചെയ്യാം.

(കാണുക: കുറ്റപ്പെടുത്തുക, ശാസിക്കുക, ലജ്ജാകരം)

## ദൈവ വചന സൂചികകള്:

- 1 തിമോത്തിയോസ് 05:7-8
- 1 തിമോത്തിയോസ് 06:13-14
- യിരെമ്യാവ് 15:15-16
- ഇയ്യോബ് 16:9-10
- സദൃശവാക്യങ്ങള് 18:3-4

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1421, H1442, H2617, H2659, H2778, H2781, H3637, H3639, H7036, G410, G423, G819, G3059, G3679, G3680, G3681, G5195, G5196, G5484

# ശാസിക്കുക, ശാസിക്കുന്നു, ശാസിച്ചു

## നിര്വചനം:

ശാസിക്കുക എന്നാല് ആര്ക്കെങ്കിലും ശക്തമായ വാക്കുകളാല് തിരുത്തല് നല്കുക, സാധാരണയായി ആ വ്യക്തിയെ പാപം ചെയ്യുന്നതില് നിന്നും പിന്തിരിപ്പിക്കുന്നതിനായി സഹായിക്കുക എന്നാണ്. അപ്രകാരം ഉള്ള തിരുത്തല് ഒരു ശാസന ആകുന്നു.

- പുതിയ നിയമം ക്രിസ്ത്യാനികളോട് കല്പ്പിക്കുന്നത് മറ്റു വിശ്വാസികള് ദൈവത്തെ സ്പഷ്ടമായി അനുസരിക്കാതെ വരുമ്പോള് അവരെ ശാസിക്കണം എന്നാണ്.
- സദൃശവാക്യങ്ങള് മാതാപിതാക്കളോട് നിര്ദേശിക്കുന്നത് എന്തെന്നാല് അവരുടെ മക്കള് അനുസരണക്കേട് കാണിക്കുമ്പോള് അവരെ ശാസിക്കണം എന്നാണ്.
- ശാസന എന്നത് തെറ്റു ചെയ്തതായ വ്യക്തി തുടര്ന്ന് ആ പാപത്തില് ഇടപെടാതെ ഇരിക്കുവാന് വേണ്ടി മാതൃകാപരമായി തടുക്കുന്നതു ആകുന്നു.
- ഇത് "നിശിതമായി തിരുത്തുക" അല്ലെങ്കില് "താക്കീത് നല്കുക" എന്ന് പരിഭാഷ ചെയ്യാം.
- "ഒരു ശാസന" എന്ന പദം "ഒരു നിശിതമായ തിരുത്തല്" അല്ലെങ്കില് "ഒരു കര്ശനമായ വിമര്ശനം" എന്നും പരിഭാഷ ചെയ്യാം.
- "ശാസന കൂടാതെ" എന്നത് "താക്കീത് നല്കാതെ" അല്ലെങ്കില് "വിമര്ശനം ഇല്ലാതെ" എന്ന് പരിഭാഷ ചെയ്യാം.

(കാണുക: താക്കീത്, അനുസരണക്കേട്)

## ദൈവ വചന സൂചികകള്:

- മര്ക്കോസ് 01:23-26
- മര്ക്കോസ് 16:14-16
- മത്തായി 08:26-27
- മത്തായി 17:17-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1605, H1606, H2778, H2781, H3198, H4045, H4148, H8156, H8433, G298, G299, G1649, G1651, G1969, G2008, G3679

# ശാസ്ത്രികള്

## വസ്തുതകള്:

ദൈവ വചനത്തില്, "ശാസ്ത്രികള്" എന്ന പദം സാധാരണയായി ദൈവത്തെ സേവിക്കുകയും ജ്ഞാനികളായി പ്രവര്ത്തിക്കുകയും ചെയ്യുന്ന, വിഡ്ഢികള് അല്ലാത്ത ആളുകളെ സൂചിപ്പിക്കുന്നു. ഇതു അസാധാരണമായ അറിവും കഴിവുകളും ഉള്ളവരായി രാജാവിന്റെ അരമനയില് ഒരു ഭാഗഭാക്കായി സേവനം അനുഷ്ടിക്കുന്ന ആളുകളെ സൂചിപ്പിക്കുന്നു.

- ചില സന്ദര്ഭങ്ങളില് "ശാസ്ത്രിമാര്" എന്ന പദം "വിവേകം ഉള്ള ആളുകള് " അല്ലെങ്കില് "തിരിച്ചറിവ് ഉള്ള ആളുകള്" എന്ന ആശയത്തില് വിശദീകരണം നല്കിയിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് അവര് ദൈവത്തെ അനുസരിക്കുന്നവര് ആയതുകൊണ്ട് ജ്ഞാനപൂര്വമായും നീതിയായും പ്രവര്ത്തിക്കുന്ന ആളുകള് ആണെന്നാണ്.
- ഫറവോന്മാരെയും മറ്റു രാജാക്കന്മാരെയും സേവിച്ചു വന്ന "ശാസ്ത്രിമാര്" സാധാരണയായി നക്ഷത്രങ്ങളെക്കുറിച്ച് പഠിച്ചിട്ടുള്ള പണ്ഡിതന്മാര് ആണ്, പ്രത്യേകാല് ആകാശത്തില് നക്ഷത്രങ്ങള് അവയുടെ സ്ഥാനങ്ങള്കൊണ്ട് പ്രത്യേകമായ ഘടനകള് സൃഷ്ടിച്ചു അതിനു പ്രത്യേക അര്ഥങ്ങള് കണ്ടെത്തുന്നു.
- സാധാരണയായി ശാസ്ത്രിമാര് സ്വപ്നങ്ങളുടെ അര്ഥങ്ങള് വിശദീകരണം വിശദമാക്കുന്നവര് ആയിരിക്കണമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു. ഉദാഹരണമായി, നെബൂഖദ്നേസര് രാജാവ് തന്റെ ശാസ്ത്രിമാര്തന്റെ സ്വപ്നവും അവ എന്താണ് അര്ത്ഥം നല്കുന്നതെന്ന് തന്നോട് പറയണമെന്നു ആവശ്യപ്പെട്ടിരുന്നു, എന്നാല് അവരില് ദൈവത്തില് നിന്നും ജ്ഞാനം പ്രാപിച്ചിരുന്ന ദാനിയേല് ഒഴികെ ആരും തന്നെ അത് ചെയ്യുവാന് പ്രാപ്തരായിരുന്നില്ല.
- ചില സമയങ്ങളില് ശാസ്ത്രിമാര് കുറിചൊല്ലുക മറ്റും അത്ഭുതങ്ങള് ചെയ്യുക പോലുള്ള പ്രവര്ത്തികള് അശുദ്ധാത്മാക്കളുടെ ശക്തിയുടെ സഹായത്താല് ചെയ്യുമായിരുന്നു.
- പുതിയ നിയമത്തില്, കിഴക്കന് മേഖലയില് നിന്ന് യേശുവിനെ ആരാധിക്കുവാനായി ഒരു സംഘം ആളുകള് "വിദ്വാന്മാര്" അതായത് സാധാരണയായി "ശാസ്ത്രിമാര്" എന്ന് പരിഭാഷ ചെയ്യപ്പെടുന്നവര് വന്നിരുന്നു, അവര് മിക്കവാറും ഒരു കിഴക്കന് രാജ്യത്തിലെ ഭരണാധിപനെ സേവിച്ചു വന്നിരുന്ന പണ്ഡിതന്മാരെ ആയിരിക്കാം സൂചിപ്പിച്ചു വന്നിരുന്നത്.
- ഇതു വളരെ സാധ്യതയുള്ളത് ഈ മനുഷ്യര് നക്ഷത്രങ്ങളെ കുറിച്ച് അവഗാഹമായി പഠിച്ചിട്ടുള്ള വാനശാസ്ത്രജ്ഞന്മാര് ആയിരിക്കണം. ചിലര് ചിന്തിക്കുന്നത് ഈ മനുഷ്യര് ദാനിയേല് ബാബിലോണില് ആയിരുന്ന സമയം പഠിപ്പിച്ചിരുന്ന വിദ്വല് ജനത്തിന്റെ പിന്തുടര്ച്ചക്കാര് ആയിരിക്കാം ഇവര് എന്നായിരുന്നു.
- സാഹചര്യം അനുസരിച്ചു, "ശാസ്ത്രിമാര്" എന്ന പദം "ജ്ഞാനി" എന്ന പദം ഉപയോഗിച്ചു അല്ലെങ്കില് "വരം ലഭിച്ച മനുഷ്യര്" അല്ലെങ്കില് "വിദ്വല്ജനം" അല്ലെങ്കില് മറ്റു ഏതെങ്കിലും പദം രാജാവിന് വേണ്ടി പ്രധാന ജോലികള് ചെയ്യുന്ന വ്യക്തികള് എന്ന് സൂചിപ്പിക്കുന്ന മറ്റു ഏതെങ്കിലും പദങ്ങള് കൊണ്ട് പരിഭാഷ ചെയ്യാം.
- "ശാസ്ത്രിമാര്" എന്നതു സാധാരണ സര്വ നാമം ആയി ഇരിക്കുമ്പോള്, "ജ്ഞാനി" എന്ന വാക്കു അത് പോലെ തുല്യതയുള്ള അല്ലെങ്കില്അത് പോലെയുള്ള രീതിയില്ദൈവ വചനത്തില്എവിടെയെങ്കിലും പരിഭാഷ ചെയ്തിട്ടുള്ളതുപോലെ പരിഭാഷ ചെയ്യണം.

(കാണുക: ബാബിലോണ്, ദാനിയേല്, ശകുനം നോക്കല്, മന്ത്രവിദ്യ, നെബുഖദ് നേസ്സര്, ഭരണാധികാരി, ജ്ഞാനി)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്27:32-34
- ദാനിയേല്02:1-2
- ദാനിയേല്02:10-11

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2445, H2450, H3778, H3779, G4680

# ശാസ്ത്രിമാരായ ആളുകള്, ജ്യോതി ശാസ്ത്രജ്ഞന്മാര്.

## നിര്വചനം:

ക്രിസ്തുവിന്റെ ജനനത്തിന്റെ വിവരണം മത്തായി നല്കുമ്പോള്"പഠിച്ച" അല്ലെങ്കില്"വിദ്യാഭ്യാസമുള്ള" ആളുകള്"ജ്ഞാനികള്" ആയവര്യേശുവിന്റെ ജനനത്തിനു ചില നാളുകള്ക്കു ശേഷം ബെത്ലെഹേമില്യേശുവിന്റെ അടുക്കല്സമ്മാനങ്ങളുമായി കടന്നു വന്നു. അവര്നക്ഷത്രങ്ങളെ കുറിച്ച് പഠിക്കുന്നവരായ "ജ്യോതി ശാസ്ത്രജ്ഞന്മാര്" ആയിരുന്നിരിക്കാം.

- ഇസ്രായേലില്നിന്നും വളരെ ദൂരത്തുള്ള ഒരു കിഴക്കന്രാജ്യത്തില്നിന്നും വളരെ ദൂരം ഈ ശാസ്ത്രിമാര്യാത്ര ചെയ്തു വന്നു. അവര്എവിടെ നിന്ന് വന്നു എന്നോ അവര്ആരായിരുന്നു എന്നോ വ്യക്തമായി അറിഞ്ഞുകൂടാ. എന്നാല്അവര്നക്ഷത്രങ്ങളെ കുറിച്ച് പഠിച്ചിട്ടുള്ള പണ്ഡിതന്മാര്ആയിരുന്നു എന്നത് സ്പഷ്ടമാണ്.
- അവര്ചിലപ്പോള്ദാനിയേലിന്റെ കാലഘട്ടത്തില്ബാബിലോന്യ രാജാക്കന്മാരെ സേവിച്ചിരുന്ന ജ്ഞാനികളുടെ സന്തതികളായി നിരവധി കാര്യങ്ങളില് പരിശീലനം നേടിയവര്, പ്രത്യേകാല് നക്ഷത്രങ്ങളെയും സ്വപ്നങ്ങളെയും വ്യാഖ്യാനം ചെയ്യുവാന്കഴിവുള്ളവര്ആയിരുന്നിരിക്കാം.
- പാരമ്പര്യമായി പറയപ്പെടുന്നത്അവിടെ മൂന്നു ജ്ഞാനികള്അല്ലെങ്കില്വിദ്യാഭ്യാസം ഉള്ള മനുഷ്യര്ആണ് ഉണ്ടായിരുന്നത്, എന്തുകൊണ്ടെന്നാല്അവര്യേശുവിനു മൂന്നു തരം സമ്മാനങ്ങള്ആണ് കൊണ്ട് വന്നത്. എങ്ങനെ ആയിരുന്നാലും, അവര്എത്ര പേര്ഉണ്ടായിരുന്നു എന്ന് ദൈവ വചനം പറയുന്നില്ല.

(കാണുക: ബാബിലോണ്, ബെത്ലെഹേം, ദാനിയേല്)

## ദൈവ വചന സൂചികകള്:

- ദാനിയേല് 02:27-28
- ദാനിയേല്05:7
- മത്തായി 02:1-3
- മത്തായി 02:7-8
- മത്തായി 02:16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1505, G3097

# ശിക്ഷ, ശിക്ഷിക്കുന്നു, ശിക്ഷിച്ചു, ശിക്ഷിക്കുന്ന, ശിക്ഷ, ശിക്ഷിക്കപ്പെടാത്ത

## നിർവചനം:

"ശിക്ഷിക്കുക" എന്ന പദം അർത്ഥം നൽകുന്നത് ഒരുവൻ ചെയ്ത തെറ്റായ പ്രവർത്തിക്കു തക്കതായി വിരുദ്ധമായ അനന്തര ഫലം അനുഭവിക്കുവാൻ ഇടയാക്കുക എന്നാണ്. "ശിക്ഷ" എന്ന പദം സൂചിപ്പിക്കുന്നത് ആ തെറ്റായ സ്വഭാവം നിമിത്തം നൽകപ്പെടുന്ന വൈരുധ്യം ഉള്ള അനന്തര ഫലങ്ങൾ എന്നാണ്.

- സാധാരണയായി ശിക്ഷ എന്നത് ഒരു വ്യക്തി താൻ ചെയ്തു വരുന്ന പാപങ്ങളെ നിർത്തുവാൻ ഉള്ള പ്രവണത ഉളവാക്കുക എന്നാണ് ഉദ്ദേശിക്കുന്നത്.
- ഇസ്രയേൽ ജനം തന്നെ അനുസരിക്കാതെ വന്നപ്പോൾ, പ്രത്യേകാൽ അവർ അസത്യ ദൈവങ്ങളെ ആരാധിച്ചപ്പോൾ, ദൈവം അവരെ ശിക്ഷിച്ചു. അവരുടെ പാപം നിമിത്തം, അവരുടെ ശത്രുക്കൾ അവരെ അക്രമിക്കുവാനും ബന്ധിതർ ആക്കുവാനും ദൈവം അനുവദിച്ചു. ദൈവം നീതിമാനും ന്യായ തൽപ്പരനും ആകയാൽ, പാപത്തെ ശിക്ഷിക്കേണ്ടത് ആവശ്യം ആയിരുന്നു. എല്ലാ മനുഷ്യരും ദൈവത്തിനു വിരോധമായി പാപം ചെയ്യുകയാൽ ശിക്ഷാവിധിക്ക് യോഗ്യരായി തീർന്നു.
- ഓരോ മനുഷ്യനും ഏതു കാലത്തും ചെയ്യുന്ന സകല ദോഷ പ്രവർത്തികൾക്കും വേണ്ടി യേശു ശിക്ഷിക്കപ്പെട്ടു.

താൻ ശിക്ഷ എല്ക്കുവാൻ തക്ക വിധം ഒരു തെറ്റും ചെയ്തിട്ടില്ല എങ്കിൽ പോലും ഓരോ വ്യക്തിയുടെയും ശിക്ഷ തന്റെ മേൽ താൻപ് പ്രാപിച്ചു.

- ശിക്ഷ ലഭിക്കാതെ പോകുക" അല്ലെങ്കിൽ "ശിക്ഷ പ്രാപിക്കാതെ പോകുക" എന്ന പദപ്രയോഗങ്ങൾ ജനം ചെയ്ത തെറ്റായ പ്രവർത്തികൾക്ക് ശിക്ഷ നൽകുന്നില്ല എന്ന് തീരുമാനിക്കുക എന്ന് അർത്ഥം നൽകുന്നു. ജനം മാനസ്സാന്തരപ്പെടട്ടെ എന്ന് കാത്തിരുന്നു കൊണ്ട് ദൈവം പലപ്പോഴും പാപത്തെ ശിക്ഷിക്കാതെ വെറുതെ വിടുന്നു.

(കാണുക: നീതിയുള്ള, മനസ്സാന്തരപ്പെടുക, നീതിമാൻ, പാപം)

## ദൈവ വചന സൂചികകൾ:

- 1 യോഹന്നാൻ:17-18
- 2 തെസലോനിക്യർ:9-10
- അപ്പോ.04:21-22
- അപ്പോ.07:59-60
- ഉൽപ്പത്തി 04:13-15
- ലൂക്കോസ് 23:15-17
- മത്തായി 25:44-46

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **13:07** ആചരിക്കേണ്ടതിനായി നിരവധി മറ്റു പ്രമാണങ്ങളും ചട്ടങ്ങളും ദൈവം നൽകി. ജനം ഈ നിയമങ്ങൾ അനുസരിക്കുമെങ്കിൽ, താൻ അവരെ അനുഗ്രഹിക്കുമെന്നും സംരക്ഷിക്കുമെന്നും ദൈവം വാഗ്ദത്തം നൽകി. അവർ അവയെ അനുസരിക്കാതെ ഇരുന്നാൽ, ദൈവം അവരെ **ശിക്ഷിക്കുകയും** ചെയ്യും.
- **16:02** ഇസ്രയേൽ ജനം ദൈവത്തെ അനുസരിക്കാതെ തുടർന്നു കൊണ്ടിരുന്നതിനാൽ, താൻ അവരുടെ ശത്രുക്കൾ അവരെ പരാജയപ്പെടുത്തുവാൻ അനുവദിച്ചു കൊണ്ട് **ശിക്ഷിക്കുകയും** ചെയ്തു.
- **19:16** പ്രവാചകന്മാർ ജനത്തിനു മുന്നറിയിപ്പ് നൽകി പറഞ്ഞത് എന്തെന്നാൽ അവർ ദോഷം പ്രവർത്തിക്കുന്നത് നിർത്തലാക്കി ദൈവത്തെ അനുസരിക്കുവാൻ തുടങ്ങിയില്ലെങ്കിൽ, ദൈവം അവരെ കുറ്റവാളികളെ എന്നപോലെ ന്യായം വിധിച്ചു, താൻഅവരെ **ശിക്ഷിക്കും**.
- **48:06** യേശുവാണ് ഏറ്റവും തികഞ്ഞ പുരോഹിതൻ എന്തുകൊണ്ടെന്നാൽ ഏതൊരു മനുഷ്യനും ഏതു കാലത്തും ചെയ്തതായ യാതൊരു പാപത്തിന്റെയും **ശിക്ഷ** താൻ വഹിച്ചു.
- **48:10** ആരായാലും യേശുവിനെ വിശ്വസിക്കുമ്പോൾ, യേശുവിന്റെ രക്തം ആ വ്യക്തിയുടെ പാപം എല്ലാം നീക്കി, അവന്റെ മേൽ ഉണ്ടായിരുന്ന ദൈവത്തിന്റെ **ശിക്ഷ** തന്റെ മേൽ ആക്കുകയും ചെയ്യുന്നു.
- **49:09** എന്നാൽ ദൈവം ഈ ലോകത്തിൽ ഉള്ള എല്ലാവരെയും വളരെ അധികം സ്നേഹിച്ചു അതിനാൽ യേശുവിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിയും തന്റെ പാപങ്ങൾക്കായി **ശിക്ഷിക്കപ്പെടാതെ** എന്നെന്നേക്കും ദൈവത്തോട് കൂടെ ജീവിക്കേണ്ടതിനു തന്നെ.

- **49:11** യേശു ഒരിക്കലും പാപം ചെയ്തിട്ടില്ല, എന്നാൽ താൻ**ശിക്ഷിക്കപ്പെടുന്നതിനെ**, നിങ്ങളുടെ പാപങ്ങളെയും ഈ ലോകത്തിൽ ഉള്ള സകല മനുഷ്യരുടെ പാപങ്ങളെയും നീക്കം ചെയ്യുവാനുള്ള ഉൽകൃഷ്ടമായ യാഗമായി മരണം തിരഞ്ഞെടുത്തു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3027, H3256, H4148, H4941, H5221, H5414, H6031, H6064, H6213, H6485, H7999, H8199, G1349, G1556, G1557, G2849, G3811, G5097

# ശിരസ്സ്,ശിരസ്സുകൾ, നെറ്റി, നെറ്റികൾ, കഷണ്ടി, തലമുതിർന്ന, തലക്കെട്ട്, മൂടുപടങ്ങൾ, ശിര:ച്ഛേദം.

## നിർവചനം:

ദൈവ വചനത്തിൽ, “ശിരസ്സ്” എന്ന വാക്ക് വിവിധ ഉപമാന അർത്ഥങ്ങളോട് ഉപയോഗിച്ചിരിക്കുന്നു.

- സാധാരണയായി ഈ പദം “നീ എന്നെ ജാതികൾക്കു തലവൻആക്കിയിരിക്കുന്നു” എന്നതിൽസൂചിപ്പിച്ചിരിക്കുന്നത് പോലെ ജനത്തിന് അധികാരി എന്ന് സൂചിപ്പിക്കുന്നു. ഇത് “നീ എന്നെ ഭരണാധികാരി ആക്കിയിരിക്കുന്നു.....” അല്ലെങ്കിൽ“നീ എനിക്ക് അധികാരം നൽകിയിരിക്കുന്നു.....” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- യേശുവിനെ “സഭയുടെ ശിരസ്സ്” എന്ന് വിളിക്കുന്നു. ഒരു മനുഷ്യന്റെ ശിരസ്സ്ശരീരത്തിന്റെ അംഗങ്ങളെ നയിക്കുകയും നിർദേശം നൽകുകയും ചെയ്യുന്നത് പോലെ, യേശുവും തന്റെ “ശരീരമായ” സഭയെ നയിക്കുകയും നിർദേശങ്ങൾനൽകുകയും ചെയ്യുന്നു.
- ഭർത്താവ് ഭാര്യയുടെ “ശിരസ്സ്” അല്ലെങ്കിൽഅധികാരി ആകുന്നു എന്ന് പുതിയ നിയമം പഠിപ്പിക്കുന്നു. തന്റെ ഭാര്യയേയും കുടുംബത്തെയും നയിക്കുകയും മാർഗ്ഗ നിർദേശം നൽകുകയും ചെയ്യേണ്ടുന്ന ഉത്തരവാദിത്വം അവനു നൽകപ്പെട്ടിരിക്കുന്നു.
- ”ക്ഷൌരക്കത്തി അവന്റെ ശിരസ്സിന്മേൽതൊട്ടിട്ടില്ല” എന്ന പദപ്രയോഗത്തിന്റെ അർത്ഥം താൻഒരിക്കലും മുടി വെട്ടുകയോ ക്ഷൌരം ചെയ്യുകയോ ചെയ്തിട്ടില്ല എന്നുള്ളതാണ്.
- ”ശിരസ്സ്” എന്ന പദം ഏതിന്റെയെങ്കിലും ആരംഭത്തെയോ വിഭവ ത്തെയോ “വീഥിയുടെ തലക്കൽ” എന്ന് ഉള്ളത് പോലെ സൂചിപ്പിക്കുന്നു. “ധാന്യത്തലപ്പ്” എന്ന പദപ്രയോഗം ഗോതമ്പിന്റെയോ യവത്തിന്റെയോ വിത്തുകൾഉൾക്കൊള്ളുന്ന മുകൾഭാഗത്തെ സൂചിപ്പിക്കുന്നു.
- ”ശിരസ്സ്” എന്നതിന്റെ വേറൊരു ഉപമാന പ്രയോഗം ഒരു മുഴുവൻവ്യക്തിയെ സൂചിപ്പിക്കുവാൻ“ഈ നരച്ച തല” എന്ന് ഒരു വയോധികനായ വ്യക്തിയെ സൂചിപ്പിക്കുന്നതു പോലെ, അല്ലെങ്കിൽ“യോസേഫിനെ സൂചിപ്പിക്കുന്നതിന് “യോസേഫിന്റെ തലവൻ” എന്നുള്ളത് പോലെയും ആകാം. (കാണുക; ഉപലക്ഷണാലങ്കാരം
- ”അവരുടെ രക്തം അവന്റെ ശിരസ്സിന്മേൽഇരിക്കട്ടെ” എന്ന പദപ്ര യോഗം അർത്ഥമാക്കുന്നത് ആ മനുഷ്യൻഅവരുടെ മരണത്തിനു ഉത്തരവാദി ആയിരിക്കുന്നു എന്നും അതിനുള്ള ശിക്ഷ തനിക്കു തന്നെ ലഭിക്കും എന്നാണ്.

## പരിഭാഷ നിർദേശങ്ങൾ:

- സാഹചര്യം അനുസരിച്ച്, “ശിരസ്സ്” എന്ന പദം “അധികാരി” അല്ലെങ്കിൽ“നടത്തുകയും നയിക്കുകയും ചെയ്യുന്ന ആൾ” അല്ലെങ്കിൽ“ഉത്തരവാദിത്വം ഉള്ളവൻ” എന്ന് പരിഭാഷ ചെയ്യാം.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H441, H1270, H1538, H3852, H4425, H4761, H4763, H5110, H5324, H6285, H6287, H6797, H6915, H6936, H7139, H7144, H7146, H7217, H7226, H7218, H7541, H7636, H7641, H7872, G346, G755, G2775, G2776, G4719

# ശൂന്യമാക്കുക, നശീകരണം, നശീകരണങ്ങള്

## നിര്വചനം:

"ശൂന്യമാക്കുക", "നശീകരണം" എന്നീ പദങ്ങള് ജനവാസ മേഖലയെ നശിപ്പിച്ചതിനാല് അത് ജനവാസ രഹിതമായി എന്നര്ത്ഥം വരുന്നു. ഒരു വ്യക്തിയെ കുറിക്കുമ്പോള്, "ശൂന്യമാകുക" എന്ന പദം നശിച്ച സ്ഥിതി, ഏകാന്തത, ദുഃഖം ആദിയായവയെ കുറിക്കുന്നു.

- "നശീകരണം"എന്ന പദം നാശമാക്കപ്പെട്ട അവസ്ഥ അല്ലെങ്കില്സ്ഥിതി എന്നു കാണിക്കുന്നു.
- വിളവു വളര്ന്നിരുന്നതായ വയല് ശൂന്യമാക്കപ്പെട്ടു എന്നാല്, അതിന്റെ അര്ത്ഥം എന്തോ ഒന്ന്, പ്രാണികള്, അല്ലെങ്കില് പടയേറ്റം നടത്തിയ സൈന്യത്താല് നശിപ്പിക്കപ്പെട്ട വയല് എന്നു സാരം.
- ഒരു "ശൂന്യ മേഖല" എന്നാല് വളരെ കുറച്ചു വിളവുകള് അല്ലെങ്കില് മറ്റു കൃഷികളുളരുന്ന സ്ഥലമാകയാല് കുറച്ചു ജനങ്ങള് മാത്രം ജീവിക്കുന്ന സ്ഥലം.
- ഒരു ശൂന്യമാക്കപ്പെട്ട സ്ഥലം" അല്ലെങ്കില് "നിര്ജന പ്രദേശം" എന്നത് സാധാരണയായി പുറന്തള്ളപ്പെട്ടവരും (കുഷ്ഠരോഗികളെ പോലുള്ളവര്) ദുഷ്ടമൃഗങ്ങളും പാര്ക്കുന്ന ഇടമാണ്.
- ഒരു പട്ടണം "ശൂന്യമാക്കപ്പെട്ടു" എന്നാല് അതിലെ കെട്ടിടങ്ങളും വസ്തുക്കളും നശിപ്പിക്കപ്പെടുകയോ, കൊള്ളയിടപ്പെടുകയോ, അതിലെ ജനങ്ങള് കൊല്ലപ്പെടുകയോ ബന്ദികളാക്കപ്പെടുകയോ ചെയ്തു എന്നര്ത്ഥം. പട്ടണം "ശൂന്യവും" "പാഴും" ആയിത്തീരുന്നു. ഇതു "തരിശാക്കുക" അല്ലെങ്കില് "വിജനമാക്കുക" എന്നതിനു തുല്യമാണ്, എന്നാല് ശൂന്യത എന്നതിനാണ് കൂടുതല്ഊന്നല്.
- സാഹചര്യത്തിനു അനുസരിച്ച്, ഈ പദം "നശിച്ച" അല്ലെങ്കില് "നശിപ്പിക്കപ്പെട്ട" അല്ലെങ്കില് "പാഴാക്കപ്പെട്ട" അല്ലെങ്കില് "ഒറ്റപ്പെടുത്തപ്പെട്ടതും പുറന്തള്ളപ്പെട്ടതും" അല്ലെങ്കില് "കൈവിടപ്പെട്ട" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: മരുഭൂമി, വിജനം, നാശം, പാഴ്വസ്തു)

## ദൈവവചന സൂചികകള്:

- 2 രാജാക്കന്മാര് 22:17-19
- അപ്പോ.പ്രവര്ത്തികള് 1:20
- ദാനിയേല് 09:17-19
- വിലാപങ്ങള് 03:9-11
- ലൂക്കോസ് 11:16-17
- മത്തായി 12:24-25

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H490, H816, H820, H910, H1327, H1565, H2717, H2720, H2721, H2723, H3173, H3341, H3456, H3582, H4875, H4876, H4923, H5352, H5800, H7582, H7612, H7701, H7722, H8047, H8074, H8076, H8077, G2048, G2049, G2050, G3443

# ശ്വാസം, ശ്വസിക്കുക, ശ്വസിക്കുന്നു, ശ്വാസം നല്കല്, ശ്വസിക്കല്

## നിര്വചനം:

ദൈവവചനത്തില്, "ശ്വസിക്കുക", "ശ്വാസം" എന്നീ പദങ്ങള്സാധാരണയായി ജീവന്നല്കുക അല്ലെങ്കില്ജീവന്പ്രാപിക്കുക എന്നതിന് ഉപമാനമായി സൂചിപ്പിക്കുന്നു.

- ആദാമിന്റെയുള്ളില് ദൈവം ജീവശ്വാസം "ഊതി" എന്നു ദൈവവചനം പഠിപ്പിക്കുന്നു.

ആ ഘട്ടത്തിലാണ് ആദാം ജീവനുള്ള ദേഹിയായി തീര്ന്നത്.

- യേശു ശിഷ്യന്മാരുടെ മേല്ഊതി "പരിശുദ്ധാത്മാവിനെ പ്രാപിക്കുക" എന്നു പറഞ്ഞപ്പോള്, പരിശുദ്ധാത്മാവ് അവരുടെമേല്വരുന്നതിനു അടയാളമായി യേശു അക്ഷരീകമായി അവരുടെ മേല്ഊതിയിരുന്നു.
- ചില സമയങ്ങളില്"ശ്വസിക്കുക" "നിശ്വസിക്കുക" എന്നീ പദങ്ങള്സംസാരിക്കു ന്നതിനെ സൂചിപ്പിക്കുവാന്ഉപയോഗിക്കുന്നു.
- "ദൈവത്തിന്റെ ശ്വാസം" അല്ലെങ്കില്"യഹോവയുടെ ശ്വാസം" എന്നീ പദസഞ്ച യങ്ങള്ദൈവത്തിന്റെ കോപം മത്സരികളായ ദൈവമില്ലാത്ത ജാതികളുടെ മേല്ചൊരിയുന്നതിനെ സൂചിപ്പിക്കുന്നു.

ഇതു തന്റെ ശക്തിയെക്കുറിച്ച് ആശയവിനിമയം ചെയ്യുന്നു.

## പരിഭാഷ നിര്ദേശങ്ങള്

- "തന്റെ അന്ത്യശ്വാസം വലിച്ചു" എന്ന പദം "അദ്ദേഹം മരിച്ചു" എന്നു ആലങ്കാ രികമായി പറയുന്ന രീതിയാണ്. "താന് തന്റെ അന്ത്യശ്വാസം വലിച്ചു" അല്ലെങ്കില് "താന്ശ്വസിക്കുന്നത് നിര്ത്തു കയും മരിക്കുകയും ചെയ്തു" അല്ലെങ്കില് ''താന് അവസാനമായി ഒന്നു ശ്വസിച്ചു" എന്നിങ്ങനെയും ഇതു പരിഭാഷപ്പെടുത്താം.
- തിരുവചനങ്ങളെ "ദൈവശ്വാസനീയം" എന്നു പറയുമ്പോള് ദൈവം സംസാരി ച്ചു അല്ലെങ്കില് ദൈവം പ്രചോദിപ്പിച്ചിട്ടു മനുഷ്യരായ ലേഖകന്മാര് തിരുവചനം എഴുതുകയും ചെയ്തു. സാധ്യമെങ്കില്, "ദൈവശ്വാസനീയമായ" എന്നത് അക്ഷരീകമായി പരിഭാഷപ്പെടുത്തു ന്നത് മിക്കവാറും നല്ലതായിരിക്കും, എങ്കിലും ഇതിന്റെ ഏറ്റവും കൃത്യമായ അര്ത്ഥം നല്കുകയെന്നത് വിഷമകരമാണ്.
- "ദൈവശ്വാസനീയം" എന്നതിന്റെ അക്ഷരീക പരിഭാഷ സ്വീകാര്യമല്ലെങ്കില്, പരിഭാ ഷയ്ക്കുള്ള ഇതര മാര്ഗ്ഗങ്ങള്, "ദൈവത്താല്പ്രചോദിതം" അല്ലെങ്കില്"ദൈവത്താല് വിരചിതം'" അല്ലെങ്കില്"ദൈവത്താല്പ്രസ്താവിക്കപ്പെട്ടത്" എന്നിങ്ങനെ ഉള്പ്പെടുത്താം. "ദൈവം തിരുവചന വാക്കുകളെ നിശ്വസിച്ചു" എന്നും പറയാവുന്നതാണ്.
- "ശ്വാസം പകര്ന്നു" അല്ലെങ്കില്ജീവന്നിശ്വസിച്ചു" അല്ലെങ്കില്"ശ്വാസം നല്കു ന്നു" ആദിയായവ "ശ്വാസോച്ഛ്വാസത്തിനു കാരണമായി" അല്ലെങ്കില്"വീണ്ടും ജീവിക്കുവാന്ഇടയാക്കുന്നു" അല്ലെങ്കില്"അവര്ജീവിക്കുവാനും ശ്വാസോച്ഛ്വാ സം ചെയ്യുവാനും കഴിവുള്ളവരാക്കി" അല്ലെങ്കില്"ജീവന്പ്രദാനം ചെയ്യുന്നു" എന്നിങ്ങനെ പരിഭാഷപ്പെടുത്താം.
- സാധ്യമെങ്കില്, "ദൈവത്തിന്റെ ശ്വാസം" എന്നത് പരിഭാഷപ്പെടുത്തുവാന്ഭാഷയില്ഉപയോഗിച്ചിരിക്കുന്ന അക്ഷരീകപദം ഉപയോഗിക്കുന്നത് ഏറ്റവും ഉചിതമായിരിക്കും. ദൈവത്തിന്റെ "ശ്വാസം" എന്നു പറയുക അസാധ്യമെങ്കില്, ഇതു "ദൈവശക്തി" അല്ലെങ്കില്"ദൈവത്തിന്റെ പ്രഭാഷണം" എന്നിങ്ങനെ പരിഭാഷപ്പെടുത്താം. "എന്റെ ശ്വാസം പിടിക്കട്ടെ'' അല്ലെങ്കില്"ഞാന്ശ്വാസം എടുക്കട്ടെ" എന്ന ആശയം "വളരെ സാവകാശമായി ഞാന്ശ്വാസോച്ഛ്വാസം ചെയ്യട്ടെ" അല്ലെങ്കില്"സാധാരണ നിലയില്ശ്വാസോച്ഛ്വാസം ചെയ്യുവാന്തിടുക്കം കാട്ടുന്നത് നിര്ത്തട്ടെ" എന്നു പരിഭാഷപ്പെടുത്താം. "അവസാന ശ്വാസം മാത്രം" എന്ന പ്രയോഗം അര്ത്ഥമാക്കുന്നത് "വളരെ കുറച്ചു സമയം മാത്രമേ അവശേഷിക്കുന്നുള്ളൂ" എന്നാണ്.
- ഇതുപോലെ "മനുഷ്യന്ഒരു ശ്വാസം മാത്രം" എന്ന പ്രയോഗം അര്ത്ഥമാക്കു ന്നത് 'ജനം വളരെ കുറച്ചുകാലം മാത്രമേ ജീവിക്കുന്നുള്ളു" അല്ലെങ്കില്"ഒരു ശ്വാസമെന്നപോലെ മനുഷ്യരുടെ ജീവിതമെന്നത്വളരെ ചെറുതാണ്"അല്ലെങ്കില്"ദൈവവുമായി താരതമ്യം ചെയ്യുമ്പോള്, ഒരു വ്യക്തിയുടെ ജീവിതം എന്നത് ഒരു ശ്വാസം ശ്വാസോച്ഛ്വാസം ചെയ്യുന്നത്ര ഹ്രസ്വമായി കാണുന്നു" എന്നിപ്രകാരം അര്ത്ഥമാക്കുന്നു.

(കാണുക: ആദാം, പൌലോസ്, ദൈവവചനം, ജീവിതം)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്17:17:-18
- സഭാപ്രസംഗി 08:8-9
- ഇയ്യോബ് 04:7-9

- വെളിപ്പാട് 11:10-12
- വെളിപ്പാട് 13:15-17

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3307, H5301, H5396, H5397, H7307, H7309, G1709, G1720, G4157

# സംഭരണശാല, സംഭാരനശാലകള്

## നിര്വചനം:

“സംഭാരനശാല” എന്നാല് ഭക്ഷ്യവസ്തുക്കളോ, മറ്റിതര സാധനങ്ങളോ, ദീര്ഘകാലത്തേക്ക് സൂക്ഷിച്ചു വെക്കുവാന് ഉപയോഗിക്കുന്ന വലിയ കെട്ടിടം ആകുന്നു.

- ദൈവവചനത്തില് ഒരു “സംഭാരനശാല” എന്നത് സാധാരണയായി അധികമായി വരുന്ന ധാന്യങ്ങളും മറ്റു ഭക്ഷ്യവസ്തുക്കളും ക്ഷാമകാലത്തേക്ക് വേണ്ടി കരുതി വെക്കുന്ന സ്ഥലം എന്ന് ആകുന്നു.
- ഈ പദം ഉപമാനമായി ദൈവം തന്റെ ജനത്തിനു വേണ്ടി നല്കുവാന് ഉദ്ദേശിക്കുന്ന എല്ലാ നല്ല കാര്യങ്ങളെയും സൂചിപ്പിക്കുവാനായും ഉപയോഗിച്ചിട്ടുണ്ട്.
- ദേവാലയത്തിലെ സംഭാരണശാലകള് യഹോവക്കായി നിവേദിക്കപ്പെട്ടിട്ടുള്ള സ്വര്ണ്ണം, വെള്ളി ആദിയായ വിലപിടിപ്പുള്ള വസ്തുക്കള് ശേഖരിക്കപ്പെട്ടിട്ടുള്ളതാണ്. ഇവയില് ചിലത് ദേവാലയത്തിന്റെ അറ്റകുറ്റപ്പണികള്ക്കു വേണ്ടിയും പരിപാലനത്തിന് വേണ്ടിയും സൂക്ഷിച്ചു വന്നിരുന്നു.
- ”സംഭരണശാല” എന്നത് “ധാന്യം സംഭരിച്ചു വെക്കുവാന് ഉള്ള കെട്ടിടം” അല്ലെങ്കില് “ഭക്ഷ്യവസ്തുക്കള് സൂക്ഷിക്കുവാന് ഉള്ള സ്ഥലം” അല്ലെങ്കില് വിലപിടിപ്പുള്ള വസ്തുക്കള് സുരക്ഷിതമായി വെക്കുവാന് ഉള്ള അറ” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: വേര്തിരിക്കുക, നിവേദിക്കുക, ക്ഷാമം, സ്വര്ണ്ണം, ധാന്യം, വെള്ളി, ദേവാലയം)

## ദൈവ വചന സൂചികകള്:

- 2 ദിനവൃത്താന്തങ്ങള്
- ലൂക്കോസ് 03:17
- മത്തായി 03:10-12
- സങ്കീര്ത്തനങ്ങള്033:7-9

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H214, H618, H624, H4035, H4200, H4543, G596

# സത്യസന്തത

## നിര്വചനം:

“സത്യസന്ധത” എന്ന പദം ശക്തമായ ധാര്മിക മൂല്യങ്ങളോടും സ്വഭാവങ്ങളോടും കൂടെ വിശ്വസ്തത ഉള്ളവന് ആയിരിക്കുക എന്നതിനെ “സത്യസന്ധത ഉള്ളവന്” എന്ന് പറയുന്നു.

- സത്യസന്ധത ഉള്ളവന് ആയിരിക്കുക എന്നതിന് വിശ്വസ്തതയും നീതിയും ആയുള്ളതിനെ ആരും തന്നെ കാണുന്നില്ലെങ്കില് പോലും തിരഞ്ഞെടുക്കുന്നതിനെ അര്ത്ഥമാക്കുന്നു.
- ദൈവ വചനത്തിലുള്ള ചില കഥാപാത്രങ്ങള്, യോസേഫിനെ പോലെയും ദാനിയേലിനെ പോലെയും ഉള്ളവര്, തിന്മയായതിനെ നിഷേധിച്ചു ദൈവത്തെ അനുസരിക്കുന്നതിനെ തിരഞ്ഞെടുത്തു കൊണ്ട് സത്യസന്ധത പ്രകടിപ്പിച്ചു.
- സദൃശവാക്യങ്ങള് എന്ന പുസ്തകം പറയുന്നത് അനീതിയും അവിശ്വസ്തതയോടും കൂടെ ധനികന് ആയിരിക്കുന്നതിനേക്കാള് സത്യസന്ധതയോടു കൂടെ ദരിദ്രന് ആയിരിക്കുന്നത് ഉത്തമം എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- “സത്യസന്ധത” എന്ന പദം “വിശ്വസ്തത” അല്ലെങ്കില് “ധാര്മ്മിക നീതി” അല്ലെങ്കില് “വിശ്വസനീയമായ നിലയില് ഉള്ള പ്രതികരണം” അല്ലെങ്കില് “വിശ്വാസ യോഗ്യമായ, വിശ്വസ്ത രീതിയില് ഉള്ള പ്രവര്ത്തനം” എന്നും പരിഭാഷ ചെയ്യാം.

(കാണുക: ദാനിയേല്, യോസെഫ്)

## ദൈവ വചന സൂചികകള്

- 1 രാജാക്കന്മാര് 09:4-5
- ഇയ്യോബ് 02:3
- ഇയ്യോബ് 04:4-6
- സദൃശവാക്യങ്ങള് 10:8-9
- സങ്കീര്ത്തനം 026:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3476, H6664, H6666, H8535, H8537, H8538, H8549, G4587

# സദൃശവാക്യം, സദൃശവാക്യങ്ങൾ

## നിർവചനം:

ഒരു സദൃശവാക്യം എന്നത് ജ്ഞാനം അല്ലെങ്കിൽ സത്യം വെളിപ്പെടുത്തുന്ന ഒരു ചെറിയ പ്രസ്താവന ആകുന്നു.

- സദൃശവാക്യങ്ങൾ ശക്തമത്തായത് ആണ് എന്തുകൊണ്ടെന്നാൽ അവ ഓർക്കുവാനും പുനരാവർത്തനം ചെയ്യുവാനും എളുപ്പം ആയവ ആകുന്നു.
- സാധാരണയായി ഒരു സദൃശവാക്യം എന്നത് അനുദിന ജീവിതത്തിൽ നിന്നുള്ള പ്രായോഗിക ഉദാഹരണങ്ങൾ ഉൾപ്പെട്ടവ ആയിരിക്കും വ
- ചില സദൃശവാക്യങ്ങൾവളരെ വ്യക്തവും നേരിട്ട് പ്രതിപാദിക്കുന്നവയും ആയിരിക്കുമ്പോൾ, മറ്റുള്ളവ ഗ്രഹിക്കുവാൻ പ്രയാസം ഉള്ളവയും ആയിരിക്കും.
- രാജാവായ ശലോമോൻ തന്റെ ജ്ഞാനത്തിനു പ്രസിദ്ധനും 1,000 ത്തിലും അധികം സദൃശവാക്യങ്ങൾ എഴുതിയിട്ടുള്ളതു നിമിത്തം അറിയപ്പെടുന്നവനും ആകുന്നു.
- യേശു ജനത്തെ ഉപദേശിക്കുമ്പോൾ എല്ലാം സദൃശവാക്യങ്ങൾ അല്ലെങ്കിൽ ഉപമകൾ ഉപയോഗിക്കുക പതിവായിരുന്നു.
- "സദൃശവാക്യങ്ങളെ" പരിഭാഷ ചെയ്യുവാൻ "ജ്ഞാന മൊഴികൾ" ല്ലെങ്കിൽ "സത്യ വചസ്" എന്ന് പറയുന്നു.

(കാണുക: ശലോമോൻ, സത്യം, ജ്ഞാനം)

## ദൈവ വചന സൂചികകൾ:

- 1 രാജാക്കന്മാർ 04:32-34
- 1 ശമുവേൽ 24:12-13
- 2 പത്രോസ് 02:20-22
- ലൂക്കോസ് 04:23-24
- സദൃശവാക്യങ്ങൾ 01:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2420, H4911, H4912, G3850, G3942

# സദ്യ, സദ്യകള്, സദ്യ നല്കുക

## നിര്വചനം:

സാധാരണയായി ഏതെങ്കിലും ആഘോഷത്തിന്റെ ഭാഗമായി ഒരുകൂട്ടം ആളുകള് ഒത്തൊരുമിച്ചു വലിയ ഭക്ഷണ ക്രമീകരണം നടത്തു ന്നതിനാണ് "സദ്യ" എന്നു പറയുന്നത്. "സദ്യയില്പങ്കെടുക്കുക" എന്ന പ്രവര്ത്തി അര്ത്ഥമാക്കുന്നത് വലിയ അളവില്ഭക്ഷണം കഴിക്കുക അല്ലെങ്കില്ഒരുമിച്ചു സദ്യയില്ഭക്ഷണം കഴിക്കുക എന്നാണ്.

- പ്രത്യേക സദ്യകളില്കഴിക്കുവാനുള്ള പ്രത്യേക തരം ഭക്ഷണങ്ങള്ഉണ്ട്.
- യഹൂദന്മാര്ആഘോഷിക്കണമെന്ന് ദൈവ അവരോടു കല്പ്പിച്ച മതപരമായ ഉത്സവങ്ങളില്ഒത്തൊരുമിച്ചുള്ള സദ്യയും ഉണ്ടായിരുന്നു. ആയതിനാല്ഈ ക്കാരണത്താല്ഉത്സവങ്ങളെ "സദ്യകള്" എന്നു വിളിച്ചിരുന്നു.
- ദൈവവചന കാലഘട്ടത്തില്, രാജാക്കന്മാരും അധികാരമുള്ള ജനങ്ങളും അവരുടെ കുടുംബങ്ങള്ക്കോ സ്നേഹിതന്മാര്ക്കോ സാധാരണയായി സദ്യകള്ഒരുക്കാറുണ്ട്.
- നഷ്ടപ്പെട്ടുപോയ മകന്റെ കഥയില്, പിതാവ് തന്റെ മകന്റെ മടങ്ങി വരവില്സന്തോഷിക്കുവാനായി ഒരു പ്രത്യേക സദ്യ ഒരുക്കിയിരുന്നു.
- ചില സന്ദര്ഭങ്ങളില്സദ്യ ചില ദിവസങ്ങള്ക്കോ അധികമോ തുടരുമായിരുന്നു.
- "സദ്യ കഴിക്കുക" എന്ന പദം "ധാരാളം ഭക്ഷിക്കുക" അല്ലെങ്കില്"ധാരാളം ഭക്ഷണം കഴിച്ചു ആഘോഷിക്കുക" അല്ലെങ്കില്"പ്രത്യേകമായ, വലിയ ഭക്ഷണം കഴിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- സാഹചര്യങ്ങള്ക്കനുസ്യതമായി, "സദ്യ" എന്നത് "വലിയ ഭക്ഷണത്തോടുകൂടെ ഒരുമിച്ചു കൂടി ആഘോഷിക്കുക" അല്ലെങ്കില്"ധാരാളം ഭക്ഷണ പദാര്ത്ഥങ്ങളോട് കൂടിയ ഭക്ഷണം" അല്ലെങ്കില്"ഒരു ആഘോഷ ഭക്ഷണം." എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക:ഉത്സവം)

## ദൈവവചന സൂചികകള്:

- 2 പത്രോസ് 02:12-14
- ഉല്പ്പത്തി 26:30-31
- ഉല്പ്പത്തി 29:21-22
- ഉല്പ്പത്തി 40:20-23
- യൂദ 01:12-13
- ലൂക്കോസ് 02:41-44
- ലൂക്കോസ് 14:7-9
- മത്തായി 22:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H398, H2077, H2282, H2287, H3899, H3900, H4150, H4580, H4797, H4960, H7646, H8057, H8354, G26, G755, G1062, G1173, G1403, G1456, G1858, G1859, G2165, G3521, G4910

# സന്തതി

## നിര്വചനം:

“സന്തതി” എന്ന പദം മനുഷ്യരുടെ അല്ലെങ്കില് മൃഗങ്ങളുടെ ജൈവശാസ്ത്രപരമായ സന്തതികളെ സൂചിപ്പിക്കുന്നു.

- ദൈവ വചനത്തില് അടിക്കടി, “സന്തതി” എന്നുള്ളത് “മക്കള്” അല്ലെങ്കില് “പിന്തലമുറകള്” എന്ന ഒരേ അര്ത്ഥം തന്നെയാണ് ഉള്ളത്.
- “വിത്ത്” എന്ന പദം ചില സമയങ്ങളില് ഉപമാനമായി സന്തതിയെ സൂചിപ്പിക്കുന്നു.

(കാണുക: സന്തതി, വിത്ത്)

## ദൈവ വചന സൂചികകള്:

- അപ്പോ.17:28-29
- അപ്പോ.13:11-13
- പുറപ്പാട് 24:5-7
- ഉല്പത്തി 24:5-7
- യെശ്ശയ്യാവ് 41:8-9
- ഇയ്യോബ് 05:23-25
- മത്തായി 12:നന-35

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1121, H2233, H5209, H6363, H6529, H6631, G1081, G1085

# സന്തോഷം, സന്തോഷ പൂര്ണ്ണം, സന്തോഷ പൂര്വമായ, സന്തോഷ പൂര്ണ്ണത, സന്തോഷിക്കുക, സന്തോഷിക്കുന്നു, സന്തോഷിച്ച, സന്തോഷിക്കുന്ന, ഉല്ലാസം, ആഹ്ലാദിക്കുക, ആഹ്ലാദിക്കുന്നു, ആഹ്ലാദിച്ചു, ആഹ്ലാദിക്കുന്ന

## നിര്വചനം:

സന്തോഷം എന്നത് ദൈവത്തില് നിന്നും വരുന്നതായ ഉല്ലാസത്തിന്റെ അല്ലെങ്കില് ആഴമായ തൃപ്തിയുടെ ഒരു അനുഭവം ആകുന്നു. "സന്തോഷ പൂര്ണ്ണം" എന്ന അനുബന്ധ പദം ഒരു വ്യക്തി വളരെ ഉല്ലാസവാനായി ആഴമായ സന്തോഷം അനുഭവിക്കുന്ന അവസ്ഥയെ സൂചിപ്പിക്കുന്നു. താന് അനുഭവിക്കുന്ന കാര്യം തനിക്കു വളരെ സന്തോഷം നല്കുന്നതായി ഒരു ആഴമായ വികാരം ഒരു മനുഷ്യന് ഉണ്ടാകുന്നത് ആ മനുഷ്യന് ഉണ്ടാകുന്ന നല്ല അനുഭവം ആകുന്നു.

- ജനത്തിനു യഥാര്ത്ഥമായ സന്തോഷം നല്കുന്നത് ദൈവം ആകുന്നു.
- സന്തോഷം ഉണ്ടാകുക എന്നത് രമ്യമായ സാഹചര്യങ്ങളെ ആശ്രയിച്ചു അല്ല. ജനത്തിന്റെ ജീവിതങ്ങളില് വിഷമകരമായ സംഭവങ്ങള് സംഭവിക്കുമ്പോള് പോലും അവര്ക്ക് സന്തോഷം നല്കുവാന് ദൈവത്തിനു കഴിയും.
- ചില സന്ദര്ഭങ്ങളില് സ്ഥലങ്ങളെ സന്തോഷ പൂര്ണ്ണമായ, ഭവനങ്ങള് അല്ലെങ്കില് പട്ടണങ്ങള് എന്ന് വിശേഷിപ്പിക്കാറുണ്ട്. ഇതിന്റെ അര്ത്ഥം അവിടെ വസിക്കുന്ന ജനം സന്തോഷ പൂര്ണത ഉള്ളവര് ആയിരിക്കുന്നു എന്നാണ്. "ആഹ്ലാദിക്കുക" എന്ന പദം സന്തോഷ പൂര്ണ്ണത എന്നും ആഹ്ലാദവും എന്ന് അര്ത്ഥം നല്കുന്നു.
- ഈ പദം അടിക്കടി ദൈവം ചെയ്യുന്ന നല്ല കാര്യങ്ങള് നിമിത്തം ഉണ്ടാകുന്ന അതിയായ സന്തോഷത്തെ സൂചിപ്പിക്കുന്നു.
- ഇത് "വളരെ സന്തോഷം ഉള്ളവന് ആയിരിക്കുക" അല്ലെങ്കില് "വളരെ ആഹ്ലാദം ഉള്ളവന് ആയിരിക്കുക" അല്ലെങ്കില് "വളരെ സന്തോഷം ഉള്ളവന് ആയിരിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- മറിയ പ്രസ്താവിക്കുമ്പോള്" എന്റെ പ്രാണന് എന്റെ രക്ഷിതാവായ ദൈവത്തില് ഉല്ലസിക്കുന്നു" എന്നതില് അവള് അര്ത്ഥം നല്കുന്നത് "ദൈവമായ എന്റെ രക്ഷകന് എന്നെ വളരെ സന്തോഷവതി ആക്കിയിരിക്കുന്നു" അല്ലെങ്കില് "ദൈവമായ എന്റെ രക്ഷകന് എനിക്കു ചെയ്തവ നിമിത്തം ഞാന് വളരെ സന്തോഷ പൂര്ണത അനുഭവിക്കുന്നു" എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- "സന്തോഷം" എന്ന പദം "ആഹ്ലാദം" അല്ലെങ്കില് "ഉല്ലാസം" അല്ലെങ്കില് "മഹാ സന്തോഷം" എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- "സന്തോഷവാന് ആയിരിക്കുക" എന്ന പദസഞ്ചയം "സന്തോഷിക്കുക" അല്ലെങ്കില് "വളരെ നന്നായി ആഹ്ലാദിക്കുക" എന്ന് പരിഭാഷ ചെയ്യാം അല്ലെങ്കില് "ദൈവത്തിന്റെ നന്മയില് വളരെ സന്തോഷം ഉള്ളവനായി കാണപ്പെടുക" എന്നും പരിഭാഷ ചെയ്യാം.
- സന്തോഷ പൂര്ണന് ആയിരിക്കുന്ന ഒരു വ്യക്തിയെ "വളരെ സന്തോഷം ഉള്ളവന്" അല്ലെങ്കില് "ആഹ്ലാദ ചിത്തന്" അല്ലെങ്കില് "ആഴമായ ഉല്ലാസം ഉള്ളവന്" എന്നിങ്ങനെ വിശദീകരണം നല്കാം.
- "സന്തോഷ പൂര്ണമായ ഘോഷം ഉണ്ടാക്കുക" പോലുള്ള പദസഞ്ചയം "നിങ്ങള് സന്തോഷ പൂര്ണത ഉള്ളവന് ആയിരിക്കുന്നു എന്ന് പ്രകടമാക്കുന്ന രീതിയില് ഉറക്കെ ഘോഷിക്കുക" എന്ന് പരിഭാഷ ചെയ്യാം.
- ഒരു "സന്തോഷ പൂര്ണമായ നഗരം" അല്ലെങ്കില് "സന്തോഷ പൂര്ണ്ണമായ ഭവനം" എന്നത് "സന്തോഷ പൂര്ണതയുള്ള ജനങ്ങള് വസിക്കുന്ന പട്ടണം" അല്ലെങ്കില് "സന്തോഷ പൂര്ണതയുള്ള ജനങ്ങള് പാര്ക്കുന്ന ഭവനം" അല്ലെങ്കില് "വളരെ സന്തോഷമുള്ള ജനങ്ങള് താമസിക്കുന്ന പട്ടണം" എന്ന് പരിഭാഷ ചെയ്യാം. (കാണുക: കാവ്യാലങ്കാരം

## ദൈവ വചന സൂചികകള്:

- നെഹെമ്യാവ് 08:9-10
- സങ്കീര്ത്തനം 048:1-3
- യെശ്ശയ്യാവ് 56:6-7
- യിരെമ്യാവ് 15:15-16
- മത്തായി 02:9-10
- ലൂക്കോസ് 15:6-7

- ലൂക്കോസ് 19:37-38
- യോഹന്നാന്:29-30
- അപ്പോ.16:32-34
- റോമര്:1-2
- റോമര്:30-32
- ഗലാത്യര്05:22-24
- ഫിലിപ്പിയര്:10-13
- 1 തെസ്സലോനിക്യര്:6-7
- 1 തെസ്സലോനിക്യര്:15-18
- ഫിലേമോന്:4-7
- യാക്കോബ് 01:1-3
- 3 യോഹന്നാന്:1-4

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **33:07** "പാറ സ്ഥലമെന്നതോ ഒരു മനുഷ്യന് ദൈവത്തിന്റെ വചനം കേള്ക്കുകയും **സന്തോഷത്തോടെ** അത് സ്വീകരിക്കുകയും ചെയ്യുന്ന വ്യക്തി ആകുന്നു."
- **34:04** "ദൈവരാജ്യം എന്നത് ഒരുവന് ഒരു വയലില് ഒരു നിധി ഒളിപ്പിച്ചു വെച്ചത് പോലെയാകുന്നു. വേറൊരു വ്യക്തി ആ നിധി കണ്ടുപിടിച്ചു അനന്തരം അത് വീണ്ടും കുഴിച്ചിട്ടു. താന് **സന്തോഷം** കൊണ്ട് നിറഞ്ഞവനായി, കടന്നുപോയി തനിക്കു ഉണ്ടായിരുന്ന സകലത്തെയും വിറ്റു ആ പണം ഉപയോഗിച്ചു ആ വയല്വാങ്ങി."
- **41:07** സ്ത്രീകള് ഭയം നിറഞ്ഞവരായും വളരെ **സന്തോഷം** ഉള്ളവരായും കാണപ്പെട്ടിരുന്നു അവര് ശിഷ്യന്മാരോട് ഈ സുവാര്ത്ത അറിയിക്കുവാനായി ഓടിപ്പോയി.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1523, H1524, H1525, H1750, H2302, H2304, H2305, H2654, H2898, H4885, H5937, H5938, H5947, H5965, H5970, H6342, H6670, H7440, H7442, H7444, H7445, H7797, H7832, H8055, H8056, H8057, H8342, H8643, G20, G21, G2165, G2167, G2620, G2744, G2745, G3685, G4640, G4796, G4913, G5463, G5479

# സന്ദേശ വാഹകന്, സന്ദേശ വാഹകന്മാര്

## വസ്തുതകള്:

"ദൂതന്" എന്ന പദം സൂചിപ്പിക്കുന്നത് മറ്റുള്ളവരോട് പ്രസ്ഥാവിക്കുവാന്ഉള്ള സന്ദേശം നല്കപ്പെട്ടിട്ടുള്ള ഒരുവന്എന്നാണ്.

- പുരാതന കാലത്തില്, ഒരു ദൂതന്യുദ്ധ മുന്നണിയില്നിന്ന് പട്ടണത്തില്ഉള്ള ജനത്തിന്റെ അടുക്കലേക്കു യുദ്ധഭൂമിയില്എന്ത് സംഭവിച്ചു കൊണ്ടിരിക്കുന്നു എന്ന സന്ദേശം നല്കുവാന്വേണ്ടി അയക്കപ്പെടുമായിരുന്നു.
- ഒരു ദൈവദൂതന്എന്ന ആള്ജനത്തിനു സന്ദേശം നല്കേണ്ടതിനു ദൈവത്താല്അയക്കപ്പെടുന്ന പ്രത്യേക സന്ദേശ വാഹകന്ആകുന്നു. ചില പരിഭാഷകള്"ദൈവ ദൂതന്" എന്നതിന് "സന്ദേശ വാഹകന്" എന്ന് പരിഭാഷ ചെയ്യുന്നു.
- സ്നാപക യോഹന്നാനെ യേശുവിനു മുന്പായി കടന്നു വന്ന മശീഹയുടെ ആഗമനത്തെ കുറിച്ചു പ്രഖ്യാപനം ചെയ്യുന്നവനും ജനം അവനെ സ്വീകരിക്കുവാന് ഒരുക്കേണ്ടതിനും കടന്നു വന്ന സന്ദേശ വാഹകന്എന്ന് വിളിച്ചിരുന്നു.
- യേശുവിന്റെ അപ്പോസ്തലന്മാര്അവന്റെ സന്ദേശ വാഹകന്മാരായി ദൈവ രാജ്യത്തിന്റെ സുവാര്ത്ത മറ്റുള്ളവരുമായി പങ്കു വെക്കേണ്ടതിനു കടന്നു പോകുന്നവര്ആയിരുന്നു.

(കാണുക: ദൈവ ദൂതന്, അപ്പോസ്തലന്, യോഹന്നാന്സ്നാപകന്)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്19:1-3
- 1 ശമുവേല്06:21
- 2 രാജാക്കന്മാര്01:1-2
- ലൂക്കോസ് 07:27-28
- മത്തായി 11:9-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1319, H4397, H4398, H5046, H5894, H6735, H6737, H7323, H7971, G32, G652

# സഭ, സഭകള്, കൂടിവരിക, കൂടിവന്നു

## നിര്വചനം

“സഭ” എന്ന പദം സാധാരണയായി ഒരുകൂട്ടം ആളുകള്ഒരുമിച്ചു കൂടിവന്ന് പ്രശ്നങ്ങളെക്കുറിച്ച് ആലോചന നടത്തുകയും, ഉപദേശം നല്കുകയും, തീരുമാനങ്ങള്എടുക്കുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.

- ഒരു സഭ എന്നത് ഔദ്യോഗികമായും ഒരുവിധത്തില്സ്ഥിരമായതും ആയ നിലയില്ഒരു സംഘം രൂപികരിക്കുന്നതായിരിക്കും, അല്ലെങ്കില്ഒരു സംഘം ആളുകള്താത്കാലികമായി ഒരു പ്രത്യേക ആവശ്യത്തോടെയോ സാഹചര്യത്തി ലോ ഒരുമിച്ചു കൂടുന്നത് ആയിരിക്കും.
- പഴയനിയമത്തില് “വിശുദ്ധ സഭ” എന്ന ഒരു പ്രത്യേക സഭ ഉണ്ടായിരുന്നു, അവിടെ യഹോവയെ ആരാധിപ്പാനായി ഇസ്രയേല്ജനം കൂടി വരുമായിരുന്നു.
- ചില സന്ദര്ഭങ്ങളില്“സഭ” എന്ന പദം ഇസ്രയേല്ജനത്തെ, ഒരു പ്രത്യേക വിഭാഗമായി സൂചിപ്പിച്ചിരുന്നു.
- ശത്രു സൈനികര്ഒരു വലിയ സംഘമായി കൂടിവരുമ്പോള്ചിലസമയങ്ങളില്അത് ഒരു “സഭ” എന്നു സൂചിപ്പിക്കപ്പെട്ടുവന്നു.

ഇതു “സൈന്യം” എന്നു പരിഭാഷപ്പെടുത്താം.

- പുതിയനിയമത്തില്, 70 യഹൂദ നേതാക്കന്മാര്യെരുശലേം ആദിയായ പ്രധാന പട്ടണങ്ങളില്നിയമപരമായ കാര്യങ്ങള്ന്യായം വിധിക്കേണ്ടതിനും ജനങ്ങള്ക്കി ടയിലുള്ള തര്ക്കങ്ങള്പരിഹരിക്കേണ്ടതിനും കൂടിവരുന്ന സഭ ഉണ്ടായിരുന്നു. ഈ സഭ “സന്ഹെദ്രിം” അല്ലെങ്കില്“ആലോചന സംഘം” എന്നറിയപ്പെട്ടിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്

- സാഹചര്യമനുസരിച്ച്, “സഭ” എന്നത് “പ്രത്യേക കൂടിവരവ്” അല്ലെങ്കില്“പരിഷത്ത്” അല്ലെങ്കില്“ആലോചന സംഘം” അല്ലെങ്കില്“സൈന്യം” അല്ലെങ്കില് “വലിയ കൂട്ടം’ എന്നും പരിഭാഷപെടുത്താം.
- “സഭ” എന്ന പദം സാധാരണയായി മുഴുവന്ഇസ്രയേല്യരെ സൂചിപ്പിക്കുമ്പോ ള്, ഇതു ഒരു “സമൂഹം” അല്ലെങ്കില്“ഇസ്രയേല്ജനം” എന്നും പരിഭാഷ പ്പെടുത്താം.

“സര്വസഭയും” എന്ന പദസഞ്ചയം “എല്ലാ ജനങ്ങളും” അല്ലെങ്കില്“ഇസ്രായേലിലെ സര്വ വിഭാഗങ്ങളും” അല്ലെങ്കില്എല്ലാവരും” എന്നു പരിഭാഷപ്പെടുത്താം. (കാണുക:അതിശയോക്തിയലങ്കാരം)

(കാണുക:കാര്യാലോചന സമിതി)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്08:14-16
- അപ്പോ.പ്രവര്ത്തികള്07:38-40
- എസ്രാ 10:12-13
- എബ്രായര്12:22-24
- ലേവ്യപുസ്തകം 04:20-21
- നെഹെമ്യാവ് 08:1-3

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H622, H627, H1413, H1481, H2199, H3259, H4150, H4186, H4744, H5475, H5712, H5789, H6116, H6633, H6908, H6950, H6951, H6952, H7284, G1577, G1997, G3831, G4863, G4864, G4871, G4905

# സമയം, സമയങ്ങള്

## നിര്വചനം:

എപ്പോള്അല്ലെങ്കില്എത്ര കാലം ഒരു കാര്യം നിര്വഹിക്കുവാന്വേണ്ടിവരും എന്നതിന് ഉപരിയായി, “സമയം” എന്ന പദം പലവിധ ഉപമാന രൂപങ്ങളിലും ഉപയോഗിക്കാറുണ്ട്.

- ചിലപ്പോള്“സമയം” എന്നത് കൃത്യമായ, ചിലത് ചെയ്യുവാന്നിയമിച്ച സമയം, അതായത് “പ്രാര്ഥനയുടെ സമയം” പോലുള്ളതിനെ സൂചിപ്പിക്കുന്നു.
- ”സമയം വന്നു” എന്ന് തിരു വചനം യേശുവിന്റെ യാതനയുടെയും മരണത്തിനു വിധേയനാകുന്ന സമയത്തെയും കുറിച്ച് പ്രസ്താവിക്കുമ്പോള്, അതിന്റെ അര്ത്ഥം ഇത് സംഭവിക്കുവാന്നിശ്ചയിക്കപ്പെട്ട സമയം-ആ സമയത്തെ ദൈവം വളരെ മുന്പ് തന്നെ തിരഞ്ഞെടുത്തിരുന്നു എന്നാണ്.
- ”സമയം” എന്ന പദം “ആ സന്ദര്ഭത്തില്” അല്ലെങ്കില്“അപ്പോള്തന്നെ” എന്നും അര്ത്ഥം നല്കുവാന്ഉപയോഗിക്കുന്നു.
- കാലതാമസം എന്ന് പറയുവാന്“സമയത്തെ” ദൈവ വചനം പ്രസ്താവിക്കുമ്പോള്, ഇതിന്റെ അര്ത്ഥം ദിവസത്തിന്റെ വൈകിയ സമയം സൂര്യന്അസ്തമിക്കാറാകുന്ന വേള എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- ഉപമാന രൂപത്തില്ഉപയോഗിക്കുമ്പോള്, “സമയം” എന്ന പദം “കാലം” അല്ലെങ്കില്“സന്ദര്ഭം” അല്ലെങ്കില്”നിയമിക്കപ്പെട്ട സമയം” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”ആ സമയത്ത് തന്നെ” അല്ലെങ്കില്“അതേ സമയം” എന്ന പദസഞ്ചയങ്ങള്“ആ സന്ദര്ഭത്തില്” അല്ലെങ്കില്“ആ സമയത്ത്” അല്ലെങ്കില്“പെട്ടെന്ന്” അല്ലെങ്കില്“അപ്പോള്തന്നെ” എന്ന് പരിഭാഷ ചെയ്യാം.
- ”സമയം താമസിച്ചു പോയി” എന്ന പദപ്രയോഗം “ദിവസത്തിന്റെ വൈകിയ വേള” അല്ലെങ്കില്“ഇപ്പോള്തന്നെ പെട്ടെന്ന് ഇരുട്ടാകുന്നതു” അല്ലെങ്കില്“ഉച്ചകഴിഞ്ഞ് വളരെ താമസിച്ച്” എന്ന് പരിഭാഷ ചെയ്യാം.

(കാണുക: സമയം)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്15:29-30
- അപ്പോ.10:30-33
- മര്ക്കോസ് 14:35-36

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8160, G5610

# സമയം, സമയോചിതമായ, സമയങ്ങള്, അസമയത്തുള്ള

## വസ്തുതകള്:

ദൈവ വചനത്തില്"സമയം" എന്ന പദം സാധാരണ ഉപമാനമായി ഒരു പ്രത്യേക കാലഘട്ടത്തെയോ കാലയളവിനെയോ പ്രത്യേക സംഭവങ്ങള്നടക്കുമ്പോള്സൂചിപ്പിക്കുന്നു. ഇതിനു "യുഗം" അല്ലെങ്കില്"കാലഘട്ടം" അല്ലെങ്കില്"കാലം" എന്നിങ്ങനെ സമാനമായ അര്ഥങ്ങള്ഉണ്ട്.

- ദാനിയേല്, വെളിപ്പാട് എന്നീ രണ്ടു പുസ്തകങ്ങളിലും ഒരു വലിയ പ്രതിസന്ധി അല്ലെങ്കില്ഉപദ്രവ "സമയം" ഭൂമിയില്വരുവാന്പോകുന്നു എന്ന് പ്രസ്താവിച്ചിരിക്കുന്നു.
- "കാലവും, കാലങ്ങളും, അര്ദ്ധ കാലവും" എന്നുള്ള പദസഞ്ചയത്തില്"കാലം" എന്നത് "വര്ഷം" എന്നാണ് അര്ത്ഥം നല്കുന്നത്. ഈ പദസഞ്ചയം സൂചിപ്പിക്കുന്നത് ഇപ്പോഴത്തെ യുഗത്തിന്റെ അവസാനത്തില്ഉള്ള മൂന്നര വര്ഷ മഹോപദ്രവ കാലഘട്ടത്തെ സൂചിപ്പിക്കുന്നു.
- "സമയം" എന്നത് "മൂന്നാം പ്രാവശ്യം" എന്ന പദസഞ്ചയത്തില്സൂചിപ്പിക്കുന്നതുപോലെ "സന്ദര്ഭം" എന്ന് അര്ത്ഥം നല്കുന്നു. "നിരവധി സമയങ്ങള്" എന്ന പദസഞ്ചയം "നിരവധി സന്ദര്ഭങ്ങളില്" എന്ന് അര്ത്ഥം നല്കുന്നു.
- "തക്ക സമയത്തില്" എന്നതിന്റെ അര്ത്ഥം, കാലതാമസം വരുത്താതെ പ്രതീക്ഷിച്ച സമയത്ത് എത്തിച്ചേരുക എന്ന് അര്ത്ഥം നല്കുന്നു.
- സാഹചര്യത്തിനു അനുസൃതമായി, "സമയം" എന്ന പദം "കാലഘട്ടം" അല്ലെങ്കില്"കാലയളവ്" അല്ലെങ്കില്"നിമിഷം" അല്ലെങ്കില്"പരിപാടി" അല്ലെങ്കില്"സംഭവം" എന്നിങ്ങനെ പരിഭാഷ ചെയ്യാവുന്നതാണ്.
- "സമയങ്ങളും കാലങ്ങളും" എന്ന പദസഞ്ചയം ഒരു ഉപമാന രീതിയില്ഉള്ള പദപ്രയോഗമായി ഒരു ആശയത്തെ രണ്ടു പ്രാവശ്യം സൂചിപ്പിക്കുന്നതായി കാണപ്പെടുന്നു. ഇത് "ചില പ്രത്യേക സംഭവങ്ങള്പ്രത്യേക കാലഘട്ടങ്ങളില്സംഭവിക്കുന്നു" എന്നും പരിഭാഷ ചെയ്യാവുന്നതാണ്. (കാണുക: ദ്വിഗുണീകരണം)

(കാണുക: യുഗം, ഉപദ്രവം)

## ദൈവ വചന സൂചികകള്:

- അപ്പോ.01:6-8
- ദാനിയേല് 12:1-2
- മര്ക്കോസ് 11:11-12
- മത്തായി 08:28-29
- സങ്കീര്ത്തനങ്ങള്068:28-29
- വെളിപ്പാട് 14:14-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H116, H227, H268, H310, H570, H865, H1697, H1755, H2165, H2166, H2233, H2465, H3027, H3117, H3118, H3119, H3259, H3427, H3706, H3967, H4150, H4279, H4489, H4557, H5331, H5703, H5732, H5750, H5769, H6049, H6235, H6256, H6258, H6440, H6471, H6635, H6924, H7105, H7138, H7223, H7272, H7281, H7637, H7651, H7655, H7659, H7674, H7992, H8027, H8032, H8138, H8145, H8462, H8543, G744, G530, G1074, G1208, G1441, G1597, G1626, G1909, G2034, G2119, G2121, G2235, G2250, G2540, G3379, G3461, G3568, G3763, G3764, G3819, G3956, G3999, G4178, G4181, G4183, G4218, G4277, G4287, G4340, G4455, G5119, G5151, G5305, G5550, G5551, G5610

# സമര്പ്പിക്കുക, സമര്പ്പിക്കുന്നു, സമര്പ്പിക്കപ്പെട്ട, സമര്പ്പണം

## നിര്വചനം:

സമ ര്പ്പിക്കുക എന്നാല് പ്രത്യേക ഉദ്ദേശ്യത്തിനായി അല്ലെങ്കില് പ്രവര്ത്തനത്തിനായി വേര്തിരിക്കുക എന്നാണ് അര്ത്ഥം.

- ദാവീദ് തന്റെ പൊന്നും വെള്ളിയും കര്ത്താവിനായി സമര്പ്പിച്ചു.
- സാധാരണയായി "സമര്പ്പണം" എന്ന പദം എന്തിനെയെങ്കിലും പ്രത്യേക കാര്യത്തിനായി വേര്തിരിക്കുന്ന ഔപചാരിക സംഭവം അല്ലെങ്കില് ചടങ്ങ് എന്നു സൂചിപ്പിക്കുന്നു.
- യാഗപീഠത്തിന്റെ സമര്പ്പണത്തില് ദൈവത്തിനു യാഗാര്പ്പണം കൂടെ ഉള്പ്പെടുത്തിയിട്ടുണ്ട്.
- നെഹെമ്യാവ് പുനര്നിര്മ്മാണം നടത്തിയ യെരുശലേം മതിലിന്റെ സമര്പ്പണത്തിലേക്ക് ഇസ്രയേല്യരെ നയിച്ചപ്പോള് യഹോവയെ മാത്രം സേവിക്കുമെന്നും തന്റെ പട്ടണത്തെ സംരക്ഷിക്കുമെന്നും ഒരു പുതുപ്പിക്കപ്പെട്ട വാഗ്ദത്തം ചെയ്തു. ഈ സംഭവം ദൈവത്തിനു സംഗീത ഉപകരണങ്ങളോടു കൂടിയ ഗാനങ്ങളാല് നന്ദി അര്പ്പിക്കുന്നതും ഉള്പ്പെട്ടിരുന്നു.
- "സമര്പ്പിക്കുക" എന്ന പദം "പ്രത്യേകമായി ഒരു പ്രത്യേക ദൌത്യം നിയമിക്കുക" അല്ലെങ്കില് "പ്രത്യേക ഉപയോഗത്തിനായി എന്തെങ്കിലും സമര്പ്പിക്കുക" അല്ലെങ്കില് "പ്രത്യേക ദൌത്യത്തിനായി ഒരാളെ ഏര്പ്പെടുത്തുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: ഏല്പ്പിക്കുക)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്:11-12
- 1 കൊരിന്ത്യര്:9-11
- 1 രാജാക്കന്മാര്:51
- 1 തിമോത്തിയോസ് 04:3-5
- 2 ദിനവൃത്താന്തങ്ങള് 02:4-5
- യോഹന്നാന്:18-19
- ലൂക്കോസ് 02:22-24

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2596, H2597, H2598, H2764, H4394, H6942, H6944, G1456, G1457

# സമര്പ്പിക്കുക, സമര്പ്പിക്കുന്നു, സമര്പ്പിച്ചു, സമര്പ്പിക്കുന്ന, സമര്പ്പണം, സമര്പ്പണത്തില്

## നിര്വചനം:

"സമര്പ്പിക്കുക" എന്നത് സാധാരണയായി അര്ത്ഥമാക്കുന്നത് സ്വമേധയായി ഒരുവന്തന്നെ സ്വയം ഒരു വ്യക്തിയുടെ അല്ലെങ്കില്ഭരണകൂടത്തിന്റെ അധികാരത്തിനു കീഴ്പ്പെടുത്തുക എന്നാണ് അര്ത്ഥം.

- ദൈവവചനം പറയുന്നത് യേശുവില്ഉള്ള വിശ്വാസികള്ദൈവത്തിനും മറ്റു അധികാരങ്ങള്ക്കും അവരുടെ ജീവിതത്തില്സമര്പ്പിതര്ആയിരിക്കണം എന്നാണ്. "ഒരുവര്ക്കൊരുവര്സമര്പ്പണം ഉള്ളവര്ആയിരിപ്പിന്" എന്ന നിര്ദേശത്തിന്റെ അര്ത്ഥം താഴ്മയോടെ തിരുത്തലുകളെ സ്വീകരിക്കുകയും മറ്റുള്ളവരുടെ ആവശ്യങ്ങളില്നമ്മുടെ സ്വന്തം ആവശ്യങ്ങളെക്കാള്ലക്ഷ്യം ഇടുകയും വേണം എന്നാണ്.
- "വിധേയപ്പെട്ടു ജീവിക്കുക" എന്നതിന്റെ അര്ത്ഥം ഒരു വ്യക്തി തന്നെ സ്വയം ഒന്നിന്റെ അല്ലെങ്കില്ഒരാളുടെ അധികാരത്തിനു കീഴ്പ്പെടുത്തുക എന്നാണ്.

## പരിഭാഷ നിര്ദേശങ്ങള്:

- "കീഴ്പ്പെടുക" എന്ന കല്പ്പന "നിങ്ങളെ അധികാരത്തിനു കീഴ്പ്പെടുത്തുക" അല്ലെങ്കില്"നേതൃത്വത്തെ പിന്തുടരുക" അല്ലെങ്കില്"താഴ്മയോട് കൂടെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുക" എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- "സമര്പ്പണം" എന്ന പദം "അനുസരണം" അല്ലെങ്കില്"അധികാരത്തെ അനുധാവനം ചെയ്യല്" എന്ന് പരിഭാഷ ചെയ്യാം.
- "വിധേയപ്പെട്ടു ജീവിക്കുക" എന്ന പദസഞ്ചയം "അനുസരണം ഉള്ളതായിരിക്കുക" അല്ലെങ്കില്"ഒരുവന്റെ അധികാരത്തിനു സ്വയം വിധേയപ്പെടുത്തുക" എന്ന് പരിഭാഷ ചെയ്യാം.
- "സമര്പ്പണത്തില്ആയിരിക്കുക" എന്ന പദസഞ്ചയം "വിനയത്തോടു കൂടെ" അധികാരത്തെ അംഗീകരിക്കുക" എന്ന് പരിഭാഷ ചെയ്യാം.

(കാണുക: വിഷയം)

## ദൈവ വചന സൂചികകള്:

- 1 കൊരിന്ത്യര്14:34-36
- 1 പത്രോസ് 03:1-2
- എബ്രായര്13:15-17
- ലൂക്കോസ് 10:17-20

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3584, H7511, G5226, G5293

# സമാധാന യാഗം, സമാധാന യാഗങ്ങള്

## വസ്തുതകള്:

“സമാധാന യാഗം” എന്നത് ദൈവം ഇസ്രയേല്ജനത്തോടു നിവര്ത്തിക്കുവാന്പറഞ്ഞതായ നിരവധി യാഗങ്ങളില് ഒരെണ്ണം ആയിരുന്നു. ഇതിനെ ചില സന്ദര്ഭങ്ങളില്“നന്ദി അര്പ്പണ വഴിപാട്” എന്നും അല്ലെങ്കില്“കൂട്ടായ്മ വഴിപാട്” എന്നും പറഞ്ഞിരുന്നു.

- ഈ യാഗത്തില്യാതൊരു ഊനവും ഇല്ലാത്ത മൃഗത്തെ യാഗം കഴിച്ചു, അതിന്റെ രക്തം യാഗപീഠത്തിന്മേല്തളിച്ച്, മൃഗത്തിന്റെ കൊഴുപ്പ് ദഹിപ്പിക്കുകയും, ശേഷിച്ച മൃഗത്തെയും അതുപോലെ ചെയ്യുകയും വേണമായിരുന്നു.
- ഈ യാഗത്തോട് ചേര്ത്ത് പുളിപ്പില്ലാത്തതും പുളിപ്പ് ഉള്ളതുമായ അപ്പങ്ങള്ഹോമയാഗത്തിന്റെ മുകളില്വെച്ച് ദഹിപ്പിക്കണം ആയിരുന്നു.
- പുരോഹിതനും വഴിപാടു അര്പ്പിക്കുന്ന വ്യക്തിയും വഴിപാടു അര്പ്പിച്ചവയില്നിന്ന് ഭക്ഷണം പകുത്തു എടുക്കുവാന്അനുവാദം നല്കിയിരുന്നു.
- ഈ വഴിപാട് ദൈവത്തിനു തന്റെ ജനത്തോടു കൂടെയുള്ള കൂട്ടായ്മയെ അടയാളപ്പെടുത്തുന്നു.

(കാണുക: ഹോമയാഗം, കൂട്ടായ്മ, കൂട്ടായ്മ വഴിപാട്, ഭോജന യാഗം, പുരോഹിതന്, യാഗം, പുളിപ്പില്ലാത്ത അപ്പം)

## ദൈവ വചന സൂചികകള്:

- 1 ശമുവേല്13:8-10](rc://ml/tn/help/1sa/13/08)
- യെഹസ്കേല്45:16-17
- യോശുവ 08:30-32
- ലേവ്യപുസ്തകം 09:3-5
- സദൃശവാക്യങ്ങള്07:13-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8002

# സമാധാനം, സമാധാന പൂര്ണം, സമാധാനം ഉള്ള, സമാധാനപരമായ, സമാധാന സൃഷ്ടിതാക്കള്

## നിര്വചനം:

"സമാധാനം" എന്ന പദം സംഘര്ഷം, ആകാംക്ഷ, അല്ലെങ്കില് ഭയം പോലെയുള്ള അവസ്ഥകളോ വികാരങ്ങളോ ഇല്ലാത്ത ഒരു നിലയെ സൂചിപ്പിക്കുന്നു. "സമാധാന പൂര്ണ്ണത" അനുഭവിക്കുന്ന ഒരു വ്യക്തി ശാന്തതയോടും സുരക്ഷിതവും ഭദ്രവും ആയ സ്ഥിതിയിലും ഉറപ്പുള്ളവന് ആയിരിക്കും.

- "സമാധാനം" എന്നുള്ളത് ജനവിഭാഗങ്ങളോ അല്ലെങ്കില് രാജ്യങ്ങളോ തമ്മില് പരസ്പരം യുദ്ധം ഇല്ലാതെ ഇരിക്കുന്ന സാഹചര്യത്തെയും സൂചിപ്പിക്കുന്നു. ഈ ജനങ്ങള്ക്ക് "സമാധാന പൂര്ണമായ ബന്ധങ്ങള്" ഉണ്ടെന്നു പറയുന്നു.
- ഒരു വ്യക്തിയോടോ അല്ലെങ്കില് ജന വിഭാഗത്തോടോ "സമാധാനം ഉണ്ടാക്കുക" എന്നാല് തമ്മില് ഉണ്ടായിരിക്കുന്ന വഴക്ക് നിര്ത്തല് ആകുവാന് വേണ്ട നടപടികള് സ്വീകരിക്കുക എന്നാണ് അര്ത്ഥം.
- ഒരു "സമാധാന സൃഷ്ടിതാവ്" എന്നാല് പരസ്പരം ജനങ്ങള്ക്കു ഇടയില് സമാധാനത്തോടെ ജീവിക്കുവാന് തക്ക സ്വാധീനം ഉളവാക്കുവാന്വേ വേണ്ടത് പറയുകയും പ്രവര്ത്തിക്കുകയും ചെയ്യുന്ന വ്യക്തി എന്നാണ് അര്ത്ഥം.
- മറ്റു ജനങ്ങളുമായി "സമാധാനത്തില്" ആയിരിക്കുക എന്നതിന്റെ അര്ത്ഥം ആ ജനങ്ങളുമായി യാതൊരു വഴക്കും ഇല്ലാത്ത സ്ഥിതിയില്ആയിരിക്കുക എന്നാണ്.
- ഒരു നല്ലതോ ശരിയായതോ ആയ ബന്ധം ദൈവത്തിനും ജനത്തിനും ഇടയില്ഉണ്ടാകുന്നത് ദൈവം ജനത്തെ അവരുടെ പാപത്തില്നിന്ന് രക്ഷിക്കുമ്പോള് ആണ്. ഇതിനെയാണ് "ദൈവത്തോട് സമാധാനം ആയിരിക്കുക" എന്ന് പറയുന്നത്.
- "കൃപയും സമാധാനവും" എന്ന ആശംസ അപ്പോസ്തലന്മാര് അവരുടെ ലേഖനങ്ങളില് സഹ വിശ്വാസികള്ക്ക് ഒരു അനുഗ്രഹ വചസ് ആയി ഉപയോഗിക്കുക പതിവായിരുന്നു. "സമാധാനം" എന്ന പദം മറ്റുള്ള ജനത്തോടും അല്ലെങ്കില്ദൈവത്തോടും നല്ല ബന്ധം പുലര്ത്തുന്നതു എന്നും സൂചിപ്പിക്കുന്നു.

## ദൈവ വചന സൂചികകള്:

- 1 തെസ്സലോനിക്യര്05:1-3
- അപ്പോ.07:26-28
- കൊലൊസ്സ്യര്01:18-20
- കൊലൊസ്സ്യര്03:15-17
- ഗലാത്യര്05:22-24
- ലൂക്കോസ് 07:48-50
- ലൂക്കോസ് 12:51-53
- മര്ക്കോസ് 04:38-39
- മത്തായി 05:9-10
- മത്തായി 10:11-13

## ദൈവ വചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **15:06** ദൈവം ഇസ്രയേല്ജനത്തോടു കനാന്ദേശത്തുള്ള യാതൊരു ജനവിഭാഗത്തോടും **സമാധാന** ഉടമ്പടി ചെയ്യരുതെന്നു കല്പ്പിച്ചിരുന്നു.
- **15:12** അനന്തരം ദൈവം ഇസ്രയേലിനു അതിന്റെ എല്ലാ അതിര്ത്തികളിലും **സമാധാനം** നല്കി.
- **16:03** അനന്തരം ദൈവം അവരുടെ ശത്രുക്കളില്നിന്നും രക്ഷിക്കുവാന്ഒരു വിടുവിക്കുന്നവനെ നല്കുകയും ദേശത്തിനു **സമാധാനം** നല്കുകയും ചെയ്തു.
- **21:13** അവന്(മശീഹ) മറ്റുള്ള ജനത്തിന്റെ പാപത്തിന്റെ ശിക്ഷ പ്രാപിക്കുവാനായി മരണം വരിക്കും. തനിക്കുള്ള ശിക്ഷ ദൈവത്തിനും മനുഷ്യര്ക്കും ഇടയില് **സമാധാനം** കൊണ്ടുവരും.
- **48:14** ദാവീദ് ഇസ്രയേലിനു രാജാവായിരുന്നു, എന്നാല്യേശു മുഴുവന്പ്രപഞ്ചത്തിനും രാജാവ് ആകുന്നു! അവന്വീണ്ടും വരികയും തന്റെ രാജ്യത്തെ നീതിയോടും **സമാധാനത്തോടും** എന്നെന്നേക്കുമായി ഭരിക്കുകയും ചെയ്യും.
- **50:17** യേശു തന്റെ രാജ്യത്തെ **സമാധാനത്തോടും** നീതിയോടും ഭരിക്കുകയും, താന്തന്റെ ജനത്തോടുകൂടെ സദാകാലം ഇരിക്കുകയും ചെയ്യും.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5117, H7961, H7962, H7965, H7999, H8001, H8002, H8003, H8252, G269, G31514, G1515, G1516, G1517, G1518, G2272

# സര്പ്പം, സര്പ്പങ്ങള്, പാമ്പ്, പാമ്പുകള്, അണലി, അണലികള്

## വസ്തുതകള്:

ഈ പദങ്ങള് എല്ലാം നീളം ഉള്ള, കനം കുറഞ്ഞ വലുപ്പമുള്ള ശരീരത്തോടു കൂടിയ, വിഷപ്പല്ലോട് കൂടിയ താടിയെല്ല് ഉള്ള, നിലത്തു തെന്നി വഴുതി മുന്പോട്ടും പുറകോട്ടും ചലിക്കുന്ന ഉരഗ വര്ഗ്ഗത്തെ സൂചിപ്പിക്കുന്നു. "സര്പ്പം" എന്ന പദം സാധാരണയായി വലിപ്പം ഉള്ള പാമ്പിനെയും "അണലി" എന്നത് തന്റെ ഇരയെ പ്രഹരിക്കുന്നതിനായി വിഷം ഉപയോഗിക്കുന്നതുമായ ഒരുതരം പാമ്പിനെയും സാധാരണയായി സൂചിപ്പിച്ചു വരുന്നു.

- ഈ ജന്തുവിനെ ഉപമാനമായി ദോഷം ഉള്ള, പ്രത്യേകാല് വഞ്ചിക്കുന്ന വ്യക്തിയെ സൂചിപ്പിക്കുവാന് ഉപയോഗിക്കാറുണ്ട്.
- യേശു മത നേതാക്കന്മാരെ നോക്കി "സര്പ്പ സന്തതികളേ" എന്ന് വിളിപ്പാന് ഇടയായി, എന്തുകൊണ്ടെന്നാല് അവര് വളരെ മതഭക്തന്മാരായി തങ്ങളെ പ്രകടിപ്പിച്ചു എന്നാല് ജനത്തെ വഞ്ചിക്കുകയും അവരെ മോശമായ നിലയില്നടത്തുകയും ചെയ്തു വന്നു.
- എദേന് തോട്ടത്തില്, സാത്താന് ഒരു സര്പ്പത്തിന്റെ രൂപം എടുക്കുകയും ഹവ്വയോടു സംസാരിക്കുകയും അവള് ദൈവത്തോട് അനുസരണക്കേട് കാണിക്കേണ്ടതിനു പരീക്ഷിക്കുകയും ചെയ്തിരുന്നു.
- പാപം ചെയ്യുവാനായി സര്പ്പം ഹവ്വയെ പരീക്ഷിച്ചതിനു ശേഷം, ഹവ്വയും തന്റെ ഭര്ത്താവ് ആദാമും രണ്ടുപേരും പാപം ചെയ്യുകയും, ദൈവം പാമ്പിനെ ശപിക്കുകയും, അതിനെ തുടര്ന്ന് ഉള്ള കാലമെല്ലാം സകല പാമ്പുകളും നിലത്തു ഇഴഞ്ഞു നടക്കുകയും ചെയ്തു തുടങ്ങി എന്ന് പറയുന്നു, അതിനു മുന്പ് അവയ്ക്ക് കാലുകള് ഉണ്ടായിരുന്നു എന്ന് പറയപ്പെടുന്നു.

(പരിഭാഷ നിര്ദേശങ്ങള്: പേരുകള് പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ശപിക്കുക, വഞ്ചിക്കുക, അനുസരണക്കേട് കാണിക്കുക, ഏദെന്, തിന്മ, സന്തതി, ഇര, സാത്താന്, പാപം, പരീക്ഷിക്കുക)

## ദൈവ വചന സൂചികകള്

- ഉല്പ്പത്തി 03:1-3
- ഉല്പ്പത്തി 03:4-6
- ഉല്പ്പത്തി 03:12-13
- മര്ക്കോസ് 16:17-18
- മത്തായി 03:7-9
- മത്തായി 23:32-33

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H660, H2119, H5175, H6620, H6848, H8314, H8577, G2191, G2062, G3789

# സഹോദരി, സഹോദരിമാര്

## നിര്വചനം:

ഒരു സഹോദരി എന്നത് ഏറ്റവും കുറഞ്ഞത് ഒരു ജൈവശാസ്ത്രപരമായ മാതാപിതാക്കളോട് ഉള്ള ബന്ധം എങ്കിലും പങ്കു വെക്കുന്ന ഒരു സ്ത്രീ വ്യക്തിത്വം എന്ന് കാണുന്നു. അവള് ആ മറ്റേ വ്യക്തിയുടെ സഹോദരി ആണെന്ന് പറയപ്പെടുന്നു അല്ലെങ്കില് ആ മറ്റേ വ്യക്തിയുടെ സഹോദരി എന്ന് പറയപ്പെടുന്നു.

- പുതിയ നിയമത്തില്, "സഹോദരി" എന്നത് ഉപമാന രൂപത്തില് യേശുക്രിസ്തുവില് ഉള്ളതായ ഒരു കൂട്ടു വിശ്വാസിയായ ഒരു സ്ത്രീ എന്നും സൂചിപ്പിക്കുന്നു.
- ചില സന്ദര്ഭങ്ങളില് "സഹോദരീ സഹോദരന്മാരെ" എന്ന പദസഞ്ചയം ക്രിസ്തുവില് ഉള്ളതായ സകല വിശ്വാസികളെയും, പുരുഷന്മാരും സ്ത്രീകളുമായ ഇരു കൂട്ടരെയും സൂചിപ്പിക്കുന്നു.
- പഴയ നിയമ പുസ്തകമായ ഉത്തമഗീതത്തില്, "സഹോദരി" എന്നത് കാമുകി അല്ലെങ്കില് ഇണ എന്ന് സൂചിപ്പിക്കുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- നിര്ദിഷ്ട ഭാഷയില് ഉപയോഗിച്ചിട്ടുള്ള അക്ഷരീകമായ പദം കൊണ്ടു തന്നെ ഈ പദം പരിഭാഷ ചെയ്യുന്നത് പ്രകൃത്യാ അല്ലെങ്കില് ജൈവശാസ്ത്രപരമായ സഹോദരി, എന്ന് സൂചിപ്പിക്കുന്നത് ഏറ്റവും ഉചിതം ആയിരിക്കും, അല്ലെങ്കില് അത് തെറ്റായ അര്ത്ഥം നല്കുവാന് ഇടയാകും. ഇത് പരിഭാഷ ചെയ്യുവാന് ഉള്ള ഇതര ശൈലികള് "ക്രിസ്തുവില് ഉള്ള സഹോദരി' അല്ലെങ്കില്" "ആത്മീയ സഹോദരി" അല്ലെങ്കില് "യേശുവില് വിശ്വസിക്കുന്ന ഒരു വനിത" അല്ലെങ്കില് "കൂട്ടു വനിതാ വിശ്വാസി" ആദിയായവ ഉള്പ്പെടുന്നു.
- സാധ്യം എങ്കില്, ഒരു കുടുംബ നാമം ഉപയോഗിക്കുന്നത് ഏറ്റവും നല്ലത് ആകുന്നു.
- ഭാഷയില് "വിശ്വാസി" എന്നതിന് ഒരു സ്ത്രീലിംഗ പദം ഉണ്ടെങ്കില്, ഈ പദം പരിഭാഷ ചെയ്യുവാന് ഉള്ള ഒരു സാധ്യതയുള്ള മാര്ഗ്ഗം ആണ്.
- ഒരു കാമുകിയെയോ ഭാര്യയെയോ സൂചിപ്പിക്കുമ്പോള്, ഇത് പരിഭാഷ ചെയ്യുവാനായി "സ്നേഹം ഉള്ളവള്" അല്ലെങ്കില് "പ്രിയം ഉള്ളവള്" എന്നിങ്ങനെ ഉള്ള സ്ത്രീ രൂപ പദങ്ങള് ഉപയോഗിക്കാം.

(കാണുക: സഹോദരന്, ക്രിസ്തുവില്, ആത്മാവ്)

## ദൈവ വചന സൂചികകള്:

- 1ദിനവൃത്താന്തങ്ങള്02:16-17
- ആവര്ത്തനപുസ്തകം 27:22-23
- ഫിലേമോന്:1-3
- റോമര്:1-2

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H269, H1323, G27, G79

# സിംഹങ്ങൾ, സിംഹം, സിംഹി, സിംഹികൾ

## നിർവചനം:

സിംഹം എന്നത് ഒരു വലിയ, പൂച്ചയെ പ്പോലെയുള്ള, തന്റെ ഇരയെ കൊല്ലുവാനും കടിച്ചു മുറിക്കുവാനും തക്ക ശക്തമായ പല്ലുകളും പല്ലുകളും ഉള്ള മൃഗം ആകുന്നു.

- സിംഹങ്ങൾക്ക് ശക്തമായ ശരീരങ്ങളും ഇരകളെ പിടിക്കുവാൻതക്കവിധം ഉള്ള അതിവേഗവും ഉണ്ട്. അവയുടെ രോമം ചെറിയ സ്വർണ്ണ-തവിട്ടു നിറം ഉള്ളത് ആണ്.
- ആൺസിംഹങ്ങൾക്ക് അവയുടെ തല ആവരണം ചെയ്തു വൃത്താകൃതിയിൽകുഞ്ചിരോമം ഉണ്ട്.
- സിംഹങ്ങൾഇതര മൃഗങ്ങളെ കൊന്നു ഭക്ഷിക്കുന്നതും മനുഷ്യർക്ക്അപകടകാരികളും ആണ്.
- ദാവീദ് രാജാവ് ഒരു ബാല്യക്കാരൻആയിരിക്കുമ്പോൾ, താൻപരിപാലനം ചെയ്തു വന്ന ചെമ്മരിയാട്ടിൻകൂട്ടത്തെ ആക്രമിക്കുവാൻവന്ന സിംഹങ്ങളെ താൻകൊന്നു കളഞ്ഞു.
- തന്റെ വെറും കൈകൾകൊണ്ട് ശിംശോൻഒരു സിംഹത്തെ കൊന്നു കളഞ്ഞിരുന്നു.

(കാണുക: അജ്ഞാതമായവയെ പരിഭാഷ ചെയ്യുന്ന വിധം)

(കാണുക: ദാവീദ്, പുള്ളിപ്പുലി, ശിംശോൻ, ചെമ്മരിയാട്)

## ദൈവ വചന സൂചികകൾ:

- 1 ദിനവൃത്താന്തങ്ങൾ11:22-23
- 1 രാജാക്കന്മാർ07:27-29
- സദൃശവാക്യങ്ങൾ19:11-12
- സങ്കീർത്തനങ്ങൾ017:11-12
- വെളിപ്പാട് 05:3-5

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H738, H739, H744, H3715, H3833, H3918, H7826, H7830, G3023

# സിംഹാസനം, സിംഹാസനാരൂഡന് ആയ

## നിര്വ്വചനം:

ഒരു സിംഹാസനം എന്നത് പ്രത്യേകമായ രീതിയില് രൂപകല്പ്പന ചെയ്തതും ഒരു ഭരണാധികാരി പ്രധാന തീരുമാനങ്ങള് സ്വീകരിക്കുകയും തന്റെ ജനങ്ങളുടെ അപേക്ഷകള്സ്വീകരിക്കുകയും ചെയ്യുവാനായി ഇരിക്കുന്ന ഇരിപ്പിടം ആകുന്നു.

- ഒരു സിംഹാസനം എന്നത് ആ ഭരണാധികാരിയുടെ അധികാരത്തിന്റെയും ശക്തിയുടെയും ഒരു അടയാളവും കൂടെ ആകുന്നു.
- “സിംഹാസനം” എന്ന വാക്കു സാധാരണ ഉപമാനമായി ഒരു ഭരണാധികാരി, തന്റെ ഭരണം അല്ലെങ്കില് തന്റെ അധികാരം ആദിയായവയെ സൂചിപ്പിക്കുന്നു. (കാണുക: കാവ്യാലങ്കാരം)
- ദൈവ വചനത്തില്, ദൈവം തന്റെ സിംഹാസനത്തില് വാണരുളുന്നവനായി ചിത്രീകരിച്ചിരിക്കുന്നു. പിതാവായ ദൈവത്തിന്റെ വലത്തു ഭാഗത്തുള്ള സിംഹാസനത്തില് ഇരിക്കുന്നവനായി യേശുക്രിസ്തുവിനെ വിവരിച്ചിരിക്കുന്നു.
- യേശു പറഞ്ഞത് സ്വര്ഗ്ഗം ദൈവത്തിന്റെ സിംഹാസനം ആകുന്നു എന്നാണ്. ഇത് പരിഭാഷ ചെയ്യുവാനുള്ള ഒരു രീതി, “ദൈവം രാജാവായി വാണരുളുന്ന ഇടം” എന്നാണ്.

(കാണുക:അധികാരം, ശക്തി, രാജാവ്, വാഴ്ച)

## ദൈവവചന സൂചികകള്:

- കൊലൊസ്സ്യര് 01:15-17
- ഉല്പ്പത്തി 41:39-41
- ലൂക്കോസ് 01:30-33
- ലൂക്കോസ് 22:28-30
- മത്തായി 05:33-35
- മത്തായി 19:28
- വെളിപ്പാട് 01:4-6

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3427, H3676, H3678, H3764, H7675, G968, G2362

# സുഗന്ധ വര്ഗ്ഗം, സുഗന്ധ വര്ഗ്ഗങ്ങള്

## നിര്വ്വചനം:

“സുഗന്ധ വര്ഗ്ഗം” എന്ന പദം സൂചിപ്പിക്കുന്നത് ഇത് വിവിധ സുഗന്ധ വസ്തുക്കളുടെ മിശ്രിതം കത്തിച്ച് ഉണ്ടാകുന്ന പുകയുടെ നറുമണം വളരെ ഹൃദ്യമായ ഒന്നാണ്.

- ദൈവം ഇസ്രയേല്യരോട് തനിക്കു ഒരു വഴിപാട് ആയി സുഗന്ധ ധൂപം കത്തിക്കണം എന്ന് ആവശ്യപ്പെട്ടു.
- ആ സുഗന്ധവര്ഗ്ഗം ദൈവം നിര്ദേശിച്ചത് പോലെ അഞ്ചു വക പ്രത്യേക സുഗന്ധ ദ്രവ്യങ്ങളുടെ തുല്ല്യ അളവില് ഉള്ള മിശ്രിതം കൊണ്ട് ഉണ്ടാക്കണം എന്നായിരുന്നു. ഇത് ഒരു വിശുദ്ധമായ സുഗന്ധവര്ഗ്ഗം ആയതിനാല്, വേറെ യാതൊരു ആവശ്യത്തിനുമായി അപ്രകാരം ഉണ്ടാക്കുവാന് അവര്ക്കു അനുവാദം നല്കിയിരുന്നില്ല.
- ”ധൂപപീഠം” എന്നത് ധൂപവര്ഗ്ഗം മാത്രം കത്തിക്കുവാന് പ്രത്യേകമായി ഉപയോഗിച്ചു വന്നിരുന്ന പ്രത്യേക പീഠം ആയിരുന്നു.
- കുറഞ്ഞ പക്ഷം ഓരോ പ്രാര്ഥനയുടെ നാഴികയിലും, ദിവസംപ്രതി നാല് പ്രാവശ്യം വീതം ധൂപവര്ഗ്ഗം വഴിപാടായി അര്പ്പിച്ചിരുന്നു. ഓരോ പ്രാവശ്യം ഹോമയാഗം അര്പ്പിക്കുമ്പോഴും ഇത് അര്പ്പിക്കുമായിരുന്നു. ധൂപവര്ഗ്ഗം കത്തിക്കുന്നത് തന്റെ ജനത്തിന്റെ പക്കല്നിന്നും ദൈവത്തിന്റെ അടുക്കലേക്കു ഉയരുന്ന പ്രാര്ത്ഥനയുടെയും ആരാധനയുടെയും പ്രതീകം ആയിരുന്നു.
- "സുഗന്ധവര്ഗ്ഗം” എന്നത് പരിഭാഷ ചെയ്യുവാനുള്ള ഇതര രീതികളില് “സുഗന്ധ ദ്രവ്യങ്ങള്” അല്ലെങ്കില് ”നറുമണം ഉള്ള ചെടികള്” എന്നിവ ഉള്പ്പെടുന്നു.

(കാണുക: ധൂപ പീഠം, ഹോമയാഗം, സ്വച്ഛജടമാംസി തൈലം)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര് 03:1-3
- 2 ദിനവൃത്താന്തങ്ങള് 13:10-11
- 2 രാജാക്കന്മാര് 14:4-5
- പുറപ്പാട് 25:3-7
- ലൂക്കോസ് 01:8-10

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2553, H3828, H4196, H4289, H5208, H6988, H6999, H7002, H7004, H7381, G2368, G2369, G2370, G2379, G3031

# സൃഷ്ടിക്കുക, സൃഷ്ടിക്കുന്നു, സൃഷ്ടിക്കപ്പെട്ട, സൃഷ്ടി, സൃഷ്ടിതാവ്

## നിര്വ്വചനം:

"സൃഷ്ടിക്കുക" എന്ന പദത്തിന്റെ അര്ത്ഥം എന്തിനെയെങ്കിലും ഉണ്ടാക്കുക അല്ലെങ്കില് എന്തെങ്കിലും ഉണ്ടാകുവാന് ഇടയാക്കുക എന്നാണ്. സൃഷ്ടിക്കപ്പെട്ടവയെ 'സൃഷ്ടി" എന്നു വിളിക്കുന്നു. ദൈവത്തെ "സൃഷ്ടിതാവ്" എന്നു വിളിക്കുന്നു, കാരണം താനാണ് ഈ പ്രപഞ്ചം മുഴുവനുമുള്ള സകലത്തെയും ഉളവാക്കി നിലനിര്ത്തിയിരിക്കുന്നവന്. ഈ പദം ദൈവം ലോകത്തെ സൃഷ്ടിച്ചു എന്നു സൂചിപ്പിക്കുവാനു പയോഗിക്കുമ്പോള്, താന് ഇതു ശൂന്യതയില്നിന്ന് ഉളവാക്കിയെന്നു അര്ത്ഥമാക്കുന്നു.

- മനുഷ്യര്എന്തെങ്കിലും "സൃഷ്ടി"ക്കുകയാണെങ്കില്, അത് അര്ത്ഥമാക്കുന്നത് അവര്നിലവില്ഉള്ള വസ്തുക്കളില്നിന്ന് ഉണ്ടാക്കുന്നു എന്നാണ്.
- ചില സന്ദര്ഭങ്ങളില്"സൃഷ്ടിക്കുക" എന്ന പദം ഉപമാനരൂപത്തില്സ്ഥിതിയെ അതായത്, സമാധാനമുളവാക്കുക, അല്ലെങ്കില്ഒരുവനില്ശുദ്ധ ഹൃദയം ഉരുവാക്കുക എന്നിങ്ങനെയുള്ളവയെ വിശദമാക്കുന്നു.
- "സൃഷ്ടി" എന്ന പദം ലോകാരംഭത്തില്തന്നെ ദൈവം ആദ്യമായി സകല ത്തെയും സൃഷ്ടിച്ചതിനെ സൂചിപ്പിക്കുന്നു. ഇതു പൊതുവായ നിലയില്ദൈവം സൃഷ്ടിച്ച സകലത്തെയും സൂചിപ്പിക്കു വാനും ഉപയോഗിക്കാം. ചില സന്ദര്ഭങ്ങളില്"സൃഷ്ടി" എന്നത് ലോകത്തില്ഉള്ള ജനം എന്നതിനെ പ്രത്യേകമായി സൂചിപ്പിക്കാം.

## പരിഭാഷ നിര്ദേശങ്ങള്:

- ചില ഭാഷകളില്ഈ അര്ത്ഥം വ്യക്തമാക്കേണ്ടതിനു നേരിട്ടു ദൈവം ഈ ലോകത്തെ "ശൂന്യതയില്നിന്ന്" സൃഷ്ടിച്ചു എന്നു പ്രസ്താവിക്കുന്നു.
- "ലോകസൃഷ്ടിയുടെ ആരംഭം മുതല്" എന്ന പദസഞ്ചയം അര്ത്ഥമാക്കുന്നത്, "ദൈവം ലോകത്തെ സൃഷ്ടിച്ചതായ സമയം മുതല്" എന്നാണ്.
- സമാന പദസഞ്ചയം "സൃഷ്ടിയുടെ പ്രാരംഭത്തില്" എന്നത് "കാലാരംഭത്തില്ദൈവം ലോകത്തെ സൃഷ്ടിച്ചപ്പോള്" അല്ലെങ്കില്"ആദ്യം ലോകം സൃഷ്ടിക്കപ്പെട്ടപ്പോള്" എന്നു പരിഭാഷപ്പെടുത്താം.
- "സകല സൃഷ്ടിക്കും" സുവിശേഷം പ്രസംഗിക്കുവാന്എന്നത് ഭൂമിയില്എങ്ങുമുള്ള സകല ജനത്തിനും സുവിശേഷം പ്രസംഗിക്കുവാന്എന്നാണ് അര്ത്ഥമാക്കുന്നത്.
- "സര്വ്വസൃഷ്ടിയും സന്തോഷിക്കട്ടെ" എന്ന പദം അര്ത്ഥമാക്കുന്നത് "ദൈവം സൃഷ്ടിച്ച സകലവും സന്തോഷിക്കട്ടെ" എന്നാണ്.
- സന്ദര്ഭത്തിനനുസരിച്ച്, "സൃഷ്ടിക്കുക" എന്നത് "നിര്മ്മിക്കുക" എന്നോ "ഉണ്ടാകുവാനിട" എന്നോ "ഒന്നുമില്ലായ്മയില്നിന്ന് ഉണ്ടാക്കുക" എന്നോ പരിഭാഷപ്പെടുത്താം.
- "സൃഷ്ടിതാവ്" എന്ന പദം "സകലവും സൃഷ്ടിച്ചവന്" അല്ലെങ്കില്"ദൈവം, മുഴു ലോകത്തെയും ഉണ്ടാക്കിയവന്" എന്നു പരിഭാഷപ്പെടുത്താം.
- "നിന്റെ സൃഷ്ടിതാവ്" പോലുള്ള പദസഞ്ചയങ്ങളെ "ദൈവം, നിന്നെ സൃഷ്ടിച്ചവന്" എന്നു പരിഭാഷപ്പെടുത്താം.

(കാണുക: ദൈവം, സുവിശേഷം, ലോകം)

## ദൈവവചന സൂചികകള്:

- 1 കൊരിന്ത്യര്11:9-10
- 1 പത്രോസ് 04:17-19
- കൊലോസ്സ്യര്01:15-17
- ഗലാത്യര്06:14-16
- ഉല്പ്പത്തി 01:1-2
- ഉല്പ്പത്തി 14:19-20

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3335, H4639, H6213, H6385, H7069, G2041, G2602, G2675, G2936, G2937, G2939, G4160, G5480

# സേലാ

## നിര്വചനം:

“സേലാ” എന്ന പദം ഒരു എബ്രായ പദമാണ്, അത് സങ്കീര്ത്തന പുസ്തകത്തില് അധികമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഇതിനു സാധ്യമായ വിവിധ അര്ഥങ്ങള് ഉണ്ട്.

- ഇതിനുള്ള അര്ത്ഥം “അല്പ്പ വിരാമം നല്കി സ്തുതിക്കുക” അതായത് ശ്രോതാക്കളെ അപ്പോള് പ്രസ്താവിച്ചത് എന്താണെന്ന് ശ്രദ്ധാപൂര്വ്വം ചിന്തിപ്പാന് ഇടവരുത്തി ക്ഷണിക്കുക എന്നുള്ളത് ആകുന്നു.
- മിക്കവാറും സങ്കീര്ത്തനങ്ങള് പാട്ടുകള് ആയി എഴുതപ്പെട്ടിട്ടുള്ളവ ആകയാല്, “സേലാ” എന്നതു ഗായകനെ തന്റെ ഗാനാലാപനത്തില് ഒരു ഇടവേള നല്കുവാന് നിര്ദേശം നല്കുന്ന ഒരു സംഗീത പദമായി അനുവദിക്കുകയും ആ സമയത്ത് സംഗീത ഉപകരണങ്ങള് വായിക്കുകയും അല്ലെങ്കില് ആ ഗാനത്തിലെ പദങ്ങളെ കുറിച്ച് ശ്രോതാക്കള് ചിന്തിക്കുവാന് പ്രൊത്സാഹനം നല്കുക എന്ന് കാണാം.

(കാണുക: സങ്കീര്ത്തനം)

## ദൈവ വചന സൂചികകള്:

- സങ്കീര്ത്തനങ്ങള്: 003:3-4
- സങ്കീര്ത്തനങ്ങള്: 024:5-6
- സങ്കീര്ത്തനങ്ങള്: 046:6-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5542

# സൈന്യാധിപന്, സൈന്യാധിപന്മാര്

## നിര്വചനം:

“സൈന്യാധിപന്” എന്ന പദം ഒരു വിഭാഗം പട്ടാളക്കാരെ നയിക്കുവാനും നേതൃത്വം നല്കുവാനും ഉത്തരവാദിത്വമുള്ള ഒരു നേതാവ് എന്നു സൂചിപ്പിക്കുന്നു.

- ഒരു സൈന്യാധിപന്ഒരു ചെറിയ പട്ടാള സംഘത്തിന്റെയോ അല്ലെങ്കില്ആയിരത്തോളം അംഗങ്ങളുള്ള വലിയ സംഘത്തിന്റെയൊ ഉത്തരവാദിത്വമുള്ള വ്യക്തിയായിരിക്കും.
- ഈ പദം ദൂതസൈന്യത്തിന്റെ സൈന്യാധിപനായിരിക്കുന്ന യഹോവയെ സൂചിപ്പിക്കുവാന്ഉപയോഗിക്കുന്നു.
- ”സൈന്യാധിപന്” എന്ന വാക്ക് “നേതാവ്” അല്ലെങ്കില്“സൈനിക നേതാവ്” അല്ലെങ്കില്“ഉദ്യോഗസ്ഥന്” എന്നും പരിഭാഷപ്പെടുത്താം.
- സൈന്യത്തിനു “ഉത്തരവ്” നല്കുക എന്നാല്“നയിക്കുക” അല്ലെങ്കില്“ഉത്തരവാദിത്വമേല്ക്കുക” എന്നും പരിഭാഷപ്പെടുത്താം.

(കാണുക: കല്പ്പന, ഭരണാധികാരി, ശതാധിപന്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്11:4-6
- 2 ദിനവൃത്താന്തങ്ങള്11:11-12
- ദാനിയേല്02:14-16
- മര്ക്കോസ് 06:21-22
- സദൃശവാക്യങ്ങള്06:6-8

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2710, H2951, H1169, H4929, H5057, H6346, H7101, H7262, H7218, H7227, H7229, H7990, H8269, G5506

# സൌമ്യന്, സൌമ്യത

## നിര്വചനം:

“സൌമ്യന്” എന്ന പദം വിശദമാക്കുന്നത് മൃദുലനായ, ഇണക്കമുള്ള, അനീതിയും സഹിക്കുവാന്ഒരുക്കമുള്ള ഒരു വ്യക്തി എന്നാണ്. സൌമ്യത എന്നത് കഠിനമായ, രൂക്ഷമായ, അനുയോജ്യം അല്ലാത്ത അവസ്ഥ നേരിട്ടാലും മൃദലമായി നിലപാട് സ്വീകരിക്കുവാന്ഉള്ള കഴിവ് ഉള്ളത് എന്നാണ്.

- സൌമ്യത എന്നത് താഴ്മയുമായി ബന്ധപ്പെട്ടു നിലകൊള്ളുന്നു.
- ഈ പദം “മാന്യനായ” അല്ലെങ്കില്“മൃദ-സ്വഭാവം ഉള്ള” അല്ലെങ്കില്“മധുര-സ്വഭാവിയായ” എന്ന് പരിഭാഷ ചെയ്യാവുന്നതാണ്.
- ”സൌമ്യത” എന്ന പദം “മൃദുത്വം” അല്ലെങ്കില്താഴ്മ” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക:താഴ്മ)

## ദൈവ വചന സൂചികകള്:

- 1 പത്രോസ് 0’3:15-17
- 2 കൊരിന്ത്യര്10:1-2
- 2 തിമോത്തിയോസ് 02:24-26
- മത്തായി 05:5-8
- മത്തായി 11:28-30
- സങ്കീര്ത്തനങ്ങള് 037:11-13

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H6035, H6037, H6038, G4235, G4236, G4239, G4240

# സ്തുതി, സ്തുതിക്കുന്നു, സ്തുതിക്കപ്പെട്ട, സ്തുതിക്കുന്ന, സ്തുത്യർഹൻ

## നിർവചനം:

ഒരു വ്യക്തിയെ സ്തുതിക്കുക എന്നത് പ്രസ്തുത മനുഷ്യനോട് അഭിനന്ദനവും ബഹുമാനവും പ്രകടിപ്പിക്കുക എന്നുള്ളതാണ്. ജനം ദൈവത്തെ സ്തുതിക്കുന്നത് എന്തുകൊണ്ടെന്നാൽ താൻ എന്തു മാത്രം മഹാനും ഈ ലോകത്തിന്റെ സൃഷ്ടിതാവും രക്ഷിതാവും എന്ന നിലയിൽ ആശ്ചര്യകരമായ പ്രവർത്തികൾ ചെയ്തിരിക്കുന്നു എന്നതിനാലും ആകുന്നു.

- ദൈവത്തിനു ഉള്ളതായ സ്തുതി എന്നത് താൻ ചെയ്തിരിക്കുന്ന പ്രവർത്തികൾക്കു നന്ദി ഉള്ളവർ ആയിരിക്കുന്നു എന്നത് ഉൾപ്പെടെ ഉള്ളതിനാൽ ആകുന്നു.
- സംഗീതവും ഗാനാലാപനവും ദൈവത്തെ സ്തുതിക്കുന്നതിനു ഉള്ളതായ ഒരു രീതി ആകുന്നു.
- ദൈവത്തെ സ്തുതിക്കുക എന്നുള്ളതു ദൈവത്തെ ആരാധിക്കുക എന്നുള്ളതിന്റെ ഒരു ഭാഗം ആകുന്നു. “സ്തുതിക്കുക” എന്നുള്ള പദം “നന്മയായത് സംസാരിക്കുക” അല്ലെങ്കിൽ “വാക്കുകളാൽ ഉയർന്ന ബഹുമാനം നൽകുക” അല്ലെങ്കിൽ “നല്ല കാര്യങ്ങൾ പറയുക” എന്നിങ്ങനെയും പരിഭാഷ ചെയ്യാം.
- “സ്തുതി” എന്ന നാമപദം “ബഹുമാന പൂർവ്വം പറയപ്പെട്ട” അല്ലെങ്കിൽ “ബഹുമാനം നൽകുന്നതായ പറച്ചിൽ” അല്ലെങ്കിൽ “കുറിച്ച് നല്ല കാര്യങ്ങൾ സംസാരിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക: ആരാധന)

## ദൈവ വചന സൂചികകൾ:

- 2 കൊരിന്ത്യർ:3-4
- അപ്പോ .02:45-47
- അപ്പോ 13:48-49
- ദാനിയേൽ 03:28
- എഫെസ്യർ 01:3-4
- ഉൽപ്പത്തി 49:8
- യാക്കോബ് 03:9-10
- യോഹന്നാൻ 05:41-42
- ലൂക്കോസ് 01:46-47
- ലൂക്കോസ് 01:64-66
- ലൂക്കോസ് 19:37-38
- മത്തായി 11:25-27
- മത്തായി 15:29-31

## ദൈവ വചന കഥകളിൽ നിന്നുള്ള ഉദാഹരണങ്ങൾ:

- **12:13** മിസ്രയീമ്യ സൈന്യത്തിന്റെ പക്കൽ നിന്നും തങ്ങളെ ദൈവം രക്ഷിച്ചതിനാൽ ഇസ്രയേൽ ജനം തങ്ങൾക്കു ലഭിച്ച പുതിയ സ്വാതന്ത്ര്യം ആഘോഷിക്കുന്നതിനായി നിരവധി ഗാനങ്ങൾ ആലപിക്കുകയും ദൈവത്തിനു നന്ദിയോടെ **സ്തുതികൾ** അർപ്പിക്കുകയും ചെയ്തു.
- **17:08** ദാവീദ് ഈ വാക്കുകൾ കേട്ടപ്പോൾ, താൻ പെട്ടെന്ന് തന്നെ ദൈവത്തിനു നന്ദി പറയുകയും **സ്തുതിക്കുകയും** ചെയ്തു, എന്തുകൊണ്ടെന്നാൽ താൻ ദാവീദിനോടു ഈ വലിയ മഹത്വവും നിരവധി അനുഗ്രഹങ്ങളും വാഗ്ദത്തം ചെയ്തിരുന്നു.
- **22:07** സെഖര്യാവ് പറഞ്ഞത്. “ദൈവത്തെ **സ്തുതിപ്പിൻ**, എന്തുകൊണ്ടെന്നാൽ താൻ തന്റെ ജനത്തെ ഓർത്തിരിക്കുന്നു!
- **43:13** അവർ (ശിഷ്യന്മാർ) ഒരുമിച്ചു കൂടിവരികയും ദൈവത്തെ സന്തോഷത്തോടെ **സ്തുതിക്കുകയും** ഒരുമിച്ചു സകലവും പരസ്പരം പങ്കു വെക്കുകയും ചെയ്തു വന്നു.
- **47:08** അവർ പൌലൊസിനെയും ശീലാസിനെയും കാരാഗ്രഹത്തിൽ ഏറ്റവും സുരക്ഷിതമായ ഭാഗത്ത് കാലുകൾ ബന്ധിച്ചു ഇടുകയും ചെയ്തു. എങ്കിലും അർദ്ധ രാത്രിയിൽ, അവർ ഗാനങ്ങൾ പാടി ദൈവത്തെ **സ്തുതിച്ചു**.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1319, H6953, H7121, H7150, G1229, G1256, G2097, G2605, G2782, G2783, G2784, G2980, G3853, G3955, G4283, G4296

# സ്ഥാനാപതി, സ്ഥാനാപതികള്, പ്രതിനിധി, പ്രതിനിധികള്,

## നിര്വചനം

സ്ഥാനാപതി എന്ന വ്യക്തി വിദേശ രാജ്യങ്ങളില് തന്റെ മാതൃരാജ്യത്തെ പ്രതിനിധീകരിക്കുവാന് ഔദ്യോഗികമായി നിയമിക്കപ്പെട്ട വ്യക്തിയാണ്. ഈ പദം "പ്രതിനിധി" എന്നു ഉപമാനരൂപത്തിലും പരിഭാഷയിലും പൊതുവെ ഉപയോഗിക്കാറുണ്ട്

- ഒരു സ്ഥാനാപതി അല്ലെങ്കില് പ്രതിനിധി തന്നെ നിയമിച്ചയച്ചതായ വ്യക്തി അല്ലെങ്കില് രാജ്യത്തിന്റെ സന്ദേശങ്ങളെ ജനത്തോടു പങ്കിടുന്ന വ്യക്തിയാണ്.
- "പ്രതിനിധി" എന്ന പദം ഏറ്റവും പൊതുവായി താന് പ്രതിനിധാനം ചെയ്യുന്ന വ്യക്തിയ്ക്കുവേണ്ടി പ്രവര്ത്തിക്കുവാനും സംസാരിക്കുവാനും അധികാരപ്പെടുത്ത പ്പെട്ടിട്ടുള്ളവന് എന്നാണ്.
- അപ്പോസ്തലനായപൌലോസ് പഠിപ്പിച്ചിരിക്കുന്നത് ക്രിസ്ത്യാനികള് ഈ ലോകത്തില് ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നവരും മറ്റുള്ളവര്ക്ക് ക്രിസ്തുവിന്റെ സന്ദേശം നല്കുന്നവരുമാകയാല് അവര് ക്രിസ്തുവിന്റെ "സ്ഥാനാപതികള്" അല്ലെങ്കില് "പ്രതിനിധികള്" ആകുന്നു എന്നാണ്.
- സാഹചര്യത്തിനനുസരിച്ച്, ഈ പദം "ഔദ്യോഗിക പ്രതിനിധി" അല്ലെങ്കില്"നിയുക്ത ദൂതന്" അല്ലെങ്കില് "ദൈവത്തിന്റെ നിയുക്ത പ്രതിനിധി" എന്നു പരിഭാഷ ചെയ്യാവുന്നതാണ്.
- "സ്ഥാനാപതികളുടെ സംഘം" എന്നത് "പ്രത്യേക ഔദ്യോഗിക സംഘം "അല്ലെങ്കില്"നിയുക്തരായ സന്ദേശവാഹകര്" അല്ലെങ്കില് "നിയുക്തരായ പ്രതിനിധികളുടെ സംഘം" അല്ലെങ്കില് "എല്ലാ ജനത്തിനുവേണ്ടിയും സംസാരിക്കുവാനായി നിയുക്തരായ ഔദ്യോഗിക സംഘം" എന്നു പരിഭാഷപ്പെടുത്താം.

(കാണുക: അജ്ഞാതമായവ പരിഭാഷപ്പെടുത്തുന്ന വിധം)

(കാണുക: സന്ദേശവാഹകന്)

## ദൈവവചന സൂചികകള്:

- എഫെസ്യര്:19-20
- ലൂക്കോസ് 14:31-33
- ലൂക്കോസ് 19:13-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H3887, H4135, H4136, H4397, H6735, H6737, G4243

# സ്ഥാപിക്കുക, അടിസ്ഥാനം ഇട്ടത്, സ്ഥാപകന്, അടിസ്ഥാനം, അടിസ്ഥാനങ്ങള്

## നിര്വചനം:

“സ്ഥാപിക്കുക” എന്ന ക്രിയാപദം ഒരു അടിസ്ഥാനം പണിയുക, സൃഷ്ടിക്കുക, അല്ലെങ്കില് ഉളവാക്കുക എന്ന് അര്ഥം നല്കുന്നു. “അടിസ്ഥാനം ഇട്ടിരിക്കുന്നു” എന്ന പദസഞ്ചയം സഹായിക്കപ്പെട്ടിരി ക്കുന്നത് അല്ലെങ്കില് അടിസ്ഥാനപ്പെട്ടിരിക്കുന്നത് എന്ന് അര്ത്ഥമാക്കുന്നു. “അടിസ്ഥാനം” എന്നത് എന്തെങ്കിലും പണിയുവാനുള്ള അല്ലെങ്കില് സൃഷ്ടിക്കപ്പെടുവാനുള്ളതിന്റെ അടിസ്ഥാനം ആകുന്നു.

- ഒരു വീടിന്റെയോ അല്ലെങ്കില് കെട്ടിടത്തിന്റെയോ അടിസ്ഥാനം മുഴുവന് കെട്ടിടത്തെയും താങ്ങി നിറുത്തുവാന് തക്ക ശക്തിയും ആശ്രയ യോഗ്യവും ആയിരിക്കണം.
- ”അടിസ്ഥാനം” എന്ന പദം ഏതിന്റെയെങ്കിലും ആരംഭത്തെയോ അല്ലെങ്കില്ഏതെങ്കിലും ഒന്ന് ആദ്യമായി സൃഷ്ടിക്കപ്പെട്ടതിന്റെ സമയത്തെയോ കുറിക്കുന്നു.
- ഒരു ഉപമാന ഭാവത്തില്, ക്രിസ്തുവിലുള്ള വിശ്വാസികള്ഏവരും ക്രിസ്തു തന്നെ മൂലക്കല്ലായി പണിതിരിക്കുന്നതും അപ്പൊസ്തലന്മാരും പ്രവാചകന്മാരുമായവരുടെ ഉപദേശമാകുന്ന അടിസ്ഥാനത്തിന്മേല്പണിയപ്പെട്ടിരിക്കുന്നതുമായ കെട്ടിടത്തോട് താരതമ്യം ചെയ്യപ്പെട്ടിരിക്കുന്നു.
- ഒരു അടിസ്ഥാന കല്ല്” എന്നത് അടിസ്ഥാനത്തിന്റെ ഒരു ഭാഗമായി ഇട്ടിരിക്കുന്ന ഒരു കല്ലാണ്. ഈ കല്ലുകള് മുഴുവന്കെട്ടിടത്തെയും താങ്ങി നിര്ത്തുവാന്പര്യാപ്തമായ ശക്തി ഉള്ളതാണോ എന്ന് പരിശോധിച്ചു തീര്ച്ചപ്പെടുത്തിയവ ആയിരുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ”ലോക സ്ഥാപനത്തിനു മുന്പേ” എന്ന പദസഞ്ചയം “ലോകത്തിന്റെ സൃഷ്ടിക്കു മുന്പേ’’ അല്ലെങ്കില് ലോകം ആദ്യമായി രംഗപ്രവേശനം ചെയ്യുന്ന സമയത്തിന് മുന്പേ” അല്ലെങ്കില്“സകലവും ആദ്യമായി സൃഷ്ടിക്കപ്പെടുന്നതിനു മുന്പേ” എന്നിങ്ങനെ പരിഭാഷ ചെയ്യാവുന്നതാണ്.
- ”മേല്സ്ഥാപിക്കപ്പെട്ടത്” എന്ന പദസഞ്ചയം “സുരക്ഷിതമായി നിര്മ്മിക്കപ്പെട്ടത്’’അല്ലെങ്കില്“ഉറച്ച നിലയില്അടിസ്ഥാനം ഇട്ടത്” എന്ന് പരിഭാഷ ചെയ്യാം. സാഹചര്യം അനുസരിച്ച്, “അടിസ്ഥാനം എന്നത് “ശക്തമായ അടിത്തറ” അല്ലെങ്കില്“ഉറപ്പേറിയ താങ്ങ്” അല്ലെങ്കില്“ആദി” അല്ലെങ്കില്“സൃഷ്ടി” എന്നിങ്ങനെ പരിഭാഷ ചെയ്യാം.

(കാണുക:മൂലക്കല്ല്, സൃഷ്ടിക്കുക)

## ദൈവവചന സൂചികകള്:

- 1 രാജാക്കന്മാര്06:37-38
- 2 ദിനവൃത്താന്തങ്ങള്03:1-3
- യെഹസ്കേല്13:13-14
- ലൂക്കോസ് 14:23-30
- മത്തായി 13:34-35
- മത്തായി 25:34-36

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H134, H787, H803, H808, H2713, H3245, H3247, H3248, H4143, H4144, H4146, H4328, H4349, H4527, H6884, H8356, G2310, G2311, G2602

# സ്മരണ, ജ്ഞാപക വഴിപാട്

## നിര്വചനം:

“സ്മരണ” എന്ന പദം സൂചിപ്പിക്കുന്നത് ഓര്മ്മയിലേക്ക് കൊണ്ട് വരുന്ന രീതിയില്ആരെയെങ്കിലും അല്ലെങ്കില്എന്തിനെ എങ്കിലും കൊണ്ട് വരുന്ന നടപടിയെ അല്ലെങ്കില്വസ്തുവിനെ സൂചിപ്പിക്കുന്നു.

- ഈ വാക്ക് ഒരു നാമ വിശേഷണ പദമായി അവരെ എന്തിനെ ക്കുറിച്ചെങ്കിലും ഒരു യാഗത്തിന്റെ അല്ലെങ്കില്“ജ്ഞാപക തൂണുകളുടെ” ഒരു “സ്മരണ വഴിപാട്”, ഒരു സ്മരണിക ഭാഗം” എന്ന് സൂചിപ്പിക്കുവാനും ഉപയോഗിക്കാം..
- പഴയ നിയമത്തില്ജ്ഞാപക വഴിപാടുകള്കഴിക്കുന്നത്മൂലം ഇസ്രയേല്ജനം ദൈവം അവര്ക്ക് വേണ്ടി ചെയ്തവയെ ഓര്ക്കുവാന്ഇടയാകും.
- ദൈവം ഇസ്രയേല്യ പുരോഹിതന്മാരോട് ജ്ഞാപക കല്ലുകള്അവരുടെ പ്രത്യേക വസ്ത്രങ്ങളില്ധരിക്കണം എന്ന് പറഞ്ഞിരുന്നു. ഈ കല്ലുകളില്ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളുടെ പേരുകളും കൊത്തിയിട്ടുണ്ടായിരുന്നു. ഇത് അവരോടുള്ള ദൈവത്തിന്റെ വിശ്വസ്തതയെ അവര്ക്ക് ഒര്മ്മപ്പെടുത്തുവാന്വേണ്ടി ആയിരിക്കാം.
- പുതിയ നിയമത്തില്, കൊര്ന്നെല്യോസ് എന്ന് പേരുള്ള ഒരു മനുഷ്യനെ തന്റെ ദരിദ്രര്ക്കായുള്ള ധര്മ്മ പ്രവര്ത്തികള്നിമിത്തം ദൈവം ബഹുമാനിച്ചു. ഈ പ്രവര്ത്തികളെ കുറിച്ച് ദൈവ മുന്പാകെ “സ്മരണാര്ത്ഥമായതു” എന്ന് പറയുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- ഇതിനെ “നീണ്ടു നില്ക്കുന്ന ഓര്മ്മപ്പെടുത്തല്” എന്നും പരിഭാഷ ചെയ്യാം.
- ഒരു “ജ്ഞാപക ത്തൂണ്” എന്നത് “അവരെ ഓര്മ്മപ്പെടുത്തുവാന്ഉള്ളത് (എന്തിനെ കുറിച്ചെങ്കിലും) എന്ന് പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- അപ്പോ.10:3-6
- പുറപ്പാട് 12:12-14
- യെശ്ശയ്യാവ് 66:3
- യോശുവ 04:6-7
- ലേവ്യപുസ്തകം 23:23-25

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2142, H2146, G3422

# സ്വതന്ത്രമായ, സ്വതന്ത്രമാക്കുന്നു, സ്വതന്ത്രമാക്കപ്പെട്ട, സ്വാതന്ത്രമാക്കുന്ന, സ്വാതന്ത്ര്യം, സൌജന്യമായ, സ്വതന്ത്ര പൌരന്, സ്വാമധേയ, സ്വാതന്ത്ര്യം

## നിര്വചനം:

"സ്വതന്ത്രമായ, അല്ലെങ്കില്"സ്വാതന്ത്ര്യം" എന്നീ പദങ്ങള്അടിമത്ത ത്തിലോ, മറ്റു യാതൊരു വിധ ബന്ധനത്തിലോ അല്ല എന്ന് സൂചിപ്പി ക്കുന്നു. "സ്വാതന്ത്ര്യ"ത്തിനുള്ള മറ്റൊരു പദം "സ്വതന്ത്രത" എന്നുള്ളതാണ്.

- "ഒരുവനെ വിമുക്തനാക്കുക" അല്ലെങ്കില്"ഒരുവനെ സ്വതന്ത്രനാക്കുക" എന്ന പദപ്രയോഗം അര്ത്ഥമാക്കുന്നത് തുടര്ന്ന് ഒരു വ്യക്തി അടിമത്തത്തിലോ ബന്ധനത്തിലോ ആകാതിരിപ്പാന്ഒരു മാര്ഗ്ഗം ഒരുക്കുക എന്നാണ്.
- ദൈവ വചനത്തില്, ഈ പദങ്ങള്സാധാരണയായി ഉപമാനമായി യേശുവില്ഉള്ള ഒരു വിശ്വാസി എപ്രകാരം പാപത്തിന്റെ അധികാരത്തില്ആയിരിക്കുന്നില്ല എന്ന് സൂചിപ്പിക്കുന്നു.
- "സ്വാതന്ത്ര്യം" അല്ലെങ്കില്"സ്വതന്ത്രത" ഉണ്ടായിരിക്കുക എന്നത് തുടര്ന്ന് മോശെയുടെ ന്യായപ്രമാണത്തെ അനുസരിക്കേണ്ട ആവശ്യകത ഇല്ലെന്നു സൂചിപ്പിക്കുന്നു, എന്നാല്പകരമായി പരിശുദ്ധാത്മാവിന്റെ ഉപദേശങ്ങ ള്ക്കും വഴികാട്ടലിനും അനുസൃതമായി ജീവിക്കുവാന്സ്വാതന്ത്ര്യം നല്കപ്പെടുന്നു.

## പരിഭാഷ നിര്ദേശങ്ങള്:

- "സ്വതന്ത്രം" എന്ന പദം "ബന്ധനം ഇല്ലാത്ത" അല്ലെങ്കില്"അടിമയാക്ക പ്പെടാത്ത" അല്ലെങ്കില്"അടിമത്തത്തില്അല്ലാത്ത" അല്ലെങ്കില്"ബന്ധന ത്തില്അല്ലാത്ത" എന്നീ വാക്കുകള്അല്ലെങ്കില്പദസഞ്ചയങ്ങളാല്പരിഭാഷ ചെയ്യാവുന്നതാണ്.
- "സ്വാതന്ത്ര്യം" അല്ലെങ്കില്"സ്വതന്ത്രത" എന്ന പദം "സ്വതന്ത്രമായിരിക്കുന്ന അവസ്ഥ" അല്ലെങ്കില്അടിമയായി ഇരിക്കാതെയുള്ള നില" അല്ലെങ്കില്"ബന്ധനസ്ഥന്അല്ലാതിരിക്കുക" എന്നീ അര്ത്ഥങ്ങളുള്ള വാക്ക് അല്ലെങ്കില്പദസഞ്ചയം കൊണ്ട് പരിഭാഷ ചെയ്യാവുന്നതാണ്.
- "സ്വതന്ത്രമാക്കുക" എന്ന പദപ്രയോഗം "സ്വാതന്ത്ര്യം പ്രാപിക്കുവാന്ഇട വരുത്തുക" അല്ലെങ്കില്"അടിമത്തത്തില്നിന്ന് വിടുവിക്കുക" അല്ലെങ്കില്"ബന്ധനത്തില്നിന്ന് വിടുവിക്കുക" എന്നിങ്ങനെ പരിഭാഷ ചെയ്യാവുന്നതാണ്.
- "സ്വതന്ത്രനാക്കപ്പെട്ട" ഒരു വ്യക്തി ബന്ധനത്തില്നിന്ന് അല്ലെങ്കില്അടിമത്തത്തില്നിന്ന് "വിടുതല്ലഭിച്ചവന്" അല്ലെങ്കില്പുറത്ത് കൊണ്ടു വരപ്പെട്ടവന്" ആണ്.

(കാണുക:ബന്ധിക്കുക, അടിമയാക്കുക, വേലക്കാരന്)

## ദൈവ വചന സൂചികകള്:

- ഗലാത്യര്04:26-27
- ഗലാത്യര്05:1-2
- യെശ്ശയ്യാവ് 61:1
- ലേവ്യപുസ്തകം 25:10
- റോമര്06:17-18

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1865, H2600, H2666, H2668, H2670, H3318, H4800, H5068, H5069, H5071, H5081, H5337, H5352, H5355, H5425, H5674, H5800, H6299, H6362, H7342, H7971, G425, G525, G558, G572, G629, G630, G859, G1344, G1432, G1657, G1658, G1659, G1849, G2010, G3032, G3089, G3955, G4174, G4506, G5483, G5486

# സ്വപ്നം

## നിര്വചനം:

സ്വപ്നമെന്നത് മനുഷ്യര് ഉറങ്ങിക്കൊണ്ടിരിക്കുമ്പോള് അവരുടെ മനസ്സില് കാണുന്നതോ അനുഭവിക്കുന്നതോ ആയവ.

- സ്വപ്നങ്ങള് എന്നത് യഥാര്ത്ഥത്തില് സംഭവിക്കുനതു പോലെ ഉള്ളവയാണ്, എന്നാല് അവ അങ്ങനെ ഉള്ളവയല്ല.
- ചിലപ്പോള് ദൈവം ചിലര്ക്ക് അവയില് നിന്ന് പഠിക്കുവാന് തക്കവിധം എന്തിനെക്കുറിച്ചെങ്കിലും സ്വപ്നം നല്കും. താന് ചിലപ്പോള് അവരോടു നേരിട്ടു സ്വപ്നത്തില് സംസാരിക്കും.
- ദൈവവചനത്തില്, ദൈവം ചിലര്ക്ക് പ്രത്യേക ദൂതുകള് നല്കുവാനായി പ്രത്യേക സ്വപ്നങ്ങള് നല്കാറുണ്ട്, സാധാരണയായി ഭാവിയില് സംഭവിക്കുവാന് പോകുന്നവയെ കുറിച്ച്.
- സ്വപ്നം എന്നത് ദര്ശനത്തില് നിന്നും വ്യത്യസ്തമാണ്. സ്വപ്നങ്ങള് ഒരുവന് ഉറങ്ങി ക്കൊണ്ടിരിക്കുമ്പോള് സംഭവിക്കുന്നതാണ്, എന്നാല് ദര്ശനങ്ങള് ഒരു വ്യക്തി ഉണര്ന്നിരിക്കുമ്പോള് സംഭവിക്കുന്നവയാണ്.

(കാണുക: ദര്ശനം)

## ദൈവവചന സൂചികകള്:

- അപ്പോ.പ്രവര്ത്തികള്02:16-17
- ദാനിയേല്:17-18
- ദാനിയേല്:1-2
- ഉല്പ്പത്തി 37:5-6
- ഉല്പ്പത്തി 40:4-5
- മത്തായി 02:13-15
- മത്തായി 02:19-21

## ദൈവവചന കഥകളില്നിന്നുള്ള ഉദാഹരണങ്ങള്:

- **08:02** യോസേഫിന്റെ സഹോദരന്മാര് തന്നെ വെറുക്കുവാന് കാരണം അവരുടെ പിതാവ് അവനെ വളരെ സ്നേഹിച്ചു, കൂടാതെ യോസേഫ് അവരുടെ മേല് ഭരണാധികാരി ആകുന്നതായി **സ്വപ്നം** കാണുകയും ചെയ്തു.
- **08:06** ഒരു രാത്രിയില്, മിസ്രയീമ്യര് തങ്ങളുടെ രാജാക്കന്മാരെ അഭിസംബോധന ചെയ്യുന്നതായ ഫറവോനു, വളരെ അസ്വസ്ഥത നല്കിയ രണ്ടു **സ്വപ്നങ്ങള്** ഉണ്ടായി. **സ്വപ്നങ്ങളുടെ** അര്ത്ഥം പറയുവാന് തന്റെ ഉപദേശകന്മാര് ആര്ക്കും തന്നെ കഴിഞ്ഞിരുന്നില്ല.
- **08:07** ദൈവം യോസേഫിനു **സ്വപ്നങ്ങളെ** വ്യാഖ്യാനിക്കു വാനുള്ള കഴിവ് നല്കിയതിനാല്, യോസേഫിനെ കാരാഗ്രഹത്തില് നിന്നും തന്റെ മുന്പില് കൊണ്ടു വരുവാന് കല്പ്പിച്ചു. അവനുവേണ്ടി **സ്വപ്നങ്ങളെ** വ്യഖ്യാനിച്ചുകൊണ്ട് യോസേഫ് പറഞ്ഞത്, ദൈവം ഏഴു വര്ഷത്തേക്ക് സമൃദ്ധമായ കൊയ്ത്തും അതിനെ തുടര്ന്നു ഏഴു വര്ഷത്തേക്കു ക്ഷാമവും തുടരും" എന്നാണ്,
- **16:11** അതുകൊണ്ട് ആ രാത്രിയില്, ഗിദെയോന് പുറപ്പെട്ടു പാളയത്തിലേക്ക് ചെല്ലുകയും ഒരു മിദ്യാന്യ പടയാളി തന്റെ സ്നേഹിതനോട് താന് കണ്ടതായ **സ്വപ്നം** വിവരിക്കുന്നത് കേള്ക്കുകയും ചെയ്തു. ആ മനുഷ്യന്റെ സ്നേഹിതന് പറഞ്ഞത്, "ഈ **സ്വപ്നം** അര്ത്ഥമാക്കുന്നത് ഗിദയോന്റെ സൈന്യം മിദ്യാന്യ സൈന്യത്തെ പരാജയപ്പെടുത്തും" എന്നായിരുന്നു.
- **23:01** അവന് (യോസേഫ്) അവളെ (മറിയയെ) ലജ്ജിപ്പിക്കരു തെന്നു കരുതി, അവളെ ഗൂഢമായി ഉപേക്ഷിക്കുവാന് പദ്ധതിയിട്ടു. തനിക്കു അപ്രകാരം ചെയ്യുവാന് കഴിയുന്നതിനു മുന്പു, ഒരു ദൂതന് വന്നു അവനോടു **സ്വപ്നത്തില്** സംസാരിച്ചു.

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1957, H2472, H2492, H2493, G1797, G1798, G3677

# സ്വമേധാദാനം, സ്വമേധാ ദാനങ്ങള്

## നിര്വചനം:

ഒരു സ്വമേധാ ദാനം എന്നത് മോശെയുടെ ന്യായപ്രമാണം ആവശ്യപ്പെടാത്ത ഒരു തരം ദൈവത്തിനുള്ള യാഗം ആണ്. ഈ വഴിപാട് നല്കുക എന്നത് ഒരു വ്യക്തിയുടെ സ്വന്തം തിരഞ്ഞെ ടുപ്പ് ആകുന്നു.

- സ്വമെധാ ദാനം ഒരു മൃഗത്തെ യാഗം അര്പ്പിക്കുക എന്നതാണെങ്കില്, അത് സ്വമേധയായി അര്പ്പിക്കപ്പെടുന്നത് ആകയാല്ആ മൃഗത്തിനു അല്പമായ ഊനങ്ങള്അനുവദിക്കപ്പെട്ടിരുന്നു.
- ഉത്സവാഘോഷത്തിന്റെ ഭാഗമായി യാഗാര്പ്പണം ചെയ്ത മൃഗത്തെ ഇസ്രയേല്യര്ഭക്ഷിച്ചിരുന്നു.
- അവര്ക്ക് നല്ല കൊയ്ത്തു ലഭ്യമായതിനാലും ജനത്തിനു ധാരാളം ഭക്ഷ്യ വസ്തുക്കള്ലഭിച്ചതിനാലും ഒരു സ്വമേധാ വഴിപാട് അര്പ്പിക്കപ്പെടുന്നത് ഇസ്രായേലിനു സന്തോഷത്തിനു കാരണമായിരുന്നു.
- എസ്രായുടെ പുസ്തകം ദേവാലയം പുന:നിര്മ്മാണം നടത്തേണ്ടതിനായി ഒരു വ്യത്യസ്തമായ സ്വമേധാ ദാനം നടത്തിയതിനെകുറിച്ച് വിശദീകരിക്കുന്നു. ഈ വഴിപാടു സ്വര്ണ്ണവും വെള്ളിയും പണമായും, അതുപോലെ തന്നെ സ്വര്ണ്ണവും വെള്ളിയും കൊണ്ട് നിര്മ്മിച്ച പാത്രങ്ങളും ഇതര വസ്തുക്കളും അടങ്ങിയതായിരുന്നു.

(കാണുക:ഹോമയാഗം, എസ്രാ, ഉത്സവം, ഭോജന യാഗം, പാപ യാഗം, ന്യായപ്രമാണം, പാപ യാഗം)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്29:6-7
- 2 ദിനവൃത്താന്തങ്ങള്35:7-9
- ആവര്ത്തന പുസ്തകം 12:17
- പുറപ്പാട് 36:2-4
- ലേവ്യ പുസ്തകം 07:15-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H5068, H5071

# സ്വരൂപം, സ്വരൂപങ്ങള്, കൊത്തുപണിയായ സ്വരൂപങ്ങള്, വാര്പ്പു ലോഹ സ്വരൂപങ്ങള്, രൂപം, രൂപങ്ങള്, കൊത്തു പണിയായ രൂപങ്ങള്, വാര്പ്പു ലോഹ രൂപം, വാര്പ്പു ലോഹ രൂപങ്ങള്

## നിര്വചനം:

ഈ പദങ്ങള് എല്ലാം അസത്യ ദൈവങ്ങളെ ആരാധിക്കുവാന് ഉണ്ടാക്കപ്പെട്ട വിഗ്രഹങ്ങളെ സൂചിപ്പിക്കുന്നു. വിഗ്രഹങ്ങളെ ആരാധിക്കുന്ന പാശ്ചാത്തലത്തില്, "സ്വരൂപം" എന്നത് "കൊത്തു പണിയായ സ്വരൂപം" എന്നതിന്റെ ലഘൂകരിച്ച പദം ആണ്.

- ഒരു "കൊത്തുപണിയായ സ്വരൂപം" അല്ലെങ്കില് "കൊത്തുപണിയായ രൂപം" എന്നത് മരത്താല് നിര്മ്മിതമായ മൃഗം, മനുഷ്യന്, അല്ലെങ്കില് ഇതര വസ്തുവിന്റെ രൂപത്തില് ഉണ്ടാക്കപ്പെട്ടതാണ്.
- ഒരു വാര്പ്പു ലോഹ രൂപം" എന്നത് ഒരു വസ്തു അല്ലെങ്കില് സ്തൂപം ലോഹം ഉരുക്കി ഒരു വസ്തു, മൃഗം, അല്ലെങ്കില് മനുഷ്യന്റെ ആകൃതിയില് ഉള്ള വാര്പ്പുകളില് ഒഴിച്ച് ഉണ്ടാക്കുന്ന വസ്തു ആണ്.
- ഈ മരത്തിന്റെയും ലോഹങ്ങളുടെയും വസ്തുക്കള് അസത്യ ദൈവങ്ങളുടെ ആരാധനയില് ഉപയോഗിക്കുന്നു.
- "സ്വരൂപം" എന്ന പദം ഒരു വിഗ്രഹത്തിനു സൂചിപ്പിക്കുമ്പോള് ഒരു മരത്തിന്റെയോ ലോഹത്തിന്റെയോ വിഗ്രഹം ആയിരിക്കും.

## പരിഭാഷ നിര്ദേശങ്ങള്:

- ഒരു വിഗ്രഹത്തെ സൂചിപ്പിക്കുമ്പോള്, 'സ്വരൂപം" എന്ന പദം "ബിംബം" അല്ലെങ്കില് "കൊത്തുപണിയായ വിഗ്രഹം" അല്ലെങ്കില് "കൊത്തുപണിയായ മതപരമായ വസ്തു" എന്ന് പരിഭാഷ ചെയ്യാം.
- ചില ഭാഷകളില് ഈ പദത്തോട് ചേര്ത്ത് കൂടുതല് വ്യക്തമായ നിലയില് ഒരു വിശദീകരണ പദത്തോട് കൂടെ "കൊത്തുപണിയായ സ്വരൂപം" അല്ലെങ്കില് "വാര്പ്പു ലോഹ രൂപം" എന്നിങ്ങനെ, മൂല പ്രതിയില് വെറും "സ്വരൂപം" അല്ലെങ്കില് "രൂപം" എന്ന് മാത്രമേ ഉള്ളൂ എങ്കിലും ഉപയോഗിച്ചിരിക്കുന്നത് കാണാം.
- ദൈവത്തിന്റെ സ്വരൂപം എന്ന് സൂചിപ്പിക്കുവാന് ഉപയോഗിക്കുന്ന പദത്തില് നിന്നും തികച്ചും വ്യത്യസ്തമാണ് ഈ പദം എന്നുള്ളത് ഉറപ്പാക്കേണ്ടത് ആവശ്യമാണ്.

(കാണുക:അസത്യ ദൈവം, ദൈവം, അസത്യ ദൈവം, ദൈവത്തിന്റെ സ്വരൂപം)

## ദൈവ വചന സൂചികകള്:

- 1 രാജാക്കന്മാര്:9-10
- അപ്പോ.07:43
- യെശ്ശയ്യാവ് 21:8-9
- മത്തായി 22:20-22
- റോമര്:22-23

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H457, H1544, H2553, H4541, H4676, H4853, H4906, H5257, H5262, H5566, H6091, H6456, H6459, H6754, H6755, H6816, H8403, H8544, H8655, G1504, G5179, G5481

# സ്വര്ണ്ണം, സ്വര്ണ്ണ മയമായ

## നിര്വ്വചനം:

സ്വര്ണ്ണം എന്നത് മഞ്ഞ നിറം ഉള്ള, ഉയര്ന്ന ഗുണ നിലവാരമുള്ള, ആഭരണങ്ങളും മതപരമായ വസ്തുക്കളും നിര്മ്മിക്കുവാന് ഉപയോഗിക്കുന്ന ലോഹമാണ്. പുരാതന കാലങ്ങളില് ഇത് ഏറ്റവും മൂല്യമുള്ള ലോഹം ആയിരുന്നു.

- ദൈവ വചന കാലഘട്ടങ്ങളില്, സ്വര്ണ്ണക്കട്ടികളില്നിന്നും വിവിധ തരം വസ്തുക്കള്ഉണ്ടാക്കുകയോ അല്ലെങ്കില്സ്വര്ണ്ണത്തിന്റെ നേര്ത്ത ആവരണം അവയുടെ മേല്പൂശുകയോ ചെയ്തു വന്നിരുന്നു.
- ഈ വസ്തുക്കളില്കമ്മലുകളും ഇതര ആഭരണങ്ങളും, വിഗ്രഹങ്ങള്, യാഗപീഠങ്ങള്, സമാഗമന കൂടാരത്തില്അല്ലെങ്കില്ദേവാലയത്തില്ഉപയോഗിച്ചിരുന്ന വസ്തുക്കള് ഉടമ്പടിപ്പെട്ടകം പോലുള്ളവ ഉള്പ്പെട്ടിരുന്നു.
- പഴയ നിയമ കാലങ്ങളില്, വാങ്ങുന്നതിനും വില്ക്കുന്നതിനും പരസ്പര വിനിമയത്തിനായി ഉപയോഗിച്ചിരുന്നു.

ഇതിന്റെ മൂല്യം നിര്ണ്ണയിക്കുന്നതിനായി ഒരു ത്രാസ്സില്തൂക്കുമായിരുന്നു.

- പില്ക്കാലത്ത്, സ്വര്ണ്ണവും വെള്ളി പോലുള്ള നാണയങ്ങളായി രൂപപ്പെടുത്തി വാങ്ങുവാനും വില്ക്കുവാനും മറ്റു ലോഹങ്ങളും ഉപയോഗിച്ചു വന്നിരുന്നു.
- "കട്ടിയായ സ്വര്ണ്ണം" അല്ലാത്ത, സ്വര്ണ്ണത്തിന്റെ നേരിയ ആവരണം മാത്രം ഉള്ളൂ എങ്കില്"സ്വര്ണ്ണ മയമായ" അല്ലെങ്കില്"സ്വര്ണ്ണം-പൂശിയ" എന്ന് ഉപയോഗിക്കാം.
- ചില സന്ദര്ഭങ്ങളില്ഒരു വസ്തു "സ്വര്ണ്ണ-വര്ണ്ണം ഉള്ളത്" എന്ന് വിശേഷിപ്പിക്കുമ്പോള്അതിന്റെ അര്ത്ഥം മഞ്ഞ അല്ലെങ്കില്സ്വര്ണ്ണ നിറം ഉണ്ട്, എന്നാല്അത് യഥാര്ഥമായ സ്വര്ണ്ണം കൊണ്ട് നിര്മ്മിച്ചത് ആകണമെന്ന് ഇല്ല.

(കാണുക:യാഗപീഠം, ഉടമ്പടിപ്പെട്ടകം, അസത്യ ദൈവം, വെള്ളി, സമാഗമന കൂടാരം, ദേവാലയം)

## ദൈവ വചന സൂചികകള്:

- 1 പത്രോസ് 01:6-7
- 1 തിമോത്തിയോസ് 02:8-10
- 2 ദിനവൃത്താന്തങ്ങള്01:14-15
- അപ്പൊ.പ്രവര്ത്തികള്03:4-6
- ദാനിയേല്02:31-33

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1220, H1222, H1722, H2091, H2742, H3800, H4062, H5458, H6884, H6885, G5552, G5553, G5554, G5557

# ഹിമം, മഞ്ഞു വീണ, മഞ്ഞു വീഴ്ച

## വസ്തുതകള്:

“ഹിമം” എന്ന പദം സൂചിപ്പിക്കുന്നത് തണുത്തുറഞ്ഞ ജലപാളികള്അന്തരീക്ഷ താപം വളരെ തണുത്ത സ്ഥലത്തുള്ള മേഘങ്ങളില്നിന്ന് വീഴുന്നതിനെ ആകുന്നു.

- ഇസ്രയേലിലെ ഉയര്ന്ന പ്രദേശങ്ങളില്മഞ്ഞു വീഴാറുണ്ട്, എന്നാല്ദീര്ഘസമയം നിലത്തില്കാണാതവണ്ണം വളരെ പെട്ടെന്ന് തന്നെ ഉരുകിപ്പോകുന്നു. മലകളുടെ കൊടുമുടികള്ദീര്ഘകാലം നിലനില്ക്കുന്ന ഹിമം ഉള്ളവ ആകുന്നു. അപ്രകാരം ഉള്ള ഹിമത്തിന്റെ സാന്നിധ്യം ഉള്ള ഒരു സ്ഥലത്തിന്റെ ഉദാഹരണമായി ദൈവവചനത്തില്കാണപ്പെടുന്നത് ലെബനോന്പര്വതം ആണ്.
- വളരെ വെളുത്തതായ ഒരു വസ്തുവിന്റെ നിറത്തെ ഹിമത്തിന്റെ നിറത്തോട് സാമ്യപ്പെടുത്താറുണ്ട്. ഉദാഹരണമായി, വെളിപ്പാട് പുസ്തകത്തില്യേശുവിന്റെ വസ്ത്രത്തെക്കുറിച്ചും തന്റെ തലമുടിയെക്കുറിച്ചും “ഹിമത്തെപ്പോലെ വെണ്മ ഉള്ളത്” എന്നാണ് വിശദീകരിച്ചിരിക്കുന്നത്.
- ഹിമത്തിന്റെ വെണ്മ എന്നത് പരിശുദ്ധത്തിന്റെയും വിശുദ്ധിയുടെയും സാദൃശമായി കാണിക്കുന്നു. ഉദാഹരണമായി, “നമ്മുടെ പാപങ്ങള്ഹിമം പോലെ വെളുക്കും” എന്നുള്ള പ്രസ്താവന അര്ത്ഥം നല്കുന്നത് ദൈവം തന്റെ ജനത്തെ അവരുടെ പാപങ്ങളില്നിന്നും പൂര്ണ്ണമായി ശുദ്ധീകരിക്കും എന്നാണ്.
- ചില ഭാഷകളില്ഹിമത്തെ “ഉറഞ്ഞ മഴ” അല്ലെങ്കില്“മഞ്ഞുകട്ടയുടെ പാളികള്” എന്നിങ്ങനെ സൂചിപ്പിക്കാറുണ്ട്.
- “മഞ്ഞു വെള്ളം” എന്നത് മഞ്ഞു ഉരുകി ഒഴുകി വരുന്ന വെള്ളം എന്ന് സൂചിപ്പിക്കുന്നു.

(കാണുക: അജ്ഞാതമായവ പരിഭാഷ ചെയ്യുന്ന വിധം)

(പരിഭാഷ നിര്ദേശങ്ങള്: പേരുകള്പരിഭാഷ ചെയ്യുക)

(കാണുക: ലെബനോന്, ശുദ്ധമായ)

## ദൈവ വചന സൂചികകള്:

- പുറപ്പാട് 04:6-7
- ഇയ്യോബ്37:4-6
- മത്തായി 28:3-4
- സങ്കീര്ത്തനങ്ങള് 147:15-16
- വെളിപ്പാട് 01:14-16

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H7949, H7950, H8517, G5510

# ഹോമയാഗം, ഹോമയാഗങ്ങള്

## വസ്തുതകള്:

പഴയ നിയമത്തില്, "ഹോമ യാഗം" എന്നത് വിവിധ കാരണങ്ങ ള്ക്കായി, ദൈവത്തിനു നന്ദി പ്രകാശിപ്പിക്കു വാനോ ഒരു നേര്ച്ച നേര്ന്നത് നിവര്ത്തിക്കുവാനോ അര്പ്പിക്കുന്ന യാഗമാണ്.

- ഈ വഴിപാടിന് ആണോ പെണ്ണോ ആയ മൃഗം യാഗാര്പ്പണത്തിനായി ആവശ്യമുണ്ട്. ഇത് ആണ്മൃഗത്തെ ആവശ്യപ്പെടുന്ന ദഹന യാഗത്തില്നിന്നും വ്യത്യസ്തമായ ഒന്നാണ്.
- യാഗത്തിന്റെ ഒരു ഭാഗം ദൈവത്തിനു നല്കിയ ശേഷം, ഹോമയാഗം കൊണ്ടുവന്ന വ്യക്തി ആ മാംസം പുരോഹിതന്മാര്ക്കും മറ്റു ഇസ്രയേല്യര്ക്കും പങ്കു വെക്കുമായിരുന്നു.
- പുളിപ്പില്ലാത്ത അപ്പം ഉള്പ്പെടെയുള്ള ഒരു ഭക്ഷണം ഈ വഴിപാടിനോട് ചേര്ന്നു ഉണ്ടായിരുന്നു.
- ഇതിനെ ചില സമയങ്ങളില്"സമാധാന യാഗം" എന്നു വിളിച്ചിരുന്നു.

(കാണുക:ദഹന യാഗം, നിവര്ത്തിക്കുക, ഭോജന യാഗം, സമാധാന യാഗം, പുരോഹിതന്, പുളിപ്പില്ലാത്ത അപ്പം, നേര്ച്ച)

## ദൈവ വചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്21:25-27
- 2 ദിനവൃത്താന്തങ്ങള്29:35-36
- പുറപ്പാട് 24:5-6
- ലേവ്യപുസ്തകം 03:3-5
- സംഖ്യാപുസ്തകം 06:13-15

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H8002

# “അന്വേഷിക്കുക, അന്വേഷിക്കുന്നു, അന്വേഷിച്ചു, അന്വേഷണങ്ങള്

## വസ്തുതകള്:

“അന്വേഷിക്കുക” എന്ന പദം ആരോടെങ്കിലും വിവരങ്ങള് ചോദിക്കുക എന്നാണ്. “അന്വേഷിക്കുക” എന്ന പദപ്രയോഗം സാധാരണയായി ദൈവത്തോട് ജ്ഞാനമോ അല്ലെങ്കില് സഹായമോ അഭ്യര്ഥിക്കുന്നതിനെ സൂചിപ്പിക്കുവാന് ഉപയോഗിക്കാറുണ്ട്.

- പഴയ നിയമം ജനം ദൈവത്തോട് അന്വേഷിക്കുന്ന പല സംഭവങ്ങള് രേഖപ്പെടുത്തിയിട്ടുണ്ട്.
- ഈ വാക്കു ഒരു രാജാവോ അല്ലെങ്കില് ഒരു സര്ക്കാര് ഉദ്യോഗസ്ഥനോ എഴുതപ്പെട്ട രേഖ മുഖാന്തിരം ഒരു അന്വേഷണം നടത്തുന്നതിനെ സൂചിപ്പിക്കുവാനും ഉപയോഗിക്കാം.
- സാഹചര്യം അനുസരിച്ച്, “അന്വേഷിക്കുക” എന്നത് “ചോദിക്കുക” അല്ലെങ്കില് “വിവര ശേഖരണത്തിനായി ചോദിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം.
- ”യഹോവയെ അന്വേഷിക്കുക” എന്ന പദപ്രയോഗം “വഴി നടത്തിപ്പിനായി യഹോവയെ അപേക്ഷിക്കുക” അല്ലെങ്കില് “എന്ത് ചെയ്യണമെന്നു യഹോവയോടു ചോദിക്കുക” എന്നിങ്ങനെ പരിഭാഷ ചെയ്യാം. “അന്വേഷണം നടത്തുക” എന്നത് എന്തിനെക്കുറിച്ച് എങ്കിലും “ചോദ്യങ്ങള് ചോദിക്കുക” അല്ലെങ്കില് “അതിനെ കുറിച്ചുള്ള വിവരങ്ങള് ചോദിക്കുക” എന്ന് പരിഭാഷ ചെയ്യാം.
- യഹോവ പ്രസ്താവിക്കുമ്പോള്, “ഞാന് നിങ്ങളാല് അന്വേഷിക്കപ്പെടുക ഇല്ല” എന്നത് “നിങ്ങള് എന്നോട് അന്വേഷണം നടത്തുവാന് ഞാന് നിങ്ങളെ അനുവദിക്കുക ഇല്ല” അല്ലെങ്കില് “നിങ്ങള് എന്നില് നിന്നും സഹായം തേടുവാന് അനുവദിക്കപ്പെടുകയില്ല” എന്ന് പരിഭാഷ ചെയ്യാം.

## ദൈവ വചന സൂചികകള്:

- ആവര്ത്തന പുസ്തകം 19:17-19
- യെഹസ്കേല് 20:1
- യെഹസ്കേല് 20:30-32
- എസ്രാ 07:14-16
- ഇയ്യോബ് 10:4-7

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H1240, H1245, H1875, G1830

# “നിയോഗിക്കുക, ഏല്പ്പിച്ചു, നിയോഗിക്കുന്ന, സമര്പ്പണം, സമര്പ്പണങ്ങള്, പുന:സമര്പ്പണം

## വസ്തുതകള്;

“നിയോഗിക്കുക” അല്ലെങ്കില്”നിയോഗിക്കപ്പെട്ട” എന്ന പദം ഒരു പ്രത്യേക ദൌത്യം നിര്വഹിക്കുവാനായി ഒരാളെ നിയമിക്കുക അല്ലെങ്കില്ഒന്നോ അതി ലധികമൊ ആളുകള്ക്ക് നല്കുവാനായി രൂപീകരിക്കുക എന്നു സൂചിപ്പിക്കുന്നു.

- പ്രവാചകനായ ശമുവേല്ശൌല്രാജാവിനോട് പ്രവചിച്ചു പറഞ്ഞത് ഇസ്രായേ ലിലെ ഏറ്റവും നല്ല യുവാക്കളെ സൈന്യത്തില്സേവനം ചെയ്യുവാന്”നിയോഗിക്കുക” എന്നായിരുന്നു.
- ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങള്ഓരോന്നിനും അവര്പാര്ക്കേണ്ടതിനു അവര്ക്കായി കാനാന്ദേശത്തെ വിഭാഗിച്ചു “ഏല്പ്പിച്ചു”.
- പഴയനിയമ ന്യായപ്രമാണത്തിന്കീഴ്, ചില ഇസ്രയേല്യ ഗോത്രങ്ങള്പുരോഹിതന്മാര്, കൌശലപ്പണിക്കാര്, ഗായകര്, നിര്മ്മിതാക്കള്എന്നിങ്ങനെ നിയോഗിതരായി.
- സാഹചര്യമനുസരിച്ച്, ‘നിയോഗിക്കുക’ എന്നത് “നല്കുക” അല്ലെങ്കില്’നിയമിക്കുക’ അല്ലെങ്കില്”ദൌത്യത്തിനായി തിരഞ്ഞെടുക്കുക” എന്നു പരിഭാഷ പ്പെടുത്താം. “നിയോഗിക്കപ്പെട്ട'’ എന്ന പദം “നിയമിക്കപ്പെട്ട” അല്ലെങ്കില്”ദൌത്യം നല്കപ്പെട്ട” എന്നു പരിഭാഷപ്പെടുത്താം.

(പരിഭാഷ നിര്ദേശങ്ങള്:പേരുകള്പരിഭാഷ ചെയ്യുക)

(കാണുക:നിയമിക്കുക, ശമുവേല്, ശൌല്)

## ദൈവവചന സൂചികകള്:

- 1 ദിനവൃത്താന്തങ്ങള്06:48
- ദാനിയേല്12:12-13
- യിരെമ്യാവ് 43:1-13
- യോശുവ 18:1-2
- സംഖ്യാപുസ്തകം 04:27-28
- സങ്കീര്ത്തനങ്ങള് 078:54-55

## വാക്കുകളുടെ അടിസ്ഥാന വിവരങ്ങൾ:

- Strong's: H2506, H3335, H4487, H4941, H5157, H5307, H5414, H5596, H5975, H6485, H7760, G3307

# Translation Academy

**ഭാഷം 10.3**

# അതിശയോക്തിയും സാമാന്യവൽക്കരിക്കലും.

## വിവരണം

ഈ പേജ് ചോദ്യത്തിന് ഉത്തരം നൽകുന്നു: എന്താണ് അതിശയോക്തികൾ? എന്താണ് സാമാന്യവൽക്കരിക്കൽ?

ഈ വിഷയം മനസിലാക്കാൻ, വായിക്കുന്നത് നല്ലതാണ്:

[[*rc://ml/ta/man/translate/figs-intro*]]

ഒരു പ്രഭാഷകനോ എഴുത്തുകാരനോ ഒരേ വാക്കുകൾ ഉപയോഗിച്ച് പൂർണ്ണ യാഥാർത്ഥ്യമോ പൊതുവായി സത്യമായതോ അല്ലെങ്കിൽ ഒരു അതിശയോക്തിയോ പറയാൻ കഴിയും. അതുകൊണ്ടാണ് ഒരു പ്രസ്താവന എങ്ങനെ മനസിലാക്കണമെന്ന് തീരുമാനിക്കാൻ പ്രയാസമാണ്.

- എല്ലാ രാത്രിയിലും ഇവിടെ മഴ പെയ്യുന്നു.

എല്ലാ രാത്രിയും ഇവിടെ മഴ പെയ്യുന്നുവെന്ന് അർത്ഥമാക്കുന്നുവെങ്കിൽ ഭാഷകൻ ഇത് അക്ഷരാർത്ഥത്തിൽ ശരിയാണെന്ന് അർത്ഥമാക്കുന്നു.
ഇതൊരു പൊതുപ്രസ്ഥാവനയെങ്കിൽ മിക്ക രാത്രികളിലും ഇവിടെ മഴ പെയ്യുന്നുവെന്നാണ് ഭാഷകൻ അർത്ഥമാക്കുന്നത്.
ഭാഷകൻ ഇതിനെ ഒരു അതിശയോക്തിയായി അർത്ഥമാക്കുന്നുവെങ്കിൽ, അത് സാധാരണ ചെയ്യുന്നതിനേക്കാൾ കൂടുതൽ മഴ പെയ്യുന്നുവെന്ന് പറയാൻ ആഗ്രഹിക്കുന്നു, സാധാരണയായി മഴയുടെ അളവിനെക്കുറിച്ച് ശക്തമായ മനോഭാവം പ്രകടിപ്പിക്കുന്നതിന്, ബുദ്ധിമുട്ട് അല്ലെങ്കിൽ സന്തോഷം തുടങ്ങയവ.

**അതിശയോക്തി**: ഇത് **അത്യുക്തി** ഉപയോഗിക്കുന്ന ഒരു ആലങ്കാരിക രൂപമാണ്. അമിതവർണ്ണന അല്ലെങ്കിൽ യാഥാർത്ഥ്യമല്ലാത്ത ഒരു പ്രസ്താവനയിലൂടെ ഒരു ഭാഷകൻ മന:പൂർവ്വം, എന്തിനെയെങ്കിലും കുറിച്ചുള്ള തന്റെ ശക്തമായ വികാരമോ അഭിപ്രായമോ കാണിക്കാൻ വിവരിക്കുന്നു. താൻ അതിശയോക്തി ഉപയോഗിക്കുന്നു എന്ന് ആളുകൾ മനസ്സിലാക്കുമെന്ന് അദ്ദേഹം പ്രതീക്ഷിക്കുന്നു.

> അവർ കല്ലിൽന്മേൽ കല്ല് ശേഷിപ്പിക്കുകയില്ല (ലൂക്കോസ് 19:44 ULT)

- ഇത് അതിശയോക്തിയാണ്. ശത്രുക്കൾ യെരുശലേമിനെ പൂർണ്ണമായും നശിപ്പിക്കുമെന്നാണ് ഇതിനർത്ഥം.

**സാമാന്യവൽക്കരണം:** ഇത് മിക്ക സമയത്തും ശരിയാകാവുന്ന അല്ലെങ്കിൽ അത് മിക്ക സാഹചര്യങ്ങളിലും ബാധകമായേക്കാവുന്ന ഒരു പ്രസ്താവനയാണ് ഇത്.

> പ്രബോധനം ത്യജിക്കുന്നവന് ദാരിദ്ര്യവും ലജ്ജയും ഉണ്ടാകും,

> ശാസന കൂട്ടാക്കുന്നവന് ബഹുമാനം ലഭിക്കും (സദൃശവാക്യങ്ങൾ 13:18)

- ഈ സാമാന്യവൽക്കരണങ്ങൾ, നിർദ്ദേശങ്ങൾ അവഗണിക്കുന്ന ആളുകൾക്ക് സാധാരണയായി എന്ത് സംഭവിക്കുന്നുവെന്നും തിരുത്തലിൽ നിന്ന് പഠിക്കുന്ന ആളുകൾക്ക് സാധാരണയായി എന്ത് സംഭവിക്കുമെന്നും പറയുന്നു.

> നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, ജാതികളെപ്പോലെ വ്യർത്ഥവാക്കുകൾ ആവർത്തിക്കരുത്; അധികം സംസാരിക്കുന്നതുകൊണ്ട് ഉത്തരം കിട്ടും എന്നാണ് അവർ ചിന്തിക്കുന്നത് (മത്തായി 6: 7)

- ഈ സാമാന്യവൽക്കരണം, വിജാതീയർ അറിയപ്പെടുന്ന കാര്യങ്ങളെക്കുറിച്ച് പറയുന്നു. പല വിജാതീയരും ഇത് ചെയ്തിരിക്കാം.

ഒരു സാമാന്യവൽക്കരണത്തിന് "എല്ലാം," "എല്ലായ്പ്പോഴും," "ഒന്നുമില്ല" അല്ലെങ്കിൽ "ഒരിക്കലും" എന്നതുപോലുള്ള ശക്തമായ ശബ്ദമുണ്ടായിരിക്കാമെങ്കിലും **കൃത്യമായി** "എല്ലാം," "എല്ലായ്പ്പോഴും," "ഒന്നുമില്ല, "അല്ലെങ്കിൽ" ഒരിക്കലും. , എന്ന് ഇത് അർത്ഥമാക്കുന്നില്ല " അതിന്റെ അർത്ഥം "മിക്കതും," മിക്കപ്പോഴും, "" പ്രയാസമില്ല "അല്ലെങ്കിൽ" അപൂർവ്വമായി "എന്നാണ്.

> മോശെ മിസ്രയീമ്യരുടെ സകല ജ്ഞാനവും അഭ്യസിച്ചു. (പ്രവൃ. 7:22 ULT)

- ഈ സാമാന്യവൽക്കരണം അർത്ഥമാക്കുന്നത് ഈജിപ്തുകാർക്ക് അറിയാവുന്നതും പഠിപ്പിച്ചതുമായ പലതും അദ്ദേഹം പഠിച്ചു എന്നാണ്.

### ഇത് ഒരു വിവർത്തന പ്രശ്നമാകുന്നതിനുള്ള കാരണം

ഒരു പ്രസ്താവന പൂർണ്ണമായും ശരിയാണോ അല്ലയോ എന്ന് മനസ്സിലാക്കാൻ വായനക്കാർക്ക് കഴിയേണ്ടതുണ്ട്.
ഒരു പ്രസ്താവന പൂർണ്ണമായും ശരിയല്ലെന്ന് വായനക്കാർ മനസ്സിലാക്കുന്നുവെങ്കിൽ, അത് ഒരു അതിശയോക്തിയാണോ അതോ, സാമാന്യവൽക്കരണമാണോ അതോ നുണയാണോ എന്ന് അവർക്ക് മനസിലാക്കാൻ കഴിയണം. (ബൈബിൾ പൂർണമായും സത്യമാണെങ്കിലും, എല്ലായ്പ്പോഴും സത്യം പറയാത്ത ആളുകളെക്കുറിച്ചാണ് ഇത് പറയുന്നത്.)

### ബൈബിളിൽ നിന്നുള്ള ഉദാഹരണങ്ങൾ

#### അതിശയോക്തിയുടെ ഉദാഹരണങ്ങൾ

> നിന്റെ കൈ നിനക്ക് ഇടർച്ച വരുത്തിയാൽ അതിനെ വെട്ടിക്കളക അംഗവൈകല്യമുള്ളവനായി ജീവനിൽ കടക്കുന്നത് നിനക്ക് നല്ലത് ... (മർക്കോസ് 9:43 ULT)

നിങ്ങളുടെ കൈ ഛേദിക്കണമെന്ന് യേശു പറഞ്ഞപ്പോൾ, അവൻ ഉദ്ദേശിച്ചത് നാം പാപം ചെയ്യാതിരിക്കാൻ അങ്ങേയറ്റത്തെ കാര്യങ്ങൾ ചെയ്യണം പാപം ചെയ്യുന്നത് ഒഴിവാക്കേണ്ടത് എത്ര പ്രധാനമാണെന്ന് കാണിക്കാൻ അദ്ദേഹം ഈ അതിശയോക്തി ഉപയോഗിച്ചു.

> എന്നാൽ ഫെലിസ്ത്യർ യിസ്രായേലിനോട് യുദ്ധം ചെയ്‌വാൻ മുപ്പതിനായിരം രഥവും, ആറായിരം കുതിരപ്പടയാളികളും, . കടല്പുറത്തെ മണൽപോലെ. അസംഖ്യം ജനവുമായി ഒരുമിച്ചുകൂടി. (1 ശമൂവേൽ 13: 5 ULT)

അടിവരയിട്ട വാചകം അതിശയോക്തിയാണ്. ഫെലിസ്ത്യ സൈന്യത്തിൽ അനവധി, അനവധി സൈനികർ ഉണ്ടായിരുന്നു എന്നാണ് ഇതിനർത്ഥം.

#### സാമാന്യവൽക്കരിക്കുന്നതിന് ഉദാഹരണങ്ങൾ

> അവനെ കണ്ടപ്പോൾ: എല്ലാവരും നിന്നെ അന്വേഷിക്കുന്നു" എന്നു പറഞ്ഞു (മർക്കോസ് 1:37 ULT)

എല്ലാവരും തന്നെ അന്വേഷിക്കുന്നുണ്ടെന്ന് ശിഷ്യന്മാർ യേശുവിനോട് പറഞ്ഞു. നഗരത്തിലെ എല്ലാവരും അവനെ അന്വേഷിക്കുന്നുണ്ടെന്നല്ല, ധാരാളം ആളുകൾ അവനെ തിരയുന്നുവെന്നോ അല്ലെങ്കിൽ യേശുവിന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കൾ എല്ലാവരും അവനെ അന്വേഷിക്കുന്നുണ്ടെന്നോ അർത്ഥമാക്കുന്നു.

> എന്നാൽ അവന്റെ അഭിഷേകം തന്നെ നിങ്ങൾക്ക് സകലത്തെക്കുറിച്ചും ഉപദേശിച്ചുതരികയാലും അത് ഭോഷ്കല്ല സത്യം തന്നെ ആയിരിക്കുകയാലും അത് നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിക്കുവിൻ.(1 യോഹന്നാൻ 2:27 ULT)

ഇതൊരു സാമാന്യവൽക്കരണമാണ്. നാം അറിയേണ്ട എല്ലാ കാര്യങ്ങളെക്കുറിച്ചും ദൈവത്തിന്റെ ആത്മാവ് നമ്മെ പഠിപ്പിക്കുന്നു, അല്ലാതെ അറിയാൻ കഴിയുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും അല്ല.

#### താക്കീത്

അസാധ്യമായത് എന്ന് കാണപ്പെടുന്നതിനാൽ അത് അതിശയോക്തിയാണെന്ന് കരുതരുത്. ദൈവം അത്ഭുതകരമായ കാര്യങ്ങൾ ചെയ്യുന്നു

> ... യേശു കടലിന്മേൽ നടന്നു പടകിനോട് സമീപിക്കുന്നത് കണ്ട് പേടിച്ചു. (യോഹന്നാൻ 6:19 ULT)

ഇത് അതിശയോക്തിയല്ല. യേശു യഥാർത്ഥത്തിൽ വെള്ളത്തിന്മേൽ നടന്നു. ഇത് അക്ഷരാർത്ഥത്തിലുള്ള പ്രസ്താവനയാണ്.

"എല്ലാം" എന്ന വാക്ക് എല്ലായ്പ്പോഴും "ഏറ്റവും കൂടുതൽ" എന്നർത്ഥമുള്ള ഒരു സാമാന്യവൽക്കരണമാണെന്ന് കരുതരുത്.

യഹോവ തന്റെ സകല വഴികളിലും നീതിമാനാകുന്നു

> അവൻ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും കൃപാലുവത്രേ. (സങ്കീർത്തനങ്ങൾ 145: 17 ULT)

യഹോവ എപ്പോഴും നീതിമാനാണ്. ഇത് തികച്ചും സത്യമായ പ്രസ്താവനയാണ്.

## വിവർത്തന തന്ത്രങ്ങൾ

അതിശയോക്തി അല്ലെങ്കിൽ സാമാന്യവൽക്കരിക്കൽ സ്വാഭാവികതയുള്ളതും ആളുകൾ അത് മനസിലാക്കുകയും അത് ഒരു നുണയാണെന്ന് കരുതാതിരിക്കുകയും ചെയ്താൽ, അത് ഉപയോഗിക്കുക. ഇല്ലെങ്കിൽ, അവിടെ ഉപയോഗിക്കാവുന്ന മറ്റ് സാധ്യതകൾ.

അതിശയോക്തിയില്ലാതെ അർത്ഥം പ്രകടിപ്പിക്കുക.
സാമാന്യവൽക്കരിക്കുമ്പോൾ, "പൊതുവായി" അല്ലെങ്കിൽ "മിക്കവാറും" പോലുള്ള ഒരു വാചകം ഉപയോഗിച്ച് അത് ഒരു സാമാന്യവൽക്കരണമാണെന്ന് കാണിക്കുക.
സാമാന്യവൽക്കരിക്കുന്നതിന്, സാമാന്യവൽക്കരണം കൃത്യമല്ലെന്ന് കാണിക്കുന്നതിന് "ഏറ്റവും" അല്ലെങ്കിൽ "മിക്കവാറും" പോലുള്ള ഒരു വാക്ക് ചേർക്കുക.
സാമാന്യവൽക്കരിക്കുമ്പോൾ "എല്ലാം," എല്ലായ്പ്പോഴും, "" ഒന്നുമില്ല "അല്ലെങ്കിൽ" ഒരിക്കലും "പോലുള്ള വാക്കുകൾ ഒഴിവാക്കുക.

## വിവർത്തന ശൈലികളുടെ പ്രായോഗിക ഉദാഹരണങ്ങൾ

അതിശയോക്തിയില്ലാതെ അർത്ഥം പ്രകടിപ്പിക്കുക.

- **എന്നാൽ ഫെലിസ്ത്യർ യിസ്രായേലിനോട് യുദ്ധം ചെയ്‌വാൻ മുപ്പതിനായിരം രഥവും, ആറായിരം കുതിരപ്പടയാളികളും, കടൽപ്പുറത്തെ മണൽപോലെ. അസംഖ്യം ജനവുമായി ഒരുമിച്ചുകൂടി** (1 ശമൂവേൽ 13: 5 ULT)
- യിസ്രായേലിനെതിരെ യുദ്ധം ചെയ്യാൻ ഫെലിസ്ത്യർ ഒത്തുകൂടി: മുപ്പതിനായിരം രഥങ്ങൾ, രഥങ്ങൾ ഓടിക്കാൻ ആറായിരം പേർ, മഹാ സൈനികരുടെ.

ഒരു സാമാന്യവൽക്കരണത്തിനായി, "പൊതുവായി" അല്ലെങ്കിൽ "മിക്ക കാര്യങ്ങളിലും" പോലുള്ള ഒരു വാചകം ഉപയോഗിച്ച് ഇത് ഒരു പൊതുവൽക്കരണമാണെന്ന് കാണിക്കുക.

- **പ്രബോധനം അവഗണിക്കുന്നവന് ദാരിദ്ര്യവും ലജ്ജയും ഉണ്ടാകും...** (സദൃശവാക്യങ്ങൾ 13:18 ULT)
- പൊതുവേ, പ്രബോധനം അവഗണിക്കുന്നവന് ദാരിദ്ര്യവും ലജ്ജയും ഉണ്ടാകും
- **നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, വിജാതീയർ ചെയ്യുന്നതുപോലെ ഉപയോഗശൂന്യമായ ആവർത്തനങ്ങൾ നടത്തരുത്, കാരണം അവരുടെ അനേക വാക്കുകൾ നിമിത്തം കേൾക്കപ്പെടുമെന്ന് അവർ കരുതുന്നു.** (മത്തായി 6: 7)
- "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, വിജാതീയർ പൊതുവേ ചെയ്യുന്നതുപോലെ ഉപയോഗശൂന്യമായ ആവർത്തനങ്ങൾ നടത്തരുത്, കാരണം അവരുടെ അനേക വാക്കുകൾ കാരണം തങ്ങൾ കേൾക്കപ്പെടുമെന്ന് അവർ കരുതുന്നു."

സാമാന്യവൽക്കരണത്തിനായി, സാമാന്യവൽക്കരണം കൃത്യമല്ലെന്ന് കാണിക്കുന്നതിന് "ഏറ്റവും" അല്ലെങ്കിൽ "മിക്കവാറും" പോലുള്ള ഒരു വാക്ക് ചേർക്കുക.

- **അവന്റെ അടുക്കൽ യെഹൂദ്യദേശം ഒക്കെയും യെരൂശലേമ്യർ എല്ലാവരും വന്നു തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് യോർദ്ദാൻ നദിയിൽ അവനാൽ സ്നാനം ഏറ്റു.** (മർക്കോസ് 1: 5 ULT)
- യെഹൂദ്യാ ദേശത്തെ മിക്കവാറും എല്ലാവരും യെരൂശലേമിലെ മിക്കവാറും എല്ലാ ജനങ്ങളും അവന്റെ അടുത്തേക്കു പോയി.
- യെഹൂദ്യയിലെ മിക്കവരും യെരൂശലേമിലെ ജനങ്ങളിൽ ഭൂരിഭാഗവും അവന്റെ അടുത്തേക്കു പോയി.

"എല്ലാം," എല്ലായ്പ്പോഴും, "" ഒന്നുമില്ല "അല്ലെങ്കിൽ" ഒരിക്കലും "പോലുള്ള വാക്ക് സാമാന്യവൽക്കരണത്തിൽ ഒഴിവാക്കുക.

- **യെഹൂദ്യദേശം ഒക്കെയും യെരൂശലേമ്യർ എല്ലാവരും അവന്റെ അടുക്കൽ വന്നു.** (മർക്കോസ് 1: 5 ULT)
- യെഹൂദ്യാ രാജ്യവും യെരൂശലേം ജനതയും അവന്റെ അടുക്കൽ ചെന്നു.

(**തിരികെ പോകുക:** സഭ, സഭകള്, കൂടിവരിക, കൂടിവന്നു)

# അനുമാനവിജ്ഞാനവുംനിശ്ശങ്കമായവിവരവും

- **അനുമാനങ്ങൾ** എന്ന വക്താവ് കാണികളോട് സംവദിക്കുന്നതിനു മുമ്പ് അദ്ദേഹംഊഹിക്കുന്നകാര്യങ്ങൾ ആണ്. വക്താവ് രണ്ടു രീതിയിൽ കാണികൾക്ക് വിവരംനൽകാം:
- **വ്യക്തതയുള്ളവിവരം"** എന്നത് വക്താവ് നേരിട്ടു പ്രസ്താവിക്കുന്നത്.
- **അവ്യക്തമായവിവരം"** എന്നത് വക്താവ് നേരിട്ടല്ലാതെ കാണികൾ ഗ്രഹിച്ചെടുക്കുന്നകാര്യങ്ങൾ

ഈ പേജ് ചോദ്യത്തിന് ഉത്തരം നൽകുന്നു: എന്റെ വിവർത്തനം യഥാർത്ഥ സന്ദേശത്തിന്റെ വ്യക്തമായ വിവരങ്ങൾകൊപ്പം അനുമാനിച്ച അറിവും വ്യക്തമായ വിവരങ്ങളും ആശയവിനിമയം നടത്തുന്നു എന്ന് എനിക്കു എങ്ങനെ ഉറപ്പാക്കാൻ കഴിയും?

## വിശദീകരണം

ആരെങ്കിലും സംസാരിക്കുമ്പോഴോ എഴുത്തുമ്പോഴോ , ആളുകൾക്ക് , അറിയാനോ ചെയ്യാനോ ചിന്തിക്കാനോ ആഗ്രഹിക്കുന്ന എന്തെങ്കിലും പ്രത്യേകതയുണ്ട്. അദ്ദേഹം സാധാരണയായി ഇതു നേരിട്ട് പ്രസ്താവിക്കുന്നു. ഇതു വ്യക്തമായ വിവരങ്ങലാണ്.

ഇനിവക്താവ് കാര്യങ്ങൾ കാണികൾക്ക് അറിയാം എന്നുവിചാരിച്ച് ഈകാര്യങ്ങൾ സൂചിപ്പിക്കില്ല. ഇതാണ് "അനുമാനം"

അസാധാൾ രണ വക്താവ്പ്രസ്താവിക്കില്ല . ആളുകൾക്ക് കിട്ടിയവിവരത്തിൽ നിന്നു ഗ്രഹിച്ചെടുക്കുന്നു. . അതാണ് **അശങ്കവാക്യങ്ങൾ.**

ചിലപ്പോൾ , കാണികൾക്ക് **അശങ്കവാക്യങ്ങൾ.** മനസിലാവുന്ന വക്താവ്പറഞ്ഞനേരത്തെകൂട്ടിഅറിയാവുന്ന **വ്യക്തമായകാര്യം** കൊണ്ടാണ്.

## ഇതു വിവർത്തന പ്രശ്നമായതിന്റെ കാരണം

ഈ മൂന്നുതരത്തിലുള്ള വിവരങ്ങളുംവക്താവിന്റെ സന്ദേശത്തിന്റെഭാഗമാണ്. ഇതിൽ ഏതെങ്കിലും ഒന്നു വിട്ടുപോയാൽ പിന്നെകാണികളള്ക്ക് സന്ദേശം മനസിലാവണമെന്നില്ല. കാരണംവിവർത്തന ഭാഷവളരെ അധികം വ്യത്യസ്തമാണ്. വിവർത്തന ഭാഷ ബൈബിൾ ഭാഷയിൽ നിന്നുംവ്യത്യാസമുള്ളതാണു. . പിന്നെ ബൈബിൾ കാലഘട്ടം കാണികൾ ജീവിക്കുന്ന കാലഘട്ടത്തിൽ നിന്നു വ്യത്യസ്തമാണ്. ബൈബിളിലെ സ്ഥലങ്ങൾ അനുമാനിച്ചു ഉണ്ടായതാണ്. അതായത് ആധുനിക ആളുകൾക്ക് ബൈബിളിൽ ഉള്ള എല്ലാകാര്യങ്ങളും അറിയില്ല. ഈകാര്യങ്ങൾ സന്ദേശത്തിന് പ്രധാനമാണ്. നിങ്ങൾക്ക് ഈവിവരംഅടിക്കുറിപ്പായികൊടുക്കാം.

## ബൈബിളിൽ നിന്നുള്ള ഉദാഹരണം

> പിന്നീട് ഒരു ശാസ്ത്രി അവനോടു വന്നുപറഞ്ഞു, " ഗുരുവെ , ഞാൻ നീപോകുന്ന ഇടത്തൊക്കെ വന്നുകൊള്ളാം." അപ്പോൾ യേശുപറഞ്ഞു, " കുറുനരികൾക്ക് കുഴിയും, പറവകൾക്ക് ആകാശമുണ്ട്, മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല". ( മത്തായി 8:20 യുഎൽടി)

യേശു ഇത് പ റഞ്ഞില്ല എന്തിനാണ് കുറുക്കന്മാരും പക്ഷികളും മാളങ്ങളും കൂടുകളും എന്തിനാണ് ഉപയോഗിക്കുന്നതെന്നു, കാരണം കുറുക്കന്മാരും പക്ഷികളും മാളങ്ങളും കൂടുകളും വസിക്കാൻ ആണ് ഉപയോഗിക്കുന്നതെന്നു, ഊഹിക്കുമെന്നു യേശുവിന് അറിയാം. ഇതാണ് "അനുമാനം"

യേശു നേരിട്ടു പറഞ്ഞില്ല "ഞാൻ ആണ് മനുഷ്യ പുത്രൻ എന്നു" യേശു പറഞ്ഞ ഈഅനുമാന വിവരം കൊണ്ട് ശാസ്ത്രി ഊഹിച്ചെടുക്കാം. യേശു, യേശുവിനെത്തന്നെയാണ് ഉദ്ദേശിച്ചതെന്ന് . പിന്നെ യേശു നേരിട്ടു പറഞ്ഞില്ല അദ്ദേഹം ഒരുപാട് യാത്ര ചെയ്യുമായിരുന്നു പിന്നെ അവൻ രാത്രി ഉറങ്ങാൻ വീട് ഇല്ലെന്നും . അതാണ് യേശു "അനുമാനവിവരങ്ങൾ" യേശുവിന് തലചായ്ക്കാൻ ഒരിടവുംഇല്ല.

കോരസീനേ, നിനക്കു ഹാ കഷ്ടം; ബേത്ത്സയിദേ, നിനക്കു അയ്യോ കഷ്ടം! നിങ്ങളിൽ നടന്ന വീര്യ പ്രവൃത്തികൾ <u>സോരിലും സീദോനിലും നടന്നിരുന്നു എങ്കിൽ അവർ പണ്ട് തന്നെ നടന്നവർ , രട്ടുടുത്തു വെണ്ണീറിൽ മനസ്സാന്തിരപ്പെട്ടുമായിരുന്നു .എന്നാൽ ന്യായവിധി ദിവസത്തിൽ സോരിനും സീദോനും സഹിക്കാവതാകും</u>നിനക്കു ( മത്തായി 11:21, 22 യുഎൽടി)

കോരസിനുംസീദോനുംവളരെദുഷ്ടന്മാരായിരുന്നുവെന്നും, ന്യായവിധിദിവസത്തിൽ ദൈവം ഓരോവ്യക്തിയെയും ന്യായംവിധിക്കുന്ന ഒരുസമയമാണെന്നും യേശു അറിഞ്ഞുവെന്നുവിചാരിച്ചു. താൻ സംസാരിക്കുന്ന ജനങ്ങൾ

നല്ലവരാണെന്നും മാനസാന്തരപ്പെടേണ്ട കാര്യമില്ലെന്നും അവർ വിശ്വസിച്ചു. ഇവയെല്ലാം യേശുഅവരോടുപറഞ്ഞിരുന്നില്ല. ഇത് എല്ലാവരുടേയും **അറിവ്ആണ്**.

അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുന്ന ആളുകൾ മാനസാന്തരപ്പെടാതിരുന്നതിനാലാണ് **അജ്ഞാതമായ വിവരങ്ങൾ** ഇവിടെ പ്രധാനപ്പെട്ട ഒരുവിഷയം ,സോരിൻറെയും സീദോന്റെയും ന്യായവിധി അവർക്കായിരിക്കും.

> നിന്റെ ശിഷ്യന്മാർപൂർവികരുടെ പാരമ്പര്യം ലംഘിക്കുന്നത് എന്തുകൊണ്ട്? അവർ ഭക്ഷണം കഴിക്കുമ്പോൾഅവർ കൈകൾകഴുകുന്നില്ല. (മത്തായി 15:2 യുഎൽടി)

ഭക്ഷണം കഴിക്കുന്നതിനു മുൻപായി ശുദ്ധമായി സൂക്ഷിക്കാൻ ആളുകൾ കൈകഴുകുന്ന ചടങ്ങ് കൊണ്ടാണ് മൂപ്പന്മാരുടെ പാരമ്പര്യങ്ങളിൽ ഒന്ന്. നീതിമാനുവേണ്ടി, അവർ മൂപ്പന്മാരുടെ എല്ലാപാരമ്പര്യങ്ങളും പിന്തുടരേണ്ടതുണ്ടെന്ന് ആളുകൾ ചിന്തിച്ചു. യേശുവിനോടു സംസാരിച്ച പരീശന്മാർ അവനെ**അറിയണമെന്ന്** അവൻ അറിഞ്ഞിരുന്നു.ഇങ്ങനെ പറയുന്നതിലൂടെ, പാരമ്പര്യത്തെ പിൻതുടരരുത് എന്ന് അവന്റെ ശിഷ്യന്മാരെ അവർ ആരോപിച്ചു.ഇത് **അജ്ഞാതമായ വിവരമാണ്** അവർ പറഞ്ഞകാര്യങ്ങളിൽ നിന്ന് അവർ മനസ്സിലാക്കണമെന്ന് അവർ ആഗ്രഹിക്കുന്നു.

## പരിഭാഷാതന്ത്രങ്ങൾ

വായനക്കാർക്ക് ഈസന്ദേശം മനസിലാക്കാൻ കഴിയുന്നത്ര അറിവ് ഉണ്ടെങ്കിൽ, വ്യക്തമായ വിവരങ്ങളുമായി ബന്ധപ്പെടുന്ന സുപ്രധാനമായ വിവരങ്ങളോടൊപ്പം, വ്യക്തമല്ലാത്ത വിവരങ്ങളെ അവ്യക്തമായവ ഉപേക്ഷിച്ച്, അവ്യക്തമായ വിവരങ്ങളെ ബോധപൂർവ്വം ഒഴിവാക്കുക. വായനക്കാർക്ക് ഈസന്ദേശം മനസ്സിലായില്ലെങ്കിൽ അവയിൽ ഒന്നുപോലും അവന നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ, ഈതന്ത്രങ്ങൾപാലിക്കുക:

വായനക്കാർക്ക് വ്യക്ത മായ ധാരണ ഇല്ലെങ്കിലും വായനക്കാർക്ക് ഈസന്ദേശം മനസ്സിലാകുന്നില്ലെങ്കിൽ, ആ അറിവ് വ്യക്തമായ വിവരമായി നൽകുക.
വായനക്കാർക്ക് വ്യക്തമായ ചില വിവരങ്ങൾ അറിയാൻ കഴിയാത്തതിനാൽ സന്ദേശം മനസ്സിലാക്കാൻ കഴിയുന്നില്ലെങ്കിൽ, വ്യക്തമായി പ്രസ്താവിക്കുക, പക്ഷേ യഥാർത്ഥ പ്രേക്ഷകർക്ക് വിവരങ്ങൾ പുതിയതായി അവതരിപ്പിക്കാതിരിക്കാൻ ഇത് ഉപയോഗിക്കാതിരിക്കുക

## പ്രയോഗക്ഷമ മായ പരിഭാഷാതന്ത്രങ്ങളുടെ ഉദാഹരണങ്ങൾ

വായനക്കാർക്കു മനസ്സിലാക്കാൻ കഴിയാത്ത അറിവ് ഇല്ലാത്തതിനാൽ വായനക്കാർക്ക് മനസ്സിലാകുന്നില്ലെങ്കിൽ, ആ അറിവ് വ്യക്തമായ വിവരമായി നൽകുക

- **യേശുപറഞ്ഞു, " കുറുനരികൾക്ക്<u>കുഴിയും</u>ആകാശത്തിലെ പക്ഷികൾക്കു <u>കൂടുകളുംഉണ്ട്</u>, മനുഷ്യപുത്രനോ തലചായിപ്പാൻ സ്ഥലമില്ലഎന്നുപറഞ്ഞു** ( മത്തായി 8:20 യുഎൽടി) കുറുക്കന്മാർ അവരുടെകുഴിയിൽഉറങ്ങുന്നു, പക്ഷി അവയുടെ കൂടുകളിൽ ഉറങ്ങുന്നു.
- യേശുപറഞ്ഞു, " കുറുക്കന്മാർക്കു<u>ജീവിക്കാൻ കുഴിയും ഉണ്ടെങ്കിൽ</u>ആകാശത്തിലെപക്ഷികൾ<u>ജീവിക്കാൻ കൂടുണ്ടാക്കുന്നു</u>എന്നാൽ മനുഷ്യപുത്രനോ തല ചായ്ക്കാൻ ഇടമില്ല. "
- **ഇത് കൂടുതൽ സഹനീയമാണ്<u>സോരും, സീദോൺ</u>ന്യായവിധിയുടെ ദിവസത്തിൽ** ( മത്തായി 11:22 യുഎൽടി)- സോരിൻറെയും സീദോന്റെയും ജനങ്ങൾ വളരെ ദുഷ്ടന്മാരായിരുന്നു എന്നാണ് അറിവ്. ഇത് വ്യക്തമായി പ്രസ്താവിക്കാം
- ...ഇത് കൂടുതൽ സഹനീയമാണ്<u>സോരും, സീദോൺ</u>ന്യായവിധിയുടെദിവസത്തിൽ
- ...ഇത് കൂടുതൽ സഹനീയമാണ്<u>ദുഷ്ടരാജ്യങ്ങളെ തീയും സീദോന്നുപകരും</u>ന്യായവിധിദിവസത്തിൽനിന്നെക്കാൾ സഹിക്കാവതാകും
- **നിന്റെശിഷ്യന്മാർ പൂർവികരുടെ പാരമ്പര്യം ലംഘിക്കുന്നത് എന്തുകൊണ്ട്? വേണ്ടി<u>അവർ തങ്ങളുടെ കൈകൾ കഴുകുന്നില്ല</u>അവർ ഭക്ഷിക്കുമ്പോൾ.**( മത്തായി 15:2 യുഎൽടി)- ഭക്ഷണം കഴിക്കുന്നതിനു മുൻപായി ശുദ്ധിയുള്ളവരായിത്തീരാനായി ആളുകൾ തങ്ങളുടെ കൈകൾ കഴുകിയ ഒരു ചടങ്ങു മൂലമാണ് മൂപ്പന്മാരുടെ പാരമ്പര്യങ്ങളിൽ ഒന്നായതെന്ന് അവർ കരുതി. ഒരു ആധുനിക വായനക്കാരൻ ചിന്തിച്ചേക്കാം എന്നതിനാൽ അസുഖം ഒഴിവാക്കാൻ അവരുടെ കൈകളിൽനിന്ന് അണുക്കൾ നീക്കം ചെയ്യുകയല്ല വേണ്ടത്

നിന്റെ ശിഷ്യന്മാർ മൂപ്പന്മാരുടെ പാരമ്പര്യം ലംഘിക്കുന്നത് എന്തിന്?വേണ്ടി>ആചാരപ്രകാരം അവർ നീതിയുടെ ചടങ്ങുകൾ കഴുകുന്നില്ലഅവർ ഭക്ഷണം കഴിച്ചാൽ.

വായനക്കാർക്ക് വ്യക്തമായ ചില വിവരങ്ങൾ അറിയാൻ കഴിയാത്തതിനാൽ സന്ദേശം മനസ്സിലാക്കാൻ കഴിയുന്നില്ലെങ്കിൽ, വ്യക്തമായി പ്രസ്താവിക്കുക, പക്ഷേ യഥാർത്ഥ പ്രേക്ഷകർക്കു വിവരങ്ങൾ പുതിയതായി അവതരിപ്പിക്കാതിരിക്കാൻ ഇത് ഉപയോഗിക്കാതിരിക്കുക.

- **ഒരു ശാസ്ത്രി വന്നു: ഗുരോ, നീ പോകുന്നിടത്തൊക്കെയും ഞാൻ നിന്നെ അനുഗമിക്കും എന്നു പറഞ്ഞു. യേശുഅവനോടു: കുറുനരികൾക്കു കുഴിയും ആകാശത്തിലെ പറവ ജാതിക്കു കൂടും ഉണ്ടു; മനുഷ്യപുത്രന്നോ തലചായിപ്പാൻ സ്ഥലമില്ല എന്നുപറഞ്ഞു**(മത്തായി 8:19 യുഎൽടി))- യേശു തന്നെ മനുഷ്യ പുത്രനാണ് എന്നത് വ്യക്തമായ സൂചനയാണ്. ശാസ്ത്രിമാർ യേശുവിനെ അനുഗമിക്കാൻ ആഗ്രഹിച്ചിരുന്നെങ്കിൽ അയാൾക്ക് ഒരു വീടു പോലും കൂടാതെ യേശുവിനെപോലെ ജീവിക്കേണ്ടതുണ്ട്.
- യേശുപറഞ്ഞു: കുറുനരികൾക്കു കുഴികളും ആകാശത്തിലെ പക്ഷികൾക്കു കൂടുകളും ഉണ്ടു എന്നാൽ ഞാൻ മനുഷ്യപുത്രൻ ആണെങ്കിലും, വിശ്രമിക്കാൻ വീടില്ല. നിങ്ങൾ എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഞാൻ ജീവിക്കുന്നതുപോലെ ജീവിക്കും."
- **ന്യായ വിധിയിൽ നിങ്ങളെക്കാൾ ന്യായവിധി നേടുന്നതിനായി സോരും സീദോനും അതിനെക്കാൾ സഹിഷ്ണുതകാണിക്കും**( മത്തായി 11:22 യുഎൽടി) – വ്യക്തമായി പറഞ്ഞാൽ ദൈവം ജനങ്ങളെ വിധിക്കുകമാത്രമല്ല, അവൻ അവരെ ശിക്ഷിച്ചു ഇത് വ്യക്തമാക്കാം.
- ന്യായവിധി ദിവസത്തിൽ ദൈവംസോരും സീദോനെ ഞാൻ ശിക്ഷിക്കും, അവരുടെ ദുഷ്ടതയിൽ അകൃത്യം വിട്ടിരിക്കുന്ന അവർതങ്ങളെ തന്നേ വിടുവിക്കുന്നു
- ന്യായവിധി ദിവസത്തിൽ ദൈവംസോരിനെയും സീദോനെയും കഠിനമായി ശിക്ഷിക്കുംസോരുംസീദോനിലെയുംജനത്തിന്റ ഇടയിൽ വളരെ ദുഷ്ടരായിരുന്നു.

ആധുനിക വായനക്കാർ ബൈബിളിലെ ആളുകൾക്കും ആദ്യംവായിച്ച ആളുകൾക്കും അറിയാവുന്ന ചിലകാര്യങ്ങൾ അറിയില്ലായിരിക്കാം. ഒരുപ്രസംഗകൻ അല്ലെങ്കിൽ എഴുത്തുകാരൻ എന്താണ്പ റയുന്നതെന്ന് മനസ്സിലാക്കാൻ ഇത് ബുദ്ധിമുട്ടുണ്ടാക്കും. കൂടാതെ, സ്പീക്കർ അർത്ഥ പൂർണ്ണമായി വിട്ടുപോയ കാര്യങ്ങൾ മനസിലാക്കാൻ കഴിയും. യഥാർത്ഥ സ്പീക്കർ അല്ലെങ്കിൽ എഴുത്തുകാരൻ വേർതിരിച്ചെടുക്കാനോ ബോധപൂർവ്വം വിടാനോ വിവർത്തനത്തിൽ വിവർത്തനം ചെയ്യുന്ന ചിലകാര്യങ്ങൾ വിവർത്തകനാക്കേണ്ടിവരാം

അടുത്തതായി ഞങ്ങൾ നിങ്ങൾ പഠിക്കാൻ ശുപാർശ ചെയ്യുന്നു:

[[*rc://ml/ta/man/translate/figs-explicitinfo*]]

(**തിരികെ പോകുക:** ആദ്യ ജാതന്)

# അറിയാത്തവ തർജ്ജിമ ചെയ്യുക

സിംഹം, അത്തി മരം, പർവതം, പുരോഹിതൻ, ആലയം പോലുള്ള പദങ്ങൾ എന്റെ സംസ്കാരത്തിലെ വ്യക്തികൾക്ക് പരിചിതമല്ലാത്തതും, അവർ ഒരിക്കലും കണ്ടിട്ടില്ലാത്തതും, അവയ്ക്കു ഒരു പദം ഇല്ലാത്തതും ആണെങ്കിൽ അവയെ എങ്ങിനെ തർജ്ജിമ ചെയ്യുവാൻ സാധിക്കും?

ഈ പേജ് ചോദ്യത്തിന് ഉത്തരം നൽകുന്നു: എന്റെ വായനക്കാർക്ക് അറിയാത്ത ആശയങ്ങൾ എങ്ങനെ തർജ്ജിമ ചെയ്യുവാൻ കഴിയും?

ഈ വിഷയം മനസിലാക്കാൻ, വായിക്കുന്നത് നല്ലതാണ്:

[[*rc://ml/ta/man/translate/figs-sentences*]]

## വിവരണം

അറിയാത്തവ എന്നാൽ മൂല ഗ്രന്ഥത്തിൽ ഉള്ളതും എന്നാൽ നിങ്ങളുടെ സംസ്കാരത്തിലെ വ്യക്തികൾക്ക് പരിചിതമല്ലാത്തതുമായ വസ്തുക്കൾ ആണ്. വിവർത്തന
പേജുകളും പരിഭാഷാ കുറിപ്പുകളും '
ഇവ എന്താണെന്ന് നിങ്ങളെ മനസ്സിലാക്കുവാൻ സഹായിക്കും. അവ മനസ്സിലാക്കി കഴിഞ്ഞാൽ, നിങ്ങൾക്ക് അവയെ നിങ്ങളുടെ ഭാഷയിൽ പരാമർശിക്കുവാനുള്ള വഴികൾ നോക്കേണ്ടി വരും. അത് വഴി നിങ്ങളുടെ വായനക്കാർക്ക് അത് എന്തൊക്കെയാണെന്നു മനസ്സിലാക്കുവാൻ സാധിക്കും.

> അഞ്ച് <u>അപ്പവും</u> രണ്ടു മീനും അല്ലാതെ ഞങ്ങൾക്കു ഇവിടെ ഒന്നും ഇല്ല എന്നു പറഞ്ഞു. (മത്തായി 14:17 ULT)

ബ്രെഡ് എന്നാൽ നന്നായി പൊടിച്ച ദാന്യം എണ്ണയുടെ കൂടെ ചേർത്ത്, അത് വേകുന്നത്വരെ പാകം ചെയ്തു ഉണ്ടാക്കുന്ന ഒരു തരം ആഹാര വിഭവമാണ്. (ദ്രാന്യം എന്നാൽ ഒരു തരം പുല്ലിൽ മുളയ്ക്കുന്ന വിത്തുകൾ ആണ്). ചില സംസ്കാരങ്ങളിലെ ആളുകൾക്ക് ബ്രെഡ് ഇല്ല, അത് എന്താണെന്നുള്ള അറിവും ഇല്ല.

**ഇതൊരു വിവർത്തന പ്രശ്നമാണെന്ന്**

- വായനക്കാർക്കു ബൈബിളിൽ പറഞ്ഞിരിക്കുന്ന ചില വസ്തുക്കളെ കുറിച്ച് അറിവ് ഉണ്ടാകില്ല, കാരണം അവ അവരുടെ സംസ്കാരത്തിന്റെ ഭാഗമല്ല.
- വായനക്കാർക്ക് ഒരു ലേഖന ശകലം മനസ്സിലാക്കുവാൻ ബുദ്ധിമുട്ടു ഉണ്ടായേക്കാം, അതിൽ പറഞ്ഞിരിക്കുന്ന വസ്തുക്കൾ ഏതൊക്കെയാണെന്ന് അറിവില്ലെങ്കിൽ.

### പരിഭാഷാ തത്വങ്ങൾ

- നിങ്ങളുടെ ഭാഷയിൽ ഉള്ള പദങ്ങളെ കഴിയുവോളം ഉപയോഗിക്കുക.
- വാക്യങ്ങളെ കഴിയുന്നത്ര ചുരുക്കി ഉപയോഗിക്കുക.
- ദൈവത്തിന്റെ ആജ്ഞകളും പുരാതീന വസ്തുതകളും ശരിയായി എഴുതുക.

## ബൈബിളിൽനിന്നുള്ള ചില ഉദാഹരണങ്ങൾ

> ഞാൻ യെരൂശലേമിനെ കൽക്കുന്നുകളും<u>കുറുനരികളുടെ</u>പാർപ്പിടവും ആക്കും; ഞാൻ യെഹൂദാപട്ടണങ്ങളെ നിവാസികൾ ഇല്ലാതെയാകുംവിധം ശൂന്യമാക്കിക്കളയും. (യിരെമ്യാവ് 9:11 ULT)

കുറുനരികൾ എന്നാൽ നായ്ക്കളെ പോലെയുള്ള കാട്ടു മൃഗങ്ങളാണ്. അവർ ലോകത്തിന്റെ ചില ഭാഗങ്ങളിലെ ഉള്ളു. അതിനാൽ പല ഇടങ്ങളിലും അവ എന്താണെന്ന് അറിവുണ്ടാകില്ല.

> കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ; അവർ ആടുകളുടെ വേഷം ധരിച്ചു നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചുകീറുന്ന<u>ചെന്നായ്ക്കൾ ആകുന്നു.</u>.(മത്തായി 7:15 ULT)

ഈ തർജ്ജിമ വായിക്കുന്ന ഇടങ്ങളിൽ ചെന്നായ്ക്കൾ ഇല്ലെങ്കിൽ വായനക്കാർക്കു അവ ഉപദ്രവകാരികളായ നായ്ക്കളെ പോലെ രൂപമുള്ള കാട്ടു മൃഗങ്ങളാണെന്നും, അവ ആടുകളെ ആക്രമിക്കുകയും തിന്നുകയും ചെയ്യുമെന്നും അവർക്കു മനസ്സിലാവില്ല.

> <u>കുന്തുരുക്കം</u> കലർത്തിയ വീഞ്ഞ് അവന് കൊടുത്തു; അവൻ അത് കുടിച്ചില്ല.(മർക്കൊസ് 15:23 ULT).

ആളുകൾക്ക് കുന്തുരുക്കം എന്താന്നെന്നു അറിവുണ്ടാവില്ല. അത് മരുന്നായി ഉപയോഗിച്ചിരുന്നു എന്നും അറിവുണ്ടാവില്ല.

> വലിയ വെളിച്ചങ്ങൾ ഉണ്ടാക്കിയ ദൈവത്തിന്-(സങ്കീർത്തനങ്ങൾ 136:7 ULT)

ചില ഭാഷകളിൽ വെളിച്ചം നൽകുന്ന വസ്തുക്കൾക്കു പ്രത്യേക പേരുകളുണ്ട്, സൂര്യൻ, തീ ഒക്കെ പോലെ; എന്നാൽ വെളിച്ചത്തിനു കൃത്യമായൊരു പദം ഉണ്ടാകില്ല.

> നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. (യെശയ്യാവ് 1:18 ULT)

ലോകത്തിന്റെ പല ഭാഗങ്ങളിൽ ഉള്ള വ്യക്തികളും ഹിമം കണ്ടിട്ടുണ്ടാവില്ല, പക്ഷെ ചിത്രങ്ങളിൽ കണ്ടിട്ടുണ്ടാകും.

## പരിഭാഷാ തന്ത്രങ്ങൾ

നിങ്ങളുടെ ഭാഷയിൽ അറിവില്ലാത്ത പദങ്ങൾ താഴെ പറയുന്ന വഴികളാൽ വിവർത്തനം ചെയ്യാവുന്നതാണ്.

ആ അറിവില്ലാത്ത വസ്തുവിനെ ഒരു വാക്യത്തിൽ വിശദീകരിക്കുക, അഥവാ ആ വചനത്തിൽ ആ പദത്തെ കുറിച്ച് പ്രാധാന്യമുള്ള കാര്യം മാത്രം വിവർത്തനം ചെയ്യുക.
ചരിത്ര വസ്തുതകളെ ബാധിക്കുന്നില്ലെങ്കിൽ ഒരു വസ്തുവിന് സമാനമായ നിങ്ങളുടെ ഭാഷയിലെ മറ്റൊന്നിനാൽ അതിനെ പകരം വയ്ക്കുക
ആ വാക്കിനെ മറ്റൊരു ഭാഷയിൽ നിന്നും പകർത്തിയെഴുതുക, കൂടാതെ അതിനെ കുറിച്ചൊരു വാക്കോ അല്ലെങ്കിൽ വിശദീകരണമോ നൽകുക.അതുവഴി ആളുകൾക്ക് അത് മനസ്സിലാക്കുവാൻ സാധിക്കും.
സാധാരണ ഉപയോഗിക്കുന്ന പദങ്ങൾ നൽകി അർഥം പകരുക.
പ്രത്യേകമായി ഉപയോഗിക്കുന്ന പദങ്ങൾ നൽകി അർഥം പകരുക.

## പ്രയോഗക്ഷമമായ പരിഭാഷാ തന്ത്രങ്ങളുടെ ഉദാഹരണങ്ങൾ

ആ അറിവില്ലാത്ത വസ്തുവിനെ ഒരു വാക്യത്തിൽ വിശദീകരിക്കുക, അഥവാ ആ വചനത്തിൽ ആ പദത്തെ കുറിച്ച് പ്രാധാന്യമുള്ള കാര്യം മാത്രം തർജ്ജിമ ചെയ്യുക.

- **കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ; അവർ ആടുകളുടെ വേഷം ധരിച്ചു നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു. .** (മത്തായി 7:15 ULT)

> കള്ള പ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചുകീറുന്ന വിശന്നിരിക്കുന്ന ആക്രമകാരികളായ മൃഗങ്ങളാകും . (മത്തായി 7:15 യുഎൽടി)

"വിശന്ന ചെന്നായ്ക്കൾ " എന്നത് ഒരു രൂപാലങ്കാരമാണ്, അതിനാൽ അവ ആടുകൾക്ക് വളരെ അപകടകാരികളാണെന്നു വായനക്കാർ മനസ്സിലാക്കിയാലേ അവർക്കു ഈ രൂപാങ്കരവും മനസ്സിലാകുകയുള്ളു. (ആട് എന്ന പടവും അവർക്കു അറിയാത്തതാണെങ്കിൽ ഇവയിൽ ഏതെങ്കിലും ഒരു വിവർത്തന തന്ത്രം ഉപയോഗിച്ച് ആടിനെയും വിവർത്തനം ചെയ്യേണ്ടതോ, അല്ലെങ്കിൽ മറ്റൊരു രൂപാലങ്കാരം ഉപയോഗിക്കേണ്ടതാണ്. രൂപാലങ്കാരങ്ങൾ വിവർത്തനം ചെയ്യുവാൻ ഇത് നോക്കുക രൂപകങ്ങൾ വിവർത്തനം ചെയ്യുന്നു.)

- **അഞ്ച് അപ്പവും രണ്ടു മീനും അല്ലാതെ ഞങ്ങൾക്കു ഇവിടെ ഒന്നും ഇല്ല എന്നു പറഞ്ഞു.** (മത്തായി14:17 ULT)

> നമ്മുടെ പക്കൽ ഇവിടെ അഞ്ചു വേവിച്ച ദാന്യമണികൾ കൊണ്ടുള്ള അപ്പവും രണ്ടു മീനുമേ ഉള്ളു (മത്തായി 14:17 യുഎൽടി)

ചരിത്ര വസ്തുതകളെ ബാധിക്കുന്നില്ലെങ്കിൽ ഒരു വസ്തുവിന് സമാനമായ നിങ്ങളുടെ ഭാഷയിലെ മറ്റൊന്നിനാൽ അതിനെ പകരം വയ്ക്കുക

- *നിങ്ങളുടെ പാപങ്ങൾ ... ഹിമംപോലെ വെളുക്കും; *(യെശയ്യാവ് 1:18 ULT) ഈ വചനം ഹിമത്തെ കുറിച്ചല്ല. അത് വാക്യലങ്കാരം ഉപയോഗിച്ച് ഹിമം എത്ര വെളുപ്പാണെന്നു പറയുന്നുവെന്നേ ഉള്ളു.

> നിങ്ങളുടെ പാപങ്ങൾ ... പാൽ പോലെ വെളുക്കും
> നിങ്ങളുടെ പാപങ്ങൾ ...ചന്ദ്രനെ പോലെ വെളുക്കും

ആ വാക്കിനെ മറ്റൊരു ഭാഷയിൽ നിന്നും പകർത്തിയെഴുതുക, കൂടാതെ അതിനെ കുറിച്ചൊരു വാക്കോ അല്ലെങ്കിൽ വിശദീകരണമോ നൽകുക.അതുവഴി ആളുകൾക്ക് അത് മനസ്സിലാക്കുവാൻ സാധിക്കും.

- **കുന്തുരുക്കം കലർത്തിയ വീഞ്ഞ് അവന് കൊടുത്തു; അവൻ അത് കുടിച്ചില്ല.** (മർക്കൊസ് 15:23 ULT). ആളുകൾക്ക് കുന്തുരുക്കം എന്താണെന്നു മനസ്സിലാക്കുവാൻ "മരുന്ന്" പോലൊരു സാധാരണ പദം ഉപയോഗിച്ചാൽ മതിയാകും.
- കുന്തുരുക്കം എന്ന മരുന്ന് കലർത്തിയ വീഞ്ഞു അവന് കൊടുത്തു; അവനോ വാങ്ങിയില്ല.
- **അഞ്ച് അപ്പവും രണ്ടു മീനും അല്ലാതെ ഞങ്ങൾക്കു ഇവിടെ ഒന്നും ഇല്ല എന്നു പറഞ്ഞു.**(മത്തായി 14:17 ULT) ആളുകൾക്ക് ബ്രഡ് എന്താണെന്നു മനസിലാക്കുവാൻ അത് ദാന്യമണികളാൽ ഉണ്ടാക്കിയതാണെന്നും അവ എങ്ങനെ ഉണ്ടാക്കുന്നു(പൊടിച്ചു വേവിച്ചു) എന്നും പറഞ്ഞാൽ നന്നാവും.
- നമ്മുടെ പക്കൽ ഇവിടെ അഞ്ചു വേവിച്ച പൊടിച്ച ദാന്യമണികൾ കൊണ്ടുള്ള ബ്രഡും രണ്ടു മീനുമേ ഉള്ളു

സാധാരണ ഉപയോഗിക്കുന്ന പദങ്ങൾ നൽകി അർഥം പകരുക.

- **ഞാൻ യെരൂശലേമിനെ കൽക്കുന്നുകളും കുറുനരികളുടെ പാർപ്പിടവും ആക്കും;** (യിരെമ്യാവ് 9:11 ULT)

> ഞാൻ യെരൂശലേമിനെ കൽകുന്നുകളും കാട്ടു നായയ്ക്കളുടെ പാർപ്പിടവും ആക്കും(യിരെമ്യാവ് 9:11 യുഎൽടി)

- **അഞ്ച് ബ്രഡും രണ്ടു മീനും അല്ലാതെ ഞങ്ങൾക്കു ഇവിടെ ഒന്നും ഇല്ല എന്നു പറഞ്ഞു.**(മത്തായി 14:17 ULT)
- നമ്മുടെ പക്കൽ ഇവിടെ അഞ്ചു വേവിച്ച ആഹാര പദാർത്ഥങ്ങളും രണ്ടു മീനുമേ ഉള്ളു (മത്തായി 14:17 ULT)

പ്രത്യേകമായി ഉപയോഗിക്കുന്ന പദങ്ങൾ നൽകി അർഥം പകരുക.

- **വലിയ വെളിച്ചങ്ങൾ ഉണ്ടാക്കിയ ദൈവത്തിന്** (സങ്കീർത്തനങ്ങൾ136:7 ULT)

സൂര്യനെയും ചന്ദ്രനെയും ഉണ്ടാക്കിയവന്.

അടുത്തതായി ഞങ്ങൾ നിങ്ങൾ പഠിക്കാൻ ശുപാർശ ചെയ്യുന്നു:

[[*rc://ml/ta/man/translate/translate-transliterate*]]
പേരുകൾ എങ്ങിനെ തർജ്ജിമ ചെയ്യാം

(**തിരികെ പോകുക:** ദൈവദൂതന്, ദൈവദൂതന്മാർ, പ്രധാന ദൈവദൂതന്; എതിര്ക്രിസ്തു, എതിര്ക്രിസ്തുക്കള്; അപ്പോസ്തലന്, അപ്പോസ്തലന്മാർ, അപ്പോസ്തലത്വം; സ്നാനപ്പെടുക, സ്നാനപ്പെടുക, ജ്ഞാനസ്നാനം; ക്രിസ്തു, മശീഹ; ക്രിസ്ത്യാനി; സഭ, സഭകള്, സഭ; പരിച്ഛേദന ചെയ്യുക, പരിച്ഛേദന ചെയ്തു, പരിച്ഛേദന, പരിച്ഛേദന ഏല്ക്കാത്തവന്, അഗ്രചര്മ്മിതം; ക്രൂശ്; ഭൂതം, ദുരാത്മാവ്, അശുദ്ധാത്മാവ്; നിത്യത, എന്നെന്നേക്കുമുള്ള, നിത്യമായ, എന്നെന്നേക്കും; നരകം, പാതാളം; കുഞ്ഞാട്, ദൈവത്തിന്റെ കുഞ്ഞാട്; മന്ന; റബ്ബി; ശബ്ബത്ത്; സാത്താന്, പിശാച്, ദുഷ്ടന് ആയവന്; ഖദിരമരം; സ്ഥാനാപതി, സ്ഥാനാപതികള്, പ്രതിനിധി, പ്രതിനിധികള്,; യവം; വെങ്കലം; ഒട്ടകം, ഒട്ടകങ്ങള്; രഥം, രഥങ്ങള്, സാരഥികള്; കെരൂബ്, കെരൂബിം, കെരൂബുകള്; പശു, പശുക്കള്, വിത്തുകാള, വിത്തുകാളകള്, പശുക്കിടാവ്, കന്നുകാലി, ഇളംപശു, കാള, കാളകള്; മാന്, പെണ്മാന്, പെണ്മാനുകള്, മാന്കുഞ്ഞ്, ചെറുതരം കാട്ടുമാന്, ചെറുതരം കാട്ടുമാനുകള്; കഴുത, കോവര്കഴുത; മാടപ്രാവ്, കാട്ടുപ്രാവ്; കഴുകന്, കഴുകന്മാര്; ദേവദാരു, ദേവദാരുക്കള്; കുളമ്പ്, കുളമ്പുകള്, കുളമ്പുകള്; പുള്ളിപ്പുലി, പുള്ളിപ്പുലികള്; സിംഹങ്ങൾ, സിംഹം, സിംഹി, സിംഹികൾ; ദേവദാരു, ദേവദാരു വൃക്ഷങ്ങള്; പന്നി, പന്നികൾ, പന്നി മാംസം, പന്നി വർഗ്ഗം; രട്ടുവസ്ത്രം; കടല്പശു; പെണ്ചെമ്മരിയാട്, പെണ്ചെമ്മരിയാടുകള്, ആണ്ചെമ്മരിയാട്, ആണ്ചെമ്മരിയാടുകള്, ചെമ്മരിയാട്, ചെമ്മരിയാട്ടിന്കൂട്ടം, ചെമ്മരിയാട്ടിന്കൂട്ടങ്ങള്, ചെമ്മരിയാടിനെ മേയ്ക്കുന്നവര്, ചെമ്മരിയാട്ടിന്തോല്; ഹിമം, മഞ്ഞു വീണ, മഞ്ഞു വീഴ്ച; വാള്, വാളുകള്, വാള്പ്പയറ്റുകാര്; അടിവസ്ത്രം, അടിവസ്ത്രങ്ങള്; വീഞ്ഞ്, വീഞ്ഞുകള്, തുരുത്തി, തുരുത്തികള്, പുതിയ തുരുത്തി; പാറ്റുക, പാറ്റുന്നു, പാറ്റി, പാറ്റല്, അരിക്കുക, അരിച്ചുപെറുക്കുക)

# ഇരട്ട

1
2

3

ഈ പേജ് ചോദ്യത്തിന് ഉത്തരം നൽകുന്നു: ഇരട്ടപ്പേരാണ്, അവ എനിക്ക് എങ്ങനെ പരിഭാഷപ്പെടുത്താം?

ഈ വിഷയം മനസിലാക്കാൻ, വായിക്കുന്നത് നല്ലതാണ്:

[[*rc://ml/ta/man/translate/figs-intro*]]

## വിശദീകരണം

4

5 നമ്മൾ ഉപയോഗിയ്ക്കുന്ന "സാമ്യമുള്ള ജോഡികൾ " എന്നത് ഒരേ/ഒരുപോലെ അർത്ഥമുള്ളതോ ചെറിയ രണ്ടു വാക്കുകളോ അലെങ്കിൽ പദങ്ങളോ ആയിരിയ്ക്കും അവ ഒന്നിച്ച് ഉപയോഗിക്കും. ചിലപ്പോൾ അവ "ഉം ” ചിലപ്പോൾ അവ ഒരു ആശയത്തെ പ്രകടിപ്പിക്കുന്നു.

6
7

## വിവർത്തന പ്രശ്നത്തിന്റെ കാരണം

8

9 ചില ഭാഷകളിൽ ആളുകൾ സമജോഡികളെ ഉപയോഗിക്കാറില്ല. ചില സന്ദർഭങ്ങളിൽ ഉപയോഗിക്കാം. , ഒരു സമജോഡി അർത്ഥം ഉണ്ടാക്കണമെന്നില്ല ചില വരികളിൽ. . എന്തായാലും വിവർത്തകൻ അർത്ഥം പ്രകടിപ്പിക്കാൻ ഒരു മാർഗം കണ്ടു പിടിക്കണം.

10

11

## ബൈബിളിൽ നിന്നുള്ള ഉദാഹരണങ്ങൾ

12
13> ദാവീദ് രാജാവു വൃദ്ധനും കാലങ്ങൾക്ക് മുൻപനും ആയിരുന്നു(1 രാജാക്കന്മാർ 1:1 യുഎൽടി)
14

15 അടിവരയിട്ട പദങ്ങൾ ഒരേ അർത്ഥമുള്ളതാണ്. രണ്ടും കൂടെ "പ്രായം ചെന്നത്"

16
17>... അയാൾ അയാളെക്കാൾ നീതിമാന്മാരും ഭേദവുമായ രണ്ടു പേരെ ആക്രമിച്ചൂ
18

19 ഇതിനു അർത്ഥം അവർ അയാളെക്കാൾ "എത്രയോ നല്ലത്" ആണെന്നാണ്.

20
21>നീ ചതിയും വഞ്ചനയും നിറഞ്ഞ വാക്കുകൾ ഉണ്ടാക്കാൻ പോകുന്നു (ദാനിയേൽ 2:9 യുഎൽടി
22

23 ഇതിന് അർത്ഥം അവർ ഒരുപാട് ചതി ഒരുക്കിയിട്ടുണ്ട് എന്നാണ്.

24
25>... ഒരു ആട്ടിങ്കുട്ടിയെപ്പോലെ ഒരു മറുകും പുള്ളിയുമില്ലാതെ (1 പത്രോ 1:19 യുഎൽടി)
26

27 ഇതിന് അർത്ഥം അവൻ ഒരു ആട്ടിങ്കുട്ടിയെപ്പോലെ ഒരു കളങ്കം പോലും ഇല്ലാത്തവൻ ആയിരുന്നു

28
29

## വിവർത്തന ഉപായങ്ങൾ

30

31 ഒരു സമജോഡി സ്വഭാവികമാണെങ്കിൽ നിങ്ങളുടെ ഭാഷയിൽ അർത്ഥമുണ്ട് എങ്കിൽ അത് ഉപയോഗിക്കുക. അല്ലെങ്കിൽ ഈ ഉപായങ്ങൾ നോക്കുക.

32

33 1. ജോഡികളിൽ ഒരെണ്ണം വിവർത്തനം ചെയ്ക
34 സമജോഡികളിൽ അർത്ഥം ശക്തിപ്പെടുത്താൻ ഉപയോഗിക്കുന്നുവെങ്കിൽ ജോഡികളിൽ ഒരെണ്ണം വിവർത്തനം ചെയ്ക എന്നിട്ടു "ധാരാളം,", "ഭയങ്കരം എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക"

35സമജോഡികളിൽ അർത്ഥം ശക്തിപ്പെടുത്താൻ ഉപയോഗിക്കുന്നുവെങ്കിൽ നിങ്ങളുടെ ഭാഷ ഉപയോഗിച്ച് കൈകാര്യം ചെയ്യുക.
36
37

## വിവർത്തന ഉപായങ്ങൾ പ്രയോഗിച്ചത്

38

39 1.ജോഡികളിൽ ഒരെണ്ണം വിവർത്തനം ചെയ്ക

40
41* **നീ ചതിയും വഞ്ചനയും നിറഞ്ഞ വാക്കുകൾ ഉണ്ടാക്കാൻ പോകുന്നു(ദാനിയേൽ 2:9 യുഎൽടി)**
42* "ഇതിന് അർത്ഥം അവർഒരുപാട് ചതി ഒരുക്കിയിട്ടുണ്ട് എന്നാണ്."
43

സമജോഡികളിൽ അർത്ഥം ശക്തിപ്പെടുത്താൻ ഉപയോഗിക്കുന്നുവെങ്കിൽ ജോഡികളിൽ ഒരെണ്ണം വിവർത്തനം ചെയ്ക എന്നിട്ടു "ധാരാളം,", "ഭയങ്കരം എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക"

45
46**ദാവീദ് രാജാവു വൃദ്ധനും കാലങ്ങൾക്കു മുൻപനും ആയിരുന്നു(1 Kings 1:1 യുഎൽടി)**

47 * ദാവീദ് രാജാവു വൃദ്ധനായിരുന്നു"

48

491.സമജോഡികളിൽ അർത്ഥം ശക്തിപ്പെടുത്താൻ ഉപയോഗിക്കുന്നുവെങ്കിൽ നിങ്ങളുടെ ഭാഷ ഉപയോഗിച്ച് കൈകാര്യം ചെയ്യുക.

50
51ഒരു ആട്ടിങ്കുട്ടിയെപ്പോലെ ഒരു മറുകും പുള്ളിയുമില്ലാതെ (1 പത്രോ 1:19 യുഎൽടി).ഇംഗ്ലിഷിന് ഇത് "any" അല്ലെങ്കിൽ "at all"
52*"ഒരു കളങ്കവുമില്ലാത്ത ആട്ടിങ്കുട്ടി...."
53
54

(**തിരികെ പോകുക:** സമയം, സമയോചിതമായ, സമയങ്ങള്, അസമയത്തുള്ള)

# ഉപമ

ഉപമ എന്നാൽ സമാനതകൾ ഇല്ലാത്ത രണ്ട് കാര്യങ്ങൾ താരതമ്യം ചെയ്യുന്നതിനെ ആണ്. ഒന്ന് മറ്റൊന്നിനെപ്പോലെയാണെന്ന് പറയപ്പെടുന്നു. രണ്ട് ഇനങ്ങൾക്കും പൊതുവായുള്ള ഒരു പ്രത്യേക സ്വഭാവത്തിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു, കൂടാതെ അതിൽ "പോലുള്ള," "പോലെ" അല്ലെങ്കിൽ "എന്നതിനേക്കാൾ" എന്ന വാക്കുകൾ ഉൾപ്പെടുന്നു.

ഈ പേജ് ചോദ്യത്തിന് ഉത്തരം നൽകുന്നു: എന്താണ് ഒരു ഉപമ?

ഈ വിഷയം മനസിലാക്കാൻ, വായിക്കുന്നത് നല്ലതാണ്:

[[*rc://ml/ta/man/translate/figs-intro*]]

# വിവരണം

ഉപമ എന്നാൽ സമാനതകൾ ഇല്ലാത്ത രണ്ട് കാര്യങ്ങൾ താരതമ്യം ചെയ്യുന്നതിനെ ആണ്. ഒന്ന് മറ്റൊന്നിനെ പോലെയാണ്. രണ്ട് ഇനങ്ങൾക്കും പൊതുവായുള്ള ഒരു പ്രത്യേക സ്വഭാവത്തിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു, കൂടാതെ അതിൽ "പോലുള്ള," "പോലെ" അല്ലെങ്കിൽ "എന്നതിനേക്കാൾ" എന്ന വാക്കുകൾ ഉൾപ്പെടുന്നു.

> അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെഅസ്വസ്ഥരും ആകുലരുമായി കണ്ടിട്ട് അവരെക്കുറിച്ച് മനസ്സലിഞ്ഞ്, തന്റെ ശിഷ്യന്മാരോട്: (മത്തായി 9:36 ULT)

യേശു ജനക്കൂട്ടത്തെ ഒരു ഇടയനില്ലാത്ത ആടുകളുമായി താരതമ്യം ചെയ്തു. സുരക്ഷിതമായ സ്ഥലങ്ങളിൽ അവരെ നയിക്കുന്നതിന് നല്ലൊരു ഇടയന് ഇല്ലെങ്കിൽ ചെമ്മരിയാട് ഭയപ്പെടുന്നു. ജനക്കൂട്ടം ഇതുപോലെയായിരുന്നു കാരണം അവർക്ക് നല്ല മത നേതാക്കന്മാർ ഇല്ലായിരുന്നു.

> ശ്രദ്ധിക്കുവിൻ, ഞാൻ നിങ്ങളെ ചെന്നായ്ക്കളുടെ നടുവിൽ ചെമ്മരിയാടിനെപ്പോലെ അയയ്ക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനേപ്പോലെ നിരുപദ്രവകാരികളും ആയിരിപ്പിൻ. (മത്തായി 10:16 ULT)

യേശു തന്റെ ശിഷ്യന്മാരെ ചെമ്മരിയാടുകളോടും അവരുടെ ശത്രുക്കളെ ചെന്നായ്കളോടും താരതമ്യം ചെയ്തു. ചെന്നായ്ക്കൾ ചെമ്മരിയാടുകളെ ആക്രമിക്കുന്നു. യേശുവിന്റെ ശത്രുക്കൾ അവന്റെ ശിഷ്യന്മാരെ ആക്രമിക്കും.

> ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏത് വാളിനേക്കാളും മൂർച്ചയേറിയതും ദേഹിയെ ആത്മാവിൽനിന്നും, (എബ്രായർ 4:12 ULT)

ദൈവവചനം രണ്ടു വശങ്ങളുള്ള വാളിനോട് ഉപമിച്ചിരിക്കുന്നു.
ഒരു ഇരുതലയുള്ള വാൾ ഒരു വ്യക്തിയുടെ മാംസത്തിൽ എളുപ്പത്തിൽ മുറിക്കാൻ കഴിയുന്ന ഒരു ആയുധമാണ്. ഒരു വ്യക്തിയുടെ ഹൃദയത്തിലും ചിന്തയിലും ഉള്ളത് കാണിക്കുന്നതിൽ ദൈവവചനം വളരെ ഫലപ്രദമാണ്.

### ഉപമയുടെ ഉദ്ദേശ്യങ്ങൾ

- ഒരു ഉപമയ്ക് അറിയപ്പെടാത്ത ഒരു കാര്യം അറിയാവുന്ന ഒരു കാര്യവുമായി എങ്ങനെ സമാനതകൾ ഉണ്ടെന്നു നോക്കി പഠിപ്പിക്കാൻ കഴിയുന്നു.
- ഒരു ഉപമക്ക് ഒരു പ്രത്യേക ലക്ഷ്യം ഊന്നിപ്പറയാം, ചിലപ്പോൾ ആളുകളുടെ ശ്രദ്ധ നേടുന്ന വിധത്തിൽ.
- മനസിൽ ഒരു ചിത്രം തയ്യാറാക്കാൻ ഉപമ സഹായിക്കുന്നു, അല്ലെങ്കിൽ വായനക്കാരന്റെ അനുഭവം കൂടുതൽ നന്നായി വായിക്കുന്നതിനെ സഹായിക്കുന്നു.

### ഇത് ഒരു വിവർത്തന പ്രശ്നത്തിനുള്ള കാരണങ്ങൾ

- രണ്ട് ഇനങ്ങൾ എങ്ങനെ സമാനമാണ് എന്ന് ആളുകൾക്ക് അറിയില്ല.
- എന്തെങ്കിലും താരതമ്യം ചെയ്യപ്പെട്ട വസ്തു ആളുകൾ ചിലപ്പോൾ പരിചിതമായേക്കില്ല

# ബൈബിളിന്റെ ദൃഷ്ടാന്തങ്ങൾ

> ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും കഷ്ടതയിൽ പങ്കാളിയാകുക. (2 തിമൊഥെയൊസിനെഴുതിയ 2:3 ULT)

ഈ ഉപമയിൽ പൌലോസ് സഹിച്ചുനിൽക്കുന്ന കഷ്ടതയെ താരതമ്യം ചെയ്യുന്നു. തിമൊഥെയൊസ് അവരുടെ മാതൃക പിന്തുടരാൻ അവൻ പ്രോത്സാഹിപ്പിക്കുന്നു.

> <u>മിന്നൽ ആകാശത്തിന്റെ കീഴെ ദിക്കോടുദിക്കെല്ലാം തിളങ്ങി</u> മിന്നുന്നതുപോലെ മനുഷ്യപുത്രൻ തന്റെ ദിവസത്തിൽ ആകും. (ലൂക്കോസ് 17:24 ULT)

മനുഷ്യപുത്രൻ മിന്നലിനെപ്പോലെയായിരിക്കും എന്ന് ഈ സൂക്തം പറയുന്നില്ല. എന്നാൽ പശ്ചാത്തലത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്, വെളിച്ചം പെട്ടെന്നു മങ്ങിക്കുന്നതുപോലെ, എല്ലാവർക്കും കാണാൻ കഴിയുന്നത് പോലെ, മനുഷ്യപുത്രൻ പെട്ടെന്നു വരും, എല്ലാവരും അവനെ കാണാൻ കഴിയും. ഇതിനെക്കുറിച്ച് ആരോടും പറയേണ്ടതില്ല..

## വിവർത്തന ഉപായങ്ങൾ

ഒരു ഉപമയുടെ ശരിയായ അർഥം ആളുകൾ മനസ്സിലാക്കുന്നെങ്കിൽ, അത് ഉപയോഗിക്കുന്നത് പരിഗണിക്കുക. അവർ മനസ്സിലാക്കുന്നെങ്കിൽ നിങ്ങൾക്ക് ഉപയോഗിക്കാവുന്ന ചില മാർഗങ്ങൾ ഇതാ:

രണ്ട് ഇനങ്ങൾ എങ്ങനെയിലാണെന്ന് ആളുകൾക്ക് അറിയില്ലെങ്കിൽ, അവ എങ്ങനെ ഒരുപോലെ എന്ന് പറയുക. എന്നിരുന്നാലും, യഥാർത്ഥ പ്രേക്ഷകർക്ക് അർത്ഥം വ്യക്തമാക്കുന്നില്ലെങ്കിൽ ഇത് ചെയ്യാതിരിക്കുക.

എന്തെങ്കിലും താരതമ്യപ്പെടുത്തിയിരിക്കുന്ന വസ്തുക്കൾ പരിചയമില്ലെങ്കിൽ, നിങ്ങളുടെ സ്വന്തം സംസ്കാരത്തിൽ നിന്നും ഒരു വസ്തു

ഉപയോഗിക്കുക. ബൈബിളിന്റെ സംസ്കാരങ്ങളിൽ ഉപയോഗിച്ചിട്ടുണ്ടാകാം എന്ന് ഉറപ്പുവരുത്തുക.

ഇത് മറ്റൊന്നിലേക്ക് താരതമ്യം ചെയ്യാതെ വെറുതെ ഒന്ന് വിവരിക്കുക

## പ്രയോഗിച്ച വിവർത്തന തന്ത്രങ്ങളുടെ ഉദാഹരണങ്ങൾ

രണ്ട് ഇനങ്ങൾ എങ്ങനെയിലാണെന്ന് ആളുകൾക്ക് അറിയില്ലെങ്കിൽ, അവ എങ്ങനെ ഒരുപോലെ എന്ന് പറയുക. എന്നിരുന്നാലും, യഥാർത്ഥ പ്രേക്ഷകർക്ക് അർത്ഥം വ്യക്തമാക്കുന്നില്ലെങ്കിൽ ഇത് ചെയ്യാതിരിക്കുക.

- **ശ്രദ്ധിക്കുവിൻ, ഞാൻ നിങ്ങളെ <u>ചെന്നായ്ക്കളുടെ നടുവിൽ ചെമ്മരിയാടിനെപ്പോലെ</u> അയയ്ക്കുന്നു.**(മത്തായി 10:16 ULT) ഇത് യേശുവിന്റെ ശിഷ്യന്മാർ ഉണ്ടാകുന്ന അപകടത്തെ ആടുകൾക്ക് ചുറ്റും ചെന്നായ്ക്കൾ ഉണ്ടാകുന്ന അപകടത്തെ പോലെ താരതമ്യം ചെയ്യുന്നു.

നോക്കുക ,ഞാൻ അയയ്ക്കുന്നു<u> നിങ്ങൾ ദുഷ്ടരായ ജനത്തിന്റെ ഇടയിലേക്ക്</u> നിനക്കു അവരിൽ നിന്ന് അപകടം ഉണ്ടാകും <u>ചെന്നായ്ക്കളുടെ ഇടയിൽ ആടുകൾ ആയിരിക്കുമ്പോൾ പോലെ </u>.

- *ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി <u>ഇരുവായ്ത്തലയുള്ള ഏത് വാളിനേക്കാളും</u> മൂർച്ചയേറിയതും ദേഹിയെ ആത്മാവിൽനിന്നും, * (എബ്രായർക്കെഴുതിയ 4:12 ULT)

ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതാണ്<u> ഇരുവായ്ത്തലയുള്ള വാളിനേക്കാൾ മൂർച്ചയുള്ളത് ആണ്</u>

എന്തെങ്കിലും താരതമ്യപ്പെടുത്തിയിരിക്കുന്ന വസ്തുക്കൾ പരിചയമില്ലെങ്കിൽ, നിങ്ങളുടെ സ്വന്തം സംസ്കാരത്തിൽ നിന്നും ഒരു ഇനം ഉപയോഗിക്കുക. ബൈബിളിന്റെ സംസ്കാരങ്ങളിൽ ഉപയോഗിച്ചിട്ടുണ്ടാകാം എന്ന് ഉറപ്പുവരുത്തുക.

- **ശ്രദ്ധിക്കുവിൻ, ഞാൻ നിങ്ങളെ <u>ചെന്നായ്ക്കളുടെ നടുവിൽ ചെമ്മരിയാടിനെപ്പോലെ</u> അയയ്ക്കുന്നു.**(മത്തായി 10:16 ULT) –ജനങ്ങൾക്ക് ആടിനെയോ ചെന്നായയെയോ ചെന്നായ ആടിനെ തിന്നുന്നതോ അറിയില്ലെങ്കിൽ, നിങ്ങൾക് ഒരു മൃഗത്തെ കൊല്ലുന്ന മറ്റൊരു മൃഗത്തെ ഉപയോഗിക്കാം
  - നോക്കുക, ഞാൻ നിങ്ങളെ അയയ്ക്കുന്നു<u> കാട്ടുമൃഗങ്ങളുടെ നടുവിൽ കോഴികളെയും പോലെ</u>,
- **കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുംപോലെ <u>നിന്റെ മക്കളെ ചേർത്തുകൊൾവാൻ </u>ഞാൻ എത്രവട്ടം ആഗ്രഹിച്ചു; നിങ്ങൾക്കോ സമ്മതമായില്ല** (മത്തായി 23:37 ULT)

  - നിങ്ങളുടെ കുട്ടികളെ ഒന്നിച്ചുചേർക്കാൻ ഞാൻ പലപ്പോഴും എത്ര സമയം ചെലവഴിച്ചു, ഒരു 'അമ്മ തന്റെ കുഞ്ഞുങ്ങളെ നോക്കുന്ന പോലെ. , പക്ഷെ നിങ്ങൾ നിരസിച്ചു!

- **നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ,** ((മത്തായി 17:20))
- നിങ്ങൾക്ക് ചെറുത് എങ്കിലും വിശ്വാസം ഉണ്ടെങ്കിൽ ഒരു ചെറിയ വിത്തുപോലെ,

ഇത് മറ്റൊന്നിലേക്ക് താരതമ്യം ചെയ്യാതെ വെറുതെ ഒന്ന് വിവരിക്കുക.

- **ശ്രദ്ധിക്കുവിൻ, ഞാൻ നിങ്ങളെ ചെന്നായ്ക്കളുടെ നടുവിൽ ചെമ്മരിയാടിനെപ്പോലെ അയയ്ക്കുന്നു.**(മത്തായി 10:16 ULT)
- നോക്കുക, ഞാൻ നിങ്ങളെ അയയ്ക്കുന്നു ആളുകൾ നിങ്ങളെ ഉപദ്രവിക്കും.
- **കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുംപോലെ നിന്റെ മക്കളെ ചേർത്തുകൊൾവാൻ ഞാൻ എത്രവട്ടം ആഗ്രഹിച്ചു; നിങ്ങൾക്കോ സമ്മതമായില്ല** (മത്തായി 23:37 ULT)
- എത്ര തവണ ഞാൻ ആഗ്രഹിച്ചു നിന്നെ സംരക്ഷിക്കാൻ, പക്ഷെ നിങ്ങൾ നിരസിച്ചു!

അടുത്തതായി ഞങ്ങൾ നിങ്ങൾ പഠിക്കാൻ ശുപാർശ ചെയ്യുന്നു:

രൂപകാലങ്കാരം

[[*rc://ml/ta/man/translate/bita-part*1]]

(**തിരികെ പോകുക:** തേന്, തേന്കൂട്; പോലെ, ഒരു പോലെ ചിന്താഗതി ഉള്ള, താരതമ്യം ചെയ്യുക, സാമ്യം, പ്രതിരൂപങ്ങൾ, അതുപോലെ, സദൃശമായ, വ്യത്യസ്തമായ)

# നാമമാത്രമായ നാമവിശേഷണങ്ങൾ

## വിവരണം

ഈ പേജ് ചോദ്യത്തിന് ഉത്തരം നൽകുന്നു: നാമമാത്രമായ നാമവിശേഷണങ്ങളെ എങ്ങനെ വിവർത്തനം ചെയ്യും?

ഈ വിഷയം മനസിലാക്കാൻ, വായിക്കുന്നത് നല്ലതാണ്:

[[*rc://ml/ta/man/translate/figs-partsofspeech*]]

ചില ഭാഷകളിൽ ഒരു നാമവിശേഷണം വിവരിക്കുന്ന ചില വസ്തുക്കളുടെ ഒരു വർഗത്തെ സൂചിപ്പിക്കാൻ നാമവിശേഷണത്തെ ഉപയോഗിക്കും. അത് ചെയ്യുമ്പോൾ, അത് ഒരു നാമം എന്നതുപോലെ പ്രവർത്തിക്കുന്നു. ഉദാഹരണത്തിന്, "സമ്പന്നൻ" എന്ന വാക്ക് ഒരു നാമവിശേഷണമാണ്. "സമ്പന്നൻ" എന്നത് ഒരു വിശേഷണമാണ് എന്നു കാണിക്കുന്ന രണ്ട് വാക്യങ്ങൾ ഇവിടെയുണ്ട്.

> ... ധനവാന് ആടുമാടുകൾ അനവധി ഉണ്ടായിരുന്നു (2 ശമൂവേൽ12:2 ULT)

നാമവിശേഷണം "ധനവാൻ," മനുഷ്യൻ എന്ന വാക്കിന്റെ മുൻപിൽ വരികയും, മനുഷ്യൻ എന്ന വാക്കിനെ വിവരിക്കുകയും ചെയ്യുന്നു.

> അവൻ ധനവാനാകുകയില്ല; അവന്റെ സമ്പത്ത് നിലനിൽക്കുകയില്ല; ... (ഇയ്യോബ് 15:29 ULT)

"സമ്പന്നൻ" എന്ന വിശേഷണം "ആകുക" എന്ന ക്രിയയ്ക്ക് ശേഷം "അവൻ" എന്ന് വിവരിക്കുന്നു

"സമ്പന്നൻ" എന്ന വാക്ക് ഒരു നാമമായി പ്രവർത്തിക്കുമെന്ന് കാണിക്കുന്ന ഒരു വാചകം ഇതാ.

> ...ധനവാൻ അരശേക്കെലിൽ അധികം കൊടുക്കരുത്; ദരിദ്രൻ കുറച്ചു കൊടുക്കുകയും അരുത്. (പുറപ്പാട് 30:15 ULT)

പുറപ്പാട് 30: 15-ൽ “ധനികൻ” എന്ന വാക്ക് “ധനികർ” എന്ന പദത്തിലെ ഒരു നാമപദമായി വർത്തിക്കുന്നു, അത് സമ്പന്നരെ സൂചിപ്പിക്കുന്നു. "ദരിദ്രൻ" എന്ന പദം ഒരു നാമപദമായി വർത്തിക്കുകയും ദരിദ്രരെ സൂചിപ്പിക്കുകയും ചെയ്യുന്നു .

### കാരണം ഇത് ഒരു വിവർത്തന പ്രശ്നമാണ്

ഒരു കൂട്ടം ആളുകളെ വിവരിക്കുന്നതിന് നാമവിശേഷണങ്ങളായി ബൈബിൾ നാമങ്ങളെ പല തവണ ഉപയോഗിക്കുന്നു..
ചില ഭാഷകളിൽ നാമവിശേഷണങ്ങൾ ഇപ്രകാരം ഉപയോഗിക്കാറില്ല.
ആ ഭാഷകളിലെ വായനക്കാർ, ഈ വാക്യങ്ങൾ ഒരു പ്രത്യേക വ്യക്തിയെക്കുറിച്ച് സംസാരിക്കുന്നതായി കണക്കാക്കുമ്പോൾ, ശരിക്കും ഈ വാക്യങ്ങൾ ഒരു കൂട്ടം ആളുകളുടെ ഗ്രൂപ്പിനെക്കുറിച്ചണ് വിശദീകരിക്കുന്നതു.

## ബൈബിളിൽ നിന്നുള്ള ഉദാഹരണങ്ങൾ

ദുഷ്ടന്മാരുടെ ചെങ്കോൽ നീതിമാന്റെ അവകാശത്തിന്മേൽ ഇരിക്കുകയില്ല. (സങ്കീർത്തനങ്ങൾ 125:3 ULT)

"നീതിമാൻ" എന്നാൽ ഇവിടെ ഒരു കൂട്ടം ആളുകളെ ആണ് ഉദ്ദേശിച്ചിരിക്കുന്നത്, അല്ലാതെ ഒരാളെ മാത്രം അല്ല.

> സൌമ്യതയുള്ളവർ ഭാഗ്യവാന്മാർ (മത്തായി 5:5 ULT)

“സൗമ്യർ” എന്നത് കൊണ്ട് എവിടെ ഉദ്ദേശിച്ചിരിക്കുന്നത്, സൗമ്യതയുള്ള എല്ലാവരെയും ആണ്, സൗമ്യനായ ഒരു വ്യക്തിയെ മാത്രം അല്ല.

## വിവർത്തന തന്ത്രങ്ങൾ

നിങ്ങളുടെ ഭാഷ ഒരു പ്രതേക തരം ആളുകളെ സൂചിപ്പിക്കുന്നതിന് നാമവിശേഷണങ്ങളെ നാമം എന്ന പോലെ പദപ്രയോഗങ്ങളായി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ, ഈ വിധത്തിലുള്ള ആ നാമവിശേഷണങ്ങൾ ഉള്ള പദങ്ങൾ

ഉപയോഗിക്കുക. അത് വിചിത്രമായിരിക്കുകയോ, അല്ലെങ്കിൽ അർത്ഥം വ്യക്തമാകാത്തിരിക്കുകയോ, തെറ്റ് ആകുകയോ ചെയ്താൽ, ഇവിടെ മറ്റൊരു ഓപ്ഷനുണ്ട്:

നാമവിശേഷണത്തിന്റെ ബഹുവചനരൂപം ഉപയോഗിച്ച് നാമവിശേഷണം വിവരിക്കുക.

## ഉപയോഗിച്ച വിവർത്തനതന്ത്രങ്ങളുടെ ഉദാഹരണം

1. 1. നാമവിശേഷണത്തിന്റെ ബഹുവചനരൂപം ഉപയോഗിച്ച് നാമവിശേഷണം വിവരിക്കുക

- **ദുഷ്ടന്മാരുടെ ചെങ്കോൽ നീതിമാന്മാരുടെ അവകാശത്തിന്മേൽ ഇരിക്കയല്ല .** (സങ്കീർത്തനങ്ങൾ 125: 3 ULT)
- ദുഷ്ടന്മാരുടെ ചെങ്കോൽ നീതിമാന്മാരുടെ അവകാശത്തിന്മേൽ ഭരണം നടത്താതിരിക്കട്ടെ.
- *സൌമ്യതയുള്ളവർ ഭാഗ്യവാന്മാർ * (മത്തായി 5:5 ULT)
- >സൗമ്യതയുള്ളവർ ഭാഗ്യവാൻമാർ...

(**തിരികെ പോകുക:** ദൈവീകമായ, ദൈവീകത്വം, ദൈവത്വം ഇല്ലാത്ത, ദൈവം ഇല്ലാത്ത, ദൈവീകത്വം ഇല്ലാത്ത, നിരീശ്വരത്വം; മരിക്കുക, മരിക്കുന്നു, മരിച്ചു, മരിച്ച, മരണകരമായ, മൃതാവസ്ഥ, മരണം, മരണങ്ങള്, മരണം സംബന്ധിച്ച)

# പേരുകൾ എങ്ങിനെ തർജ്ജിമ ചെയ്യാം

## വിവരണം

ഈ പേജ് ചോദ്യത്തിന് ഉത്തരം നൽകുന്നു: എന്റെ സംസ്കാരത്തിന് അനുയോജ്യമായി പേരുകൾ എങ്ങിനെ തർജ്ജിമ ചെയ്യാം ?

ഈ വിഷയം മനസിലാക്കാൻ, വായിക്കുന്നത് നല്ലതാണ്:

അറിയാത്തവ തർജ്ജിമ ചെയ്യുക

ബൈബിളിൽ വളരെയധികം വ്യക്തികളുടെയും, കൂട്ടങ്ങളുടെയും, സ്ഥലങ്ങളുടെയും ഒക്കെ പേരുകൾ നൽകിയിരിക്കുന്നു. ഇവയിൽ പല പേരും അപരിചിതവും പറയുവാൻ ബുദ്ധിമുട്ടുള്ളതുമായി തോന്നാം. . ചില സമയങ്ങളിൽ വായനക്കാർക്ക് ഒരു പേര് എന്താണ് സൂചിപ്പിക്കുന്നതെന്ന് അറിയില്ലായിരിക്കാം, ചിലപ്പോൾ ഒരു പേരിന്റെ അർത്ഥമെന്താണെന്ന് അവർ മനസിലാക്കേണ്ടതുണ്ട്.. ഈ ലേഖനം നിങ്ങളെ പേരുകൾ തർജ്ജിമ ചെയ്യുവാനും അതുവഴി വായനക്കാർക്കു അവയെ കുറിച്ച് മനസ്സിലാക്കേണ്ടതൊക്കെ മനസിലാക്കുവാനും സഹായിക്കുന്നു.

### പേരുകളുടെ അർത്ഥം

ബൈബിളിലെ മിക്ക പേരുകൾക്കും അർത്ഥമുണ്ട്. പലപ്പോഴും ബൈബിളിൽ ഉപയോഗിച്ചിട്ടുള്ള പേരുകൾ വ്യക്തികളെയോ സ്ഥലങ്ങളെയോ തിരിച്ചറിയുവാൻ മാത്രമാകും ഉപയോഗിക്കുക. പക്ഷെ ചിലപ്പോഴൊക്കെ പേരിന്റെ അർത്ഥമറിയുന്നതും പ്രധാനമാണ്.

> ശാലേം രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ ഈമൽക്കീസേദെക്ക്, രാജാക്കന്മാരെ നിഗ്രഹിച്ച് മടങ്ങിവരുന്ന അബ്രാഹാമിനെ എതിരേറ്റുചെന്ന് അനുഗ്രഹിച്ചു. (എബ്രായർ 7:1 ULT)

ഇവിടെ രചയിതാവ് "മൽക്കീസേദെക്" എന്ന പേര് ഉപയോഗിക്കുന്നത് ആ പേരുള്ള ഒരു വ്യക്തിയെ പരാമർശിക്കാനാണ്. അതിനോടൊപ്പം "ശാലേംരാജാവു" എന്ന് പറയുന്നത് വഴി അദ്ദേഹം ഒരു പട്ടണം ഭരിച്ചിരുന്ന വ്യക്തിയാണെന്നും മനസ്സിലാക്കാം.

> മൽക്കീസേദെക്ക് എന്ന പേരിന് നീതിയുടെ രാജാവെന്നും, ശലേംരാജാവ് എന്നതിന് സമാധാനത്തിന്റെ രാജാവ് എന്നും അർത്ഥം ഉണ്ട്. (എബ്രായർ 7:2 ULT)

ഇവിടെ രചയിതാവ് "മൽക്കീസേദെക്" എന്ന പേരിന്റെയും അദ്ദേഹത്തിന്റെ പദവിയുടെയും അർഥം എടുത്തു പറയുന്നു, എന്തെന്നാൽ അവ ആ വ്യക്തിയെ കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ സഹായിക്കുന്നു. അല്ലാത്ത സമയങ്ങളിൽ, രചയിതാവ് പേരിന്റെ അർഥം എടുത്തു പറയുന്നില്ല. കാരണം വായനക്കാരന് ആ പേരിന്റെ അർഥം അറിയാമെന്നു അവർ കരുതുന്നു. ഒരു ശകലം മനസ്സിലാക്കുവാൻ പേരിന്റെ അർഥം അനിവാര്യമെന്ന് നിങ്ങള്ക്ക് തോന്നിയാൽ, അത് ലേഖനത്തിനോടൊപ്പമോ ഒരു അടിക്കുറിപ്പായോ നിങ്ങൾക്ക് നൽകാവുന്നതാണ്.

## ഇത് ഒരു വിവർത്തന പ്രശ്നത്തിനുള്ള കാരണങ്ങൾ ആണ്

- വായനക്കാർക്കു ബൈബിളിൽ ഉപയോഗിച്ചിട്ടുള്ള പല പേരുകളും അറിയില്ലായിരിക്കാം. അത് ഒരു സ്ഥലത്തെയാണോ, വ്യക്തിയെയാണോ അതോ മറ്റെന്തിനെയെങ്കിലും ആണോ പരാമർശിക്കുന്നതെന്നു അവർക്കു അറിഞ്ഞെന്നു വരില്ല.
- ഒരു ലേഖന ശകലം മനസ്സിലാക്കുവാൻ വായനക്കാരനു പേരിന്റെ അർഥം അറിയേണ്ടത് ആവശ്യമായി വരാം.
- പല പേരുകൾക്കും വ്യത്യസ്തമായ ശബ്ദങ്ങളും നിങ്ങളുടെ ഭാഷയിൽ പറയുവാൻ ബുദ്ധിമുട്ടുള്ള ചില ശബ്ദങ്ങളുടെ മിശ്രണവും ഒക്കെ ഉണ്ടായേക്കാം. ഈ പ്രശ്നം നേരിടുവാനുള്ള തന്ത്രങ്ങൾക്കായി ഇത് കാണുക, Borrow Words.
- ചില വ്യക്തികൾക്കോ സ്ഥലങ്ങൾക്കോ രണ്ട് പേരുകൾ ഉണ്ടായേക്കാം. ഇവ രണ്ടും ഒരേ വ്യക്തിയെ അഥവാ സ്ഥലത്തെയാണ് പരാമർശിക്കുന്നതെന്നു വായനക്കാരന് മനസ്സിലാക്കണമെന്നില്ല.

## ബൈബിളിൽനിന്നുള്ള ചില ഉദാഹരണങ്ങൾ

> നിങ്ങൾ ജോർദ്ദാൻ കടന്ന് യെരിഹോയി ലേക്ക് വന്നു. അമോര്യരോട് ചേർന്ന് യെരീഹോയിലെ നേതാക്കൾ നിങ്ങളോട് യുദ്ധം ചെയ്തു (യോശുവ 24:11 ULT)

വായനക്കാർ "യോർദ്ദാൻ" എന്നാൽ ഒരു നദിയുടെ പേരാണെന്നോ , "യെരീഹോ" ഒരു പട്ടണത്തിന്റെ പേരാണെന്നോ, "അമോർ" ഒരു കൂട്ടം വ്യക്തികളുടെ പേരാണെന്നോ മനസ്സിലാക്കണമെന്നില്ല.

> എന്ന് പറഞ്ഞ് തന്നോട് അരുളിച്ചെയ്ത യഹോവയ്ക്ക്: "നീ കാണുന്നവനായ ദൈവമാകുന്നുc" എന്ന് പേർ വിളിച്ചു. അതുകൊണ്ട് ആ കിണർ ബേർ-ലഹയീ-രോയീ എന്ന് വിളിക്കപ്പെട്ടു; (ഉല്പത്തി 16:13-14 ULT)

" ബേർ-ലഹയീ-രോയീ " എന്നാൽ "എന്നെ കാണുന്ന ജീവനുള്ള ദൈവത്തിന്റെ കിണർ"എന്ന് എടുത്തു പറയാതെ വായനക്കാർക്കു രണ്ടാമത്തെ വാക്യം മനസ്സിലാക്കുവാൻ സാധിക്കില്ല.

> അവൻ അവൾക്കു മകനായി: "ഞാൻ അവനെ വെള്ളത്തിൽ നിന്ന് വലിച്ചെടുത്തു" എന്ന് പറഞ്ഞ് അവൾ അവന് മോശെ എന്നു പേരിട്ടു. (പുറപ്പാട് 2:11 ULT)

ഹീബ്രുവിൽ മോശെ എന്ന പേര് " വലിച്ചെടുക്കുക" എന്ന് പറയുന്നതുമായി സാമ്യമുള്ളതാകുന്നു. ഇത് എടുത്തു പറഞ്ഞില്ലെങ്കിൽ,വായനക്കാർക്കു അവൾ എന്തിനു ഇങ്ങനെ പറഞ്ഞു എന്ന് മനസ്സിലാകില്ല.

> സ്തെഫാനൊസിനെ കൊലചെയ്തത് ശൌലിന്സമ്മതമായിരുന്നു. (പ്രവൃത്തികൾ 8:1 ULT)

> ഇക്കോന്യയിൽ പൌലൊസും ബർണബാസും ഒരുമിച്ചു യെഹൂദന്മാരുടെ പള്ളിയിൽ ചെന്നു(പ്രവൃത്തികൾ 14 :1 ULT)
>
> > വായനക്കാർക്കു ശൌലും പൌലൊസും ഒരേ വ്യക്തിയുടെ നാമങ്ങളാണെന്നു അറിവുണ്ടാകണമെന്നില്ല.
> >
> > ### പരിഭാഷാ തന്ത്രങ്ങൾ
> >
> > 1. അഥവാ വായനക്കാർക്ക് ഒരു ഉള്ളടക്കത്തിൽ നിന്ന് ഒരു പേര് എന്തിനെ പരാമർശിക്കുന്നുവെന്നു മനസ്സിലാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് അത് മനസ്സിലാകുവാനായി ഒരു വാക്ക് കൂട്ടി ചേർക്കാവുന്നതാണ്.
> > 2. അഥവാ വായനക്കാർക്ക് ഒരു ഉള്ളടക്കത്തിൽ ഒരു പേരിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് എന്താണെന്നു മനസ്സിലാക്കുവാൻ അതിന്റെ അർഥം ആവിശ്യമാണെങ്കിൽ, ആ പേര് പകർത്തിയെഴുതി വചനത്തിന്റെ വിശദീകരണമായോ അല്ലെങ്കിൽ ഒരു അടിക്കുറിപ്പായയോ അത് പറയാവുന്നതാണ്.
> > 3. അഥവാ വായനക്കാർക്ക് ഒരു ഉള്ളടക്കത്തിൽ ഒരു പേരിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് എന്താണെന്നു മനസ്സിലാക്കുവാൻ അതിന്റെ അർഥം ആവിശ്യമാണെങ്കിൽ, ആ പേര് ഒരുപ്രാവശ്യം മാത്രം ഉപയോഗിച്ചിട്ടുള്ളതാണെങ്കിൽ ആ പേര് പകർത്തിയെഴുതുന്നതിനു പകരം അതിന്റെ അർഥം വിവർത്തനം ചെയ്തു നൽകുക.
> > 4. അഥവാ ഒരു വ്യക്തിക്കോ സ്ഥലത്തിനോ രണ്ടു വ്യത്യസ്ത പേരുകൾ ഉണ്ടെങ്കിൽ, അതിൽ ഒരു പേര് കൂടുതലായി ഉപയോഗിക്കുകയും, മറ്റേ പേര് ആ വചനം ആ പേര് എടുത്തു പറയുകയാണെങ്കിലോ , അത്തരം ഒരു പേര് എന്തിനു നൽകിയെന്ന് പരാമർശിക്കുന്നുവെങ്കിലോ മാത്രം ഉപയോഗിക്കുക. ഒരു അടിക്കുറുപ്പായി മൂല ഗ്രന്ഥം എന്ത് കൊണ്ട് രണ്ടു പേര് ഉപയോഗിക്കുന്നുവെന്നും, ഒരു പേര് എന്തുകൊണ്ട് കുറവായി ഉപയോഗിക്കപ്പെടുന്നുവെന്നു രേഖപ്പെടുത്തുക.
> > 5. അല്ലെങ്കിൽ ഒരു സ്ഥലത്തിനോ വ്യക്തിക്കോ രണ്ടു വ്യത്യസ്ത പേരുകൾ ഉണ്ടെങ്കിൽ, മൂല ഗ്രന്ഥത്തിൽ നൽകിയിരിക്കുന്ന പേര് ഉപയോഗിക്കുക. മറ്റേ പേര് അടിക്കുറുപ്പായി നൽകുക.
> >
> > ### പ്രയോഗക്ഷമമായ പരിഭാഷാ തന്ത്രങ്ങളുടെ ഉദാഹരണങ്ങൾ
> >
> > 1. അഥവാ വായനക്കാർക്കു ഒരു ഉള്ളടക്കത്തിൽ നിന്ന് ഒരു പേര് എന്തിനെ പരാമർശിക്കുന്നുവെന്നു മനസ്സിലാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് അത് മനസ്സിലാകുവാനായി ഒരു വാക്ക് കൂട്ടി ചേർക്കാവുന്നതാണ്.

> പിന്നെ നിങ്ങൾ യോർദ്ദാൻ കടന്ന് യെരിഹോവിലേക്ക് വന്നു;
> അമോര്യയരോട് ചേർന്ന് യെരീഹോയിലെ നേതാക്കൾ നിങ്ങളോട് യുദ്ധം ചെയ്തു (യോശുവ 24:11 ULT)

- >നിങ്ങൾ യോർദ്ദാൻ നദി കടന്നു യെരീഹോവ പട്ടണത്തിലേക്കു വന്നു; യെരീഹോ നിവാസികൾ, അമോര്യ ഗോത്രക്കാരോട് കൂടി ചേർന്നു നിങ്ങളോടു യുദ്ധംചെയ്തു.
- **ആ സമയത്തു തന്നേ ചില പരീശന്മാർ അടുത്തുവന്ന് യേശുവിനെ ഉപദേശിച്ചു: ഇവിടം വിട്ടു പൊയ്ക്കൊൾക; ഹെരോദാവ് നിന്നെ കൊല്ലുവാൻ ആഗ്രഹിക്കുന്നു എന്നു അവനോട് പറഞ്ഞു."** (ലൂക്കോസ് 13:31 ULT)
- വൈകാതെ ചില പരീശന്മാർ അടുത്തുവന്നു അവനോടു പറഞ്ഞു, "ഇവിടം വിട്ടു പൊയ്ക്കാൾക. ഹെരോദാവു രാജാവ് നിന്നെ കൊല്ലുവാൻ ഇച്ഛിക്കുന്നു" .

1. അഥവാ വായനക്കാർക്കു ഒരു ഉള്ളടക്കത്തിൽ ഒരു പേരിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് എന്താണെന്നു മനസ്സിലാക്കുവാൻ അതിന്റെ അർഥം ആവിശ്യമാണെങ്കിൽ, ആ പേര് പകർത്തിയെഴുതി വചനത്തിന്റെ വിശദീകരണമായോ അല്ലെങ്കിൽ ഒരു അടിക്കുറിപ്പായയോ അത് പറയാവുന്നതാണ്.

    - **അവൻ അവൾക്കു മകനായി: "ഞാൻ അവനെ വെള്ളത്തിൽ നിന്ന് വലിച്ചെടുത്തു" എന്ന് പറഞ്ഞ് അവൾ അവന് മോശെ എന്നു പേരിട്ടു.** (പുറപ്പാട് 2:11 ULT)
    - >"ഞാൻ അവനെ വെള്ളത്തിൽ നിന്നു വലിച്ചെടുത്തു" എന്നു പറഞ്ഞു അവൾ അവന് 'വലിച്ചെടുക്കുക ' എന്ന് പറയുന്നതുമായി സാമ്യമുള്ള നാമം ആയതിനാൽ,മോശെ എന്നു പേരിട്ടു.

1. അഥവാ വായനക്കാർക്കു ഒരു ഉള്ളടക്കത്തിൽ ഒരു പേരിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് എന്താണെന്നു മനസ്സിലാക്കുവാൻ അതിനെ അർഥം ആവിശ്യമാണെങ്കിൽ, ആ പേര് ഒരുപ്രാവശ്യം മാത്രം ഉപയോഗിച്ചിട്ടുള്ളതാണെങ്കിൽ ആ പേര് പകർത്തിയെഴുതുന്നതിനു പകരം അതിന്റെ അർഥം വിവർത്തനം ചെയ്തു നൽകുക.

    - **എന്ന് പറഞ്ഞ് തന്നോട് അരുളിച്ചെയ്ത യഹോവയ്ക്ക്: "നീ കാണുന്നവനായ ദൈവമാകുന്നു" എന്ന് പേർ വിളിച്ചു. അതുകൊണ്ട് ആ കിണർ ബേർ-ലഹയീ-രോയീ എന്ന് വിളിക്കപ്പെട്ടു;**(ഉല്പത്തി 16:13-14 ULT)
    - അവൾ പറഞ്ഞു "അവൻ എന്നെ കണ്ടതിനു ശേഷവും ഞാൻ അവനെ കാണുന്നുവോ?" അതുകൊണ്ടു ആ കിണർ "എന്നെ കാണുന്ന ജീവിച്ചിരിക്കുന്നവന്റെ കിണർ" എന്നു വിളിക്കപ്പെട്ടു ;

1. അഥവാ ഒരു വ്യക്തിക്കോ സ്ഥലത്തിനോ രണ്ടു വ്യത്യസ്ത പേരുകൾ ഉണ്ടെങ്കിൽ, അതിൽ ഒരു പേര് കൂടുതലായി ഉപയോഗിക്കുകയും, മറ്റേ പേര് ആ വചനം ആ പേര് എടുത്തു പറയുകയാണെങ്കിലോ , അത്തരം ഒരു പേര് എന്തിനു നൽകിയെന്ന് പരാമർശിക്കുന്നുവെങ്കിലോ മാത്രം ഉപയോഗിക്കുക. ഒരു അടിക്കുറുപ്പായി മൂല ഗ്രന്ഥം എന്ത് കൊണ്ട് രണ്ടു പേര് ഉപയോഗിക്കുന്നുവെന്നും, ഒരു പേര് എന്തുകൊണ്ട് കുറവായി ഉപയോഗിക്കപ്പെടുന്നുവെന്നു രേഖപ്പെടുത്തുക.

    - **...ശൌൽഎന്ന് പേരുള്ള ഒരു ബാല്യക്കാരന്റെ കാൽക്കൽ വെച്ച്** (പ്രവൃത്തികൾ 7:58 ULT)
    - ...പൌലൊസ്എന്നു പേരുള്ള ഒരു യുവാവിന്റെ. [1]
    - അതിനുള്ള അടിക്കുറിപ്പ് ഈ വിധം ആയിരിക്കും:
    - [1]മിക്ക പതിപ്പുകളിലും ഇവിടെ ശൌൽ എന്നായിരിക്കും. എന്നാൽ ബൈബിളിൽ മിക്ക ഇടങ്ങളിലും അവൻ പൌലൊസ് എന്നറിയപ്പെടുന്നു.

> - **അപ്പോൾപൗലൊസ്എന്നും പേരുള്ള ശൌൽ പരിശുദ്ധാത്മപൂർണ്ണനായി :** (പ്രവൃത്തികൾ 13:9)
> - പക്ഷെ അപ്പോൾ പൌലൊസ് എന്നും പേരുള്ള ശൌൽ പരിശുദ്ധാതമാവിനാൽ നിറഞ്ഞിരുന്നു ;
>
> അല്ലെങ്കിൽ ഒരു സ്ഥലത്തിനോ വ്യക്തിക്കോ രണ്ടു വ്യത്യസ്ത പേരുകൾ ഉണ്ടെങ്കിൽ, മൂല ഗ്രന്ഥത്തിൽ നൽകിയിരിക്കുന്ന പേര് ഉപയോഗിക്കുക. മറ്റേ പേര് അടിക്കുറുപ്പായി നൽകുക. ഉദാഹരണത്തിന്, മൂല ഗ്രന്ഥത്തിൽ "ശൌൽ" എന്നുള്ളിടത്തു "ശൌൽ" എന്നും , മൂല ഗ്രന്ഥത്തിൽ "പൌലൊസ്" എന്നുള്ളിടത്തു "പൌലൊസ്" എന്നും നിങ്ങൾക്കും എഴുതാവുന്നതാണ്. ണ്.
>
> - **...ശൌൽഎന്ന് പേരുള്ള ഒരു ബാല്യക്കാരന്റെ കാൽക്കൽ വെച്ച്** (പ്രവൃത്തികൾ 7:58 ULT)
> - ശൌൽഎന്നു പേരുള്ള ഒരു യുവാവിന്റെ.
>
> അതിനുള്ള അടിക്കുറിപ്പ് ഈ വിധം ആയിരിക്കും.
>
> - [1] ഇത് പ്രവർത്തികൾ 13'ന്റെ തുടക്കത്തിൽ പൗലൊസ്എന്ന് വിളിക്കപ്പെടുന്ന അതെ വ്യക്തിയാണ്.
>
>     - **അപ്പോൾപൗലൊസ്എന്നു പേരുള്ള ശൌൽ പരിശുദ്ധാത്മപൂർണ്ണനായി :** (പ്രവൃത്തികൾ 13:9)
>
> - പക്ഷെ അപ്പോൾ ശൌൽ എന്നും പേരുള്ള പൌലൊസ് പരിശുദ്ധാതമാവിനാൽ നിറഞ്ഞിരുന്നു ;
>
>     - *പൗലോസുംബർന്നബാസും ഇക്കോന്യയിൽ യെഹൂദന്മാരുടെ പള്ളിയിൽ * (പ്രവൃത്തികൾ 14:1 ULT)
>
> - ഇക്കോന്യയിൽ പൌലൊസും [1] ബർണബാസും ഒരുമിച്ചു യെഹൂദന്മാരുടെ പള്ളിയിൽ ചെന്നു
> - അതിനുള്ള അടിക്കുറിപ്പ് ഈ വിധം ആയിരിക്കും.
> - [1] ഇത് പ്രവർത്തികൾ 13'ന് മുൻപ് ശൌൽ എന്ന് വിളിക്കപ്പെട്ടിരുന്ന അതെ വ്യക്തിയാണ്.
>
> അടുത്തതായി ഞങ്ങൾ നിങ്ങൾ പഠിക്കാൻ ശുപാർശ ചെയ്യുന്നു:
>
> [[*rc://ml/ta/man/translate/translate-transliterate*]]
>
> **(തിരികെ പോകുക:** സർവശക്തൻ; ക്രിസ്തു, മശീഹ; വിശ്വാസമില്ലാത്ത, വിശ്വാസമില്ലായ്മ; ദൈവം; പിതാവാം ദൈവം, സ്വർഗ്ഗീയ പിതാവ്, പിതാവ്; എബ്രായ ഭാഷ, എബ്രായര്; യേശു, യേശുക്രിസ്തു, ക്രിസ്തു യേശു; കർത്താവായ യഹോവ, യഹോവയായ ദൈവം; നാസീര് വ്യതസ്തന്, നാസീര് വ്യതസ്ഥ, നാസീര് വ്യതം; പെന്തക്കോസ്ത്, ആഴ്ചകളുടെ ഉത്സവം; സാത്താന്, പിശാച്, ദുഷ്ടന് ആയവന്; ദൈവ പുത്രന്, പുത്രന്; യഹോവ; അഹരോൻ; ഹാബേൽ; അബിയാവ്; അബിമെലെക്; അബ്നേർ; അബ്രഹാം, അബ്രാം; അബ്ശാലോം; ആദാം; അദോനിയാവ്; ആഹാബ്; അഹശ്വരോശ്; ആഹാസ്; അഹസ്യാവ്; അഹിയാവ്; ഹായി; അമലേക്ക്, അമാലേക്യന്, അമാലേക്യര്; അമസ്യാവ്; അമ്മോന്, അമ്മോന്യന്, അമ്മോന്യര്; ആമോസ്; ആമോസ്; അന്ത്രെയോസ്; ഹന്നാവ്; അന്ത്യോക്യ; അപ്പൊല്ലോസ്; അക്വില; അരാബ; അറേബ്യ, അറേബ്യന്, അറബികള്; ആരാം, ആരാമ്യന്, ആരാമ്യര്, അരാമ്യ; അരരാത്ത്; അര്ത്ഥഹ്ശഷ്ടാവ്; ആസാ; ആസാഫ്; അസ്തോദ്,അസ്തോദ്യര്; ആശേര്; അഷ്കലോന്; ആസ്യ; അഥല്യ; അസര്യാവ്; ബാല്; ബയെശ; ബാബേല്; ബിലെയാം; ബറബ്ബാസ്; ബര്ന്നബാസ്; ബര്ത്തൊലോമായി; ബാരുക്; ബാശാന്; ബത്ത്ശേബ; ബെയെല്സബൂല്; ബെര്ശേബ; ബെന്യാമിന്, ബെന്യാമീന്യന്, ബെന്യാമീന്യര്; ബെറിയ; ബെഥാന്യ; ബഥേല്; ബെത്ശേമേഷ്; ബെതുവേല്; ബോവസ്; കൈസര്; കൈസര്യ, കൈസര്യ ഫിലിപ്പി; കയ്യഫാവ്; കയീന്;

> കാലേബ്; കനാന്, കനാന്യന്, കനാന്യര്; കഫര്ന്നഹൂം; കര്മ്മേല്, കര്മ്മേല്പര്വതം; കല്ദയര്, കല്ദയ, കല്ദയര്; ക്രെത്യര്; കിലിക്യ; ദാവീദിന്റെ നഗരം; കൊലോസ്സ്യ, കൊലോസ്സ്യര്; കൊരിന്ത്, കൊരിന്ത്യര്; കൊര്ന്നെല്ല്യോസ്; ക്രേത്ത, ക്രേത്തന്, ക്രേത്ത്യര്; കൂശ്; കുപ്രോസ്; കുറേന; കൊരേശ്; ദമസ്കോസ്; ദാന്; ദാനിയേല്; ദാര്യാവേശ്; ദാവീദ്; ദെലീല; എദേന്, എദേന്തോട്ടം; ഏദോം, എദോമ്യന്, എദോമ്യര്, ഇദൂമ്യ; മിസ്രയീം, മിസ്രയീമ്യന്, മിസ്രയീമ്യര്; എക്രോന്, എക്രോന്യര്; ഏലാം, ഏലാമ്യര്; എലെയാസര്; എല്യാക്കിം; ഏലിയാവ്; എലീശ; എലിസബെത്ത്; ഹാനോക്ക്; എഫസോസ്, എഫസോസുകാരന്, എഫസോസുകാര്; എഫ്രയീം, എഫയീമ്യന്, എഫ്രയീമ്യര്; എഫ്രാത്ത്, എഫ്രാത്ത, എഫ്രാത്യന്, എഫ്രാത്യര്; എശാവ്; എസ്ഥേര്; എത്യോപ്യ, എത്യോപ്യന്; യൂഫ്രട്ടിസ് നദി, നദി; ഹവ്വ; യെഹസ്കേല്; എസ്രാ; ഗബ്രിയേല്; ഗാദ്; ഗലാത്യ, ഗലാത്യര്; ഗത്ത്, ഗിത്ത്യന്, ഗിത്ത്യര്; ഗസ്സ; ഗെരാര്; ഗെത്സെമെനെ; ഗിബെയ; ഗിദയോന്; ഗിലയാദ്, ഗിലയാദ്യന്, ഗിലയാദ്യന്മാര്; ഗില്ഗാല്; ഗിര്ഗാസ്യര്; ഗോല്ഗോത്ത; ഗോലിയാത്ത്; ഗോമോറാ; ഗോശെന്; ഗ്രീക്ക് രാജ്യം, ഗ്രീക്ക് രാജ്യം; ഗ്രീക്ക് ഭാഷ, ഗ്രീക്ക് ഭാഷ സംസാരിക്കുന്ന; ഹബക്കൂക്ക്; ഹാഗര്; ഹഗ്ഗായി; ഹാം; ഹമാത്ത്, ഹമാത്യർ, ലെബോ ഹമാത്ത്; ഹാമോര്; ഹനന്യാവ്; ഹന്ന; ഹാരാന്; ഹെബ്രോന്; ഹെരോദ്, ഹെരോദ് അന്തിപ്പാസ്; ഹേരോദ്യ; മഹാനായ ഹെരോദ്; ഹില്ക്കിയാവ്; ഹിവ്യന്, ഹിവ്യര്; ഹോശേയ; ഹോശിയാവ്; ദാവീദിന്റെ ഭവനം; ഇക്കോന്യ; യിസഹാക്ക്; യെശ്ശയ്യാവ്; യിശ്മയേല്, യിശ്മയേല്യന്, യിശ്മയേല്യര്; യിസ്സാഖാര്; ഇസ്രയേല്, ഇസ്രയേല്യന്, ഇസ്രയേല്യര്, യാക്കോബ്; യാക്കോബ് (യേശുവിന്റെ സഹോദരന്); യാക്കോബ് (അല്ഫയൂസിന്റെ മകന്; യാക്കോബ് (സെബെദിയുടെ മകന്); യാഫെത്ത്; യെബൂസ്, യെബൂസ്യന്, യെബൂസ്യര്; യെഹോയാഖീന്; യെഹോയാദ; യെഹോയാക്കിം; യെഹോരാം, യോരാം; യെഹോശാഫാത്ത്; യേഹു; യിപ്താഹ്; യിരെമ്യാവ്; യെരോബെയാം; യിശ്ശായി; യിത്രോ, രെഹുവേല്; ഇസബേല്; യോവാശ്; ഇയ്യോബ്; യോവേല്; മര്ക്കോസ് എന്ന യോഹന്നാന്; യോഹന്നാന് (അപ്പോസ്തലന്); യോഹന്നാന് (സ്നാപകന്); യോനാ; യോനാഥാന്; യോപ്പ; യോരാം; യോസേഫ് (പു.നി.); യോസേഫ് (പ.നി.); യോശുവ; യോശിയാവ്; യൂദ; യൂദാസ് ഇസ്കാരിയോത്ത്; യാക്കോബിന്റെ മകനായ യൂദാസ്; യഹൂദ്യ; കാദേശ്, കാദേശ്-ബർന്നെയ, മേരീബ കാദേശ്; കേദാർ; കേദേശ്; കിദ്രോൻ താഴ്വര; ലാബാന്; ലാമെക്; ലാസര്; ലേയ; ലെബനോന്; ലിവ്യാഥാൻ; ലോത്ത്; ലൂക്കോസ്; ലുസ്ത്ര; മാഖാ; മക്കദോന്യ; നിര്മ്മിതാവ്; മലാഖി; മനശ്ശെ; മാര്ത്ത; മറിയ, യേശുവിന്റെ മാതാവ്; മഗ്ദലന മറിയം; മറിയം (മാര്ത്തയുടെ സഹോദരി); മത്തായി; മേദ്യര്, മേദ്യ; കടല്, വന്കടല്, പടിഞ്ഞാറന്കടല്, മെഡിറ്ററേനിയന്കടല്; മേല്ക്കിസെദേക്; മെംഫിസ്; മേശെക്; മെസോപോട്ടാമ്യ, അരാം നഹരായിം; മീഖ; മിഖായേല്; മിര്യാം; മിശായേല്; മിസ്പ; മോവാബ്, മോവാബ്യന്, മോവാബ്യ സ്ത്രീ; മോലേക്, മോലോക്; മോര്ദേഖായി; മോശെ; ഹെര്മോന്മല; ഒലിവു മല; നയമാന്; നാഹോര്; നഹൂം; നഫ്താലി; നാഥാന്; നെബൂഖദ്നേസര്; നെഗേവ്; നെഹെമ്യാവ്; നൈല്നദി, മിസ്രയീമിന്റെ നദി, നൈല്; നിനെവേ, നിനെവേക്കാരന്; നോഹ; ഒബദ്യാവ്; ഒമ്രി; പദ്ദന്അരാം; പാറാന്; പൌലോസ്, ശൌല്; പെയോർ, പെയോർമല, ബാൽപെയോർ; പെരിസ്സ്യർ; പത്രോസ്, ശിമോൻപത്രോസ്, കേഫാ; ഫറവോൻ, മിസ്രയീമിന്റെ രാജാവ്; ഫിലിപ്പോസ്, സുവിശേഷകൻ; ഫിലിപ്പോസ്, അപ്പോസ്തലൻ; ഫെലിസ്ത്യർ; ഫിനെഹാസ്; ഫൊയ്നീഷ്യ; പിലാത്തോസ്; പൊന്തൂസ്; പോത്തിഫർ; പ്രിസ്കില്ല; റാഹേല്; രാഹാബ്; റാമ; രാമോത്ത്; റിബേക്ക; രെഹൊബെയാം; രൂബേന്; രിമ്മോന്; രൂത്ത്; ഉപ്പു കടല്, ചാവു കടല്; ശിംശോന്; ശമുവേല്; സാറാ, സാറായി; ശൌല് (പ.നി.); ഗലീല ക്കടല്,കിന്നരേത്ത് കടല്, ഗെന്നസേരെത്ത് തടാകം, തിബെര്യാസ് കടല്; സെന്ഹെരീബ്; സേത്ത്; ശാരോന്, ശാരോന്താഴ്വര; ശേബ; ശേം; ശീലോവ്; ശിനാര്; സീദോന്, സീദോന്യര്; ശീലാസ്, സില്വാനസ്; ശിമിയോന്; എരിവുകാരന് ആയ ശിമോന്; ശലോമോന്; സ്തേഫാനോസ്; സിറിയ; താമാര്; തര്ശീശ്; തര്സോസ്; തേരഹ്; തെസ്സലോനിക്യ, തെസ്സലോനിക്യന്, തെസ്സലോനിക്യര്; തോമസ്; തിമോത്തിയോസ്; തിര്സാ; തീത്തോസ്; ത്രോവാസ്; തൂബാല്; തിഹിക്കൊസ്; സോര്, സോര്യര്; ഊര്; ഊരിയാവ്; ഉസ്സിയാവ്, അസര്യാവ്; വസ്ഥി; സക്കായി; സാദോക്; സെബെദി; സെബുലൂൻ; സെഖര്യാവ് (പു.നി.); സെഖര്യാവ് (പ.നി.); സിദെക്കിയാവ്; സെഫന്യാവ്; സെരുബ്ബാബേല്; സോവാര്; ധൂപപീഠം; “നിയോഗിക്കുക,

> > ഏല്പ്പിച്ചു, നിയോഗിക്കുന്ന, സമര്പ്പണം, സമര്പ്പണങ്ങള്, പുന:സമര്പ്പണം; വഹിക്കുക, ഉല്പ്പാദിപ്പിക്കുന്നു, സഹിക്കുന്നു, വഹിക്കുന്നവന്; ആലിപ്പഴം, മംഗളം നേരുക, പൊഴിയുന്ന മഞ്ഞുകട്ട, ഹിമവർഷ കൊടുങ്കാറ്റ്.; പുള്ളിപ്പുലി, പുള്ളിപ്പുലികള്; വളർത്തു മൃഗങ്ങൾ; വെട്ടുക്കിളി, വെട്ടുക്കിളികൾ; ധൂമ്ര വർണ്ണം; ഞാങ്ങണ, ഞാങ്ങണകള്; സര്പ്പം, സര്പ്പങ്ങള്, പാമ്പ്, പാമ്പുകള്, അണലി, അണലികള്; ഹിമം, മഞ്ഞു വീണ, മഞ്ഞു വീഴ്ച)

# ഭാഷാശൈലി

ഒരു കൂട്ടം വാക്കുകൾ കൊണ്ട് ഉണ്ടാക്കിയ സംഭാഷണമാണ് ഒരു ഭാഷാശൈലി എന്നത്, മൊത്തത്തിൽ, ഓരോ വാക്കിനും അർഥമാക്കുന്നത്, വ്യക്തിപരമായ വാക്കുകളുടെ അർത്ഥത്തിൽ നിന്ന് മനസ്സിലാക്കുന്നതിൽ നിന്ന് വ്യത്യസ്തമാണ്. സാംസ്കാരിക പരിതഃസ്ഥിതിയിൽ നിന്നുള്ള ഒരാൾ സാധാരണഗതിയിൽ സത്യത്തിന്റെ അർത്ഥത്തെ വിശദീകരിക്കുന്ന സംസ്കാരത്തിൽ ഒരാൾക്കുപോലും ഒരു മര്യാദക്ക് മനസ്സിലാകുന്നില്ല. എല്ലാ ഭാഷയും ഭാഷാശൈലിയും ഉപയോഗിക്കുന്നു. ചില ഇംഗ്ലീഷ് ഉദാഹരണങ്ങൾ ഇവയാണ്:

ഈ പേജ് ചോദ്യത്തിന് ഉത്തരം നൽകുന്നു: എന്താണ് ഭാഷാശൈലി, അവ എനിക്ക് എങ്ങനെ വിവർത്തനം ചെയ്യാനാകും?

ഈ വിഷയം മനസിലാക്കാൻ, വായിക്കുന്നത് നല്ലതാണ്:

[[*rc://ml/ta/man/translate/figs-intro*]]

- നീ എന്റെ കാൽ വലിക്കുന്നു (അതായതു, "നിങ്ങൾ എന്നോട് കള്ളം പറയുന്നു ").
- എൻവലപ്പ് വലിക്കരുത് (അതായതു, "ഒരു കാര്യം അങ്ങേയറ്റം എടുക്കരുതു്")
- ഈ വീട് വെള്ളത്തിന് കീഴിലാണ്(അതായതു," ഈ ഭവനത്തിന്റെ കടം അതിന്റെ യഥാർത്ഥ മൂല്യത്തേക്കാൾ വലുതാണ്")
- ഞങ്ങൾ ചുവന്ന പട്ടണം ചിത്രീകരിക്കുകയാണ് (അതായതു," രാത്രിയിൽ ഞങ്ങൾ വളരെ തീവ്രമായി ആഘോഷിക്കാൻ പോകുന്നു ")

# വിവരണം

ഒരു ഭാഷാശൈലി ആണ് ഉപയോഗിക്കുന്ന ഭാഷ അല്ലെങ്കിൽ സംസ്കാരം ജനങ്ങൾക്ക് ഒരു പ്രത്യേക അർത്ഥം ഉണ്ട്. ആ പദത്തിന്റെ അർത്ഥത്തിൽ നിന്ന് ഒരാൾ എന്താണ് മനസ്സിലാക്കുന്നത് എന്നതിനെക്കാൾ വ്യത്യസ്തമാണ് അതിന്റെ അർത്ഥം

> അവൻ ദൃഢചിത്തനാണ് set his face യെരുശലേമിലേക്കു ചെന്നു.
> (ലൂക്കോസ്9:51 യുഎൽടി)

"set his face " എന്ന വാക്കിന്റെ അർത്ഥം " തീരുമാനമെടുക്കുക " എന്നാണ്.

ചിലപ്പോൾ ആളുകൾ മറ്റൊരു സംസ്കാരത്തിൽ നിന്നു മാത്രമേ ഒരു ഭാഷാശൈലി മനസിലാക്കാൻ കഴിയൂ, എന്നാൽ അത് അർത്ഥമാക്കുന്നത് ഒരു വിചിത്രമായ മാർഗമായിരിക്കാം

> ഞാൻ നിങ്ങളോട് ആവശ്യപ്പെടാൻ യോഗ്യനല്ല എന്റെ പുരയ്ക്കകത്തേയ്ക്കു വരുവാൻ.
> (ലൂക്കോസ് 7:6 യുഎൽടി)

"എന്റെ വീടിനരികിൽ പ്രവേശിക്കുവിൻ" എന്ന വാക്കിന് " എന്റെ ഭവനത്തിലേക്ക് പ്രവേശിക്കുക " എന്ന അർത്ഥം വരുന്ന പദമാണ്.

> ഈ വാക്കുകൾ പറയട്ടെ നിന്റെ ചെവിയിൽ കടന്നുചെല്ലുക.
> (ലൂക്കോസ് 9:44 യുഎൽടി)

ഈ ഭാഷാശൈലി എന്നതിനർത്ഥം "ശ്രദ്ധയോടെ കേൾക്കുക, ഞാൻ പറയുന്നത് ഓർക്കുക" എന്നാണ്.

**ഉദ്ദേശ്യം**: അസാധാരണമായ രീതിയിൽ എന്തെങ്കിലും പ്രകടമാക്കുമ്പോൾ ഒരു സംസ്കാരത്തിൽ ഒരു യാഥാർഥ്യത്തെ സൃഷ്ടിക്കാൻ കഴിയുന്നതാണ് ഭാഷാശൈലി

## ഇത് ഒരു വിവർത്തന പ്രശ്നമാണെന്ന് അറിയാൻ കാരണങ്ങൾ

- ബൈബിൾ ഉൽഭവിച്ച സംസ്കാരത്തെക്കുറിച്ച് അറിയില്ലെങ്കിൽ, ബൈബിളിന്റെ മൂലഭാഷകളിൽ തനതു ശരിയെ തെറ്റിദ്ധരിക്കും.
- ആ പരിഭാഷകൾ ഉണ്ടാക്കിയിട്ടുള്ള സാംസ്കാരിക അറിവുകൾ അറിയില്ലെങ്കിൽ, ഉറവിട ഭാഷയിൽ ബൈബിളുകൾക്ക് എളുപ്പത്തിൽ തെറ്റിദ്ധാരിക്കാനാകും.
- ഭാഷാ പ്രേക്ഷകർ ഉദ്ദേശിക്കുന്നതെന്താണെന്നു മനസ്സിലാകാത്തപ്പോൾ അക്ഷരാർത്ഥത്തിൽ (ഓരോ വാക്കുകളുടെയും അർത്ഥം) പരിഭാഷപ്പെടുത്തുന്നത് പ്രയോജനകരമാണ്.

## ബൈബിളിൽനിന്നുള്ള ചില ഉദാഹരണങ്ങൾ

> ഇങ്ങനെ യിസ്രായേൽ മുഴുവനും ഹെബ്രോനിൽ ദാവീദിന്റെ അടുക്കൽ വന്നു പറഞ്ഞു, “നോക്കൂ, ഞങ്ങളാണ് നിങ്ങളുടെ മാംസവും അസ്ഥിയും." (1 ദിനവൃത്താന്തം 11:1 യുഎൽടി)

ഇതിനർത്ഥം, "ഞങ്ങളും നിങ്ങളും ഒരേ വർഗ്ഗത്തിൽ പെട്ടവനാണ്, ഒരേ കുടുംബം."

യിസ്രായേൽമക്കൾ പുറപ്പെട്ടുപോയി ഉയർന്ന കൈ കൊണ്ട്.( പുറപ്പാട് 14:8 ASV)

"ഇസ്രായേല്യർ പുറപ്പെട്ടുപോയി" എന്നർത്ഥം.

> ആര് എന്റെ തല ഉയർത്തുന്നു (സങ്കീർത്തനം 3:3 യുഎൽടി)

ഇതിനർത്ഥം, "എന്നെ സഹായിക്കുന്നവൻ" എന്നാണ്.

## പരിഭാഷാ തന്ത്രങ്ങൾ

നിങ്ങളുടെ ഭാഷയിൽ വ്യക്തമായി മനസിലാക്കാൻ കഴിയുമെങ്കിൽ അത് ഉപയോഗിക്കുന്നത് പരിഗണിക്കുക. ഇല്ലെങ്കിൽ, ഇവിടെ വേറെ ചില വഴികളുണ്ട്.

ഒരു ഭാഷാശൈലി ഉപയോഗിക്കാതെ വ്യക്തമായി അർത്ഥം വിവർത്തനം ചെയ്യുക.
ഒരേ അർത്ഥം നിങ്ങളുടെ സ്വന്തം ഭാഷയിൽ ആളുകൾ ഉപയോഗിക്കുന്ന ഒരു വ്യത്യസ്തമായ ഭാഷാശൈലി ഉപയോഗിക്കുക.

## പ്രയോഗക്ഷമമായ പരിഭാഷാ തന്ത്രങ്ങളുടെ ഉദാഹരണങ്ങൾ

ഒരു ഭാഷാശൈലി ഉപയോഗിക്കാതെ വ്യക്തമായി അർത്ഥം വിവർത്തനം ചെയ്യുക.

- **ഇങ്ങനെ യിസ്രായേൽ മുഴുവനും ഹെബ്രോനിൽ ദാവീദിന്റെ അടുക്കൽ വന്നു പറഞ്ഞു,**

"നോക്കൂ, ഞങ്ങളാണ് നിങ്ങളുടെ മാംസവും അസ്ഥിയും.">." ( 1 ദിനവൃത്താന്തം 11:1 യുഎൽടി)

- ... എല്ലാം നോക്കൂ ഒരേ രാജ്യത്തിൽനിന്നുള്ളവർ
- **അദ്ദേഹം അവന്റെ മുഖത്തെ ഉറപ്പിച്ചുയെരുശലേമിലേക്ക് പോകാൻ.**(ലൂക്കോസ് 9:51 യുഎൽടി)

അവൻ യെരുശലേമിലേക്ക് യാത്രയായി

- **നിങ്ങൾ പ്രവേശിക്കാൻ യോഗ്യനല്ല എന്റെ മേൽക്കൂരയ്ക്കു കീഴിൽ .** (ലൂക്കോസ് 7:6 യുഎൽടി)
- നിങ്ങൾ പ്രവേശിക്കാൻ യോഗ്യനല്ല എന്റെ വീട് .

ഒരേ അർത്ഥം നിങ്ങളുടെ സ്വന്തം ഭാഷയിൽ ആളുകൾ ഉപയോഗിക്കുന്ന ഒരു മര്യാദ ഉപയോഗിക്കുക

- **ഈ വാക്കുകൾ പറയട്ടെനിന്റെ ചെവിയിൽ കടന്നുചെല്ലുക** (ലൂക്കോസ് 9:44 യുഎൽടി)
- എല്ലാ ചെവിയിലും ഉണ്ടായിരിക്കണം ഞാൻ ഈ വാക്കു നിങ്ങളോട അപ്പോൾ പറഞ്ഞു.
- **"എന്റെ കണ്ണുകൾ തിളങ്ങുന്നു ദുഃഖം മുതൽ**( സങ്കീർത്തനം6:7 യുഎൽടി)
- ഞാൻ കരയുന്നു കണ്ണുകൾ തുറക്കുന്നു

(**തിരികെ പോകുക:** ധിക്കാരം നിറഞ്ഞ, ധിക്കാരം നിറയുന്നു)

# മെറ്റോണിമി

## വിവരണം

ഈ പേജ് ചോദ്യത്തിന് ഉത്തരം നൽകുന്നു: ഒരു മെറ്റോണിമി എന്താണ്?

ഈ വിഷയം മനസിലാക്കാൻ, വായിക്കുന്നത് നല്ലതാണ്:

[[*rc://ml/ta/man/translate/figs-intro*]]

**മെറ്റോണിമി** എന്നത് ഒരു വ്യക്തിയെ അല്ലെങ്കിൽ ആശയത്തെ അതിന്റെ സ്വന്തം പേരിലൂടെയല്ല, മറിച്ച് അതുമായി ബന്ധപ്പെട്ടിരിക്കുന്ന ഒന്നിന്റെ പേരിലാണ് വിളിക്കുന്ന ഒരു സംഭാഷണരൂപം. ഇതുമായി ബന്ധപ്പെട്ടിരിക്കുന്ന ഒന്നിന് പകരമായി ഉപയോഗിക്കുന്ന ഒരു പദമോ വാക്യമോ ആണ് **മെറ്റോണിം**.

> അവന്റെ പുത്രനായ യേശുവിന്റെരക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. (1 യോഹന്നാൻ1:7 ULT)

രക്തം ക്രിസ്തുവിന്റെ മരണത്തെ പ്രതിനിധാനം ചെയ്യുന്നു.

> അതുപോലെ തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും കൊടുത്തു: ഈ പാനപാത്രം നിങ്ങൾക്ക് വേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയനിയമം ആകുന്നു. (ലൂക്കോസ് 22:20 ULT)

പാനപാത്രം പാത്രത്തിലുള്ള വീഞ്ഞിനെ പ്രതിനിധാനം ചെയ്യുന്നു.

### മെറ്റോണിമിയുടെ ഉപയോഗം

- എന്തെങ്കിലും പരാമർശിക്കുന്നതിനുള്ള ഒരു ഹ്രസ്വ മാർഗ്ഗത്തിലേക്ക്
- ഒരു സംക്ഷേപ ആശയം അതുമായി ബന്ധപ്പെട്ട ഒരു ഭൌതിക വസ്തുവിന്റെ പേരുമായി പരാമർശിച്ച് കൂടുതൽ അർത്ഥവത്താക്കുക

## ഇത് ഒരു വിവർത്തന പ്രശ്നമാണ്

ബൈബിൾ പലപ്പോഴും മെറ്റോണിമി ഉപയോഗിക്കുന്നു. ചില ഭാഷകൾ സംസാരിക്കുന്നവർ മെറ്റോണിമി ഉപയോഗിക്കാറില്ല, അവർ അത് ബൈബിളിൽ വായിക്കുമ്പോൾ തിരിച്ചറിയാൻ ഇടയില്ല. മെറ്റോണിമി അവർ തിരിച്ചറിഞ്ഞില്ലെങ്കിൽ, അവർക്ക് ആ ഭാഗം മനസ്സിലാകില്ല, അല്ലെങ്കിൽ കൂടുതൽ മോശമായി, അവർക്ക് ആ ഭാഗത്തെക്കുറിച്ച് തെറ്റായ ധാരണ ലഭിക്കും. ഒരു മെറ്റോണിം ഉപയോഗിക്കുമ്പോഴെല്ലാം, അത് എന്താണ് പ്രതിനിധീകരിക്കുന്നതെന്ന് ആളുകൾക്ക് മനസിലാക്കാൻ കഴിയണം.

## ബൈബിളിൽനിന്നുള്ള ചില ഉദാഹരണങ്ങൾ

> കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന് കൊടുക്കും (ലൂക്കോസ്
> 1:32 ULT)

ഒരു രാജാവിന്റെ അധികാരത്തെ ഒരു സിംഹാസനം പ്രതിനിധാനം ചെയ്യുന്നു. "സിംഹാസനം" "രാജകീയ അധികാരം," "രാജത്വം", "ഭരണവാഴ്ച" എന്നീ പദങ്ങൾക്ക് ഒരർഥമാണ്. ദാവീദിന്റെ രാജത്വം പിന്തുടരുവാൻ ദൈവം അവനെ രാജാവാക്കാൻ ഇടയാക്കുമെന്നാണ് ഇതിൻറെ അർഥം.

> ഉടനെ അവന്റെ സംസാരശേഷി തിരികെ ലഭിച്ചു, (ലൂക്കോസ്
> 1:64 ULT)

ഇവിടെയുള്ള വായ സംസാരിക്കാനുള്ള ശക്തിയെ പ്രതിനിധീകരിക്കുന്നു.. അയാൾ വീണ്ടും സംസാരിക്കാൻ തുടങ്ങി എന്നാണ് ഇതിനർത്ഥം

> ... വരുന്ന കോപത്തിൽ നിന്ന് ഓടിപ്പോകാൻ ആരാണ് നിങ്ങൾക്ക് മുന്നറിയിപ്പ് നൽകിയത്?. ( ലൂക്കോസ് 3:7 ULT)

"ക്രോധം" അല്ലെങ്കിൽ "കോപം" എന്ന വാക്ക് "ശിക്ഷ" ത്തിന് മെറ്റോണിം മാണ്. ദൈവം ജനത്തോടു വളരെ കോപാകുലനായി. അതുകൊണ്ട് അവൻ അവരെ ശിക്ഷിക്കും.

## വിവത്തന തന്ത്രങ്ങൾ

ആളുകൾക്ക് എളുപ്പത്തിൽ മെറ്റോണിമി മനസ്സിലായെങ്കിൽ, അത് പരിഗണിക്കുക. അല്ലെങ്കിൽ, ഇവിടെ ചില ഓപ്ഷനുകൾ ഉണ്ട്

മെറ്റോണിമി, അതു പ്രതിനിധാനം ചെയ്യുന്ന വസ്തുവിന്റെ പേരുപയോഗിച്ച് ഉപയോഗിക്കുക.
മെറ്റോണിമി പ്രതിനിധാനം ചെയ്യുന്ന സംഗതിയുടെ പേര് മാത്രം ഉപയോഗിക്കുക.

## പ്രയോഗക്ഷമമായ വിവർത്തന തന്ത്രങ്ങളുടെ ഉദാഹരണങ്ങൾ

മെറ്റോണിമി, അതു പ്രതിനിധാനം ചെയ്യുന്ന വസ്തുവിന്റെ പേരുപയോഗിച്ച് ഉപയോഗിക്കുക.

- **അതുപോലെ തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ <u>പാനപാത്രവും</u> കൊടുത്തു: ഈ <u>പാനപാത്രം</u> നിങ്ങൾക്ക് വേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയനിയമം ആകുന്നു**( ലൂക്കോസ്

22:20 ULT)

- "അത്താഴത്തിനുശേഷം അവൻ പാനപാത്രം എടുത്തു," <u>ഈ പാനപാത്രത്തിലെ വീഞ്ഞ് നിങ്ങൾക്കായി പകർന്ന</u> എന്റെ രക്തത്തിലെ പുതിയ ഉടമ്പടിയാണ്, അത്. "

ഉ മെറ്റോണിമി പ്രതിനിധാനം ചെയ്യുന്ന വസ്തുവിന്റെ പേര് ഉപയോഗിക്കുക.

- **കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ <u>സിംഹാസനം</u> അവന് കൊടുക്കും** ((ലൂക്കോസ് 1:32 ULT))
- കർത്താവായ ദൈവം അവനു <u>നൽകും</u>

കർത്താവായ ദൈവം <u>അവനെ രാജാവാക്കും എന്നു പറഞ്ഞു</u> തന്റെ പൂർവ്വികനായ ദാവീദിനെപ്പോലെതന്നെ.

- **വരുവാനുള്ള <u>കോപത്തിൽ</u> നിന്നു ഒഴിഞ്ഞുപോകുവാൻ ആരാണ് നിങ്ങൾക്ക് മുന്നറിയിപ്പ് നൽകിയത്?.** (ലൂക്കോസ് 3:7 ULT)
    - "ദൈവത്തിന്റെ വരുവനുള്ള ശിക്ഷ നിന്ന് ഓടിപ്പോകാൻ ആരാണ് മുന്നറിയിപ്പ് നൽകിയത് ?"?"

ചില പൊതുവായ മെറ്റോണിമികളെക്കുറിച്ച് അറിയാൻ, കാണുകBiblical Imagery - Common Metonymies.

(**തിരികെ പോകുക:** ദൈവ രാജ്യം, സ്വർഗ്ഗ രാജ്യം:; പേര്, പേരുകള്, പേരിട്ട; സീയോന്, സീയോന് മല; ഭൂമി, മണ്ണുകൊണ്ടുള്ള, ഭൌമികമായ; കരം, കരങ്ങള്, ഏല്പ്പിക്കുക,ഏല്പ്പിച്ചു, ഏല്പ്പിക്കല്, നേരിട്ട് ഏല്പ്പിക്കുക, കൈയേറ്റം ചെയ്യുക, കൈവെപ്പു നടത്തുക, വലതു കരം, വലതു കരങ്ങള്, കയ്യില്നിന്നും; സന്തോഷം, സന്തോഷ പൂര്ണ്ണം, സന്തോഷ പൂര്വമായ, സന്തോഷ പൂര്ണ്ണത, സന്തോഷിക്കുക, സന്തോഷിക്കുന്നു, സന്തോഷിച്ച, സന്തോഷിക്കുന്ന, ഉല്ലാസം, ആഹ്ലാദിക്കുക, ആഹ്ലാദിക്കുന്നു, ആഹ്ലാദിച്ചു, ആഹ്ലാദിക്കുന്ന; സിംഹാസനം, സിംഹാസനാരൂഡന് ആയ; നാക്ക്, ഭാഷകള്)

# യൂഫെമിസം

## വിശദീകരണം

ഈ പേജ് ചോദ്യത്തിന് ഉത്തരം നൽകുന്നു: എന്താണ് യൂഫെമിസം?

ഈ വിഷയം മനസിലാക്കാൻ, വായിക്കുന്നത് നല്ലതാണ്:

[[*rc://ml/ta/man/translate/figs-intro*]]

മരണം അല്ലെങ്കിൽ സാധാരണയായി സ്വകാര്യമായി ചെയ്യുന്ന പ്രവർത്തനങ്ങൾ, അസുഖകരമായ, ലജ്ജാകരമായ അല്ലെങ്കിൽ സാമൂഹികവും അസ്വീകാര്യവുമായ ഒന്നിനെ പരാമർശിക്കുന്നതിനുള്ള സൗമ്യമായ അല്ലെങ്കിൽ മര്യാദയുള്ള രീതിയാണു യുഫെമിസം

## നിർവ്വചനം

> ... അവർ കണ്ടെത്തി ശൗലുംഅവന്റെ പുത്രൻന്മാരും വീണു ഗിൽബോവ പർവ്വതത്തിൽ. (1 ദിനവൃത്താന്തം 10:8 യുഎൽടി)

അതാണ് അർത്ഥമാക്കുന്നത് ശൗലും അവന്റെ പുത്രന്മാരും “മരിച്ചു”. ഇതൊരു വിവരണം അതുകൊണ്ട് പ്രധാനപ്പെട്ട കാര്യം അതല്ല ശൗൽ അവന്റെ പുത്രന്മാരും വീണുപോയി അവരോ മരിച്ചുപോയി. സാധാരണഗതിയിൽ ആളുകൾ മരണത്തെക്കുറിച്ച് സംസാരിക്കാൻ ഇഷ്ടപ്പെടുന്നില്ല കാരണം അത് മോശമാണെന്ന് തോന്നുന്നു.

## ഇതൊരു വിവർത്തന പ്രശ്നമാവാൻ കാരണം

ടാർഗെറ്റ് ഭാഷ ഉറവിട ഭാഷയിലെ അതേ യൂഫെമിസം ഉപയോഗിക്കുന്നില്ലെങ്കിൽ വായനക്കാർക്ക് അതിന്റെ അർത്ഥം എന്തെന്ന് മനസ്സിലാകണമെന്നില്ല, എഴുത്തുകാരൻ അർത്ഥമാക്കുന്നവാക്കുകൾ യഥാർത്ഥത്തിൽ പറയുന്നതെന്താണ് എന്ന് മാത്രമാണ്.

## ബൈബിളിൽ നിന്നുള്ള ചില ഉദാഹരണങ്ങൾ

> ... അവിടെ ഒരു ഗുഹ ഉണ്ടായിരുന്നു. ശൗൽ കാൽ മടക്കത്തിനു അതിൽ കടന്നു... (1 ശമുവേൽ.24:3 യുഎൽടി)

ശൗൽ അതിനെ ഒരു ടോയ്‌ലറ്റ് ആയി ഉപയോഗിക്കാനായി ഗുഹയിൽ പ്രവേശിച്ചു, യഥാർത്ഥ ശ്രോതാക്കൾ മനസ്സിലാക്കിയിരിക്കാമെങ്കിലും എഴുത്തുകാരൻ അവരെ പ്രതിരോധിക്കുകയോ , ശ്രദ്ധതിരിക്കുകയോ ചെയ്യതിരിക്കുവാൻ എഴുത്തുകാരൻ ആഗ്രഹിക്കുന്നു. അതിനാൽ അവൻ ശൗൽ ചെയ്തത് എന്താണെന്ന് വ്യക്തമായി പറഞ്ഞില്ല, അല്ലെങ്കിൽ അവൻ ഗുഹയിൽ ഉപേക്ഷിച്ചു.

മറിയ ദൂതനോടു പറഞ്ഞു, "ഞാൻ പുരുഷനെ അറിയായ്കയാൽ ഇതു എങ്ങനെ സംഭവിക്കും?" (ലൂക്ക് 1:34 യുഎൽടി)

ക്രമത്തിൽ **മര്യാദ പാലിക്കുവാൻ, മറിയ ഒരു പുരുഷനുമായിലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടിട്ടില്ലെന്ന് പറയാൻ ഒരു യൂഫെമിസം ഉപയോഗിക്കുന്നു.**

## പരിഭാഷാ തന്ത്രങ്ങൾ

യൂഫെമിസം സ്വാഭാവികവും നിങ്ങളുടെ ഭാഷയിൽ ശരിയായ അർത്ഥം നല്കുന്നതണെങ്കിൽ, പരിഗണിക്കുക അല്ലെങ്കിൽ മറ്റു മാർഗങ്ങൾ പരിഗണിക്കുക:

നിങ്ങളുടെ സ്വന്തം സംസ്കാരത്തിൽ നിന്ന് ഒരു യൂഫെമിസം ഉപയോഗിക്കുക.
അപകീർത്തിപ്പെടുത്തുന്നില്ലെങ്കിൽ ഒരു സ്പെഷലിസ്റ്റ് ഇല്ലാതെ സ്പഷ്ടമായി വിവരങ്ങൾ രേഖപ്പെടുത്തുക.

## പ്രയോഗക്ഷമമായ പരിഭാഷാ തന്ത്രങ്ങളുടെ ഉദാഹരണങ്ങൾ

നിങ്ങളുടെ സ്വന്തം സംസ്കാരത്തിൽ നിന്ന് ഒരു യൂഫെമിസം ഉപയോഗിക്കുക.

- **... അവിടെ ഒരു ഗുഹ ഉണ്ടായിരുന്നു. ശൌൽ കാൽ മടക്കത്തിനു അതിൽ കടന്നു സ്വയം ആശ്വസിക്കുക**(ശമുവേൽ 24:3 യുഎൽടി) -- ചില ഭാഷകൾ ഇങ്ങനെയുള്ള ഉപമകൾ ഉപയോഗിക്കാം:
  - "...അവിടെ ഒരു ഗുഹ ഉണ്ടായിരുന്നു. ശൌൽ ആ ഗുഹയിൽ പ്രവേശിച്ചു ശൌൽ ഗുഹയിൽ ചെന്നു ഒരു കുഴി കുഴിക്കാൻ "

"...അവിടെ ഒരു ഗുഹ ഉണ്ടായിരുന്നു. ശൌൽ ആ ഗുഹയിൽ പ്രവേശിച്ചു കുറച്ച് സമയം മാത്രം "

- **മറിയ ദൂതനോട്, " ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും ഇതുവരെ ഞാൻ ഏതെങ്കിലും പുരുഷനോടൊപ്പം ഉറങ്ങിയിട്ടില്ല ?"** (ലൂക്കോ 1:34 യുഎൽടി)
- **മറിയ ദൂതനോട്, "ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും എനിക്ക് ഒരു മനുഷ്യനെയും അറിയില്ല?" -** (ഇത് യഥാർത്ഥ ഗ്രീക്കിൽ ഉപയോഗിക്കുന്ന ണ്)

വിവരങ്ങൾ നൽകുക കൂടാതെ യൂഫെമിസം അത് കുറ്റകരമല്ലെങ്കിൽ

- **അവർ കണ്ടെത്തി ശൗലും അവന്റെ മക്കളും വീണു പർവ്വതമായ ഗിൽബോവയിൽ.** (1 ദിനവൃത്താന്തം 10:8 ULT)
- ”അവർ കണ്ടെത്തി ശൗലും അവന്റെ മക്കളും മരിച്ചു പർവ്വതമായ ഗിൽബോവയിൽ.”

(**തിരികെ പോകുക:** വ്യഭിചാരം, വ്യഭിചാരപരം, വ്യഭിചാരി, വ്യഭിചാരിണി, വ്യഭിചാരികൾ, വ്യഭിചാരിണികൾ; മാംസം; അരക്കെട്ട്; വ്യഭിചാരി, വ്യഭിചാരം ചെയ്ത, വ്യഭിചാരികൾ, വേശ്യ, അവിഹിത ബന്ധം; വിത്ത്, ബീജം; പിടിച്ചെടുക്കുക, പിടിച്ചെടുക്കുന്നു, പിടിച്ചെടുത്തു, കവര്ച്ച; ബന്ധപ്പെടുക, സ്നേഹം പ്രകടിപ്പിക്കുക, കൂടെ ശയിക്കുക, കൂടെ ശയിക്കുന്നു, കൂടെ ശയിച്ചു, ശയിച്ചു കൊണ്ടിരിക്കുന്ന; കന്യക, കന്യകമാര്, കന്യാകത്വം; ഗര്ഭപാത്രം, ഗര്ഭാശയങ്ങള്)

# രൂപകാലങ്കാരം

## വിവരണം

ഈ പേജ് ചോദ്യത്തിന് ഉത്തരം നൽകുന്നു: രൂപകാലങ്കാരം എന്നാൽ എന്ത്? രൂപകാലങ്കാരം ഉള്ള വാക്യങ്ങൾ എങ്ങനെ വിവർത്തനം ചെയ്യാൻ സാധിക്കും?

ഈ വിഷയം മനസിലാക്കാൻ, വായിക്കുന്നത് നല്ലതാണ്:

[[*rc://ml/ta/man/translate/figs-intro*]]
ഉപമ

രൂപകാലങ്കാരം എന്നത് ഒരു സംഭാഷണ രൂപമാണ്. അതിൽ ഒരു ആശയം മറ്റൊരു ആശയം പങ്കുവയ്ക്കുന്നതിനു ഉപയോഗപ്പെടുത്തുന്നു, അതിൽ രണ്ടു ആശയങ്ങൾ തമ്മിൽ ഒരു താരതമ്യം ഉണ്ടായിരിക്കും. മറ്റൊരു രീതിയിൽ പറഞ്ഞാൽ, രൂപകാലങ്കാരം സംഭാഷണത്തിൽ ഒരാൾ ഒരു കാര്യം, മറ്റൊരു കാര്യം പറയുന്നത് പോലെ സംസാരിക്കുന്നു. കാരണം, അയാൾ ഈ രണ്ടു കാര്യങ്ങളുടെയും സാദൃശ്യം എങ്ങനെയിരിക്കുമെന്ന് ആളുകൾ ചിന്തിക്കാൻ ആഗ്രഹിക്കുന്നു. ഉദാഹരണമായി, ആരെങ്കിലും പറഞ്ഞേക്കാം,

- ഞാൻ സ്നേഹിക്കുന്ന പെൺകുട്ടി ഒരു ചുവന്ന റോസാ പൂവാണ്

ഈ സാഹചര്യത്തിൽ, ശ്രോതാവ് തന്റെ വിഷയമായ "ഞാൻ സ്നേഹിക്കുന്ന പെൺകുട്ടി", അവളെ താരതമ്യം ചെയ്യാൻ ഉപയോഗിക്കുന്ന മാതൃകയായ "ചുവന്ന റോസാ പൂവ്" എന്നിവ തമ്മിൽ എന്താണ് സമ്യത എന്ന് ചിന്തിക്കണമെന്ന് ആഗ്രഹിക്കുന്നു.ഒരുപക്ഷേ, അവർ ഇരുവരും സൗന്ദര്യമുള്ളവരാണെന്ന് എന്ന് ചിന്തിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു.

ചില സമയങ്ങളിൽ പറയുന്ന ആൾ തന്റെ ഭാഷയിൽ വളരെ സാധാരണമായ രൂപകാലങ്കാരങ്ങൾ ഉപയോഗിക്കുന്നു. എന്നിരുന്നാലും, മറ്റു സമയങ്ങളിൽ അയാൾ അസാധാരണമായ രൂപകാലങ്കാരങ്ങളും, തികച്ചും വ്യത്യസ്തമായ ചില രൂപകാലങ്കാരങ്ങളും ഉപയോഗികാറുണ്ട്.

പറയുന്ന ആൾ തന്റെ സന്ദേശം ശക്തിപ്പെടുത്തുന്നതിനും, തന്റെ ഭാഷ കൂടുതൽ സുതാര്യമാക്കുന്നതിനും, തന്റെ വികാരങ്ങൾ കൂടുതൽ പ്രകടിപ്പിക്കുന്നതിനും, മറ്റേതെങ്കിലും വിധത്തിൽ പറയാൻ ബുദ്ധിമുട്ടുള്ളതു പറയാനും, അല്ലെങ്കിൽ തന്റെ സന്ദേശം ഓർത്തിരിക്കാൻ സഹായിക്കുവാനുമാണ് മിക്കപ്പോഴും രൂപകാലങ്കാരങ്ങൾ ഉപയോഗിക്കുന്നത്.

## വിവിധ തരത്തിലുള്ള രൂപകാലങ്കാരങ്ങൾ

അടിസ്ഥാനപരമായി രണ്ട് തരം രൂപകാലങ്കാരങ്ങൾ ഉണ്ട്: "ഉപയോഗമില്ലാത്ത" രൂപകാലങ്കാരങ്ങൾ, "ഉപയോഗമുള്ള" രൂപകാലങ്കാരങ്ങൾ.
രണ്ടും വ്യത്യസ്ത തരത്തിലുള്ള വിവർത്തന പ്രശ്നം അവതരിപ്പിക്കുന്നു.

## "ഉപയോഗമില്ലാത്ത" രൂപകാലങ്കാരങ്ങൾ

ഉപയോഗമില്ലാത്ത രൂപകാലങ്കാരങ്ങൾ എന്നാൽ, അത് സംസാരിക്കുന്ന ആളുകൾ ഒരു ആശയത്തെ മറ്റൊന്നുമായി സാദൃശ്യപെടുത്തുന്നതിനു വേണ്ടി വളരെ അധികം തവണ ഉപയോഗിക്കുന്നു, അതിനാൽ തന്നെ ആ ആശയം ഒരു രൂപകാലങ്കാരമായി പരിഗണിക്കാറില്ല.. ഉപയോഗമില്ലാത്ത രൂപകാലങ്കാരങ്ങൾ വളരെ ലളിതമാമാണ്. ഇംഗ്ലീഷിലുള്ള ഉദാഹരണങ്ങൾ "ടേബിൾ ലെഗ് (മേശയുടെ കാല്)", "ഫാമിലി ട്രീ (കുടുംബ വൃക്ഷം)", "ഇല (പുസ്തകത്തിലെ ഒരു പേജ്)", "ക്രെയിൻ" എന്നാൽ വലിയ ഭാരം കയറ്റുന്നതിനുള്ള ഒരു യന്ത്രം. ഈ ഇംഗ്ലീഷ് വാക്കുകളിൽ ഒന്നിലധികം അർത്ഥങ്ങൾ മനസിലാക്കാൻ സാധിക്കും. ബൈബിളിലെ എബ്രായ ഭാഷയിൽ "ശക്തി" എന്നതിനു "കൈ", "സാന്നിദ്ധ്യം" എന്നതിനു "മുഖം", വികാരങ്ങൾ, ധാർമിക ഗുണങ്ങൾ എന്നിവയെ "വസ്ത്രം" എന്ന പോലെയാണു രൂപകാലങ്കാരമായി സംസാരിക്കുക.

#### രൂപകങ്ങളായി പ്രവർത്തിക്കുന്ന ആശയങ്ങളുടെ പാറ്റേൺ ജോഡികൾ

രൂപകാലങ്കാരമായി സംസാരിക്കുന്നതു മിക്കപ്പോഴും ഒരേപോലുള്ള രണ്ടു ആശയങ്ങൾ ഉപയോഗിച്ചായിരിക്കും, ഒരു അടിസ്ഥാന ആശയം പലപ്പോഴും ഒരു വ്യത്യസ്ത ആശയത്തിന് വേണ്ടി നിലകൊള്ളുന്നു. ഉദാഹരണത്തിന്, ഇംഗ്ലീഷിൽ, "അപ്പ് (UP)" എന്നാൽ മിക്കപ്പോഴും "കൂടുതൽ (MORE)" അല്ലെങ്കിൽ "മെച്ചപ്പെട്ട (BETTER)" എന്ന ആശയം സൂചിപ്പിക്കുന്നു. ഈ ജോഡിയായ ആശയ സാദൃശ്യങ്ങൾ കാരണം "ദി പ്രൈസ് ഓഫ് ഗ്യാസോലിൻ ഈസ് ഗോയിങ് അപ്പ് (The price of gasoline is going *up*)," "എ ഹൈലി ഇൻറ്റലിജന്റ് മാൻ (A *highly* intelligent man)," കൂടാതെ മറ്റൊരു വിപരീത ആശയവും ഉണ്ട്: " ദി ടെംപറേച്ചർ ഈസ് ഗോയിങ് ഡൗൺ (The temperature is going *down*)," "ഐ ആം ഫീലിംഗ് വെരി ലോ (I am feeling very *low*)."

ഒരേപോലുള്ള ആശയ ജോഡികൾ ലോകഭാഷകളിൽ രൂപകാലങ്കാരമായി സ്ഥിരമായി ഉപയോഗിക്കാറുണ്ട്, കാരണം ഇതു ചിന്താധാരകൾ സംഘടിപ്പിക്കാൻ അനുയോജ്യമായ ഒരു മാർഗ്ഗമാണ്. സാധാരണഗതിയിൽ, ഊർജ്ജം, സാന്നിദ്ധ്യം, വികാരങ്ങൾ, ധാർമ്മിക ഗുണങ്ങൾ തുടങ്ങിയവയെ കുറിച്ചു സംസാരിക്കുമ്പോൾ, അവ കാണുവാനോ, തൊടുവാനോ കഴിയുന്ന വസ്തുക്കളെ പോലെയോ, ശരീരഭാഗങ്ങൾ പോലെയോ, കൺമുമ്പിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ പോലെയോ സംസാരിക്കാൻ ആളുകൾ ആഗ്രഹിക്കുന്നു.

ഇത് രൂപകാലങ്കാരമായി സാധാരണ രീതികളിൽ ഉപയോഗിക്കുമ്പോൾ, സംസാരിക്കുന്നവരും കേൾക്കുന്നവരും അവയെ ആലങ്കാരിക സംഭാഷണമായി പരിഗണികാറില്ല. അത്തരം ഇംഗ്ലീഷിലുള്ള രൂപകാലങ്കാര ഉദാഹരണം:

- "ടേൺ ദി ഹീറ്റ് അപ് (Turn the heat *up*)." “കൂട്ടുക” എന്നതിന് പകരം "Up (ഉയർത്തുക)” എന്നു ഉപയോഗിച്ചിരിക്കുന്നു.
- " ലെറ്റ് അസ് ഗോ അഹെഡ് വിത്ത് അവർ ഡിബേറ്റ് (Let us *go ahead* with our debate)." ചെയ്യുവാൻ ഉദ്ദേശിച്ച കാര്യങ്ങൾ എന്നതിനു പകരം "നടക്കുക" അല്ലേൽ "മുന്നോട്ടു പോകുക (go ahead)" എന്നു ഉപയോഗിച്ചിരിക്കുന്നു.
- " യു ഡിഫൻഡ് യുവർ തിയറി വെൽ (You *defend* your theory well)." വാദം എന്നതിനെ യുദ്ധം ആയി പറഞ്ഞിരിക്കുന്നു.
- " എ ഫ്ലോ ഓഫ് വേർഡ്സ് (A *flow* of words)" വാക്കുകളെ ദ്രാവകമായി പറഞ്ഞിരിക്കുന്നു

ഇംഗ്ലീഷ് സംസാരിക്കുന്നവർ ഇതിനെ അസാധാരണമായോ രൂപകാലങ്കാരമായോ കണക്കാക്കാറില്ല, അതിനാൽ ആലങ്കാരിക സംഭാഷണങ്ങളായി പ്രത്യേകം ശ്രദ്ധിക്കുന്ന വിധത്തിൽ ഇവയെ മറ്റു ഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നതു തെറ്റായിരിക്കും.

വേദപുസ്തക ഭാഷയിൽ ഇത്തരത്തിലുള്ള രൂപകാലങ്കാരങ്ങളുടെ വിശദീകരണത്തിന്, നിങ്ങളെ നയിക്കുന്ന മറ്റു പേജുകൾ, ദയവായി കാണുക Biblical Imagery - Common Patterns ബിബ്ലിക്കൽ ഇമേജറി - കോമൺ പാറ്റേൺ,

ഉപയോഗമില്ലാത്ത രൂപകാലങ്കാരങ്ങൾ പോലുള്ളവ മറ്റു ഭാഷകളിലേക്ക് വിവർത്തനം ചെയുമ്പോൾ, അവയെ സാദൃശ്യങ്ങൾ ആയി കണക്കാക്കരുത്. പകരം, ആ പ്രയോഗശൈലിക്കോ, ഭാഷാ ആശയത്തിനോ വേണ്ടി ഏറ്റവും മികച്ച പ്രയോഗമായി ഉപയോഗിക്കുക.

## ഉപയോഗമുള്ള രൂപകാലങ്കാരങ്ങൾ

ഒരു ആശയത്തിനു പകരം മറ്റൊരു ആശയം, അല്ലെങ്കിൽ ഒരു കാര്യത്തിന് പകരം മറ്റെന്തെങ്കിലും കാര്യം എന്ന നിലക്ക് ആളുകൾ തിരിച്ചറിയുന്ന രൂപകാലങ്കാരങ്ങളാണ് ഇവ. അവ ഒരു കാര്യം എത്രമാത്രം മറ്റൊന്നു പോലെയാണെന്ന് ആളുകളെ ചിന്തിക്കുന്നു, കാരണം മിക്കപ്പോഴും രണ്ടു കാര്യങ്ങൾ വളരെ വ്യത്യസ്തമാണ്. സന്ദേശത്തിന് ശക്തിയും അസാധാരണമായ ഗുണങ്ങളും നൽകുന്നത് ഈ രൂപകാലങ്കാരങ്ങൾ സഹായിക്കും എന്നു ആളുകൾ എളുപ്പത്തിൽ തിരിച്ചറിയുന്നു. ഇക്കാരണത്താൽ, ആളുകൾ ഈ രൂപകാലങ്കാരങ്ങൾ ശ്രദ്ധിക്കുന്നു. ഉദാഹരണത്തിന്,

> എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകുകളിൽ രോഗോപശാന്തിയോടുകൂടി ഉദിക്കും; (മലാഖി 4:2 ULT)

ഇവിടെ ദൈവം തന്റെ രക്ഷയെക്കുറിച്ച് സംസാരിക്കുന്നു, ഈ രക്ഷ ഉദയസൂര്യനെപ്പോലെ, താൻ സ്നേഹിക്കുന്ന ആളുകളുടെമേൽ കിരണങ്ങൾ പ്രകാശിപ്പികുന്നു. അവൻ സൂര്യന്റെ കിരണങ്ങൾ ചിറകു പോലെയാണ് എന്ന് പറയുന്നു. കൂടാതെ, തന്റെ ജനങ്ങൾക്കു സൗഖ്യം പകരുന്ന മരുന്ന് കൊണ്ടുവരുന്നതുപോലെ, ഈ ചിറകുകളെക്കുറിച്ചു അവൻ പറയുന്നു. മറ്റൊരു ഉദാഹരണം ഇതാ:

> " അവൻ അവരോട് പറഞ്ഞത്: നിങ്ങൾ പോയി ആ കുറുക്കനോട്: ..., പറയുക'" (ലൂക്കോസ് 13:32 ULT)

ഇവിടെ "ആ കുറുക്കൻ" എന്നതു ഹെരോദാവ് രാജാവിനെ പരാമർശിക്കുന്നു. ഹെരോദാവിന് ഒരു കുറുക്കന്റെ ചില സ്വഭാവവിശേഷങ്ങൾ ഉണ്ടെന്നു ജനങ്ങൾ മനസിലാക്കണമെന്ന് യേശു ഉദ്ദേശിച്ചിരുന്നെന്ന് യേശുവിനെ കേട്ടുകൊണ്ടിരുന്ന ആളുകൾക്കു തീർച്ചയായും മനസിലായി. ഹെരോദാവ് തിന്മയാണ്, അല്ലെങ്കിൽ സൂത്രശാലി, വിനാശകരമായ വിധത്തിൽ, കൊലപാതകം ചെയ്യുന്നവൻ, അല്ലെങ്കിൽ സ്വന്തമല്ലാത്തവ തട്ടിയെടുക്കുന്നവൻ, അല്ലെങ്കിൽ ഇവയെല്ലാമാണവൻ എന്നു ആശയവിനിമയം ചെയ്യാനാണ് യേശു ഉദ്ദേശിച്ചെന്ന് അവർ മനസ്സിലാക്കിയിട്ടുണ്ടാകും.

കൃത്യമായ വിവർത്തനം ചെയ്യാനുള്ള പ്രത്യേക ശ്രദ്ധ ആവശ്യമുള്ള രൂപകാലങ്കാരങ്ങളാണ് ഉപയോഗമുള്ള രൂപകാലങ്കാര ങ്ങൾ. അങ്ങനെ ചെയ്യുന്നത്, രൂപകാലങ്കാരങ്ങളുടെ എല്ലാ ഭാഗങ്ങളും മനസിലാക്കി അർത്ഥമാക്കുന്നതിന് അവ എങ്ങനെ ഒരുമിച്ചു പ്രവർത്തിക്കുന്നുവെന്നതും നാം മനസ്സിലാക്കേണ്ടതുണ്ട്.

## രൂപകാലങ്കാര ഭാഗങ്ങൾ

രൂപകാലങ്കാരത്തിനു മൂന്നു ഭാഗങ്ങൾ ഉണ്ട്

**വിഷയം** - ഒരാൾ സംസാരിക്കുന്ന കാര്യത്തെ വിഷയം എന്നു വിളിക്കുന്നു.
**സാദൃശ്യം** - അവൻ രൂപകാലങ്കാരത്താൻ പറയുന്ന കാര്യമാണ് സാദൃശ്യം
**താരതമ്യത്തിന്റെ പോയിന്റെ** - വിഷയവും സാദൃശ്യവും സമാനമാണെന്ന് രചയിതാവ് അവകാശപ്പെടുന്ന രീതി അല്ലെങ്കിൽ വഴികൾ അവ താരതമ്യ പോയിന്റുകളാണ്.

താഴെ പറയുന്ന രൂപകാലങ്കാരത്തിൽ, സംസാരിക്കുന്ന ആൾ താൻ സ്നേഹിക്കുന്ന സ്ത്രീയെ ഒരു ചുവന്ന റോസാ പൂവായി വിവരിക്കുന്നു. സ്ത്രീ (അവന്റെ "സ്നേഹം") **ആണ്**വിഷയം , " സാദൃശ്യം " **ചുവന്ന റോസാ പൂവ്**. സൗന്ദര്യവും ലാളിത്യവും **താരതമ്യം** താരതമ്യം ചെയ്തുകൊണ്ട് സംസാരിക്കുന്ന ആൾ വിഷയത്തെയും സാദൃശ്യത്തെയും തമ്മിൽ സമാനതകളുള്ളതായി കാണുന്നു.

- എന്റെ സ്നേഹം ഒരു ചുവന്ന, ചുവന്ന റോസാ പൂവാകുന്നു.

മുകളിലുള്ള രൂപകാലങ്കാരം പോലെ, പറയുന്ന ആൾ സ്പഷ്ടമായി **വിഷയ** വും**സാദൃശ്യ** വുംവ്യക്തമായി പ്രസ്താവിക്കുന്നു, എന്നാൽ **താരതമ്യം** അയാൾ ചെയ്യുന്നില്ല. ഈ രൂപകാലങ്കാരത്തെക്കുറിച്ച് ചിന്തിക്കാൻ ശ്രോതാക്കൾക്ക് അയാൾ അവസരം കൊടുക്കുന്നു. കേൾവിക്കാർ ഈ ആശയങ്ങൾ സ്വയം ചിന്തിക്കുമെങ്കിൽ, പറയുന്ന ആളുടെ സന്ദേശം കേൾവിക്കാരിൽ കൂടുതൽ ശക്തമായ സ്വാധീനം ചെലുത്തും.

ബൈബിളിൽ സാധാരണയായി **വിഷയ**വും **സാദൃശ്യ** വും വ്യക്തമായിട്ടാണ് പറഞ്ഞിരിക്കുന്നത്, എന്നാൽ **താരതമ്യം** സൂചിപ്പിക്കാറില്ല. വായനക്കാർ കാണുകയും താരതമ്യപ്പെടുത്തുവാൻ ചിന്തിക്കുകയും മനസ്സിലാക്കുകയും ചെയ്യുവാൻ എഴുത്തുകാരൻ അതിനെ വിട്ടിരിക്കുന്നു.

> യേശു അവരോട് പറഞ്ഞത്: “ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് വിശക്കയില്ല; എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കയുമില്ല. (യോഹന്നാൻ 6:35 ULT)

ഈ രൂപകാലങ്കാര ത്തിൽ യേശു തന്നെത്താൻ ജീവന്റെ അപ്പം എന്നു വിളിച്ചു. **വിഷയം** "ഞാൻ", **സാദൃശ്യം** "അപ്പം." ആളുകൾ എപ്പോഴും കഴിക്കുന്ന ഭക്ഷണമാണ് അപ്പം. * അപ്പവും യേശുവും തമ്മിലുള്ള **താരതമ്യം** ജനങ്ങൾക്ക് ജീവിക്കുവാൻ രണ്ടും വേണമെന്നതാണ്. ശാരീരികജീവിതത്തിനു വേണ്ടി ആഹാരം ഭക്ഷിക്കേണ്ടതുണ്ട്, ആളുകൾക്ക് ആത്മീയ ജീവിതം ലഭിക്കാൻ യേശുവിൽ ആശ്രയിക്കേണ്ടതാണ്.

#### രൂപകാലങ്കാരങ്ങളുടെ ഉദ്ദേശ്യങ്ങൾ

രൂപകാലങ്കാരങ്ങളുടെ ഒരു ഉദ്ദേശ്യം, തങ്ങൾക്കു അറിയില്ലാത്ത ഒരു പുതിയ കാര്യം **വിഷയം**, അറിയാവുന്ന ഒരു കാര്യത്തോടു **സാദൃശ്യം** ചേർത്ത് ജനങ്ങളെ പഠിപ്പിക്കുക എന്നതാണ്.
മറ്റൊരു ഉദ്ദേശ്യം ഒരു കാര്യം ഊന്നിപ്പറയാനോ, അതിലെ മറ്റെന്തെങ്കിലും ഗുണനിലവാരം വളരെ ഉയർത്തി കാണിക്കുകയോ എന്നതാണ്.
മറ്റൊരു ഉദ്ദേശ്യം **വിഷയം** ത്തെപ്പറ്റിയും **സാദൃശ്യം** ത്തെപ്പറ്റിയും ജനങ്ങളിൽ ഒരേ വികാരം ഉളവാക്കുക എന്നതാണ്.

## വിവർത്തന പ്രശ്നമാണെന്നതിന്റെ കാരണങ്ങൾ

ആളുകൾ രൂപകാലങ്കാരങ്ങൾ മനസിലാക്കണം എന്നില്ല. മറ്റു വാക്കുകളിൽ പറഞ്ഞാൽ, അവർ ഒരു രൂപകാലങ്കാരത്തെ ഒരു പ്രസ്താവനയായി തെറ്റിദ്ധരിക്കാൻ സാധ്യതയുണ്ട്, അങ്ങനെ മനസ്സിലാക്കുന്നതിൽ അബദ്ധം സംഭവിക്കാം.
രൂപകാലങ്കാരമായി ഉപയോഗിച്ച ആശയം ചിലപ്പോൾ ആളുകൾക്കു പരിചയമുള്ളത് ആയിരിക്കണം എന്നില്ല, അതിനാൽ മനസിലാക്കുബോൾ തെറ്റുകൾ സംഭാവികം.
വിഷയം കൃത്യമായി പറഞ്ഞില്ലെങ്കിൽ, ആളുകൾക്ക് വിഷയം മനസ്സിലാക്കണമെന്നില്ല.
പറയുന്ന ആൾ താരതമ്യം ചെയ്യുന്ന കാര്യങ്ങൾ മറ്റു ആളുകൾക്ക് അറിവുള്ളതു ആകണമെന്നില്ല, കാര്യങ്ങളെ പറ്റി കൃത്യമായി ചിന്തിക്കാൻ പറ്റിയില്ലെങ്കിൽ, അവർക്കു രൂപകാലങ്കാരം മനസ്സിലാകില്ല.
ചിലപ്പോൾ ആളുകൾക്ക് രൂപകാലങ്കാരം മനസ്സിലായി എന്ന് തോന്നാം, പക്ഷേ മനസ്സിലാകില്ല, കാരണം അവർ താരതമ്യം ചെയ്യുന്നത് അവരുടെ സ്വന്തം പാരമ്പര്യങ്ങൾ അനുസരിച്ചാണു, ബൈബിൾ പാരമ്പര്യങ്ങൾ അനുസരിച്ചല്ല.

## വിവർത്തന സിദ്ധാന്തങ്ങൾ

രൂപകാലങ്കാരശ്യങ്ങളുടെ അർത്ഥങ്ങൾ പുതിയ പ്രേക്ഷർക്കു, ആദ്യ പ്രേക്ഷർക്കു എന്നപോലെ വളരെ കൃത്യമായി മനസ്സിലാക്കി കൊടുക്കുക
രൂപകാലങ്കാരങ്ങളുടെ അർത്ഥങ്ങൾ പുതിയ പ്രേക്ഷർക്കു, ആദ്യ പ്രേക്ഷർക്കു ലഭിച്ചതിനേക്കാൾ കൂടുതൽ മനസ്സിലാക്കി കൊടുക്കരുത്.

## ബൈബിൾ-ൽ നിന്നുള്ള ഉദാഹരണങ്ങൾ

> ബാശാന്യ പശുക്കളേ,(/u> ഈ വചനം കേൾപ്പിൻ (ആമോസ് 4:1 യൂ ULT))

ഈ സാദൃശ്യത്തിൽ അമോസ് ശമര്യയിലെ ഉപരി വർഗത്തിൽപ്പെട്ട സ്ത്രീകളോട് സംസാരിക്കുന്നു (വിഷയം "നിങ്ങൾ") അവർ പശുക്കളെപ്പോലെയാണ് (സാദൃശ്യം). ഈ വനിതകളും പശുക്കളും തമ്മിലുള്ള താരതമ്യ ഉദ്ദേശം എന്തൊക്കെയാണെന്ന് അമോസ് പറയുന്നില്ല. വായനക്കാർ ഇതിനെക്കുറിച്ച് ചിന്തിക്കാൻ അവൻ ആഗ്രഹിക്കുന്നു, തന്റെ സംസ്കാരത്തിൽ നിന്നുള്ള വായനക്കാർ ഈ സാദൃശ്യം എളുപ്പത്തിൽ മനസിലാകുമെന്നു അദ്ദേഹം പ്രതീക്ഷിക്കുന്നു. സന്ദർഭത്തിൽ നിന്ന്, സ്ത്രീകൾ പശുക്കളെപ്പോലെയാണ്, അവർ കൊഴുത്തതും, തങ്ങളുടെ തന്നെ മേനി മിനക്കുന്നതിൽ മാത്രം താല്പര്യമുള്ളവരുമായി നാം മനസ്സിലാക്കുന്നു. നാം മറ്റൊരു സംസ്കാരത്തിൽ നിന്ന് താരതമ്യം പ്രയോഗിക്കുകയാണെങ്കിൽ, അവർ പശുക്കളെ പോലെ വിശുദ്ധവും ആരാധനപത്രവും ആണു എന്ന് ഈ വാക്യത്തിൽ തെറ്റായ അർഥം നമുക്ക് കിട്ടും.

ശ്രദ്ധിക്കുക, ആമോസ് സ്ത്രികൾ ശരിക്കും പശുക്കൾ ആണെന്നു ഇവിടെ പറയുന്നില്ല, അവരെ മനുഷ്യരായി തന്നെയാണ് അദ്ദേഹം പറയുന്നതു.

> എന്നാൽ യഹോവേ, നീ ഞങ്ങളുടെ പിതാവ്; ഞങ്ങൾ കളിമണ്ണും നീ ഞങ്ങളെ മനയുന്നവനും ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയാകുന്നു; (യെശയ്യാവ് 64:8 യൂ ULT)

മുകളിലുള്ള ഉദാഹരണത്തിൽ രണ്ട് ബന്ധപ്പെട്ട രൂപകാലങ്കാരങ്ങൾ ഉണ്ട്. വിഷയങ്ങൾ "നാ" "താങ്ങൾ", സാദൃശ്യം "കളിമണ്ണും" "കുശവനും" ആണ്. "ഒരു കുശവനും ദൈവവും തമ്മിലുള്ള താരതമ്യം, അവർ ഇരുവരുടെയും ഭൌതിക വസ്തുക്കളിൽ നിന്നും ആഗ്രഹിക്കുന്നതെന്തും ഉണ്ടാക്കുന്നു എന്നതാണ്. കുശവൻ കളിമണ്ണിൽ നിന്നു ആഗ്രഹിക്കുന്ന വസ്തുക്കൾ ഉണ്ടാക്കുന്നു, ദൈവം തൻറെ ജനത്തിൽ നിന്ന് താൻ ആഗ്രഹിക്കുന്നതെന്തും ചെയ്യുന്നു. "കുശവന്റെ കളിമണ്ണും" നമ്മെയുമായുള്ള താരതമ്യത്തിൽ, കളിമണ്ണിനോ ദൈവജനത്തിനോ പരാതിപ്പെടാനുള്ള അവകാശം ഇല്ല എന്നതാണ്.

> യേശു അവരോട്: പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ച മാവു കരുതിയും സൂക്ഷിച്ചും കൊൾവിൻ എന്നു പറഞ്ഞു. അപ്പം കൊണ്ടുപോരായ്കയാൽ ആയിരിക്കും എന്നു അവർ തമ്മിൽതമ്മിൽ പറഞ്ഞു. (മത്തായി 16:6-7 ULT)

യേശു ഇവിടെ ഒരു രൂപകാലങ്കാരം ഉപയോഗിക്കുന്നു, എന്നാൽ അവന്റെ ശിഷ്യന്മാർ അത് ഗ്രഹിച്ചില്ല. "പുളിമാവ്" എന്ന് അവൻ പറഞ്ഞപ്പോൾ, അവൻ അപ്പത്തെപ്പറ്റിയാണ് സംസാരിച്ചതെന്ന് അവർ കരുതി. എന്നാൽ, "പുളിമാവ്" ഈ രൂപകാലങ്കാരത്തിൽ ഒരു സാമാന്യദൃശ്യം ആയിരുന്നു, പരീശന്മാരുടെയും സദൂക്യരുടെയും ഉപദേശങ്ങൾ ആയിരുന്നു യേശു ഉദ്ദേശിച്ച വിഷയം. യേശു ഉദ്ദേശിച്ച കാര്യങ്ങൾ ശിഷ്യന്മാർക്ക് (പ്രേക്ഷകർക്ക്) മനസ്സിലാകാത്തതിനാൽ, യേശു ഉദ്ദേശിച്ചത് എന്താണെന്ന് വ്യക്തമായി പറയാൻ കഴിയില്ല.

## വിവർത്തന തന്ത്രങ്ങൾ

യഥാർത്ഥ വായനക്കാർക്ക് മനസ്സിലായേക്കാവുന്ന അതേ രൂപത്തിൽ ആണ് പുതിയ ആളുകൾ രൂപകാലങ്കാരങ്ങൾ മനസ്സിലാക്കുന്നെങ്കിൽ, അത് അങ്ങനെ തന്നെ ഉപയോഗിക്കുക. ശരിയായ രീതിയിൽ മനസ്സിലാക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് വിവർത്തന പരീക്ഷണങ്ങൾ ഉറപ്പാക്കുക.

രൂപകാലങ്കാരങ്ങളുടെ യഥാർത്ഥ അർഥം പുതിയ ആളുകൾ മനസ്സിലായില്ലെങ്കിൽ, താഴെ പറയുന്ന വിവർത്തന തന്ത്രങ്ങൾ ഉപയോഗിക്കാം

രൂപകാലങ്കാരം ഉറവിട ഭാഷയിൽ പൊതുവായുള്ള പദപ്രയോഗം ആവുകയും, അല്ലെങ്കിൽ അതു ബൈബിൾഭാഷയിൽ (ഉപയോഗമില്ലാത്ത രൂപകാലങ്കാരങ്ങൾ) ഒരേപോലുള്ള രണ്ടു ആശയങ്ങൾ രൂപകാലങ്കാരങ്ങളായി പ്രകടിപ്പിക്കുകയാണെങ്കിൽ, നിങ്ങളുടെ ഭാഷയിൽ ഏറ്റവും ലളിതമായ മാർഗത്തിൽ പ്രധാന ആശയങ്ങൾ അവതരിപ്പിക്കുക.
ഈ രൂപകാലങ്കാരം ഒരു "ഉപയോഗമുള്ള" രൂപകാലങ്കാരം ആണെന്ന് തോന്നുന്നുണ്ടെങ്കിൽ, നിങ്ങൾ ഉദ്ദേശിക്കുന്ന ഭാഷയിൽ ഈ രൂപകാലങ്കാരം ബൈബിൾ-ൽ ഉള്ള അതെ പടി ഉപയോഗിക്കാം എന്നു

തോന്നുന്നുണ്ടെങ്കിൽ നിങ്ങൾക്കു ഇതു അതുപോലെ തന്നെ വിവർത്തനം ചെയ്യാം. നിങ്ങൾ ഇത് ചെയ്യുകയാണെങ്കിൽ, ഭാഷാ സമൂഹം ഇത് ശരിയായി മനസ്സിലാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഇത് പരിശോധിക്കുന്നതിനായി ഉറപ്പാക്കുക.
പുതിയ പ്രേക്ഷകന് ഇത് ഒരു രൂപകാലങ്കാരം ആണെന്ന് തിരിച്ചറിഞ്ഞില്ലെങ്കിൽ, ആ ആശയത്തെ തുല്യതയുള്ള ഒരു ഉപമ ആക്കി മാറ്റുക. ചില ഭാഷകൾ "like" അല്ലെങ്കിൽ "as" എന്ന വാക്കുകൾ ചേർക്കുക. Simile കാണുക.
പുതിയ പ്രേക്ഷകൻ ഇത് ഒരു "സാദൃശ്യം" ആണെന്ന് തിരിച്ചറിഞ്ഞില്ലെങ്കിൽ, ആശയങ്ങൾക്കായി Translate Unknowns ട്രാൻസ്ലേറ്റ് അൺനോൺസ് കാണുക.
പുതിയ പ്രേക്ഷകൻ ഈ "സാദൃശ്യം" തിരിച്ചറിഞ്ഞില്ലെങ്കിൽ, നിങ്ങളുടെ സംസ്കാരത്തിനു യോജിച്ച ഒരു "സാദൃശ്യം" ഉപയോഗിക്കാവുന്നതാണ്. പുതിയ "സാദൃശ്യം" ബൈബിൾ കാലത്തു ഉപയോഗിക്കാൻ പറ്റിയത് ആയിരിക്കണം.
**വിഷയം** എന്താണെന്ന് പുതിയ പ്രേക്ഷകർക്ക് അറിയില്ലെങ്കിൽ, ആ വിഷയം വ്യക്തമായി പ്രസ്താവിക്കുക. (എന്നിരുന്നാലും, ആദ്യ പ്രേക്ഷകർക്ക് വിഷയത്തെക്കുറിച്ച് അറിയില്ലായിരുന്നെങ്കിൽ ഇത് ചെയ്യാതിരിക്കുക.)

പുതിയ പ്രേക്ഷകർക്ക് ശരിയായ **താരതമ്യം** അറിയില്ലെങ്കിൽ, വിഷയവും സാദൃശ്യവും തമ്മിലുള്ള ആ **താരതമ്യം** വ്യക്തമായി പ്രസ്താവിക്കുക.
മേല്പറഞ്ഞ രൂപകാലങ്കാര ങ്ങൾ ഒന്നും തന്നെ ശരിയായില്ലെങ്കിൽ, കൃത്യമായി ആശയങ്ങൾ ലളിതമായും വ്യക്തമായും പ്രസ്ഥാപിക്കുക.

## ഉപയോഗിച്ച വിവർത്തന തന്ത്രങ്ങളുടെ ഉദാഹരണം

രൂപകാലങ്കാരം ഉറവിട ഭാഷയിൽ പൊതുവായുള്ള പദപ്രയോഗം ആവുകയും, അല്ലെങ്കിൽ അതു ബൈബിൾഭാഷയിൽ (ഉപയോഗമില്ലാത്ത രൂപകാലങ്കാര ങ്ങൾ) ഒരേപോലുള്ള രണ്ടു ആശയങ്ങൾ രൂപകാലങ്കാര ങ്ങളായി പ്രകടിപ്പിക്കുകയാണെങ്കിൽ, നിങ്ങളുടെ ഭാഷയിൽ ഏറ്റവും ലളിതമായ മാർഗത്തിൽ പ്രധാന ആശയങ്ങൾ അവതരിപ്പിക്കുക.

- **പള്ളി പ്രമാണികളിൽ യായിറോസ് എന്നു പേരുള്ള ഒരു മനുഷ്യൻ വന്നു, യേശുവിനെ കണ്ട് കാല്ക്കൽ വീണു.** (മർക്കൊസ് 5:22 ULT)
- പള്ളി പ്രമാണികളിൽ യായീറൊസ് എന്നു പേരുള്ള ഒരുത്തൻ വന്നു, കുമ്പിട്ടു വണങ്ങി.

ഈ രൂപകാലങ്കാരം ഒരു "ഉപയോഗമുള്ള" രൂപകാലങ്കാരം നിങ്ങൾ ഉദ്ദേശിക്കുന്ന ഭാഷയിൽ ഈ രൂപകാലങ്കാരം ബൈബിലി-ൽ ഉള്ള അതെ പടി ഉപയോഗിക്കാം എന്നു തോന്നുന്നുണ്ടെങ്കിൽ നിങ്ങൾക്കു ഇതു അതുപോലെ തന്നെ വിവർത്തനം ചെയ്യാം. നിങ്ങൾ ഇത് ചെയ്യുകയാണെങ്കിൽ, ഭാഷാ സമൂഹം ഇത് ശരിയായി മനസ്സിലാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഇത് പരിശോധിക്കുന്നതിനായി ഉറപ്പാക്കുക.

- **"നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമത്രേ അവൻ നിങ്ങൾക്ക് ഈ കല്പന എഴുതിത്തന്നത്.** (മർക്കൊസ് 10:5 ULT)
- നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമത്രേ അവൻ നിങ്ങൾക്കു ഈ കല്പന എഴുതിത്തന്നതു.

ഇതിൽ വ്യത്യാസങ്ങൾ ഇല്ല, പക്ഷെ പുതിയ പ്രേക്ഷകർക്കായി നല്ലതു പോലെ പരീക്ഷണങ്ങൾ ഉറപ്പാക്കുക.

പുതിയ പ്രേക്ഷകന് ഇത് ഒരു രൂപകാലങ്കാരം ആണെന്ന് തിരിച്ചറിഞ്ഞില്ലെങ്കിൽ, ആ ആശയത്തെ തുല്യതയുള്ള ഒരു ഉപമ ആക്കി മാറ്റുക. ചില ഭാഷകൾ "like" അല്ലെങ്കിൽ "as" എന്ന വാക്കുകൾ ചേർക്കുക.

- **എന്നാൽ യഹോവേ, നീ ഞങ്ങളുടെ പിതാവ്; ഞങ്ങൾ കളിമണ്ണും നീ ഞങ്ങളെ മനയുന്നവനും ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയാകുന്നു** (യെശയ്യാവ് 64:8 ULT)
- എങ്കിലോ യഹോവേ, നീ ഞങ്ങളുടെ പിതാവു; ഞങ്ങൾ കളിമണ്ണു പോലെയും , നീ ഞങ്ങളെ മനയുന്ന കുശവനും ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയത്രേ.

പുതിയ പ്രേക്ഷകന് ഇത് ഒരു "സാദൃശ്യം" ആണെന്ന് തിരിച്ചറിഞ്ഞില്ലെങ്കിൽ, ആശയങ്ങൾക്കായി Translate Unknowns ട്രാൻസ്ലേറ്റ് അൺനോൺസ് കാണുക.

- **ശൌലെ, ശൌലെ, നീ എന്നെ ഉപദ്രവിക്കുന്നതു എന്തു? മുള്ളിന്റെ നേരെ ഉതെക്കുന്നതു നിനക്കു വിഷമം ആകുന്നു.** (പ്രവൃത്തികൾ 26:14 ULT)

- ശൌലെ, ശൌലെ, നീ എന്നെ ഉപദ്രവിക്കുന്നതു എന്തു? <u>കുന്തത്തിനു നേരെ ഉതെക്കുന്നതു</u> നിനക്കു വിഷമം ആകുന്നു.

പുതിയ പ്രേക്ഷകന് ഈ "സാദൃശ്യം" തിരിച്ചറിഞ്ഞില്ലെങ്കിൽ, നിങ്ങളുടെ സംസ്കാരത്തിനു യോജിച്ച ഒരു "സാദൃശ്യം" ഉപയോഗിക്കാവുന്നതാണ്. പുതിയ "സാദൃശ്യം" ബൈബിൾ കാലത്തു ഉപയോഗിക്കാൻ പറ്റിയത് ആയിരിക്കണം.

- **എന്നാൽ യഹോവേ, നീ ഞങ്ങളുടെ പിതാവ്; ഞങ്ങൾ <u>കളിമണ്ണും</u> നീ ഞങ്ങളെ <u>മനയുന്നവനും</u> ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയാകുന്നു** (യെശയ്യാവ് 64:8 ULT
- എങ്കിലോ യഹോവേ, നീ ഞങ്ങളുടെ പിതാവു; ഞങ്ങൾ <u>തടിയും</u> നീ ഞങ്ങളെ <u>കൊത്തു പണിക്കാരൻ</u> ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയത്രേ.
- എങ്കിലോ യഹോവേ, നീ ഞങ്ങളുടെ പിതാവു; ഞങ്ങൾ <u>നൂലും</u> നീ ഞങ്ങളെ <u>നെയ്യുന്നവനും</u> ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയത്രേ.

**വിഷയം** എന്താണെന്ന് പുതിയ പ്രേക്ഷകർക്ക് അറിയില്ലെങ്കിൽ, ആ വിഷയം വ്യക്തമായി പ്രസ്താവിക്കുക. (എന്നിരുന്നാലും, ആദ്യ പ്രേക്ഷകർക്ക് വിഷയത്തെക്കുറിച്ച് അറിയില്ലായിരുന്നെങ്കിൽ ഇത് ചെയ്യാതിരിക്കുക.)

- **യഹോവ ജീവിക്കുന്നു; എന്റെ പാറ വാഴ്ത്തപ്പെട്ടവൻ; എന്റെ രക്ഷയുടെ ദൈവം ഉന്നതൻ തന്നേ.** (Psalm 18:46 ULT)
- യഹോവ ജീവിക്കുന്നു; <u>അവൻ എന്റെ പാറയാണ്</u>, അവൻ വാഴ്ത്തപ്പെട്ടവൻ; എന്റെ രക്ഷയുടെ ദൈവം ഉന്നതൻ തന്നേ.

പുതിയ പ്രേക്ഷകർക്ക് ശരിയായ **താരതമ്യം** അറിയില്ലെങ്കിൽ, വിഷയവും സാദൃശ്യവും തമ്മിലുള്ള ആ **താരതമ്യം** വ്യക്തമായി പ്രസ്താവിക്കുക.

- **യഹോവ ജീവിക്കുന്നു; എന്റെ <u>പാറ</u> വാഴ്ത്തപ്പെട്ടവൻ; എന്റെ രക്ഷയുടെ ദൈവം ഉന്നതൻ തന്നെ.** (സങ്കീർത്തനങ്ങൾ 18:46 ULT)
- യഹോവ ജീവിക്കുന്നു; അവൻ വാഴ്ത്തപ്പെട്ടവൻ, അവൻ എന്റെ പാറയാണ്, <u>അവന്റെ കീഴിൽ ഞാൻ എന്റെ ശത്രുക്കളിൽ നിന്ന് ഒളിക്കുന്നു</u>; എന്റെ രക്ഷയുടെ ദൈവം ഉന്നതൻ തന്നേ.
- **ശൌലെ, ശൌലെ, നീ എന്നെ ഉപദ്രവിക്കുന്നതു എന്തു? <u>മുള്ളിന്റെ നേരെ ഉതെക്കുന്നതു</u> നിനക്കു വിഷമം ആകുന്നു.** (Acts 26:14 ULT)
- ശൌലെ, ശൌലെ, നീ എന്നെ ഉപദ്രവിക്കുന്നതു എന്തു? <u>നീ എനിക്കെതിരെ പൊരുതുന്നു, മുള്ളു കൊണ്ട് നിന്നെ തന്നെ മുറിവേല്പിക്കുകയും ചെയ്യുന്നു.</u>

മേല്പറഞ്ഞ രൂപകാലങ്കാര ങ്ങൾ ഒന്നും തന്നെ ശരിയായില്ലെങ്കിൽ, കൃത്യമായി ആശയങ്ങൾ ലളിതമായും വ്യക്തമായും പ്രസ്ഥാപിക്കുക.

- **ഞാൻ നിങ്ങളെ <u>മനുഷ്യരെ പിടിക്കുന്നവരാക്കും</u>.** (മർക്കൊസ് 1:17 ULT)
- ഞാൻ നിങ്ങളെ <u>മനുഷ്യരെ ശേഖരിക്കുന്നവരാക്കും</u>
- ഇപ്പോൾ നിങ്ങൾ മീൻ പിടിക്കുന്നു, ഞാൻ നിങ്ങളെ <u>മനുഷ്യരെ പിടിക്കുന്നവരാക്കും</u>.

നിർദ്ദിഷ്ട രൂപകാലങ്കാരങ്ങളെ പറ്റി കൂടുതൽ പഠിക്കുന്നതിനു Biblical Imagery - Common Patterns ബിബ്ലിക്കൽ ഇമേജറി - കോമൺ പാറ്റേൺ കാണുക.

(**തിരികെ പോകുക:** ബാബിലോണ്, ബാബിലോണിയ, ബാബിലോന്യന്, ബാബിലോന്യന്മാര്; മൃഗം, മൃഗങ്ങള്; വധു, വധുക്കള്, വധു സംബന്ധമായ; അന്ധകാരം; വെള്ളപ്പൊക്കം, വെള്ളപ്പൊക്കം ഉണ്ടാകുന്നു, വെള്ളപ്പൊക്കം ഉണ്ടായി, വെള്ളപ്പൊക്കം ഉണ്ടാകുന്നു, ജലപ്രളയം; തേന്, തേന്കൂട്; പ്രകാശം, പ്രകാശങ്ങൾ, പ്രകാശിപ്പിക്കൽ, ഇടിമിന്നൽ, പകൽവെളിച്ചം, സൂര്യ പ്രകാശം, സാന്ധ്യ പ്രകാശം; കൊയ്യുക, കൊയ്യുന്നു, കൊയ്തു, കൊയ്ത്തുകാരന്, കൊയ്ത്തുകാര്, കൊയ്ത്ത്; ഇടയന്, ഇടയന്മാര്, ഇടയവേല ചെയ്തു, ഇടയവേല ചെയ്യുന്ന; ദുര്ഗ്ഗം, ദുര്ഗ്ഗങ്ങള്, കോട്ടകള്, സംരക്ഷിതമാക്കിയ, കോട്ട, കോട്ടകള്; വാള്, വാളുകള്, വാള്പ്പയറ്റുകാര്; മുന്തിരിച്ചെടി, മുന്തിരിച്ചെടികള്; മുന്തിരിത്തോപ്പ്, മുന്തിരിത്തോപ്പുകള്; കാവല്ഗോപുരം, കാവല്ഗോപുരങ്ങള്, ഗോപുരം; മുന്തിരിച്ചക്ക്)

# സംഗ്രഹ നാമങ്ങൾ

ഈ പേജ് ചോദ്യത്തിന് ഉത്തരം നൽകുന്നു: എന്താണ് സംഗ്രഹ നാമങ്ങൽ പിന്നെ ഞാൻ അതിനെ എങ്ങനെ വിവർത്തനത്തിൽ അഭിമുഖീകരിക്കും?

ഈ വിഷയം മനസിലാക്കാൻ, വായിക്കുന്നത് നല്ലതാണ്:

[[*rc://ml/ta/man/translate/figs-partsofspeech*]]
[[*rc://ml/ta/man/translate/figs-sentences*]]

മനോഭാവം ഗുണങ്ങൾ, സംഭവങ്ങൾ, മൂല്യങ്ങൾ, സാഹചര്യങ്ങൾ, അല്ലെങ്കിൽ ഈ ആശയങ്ങൾ തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന നാമവിശേഷങ്ങളാണ് അമൂർത്ത നാമങ്ങൾ. സന്തോഷം, ഭാരം, പരിക്ക്, ഏകത്വം, സൗഹൃദം, ആരോഗ്യം, യുക്തി എന്നിവ പോലുള്ള ശാരീരിക അർത്ഥത്തിൽ ഈ വസ്തുക്കളെ സ്പർശിക്കുവാനോ കാണുവാനോ സാധിക്കുകയില്ല . ഇതൊരു വിവർത്തന പ്രശ്നമാണ്. കാരണം ചില ഭാഷകൾ ചില ആശയങ്ങളെ സംഗ്രഹ നാമങ്ങൾ കൊണ്ട് വിശദമാക്കുന്നു. വേറെ ചിലത്തിനു മറ്റൊരു രീതി ആവശ്യമാണ്. ഉദാഹരണത്തിന് " അതിന്റെ ഭാരം എത്രയാണ്?" "What is its <u>weight</u>?"എന്നതിനെ "How much does it <u>weigh</u>?" or "How <u>heavy</u> is it?" എന്നും ചോദിക്കാം.

## വിശദീകരണം

നാമങ്ങൾ എന്നത് ഒരാളെയോ, വസ്തുവിനെയോ, സ്ഥലത്തെയോ, ആശയത്തെയോ സൂചിപ്പിക്കുന്നു എന്നു ഓർക്കുക,. " **സംഗ്രഹ നാമങ്ങൾ**" ആശയങ്ങളെ സൂചിപ്പിക്കുന്ന നാമങ്ങളാണ്. ഇവ ആശയങ്ങൾക്കിടയിലുള്ള സ്വഭാവം, മൂല്യങ്ങൾ, സംഭവങ്ങൾ, സാഹചര്യങ്ങൾ, ആവാം. ഈ വസ്തുക്കളെ സ്പർശിക്കുവാനോ കാണുവാനോ സാധിക്കുകയില്ല. അതായത് സന്തോഷം, സമാധാനം, സൃഷ്ടി,നന്മ,സംതൃപ്തി,ന്യായം,സത്യം,സ്വാതന്ത്ര്യം,പക,മന്ദത,നീളം, ഭാരം തുടങ്ങിയവ.

സംഗ്രഹ നാമങ്ങൾ ആശയങ്ങളെ പറ്റിയുള്ള ചിന്തകളെ ലളിതമായ വാക്കുകൾ കൊണ്ട് പ്രകടിപ്പിക്കാൻ സഹായിക്കുന്നു.. ആളുകൾക്ക് മൂല്യങ്ങളെയോ പ്രവർത്തിയെയോ പറ്റി സംവദിക്കാൻ ഇവ സഹായിക്കുന്നു. ഉദാഹരണത്തിന്, സംഗ്രഹ നാമങ്ങൾ" ഉപയോഗിയ്ക്കുന്ന ഭാഷകളിൽ ആളുകൾക്ക് പറയാം "ഞാൻ പാപത്തെ ക്ഷമിക്കുന്നതിൽ വിശ്വസിക്കുന്നു". പക്ഷേ ഭാഷക്ക് രണ്ടു സംഗ്രഹ നാമങ്ങൾ "ക്ഷമ" " പാപം" എന്നിവ ഇല്ലങ്കിൽ ആശയങ്ങളെ വലിയ വാചകത്തിൽ പറയണം ഉദാഹരണത്തിന് , " ഞാൻ വിശ്വസിക്കുന്നു ആളുകൾ പാപം ചെയ്തു കഴിഞ്ഞാലും ദൈവം അവരോടു ക്ഷമിക്കുമെന്ന്". അതായത് ക്രിയകൾ ഉപയോഗിച്ച് ആശയം പ്രകടിപ്പിക്കണം.

## ഇതൊരു വിവർത്തന പ്രശ്നം എന്നതിന്റെ കാരണം

നിങ്ങൾ വിവർത്തനം ചെയ്യുന്ന ബൈബിൾ ചില ആശയങ്ങളെ
പ്രകടിപ്പിക്കാൻ സംഗ്രഹ നാമങ്ങൾ ഉപയോഗിച്ചേക്കാം.
നിങ്ങളുടെ ഭാഷയിൽ ആ ആശയങ്ങൾക്കു സംഗ്രഹ നാമങ്ങൾ ഉപയോഗിക്കണമെന്നില്ല ; പകരം ചിലപ്പോൾ പദങ്ങൾ ഉപയോഗിക്കാം. ആ പദങ്ങൾ നാമവിശേഷങ്ങൾ, ക്രിയകൾ , ക്രിയാവിശേഷണങ്ങൾ ഉപയോഗിച്ചേക്കാം.

## ബൈബിളിൽ നിന്നുള്ള ഉദാഹരണങ്ങൾ

> ... കുട്ടിക്കാലം മുതൽ നിങ്ങൾക്ക് വിശുദ്ധ കൃതികളെ പറ്റി അറിയാം..._
> (2 തിമൊഥെയൊസ് 3:15 യുഎൽടി)

"കുട്ടിക്കാലം" എന്ന സംഗ്രഹ നാമം ഒരാൾ കുട്ടിയായിരിക്കുമ്പോൾ എന്നത് സൂചിപ്പിക്കുന്നു.

പക്ഷേ സംതൃപ്തിയോട് കൂടിയുള്ള ദൈവീകത മഹത്തരമായ നേട്ടമാണ്
(1 തിമൊഥെയൊസ് 6:6 യുഎൽടി)

"ദൈവീകത" പിന്നെ "സംതൃപ്തി" എന്നത് ദൈവീകമാകുന്നതും തൃപ്തമാകുകയും എന്ന അവസ്ഥയെ സൂചിപ്പിക്കുന്നു.
"നേട്ടം" എന്നത് ലാഭകരമായത് അഥവാ സഹായകരമായത് എന്നു സൂചിപ്പിക്കുന്നു.

> ഇന്ന് "അഭയം " വീടിലേക്ക് വന്നിരിക്കുന്നു, കാരണം അവനും അബ്രാഹാമിന്റെ പുത്രനാണ്.( ലൂക്കോ 19:9 യുഎൽടി)

"അഭയം" എന്നത് രക്ഷപ്പെടുത്തൽ എന്നു ഉദ്ദേശിക്കുന്നു.

ബാക്കി ഉള്ളവർ കരുതുന്നത് പോലെ ദൈവം സാവധാനം പ്രവ്രത്തിക്കുന്നില
(2 പത്രോ 3:9 യുഎൽടി)

ഇവിടെ "സാവധാനം" എന്ന സംഗ്രഹ നാമം എത്ര സാവധാനമാണെന്ന് സൂചിപ്പിക്കുന്നു

> അവൻ ഇരുട്ടിൽ ഉള്ള കാര്യങ്ങളെ വെളിച്ചത്തിലേക്ക് കൊണ്ട് വരും എന്നിട്ട് ഹൃദയത്തിന്റെ കർത്തവ്യം തുറന്നു കാണിക്കും. (1 കൊരിന്ത്യർ 4:5 യുഎൽടി)

ഇവിടെ "കർത്തവ്യം " ആളുകൾ ചെയ്യേണ്ടുന്ന കാര്യങ്ങളും അതിന്റെ ആവശ്യവും സൂചിപ്പിക്കുന്നു.

## വിവർത്തന ഉപായങ്ങൾ

സംഗ്രഹ നാമങ്ങൾ ഉണ്ടെങ്കിൽ ഉപയോഗിക്കുക. അല്ലെങ്കിൽ വേറെ മാർഗം ഇതാണ്:

സംഗ്രഹ നാമത്തിന്റെ അർഥം പ്രകടിപ്പിക്കുന്ന പദങ്ങൾ ഉപയോഗിക്കുക . നാമത്തിന് അർത്ഥം പ്രകടിപ്പിക്കുന്ന പകരം ഒരു ക്രിയയോ, ഒരു ക്രിയ വിശേഷണമോ, ഒരു നാമവിശേഷണമോ ഉപയോഗിക്കുന്നു.

## വിവർത്തന ഉപായങ്ങൾ ഉപയോഗിച്ചത്തിന്റെ ഉദാഹരണങ്ങൾ

സംഗ്രഹ നാമത്തിന്റെ അർത്ഥം പ്രകടിപ്പിക്കുന്ന പദങ്ങൾ ഉപയോഗിക്കുക . നാമത്തിന് അർത്ഥം പ്രകടിപ്പിക്കുന്ന പകരം ഒരു ക്രിയയോ, ഒരു ക്രിയ വിശേഷണമോ, ഒരു നാമവിശേഷണമോ ഉപയോഗിക്കുന്നു.

- **കുട്ടിക്കാലം മുതൽക്കു നിങ്ങൾക്കു വിശുദ്ധ കൃതികളെ പറ്റി അറിയാം...** (2തിമൊഥെയൊസ് 3:15 യുഎൽടി)

നിങ്ങൾ കുട്ടിയായിരിക്കുമ്പോൾ മുതൽ നിങ്ങൾക്കു വിശുദ്ധ കൃതികളെ പറ്റി അറിയാം..

പക്ഷേ സംതൃപ്തിയോട് കൂടിയുള്ള ദൈവീകത മഹത്തരമായ നേട്ടമാണ്
(1 തിമൊഥെയൊസ് 6:6 യുഎൽടി)
പക്ഷേ ദൈവീകമാകുകയും തൃപ്തമാകുകയും ലാഭകരമാണ്.

- പക്ഷേ നമ്മൾ ഒരുപാട് നേട്ടം നേടുന്നു നമ്മൾ ദൈവീകത ഉള്ളവർ ആകുമ്പോൾ
- പക്ഷേ നമ്മൾ ഒരു പാട് നേടുന്നു നമ്മൾ ദൈവത്തെ ബഹുമാനിക്കുമ്പോഴും അനുസരിക്കുമ്പോഴും , പിന്നെ ഉള്ളതിൽ സന്തോഷിക്കുമ്പോഴും.
- ഇന്ന് "രക്ഷ " വീട്ടിലേക്ക് വന്നിരിക്കുന്നു, കാരണം അവനും അബ്രാഹാമിന്റെ പുത്രനാണ്.( ലൂക്കോ 19:9 യുഎൽടി)
- ഇന്ന് ഈ വീട്ടിലെ എല്ലാവരും രക്ഷ നേടി...
- ഇന്ന് ദൈവം ഈ വീട്ടിലെ എല്ലാവരേയും രക്ഷിച്ചു.
- *ദൈവം അവന്റെ വാഗ്ദാനം സാവധാനം പ്രവർത്തിച്ചിട്ടില്ല, ബാകി ഉള്ളവർ കരുതിയ സാവധാനത്തിൽ * (2 പത്രോ 3:9 യുഎൽടി)
- ദൈവം അവന്റെ വാഗ്ദാനം സാവധാനം പ്രവർത്തിച്ചിട്ടില്ല, ബാക്കി ഉള്ളവർ കരുതിയ സാവധാനത്തിൽ
- **അവൻ ഇരുട്ടിൽ ഉള്ള കാര്യങ്ങളെ വെളിച്ചത്തിലേക്ക് കൊണ്ട് വരും എന്നിട്ട് ഹൃദയത്തിന്റെ കർത്തവ്യം തുറന്നു കാണിക്കും.** (1 കൊരിന്ത്യർ 4:5 യുഎൽടി)
- അവൻ ഇരുട്ടിൽ ഉള്ള കാര്യങ്ങളെ വെളിച്ചത്തിലേക്ക് കൊണ്ട് വരും എന്നിട്ട് ആളുകൾ ചെയ്യേണ്ടുന്ന കാര്യങ്ങളും അതിന്റെ ആവശ്യവും തുറന്നു കാണിക്കും.

(**തിരികെ പോകുക:** വിശ്വാസം; നീതിയായ, നീതി, അനീതി, അനീതിയായ, അനീതി, നീതിപൂർവ്വം ആയ, നീതീകരിക്കുക, നീതികരണം)

# സമാന്തരത്വം

## വിവരണം

ഈ പേജ് ചോദ്യത്തിന് ഉത്തരം നൽകുന്നു: സമാന്തരത്വം എന്നാൽ എന്താണ്?

ഈ വിഷയം മനസിലാക്കാൻ, വായിക്കുന്നത് നല്ലതാണ്:

[[*rc://ml/ta/man/translate/figs-intro*]]

**സമാന്തരത്വം** ഘടനയിലോ ആശയത്തിലോ സമാനമായ രണ്ട് ശൈലികൾ അല്ലെങ്കിൽ ഉപവാക്യങ്ങൾ ഒരുമിച്ചുപയോഗിക്കുന്നു. വ്യത്യസ്ത തരം സമാന്തരത്വം ഉണ്ട്. അവയിൽ ചില ഇനിപ്പറയുന്നു:

രണ്ടാമത്തെ ഘടകം അല്ലെങ്കിൽ വാക്യം ഒന്നാമത്തേതിന് തുല്യമാണ്. ഇതിനെ പര്യായമായി സമാന്തരത്വം എന്ന് വിളിക്കുന്നു.
രണ്ടാമത്തെതിന്റെ വിശദീകരണം വ്യക്തമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.
. രണ്ടാമത്തേത് ആദ്യം പറഞ്ഞ കാര്യങ്ങൾ പൂർത്തിയാക്കുന്നു..
രണ്ടാമത്തേത് ആദ്യം വിരുദ്ധമായ ഒന്ന് പറയുന്നു, പക്ഷേ അതേ ആശയം കൂട്ടിച്ചേർക്കുന്നു.

സങ്കീർത്തനങ്ങളുടെയും സദൃശവാക്യങ്ങളുടെയും പുസ്തകങ്ങൾ പോലുള്ള പഴയനിയമ കവിതകളിലാണ് സമാന്തരത്വം സാധാരണയായി കാണപ്പെടുന്നത്. പുതിയനിയമത്തിൽ ഗ്രീക്കിൽ, നാല് സുവിശേഷങ്ങളിലും അപ്പോസ്തലന്മാരുടെ കത്തുകളിലും ഇത് കാണപ്പെടുന്നത്..

യഥാർത്ഥ ഭാഷകളിലെ ഭാഷകളിലെ കവിതയിൽ പര്യായ സമാന്തരവാദം (രണ്ട് പദസമുച്ചയങ്ങളും ഒരേ അർത്ഥമുള്ള തരം) നിരവധി പ്രതിഫലങ്ങൾ കാണാം:

അത് ഒന്നിലധികം തവണയും ഒന്നിലധികം രീതികളിൽ കൂടി പറയുന്നതിലൂടെയും വളരെ പ്രധാനപ്പെട്ടതാണ് എന്ന് ഇത് വ്യക്തമാക്കുന്നു.

- വ്യത്യസ്തമായ രീതിയിൽ ആശയവിനിമയം നടത്തുന്നതിലൂടെ ആശയത്തെക്കുറിച്ച് കൂടുതൽ ആഴത്തിൽ ചിന്തിക്കാൻ അത് ശ്രോതാക്കളെ സഹായിക്കുന്നു.
- ഇത് ഭാഷ വളരെ സുന്ദരവും സംസാരിക്കാനുള്ള സാധാരണ രീതിയും നൽകുന്നു.

## കാരണം ഇത് ഒരു വിവർത്തന പ്രശ്നമാണ്

ചില ഭാഷകൾ പര്യായ സമാന്തരത്വം ഉപയോഗിക്കില്ല. ഒരാൾ ഒരേ കാര്യം രണ്ടുതവണ പറഞ്ഞത് വിചിത്രമായി അവർ ചിന്തിക്കും, അല്ലെങ്കിൽ രണ്ട് വാക്യങ്ങൾക്കും അർത്ഥത്തിൽ എന്തെങ്കിലും വ്യത്യാസമുണ്ടെന്ന് അവർ കരുതുന്നു. അവരെ സംബന്ധിച്ചിടത്തോളം അത് സുന്ദരത്തേക്കാൾ ആശയക്കുഴപ്പത്തിലാണ്.

കുറിപ്പ്: ഒരേ അർത്ഥമുള്ള നീണ്ട വാക്യങ്ങൾ അല്ലെങ്കിൽ ക്ലോസുകൾക്കായി ഞങ്ങൾ "പര്യായ സമാന്തരത്വം" എന്ന പദം ഉപയോഗിക്കുന്നു. അടിസ്ഥാനപരമായി ഒരേ കാര്യം അർത്ഥമാക്കുന്നതും ഒരുമിച്ച് ഉപയോഗിക്കുന്നതുമായ വാക്കുകൾക്കോ വളരെ ഹ്രസ്വമായ വാക്യങ്ങൾക്കോ ഞങ്ങൾ Doublet എന്ന പദം ഉപയോഗിക്കുന്നു..

## ബൈബിളിൽനിന്നുള്ള ചില ഉദാഹരണങ്ങൾ

#### രണ്ടാമത്തെ ഘടകം അല്ലെങ്കിൽ ശൈലി ആദ്യത്തേത് തന്നെയാണ്.

> അങ്ങയുടെ വചനം എന്റെ കാലിന് ദീപവും
> എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു.. (സങ്കീർത്തനങ്ങൾ 119:105 ULT)

വിധിയുടെ രണ്ട് ഭാഗങ്ങളും രൂപകാലങ്കാരങ്ങളാണ്, എങ്ങനെ ജീവിക്കണമെന്നാണ് ദൈവവചനം പഠിപ്പിക്കുന്നത് എന്നു പറയുന്നത്.

> അങ്ങയുടെ കൈകളുടെ പ്രവൃത്തികൾക്ക് അവനെ അധിപതിയാക്കി,
> സകലത്തെയും അവന്റെ കാൽക്കീഴാക്കിയിരിക്കുന്നു (സങ്കീർത്തനങ്ങൾ 8:6 ULT)

ദൈവം മനുഷ്യനെ സകലത്തിന്റെയും ഭരണാധികാരിയായി സൃഷ്ടിച്ചിരിക്കുന്നു എന്ന് രണ്ട് വരികൾ പറയുന്നു.

#### രണ്ടാമത്തെതിന്റെ അർത്ഥം ആദ്യത്തെതിനെ വ്യക്തമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

> യഹോവയുടെ കണ്ണ് എല്ലായിടവും ഉണ്ട്;
> ദുഷ്ടന്മാരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു. (സദൃശവാക്യങ്ങൾ 15:3 ULT)

രണ്ടാമത്തെ വരി കൂടുതൽ വ്യക്തമായി യഹോവ നിരീക്ഷിക്കുന്നതായി പറയുന്നു.

**രണ്ടാമത്തേത് ആദ്യം പറഞ്ഞ കാര്യങ്ങൾ പൂർത്തിയാക്കുന്നു.**

> ഞാൻ യഹോവയോട് ഉച്ചത്തിൽ നിലവിളിക്കുന്നു;.
> അവിടുന്ന് തന്റെ വിശുദ്ധപർവ്വതത്തിൽനിന്ന് ഉത്തരം അരുളുകയും ചെയ്യുന്നു. (സങ്കീർത്തനങ്ങൾ 3:4 ULT)

ആദ്യ ഉപവാക്യത്തിൽ വ്യക്തി ചെയ്യുന്നതിനോട് പ്രതികരിക്കുന്നതിന് യഹോവ എന്തു ചെയ്യുന്നുവെന്ന് രണ്ടാമത്തെ വരി പറയുന്നു..

**രണ്ടാമത്തേത് ആദ്യത്തേതിന് വിപരീതമായി എന്തെങ്കിലും പറയുന്നു, എന്നാൽ അതേ ആശയത്തിലേക്ക് ചേർക്കുന്നു.**

> യഹോവ നീതിമാന്മാരുടെ വഴി അറിയുന്നു;
> ദുഷ്ടന്മാരുടെ വഴിയോ നാശകരം ആകുന്നു. ( സങ്കീർത്തനങ്ങൾ 1:6 ULT)

ഇത് നീതിമാന്മാർക്ക് എന്തു സംഭവിച്ചാലും, ദുഷ്ടന്മാർക്ക് എന്തു സംഭവിക്കുന്നുവെന്നതിന് വിരുദ്ധമാണ്.

> മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു;
> കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു. (സദൃശവാക്യങ്ങൾ 15:1 ULT

ആരെങ്കിലും ഒരാൾ പരുഷമായി പറഞ്ഞാൽ എന്തു സംഭവിക്കും എന്നതുമായി ഒരാൾ മൃദുവായി ഉത്തരം നൽകുമ്പോൾ എന്താണ് സംഭവിക്കുന്നത് എന്നുള്ളതിൽ നിന്ന് വൈരുദ്ധ്യമാകുന്നു

## വിവർത്തന തന്ത്രങ്ങൾ

പരസ്പരം സമാന്തരത്വവാദത്തിന്, ഉപന്യാസങ്ങളും ശൈലികളും വിവർത്തനം ചെയ്യുന്നതാണ് നല്ലത്. പര്യായമായ സമാന്തരവാദത്തിന്, രണ്ടുതവണ പറയുമ്പോഴും ഒരൊറ്റ ആശയത്തെ ശക്തിപ്പെടുത്തുന്നു എന്നതാണ് നിങ്ങളുടെ ഭാഷയിലുള്ളവർ മനസ്സിലാക്കുന്നതെങ്കിൽ രണ്ട് ഘടകങ്ങളും വിവർത്തനം ചെയ്യുന്നതാണ് നല്ലത്. എന്നാൽ നിങ്ങളുടെ ഭാഷ ഈ രീതിയിൽ സമാന്തരത്വം ഉപയോഗിക്കുന്നില്ലെങ്കിൽ, ഇനിപ്പറയുന്ന വിവർത്തന തന്ത്രങ്ങളിൽ ഒന്ന് ഉപയോഗിക്കുക.

രണ്ട് ഉപവിഭാഗങ്ങളുടെയും ആശയങ്ങൾ ഒന്നാക്കി മാറ്റുക.
വാസ്തവത്തിൽ അവർ പറയുന്നത് ശരിയാണെന്ന് തെളിയിക്കാൻ ഉപവിഭാഗങ്ങൾ ഉപയോഗിക്കുന്നുവെങ്കിൽ, "സത്യം" അല്ലെങ്കിൽ "തീർച്ചയായും" എന്നതുപോലെ സത്യത്തെ ഊന്നുന്ന വാക്കുകൾ ഉൾപ്പെടുത്താവുന്നതാണ്.
അവയിൽ ഒരു ആശയം കൂടുതൽ തീവ്രമാക്കുന്നതിന് ഉപഘടകങ്ങൾ ഒരുമിച്ച് ഉപയോഗിക്കുന്നതായി കാണുന്നുവെങ്കിൽ നിങ്ങൾക്ക് "വളരെ", "പൂർണ്ണമായും" അല്ലെങ്കിൽ "എല്ലാം" എന്ന വാക്കുകളും ഉപയോഗിക്കാം.

## വിവർത്തന തന്ത്രങ്ങളുടെ ഉദാഹരണങ്ങൾ പ്രയോഗിച്ചു ചില ഉദാഹരണങ്ങൾ

രണ്ട് ഉപവിഭാഗങ്ങളുടെയും ആശയങ്ങൾ ഒന്നാക്കി മാറ്റുക.

- **ഇതുവരെ നീ എന്നെ ചതിച്ചു എന്നോട് കള്ളം പറഞ്ഞു;**( ന്യായാധിപന്മാർ

16:13, ULT) - താൻ വളരെ അസ്വസ്ഥയാണെന്ന് ഊന്നിപ്പറയാൻ ദെലീല ഈ ആശയം രണ്ടുതവണ പ്രകടിപ്പിച്ചു "ഇതുവരെ നിങ്ങളുടെ നുണകളാൽ എന്നെ വഞ്ചിച്ചുവല്ലോ."

- **മനുഷ്യന്റെ വഴികൾ യഹോവയുടെ ദൃഷ്ടിയിൽ ഇരിക്കുന്നു; അവന്റെ നടപ്പ് എല്ലാം അവൻ ശോധനചെയ്യുന്നു..** (സദൃശവാക്യങ്ങൾ

5:21 ULT) - "അവൻ ചെയ്യുന്ന എല്ലാ വഴികളും" എന്ന വാചകം "അവൻ ചെയ്യുന്നതെല്ലാം" എന്നതിന്റെ ഒരു രൂപകാലങ്കാരമാണ്..

- "ഓരോരുത്തനും ചെയ്യുന്ന ഓരോ കാര്യവും യഹോവ ശ്രദ്ധിക്കുന്നു."
- **യഹോവയ്ക്ക് തന്റെ ജനത്തോട് ഒരു വ്യവഹാരം ഉണ്ട്; അവിടുന്ന് യിസ്രായേലിനോട് വാദിക്കും.. .** (മീഖാ 6:2 ULT) -ഈ സമാന്തരവാദം യഹോവ ഒരു കൂട്ടം ആളുകളോട് ഉൾക്കൊള്ളുന്ന ഒരു ഗൗരവകരമായ അഭിപ്രായഭിന്നതയെ വിവരിക്കുന്നു. ഇത് വ്യക്തമല്ലെങ്കിൽ, പദങ്ങൾ സംയോജിപ്പിക്കാൻ ശ്രമിക്കുക:

'യഹോവയ്ക്ക് തന്റെ ജനത്തോട് ഒരു വ്യവഹാരമുണ്ട്.'

വാസ്തവത്തിൽ അവർ പറയുന്നത് ശരിയാണെന്ന് തെളിയിക്കാൻ ഉപവിഭാഗങ്ങൾ ഉപയോഗിക്കുന്നുവെങ്കിൽ, "സത്യം" അല്ലെങ്കിൽ "തീർച്ചയായും" എന്നതുപോലെ സത്യത്തെ ഊന്നുന്ന വാക്കുകൾ ഉൾപ്പെടുത്താവുന്നതാണ്.

- **മനുഷ്യന്റെ വഴികൾ യഹോവയുടെ ദൃഷ്ടിയിൽ ഇരിക്കുന്നു; അവന്റെ നടപ്പ് എല്ലാം അവൻ ശോധനചെയ്യുന്നു..** (സദൃശവാക്യങ്ങൾ

5:21 ULT)

- "ഒരു മനുഷ്യൻ ചെയ്യുന്നതു ഒക്കെയും യഹോവ കാണുന്നു."

അവയിൽ ഒരു ആശയം കൂടുതൽ തീവ്രമാക്കുന്നതിന് ഉപഘടകങ്ങൾ ഒരുമിച്ച് ഉപയോഗിക്കുന്നതായി കാണുന്നുവെങ്കിൽ നിങ്ങൾക്ക് "വളരെ", "പൂർണ്ണമായും" അല്ലെങ്കിൽ "എല്ലാം" എന്ന വാക്കുകളുപയോഗിക്കാം.

- **ഇതുവരെ നീ എന്നെ ചതിച്ചു എന്നോട് കള്ളം പറഞ്ഞു;**( ന്യായാധിപന്മാർ

16:13, ULT)

- "നിങ്ങൾ എന്നോട് കള്ളം പറയുകയാണ്."
- **മനുഷ്യന്റെ വഴികൾ യഹോവയുടെ ദൃഷ്ടിയിൽ ഇരിക്കുന്നു; അവന്റെ നടപ്പ് എല്ലാം അവൻ ശോധനചെയ്യുന്നു..** (സദൃശവാക്യങ്ങൾ

5:21 ULT)

*" മനുഷ്യൻ ചെയ്യുന്നതൊക്കെയും യഹോവ കാണുന്നു."

> അടുത്തതായി ഞങ്ങൾ നിങ്ങൾ പഠിക്കാൻ ശുപാർശ ചെയ്യുന്നു:
>
> [[*rc://ml/ta/man/translate/figs-personification*]]

(**തിരികെ പോകുക:** നീതിമാന്, നീതി, നീതികെട്ടവന്, അനീതി, സത്യനിഷ്ടയുള്ളവന്, സത്യനിഷ്ഠ; വലതുകരം; അതിക്രമിക്കുക, അതിക്രമങ്ങള്, അതിക്രമം)

# സിനിക്കിടോക്കി

ഈ പേജ് ചോദ്യത്തിന് ഉത്തരം നൽകുന്നു: സിനിക്കിടോക്കി എന്താണ് അർത്ഥമാക്കുന്നത്?

ഈ വിഷയം മനസിലാക്കാൻ, വായിക്കുന്നത് നല്ലതാണ്:

[[*rc://ml/ta/man/translate/figs-intro*]]

## വിവരണം

പൊതുവായി സൂചിപ്പിക്കുക എന്നാൽ സംസാരിക്കുന്നവൻ ഒരു കാര്യത്തെ മൊത്തത്തിൽ പറയാൻ അതിന്റെ ഏതെങ്കിലും ഭാഗത്തെ കുറിച്ച് പറയുക അല്ലെങ്കിൽ ഏതെങ്കിലും ഭാഗത്തെ കുറിച്ച് പറയാൻ ഒരു കാര്യത്തെ മൊത്തത്തിൽ പറയുക

> “എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു; (ലൂക്കോസ് 1:46 ULT)

ദൈവം ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് മറിയ അതിയായി സന്തോഷിച്ചു. അതിനാൽ അവൾ പറഞ്ഞു “എന്റെ ഉള്ളം,” അത് അർത്ഥമാക്കുന്നത് അവളുടെ ഉള്ളിലെ ആന്തരികവും വൈകാരികവുമായ ഭാഗം, അവളെ മൊത്തത്തിൽ പരാമർശിക്കാൻ.

> പരീശന്മാർ അവനോട്: നോക്കൂ, ഇവർ ശബ്ബത്തിൽ വിഹിതമല്ലാത്തത് ചെയ്യുന്നതെന്ത് എന്നു പറഞ്ഞു. (മർക്കൊസ് 2:24 ULT)

അവിടെ നിൽക്കുന്ന പരീശന്മാർ എല്ലാവരും ഒരേ സമയം ഒരേ വാക്കുകൾ പറഞ്ഞില്ല. പകരം, ഒരു ഗ്രൂപ്പിനെ പ്രതിനിധാനം ചെയ്യുന്ന ഒരു വ്യക്തി ആ വാക്കുകൾ പറഞ്ഞു

### ഇത് ഒരു വിവർത്തന പ്രേശ്നമാണ്

- അക്ഷരാർഥത്തിൽ ചില വായനക്കാർക്ക് മനസ്സിലാകും.
- അക്ഷരാർഥത്തിൽ പറഞ്ഞ വാക്കുകളുടെ അർത്ഥം മനസിലാക്കേണ്ട എന്ന് ചില വായനക്കാർ തിരിച്ചറിയുന്നു, കാരണം എന്താണ് അർഥം എന്ന് അവർക്കറിയില്ല.

### ബൈബിളിൽനിന്നുള്ള മാതൃക

> ഞാൻ എന്റെ കൈകളുടെ സകലപ്രവൃത്തികളെയും എന്റെ സകലപരിശ്രമങ്ങളെയും നോക്കി; (സഭാപ്രസംഗി 2:11 ULT)

""എന്റെ കൈകൾ" എന്നത് മുഴുവൻ വ്യക്തിയുടെയും ഒരു സമന്വയമാണ്, കാരണം കൈകളും ശരീരത്തിന്റെ ബാക്കി ഭാഗവും മനസ്സും വ്യക്തിയുടെ നേട്ടങ്ങളിൽ പങ്കാളികളായിരുന്നു.

## വിവർത്തന തന്ത്രങ്ങൾ

പൊതുവായി സൂചിപ്പിക്കുക സ്വാഭാവികമാണെങ്കിൽ നിങ്ങളുടെ ഭാഷയിൽ ശരിയായ അർത്ഥമുണ്ടെങ്കിൽ അത് ഉപയോഗിക്കുന്നത് പരിഗണിക്കുക. ഇല്ലെങ്കിൽ, ഇതാ മറ്റൊരു ഓപ്ഷൻ:

സിനിക്കിടോക്കി എന്താണ് സൂചിപ്പിക്കുന്നതെന്ന് വ്യക്തമാക്കുക .

## പ്രയോഗിച്ച വിവർത്തന ഉപായത്തിന്റെ ഉദാഹരണങ്ങൾ

സിനിക്കിടോക്കി എന്താണ് സൂചിപ്പിക്കുന്നതെന്ന് വ്യക്തമാക്കുക

- *"“എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു; * (ലൂക്കോസ് 1:46 ULT)
  - "ഞാൻ കർത്താവിനെ സ്തുതിക്കുന്നു. "
- **...<പരീശന്മാർ അവനോട് ... എന്നു പറഞ്ഞു.** (മർക്കൊസ് 2:24 ULT)
  - ... പരീശന്മാരുടെ കൂട്ടത്തിലുള്ള ഒരു വ്യക്തിഅവനോട് പറഞ്ഞു...

> ഞാൻ <u>എന്റെ കൈകളുടെ</u> സകലപ്രവൃത്തികളെയും എന്റെ സകലപരിശ്രമങ്ങളെയും നോക്കി; (സഭാപ്രസംഗി 2:11 ULT)

- **<u>ഞാൻ </u>ചെയ്ത എല്ലാ പ്രവൃത്തികളും ഞാൻ പരിശോധിച്ചു**

അടുത്തതായി ഞങ്ങൾ നിങ്ങൾ പഠിക്കാൻ ശുപാർശ ചെയ്യുന്നു:

മെറ്റോണിമി
[[*rc://ml/ta/man/translate/bita-part*2]]

(**തിരികെ പോകുക:** പ്രവാചകൻ, പ്രവാചകന്മാർ, പ്രവചനം, പ്രവചിക്കുക, ദർശകൻ, പ്രവാചകി; അമലേക്ക്, അമാലേക്യന്, അമാലേക്യര്; ബാബിലോണ്, ബാബിലോണിയ, ബാബിലോന്യന്, ബാബിലോന്യന്മാര്; എഫ്രയീം, എഫയീമ്യന്, എഫ്രയീമ്യര്; നഫ്താലി; അപ്പം; ശിരസ്സ്,ശിരസ്സുകൾ, നെറ്റി, നെറ്റികൾ, കഷണ്ടി, തലമുതിർന്ന, തലക്കെട്ട്, മൂടുപടങ്ങൾ, ശിര:ച്ഛേദം.; കൂടാരം, കൂടാരങ്ങള്, കൂടാര നിര്മ്മിതാക്കള്; നാക്ക്, ഭാഷകള്; ശബ്ദം, ശബ്ദങ്ങള്)

# സംഭാവകർ

## translationWords സംഭാവകർ

Cdr Thomas Mathew
Hind Prakash
MV Sunny
Vipin Bhadran

## Translation Academy സംഭാവകർ

Acsah Jacob
Dr. Bobby Chellappan
Dr. Joseph Jekab
Hind Prakash
Jinu Jacob
Vipin Bhadran